മലങ്കരസഭയുടെ സമുന്നത സാരഥികൾ

(Malayalam)

Malankara Sabhayude
Samunnatha Saradhikal
(Church History from AD 52-2012)

By

Fr. Dr. Joseph Cheeran
K. V. Mammen Kottackal

Publishers	:	Kottackal Publishers P. B. 10, Manganam Kottayam 686018 Phone: 0481 - 2578936 Email: mohanmammen@yahoo.com

First Published	:	21-12- 2012
Cover	:	Equations, Kottayam Mob: 9446984669
Typesetting & Printing	:	Sophia Print House, Kottayam

Rs. 700/-


മലങ്കരസഭയുടെ സമുന്നത സാരഥികൾ

മാർത്തോമ്മാ ശ്ലീഹാ മുതൽ
മാർത്തോമ്മാ പൗലോസ് രണ്ടാമൻ വരെ
എ.ഡി. 52–2012

ഫാ. ഡോ. ജോസഫ് ചീരൻ
കെ. വി. മാമ്മൻ കോട്ടയ്ക്കൽ

പ്രസാധകർ

കോട്ടയ്ക്കൽ പബ്ലിഷേഴ്സ്
പി. ബി. 10, മാങ്ങാനം, കോട്ടയം 686018
ഫോൺ: 0481 2578936
Email: mohanmammen@yahoo.com



ഫാ. ഡോ. ജോസഫ് ചീരൻ


തൃശ്ശൂർ ജില്ലയിൽ പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ചീരൻ ഗീവർഗീസ് കശ്ശീശായുടെ പൗത്രനായി 1945 ചിങ്ങം 1-ന് ജനിച്ചു. മാതാപിതാക്കൾ മാത്തപ്പൻ - കുഞ്ഞാത്തിരി. അവിഭക്ത കേരള സർവകലാശാലയുടെ ഒന്നാം റാങ്കോടു കൂടി മലയാളം ഭാഷയിൽ വിദ്വാൻ ബിരുദം നേടി. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് മാസ്റ്റർ ബിരുദം. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് 'ആധുനിക മലയാള കവിതയിൽ ബൈബിളിന്റെ സ്വാധീനം' എന്ന വിഷയത്തെപ്പറ്റി തയാറാക്കിയ ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു. തൃശ്ശൂർ സി.എം.എസ്. ഹൈസ്കൂളിലും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അധ്യാപകൻ. 2000 ജൂണിൽ റിട്ടയർ ചെയ്തു.

വൈദികഗുരു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. അദ്ദേഹത്തിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. കൊച്ചി, കുന്നംകുളം, തൃശൂർ ഭദ്രാസനങ്ങളിൽ സേവനം ചെയ്തു.

രണ്ട് ഡസനിലേറെ ഗ്രന്ഥങ്ങളും ഇരുന്നൂറ്റിഅമ്പതിലേറെ ഗവേഷണ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഗൈഡ് ആയും ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ മലയാളം പരിശോധകൻ ആയും മലങ്കര ഓർത്തഡോക്സ് ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടായും പ്രവർത്തിക്കുന്നു. പൗരസ്ത്യ - പാശ്ചാത്യ സുറിയാനിയിലും കർസോനിയിലും വട്ടെഴുത്തിലും എഴുതിയ ഒട്ടധികം സഭാചരിത്രരേഖകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു.

ഭാര്യ: കെ. വി. ഏലിയാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്). മകൻ: ഡോ. പ്രസാദ് ചീരൻ, മകൾ: മേഴ്സി ജോർജ്ജ്.

വിലാസം: ചീരൻ ഹൗസ്, കിഴക്കേ അങ്ങാടി, പഴഞ്ഞി, തൃശൂർ-680542. ഫോൺ: 9495603174.



കെ. വി. മാമ്മൻ

ജനനം 1929-ൽ പത്തനംതിട്ടയിൽ. പിതാവ് എം. വർഗീസ് കോട്ടയ്ക്കൽ, തുമ്പമൺ. മാതാവ് മറിയാമ്മ. ബിരുദ ബിരുദാനന്തര പഠനത്തിനു പുറമേ നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് 1960-ൽ ജേർണലിസം ഡിപ്ലോമാ കരസ്ഥമാക്കി. മലയാള മനോരമയിൽ 40-ഉം ചർച്ച് വീക്കിലിയിൽ 50-ഉം വർഷം പത്രാധിപ സമിതി അംഗമായിരുന്നു. 'മലങ്കര സഭ' മാസികയുടെ മുൻ പത്രാധിപ സമിതി അംഗം. 45 വർഷം പുതുപ്പള്ളി നിലയ്ക്കൽ പള്ളി സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്നു. സഭാ ചരിത്ര-ജീവചരിത്രപ്രധാനങ്ങളായ അമ്പതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവ്.

ഭാര്യ ലീലാമ്മ മാമ്മൻ മാങ്ങാനം മന്ദിരം ആശുപത്രിയിലെ ലേയാമ്മ മെമ്മോറിയൽ നഴ്സിംഗ് സ്കൂൾ മുൻ പ്രിൻസിപ്പൽ. മക്കൾ വറുഗീസ് മാമ്മൻ (ആനന്ദ് ട്രാൻസ്പോർട്ട്), അഡ്വ. & നോട്ടറി മോഹൻ മാമ്മൻ, ഡോ. അനിത മേരി തോമസ് (അണുശക്തി വകുപ്പ്).

വിലാസം: കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം - 18 ഫോൺ: (0481) 2578936

The Malankara Orthodox Syrian Church
Catholicate of the East

Baselios Marthoma Paulose II
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan



Catholicate Palace
Kottayam - 686 038
Kerala, India


ഡിസംബർ 5, 2012

'സമുന്നത സഭാസാരഥികൾക്കു' പ. ബാവായുടെ ആശംസ

നമ്മുടെ വാത്സല്യവാന്മാരായ ഫാ. ഡോ. ജോസഫ് ചീരനും കെ.വി. മാമ്മനും ചേർന്ന് രചിച്ച ***"മലങ്കരസഭയുടെ സമുന്നത സാരഥികൾ"*** എന്ന ഗ്രന്ഥം മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രം സമഗ്രമായി അനാവരണം ചെയ്യുന്ന മനോഹര കൃതിയാണ്. ഭാരതത്തിൽ സഭ സ്ഥാപിച്ച പരിശുദ്ധ മാർത്തോമ്മാശ്ലീഹാ മുതൽ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും ഐക്യത്തിനുംവേണ്ടി ധീരമായ നിലപാടുകൾ സ്വീകരിച്ച് പ. സഭയുടെ വിശ്വാസഭിത്തികളെ ബലപ്പെടുത്തുവാൻ ത്യാഗപൂർണ്ണമായ ജീവിതം നയിച്ചിട്ടുള്ള എല്ലാ പൂർവ്വിക സഭാപിതാക്കന്മാരുടെയും ജീവചരിത്രവും ദർശനങ്ങളും ശ്രേഷ്ഠമായ രീതിയിൽ പ്രതിപാദിക്കുന്ന ഈ ബൃഹദ് ഗ്രന്ഥം മലങ്കരസഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. പരിശുദ്ധ സഭയുടെ ചരിത്രവഴികളെക്കുറിച്ചുള്ള ദീപ്തമായ ഓർമ്മകൾ നമ്മുടെ സഭാജീവിതത്തെ കൂടുതൽ പ്രോജ്ജ്വലിപ്പിക്കുവാൻ പര്യാപ്തമാണ്. മലങ്കരസഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദിയും മലങ്കരസഭ സമുചിതമായി ആചരിച്ചിരിക്കുന്ന ഈ വേളയിൽ 2012 നവംബർ മാസം 25-ാം തീയതി എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് നടന്ന കാതോലിക്കേറ്റ് ശതാബ്ദി സമാപന മഹാസമ്മേളനം വരെയുള്ള പ. സഭയുടെ ചരിത്രം ആലേഖനം ചെയ്തിരിക്കുന്ന ഈ കൃതി മലങ്കരസഭയുടെ ആത്മാവിനെ തൊട്ടറിയുവാൻ നമ്മെ സഹായിക്കും എന്ന് നാം ഉറച്ച് വിശ്വസിക്കുന്നു. മലങ്കരസഭാ ചരിത്രവും, പരിശുദ്ധ പിതാക്കന്മാരുടെ ജീവിതവും ദർശനങ്ങളും വരുംതലമുറയ്ക്ക് പകർന്നുകൊടുക്കുവാൻ തക്കവണ്ണം ഇരുവരും ഇതുവരെയും നടത്തിയിട്ടുള്ള ശ്ലാഘനീയമായ ശ്രമങ്ങൾ അമൂല്യമാണ്. 'മലങ്കരസഭയുടെ സമുന്നത സാരഥികൾ' എന്ന ഗ്രന്ഥത്തിന് എല്ലാ ആശംസകളും പ്രാർത്ഥന

കളും നേരുകയും ഗ്രന്ഥകർത്താക്കൾക്ക് എല്ലാ നന്മകളും ആശംസിക്കുകയും അവരെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ
പൗലോസ് ദ്വിതീയൻ



അവതാരിക

ഭാരത സംസ്കാരത്തിന്റെ ഏറ്റവും പ്രധാന ഘടകം സഹിഷ്ണുതയാണ്. നൂറ്റാണ്ടുകളായി മറ്റു സംസ്കാരങ്ങൾ, മറ്റു മതങ്ങൾ, മറ്റു വർഗ്ഗങ്ങൾ ഇവയെയെല്ലാം സ്വാഗതം ചെയ്ത് സ്വന്തം സംസ്കാരത്തിൽ ഉൾക്കൊണ്ടു സ്വയം ഉൽബുദ്ധരാകുന്ന ജനസമൂഹമാണ് ഭാരതത്തിൽ ഉള്ളത്. എ.ഡി. 52-ൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ സുവിശേഷം അറിയിച്ചപ്പോഴും ഈ സവിശേഷത നിലനിന്നിരുന്നു. അന്നുമുതൽ ഇന്നോളമുള്ള സഭാചരിത്രം തയ്യാറാക്കുന്ന ഭാരിച്ച ചുമതലയാണ് ചരിത്രകാരന്മാരായ ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ എന്നിവർ വിജയകരമായി പൂർത്തീകരിച്ചിരിക്കുന്നത്. ഈ മഹദ് ഗ്രന്ഥത്തിന് അവതാരിക എഴുതുകയെന്ന അപൂർവ്വ ബഹുമതിയാണ് എനിക്ക് ലഭിച്ചിരിക്കുന്നത്.

ഉദയംപേരൂർ സുന്നഹദോസ് നടന്ന 1599 വരെ മലങ്കര ക്രിസ്ത്യാനികൾ ഒറ്റ ജാതിയായിട്ടാണ് കഴിഞ്ഞുപോന്നത്. അതു കഴിഞ്ഞ് വളരെ വർഷങ്ങൾക്കു ശേഷമാണ് വിവിധ സഭാവിഭാഗങ്ങൾ മലങ്കരയിൽ ഉദയം ചെയ്തത്. എ.ഡി. 52 മുതൽ 2012 വരെയുള്ള മലങ്കരസഭയുടെ സമ്പൂർണ്ണ ചരിത്രം തയ്യാറാക്കുന്നതിന് ഗ്രന്ഥകാരന്മാർ നടത്തിയ ഗവേഷണവും പഠനങ്ങളും ഇന്നത്തെ തലമുറയ്ക്ക് മാത്രമല്ല ഭാവി തലമുറകൾക്കും കൂടുതൽ പഠനങ്ങൾക്ക് പ്രചോദനം നൽകും എന്നതിന് സംശയമില്ല. അമൂല്യമായ ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഒരു കാലത്തും നഷ്ടപ്പെടുകയില്ല എന്ന് എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും.

ലോകമെമ്പാടും യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ വിശ്വാസ പ്രചരണം നടത്തി എന്നതു എല്ലാ ചരിത്രകാരന്മാരും അംഗീകരിക്കുന്ന വസ്തുതയാണ്. ഒന്നാം നൂറ്റാണ്ടിൽ തന്നെ, മറ്റു വിദേശസഭകളുടെ സ്വാധീനം ഇല്ലാത്ത മാർതോമാ ക്രിസ്ത്യാനികൾ, എന്ന ഒരു സമൂഹം മലങ്കരയിൽ ഉണ്ടായിരുന്നു എന്നതിന് വിശ്വാസയോഗ്യമായ തെളിവുണ്ട്. പക്ഷേ, ഇപ്രകാരമുള്ള ചരിത്രത്തെപ്പറ്റി തുടർച്ചയായുള്ള രേഖകളുടെയും മറ്റു തെളിവുകളുടെയും അഭാവം ആ നൂറ്റാണ്ടുകളിലെ ക്രിസ്ത്യൻ സഭാചരിത്രത്തിന്റെ ആധികാരികതയെ ഹനിച്ചിട്ടുണ്ട് എന്നതിന് സംശയമില്ല. എന്നാൽ ഈ ഗ്രന്ഥകാരന്മാരുടെ അശ്രാന്ത പരിശ്രമം മൂലം സഭയുടെ പൂർണ്ണചരിത്രം തയ്യാറാക്കാൻ കഴിഞ്ഞതിന് മലങ്കരസഭ മുഴുവൻ അവരോട് കടപ്പെട്ടിരിക്കുന്നു. സഭാചരിത്ര സംബന്ധമായ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഇവർക്ക് സഭയുടെ ഒരു അംഗീകാരവും ലഭിച്ചിട്ടില്ല എന്നതിന്റെ കാരണം കഴിവിനെയും പരിശ്രമത്തെയും മാനിക്കാനുള്ള നമ്മുടെ വിമുഖത ഒന്നു മാത്രമാണ്.

രണ്ടാം സമുദായക്കേസ് എന്ന് അറിയപ്പെടുന്ന കേസിന്റെ 1995-ലെ സുപ്രീംകോടതി വിധിക്ക് അടിസ്ഥാനമായ കേരള ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചു വിധിയിൽ 1958-ലെ പരസ്പര സ്വീകരണത്തിനു ശേഷം സഭാഭരണഘടനയ്ക്ക് എതിരായി പാത്രിയർക്കീസു ബാവാ വാഴിച്ച മെത്രാന്മാർ നിയമാനുസരണമായല്ല വാഴിക്കപ്പെടുന്നതെന്നു പ്രഖ്യാപിക്കുകയും അവരെ മലങ്കരസഭയുടെ പള്ളികളിലും സ്ഥാപനങ്ങളിലും മറ്റും പ്രവർത്തിക്കുന്നതിൽ നിന്ന് നിരോധിക്കുകയും ചെയ്തു. ഇതിനെതിരായ അപ്പീലുകളിൽ ഹൈക്കോടതി വിധി സ്റ്റേ ചെയ്യുന്ന കാര്യം പരിഗണനയിൽ വന്നപ്പോൾ സുപ്രീംകോടതി നൽകിയ ഉത്തരവിന് വലിയ പ്രാധാന്യം ഉണ്ട്. ഹൈക്കോടതി വിധി സ്റ്റേ ചെയ്യുന്നതിനുള്ള വ്യവസ്ഥയായി സഭാഭരണഘടനകൾ മെത്രാന്മാർക്കും ബാധകമാണെന്ന് സമ്മതിച്ചു സത്യവാങ്മൂലങ്ങൾ നൽകിയാൽ അവർക്ക് തൽസ്ഥാനങ്ങളിൽ തുടരാമെന്നായിരുന്നു സുപ്രീംകോടതിയുടെ ഉത്തരവ്. ഭേദഗതി ചെയ്ത സഭാഭരണഘടനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി ഇപ്രകാരമുള്ള മെത്രാന്മാരുടെ കാര്യം പരിഗണിച്ചു തീരുമാനിക്കുന്നതു വരെയായിരുന്നു ഈ ഉത്തരവിന്റെ പ്രാബല്യം. ഭരണഘടന അംഗീകരിക്കാത്ത മെത്രാന്മാർക്ക് ഭദ്രാസനഭരണം കൊടുക്കാതിരിക്കുന്ന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തോടുകൂടി സുപ്രീംകോടതിയുടെ സ്റ്റേ ഉത്തരവ് പ്രാബല്യത്തിലാകുകയും കേരള ഹൈക്കോടതിയുടെ നിരോധന ഉത്തരവ് വീണ്ടും ബാധകമാകുകയും ചെയ്തു.

1995-ലെ സുപ്രീംകോടതി വിധിക്കുശേഷം ഉണ്ടായ ചില ഉത്തരവുകൾ പ്രാധാന്യം അർഹിക്കുന്നു. സഭാഭരണഘടനയിൽ മലങ്കര അസ്സോസിയേഷനിലേക്കുള്ള പ്രതിനിധികളുടെ സംഖ്യ മൂന്ന് എന്ന നിശ്ചിത സംഖ്യയിൽ നിന്ന് ഇടവകാംഗങ്ങളുടെ സംഖ്യയ്ക്ക് അനുസൃതമായി ആയിരിക്കത്തക്കവണ്ണം സുപ്രീംകോടതി ഭരണഘടന ഭേദഗതി ചെയ്തു. അതുപോലെ തന്നെ ഭദ്രാസന കൗൺസിലിലേക്കുള്ള പ്രാതിനിധ്യവും ഇടവകാംഗങ്ങളുടെ എണ്ണത്തിനനുസൃതമാക്കി. ഇരു വിഭാഗത്തിൽ നിന്നും നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷമായിരുന്നു ഈ ഉത്തരവ്.

മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ മലങ്കരമെത്രാപ്പോലീത്താ ആണോ എന്ന് മലങ്കര അസ്സോസ്സിയേഷൻ തീരുമാനിക്കണമെന്നും പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കണമെന്നുമായിരുന്നു കോടതിയുടെ മറ്റു നിർദ്ദേശങ്ങൾ. അസ്സോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പും അസ്സോസിയേഷൻ മീറ്റിംഗും നീതിപൂർവ്വമാകണമെന്നുള്ള ഉദ്ദേശ്യത്തിൽ സുപ്രീംകോടതിയുടെ നിരീക്ഷകനായി കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്നു വിരമിച്ച കർണ്ണാടക സ്വദേശിയായ ജസ്റ്റീസ്

വി. എസ്. മളീമഠിനെ നിയമിക്കുകയും ചെയ്തു. അദ്ദേഹവുമായി ജോലികൾ ഏകീകരിക്കുവാനായി മാത്യൂസ് ദ്വിതീയൻ ബാവാ ഈ ലേഖകനെയാണ് നിയോഗിച്ചത്.

ജസ്റ്റീസ് മളീമഠ് ഇരുഭാഗത്തേയും പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുകയുമുണ്ടായി. പാത്രിയർക്കീസ് ഭാഗത്തു നിന്ന് അദ്ദേഹത്തിന് ലഭിച്ച പരാതികൾക്കെല്ലാം ഓർത്തഡോക്സ് സഭയുടെ വിശദീകരണം വാങ്ങിയതിനു ശേഷമാണ് അദ്ദേഹം നിർദ്ദേശങ്ങൾ നൽകിയത്. ജസ്റ്റീസ് മളീമഠിനെ സഹായിക്കാൻ വേണ്ട ഉദ്യോഗസ്ഥർ കേരള ഹൈക്കോടതിയിൽ നിന്ന് നിയോഗിച്ചവരായിരുന്നു. ഏറ്റവും നിഷ്പക്ഷമായ രീതിയിലാണ് എല്ലാ കാര്യങ്ങളും നടത്തിയത്. അഡ്വക്കേറ്റ് വറുഗീസ് പി. തോമസ് (പൊന്നച്ചൻ വക്കീൽ) ജസ്റ്റീസ് മളീമഠിനെ സഹായിക്കുന്നതിനായി എപ്പോഴും കൂടെയുണ്ടായിരുന്നു. സഭയിലെ ഔദ്യോഗിക ഭാരവാഹികളും അസംഖ്യം വോളന്റിയേഴ്സും കേരള ഹൈക്കോടതി ഉദ്യോഗസ്ഥന്മാരും മറ്റും കഠിനപ്രയത്നം ചെയ്താണ് സഭയുടെ ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട 2002-ലെ പരുമല അസ്സോസിയേഷൻ വിജയിപ്പിച്ചത്.

അസ്സോസിയേഷൻ സമ്മേളനം മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്തായും കൂടിയാണെന്ന് ബാലറ്റു വോട്ടു ചെയ്ത് വൻ ഭൂരിപക്ഷത്തോടെ തീരുമാനിച്ചു. കൂടാതെ പുതിയ ട്രസ്റ്റിമാരെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുകയും ചെയ്തു. അസ്സോസ്സിയേഷൻ തെരഞ്ഞെടുപ്പും യോഗവും മറ്റ് എല്ലാ നടപടികളും നിയമാനുസരണവും നീതിപൂർവ്വകവുമാണ് നടത്തിയതെന്നു കാണിച്ച് ജസ്റ്റീസ് മളീമഠ് സുപ്രീംകോടതിയിൽ റിപ്പോർട്ടു സമർപ്പിച്ചു. ഇതോടുകൂടി സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ പള്ളികളുടെയും ലിസ്റ്റും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കി. പാത്രിയർക്കീസ് ഭാഗം ആക്ഷേപം നൽകിയെങ്കിലും കോടതി റിപ്പോർട്ട് അംഗീകരിച്ച് 12-7-2002-ൽ ഉത്തരവായി. ഈ ഉത്തരവ് സുപ്രീംകോടതിയിലല്ലാതെ മറ്റൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടരുത് എന്നും ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.


ബസേലിയോസ് ദിദിമോസ് കാതോലിക്കാബാവായുടെ സ്ഥാനാരോഹണം സാധുവല്ലെന്നു കാണിച്ച് രണ്ടു വ്യവഹാരങ്ങൾ ഉണ്ടായി. അവയിൽ ഉന്നയിച്ച പ്രധാന തർക്കം മലങ്കര അസോസ്സിയേഷൻ അദ്ദേഹത്തെ നിയുക്ത കാതോലിക്കായായി മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളു എന്നും അതിനാൽ കാതോലിക്കാസ്ഥാനം ഏൽക്കാൻ അസോസിയേഷന്റെ മറ്റൊരു തീരുമാനം കൂടി വേണമെന്നുമായിരുന്നു - കോടതികൾ ഈ തർക്കം തള്ളിക്കളഞ്ഞെങ്കിലും ഇങ്ങനെയൊരു തർക്കത്തിന് മേലിൽ

അവസരം ഉണ്ടാകാതിരിക്കാനായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ (ഇപ്പോഴത്തെ കാതോലിക്കാ പൗലോസ് ദ്വിതീയൻ) നിയുക്ത കാതോലിക്കാ ആയി തെരഞ്ഞെടുക്കുന്നതിന് മുമ്പ് ഈ ലേഖകൻ ഒരു പോംവഴി നിർദ്ദേശിച്ചു. നിയുക്ത കാതോലിക്കാ ആയി തെരഞ്ഞെടുക്കുമ്പോൾ തന്നെ, കാതോലിക്കാസ്ഥാനം ഒഴിവു വരുമ്പോൾ ആ സ്ഥാനം ഏൽക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടും ഉള്ള ഒരു പ്രമേയം അസോസിയേഷൻ അംഗീകരിക്കണമെന്നായിരുന്നു ആ നിർദ്ദേശം. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ ആ നിർദ്ദേശം അംഗീകരിച്ചതിനെ തുടർന്നാണ് ഇങ്ങനെ ഒരു പ്രമേയം അംഗീകരിക്കുന്ന രീതി ആരംഭിച്ചത്.

മലങ്കരസഭയിലെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ഭാവിതലമുറകൾക്കും ഒരു റഫറൻസ് ഗ്രന്ഥമെന്ന നിലയിൽ ഏറെ പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥം തയ്യാറാക്കിയ ഫാ. ഡോ. ജോസഫ് ചീരനും കെ. വി. മാമ്മൻ കോട്ടയ്ക്കലും ഇതിന്റെ ഭാരിച്ച പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്ത കോട്ടയ്ക്കൽ പബ്ളിഷേഴ്സും മലങ്കരസഭ മുഴുവന്റെയും അഭിനന്ദനം അർഹിക്കുന്നു. ഈ ആധികാരിക സമഗ്ര ചരിത്ര ഗ്രന്ഥം ഭാഗ്യസ്മരണാർഹരായ പൂർവ്വ സഭാപിതാക്കന്മാരുടെ പാവന സ്മരണയെ സ്മരിച്ചുകൊണ്ട് പൊതുജനസമക്ഷം സാദരം അവതരിപ്പിച്ചു കൊള്ളുന്നു.

ജസ്റ്റീസ് കെ. ജോൺ മാത്യു
(കേരള ഹൈക്കോടതി മുൻ ജഡ്ജി)

എറണാകുളം
12-12-12



മലങ്കര സുറിയാനി സഭാചരിത്രം ഒരു പുനർവായന

കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദിയുടെ പശ്ചാത്തലത്തിൽ വ്യത്യസ്ത രൂപഭാവങ്ങളോടെ ഒരു സഭാചരിത്രം വായനക്കാരുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളട്ടെ. ഏതാനും ദശകങ്ങളായി ഞങ്ങൾ അര ഡസനോളം ബൃഹത് സഭാചരിത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനിയും പുതിയ ഒരു സഭാചരിത്ര ഗ്രന്ഥത്തിന് പ്രസക്തിയുണ്ടോ എന്ന് നിഷ്പക്ഷമതികളായ വായനക്കാർ സംശയിച്ചാൽ അവരെ കുറ്റപ്പെടുത്തുവാനാവില്ല. പുതിയ ഒരു സഭാചരിത്ര രചന ആവശ്യമായി വന്നത് രണ്ട് സാഹചര്യങ്ങളിലാണ്.

ഒന്ന്: മതപരവും മതേതരവുമായ ചരിത്രമേഖലയിൽ നടക്കുന്ന അഭൂതപൂർവ്വമായ ഗവേഷണ പഠനങ്ങൾ പൂർവകാല ചരിത്ര ബോധ്യങ്ങളിൽ വിപ്ലവാത്മകമായ പൊളിച്ചെഴുത്തുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നവംനവങ്ങളായ കണ്ടെത്തലുകൾ നമ്മുടെ വീക്ഷണചക്രവാളത്തിന് നവീനമായ ഒരു മാനം നൽകിയിരിക്കുന്നു. നടന്ന് പഴകിയ വഴികളും പറഞ്ഞ് പഴകിയ പഴംകഥകളും ഉപേക്ഷിക്കുവാൻ നമ്മെ നിർബന്ധിക്കുന്ന കണ്ടെത്തലുകളോട് പുറംതിരിഞ്ഞിരിക്കുവാൻ ഒരു ചരിത്ര വിദ്യാർത്ഥിക്കും ആവുകയില്ല. ഉദാഹരണത്തിന് 'കേരള മാഹാത്മ്യ'വും കേരളോല്പത്തിയും മറ്റും പ്രചരിപ്പിച്ച പരശുരാമകഥയും കേരളത്തിന്റെ നമ്പൂതിരി പൈതൃകവും നമുക്കിനിയും ആവർത്തിക്കാൻ കഴിയാതിരിക്കുമാറ് പുതിയ വെളിച്ചം ഭൂതകാല ചരിത്രത്തെ അഭിഗമ്യമാക്കിയിരിക്കുന്നു. പരശുരാമൻ കേരളം, കടലിൽ മഴുവെറിഞ്ഞ് സൃഷ്ടിച്ചുവെന്നും ബ്രാഹ്മണർക്കായി ഭൂമി ദാനം നൽകിയെന്നും ഉള്ള ഐതിഹ്യങ്ങൾ കേരള ചരിത്രത്തിൽ അരങ്ങു തകർത്തിരുന്ന ഒരു കാലം അപ്രത്യക്ഷമായിരിക്കുന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ആദ്യ തലമുറ നമ്പൂതിരിമാർ ആയിരുന്നുവെന്ന് ഇന്നും ചില വിദ്വാന്മാർ എഴുതിവിടുന്നതും സുറിയാനി ക്രിസ്ത്യാനികളെ നമ്പൂതിരിമാരുടെ വേഷത്തിൽ പൂണുനൂലും കുടുമ്മയും ധരിച്ചവരായി ചിത്രരചന നടത്തുന്നതും മതേതരരംഗത്ത് പതിച്ച വെളിച്ചത്തെ ഉൾക്കൊള്ളുവാൻ കഴിയാതെ വരുന്നതിനാലാണ്. ദേശചരിത്രത്തിൽ ഉണ്ടായ പൊളിച്ചെഴുത്തുകൾ യുക്തിപൂർവ്വം പരിശോധിക്കുന്നവർക്ക് ദേശചരിത്രത്തിന്റെ ഭാഗമായി വളർന്നു വന്ന മലങ്കര സുറിയാനിസഭയുടെ ചരിത്രത്തിൽ ചില പുനർവായനകൾ ആവശ്യമായി വരും. ഈ പുനർവായന പുനർ ചരിത്രനിർമ്മിതിയെ അനിവാര്യമാക്കുന്നു.

കേരളവും അലക്സാന്ത്രിയായും തമ്മിൽ ക്രിസ്തുവിന് മുമ്പ് നിലവിലിരുന്ന വിദേശവ്യാപാരത്തിന്റെ ചിത്രമാണ് മതേതര ചരിത്രം സമീപകാലത്ത് അനാവരണം ചെയ്ത മറ്റൊരു ചരിത്ര മുഖം. മലങ്കരസഭയുടെ ആദ്യകാല വിദേശബന്ധം പേർഷ്യൻ സഭയുമായിട്ടായിരുന്നു എന്ന ആദ്യ ധാരണയിൽ ആരോഗ്യകരമായ തിരുത്തൽ വരുത്തുവാൻ ഈ കണ്ടെത്തൽ നമ്മെ ധൈര്യപ്പെടുത്തുന്നു. പേർഷ്യൻ സഭയോടുള്ള ബന്ധം ആരംഭിക്കുന്നതിന് മുമ്പ് മലങ്കര സുറിയാനി സഭയ്ക്ക് അലക്സാന്ത്രിയൻ സഭയോടുണ്ടായിരുന്ന ബന്ധത്തെ മുൻനിർത്തി, എ.ഡി. 190-ലെ പാന്റീനസിന്റെ (അലക്സാന്ത്രിയൻ വൈദിക കലാശാലയുടെ ഉപാധ്യക്ഷൻ) സന്ദർശനത്തെ നമുക്ക് വിലയിരുത്താവുന്നതാണ്. ആദ്യ നൂറ്റാണ്ടുകളിൽ മലങ്കരസഭയുടെ പൗരോഹിത്യ സംവിധാനശൈലിയെക്കുറിച്ച് സംശയാതീതമായ അറിവുകൾ നൽകുന്ന വിപ്ലവാത്മകമായ കണ്ടെത്തലാണ് ഈ അലക്സാന്ത്രിയൻ സംസർഗ്ഗത്തിന്റെ ഇതിഹാസം. പൗരോഹിത്യമില്ലാതെ സഭയില്ല എന്ന ആദ്യ നൂറ്റാണ്ടുകളിലെ ക്രിസ്തീയ നിലപാട്, മെത്രാനില്ലാതെ സഭയില്ല എന്ന നിലപാട് ആയി വികസിപ്പിച്ചെടുത്തത് പിൽക്കാല നൂറ്റാണ്ടുകളിലാണെന്നും ആ നിലപാട് 17-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് പിന്തുണയുള്ള കത്തോലിക്കർ മലങ്കരസഭയുടെ മുമ്പിൽ ഉയർത്തിയ ഭീഷണിയുടെ പശ്ചാത്തലമാണെന്നും നാം തിരിച്ചറിയുന്നു. അലക്സാന്ത്രിയൻ സഭയിലെ പൗരോഹിത്യക്രമങ്ങൾ നൽകിയിരുന്നതും അതിനെ നിയന്ത്രിച്ചിരുന്നതും അവിടത്തെ വൈദികരുടെ പന്ത്രണ്ട് അംഗങ്ങൾ ചേർന്ന വൈദികസമിതി ആയിരുന്നു എന്നും ഈ സമിതിയാണ് പിൽക്കാലത്ത് മെത്രാന്മാരെപ്പോലും വാഴിച്ചിരുന്നതെന്നും പണ്ഡിതകേസരിയായ ഫാ. ഡോ. വി. സി. സാമുവേൽ അർത്ഥശങ്കയ്ക്കിടനൽകാത്തവിധം വ്യക്തമാക്കിയത് ഈ അടുത്തകാലത്താണ്. അതിനെ ബലപ്പെടുത്തുകയും പിന്താങ്ങുകയും ചെയ്യുന്ന, അലക്സാന്ത്രിയൻ സഭാചരിത്രത്തിലെ സുപ്രധാന രേഖകൾ ഈ ലേഖകൻ പ്രസിദ്ധീകരിച്ചു (ബഹു. വി. സി. സാമുവേൽ അച്ചന്റെ ‘സഭ വളരുന്നു’ എന്ന ഗ്രന്ഥവും ഈ ലേഖകന്റെ ‘ഇന്ത്യൻ ഓർത്തഡോക്സ് സഭ’ തുടങ്ങിയ ഗ്രന്ഥങ്ങളും ഇക്കാര്യം വിശദമായി ചർച്ച ചെയ്തിട്ടുണ്ട്). മലങ്കരസഭയിലെ ചരിത്രകാരന്മാർ വേണ്ടത്ര ശ്രദ്ധിക്കാത്ത ഈ വെളിപ്പെടുത്തൽ അംഗീകരിക്കാതെ മലങ്കര സുറിയാനിസഭയുടെ ആദ്യ നൂറ്റാണ്ടുകളിലെ പൗരോഹിത്യ സംവിധാനത്തെ യുക്തിഭദ്രവും വിശ്വാസ്യവും ആയി അവതരിപ്പിക്കുവാനാവില്ല. അലക്സാന്ത്രിയൻ മാതൃകയിൽ ആരംഭിച്ച പൗരോഹിത്യ സംവിധാനമാണ് പിൽക്കാലത്ത് അലക്സാന്ത്രിയായിൽ എന്നപോലെ ഇന്ത്യയിലും ഇന്നത്തെ എപ്പിസ്ക്കോപ്പൽ സംവിധാനമായി വികസിച്ച് പരിണാമം പ്രാപിച്ചത് എന്ന നിലപാട് നാം സ്വീകരിക്കുമ്പോൾ ദുരഭിമാനത്തിന്റെ പ്രശ്നങ്ങളൊന്നും

ഉയർത്തേണ്ടതില്ല. പല ലോകസഭകളിലും പൗരോഹിത്യത്തിന്റെ വികാസപരിണാമങ്ങൾ പരിശോധിക്കുമ്പോൾ ഈ കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും ദുരഭിമാനപ്രശ്നങ്ങൾക്കും അടിസ്ഥാനമില്ലെന്ന് വ്യക്തമാകും.

രണ്ട്: മലങ്കര സുറിയാനിസഭയുടെ ചരിത്രരചനാ രംഗത്ത് ഈയിടെ വർദ്ധിച്ചുവരുന്ന ചില വ്യാഖ്യാനങ്ങളും ഉപരിപ്ലവങ്ങളായ നിരീക്ഷണങ്ങളും പക്ഷപാതപരമായ ആരോപണങ്ങളും ദുഷ്ടലാക്കോടു കൂടിയ ഭാഷ്യങ്ങളും നിഷ്കളങ്കരും നിരപരാധികളുമായ സാധാരണ വായനക്കാരിൽ സൃഷ്ടിക്കുന്ന അമ്പരപ്പുകൾ ഏറെയാണ്. ഔദ്യോഗിക സ്വഭാവം അവകാശപ്പെടുന്ന ചില പ്രസിദ്ധീകരണങ്ങളും സ്വന്തം പണം മുടക്കി പ്രസിദ്ധീകരിക്കുന്ന ചില മൂന്നാംകിട വാരികകളും ഈ അടുത്തകാലത്ത് വിതച്ച 'കള'കൾ നിരവധിയാണ്. 'സ്ഥാലീപുലാക ന്യായേന' അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. മലങ്കര സുറിയാനിസഭ, ഭാവിയിൽ അറിയപ്പെടേണ്ടത് മലങ്കര നസ്രാണികൾ എന്നാണ്. സുറിയാനിക്കാർ എന്ന പദം അന്ത്യോഖ്യാ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

2. മലങ്കരയിൽ വ്യാപരിക്കുന്നത് മഫ്രിയാനേറ്റ് ആണ്, കാതോലിക്കേറ്റ് അല്ല. 1912-ൽ നടന്നത് കാതോലിക്കേറ്റിന്റെ പുനഃസ്ഥാപനമല്ല.

3. 1809-ലെ 'കണ്ടനാട് പടിയോല' മുതൽ അന്ത്യോഖ്യൻ ആണ്ടുതക്സാ മുതലായ ആരാധനക്രമങ്ങൾ മലങ്കരസഭയിൽ സ്വീകരിക്കപ്പെട്ടു.

4. പാശ്ചാത്യ സുറിയാനിയുടെ പ്രചാരകന്മാർ ആയിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനും കായംകുളം ഫീലിപ്പോസ് റമ്പാനും. 1814-ൽ കോട്ടയം പഴയസെമിനാരി സ്ഥാപിച്ചത് പാശ്ചാത്യ സുറിയാനിയുടെ പ്രചരണത്തിന് വേണ്ടിയാണ്.

5. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ഓർത്തഡോക്സ് വിശ്വാസിയായ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹത്തെ നവീകരണപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി ചിത്രീകരിക്കുന്നത് ചരിത്രപരമായി സാധുവല്ല.

6. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ (കോട്ടയം എം.ഡി., പരുമല സെമിനാരിയുടെ സ്ഥാപകൻ) ദീർഘവീക്ഷണമില്ലായ്മയാണ് 19-ാം നൂറ്റാണ്ടിലെ സെമിനാരി കേസിനും അനന്തരഫലമായ സഭാവിഭജനത്തിനും കാരണമായത്.

മാർത്തോമ്മാശ്ലീഹായുടെ യെരുശലേം പാരമ്പര്യം അദ്ദേഹത്തിന്റെ

സുവിശേഷഘോഷണത്തിന്റെ മാധ്യമമായിരുന്നു; അദ്ദേഹം ആവിഷ്കരിച്ച ആരാധനയുടെ മാധ്യമവും സുറിയാനിയായിരുന്നു. അദ്ദേഹത്തിന്റെ ആദ്യ ശ്രോതാക്കൾ ആയ പാലൂരിലെ യഹൂദന്മാർക്ക് ആ ഭാഷ അനഭിഗമ്യമായിരുന്നില്ല. അദ്ദേഹം രചിച്ചു എന്ന് ന്യായമായും വിശ്വസിക്കാവുന്ന 'സുവിശേഷവും' സുറിയാനി ഭാഷയിലായിരുന്നു. തന്മൂലം മലങ്കരസഭയുടെ ഭരണഘടന നമ്മുടെ സഭയുടെ സാക്ഷാൽ നാമധേയം 'മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ' എന്ന് നിർവചിച്ചിരിക്കേ, ആ ചരിത്രസത്യത്തെ ദുർബലപ്പെടുത്തുമാറ് ചില ലേഖകന്മാർ ഒളിഞ്ഞും തെളിഞ്ഞും ആവർത്തിച്ചും നടത്തുന്ന അധര വ്യായാമങ്ങളെയും ജല്പനങ്ങളെയും സകാരണം ഖണ്ഡിക്കേണ്ടതല്ലേ? കണ്ടനാട് പടിയോലയിലെയും മറ്റും 'യാക്കോബായ' എന്ന പദപ്രയോഗം കണ്ട പാടെ അത് അന്ത്യോഖ്യൻ സഭയെ കുറിക്കുന്നു എന്ന നിലപാട് എടുക്കുന്നത് 'കാള പെറ്റു എന്ന് കേട്ട ഉടൻ കയർ അന്വേഷിക്കുന്ന' എടുത്തുചാട്ടത്തിന്റെ ലക്ഷണമല്ലയോ? 19-ാം നൂറ്റാണ്ടിൽ 'യാക്കോബായ' എന്ന പ്രയോഗത്തിന് എന്തെല്ലാം അർത്ഥമുണ്ടെന്ന് പരിശോധിക്കേണ്ടതല്ലേ? പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കുർബ്ബാനക്രമം, അദ്ദേഹത്തെപ്പറ്റി 'കണ്ടനാട് ഗ്രന്ഥവരി', എം. പി. വർക്കിയുടെ ജീവചരിത്രപ്പുസ്തകം തുടങ്ങിയവയിലുള്ള പ്രസ്താവനകളെ സഗൗരവം പരിശോധിക്കാതെയും വിലയിരുത്താതെയും നവീകരണ മെത്രാനെ, 'ഓർത്തഡോക്സ് മെത്രാൻ' എന്ന് ആവർത്തിച്ച് വിശേഷിപ്പിക്കുന്നതും അപ്രകാരം ലേഖനവും പുസ്തകവും ചമയ്ക്കുന്നതും സ്വീകരിക്കുന്നതെങ്ങനെ? (ജോർജ്ജ് വർഗ്ഗീസ് എഴുതിയ പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ ജീവചരിത്രവും ഡോ. എം. കുര്യൻ തോമസ് എഴുതിയ 'പത്രോസ് തൃതീയന്റെ പരിഷ്കാരങ്ങൾ' തുടങ്ങിയ പുസ്തകങ്ങളും കാണുക. 2012 ജൂലൈ 11-ന് കോട്ടയം സോഫിയാ സെന്ററിൽ വച്ച് നടന്ന സഭാചരിത്ര സെമിനാറിൽ, മദ്രാസ് മെത്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ സാക്ഷ്യത്തോടെ പാലക്കുന്നത്ത് മെത്രാച്ചൻ നവീകരിച്ച് പ്രസിദ്ധീകരിച്ച കുർബ്ബാനക്രമവും അദ്ദേഹത്തിന്റെ നവീകരണത്തെപ്പറ്റി 'കണ്ടനാട് ഗ്രന്ഥവരി'യിലെ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ സമകാല സാക്ഷ്യവും എം. പി. വർക്കിയുടെ നിരീക്ഷണവും 'ഇടവകപത്രിക'യിലെ പത്രാധിപലേഖനവും ഈ ലേഖകൻ പ്രദർശിപ്പിച്ചു. പ. കാതോലിക്കാബാവാ, പുലിക്കോട്ടിൽ ഡോ. ഗീവറുഗീസ് മാർ യൂലിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയ പ്രമുഖർ സന്നിഹിതരായ അഭിജാതസദസ്സ് ആ രേഖകൾ ശരിവയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു എന്ന് സാന്ദർഭികമായി അനുസ്മരിച്ചുകൊള്ളട്ടെ.).

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും കായംകുളം ഫീലിപ്പോസ് റമ്പാനും സ്വന്തം കൈകൊണ്ട് എഴുതിയ രേഖകൾ പൗരസ്ത്യ സുറിയാനിയിലാണ് (കുർബ്ബാനതക്സാ, ആണ്ടുതക്സാ, കത്തുകൾ, മെമ്രാകൾ മുതലായവ. അവയിൽ പലതും ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിലുണ്ട്). അവർ പാശ്ചാത്യ സുറിയാനിയുടെ പ്രചാരകർ ആയിരുന്നുവെന്ന് അടിസ്ഥാനരഹിതമായി ചിലർ തട്ടിവിടുന്നത് കണ്ടില്ലെന്ന് നടിക്കാനാകുമോ?

മൂന്ന്: അടുത്തകാലത്ത് 'ഇന്ത്യയിലെ സുറിയാനി സഭാചരിത്രം' എന്ന പേരിൽ ഇറങ്ങിയ ഒരു പുസ്തകം ചിലർ വലിയ ആധികാരിക രേഖയായി ഉദ്ധരിക്കാറുണ്ട്. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അറബിയിലെഴുതുകയും അദ്ദേഹത്തിന്റെ മരണശേഷം ഇംഗ്ലീഷിൽ വിവർത്തനം ചെയ്യുകയും ചെയ്ത ഗ്രന്ഥമാണ് എന്റെ സുഹൃത്ത് മാങ്ങാക്കുഴിയിൽ ജേക്കബ് സാർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. യാക്കോബ് തൃതീയൻ ബാവായുടെ ചില നിരീക്ഷണങ്ങൾ ചരിത്രപരമായി സ്വീകാര്യമല്ല എന്ന് വിവർത്തകൻ തന്നെ ചില ഭാഗങ്ങളിൽ അടിക്കുറിപ്പ് ചേർത്തിട്ടുണ്ട്. മലങ്കരസഭയിൽ കക്ഷിവഴക്ക് സജീവമായിരുന്ന കാലത്ത് വർഷങ്ങളോളം അബ്ദുൽ ആഹാദ് റമ്പാൻ ആയി ജീവിച്ച അദ്ദേഹം അക്കാലത്ത് വെളിപ്പെടുത്തുകയോ സഹപ്രവർത്തകൻ കൂടെയായ ഫാ. ഡോ. വി. സി. ശാമുവേൽ മല്പാനോട് പങ്കിടുകയോ ചെയ്യാതിരുന്ന കുറെ 'രഹസ്യ'ങ്ങൾ ആ പുസ്തകം അനാവരണം ചെയ്യുന്നതായി അവകാശപ്പെട്ടിട്ടുണ്ട്. മാർത്തോമ്മാമാരുടെ കത്തുകൾ, മാർ ഈവാനിയോസ് ഹിദായത്തുള്ള, അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ്, യൽദോ മാർ ബസേലിയോസ് തുടങ്ങിയവരെപ്പറ്റിയുള്ള രഹസ്യങ്ങൾ ഇവയിൽ ചിലതാണ്. പാലക്കുന്നത്ത് മെത്രാച്ചനെതിരെ സംസാരിക്കുന്ന രേഖകൾ അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഫയലിൽ സുരക്ഷിതമായിരിക്കുന്നു എന്ന് മലങ്കരയിലെ സന്ദർശനവേളയിൽ (1875-77) പല സ്ഥലത്തും വച്ച് ആവർത്തിച്ച പത്രോസ് തൃതീയൻ പാത്രിയർക്കീസ്, പിൽക്കാലത്ത് സെമിനാരിക്കേസിൽ ഹാജരാക്കുവാൻ ആ രേഖകൾ മലങ്കരസഭാ നേതൃത്വം ആവശ്യപ്പെട്ടപ്പോൾ - അന്ന് മലങ്കരയിൽ ഇന്നത്തെ കക്ഷിഭിന്നതകൾ ഇല്ലായിരുന്നു എന്ന് ഓർക്കുക - ഒരു രേഖയും ഇല്ലെന്ന് കൈമലർത്തിയ സംഭവം 'കണ്ടനാട് ഗ്രന്ഥവരി' രേഖപ്പെടുത്തിയിട്ടുണ്ട്. ആ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ പിൻഗാമിയാണ് മൂന്ന് നൂറ്റാണ്ട് മുമ്പ് 17, 18 നൂറ്റാണ്ടുകളിൽ മലങ്കരയിൽ നിന്ന് അയച്ച സുറിയാനിക്കത്തുകളും മറ്റു രേഖകളുടെ പകർപ്പുകളും സിംഹാസനത്തിന്റെ ഫയലിൽ ഉണ്ട് എന്ന് അവകാശപ്പെടുന്നത്. കുറെ മുമ്പ് 'ശീമക്കാരായ പിതാക്കന്മാർ' എന്ന പേരിൽ മഞ്ഞനിക്കരയിൽ നിന്ന് ഒരു

പൗലൂസ് റമ്പാൻ - പിന്നീട് മെത്രാനായി ശീമയിൽ വാഴുന്നു എന്നു കേൾക്കുന്നു - ഒരു പുസ്തകമെഴുതിയിരുന്നു. ഒരു ചരിത്രപണ്ഡിതന്റെയും ദൃക്സാക്ഷിയുടെയും ഭാഷയിൽ അദ്ദേഹവും കുറെ രേഖകൾ കൈവശമുണ്ടെന്ന് ആ പുസ്തകത്തിൽ അവകാശപ്പെട്ടിരുന്നു. അത്തരം രേഖകളെ അടിസ്ഥാനമാക്കിയാണ് 'എ. ഡി. 52-ൽ അന്ത്യോഖ്യായുടെ അറിവോടെ വി. മാർത്തോമ്മാശ്ലീഹാ മലങ്കരയിൽ വന്നു' എന്ന് ഒരു വിദ്വാൻ ചരിത്രമെഴുതിയത്. അത്തരം 'വിശ്വാമിത്ര സൃഷ്ടികൾ' ആവിർഭവിക്കാൻ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ നവീന സഭാചരിത്രം ഉതകും എന്നതിനാൽ അതിലെ കൃത്രിമത്വങ്ങൾ അനാവരണം ചെയ്യേണ്ടത് ഒരു സഭാചരിത്ര വിദ്യാർത്ഥിയുടെ കർത്തവ്യമല്ലേ? വളരെ ലാഘവത്തോടെ ഉദാസീനമായി സഭാചരിത്ര സംഭവങ്ങളെ വ്യാഖ്യാനിക്കുന്ന പ്രവണത അടുത്തകാലത്ത് വർദ്ധിച്ചുവരുന്നത് ഒരു ഉദാഹരണം മൂലം വ്യക്തമാക്കാം.

ആറ്റുമാലിൽ തോമ്മാ സ്കറിയാ കത്തനാർ 1060 ചിങ്ങം 26-ന് പ. പരുമല തിരുമേനിയിൽ നിന്ന് മുളന്തുരുത്തി പള്ളിയിൽ വച്ച് കശ്ശീശാസ്ഥാനമേറ്റതായി, പരുമല മാർ ഗ്രീഗോറിയോസിന്റെ 'എഴുത്തുകൾ' എന്ന പുസ്തകത്തിൽ വ്യാഖ്യാതാവായ ഡോ. കുര്യൻ തോമസ് രേഖപ്പെടുത്തിയിരിക്കുന്നു (പുറം 37). എന്നാൽ പ്രസ്തുത സ്കറിയാ കത്തനാർക്ക് 1882 മെയ് 2-ന് കോട്ടയത്ത് വച്ച് ശെമ്മാശ്ശപട്ടവും 1884 ആഗസ്റ്റ് 26-ന് മുളന്തുരുത്തിയിൽ വച്ച് കശ്ശീശാപട്ടവും നൽകിയത് പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പട്ടമേൽക്കുന്ന സ്ഥാനാർത്ഥി, പട്ടംനൽകുന്ന മേല്പട്ടക്കാരന്റെ മുമ്പാകെ സഭയെ സാക്ഷിനിറുത്തി സ്വന്തം പട്ടംകൊട വാക്യത്തിൽ സ്ലീബാ ഭാഷയിൽ ഒപ്പ് വയ്ക്കുന്ന പതിവ് ഇന്നുമുണ്ട്. അപ്രകാരം പട്ടംകൊട പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയ വിവരമാണ് ഇവിടെ ചേർത്തത് (മലങ്കരസഭയുടെ സുവർണ്ണയുഗശില്പി, പുറം 722). ആറ്റുമാലിൽ സ്കറിയാ കത്തനാർ പരുമല തിരുമേനിയിൽ നിന്ന് പട്ടമേറ്റാലും പുലിക്കോട്ടിൽ തിരുമേനിയിൽ നിന്ന് പട്ടമേറ്റാലും അത് സഭാചരിത്രത്തിൽ ഒരു ഗൗരവമാർന്ന വിഷയമല്ല. എന്നാൽ കൃത്യമായ രേഖകൾ കാണാതെയും പരിശോധിക്കാതെയും നമ്മുടെ വ്യാഖ്യാതാക്കളും ചരിത്രകാരന്മാരും വളരെ ഉദാസീനമായി ചരിത്രവിഷയങ്ങളെ അമ്മാനമാടുന്നതിന്റെ സ്വഭാവം ഇവിടെ ദൃശ്യമാണ്. ഇതേ വ്യാഖ്യാതാവ് 1665-ൽ വന്ന മാർ ഗ്രീഗോറിയോസിന്റെ പേര് 'ജലീദ്' എന്ന് വ്യത്യാസപ്പെടുത്തിയതും ചിലരൊക്കെ അത് സത്യമെന്ന് തെറ്റിദ്ധരിച്ച് ആ പേര് തങ്ങളുടെ ലേഖനങ്ങളിൽ ഉപയോഗിച്ചതും കണ്ടിട്ടുണ്ട്. പുതിയ പേരുകളും കാര്യങ്ങളും കണ്ടെ

ത്തുവാൻ ഗവേഷകരെ ആരും വിലക്കുന്നില്ല; പക്ഷേ അവരുടെ കണ്ടെത്തലുകൾക്ക് എന്താണ് അടിസ്ഥാനമെന്ന് വിശദമാക്കുവാൻ അവർക്ക് ചുമതലയില്ലേ? ധാർഷ്ട്യവും അഹന്തയും 'കഥയറിയാതെ ആട്ടം കാണുന്ന' ചില പത്രാധിപന്മാരുടെ പിന്തുണയുംകൊണ്ട് ചരിത്രവിദ്യാർത്ഥികളെ എക്കാലവും വഴിതെറ്റിക്കാമെന്ന് കരുതാമോ?

ഇപ്രകാരം സഭാചരിത്ര രംഗത്ത് പ്രത്യക്ഷപ്പെടുന്ന ആരോഗ്യകരമായ പുനർവായനകളും കണ്ടെത്തലുകളും പുതിയ സഭാചരിത്ര നിർമ്മിതിയെ അനിവാര്യമാക്കുന്നു. സഭാചരിത്ര രംഗത്ത് നിരന്തരം പ്രത്യക്ഷപ്പെടുന്ന 'ഗീബൽസ്' തന്ത്രങ്ങളും പ്രതികരണം ആവശ്യപ്പെടുന്നുണ്ട്. ഈ ചരിത്രപരമായ സാഹചര്യത്തിലാണ് "മലങ്കരസഭയുടെ സമുന്നത സാരഥികൾ" എന്ന ഈ ഗ്രന്ഥം തിരശ്ശീല നീക്കി പുറത്തുവരുന്നത്. ഈ ഗ്രന്ഥത്തിന്റെ ആദ്യ ഭാഗം (1909 വരെയുള്ളത്) രചിച്ചത് ഫാ. ഡോ. ജോസഫ് ചീരൻ ആണ്. 20-ാം നൂറ്റാണ്ടിന്റെ ചരിത്രവും 21-ാം നൂറ്റാണ്ടിന്റെ പ്രതീക്ഷാനിർഭരമായ സംഭവ വികാസങ്ങളും അവതരിപ്പിക്കുന്നത് എന്റെ ജ്യേഷ്ഠ സഹോദരസ്ഥാനീയനായ കെ. വി. മാമ്മൻ ആണ്. 'ക്ഷീണിക്കാത്ത മനീഷയും മഷി ഉണങ്ങീടാത്ത പൊൻപേനയും' എന്ന് മഹാകവി പാടിയത് കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ ഉടമസ്ഥൻ മാമ്മച്ചന് നല്ലപോലെ ഇണങ്ങുന്നുണ്ട്. എത്രയെത്ര ജ്യോതിസ്സുകളെയാണ് അദ്ദേഹം വിസ്മൃതിക്കയത്തിൽനിന്ന് മുങ്ങിയെടുത്ത് 'അമരന്മാർ' ആക്കിയത്!! ഭാവി മലങ്കരസഭ ഈ സഭാചരിത്ര 'ദ്രോണാചാര്യരെ' യഥാർഹം ബഹുമാനിക്കാതിരിക്കുകയില്ല. വർത്തമാനകാലത്തെ കാലുഷ്യവും മാത്സര്യവും അസൂയയും സ്വജനപക്ഷപാതിത്വവും ഉന്നതസ്ഥാനീയരെ അന്ധരാക്കുന്നത് മഹാഭാരതത്തിലെ ധൃതരാഷ്ട്രരുടെ കാലം മുതൽക്കേ നാം കണ്ടുപോരുന്നതാണ്. കാലത്തിന് മാത്രമേ (അല്ലെങ്കിൽ കാലനു മാത്രം) ആ അന്ധതയെ അതിജീവിക്കാനാവൂ. 'യതോ ധർമ്മസ്തതോ ജയ' എന്ന ഗാന്ധാരീവാക്യം അനുസ്മരിപ്പിക്കുമാറ് നിസ്സംഗമായ നീതിബോധത്തോടെ സഭാചരിത്ര നിർമ്മിതിയിൽ തപം ചെയ്യുന്ന എന്റെ സുഹൃത്തിനോട് ഭാവികാലം ആദരം പ്രകടിപ്പിക്കുമെന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു. മറ്റു പുസ്തകങ്ങളിലെന്നപോലെ ഈ ഗ്രന്ഥത്തിലും അദ്ദേഹം അണിനിരത്തിയിരിക്കുന്ന ചരിത്രരേഖകൾ കണ്ടില്ലെന്ന് നടിക്കുവാൻ സഭാചരിത്ര വിദ്യാർത്ഥികൾക്ക് ആവുകയില്ല. ഫാ. കെ. പി. പൗലൂസിന്റെ പുസ്തകത്തിന്റെ പുനഃപ്രകാശനം പ്രത്യേക പരാമർശം അർഹിക്കുന്നു. 2012 നവംബർ 25-ന് എറണാകുളം മറൈൻഡ്രൈവിൽ നടന്ന ഓർത്തഡോക്സ് സുറിയാനിസഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദിയും പുത്തൻകാവ് കത്തീഡ്രലിൽ 2012 ഡിസംബർ 4-ന് കാതോലിക്കേറ്റ് ശതാബ്ദി പ്രമാണിച്ച്

ചേർന്ന വൈദിക മഹാസംഗമവും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുക വഴി നാളിതുവരെ പുറത്തുവന്ന ഒരു സഭാചരിത്രഗ്രന്ഥത്തിനും കൈവരിക്കാൻ കഴിയാത്ത അനന്യത ഈ ഗ്രന്ഥം നേടിയിരിക്കുന്നു. അത്രമാത്രം വർത്തമാനകാലത്തുടിപ്പുകൾ ഈ ഗ്രന്ഥത്തിന്റെ താളുകളിൽ ഉണ്ട്.

മലങ്കരസഭയുടെ ഇന്നുവരെയുള്ള ഒരു ആധികാരിക ചരിത്രത്തിന്റെ അനിവാര്യതയെ അനുസ്മരിപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥത്തിന് സമുചിതമായ ആശംസാ സന്ദേശം നൽകി അനുഗ്രഹിച്ച സഭയുടെ പരമാധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് രണ്ടാമൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള സന്തോഷവും കൃതജ്ഞതയും സവിനയം അറിയിച്ചുകൊള്ളുന്നു.

സഭാചരിത്രത്തിലും വിശിഷ്യ കാതോലിക്കേറ്റിന്റെ സ്ഥാപനചരിത്രത്തിലും ചരിത്രത്തിന്റെ അവിഭാജ്യ ഭാഗമായിത്തീർന്നിരിക്കുന്ന സഭാകേസുകൾ, വിധികൾ മുതലായവ സംബന്ധിച്ച കാര്യങ്ങളിലും നല്ല അവഗാഹമുള്ള ജസ്റ്റീസ് കെ. ജോൺ മാത്യുവിൽ നിന്ന് അവതാരിക ലഭിക്കാനിടയായത് ഒരു ദൈവനിയോഗമായി ഞങ്ങൾ കരുതുന്നു. കേരള ഹൈക്കോടതിയിൽ ആയിരുന്നപ്പോൾ തന്റെ ബഞ്ചിൽ വന്ന കേസുകളിൽ നിഷ്പക്ഷമായും നീതിപൂർവ്വമായും സത്വരം വിധി കല്പിക്കുന്നതിൽ റെക്കോഡ് നേടിയ ജസ്റ്റീസ് ജോൺ മാത്യു തന്റെ അവതാരികയിലും ആ മൂല്യങ്ങളെ മുറുകെപ്പിടിച്ചിട്ടുണ്ടെന്നുള്ളതിനു രണ്ടു പക്ഷമില്ല. അവതാരികാകാരന്റെ ഇഷ്ടാനിഷ്ടങ്ങളും വ്യക്തിപരമായ അഭിപ്രായങ്ങളും ഒന്നും അവതാരികയിൽ കടന്നിട്ടില്ലെന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. അദ്ദേഹത്തോടുള്ള അകമഴിഞ്ഞ കൃതജ്ഞതയും അഭിനന്ദനവും ഇവിടെ ആലേഖനം ചെയ്യുന്നതിൽ വലിയ സംതൃപ്തിയാണുള്ളത്.

ഞങ്ങളുടെ സഭാചരിത്ര-ജീവചരിത്രഗ്രന്ഥങ്ങൾ നെഞ്ചേറ്റി ലാളിച്ച മലങ്കരസഭയിലെ ചരിത്രവിദ്യാർത്ഥികൾ ഈ പുത്തൻ രചനയെയും സഹർഷം സ്വാഗതം ചെയ്യുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. വി. മാർത്തോമ്മാശ്ലീഹായുടെയും മലങ്കര സുറിയാനിസഭയെ ഇന്നേവരെ സംരക്ഷിച്ച എല്ലാ പിതാക്കന്മാരുടെയും വിശേഷാൽ പ. പരുമല മാർ ഗ്രീഗോറിയോസിന്റെയും കോട്ടയം പഴയസെമിനാരിയിൽ കബറടങ്ങിയ പുണ്യശ്ലോകരായ ദീവന്നാസ്യോസ് ത്രയത്തിന്റെയും ധന്യസ്മരണയിൽ ഈ ഗ്രന്ഥം വിനയപൂർവ്വം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താക്കൾക്കു വേണ്ടി

ഫാ. ഡോ. ജോസഫ് ചീരൻ

പ്രസാധകക്കുറിപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഇന്നുവരെയുള്ള സമ്പൂർണ്ണ ചരിത്രം ഇപ്പോൾ മലയാളഭാഷയിൽ ലഭ്യമല്ലെന്നുള്ള വലിയ കുറവു പരിഹരിക്കാൻവേണ്ടി നടത്തിയ ഒരെളിയ ശ്രമത്തിന്റെ ഫലമാണ് "മലങ്കരസഭയുടെ സമുന്നത സാരഥികൾ" എന്ന ഈ പുസ്തകം. എ.ഡി. 52 മുതൽ 2012 ഡിസംബർ വരെയുള്ള പ്രധാനപ്പെട്ട മിക്ക സംഭവങ്ങളും ഇതിൽ ഉൾക്കൊള്ളിക്കാനും 2012 നവംബർ 25-നു കൊച്ചിയിൽ നടന്ന കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദി, ചിത്രങ്ങൾ സഹിതം നൽകാനും ശ്രമിച്ചതിൽ വളരെ സന്തോഷമുണ്ട്.

ആധികാരിക സ്വഭാവമുള്ള ചരിത്ര രചനയുടെയും അന്യൂനമായ ഗവേഷണ പഠനങ്ങളുടെയും മഹാമേരുവായി, നാശം വിതയ്ക്കുന്ന സുനാമികളെപ്പോലെ ഇടയ്ക്കിടയ്ക്കടിക്കുന്ന വികല ചരിത്ര പാഷണ്ഡ ചണ്ഡവാതങ്ങളെ ഒട്ടും കുലുങ്ങാതെ നേരിട്ടു തടയാൻ കെല്പുള്ള ശക്തിദുർഗ്ഗമായി നിലകൊള്ളുന്ന ഫാ. ഡോ. ജോസഫ് ചീരനും ആ പർവ്വത സാനുപ്രദേശത്ത് അധികം താഴ്വേരുകളില്ലാതെ അല്പം തലപ്പു മാത്രം കാണിച്ച് സ്ഥിതിചെയ്യുന്ന ഞാനും ചേർന്ന് തയ്യാറാക്കിയ ഈ ഗ്രന്ഥം മലങ്കരസഭയുടെ സമുന്നത സാരഥികളുടെയും വലിയ സഭാസ്നേഹികളുടെയും മുമ്പിൽ സമർപ്പിക്കുമ്പോൾ ഞങ്ങൾക്കുണ്ടാകുന്ന അനിർവചനീയമായ ആത്മികസന്തോഷം ഒന്നു വേറെയാണ്. അതിലധികമായ വിലമതിക്കാനാവാത്ത പ്രതിഫലം ഒന്നും ഞങ്ങൾ പ്രതീക്ഷിക്കാത്തതിനാൽ സന്തുഷ്ടരുമാണ്.

എ.ഡി. 52 മുതൽ 2012 ഡിസംബർ വരെയുള്ള, പാരാവാരത്തീരപ്പരപ്പു കണക്കെ കിടക്കുന്ന സഭാചരിത്രം, അല്ല സന്തോഷങ്ങളുടെയും സന്താപങ്ങളുടെയും നിലയ്ക്കാത്ത കടലിളക്കം പോലെയുള്ള പ്രശ്നങ്ങൾ നേരിട്ട് വിജയിച്ച സഭയുടെ ചരിത്രം ഒന്നോ രണ്ടോ വ്യക്തികൾ, അവർ എത്ര തന്നെ പ്രഗല്ഭരായാലും കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ സാധ്യമല്ല. അത്തരത്തിൽ അത് സങ്കീർണ്ണവുമാണ്.

ചരിത്രവും ചരിത്രത്തേക്കാൾ ശക്തമായ ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും കേട്ടുകേഴ്വികളും വാമൊഴികളും വരമൊഴികളും കത്തുകളും നിരീക്ഷണങ്ങളും അഭിപ്രായ പ്രകടനങ്ങളും അനുമാനങ്ങളുമെല്ലാം കെട്ടുപിണഞ്ഞുകിടക്കുന്ന ഒരു ചുവരിലാണ് ഈ ചരിത്ര ചിത്രം ആലേഖനം ചെയ്യുന്നതെന്നുള്ള കാര്യം ഞങ്ങൾക്കറിയാം. അതേസമയം അതുല്യ ചരിത്രകാരന്മാരെന്നു സ്വയം അവകാശപ്പെടുന്ന ചിലരുടെ അടിസ്ഥാനരഹിതവും നിരാധാരവുമായ പ്രസ്താവനകളും അഭിപ്രായങ്ങളും

സഭാചരിത്രത്തിന് ഏല്പിച്ചിരിക്കുന്ന ക്ഷതങ്ങളെ തുറന്നു കാട്ടിയും നെല്ലും പതിരും മാറ്റിയും സഭാചരിത്ര ഗാത്രത്തെ നിർമ്മലമാക്കേണ്ട കർത്തവ്യവും ഒരളവിൽ ഞങ്ങൾക്കു നിറവേറ്റേണ്ടി വന്നതു മാതൃസഭ യോടുള്ള സ്നേഹം കൊണ്ടു മാത്രമാണ്.

ചരിത്രവും സാമ്പത്തികശാസ്ത്രവും പഠിച്ചു ബിരുദം നേടിയ ഒരാൾ എന്ന നിലയ്ക്ക് ഇതു രണ്ടും ഒന്നിച്ചുകൊണ്ടുപോകാൻ സാധ്യമല്ലെന്നു പുസ്തക പ്രസിദ്ധീകരണ രംഗത്തു കടന്ന അന്നുമുതൽ തന്നെ ബോദ്ധ്യ പ്പെട്ടതാണ്. എന്നാൽ ഒഴുക്കിനെതിരെ നീന്തിയിട്ടുള്ളവർ മാത്രമേ ലക്ഷ്യ സ്ഥാനത്ത് എത്തുന്നുള്ളു എന്ന പല മഹാന്മാരുടെയും അനുഭവങ്ങൾ മുമ്പിലുള്ളതിനാൽ യോജിച്ചു പോകാനാവാത്ത നല്ല കാര്യങ്ങളെ യോജി പ്പിക്കാനുള്ള ശ്രമം സാഹസികമാണെങ്കിലും ഒടുവിൽ സന്തോഷവും സംതൃപ്തിയും നൽകുന്നു എന്നതാണ് അനുഭവം.

സഭാചരിത്രം, സമുന്നതരും തികഞ്ഞ ഭക്തരുമായ സഭാപിതാക്കന്മാ രുടെ ജീവചരിത്രം മുതലായവ ഉൾപ്പെടെ അറുപതിൽപരം പുസ്തക ങ്ങൾ എഴുതാനും എഡിറ്റു ചെയ്തു പ്രസിദ്ധപ്പെടുത്താനും സാധിച്ചു എങ്കിലും ഇന്നുവരെയും സമഗ്രവും ആധികാരികവുമായ ഒരു സഭാ ചരിത്രം ഇറക്കാൻ സാധിച്ചില്ലല്ലോ എന്ന വൈകി വന്ന ചിന്തയും അതി രറ്റ ആഗ്രഹവുമാണ് ഈ പുസ്തക പ്രസിദ്ധീകരണത്തിന്റെ പിന്നിലെ മുഖ്യ പ്രേരകശക്തി. രണ്ടായിരം കൊല്ലത്തെ ചരിത്രം - ഒരു സമുദ്ര ത്തിലെ വെള്ളം ഒന്നു രണ്ടു ചെറുകുടങ്ങളിൽ കോരിഒതുക്കുന്നതു പോലെ - സാഹസികമാണല്ലോ. സഭാസംബന്ധമായ പ്രസിദ്ധീകരണ ങ്ങൾ വിജയിക്കണമെങ്കിൽ പ്രതിഭാസമ്പന്നരായ വ്യക്തികളെ കണ്ടു പിടിച്ച് അവരുടെ ആത്മാർത്ഥമായ സഹകരണം ലഭിച്ചാലേ സാധിക്കു കയുള്ളു. അതുകൊണ്ടാണ് മലങ്കരസഭാചരിത്രത്തിന്റെ ഗവേഷണപഠ നങ്ങളിലും രചനയിലും വ്യാപൃതനായിരിക്കുന്ന - സുറിയാനിയിലും മല യാളത്തിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും ഒരുപോലെ അവഗാഹ മുള്ള - ഫാ. ഡോ. ജോസഫ് ചീരനെ കൂട്ടുപിടിച്ചത്. മലങ്കര സഭാചരി ത്രരംഗത്തെ സംബന്ധിച്ചിടത്തോളം വിശുദ്ധിയുടെ പ്രതീകമായ മഞ്ഞു പൊതിഞ്ഞു സ്ഥിതിചെയ്യുന്ന എവറസ്റ്റിനോട് ഫാ. ഡോ. ജോസഫ് ചീരനെ ഉപമിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടപ്പെടുകയില്ലെങ്കിലും ആ വസ്തുത അംഗീകരിക്കാതിരിക്കാനാവില്ലല്ലോ.


ഈ പുസ്തകത്തിന്റെ ആദ്യ ഭാഗം ഫാ. ഡോ. ജോസഫ് ചീരനും രണ്ടാം ഭാഗം (20, 21 നൂറ്റാണ്ടുകളിലെ കാര്യങ്ങൾ) ഞാനുമാണ് തയ്യാ റാക്കിയിരിക്കുന്നത്. കഴിഞ്ഞ 60 വർഷമായി പത്രമാസികകളുമായി ബന്ധ പ്പെട്ടു കോട്ടയത്തു കഴിയുന്ന എനിക്ക് സഭയോടു ബന്ധപ്പെട്ട പല സുപ്ര ധാന കാര്യങ്ങളുടെ സാക്ഷിയാകാനും കഴിഞ്ഞിട്ടുണ്ട്. ഞാൻ നേരിട്ടു

കണ്ടതും കേട്ടതും റിപ്പോർട്ടു ചെയ്തിട്ടുള്ളതുമായ കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മറ്റാർക്കും പറയാനാവില്ലല്ലോ. പല അപ്രിയ സത്യങ്ങളും മനഃപൂർവം വിട്ടുകളഞ്ഞിട്ടുണ്ട്.

സഭാസംബന്ധമായ ചരിത്ര പുസ്തകങ്ങൾ സഭയുടെ ആഭിമുഖ്യത്തിൽ നേരിട്ടിറക്കാത്തത് എതിരാളികൾ അവയുടെ അടിസ്ഥാനത്തിൽ പഴുതുകൾ കണ്ടെത്തി സഭാനേതാക്കളെ കോടതി കയറ്റുമെന്ന ഭയം കൊണ്ടാവാം. ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം ഞങ്ങൾ മാത്രമാണ് ഉത്തരവാദികൾ.

ഒരു സമ്പൂർണ്ണ ചരിത്രം പ്രസിദ്ധീകരിക്കണമെന്ന് ഞങ്ങളോടാവശ്യപ്പെടുകയും ഉത്സാഹിപ്പിക്കുകയും ചെയ്ത ഒട്ടധികം സഭാസ്നേഹികൾ ഉണ്ട്. അവരുടെയെല്ലാം പേരുവിവരം ഇവിടെ കുറിക്കുന്നതിൽ അവർക്കു താല്പര്യം കാണുകയില്ല. എന്നാൽ സൽപ്രേരണകളും പ്രോൽസാഹനവും നൽകിയ ചുരുക്കം ചിലരുടെ പേരുകൾ പറയാതിരിക്കാൻ ഒരു ക്രിസ്തീയ സുകൃതമായ കൃതജ്ഞതാബോധം അനുവദിക്കുന്നുമില്ല.

ഞങ്ങളുടെ വലിയ സുഹൃത്തും അമേരിക്കൻ ഭദ്രാസന സെക്രട്ടറിയും ആയ ഫാ. ജോൺ തോമസ്, ഒരാഗോള പൗരനായി വളർന്നിരിക്കുന്ന സണ്ണി കുലത്താക്കൽ (ബാംഗ്ലൂർ), കല്ലുങ്കൽ തുണ്ടിയിൽ തോമസ് രാജനും കുടുംബാംഗങ്ങളും (യു.എസ്.), നല്ല നിലയിൽ കണ്ടനാട് മാർ ഗ്രീഗോറിയോസ് ആശ്രമം നടത്തി അർഹരായ ഒട്ടധികംപേരെ സംരക്ഷിക്കുന്ന മദർ സൂസൻ കുരുവിള, ആറാട്ടുപുഴ കുളഞ്ഞിക്കൊമ്പിൽ ജേക്കബ് മാത്യു (ജോജോ), ഇംഗ്ലണ്ടിലെ ഒരു പ്രമുഖ ഡോക്ടറായ ഡോ. എം. എസ്. അലക്സാണ്ടർ (മാളികയിൽ, പാത്താമുട്ടം), മിഷൻ ബോർഡ് പ്രസിഡന്റായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപനായ ഡോ. അലക്സിയോസ് മാർ യൗസേബിയോസ്, മിഷൻ ബോർഡിന്റെ വലിയ സുഹൃത്തായ എൻജിനിയർ ഐസക് തോമസ് (ഹൈദരബാദ്), ബാംഗ്ലൂർ സ്നേഹസദൻ ചാപ്ലെയിൻ ഫാ. എം. എം. ഏബ്രഹാം, തോമസ് കുതിരവട്ടം എക്സ്. എം. പി., കെ. മാത്തൻ (കരുനാട്ട്, കുറിച്ചി) എന്നിവരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.



ഡോ. അലക്സിയോസ് മാർ യൗസേബിയോസ്


പ. അബ്ദേദ് മശിഹാ
പാത്രിയർക്കീസ്

കൂടാതെ പ്രീ പബ്ലിക്കേഷൻ വ്യവസ്ഥയിൽ 700 രൂപ മുഖവിലയുള്ള പുസ്തകത്തിനു ഡിസംബർ 10-നുള്ളിൽ പോസ്റ്റേജ് ഉൾപ്പെടെ 450 രൂപ വീതം അയച്ചുതന്ന ഇരുനൂറോളം പേരോടും ഞങ്ങൾക്കുള്ള മതിപ്പും അതിരറ്റ സ്നേഹവും ഇവിടെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

മലങ്കരസഭയുടെ സമുന്നത സാരഥികളുടെ പിമ്പിൽ പാറ പോലെ ഉറച്ചു നിൽക്കണമെന്നും സഭയുടെ ദൗത്യം വിജയപ്രദമാക്കുമെന്ന് ഒരിക്കൽക്കൂടി പ്രതിജ്ഞ എടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് കാതോലിക്കേറ്റ് സ്ഥാപിച്ച പ. അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെയും കാതോലിക്കേറ്റിനെ ബലിഷ്ഠമായ അടിസ്ഥാനത്തിൽ പടുത്തുയർത്തിയ പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെയും പുണ്യസ്മരണകൾക്കു മുമ്പിൽ ഈ പുസ്തകം ഭക്തിബഹുമാനപൂർവ്വം സമർപ്പിക്കുന്നു.

കെ. വി. മാമ്മൻ

കോട്ടയം
21-12-2012



പ. ഗീവറുഗീസ് രണ്ടാമൻ ബാവായും കെ. വി. മാമ്മനും. (50 വർഷം മുമ്പ്)

ഉള്ളടക്കം

അദ്ധ്യായം 1

മലങ്കര ക്രൈസ്തവസഭയുടെ പ്രഥമ സാരഥി

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും പത്തു ദിവസങ്ങൾക്കു ശേഷം പെന്തിക്കോസ്തിനാളിൽ നടന്ന പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ അവരോഹണവും കഴിഞ്ഞ് ക്രിസ്തുശിഷ്യന്മാർ ഗുരു ഏൽപിച്ച ദൗത്യം വിശ്വസ്തതയോടെ നിർവഹിപ്പാൻ പരസ്പരധാരണയിൽ, അന്ന് അറിയപ്പെട്ടിരുന്ന ലോകരാജ്യങ്ങളിലേക്ക് ലഭ്യമായ യാത്രാസൗകര്യങ്ങൾ ഉപയോഗിച്ച് യാത്രയായി. കർത്തൃനിയോഗപ്രകാരം അവരുടെ ആദ്യ ലക്ഷ്യം 'യിസ്രായേലിൽ നിന്ന് കാണാതെപോയ' യഹൂദന്മാർ തന്നെയായിരുന്നു. ലോകമെങ്ങും യഹൂദർ ചിതറിപ്പാർത്തിരുന്നതിനാലും അവർക്കും തങ്ങളെപ്പോലെ സമാനമായ മതപശ്ചാത്തലം ഉണ്ടായിരുന്നതിനാലും എബ്രായഭാഷയും അറമായ സുറിയാനിയും അവർക്ക് യഥാക്രമം വേദഭാഷയും ആരാധനാഭാഷയും[1] ആയിരുന്നതിനാലും ക്രിസ്തുവിന്റെ മശിഹാ, ബലി, പെസഹാ തുടങ്ങിയ പ്രതീകങ്ങളും അനുഷ്ഠാനങ്ങളും യഹൂദ പശ്ചാത്തലത്തിൽ ഉണ്ടായിരുന്നതിനാലും പൗരോഹിത്യ കർമ്മാനുഷ്ഠാന സംസ്ക്കാരം അവർക്കുണ്ടായിരുന്നതിനാലും സുവിശേഷഘോഷണത്തിന്റെ ആദ്യത്തെ 'വയൽപ്രദേശ'മായി യഹൂദജനതയെ ക്രിസ്തു നിർദ്ദേശിച്ചത് സോദ്ദേശ്യം തന്നെയായിരുന്നു. അത് പിലക്കാലത്ത് അത്ഭുതകരമായ 'വിളവെടു'പ്പിന് കാരണമായി എന്ന് ക്രിസ്തുമതത്തിന്റെ പിൽക്കാല വളർച്ചയും വികാസവും അനിഷേധ്യമായി സമർത്ഥിക്കുന്നു.



ക്രിസ്തുവിൽ നിന്ന് ലഭിച്ച പൗരോഹിത്യനൽവരങ്ങളും നിർദ്ദേശങ്ങളും നിയോഗങ്ങളും ഗുരുവിൽനിന്ന് പ്രാപിച്ച ദൃശ്യ - ശ്രാവ്യ പാരമ്പര്യങ്ങളും യഹൂദ മതഗ്രന്ഥങ്ങളും അല്ലാതെ മറ്റ് പശ്ചാത്തല വിഭവങ്ങൾ കൈവശമില്ലാതിരുന്ന ക്രിസ്തുശിഷ്യന്മാർ ദൈവം നൽകിയ 'വടി'യുമായി ഈജിപ്റ്റിലേക്ക് പുറപ്പെട്ട മോശയെപ്പോലെ അപരിചിത സാഹചര്യങ്ങളിലേക്ക് 'ഞാനോ ലോകാവസാനം വരെ നിങ്ങളോടുകൂടെയുണ്ട്' എന്ന വിശ്വാസത്തോടെ യാത്രയായി. ക്രിസ്തുശിഷ്യരിലൊരാളായ മാർ

ത്തോമ്മാശ്ലീഹാ ഭാരതത്തിലെത്തിയത് ഈ സാഹചര്യത്തിലാണ്. പെസഹാ, പെന്തിക്കോസ്തി തുടങ്ങിയ പെരുന്നാളുകളിൽ പങ്കെടുക്കുവാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് യെരുശലേമിൽ ആണ്ടുതോറും എത്താറുള്ള യഹൂദ തീർത്ഥാടകരിൽ ഭാരതത്തിൽ കുടിയേറിപ്പാർത്തിരുന്ന യഹൂദരും ഉണ്ടായിരുന്നു. തന്മൂലം യഹൂദന്മാരുടെ സാന്നിധ്യമുള്ള നാട് എന്ന നിലയിൽ ഭാരതത്തിന് യരുശലേം പ്രദേശത്ത് പ്രശസ്തി ഉണ്ടായിരുന്നു. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് എഴുതുന്നു: "... അസ്സീറിയായിലെ കപ്പലുകൾ പേർഷ്യൻ ഉൾക്കടലിലൂടെയും ഇന്ത്യാ മഹാസമുദ്രത്തിലൂടെയും യാത്ര ചെയ്തിരുന്നു. ... 'ഉരു' Uru മഹാനഗരം സമുദ്രയാനവാണിജ്യത്തിന്റെ കേന്ദ്രം ആയിരുന്നു. ബാബിലോൺ രാജാവായിരുന്ന നെബുക്കദ്നേസറിന് കപ്പൽമാർഗ്ഗം ഇന്ത്യയും സിലോൺ ദ്വീപുമായും വിനിമയം ഉണ്ടായിരുന്നു. ... ചെങ്കടലിലെ തുറമുഖങ്ങളും തെക്കെ ഇന്ത്യയുമായി ബന്ധപ്പെട്ടിരുന്നു. ... വെള്ളി, ചെമ്പ്, സ്വർണ്ണം എന്നിവയിൽ ആഗസ്റ്റസ് മുതൽ ഹസ്രിയാൻ വരെയുള്ള റോമൻ ചക്രവർത്തിമാരുടെ ഛായാചിത്രങ്ങൾ മുദ്രണം ചെയ്തിട്ടുള്ള നാണയങ്ങൾ നെല്ലൂർ, കോയമ്പത്തൂർ, മധുര, സേലം, മലബാർ തുടങ്ങി മദ്രാസ് പ്രവിശ്യയുടെ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.'[2] കേരളത്തിന് റോമ്മാ സാമ്രാജ്യത്തിലെ പ്രധാന വ്യാപാര തുറമുഖവുമായി വാണിജ്യബന്ധമുണ്ടായിരുന്നു എന്നും ഈ ബന്ധം സാമ്പത്തിക വിനിമയത്തിലെന്നപോലെ സാംസ്ക്കാരിക വിനിമയത്തിനും കാരണമായി എന്നും ആധുനിക മതേതര ചരിത്രഗവേഷകർ സംശയരഹിതമായി പ്രസ്താവിച്ചിട്ടുണ്ട്.[3] തന്മൂലം 'ഇന്ന് ഇന്ത്യ എന്നറിയപ്പെടുന്ന രാജ്യത്തെപ്പറ്റി പണ്ഡിതന്മാർക്ക് ആർക്കും അറിവുണ്ടായിരുന്നില്ല' എന്ന് യാക്കോബ് തൃതീയൻ പാത്രിയർക്കീസും[4] അദ്ദേഹം കേരളത്തിലെ മഞ്ഞനിക്കര ദയറായിൽ സുറിയാനി മല്പാനായിരുന്നപ്പോൾ (അബ്ദുൾ ആഹാദ് റമ്പാൻ) അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ഫാ. ഡോ. വി. സി. ശാമുവേലും[5] പൂർവ്വാപരവിരുദ്ധമായി പറയുന്നത് അംഗീകരിക്കാനാവില്ല. ഫാ. ഡോ. വി. സി. ശാമുവേൽ മറ്റൊരു ഭാഗത്ത് പറയുന്നതിപ്രകാരമാണ്: "ക്രിസ്ത്വബ്ദം ഒന്നാം ശതകത്തിൽ വിദേശികൾ കേരളവുമായി വാണിജ്യം നടത്തിയിയിരുന്ന വിവരം മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതിന് വളരെ മുമ്പ് തന്നെ ഈദൃശബന്ധം വിദേശവുമായി കേരളത്തിനുണ്ടായിരുന്നു എന്ന് ഊഹിക്കുവാൻ കഴിയും. യഹൂദന്മാരുടെ പൂർവ്വന്മാരായിരുന്ന ഇസ്രായേല്യരെ യെരുശലേം കേന്ദ്രമായി ബി.സി. 1000-ന് മുമ്പ് ഭരിച്ചിരുന്ന ശലോമോൻ രാജാവിന് ദക്ഷിണേന്ത്യയുമായി വാണിജ്യബന്ധമുണ്ടായിരുന്നുവെന്ന് അനുമാനിക്കാൻ ന്യായമുണ്ട്. അദ്ദേഹം ഫിനിഷ്യൻ കപ്പലുടമകളുമായി ചേർന്ന് വിദേശങ്ങളിലേക്ക് കപ്പലുകളയച്ച് അവിടെ

നിന്നും സ്വർണ്ണം, വെള്ളി, ആനക്കൊമ്പ്, കുരങ്ങ്, മയിൽ..... ആദിയായ വയെ കൊണ്ടുവരുവിച്ചതായി 1 രാജാക്കന്മാർ 10:22 ലും 2 ദിനവൃത്താന്തം 9:21–ലും കാണാം. ഈ വിഭവങ്ങൾ ഒക്കെയും ദക്ഷിണേന്ത്യയിൽ സുലഭമാകയാൽ അദ്ദേഹം നമ്മുടെ നാടുമായിട്ടായിരുന്നു ഈ വ്യാപാരങ്ങൾ നടത്തിയതെന്ന് പറയുന്നത് തെറ്റാകണമെന്നില്ല.[6] പി. കെ. ഗോപാലകൃഷ്ണൻ എഴുതുന്നു: 'പശ്ചിമേഷ്യയും ദക്ഷിണേന്ത്യയും തമ്മിലുള്ള ഈ നിരന്തര സമ്പർക്കം തുടർന്നുള്ള വ്യാപാരബന്ധത്തിന് വഴിതെളിയിച്ചു. യിസ്രായേൽ രാജാവായിരുന്ന സോളമന്റെ കാലത്ത് (സുമാർ ബി.സി. 800) കേരളവും പാശ്ചാത്യലോകവുമായി ബന്ധം പുലർത്തിയിരുന്നു. സോളമന്റെ കാലത്ത് ടയറിലെ രാജാവായ ഹീരാം മുമ്മൂന്ന് വർഷം കൂടുമ്പോൾ പൗരസ്ത്യദേശത്തേക്ക് വ്യാപാരത്തിനായി കപ്പലുകൾ അയച്ചിരുന്നു എന്നും സ്വർണ്ണം, വെള്ളി, കുരങ്ങ്, മയിൽ, ആനക്കൊമ്പ്, ധാരാളം അകിൽ അഥവാ ചന്ദനം, വിലപിടിച്ച രത്നങ്ങൾ എന്നിവയുമായി തിരിച്ചുവരാറുണ്ടെന്നും ഈ കപ്പൽ വ്യാപാരം നടന്നിരുന്നത് 'ഓഫീർ' എന്ന തുറമുഖത്തു നിന്നാണെന്നും ബൈബിളിന്റെ പഴയ സുവിശേഷത്തിൽ പ്രതിപാദിച്ചു കാണുന്നു. ഓഫീർ ഇന്ത്യയുടെ പശ്ചിമതീരത്തെ ഒരു തുറമുഖമാണെന്നാണ് ചില ചരിത്രകാരന്മാർ കരുതുന്നത് (കെ. എ. നീലകണ്ഠശാസ്ത്രി, ഹിസ്റ്ററി ഓഫ് സൗത്ത് ഇന്ത്യ, പു. 79). ബ്രോച്ചിന് തെക്കായി സ്ഥിതിചെയ്യുന്ന സൊപാര ആയിരിക്കാം ഓഫീർ എന്ന് പ്രൊഫ. കോസംബിയും (കൾച്ചർ ആൻഡ് സിവിലിസേഷൻ ഓഫ് എൻഷ്യന്റ് ഇന്ത്യ, പു. 140) നിർദ്ദേശിക്കുന്നു. കോഴിക്കോടിനടുത്തുള്ള ബേപ്പൂർ ആകണം ഓഫീർ എന്നാണ് ലോഗന്റെ അഭിപ്രായം (മലബാർ മാനുവൽ, വാല്യം 1, പു. 245). തിരുവിതാംകൂർ തീരത്തുള്ള പൂവാറിനെയും ഓഫീർ ആയി നിർദ്ദേശിച്ചിട്ടുണ്ട് (ടി. കെ. വേലുപിള്ള, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, വാല്യം 1). സെമിറ്റിക് ഭാഷകളിലെ ലിപിവിന്യസനത്തിന്റെ അടിസ്ഥാനത്തിൽ 'ഓഫീർ' ബേപ്പൂർ ആകാനാണ് കൂടുതൽ സാദ്ധ്യത എന്ന് മലങ്കരസഭാ ചരിത്രകാരന്മാർ അഭ്യൂഹിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ

ഈ വിദേശ വ്യാപാരത്തിന്റെ കേരളീയ തുറമുഖം കൊടുങ്ങല്ലൂർ ആണെന്ന് ഇതിനോടകം അവിടെ നടത്തിയ ഉത്ഖനനങ്ങൾ സാക്ഷിക്കുന്നു. മുസിറീസ് പൈതൃക പദ്ധതിയുടെ ഉപരി ഗവേഷണം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത നൽകുമെന്ന് പ്രതീക്ഷിക്കാം. കൊടുങ്ങല്ലൂർ തുറമുഖത്ത് വിദേശവ്യാപാരം ആരംഭിക്കുന്നതിന് മുമ്പ് വ്യാപാരകേന്ദ്രം അല്പം കൂടെ വടക്ക് പൊന്നാനി തുറമുഖം ആയിരുന്നുവെന്ന് പല ചരിത്രഗവേഷകരും നിരീക്ഷിച്ചിട്ടുണ്ട്. 'ആര്യന്മാരുടെ കുടിയേറ്റം' എന്ന ഗ്രന്ഥ

പരമ്പര രചിച്ച കാണിപ്പയ്യൂർ നമ്പൂതിരി ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. എരിത്രിയൻ കടലിന് അറബികളുടെ സാന്നിധ്യം കൊണ്ട് അറബിക്കടൽ എന്ന പേര് സിദ്ധിച്ചതും കേരളത്തിലെ അതിപ്രാചീനമായ അറബി കേന്ദ്രം പൊന്നാനിയിൽ സ്ഥാപിച്ചതും ക്രിസ്തുമതത്തിന്റെ ആദ്യകാല തലമുറ പൊന്നാനിയുടെ തുറമുഖപട്ടണമായ പാലൂരിൽ ആവിർഭവിച്ചതും പരിഗണിക്കുമ്പോൾ ഈ വിദേശവ്യാപാരത്തിന്റെ ഇന്ത്യൻ കേന്ദ്രം പൊന്നാനി തുറമുഖമാണെന്ന് ഈ ലേഖകനും അഭിപ്രായപ്പെട്ടിട്ടുണ്ട്.[9] ഇന്ത്യയിലെ ക്രൈസ്തവ സഭകളുടെ ശ്ലൈഹിക പൈതൃകം നിഷേധിക്കുക എന്ന ദുഷ്ടലാക്കുള്ളവർ മാത്രമേ, മാർ തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭാ സ്ഥാപന ചരിത്രത്തെ നിഷേധിച്ചിട്ടുള്ളൂ. മാർ തോമ്മാശ്ലീഹായാണ് ഇന്ത്യൻ ക്രൈസ്തവ സഭയുടെ സ്ഥാപകൻ എന്നതിന്റെ ഏറ്റവും വിശ്വാസ്യമായ തെളിവ് അദ്ദേഹം സ്ഥാപിച്ച സഭയുടെ സാന്നിധ്യം തന്നെയാണ്. രണ്ടോ മൂന്നോ നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽ ജീവിച്ച തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ തുടങ്ങിയ ആചാര്യമഹാകവികളുടെ പേര്, ജീവിതകാലം, മാതാപിതാക്കന്മാരുടെ പേര് തുടങ്ങിയ ജീവചരിത്ര സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാകാതിരിക്കെ അവരുടെ ഏതാനും കൃതികളുടെ അടിസ്ഥാനത്തെ മുൻനിർത്തി അവരുടെ സാന്നിധ്യത്തെ ചരിത്ര വസ്തുതയായി അംഗീകരിച്ചുപോരുന്ന സാംസ്കാരിക കേരളം ഇരുപതു നൂറ്റാണ്ടിനപ്പുറം ഇന്ത്യയിൽ ക്രിസ്തുമതം സ്ഥാപിച്ച മാർത്തോമ്മാശ്ലീഹായുടെ ആഗമനത്തെപ്പറ്റി ചരിത്രരേഖകളില്ല എന്ന് വാദിക്കുവാനിടയില്ല. തന്മൂലമാണ് ലോകത്ത് പല കേന്ദ്രങ്ങളിലും ക്രിസ്തുമതം ആവിർഭവിക്കുന്നതിന് മുമ്പ് ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് ഭാരതം ക്രിസ്തുമതം സ്വീകരിച്ചു എന്ന് ചരിത്രകാരനായ ജവഹർലാൽ നെഹ്റു 'വിശ്വചരിത്രാവലോകന'ത്തിൽ രേഖപ്പെടുത്തിയത്.

യഹൂദമതം കേരളത്തിൽ

കേരള ചരിത്രവും സംസ്കാരവും ഗൗരവമായി ഗവേഷണ വിഷയമായി എടുത്തിട്ടുള്ള എല്ലാ ചരിത്രകാരന്മാരും കേരളത്തിലെ യഹൂദ സാന്നിധ്യത്തെപ്പറ്റി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. അസ്സീറിയക്കാർ ബി.സി. എട്ടാം നൂറ്റാണ്ടിൽ യിസ്രായേൽ രാജ്യം തകർത്തപ്പോഴും ബി.സി. 6–ാം നൂറ്റാണ്ടിൽ ബാബിലോണിയക്കാർ യഹൂദരാജ്യം നശിപ്പിച്ചപ്പോഴും എ.ഡി. 70–ൽ റോമ്മാക്കാർ യെരുശലേം നശിപ്പിച്ചപ്പോഴും യഹൂദന്മാർ കേരളത്തിന്റെ കടൽതീരത്ത് പാർപ്പുറപ്പിച്ചിട്ടുണ്ട്.[10] മെഡിറ്ററേനിയൻ പ്രദേശത്തുനിന്ന്, പ്രത്യേകിച്ച് അസ്സീറിയൻ നാടുകളിൽപ്പെട്ട നിനവേയിൽ നിന്ന് വൻതോതിൽ തെക്കേ ഇന്ത്യയുടെ പടിഞ്ഞാറെ തീരപ്രദേശങ്ങളിലേക്ക് പലവട്ടം കുടിയേറിപ്പാർക്കൽ നടന്നിട്ടുണ്ടെന്നും നമ്മുടെ ഭാഷ

യിലും വിശ്വാസങ്ങളിലും ആചാരങ്ങളിലും അതിന്റെ മുദ്രകൾ കാണാമെന്നും എൻ. വി. കൃഷ്ണവാരിയർ തെളിയിച്ചിട്ടുണ്ട്. നമ്മുടെ പുരാണത്തിൽ അസുരന്മാരെന്ന് വിശേഷിപ്പിക്കപ്പെടുന്ന വർഗ്ഗം ഈ സെമിറ്റിക് പശ്ചാത്തലമുള്ള വർഗ്ഗമാണെന്നും നമ്മുടെ പടിഞ്ഞാറൻ തീരവും ആഫ്രിക്കയുടെ കിഴക്കൻതീരവും തമ്മിലും മദ്ധ്യപൗരസ്ത്യ രാജ്യങ്ങളുടെ കിഴക്കൻ തീരങ്ങൾ തമ്മിലും വൻതോതിൽ സമ്പർക്കം ഉണ്ടായിരുന്നതായും എൻ. വി കൃഷ്ണവാരിയർ നിരീക്ഷിച്ചിട്ടുണ്ട്. ശ്രീകൃഷ്ണന്റെ പേരക്കുട്ടിയായ അനിരുദ്ധൻ സമുദ്രം കടന്ന് നിനവേയിലെ ഭരണാധികാരിയായ ബാണാസുരന്റെ മകൾ ഉഷയുമായി അനുരാഗബന്ധം പുലർത്തിയിരുന്നതും നിനവേയിൽ ബാണ രാജധാനിയിൽ ബന്ധനസ്ഥനായ അനിരുദ്ധനെ ശ്രീകൃഷ്ണൻ സൈന്യസമേതം കടൽ കടന്നുചെന്ന് വിമോചിപ്പിച്ചതും പിന്നീട് അവരുടെ വിവാഹം ആഘോഷമായി നടന്നതും നമ്മുടെ പുരാണത്തിൽ വിവരിച്ചിട്ടുണ്ട്. ബാബിലോൺ സംസ്കാരം തകർന്നതിന്റെ ഭാഗമായി നിനവേ തകർന്നപ്പോൾ ബാണാസുരന്റെ കുടുംബം ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്തത് ഈ ബന്ധം മൂലമാകാം. ഏതായാലും മധ്യപൗരസ്ത്യ ദേശത്ത് നിന്ന് വൻ സംസ്കാരപ്രവാഹം കേരളം ഉൾപ്പെട്ട തെക്കേ ഇന്ത്യയിലേക്ക് വന്നിട്ടുണ്ട്. അവരാണ് ഓണാഘോഷം കേരളത്തിൽ പകർത്തിയത് എന്ന് എൻ. വി. സ്ഥാപിച്ചിട്ടുണ്ട്.[11] ഇവരോടൊപ്പം കൽദയ സംസ്കാരം കേരളത്തിലെത്തി. നമ്മുടെ പുരാതന ജ്യോതിശാസ്ത്രം കൽദയരുടെ 'കല്പഗണി'തത്തെ അടിസ്ഥാനമാക്കിയാണ് വികസിച്ചതെന്ന് എ. ബാലകൃഷ്ണപിള്ള സ്ഥാപിച്ചിട്ടുണ്ട്.[12] ഇന്ത്യയിലെ അതിപുരാതനമായ ബ്രാഹ്മി ലിപിക്കു സെമിറ്റിക് ശൈലിയിൽ വലത്തു നിന്ന് ഇടത്തോട്ട് എഴുതുന്നരീതിയാണ് ഉണ്ടായിരുന്നതെന്ന് ലിപിശാസ്ത്രജ്ഞന്മാർ സ്ഥാപിച്ചിട്ടുള്ളതും സ്മരണാർഹമാണ്. മേടമാസം 1-ന് വർഷാരംഭമായി വിഷു കൊണ്ടാടുന്ന സമ്പ്രദായവും മധ്യപൗരസ്ത്യ രാജ്യങ്ങളുടേതാണ്. മനുഷ്യസൃഷ്ടിയും പ്രകൃതിസൃഷ്ടിയും ഒക്കെ ആരംഭിച്ചത് മേട മാസത്തിലാണെന്ന് സുറിയാനി ക്രിസ്ത്യാനികളുടെ ദുഃഖവെള്ളിയാഴ്ചയിലെ ആരാധനക്രമത്തിൽ കാണുന്നുണ്ട്. ജ്യോതിഷത്തിലും മേടം ആണ് ആദ്യരാശി എന്നോർക്കുക.

സൈന്ധവദേശത്തു നിന്നു വന്ന സംസ്കാരവും മധ്യപൗരസ്ത്യ ദേശത്തു നിന്നു വന്ന സംസ്കാരവും ആദിവാസികളുടെ ഗിരിവർഗ്ഗ സംസ്ക്കാരവും ചേർന്ന മിശ്രരൂപമാണ് കേരള സംസ്കാരത്തിനുള്ളതെന്ന് എ. ശ്രീധരമേനോൻ സംശയരഹിതമായി വ്യക്തമാക്കിയിട്ടുണ്ട്.[13] ഈ കുടിയേറ്റവും സംസ്കാര വ്യാപനവും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ താഴെപറയുംപ്രകാരം ചിത്രീകരിച്ചിട്ടുണ്ട്.[14]

"പരമിക്കടലിന്റെ പശ്ചിമ-
ക്കരയിൽ വാണ യഹൂദർ വന്നുമേൽ
കരമോടവിടെപ്പെടും പണി-
ത്തരവും നമ്മുടെ നാട്ടിലെത്തി പോൽ.

കുറിക്കൊൾവൊരു രോമകാദ്യർ ക-
ക്കുറിയും ജ്യോതിഷരീതി ഭേദവും
നെറിവോടിഹ വന്നു നാട്ടുകാർ-
ക്കറിവേകി ഗണിതക്രമങ്ങളിൽ."

കെട്ടിടങ്ങൾക്ക് മരത്തടി ഉപയോഗിക്കുന്ന സമ്പ്രദായം കേരളത്തിൽ ആവിഷ്കരിച്ചത് യഹൂദർ ആണെന്നും അത് നമ്മുടെ ഗൃഹനിർമ്മാണ കലയെ വളർച്ചയിലേക്ക് നയിച്ചു എന്നും പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. കേരളത്തിലെ ഐതിഹ്യപുരുഷനായ പെരുന്തച്ചൻ മധ്യപൗരസ്ത്യദേശങ്ങളിൽ നിന്ന് വന്ന ക്നായിത്തോമ്മാ ആണെന്ന് കേസരി എ. ബാലകൃഷ്ണപിള്ള നിരീക്ഷിച്ചിട്ടുണ്ട് (ചരിത്രത്തിന്റെ അടിവേരുകൾ, കേസരിയുടെ ലോകങ്ങൾ). യഹൂദന്മാരുടെ ശില്പവിദ്യ കേരള സംസ്കാരത്തെ സമ്പന്നമാക്കി. കേരളത്തിന്റെ പ്രാചീന ശില്പമാതൃകകൾ എല്ലാം 'ശില'യുമായി ബന്ധപ്പെട്ടവയാണ്. കിടക്കുവാൻ ശിലാപാളി, ഗുഹയുടെ ചുമരുകൾ കരിങ്കൽപാളി, മേൽക്കൂര വൃത്താകൃതിയിലുള്ള കല്ലുകൾ എന്നിങ്ങനെ എല്ലാം ശിലാമയമായിരുന്നു. 'കടൽക്കരയിൽ നിന്ന് പണിത്തരങ്ങൾ നമ്മുടെ നാട്ടിലെത്തി' എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിരീക്ഷിച്ചിട്ടുള്ളത് അവഗണിക്കാവുന്നതല്ല. മരം ഗൃഹനിർമ്മാണ രംഗത്തേക്ക് സംക്രമിച്ചതിന്റെ ശേഷമാണ് ഒന്നിലേറെ നിലകളുള്ള വീടുകൾ വിഭാവനം ചെയ്യുവാൻ നമുക്ക് കഴിഞ്ഞത്. ശിലായുഗസംസ്കാരത്തിൽ നിന്ന് കേരളം വളർച്ച നേടിയ പശ്ചാത്തലമാണിത്. കേരളത്തിന്റെ ജ്യോതിഷ പാരമ്പര്യത്തിലേക്ക് വാതിൽ തുറന്നു എന്നതാണ് യഹൂദ സംസ്കാരം നിർവഹിച്ച മറ്റൊരു സേവനം. തമ്പുരാൻ പറയുംപോലെ യഹൂദ സംഭാവനയാണ് ഓണം, വിഷു എന്നീ കേരളീയാഘോഷങ്ങൾ. ജ്യോതിശാസ്ത്രത്തിന് നാം കടപ്പെട്ടിരിക്കുന്നത് പലരും കരുതുന്നതുപോലെ പില്ക്കാലത്ത് നാം പരിചയപ്പെട്ട സംസ്കൃത ഭാഷയോടും ആര്യസംസ്കൃതിയോടുമല്ല, യഹൂദരോടും അവർ ഇവിടെ സംക്രമിപ്പിച്ച യഹൂദ സംസ്ക്കാരത്തോടുമത്രേ.

ഇത് കൂടാതെ യഹൂദ സംസ്കാരത്തിൽ നിന്ന് നാം പകർത്തിയ വ്യാപാരമാണ് ബാങ്കിംഗ്. ബാങ്കിംഗ്, പലിശ തുടങ്ങിയ വിഷയങ്ങൾ ബൈബിളിൽ പരാമർശിച്ചിട്ടുണ്ട്. ബാങ്കിംഗിന്റെ ആദ്യ പരീക്ഷണവും ചിട്ടിപ്രസ്ഥാനങ്ങളുടെ ആദ്യ അരങ്ങേറ്റവും നടന്നത് ഈ കോളനിയായ പാലൂർ പ്രദേശത്ത് ആണെന്ന് (തൃശൂർ ജില്ലയിലെ കുന്നംകുളം -

പഴഞ്ഞി പ്രദേശങ്ങൾ) ചിട്ടിപ്രസ്ഥാനത്തെപ്പറ്റി ഡോ. പി. വി. വർഗീസ് നടത്തിയ ഗവേഷണ പ്രബന്ധത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. നഗരസംവിധാനത്തിലും തെരുവ് നിർമാണത്തിലും യഹൂദർ പ്രകടിപ്പിച്ച ആഭിമുഖ്യമാണ് അവരുടെ മറ്റൊരു സംഭാവന. കുന്നുകളുടെ മുകളിൽനിന്ന് താഴ്‌വാരത്തിലേക്ക് തെരുവുകൾ സജ്ജീകരിക്കുന്ന ആസൂത്രണവൈഭവം മൂലം നഗരശുചീകരണം യത്നം കൂടാതെ സാധിക്കുന്നു. മഴക്കാലമായാൽ സർവ മാലിന്യങ്ങളും താഴോട്ട് കുത്തിയൊലിച്ച് പോയി നഗരം വൃത്തിയായിക്കിടക്കും. കുന്നംകുളം, പഴഞ്ഞി, മട്ടാഞ്ചേരി തുടങ്ങിയ ആദ്യകാല കോളനികൾ സ്ഥിതിചെയ്തിരുന്ന സ്ഥലങ്ങളിലൊക്കെ ഉണ്ടായിരുന്ന ഈ നഗരസംവിധാനവൈഭവം നമ്മെ അത്ഭുതപ്പെടുത്തുന്നു.

തെരുവിന്റെ ഇരുവശങ്ങളിലുമായി നിരനിരയായി പണിയുന്ന ഗൃഹങ്ങളിലും ഒരു യഹൂദസ്പർശം കാണാവുന്നതാണ്. മുൻഭാഗത്ത് കച്ചവടമുറിയും പിൻവശത്ത് താമസസൗകര്യവുമായാണ് അവർ ഗൃഹങ്ങളെ സംവിധാനം ചെയ്തിരുന്നത്. പുരുഷന്മാർ വ്യാപാര കാര്യങ്ങളിൽ ഏർപ്പെടും, സ്ത്രീകൾ ആകട്ടെ ഗൃഹജോലികളിലും. ഈ ഗൃഹനിർമ്മാണശൈലിയും പുരുഷന്മാരുടെ വ്യാപാരാഭിമുഖ്യവും തലമുറകൾ ഏറെ കഴിഞ്ഞിട്ടും യഹൂദ കോളനികളുടെ പിൻമുറക്കാരിൽ ഇന്നും കാണാം.

പല കാലങ്ങളിലായി കേരളത്തിൽ കുടിയേറിപ്പാർത്ത യഹൂദന്മാർ മുഖ്യമായും അവരുടെ കോളനി ക്രമീകരിച്ചിരുന്നത് പാലൂർ, മറ്റം എന്നീ തുറമുഖ നഗരങ്ങളിലാണ്. തുറമുഖ നിർമ്മാണത്തിന് പ്രശസ്തരായ യഹൂദശില്പികളുടെ നേതൃത്വത്തിലാണ് പൊന്നാനിയിൽ തുറമുഖം സജ്ജീകരിക്കപ്പെട്ടത് എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. സാഹസികരായ അറബികൾ വ്യാപാര വിഭവങ്ങളുമായി കപ്പൽ യാത്ര ചെയ്യുവാൻ സന്നദ്ധരായിരുന്നു. വ്യാപാര വിഭവങ്ങൾ ശേഖരിച്ച് കപ്പലുകളിലെത്തിക്കുന്ന ദൗത്യം യഹൂദർ നിർവഹിച്ചു. വന മേഖലകളിൽ നിന്ന് വിഭവങ്ങൾ തേടിപ്പിടിച്ച് ശേഖരിച്ച് തുറമുഖത്ത് വ്യാപാരം ചെയ്യുന്ന യഹൂദന്മാർക്ക് കൈമാറുന്നതിന് ആദിവാസികളും ബുദ്ധ-ജൈന മത വിശ്വാസികൾ ആയിരുന്ന ദേശവാസികളും തയ്യാറായതോടെ കേരളത്തിന്റെ വിദേശവ്യാപാരം വിപുലമായി. ചേരചക്രവർത്തിയുടെ നേതൃത്വം ഈ സംരംഭങ്ങൾക്ക് ശക്തിയും കവചവുമായിരുന്നു. ഈ വ്യാപാരം കേരളത്തിന്റെ പ്രശസ്തി ലോകമെങ്ങും വ്യാപിപ്പിച്ചു. ഗ്രീസിലെയും റോമിലെയും പ്രാചീന ഗ്രന്ഥകർത്താക്കന്മാരുടെ വിവരണങ്ങളിൽ കേരളത്തിന് സ്ഥാനം നൽകിയിട്ടുണ്ട്. ഗ്രീക്കു പ്രതിപുരുഷനായ മെഗസ്തനീസ് ചേരരാജ്യത്തെക്കുറിച്ച് തന്റെ 'ഇൻഡിക്കാ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. പ്ലിനി (എ.ഡി. 1-ാം നൂറ്റാണ്ട്), പെരിപ്ലസ് എന്ന കൃതിയുടെ അജ്ഞാത കർത്താവ് (എ.ഡി. 1-ാം നൂറ്റാണ്ട്), ടോളമി (എ.ഡി. രണ്ടാം

നൂറ്റാണ്ട്) എന്നിവരാണ് കേരളത്തെപ്പറ്റി പറഞ്ഞിട്ടുള്ള പ്രമുഖ ഗ്രന്ഥ കാരന്മാർ. ക്രിസ്തുവിന് മൂവായിരം വർഷം മുമ്പ് അറബികളുടെയും ഫീനിഷ്യരുടെയും മുഖ്യനേതൃത്വത്തിൽ കേരളത്തിൽ നിന്ന് ശേഖരിച്ച സുഗന്ധപദാർത്ഥങ്ങൾ ബാബിലോൺ, അസ്സീറിയാ, ഇസ്രായേൽ, ഈജിപ്റ്റ് എന്നിവിടങ്ങളിൽ വിപണനം ചെയ്യപ്പെട്ടിരുന്നു. കേരളത്തിന്റെ വടക്കൻതീരങ്ങളിൽ മംഗലാപുരം, തലശ്ശേരി, ബേപ്പൂർ എന്നിവിടങ്ങളി ലുണ്ടായിരുന്ന തുറമുഖങ്ങൾ ഈ വ്യാപാരത്തെ സജീവമാക്കി. കുരുമു ളകിന് വലിയ പ്രചാരം കൊടുത്തത് ഗ്രീസുകാരും റോമ്മാക്കാരുമാണ്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ പ്ലിനി കുരുമുളകു വ്യാപാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്. ഹിപ്പോക്രാറ്റസ് എന്ന ഗ്രീക്ക് ഭിഷഗ്വരൻ (ബി.സി. 460–340) സുഗന്ധദ്രവ്യങ്ങളുടെ ഔഷധമൂല്യത്തെക്കുറിച്ച് ഊന്നിപ്പറ യുന്നു. ഈ പ്രസിദ്ധിയുടെ പശ്ചാത്തലത്തിലാണ് എ.ഡി. 45-ൽ ഹിപ്പാ ലസ് കാലവർഷക്കാറ്റുകളുടെ ഗതി കൃത്യമായി കണ്ടുപിടിച്ച് നിർണ്ണയി ച്ചത്. ഇതോടെ കേരളവും പാശ്ചാത്യ രാജ്യങ്ങളും തമ്മിലുള്ള വാണിജ്യം പുഷ്ടിപ്പെട്ടു. തുടർന്ന് ഈജിപ്തുകാരും രംഗത്ത് പ്രത്യക്ഷപ്പെട്ടു.[15] പുഷ്ടി പ്രാപിച്ച ഈ വ്യാപാരം അതിന്റെ സമ്പൂർണ്ണദശയിലെത്തുന്നത് ഹിപ്പാ ലസിന്റെ കണ്ടുപിടുത്തത്തോടെയാണ്.[16] ചെങ്കടൽതീരത്ത് നിന്ന് പുറ പ്പെടുന്ന വ്യാപാരക്കപ്പലിനു 40 ദിവസം കൊണ്ട് കേരളതീരത്ത് എത്തു വാൻ ഇതോടെ സൗകര്യമായി. ഈ പശ്ചാത്തലത്തിൽ ചേരചക്രവർത്തി യായിരുന്ന ഉദിയൻ ചേരൻ തന്റെ രാജ്യത്ത് കുടിയേറിപ്പാർത്തിരുന്ന അറ ബികളുടെയും യഹൂദരുടെയും സഹായത്തോടെ പൊന്നാനിയെ തുറമു ഖമായി വികസിപ്പിച്ചെടുത്തു. ഇതോടെ പൊന്നാനി തുറമുഖം വിദേശ വ്യാപാരത്തിന്റെ കേരളകേന്ദ്രമായി. വ്യാപാര ഫലമായി റോമൻ സ്വർണ്ണ നാണയങ്ങൾ ചേരചക്രവർത്തിയുടെ ഭരണത്തെ പോഷിപ്പിച്ചു. പൊന്നാനി എന്ന സ്ഥലനാമത്തിൽപ്പോലും ഈ സ്വർണ്ണാഗമ ചരിത്രം ധ്വനിക്കുന്നു. ശൈവരുടെ 'പെരിയപുരാണ'ത്തിൽ (എ.ഡി. 12-ാം നൂറ്റാണ്ട്) അറബിക്കടലിൽ സംഗമിക്കുന്ന പേരാറിന്റെ പേർ രേഖപ്പെടുത്തിയിരി ക്കുന്നത് 'സ്വർണ്ണമുഖീ നദി' എന്നാണ്. സ്വർണ്ണമുഖി എന്ന പദം 'പൊന്നാനനീ' എന്നും കാലക്രമേണ പൊന്നാനി എന്നും പരിണമിക്കുക സ്വാഭാവികമാണ്. ഇപ്രകാരം അക്കാലത്ത് പ്രവഹിച്ച സ്വർണ്ണനാണയ ങ്ങളിൽ പലതും നമ്മുടെ തലമുറയിൽ ഇയ്യാൽ (കുന്നംകുളത്തിനു സമീപം), പറവൂർ (പെരിയാർതീരം) തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കണ്ടു കിട്ടിയിട്ടുണ്ട്.

പൊന്നാനി

പൊന്നാനിയുടെ തുറമുഖ പട്ടണമായിരുന്നു പാലോർ അഥവാ പാലൂർ. ദക്ഷിണേന്ത്യയുടെ പടിഞ്ഞാറെ തീരത്തുള്ള തുറമുഖങ്ങളുടെ

ലിസ്റ്റ് നൽകുമ്പോൾ പ്ലിനി തുറമുഖമായി 'പാലൊറ' എന്ന പേർ നൽകിയിട്ടുണ്ട്. ഇത് തുറമുഖ നഗരമായ പാലോർ - പാലൂർ - തന്നെയാണ്. തുറമുഖം അറബികളുടെ നിയന്ത്രണത്തിലായിരുന്നു. തന്മൂലം തുറമുഖ പ്രദേശത്ത് അറബികൾ കോളനിയായി താമസിച്ചു. തുറമുഖ നഗരം 'പാലോർ' ആയിരുന്നു. അവിടെയുള്ള ചെറിയ തുറമുഖം യഹൂദന്മാരുടെ നിയന്ത്രണത്തിലായിരുന്നു. ഈ തുറമുഖം പില്ക്കാലത്ത് ചാവക്കാട് തുറമുഖം എന്ന് പ്രസിദ്ധി നേടി. 1800-ൽ യാത്രാവിവരണം എഴുതിയ ഡോ. ഫ്രാൻസിസ് ബുക്കാനൻ ഈ തുറമുഖം ക്രിസ്ത്യാനികളുടെ ഉടമസ്ഥതയിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പാലൂരിലെ തുറമുഖത്തിനടുത്ത് അഞ്ചു കിലോമീറ്റർ അകലെയുള്ള ജൂതക്കുന്നിൽ യഹൂദന്മാർ ഒരു കോളനിയായി പാർത്തിരുന്നു. അറബി കോളനിയുടെയും യഹൂദ കോളനിയുടെയും ഇടയിൽ ചേരരാജാവിന്റെ രാജധാനി സ്ഥിതിചെയ്തിരുന്നു. തുറമുഖത്തിന് (ഇന്നത്തെ പേർ 'വെളിയങ്കോട്') ഏതാനും കിലോമീറ്റർ അകലെ (ഉദ്ദേശം 5 കിലോമീറ്റർ) ഈ സ്ഥലം കോതമുക്ക് എന്ന പേരിൽ ഇന്നും (മലപ്പുറം ജില്ല) സ്ഥിതി ചെയ്യുന്നു. രാജധാനി സ്ഥാപിച്ചത് കോത (ഗോദ) എന്ന പേരുള്ള രാജാവായിരിക്കാം. തുറമുഖത്തോട് ചേർന്നു കിടക്കുന്ന 'വഞ്ചി' നഗരത്തിന്റെ ഒരു ഭാഗമാണ് കോതമുക്ക്.

(ഇവിടെ വിജ്ഞാനപ്രദമായ ഒരു ദേശ ചരിത്ര ചർച്ചയ്ക്ക് പ്രസക്തിയുണ്ട്. നാടിന്റെ സമ്പന്നതയ്ക്കു മുഖ്യകാരണമായ വിദേശ വാണിജ്യം പിടിച്ചടക്കാൻ വഞ്ചിരാജ്യം പലതവണ ആക്രമിക്കപ്പെട്ടു. പലപ്പോഴും വ്യാപാരം ചോള ചക്രവർത്തിയിലും പാണ്ഡ്യചക്രവർത്തിയിലും നിക്ഷിപ്തമായിരുന്നു. യുദ്ധത്തിൽ പരാജിതനായ ചേര ചക്രവർത്തി 'വഞ്ചി' രാജ്യം ഉപേക്ഷിച്ച് കുറേക്കൂടി കിഴക്കോട്ട് മാറിതാമസമുറപ്പിച്ചു. പുതിയ താമസസ്ഥലം 'വഞ്ചി' എന്ന പേരിലും ചക്രവർത്തിയുടെ താമസസ്ഥലം 'കോതര' എന്ന പേരിലും അറിയപ്പെട്ടു. പഴയ രാജധാനി ക്രമേണ 'പഴയവഞ്ചി' എന്ന് പരാമർശിക്കപ്പെടുകയും ശബ്ദപരിണാമത്തിലൂടെ 'പഴഞ്ഞി' എന്ന പേരിൽ (പഴയവഞ്ചി - പഴയഞ്ചി - പഴഞ്ചി - പഴഞ്ഞി) അറിയപ്പെട്ടു. ഇന്നും മലപ്പുറം ജില്ലയിൽ ഈ സ്ഥലം ദൃശ്യമാണ്. രണ്ടാമത്തെ 'വഞ്ചി'യിൽ പാർത്തുകൊണ്ട് ചേര ചക്രവർത്തി ശത്രുക്കളിൽ നിന്ന് വിദേശവ്യാപാരം വീണ്ടെടുത്തു. ഇക്കാലത്ത് ചേരചക്രവർത്തിമാർ ഉപയോഗിച്ചിരുന്ന ശവകുടീരങ്ങൾ 'കുടക്കല്ലുകൾ' എന്ന പേരിൽ ചെറമനേങ്ങാട് (ചേര-മന-ക്കാട്) എന്ന പേരിൽ ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ട്. കുന്നംകുളത്തിനടുത്ത് (തൃശൂർ ജില്ല) സ്ഥിതി ചെയ്യുന്ന ഈ രണ്ടാം വഞ്ചിയും കോതാരവും ചെറമനേങ്ങാടും കുറേക്കാലം ചേര ചക്രവർത്തിമാർ ഉപയോഗിച്ചിട്ടുണ്ട്. ഒരു പക്ഷേ 'പതിറ്റ് പത്തിൽ' വർണ്ണി

ക്കുന്ന പത്തു ചേരരാജാക്കന്മാരുടെയും അന്ത്യവിശ്രമസ്ഥാനം ചെറമ നേങ്ങാട് ആയിരിക്കാം. പൊന്നാനി (വെളിയങ്കോട്) യിലെ തുറമുഖം പിടിച്ചടക്കാൻ ചോളരുടെയും പാണ്ഡ്യരുടെയും ആക്രമണങ്ങൾ നിരന്തരം ഉണ്ടായി. യുദ്ധപരമ്പര അരങ്ങേറിയ സ്ഥലം 'പോർക്കളം' എന്ന പേരിൽ കുന്നംകുളത്തിനടുത്ത് ഇപ്പോഴും കാണാം. യുദ്ധങ്ങളുടെ ഫലമായി ചേര ചക്രവർത്തി തന്റെ ആസ്ഥാനം കോട്ടോൻ, ചെമ്മന്തിട്ട തുടങ്ങിയ സമീപ പ്രദേശങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. ഒടുവിൽ അവർ 'വന്നേരി'യിൽ സ്ഥിര പ്പെട്ടു. ഇതോടെ കൊടുങ്ങല്ലൂരിൽ തുറമുഖം വികസിപ്പിച്ചെടുത്ത ചേരൻ തന്റെ ആസ്ഥാനം കൊടുങ്ങല്ലൂരിനടുത്തുള്ള ചേന്ദമംഗലത്തേക്കും പിന്നീട് തൃപ്പൂണിത്തുറയിലേക്കും മാറ്റി. അപ്പോഴേക്കും ചേര രാജവംശം അസ്തമിക്കുകയും പിൻഗാമികൾ കൊച്ചി രാജവംശം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ ജില്ലയിലെ ഈ രണ്ടാം വഞ്ചിനഗ രവും അചിരേണ പഴയവഞ്ചി എന്നപേരിൽ പരാമർശിക്കപ്പെട്ടു. അവിടം ഇപ്പോൾ പഴഞ്ഞി എന്ന് പരിണാമം പ്രാപിച്ച രൂപത്തിലാണ്. അങ്ങനെ മലപ്പുറം ജില്ലയിലും തൃശൂർ ജില്ലയിലുമായി രണ്ട് 'പഴഞ്ഞി'കൾ (പഴ യവഞ്ചികൾ) ചരിത്രസ്മാരകമായി നിലനില്ക്കുന്നത് ചരിത്രകാരന്മാരുടെ ശ്രദ്ധയിൽ ഇനിയും വന്നിട്ടില്ല. പൊന്നാനി, കോതമുക്ക്, കോതരമുക്ക്, കോതര, കോട്ടോൻ, ചെമ്മന്തിട്ട, പഴഞ്ഞികൾ എന്നീ സ്ഥലങ്ങളെപ്പറ്റി യുള്ള വിശദപഠനങ്ങൾ കേരള ചരിത്രഗവേഷണത്തിന് പുതിയ ആഴവും വിസ്തൃതിയും നൽകുമെന്ന് തീർച്ചയാണ്. വിശദവിവരങ്ങൾക്ക് 'ഭൂത കാലാകാശവീഥിയിൽ' എന്ന പേരിൽ ഡോ. സുവർണ്ണ നാലപ്പാട്ട് എഴു തിയ ലേഖനം കാണുക.[17]

പൊന്നാനി (വെളിയങ്കോട്) തുറമുഖത്തിന്റെ തൊട്ടുകിഴക്ക് വ്യാപിച്ച് കിടക്കുന്ന വിജനപ്രദേശമാണ് പാലൂർ എന്ന് അറിയപ്പെട്ടിരുന്നത്. കിഴക്ക് മച്ചാട്ട് മലയും വടക്ക് പട്ടാമ്പിപ്പുഴയും തെക്ക് പെരിയാറും ആയിരുന്നു പാലൂരിന്റെ അതിർത്തികൾ. പെരിയാറിലൂടെയും പേരാറിലൂടെയും ജല മാർഗ്ഗമായും മച്ചാട്ട് – കുതിരാൻമലകളിൽ നിന്ന് കര വഴിയായും എത്തുന്ന വ്യാപാര വിഭവങ്ങൾ പാലൂരിലെ ജൂതക്കുന്നിൽ വ്യാപാരശാല കെട്ടി നിവസിച്ചിരുന്ന യഹൂദ വ്യാപാരികൾ ശേഖരിക്കും; കേടു തീർത്ത് സൂക്ഷിച്ചും ജൂതക്കുന്നിന്റെ താഴ്വാരത്തിൽ അവർ സംവിധാനം ചെയ്ത ചെറിയ തുറമുഖത്തു നിന്ന് വഞ്ചികളിലൂടെ വിഭവങ്ങൾ ചാവക്കാട് തുറ മുഖത്ത് എത്തിച്ചേരും. ഇതോടെ വിദേശവ്യാപാരത്തിന്റെ അടുത്ത കണ്ണി കൾക്ക് കൈമാറാനായി വിഭവങ്ങൾ പൊന്നാനിയിലേക്ക് എത്തിച്ചുകൊ ടുക്കും. ഇവിടെ യഹൂദരുടെ പങ്കാളിത്തം അവസാനിക്കുന്നു. പൊന്നാനി തുറമുഖത്തു നിന്ന് വൻ കപ്പലുകളിൽ വിഭവങ്ങൾ നിറഞ്ഞ് അലക്സാ ന്ത്രിയ തുറമുഖത്തേക്ക് വിഭവങ്ങൾ എത്തിക്കുന്ന ജോലി അറബികളു

ടേതാണ്. ഈ കോളനിയിൽ നിന്ന് വിഭവങ്ങൾ ചാവക്കാട് തുറമുഖ ത്തേക്ക് കൊണ്ടുപോകുവാൻ ചാട്ടുകുളങ്ങരയിൽ നിന്ന് ചാവക്കാട്ടേക്ക് സഞ്ചാരയോഗ്യമായ തോട് ഒരു നൂറ്റാണ്ടു മുമ്പ് വരെയും സ്ഥിതിചെയ്തി രുന്നു. അറബിക്കടൽ തീരം തൊട്ട് ചാട്ടുകുളങ്ങര വരെയും ഒരു കാലത്ത് സമുദ്രം വ്യാപിച്ചു കിടന്നിരുന്നതായി ചില ചരിത്രകാരന്മാർ അഭിപ്രായ പ്പെട്ടിട്ടുള്ളതിനെ അവിടത്തെ മണൽപ്രദേശങ്ങൾ അനുകൂലിക്കുന്നുണ്ട്. അത് ശരിയായ അനുമാനമാണെങ്കിൽ കടൽതീരത്തുള്ള പാലൂർ പ്രദേശം യഹൂദന്മാർ കോളനി സ്ഥാപിക്കുവാൻ തെരഞ്ഞെടുത്തതിന്റെ സാംഗത്യം വ്യക്തമാക്കുന്നതാണ്. ചാട്ടുകുളത്തിന്റെ കിഴക്കേ ഭാഗത്തെ കുന്ന് യഹൂദന്മാരുടെ കോളനി മൂലം ജൂതക്കുന്ന് എന്ന പേരിലും ചാട്ടു കുളത്തിന്റെ മേൽക്കര ആയതിനാൽ ചാട്ടുകുളക്കര (ചാട്ടുകുളങ്ങര) എന്നും വിളിക്കപ്പെട്ടിരുന്നു.

യഹൂദകോളനിയിൽ

എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹാ സുവിശേഷ ദൗത്യവുമായി കേര ളത്തിലെത്തിയത് ഈ യഹൂദകോളനിയിൽ ആയിരുന്നു. ഈ കോളനി യിൽ ചാട്ടുകുളങ്ങര കുന്നിൽ സ്ഥിതിചെയ്തിരുന്ന ഈ സിനഗോഗിലാണ് മാർത്തോമ്മാശ്ലീഹാ തന്റെ സുവിശേഷഘോഷണം ആദ്യമായി നിർവ ഹിച്ചത് (ക്രിസ്തുവും തന്റെ പ്രസംഗവേദിയായി സിനഗോഗുകളെ ഉപ യോഗിച്ചിരുന്നു). അതിഥികൾ ആയി എത്തുന്ന യഹൂദന്മാർക്ക് സിനഗോ ഗിൽ പ്രഭാഷണം നടത്തുവാൻ ക്ഷണം ലഭിക്കുന്നത് അതിപുരാതന മായ യഹൂദ പാരമ്പര്യമായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ സുറിയാനി -യഹൂദ പശ്ചാത്തലവും ഹീബ്രു ജ്ഞാനവും അദ്ദേഹത്തെ പാലൂരിലെ യഹൂദന്മാർക്ക് സ്വീകാര്യനാക്കി. അഹിംസയിൽ അധിഷ്ഠിതമായ ബുദ്ധ -ജൈന മതദർശനം നേരത്തെ പരിചയപ്പെട്ടിരുന്ന പാലൂരിലെ യഹൂദ ർക്ക് ക്രിസ്തുമതം പരിചയപ്പെടുത്തിയ 'രക്തരഹിതബലിയെ' ഗ്രഹി ക്കുവാൻ പ്രയാസമുണ്ടായില്ല. വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ സങ്കല്പ ത്തിൽ വളർന്നുവന്ന യഹൂദന്മാർക്ക് യേശുക്രിസ്തുവാണ് തങ്ങളുടെ 'വാഗ്ദത്ത മശിഹാ' എന്ന് വിശ്വസിക്കുവാൻ കഴിഞ്ഞു. പാലൂരിലെ ജൂത ക്കുന്നിലെ യഹൂദർ ക്രിസ്തുമതദർശനം സ്വന്തമാക്കുവാൻ ഇത് വഴി യൊരുക്കി. യഹൂദകോളനിയിലെ സിനഗോഗ് മാർത്തോമ്മാശ്ലീഹാ ആദ്യത്തെ ക്രിസ്തുമത ദേവാലയമായി സംവിധാനം ചെയ്യുകയും ക്രിസ്തുമതാരാധനകൾ അവിടെ ആരംഭിക്കുകയും ചെയ്തു. മാർതോ മ്മാശ്ലീഹായുടെ അറമായ സുറിയാനി യഹൂദന്മാരുടെ മാതൃഭാഷ എന്ന നിലയിൽ പാലൂരിലെ സിനഗോഗിൽ അപരിചിതമോ അന്യമോ ആയി രുന്നില്ല. കേരള ക്രിസ്തുമത ദേവാലയങ്ങളുടെ മാതൃസ്ഥാനിയായ ഈ അഭിനവ ദേവാലയത്തെ ക്രിസ്തുവിന്റെ മാതാവിന്റെ നാമത്തിൽ പ്രതി

ഷ്ഠിച്ചത് അന്വർത്ഥമായിരിക്കുന്നു. ബലി, കൂദാശ, പൗരോഹിത്യം, പെസഹാ, പെന്തിക്കോസ്തി തുടങ്ങിയ ക്രിസ്തുമതത്തിലെ സാങ്കേതിക സംജ്ഞകൾ യഹൂദന്റെ പൈതൃകത്തിലും ഉണ്ടായിരുന്നതിനാൽ ക്രിസ്തുമതം സ്വന്തമതമായി അവർക്ക് അനുഭവപ്പെടുവാൻ അധികകാലം വേണ്ടിവന്നില്ല. നിശ്ചയമായും അരമായ സുറിയാനിയിൽ എഴുതപ്പെട്ട ഒരു ക്രിസ്തുസുവിശേഷവും ആരാധനക്രമങ്ങളും അവർക്കുവേണ്ടി മാർത്തോമ്മാശ്ലീഹാ രചിച്ചു എന്ന് വിശ്വസിക്കുന്നത് എത്രയും സ്വാഭാവികം. ഏതൊരു അപ്പോസ്തോലനെയുംപോലെ സുവിശേഷ രചനയ്ക്കാവശ്യമായ വസ്തുതകളും പരിശുദ്ധാത്മശക്തിയും അദ്ദേഹത്തിലുണ്ടായിരുന്നു. അരമായ സുറിയാനിയിൽ ആരാധന നടത്തുവാൻ ഏതാനും യുവാക്കളെ യഹൂദ ക്രിസ്ത്യാനികളിൽ നിന്ന് അദ്ദേഹം തെരഞ്ഞെടുത്ത് അവർക്ക് അദ്ദേഹം കൈവപ്പ് നൽകി പുരോഹിതരായി അഭിഷേകം ചെയ്തു. ക്രിസ്തുമതത്തിന്റെ ആദ്യതലമുറയിൽ കശ്ശീശാ-എപ്പിസ്ക്കോപ്പാ എന്ന് പൗരോഹിത്യം വിഭജിക്കപ്പെട്ടിരുന്നില്ല. പുരോഹിതന്മാർക്ക് പൂർണ്ണ പൗരോഹിത്യ നൽവരം ഉണ്ടായിരുന്നതിനാൽ പട്ടംകൊട ഉൾപ്പെടെയുള്ള എല്ലാ പൗരോഹിത്യാനുഷ്ഠാനങ്ങളും അവർ നിർവഹിക്കുമായിരുന്നു.

എ.ഡി. 250-ൽ വിരചിതമായ 'അപ്പോസ്തോലിക ഉപദേശങ്ങൾ' (Doctrine of the Apostle) എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയും അതിലെ പ്രവിശ്യകളും തീരപ്രദേശങ്ങളും യൂദാ തോമസിൽ നിന്ന് പൗരോഹിത്യത്തിന്റെ അപ്പോസ്തോലിക കൈവപ്പ് പ്രാപിച്ചു. പൗരസ്ത്യ കാതോലിക്കായും ചരിത്രകാരനുമായ ബാർ എബ്രായ അദ്ദേഹത്തിന്റെ എക്ലീസിയാസ്റ്റി എന്ന സഭാചരിത്രപുസ്തകം രണ്ടാം ഭാഗത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"അപ്പോസ്തോലന്മാരുടെ ഉപദേശത്തെ ആധാരമാക്കി ചുറ്റുമുള്ള എല്ലാ പ്രദേശങ്ങളും അറബിക്കടൽ വരെ യഹൂദാ തോമ്മായിൽ നിന്ന് അപ്പോസ്തോലന്മാരുടെ ആചാര്യത്വത്തിന്റെ കൈവെപ്പ് സ്വീകരിച്ചു. അദ്ദേഹം അവിടെ സ്ഥാപിച്ചിട്ടുള്ള സഭയിൽ ഭരണകർത്താവും അധികാരിയുമായി അദ്ദേഹം പ്രവർത്തിച്ചു. തന്മൂലം കിഴക്കിന്റെ ഒന്നാമത്തെ മേല്പട്ടക്കാരൻ മാർത്തോമ്മാശ്ലീഹാ ആകുന്നു എന്ന് ബാർ എബ്രായ[18] നല്കിയ സാക്ഷ്യം അനിഷേധ്യമാകുന്നു. മലങ്കരസഭയുടെ ഒന്നാമത്തെ സാരഥിയായി അദ്ദേഹത്തെ നമുക്ക് ആദരിക്കാം; അഭിമാനപൂർവ്വം ആ ചരിത്ര വസ്തുതയെ നമുക്ക് ആലങ്കാരികമായി ഇപ്രകാരം ചമൽക്കാര പൂർണ്ണമായി പ്രസ്താവിക്കാം. മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനം മലങ്കരസഭയുടെ ജന്മാവകാശം!

1. *സഭാവിജ്ഞാനകോശം*, പേജ് 52, 867, 706.
2. *ഇന്ത്യയിലെ സുറിയാനിസഭാചരിത്രം*, പു. 38.
3. പി. കെ. ഗോപാലകൃഷ്ണൻ, *കേരളത്തിന്റെ സാംസ്ക്കാരികചരിത്രം*.
4. *ഇന്ത്യയിലെ സുറിയാനിസഭാചരിത്രം*, പുറം. 37.
5. *സഭ വളരുന്നു*, പുറം 18.
6. ടി പുസ്തകം, പുറം 9.
7. *കേരളത്തിന്റെ സാംസ്ക്കാരികചരിത്രം*, പു. 61.
8. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവും സംസ്ക്കാരവും*, പു. 29.
9. *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവും സംസ്ക്കാരവും*, പു. 39.
10. *സഭാവിജ്ഞാനകോശം*, പു. 705, 706.
11. എൻ. വി. കൃഷ്ണവാര്യർ, കലോത്സവം, മഹാബലി എന്ന അസുര രാജാവ് (ലേഖനം).
12. കേസരിയുടെ ലോകം - ചരിത്രത്തിന്റെ അടിവേരുകൾ.
13. *കേരള സംസ്ക്കാരം*, പുറം 13–15.
14. കേരളം മഹാകാവ്യം, പുറം 77–78, ശ്ലോകം 104 - 110.
15. എ. ശ്രീധരമേനോൻ, *കേരളസംസ്ക്കാരം*, പു. 16 - 20.
16. *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, പു. 64.
17. വന്നേരി നാട്, പുറം 30 - 36.
18. 13 -ാം നൂറ്റാണ്ട്.

അദ്ധ്യായം 2

പാലൂരിൽ നിന്ന് അങ്കമാലിയിലേക്ക്

ഇന്ത്യയിലെ ക്രൈസ്തവസഭയുടെ ആദ്യ തലമുറയിൽ പ്രമുഖർ നമ്പൂതിരിമാരായിരുന്നുവെന്ന് അടുത്തകാലം വരെ വിശ്വസിക്കപ്പെട്ടിരുന്നു. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ വിരചിതമായതെന്ന് കരുതപ്പെട്ടുപോരുന്ന കേരള മാഹാത്മ്യം, കേരളോല്പത്തി എന്നീ കൃതികൾ സൃഷ്ടിച്ച തെറ്റിദ്ധാരണകൾ ആണ് ആ വിശ്വാസത്തിന്റെ ആധാരം. കേരളത്തെ പരശുരാമൻ സമുദ്രത്തിൽനിന്ന് മഴുവെറിഞ്ഞ് വീണ്ടെടുത്ത് ബ്രാഹ്മണർക്ക് ദാനം നൽകിയതിനാൽ കേരളത്തിലെ പ്രാചീന നിവാസികളും ശ്രേഷ്ഠരും നമ്പൂതിരിമാർ ആണെന്ന് ബോധപൂർവ്വം പ്രചരിപ്പിക്കുവാൻവേണ്ടി രചിക്കപ്പെട്ട ഐതിഹ്യ മാത്രാധിഷ്ഠിത രചനകളാണ് കേരളോൽപ്പത്തിയും കേരള മാഹാത്മ്യവും എന്ന് തിരിച്ചറിയാതെ കേരളചരിത്രത്തിന്റെ പശ്ചാത്തലമായി ഈ കഥകൾ അവതരിപ്പിക്കുന്ന സമ്പ്രദായം വളരെക്കാലം പാവനമായ ഒരു കർത്തവ്യമായി ചരിത്രകാരന്മാർ കരുതിയിരുന്നു. തന്മൂലമാണ് ക്രൈസ്തവ ചരിത്രകാരന്മാരും തങ്ങളുടെ ആദ്യ തലമുറ മാർത്തോമ്മായിൽ നിന്ന് മാമ്മൂദീസാ സ്വീകരിച്ച ബ്രാഹ്മണർ ആണെന്ന് ക്രിസ്തുമത ചരിത്രങ്ങളും നിരാധാരമായി അവകാശപ്പെട്ടത്. ബ്രാഹ്മണ പാരമ്പര്യം കുലീനതയുടെ പാരമ്പര്യമായി പരിഗണിക്കപ്പെട്ട ഒരു കാലത്ത് കുലീനമായ വംശത്തുടക്കത്തെപ്പറ്റി സംശയരഹിതമായ അടിത്തറയാകാൻ ബ്രാഹ്മണസ്പർശം സ്വീകരിച്ചതിൽ ആരെയും കുറ്റപ്പെടുത്തുവാൻ ആവശ്യമില്ല. നമ്പൂതിരി ബ്രാഹ്മണർ കേരളത്തിൽ ഒരു സമൂഹമായി വ്യാപിക്കുന്നത് എ.ഡി. ആറാം നൂറ്റാണ്ടിനു ശേഷമാണെന്നും കേരളത്തിൽ ക്ഷേത്രനിർമ്മാണം ആരംഭിക്കുന്നത് എ.ഡി. ഏഴാം നൂറ്റാണ്ടിന് ശേഷമാണെന്നും മറ്റുമുള്ള ചരിത്രവസ്തുതകൾ മതേതര ചരിത്ര ഗവേഷകർ ശാസ്ത്രീയമായി തെളിയിച്ചതോടെ പരശുരാമകഥയും ഒന്നാം നൂറ്റാണ്ടിലെ ബ്രാഹ്മണരുടെ മതംമാറ്റ കഥയും അവാസ്തവങ്ങൾ എന്ന് ചരിത്രകാരന്മാർ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യം അന്വേഷിച്ച് കോലഞ്ചേരി മലങ്കര മെഡിക്കൽ കോളജിൽ അനാട്ടമി പ്രൊഫസർ ആയ ഡോ. മിനി നടത്തിയ ശാസ്ത്രീയ തീർത്ഥയാത്ര ശ്രദ്ധേയമാകുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ആയിരത്തിഅഞ്ഞൂറ് രക്തസാംപിളുകൾ അവർ ശേഖരിച്ചു. ഹൈദരാബാദിലെ 'സെന്റർ ഫോർ സെല്ലുലാർ ആന്റ് മോളിക്യൂലർ ബയോളജി' എന്ന സ്ഥാപനത്തിൽ അവ അപഗ്രഥിച്ച് ഡി.എൻ.എ. പരിശോധനയ്ക്ക് വിധേ

യമാക്കി. അവരുടെ നിരീക്ഷണം ഇപ്രകാരമാണ്: 2500 വർഷം മുമ്പ് ഇസ്രായേലിൽ നിന്ന് പുറന്തള്ളപ്പെട്ട ജൂതന്മാരിലേക്ക് പഠനമെത്തി. പല കാരണങ്ങളാൽ ഇസ്രായേലിൽ നിന്ന് പുറന്തള്ളപ്പെട്ടവർ അസ്സീറിയ എന്ന സ്ഥലത്ത് താമസിച്ചിരുന്നു എന്നും വ്യാപാരത്തിനായി രണ്ട് ഭാഗങ്ങളായി തിരിഞ്ഞ് കേരളത്തിൽ വരെ വേര് പടർത്തി എന്നും മിനിയുടെ പഠനം വ്യക്തമാക്കുന്നു.[1] ഡോ. മിനിയുടെ ജനിതകശാസ്ത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഈ ഗവേഷണപഠനം എൻ. വി. കൃഷ്ണവാരിയർ, കേസരി എ. ബാലകൃഷ്ണപിള്ള എന്നീ പൂർവ്വസൂരികളുടെ നിഗമനങ്ങൾക്കും നിരീക്ഷണങ്ങൾക്കും ശാസ്ത്രീയ അടിത്തറ നൽകിയിരിക്കുന്നു. 1800-ൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ, കുന്നംകുളത്ത് തന്നെ സന്ദർശിച്ച സുറിയാനി ക്രിസ്ത്യാനികളുടെ വൈദികപ്രതിനിധിയ്ക്ക് യഹൂദരുടെ ശരീരപ്രകൃതിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് (കോട്ടയം പഴയസെമിനാരി സ്ഥാപകനും മലയാളം ബൈബിളിന്റെ വിവർത്തകരിൽ ഒരാളുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായാണ് ഈ സന്ദർശകൻ).[2] പാലൂരിലെ പ്രാചീനമായ കുന്നംകുളം നിവാസികളുടെ സംസ്ക്കാരത്തിൽ യഹൂദ ശൈലികൾ പ്രകടമാണെന്ന് ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ പരാമർശമുണ്ട്.[3]

പാലൂരിൽ രൂപപ്പെട്ട ക്രിസ്തുമത സമൂഹത്തിന്റെ യഹൂദപശ്ചാത്തലം ഇന്ന് ചരിത്രകാരന്മാരാരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. ലോകമെങ്ങുമുള്ള ക്രൈസ്തവരുടെ ആരാധനകൾക്ക് യഹൂദപശ്ചാത്തലം ഉള്ളതുപോലെ കേരളത്തിലെ ക്രൈസ്തവാരാധനകളും രൂപപ്പെട്ടത് യഹൂദ പശ്ചാത്തലത്തിലാണ്. പാലൂരിലെ ജൂതക്കുന്നിൽ സ്ഥിതിചെയ്തിരുന്ന ജൂതകോളനിയിലെ സിനഗോഗ് ക്രൈസ്തവരുടെ ആദ്യ ദേവാലയമായി പരിണമിച്ച ചരിത്രം മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ക്രിസ്തു ചരിത്രം ദൃശ്യമായി വരച്ചുകാട്ടുന്ന മതാനുഷ്ഠാനം ഇവിടെ ക്രിസ്തു ശിഷ്യർ ചിട്ടപ്പെടുത്തി അവതരിപ്പിച്ചു. ആരാധനയുടെ മാധ്യമമായി സുറിയാനിഭാഷ അംഗീകരിക്കപ്പെട്ടു. മാർത്തോമ്മാശ്ലീഹാക്കെന്നപോലെ യഹൂദന്മാർക്കും ഈ ഭാഷ സ്വന്തമായിരുന്നു. അനുഷ്ഠാനത്തോട് ചേർത്ത് പ്രവാചകഗ്രന്ഥങ്ങളിൽ നിന്നും സങ്കീർത്തനങ്ങളിൽ നിന്നും ഉചിതമായ വായനകൾ ക്രമീകരിച്ചു. ക്രിസ്തുവിന്റെ സന്ദേശങ്ങളെ മുൻനിർത്തിയുള്ള പ്രബോധനം കൂടെയായപ്പോൾ ആദ്യ ക്രൈസ്തവ ദേവാലയത്തിലെ അനുഷ്ഠാനം പൂർണ്ണതയിലേക്കു വളർന്നു. സിനഗോഗ് ആരാധനയിൽ നിന്ന് വളരെ ഒന്നും വ്യത്യസ്തമല്ലാത്ത പുതിയ ആരാധന യഹൂദപശ്ചാത്തലമുള്ള ആർക്കും അന്യമായി തോന്നിയില്ല.

തന്റെ ഗുരുനാഥന്റെ മാതൃകയിൽ പാലൂരിലെ യഹൂദക്രിസ്ത്യാനികളിൽ നിന്ന് പതിമൂന്ന് പേരെ മാർത്തോമ്മാശ്ലീഹാ മതകർമ്മാനുഷ്ഠാന

ങ്ങൾക്കും പ്രബോധനങ്ങൾക്കുമായി തെരഞ്ഞെടുത്ത് അവർക്ക് കൈവെപ്പ് നൽകി പുരോഹിതരായി നിയമിച്ചു (അക്കാലത്ത് പട്ടക്കാരൻ - മേല്പ്പട്ടക്കാരൻ എന്നിങ്ങനെ ഇന്ന് നിലവിലുള്ള പുരോഹിതസ്ഥാനങ്ങളുടെ വേർതിരിവുകൾ രൂപപ്പെട്ടിരുന്നില്ല എന്ന് ഓർക്കുക. സുറിയാനി പാരമ്പര്യത്തിൽ കശീശാ - എപ്പിസ്ക്കോപ്പാ സ്ഥാനങ്ങളെ പൊതുവിൽ 'കൊഹനേ' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. തന്മൂലം മാർത്തോമ്മാ ശ്ലീഹാ സ്ഥാനം കൊടുത്ത് നിയമിച്ച പട്ടക്കാർ കശ്ശീശന്മാരാണോ എപ്പിസ്ക്കോപ്പന്മാരാണോ എന്ന ചോദ്യം അപ്രസക്തവും ബാലിശവുമാണ്. തന്റെ ശ്ലീഹൂസായിലേക്കാണ് അദ്ദേഹം സ്ഥാനം നൽകി ആചാര്യസ്ഥാനികളെ നിയമിച്ചത്. തന്മൂലം അവരെ പട്ടക്കാർ എന്നോ മേല്പ്പട്ടക്കാർ എന്നോ പാത്രിയർക്കീസന്മാർ എന്നോ വിശേഷിപ്പിക്കുന്നതിൽ അപാകതയില്ല. ക്രിസ്തുവിന്റെ പൗരോഹിത്യം വി. മാർതോമ്മാ ശ്ലീഹായിലൂടെ പാലൂരിലെ ക്രൈസ്തവസമൂഹത്തിന് ലഭിച്ചു എന്നാണ് ഇവിടെ ഗ്രഹിക്കേണ്ടത്. ഇന്നത്തേതുപോലെ പൗരോഹിത്യകർമ്മാനുഷ്ഠാനങ്ങൾ വികസിതമോ നിയതമോ വ്യവസ്ഥാപിതമോ അല്ലാത്ത പരിതഃസ്ഥിതിയിൽ ശ്ലീഹാ നൽകിയ സ്ഥാനത്തിന്റെ അപ്പോസ്തോലികതയാണ് പ്രഥമമായി പരിഗണിക്കേണ്ടത്. സുറിയാനി ഭാഷയിൽ ക്രമീകരിക്കപ്പെട്ട ആരാധനയും അത് നിർവഹിക്കുവാനുള്ള ആരാധനാലയവും അതിന് നേതൃത്വം നൽകുവാനുള്ള പുരോഹിതന്മാരെയും നിയമിച്ചപ്പോൾ മാർതോമ്മാ ശ്ലീഹായുടെ പാലൂരിലെ ദൗത്യം അവസാനിക്കുന്നു. പഴയപാരമ്പര്യമനുസരിച്ച് ക്രിസ്തുവിന്റെ ചരിത്രം അദ്ദേഹം അരമായ സുറിയാനിയിൽ രചിച്ചിരുന്നു (പില്ക്കാലത്ത് സമാഹരിച്ച അപ്പോക്രൈഫൽ സുവിശേഷങ്ങളിൽ മാർതോമ്മായുടെ സുവിശേഷങ്ങളും ഉൾപ്പെടുന്നു എന്ന് ഓർക്കുക. അജ്ഞാതകർതൃകമായ ഒരു സുവിശേഷം കേരളത്തിൽ നിലവിലിരുന്നതായി ഉദയംപേരൂർ കാനോനാകളിലും കാണുന്നുണ്ട്. മറ്റ് ശ്ലീഹന്മാരെപ്പോലെ വി. മാർത്തോമ്മായും ഒരു സുവിശേഷം രചിക്കുവാൻ അർഹനായിരുന്നു എന്നത് വിസ്മരിക്കാനാവതല്ല.).

പാലൂരിലെ തലപ്പള്ളിയിൽ ആരാധനയും പുരോഹിതസ്ഥാനികളും വ്യവസ്ഥാപിതമായതോടെ ക്രിസ്തുശിഷ്യർ ഇതരകേന്ദ്രങ്ങളിലേക്ക് സുവിശേഷപ്രചരണത്തിനായി നീങ്ങി. പാലൂരിൽ എന്നപോലെ കേരളത്തിൽ ഏതാനും സ്ഥലങ്ങളിൽക്കൂടി അദ്ദേഹം ക്രിസ്തീയ സമൂഹങ്ങൾക്ക് ജന്മം നൽകി.

യഹൂദന്മാരിൽ നിന്ന് ആരംഭിച്ച ക്രിസ്തുമതം പാലൂരിലെ ഇതര മതസ്ഥർക്ക് പല കാരണങ്ങളാൽ സ്വാഗതാർഹമായി. അഹിംസയിൽ അധിഷ്ഠിതവും ത്യാഗത്തിൽ വേരൂന്നിയതുമായ ക്രിസ്തുമതം ബുദ്ധ - ജൈന മതക്കാർക്ക് സ്വീകാര്യമായിരുന്നു. ഹിംസയിൽ അധിഷ്ഠിതമായ ബലി

കർമ്മങ്ങളോടുള്ള എതിർപ്പിൽ നിന്ന് രൂപംകൊണ്ട ബുദ്ധ – ജൈന മതങ്ങൾക്ക് ത്യാഗത്തിലും അഹിംസയിലും അധിഷ്ഠിതമായ ക്രിസ്തുമതം സ്വീകാര്യമായിത്തോന്നിയത് സ്വാഭാവികം. വലിയ അളവിൽ പാലൂർ പ്രദേശത്തെ ബുദ്ധ – ജൈന മതക്കാർ ക്രിസ്തുമതാവലംബികൾ ആയിത്തീർന്നു. 'പതിറ്റുപത്ത്' എന്ന കൃതിയിൽ പരാമർശിക്കുന്ന ആദ്യത്തെ പത്തു പാട്ടുകൾക്ക് വിഷയമായ ചേര ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതായി പറയപ്പെടുന്നു. ക്രിസ്തുമതത്തിൽ അന്ന് യഹൂദർ, ബുദ്ധമതക്കാർ, ജൈനമതക്കാർ, പ്രത്യേകമതമൊന്നും ഇല്ലാതിരുന്ന ദ്രാവിഡഗോത്രക്കാർ എന്നിവർ അംഗങ്ങൾ ആയിരുന്നു. അവരെ എല്ലാം ചേർത്ത് ബൗദ്ധർ എന്ന് വ്യവഹരിച്ചിരുന്നതായി ചരിത്രത്തിൽ രേഖയുണ്ട്. പൊതുവായി ബൗദ്ധർ എന്ന പരാമർശത്തിൽ എല്ലാവരും ഉൾപ്പെടുന്നതിനാൽ ആണ് ചില ചരിത്രങ്ങൾ ക്രിസ്തുമതത്തിന്റെ പേർ പ്രത്യേകമായി ചേർത്തു കാണാത്തത്. ക്രിസ്തുചരിത്ര കൃതികൾപോലും പിൽക്കാലത്ത് 'ബുദ്ധചരിതം' എന്ന ശീർഷകത്തിൽ പ്രചരിച്ചിരുന്നതായി എൻ. കെ. ജോസ് നിരീക്ഷിച്ചിട്ടുള്ളത് ഓർക്കുക.

അതിവേഗം വികാസം പ്രാപിച്ച ക്രിസ്തുമതത്തിന്റെ പാതയിൽ പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ട് ബുദ്ധ–ജൈന മതങ്ങൾ പ്രതിരോധം സൃഷ്ടിക്കുവാൻ ശ്രമിച്ചിരുന്നു. സംവാദങ്ങൾക്കായി മതപണ്ഡിതർ ക്രിസ്തുമതത്തെ വെല്ലുവിളിച്ചിരുന്നു. ആരാധനാനുഷ്ഠാനങ്ങൾ ശക്തിപ്പെട്ടതല്ലാതെ ഒരു സംവാദത്തെ അഭിമുഖീകരിക്കുവാൻ മാത്രം ക്രിസ്തുമതം അന്ന് സുസജ്ജമായിരുന്നില്ല. സംവാദങ്ങളിലൂടെ പുതിയ മതത്തിന്റെ വികാസത്തിനുള്ള സാധ്യത പാലൂരിലെ ക്രിസ്തീയ പുരോഹിതന്മാർ തിരിച്ചറിഞ്ഞു.

പാലൂരിലെ ബാലസഭ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വമരണം കഴിഞ്ഞ് ഏറ്റവും അധികം സമ്പർക്കം പുലർത്തിയിരുന്നത് അലക്സന്ത്രിയൻ സഭയുമായിട്ടായിരുന്നു. അന്ന് ക്രൈസ്തവലോകത്ത് ഏറ്റവും പ്രശസ്തമായ വൈദിക കലാലയങ്ങളിലൊന്ന് അലക്സന്ത്രിയായിൽ പ്രവർത്തിച്ചിരുന്നു. ഡിമത്രിയസ് ആയിരുന്നു അതിന്റെ അദ്ധ്യക്ഷൻ. പൊന്നാനി – അലക്സന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് അതിശക്തമായ വിദേശവാണിജ്യം നടന്നിരുന്നതിനാൽ അലക്സന്ത്രിയായിൽ നിന്ന് പൊന്നാനിയുടെ തുറമുഖപട്ടണമായ പാലൂരിൽ എത്തുക അക്കാലത്ത് ദുഷ്ക്കരമായിരുന്നില്ല. ഒരു വേള അക്കാലത്ത് വൈദികവിദ്യാർത്ഥികൾ പാലൂരിൽ നിന്നും മറ്റും അലക്സന്ത്രിയയിലെ വൈദിക കലാശാലയിൽ അഭ്യസിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. കേരളീയ മതപാരമ്പര്യങ്ങളെക്കുറിച്ചും അലക്സന്ത്രിയായിലെ മതസാഹചര്യങ്ങളെക്കുറിച്ചും അവർ അന്യോന്യം സംസർഗ്ഗത്തിലൂടെ അറിവ് പുലർത്തിയി

രുന്നു. ഈ ശക്തമായ സംസർഗ്ഗ പാരമ്പര്യമാണ് കേരളത്തിലെ മത സംവാദങ്ങൾക്ക് നേതൃത്വം നൽകാൻ എ.ഡി. 190-ൽ പാന്റീനസിനെ കേരളത്തിൽ എത്തിച്ചത്. പില്ക്കാലത്ത് അലക്സാന്ത്രിയ വൈദികകലാശാലയുടെ അദ്ധ്യക്ഷനായിത്തീർന്ന പാന്റീനസ് 190-ൽ കേരളത്തിലെത്തി ആവശ്യമായ മതസംവാദങ്ങൾ നിർവഹിച്ചതായി ആഗോള ക്രൈസ്തവ ചരിത്രകാരന്മാരായ യൂസേബിയോസ്, ജെറോം എന്നിവർ പ്രസ്താവിച്ചിട്ടുണ്ട്.[4] പാന്റീനസ് 190-ലെ മതസംവാദങ്ങൾ കഴിഞ്ഞ് മടങ്ങിപ്പോയപ്പോൾ ഇവിടെ പ്രചരിച്ചിരുന്ന ഒരു ക്രിസ്തു സുവിശേഷം കൂടെ കൊണ്ടുപോയതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ 2-ാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവ സഭയെപ്പറ്റി നമുക്ക് ലഭിക്കുന്ന ചിത്രങ്ങൾ ഇവയാണ്.

1. പാലൂരിലെ തലപ്പള്ളിയിൽ ക്രൈസ്തവ ആരാധനകൾ മുറ പോലെ നടക്കുന്നു.

2. യഹൂദരും - ബുദ്ധ - ജൈന - മതങ്ങളും ആദി ദ്രാവിഡരും അടങ്ങിയ വൻ ജനസഞ്ചയം ക്രിസ്തുമതം സ്വീകരിച്ചിരുന്നു.

3. ചേര ചക്രവർത്തി ഈ മതം സ്വീകരിക്കുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തു.

4. പതിമൂന്ന് പുരോഹിതന്മാർ ആരാധനകൾക്ക് നേതൃത്വം വഹിച്ചു.

5. പുതിയ സ്ഥലങ്ങളിലേക്ക് ആവശ്യാനുസരണം പാലൂരിലെ വൈദിക സമൂഹം പുരോഹിതരെ അയച്ചു.

6. ആരാധനാ മാധ്യമം സുറിയാനി ആയിരുന്നതിനാൽ പുതിയ മതക്കാർ സുറിയാനി ക്രിസ്ത്യാനികൾ എന്ന് അറിയപ്പെട്ടു.

7. വൈദികപരിശീലനം, ഉപദേശപരമായ വ്യാഖ്യാനങ്ങൾ എന്നിവക്കായി അലക്സന്ത്രിയാ സഭയെ ആശ്രയിച്ചു.

8. ഈ സംസർഗ്ഗത്തിന്റെ പരിണതഫലമാണ് പാന്റീനസിന്റെ വിജയകരമായ ദൗത്യ നിർവ്വഹണം.

പാന്റീനസിന്റെ സന്ദർശനകാലത്ത് പാലൂരിലെ ബുദ്ധമത വിചാര കേന്ദ്രം തിരുമറൈക്കാട് ആയിരുന്നു. ബുദ്ധമതക്കാർ ഈ പാഠശാലയ്ക്കു ചുറ്റും ഗുഹകൾ നിർമ്മിച്ച് താമസിച്ചിരുന്നു. ഭൂമിക്കടിയിലും ഭൂമിയുടെ മുകൾപ്പരപ്പിലുമായി നിർമ്മിച്ച കൽഗുഹകളിൽ അവർ താമസിച്ചിരുന്നതിന്റെ തെളിവുകൾ ഇന്നും തിരുമറൈക്കാട്ടിൽ ലഭ്യമാണ്. പില്ക്കാലത്ത് ഈ സ്ഥലനാമം സംസ്കൃതീകരിച്ച് വേദവനം, വേദവിപിനം, വേദക്കാട് എന്നീ രൂപങ്ങളിൽ പ്രശസ്തിയാർജ്ജിച്ചുവെങ്കിലും പെരിയപുരാണം തുട

ങ്ങിയ ശൈവപുരാണങ്ങളിലും സംഘംകൃതികളിലും തിരുമറൈക്കാട്, മറയൂർ, മറൈക്കാട് എന്നിങ്ങനെയുള്ള തമിഴ് രൂപത്തിലുള്ള സ്ഥലപരാമർശം കാണുന്നുണ്ട്. പില്ക്കാലങ്ങളിൽ യുദ്ധപരമ്പര അരങ്ങേറിയതിനെ തുടർന്ന് സ്ഥലനാമം പോർക്കളം (സംസ്കൃതത്തിൽ രണഖളം) എന്ന് പരിണാമം പ്രാപിച്ചു എങ്കിലും അവിടെയുള്ള ക്ഷേത്രം ഇപ്പോഴും വേദക്കാട് ക്ഷേത്രം എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. പാലൂർ പ്രദേശത്ത് കുന്നംകുളത്തിനും പഴഞ്ഞിക്കും മധ്യത്തിലാണ് തിരുമറൈക്കാട് എന്ന് പേരുണ്ടായിരുന്ന ബുദ്ധക്ഷേത്രം, പോർക്കളമെന്ന പേരിൽ സ്ഥിതിചെയ്യുന്നത്.

തിരുമറൈക്കാടിലുള്ള ബുദ്ധമതക്കാരുടെ വിചാരകേന്ദ്രത്തിൽ വച്ചാണ് പാന്റീനസിന്റെ നേതൃത്വത്തിൽ മതസംവാദം അരങ്ങേറിയത് എന്ന് കരുതുവാൻ ന്യായമുണ്ട്. സംവാദത്തെത്തുടർന്ന് ബുദ്ധമതക്കാർ ഒന്നാകെ ക്രിസ്തുമതം സ്വീകരിക്കുകയും പാലൂരിലെ ക്രിസ്തുസഭയുടെ ശക്തി വർദ്ധിക്കുകയും ചെയ്തു. ബുദ്ധമതക്കാരുടെ ക്രിസ്തുമത പ്രവേശനത്തോടെ അവരുടെ 'പള്ളി' എന്ന മതകേന്ദ്ര സംജ്ഞ ക്രിസ്തുമതം സ്വായത്തമാക്കി. അതോടെ ചാട്ടുകുളങ്ങരയിൽ പരിണാമം പ്രാപിച്ച് ക്രിസ്തുമത ദേവാലയമായിത്തീർന്നിരുന്ന ഈ സിനഗോഗ് 'പള്ളി' എന്ന് അറിയപ്പെട്ടു. പിന്നീട് പല ദേവാലയങ്ങൾ ആവിർഭവിച്ചപ്പോൾ മാതൃദേവാലയം തലൈപ്പള്ളി (തലപ്പള്ളി) എന്ന് അറിയപ്പെട്ടു. വളരെക്കാലം കഴിഞ്ഞ് ഈ പ്രദേശത്തിന്റെ ഭരണം കൈയാളിയ ചേരവംശജർ തലപ്പള്ളി രാജവംശം എന്ന പേർ സ്വീകരിച്ചു. താലൂക്ക് വിഭജനം നടന്ന കാലത്ത് തലപ്പള്ളി സ്ഥിതിചെയ്ത സ്ഥലത്തിന് തലപ്പള്ളി താലൂക്ക് എന്ന് നാമകരണം ചെയ്തു ('തലപ്പിള്ളി' എന്ന ഇന്നത്തെ രൂപം കൃത്രിമവും പില്ക്കാലത്ത് രൂപഭേദപ്പെടുത്തിയതുമാണ്). തലപ്പള്ളിയിലെ 'പള്ളി'യെ ചരിത്രത്തിൽ നിന്ന് നിഷേധിക്കുവാൻ നടത്തിയ ശ്രമമാവാം അത്. മണിപ്രവാള ചമ്പുക്കളുടെ രചനാകാലത്തുപോലും (എ.ഡി. 12-15 നൂറ്റാണ്ടുകൾ) തലപ്പള്ളി എന്നാണ് ഉണ്ണിയാടീചരിതത്തിലും മറ്റും കാണുന്നതെന്ന് സ്ഥലനാമചരിത്രം എന്ന ഗവേഷണകൃതി രചിച്ച വി. സി. കോവാലത്ത് വ്യക്തമാക്കിയിട്ടുണ്ട് (തൃശൂർ ജില്ല).

ആദ്യ തലമുറയിലെ പുരോഹിതസ്ഥാനികൾ 'കൊത്തൻ' എന്ന പേരിൽ അറിയപ്പെട്ടു. 'കൊത്തൻ' എന്ന സുറിയാനി പദത്തിന് 'പ്രഭു' എന്നാണർത്ഥം. ഇംഗ്ലീഷിലെ 'ലോർഡ്' എന്ന പദത്തിന് സമാനമായ 'കൊത്തൻ' ക്രിസ്തുമത പുരോഹിതർക്ക് ആദ്യകാല സുറിയാനി ക്രിസ്ത്യാനി മതം നൽകിയത് എത്രയും സ്വാഭാവികം തന്നെ. 'കൊഹനൊ' എന്ന സുറിയാനിപദം 'കഹന' എന്ന തത്ഭവ പദമായി പരിണമിച്ചതുപോലെ 'കൊത്തൻ' കത്തൻ എന്ന് പരിണമിച്ചിരിക്കാം.

ഇതിന്റെ ബഹുവചനരൂപമായി 'കത്തങ്ങൾ' (കത്തൻ + കൾ) എന്ന രൂപം പ്രയോഗത്തിൽ വന്നതാകാൻ ന്യായമുണ്ട്. തമിഴ് ഭാഷാ രീതിയനുസരിച്ച് 'ആർ' എന്ന പൂജകബഹുവചനം ചേർത്ത് 'കത്തൻ' എന്ന പ്രയോഗം 'കത്തനാർ' എന്ന് പരിണമിച്ചതും ഭാഷാപരമായ പരിണാമമായി ഗ്രഹിക്കാവുന്നതാണ്. പതിമൂന്ന് കത്തനാരന്മാർ (കത്തങ്ങൾ) പ്രവർത്തിക്കുന്ന സംഘത്തിലെ മൂപ്പനെ – തലവനെ – കത്തനാരച്ചൻ എന്ന് ആദരപൂർവ്വം വിളിച്ചുവന്നു. ഓരോ ആരാധനാ സമൂഹത്തിലും വൈദികവൃത്തിയുടെ മുഖ്യ ചുമതലക്കാരൻ ഈ കത്തനാരച്ചൻ ആയിരുന്നു (കത്തനാരച്ചൻ = കത്തനാർ സംഘത്തിന്റെ യജമാനൻ). വൈദികതർക്കങ്ങളിൽ തീർപ്പ് കല്പിക്കുക, പുതിയ വൈദികർക്ക് കൈവെപ്പു കൊടുക്കുന്ന കർമ്മത്തിൽ മുഖ്യ പങ്കാളിത്തം വഹിക്കുക എന്നീ കർത്തവ്യങ്ങൾ അദ്ദേഹത്തിന്റേതായിരുന്നു. 'കൈവെപ്പ്' നൽകുന്നതിന് ഇന്നത്തെപ്പോലെ നിയതമായ ശുശ്രൂഷാക്രമങ്ങൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല. ആരാധനാമദ്ധ്യേ പ്രാർത്ഥനാപൂർവ്വം പതിമൂന്ന് പേരും സ്ഥാനാർത്ഥിയുടെ ശിരസ്സിൽ വലതുകരം സമർപ്പിക്കുകയും 'കത്തനാരച്ചൻ' ആയ മുഖ്യ കാർമ്മികൻ മുദ്രണം നടത്തി സ്ഥാനപ്രഖ്യാപനം നടത്തുകയും ചെയ്യുക എന്ന ലളിതമായ ചടങ്ങുകളേ ഉണ്ടായിരുന്നുള്ളൂ. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കണ്ടനാട് പടിയോല എഴുതുമ്പോൾ പോലും പട്ടം നൽകുന്ന സ്ഥാനിയെ 'അച്ചൻ' എന്ന് അർത്ഥമുള്ള യജമാനസ്ഥാനം എന്നാണ് കണ്ടനാട് സുന്നഹദോസ് വിശേഷിപ്പിച്ചത്. അഞ്ചാം മാർത്തോമ്മാ, ആറാം മാർത്തോമ്മാ, ഏഴാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ തുടങ്ങിയ പകലോമറ്റം മെത്രാന്മാരെ *നിരണം ഗ്രന്ഥവരി*യിൽ യജമാനൻ എന്ന് അർത്ഥമുള്ള അച്ചൻ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത് ഈ പൂർവ്വിക പാരമ്പര്യം മനസ്സിലുള്ളതിനാലാകാം. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പോലും 'അച്ചൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്നു എന്നത് ഒരു ചരിത്രസത്യമാണ്.

പാലൂർ – ചാട്ടുകുളങ്ങരയിലെ ദൈവമാതാവിന്റെ നാമത്തിൽ രൂപം കൊണ്ട ആദ്യത്തെ വൈദികസംഘത്തിന്റെ അധ്യക്ഷന് – കത്തനാരച്ചന് – ഇരവി എന്ന സ്ഥാനനാമം നൽകിയോ? അത് പില്ക്കാലത്ത് മലങ്കരസഭയിലെ വൈദികാധ്യക്ഷന്റെ സ്ഥാനനാമമായി തലമുറകളിലേക്ക് സംക്രമിച്ചുവോ? നമുക്ക് കൃത്യമായി തെളിവുകളില്ല. എന്നാലും പാലൂരിലെ സുറിയാനി ക്രിസ്ത്യാനികളെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽപ്പോലും 'ആദിത്യവംശം' എന്ന് വിശേഷിപ്പിച്ചിരുന്നു എന്ന ചരിത്ര സത്യം വിലയിരുത്തുമ്പോൾ ഈ അഭ്യൂഹത്തിന് സാംഗത്യം ഏറുന്നു.[5] ഇതര തേജോഗോളങ്ങളെക്കാൾ പ്രാമുഖ്യം സൂര്യന് ഉണ്ട് എന്ന വിലയിരുത്തലാകാം ഈ വിശേഷണം ഉപയോഗിച്ചതിന്റെ യുക്തി

(പിൽക്കാലത്തെ 'ഇരവികോർത്തൻ' ചെപ്പേടിലെ പരാമർശം ഇരവികൊത്തൻ എന്നാവാനാണ് സാധ്യത). അങ്ങനെയെങ്കിൽ ഇന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ പ്രാക്‌രൂപം 'ഇരവികൊത്തനിൽ' ദർശിക്കാം.

ഈ രൂപത്തിൽ മലങ്കരയിലെ പൗരോഹിത്യക്രമം ചിട്ടപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചത് അലക്സാന്ത്രിയൻ സഭയിലെ ചിട്ടകളാണ്. നിഖ്യാ സുന്നഹദോസിന്റെ കാലം വരെയും അലക്സാന്ത്രിയൻ സഭയിൽ ഇപ്രകാരമുള്ള പൗരോഹിത്യ സംവിധാനം നിലനിന്നതായി നമുക്ക് അനിഷേധ്യമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിൽ നിന്ന് പ്രസക്തഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ: "കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ കൈവെപ്പിനെ 'കഹനൂസാ' എന്നാണ് സുറിയാനി പാരമ്പര്യത്തിൽ മനസ്സിലാക്കാവുന്നത്. ലോകമെങ്ങുമുള്ള പുതിയ ക്രൈസ്തവ സമൂഹങ്ങൾക്ക് അപ്പോസ്തോലന്മാർ തങ്ങൾക്ക് ക്രിസ്തു നൽകിയ 'കഹനൂസാ' ആണ് നൽകിയത്. കഹനൂസായുടെ സ്ഥാനം ലഭിച്ചവർക്ക് നടത്തുവാൻ പാടില്ലാത്ത ഒരു കൂദാശയും ആദിമസഭയിൽ ഉണ്ടായിരുന്നില്ല. പിന്നീടാണ് കഹനൂസായുടെ വിപുലമായ ചുമതലകൾക്ക് സഹായികളെന്ന നിലയിൽ 'ശെമ്മാശന്മാർ' ഉണ്ടാകുന്നത്. കഹനൂസായുടെ നൽവരം ലഭിക്കുന്ന സ്ഥാനികൾ പില്ക്കാലത്ത് പ്രസ്ബിറ്ററോസ്, എപ്പിസ്ക്കോപ്പോസ് എന്ന് വിഭജിക്കപ്പെട്ടു. രണ്ട് പദങ്ങളും വേദപുസ്തക രചനയുടെ കാലത്ത് പര്യായപദങ്ങൾ ആയിപ്പോലും ഉപയോഗിക്കപ്പെട്ടിരുന്നു. ഫാ. ഡോ. ടി. ജെ. ജോഷ്വാ എഴുതുന്നു: "പൗലൂസ് ശ്ലീഹാ ലേഖന മെഴുതുന്ന കാലത്ത് കശീശാ, എപ്പിസ്ക്കോപ്പാ എന്നീ സ്ഥാനങ്ങൾ വ്യതിരിക്തങ്ങൾ ആയിരുന്നു എന്ന് തോന്നുന്നില്ല. ഒരേ സ്ഥാനികൾ ഉപയോഗിക്കുന്ന വ്യത്യസ്ത വിശേഷണങ്ങൾ ആയിട്ടാണ് മനസ്സിലാക്കുന്നത്.[6] നാലാം നൂറ്റാണ്ടിൽ നിഖ്യായിൽ വച്ചാണ് ഈ സ്ഥാനങ്ങൾ നിർണ്ണയിച്ചതും അവ വ്യതിരിക്തങ്ങളാണെന്ന് പ്രഖ്യാപിച്ചതും. നിഖ്യാ സുന്നഹദോസിൽ (എ.ഡി. 325) അലക്സാന്ത്രിയാ സഭയെ പ്രതിനിധാനം ചെയ്ത ബിഷപ്പ് അലക്സാണ്ടർ നിഖ്യാ സുന്നഹദോസിന്റെ തീരുമാന പ്രകാരം അലക്സന്ത്രിയായുടെ പാത്രിയർക്കീസ് എന്ന് പ്രഖ്യാപിക്കപ്പെട്ടു.[7]

പൗരോഹിത്യ സംവിധാനം അലക്സന്ത്രിയാസഭയിൽ എപ്രകാരമായിരുന്നുവെന്ന് ഫാ. ഡോ വി. സി. ശാമുവേൽ ഇപ്രകാരം നിരീക്ഷിച്ചിരിക്കുന്നു: "പട്ടക്കാർ മാത്രം ചേർന്ന് മേൽപ്പട്ടക്കാരെ വാഴിക്കുന്ന സംഭവങ്ങൾ ക്രൈസ്തവസഭയുടെ ആദിമ നൂറ്റാണ്ടുകളിൽ ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി അന്ന് സഭയുടെ സുപ്രസിദ്ധ കേന്ദ്രമായിരുന്ന അലക്സാന്ത്രിയായിൽ ബിഷപ്പുമാരെ വാഴിച്ചിരുന്നത് അവിടത്തെ പട്ടക്കാ

രുടെ കൗൺസിൽ ആയിരുന്നു എന്നതിന് അനിഷേധ്യമായ തെളിവ് നമുക്ക് ലഭ്യമാണ്. ബിഷപ്പുമാരെ വാഴിക്കുന്നത് സംബന്ധിച്ചുള്ള നിയമം ആദ്യമായി ആവിഷ്ക്കരിച്ചത് 325-ൽ നടന്ന നിഖ്യാ സുന്നഹദോസ് ആയിരുന്നു. ആ സുന്നഹദോസിൽ പങ്കുകൊണ്ട അലക്സാന്ത്രിയൻ സഭാധ്യക്ഷനായിരുന്ന അലക്സാണ്ടറിനെപ്പോലും എപ്പിസ്ക്കോപ്പൽ സ്ഥാനത്ത് അവരോധിച്ചത് അവിടത്തെ പട്ടക്കാരുടെ കൗൺസിൽ ആയിരുന്നു"[8] ചാൾസ് ഗോർ ദി മിനിസ്ട്രി ഓഫ് ദി ക്രിസ്ത്യൻ ചർച്ച് (അലക്സാന്ത്രിയ) എന്ന ഗ്രന്ഥത്തിൽ ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് വിവർത്തനം ചെയ്തു ചേർക്കുന്നു. 'സുവിശേഷകനായ മാർക്കോസ് പാത്രിയർക്കീസ് ഹാനനിയായോടൊന്നിച്ച് പന്ത്രണ്ട് പ്രസ്ബിറ്റർമാരെ നിയമിച്ചു. പാത്രിയർക്കീസിനോട് ചേർന്ന് ഒരു സംഘമായി അവർ പ്രവർത്തിച്ചു. അദ്ദേഹം നിര്യാതനാകുമ്പോൾ അവരിൽ നിന്ന് ഒരാളെ അവർ തെരഞ്ഞെടുത്ത് ശേഷം പതിനൊന്നു പേർ അദ്ദേഹത്തിന്റെ ശിരസ്സിൽ കൈവെച്ച് അനുഗ്രഹിച്ച് പാത്രിയർക്കീസായി പ്രഖ്യാപിക്കും. ഉടനെ പുതിയ അനുയോജ്യനായ ഒരാളെ തെരഞ്ഞെടുത്ത് അയാളെ പ്രസ്ബിറ്ററായി നിയമിച്ച് ഒഴിവ് നികത്തും. പ്രസ്ബിറ്റർമാരുടെ എണ്ണം പന്ത്രണ്ടായി ക്രമപ്പെടുത്തുവാനാണ് ഇപ്രകാരം ചെയ്യുന്നത്. പൗരോഹിത്യ ക്രമീകരണത്തിന്റെ ഈ അലക്സാന്ത്രിയൻ പശ്ചാത്തലം തന്നെയാണ് ഭാരതത്തിലെ ക്രിസ്തീയ സഭയും പുലർത്തിയിരുന്നത്. ഇക്കാര്യം വേണ്ടത്ര ഗ്രഹിക്കാതെയാണ് ആദ്യകാല പൗരോഹിത്യത്തെപ്പറ്റി വികലമായ പല വിവരങ്ങളും നാം എഴുതി വച്ചിട്ടുള്ളത്. മാർത്തോമ്മാശ്ലീഹാ ഇവിടെ കശ്ശീശന്മാരെ ഏർപ്പെടുത്തി എന്നും അവർ മെത്രാന്മാർ അല്ലാത്തതുകൊണ്ട് പുതിയ കശ്ശീശന്മാരെ ഏർപ്പെടുത്തുവാൻ സാധിച്ചില്ലെന്നും പിന്നീട് പട്ടക്കാർ ഇല്ലാതെ സഭ അനാഥമായി എന്നും നൂറ്റാണ്ടുകൾക്ക് ശേഷം ക്നായിത്തൊമ്മൻ കൊണ്ടുവന്ന യൗസേപ്പ് മെത്രാൻ സഭയെ പുനരുജ്ജീവിപ്പിച്ചു എന്നും മറ്റും പില്ക്കാലത്ത് ചരിത്രം ചമച്ചതിന് ഒരടിസ്ഥാനവുമില്ല. തോമ്മാശ്ലീഹാ സ്ഥാപിച്ച സഭയിൽ നിയമിക്കപ്പെട്ട കഹനേന്മാർ പിൻഗാമികളായി മറ്റ് കഹനേന്മാരെ നിയമിക്കാൻ നൽവരവും അധികാരവും ഉള്ളവരായിരുന്നു. തന്മൂലം സഭ അനാഥമായിരുന്നില്ല. മെത്രാന്മാരിലൂടെ മാത്രം കൈവെപ്പ് നൽകുന്ന പില്ക്കാല പാരമ്പര്യം മനസ്സിൽ വച്ചുകൊണ്ട് ചരിത്രം രചിച്ചതിനാലാണീ വികലത ചരിത്രത്തിൽ പ്രവേശിച്ചത്. വിദേശ വ്യാപാരത്തിലൂടെ ലഭിച്ച അലക്സാന്ത്രിയൻ സംസർഗ്ഗം ഈ ആഗോള പാരമ്പര്യം മലങ്കരസഭയിൽ അഭംഗം തുടരുവാൻ ആവശ്യമായ പ്രേരണ നൽകിയിരുന്നു.

വിഭിന്ന ചരിത്രഗ്രന്ഥം

മലങ്കരസഭയുടെ അലക്സാന്ത്രിയാ ബന്ധത്തെപ്പറ്റിയും പാന്റീന

സിന്റെ മലങ്കരസഭാ സന്ദർശനത്തെപ്പറ്റിയും ഒരക്ഷരം പരാമർശിക്കാത്ത ഒരു സഭാചരിത്രമേ ഇതെഴുതുന്ന ആളിന്റെ ഓർമ്മയിലുള്ളു. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് എഴുതിയ ഇന്ത്യയിലെ 'സുറിയാനിസഭാ ചരിത്രം' ആണ് ആ ഗ്രന്ഥം. 2009-ൽ ഇംഗ്ലീഷിലേക്കും 2011-ൽ മലയാള ത്തിലേക്കും വിവർത്തനം ചെയ്യപ്പെട്ട ആ പുസ്തകം 1952-ൽ മലങ്കര സഭ രണ്ട് വിഭാഗമായി നിന്ന് പോരാടിയിരുന്ന കാലത്ത് അറബി ഭാഷ യിൽ എഴുതപ്പെട്ട ഗ്രന്ഥമാണ്. അന്ത്യോഖ്യൻ ബന്ധത്തിലുള്ള ഇന്ത്യൻ സഭയെ സൃഷ്ടിച്ചെടുക്കാനുള്ള തത്രപ്പാടിൽ അലക്സാന്ത്രിയൻ ബന്ധം അറബി വംശജനായ പാത്രിയർക്കീസ് വിസ്മരിച്ചതാകാം. തന്റെ സഹപ്രവർത്തകൻ ആയിരുന്ന യാക്കൂബ് തൃതീയന്റെ (അബ്ദൽ ആഹാദ് റമ്പാൻ) സ്വാധീനത്തിലാകാം ഫാ. ഡോ. വി. സി. ശാമുവേൽ ഇപ്രകാരം എഴുതി: "അലക്സാന്ത്രിയൻ സഭയുമായി കേരളത്തിലെ സഭയ്ക്ക് ഒരു കാലത്തും ബന്ധമുണ്ടായിരുന്നതായി കേവലം അവകാ ശവാദം പോലും ഉണ്ടായിട്ടില്ല"[10]

മലയാളത്തിലും ഇംഗ്ലീഷിലുമായി എഴുതപ്പെട്ട എല്ലാ മലങ്കരസഭാ ചരിത്രഗ്രന്ഥങ്ങളിലും അലക്സാന്ത്രിയൻ വേദശാസ്ത്രജ്ഞനായ പാന്റീ നസിന്റെ മലങ്കരസഭാ സന്ദർശനത്തെപ്പറ്റി വ്യക്തമായ പരാമർശങ്ങൾ ഉണ്ടായിരിക്കേ സഭാചരിത്ര പണ്ഡിതനായ സാമുവേൽ അച്ചൻ ഇപ്ര കാരം എഴുതിവച്ചതിന്റെ സാധുത ചോദ്യം ചെയ്യപ്പെടാതെ വയ്യ. ഈ സന്ദർഭത്തിൽ അലക്സാന്ത്രിയൻ സഭയിൽ സന്ദർശനം നടത്തിയ ഫാ. കുറിയാക്കോസ് O.I.C. ഈ വിഷയത്തിൽ നല്കിയ സാക്ഷ്യം ഇവിടെ പരിശോധിക്കാം. അദ്ദേഹം 1975-ൽ നടത്തിയ വിദേശയാത്രയുടെ വിവര ണത്തിലാണ് ഈ സാക്ഷ്യം കാണുന്നത്. "... ഈഗുപ്തായ നേതാക്ക ളുമായി ഈ ചരിത്രസംഭവങ്ങളെപ്പറ്റി പരാമർശിച്ചുകൊണ്ട് സംസാരി ക്കവേ, അവരിൽ ഒരു ചരിത്ര പണ്ഡിതൻ പുരാതനമായ ഒരറബി ഗ്രന്ഥം എടുത്തുകൊണ്ട് വരികയും അതിലൊരു ഭാഗം വായിച്ച് പരിഭാഷപ്പെ ടുത്തി എന്നെ കേൾപ്പിക്കുകയും ചെയ്തു. എനിക്ക് വളരെ വിലപ്പെട്ട ഒരറിവാണ് ആ ചരിത്രപണ്ഡിതൻ പകർന്നു തന്നത്. 1653-ൽ ഇന്ത്യയിൽ നിന്നും പത്രോസ് എന്ന ഒരു വൈദികൻ അലക്സാന്ത്രിയൻ സിംഹാ സനത്തിൽ സഹായാഭ്യർത്ഥനയ്ക്കായി വന്നുവെന്നും അലക്സാന്ത്ര്യാ സിംഹാസനത്തിൽ നിന്നും ഇന്ത്യയിലേക്ക് ഒരു പ്രത്യേക മെത്രാനെ വാഴിച്ചുവെന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഈജിപ്ത് വിടുന്നതിന് മുമ്പായി മുസ്ലീം ഭരണാധികാരികൾ ആ മെത്രാനെ പിടിച്ച് കൈകാലു കൾ ഛേദിക്കുകയും പത്രോസ് കശീശായെ അവിടെ നിന്നോടിച്ച് കള യുകയും ചെയ്തു."[11] 1976-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിലെ ഈ സഭാചരിത്രസാക്ഷ്യം പതിനെട്ട് കൊല്ലത്തിന് ശേഷം 'സഭ വള

രുന്നു' എന്ന ഗ്രന്ഥം എഴുതിയ ഓർത്തഡോക്സ് സെമിനാരിയിലെ ചരിത്രവിഭാഗം പ്രൊഫസർ കൂടിയായ ഫാ. ഡോ. വി. സി. ശാമുവേൽ അറിയാനിടവന്നില്ല എന്നത് ഇതെഴുതുന്ന ആളിനെ അത്ഭുതപ്പെടുത്തുന്നു.

മലങ്കരസഭയ്ക്ക് അലക്സാന്ത്രിയൻ സഭയുമായി ഒരു കാലത്തും ബന്ധമുണ്ടായിരുന്നില്ല എന്ന് അദ്ദേഹം ആണയിട്ട് പറയുന്നത് ഓർമ്മ പിശകു മൂലമാണ്. അദ്ദേഹം അധ്യാപനം നിർവഹിച്ച കോട്ടയം പഴയ സെമിനാരിയിൽ നിന്ന് ഏതാനും ദശകം മുമ്പ് പ്രസിദ്ധീകരിച്ച ഒരു ഗവേഷണ പ്രബന്ധത്തിൽ മലങ്കരസഭയുടെ അലക്സാന്ത്രിയൻ ബന്ധം താഴെ കാണിക്കുംവിധം വ്യക്തമാക്കിയിട്ടുണ്ട്:

".... ചരിത്രസംബന്ധമായി നമ്മുടെ ഇനിയത്തെ പരിശോധന മൂലം അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസിന്റെ അടുക്കൽ കേരളത്തിൽ നിന്നും അയച്ചിരുന്ന ഡപ്യൂട്ടേഷന്റെ പരിശ്രമഫലമായി ക്രിസ്ത്വബ്ദം 696-ൽ അലക്സന്ത്രിയായിൽ നിന്ന് ഒരു യാക്കോബായ മെത്രാൻ കേരളത്തിൽ വന്നു എന്ന് വെളിവാകുന്നു. ക്രിസ്ത്വബ്ദം 695-ൽ കേരളീയ സുറിയാനിസഭയിൽ നിന്ന് ഒരു സ്വദേശീയ പുരോഹിതനെ അലക്സാന്ത്രിയാ പാത്രിയർക്കീസ് അഭിഷേകം ചെയ്തു.[12]

17-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ അഹത്തള്ളാ ബാവായെപ്പറ്റി മേൽക്കാണിച്ച പ്രബന്ധത്തിൽ കാണുന്നതിപ്രകാരമാണ്: "കേരളീയ സുറിയാനിസഭയുടെ അപേക്ഷാനുസരണം അലക്സാന്ത്രിയായിലെ യാക്കോബായ പാത്രിയർക്കീസ് ക്രി. 1650-ൽ ഇന്ത്യയിലേക്കയച്ചതായ ഇസ്തന്യോസ് അഹത്തള്ളായെ പോർച്ചുഗീസുകാരായ റോമ്മൻ കത്തോലിക്കർ കൊലപ്പെടുത്തിയ അവസരത്തിൽ...."[13]

(സാന്ദർഭികമായി ഇവിടെ രണ്ടു കാര്യങ്ങൾ വ്യക്തമാക്കുവാനുണ്ട്. 1. അലക്സാന്ത്രിയൻ സഭയെ പ്രബന്ധകാരൻ യാക്കോബായ സഭയിൽ നിന്നും അലക്സന്ത്ര്യാ പാത്രിയർക്കീസിനെ യാക്കോബായ പാത്രിയർക്കീസ് എന്നും വിശേഷിപ്പിച്ചിരിക്കുന്നു. കൽക്കിദൂൻ സിനഡിന്റെ തീരുമാനങ്ങളോട് വിയോജിച്ച് നിന്ന സഭകളെ പൊതുവായി യാക്കോബായക്കാർ എന്ന് മലങ്കരസഭയിൽ ഉപയോഗിച്ചു വിശേഷിപ്പിച്ചിരുന്നു. കൽക്കിദൂൻ സിനഡ് തീരുമാനമനുസരിച്ച കത്തോലിക്കാസഭ മലങ്കരയിൽ ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട എല്ലാ ശാഖകളെയും 'യാക്കോബായക്കാർ' എന്ന് വിശേഷിപ്പിച്ചിരുന്നു. ആ സ്വാധീനമാണ് പി. ടി. ഗീവറുഗീസ് ശെമ്മാശന്റെ പ്രബന്ധത്തിലും കാണുന്നത്. മലങ്കരസഭയിൽ 1665, 1685, 1751 എന്നീ വർഷങ്ങളിൽ വന്ന പൗരസ്ത്യ മേലധ്യക്ഷന്മാരെ കേരളത്തിലെ കത്തോലിക്കർ മേൽപ്പറഞ്ഞ അർത്ഥത്തിൽ 'യാക്കോബായ മെത്രാന്മാർ' എന്ന് വിശേഷിപ്പിച്ചതിനെ മലങ്കരസഭയും

ആവർത്തിച്ചിരുന്നു. മുസ്ലീങ്ങൾ പരിഹാസമായി വിശേഷിപ്പിച്ച 'നസ്രാണികൾ' കത്തോലിക്കർ പരിഹാസപൂർവ്വം വിളിച്ച 'പുത്തൻകൂറ്റുകാർ' എന്നീ പദങ്ങൾ മലങ്കരസഭയിലെ സുറിയാനി ക്രിസ്ത്യാനികൾ സ്വീകരിച്ചതിന് സമാന്തരമായിട്ട് വേണം ഇതിനെ കാണുവാൻ. ഇത് മനസ്സിലാക്കാതെ മലങ്കരസഭാ ചരിത്രത്തിൽ 'യാക്കോബായക്കാർ' എന്ന് കാണുന്നിടത്തെല്ലാം അത് അന്ത്യോഖ്യൻ സഭയെ കുറിച്ചാണെന്ന് ചിലർ - ചരിത്രകാരന്മാർപ്പോലും - തെറ്റിദ്ധരിച്ചതായി കാണുന്നുണ്ട്. മലങ്കരസഭാ ചരിത്രത്തിൽ അലക്സന്ത്രിയാ, പേർഷ്യാ, അർമ്മീനിയാ, യെരുശലേം, അന്ത്യോഖ്യാ എന്നീ പൗരസ്ത്യ കേന്ദ്രങ്ങളിൽ നിന്ന് വന്ന പല മേലധ്യക്ഷന്മാരെയും കത്തോലിക്കരും അവരെ തുടർന്ന് നാമും യാക്കോബായക്കാർ എന്ന് തെറ്റായി വിശേഷിപ്പിച്ചിട്ടുണ്ട്.

2. അലക്സാന്ത്രിയായിൽ എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസ് തീരുമാനപ്രകാരം മെത്രാച്ചൻ മാത്രം പട്ടംകൊടുക്കുന്ന സമ്പ്രദായം നിലവിൽ വന്നിട്ടും അവരുമായി സംസർഗ്ഗം പുലർത്തിയ മലങ്കരസഭ എന്തുകൊണ്ട് ആ സംവിധാനം മലങ്കരസഭയിൽ പകർത്തിയില്ല? എന്ന ചോദ്യം പ്രസക്തമാണ്. റോമ്മൻ സാമ്രാജ്യത്തിൽപ്പെട്ട രാജ്യങ്ങൾക്ക് ബാധകമായ തീരുമാനമായിട്ടാണ് നിഖ്യായുടെ തീരുമാനത്തെ എല്ലാവരും അന്ന് വിലയിരുത്തിയത്. റോമ്മാ സാമ്രാജ്യത്തിൽ ഉൾപ്പെടാത്ത മലങ്കരസഭയിൽ ആ തീരുമാനം നടപ്പിൽ വരുത്തേണ്ടതുണ്ടെന്ന് അലക്സാന്ത്രിയൻ സഭാധ്യക്ഷന്മാരോ മലങ്കരസഭയോ കരുതിയിരുന്നില്ല. നൽവരത്തിന്റെ കാര്യത്തിൽ വ്യത്യാസമില്ലാതെ സ്ഥാനപ്പേരുകളിൽ മാത്രം വ്യത്യാസം നിലനിർത്തിയ പുതിയ പരിഷ്ക്കാരത്തെ പ്രാചീനത്തനിമ നിലനിർത്തുവാൻ ആഗ്രഹിച്ച മലങ്കരസഭ സ്വീകരിക്കാൻ വിസമ്മതിച്ചിരിക്കാം. അതിലെ തത്വം സ്വീകാര്യമായതിനാൽ അലക്സന്ത്രിയൻ സഭ ആ നിലപാടിനെ ആദരപൂർവ്വം അംഗീകരിച്ചിരിക്കാം.)

ക്രിസ്തുവർഷത്തിലെ ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളെ സംഘകാലം എന്ന് കേരളചരിത്രം വിശേഷിപ്പിക്കുന്നു. ചേരചക്രവർത്തിമാരുടെ കീഴിൽ നടന്ന വിദേശവാണിജ്യം കേരളത്തെ സാമ്പത്തികമായി ബലപ്പെടുത്തിയിരുന്നതിനാലും യഹൂദ-ബുദ്ധ-ജൈന വിഭാഗങ്ങളും മറ്റും ചേർന്ന് വിപുലമായി ക്രിസ്തുമതം ശക്തിപ്പെട്ട അക്കാലം സാമുദായിക ഐക്യം അനുഭവിച്ചിരുന്നതിനാലും അക്കാലത്തെ കേരളത്തിന്റെ സുവർണ്ണ കാലഘട്ടം എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. സംഘകാല മതം എന്ന് വേണമെങ്കിൽ ക്രിസ്തുമതത്തെ വിശേഷിപ്പിക്കാമായിരുന്നു. സംഘകാലകൃതികളിലെ മൂല്യബോധവും നീതിസങ്കല്പങ്ങളും കുടുംബസംവിധാനങ്ങളും ക്രൈസ്തവമായിരുന്നു എന്ന് കേസരി എ. ബാലകൃഷ്ണപിള്ളയും ജെ. ജെ. മോറീസും[14] അഭിപ്രായപ്പെട്ടിട്ടുള്ളത്

അവഗണിക്കാവുന്നതല്ല. ബുദ്ധ-ജൈന മതക്കാർ കേരളീയ സമൂഹത്തിൽ താരതമ്യേന കൂടുതൽ ആയിരുന്നതിനാൽ കേരളീയ ക്രിസ്തുമത സമൂഹത്തെ പൊതുവായി 'ബൗദ്ധർ' എന്ന് വിശേഷിപ്പിച്ചിരുന്നു. ക്രിസ്തുവിനെ പ്രച്ഛന്ന ബുദ്ധനായി വിശേഷിപ്പിച്ചതു മൂലം ക്രിസ്തു ചരിത്രമായി രചിക്കപ്പെട്ട പല 'സുവിശേഷ'ങ്ങളും അന്ന് 'ബുദ്ധചരിതം' എന്ന ശീർഷകത്തിൽ പ്രചരിച്ചിരുന്നു.[15]

ഈ കേരളീയ സുവർണ്ണകാലത്തെ പ്രതിസന്ധിയിലാക്കിയ ചില സമാന്തര സംഭവങ്ങളും ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. ചേരചക്രവർത്തിമാരുടെ നേതൃത്വത്തിൽ പൊന്നാനി കേന്ദ്രമായി നടന്നിരുന്ന വിദേശ വ്യാപാരം പ്രലോഭനീയമായിരുന്നതിനാൽ അതിന്റെ ആധിപത്യത്തിനായി അന്നത്തെ തെന്നിന്ത്യൻ (തമിഴകം) ശക്തികളായ പാണ്ഡ്യരും ചോളരും ചേര ചക്രവർത്തിമാരോട് യുദ്ധം പ്രഖ്യാപിക്കുക പതിവായിരുന്നു. യുദ്ധ ഭീഷണി മൂലം രാജധാനി, പൊന്നാനി തുറമുഖത്തിന് സമീപത്തുള്ള പഴഞ്ഞിയിലെ (മലപ്പുറം ജില്ല) 'കോതമുക്കിൽ' നിന്ന് കിഴക്കോട്ട് നീങ്ങി പാലൂരിലെ കോതര, കോട്ടോൻ, ചെമ്മൻതിട്ട, വന്നേരി തുടങ്ങിയ സ്ഥലങ്ങളിലേക്ക് പലപ്പോഴും മാറ്റേണ്ടിവന്നിട്ടുണ്ട്. തൃശൂർ ജില്ലയിലെ 'പഴഞ്ഞി' എന്ന സ്ഥലനാമം രൂപപ്പെട്ടത് അപ്രകാരം ഒരു സാഹചര്യത്തിലാണ്. യുദ്ധങ്ങളിൽ ചേരരാജാവ് വിജയിക്കുകയും പിൻവാങ്ങുകയും ചിലപ്പോഴൊക്കെ പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. ചോളന്മാരും പാണ്ഡ്യന്മാരും വിദേശവാണിജ്യ നിയന്ത്രണം ഏറ്റെടുക്കുകയും ചേരനാട്ടിലെ ഭരണം കയ്യാളുകയും ചെയ്തിട്ടുണ്ട്. ഈ ആക്രമണ പരമ്പര സൃഷ്ടിച്ച യുദ്ധഭീഷണി മൂലം സമാധാനപ്രിയരായ ജനങ്ങളും തുറമുഖപട്ടണമായ പാലൂരിന്റെ കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് ചിതറുവാൻ നിർബദ്ധരായി. ഈ യുദ്ധസാഹചര്യം ക്രിസ്തു സഭയുടെ വ്യാപനത്തിന് കാരണമായി. തീരപ്രദേശങ്ങളിലൂടെ പലായനം സുഗമമായിരുന്നതിനാൽ പാലൂരിലെ ക്രിസ്തുമതം തീരപ്രദേശങ്ങളിലൂടെ തെക്കോട്ട് വ്യാപിച്ചു.

ക്രിസ്തുസഭയുടെ വ്യാപനത്തെ അനിവാര്യമാക്കിയ മറ്റൊരു സാഹചര്യം കൂടെ അക്കാലങ്ങളിലുണ്ടായി. ചേരന്മാരോട് യുദ്ധം ചെയ്യാനെത്തിയ പാണ്ഡ്യ-ചോള സാമ്രാജ്യങ്ങൾ പ്രബലമായ മതവിഭാഗങ്ങൾ യഥാക്രമം ശൈവ-വൈഷ്ണവ വിഭാഗങ്ങൾ ആയിരുന്നു. യുദ്ധമുന്നേറ്റങ്ങൾക്കൊപ്പം ശൈവ-വൈഷ്ണവ മതങ്ങളും കേരളീയ ജീവിതത്തിൽ ആക്രമണ സ്വഭാവത്തോടെ സന്നിഹിതമായി. രണ്ടു മതങ്ങൾക്ക് മിഷനറി സ്വഭാവമുണ്ടായിരുന്നതിനാൽ അവയുടെ മതപ്രചാരകർ താരതമ്യേന അഹിംസാവാദികളായ 'ബൗദ്ധജനത'യ്ക്ക് വൻ ഭീഷണിയായി. മതമർദ്ദനവും മതസംവാദവും നിത്യ സംഭവമായി. ചേരസാമ്രാജ്യം ദുർബലമായപ്പോഴെല്ലാം ഈ മതമർദ്ദനത്തിന് അനുകൂല കാലാവസ്ഥയുണ്ടായി.

ഭരണാധികാരികളുടെ ആനുകൂല്യം കൂടെ ആയപ്പോൾ സമാധാനപ്രിയരായ ക്രിസ്തുമതക്കാർക്ക് പലായനം ചെയ്യുകയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഒന്നും ഇല്ലായിരുന്നു. പൊന്നാനിക്ക് സമീപം ഉണ്ടായിരുന്ന അയിരൂർ, ചെറായി, പഴഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്ത ക്രിസ്തുമതക്കാർ പുഴകൾ കടന്ന് കിഴക്കൻ പ്രദേശങ്ങളിലേയ്ക്കും തീരപ്രദേശത്തുകൂടെ തെക്കൻ പ്രദേശങ്ങളിലേക്കും രക്ഷപ്പെട്ടു. മൂന്നു മുതൽ ആറ് നൂറ്റാണ്ടു വരെ നടന്ന ഈ സംഘർഷം കൊണ്ട് ചില അനിവാര്യഫലങ്ങൾ ഉണ്ടായി.

1. പൊതുവിൽ 'ബൗദ്ധർ' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന കേരളീയ ക്രൈസ്തവർ പാലൂരിൽ നിന്ന് കൂട്ടംകൂട്ടമായി രക്ഷപ്പെട്ടു. പുതിയ കോളനികൾ സ്ഥാപിച്ചു. ക്രമേണ അവിടങ്ങളിൽ ആരാധനാലയങ്ങൾ ഉണ്ടായി.

2. ശൈവ-വൈഷ്ണവ ക്ഷേത്രങ്ങൾ കേരളത്തിൽ പ്രത്യക്ഷമായി. ആറും ഏഴും നൂറ്റാണ്ടുകളിൽ മഠങ്ങളും ജൈനരുടെ കോവിലുകളും ശൈവ-വൈഷ്ണവ ക്ഷേത്രങ്ങളായി രൂപാന്തരപ്പെട്ടു.

3. യുദ്ധസാഹചര്യം മൂലം പൊന്നാനി തുറമുഖം ആപത് മേഖല എന്ന നിലയിൽ ക്ഷയിച്ചു.

4. എ.ഡി. ഏഴാം നൂറ്റാണ്ടിൽ അറബികൾ ഈജിപ്റ്റിൽ ആക്രമണം അഴിച്ചുവിട്ടതിനെ തുടർന്ന് അലക്സാന്ത്രിയൻ സഭ പ്രതിസന്ധിയിലായി. മലങ്കരസഭയുമായുള്ള പൂർവ്വികബന്ധം ഇതോടെ ക്ഷയിച്ചു.

5. യുദ്ധസാഹചര്യങ്ങൾ പൊന്നാനിയേയും അലക്സാന്ത്രിയായെയും തളർത്തിയപ്പോൾ വിദേശവ്യാപാരത്തിന് മങ്ങലേറ്റു. ഈ പശ്ചാത്തലത്തിൽ പേർഷ്യക്കാർ വ്യാപാരസാധ്യത അന്വേഷിച്ചുകൊണ്ട് കേരളത്തിലെത്തി.

വണിഗ്വരനായ ക്നായിതൊമ്മന്റെ പ്രവേശത്തിന്റെ പശ്ചാത്തലം ഇതാണ്. തകർന്നുപോയ പൊന്നാനി തുറമുഖത്തിന് പകരം പുതിയ ഒരു തുറമുഖം രൂപപ്പെടുത്തുവാൻ ഈ പേർഷ്യൻ വ്യാപാരി ചേരചക്രവർത്തിക്ക് സഹായം നൽകി. അങ്ങനെയാണ് പൊന്നാനിയുടെ ഏതാനും നാഴിക തെക്ക് കൊടുങ്ങല്ലൂരിൽ പുതിയ തുറമുഖം രൂപംകൊള്ളുന്നത്. ഈ തുറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വം നൽകിയ പേർഷ്യൻ ക്രിസ്തീയ സമൂഹത്തിന്റെ അധ്യക്ഷൻ എന്ന നിലയിൽ ക്നായി തോമ്മായ്ക്ക് ചക്രവർത്തി മഹോദയ - മഹാദേവർ - പട്ടണവും ചില അവകാശങ്ങളും ഒരു ചെപ്പേടിൽ രേഖപ്പെടുത്തി സമ്മാനിച്ചു. വർത്തക പ്രമാണിയാകട്ടെ ചക്രവർത്തിക്ക് പുതിയ തുറമുഖവും വ്യാപാരാവശ്യത്തിനായുള്ള മുതൽമുടക്കും സമ്മാനിച്ചു. പൊന്നാനിയുടെയും പാലൂരി

ന്റെയും സുവർണ്ണകാലം ഇവിടെ അസ്തമിക്കുന്നു; പകരം കൊടുങ്ങല്ലൂരിന്റെ സുവർണ്ണദശ ആരംഭിക്കുകയായി. കൊടുങ്ങല്ലൂരിന്റെ സുവർണ്ണദശ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പേർഷ്യൻ വ്യാപാരികൾ കേരളത്തിലെത്തിയിരുന്നു. കേരളത്തിൽ വ്യവസ്ഥാപിതമായ ഒരു ക്രിസ്തീയ സഭ നിലനില്ക്കുന്നതായി ചില പേർഷ്യൻ രേഖകൾ വിശദീകരിക്കുന്നുണ്ട്. മൂന്ന് രേഖകൾ ഫാ. ഡോ. വി. സി. ശാമുവേൽ ഉദ്ധരിച്ചിട്ടുണ്ട്.

1. എ.ഡി. 295-നും 300-നും ഇടയിൽ പേർഷ്യൻ ഉൾക്കടലിന്റെ തീരപ്രദേശത്തുള്ള ബെസ്രായിലെ പണ്ഡിതനായ ബിഷപ്പ് ദാവൂദ് തന്റെ ഭദ്രാസനം വിട്ട് ഇന്ത്യയിലേക്ക് പോരുകയും അനേകരെ ക്രിസ്തുമാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്തു.[16]

മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ അദ്ദേഹം വന്നിരിക്കാവുന്നത് പൊന്നാനി തുറമുഖം മുഖേനയാണ്. അദ്ദേഹത്തിന്റെ പ്രവർത്തനരംഗം പാലൂർ പ്രദേശമാകാം. ബിഷപ്പ് ദാവൂദിന്റെ പേരിന്റെ സ്വാധീനം മലങ്കര സഭയിൽ കുന്നംകുളം - പാലൂർ പ്രദേശങ്ങളിൽ മാത്രമായിരിക്കുന്നത് ഇതിന്റെ തെളിവായി കാണുവാൻ കഴിയും. ദാവൂദ് എന്ന പേരിന്റെ തത്ഭവ രൂപമായി താവു, താവുണ്ണി, താവുഅച്ചൻ, താവുകുട്ടി, താത്തു, താത്തുണ്ണി, താക്കപ്പൻ, താരു, താരുകുട്ടി, താരപ്പൻ തുടങ്ങിയ ക്രിസ്തീയ പേരുകൾ ഈ പ്രദേശത്ത് മാത്രം ഈ കാലത്തും നിലനില്ക്കുന്നുണ്ട്. മൂന്നും നാലും നൂറ്റാണ്ടുകളിൽ പാലൂർ പ്രദേശത്ത് ക്രിസ്തീയസഭ വളരുന്നതിന് ബിഷപ്പ് ദാവൂദിന്റെ പ്രവർത്തനവും കാരണമായിട്ടുണ്ട്.

2. എ.ഡി. 5-ാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽ പേർഷ്യൻ സഭയിൽ പേരെടുത്ത വേദവ്യാഖ്യാതാവായ ഈശോദാദ്, അദ്ദേഹത്തിന്റെ റോമ്മാലേഖനത്തിന്റെ വ്യാഖ്യാനത്തിൽ ശ്രദ്ധേയമായ ഒരു കുറിപ്പ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'ഈ ലേഖനം ഇന്ത്യൻ പുരോഹിതനായ ദാനിയേലിന്റെ സഹായത്തോടെ മാർ കോമായി ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു (എ. മിങ്ങാന).

അഞ്ചാം നൂറ്റാണ്ടാകുമ്പോഴേക്കും മലങ്കരസഭയുടെ പേർഷ്യൻ ബന്ധം വളരുന്നതായി ഇവിടെ നമുക്ക് ഗ്രഹിക്കാം. പേർഷ്യൻ മെത്രാന്മാർ ഇവിടെ സന്ദർശിച്ചുവെങ്കിലും ഇവിടെ മെത്രാന്മാരെ വാഴിക്കണമെന്ന് അവർ ശഠിച്ചിരുന്നില്ല. അവരും അലക്സാന്ത്രിയൻ സഭാസംസർഗ്ഗത്തിൽ മലങ്കരസഭയിൽ വളർന്ന് ശക്തിപ്പെട്ട പൗരോഹിത്യ സംവിധാനത്തെ അനുകൂലിച്ചു എന്ന് വേണം കരുതുവാൻ.

3. എ. ഡി. 470-നോടടുത്ത് ഒരു പേർഷ്യൻ മെത്രാൻ - മാനാ - താൻ പേർഷ്യൻ ഭാഷയിൽ രചിച്ച മതപ്രഭാഷണങ്ങളും ഗാനങ്ങളും സംഗീതങ്ങളും ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത ഗ്രന്ഥങ്ങളും ഇന്ത്യൻ സഭയ്ക്ക് അയച്ചുകൊടുത്തിരുന്നു (എ. മിങ്ങാന).

ഈ മൂന്ന് രേഖകളുടെയും സാക്ഷ്യം മലങ്കരസഭ പേർഷ്യൻ സഭയുടെ സംസർഗ്ഗത്തിൽ ശക്തിപ്പെട്ടു എന്ന് വിശദീകരിക്കുന്നു. അതിന്റെ പശ്ചാത്തലത്തിൽ വേണം ക്നായിത്തൊമ്മൻ എന്ന പേർഷ്യൻ വണിഗ്വരന്റെ നേതൃത്വത്തിൽ വന്ന പേർഷ്യൻ കുടിയേറ്റസംഘത്തെപ്പറ്റി നാം ചിന്തിക്കേണ്ടത്. ഈ കുടിയേറ്റം എ.ഡി. 345-ലാണെന്ന് നമ്മുടെ സഭാചരിത്രങ്ങളിൽ പ്രസ്താവമുണ്ടെങ്കിലും ക്നായിത്തൊമ്മൻ ചെപ്പേടിലെ ഭാഷയുടെ അടിസ്ഥാനത്തിൽ അതിന്റെ കാലം 8-ാം നൂറ്റാണ്ടാണെന്ന് ഭാഷാപണ്ഡിതർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അത് കൂടുതൽ ശരിയാണെന്ന് തോന്നുന്നു. 6-ാം നൂറ്റാണ്ടിൽ പേർഷ്യൻ സഞ്ചാരിയായ കോസ്മസ് നൽകുന്ന സാക്ഷ്യം ശ്രദ്ധിക്കുക. മലബാർ, സിലോൺ, സൊക്കോട്രാ ദ്വീപ് എന്നിവിടങ്ങളിൽ ക്രിസ്തീയസഭയുണ്ട്. ... പേർഷ്യയിൽ നിന്ന് വന്ന് അവിടെ അധിവാസമുറപ്പിച്ചിരുന്ന ക്രിസ്ത്യാനികളും പേർഷ്യയിൽ നിന്ന് നിയമിതനായ ഒരു പട്ടക്കാരനും ശെമ്മാശനും ആരാധനാസംവിധാനങ്ങളും അവിടെ ലഭ്യമാണ്.

കോസ്മോസ് 6-ാം നൂറ്റാണ്ടിൽ സന്ദർശിച്ചത് തെക്കേ ഇന്ത്യയിലെ പൊന്നാനി തന്നെയാകാനാണ് സാധ്യത. അദ്ദേഹം 'മാലി' എന്ന് വിശേഷിപ്പിക്കുന്ന മലബാർ, പാലൂർ പ്രദേശം തന്നെ ആയിരിക്കണം. കുരുമുളക് കയറ്റുമതി ആയിരുന്നുവത്രേ പൊന്നാനിയിലെ വിദേശവാണിജ്യത്തിന്റെ പ്രധാന തുറമുഖ വ്യാപാരം. തന്മൂലം അക്കാലത്തും കേരളത്തിലെ ക്രൈസ്തവസഭയുടെ ആസ്ഥാനം പാലൂരിലെ ദൈവമാതാവിന്റെ പള്ളി ആയിരുന്നു എന്ന് വേണം കരുതുവാൻ. 'ഭൂവിൽ വിടർന്ന ദേവലോകം' എന്ന കൃതിയിലെ പരാമർശം ഇപ്രകാരമാണ്:

"ഓരോ പുതിയ കോളനിയിലും താവളമുറപ്പിക്കുന്നതിന്റെ ഭാഗമായി അവിടങ്ങളിലൊക്കെ പുതിയ ദേവാലയങ്ങൾ ഉയർന്നു. അറബിക്കടൽ തീരങ്ങളിലും പെരിയാർ തീരങ്ങളിലുമായി രൂപംകൊണ്ട ആദ്യ ദേവാലയങ്ങളിലേക്ക് തലപ്പള്ളിയായ പാലൂർ പള്ളിയിൽ നിന്ന് വൈദികർ അയക്കപ്പെട്ടുവന്നു. ചാവക്കാട്, മറ്റം, പറവൂർ, അങ്കമാലി, അകപ്പറമ്പ്, ഇടപ്പള്ളി, കൊടുങ്ങല്ലൂർ എന്നിവയായിരുന്നു ഇപ്രകാരം പാലൂരിലെ വൈദികർ സേവനം നടത്തിയ ആദ്യകാല ഇടവകകൾ. ചാവക്കാട് പള്ളിയിൽ ഇത് സംബന്ധിച്ച രേഖകൾ ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്"[17]

തലപ്പള്ളി എന്ന നിലയിൽ (തലപ്പള്ളി എന്ന് വാർഡ് ആൻഡ് കോണർ) പാലൂർ പള്ളിയിലെ പുരോഹിതന്മാരുടെ തലവൻ ആയിരുന്നു മറ്റ് ഇടവകകളിലേക്ക് വൈദികരെ യഥാവസരം അയക്കുവാനും അവരുടെ മേൽനോട്ടം വഹിക്കുവാനും ചുമതലപ്പെട്ട ആൾ. പാലൂർ പള്ളിയിലുണ്ടായിരുന്ന പുരോഹിതസംഘത്തിന്റെ തലവൻ പുതിയ വൈദി

കർക്ക് പട്ടംകൊടുക്കുകയും ഇടവകകളുടെ പൊതുമേൽനോട്ടം വഹിക്കുകയും സഭ പൊതുവായി നേരിടുന്ന പ്രശ്നങ്ങളിൽ പ്രാതിനിധ്യസ്വഭാവമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവന്നു. സഭയുടെ തലസ്ഥാനപദവി പാലൂർപള്ളി ആദ്യത്തെ ഏഴോ എട്ടോ നൂറ്റാണ്ടുകളിൽ അനുഭവിച്ചുപോന്നു എന്ന് സാരം. 1809-ൽ കണ്ടനാട് സുന്നഹദോസ് എട്ടാം മാർത്തോമ്മായുടെ രണ്ടു ഉപദേശകരെ നിയമിച്ചപ്പോൾ അതിലൊരാൾ പാലൂർ ഇടവകയിലെ അംഗം ആയിരുന്നു എന്നത് വിസ്മരിക്കാനാവുകയില്ല.

എന്നാൽ മുകളിൽ പ്രസ്താവിച്ചവിധം മതമർദ്ദനങ്ങൾ, യുദ്ധസാഹചര്യങ്ങൾ എന്നീ കാരണങ്ങളാൽ സഭയ്ക്ക് നിരവധി കോളനികളും അവിടങ്ങളിലൊക്കെ പുതിയ ദേവാലയങ്ങളും അവിടങ്ങളിലൊക്കെ വൈദികസ്ഥാനികളും ആവിർഭവിച്ചപ്പോൾ പാലൂരിന്റെ തലസ്ഥാന പ്രാധാന്യത്തിന് മങ്ങലേറ്റു തുടങ്ങി. വിദേശവ്യാപാരം കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് ആയതോടെ കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ വാണിജ്യപ്രാധാന്യം വർദ്ധിച്ചു. രാജധാനി കൊടുങ്ങല്ലൂരിനടുത്ത് ചേന്ദമംഗലത്ത് പ്രതിഷ്ഠിക്കുക വഴി തന്നെ കൊടുങ്ങല്ലൂരിന്റെ പ്രതാപകാലം ശക്തമായി. ഇതോടെ സഭയുടെ തലസ്ഥാനം കൊടുങ്ങല്ലൂരിന്റെ തുറമുഖപട്ടണം എന്ന നിലയിൽ അങ്കമാലിയിലേക്ക് മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. തലസ്ഥാനം പാലൂരിൽ ആയിരുന്നപ്പോൾ അലക്സാന്ത്രിയൻ സംസർഗ്ഗം സഭയെ ശക്തിപ്പെടുത്തിയതുപോലെ തലസ്ഥാനം അങ്കമാലിയിലായപ്പോൾ പേർഷ്യൻ സംസർഗ്ഗം സഭയെ ശക്തിപ്പെടുത്തി. പേർഷ്യയിലെ മെത്രാന്മാർ ചിലപ്പോഴൊക്കെ കേരളത്തിലെത്തുകയും പട്ടംകൊടകൾ നിർവഹിക്കുകയും ചെയ്തിരുന്നുവെങ്കിലും കേരളത്തിലെ പുരാതന പൗരോഹിത്യ സംവിധാനത്തെ അവർ നിഷേധിക്കുകയോ നിരോധിക്കുകയോ ചെയ്തിരുന്നില്ല. സഭയുടെ അംഗീകാരത്തോടെ നിലവിലിരുന്ന ആ സംവിധാനത്തിന് അവർ ചില പേർഷ്യൻ ശൈലികളുടെ ആവരണം അണിയിച്ചു. പുരോഹിത സംഘത്തിലെ കത്തനാരച്ചനെ - അവർ ഫ്രെദ് യൂത്താ എന്ന് സുറിയാനിയിൽ നാമകരണം ചെയ്തു. 'ശതാബ്ദി കൊണ്ടാടുന്ന കാതോലിക്കേറ്റിന്റെ കാലികപ്രാധാന്യം' എന്ന കൃതിയിൽ ഇക്കാര്യങ്ങൾ താഴെപ്പറയുംപ്രകാരം വിശദീകരിച്ചിട്ടുണ്ട്:

"തദ്ദേശീയരായ ഈ യജമാന - അച്ചൻ - സ്ഥാനികളെ പേറെദ് യൂത്താ എന്ന് വിളിച്ചിരുന്നു. ഈ പേർ ലഭിച്ചത് പേർഷ്യൻ ബന്ധത്തിൽ നിന്നാകാം. പേർഷ്യയിൽ രൂപംകൊണ്ട മപ്രിയാന സ്ഥാനവും മലങ്കര സഭയിൽ പ്രചാരത്തിൽ ഇരുന്ന 'പേറെദ്യൂത്താ' സ്ഥാനവും 'ഫ്രേ' എന്ന ക്രിയാധാതുവിൽ നിന്ന് ഉത്ഭവിക്കുന്നു. 'ഫ്രേ' എന്ന ക്രിയാധാതുവിന് വർദ്ധിപ്പിക്കുക, ഫലം നൽകുക എന്നീ അർത്ഥങ്ങളുണ്ട്. മഫ്രിയാനയും

പേറെദ്യൂത്തായും പട്ടംകൊടയിലൂടെ ഫലം നൽകി സഭയെ വർദ്ധിപ്പിക്കുന്നവർ ആണ്. സഭയുടെ അനുവാദമുണ്ടെങ്കിൽ പേറെദ്യൂത്തെന്മാർക്ക് ശെമ്മാശന്മാരെയും കശ്ശീശന്മാരെയും പട്ടംകെട്ടാമെന്ന് വിശദീകരിക്കുന്ന പുരാതന കാനോനുകൾ ലഭ്യമാണ്. ഇപ്രകാരം പേറെദ്യൂത്താ സ്ഥാനികൾ മലങ്കരസഭയിൽ ഉണ്ടായിരുന്നതായി മലങ്കരസഭാചരിത്രകാരന്മാർ ആരും മനസ്സിലാക്കിയിട്ടില്ല. ഇത് സംബന്ധമായി രണ്ട് സുറിയാനി രേഖകൾ ഇതെഴുതുന്ന ആളിന്റെ ശേഖരത്തിൽ ഫോട്ടോകോപ്പിയായി സൂക്ഷിച്ചിട്ടുണ്ട് (രണ്ടിന്റെയും ഫോട്ടോ ഇതെഴുതുന്ന ആൾ പ്രസിദ്ധീകരിച്ച രണ്ട് സഭാചരിത്രങ്ങളിൽ അനുബന്ധമായി കൊടുത്തിട്ടുണ്ട്. നമ്മുടെ സഭാചരിത്ര ഗവേഷകരിൽ സുറിയാനി വായിച്ച് ഗ്രഹിക്കാവുന്നവർ ആരും ഇല്ലാത്തതിനാലാവാം ആ രേഖകൾ ആരും ശ്രദ്ധിച്ചതായി തോന്നുന്നില്ല. മലങ്കര സുറിയാനിസഭയുടെ ചരിത്രഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സുറിയാനി ഭാഷാ ജ്ഞാനം അപരിത്യാജ്യമാണ് എന്ന തിരിച്ചറിവ് നമ്മുടെ സഭാചരിത്രശാഖയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.).

1. രക്തം രക്തത്തെ തിരിച്ചറിയുന്നു, മനോരമ 2011 സെപ്തം. 11 ഞായർ, p. ix.
2. *ബുക്കാനന്റെ കേരളം*, വിവ. ഡോ. സി. കെ. കരീം.
3. പി. സി. കുഞ്ഞാത്തു, *ആർത്താറ്റ്പള്ളി ചരിത്രം,* മുഖവുര.
4. എ.ഡി. നാലാം നൂറ്റാണ്ട്. യൂസേബിയോസ് (260 – 340).
5. *ആർത്താറ്റ് പള്ളിപ്പാട്ട്.*
6. പുരോഹിതൻ ത്രൈമാസികം, 1983 ജൂൺ.
7. ഫാ. ഡോ. ജോസഫ് ചീരൻ, പുറം 76–84.
8. *സഭ വളരുന്നു*, പുറം 143.
9. 1887, പുറം 358 – 359.
10. *സഭ വളരുന്നു*, പുറം 18.
11. *ഒരു വിദേശ യാത്രയും കുറെ ചിതറിയ ചിന്തകളും.*
12. പി. ടി. ഗീവറുഗീസ് ശെമ്മാശ്ശൻ, *സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയർ ആയിരുന്നോ?* പുറം 32.
13. പുറം 85.
14. *സംഘകാല മതവിശ്വാസങ്ങളിലൂടെ.*
15. തൃപ്പൂണിത്തുറ സംസ്കൃത കോളജ് ഗ്രന്ഥശാലയിൽ ബുദ്ധചരിതം എന്ന ശീർഷകത്തിൽ ക്രിസ്തുചരിതങ്ങൾ കാണുവാനായി എന്ന് എൻ. കെ. ജോസ് സാക്ഷ്യപ്പെടുത്തുന്നു.
16. സിയർട്ടിന്റെ നാളാഗമ പുസ്തകം, *സഭ വളരുന്നു*, പു. 26.
17. പുറം 28.

അദ്ധ്യായം 3

അർക്കദിയാക്കോനും പേറെദ്‌യൂത്തെന്മാരും

'കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം' എന്ന കൃതിയിൽ 'മലങ്കര സഭയും പൗരോഹിത്യക്രമങ്ങളും' എന്ന പ്രബന്ധത്തിൽ നിന്നു ചില വിവരങ്ങൾ കൂടെ തുടർന്നും ഉദ്ധരിച്ചുകൊള്ളട്ടെ.[1]

"അങ്കമാലി, കണ്ടനാട്, മുളന്തുരുത്തി എന്നീ ഇടവകകൾക്ക് അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് എഴുതിയ സുദീർഘമായ ഒരു കല്പനയാണ് 'പേറെദ്‌യൂത്താ'യുടെ സാന്നിദ്ധ്യത്തെ സാക്ഷിക്കുന്ന ഒരു രേഖ. ഈ കല്പന ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാരുടെ പക്കൽ സൂക്ഷിച്ചു വന്നത് ഇ. എം. ഫീലിപ്പോസ് തന്റെ സഭാചരിത്രത്തിൽ ദീർഘമായി ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത കല്പനയുടെ മറ്റൊരു കോപ്പി തൊഴിയൂർ ഗ്രന്ഥപ്പുരയിൽ നിന്ന് ഈ ഗ്രന്ഥകാരൻ ശേഖരിച്ചിട്ടുണ്ട്. അബ്ദുൽ ജലീൽ ഗ്രീഗോറിയോസിന്റെ സ്വകാര്യ ഗ്രന്ഥത്തിലാണ് ഈ കല്പന രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഈ ലേഖകൻ നിരീക്ഷിച്ചിട്ടുണ്ട്. ഈ പൊതു കല്പനയിൽ ശെമ്മാശ്ശന്മാരുടെയും കശ്ശീശന്മാരുടെയും തലവനായി മൂന്ന് പള്ളികളിലും 'പേറെദ്‌യൂത്താ'മാരെ സംബോധന ചെയ്തിരിക്കുന്നു. പൗരസ്ത്യ സുറിയാനിയിൽ എഴുതിയ ഈ കല്പന അങ്കമാലി, കണ്ടനാട്, മുളന്തുരുത്തി മുതലായ പള്ളികളെ ഉദ്ദേശിച്ചാണെങ്കിലും അവിടങ്ങളിൽ പേറെദ്‌യൂത്താ സ്ഥാനികൾ ഉണ്ടെങ്കിൽ അതിന്റെ അർത്ഥം എല്ലാ പ്രധാന ഇടവകകളിലും 'പേറെദ്‌യൂത്തെ'മാർ ഉണ്ടായിരുന്നു എന്നാണ്. ഓരോ പ്രാദേശിക ഇടവകയിലും വൈദികർക്ക് സ്ഥാനം കൊടുക്കുവാൻ സഭ അധികാരപ്പെടുത്തിയ മേലധ്യക്ഷസ്ഥാനമായിരുന്നു ഈ പേറെദ്‌യൂത്തായുടേത് എന്നത് ഈ രേഖ നിസ്സംശയം സാക്ഷിക്കുന്നു. ഒന്നാം നൂറ്റാണ്ടു മുതൽ മലങ്കരയിൽ നിലനിന്നുപോന്ന കത്തനാരച്ചൻ സ്ഥാനം പിന്നീട് പേർഷ്യൻ ബന്ധത്തിൽ പേറെദ്‌യൂത്താ എന്ന സ്ഥാനം അണിയുകയായിരുന്നു. പേർഷ്യൻ സഭയിലും പേറെദ്‌യൂത്തന്മാർ ഉണ്ടായിരുന്നു. എന്നാൽ അവിടെ എപ്പിസ്ക്കോപ്പന്മാർ ഉണ്ടായതോടെ പേറെദ്‌യൂത്തന്മാർ പട്ടംകൊടുക്കേണ്ടതില്ലെന്ന് ആ സഭ നിശ്ചയിച്ചു. അന്ത്യോഖ്യൻസഭയിലും പേറെദ്‌യൂത്തന്മാർ ഉണ്ടായിരുന്നതായി 'ഹൂദായ കാനോൻ' സാക്ഷിക്കുന്നു. എന്നാൽ അവിടെയും എപ്പിസ്ക്കോപ്പന്മാർ ഉണ്ടായപ്പോൾ പട്ടംകൊടയുടെ ചുമതല എപ്പിസ്ക്കോപ്പന്മാരിലേക്ക് ധ്രുവീകരിക്കപ്പെട്ടു. അപ്പോഴും 'ചെറിയ പട്ടങ്ങൾ' നൽകുവാൻ പേറെദ്‌യൂത്തന്മാരെ അനുവദിച്ചിരുന്നു. പില്ക്കാലത്ത് പേറെദ്‌യൂത്താ സ്ഥാനം 'കോറെ

പ്പിസ്ക്കോപ്പാ' എന്ന പേരിൽ പേർഷ്യൻ - അന്ത്യോഖ്യൻ സഭകളിൽ സംക്രമിച്ചു. എ.ഡി. 314-ൽ കൂടിയ അൻസീറാ സുന്നഹദോസിൽ (ഗലാത്യയുടെ തലസ്ഥാനം) പേറെദ്യൂത്താ സ്ഥാനികൾക്ക്, കശ്ശീശന്മാരെയും ശെമ്മാശന്മാരെയും പട്ടംകെട്ടുവാൻ അധികാരമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സഭയുടെ അംഗീകാരത്തോടെ ഇത് ചെയ്യാവുന്നതാണ് എന്ന് കാനോനിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു (13-ാം കാനോൻ, ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, 1983, പുറം 365). അലക്സന്ത്ര്യൻ ശൈലിയിൽ കേരളത്തിൽ നിലവിലുണ്ടായിരുന്ന 'പട്ടംകൊട' സംവിധാനത്തെ പേർഷ്യൻ ബന്ധം സുദൃഢമായപ്പോൾ പേർഷ്യൻസഭയിൽ സ്വീകൃതമായ 'പേറെദ്യൂത്താ' എന്ന പേർ നൽകി പേർഷ്യൻ ക്രമീകരണമായി അംഗീകരിച്ചതാകാം.

പേറെദ്യൂത്താ എന്ന് പരാമർശമുള്ള മറ്റൊരു രേഖ ഒന്നാം മാർത്തോമ്മാ ആയിത്തീർന്ന തോമ്മാ അർക്കദിയാക്കോൻ 1647-ൽ വത്തിക്കാനിലേക്കെഴുതിയ കത്താണ്. കൽദായ സുറിയാനി ലിപിയിൽ മാർപാപ്പായെ അഭിസംബോധന ചെയ്ത് എഴുതിയ ഈ കത്ത് വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ നിന്ന് ഫോട്ടോ എടുത്ത് കോട്ടയം പഴയസെമിനാരി ആർക്കൈവ്സിലേക്ക് ജർമ്മനിയിലുണ്ടായിരുന്ന ബഹു. കോര വർഗീസ് അച്ചൻ നൽകിയിട്ടുള്ളതിന്റെ ഫോട്ടോകോപ്പി ഈ ഗ്രന്ഥകാരൻ കൈവശം വച്ചിട്ടുണ്ട്. മാർപാപ്പായെ അഭിവാദ്യം ചെയ്യുന്ന ആമുഖവാക്യത്തിൽ 'മലങ്കരയിലെ പേറെദ്യൂത്താ സ്ഥാനികളും കശ്ശീശന്മാരും ശെമ്മാശന്മാരും ജനപ്രമാണികളും' എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്.

പേർഷ്യൻ ബന്ധത്തിൽ നിന്ന് ലഭിച്ച പേറെദ്യൂത്താ എന്ന സ്ഥാനികനാമവും പേറി ഒന്നാം നൂറ്റാണ്ടു മുതൽ മലങ്കരസഭയിൽ മാർതോമ്മാ ശ്ലീഹാ ആരംഭിച്ച പൗരോഹിത്യ ക്രമീകരണം 17-ാം നൂറ്റാണ്ടിൽ പോലും അഭംഗം നിലനിന്നു എന്നാണ് ഈ രണ്ട് വിലപ്പെട്ട രേഖകളും സാക്ഷ്യപ്പെടുത്തുന്നത്.

എ.ഡി. 5-ാം നൂറ്റാണ്ടു മുതൽ 17-ാം നൂറ്റാണ്ടു വരെ മലങ്കരസഭയിൽ പേർഷ്യൻ സഭയിൽ നിന്ന് പല മേല്പ്പട്ടക്കാരും വന്നിട്ടുണ്ട്. അവരിൽ ചിലർ സെലൂഷ്യൻ കാതോലിക്കായുടേയും വേറെ ചിലർ തെഗ്രീസിലെ മഫ്രിയാനയുടേയും നിർദ്ദേശവും നിയോഗവും അനുസരിച്ച് വന്നവരാണ്. പന്ത്രണ്ട് നൂറ്റാണ്ടുകൾക്കിടയിൽ അപ്രകാരം വന്ന മേല്പ്പട്ടക്കാർ ഒരു ഡസനിൽ അധികം കാണുകയില്ല. വന്നവർ തന്നെ ഇവിടെ സന്ദർശകർ മാത്രമായിരുന്നു. അവരിൽ ഭൂരിഭാഗവും തിരിച്ചുപോയതിനാലാകാം അവരുടെ കബറിടങ്ങൾ ഒന്നും മലങ്കരസഭയിൽ അവശേഷിക്കുന്നില്ല (മാർ അബ്രഹാമിന്റെ വ്യത്യസ്തത സ്മരിക്കുന്നു). ഇതു കാണിക്കുന്നത് പേർഷ്യൻ മെത്രാന്മാർ വന്നപ്പോഴും വരാതിരുന്നപ്പോഴും ഇവിടെ സഭാ

പ്രവർത്തനങ്ങൾക്ക് യാതൊരു കുറവും സംഭവിച്ചില്ല എന്ന് തന്നെയാണ്. പേറെദ്യൂത്തന്മാരിലൂടെ നിലനിന്നുപോന്ന പട്ടംകൊട സമ്പ്രദായം പൗരസ്ത്യ സഭകളിലെ പൂർവ്വിക സംവിധാനമായിരുന്നു എന്ന തിരിച്ചറിവു മൂലമാകാം അവർ അതിനെ നിരോധിക്കാതിരുന്നത്. പേർഷ്യൻ മെത്രാന്മാർ ഇവിടെ സന്നിഹിതരായിരിക്കുമ്പോൾ അവരും പട്ടംകൊടകൾ നടത്തിയിരുന്നു. പട്ടംകൊടയും മറ്റും നടത്തുവാൻ മെത്രാൻ സ്ഥാനി അനിവാര്യനാണെന്ന പാശ്ചാത്യചിന്ത, പൗരസ്ത്യ സഭകളിൽ നിഖ്യാ സുന്നഹദോസിനു ശേഷവും വേരുറച്ചു കഴിഞ്ഞിരുന്നില്ല. കത്തനാരച്ചൻ എന്ന് ആദ്യകാലത്തും പേറെദ്യൂത്താ എന്ന് പില്ക്കാലത്തും വിളിക്കപ്പെട്ടിരുന്ന സ്ഥാനിയെ കാണുവാനോ, ആദരിക്കുവാനോ, അംഗീകരിക്കുവാനോ പലരും മടിക്കുന്നത് എപ്പിസ്ക്കോപ്പൽ നടപ്പിന് തന്മൂലം ഇടിവു തട്ടുമോ എന്ന ഭയം കൊണ്ടാണ്. ചില ചരിത്രകാരന്മാർ ഈ സ്ഥാനിയെക്കുറിച്ച് സഞ്ചാര വൈദികർ എന്ന് അർത്ഥം കൊടുക്കുവാൻ വിഫല ശ്രമം നടത്തിയിട്ടുണ്ട്. അനന്യാശ്രിതമായി മലങ്കരസഭയുടെ വ്യക്തിത്വവും ശ്ലൈഹികതയും നിലനിർത്തുവാൻ പതിനേഴാം നൂറ്റാണ്ടുവരെയും സഫലമായി ഉദ്യമിച്ച പേറെദ്യൂത്താ സ്ഥാനികളെ അംഗീകരിക്കാതെ ആദിമ നൂറ്റാണ്ടുകളിലെ മലങ്കരസഭയുടെ തനിമയെ വിശദീകരിക്കുവാനാവുകയില്ല. ഈ സ്ഥാനിയെക്കുറിച്ചുള്ള അറിവ് വേണ്ടത്ര ഇല്ലാതിരുന്നതിനാലാണ് പ്രായം കൂടിയ ആളുകൾ വീടുകളിൽ കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കിയിരുന്നുവെന്നും പ്രായം ചെന്നവർ അപ്പം മുറിച്ച് വീടുകളിൽ തിരുവത്താഴ ശുശ്രൂഷ നടത്തിയിരുന്നുവെന്നും മറ്റും ചില ചരിത്രകാരന്മാർ നിരാധാരമായി അഭിപ്രായപ്പെട്ടിട്ടുള്ളത്. അവരുടെ അഭിപ്രായം വി. മാർത്തോമ്മാശ്ലീഹാ പട്ടം നൽകിയ പട്ടക്കാർക്ക് ശേഷം മലങ്കരസഭയിൽ പൗരോഹിത്യം അന്യംനിന്ന് പോയെന്നും പിന്നീട് വിദേശത്തു നിന്ന് മടങ്ങിവരുന്ന മെത്രാന്മാരുടെ ഔദാര്യം കൊണ്ട് പൗരോഹിത്യം പുനഃസ്ഥാപിക്കപ്പെട്ടു എന്നും ഒരിക്കലും അവിച്ഛിന്നമായി ഒരു പൗരോഹിത്യ സംവിധാനം മലങ്കരയിൽ ഉണ്ടായിട്ടില്ലെന്നുമാണ്. മാർത്തോമ്മാശ്ലീഹാ ഇവിടെ ഏർപ്പെടുത്തിയത് പിൻഗാമികൾക്ക് ആചാര്യത്വ നൽവരം പകരുവാൻ അധികാരമുള്ള സ്ഥാനികളെ ആണെന്ന് തിരിച്ചറിയുവാൻ അവർക്ക് കഴിയാതെ പോയി. മാർതോമ്മാശ്ലീഹാ പട്ടം കൊടുത്ത പുരോഹിതർ മറ്റ് പുരോഹിതന്മാർക്ക് പട്ടം കൊടുക്കുവാൻ നൽവരമുള്ള പൗരോഹിത്യസ്ഥാനികൾ ആയിരുന്നു എന്ന് 'പുരോഹിതൻ' മാസികയിൽ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് എഴുതിയ നിരീക്ഷണം[2] നാം അംഗീകരിച്ചേ മതിയാവൂ. മലങ്കരസഭയിൽ മാർതോമ്മാ ശ്ലീഹായുടെ കാലം മുതൽ അവിച്ഛിന്നമായി പൗരോഹിത്യം നിലനിന്നിരുന്നു എന്നും ഇതര ദേശീയ സഭകളിൽ എപ്പിസ്ക്കോപ്പാ, മെത്രാപ്പോലീത്താ തുടങ്ങിയ പേരുകളിൽ കാലോചിതമായി വികാസ പരിണാമങ്ങൾ നേടിയ കഹനൂസാ സ്ഥാനം

മലങ്കരസഭയിൽ കത്തനാരച്ചൻ എന്നും പേറെദ് യൂത്താ എന്നുമുള്ള നാമങ്ങളിൽ സമാന്തരമായ വികാസ പരിണാമങ്ങൾ പ്രാപിക്കുകയായിരുന്നു എന്നും ഉള്ളത് അവിതർക്കിതമായ വസ്തുതയാണ്.[3] പാശ്ചാത്യ എപ്പിസ്ക്കോപ്പാ അതിന്റെ ആകർഷകമായ നിറപ്പകിട്ടോടെ മലങ്കരസഭയിൽ പ്രത്യക്ഷപ്പെട്ടത് പോർച്ചുഗീസ് ഉദ്യോഗസ്ഥൻ കൂടെയായ ആർച്ച് ബിഷപ്പ് മെനേസിസ് ആഗമിച്ചതോടെയാണ്. അവർ ഇവിടെ കണ്ട പേറെദ്‌യൂത്താമാരിലൂടെയുള്ള പൗരോഹിത്യ സംക്രമണം തികച്ചും അസാധു എന്ന് അവർ വിധിച്ചു. അതിവിടെ ഭരണം നടത്തിയിരുന്ന പോർച്ചുഗീസുകാരുടെ രാഷ്ട്രീയശക്തിയുടെ പശ്ചാത്തലത്തിൽ അവരുടെ ആകർഷകമായ പ്രചാരണങ്ങൾ വിജയിച്ചത് സ്വാഭാവികം മാത്രം. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ വിജയത്തെ നിർണ്ണയിച്ചത് ഈ പശ്ചാത്തല സാഹചര്യമാണ്. എന്നിട്ടും 1653-ൽ സ്വന്തമായി ഒരു മെത്രാനെ വാഴിച്ച് എപ്പിസ്ക്കോപ്പൽ സംവിധാനം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചപ്പോൾ പന്ത്രണ്ട് പേറെദ്‌യൂത്തെന്മാർ ചേർന്ന് കൈവെച്ച് അർക്കദിയാക്കോൻ തോമ്മായെ മാർതോമ്മാ മെത്രാൻ എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിക്കുവാൻ തീരുമാനിച്ചത് മലങ്കരസഭയുടെ നാളിതുവരെയുള്ള കീഴ്‌വഴക്കം നൽകിയ സുദൃഢമായ ബോധ്യത്തിന്റെയും അതേ അടിസ്ഥാനത്തിൽ മാർ അഹത്തുള്ളായുടെ കല്പനയിലെ നിർദ്ദേശത്തിന്റെയും പശ്ചാത്തലത്തിലാണെന്ന് അംഗീകരിച്ചേ മതിയാവൂ (റോമ്മൻ സഭയുടെ അതിശക്തമായ പ്രചാരവേലയിൽ ആ നടപടി വേണ്ടത്ര വിജയിച്ചില്ല എന്നത് നിർഭാഗ്യകരമായ മറ്റൊരു സത്യം).

പേറെദ്‌യൂത്താ സംവിധാനത്തിൽ മലങ്കരസഭ നൂറ്റാണ്ടുകളോളം എപ്പിസ്ക്കോപ്പൽ സംവിധാനത്തെ ആശ്രയിക്കാതെ നിലനിന്നു എന്ന വസ്തുത അംഗീകരിക്കുവാൻ ചിലർ വൈമനസ്യം കാട്ടുന്നത് ഇന്നത്തെ സഭാശൈലികളുടെ അടിസ്ഥാനത്തിലാണ്. എപ്പിസ്ക്കോപ്പാ ഇല്ലെങ്കിൽ മാമ്മോദീസായ്ക്കും രോഗീലേപനത്തിനും ആവശ്യമായ തൈലം എവിടെനിന്ന് കിട്ടും? വി. കുർബ്ബാനയ്ക്ക് അനിവാര്യമെന്ന് ഇന്ന് അംഗീകരിച്ച 'തബിലൈത്ത' എങ്ങനെ ലഭ്യമാവും എന്നൊക്കെ ശുദ്ധാത്മാക്കളായ നിരീക്ഷകർ സംശയിക്കുന്നതിൽ അവരെ കുറ്റം പറയാനാവില്ല. ആദിമസഭയിൽ മാമ്മോദീസായിലെ പരിശുദ്ധാത്മാവാസത്തിനും സ്ഥിരീകരണത്തിനും 'കൈവെപ്പ്' എന്ന മാധ്യമമാണ് ഉപയോഗിച്ചിരുന്നത്. ഇന്നും പരിശുദ്ധാത്മാവരോഹം വെള്ളത്തിന്മേൽ സംഭവിക്കുന്നത് തൈലം ഒഴിക്കുമ്പോഴല്ല പുരോഹിതൻ കൈ ആവസിപ്പിച്ച് 'കൈവെപ്പ്' നടത്തുമ്പോഴാണെന്ന് നമ്മുടെ മാമ്മോദീസായുടെ ശുശ്രൂഷാക്രമം ശെമ്മാശന്റെ പ്രഖ്യാപനം മൂലം വ്യക്തമാക്കുന്നുണ്ട്. പില്ക്കാലത്ത് രൂപപ്പെട്ട തൈലങ്ങളുടെ ശുശ്രൂഷകൾക്ക് ഇന്നത്തെ സെറിമോണിയൽ സ്വഭാ

വമൊന്നും ആദ്യകാലത്ത് ഉണ്ടായിരുന്നില്ല. ഇപ്പോഴും കത്തോലിക്കാസഭയിൽ മൂറോൻ കൂദാശ ചെയ്യുവാൻ വലിയ സന്നാഹങ്ങൾ ഒന്നുമില്ല. പൗരസ്ത്യ സഭയിലെന്നപോലെ സുഗന്ധക്കൂട്ടുകളോ ആഘോഷപൂർവ്വമായ ചടങ്ങുകളോ തൈലം കൂദാശയിൽ ഇന്നും അനുവർത്തിക്കപ്പെടുന്നില്ല. മേല്പ്പട്ടക്കാരനോ ആവശ്യമെങ്കിൽ പട്ടക്കാരനോ ഒലിവെണ്ണമേൽ ഒരു പ്രാർത്ഥന നടത്തി റൂശ്മാ ചെയ്താൽ അത് അഭിഷേകതൈലമായി. കൽദായ സഭയിൽ ഇന്നും മൂറോൻ തൈലത്തിന്റെ ഉപയോഗം അജ്ഞാതമാണ്. തന്മൂലം പേറെദ്യൂത്തെന്മാർക്ക് തൈലം എങ്ങനെ ലഭ്യമാകും എന്ന് സംശയിക്കുന്നത് അപ്രസക്തവും അസംഗതവുമാണ്.

തബിലൈത്തായുടെ കാര്യവും വ്യത്യസ്തമല്ല. വി. കുർബ്ബാനയിൽ തബിലൈത്തായിലൂടെ മേല്പ്പട്ടക്കാരന്റെ പങ്കാളിത്തം ചെലുത്തിയത് നൂറ്റാണ്ടുകളിലൂടെ സംഭവിച്ച പരിണാമങ്ങളുടെ ഫലമായിട്ടാണ്. പള്ളിക്കൂദാശയുടേയും തബിലൈത്താ കൂദാശയുടേയും ശുശ്രൂഷാക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ ഈ കാര്യം ബോധ്യമാവും. ആദ്യ നൂറ്റാണ്ടുകളിലെ ക്രൈസ്തവസഭയുടെ ആരാധനകളും ശുശ്രൂഷകളും അതീവ ലളിതമായിരുന്നുവെന്ന് തിരിച്ചറിഞ്ഞാൽ തൈലങ്ങളെപ്പറ്റിയും മറ്റുമുള്ള സംശയങ്ങൾ അസ്ഥാനത്താണെന്ന് ബോധ്യമാകും.

കത്തനാരച്ചന് പേർഷ്യൻ സംസർഗ്ഗത്തിൽ പേറെദ്യൂത്താ എന്ന സ്ഥാനനാമം ലഭിച്ചതുപോലെ 'ജാതിക്കുകർത്തവ്യൻ' എന്ന സ്ഥാനത്തിന് 'അർക്കദിയാക്കോൻ' എന്ന സ്ഥാനനാമവും ലഭിച്ചു. 'അർക്കദിയാക്കോൻ' പാശ്ചാത്യസഭയുടെ ക്രമീകരണത്തിൽ ശെമ്മാശന്മാരുടെ തലവനാണ്. ആ പദത്തിന്റെ അർത്ഥവും അതാണ്. മെത്രാന്മാരുടെ കൂടെ സഞ്ചരിക്കുന്ന സെക്രട്ടറി ശെമ്മാശന്മാരെ അർക്കദിയാക്കോൻ എന്ന പേരിൽ ഹൂദായ കാനോൻ പരാമർശിച്ചിട്ടുണ്ട്. 'അർക്കദിയാക്കോൻ' സ്ഥാനം നൽകുവാനുള്ള ഒരു ശുശ്രൂഷാക്രമം പട്ടംകൊട പുസ്തകത്തിൽ കാണുന്നുണ്ട്. പരസ്യാരാധനയിൽ മെത്രാപ്പോലീത്തന്മാർ സന്നിഹിതരാകുന്ന സന്ദർഭങ്ങളിൽ ശെമ്മാശൻ വഹിക്കുന്ന അംശവടി നാം ഇന്ന് തെറ്റിദ്ധരിച്ചിരിക്കുംവിധം മെത്രാന്മാരുടെ അംശവടിയല്ല. അർക്കദിയാക്കോന്റെ അംശവടിയാണ്. പട്ടംകൊടക്രമത്തിൽ മേല്പ്പട്ടക്കാരന്റെയും അർക്കദിയാക്കോന്റേയും അംശവടികളെ മൂലഭാഷയിൽ 'മൂറോനീസോ' എന്ന പദം കൊണ്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ധ്യക്ഷസ്ഥാനത്തിന്റെ പ്രതീകമായതിനാൽ ശെമ്മാശന്മാരുടെ തലവനും അദ്ധ്യക്ഷനുമായ അർക്കദിയാക്കോന് 'അംശവടി' പട്ടംകൊടയിൽ നൽകുന്നത് ഉചിതം തന്നെ. ആരാധനകളിൽ അർക്കദിയാക്കോൻ പല ഘട്ടങ്ങളിലും സ്വന്തം അംശവടി ഉപയോഗിക്കുന്നു. അർക്കദിയാക്കോന് അംശവടി നൽകുന്ന ചടങ്ങുള്ളതിനാൽ 'അർക്കദിയാക്കോനെ' പട്ടംകൊടുത്ത് നിയമിക്കുന്ന സമ്പ്ര

ദായം സഭയിൽ അസ്തമിച്ചു പോയിരിക്കുന്നു. അർക്കദിയാക്കോൻ അംശവടി ധരിക്കുന്ന സ്ഥാനങ്ങളിൽ മെത്രാന്റെ അംശവടി ധരിക്കുന്ന പതിവ് നിലവിൽ വരികയും ചെയ്തു.

മലങ്കരസഭയിൽ ജാതിക്കുകർത്തവ്യൻ എന്ന പദവി വഹിച്ചിരുന്നത് പുരോഹിതന്മാരിൽ ഒരാൾ ആയിരുന്നു. സമുദായത്തിന്റെ പൊതു പ്രതി നിധിയായി രാജസന്നിധിയിലും മറ്റും വർത്തിക്കാൻ ഈ സ്ഥാനി അനി വാര്യനായിരുന്നു. ഇന്ത്യാക്കാരൻ ജോസഫ് (1490–1507) 1501–ൽ ലിസ്ബ ണിൽ താമസിച്ചിരുന്ന കാലത്ത് ഇന്ത്യൻ സഭയെക്കുറിച്ച് നൽകിയ ചില വിവരങ്ങൾ വെനീഷ്യൻ ഭാഷയിൽ എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിൽ ചേർ ത്തതായി കാണുന്നുണ്ട്. "മേൽപറഞ്ഞ ക്രിസ്ത്യാനികൾക്ക് ആത്മീയ മേലദ്ധ്യക്ഷനായി ഒരു മഹാചാര്യനും പന്ത്രണ്ട് മുഖ്യാചാര്യന്മാരും ഉണ്ട്" എന്നാണ് ആ വിവരണത്തിൽ കാണുന്നത്. ആത്മീയ മേലദ്ധ്യക്ഷനായ മഹാചാര്യൻ സഭയുടെ പൊതുമേൽനോട്ടം വഹിക്കും. അർക്കദിയാ ക്കോനും പന്ത്രണ്ട് മുഖ്യാചാര്യന്മാർ പേറെദ്യൂത്തെന്മാരും ആണെന്ന് ന്യായമായും അഭ്യൂഹിക്കാം. പാശ്ചാത്യരായ ശ്രോതാക്കൾക്ക് അവരുടെ ഭാഷയിൽ മലങ്കരസഭയിലെ പൗരോഹിത്യപരമായ ഭരണസംവിധാനത്തെ പ്പറ്റി വിവരിച്ചപ്പോൾ അർക്കദിയാക്കോൻ 'പാപ്പാ'യും പേറെദ്യൂത്തെന്മാർ കർദ്ദിനാൾമാരും ആയി. പേറെദ്യൂത്തന്മാരെപ്പറ്റി വ്യക്തമായ വിവരങ്ങൾ അറിയാത്ത ചരിത്രകാരന്മാർ ജോസഫിന്റെ വിവരണത്തെ അത്യുക്തി യായി വ്യാഖ്യാനിച്ചതിൽ അതിശയിപ്പാനില്ല. സ്വയംപര്യാപ്തത അനു ഭവിച്ചിരുന്ന ഒരു ദേശീയസഭയെ പാശ്ചാത്യർക്ക് സുപരിചിതമായ സഭാ സ്ഥാനങ്ങളുടെ പേർ നൽകി അദ്ദേഹം പരിചയപ്പെടുത്തുകയായിരുന്നു. അന്ത്യോഖ്യൻസഭയിലെ അർക്കദിയാക്കോന്മാർ, ശെമ്മാശന്മാർ മാത്ര മായിരിക്കേ മലങ്കരസഭയിലെ അർക്കദിയാക്കോൻ കൽദായസഭയിലേ പ്പോലെ പൂർണ്ണ കാശീശോ ആയിരുന്നു. നേരത്തെ വത്തിക്കാനിലേക്ക യച്ച തോമ്മാ അർക്കദിയാക്കോന്റെ പൗരസ്ത്യ സുറിയാനി ഭാഷയിൽ എഴുതപ്പെട്ട കത്തിൽ അദ്ദേഹം തന്റെ ഔദ്യോഗികനാമം രണ്ടു വരിക ളിലായി എഴുതി മുദ്ര വച്ചിട്ടുള്ളത് ഇപ്രകാരം വായിക്കാം: 'അർക്കദിയാ ക്കോൻ തോമ്മാ (ആദ്യ വരി) കാശീശോ ദ് ക്രിസ്തു (രണ്ടാം വരി). ഒരർത്ഥത്തിൽ പറഞ്ഞാൽ പേറെദ്യൂത്തേന്മാരേക്കാൾ വലിയ പദവിയും അധികാരങ്ങളും ബഹുമാനവും ആണ് അർക്കദിയാക്കോന് ലഭിച്ചിരു ന്നത്. നമ്മുടെ ഇന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ ആദ്യരൂപ മായി അർക്കദിയാക്കോനെ മനസ്സിലാക്കുന്നതിൽ തെറ്റില്ല. പേറെദ് യൂത്തെ ന്മാരുടെ സംഘം തെരഞ്ഞെടുപ്പിലൂടെ അർക്കദിയാക്കോനെ നിശ്ചയി ക്കുകയായിരുന്നു. ചരിത്രത്തിൽ നമുക്ക് കൃത്യമായി വിവരങ്ങൾ അറിയുന്ന രണ്ട് അർക്കദിയാക്കോന്മാരേ ഉള്ളൂ. ആദ്യത്തെ ആൾ ഗീവ

റുഗീസ് അർക്കദിയാക്കോൻ; അപരൻ തോമസ് അർക്കദിയാക്കോൻ. രണ്ടു പേരും പകലോമറ്റം മേൽവിലാസം ഉള്ളവർ ആയിരുന്നു. അതോടെ നാലാം നൂറ്റാണ്ടുമുതൽ മലങ്കരയിൽ ഉണ്ടായിട്ടുള്ള എല്ലാ അർക്കദിയാക്കോന്മാരും പകലോമറ്റം കുടുംബക്കാർ ആയിരുന്നു എന്ന് വിവരിക്കപ്പെട്ടു. ആ വിവരണത്തിന് ചരിത്രപരമായ അംഗീകാരം ഒന്നും ഇല്ല. കുറവിലങ്ങാട്ടുകാരാണ് ചരിത്രത്തിലെ എല്ലാ അർക്കദിയാക്കോന്മാരും എന്ന നിരീക്ഷണത്തിനും ചരിത്രപരമായ അടിസ്ഥാനമില്ല. പകലോമറ്റം എന്ന പദപ്രയോഗം പോലും കുടുംബവാചിയായിരുന്നില്ല, സ്ഥലവാചിയായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അർക്കദിയാക്കോൻ എന്ന സ്ഥാനിയെപ്പറ്റി മലങ്കരസഭാവിജ്ഞാനകോശം നൽകുന്ന വിവരണം ഇപ്രകാരമാണ്: "മലങ്കര നസ്രാണികളുടെ അനിഷേധ്യ നേതാവ്. ആർച്ച് ഡീക്കൺ എന്ന ഇംഗ്ലീഷ് വാക്കിന്റെ സുറിയാനിരൂപമാണ്. ശെമ്മാശന്മാരിൽ പ്രധാനി എന്ന് അർത്ഥം വരുന്ന അർക്കദിയാക്കോൻ മലങ്കരസഭയിൽ ഭരണപരമായ ഒരു പ്രധാന സ്ഥാനമായിത്തീർന്നു. കശ്ശീശന്മാർ തന്നെ ആർച്ച്ഡീക്കന്മാരായി നിയമിക്കപ്പെട്ടു. മധ്യകാലത്ത് സ്വദേശീയരായ മെത്രാന്മാർ കേരളത്തിൽ ഉണ്ടായിരുന്നില്ല. എ.ഡി. 1665-ന് മുമ്പുള്ള കാലഘട്ടത്തിൽ മലങ്കരസഭയെ ഭരിച്ചിരുന്നത് അർക്കദിയാക്കോൻ എന്ന വൈദികസ്ഥാനിയായിരുന്നു. വിദേശത്തുനിന്നും ഇടയ്ക്കെല്ലാം ഇവിടെ വന്നെത്തിയിരുന്ന മെത്രാന്മാർ മലങ്കരസഭയിലെ ആത്മീയകാര്യങ്ങൾ മാത്രം ശ്രദ്ധിച്ചുപോന്നു. അർക്കദിയാക്കോന്മാരെ തെരഞ്ഞെടുത്തിരുന്നത് പകലോമറ്റം തറവാട്ടിൽ നിന്നുമാണ്. 4-ാം നൂറ്റാണ്ടു മുതൽ 17-ാം നൂറ്റാണ്ടു വരെ അർക്കദിയാക്കോന്മാർ മലങ്കരസഭാ ഭരണം നടത്തിവന്നതായി വിശ്വസിക്കപ്പെടുന്നു.

പറങ്കികളുടെ നേതൃത്വത്തിൽ കത്തോലിക്കാസഭയുടെ വാഴ്ച കേരളത്തിൽ ആരംഭിച്ചപ്പോൾ റോമ്മൻ വിശ്വാസത്തിൽ ചേരാതിരുന്ന ജനങ്ങൾക്ക് നേതൃത്വം കൊടുത്തത് അർക്കദിയാക്കോന്മാർ ആയിരുന്നു. മലങ്കരസഭയിലെ ജനങ്ങളെ ബലമായി റോമ്മൻ കത്തോലിക്കാ വിശ്വാസത്തിൽ ചേർക്കാൻ 1599-ൽ മെനേസിസ് എന്ന പറങ്കി മെത്രാൻ വിളിച്ചുകൂട്ടിയ ഉദയംപേരൂർ സുന്നഹദോസ് നടക്കുന്ന കാലത്ത് മലങ്കരസഭയുടെ നേതൃത്വം ഗീവറുഗീസ് അർക്കദിയാക്കോന് ആയിരുന്നു. 1653-ൽ കൂനൻകുരിശ് സത്യത്തിന് ധീരനേതൃത്വം കൊടുത്ത തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് മാർതോമ്മാ ഒന്നാമൻ എന്ന പേരിൽ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തി. 1665-ൽ യരുശലേമിൽ നിന്നും വന്ന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അർക്കദിയാക്കോൻ മാർതോമ്മായുടെ മേല്പ്പട്ടസ്ഥാനം സ്ഥിരീകരിച്ചു. തോമ്മാ അർക്കദിയാക്കോൻ മെത്രാപ്പോലീത്താ ആയതോടെ മലങ്കരസഭയുടെ

നേതൃത്വം മലങ്കര മെത്രാപ്പോലീത്തായിൽ വന്നുചേർന്നു."[4]

മലങ്കരസഭാചരിത്രത്തിൽ വ്യക്തമായി പരാമർശമുള്ള രണ്ട് അർക്കദിയാക്കോന്മാരുടെ കാര്യമാണ് മുകളിൽ പ്രസ്താവിച്ചത്. 1597-ൽ അന്തരിച്ച കൽദായ മെത്രാൻ മാർ അബ്രഹാം മരണത്തിന് മുമ്പായി തന്റെ സർവ്വാധികാരങ്ങളും ഗീവറുഗീസ് അർക്കദിയാക്കോനെ ഏൽപിച്ചതോടെ അദ്ദേഹം ചരിത്രത്തിലേക്ക് പ്രവേശിക്കുന്നു (കുറവിലങ്ങാട് സ്വദേശിയായ അദ്ദേഹം പകലോമറ്റം കുടുംബക്കാരനായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ക്നായിത്തൊമ്മായുടെ കാലം മുതൽ എല്ലാ അർക്കദിയാക്കോന്മാരും പകലോമറ്റം കുടുംബക്കാരെന്ന് പ്രസ്താവിക്കുന്നത്. വാസ്തവത്തിൽ 'പകലോമറ്റം' എന്നത് കുടുംബപ്പേർ അല്ല. ദേശനാമം എന്ന അഭിപ്രായത്തിനാണ് കൂടുതൽ വിശ്വാസ്യത ഉള്ളത്. ഒരു പകലോമറ്റം കുടുംബചരിത്രത്തിലെ പരാമർശം ഇപ്രകാരമാണ്:

"കുറ്റിക്കണ്ടത്തിൽ കുടുംബം പകലോമറ്റം കുടുംബത്തിന്റെ ശാഖയാണെന്ന് അവകാശപ്പെടുന്നുണ്ട്. കേരളത്തിൽ പരശുരാമൻ ബ്രാഹ്മണർക്ക് നിശ്ചയിച്ചുകൊടുത്ത 64 ഗ്രാമങ്ങളിൽ വടക്കൻഭാഗത്തുള്ള 32 ഗ്രാമങ്ങൾ സാമ്പത്തികമായി ഉയർന്നിരുന്നു. പാലൂർ (ഇന്നത്തെ പേർ പാലയൂർ) ഗ്രാമത്തിലായിരുന്നു മാർത്തോമ്മാശ്ലീഹാ സുവിശേഷം അറിയിച്ച് ആദ്യം ക്രിസ്തുസഭ സ്ഥാപിച്ചത്. ആദ്യ ക്രിസ്ത്യാനികൾക്ക് തുടർച്ചയായി ഉണ്ടായ മതപീഡനം നിമിത്തം അധികമാളുകൾക്കും ദൂര സ്ഥലങ്ങളിലേക്ക് ഓടിപ്പോകേണ്ടി വന്നപ്പോഴാണ് നമ്മുടെ പൂർവ്വികർ തെക്കോട്ട് വന്ന് ആദ്യം അങ്കമാലിയിലും തുടർന്ന് ഏറ്റുമാനൂരും ഒടുവിൽ കുറവിലങ്ങാട്ടും താമസം ഉറപ്പിച്ചത്. 862-ൽ (എ.ഡി. 1687-ൽ) പകലോമറ്റം വീട്ടിൽ മാത്തൻമാപ്പിള സകുടുംബം കുറവിലങ്ങാട്ടു നിന്ന് അയിരൂരിൽ എത്തിച്ചേർന്നു."[5]

ഇവിടെ രണ്ട് സംഗതികൾ ശ്രദ്ധേയം. 1. ക്രിസ്തുമതത്തിന്റെ കേരളത്തിലെ പിള്ളത്തൊട്ടിൽ എന്ന് വിളിക്കാവുന്ന രണ്ടു സ്ഥലങ്ങൾ ആണ് പാലൂർ, മറ്റം എന്നീ കേന്ദ്രങ്ങൾ. രണ്ടും യഹൂദകേന്ദ്രങ്ങൾ ആയിരുന്നു. അവിടങ്ങളിൽ സിനഗോഗുകളും ഉണ്ടായിരുന്നു. അവിടങ്ങളിൽ യഹൂദ കോളനികൾ ആണ് ആദ്യം ക്രിസ്തുമതം സ്വീകരിച്ചത്. അങ്ങനെ ക്രിസ്തുമതത്തിലെ ആദ്യ തലമുറയെ തലപ്പള്ളിക്കാർ എന്നു വിളിച്ചിരുന്നതുപോലെ 'പാലൂർ - മറ്റക്കാർ' എന്നും വിളിച്ചിരുന്നു. പാലൂരിന്റെ ആദ്യനാമം പ്ലീനി രേഖപ്പെടുത്തിയപോലെ 'പാലോറ' (Palore) എന്ന് സ്വീകരിച്ചാൽ ഈ വിളിപ്പേർ 'പാലോർ - മറ്റക്കാർ' എന്നാകും. ഇത് സ്ഥലനാമവാചിയാണെന്ന് കാലക്രമേണ വിസ്മൃതമായി. 'പാലോർമറ്റം' 'പാലോമറ്റ'മായി പരിണമിച്ചു. പദനിഷ്പത്തി അന്വേഷിച്ചവർ അതിനെ

വികസിപ്പിച്ച് 'പകലോമറ്റം' എന്ന് പരിഷ്ക്കരിച്ചു. ശരിയായ വീട്ടുപേർ പകലോമറ്റം എന്നല്ല 'പാലമറ്റം' എന്നായിരുന്നു എന്ന് വാദിക്കുന്ന എഴുത്തുകാരും ഇല്ലാതില്ല. പാലമറ്റവും പകലോമറ്റവും പാലോ(ർ) മറ്റത്തിന്റെ രൂപപരിണാമങ്ങളായി ഗ്രഹിച്ചാൽ ആ പദപ്രയോഗം ആദിമക്രിസ്ത്യാനികൾ തങ്ങളുടെ പ്രാചീനത ഉയർത്തിപ്പിടിക്കാൻ ആവർത്തിച്ചുപോന്ന സ്ഥലനാമമായിരുന്നു എന്ന് കാണാം.

2. കുറവിലങ്ങാട്ടുനിന്ന് കുടുംബശാഖ അയിരൂരിൽ എത്തിയതായി കുടുംബചരിത്രം അവകാശപ്പെടുന്നു. തങ്ങളുടെ പൂർവ്വപിതാക്കൾ പുറപ്പെട്ടുപോന്ന പാലൂർ പ്രദേശത്ത് അവർ ഒരന്വേഷണം നടത്തിയിരുന്നെങ്കിൽ പൊന്നാനിക്ക് സമീപം ഇന്നു സ്ഥിതിചെയ്യുന്ന 'അയിരൂർ' എന്ന ഗ്രാമത്തിന്റെ ദേശനാമം കേട്ട് അവർ രോമാഞ്ചം അണിഞ്ഞേനേ. ഈ അയിരൂരിൽ നിന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് യാത്രയായ തങ്ങളുടെ വംശജർ .... തങ്ങൾ ഒടുവിൽ എത്തിച്ചേർന്ന പ്രദേശത്തിന്റെ തങ്ങളുടെ പൂർവ്വികത പടർന്നു പിടിച്ചിരുന്ന 'അയിരൂർ' ഗ്രാമത്തിന്റെ അതേ പേർ നൽകുകയായിരുന്നു. പഴഞ്ഞി, ചെറായി തുടങ്ങിയ സ്ഥലങ്ങൾ പില്ക്കാലത്ത് കുടിയേറ്റക്കാരുടെ താവളമായപ്പോഴും പൂർവ്വികസ്ഥലനാമങ്ങൾ പുതിയ കുടിയേറ്റ പ്രദേശങ്ങൾക്ക് നൽകി എന്നത് ഇത്തരുണത്തിൽ പ്രസ്താവാർഹമാണ്.

കുറവിലങ്ങാട്ടും അയിരൂരും കുടിയേറിപ്പാർത്തവർ മാത്രമല്ല കുറവിലങ്ങാട്ടുനിന്ന് മാരാമണ്ണ്, ഇരവിപേരൂർ, കവിയൂർ തുടങ്ങിയ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്ത 'ഞാലിയിൽ' കുടുംബക്കാരും കുറവിലങ്ങാട്ടുനിന്ന് മല്ലപ്പള്ളി, കല്ലൂപ്പാറ, മാവേലിക്കര, അടൂർ, തുമ്പമൺ എന്നീ പ്രദേശങ്ങളിലേക്ക് വ്യാപിച്ച 'തേക്കനാൻ' കുടുംബക്കാരും മാമ്മലശ്ശേരിയിലേക്കും പാമ്പാക്കുടയിലേക്കും കുടിയേറിപ്പാർത്ത കോനാട്ട് കുടുംബക്കാരും അകപ്പറമ്പ് സ്ഥിരതാമസമാക്കിയ പൈനാടത്ത് കുടുംബക്കാരും അങ്കമാലിയിൽ സ്ഥിരതാമസമാക്കിയ 'അമ്പാട്ട്' കുടുംബക്കാരും കുറുപ്പമ്പടി - കോതമംഗലം - പെരുമ്പാവൂർ പ്രദേശത്ത് പടർന്ന് പന്തലിച്ച തുരുത്തി - തോമ്പ്ര കുടുംബക്കാരും കോലഞ്ചേരി പ്രദേശത്ത് വ്യാപിച്ച മൂക്കഞ്ചേരി കുടുംബക്കാരും ഇതേ സാഹചര്യത്തിൽ പാലൂർ പ്രദേശത്തുനിന്ന് പലായനം ചെയ്തവരാണെന്ന് അവരുടെ കുടുംബചരിത്രങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഈ നിരീക്ഷണം തെളിയിക്കുന്നത് പകലോമറ്റം (പാലോമറ്റം) എന്ന പേർ പ്രാചീന സുറിയാനി ക്രിസ്ത്യാനികൾക്കേവർക്കും ഉപയോഗിക്കാവുന്ന ഒരു പൊതു നാമധേയം ആണെന്നാണ്.

മലങ്കരസുറിയാനിസഭയുടെ ദേശീയനേതാവ് എന്ന നിലയിൽ ഗീവ

റുഗീസ് അർക്കദിയാക്കോൻ നടത്തിയ ചെറുത്തുനിൽപ്പിന്റെ വീരകഥകൾ അഭിമാനകരമാണ്. പാശ്ചാത്യവൽക്കരണത്തിന്റെ ഭാഗമായി ആർച്ച് ബിഷപ്പ് മെനെസിസ് നടത്തിയ തേരോട്ടങ്ങളെ വിജയകരമായി ചെറുത്തുനിൽക്കുന്നതിൽ അദ്ദേഹം ആദ്യകാലങ്ങളിൽ വിജയിച്ചുകൊണ്ടിരുന്നു. മലങ്കരസഭ ഒന്നടങ്കം അദ്ദേഹത്തെ പിന്തുണച്ചത് അദ്ദേഹത്തെ ധൈര്യപ്പെടുത്തി. പ്രതാപവാൻ ആയ ഒരു മെത്രാനോട് – അദ്ദേഹം പോർച്ചുഗീസ് ഉദ്യോഗസ്ഥൻ കൂടെ ആയിരുന്നു എന്നോർക്കുക – പോരാടുവാൻ പല അർത്ഥത്തിലും ദരിദ്രയായിരുന്ന മലങ്കരസഭ എങ്ങനെ ധൈര്യപ്പെട്ടു എന്നു നാം അത്ഭുതപ്പെട്ടുപോകുന്നു. പാശ്ചാത്യരുടെ കാഴ്ചപ്പാടിൽ മലങ്കരസഭയുടെ വൈദികസ്ഥാനങ്ങൾ സാധുവല്ല, കൂദാശകൾ അപര്യാപ്തം, ദേവാലയങ്ങൾ ഏറെ പരിമിതം, വൈദിക വിദ്യാഭ്യാസം ശോചനീയം. ഇങ്ങനെ നീളുന്നു ദാരിദ്ര്യങ്ങളുടേയും വിഭവശേഷി ഇല്ലായ്മയുടേയും കഥകൾ. ആ പശ്ചാത്തലത്തിലാണ് ഗീവറുഗീസ് അർക്കദിയാക്കോൻ അരയും തലയും മുറുക്കി മലങ്കര സുറിയാനിക്കാരുടെ ജാത്യാഭിമാനം മാത്രം കൈമുതലാക്കി നടത്തിയ ചെറുത്തുനില്പ് വിസ്മയകരമാവുന്നത്. പോർച്ചുഗീസ് സൈന്യം, പോർച്ചുഗീസ് ധനപുഷ്ടി, പോർച്ചുഗീസ് ഭരണത്തിന്റെ കിങ്കരന്മാരായിരുന്ന നാട്ടുരാജാക്കന്മാർ തുടങ്ങിയ പ്രബലമായ പിൻബലങ്ങൾ ആർച്ച്ബിഷപ്പ് മെനേസിസിന് ഉണ്ടായിരുന്നു. യമുനയിലെ നീലജലവും കാളിയന്റെ ക്രൗര്യവും മലങ്കരസഭയെ കാളിന്ദീസമം ആക്കിയിരുന്നു. ആ കാളിയനെ നേരിടുവാനുള്ള പോരാട്ടത്തിലേക്കാണ് താരതമ്യേന നിഷ്പ്രഭനായ അർക്കദിയാക്കോന് പ്രവേശിക്കേണ്ടി വന്നത്. ആളും അർത്ഥവും ആശയവും ആകർഷകമായി നിലനിർത്തിയ പോർച്ചുഗീസ് മേധാവിത്വം ഒടുവിൽ വിജയം നേടുകയായിരുന്നു. ആ വിജയത്തിന്റെ വിളംബരമാണ് 1599-ൽ ഉദയംപേരൂർ സുന്നഹദോസിൽ നടന്നത്.

ത്രിവിധ മാർഗ്ഗങ്ങളിലൂടെയാണ് ഉദയംപേരൂരിലെ വിജയം ആർച്ച് ബിഷപ്പ് നേടിയതെന്ന് ഫാ. ഡോ. വി. സി. ശാമുവേൽ നിരീക്ഷിച്ചിട്ടുണ്ട്.

1. 1510-ൽ പിടിച്ചെടുത്ത ഗോവയെ പൗരസ്ത്യനാടുകളിലെ ഭരണകേന്ദ്രമായി പോർച്ചുഗീസുകാർ വളർത്തി എടുക്കുകയും കടലോരപ്രദേശങ്ങൾ കേന്ദ്രമാക്കി നടത്തിയ സുവിശേഷീകരണത്തിലൂടെ വലിയൊരു ജനവിഭാഗത്തെ കത്തോലിക്കാ മതാനുയായികളാക്കിത്തീർക്കുകയും ചെയ്തു. ലത്തീൻ സഭാപാരമ്പര്യങ്ങളിൽ വളർത്തിയെടുത്ത ആ ഇടവകകളെ 1534-ൽ ഗോവൻ ഭദ്രാസനത്തിന്റെ പരിധിയിൽ പ്രഖ്യാപിച്ചു. പുരാതന മലങ്കരസഭയിലെ ഇടവകകൾ ഗോവാ ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതായി അവർ ഏകപക്ഷീയമായി പ്രഖ്യാപിച്ചു. മലങ്കരസഭയിൽ അന്നുണ്ടായിരുന്ന കൽദായ മെത്രാന്മാർ തമ്മിലുണ്ടായ

കലഹം പോർച്ചുഗീസുകാരുടെ നുഴഞ്ഞുകയറ്റത്തെ ശക്തിപ്പെടുത്തി. നാലഞ്ച് ദശാബ്ദങ്ങളിലെ കഠിനപരിശ്രമം കൊണ്ടും സാമ്രാജ്യത്തിന്റെ ബലം കൊണ്ടും ലത്തീൻ സമ്പ്രദായങ്ങളോട് സമരസപ്പെടാൻ വിരോധ മില്ലാത്ത ഒരന്തരീക്ഷം മലങ്കരസഭയിൽ അവർ സംജാതമാക്കി.

2. 1541-ൽ കൊടുങ്ങല്ലൂരിൽ ഒരു സെമിനാരി സ്ഥാപിച്ചു. ലത്തീൻ പാരമ്പര്യങ്ങൾ പരിശീലിച്ച ഒരു വൈദിക നേതൃനിരയെ സജ്ജമാക്കി. സ്വന്തമായി ഒരു സെമിനാരിയില്ലാത്ത മലങ്കരസഭയിലെ വൈദികവിദ്യാർ ത്ഥികൾ ഈ അഭിനവ സെമിനാരിയിൽ പരിശീലനം നേടുകയും ലത്തീൻവൽക്കരണമെന്ന കെണിയിൽ അകപ്പെടുകയും ചെയ്തു. 1585-ൽ വൈപ്പിക്കോട്ടയിൽ മറ്റൊരു സെമിനാരി സ്ഥാപിച്ചു. ഇവിടെ സുറിയാനി ഭാഷ അധ്യയന വിഷയമായി അംഗീകരിച്ചിരുന്നു. എങ്കിലും അന്ന് സഭാ ദ്ധ്യക്ഷനായിരുന്ന മാർ അബ്രഹാം അതിനെ നിരാകരിച്ചു. സുറിയാനി ക്കാർ സെമിനാരിപ്രവേശനം തേടരുതെന്ന് മാർ അബ്രഹാം സർക്കുലർ പുറപ്പെടുവിച്ചു. സുറിയാനിഗ്രന്ഥങ്ങൾ സെമിനാരിയിലേക്ക് നൽകുന്ന തിനെ നിരോധിച്ചു. അവിടെ പഠിച്ചവർക്ക് പട്ടം കൊടുക്കുകയില്ലെന്ന് പ്രഖ്യാപിച്ചു.

മാർ അബ്രഹാമിന്റെ ചെറുത്തുനില്പിനെ നേരിടുവാൻ കർശനനില പാടുകളിലേക്ക് പോർച്ചുഗീസ് അധികാരികൾ നീങ്ങി. 1552-ൽ മാർ യാക്കോബ് നിര്യാതനായതോടെ പൗരസ്ത്യ ബിഷപ്പുമാർ കേരളത്തിൽ വരാതിരിക്കുവാൻ അവർ ഉദ്യമിച്ചു. സുറിയാനിക്കാരെ ലത്തീൻവല്ക്ക രിക്കാനുള്ള ശ്രമങ്ങൾ വർദ്ധിപ്പിച്ചു. പോർച്ചുഗീസുകാരുടെ യത്നം സഫലമായില്ല. ബാബിലോൺ പാത്രിയർക്കീസ് 1556-1568 കാലഘട്ട ത്തിൽ മാർ ജോസഫ്, മാർ ഏലിയാസ്, മാർ ഏബ്രഹാം എന്നീ മൂന്ന് മെത്രാന്മാരെ കേരളത്തിലേക്കയച്ചു. പുതിയ മെത്രാന്മാർ ഒളിഞ്ഞോ തെളിഞ്ഞോ റോമിനെ പ്രസാദിപ്പിച്ചു. നിലനില്പിനുവേണ്ടി അവർ റോമി നോടും നെസ്തോറിയാ പാത്രിയർക്കീസിനോടും മലങ്കരസഭയോടും ആഭി മുഖ്യം അഭിനയിച്ചു; ഒട്ടൊക്കെ വിജയിക്കുകയും ചെയ്തു. അബ്രഹാം മെത്രാന്റെ കാലത്ത് അർക്കദിയാക്കോൻ ആയിരുന്ന ക്രിസ്തുവിന്റെ ഗീവ റുഗീസ് 1585-ലോ 1591-ലോ അന്തരിച്ചിരുന്നു. അതിന്റെശേഷം അദ്ദേഹ ത്തിന്റെ സഹോദരൻ യോഹന്നാൻ അർക്കദിയാക്കോൻ സ്ഥാനത്ത് നിയ മിതനായി. അദ്ദേഹം അല്പായുഷ്മാനായി തീർന്നതിനാൽ കുരിശിന്റെ ഗീവറുഗീസിനെ ആ സ്ഥാനത്ത് അവരോധിച്ചു. 1597-ൽ ജനുവരിയിൽ മാർ അബ്രഹാം നിര്യാതനായപ്പോൾ ആർച്ച്ബിഷപ്പ് അർക്കദിയാക്കോനെ അങ്കമാലിയുടെ അപ്പോസ്തോലിക വികാരിയായി നിയമിച്ചു. അർക്കദി യാക്കോൻ നാലു മാസങ്ങൾക്കകം വൈപ്പിക്കോട്ട സെമിനാരി റെക്ട റുടെ മുമ്പാകെ വിശ്വാസപ്രതിജ്ഞ ചെയ്യുവാൻ വ്യവസ്ഥപ്പെട്ടിരുന്നു.

ധീരനും തന്ത്രശാലിയുമായിരുന്ന മെനേസിസ് ആദ്യം കൊച്ചീരാജാവിനെ വശത്താക്കി. ഉദയംപേരൂർ, കടുത്തുരുത്തി പ്രദേശങ്ങളിൽ വച്ച് ഡസൻകണക്കിന് പട്ടം കൊടുത്ത് സ്വപക്ഷത്തിന്റെ അംഗബലം വർദ്ധിപ്പിച്ചും കടുത്തുരുത്തി പള്ളിയിൽ ദുഃഖവെള്ളിയാഴ്ചയിലെ ശുശ്രൂഷകൾ ആകർഷകമായി നടത്തി പൊതുജനങ്ങളുടെ ആഭിമുഖ്യവും ആനുകൂല്യവും സമ്പാദിച്ചു. ഈ ഘട്ടത്തിൽ അർക്കദിയാക്കോന് ആർച്ച്ബിഷപ്പിന് മുമ്പിൽ വഴങ്ങുകയല്ലാതെ നിർവാഹമില്ലായിരുന്നു.

1599–ൽ ജൂൺ 20 മുതൽ എട്ടു ദിവസങ്ങളിലായി ഉദയംപേരൂർ സുന്നഹദോസ് സമ്മേളിച്ചു. ആർച്ച്ബിഷപ്പ് മെനെസിസ് ആദ്ധ്യക്ഷ്യം വഹിച്ചു. ഏതാനും വേദശാസ്ത്ര പണ്ഡിതന്മാരും ഫ്രാൻസിസ് റോസിന്റെ നേതൃത്വത്തിൽ വൈപ്പിക്കോട്ട സെമിനാരിയിലെ നാല് ജസ്യൂട്ട് അധ്യാപകരും നിയന്ത്രിച്ച സുന്നഹദോസിൽ ആർച്ച്ഡീക്കൻ ഗീവറുഗീസിനൊപ്പം മലങ്കരസഭയിലെ 153 പട്ടക്കാരും 660 അവൈദികരും പങ്കെടുത്തു. ഒമ്പത് യോഗങ്ങളിലായി 200 നിശ്ചയങ്ങൾ അവിടെ അംഗീകരിച്ചു. റോസിന്റെ കത്തുകളിൽ നിന്ന് മനസ്സിലാക്കാവുന്നതിപ്രകാരമാണ്.

1. മെനേസിസ് നേരത്തെ എഴുതിയുണ്ടാക്കിയ നിശ്ചയങ്ങൾ ആയിരുന്നു അവയിൽ മിക്കതും. അവ ധൃതിയിൽ വായിച്ച് പോയതല്ലാതെ യാതൊരു ചർച്ചയും നടന്നില്ല. ഒരു വ്യവസ്ഥയും വരുത്തിയതുമില്ല.

2. വായിച്ച നിശ്ചയങ്ങൾ പ്രതിനിധികൾ ഗ്രഹിക്കുകയോ അവയോട് പ്രതികരിക്കുകയോ ചെയ്തില്ല.

3. റോസും മറ്റും നിർബന്ധിച്ചതിനാലാണ് പ്രതിനിധികൾ നിശ്ചയങ്ങളിൽ ഒപ്പു വച്ചത്.

4. നിശ്ചയങ്ങൾ പലതും സുന്നഹദോസിന് ശേഷം മെനേസിസ് സ്വന്തം നിലയിൽ എഴുതിച്ചേർത്തവയാണ്. യോഗതീരുമാനങ്ങളെ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

1. ത്രിത്വം, മനുഷ്യാവതാരം, ദൈവമാതാവ്, ജന്മപാപം, ബെസ്പുർക്കാന, പരിശുദ്ധന്മാരുടെ മധ്യസ്ഥത, രൂപവണക്കം, സഭയും അതിന്റെ ഘടനയും, വേദപുസ്തകഗ്രന്ഥങ്ങൾ ഇവയിൽ കത്തോലിക്കാസഭയുടെ വിശ്വാസങ്ങൾക്ക് അനുയോജ്യമായ നിശ്ചയങ്ങൾ ചെയ്തു. 2. സഭയുടെ പരമാധ്യക്ഷൻ റോമ്മൻ പാപ്പാ മാത്രമാണെന്നും ബാബിലോൺ പാത്രിയർക്കീസ് വേദവിപരീതിയും ശീശ്മക്കാരനുമാകയാൽ അദ്ദേഹത്തെ ഉപേക്ഷിക്കുന്നു എന്നും നിശ്ചയിച്ചു. 3. പേർഷ്യൻ പാരമ്പര്യത്തിൽ മലങ്കരയിൽ നിലവിലിരുന്ന പരിശുദ്ധന്മാരുടെ പട്ടിക അസാധുവാക്കുന്നു. 4. പട്ടക്കാർ ബ്രഹ്മചാരികൾ ആയിരിക്കണം. 5. ഇടവകകൾക്ക് വികാ

രിമാരെ നിയമിക്കുന്നതാണ്. 6. ഇന്ത്യൻ സാഹചര്യത്തിൽ സഭയിൽ പ്രവേശിച്ച വിശ്വാസപരമായും മറ്റുമുള്ള പിശകുകളെ അസാധുവാക്കുന്നു.[6]

മെനേസിസിന്റെ തുടർന്നുണ്ടായ ഇടവക സന്ദർശനത്തിൽ, സുന്നഹദോസ് നിശ്ചയങ്ങൾ ഇടവകയിൽ പ്രാവർത്തികമാക്കി. നാലു മാസക്കാലത്തെ സന്ദർശനം മഹാവിജയമായിരുന്നു. പാലൂർ - ചാട്ടുകുളങ്ങര തലപ്പള്ളിയുടെ ഉപദേവാലയമായിരുന്ന ചാവക്കാട് (ഇന്നത്തെ പാലയൂർ) മാർ കുറിയാക്കോസ് പള്ളിയിൽ മാത്രം വ്യത്യസ്ത അനുഭവം ഉണ്ടായി. അവിടെ അവർ ആർച്ച് ബിഷപ്പിന്റെ 'ബഹുമാനാർത്ഥം' ഒരു പ്രഹസനം അവതരിപ്പിച്ചു. സഭാചരിത്രവിഷയകമായ ആ പ്രഹസനത്തിൽ മൂന്ന് പ്രധാന കഥാപാത്രങ്ങളും മൂന്ന് രംഗങ്ങളും ഉണ്ടായിരുന്നു. ആദ്യ രംഗത്തിൽ മാർത്തോമ്മാശ്ലീഹാ പ്രവേശിച്ച് മലങ്കരസഭയുടെ ഇടയൻ താൻ ആണെന്നും താൻ നട്ടുപിടിപ്പിച്ച സഭയിൽ മറ്റ് വിദേശകോയ്മകൾക്ക് അധികാരാവകാശങ്ങളില്ലെന്നും സദസ്സിനെ ബോധിപ്പിച്ചു. രണ്ടാം രംഗത്തിൽ പത്രോസ് ശ്ലീഹാ രംഗപ്രവേശം ചെയ്തു. തന്നെ ആഗോള സഭയുടെ തലവനായി ക്രിസ്തു നിയമിച്ചതിനാൽ താൻ ക്രിസ്തുവിന്റെ വികാരി ആണെന്നും തന്മൂലം തന്റെ പിൻഗാമിയായ റോമിലെ പാപ്പായ്ക്കു ഭാരതത്തിലെ സഭ കീഴ്പ്പെടണമെന്നും ഇന്ത്യയിലെ ദുഷിപ്പുകൾ നീക്കം ചെയ്ത് റോമ്മൻ സത്യപാരമ്പര്യങ്ങൾ മലങ്കരസഭയിൽ സ്വീകരിക്കപ്പെടണമെന്നും പത്രോസ് ശ്ലീഹാ സദസ്യരെ ബോധിപ്പിച്ചു. മൂന്നാം രംഗത്തിലെത്തുന്നത് ചാവക്കാട് പള്ളിയുടെ മധ്യസ്ഥൻ കുറിയാക്കോസ് സഹദാ ആണ്. അദ്ദേഹം മുമ്പ് വന്ന രണ്ട് ശ്ലീഹന്മാരുടെയും വാദഗതികളെ പരിശോധിച്ചു. പത്രോസിന്റെ അവകാശവാദങ്ങൾ കപടമാണെന്നും അത് ക്രിസ്തുവിന്റെ ഉപദേശമല്ലെന്നും മലങ്കരസഭ മാർത്തോമ്മാ ശ്ലീഹായുടെ ഇടവക ആണെന്നും അവിടെ അധികാരം സ്ഥാപിക്കാൻ മാർ പത്രോസ് ശ്ലീഹായ്ക്ക് അവകാശമോ ചുമതലയോ ഇല്ലെന്നും മധ്യസ്ഥൻ എന്ന നിലയിൽ മാർ കുറിയാക്കോസ് സഹദാ അന്ത്യരംഗത്തിൽ സദസ്യരെ ബോധ്യപ്പെടുത്തി. പ്രഹസനത്തിനൊടുവിൽ ജനം പ്രക്ഷുബ്ധരായി. അവർ വിജയസൂചകമായി ആർപ്പു വിളിച്ചു. ഒടുവിൽ ആർച്ച് ബിഷപ്പിനെ അവരുടെ പള്ളിയിൽ നിന്ന് ആർത്ത് ആട്ടിപ്പുറത്താക്കുകയും ചെയ്തു. ഒരു ന്യൂനപക്ഷം എതിർത്തുവെങ്കിലും പാലൂർ-ചാട്ടുകുളങ്ങര ഇടവകയിലെ മഹാസമുദ്രം അലറുമ്പോൾ അവർക്കൊന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല. മെനേസിസ് വടക്കൻ യാത്ര പാലൂരിൽ അവസാനിപ്പിച്ച് ചാവക്കാട് നിന്ന് ജലവാഹനത്തിലൂടെ തെക്കോട്ട് യാത്ര തുടർന്നു. ഈ സംഭവത്തോടു കൂടി പാലൂർ-ചാട്ടുകുളങ്ങര ഇടവകക്കാർക്ക് പുതിയ പേർ വന്നു - ആർത്താട്ടുകാർ (ആർത്ത് ആട്ടിയവർ).[7]

(സ്ഥലനാമത്തിന്റെ ഉല്പത്തിയിൽ അന്തർഹിതമായ ഈ ചരിത്ര

വസ്തുതയെ നിഷേധിക്കാൻ മറ്റു ചില സ്ഥലനാമ ഹേതുക്കൾ ചിലർ പുറപ്പെടുവിച്ചെങ്കിലും അവയ്ക്കൊന്നിനും ഭാഷാശാസ്ത്രത്തിന്റെയോ ചരിത്രത്തിന്റെയോ പിൻബലമില്ലെന്നത് ഇവിടെ ഓർക്കാവുന്നതാണ്.)

ഈ ജൈത്രയാത്രയിൽ കൂടെപ്പോയിരുന്ന റോസ്, പള്ളികളിലെ ആരാധനാ പുസ്തകങ്ങളിൽ ആവശ്യമായ തിരുത്തലുകൾ നടത്തുകയും തിരുത്താനാവാത്തവ ദഹിപ്പിക്കുകയും ചെയ്തു. സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത റോമ്മൻ ക്രമങ്ങൾ പള്ളികളിൽ മെനേസിസ് നടപ്പിലാക്കി. പാലൂർ-ചാട്ടുകുളങ്ങര ഇടവകയിൽ നേരിട്ട പരാജയം ഉദയംപേരൂർ സുന്നഹദോസിന്റെ ചരിത്രകാരൻ ഗുവയാ, പരോക്ഷമായി രേഖപ്പെടുത്തുന്നുണ്ട്. മെനേസിസ് ഈ ഒറ്റപ്പെട്ട പ്രതികരണത്തെ പരിഗണിച്ചതേയില്ല. നയകോവിദനായ ആർച്ച്ബിഷപ്പ് സുറിയാനിക്കാരെ പ്രസാദിപ്പിക്കുവാനായി ഗീവറുഗീസ് അർക്കദിയാക്കോനെ സഭയുടെ പ്രധാന ഭരണകർത്താവായി നിയമിച്ചിട്ടാണ് കേരളം വിട്ടത്. അർക്കദിയാക്കോനെ നിയന്ത്രിക്കുവാൻ ജസ്യൂട്ട് പുരോഹിതരായ ഫ്രാൻസിസ് റോസിനെയും സ്റ്റീഫൻ ബ്രിട്ടോയെയും ചുമതലപ്പെടുത്തിയിരുന്നു.

അർക്കദിയാക്കോനും ഉപദേശകരും തമ്മിലുള്ള ഭിന്നത ഒരു നിത്യസംഭവമായി. ഏതാനും മാസം കഴിഞ്ഞ് 1599 ഡിസംബർ 20-ന് ഫ്രാൻസിസ് റോസിനെ അങ്കമാലിയുടെ മെത്രാനായി റോം നിയമിച്ചു. അങ്കമാലിയുടെ നിയന്ത്രണം ഗോവയ്ക്ക് നൽകുകയും ചെയ്തു. മലങ്കരയിൽ അസ്വസ്ഥത പടരുകയായിരുന്നു. ഇതിനെ നേരിടുവാൻ അർക്കദിയാക്കോനൊന്നിച്ച്, അങ്കമാലിയെ സ്വതന്ത്ര മെത്രാസനമാക്കുവാൻ ബിഷപ്പ് റോസ് റോമിലേക്ക് തുടർച്ചയായി നിവേദനങ്ങൾ നൽകിയതിന്റെ ഫലമായി 1608 ഡിസംബർ 22-ന് റോം, അങ്കമാലിയെ സ്വതന്ത്രമാക്കി. സുറിയാനിക്കാരെ അനുനയിപ്പിക്കുന്നതിന്റെ ഭാഗമായി റോസ് തന്റെ ആസ്ഥാനം അങ്കമാലിയിൽനിന്ന് പൂർവ്വികകേന്ദ്രമായ കൊടുങ്ങല്ലൂരിലേക്ക് മാറ്റി ക്രമീകരിച്ചു. വേറെയും ചില നടപടികൾ റോസ് സ്വീകരിച്ചു.

1. 1603-ൽ അങ്കമാലിയിൽ ഒരു സുന്നഹദോസ് വിളിച്ചുചേർത്തു. 300 പട്ടക്കാർ അതിൽ പങ്കെടുത്തു. ഉദയംപേരൂരിന്റെ നിശ്ചയങ്ങളെ ലാഘവപ്പെടുത്തുന്ന തീരുമാനങ്ങൾ സ്വീകരിച്ചു. എന്നാൽ അദ്ദേഹം പിന്നീട് ഇതിൽ അതൃപ്തനായി. 1606-ൽ അദ്ദേഹം സ്വന്തമായ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. റോസിന്റെ കാനോനാകൾ.

2. ഇടവകകൾ സന്ദർശിച്ച് അവയുടെ ആത്മീയ നിലവാരം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു. അർക്കദിയാക്കോൻ ഇതിൽ 1615 മുതൽ 1618 വരെ സർവാത്മനാ സഹകരിച്ചു.

3. 1599 മുതൽ 1624 വരെയുള്ള റോസിന്റെ ഭരണകാലത്ത് ഗീവർഗീസ്

അർക്കദിയാക്കോനുമായുള്ള ബന്ധത്തിൽ ഉരസലുകൾ ഉണ്ടായി. എതിർപ്പും മുടക്കും മുറപോലെ നടന്നു. 1624-ൽ റോസ് നിര്യാതനായി. റോസിന്റെ പിൻഗാമിയായി ബിഷപ്പ് സ്റ്റീഫൻ ബ്രിട്ടോ 1624-ൽ നിയമിത നായി. നവംബർ 20-ന് അദ്ദേഹം ചുമതല ഏറ്റു. അദ്ദേഹം അർക്കദിയാ ക്കോനുമായി നല്ല ബന്ധം ആഗ്രഹിച്ചു. തദനുസരണം നടപടികൾ സ്വീക രിച്ചു. പിന്നീട് അവർ തമ്മിലും അസ്വാരസ്യങ്ങൾ ഉടലെടുത്തു.

1640 ജൂലൈ 25-ന് ഗീവറുഗീസ് അർക്കദിയാക്കോൻ നിര്യാതനായി. അദ്ദേഹം അങ്കമാലി സുറിയാനിപ്പള്ളിയിൽ കബറടങ്ങി. അദ്ദേഹത്തിന്റെ സ്ഥാനത്ത് പകലോമറ്റം കുടുംബത്തിലെ പറമ്പിൽ തോമസ് നിയമിത നായി. നിയമനം നടത്തിയ ബ്രിട്ടോ പുതിയ അർക്കദിയാക്കോനുമായി രമ്യതയിൽ ഭരണം നടത്തി. 1641 ഡിസംബർ 2-ന് ബ്രിട്ടോ നിര്യാത നായി. ഫ്രാൻസിസ് ഗാർസിയാ പിൻഗാമിയായി ചുമതലയേറ്റു. അർക്ക ദിയാക്കോൻ പരമ്പരാഗതമായി അനുഭവിച്ചുപോന്ന അവകാശങ്ങൾ പുതിയ ബിഷപ്പ് അനുവദിച്ചില്ല. അവർ തമ്മിൽ എന്നും ഉരസലുകൾ ഉണ്ടായി.

തൽഫലമായി തോമ്മാ അർക്കദിയാക്കോൻ കോപ്റ്റിക്, അന്ത്യോഖ്യാ, ബാബിലോൺ എന്നീ പൗരസ്ത്യ സഭാധ്യക്ഷന്മാർക്ക് ബിഷപ്പുമാരെ അയച്ച് സഹായിക്കുവാൻ അഭ്യർത്ഥനകൾ അയച്ചു. ഫലപ്രാപ്തി ഉണ്ടാ കുന്നില്ലെന്നു കണ്ടിട്ടാകണം പത്രോസ് എന്ന വൈദികനെ അർക്കദിയാ ക്കോൻ കോപ്റ്റിക് പാത്രിയർക്കീസിനെ സന്ദർശിക്കുവാൻ അയച്ചു. ഫാ. കുറിയാക്കോസ് O.I.C. എഴുതുന്നു:

"1653-ൽ ഇന്ത്യയിൽ നിന്നും പത്രോസ് എന്ന ഒരു വൈദികൻ അല ക്സന്ത്ര്യാ സിംഹാസനത്തിൽ സഹായാഭ്യർത്ഥനയ്ക്കായി വന്നു എന്നും അലക്സന്ത്ര്യാ സിംഹാസനത്തിൽ നിന്നും ഇന്ത്യയിലേക്ക് ഒരു പ്രത്യേ കമെത്രാനെ വാഴിച്ചുവെന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഈജിപ്റ്റ് വിടുന്നതിനു മുമ്പായി മുസ്ലീം ഭരണാധികാരികൾ ആ മെത്രാനെ പിടിച്ച് കൈകാലുകൾ ഛേദിക്കുകയും പത്രോസ് കശ്ശീശായെ അവിടെ നിന്ന് ഓടിച്ചുകളയുകയും ചെയ്തു."

അലക്സന്ത്രിയൻ പാത്രിയർക്കീസ് മറ്റൊരു മെത്രാനെ അധികാര പത്രം നൽകി ഇന്ത്യയിലേക്കയച്ചു എന്ന് പില്ക്കാല സംഭവങ്ങൾ കൂട്ടി വായിച്ചാൽ ഗ്രഹിക്കാം. 1653-ൽ ഇന്ത്യയിൽ വന്ന അഹത്തള്ളാ മെത്രാൻ ആരുടെ നിയോഗപ്രകാരം വന്നു എന്നത് ഇന്നും തർക്കം തീരാത്ത വസ്തുതയാണ്.

അദ്ദേഹം ഇഗ്നാത്തിയോസ് എന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് ആണെന്ന് വാദിക്കുന്നവർ ഉണ്ട്. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ

നിന്ന് 1124 ഇടവം 15-ാം തീയതി (1124 + 825 = 1949 A.D.) ഔദ്യോഗികമായി പ്രസിദ്ധീകരിച്ച 'സഭാചന്ദ്രിക'യിൽ ചേർത്ത അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ പട്ടികയിൽ 1653-ൽ അന്തരിച്ച ഇഗ്നാത്യോസ് പാത്രിയർക്കീസിന്റെ പേർ ഇല്ല (അക്കാലത്ത് അന്ത്യോഖ്യയിൽ ഭരണം നടത്തിയിരുന്നത് (1640-1659) ശെമവൂൻ എന്ന പാത്രിയർക്കീസ് ആണ്.[9]

ഇദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസ് അയച്ച മെത്രാൻ ആണെന്ന് മെക്കൻസി അഭിപ്രായപ്പെട്ടിട്ടുണ്ട്.[10] അദ്ദേഹം കത്തോലിക്കാ മെത്രാനാണെന്ന് ചിലർ അവകാശപ്പെടുന്നുണ്ട്. അഹത്തള്ളാ മലങ്കരയിലേക്കയച്ച കത്തിൽ 'തന്നെ പാപ്പാ അധികാരപ്പെടുത്തി' എന്ന് പ്രസ്താവിച്ചതാണ് ഈ വാദഗതിയുടെ ആധാരം.

ഒരു മെത്രാനെ ലഭിക്കാനായി മലങ്കരസഭ മൂസലിലെ പാത്രിയർക്കീസ്, കോപ്റ്റിക് സഭയുടെ പാത്രിയർക്കീസ് എന്നിവർക്ക് നിവേദനങ്ങൾ അയച്ചതിൽ കോപ്റ്റിക് പാത്രിയർക്കീസ് ആണ് ആദ്യം പ്രതികരിച്ചതെന്നും ആ പ്രതികരണമാണ് അഹത്തള്ളായുടെ വരവിന്റെ പശ്ചാത്തലമെന്നും ജയിംസ് ഹൗ രേഖപ്പെടുത്തിയിട്ടുണ്ട്.[12] റോമൻ മിഷണറി റോളിൻ, അഹത്തള്ളാ ഒരു യാക്കോബായ സുറിയാനിക്കാരൻ എന്ന് ഉറപ്പിച്ചു പറയുന്നു. ചില പ്രത്യേക കാരണങ്ങളാൽ സിറിയൻ പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി എന്നും തുടർന്ന് അദ്ദേഹം അലക്സന്ത്ര്യാ പാത്രിയർക്കീസിനെ അഭയം പ്രാപിച്ചു എന്നും പറയപ്പെടുന്നു. ഇന്ത്യയിൽ നിന്ന് കത്തു കിട്ടിയപ്പോൾ സുറിയാനിഭാഷ വശമായിരുന്ന അഹത്തള്ളായെ ഈ ദൗത്യവുമായി നിയോഗിക്കാമെന്ന് അലക്സന്ത്ര്യൻ പാത്രിയർക്കീസ് വിചാരിച്ചു. ഈ നിർദ്ദേശം അഹത്തള്ളായ്ക്കും സമ്മതമായിരുന്നു.[13]

ഭാഗ്യവശാൽ മാർ അഹത്തള്ളാ മലങ്കരസഭയിലേക്കയച്ച ഒരു കത്ത് വത്തിക്കാൻ ലൈബ്രറിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പൗരസ്ത്യ സുറിയാനി ലിപിയിൽ എഴുതപ്പെട്ട ആ കത്ത് വേങ്ങൂർ ഗീവറുഗീസ് കശ്ശീശാ (അദ്ദേഹം ഒന്നാം മാർത്തോമ്മായുടെ നാല് ഉപദേശകരിൽ ഒരാൾ; പിന്നീട് കൂറുമാറി റോമ്മൻ ആധിപത്യം അംഗീകരിച്ചു) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജർമ്മനിയിലുണ്ടായിരുന്ന ഫാ. കോര വർഗീസിന്റെ ശ്രമഫലമായി വത്തിക്കാനിൽ നിന്ന് ഈ രേഖയുടെ ഫോട്ടോ കോട്ടയം പഴയസെമിനാരിയിലെത്തിയിട്ടുണ്ട്. അതിന്റെ ഫോട്ടോകോപ്പി ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു. ആ കത്തിലെ പ്രസക്ത വാക്യങ്ങൾ ഇപ്രകാരമാണ്.

"ഇന്ത്യ ഒക്കെയുടെയും ചൈനയുടെയും പാത്രിയർക്കീസ് ഇഗ്നാത്യോസ് ആയ ഞാൻ നിങ്ങളുടെ ദിക്കിൽ നിന്ന് ഇവിടെ വന്നിട്ടുള്ള ശെമ്മാശൻ വശം ഒരു എഴുത്ത് അയക്കുന്നു. ...... നമ്മുടെ നാഥനായ പാപ്പായിൽ നിന്ന് സമസ്താധികാരങ്ങളും എനിക്ക് നൽകപ്പെട്ടിരിക്കുന്നു

എന്ന് നിങ്ങൾ അറിഞ്ഞുകൊൾവിൻ. .....”[14]

ചില വസ്തുതകൾ ഈ കത്ത് സ്ഥിരീകരിക്കുന്നു:

1. അദ്ദേഹത്തിന്റെ പേർ ഇഗ്നാത്തിയോസ് എന്നാണ് (അഗ്നാത്തെയോസ് എന്നും വായിക്കാം).

2. അദ്ദേഹം ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസ് ആണ്.

3. അദ്ദേഹത്തെ അയച്ചത് 'പാപ്പാ' ആണ്.

ഈ 'പാപ്പാ' പദം കണ്ട് റോമൻപാപ്പാ എന്ന് ഭ്രമിച്ചാണ് അദ്ദേഹത്തെ റോമൻ പാപ്പാ അയച്ചു എന്ന് ചിലർ പ്രസ്താവിക്കുന്നത്. എന്നാൽ കോപ്റ്റിക് പാത്രിയർക്കീസ്, റോമ്മാ പാപ്പായ്ക്കു മുമ്പ് മുതൽ ഇന്നു വരെയും പാപ്പാ എന്ന് അറിയപ്പെടുന്നു എന്ന ചരിത്രവസ്തുത അവർ സൗകര്യപൂർവ്വം വിസ്മരിക്കുകയാണ് (റോമ്മാപാപ്പാ അയച്ചു എന്നത് ശരിയെങ്കിൽ കത്തോലിക്കർ അദ്ദേഹത്തെ എന്തിന് പീഡിപ്പിച്ച് വധിച്ചു എന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കും!!).

കോപ്റ്റിക് പാത്രിയർക്കീസാണ് അദ്ദേഹത്തെ അയച്ചതെന്ന് സുവ്യക്തമാക്കുന്ന മറ്റൊരു സാഹചര്യം കൂടിയുണ്ട്. അത്യാവശ്യമായി വന്നാൽ പന്ത്രണ്ട് വൈദികർ ചേർന്ന് മെത്രാനെ വാഴിക്കുവാൻ അദ്ദേഹം ഒരു കത്തു മൂലം മലങ്കരസഭയെ അധികാരപ്പെടുത്തിയിരുന്നു. അലക്സാന്ത്രിയായിലെ പൂർവിക പൗരോഹിത്യ സംവിധാനം അറിവുള്ള ഒരാൾക്കേ 17-ാം നൂറ്റാണ്ടിൽ അപ്രകാരം എഴുതുവാൻ സാധിക്കുകയുള്ളു.

ഈജിപ്ഷ്യൻ സഭയിൽ സൂക്ഷിച്ച അറബി ഗ്രന്ഥത്തിൽ നിന്ന് ഫാ. കുറിയാക്കോസ് O.I.C. വായിച്ചുകേട്ട പ്രസ്താവനയും ജെയിംസ് ഹൗ നല്കുന്ന സാക്ഷ്യവും അഹത്തള്ളായുടെ കത്ത് നൽകുന്ന സാക്ഷ്യവും കൂട്ടിവായിച്ചാൽ മേൽ കൊടുത്ത മൂന്ന് നിരീക്ഷണങ്ങളും ചരിത്രപരമായി സാധുവാണെന്ന് സ്ഥിരീകരിക്കാൻ പ്രയാസമില്ല. അഹത്തള്ളായുടെ വരവിനെപ്പറ്റി ഇ. എം. ഫിലിപ്പ് നൽകുന്ന ഐതിഹ്യം യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഫാ. ഡോ. വി. സി ശാമുവേൽ നിഷേധിച്ചിട്ടുണ്ട്.[15] അതേസമയം കോപ്റ്റിക് പാത്രിയർക്കീസിന് മലങ്കരസഭ അയച്ച നിവേദനത്തെ തുടർന്നാണ് അഹത്തള്ളാ യാത്രാ പുറപ്പെട്ടതെന്ന ചരിത്ര പരാമർശത്തെ അദ്ദേഹം ഒരു കാരണവും പറയാതെ 'വിശ്വസനീയമായി തോന്നുന്നില്ല' എന്ന് നിഷേധിക്കുന്നു. ബർനാഡ് തോമ്മാ ഉദ്ധരിക്കുന്ന മാർ അഹത്തള്ളായുടെ കത്തിനെപ്പറ്റി അദ്ദേഹം മൗനം അവലംബിച്ചിരിക്കുന്നു.

'ഇന്ത്യയിലെ സുറിയാനി സഭാചരിത്രം' എന്ന പേരിൽ 2011-ൽ മലയാളത്തിൽ പ്രത്യക്ഷപ്പെട്ട യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ സഭാചരിത്രത്തിൽ മാർ അഹത്തള്ളായെ പൗരസ്ത്യ മെത്രാൻ എന്ന് മാത്രമേ വിശേഷിപ്പിച്ചിട്ടുള്ളു (പുറം 101).

1653-ൽ ഇന്ത്യയിലെത്തിയ മാർ അഹത്തള്ളായെ പോർച്ചുഗീസുകാർ സൂറത്തിൽ വച്ച് ബന്ധനസ്ഥനാക്കി മൈലാപ്പൂരിൽ എത്തിച്ചു. മൈലാപ്പൂരിലെ സെന്റ് തോമസ് കബറിടം സന്ദർശിക്കാനെത്തിയ രണ്ടു ശെമ്മാശന്മാർ (അവരുടെപേർ ഇട്ടി, കുര്യൻ എന്ന് ഇ. എം. ഫിലിപ്പ്) യാദൃച്ഛികമായി അദ്ദേഹത്തെ കണ്ടുമുട്ടി. അദ്ദേഹം നല്കിയ കത്തുകളുമായി അവർ മലങ്കരയിൽ എത്തി അർക്കദിയാക്കോനെ വിവരം അറിയിച്ചു. മലങ്കര സഭ ഇതോടെ ഉണർന്നു. റോമ്മൻ ആധിപത്യത്തിൽ നിന്ന് തങ്ങളെ ഉദ്ധരിക്കുവാൻ വന്ന അഭിനവ മോശയായി അവർ അഹത്തള്ളായെ കണ്ടു. തോമസ് അർക്കദിയാക്കോൻ അനുകൂലമായ ഈ സാഹചര്യത്തിൽ ഇടവകകളെ ക്ഷണനേരം കൊണ്ട് സംഘടിപ്പിച്ചു. അര നൂറ്റാണ്ടുകാലം തങ്ങൾ സഹിച്ച പാരമ്പര്യനിഷേധം അവസാനിപ്പിക്കാൻ ദൈവം നൽകിയ അവസരമായി അഹത്തള്ളായുടെ ആഗമനം വ്യാഖ്യാനിക്കപ്പെട്ടു. മൈലാപ്പൂരിൽ നിന്ന് ഗോവയിലേക്കുള്ള മാർഗമദ്ധ്യേ തന്നെ മോചിപ്പിക്കുവാൻ കത്തിലൂടെ അഹത്തള്ളാ ആവശ്യപ്പെട്ടതനുസരിച്ച് പൂർവിക മലങ്കരസഭാംഗങ്ങൾ കൊച്ചിയിലെത്തി. മെത്രാനെ കരയിലിറക്കുവാൻ സമ്മതിക്കുകയില്ലെന്ന് ശഠിച്ച ആർച്ച് ബിഷപ്പ് ഗാർസിയായെ രാഷ്ട്രീയകാരണങ്ങളാൽ കൊച്ചി രാജാവ് പിന്തുണച്ചു. ക്ഷുഭിതരായ ജനം ബലം പ്രയോഗിക്കുമെന്ന ഘട്ടം വന്നപ്പോൾ പോർച്ചുഗീസുകാർ മെത്രാനെ കടലിൽ കെട്ടിതാഴ്ത്തി പോലും. അതോടെ മാർ അഹത്തള്ളാ ചരിത്രത്തിൽ നിന്നു അപ്രത്യക്ഷനായി.

കൂനൻകുരിശുസത്യം

1653 ജനുവരി 3-ന് സുറിയാനിപാരമ്പര്യമുള്ള ക്രിസ്ത്യാനികൾ മട്ടാഞ്ചേരിപള്ളിയിൽ സമ്മേളിച്ചു. അർക്കദിയാക്കോനും വൈദികരും പള്ളിയിൽ പ്രവേശിച്ച് റോമ്മൻ ആധിപത്യത്തെ ബഹിഷ്ക്കരിക്കുന്ന ശപഥവാചകം ചൊല്ലി. പള്ളിമുറ്റത്തുള്ള ചരിഞ്ഞ കുരിശിൽ കയറുകൾ കെട്ടി വിശ്വാസികൾ അതിൽ പിടിച്ച് തോമ്മാ അർക്കദിയാക്കോൻ ചൊല്ലിക്കൊടുത്ത ശപഥവാക്യം ഏറ്റുചൊല്ലി. ഈ സംഭവം കൂനൻകുരിശ് സത്യം എന്ന പേരിൽ ചരിത്രപ്രസിദ്ധമായി. പോർച്ചുഗീസ് മതപ്രചാരണത്തിന്റെ ഫലമായി ഉടലെടുത്തിരുന്ന ലത്തീൻ കത്തോലിക്കർ ഈ സത്യത്തിൽ ഉൾപ്പെടുന്നില്ല. അപ്രകാരം കൂനൻകുരിശ് സത്യത്തിൽ പങ്കെടുത്തവരും പങ്കെടുക്കാത്തവരും എന്നിങ്ങനെ മലങ്കരസഭ ആദ്യമായി വിഭജിതമായി.

ആ സംഭവത്തിന് ശേഷം ആർച്ച് ബിഷപ്പ് ഗാർസിയായുമായി സഹ കരിക്കുവാൻ 200 മുതൽ 1000 വരെയുള്ള അത്മായക്കാരും 15-നും 25-നും ഇടയിൽ ഉള്ള വൈദികരും മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് എല്ലാ ചരി ത്രകാരന്മാരും രേഖപ്പെടുത്തുന്നു.[16]

(അഹത്തള്ളായുടെ ആഗമനം, അനന്തര സംഭവവികാസങ്ങൾ എന്നി വയെപ്പറ്റി മലങ്കരസഭയിൽ ലഭ്യമായ അതിപുരാതന വിവരണം 1896 മീന മാസത്തിലെ ഇടവകപത്രികയിൽ കാണുന്നതിനാൽ അത് പൂർണ്ണമായും ഇവിടെ ഉദ്ധരിക്കുന്നു. ചില ആവർത്തനങ്ങൾ വായനക്കാർ ദയവായി ക്ഷമിക്കുമല്ലോ.)

ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ

മലങ്കര സുറിയാനിസഭയിൽ ... ഓരോ കാലത്ത് ഉണ്ടായിട്ടുള്ള മഹാ ന്മാരായ നാട്ടുകാരിൽ ഇദ്ദേഹം പ്രഥമഗണനീയൻ ആയിരുന്നു. സുറി യാനിക്കാരെ ഉതിയംപേരൂർ സുന്നഹദോസിൽ വച്ച് ബലത്താൽ റോമ്മാ വിശ്വാസത്തിലേയ്ക്ക് ചേർത്ത കാലത്തോട് ഒട്ടടുത്ത് ഇദ്ദേഹം കല്ലുച്ചേരി പള്ളി ഇടവകയിൽ തലവടിയിൽ ആഞ്ഞിലിമൂട്ടിൽ എന്ന കുടുംബത്തിൽ ജനിച്ചു. കല്ലുച്ചേരി പള്ളി ഇടവകയ്ക്കു പട്ടം ഏറ്റു. ആ കാലം പറങ്കിക ളായ പോർച്ചുഗീസ് ഗവണ്മെണ്ടിന്റെയും റോമ്മാവൈദികന്മാരുടെയും അധികാരം ബലപ്പെട്ടിരുന്നു എങ്കിലും ഇദ്ദേഹം ബാല്യം മുതലേ അവ രോട് അപ്രിയനായിരുന്നു. റോമ്മാനുകം മലങ്കരെ നിന്നു തകർക്കുവാൻ സദാ തക്കം നോക്കിക്കൊണ്ടിരുന്നു. ഇദ്ദേഹം സന്മാർഗ്ഗശീലനും വാഗ്വൈ ഭവമുള്ളവനും ജനസമ്മതനും ആയിരുന്നു. സുറിയാനിക്കാരിൽ മാന്യ ന്മാരായിരുന്ന എല്ലാവരും ഇദ്ദേഹത്തിന്റെ സ്നേഹിതന്മാർ ആയിരുന്നു.

ഇങ്ങനെയിരിക്കുമ്പോൾ 1653-ൽ അന്ത്യോഖ്യായുടെ അബ്ദുള്ളാ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലങ്കര സഭയുടെ ഉദ്ധാരണത്തെ ഉദ്ദേശിച്ച് വന്നതും പറങ്കികൾ ബന്ധിച്ച് മൈലാ പ്പൂർ തടവിൽ വച്ചതും അവിടെനിന്ന് കൊണ്ടുവരുന്നവഴി കൊച്ചിയിൽ വച്ച് കെട്ടിതാഴ്ത്തിക്കൊല്ലുകയോ ഗോവയിൽ ദണ്ഡനസ്ഥലത്തിന് ദഹി പ്പിക്കയോ ചെയ്തതും നമ്മുടെ പ്രധാനനായകന്റെ മനസ്സിൽ സ്വാഭാവി കേന ഉണ്ടായിരുന്ന വൈരാഗ്യത്തെ പ്രകാശിപ്പിക്കുന്നതിന് ഇടയായി. പാത്രിയർക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് കേട്ട് ഇരുപ തിനായിരം സുറിയാനിക്കാർ കൊച്ചിയിൽ കൂടി. പാത്രിയർക്കീസിനെ വിടു വിച്ച് കൊടുക്കണമെന്ന് കൊച്ചി രാജാവിനോട് അപേക്ഷിക്കുകയും രാജാവ് സമ്മതിക്കുകയും ചെയ്തു. എങ്കിലും പറങ്കികൾ രാജാവിനെ സ്വാധീനപ്പെടുത്തുകയും പാത്രിയർക്കീസിനെ നശിപ്പിക്കുകയും ചെയ്തു. പാത്രിയർക്കീസിനെ കൊന്നത് മൂലം സുറിയാനിക്കാർ വിലപിച്ചുകൊ ണ്ടിരിക്കുമ്പോൾ ഗോവണിമേൽ നിന്ന് വീണ് രാജാവ് തീപ്പെട്ടു.

അനന്തരം ഈ ക്രൂരപാതകം ചെയ്ത പറങ്കികളോടും അവരുടെ മത ത്തോടും യാതൊരു ചേർച്ചയും അരുതെന്ന് സുറിയാനിക്കാർ നിശ്ചയിച്ചു. എല്ലാവരുംകൂടി കൊച്ചിയിൽ കൂനൻകുരിശേൽ കയറു കെട്ടിപ്പിടിച്ച് 1653 മകരം 3-ാം തീയതി സത്യം ചെയ്കയും ഒരു പടിയോല എഴുതി ഒപ്പിടു കയും ചെയ്തു. ആ പടിയോലയുടെ പകർപ്പ്:

"മോറാനീശോമശിഹാ പിറന്നിട്ട് 1653-ാമത് മകരമാസം 3-ാം തീയതി വെള്ളിയാഴ്ചനാൾ അർക്കദിയാക്കോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും എണങ്ങരും കൂടി മട്ടാ ഞ്ചേരിപള്ളിയിൽ വച്ച് നിശ്ചയിച്ച് കല്പിച്ച കാര്യം, അതായത് ശുദ്ധമാന കാതോലിക്കാ പള്ളി കല്പിച്ച് നമുക്കായിട്ട് മലങ്കരയ്ക്ക് യാത്രയാക്കിയ പാത്രിയർക്കീസിനെ ബലത്താലെ മെത്രാനും സാമ്പാളൂർ പാതിരിമാരും കൂടി പിടിച്ച് നമുക്ക് അനുഭവിക്കരുതെന്ന് കല്പിച്ചതുകൊണ്ടും ആ പാത്രിയർക്കീസ് മലങ്കരയ്ക്ക് വന്നു നമ്മുടെ കണ്ണുംമുന്നിൽ കണ്ടോളം നേരം (പൊടിവ്) ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രഞ്ചിക്കൂസ് മെത്രാൻ നമുക്ക് മെത്രാനല്ല, നാം അയാളുടെ ഇടവകയിൽ ഉള്ള പ്രജകളുമല്ല എന്ന് ഒന്മ. ശുദ്ധമാന പള്ളിയുടെ ക്രമത്തിന് തക്കവണ്ണം നമ്മുടെ എട വക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന് ഇപ്പോൾതൊട്ട് തോമ്മാ ആർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന് ഒന്മ. ഇതിന് വിചാരമായിട്ട് കല്ലിശ്ശേരി പള്ളിയിൽ ഇട്ടിത്തൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാരും അങ്കമാലിപള്ളി യിൽ വേങ്ങൂർ ഗീവർഗീസ് കത്തനാരും കുറവിലങ്ങാട് പള്ളിയിൽ പള്ളി വീട്ടിൽ ചാണ്ടിക്കത്തനാരും ഇവർ നാലുപേരും വിചാരക്കാരായിരുന്ന് മൂവ്വാണ്ടിൽ മൂവ്വാണ്ടിൽ കൂടിവിചാരിച്ച് കല്പിച്ചു കൊൾകയും വേണ മെന്ന് ഒന്മ. ഈ കല്പിച്ച മേക്ക് കടവിൽ ചാണ്ടികത്തനാർ കൈയെ ഴുത്ത്."

ഇപ്രകാരം ഒരു ഉടമ്പടി തീർത്ത് ഒപ്പിട്ടപടി എല്ലാവരും ആലങ്ങാട് കൂടി തോമ്മാ അർക്കദിയാക്കോനെ പാത്രിയർക്കീസിന്റെ കല്പന അനു സരിച്ച് മെത്രാനായി വാഴിക്കുകയും ഇട്ടിത്തൊമ്മൻ കത്തനാർ മുതലായ നാലു കത്തങ്ങളെ ആലോചനക്കാരായി നിയമിക്കുകയും ചെയ്തു. ഇവിടം മുതൽ അദ്ദേഹത്തിന്റെ മതവൈരാഗ്യവും സ്വേച്ഛാവർജ്ജനവും പ്രകാശിച്ചു തുടങ്ങി. വിശേഷാൽ ആലോചനക്കാരിൽ കടവിൽ ചാണ്ടി ക്കത്തനാർ പിന്മാറി പറങ്കികളോട് ചേർന്ന് ഉപദ്രവിയായിത്തീരുകയും മറ്റുള്ളവർ പറങ്കികളെ ഭയന്ന് ഒഴിഞ്ഞു നില്ക്കുകയും ചെയ്തതിനാൽ മെത്രാന് അസാമാന്യ വ്യസനം നേരിട്ടപ്പോൾ ഇട്ടിത്തൊമ്മൻ കത്തനാർ മെത്രാന്റെ സഹായത്തിനും റോമ്മായിൽ നിന്ന് ക്രിസ്ത്യാനികളെ പിൻവ ലിക്കുന്നതിനും മരണത്തോളം പരിശ്രമിക്ക മാത്രമല്ല ജീവനെക്കൂടെ വൈഷമ്യത്തിൽ വച്ചുകൊടുത്തു.

തോമ്മാ മെത്രാന്റെ അധികാരം ദുർബലപ്പെടുത്തുവാൻ ചാണ്ടിക്ക ത്തനാർ ശ്രമം ചെയ്തതുകൊണ്ട് അദ്ദേഹത്തിന് ഇട്ടിത്തൊമ്മൻ കത്ത നാർ താഴെപ്പറയുംപ്രകാരം ഒരു എഴുത്ത് അയച്ചു:

“ഓവിയാകപ്പെട്ട അനുജൻ കടവിൽ ചാണ്ടിക്കത്തനാരച്ചൻ കണ്ടെ ന്നാൽ, അന്ത്യോഖ്യായിലെ ബഹുമാനപ്പെട്ട പാത്രിയർക്കീസച്ചൻ ഈ മലങ്കരയ്ക്ക് അവകാശിയും അവിടെനിന്നും മേല്പട്ടക്കാരെ അയച്ച് നമുക്ക് വേണ്ടുന്ന കൂദാശകൾ തന്ന് പണ്ടേതൊട്ട് നടന്നുവരുമ്പോൾ ആയത് നമുക്ക് വഹിയാ എന്ന് സാമ്പാളൂർ പാദ്രിമാർ കല്പിച്ച് താനു മല്ലോ. അതുകൊണ്ട് നാമെല്ലാവരും മട്ടാഞ്ചേരിക്കൂടി സത്യം ചെയ്തു കഴിഞ്ഞയുടനെ ഇതിനൊക്കെയും ഭേദം വരുമെന്ന് ചില അത്മേനികൾ പറഞ്ഞപ്പോൾ ഒരു ഉണക്കക്കമ്പ് ഞാൻ ഒടിച്ച് ഇത് മുറി കൂടുമ്പോൾ അല്ലാതെ പറങ്കികളും നമ്മളും കൂടി ഒരുമ്പെടുകയില്ലെന്ന് പറഞ്ഞശേഷം ഇട്ടിത്തൊമ്മനച്ചൻ പറഞ്ഞത് ഒരു നിബിയൂസാ ആകുന്നുവെന്നും ആയ തിന് ഭേദം വരികയില്ലെന്നും പറഞ്ഞ അനുജന്റെ നാക്കേൽ തൊട്ടാൽ കൊള്ളാമെന്ന് എന്റെ കൈ ആശപ്പെടുന്നു താനും. നാം എല്ലാവരും കൂടി മെത്രാച്ചന് എഴുതിക്കൊടുത്ത പടിയോല പൊയ്പ്പോയില്ല താനും. ഇപ്പ ടിക്ക് ഇട്ടിത്തൊമ്മൻ കത്തനാർ എഴുത്ത്, ചുങ്കത്തിൽ പള്ളിയിൽ നിന്ന്.”

ഈ എഴുത്തു കണ്ടപ്പോൾ താൻ കൂടെ ഒപ്പിട്ട പടിയോല തോമ്മാ മെത്രാൻ വശം ഇരിക്കുന്നത് കൈവശപ്പെടുത്തണമെന്ന് ചാണ്ടിക്കത്ത നാർ നിശ്ചയിച്ച് പൂക്കോട്ട് പാർത്തിരുന്ന ബുദ്ധിക്കാരൻ പാദ്രി എന്ന് പറ യപ്പെടുന്ന ഒരു പറങ്കി പാദ്രിയെ വേഷപ്രച്ഛന്നനായി പറഞ്ഞയച്ചു. ഇയാൾ മെത്രാന്റെ അടുക്കൽ ചെന്ന് ഉപായത്തിൽ പടിയോല എടുപ്പിച്ച് നോക്കി കൈവശപ്പെടുത്തി കൊണ്ടുപോയി.

ഈ വിവരം ഇട്ടിത്തൊമ്മൻ കേട്ടയുടൻ മെത്രാന് ഒരു സ്വകാര്യ കത്ത് അയച്ചുംവച്ച് നേരെ പറങ്കികളുടെ അടുക്കൽ എത്തി. താൻ തെറ്റിപ്പോയി എന്നും ദോഷം പോക്കി കൈക്കൊള്ളണമെന്നും പറഞ്ഞ് ചേർന്ന്, അഞ്ചു മാസം പറങ്കികളുടെ കൂടെ താമസിക്കയും സാക്ഷാൽ മനസ് തിരിഞ്ഞ് ചെന്നു എന്ന് അവരെ ബോധപ്പെടുത്തുകയും ചെയ്തു.

ഇങ്ങനെ ഇരിക്കെ, ഒരു രാത്രി പറങ്കികൾ ഒരു വിരുന്ന് കഴിച്ചതിൽ സംബന്ധിച്ചു. പാദ്രിമാരെ അധികം ലഹരിപ്പിച്ചശേഷം എന്തോ കാരണം പറഞ്ഞ് പടിയോല എടുപ്പിച്ച് വായിച്ചു. പിന്നെയും തിന്നുകയും കുടിക്കു കയും ചെയ്തുകൊണ്ട് ഇരിക്കുമ്പോൾ ഇട്ടിത്തൊമ്മച്ചൻ ദീനം നടിച്ച് ഭ്രമം കാണിക്കയും മലവിസർജ്ജനത്തിന് എന്ന് ഭാവിച്ച് പടിയോല ഉടു പ്പിൽ ഒളിച്ചുവച്ചുകൊണ്ട് പുറത്തിറങ്ങുകയും ചെയ്തു. ഉടുപ്പ് ഊരി ഒരു കുറ്റിക്കാട്ടിന്മേൽ ഇട്ടു ദൂരേയ്ക്കു ആൾ ഇരിപ്പുണ്ടെന്ന് തോന്നിച്ചുംകൊണ്ട്

ഈ വിദ്വാൻ പടിയോല സഹിതം രാത്രി ഗമിച്ച് പാലിയത്തച്ചൻ മുഖാന്തരം വഞ്ചിവഴി തിരിച്ചുപോന്നു.

ഇവിടം മുതൽ ഇട്ടിത്തൊമ്മൻ കത്തനാരെയും തോമ്മാ മെത്രാനെയും ബലമായി പിടിപ്പിച്ച് ദണ്ഡനസ്ഥലത്ത് അയച്ച് ശിക്ഷിക്കണമെന്ന് പറങ്കികൾ നിശ്ചയിച്ചു. കൊച്ചിയിൽ രാജാവ് മുഖാന്തരം ഇവരെ പിടിപ്പിച്ച് തൃപ്പൂണിത്തുറ ഒരു മാളികയിൽ തടവിൽ വച്ചിരുന്നു. കൊച്ചിക്ക് കൂട്ടിഅയക്കുവാൻ മൂന്നുനാല് ദിവസത്തെ താമസം ഉണ്ടായതിനാൽ ഇതിനിടയിൽ പല സുറിയാനിക്കാരും ഇവരെ ചെന്ന് കാണുകയും ദുഃഖിച്ച് പോരികയും ചെയ്തിരുന്നു. ഇങ്ങനെ കാണ്മാൻ വന്നതിൽ മുളന്തുരുത്തിക്കാരായി താടി നീട്ടിയ രണ്ടു മൂപ്പന്മാരെ മെത്രാച്ചന്റെയും കത്തനാരുടെയും വേഷം ധരിപ്പിച്ചിരുത്തുകയും മൂപ്പന്മാരുടെ മുണ്ടും നേര്യതും മെത്രാനും ഇട്ടിത്തൊമ്മച്ചനും ധരിച്ച് പുറത്തുനില്ക്കുന്ന കാവൽക്കാർ അറിയാതെ വെളിക്കിറക്കി രക്ഷപ്പെടുത്തുകയും ചെയ്തു. കൊച്ചീസർക്കാർ ഈ മൂപ്പന്മാരെ മെത്രാനെന്നും കത്തനാരെന്നും ഭാവിച്ച് പറങ്കികളുടെ അടുക്കലേക്ക് കൂട്ടി അയച്ചു. പറങ്കികൾ ഇവരെ കണ്ടപ്പോൾ ആൾമാറാട്ടം മനസ്സിലാക്കി ഇവരെ അടിച്ച് വിട്ടയക്കുകയും മെത്രാനെയും കത്തനാരെയും പിടിപ്പാൻ വീണ്ടും ശ്രമം ചെയ്കയും ചെയ്തു. പിന്നെ അകപ്പെടുന്നതിന് മുമ്പ് ലന്തക്കാർ പറങ്കികളുടെ അധികാരം എടുത്തതിനാൽ അവരുടെ കൈവശം അകപ്പെടുവാൻ ഇടയായില്ല. മേല്പറഞ്ഞ രണ്ട് വൃദ്ധന്മാരുടെ സഹായം ഇല്ലായിരുന്നു എങ്കിൽ ഒന്നാം മാർതോമ്മാ മെത്രാനും ഇട്ടിത്തൊമ്മൻ കത്തനാരും ഗോവയിലെ ദണ്ഡനസ്ഥലത്തിന് ഇരയായിത്തീർന്നേനേ.

ഇവിടെ മുതൽ സുറിയാനിപ്പള്ളികളെ തിരിച്ചെടുക്കുന്നതിന് നമ്മുടെ കഥാനായകൻ വളരെ ശ്രമം ചെയ്തു. അദ്ദേഹത്തിന്റെ സ്വാധീനം തെക്കേ ദിക്കിൽ അധികം ഉണ്ടായിരുന്നതിനാൽ പമ്പാനദിക്ക് തെക്ക് റോമ്മാസഭ അശേഷം ക്ഷയിപ്പിച്ചു കളഞ്ഞു. വടക്കോ ദ്രോഹികളായ ചാണ്ടിക്കത്തനാർ മുതലായവരുടെ ശ്രമംകൊണ്ട് അനേക പള്ളികൾ റോമ്മാ അടിമയിൽ പിന്നെയും ഉറച്ചുനിന്നു. ഇങ്ങനെ സ്വന്തം കാര്യം ഒന്നും നോക്കാതെ സഭയ്ക്കുവേണ്ടി ആയുസ്സ് മുഴുവൻ വ്യയം ചെയ്തശേഷം സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ വിശ്വാസത്തിൽ 1659 മേടമാസം 27-ാം തീയതി ഇദ്ദേഹം കർത്താവിൽ നിദ്ര പ്രാപിച്ചു. സ്വന്തം ഇടവകയായ കല്ലിശ്ശേരിൽ അടക്കപ്പെട്ടു.

ഉദിയംപേരൂർ സുന്നഹദോസിൽ നമ്മുടെ സഭയെ ഒന്നായി അകപ്പെടുത്തിയ റോമ്മാ സഭയുടെ ചുവട്ടിൽ ആദ്യം കോടാലി വച്ചതും മുറിച്ചിട്ടതും ഇട്ടിത്തൊമ്മൻ കത്തനാർ ആയിരുന്നു. അദ്ദേഹത്തിന്റെ ശ്രമം ഇല്ലായിരുന്നുവെങ്കിൽ ആ വേലയെ പിന്നീട് മുഴുവനാക്കിയ പരദേശ ബാവാ

മാരുടെ ശ്രമം നിഷ്ഫലമായി ഭവിച്ചേനെ. ഇട്ടിത്തൊമ്മൻ കത്തനാർ എന്ന പേർ റോമ്മാസഭക്കാർക്ക് മഹാവെറുപ്പാകുന്നു. വാരാപ്പുഴക്കാരുടെ സഭാ ചരിത്രം വായിച്ചാൽ അവർക്ക് ഇദ്ദേഹത്തോടുള്ള വെറുപ്പ് എന്തു മാത്ര മെന്ന് കാണാം. അതെ, ആ സഭയെ വെട്ടിമുറിച്ച ആളിനെ അവർ വെറു ക്കുന്നതിൽ ഒട്ടും അതിശയിപ്പാനില്ല. എന്നാൽ സുറിയാനി സഭയ്ക്കോ അദ്ദേഹം ഒരു വലിയ തൂണും വീണ്ടെടുപ്പുകാരനും ആയിരുന്നു. ഇദ്ദേ ഹത്തിന്റെ സ്വഭാവത്തെയും സ്വേച്ഛാവർജ്ജനത്തെയും കുറിച്ച് ഒരു പഴയ ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "താൻ ധരിച്ചിരിക്കുന്ന കുപ്പായം അല്ലാതെ രണ്ടു വസ്ത്രം തനിക്ക് ഇല്ലായിരുന്നു. ഉടുപ്പ് മുഷി യുമ്പോൾ ഊരിക്കൊടുത്തുംവച്ച് താൻ അപ്പോൾ താമസിക്കുന്ന സ്ഥലത്തെ പട്ടക്കാരന്റേത് വാങ്ങിച്ച് ധരിക്കും. പൊക്കണവും മടിശ്ശീലയും കൂടാതെ സഞ്ചരിച്ചുവന്നു. ഉടൻ ഉത്തരം പറവാൻ വളരെ സാമർത്ഥ്യം ഉണ്ടായിരുന്നു. ഒരിക്കൽ ഉറങ്ങിക്കിടക്കുമ്പോൾ പരീക്ഷയായി ഞങ്ങൾ ഇദ്ദേഹത്തെ വിളിച്ചിട്ട് 'അച്ചാ വസൂരി വന്ന മുഖം എന്തു പോലെയിരി ക്കുന്നു' എന്ന് ചോദിച്ചപ്പോൾ 'ചക്കവീണ പിലാവില പോലെ' എന്ന് ഉറ ക്കത്തിൽ മറുപടി പറഞ്ഞു.

(ലേഖകന്റെ പേരില്ല, മുഖലേഖനമാകയാൽ പത്രാധിപർ ഇ. എം. ഫിലിപ്പ് തന്നെ എഴുതിയതാകാം)

1896 മേട മാസത്തിലെ (പുസ്തകം 5, ലക്കം 4) ഇടവകപത്രികയിൽ ഈ സംഭവത്തെക്കുറിച്ച് കാണുന്ന മറ്റൊരു വിവരണം കൂടെ ഇവിടെ ഉദ്ധരിക്കാം:

"...... ഇനി പറഞ്ഞുവന്ന സംഗതികളുടെ യഥാർത്ഥം ചുരുക്കിപ്പറയാം. മശിഹാകാലം 1653-ന് കൊല്ലം 828-ന് പരദേശത്തു നിന്ന് മാർ ഇഗ്നാ ത്യോസ് എന്ന ഒരു മേല്പ്പട്ടക്കാരനും തന്നോടുകൂടെ തുണക്കാരായി അബ്ദുള്ളാ എന്ന ഒരു കശ്ശീശായും ഏറമിയാ എന്നൊരു ആറുപട്ടക്കാ രൻ സന്യാസിയും കൂടെ മലയാളത്തിലുള്ള സുറിയാനിക്കാരുടെ അടു ക്കലേക്ക് വരുവാനായിട്ട് യാത്ര പുറപ്പെട്ടു. ഉരുവിൽ മദ്രാസ് പട്ടണത്തിൽ ഇറങ്ങി. മൈലാപ്പൂരിന് വന്നുചേർന്നാറെ അവിടത്തെ പറങ്കിക്കൂട്ടം, അവിടെ തടഞ്ഞ് പാർപ്പിച്ചിരിക്കയാൽ ആ കാലത്തിലെ സുപ്പ് പോലെ ചെങ്ങന്നൂർ ഇട്ടി ശെമ്മാശനും കുറവിലങ്ങാട് കിഴക്കേടത്ത് കുര്യൻ ശെമ്മാശും മാർത്തോമ്മാശ്ലീഹായുടെ കബറിങ്കൽ കുമ്പിടുവാനായി മൈലാപ്പൂരിൽ ചെന്നിട്ടുണ്ടായിരുന്നു. ഇവർ മേല്പ്പട്ടക്കാരനെ കണ്ടു പറ ങ്കികളാൽ നടത്തിവരുന്ന അന്യായങ്ങൾ, കുഴപ്പുകൾ, ഞെരുക്കങ്ങളെയും വിവരംപോലെ സങ്കടത്തോടുകൂടി അറിയിച്ചതിൽ മേല്പട്ടക്കാരനും വളരെ ഖേദിച്ചു. ഈ വിവരം പറങ്കികൾ അറിഞ്ഞാറെ മേല്പട്ടക്കാരനെ ഒരു മുറിയിൽ ആക്കി കാവലും വച്ചു. ഇതിനാൽ പറങ്കികൾ തന്നെ അപാ

യപ്പെടുത്തുവാൻ വട്ടംകൂട്ടുകയാണെന്ന് ബോധിക്കയാൽ ആ കാലം മലയാളത്തുള്ള സുറിയാനിക്കാർക്ക് തലവനായിരുന്ന തോമ്മാ അർക്കദിയാക്കോനെ എപ്പിസ്കോപ്പാ ആയിട്ട് വാഴിച്ചുകൊള്ളത്തക്കവണ്ണം കല്പനയും കൊടുത്ത് മേല്പ്പറയപ്പെട്ട ശെമ്മാശന്മാർ ഇരുവരെയും രഹസ്യമായി അയക്കയും ചെയ്തു. ഉടൻതന്നെ പറങ്കികൾ മേല്പ്പട്ടക്കാരനെ പിടിച്ച് ബെന്തവസോടുകൂടി കൊച്ചീക്കോട്ടയിലേക്ക് അയക്കയും ചെയ്തു. കോട്ടയിൽ എത്തിയാറെ വയോധികനായ മേല്പ്പട്ടക്കാരനെ അധികം ദുരിതപ്പെടുത്താതെ കഴുത്തിൽ ഒരു കല്ലും കെട്ടി പുഴയുടെ നടുക്ക് പറങ്കികൾ താഴ്ത്തിക്കൊല്ലുകയും ചെയ്തു. അതിന് കൊച്ചീരാജാവ് പറങ്കികൾക്ക് സ്വാധീനമായിരുന്നു. ആകയാൽ സ്വർഗ്ഗസ്ഥനായ രാജാക്കന്മാരുടെ രാജാവ് ശക്തിയുള്ള ദൈവം ആ നാഴികയിൽതന്നെ രാജാവിന്മേലും ശിക്ഷ ഇറക്കാതിരുന്നില്ല. എങ്ങനെ എന്നാൽ മേല്പറയപ്പെട്ട ശുദ്ധ മേല്പട്ടക്കാരനെ കെട്ടിത്താഴ്ത്തുന്നതിന് കോട്ടയിൽ പറങ്കികൾ വട്ടംകൂട്ടിയ സമയംതന്നെ രാജാവ് കോവിലകത്ത് മാളികയുടെ ഗോവണിയിൽ നിന്ന് വീണ് തല കീറി ഉടനെ തീപ്പെട്ടു പോകയും ചെയ്തു."

1. പ്രസാധകൻ: കെ. വി. മാമ്മൻ, പുറം 24 – 27.
2. *സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത*, പുറം 553 – 554.
3. *ഭുവിൽ വിടർന്ന ദേവലോകം*, പുറം 23.
4. പുറം 53, 54.
5. *പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ*, പു. 177 – 181.
6. *സഭ വളരുന്നു*, പു. 120 – 126.
7. L.W. Brown, *The Indian Church of St. Thomas*, p. 38.
8. *ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും*, പു. 280.
9. പാറേട്ട്, *മലങ്കര നസ്രാണികൾ*, വാല്യം 2, പുറം 384, 385.
10. *ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ*, 1906.
11. ഫാ. ബർനാദ് തോമ്മാ, *മാർതോമ്മാ ക്രിസ്ത്യാനികൾ*, 2-ാം ഭാഗം, പു. 70 – 71.
12. *ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ*, വാല്യം 6, പു. 299.
13. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും*, പു. 272.
14. ഫാ. തോമ്മാ ബർണാദ്, പു. 68.
15. *സഭ വളരുന്നു*, പു. 136.
16. *സഭ വളരുന്നു*, പു. 140.

അദ്ധ്യായം 4

പകലോമറ്റം മെത്രാന്മാർ

ഒന്നാം മാർത്തോമ്മാ

1653-ലെ കൂനൻകുരിശ്സത്യം മലങ്കര സുറിയാനിസഭയിൽ ഒരു നവ യുഗത്തിന്റെ ഉദയത്തെക്കുറിക്കുന്നു. അർക്കദിയാക്കോനിലും പേറെദ് യൂത്താമാരിലുമായി ചിട്ടപ്പെടുത്തിയിരുന്ന ആത്മിക-ലൗകിക ഭരണാധി കാരങ്ങൾ ഇതരസഭകളിലെന്നപോലെ മെത്രാനിൽ കേന്ദ്രീകരിക്കുവാൻ മലങ്കരസഭ തീരുമാനിക്കുന്നത് അന്നുമുതലാണ്. മെത്രാനെ വാഴിക്കു വാൻ മലങ്കരസഭ നടത്തിയ യത്നങ്ങളെല്ലാം അഹത്തള്ളാ വധത്തിൽ നിഷ്ഫലമായി. അപ്പോഴാണ് പന്ത്രണ്ട് പേറെദ്യൂത്തെന്മാർ ചേർന്ന് കൈവെപ്പ് നടത്തി അർക്കദിയാക്കോനെ മെത്രാനാക്കിയാലോ എന്ന ചിന്ത ഉടലെടുത്തത്. അലക്സാന്ത്രിയൻ സഭാപശ്ചാത്തലമുള്ള അഹ ത്തള്ളാ കത്തു മൂലം അധികാരപ്പെടുത്തിയതോടെ ആ ചിന്ത പ്രബല മായി. മെത്രാനില്ലാത്ത സഭ നിർജ്ജീവമാണെന്ന് കത്തോലിക്കാസഭ നിര ന്തരം പ്രചരിപ്പിച്ചിരുന്നത് ആളുകളെ ഏറെ സ്വാധീനിച്ചിരുന്നു. കൂനൻ കുരിശ് സത്യം പ്രഖ്യാപിച്ച സഭയ്ക്ക് ജനവിശ്വാസവും പിന്തുണയും നിലനിർത്തുവാൻ എപ്പിസ്ക്കോപ്പൽ ശൈലിയിലേക്കുള്ള ഗതിമാറ്റം അനി വാര്യമായിരുന്നു. അപ്പോസ്തോലന്മാരുടെ പിൻഗാമികളായി വാഴിക്കപ്പെട്ട പുരോഹിതന്മാർ തങ്ങളുടെ തലവനായി ഒരാളെ -പേറെദ്യൂത്തായെ - വാഴിച്ചിരുന്ന പൂർവ്വിക സമ്പ്രദായം പുതിയ ഒരു നാമകരണത്തിലൂടെ കാലികമാക്കുവാനാണ് സഭ ആഗ്രഹിച്ചത്. അക്കൊല്ലം ഇടപ്പള്ളിപള്ളി യിൽ സഭയിലെ വൈദികരും പ്രമുഖ നേതാക്കളും അനന്തരകരണീയ മെന്തെന്ന് അറിയുവാൻ മൂന്ന് നോമ്പിന്റെ ദിവസങ്ങളിൽ ഉപവാസസമേതം പ്രാർത്ഥനകൾ നടത്തി. ഉപവാസത്തിന്റെ അന്ത്യത്തിൽ ചേർന്ന സമ്മേ ളനത്തിൽ കൂനൻകുരിശ് സത്യത്തിനുശേഷം ജനപിന്തുണ ആർജ്ജിച്ച തോമ്മാ അർക്കദിയാക്കോനെ പന്ത്രണ്ട് പ്രമുഖ വൈദികർ - പേറെദ് യൂത്താമാർ - കൈവച്ച് എപ്പിസ്ക്കോപ്പാ എന്ന് നാമകരണം പ്രഖ്യാപി ക്കുവാൻ തീരുമാനമായി. പുതിയ മെത്രാന്റെ അഭിഷേകം ക്രമീകരിക്കു വാനും പുതിയ സാഹചര്യത്തിൽ മെത്രാന്റെ ഉപദേശകർ ആയി വർത്തി പ്പാനും നാല് വൈദികപ്രമുഖരെ ആ സമ്മേളനം നിശ്ചയിച്ചു (ആഗോള സഭയെ നാലു ഭാഗങ്ങളിലുമായി മേയിച്ച് ഭരിപ്പാൻ നാല് പാത്രിയർക്കീ സുമാരെ സഭ തെരഞ്ഞെടുത്ത് നിശ്ചയിച്ച സംഭവം അവരുടെ മനസ്സിൽ ഉണ്ടായിരുന്നിരിക്കാം). കുറവിലങ്ങാട് പറമ്പിൽ ചാണ്ടി, അങ്കമാലി വേങ്ങൂർ ഗീവറുഗീസ്, കടുത്തുരുത്തി കടവിൽ ചാണ്ടി, കല്ലിശ്ശേരി



ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്നീ നാല് ശ്രേഷ്ഠ വൈദികരാണ് ഉപദേശകസമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടത്. അർക്കദിയാക്കോന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഇടപ്പള്ളിയോഗം മലങ്കരസഭാചരിത്രത്തിലെ നിർണ്ണായകമായ വഴിത്തിരിവായി. പുതിയ ഒരു യുഗം പൊട്ടിവിടരുന്നതിന്റെ ശംഖനാദമായി ആ സമ്മേളനത്തെ കാണുന്നതിൽ അപാകതയില്ല.

1653 മെയ് 22-ാം തീയതി (അന്ന് പെന്തിക്കോസ്തിപ്പെരുനാൾ ആയിരുന്നു എന്നാണ് കേൾവി. പെന്തിക്കോസ്തിപ്പെരുനാളിൽ മാത്രം പട്ടംകൊട ശുശ്രൂഷ നടത്തുന്ന പതിവ് അടുത്തകാലംവരെ മലങ്കരസഭ അനുവർത്തിച്ചതായി കാണുന്നുണ്ട്) വൈദികരും സഭാപ്രതിനിധികളും ആലുവാ-പറവൂർ റൂട്ടിലുള്ള ആലങ്ങാട്പള്ളിയിൽ മുൻതീരുമാനപ്രകാരം സമ്മേളിച്ചു. പ്രാർത്ഥനാപൂർവ്വം പന്ത്രണ്ട് പേറെദ്യൂത്തെന്മാർ കൈവെപ്പ് ശുശ്രൂഷ നടത്തി. തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ എപ്പിസ്ക്കോപ്പാ ആയി സഭ അംഗീകരിച്ചു. അതോടെ മലങ്കര സുറിയാനി സഭയ്ക്കും സ്വന്തമായി ഒരു മെത്രാൻ ഉണ്ടായി. മുമ്പ് പേറെദ്യൂത്താമാരും അർക്കദിയാക്കോനും അനുഷ്ഠിച്ചുവന്ന സഭാശുശ്രൂഷകൾ തന്നെയാണ് പുതിയ മെത്രാന് അനുഷ്ഠിക്കാനുണ്ടായിരുന്നത്.

എന്നാൽ അലക്സന്ത്ര്യാ മുതലായ പുരാതനസഭകളിൽ നിലവിലിരുന്ന പൗരോഹിത്യദാനമുറകളോ, പേറെദ്യൂത്താമാർക്ക് സഭ നൽകിയതായി പറയുന്ന പൗരസ്ത്യ കാനോൻ നിയമങ്ങളോ അറിയാതിരുന്ന – വകവയ്ക്കാതിരുന്ന – റോമ്മൻ അധികൃതർ പുതിയ മെത്രാൻ 'ചുമ്മാ മെത്രാൻ' ആണെന്ന് പെരുമ്പറകൊട്ടി ഘോഷിച്ചു. മെത്രാന്മാർ ചേർന്ന് വേണം മെത്രാനെ വാഴിക്കാൻ എന്ന ശൈലിയിൽ അപ്രമാദിത്വം അവർ കണ്ടു. വാസ്തവത്തിൽ മെത്രാച്ചൻ പട്ടംകൊടുക്കുന്നതിൽ പുരോഹിതന്മാരുടെ പ്രധാന കാർമ്മികൻ എന്ന നിലയിൽ മാത്രമാണെന്ന് അവരുടെ പട്ടംകൊട ശുശ്രൂഷ ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളു. കത്തോലിക്കാ സഭയുടെ പട്ടംകൊടയിൽ മെത്രാനോട് ചേർന്ന് സന്നി

ഹിതരായ എല്ലാ പുരോഹിതന്മാരും സ്ഥാനാർത്ഥിയുടെ തലയിൽ വലതുകരം വയ്ക്കുന്നതെന്തിന്? ഓർത്തഡോക്സ് സഭയിൽ മെത്രാൻ സ്ഥാനി പരിശുദ്ധാത്മവിളിയുടെ പ്രാർത്ഥന കണ്ണീരോടുകൂടി (അങ്ങനെയാണ് പട്ടംകൊട പുസ്തകത്തിന്റെ മൂലഭാഷയിൽ നിർദ്ദേശമുള്ളത്) കൈവെപ്പ് നടത്തുമ്പോൾ അദ്ദേഹത്തിന്റെ കാപ്പാ എല്ലാ പുരോഹിതന്മാരും പിടിച്ചുനിൽക്കുന്നത് ആ കൈവെപ്പ് ശുശ്രൂഷയിൽ അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാനാണെന്ന് സൗകര്യപൂർവ്വം എല്ലാവരും മറന്നു പോകുന്നു. മേല്പട്ടക്കാരന് സുറിയാനി പാരമ്പര്യത്തിലുള്ള സ്ഥാനപ്പേർ റീശ്കൊഹനേ – പ്രധാന പുരോഹിതൻ – എന്നാണ്. കഹനേന്മാരുടെ സംഘത്തിന്റെ തലവൻ എന്നാണ് ആ പദത്തിന്റെ വിവക്ഷ. പാത്രിയർക്കീസും കാതോലിക്കായും പാപ്പായും ഒക്കെ അടിസ്ഥാനപരമായി കഹനേന്മാർ ആണെങ്കിലും ഓരോ സ്ഥാനത്തിനും പിൽക്കാലത്ത് വികസിച്ചുണ്ടായ അധികാരപരിധികൾ സഭാചരിത്ര വിദ്യാർത്ഥികൾക്ക് അജ്ഞാതമല്ല. സ്വന്തം അധികാരത്തെ വലുതാക്കിക്കാട്ടുവാൻ എല്ലാ സ്ഥാനികളും കിണഞ്ഞു പരിശ്രമിക്കുക സ്വാഭാവികം. ഒരു രസകരമായ ഉദാഹരണം കാണുക. സുറിയാനിസഭയിൽ ശെമ്മാശന്മാരുടെ തലവനായി ഒരു മുഖ്യശെമ്മാശനെ കാനോൻ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെയും പേർ അർക്കദിയാക്കോൻ എന്നാണ്. മദ്ബഹായുടെ നിയന്ത്രണം അയാൾക്കുള്ളതാണ്. മറ്റ് ശെമ്മാശന്മാർക്ക് ജോലികൾ പങ്കിട്ടു കൊടുക്കുക, പുരോഹിതർക്ക് അവരുടെ സ്ഥാനമുറയനുസരിച്ച് മദ്ബഹായിൽ ഇരിപ്പിടങ്ങൾ നൽകുക ആദിയായ ചുമതലകൾ നടത്തുന്ന അർക്കദിയാക്കോൻ എപ്പിസ്ക്കോപ്പായുടെ വക്താവും ആലോചനക്കാരനുമാണ്. ഈ അർക്കദിയാക്കോനെ നിയമിക്കുന്ന ശുശ്രൂഷയിൽ സ്ഥാനാർത്ഥിക്ക് അംശവടി – മൂറോനീസോ – കൊടുക്കുന്ന ഒരനുഷ്ഠാനമുണ്ട്. വി. കുർബ്ബാനയിലും മറ്റും ശെമ്മാശൻ ധരിക്കുന്ന അംശവടി അർക്കദിയാക്കോന്റെ അംശവടിയാണ്.

വി. കുർബ്ബാനയുടെ ആരംഭത്തിലും തുബ്ദേൻ വായനയിലും പട്ടംകൊട, മൂറോൻ കൂദാശ തുടങ്ങിയ ശുശ്രൂഷകളിലെ പ്രഖ്യാപനങ്ങളിലും ലുത്തിനിയാ വായനകളിലും അർക്കദിയാക്കോൻ സ്വന്തം അംശവടി ധരിച്ചുകൊണ്ടാണ് ആ വായനകൾ നടത്തുക. തന്നെപ്പോലെ അംശവടി ധരിക്കുന്ന അർക്കദിയാക്കോനെ ഉൾക്കൊള്ളുവാൻ സുറിയാനിസഭയിലെ മേല്പട്ടക്കാർക്ക് കഴിയാതെ വന്നതിനാൽ അർക്കദിയാക്കോൻ എന്ന സ്ഥാനം തന്നെ അവർ സഭയിൽ ഇല്ലാതാക്കി. പകരം അർക്കദിയാക്കോൻ സ്വന്തം അംശവടി ഉപയോഗിച്ചിരുന്ന സമയങ്ങളിൽ മേല്പട്ടക്കാരന്റെ അംശവടി പിടിക്കുവാൻ 'ദയാപൂർവ്വം' അനുവദിച്ചു (പട്ടംകൊട പുസ്തകത്തിൽ ഇന്നും അർക്കദിയാക്കോന് സ്ഥാനം കൊടുക്കുന്ന

ശുശ്രൂഷക്രമവും അതിൽ സ്ഥാനാർത്ഥിക്ക് അംശവടി നൽകുന്ന അനുഷ്ഠാനവും ഉണ്ട്. ഇനിയുള്ള കാലങ്ങളിൽ ആ ശുശ്രൂഷക്രമം പട്ടംകൊട പുസ്തകത്തിൽ നിന്ന് നീക്കം ചെയ്യാൻ എല്ലാ സാധ്യതകളും ഈ എഴുത്തുകാരൻ കാണുന്നുണ്ട്). ഇപ്രകാരം എപ്പിസ്ക്കോപ്പായുടെ അധികാരത്തെ വലുതാക്കി കാണിക്കുന്ന ഒരു സഭയ്ക്ക് മാർത്തോമ്മാ മെത്രാന്റെ മെത്രാൻ സ്ഥാനത്തെ അംഗീകരിക്കുവാനോ മനസ്സിലാക്കുവാൻ പോലുമോ കഴിയാതെ പോയത് സ്വാഭാവികം. തങ്ങളുടെ എല്ലാ പ്രചാരണ സംവിധാനങ്ങളും ഉപയോഗിച്ച് മാർത്തോമ്മാ മെത്രാൻ 'ചുമ്മാ മെത്രാൻ' ആണെന്നും അദ്ദേഹത്തിന്റെ അനുഷ്ഠാനങ്ങൾക്ക് സാധുതയില്ലെന്നും ആകർഷകമായി പ്രചരിപ്പിച്ചു. തെക്കേ ഇന്ത്യയിൽ പോർച്ചുഗീസ് അധികാരികൾക്ക് സർവാധികാരം ഉണ്ടായിരുന്ന അക്കാലങ്ങളിൽ അവരുടെ ബോധപൂർവമായ സംഘടിത പ്രചാരവേല ഫലവത്താകുക തന്നെ ചെയ്തു. തങ്ങളെ എതിർക്കുന്ന വിഭാഗത്തിന്റെ കരുത്ത് തകർക്കുവാൻ അസുരമായ മാർഗ്ഗങ്ങളും റോമ്മൻസഭ ആസൂത്രണം ചെയ്തു. സ്വന്തം അസ്തിത്വത്തെ ഭദ്രമാക്കാൻ മലങ്കരസഭ ചെയ്ത യത്നങ്ങളെ തോൽപ്പിക്കുവാൻ റോമ്മാസഭ ചതുരുപായങ്ങളും സ്വീകരിച്ചു.

1. കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തുള്ള തുറമുഖങ്ങൾ വഴി പൗരസ്ത്യമെത്രാൻ മലങ്കരയിൽ പ്രവേശിക്കാതിരിക്കാൻ കേരളഭരണത്തിൽ നിർണ്ണായക ശക്തിയായിരുന്ന പോർച്ചുഗീസുകാർ തുറമുഖങ്ങളിൽ ജാഗ്രതയോടുകൂടിയ കാവൽ ഏർപ്പെടുത്തി.

2. കർമ്മലീത്താ മിഷനറിമാരെ ഇറക്കുമതി ചെയ്ത് ഇടവകതോറും മാർത്തോമ്മാ മെത്രാന്റെ സ്ഥാനം സാധുവല്ലെന്ന് പ്രചാരണം അഴിച്ചുവിട്ടു. സുവിശേഷവേല എന്നാണ് 'ഈ വേല'യെ അവർ വിശേഷിപ്പിച്ചത്.

3. ആവശ്യമെങ്കിൽ ദാനംകൊണ്ട് പ്രലോഭിപ്പിച്ച് സുറിയാനിക്കാരെ വശത്താക്കുവാൻ ഗാർസിയാ ശ്രമിച്ചു. കൊഴുക്കട്ടയിൽ നാണയങ്ങൾ – സ്വർണ്ണ നാണയങ്ങളും – ഒളിപ്പിച്ച് നൽകി സുറിയാനിക്കാരെ സ്വപക്ഷത്ത് റോമ്മാക്കാർ ചേർത്തതായും 'കുഴലുണ്ടെങ്കിൽ കൊക്കുപിടിക്കാം കൊഴുക്കട്ടയുണ്ടെങ്കിൽ കല്ലൂർക്കാട് പിടിക്കാം' എന്ന പഴമൊഴി രൂപപ്പെട്ടതായും കാണുന്നു. വേങ്ങൂർ ഗീവറുഗീസ് കത്തനാർ, കടവിൽ ചാണ്ടി എന്നീ രണ്ട് ഉപദേഷ്ടാക്കളായ പ്രമുഖ വൈദികരെപ്പോലും സ്വപക്ഷത്താക്കുവാൻ ഗാർസിയായുടെ പ്രലോഭനങ്ങൾക്ക് കഴിഞ്ഞു. കൂനൻകുരിശ് സത്യം മുതൽ തോമ്മാ അർക്കദിയാക്കോനെ പിന്തുണച്ചിരുന്ന പല ഇടവകകളിലും വിള്ളലുണ്ടാക്കുവാൻ ഗാർസിയായുടെ തന്ത്രങ്ങൾക്ക് കഴിഞ്ഞു. പല ഇടവകകളും മാർത്തോമ്മാ മെത്രാനെ പൂർണ്ണമായും

കൈവിട്ടു. മെനേസ്സിസ് മെത്രാനെ ആർത്താട്ടിയ പാലൂർ–ചാട്ടുകുളങ്ങര ഇടവകയിൽപ്പോലും ഒരു വിഭാഗം മാർത്തോമ്മാ മെത്രാന് എതിരായ നിലപാട് സ്വീകരിച്ചു.

4. കർമ്മലീത്താ മിഷനറി സംഘങ്ങളിലൊന്നിന് നേതൃത്വം നൽകിക്കൊണ്ട് ജോസഫ് സെബസ്ത്യാനി എന്ന വൈദികൻ 1657 ആരംഭത്തിൽ കേരളത്തിലെത്തി. സെബസ്ത്യാനിക്ക് പോർച്ചുഗീസ് അധികാരികൾ വിപുലമായ അധികാരങ്ങൾ നൽകി. കൊച്ചി രാജാവും അദ്ദേഹത്തെ സഹായിക്കുവാൻ തയ്യാറായി. ഉപദേഷ്ടാവായിരുന്ന പറമ്പിൽ ചാണ്ടിക്കത്തനാരെയും പല ഇടവകകളെയും സെബസ്ത്യാനി മാർത്തോമ്മാ മെത്രാന്റെ പക്ഷത്ത് നിന്ന് അടർത്തിയെടുത്തു. കർമ്മലീത്താ മിഷനറിമാരുടെ പ്രേരണയിൽ മാർത്തോമ്മാ മെത്രാന് കൊച്ചി–വടക്കുംകൂർ രാജാക്കന്മാർ തങ്ങളുടെ ഭരണസീമയിൽ നിരോധനം പ്രഖ്യാപിച്ചു. അപ്പോഴും രണ്ടു രാജ്യങ്ങളിലും മാർത്തോമ്മായുടെ അനുയായികളുടെ ചെറുസംഘങ്ങൾ രഹസ്യമായി പ്രവർത്തിച്ചിരുന്നു. 1659–ൽ സെബസ്ത്യാനിയെ മലങ്കരസഭയുടെ ആർച്ച്ബിഷപ്പായി റോം അവരോധിച്ചു. 1661 മേയ് 14–ന് പുതിയ ആർച്ച് ബിഷപ്പ് ഭരണം ഏറ്റ് കൊച്ചിയിലെത്തി.

5. കൊച്ചി രാജാവിന്റെ സഹകരണത്തോടെ മാർത്തോമ്മാ മെത്രാനെയും അദ്ദേഹത്തിന്റെ പിന്നിൽ പാറപോലെ ഉറച്ചുനിന്ന ഇട്ടിത്തൊമ്മൻ കത്തനാരെയും വധിക്കുവാനുള്ള ശ്രമങ്ങളും അരങ്ങേറി. ഫാ. ഡോ. വി. സി. ശാമുവൽ ആ യത്നത്തെപ്പറ്റി ഇ. എം. ഫീലിപ്പോസ് നൽകുന്ന വിവരണത്തിന്റെ അടിസ്ഥാനത്തിൽ എഴുതുന്നു:

'മലങ്കരസഭയെ റോമിന് സ്വാധീനമാക്കിക്കൊടുക്കുവാൻ ഉള്ള യത്നത്തിന് വിലങ്ങുതടിയായി നിന്നിരുന്ന മാർ തോമ്മായേയും ഇട്ടിത്തൊമ്മനെയും അപായപ്പെടുത്തുവാൻ കൊച്ചിരാജാവിനോട് ചേർന്ന് അവർ വട്ടം കൂട്ടിയ സംഭവം റോമ്മൻ കത്തോലിക്കാ ചരിത്രകാരന്മാരും ചൂണ്ടിക്കാണിക്കുന്നുണ്ട്. 1661 ഒക്ടോബർ 9–ന് അവരിരുവരെയും സൂത്രത്തിൽ വധിക്കുവാൻ നടത്തിയ ഗൂഢാലോചന പ്രാവർത്തികമായില്ല. കൊച്ചി രാജാവിന്റെ ആസ്ഥാനമായ തൃപ്പൂണിത്തുറയിൽ രാജാവ് ആജ്ഞാപിച്ചതനുസരിച്ച് അവരെ ബന്ധനസ്ഥരാക്കിയിരുന്നു. ആ അവസരത്തിൽ അവരെക്കണ്ട് അന്ത്യയാത്ര പറയുവാനെത്തിയ മുളന്തുരുത്തിക്കാരായ രണ്ട് അത്മായ സ്നേഹിതരുമായി അവർ വസ്ത്രങ്ങൾ കൈമാറി (വേഷം മാറി) ഇരുവരും സ്ഥലംവിട്ടു. പിന്നീട് കാര്യം മനസ്സിലാക്കിയ അധിപതികൾ രോഷാകുലരായി അത്മായക്കാർക്ക് പ്രഹരം നൽകി സ്വഭവനങ്ങളിലേക്കയച്ചു. അവിടെ കിടന്നിരുന്ന മാർത്തോമ്മായുടെ മേനാവും മറ്റ് സാധനങ്ങളും അഗ്നിക്കിരയാക്കി അവരുടെ കോപാഗ്നിയെ ഭാഗികമായി

മാത്രം ശമിപ്പിച്ചു. ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ 'മേനാവിനിത്രയെങ്കിൽ മെത്രാനെത്ര?' എന്ന പഴമൊഴി പ്രചരിക്കുകയും ചെയ്തു.'[1]

ഇതിനുശേഷം കുറെക്കാലം മാർത്തോമ്മാ മലയോരങ്ങളിലും മറ്റ് അജ്ഞാതകേന്ദ്രങ്ങളിലും ഒളിച്ചുപാർത്തു. പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ അദ്ദേഹം ഒളിച്ചുപാർത്ത കാലത്ത് തലപ്പള്ളി രാജാക്കന്മാരിൽ ഉൾപ്പെട്ട ചിറളയം രാജാവും മണക്കുളം രാജാവും അദ്ദേഹത്തിന് സഹായം വാഗ്ദാനം ചെയ്തു. വിശ്വസ്ത ആശ്രിതരായ പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്തുള്ള പ്രജകളുടെ ആവശ്യമെന്ന നിലയിൽ മാർത്തോമ്മായുടെ സുരക്ഷിതത്വത്തിന് അവർ ഉയർന്ന പരിഗണന രഹസ്യമായി നൽകി. തന്നെയുമല്ല പൊന്നാനി തുറമുഖം വഴി ബെസ്രാ, അലക്സന്ത്രിയാ തുടങ്ങിയ തുറമുഖങ്ങളിലേക്ക് മാർത്തോമ്മായുടെ സഹായാഭ്യർത്ഥന അയച്ചുകൊടുക്കുവാൻ തലപ്പള്ളി രാജാക്കന്മാർ ആവശ്യമായ സഹായം രഹസ്യമായി നൽകി. മാർത്തോമ്മായുടെ അപേക്ഷകൾ യെരുശലേമിൽ അല്പം വൈകിയാണെങ്കിലും എത്തി. മാർത്തോമ്മായെ പിടിച്ചുകൊടുക്കുവാനുള്ള ചുമതല മുളന്തുരുത്തി-കണ്ടനാട് പള്ളിക്കാരെ കൊച്ചിരാജാവ് ഏല്പിച്ചിരുന്ന പശ്ചാത്തലത്തിലാണ് ആ പ്രദേശത്തുനിന്ന് കൂടുതൽ സുരക്ഷിതമായ പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്തേക്ക് ഒന്നാം മാർത്തോമ്മാ വേഷപ്രച്ഛന്നനായി എത്തിയത്. സുരക്ഷിതമായ ചിറളയം പള്ളിയിൽ മാർത്തോമ്മാ മെത്രാനും ഇട്ടിത്തൊമ്മൻ കത്തനാരും നിർഭയമായി പാർത്തു. ഇത്രമാത്രം പ്രതിസന്ധികളെ നേരിടേണ്ടിവന്ന മറ്റൊരു സഭാമേലദ്ധ്യക്ഷൻ മലങ്കരയിലുണ്ടായിട്ടില്ല. സ്ഥാനത്യാഗം ചെയ്യുവാനും റോമിന് കീഴടങ്ങുവാനും അദ്ദേഹത്തിന് പ്രലോഭനം കാഴ്ചവച്ച നിരവധി സന്ദിഗ്ധഘട്ടങ്ങളെ അദ്ദേഹത്തിന് നേരിടേണ്ടി വന്നു. കൂടെയുണ്ടായിരുന്ന നാല് ഉപദേഷ്ടാക്കളിൽ മൂന്ന്പേരും അദ്ദേഹത്തെ കൈവിട്ടു. ഇടവകകളിൽ ഭൂരിഭാഗവും മറുപക്ഷത്ത് ചേർന്നു. നിൽക്കുന്ന കാലിനടിയിലെ മണ്ണ് ഒലിച്ചുപൊയ്ക്കൊണ്ടേയിരുന്നു. പോർച്ചുഗീസുകാരും നാട്ടുരാജാക്കന്മാരും അദ്ദേഹത്തെ എല്ലാ ശക്തിയും ഉപയോഗിച്ച് വേട്ടയാടിക്കൊണ്ടിരുന്നു. പ്രാണനെ ഉള്ളംകൈയിൽ പേറിക്കൊണ്ട് അദ്ദേഹം ഒളിവിടങ്ങളിൽ നിന്ന് ഒളിവിടങ്ങളിലേക്ക് വേഷപ്രച്ഛന്നനായി സഞ്ചരിച്ചു. കൂടെ നിഴൽപോലെ ഇട്ടിത്തൊമ്മൻ കത്തനാർ മാത്രം അനുഗമിച്ചു. തന്റെ സ്ഥാനസാധുതക്കെതിരെ പരിഹാസപൂർവം ആക്ഷേപിച്ച സ്വജനങ്ങൾ അദ്ദേഹത്തിന്റെ ആത്മാഭിമാനത്തെ മുറിപ്പെടുത്തിക്കൊണ്ടേയിരുന്നു. അപ്പോഴും സഭ തന്നെ ഏല്പിച്ച ദൗത്യം വിശ്വാസപൂർവം സംരക്ഷിക്കുവാൻ രക്തസാക്ഷി മനോഭാവത്തോടെ അദ്ദേഹം അന്ത്യശ്വാസംവരെ പണിപ്പെട്ടു. തന്റെ അനുയായികൾ തീരെചെറിയ ഒരു ന്യൂനപക്ഷമായി തീർന്നെങ്കിലും ആ ചെറിയ ആട്ടിൻകൂട്ടത്തെ മലങ്കരസഭയുടെ തനിമ

അഭിമാനപൂർവം അവകാശപ്പെടുന്ന സമൂഹമായി നിലനിർത്തുന്നതിൽ അദ്ദേഹം വിജയിക്കുക തന്നെ ചെയ്തു. ഒടുവിൽ മലങ്കരസഭയുടെ നില വിളി ദൈവംകേട്ടു. 1663-ൽ ഡച്ചുകാർ കൊച്ചിയിലെ പോർച്ചുഗീസ് താവളം കീഴ്പ്പെടുത്തി. പോർച്ചുഗീസുകാരെ കേരളത്തിൽ നിന്ന് ബഹി ഷ്ക്കരിക്കുവാൻ അവർ നിശ്ചയിച്ചു. ഇതോടെ റോമിനെ അനുകൂലിച്ച് നിൽക്കുന്നവർക്ക് നേതൃത്വം നൽകുവാൻ ഒരു മെത്രാനില്ലാത്ത അവ സ്ഥയുണ്ടായി. 1659-ലെ ഗാർസിയായുടെ മരണത്തിന് ശേഷം ആർച്ച് ബിഷപ്പ് സ്ഥാനം വഹിച്ചിരുന്ന ജോസഫ് സെബസ്ത്യാനി മാർത്തോ മ്മാക്കെതിരെ വൻ മുന്നേറ്റം നടത്തിയിരുന്ന കാലത്താണ് ഈ ഡച്ച് മുന്നേറ്റം സംഭവിച്ചത്. 1663 ജനുവരി 7-ന് കൊച്ചി പിടിച്ചെടുത്ത അവർ കൊച്ചിയിലെ ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിൽ ഉള്ള പള്ളിയൊ ഴിച്ച് മറ്റെല്ലാ പള്ളികളും നശിപ്പിച്ചു. വിദേശികളായ എല്ലാ മിഷനറിമാരും എത്രയുംവേഗം കൊച്ചി വിടണമെന്ന് സുഗ്രീവാജ്ഞ പുറപ്പെടുവിച്ചു. ആർച്ച് ബിഷപ്പ് സെബസ്ത്യാനി കേരളത്തോട് യാത്രപറയുവാൻ നിർബ ദ്ധനായ സാഹചര്യത്തിൽ കത്തോലിക്കാസഭയിൽ ചേർന്ന പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാൻസ്ഥാനത്ത് അവരോധിച്ചു. പകലോമറ്റം കുടുംബാംഗവും മാർത്തോമ്മായുടെ ആദ്യ ഉപദേശകരിലൊരാളും ആയ പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാനാക്കിയത് ശേഷിച്ച സുറിയാനിക്കാ രെയും സ്വപക്ഷത്തേക്കാകർഷിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടായി രുന്നു.

ഡച്ചുകാർ പോർച്ചുഗീസുകാരെ തുരത്തിയതോടെ അവർ തുറമുഖ ങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഉപരോധം ദുർബലമായി. ഈ അനുകൂല മായ കാലാവസ്ഥ ഗ്രഹിച്ചിട്ടാവണം യെരുശലേമിൽ നിന്ന് ഒരു മെത്രാൻ 1665-ൽ പൊന്നാനി തുറമുഖത്തെത്തി (ഈ മെത്രാൻ കോഴിക്കോട്ട് വന്നെത്തി എന്നാണ് ഫാ. ഡോ. വി. സി. ശാമുവേൽ രേഖപ്പെടുത്തിയി ട്ടുള്ളത്. എന്നാൽ ഈ മെത്രാൻ കബറടങ്ങിയ വടക്കൻപറവൂർ പ്രദേ ശത്ത് സാർവത്രിക അംഗീകാരം നേടിയ പാരമ്പര്യപ്രകാരം യേരുശലേം മെത്രാൻ കപ്പലിറങ്ങിയത് പൊന്നാനി തുറമുഖത്താണ്.[3] പൊന്നാനി തുറ മുഖത്തു നിന്ന് ചാവക്കാട് ഉപതുറമുഖത്തേക്കും അവിടെനിന്ന് നസ്രാണി ഗൂർ (നസ്രാണികളുടെ ഗ്രാമം) എന്ന് ഹൈദരാലി വിശേഷിപ്പിച്ച പാലൂർ -ചാട്ടുകുളങ്ങര പ്രദേശത്തേക്കും പുതിയ മെത്രാൻ ആഗതനായി. പാലൂർ -ചാട്ടുകുളങ്ങര ഇടവകയിൽ താമസിച്ചിരുന്ന മാർത്തോമ്മായെ സന്ധിക്കു വാനായിട്ടാണ് അദ്ദേഹം പൊന്നാനിയിൽ കപ്പലിറങ്ങിയത് എന്ന് വേണം അനുമാനിക്കാൻ. എന്നാൽ പോർച്ചുഗീസുകാരെ ഡച്ചുകാർ കീഴ്പ്പെടു ത്തിയതിനെത്തുടർന്ന് 1664-ൽ മാർത്തോമ്മാ മെത്രാൻ ചിറളയത്ത് നിന്ന് കൊച്ചിയിലേക്ക് യാത്രയായിരുന്നു. തന്മൂലം മാർ ഗ്രീഗോറിയോസും

(അതാണ് യെരുശലേം മെത്രാന്റെ പേർ) അദ്ദേഹത്തോടുകൂടെ വന്ന രണ്ടു സന്യാസി വൈദികരും കൊച്ചിയിലേക്ക് യാത്രയായി. കൊച്ചി തുറമുഖവുമായി വ്യാപാരാവശ്യാർത്ഥം നിരന്തരം ബന്ധപ്പെട്ടിരുന്ന 'പനയ്ക്കൽ' കുടുംബനായകനാണ് ഈ കൊച്ചി യാത്രയിൽ മെത്രാനെയും സംഘത്തെയും അനുഗമിച്ചത്. വ്യാപാരം മുഖ്യതൊഴിലാക്കിയ കുന്നംകുളം ക്രിസ്ത്യാനികളുടെ ഉടമസ്ഥതയിലായിരുന്ന ചാവക്കാട് തുറമുഖത്തു നിന്ന് (1800-ലെ ഡോ. ഫ്രാൻസിസ് ബുക്കാനന്റെ സാക്ഷ്യം സ്മരണീയം) കൊച്ചിയിലേക്കുള്ള യാത്ര അപകടരഹിതമായിരുന്നു.

1665-ൽ വന്ന ഈ യെരുശലേം മെത്രാൻ ഏത് സഭയുടെ അംഗമാണ്? അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് എന്ന് പൂർണ്ണ നാമമുള്ള ഈ മെത്രാൻ ഹൂദായ കാനോൻ വിവരിക്കുന്ന യെരുശലേമിലെ അഞ്ചാം പാത്രിയർക്കീസ് ആണെന്നും അദ്ദേഹത്തിന്റെ വരവോടെ മലങ്കരസഭ അന്ത്യോഖ്യൻ ബന്ധത്തിൽ പ്രവേശിച്ചു എന്നും മലങ്കരസഭാചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഹൂദായ കാനോൻ നിർദ്ദേശിച്ച യെരുശലേമിലെ അഞ്ചാം പാത്രിയർക്കീസ് ഭരണപരമായി കൈസര്യായിലെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള എപ്പിസ്ക്കോപ്പാ ആകയാൽ എല്ലാ ചരിത്രകാരന്മാരും അദ്ദേഹത്തെ മെത്രാൻ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. മലങ്കരസഭയിൽ ഇതഃപര്യന്തം അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിനെ പാത്രിയർക്കീസ് എന്നോ മെത്രാൻ എന്നോ ആണ് വിശേഷിപ്പിച്ച് പോന്നിട്ടുള്ളത്. അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് അധികാരപ്പെടുത്തുന്ന കല്പന നൽകി ഇന്ത്യയിലേക്കയക്കുകയായിരുന്നു എന്നും അദ്ദേഹത്തിന്റെ ആഗമനത്തോടെ മലങ്കരസഭ അന്ത്യോഖ്യാ ബന്ധത്തിലേക്ക് പ്രവേശിച്ചു എന്നും ഇട്ടൂപ്പ് റൈട്ടർ, ഇ. എം. ഫിലിപ്പ്, റവ. ഡോ. വി. സി. ശാമുവേൽ, കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പാ എന്നിവർ ഏകാഭിപ്രായമായി രേഖപ്പെടുത്തിയിട്ടുണ്ട്. പൗരസ്ത്യസഭകളെ - ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ - ഒന്നടങ്കം യാക്കോബായസഭ എന്ന് കത്തോലിക്കാസഭ വിശേഷിപ്പിച്ചിരുന്ന പശ്ചാത്തലത്തിലാണ് മാർ ഗ്രീഗോറിയോസിനെ യാക്കോബായക്കാരൻ എന്ന് റോമൻ അനുയായികൾ വിശേഷിപ്പിച്ചത്. യാക്കോബായക്കാരനായ ഗ്രീഗോറിയോസ് എന്ന പാരമ്പര്യത്തെ പില്ക്കാലത്ത് അന്ത്യോഖ്യർ തങ്ങൾക്കനുകൂലമായ ഐതിഹ്യമായി വളർത്തിയെടുത്തു. ഈ ഐതിഹ്യമല്ലാതെ മാർ ഗ്രീഗോറിയോസിനു വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ യാതൊരു രേഖയും ചരിത്രകാരന്മാർ നിരീക്ഷണവിധേയമാക്കിയിട്ടില്ല. അദ്ദേഹം കബറടക്കപ്പെട്ട വടക്കൻപറവൂർ പള്ളിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയ ഒരു സുവനീറിൽ അദ്ദേഹം ഉപയോഗിച്ച സുറിയാനിഗ്രന്ഥങ്ങളും സ്ഥാനവസ്ത്രങ്ങളും ഉണ്ടെന്ന് കാണു

കയാൽ അവ പരിശോധിക്കുവാൻ ഈ ഗ്രന്ഥകാരൻ ആ പള്ളി രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പ് സന്ദർശിച്ചു. അന്ന് ആ പള്ളിയിലെ വികാരി മുളയിരിക്കൽ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ ആയിരുന്നു (അദ്ദേഹം നൽകിയ സഹകരണങ്ങൾക്ക് നന്ദി). അദ്ദേഹത്തിൽ നിന്ന് വാചികമായ ചില പാരമ്പര്യങ്ങൾ ഗ്രഹിക്കുവാൻ കഴിഞ്ഞു.

1. ജലീൽ മാർ ഗ്രീഗോറിയോസ് ബാവായെ കബറടക്കിയത് മദ്ബഹായുടെ തെക്കുഭാഗത്തായിരുന്നു. ഏതോ ഒരു ശീമ ബാവാ അത് മദ്ബഹായിൽനിന്ന് നീക്കം ചെയ്തു. തന്മൂലം ഭൗതികാവശിഷ്ടങ്ങൾ ഹൈക്കലായിൽ വടക്കുഭാഗത്ത് ഒരു കബറിടം നിർമ്മിച്ച് അതിൽ അടക്കം ചെയ്തു.

2. മദ്ബഹായിൽ പഴയ കബറിന് സമീപം ഭിത്തിയിൽ അദ്ദേഹത്തിന്റേതെന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഒരു ഛായാചിത്രം ഉണ്ടായിരുന്നത് നഷ്ടമായി. അന്ത്യോഖ്യൻ ചമയങ്ങൾ അണിഞ്ഞ് ഇന്ന് പ്രചരിച്ചിട്ടുള്ള ചിത്രം 1970-ന് ശേഷം വരച്ചിട്ടുള്ളതാണ്.

3. ഇന്ന് കാണുംവിധം അദ്ദേഹത്തിന്റെ ഓർമ്മപ്പെരുനാൾ എല്ലാ മാസവും ആഘോഷിക്കുവാൻ ആരംഭിച്ചത് 1983 നവംബർ 27 മുതലാണ്.

മദ്ബഹായിൽ ഈ ഗ്രന്ഥകാരൻ കയറി പരിശോധിച്ചു. ജലീൽ ബാവായുടെ ഗ്രന്ഥങ്ങൾ മദ്ബഹായിലെ അലമാരിയിൽ സൂക്ഷിച്ചിരിക്കുന്നു എന്നാണ് വികാരിയച്ചൻ പറഞ്ഞത്. സൂക്ഷ്മപരിശോധനയിൽ 19-ാം നൂറ്റാണ്ടിൽ എഴുതിയ ചില സുറിയാനി കൈയെഴുത്ത് കുർബ്ബാന തക്സാകളും കൂദാശക്രമങ്ങളും മാത്രമേ കാണുവാൻ കഴിഞ്ഞുള്ളു. സ്ഥാനവസ്ത്രങ്ങൾ എന്നെ കാണിക്കുവാൻ ആ വൃദ്ധപുരോഹിതൻ വൈമനസ്യം പ്രകടിപ്പിച്ചതിനാൽ അവ പരിശോധിക്കാനായില്ല. ഇതാണ് മാർ ഗ്രീഗോറിയോസിനെപ്പറ്റി മലങ്കരയിൽ ലഭ്യമായ ഐതിഹ്യശകലങ്ങൾ.

ഈ പശ്ചാത്തലത്തിൽ ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത ചില രേഖകൾക്ക് പ്രാധാന്യം സിദ്ധിക്കുന്നു.

1. കണ്ടെടുത്ത ഒരു രേഖ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസിന്റെ സുസ്താത്തിക്കോൻ ആണ്. അറബിക് ഗാർസുനിയിൽ രേഖപ്പെടുത്തിയ ഈ സുസ്താത്തിക്കോൻ തൊഴിയൂർ ഭദ്രാസനപ്പള്ളിയിലെ ആർക്കെവ്സിൽ നിന്നാണ് ഈ ഗ്രന്ഥകാരൻ കണ്ടെടുത്തത്. 1989 സെപ്റ്റംബർ 21-ലും അടുത്ത തീയതികളിലുമായി അതിന്റെ ഫോട്ടോയും തത്സംബന്ധമായി ഈ ഗ്രന്ഥകാരൻ നടത്തിയ നിരീക്ഷണങ്ങളും മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പിന്നീട് അതിന്റെ ഇംഗ്ലീഷ് പരിഭാഷ ലഭ്യമായപ്പോൾ ചില അത്ഭുതപ്പെടുത്തുന്ന വസ്തുതകൾ

വ്യക്തമായി. അബ്ദുൽ ജലീൽ ഗ്രീഗോറിയോസിന്റേതെന്ന് വ്യക്തമായി രേഖപ്പെടുത്തിയ ഈ സ്ഥാത്തിക്കോൻ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി സ്ഥാനം കൊടുത്തപ്പോൾ നൽകിയതാണ്. മെത്രാപ്പോലീത്താ അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് ഓക്സിയോസ്-ഓക്സിയോസ്-ഓക്സിയോസ് എന്ന് രണ്ടുമൂന്ന് ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. 1665-ൽ കേരളത്തിലെത്തിയ മാർ ഗ്രീഗോറിയോസ് ഊർശ്ലേമിന്റെ പാത്രിയർക്കീസ് ആണെന്ന് സുസ്താത്തിക്കോനിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അന്ത്യോഖ്യൻ സഭയുമായി ബന്ധമുള്ള ഊർശ്ലേം അദ്ധ്യക്ഷൻ അഞ്ചാം പാത്രിയർക്കീസാണ്. അദ്ദേഹം ഒരിക്കലും മെത്രാപ്പോലീത്താ അല്ല. കൈസര്യായിലെ മെത്രാപ്പോലീത്തായ്ക്ക് ഭരണപരമായി വിധേയപ്പെട്ട എപ്പിസ്കോപ്പാ മാത്രമാണ് (ഹൂദായ കാനോൻ പരിശോധിക്കുക). ജലീൽ ബാവാ മെത്രാപ്പോലീത്തായാണെന്ന് സംശയരഹിതമായി ഈ സുസ്താത്തിക്കോൻ വെളിപ്പെടുത്തുന്നതിനാൽ അദ്ദേഹം അന്ത്യോഖ്യൻ സഭയുടെ മെത്രാനോ ഊർശ്ലേമിന്റെ അഞ്ചാം പാത്രിയർക്കീസോ അല്ലെന്ന് വ്യക്തമാണ്.[4]

2. അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് ഉപയോഗിച്ചതെന്ന് ന്യായമായും വിശ്വസിക്കാവുന്ന കുർബ്ബാനതക്സാ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. എ.ഡി. 1660-ൽ റോമ്മിൽ അച്ചടിച്ച ഈ കുർബ്ബാനതക്സായിൽ ഒരു കോളത്തിൽ അറബിക് ഗാർസുനിയിലും ഒരു കോളത്തിൽ പാശ്ചാത്യ സുറിയാനിയിലുമായി പ്രാർത്ഥനകൾ അച്ചടിച്ചിരിക്കുന്നു. മാർത്തോമ്മാസഭയുടെ കേന്ദ്രമായ തിരുവല്ലാ പുലാത്തീൻ അരമനയിൽ സൂക്ഷിച്ചിട്ടുള്ള ഈ തക്സാ ഈ ഗ്രന്ഥകാരൻ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി. അതിലെ വിശ്വാസപ്രമാണത്തിലെ ചില പ്രയോഗങ്ങൾ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. പ്രസക്ത വാക്യം ഇപ്രകാരമാണ്: "ഹാവ് ദ് മേത്തുലോസാൻ ബ്നായ്നോശോ ന്ഹെസ്മേൻ ശ്മായോ വെസ്ഗാശാം മെർ റൂഹോകാദീശോ ഉമെൻ മറിയാം ബ്സുൻ തോ വഹവോ ബർനോശോ..." വിശ്വാസപ്രമാണത്തിൽ മറിയാമിനെ ദൈവമാതാവ് എന്ന് വിശേഷിപ്പിച്ചിട്ടില്ല എന്നത് അതീവ ശ്രദ്ധേയം. ഇത് നെസ്തോറിയൻ (കാൽഡിയൻ) നിലപാടിനെയാണ് കാണിക്കുന്നത്. വിശ്വാസപ്രമാണത്തിലെ അവസാന ഭാഗത്ത് "... ഹാവ് ദ് മേൻ ആബോ ബബറോ നോഫെക് ഉ അം ആബോ ഉ അം ബ്രോ മെസ്ത്ഗേത് ഉമേഗ്ത്താബാഹ്..." എന്ന് കാണുന്നു. റൂഹാ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നാണ് ഇതിന്റെ അർത്ഥം. ഇതൊരിക്കലും അന്ത്യോഖ്യൻ സുറിയാനി സഭയുടെ വിശ്വാസപ്രമാണമല്ല. കൽദായ-കത്തോലിക്കാ പാരമ്പര്യമുള്ള ഒരു സഭയുടെ ഊർശ്ലേം മെത്രാപ്പോലീത്താ ആണ് അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് എന്ന് ഈ വിശ്വാസപ്രമാണം വ്യക്തമാക്കുന്നു. മാർ

ഗ്രീഗോറിയോസ് മലങ്കരയിൽ വന്ന് ആദ്യ കുർബ്ബാന അർപ്പിച്ചപ്പോൾ തന്നെ ആരാധനയുടെ അപരിചിതത്വം മൂലം ജനങ്ങൾ പിറുപിറുത്തതായി ഉഗാണ്ടയിലെ ബിഷപ്പ് ബ്രൗൺ അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. മാർ ഗ്രീഗോറിയോസ് റോമ്മൻ പാപ്പായുമായി ബന്ധപ്പെട്ട മെത്രാനാണെന്ന് മാർത്തോമ്മാ ഒന്നാമനും ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും അക്കാലത്ത് തന്നെ ചൂണ്ടിക്കാട്ടിയിരുന്നു എന്നതും ഇത്തരുണത്തിൽ സ്മരണീയം തന്നെ.[5]

3. അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് പറവൂർ, കണ്ടനാട്, മുളന്തുരുത്തി മുതലായ പള്ളികൾക്കയച്ചതായി പ്രചരിച്ചിട്ടുള്ള ഒരു സർക്കുലർ ആണ് അടുത്ത രേഖ. ഇ. എം. ഫിലിപ്പ് അത് അദ്ദേഹത്തിന്റെ സഭാചരിത്രത്തിലൂടെയാണ് ഇക്കാര്യം ആദ്യമായി വെളിപ്പെടുത്തിയത്. അദ്ദേഹം ഇപ്രകാരം എഴുതി: "സുറിയാനി സഭയുടെ സത്യവിശ്വാസവും റോമ്മാസഭയുടെ അബദ്ധവിശ്വാസവും തമ്മിലുള്ള അന്തരത്തെ വിശദീകരിക്കുന്നതും പറവൂർ, മുളന്തുരുത്തി, കണ്ടനാട് എന്നീ പള്ളികളിലെ പട്ടക്കാർക്ക് മാർ ഗ്രീഗോറിയോസ് 1668-ൽ കുംഭം 5-ാം തീയതി അയച്ചിരുന്നതുമായ ഒരു പൊതുക്കല്പനയുടെ ഒരു പകർപ്പ് ഈ ഗ്രന്ഥകാരന്റെ കൈവശമുള്ള ഒരു സുറിയാനി കൈയെഴുത്തു പുസ്തകത്തിലുണ്ട്. ... ഈ കല്പനയുടെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം."[6]

ഈ കല്പന അബ്ദുൽ ജലീൽ ഗ്രീഗോറിയോസിന്റേതെന്ന് സ്ഥിരീകരിക്കാനുള്ള ഒരു കാരണവും ഫിലിപ്പ് രേഖപ്പെടുത്തിയിട്ടില്ല. 1668 എന്ന വർഷത്തെ മുൻനിർത്തി അത് അബ്ദുൽ ജലീൽ ഗ്രീഗോറിയോസിന്റെ കല്പനയാണെന്ന് ന്യായമായും ഊഹിക്കാം. എന്നാൽ കല്പന വർഷം 1768 ആണെങ്കിലോ? സാധാരണഗതിയിൽ അങ്ങനെ സംശയിക്കേണ്ടതില്ല. എന്നാൽ ഗ്രീഗോറിയോസിന്റേതെന്ന് മുൻവിധിയുള്ള ഒരു എഴുത്തുകാരൻ സുറിയാനിയിലെ അക്കങ്ങൾ വിവർത്തനം ചെയ്യുമ്പോൾ ഒരു പാകപ്പിഴ വരാവുന്നതല്ലേ? അച്ചടിയിൽ വന്ന തകരാറുമാവാം. അങ്ങനെ സംശയിക്കാൻ ഈ ഗ്രന്ഥകാരനെ പ്രേരിപ്പിച്ചത് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അറബിയിൽ എഴുതി പിന്നീട് ഇംഗ്ലീഷിലേക്കും ഒടുവിൽ മലയാളത്തിലേക്കും വിവർത്തനം ചെയ്യപ്പെട്ട *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം* എന്ന ഗ്രന്ഥമാണ്. ഫിലിപ്പ് ഉദ്ധരിച്ച സർക്കുലറിന്റെ കോപ്പി കൈവശമുണ്ടെന്ന് അവകാശപ്പെടുന്ന യാക്കോബ് തൃതീയൻ ആ കല്പനയുടെ കാലം 1608 ഫെബ്രു. 5-ാം തീയതി എന്നാണ് കൊടുത്തിട്ടുള്ളത്. പിന്നീട് അദ്ദേഹം താഴെപറയുംപ്രകാരം കല്പന ഉദ്ധരിക്കുന്നു: "ജനകനായ പിതാവിന്റെയും ജാതനായ പുത്രന്റെയും പിതാവിൽ നിന്ന് പുറപ്പെട്ട പ. റൂഹായുമാകുന്ന ത്രീയേക ദൈവത്തിന്റെയും

തിരുനാമത്തിൽ തനിക്ക് സ്തുതിയും നമ്മുടെമേൽ തന്റെ കരുണയും ഉണ്ടായിരിക്കട്ടെ. ദൈവകൃപയാൽ വി. നഗരമായ യരുശലേമിന്റെ പാത്രിയർക്കീസും യേശുമശിഹായുടെ ദാസനും ആയ ബലഹീനനായ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ, നമ്മുടെ വത്സലപുത്രന്മാരായ പറവൂർ പള്ളിയിലെ ഗീവറുഗീസ് കശ്ശീശയ്ക്കും ദേശത്തുപട്ടക്കാർക്കും......"[7]

ഈ കത്തിന്റെ കോപ്പി രേഖപ്പെടുത്തിയ ഒരു സുറിയാനി കയ്യെഴുത്തു ഗ്രന്ഥം തൊഴിയൂർ ഭദ്രാസന അരമനയിലെ ആർക്കൈവ്സിലുണ്ട്. ആ ഗ്രന്ഥം മുഴുവൻ ഫോട്ടോകോപ്പി രൂപത്തിൽ ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു. ആ കല്പനയുടെ ആദ്യഭാഗത്ത് യാക്കൂബ് തൃതീയൻ ബാവാ ഉദ്ധരിച്ച് ചേർത്തതിൽ കാണുംപ്രകാരം 'അബ്ദുൽ ജലീൽ' എന്ന പേർ ഇല്ല. ഊർശ്ലേമിന്റെ പാത്രിയർക്കീസ് എന്നും ഗ്രീഗോറിയോസ് എന്നും പരാമർശമുണ്ട്. അബ്ദുൽ ജലീൽ ഗ്രീഗോറിയോസിന്റേതെന്ന് സംശയരഹിതമായി തെളിയിക്കപ്പെട്ടു കഴിഞ്ഞ സുസ്താത്തിക്കോനിലെ സുറിയാനി ലിപികൾ പാശ്ചാത്യ സുറിയാനി ലിപി ആയിരിക്കേ ഈ സർക്കുലറിൽ ഉപയോഗിച്ചിട്ടുള്ളത് പൗരസ്ത്യ സുറിയാനി ലിപി ആണ്. നേരത്തെ സൂചിപ്പിച്ചതിൻപ്രകാരം കാൽഡിയോ കാത്തലിക് പാരമ്പര്യമുള്ള ഒരു സഭയിലെ മെത്രാൻ ആയി മാർ ഗ്രീഗോറിയോസ് കത്തോലിക്കാവിശ്വാസത്തെ വിമർശിച്ച് കല്പന എഴുതുന്നത് അസ്വാഭാവികമല്ലേ? തന്മൂലം ഈ സർക്കുലർ എഴുതിയ മാർ ഗ്രീഗോറിയോസ് 1665–ലെ മാർ ഗ്രീഗോറിയോസ് ആവാൻ ഇടയില്ലെന്ന് തീർച്ചയാണ്. ഈ ലേഖകന്റെ കൈവശം ലഭിച്ച പകർപ്പിൽ കല്പന എഴുതിയ വർഷവും സ്ഥലവും കാണുന്നില്ല. യാക്കോബ് തൃതീയന്റെ പുസ്തകത്തിൽ കാണുന്ന 1608 എന്ന വർഷം അച്ചടിപ്പിശക് തന്നെയാകാം. എന്നാൽ മറ്റ് തെളിവുകളുടെ സാഹചര്യത്തിൽ 1768 എന്ന വർഷമാണ് അതെന്ന് വരുവാൻ സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ 1751–ൽ ശക്രുള്ളാ ബാവായുടെ നേതൃത്വത്തിൽ വന്ന മേലദ്ധ്യക്ഷ സംഘത്തിലെ മാർ ഗ്രീഗോറിയോസ് അയച്ച സർക്കുലർ ആണ് അതെന്ന് ന്യായമായും ഊഹിക്കാം. അദ്ദേഹം പാശ്ചാത്യ സുറിയാനി ഉപയോഗിക്കാത്തതിൽ അസ്വാഭാവികതയില്ല; ഊർശ്ലേമിന്റെ പാത്രിയർക്കീസ് എന്ന വിശേഷണം തികച്ചും ഉചിതം; കത്തോലിക്കാ നിലപാടുകളെ എതിർക്കുന്നതിലും അപാകതയില്ല.

അബ്ദുൽ ജലീൽ ബാവാ അന്ത്യോഖ്യൻ സഭയിലെ മെത്രാനല്ല എന്നതിന്റെ മറ്റൊരു തെളിവ് അദ്ദേഹം ഇവിടെ പരിചയപ്പെടുത്തിയ മെത്രാൻ വേഷവുമായി ബന്ധപ്പെട്ട ചമയങ്ങളാണ്. അന്ത്യോഖ്യൻ സഭയിലെ മെത്രാച്ചന്മാർ മത്തങ്ങാ മുടിയും കറുത്ത പുറംകുപ്പായവും ധരിക്കുന്നവരാണ്. എന്നാൽ മുതലവായൻ മുടിയും സൂർപ്ലീസ് ആദിയായ മേൽവസ്ത്രങ്ങളും ആണ് അബ്ദുൽ ജലീൽ ബാവാ ധരിച്ചിരുന്നത്. ഇപ്പോൾ

പ്രചരിച്ചിട്ടുള്ള ജലീൽബാവായുടെ ചിത്രത്തിൽ കാണുന്ന അന്ത്യോഖ്യൻ ചമയങ്ങൾ ചിത്രകാരന്റെ ഭാവനയാണ്. പകലോമറ്റം മെത്രാന്മാരും അവരെ തുടർന്ന് പുലിക്കോട്ടിൽ ഒന്നാമൻ, പുന്നത്ര മെത്രാൻ, ചേപ്പാട്ട് മെത്രാൻ, പാലക്കുന്നത്ത് മെത്രാൻ എന്നിവരും ധരിച്ചിരുന്ന മെത്രാൻ വേഷം അബ്ദുൽ ജലീൽ ബാവാ പരിചയപ്പെടുത്തിയ മെത്രാൻസ്ഥാന ചമയങ്ങൾ ആണ്. തൊഴിയൂർ സഭയിൽ ഇപ്പോഴും മെത്രാൻസ്ഥാന മേൽക്കുന്ന സ്ഥാനാർത്ഥിയെ ധരിപ്പിക്കുന്നത് ഈ സ്ഥാനവസ്ത്രങ്ങളാണ്. അവർക്ക് ഇപ്പോഴും മത്തങ്ങാമുടി ഇല്ല. മാർത്തോമ്മാ സഭയിലെ മെത്രാന്മാരും മത്തങ്ങാമുടി ഉപയോഗിക്കുന്നില്ല. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ ആണ് അന്ത്യോഖ്യൻ മെത്രാൻസ്ഥാന ചിഹ്നങ്ങളായ മത്തങ്ങാമുടിയും മറ്റും ആദ്യം മലങ്കരയിൽ ഉപയോഗിച്ചത്. പിന്നീട് പത്രോസ് തൃതീയൻ ബാവാ വന്നതോടെ അത് സ്ഥിരപ്പെട്ടു. അന്ത്യോഖ്യൻ ബന്ധമില്ലാതിരുന്ന കാലത്ത് അബ്ദുൽ ജലീൽ ബാവാ പരിചയപ്പെടുത്തിയ ചമയങ്ങളാണ് മലങ്കരസഭ ഉപയോഗിച്ചത്. ഇന്ന് കാതോലിക്കാബാവാ തന്റെ മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നമെന്ന നിലയിൽ മുതലവായൻമുടിയും സൂർപ്ലീസും മറ്റും ധരിച്ച് അസോസ്യേഷൻ യോഗങ്ങളിൽ പങ്കെടുക്കുന്ന പതിവ് ആരംഭിച്ചിട്ടുണ്ട്. മുതലവായൻതൊപ്പി എല്ലാ മെത്രാന്മാരും ഉപയോഗിച്ചിരുന്നതാണ്. അൽവാറീസ് മാർ യൂലിയോസ് ഈ 'മുതലവായൻമുടി' ധരിച്ചിരുന്നു. മാർത്തോമ്മാസഭയിലും തൊഴിയൂർ സഭയിലും എല്ലാ മേല്പട്ടക്കാരും 'മുതലവായൻമുടി' ആണ് ധരിക്കാറുള്ളത്. പൗരസ്ത്യസഭകളെ ഒക്കെയും 'യാക്കോബായക്കാർ' എന്ന് കത്തോലിക്കർ ആക്ഷേപിക്കാറുള്ളതിൻ പ്രകാരം അബ്ദുൽ ജലീൽ ബാവായെയും യാക്കോബായ മെത്രാൻ എന്ന് കത്തോലിക്കർ വിശേഷിപ്പിച്ചതിനെ കണ്ണുംപൂട്ടി നമ്മളും സ്വീകരിച്ചതിനാലാണ് അബ്ദുൽ ജലീൽ നമുക്ക് യാക്കോബായ മെത്രാൻ ആയത് (അബ്ദുൽ ജലീൽ ബാവായുടെ വ്യക്തിനാമം 'അബ്ദുൽ ജലീദ്' എന്നാണെന്നവകാശപ്പെട്ടുകൊണ്ട് ലഘുജീവചരിത്രവും ചില ലേഖനങ്ങളും ഈയിടെ ഒരു സഭാചരിത്രകാരൻ പ്രസിദ്ധീകരിച്ചതായി കണ്ടു. ഒരു സഭാചരിത്ര ചർച്ചയിൽ ഈ അവകാശവാദത്തിന് ആസ്പദമായ തെളിവുകൾ ഹാജരാക്കുവാൻ ഈ ഗ്രന്ഥകാരൻ അദ്ദേഹത്തെ പരസ്യമായി വെല്ലുവിളിച്ചപ്പോൾ 'പേരിൽ എന്തിരിക്കുന്നു കാര്യം' എന്ന് പ്രശ്നത്തെ നിസ്സാരവത്ക്കരിച്ച് അദ്ദേഹം ചർച്ചയിൽ നിന്ന് ഇറങ്ങിപ്പോയതോർക്കുന്നു. പിന്നീടും അദ്ദേഹം 'ജലീദ്' പ്രയോഗം തുടരുന്നുണ്ട്. ഉറക്കം നടിക്കുന്ന വരെ ആർക്കാണ് ഉണർത്താൻ കഴിയുക. അദ്ദേഹത്തിന്റെ പേർ അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് എന്നാണ് പരമ്പരാഗതമായി എല്ലാ എഴുത്തുകാരും രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ സുസ്താത്തിക്കോനിലും അപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത് (സുറിയാനിയിൽ

'ജ' എന്ന അക്ഷരം ഇല്ലാത്തതിനാൽ തൽസ്ഥാനത്ത് ഗോമൽ (ഗ) ആണ് ഉപയോഗിച്ചിട്ടുള്ളത്. ഡോ. എം. കുര്യൻ തോമസ് അടിസ്ഥാനരഹിതമായി അദ്ദേഹം എഴുതിവിടുന്ന ലേഖനങ്ങളിലെല്ലാം 'ജലീദ്' എന്ന് എഴുതുന്നത് പലരെ വഴിതെറ്റിക്കുവാൻ ഭാവിയിൽ ഇടവരുത്തിയേക്കും).

മാർ ഗ്രീഗോറിയോസിന്റെ ആഗമനം മലങ്കരസഭയിലെ കൊടുങ്കാറ്റിനെ ശമിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. മാർ ഗ്രീഗോറിയോസിന്റെ പിന്തുണ ഒന്നാം മാർത്തോമ്മായ്ക്കു ലഭിച്ചു എന്നത് നിർവിവാദമായ കാര്യമാണ്. പക്ഷേ ഒന്നാം മർത്തോമ്മായ്ക്ക് മാർ ഗ്രീഗോറിയോസ് വീണ്ടും മെത്രാൻ പട്ടം നൽകിയോ? അനുകൂലമായും പ്രതികൂലമായും ഇക്കാര്യത്തിൽ ചരിത്രകാരന്മാർ അവരവരുടെ നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. അലക്സാന്ത്രിയൻ പാരമ്പര്യം അറിയാമായിരുന്ന മാർ ഗ്രീഗോറിയോസ് ഒന്നാം മാർത്തോമ്മായുടെ മെത്രാൻസ്ഥാനത്തിന്റെ സാധുത അംഗീകരിച്ചിരിക്കാം. നിരണംപള്ളിയിൽവച്ച് ഒന്നാം മാർത്തോമ്മായ്ക്ക് മാർ ഗ്രീഗോറിയോസ് പട്ടംകൊടുത്തു എന്ന് അടിസ്ഥാനരഹിതമായി അവകാശപ്പെടുന്ന ഒരു പുസ്തകം ഈയിടെ കണ്ടു. ആ പ്രസ്താവനയ്ക്ക് ചരിത്രപരമായി യാതൊരു വിലയും കല്പിക്കേണ്ടതില്ല. സ്ഥാനം കൊടുത്തതായി പ്രതിപാദിക്കുന്ന ഒരു സുസ്താത്തിക്കോൻ ഇതുവരെ ആരും കണ്ടെടുത്തതായി അറിവില്ല. ദൃക്സാക്ഷിയോ, സമകാല രേഖകളോ ഇല്ല. തന്മൂലം ആ വിടുവായത്തം അവഗണിക്കുകയേ നിവൃത്തിയുള്ളു.[9] പട്ടം കൊടുത്തില്ല എന്നതിന് തെളിവുണ്ടോ എന്ന ഒരു മറുചോദ്യം ഉണ്ടാവാം. അതിന് മറുപടി ഇതാണ്: സംഭവിച്ച കാര്യങ്ങൾക്കേ തെളിവ് ലഭിക്കൂ. ഗവേഷകർ ഗവേഷണം തുടരട്ടെ. അപ്രകാരം ഒരു പട്ടംകൊടയുടെ തെളിവു ലഭിക്കുന്നതുവരെ അവർ ഇരുവരും യോജിച്ച് പ്രവർത്തിച്ചു എന്നത് പട്ടം കൊടുക്കാത്തതിന്റെ അടിസ്ഥാനത്തിലാണെന്ന് പറയാനാവില്ല.

'അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് ഒന്നാം മാർത്തോമ്മായെ ക്രമാനുസൃത മെത്രാനായി അഭിഷേകം ചെയ്തു' എന്ന് യാക്കോബ് തൃതീയൻ മലങ്കരയിലെ ഒരു വിഭാഗം ചരിത്രകാരന്മാരുടെ പ്രസ്താവനയെ പിന്താങ്ങുന്നുണ്ട്.[10] പക്ഷേ, എല്ലാ പ്രസ്താവനകൾക്കും സമകാല രേഖകൾ തന്റെ കൈവശമുണ്ടെന്ന് ആണയിട്ടു പറയുന്ന അദ്ദേഹം ഇക്കാര്യത്തിൽ ഒരു രേഖയുടെയും പിൻബലം അവകാശപ്പെടുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു (അടുത്ത പതിപ്പിൽ മാർ ഗ്രീഗോറിയോസ് ഒന്നാം മാർതോമായ്ക്ക് അഭിഷേകസമയത്ത് നൽകിയ സുസ്താത്തിക്കോന്റെ പകർപ്പ് തന്റെ കൈവശമുണ്ടെന്ന പ്രസ്താവന പ്രത്യക്ഷപ്പെട്ടാൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല (അന്തരിച്ച ഒരു മനുഷ്യന്റെ കൈവശമുണ്ടെന്ന് പറയുന്ന രേഖകൾ ആർക്കും ഒരു കാലത്തും പരിശോധി

ക്കാനാവാത്തതിനാൽ ഏത് രേഖയും അദ്ദേഹത്തിന്റെ കൈവശമുണ്ടെന്ന് പ്രസാധകർക്ക് ഫുട്ട്നോട്ട് നൽകാം). ഇക്കാര്യത്തിൽ നമുക്ക് വിശ്വസിക്കാവുന്ന ഏറ്റവും പഴയ രേഖകൾ അഞ്ചാം മാർത്തോമ്മാ വിദേശത്തേക്കയച്ച കത്തുകളാണ്. ആ കത്തുകളിൽ മാർ ഗ്രീഗോറിയോസിന്റെ ആഗമനത്തെപ്പറ്റി പ്രസ്താവനകൾ ഉണ്ട്. 1738-ലെ കത്തിൽ പറയുന്നു: "... ദൈവപരിപാലനയിൽ ഞങ്ങളുടെ അടുക്കലേക്ക് അദ്ദേഹത്തിന്റെ വരവുണ്ടായി. അദ്ദേഹത്തിന്റെ മരണശേഷം ഞങ്ങൾ വളരെ വിഷമത്തിലായി."

1745-ലെ കത്തിൽ ഇങ്ങനെ കാണുന്നു: ‘‘... അല്പം കഴിഞ്ഞ് മല്പാനും ക്യാപ്റ്റനും പുണ്യവാനുമായ അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് ദൈവപരിപാലനയിൽ ഇവിടെ വന്നു. അദ്ദേഹത്തിന്റെ വരവ് മൂലം പിതാക്കന്മാർ ഉറപ്പുള്ളവരായി. ..."

1746-ലെ കത്തിൽ മാർ ഗ്രീഗോറിയോസിനെ വ്യക്തിപരമായി പരാമർശിക്കുന്നില്ല. "... മാർ ഇഗ്നാത്തിയോസിന്റെ കല്പനപ്രകാരം പാത്രിയർക്കീസും മറ്റനേകം മെത്രാപ്പോലീത്തന്മാരും ഞങ്ങളുടെ നാട്ടിൽ വരികയുണ്ടായി. അവർ സത്യവിശ്വാസികളായ സുറിയാനിക്കാരുടെ സമ്പ്രദായമനുസരിച്ച് കുർബ്ബാനയും നോമ്പാചരണവും ഞങ്ങളെ പഠിപ്പിച്ചു..."[11]

തന്റെ മുൻഗാമി അന്ത്യോഖ്യൻ മെത്രാനായ മാർ ഗ്രീഗോറിയോസിൽ നിന്ന് കൈവെപ്പ് സ്വീകരിച്ചിരുന്നു എങ്കിൽ അക്കാര്യം കൃതജ്ഞതാപൂർവ്വം ഈ കത്തുകളിൽ പിൻഗാമി സ്മരിക്കുമായിരുന്നു.

(ഈ മൂന്ന് കത്തുകളും - സുറിയാനിയിൽ എഴുതപ്പെട്ടത് - തൊഴിയൂരിൽ നിന്ന് ഈ ഗ്രന്ഥകാരൻ കണ്ടെടുത്തു. 1994-ൽ പ്രസിദ്ധപ്പെടുത്തിയ *ഇന്ത്യൻ ഓർത്തഡോക്സ് സഭ*, *മലങ്കരസഭയും കേരള സംസ്ക്കാരവും* എന്നീ ഗ്രന്ഥങ്ങളിലായി പ്രസിദ്ധപ്പെടുത്തി. അതിനുശേഷം ഗൗരവപൂർവ്വമായി നടന്ന ചരിത്രരചനകളിൽ മാർ ഗ്രീഗോറിയോസ് ഒന്നാം മാർത്തോമ്മായ്ക്ക് പട്ടം കൊടുത്തതായി രേഖപ്പെടുത്തുവാൻ ആരും തുനിഞ്ഞിട്ടില്ല. മാർത്തോമ്മാ ഒന്നാമന്റെ കാലത്തുണ്ടായ ഒരു സംഭവത്തെപ്പറ്റി അഞ്ചാം മാർത്തോമ്മായേക്കാൾ വിശ്വാസ്യമായ സാക്ഷ്യം നൽകുവാൻ ആർക്കാണ് കഴിയുക? റോമ്മൻ ക്യാമ്പ് അതുവരെ ഒന്നാം മാർത്തോമ്മാ വ്യർത്ഥനെന്ന് കുറ്റപ്പെടുത്തിയതിലുള്ള ജാള്യത്തെ ന്യായീകരിക്കുവാനും പിൽക്കാല അന്ത്യോഖ്യൻ താല്പര്യക്കാർ അന്ത്യോഖ്യൻ ബന്ധത്തെ സ്ഥാപിക്കുവാനായി ഇങ്ങനെയൊരു പട്ടംകൊടയുടെ വ്യാജകഥ പ്രചരിപ്പിച്ചുവെന്ന് മറിച്ച് തെളിവുകൾ കിട്ടുന്നതുവരെ നിഷ്പക്ഷമതികൾക്ക് നിരീക്ഷിക്കാനാവൂ.).

റോമ്മാക്കാർ സുറിയാനിക്കാരെ ആക്ഷേപിച്ചതിന് പരിഹാരമായി

മെത്രാനിലൂടെയുള്ള കൈവെപ്പ് മലങ്കരസഭയിൽ യാഥാർത്ഥ്യമായതോടെ കത്തോലിക്കർക്ക് മലങ്കരസഭയെ ആക്ഷേപിക്കാൻ ഇനി കാരണങ്ങളൊന്നും അവശേഷിച്ചിട്ടില്ലെന്നും ആ കൈവെപ്പ് അന്ത്യോഖ്യൻ മെത്രാനിൽ നിന്ന് സംഭവിച്ചത് മൂലം അന്ത്യോഖ്യൻ ബന്ധത്തിന്റെ അദ്ധ്യായത്തിലേക്ക് മലങ്കരസഭ പ്രവേശിച്ചു എന്നും സിദ്ധാന്തിക്കുവാനുള്ള ബദ്ധപ്പാടിൽ, ഇങ്ങനെയൊരു കൈവെപ്പ് നടന്നതിന് യാതൊരു പിൻബലവും ചരിത്രത്തിലില്ലെന്ന് ഇ. എം. ഫിലിപ്പ് ഉൾപ്പെടെയുള്ള ചരിത്രകാരന്മാർ വിസ്മരിച്ചുപോയി. പന്ത്രണ്ട് പേറെദ്യൂത്തെന്മാർ ചേർന്ന് മെത്രാന്മാരെ വാഴിക്കുന്ന സമ്പ്രദായം പൗരസ്ത്യസഭകളിൽ – വിശേഷിച്ചും അലക്സാന്ത്രിയ സഭയിൽ – പതിവുണ്ടായിരുന്നു എന്ന് അറിവുള്ള ഒരു പൗരസ്ത്യ മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹം ഒന്നാം മാർത്തോമ്മായ്ക്ക് വീണ്ടും പട്ടംകൊടുക്കുമെന്ന് ചിന്തിക്കുന്നതുപോലും സാഹസമാണ്. കോപ്റ്റിക് സഭ ഉൾപ്പെടെ മിക്ക പൗരസ്ത്യ–പാശ്ചാത്യ സഭകളുടെയും സാന്നിധ്യത്തിലും സംസർഗ്ഗത്തിലും യെരുശലേമിൽ ഒരു സഹോദരീ സഭയുടെ അധ്യക്ഷനായി ജീവിച്ച അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് സഭാചരിത്രത്തെയും സഭാ കാനോനുകളെയും വിലകുറച്ചു കാണാനിടയില്ല. അതുകൊണ്ടാണ് പഴയ ചരിത്രകാരന്മാർ അവർ യോജിച്ച് സഭയെ ഭരിച്ചു എന്നല്ലാതെ ഒരു പട്ടംകൊട നടന്നു എന്ന് രേഖപ്പെടുത്താതിരുന്നത്. എന്നാൽ പുതിയ ചരിത്രാഭാസങ്ങളിൽ അതിന് വിരുദ്ധമായ പ്രസ്താവനകൾ കാണുന്നത് ചരിത്രരചനയുടെ മൗലിക സത്യസന്ധത അവർക്ക് അന്യമായതിനാലാണ്.

അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് കാൽഡിയോ കാത്തലിക് മെത്രാപ്പോലീത്താ എന്ന് അഭ്യൂഹിക്കുവാനുള്ള ഒരു സാഹചര്യംകൂടെ ഇവിടെ പരാമർശിക്കേണ്ടതുണ്ട്. അദ്ദേഹം വിശുദ്ധ കുർബ്ബാനയ്ക്ക് പുളിപ്പില്ലാത്ത അപ്പമാണ് (പത്തീറാ) ഉപയോഗിച്ചിരുന്നത്. ഈ പതിവ് സാർവത്രികമായി പ്രചരിച്ചിരുന്നതിനാലാണ് 1685–ൽ മലങ്കരയിലെത്തിയ മാർ ഈവാനിയോസിന് പുളിപ്പുള്ള അപ്പത്തെ പുനഃസ്ഥാപിച്ചുകൊണ്ട് പ്രബോധന ലേഖനങ്ങൾ എഴുതേണ്ടി വന്നത്. ഹൂദായ കാനോനിലെ ചില കാനോനാകൾ ഉദ്ധരിച്ച് അദ്ദേഹം സുറിയാനിസഭയുടെ പല പാരമ്പര്യങ്ങളും ഇവിടെ പരിചയപ്പെടുത്തിയതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹമാണ് പാശ്ചാത്യ സുറിയാനി ലിപിയിലെഴുതിയ കുർബ്ബാന തക്സാ ആദ്യമായി മലങ്കരസഭയിൽ പരിചയപ്പെടുത്തിയത്. 1689–ൽ അദ്ദേഹം പാശ്ചാത്യ സുറിയാനിലിപിയിൽ മുളന്തുരുത്തിയിലെ കളപ്പുരക്കൽ ചാക്കോ (യാക്കോബ്) കത്തനാർക്കുവേണ്ടി പകർത്തി എഴുതിയ കുർബ്ബാന തക്സാ പിറമാടം ദയറായിൽ സൂക്ഷിച്ചിട്ടുണ്ട്. ഇദ്ദേഹത്തോടൊപ്പം വന്ന യൽദോ മാർ ബസ്സേലിയോസ് കാതോലിക്കായുടെ (1685–ൽ കോത

മംഗലത്ത് കാലം ചെയ്തു) പള്ളിക്രമ പുസ്തകങ്ങളിലും പാശ്ചാത്യ സുറിയാനിഭാഷ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് (പാശ്ചാത്യ സുറിയാനി മലങ്കരസഭ സ്വീകരിച്ചത് കണ്ടനാട് പടിയോലയ്ക്ക് ശേഷമാണെന്നും അതിന്റെ പ്രചാരകന്മാർ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം പീലിപ്പോസ് റമ്പാനും ആയിരുന്നുവെന്നും കോട്ടയം പഴയസെമിനാരി സ്ഥാപിച്ചത് ഈ പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചാരണത്തെ ഉദ്ദേശിച്ചായിരുന്നുവെന്നും ഡോ. കുര്യൻ തോമസ് ഈയിടെ അഭിപ്രായപ്പെട്ടിട്ടുള്ളത് ബാലിശവും ഉപരിപ്ലവവുമായ നിരീക്ഷണമാണ്. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം റമ്പാനും എഴുതിയ സുറിയാനി പുസ്തകങ്ങൾ ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. അവയെല്ലാം പൗരസ്ത്യസുറിയാനിയിൽ എഴുതപ്പെട്ടവയാണ്. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ശിഷ്യൻ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ (പിന്നീട് തൊഴിയൂരിലെ ഗീവറുഗീസ് മാർ കൂറിലോസ്) 1794-ൽ പകർത്തി എഴുതിയ പുതിയനിയമ വേദപുസ്തകം കോട്ടയം 'സീറി'യിൽ സൂക്ഷിച്ചിട്ടുണ്ട്. കുന്നംകുളം ചിറളയം പള്ളിയിൽവച്ച് പകർത്തിയ ഈ ഗ്രന്ഥത്തിൽ പൗരസ്ത്യ സുറിയാനി ഭാഷയാണ് ഉപയോഗിച്ചിട്ടുള്ളത് (ഈ ഗ്രന്ഥകാരൻ 1994-ൽ പ്രസിദ്ധപ്പെടുത്തിയ 'മലങ്കരസഭയും കേരള സംസ്ക്കാരവും' എന്ന കൃതിയിൽ ഇതിന്റെ ഫോട്ടോ അനുബന്ധമായി നൽകിയിട്ടുണ്ട്).

അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് 1870 മേടം 14-ന് അന്തരിച്ചു; വടക്കൻപറവൂർ പള്ളിയുടെ മദ്ബഹായിൽ തെക്കുഭാഗത്ത് അദ്ദേഹത്തെ കബറടക്കി (വടക്കൻപറവൂർ പള്ളിയിൽ സൂക്ഷിച്ചിരുന്നതും പിന്നീട് ആലുവായിലെ കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസിന്റെ കൈവശം വരികയും അവിടെനിന്ന് പൗലൂസ് മാർ സേവേറിയോസിന്റെ ചുമതലയിൽ കൊരട്ടി സീയോൻ സെമിനാരിയിൽ സൂക്ഷിക്കുകയും ചെയ്ത ഒരു കൈയെഴുത്ത് സുറിയാനി ഗ്രന്ഥത്തിൽ മാർ ഗ്രീഗോറിയോസിന്റെ നിര്യാണ തീയതി മശിഹാകാലം 1671 നീസാൻ 14-ാം തീയതി വെള്ളിയാഴ്ച എന്ന് പാശ്ചാത്യ സുറിയാനിയിലും മറ്റൊരു ഭാഗത്ത് കർസോനിയിലും - പൗരസ്ത്യ സുറിയാനിലിപി - രേഖപ്പെടുത്തിയ വർഷവും തീയതിയുമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.).

സുദീർഘമായ പോരാട്ടങ്ങൾക്കൊടുവിൽ ഒന്നാം മാർത്തോമ്മാ 'മശിഹാ പെറന്നിട്ട് ഒരായിരത്തിഅറുനൂറ്റി എഴുപത്തിമൂന്നാം കാലം മേടമാസം 12-ാം ദെവസി ശനിയാഴ്ചനാൾ മാർത്തോമ്മാ എപ്പിസ്ക്കോപ്പാ കാലം ചെയ്തു' (മേൽപ്പറഞ്ഞ പുസ്തകത്തിൽ പൗരസ്ത്യ സുറിയാനി ലിപിയിൽ കർസോനിയിലെഴുതിയ ഈ വർഷം ഈ ഗ്രന്ഥകാരൻ സ്വീകരിക്കുന്നു. ഫിലിപ്പ് നൽകിയത് 1670 മേടം 12; ഇട്ടൂപ്പ് റൈട്ടർ - 1770 മേടം 12; ഫാ. ഡോ. വി. സി. ശമുവേൽ - 1673 ഏപ്രിൽ 22). അദ്ദേഹത്തെ

അങ്കമാലി സുറിയാനിപ്പള്ളിയിൽ കബറടക്കി.

എപ്പിസ്ക്കോപ്പൽ ഭരണം മലങ്കരസഭയിൽ ഒന്നാം മാർത്തോമ്മാ 1653-ൽ ആ വൈദികസ്ഥാനം പ്രാപിച്ചതോടെ ആരംഭിച്ചു. അർക്കദിയാക്കോനിൽ നിന്ന് എപ്പിസ്ക്കോപ്പായിലേക്കുള്ള ഗതിമാറ്റമായി ഈ വഴിത്തിരിവ് സഭാചരിത്രത്തിൽ ഒരു പുതിയ യുഗപ്പിറവിയെ കുറിക്കുന്നു.


1. *സഭ വളരുന്നു*, പുറം 147-148.
2. ടി, പുറം 157.
3. ഫാ. റോയി കൊച്ചാട്ട്, മാർ ഗ്രീഗോറിയോസ് സുവനീർ, വടക്കൻപറവൂർ, പുറം 10.
4. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും*, പുറം 278.
5. ഫാ. ഡോ. വി. സി. ശാമുവേൽ, *സഭ വളരുന്നു*, പുറം 158.
6. ഇ. എം. ഫിലിപ്പ്, പു. 154.
7. *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, പു. 120.
8. ഡോ. കുര്യൻ തോമസ്.
9. ഡോ. കുര്യൻ തോമസ്, *അബ്ദുൽ ജലീദ് ഗ്രീഗോറിയോസ്,* സോഫിയാ ബുക്സ്, കോട്ടയം.
10. പുറം 116.
11. *ഇന്ത്യൻ ഓർത്തഡോക്സ്സഭ ചരിത്രവും സംസ്ക്കാരവും*, പു. 327-335.

അധ്യായം അഞ്ച്

പകലോമറ്റം മെത്രാന്മാർ 2 മുതൽ 9 വരെ

രണ്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണത്തെപ്പറ്റി സഭാചരിത്ര കാരന്മാർക്ക് ഏകാഭിപ്രായമില്ല. വാഴ്ച നൽകിയത് ആരെന്ന് *നിരണം ഗ്രന്ഥവരി* വ്യക്തമായിപ്പറയുന്നില്ല; എങ്കിലും മാർ ഗ്രീഗോറിയോസ് ആണെന്ന് ധ്വനിയുണ്ട്.[1] 1678-ൽ വന്ന കൽദായ പാത്രിയർക്കീസ് (?) മാർ അന്ത്രയോസും ഒന്നാം മാർ തോമ്മായും കൂടെ രണ്ടാം മാർത്തോ മ്മായെ വാഴിച്ചു എന്ന് *കണ്ടനാട് ഗ്രന്ഥവരി*[2] (രണ്ടു കാരണങ്ങളാൽ ഇത് ശരിയാകാനിടയില്ല. 1. അന്ത്രയോസ് വരുന്നതിനു മുമ്പ് ഒന്നാം മാർ ത്തോമ്മാ അന്തരിച്ചിരുന്നു. 2. 1678-ൽ അന്ത്രയോസ് വരുന്നതിനു മുമ്പ് രണ്ടാം മാർത്തോമ്മായുടെ സ്ഥാനാഭിഷേകം കഴിഞ്ഞിരുന്നു.). മാർ ഗ്രീഗോറിയോസും ഒന്നാം മാർതോമ്മായും ചേർന്നാണ് 2-ാം മാർത്തോ മ്മായെ വാഴിച്ചതെന്ന് ഇട്ടൂപ്പു റൈട്ടർ അഭിപ്രായപ്പെടുന്നു.[3] ഇതേ അഭി പ്രായമാണ് ഇ. എം. ഫിലിപ്പും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈയിടെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയ *ഇന്ത്യയിലെ സുറിയാനി സഭാചരിത്ര*ത്തിൽ (ഗ്രന്ഥകർത്താവ്: യാക്കോബ് തൃതീയൻ പാത്രിയർ ക്കീസ്) അത്യന്തം രസകരമായ ഒരു വിവരണം കാണുന്നു: "മാർ ഗ്രീഗോ റിയോസ് അബ്ദുൾ ജലീലിന്റെ മരണശേഷം പട്ടക്കാരും ശെമ്മാശന്മാരും വിശ്വാസികളും ചേർന്ന് തോമ്മാ രണ്ടാമനെ മെത്രാനായി നിശ്ചയിച്ച് പ്രഖ്യാപിച്ചു. കാരണം, ഈ പ്രഖ്യാപനസമയത്ത് അന്ത്യോഖ്യാ പാത്രി യർക്കീസിനാൽ നിയോഗിതനായ മെത്രാപ്പോലീത്തന്മാർ മലബാറിൽ ഇല്ലായിരുന്നു." 'ആലപ്പോയിൽ നിന്ന് വന്ന അന്ത്രയോസ് പാത്രിയർ ക്കീസ് മാർതോമ്മാ രണ്ടാമനെ അഭിഷേകം ചെയ്തു'.[5] മാർതോമ്മാ രണ്ടാമൻ 1683-ൽ അയച്ചതായി അദ്ദേഹം അവകാശപ്പെടുന്ന ഒരു കത്താണ് യാക്കൂബ് തൃതീയൻ ഈ കാര്യത്തിൽ പ്രമാണമാക്കുന്നത് (ഇക്കാര്യം രേഖപ്പെടുത്തിയ ഇംഗ്ലീഷ് വിവർത്തനത്തിൽ കാണുന്ന പരാ മർശം പാടേ അബദ്ധമായതിനാൽ മലയാള വിവർത്തനത്തിൽ അത് തിരു ത്തുന്നതായി വിവർത്തകൻ അടിക്കുറിപ്പിൽ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധേയമാണ്.).

ചില കാര്യങ്ങൾ യാക്കൂബ് തൃതീയന്റെ പ്രസ്താവനയെ വിമർശിച്ചു കൊണ്ട് രേഖപ്പെടുത്തുവാനുണ്ട്. ഇത്ര കൃത്യമായി രണ്ടാം മാർത്തോ മ്മായുടെ അഭിഷേകത്തെക്കുറിച്ചുള്ള രേഖ കൈവശമുള്ള ആൾ സഭാ



ചരിത്രകാരനും തന്റെ സഹപ്രവർത്തകനും ഉറ്റ സുഹൃത്തുമായ വി. സി. ശമുവേലച്ചനോട് മറ്റു സഭാചരിത്രകാര്യങ്ങൾ ചർച്ച ചെയ്ത കൂട്ടത്തിൽ ഇക്കാര്യം പറയാതിരുന്നതെന്തുകൊണ്ട്?

2. പകലോമറ്റം മെത്രാന്മാരുടെ പൂർണ്ണചരിത്രം അറിയാവുന്ന *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ ഇക്കാര്യം അറിയാതെ പോയതെങ്ങനെ?

3. *നിരണം ഗ്രന്ഥവരി* ഉൾപ്പെടെ എല്ലാ ചരിത്രങ്ങളും രേഖപ്പെടുത്തുന്നത് വലിയ മാർതോമ്മാ മെത്രാൻ കാലം ചെയ്തു എന്നാണ്. ഒന്നാം മാർ തോമ്മാ, 'വലിയ തോമ്മാ മെത്രാൻ' എന്ന് വിളിക്കപ്പെട്ടുവെങ്കിൽ അദ്ദേഹത്തിന്റെ കാലത്ത് ചെറിയ (ജൂനിയർ) മാർ തോമ്മാ മെത്രാൻ വാഴിക്കപ്പെട്ടു എന്നു വ്യക്തമല്ലേ?

4. മാർതോമ്മാ രണ്ടാമന്റെ അഭിഷേകത്തെ കത്തോലിക്കാ ക്യാമ്പ് ഒരിക്കലും വിമർശിച്ചിട്ടില്ല; ആദരിക്കുക കൂടി ചെയ്തിരുന്നു. ഒരു മെത്രാനെക്കൂടാതെയാണ് രണ്ടാം മാർതോമ്മാ വാഴിക്കപ്പെട്ടതെങ്കിൽ ആ അവസരം സുറിയാനിക്കാരെ ആക്ഷേപിക്കുവാൻ അവർ സമർത്ഥമായി ഉപയോഗിക്കുമായിരുന്നില്ലേ? അലക്സാണ്ടർ ഡി. കാമ്പോ (ചാണ്ടി മെത്രാൻ) രണ്ടാം മാർത്തോമ്മായെ ആദരിച്ചിരുന്നു.

5. അന്ത്യോഖ്യായുടെ അംഗീകൃത പാത്രിയർക്കാ ലിസ്റ്റിൽ അക്കാലത്ത് അന്ത്രയോസ് എന്ന പേരിൽ ഒരു പാത്രിയർക്കീസ് ജീവിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല.

6. യാക്കൂബ് തൃതീയൻ ഉദ്ധരിച്ച കത്തിലെ ഒരു വാക്യം ഇപ്രകാരമാണ്. "സുറിയാനിക്കാർ തങ്ങളുടെ പക്കൽ എത്തിയില്ലെങ്കിൽ സുറിയാനിക്കാർ നാമാവശേഷമായിപ്പോകും... ഇന്ത്യാക്കാരെല്ലാവരും പറങ്കികളോട് ചേരും" (പുറം 125). മാർതോമ്മാ രണ്ടാമന്റെ കാലത്ത് ഇപ്രകാരം ഭീഷണിയില്ല. തന്മൂലം ഈ കത്ത് ഭാവന മാത്രമാണ്.

മലങ്കരസഭയിലെ എല്ലാ മെത്രാന്മാരെയും അന്ത്യോഖ്യായുമായി

ബന്ധിപ്പിക്കുവാൻ പില്ക്കാലത്ത് നടന്ന നിഗൂഢശ്രമമായിട്ടേ യാക്കൂബ് തൃതീയന്റെ പ്രസ്താവനകളെ കാണാനാവൂ. രണ്ടാം മാർതോമ്മാ യുടേതായി പറയുന്ന കത്ത് ഒരു ഭാവനാസൃഷ്ടിയാണ്.

രണ്ടാം മാർതോമ്മായെപ്പറ്റി നമുക്ക് ലഭിക്കുന്ന സാക്ഷ്യം ഇപ്രകാര മാണ്. "അദ്ദേഹം ഒരു സൽസ്വഭാവിയായിരുന്നു."[7] യാക്കൂബ് തൃതീയൻ ഈ വാകൃത്തോടുചേർന്ന് 2-ാം മാർത്തോമ്മാ അന്ത്യോഖ്യായോട് കൂറു ള്ളവൻ ആയിരുന്നു എന്ന് രേഖപ്പെടുത്തിയതിന്റെ ലാക്ക് ഏവർക്കും ഊഹിക്കാവുന്നതാണല്ലോ. കത്തോലിക്കാഗ്രന്ഥകാരന്മാരെ പ്രമാണ മാക്കി ഫാ. ഡോ. വി. സി. സാമുവൽ ഇപ്രകാരം എഴുതുന്നു: "... അന്നത്തെ റോമ്മൻ കത്തോലിക്കാ വിഭാഗത്തിന്റെ നേതാക്കൾ ആയി രുന്ന ചാണ്ടി ബിഷപ്പും 1678-ൽ ആ ബിഷപ്പ് നിയമിച്ചിരുന്ന സഹോദര പുത്രൻ അർക്കദിയാക്കോൻ മാത്യുവും അദ്ദേഹത്തെ (രണ്ടാം മാർതോ മ്മായെ) ആദരിച്ചിരുന്നു. ബിഷപ്പ് ചാണ്ടി 1687-ാമാണ്ടിലാണ് നിര്യാണം പ്രാപിച്ചത്. അതിനു മുമ്പ് മാർത്തോമ്മാ രണ്ടാമനെ തന്റെ പിൻഗാമി യാക്കി അവരോധിച്ച് ഇരു വിഭാഗങ്ങളെയും തമ്മിൽ യോജിപ്പിക്കുവാൻ ബിഷപ്പ് ചാണ്ടി അഭിലഷിച്ചിരുന്നതാണ്. ... അർക്കദിയാക്കോൻ മാത്യു മാർത്തോമ്മായെ പാലായിൽ വെച്ചു കണ്ട് അദ്ദേഹത്തോട് സംസാരിച്ച വസ്തുത റോമ്മൻ കത്തോലിക്കാ ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. ആ അവസരത്തിൽ അർക്കദിയാക്കോൻ മാർതോമ്മായുടെ കൈമുത്തി ബഹു മാനം പ്രദർശിപ്പിച്ചു."[8]

മലങ്കരസഭയിലെ പഴയകൂറ്റുകാർക്കും പുതിയകൂറ്റുകാർക്കും ആദര ണീയനായ രണ്ടാം മാർത്തോമ്മായുടെ കാലത്ത് ചില വിദേശീയർ മല ങ്കരസഭ സന്ദർശിച്ചു. അതിലൊരാളാണ് അന്ത്രയോസ്. അദ്ദേഹത്തെ പാത്രിയർക്കീസ് എന്നും പുണ്യവാനെന്നും വിശേഷിപ്പിച്ച് ചിലർ കൊട്ടി ഘോഷിക്കുന്നുണ്ടെങ്കിലും തികഞ്ഞ ഒരു മദ്യപനായിട്ടാണ് സഭാചരി ത്രകാരന്മാർ എല്ലാവരും അദ്ദേഹത്തെ വിലയിരുത്തിയിട്ടുള്ളത്. അദ്ദേഹം ഒരു പട്ടക്കാരൻ പോലുമല്ലെന്നും യാതൊരു കൂദാശയും നടത്തിയിട്ടില്ലെ ന്നും ഇ. എം. ഫിലിപ്പ് ഖണ്ഡിതമായിപ്പറയുന്നു.[9] മെത്രാൻ വേഷം ധരി പ്പിച്ച് വരച്ചെടുത്ത ഒരു ഫോട്ടോ അദ്ദേഹത്തിന്റേതായി പ്രചരിച്ചിട്ടുണ്ട്. പെരുന്നാൾ അടുക്കുമ്പോൾ ഈ ഫോട്ടോ സഹിതം ക്ഷണക്കത്ത് എല്ലാ വൈദികർക്കും അയച്ചുകൊടുത്തും സഭാപ്രസിദ്ധീകരണങ്ങളിൽ വിപു ലമായ പരസ്യങ്ങൾ നൽകിയും അദ്ദേഹത്തെ മെത്രാനായി അവതരിപ്പി ക്കുവാൻ സംഘടിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. വ്യാപാരാർത്ഥം അന്ന് വന്നിരുന്ന അർമ്മീനിയൻ കച്ചവടക്കാരോടൊപ്പം മലങ്കരയിലെത്തിയ ഒരു ശർവ്വോയോ റമ്പാൻ ആണ് അദ്ദേഹമെന്ന് ഈ ഗ്രന്ഥകാരൻ അഭ്യൂഹി ക്കുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരന്റെ കുടുംബമാണ് മുളന്തുരു

ത്തിയിൽ തലമുറകളായി കപ്യാർ ജോലി ചെയ്തിരുന്നത്. ഈ കുടുംബത്തിൽപ്പെട്ടവരാണ് തൊഴിയൂർ സഭാസ്ഥാപകനായി അറിയപ്പെടുന്ന കാട്ടുമങ്ങാട്ട് കൂറിലോസും മറ്റും. 1692-ൽ കല്ലട നദിയിൽ കുളിക്കുന്നതിനിടയിൽ അദ്ദേഹം മുങ്ങി മരിച്ചു എന്ന് ഇ. എം. ഫിലിപ്പ് എഴുതിയിരിക്കുന്നു. തന്റെ പൂർവ്വികനായ ഇടവഴിക്കൽ വലിയച്ചന്റെ (ഫീലിപ്പോസ് കത്തനാർ) ഗ്രന്ഥശേഖരത്തെ ആശ്രയിച്ച് എഴുതിയ ഇ. എം. ഫിലിപ്പിന്റെ പ്രസ്താവന മറിച്ച് തെളിവുകൾ ലഭിക്കുന്നതുവരെ പുനഃപരിശോധിക്കുവാൻ ആവശ്യമില്ല.

1686 മേടമാസം 3-ന് രണ്ടാം മാർത്തോമ്മാ നിര്യാതനായി. *നിരണം പള്ളി*യിൽ കബറടക്കപ്പെട്ടു, അന്ത്രയോസ് പാലമറ്റത്ത് രണ്ടു മെത്രാന്മാരെ വാഴിച്ചു എന്ന്[10] *കണ്ടനാട് ഗ്രന്ഥവരി*യിൽ നിരാധാരമായ ഒരു പ്രസ്താവന കാണുന്നുണ്ട് (*കണ്ടനാട് ഗ്രന്ഥവരി* പകലോമറ്റം മെത്രാന്മാരെപ്പറ്റി അന്ന് നിലവിലുള്ള ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും ഉദാസീനമായി രേഖപ്പെടുത്തുവാനാണ് ശ്രമിച്ചിട്ടുള്ളത്. ഈ ഭാഗങ്ങൾക്ക് ഗൗരവപൂർണ്ണമായ ഒരു ചരിത്രരചനയുടെ രൂപഭാവങ്ങളില്ലെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.).

രണ്ടാം മാർത്തോമ്മാ നിരണം പള്ളിയെ ആസ്ഥാനമാക്കിയാണ് സഭാഭരണം നിർവഹിച്ചത്. 1673 മുതൽ 1686 വരെയുള്ള ഒരു വ്യാഴവട്ടക്കാലത്തെ അദ്ദേഹത്തിന്റെ ഭരണം സ്ഥാനസാധുതയുടെ കാര്യത്തിൽ സർവാദരണീയമായിരുന്നെങ്കിലും അതേവരെ സഭാ തലസ്ഥാനപ്രദേശമായിരുന്ന വടക്കൻപ്രദേശങ്ങൾ അവഗണിക്കപ്പെടുന്നു എന്ന പ്രതീതി സംജാതമായി. തെക്കും വടക്കും (തിരുവിതാംകൂറും കൊച്ചിയും) തമ്മിൽ ഉണ്ടായിരുന്ന ബാലൻസ് സംരക്ഷിക്കുന്നതിൽ 2-ാം മാർത്തോമ്മാ വേണ്ടത്ര വിജയിച്ചതായി കാണുന്നില്ല. രണ്ടാം മാർത്തോമ്മായോട് വടക്കൻ പ്രദേശത്തുകാർക്ക് നീരസമുണ്ടാകുവാൻ ഇത് കാരണമായിരിക്കാം. ഏതായാലും കൊച്ചിയിൽ വ്യാപാരാർത്ഥം വന്നിരുന്ന ചില വിദേശ വ്യാപാരികളെ മുളന്തുരുത്തി പള്ളിക്കാർ ഇക്കാര്യത്തിൽ ആശ്രയിച്ചു. പൗരസ്ത്യ മെത്രാന്മാരെ മലങ്കരയിലെത്തിക്കുവാനുള്ള ദൗത്യം ഏതാനും അർമ്മീനിയൻ വ്യാപാരികൾ ഏറ്റെടുത്തു. ഇതിന്റെ ഫലമായിട്ടാണ് 1685-ൽ മാർ ബസേലിയോസ് യൽദൊ എന്നു പേരുള്ള ഒരു കാതോലിക്കായും ഈവാനിയോസ് എന്നു പേരുള്ള മെത്രാനും മലങ്കരയിൽ എത്തിയത്. ഇവരെപ്പറ്റി പില്ക്കാലങ്ങളിൽ ബോധപൂർവ്വവും അല്ലാതെയും പ്രചരിച്ച ഐതിഹ്യങ്ങൾ ചരിത്രകാരന്മാർ നിരാധാരമായി രേഖപ്പെടുത്തിയിട്ടുണ്ട്. യാതൊരു രേഖയും ലഭ്യമല്ലാത്തതിനാൽ ഐതിഹ്യങ്ങളെ ചരിത്രമായി രേഖപ്പെടുത്തിയതിൽ അവരെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ അവരെപ്പറ്റി അടുത്തകാലത്ത് ലഭിച്ച തെളിവു രേഖകളുടെ അടിസ്ഥാന

ത്തിൽ അവ പുനഃപരിശോധനാർഹങ്ങളാണ്. ഐതിഹ്യങ്ങൾക്ക് രണ്ടു പശ്ചാത്തലമാണുള്ളത്.

ഈ സഭാദ്ധ്യക്ഷന്മാർ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയോഗ പ്രകാരം വന്നവരാണെന്ന് സ്ഥാപിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി പ്രചരിക്കപ്പെട്ട ഐതിഹ്യങ്ങൾ ഒരു പശ്ചാത്തലം. അവരെ പുണ്യവാന്മാരും പണ്ഡിതന്മാരുമായി ചിത്രീകരിക്കാനുള്ള ശ്രമം മറ്റൊരു പശ്ചാത്തലം.

മാർ ബസ്സേലിയോസും മാർ ഈവാനിയോസും മലങ്കരസഭയിലെത്തിയത് അർമ്മീനിയൻ വ്യാപാരികളുമായി മുളന്തുരുത്തി പള്ളിക്കാർ ഉണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാകുന്നു. ഒരു ഡയറിക്കുറിപ്പ് ഈ ലേഖകൻ കണ്ടെടുത്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അറിവാസ്, കുസ്തന്തീൻ എന്നീ പേരുകളുള്ള വ്യാപാരികൾ കരാറു പ്രകാരമുള്ള പണം ലഭിക്കാത്തതിനെത്തുടർന്ന് മുളന്തുരുത്തിപ്പള്ളിയിൽ താമസിച്ചിരുന്ന മാർ ഈവാനിയോസിനെ ഭയാനകരംഗം സൃഷ്ടിച്ച് ഇറക്കിക്കൊണ്ടുപോയതായും തൽസമയത്ത് കളപ്പുരക്കൽ ചാക്കോ കത്തനാർ ഇടപെട്ട് അവരുടെ ബാധ്യത തീർത്ത് മാർ ഈവാനിയോസിനെ മോചിപ്പിച്ചതായും വ്യക്തമാക്കുന്ന ആ രേഖ മാതൃഭൂമിയുടെ ഒന്നാം പേജിൽ പ്രസിദ്ധീകരിക്കപ്പെട്ടതിനെത്തുടർന്ന് പലരും പരിഭ്രാന്തരായി. അങ്ങനെ ഒരു ചാക്കോ കത്തനാർ മുളന്തുരുത്തിയിൽ ജീവിച്ചിട്ടേ ഇല്ല എന്ന് മുളന്തുരുത്തി സ്വദേശിയായ ബഹു. കണിയാമ്പറമ്പിലച്ചൻ അന്ന് മാതൃഭൂമിയിൽ പ്രതികരണമെഴുതി. വിമർശനങ്ങളെ അന്നുതന്നെ ഈ എഴുത്തുകാരൻ പത്രം മുഖേന വായിച്ചിരുന്നു. മുളന്തുരുത്തിയിലെ ചാക്കോ (യാക്കോബ്) കത്തനാർക്കുവേണ്ടി ഹിദായത്തുള്ള മാർ ഈവാനിയോസ് 1689-ൽ പകർത്തിയെഴുതിയ കുർബ്ബാനതക്സാ പിറമാടം ദയറായിൽ നിന്ന് കണ്ടെടുക്കപ്പെട്ടതോടുകൂടി, ഈ ലേഖകൻ കണ്ടെടുത്തു പ്രസിദ്ധപ്പെടുത്തിയ ഡയറിക്കുറിപ്പിലെ പരാമർശങ്ങൾ അനിഷേധ്യങ്ങൾ ആണെന്നും കണിയാമ്പറമ്പിലച്ചന്റെ പ്രതികരണങ്ങൾ അദ്ദേഹം ഉൾപ്പെട്ട കക്ഷി പ്രചരിപ്പിച്ചുപോരുന്ന തെറ്റിദ്ധാരണകൾ പൊളിയാതിരിക്കാനുള്ള പ്രതിരോധം മാത്രമായിരുന്നു എന്നും സംശയാതീതമായി തെളിഞ്ഞിരിക്കുന്നു (ഈ കുർബ്ബാന തക്സായുടെ ഫോട്ടോകോപ്പികൾ പലരുടെ കൈവശവും ഈ ലേഖകന്റെ കൈവശവുമുണ്ട്.).

പോർച്ചുഗീസുകാരെപ്പറ്റിയുള്ള ഭയം നിമിത്തം തലശ്ശേരിയിൽ കപ്പലിറങ്ങി എന്ന ഐതിഹ്യവും തിരുത്തപ്പെടേണ്ടതാണ്. 1663-ൽ ഡച്ചുകാർ കൊച്ചി പിടിച്ചെടുത്തതോടെ പോർച്ചുഗീസുകാർ കേരളത്തിൽ നിന്ന് ബഹിഷ്കൃതരായി. തന്മൂലം പോർച്ചുഗീസുകാരെ 1685-ൽ ഭയപ്പെട്ടു എന്ന ഐതിഹ്യം അടിസ്ഥാനരഹിതമാണ്. ആദ്യം തലശ്ശേരി തുറമു

ഖത്തും പിന്നീട് കൊച്ചി തുറമുഖത്തും അവർ എത്തുകയായിരുന്നി രിക്കാം. മെത്രാന്മാർക്ക് കേരളത്തിന്റെ ഭൂമിശാസ്ത്രവും ഭാഷയും അറി യില്ലെങ്കിലും അവരെ കൊണ്ടുവന്ന വ്യാപാരികൾക്ക് കേരളത്തിലെ തുറ മുഖങ്ങളെപ്പറ്റി ശരിയായ ധാരണ ഇല്ലാതെ വരുമോ?

ഇവിടെ ശ്രദ്ധിക്കാനുള്ള പ്രധാന കാര്യം 1685-ൽ ഈ വിദേശ സഭാ ദ്ധ്യക്ഷന്മാർ കേരളത്തിലെത്തിയപ്പോൾ രണ്ടാം മാർത്തോമ്മാ സഭാ ഭരണം നടത്തിയിരുന്നു എന്നാണ്. എന്നാൽ അദ്ദേഹം ഈ സഭാപിതാ ക്കന്മാരെ സന്ദർശിച്ചതിനെപ്പറ്റി ഒരു പരാമർശവും കണ്ടിട്ടില്ല. തെക്കും വടക്കും തമ്മിൽ അന്ന് നിലവിലിരുന്ന ശീതസമരത്തെപ്പറ്റി അഭ്യൂഹി ക്കുവാൻ ഈ കാര്യം ഇടയാക്കുന്നുണ്ട്.

യൽദോ മാർ ബസ്സേലിയോസും അദ്ദേഹത്തെത്തുടർന്ന് മാർ ഈവാ നിയോസും ഉപയോഗിച്ച പട്ടംകൊടക്രമം ഉൾപ്പെടെയുള്ള പള്ളിക്രമ പുസ്തകങ്ങൾ ഇതെഴുതുന്ന ആളിന്റെ കൈവശമുണ്ട്. ആ പുസ്തകം ചില ഐതിഹ്യങ്ങളെ തിരുത്തുവാനാവശ്യമായ ചില പ്രകാശരശ്മികൾ നൽകുന്നുണ്ട്. ചില ഐതിഹ്യങ്ങൾ ഇപ്രകാരമാണ്: 1. യൽദൊ ബാവാ യുടെ കൂടെ വന്ന റമ്പാനെ യൽദൊ ബാവാ മെത്രാനായി വാഴിച്ചു. 2. കൂടെ വന്ന എപ്പിസ്ക്കോപ്പായെ യൽദൊ ബാവാ മെത്രാപ്പോലീത്താ ആയി വാഴിച്ചു. ഇത് രണ്ടും തെറ്റാണ്. ഹിദായത്തുള്ളയെ യൽദൊ ബാവാ യൗനായ വർഷം 1996-ൽ (എ.ഡി. 1685-ൽ) ഈവാനിയോസ് എന്ന പേരിൽ ബെസ്രായിലെ ദൈവമാതാവിന്റെ പള്ളിയിൽ വച്ച് എപ്പിസ്ക്കോ പ്പായായി പട്ടംകെട്ടി എന്ന് യൽദൊ ബാവാ അദ്ദേഹത്തിന്റെ പട്ടംകൊട പുസ്തകത്തിൽ പട്ടംകൊടകൾ രേഖപ്പെടുത്തുന്ന ഭാഗത്ത് രേഖപ്പെടു ത്തിയിട്ടുണ്ട്. 1689-ൽ മാർ ഈവാനിയോസ് പകർത്തിയെഴുതിയ കുർ ബ്ബാന തക്സായിലും അദ്ദേഹം എപ്പിസ്ക്കോപ്പായാണെന്ന് അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ, യൽദൊ ബാവാ അദ്ദേഹത്തെ മെത്രാപ്പോലീത്താ ആക്കി എന്ന് ഡോ. ബാബു പോളും ബഹു. കണി യാമ്പറമ്പിലച്ചനും നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാരും (യഥാക്രമം വിനി-വിസി-വിഡി, സുറിയാനിസഭാചരിത്രം, യൽദൊ മാർ ബസ്സേലി യോസ് എന്നീ ഗ്രന്ഥങ്ങൾ) എഴുതിയത് അവാസ്തവമായ ഒരു ഐതി ഹ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ ആ ഐതിഹ്യം എങ്ങനെ ഉണ്ടായി? മൂന്നാം മാർത്തോമ്മായെ മാർ ഈവാനിയോസ് മെത്രാനായി വാഴിച്ചു എന്ന് ഇതെഴുതുന്ന ആൾ ഉൾപ്പെടെ എല്ലാ ചരി ത്രകാരന്മാരും എഴുതിവെച്ചത് അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി യൽദൊ ബാവാ വാഴിച്ചു എന്ന ധാരണയിലാണ്. ആ ധാരണ തെറ്റാ ണെന്ന് ഇപ്പോൾ നിസ്സംശയം തെളിഞ്ഞിരിക്കുന്നു. അപ്പോൾ എപ്പിസ് ക്കോപ്പാ മാത്രമായ മാർ ഈവാനിയോസിന് മാർത്തോമ്മാ മൂന്നാമനെ

മെത്രാനായി വാഴിക്കുവാൻ അധികാരമില്ല എന്നു വ്യക്തം. ആ നിലയിൽ മൂന്നാം മാർതോമ്മായെ മാർ യൽദൊ ബാവാ തന്നെ മെത്രാനായി വാഴിച്ചു എന്നു വിശ്വസിക്കുവാനാണ് കൂടുതൽ ന്യായം. മൂന്നാം മാർതോമ്മായെ മെത്രാനായി വാഴിച്ച സംഭവമാകാം മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായായി വാഴിച്ചു എന്ന ഐതിഹ്യത്തിന് നിദാനം. യൽദൊ മാർ ബസ്സേലിയോസ് ക്ഷീണിതനും രോഗിയുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ നിയോഗപ്രകാരം മാർ ഈവാനിയോസ് മൂന്നാം മാർത്തോമ്മായെ വാഴിച്ചിരിക്കണം. രണ്ടുപേരുടേയും പങ്കാളിത്തം ഉള്ളതുകൊണ്ടാകാം മൂന്നാം മാർതോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയപ്പോൾ സ്ഥാനദാതാവായി ആരുടേയും പേർ രേഖപ്പെടുത്താതിരുന്നത്. 1685-ൽ മലങ്കരസഭയിലെത്തിയശേഷം കോതമംഗലം വലിയപള്ളി, കടമറ്റം, കോലഞ്ചേരി, കാർത്തികപ്പള്ളി, കോട്ടയം വലിയപള്ളി, കോട്ടയം ചെറിയപള്ളി, പറവൂർ, വടകര, കണ്ടനാട് തുടങ്ങിയ പള്ളികളിലേക്കായി 20 പട്ടംകൊടകൾ (ശെമ്മാശുപട്ടവും കശ്ശീശാപട്ടവും ഉൾപ്പെടെ) രേഖപ്പെടുത്തിയ ശേഷമാണ് മൂന്നാം മാർതോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയിട്ടുള്ളത്. അത്രയും പട്ടംകൊടകൾ നടന്നത് യൽദൊ മാർ ബസ്സേലിയോസ് ജീവിച്ച സെപ്റ്റംബർ (കന്നി) മാസത്തിലാകാം. മാർത്തോമ്മാ മൂന്നാമന്റെ പട്ടംകൊട രേഖപ്പെടുത്തിയശേഷം 1687 മുതലുള്ള പട്ടംകൊടകൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇടയ്ക്കുള്ള ഒരു വർഷം ഒരു പട്ടംകൊടയും രേഖപ്പെടുത്തിക്കാണുന്നില്ല. മാർത്തോമ്മാ രണ്ടാമൻ പുതിയ മെത്രാന്മാരെ പട്ടംകൊടയിൽ നിന്ന് വിലക്കിയോ? (പട്ടംകൊടപുസ്തകത്തിൽ വർഷം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു; മാസവും തീയതിയും ഇല്ല).

1685-ൽ വന്ന മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായെപ്പറ്റി പിൽക്കാലത്ത് പ്രചരിച്ച ചില വ്യാജരേഖകളിൽ അദ്ദേഹം മെത്രാപ്പോലീത്താ ആണെന്ന് എഴുതിച്ചേർത്തതിന്റെ ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

1. സംഘം എത്തിച്ചേർന്ന് പതിമൂന്നാം ദിവസം സെപ്റ്റംബർ 19-ാം തീയതി സ്ലീബാ കണ്ടെത്തിയ പെരുനാൾ ദിവസം ഈയാവാനീസ് ഹിദായത്തുള്ളായെ മെത്രാപ്പോലീത്താ ആയി അദ്ദേഹം സ്ഥാനം നൽകിയിരുന്നു (*ഇന്ത്യയിലെ സുറിയാനി സഭാചരിത്രം*, യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്, പുറം 133).

2. '1685-ൽ ഇദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി വാഴിച്ച്, യൽദൊ മഫ്രിയാനയോടൊന്നിച്ച് മലബാറിലേക്ക് കൊണ്ടുപോയി' (യാക്കൂബ് തൃതീയൻ ബാവാ, പുറം 135).

3. എട്ടാം അദ്ധ്യായത്തിന്റെ ശീർഷകം യാക്കൂബ് തൃതീയൻ നൽകിയിട്ടുള്ളത് "ഇയ്യാവാനീസ് ഹിദായത്തുള്ള മെത്രാപ്പോലീത്താ' എന്നാണ്. (പുറം 135).

4. "അവർ കോതമംഗലത്തെത്തിയപ്പോൾ മാർ ബസ്സേലിയോസ് പെട്ടെന്ന് രോഗബാധിതനായി. തങ്ങളുടെ പിതാവ് ഈയാവാനീസിനെ അദ്ദേഹം മെത്രാപ്പോലീത്താ ആയി വാഴിച്ചു" (യാക്കോബ് തൃതീയൻ, പു. 140).

5. "... യഥാർത്ഥത്തിൽ കുറച്ചു കാലങ്ങൾക്ക് മുമ്പ് ഈ രാജ്യത്തിലേക്ക് യെറുശലേം പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അഞ്ചാമനും തുടർന്ന് ആലപ്പോയുടെ അന്ത്രയോസും അയാളെത്തുടർന്ന് മപ്രിയാന ബസ്സേലിയോസ് കാതോലിക്കായും കൂടെ ഈയാവാനീസ് മെത്രാപ്പോലീത്തായും ദയറാക്കാരൻ മത്തായിയും വന്നിരുന്നു" (നാലാം മാർത്തോമ്മായുടെ കത്ത്, യാക്കൂബ് തൃതീയൻ, പു. 155).

6. "തുടർന്ന് ഞങ്ങളുടെ പിതാക്കന്മാരുടെ അപേക്ഷയ്ക്കു മറുപടിയായി പാത്രിയർക്കീസായ ബസ്സേലിയോസ് യൽദോയെയും ജ്ഞാനിയും മശിഹായുടെ കൽപനകളിൽ തീക്ഷ്ണതയുള്ളവനും ആയിരുന്ന മാർ ഈവാനിയോസിനേയും അങ്ങ് അയച്ചു. അവർ കോതമംഗലത്ത് എത്തിയപ്പോൾ തന്നെ ബസ്സേലിയോസ് രോഗാതുരനായി. അദ്ദേഹം മാർ ഈവാനിയോസിനെ വാഴിക്കുകയും ഞങ്ങളോടൊത്ത് മെത്രാപ്പോലീത്തായായി ജീവിക്കുകയും ചെയ്തു" (പുറം 157).

7. "യൽദോ മപ്രിയാനയാണ് ഹിദായത്തുള്ള മെത്രാനെ തന്റെ മരണദിവസത്തിന് അൽപം മുമ്പ് മെത്രാപ്പോലീത്തായായി സ്ഥാനക്കയറ്റം നൽകി എന്നുള്ളതിന്റെ ഒരേ ഒരു സാക്ഷ്യം. ഇത് (4-ാം മാർത്തോമ്മായുടെ കത്ത്) മാത്രമാണ്" (യാക്കോബ് തൃതീയൻ, പുറം 158).

8. 1685-ൽ മപ്രിയാന ബസ്സേലിയോസ് യൽദോയും ഈവാനിയോസ് മെത്രാപ്പോലീത്തായും എത്തി തങ്ങളെ പറങ്കി ആചാരങ്ങളിൽ നിന്ന് വിടുവിക്കുകയും..." (യാക്കോബ് തൃതീയൻ, അഞ്ചാം മാർതോമ്മായുടെ കത്ത്, പുറം 169).

മാർത്തോമ്മാ നാലാമനും അഞ്ചാമനും എഴുതിയ കത്തുകളിൽ ഈ മെത്രാപ്പോലീത്താ എന്ന പരാമർശം എങ്ങനെ വന്നു? ഒരേ കാരണമേ പറയാനുള്ളു. ആ കത്തുകൾ എല്ലാം ഈവാനിയോസ് മെത്രാപ്പോലീത്താ ആയി കോതമംഗലത്ത് വച്ച് വാഴിക്കപ്പെട്ടു എന്ന പില്ക്കാല പാരമ്പര്യം മനസ്സിൽ വച്ച് എഴുതിയ വ്യാജക്കത്തുകളാകുന്നു. വിദേശത്ത് നിന്നു വന്ന സ്ഥാനികൾ എല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്ക

പ്പെട്ടവരാണെന്നും അവരുടെ കാലത്ത് മലങ്കരയിലെ മെത്രാന്മാർ അന്ത്യോഖ്യാ പാത്രിയർക്കീസുമായി കത്തിടപാടുകൾ നടത്തിയിരുന്നു വെന്നും ആ പതിവ് മലങ്കരസഭയുടെ അന്ത്യോഖ്യാ ബന്ധത്തിന്റെ അനിഷേധ്യ തെളിവുകൾ ആണെന്നും സ്ഥാപിക്കാനുള്ള ശ്രമത്തിൽ വന്ന അബദ്ധമാണത്.

മാർ ഈവാനിയോസ് ഹിദായത്തുള്ള അന്ത്യോഖ്യൻ മെത്രാൻ ആയിരുന്നുവോ? ചില രേഖകൾ താഴെ ചേർക്കുന്നു.

1. "ശ്ലീഹന്മാരുടെ നോമ്പ് പെന്തിക്കോസ്തി കഴിഞ്ഞു വരുന്ന തിങ്കളാഴ്ച മുതൽ ജൂൺ 29-ാം തീയതി വരെ ആചരിക്കേണ്ടതാണ്" (ചെങ്ങന്നൂർ തീരുമാനങ്ങൾ, യാക്കോബ് തൃതീയൻ, പു. 144).

അന്ത്യോഖ്യൻ സഭയിൽ ശ്ലീഹാനോമ്പ് ആരംഭിക്കുന്നത് പെന്തിക്കോസ്തി കഴിഞ്ഞ് വരുന്ന തിങ്കളാഴ്ച അല്ല. ജൂൺ 16-ാം തീയതി ആണ്. ഈ വൈരുധ്യത്തിന്റെ കാരണം എന്താണ്?

2. മാർ ഈവാനിയോസിന്റെ കുർബ്ബാന തക്സായിൽ രണ്ടു പാത്രിയർക്കീസന്മാരെ മാത്രമേ അനുസ്മരിക്കുന്നുള്ളൂ (യൂയാക്കീം മാർ കൂറിലോസിന്റെ ആഗമനശേഷമാണ് മാർ ഇഗ്നാത്തിയോസ് ഉൾപ്പെട്ട മൂന്ന് പാത്രിയർക്കീസന്മാരെ നാം കുർബാനയിലും മറ്റു ലുത്തിനിയാകളിലും ഓർത്തു തുടങ്ങിയത്.).

3. ഈവാനിയോസിന്റെ കുർബ്ബാന തക്സായിൽ ധൂപക്കുറ്റി വാഴ്വിനു മുമ്പ് ഒരു സമാധാനാശംസയും (ശ്ലോമ്മോ ദ് കുലക്കൂൻ) പുത്രൻ തമ്പുരാന്റെ നാമത്തിൽ ഒരു റൂശ്മായും കാണുന്നു. ഇത് അന്ത്യോഖ്യൻ തക്സായിൽ കാണുന്നില്ല.

4. ഈവാനിയോസിന്റെ തക്സായിൽ ധൂപക്കുറ്റി വാഴ്വിന്റെ വാക്യം കാദീശ് ആബോ കാദീശോ, കാദീശ് ബ്രോ കാദീശോ, കാദീശ് റൂഹോ ഹായോ കാദീശോ എന്നല്ല. പ്രത്യുത കാദേശ് ആബോകാദീശോ, കാദേശ ബ്രോ കാദീശോ, കാദേശ് റൂഹോഹായോ കാദീശോ എന്നാണ്. ഇത് കേവലം അക്ഷരവ്യത്യാസം മാത്രമാണോ?

5. ഈവാനിയോസിന്റെ കുർബ്ബാന തക്സായിൽ ഖണ്ഡിപ്പിന്റെ സമയത്ത് കൊടുത്ത മാർ ദീവന്നാസ്യോസ് ബർസ്ലീബിയുടെ വിശ്വാസപ്രമാണം, മാർ യാക്കോബിന്റെ ധ്യാനാത്മക കവിത, മൂന്ന് അജ്ഞാത കർത്തൃകമായ വാക്യങ്ങൾ ഇവയിൽ ഏതെങ്കിലും ഒന്ന് മാത്രം ചൊല്ലിയാൽ മതി എന്ന നിർദ്ദേശം കാണുന്നു.

1685-ൽ വന്ന പിതാക്കന്മാരുടെ പട്ടംകൊട ക്രമത്തിൽ കാണുന്ന ചില വ്യത്യസ്തതകൾ പ്രത്യേക പഠനം അർഹിക്കുന്നു.

1. പട്ടമേറ്റ കശീശാസ്ഥാനിക്ക് സ്ഥാനചിഹ്നങ്ങളായി സ്ലീബാ, ഏവൻഗേലിയോൻ, ഐക്കൺ, ഗ്ലൂസ്ക്കോമേ എന്നിവ നൽകുവാൻ നിർദ്ദേശിക്കുന്നു (അന്ത്യോഖ്യൻ പട്ടംകൊടയിൽ ഈ നിർദ്ദേശം കാണുന്നില്ല).

2. അതീവഹ്രസ്വമായ തൈലം കൂദാശയാണിതിൽ കാണുന്നത്.

3. ഐക്കൺ കൂദാശ എന്ന ഒരു ക്രമം കാണുന്നു. ഇത് അന്ത്യോഖ്യൻ ക്രമത്തിലില്ല.

4. പള്ളിപ്രതിഷ്ഠ (ഹൂദൊസ് ഈത്തോ), തബ്ലൈത്താ എന്നീ കൂദാശകൾക്ക് പുറമെ അന്ത്യോഖ്യൻ പാരമ്പര്യത്തിലുള്ള ശിലാസ്ഥാപന കൂദാശ ഇതിൽ കാണുന്നില്ല.

5. യാക്കോബിന്റെ ക്രമത്തിൽ അലക്സന്ത്ര്യാ പാത്രിയർക്കീസിന്റെ പേർ ഓർക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

6. വിശ്വാസികളായ പിതാക്കന്മാരുടെ നീണ്ട പട്ടികയിൽ മാർ ഇഗ്നാത്യോസ് ഇല്ല (മാർ ആദായിയും മാർ മാറിയും ഉൾപ്പെട്ടിരിക്കുന്നു).

8. സ്ഥാനമേൽക്കുന്ന മേൽപ്പട്ടക്കാരും പട്ടക്കാരെപ്പോലെ പട്ടംകൊട പുസ്തകത്തിൽ സ്ലീബാ ഭാഷയിൽ ഒപ്പിട്ടിരിക്കുന്നു.

9. പൂർണ്ണശെമ്മാശന് താഴെയുള്ള കോറൂയോ, യൗപ്പദ്യക്കിനോ, മ്സമ്രോനോ എന്നീ സ്ഥാനികൾക്കുള്ള പട്ടംകൊടക്രമങ്ങൾ വ്യത്യസ്തമാണ്.

10. കശ്ശീശാ – ശെമ്മാശൻ പട്ടംകൊടയിൽ രോമം കത്രിക്കൽ ചടങ്ങ് കാണാൻ കഴിയുന്നില്ല (ദയറായക്കാരുടെ ക്രമത്തിൽ അത് കാണുന്നുണ്ട്).

ഈ കാരണങ്ങൾ മാർ ബസ്സേലിയോസ് യൽദൊ കാതോലിക്കായും മാർ ഈവാനിയോസും അന്ത്യോഖ്യാ സഭാദ്ധ്യക്ഷന്മാരല്ലെന്ന നിഗമനത്തിനാണ് കൂടുതൽ ന്യായം. മാർ ബസ്സേലിയോസ് തക്സായിൽ മപ്രിയാനയും കാതോലിക്കായും എന്ന് സംയുക്തമായി രേഖപ്പെടുത്തിയിട്ടുള്ളതും പഠനാർഹമാണ്.

മൂന്നാം മാർത്തോമ്മാ

മേൽക്കൊടുത്ത പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ മൂന്നാം മാർത്തോമ്മായെ യൽദൊ മാർ ബസ്സേലിയോസ് വാഴിച്ചു എന്ന് മറിച്ച് തെളിവുകൾ ലഭിക്കുന്നതുവരെ വിശ്വസിക്കേണ്ടിയിരിക്കുന്നു.

(ഇവിടെ ഈ ലേഖകന് നേരത്തെയെഴുതിയ ചരിത്രപുസ്തകങ്ങളിൽ പറ്റിയ ഒരു പ്രമാദം തിരുത്തേണ്ടിയിരിക്കുന്നു. തൊഴിയൂരിലെ ഗ്രന്ഥപ്പു



രയിൽ നിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്കു നൽകുന്ന ഒരു സുസ്താത്തിക്കോൻ ഇതെഴുതുന്ന ആൾ കണ്ടെടുത്തിരുന്നു. കോതമംഗലത്തു വെച്ച് യൽദോ ബാവാ ഹിദായത്തുള്ള മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായെ മെത്രാപ്പോലീത്താ ആക്കിയപ്പോൾ നൽകിയതാണ് ഈ സുസ്താത്തിക്കോൻ എന്ന് ഈ ലേഖകൻ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയത് മുൻ ചരിത്രകാരന്മാർ എഴുതിയ ഐതിഹ്യം സത്യമെന്ന ധാരണയിലാണ്. ഈവാനിയോസിന് മെത്രാപ്പോലീത്താ സ്ഥാനം നൽകുന്ന സ്ഥാത്തിക്കോനിൽ കൊടുക്കുന്ന ആളിന്റെ പേർ, സ്ഥലം, തീയതി, സാക്ഷികൾ ഇവ രേഖപ്പെടുത്തിയ ഭാഗങ്ങൾ ചിതലെടുത്ത് പോയിരുന്നതുകൊണ്ട് ആ സ്ഥാത്തിക്കോൻ ഹിദായത്തുള്ളയ്ക്ക് യൽദൊ ബാവാ നൽകിയതാണെന്ന ധാരണയിൽ എത്തിയതാണ്. ഹിദായത്തുള്ള മരണം വരെയും എപ്പിസ്ക്കോപ്പാ മാത്രമായിരുന്നു എന്ന് അദ്ദേഹത്തിന്റെ കുർബ്ബാനതക്സാ സാക്ഷ്യം നൽകുന്നതിനാൽ ഞാൻ കണ്ടെടുത്ത സുസ്താത്തിക്കോൻ അദ്ദേഹത്തിന് യൽദൊ ബാവാ നൽകിയതല്ലെന്ന് തീർച്ചയാണ്. എന്റെ ഈ നിഗമനത്തെ അടിസ്ഥാനമാക്കി കണ്ടനാടിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മുതൽപേർ എഴുതിയ ലേഖനത്തിൽ വന്ന പ്രമാദങ്ങൾക്ക് ഞാനും ഉത്തരവാദിയായതിനാൽ നിർവ്യാജം ഖേദം രേഖപ്പെടുത്തുന്നു. തൊഴിയൂരിൽ നിന്ന് കണ്ടെടുത്ത സ്ഥാത്തിക്കോൻ 5-ാം മാർത്തോമ്മായുടെ കാലത്ത് മലങ്കരസഭയിൽ വന്ന് 1751-ൽ തിരിച്ചുപോയ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേത് ആയിരിക്കണം.

മൂന്നാം മാർത്തോമ്മായുടെ പട്ടംകൊടയെപ്പറ്റി പകലോമറ്റം കുടുംബ ഡയറി 'നിരണം ഗ്രന്ഥവരി' എന്ന പേർ നൽകി പ്രസിദ്ധീകരിച്ച കുര്യൻ തോമസ് നൽകിയ ഒരു അബദ്ധ വ്യാഖ്യാനത്തെപ്പറ്റി ഇവിടെ അൽപം പറയാനുണ്ട്. അദ്ദേഹം എഴുതുന്നു: "... മൂന്നാം മാർത്തോമ്മായെ വാഴിച്ചതാരാണെന്ന് തെളിവില്ല. നാളാഗമത്തിലെ (കണ്ടനാട് ഗ്രന്ഥവരി) പരാമർശപ്രകാരം രണ്ടും മൂന്നും മാർത്തോമ്മാമാരെ വാഴിച്ചത് അന്ത്രയോസ്

പാത്രിയർക്കീസ് ആണ്. ... അന്ത്യോഖ്യൻ പക്ഷപാതിയായ ഇ. എം. ഫിലിപ്പിന്റെ അജ്ഞതയും അന്ത്യോഖ്യൻബന്ധം ഉറച്ചശേഷം രചിച്ച ഗ്രന്ഥവരിയിലെ നിശബ്ദതയും ഇദ്ദേഹം കൽദായ മെത്രാൻ (അന്ത്രയോസ്) ആണെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ... മാർത്തോമ്മാ മൂന്നാമനെ ആര്, എന്ന് വാഴിച്ചു എന്ന് ഗ്രന്ഥവരിയിൽ ഇല്ല. മാർത്തോമ്മാ മൂന്നാമനെ വാഴിച്ചത് മണർകാട് പള്ളിയിൽ വച്ചാണെന്ന് ഒരു പാരമ്പര്യം ഉണ്ട്. അന്ത്രയോസ് പാത്രിയർക്കീസിന്റെ മണർകാട് ബന്ധവും കാലവും ഇതിനോട് യോജിക്കുന്നുണ്ട്. മൂന്നാം മാർത്തോമ്മായെ വാഴിച്ചത് മാർ ഈവാനിയോസ് ഹിദായത്തുള്ളാ ആണെന്ന് പല ചരിത്രകാരന്മാർ പറയുന്നുണ്ടെങ്കിലും അദ്ദേഹം നാലാം മാർത്തോമ്മായെ പട്ടമന പറവൂർ വച്ച് വാഴിച്ചതായി മാത്രമേ ഈ കൃതിയിൽ (നിരണം ഗ്രന്ഥവരി) ചേർത്തിട്ടുള്ളു; മാർ ഈവാനിയോസിന്റെ മെമ്രായിൽ കാണുന്നുള്ളു. ഇതിൽ നിന്നെല്ലാം മാർ അന്ത്രയോസ് എന്ന കൽദായ (നെസ്തോറിയൻ) മെത്രാനായിരുന്നു മൂന്നാം മാർതോമ്മായെ വാഴിച്ചത് എന്ന നിഗമനത്തിൽ എത്തുന്നു."[12] കുര്യൻ തോമസിന്റെ ഈ നിഗമനം ബാലിശവും ഉപരിപ്ലവവുമാണെന്ന് പറയേണ്ടിയിരിക്കുന്നു. 2000-ൽ കുര്യൻ തോമസ് *നിരണം ഗ്രന്ഥവരി* പ്രസിദ്ധീകരിക്കുന്നതിന് ആറ് വർഷം മുമ്പ് ഈ ഗ്രന്ഥകാരൻ പ്രസിദ്ധപ്പെടുത്തിയ രണ്ട് സഭാചരിത്ര ഗ്രന്ഥങ്ങളിൽ (1. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ഒരു വിമർശനാത്മക പഠനം*. 2. *മലങ്കരസഭയും കേരള സംസ്ക്കാരവും*, 1994) മൂന്നാം മാർത്തോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയ കോതമംഗലം ബാവായുടെ പട്ടംകൊടപുസ്തകത്തിലെ പ്രസക്ത ഭാഗം ഫോട്ടോകോപ്പിയായി നൽകിയിരുന്നു. ആ രണ്ട് ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ച ആധികാരികവും സമകാലികവുമായ രേഖ കുര്യൻ തോമസ് കാണാതെ പോയതെന്തുകൊണ്ടെന്ന് അറിയുന്നില്ല. ആ പട്ടംകൊട പുസ്തകം മാർ ബസ്സേലിയോസിന് ശേഷം മാർ ഈവാനിയോസ് ഉപയോഗിച്ചതാണെന്ന് നിസ്സംശയം പറയാം. അതിനെ ആധാരമാക്കി മൂന്നാം മാർത്തോമ്മായെ വാഴിച്ചത് മാർ ഈവാനിയോസ് ആണെന്ന് ഞാൻ വ്യക്തമാക്കിയിരുന്നു. യൽദോ മാർ ബസ്സേലിയോസിന്റെ പട്ടംകൊട പുസ്തകത്തിലെ പരാമർശത്തെ വകവയ്ക്കാതെ കുര്യൻ തോമസ് നടത്തുന്ന നിഗമനങ്ങൾ അസ്വീകാര്യം തന്നെയാണ്. ഈ പട്ടംകൊട മാർ ബസേലിയോസിന്റെ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മാർ ഈവാനിയോസ് നടത്തിയതാണ്. ഒരു എപ്പിസ്ക്കോപ്പായ്ക്ക് മറ്റൊരു എപ്പിസ്ക്കോപ്പായ്ക്ക് പട്ടംകൊടുക്കുവാൻ കാനോനികമായി അധികാരമില്ല. തന്മൂലം ആ പട്ടംകൊട നടത്തിയത് യൽദോ മാർ ബസ്സേലിയോസ് ആണെന്ന് ഈ ഗ്രന്ഥത്തിലെ നിരീക്ഷണമാണ് കൂടുതൽ വിശ്വാസയോഗ്യമായിട്ടുള്ളത്. മൂന്നാം മാർതോമ്മായെ മാർ ഈവാനിയോസ് വാഴിച്ചതായി ബഹു. വി. സി. ശമുവൽ

അച്ചൻ അഭിപ്രായപ്പെട്ടത്[13] ഇപ്പോൾ കിട്ടിയ രേഖകളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധന അർഹിക്കുന്നു.

1685-ൽ മൂന്നാം മാർത്തോമ്മാ വാഴിക്കപ്പെട്ടശേഷം അദ്ദേഹം 1688-ൽ കാലം ചെയ്യുന്നതുവരെ മാർ ഈവാനിയോസ് യാതൊരു പട്ടംകൊടയും നടത്തിയതായി മേൽ വിവരിച്ച പട്ടംകൊട പുസ്തകത്തിൽ കാണിച്ചിട്ടില്ല. മാർ ഈവാനിയോസ് മലങ്കരയിൽ പട്ടം കൊടുക്കുന്നതിനെ മൂന്നാം മാർത്തോമ്മാ വിരോധിച്ചതുകൊണ്ടാകാം അക്കാലത്ത് മാർ ഈവാനിയോസ് പട്ടംകൊടുക്കാതെ മൗനം പാലിച്ചതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഒരു പക്ഷേ, ഇക്കാര്യത്തിൽ നാട്ടുമെത്രാനെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ രാജാക്കന്മാർ അനുകൂലിച്ചതുമൂലം മാർ ഈവാനിയോസ് നിസ്സഹായനായിട്ടുണ്ടാവാം. ഈ സാഹചര്യമാണോ മൂന്നാം മാർത്തോമ്മായെ ഹ്രസ്വായുഷ്മാനാക്കിയതെന്ന് ചിന്തിക്കാവുന്നതാണ്. തങ്ങളുടെ കൈവെപ്പിന്റെ ബലത്തിൽ മെത്രാൻസ്ഥാനം പ്രാപിക്കുകയും മെത്രാൻസ്ഥാനം പ്രാപിച്ചുകഴിഞ്ഞപ്പോൾ താൻ പ്രവർത്തനരഹിതനായിരിക്കണമെന്ന് നിലപാടെടുക്കുകയും ചെയ്ത മൂന്നാം മാർത്തോമ്മായോട് മാർ ഈവാനിയോസിന് കോപമുണ്ടാവുക സ്വാഭാവികം. ഇതേത്തുടർന്നാവണം വടക്കൻപ്രദേശത്തെ ഇടവകകൾ മൂന്നാം മാർത്തോമ്മായോട് അഹിതം പുലർത്തിയത്. ഇതിനെത്തുടർന്ന് മൂന്നാം മാർത്തോമ്മാ തെക്കൻ ഇടവകകളിൽ തന്റെ പ്രവർത്തനം നടത്തുകയും വടക്കൻ ഇടവകകൾ മാർ ഈവാനിയോസിന്റെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്തു. മൂന്നാം മാർത്തോമ്മായുടെ ഏതെങ്കിലും ചെയ്തികളെപ്പറ്റി സഭാചരിത്രകാരന്മാർ മൗനം പാലിക്കുന്നു. പകലോമറ്റം മെത്രാന്മാരുടെ ചരിത്രമെന്ന് അവകാശപ്പെടുന്ന *നിരണം ഗ്രന്ഥവരി*യിൽ മൂന്നാം മാർത്തോമ്മായെപ്പറ്റി താഴെ പറയുംപ്രകാരം മാത്രമേ പറഞ്ഞിട്ടുള്ളൂ: "മശിഹാകാലം 1688 ചെന്ന കൊല്ലം 863-മാണ്ട് മേടമാസം 9-ന് മൂന്നാമത്തെ മെത്രാൻ കാലം ചെയ്തു. കടമ്പനാട് പള്ളിയിൽ അടക്കി" (പുറം 85). ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് *നിരണം ഗ്രന്ഥവരി* മലങ്കരസഭയുടെ സമഗ്രചരിത്രമെന്ന നിലയിലോ പകലോമറ്റം മെത്രാന്മാരുടെ സമഗ്രചരിത്രം എന്ന നിലയിൽപ്പോലുമോ എഴുതപ്പെട്ട കൃതിയല്ല എന്നാണ്. 6-ാം മാർത്തോമ്മായുടെ ജീവചരിത്രരചന - അതായിരുന്നു *നിരണം ഗ്രന്ഥവരി*യുടെ രചനോദ്ദേശ്യം. അതിന് മുഖവുര എന്ന നിലയിലേ പൂർവ്വചരിത്രം രചയിതാവ് രേഖപ്പെടുത്തിയിട്ടുള്ളു.

മൂന്നാം മാർത്തോമ്മായുടെ പട്ടംകൊട യൽദോ മാർ ബസ്സേലിയോസിന്റെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: 'അസറാഫ് റൂഹോകാദീശോ എപ്പിസ്ക്കോപ്പോ തോമ്മോത്ലീസോയോ അൻ ഹിന്ദു" (ഹിന്ദുദേശത്തേക്ക് മാർത്തോമ്മാ മൂന്നാമനെ എപ്പിസ്ക്കോപ്പാ ആയി പ. റൂഹാ അഭിഷേകം ചെയ്തു).

മാർ ഈവാനിയോസിനോട് കലഹിച്ച മൂന്നാം മാർത്തോമ്മാ പിൻഗാമിയെ വാഴിക്കാതിരുന്നത് നമ്മെ ചിന്താധീനരാക്കുന്നു. ഒരു പക്ഷേ, അവിചാരിതവും അപ്രതീക്ഷിതവും അസ്വാഭാവികവും ആയ അദ്ദേഹത്തിന്റെ നിര്യാണമാകാം അതിന് കാരണം. മൂന്നാം മാർത്തോമ്മാ 1688 ഏപ്രിൽ 19-ന് കടമ്പനാട് പള്ളിയിൽ കബറടങ്ങിയശേഷം മാർ ഈവാനിയോസ് പട്ടംകൊട പുനരാരംഭിക്കുന്നുണ്ട്. 1688 മുതൽ മത്തായി കശീശ (പിറവം), അബ്രഹാം ശെമ്മാശൻ (കടമറ്റം), ഗീവറുഗീസ് ശെമ്മാശൻ (കുറുപ്പംപടി), അബ്ദുൾ നൂഹ് (ഹോലേബിലെ ദൈവമാതാവിന്റെ പള്ളി, മലങ്കരയിലേക്കുള്ള യാത്രയിൽ അനുഗമിച്ച ഇദ്ദേഹം കശ്ശീശാപട്ടമേറ്റശേഷം സ്വദേശത്തേക്ക് തിരിച്ചുപോയിരിക്കാം), അബ്രഹാം കശീശാ (കടമറ്റം, 1689), സ്ക്കറിയ ശെമ്മാശൻ (കുറുപ്പംപടി, 1690), സ്ക്കറിയാ കശ്ശീശാ (കുറുപ്പംപടി 1690), പൗലോസ് ശെമ്മാശൻ (കുറുപ്പംപടി), മത്തായി കശ്ശീശാ (മണർകാട്), ഗീവറുഗീസ് ശെമ്മാശൻ (പിറവം), മത്തായി ശെമ്മാശൻ (കണ്ടനാട്), ഗീവറുഗീസ് കശ്ശീശ (പിറവം), മത്തായി കശ്ശീശ (കണ്ടനാട്), ഗീവറുഗീസ് കോറൂയോ (മാമ്മലശ്ശേരി), മത്തായി ശെമ്മാശൻ (കടമറ്റം), മത്തായി കശ്ശീശാ (കടമറ്റം), ഗീവറുഗീസ് ശെമ്മാശൻ (കോതമംഗലം), യാക്കോബ് കശ്ശീശാ (കോതമംഗലം), ഗീവറുഗീസ് കശ്ശീശാ (കോതമംഗലം), മാർക്കോസ് ശെമ്മാശൻ (കോതമംഗലം), ഗീവറുഗീസ് ശെമ്മാശൻ (കോതമംഗലം ചെറിയപള്ളി), തോമ്മാ യൗപ്പദ്യക്കിനോ (കോട്ടയം), തോമ്മാ കോറൂയോ (മണർകാട്) ഇത്രയും പട്ടംകൊടകൾ രേഖപ്പെടുത്തിയ ശേഷം രേഖപ്പെടുത്തിയ അടുത്ത പട്ടം കൊട താഴെ വിവരിക്കുംപ്രകാരം വിചിത്രമായിരിക്കുന്നു:

"അസറാഹ് റൂഹോ കാദീശോ ല്തോമ്മാ കാശീശോ ല് ഈത്തോകുലഹേൻ ഹിന്ദു" (അർത്ഥം: ഹിന്ദു (ദേശം) മുഴുവനിലേക്കുമായി തോമ്മാകാശീശായെ പ. റൂഹാ അഭിഷേകം ചെയ്തു).

ഇതിനുശേഷം, സ്കറിയാ കോറൂയോ (കോലഞ്ചേരി), സ്കറിയ കശ്ശീശാ (റാക്കാട്), സ്കറിയോ കോറൂയോ (ദൈവമാതാവിന്റെ പള്ളി, സ്ഥലം രേഖപ്പെടുത്തിയിട്ടില്ല) ഇപ്രകാരം മൂന്ന് പട്ടംകൊടകൾ മാത്രമേ മാർ ഈവാനിയോസ് പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

തന്മൂലം ഹിന്ദുദേശം മുഴുവനിലേക്ക് തോമ്മാകശ്ശീശായെ വാഴിച്ചു എന്നു പരാമർശിച്ചത് നാലാം മാർത്തോമ്മായെ ഉദ്ദേശിച്ചാണെന്നത് വ്യക്തമാണ്. പണ്ട് അർക്കദിയാക്കോന്മാരെ വാഴിച്ച ശൈലിയാണ് ഈ വാക്യം ഓർമ്മിപ്പിക്കുന്നത്. മൂന്നാം മാർത്തോമ്മാ സൃഷ്ടിച്ച പ്രതിസന്ധിയാകാം ഇത്തരമൊരു കടുംകൈ ചെയ്യുവാൻ മാർ ഈവാനിയോസിനെ പ്രേരിപ്പിച്ചത്. *നിരണം ഗ്രന്ഥവരി* ഈ സംഭവത്തെപ്പറ്റി രേഖപ്പെടുത്തുന്നത്

ഇപ്രകാരമാണ്: “ഇതിന്റെ ശേഷം മാർതോമ്മൻ മെത്രാന്റെ അനന്തരവനെ മാർ ഈവാനിയോസ് വരുത്തി എപ്പിസ്ക്കോപ്പായുടെ സ്ഥാനവും കൊടുത്ത്...” (പുറം 85) നാലാം മാർത്തോമ്മായെ വാഴിച്ച വർഷം ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഇട്ടൂപ്പു റൈട്ടരും ഫാ. ഡോ. വി. സി. ശാമുവൽ ഉൾപ്പെടെയുള്ള ആധുനിക ചരിത്രകാരന്മാരും മൗനം പാലിക്കുന്നു. തോമ്മാശ്ലീഹാ മുതൽക്ക് മലങ്കരസഭയെക്കുറിച്ചുള്ള എല്ലാ രേഖകളും തന്റെ കൈവശമുണ്ടെന്ന് അവകാശപ്പെട്ടയാക്കോബ് തൃതീയനും ഈ കാര്യത്തിൽ അർത്ഥഗർഭമായ മൗനം പാലിക്കുന്നു.

നാലാം മാർതോമ്മാ

മൂന്നാം മാർത്തോമ്മാ നിര്യാതനായശേഷം 1689-ൽ മാർ ഈവാനിയോസ് ഇന്ത്യ മുഴുവന്റെയും കശീശാ ആയി പട്ടംകെട്ടിയ പിൻഗാമി നാലാം മാർതോമ്മാ എന്ന് ചരിത്രത്തിൽ അറിയപ്പെട്ടു. മൂന്നാം മാർതോമ്മാ മൂലമുണ്ടായ അനിഷ്ടബന്ധനങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായിട്ടാവാം നാലാം മാർതോമ്മായെ അദ്ദേഹം എപ്പിസ്ക്കോപ്പായായി വാഴിക്കാതെ ഇന്ത്യ മുഴുവന്റെയും കശ്ശീശാ ആയി വാഴിച്ചത്. പട്ടംകൊട തുടങ്ങി മെത്രാൻ നിർവഹിക്കേണ്ട ചുമതലകൾ താനും, അർക്കദിയാക്കോൻ എന്ന നിലയിലുള്ള ചുമതലകൾ മാർതോമ്മാ നാലാമനും ചെയ്യട്ടെ എന്നായിരിക്കാം മാർ ഈവാനിയോസ് ചിന്തിച്ചത്. നാലാം മാർതോമ്മായെ ഇന്ത്യ മുഴുവൻ കശീശയായി വാഴിച്ചശേഷം കോലഞ്ചേരി സ്കറിയാ കോറൂയോ, റാക്കാട് പള്ളിക്കുവേണ്ടി സ്കറിയാ കശീശാ, കോതമംഗലം വലിയപള്ളിക്കുവേണ്ടി സ്കറിയാ കോറൂയോ എന്നീ പട്ടംകൊടകൾ മാത്രമേ മാർ ഈവാനിയോസ് നടത്തിയതായി പട്ടംകൊട പുസ്തകത്തിൽ കാണുന്നുള്ളു. 1689-ൽ നടന്ന ഈ പട്ടംകൊടകൾക്കു ശേഷം അദ്ദേഹം രോഗബാധിതനായിരിക്കാം.

മാർ ഈവാനിയോസ് അന്ത്യോഖ്യൻ പശ്ചാത്തലമുള്ള മെത്രാൻ ആയിരുന്നു. അദ്ദേഹം മലങ്കരസഭയിൽ ഉദയംപേരൂരിന്റെ സ്വാധീനകാലത്തും അബ്ദുൾ ജലീൽ ഗ്രീഗോറിയോസിന്റെ കാലത്തും വി. കുർബ്ബാനയിൽ ഉപയോഗിച്ചിരുന്ന പുളിപ്പില്ലാത്ത അപ്പം (പത്തീറ) നീക്കംചെയ്ത് തൽസ്ഥാനത്ത് അമ്മീറാ (പുളിപ്പുള്ള അപ്പം) പ്രചരിപ്പിച്ചു. വിശ്വാസകാര്യങ്ങൾ, നോമ്പ് തുടങ്ങിയ കാര്യങ്ങളിൽ അന്ത്യോഖ്യൻ പാരമ്പര്യം മലങ്കരയിൽ നടപ്പാക്കിയ അദ്ദേഹം ഹൂദായ കാനോന്റെ പ്രസക്ത ഭാഗങ്ങൾ മലങ്കരയിൽ പരിചയപ്പെടുത്തി. അക്കാലത്തെ ഒരു വൈദികന്റെ പള്ളിക്രമപുസ്തകത്തിന്റെ അനുബന്ധത്തിൽ മാർ ഈവാനിയോസ് പുതുതായി പഠിപ്പിച്ച കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അന്ത്യോഖ്യൻ സംസ്ക്കാരം മലങ്കരയിൽ പകർത്തിയതിന്റെ തുടക്കക്കാരൻ ഇദ്ദേഹം

ആയിരുന്നു. മാർ ഈവാനിയോസ് 1693 ചിങ്ങം മൂന്നാം തീയതി കാലം ചെയ്ത് മുളന്തുരുത്തി പള്ളിയിൽ കബറടങ്ങി.

1689 മുതൽ 1729 വരെ നാൽപത് കൊല്ലക്കാലം മലങ്കരസഭയുടെ ഭരണം നിർവഹിച്ച നാലാം മാർതോമ്മായുടെ ഭരണകാലം മലങ്കരസഭയിൽ തർക്കങ്ങളുടെ കാലമായിരുന്നു.

മാർ ഈവാനിയോസ് അദ്ദേഹത്തെ ഇന്ത്യ മുഴുവന്റെയും കശ്ശീശാ ആയി വാഴിക്കുവാൻ രണ്ട് കാരണങ്ങൾ അഭ്യൂഹിക്കുവാൻ കഴിയും.

1. മാർതോമ്മാ മൂന്നാമൻ സ്വീകരിച്ച നിലപാടുകൾ. 2. താൻ ഒരു എപ്പിസ്ക്കോപ്പാ മാത്രം ആയിരിക്കേ തനിക്ക് കാനോനികമായ മറ്റൊരു എപ്പിസ്ക്കോപ്പായെ വാഴിക്കുവാൻ അനുവാദമില്ലെന്ന പരമാർത്ഥം.

രണ്ടായാലും, ഒരു മെത്രാന്റെ കൈവെപ്പ് നേടിയ ആൾ എന്ന നിലയിൽ നാലാം മാർത്തോമ്മാ ഒരു മെത്രാന്റെ അധികാരങ്ങൾ പ്രയോഗിക്കാൻ തുടങ്ങിയതോടെ അദ്ദേഹത്തിനെതിരായി പല ഇടവകകളിലും എതിർപ്പുകൾ പ്രത്യക്ഷപ്പെട്ടു. സ്ഥാനസാധുതയുള്ള ഒരു മെത്രാന് വേണ്ടി മലങ്കരസഭ പൗരസ്ത്യ സഭാകേന്ദ്രങ്ങളിലേക്ക് കത്തുകൾ അയച്ചു. ഇതിന്റെ ഫലമായിട്ടാവാം ഗബ്രിയേൽ എന്ന പേരായ ഒരു നെസ്തോറിയൻ മെത്രാൻ 1708-ൽ കൊച്ചിയിലെത്തി. നയകോവിദനായ അദ്ദേഹം കേരളത്തിലെ കത്തോലിക്കാ വിഭാഗത്തെയും സുറിയാനി വിഭാഗത്തെയും തന്റെ നിയന്ത്രണത്തിലാക്കുവാൻ ശ്രമിച്ചു. കത്തോലിക്കാ സഭാനേതൃത്വം അദ്ദേഹത്തെ തള്ളിപ്പറഞ്ഞതോടെ സുറിയാനിക്കാരെ പട്ടംകെട്ടിക്കുവാൻ അദ്ദേഹം കിണഞ്ഞു ശ്രമിച്ചു. നെസ്തോറിയർ ആയിരുന്നുവെങ്കിലും മലങ്കര സുറിയാനിസഭയുടെ ആചാരാനുഷ്ഠാനങ്ങൾ പിന്തുടർന്നു. തന്മൂലം പല സുറിയാനി ഇടവകകളും അദ്ദേഹത്തെ സ്വീകരിച്ചു. കോതമംഗലം ബാവായുടെ പട്ടംകൊട പുസ്തകം മാർ ഈവാനിയോസിന്റെ നിര്യാണശേഷം മാർ ഗബ്രിയേൽ ഉപയോഗിച്ചതായി കാണുന്നത് നിരണം, ചാട്ടുകുളങ്ങര തുടങ്ങി മലങ്കരസഭയുടെ തെക്കും വടക്കുമുള്ള പല പ്രധാന പള്ളികളിലും ഇദ്ദേഹം പട്ടംകൊടകൾ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

നാലാം മാർത്തോമ്മാ മാർ ഗബ്രിയേലിനെ അംഗീകരിച്ചില്ല. അദ്ദേഹത്തെ ഒരു മതവിരോധിയായി ചിത്രീകരിച്ചു. മാർ ഗബ്രിയേലിന്റെ അനാശാസ്യങ്ങളും അനുചിതങ്ങളുമായ കൃത്യങ്ങളെക്കുറിച്ച് ആവലാതിപ്പെട്ടു. തന്റെ മഹാഇടവകയിൽ നിന്ന് അദ്ദേഹത്തെ പുറത്താക്കിത്തരണമെന്ന് കാണിച്ച് അദ്ദേഹം കൊച്ചിയിലെ ഡച്ചു ഗവർണ്ണർക്ക് പരാതി അയച്ചു.[14]

മാർ ഗബ്രിയേൽ നെസ്തോറിയൻ വിശ്വാസക്കാരനും വിശ്വാസപര

മായ നിലപാടുകളിൽ അസ്ഥിരനും അവിശ്വസ്തനുമാണെന്നും ഏവരും തിരിച്ചറിഞ്ഞിരുന്നു. എങ്കിലും പട്ടത്വ സാധുതയുള്ള ഒരു മെത്രാൻ എന്ന നിലയിൽ പല ഇടവകകളും അക്കാര്യത്തിൽ അദ്ദേഹത്തെ സ്വീകരിക്കുകയായിരുന്നു (പട്ടംകൊടയിലല്ലാതെ ഇടവകയുടെ ഭരണനിർവഹണത്തിൽ മെത്രാന്മാർക്ക് യാതൊരു പങ്കാളിത്തവും മലങ്കരസഭയിൽ അക്കാലത്ത് ഇല്ലായിരുന്നു). ഗബ്രിയേലിന്റെ ആഗമനവൃത്താന്തം കേട്ട് കൊച്ചിയിൽ പോയി അദ്ദേഹത്തെ സന്ദർശിച്ചതിന്റെ ശേഷം 'അയാൾ അപ്പനുമല്ല ചിറ്റപ്പനുമല്ല, എങ്കിലും ഇപ്പോഴത്തെ കാര്യത്തിന് കൊള്ളാം' എന്നു പറഞ്ഞതായി ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തുന്നുണ്ട്.[15] കേരളത്തിൽ അന്നുണ്ടായിരുന്ന 64 പള്ളികളിൽ 20 എണ്ണം കർമ്മലീത്തരുടെയും 44 എണ്ണം സുറിയാനിക്കാരുടെയും കൈവശത്തിലാണെന്ന് മാർ ഗബ്രിയേൽ ഡച്ചുകാർക്കെഴുതിയ ഒരെഴുത്തിൽ (1721) പ്രസ്താവിച്ചിട്ടുണ്ട്. മാർ ത്തോമ്മാ നാലാമനെക്കുറിച്ച് 'ഡച്ച് ഇൻ മലബാർ' എന്ന പുസ്തകത്തിൽ കാണുന്ന വിവരണം ഇപ്രകാരമാണ്: "... അദ്ദേഹം കറുത്ത വർഗ്ഗക്കാരനും മന്ദബുദ്ധിയും കാര്യവിവരം കുറഞ്ഞവനുമാണ്. വലിയ പ്രതാപത്തിലാണ് ജീവിതം. ഞങ്ങളുടെ കമാണ്ടറെ സന്ദർശിക്കുവാനായി അദ്ദേഹം നഗരത്തിൽ വന്നപ്പോൾ നിരവധി പട്ടാളക്കാർ അദ്ദേഹത്തിന്റെ കരകവടിക്കാരായിട്ടുണ്ടായിരുന്നു. മലബാറിലെ ഇളമുറ രാജാക്കന്മാരുടെ ശൈലിയിലാണ് അദ്ദേഹം പെരുമാറുന്നത്. ... അദ്ദേഹത്തിന്റെ കീഴിൽ 45 ഇടവകകൾ ഉണ്ടെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്."

റോമ്മൻ ആധിപത്യത്തിലായിരുന്ന പല പള്ളികളും മാർ ഗബ്രിയേലിനെ സ്വീകരിച്ചിരുന്നു. ഗബ്രിയേൽ അന്തരിച്ചതോടെ അവർ റോമ്മൻ വിശ്വാസത്തിലേക്ക് തിരികെ പോയതായി ഒരു പ്രാചീന കയ്യെഴുത്ത് സഭാചരിത്രത്തിൽ കാണുന്നുണ്ട്. 42 ഇടവകകൾ മാർ ഗബ്രിയേലിനെ അനുകൂലിച്ചപ്പോൾ 22 ഇടവകകളേ മാർത്തോമ്മായെ അനുകൂലിച്ചുള്ളു എന്ന് ബിഷപ്പ് എൽ. ഡബ്ലിയു. ബ്രൗൺ (ഉഗാണ്ടയിലെ ബിഷപ്പ്) രേഖപ്പെടുത്തിയിട്ടുണ്ട് (*ഇന്ത്യൻ ചർച്ച് ഓഫ് സെന്റ് തോമസ്*, പു. 116). മാർ ഗബ്രിയേൽ 1730-ൽ അന്തരിച്ചു; കോട്ടയം ചെറിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

4-ാം മാർത്തോമ്മായുടെ സ്ഥാനസാധുതയുടെ കാര്യം സഭാചരിത്രകാരന്മാർ ആരും ചർച്ച ചെയ്തിട്ടില്ല. അദ്ദേഹം പൗരസ്ത്യ സഭകൾക്കയച്ച രണ്ടു കത്തുകളെപ്പറ്റി ഇ. എം. ഫിലിപ്പ് പരാമർശിക്കുന്നു. മെത്രാന്മാരെയും വേദശാസ്ത്രജ്ഞന്മാരെയും അയച്ചുതന്ന് സഹായിക്കണമെന്ന് ആ കത്തുകളിൽ അദ്ദേഹം എഴുതുന്നുണ്ട്. 'മലങ്കരസഭ ചുക്കാനില്ലാത്ത കപ്പൽ പോലെ' ആയിരിക്കുന്നു എന്ന അദ്ദേഹത്തിന്റെ പരാമർശം തന്നെയും തന്റെ സ്ഥാനസാധുതയെയും അടിസ്ഥാനമാക്കി സഭ


യിലുണ്ടായ ഭിന്നതകളെയാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തം. നാലാം മാർതോമ്മാ മുതൽ ആറാം മാർതോമ്മാ വരെയുള്ള പകലോമറ്റം മെത്രാന്മാരുടെ കാലത്ത് മലങ്കരസഭയിലുത്ഭവിച്ച തർക്കത്തിന്റെ കാരണം നാലാം മാർതോമ്മായുടെ പട്ടംകൊട രേഖപ്പെടുത്തിയ വാക്യത്തിലുണ്ടെന്ന് ഈ ഗ്രന്ഥകാരൻ അഭ്യൂഹിക്കുന്നു.

തന്റെ പിൻഗാമിയായി അഞ്ചാം മാർത്തോമ്മായെ വാഴിച്ചശേഷം നാലാം മാർത്തോമ്മാ 1728 മീനമാസം 13-ാം തീയതി അന്തരിച്ചു; കണ്ടനാട് പള്ളിയിൽ കബറടക്കപ്പെട്ടു.

അഞ്ചാം മാർത്തോമ്മാ

അഞ്ചാം മാർത്തോമ്മായുടെ സ്ഥാനസാധുതയെപ്പറ്റിയും സഭയിൽ തർക്കമുണ്ടായി. അദ്ദേഹം സ്ഥാനം ഏറ്റത് ഒരു അന്ത്യോഖ്യൻ മെത്രാന്റെ സാന്നിധ്യം കൂടാതെ ആയിരുന്നതിനാലാണ് തർക്കമുണ്ടായതെന്ന് സ്ഥാപിക്കുവാൻ അന്ത്യോഖ്യൻ പക്ഷപാതിയായ ഇ. എം. ഫിലിപ്പ് ബദ്ധപ്പെടുന്നു. നാലാം മാർത്തോമ്മായ്ക്ക് സാധുവായ കൈവെപ്പില്ലാതിരുന്നതിനാൽ അഞ്ചാം മാർത്തോമ്മായുടെ സ്ഥാനം വ്യർത്ഥമാണെന്ന് സഭ കണ്ടെത്തുകയായിരുന്നു. ഈ തർക്കം മലങ്കരസഭയെ പ്രതിസന്ധിയിലേക്ക് നയിക്കുകതന്നെ ചെയ്തു. ഇട്ടൂപ്പ് റൈട്ടരും ഇ. എം. ഫിലിപ്പും, ഫാ. ഡോ. വി. സി. ശാമുവലും കണിയാമ്പറമ്പിലച്ചനും അഞ്ചാം മാർതോമ്മായുടെ സ്ഥാനസാധുതയില്ലായ്മയ്ക്ക് ചൂണ്ടിക്കാട്ടിയിട്ടുള്ള കാരണങ്ങൾ ഇവിടെ സ്വീകരിക്കുന്നില്ല. നാലാം മാർത്തോമ്മാ സാധുവായ കൈവെപ്പ് ലഭിച്ച മെത്രാനായിരുന്നില്ല എന്നതു മൂലം അഞ്ചാം മാർതോമ്മായുടെ സ്ഥാനം അസാധുവായി എന്ന നിലപാടാണ് ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളത്.

അഞ്ചാം മാർതോമ്മായുടെ കാലത്ത് സാരമായ മുറിവുകളാണ് സഭയിൽ സംഭവിച്ചത്. സാധുവായ കൈവെപ്പ് സാധുവായ കൂദാശകളുടെ അനുഷ്ഠാനത്തിന് അപരിത്യാജ്യമാകയാൽ എല്ലാ ഇടവകകളിലും റോമ്മൻ കത്തോലിക്കാസഭയോട് ആഭിമുഖ്യം പുലർത്തുന്ന ഗ്രൂപ്പുകൾ രൂപപ്പെട്ടു. നാലാം മാർത്തോമ്മായും അഞ്ചാം മാർത്തോമ്മായും പട്ടം കെട്ടിയ പുരോഹിതന്മാർ പള്ളിയിൽ കർമ്മങ്ങൾ നടത്തുന്നതിനെതിരെ പ്രതിഷേധം ശക്തിപ്പെട്ടു. ഇതെഴുതുന്ന ആളിന്റെ പൂർവ്വിക ഇടവകയായ പാലൂർ - ചാട്ടുകുളങ്ങരപള്ളിയിൽ വിവാദം ആരംഭിക്കാനിടയായ സാഹചര്യം ഇതാണ്. മാർ ഗബ്രിയേൽ പട്ടംകൊടുത്ത പുരോഹിതന്മാരുടെ കാലം മുതലുള്ള ഗ്രൂപ്പ് വടംവലികൾ അഞ്ചാം മാർത്തോമ്മായുടെ കാലത്ത് രൂക്ഷമായി. ഏറെക്കാലം പാലൂർ - ചാട്ടുകുളങ്ങര പള്ളി പൂട്ടിക്കിടക്കത്തക്കവിധം സമാധാനലംഘനങ്ങൾ ഇവിടെ പതിവായതും



കൊച്ചി രാജാവ് ഇടപെട്ടതും ഈ പശ്ചാത്തലത്തിലാണ്. പാലൂർ - ചാട്ടുകുളങ്ങരപള്ളിയും ചാവക്കാട് പള്ളിയും (ഇന്നത്തെ പാലയൂർ) ഒരു ട്രസ്റ്റായി തുടർന്നിരുന്ന പള്ളികളാണ്. പാലൂർ - ചാട്ടുകുളങ്ങര പള്ളി സമാധാന ലംഘനത്തെ പ്രതി സർക്കാർ പൂട്ടിയിട്ടതോടെ കത്തോലിക്കാവിഭാഗം സമീപത്ത് പുന്നത്തൂർ രാജാവിന്റെ (തലപ്പള്ളി രാജാക്കന്മാരിലൊരാൾ) സഹായത്തോടെ കോട്ടപ്പടിയിൽ പുതിയ പള്ളി സ്ഥാപിച്ച് അവിടെ ആരാധനകൾ നടത്തിവന്നു. സുറിയാനി ക്രിസ്ത്യാനികൾ ആകട്ടെ ചിറളയം രാജാവിന്റെ (തലപ്പള്ളി രാജാക്കന്മാരിലൊരാൾ) സഹായത്തോടെ ചിറളയത്ത് പുതിയ പള്ളി നിർമ്മിച്ച് അവിടെ ആരാധന നടത്തിവന്നു. അപ്പോഴും രണ്ടു വിഭാഗങ്ങളും പരേതരെ സംസ്ക്കരിക്കുവാൻ പാലൂർ - ചാട്ടുകുളങ്ങര പള്ളിയിലെ ശ്മശാനം ഉപയോഗിച്ചുപോന്നു. ഈ കാലാവസ്ഥ മലങ്കരസഭയിൽ മിക്ക ഇടവകകളിലും കാലക്രമേണ പടരുന്നത് അഞ്ചാം മാർത്തോമ്മായെ പരിഭ്രാന്തനാക്കി. മെത്രാന്മാരെ ലഭിക്കുവാനായി അദ്ദേഹം വിദേശസഭകളുടെ സഹായം തേടി. അതിന്റെ ഫലമായി യഹൂദ വ്യാപാരിയായ ഹെസക്കിയേൽ 1739-ൽ ഒരു മെത്രാനെ കൊണ്ടുവന്നു. ഇദ്ദേഹം അന്ത്യോഖ്യൻ മെത്രാനായിരുന്നു (തൊഴിയൂരിൽ നിന്ന് ഈ ലേഖകൻ കണ്ടെടുത്ത സ്ഥാത്തിക്കോനുകളിൽ ഒന്ന് ഇദ്ദേഹത്തിന്റേതായിരുന്നു. 1685-ൽ വന്ന മാർ ഈവാനിയോസിന്റേത് എന്ന തെറ്റായ നിഗമനം ഈ ലേഖകൻ അന്ന് പുറപ്പെടുവിച്ചത് പലരും തെറ്റിഎഴുതുവാൻ ഇടയാക്കിയതിൽ നിർവ്യാജം ഖേദിക്കുന്നു). പാശ്ചാത്യ സുറിയാനിയിൽ എഴുതിയ ആ സ്ഥാത്തിക്കോനിൽ അദ്ദേഹത്തെ മെത്രാപ്പോലീത്താ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. മൂറോൻ കൂദാശ നടത്തുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട് (ഹൂദായകാനോൻ പ്രകാരം മെത്രാപ്പോലീത്തായ്ക്ക് വി. മൂറോൻ തൈലം കൂദാശ ചെയ്യാം). വിഗ്രഹധ്വംസനം എന്ന ഒരു ആരോപണം അദ്ദേഹത്തിന്റെ പേരിൽ ചരിത്രകാരന്മാർ ഉന്നയിച്ചിട്ടുണ്ട്. മലങ്കരസഭയിൽ ദേവാലയങ്ങളിൽ വിഗ്രഹങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ദേവാലയ ശില്പങ്ങളിൽ ഐക്കണുകൾ ധാരാളം ഉണ്ടായിരുന്നു.

അന്ത്യോഖ്യൻസഭ ഐക്കണുകളെ അംഗീകരിച്ചിരുന്നില്ല. തന്മൂലം മാർ ഈവാനിയോസ് സുറിയാനിപ്പള്ളികളിലെ ഐക്കണുകളെ നീക്കം ചെയ്തിരിക്കാം. ഇത് സഭയിൽ അദ്ദേഹത്തോട് അതൃപ്തി വരുത്തുവാൻ ഇടയാക്കി (മലങ്കരസഭ ആദിമുതലേ ബന്ധപ്പെട്ട അലക്സാന്ത്രിയൻ സഭയിലും പേർഷ്യൻ സഭയിലും ഐക്കണുകൾ അനുവദനീയമായിരുന്നു. അവരുടെ കാലഘട്ടത്തിൽ പണിയപ്പെട്ട പള്ളികളിൽ തന്മൂലം ഐക്കൺ ശില്പങ്ങൾ ഉണ്ടാവുക സ്വാഭാവികമായിരുന്നു. 1665-ൽ വന്ന അബ്ദുൾ ജലീൽ ഗ്രീഗോറിയോസും 1685-ൽ വന്ന യൽദോ ബാവായും ഈവാനിയോസും അവയെ അനുവദിച്ചത് അവർ അന്ത്യോഖ്യൻ പിതാക്കന്മാർ അല്ലാതിരുന്നതിനാലാണ്. ആദ്യമായി വന്ന അന്തോഖ്യൻ പിതാവ് 1739-ൽ വന്ന മാർ ഈവാനിയോസ് ആണെന്ന് ഈ ഗ്രന്ഥകാരൻ അനുമാനിക്കുന്നു.). ഐക്കൺ ധ്വംസനം മൂലം ഉണ്ടായ വിവാദങ്ങൾ ആളിക്കത്തിയതോടെ അദ്ദേഹം മലങ്കരസഭയിൽ അനഭിമതനായി. ഡച്ച് സർക്കാരിന്റെ സഹായത്തോടെ അഞ്ചാം മാർത്തോമ്മാ തുടരെത്തുടരെ പൗരസ്ത്യ കേന്ദ്രങ്ങളിലേക്ക് സഹായാഭ്യർത്ഥനകൾ നടത്തി. തൽഫലമായി 1751-ൽ ഒരു സംഘം കൊച്ചിയിലെത്തി. അവരിൽ ഒരു കാതോലിക്കായും (ബസ്സേലിയോസ് ശക്രള്ള) ഒരു അർമ്മീനിയൻ മെത്രാനും (മാർ ഗ്രീഗോറിയോസ്) ഒരു അന്ത്യോഖ്യൻ മെത്രാനും (മാർ ഈവാനിയോസ്) ഒരു കോറെപ്പിസ്കോപ്പാ തുടങ്ങിയവരും ഉണ്ടായിരുന്നു[16] (1738-ലും 1745-ലും 1746-ലും ആയി 5-ാം മാർത്തോമ്മാ അയച്ച മൂന്ന് കത്തുകൾ ഈ സംഘം മലങ്കരയിലേക്ക് കൊണ്ടുവന്നത് ഈ ഗ്രന്ഥകാരൻ തൊഴിയൂരിലെ ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുക്കുകയും വന്ദ്യ ഞാർത്താങ്കൽ കോരത് മല്പാന്റെ (വടവുകോട്) സഹായത്തോടെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി 1994-ൽ പ്രസിദ്ധപ്പെടുത്തിയ 'മലങ്കരസഭയും കേരള സംസ്ക്കാരവും' എന്ന ഗ്രന്ഥത്തിലും 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ഒരു വിമർശനാത്മകപഠനം' എന്ന ഗ്രന്ഥത്തിലും 2002-ൽ പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും' എന്ന ഗ്രന്ഥത്തിലും ഈ കത്തുകളുടെ വിവർത്തനം ചേർത്തിട്ടുണ്ട്.).

1751-ൽ കൊച്ചിയിലെത്തിയ ഈ സംഘത്തിന്റെ യാത്രാച്ചെലവായ 12000 രൂപാ അഞ്ചാം മാർത്തോമ്മാ, ഡച്ച് സർക്കാരിൽ കെട്ടിവയ്ക്കുവാൻ അപ്രാപ്തനായതിനെത്തുടർന്ന് സംഘം ഡച്ച് അധികൃതരുടെ തടവിലായി. ഇതോടെ അഞ്ചാം മാർത്തോമ്മായുമായി സംഘം മാനസികമായി അകന്നു. പിന്നീട് മലങ്കരയിലെ മൂന്ന് വൻ ഇടവകകൾ ഈ ബാധ്യതയ്ക്ക് പരിഹാരമുണ്ടാക്കിയതിനെത്തുടർന്ന് വിദേശാധ്യക്ഷന്മാർ സ്വതന്ത്രരായി. പാലൂർ - ചാട്ടുകുളങ്ങര, മുളന്തുരുത്തി, ചെങ്ങന്നൂർ എന്നീ

ഇടവകകളാണ് ബാധ്യത തീർത്തത് എന്ന് കേട്ടിട്ടുണ്ട്. ഏതായാലും ബാധ്യത തീർന്ന ഉടനെ ശക്രുള്ളാ ബാവാ കുന്നംകുളം ചിറളയത്തും മാർ ഗ്രീഗോറിയോസ് മുളന്തുരുത്തിയിലും മാർ ഈവാനിയോസ് ചെങ്ങന്നൂരിലും താമസമാക്കി. മെത്രാൻസ്ഥാനം ഏൽക്കുവാൻ അഞ്ചാം മാർ തോമ്മാ വിസമ്മതിച്ചതോടെ അവർ തമ്മിലുള്ള അനുരഞ്ജനം അസാധ്യമായി. ചില വ്യവസ്ഥകളിൽ അവർ പിന്നീട് അനുരഞ്ജനപ്പെട്ടെങ്കിലും അത് ഏറെക്കാലം നീണ്ടുനിന്നില്ല. ശാക്രുള്ളാ ബാവാ കുന്നംകുളത്തു നിന്ന് മട്ടാഞ്ചേരിയിലെത്തി ഒരു പള്ളി പണിത് അവിടെ താമസമാക്കി. മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും മുളന്തുരുത്തിയിൽ താമസിച്ച് ശെമ്മാശന്മാർക്ക് വൈദിക പരിശീലനം നൽകിവന്നു (ഈ സംഘത്തിലെ നേതാവായി വർത്തിച്ച ഊർശ്ലേം പാത്രിയർക്കീസ് ആയിരുന്ന മാർ ഗ്രീഗോറിയോസിനെ അദ്ദേഹത്തിന്റെ വേഷവും ഭാഷയും പ്രകൃതവും ആധാരമാക്കി അർമ്മീനിയൻ സഭാദ്ധ്യക്ഷനാണെന്ന്, കർസോനി ഭാഷയിൽ എഴുതപ്പെട്ട 'വേദതർക്കം' എന്ന ഗ്രന്ഥത്തിൽ ആ തലമുറയിലെ ബഹുഭാഷാ പണ്ഡിതനും റോമ്മിലെ പൂർവ്വ വിദ്യാർത്ഥിയും സെമിനാരി മല്പാനുമായ ഡോ. ജോസഫ് കരിയാറ്റി പ്രതിപാദിച്ചിട്ടുള്ളത് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട് (പുറം 190). ഇ. എം. ഫിലിപ്പ്, അബ്ദുൾ ജലീൽ ഗ്രീഗോറിയോസിന്റേതെന്ന് അവകാശപ്പെടുത്തി ഉദ്ധരിച്ച കത്ത് ഇദ്ദേഹത്തിന്റേതാകാനാണ് സാധ്യത. യാക്കോബ് തൃതീയൻ ഈ കത്തിൽ അബ്ദുൾ ജലീൽ എന്ന പേർ വ്യാജമായി കൂട്ടിച്ചേർത്തതാണ്. കല്പനയുടെ കയ്യെഴുത്ത് കൽദായ സുറിയാനി രൂപം തൊഴിയൂരിലുണ്ട്; അതിന്റെ ഫോട്ടോകോപ്പി എന്റെ കൈവശമുണ്ട്. യാക്കോബ് തൃതീയൻ 'ഇന്ത്യയിലെ സുറിയാനി സഭാചരിത്ര'ത്തിൽ ഉദ്ധരിച്ചവിധം കൽപനയിൽ ഊർശ്ലേമിന്റെ അഞ്ചാം പാത്രിയർക്കീസായ അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് എന്നത് വ്യാജമാണ്. കല്പനയിൽ ഊർശ്ലേമിന്റെ അഞ്ചാം പാത്രിയർക്കീസായ ഗ്രീഗോറിയോസ് എന്നു മാത്രമേ കാണുന്നുള്ളു. അതിന്റെ കൊല്ലം ചരിത്രത്തിൽ കൊടുത്തിട്ടുള്ളതിൽ പിശകു വന്നതായിക്കാണാം.

വിവിധ പട്ടംകൊടക്രമങ്ങളും വി. മൂറോൻ കൂദാശയുടെ ക്രമവും ഉൾപ്പെടെ പള്ളിക്രമങ്ങൾ പകർത്തി എഴുതിയ ഒരു വാല്യം തൊഴിയൂരിൽ ഇരിപ്പുണ്ട്. കൽദായ സുറിയാനിയിൽ ഈ ഗ്രന്ഥം പകർത്തിയത് ഒരു യൗസേഫ് റമ്പാനാണെന്ന് ഈ എഴുത്തുകാരൻ ഓർക്കുന്നു. മാർ ഗ്രീഗോറിയോസിന്റ പുസ്തകത്തിൽ നിന്ന് പകർത്തിയതാവാം ഈ ക്രമങ്ങൾ. ഈ സംഘത്തിൽ വന്ന മാർ ഈവാനിയോസ് പകർത്തിയെഴുതിയ സന്യാസിനീ - സന്യാസസ്ഥാനാർത്ഥികളുടെ ക്രമം (ഈ ഗ്രന്ഥകാരന്റെ ശേഖരത്തിലുണ്ട്) പാശ്ചാത്യ സുറിയാനിയിലാണ് എഴുതിയി

രിക്കുന്നത്. മാർ ശക്രള്ളാ ബാവായുടെ പുസ്തകങ്ങൾ കണ്ടുകിട്ടിയിട്ടില്ല. ഈ വസ്തുതയിൽ നിന്ന് ചില കാര്യങ്ങൾ ഗ്രഹിക്കാം.

1. അഞ്ചാം മാർത്തോമ്മായുടെ കത്തുകൾ മത്തായിയുടെ ദയറായിലെ കാതോലിക്കാ, ഊർശ്ലേമിലെ അർമ്മീനിയൻ സഭയുടെ പാത്രിയർക്കീസ്, ഊർശ്ലേമിലെ അന്ത്യോഖ്യൻ സഭയുടെ മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ എന്നിവർ കണ്ടിട്ടുണ്ട്.

2. മൂന്ന് പാരമ്പര്യങ്ങളിലെയും മെത്രാന്മാർ 1751–ലെ വിദേശ സഭാധ്യക്ഷന്മാരിൽ ഉണ്ടായിരുന്നു.

3. അവരിൽ മാർ ഗ്രീഗോറിയോസ് അർമ്മീനിയൻ പാരമ്പര്യമുള്ള ഊർശ്ലേം പാത്രിയർക്കീസ് ആയിരുന്നു.

4. സംഘത്തിൽ ഏറ്റവും പ്രായം കുറഞ്ഞ മാർ ഈവാനിയോസ് അന്ത്യോഖ്യൻ മെത്രാൻ ആയിരുന്നു. ഇദ്ദേഹം പാശ്ചാത്യ സുറിയാനി ഉപയോഗിച്ചുവന്നു. മലങ്കരയിൽ വന്ന് തിരിച്ചുപോയ ഒരു കോർഎപ്പിസ്ക്കോപ്പായും അന്ത്യോഖ്യൻ സഭയിലെ അംഗമായിരുന്നു.

5. കാട്ടുമങ്ങാട്ട് ഒന്നാം കൂറിലോസ്, ശാക്രള്ളാ ബാവായുടേയും മാർ ഗ്രീഗോറിയോസിന്റെയും ശിഷ്യനായിരുന്നു. ഇദ്ദേഹത്തിന്റെ സ്വഹസ്ത വിരചിതമായ കുർബ്ബാനതക്സാ കണ്ടുകിട്ടിയതിൽ പൗരസ്ത്യ സുറിയാനിയാണ് ഉപയോഗിച്ചിട്ടുള്ളത്.

6. രണ്ടാം കൂറിലോസ് പാശ്ചാത്യ സുറിയാനിയിലാണ് ഗ്രന്ഥങ്ങൾ പകർത്തിയിരുന്നത്. തന്മൂലം അദ്ദേഹം മാർ ഈവാനിയോസിന്റെയും കോറെപ്പിസ്ക്കോപ്പായുടെയും ശിഷ്യൻ ആയിരിക്കണം.

നാലും അഞ്ചും മാർത്തോമ്മാമാർ സഭാഭിന്നതകൾക്ക് പരിഹാരം കണ്ടെത്താനാവാതെ വന്നപ്പോൾ റോമ്മൻ കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാൻ ശ്രമിച്ചതിൽ അവരെ കുറ്റം പറയാനാവില്ല. കൂനൻ കുരിശിൽ നടത്തിയ പ്രതിജ്ഞയുടെ അക്ഷരങ്ങളേക്കാൾ തങ്ങളെ വേട്ടയാടിയിരുന്ന പ്രതിസന്ധിയുടെ കയത്തിൽ നിന്ന് കരകയറുകയായിരുന്നു അവരുടെ പ്രധാന പരിഗണന. എന്നാൽ ആ വഴിയുള്ള ശ്രമങ്ങളും വിജയിച്ചില്ല. സ്ഥാനസാധുത അവിടെയും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയായിരുന്നു. കടലിനും ചെകുത്താനും ഇടയിൽ എന്ന അവസ്ഥയാണ് അഞ്ചാം മാർത്തോമ്മാ അഭിമുഖീകരിച്ചത്. റോമുമായി അനുരഞ്ജനപ്പെടുന്നതിലും വിദേശമെത്രാന്മാരുമായി ഉടമ്പടി സൃഷ്ടിച്ചതിലും പകലോമറ്റം കുടുംബം മുഖേനയുള്ള മെത്രാൻ വാഴ്ചയായിരുന്നു അഞ്ചാം മാർതോമ്മായുടെ പ്രധാന വ്യവസ്ഥ. ഇത് സഭയിൽ വ്യാപകമായ അതൃപ്തിക്ക് കാരണമായി. പകലോമറ്റം കുടുംബവാഴ്ചയുടെ മേൽവിലാസ

ത്തിൽ സ്ഥാനമേറ്റവർ സഭയോട് കൂറുപുലർത്തുന്നില്ല എന്ന് രണ്ടാം മാർ ത്തോമ്മായ്ക്ക് ശേഷം സഭ തിരിച്ചറിവ് നേടിയിരുന്നു. മറ്റൊരു പോംവഴി നിർദ്ദേശിക്കപ്പെടാത്തതിനാൽ ആ സംവിധാനത്തെ സഭ സഹിക്കുകയായിരുന്നു. ഇടവകകളിൽ ഗ്രൂപ്പുകൾ രൂപപ്പെടുമ്പോഴും ആളുകൾ സംഘമായി കൊഴിഞ്ഞുപോകുമ്പോഴും പകലോമറ്റം മെത്രാന്മാർ കുടുംബവാഴ്ചയുടെ മാളത്തിൽ ചേക്കേറുന്നത് സഭയിലെങ്ങും തുറന്ന പ്രതിഷേധത്തിന് വഴിവച്ചു. 1739-ൽ വന്ന ഈവാനിയോസുമായി അനുരഞ്ജനപ്പെടാതെ ഡച്ചു സർക്കാരിന്റെ സഹായത്തോടെ അദ്ദേഹത്തെ 1751-ൽ തിരിച്ചയക്കുമ്പോഴും 1751-ൽ വന്ന മെത്രാന്മാരോട് അഞ്ചാം മാർത്തോമ്മാ പൊരുത്തപ്പെട്ടുപോകുമെന്ന പ്രതീക്ഷ അസ്ഥാനത്തായതോടെ അദ്ദേഹം ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുകയായിരുന്നു. വടക്കൻ ഇടവകകൾ വിദേശമെത്രാന്മാരോട് വിധേയപ്പെട്ടുപോകുന്നത് ശ്രദ്ധിച്ച അദ്ദേഹം തെക്കൻ ദിക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതും വിഫലമായി.

മുളന്തുരുത്തിയിൽ പ്രവർത്തിച്ചുവന്ന വൈദികപരിശീലനകേന്ദ്രം പുതിയ ഒരു സഭായുഗത്തെപ്പറ്റിയുള്ള ആശയപരമായ ചർച്ചയ്ക്ക് നേതൃത്വം വഹിച്ചു. കുടുംബവഴിയുള്ള മെത്രാൻ വാഴ്ചയെപ്പോലെ തന്നെ കശ്ശീശന്മാരെ നിയമിക്കുന്നതിലും കുടുംബപാരമ്പര്യവും വംശവിശുദ്ധിയും മലങ്കരസഭ ഉയർന്ന പരിഗണന നൽകി പരിരക്ഷിച്ചിരുന്നു. ആയിടയ്ക്കാണ് മുളന്തുരുത്തി ഇടവകയിലെ കപ്യാർ ജോലി ചെയ്തിരുന്ന കാട്ടുമങ്ങാട്ട് കുടുംബത്തിലെ നാല് സഹോദരങ്ങൾക്ക് ശാക്രുള്ളാ ബാവാ കശ്ശീശാപട്ടം നൽകിയത്. ഇവരുടെ പൂർവ്വികർ കല്ലട മുത്തൻ എന്ന പേരിൽ മദ്യലഹരിയിൽ അന്തരിച്ച അന്ത്രയോസിന്റെ സഹോദരർ ആയിരുന്നു. വിദേശികളായ ഈ സഹോദരന്മാർ പിറവം - മുളന്തുരുത്തി പള്ളികളിൽ കപ്യാർ വേല ചെയ്തു ഉപജീവനം കഴിച്ചു. അവരിലൊരാൾ മുളന്തുരുത്തി പാലത്തിങ്കൽ കുടുംബത്തിൽ നിന്ന് വിവാഹം കഴിച്ചു. അതിലെ രണ്ടു പുത്രന്മാരിലൊരാൾ തണങ്ങാട്ടിലും അപരൻ കാട്ടുമങ്ങാട്ടും താമസമാക്കി. ഇളയ സഹോദരൻ അബ്രഹാമിന് 10 മക്കൾ ജനിച്ചു. എട്ട് ആൺമക്കളും രണ്ട് പെൺമക്കളും. പിതാവായ അബ്രഹാമിനെ കപ്യാർവൃത്തിയിൽ മക്കൾ സഹായിച്ചുപോന്നു. മുളന്തുരുത്തി പള്ളിയിലെ വൈദികവിദ്യാഭ്യാസകേന്ദ്രം ഇവരിലെ പൗരോഹിത്യാഭിമുഖ്യത്തെ പ്രകടമാക്കുവാൻ സഹായകമായി. കപ്യാർ കുടുംബത്തിലെ അംഗങ്ങൾക്ക് വൈദികവൃത്തിയിലേക്ക് പ്രവേശനം നൽകുവാൻ പാരമ്പര്യം അനുവദിച്ചിരുന്നില്ല. അക്കാലത്ത് പൊതുയോഗത്തിന്റെ പിന്തുണയും തീരുമാനവും ഉണ്ടാകുന്നത് വൈദികസ്ഥാനലബ്ധിക്ക് അനിവാര്യമായിരുന്നു. തങ്ങളുടെ ശിഷ്യരായ കാട്ടുമങ്ങാട്ട് യുവാക്കൾ മറ്റു വൈദികവിദ്യാർത്ഥികളേക്കാൾ സമർത്ഥരായിരുന്നു എങ്കിലും ഇടവക

യുടെ പിന്തുണ ലഭിക്കാഞ്ഞതിനാൽ അവർക്ക് പട്ടമേൽക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ കുരിയൻ, ഗീവറുഗീസ്, ബെന്യാമീൻ, യാക്കോബ് എന്നിങ്ങനെ കാട്ടുമങ്ങാട്ടു കുടുംബക്കാരായ നാലു യുവാക്കൾക്ക് ശാക്രള്ളാ ബാവാ മട്ടാഞ്ചേരി പള്ളിയിൽ വെച്ച് കശ്ശീശാപട്ടം നൽകി. മുളന്തുരുത്തിയിൽ പ്രവേശനം ലഭിക്കാതിരുന്നതിനാൽ അവർ മട്ടാഞ്ചേരിയിൽ താമസിച്ചു.

ശാക്രള്ളാ ബാവായുടെ ഈ നടപടിയെ അഞ്ചാം മാർത്തോമ്മാ അനുകൂലിച്ചില്ല. തന്മൂലം ഭരണപരമായി അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു പള്ളിയിലും കാട്ടുമങ്ങാട്ട് വൈദികർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. ശാക്രള്ളാ ബാവായെ ശുശ്രൂഷിച്ചും മട്ടാഞ്ചേരി പള്ളിയിൽ (ഈ പള്ളി ശാക്രള്ളാ ബാവാ പണിയിച്ചതായിരുന്നതിനാൽ അഞ്ചാം മാർത്തോമ്മായ്ക്ക് ഇവിടെ അധികാരമൊന്നും ഉണ്ടായിരുന്നില്ല) ആരാധന നടത്തിയും കാട്ടുമങ്ങാട്ട് വൈദികർ കഴിഞ്ഞുകൂടി. കൊല്ലം 939 തുലാം 9-ന് (എ.ഡി. 1763) ശാക്രള്ളാ ബാവാ നിര്യാതനായി. കണ്ടനാട് പള്ളിയുടെ വടക്കുഭാഗത്ത് കബറടക്കുകയും ചെയ്തു. ഇതോടെ മട്ടാഞ്ചേരി പ്പള്ളി അഞ്ചാം മാർത്തോമ്മായുടെ ഭരണത്തിലായി. കാട്ടുമങ്ങാട്ട് വൈദികർ അവിടെനിന്ന് നിഷ്കാസിതരായി. അവിവാഹിതരായ ആ വൈദിക സഹോദരങ്ങൾ മുളന്തുരുത്തിക്കടുത്ത് തേവനാൽ പ്രദേശത്ത് ഒരു ദയറാ സ്ഥാപിച്ച് അവിടെ താമസമാക്കി. അവിടെ ആരാധനാസൗകര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു. മുളന്തുരുത്തിയിൽ പിന്നീട് കബറടങ്ങിയ മാർ ഗ്രീഗോറിയോസിന്റെ പിന്തുണ ഇവർക്ക് ലഭിച്ചിരുന്നു. 940 മേടം 27-ന് (1765) അഞ്ചാം മാർത്തോമ്മാ അന്തരിച്ച് നിരണം പള്ളിയുടെ വടക്കുഭാഗത്ത് കബറടങ്ങി. ഇതോടെ കാട്ടുമങ്ങാട്ട് വൈദികർക്ക് സമീപ ഇടവകകളിലേക്ക് പരിമിതമായതോതിൽ സഞ്ചാരസ്വാതന്ത്ര്യം ലഭിച്ചു.

മാർത്തോമ്മാ ആറാമൻ

സുദീർഘകാലം മലങ്കരസഭയുടെ സാരഥി ആയിരുന്നിട്ടും സ്ഥായിയായ എന്തെങ്കിലും നേട്ടങ്ങൾ കൈവരിക്കാനാവാതെ തീർത്തും നിരാശയിൽ കഴിച്ചുകൂട്ടിയ അഞ്ചാം മാർത്തോമ്മാ പകലോമറ്റം കുടുംബക്കാരനായ ഒരു ജോസഫ് കത്തനാരെ 936 മിഥുനം 29-ന് നിരണം പള്ളിയിൽ വെച്ച് മെത്രാനായി വാഴിച്ചിരുന്നു (1761). കുറവിലങ്ങാട്ട് കത്തോലിക്കാ ഇടവകയിലെ അംഗമായിരുന്ന ഇദ്ദേഹത്തെ സുറിയാനിസഭയിൽ പകലോമറ്റം കുടുംബക്കാരായി വൈദികർ ആരും ഇല്ലാതിരിക്കേ സുറിയാനിസഭയിലേക്ക് സ്വീകരിക്കുകയായിരുന്നു. അഞ്ചാം മാർത്തോമ്മായുടെ കാലഘട്ടത്തിലെ പ്രതിസന്ധികൾ ശരിയായി അപഗ്രഥിച്ച ആറാം മാർത്തോമ്മാ ചില പ്രായോഗികനയങ്ങൾ സ്വീകരിച്ചു. തന്റെ സഭാഭരണം സുഗമവും കാര്യക്ഷമവും ഫലപ്രദവും ആകുവാൻ മൂന്ന് കാര്യങ്ങൾ



ഉറപ്പുവരുത്തുവാൻ അദ്ദേഹം നിശ്ചയിച്ചു.

ഒന്ന്, ജനങ്ങളുടെ അംഗീകാരം, പകലോമറ്റം കുടുംബാംഗമെന്നനിലയിൽ പരമ്പരാഗതമായി സഭ നൽകിപ്പോന്ന അംഗീകാരം ആറാം മാർത്തോമ്മാ സംശയരഹിതമായി ഉറപ്പുവരുത്തി. ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ (1653) സഭ നിർവിഘ്നം തുടർന്നു പോന്നിരുന്ന ആ പാരമ്പര്യം ജനത്തിന്റെ അംഗീകാരത്തിന്റെ പ്രതീകം തന്നെയായിരുന്നു.

രണ്ട്, സാധുവായ കൈവെപ്പ്. അഞ്ചാം മാർതോമ്മായിൽ നിന്ന് സ്വീകരിച്ച കൈവെയ്പ്പിനെപ്പറ്റി ജനങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നത് പരിഹരിക്കുവാൻ അദ്ദേഹം ശ്രമം തുടങ്ങി.

മൂന്ന്, രാജാവിന്റെ അംഗീകാരം. രാജകീയ അംഗീകാരം ഒരു വിളംബരം മുഖേന ഭരിക്കുന്ന മെത്രാന്മാർക്ക് അനുകൂലമായി പുറപ്പെടുവിക്കുന്ന സമ്പ്രദായം 1815-ലാണ് ആരംഭിച്ചതെങ്കിലും അപ്രകാരം ഒരാശയം 6-ാം മാർത്തോമ്മാ വിലമതിച്ചിരുന്നു. തൽഫലമായി അദ്ദേഹം രാജകീയ അംഗീകാരത്തിനായി ശ്രമം നടത്തി. *നിരണം ഗ്രന്ഥവരി* എഴുതുന്നു: "... പള്ളി എടപെട്ടും ജാതിമര്യാദ എടപെട്ടും ഉള്ള കാര്യങ്ങളിലൊക്കെയും കീഴ്മര്യാദ നടന്നുവന്നതിൻവണ്ണം നടന്നുകൊള്ളത്തക്കവണ്ണം കൽപിച്ച് നീട്ടും സുബ്ബരയൻ ദളവയുടെ സാധനവും വാങ്ങിച്ചു..."[17]

സുറിയാനിക്കാർ വിദേശമെത്രാന്മാരെ അനുകൂലിക്കുന്നവരും പകലോമറ്റം മെത്രാനെ അനുകൂലിക്കുന്നവരും എന്നിങ്ങനെ രണ്ട് പക്ഷമായി തുടരുന്നത് അവസാനിപ്പിക്കാൻ അദ്ദേഹം നടപടി എടുത്തു.

നിരണം ഗ്രന്ഥവരി കാര്യങ്ങളെ നിരീക്ഷിക്കുന്നത് കാണുക: '... അങ്ങും ഇങ്ങും രണ്ട് യജമാനന്മാർ കഴിവോളവും നിരപ്പിന് സംഗതി വരില്ലെന്നും പുത്തൻകൂറ്റുംപുറത്തുള്ള ആളുകൾ തന്നെ രണ്ട് പകുതിയായിട്ട് നിന്ന് തമ്പുരാന്റെ മാർഗ്ഗത്തോട് മറുത്ത് സിദ്ധാന്തമായിട്ട് നടപ്പാകകൊണ്ടും പള്ളികളിലൊക്കെയും പല മര്യാദയും മറ്റു കൂറുകാരുടെ

പരിഹാസവും ഇങ്ങനെ ആകയാൽ മാർഗ്ഗത്തിന് അഴിവ് വരുമെന്നും ബോധജ്ഞാനപ്പെട്ട് അച്ചൻ നിശ്ചയിച്ച് ഏതുപ്രകാരമെങ്കിലും നിരപ്പായിട്ട് നടക്കണമെന്നും തമ്പുരാനിൽ ശരണപ്പെട്ട് നിരൂപണ ഉറപ്പ് സ്വഭാവക്കേടുള്ള ആളുകളെ നീക്കി, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ കല്ലിശ്ശേരി വന്നപ്പോൾ ചെങ്ങന്നൂർ നിന്ന് കല്ലിശ്ശേരി ചെന്ന് തമ്മിൽ കണ്ടു പറഞ്ഞ് ശത്രുക്കളുടെ വാക്കുകൾ രണ്ടു കൂട്ടക്കാരും നീക്കി ഏകോൽഭവിച്ചു.'[18] കൂടിക്കാഴ്ചയിലെ വ്യവസ്ഥയനുസരിച്ച് ആറാം മാർത്തോമ്മാ, 1770 (945) മിഥുന മാസം 29-ന് നിരണം പള്ളിയിൽ വെച്ച് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. ഇതോടെ അദ്ദേഹത്തിന്റെ കൈവെപ്പിന്റെ സാധുതയെക്കുറിച്ച് അവശേഷിച്ചിരുന്ന പ്രശ്നങ്ങളും അവസാനിച്ചു. അഞ്ചാം മാർത്തോമ്മാ 1765-ൽ കാലം ചെയ്തതിന് ശേഷമാണ് 6-ാം മാർത്തോമ്മാ ഈ അനുരഞ്ജന ചർച്ചകൾക്ക് പുറപ്പെട്ടത്. അദ്ദേഹത്തിന്റെ ഉദാരസമീപനങ്ങൾ നിമിത്തം കാട്ടുമങ്ങാട്ട് വൈദിക സഹോദരങ്ങൾക്ക് മുളന്തുരുത്തിയിൽ പാർക്കുവാൻ അനുവാദം ലഭിച്ചു. തേവനാൽതടത്തിൽ അവർ മാർ ബഹനാമിന്റെ നാമത്തിൽ സ്ഥാപിച്ച പള്ളിയിൽ ആരാധനകൾ നടത്തുകയും അവിടെ സ്ഥാപിച്ചിരുന്ന വൈദികപരിശീലനകേന്ദ്രം മുളന്തുരുത്തിയിലേക്കു മാറ്റുകയും ചെയ്തു. നിരണത്ത മേൽപ്പട്ടവാഴ്ച കഴിഞ്ഞതോടെ 1770-ൽ സഭയിൽ ആരോഗ്യകരമായ ഒരു കാലാവസ്ഥ സംജാതമായി. അക്കാലത്ത് വിദേശ മെത്രാന്മാരിൽ മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും കായംകുളം പള്ളിയിലാണ് താമസിച്ചിരുന്നത്. മാർ ഗ്രീഗോറിയോസ് കണ്ണിന് ദീനം നിമിത്തം ക്ഷീണാവസ്ഥയിലെത്തിയിരുന്നു. മെത്രാന്മാരുടെ സംരക്ഷണം കായംകുളത്ത് ചില അസംതൃപ്തികൾ ജനിപ്പിച്ചു. 6-ാം മാർത്തോമ്മാ അക്കാലത്ത് നിരണം പള്ളിയിലായിരുന്നു താമസം. ഈ സന്ദിഗ്ദ്ധ കാലാവസ്ഥയിൽ കാട്ടുമങ്ങാട്ട് കുരിയൻ കത്തനാർ മാർ ഗ്രീഗോറിയോസിനെ ചികിത്സിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. തേവനാൽ പ്രദേശത്തുള്ള ആദിവാസി വൈദ്യന്മാരുടെ ചികിത്സ നേത്രരോഗത്തിന് ഫലപ്രദമെന്ന് അദ്ദേഹം ശേഷം മെത്രാന്മാരെ ബോധ്യപ്പെടുത്തി. കായംകുളത്ത് രൂപപ്പെട്ട അസ്വാസ്ഥ്യങ്ങൾക്ക് പരിഹാരം എന്ന നിലയിൽ ആറാം മാർത്തോമ്മാ ഇതിനെ അനുകൂലിച്ചു. അപ്രകാരം മാർ ഗ്രീഗോറിയോസ് മുളന്തുരുത്തിയിലേക്ക് കൊണ്ടുപോകപ്പെട്ടു. മാർ ഈവാനിയോസ് അചിരേണ ചെങ്ങന്നൂർക്ക് താമസം മാറ്റി. നിരണത്തും ചില ചില്ലറ അസ്വാസ്ഥ്യങ്ങൾ തലപൊക്കിയിരുന്നു.

മുളന്തുരുത്തിയിലേക്കുള്ള യാത്രയിൽ മാർ ഗ്രീഗോറിയോസിനെ കുര്യൻ കത്തനാർ മട്ടാഞ്ചേരിപ്പള്ളിയിൽ താമസിപ്പിച്ചു. ഇവിടെവെച്ച് 'കാറ്റാടി കുരുവിള കത്തനാരെ കൊണ്ട് കുർബ്ബാനയും ചൊല്ലിച്ച് നമ്മുടെ

കർത്താവിന്റെ ആണ്ട് 1772-ൽ കൊല്ലം 947-ാമത് വൃശ്ചികമാസം 17-ന് വെള്ളിയാഴ്ച നാൾ കൂറിലോസ് മെത്രാപ്പോലീത്താ ആയിട്ട് വാഴിക്കുകയും ചെയ്തു' എന്ന് *നിരണം ഗ്രന്ഥവരി* രേഖപ്പെടുത്തിയിരിക്കുന്നു. ഈ വാഴ്ചയ്ക്ക് സാക്ഷികളോ രേഖകളോ ഇല്ലാത്തതിനാൽ *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ കേട്ടുകേഴ്‌വിയെ ആധാരമാക്കി ഇപ്രകാരം എഴുതിയതായിരിക്കാം. 1772-ൽ നടന്നു എന്നു പറയപ്പെടുന്ന ഈ സംഭവത്തെ നിഷേധിച്ച് 1766-ലോ 67-ലോ സ്ഥാനം സ്വീകരിച്ചു എന്നും അതേത്തുടർന്നാണ് പീഡനത്തെ ഭയന്ന് അവർ തേവനാൽ മലയിൽ അജ്ഞാതവാസം നടത്തിയതെന്നും തൊഴിയൂർ സഭയുടെ ചരിത്രകാരൻ ഫാ. കെ. സി. വർഗീസും അതേത്തുടർന്ന് വേറെ ചില ഗ്രന്ഥകാരന്മാരും സത്യം പരിശോധിക്കാതെ എഴുതിയിട്ടുണ്ട്. രണ്ടു സംശയങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടുവാനുണ്ട്. ഒന്ന് അദ്ദേഹം വാഴ്ചയേറ്റതായി പറയപ്പെടുന്ന വർഷം ഏതാണ്? കൂറിലോസ് ശക്തൻ തമ്പുരാന് അയച്ച ഒരു കത്തിൽ താൻ സ്ഥാനം ഏറ്റത് കൊല്ലവർഷം 947-ൽ (947+825=1772) ആണെന്ന് പറഞ്ഞിട്ടുള്ളതിനാൽ (*നിരണം ഗ്രന്ഥവരി*യും അപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്) 1766 - 1767 എന്നീ വർഷങ്ങൾ കെ. സി. വർഗീസ് അച്ചനും മറ്റും നൽകിയിട്ടുള്ളത് ചില വ്യാജ പ്രസ്താവനകൾക്കിടം നൽകുവാനാണെന്ന് നിർമത്സരബുദ്ധികൾ സമ്മതിക്കും.

മറ്റൊരു സംശയം 1772-ൽ അദ്ദേഹത്തിന് ലഭിച്ച സ്ഥാനം മെത്രാൻ സ്ഥാനം തന്നെയായിരുന്നുവോ എന്നുള്ളതാണ്. 1764-ൽ ശാക്രള്ളാ ബാവാ കാലം ചെയ്യുന്നതിനു മുമ്പ് ഇദ്ദേഹത്തെ റമ്പാനാക്കി എന്നാണ് ചിലർ നിരാധാരമായി എഴുതി വച്ചിട്ടുള്ളത്. ഈ തർക്കം പരിഹരിക്കുവാൻ മറ്റാരും വേണ്ടത്ര ഗൗരവത്തോടെ പരിശോധിക്കാതിരുന്ന രണ്ട് സമകാലരേഖകൾ നമ്മുടെ മുമ്പിലുണ്ട്.

ഒന്ന്, ഇളയ ബാവാ എന്ന പേരിൽ പില്ക്കാലത്ത് പ്രസിദ്ധനായ രണ്ടാം കൂറിലോസ് 1771 ഏപ്രിൽ 16-ന് എഴുതി പൂർത്തിയാക്കിയ (തേവനാൽ മലയിലുള്ള മാർ ബഹനാം സഹദായുടെ ദയറായിൽ വെച്ച്) ഏവൻഗേലിയോൻ പുസ്തകം. ഒരു കുറിപ്പിൽ താഴെപ്പറയുന്ന കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.

1. തന്റെ പേര് ഗീവറുഗീസ് എന്നാണ്.

2. താൻ ബസ്സേലിയോസ് കാതോലിക്കായുടെ ശിഷ്യനാണ്.

3. തനിക്ക് പട്ടം തന്നത് ബസ്സേലിയോസ് കാതോലിക്കാ ആണ്.

4. എന്റെ വൈദികസഹോദരങ്ങളായ ബെന്യാമീന്റെ ആത്മാവിനു വേണ്ടിയും യാക്കോബിന്റെ ആത്മാവിനുവേണ്ടിയും കൂറിലോസിന്റെ ആത്മാവിനുവേണ്ടിയും പാപമോചനവചനം ആശംസിക്കുന്നു.

5. അവർ 1767 മെയ് 10-ന് ബാഹ്യലോകം വിട്ട് മലയിൽപോയി മാർ ബഹനാമിന്റെ നാമത്തിൽ ഒരു ദയറാ പണിത് അവിടെ താമസിച്ചു.

6. ഈ പുസ്തകം അവിടെവെച്ച് എഴുതി.

ഈ ഏവൻഗേലിയോൻ തൊഴിയൂർ സഭയിൽ സൂക്ഷിച്ചിട്ടുണ്ട്. പാരമ്പര്യ സുറിയാനിയിൽ പകർത്തിയെഴുതിയ ഈ പുസ്തകത്തിൽ മേൽക്കാണിച്ച കുറിപ്പ് ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട് (ഫാ. കെ. സി. ഗീവറുഗീസ് ഈ പേജ് അദ്ദേഹത്തിന്റെ ചരിത്രത്തിൽ ഫോട്ടോ കോപ്പിയായും വിവർത്തനമായും നൽകിയിട്ടുണ്ട്). ഈ കുറിപ്പിൽ കൂറിലോസ് എന്ന് പ്രസ്താവിച്ചത് കണ്ട് ഭ്രമിച്ചിട്ടാണ് അദ്ദേഹം 1767-ൽ മെത്രാനായി എന്നും അതാണ് തേവനാലിലെ അജ്ഞാതവാസത്തിന് കാരണമായത് എന്നും ചിലർ സ്ഥാപിക്കുവാൻ വിഫലശ്രമം നടത്തിയിട്ടുള്ളത്. ഇവിടെ കൂറിലോസിനെ മെത്രാപ്പോലീത്താ എന്ന് വിശേഷിപ്പിച്ചിട്ടില്ല. മെത്രാന്മാരെക്കുറിക്കുമ്പോൾ ചേർക്കാറുള്ള 'മാർ' എന്ന പദം പോലും ഉപയോഗിച്ചിട്ടില്ല. എല്ലാവർക്കും വൈദികരായ എന്ന പൊതുവിശേഷണമാണ് നൽകിയിട്ടുള്ളത്. അതിന്റെ അർത്ഥം അവർ എല്ലാവരും കശീശന്മാർ ആയിരുന്നു എന്നാണ്.

രണ്ടാമത്തെ സമകാലരേഖ ഇക്കാര്യത്തിൽ കൂടുതൽ വെളിച്ചം നൽകുന്നു. കൂറിലോസിന്റെ കുർബ്ബാന തക്സായാണിത്. കൽദായ സുറിയാനിയിലെഴുതിയ ഈ കുർബ്ബാനതക്സാ കോട്ടയം സെന്റ് എഫ്രേം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (SEERI) ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്; അതിന്റെ ഫോട്ടോകോപ്പി സൂക്ഷിക്കുന്നുമുണ്ട്. അസുന്ദരമായ കൽദായ സുറിയാനി ലിപിയിൽ പകർത്തിയെഴുതപ്പെട്ട ആ തക്സായിൽ ആകെ 374 പുറങ്ങൾ ഉണ്ട്. ഇതിന്റെ പല ഭാഗങ്ങളിലും പകർത്തിയെഴുതുന്ന ആളിനെപ്പറ്റിയുള്ള സ്വഹസ്തലിഖിതങ്ങൾ ഉണ്ട്. മാർ യാക്കോബിന്റെ ക്രമം (പു. 255), മാർ ഈവാനിയോസിന്റെ ക്രമം (പുറം 296), മാർ യൂഹാനോൻ പാത്രിയർക്കീസിന്റെ ക്രമം (പു. 315) എന്നീ അന്നാഫുറാകൾ അവസാനിക്കുന്ന പേജുകളിൽ അന്നാഫുറാ പകർത്തിയ ആൾ 'കൂറിലോസ് കാശീശ' ആണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 255-ാം പേജിൽ എഴുതിയ കുറിപ്പിൽ ആ അന്നാഫുറ എഴുതിപൂർത്തിയാക്കിയ വർഷം 1768 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 332-ാം പേജിൽ മാർ ക്സൊസ്തോസിന്റെ ക്രമത്തിന്റെ ഒടുവിൽ ആ അന്നഫുറാ എഴുതിത്തീർന്നത് 1769 കോനൂൻക്ദീം (ഡിസംബർ) 19-ാം തീയതി വെള്ളിയാഴ്ച ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തേവനിലെ കൂറിലോസ് കശീശാ എന്ന് സ്വന്തം പേർ അവിടെയും എഴുതിയിട്ടുണ്ട്. തന്റെ ഗുരുനാഥൻ വിജ്ഞാനിയും സമർത്ഥനുമായ കോറെപ്പിസ്ക്കോപ്പാ ആണെന്ന് ഈ സമാപനക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെയും 1751-ൽ ശീമ

യിലേക്ക് തിരിച്ചയക്കപ്പെട്ട മാർ ഈവാനിയോസ് ആണ് തന്റെ ഗുരു എന്ന് കൂറിലോസ് കശ്ശീശാ സ്മരിച്ചിട്ടില്ലെന്ന് ചരിത്രവിദ്യാർത്ഥികൾക്ക് ശ്രദ്ധിക്കാവുന്നതാണ്.

കൂറിലോസ് കശീശായുടെ കുർബ്ബാന തക്സാ നാളിതുവരെ യാതൊരു സഭാചരിത്രകാരനും പരിശോധിച്ചിട്ടില്ല. 1769-ൽ പോലും അദ്ദേഹം കശ്ശീശായാണെന്ന് സ്വയം എഴുതിയിരിക്കേ 1764-ൽ അന്തരിച്ച ശാക്രുള്ളാ കാതോലിക്കാ അദ്ദേഹത്തിന് റമ്പാൻസ്ഥാനം നൽകി എന്ന് പ്രചരിപ്പിക്കുന്നത് സത്യവിരുദ്ധമാണ്. റമ്പാച്ചൻ സ്വന്തം പേരിനോട് ചേർത്ത് 'ദയറോയോ' എന്ന വിശേഷണം ചേർക്കുന്ന പാരമ്പര്യമാണ് സഭയിലുള്ളത്. കൂറിലോസ് കശീശാ 1764-ന് മുമ്പ് റമ്പാൻസ്ഥാനം ഏറ്റു എന്നു പറയുന്നതിൽ എന്തെങ്കിലും സത്യത്തിന്റെ അംശം ഉണ്ടായിരുന്നു എങ്കിൽ 1769-ൽ അദ്ദേഹം എഴുതി പൂർത്തിയാക്കിയ കുർബ്ബാന തക്സായിൽ ദയറോയോ കൂറിലോസ് എന്ന് രേഖപ്പെടുത്തുമായിരുന്നു. സത്യത്തിൽ സംഭവിച്ചത് പേരു മൂലമുണ്ടായ തെറ്റിദ്ധാരണയാണ്. കാട്ടുമങ്ങാട്ട് കുരിയന് പട്ടംകൊടുത്തപ്പോൾ കുരിയൻ എന്ന പേർ കൂറിലോസ് എന്നാണ് ശാക്രുള്ളാ ബാവാ പ്രഖ്യാപിച്ചത്. ചേറുവിനെയും ചെറിയാനെയും സഖറിയാ എന്നും ഓനച്ചനെ യൂഹാനോൻ എന്നും പട്ടംകൊടയിൽ പേരിടുന്നതുപോലെയാണിത്. നമ്മുടെ പരിചയത്തിൽ കൂറിലോസ് എന്നത് എപ്പിസ്ക്കോപ്പൽ നാമം ആയതിനാലാണ് പ്രശ്നങ്ങൾ ഉണ്ടായത്. പൗരസ്ത്യനാടുകളിൽ ഇഗ്നാത്യോസ് കശ്ശീശായും ഗ്രീഗോറിയോസ് ശെമ്മാശനും ഉള്ളതായി യൽദോ കാതോലിക്കായുടെ പട്ടംകൊട പുസ്തകത്തിൽ തെളിവുകൾ ഉണ്ട്. തന്മൂലം കൂറിലോസ് കശ്ശീശായെ ആ പേരിൽ രേഖപ്പെടുത്തുവാൻ അദ്ദേഹത്തിനും വൈദികസഹോദരങ്ങളിലൊരാളായി രേഖപ്പെടുത്തുവാൻ കാട്ടുമങ്ങാട്ട് ഗീവറുഗീസ് കശ്ശീശായ്ക്കും വിഷമിക്കേണ്ടി വന്നില്ല. 1769-ന് ശേഷം തേവനാൽ വനത്തിൽ നിന്ന് മുളന്തുരുത്തിയിൽ എത്തിയ കാട്ടുമങ്ങാട്ട് വൈദിക സഹോദരങ്ങൾ തേവനാൽ പ്രദേശത്തുള്ള ആദിവാസി വൈദ്യന്മാരിൽ നിന്ന് വിവിധ ചികിത്സാക്രമങ്ങളിൽ പ്രാവീണ്യം നേടിയിരുന്നു (കാട്ടുമങ്ങാട്ട് പാരമ്പര്യമുള്ള പല പുസ്തകങ്ങളിലും കഷായം, എണ്ണ തുടങ്ങിയ ആയുർവ്വേദ ഔഷധങ്ങളുടെ ചേരുവകൾ എഴുതിയത് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. ഈ സിദ്ധിവിശേഷങ്ങൾ സ്വായത്തമാക്കിയിരുന്നതിനാലാണ് നേത്രചികിത്സയ്ക്കായി മാർ ഗ്രീഗോറിയോസിനെ മുളന്തുരുത്തിയിലേക്ക് കൊണ്ടുവരുവാൻ അവർക്ക് ധൈര്യമുണ്ടായത്. ഇതിനോടകം നിരണം പള്ളിയിൽ വച്ച് ആറാം മാർത്തോമ്മാ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താസ്ഥാനം പ്രാപിച്ചിരുന്നു.).

1772-ൽ മുളന്തുരുത്തിയിലേക്കെന്ന്, മാർ ദീവന്നാസ്യോസിനെയും മാർ

ഈവാനിയോസിനെയും ധരിപ്പിച്ച് മാർ ഗ്രീഗോറിയോസിനെയും കൂട്ടി യാത്രയായ കാട്ടുമങ്ങാട്ട് വൈദികസഹോദരങ്ങൾ മട്ടാഞ്ചേരി പള്ളിയിൽ ആണ് ആദ്യം താമസിച്ചത്. അവിടെവച്ച് കൂറിലോസ് കശ്ശീശാ റമ്പാൻ സ്ഥാനം സ്വീകരിച്ചു. മാർ ഗ്രീഗോറിയോസിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു എങ്കിലും കാറ്റാടി കുരുവിള കത്തനാർ ആണ് വി. കുർബ്ബാന ചൊല്ലിയത്. തേവനാൽ ദയറായുടെ അധിപൻ ആയി ഒരു റമ്പാൻ എന്ന ചിന്ത മാർ ഗ്രീഗോറിയോസിന് നൽകിയിരിക്കാം. അങ്ങനെ 1772-ൽ കൂറിലോസ് കശീശാ, റമ്പാൻസ്ഥാനം പ്രാപിച്ചു. ഇവിടെവച്ച് കൂറിലോസിന് മെത്രാൻ സ്ഥാനാഭിഷേകം ലഭിച്ചു എന്ന കഥ ബോധപൂർവ്വം പ്രചരിപ്പിക്കപ്പെട്ടതാകാം. ഈ കഥ മാർ ദീവന്നാസ്യോസിന്റെയും മാർ ഈവാനിയോസിന്റെയും ചെവിയിലെത്തി. കാര്യങ്ങളുടെ നിജസ്ഥിതി അറിവാൻ അവരുടെ ദൂതന്മാരായി വന്ന കല്ലൂപ്പാറ പിറത്തേട്ട് ചാണ്ടിക്കത്തനാരെയും ചെങ്ങന്നൂർ പ്രയാറ്റിൽ തൊമ്മൻ കത്തനാരെയും ഏതാനും കത്തങ്ങളെയും മാപ്പിളമാരെയും മുളന്തുരുത്തിയിൽ അയച്ചാറെ 'ഞാൻ ഒന്നും ചെയ്തില്ല' എന്ന മറുപടിയാണ് മാർ ഗ്രീഗോറിയോസ് നൽകിയത്[19] (*നിരണം ഗ്രന്ഥവരി*യിൽ കാണുന്ന മാർ ഗ്രീഗോറിയോസ് നടത്തിയ പ്രസ്താവനയെ വ്യാഖ്യാനിച്ചുകൊണ്ട് കുര്യൻ തോമസ് എഴുതുന്നു: "മാർ ഗ്രീഗോറിയോസിന്റെ പ്രസ്താവന തികച്ചും വ്യാജമാണ്. കാട്ടുമങ്ങാടന് മെത്രാൻസ്ഥാനം ഗ്രീഗോറിയോസ് മനസ്സോടെ നൽകിയതാണ്. ചിലർ രേഖപ്പെടുത്തുന്നതുപോലെ വഞ്ചിച്ചെടുത്തതല്ല. മട്ടാഞ്ചേരി പള്ളിയിൽ വച്ച് 1772 മകരം 23-ന് ഗ്രീഗോറിയോസ് ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരുടെ മുമ്പാകെ രജിസ്റ്റർ ചെയ്ത വിൽപ്പത്രത്തിലൂടെ തന്റെ ഭൗതികസ്വത്തുക്കൾ മുഴുവൻ കാട്ടുമങ്ങാട്ട് ഗീവറുഗീസ് മാർ കൂറിലോസിന് ദാനം ചെയ്തു (ഇട്ടൂപ്പ്, പു. 131-132). ഇതിൽനിന്നും കാട്ടുമങ്ങാടന്റെ മെത്രാൻസ്ഥാനം സാധുവും ഗ്രീഗോറിയോസ് മനസ്സോടെ നൽകിയതുമാണെന്ന് തെളിയുന്നു" (പു. 208. കുറിപ്പുകൾ). കുര്യൻ തോമസ് പ്രമാണമാക്കുന്നത് ഗ്രീഗോറിയോസിന്റെ വിൽപത്രമാണ്. എന്നാൽ ഇട്ടൂപ്പ് റൈട്ടർ വിവരിക്കുന്ന വിൽപത്രം തെറ്റായിട്ടാണ് കുര്യൻ തോമസ് ഉദ്ധരിച്ചിരിക്കുന്നത്. അവിടെ 'ഗീവറുഗീസ് മാർ കൂറിലോസ്' എന്നല്ല 'ജോർജ്ജ് കൂറിലോസ്' എന്നാണ് എഴുതിയിട്ടുള്ളത്; 'മാർ' ഇല്ല. കൂറിലോസ് എപ്പിസ്ക്കോപ്പൽ നാമമാണെന്ന തെറ്റിദ്ധാരണയിൽ കുര്യൻ തോമസ് 'മാർ' സംഭാവന ചെയ്തതോടെ ആ ചരിത്രരേഖയുടെ 'ചാരിത്ര്യം' നഷ്ടപ്പെട്ടു. കൂറിലോസ് മെത്രാനായ കഥ മാർ ഗ്രീഗോറിയോസിനറിഞ്ഞു കൂടാ. തന്മൂലമാണ് 'മാർ' എന്നോ 'ആബൂൻ' എന്നോ ചേർക്കാതിരുന്നത്.

കൂറിലോസ് എപ്പിസ്ക്കോപ്പൽ നാമമാണെന്ന് ഉറപ്പു വരുത്തുവാൻ വേണ്ടിയാണ് പില്ക്കാലത്ത് അതോടുകൂടി 'അബ്രഹാം' എന്ന വ്യക്തി

നാമം കൂട്ടിച്ചേർത്തത് (അബ്രഹാം എന്ന പേരിൽ കാട്ടുമങ്ങാട്ട് ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം പില്ക്കാലത്ത് റമ്പാനായി ഇളയബാവാ ഗീവറുഗീസ് കൂറിലോസിനോടൊപ്പം വെട്ടിക്കൽ ദയറായിൽ താമസിച്ച് ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചിരുന്നു. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും* എന്ന ഗ്രന്ഥത്തിൽ (പുറം 365) ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: 'കാട്ടുമങ്ങാട്ട് ഒരു അബ്രഹാം റമ്പാൻ ഉണ്ടായിട്ടുണ്ട്. അദ്ദേഹം പകർത്തി എഴുതിയ കൽദായ സുറിയാനിയിലുള്ള ഒരു മസ്മൂറാ പുസ്തകം ഇതെഴുതുന്ന ആൾ കണ്ടിട്ടുണ്ട്. അദ്ദേഹം ഇളയബാവായോടുകൂടി 1792-ൽ കരിങ്ങാച്ചിറ പള്ളിയിൽ താമസിച്ചുകൊണ്ടാണ് മസ്മൂറാ പുസ്തകം എഴുതിയതെന്ന് എസ്ത്രാംഗേലി ലിപിയിൽ ആ പുസ്തകത്തിന്റെ ഒടുവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂറിലോസിന്റെ ശിഷ്യനാണ് താൻ എന്ന് അദ്ദേഹം അതിൽ അവകാശപ്പെട്ടിട്ടുണ്ട്.

പില്ക്കാല എഴുത്തുകാർ 1792-ലെ ഈ അബ്രഹാമിനെയും 1772-ലെ കൂറിലോസിനെയും കൂട്ടിച്ചേർത്താണ് അബ്രഹാം മാർ കൂറിലോസ് എന്ന നാമം കൃത്രിമമായി ചമച്ചിട്ടുള്ളത്.

മെത്രാൻസ്ഥാനം ഏൽക്കാത്ത ആൾ മെത്രാൻസ്ഥാനം അവകാശപ്പെടുന്ന സംഗതിയാണ് മാർ ദീവന്നാസ്യോസ് അദ്ദേഹത്തിനെതിരായി നൽകിയ പരാതിയിലെ പ്രധാന ആരോപണം. പിൽക്കാലത്ത് ചിലർ പറയുംപോലെ നിയമാനുസൃത മലങ്കര മെത്രാന്റെ അനുമതി കൂടാതെ മെത്രാൻസ്ഥാനം ഏറ്റു എന്നതല്ല. 'തനിക്ക് മെത്രാന്റെ സ്ഥാനം ഇല്ല' എന്ന് ദീവന്നാസ്യോസ് സർക്കാരിലേക്ക് പരാതി നൽകിയ കാര്യം തൊഴിയൂരിലെ ഗ്രന്ഥപ്പുരയിൽ നിന്ന് കിട്ടിയ ഒരു ഡയറിക്കുറിപ്പിൽ ഈ ഗ്രന്ഥകാരൻ വായിച്ചിട്ടുണ്ട്. കൽദായ കർസോനിയിലെഴുതിയ മേൽ പ്രസ്താവിച്ച കുറിപ്പ് കൂറിലോസിന്റേതാണ്.

കൂറിലോസ് ശക്തൻ തമ്പുരാന് അയച്ച അപേക്ഷയിൽ 1772-ൽ തനിക്ക് സ്ഥാനപൂർത്തി ലഭിച്ചു എന്നല്ലാതെ താൻ മെത്രാൻപട്ടം സ്വീകരിച്ചു എന്ന് കൂറിലോസ് എഴുതിയിട്ടില്ല (പുത്തേഴത്ത് രാമമേനോൻ, ശക്തൻ തമ്പുരാൻ, പുറം 286-287). വിസ്താരവേളയിൽ കൂറിലോസിന്റെ മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ സാക്ഷികളോ സാക്ഷ്യപത്രമോ ഹാജരാക്കപ്പെട്ടില്ല. തന്മൂലമാണ് മെത്രാന്റെ പദവിയിൽ തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്തുവാൻ പാടില്ല എന്ന് കോടതി വിധിച്ചത്. അങ്ങനെയാണ് കാട്ടുമങ്ങാട്ട് സംഘം തിരുവിതാംകൂറിനും-കൊച്ചിക്കും പുറത്ത് മലബാറിൽ കുന്നംകുളത്തിനടുത്ത് അഭയം തേടിയത്.

ഈ ചർച്ച താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു:

1. അഞ്ചാം മാർത്തോമ്മായുടെ കാലത്ത് കാട്ടുമങ്ങാട്ട് വൈദികർ പള്ളിക്കാരുടെ യോഗക്കുറി കൂടാതെ ശാക്രള്ളാ ബാവായിൽ നിന്ന് കാശീശാ പട്ടം ഏറ്റു.

2. കാട്ടുമങ്ങാട്ട് കുരിയൻ പട്ടംകൊടയിലൂടെ കാശീശോ കൂറിലോസ് എന്ന് പ്രഖ്യാപിക്കപ്പെട്ടു.

3. മുളന്തുരുത്തിയിൽ വി. കുർബ്ബാന അർപ്പിക്കുവാൻ അനുവാദം ലഭിക്കാത്തതിനാൽ തേവനാൽ വനപ്രദേശത്ത് മാർ ബഹനാമിന്റെ നാമത്തിൽ ഒരു ദയറാ പണിത് അവിടെ താമസിച്ചു.

4. തേവനാൽ വനപ്രദേശത്തുണ്ടായിരുന്ന ആദിവാസി വൈദ്യന്മാരിൽ നിന്ന് വിഷചികിത്സ, നേത്രചികിത്സ, വാതരോഗചികിത്സ എന്നിവയിൽ ഇവർ പ്രാവീണ്യം നേടി.

5. അഞ്ചാം മാർത്തോമ്മായുടെ കാലശേഷം ഇവർക്ക് മുളന്തുരുത്തി പള്ളിയിൽ താമസിക്കുവാൻ അനുവാദം കിട്ടി.

6. കാഴ്ച നഷ്ടപ്പെട്ട മാർ ഗ്രീഗോറിയോസിനെ ഇവർ ശേഷം മെത്രാന്മാരുടെ അനുമതിയോടെ മുളന്തുരുത്തിയിലേക്കെന്ന് പറഞ്ഞ് മട്ടാഞ്ചേരിയിൽ താമസിപ്പിച്ചു.

7. അവിടെവച്ച് കൂറിലോസ് കശീശാ, മാർ ഗ്രീഗോറിയോസിന്റെ സാന്നിദ്ധ്യത്തിൽ റമ്പാൻസ്ഥാനം പ്രാപിച്ചു.

8. മാർ കൂറിലോസ് എന്ന പേരിൽ താൻ മെത്രാൻസ്ഥാനം സ്വീകരിച്ചു എന്ന് പ്രചരിപ്പിക്കപ്പെട്ടു.

9. ശേഷം മെത്രാന്മാരുടെ അന്വേഷണത്തിൽ ഈ വാർത്ത മാർ ഗ്രീഗോറിയോസ് നിഷേധിച്ചു.

10. ജോർജ്ജ് കൂറിലോസിന് ഒസ്യത്തു മൂലം തന്റെ സ്വത്തുക്കൾ മാർ ഗ്രീഗോറിയോസ് നൽകി.

11. ശിഷ്ടകാലം മുളന്തുരുത്തി പള്ളിയിൽ മാർ ഗ്രീഗോറിയോസ് താമസമാക്കി.

12. കാര്യങ്ങൾ വിശദമായി വിവരിക്കുന്ന ഒരു കത്ത് മാർ ഗ്രീഗോറിയോസ് ശേഷം മെത്രാന്മാർക്ക് കൊടുത്തയച്ചു എങ്കിലും അത് ലക്ഷ്യസ്ഥാനത്തെത്താതിരിക്കാൻ കൂറിലോസ് ബുദ്ധിപൂർവ്വം പ്രവർത്തിച്ചു.

13. പിന്നീട് മാർ ഗ്രീഗോറിയോസിനെ സന്ദർശിക്കുവാൻ ആരെയും കൂറിലോസ് അനുവദിച്ചില്ല.

14. 1772 മിഥുനം 27-ാം തീയതി മാർ ഗ്രീഗോറിയോസ് നിര്യാതനായ വിവരം തൊട്ടടുത്ത് കണ്ടനാട് പള്ളിയിൽ താമസിച്ചിരുന്ന മാർ ദീവന്നാസ്യോസിനെയും മാർ ഈവാനിയോസിനെയും അറിയിച്ചില്ല.

15. വിവരമറിഞ്ഞ് എത്തിയ മെത്രാന്മാർ 'കൂറിലോസ് മാളികയിൽ നിന്ന് എറങ്ങായ്കകൊണ്ട് കണ്ടനാട്ടീന്ന് തിരികെപോന്നു.' (*നിരണം ഗ്രന്ഥവരി,* പു. 91, 92).

16. മെത്രാന്മാർ പുതിയ വ്യാജമെത്രാനെതിരായി നൽകിയ പരാതി അന്വേഷണത്തിൽ ശരിയെന്ന് തെളിഞ്ഞു; റമ്പാൻ വേഷത്തിൽ കർമ്മാനുഷ്ഠാനം നടത്തുവാൻ അനുവദിച്ചു (മാർ ഗ്രീഗോറിയോസ് നിര്യാതനായതിനാൽ അദ്ദേഹത്തിന്റെ മെത്രാൻ ചമയങ്ങൾ കൂറിലോസ് റമ്പാൻ ഉപയോഗിച്ച് തുടങ്ങിയിരുന്നു.).

17. കോടതി തീർപ്പ് മറികടക്കുവാൻ കൂറിലോസും പ്രഭൃതികളും ബ്രിട്ടീഷ് മലബാറിൽ അഭയം തേടി.

18. കാട്ടുമങ്ങാട്ട് കൂറിലോസിന്റെയും മറ്റും കശീശാ സ്ഥാനം സാധുവായതിനാൽ തൊഴിയൂർ സഭയുടെ പൗരോഹിത്യത്തിന് ആത്യന്തികമായി സാധുതയുണ്ട്.

19. ഈ വിഷയത്തിൽ തൊഴിയൂരിന്റെ പ്രഥമ ചരിത്രകാരൻ ഫാ. കെ. സി. വർഗ്ഗീസും അദ്ദേഹത്തെ അനുകരിച്ച് മറ്റുള്ളവരും എഴുതിയിട്ടുള്ള കാര്യങ്ങൾ ചരിത്രപരമായി അസാധുവാകുന്നു.

20. തൊഴിയൂരിലെ ആദ്യ ദേവാലയം 1772 ഇടവം 15-ന് സ്ഥാപിച്ചു എന്ന് തൊഴിയൂർ ചരിത്രം അവകാശപ്പെടുന്നത് വസ്തുതാവിരുദ്ധമാണ് (പു. 46). പുന്നത്തൂർ രാജാവിൽ നിന്ന് പനക്കൽ താവുവിന്റെ പേരിൽ വിലകൊടുത്തു വാങ്ങിയ ഭൂമിയുടെ ആധാരം പനക്കൽ ആലത്തൂർ യൗസേഫ് കൂറിലോസ് മെത്രാപ്പോലീത്താ മദ്രാസ് ഹൈക്കോടതി വ്യവഹാരത്തിൽ ഹാജരാക്കിയിട്ടുണ്ട്. ഭൂമി വാങ്ങിയ വർഷം അതിൽ രേഖപ്പെടുത്തിയിട്ടുള്ളത് 1774 എന്നാണ്. 1901-ൽ പ്രസിദ്ധീകരിച്ച എം. പി. വർക്കിയുടെ 'മാർ ദീവന്നാസ്യോസി'ന്റെ ജീവചരിത്രത്തിലും കാണുന്നത് ഇതേ വർഷമാണ്.

കാട്ടുമങ്ങാട്ട് കൂറിലോസിന്റെ മേല്പട്ടസ്ഥാനാരോഹണം കെട്ടിച്ചമച്ച കഥയാണെന്ന് 1870-കളിൽ കണ്ടനാട്ട് കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്:

"ഈ പ്രകാരം ഈ കത്തനാരച്ചനെ വിശുദ്ധ പിതാവാകുന്ന മോറാൻ പാത്രിയർക്കീസ് ബാവാ മഹറോൻ ചൊല്ലുന്നതിനും മറ്റും ഇടവന്നത്

ഓർത്താൽ വിസ്മയം തന്നെ. എന്തെന്നാൽ ഈ കത്തനാരച്ചൻ കാട്ടുമങ്ങാട്ട് സ്വന്തതറവാട്ടുകാരൻ ആകുന്നു. ഈ തറവാട്ടുകാരിൽ ഒരുത്തൻ മശിഹാകാലം 1772-മാണ്ട് മട്ടാഞ്ചേരി പള്ളിയിൽവച്ച് മെത്രാന്റെ സ്ഥാനം കൊടുത്തു എന്നു പറഞ്ഞ് മെത്രാന്റെ സ്ഥാനം ചമഞ്ഞ് നടന്നു എന്നുള്ള വിവരവും മറ്റും ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതും ആ മെത്രാന്റെ ചമയത്തെ കണ്ടനാട്ട് കരവട്ട് അയ്പ് കോരത്തരകൻ മുഖാന്തിരം കണ്ടനാട് പള്ളിയിൽ ഊരിവയ്പിക്കുകയും പിന്നീട് അഞ്ഞൂരെന്ന സ്ഥലത്ത് .... പള്ളിയുംവച്ച് താമസിപ്പാൻ ഇടവന്നു. ... കണ്ടനാട് ഈ പള്ളിയിൽ എഴുന്നള്ളിയശേഷം കാട്ടുമങ്ങാട്ട് തറവാട്ടുകാരൻ കൂനപ്പിള്ളി ഗീവറുഗീസ് കത്തനാരെ തള്ളിപ്പറയുവാനും .... സംഗതി വന്നത് കൂടാതെ കൂനപ്പിള്ളിയെ മുളന്തുരുത്തിയിൽ വച്ച് മഹറോൻ ചൊല്ലുവാനും സംഗതി വന്നത് ഓർക്കുമ്പോൾ, മുമ്പിൽ കാട്ടുമങ്ങാടൻ ശുദ്ധമുള്ളവനും പരമാർത്ഥിയുമായ മാർ ഗ്രീഗോറിയോസ് ബാവായെ വഞ്ചിച്ചതാകുന്നു എന്നും മറ്റും .... ഇപ്പോഴത്തെ ഈ സംഭവത്താൽ എല്ലാവർക്കും ഉറപ്പിക്കാവുന്നതാകുന്നു" (*കണ്ടനാട് ഗ്രന്ഥവരി,* പുറം 312, 313).

പുതിയകാവ് പടിയോല

ഇടയ്ക്ക് കാട്ടുമങ്ങാട്ട് കൂറിലോസിലേക്ക് മാറിയ ചർച്ച ഇവിടെ താല്ക്കാലികമായി നിർത്തിയിട്ട് നമുക്ക് ആറാം മാർത്തോമ്മായിലേക്ക് മടങ്ങാം. ജനങ്ങളുടെ അംഗീകാരവും സാധുവായ കൈവെപ്പും രാജാവിന്റെ അംഗീകാരവും ലഭിച്ചതോടെ ആറാം മാർത്തോമ്മാ - മാർ ദീവന്നാസ്യോസ് - ശക്തനായി. മലങ്കരസഭയെ 1653 മുതൽ പിന്തുടർന്നു പോരുന്ന പിളർപ്പ് അദ്ദേഹത്തെ ആഴത്തിൽ ചിന്തിപ്പിക്കുകയും സാഹസികമായ ചില നടപടികളിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തു. പഴയകൂറ്റിലും പുതിയകൂറ്റിലുമായി ചേരിതിരിഞ്ഞ് നിൽക്കുന്ന സുറിയാനി പാരമ്പര്യമുള്ളവരെ ഏകോഭവിപ്പിച്ചെങ്കിൽ മാത്രമേ മലങ്കരസഭ ശക്തിപ്പെടുകയുള്ളു എന്ന് അദ്ദേഹത്തിന് തീർച്ചയായി. അതിന് മുമ്പ് സുറിയാനിക്കാരിൽതന്നെ നിലനിന്നിരുന്ന അന്തഃഛിദ്രങ്ങളും അനുഷ്ഠാന വൈരുദ്ധ്യങ്ങളും അവസാനിപ്പിക്കുവാൻ അദ്ദേഹം ശ്രമം ആരംഭിച്ചു. മാർ ഈവാനിയോസിന്റെ സഹകരണത്തോടെ 1789-ൽ പുതിയകാവ് പള്ളിയിൽവച്ച് ഒരു പള്ളിപ്രതിപുരുഷയോഗം ചേർന്നു. ഇതിന്റെ തീരുമാനങ്ങൾ പുതിയകാവ് പടിയോല എന്ന പേരിൽ അറിയപ്പെടുന്നു. പടിയോലയിൽ ഉൾപ്പെടുത്തിയ പ്രധാന നിശ്ചയങ്ങൾ *നിരണം ഗ്രന്ഥവരി*യിൽ കാണുന്നതിപ്രകാരമാണ്:

1. പുത്തൻക്രമ നമസ്ക്കാരവും പട്ടംകൊടക്രമവും അംഗീകരിച്ചു. 2. കുർബ്ബാനയ്ക്ക് കാപ്പാ ഉപയോഗിക്കുവാൻ നിശ്ചയിച്ചു. 3. വിവാഹവും മാമ്മൂദീസായും പഴയക്രമപ്രകാരം നടത്തുന്നതാകുന്നു.

1789 വരെയും മലങ്കരയിൽ തുടർന്നിരുന്ന പേർഷ്യൻ/ലത്തീൻ ക്രമങ്ങളെ അന്തോഖ്യൻ രീതിയിലേക്ക് വ്യത്യാസപ്പെടുത്തുകയാണ് ഈ പടിയോല ചെയ്തത് എന്ന് വ്യാഖ്യാനത്തിൽ കുരിയൻ തോമസ് സ്ഥാപിക്കുവാൻ ഒരു വിഫലശ്രമം നടത്തിയിട്ടുണ്ട്. 1789 വരെ മലങ്കരസഭയിൽ പേർഷ്യൻ ക്രമങ്ങൾ ആണ് ഉപയോഗിച്ചിരുന്നത് എന്നതിന് എന്തെങ്കിലും തെളിവുകൾ ഹാജരാക്കുവാൻ വ്യാഖ്യാതാവിന് കഴിഞ്ഞിട്ടില്ല. പഴയ സുറിയാനി കൈയെഴുത്ത് ക്രമങ്ങളിൽ പട്ടക്കാരൻ വെള്ളക്കുപ്പായവും ഊറാറായും ഇട്ട് ക്രമങ്ങൾ നടത്തുവാൻ എഴുതിയിട്ടുള്ളത് ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. ഇത് കത്തോലിക്കാ ശൈലിയാണ്. ഈ ശൈലിയാണ് പുതിയകാവ് പടിയോല തിരുത്തുന്നത്. 'മാപ്ര' മാറ്റി കാപ്പയാക്കി എന്ന് കുര്യൻ തോമസ് അഭിപ്രായപ്പെടുന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. ഉദയംപേരൂർ സുന്നഹദോസ് പേർഷ്യൻ ക്രമങ്ങൾക്ക് അന്ത്യം കുറിച്ചിരുന്നു. അവശേഷിച്ചവ നശിപ്പിക്കുകയോ ലത്തീൻ മാതൃകയിൽ ഭേദപ്പെടുത്തുകയോ ചെയ്തു എന്ന് എല്ലാ സഭാചരിത്രകാരന്മാരും നിരീക്ഷിച്ചിരിക്കേ 1789-ൽ പേർഷ്യൻ ക്രമങ്ങൾ വ്യത്യാസപ്പെടുത്തി എന്ന് ചിന്തിക്കുന്നത് യുക്തിസഹമല്ല. 1789-ലെ മലങ്കരസഭയിൽ നിലവിലിരുന്ന വ്യത്യസ്തതകളെ ആരും ശരിയായി വിലയിരുത്തിയതായി അറിവില്ല. 1789-ലെ പാരമ്പര്യങ്ങൾ ഇവയായിരുന്നു:

1. 1665-ൽ വന്ന ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന ആരാധനക്രമങ്ങൾ. 2. 1685-ൽ വന്ന മാർ ഈവാനിയോസിന്റെ പാരമ്പര്യത്തിൽ നിലവിൽ വന്ന ആരാധനക്രമങ്ങൾ. 3. 1708-ൽ വന്ന നെസ്തോറിയൻ ബിഷപ്പ് ഗബ്രിയേലിന്റെ പാരമ്പര്യത്തിൽ നിലവിൽ വന്ന ആരാധനക്രമങ്ങൾ. 4. 1748-ൽ വന്ന മാർ ഈവാനിയോസ് നടപ്പാക്കിയ ആരാധനക്രമങ്ങൾ. 5. 1751-ൽ വന്ന ശാക്രള്ളാ ബാവായുടെ പാരമ്പര്യങ്ങൾ. 6. 1751-ൽ വന്ന മാർ ഗ്രീഗോറിയോസിന്റെ പാരമ്പര്യങ്ങൾ. 7. 1751-ൽ വന്ന മാർ ഈവാനിയോസിന്റെ പാരമ്പര്യങ്ങൾ.

ഈ പിതാക്കന്മാർ ഊർശ്ലേമിലും മറ്റുമുള്ള കൽദായ, അർമ്മീനിയൻ, കോപ്റ്റിക്, സിറിയൻ പാരമ്പര്യം ഉള്ളവരായിരുന്നു. ഇവരെല്ലാം യെറുശലേമിൽ പ്രവർത്തിച്ചിരുന്നതിനാൽ ഇവരുടെ ആരാധനക്രമങ്ങൾക്ക് കാലക്രമേണ ധാരാളം സാമ്യങ്ങൾ കൈവന്നിരുന്നു; ഒപ്പം ചില വ്യത്യാസങ്ങളും. ഈ വ്യത്യസ്തതകളെ ഏകീകരിക്കുവാനാണ് പുതിയകാവ് പടിയോല പരിശ്രമിച്ചത്. 1751-ൽ വന്ന വിദേശമെത്രാന്മാരിൽ മാർ ഈവാനിയോസ് മാത്രമേ അന്ന് ജീവിച്ചിരുന്നുള്ളു എന്നതിനാൽ അദ്ദേഹത്തിന്റെ പാരമ്പര്യങ്ങളാണ് മുഖ്യമായും സ്വീകരിക്കപ്പെട്ടത്. ഇതിൽ ശ്ഹീമ്മാ നമസ്കാരം സ്വീകരിച്ചു എന്നതിൽ തർക്കമില്ല. കുർബ്ബാനയുടെ കാര്യത്തിൽ ഏകീകരണമുണ്ടായത് കാപ്പ ധരിക്കണമെന്ന കാര്യത്തിൽ

മാത്രമാണ്. കുർബ്ബാനയുടെ അനുഷ്ഠാനത്തിലെ വ്യത്യസ്തതകൾ തന്മൂലം നിലനിന്നു. പട്ടംകൊടയുടെ കാര്യത്തിലും മാർ ഈവാനിയോസിന്റെ അന്ത്യോഖ്യൻ രീതി സ്വീകരിച്ചു (അതിന് മുമ്പുള്ള പട്ടംകൊടയിലെ വ്യത്യസ്തതകൾ പലതും ഇന്നും തൊഴിയൂർസഭ നിലനിർത്തിയിട്ടുണ്ട്). വിവാഹം, മാമ്മൂദീസാ എന്നീ കൂദാശകളുടെ നിർവഹണം പുതിയകാവ് പടിയോലയിലും ഏകീകരിക്കപ്പെട്ടില്ല. ഇവിടെ നിലവിലിരുന്ന സമ്പ്രദായങ്ങളെ ഉൾക്കൊള്ളുവാൻ തയാറായശേഷമാണ് ആ കൂദാശക്രമങ്ങളുടെ ഏകീകരണം യാഥാർത്ഥ്യമായത് (വിവാഹത്തിൽ ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പ് വധൂവരന്മാരുടെ കൈപിടിപ്പിക്കുക, താലികെട്ടുക, മണവാളനും മണവാട്ടിയും ഓരോ സഹായിയെ നിർത്തുക മുതലായവ. കത്തോലിക്കാ സഭയ്ക്ക് പുറത്ത് മലങ്കരസഭ പരിചയപ്പെട്ട എല്ലാ സഭാദ്ധ്യക്ഷന്മാരെയും കത്തോലിക്കർ യാക്കോബായ സഭാദ്ധ്യക്ഷന്മാർ എന്നാണ് ആക്ഷേപിച്ച് വിശേഷിപ്പിച്ചിരുന്നത്. അതിൽ 'യാക്കോബായ' എന്ന വിശേഷണത്തിന് നോൺ-കാൽസിഡോൺ സഭകൾ ആയ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നേ അർത്ഥമുള്ളു. അത് മനസ്സിലാക്കാതെ യാക്കോബായക്കാർ എന്ന അന്നത്തെ പ്രയോഗത്തെ അന്ത്യോഖ്യക്കാർ എന്ന് അർത്ഥമെടുക്കുന്നതിന് തർക്കശാസ്ത്രരീത്യാ 'അവ്യാപ്തി' എന്ന ദോഷമുണ്ട്. ആണ്ടുതക്സാ ക്രമങ്ങൾ ഏകീകരിക്കപ്പെട്ടത് കണ്ടനാട് പടിയോലയിലാണ് കാണുന്നത്. അവിടെയും യാക്കോബായ ക്രമങ്ങൾ എന്ന് പ്രയോഗിച്ചിട്ടുള്ളത് അന്ത്യോഖ്യൻ ക്രമങ്ങൾ എന്ന അർത്ഥത്തിലല്ല. 1809-ലെ കണ്ടനാട് നിശ്ചയപ്രകാരം 1810-ൽ കുറുപ്പംപടി പള്ളിയിൽ വച്ച് കായംകുളം പീലിപ്പോസ് റമ്പാൻ പകർത്തി എഴുതിയ 'യാക്കോബായ ആണ്ടുതക്സാ' ഈ ഗ്രന്ഥകാരന്റെ കൈവശം ഉണ്ട്. അത് അന്ത്യോഖ്യൻക്രമം അല്ല. 'യാക്കോബായ' എന്ന് കേൾക്കുമ്പോഴേക്കും അത് അന്ത്യോഖ്യൻ സഭയെ കുറിക്കുന്നു എന്ന് വിധി എഴുതുന്നത് അപക്വമായ സമീപനമാണെന്നാണ് ഈ ഗ്രന്ഥകാരന് തോന്നുന്നത്.).

ഒരു പരിധിവരെ മലങ്കരയിലെ സുറിയാനി ഇടവകകളെ ഏകീകരിക്കുവാൻ പുതിയകാവ് പടിയോലയിലൂടെ ആറാം മാർത്തോമ്മായ്ക്ക് കഴിഞ്ഞു. പൂർണ്ണമായി വിജയം നേടുവാൻ കഴിഞ്ഞില്ലാ എങ്കിലും ഏകീകരണം ലക്ഷ്യംവച്ച് ഒരു മലങ്കരമെത്രാപ്പോലീത്താ സ്വീകരിച്ച നടപടി എന്ന നിലയിൽ അതിനെ പ്രകീർത്തിച്ചേ മതിയാവൂ.

പട്ടംകൊടയുടെ ഏകീകരണത്തിനും പ്രാധാന്യമുണ്ട്. ശെമ്മാശൻ, കശ്ശീശാ, എപ്പിസ്കോപ്പാ എന്നീ ത്രിവിധ സ്ഥാനങ്ങൾ ഈ പടിയോല മുഖേന നടപ്പിലായി. അതുപോലെ മെത്രാൻ സ്ഥാനാർത്ഥി റമ്പാൻ സ്ഥാനമേറ്റിരിക്കണമെന്നതിനും വ്യക്തതയുണ്ടായി. ബാർ എബ്രായയുടെ

ഹൂദായകാനോനിലെ വ്യവസ്ഥകൾ ആണ് പുതിയകാവ് പടിയോല ഉന്നം വെച്ചതെന്ന് തോന്നുന്നു. 6-ാം മാർത്തോമ്മാ ഈ ക്രമങ്ങളിൽ മാർ ഈവാനിയോസിൽനിന്ന് പരിശീലനം നേടിയതായി *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നുണ്ട് (പുറം 97). അടുത്ത തലമുറയെ ഈ ക്രമങ്ങൾ പരിശീലിപ്പിക്കത്തക്കവിധം കായംകുളം പീലിപ്പോസ് മല്പാനും മാത്തൻ കശ്ശീശായും (പിന്നീട് ഏഴാം മർത്തോമ്മാ) മാർ ഈവാനിയോസിൽനിന്ന് ഈ ക്രമങ്ങൾ പരിശീലിച്ചു. കായംകുളം മല്പാൻ മാർ ഈവാനിയോസിന്റെ സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ച ദേഹമാണ്. മാത്തൻ കത്തനാർക്ക് ശെമ്മാശുപട്ടവും കശ്ശീശാപട്ടവും നൽകിയതും അദ്ദേഹത്തിന് ആവശ്യമായ വൈദികപരിശീലനം നൽകിയതും മാർ ഈവാനിയോസ് ആയിരുന്നു.

മലങ്കരസഭയുടെ തലവന് സ്വന്തമായി ഒരു ആസ്ഥാനമില്ലാതിരുന്നത് 6-ാം മാർത്തോമ്മായെ അസ്വസ്ഥനാക്കി. ആദ്യകാലം മുതൽ മലങ്കരസഭയുടെ തലവന്മാരായി സേവനം അനുഷ്ഠിച്ച പേറെദ്‌യൂത്തെന്മാരും അർക്കദിയാക്കോന്മാരും മുതൽ തന്റെ മുൻഗാമി വരെയുള്ളവർ പാലൂർ, അങ്കമാലി, പറവൂർ, കണ്ടനാട്, മുളന്തുരുത്തി, മട്ടാഞ്ചേരി, നിരണം തുടങ്ങിയ പള്ളികളെ ആസ്ഥാനമാക്കി ഭരണം നടത്തിവന്നതും അതത് ആസ്ഥാന ദേവാലയങ്ങൾ അതത് കാലത്തിലെ സഭാസാരഥികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതും 6-ാം മാർത്തോമ്മാ വിലയിരുത്തി. സഭാസാരഥികൾക്ക് സ്വന്തമായി ആസ്ഥാനമുണ്ടാകുന്നതിലൂടെ മാത്രമേ സ്വതന്ത്രമായി സഭാഭരണം നിർവഹിക്കാനൊക്കുകയുള്ളു എന്ന തിരിച്ചറിവ് അദ്ദേഹം നേടി. താൻ താമസിക്കുന്ന നിരണം പള്ളിയും മാർ ഈവാനിയോസ് താമസിക്കുന്ന കായംകുളം പള്ളിയും ഈ കാര്യത്തിൽ സൃഷ്ടിച്ച തലവേദനകൾ പരിഹരിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ഇതിനായി വിപുലമായ ഒരുക്കങ്ങൾ അദ്ദേഹം ചെയ്തു. പണ്ടാരവക സ്ഥലം ലഭിക്കാനായി മെത്രാന്റെ ദൂതന്മാർ രാജാവിനെ കണ്ടു. രാജാവ് സമ്മതം നൽകി. ആധാരവ്യവസ്ഥയുടെ ഭാഗമായി 'തമ്പുരാക്കന്മാർക്ക് വച്ചുതൊഴിയിലും കാണവും പിറച്ചിലവും ഉൾപ്പെടെ ഏറ്റം ചിലവൊക്കെയും ചെയ്തു. മാത്തു തരകനുമായിട്ട് സ്നേഹമായിരിക്കകൊണ്ട് തിരുവനന്തപുരത്ത് ചെന്ന് തിരുമനസ്സറിയിപ്പാൻ 1211 കല്യൻ അടിയറയും തീർപ്പിച്ച് നീട്ടും സാധനവും വാങ്ങിച്ചു തരികയും ചെയ്തു' (*നിരണം ഗ്രന്ഥവരി*, പു. 97).

ഈ സംഭവത്തെക്കുറിച്ച് *നിരണം ഗ്രന്ഥവരി*യുടെ വ്യാഖ്യാതാവ് മൗനം പാലിച്ചിരിക്കുന്നു. മെത്രാൻ എന്ന നിലയിൽ രാജാവിന്റെയും ദിവാന്റെയും സാധനം വാങ്ങിച്ചിരിക്കേ (പുറം 90) 1211 കല്യൻ രാജാവിന് സമർപ്പിച്ച് അടിയറ തീർത്തത് ഒരു തലസ്ഥാനനഗരി പണിയുവാനുള്ള

പ്രത്യേക അനുമതി ഉദ്ദേശിച്ചാണെന്ന് തോന്നുന്നു. ആവശ്യമായ ധന സഹായം നൽകിയത് മാത്തുതരകൻ ആയിരിക്കാം ('മാത്തു തരകനു മായിട്ട് സ്നേഹമായിരിക്കകൊണ്ട്' എന്ന വാക്യം ശ്രദ്ധേയം). ഒരു പക്ഷേ അടിയറ തീർക്കുവാനും ആസ്ഥാനം പണിയുവാനും ആവശ്യമായ ധന സഹായം മാത്തു തരകനിൽ നിന്ന് ലഭിച്ചിരിക്കാം. ഏതായാലും ഈ സംഭവം കഴിഞ്ഞതോടെ ആസ്ഥാന ദേവാലയനിർമ്മാണം ആരംഭിക്കു കയായി.

പുത്തൻകാവിൽ

"പുത്തൻകാവ് കമ്പോളത്തിൽ ഒരുനൂറ്റി ചില്വാനം വീടും പുറമേ കുടി കളിൽ ഏറ്റം മാപ്പിളമാരും ഉണ്ടായിരിക്കകൊണ്ട് പുത്തൻകാവിൽക്കാരെ വരുത്തിപ്പറഞ്ഞ് പുണരട്ടെ പണ്ടാരത്തിലെ ജന്മം പുത്തൻകാവിൽ കിഴക്കേ അറ്റത്ത് പുത്തൻകാലാപറമ്പ്' രാജകീയ അനുമതിയോടെ വാങ്ങിച്ചു. 1793-ൽ വൃശ്ചികം 17-ന് വെള്ളിയാഴ്ച പണി തുടങ്ങി. 'ഏറി യപണം ചെലവിടുകയും കല്ലും മരങ്ങളും വരുത്തുകയും ചെയ്തു. ഈ സ്ഥലം ചെങ്ങന്നൂർ ക്ഷേത്രത്തിന് നേരെ കിഴക്ക് ആകയാൽ പള്ളി പണി യിച്ചുകൂടാ എന്ന് ക്ഷേത്രഭാരവാഹികൾ പള്ളിപ്പണിയെ നിരോധിച്ചു. വിവരം രാജസന്നിധിയിലെത്തി. ഇരു കൂട്ടരെയും രാജാവ് തിരുവനന്ത പുരത്തേക്ക് വിളിപ്പിച്ചു. പല ദിവസങ്ങൾ വിചാരണ നടത്തി. ഒടുവിൽ പള്ളി പണിയാൻ രാജാവ് വിധിച്ചു. കല്പനപ്രകാരം വീണ്ടും പള്ളിപ്പണി തുടങ്ങി. വീണ്ടും ക്ഷേത്രഭാരവാഹികൾ തടസം നിന്നു. മാത്തുതരകനും മറ്റും ഇടപെട്ടതിനാൽ അവർ പിൻവാങ്ങി.

1794-ൽ ചെങ്ങന്നൂർ പള്ളിയിൽവച്ച് മാത്തൻ കത്തനാർക്കും കായം കുളം പീലിപ്പോസ് കത്തനാർക്കും ആറാം മാർത്തോമ്മാ റമ്പാൻ സ്ഥാനം നൽകി. തന്റെ ശിഷ്യന്മാർ റമ്പാൻ സ്ഥാനമേറ്റത് മാർ ഈവാനിയോസ് സന്തോഷപൂർവ്വം വീക്ഷിച്ചു. അതൊരു പെസഹാ വ്യാഴാഴ്ച ആയിരുന്നു. പിറ്റേ ദിവസം മേടം 7-ാം തീയതി ദുഃഖവെള്ളിയാഴ്ച മാർ ഈവാനി യോസ് കാലം ചെയ്തു. അദ്ദേഹത്തെ ചെങ്ങന്നൂർ പള്ളിയുടെ മദ്ബ ഹായിൽ തെക്കുഭാഗത്ത് കബറടക്കി.

അക്കൊല്ലം കർക്കിടകത്തിൽ പെരുമഴ മൂലം വെള്ളം പൊങ്ങിയതി നാൽ ധാരാളം തടിയും കല്ലും വന്നുചേർന്നു. ഈ അനുകൂല കാലാവ സ്ഥയിൽ പുത്തൻകാവ് പള്ളിയുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു. കമ്പോളക്കാരുടെ പ്രയത്നവും വേണ്ടുവോളം ലഭിച്ചു. നിരണം ഇടവക ക്കാർ ഉദാരമായി സംഭാവന ചെയ്തു. മെത്രാച്ചൻ സ്വന്തം പണവും ഏറെ ചെലവിട്ടു. 970-ന് (1795) കുംഭം 2-ന് ദൈവമാതാവിന്റെ നാമത്തിൽ മദ്ബഹാ കൂദാശ ചെയ്യുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

ചെങ്ങന്നൂർ പള്ളിയിൽ നിന്നും 'കന്യാസ്ത്രീ അമ്മയുടെ രൂപവും മറ്റുള്ള മുണ്ടുമുറികളും നിരണത്ത് പള്ളിയിൽനിന്ന് പൊലിയാവിളക്കും വരുത്തിയതായി' *നിരണം ഗ്രന്ഥവരി* വിവരിച്ചിരിക്കുന്നു (പു. 98).

പകലോമറ്റം കുടുംബവാഴ്ചക്കെതിരെ സഭയുടെ പല ഭാഗത്തും അടക്കംപറച്ചിലുകൾ നടക്കുന്നതായി ബുദ്ധിമാനായിരുന്ന ആറാം മാർത്തോമ്മാ ഗ്രഹിച്ചു. ആ ചർച്ചകൾക്ക് വിരാമം കുറിക്കുവാനായി അദ്ദേഹം പരിശ്രമിച്ചിരുന്നു. 1809-ലെ തീരുമാനപ്രകാരം മലങ്കരസഭ സ്വീകരിച്ച യാക്കോബായ ആണ്ടുതക്സാ കുറുപ്പംപടി പള്ളിയിൽ വച്ച് 1810-ൽ കായംകുളം പീലിപ്പോസ് റമ്പാൻ പകർത്തി എഴുതിയത് ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. 1811-ൽ അന്തരിച്ച അദ്ദേഹം ഒരുപക്ഷേ പകർത്തി എഴുതിയ ഒടുവിലത്തെ ക്രമം അതായിരിക്കാം. ആ ആണ്ടുതക്സാ അന്ത്യോഖ്യൻ ആണ്ടുതക്സാ അല്ല എന്ന് ഈ ഗ്രന്ഥകാരൻ പരിശോധിച്ചറിഞ്ഞിട്ടുണ്ട്. ആ ആണ്ടുതക്സാ കൽദായ സുറിയാനിയിലാണ് പകർത്തി എഴുതിയിട്ടുള്ളതെന്ന് പ്രത്യേകം പരാമർശിച്ചുകൊള്ളട്ടെ. കായംകുളം റമ്പാൻ പകർത്തി എഴുതിയ കുർബാന തക്സാ പരിശോധിച്ചതായി കെ. എൻ. ഡാനിയേൽ സാക്ഷിച്ചിട്ടുണ്ട്. ആ കുർബ്ബാന തക്സാ പകർത്തി എഴുതിയിട്ടുള്ളത് കൽദായ സുറിയാനിയിലാണ്. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് ഒന്നാമൻ തന്റെ ആത്മസുഹൃത്തും സഹപ്രവർത്തകനുമായ കായംകുളം പീലിപ്പോസ് റമ്പാന്റെ നിര്യാണത്തിൽ അനുശോചിച്ചെഴുതിയ വിലാപകാവ്യം ഈ ഗ്രന്ഥകാരൻ തൊഴിയൂരിൽ നിന്ന് കണ്ടെടുത്ത് കൽദായ സഭയിലെ ഡോ. അപ്രേം മെത്രാപ്പോലീത്തായുടെ സഹായത്തോടെ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ വിലാപകാവ്യം എഴുതിയിട്ടുള്ളത് കൽദായ സുറിയാനിയിലാണ്. സെമിനാരി സ്ഥാപകൻ രചിച്ച പല മെമ്രാകളും എഴുതിയ പല ലേഖനങ്ങളും തൊഴിയൂരിലെ ഗ്രന്ഥപ്പുരയിൽ ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. അവയെല്ലാം കൽദായ സുറിയാനിയിലാണ്. ചിറളയം പള്ളിയിൽ പുലിക്കോട്ടിൽ മല്പാന്റെ ശിഷ്യൻ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ (പിന്നീട് തൊഴിയൂർ സഭയുടെ ഗീവറുഗീസ് മാർ കൂറിലോസ് - ഇദ്ദേഹത്തെ ചേപ്പാട് മെത്രാച്ചൻ വാഴിച്ചു. ഇദ്ദേഹം മാവേലിക്കര സുന്നഹദോസിൽ പങ്കെടുത്തു) പുതിയനിയമം പകർത്തി എഴുതിയതും കൽദായ സുറിയാനിയിൽ തന്നെ. പിന്നെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ അന്ത്യോഖ്യൻ സുറിയാനി ഭാഷയുടെയും ക്രമങ്ങളുടെയും പ്രചാരകനായിരുന്നു എന്ന് ഡോ. കുര്യൻ തോമസും മറ്റും തട്ടിവിടുന്നതും അവ 'മലങ്കരസഭാ' മാസികയും എം.ഒ.സി. യും പ്രസിദ്ധീകരിച്ച് പ്രോത്സാഹിപ്പിക്കുന്നതും ഒരു പ്രമാണങ്ങളുടെയും പിൻബലമില്ലാതെയാണെന്ന് ചരിത്രവിദ്യാർത്ഥി

കൾ ഓർത്തിരിക്കേണ്ടതാണ്. ആട്ടിൻകുട്ടിയെ കൊന്ന് തിന്നാൻ തീരുമാനിച്ച സിംഹം, മുകളിൽ നിന്ന് താഴോട്ട് ഒഴുകിവരുന്ന നദീജലം താഴെ നിൽക്കുന്ന താൻ കലക്കിയിട്ടില്ല എന്ന് വിനീതനായി ബോധിപ്പിച്ച ആട്ടിൻകുട്ടിയോട്, 'നീയല്ലെങ്കിൽ നിന്റെ തന്ത' എന്ന് ക്രുദ്ധനായി പറഞ്ഞ് ആട്ടിൻകുട്ടിമേൽ ചാടിവീണ സിംഹത്തിന്റെ ന്യായവാദമാണ് ഈ ലേഖകന് ഇത്തരുണത്തിൽ ഓർമ്മ വരുന്നത്. മലങ്കരസഭയിലെ ചരിത്രഗവേഷണ രംഗം നേരിടുന്ന അനാഥത്വം വ്യക്തമാക്കുവാൻ വേറെ ഉദാഹരണങ്ങൾ ആവശ്യമുണ്ടോ?

1789-ലെ ആക്രമണം കഴിഞ്ഞ് മേൽക്കൂരയില്ലാതെ കിടക്കുന്ന പാലൂർ ചാട്ടുകുളങ്ങര പള്ളി 1800-ൽ താൻ സൂക്ഷ്മപരിശോധന നടത്തിയതായി ഡോ. ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "... അല്പം ഉയർന്നു കിടക്കുന്ന ഭംഗിയുള്ള സ്ഥലത്ത് ഒരു പള്ളി കാണാനുണ്ട്. അതിന്റെ മേൽക്കൂര ഇപ്പോൾ ഇല്ല. ചുമരുകൾ ചെളിയും കളിമണ്ണും കുഴച്ചുണ്ടാക്കിയതും പഴകിയതുമാണെങ്കിലും ഇപ്പോഴും വളരെ ഉറപ്പുള്ളതായും പുതിയതായും തോന്നുന്നു. അൾത്താരയുടെ മുകൾഭാഗം ഉണ്ടാക്കിയിരിക്കുന്നതും ഇവകൊണ്ടു തന്നെയാണ്. പക്ഷെ, കാഴ്ചയിൽ പ്രൌഢി തോന്നിക്കുന്ന നിർമ്മാണവിശേഷം അതിനുണ്ട്...." (പുറം. 46, 61).

മലങ്കരസഭയുടെ തലപ്പള്ളി കൂടെയായ പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ പുനർനിർമ്മാണം ഏറ്റെടുക്കുവാൻ കുന്നംകുളത്തെ സുറിയാനിക്കാർ ആഗ്രഹിച്ചു. കുന്നംകുളത്തെ സഭയുടെ ആത്മീയ നേതാവായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ ഈ വിഷയത്തെപ്പറ്റി പല അപേക്ഷകൾ കൊച്ചിരാജാവിന്റെ മുമ്പാകെ സമർപ്പിക്കപ്പെട്ടു. പള്ളിയുടെ അവകാശത്തിനായി ഇരുവിഭാഗങ്ങളും മുന്നോട്ടു വന്നതിനാൽ പ്രശ്നപരിഹാരം ഉണ്ടായില്ല. ഈ സന്ദിഗ്ധാവസ്ഥയിൽ പള്ളി തന്റെ മേൽനോട്ടത്തിൽ വിട്ടുതരുവാൻ കാട്ടുമങ്ങാട്ട് കൂറിലോസ് കൊച്ചി രാജാവിന് അപേക്ഷകൾ നൽകിയതായി 'ശക്തൻ തമ്പുരാ'നിൽ പുത്തേഴത്തു രാമമേനോൻ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും അക്കാര്യത്തിലും നടപടിയൊന്നും ഉണ്ടായില്ല. കൊച്ചി സംസ്ഥാനത്തിന്റെ വടക്കേ അറ്റത്ത് ഒറ്റപ്പെട്ടു കിടക്കുന്ന പാലൂർ-ചാട്ടുകുളങ്ങര ഇടവകയുടെ കാര്യം വേണ്ടതുപോലെ ഓർക്കാതിരുന്നതിൽ നിരണം ഗ്രന്ഥവരിയെ കുറ്റപ്പെടുത്തിയിട്ടാവശ്യമില്ല. ഓരോ ഇടവകയും ഏറെക്കുറെ സ്വയംപര്യാപ്തത നേടിയതും തന്മൂലം സ്വതന്ത്രവും ആയിരുന്ന അക്കാലത്ത് ഇടവക, മെത്രാനെ ആശ്രയിക്കുന്നതും മെത്രാൻ, ഇടവകയെ ആശ്രയിക്കുന്നതും അനിവാര്യമായ വിഷയങ്ങളിൽ മാത്രമായിരുന്നതിനാൽ അതിൽ അസ്വാഭാവികതയില്ല. എന്നാൽ ഇന്ന് ഐക്യകേരളത്തിൽ സ്ഥിതിചെയ്യുന്ന മലങ്കരസ

ഭയുടെ ചരിത്രം രചിക്കുമ്പോൾ *നിരണം ഗ്രന്ഥവരി* പുലർത്തിയ സങ്കുചിതത്വം വെടിഞ്ഞ് വിശാലമായ ഭൂമികയിൽ ചരിത്രവീക്ഷണം ആവശ്യമായതിനാലാണ് അന്ന് അവഗണിക്കപ്പെട്ട ചരിത്രസംഭവങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നത്.

ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് അഗ്നിക്കിരയാക്കപ്പെട്ട പാലൂർ –ചാട്ടുകുളങ്ങരയിലുള്ള തലപ്പള്ളി ദശാബ്ദങ്ങളായി ആരാധനയില്ലാതെ പൂട്ടിക്കിടന്ന കാലത്ത് സുറിയാനിക്കാർ തലപ്പള്ളി രാജാക്കന്മാരായ ചിറളയം തമ്പുരാന്റെ സഹായത്തോടെ ചിറളയത്തും മണക്കുളം തമ്പുരാന്റെ സഹായത്തോടെ കുന്നംകുളം വലിയങ്ങാടിയിലും മാർ ലാസർ പുണ്യവാളന്റെ നാമത്തിൽ ഓരോ പള്ളി പണിത് ആരാധന നടത്തിയിരുന്നു. 1751–ൽ കേരളത്തിലെത്തിയ വിദേശ സഭാദ്ധ്യക്ഷ സംഘത്തിന്റെ തലവൻ ശാക്രള്ളാ കാതോലിക്കാബാവായെ ഏറെക്കാലം സംരക്ഷിച്ചത് ചിറളയം പള്ളിയാണ്. അക്കാലത്ത് ആ പള്ളിയിൽ ഒരു വൈദികപരിശീലനകേന്ദ്രം പ്രവർത്തിച്ചിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആ വൈദികപരിശീലനകേന്ദ്രത്തിലെ മല്പാൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരായിരുന്നു എന്നതിന് രേഖയുണ്ട്. അക്കാലത്ത്, കൃത്യമായി പറഞ്ഞാൽ 1794–ൽ ചിറളയം മാർ ലാസറിന്റെ പള്ളിയിൽ പ്രവർത്തിച്ചിരുന്ന മല്പാൻ പള്ളിക്കൂടത്തിൽ പുലിക്കോട്ടിൽ യൗസേഫ് കശീശായുടെ ശിഷ്യനായ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ കൽദായ സുറിയാനിയിൽ പകർത്തി എഴുതിയ പുതിയനിയമ വേദപുസ്തകം കോട്ടയം 'സീറി'യിൽ ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്.

ഇവിടെ രസകരമായ ഒരു വസ്തുത പരാമർശിക്കുവാനുണ്ട്. ഈ അടുത്തകാലംവരെ, അന്ത്യോഖ്യൻ ബന്ധം മലങ്കരയിൽ അടിച്ചേൽപ്പിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായ്ക്കാണെന്ന് മലങ്കരസഭയിലെ എല്ലാ സ്ഥാനികളും ചരിത്രകാരന്മാരും വിശ്വസിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് നടന്ന പഠനങ്ങളും സെമിനാറുകളും ആ നിരീക്ഷണം അബദ്ധപൂർണ്ണമാണെന്ന് തെളിയിച്ചു. ആ തിരിച്ചറിവിന്റെ പ്രഖ്യാപനമാണ് മലങ്കരസഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വകുപ്പിന്റെ ചുമതലയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'യുഗതേജസ്സ്' എന്ന ചരമശതാബ്ദിരേഖയിൽ പ്രത്യക്ഷപ്പെട്ട ലേഖനങ്ങൾ. പുലിക്കോട്ടിൽ രണ്ടാമന്റെ പേരിൽ ആരോപണങ്ങൾ ഉന്നയിക്കുവാൻ പഴുതില്ലാതെ വന്നതിനെത്തുടർന്ന് ഡോ. കുര്യൻ തോമസിനെപ്പോലെയുള്ള ചിലർ ആ ആരോപണങ്ങൾ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ പേരിൽ പുറപ്പെടുവിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. പകലോമറ്റം മെത്രാന്മാർ സ്വീകരിച്ചുപോന്ന കൽദായ സുറിയാനിയിലുള്ള ആരാധനക്രമങ്ങൾ

ഉപേക്ഷിച്ച് അന്ത്യോഖ്യൻ സുറിയാനിയിലുള്ള ആരാധനക്രമങ്ങൾ സഭയിൽ പ്രചരിപ്പിക്കുവാൻ നേതൃത്വം നൽകിയത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും കായംകുളം പീലിപ്പോസ് റമ്പാനും ആയിരുന്നുവെന്നാണ് പുതിയ കണ്ടുപിടിത്തം. 1809-ലെ കണ്ടനാട് പടിയോലയിൽ യാക്കോബായ ക്രമങ്ങൾ സ്വീകരിക്കുവാൻ പള്ളിപ്രതിപുരുഷയോഗം നിശ്ചയിച്ചത് അന്ത്യോഖ്യൻവത്ക്കരണത്തിന്റെ ആണിക്കല്ലാണെന്നും 1814-ൽ കോട്ടയം പഴയസെമിനാരി സ്ഥാപിച്ചത് അന്ത്യോഖ്യൻ ക്രമങ്ങളുടെ പ്രചാരണം ഉദ്ദേശിച്ചായിരുന്നു എന്നുപോലും ഈ പുതിയ പണ്ഡിതന്മാർ തട്ടിവിടുന്നുണ്ട്. ഒരു പ്രമാണവും പരിശോധിക്കാതെ ഇപ്രകാരം സിദ്ധാന്തങ്ങൾ ഉന്നയിക്കുവാൻ ഇവർ പ്രദർശിപ്പിക്കുന്ന 'ഔദ്ധത്യം' നമ്മെ അത്ഭുതപ്പെടുത്തുന്നു. മലങ്കരസഭയുടെ തലപ്പത്തുള്ളവരും വൈദികസെമിനാരിയുടെ പ്രാമാണിക വക്താക്കളും പിന്തുണയായിട്ടുണ്ട് എന്ന ധാരണയാവാം ഈ ധിക്കാരപരമായ അഹന്തപ്രകടനത്തിന് അവരെ ധൈര്യപ്പെടുത്തുന്നത്. ഒരു കാര്യം ഇവിടെ വ്യക്തമാക്കുകയാണ്. കണ്ടനാട് പടിയോലയിലെ 'യാക്കോബായ' പ്രയോഗത്തിന് അന്നത്തെ സഭ നൽകിയ അർത്ഥം 'കത്തോലിക്കേതര സഭകൾ' എന്നായിരുന്നു. നോൺ കാൽസിഡോൺ സഭകൾ എന്ന് കൂടെ അറിയപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ 'യാക്കോബായക്കാർ' എന്ന പൊതുവിശേഷണം നൽകി. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷദൗത്യത്തെ തുടർന്ന് പാലൂർ ചാട്ടുകുളങ്ങര പ്രദേശത്ത് കേരളത്തിലെ പ്രഥമ ക്രൈസ്തവ ദേവാലയമായി രൂപഭേദം പ്രാപിച്ച ദൈവമാതാവിന്റെ നാമത്തിലുള്ള തലപ്പള്ളി (ഇത് നേരത്തെ പാലൂർ ചാട്ടുകുളങ്ങര ജൂതക്കുന്നിൽ സ്ഥിതിചെയ്തിരുന്ന ജൂത സിനഗോഗ് ആയിരുന്നു) പഴയകൂർ-പുതിയകൂർ തർക്കങ്ങളെ തുടർന്ന് പൂട്ടിക്കിടക്കുകയായിരുന്നു. മാർത്തോമ്മാ പാരമ്പര്യമുള്ള ഈ തലപ്പള്ളി ഉപേക്ഷിക്കുവാൻ ഇരുവിഭാഗവും തയാറല്ലായിരുന്നു. പള്ളി സമാധാനലംഘന ഭീഷണിയിൽ പൂട്ടപ്പെട്ടു എങ്കിലും രണ്ടു കൂട്ടരും അവിടത്തെ ശ്മശാനം ഉപയോഗിച്ചുപോന്നു. ആരാധനാകാര്യങ്ങൾക്കായി സുറിയാനിക്കാർ കുന്നംകുളം അങ്ങാടിയിൽ ചിറളയത്തും റോമ്മാപക്ഷപാതികൾ കോട്ടപ്പടി അങ്ങാടിയിലും മാർ ലാസർ പുണ്യവാളന്റെ നാമത്തിൽ പള്ളികൾ സ്ഥാപിച്ചു. തലപ്പള്ളിയും അതിന്റെ കുരിശുപള്ളിയായ ചാവക്കാട് (ഇന്നത്തെ പാലയൂർ) മാർ കുറിയാക്കോസ് ചാപ്പലും ആരാധനാ സൗകര്യം നിഷേധിക്കപ്പെട്ട് ദശാബ്ദങ്ങളോളം പൂട്ടിക്കിടന്നു. സ്ഥാനാരോഹണം ചെയ്യപ്പെട്ട ആറാം മാർത്തോമ്മാ ഈ മാർത്തോമ്മാ പൈതൃകമുള്ള പ്രാചീന ദേവാലയത്തിന്റെ ധർമ്മസങ്കടങ്ങളെ അന്വേഷിച്ചില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു.

(ആറാം മാർത്തോമ്മായോട് കലഹിച്ച് പരാജയപ്പെട്ട കാട്ടുമങ്ങാട്ട് കൂറിലോസ് പ്രഭൃതികൾക്ക് സമീപപ്രദേശമായ അഞ്ഞൂരിൽ അഭയമൊരുക്കുവാൻ തലപ്പള്ളി പ്രദേശക്കാരെ ധൈര്യപ്പെടുത്തിയത് ഈ ക്രൂരമായ അവഗണനയാകാം. കാട്ടുമങ്ങാട് സഭാദ്ധ്യക്ഷന്മാർക്ക് ശേഷം കുന്നംകുളം - പഴഞ്ഞി ഇടവകകളിലെ ചീരൻ സ്കറിയാ കത്തനാർ, കിടങ്ങൻ ഗീവറുഗീസ് കത്തനാർ എന്നിവരെ നൽകി തൊഴിയൂർ ആസ്ഥാനത്ത് മെത്രാന്മാരുടെ പിന്തുടർച്ചയെ സഹായിക്കുവാനും അവരെ പ്രേരിപ്പിച്ചത് അപ്പോഴും സഭാഭരണം നടത്തിയിരുന്ന ആറാം മാർത്തോമ്മായുടെ അവഗണനാ മനോഭാവം ആയിരിക്കാം.)

1789-ൽ മൈസൂർ വ്യാഘ്രം എന്നറിയപ്പെടുന്ന ടിപ്പു സുൽത്താൻ കുന്നംകുളത്തെത്തി. അതൊരു ധനു മാസമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹൈദർ അലിഖാന്റെ അന്ത്യാഭിലാഷം എന്ന നിലയിൽ തിരുവിതാംകൂർ ആക്രമിച്ച് കീഴ്പ്പെടുത്തുവാനാണ് അദ്ദേഹം സൈന്യസമേതം മാർഗ്ഗമദ്ധ്യേ കുന്നംകുളത്തെത്തിയത്. 'ക്രിസ്ത്യാനികളുടെ പട്ടണം' എന്ന് തന്റെ പിതാവ് വിശേഷിപ്പിച്ച ആ തലപ്പള്ളിപ്പട്ടണം ടിപ്പുവിനെ അസഹിഷ്ണുവാക്കി. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങര ദേവാലയം അദ്ദേഹത്തിന്റെ പടനായകന്മാർ അഗ്നിക്കിരയാക്കി. മതത്യാഗം ചെയ്യുവാൻ വിസമ്മതിച്ച വിശ്വാസവീരന്മാരായ സുറിയാനി ക്രിസ്ത്യാനികളെ ടിപ്പുവിന്റെ സൈന്യം തലപ്പള്ളിക്ക് ചുറ്റുമുള്ള വൃക്ഷശിഖരങ്ങളിൽ കെട്ടിത്തൂക്കിക്കൊന്നു. ചാട്ടുകുളങ്ങര-ചെമ്മണ്ണൂർ കമ്പോളങ്ങൾ തീർത്തും അഗ്നിക്കിരയായി. മതംമാറ്റത്തിന് നിർബദ്ധരായ സുറിയാനിക്കാർ തെക്കൻ പ്രദേശങ്ങളിലേക്ക് പ്രാണഭയം മൂലം പലായനം ചെയ്തു. ഏതാനും വർഷങ്ങൾക്ക് ശേഷം അവിടം സന്ദർശിച്ച ഡോ. ക്ലോഡിയസ് ബുക്കാനനോട്, തങ്ങളുടെ പൂർവികർ രക്തസാക്ഷിത്വം വരിച്ച സംഭവം വികാരോദ്വേഗത്തോടെ വർണ്ണിച്ചു കേൾപ്പിച്ചതായി ബുക്കാനൻ തന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രക്തസാക്ഷികളുടെ നഗരം എന്ന് വിശേഷിപ്പിക്കാവുന്ന ഏക ഇന്ത്യൻ ഗ്രാമം പാലൂർ-ചാട്ടുകുളങ്ങരയാണ്. മലങ്കരസഭാചരിത്രം എന്ന് പില്ക്കാലത്ത് വിശേഷിപ്പിക്കപ്പെട്ട 'നിരണം ഗ്രന്ഥവരി' ഈ അഭിമാനാർഹമായ ചരിത്രാദ്ധ്യായത്തെ എന്തുകൊണ്ടോ രേഖപ്പെടുത്തുവാൻ മറന്നുപോയി (ആഫ്രിക്കയിലെ കാർത്തേജ് 'രക്തസാക്ഷികളുടെ നഗരം' എന്ന പേരിൽ പ്രസിദ്ധമാണെന്നോർക്കുക). കുന്നംകുളത്തെ പൂർവിക സുറിയാനിക്കാർ പോലും തങ്ങളുടെ പൂർവപിതാക്കന്മാർ സത്യവിശ്വാസനിഷ്ഠയുടെ പേരിൽ രക്തസാക്ഷികളായി വധിക്കപ്പെട്ടതിനെ ചരിത്രത്തിന്റെ ഭാഗമാക്കുവാനായി ഒരു സ്മാരകം ഇതുവരെയും നിർമ്മിക്കാതിരിക്കുന്നത് ഭൂഷണമല്ലെന്ന് പറയാതെ വയ്യ. കൊച്ചിയും തിരുവിതാംകൂറും വ്യത്യസ്ത സംസ്ഥാന

ങ്ങളായിരുന്ന അക്കാലത്ത് മലങ്കരസഭയുടെ തലവൻസ്ഥാനം കയ്യാളിയിരുന്ന പകലോമറ്റം മെത്രാന്മാർ എല്ലാവരും തിരുവിതാംകൂർ സംസ്ഥാനക്കാർ ആയിരുന്നതിനാൽ അവരും അവരുടെ അപദാനങ്ങൾ രേഖപ്പെടുത്തുവാൻ ശ്രമിച്ച *നിരണം ഗ്രന്ഥവരി*യും കൊച്ചി സംസ്ഥാനത്ത് നടന്ന സഭാചരിത്ര സംഭവങ്ങൾ അവഗണിച്ചതാവാം. ആറാം മാർത്തോമ്മാ, താൻ റമ്പാൻസ്ഥാനം നൽകിയിരുന്ന തന്റെ അനന്തിരവനെ 1796 മേടം 24-ന് മാർ ഗീവറുഗീസ് സഹദായുടെ പെരുനാൾ ദിവസം ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാർത്തോമ്മാ എപ്പിസ്ക്കോപ്പാ എന്ന പേരിൽ മെത്രാനായി വാഴിച്ചു. രണ്ടു കാര്യങ്ങൾ അദ്ദേഹം ഇതിലൂടെ പ്രഖ്യാപിച്ചു.

1. പകലോമറ്റം പിന്തുടർച്ച മലങ്കരസഭയിൽ തുടരണം. 2. മലങ്കര മെത്രാൻ ദീവന്നാസ്യോസ് എന്ന പേരിലല്ലാ മാർത്തോമ്മാ എന്ന പേരിൽ തന്നെ ഭാവിയിലും അറിയപ്പെടണം.

ഐക്യശ്രമം

പുതിയകാവ് സമ്മേളനത്തിന് ശേഷവും തന്റെ സമുദായത്തിൽ ഐക്യം ശക്തിപ്പെടുന്നില്ലെന്നും അത് പ്രതിദിനം ദുർബ്ബലമാവുകയാണെന്നും ആറാം മാർത്തോമ്മാ കാര്യങ്ങളെ വിലയിരുത്തി. റോമ്മാ സഭയുമായി അനുരഞ്ജനപ്പെടുവാൻ താൻ നേരത്തെ നടത്തിയ ശ്രമം തുടരുവാൻ അദ്ദേഹം തീരുമാനിച്ചു. 953-ൽ (1777) ചിങ്ങം 30-ന് കരിയാറ്റി യൗസേപ്പ് മല്പാൻ അദ്ദേഹത്തിന്റെ റോമ്മാ യാത്രയിൽ 6-ാം മാർത്തോമ്മായുടെ അനുരഞ്ജന നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് വാങ്ങിക്കൊണ്ട് പോയിരുന്നു. ആ യാത്രയിൽ മല്പാനോടൊപ്പം പാറേമ്മാക്കൽ തോമ്മാ കത്തനാർ മുതൽപേർ റോമിൽ പോയിരുന്നു. മലങ്കരയിൽ സുറിയാനി പാരമ്പര്യമുള്ള രണ്ടു പക്ഷക്കാരെയും 6-ാം മാർത്തോമ്മായുടെ കീഴിൽ ഒന്നിപ്പിക്കുക - ഇതായിരുന്നു മല്പാന്റെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കായി 6-ാം മാർത്തോമ്മാ റോമ്മിലെ പാപ്പായെ തന്റെ മേലധികാരിയായി അംഗീകരിക്കുമെന്ന സമ്മതപത്രമാണ് മല്പാൻ റോമിലേക്ക് കൊണ്ടുപോയത്. മാർപാപ്പാ ഈ നിർദ്ദേശം അംഗീകരിക്കുകയും മല്പാനെ മെത്രാനായി വാഴിക്കുകയും സഭാസംയോജന നിർവഹണത്തിന് കരിയാറ്റി മെത്രാനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഈ നിർദ്ദേശം ലത്തീൻ മെത്രാന്മാർക്ക് അസ്വീകാര്യം ആയിരുന്നു. ഈ പരിതഃസ്ഥിതിയിൽ റോമിൽ നിന്നുള്ള മടക്കയാത്രയിൽ ഗോവയിൽ വച്ച് കരിയാറ്റി മെത്രാൻ സംശയാസ്പദമായ സാഹചര്യത്തിൽ അന്തരിക്കുകയും അദ്ദേഹത്തിന്റെ ചുമതലകൾ പാറേമ്മാക്കൽ കത്തനാരെ ഏല്പിക്കുകയും ചെയ്തിരുന്നു. ഗോവർണ്ണദോർ ആയി നിയമിക്കപ്പെട്ട പാറേമ്മാക്കൽ തോമ്മാ കത്തനാർ കരിയാറ്റിയുടെ ദൗത്യം പ്രായോഗികമായ

കാരണങ്ങളാൽ തുടർന്നില്ല. എങ്കിലും പഴയകൂറ്റിലുള്ള വൈദികർ എല്ലാവരും അങ്കമാലിയിൽ സമ്മേളിച്ചു. മേലിൽ വെള്ളക്കാരായ മെത്രാന്മാരെ തങ്ങളും സന്തതിപരമ്പരകളും അനുസരിക്കുകയില്ലെന്നും ഗോവർണ്ണദോറുടെ നേതൃത്വത്തിൽ കാര്യങ്ങൾ നിർവഹിക്കുമെന്നും ഒരു പടിയോല എഴുതുകയും ചെയ്തു. 1787 കുംഭ മാസം 1-ാം തീയതി എഴുതിയ ഈ പ്രമാണം അങ്കമാലി പടിയോല എന്ന് സഭാചരിത്രത്തിൽ അറിയപ്പെടുന്നു.

ഏതാണ്ട് പത്തു കൊല്ലം കഴിഞ്ഞപ്പോൾ പഴയ ശ്രമങ്ങൾ പുനർജീവിപ്പിക്കുവാൻ ആറാം മാർത്തോമ്മാ നിശ്ചയിച്ചു. രണ്ടു വ്യവസ്ഥകൾ അദ്ദേഹം ഉന്നയിച്ചു.

1. റോമ്മാ വിശ്വാസവും ഭരണനേതൃത്വവും സ്വീകരിച്ച് താൻ ആ സഭയിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞാൽ രണ്ടു ഭാഗത്തിന്റെയും മേലധികാരിയായ മെത്രാനായി റോം തന്നെ അംഗീകരിക്കണം. വിദേശ മെത്രാന്മാർ തന്റെ സഹായികൾ ആയിരിക്കണം.

2. ഈ അധികാരം തനിക്കുശേഷം വരുന്ന പകലോമറ്റം മെത്രാന്മാർക്ക് പാരമ്പര്യമായ പിൻതുടർച്ചാവകാശമെന്നപോലെ നിലനിൽക്കുകയും വേണം.

വിദേശികളായ മെത്രാന്മാർക്ക് ഈ നിർദ്ദേശം സ്വീകാര്യമായില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാലും ഈ വിഷയത്തിലുള്ള എഴുത്തുകുത്തുകൾ നിർവിഘ്നം നടന്നുകൊണ്ടിരുന്നു. രാജകൊട്ടാരത്തിൽ സ്വാധീനമുള്ള മാത്തു തരകൻ ഈ പരിശ്രമങ്ങളുടെ മുൻപന്തിയിലുണ്ടായിരുന്നു.

മലങ്കരസഭയുടെ തെക്കൻ പ്രദേശങ്ങളിൽ നടന്ന ഈ ഐക്യശ്രമങ്ങളും പുത്തൻകാവ്പള്ളി നിർമ്മാണവും ഏഴാം മാർത്തോമ്മായുടെ മെത്രാൻ സ്ഥാനാഭിഷേകവും *നിരണം ഗ്രന്ഥവരി* ഒന്നൊഴിയാതെ പ്രതിപാദിക്കുമ്പോൾ സഭയുടെ വടക്കൻ ഭാഗത്ത് മർമ്മഭേദകമായ ചില സംഭവങ്ങൾ നടന്നു. അക്കാര്യങ്ങൾ *നിരണം ഗ്രന്ഥവരി* രേഖപ്പെടുത്തിയിട്ടില്ല (*നിരണം ഗ്രന്ഥവരി*യുടെ വീക്ഷണ വിശേഷത്തെ ഇത് പ്രഖ്യാപിക്കുന്നില്ലേ?). *നിരണം ഗ്രന്ഥവരി* അവഗണിച്ച ആ ചരിത്രസംഭവങ്ങൾ നാം കണ്ടുവല്ലോ.

കരിയാറ്റിൽ മെത്രാന്റെ നിര്യാണവും അങ്കമാലി പടിയോലയിലെ പ്രഖ്യാപനവും കഴിഞ്ഞ് മന്ദഗതിയിലായിരുന്ന സഭൈക്യപ്രസ്ഥാനം മാത്തു തരകന്റെ നേതൃത്വത്തിൽ സജീവമായി. അങ്കമാലി പടിയോലയുടെ പ്രഖ്യാപനത്തിലൂടെ റോമ്മാ പക്ഷപാതികളായ സുറിയാനിക്കാരെ ഏകീകരിച്ചതിന് ശേഷം റോമ്മാക്കാരെയും സുറിയാനിക്കാരെയും

റോമ്മൻ കത്തോലിക്കാ നാട്ടുമെത്രാന്റെ അധീനതയിൽ കൊണ്ടുവരുവാനുള്ള ഉദ്ദേശ്യത്തോടുകൂടി തച്ചിൽ മാത്തു തരകൻ പ്രവർത്തനം ശക്തിപ്പെടുത്തി. റോമ്മിൽ സ്വീകരിക്കപ്പെട്ടിരുന്ന കൽദായ വിശ്വാസാചാരങ്ങളെ അംഗീകരിക്കുന്നപക്ഷം മാർ ദീവന്നാസ്യോസിനെത്തന്നെ സംയുക്തസഭയുടെ ഭരണകർത്താവായി നിയമിക്കാമെന്ന് മാത്തു തരകൻ സമ്മതിച്ചു. നയവിദഗ്ദ്ധനായിരുന്ന മാർ ദീവന്നാസ്യോസ് ആദ്യം സ്വല്പം വിട്ടുവീഴ്ചകൾ മൂലം അവരെ പാട്ടിലാക്കുന്നതിന് ശ്രമിച്ചുവെങ്കിലും തരകൻ പ്രഭൃതികൾ യോജിപ്പിനുള്ള വ്യവസ്ഥകൾ പ്രസ്താവിച്ചതോടുകൂടി അദ്ദേഹത്തിന് യോജിപ്പിലുള്ള ആഭിമുഖ്യം വർദ്ധിച്ചതായി തോന്നുന്നു. റോമ്മാസഭയുടെ വിശ്വാസസത്യങ്ങളെ വെളിപ്പെടുത്തി യാക്കോബായക്കാരുടെ മനസ്സ് തിരിപ്പിക്കുന്നതിനായി ഒരു വലിയ വാദപ്രതിവാദം നടത്തണമെന്ന് തരകൻ അഭിപ്രായപ്പെട്ടു. തിരുവിതാംകൂർ രാജാവ് തന്റെ സേവകനായ തരകന്റെ സകല ആഗ്രഹങ്ങളെയും യഥാശക്തി സാധിച്ചു കൊടുക്കുന്നതിൽ സദാ ജാഗരൂകനായിരുന്നു. തന്മൂലം വൈമനസ്യത്തോടെ ദീവന്നാസ്യോസിന് തരകന്റെ അഭിപ്രായത്തോട് യോജിക്കേണ്ടി വന്നു. 1791 സെപ്റ്റംബർ 20-ന് ഇരുകക്ഷികളുടെയും ഒരു യോഗം കായംകുളത്ത് ചേർന്നു. തരകന്റെ അമ്മ പെട്ടെന്ന് അന്തരിച്ചതിനാൽ യോഗം നവംബർ 22-ാം തീയതിയിലേക്ക് മാറ്റി. ഈ യോഗം നിരണത്ത് സമ്മേളിച്ചു. യോഗത്തിൽ ജയം നിശ്ചയമെന്നുറപ്പിച്ച റോമ്മാക്കാർ റോമ്മൻ കൽദായ റീത്ത് ശൈലിയിൽ വി. കുർബ്ബാന അനുഷ്ഠിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിരുന്നു. എന്നാൽ വാദപ്രതിവാദം ആരംഭിക്കാറായപ്പോൾ, രോഗശയ്യയിലായിരുന്ന തരകന്റെ പുത്രൻ അന്തരിച്ചു എന്ന വാർത്തയുമായി ഒരു ദൂതനെത്തി. ഒന്നും നടക്കാതെ അന്നും രണ്ടു കക്ഷികളും പിരിഞ്ഞു. അവിചാരിതമായ ഈ ദുഃഖസംഭവങ്ങൾ മൂലം തരകൻ കുറച്ചുകാലം മൗനം അവലംബിച്ചു.

മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനമാവാൻ നിർമ്മിക്കപ്പെട്ട പുത്തൻകാവ് പള്ളിയിൽ ആറാം മാർത്തോമ്മാ താമസമാക്കി എങ്കിലും അതിന്റെ അധികാരം പൂർണ്ണമായും മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടായി. ആസ്ഥാനം നിരണത്തു നിന്ന് മാറ്റുന്നതിൽ നിരണം ഇടവകക്കാർക്കും വൈമനസ്യമുണ്ടായിരുന്നു. ആഭ്യന്തര കലഹങ്ങളിൽ മനം മടുത്ത മെത്രാപ്പോലീത്താ കടുത്ത തീരുമാനങ്ങളിലേക്ക് നയിക്കപ്പെടുന്ന സ്ഥിതിവിശേഷമായിരുന്നു അത്.

ഏറെ താമസിയാതെ മാത്തുതരകൻ തന്റെ ഉദ്ദേശ്യത്തെ പുനർജ്ജീവിപ്പിക്കുകയും കായംകുളത്ത് വീണ്ടും ഒരു യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. പതിനഞ്ച് ദിവസത്തേക്ക് കഠിനമായ വാദപ്രതിവാദങ്ങൾ നടന്നു.

എങ്കിലും തീരുമാനങ്ങൾ ഒന്നും ഉണ്ടായില്ല. യോജിപ്പിന് അനുകൂലമായ സാഹചര്യങ്ങൾ കാണായ്കയാൽ തരകൻ തിരുവിതാംകൂർ രാജാവിന്റെ സഹായം അഭ്യർത്ഥിച്ചു. അടുത്തകാലത്ത് ഔദ്യോഗിക വീഴ്ചകളുടെ പേരിൽ പിരിച്ചുവിടപ്പെട്ട ഒരു ദിവാന്റെ സ്വത്തുക്കൾ അപഹരിച്ചു എന്ന വ്യാജ ആരോപണം ചുമത്തി രാജാവ് മെത്രാപ്പോലീത്തായ്ക്ക് ഇരുപത്തി അയ്യായിരം രൂപ പിഴ കല്പിച്ചു. നിരണത്തെയും ചെങ്ങന്നൂരിലെയും പള്ളികളും അവയുടെ വസ്തുക്കളും മെത്രാപ്പോലീത്തായുടെ അംശ വടി, സ്ലീബാ മുതലായ സാമാനങ്ങളും കണ്ടുകെട്ടി അയ്യായിരം രൂപ വസൂലാക്കി (ഇപ്പോൾ തിരുവനന്തപുരം കോട്ടയുടെ കിഴക്കേ വാതിൽ ക്കൽ തൂക്കിയിട്ടിരിക്കുന്ന വലിയമണി ഈ അവസരത്തിൽ കണ്ടുകെട്ടി എടുത്ത നിരണം പള്ളിവക സ്വത്തുക്കളിൽ ഉൾപ്പെട്ടതായിരുന്നു എന്ന് പറയപ്പെടുന്നു). വേറൊരു അയ്യായിരം രൂപ മെത്രാപ്പോലീത്താ സ്വന്തം നിലയിൽ അടച്ചു. ബാക്കി സംഖ്യ പല പള്ളികളിൽ നിന്നും പിരിച്ച് പിഴ ഒടുക്കി. ഈ അസ്വസ്ഥ കാലത്ത്, റോമ്മാവിശ്വാസം സ്വീകരിച്ച് ഉടമ്പടി കൊടുത്താൽ മുഴുവൻ സംഖ്യയും താൻ കൊടുത്തുകൊള്ളാമെന്ന് തര കൻ മെത്രാപ്പോലീത്തായെ അറിയിച്ചു. എന്നാൽ പൂർവികരുടെ വിശ്വാസം വിൽക്കുന്നതിനേക്കാൾ നിർദ്ധനാവസ്ഥയിൽ കാലം കഴിച്ചു കൂട്ടുന്നത് കൂടുതൽ അഭികാമ്യമെന്ന് മെത്രാപ്പോലീത്താ നിശ്ചയിച്ചു. തന്ത്രപ്രയോ ഗങ്ങളും ധനനഷ്ടവും തന്റെ ഉദ്ദേശ്യനിർവഹണത്തിൽ സുറിയാനിക്കാരെ അനുകൂലികൾ ആക്കുവാൻ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടപ്പോൾ തരകൻ മെനേസ്സിസിന്റെ മാർഗ്ഗം അവലംബിച്ചു. ആയുധപാണികളായ പടയാളികളോടുകൂടി വന്ന് മെത്രാപ്പോലീത്തായേയും സമുദായപ്രധാ നികളെയും ബന്ധനസ്ഥരാക്കി ആലപ്പുഴയ്ക്ക് കൊണ്ടുപോയി (ഇ. എം. ഫിലിപ്പ്, 177-180).

1794-ൽ മാർ ഈവാനിയോസ് നിര്യാതനായതിന് ശേഷം 1796-ൽ കൊല്ലത്ത് വച്ച് നടന്ന കൂടിയാലോചനകൾ തകർന്നതിനെ തുടർന്ന് ശേഷം മാത്തുതരകനും മറ്റും മെത്രാപ്പോലീത്തായോടുള്ള നിലപാട് കർക്കശമാക്കിയിരുന്നു. 1796-ലെ കൂടിയാലോചന തകർന്നത് 6-ാം മാർ ത്തോമ്മായുടെ സ്വാർത്ഥപരമായ ദുശ്ശാഠ്യം കൊണ്ടാണെന്ന് തരകനും സുഹൃത്തുക്കളും വിശ്വസിച്ചു. ടി. കെ. വേലുപ്പിള്ളയുടെ 'തിരുവിതാം കൂർ സ്റ്റേറ്റ് മാനുവൽ' കാര്യങ്ങൾ വിവരിക്കുന്നതിപ്രകാരമാണ്. '... ഒടു വിൽ 1796-ൽ കൊല്ലത്ത് വച്ച് ഒരു കോൺഫ്രൻസ് നടന്നു. പകലോമറ്റം കുടുംബത്തിന്റെ പിന്തുടർച്ചാവകാശക്കാര്യത്തിൽ മാർ ദീവന്നാസ്യോസ് ഉറച്ചുനിന്നതിനാൽ അനുരഞ്ജനം അസാധ്യമായി. റോമൻ സഭാധികൃ തർക്ക് ഈ കുടുംബാവകാശവാദം സ്വീകാര്യമായില്ല. വിദേശികളുടെ കൈവെപ്പവകാശം സ്വീകരിച്ചുവെങ്കിലും അർക്കദിയാക്കോനെ കുടുംബാ

വകാശമായി നിയമിക്കാനുള്ള വ്യവസ്ഥയിൽ ആറാം മാർത്തോമ്മായും കൂട്ടരും ഉറച്ചുനിന്നതിനാൽ സമ്മേളനം പരാജയപ്പെട്ടു' (പുറം 719).

ആറാം മാർത്തോമ്മായുടെ ജീവിതത്തിലെ നിർണ്ണായകമായ വഴിത്തിരിവായിരുന്നു അത്. കുറവിലങ്ങാട് കത്തോലിക്കാ ഇടവകയിൽ ജനിച്ചുവളർന്ന അദ്ദേഹത്തിന് കത്തോലിക്കാ വിശ്വാസചൈതന്യം ജന്മനാ ലഭിച്ചിരുന്നു. പകലോമറ്റം കുടുംബക്കാരൻ മെത്രാൻസ്ഥാനത്തിന് അനിവാര്യനെന്ന് വന്നപ്പോൾ ദത്തു മൂലം ആ കുടുംബത്തിന്റെ മേൽവിലാസം നേടിയവർപോലും മെത്രാൻസ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ടു. അതും ലഭ്യമാവാതെ വന്നപ്പോൾ കത്തോലിക്കാ സഭാംഗമായ പകലോമറ്റം കുടുംബക്കാരനെ തേടുകയായിരുന്നു. ഈ തടവറയിൽ നിന്ന് മോചനം നേടുക എളുപ്പമല്ലായിരുന്നു. എന്നാൽ മലങ്കരയിലെ ഇരുവിഭാഗങ്ങളിലായി മത്സരിച്ച് കഴിഞ്ഞു നിന്നിരുന്ന സുറിയാനി പാരമ്പര്യം ഉള്ളവർ തന്റെ നേതൃത്വത്തിൽ ഏകീകരിക്കപ്പെടുന്നത് അദ്ദേഹത്തിന് സന്തോഷവുമായിരുന്നു. ആഭ്യന്തരകലഹങ്ങളും മാത്തുതരകന്റെ ഉപദ്രവങ്ങളും കൂടി ആയപ്പോൾ കാര്യങ്ങൾക്ക് ഗതിവേഗം കൂടി. ഇട്ടൂപ്പ് റൈട്ടർ കാര്യങ്ങളെ നിരീക്ഷിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"പുത്തൻകൂർ സുറിയാനിക്കാരെയും റോമ്മാവഴക്കത്തിലേക്ക് ചേർക്കണമെന്ന് വച്ച് മാത്തുതരകൻ ഏറിയനാളായി ഉദ്ദേശിച്ചത് നടക്കായ്കയാൽ മേൽപ്രകാരം മുതലും പിടിച്ചു പറിപ്പിപ്പാൻ ഉത്സാഹിച്ചതിലും പുത്തൻകൂർ സുറിയാനിക്കാർ അനുസരിക്കാതെയിരുന്നതിനാൽ ഒടുവിൽ സർക്കാർ മുഖാന്തിരം ഉത്തരവയച്ച് മെത്രാപ്പോലീത്തായെ ആലപ്പുഴയ്ക്ക് വരുത്തി. തത്തമ്പിള്ളി പള്ളിയിൽ താമസിച്ചുകൊണ്ട് സുറിയാനിക്കാരിൽ പ്രധാനപ്പെട്ട കത്തങ്ങളെയും അയ്മേനികളെയും ഉത്തരവിൻപ്രകാരം അരീക്കാർ ചെന്ന് കൊണ്ടുവന്ന് അവിടെവച്ച് അമ്മീറാ വച്ച് പത്തീറാ എടുത്ത് സുറിയാനിക്കാരെക്കൊണ്ട് കുർബ്ബാന ചൊല്ലിക്കുന്നതിനും അതിന്ന് മുമ്പിനാലെ നടപ്പായി ആചരിച്ചുവരുന്ന ബുധനാഴ്ച നോമ്പിൽ അവരെ ഇറച്ചി തീറ്റിച്ച് നോമ്പ് ലംഘിപ്പിക്കുന്നതിനും കല്പിച്ച് കൂട്ടിയുംകൊണ്ട് ബുധനാഴ്ച ദിവസത്തെ വലിയ സദ്യവട്ടം കൂട്ടിയതിൽ മനസ്സില്ലാമനസ്സോടെ ചെന്നവരിൽ ചിലർ സദ്യയിൽ കൂടി. എന്നാൽ മെത്രാപ്പോലീത്തായ്ക്ക് തന്നെയും മാത്തുതരകന്റെ ഉപദ്രവത്തെയും മറ്റു ചില ആന്തരങ്ങളെപ്പറ്റിയും റോമ്മായ്ക്ക് കീഴ്വഴങ്ങിക്കൊള്ളാമെന്ന് ഒരു ചെറുമനസ് ഉണ്ടായിരുന്നു. സമ്മതം വരായ്കയാൽ ഖണ്ഡിച്ച് ഒന്നും പ്രവർത്തിപ്പാൻ പാടില്ലായിരുന്നു. തരകന്റെ നിർബ്ബന്ധത്താൽ എന്ന ഭാവം നടിച്ചുംകൊണ്ട് 'അമ്മീറാ വച്ച് പത്തീറാ എടുത്ത് കുർബ്ബാന ചൊല്ലട്ടേ' എന്ന് പള്ളിയുടെ മദ്ബഹായിൽ നിന്നുകൊണ്ട് ദുഃഖത്തോടെ കൂട്ടരോട് വിട ചോദിച്ചുകൊണ്ട് തുടങ്ങുമ്പോഴേക്ക്, അന്നത്തെ പ്രമാണക്കാരൻ കോട്ട

യത്ത് താടിക്കാരൻ എടവഴിക്കൽ കുഞ്ചെറിയാൻ, കിഴക്കേതിൽ കൊച്ചു പോത്തൻ, വെട്ടിക്കുന്നേൽ വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാർ മുതൽപേരുടെ ഭാഗം സുറിയാനിക്കാരിൽ മിക്ക കത്തങ്ങളും മൂപ്പന്മാരും ജനങ്ങളും ഒത്തുനിൽക്കുകയാൽ, 'അങ്ങു തന്നെ കഴിച്ചുകൊണ്ടാട്ടേ, ഞങ്ങൾ ഇതാ പോകുന്നു' എന്ന് പറഞ്ഞുകൊണ്ട് ചിലർ ഉടൻ വള്ളം കയറി അത് വഴി നിരണത്ത് ചെന്ന് ഈ വസ്തുത അറിയിച്ച് നമുക്ക് ഇനി വേറെ ഒരു മെത്രാനെ നിശ്ചയിക്കണമെന്ന് അവിടെ കൂട്ടരുമായി ആലോചിച്ചു" (പുറം 143–145).

മുമ്പ് പലവട്ടം റോമ്മിന് കീഴ്വഴങ്ങുവാൻ അപേക്ഷ അയച്ച ആറാം മാർത്തോമ്മാ നിർബ്ബന്ധത്തിന് വഴങ്ങി മാത്രമാണ് റോമ്മായിൽ ചേർന്ന തെന്ന് വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. റോമ്മായിൽ ചേരുവാൻ 6-ാം മാർത്തോമ്മായ്ക്ക് 'ചെറു മനസുണ്ടായിരുന്നു', 'തരകന്റെ നിർബ്ബന്ധ ത്താൽ എന്ന ഭാവം നടിച്ചുകൊണ്ട്' എന്നിങ്ങനെ ഇട്ടൂപ്പ് നടത്തിയ പ്രയോ ഗങ്ങൾക്ക് ഉള്ള ധ്വനിവിശേഷം ഒരു ചരിത്രവിദ്യാർത്ഥിക്ക് അവഗണിക്കാ നാവുകയില്ല. എന്നാൽ അദ്ദേഹത്തിന്റെ ദീർഘകാലത്തെ സ്വപ്നം പരി മിതമായ അളവിലേ നിറവേറിയുള്ളു. കത്തോലിക്കാസഭയിൽ തന്നോ ടൊപ്പം തന്റെ ജനങ്ങളും ചേരുമെന്ന പ്രതീക്ഷ മുഴുവനായും തകർന്നു പോയി. ഇരുഭാഗങ്ങളുടെമേലും ഭരണാധികാരമുള്ള മെത്രാപ്പോലീത്താ ആയി കഴിഞ്ഞുകൂടാമെന്ന പ്രതീക്ഷയും നിറവേറിയില്ല. തന്നോടുകൂടെ തത്തമ്പള്ളിയിലേക്കുപോയ കത്തങ്ങളും ജനപ്രമാണികളും സഭാഭ്രം ശത്തെ അനുകൂലിച്ചിരുന്നെങ്കിൽ കാര്യങ്ങൾ മറ്റൊരുവഴിക്ക് നീങ്ങുമാ യിരുന്നു. തന്റെ സമുദായത്തിൽ തനിക്കുള്ള പിന്തുണയും പ്രതിച്ഛായയും എന്തെന്ന് ആറാം മാർത്തോമ്മാ കയ്പോടെ തിരിച്ചറിഞ്ഞു. താൻ സ്ഥാനം കൊടുത്ത് മെത്രാനായി വാഴിച്ച തന്റെ അനന്തരവൻ പോലും തന്നെ അനുഗമിച്ചില്ല എന്ന സത്യം, അദ്ദേഹത്തിന്റെ മേൽ പതിച്ച തിരസ്കാര ത്തിന്റെ ആഴം ശതഗുണീഭവിപ്പിച്ചു. തത്തമ്പള്ളിയിൽ കത്തോലിക്കാ സഭയുടെ നിയന്ത്രണത്തിൽക്കഴിഞ്ഞ ഏഴ് മാസങ്ങൾ ആത്മപരിശോധ നയുടെ നാളുകളായി മാറി.

വിജയാഹങ്കാരത്താൽ ഉന്മത്തനായ മാത്തുതരകന്റെ ശുക്രദശയും ചരിത്രത്തിൽ അസ്തമിക്കാൻ തുടങ്ങിയ ഘട്ടമായിരുന്നു അത്. ഉപ്പിന് ക്ഷാമം വരികയാൽ ഉപ്പിന്റെ കുത്തകക്കാരനായ തരകന്റെ നേരെ ജനം പ്രക്ഷോഭം കൂട്ടി. അഞ്ചുതെങ്ങിൽ പള്ളിയിലൊളിച്ച തരകനെ ജനം പിടി കൂടി അയാളുടെ ഒരു ചെവി അറുത്തു. ഉപ്പില്ലാതെ തകര വേവിച്ചത് തര കനെ ബലം പ്രയോഗിച്ച് തീറ്റിച്ചു. സുറിയാനി സമുദായത്തെ ദ്രോഹിച്ച തിന്റെ ഫലമായിട്ടാണ് ഇങ്ങനെയൊക്കെ വന്ന് ഭവിച്ചതെന്ന് ഒരു വ്യാഖ്യാ നമുണ്ടായി. കത്തോലിക്കാസഭയിൽ ചേർന്ന ആറാം മാർത്തോമ്മാ

നാട്ടിലെ സംഭവവികാസങ്ങൾ നിരീക്ഷിക്കുന്നുണ്ടായിരുന്നു. മാതൃസഭ യിലേക്ക് തിരിയെ ചേരുവാൻ അദ്ദേഹം ആഗ്രഹിക്കുന്നതായി കേട്ടപ്പോൾ നിരണത്ത് ചേർന്ന പ്രതിപുരുഷയോഗത്തിലേക്ക് അദ്ദേഹത്തെ വരുത്തി.

“ഈ ഉണ്ടായ വിവരങ്ങൾ ഒക്കെയും നിരണത്ത് കൂട്ടംകൂടിയിരിക്കു ന്നേടത്ത് കേൾക്കപ്പെടുകയാൽ ഉടനെ മെത്രാപ്പോലീത്തായെ അവിടെ വരുത്തി. പത്തീറാ എടുത്ത് മെത്രാപ്പോലീത്താ തത്തമ്പിള്ളിയിൽ കുർ ബാന ചൊല്ലിയതിൽ തനിക്ക് പ്രായശ്ചിത്തമായി അന്നത്തെ 72 പള്ളി കൾക്കും ഇരുപത് മൂന്നിന്മേൽ കുർബാന വീതം മെത്രാപ്പോലീത്താ ചെലവ് ചെയ്തു കഴിപ്പിക്കത്തക്കവണ്ണം യോഗം നിശ്ചയിക്കയാൽ അതി ന്മണ്ണം പള്ളികൾക്ക് സാധനം അയച്ച് തിരികെ മെത്രാപ്പോലീത്തായെ സ്വീകരിക്കുകയും ചെയ്തു” (ഇട്ടൂപ്പ് റൈട്ടർ, പുറം 145).

(*നിരണം ഗ്രന്ഥവരി* ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ല. പകലോ മറ്റം മെത്രാന്മാർക്ക് പറ്റിയ കളങ്കങ്ങൾ എത്രതന്നെ ചരിത്രത്തിന്റെ അവി ഭാജ്യ ഭാഗമായിരുന്നാലും അവ രേഖപ്പെടുത്താതിരിക്കുവാൻ *നിരണം ഗ്രന്ഥവരി* എപ്പോഴും ശ്രമിച്ചിട്ടുണ്ടെന്ന് ഇവിടെ ഓർക്കാവുന്നതാണ്.)

പ്രായശ്ചിത്തം ചെയ്തു മാതൃസഭയോട് പുനരൈക്യപ്പെട്ട ആറാം മാർ ത്തോമ്മായെ മലങ്കരസഭ സ്വീകരിച്ചുവെങ്കിലും വിശ്വാസപരമായ അദ്ദേ ഹത്തിന്റെ അസ്ഥിരത ജനങ്ങളിലുണ്ടാക്കിയ ആശങ്കകൾ ഒരിക്കലും വിട്ടു മാറിയിരുന്നില്ല. തന്മൂലം അവശേഷിച്ച ജീവിതകാലം തള്ളിനീക്കുവാന ല്ലാതെ ഫലപ്രദമായ നേതൃത്വം വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. 1799-ൽ അദ്ദേഹം ഒപ്പിട്ട് സമർപ്പിച്ച പടിയോലയിലെ പരാമർശങ്ങൾ ഒരു ഭൂതംപോലെ അദ്ദേഹത്തെ ജീവപര്യന്തം പിന്തുടർന്നു. ആ പടിയോല ഇപ്രകാരമാണ്:

“നമ്മുടെ കാരണവന്മാരായിട്ട് ശുദ്ധ മാർപാപ്പായെ കീഴ്‌വഴങ്ങി ഈശോമശിഹായുടെ 1590-ാം കാലത്തോളവും റോമ്മാപള്ളിക്കു വഴ ക്കമുള്ള കൽദായ സുറിയാനിക്കാരുടെ ക്രമംപോലെ നാം എല്ലാവരും അനുസരിച്ച് നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്ന് റോമ്മാ വഴ ക്കമുള്ള മേല്പട്ടക്കാർ മലയാളത്തിൽ വരായ്കകൊണ്ടും നമ്മുടെ മേല്പ ട്ടക്കാർ ഇല്ലാതിരിക്കുമ്പോൾ ഗോവയുടെ മാർ അല്ലേസോസ് മെത്രാപ്പോ ലീത്താ മാർപാപ്പായുടെ കല്പനയാലെ മലങ്കരവന്ന് ഉദയംപേരൂർ സുന്ന ഹദോസ് കൂടി കല്പിച്ചിരുന്നപ്രകാരം 1652 കാലത്തോളം നാം എല്ലാ വരും ഏകോൽഭവിച്ച് നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പ ട്ടക്കാരൻ വന്നാറെ; സാമ്പാളൂർക്കാർ അന്ന് കൊച്ചിക്കോട്ടയിൽ പ്രമാണ മായിരിക്കുന്ന പറങ്കികളെ ....മാക്കി അപായം വരുത്തുകകൊണ്ട് മല ങ്കര എടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽക്കൂടി സാമ്പാളൂർ

ക്കാരെ ജാതി യജമാനന്മാരായിട്ട് കൈക്കൊള്ളുകയില്ലെന്ന് സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ട് പള്ളിയിൽ വച്ച് മേല്പട്ടക്കാർ കൂടാതെ യോഗമായിട്ട് തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചതിന്റെ ശേഷം ഓരോ കർമ്മങ്ങൾകൊണ്ട് വിചാരിച്ച് രണ്ട് തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ, മുമ്പേ നമ്മുടെ കാരണവന്മാർ ഏകോൽഭവിച്ച് നടന്ന് വന്നതിന്മണ്ണം ശുദ്ധ മാർപാപ്പായെ കീഴ്വഴങ്ങി ഉദയംപേരൂർ സുന്നഹദോസിൽ കല്പിച്ചതിൻവണ്ണം കുർബ്ബാനയും നമസ്കാരവും നോമ്പും ശേഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടു കൂറ്റുമ്പുറത്തുകാരും ഒന്നായിട്ട് അനുസരിച്ച് നടന്നുകൊള്ളത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്ത് നടന്നുവരുന്നത് ഉപേക്ഷിച്ച് ഉർബാനോസ് എന്ന എട്ടാം മാർപാപ്പായുടെ കാലത്തിൽ കിഴക്കിനടുത്ത പള്ളിക്കാർക്ക് കല്പിച്ചിരിക്കുന്ന വിശ്വാസസത്യങ്ങൾക്ക് തക്കവണ്ണം അനുസരിച്ച് സത്യവും ചെയ്തു മാർപാപ്പായുടെ കല്പനപോലെ വഴങ്ങി നടന്നുകൊള്ളുമാറ് സമ്മതിച്ച് മശിഹാ പെറന്നിട്ട് 1799-ാം കാലം പഴയ കണക്കിൽ ഇടവമാസം 20-ാം തീയതി ആലപ്പുഴ മാർ സ്ലീബാ പള്ളിയിൽ വച്ച് ബാവായുടെയും പുത്രന്റെയും റൂഹാദ്കുദിശായുടെയും നാമത്താലെ രണ്ട് കൂറ്റുമ്പുറത്തുള്ള പള്ളിക്കാരും കൂടി സത്യമായിട്ട് എഴുതിവച്ച പടിയോല" (*മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം*, പു. 206, ഫാ. ഇഞ്ചക്കലോടി, *മാർ ഈവാനിയോസ്*, പുറം 226). *നിരണം ഗ്രന്ഥവരി* സ്വാഭാവികമായും ഈ പടിയോലയെ തമസ്കരിച്ചിരിക്കുന്നു.

പകലോമറ്റം മെത്രാച്ചൻ കൂനൻകുരിശിൽ വച്ച് ചെയ്ത പൂർവികരുടെ പ്രതിജ്ഞയോടും മട്ടാഞ്ചേരി പടിയോലയിലെ നിശ്ചയങ്ങളോടും തുടർച്ചയായി കാണിച്ചുപോന്ന അവിശ്വസ്തത ആ കുടുംബവാഴ്ചയെ നിരാകരിക്കുവാൻ അനുയോജ്യമായ കാലാവസ്ഥ സഭയിൽ സംജാതമാക്കി. തെക്കൻ പ്രദേശങ്ങളിൽ കായംകുളം പീലിപ്പോസ് റമ്പാനും വടക്കൻ പ്രദേശങ്ങളിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും നൽകിയ നേതൃത്വം സഭയിൽ പുതിയ ആശാകിരണങ്ങൾ ഉളവാക്കി. കായംകുളം, കുന്നംകുളം എന്നീ പ്രദേശങ്ങളിൽ അവർ നടത്തിവന്ന മല്പാൻ പള്ളിക്കൂടങ്ങൾ പുതിയ ആശയങ്ങൾ സഭയിൽ പ്രചരിപ്പിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പകലോമറ്റം കുടുംബവാഴ്ചയ്ക്ക് വൻ ഭീഷണിയായിത്തീർന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ ജനസ്വാധീനത്തെ ഇല്ലായ്മ ചെയ്യാൻ *നിരണം ഗ്രന്ഥവരി*യും മറ്റും പല വിലകുറഞ്ഞ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു:

1. ടിപ്പു സുൽത്താൻ പാലൂർ-ചാട്ടുകുളങ്ങര ക്രൈസ്തവകേന്ദ്രം ആക്രമിച്ചപ്പോൾ ഇട്ടൂപ്പ് മല്പാൻ ഇസ്ലാം സ്വീകരിച്ചു. 2. അക്കാലത്ത് ഇട്ടൂപ്പ്

മല്പാൻ കാട്ടുമങ്ങാട്ട് മെത്രാനിൽ നിന്ന് റമ്പാൻസ്ഥാനം സ്വീകരിച്ചു. 3. ഈ നിയമവിരുദ്ധ പ്രവൃത്തിയിൽ പില്ക്കാലത്ത് പുലിക്കോട്ടിൽ റമ്പാൻ പശ്ചാത്തപിച്ചു. 6-ാം മാർത്തോമ്മാ നിശ്ചയിച്ച പ്രായശ്ചിത്തം ചെയ്ത് 6-ാം മാർത്തോമ്മായോട് ഐക്യപ്പെട്ടു. 4. പൂർവിക വിശ്വാസം ത്യജിച്ച് ഇസ്ലാം സ്വീകരിച്ച് വിശ്വാസത്യാഗിയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ കുന്നംകുളത്തെ വിശ്വാസികൾ പരിത്യജിച്ചു. 5. ഗതികെട്ട പുലിക്കോട്ടിൽ മല്പാനെ 6-ാം മാർത്തോമ്മാ അങ്കമാലി പ്രദേശത്തെ ഒരു പള്ളിയിൽ നിയമിച്ചു.

1794-ൽ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ ചിറളയം മാർ ലാസറിന്റെ പള്ളിയിൽ വച്ച് പകർത്തിയെഴുതിയ മുൻ പ്രസ്താവിച്ച പുതിയനിയമ വേദപുസ്തകത്തിൽ തന്റെ ഗുരുവിനെ ദയറോയോ ജോസഫ് (ജോസഫ് റമ്പാൻ) എന്നല്ല പുലിക്കോട്ടിൽ യൗസേപ്പ് കശ്ശീശാ എന്നാണ് പ്രതിപാദിച്ചിട്ടുള്ളത് (1796-ൽ റമ്പാൻ പ്രായശ്ചിത്തം ചെയ്തു എന്ന് *നിരണം ഗ്രന്ഥവരി*, പു. 95). 1794-ൽ ശിഷ്യനായ കുത്തൂർ ഗീവറുഗീസ് ശെമ്മാശൻ തന്റെ ഗുരു റമ്പാനായ വിവരം അറിയാതിരിക്കേ, ടിപ്പു പള്ളിക്ക് തീ വച്ചതും അനേകംപേർ രക്തസാക്ഷികളും ആയ സംഭവം അറിയാതെപോയ *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ഇസ്ലാം സ്വീകരിച്ച വിവരം മാത്രം അറിഞ്ഞു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. 1809-ൽ കണ്ടനാട് സുന്നഹദോസിന്റെ തീരുമാനങ്ങളെ തുടർന്നാണ് മല്പാൻ റമ്പാൻ സ്ഥാനം സ്വീകരിച്ചത്. നേരത്തെ റമ്പാൻസ്ഥാനം സ്വീകരിച്ചിരുന്നെങ്കിൽ അദ്ദേഹത്തെ വീണ്ടും റമ്പാനാക്കാൻ യോഗം തീരുമാനിക്കുമോ? റമ്പാൻസ്ഥാനം പൗരോഹിത്യപദവി അല്ലാത്തതിനാൽ പട്ടംകൊടുക്കലും മുടക്കലും സ്ഥാനത്തുനിന്ന് ഉരിഞ്ഞ് കളഞ്ഞ് നീക്കംചെയ്യലും പുനരഭിഷേകം നടത്തുകയും ഒന്നും വെറും സന്യാസസ്ഥാനമായ റമ്പാൻസ്ഥാനത്തിന്റെ കാര്യത്തിൽ പ്രസക്തമല്ല.

ടിപ്പുവിന്റെ ആക്രമണം 1789-ൽ. അത് കഴിഞ്ഞ് 1794-ൽ ഇട്ടൂപ്പ് മല്പാൻ ചിറളയം വൈദികപരിശീലനകേന്ദ്രത്തിൽ മല്പാനായി പ്രവർത്തിക്കുന്നു. 1800-ൽ കുന്നംകുളത്തുവന്ന ഫ്രാൻസിസ് ബുക്കാനനെ മല്പാൻ, ശിഷ്യനുമൊത്തു സന്ദർശിക്കുന്നു. പള്ളിപണിയിൽ ശക്തൻ തമ്പുരാന്റെ മുമ്പിൽ കുന്നംകുളത്തെ സഭയുടെ പ്രതിനിധിയും 'കർത്തവ്യ'നും ആയി നിവേദനം നടത്തുന്നു. ഇങ്ങനെ കർമ്മനിരതനായി കുന്നംകുളത്തിന്റെ ആത്മീയനേതാവായി പ്രവർത്തിച്ച മല്പാനെ കുന്നംകുളത്തുനിന്ന് നാട്ടുകാർ ബഹിഷ്ക്കരിച്ചു എന്ന് എഴുതിവച്ചതിന്റെ പിന്നിലെ ചരിത്രേതര താല്പര്യങ്ങൾ നമ്മെ അത്ഭുതപ്പെടുത്തുന്നു.

നിയമാനുസൃത മെത്രാനായ മാർ ദീവന്നാസ്യോസിനെ അവഗണിച്ച്

കാട്ടുമങ്ങാട്ട് കൂറിലോസിൽ നിന്ന് റമ്പാൻസ്ഥാനം ഏറ്റതുകൊണ്ടാണ് പുലിക്കോട്ടിൽ മല്പാന് പിഴ കെട്ടേണ്ടി വന്നത് എന്ന് കുര്യൻ തോമസ് വ്യാഖ്യാനത്തിൽ പറയുന്നുണ്ട്. ഏതൊരു ആശ്രമസ്ഥനും നൽകാവുന്ന ഒന്നാണ് റമ്പാൻസ്ഥാനം എന്നും അതു നൽകുവാൻ മെത്രാന്റെ സാന്നി ധ്യംപോലും ആവശ്യമില്ലെന്നും വ്യാഖ്യാതാവ് അറിയാതെ പോയതാകാം. കൂറിലോസിൽ നിന്ന് റമ്പാൻസ്ഥാനം ഏറ്റിരുന്നാൽപോലും അതിൽ പിഴ കൊടുക്കത്തക്കവിധം ശിക്ഷാർഹമായി ഒന്നുമില്ലെന്ന് ആർക്കാണ് അറി യാൻ വയ്യാത്തത് (*നിരണം ഗ്രന്ഥവരി*യുടെ കൈയെഴുത്തുപ്രതിയിൽ ഇട്ടൂപ്പ് കത്തനാർ റമ്പാൻസ്ഥാനമേറ്റ വിവരവും അതിന് പിഴ കെട്ടിയ വിവരവും വരികൾക്കിടയിൽ പിന്നീടാരോ കൂട്ടിച്ചേർത്തെഴുതിയതാണെന്ന് ഈ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. കയ്യെഴുത്തുപ്രതി അച്ചടിയിൽ വന്ന പ്പോൾ വരികൾക്കിടയിൽ കൂട്ടിച്ചേർത്ത ഈ പ്രസ്താവനയുടെ നിജ സ്ഥിതി വ്യാഖ്യാതാവ് ഒരു ബ്രാക്കറ്റിലെങ്കിലും ചേർക്കാതെ പോയത് ചരിത്രവിദ്യാർത്ഥികളെ വഴിതെറ്റിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.).

ആറാം മാർത്തോമ്മാ മലങ്കരസഭയിൽ പുനരൈക്യപ്പെട്ട് കഴിയുമ്പോ ഴാണ് 1805-ൽ മദ്രാസിലെ സീനിയർ ചാപ്ലെയിൻ ആയിരുന്ന ഡോ. കേർ അദ്ദേഹത്തെ സന്ദർശിച്ചത് (ഇ. എം. ഫിലിപ്പ്, പു. 181). മലങ്കരസഭയിലെ അക്കാലത്തെ സ്ഥിതിഗതികളെ സൂക്ഷ്മമായി ആരാഞ്ഞറിയുവാൻ മദ്രാസ് ഗവണ്മെന്റ് ഡോ. കേറിനെ നിയോഗിച്ചതായിരുന്നു. ഒരുപക്ഷേ, ആ സന്ദർശനത്തിന്റെ അനന്തരഫലമായി 1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ മലങ്കരസഭ സന്ദർശിച്ചു. 'ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ' എന്ന തന്റെ ഗവേഷണ പ്രബന്ധത്തിൽ ഈ സന്ദർശനത്തെ പ്പറ്റി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം കൽക്കട്ടാ ഫോർട്ട് വില്യം കോളജിലെ വൈസ് പ്രിൻസിപ്പൽ ആയിരുന്നു. ബംഗാൾ ഗവണ്മെന്റ് ആണ് അദ്ദേഹത്തെ കേരളത്തിലേക്ക് നിയോഗിച്ചത്. അദ്ദേഹം മാവേലി ക്കര, ചെങ്ങന്നൂർ, കല്ലിശ്ശേരി, റാന്നി, കണ്ടനാട്, അങ്കമാലി, ചാട്ടുകുള ങ്ങര എന്നീ സ്ഥലങ്ങളിലെ പള്ളികൾ സന്ദർശിച്ച വിവരം മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 6-ാം മാർത്തോമ്മായെ അദ്ദേഹം പലതവണ സന്ദർശിച്ചു. ആംഗ്ലേയസഭയും മലങ്കരസഭയും തമ്മിൽ യോജിക്കുന്നതിനെപ്പറ്റിയും, മലയാളത്തിൽ ബൈബിൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റിയും അവർ സംസാരിച്ചു. മൂന്ന് വ്യാഴവട്ടക്കാലത്തിലധികം തന്റെ മാത്രം ഭര ണത്തിലായിരുന്ന മലങ്കരസഭയെപ്പറ്റി 6-ാം മാർത്തോമ്മാ നൽകിയ സാക്ഷ്യം ബുക്കാനൻ രേഖപ്പെടുത്തിയതിപ്രകാരമാണ്:

"മെത്രാൻ എന്നോട് ഇപ്രകാരം പറഞ്ഞു: അധോഗതിയെ പ്രാപിച്ചു കൊണ്ടിരിക്കുന്ന ഒരു സഭയെയാണ് നിങ്ങൾ സന്ദർശിച്ചിരിക്കുന്നത്.

ഞാൻ വൃദ്ധനാണെങ്കിലും സഭയ്ക്ക് അഭിവൃദ്ധി ഉണ്ടാകുമെന്നുള്ള പ്രത്യാശ എന്റെ ഈ വാർദ്ധക്യാവസ്ഥയിലും എന്നെ ഉന്മേഷചിത്തനാക്കുന്നു" (ഫിലിപ്പ്, പു. 181). ബുക്കാനൻ തുടർന്നെഴുതുന്നു: 'വിശുദ്ധ വേദം തർജ്ജിമ ചെയ്തു അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള എന്റെ ആഗ്രഹം പ്രത്യക്ഷപ്പെടുത്തിയപ്പോൾ' ഞാൻ ഈ സംഗതിയെപ്പറ്റി ഗാഢമായി പര്യാലോചിച്ചിട്ടുള്ളതാണ്. അതിന്റെ മേൽനോട്ടം പണ്ഡിതന്മാരായ പുരോഹിതന്മാരുടെ സഹായസഹകരണങ്ങളോടുകൂടി ഞാൻ തന്നെ നിർവഹിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അന്ധകാരനിബിഡമായ ഈ രാജ്യത്ത് അത് സുവിശേഷ പ്രകാശത്തെ ഉത്തേജിപ്പിക്കുന്നതാകയാൽ ദൈവം ആ വേലയെ അനുഗ്രഹിക്കും എന്ന് മെത്രാൻ പ്രസ്താവിച്ചു.'

സുറിയാനിസഭയും ആംഗ്ലിക്കൻസഭയുമായി യോജിക്കുന്നതിനെ സംബന്ധിച്ച് ബുക്കാനനും മെത്രാന്റെ ചാപ്ലെയിനും തമ്മിൽ വലിയ വാദപ്രതിവാദങ്ങൾ നടന്നു. യോജിച്ചതുകൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണെന്ന് ചോദിച്ചപ്പോൾ ബുക്കാനൻ ഇപ്രകാരം മറുപടി പറഞ്ഞു: 'യോജിപ്പിന്റെ ഭവിഷ്യൽ ഗുണങ്ങളിലൊന്ന് ആംഗ്ലിക്കൻ പുരോഹിതന്മാർക്ക് അഥവാ ആംഗ്ലിക്കൻ സഭയിൽ നിന്ന് പട്ടമേറ്റ മിഷനറിമാർക്ക് അനന്തരകാലങ്ങളിൽ ഇന്ത്യയിലുള്ള ഈ സുറിയാനി ക്രിസ്ത്യാനികളുടെ അനവധി ദേവാലയങ്ങളിൽ യഥേഷ്ടം ദൈവവചനം പ്രസംഗിക്കുന്നതിനും റോമ്മാസഭയുടെ വർദ്ധിച്ചുവരുന്ന ശക്തിക്കെതിരായി നിർമ്മലമായ ഉപദേശങ്ങളെ പ്രചരിപ്പിക്കുവാൻ സുറിയാനിക്കാരെ സഹായിക്കുന്നതിനും അനുവാദം കൊടുക്കാമെന്നുള്ളതാണ്. അതുപോലെ തന്നെ മെത്രാനോട് പട്ടംഏൽക്കുന്നവർക്ക് ഇന്ത്യയിലെ ആംഗ്ലിയാപള്ളികളിൽ പ്രസംഗിക്കുകയും ചെയ്യാം.' അപ്പോൾ മെത്രാൻ ഇപ്രകാരം പറഞ്ഞു: '... ഞങ്ങളുടെ സഭയുടെ നൈർമ്മല്യത്തെയും അന്തസ്സിനെയും ഹനിക്കുന്ന സംഗതികളെ പ്രവർത്തിക്കുവാൻ എന്നോട് ആവശ്യപ്പെടാതിരിക്കുന്നപക്ഷം ഇപ്രകാരത്തിലുള്ള ഐക്യത്തിന് എന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണ്.' ഇതിന് ഉത്തരമായി സഭയെ താഴ്ത്തണമെന്ന് ഞങ്ങൾക്ക് ആഗ്രഹമില്ലെന്നും നേരെമറിച്ച് ഞങ്ങൾ അതിനെ സംരക്ഷിക്കുമെന്നും ഞാൻ പറഞ്ഞു. അടുത്ത ദിവസം മെത്രാൻ ഇപ്രകാരം മറുപടി കൊടുത്തയച്ചു: ആംഗ്ലിക്കൻ സഭയുമായുള്ള ഐക്യമോ അല്ലാത്തപക്ഷം ഇരു കക്ഷികൾക്കും പ്രായോഗികവും പ്രയോജനകരവുമായി തോന്നുന്ന ഒരു യോജിപ്പെങ്കിലുമോ ഉണ്ടാക്കുന്നതിന് സാധിക്കുന്നെങ്കിൽ ആയത് ഒരു മഹാഭാഗ്യമായിരിക്കുമെന്ന് മാത്രമല്ല ഇന്ത്യയിൽ മതത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വളരെ സഹായിക്കുന്നതുമായിരിക്കും' (ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ, പു. 130-131).

ഏറെ താമസിയാതെ അന്ന് തെക്കും വടക്കുമായി സുറിയാനി പണ്ഡി

തന്മാരും മല്പാന്മാരുമെന്ന് അംഗീകാരം നേടിയ പുലിക്കോട്ടിൽ ജോസഫ് (ഇട്ടൂപ്പ്) മല്പാനെയും കായംകുളത്ത് പീലിപ്പോസ് റമ്പാനെയും വേദ പുസ്തക പരിഭാഷയുടെ ദൗത്യം ഏല്പിച്ചു. സുറിയാനിഭാഷയിൽ നിന്ന് വിവർത്തനം തയാറാക്കുന്ന മൂന്ന് പുരോഹിതന്മാർക്കുള്ള വേതനം ബുക്കാനൻ നൽകിയതായി അദ്ദേഹത്തിന്റെ ഡയറി (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ) സാക്ഷിക്കുന്നുണ്ട്. 1807-ൽ ജനുവരി 29-ന് കൊച്ചി യിൽ നിന്ന് ബുക്കാനൻ എഴുതിയ ഒരു കത്തിൽ ഇക്കാര്യം വ്യക്തമാ ക്കുന്നത് കാണുക: "... പ്രതിമാസ വേതനം പറ്റുന്ന മൂന്ന് പേർ വിവർത്ത നത്തിൽ വ്യാപൃതരായിരിക്കുന്നു. എന്റെ അസാന്നിദ്ധ്യത്തിൽ കേണൽ മെക്കാളെ വിവർത്തനയജ്ഞത്തിന് മേൽനോട്ടം വഹിക്കുന്നു" (പുറം 97). *നിരണം ഗ്രന്ഥവരി*യും മറ്റും ഇക്കാര്യത്തിൽ പുലിക്കോട്ടിൽ മല്പാന്റെ പേർ തമസ്കരിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവർത്തനത്തിന്റെ ചുമതല കായംകുളം റമ്പാന് മാത്രമാ യിരുന്നു എന്ന് ചിലർ ഇക്കാലത്തും പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ ഇക്കാ ര്യത്തപ്പറ്റി മലങ്കരസഭയുടെ സമകാലസാക്ഷ്യം എന്തെന്ന് പരിശോധി ക്കേണ്ടതാണ്. 1816-ൽ മലങ്കരസഭ സന്ദർശിച്ച ആംഗ്ലിക്കൻ ബിഷപ്പ് തോമസ് മിഡിൽട്ടൺ നൽകുന്ന സാക്ഷ്യം ഇപ്രകാരമാണ്: "... സുറി യാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതു മായ മലയാളം സുവിശേഷപ്പുസ്തകം സുറിയാനി വൈദികർ (എന്നെ) കാണിച്ചു. അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാള പരി ഭാഷ ഉണ്ടായിരുന്നു. ജോസഫ് റമ്പാനാണ് അത് തയാറാക്കിയത്. അദ്ദേ ഹമാണ് ഇപ്പോഴത്തെ മെത്രാൻ'' (മിഡിൽട്ടന്റെ ജീവചരിത്രം, പുറം 284-292). 1806 ഒക്ടോബർ 19-ന് ബുക്കാനൻ തിരുവിതാംകൂർ മഹാരാ ജാവിനെ സന്ദർശിച്ച് തന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തുകയും ഒരു സുറിയാനി വേദപുസ്തകം രാജാവിന് സമ്മാനിക്കുകയും ചെയ്തു.


'ബുക്കാനൻ സായ്പിന്റെ സന്ദർശനം മലങ്കരസഭയിൽ ഉന്മേഷം പക രുവാൻ പര്യാപ്തമായിരുന്നു. പറങ്കികളുടെ വരവ്മൂലം മലയാളത്തിലെ പുരാതന സുറിയാനി ക്രിസ്ത്യാനികൾ വളരെ ഞെരുങ്ങപ്പെട്ടു. എങ്കിലും മശിഹായെപ്രതി ആ കഷ്ടങ്ങളെ സഹിച്ച് സത്യവിശ്വാസം കൈവിടാതെ കാത്തുവന്നവരെന്ന് ഇംഗ്ലീഷുകാരുടെ ഇടയിൽ കേൾക്കപ്പെട്ടിരുന്നു.' ഇട്ടൂപ്പ് റൈട്ടർ തുടർന്നെഴുതുന്നു: "എന്നാൽ 1599-ൽ അല്ലേശു ദെ മെനേ സിസ് എന്ന മെത്രാൻ ബലമായി ഉദയംപേരൂർ സുന്നഹദോസ് കൂടി എല്ലാ സുറിയാനിക്കാരെയും റോമ്മായിൽ ചേർപ്പാൻ ഉത്സാഹിച്ചതിനു ശേഷം ഇവരുടെ സ്ഥിതി ഏതുപ്രകാരമെന്ന് ഏകദേശം 200 സംവത്സര ത്തോളം ഇംഗ്ലീഷുകാർ കേൾക്കായ്കയാൽ, സുറിയാനിക്കാർ ഇപ്പോൾ മലയാളത്തിൽ ഉണ്ടോ എന്ന് സന്ദേഹമായിട്ടും ഉണ്ടെങ്കിൽ സത്യ

ക്രിസ്ത്യാനി മതത്തിന് അടുത്ത തക്ക ആധാരങ്ങൾ അവരിൽ കാണ്മാൻ സംഗതി ഉണ്ടെന്ന് ഊഹിക്കപ്പെട്ടിരിക്കുന്ന സമയമാകുന്നു ബഹു. ഡോ. ബുക്കാനൻ സായ്പ് അവർകൾ സത്യവേദത്തിനടുത്ത പുരാണ ആധാരങ്ങളെ എവിടെയും തിരക്കി സമ്പാദിക്കുന്നതിനുവേണ്ടി അയയ്ക്കപ്പെട്ടത്. താൻ ഓരോ ദിശയിൽ സഞ്ചരിച്ച് 1806-ൽ തുലാം മാസത്തിൽ തിരുവിതാംകൂറും എത്തി. ചെങ്ങന്നൂർ, റാന്നി, കണ്ടനാട്, ഉദയംപേരൂർ, പറവൂർ, അങ്കമാലി മുതലായ സുറിയാനി പള്ളികൾ സഞ്ചരിച്ചതിനിടയിൽ .... ചില പട്ടക്കാരെ കണ്ട് സുറിയാനിക്കാരുടെ വിവരങ്ങൾ ഗ്രഹിക്കുന്നതിന് സംഗതി വരികയും വിശേഷാൽ കണ്ടനാട് വച്ച് ... തനിക്ക് സുറിയാനിഭാഷയും ശീലമായിരിക്കുകയാൽ തമ്മിൽ അന്യോന്യമായി സംസാരിപ്പാനും പരസ്പരം സ്നേഹിപ്പാനും സന്തോഷിക്കാനും ഗുണമായ ചില കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിനും കൂടെ സംഗതിയായി. ബുക്കാനൻ സായ്പവർകൾ ചെങ്ങന്നൂർ എത്തിയാറെ ഇംഗ്ലീഷുകാരെന്ന് സുറിയാനിക്കാരിലും അപ്പോൾ കേൾവി ഉള്ളതല്ലാതെ ഇവരും പാപ്പായുടെ കൈവഴിയിലുള്ളവരെന്ന് ശങ്കിച്ചും മുമ്പിലത്തെ ഭയത്തെ ഓർത്ത് സായിപ്പിനെ ആദ്യം ആ പള്ളിക്കാർ സൽക്കരിപ്പാൻ മടിച്ചു. വേദപുസ്തകത്തെയും വിശ്വാസപ്രമാണത്തെയുംകുറിച്ച് കുറഞ്ഞൊന്ന് തമ്മിൽ സംസാരിച്ച് വിവരം അറിഞ്ഞ ഉടൻ അന്യോന്യത്തിന്റെ വലംകൈ മടിയാതെ കൊടുത്ത് വേണ്ടുംപ്രകാരം ബഹുമാനിച്ചു.

200 സംവത്സരത്തിനപ്പുറം സുറിയാനിക്കാർ റോമ്മാക്കാരുടെ നുകത്തിൻകീഴിൽ കിടന്ന് ഞെരുക്കം ഏൽക്കുക കാരണം രാജകോയ്മയെ സേവിച്ച് പാർക്കയും അതിനാൽ അടിമയിൽ എന്നപോലെ കിടന്ന് സുറിയാനിക്കാർ വലയുന്നു എന്നും മുമ്പിലത്തെ തേജസ് കുറഞ്ഞുപോയിരിക്കുന്നു എന്നും വേദപുസ്തകം എഴുതിയിട്ടുള്ളത് ചുരുക്കവും എഴുതി പരത്തുന്നതിന് പ്രയാസവും ആകയാൽ മുമ്പിലത്തെ ഭക്തിയും കുറഞ്ഞു വരുന്നു എന്നും ചെങ്ങന്നൂർ സക്കറിയാ കത്തനാർ മുതൽപേരുമായി ഉണ്ടായ സംഭാഷണത്തിൽ വച്ച് ഡോ. ബുക്കാനൻ സായിപ്പ് ഗ്രഹിക്കയാൽ അച്ചടിച്ചതിൽ ഒരു സുറിയാനി സുവിശേഷ പുസ്തകം തന്റെ പക്കൽ ഉണ്ടായിരുന്നതിനെ കാണിച്ചാറെ, ഇതിന് മുമ്പിൽ അച്ചടിച്ച പുസ്തകം കാണ്മാൻ സംഗതി വന്നിട്ടില്ലായ്കയാൽ കത്തങ്ങൾ പ്രതി വാങ്ങി അവിടവിടെ തുറന്ന് വായിച്ചുനോക്കി. അതിശയമായി സന്തോഷിച്ചു എന്നാറെ ബിലാത്തിയിൽ നിന്ന് ഏതാനും പുസ്തകങ്ങൾ വരുത്തികൊടുക്കാമെന്ന് സായ്പവർകൾ വാഗ്ദാനം ചെയ്തത് സ്വർണ്ണം കിട്ടുന്ന വാശി എന്ന് വച്ച് സായ്പിനെ വളരെ സ്തുതിച്ചു. വേദപുസ്തകം ജനങ്ങളും അറിവാൻ തക്കവണ്ണം മലയാള ഭാഷയിൽ ശീലമുള്ള കത്തങ്ങളെക്കൊണ്ട് പൊരുൾ തിരിപ്പിച്ച് അച്ചടിച്ചിച്ച് ചുരുങ്ങിയ വിലയ്ക്ക് പള്ളി

കൾക്ക് ആവശ്യമുള്ളവയെ കൊടുക്കാമെന്നും ഇംഗ്ലീഷ് കമ്പനിക്കാരുടെ രാജനീതിയും ചട്ടങ്ങളും വേദപുസ്തകത്തിനടുത്തതാകയാൽ അപ്ര കാരം കഴിയുന്ന സഹായങ്ങൾ ചെയ്ത് സുറിയാനിക്കാരെയും സ്വാത ന്ത്ര്യപ്പെടുത്താമെന്ന് സായ്പവർകൾ പറഞ്ഞ് ആശ്വസിപ്പിച്ചു. ... റോമ്മാ ക്കാരുടെ ശക്തിയെ വിചാരിച്ചാൽ ഇംഗ്ലീഷ് സഭയും സുറിയാനിസഭയും തമ്മിൽ തമ്മിൽ യോജിപ്പായി നടന്നാൽ കൊള്ളാമെന്നുള്ള ഭാവത്തെ ക്കുറിച്ച് ആദ്യം ഗുണദോഷം ചിന്തിച്ചതിൽ വച്ച് സ്വല്പം തർക്കത്തിന് ഇടയാകാതിരുന്നില്ല. അതായത് ഇംഗ്ലീഷുകാർക്ക് കിട്ടിയിരിക്കുന്ന പട്ട ത്തെക്കുറിച്ച് സുറിയാനിക്കാരിൽ വളരെ സംശയമെന്നും ഇംഗ്ലീഷുകാർ വലിയ ജനവും യുദ്ധത്തിന് കീർത്തിപ്പെട്ടവരും ആയിരിക്കും. എന്നാലും മാർഗ്ഗവും പള്ളിയും ഉണ്ടായിട്ട് ഏറെ കാലം ആയിട്ടില്ലല്ലോ. പട്ടം ലഭി ക്കപ്പെട്ടതും ഞങ്ങളുടെ പഴയ ശത്രുക്കൾ ആയ റോമ്മാക്കാരിൽ നിന്നും അല്ലയോ? സുറിയാനിസഭയോ ആദ്യകാലം മുതൽ കറകൂടാതെയും ശ്ലീഹന്മാരുടെ കാലത്തിൽ അവരിൽനിന്നു ലഭിച്ചിരിക്കുന്നു എന്ന ആ പട്ടത്തിനടുത്ത വാഴ്ചക്രമം ഇന്നോളവും മുടക്കംകൂടാതെ നിലനിന്നും ഇരിക്കുന്നതും വേറൊരു സഭയും ഈ ക്രമം ഉണ്ടായപ്രകാരം വിചാരി പ്പാൻ സംശയവും ആയിരിക്കുകയാൽ തമ്മിൽ യോജിച്ചുപോവാൻ പ്രയാ സമായി വരുമെന്ന് മല്പാന്മാർ പറഞ്ഞതിന് സായിപ്പ് അവർകൾ, റോമ്മാ സഭയ്ക്ക് കിട്ടിയിരിക്കുന്ന വാഴ്ചയും ശ്ലീഹന്മാരിൽനിന്നു തന്നെ ആകുന്നു. എന്നാൽ നിങ്ങൾ പറയുംപ്രകാരം റോമ്മാസഭയ്ക്ക് വിശ്വാസത്തിൽ ഭേദ മുണ്ടായിരുന്നാലും കൈവെപ്പിൽ ഒന്നും വ്യത്യാസം വരുവാൻ സംഗതി യില്ലല്ലോ. എന്തെന്നാൽ ഇസ്രായേലിൽ ഒരു മഹാചാര്യൻ ഭ്രഷ്ടനായി രിക്കുന്നതിനെക്കൊണ്ട് പിൻവാഴ്ചക്കാർ ഒക്കെയും ഭ്രഷ്ടരായി വരിക യില്ലല്ലോ. എന്നിങ്ങനെ സായിപ്പവർകളും ഉത്തരം പറഞ്ഞതിന്റെ ശേഷം മെത്രാപ്പോലീത്തായുമായി ആലോചിച്ച് യോജിക്കുന്നതിൽ വച്ച് എന്തെല്ലാം ഗുണങ്ങളെ സിദ്ധിക്കുമെന്ന് മെത്രാപ്പോലീത്താ താല്പര്യ പ്പെടുകയാൽ അക്കാര്യവും സായിപ്പ് തൃപ്തികരമായി വിശദീകരിച്ചു. യോജിപ്പിനെക്കുറിച്ച് ഒരു തീർച്ചസ്ഥിതി ഇപ്പോൾ നിശ്ചയിക്കുന്നതിന് ഇംഗ്ലീഷ് സഭയുടെ അനുവാദം കിട്ടിയിട്ടില്ലെന്നും മെത്രാപ്പോലീത്തായ്ക്ക് സമ്മതമായിരുന്നാൽ എഴുതി അയച്ച് നിദാനം വരുത്താമെന്നും ആലോ ചിച്ചതിനെ പ്രമാണിച്ച് യോജിപ്പിനാൽ വേദവർദ്ധനവിനും മേലിൽ ഐശ്വ ര്യഗുണത്തിനും ഇടയായി വരുമെന്ന് ഉറച്ച് സുറിയാനിക്രമങ്ങൾക്ക് അധി കഭേദങ്ങൾ വരുത്താതെയുള്ള മുറയിൽ യോജിച്ച് നടക്കുന്നത് സമ്മത മെന്ന് മാർ ദീവന്നാസ്യോസ് ഒരു പടിയോല എഴുതി ഒപ്പും മുദ്രയും വച്ച് ബുക്കാനൻ സായിപ്പിന്റെ പക്കൽ കൊടുത്തു. പിന്നെ സായിപ്പ് പാലൂർ, അങ്കമാലി മുതലായ പള്ളികളിലും സഞ്ചരിച്ചാറെ, എത്രയും പുരാണ മായും പഴമയും പുതുമയും കൂടിയതിൽ ഒരു സുറിയാനി വേദപുസ്തകം

അങ്കമാലിയിൽ ഉണ്ടായിരുന്നതിനെ മെത്രാപ്പോലീത്തായുടെ അനുവാദം വരുത്തി സായിപ്പ് അവർകൾക്ക് കൊടുത്തു. ആയത് ബിലാത്തി റാണി മഹാരാജ്ഞിയുടെ പുസ്തകശാലയിൽ ഏല്പിക്കപ്പെടുകയാൽ അവിടെ എത്രയും താല്പര്യമായി സൂക്ഷിച്ചുവരുന്നു" (ഇട്ടൂപ്പ് റൈട്ടർ, പുറം 146-151).


ക്ലോഡിയസ് ബുക്കാനൻ

ബൈബിൾ വിവർത്തനം, സുറിയാനി ബൈബിളിന്റെ അച്ചടി മുതലായ കാര്യങ്ങളിൽ ബുക്കാനനുമായുള്ള സഹകരണം അഭികാമ്യമായി മലങ്കരസഭ കരുതിയെങ്കിലും ഒരു യോജിപ്പ് വാഗ്ദാനം ചെയ്ത് മെത്രാപ്പോലീത്താ പടിയോല എഴുതിയതിൽ മലങ്കരസഭയ്ക്ക് പ്രതിഷേധമുണ്ടായിരുന്നു. ഈ പ്രതിഷേധവും മലങ്കരസഭയുടെ സ്വത്വബോധത്തോടുള്ള വിധേയത്വവും ആദ്യമായി രേഖപ്പെടുത്തിക്കാണുന്നത് ആർത്താറ്റ് പടിയോലയിലാണ്. ആറാം മാർത്തോമ്മാ ആദ്യം കത്തോലിക്കാ സഭയ്ക്കും പിന്നീട് ഡോ. ബുക്കാനനും ഒപ്പിട്ട് നൽകിയ പടിയോലകളോടുള്ള ആരോഗ്യകരമായ പ്രതികരണമാണ് ആർത്താറ്റ് പടിയോല.

പാലൂർ-ചാട്ടുകുളങ്ങരപ്പള്ളി 1599-ൽ ആർച്ച് ബിഷപ്പ് മെനേസ്സിസിനെ ആർത്ത് ആട്ടി ഓടിച്ചതിന് ശേഷം ആർത്താട്ടുകാരുടെ പള്ളി എന്ന് അറിയപ്പെട്ടു. റോമ്മാക്കാരുമായുള്ള വഴക്കുനിമിത്തം പതിറ്റാണ്ടുകളായി അടഞ്ഞുകിടക്കുകയും 1779-ലെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തീവച്ച് നശിപ്പിക്കപ്പെടുകയും 1800-ൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ മേല്പുരയില്ലാത്ത നിലയിൽ കാണുകയും ചെയ്ത ദേവാലയം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ നിരന്തരമായി നടത്തിയ പരിദേവനങ്ങളുടെ ഫലമായി ശക്തൻ തമ്പുരാൻ എന്ന കൊച്ചി രാജാവിന്റെ നിർദ്ദേശപ്രകാരം നറുക്കെടുപ്പിലൂടെ ശാശ്വതമായി തർക്കമൊഴിഞ്ഞ് സുറിയാനിക്കാർക്കായി ലഭിക്കുകയും ചെയ്ത പാലൂർ-ചാട്ടുകുളങ്ങര പള്ളിയിലേക്ക് ആറാം മാർത്തോമ്മാ ക്ഷണിക്കപ്പെട്ടു. റോമ്മാക്കാർക്കും ഇംഗ്ലീഷുകാർക്കും രണ്ട് പടിയോലകൾ ഒപ്പിട്ടു നൽകിയ മെത്രാപ്പോലീത്തായ്ക്ക്, ചാട്ടുകുളങ്ങര സുറിയാനിക്കാർ മാർത്തോമ്മാശ്ലീഹായുടെ പൈതൃകം തുടിക്കുന്ന പൗരുഷം തുളുമ്പുന്ന ഒരു ബദൽ പടിയോല ഒപ്പിട്ടു സമർപ്പിച്ചു.

പടിയോലയെപ്പറ്റി കൂടുതൽ വിവരങ്ങൾ പിന്നീട് പ്രതിപാദിക്കുന്നതാണ്. പടിയോലയുടെ ശബ്ദവും ധ്വനിയും അന്നത്തെ ചുറ്റുപാടിൽ

സുവ്യക്തമായിരുന്നു. 6-ാം മാർത്തോമ്മായ്ക്ക് ലഭിച്ച പടിയോല *നിരണം ഗ്രന്ഥവരി* ഉൾപ്പെടെ എല്ലാ സഭാചരിത്രങ്ങളും അടുത്തകാലംവരെ തമസ്കരിച്ചുപോന്നു.

981 (1805) കന്നി 18-ന് തിങ്കളാഴ്ച ഒരു ദീയസ്ക്കോറോസ് മെത്രാനും ഒരു അന്തോണിയോസ് ശെമ്മാശനും കൊച്ചിയിലെത്തി. ഇവരുടെ സന്ദർശനോദ്ദേശ്യം അറിഞ്ഞുകൂടാ. ഇദ്ദേഹത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് ശ്ലൈഹിക പ്രതിനിധിയായി മെത്രാന്മാരെ വാഴിക്കുവാനുള്ള അധികാരപത്രവുമായി അയച്ചു എന്ന് കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പാ വിവരിച്ചിട്ടുണ്ട്. എന്നാൽ ഇദ്ദേഹം വരുമ്പോൾ 6-ാം മാർത്തോമ്മായും ജൂണിയർ മെത്രാനും മലങ്കരയിൽ ഉണ്ടായിരുന്നതിനാൽ 1809 മേടം 3-ന് അദ്ദേഹം തിരിച്ചയക്കപ്പെട്ടു. ഇവിടെ നാലു വർഷത്തോളം അദ്ദേഹം ഉണ്ടായിരുന്നു. മനസ്സിന്റെ സമനില തെറ്റിയ ഒരാൾ എന്ന നിലയിൽ അദ്ദേഹത്തെ *നിരണം ഗ്രന്ഥവരി* ചിത്രീകരിച്ചത് ആറാം മാർത്തോമ്മായുമായി അദ്ദേഹം രമ്യതയിലല്ലായിരുന്നതിനാലാകാം (*നിരണം ഗ്രന്ഥവരി*, പുറം 110-117). മാർ ദീയസ്ക്കോറോസ് പൗരസ്ത്യ സുറിയാനി പാരമ്പര്യമുള്ള ആൾ ആയിരുന്നു. പൗരസ്ത്യ സുറിയാനി ഭാഷയിൽ അദ്ദേഹം പകർത്തി എഴുതിയ പഴയനിയമ വേദപുസ്തകത്തിന്റെ മൂന്ന് വാല്യങ്ങൾ ഈ ഗ്രന്ഥകാരൻ കുന്നംകുളം ചിറളയം പള്ളിയിൽ പരിശോധിച്ചിട്ടുണ്ട്. മനസ്സിന്റെ സമനില തെറ്റിയ ഒരാൾ അപ്രകാരം ചിട്ടയായി പഴയനിയമ വേദപുസ്തകത്തിന്റെ പകർത്തിയെഴുത്ത് പൂർണ്ണമായി നടത്തുമെന്ന് ഈ ഗ്രന്ഥകാരൻ കരുതുന്നില്ല. 6-ാം മാർത്തോമ്മായുമായി പൊരുത്തപ്പെടാതിരുന്ന സാഹചര്യത്തിലാവാം *നിരണം ഗ്രന്ഥവരി* അദ്ദേഹത്തെ ചിത്തഭ്രമക്കാരനായി ചിത്രീകരിച്ചത്. 1808-ൽ നിരണത്ത് ചേർന്ന ഒരു യോഗം മാർ ദീയസ്ക്കോറോസിനെ ബഹിഷ്ക്കരിക്കുവാൻ നിശ്ചയിച്ചു.


6-ാം മാർത്തോമ്മാ 1808 മീനം 16 മുതൽക്ക് രോഗശയ്യയിലായി. ഫിലിപ്പോസ് റമ്പാച്ചൻ അദ്ദേഹത്തിന്റെ തൈലാഭിഷേക ശുശ്രൂഷ നടത്തി. മീനം 27-ന് 40-ാം വെള്ളിയാഴ്ച അദ്ദേഹം നിരണത്ത് വെച്ച് കാലം ചെയ്തു. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷപ്രകാരം അദ്ദേഹം പണിയിച്ച പുത്തൻകാവ് പള്ളിയിൽ 29-ന് ഓശാനാ ഞായറാഴ്ച അദ്ദേഹത്തെ കബറടക്കി.

1770 മുതൽ 1808 വരെ മലങ്കരസഭയുടെ നിയമാനുസൃത മെത്രാപ്പോലീത്താ ആയി ഭരണം നടത്തിയ 6-ാം മാർത്തോമ്മായുടെ ജീവിതകാലം സുദീർഘമായിരുന്നു; സംഭവബഹുലവുമായിരുന്നു. പക്ഷേ, അവ പലതും സഭയുടെ തേജസ് വർദ്ധിപ്പിക്കുന്നവയായിരുന്നില്ല. ക്ഷയോന്മുഖമായ ഒരു സഭ എന്ന് അദ്ദേഹം സ്വന്തം ഭരണത്തിലുള്ള സഭയെ വിശേഷിപ്പിച്ചത് തന്മൂലമാണ്. കത്തോലിക്കാ സഭയുമായുള്ള ലയനം, ബുക്കാനന്

നൽകിയ പടിയോല, മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാന മാവാൻ പണിയപ്പെട്ട പുത്തൻകാവ്പള്ളി, മാർ ദീയസ്ക്കോറോസുമായുള്ള സംഘർഷങ്ങൾ, മലങ്കരയുടെ വടക്കൻ കേന്ദ്രങ്ങളോട് പുലർത്തിയ അവഗണന തുടങ്ങി പല സംഗതികളും അദ്ദേഹത്തിന്റെ സുദീർഘകാലത്തെ തേജസ്സുറ്റതാക്കിയില്ല എന്ന സത്യം അവശേഷിക്കുന്നു. എങ്കിലും മലങ്കരസഭാചരിത്രത്തിൽ അദ്ദേഹം അറിയപ്പെടുന്നത് 'വലിയ മാർ ദീവന്നാസ്യോസ്' എന്നാണ്.

ഏഴാം മാർത്തോമ്മാ

പകലോമറ്റം കുടുംബത്തിലെ മാത്തൻ കത്തനാരെ 1794 മേടം 7-ന് കായംകുളം പീലിപ്പോസ് കത്തനാരോടൊന്നിച്ച് 6-ാം മാർത്തോമ്മാ റമ്പാൻ ആക്കിയ വിവരവും 1796 മേടം 24-ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാത്തൻ റമ്പാനെ മെത്രാനാക്കിയ വിവരവും നേരത്തെ പ്രസ്താവിച്ചിരുന്നു. *നിരണം ഗ്രന്ഥവരി* ഇദ്ദേഹത്തെ ഇളയ അച്ചൻ (ജൂണിയർ മെത്രാൻ) എന്ന പേരിലാണ് വിശേഷിപ്പിച്ചിട്ടുള്ളത്; ആറാം മാർത്തോമ്മായെ വലിയ അച്ചൻ (സീനിയർ മെത്രാൻ) എന്നും. ആറാം മാർത്തോമ്മാ 1808-ൽ കാലം ചെയ്യുന്നതുവരെ ഒരു വ്യാഴവട്ടക്കാലം ഏഴാം മാർത്തോമ്മാ ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. ഒരുപക്ഷേ ഇദ്ദേഹം ആറാം മാർത്തോമ്മായ്ക്ക് അനഭിമതൻ ആയിരുന്നുവോ? തന്മൂലമാണോ അദ്ദേഹത്തെപ്പറ്റി *നിരണം ഗ്രന്ഥവരി* മൗനം പുലർത്തുന്നത്? ആറാം മാർത്തോമ്മാ റോമ്മാവിശ്വാസം സ്വീകരിച്ച് പടിയോല എഴുതി മാതൃസഭയെ പരിത്യജിച്ചപ്പോൾ 7-ാം മാർത്തോമ്മാ അദ്ദേഹത്തെ അനുഗമിച്ചില്ല എന്നാണ് അദ്ദേഹത്തിന്റെ നിലപാടുകൾ വ്യക്തമാക്കുന്നത്. മരണം വരെയും സഭയുടെ ഔദ്യോഗിക ഭരണനിർവഹണ രംഗങ്ങളിൽ താൻ വാഴിച്ച യുവ മെത്രാനെ ആറാം മാർത്തോമ്മാ പങ്കെടുപ്പിച്ചതായി കാണുന്നില്ല. ആറാം മാർത്തോമ്മായുടെ തൈലാഭിഷേകം, കബറടക്കം എന്നിവയിൽ 7-ാം മാർത്തോമ്മാ സംബന്ധിക്കാതിരുന്നതിന്റെ കാരണം അജ്ഞാതമാണ്. കബറടക്കിയശേഷം പിറ്റേന്ന് തിങ്കളാഴ്ചയാണ് 'ചെറിയച്ചൻ' വന്നതെന്ന് *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നു (പുറം 118). 7-ാം മാർത്തോമ്മായുടെ അതുവരെയുള്ള പ്രവർത്തനം വടക്കൻ ഇടവകകളിൽ മാത്രമായി പരിമിതപ്പെട്ടിരുന്നു എന്ന് അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. '1808 മേട മാസം 23-ന് ചെറിയച്ചൻ നിരണത്തു ചെന്ന് മുറി തുറപ്പിച്ച് മുതൽകാര്യങ്ങളും എടുത്ത് കാര്യങ്ങളും വിചാരിച്ചു വന്നു' എന്നാണ് *നിരണം ഗ്രന്ഥവരി*യുടെ സാക്ഷ്യം (പു. 119). 7-ാം മാർത്തോമ്മായുടെ ഭരണത്തെപ്പറ്റി *നിരണം ഗ്രന്ഥവരി* യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരന് അദ്ദേഹം അനഭിമതനായിരുന്നു എന്ന് തോന്നുന്നു. 6-ാം മാർത്തോമ്മായുടെ ഒന്നാം ചരമവാർഷികത്തിന്



7-ാം മാർത്തോമ്മാ പുത്തൻകാവിൽ ഉണ്ടായിരുന്നു. അവിടെവച്ച് തന്റെ സതീർത്ഥ്യൻ ആയിരുന്ന കായംകുളം റമ്പാനുമായി ചില വഴക്കുകൾ ഉണ്ടായി എന്ന് *നിരണം ഗ്രന്ഥവരി*യിൽ പ്രസ്താവമുണ്ടെങ്കിലും അതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. 7-ാം മാർത്തോമ്മായുടെ ശിഷ്ടജീവിതം വിലയിരുത്തുമ്പോൾ ഈ കാര്യത്തിൽ ചില അനുമാനങ്ങൾ സാധ്യമാണ്. അവ താഴെ ചേർക്കുന്നു:

1. 6-ാം മാർത്തോമ്മാ ആഗ്രഹിച്ചതുപോലെ സഭയുടെ ആസ്ഥാനം നിരണത്തോ പുത്തൻകാവിലോ അല്ല മലങ്കരസഭയിലെ പ്രാചീനവും വിപുലവുമായ ഇടവകകൾ സ്ഥിതിചെയ്യുന്ന വടക്കൻ പ്രദേശത്ത് ആണ് ക്രമീകരിക്കേണ്ടത് എന്ന് അദ്ദേഹം സകാരണം ശക്തമായ നിലപാട് സ്വീകരിച്ചു.

2. പകലോമറ്റം മേൽവിലാസത്തിലുള്ള ആൾ മാത്രമേ മെത്രാൻസ്ഥാനത്ത് വരാവൂ എന്ന ശാഠ്യം സഭയ്ക്ക് ഗുണം ചെയ്യില്ലെന്നും ഈ ശാഠ്യത്തിനെതിരായി സഭയിൽ അങ്ങിങ്ങ് പടർന്നുവരുന്ന ബഹുജനാഭിപ്രായം മാനിക്കണമെന്നും അദ്ദേഹം നിലപാട് സ്വീകരിച്ചത് പകലോമറ്റം തീവ്രവാദികൾക്ക് സമ്മതമായില്ല.

3. കൂനൻകുരിശ്സത്യത്തെ തുടർന്ന് സഭ നടപ്പിൽ വരുത്തിയ ക്രമീകരണത്തെ അനുസ്മരിപ്പിക്കുമാറ് ഏറ്റവും കുറഞ്ഞത് രണ്ട് ഉപദേഷ്ടാക്കളുടെ സഹായം മെത്രാൻ സ്വീകരിക്കണമെന്ന 7-ാം മാർത്തോമ്മായുടെ ചിന്ത പാരമ്പര്യവാദക്കാർക്ക് സ്വീകാര്യമായില്ല.

4. പകലോമറ്റം മേൽവിലാസത്തിൽ മെത്രാൻ സ്ഥാനമേറ്റ തിരുവിതാംകൂർ പ്രജ കൂടിയായ ഏഴാം മാർത്തോമ്മാ പകലോമറ്റം വംശത്തിന്റെ വേരറുക്കുന്നതിലും കൊച്ചി പ്രദേശത്തിന് പ്രാമുഖ്യം നൽകുന്നതിലും നിരണം-പുത്തൻകാവ് പ്രദേശത്തുള്ളവർ പ്രതിഷേധിച്ചു.

ഏഴാം മാർത്തോമ്മാ തന്റെ വിലയിരുത്തലുകൾ ഉപേക്ഷിക്കാൻ തയാറായിരുന്നില്ല. 6-ാം മാർത്തോമ്മായുടെ ഒന്നാം ചരമവാർഷികത്തിൽ നടന്ന പള്ളിക്കാരുടെ യോഗത്തോടെ വിയോജിപ്പ് തുറന്ന് പ്രകടിപ്പിച്ച അദ്ദേഹം

ഒരു മാസം കഴിഞ്ഞ് ഇടവത്തിൽ കണ്ടനാട് വന്ന് അവിടെ ആസ്ഥാനം ക്രമീകരിച്ചു. ചരിത്രത്തിൽ തന്റെ പേർ അനശ്വരമാക്കുന്ന രണ്ട് നടപടികൾ അദ്ദേഹം താമസംവിനാ സ്വീകരിച്ചു.

1. 1808 ഡിസംബർ മാസത്തിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ 3000 പൂവരാഹൻ ഇദ്ദേഹം മലങ്കരസഭയുടെ പേരിൽ പലിശയ്ക്ക് നിക്ഷേപിച്ചു. ഈ സംഖ്യയാണ് പിൽക്കാലത്ത് 'വട്ടിപ്പണം' എന്ന പേരിൽ അറിയപ്പെട്ടത്. എട്ട് ശതമാനം വാർഷിക പലിശപ്രകാരം അതിൽ 240 വരാഹൻ (840 രൂപ) ഇതിൻപ്രകാരം സഭയ്ക്ക് ലഭിച്ചുകൊണ്ടിരുന്നു. മലങ്കരസഭയുടെ ആദ്യത്തെ പൊതുനിക്ഷേപം എന്ന നിലയിൽ ഈ സംഭവം ചരിത്രപ്രാധാന്യം അർഹിക്കുന്നു (ആധുനിക കാലത്ത് തീരെ നിസ്സാരമായ ഒരു സംഖ്യയാണിതെന്നതിൽ സംശയമില്ല. ആ നിസ്സാരത അവഗണനയായി മാറി. ഇന്ന് ആ നിക്ഷേപത്തിന്റെ രശീതി ചുമതലക്കാർ ചുമതലാബോധമില്ലാതെ പെരുമാറിയത് മൂലം നഷ്ടപ്പെടുവാൻ ഇടയായി. തന്മൂലം ആ ഇനത്തിലുള്ള വരുമാനം സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്ന് വന്നിരിക്കുന്നു എന്ന അവസ്ഥയാണ് കേൾക്കുന്നത്. ഈ പലിശ വാങ്ങുവാനുള്ള അവകാശമാണ് മലങ്കരമെത്രാൻ സ്ഥാനത്തിന്റെ സാധുതയ്ക്ക് അടിസ്ഥാനമായി അടുത്തകാലംവരെ കോടതികളിലെ പോരാട്ടം വഴി നാം വിജയപൂർവ്വം നടത്തിയിരുന്നത്.).

2. വടക്കൻ പ്രദേശങ്ങളിൽ സുസമ്മതനായിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും തെക്കൻ പ്രദേശങ്ങളിൽ സുസമ്മതനായിരുന്ന തന്റെ സതീർത്ഥ്യൻ കായംകുളം പീലിപ്പോസ് റമ്പാനെയും 7-ാം മാർത്തോമ്മാ തന്റെ മുഖ്യ ഉപദേഷ്ടാക്കളായി നിയമിച്ചു. ബുക്കാനൻ സായിപ്പുമായി ചർച്ച നടത്തുവാനും ബൈബിളിന്റെ മലയാളം പരിഭാഷ നിർവഹിക്കുവാനുമായി തന്റെ മുൻഗാമിയായ ആറാം മാർത്തോമ്മാ നിയോഗിച്ച ഈ മല്പാന്മാരെ പുതിയ മെത്രാൻ തന്റെ ഉപദേശകരായി സ്വീകരിച്ചതിലൂടെ മലങ്കരസഭയുടെ തെക്കൻ-വടക്കൻ പ്രദേശങ്ങളെ സമരസപ്പെടുത്തുവാൻ അദ്ദേഹം സോദ്ദേശ്യമായും സഫലമായും യത്നിച്ചു. ബൈബിൾ പരിഭാഷയുടെ ജോലിയുമായി രണ്ടുപേരും കണ്ടനാട്, ചാട്ടുകുളങ്ങര, കുറുപ്പംപടി എന്നീ കേന്ദ്രങ്ങളിലെ മല്പാൻ പാഠശാലകളിൽ പലപ്പോഴും താമസിച്ചിരുന്നത് 7-ാം മാർത്തോമ്മാ പരമാവധി പ്രയോജനപ്പെടുത്തി (പുലിക്കോട്ടിൽ മല്പാൻ, കായംകുളം റമ്പാൻ, തിമ്മയ്യൻപിള്ള, കൊച്ചിട്ടി എന്നിങ്ങനെ 4 പേർ ബൈബിൾ പരിഭാഷാ യത്നത്തിൽ പങ്കെടുത്തു. 6-ാം മാർത്തോമ്മാ പരിഭാഷ ആരംഭിച്ച് ഒരു മാസത്തിനകം നിര്യാതനായി (വിവർത്തനം കുംഭം 18-ന് ആരംഭിച്ചു; മീനമാസം 27-ന് 6-ാം മാർത്തോമ്മാ അന്തരിച്ചു). അതിനുശേഷം ഏഴാം മാർത്തോമ്മായാണ് ബൈബിൾ വിവർത്തനത്തിന്റെ മേൽനോട്ടം നിർവഹിച്ചത്. എന്നാൽ 7-ാം

മാർത്തോമ്മായുടെയും പുലിക്കോട്ടിൽ മല്പാന്റെയും പേരുകൾ *നിരണം ഗ്രന്ഥവരി* ഒഴിവാക്കിയിരിക്കുന്നു. രണ്ടുപേരും *നിരണം ഗ്രന്ഥവരി*യുടെ രചയിതാവിന് അഭിമതർ ആയിരുന്നില്ല എന്നതാവാം കാരണം.).

ഏഴാം മാർത്തോമ്മാ ഹ്രസ്വായുഷ്മാനായിരുന്നു. ഭരണഭാരമേറ്റ് ഏതാനും മാസങ്ങൾക്കകം അദ്ദേഹം രോഗശയ്യയിലായി. അവിചാരിതമായ ഈ വാർത്ത പകലോമറ്റം കേന്ദ്രങ്ങളിൽ അങ്കലാപ്പുണ്ടാക്കി. ആ കുടുംബത്തിൽ അന്ന് വൈദികരാരും ഇല്ലായിരുന്നു. എന്നാലും ദത്ത് മുഖേന പകലോമറ്റം മേൽവിലാസം അവകാശപ്പെട്ടിരുന്ന കടമറ്റം സ്വദേശി തോമ്മാ കത്തനാരെ അവർ ഏഴാം മാർത്തോമ്മായുടെ മുമ്പാകെ ഹാജരാക്കി. അദ്ദേഹത്തെ പിൻഗാമിയാക്കി വാഴിക്കണമെന്ന് നിർബ്ബന്ധമായി അപേക്ഷിച്ചു. പകലോമറ്റം തീവ്രവാദികൾ അദ്ദേഹത്തെ പിന്തുണച്ചില്ല. ഏഴാം മാർത്തോമ്മായുടെ പിൻഗാമി ആകുവാൻ ആ കുടുംബത്തിൽ ഒറ്റ വൈദികൻ പോലും ഉണ്ടായിരുന്നില്ല. തന്മൂലം പെൺവഴിക്കാരനായ ഒരു തോമ്മാ കത്തനാരെ പിൻഗാമിയാക്കുവാൻ അവർ 7-ാം മാർത്തോമ്മായെ നിർബ്ബന്ധിച്ചു. ശേഷം സംഭവങ്ങൾ ഇട്ടൂപ്പ് റൈട്ടറുടെ വാക്കുകളിൽ പകർത്താം: "മാർ ദീവന്നാസ്യോസ് ബിഷപ്പിനുടെ അനന്തരവൻ മാർത്തോമ്മാ ബിഷപ്പിന് രോഗം ബാധിച്ച് പരവശനായപ്പോൾ തന്റെ അടുക്കൽ ഉണ്ടായിരുന്നവരിൽ ചിലർ ഇനി കടമറ്റത്ത് തൊമ്മൻ കത്തനാരെ വരുത്തി ഈ സ്ഥാനം കൊടുക്കണമെന്ന് ചിന്തിച്ചതിൽ ദീനത്തിൽ കിടക്കുന്ന ബിഷപ്പ് കേട്ടപ്പോൾ അരിശപ്പെടുകയും അയാളെ ഈ സ്ഥാനത്തിന് തെരഞ്ഞെടുപ്പാൻ യോഗ്യനല്ലെന്ന് കല്പിക്കയും ചെയ്തതിനാൽ തൽക്കാലം ഈ ആലോചനക്കാർ ഒഴിഞ്ഞുമാറി" (പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് സായിപ്പ് അവർകൾക്ക് നൽകിയ ഹർജി. ഇട്ടൂപ്പ് റൈട്ടർ, പുറം 167). തന്റെ ആലോചനാസമിതി അംഗങ്ങൾ ആയ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും കായംകുളം റമ്പാനെയും മെത്രാന്മാരായി വാഴിച്ച് മലങ്കരയിലെ സഭാഭരണം യഥാക്രമം കണ്ടനാട്, നിരണം എന്നീ പൂർവിക ഇടവകകളെ ആസ്ഥാനമാക്കി വികേന്ദ്രീകരിക്കണമെന്നാവാം 7-ാം മാർത്തോമ്മാ ചിന്തിച്ചിരുന്നത്. പെൺവഴിക്കുള്ളവനും അയോഗ്യനുമായ ഒരാളെ വാഴിച്ച് പകലോമറ്റം കുടുംബത്തിന്റെ മാനം കൃത്രിമമായി സംരക്ഷിക്കുന്നതിനേക്കാൾ ആരോഗ്യകരമായ ഒരു കീഴ്‌വഴക്കം ആരംഭിക്കുവാൻ അദ്ദേഹം ന്യായമായും ആഗ്രഹിച്ചിട്ടുണ്ടാവാം. തെക്കും വടക്കുമായി നിലനിൽക്കുന്ന സംസ്കാര വൈജാത്യങ്ങളെ ബാലൻസ് ചെയ്യുന്നതിന് 7-ാം മാർത്തോമ്മാ മുൻഗണന കൊടുത്തു കാണണം. ഈ നിലപാടു മൂലമാകാം അദ്ദേഹം പലർക്കും അനഭിമതനായത്. ഏതായാലും 7-ാം മർത്തോമ്മാ പിന്നീട് രോഗവിമുക്തനായില്ല. ശേഷം കാര്യങ്ങൾ

ഇട്ടൂപ്പ് റൈട്ടരുടെ വാക്കുകളിൽ പകർത്താം: "പിന്നെ നാലഞ്ച് ദിവസം കഴിഞ്ഞ്, മെത്രാന് ദീനം കൂടുതലായി ബോധക്കേടായി കിടക്കുമ്പോൾ, ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ മുതൽപേർ രഹസ്യമായി മേലെഴുതിയ തൊമ്മൻ കത്തനാരെ വരുത്തി, 'ഇനി നമുക്ക് ഒരു വേദത്തലവൻ വേണമല്ലോ. ഇയാളെ ഇപ്പോൾ മാർത്തോമ്മാ മെത്രാൻ എന്ന് പേർ വിളിക്കാഞ്ഞാൽ പല കൂട്ടം വൈഷമ്യം ഉണ്ടെന്ന് പറഞ്ഞതിനെ ആ ശേഖരത്തിലുള്ളവർ അനുസരിക്കയും അതിലേക്ക് വേണ്ട വട്ടംകൂട്ടുന്നതിനെ കണ്ട് കോനാട്ട് മല്പാനും മറ്റു കത്തങ്ങളും കൂടെ ഈ കാര്യം ഒരു പ്രകാരവും ചെയ്തുകൂടായെന്ന് പ്രസ്താവിച്ചുകൊണ്ടിരിക്കുമ്പോൾ സിദ്ധാന്തികളുടെ കൗശലത്തിൽ ആളുകൾ വന്ന്, 'അയ്യോ ബിഷപ്പ് മരിപ്പാറായി വേഗത്തിൽ എല്ലാവരും വരുവീൻ' എന്ന് വ്യസനധ്യതിയോടുകൂടെ പറയുന്ന സ്വരം കേട്ട് മുറിത്തട്ടിൽ നിന്ന് എല്ലാവരും ചമയപ്പുരയിൽ ചെല്ലുമ്പോൾ ഇട്ടൂപ്പ് കത്തനാർ മുതൽപേർ തൊമ്മൻ കത്തനാരെ മെത്രാന്റെ ചമയങ്ങൾ ഇടുവിച്ച് മെത്രാന്റെ വിരലിന്മേൽ കിടന്ന വാഴ്ച മോതിരം ഊരിയെടുത്ത് അയാളുടെ വിരലിൽ ഇടുവിക്കയും പട്ടം കൊടുക്കയും സൈത്ത് റൂശ്മാ ചെയ്യാൻ വരട്ടെ എന്ന് ഇടയിൽ പറകയും ചെയ്തുകൊണ്ട് കട്ടിലിന്റെ അരികെ മുട്ടുകുത്തിച്ച് ബിഷപ്പിന്റെ കൈ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ എടുത്ത് ഇദ്ദേഹത്തിന്റെ തലമേൽ വക്കുകയും ചിലർ വടിയും മുടിയും സ്ലീബായും കൊടുത്ത് ഏതാനും മൊഴികളും ചൊല്ലി, മാർതോമ്മാ എപ്പിസ്കോപ്പാ എന്ന് സ്ഥാനപ്പേർ വിളിക്കയും വലതുകൈ മുത്തുവാൻ സംഗതിവരാതെ ഇടതുകൈ മുത്തി മുട്ടിന്മേൽ നിന്ന് എഴുന്നേൽക്കുകയും ചെയ്തു. എന്തുകൊണ്ട് ഇപ്രകാരം ചെയ്യിക്കുന്നു എന്ന് പീലിപ്പോസ് റമ്പാൻ മുതൽപേരോട് കൂടിയ ജനങ്ങളിൽ ചിലർ ചോദിച്ചാറെ, തന്റെയും മറ്റും ആലോചന കേൾക്കാതെ തന്നിഷ്ടമായി പ്രവർത്തിക്കുന്നതെന്നത്രേ മറുപടി പറഞ്ഞത്" (പുറം 168).

'ബിഷപ്പന്മാർ ശുദ്ധമാന കുർബ്ബാന ചൊല്ലുമ്പോൾ, കൂടെ മെത്രാന് സ്ഥാനം കൊടുക്കുകയും വാഴിക്കുന്ന മൊഴികൾ ചൊല്ലി ഈ സ്ഥാനം തികക്കേണ്ടതുമായിരിക്കുമ്പോൾ അതിന് സംഗതി വരാതെ ഇരിക്കുന്ന മുറയിൽ ഈ ആളിന്റെ സ്ഥാനം പുസ്തകവിധിയാൽ ശരിയായിട്ടുള്ളതല്ലാഞ്ഞതും അതിനാൽ അംഗീകരിക്കപ്പെടുന്നതുമല്ല എന്ന് പ്രസ്താവം നീളെ പരന്നു' (പുറം 168).


എട്ടാം മാർത്തോമ്മാ

'1809 മിഥുനം 22-ന് ഏഴാം മാർത്തോമ്മാ കണ്ടനാട് വച്ച് കാലം ചെയ്തു.' കണ്ടനാട് പള്ളിയിൽ രണ്ടു മെത്രാന്മാരെ അടക്കിയിരിക്കയാൽ

അവിടെ സ്ഥലമില്ലാതെ അവിടെനിന്ന് മൂന്ന് കാതം വഴി കിഴക്ക് കോലഞ്ചേരി പള്ളിയിൽ കൊണ്ടുപോയി അടക്കി. അപ്പോൾ മെത്രാന്റെ വസ്തുക്കൾ ഒക്കെയും കണ്ടനാട് പള്ളിയുടെ മുറിയിൽ വച്ച് പൂട്ടി ദിഷ്ടതിക്കുള്ളതിനെ മാത്രം കൊണ്ടുപോകയും ചെയ്തു.' പുതിയ മെത്രാന്റെ വാഴ്ച പ്രഥമദൃഷ്ട്യാ അസാധുവായിരുന്നു. കൈവെപ്പ് ശുശ്രൂഷയുടെ അനിവാര്യഘടകങ്ങൾ ഒന്നും അദ്ദേഹത്തിന്റെ കാര്യത്തിൽ നിർവഹിക്കപ്പെട്ടിരുന്നില്ലല്ലോ. ഇതിന്റെ പേരിൽ സഭയിൽ ഉയർന്ന കലാപത്തെ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് ശാന്തമാക്കി. അവർ അവതരിപ്പിച്ച അനുരഞ്ജന തന്ത്രം ഇതായിരുന്നു. 8–ാം മാർത്തോമ്മാ മെത്രാൻ സ്ഥാനിയായി ഭരണം നടത്താം. എന്നാൽ സഭ നിർവചിക്കുന്ന ഒരു ഭരണഘടനയ്ക്ക് വിധേയമായിട്ടല്ലാതെ, മുൻഗാമികളെപ്പോലെ സ്വേച്ഛാഭരണം നിർവഹിച്ചുകൂടാ. തെരഞ്ഞെടുക്കപ്പെട്ട രണ്ട് റമ്പാന്മാരുടെ ഉപദേശത്തിൽ സഭ അംഗീകരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മാത്രം ഭരണം നിർവഹിക്കണം. ഈ അനുരഞ്ജന നിർദ്ദേശത്തിന് 8–ാം മാർത്തോമ്മാ വഴിപ്പെടുന്നതായി തന്ത്രപൂർവ്വം ഭാവിച്ചു. ഈ വ്യവസ്ഥകൾ ഇടവകകൾക്കും സ്വീകാര്യമായതിനെത്തുടർന്ന്, മലങ്കരസഭയുടെ പ്രക്ഷോഭം ശാന്തമായി. കേണൽ മെക്കാളെയും ഈ അനുരഞ്ജന വ്യവസ്ഥകളെ അനുകൂലിച്ചതോടെ തൽക്കാലത്തേക്കെങ്കിലും പ്രശ്നങ്ങൾ അവസാനിച്ചു. 7–ാം മാർത്തോമ്മായുടെ 40–ാം അടിയന്തിരത്തിന്റെ കർമ്മാദികൾ കോലഞ്ചേരി പള്ളിയിൽ നടത്തിയ ശേഷം കണ്ടനാട് പള്ളിയിൽ 985 (1809) ചിങ്ങ മാസം 1–ാം തീയതി ചേർന്ന പള്ളിപ്രതിപുരുഷയോഗം മലങ്കരസഭയുടെ ഭരണനിർവഹണം സംബന്ധിച്ച് ഒരു ഭരണഘടന അംഗീകരിച്ചു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് തയാറാക്കിയ ഈ ഭരണഘടന കണ്ടനാട് പടിയോല എന്ന പേരിലാണ് സഭാചരിത്രത്തിൽ അറിയപ്പെടുന്നത്. ആ പടിയോലയുടെ പൂർണ്ണ രൂപം പിന്നീട് നൽകുന്നതാണ്.

കണ്ടനാട് പടിയോലയെ മലങ്കരസഭയുടെ ഭരണഘടന എന്ന് വിശേഷിപ്പിച്ചാൽ പോരാ; ഇന്ത്യൻ സഭയുടെ കാനോൻ എന്ന് തന്നെ വിശേഷിപ്പിക്കണം. 1809–ന് മുമ്പ് ഏതെങ്കിലും ലോകസഭകളിൽ ഇത്രയും സർവതലസ്പർശിയായ ഒരു നിയമക്രോഡീകരണം രൂപപ്പെട്ടതായി അറിവില്ല. പടിയോലയിൽ കാണുന്ന ചില സഭാദർശനങ്ങൾ ശ്രദ്ധിക്കാതിരുന്നുകൂടാ.

1. പകലോമറ്റം കുടുംബവാഴ്ചയെപ്പറ്റി അർത്ഥഗർഭമായ മൗനം പാലിക്കുന്നു. 2. ഇടവകയിലെ പട്ടക്കാരും തെരഞ്ഞെടുക്കപ്പെട്ട കൈസ്ഥാനികളും ചേർന്ന് ഇടവകഭരണം നിർവഹിക്കണം. സവിശേഷമായ കാര്യ



ങ്ങളിൽ മെത്രാന്റെ പങ്കാളിത്തം അനുവദിക്കുന്നു. 3. അവൈദികർക്ക് മത-മതേതര വിദ്യാഭ്യാസം -ചെലവുകൾ സഭ പൊതുവായി വഹിക്കണം. 4. പട്ടക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരാമർശിച്ചിരിക്കുന്നു. 5. ജനങ്ങളുടെ വ്യക്തിഗത-സാമൂഹിക-ആത്മീയ ജീവിതത്തെപ്പറ്റി ആഴമേറിയ ഉത്ക്കണ്ഠ പ്രകടമാക്കുന്നു. 6. വിദേശ സഭാബന്ധങ്ങളെപ്പറ്റി മൗനം പാലിക്കുന്നു. 7. ആരാധനക്രമങ്ങൾ ഏകീകരിക്കുവാൻ നിർദ്ദേശിക്കുന്നു. 8. പടിയോലയുടെ ലംഘനം ശിഷാർഹം. അവർ പ്രായശ്ചിത്തം ചെയ്താൽ പടിയോലയിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കാം. 9. വ്യക്തിപരമായി മെത്രാനെ ആക്ഷേപിക്കുവാനോ മുറിപ്പെടുത്തുവാനോ ശ്രമിച്ചിട്ടില്ല. 10. തെക്കും വടക്കും തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്തുവാനായി രണ്ടു പഠിത്തവീടുകൾ വിഭാവനം ചെയ്തു.

കണ്ടനാട് പടിയോലയിൽ നിർദ്ദേശിച്ച 'യാക്കോബായക്രമം' അന്ത്യോഖ്യൻ ക്രമമാണെന്ന് ചിലർ ധരിച്ചിട്ടുള്ളത് ശരിയല്ല. നോൺ കാൽസിഡോൺ സഭകളെ - ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ - പൊതുവായി കത്തോലിക്കർ അന്ന് പരാമർശിച്ച പദമാണ് യാക്കോബായക്കാർ എന്നത്. ആ പദം മലങ്കരസഭയും സ്വീകരിച്ചുവെന്നേയുള്ളു. 1751-ൽ വന്ന വിദേശ സഭാദ്ധ്യക്ഷന്മാർ അർമ്മീനിയക്കാർ ആണെന്ന് അവരുടെ വേഷവും ഭാഷയും നിരീക്ഷിച്ച കരിയാറ്റി മല്പാൻ കർസോനിയിലെഴുതിയ 'വേദതർക്ക'ത്തിൽ സാക്ഷിച്ചിട്ടുണ്ട്. കണ്ടനാട് പടിയോല എഴുതുവാൻ നേതൃത്വം നൽകിയ കായംകുളം പീലിപ്പോസ് റമ്പാൻ 1810-ൽ പകർത്തി എഴുതിയ ആണ്ടുതക്സാ ഈ ഗ്രന്ഥകാരന്റെ കൈവശമുണ്ട്. അത് പിൽക്കാലത്ത് നാം പരിചയിച്ചുപോന്ന അന്ത്യോഖ്യൻ ആണ്ടുതക്സാ അല്ല. അതെഴുതിയിട്ടുള്ളത് പൗരസ്ത്യ സുറിയാനിയിലുമാണ് (പാശ്ചാത്യ സുറിയാനിയുടെ പ്രചാരണത്തിന് നേതൃത്വം നൽകിയവരാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം റമ്പാനും എന്ന് ചിലർ നടത്തിയ നിരീക്ഷണം അടിസ്ഥാനരഹിതമാണ്. റമ്പാൻ എഴുതിയ

ആണ്ടുതക്സായും മരണംവരെ അദ്ദേഹം ഉപയോഗിച്ച കുർബ്ബാന തക്സായും പുലിക്കോട്ടിൽ മല്പാൻ എഴുതിയ കത്തുകൾപോലും പൗരസ്ത്യ സുറിയാനി ഭാഷയിലാണ്. പാശ്ചാത്യ സുറിയാനിയുടെ പ്രചാരണം ലക്ഷ്യമാക്കിയാണ് കോട്ടയം പഴയസെമിനാരി സ്ഥാപിക്കപ്പെട്ടത് എന്ന് ഡോ. കുര്യൻ തോമസ് ഉന്നയിച്ച വാദഗതി ബാലിശവും അടിസ്ഥാനരഹിതവും ആണ്. തെറ്റിദ്ധാരണ പ്രചരിപ്പിക്കുന്ന ഇത്തരം എടുത്തുചാട്ടങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ മലങ്കരസഭാ മാസികയും എം.ഒ.സി. യും നടത്തുന്ന ശ്രമങ്ങൾ പുനർവിചിന്തനത്തിന് വിഷയമാക്കേണ്ടതുണ്ട്.).

കണ്ടനാട് പടിയോലയിലെ മാർഗനിർദ്ദേശക തത്വങ്ങൾ അനുസരിച്ച് സഭാഭരണം നിർവഹിച്ചുകൊള്ളാമെന്ന് പ്രതിപുരുഷയോഗത്തിന് ഉറപ്പ് നൽകിയതിനെ തുടർന്ന് സമ്മേളനം അദ്ദേഹത്തെ മോതിരമണിയിച്ച് സ്വീകരിച്ചു. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "... അപ്പോൾ കൂടിയവർ എല്ലാവരും ഈ പടിയോലയിൽ ഒപ്പിട്ടുകൊടുത്തശേഷം മെത്രാനെ മോതിരം ഇടുവിച്ചു. കുന്നംകുളത്തുകാരൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർക്ക് റമ്പത്വം കൊടുത്ത് അദ്ദേഹത്തെയും കായംകുളത്തുകാരൻ പീലിപ്പോസ് റമ്പാനെയും മേലിൽ മെത്രാന്റെ കൂടെ കാര്യവിചാരത്തിനായി നിശ്ചയിച്ചുറപ്പിച്ച് യോഗം പിരിയുകയും ചെയ്തു' (പുറം 157).

ഇട്ടൂപ്പ് റൈട്ടർ പടിയോലയെ അദ്ദേഹത്തിന്റെ നവീകരണാഭിമുഖ്യത്തിന് അനുയോജ്യമാംവിധം പരിഷ്ക്കരിച്ചും ഭേദപ്പെടുത്തിയുമാണ് ഉൾപ്പെടുത്തിയത്. *കണ്ടനാട് ഗ്രന്ഥവരി*യിലും ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രത്തിലും കാണുന്ന സമകാല രേഖകളിൽ നിന്നാണ് ഈ പുസ്തകത്തിൽ പടിയോല ഉദ്ധരിച്ചിട്ടുള്ളത്. എന്നാൽ അതിവിസ്തൃതമായ മലങ്കരസഭാചരിത്രം പിൽക്കാലത്ത് പ്രസിദ്ധീകരിച്ചവർ പോലും അന്ത്യോഖ്യൻബന്ധം സ്പർശിച്ചിട്ടില്ലാത്ത പടിയോലയെ തങ്ങളുടെ രചനകളിൽ തമസ്ക്കരിച്ചിരിക്കുന്നു.

എട്ടാം മാർത്തോമ്മായുടെ ഭരണകാലം തേജോമയം ആകുമായിരുന്നു. എന്നാൽ കണ്ടനാട് പടിയോലയെയും സഭ നിശ്ചയിച്ച ഉപദേശകന്മാരെയും അവഗണിക്കുക നിമിത്തം അദ്ദേഹം സഭയിൽ വീണ്ടും ഒറ്റപ്പെട്ടു. 1809 ചിങ്ങം 15-ന് പുലിക്കോട്ടിൽ മല്പാൻ 8-ാം മാർത്തോമ്മായിൽ നിന്ന് റമ്പാൻസ്ഥാനം സ്വീകരിച്ചു (നേരത്തെ കാട്ടുമങ്ങാട്ട് കൂറിലോസിൽ നിന്ന് ഇദ്ദേഹം അനധികൃതമായി റമ്പാൻസ്ഥാനം സ്വീകരിച്ചിരുന്നു എന്ന് *നിരണം ഗ്രന്ഥവരി* പ്രസ്താവിച്ചതിന്റെ വ്യർത്ഥത ഇവിടെ തെളിയുന്നു. റമ്പാൻസ്ഥാനം പുരോഹിതസ്ഥാനമോ കൈവെപ്പ് ശുശ്രൂഷയോ അല്ല. തന്മൂലം അത് റദ്ദാക്കുകയോ വീണ്ടും നൽകുകയോ ചെയ്തു എന്നുള്ള പ്രസ്താവനകൾ ഗൗരവത്തിലെടുക്കുവാൻ 'കാനോൻ സംസ്കാരം'

നമ്മെ അനുവദിക്കുകയില്ല. കേവലം സന്യാസ വസ്ത്ര സ്വീകരണം മാത്ര മായ റമ്പാൻ സ്ഥാനത്തേക്ക് ഒരു തെരഞ്ഞെടുപ്പിന്റെ ആവശ്യമില്ല; അപ്ര കാരം ഒരു കീഴ്വഴക്കവുമില്ല. മല്പാന്റെ പൊതുജനസമ്മതിയുടെ പ്രഖ്യാ പനമായി ആ തീരുമാനം ചരിത്രത്തിൽ വേറിട്ട് നിൽക്കുന്നു. ആർത്താറ്റ് പടിയോലയുടെയും കണ്ടനാട് പടിയോലയുടെയും രാജശില്പി എന്ന നിലയിൽ അദ്ദേഹം സഭാനേതൃത്വത്തിലേക്കുയരുന്ന കാഴ്ച ആ തെര ഞ്ഞെടുപ്പിലൂടെ നമുക്ക് കാണാം. 'മെത്രാൻ തെരഞ്ഞെടുപ്പ്' എന്ന് അതിനെ മിഷനറിമാർ വിശേഷിപ്പിച്ചിട്ടുണ്ട് (പി. ചെറിയാൻ ജഡ്ജി എഴു തിയ സഭാചരിത്രത്തിന്റെ അനുബന്ധമായി കൊടുത്തിട്ടുള്ള മിഷനറി മാരുടെ കത്തുകൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.). ഫലത്തിൽ പക ലോമറ്റം കുടുംബത്തിന്റെ പ്രാമാണികത്വം എന്ന വ്യർത്ഥതയ്ക്കെതിരെ മലങ്കരസഭയിലെ സ്വാതന്ത്ര്യപ്രേമികൾ ഏകകണ്ഠമായി പ്രതികരിച്ച വേദി എന്ന നിലയിൽ കണ്ടനാട് സഭാസമ്മേളനം സഭാചരിത്രത്തിലൊരു നാഴികക്കല്ലായി മാറിയിരിക്കുന്നു.

തന്റെ പൂർവികർ ഒന്നുരണ്ടു നൂറ്റാണ്ടു കാലമായി അനുഭവിച്ചുപോന്ന സ്വാതന്ത്ര്യങ്ങൾ നിയന്ത്രിക്കുവാനോ പരിമിതപ്പെടുത്തുവാനോ ആരെ യെങ്കിലും അനുവദിക്കുന്നത് ആത്മഹത്യാപരമെന്ന് തിരിച്ചറിഞ്ഞ എട്ടാം മാർത്തോമ്മാ പടിയോലയെയും ഉപദേഷ്ടാക്കളെയും പാടെ അവഗണി ക്കുവാൻ ധൈര്യപ്പെട്ടു. വട്ടിപ്പണത്തിന്റെ പലിശയായി ലഭിച്ച സംഖ്യ പടിയോലയിലെ നിർദ്ദേശപ്രകാരം പഠിത്തവീട് പണിയുവാൻ വിനിയോ ഗിക്കണമെന്ന റമ്പാന്മാരുടെ ഉപദേശം 8–ാം മാർത്തോമ്മാ തിരസ്കരിച്ച തോടെ അദ്ദേഹം പടിയോലയിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി തെളിഞ്ഞു. കരാർ ലംഘിച്ച അദ്ദേഹത്തിനെതിരെ റമ്പാന്മാർ റസിഡ ണ്ടിന്റെ പക്കൽ പരാതിപ്പെട്ടു. റമ്പാന്മാർ മുതൽപേരുടെ അനുസരണ ക്കേടിനെപ്പറ്റി മെത്രാനും റസിഡണ്ടിന് പരാതി നൽകി. ഇതിനിടയിൽ പിൽക്കാല കേരളചരിത്രത്തെയും സംസ്ക്കാരത്തെയും നിർണ്ണായകമായി സ്വാധീനിച്ച മലയാളം ബൈബിൾ പരിഭാഷ 1811–ൽ കേരളത്തിലെത്തി. ബോംബെ കൊറിയർ പ്രസിൽ അച്ചടിച്ച ഈ വിവർത്തനം 6–ാം മാർത്തോ മ്മായുടെ അന്ത്യനാളുകളിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായം കുളം പീലിപ്പോസ് റമ്പാനും ചേർന്ന് സുറിയാനി മൂലത്തിൽ നിന്ന് വിവർ ത്തനം നടത്തി റവ. ക്ലോഡിയസ് ബുക്കാനനെ ഏല്പിച്ചതായിരുന്നു. അച്ചടിച്ച നൂറ് കോപ്പികൾ ഇട്ടൂപ്പ് റമ്പാൻ പള്ളികളിൽ വിതരണം ചെയ്തു. ഇതിനോടകം കായംകുളം പീലിപ്പോസ് റമ്പാൻ അന്തരിച്ചതി നാൽ മലയാളം ബൈബിളിന്റെ വിതരണച്ചുമതല പുലിക്കോട്ടിൽ റമ്പാൻ നിർവഹിക്കുകയായിരുന്നു (സഹപ്രവർത്തകനായ പീലിപ്പോസ് റമ്പാന്റെ നിര്യാണത്തിൽ അകംനൊന്ത് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ എഴുതിയ

സുറിയാനി വിലാപകാവ്യം ഈ എഴുത്തുകാരൻ തൊഴിയൂരിലെ ഗ്രന്ഥപ്പുരയിൽ നിന്ന് കണ്ടെടുത്ത് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്).

എട്ടാം മാർത്തോമ്മായും സുറിയാനിസമുദായവും തമ്മിലുള്ള വ്യവഹാരങ്ങൾ നടക്കവേ, സുറിയാനിക്കാരുടെ ചരിത്രം സംബന്ധിച്ച് 17 ചോദ്യങ്ങൾ മദ്രാസ് ഗവണ്മെന്റ് മെത്രാനോട് എഴുതി ചോദിച്ചു (ഇട്ടൂപ്പ്, പു. 175).

മാർത്തോമ്മാ ശ്ലീഹാ സഭ സ്ഥാപിച്ചു, അന്ത്യോഖ്യയുടെ കീഴിൽ പകലോമറ്റം തറവാട്ടിലെ മെത്രാച്ചൻ സഭയെ പരിപാലിച്ചു, 1809-ലെ പടിയോലയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു തുടങ്ങി അക്കാലത്ത് മലങ്കരസഭ പുലർത്തിയിരുന്ന ധാരണകൾ ആ മറുപടികളിൽ പ്രതിഫലിക്കുന്നുണ്ട്.

മെത്രാനും റമ്പാന്മാരും പരസ്പരം നൽകിയ പരാതികൾ ഇരു ഭാഗത്തെയും നേരിൽ വിളിപ്പിച്ച് റസിഡണ്ട് വിചാരണ ചെയ്തു. ആ ചർച്ച ഇട്ടൂപ്പ് റൈട്ടർ ഉപസംഹരിക്കുന്നതിപ്രകാരമാണ്: “ഈ വിസ്താരത്തിലും മറ്റും മെത്രാന് അധികം അനുകൂലമായി ഒന്നും തെളിവില്ലാതെ, മെത്രാൻ കടമറ്റത്ത് ദത്ത് വച്ച തറവാട്ടിൽ നിന്നുള്ള ആളെന്നും കഴിഞ്ഞിരിക്കുന്ന മെത്രാന്മാരുടെ മുതലിനും സ്ഥാനത്തിനും അവകാശി അല്ലെന്നും നടത്തിവരുന്ന മര്യാദകളിലും ഭേദങ്ങളായി കാണുന്നു എന്നും അതിനാൽ മെത്രാന്റെ സ്ഥാനക്കടലാസ് വെയ്പിച്ച് അന്ത്യോഖ്യയിൽ നിന്നും ഒരു മേല്പട്ടക്കാരൻ വരുന്നതുവരെ ഈ മെത്രാൻ മേല്പട്ടത്തിനുടെ ക്രിയകൾ ഒന്നും നടത്തിക്കൂടെന്നും ഒരു സ്ഥിതി നിശ്ചയിച്ചശേഷം കണ്ടനാട്, കടമറ്റം, അങ്കമാലി, മാമ്മലശ്ശേരി, ചെങ്ങന്നൂർ, കോലഞ്ചേരി ഈ ആറ് പള്ളിക്കാർ ഒഴികെ ശേഷം എല്ലാവരും പോകുന്നതിന് അനുവദിക്കുകയും ചെയ്തു. ഉടനെ മെത്രാനോട് സ്ഥാനക്കടലാസും മെത്രാന്മാരുടെ മുതൽ വിവരത്തിന്റെ കണക്കും എടുപ്പിച്ച് കൊണ്ടുവരുന്നതിന് ഉത്തരവു കൊടുത്ത് ഹജൂർ ശിപായികളെ അയച്ചു. അവർ നിരണത്ത് വന്ന് ഉത്തരവ് കാണിച്ചാറെ സ്ഥാനക്കടലാസ് മുതലായവ കൊടുക്കായ്കയാൽ അവർ മെത്രാന്റെ മുറി പൂട്ടി മുദ്ര വച്ചു.

പഠിത്തവീടിന്റെ നിർമ്മാണകാര്യം മെത്രാൻ നിഷേധിച്ചു എങ്കിലും കണ്ടനാട് പടിയോലയിലെ നിർദ്ദേശം സഭ സജീവമായി നിലനിർത്തി. കായംകുളം റമ്പാൻ ഇതിനോടകം നിര്യാണം പ്രാപിച്ചതിനാൽ ആ കാര്യം പുലിക്കോട്ടിൽ റമ്പാൻ ഗൗരവമായി എടുക്കുകയും ശില്പനിർമ്മാണ വിദഗ്ധനായ അദ്ദേഹം വൈദികസെമിനാരിയുടെ ഒരു പ്ലാൻ വരച്ചുണ്ടാക്കി റസിഡണ്ടിന്റെ അംഗീകാരം നേടുകയും ചെയ്തു. മുടങ്ങി

ക്കിടന്നിരുന്ന നാലാണ്ടത്തെ വട്ടിപ്പണത്തിന്റെ പലിശ 3360 രൂപ (960 വരാഹൻ) റസിഡണ്ട് ഇട്ടൂപ്പ് റമ്പാനെ സെമിനാരി പണിയിക്കുവാൻ ഏല്പിച്ചു. സെമിനാരി പണിയാൻ ആവശ്യമായ സ്ഥലം തിരുവിതാംകൂർ റാണിയോട് പുലിക്കോട്ടിൽ റമ്പാൻ ഔപചാരികമായി അപേക്ഷയിലൂടെ ആവശ്യപ്പെട്ടു. 8-ാം മാർത്തോമ്മാ അപ്പോഴും ജീവിച്ചിരിപ്പുണ്ടായിരുന്നു. ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ എഴുതുന്നു: "പകലോമറ്റം കുടുംബത്തിൽപ്പെട്ട കുറവിലങ്ങാട്ടുള്ള അർക്കദിയാക്കോന്റെ കുടുംബം അഞ്ചാം മാർത്തോമ്മാ മുതൽ മുഴുവനായി പഴയകൂറ്റിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടും ആ താവഴിയുള്ള മാർത്തോമ്മാ മെത്രാന്മാരുടെ ബന്ധുക്കൾ പറങ്കി ശീശ്മയിൽ പെട്ടിരുന്നതിനാലും പകലോമറ്റം തറവാട്ടിൽപെട്ടവരെ മെത്രാന്മാരായി വാഴിച്ചാൽ പറങ്കി ശീശ്മയിലേക്ക് അവർ ജനങ്ങളെ വഴിനടത്തുമെന്ന് വിചാരിച്ചും താവഴിയായി ഒരു കുടുംബത്തിൽത്തന്നെ മെത്രാൻ ആയിരിക്കുന്നത് ശരി അല്ലാത്തതിനാലും എട്ടും ഒമ്പതും മാർത്തോമ്മാമാർ പകലോമറ്റം തറവാട്ടിൽ പെടാതെ പെൺവഴിക്ക് ആയിരുന്നതിനാലും പകലോമറ്റം തറവാടിനെ മുഴുവനായി മലങ്കരസഭ ഉപേക്ഷിച്ചു' (കുറുപ്പമ്പടി പള്ളിചരിത്രം, പുറം 118).

കോട്ടയം പ്രവൃത്തിയിൽ വടക്ക് തെക്ക് 120 ദണ്ഡും കിഴക്ക് പടിഞ്ഞാറ് 60 ദണ്ഡും വിസ്തൃതിയുള്ള ഭൂമി സെമിനാരി പണിയുവാൻ അനുവദിച്ചുകൊണ്ട് തിരുവിതാംകൂർ റാണി, അവുസേപ്പ് റമ്പാന് ഉത്തരവ് നൽകി. 'റമ്പാൻ പഠിത്തവീട് പണിയുന്നതിന് സായിപ്പിന്റെ കല്പനപ്രകാരം മുതലും വാങ്ങി കോട്ടയത്ത് വന്ന് സ്ഥലവും പതിപ്പിച്ചുകൊണ്ട് അവിടെ താമസിച്ച് പണിക്കു വേണ്ടിയ കല്ലും മരങ്ങളും അടുപ്പിക്കുകയും അദ്ദേഹത്തിന്റെ ഉത്സാഹവും സായിപ്പവർകളുടെ സഹായവും കൊണ്ട് കൊല്ലം 989 കുംഭ മാസം 3-ാം തീയതി (1814 ഫെബ്രുവരി 15) ചൊവ്വാഴ്ച കോട്ടയത്ത് സിമ്മനാരിക്ക് കല്ലിട്ട് പണി ആരംഭിക്കുകയും ചെയ്തു. സായിപ്പ് അവർകൾ മുഖാന്തിരം സർക്കാരിൽ നിന്നുണ്ടായ സഹായവും റമ്പാന്റെ ഉത്സാഹവുംകൊണ്ട് ഒരു മെത്രാനും നാല് റമ്പാന്മാരും ഇരിക്കാൻ തക്കവണ്ണവും ശെമ്മാശന്മാർക്കും പിള്ളേർക്കും വെവ്വേറെ മുറികളും തെക്കും വടക്കും ഓരോ നിലയും കിഴക്കും പടിഞ്ഞാറും രണ്ടുനിലയും നാലുകെട്ടുമായിട്ട് റമ്പാന്റെ ചട്ടപ്രകാരം 990 മീന മാസത്തിൽ (1815) പണികൾ മിക്കവാറും കുറവ് തീർത്തശേഷം..." (ഇട്ടൂപ്പ്, പുറം 188).

1815 മീനത്തിൽ (മാർച്ച്-ഏപ്രിൽ) 25 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് സെമിനാരി പ്രവർത്തനം ആരംഭിച്ചു. ഇട്ടൂപ്പ് റമ്പാൻ തന്നെയായിരുന്നു പ്രിൻസിപ്പലും മുഖ്യ മല്പാനും. തൊഴിയൂർ കിടങ്ങൻ ഗീവറുഗീസ് പീലക്സിനോസിന്റെ പ്രോത്സാഹനവും സന്ദർശനവും പ്രവർത്ത

നങ്ങളെ ത്വരിതപ്പെടുത്തി. മെത്രാനല്ലാത്ത ഒരാൾക്ക് വട്ടിപ്പണത്തിന്റെ പലിശ നൽകിയതിലെ ക്രമക്കേട് ചൂണ്ടിക്കാട്ടി 8-ാം മാർത്തോമ്മാ നൽകിയ പരാതി കേണൽ മൺറോയെയും റമ്പാനെയും വിഷമസന്ധിയിലാക്കി. പ്രതിസന്ധി പരിഹരിക്കുവാൻ സഭ നിർദ്ദേശിച്ചതനുസരിച്ച് ഇട്ടൂപ്പ് റമ്പാൻ പഴഞ്ഞി പള്ളിയിൽ വച്ച് കിടങ്ങൻ മെത്രാച്ചനിൽ നിന്ന് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ 1815 മാർച്ച് 21-ന് മെത്രാൻസ്ഥാനം സ്വീകരിച്ചു. *നിരണം ഗ്രന്ഥവരി* ഈ പട്ടംകൊടയെപ്പറ്റി ചില ദുസ്സൂചനകൾ നൽകുന്നുണ്ടെങ്കിലും മലങ്കരസഭ ഈ സ്ഥാനാരോഹണത്തെ പൂർണ്ണ മനസ്സാലെ അംഗീകരിച്ചു.

ഈ പട്ടംകൊട അസാധുവെന്ന് പ്രഖ്യാപിക്കുവാൻ 8-ാം മാർത്തോമ്മാ കേണൽ മൺറോയോട് പരാതിപ്പെട്ടു. പരാതി അവഗണിക്കപ്പെട്ടതിന്റെ അരിശം തീർക്കുവാൻ നിയമപരമായി അധികാരത്തിൽനിന്ന് പുറന്തള്ളപ്പെട്ട ആ മെത്രാൻ തന്റെ പിൻഗാമിയായി സ്വന്തം ചിറ്റപ്പൻ, കടമറ്റം സ്വദേശി ഐപ്പ് കശ്ശീശായെ 9-ാം മാർത്തോമ്മാ എന്ന സ്ഥാനനാമത്തിൽ വാഴിച്ചു. 991 (1816) മകരമാസം 10-ന് എട്ടാം മാർത്തോമ്മാ കാലഗതി പ്രാപിച്ചു. നിരണത്തുനിന്ന് മൃതദേഹം പുത്തൻകാവിൽ കൊണ്ടുവന്ന് സംസ്കരിച്ചു. അയിപ്പ് മെത്രാൻ 'പുത്തൻകാവിലിരുന്ന് പുലകുളിയും കഴിച്ച് ദ്രവ്യങ്ങൾ ഒക്കെയും ബോധിച്ചവർക്ക് കൊടുത്ത് പാർക്കുമ്പോൾ അദ്ദേഹത്തിന് സ്ഥാനമില്ലെന്നും മുതൽകാര്യങ്ങൾ ഒക്കെയും കണ്ടുകെട്ടി എടുത്ത് കോട്ടയത്ത് സിമ്മനാരി വകയ്ക്ക് ഏല്പിക്കണമെന്നും സായിപ്പിന്റെ ഉത്തരവ് വന്നു. മുതൽകാര്യങ്ങൾ എടുപ്പിച്ച് അദ്ദേഹത്തെയും കോട്ടയത്ത് കൊണ്ടുപോയി. കുപ്പായവും ഊരിവച്ച് കടമറ്റത്തിന് പോകയും ചെയ്തു' (*നിരണം ഗ്രന്ഥവരി*, പുറം 121).

മലങ്കര മെത്രാനായി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനെ അനുസരിച്ചുകൊള്ളണം എന്നു രാജകീയ വിളംബരം 1816 ജനുവരി 10-ന് പുറപ്പെട്ടിരുന്നു. പകലോമറ്റം മേൽവിലാസത്തിൽ അറിയപ്പെട്ട ഒടുവിലത്തെ മെത്രാൻ 1817/18-ൽ നിര്യാതനായി. അദ്ദേഹം കടമറ്റം പള്ളിയിൽ അടക്കപ്പെട്ടു.

(ഏഴാം മാർത്തോമ്മാ കോലഞ്ചേരി പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടതായി *നിരണം ഗ്രന്ഥവരി* മുതൽ എല്ലാ സഭാചരിത്രങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ കോലഞ്ചേരിപ്പള്ളിയിൽ അദ്ദേഹത്തിന്റെ കബറിടം കാണാനില്ല. 1960-കളിൽ പുതുക്കിപ്പണിത പുതിയ പള്ളിയുടെ സ്ഥാനത്തുണ്ടായിരുന്ന പഴയപള്ളിയിലും അങ്ങനെ ഒരു കബറിടം കണ്ടിട്ടില്ലെന്ന് ആ ഇടവകയിൽ ദീർഘകാലം ഭരണം നടത്തിയ പൂവത്തുംവീട്ടിൽ എം. വി. ഏബ്രഹാം അച്ചൻ ഈ ലേഖകനോട് സാക്ഷിച്ചിട്ടുണ്ട്. ആ കബറിടം വിസ്മൃതിയിലാണ്ടുപോയതെങ്ങനെ എന്ന് അന്വേഷിക്കേണ്ട

താണ്. 8-ാം മാർത്തോമ്മായുടെ അശ്രദ്ധയും അജാഗ്രതയും ഒരുപക്ഷേ പ്രതികാരവും അതിന് കാരണമായി ചൂണ്ടിക്കാണിക്കാമെന്ന് തോന്നുന്നു.

1. പുറം 85, എം. കുര്യൻ തോമസ്,
2. പുറം 35, ഫാ. ഡോ. ജോസഫ് ചീരൻ.
3. പുറം 121.
4. പുറം 161.
5. പുറം 124, 125.
6. *സഭ വളരുന്നു*, പുറം 162.
7. ഇ. എം. ഫിലിപ്പ്, പുറം 161.
8. *സഭ വളരുന്നു*, പുറം 162.
9. പുറം 161.
10. *കണ്ടനാട് ഗ്രന്ഥവരി*, പു. 35.
11. *ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും*, പുറം 306.
12. എം. കുര്യൻ തോമസ്, വ്യാഖ്യാനം, പുറം 200-201.
13. *സഭ വളരുന്നു*, പു. 163.
14. *History of the Syrian Church*, കർമ്മലീത്ത മിഷനറി, വരാപ്പുഴ, പു. 163, 164.
15. പുറം 163.
16. ഇ. എം. ഫിലിപ്പ്, പുറം 168.
17. പുറം 90.
18. പുറം 90.
19. *നിരണം ഗ്രന്ഥവരി*, പുറം 91.

അദ്ധ്യായം 6

മലങ്കരസഭയിലെ നവീന കാലഘട്ടം

(പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ)

1814-ലെ കോട്ടയം പഴയസെമിനാരിയുടെ സ്ഥാപനം മലങ്കരസഭയിലൊരു പുതുയുഗപ്പിറവിക്ക് കാരണമായി. 1811-ലെ മലയാളം ബൈബിൾ വിവർത്തനവും 1815-ൽ ആരംഭിച്ച വൈദികപരിശീലനവും 1814-ൽ നിയമപരമായി അവസാനിച്ച പകലോമറ്റം കുടുംബവാഴ്ചയും ഈ പുതുയുഗപ്പിറവിയുടെ ലക്ഷണങ്ങളായി പറയാം. സഭയുടെ തെരഞ്ഞെടുപ്പിന്റെ പിൻബലത്തോടെ 1815-ൽ സ്ഥാനാരോഹണം ചെയ്യപ്പെട്ട പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഈ പുതുയുഗപ്പിറവിയുടെ പ്രവാചകനായിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. മലങ്കരസഭയെ അധോഗതിയിൽ നിന്നും ജീർണ്ണതയിൽനിന്നും ഉദ്ധരിച്ച് പുതിയ ഊടും പാവും നൽകി പുനർജീവിപ്പിച്ച അദ്ദേഹത്തെ മലങ്കരസഭയുടെ പ്രൊമിത്യൂസ് എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരിക്കുന്നു. കൊച്ചി സംസ്ഥാനത്ത് ജനിച്ച്, തലമുറകളായി മലങ്കരസഭയുടെ അദ്ധ്യക്ഷസ്ഥാനം അനുഭവിച്ചുപോന്ന തിരുവിതാംകൂർ സംസ്ഥാനത്തെ പകലോമറ്റം കുടുംബക്കാരിൽനിന്ന് മലങ്കര മെത്രാൻസ്ഥാനത്തെ മോചിപ്പിച്ച്, ഇരു സംസ്ഥാനക്കാരുടെയും ആദരവിന് പാത്രമായി, ബ്രിട്ടീഷ് ഭരണത്തിന്റെ സഹായത്തോടെ മധ്യതിരുവിതാംകൂറിൽ സഭയുടെ പഠിത്തവീടും മലങ്കരമെത്രാന്റെ ആസ്ഥാനവും സഭയുടെ സെക്രട്ടറിയേറ്റും സംവിധാനം ചെയ്ത അദ്ദേഹത്തെ 19-ാം നൂറ്റാണ്ടിലേക്ക് മലങ്കരസഭയെ നയിച്ച യുഗസംക്രമണപുരുഷൻ എന്ന് ന്യായമായും വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ താഴെ ചേർക്കുന്നു.


1. പാലൂർ-ചാട്ടുകുളങ്ങര ഇടവകയിൽ കുന്നംകുളത്ത് പുലിക്കോട്ടിൽ കുടുംബത്തിൽ ചുമ്മാർ-എളിച്ചി (ശെമവൂൻ-ഏലിശ്ബാ) ദമ്പതികളുടെ മകനായി ജനിച്ചു. 1740 നവംബർ 25-ന് ജനിച്ചതായിട്ടാണ് വിശ്വസിക്കപ്പെടുന്നത്.

2. കുന്നംകുളം തെക്കേക്കര പൈലപ്പൻ ആശാൻ ഗുരു.

3. കുന്നംകുളം കാണിപ്പയ്യൂർ കളരിയിൽ തച്ചുശാസ്ത്രം അഭ്യസിച്ചു.

4. പഴഞ്ഞിയിലെ മല്പാൻ പാഠശാലയിൽ വൈദികവിദ്യാർത്ഥി.

5. 1753-56 കാലങ്ങളിൽ ശാക്രള്ളാ ബാവായിൽ നിന്ന് പട്ടമേറ്റതായി വിശ്വസിക്കപ്പെടുന്നു.



6. മുളന്തുരുത്തിപ്പള്ളിയിലെ മല്പാൻ പള്ളിക്കൂടത്തിൽ ഉപരിപഠനം.

7. ചിറളയം പള്ളി പുതുക്കിപ്പണിതു (നേതൃത്വം നൽകി).

8. കുന്നംകുളം പഴയപള്ളി പണിതു (നേതൃത്വം നൽകി).

9. ചിറളയം പള്ളിയിൽ പുതിയ മല്പാൻ പാഠശാല സ്ഥാപിച്ചു.

10. കാട്ടുമങ്ങാട് കൂറിലോസിനെയും സംഘത്തെയും കുന്നംകുളത്തും അഞ്ഞൂരുമായി സംരക്ഷിക്കുന്നു (1772–74).

11. 1789–ൽ ടിപ്പു സുൽത്താൻ പാലൂർ -ചാട്ടുകുളങ്ങര ദേവാലയം അഗ്നിക്കിരയാക്കുന്നു. മതംമാറ്റ ശ്രമങ്ങളെ അദ്ദേഹം ചെറുത്തു നിന്നു.

12. 1800–ൽ ഫ്രാൻസിസ് ബുക്കാനനെ സന്ദർശിക്കുന്നു.

13. 1805–ൽ ചാട്ടുകുളങ്ങരപള്ളി നറുക്കെടുപ്പിലൂടെ ശക്തൻ തമ്പുരാൻ സുറിയാനിക്കാർക്ക് നൽകുന്നു (ഇട്ടൂപ്പ് മല്പാന്റെ ശ്രമം മൂലം).

14. 1805. പള്ളി നിർമ്മാണം (നേതൃത്വം നൽകി).

15. 1806. ആർത്താറ്റ് പടിയോല (പ്രധാന ശില്പി).

16. 1807–1808. ബൈബിൾ പരിഭാഷ (പ്രധാന പങ്കാളി).

17. 1808. 7–ാം മാർത്തോമ്മായുടെ ഉപദേഷ്ടാവ്.

18. 1809. കണ്ടനാട് പടിയോല (പ്രധാന ശില്പി).

19. 1809. 8–ാം മാർത്തോമ്മായുടെ ഉപദേഷ്ടാവ്. റമ്പാൻസ്ഥാനമേൽക്കുന്നു.

20. 1814. കോട്ടയം പഴയസെമിനാരി സ്ഥാപനം (സ്ഥാപകൻ).

21. 1815. പഴഞ്ഞിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാഭിഷേകം.

22. 1816. കോട്ടയം പഴയസെമിനാരിയിൽ അന്ത്യം. സെമിനാരി ചാപ്പലിൽ കബറിടം.

23. 1991. പ. പിതാവിനെ 'മലങ്കരസഭാജ്യോതിസ്' ആയി സഭ പ്രഖ്യാപിച്ചു.

മലയാളം ബൈബിൾ, ആർത്താറ്റ് പടിയോല, പാലൂർ-ചാട്ടുകുളങ്ങര ദേവാലയ നിർമ്മാണം, കണ്ടനാട് പടിയോല, കോട്ടയം പഴയസെമിനാരി എന്നിങ്ങനെ അദ്ദേഹത്തിന്റെ അഞ്ച് മുഖ്യ മേഖലകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ സംഭാവനകളെ ചർച്ച ചെയ്യാം.

മലയാളം ബൈബിൾ

പാലൂരിലെ യഹൂദ കോളനിയെ ക്രിസ്തുമതത്തിന്റെ ആദ്യ ഭാരതീയ കേന്ദ്രമാക്കി മാറ്റിയ ക്രിസ്തുശിഷ്യൻ മാർത്തോമ്മാശ്ലീഹായ്ക്ക്, പാലൂരിൽ രൂപപ്പെട്ട ആരാധകസമൂഹത്തിനു വേണ്ടി ഒരാലയവും ആരാധനാരൂപവും ഏർപ്പെടുത്തുവാൻ പ്രയാസമുണ്ടായില്ല. പാലൂർക്കുന്നിലുണ്ടായിരുന്ന സിനഗോഗ് തന്നെയായിരുന്നു ആദ്യ ദേവാലയം. സിനഗോഗിലെ യഹൂദ ആരാധനയോട് ചേർത്തു ക്രിസ്തുവിന്റെ യാഗാർപ്പണകൂദാശ കൂട്ടിച്ചേർത്തപ്പോൾ തലപ്പള്ളിയിലെ ആദ്യ ആരാധനയും രൂപപ്പെട്ടു. മതം മാറിയ യഹൂദ - ബുദ്ധ - ജൈന - ദ്രാവിഡ സമൂഹങ്ങളിൽ നിന്ന് നാലു പേരെ 'കൈവെപ്പ്' നല്കി നിയമിച്ചപ്പോൾ പൗരോഹിത്യ സംവിധാനവും സ്ഥാപിതമായി. ക്രിസ്തുവിന്റെ ഭാഷ എന്ന നിലയിൽ മാർത്തോമ്മാശ്ലീഹാ പരിചയപ്പെടുത്തിയ സുറിയാനി ഭാഷയിലുള്ള ആദ്യകാല ആരാധനകൾ യഹൂദ സംസ്കാരത്തിന് അന്യമായിരുന്നില്ല. ഇതര സംസ്കാര പ്രതിനിധികൾ വളരെ വേഗം ആ 'ക്രിസ്തു ഭാഷ' പരിചയിച്ചതോടെ ഭാരതത്തിലെ ക്രിസ്തുമതത്തിന് ഒരു തലപ്പള്ളിയും ആചാര്യത്വവും സുറിയാനി ഭാഷയിലുള്ള ആരാധനാപാരമ്പര്യവും സംലംബ്ധമായി. ജൂതന്മാർ സിനഗോഗിലെ ഉപയോഗത്തിനായി 'തോറാ'യും പ്രവചനപുസ്തകങ്ങളും സങ്കീർത്തനകൃതികളും കൈവശം വച്ചിരുന്നു. അതോടുകൂടി മാർത്തോമ്മാശ്ലീഹാ സുറിയാനിയിൽ രചിച്ച ക്രിസ്തുസുവിശേഷം കൂട്ടിച്ചേർത്തപ്പോൾ ഭാരതത്തിലെ ബാലസഭയുടെ ഉപയോഗത്തിന് ഒരു ബൈബിളും ലഭ്യമായി. ലോകത്തിലെല്ലാ ക്രൈസ്തവകേന്ദ്രങ്ങളിലും ദേവാലയവും ആരാധനാസമൂഹവും ആരാധനക്രമവും പൗരോഹിത്യവും രൂപപ്പെട്ടത് സമാന സാഹചര്യത്തിലും സമാനരൂപഭാവ ശൈലികളിലുമായിരുന്നു.

എന്നാൽ എ.ഡി. രണ്ടാം നൂറ്റാണ്ടു മുതൽ ആറാം നൂറ്റാണ്ടു വരെ കേരളത്തിൽ നടന്ന മതജൈത്രയാത്രകൾ തലപ്പള്ളിയുടെ മതസംവിധാന ചാരുതകളെ ഉലയ്ക്കുക തന്നെ ചെയ്തു. ശൈവ - വൈഷ്ണവ - ഇസ്ലാം - ബ്രാഹ്മണ സമൂഹങ്ങളാണ് വിദേശ വാണിജ്യ തുറമുഖമായ പൊന്നാനിയുടെ തുറമുഖമായ പാലൂരിൽ - തലപ്പള്ളി പ്രദേശ

ങ്ങളിൽ – ഈ അസ്വസ്ഥതകളുടെ പരമ്പര വിതച്ചത്. ഈ മുന്നേറ്റങ്ങളിൽ ബുദ്ധ – ജൈന മതങ്ങൾ അപ്രത്യക്ഷങ്ങളായി. ക്രിസ്തുമതം ചെറുത്തുനിന്നുവെങ്കിലും ഗണ്യമായി ക്ഷീണിച്ചു. തെക്കോട്ടും വടക്കോട്ടും പ്രാണരക്ഷാർത്ഥം പലായനം ചെയ്തതിനാൽ ക്രിസ്തുമതത്തിന് പുതിയ പ്രദേശങ്ങളിൽ വ്യാപിക്കുവാൻ ക്രമേണ കഴിഞ്ഞു. 'കേരളത്തിന്റെ സാംസ്കാരിക ചരിത്ര'ത്തിൽ പി. കെ. ഗോപാലകൃഷ്ണൻ വരച്ചുകാട്ടുംവിധം എതിർ വിഭാഗങ്ങളുടെ ആരാധനാലയങ്ങളും ആരാധനാസാഹിത്യരൂപങ്ങളും ആണ് സവിശേഷം നശിപ്പിക്കപ്പെട്ടത്. ഇവിടെയുണ്ടായിരുന്ന ബൈബിളിന്റെ കൈയെഴുത്തുപ്രതികൾ നശിക്കുവാൻ ഇത് സാഹചര്യമൊരുക്കി. ഏതായാലും മതപീഡനകാലം കഴിഞ്ഞപ്പോൾ ഒളിവിടങ്ങളിൽ സംരക്ഷിക്കപ്പെട്ട ബൈബിൾ സംക്ഷേപങ്ങൾ പ്രചരിക്കുക തന്നെ ചെയ്തു. 1599–ലെ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ കേരളത്തിലുണ്ടായിരുന്ന അകാനോനിക ബൈബിളിനെ നിരോധിക്കുന്നതായി കാണാം. കത്തോലിക്കാസഭ അക്കാലങ്ങളിൽ ബൈബിൾ വായന അനുവദിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിരുന്നില്ല. ആരാധനക്രമങ്ങളിലും വേദഉപദേശ പുസ്തകങ്ങളിലെ വ്യാഖ്യാനിക്കപ്പെട്ട വേദഭാഗങ്ങളുമായി അവരുടെ വേദപുസ്തക ഉപയോഗം പരിമിതപ്പെട്ടു. അറിയപ്പെട്ടിടത്തോളം വസ്തുതകൾ തെളിയിക്കുന്നത് 1751–ൽ മലങ്കരയിലെത്തിയ വിദേശ സഭാധ്യക്ഷസംഘം കാനോനിക ബൈബിൾ ഇവിടെ കൊണ്ടുവന്നു എന്നാണ്. 1751–ന് ശേഷം പുതിയനിയമത്തിന്റെ സുറിയാനിപ്പകർപ്പുകൾ പ്രത്യക്ഷപ്പെട്ടു. തങ്ങൾ നേതൃത്വം നൽകിയ മല്പാൻ പള്ളിക്കൂടങ്ങളിൽ ബൈബിൾ പകർത്തിയെഴുതൽ ഒരു ദിനചര്യയായി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം റമ്പാനും പ്രോത്സാഹിപ്പിച്ചു. അതോടെ ആരാധനക്രമങ്ങളിൽ പരിമിതപ്പെട്ടിരുന്ന വേദപുസ്തക ലഭ്യത വർദ്ധിച്ചു. സങ്കീർത്തനപുസ്തകം പൂർണ്ണമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ട് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ മലയാളത്തിലേക്കുള്ള ബൈബിൾ വിവർത്തനം എന്ന ആശയം സഭയിൽ അവതരിപ്പിച്ചു. സുവിശേഷങ്ങളുടെ ചില ഭാഗിക വിവർത്തനങ്ങൾ അങ്ങിങ്ങു പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഈ ഘട്ടത്തിലാണ് റവ. ക്ലോഡിയസ് ബുക്കാനൻ എന്ന ആംഗ്ലിക്കൻ മിഷനറി 'ഏഷ്യയിലെ ബൈബിൾ ഗവേഷണം' എന്ന പദ്ധതിയുമായി 1806–ൽ കേരളത്തിലെത്തുന്നത്. 'തന്റെ കൈവശം ബൈബിൾ ഇല്ലെന്നും ഗോവയിൽ വച്ച് താൻ ബൈബിൾ കണ്ടിട്ടുണ്ടെന്നും വരാപ്പുഴ സെമിനാരിയിലെ റെക്ടർ ബുക്കാനനെ അറിയിച്ചു (ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ, പുറം 111–135, 1819). രണ്ടു കാര്യങ്ങളാണ് ബുക്കാനൻ ലക്ഷ്യമാക്കിയത്.

1. സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രവും സാഹിത്യവും പഠനവിഷയമാക്കുക. ബൈബിളിന്റെ കൈയെഴുത്തുപ്രതികൾ ശേഖരിക്കുക.

2. തെക്കേഇന്ത്യയിലെ ജനങ്ങളെ പ്രകാശിപ്പിക്കുവാൻ ഉള്ള യത്നങ്ങളിൽ ഈ പ്രാചീന സുറിയാനി ക്രിസ്ത്യാനികളെ, അവരുടെ കൈവശമുള്ള സുറിയാനിഭാഷയിലുള്ള ബൈബിൾ പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്തുകൊണ്ട്, പ്രയോജനപ്പെടുത്തുക. ഈ ലക്ഷ്യങ്ങൾക്കനുസൃതമായ കർമ്മപഥങ്ങൾ അദ്ദേഹം അന്വേഷിച്ചു.

"അതിന് ശേഷം സുറിയാനിക്കാരുടെ പള്ളികൾ അദ്ദേഹം സന്ദർശിച്ചു തുടങ്ങി. നഷ്ടപ്രതാപത്തിന്റെ (fallen greatness) അന്തരീക്ഷമാണെങ്ങും അദ്ദേഹം കണ്ടത്. ആറാം മാർത്തോമ്മായുടെ ആസ്ഥാനമായിരുന്ന കണ്ടനാട്ട് പള്ളിയിൽ വച്ച് ബുക്കാനൻ മെത്രാപ്പോലീത്തായെ സന്ദർശിച്ചു. മെത്രാപ്പോലീത്തായെ കണ്ടപ്പോൾ ആദ്യവീക്ഷണത്തിൽത്തന്നെ, താൻ നാലാം നൂറ്റാണ്ടിലെ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസിനെ കാണുകയാണോ എന്ന് അദ്ദേഹം ശങ്കിച്ചുവത്രേ. ആറാം മാർത്തോമ്മാ ബുക്കാനനോട് പറഞ്ഞു. 'ക്ഷയോന്മുഖമായ ഒരു സഭയെയാണ് നിങ്ങൾ സന്ദർശിച്ചിരിക്കുന്നത് (you have come to visit a declining church). നാലു പതിറ്റാണ്ടുകാലം മലങ്കരസഭയിലെ പരമാധികാരമുള്ള ഏക മെത്രാപ്പോലീത്താ ആയിരുന്ന അദ്ദേഹത്തിന് സഭയെപ്പറ്റി പറയാൻ കഴിഞ്ഞത് - അതും ആദ്യമായി തന്നെ കാണാൻ വന്ന ഒരു വിദേശ മിഷനറിയോട് - വിഷാദത്തിൽ പൊതിഞ്ഞ ഈ വാക്കുകൾ മാത്രം. സംഭവബഹുലമായ തന്റെ ജീവിതം മുഴുപരാജയമാണെന്നാണോ മലങ്കരമെത്രാപ്പോലീത്താ അർത്ഥമാക്കിയത്?

1806 നവംബർ 23, 24 തീയതികളിലായി നടന്ന കൂടിക്കാഴ്ചകളിൽ മലയാളത്തിലേക്കുള്ള ബൈബിൾ വിവർത്തനം എന്ന ആശയം ഡോ. ബുക്കാനൻ അവതരിപ്പിച്ചു. മെത്രാപ്പോലീത്തായ്ക്ക് ആ ആശയം സമ്മതമായിരുന്നു. രണ്ടാഴ്ചകൾ കഴിഞ്ഞ് കേണൽ മെക്കാളെയുമൊന്നിച്ച് ബുക്കാനൻ വീണ്ടും ആറാം മാർത്തോമ്മായെ സന്ദർശിച്ചു. ബൈബിൾ വിവർത്തനം തുടങ്ങി എന്ന് മെത്രാപ്പോലീത്താ ബുക്കാനനെ അറിയിച്ചു. ബുക്കാനന്റെ സന്ദർശനവേളയിൽ തന്നോടൊപ്പമുണ്ടാവാൻ സഭയിലെ പ്രധാന വൈദികരെ എല്ലാം മെത്രാപ്പോലീത്താ അറിയിച്ചിരുന്നു. അക്കാലത്തെ മലങ്കരസഭയിൽ ഏറ്റവും പ്രശസ്തരായ വൈദികർ തെക്ക് കായംകുളം പീലിപ്പോസ് റമ്പാനും വടക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ആയിരുന്നു. ബൈബിൾ വിവർത്തനം, സഭാസംയോജനം തുടങ്ങിയ കാര്യങ്ങളുടെ തുറന്ന ചർച്ചയ്ക്കായി ഈ രണ്ടു വൈദികരെ മെത്രാപ്പോലീത്താ നിയോഗിച്ചു (രണ്ടു വർഷം കഴിയുമ്പോഴേക്ക് ഇവരാണ് മലങ്കരയിലെ വിശ്വസ്തരും പണ്ഡിതരും സഭാസ്നേഹികളുമായ വൈദികർ എന്ന് അംഗീകരിക്കപ്പെടുന്നുണ്ട്. തന്റെ ഭാവിപ്രതിയോഗികൾ ആകാം എന്ന് ഒരായുഷ്കാലം മുഴുവൻ ഭയപ്പെട്ടിരുന്ന ഈ വൈദികരെത്തന്നെ

സുപ്രധാനമായ ഈ ദൗത്യം മെത്രാപ്പോലീത്താ ഭരമേല്പിച്ചത് ഒരു നയതന്ത്രജ്ഞതയായിട്ടോ, അനുരഞ്ജനസന്നദ്ധതയായിട്ടോ കരുതാവുന്നതാണ്.)[1]

"...... റോമ്മാക്കാരുടെ ശക്തിയെ വിചാരിച്ചാൽ ഇംഗ്ലീഷ് സഭയും സുറിയാനിസഭയും തമ്മിൽ തമ്മിൽ യോജിപ്പായി നടന്നാൽക്കൊള്ളാമെന്നുള്ള ഭാവത്തെക്കുറിച്ച് ആദ്യം മല്പാന്മാരുമായി ഗുണദോഷം ചിന്തിച്ചതിൽ വച്ച് അല്പം തർക്കത്തിന് ഇടയാകാതെയിരുന്നില്ല. അതായത് ഇംഗ്ലീഷുകാർക്ക് കിട്ടിയിരിക്കുന്ന പട്ടത്തെക്കുറിച്ച് സുറിയാനിക്കാരിൽ വളരെ സംശയമെന്നും പക്ഷേ, ഇംഗ്ലീഷുകാർ വലിയ ജനവും യുദ്ധത്തിന് കീർത്തിപ്പെട്ടവരും ആയിരിക്കും എന്നാലും മാർഗ്ഗവും പള്ളിയും (അവിടെ) ഉണ്ടായിട്ട് ഏറെക്കാലമായിട്ടില്ലല്ലോ. പട്ടം ലഭിക്കപ്പെട്ടതും ഞങ്ങളുടെ പഴയ ശത്രുക്കൾ ആയ റോമ്മാക്കാരിൽ നിന്നും അല്ലയോ? സുറിയാനി സഭയാകട്ടെ ആദ്യകാലം മുതൽ കറകൂടാതെയും ശ്ലീഹന്മാരുടെ കാലത്തിൽ അവരിൽ നിന്നു ലഭിച്ചിരിക്കുന്നു എന്ന ആ പട്ടത്വത്തിനടുത്ത വാഴ്ചക്രമം ഇന്നോളവും മുടക്കംവരാതെ നിലനിന്നും ഇരിക്കുന്നതും വേറൊരു സഭയ്ക്കും ഈ ക്രമം ഉണ്ടായപ്രകാരം വിചാരിപ്പാൻ സംശയവും ആയിരിക്കുകയാൽ തമ്മിൽ യോജിച്ചുപോവാൻ പ്രയാസമായി വരുമെന്നും മല്പാൻ പറഞ്ഞതിന് സായിപ്പ് അവർകൾ റോമ്മായ്ക്ക് കിട്ടിയിരിക്കുന്ന വാഴ്ചയും ശ്ലീഹന്മാരിൽ നിന്ന് തന്നെ ആകുന്നു. ...' ആംഗ്ലിക്കൻ സഭയുമായി യോജിക്കാൻ തയ്യാറാണെന്ന് ചർച്ചകൾക്കൊടുവിൽ ആറാം മാർത്തോമ്മാ ഒരു പടിയോല എഴുതി ഒപ്പിട്ട് മുദ്ര വച്ച് ബുക്കാനനെ ഏല്പിച്ചുവെങ്കിലും ആ ആഗ്രഹം ഫലപ്രാപ്തിയിലെത്തിയില്ല.[2]

ആർത്താറ്റ് പള്ളിയുടെ പുനർനിർമ്മാണത്തിന് ആവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനിടയിലാണ് പുലിക്കോട്ടിൽ മല്പാൻ, മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം ബുക്കാനനുമായി ചർച്ചക്കെത്തിയത്. കാര്യങ്ങളുടെ സുഗമമായ പുരോഗതിയിൽ എല്ലാവരും സംതൃപ്തി രേഖപ്പെടുത്തി. പുലിക്കോട്ടിൽ മല്പാന് പള്ളിനിർമ്മാണവുമായി ബന്ധപ്പെട്ട് ഏറെ ചുമതലകൾ നിർവ്വഹിക്കാനുണ്ടായിരുന്നതുകൊണ്ട് വിവർത്തനത്തിന്റെ തുടക്കമൊഴിച്ച് മറ്റെല്ലാം നിർവ്വഹിക്കപ്പെട്ടത് കുന്നംകുളത്തു വച്ചാണെന്ന് പഴമക്കാർ പറയുന്നു. കായംകുളം റമ്പാൻ അക്കാലത്ത് ചിറളയത്തുള്ള മല്പാൻ പള്ളിക്കൂടത്തിൽ അധ്യാപകവൃത്തിയും പുലിക്കോട്ടിൽ മല്പാനുമൊന്നിച്ച് വിവർത്തനജോലിയും നിർവ്വഹിച്ചിരുന്നതായി പാരമ്പര്യമുണ്ട്. 1811-ൽ അച്ചടിച്ച മലയാളം ബൈബിൾ പുലിക്കോട്ടിൽ റമ്പാന്റെ കൈവശമെത്തുമ്പോഴേക്ക് (ഇതിനോടകം അദ്ദേഹം റമ്പാൻ സ്ഥാനം ഏറ്റുകഴിഞ്ഞിരുന്നു) ബൈബിൾ വിവർത്തനവുമായി ബന്ധപ്പെട്ട ആറാം മാർത്തോമ്മായും കായംകുളം റമ്പാനും ദിവംഗതരായിക്ക

ഴിഞ്ഞിരുന്നു. തന്മൂലം പുലിക്കോട്ടിൽ റമ്പാൻ ദേവാലയങ്ങളിലേക്ക് അത് വിതരണം ചെയ്യുന്ന ചുമതല നിർവ്വഹിച്ചു. 1811-ലെ ബൈബിൾ വിവർത്തനത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന് പങ്കില്ല എന്ന് ഒന്നുരണ്ട് എഴുത്തുകാർ ഈയിടെ പ്രതികരിച്ചതിനാൽ അക്കാര്യത്തെപ്പറ്റി ലഭ്യമായ തെളിവുകൾ താഴെ ചേർക്കുന്നുണ്ട്.

1811-ൽ ബോംബെ, കൊറിയർ പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട മലയാളം ബൈബിളിന് ഇരുനൂറ് വയസ്സ് പൂർത്തിയായിരിക്കുന്നു. 'റമ്പാൻ ബൈബിൾ' എന്നും 'ബുക്കാനൻ ബൈബിൾ' എന്നും വിളിക്കപ്പെടുന്ന ഈ പ്രഥമ മലയാളം വേദപുസ്തകത്തിൽ നാലു സുവിശേഷങ്ങൾ മാത്രമേ ഉള്ളൂ. എങ്കിലും ഈ അപൂർണ്ണ ബൈബിൾ മലയാള ഭാഷയിൽ അച്ചടിക്കപ്പെട്ട ആദ്യത്തെ മതഗ്രന്ഥമാണ്. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും ഒക്കെ മലയാള ഭാഷയിൽ അച്ചടിച്ച് പ്രസിദ്ധം ചെയ്തിട്ട് പത്ത് പന്ത്രണ്ട് ദശാബ്ദങ്ങളേ ആയിട്ടുള്ളു; ഇക്കാര്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനിക്കാൻ ഏറെ വകയുണ്ട്. 'ഭ്രാന്താലയ'മെന്ന് ഇരുപതാം നൂറ്റാണ്ടിൽപ്പോലും വിശേഷിപ്പിക്കപ്പെട്ട കേരളത്തിന്റെ സാംസ്ക്കാരിക തമസ്സിന്റെ കട്ടിയുള്ള ഭിത്തിയെ ഭേദിച്ച് ലോകഗുരുവായ യേശുവിന്റെ സന്ദേശങ്ങളുടെ സുവർണ്ണ രശ്മികൾ അവിടേക്ക് പ്രവേശിപ്പിക്കുവാൻ ദൈവം ഒരുക്കിയത് മലങ്കര ഓർത്തഡോക്സ് സഭയെ ആണ്. ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകൾക്കുള്ളിൽ കേരളത്തിലുണ്ടായ സമൂല സാമൂഹിക പരിവർത്തനങ്ങൾക്ക് ധാർമ്മിക-സാംസ്ക്കാരിക കേരളം 1811-ലെ മലയാളം ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.

നാഴികക്കല്ല്

മലയാള ഗദ്യഭാഷയുടെ ചരിത്രത്തിലും 1811-ലെ മലയാളം ബൈബിൾ ഒരു നാഴികക്കല്ലാണ്. മലയാളഗദ്യം തീരെ ദരിദ്രമായിരുന്നു അന്ന്. തമിഴ്ചുവയുള്ള ചില ശാസനങ്ങളും ഗ്രന്ഥവരികളും അല്ലാതെ ദീർഘമായ രചനകൾ അക്കാലത്ത് ഭാഷാഗദ്യ മേഖലയിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല. മലയാളഗദ്യ സാഹിത്യത്തിന്റെ പിതാക്കന്മാരായി വാഴ്ത്തപ്പെടുന്ന റവ. ജോർജ്ജ് മാത്തനും കേരളവർമ്മ വലിയ കോയിത്തമ്പുരാനും അവരുടെ ഗദ്യരചനകളും കൊണ്ട് പ്രത്യക്ഷപ്പെടുന്നത് മലയാളം ബൈബിളിന്റെ പ്രസിദ്ധീകരണം കഴിഞ്ഞ് മൂന്ന് നാല് പതിറ്റാണ്ടുകൾക്ക് ശേഷമാണ്. ഇരുന്നൂറ് കൊല്ലങ്ങൾക്ക് മുമ്പ് മലയാള ഭാഷയുടെ വാചികവും ലിഖിതവുമായ സ്വരൂപം ഗ്രഹിക്കുവാൻ മലയാളം ബൈബിളിനോളം സഹായകമായ മറ്റ് ഗ്രന്ഥങ്ങൾ ഉണ്ടെന്ന് തോന്നുന്നില്ല. മലങ്കരസഭയുടെ ദേവാലയങ്ങളിലെ ഉപയോഗത്തെ ഉദ്ദേശിച്ച് പ്രസിദ്ധീകൃതമായ ബൈബിൾ ഏതെങ്കിലും ഭാഷാപണ്ഡിതന്റെ ശ്രദ്ധയിൽ ഇതുവരെയും വന്നിട്ടില്ല. ഭാഷാ വ്യാകരണം രചിച്ച എ. ആർ. രാജരാജവർമ്മയോ (കേരളപാണി

നി) മറ്റ് വൈയാകരണന്മാരോ 1811-ലെ മലയാളം ബൈബിളിന്റെ ഭാഷ യെപ്പറ്റി അറിഞ്ഞിരുന്നില്ല. കേവലം നൂറ് (100) കോപ്പികൾ മാത്രമേ അച്ച ടിച്ച് ഇറങ്ങിയിട്ടുള്ളു. അതിൽതന്നെ അംഗുലീപരിമിതമായ കോപ്പികൾ മാത്രമേ ഇന്ന് അവശേഷിച്ചിട്ടുള്ളൂ. മലയാള ഗദ്യഭാഷയുടെ വികാസപ രിണാമങ്ങളെ കുറിച്ചുള്ള പഠനത്തിൽ ഏറെ നിർണ്ണായകമാകാവുന്ന ഈ ബൈബിൾ ഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ ഇരുന്നൂറ് വർഷ ത്തിന് ശേഷമെങ്കിലും വരുമെന്ന് വിശ്വസിക്കുന്നു.

കേരളത്തിന്റെ ബൈബിൾ പാരമ്പര്യം

കേരളത്തിലെ രണ്ടായിരം വർഷത്തെ പാരമ്പര്യവും സെന്റ് തോമസ് പൈതൃകവും പേറി നില്ക്കുന്ന ക്രൈസ്തവസഭയിൽ 1811-ന് മുമ്പ് ബൈബിൾ ഉണ്ടായിരുന്നുവോ? ഇക്കാര്യം അന്വേഷിക്കുവാനാണ് കൽക്ക ട്ടായിലെ മിഷനറി കൂടെയായ ക്ലോഡിയസ് ബുക്കാനൻ 1806-ൽ കേരള ത്തിലെത്തിയത്. Christian Researches in Asia എന്ന ഗവേഷണഗ്രന്ഥ ത്തിൽ അദ്ദേഹം തന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. അന്ന് കേരളത്തിലുണ്ടായിരുന്ന പ്രബല ക്രൈസ്തവ വിഭാഗങ്ങളിൽ ഒന്ന് - മ ലങ്കര സുറിയാനിസഭ - ദേവാലയങ്ങളിലെ വായനകൾക്കും ആരാധന കൾക്കുമായി സുറിയാനി ഭാഷയിലുള്ള ബൈബിൾ യഥേഷ്ടം ഉപയോ ഗിച്ചിരുന്നു. വി. കുർബ്ബാനയിലും മറ്റ് ആരാധനകളിലും സുറിയാനി ഭാഷ യിലെ സുവിശേഷ ഭാഗങ്ങൾ വൈദികർ തൽസമയ വിവർത്തനത്തി ലൂടെ വായിക്കുമായിരുന്നു. കത്തോലിക്കാ സഭയുടെ ദേവാലയങ്ങളിൽ ബൈബിളിനെ ആധാരമാക്കി രചിച്ച വേദോപദേശ ഗ്രന്ഥങ്ങൾ അല്ലാതെ വേദപുസ്തകം ഉണ്ടായിരുന്നില്ല എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. താൻ ഗോവയിൽ വച്ച് ബൈബിൾ കണ്ടിട്ടുണ്ട് എന്ന് വരാപ്പുഴയിലെ റെക്ടർ പറഞ്ഞ സംഭവം ക്ലോഡിയസ് ബുക്കാനൻ തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട് (ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ, 1819, പുറം. 111-135).

സംഘകാല ബൈബിൾ

1599-ൽ ചേർന്ന ഉദയംപേരൂർ സുന്നഹദോസ് മലങ്കരയിൽ ഉപയോഗ ത്തിലിരുന്ന ഒരു സുവിശേഷത്തെപ്പറ്റി പരാമർശിച്ചിട്ടുണ്ട്; അകാനോനിക ബൈബിൾ എന്ന് മുദ്രകുത്തി അതിനെ നിരോധിക്കുന്നുമുണ്ട്. അതോടെ ആ അകാനോനിക ബൈബിൾ അപ്രത്യക്ഷമായത് മൂലം അതിനെ പ്പറ്റിയുള്ള വിശദപഠനങ്ങൾ അസാധ്യമായി. ഈയിടെ പഴഞ്ഞിയിലെ അന്തരിച്ചുപോയ ഒരു വൈദികന്റെ ഗ്രന്ഥപ്പുരയിൽനിന്ന് കൈയ്യെഴുത്തു രൂപത്തിൽ ഒരു മലയാളം സുവിശേഷം ഇതെഴുതുന്നയാൾ കണ്ടെടുത്തു പ്രസിദ്ധീകരിച്ചു. ഉദയംപേരൂർ സുന്നഹദോസ് അകാനോനികമെന്ന്

വിധിച്ച് നിരോധിച്ച ബൈബിൾ ആകാം ഇത്. ആമുഖമായി പഴയമിയമ സംഗ്രഹവും അതിനെതുടർന്ന് പെന്തിക്കോസ്തിപ്പെരുന്നാളിലെ പരിശുദ്ധാത്മാവാസം ഉൽപ്പെടെയുള്ള സംഭവങ്ങൾ വിവരിക്കുന്ന ഒരു സുവിശേഷവും അടങ്ങിയതാണീ ബൈബിൾ. കാനോനിക ബൈബിളിൽ ഇല്ലാത്തതും ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾക്ക് ആധാരവുമായ ചില വിവരണങ്ങൾ ഇതിൽ കാണപ്പെടുന്നതിനാൽ ഇതിന്റെ പഠനീയത വർദ്ധിക്കുന്നു. സുറിയാനി മൂലത്തിൽ നിന്നുള്ള പ്രാചീന വിവർത്തനമാണിതെന്ന് നിസ്സംശയമാണ്. യേശു ബർ നൂൻ (നൂന്റെ പുത്രനായ യേശു - യോശുവാ) എന്ന പദം ഇചൊ വർണ്ണോൻ എന്നാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തമിഴക്ഷരമാല മാത്രം ഉപയോഗിച്ച് മലയാളം എഴുതിയിരുന്ന ഒരു പൂർവ്വകാലം ഈ തർജ്ജിമ വെളിപ്പെടുത്തുന്നു. തന്റെ ശ്രോതാക്കളായ യഹൂദന്മാർ, ബുദ്ധ-ജൈന മതാനുയായികൾ, ദുർല്ലഭം വൈദിക ബ്രാഹ്മണർ ഇവരെ ഉദ്ദേശിച്ച് മാർതോമ്മാശ്ലീഹാ സുറിയാനിയിൽ രചിച്ച ബൈബിളിന്റെ ഭാഷാ വിവർത്തനമാണോ ഇതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. തിരുവള്ളുവർ എഴുതിയ തിരുക്കുറൾ, കണ്ണകിയുടെ കഥ ആധാരമാക്കി രചിക്കപ്പെട്ട ചിലപ്പതികാരം തുടങ്ങിയ സംഘകാല കൃതികളിൽ ഈ ബൈബിളിലെ പല ഭാഗങ്ങളും കാണുന്നതിനാൽ സംഘകാല കേരളജീവിതത്തെ സ്വാധീനിച്ച ധർമ്മസംഹിതയായി ഈ ബൈബിൾ കേരളത്തിലുണ്ടായിരുന്നു എന്ന് പറയാവുന്നതാണ്. ഉപരിഗവേഷണം ഇക്കാര്യത്തിൽ കൂടുതൽ വെളിച്ചം വീശിയേക്കും.

ബുക്കാനനും മലയാളം ബൈബിളും

കേരളത്തിലെ ബൈബിൾ പാരമ്പര്യം ഗവേഷണം ചെയ്തു ഗ്രഹിച്ച ബുക്കാനൻ മലയാളം ബൈബിൾ എന്ന തന്റെ സ്വപ്നം 1806 ഒക്ടോബർ 19-ന് തിരുവിതാംകൂർ മഹാരാജാവിനെ അറിയിച്ചു. 1806 നവംബർ 23, 24 തീയതികളിൽ ആറാം മാർതോമ്മായെ സന്ദർശിച്ച ബുക്കാനൻ തന്റെ ഈ സ്വപ്നം മെത്രാപ്പോലീത്തായെയും അറിയിച്ചു. ഈ സന്ദർശനത്തിൽ തന്നോടുകൂടെയുണ്ടാവാൻ സഭയിലെ പ്രധാന വൈദികരെ മെത്രാപ്പോലീത്താ ക്ഷണിച്ചിരുന്നു. ബൈബിൾ വിവർത്തനം, ആംഗ്ലിക്കൻസഭയുമായുള്ള ഐക്യം എന്നിവയെപ്പറ്റി തുറന്ന ചർച്ചകൾക്കായി രണ്ടു പണ്ഡിതവൈദികരെ ആറാം മാർത്തോമ്മാ നിയോഗിച്ചു (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ, 1819, മൂന്നാം പതിപ്പ്, ലണ്ടൻ, പുറം 80). ബൈബിളിന്റെ മലയാള വിവർത്തനം രൂപപ്പെട്ട പശ്ചാത്തലം ഇതാണ്.

1811-ലെ ബൈബിളിന്റെ വിവർത്തകർ

1811-ലെ മലയാളം ബൈബിളിന്റെ വിവർത്തനം കായംകുളം പീലി

പ്പോസ് റമ്പാൻ നടത്തിയതാണെന്നും മറ്റാർക്കും അതിൽ പങ്കില്ലെന്നും ചിലർ എഴുതിയിട്ടുണ്ട്. അടുത്തകാലത്തായി അതൊരു വിവാദമാക്കാൻ സംഘടിതമായ ശ്രമം നടക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. മലങ്കര സഭാ മാസികയുടെ രണ്ടു ലക്കങ്ങളിൽ എന്റെ യുവസ്നേഹിതരായ ഡോ. സിബി തരകനും ഡോ. കുര്യൻ തോമസും എഴുതിയ ലേഖനങ്ങളിൽ 1811-ലെ ബൈബിൾ വിവർത്തനത്തിൽ കായംകുളം പീലിപ്പോസ് റമ്പാൻ മാത്രമേ പങ്കുവഹിച്ചിട്ടുള്ളൂ എന്ന് സിദ്ധാന്തിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സാഹിത്യചരിത്രം എഴുതിയ മഹാകവി ഉള്ളൂരും യശശ്ശരീരനായ ഡോ. സാമുവൽ ചന്ദനപ്പള്ളിയും ഈ അഭിപ്രായം പുറപ്പെടുവിച്ചവരാണ്. തന്മൂലം റമ്പാൻ ബൈബിളിന്റെ വിവർത്തകരെപ്പറ്റിയുള്ള ഒരന്വേഷണം ഇവിടെ അനിവാര്യമാവുന്നു. 6-ാം മാർത്തോമ്മാ തന്റെ കീഴിലുള്ള രണ്ട് സുറിയാനി പണ്ഡിതരായ വൈദികരെ ക്ലോഡിയസ് ബുക്കാനനോട് ഈ വിഷയം ചർച്ച ചെയ്യുവാൻ നിയോഗിച്ച വിവരം നാം നേരത്തേ കണ്ടു വല്ലോ. ദൗർഭാഗ്യവശാൽ മറ്റു പുസ്തകങ്ങളിൽ എന്നപോലെ വിവർത്ത കരുടെ പേർ 1811-ലെ ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. റമ്പാൻ ബൈബിളിൽ മാത്രമല്ല, ബൈബിളിന്റെ സുറിയാനി, ഇംഗ്ലീഷ്, ആധു നിക മലയാളം വിവർത്തനങ്ങളിലും വിവർത്തകരുടെ പേർ ചേർത്തു കാണുന്നില്ല. റമ്പാൻ ബൈബിളിൽ പ്രസാധകന്റെ പേരും ചേർത്തിട്ടില്ല. തന്മൂലം വിവർത്തകരെപ്പറ്റിയുള്ള വാചിക പാരമ്പര്യത്തെ കുറെയൊക്കെ അവലംബിക്കാതെ തരമില്ല. അക്കാലത്ത് ബൈബിളിന്റെ ചില ഭാഗിക വിവർത്തനങ്ങൾ നടത്തിയ രണ്ടു മല്പാന്മാർ ഉണ്ടായിരുന്നു. അതിൽ ഒരാൾ സങ്കീർത്തനപുസ്തകം മുഴുവൻ വിവർത്തനം ചെയ്ത പുലിക്കോ ട്ടിൽ ഇട്ടൂപ്പ് മല്പാൻ ആണ്. അദ്ദേഹത്തിന്റെ സങ്കീർത്തന വിവർത്തനം പൂർണ്ണമായി ഇതെഴുതുന്ന ആൾ കണ്ടെടുത്തിട്ടുണ്ട്. അപ്രകാശിതകൃ തിയായ ആ വിവർത്തനത്തിലെ വിവർത്തനശൈലിയും ഭാഷാശൈ ലിയും റമ്പാൻ ബൈബിളിലേതു തന്നെയെന്ന് ഒരു ഭാഷാധ്യാപകൻ കൂടെയായ ഈ ലേഖകന് പറയാനാവും. ബൈബിൾ വിവർത്തനത്തിൽ ഭാഗികമായി പ്രാരംഭം കുറിച്ച മറ്റൊരാൾ കായംകുളത്ത് പീലിപ്പോസ് റമ്പാൻ തന്നെ. അദ്ദേഹം മത്തായിയുടെ സുവിശേഷത്തിന്റെ ചില ഭാഗ ങ്ങൾ വിവർത്തനം ചെയ്തതായി പ്രസ്താവമുണ്ട്. ഇപ്രകാരം ബൈബിൾ വിവർത്തനത്തിന് പ്രാരംഭം കുറിച്ച രണ്ടു മല്പാന്മാരെ ബൈബിൾ വിവർത്തകരായി ആറാം മാർത്തോമ്മാ നിയോഗിച്ചു എന്ന് വിശ്വസിക്കു ന്നതല്ലേ സ്വാഭാവികം? ചരിത്രരേഖകൾ ഈ വിഷയത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് പരിശോധിക്കാം.

1. ഡോ. ക്ലോഡിയസ് ബുക്കാനന്റെ കത്ത്

പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ ആയുഷ്ക്കാലം മുഴുവൻ വികാരി

യായിരുന്ന എഴുത്തുകാരനും ഗവേഷകനുമായ വെരി. റവ. പുലിക്കോട്ടിൽ ജോസഫ് കോർഎപ്പിസ്ക്കോപ്പാ (ഫാ. പി. എം. ജോസ്) പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ജീവചരിത്രം എഴുതിയപ്പോൾ പള്ളിറിക്കാർഡുകളിൽനിന്ന് കണ്ടെടുത്ത ഡോ. ബുക്കാനന്റെ ഒരു കത്തിലെ പ്രസക്ത ഭാഗം താഴെ കാണിക്കുംവിധം ഉദ്ധരിച്ചിട്ടുണ്ട്:

"അങ്കമാലിയിൽവച്ച് വലിയ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ഞാൻ കാണുകയും സുറിയാനിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള വേദപുസ്തകത്തിന്റെ കൈയെഴുത്തുപ്രതി അദ്ദേഹം എനിക്ക് സമ്മാനിക്കുകയും ചെയ്തു. അമൂല്യനിധിയായി ഞാൻ ആ പുസ്തകം സൂക്ഷിച്ചുവയ്ക്കുന്നു. അതിന്റെ അച്ചടിച്ച കുറച്ച് പ്രതികൾ അങ്ങോട്ടു കൊടുത്തയയ്ക്കുന്നുണ്ട്. അച്ചന്റെ ആഗ്രഹപ്രകാരം വേദപുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്ത് അച്ചടിപ്പിച്ച് പ്രസിദ്ധീകരിക്കുന്നതിന് എന്റെ എല്ലാ സഹകരണവും ഞാൻ വാഗ്ദാനം ചെയ്യുന്നു. വേദപുസ്തകം സുറിയാനി ഭാഷയിൽനിന്ന് മലയാള ഭാഷയിലേക്ക് തർജ്ജിമ ചെയ്ത് എനിക്കയച്ചുതരുന്നതിന് താല്പര്യപ്പെടുന്നു. പുസ്തകം ഇവിടെ മുദ്രണം ചെയ്ത് കുറെ പ്രതികൾ അങ്ങോട്ട് അയച്ചുതരുന്നതാണ്" (*കാലം ചെയ്ത അച്ചൻ*, പുറം 20).

2. ഡോ.ക്ലോഡിയസ് ബുക്കാനന്റെ സാക്ഷ്യം

റമ്പാൻ ബൈബിളിന്റെ പ്രസാധകൻ ഡോ. ബുക്കാനന്റെ ഡയറിക്കുറിപ്പുകൾ ഈ വിഷയത്തിൽ മറ്റൊരു നിർണ്ണായകരേഖയാണ്. ഭാഗ്യവശാൽ അദ്ദേഹത്തിന്റെ സ്മരണകൾ അടങ്ങിയ ഡയറി 'മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1807-ൽ ജനുവരി 29-ന് കൊച്ചിയിൽനിന്ന് അദ്ദേഹം എഴുതിയ ഒരു കത്തിലെ പരാമർശം കാണുക: '... പ്രതിമാസവേതനം പറ്റുന്ന മൂന്നു പേർ വിവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നു. എന്റെ അസാന്നിധ്യത്തിൽ കേണൽ മെക്കാളെ വിവർത്തനയജ്ഞത്തിന് മേൽനോട്ടം വഹിക്കുന്നു' (പുറം 97). ബൈബിൾ വിവർത്തനം നടത്തിയത് ഒരാൾ തനിച്ചല്ല എന്ന് ഇതിനേക്കാൾ ആശ്രയിക്കാവുന്ന മറ്റൊരു സാക്ഷ്യം ആവശ്യമുണ്ടോ?

3. ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രം

കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പായിരുന്ന തോമസ് മിഡിൽട്ടൺ 1816-ൽ മലങ്കരസഭ സന്ദർശിച്ചു. 1831-ൽ രണ്ടു വാല്യങ്ങളായി ചാൽസ് വെബ്ബ് പ്രസിദ്ധപ്പെടുത്തിയ ബിഷപ്പിന്റെ ജീവചരിത്രത്തിലെ ഒരു ഭാഗം ശ്രദ്ധേയമാണ്: "ബിഷപ്പ് മിഡിൽട്ടൺ സന്ദർശിച്ച പള്ളികളിൽ ആദ്യത്തേത് തൃപ്പൂണിത്തുറയിലേതായിരുന്നു. .... ഈ പള്ളി കത്തോലിക്കരും

സുറിയാനിക്കാരും വ്യത്യാസം കൂടാതെ ഉപയോഗിച്ചിരുന്നു. ... ആദ്യം പള്ളിയിലെത്തുന്നവർ ആരാധന നയിക്കും. ... മിഡിൽട്ടൺ സന്ദർശിക്കുമ്പോൾ ഇരു വിഭാഗങ്ങളിലെയും പട്ടക്കാർ സന്നിഹിതർ ആയിരുന്നു. സുറിയാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതുമായ മലയാളം സുവിശേഷപുസ്തകം സുറിയാനി വൈദികർ (സന്ദർശകനെ) കാണിച്ചു. ... അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാളപരിഭാഷ ഉണ്ടായിരുന്നു. കുട്ടികൾക്കുപോലും ഗ്രഹിക്കത്തക്കവിധം അത് ലളിതവും പ്രയോജനപ്രദവുമെന്ന് അവർ കരുതുന്നു. ജോസഫ് റമ്പാനാണ് അത് തയ്യാറാക്കിയത്. അദ്ദേഹമാണിപ്പോഴത്തെ (1816) മെത്രാൻ. മാർ ദീവന്നാസ്യോസ് എന്നാണ് അദ്ദേഹത്തിന്റെ പേർ. അതേ പേരുള്ള മുൻമെത്രാന്റെ പ്രേരണയാൽ ആണ് ഈ വിവർത്തനം തയാറാക്കപ്പെട്ടത് (പുറം 284-292. ഇന്റർനെറ്റിൽ ഈ പുസ്തകം ലഭ്യമാണ്. പ്രസക്ത പേജുകൾ ഡൗൺലോഡ് ചെയ്ത് ഈ ലേഖകൻ സൂക്ഷിക്കുന്നു. സ്വതന്ത്ര വിവർത്തനം തയാറാക്കിയത് ഈ ലേഖകൻ ആണ്). ഇവിടെ ബൈബിൾ വിവർത്തകന്റെ പേരായി ജോസഫ് റമ്പാന്റെ പേർ (മാർ ദീവന്നാസ്യോസ്) മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതു മാത്രം ആധാരമാക്കി വിവർത്തനത്തിൽ കായംകുളം പീലിപ്പോസ് റമ്പാന്റെ പങ്കാളിത്തം നിഷേധിക്കുവാൻ സാഹിത്യഗവേഷണപരിചയം ഈ ലേഖകനെ അനുവദിക്കുന്നില്ല. ഒരു കൃതിയുടെ കർത്താവിനെ നിഷേധിക്കുന്നതിനോ സ്ഥിരീകരിക്കുന്നതിനോ ഒരു തെളിവിനെ മാത്രം ആധാരമാക്കുവാൻ ശ്രമിക്കുന്നത് ബാലിശമല്ലേ?

4. റെയ്നോൾഡ് വാഗ്നർ (വിവർത്തനം: ഫാ. ഡോ. റജി മാത്യു)

1969-ൽ ബർലിനിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട ജർമ്മൻ ഭാഷയിലെഴുതിയ ഒരു ലേഖനം (ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും) ഫാ. ഡോ. റജി മാത്യു വിവർത്തനം ചെയ്തിട്ടുണ്ട്. അതിലെ പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കട്ടെ: 'മലയാളത്തിലേക്കുള്ള വേദപുസ്തക പരിഭാഷ ഇംഗ്ലീഷുകാരായ മിഷനറിമാരുടേയും (ലണ്ടനിലുള്ള സി.എം.എസ്. മിഷനറിമാർ) ഇന്നത്തെ കേരളത്തിലുള്ള തിരുവിതാംകൂർ-കൊച്ചി ഭാഗത്തെ സിറിയൻ ഓർത്തഡോക്സ് (അഥവാ യാക്കോബായ) സഭയുടെയും കൂട്ടായ പ്രവർത്തനഫലമായി ഉണ്ടായതാണ്. .... ബുക്കാനൻ കേരളം വിടുന്നതിന് മുമ്പ് തർജ്ജിമയിൽ ഏർപ്പെട്ടിരുന്ന പട്ടക്കാർക്കെല്ലാം (പട്ടക്കാർ എന്ന ബഹുവചനപ്രയോഗം ശ്രദ്ധേയം - ലേഖകൻ) ബ്രിട്ടീഷ് ഗവണ്മെന്റിന്റെ പ്രതിനിധിയെക്കൊണ്ട് ഒരു മാസത്തെ ശമ്പളം കൊടുപ്പിച്ചു.'

ഈ ചുറ്റുപാടിൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ (ആറാം മാർത്തോമ്മാ - ലേഖകൻ) മൂന്ന് സഹപ്രവർത്തകരെപ്പറ്റി നാം മനസ്സിലാ

ക്കുന്നു. കൽക്കട്ടായിൽ താമസമാക്കിയിരുന്ന ഇന്ത്യയിലെ ആദ്യത്തെ ഇംഗ്ലീഷുകാരനായ ബിഷപ്പ് മിഡിൽട്ടന്റെ ജീവചരിത്രകാരൻ അദ്ദേഹത്തിന്റെ 1816-ലെ രണ്ടു സന്ദർശനങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇതിൽ പുലിക്കോട്ടിൽ ജോസഫ് അഥവാ റമ്പാൻ ജോസഫ് ആണ് പ്രധാന ചുമതലകൾ വഹിച്ചിരുന്നത് എന്നു പറയുന്നു. റമ്പാൻ ജോസഫ് 1815-ൽ അഞ്ഞൂരിലെ (തൊഴിയൂർ) മാർ പീലക്സിനോസിൽ നിന്ന് ബിഷപ്പായിത്തീർന്ന ആളാണ്. അദ്ദേഹത്തിന്റെ പുതിയ പേർ മാർ ദീവന്നാസ്യോസ് രണ്ടാമൻ എന്നായിരുന്നു. എന്നാൽ സുറിയാനിക്കാരായ കത്തോലിക്കരിൽനിന്നും നാം മനസ്സിലാക്കുന്നത് റമ്പാൻ പീലിപ്പോസ് ബുക്കാനന്റെ തിരുവിതാംകൂർ സന്ദർശനത്തിന്റെ ഏതാനും വർഷങ്ങൾക്കു മുമ്പേ സുറിയാനി ബൈബിളിന്റെ ഏതാനും ഭാഗങ്ങൾ പകർത്തിയെഴുതി എന്നും അതിൽ നിന്നാണ് മലയാളം പരിഭാഷ നടത്തിയത് എന്നുമാണ്. റമ്പാൻ ജോസഫിനോടും റമ്പാൻ പീലിപ്പോസിനോടുമൊപ്പം തിമ്മപ്പാ (യ്യാ) പ്പിള്ള എന്നയൊരാളെക്കൂടി പറഞ്ഞു കേൾക്കുന്നു. സുറിയാനി ബിഷപ്പിന്റെ ഔദ്യോഗിക ഭവനമായ കണ്ടനാട് വച്ച് തർജ്ജിമ പൂർത്തിയാക്കുകയും അദ്ദേഹം ഇതിന്റെ നേതൃത്വം ബുദ്ധിമുട്ടില്ലാതെ നിർവ്വഹിക്കുകയും ചെയ്തിരുന്നു (*പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും*, എം.ജെ.ഡി. പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം, പുറം 173-174).

5. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ സാക്ഷ്യം

കോട്ടയം പഴയസെമിനാരിയുടെ സ്ഥാപകനും പ്രഥമ പ്രിൻസിപ്പലുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ 175-ാം ചരമ വാർഷികവേളയിൽ പഴയസെമിനാരി ചാപ്പലിൽ സെമിനാരി സ്ഥാപകന്റെ കബറിനോട് ചേർന്ന് സ്ഥാപിച്ച മാർബിൾ ഫലകത്തിൽ ഡോ. ഗ്രീഗോറിയോസ് ഉൾപ്പെടുത്തിയ പ്രസക്ത വിശേഷണം ബൈബിൾ വിവർത്തനത്തിന്റെ പ്രാരംഭകൻ (initiated the translation of Malayalam Bible) എന്നാണ്.

6. റവ. ടി. വി. തോമസ് (മാർത്തോമ്മാസഭ)

ബൈബിൾ സൊസൈറ്റിയുടെ കേരളഘടകത്തിന്റെ ചുമതല വഹിച്ചിരുന്ന റവ. ടി. വി. തോമസ് (അദ്ദേഹം മാർത്തോമ്മാസഭയിലെ പ്രശസ്ത വൈദികൻ) 'മലയാളം ബൈബിൾ ചരിത്രപശ്ചാത്തലം' എന്ന ലേഖനത്തിൽ 1811-ലെ ബൈബിൾ വിവർത്തനത്തെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "മലയാളം ബൈബിൾ പരിഭാഷപ്പെടുത്തിയത് സുറിയാനി ബൈബിളിൽ നിന്നായിരുന്നു. തിമ്മയ്യാപ്പിള്ള, കായംകുളം പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ എന്നിവർ ചേർന്നാണ്

സുവിശേഷ ഭാഗങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത്. ഭാഷാന്തര ജോലിക്കുള്ള സർവ്വ ചെലവുകളും പുരോഹിതന്മാരുടെ ശമ്പളവും ഡോ. ബുക്കാനൻ ആണ് വഹിച്ചത്. 1811-ൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നാല് സുവിശേഷപ്രതികൾ ബോംബെയിൽവച്ച് മുദ്രണം ചെയ്തു പ്രസിദ്ധീകരിച്ചു" (ചർച്ച് വീക്കിലി, 1989 മെയ് 29, വാല്യം 37, ലക്കം 21. വിശുദ്ധ ബൈബിൾ വിശേഷാൽ പതിപ്പ്).

7. ബൈബിൾ നൂറ്റാണ്ടുകളിലൂടെ എന്ന ഗവേഷണഗ്രന്ഥം

ദൈവശാസ്ത്ര സാഹിത്യസമിതിയുടെ (ടി.എൽ.എസ്.) നിർദ്ദേശാനുസരണം ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജ് ലൈബ്രറിയിലെ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി പി. ടി. കുരുവിള (പ്രശസ്ത എഴുത്തുകാരൻ, മാർത്തോമ്മാ സഭാംഗം) തയാറാക്കിയ ഗ്രന്ഥത്തിലെ 'മലയാളം ബൈബിൾ' എന്ന അധ്യായത്തിൽ ഇപ്രകാരം കാണുന്നു: "ക്ലോഡിയസ് ബുക്കാനൻ കേരളം സന്ദർശിക്കുന്നതുവരെയും മലയാളത്തിൽ ബൈബിൾ പരിഭാഷപ്പെടുത്തിയിരുന്നില്ല. തിമ്മയ്യാപ്പിള്ളയും മൂന്ന് പുരോഹിതന്മാരും തിരുവചനത്തിന്റെ മലയാളത്തിലേക്കുള്ള ഭാഷാന്തര ജോലിയിൽ സഹായിച്ചു. കായംകുളം പീലിപ്പോസ് റമ്പാച്ചനും പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചനും ഇവരിൽ പ്രധാനികൾ ആയിരുന്നു. പുരോഹിതന്മാരുടെ ശമ്പളം ഉൾപ്പെടെ ഭാഷാന്തര ജോലിക്കുള്ള സർവ്വ ചെലവുകളും ബുക്കാനൻ ആണ് നിർവ്വഹിച്ചത്" (പുറം 108. 1971, കോട്ടയം).

8. കേരള ക്രൈസ്തവ സംസ്ക്കാരം

ബിരുദ, ബിരുദാനന്തര ബിരുദതലത്തിൽ 'കേരള സംസ്ക്കാരം' (മലയാളസാഹിത്യം സബ്സിഡിയറി പേപ്പർ) വിഷയത്തിൽ സർവ്വകലാശാല സിലബസ്പ്രകാരം തയാറാക്കപ്പെട്ട റഫറൻസ് ഗ്രന്ഥമാണ് റവ. മാത്യു ഡാനിയേൽ (മാർത്തോമ്മാ സഭാംഗം) പ്രസിദ്ധീകരിച്ച 'കേരള ക്രൈസ്തവ സംസ്ക്കാരം.' അതിലെ പരാമർശം കാണുക:

"കായംകുളം പീലിപ്പോസ് റമ്പാൻ ആണ് വിവർത്തനത്തിൽ മുഖ്യ പങ്ക് വഹിച്ചത്. പുലിക്കോട്ടിൽ ജോസഫ് റമ്പാന്റെയും തിമ്മയ്യാപ്പിള്ളയുടെയും സഹകരണം അദ്ദേഹത്തിന് ലഭിച്ചു" (പുറം 88).

9. പത്രോസ് മാർ ഒസ്താത്തിയോസ്

സ്ലീബാദാസ സമൂഹ സ്ഥാപകനും സഭാചരിത്ര ഗവേഷകനും സെറാമ്പൂർ ബിരുദധാരിയും മിഷനറിവീരനുമായ മൂക്കഞ്ചേരിൽ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 1948 കുംഭം ലക്കം 'മലങ്കരസഭാ മാസിക'യിൽ അദ്ദേഹം സെറാമ്പൂർ കോളജിലെ പുസ്തക സഞ്ചയത്തിൽ കണ്ട 1811-ലെ ബൈബിൾ വിവർത്തനത്തിന്റെ കോപ്പിയെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:

"…. പുസ്തകസഞ്ചയത്തിലെ പഴയലിസ്റ്റിൽ ഇപ്രകാരം എഴുതികാണുന്നു. 'മലയാള വേദപുസ്തകം നാല് സുവിശേഷങ്ങൾ. തിമ്മയ്യാപ്പിള്ളയും റമ്പാന്മാരും കൂടി തർജ്ജിമ ചെയ്തത്. മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വക. ഫാ. ബ്രീഷ്യസിന്റെ തമിഴ് തർജ്ജിമയിൽ നിന്ന്. ബോംബെ 1811. … കായംകുളത്ത് മനങ്ങനഴിയം കുടുംബത്തിലെ ഒരംഗമായിരുന്നു പീലിപ്പോസ് റമ്പാൻ. പിന്നീട് മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും വേറൊരു കത്തനാരും ഭാഷാന്തരത്തിൽ റമ്പാനെ സഹായിച്ചു ('മലയാളഭാഷയിൽ അച്ചടിച്ച ഒന്നാമത്തെ വേദപുസ്തകം' എന്ന ലേഖനം).

10. ഡോ. സാമുവൽ ചന്ദനപ്പള്ളി

ഗവേഷകനായ ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച 'മലങ്കരസഭാപിതാക്കന്മാർ' എന്ന ബൃഹത് ഗ്രന്ഥത്തിൽ ഇപ്രകാരം കാണുന്നു: "…. റവ. ക്ലോഡിയസ് ബുക്കാനൻ ഈ യാത്രയെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തി: കുന്നംകുളങ്ങര എന്ന് വിളിച്ചുവരുന്ന ഭംഗിയുള്ള ഒരു പട്ടണമുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ മാത്രം അവിടെ താമസിക്കുന്നു. അവിടത്തെ പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ ഞാൻ സന്ദർശിക്കുകയുണ്ടായി. … കത്തനാർ വൃത്തിയുള്ള നിലയങ്കി ധരിച്ചിരുന്നു. നല്ല രൂപലാവണ്യമുള്ള ഒരു പരമഭക്തനാണ് കത്തനാർ. ഇംഗ്ലീഷ് വിദ്യാഭ്യാസം തന്റെ ജനങ്ങൾക്ക് നൽകുവാനുള്ള കത്തനാരുടെ ആഗ്രഹം ഞാൻ മനസ്സിലാക്കുന്നു. വേദപുസ്തകം ദേശീയഭാഷയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് കത്തനാർക്ക് ആഗ്രഹമുണ്ട്." ജോസഫ് കത്തനാരുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും ആഗ്രഹം അചിരേണ സഫലമായി. 1811-ൽ ബോംബെ കൊറിയർ പ്രസിൽനിന്നും നാലു സുവിശേഷങ്ങളുടെ തർജ്ജിമ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി" (പു. 115. ഇവിടെ ഗ്രന്ഥകാരന് പറ്റിയ ഒരു പ്രമാദം ചൂണ്ടിക്കാട്ടുവാൻ ശ്രമിക്കട്ടെ. 1800-ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനന്റെ വിവരണമാണ്, ക്ലോഡിയസ് ബുക്കാനന്റെ വിവരണമായി ഉദ്ധരിച്ച് ചേർത്തിട്ടുള്ളത്. *ഫ്രാൻസിസ് ബുക്കാനന്റെ കേരളം* എന്ന ഡോ. സി. കെ. കരിം തർജ്ജമ ചെയ്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ഗ്രന്ഥം കാണുക. - ലേഖകൻ).

11. ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും

കോട്ടയ്ക്കൽ പബ്ലിഷേഴ്സ് 2002-ൽ പ്രസിദ്ധീകരിച്ച ബൃഹത് സഭാചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "1806 നവംബർ 23, 24 തീയതികളിലായി നടന്ന കൂടിക്കാഴ്ചകളിൽ മലയാളത്തിലേക്കുള്ള ബൈബിൾ വിവർത്തനം എന്ന ആശയം ഡോ. ബുക്കാനൻ അവതരി

പ്പിച്ചു. മെത്രാപ്പോലീത്തായ്ക്ക് ആ ആശയം സമ്മതമായിരുന്നു. രണ്ടാഴ്ച കഴിഞ്ഞു കേണൽ മെക്കാളെയുമൊന്നിച്ച് ബുക്കാനൻ വീണ്ടും ആറാം മാർത്തോമ്മായെ സന്ദർശിച്ചു. ബൈബിൾ വിവർത്തനം തുടങ്ങി എന്ന് മെത്രാപ്പോലീത്താ ബുക്കാനനെ അറിയിച്ചു. ബുക്കാനന്റെ സന്ദർശന വേളയിൽ തന്നോടൊപ്പമുണ്ടാവാൻ സഭയിലെ പ്രധാന വൈദികരെ മെത്രാപ്പോലീത്താ അറിയിച്ചിരുന്നു (അക്കാലത്ത് മലങ്കരയിലെ ഏറ്റവും പ്രശസ്തരായ വൈദികർ തെക്ക് കായംകുളം പീലിപ്പോസ് റമ്പാനും വടക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ആയിരുന്നു). ബൈബിൾ വിവർത്തനം, സഭാസംയോജനം തുടങ്ങിയ കാര്യങ്ങളുടെ തുറന്ന ചർച്ചയ്ക്കായി ഈ രണ്ടു വൈദികരെ മെത്രാപ്പോലീത്താ നിയോഗിച്ചു എന്ന് വേണം കരുതുവാൻ. രണ്ടു വർഷം കഴിയുമ്പോഴേക്കും ഇവരാണ് മലങ്കരയിലെ വിശ്വസ്തരും പണ്ഡിതരും സഭാസ്നേഹികളുമായ വൈദികർ എന്ന് അംഗീകരിക്കപ്പെടുന്നുണ്ട്. 1809-ലെ കണ്ടനാട് പടിയോല ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും" (പുറം 400-401).

12. ഇന്ത്യൻ ഓർത്തഡോക്സ് സഭ എ.ഡി. 52-2007

കോട്ടയ്ക്കൽ പബ്ലിഷേഴ്സ് 2007-ൽ പ്രസിദ്ധീകരിച്ച ഈ സമഗ്ര സഭാചരിത്രത്തിൽ പ്രസക്ത വിഷയം രേഖപ്പെടുത്തുന്നതിപ്രകാരമാണ്: "... ബൈബിൾ വിവർത്തനം, ആംഗ്ലിക്കൻ സഭയുമായുള്ള സംയോജനം ഇവയായിരുന്നു സംഭാഷണ വിഷയം. രണ്ടിലും മെത്രാപ്പോലീത്താ (ആറാം മാർത്തോമ്മാ) താല്പര്യം പ്രദർശിപ്പിച്ചു. സഭയിലെ തെക്കും വടക്കുമുള്ള രണ്ട് പ്രഗത്ഭ മല്പാന്മാരെ തുടർ ചർച്ചകൾക്കായി മെത്രാപ്പോലീത്താ നിയോഗിച്ചു. കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും ആയിരുന്നു ഈ പ്രതിനിധികൾ എന്ന് കേട്ടിട്ടുണ്ട്. ... റമ്പാൻ ബൈബിൾ എന്നും ബുക്കാനൻ ബൈബിൾ എന്നും അറിയപ്പെടുന്ന ഒന്നാമത്തെ മലയാളം ബൈബിൾ പരിഭാഷ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്" (പുറം 175).

13. 'മരുപ്പച്ച'യിലെ ലേഖനം

ശ്രീ. ജെ. സി. ദേവ് എഴുതിയ 'സത്യവേദപുസ്തകം ശതാബ്ദി പിന്നിടുമ്പോൾ' എന്ന ലേഖനത്തിൽ 1811-ലെ മലയാളം ബൈബിൾ വിവർത്തനത്തിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ നിർവഹിച്ച പങ്ക് സംശയരഹിതമായി രേഖപ്പെടുത്തിയിരിക്കുന്നു (മരുപ്പച്ച, തിരുവല്ല, ആഗസ്റ്റ് 5, 2010. വാല്യം14, ലക്കം 15, പുറം 3-5).

14. പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനെ 'മലങ്കര

സഭാ ജ്യോതിസ്' ആയി പ്രഖ്യാപിച്ചുകൊണ്ട് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പുറപ്പെടുവിച്ച പൊതുകല്പനയിൽ മലങ്കര മെത്രാപ്പോലീത്തായുടെ സേവനങ്ങളെ മലങ്കരസഭ അംഗീകരിച്ച് പ്രകീർത്തിക്കുംവിധം എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്: "മലയാള ഭാഷയിൽ വി. വേദപുസ്തകം പരിഭാഷപ്പെടുത്തുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുകയും ചെയ്തത് ഈ പിതാവിന്റെ നേട്ടങ്ങളിൽ ചിലവ മാത്രമാണ്."

15. മലയാളകവിതയും ബൈബിളും

ഡോ. എ. ഗോപിനാഥൻ നായരുടെ മേൽനോട്ടത്തിൽ കോട്ടയം എം. ജി. യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച് ഗവേഷണബിരുദം നേടിയ പ്രബന്ധമാണീ പുസ്തകം. ഡോ. എം. എം. ബഷീർ, ഡോ. സ്ക്കറിയാ സക്കറിയാ, ഡോ.സാമുവൽ ചന്ദനപ്പള്ളി എന്നിവർ ബിരുദത്തിനായി ഐകകണ്ഠ്യേന ശുപാർശ ചെയ്ത ഈ പ്രബന്ധത്തിലെ പരാമർശം കാണുക: "1811-ലാണ് മലയാളത്തിൽ ആദ്യമായി നാലു സുവിശേഷങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. ക്ലോഡിയസ് ബുക്കാനന്റെ നേതൃത്വത്തിൽ കേരള സുറിയാനിസഭയിലെ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ (പിന്നീട് കോട്ടയം പഴയസെമിനാരി സ്ഥാപകൻ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ), കായംകുളം പീലിപ്പോസ് റമ്പാൻ തുടങ്ങിയവർ സുറിയാനിയിൽനിന്ന് വിവർത്തനം ചെയ്ത സുവിശേഷ ഭാഗങ്ങൾ ബോംബെയിലെ കൊറിയർ പ്രസിൽ അച്ചടിക്കുകയാണുണ്ടായത്."

16. പ. പൗലൂസ് ദ്വിതീയൻ കാതോലിക്കാ

"ബൈബിളിന്റെ മലയാള വിവർത്തനത്തെ സംബന്ധിച്ചും, അതിന്റെ പിന്നിൽ വളരെയധികം പ്രവർത്തിച്ച പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ സംഭാവനകളെപ്പറ്റിയും, കേരള സംസ്കാരത്തിലും മലയാളഭാഷയിലും ഈ വിവർത്തനം ചെലുത്തിയ സ്വാധീനങ്ങളെ സംബന്ധിച്ചും ചരിത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന പ്രസ്തുത ഗ്രന്ഥം മലയാള സാഹിത്യത്തിനും ചരിത്രാന്വേഷകർക്കും തീർച്ചയായും ഒരു മുതൽക്കൂട്ടാണ്."

(പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമനും 1811-ലെ മലയാളം ബൈബിളും എന്ന പുസ്തകത്തിന് എഴുതിയ അനുഗ്രഹാശംസയിൽ നിന്ന്)

17. ബൈബിളും മലയാളവും

ഡോ. സുകുമാർ അഴീക്കോടിന്റെ മേൽനോട്ടത്തിൽ കത്തോലിക്കാ സഭാംഗമായ ഡോ. റോസി തമ്പി കോഴിക്കോട് സർവ്വകലാശാലയിൽ

സമർപ്പിച്ച ഡോക്ടറൽ തീസീസിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: “സുറിയാനിപണ്ഡിതനായ കായംകുളം പീലിപ്പോസ് റമ്പാനും കുന്നംകുളത്തുകാരനായ പുലിക്കോട്ടിൽ ജോസഫ് ഇട്ടൂപ്പ് (റമ്പാനും) തമിഴ് പണ്ഡിതനായ തിമ്മയ്യാപ്പിള്ളയും കൂടിയാണ് ഈ വിവർത്തനം നിർവഹിച്ചിട്ടുള്ളത്. എന്നാൽ ക്ലോഡിയസ് ബുക്കാനന്റെ മേൽനോട്ടത്തിൽ നടന്ന ശ്രമമായതുകൊണ്ട് അദ്ദേഹത്തിന്റെ പേരിലാണ് പ്രധാനമായും ഈ ഗ്രന്ഥം അറിയപ്പെടുന്നത്” (പുറം 86).

18. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ

ഈ സംഘടനയുടെ കേരളഘടകം ഔദ്യോഗികമായി ഇറക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളിലും മലയാള ബൈബിൾ ചരിത്രം പരാമർശിക്കുമ്പോൾ 1811-ലെ ബൈബിൾ വിവർത്തകരിൽ ഒരാളായി പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ പരാമർശിക്കുന്നു.

1811-ലെ മലയാളം ബൈബിൾ മലയാള ഭാഷാഗദ്യത്തിന്റെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ്. 18-ാം നൂറ്റാണ്ടിലെ സാധാരണക്കാരന്റെ സംസാരഭാഷയെ അത് ഉദാഹരിക്കുന്നു. വിദേശ മിഷനറിമാർ ഇതിന്റെ ഭാഷയെ പരിഷ്ക്കരിക്കുവാൻ ഒട്ടും ശ്രമിച്ചിട്ടില്ല. വിവർത്തകന്മാർക്ക് സംസ്ക്കൃതത്തിലോ ഇംഗ്ലീഷിലോ പാണ്ഡിത്യമില്ലാതിരുന്നതിനാൽ ആ ഭാഷകളും ഈ വിവർത്തനത്തിൽ കൈകടത്തിയിട്ടില്ല. അക്ഷരങ്ങളുടെ ചതുരവടിവ്, ശുദ്ധമലയാള - ദ്രാവിഡപദങ്ങളുടെ ആധിക്യം, പദഘടനയിലെ വ്യാകരണകാര്യങ്ങൾ, അന്യഭാഷാപദങ്ങൾ തുടങ്ങി ഒട്ടു വളരെ കാര്യങ്ങൾ വിശദമായി അപഗ്രഥിച്ച് 19-ാം നൂറ്റാണ്ടിന് മുമ്പുള്ള മലയാള ഭാഷയുടെ സ്വരൂപം കണ്ടെത്തുന്നതിന് ഈ ഗ്രന്ഥം ഉപകരിക്കുമെന്നത് തീർച്ചയാണ്. പഴയനിയമത്തിലെ ദാവീദിന്റെ ‘സങ്കീർത്തന’മാണ് മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ട വേറൊരു വേദഭാഗം. കോട്ടയം പഴയസെമിനാരി സ്ഥാപകൻ തന്നെയാണിതിന്റെയും വിവർത്തകൻ എങ്കിലും (കൈയക്ഷരത്തിന്റെ ചതുരവടിവും വിവർത്തനത്തിലെ ഭാഷാശൈലിയും അടിസ്ഥാനപ്പെടുത്തിയാണ് ഈ നിരീക്ഷണം) ഈ രചന നാളിതുവരെ അച്ചടിക്കപ്പെട്ടിട്ടില്ല. 1811-ൽ റമ്പാൻ ബൈബിളിന്റെ വിവർത്തനത്തിന് നേതൃത്വം നൽകിയ സെമിനാരി സ്ഥാപകൻ ബൈബിളിന്റെ ഇതരഭാഗങ്ങളും വിവർത്തനം ചെയ്തിട്ടുള്ളതായി കേണൽ മൺറോയുടെ ഏതാനും കത്തുകളിൽ പരാമർശമുണ്ട് (പി. ചെറിയാന്റെ സഭാചരിത്രത്തിലെ അനുബന്ധം കാണുക). ഈ വിവർത്തനത്തിന്റെ പല ഭാഗങ്ങളും കുന്നംകുളം പനയ്ക്കൽ തറവാട്ടിലെ ഗ്രന്ഥപ്പുരയിൽനിന്ന് ഫാ. കുറിയാക്കോസ് ഒ.ഐ.സി. കണ്ടെടുത്ത് പഴയസെമിനാരിയിലേക്ക് നൽകിയിട്ടുണ്ട് (ബൈബിൾ ആധുനിക മലയാള കവിതയിൽ, പുറം 38).

ഡോ. കുര്യൻ തോമസ് ആരോപിക്കുന്നത്, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ 'മഹത്വവത്ക്കരിക്കു'വാൻ ചിലർ നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിട്ടാണ് 1811-ലെ റമ്പാൻ ബൈബിളിന്റെ വിവർത്തകരിലൊരാളായി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ തിരുകിക്കയറ്റുന്നത് എന്നാണ്.

മലങ്കരസഭയിലെ ഏറ്റവും മഹത്തായ സ്ഥാപനം കോട്ടയം പഴയ സെമിനാരിയും, ഏറ്റവും വലിയ മഹാൻ അതിന്റെ സ്ഥാപകനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനുമാണെന്നത് കഴിഞ്ഞ തലമുറയിലെ മലങ്കര സഭാ മാസികയുടെ പത്രാധിപരും സഭാ സെക്രട്ടറിയുമായ പാത്താമുട്ടം വന്ദ്യ എം. സി. കുറിയാക്കോസ് റമ്പാൻ സാക്ഷ്യപ്പെടുത്തിയിരിക്കേ മറ്റൊരു സാക്ഷ്യം എന്തിന്. മഹത്വമില്ലാത്ത ഒരാളിൽ മഹത്വം ആരോപിക്കുന്നതാണ് മഹത്വവത്ക്കരണം.

1. ജന്മായത്തമായി കുടുംബാവകാശമെന്ന നിലയിൽ മലങ്കരമെത്രാൻ സ്ഥാനം പിന്തുടർന്നുപോന്ന ഒന്നര നൂറ്റാണ്ടിന്റെ പാരമ്പര്യം അവസാനിപ്പിച്ച് ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈദികൻ മലങ്കരമെത്രാനാകണം എന്ന സഭയുടെ ആഗ്രഹം പ്രാവർത്തികമാക്കിയ അദ്ദേഹത്തെ മഹത്വവത്ക്കരിക്കുവാൻ മറ്റ് കാരണങ്ങൾ ആവശ്യമുണ്ടോ?

2. മലങ്കരമെത്രാൻ ഏതെങ്കിലും ഒരിടവകപള്ളിയെ ആസ്ഥാനമാക്കുന്നത് അനാരോഗ്യകരമായ പ്രവണതയാകയാൽ മലങ്കരമെത്രാപ്പോലീത്തായുടെ ആസ്ഥാനത്തിന് ഒരു പൊതുസഭാകേന്ദ്രം പ്രാവർത്തികമാക്കിയ സെമിനാരിസ്ഥാപകനെ ആരെങ്കിലും മഹത്വവത്ക്കരിക്കേണ്ടതുണ്ടോ?

3. തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോദ്ഘാടനം ചെയ്ത പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മഹത്വവത്ക്കരിക്കുവാൻ പരസഹായം ആവശ്യമുണ്ടോ?

4. മലങ്കരസഭയിൽ ആദ്യമായി വൈദികവിദ്യാഭ്യാസത്തിനായി സഭയുടെ മദ്ധ്യസ്ഥാനത്ത് ഭാവനാപൂർവ്വം വൈദികസെമിനാരി അന്നത്തെ മലങ്കരമെത്രാൻ 8-ാം മാർത്തോമ്മായുടെ അഹിതത്തെ അവഗണിച്ചുകൊണ്ട് സ്ഥാപിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മഹത്വവത്ക്കരിക്കുവാൻ മറ്റ് കാരണങ്ങൾ ആവശ്യമുണ്ടോ?

5. മഹത്വം ഇല്ലാത്ത ഒരാളെയാണോ 'സഭാജ്യോതിസ്' എന്ന പരിശുദ്ധ ബിരുദം നൽകി മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആദരിച്ചത്?

ഡോ. കുര്യൻ തോമസിന് അബദ്ധം പിണഞ്ഞത് അദ്ദേഹം വേണ്ടതിലേറെ പ്രാധാന്യം *നിരണം ഗ്രന്ഥവരി*ക്ക് നൽകിയതുകൊണ്ടാണ്.

*നിരണം ഗ്രന്ഥവരി*യുടെ മറ്റൊരു വ്യാഖ്യാതാവായ പോൾ മണലിൽ എഴുതുന്നു: "പുരാവൃത്ത വിവരണങ്ങളെല്ലാം കേട്ടറിഞ്ഞ കാര്യങ്ങളാണ്. ഈ കാര്യങ്ങളിലെ തെറ്റും ശരിയും സമാഹർത്താവ് വേർതിരിച്ചിട്ടില്ല. ... തെറ്റേതാണ് ശരിയേതാണ് എന്നൊരു മാനദണ്ഡം ഗ്രന്ഥവരി ക്രോഡീകരിച്ചവരുടെ മുമ്പിൽ അന്നുണ്ടായിരുന്നില്ല. അതിനാൽ ചരിത്രരചനയ്ക്ക് ഇന്ന് അവലംബിക്കുന്ന അളവുകോൽകൊണ്ട് *നിരണം ഗ്രന്ഥവരി*യെ വിലയിരുത്തുവാൻ സാധ്യമല്ല" (*നിരണം ഗ്രന്ഥവരി,* എം.ഒ.സി. പ്രസിദ്ധീകരണം, പുറം 13).

നിരണം ഗ്രന്ഥവരി ചരിത്രപരമായ ചർച്ചയിൽ ഉദ്ധരിക്കുന്നവർ പോൾ മണലിൽ നൽകുന്ന മുന്നറിയിപ്പ് അവഗണിച്ചുകൂടാ. ഡോ. കുര്യൻ തോമസ് ഇക്കാര്യം ഭാവിഗവേഷണത്തിൽ ഒരു ചൂണ്ടുപലകയായി ഗണിക്കുന്നത് അഭിലഷണീയമാണ്. *നിരണം ഗ്രന്ഥവരി*യെ ഈ ലേഖനത്തിൽ വിലയിരുത്തുവാൻ ഉദ്ദേശ്യമില്ലെങ്കിലും വളരെ പ്രകടമായ ഒന്ന് രണ്ട് സംഭവങ്ങൾ *നിരണം ഗ്രന്ഥവരി* അവഗണിച്ചത് ഇവിടെ കൊടുക്കുന്നു.

1. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ഇടവകപ്പള്ളി - പാലൂർ ചാട്ടുകുളങ്ങരപ്പള്ളി - 1789-ൽ ടിപ്പു സുൽത്താന്റെ പടയാളികൾ തീവച്ച് നശിപ്പിച്ച കാര്യവും അനേകംപേർ രക്തസാക്ഷികളായി കൊല്ലപ്പെട്ട വിവരവും *നിരണം ഗ്രന്ഥവരി* പൂർണ്ണമായും അവഗണിച്ചിരിക്കുന്നു.

2. 'മലങ്കരസഭയുടെ മാഗ്നാക്കാർട്ടാ' എന്ന് പില്ക്കാല ചരിത്ര ഗവേഷകർ വിശേഷിപ്പിച്ച 'ആർത്താറ്റ് പടിയോല' എന്ന സഭാചരിത്രരേഖ, 6-ാം മാർത്തോമ്മായ്ക്ക് സമർപ്പിച്ചിട്ടുപോലും 6-ാം മാർത്തോമ്മായുടെ നിർദ്ദേശപ്രകാരം രചിക്കപ്പെട്ടു എന്ന് ചിത്രീകരിക്കപ്പെട്ട *നിരണം ഗ്രന്ഥവരി* അതിനെ തമസ്ക്കരിച്ചത് എന്തുകൊണ്ട്?

3. പുത്തൻകാവ് പള്ളിയുടെ നിർമ്മാണം വളരെ വിശദമായി വർണ്ണിക്കുന്ന *നിരണം ഗ്രന്ഥവരി* സമകാലത്ത് നടന്നതും പുത്തൻകാവ് പള്ളിയേക്കാൾ ബൃഹത്തും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാച്ചൻ പണിയിച്ചതും ആയ ആർത്താറ്റ് പള്ളിയുടെ നിർമ്മാണത്തെപ്പറ്റി ഒരു വരിയിൽപോലും പരാമർശിക്കാതെ പോയതെന്തുകൊണ്ട്?

4. കണ്ടനാട് പടിയോല നിരവധി വ്യവസ്ഥകൾ അടങ്ങിയ ഒരു ഭരണഘടനതന്നെ ആയിരിക്കേ അക്കാര്യത്തെപ്പറ്റി "... യാക്കോബായക്കാരുടെ മര്യാദപോലെ ഒക്കെയും നടന്നുകൊള്ളത്തക്കവണ്ണം എല്ലാ കാര്യങ്ങൾക്കും ഒരു പടിയോലയും എഴുതിവച്ചു" എന്ന് മാത്രം പറഞ്ഞ് 1809-ലെ പടിയോലയുടെ ഉള്ളടക്കം തന്നെ തമസ്ക്കരിച്ചതെന്തുകൊണ്ട്?

പൂർവ്വികതയുള്ള *നിരണം ഗ്രന്ഥവരി* നൽകുന്ന ചരിത്രപരമായ ഉൾക്കാഴ്ചകളെ നിസ്സാരവത്ക്കരിക്കുവാൻ ഈ ലേഖകന് താല്പര്യമില്ല.

എന്നാൽ എഴുത്തുകാരൻ ആരെന്നറിയാത്ത, എഴുത്തുകാരന്റെ നിലവാരവും ലക്ഷ്യവുമെന്ത് എന്ന് ഇനിയും വ്യക്തമാകാത്ത, ഒരു കൃതിയെ ആവശ്യത്തിലേറെ ചരിത്രപഠനങ്ങൾക്ക് അവലംബമാക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ലെന്ന് ചൂണ്ടിക്കാട്ടാതെ തരമില്ല (*നിരണം ഗ്രന്ഥവരി*യുടെ സമാഹർത്താവ് കായംകുളം പീലിപ്പോസ് മല്പാൻ ആണെന്ന് പോൾ മണലിൽ അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പീലിപ്പോസ് റമ്പാൻ തികഞ്ഞ മല്പാനും മഹാനും ആണ്. അദ്ദേഹം പകർത്തിയെഴുതിയ പുസ്തകങ്ങളിൽപ്പോലും എഴുത്തുകാരന്റെ പേര്, എഴുതിയ സ്ഥലം, എഴുതി പൂർത്തിയാക്കിയ തീയതിയും മാസവും വർഷവും എന്നിവ രേഖപ്പെടുത്തുവാൻ മാത്രം നിലവാരമുള്ള ഒരു മഹാശയനാണ്. അദ്ദേഹം കൽദായ സുറിയാനിയിൽ കുറുപ്പംപടി പള്ളിയിൽ വച്ച് പകർത്തിയെഴുതിയ ആണ്ടുതക്സാ ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. ആരിലും മതിപ്പുളവാക്കുന്ന ആ സംസ്ക്കാരം *നിരണം ഗ്രന്ഥവരി*യുടെ പകർപ്പെഴുത്തിൽ കാണുന്നില്ല. അപ്രസിദ്ധനും വിശാല താല്പര്യമില്ലാത്ത ഒരാളും ആണ് *നിരണം ഗ്രന്ഥവരി*യുടെ എഴുത്തുകാരൻ എന്ന് തോന്നുന്നു. 'അച്ചൻ' എന്ന പ്രയോഗം ആണ് പോൾ മണലിനെ കുഴക്കിയത്. യജമാനൻ എന്ന അർത്ഥത്തിൽ അക്കാലങ്ങളിൽ മെത്രാനെ 'അച്ചൻ' എന്ന് വിശേഷിപ്പിക്കുമായിരുന്നു. 'കാലം ചെയ്ത അച്ചൻ' എന്ന് സെമിനാരി സ്ഥാപകനെ വിശേഷിപ്പിക്കാറുണ്ട്. 1811-ലെ ബൈബിൾ വിവർത്തനത്തിൽ 'യജമാനൻ' എന്ന് ആധുനിക വിവർത്തനത്തിൽ കാണുന്ന എല്ലാ ഭാഗങ്ങളിലും ഉപയോഗിച്ചിട്ടുള്ളത് 'അച്ചൻ' എന്ന പദമാണ്. നമ്മുടെ ഇന്നത്തെ അച്ചനെ (കശ്ശീശായെ) അക്കാലങ്ങളിൽ കത്തനാർ എന്ന് മാത്രമേ പറയുമായിരുന്നുള്ളൂ.).

1811-ലെ മലയാളം ബൈബിൾ വിവർത്തനം മലങ്കരസഭാചരിത്രത്തിലെന്നപോലെ മലയാള ഭാഷാചരിത്രത്തിൽ പൊതുവെയും ഗദ്യസാഹിത്യചരിത്രത്തിൽ സവിശേഷമായും പഠനാർഹമായ ഒരു നാഴികക്കല്ലാണ്. പ്രസ്തുത വിവർത്തനത്തിന്റെ ഇരുന്നൂറാം വാർഷികം ഇക്കൊല്ലം കത്തോലിക്കേതര സഭകളെല്ലാം ചേർന്ന് (1811-ന് ശേഷം മാതൃസഭയിൽനിന്ന് പിരിഞ്ഞുപോയ സി.എസ്.ഐ., മാർത്തോമ്മാ, തൊഴിയൂർ, യാക്കോബായ, സഭകളുടെ പൊതു പൈതൃകം റമ്പാൻ ബൈബിളിനുണ്ട്) സമുചിതമായി ആഘോഷിക്കുകയും കേരള നവോത്ഥാനം, മത-സാംസ്ക്കാരിക പുനരുദ്ധാരണം, മലയാള ഭാഷാഗദ്യത്തിന്റെ വികാസ പരിണാമങ്ങൾ എന്നീ മേഖലകളിൽ റമ്പാൻ ബൈബിൾ ചെയ്ത സേവനം എന്നീ വിഷയങ്ങൾ ചർച്ചയ്ക്ക് വിഷയീഭവിപ്പിക്കുകയും ചെയ്യണം. റമ്പാൻ ബൈബിൾ ചർച്ചയിൽ ആറാം മാർത്തോമ്മാ, ക്ലോഡിയസ് ബുക്കാനൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള എന്നീ മഹത്‌വ്യക്തികളെ ആദരപൂർവ്വം നമിച്ചുകൊള്ളട്ടെ. അവിഭക്ത മലങ്കരസഭാ പൈതൃകത്തിന്റെ 'മധുരക്കനി'

എന്ന നിലയിൽ ആ രചനയെ, സഭാചരിത്ര വിദ്യാർത്ഥിയും ഭാഷാഗവേഷണ വിദ്യാർത്ഥിയുമായ ഈ ലേഖകൻ സാഷ്ടാംഗം നമസ്ക്കരിക്കട്ടെ.

1. ഫാ. ഡോ. ജോസഫ് ചീരൻ, ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്ക്കാരവും, പുറം 400.
2. ഇട്ടൂപ്പ് റൈട്ടർ, പുറം 146-151.

പുലിക്കോട്ടിൽ മല്പാനും മറ്റ് നാല് മഹാ ശില്പങ്ങളും

ശില്പിയുടെ ശില്പചാതുര്യത്തെ കൃത്യമായി ഗ്രഹിക്കാനുള്ള ഏത് ഉദ്യമവും ഫലപ്രാപ്തിയിലെത്തുന്നത് അദ്ദേഹത്തിന്റെ ശില്പത്തെ അടിസ്ഥാനമാക്കി നടത്തുന്ന പഠനം മൂലമാണ്. സൃഷ്ടിയുടെ വൈശിഷ്ട്യത്തെ മുൻനിർത്തി സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവും ആത്മചൈതന്യവും അളന്ന് കുറിക്കാനാവും. കലാകാരന്റെയും സാഹിത്യകാരന്റെയും ആത്മസത്തയെ ആഴത്തിൽ അറിയാൻ നാം ഇന്ന് സ്വീകരിച്ചിട്ടുള്ള സർവാദൃതമായ മാർഗ്ഗവും ഇത് തന്നെയാണ്. അദ്ദേഹത്തെപ്പറ്റി കാര്യമായ സമകാലപഠനങ്ങൾ നമുക്ക് ലഭ്യമല്ലെന്നിരിക്കെ യുഗപ്രഭാവനായ അദ്ദേഹത്തിന്റെ മഹത്വത്തിന്റെ ആഴവും പരപ്പും ഗ്രഹിക്കുവാൻ അദ്ദേഹം നിർമ്മിച്ച ശില്പങ്ങളേ ആശ്രയിക്കുകയേ തരമുള്ളൂ. സ്മര്യപുരുഷന്റെ 175-ാം ചരമവാർഷികം പ്രമാണിച്ച് സഭാതലത്തിൽ കോട്ടയം പഴയസെമിനാരിയിൽ നടത്തിയ സെമിനാറിൽ മുഖ്യപ്രബന്ധം അവതരിപ്പിച്ച ഈ ഗ്രന്ഥകാരന്റെ നിരീക്ഷണങ്ങളോട് പൂർണ്ണയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഡോ. സാമുവൽ ചന്ദനപ്പള്ളി അഭിപ്രായപ്പെട്ടതിങ്ങനെ: 'പുലിക്കോട്ടിൽ തിരുമേനിയെപ്പറ്റി പഠിക്കാൻ അനുയോജ്യമായ പുസ്തകങ്ങൾ ഇംഗ്ലീഷ് ഭാഷയിലും മലയാളം ഭാഷയിലും അന്വേഷിച്ചു. പുലിക്കോട്ടിൽ പി. എം. ജോസ് കത്തനാർ എഴുതിയ ഒരു പുസ്തകമേ കണ്ടുകിട്ടിയിട്ടുള്ളൂ. അത് തീരെ ചെറിയ പുസ്തകവും ഈ മഹാത്മാവിന്റെ ചെയ്തികളെ മനസ്സിലാക്കുന്നതിന് അപര്യാപ്തവുമാണ്. തന്മൂലം സഭയ്ക്ക് യശസ്സുണ്ടാക്കിയ പൂർവ്വ ജ്യോതിസ്സുകളെപ്പറ്റി സാഹിത്യരചന നടത്തുവാൻ സഭാതലത്തിൽ സോദ്ദേശ്യവും സുസംഘടിതവുമായ യത്നങ്ങൾ ആരംഭിക്കണം.'

ഡോ. സാമുവൽ ചന്ദനപ്പള്ളി അന്ന് നടത്തിയ ആവേശോജ്ജ്വലമായ ആഹ്വാനം അന്നത്തെ സെമിനാർ സശ്രദ്ധം വീക്ഷിച്ച് സദസ്സിലിരുന്ന ഇന്നത്തെ കാതോലിക്കാബാവായിൽ പ്രതികരണം ഉണർത്തി. കുന്നംകുളത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയ അദ്ദേഹത്തിന് കുറ്റബോധം തോന്നിയോ എന്നറിഞ്ഞുകൂടാ. അദ്ദേഹം എന്നെ വിളിച്ച് പറഞ്ഞു. "അച്ചൻ ഇന്നിവിടെ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം എന്നിൽ രോമാഞ്ചമുണർത്തി. അത് ഒരു ജീവചരിത്രഗ്രന്ഥമാക്കി എഴുതിത്തയ്യാറാക്കിയാൽ ഞാനത് പ്രസാധനം ചെയ്തുകൊള്ളാം." അഭിനന്ദനരൂപത്തിലുള്ള ആ പ്രതികരണമാണ് 1992-ൽ പ്രസിദ്ധീകൃതമായ 'പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ' എന്ന സഭാചരിത്ര പ്രധാനമായ ജീവചരിത്രകൃതിയെ ഒരു യാഥാർത്ഥ്യമാക്കിയത്. അന്ന് തുടങ്ങിയ അന്വേഷണം അന്ന് ലഭിച്ചിട്ടില്ലാത്ത പുതിയ വിവരങ്ങൾ അദ്ദേ

ഹത്തെപ്പറ്റിയും ആ കാലഘട്ടത്തെപ്പറ്റിയും ലഭിക്കുവാൻ സഹായിച്ചു. ഈ ലേഖകൻ നടത്തിയ അന്വേഷണങ്ങളോട് ചേർന്ന് മറ്റ് ചില സഭാചരിത്രഗവേഷകരും ഈ രംഗത്ത് പ്രവർത്തിച്ച് ഈ വിഷയത്തെ കൂടുതൽ തേജസ്സുള്ളതാക്കി (ആ വെളിച്ചങ്ങളെ ഈ പരിഷ്കരിച്ച പതിപ്പിൽ ആവോളം പ്രയോജനപ്പെടുത്തുന്നുണ്ട്).

അദ്ദേഹത്തെ വിലയിരുത്തുവാൻ മുഖ്യമായും സഹായിച്ച നാല് ശില്പങ്ങൾ ഇവയാണ്.

1. ആർത്താറ്റ് പടിയോല.
2. പാലൂർ ചാട്ടുകുളങ്ങര ദേവാലയം.
3. കണ്ടനാട് പടിയോല.
4. കോട്ടയം പഴയസെമിനാരി.

ഓരോ ശില്പത്തെയും കൂടുതൽ അടുത്ത് നിന്ന് നമുക്ക് പരിശോധിക്കാം.

1. ആർത്താറ്റ് പടിയോല

ആർത്താറ്റ് എന്ന് ഇന്ന് അറിയപ്പെടുന്ന പാലൂർ ചാട്ടുകുളങ്ങര പള്ളിയുടെ ഇടവകാംഗങ്ങളിൽ പ്രമുഖരായ 'കസേരക്കാർ' വികാരിമാരിൽ പ്രധാനിയായ 'മേക്കു വികാരിയു'ടെ നേതൃത്വത്തിൽ പള്ളിനടയിൽ സമ്മേളിച്ച് അന്ന് സഭയിൽ പൊതുവിലും ഇടവകയിൽ സവിശേഷമായും സംഗതമായ ഒരു തർക്കവിഷയത്തിൽ ഏകകണ്ഠമായ ഒരു തീരുമാനം രേഖപ്പെടുത്തി അന്നത്തെ മെത്രാപ്പോലീത്തായ്ക്ക് ഒപ്പിട്ട് സമർപ്പിച്ചു. കൊല്ലവർഷം 981-ാം ആണ്ട് മകര മാസത്തിൽ (1806 ജനുവരി) ആറാം മാർത്തോമ്മായ്ക്ക് സമർപ്പിച്ച ആ രേഖയാണ് ആർത്താറ്റ് പടിയോല എന്ന് നമുക്കറിയാം. പുതുക്കിപ്പണിത പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ഈ പടിയോല മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു എന്നാണ് ഒന്നാം പതിപ്പിൽ ഈ സംഭവത്തെ നിരീക്ഷിച്ചിരുന്നത്. എന്നാൽ കൂടുതൽ വിശദമായ പരിശോധനയിൽ 1806-ൽ പള്ളിയുടെ പുനർനിർമ്മാണം പൂർത്തിയായിട്ടില്ല എന്ന് മനസ്സിലായി. ഇന്നുള്ള ബൃഹത്തായ ദേവാലയത്തിന്റെ മേൽക്കൂര നിർമ്മാണം മാത്രമേ പുലിക്കോട്ടിൽ മല്പാന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ളൂ എന്ന പരമ്പരാഗത ധാരണയാണ് അപ്രകാരം അഭ്യൂഹിക്കുവാൻ കാരണം. അപ്രഗത്ഭരായ ചിലർ കെട്ടിച്ചമച്ച കഥകളും ആ വിശ്വാസത്തെ ബലപ്പെടുത്തി. എന്നാൽ പില്ക്കാല അന്വേഷണത്തിലാണ് മനസ്സിലായത്, പതിനാറ് കൊല്ലം മേൽക്കൂരയില്ലാതെ മഴയും വെയിലുമേറ്റ് കിടന്ന പ്രൗഢദേവാലയത്തിന്റെ ജീർണ്ണതയെ മേല്പുര നിർമ്മാണം കൊണ്ട് പട്ടു പുതപ്പിക്കുകയല്ല ആ പ്രതിഭാശാലി ചെയ്തത്, പ്രത്യുത ജീർണ്ണിച്ച ദേവാലയത്തിന്റെ സ്ഥാനത്ത് താൻ രൂപ

കല്പന ചെയ്ത അതീവ ഭീമാകാരമായ ഒരു ദേവാലയം സ്ഥാപിക്കുക യാണ് ചെയ്തതെന്ന്. പുത്തൻകാവ് പള്ളിയുടെ നിർമ്മാണം അദ്ദേഹ ത്തിന്റെ മുമ്പിലുണ്ടായിരുന്നു. അതിനെക്കാൾ പ്രൗഢഗംഭീരമായ ഒരു രൂപശില്പം മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ദൈവമാതാവിന്റെ പള്ളി ക്കുണ്ടാവണമെന്ന് അദ്ദേഹം ആശിച്ചത് സ്വാഭാവികം. ശില്പകലാവിശാ രദനായ അദ്ദേഹത്തെ സഹായിക്കുവാൻ ഗുരുവര്യനായ കാണിപ്പയ്യൂർ നമ്പൂതിരിയുടെ ശിഷ്യവാത്സല്യം സമീപത്തു തന്നെയുണ്ടായിരുന്നു.

ദേവാലയ നിർമ്മാണഘട്ടത്തിലെ ആദ്യചടങ്ങ് ശിലാസ്ഥാപനം തന്നെ യായിരുന്നു. മലങ്കരസഭയിൽ അന്നു ലഭിക്കാനിടയുള്ള ഏറ്റവും തേജ സ്വിയായ അതിഥി മലങ്കരമെത്രാപ്പോലീത്താ ആയ ആറാം മാർത്തോമ്മാ ആയിരുന്നു. പുലിക്കോട്ടിൽ മല്പാനോട് വ്യക്തിപരമായും കുടുംബപര മായും നീരസം പുലർത്തിയിരുന്ന അദ്ദേഹത്തെ അനുനയിപ്പിക്കുവാനും ഏതാനും വർഷം മുമ്പ് റോമ്മാസഭയിൽ ചേർന്ന് മാതൃസഭയിലേക്ക് മട ങ്ങിവന്ന അദ്ദേഹത്തോട് പാലൂർ ഇടവകയുടെ പിന്തുണയോടൊപ്പം ധീര മായ നിലപാടു പ്രഖ്യാപിക്കുവാനും പുനർ നിർമ്മിക്കുന്ന ദേവാലയ ത്തിന്റെ ശിലാസ്ഥാപനവേള ഉപയോഗപ്പെടണമെന്ന് പ്രതിഭാശാലിയായ മല്പാൻ ആഗ്രഹിച്ചിരിക്കണം. ശക്തൻതമ്പുരാന്റെ തീട്ടൂരം ലഭിച്ചിട്ട് അപ്പോഴേക്കും പത്തുപതിനാറ് മാസങ്ങൾ കഴിഞ്ഞിരുന്നു. ഇതിനോടകം പള്ളിയുടെ പൂർണ്ണമായ പ്ലാൻ തയ്യാറാക്കുവാനും അതിന്റെ നിർമ്മിതി ക്കാവശ്യമായ വിഭവങ്ങൾ സമാഹരിക്കുവാനും മല്പാന്റെ നേതൃത്വത്തിൽ നടന്ന ശ്രമം പൂർത്തിയായിരുന്നു. തർക്കമൊഴിഞ്ഞ് കിട്ടിയ പാലൂർ – ചാട്ടുകുളങ്ങരപള്ളിയിലേക്ക് മലങ്കരയുടെ പരമാധ്യക്ഷൻ വരുന്ന എഴു ന്നള്ളത്ത് രാജോചിതം തന്നെയായിരുന്നു. ദേശം ആകെ ഉത്സവപ്രതീ തിയിലായിരുന്നു. ആളൊഴിഞ്ഞുപോയ ചാട്ടുകുളങ്ങര പ്രദേശത്ത് സമീ പപ്രദേശങ്ങളിൽ നിന്ന് മാത്രമല്ല രണ്ടു പതിറ്റാണ്ടു മുമ്പ് ആക്രമണ ഭീതിയിൽ ദൂരദേശങ്ങളിലേക്ക് കുടിയേറിപ്പാർത്ത അസംഖ്യം ആളുകളും തങ്ങളുടെ തലപ്പള്ളിയുടെ പുനർനിർമ്മാണത്തിന്റെ ആദ്യഘട്ടത്തിന് സാക്ഷികളാവാൻ ആവേശപൂർവ്വം വന്നെത്തിയിരുന്നു. തലപ്പള്ളി നാടു വാണിരുന്ന കൊച്ചിരാജാവിന്റെ പ്രതിനിധിയായി പാലിയത്തച്ചൻ സന്നി ഹിതനായിരുന്നു. കൊച്ചിയുടെ സാമാന്തന്മാരായി തലപ്പള്ളി മേൽവട്ട ത്തിന്റെ ഭരണം കൈയ്യാളിയിരുന്ന കക്കാട് കാരണവപ്പാടും മണക്കുളം – ചിറളയം രാജാക്കന്മാരും തങ്ങളുടെ പ്രജകളുടെ അഭിമാനപ്രതീക മായ 'തലപ്പള്ളി'യുടെ പുനർനിർമ്മാണാരംഭത്തെ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹിച്ചു.

ശിലാസ്ഥാപനത്തിന്റെ ശുശ്രൂഷകൾ പര്യവസാനിച്ചപ്പോൾ നേരത്തെ ഏർപ്പാടാക്കിയിരുന്നതിൻപ്രകാരം ഏവരും പള്ളിനടയിൽ കാതു

കൂർപ്പിച്ചു നിന്നു. സ്ഥാനമാനങ്ങൾക്കനുയോജ്യമാംവിധം സജ്ജീകരിച്ചിരുന്ന ഇരിപ്പിടങ്ങളിൽ മെത്രാപ്പോലീത്തായുടെ മുമ്പാകെ ഏവരും ഉപവിഷ്ടരായി. ആ ധന്യമുഹൂർത്തത്തിൽ കുന്നംകുളത്തിന്റെ ആത്മീയ നേതാവും 'ആർത്താറ്റ് പള്ളിപ്പാട്ടുകാരൻ' വർണ്ണിക്കുംവിധം 'കർത്തവ്യ'നുമായിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ നേരത്തെ തയ്യാറാക്കിയ ഒരു പ്രഖ്യാപനം ചെമ്പോലയിൽ എഴുതിയത് വായിച്ച് ഒരു പ്രതി ആത്മീയനേതാവായ മെത്രാപ്പോലീത്തായ്ക്കും മറ്റൊരു പ്രതി കൊച്ചിയുടെ പ്രതിപുരുഷനായ പാലിയത്തച്ചനും സമർപ്പിച്ചു. ചെപ്പേടിൽ വട്ടെഴുത്തിൽ എഴുതിയ ഈ രേഖയാണ് ആർത്താറ്റ് പടിയോല എന്ന പേരിൽ അറിയപ്പെടുന്നത്.

ചെപ്പേടിന്റെ അസ്സൽ ഉള്ളടക്കം:

“കൊല്ലം 981-ാം മത് മകരം ഞായറ്റിൽ പുത്തൻകൂർ സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരുംകൂടി നമ്മുടെ ബാവാ ദീവന്നാസ്യോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്.

നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ ഇടത്തൂട്ട് ഉപദേശം കേൾക്കയാൽ റോമ്മാവിശ്വാസത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ട് എടുപ്പാൻ ഇടവന്നു. അബദ്ധം കൊണ്ട് വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻവേണ്ടി റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്ത്യോഖ്യയിൽ നിന്നോ മറ്റു വല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടെയും ഉപദേശങ്ങളും നടപ്പുകളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവികവിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപ്പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വച്ച് എഴുതിയ (ത്).

തെക്കേക്കര കുരിയത് കത്തനാർ മേക്ക് വികാരി	ഒപ്പ്
1. ചെറുവത്തൂർ കുഞ്ഞാത്തു	ഒപ്പ്
2. പനക്കൽ താരു	ഒപ്പ്
3. കുത്തൂർ ചുമ്മാർ	ഒപ്പ്
4. കോലാടി ഇട്ടൂപ്പ്	ഒപ്പ്
5. കാക്കശ്ശേരി മാത്തു	ഒപ്പ്
6. ചുങ്കത്ത് ഇയ്യാവു	ഒപ്പ്
7. തോലത്ത് പാത്തു	ഒപ്പ്
8. ചീരൻ പാത്തു	ഒപ്പ്
9. പുലിക്കോട്ടിൽ താരു	ഒപ്പ്
10. കിടങ്ങൻ ചേറുണ്ണി	ഒപ്പ്

11. മണ്ടുമ്പാൽ കുഞ്ഞാത്തു ഒപ്പ്
12. തെങ്ങുങ്ങൽ കുരിയാക്കു ഒപ്പ്

(പടിയോലയിലെ രേഖയിൽ സംവൃത 'ഉ' കാരം ഇല്ല. ദീർഘ 'എ' കാരം ഇല്ല. ദീവന്നാത്യോസ്, വാവ, വിച്ചാതം തുടങ്ങിയ രൂപങ്ങളാണ് എഴുതിയിട്ടുള്ളത്. ഇവിടെ ഉദ്ധരിച്ചപ്പോൾ അത് ആധുനികലിപിയും ഭാഷ യുമായി ഈ ഗ്രന്ഥകാരൻ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.)

ഇതാണ് ആർത്താറ്റ് പടിയോലയുടെ അസ്സൽ. ഈ പടിയോല ലഭി ച്ചത് പാലിയത്ത് അച്ചന്മാരുടെ (കൊച്ചി രാജാവിന്റെ മന്ത്രി) ആസ്ഥാ നത്ത് നിന്നാണ്. പാലിയത്തച്ചനെ മന്തിസ്ഥാനത്ത് നിയമിക്കരുതെന്ന് ശക്തൻതമ്പുരാന്റെ അന്ത്യശാസനത്തിൽ കുറിച്ചിരുന്നുവെങ്കിലും അത് പിൻഗാമി പാലിക്കാതെ പാലിയത്തച്ചനെ മന്ത്രിയായി നിയമിക്കുകയാ ണുണ്ടായത്. സഭാതലവനായ ആറാം മാർത്തോമ്മായ്ക്ക് പടിയോല സമർപ്പിച്ചപ്പോൾ അതിന്റെ, ചെപ്പേടിൽ തന്നെ എഴുതിയ ഒരു പകർപ്പ് രാജ്യഭരണാധികാരിയായ രാജാവിന്റെ പ്രതിനിധിയായി എത്തിയ മന്ത്രിയെ ഏല്പിച്ചതാവും. അന്ന് ആധുനിക മലയാളം ലിപി പ്രചാര ത്തിലിരുന്നിട്ടും ആർത്താറ്റ് പടിയോല വട്ടെഴുത്തിൽ തയ്യാറാക്കിയത് അത് രാജകൊട്ടാരത്തിലെ രേഖകളോട് സമാനത പുലർത്തുവാനാകാം. രാജാ വിന്റെ ഗ്രന്ഥപ്പുരയിൽ എക്കാലവും നശിക്കാത്ത രേഖയായി നിലനില്ക്കാ നാവാം പടിയോല ചെമ്പുതകിടിൽ രേഖപ്പെടുത്തിയത്. ആറാം മാർത്തോ മ്മായെ ഏല്പിച്ച പടിയോലയുടെ അസ്സൽ എവിടെയാണെന്നറിഞ്ഞു കൂടാ. പകലോമറ്റം മെത്രാന്മാർക്ക് അഭിമാനകരമല്ലാത്ത ചില പദപ്രയോ ഗങ്ങൾ പടിയോലയിലുള്ളതുകൊണ്ട് അത് വെളിച്ചം കാണേണ്ടതില്ലെന്ന് 'കുടുംബാധിപത്യക്കാർ' വിചാരിച്ചുകാണണം. ആറാം മാർത്തോമ്മായു ടെയും മറ്റും നിർദ്ദേശപ്രകാരം രചിച്ചതായി പറയപ്പെടുന്ന 'നിരണം ഗ്രന്ഥ വരി'യിൽ ആർത്താറ്റ് പടിയോലയെപ്പറ്റി ഒരക്ഷരം പരാമർശിച്ചിട്ടില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ്, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോള ജിൽ എന്റെ സഹപ്രവർത്തകനായിരുന്ന പ്രൊഫ. വി. എം. ജോണപ്പാ യുടെ ശേഖരത്തിൽ നിന്ന് കട്ടിയുള്ള ചെമ്പുതകിടിൽ രേഖപ്പെടുത്തിയ പടിയോല വളരെ യാദൃച്ഛികമായി പരിശോധിക്കാനിടയായപ്പോൾ ആണ് അത് 'ആർത്താറ്റ്' പടിയോലയുടെ അസ്സൽ രൂപമാണെന്ന് ബോധ്യപ്പെ ട്ടത്. വട്ടെഴുത്തിലെഴുതിയ രേഖ ഞാൻ ലിപ്യന്തരം ചെയ്ത് ആധുനിക ഭാഷയിൽ പ്രസിദ്ധീകരിച്ചു. അതോടെ പടിയോലയുടെ നേരത്തെ പ്രച രിച്ചിരുന്ന 'പാഠ'ത്തിൽ സംഭവിച്ചുപോയ അനവധാനതകൾ തിരുത്ത പ്പെട്ടു. ഇന്ന് മലങ്കരസഭാചരിത്രത്തിലെ അനുപേക്ഷണീയ രേഖയായി ഈ പടിയോല അംഗീകരിക്കപ്പെട്ടിട്ടുണ്ട് (2004-ൽ ഇതെഴുതുന്ന ആളിന്റെ ഷഷ്ട്യബ്ദപൂർത്തി ക്രിസ്ത്യൻ സ്റ്റഡി സെന്റർ (കുന്നംകുളം) ആഘോ

ഷിച്ചപ്പോൾ കുന്നംകുളം പഴയപള്ളിയോടു ചേർന്ന് എം.ജെ.ഡി. ഹൈസ്കൂളിൽ ക്രമീകരിച്ച വിവിധ പരിപാടികളുടെ ഭാഗമായി സജ്ജമാക്കിയ പുരാരേഖകളുടെ എക്സിബിഷനിൽ 'ആർത്താറ്റ് പടിയോല' പ്രദർശിപ്പിച്ചിരുന്നു. പ്രദർശനത്തിന്റെ പ്രേരണയിൽ പടിയോലയുടെ വട്ടെഴുത്തിലുള്ള കോപ്പിയും അതിന്റെ പരിഭാഷയും ആർത്താറ്റ് പള്ളിയുടെ വടക്കേ ഭിത്തിയിൽ പ്രദർശിപ്പിച്ചിരിക്കുന്നു.).

നിരണം ഗ്രന്ഥവരിയാകട്ടെ, ഇട്ടൂപ്പ് റൈട്ടർ, ഇ. എം. ഫിലിപ്പ് തുടങ്ങിയ മലങ്കരസഭാ ചരിത്രകാരന്മാരാകട്ടെ, എന്തിനധികം പറയുന്നു, ആർത്താറ്റ് പള്ളിച്ചരിത്രം എഴുതിയ പനയ്ക്കൻ കുഞ്ഞാത്തു പോലും ഈ പടിയോലയുടെ കാര്യം അവരുടെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടില്ല. ഈ എഴുത്തുകാരൻ 1992-ൽ പ്രസിദ്ധപ്പെടുത്തിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ എന്ന ജീവചരിത്രത്തിൽ ഈ പടിയോലയെപ്പറ്റി ഒരു പഠനം രേഖപ്പെടുത്തി (ശരിയായ പാഠം കാണാതിരുന്നതിനാൽ പ്രചാരത്തിലിരുന്ന പാഠം ആധാരമാക്കിയാണ് അന്ന് പഠനം നടത്തിയത്. 1994-ൽ ഈ ഗ്രന്ഥകാരൻ പ്രസിദ്ധീകരിച്ച 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ഒരു വിമർശനാത്മക പഠനം' എന്ന ഗ്രന്ഥത്തിലും 'മലങ്കരസഭയും കേരള സംസ്കാരവും' എന്ന ഗ്രന്ഥത്തിലും ഈ പഴയ പാഠമാണ് ചേർത്തിട്ടുള്ളത്. എന്നാൽ പടിയോലയുടെ അസ്സൽ കണ്ടെടുത്ത് ശരിയായ പരിഭാഷ തയ്യാറാക്കിയതിന് ശേഷം 2002-ൽ പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും' എന്ന ഗ്രന്ഥത്തിലും[3] 2007-ൽ പ്രസിദ്ധപ്പെടുത്തിയ 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: എ.ഡി. 52 – 2007' എന്ന ഗ്രന്ഥത്തിലും[4] 2007-ൽ തന്നെ പ്രസിദ്ധീകരിച്ച ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവിജ്ഞാന കോശത്തിലും[5] ശരിയായ പരിഭാഷ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇടവകയിലെ വൈദികരെ പ്രതിനിധാനം ചെയ്തു മൂപ്പച്ചൻ (മേക്ക് വികാരി) കത്തനാരും ഇടവകക്കാരെ പ്രതിനിധീകരിച്ച് പന്ത്രണ്ട് കസേരക്കാരും (അവൈദിക പ്രതിനിധികളായ കൈകാര്യസമിതിയെ ആ പേരിൽ വിളിച്ചിരുന്നു) ഒപ്പിട്ട് സമർപ്പിച്ച പടിയോലയിൽ ആറാം മാർത്തോമ്മായുടെ അധ്യക്ഷപദവിയെ പ്രത്യക്ഷത്തിൽ പുകഴ്ത്തിയിട്ടുണ്ട്. അതോടൊപ്പം റോം, ബാബിലോൺ, അന്ത്യോഖ്യാ തുടങ്ങിയ കേന്ദ്രങ്ങളിലേക്കുള്ള ചായ്വിനെ പരോക്ഷമായി പ്രതിഷേധിച്ചിട്ടുമുണ്ട്. പടിയോലയുടെ പ്രത്യേക പശ്ചാത്തലത്തിൽ റോമ്മാബന്ധം മാത്രമേ പ്രസക്തമായിരുന്നുള്ളു എങ്കിലും പടിയോല മലങ്കരസഭാചരിത്രമെന്ന വിശാലമായ ക്യാൻവാസിനെ മനസ്സിൽ വച്ചുകൊണ്ടാണ് റോമിനോടൊപ്പം ബാബേൽ, അന്ത്യോഖ്യാ തുടങ്ങിയ സ്ഥലങ്ങളെപ്പറ്റി പരാമർശിച്ചിട്ടുള്ളത്. മലങ്കരസഭയിൽ പല കാലങ്ങളിലായി തർക്കത്തിന് കാരണമായ വിദേശ

ബന്ധങ്ങളെ മുഴുവൻ 'തലപ്പള്ളി'ക്കാർ പ്രസ്തുതരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാലും അഞ്ചും ആറും മാർത്തോമ്മാ മെത്രാന്മാർ റോമുമായി അനുരഞ്ജനം ചെയ്യാൻ ശ്രമിച്ചതും ഒടുവിലത്തെ ആൾ റോമുമായി അനുരഞ്ജനപ്പെട്ടതും പടിയോലയുടെ പശ്ചാത്തലം പരോക്ഷമായി സൂചിപ്പിച്ചിട്ടുണ്ട്. മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യങ്ങൾ ഉപേക്ഷിച്ച് വിദേശസഭകളോട് സന്ധിചെയ്യാൻ W.C.C. യുടെ സമിതികളിൽ ഏതെങ്കിലും സഭാധ്യക്ഷന്മാർ ശ്രമിച്ചാൽ അതിനെപ്പോലും ദീർഘദൃഷ്ടിയോടെ ചെറുക്കുന്ന പ്രവാചകശബ്ദം ആർത്താറ്റ് പടിയോല ഉൾക്കൊള്ളുന്നുണ്ട്.

ചരിത്രകാരൻ എഴുതുന്നു: "..... ആധുനിക മലയാളം ലിപി പ്രചരിച്ചിരുന്നുവെങ്കിലും കാലാകാലങ്ങളിൽ നിലനില്ക്കുവാൻ ഉദ്ദേശിച്ചെഴുതിയ രാജശാസനങ്ങളുടെ മാതൃക അനുകരിച്ചാണ് ഈ രേഖ ചെപ്പേടിൽ വട്ടെഴുത്തിൽ എഴുതിയത്. ..... ഒരിടവകയുടെ മാത്രം പ്രതിജ്ഞയാണ് ചെപ്പേടിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും അതിന്റെ പ്രാതിനിധ്യസ്വഭാവം അവഗണിക്കാവതല്ല. ആർത്താറ്റ് ഇടവകയിൽ റോമ്മാബന്ധത്തിന്റെ പേരിൽ മാത്രമേ അക്കാലം വരെ ഭിന്നതയുണ്ടായിട്ടുള്ളൂ. എന്നാൽ ചെപ്പേടിൽ റോമ്മിനോടൊപ്പം ബാബേൽ, അന്തോഖ്യാ, മറ്റു പരദേശങ്ങൾ എന്ന് രേഖപ്പെടുത്തിയതിനാൽ മലങ്കരസഭാചരിത്രം മുഴുവൻ ആ ചെപ്പേട് ഉൾക്കൊണ്ടു എന്ന് വ്യക്തമാണ്. കൂനൻകുരിശ് പ്രതിജ്ഞയിൽ മലങ്കരസഭ റോമിനെ മാത്രമേ തള്ളിപ്പറയുവാൻ ശ്രമിച്ചിട്ടുള്ളൂ. ഒന്നര നൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും ആദികാലം മുതൽ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭയെ കൂച്ചുവിലങ്ങിട്ട് പൂട്ടുവാൻ ഒരുങ്ങിവന്ന എല്ലാ വിദേശ കൊളോണിയൽ ആധിപത്യശ്രമങ്ങളെയും പേരെടുത്ത് പറഞ്ഞ് അവയ്ക്കെതിരെ ബഹിഷ്കരണ പ്രതിജ്ഞ പ്രഖ്യാപിച്ച് ആർത്താറ്റ് ചെപ്പേട് - പടിയോല - മലങ്കരയുടെ തലപ്പള്ളി ബോധപൂർവ്വം നടത്തിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 'മാഗ്നാകാർട്ട' തന്നെയായിരുന്നു. ആയിടെ റോമൻസഭയിൽ താവളം തേടിച്ചെന്ന് ആറു മാസത്തെ തിരിച്ചറിവുകളുമായി പ്രായശ്ചിത്തം ചെയ്ത് മലങ്കരസഭയിലേക്ക് തിരിച്ചുവന്ന ആറാം മാർത്തോമ്മായെ മാത്രമല്ല, മലങ്കരസഭയുടെ മാർത്തോമ്മാപൈതൃകം വിറ്റ് കാശാക്കാൻ ഒരുങ്ങുന്ന ഏതൊരു ഭാവിമെത്രാനെയും ആർത്താറ്റ് പടിയോല ലക്ഷ്യമാക്കുന്നുണ്ട്. വിദേശസഭകളുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് മോചനം നേടി മാർത്തോമ്മാ വിശ്വാസ പൈതൃകത്തിൽ സാഭിമാനം ദേശീയബോധത്തോടെ വളരുക - ഇതാണ് ആർത്താറ്റ് പടിയോലയുടെ സർവ്വകാല പ്രസക്തിയുള്ള സന്ദേശം. കോളനൈസേഷൻ ആധിപത്യത്തോട് ശിപ്പായി ലഹളയിലൂടെ ഭാരതം ആദ്യമായി പ്രതികരിച്ചത് വീണ്ടും അഞ്ച് ദശാബ്ദങ്ങൾ കഴിഞ്ഞിട്ടാണ് എന്നോർക്കുമ്പോൾ ആർത്താറ്റ് പടിയോല

പ്രദർശിപ്പിച്ച പൗരുഷവും പ്രവാചകസഹജമായ ക്രാന്തദർശിത്വവും എത്ര മേൽ ആദരണീയമല്ല? 'മലങ്കരസഭയുടെ ആധുനിക പ്രവാചകൻ' എന്ന് അംഗീകാരം നേടിയ യൂഹാനോൻ മാർ സേവേറിയോസ് പിതാവിന്റെ ഒരു മഹത് പ്രസ്താവന ഓർമ്മയിലുയരുന്നു: ".... യെരുശലേമിലും അന്ത്യോഖ്യായിലും റോമ്മിലും സഭ സ്ഥാപിക്കപ്പെട്ട അതേ കാലഘട്ട ത്തിൽത്തന്നെ കുന്നംകുളത്തും അപ്പോസ്തോലിക സ്ഥാപിതമായ ഒരു സഭ ഉണ്ടായി എന്നത് ഏവർക്കും അഭിമാനകരമാണ്. പൊടിപടലം കൊണ്ട് മൂടപ്പെട്ടും സൂര്യപ്രകാശം ഏൽക്കാതെയും കിടന്നിരുന്ന അന്നത്തെ കേരളത്തിന്റെയും വിശിഷ്യാ കുന്നംകുളത്തിന്റെയും ..... ചരി ത്രങ്ങൾ തെളിഞ്ഞുവരുമ്പോൾ കുന്നംകുളത്തിനെ ആർക്കും അവഗണി ക്കുവാൻ സാധ്യമാവുകയില്ല."[6]

ഗർജ്ജനസ്വഭാവമുള്ള ആർത്താറ്റ് പടിയോലയുടെ അണിയറശില്പി കുന്നംകുളം ക്രിസ്ത്യാനികളുടെ ആ തലമുറയിലെ 'കർത്തവ്യൻ' ആയി രുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ആയിരുന്നു. പടിയോലയിൽ ഒപ്പി ട്ടത് അന്നത്തെ മൂപ്പച്ചനും 12 കസേരക്കാരും ആയിരുന്നു. ഇടവകകളി ലുണ്ടായിരുന്ന പഴയ പേറെദ്യൂത്തെ സ്ഥാനികളുടെ പിൻഗാമികളാണ് ഈ മൂപ്പച്ചന്മാർ. ഇന്നത്തെപ്പോലെ അമ്പതും നൂറും വീടുകളുള്ള ശോഷിച്ച ഇടവകകൾ ആയിരുന്നില്ല അന്നുണ്ടായിരുന്നത്. ആയിരവും അതിലധികവും വീട്ടുകാരുള്ള ഇടവകയിൽ പത്തോപന്ത്രണ്ടോ വൈദി കർ കാണും. ഓരോ വൈദികനും ഓരോ ആഴ്ചയിലെ ചുമതല വഹിക്കും. അപ്പോഴും ഇടവകയുടെ പൊതുവായ ചുമതല മൂപ്പച്ചനിൽ നിക്ഷിപ്തമായിരിക്കും. പടിയോലയിൽ ഒപ്പിട്ട മേക്ക് വികാരി ഈ മൂപ്പ ച്ചനെ പ്രതിനിധാനം ചെയ്യുന്നു. ആ തലമുറയിലെ ഏതാനും വൈദികർ പാലൂർ - ചാട്ടുകുളങ്ങര പള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്നതായി നമുക്കറിയാം.

1. തെക്കേക്കര കുരിയത് കത്തനാർ. ഇദ്ദേഹം പടിയോലയിൽ ഒപ്പിട്ടി രിക്കുന്നു.

2. കിടങ്ങൻ ഗീവറുഗീസ് കത്തനാർ. ഇദ്ദേഹം 1811-ൽ തൊഴിയൂരിന്റെ മെത്രാനായി.

3. ചീരൻ സ്കറിയാ കത്തനാർ. ഇദ്ദേഹം 1808-ൽ തൊഴിയൂരിന്റെ മെത്രാനായി.

4. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ. കോട്ടയം പഴയസെമിനാരി സ്ഥാപ കനായ ചരിത്രപുരുഷൻ.

5. കുത്തൂർ ഗീവറുഗീസ് മല്പാൻ. അദ്ദേഹം 1829-ൽ തൊഴിയൂരിന്റെ മെത്രാനായി.

6. കോലാടി തരുത് കത്തനാർ. കഥാപുരുഷന്റെ മാതൃസഹോദരീ പുത്രൻ.

7. പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ. ഇദ്ദേഹത്തിന്റെ കബറിടമാണ് ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കാണുന്നത്.

8. തെക്കേക്കര വറീയത് കത്തനാർ. ഇദ്ദേഹം എഴുതിയ ഒരു പ്രാർത്ഥനാ പുസ്തകം ഈ ഗ്രന്ഥകാരൻ പരിശോധിച്ചിട്ടുണ്ട്.

ഇതെഴുതുന്ന ആളിന്റെ ഓർമ്മയിൽ ആർത്താറ്റ് ഇടവകയിൽ 1. കോലാടി ദാവീദ് കോറെപ്പിസ്ക്കോപ്പാ. 2. ചെറുവത്തൂർ യാക്കോബ് കോറെപ്പിസ്ക്കോപ്പാ. 3. കുത്തൂർ പാറമേൽ കുറിയാക്കോസ് കത്തനാർ, 4. ചെറുവത്തൂർ മാത്തു കത്തനാർ, 5. കാക്കശ്ശേരി ജോസഫ് കോറെപ്പിസ്ക്കോപ്പാ, 6. ചുങ്കത്ത് ജോസഫ് കത്തനാർ, 7. ചെമ്മണ്ണൂർ പത്രോസ് കത്തനാർ, 8. പുലിക്കോട്ടിൽ (കരുമാംകുഴി) ജോസഫ് കത്തനാർ, 9. മേക്കാട്ടുകുളം ദാവീദ് കത്തനാർ, 10. പുലിക്കോട്ടിൽ ജോസഫ് കോറെപ്പിസ്ക്കോപ്പാ, 11. തെക്കേക്കര ദാവീദ് കത്തനാർ. 12. പൊറത്തൂർ ജേക്കബ് കത്തനാർ, 13. കുത്തൂർ സൈമൺ കത്തനാർ എന്നിവർ സേവനം അനുഷ്ഠിച്ചിരുന്നു. മൂപ്പ് മുറയനുസരിച്ച് ഓരോ വൈദികൻ ഓരോ ആഴ്ചയിലെ സാധാരണ കർത്തവ്യചുമതല നിർവഹിക്കും. എല്ലാവരും കൂടിവരുമ്പോൾ ഒന്നാംസ്ഥാനി മൂപ്പച്ചൻ ആയിരിക്കും. ഈ പ്രാഥമ്യമാണ് മേക്ക് വികാരിയിൽ നാം കാണുന്നത്. അക്കാലത്ത് കുന്നംകുളം വൈദികരുടെ നേതാവും പ്രതിനിധിയും വക്താവും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആയിരുന്നുവെന്ന് ആ തലമുറയിൽ രചിക്കപ്പെട്ട ആർത്താറ്റ് പള്ളിപ്പാട്ടും ശക്തൻതമ്പുരാന്റെ ജീവചരിത്രവും പാലൂർ - ചാട്ടുകുളങ്ങര പള്ളിയുടെ പുനർനിർമ്മാണവും വ്യക്തമാക്കുന്നു.

പകലോമറ്റം മെത്രാന്മാർ ഏകപക്ഷീയമായി തീരുമാനങ്ങൾ കൈക്കൊള്ളാൻ പാടില്ലെന്നും ജനഹിതം ആരായാതെ അപ്രകാരം സ്വേച്ഛാപരമായി ആരെങ്കിലും പ്രവർത്തിച്ചാൽ അതിനെതിരെ പ്രതികരിക്കണമെന്നുമുള്ള അക്കാലത്തെ മുഴുവൻ മലങ്കരസഭയുടെയും പ്രതിഷേധസ്വരമാണ് ആത്താറ്റ് പടിയോലയിൽ ധ്വനിക്കുന്നത്. ആർത്താറ്റ് പടിയോലയിലൂടെ സഭയുടെ വടക്കൻപ്രദേശത്തെ ഏറ്റവും ശക്തമായ ഇടവക നടത്തിയ പ്രതികരണം ആറാം മാർത്തോമ്മാ ഗൗരവപൂർവ്വം ഉൾക്കൊണ്ടു. അക്കൊല്ലം തന്നെ സന്ദർശിച്ച ഡോ. ബുക്കാനനുമായുള്ള ചർച്ചയും ബൈബിൾ പരിഭാഷയ്ക്കും പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ പങ്കാളിത്തം മലങ്കരമെത്രാൻ തേടിയത് ഇതിന്റെ തെളിവായി നമുക്ക് കണക്കാക്കാം. പകലോമറ്റം കുടുബാംഗമായി ഏഴാം മാർത്തോമ്മാ അതിന് മുമ്പേതന്നെ വാഴിക്കപ്പെട്ടിരുന്നുവെങ്കിലും തെക്കും വടക്കുമുള്ള

രണ്ട് പ്രഗത്ഭ മല്പാന്മാരെ സഭാരംഗത്തെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചതിന് ശേഷമാണ് ആറാം മാർത്തോമ്മാ അന്തരിച്ചത്.

പുലിക്കോട്ടിൽ മല്പാൻ തയ്യാറാക്കിയ പടിയോലയുടെ സന്ദേശം തെക്കൻ ഇടവകകളുടെ പ്രതിനിധിയും ബൈബിൾ വിവർത്തനത്തിലെ സഹപ്രവർത്തകനുമായ കായംകുളം പീലിപ്പോസ് മല്പാനും സ്വീകാര്യമായി. ആരോഗ്യകരമായ ഒരു സുപ്രഭാതത്തിന്റെ ശംഖധ്വനി മുഴക്കുന്നതിൽ അവർ സഹകരിച്ചു. ആ ശംഖനാദമാണ് ആർത്താറ്റ് പടിയോലയുടെ സഭാചരിത്രമൂല്യം. ആർത്താറ്റ് പടിയോലയുടെ സന്ദേശം മലങ്കരയിൽ മുഴുവൻ പ്രചരിപ്പിക്കുവാൻ ഐക്യത്തോടെ സന്നദ്ധരായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും കായംകുളം റമ്പാനെയും തന്റെ ഉപദേഷ്ടാക്കന്മാരായി നിയമിച്ചുകൊണ്ട് ഏഴാം മാർത്തോമ്മാ ഈ സൂര്യോദയത്തെ അംഗീകരിക്കുക തന്നെ ചെയ്തു.

2. ആർത്താറ്റ് (പാലൂർ - ചാട്ടുകുളങ്ങര) പള്ളിയുടെ പുനർ നിർമ്മാണം

ഭാരതത്തിലെ ക്രിസ്ത്യാനികളുടെ തലപ്പള്ളി, മാർത്തോമ്മാശ്ലീഹായുടെ പൈതൃകം അർഹിക്കുന്ന പ്രൗഢിയോടുകൂടി നിർമ്മിക്കണമെന്ന കഥാപുരുഷന്റെ ആഗ്രഹത്തിന് നാടിന്റെയും രാജകുടുംബത്തിന്റെയും പിന്തുണ വേണ്ടുവോളം ലഭിച്ചു. തങ്ങളുടെ പ്രജകളുടെ പൈതൃക ദേവാലയം കിടയറ്റതാക്കുവാൻ തലപ്പള്ളി രാജാക്കന്മാരും രാജ്യത്തെ വിദേശാക്രമണങ്ങളിൽ നിന്നും സാമൂതിരിയുടെ ശല്യപ്പെടുത്തലിൽ നിന്നും സംരക്ഷിക്കുവാൻ തലമുറകളായി വിശ്വസ്തതയോടെ സേവിച്ചുപോരുന്ന പ്രജകളുടെ ദീർഘകാല പ്രാർത്ഥനയെ സാക്ഷാത്കരിക്കുവാൻ കൊച്ചിയിലെ മഹാരാജാവും നിർല്ലോഭം സഹായിച്ചു. ദേവാലയ നിർമ്മാണം തുടങ്ങിയാൽ മുടങ്ങാതെ പൂർത്തിയാക്കുവാൻ വിഘ്നങ്ങൾ സംഭവിക്കരുത് എന്ന ദീർഘവീക്ഷണം കൊണ്ടാകാം വിഭവസമാഹരണത്തിന് പത്ത് പതിനാറ് മാസക്കാലം ചെലവഴിച്ചത്. പാലൂർ ചാട്ടുകുളങ്ങര കരക്കാർ വിവിധ കാലങ്ങളിലായി കുടിയേറിപ്പാർത്ത തെക്കൻ പ്രദേശങ്ങളിലെല്ലാം സഞ്ചരിച്ച് ദേവാലയ പുനർനിർമ്മാണത്തിന് അവരുടെ പങ്കാളിത്തം യഥാശക്തി അദ്ദേഹം ഉറപ്പുവരുത്തി. വിഭവസമാഹരണമായിരുന്നു പ്രധാന ലക്ഷ്യമെങ്കിലും ഒന്നുരണ്ടു ചർച്ചാവിഷയങ്ങളിൽ തനിക്കനുകൂലമായ പൊതുജനാഭിപ്രായം രൂപീകരിച്ചെടുക്കുവാൻ മല്പാൻ ഈ യാത്രകളെ പ്രയോജനപ്പെടുത്തി. പകലോമറ്റം മെത്രാച്ചൻ അനുരഞ്ജനമെന്ന പേരിൽ റോമ്മൻസഭയ്ക്ക് കീഴ്പെടുവാൻ നിരന്തരം നടത്തിക്കൊണ്ടിരുന്ന യത്നങ്ങളോട് എതിർക്കുന്ന പൊതുജനാഭിപ്രായം സമാഹരിക്കുക. അതായിരുന്നു അദ്ദേഹം ഉന്നംവച്ച ഒരു ലക്ഷ്യം. ജന്മാ

വകാശമായി മെത്രാൻസ്ഥാനം കൈവശം വച്ചുപോരുന്ന പകലോമറ്റം കുടുംബത്തിന്റെ അവകാശവാദങ്ങൾ അടിസ്ഥാനരഹിതമാണെന്നും ജനങ്ങൾ തെരഞ്ഞടുക്കുന്ന ജനനേതാവായിരിക്കണം മലങ്കരസഭാധ്യക്ഷൻ എന്ന വിപ്ലവകരമായ ആശയം സഭയിൽ സ്വീകാര്യമാകണമെന്നും ഉള്ള ആഹ്വാനമായിരുന്നു രണ്ടാമത്തെ ഉന്നം. സഭയിൽ ഒരു സൂര്യോദയത്തിന്റെ ശംഖനാദം മുഴക്കുന്നതിൽ അദ്ദേഹം ഗണ്യമായി വിജയിച്ചു എന്ന് പില്ക്കാല സഭാചരിത്രം തെളിയിച്ചു. വൈദികവിദ്യാഭ്യാസത്തിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത, പൊതു ഉടമയിലുള്ള ഒരു ആസ്ഥാനത്തിന്റെ അഭാവം, ഭരണപരമായി സഭയുടെ ശക്തിയെ ചോർത്തിക്കളയുന്ന ശൈഥില്യങ്ങൾ, അധികാരകേന്ദ്രത്തിന്റെ വികേന്ദ്രീകരണം, പ്രാദേശികഭാഷയിൽ ബൈബിളും ആരാധനക്രമങ്ങളും വിവർത്തനം ചെയ്യേണ്ടതിന്റെ ആവശ്യകത എന്നിങ്ങനെ ഒട്ടുവളരെ പ്രശ്നങ്ങളും അവയ്ക്ക് തന്റെ കാഴ്ചപ്പാടിലുള്ള പരിഹാരങ്ങളും മല്പാൻ ഈ വിഭവസമാഹരണം മുൻനിർത്തിയുള്ള സഞ്ചാരത്തിൽ വിവിധ ഇടവകകൾക്കു മുമ്പിൽ അവതരിപ്പിച്ചു. മുളന്തുരുത്തി, കണ്ടനാട്, അങ്കമാലി, കുറുപ്പംപടി, കോതമംഗലം, വടക്കൻപറവൂർ തുടങ്ങി അക്കാലത്ത് മലങ്കരസഭയിൽ തലയെടുപ്പുണ്ടായിരുന്ന ഇടവകകൾ മല്പാന്റെ പുരോഗമനാശയങ്ങളോട് ആഭിമുഖ്യം പ്രദർശിപ്പിച്ചു. ഫലത്തിൽ 1806-ലെ ആർത്താറ്റ് പടിയോലയുടെ സന്ദേശം മലങ്കരസഭയ്ക്ക് മുഴുവൻ സ്വീകാര്യമാകുവാൻ അദ്ദേഹം നടത്തിയ ജൈത്രയാത്രയായിട്ടു വേണം ഈ വിഭവസമാഹരണ സഞ്ചാരത്തെ വിലയിരുത്തുവാൻ. ഒരേസമയം ഒന്നിലേറെ കാര്യങ്ങളിൽ ലക്ഷ്യം വയ്ക്കുവാനും ലക്ഷ്യസാക്ഷാത്ക്കാരത്തെ നേടുവാനും മഹാപ്രതിഭകളായ മഹാരഥന്മാർക്കേ കഴിയൂ. ശതാവധാനിയായ സഭാനേതാവായിരുന്നു അദ്ദേഹം.

1807 കന്നി മാസം 8-ന് പുനർനിർമ്മാണം ചെയ്ത് പള്ളിയിൽ ആരാധനകൾ പുനരാരംഭിക്കത്തക്കവിധം ദ്രുതഗതിയിൽ പണികൾ പുരോഗമിച്ചു. തച്ചുശാസ്ത്ര വിദഗ്ദനായ കഥാപുരുഷൻ തന്റെ ശില്പവൈഭവം പ്രകടമാക്കുംവിധം ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകി. ആ തലമുറയിൽ ക്രിസ്ത്യാനികളുടെ തലപ്പള്ളിയെ വെല്ലുന്ന പ്രൗഢിയും ഗാംഭീര്യവും മലങ്കരസഭയിലെ മറ്റൊരു പള്ളിയ്ക്കും ഉണ്ടായിരുന്നില്ല. മലങ്കരസഭയിലെ മറ്റൊരു പള്ളിയിലും കാണാത്തവിധം മദ്ബഹാ രണ്ടു തലങ്ങളായി അദ്ദേഹം വിഭാവനം ചെയ്തു. രണ്ടു ഭാഗവും രണ്ട് തിരശ്ശീലകൾക്കൊണ്ട് മറയ്ക്കുവാൻ ക്രമീകരണം ഉണ്ടായിരുന്നു. എബ്രായ ലേഖനത്തിൽ വി. പൗലൂസ് ശ്ലീഹാ പഴയനിയമ കൂടാരത്തെ വർണ്ണിക്കുന്ന ഭാഗമാവണം അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരുന്നത്. എബ്രായ ലേഖനം പഴയനിയമ ദേവാലയത്തിന്റെ ചിത്രം നൽകുന്നതിപ്രകാരമാണ്.

“എന്നാൽ ആദ്യ ഉടമ്പടിയിലും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധ മന്ദിരവും ഉണ്ടായിരുന്നു. ഒരു കൂടാരം നിർമ്മിച്ചു. അതിന്റെ ആദ്യഭാഗത്ത് നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിന് വിശുദ്ധസ്ഥലം എന്ന് പേരായിരുന്നു.

രണ്ടാം തിരശ്ശീലയ്ക്ക് പിന്നിലോ അതിവിശുദ്ധസ്ഥലം എന്ന് വിളിക്കപ്പെടുന്ന കൂടാരം ഉണ്ടായിരുന്നു. അതിൽ പൊന്നുകൊണ്ടുള്ള ധൂപകലശവും മുഴുവനും പൊന്നുകൊണ്ടു പൊതിഞ്ഞ നിയമപെട്ടകവും അതിനകത്ത് മന്ന ഇട്ടുവച്ച പൊൻപാത്രവും അഹറോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും; അതിന് മീതെ കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകളും ഉണ്ടായിരുന്നു. .... ഇവ ഇങ്ങനെയെല്ലാം ഒരുക്കിയശേഷം പുരോഹിതന്മാർ നിത്യം മുൻകൂടാരത്തിൽ ചെന്ന് ശുശ്രൂഷ അനുഷ്ഠിക്കുന്നു. രണ്ടാമത്തേതിലോ ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രം തന്റെയും ജനത്തിന്റെയും തെറ്റുകൾക്ക് വേണ്ടി അർപ്പിക്കുവാനുള്ള രക്തവുമായി പ്രവേശിക്കുന്നു. ...” (എബ്രായ 9:2-7).

ദൈവികആരാധനയ്ക്ക് രണ്ട് തിരശ്ശീലകളാൽ മറയ്ക്കപ്പെട്ട രണ്ടു കൂടാരം. ആദ്യത്തെ തിരശ്ശീലയ്ക്കകം വിശുദ്ധ സ്ഥലം. അവിടെ പുരോഹിതൻ നിത്യവും പ്രവേശിച്ച് നിത്യാരാധന നടത്തുന്നു. അതിന് പുറകിലെ തിരശ്ശീലയ്ക്കുള്ളിൽ അതിവിശുദ്ധ സ്ഥലമെന്ന കൂടാരം. ഇവിടെ ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മാത്രം പ്രവേശിച്ച് രക്തസഹിത ബലി അർപ്പിക്കുന്നു. ഈ ആദിമ കൂടാരസങ്കൽപ്പമാണ് കഥാപുരുഷൻ പള്ളിനിർമ്മാണത്തിൽ സാക്ഷാത്കരിച്ചത്. അതിവിസ്തൃതമായ മദ്ബഹായ്ക്ക് രണ്ട് തിരശ്ശീലകളാൽ മറയ്ക്കപ്പെട്ട രണ്ടു ഭാഗം. ഒന്നാം തിരശ്ശീലയ്ക്കകത്ത് പുരോഹിതന്മാർ നിത്യവും പ്രാർത്ഥനയും വേദവായനകളും പ്രബോധനങ്ങളും നടത്തുന്നു. അതിവിശുദ്ധസ്ഥലത്ത് ക്രിസ്തുവിന്റെ ബലിയായ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടുന്നു. അവിടെ ആദിമ കൂടാര സംവിധാനവും യുഗാന്ത്യത്തിലെ സ്വർഗ്ഗീയാരാധനയുടെ (വെളിപാട് പുസ്തകം വ്യക്തമാക്കുന്നവിധം) സംവിധാനവും സമ്മേളിക്കുന്നു; സിനഗോഗ് ആരാധനയും കാൽവരി യാഗവും സമ്മേളിക്കുന്നു. ഈ ദേവാലയസങ്കൽപ്പം ഇതേ രൂപത്തിൽ സാക്ഷാത്കരിച്ച ഒരൊറ്റ ദേവാലയമേ മലങ്കരസഭയിലുള്ളു. അത് പാലൂർ - ചാട്ടുകുളങ്ങര പള്ളിയാണ്: മലങ്കരയുടെ തലപ്പള്ളിയുടെ അനന്യതയും അതുല്യതയും ഇതു തന്നെ. മുൻകൂടാരത്തിലെ മേശകളും പ്രാർത്ഥനാശുശ്രൂഷകളും നിർവിഘ്നം നടക്കുന്നുവെങ്കിലും അവിടത്തെ തിരശ്ശീല ഇപ്പോൾ ഉപയോഗിക്കാറില്ല; സ്ഥിരമായി തുറന്നിട്ട അവസ്ഥയിലാണ്. ഈ ദേവാലയ സംവിധാന ചാരുതയും അതിന്റെ വേദപുസ്തക പശ്ചാത്തലവും വേണ്ടത്ര ഗ്രഹിക്കാതെ

ഈ അസാധാരണ സംവിധാനത്തിന് വികലമായ ചില വ്യാഖ്യാനങ്ങൾ പില്ക്കാലത്ത് ഉണ്ടായിട്ടുണ്ട്.

ആദ്യത്തെ മദ്ബഹായിൽ വച്ച് ഒരു പുരോഹിതൻ വധിക്കപ്പെട്ടു വെന്നും രക്തം വീണ സ്ഥലം മദ്ബഹായിൽ നിന്ന് വേർതിരിക്കുവാനായി മദ്ബഹാ രണ്ടായി വിഭജിച്ചു എന്നും ആണ് ആ കഥ പറയുന്നത്. ടിപ്പുവിന്റെ പടനായകർ പള്ളിയിൽ പ്രവേശിച്ച് അവിടെ സൂക്ഷിച്ചിരുന്ന വി. കുർബ്ബാന മലിനപ്പെടുത്തുമെന്ന് ഭയന്ന് ഒരു പുരോഹിതൻ മദ്ബഹായിൽ ഓടിക്കയറി വി. കുർബ്ബാന ഭക്ഷിച്ചു എന്നും അദ്ദേഹത്തെ ഭടന്മാർ മദ്ബഹായിൽ വച്ച് വെട്ടിക്കൊന്നു എന്നുമാണ് ഈ കഥയുടെ ഭാഷ്യം.

ഈ കഥ വിശ്വസിക്കുവാൻ രണ്ടു കാരണങ്ങളാൽ സാധ്യമല്ല.

1. കഥയിൽ പറയുംപ്രകാരം ആണ് സംഭവിച്ചതെങ്കിൽ കൊല്ലപ്പെട്ട പുരോഹിതൻ രക്തസാക്ഷിയാണ്. രക്തസാക്ഷിയുടെ രക്തം മദ്ബഹായെ അശുദ്ധമാക്കുന്നില്ല. ആദ്യകാലത്ത് പള്ളിയുടെ ശില സ്ഥാപിക്കുന്ന വേളയിൽ രക്തസാക്ഷികളുടെ അസ്ഥികൾ നിക്ഷേപിച്ചിരുന്നു. സഹദേന്മാരുടെ അസ്ഥി കിട്ടാതായപ്പോൾ അവരുടെ പേരുകൾ പ്രതിഷ്ഠയുടെ പ്രഖ്യാപനത്തിലും മുദ്രണത്തിലും മാത്രമായി ഒതുങ്ങി. രക്തസാക്ഷികളുടെ രക്തവും അസ്ഥിയും തിരുശേഷിപ്പുകളായി നിക്ഷേപിക്കപ്പെട്ട ഗ്ലൂസ്ക്കോമാ എന്ന പേടകം ത്രോണോസിൽ ആദരപൂർവ്വം സ്ഥാപിക്കപ്പെട്ടിരുന്നു. പള്ളി പ്രദക്ഷിണങ്ങളിൽ കുരിശിനോടൊപ്പം അവയും വഹിക്കുമായിരുന്നു. തന്മൂലം രക്തസാക്ഷികളുടെ രക്തം മദ്ബഹായെ അശുദ്ധമാക്കുന്നില്ല. അതിന്റെ പേരിൽ മദ്ബഹാ ഛേദിക്കേണ്ട ആവശ്യവുമില്ല.

2. ടിപ്പുവിന്റെ പടനായകർ 1789-ൽ പള്ളിക്ക് തീവയ്ക്കുമ്പോൾ പള്ളിയിൽ പൂജകളൊന്നും നടന്നിരുന്നില്ല. പുത്തൻകൂർ - പഴയകൂർ തർക്കത്തെത്തുടർന്ന് പള്ളി ദീർഘകാലം ആരാധനകൾ കൂടാതെ കിടക്കുകയായിരുന്നു. ആ ദേവാലയത്തിൽ നിത്യവും വി. കുർബ്ബാന നടക്കുന്നു എന്ന് സങ്കല്പിച്ചുകൊണ്ടാണ് ഈ കഥ മെനഞ്ഞെടുത്തിട്ടുള്ളത്. തർക്കം മൂലം ദീർഘകാലം ആരാധന മുടങ്ങിയ പള്ളിയാണ് തീക്കിരയായത് എന്ന് ആർത്താറ്റ് പള്ളിപ്പാട്ട് അനുസ്മരിക്കുന്നുണ്ട്. തന്മൂലം ഈ ഭാവനാസൃഷ്ടിയായ കഥയ്ക്ക് ചരിത്രപരമായ സാധുത്വവും സാംഗത്യവുമില്ല.

3. ആർത്താറ്റ് പള്ളിയുടെ ചുറ്റുപാടുമുള്ള വൃക്ഷശിഖരങ്ങൾ ടിപ്പുവിന്റെ പടനായകർ വിശ്വാസികളെ തൂക്കിക്കൊന്നതായി സ്ഥലവാസികൾ 1808-ൽ ഡോ. ബുക്കാനനോട് സാക്ഷിച്ചതായി അദ്ദേഹം തന്റെ

സ്മരണകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദേവാലയത്തിൽ വെച്ച് അപ്രകാരം ഒരു വധം നടന്നിരുന്നുവെങ്കിൽ അക്കാര്യം അവർ ബുക്കാനനോട് പറയുമായിരുന്നു.

4. വൈദികൻ പള്ളിയിൽ വച്ച് വധിക്കപ്പെട്ട കഥ ആറ് പതിറ്റാണ്ടിന്നിപ്പുറം പ്രചരിപ്പിക്കപ്പെട്ട ഒരു വെറും കഥയാണ്.

5. ഇന്ന് കാണുന്ന അതിഭീമാകാരമായ ദേവാലയ ശില്പം ടിപ്പുവിന്റെ ആക്രമണത്തിനു മുമ്പേ ഉള്ളതാണെന്ന തെറ്റായ ധാരണ ഈ കഥയുടെ പിന്നിലുണ്ട്. നിശ്ചയമായും ഇന്ന് കാണുന്ന ശില്പം 1800–ൽ ഫ്രാൻസിസ് ബുക്കാനൻ കണ്ട, പതിനൊന്ന് വർഷം മേൽക്കൂരയില്ലാതെ മഴ നനഞ്ഞുകിടന്ന ദേവാലയം അല്ല.

1800–ൽ ഫ്രാൻസിസ് ബുക്കാനൻ സാക്ഷിക്കുംവിധം അന്നത്തെ പള്ളിയുടെ ശ്മശാനം പള്ളിയുടെ വടക്കു പടിഞ്ഞാറേ വഴിയുടെ അരികിൽ ആയിരുന്നു. ഇന്ന് കാണുന്ന ശ്മശാനത്തിന്റെ ഭാഗത്തായിരുന്നു തീവച്ച് നശിപ്പിക്കപ്പെട്ട ചാട്ടുകുളങ്ങര കമ്പോളം സ്ഥിതിചെയ്തിരുന്നത്. കമ്പോളം സ്ഥിതിചെയ്ത പ്രദേശം അദ്ദേഹം പള്ളിക്കുവേണ്ടി സമ്പാദിക്കുകയും അവിടെ പുതിയ ശ്മശാനം ക്രമീകരിക്കുകയും ചെയ്തു. പള്ളി അക്കാലത്ത് മലങ്കരയിൽ ഏറ്റവും വിസ്തൃതിയുള്ള ദേവാലമായിരുന്നതുപോലെ അദ്ദേഹം സ്ഥാപിച്ച ശ്മശാനവും അതുല്യമായിരുന്നു. 4 1/2 ഏക്കർ വിസ്തൃതിയുള്ള മറ്റൊരു ശ്മശാനം ഇന്നും മലങ്കരസഭയിൽ ഉണ്ടെന്ന് തോന്നുന്നില്ല. മൺമറഞ്ഞ ചാട്ടുകുളങ്ങര കമ്പോളത്തിന്റെ പ്രതാപം പുതിയ ശ്മശാന സംവിധാനത്തിന് ഭൂമികയായി.

കഥാപുരുഷന്റെ ആഗ്രഹപ്രകാരം 1807–ൽ ദേവാലയ നിർമ്മാണം പൂർത്തിയായി. പള്ളിയുടെ പെരുന്നാൾ ദിനത്തിൽത്തന്നെ (കന്നി 8–ാം തീയതി) ശുദ്ധീകരണവും ആദ്യ കുർബ്ബാനാർപ്പണവും നടന്നു എന്നു വേണം വിചാരിക്കാൻ. അക്കാലങ്ങളിൽ മേല്പട്ടക്കാരൻ പള്ളി കൂദാശ ചെയ്യുന്ന പതിവ് ഉണ്ടായിരുന്നു എന്ന് തീർത്ത് പറഞ്ഞുകൂടാ. 1685–ൽ വന്ന ബസേലിയോസ് യൽദോ കാതോലിക്കായുടെ പള്ളിക്രമ പുസ്തകങ്ങളിൽ പള്ളിക്കൂദാശയുടെ ക്രമം കാണുന്നുണ്ട്. എന്നാലും അക്കാലങ്ങളിൽ പള്ളികൾ ആ ക്രമപ്രകാരം കൂദാശ ചെയ്യപ്പെട്ടിരുന്നുവോ എന്ന് ഈ ലേഖകൻ സംശയിക്കുന്നു. ഒരു മെത്രാൻ മാത്രമുണ്ടായിരുന്ന മലങ്കരസഭയിൽ അത് പ്രായോഗികമായിരുന്നുവോ എന്നും സംശയമുണ്ട്. കുർബ്ബാന തക്സായിൽ കാണുന്ന ശുദ്ധീകരണ പ്രാർത്ഥനകളും മുദ്രണങ്ങളും നടത്തി കൂദാശ നിർവഹിച്ചിരിക്കാനാണ് സാധ്യത (വളരെ ശ്രമിച്ചെങ്കിലും പള്ളികൂദാശ രേഖപ്പെടുത്തിയ തബിലൈത്താകൾ നാളിതുവരെ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടില്ല). 1807–ൽ പള്ളിപ്പണി പൂർത്തി

യാവുമ്പോഴേക്കും ആറാം മാർത്തോമ്മാ രോഗബാധിതനായി കിടപ്പിലായിരുന്നു.

(1808 മീനമാസം 16 മുതൽക്ക് ദീനമായി 21-ന് ശരീരം ഒക്കെ നീരു കൊണ്ട് വായ്ച്ചു കിടക്ക കൊണ്ടു ചരിവാൻ വഹിയാ. മീനമാസം 1-ന് അച്ചൻ - 7-ാം മാർത്തോമ്മാ - കുർബ്ബാന ചൊല്ലി. 27-ാം തീയതി വെള്ളി യാഴ്ച പീലിപ്പോസ് റമ്പാച്ചൻ തൈലാഭിഷേകം നടത്തി. ഏപ്രിൽ 8-ന് അദ്ദേഹം കാലം ചെയ്തു.)[8]

മറിച്ച് തെളിവുകൾ ലഭിക്കുന്നത് വരെയും ദൈവമാതാവിന്റെ നാമത്തിൽ വി. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ആദിമ ദേവാലയത്തിന്റെ പുനർ നിർമ്മിത ശില്പത്തിന്റെ കൂദാശ ആർത്താറ്റ് പടിയോലയിൽ ഒപ്പു വെച്ച മൂപ്പച്ചൻ (മേക്ക് വികാരി) തെക്കേക്കര കുരിയത് കത്തനാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നതായി വേണം കരുതുവാൻ.

ഇന്നും തുടർന്നുവരുന്ന ഒരു പെരുന്നാൾ ചടങ്ങിനെപ്പറ്റി ഇവിടെ സൂചിപ്പിക്കുവാനുണ്ട്. ജൂതസിനഗോഗിനൊപ്പം ചാട്ടുകുളങ്ങര ജൂതക്കുന്നിൽ അതിപ്രാചീനമായ ഒരു കാവ് സ്ഥിതിചെയ്തിരുന്നു. ജൂതക്കുന്നിലെ യഹൂദന്മാരും മറ്റും ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവിടെയുള്ള ദ്രാവിഡമതക്കാരിൽ ബഹുഭൂരിപക്ഷവും ക്രിസ്തുമതം സ്വീകരിച്ചു. തീരെ ചെറിയ ഒരു ന്യൂനപക്ഷമേ 'കാവി'ലെ ആരാധനക്കാരായി അവശേഷിച്ചിരുന്നുള്ളൂ. പള്ളിക്കു കിഴക്കുഭാഗത്ത് ആ ക്ഷീണിച്ച കാവ് ഇപ്പോഴും കാണാം. പൂർവിക സൗഹൃദത്തിന്റെ ഭാഗമായി പള്ളിയുടെ കന്നി 8-ാം തീയതിയിലെ പെരുന്നാളിന്റെ ദിവസം തന്നെ കാവിലെ ഉത്സവവും നടത്തിപ്പോന്നു. രണ്ടു മതങ്ങളുടെയും ആഘോഷങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പുതിയ ചടങ്ങ് ഭാവനാശാലിയായ ഇട്ടൂപ്പ് മല്പാൻ നിർദ്ദേശിച്ചു. പാലൂർ ചാട്ടുകുളങ്ങര പള്ളിയുടെ പുനർനിർമ്മാണത്തിന് എല്ലാ മത വിഭാഗങ്ങളിൽ നിന്നും ലഭിച്ച അകമഴിഞ്ഞ സഹായസഹകരണങ്ങൾക്കുള്ള ഒരു കൃതജ്ഞതാപ്രകടനം കൂടിയായിരുന്നു ആ ചടങ്ങ്. ഉച്ച തിരിഞ്ഞ് പള്ളിയിലെ പെരുന്നാൾ പരിപാടികൾ സമാപിക്കുമ്പോൾ കാവിലെ പൂജാരിമാർ ഉത്സവവേഷവിധാനങ്ങളണിഞ്ഞ് വാദ്യമേളങ്ങളുടെ അകമ്പടിയോടെ പള്ളിനടയിലെത്തും. അവിടെ അവർ വാദ്യമേളങ്ങളുടെ താളങ്ങൾക്കനുസൃതമായി അല്പനേരം ചുവട് വച്ച് നൃത്തം ചെയ്യും. പള്ളിയിലെ മൂപ്പച്ചൻ കാവിലെ പൂജാരിമാർക്ക് പ്രോത്സാഹനമായി ഒരു 'പണ'വും ഒരു കൊട്ട ചോറും ആവശ്യമായ മറ്റു വിഭവങ്ങളും പള്ളിനടയിൽ വെച്ച് നൽകും. ഇതോടെ പൂജാരികൾ പള്ളിനടയിൽ തൊഴുത് കാവിലേക്ക് തിരിച്ചു പോകുകയും ചെയ്യും. ഈ ആഘോഷം ഇപ്പോഴും നിർവിഘ്നം നടന്നുപോരുന്നുണ്ട്. ഓർത്തഡോക്സ് സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച 1950-കളിൽ പെരുന്നാൾ സെപ്തംബർ 8 എന്ന് പുനഃ

ക്രമീകരിച്ചപ്പോൾ കാവിലെ ഉത്സവതീയതിയും സെപ്തംബർ 8-ലേക്ക് അതിന്റെ ചുമതലക്കാർ പുനഃസംവിധാനം ചെയ്തു എന്നത് ഇവിടെ സവിശേഷമായി ഓർക്കാവുന്നതാണ്.

(കുന്നംകുളം തെക്കേ അങ്ങാടിയിൽ ശക്തൻ തമ്പുരാൻ അവിടെയുള്ള ക്രിസ്ത്യാനികൾക്ക് ആരാധനകൾക്കായി പൂർണ്ണാവകാശമായി വിട്ടുകൊടുത്ത അന്തിമാളൻകാവിലെ ഒരു സവിശേഷതയും സന്ദർഭോചിതമായി ഇവിടെ കുറിച്ചുകൊള്ളട്ടെ. അന്തിമാളൻകാവിൽ ശിവരാത്രി ഉത്സവം കൊണ്ടാടിയിരുന്നു. ക്ഷേത്രത്തിൽ നിറയെ ദീപങ്ങൾ തെളിയിക്കുകയാണ് ഈ ആഘോഷത്തിന്റെ പ്രധാന ഭാഗം. കാവ് ക്രിസ്ത്യാനികൾക്ക് കൈമാറിക്കിട്ടിയപ്പോൾ ഈ ആഘോഷത്തെ ക്രിസ്തീയമായ പരിവേഷം നൽകി തുടരുവാൻ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ സുറിയാനിക്കാർ നിശ്ചയിച്ചു. ക്രിസ്തുമതത്തിൽ പ്രകാശത്തിന്റെ സവിശേഷതയും സാംഗത്യവുമുള്ള ഒരു ദിനമാണ് ദനഹാപെരുന്നാൾ. വി. ത്രിത്വത്തിന്റെ പ്രത്യക്ഷത പ്രകാശത്തിന്റെ പ്രഖ്യാപനം കൂടെ ആകയാൽ ആ ദിനത്തെ 'ഉദയം' എന്നർത്ഥമുള്ള 'ദനഹാ' എന്ന സുറിയാനി പദം നൽകിയാണ് സുറിയാനിക്കാർ വിശേഷിപ്പിച്ചു പോരുന്നത്. ഈ പ്രകാശോദയത്തിന്റെ പെരുന്നാൾ പള്ളിയായി മാറ്റപ്പെട്ട അന്തിമാളൻകാവിനെ കേന്ദ്രമാക്കി ആഘോഷിക്കുവാൻ കുന്നംകുളത്തുകാർ തീരുമാനിച്ചു. പള്ളിയിൽ മാത്രമല്ല, അങ്ങാടിയിലെ എല്ലാ വീടുകൾക്കു മുമ്പിലും അലങ്കരിച്ച വാഴപ്പിണ്ടികൾ നാട്ടി അതിൽ നിരയൊപ്പിച്ച കരണ്ടികൾ ക്രമീകരിച്ച് എണ്ണയൊഴിച്ച് തിരിയിട്ട് പ്രകാശിപ്പിക്കുക എന്നത് തെക്കേ അങ്ങാടിക്കാരുടെ സവിശേഷമായ പെരുന്നാൾ ചടങ്ങായി മാറി. ക്രമേണ ആ ചടങ്ങ് സുറിയാനി ക്രിസ്ത്യാനികളുടെ ദഹനാ പെരുന്നാളിന്റെ ചടങ്ങ് എന്ന നിലയിൽ എല്ലാ അങ്ങാടികളിലേക്കും വ്യാപിച്ചു. കുന്നംകുളത്തു നിന്ന് സമീപപ്രദേശങ്ങളിലേക്ക് സംഘമായി കുടിയേറിപ്പാർത്ത ദേശങ്ങളിലേക്കും ഈ ചടങ്ങ് പടർന്നു പിടിച്ചു. ഈ കോളനികളിൽ ചിലത് ഭിന്നസഭകളിലായി എങ്കിലും 'പിണ്ടി തെളിയിക്കുക' എന്ന പൊതു പൈതൃകം അവരിൽ പലരും ഇന്നും തുടർന്ന് പോരുന്നു; ഉത്ഭവചരിത്രം അറിയാതെ).

പാലൂർ - ചാട്ടുകുളങ്ങര പള്ളിയുടെ നിർമ്മാണം പൂർത്തിയായ ഉടൻതന്നെ, കുന്നംകുളത്ത് നിന്ന് പലായനം ചെയ്ത സുറിയാനിക്കാരുടെ ഒരു കോളനി ചെറായി ദേശത്ത് ഒരു പള്ളി വച്ചതായും അവിടെ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ പ്രഥമ ദിവ്യബലി അർപ്പിച്ചതായും ചെറായി വലിയപള്ളിയുടെ ചരിത്രം അവകാശപ്പെടുന്നു.[9]

മാർത്തോമ്മാശ്ലീഹായുടെ പാലൂർ പള്ളി പുനർനിർമ്മാണം പൂർത്തിയായി ആരാധനകൾ പുനഃസ്ഥാപിക്കപ്പെട്ടതോടെ അതിന്റെ ഖ്യാതി പൂർവാധികം അറിയപ്പെട്ടു. 1808-ൽ മലങ്കരസഭയിൽ വീണ്ടും സന്ദർശനം

നടത്തിയ ഡോ. ക്ലോഡിയസ് ബുക്കാനൻ പുതുക്കിപ്പണിത ഈ ദേവാലയം സന്ദർശിച്ചു. അവിസ്മരണീയമായ ഈ സന്ദർശനത്തിന്റെ ഓർമ്മകൾ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ജനുവരി 14-ന് തലശ്ശേരിയിൽ നിന്നെഴുതിയ കത്തിൽ കാണുന്നതിപ്രകാരമാണ്. "കേണൽ മെക്കാളെ ഇതുവരെയും എന്നെ അനുഗമിച്ചിരുന്നു. കൊച്ചിയിൽ നിന്ന് പുറപ്പെട്ട് ഞങ്ങൾ ആദ്യം സന്ദർശിച്ചത് തൃശൂരിലെ പ്രസിദ്ധമായ സംസ്കൃത കോളജ് ആണ്. പിന്നീട് ഞങ്ങൾ പോയത് ഞാൻ മുമ്പ് സന്ദർശിക്കാതിരുന്നതും സുറിയാനി ക്രിസ്ത്യാനികളുടെ ജില്ല എന്ന് പരാമർശിക്കാവുന്നതും ആയ ഒരു സ്ഥലത്തേക്കാണ്. ഹൈദരാലി ഈ സ്ഥലത്തെ 'നസ്രാണി ഗൂർ' (നസ്രാണികളുടെ പട്ടണം) എന്ന് വർണ്ണിച്ചിട്ടുണ്ട്. ജനനിബിഡവും ഫലഭൂയിഷ്ഠവും സുന്ദരവുമായ ഒരു സ്ഥലമാണിത്. ചതുരാകൃതിയിലുള്ള പട്ടണത്തിന് നാല് പ്രവേശന കവാടങ്ങൾ ഉണ്ടായിരുന്നു. ഇവ ഒരു കുന്നിന്റെ താഴ്വാരത്തിൽ പണിയപ്പെട്ടിരുന്നു. തെരുവുകളിൽ നിന്ന് തെരുവുകളിലേക്ക് പാറയിൽ പടവുകൾ കൊത്തിയിരുന്നു. നാലു ഭാഗത്തും സമൃദ്ധമായി ഇലകളുള്ള പനകളും മറ്റു മരങ്ങളും സ്ഥിതിചെയ്തിരുന്നു. കുന്നിന്റെ താഴ്വരയുടെ ചുറ്റിലും പുൽമൈതാനങ്ങൾ ഉണ്ടായിരുന്നു. പട്ടണം മുഴുവൻ കുന്നുകളും താഴ്വരകളും ആയിരുന്നു. അവിടുത്തെ പുരോഹിതന്മാർക്കും ജനങ്ങൾക്കും എന്നെ നന്നായി അറിയാമായിരുന്നു. അവർ എനിക്ക് ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. പ്രധാന ദേവാലയം വരെ എന്നെ അനുഗമിച്ചു. മലങ്കരയിലുള്ള എല്ലാ ദേവാലയങ്ങളുടെയും പേരിൽ ഒരു വലിയ സ്വർണ്ണമെഡൽ ആ പള്ളിക്കു സമ്മാനിക്കുവാനുള്ള എന്റെ ഉദ്ദേശ്യത്തെ ഗ്രഹിക്കുകയാൽ വലിയൊരു ജനക്കൂട്ടം അവിടെ സമ്മേളിച്ചിരുന്നു. ഈ പട്ടണത്തിൽ നസ്രാണികൾ അല്ലാത്ത ഒരു മനുഷ്യനുമില്ല. ഞാൻ കൽക്കട്ട വിടുന്നതിന് മുമ്പ് മിസ്സിസ് ജെ. എനിക്കു നൽകിയ പതക്കമാണ് ഞാൻ ആ ദേവാലയത്തിന് സമ്മാനിച്ചത്. ഒരു സാധാരണ കോളജു മെഡലിന്റെ മൂന്നിരട്ടി വലിപ്പമുള്ള ആ മെഡലിന്റെ ഒരു ഭാഗത്ത് യോർദ്ദാൻ നദിയിലെ യേശുവിന്റെ സ്നാനം പ്രൗഢമായി ആലേഖനം ചെയ്തിരിക്കുന്നു. മറുഭാഗത്ത് സ്നാനത്തിനായി ഉപനയിക്കപ്പെടുന്ന ഒരു ശിശുവിന്റെ രൂപവും. ജനങ്ങളുടെ മുമ്പിൽ വച്ച് ഭക്ത്യാദരവോടെ ഞാൻ അത് മദ്ബഹായിൽ സമർപ്പിച്ചു. ഈ പട്ടണം കൊച്ചിരാജാവിന്റെ ഭരണാതിർത്തിയിൽ ഉൾപ്പെട്ടതാണ്. രണ്ടാഴ്ച മുമ്പ് അദ്ദേഹത്തെ ഞാൻ സന്ദർശിച്ചിരുന്നു. സുറിയാനിക്കാരുടെ ഈ താവളത്തെ 1789-ൽ ടിപ്പു ആക്രമിച്ചു. ക്രിസ്ത്യാനികളെ തൂക്കിക്കൊന്ന വൃക്ഷശിഖരങ്ങൾ അവർ എനിക്ക് ചൂണ്ടിക്കാണിച്ചു തന്നു."[10]

'മുമ്പ് സന്ദർശിക്കാതിരുന്ന' എന്ന പ്രയോഗത്തിന് സവിശേഷമായ അർത്ഥമുണ്ട്. പാലൂർ – ചാട്ടുകുളങ്ങര പള്ളി അന്നേ പ്രസിദ്ധമായിരുന്നു എങ്കിലും 1806-ൽ അത് പുനർനിർമ്മാണത്തിന്റെ ഘട്ടമാകയാൽ സന്ദർശ

നയോഗ്യമായിരുന്നില്ല. കുന്നംകുളം ഇടവകയിലെ വിശ്വാസികൾക്ക് അദ്ദേഹം സുപരിചിതനായിരുന്നു എന്ന പ്രസ്താവനയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. സഭാചർച്ചകൾക്കും ബൈബിൾ വിവർത്തനത്തിനും നിയോഗിക്കപ്പെട്ട സുറിയാനി പണ്ഡിതൻ ഇട്ടൂപ്പ് മല്പാൻ മുഖേനയാണ് ആ പരിചയം സംഭവിച്ചത്. മെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്ന കണ്ടനാട് പുരാതന ദേവാലയത്തിനോ തനിക്ക് സമ്മാനിക്കപ്പെട്ട സുറിയാനി ബൈബിളുകൾ സൂക്ഷിക്കപ്പെട്ടിരുന്ന അങ്കമാലിയിലെ പള്ളികൾക്കോ നൽകാത്ത ഒരു മെഡൽ പാലൂർ – ചാട്ടുകുളങ്ങര പള്ളിക്ക് സമ്മാനിക്കാനായി അദ്ദേഹം സൂക്ഷിച്ചുവച്ചു. മലങ്കരയിലുള്ള എല്ലാ പള്ളികൾക്കും വേണ്ടി ആ മെഡൽ അദ്ദേഹം ചാട്ടുകുളങ്ങര ദൈവമാതാവിന്റെ പുതുക്കിപ്പണിത ദേവാലയത്തിന്റെ മദ്ബഹായിൽ സമർപ്പിച്ചു. മലങ്കരയിലെ സർവ്വദേവാലയങ്ങളുടെയും തലപ്പള്ളി എന്ന നിലയിലും മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ദേവാലയം എന്ന നിലയിലും മലങ്കരസഭയിലെ ഏറ്റവും ബൃഹത്തായ പള്ളി എന്ന നിലയിലും പാലൂർ – ചാട്ടുകുളങ്ങര ദേവാലയം ബുക്കാനനിൽ അതുല്യമായ മതിപ്പുളവാക്കി എന്നതാണ് വസ്തുത. വിശ്വാസത്തിന്റെ ചാരിത്ര്യം സംരക്ഷിക്കുവാൻ ഒട്ടേറെപ്പേർ അവിടെ രക്തസാക്ഷികളായി എന്ന സമാന്തരതകൾ ഇല്ലാത്ത ചരിത്രവും ആ ദേവാലയത്തെ സമ്മാനിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകമായി വർത്തിച്ചിരിക്കാം (ഇന്ത്യൻ സഭയുടെ മാർത്തോമ്മാ പൈതൃകം ആംഗ്ലിക്കൻ ചരിത്രകാരന്മാർ അംഗീകരിച്ചിരുന്നില്ല. തന്മൂലമാകാം ആംഗ്ലിക്കൻ സഭാംഗമായ ബുക്കാനൻ പാലൂർ – ചാട്ടുകുളങ്ങര പള്ളിയുടെ സെന്റ് തോമസ് പൈതൃകം സൂചിപ്പിക്കാതിരുന്നത്. ടിപ്പുവിന്റെ കാലത്തുപോലും പ്രസിദ്ധമായിരുന്ന സെന്റ് തോമസ് പൈതൃകത്തെപ്പറ്റി അതേ വർഷങ്ങളിൽ ക്രിസ്തുമത ഗവേഷണവുമായി വന്ന ബുക്കാനൻ അറിഞ്ഞിരുന്നില്ല എന്നത് അവിശ്വസനീയമാണ്. തൊട്ടടുത്ത് ചാവക്കാട് (ഇന്നത്തെ പാലയൂർ) പ്രദേശത്ത് സ്ഥിതിചെയ്തിരുന്ന മാർ കുറിയാക്കോസ് ദേവാലയത്തിന് ശ്ലൈഹികബന്ധം ഉള്ളതായി അന്ന് പ്രസ്താവമുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും അദ്ദേഹം ആ ദേവാലയം സന്ദർശിക്കുമായിരുന്നു എന്നത് നിർവിവാദമാണ്.).

1808–ലെ ഡോ. ബുക്കാനന്റെ സന്ദർശനത്തോടെ ആർത്താറ്റ് പടിയോലയും ആർത്താറ്റ് പള്ളിയും (അക്കാലത്ത് ചാട്ടുകുളങ്ങര പള്ളി എന്നാണ് അറിയപ്പെട്ടിരുന്നത്) അതിന്റെ ശില്പിയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും മലങ്കരസഭയിലെങ്ങും പ്രശസ്തിയാർജ്ജിച്ചു. ഒരു പള്ളിയെ മാത്രമല്ല മലങ്കരസഭയെ മുഴുവനും പുനർനിർമ്മിക്കുവാനുള്ള ഊർജ്ജം അദ്ദേഹത്തിൽ മലങ്കരസഭ ആദരപൂർവ്വം കണ്ടെത്തി.

3. കണ്ടനാട് പടിയോല

ആറാം മാർത്തോമ്മായുടെ കാലത്ത് 1794 മേടം 7-ന് റമ്പാന്മാരാക്കപ്പെട്ട മാത്തൻ കത്തനാരും (ആറാം മാർത്തോമ്മായുടെ അനന്തരവൻ) കായംകുളം പീലിപ്പോസ് കത്തനാരും മാർ ഈവാനിയോസിന്റെ ശിഷ്യന്മാർ എന്ന നിലയിൽ തെക്കൻപ്രദേശങ്ങളിൽ പ്രസിദ്ധരായിരുന്നു. പകലോമറ്റം കുടുംബാധിപത്യം നിലനിർത്തുന്നതിന്റെ ഭാഗമായി മാത്തൻ റമ്പാനെ ആറാം മാർത്തോമ്മാ ചെങ്ങന്നൂർ പള്ളിയിൽ വെച്ച് 1796 മേടം 24-ന് ഏഴാം മാർത്തോമ്മാ എന്ന പേരിൽ മെത്രാനാക്കി. നിരണം ഗ്രന്ഥവരി 'ചെറിയ അച്ചൻ' എന്ന് പലപ്പോഴും പരാമർശിച്ചിട്ടുള്ളത് ജൂനിയർ മെത്രാനായ ഇദ്ദേഹത്തെയാണ്. പകലോമറ്റം മെത്രാന്മാരിൽ അദ്ദേഹം പല കാര്യങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ള ആളായിരുന്നു. തന്മൂലം ആറാം മാർത്തോമ്മായുടെ കാലത്ത് ഇദ്ദേഹം തീർത്തും അണിയറയിലായിരുന്നു. ശ്രദ്ധേയമായിരുന്നു അദ്ദേഹത്തിന്റെ വ്യത്യസ്ത വീക്ഷണങ്ങൾ. അവയെ ഇപ്രകാരം സംക്ഷേപിക്കാം.

1. 1653-ലെ കൂനൻകുരിശ് പ്രതിജ്ഞയോട് മലങ്കരസഭ വിശ്വസ്തത പുലർത്തണം.

2. പുരാതനവും പ്രശസ്തവുമായ സുറിയാനി ദേവാലയങ്ങളും കൂടുതൽ ജനങ്ങളും സ്ഥിതിചെയ്യുന്ന വടക്കൻപ്രദേശങ്ങളെ അവഗണിച്ച് സഭാകേന്ദ്രവും മെത്രാന്റെ ആസ്ഥാനവും പുത്തൻകാവിൽ ക്രമീകരിക്കുന്നത് ഉചിതമല്ല. പാലൂർ, വടക്കൻപറവൂർ, അങ്കമാലി, കുറുപ്പംപടി, കോതമംഗലം, മുളന്തുരുത്തി, പിറവം, കണ്ടനാട്, വടകര തുടങ്ങിയ പ്രാചീന ദേവാലയങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുംവിധമായിരിക്കണം മെത്രാപ്പോലീത്തായുടെ ആസ്ഥാനം ക്രമീകരിക്കപ്പെടേണ്ടത്.

3. വടക്കും തെക്കും തമ്മിൽ ബലപരീക്ഷണമല്ല ബലസമന്വയമാണ് ലക്ഷ്യമാക്കേണ്ടത്.

4. പകലോമറ്റം കുടുംബം എന്ന മേൽവിലാസം മാത്രം വെച്ച് മെത്രാനെ നിയമിക്കുന്നത് അനഭിലഷണീയവും നിഷ്ഫലവും ആയിരിക്കും. അത് ആരോഗ്യകരമായ ഒരു പ്രവണതയല്ല.

ഈ വ്യത്യസ്ത വീക്ഷണങ്ങളുമായിട്ടാണ് ഏഴാം മാർത്തോമ്മാ 1808 ഏപ്രിൽ 7-ന് നിരണത്ത് ചെന്ന് സഭാഭരണം കയ്യേറ്റത്. അദ്ദേഹം ചില ഭരണപരിഷ്കാരങ്ങൾ ഏർപ്പെടുത്തി.

1. സഭയുടെ ആസ്ഥാനം നിരണത്ത് നിന്ന് കണ്ടനാട്ടേക്ക് ക്രമീകരിച്ചു.

2. തന്റെ ഉപദേഷ്ടാക്കളായി തെക്കു നിന്ന് പീലിപ്പോസ് റമ്പാനെയും വടക്കു നിന്ന് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും നിയമിച്ചു.[11]

ജനാധിപത്യവും എപ്പിസ്ക്കോപ്പസിയും സമന്വയിച്ച ഒരു ഭരണശൈലി ഏഴാം മാർത്തോമ്മാ അവലംബിച്ചത് മൂലം ഉപദേഷ്ടാക്കന്മാർക്ക് അദ്ദേഹത്തെ തിരുത്തുവാനും ചിലപ്പോൾ ശാസിക്കുവാനും ചിലപ്പോൾ അദ്ദേഹത്തോട് പരസ്യമായി വിയോജിക്കുവാനും സ്വാതന്ത്ര്യം ലഭിച്ചിരുന്നതായി നിരണം ഗ്രന്ഥവരിയിൽ സൂചനകൾ ഉണ്ട്.

ഒരു കാര്യം തീർച്ച: മലങ്കരസഭ അദ്ദേഹത്തിൽ വളരെ പ്രതീക്ഷകൾ അർപ്പിച്ചിരുന്നു. മലങ്കരസഭയ്ക്ക് സ്ഥിരമായ ഒരു വാർഷിക വരുമാനം ഉറപ്പുവരുത്തുവാൻ മൂവായിരം പൂവരാഹൻ സ്ഥിരനിക്ഷേപമായി ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ ഏല്പിച്ച (1808 ഡിസംബറിൽ) ഏഴാം മാർത്തോമ്മാ സഭാചരിത്രത്തിൽ അവിസ്മരണീയനായിട്ടുണ്ട് (പലിശക്കിട്ട ഈ നിക്ഷേപം (വട്ടിപ്പണം) ആണ് പില്ക്കാലങ്ങളിൽ പല വ്യവഹാരങ്ങൾക്കും കാരണമായത്). സഭയ്ക്കൊരു പൊതുവരുമാനം എന്ന ആശയത്തിന്റെ പ്രോദ്ഘാടകൻ അദ്ദേഹമായിരുന്നു. പകലോമറ്റം കുടുംബാധിപത്യത്തിൽ നിർബന്ധബുദ്ധിയുള്ള ഏതാനുംപേർ പകലോമറ്റം മേൽവിലാസം പിടിച്ചടക്കിയ ഒരു വൈദികനെ മെത്രാൻസ്ഥാനത്തേക്ക് ഒരുക്കിയിരുന്നു. ഏഴാം മാർത്തോമ്മായുടെ ആദർശപരമായ നിലപാടുകൾ അവരെ നിരാശരാക്കി. വിപ്ലവാത്മകമായ നിലപാടുകളും തീരുമാനങ്ങളും അദ്ദേഹത്തെ ഹ്രസ്വായുഷ്മാനാക്കിയോ എന്ന് സംശയിക്കണം. ഏതായാലും ചുമതലകൾ ഏറ്റുകഴിഞ്ഞ് പതിനാറ് മാസം കഴിയുമ്പോഴേക്കും അദ്ദേഹം രോഗശയ്യയിലായി. "... മാർ ദീവന്നാസ്യോസ് ബിഷപ്പിന്റെ അനന്തരവൻ മാർത്തോമ്മൻ ബിഷപ്പിന് (ഏഴാം മാർത്തോമ്മാ) രോഗം പിടിച്ച് പരവശമായപ്പോൾ തന്റെ അടുക്കൽ ഉണ്ടായിരുന്ന ചിലർ, 'ഇനി കടമറ്റത്ത് തൊമ്മൻ കത്തനാരെ വരുത്തി ഈ സ്ഥാനം കൊടുക്കണ'മെന്ന് ചിന്തിച്ചത് ദീനത്തിൽ കിടക്കുന്ന ബിഷപ്പ് കേട്ടപ്പോൾ അരിശപ്പെടുകയും 'അയാൾ ഈ സ്ഥാനത്തിന് തെരഞ്ഞെടുപ്പാൻ യോഗ്യന'ല്ലെന്ന് കല്പിക്കുകയും ചെയ്തു. നാലഞ്ചു ദിവസം കഴിഞ്ഞ് മെത്രാന് ദീനം കൂടുതലായി ബോധക്കേടായി കിടക്കുമ്പോൾ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ (അങ്കമാലി) മുതൽപേർ രഹസ്യമായി മേലെഴുതിയ തൊമ്മൻ കത്തനാരെ വരുത്തി: 'ഇനി നമുക്കൊരു വേദത്തലവൻ വേണമല്ലോ. ഇയാളെ ഇപ്പോൾ മാർത്തോമ്മാ മെത്രാൻ എന്ന് പേർ വിളിക്കാഞ്ഞാൽ പലകൂട്ടം വൈഷമ്യം ഉണ്ട്' എന്ന് പറഞ്ഞതിനെ ആ ശേഖരത്തിലുള്ളവർ അനുസരിക്കുകയും അതിലേക്കു വേണ്ടുന്ന വട്ടംകൂട്ടുന്നതിനെ കണ്ട് കോനാട്ട് മല്പാനും മറ്റ് കത്തങ്ങളും കൂടെ 'ഈ കാര്യം ഒരു പ്രകാരവും ചെയ്തുകൂടാ' എന്ന് പ്രസ്താവിച്ചുകൊ

ണ്ടിരിക്കുമ്പോൾ, സിദ്ധാന്തികളുടെ കൗശലത്താൽ ആളുകൾ വന്ന്, 'അയ്യോ ബിഷപ്പ് മരിപ്പാറായി, വേഗത്തിൽ എല്ലാവരും വരുവിൻ' എന്ന് വ്യസനധൃതിയോടെ പറയുന്ന സ്വരം കേട്ട് മുറിത്തട്ടേൽ നിന്ന് എല്ലാവരും ചമയപ്പുരയിൽ ചെല്ലുമ്പോൾ ഇട്ടൂപ്പ് കത്തനാർ മുതൽപേർ തൊമ്മൻ കത്തനാരെ മെത്രാന്റെ ചമയങ്ങൾ ഇടുവിച്ച് മെത്രാന്റെ വിരലിൽ കിടന്ന വാഴ്ച മോതിരം ഊരിയെടുത്ത് അയാളുടെ വിരലിന്മേൽ ഇടുവിക്കുകയും പട്ടം കൊടുക്കയും 'സൈത്ത് റൂശ്മാ ചെയ്യാൻ വരട്ടെ' എന്ന് പറയുകയും ചെയ്തുകൊണ്ട് കട്ടിലിന്റെ അരികെ മുട്ടുകുത്തിച്ച് ബിഷപ്പിന്റെ കൈ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ എടുത്ത് അദ്ദേഹത്തിന്റെ തലമേൽ വയ്ക്കുകയും ചിലർ വടിയും മുടിയും സ്ലീബായും കൊടുത്ത് ഏതാനും മൊഴികൾ ചൊല്ലി മാർത്തോമ്മാ എപ്പിസ്ക്കോപ്പാ എന്ന് സ്ഥാനപ്പേർ വിളിക്കുകയും വലതുകൈ മുത്തുവാൻ സംഗതിയാകാതെ ഇടതുകൈ മുത്തി മുട്ടിന്മേൽ നിന്ന് എഴുന്നേൽക്കുകയും ചെയ്തു. 'എന്തുകൊണ്ട് ഇപ്രകാരം ചെയ്യിക്കുന്നു' എന്ന് പീലിപ്പോസ് റമ്പാൻ മുതൽപേരോട് കൂടിയ ജനങ്ങളിൽ ചിലർ ചോദിച്ചാറെ, 'തന്റെയും മറ്റും ആലോചന കേൾക്കാതെ തന്നിഷ്ടമായി പ്രവർത്തിക്കുന്നു' എന്ന് അത്രേ മറുപടി പറഞ്ഞത്. ബിഷപ്പുമാർ ശുദ്ധമാന കുർബ്ബാന ചൊല്ലുമ്പോൾ, കൂടെ മെത്രാന് സ്ഥാനം കൊടുക്കുകയും വാഴിക്കുന്ന മൊഴികൾ ചൊല്ലി ഈ സ്ഥാനം തികക്കേണ്ടതുമായിരിക്കുമ്പോൾ അതിന് സംഗതി വരാതെ ഇരിക്കുന്ന മുറയിൽ ഈ ആളിന്റെ സ്ഥാനം പുസ്തകവിധിയാൽ ശരിയല്ലാത്തതും അതിനാൽ അംഗീകരിക്കപ്പെടാവുന്നതുമല്ല എന്ന പ്രസ്താവം നീളേ പരക്കുന്നു.'[12]

1809 ജൂലായ് 4-ന് കണ്ടനാട് പള്ളിയിൽ ദിവംഗതനായ ഏഴാം മാർത്തോമ്മാ, കോലഞ്ചേരി പള്ളിയിൽ കബറടക്കപ്പെട്ടു. മാറ്റങ്ങൾക്കു വേണ്ടി ദാഹിച്ച ജനം ഒരിക്കൽ കൂടി വഞ്ചിതരായി; നിരാശരായി. എട്ടാം മാർത്തോമ്മായുടെ മെത്രാൻ സ്ഥാനസാധുത പകലോമറ്റം കുടുംബ താല്പര്യക്കാർ വൈമനസ്യത്തോടെ അംഗീകരിച്ചുവെങ്കിലും ബഹുഭൂരിപക്ഷത്തിനും അത് സ്വീകാര്യമായില്ല. ഏഴാം മാർത്തോമ്മായുടെ ഉപദേശകരായി സഭാനേതൃത്വത്തിൽ പ്രവേശിച്ചിരുന്ന കായംകുളം റമ്പാൻ, പുലിക്കോട്ടിൽ മല്പാൻ എന്നിവർ കാര്യങ്ങളെ സമചിത്തതയോടെ വീക്ഷിച്ചു. എട്ടാം മാർത്തോമ്മായുടെ മെത്രാൻ സ്ഥാനപ്രാപ്തി അസാധുവാണെങ്കിലും നേരത്തെ വൈദികനായിരുന്ന അദ്ദേഹത്തിന്റെ പൗരോഹിത്യ സ്ഥാനം മലങ്കരയിലെയും മറ്റു ശ്ലൈഹികകേന്ദ്രങ്ങളിലെയും ആദിമ പൗരോഹിത്യ സങ്കല്പപ്രകാരം സാധുവാണെന്ന് അവർ കാര്യങ്ങളെ വിലയിരുത്തി. സൂപ്പർവിഷൻ ചുമതല മാത്രം പുതുതായി ലഭിക്കുന്ന മെത്രാൻസ്ഥാനത്തിന് അപൂർണ്ണതയുണ്ടെങ്കിലും സഭയുടെ നിയന്ത്രണ

ങ്ങൾക്ക് വിധേയപ്പെടുവാൻ അദ്ദേഹം തയ്യാറാണെങ്കിൽ ഔപചാരിക മായ മെത്രാൻസ്ഥാന പ്രാപ്തിയിലെ അപൂർണ്ണതയോട് പൊരുത്തപ്പെ ടാമെന്ന് അവർ കാര്യങ്ങളെ നിരീക്ഷിച്ചു. അവർ എട്ടാം മാർത്തോമ്മാ യുമായി തങ്ങളുടെ വീക്ഷണം പങ്കിട്ടു. അനുരഞ്ജന ഫോർമുല സ്വീകാ ര്യമെന്ന് അദ്ദേഹം സമ്മതിച്ചു. തുടർന്ന് സഭയുടെ അതിപ്രാചീന കേന്ദ്ര ങ്ങൾ എന്ന നിലയിൽ വടക്കൻ സഭാകേന്ദ്രങ്ങളുമായി പുതിയ അനുര ഞ്ജന വ്യവസ്ഥകൾ ചർച്ച ചെയ്തു. കായംകുളം റമ്പാൻ തെക്കൻ ഇടവകകളിൽ സഞ്ചരിച്ച് അവിടങ്ങളിലും അനുകൂലാന്തരീക്ഷം സൃഷ്ടിച്ചു. അങ്ങനെ ഒരു പ്രക്ഷോഭ കാലാവസ്ഥയെ തലോടി ശാന്ത മാക്കുന്നതിൽ ഇരുവരും വിജയം വരിച്ചു! പുതിയ മെത്രാന്റെ കൈക ളിൽ സഭയുടെ അധ്യാത്മികവും ഭൗതികവുമായ ഭാവി ഇരുളടഞ്ഞതാ യിരിക്കുമെന്ന് തീർച്ചയായ സാഹചര്യത്തിൽ ഏഴാം മാർത്തോമ്മായുടെ ഉപദേശകർ ആയി വർത്തിച്ചിരുന്ന കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരും കായംകുളം പീലിപ്പോസ് റമ്പാനും ക്ഷോഭജനകമായ അന്ത രീക്ഷത്തെ വ്യക്തിപ്രശ്നമായി കളങ്കപ്പെടുത്താതെ സഭയുടെ ഭാവി ശോഭനമാക്കുവാനുള്ള ഒരവസരമായി അതിനെ പ്രയോജനപ്പെടുത്തു വാൻ പരിപക്വമായ നേതൃത്വം നൽകി. അവരുടെ ദീർഘവീക്ഷണവും സഭാദർശനവും ഏകത്ര സമ്മേളിച്ചപ്പോൾ ഒരു അനുരഞ്ജന ഫോർമുല രൂപപ്പെട്ടു. അതാണ് 'കണ്ടനാട് പടിയോല.' കണ്ടനാട് പടിയോലയെ പില്ക്കാലത്തെഴുതപ്പെട്ട നിരണം ഗ്രന്ഥവരി ഒരു അവ്യക്ത വാക്യത്തിൽ ഒതുക്കിക്കളഞ്ഞു. പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ മലങ്കര സഭാചരിത്രത്തിൽ ഇട്ടൂപ്പ് റൈട്ടർ അദ്ദേഹത്തിന്റെ നവീകരണ ചിന്ത കൾ മിശ്രണം ചെയ്ത് കണ്ടനാട് പടിയോല പൂർണ്ണരൂപത്തിൽ പ്രസി ദ്ധീകരിച്ചു. ഈ ഗ്രന്ഥകാരൻ കണ്ടെടുത്ത അതിപ്രാചീനമായ ഒരു കൈയെഴുത്തു ഗ്രന്ഥത്തിൽ നിന്ന് കണ്ടനാട് പടിയോലയുടെ ശരിയായ പൂർണ്ണരൂപം 1992-ൽ പ്രസിദ്ധീകരിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ ഇട്ടൂപ്പ് റൈട്ട റുടെ പാഠം പല ഭാഗങ്ങളിലും കൃത്രിമമാണെന്ന് ഈ ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുണ്ട്.[13] 2002-ൽ ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവും സംസ്കാരവും എന്ന ബൃഹത്ഗ്രന്ഥത്തിൽ രണ്ട് പാഠങ്ങളും ഒന്നിച്ച് ചേർത്ത് താരതമ്യപഠനം നടത്തിയിട്ടുണ്ട്. അടുത്തകാലത്ത് ഈ ഗ്രന്ഥ കാരൻ കണ്ടെടുത്ത് വ്യാഖ്യാനമെഴുതിയ 'കണ്ടനാട് ഗ്രന്ഥവരി'യിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് കണ്ടനാട് പള്ളിയിലെ രേഖകളുടെ അടിസ്ഥാനത്തിൽ പകർത്തിയെഴുതിയ 'പടിയോല' കാണുന്നുണ്ട്.[14]

മലങ്കരസഭയുടെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന ആദ്യ ഭരണഘടന എന്ന സ്ഥാനം കണ്ടനാട് പടിയോലയ്ക്കുള്ളതിനാൽ

അതിന്റെ മുഖ്യശില്പിയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ജീവചരിത്രത്തിൽ നിന്ന് അത് പൂർണ്ണമായും ഉദ്ധരിച്ചുകൊള്ളുന്നു.

"അദ്ദേഹത്തിന്റെ (ഏഴാം മാർത്തോമ്മാ) നാല്പതാം ദിവസം പള്ളിക്കാർ എല്ലാവരും കണ്ടനാട്ട് പള്ളിയിൽ കൂടി. മേൽനടക്കേണ്ടും പള്ളിമര്യാദയും ക്രമങ്ങളും യാക്കോബായ സുറിയാനിക്കാരുടെ മര്യാദ പോലെ നടക്കുന്നതിന് പടിയോലയും എഴുതിവച്ചു. അതിന്റെ പകർപ്പ്.

(ആദിയും അറുതിയും ഇല്ലാത്ത കാതൽത്വം തിങ്ങപ്പെട്ട ദൈവംതമ്പുരാന്റെ തിരുനാമത്താലെ പട്ടാങ്ങപ്പെട്ട വിശ്വാസത്തിന്റെ വർദ്ധിപ്പിന് തമ്പുരാന്റെ മനോഗുണത്താലെ നമ്മുടെ പരിഷക്ക് നെറിവിനുടെ നിലയും ഒരുമ്പാടും ഉണ്ടാകുവാൻ നാം അന്ത്യോഖ്യയുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചയിൽ ഉള്ള മലങ്കര എടവകയുടെ മാർ തോമ്മാ മെത്രാച്ചന്റെ കീഴ്വഴങ്ങപ്പെട്ട സുറിയാനിക്കാർ അങ്കമാലി മുതൽ മലങ്കര പള്ളിക്കാർ എല്ലാവരും കണ്ടനാട് പള്ളിയിൽ കൂടി മേൽ നടക്കേണ്ടും ക്രമങ്ങൾക്കും മര്യാദകൾക്കും നമുക്കുള്ള ബാവാമാർ നമ്മെ പഠിപ്പിച്ചു എന്ന പോലെ നടക്കുന്നതിന്) മിശിഹാ പിറന്നിട്ട് 1809-ാം കാലം കൊല്ലം 985-മാണ്ട് ചിങ്ങമാസം 1-ന് എഴുതിവച്ച പടിയോല ആവിത്.[16]

ഒന്നാമത്, ഉണ്ണികൾ പിറന്നാൽ 90 ദിവസിക്കകം മാമ്മൂദീസാ മുക്കുകയും

രണ്ടാമത്, പൈതങ്ങൾ ആകാശങ്ങൾ ഇരിക്കുന്നതും നന്മനിറഞ്ഞ മറിയവും വിശ്വസിക്കുന്നതും ഞാൻ പിഴയാളിയും പ്രമാണങ്ങളും ചാവുദോഷങ്ങളും കൂദാശകളും കല്പനകളും മനോഗുണപ്രവൃത്തികളും പഠിക്കയും

മൂന്നാമത്, കുരിശുമണിനേരത്ത് 11 നന്മനിറഞ്ഞ മറിയവും ഒരു ആകാശങ്ങളിലിരിക്കുന്നതും ചൊല്ലുകയും കൗമ്മാപ്പടി നമസ്ക്കാരം പഠിച്ച് വീണ്ടും ജനങ്ങൾ എല്ലാവരും കൂടി അന്തിയിലും മയ്യലിലും നമസ്കരിക്കയും

നാലാമത്, ഞായറാഴ്ചകളിലും പെരുന്നാളുകളിലും എല്ലാവരും പള്ളിയിൽ വന്ന് കുർബ്ബാന കാണുകയും ദൂരപ്പെട്ടവർ വീടുക്ക് ഒരുത്തൻ എങ്കിലും വന്ന് കുർബ്ബാന കാണുകയും

അഞ്ചാമത്, കല്പിക്കപ്പെട്ട നോമ്പുകൾ അഞ്ചും നോൽക്കുകയും ഇരുപത്തിഅഞ്ച് നോമ്പിലും അമ്പത് നോമ്പിലും കുമ്പസാരിച്ച് കുർബ്ബാന കൊള്ളുകയും രോഗപ്പെട്ടവർ നോമ്പ് നോൽക്കുന്നതിന് വശമില്ല എന്ന് വികാരിയ്ക്കും ദേശത്ത്പട്ടക്കാർക്കും ബോധ്യം വന്നാൽ അനുവാദം പോലെ വാങ്ങിക്കൊൾകയും

ആറാമത്, പെണ്ണുങ്ങളെ പതിനാല് വയസ്സിനകം കെട്ടിക്കയും പെണ്ണു കെട്ടുന്നതിന്റെ തലേ ഞായറാഴ്ച പള്ളിയിൽ വന്ന് നമസ്കാരങ്ങൾ കേൾപ്പിച്ച് കുമ്പസാരിപ്പിക്കയും തലേ ഞായറാഴ്ച തന്നെ വിളിച്ചുചൊല്ലുകയും പെണ്ണുകെട്ടുന്നതിന് തെക്കേ ദിക്കിൽ ചെറുക്കന് ഒരു കുരിശും മൂന്ന് മൊടുകും (?) പെണ്ണിന് കാതിലയും തളയും മൂന്ന് കൂട്ടം കാശും ഒറ്റഴയും രണ്ട് കഴുത്ത്കൊന്തയും വടക്കേദിക്കിൽ ചെറുക്കന് ഒരു കുരിശും ഏഴ് മൊടുകും (?) അരഞ്ഞാണവും നെറ്റിപ്പട്ടവും പെണ്ണിന് കാതിലയും തളയും കൈക്കറയും (?) തോൾവളയും നെറ്റിപ്പട്ടവും കഴുത്തിൽ ഏഴുരു പൊന്നും ഇടുകയും പെണ്ണുകെട്ടിന് കരേറിയാൽ ഞായറാഴ്ച ഒരു നേരത്തെ വിരുന്ന് കൊടുക്കയും കുടിവച്ചാൽ ഒരു നേരത്തെ വിരുന്ന് കൊടുക്കയും കുർബ്ബാനയ്ക്ക് മുമ്പ് പള്ളിയിൽ പെണ്ണുകെട്ടുകാർ വരികയും കുമ്പസാരിച്ച് കെട്ടിപ്പാൻ തുടങ്ങുമ്പോൾ മുമ്പും പിറകും തർക്കിക്കുന്ന കാര്യം മര്യാദ അല്ലായ്ക കൊണ്ട് കൂദാശകൾക്കും തമ്പുരാന്റെ മനോഗുണങ്ങൾക്കും ഭേദം ഇല്ലാത്തതാകക്കൊണ്ട് വയസ്സ് മൂപ്പ് പോലെ നിർത്തി കെട്ടിച്ചു കൊൾകയും പിറ്റേ ഞായറാഴ്ചയ്ക്കകം കുടിവയ്ക്കയും വിരുന്നുകൂടാതെ തിരണ്ടുകുളിയും പുളികുടിക്കയും കഴിച്ചു കൊൾകയും വാവൂസായും വാഴ്ചക്ക് ഓണപ്പുടവയും കൊടുക്കയും വേണം.

ഏഴാമത്, പട്ടക്കാർ രണ്ടുനേരവും കൂടി നമസ്കരിച്ച് പള്ളിയിൽ പാർക്കുകയും മദ്യപാനം ചെയ്യാതെയും നാലു പേർ കൂടുന്ന ഗുണദോഷങ്ങൾക്ക് മാപ്പിളമാർ മദ്യപാനം ചെയ്യാതെയും രണ്ടു പട്ടക്കാർ (ഉള്ള) പള്ളികളിൽ ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും കാലത്തും ഉച്ചനേരത്തും കുർബ്ബാന ചൊല്ലുകയും പള്ളികളിൽ പട്ടക്കാർക്ക് പസാരം കൊടുക്കുകയും

എട്ടാമത്, തെക്കും വടക്കും രണ്ടു പഠിത്തവീട്ടിൽ ഓരോ മല്പാന്മാർ ഇരുന്ന് പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും പള്ളികളിൽ നിന്ന് വരിയിട്ടെടുത്ത് അവർക്ക് വേണ്ടുന്നത് ആണ്ടുതോറും കൊടുക്കുകയും പട്ടക്കാർ പള്ളിക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവ് തീർത്ത് മല്പാന്മാരുടെ എഴുത്ത് യജമാനസ്ഥാനത്ത് കൊണ്ടുവന്ന് കൊടുത്ത് കൂദാശപ്രവൃത്തികൾക്ക് അനുവാദം വാങ്ങിച്ചുകൊൾകയും

ഒമ്പതാമത്, പള്ളിമര്യാദകൾ നടത്തേണ്ടതിന് ആണ്ടുതക്സാ ക്രമപ്പെടുത്തിയ പുസ്തകം പള്ളിക്കാര്യത്തിൽ നിന്ന് വാങ്ങിച്ചുകൊൾകയും

പത്താമത്, എല്ലാ പള്ളികളിലും തിര (ശ്ശീല) തു (റ) ക്കുകയും പതിനാറ് പേരെ തെരഞ്ഞെടുത്ത് അവരുടെ പേർക്ക് കു (മു) റി എഴുതി നടയിൽ വച്ച് അതിൽ നിന്ന് നാലു കുറി എടുത്ത് വരുന്ന ആൾ ഒരു

വത്സരം കൈസ്ഥാനം നടന്ന് പതിവിൻപടി ചെലവിട്ട് ശേഷമുള്ളതിന് യോഗത്തെ ബോധിപ്പിച്ച് ചിലവർത്ത് ആണ്ട് തികയുമ്പോൾ വികാരിയെയും യോഗത്തെയും ബോധിപ്പിച്ച് മുതൽ ചെലവിന്റെ കണക്ക് എഴുതിത്തീർത്ത് ഇരിപ്പുള്ള പണവും കെട്ടി വപ്പിച്ച് കൈസ്ഥാനവും മാറ്റി വീണ്ടും കുറിയിട്ട് എടുത്ത് വരുന്ന ആളിന്റെ പറ്റിൽ പണവും മുണ്ടുമുറിയും പെട്ടി പ്രമാണവും ശേഷമുള്ള മുതൽകാര്യങ്ങളും ഏല്പിച്ച് മേമ്പൂട്ടിൽ വെച്ച് യജമാന (സ്ഥാന) ത്തെ ആളായിട്ട് എടവകപട്ടക്കാരിൽ ഒരുത്തനെ നിശ്ചയിച്ചതിൽ രണ്ടു പേരും തിരട്ടും പടിയോലയും കണക്കും അതിനോടുകൂടെ വെച്ച് മൂന്ന് പൂട്ടും പൂട്ടി സൂക്ഷിച്ചുകൊൾകയും ആ വക പൂട്ടിൽ നിന്നും എടുത്ത് ചെലവാക്കേണ്ടും നാളിൽ യജമാനസ്ഥാനത്തെയും വികാരിയെയും യോഗത്തെയും ബോധിപ്പിച്ച് ചെലവിട്ടുകൊൾക.

പതിനൊന്നാമത്, പതിനാറ്പേർ പ്രാപ്തിയുള്ളവരായി ഇല്ലാത്ത പള്ളികളിൽ നാലു പേരായിട്ടെങ്കിലും എഴുതിവച്ച് നടത്തിക്കൊൾകയും കൈസ്ഥാനച്ചീട്ടിൽ ഉൾപ്പെട്ട ആളുകളെ വികാരിയും എടവകപട്ടക്കാരും കൂടെ നിരൂപിച്ച് യോഗക്കുറി എഴുതുകയും യോഗക്കാര്യം വിചാരിച്ച് കൊള്ളുകയും

പന്ത്രണ്ടാമത്: നമസ്കാരവും കുർബ്ബാനയും മാമ്മൂദീസായും പെൺകെട്ടും യൽദയും ദനഹായും ഓശാനയും ദുഃഖവെള്ളിയാഴ്ചയും പെന്തിക്കോസ്തിയും യാക്കോബായക്കാരായ സുറിയാനിക്കാരുടെ ക്രമത്തിൽ നടന്നുകൊൾകയും

ഈ എഴുതിവെച്ച ക്രമങ്ങൾ ഒന്നിനും ഭേദം വരുത്താതെ നടന്നുകൊള്ളുമാറും ആയതിന് ഭേദം വരുത്തി നടക്കുന്നു എങ്കിൽ പള്ളിക്ക് പുറത്ത് നിന്ന് കല്പിച്ച് ചെയ്യുന്ന ശിക്ഷയും അനുസരിച്ച് കല്പിക്കും വണ്ണം പ്രായശ്ചിത്തവും ചെയ്തു വീണ്ടും ഈ എഴുതിവച്ചതിൻവണ്ണം നടന്നുകൊള്ളുമാറും സമ്മതിച്ച് ഈ പടിയോല എഴുതിവച്ച് അങ്കമാലി പള്ളി മുതൽപേർ ശേഷം അമ്പത്തിനാല് പള്ളിക്കാരും കൂടി എഴുതിവച്ച പടിയോല.

ഇതിന്മണ്ണം പടിയോലയും എഴുതിവെച്ച് മെത്രാനെ മോതിരവും ഇടുവിച്ച് ഐമോസ്യമായി കുന്നംകുളങ്ങര പുലിക്കോട്ടിൽ യൗസേപ്പ് (ഇട്ടൂപ്പ്) കശ്ശീശായ്ക്ക് റമ്പസുഖം കൊടുത്ത് പീലിപ്പോസ് റമ്പാനും (കായംകുളം) ഇവർ രണ്ടു പേരും മെത്രാന്റെ അടുക്കൽ പാർക്കത്തക്കണ്ണവും പറഞ്ഞ് വച്ച് ഐമോസ്യമായി പിരിയുകയും ചെയ്തു.[17]

കണ്ടനാട് പടിയോലയെ മലങ്കരസഭയുടെ ഭരണഘടന എന്ന് വിശേഷിപ്പിച്ചാൽ പോരാ, ഇന്ത്യൻ സഭയുടെ കാനോൻ എന്നാണ് വിശേഷി

പ്പിക്കേണ്ടത്. മാമ്മൂദീസായുടെ പ്രായം, വിവാഹ സമ്പ്രദായത്തിലെ സാമൂഹികവും സാംസ്കാരികവും സാമുദായികവുമായ ആചാരങ്ങൾ, ആഭരണങ്ങൾ, തത്സംബന്ധമായി ദേവാലയത്തിലേക്ക് നൽകേണ്ടുന്ന ഭോഗങ്ങൾ, ദേവാലയനുഷ്ഠാനങ്ങൾ, വൈദികരുടെ പ്രത്യേക ചുമതലകൾ, സഭയിലെ നോമ്പുകൾ, നോമ്പിന്റെ ആചരണശൈലികൾ, വീട്ടിലും ദേവാലയത്തിലും നടക്കേണ്ടുന്ന നമസ്ക്കാരങ്ങളുടെയും മറ്റ് ആരാധനകളുടെയും മുറകൾ, ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉള്ള പ്രത്യേക ആരാധനകൾ, അവൈദികരുടെയും വൈദികരുടെയും മതേതരവും മതപരവുമായ വിദ്യാഭ്യാസവും വൈദിക പരിശീലനവും, ഇടവകയുടെ ഭരണം, അതിൽ വൈദികന്റെയും മെത്രാന്റെയും ജനങ്ങളുടെയും പങ്കാളിത്തം, മല്പാന്മാരുടെയും മെത്രാന്മാരുടെയും പ്രത്യേക സ്ഥാനങ്ങൾ, സഭയിലെ പെരുന്നാളുകളും ആരാധനക്രമങ്ങളും, പടിയോലയുടെ അലംഘനീയത തുടങ്ങി ഒട്ടുവളരെ വിഷയങ്ങൾ കണ്ടനാട് പടിയോല ദീർഘവീക്ഷണത്തോടെ പരാമർശിക്കുന്നുണ്ട്. 1809-ന് മുമ്പ് ഏതെങ്കിലും ലോകസഭകളിൽ ഇത്രയും സർവ്വതലസ്പർശിയായ ഒരു നിയമസംവിധാനം രൂപപ്പെട്ടതായി അറിവില്ല.

സഭയിൽ ഉടലെടുത്ത ഒരു കലാപാന്തരീക്ഷത്തെ ക്രിയാത്മകമായ പദ്ധതികളിലൂടെ സഭാപുരോഗതിയുടെ വ്യവസ്ഥകളാക്കി പ്രയോജനപ്പെടുത്തുന്നതിൽ അതിന് നേതൃത്വം നൽകിയ പുലിക്കോട്ടിൽ മല്പാനും കായംകുളം റമ്പാനും വിജയിച്ചു എന്ന് പ്രത്യേകം പറയേണ്ടതില്ല. ഭരണപരമായ മേലന്വേഷണത്തിന് മാത്രം രൂപംകൊണ്ട മെത്രാൻസ്ഥാനത്തിൽ സംഭവിച്ച ന്യൂനതകൾ എട്ടാം മാർത്തോമ്മായുടെ പൗരോഹിത്യ നൽവരത്തെ കളങ്കപ്പെടുത്തുന്നില്ല എന്ന തിരിച്ചറിവ് രണ്ടു പേർക്കും വേണ്ടത്ര ഉണ്ടായിരുന്നു.

അക്കൊല്ലം, 1809 ചിങ്ങം 15-ന് പാലൂർ - ചാട്ടുകുളങ്ങര പള്ളിയിൽ വച്ച് ഇട്ടൂപ്പ് മല്പാൻ കണ്ടനാട്ട് സുന്നഹദോസിന്റെ തെരഞ്ഞെടുപ്പിനെയും തീരുമാനത്തെയും തുടർന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. റമ്പാന്റെ അനന്തരവൻ അന്ന് ആദ്യപട്ടമേറ്റതായി നിരണം ഗ്രന്ഥവരി സാക്ഷിക്കുന്നു (ഇദ്ദേഹമാണ് പള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ).

താൻ സ്ഥാനമേറ്റ അകാനോനിക രീതിയെപ്പറ്റി ഉയർന്ന തർക്കങ്ങൾ കണ്ടനാട് വ്യവസ്ഥകളെ തുടർന്ന് അസ്തമിച്ചതായി കണ്ട എട്ടാം മാർത്തോമ്മാ പടിയോലയിലെ അക്ഷരവും ആത്മാവും ഒരു പോലെ അവഗണിച്ചത് ഏവരെയും ആശങ്കയിലാക്കി. മെത്രാന്റെ ഏകനായകശക്തിയുടെ അഴിഞ്ഞാട്ടം സഭ നിസ്സഹായതയോടെ നോക്കിക്കണ്ടു. 1811 വരെ കാര്യങ്ങൾ വലിയ കുഴപ്പം കൂടാതെ നീങ്ങി. വട്ടിപ്പണത്തിന്റെ പലിശ കണ്ടനാട്

പടിയോലയിലെ തീരുമാനപ്രകാരം പഠിത്തവീട് പണിയുവാൻ ഉപയോഗിക്കണമെന്ന റമ്പാന്മാരുടെ ഉപദേശം മെത്രാൻ ലംഘിച്ചതോടെ പടിയോലയുടെ വ്യവസ്ഥകൾ താൻ മാനിക്കുന്നില്ലെന്ന് എട്ടാം മാർത്തോമ്മാ വ്യക്തമാക്കി. ഇതോടെ റമ്പാന്മാർ രണ്ടുപേരും ചേർന്ന് എട്ടാം മാർത്തോമ്മായ്ക്കെതിരായി ആദ്യം മെക്കാളിയുടെ അടുക്കലും പിന്നീട് മൺറോയുടെ അടുക്കലും പരാതി സമർപ്പിച്ചു. 1809 ധനു 1-ന് എട്ടാം മാർത്തോമ്മാ ഒപ്പിട്ട് കേണൽ മെക്കാളിയുടെ പക്കൽ നിന്നും വാങ്ങിച്ച വട്ടിപ്പണത്തിന്റെ പലിശ 240 വരാഹൻ റമ്പാന്മാരുടെ ഉപദേശപ്രകാരവും കണ്ടനാട് പടിയോലയിലെ വ്യവസ്ഥപ്രകാരവും പഠിത്തവീടിന്റെ നിർമ്മാണത്തിന് വിനിയോഗിക്കാതെ മെത്രാൻ തന്നിഷ്ടപ്രകാരം ചെയ്തതിനോട് പൊരുത്തപ്പെടുവാൻ മലങ്കരസഭ തയ്യാറായിരുന്നില്ല.

"ഈ തർക്കങ്ങളും വിസ്താരങ്ങളും നടക്കുമ്പോൾ പരാമർശിക്കേണ്ടുന്ന രണ്ട് കാര്യങ്ങൾ സംഭവിച്ചു.

1. ഡോ. ബുക്കാനൻ ബോംബെയിലേക്ക് അച്ചടിപ്പിക്കുവാൻ കൊണ്ടുപോയിരുന്ന നാലു സുവിശേഷങ്ങളുടെ മലയാള വിവർത്തനം കൊറിയർ പ്രസ്സിൽ അച്ചടിപ്പിച്ച് ബുക്കാനൻ ഇട്ടൂപ്പ് റമ്പാന് അയച്ചുകൊടുത്തു. അദ്ദേഹം അത് എല്ലാ പള്ളികളിലും വിതരണം ചെയ്തു.

2. 1811 തുലാം 28-ന് കായംകുളം റമ്പാൻ നിര്യാതനായി. അടൂർ കണ്ണങ്കോട്ട് പള്ളിയിൽ കബറടക്കപ്പെട്ടു.

ബൈബിൾ വിവർത്തനം, ബുക്കാനനുമായുള്ള ചർച്ചകൾ, ഏഴും എട്ടും മാർത്തോമ്മാമാരുടെ ഉപദേശകസംഘം, മല്പാൻ പാഠശാലകളിലെ അധ്യാപനം, കണ്ടനാട് പടിയോലയുടെ രൂപകല്പന എന്നിങ്ങനെ നിരവധി കാര്യങ്ങളിൽ തന്റെ സഹപ്രവർത്തകനായി വർത്തിച്ച റമ്പാന്റെ നിര്യാണം പുലിക്കോട്ടിൽ റമ്പാനെ വികാരാധീനനാക്കി. ആ വികാരപാരവശ്യം കൂക്കോയ രാഗത്തിലുള്ള ഒരു വിലാപ കവിതയായി അദ്ദേഹം ആവിഷ്കരിച്ചു. ഒരുപക്ഷേ കേരളത്തിലുണ്ടായ ആദ്യത്തെ വിലാപ കാവ്യം ഇതായിരിക്കാം (സുറിയാനിയിൽ രചിക്കപ്പെട്ട ഈ വിലാപകാവ്യത്തിന്റെ വിവർത്തനം അനുബന്ധത്തിൽ കാണുക).

എട്ടാം മാർത്തോമ്മായെപ്പറ്റിയുള്ള തർക്കങ്ങളും പരാതികളും തുടർന്നുകൊണ്ടിരിക്കേ 55 പള്ളികളുടെ പ്രതിനിധികളെ സായിപ്പ് വിളിച്ചു വരുത്തി മെത്രാന്റെ അനുകൂലികളെയും റമ്പാന്റെ അനുകൂലികളെയും കുരിശും ഏവൻഗേലിയോലും പിടിച്ച് സത്യം ചെയ്യിച്ച് വിസ്താരം നടന്നു. "ഈ വിസ്താരത്തിലും മറ്റും മെത്രാന് അധികം അനുകൂലമായി ഒന്നും തെളിവില്ലാതെ മെത്രാൻ കടമറ്റത്ത് ദത്ത് വച്ച തറവാട്ടിൽ നിന്നുള്ള ആൾ എന്നും കഴിഞ്ഞിരിക്കുന്ന മെത്രാന്മാരുടെ മുതലിനും സ്ഥാനത്തിനും

അവകാശി അല്ലെന്നും നടത്തിവരുന്ന മര്യാദകളിലും ഭേദങ്ങളായി കാണുന്നു എന്നും അതിനാൽ മെത്രാന്റെ സ്ഥാനക്കടലാസ് വെപ്പിച്ച് ഇനി അന്ത്യോഖ്യായിൽ നിന്നും ഒരു മേല്പട്ടക്കാരൻ വരുന്നതുവരെ ഈ മെത്രാൻ മേല്പട്ടത്വത്തിനുടെ ക്രിയകൾ ഒന്നും നടത്തിക്കൂടെന്നും .... നിശ്ചയിച്ചശേഷം കണ്ടനാട്, കടമറ്റം, അങ്കമാലി, മാമ്മലശ്ശേരി, ചെങ്ങന്നൂർ, കോലഞ്ചേരി ഈ ആറ് പള്ളികൾ ഒഴികെ ശേഷം എല്ലാവരും പോകുന്നതിന് അനുവദിക്കുകയും ചെയ്തു. ഉടനെ മെത്രാനോട് സ്ഥാനക്കടലാസും മെത്രാന്മാരുടെ മുതല് വിവരണത്തിന്റെ കണക്കും എടുപ്പിച്ച് കൊണ്ടുവരുന്നതിന് ഉത്തരവും കൊടുത്ത് ഹജൂർ ശിപായികളെ അയച്ചു. അവർ നിരണത്ത് വന്ന് ഉത്തരവ് കാണിച്ചാറെ സ്ഥാനക്കടലാസ് മുതലായത് കൊടുക്കായ്കയാൽ അവർ മെത്രാന്റെ മുറി പൂട്ടി മുദ്ര വച്ച് പോയി."[18]

ഇത് സത്യത്തിൽ പകലോമറ്റം മെത്രാൻഭരണത്തിന്റെ അസ്തമയം ആയിരുന്നു.

4. കോട്ടയം പഴയ സെമിനാരി

കായംകുളം റമ്പാൻ നിര്യാതനായതോടെ പുലിക്കോട്ടിൽ റമ്പാൻ നിലപാടുകളിൽ നിന്ന് ക്രമേണ പിന്മാറുമെന്ന് പ്രതീക്ഷിച്ച എട്ടാം മാർത്തോമ്മായുടെ കണക്കുകൂട്ടൽ തെറ്റി. വർദ്ധിതവീര്യനായി ആദ്ദേഹം കർമ്മപദ്ധതികളുമായി മുന്നേറി. സഭയുടെ പരമാധികാരിയായ മെത്രാനെതിരെയുള്ള ഈ ധാർമ്മിക പോരാട്ടത്തിൽ ദൈവാശ്രയം മാത്രമേ ഇട്ടൂപ്പ് റമ്പാന് കൈമുതലായി ഉണ്ടായിരുന്നുള്ളൂ. ".... സുറിയാനി ശെമ്മാശന്മാരുടെ വൈദികവിദ്യാഭ്യാസാർത്ഥം ഒരു സ്ഥാപനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ്രസംഗിച്ചുകൊണ്ട് വടക്കുള്ള അനേകം ഇടവകകളിൽ ചുറ്റി സഞ്ചരിച്ചു. തച്ചുശാസ്ത്രത്തിൽ അസാമാന്യ നൈപുണ്യം സമ്പാദിച്ചിരുന്ന റമ്പാൻ തൽസ്ഥാപനത്തിന് ഒരു പ്ലാനും കണക്കുകളും മുൻ കൂട്ടിത്തന്നെ തയ്യാറാക്കിയിരുന്നു. പ്രാരംഭഘട്ടത്തിൽ മാർത്തോമ്മാ എട്ടാമൻ ഇതിന് അനുകൂലി ആയിരുന്നു എങ്കിലും ബ്രിട്ടീഷ് ഗവൺമെന്റ് ഖജനാവിൽ നിന്ന് വരേണ്ടതായിരുന്ന വട്ടിപ്പണത്തിന്റെ പലിശ പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്നുള്ള അഭിപ്രായം അദ്ദേഹത്തെ അറിയിച്ചത് മുതൽ ഈ മഹത്തായ ഉദ്യമത്തെ അദ്ദേഹം സഹായിക്കാതെയിരുന്നു. റമ്പാനും മാർത്തോമ്മായും ആയി ഉണ്ടായ അഭിപ്രായ ഭിന്നതയുടെ പ്രധാന ഹേതുക്കളിൽ ഒന്ന് ഇത് തന്നെ ആയിരുന്നു.'[19]

ഇ. എം. ഫിലിപ്പ് വീണ്ടും എഴുതുന്നു. "... ഗവൺമെന്റിൽ പണം നിക്ഷേപിച്ച അവസരത്തിൽ ഉദ്ദേശിച്ചിരുന്നതിൻപ്രകാരം വൈദികവിദ്യാ

ഭ്യാസാർത്ഥം ഒരു സെമിനാരി സ്ഥാപിക്കുന്നതിൽ എട്ടാം മാർത്തോമ്മാ പ്രദർശിപ്പിച്ച അജാഗ്രത, അദ്ദേഹവും റമ്പാനും തമ്മിലുള്ള ഭിന്നതയെ കുറെക്കൂടി വർദ്ധിപ്പിച്ചു."[20] വാർദ്ധക്യത്തിലെത്തിയ തനിക്ക് ഏറെ സമയം അവശേഷിക്കുന്നില്ലെന്ന് ഗ്രഹിച്ച റമ്പാൻ സമയം ഒട്ടും പാഴാക്കുന്ന കൂട്ടത്തിലല്ലായിരുന്നു. ഇട്ടൂപ്പ് റൈട്ടർ എഴുതുന്നു: "സായിപ്പ് ഒരുമിച്ച് ഇട്ടൂപ്പ് റമ്പാനും മറ്റ് രണ്ടു നാലുപേരും കൂടെ പോയിരുന്നു. സമയം കണ്ട് സായിപ്പ് അവർകളോട് മെത്രാന്റെ വിവരത്തെക്കുറിച്ചും പള്ളിമര്യാദകൾ നടത്തേണ്ടതിന് കത്തങ്ങളിൽ നല്ല ശീലമുള്ളവർ ചുരുക്കവും ഒരു തക്സാപുസ്തകം എല്ലാ പള്ളികളിലും ഇല്ലായ്കയാൽ ശീലമുള്ളവരെക്കൊണ്ട് എഴുതിച്ച് കൊടുക്കേണ്ടത് ആവശ്യവും ആകുന്നു എന്നും ഈ വകയ്ക്ക് ഏതാനും മുതലും അനുവാദവും ഉണ്ടായാൽ താൻ ഉത്സാഹിച്ച് പണി വേഗത്തിൽ തീർത്ത് അവിടെ പാർത്ത് പഠിത്തം നടത്തിച്ചു കൊള്ളാമെന്നും മറ്റും വഴിപോലെ ബോധിപ്പിച്ചും പഠിത്തവീട് എന്നു പറയുന്ന സിമ്മനാരിയുടെ ഒരു പടം വരച്ച് കാണിച്ചും"[21] റമ്പാൻ ഇക്കാര്യത്തിലുള്ള താത്പര്യം പ്രകടമാക്കി.

മെത്രാനും റമ്പാനും തമ്മിലുള്ള ശീതസമരം ക്രമേണ വർദ്ധിച്ചു. പുലിക്കോട്ടിൽ റമ്പാനെതിരായി എട്ടാം മാർത്തോമ്മായും റസിഡണ്ടിന്റെ പക്കൽ പരാതി നൽകി. "ഇട്ടൂപ്പ് റമ്പാൻ കുന്നംകുളങ്ങര പള്ളിയിലെ നടവരവ് എടുത്തു ചെലവിടുകയും മെത്രാനെ കണക്ക് കേൾപ്പിക്കാതെയും .... വിളിച്ചാൽ വരാതെയും ....." അങ്ങനെ പോകുന്നു ആരോപണങ്ങൾ.

എല്ലാ പള്ളികളുടെയും പ്രതിപുരുഷന്മാർ കൊല്ലത്ത് വന്ന് തന്നെ കാണണമെന്ന് റസിഡണ്ട് നോട്ടീസ് അയയ്ക്കുകയും മെത്രാന്റെ അധികാരപത്രങ്ങളും സ്വത്തുക്കളും കൈവശപ്പെടുത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു. .... റെസിഡണ്ട് മെത്രാന്റെ സ്ഥാനം വ്യർത്ഥമാണെന്ന് വിധിക്കുകയും .... മെത്രാൻ സ്ഥാനോചിത ഭരണം നടത്താൻ പാടില്ലെന്ന് നിരോധിക്കുകയും റസിഡൻസി ഖജനാവിൽ നിന്ന് വരേണ്ടിയിരുന്ന പലിശ കൊടുക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തു." ഇട്ടൂപ്പ് റൈട്ടർ തുടർന്നെഴുതുന്നു:

"... പഠിത്തവീട് തീർത്ത് പഠിത്തം നടക്കായ്കയാൽ സുറിയാനിക്കാർക്കുള്ള ഞെരുക്കവും ബുദ്ധിമുട്ടും മെത്രാൻ ഇടപെട്ട വഴക്കിന്റെ സ്വഭാവവും സായിപ്പ് അവർകൾക്ക് നല്ലപോലെ മനസ്സിലാകയാൽ, സുറിയാനിക്കാർക്ക് പൊതുവിൽ ഉപകാരത്തിനുവേണ്ടി ഒരു പഠിത്തവീട് പണിയിക്കുന്നതിന് ഇട്ടൂപ്പ് റമ്പാനെ ഭരമേൽപ്പിച്ചു. പണിവകയ്ക്ക് 1809-ാം ആണ്ടു മുതൽ 1813-ാം ആണ്ടുവരെ നാലാണ്ടത്തെ വട്ടിപ്പണം കൂടിയി

രുന്ന വരാഹൻ 960–ന് തല രൂപാ 3360 ഉം കണ്ടനാട്, മുളന്തുരുത്തി, നട മേൽ, കരിങ്ങാശ്ര, ചാട്ടുകുളങ്ങര ഈ പള്ളിക്കാരോടും പാലാ കൊച്ചി ട്ടൻ ഇട്ടിമാത്തു തരകൻ ഇവരോടും പറ്റുശീട്ട് എഴുതി വാങ്ങിച്ചുകൊണ്ട് രൂപാ 3360 ഇട്ടൂപ്പ് റമ്പാനെ ഏല്പിച്ചു."[22]

തെക്കും വടക്കും രണ്ട് പഠിത്തവീടുകൾ എന്ന കണ്ടനാട് നിശ്ചയം രണ്ടു കാരണങ്ങളാൽ അപ്രായോഗികമായി.

1. എട്ടാം മാർത്തോമ്മായുടെ കടുത്ത പ്രതിഷേധം.

2. കായംകുളം റമ്പാന്റെ മരണം.

നിരണത്തും കണ്ടനാടുമായി രണ്ടു പഠിത്തവീടുകൾ എന്ന ആശയം ഉപേക്ഷിക്കുവാൻ റമ്പാൻ നിർബന്ധിതനായി. ഇക്കാര്യത്തിൽ ചെറു വിരൽ പോലും അനക്കുവാൻ തയ്യാറാകാതെയിരുന്ന മെത്രാന്റെ നിസ്സ ഹകരണമായിരുന്നു പ്രധാന കാരണം. മെത്രാന്റെ സഹകരണം കൂടാതെ രണ്ടു പഠിത്തവീടുകൾക്കാവശ്യമായ വിഭവങ്ങൾ ശേഖരിക്കുക എന്നത് അചിന്ത്യമായിരുന്നു. തെക്കുഭാഗത്തെ പഠിത്തവീടിന്റെ ചുമതല ഏല്പി ക്കാൻ നിശ്ചയിച്ച റമ്പാൻ 1811–ൽ തുലാം 28–ന് നിര്യാതനായതോടെ മറ്റൊരാളെ കണ്ടെത്താനാവാതെ വന്നത് മറ്റൊരു കാരണമായി. വിശ്വ സ്തനും പ്രാപ്തനും ആയി മറ്റൊരാളെ ആ പ്രദേശങ്ങളിൽ കണ്ടെത്താ നായില്ല. തന്മൂലം മലങ്കരസഭയുടെ മധ്യഭാഗത്ത് – കോട്ടയത്ത് – ഒരു പഠിത്തവീട് മതി എന്ന് റമ്പാൻ നിശ്ചയിക്കുകയായിരുന്നു. പഠിത്തവീട് കുന്നംകുളത്ത് പണിയുവാൻ സ്വന്തം നാട്ടുകാരുടെ സമ്മർദ്ദം ഉണ്ടായി. തലപ്പള്ളി രാജാക്കന്മാരുടെ സഹായവാഗ്ദാനങ്ങളും ഇക്കാര്യത്തിൽ ലഭ്യ മായിരുന്നു. എന്നാൽ റമ്പാൻ സഭാതാല്പര്യത്തിന് ഉയർന്ന പരിഗണന നൽകിയതു മൂലം ആ ആശയം ഉപേക്ഷിക്കുക തന്നെ ചെയ്തു. ഗണ നീയമായ പള്ളികൾ ഒന്നും തന്നെ അക്കാലത്ത് കോട്ടയം പ്രദേശത്ത് ഉണ്ടായിരുന്നില്ല. എന്നാലും കൊല്ലം മുതൽ കുന്നംകുളം വരെ തെക്കു വടക്കായി വ്യാപിച്ചുകിടക്കുന്ന മലങ്കരയുടെ ഭൂമിശാസ്ത്രപരമായ ഹൃദ യഭാഗം എന്ന നിലയിൽ അദ്ദേഹം കോട്ടയത്തിന് പ്രഥമ പരിഗണന നൽകുകയായിരുന്നു. പഠിത്തവീടിന് കോട്ടയത്ത് ആവശ്യമായ സ്ഥലം ലഭിച്ചേക്കുമെന്ന് കേണൽ മൺറോ അറിയിച്ചതോടെ തന്റെ ഇംഗിതത്തിന് ദൈവനടത്തിപ്പ് ഉള്ളതായി റമ്പാന് ബോധ്യമായി.

അചിരേണ മലങ്കരസഭയെ പ്രതിനിധീകരിച്ച് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ തിരുവിതാംകൂർ റാണിയ്ക്കു സ്ഥലം അനുവദിക്കുവാൻ അപേക്ഷ സമർപ്പിച്ചു. കൊച്ചി രാജാവിന്റെ പ്രജയായ അപേക്ഷകന് ഭൂമി നൽകരു തെന്ന് പകലോമറ്റം പ്രഭൃതികൾ സ്വന്തം നാടായ തിരുവിതാംകൂർ റാണിയെ സ്നേഹപൂർവ്വം വിലക്കിയിരുന്നു. തിന്നുകയുമില്ല, തീറ്റിക്കു

കയുമില്ല എന്ന എട്ടാം മാർത്തോമ്മായുടെ നിഷ്ക്രിയത്വത്തെപ്പറ്റി റസിഡണ്ടിൽ നിന്നും വേണ്ടത്ര ഗ്രഹിച്ചിരുന്ന റാണി ഇക്കാര്യത്തിൽ കേണൽ മൺറോയുടെ ശുപാർശയെ കൂടുതൽ വിലമതിച്ചു. തന്റെ നാടിന്റെ ഭാവി ശ്രേയസ്സിന്റെ അടിത്തറ പാകുന്ന അതിമഹത്തായ സംരംഭത്തിലാണ് താൻ ഏർപ്പെടുന്നതെന്ന് അന്നൊരു പക്ഷേ തിരുവിതാംകൂർ റാണി പോലും ഓർത്തിരിക്കുകയില്ല.

എട്ടാം മാർത്തോമ്മാ അപ്പോഴും തനിക്കാവുന്ന പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ട് റമ്പാന്റെ പരാതികളെ പരാജയപ്പെടുത്തുവാൻ ജീവിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ ക്രിയാത്മക പദ്ധതികളിൽ നിഷ്ക്രിയനായും സഭാകാര്യങ്ങളിൽ വിമുഖനായും കഴിഞ്ഞു വന്ന അദ്ദേഹം സഭാരംഗത്ത് അസ്തമിക്കുകയായിരുന്നു. ആ അസ്തമയമാകട്ടെ പകലോമറ്റം കുടുംബവാഴ്ചയുടെ തന്നെ അസ്തമയമായി മാറി എന്ന് സഭാചരിത്രം തെളിയിച്ചു. ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ കുറുപ്പംപടി പള്ളിയുടെ ചരിത്രത്തിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്:

"…. പകലോമറ്റം കുടുംബത്തിൽപ്പെട്ട കുറവിലങ്ങാട്ടുള്ള അർക്കദിയാക്കോന്റെ കുടുംബം അഞ്ചാം മാർത്തോമ്മാ മുതൽ മുഴുവനായി പഴയകൂറിൽ ഉൾപ്പെട്ടിരുന്നത് കൊണ്ടും ആ വഴിയുള്ള മാർത്തോമ്മാ മെത്രാന്മാരുടെ ബന്ധുക്കൾ പറങ്കി ശീശ്മയിൽപെട്ടിരുന്നതിനാലും പകലോമറ്റം തറവാട്ടിൽപെട്ടവരെ മെത്രാന്മാരായി വാഴിച്ചാൽ പറങ്കി ശീശ്മയിലേയ്ക്ക് അവർ ജനങ്ങളെ വഴിനടത്തുമെന്ന് വിചാരിച്ചും താവഴിയായി ഒരു കുടുംബത്തിൽ തന്നെ മെത്രാൻ ആയിരിക്കുന്നത് ശരിയല്ലാത്തതിനാലും എട്ടും ഒമ്പതും മാർത്തോമ്മാമാർ പകലോമറ്റം തറവാട്ടിൽപെടാതെ പെൺവഴിക്ക് ആയിരുന്നതിനാലും പകലോമറ്റം തറവാടിനെ മുഴുവനായി മലങ്കരസഭ ഉപേക്ഷിച്ചു.[23]

പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ അപേക്ഷ വൈദികസെമിനാരിക്ക് മാത്രമായിട്ടായിരുന്നില്ല എന്ന് ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസകേന്ദ്രം കൂടെയാവാൻ ആ സ്ഥാപനം ഉദ്ദേശിക്കപ്പെട്ടിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പൊൻപ്രഭ ഏറ്റ് ഭാരതമാകെ നവോന്മേഷത്തിലേക്ക് കുതിക്കുന്ന കാലമായിരുന്നു അത്. മെക്കാളെയുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് സർക്കാർ ജോലികളിൽ സാധ്യത വർദ്ധിച്ചിരുന്നു. ശാസ്ത്രവും ഇതര വിജ്ഞാനമേഖലകളും ഉൾക്കൊള്ളുന്നതിന് ഇംഗ്ലീഷിനെപ്പോലെ പ്രയോജനകരമായ മറ്റൊരു ഭാഷ അന്ന് അറിയപ്പെട്ടിരുന്നില്ല. ഇംഗ്ലീഷ് ഭാഷാ പഠനം ആരംഭിച്ച ബംഗാൾ പുതിയ ഭാഷാസംസ്കാരത്തിന്റെ കൈത്താങ്ങലോടെ ഉയിർത്തെഴുന്നേൽക്കുന്നതായി

ഏവർക്കും അനുഭവപ്പെട്ടു. ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകനായ രാജാറാം മോഹൻ റോയ് പോലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച് വന്നിരുന്നു.

ആ സാഹചര്യത്തിൽ തിരുവിതാംകൂറിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിന് സൗകര്യമുണ്ടായിരിക്കണമെന്ന് തിരുവിതാംകൂർ റാണി ആഗ്രഹിച്ചത് തികച്ചും സ്വാഭാവികമായിരുന്നു. പോരാത്തതിന് അക്കാലത്തെ റാണിയുടെ ഉപദേഷ്ടാവിന്റെ സ്ഥാനം കൂടെ അലങ്കരിച്ചിരുന്ന റസിഡണ്ട് മൺറോ ഇക്കാര്യത്തിൽ റാണിയെ പ്രോത്സാഹിപ്പിച്ചുമിരുന്നു. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലം തങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങൾക്കും സ്ഥാനങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ഇളക്കം തട്ടുമോ എന്ന് പലരും ഭയപ്പെട്ടു. അന്ധവിശ്വാസങ്ങളുടെ നാടായിരുന്നുവല്ലോ കേരളം. ജാതിയും ഉപജാതിയും അയിത്തവും നരബലിയും കൊടികുത്തി വാണിരുന്ന ഈ നാട്ടിൽ മേലാളന്മാർ അനുഭവിച്ചുപോന്നിരുന്ന പദവികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നിർബന്ധിതരാവുന്ന ഒരവസ്ഥ ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലം സംജാതമാവുമോ എന്ന് അവർ ഭയപ്പെട്ടു. ശൂദ്രർ ഇംഗ്ലീഷ് പഠിച്ച് സർക്കാർ ഉദ്യോഗങ്ങളിൽ കയറിപ്പറ്റി, തങ്ങൾ ഭരണീയർ ആയി മാറുന്ന ദുർദിനങ്ങളെ അവർ ഭയപ്പെട്ടിരുന്നു. സ്ത്രീ വിദ്യാഭ്യാസം, ഏകപത്നീ വ്രതം, വസ്ത്രധാരണ സമ്പ്രദായം, ഏകദൈവ വിശ്വാസം ഇവയിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടുകയും കേരളത്തിലെ അനാചാരങ്ങളെ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ യുവതലമുറ ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരവസ്ഥ മേലാളന്മാർക്ക് അചിന്ത്യമായിരുന്നു. സാമ്പത്തികരംഗത്തെയും സാംസ്കാരിക രംഗത്തെയും ഫ്യൂഡൽ വ്യവസ്ഥയും ഗാർഹിക അന്തരീക്ഷത്തിൽ മേലാളരെ എപ്പോഴും ന്യായീകരിക്കുന്ന വിവാഹസമ്പ്രദായങ്ങളും കീഴ്മേൽ മറിയുമെന്ന് അവർ ഭയപ്പെട്ടു. ക്ഷേത്ര പ്രവേശനം, വസ്ത്രധാരണം, അടിമപ്പണി തുടങ്ങിയ മേഖലകളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വെളിച്ചം വീണാൽ ഉണ്ടാകാവുന്ന നവോത്ഥാന സംരംഭങ്ങളെ അവർക്ക് സ്വാഗതം ചെയ്യാൻ കഴിയുമായിരുന്നില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹമുണ്ടായിട്ടും അത്തരമൊരു കർമ്മപരിപാടി ഏറ്റെടുത്ത് പ്രാവർത്തികമാക്കുവാൻ ഒരു ഏജൻസിയുടെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുമ്പോഴാണ് റാണിയുടെ മുമ്പിൽ റമ്പാന്റെ അഭ്യർത്ഥന പ്രത്യക്ഷപ്പെടുന്നത്. 'രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ' എന്ന അവസ്ഥയിൽ അനുവാദ കല്പന ഉടനെ പുറപ്പെട്ടു. അനുവാദ കല്പന ഇപ്രകാരമായിരുന്നു:

അവുസേപ്പ് റമ്പാന്,

നിങ്ങൾ ഇവിടെ ഹാജരായി പുത്തൻകൂർ നസ്രാണികൾക്ക് വേദം

പഠിക്കുന്നതിന് സെമിനാരി ഇല്ലെന്നും ഒന്ന് പണിയുന്നതിന് സ്ഥലം വേണമെന്നും അപേക്ഷിക്കയാൽ, അതിലേക്ക് കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ നിശ്ചയിച്ച സ്ഥലത്തിന്റെ അതിരുകൾ: തിരുനക്കര തേവരെ ആറാട്ടിന് ആറാട്ടുകടവിലേക്ക് എഴുന്നള്ളിക്കുന്നതും വടക്കുതെക്കായി കിടക്കുന്നതുമായ നാട്ടുവഴിക്ക് പടിഞ്ഞാറും ഇടനട പടിഞ്ഞാറ് കവനാറിന് കിഴക്ക് ഈ നാല് എലുകകൾക്കുള്ളിൽ വടക്ക് തെക്ക് 120 ദണ്ഡും കിഴക്ക് പടിഞ്ഞാറ് 60 ദണ്ഡും 990 കാർത്തിക 6-ാം തീയ്യതി മുതൽ പണിയുന്നതിന് അനുഭോഗക്കൊഴുവായി കൊടുത്തിരിക്കുന്നു. ഇതിന് സർക്കാരിലേക്കുള്ള കരം പണം ആറേകാലും ഒരു വിളക്കു വയ്ക്കുന്നതിനുള്ള ചെലവിലേക്ക് അനുവദിച്ച് കൊടുത്തിരിക്കുന്നു. അതിനാൽ സെമിനാരി കെട്ടിച്ചും വിളക്കുവയ്പിന് അനുവദിച്ചിട്ടുള്ള സംഖ്യ അതിനായി ഉപയോഗപ്പെടുത്തിയും റമ്പാനും പിന്നാലെ വരുന്ന റമ്പാന്മാരും കൈവശം വച്ച് അനുഭോഗമായി അനുഭവിച്ചുകൊള്ളേണ്ടതാകുന്നു. ....”[24]

റാണിയുടെ ഔപചാരികമായ അനുവാദകല്പന വരുന്നതിന് മുമ്പ് തന്നെ പണിയുടെ ഒരുക്കങ്ങൾ ആരംഭിക്കുവാൻ മൺറോ സായിപ്പിന്റെ അനുവാദം റമ്പാച്ചന് ലഭിച്ചിരുന്നു. സഭാപുരോഗതിക്കുവേണ്ടി കൈമെയ് മറന്ന് അധ്വാനിക്കുന്ന പുലിക്കോട്ടിൽ റമ്പാച്ചന്റെ ഉദ്ദേശ്യശുദ്ധിയും ആത്മാർത്ഥതയും സത്യസന്ധതയും കേണൽ മൺറോയെ അത്യധികം സ്പർശിച്ചുകഴിഞ്ഞിരുന്നു. സഭാചരിത്രകാരൻ എഴുതുന്നതു കാണുക:

സായിപ്പ് പഠിത്തവീടിന് കോട്ടയത്ത് റമ്പാന് ബോധിച്ച സ്ഥലത്ത് ആറ് ദണ്ഡ് സ്ഥലം അളന്ന് കൊടുക്കത്തക്കവണ്ണം തഹസീൽദാർക്ക് ഉത്തരവും കൊടുത്ത് ഇട്ടൂപ്പ് റമ്പാനെയും ആ ശേഖരത്തിലുള്ള പള്ളിക്കാരെയും 989 മകരം ആദിയിൽ (1814 ജനുവരി) യാത്ര പറഞ്ഞയച്ചു. ...... റമ്പാൻ പഠിത്തവീട് പണിയുന്നതിന് സായിപ്പിന്റെ കല്പനപ്രകാരം മുതലും വാങ്ങി കോട്ടയത്ത് വന്ന് സ്ഥലവും പതിപ്പിച്ചുകൊണ്ട് അവിടെ താമസിച്ച് പണിക്ക് വേണ്ടിയ കല്ലും മരങ്ങളും അടുപ്പിക്കുകയും അദ്ദേഹത്തിന്റെ ഉത്സാഹവും സായിപ്പവർകളുടെ സഹായവും കൊണ്ട് കൊല്ലം 989-ാം ആണ്ട് കുംഭമാസം 3-ാം തീയതി (സുറിയാനി കണക്കിന് 1814 ഫെബ്രുവരി 15-ാം തീയതി) ചൊവ്വാഴ്ച കോട്ടയത്ത് സിമ്മനാരിക്ക് കല്ലിട്ട് പണി ആരംഭിക്കുകയും ചെയ്തു. ഇട്ടൂപ്പ് റമ്പാന്റെ പാർശ്വത്തിലുള്ളവർക്ക് സിമ്മനാരി കണ്ടനാട്ടേക്കടുത്ത ഒരു ദിക്കിൽ ആയാൽ കൊള്ളാമെന്ന് പക്ഷമുണ്ടായിരുന്നുവെങ്കിലും റമ്പാൻ, സായിപ്പിന്റെ ഹിതം പോലെ കോട്ടയത്ത് തന്നെ വേണമെന്ന് ഉറച്ചുംകൊണ്ട് മറ്റ് സ്ഥലങ്ങളെ ആഗ്രഹിക്കാതെ മൂന്ന് വശവും ആറ് ചുറ്റി ഒഴുകുന്നതായും അന്ന് തരിശായും ഒട്ടൽകാട് പിടിച്ചും കിടന്ന സ്ഥലവും മാത്രമാണ് താൻ ബുദ്ധിയോടെ തെരഞ്ഞെടുത്തത്.”[25]

നാലുകെട്ടിന്റെ മാതൃകയിൽ കെട്ടിടംപണി നടത്തുവാൻ പരിചയമുള്ള ഏതാനും കല്പണിക്കാരെയും ആശാരിമാരെയും റമ്പാൻ കുന്നംകുളം – പഴഞ്ഞി പ്രദേശങ്ങളിൽ നിന്ന് കോട്ടയത്തേക്ക് വരുത്തി. അക്കാലത്ത് കുന്നംകുളം പ്രദേശത്ത് നാലുകെട്ടായി നമ്പൂതിരി ഇല്ലങ്ങൾ പണിയുവാൻ പരിചയവും പരിശീലനവും ലഭിച്ച പണിക്കാർ പാലൂർ പ്രദേശത്ത് സുലഭമായിരുന്നു. തൊഴിയൂർ മെത്രാസനാസ്ഥാനം, ചാട്ടുകുളങ്ങര പള്ളി തുടങ്ങിയവയുടെ നിർമ്മാണത്തിൽ പ്രശംസനീയമായി പ്രവർത്തിച്ച പണിക്കാരുടെ സേവനം റമ്പാൻ സെമിനാരി നിർമ്മാണത്തിൽ പ്രയോജനപ്പെടുത്തി. കോട്ടയം പ്രദേശത്തുള്ള ചില നേതൃശേഷിയുള്ളവരെ കണ്ടെത്തി അവരെ സെമിനാരിപ്പരിസരങ്ങളിലേക്ക് ആകർഷിക്കുവാനും അങ്ങനെ തദ്ദേശീയ സഹകരണം ഉറപ്പുവരുത്താനും റമ്പാൻ ശ്രമിച്ചിരുന്നു. അക്കര കുരിയൻ റൈട്ടറുടെ പൂർവികരെ അപ്രകാരം ഇട്ടൂപ്പ് റമ്പാൻ പുതിയ സ്ഥലത്തേക്ക് ക്ഷണിച്ചുകൊണ്ടുവന്നു എന്നും സെമിനാരിക്ക് കല്ലിട്ട ദിവസം തന്നെ അക്കരക്കാരുടെ വീടിനും കല്ലിട്ടു എന്നും കുര്യൻ റൈട്ടറുടെ ജീവചരിത്രത്തിൽ പരാമർശിക്കുന്നുണ്ട്.[26]

'സായിപ്പ് അവർകൾ മുഖാന്തിരം സർക്കാരിൽ നിന്നുണ്ടായ സഹായവും റമ്പാന്റെ ഉത്സാഹവും കൊണ്ട് ഒരു മെത്രാനും നാല് റമ്പാന്മാരും ഇരിക്കാൻ തക്കവണ്ണവും ശെമ്മാശന്മാർക്കും പിള്ളേർക്കും വെവ്വേറെ മുറികളും തെക്കും വടക്കും ഓരോ നിലയും കിഴക്കും പടിഞ്ഞാറും രണ്ടു നിലയും നാലുകെട്ടുമായിട്ട് റമ്പാന്റെ ചട്ടപ്രകാരം 990 മീനമാസത്തിൽ (എ.ഡി 1815) പണികൾ മിക്കവാറും കുറവ് തീർത്ത ശേഷം...'[27]

കെട്ടിടം പണിയുന്നതിന് സ്ഥലത്തിന് പുറമെ രണ്ടായിരം രൂപായും തടിയും റമ്പാന് റാണി ദാനമായി നൽകി. ഒരു ജീവിതകാലം മുഴുവൻ താൻ താലോലിച്ച് ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന മഹാസ്വപ്നം സാക്ഷാത്കരിക്കപ്പെടുവാൻ താൻ ദൈവികശക്തിയുടെ കൈകളിൽ ഏല്പിക്കപ്പെട്ട വെറും ഉപകരണമാണെന്ന് റമ്പാച്ചന് അചിരേണ ബോധ്യമായി. കെട്ടിടനിർമ്മാണത്തിനിടയിൽ ക്ലേശിച്ച ഘട്ടങ്ങൾ നിരവധി ഉണ്ടായി എങ്കിലും അവിചാരിതമായും അത്ഭുതകരമായും വിഘ്നങ്ങളും പ്രതിസന്ധികളും ലാഘവത്തോടെ പരിഹരിക്കപ്പെടുന്നത് കണ്ട് പലപ്പോഴും അദ്ദേഹം അമ്പരന്ന് പോയിട്ടുണ്ട്. കുറുപ്പംപടി പള്ളിയുടെ ചരിത്രകാരൻ എഴുതുന്നു:

'അക്കാലത്ത് പുലിക്കോട്ടിൽ റമ്പാച്ചന് ഈ പള്ളിയിൽനിന്ന് ചെലവിന്ന് കൊടുത്തയച്ചു. സിമ്മനാരിപ്പണിയുടെ ആവശ്യത്തിന് ഈ പള്ളിയിൽ നിന്നും ആവശ്യമായ സഹകരണം ചെയ്തുകൊണ്ടിരുന്നു.'[28] അക്കാലത്ത് മലങ്കരസഭയിൽ ഏറ്റവും സമ്പന്നമായ ഇടവകയായിരുന്നു

കുറുപ്പംപടി. പില്ക്കാലത്ത് മലങ്കരയിൽ വന്ന യൂയാക്കീം മാർ കൂറിലോസ് 'ദഹബോ ഉസറോ കുറുപ്പമ്പടി' എന്ന് (സ്വർണ്ണനിക്ഷേപം ഉള്ള കുറുപ്പംപടി) വിശേഷിപ്പിച്ചത് ഓർക്കുക. എട്ടാം മാർത്തോമ്മായ്ക്ക് സ്വാധീനമുള്ള തെക്കൻ ഇടവകകൾ സെമിനാരി നിർമ്മാണത്തിൽ ഉദാസീനതയും നിസംഗതയും പ്രകടമാക്കിയപ്പോൾ കുറുപ്പംപടി, നടമേൽ, മുളന്തുരുത്തി, കരിങ്ങാശ്ര, പിറവം, കോതമംഗലം, പാലൂർ തുടങ്ങിയ പള്ളികൾ സെമിനാരിനിർമ്മാണത്തെ കൈതുറന്ന് സഹായിച്ചു).

മലങ്കരസഭയുടെ ദീർഘകാലത്തെ സ്വപ്നമാണ് റമ്പാച്ചൻ സാക്ഷാത്കരിക്കുന്നതെന്ന് മലങ്കരയിലെ പ്രമുഖ ഇടവകകൾക്കെല്ലാം ബോധ്യപ്പെടുകയാൽ അവരുടെ പങ്കാളിത്തം സെമിനാരി നിർമ്മാണത്തിൽ നിർലോഭം ലഭിച്ചു. സെമിനാരി നിർമ്മാണത്തിന് ലഭിച്ച മറ്റൊരു സഹായം കാണുക:

'തിരുവല്ലായിലെ സുറിയാനിക്കാർ സ്ഥലവാസികളും ധനികരുമായ ചിലരുടെ പ്രതിഷേധം വകവയ്ക്കാതെ 1815-ൽ അവിടെ ഒരു പുതിയ കുരിശുപള്ളി സ്ഥാപിച്ചു. ഒരു ദിവസം രാത്രി പ്രാദേശിക സാമുദായിക നേതാക്കൾ കൂടി ആ താല്ക്കാലിക പള്ളികെട്ടിടത്തിന് തീവയ്ക്കുകയും അതിനുള്ളിൽ സുഖശയനം ചെയ്തിരുന്ന പുരോഹിതനെ വെട്ടിമുറിവേൽപ്പിക്കുകയും ചെയ്തു. കേസ് റസിഡണ്ടിന്റെ അടുക്കലെത്തി. വിസ്തരിച്ചപ്പോൾ കുറ്റം കഠിനമായി തെളിഞ്ഞു. പോറ്റിമാർ, പട്ടന്മാർ ഇവരെക്കൊണ്ട് അറുപതിനായിരം കലിയൻ പ്രായശ്ചിത്തം കെട്ടിവെപ്പിച്ചു. തിരുവല്ലായിലെ സുറിയാനിക്കാർ തിരുവിതാംകൂർ മഹാറാണിയുടെ അടുക്കൽ അപേക്ഷ ബോധിപ്പിച്ചതിന്റെ ഫലമായി പിഴയായി സർക്കാരിലേക്ക് ലഭിച്ച തുകയുടെ പകുതി 30,000 കലിയൻ കോട്ടയം സിമ്മനാരിപ്പണിക്കും 30,000 കലിയൻ തിരുവല്ലായിലെ പള്ളി പുനർനിർമ്മാണം ചെയ്യുന്നതിനും സഹായധനമായി ലഭിച്ചു."[29]

സ്മര്യപുരുഷന്റെ ജീവചരിത്രം ആദ്യമായി 'കാലം ചെയ്ത അച്ചൻ' എന്ന പേരിൽ എഴുതിയ ഫാ. ജോസ് പുലിക്കോട്ടിൽ കുന്നംകുളത്ത് പ്രചരിച്ചിരുന്ന ഒരു പാരമ്പര്യം രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്:

".... ധൃതഗതിയിൽ പണി പുരോഗമിച്ചുകൊണ്ടിരുന്നു. പലിശ സംഖ്യ തീർന്നു. ഒരു ചില്ലിക്കാശ് പോലും കൈവശമില്ല. കൂലിക്കാർക്ക് കൂലി കൊടുക്കുന്നതിന് സമയമാവുമ്പോൾ റമ്പാച്ചൻ പ്രാർത്ഥനാമുറിയിലിരുന്ന് പ്രാർത്ഥിക്കുകയാവും. പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റു വരുമ്പോൾ ഏതെങ്കിലും ഒരു സഹൃദയൻ ആ ദിവസത്തേക്കാവശ്യമായ പണവുമായി അവിടെ എത്തിയിരിക്കുന്നതാണ് കൂലിക്കാർക്ക് കാണാൻ കഴിയുക. ചില ദിവസങ്ങളിൽ കൂലിക്കാരെ നിരാശരായി മടക്കി അയക്കേണ്ടതായും

വന്നിട്ടുണ്ട്. ഒരു സന്ദർഭത്തിൽ കൂലിക്കാർക്ക് രണ്ട് ദിവസം കൂലി കൊടുക്കുവാൻ കഴിഞ്ഞില്ല. മൂന്നാം ദിവസം പണി നിർത്തിയശേഷം കൂലിക്കാർ റമ്പാച്ചന്റെ പ്രാർത്ഥനാമുറി വളഞ്ഞു. കൂലി കിട്ടുന്നതിനായി അവർ മുറവിളി കൂട്ടി. റമ്പാച്ചന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പ്രവഹിക്കുകയായിരുന്നു. തദവസരത്തിൽ ഒരു ഇംഗ്ലീഷുകാരൻ റമ്പാച്ചനെ അന്വേഷിച്ച് അവിടെ വന്നു. സായിപ്പിനെ കണ്ടപ്പോൾ കൂലിക്കാർ ഭയപ്പെട്ട് പിന്മാറി. റമ്പാച്ചന്റെ അടുത്തേക്ക് മൺറോ സായിപ്പ് അയച്ചതായിരുന്നു ആ ഇംഗ്ലീഷുകാരനെ. മൺറോ കൊടുത്തയച്ച രണ്ട് കവറുകൾ റമ്പാച്ചനെ ഏല്പിച്ചിട്ട് അയാൾ മടങ്ങിപ്പോയി. കൂലിക്കാർക്ക് കൊടുത്തു തീർക്കുവാനുള്ള സംഖ്യയും ഒന്നുരണ്ടു ദിവസത്തേക്കു കൂടി ആവശ്യമായ സംഖ്യയും ഒരു കവറിലുണ്ടായിരുന്നു. സിമ്മനാരിയുടെ ആവശ്യത്തിലേക്ക് കുറെ മരം സർക്കാരിൽ നിന്ന് അനുവദിച്ച ഉത്തരവായിരുന്നു രണ്ടാമത്തെ കവറിൽ.'[30]

1811-ലെ പ്രഥമ മലയാളം ബൈബിൾ വിവർത്തനം, ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല, കോട്ടയം സെമിനാരിയുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ പുലിക്കോട്ടിൽ റമ്പാച്ചനെ ആ തലമുറയിലെ അതുല്യ നേതാവാക്കി. എട്ടാം മാർത്തോമ്മായല്ല, പുലിക്കോട്ടിൽ റമ്പാച്ചനാണ് മലങ്കരസഭയുടെ ഭാവിശ്രേയസ്സിന്റെ പ്രതീകമെന്ന് തെക്കും വടക്കുമുള്ള സഭ ഒന്നടങ്കം തിരിച്ചറിഞ്ഞു. ആ അംഗീകാരം തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നു.

1. 1991-ലെ സഭാചരിത്ര സെമിനാറിലെ പ്രഭാഷണം.
2. പുറം 135.
3. പുറം 408.
4. പുറം 177.
5. പുറം 77.
6. ഫാ. പി. എം. ജോസ്, *കാലം ചെയ്ത അച്ചൻ*, അവതാരിക, പു. 2.
7. *ഇന്ത്യൻ ഓർത്തഡോക്സ് സഭ എ. ഡി. 52-2007*, പുറം 177. -180
8. *നിരണം ഗ്രന്ഥവരി*, എഡി: പോൾ മണലിൽ, പു. 203.
9. കൊച്ചി ഭദ്രാസന ഡയറക്ടറി, 1972.
10. മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ, പു. 154, 155.
11. ഫാ. ഡോ. ജോസഫ് ചീരൻ, *ഇന്ത്യൻ ഓർത്തഡോക്സ് സഭ എ.ഡി. 52-2007*, പു. 182.
12. ഇട്ടൂപ്പ് റൈട്ടർ, പുറം 168.

13. 154, 155 പുറങ്ങൾ നോക്കുക.

14. 428-432 വരെ പുറങ്ങൾ പരിശോധിക്കുക.

15. ഫാ. ജോസഫ് ചീരൻ (എഡിറ്റർ), *കണ്ടനാട് ഗ്രന്ഥവരി,* പു. 43.

16. പടിയോലയുടെ ഈ അവതരണ വാക്യം കണ്ടനാട് ഗ്രന്ഥവരിയിൽ മാത്രമേ കാണുന്നുള്ളൂ. മറ്റ് പ്രാചീന രേഖകളിൽ 'മശിഹാ പിറന്നിട്ട്' എന്നു മുതലാണ് പടിയോല ആരംഭിക്കുന്നത്. പടിയോലയുടെ വ്യവസ്ഥകളിൽ ഒരിടത്തും അന്ത്യോഖ്യായുടെ പരാമർശമോ മെത്രാൻ എന്ന പരാമർശം പോലുമോ ഇല്ല. പടിയോലയെ അന്ത്യോഖ്യായുമായി ബന്ധിപ്പിക്കുവാൻ 'ഗ്രന്ഥവരിയു'ടെ എഴുത്തുകാരൻ സ്വന്തമായി എഴുതിച്ചേർത്തതാകാം ഇതിലെ ആമുഖ വാക്യഭാഗം.

17. കണ്ടനാട് ഗ്രന്ഥവരി, പു. 43-45.

18. ഇട്ടൂപ്പ് റൈട്ടർ, പു. 186-187.

19. ഇ. എം. ഫിലിപ്പ്, പു. 193.

20. അതേ പുസ്തകം, പു. 190, 191.

21. ഇട്ടൂപ്പ് റൈട്ടർ, പു. 175.

22. പുറം 187.

23. കുറുപ്പമ്പടി പള്ളിചരിത്രം, പു. 118.

24. വൈദികസെമിനാരി 175-ാം വാർഷിക സുവനീർ, 1990, പു. 211.

25. ഇട്ടൂപ്പ് റൈട്ടർ, പു. 188.

26. കുര്യൻ റൈട്ടർ, പു. 32.

27. ഇട്ടൂപ്പ് റൈട്ടർ, പു. 188.

28. ആത്തുങ്കലച്ചൻ, പു. 111.

29. ഇ. എം. ഫിലിപ്പ്, പു. 190.

30. പുറം 261.

കോട്ടയം പഴയസെമിനാരി: സഭയുടെ ഹൃദയവും മസ്തിഷ്ക്കവും

ഒരു മേല്പട്ടക്കാരന്റെ പിൻബലമില്ലാതെ ഏതെങ്കിലും ഒരു സഭാ പ്രവർത്തനം വിജയത്തിൽ കലാശിക്കുന്നത് മലങ്കരസഭയിൽ അന്നും ഇന്നും ദുഷ്ക്കരമാണ്. റമ്പാച്ചന്റെ ദൈവാശ്രയവും പ്രാർത്ഥനയും സഭാ ദർശനവും സ്വർഗ്ഗത്തിന് സ്വീകാര്യമാവുകയായിരുന്നു. അതോടെ മെത്രാൻ ജനഹൃദയങ്ങളിൽനിന്ന് പുറത്താകുകയും റമ്പാൻ ജനഹൃദയങ്ങളിൽ ആദരപൂർവമായ പ്രതിഷ്ഠ നേടുകയും ചെയ്തു. എന്നിട്ടും അലംഘനീയമായ ദൈവഹിതത്തോട് മെത്രാൻ വിഫലമായി യുദ്ധം തുടർന്നു.

തൊഴിയൂരിൽ നിന്ന് കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സീനോസ് മെത്രാച്ചനെ കോട്ടയം സെമിനാരിയിൽ താമസിപ്പിച്ച് വൈദിക വിദ്യാഭ്യാസം ഔപചാരികമായി ആരംഭിക്കാമെന്നാണ് ഇട്ടൂപ്പ് റമ്പാൻ ആഗ്രഹിച്ചത്. എന്നാൻ സെമിനാരി നിർമ്മാണത്തിൽ 'അനങ്ങാപ്പാറ' നയം സ്വീകരിച്ചിരുന്ന എട്ടാം മാർത്തോമ്മാ റമ്പാച്ചന്റെ പദ്ധതിയെ നഖശിഖാന്തം എതിർത്തു. ഒരു പ്രതിസന്ധി ഒഴിവാക്കുവാനായി റമ്പാച്ചൻ ആ പദ്ധതി ഉപേക്ഷിച്ചു.

സെമിനാരി നിർമ്മാണത്തെപ്പറ്റി നിരണം ഗ്രന്ഥവരി നൽകിയ പരാമർശങ്ങൾ അബദ്ധ പഞ്ചാംഗമാകുന്നത് കാണുക: ".... ഇതിന്റെ ശേഷം ഇട്ടൂപ്പ് റമ്പാനും കിടങ്ങൻ കത്തനാരും തമ്മിൽ നീരസം ആയിരിക്ക കൊണ്ട്, കിടങ്ങൻ കുന്നംകുളങ്ങര ചെന്നതിന്റെ ശേഷം അഞ്ഞൂർ പാർത്തിരുന്ന കാട്ടുമങ്ങാട്ട് ഇളയ ദേഹവും കണിയാവെള്ളിക്കാരനും കൂടെ തെക്കോട്ട് പോരുവാൻ വരുമ്പോൾ വഴിമദ്ധ്യേ വച്ച്, കണിയാവെള്ളിക്കാരൻ കഴിഞ്ഞുപോകകൊണ്ട്, അദ്ദേഹത്തെ കൊണ്ടുചെന്ന് അഞ്ഞൂർ അടക്കി. ചീരൻ കത്തനാർക്ക് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിട്ട് വാഴിച്ച് കാട്ടുമങ്ങാട്ട് ഇളയ ദേഹം വെട്ടിക്കൽ വന്നു പാർത്തു. അവിടെ കാലം ചെയ്തു അടങ്ങി. 989-ാം ആണ്ട് ചീരന് ദീനമായപ്പോൾ കിടങ്ങൻ കത്തനാർക്ക് പീലക്സീനോസ് മെത്രാപ്പോലീത്താ ആയിട്ട് വാഴിച്ച് ചീരൻ കാലം ചെയ്തു. അഞ്ഞൂർ തന്നെ അടക്കി.

പീലക്സിനോസ് മെത്രാപ്പോലീത്താ യാവനയും ചുരുക്കി അഞ്ഞൂർ പാർത്തുവരുമ്പോൾ ഇട്ടൂപ്പ് റമ്പാൻ അവിടെ ചെന്ന് പല കൂട്ടവും പറഞ്ഞ് ബോധിപ്പിച്ച് 990-ാമാണ്ട് മീനമാസം 9-ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയിട്ട് സ്ഥാനവും ഏറ്റ് വള്ളം കരേറി കൊല്ലത്തു ചെന്ന് മണ്രോൻ സായിപ്പിന്റെ അടുക്കൽ പാർത്ത് സിമ്മനാരി പണി

വകയ്ക്ക് നാല് കാലത്തെ പലിശപ്പണവും വാങ്ങിച്ച് കോട്ടയത്ത് വന്ന് ഗോവിന്ദപുരം എന്ന പ്രദേശത്ത് സിമ്മനാരിക്ക് പണിയും തുടങ്ങി."[2]

(നിരണം ഗ്രന്ഥവരിയിൽ ആദിയോടന്തം കാണുന്ന അനവധാനതകൾ ഈ ഭാഗത്തും താഴെ കാണിക്കുംവിധം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

1. ഇട്ടൂപ്പ് റമ്പാനും കിടങ്ങൻ കത്തനാരും തമ്മിൽ നീരസമാവാനുള്ള കാരണം എന്ത്?

2. കിടങ്ങൻ കത്തനാരുടെ പേർ ഗ്രന്ഥവരിയുടെ എഴുത്തുകാരന് അജ്ഞാതം.

3. കണിയാവെള്ളിക്കാരന്റെ പേർ ഗ്രന്ഥകാരന് അറിഞ്ഞുകൂടാ.

4. ചീരൻ കത്തനാരുടെ പേർ ഗ്രന്ഥകാരന് അറിഞ്ഞുകൂടാ.

5. ചീരൻ കത്തനാരെ ദീവന്നാസ്യോസ് എന്ന പേരിൽ വാഴിച്ചു എന്ന് എഴുതിയത് ശരിയല്ല. 1811–ൽ അദ്ദേഹം മെത്രാൻ സ്ഥാനം ഏറ്റിരുന്നു. (989–ന് ശരിയായ ഇംഗ്ലീഷ് വർഷം 989 + 825 = 1814 ആണ്).

7. പീലക്സീനോസ് യാവനയും (ഭക്ഷണം) ചുരുങ്ങിപ്പാർത്ത കഥ എവിടെ നിന്ന് കിട്ടി? അതിന്റെ സാംഗത്യമെന്താണ്.

8. ഇട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനമേറ്റത് അഞ്ഞൂർ വച്ചല്ല, പഴഞ്ഞിയിൽ വച്ചാണ്.

9. ഇട്ടൂപ്പ് റമ്പാൻ മെത്രാനായ ശേഷമല്ല സെമിനാരിപ്പണി നടത്തിയത്.

10. തിരുവിതാംകൂർ റാണി ഇട്ടൂപ്പ് (ജോസഫ്) റമ്പാന് നൽകിയ അനുവാദകല്പനയുടെ വിവരം നിരണം ഗ്രന്ഥവരിയുടെ എഴുത്തുകാരൻ അറിഞ്ഞിട്ടില്ല.

11. ഇട്ടൂപ്പ് റമ്പാൻ മെത്രാൻ സ്ഥാനമേറ്റതും സെമിനാരി പണിയിച്ചതും സഭയുടെ പിന്തുണയോടെ ആണ് എന്നത് നിരണം ഗ്രന്ഥവരി തമസ്ക്കരിച്ചിരിക്കുന്നു.

12. സഭാചരിത്രത്തിൽ വടക്കൻ സംഭവങ്ങളെയും തേജസ്വിയായ ഇട്ടൂപ്പ് റമ്പാനെയും തമസ്ക്കരിക്കുവാൻ നിരണം ഗ്രന്ഥവരി നടത്തിയ ശ്രമം ഈ നിരീക്ഷണത്തിൽ കാണാം).

1815 മീന മാസത്തിൽ (മാർച്ച് – ഏപ്രിൽ) ഇരുപത്തിയഞ്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചുകൊണ്ട് റമ്പാച്ചൻ സെമിനാരിയുടെ പ്രവർത്തനം ആരംഭിച്ചു. ജീവിതകാലം മുഴുവൻ മല്പാനായി സേവനം ചെയ്ത ആ എഴുപത്തിയഞ്ചുകാരൻ തന്നെയായിരുന്നു മുഖ്യ അധ്യാപകനും പ്രിൻസിപ്പലും. തുടക്കം മുതലേ തൊഴിയൂരിലെ മെത്രാച്ചന്റെ പ്രോത്സാഹനമു



പഴയസെമിനാരി

ണ്ടായിരുന്നു. ഇടയ്ക്കൊക്കെ അദ്ദേഹം സെമിനാരി സന്ദർശിച്ചിരുന്നത് പ്രവർത്തകർക്ക് പ്രോത്സാഹനമായിരുന്നു.[3] ആദ്യത്തെ ബാച്ചിൽ താൻ ഒരു വിദ്യാർത്ഥിയായിരുന്നു എന്ന് കോട്ടയം ഇടവഴിക്കൽ വലിയച്ചൻ (ഫാ. പീലിപ്പോസ്. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടെ പിതാവ്) പില്ക്കാലത്ത് സ്മരിച്ചിട്ടുണ്ട്.

വൈദികസെമിനാരിയിൽ നിന്ന് പരിശീലനം നേടി പുറത്തുവരുന്നവരെപ്പറ്റി സെമിനാരി സ്ഥാപകന് വലിയ പ്രതീക്ഷകൾ ആണുണ്ടായിരുന്നത്. പള്ളിക്രമങ്ങൾ മാത്രം ശീലിച്ച് വൈദിക ശിക്ഷണം അവസാനിപ്പിക്കുന്ന മല്പാൻ പള്ളിക്കൂടങ്ങളിലെ പരിമിതികൾ സ്വന്തം അനുഭവത്തിൽ നിന്ന് അദ്ദേഹം വേണ്ടുവോളം ഗ്രഹിച്ചിരുന്നു. ആ പരിമിതികൾ ഇല്ലാതാക്കി വിജ്ഞാനത്തിന്റെ അധുനാതനധാരകൾ ഉൾക്കൊണ്ട, ദർശനശേഷിയുള്ള വൈദികരുടെ ഒരു തലമുറ സെമിനാരിയിൽ പിറന്ന് വളരുമെന്ന് അദ്ദേഹം ആശിച്ചു. ഇംഗ്ലീഷ് ഭാഷ അഭ്യസിപ്പിക്കുന്നതിന് ഇംഗ്ലീഷ് മിഷനറിയായ റവ. തോമസ് നോർട്ടനെ അദ്ദേഹം പിന്നീട് നിയമിച്ചു. അദ്ദേഹത്തെ സകുടുംബം സെമിനാരിയിൽ താമസിപ്പിക്കുവാൻ മൺറോ സായിപ്പ് നടത്തിയ ശുപാർശ അദ്ദേഹം ധീരമായി നിരാകരിക്കുകയും ചെയ്തു. തന്റെ വൈദികർ പണ്ഡിതന്മാർ ആയിരിക്കുന്നതോടൊപ്പം സുറിയാനിസഭയുടെ വിശ്വാസത്തോടും ആരാധനകളോടും വിട്ടുവീഴ്ചയില്ലാത്ത കൂറ് പുലർത്തണമെന്ന് സെമിനാരി സ്ഥാപകന് നിർബ

ന്ധമായിരുന്നു. സെമിനാരി സ്ഥാപിക്കുവാനും പരിരക്ഷിക്കുവാനും മറ്റും ഏറെ സഹായസഹകരണങ്ങൾ നൽകിയ മിഷനറിമാർ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളെ വിമർശിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. പില്ക്കാലത്ത് വിദേശസഭകളുമായി ബന്ധവും ചങ്ങാത്തവും വർദ്ധിക്കുകയും ലോകസഭാകൗൺസിലുകളിൽ പങ്കാളിത്തം ലഭിക്കുകയും ചെയ്തപ്പോൾ മറ്റു സഭകളുടെ വിശ്വാസാചാരങ്ങളുടെ അടിസ്ഥാനത്തിൽ മലങ്കരസഭാപാരമ്പര്യങ്ങളെ അപഗ്രഥിക്കുവാനും ചിലപ്പോഴൊക്കെ തിരുത്തുവാനും ചിലർ ചിലപ്പോഴൊക്കെ ശ്രമിച്ചിട്ടുള്ളത്, സെമിനാരി സ്ഥാപകൻ സ്വീകരിച്ച നിലപാടുകൾ നാം എത്രമാത്രം അഗണ്യമാക്കുന്നു എന്ന് സ്പഷ്ടമാക്കുന്നു. 'നമുക്കൊരു സെമിനാരി ഉള്ളതുകൊണ്ട് നമ്മുടെ വിലപ്പെട്ട പാരമ്പര്യങ്ങൾ പലതും നഷ്ടപ്പെടുവാനിടയാകുന്നു' എന്ന് പില്ക്കാലത്തെ ഒരു മല്പാൻ വേദനയോടെ സ്മരിച്ചിട്ടുള്ളത് ഇവിടെ പ്രത്യേകം സ്മരണീയം (കൊച്ചി ഭദ്രാസനത്തിന്റെ ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആണ് ശിഷ്യനായ ഈ ഗ്രന്ഥകാരനോട് ഈ വേദന പങ്കുവച്ചത്).

കോട്ടയം പഴയസെമിനാരിയിലെ ആധുനിക അവസ്ഥയെപ്പറ്റി ഒരു ഫാക്കൽട്ടി അംഗം പുറപ്പെടുവിച്ച അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്. "നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾക്കും വിശ്വാസാചാരങ്ങൾക്കും താല്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് സെമിനാരിയിലെ പരിശീലനം രൂപപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം ഇന്ന് സെമിനാരിക്ക് നഷ്ടമായിരിക്കുന്നു. പ്രൊട്ടസ്റ്റന്റ് വീക്ഷണഗതി പുലർത്തുന്ന സെറാമ്പൂർ യൂണിവേഴ്സിറ്റിയോട് നമ്മുടെ സെമിനാരി 1965-ൽ അഫിലിയേറ്റ് ചെയ്തത് ശുഭപ്രതീക്ഷകളോടെ ആയിരുന്നു. എന്നാൽ ഇന്ന് ഓർത്തഡോക്സ് വിശ്വാസത്തെ നിരാകരിക്കുക മാത്രമല്ല, പുച്ഛിക്കുക കൂടി ചെയ്യുന്ന സാഹചര്യം സെമിനാരി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നേരിടുന്നു. സെറാമ്പൂർ ബന്ധം തുടർന്നാൽ, നമ്മുടെ സഭയിലെ വൈദികർ ഓർത്തഡോക്സ് വിശ്വാസത്തെയും രീതികളെയും അറിയാത്തവരും അവയെ നിരാകരിക്കുന്നവരും ആയിത്തീരും."[4]

(പ്രൊട്ടസ്റ്റന്റ് സെമിനാരികളിൽ പഠിച്ച് പാശ്ചാത്യ സംസ്ക്കാരത്തിൽ പരിശീലനം നേടിയ ചിലർ നമ്മുടെ സെമിനാരികളിൽ അധ്യാപകരായി പ്രത്യക്ഷപ്പെടുന്നതും ഓർത്തഡോക്സ് ആരാധനകളുടെ ആഴമേറിയ പശ്ചാത്തലം ഗ്രഹിക്കാൻ ശ്രമിക്കാതെ നമ്മുടെ പല വിശിഷ്ട പാരമ്പര്യങ്ങളെയും തിരുത്തുന്നതും അങ്ങനെ സുറിയാനിസഭയുടെ സാംസ്കാരിക പാരമ്പര്യങ്ങളോട് പുറംതിരിഞ്ഞിരിക്കുന്ന വൈദികരുടെ ഒരു തലമുറ ഇടവകകളെ നയിക്കുന്നതും ചിന്താശീലരായ അനേകംപേരെ ഇന്ന്

ദുഃഖിപ്പിക്കുന്നുണ്ട്. പാരമ്പര്യാരാധനകളിൽ ഈ അടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന പല പരീക്ഷണങ്ങളും അച്ചടിച്ച ആരാധനക്രമങ്ങളിലൂടെ അരങ്ങേറിക്കൊണ്ടിരിക്കുന്ന അജാഗ്രതകളും അനവധാനതകളുമൊക്കെ, സെമിനാരി സ്ഥാപകന്റെ സ്വപ്നങ്ങളിൽ നിന്നും ആ സ്ഥാപനം എത്രമാത്രം അന്യമായിപ്പോയി എന്ന് ചിന്താശീലരെ ബോധ്യപ്പെടുത്തുവാൻ പര്യാപ്തമാണ്.)

മുൻ മെത്രാന്മാരുടെ പിൻഗാമിയാവാൻ എട്ടാം മാർത്തോമ്മാ അർഹനല്ലെന്നും മെത്രാൻ പദവിക്കടുത്ത കർത്തവ്യങ്ങൾ ചെയ്യാൻ പാടില്ലെന്നും 1814-ൽ കേണൽ മൺറോയുടെ ഒരു വിധിത്തീർപ്പ് ഉണ്ടായ വിവരം മുൻ അധ്യായത്തിൽ നാം കണ്ടുവല്ലോ. ഇരുപക്ഷത്തെയും വാദങ്ങൾ കേട്ടും തെളിവുകൾ പരിശോധിച്ചും സാക്ഷിമൊഴികൾ അപഗ്രഥിച്ചും മൺറോ പുറപ്പെടുവിച്ച ആ വിധിയിൽ എട്ടാം മാർത്തോമ്മാ സ്വാഭാവികമായും അതൃപ്തനായിരുന്നു. അദ്ദേഹം തൽസംബന്ധമായി ഒരു പരാതി മേലധികാരത്തിലേക്ക് സമർപ്പിക്കുകയും ചെയ്തു. അപ്പോഴാണ് വട്ടിപ്പണത്തിന്റെ നാല് കൊല്ലത്തെ പലിശ ഇട്ടൂപ്പ് റമ്പാനു നൽകിയെന്ന് എട്ടാം മാർത്തോമ്മാ അറിയുന്നത്. ഇടിവെട്ടേറ്റവന്റെ കാലിൽ പാമ്പു കടിച്ചു എന്ന പഴമൊഴിയെ സാധൂകരിക്കുംവിധം ഈ 'കൂനിന്മേൽ കുരു' പകലോമറ്റം മെത്രാനെ ചൊടിപ്പിച്ചു. ഇട്ടൂപ്പ് റമ്പാനാകട്ടെ, റിലേ ഓട്ടത്തിൽ ഫൈനൽ റൗണ്ട് ഓട്ടക്കാരനെപ്പോലെ അനുകൂല പരിതഃസ്ഥിതികൾ ഒത്തു വന്നപ്പോൾ സർവശക്തിയുമെടുത്ത് ദ്രുതഗതിയിൽ സെമിനാരിപ്പണി പൂർത്തിയാക്കി. അക്കാര്യത്തിൽ മലങ്കരസഭ മുഴുവൻ റമ്പാച്ചന് ധാർമ്മിക പിന്തുണ നൽകിയിരുന്നു. എട്ടാം മാർത്തോമ്മായുടെ നീരസത്തെ സഭ ഒന്നടങ്കം അവഗണിക്കുക തന്നെ ചെയ്തു. എന്നാൽ എട്ടാം മാർത്തോമ്മാ നൽകിയ പരാതിയിലെ ഒരു സാങ്കേതികത്വം സർക്കാർ ശ്രദ്ധിച്ചു. മെത്രാനല്ലാത്ത ഒരാൾക്ക് വട്ടിപ്പണത്തിന്റെ പലിശ നൽകിയത് ക്രമക്കേടാണെന്ന് സാങ്കേതികത്വം ചൂണ്ടിക്കാട്ടി മദ്രാസ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സാങ്കേതിക ക്രമക്കേട് പരിഹരിക്കാൻ രണ്ട് മാർഗ്ഗങ്ങളേ ഉണ്ടായിരുന്നുള്ളു.

1. വാങ്ങിയ പലിശ തിരിച്ചടക്കുക.

2. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനം സ്വീകരിക്കുക.

ഉർവശീശാപം ഉപകാരമായെന്ന് മലങ്കരസഭ കാര്യങ്ങളെ നിരീക്ഷിച്ചു. റമ്പാനെ മെത്രാനായി വാഴിക്കാനുള്ള തീരുമാനം സഭ കൈക്കൊണ്ടു. മൺറോയ്ക്കും ഈ തീരുമാനം സ്വീകാര്യമായിരുന്നു. തൊഴിയൂരിലെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സീനോസുമായി നല്ല ബന്ധം പാലൂർ -ചാട്ടുകുളങ്ങര ഇടവക അപ്പോഴും പുലർത്തിയിരുന്നതിനാൽ ഇക്കാര്യ

ത്തിൽ പ്രതിബന്ധമൊന്നുമുണ്ടായിരുന്നില്ല. പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ സഹപ്രവർത്തകനായിരുന്ന കിടങ്ങൻ ഗീവറുഗീസ് കത്തനാരെ ഇടവക പൊതുയോഗം തൊഴിയൂർ മെത്രാന്റെ അഭ്യർത്ഥന അനുസരിച്ച് തൊഴിയൂരിലെ പിൻഗാമിയാവാൻ തെരഞ്ഞെടുക്കുകയും (തൊഴിയൂർ ഇടവകയോഗമാണ് ഈ തെരഞ്ഞെടുപ്പ് നടത്തിയതെന്ന് തൊഴിയൂരിലെ ചില സമീപ രേഖകളിൽ കാണുന്നത് വാസ്തവ വിരുദ്ധമാണ്. അന്ന് തൊഴിയൂരിന് ഇടവകയോ ഇടവകയോഗമോ ഉണ്ടായിരുന്നില്ല. ചാട്ടുകുളങ്ങര ഇടവകയോഗമാണ് ആലത്തൂർ വലിയ മെത്രാച്ചന്റെ കാലം വരെയും തൊഴിയൂരിലെ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. കൂത്തൂർ ഗീവർഗീസ് മാർ കൂറിലോസ് 1856-ൽ കാലം ചെയ്തപ്പോൾ തൊഴിയൂരിലെ പള്ളിയുടെയും മെത്രാസനാസ്ഥാനത്തിന്റെയും കതകുകൾ പൂട്ടി മുദ്രവച്ച് താക്കോലുകൾ ആർത്താറ്റ് വികാരിയെ തൊഴിയൂർ അരമനയിലെ അന്തേവാസികൾ ഏല്പിച്ചകാര്യം പ്രത്യേകാൽ ഇവിടെ ശ്രദ്ധേയം. ചാട്ടുകുളങ്ങര പള്ളിയുടെ വികാരിയായിരുന്ന ആലത്തൂർ പനയ്ക്കൽ യൗസേപ്പ് കശ്ശീശാ ഈ താക്കോലുകൾ പാലക്കുന്നത്ത് മാർ അത്താനാസ്യോസിനെ ഏല്പിച്ച കാര്യങ്ങൾ സഭാചരിത്രങ്ങളിൽ പ്രസ്താവിച്ചു കാണുന്നുണ്ട്). ചീരൻ മാർ പീലക്സീനോസ് അദ്ദേഹത്തെ 1811-ൽ മെത്രാനായി വാഴിക്കുകയും ചെയ്തിരുന്നു. കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സീനോസ് മുൻഗാമിയായ ചീരൻ സ്കറിയാ മാർ പീലക്സീനോസിനെപ്പോലെ തന്നെ പാലൂർ-ചാട്ടുകുളങ്ങരയിലെ മാതൃ ഇടവകയുമായി നല്ല ബന്ധം പുലർത്തിയിരുന്നു. പുതിയ സാഹചര്യത്തിൽ ഇട്ടൂപ്പ് റമ്പാനെ മെത്രാനായി വാഴിക്കുവാൻ കിടങ്ങൻ മെത്രാച്ചന് വൈമനസ്യമൊന്നുമുണ്ടായില്ല. പക്ഷേ, മെത്രാൻ സ്ഥാനാഭിഷേകം തൊഴിയൂർ പള്ളിയിൽ വച്ച് നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽവച്ച് സ്ഥാനമേൽക്കുവാൻ സ്വാഭാവികമായും സ്ഥാനാർത്ഥി അഭിലഷിച്ചു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിൽ മെത്രാൻ പദവിക്കടുത്ത കർത്തവ്യങ്ങൾ ചെയ്യാൻ പാടില്ലെന്ന് കാട്ടുമങ്ങാട്ട് കൂറിലോസിന്റെ പേരിൽ പുറപ്പെടുവിച്ചിരുന്ന നിരോധനം പിൻഗാമിയുടെ കാര്യത്തിലും ബാധകമാണെന്ന് ചൂണ്ടിക്കാട്ടി എട്ടാം മാർ ത്തോമ്മാ പരാതിപ്പെടുവാൻ ഇടയുള്ളതിനാൽ പാലൂരിൽവച്ച് സ്ഥാനാഭിഷേകം നടത്തുന്നത് ഒഴിവാക്കപ്പെട്ടു. സ്ഥാനാഭിഷേകം തൊട്ടടുത്തുള്ള പഴഞ്ഞിയിലാകട്ടെ എന്ന് സ്ഥാനാർത്ഥി നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ ആത്മമാതാവായ ആ ഇടവക മെത്രാൻസ്ഥാനത്തിന്റെ വേദിയാവാൻ അനുയോജ്യം തന്നെയായിരുന്നു. അക്കാലങ്ങളിൽ കൊച്ചിശ്ശീമയിലായിരുന്ന പഴഞ്ഞി പ്രദേശം മുൻ നിരോധന ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല എന്ന് ഏവരും നിരീക്ഷിച്ചു. അക്കാലത്ത് പഴഞ്ഞി പള്ളി വികാരിയായിരുന്ന ചീരൻ യാക്കോബ് കത്തനാർ മലങ്കരസഭയുടെ ഇംഗിതം ശിരസാവഹിച്ചു; ആവശ്യമായ ക്രമീകരണങ്ങൾ തയാറാക്കി. അപ്രകാരം

1815 മാർച്ച് മാസം 21-ന് ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനം പ്രാപിച്ചു.

ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നുവോ? ഇക്കാര്യത്തിൽ വെളിച്ചം വീശുന്ന ഒരു സമകാലരേഖ ഈ ഗ്രന്ഥകാരൻ നിരീക്ഷിച്ചിട്ടുണ്ട്. 1812 മുതൽ 1816 വരെ തിരു-കൊച്ചിയിലെ റസിഡണ്ട് ആയിരുന്ന മൺറോ സായിപ്പ് ചർച്ച് മിഷൻ സൊസൈറ്റിക്ക് അയച്ച ഒരു കത്താണീ സമകാലരേഖ. അതിന്റെ സ്വതന്ത്ര വിവർത്തനം താഴെ ചേർക്കുന്നു:

"... ബിഷപ്പ് സ്ഥാനത്തേക്ക് ഇട്ടൂപ്പ് (ജോസഫ്) റമ്പാൻ തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് സുറിയാനിക്കാരുടെ ഇടയിലുള്ള കക്ഷിതർക്കങ്ങൾ വർദ്ധിച്ചിരിക്കുന്നു എന്ന് ഖേദപൂർവം പറയേണ്ടിയിരിക്കുന്നു."[5]

പകലോമറ്റം കുടുംബവാഴ്ച അവസാനിപ്പിക്കുന്നതിനും ഇട്ടൂപ്പ് റമ്പാനെ മലങ്കര മെത്രാപ്പോലീത്താ ആക്കണമെന്നുള്ള കേണൽ മൺറോയുടെ ആവശ്യം പരിഗണിക്കുന്നതിനുമായി മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടാനുള്ള മാർ പീലക്സീനോസിന്റെ കൽപനയിൽ "തൊഴിയൂർ ഇടവകയുടെ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ" എന്നു മാത്രമായിരുന്നു തലവാചകം (1889-ൽ റോയൽ കോർട്ട് വിധിയിൽ അവസാനിച്ച നവീകരണക്കാരുമായുള്ള സെമിനാരിക്കേസിൽ 39 അക്കപ്രമാണം).

ഈ തെരഞ്ഞെടുപ്പിനെത്തുടർന്ന് ഇട്ടൂപ്പ് റമ്പാൻ മെത്രാൻസ്ഥാനമേറ്റതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ജന്മദേശത്ത് പ്രചരിച്ചിരുന്ന ഒരു പാരമ്പര്യ വിവരണം ഫാ. ജോസ് പുലിക്കോട്ടിൽ അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ചേർത്തിട്ടുള്ളത് താഴെ കൊടുക്കുന്നു:

".... റസിഡണ്ട് മൺറോ സായിപ്പ് റമ്പാച്ചനെ കാണുകയും റമ്പാച്ചൻ മെത്രാപ്പോലീത്തായുടെ സ്ഥാനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. പക്ഷേ, സായിപ്പിന്റെ അഭ്യർത്ഥന അദ്ദേഹം നിരസിക്കുകയാണുണ്ടായത്. 'ഒരു മെത്രാപ്പോലീത്താ ആകാനുള്ള യോഗ്യതകളൊന്നും എനിക്കില്ല, ഒരു സന്യാസിയായി ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടണമെന്നാണ് എന്റെ ആഗ്രഹം.' റമ്പാച്ചന്റെ മറുപടി കേട്ട് സായിപ്പ് അത്ഭുതപ്പെട്ടു. മലങ്കരസഭയുടെ പരമോന്നത പദവി ലഭിക്കുവാൻ എല്ലാ സാഹചര്യങ്ങളുമുണ്ടായിട്ടും ആ ഉന്നതപദവി തനിക്കാവശ്യമില്ല എന്ന് മറുപടി നൽകിയ റമ്പാച്ചന്റെ മുമ്പിൽ ആ ഇംഗ്ലീഷ്കാരന്റെ തല കുനിഞ്ഞുപോയി. മലങ്കരമെത്രാപ്പോലീത്തായുടെ സ്ഥാനം പുലിക്കോട്ടിൽ റമ്പാച്ചൻ തന്നെ സ്വീകരിക്കണമെന്ന് യോഗം ഏകകണ്ഠമായി നിശ്ചയിച്ചു. അന്നുതന്നെ അവരെല്ലാവരും ഒന്നിച്ച് ചേർന്ന് സിമ്മനാരിയിലെത്തി റമ്പാച്ചനെ കണ്ടു. 'അങ്ങയെപ്പോലെ മറ്റാരെയും ഈ

സ്ഥാനത്തേക്ക് അവരോധിക്കുവാൻ ഞങ്ങൾക്കാകുന്നില്ല. ഞങ്ങളുടെ അപേക്ഷ നിരസിക്കരുതേ' – അവർ റമ്പാച്ചനോട് വിനയപൂർവം അഭ്യർത്ഥിച്ചു. മൺറോ സായിപ്പും തദവസരത്തിൽ സന്നിഹിതനായിരുന്നു. നിരന്തരമായ അവരുടെ അഭ്യർത്ഥന കേട്ട് റമ്പാച്ചൻ അവരോട് പറഞ്ഞു: നാളെ ഈ സമയത്ത് ഞാൻ നിങ്ങളെ കാണാം, സർവശക്തനായ ദൈവത്തിന്റെ കല്പന എന്താണെന്ന് അപ്പോൾ ഞാൻ നിങ്ങളെ അറിയിക്കും.

അവരെല്ലാവരും തിരിച്ചു പോയി. സന്ധ്യാനമസ്ക്കാരത്തിന് ശേഷം മുറിയിൽ കടന്ന് വാതിലടച്ച റമ്പാച്ചൻ പിറ്റേദിവസം ഉച്ചകഴിഞ്ഞാണ് വാതിൽ തുറന്നത്. ചിമ്മാർ (റമ്പാച്ചന്റെ പരിചാരകൻ) കിളിവാതിലിലൂടെ എത്തിനോക്കുമ്പോഴെല്ലാം റമ്പാച്ചൻ മുട്ടിന്മേൽനിന്ന് ഏങ്ങലടിച്ച് കരഞ്ഞ് പ്രാർത്ഥിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. റമ്പാച്ചൻ കതക് തുറന്ന് പുറത്തു വന്നപ്പോൾ റസിഡണ്ടും മറ്റുള്ളവരും അവിടെ ഹാജരുണ്ടായിരുന്നു. റമ്പാച്ചൻ മന്ദസ്മിതത്തോടെ പറഞ്ഞു: "നിങ്ങളുടെ ആഗ്രഹപ്രകാരം നടക്കട്ടെ."[6]

ഈ വിവരണത്തെ സാധൂകരിക്കുംവിധം സഭാചരിത്രകാരനായ ഇ.എം. ഫിലിപ്പ് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: "അദ്ദേഹം എപ്പിസ്ക്കോപ്പാസ്ഥാനത്തെ കാംക്ഷിച്ചിരുന്നില്ലെന്ന് മാത്രമല്ല, ഇത്തരം ഒരാവശ്യം നേരിടാതിരുന്നു എങ്കിൽ നിശ്ചയമായും അദ്ദേഹം ജീവിതാന്ത്യംവരെയും സന്തോഷത്തോടുകൂടി ഒരു റമ്പാനായിത്തന്നെ കഴിച്ചുകൂട്ടുമായിരുന്നു." അഭിനവ മെത്രാന്റെ വ്യക്തിത്വത്തിന്റെ ദീപ്തിയെ അനാവരണം ചെയ്തുകൊണ്ട് ചരിത്രകാരൻ തുടർന്നെഴുതുന്നു: "അദ്ദേഹത്തിന് സഭയുടെയും സമുദായത്തിന്റെയും അഭിവൃദ്ധിയിൽ ഹാർദ്ദമായ ഔത്സുക്യമുണ്ടായിരുന്നു എന്നും തദ്ദുദ്ദേശ്യസാധ്യത്തിന് വേണ്ടി അദ്ദേഹം അക്ഷീണയത്നം ചെയ്തിരുന്നു എന്നും ഉള്ള വസ്തുതകൾ അദ്ദേഹത്തിനനുകൂലമായി സ്മരണീയമാകുന്നു. നിഷ്കളങ്ക മനസ്സോടും നിർമ്മല മനഃസാക്ഷിയോടും കൂടിയ ആ ദൈവഭക്തൻ പക്ഷപാതരഹിതനും നിർഭയനും ആയിരുന്നത് കൂടാതെ അദ്ദേഹത്തിന്റെ ജീവിതരീതിയും നിർമ്മലമായിരുന്നു എന്നത് പ്രത്യേകാൽ പ്രസ്താവാർഹമാണ്. അദ്ദേഹം വിദ്യാഭ്യാസത്തിന് ഒരു സഹായിയും സുറിയാനിഭാഷാ പണ്ഡിതനും പ്രസിദ്ധ വാഗ്മിയും ആയിരുന്നു. ചുരുക്കിപ്പറയുന്നതായാൽ അദ്ദേഹം സുറിയാനി സമുദായത്തിന്റെ എന്നല്ല, ഏതദ്ദേശീയ രാജ്യങ്ങളായ തിരുവിതാംകൂറിലേയും കൊച്ചിയിലേയും വിദ്യാഭ്യാസത്തിന്റെ പ്രാരംഭപ്രവർത്തകനായിരുന്നു എന്നത് അവിതർക്കിതമാകുന്നു. എങ്ങനെയെന്നാൽ വളരെ നാളുകൾക്ക് മുമ്പ് തന്നെ നിർത്തലായിപ്പോയ പോർച്ചുഗീസുകാരുടെ വക കൊടുങ്ങല്ലൂർ, വൈപ്പിക്കോട്ട എന്നീ സ്ഥലങ്ങളിലെ സിമ്മനാരികൾ ഒഴിച്ചാൽ ദീവന്നാസ്യോസിന്റെ ഈ സിമ്മനാരി വിദ്യാ

പ്രചാരണോദ്ദേശ്യത്തോടുകൂടി നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളിൽ പ്രധാനമായിരുന്നുവെന്ന് നിർവ്വിശങ്കം പ്രസ്താവിക്കാം."[7]

സമകാല പ്രസ്താവനകൾ ഈവിധം ആയിരിക്കേ ഇവയെ ചോദ്യം ചെയ്യുന്ന ചില പില്ക്കാല പരാമർശങ്ങൾ ഉണ്ടായിട്ടുള്ള കാര്യം ഇവിടെ മറച്ചുവക്കേണ്ടതില്ല. റോയൽ കോടതി വിധിയിലെ ഒരു പരാമർശം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:

"പുലിക്കോട്ടിൽ ദീവന്നാസ്യോസ്, തനിക്ക് ക്രമപ്രകാരമുള്ള സ്ഥാനാഭിഷേകം ലഭിച്ചതായി ഭാവിച്ചുകൊണ്ട്..."[8]

ഇതാണ് പ്രസക്തമായ വാക്യം. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ സ്ഥാനം അസാധുവാണെന്ന വിവരം ബഹു. ജഡ്ജിമാർക്ക് എവിടെ നിന്നാണ് കിട്ടിയതെന്നറിഞ്ഞു കൂടാ. ജഡ്ജിമാർ മുഖ്യമായും അവലംബമാക്കുന്നത് ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്രമാണെന്ന് അവർ അവകാശപ്പെട്ടിട്ടുള്ളതിനാൽ[9] ഇട്ടൂപ്പ് റൈട്ടറുടെ പരാമർശമാകാം അവരെ വഴിതെറ്റിച്ചത്. ഇട്ടൂപ്പ് റൈട്ടർ അക്കാര്യം പ്രസ്താവിക്കുന്നതിപ്രകാരമാണ്:

"... ഇട്ടൂപ്പ് റമ്പാൻ സിമ്മനാരിയിൽ പഠിത്തം കുറേശ്ശെ നടത്തിവരുന്നതിനിടയിൽ 991 മീനമാസം 9-ാം തീയതി, അഞ്ഞൂർ ചെന്ന് പീലക്സിനോസ് മെത്രാനോട് പഴഞ്ഞി പള്ളിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന് പേരും മെത്രാന്റെ സ്ഥാനവും ഏറ്റുകൊണ്ട് തിരികെ കോട്ടയത്ത് ചെന്ന് സിമ്മനാരിയിൽത്തന്നെ താമസിച്ചു."[10]

വളരെ ഉദാസീനമായാണ് ഇട്ടൂപ്പ് റൈട്ടർ ഈ ഭാഗം രേഖപ്പെടുത്തിയത് എന്ന് തെളിയിക്കുവാൻ പ്രയാസമില്ല. മെത്രാൻ സ്ഥാനമേറ്റ കൊല്ലം ഇട്ടൂപ്പ് റൈട്ടർ നൽകിയത് 991 മീനം ആണ്. ഇത് എ.ഡി. യിലേക്ക് കണക്കാക്കുമ്പോൾ 1816 ആണ്. ഇത് തീർത്തും തെറ്റാണ്. ഇദ്ദേഹം 1815-ൽ സ്ഥാനമേറ്റതിന് അനേകം തെളിവുകൾ ഉദ്ധരിക്കാനാവും.

തൊഴിയൂരിലെ സഭാധ്യക്ഷന്മാരുടെ മെത്രാൻസ്ഥാനം സാധുവല്ല എന്ന ചിന്തയാവാം ഇട്ടൂപ്പ് റൈട്ടറെ ഇത്രയും ഉദാസീനമായി കാര്യങ്ങൾ രേഖപ്പെടുത്തുവാൻ പ്രേരിപ്പിച്ചത്.

ഇട്ടൂപ്പ് റൈട്ടറെ അന്ധമായി വിശ്വസിച്ചുകൊണ്ട് സ്ഥാനാഭിഷേകത്തിന്റെ വർഷം 1816 ആണെന്ന് പഴഞ്ഞിപ്പള്ളിയിൽ 1980-ന് ശേഷം സ്ഥാപിച്ച ഒരു മാർബിൾ സ്ലാബിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോട്ടയം പഴയസെമിനാരിയിൽ അദ്ദേഹത്തിന്റെ കബറിടത്തിന് സമീപം സ്ഥാപിച്ച ഫലകത്തിൽ സ്ഥാനാഭിഷേക വർഷം രേഖപ്പെടുത്തിയത് 990 മീനം 9 (1815) എന്നാണ്.

1816 ജനുവരി 10-ന് നിര്യാതനായ എട്ടാം മാർത്തോമ്മാ നിര്യാതനാ

കുന്നതിന് മുമ്പ് ചെയ്ത രണ്ട് കാര്യങ്ങൾ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

1. പുലിക്കോട്ടിൽ മെത്രാന്റെ സ്ഥാനാഭിഷേകത്തിനെതിരായി സർക്കാരിലേക്ക് പരാതിയയച്ചത്.

2. കടമറ്റത്തുകാരൻ അയിപ്പ് കശീശായെ ഒമ്പതാം മാർത്തോമ്മാ ആയി വാഴിച്ചത്.

ഈ രണ്ടു കാര്യങ്ങളും ഇട്ടൂപ്പ് റൈട്ടർ വിവരിച്ചിട്ടുള്ളതിപ്രകാരമാണ്:

"അഞ്ഞൂർ ചെന്ന് പീലക്സിനോസ് മെത്രാനോട് പഴഞ്ഞി പള്ളിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന് പേരും മെത്രാന്റെ സ്ഥാനവും ഏറ്റുകൊണ്ട് തിരിയെ കോട്ടയത്തു വന്ന് സിമ്മനാരിയിൽ തന്നെ താമസിച്ചു. ഈ വിവരം മാർത്തോമ്മാ മെത്രാൻ കേട്ടാറെ വളരെ വിഷാദത്തിനും ഖേദത്തിനും ഇടയായി. എന്ന് തന്നെയല്ല, ഈ വിചാരം നിമിത്തം ദേഹസുഖം ഇല്ലാതെ തീർന്ന് ... 'നമ്മുടെ കാരണവന്മാരല്ലാതെ ഈ ജാതിക്ക് വേദതലവന്മാർ ഉണ്ടായിട്ടില്ലെന്നും അപ്രകാരം ഇപ്പോഴും നടത്തിത്തരുമാറാകണമെന്നും' മറ്റും ഓരോ സങ്കടങ്ങൾ സായിപ്പവർകളെ ബോധിപ്പിച്ചാറെ അതിന് ഒന്നിനും ഒരു മറുപടി ഉണ്ടായിട്ടില്ല. ... പിന്നീട് ഇട്ടൂപ്പ് റമ്പാൻ മെത്രാന്റെ സ്ഥാനം ഏറ്റ സംഗതിയും ബോധിപ്പിച്ചാറെ ഒരു തീർച്ച കൂടാതെയും കാൺകയാൽ മാർത്തോമ്മാ മെത്രാൻ വളരെ വിഷാദത്തിനും രോഗവർദ്ധനയ്ക്കും ഇട ആയാറെ കടമറ്റത്ത് തന്റെ ചിറ്റപ്പൻ അയിപ്പ് കശീശായെ വരുത്തി മെത്രാൻ എന്ന് പേരും കൊടുത്ത് വാഴിക്കയും 1816-ന് ... നിരണത്ത് വച്ച് കഴിഞ്ഞ് പുത്തൻകാവ് പള്ളിയിൽ അടക്കുകയും ചെയ്തു."

ബിഷപ്പ് ബ്രൗൺ തന്റെ ഇന്ത്യൻ ക്രിസ്ത്യൻസ് ഓഫ് സെന്റ് തോമസ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.[12]

"1815-ൽ ഇട്ടൂപ്പ് റമ്പാൻ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മാർ പീലക്സീനോസിൽ നിന്ന് അഭിഷേകം സ്വീകരിച്ചു. സ്വാഭാവികമായും മാർത്തോമ്മാ ഇക്കാര്യത്തിൽ റസിഡണ്ടിന്റെ പക്കൽ പരാതി നൽകി എങ്കിലും നടപടി ഒന്നും ഉണ്ടായില്ല. അദ്ദേഹം 1816 ജനുവരി 10-ന് അന്തരിച്ചു" (സ്വതന്ത്ര വിവർത്തനം - ഗ്രന്ഥകർത്താവ്).

രണ്ടു കാര്യം ഇവിടെ പ്രത്യേകാൽ ശ്രദ്ധേയം.

1. പുലിക്കോട്ടിൽ മെത്രാന്റെ വാഴ്ചയെപ്പറ്റി എട്ടാം മാർത്തോമ്മാ റസിഡണ്ടിനോട് പരാതിപ്പെട്ടു.

2. നടപടി ഒന്നും ഉണ്ടാവാത്തതിനാൽ ഒമ്പതാം മാർത്തോമ്മായെ

വാഴിച്ചു.

3. 1816 ജനുവരി 10-ന് അദ്ദേഹം നിര്യാതനാവുകയും ചെയ്തു.

ഈ സാഹചര്യത്തിൽ സ്ഥാനാഭിഷേകം നടന്നു എന്ന് ഇട്ടൂപ്പ് റൈട്ടർ രേഖപ്പെടുത്തിയ വർഷം ശരിയല്ല. പട്ടംകൊട നടന്നത് 1815-ൽ എന്ന് ബിഷപ്പ് ബ്രൗണും കോട്ടയം സെമിനാരി ഫലകത്തിലും നിരണം ഗ്രന്ഥ വരിയിലും രേഖപ്പെടുത്തിയിട്ടുള്ളത് ആണ് ശരി.

കിടങ്ങൻ മാർ പീലക്സീനോസിൽനിന്ന് പുലിക്കോട്ടിൽ മാർ ദീവ ന്നാസ്യോസ് മെത്രാൻപട്ടം സ്വീകരിച്ചതുമൂലം തൊഴിയൂരിന്റെ മെത്രാൻ സ്ഥാനം അന്യൂനമാണെന്ന് ചിലർ അവകാശപ്പെടുന്നതു കണ്ടിട്ടുണ്ട്. തൊഴിയൂരിന്റെ സ്ഥാപകൻ സാധുവായി മേൽപ്പട്ടം ഏറ്റുവോ എന്നത് ഇന്നും സംഗതമായ ചോദ്യമാണ്. അദ്ദേഹം മെത്രാൻസ്ഥാനമേറ്റതിന് യാതൊരു രേഖയും സാക്ഷിയുമില്ല. പട്ടംകൊടയെപ്പറ്റിയുള്ള വാർത്ത മാർ ഗ്രീഗോറിയോസ് നിഷേധിച്ചതായി നിരണം ഗ്രന്ഥവരി ചൂണ്ടിക്കാട്ടുന്നു. കൈവെപ്പ് ശുശ്രൂഷ എന്നാൽ സ്ഥാനാർത്ഥിയുടെ തലയിൽ കൈവെ യ്ക്കുക മാത്രമാണെന്ന് ചില ശുദ്ധാത്മാക്കൾ ധരിച്ചുവശായിട്ടുണ്ട്. എട്ടാം മാർത്തോമ്മായുടെ കാര്യത്തിലും അതു സംഭവിച്ചിട്ടുണ്ട്. കൈവെപ്പ് എന്നാൽ വി. കുർബ്ബാനയുടെ മദ്ധ്യത്തിൽ കാർമ്മികർ ദീർഘമായി നട ത്തുന്ന ഒരു ശുശ്രൂഷയുടെ മദ്ധ്യേ ക്രൊയ്ത്തൊദ്റൂഹോ കാദീശോയുടെ വിളി (പരിശുദ്ധാത്മാഹ്വാനത്തിന്റെ വിളി) സുദീർഘമായ പ്രാർത്ഥന യായി നടത്തി വി. രഹസ്യങ്ങളിന്മേലും സ്ഥാനാർത്ഥിയുടെമേലും മുമ്മൂന്ന് പ്രാവശ്യം കൈ ആഘോഷിച്ച് അഭിഷേകം നടത്തുന്ന ഒരു ക്രിയയാണ്. പട്ടംകൊടക്രമത്തിലെ പ്രാർത്ഥന ചൊല്ലുവാനോ ക്രിയകൾ നടത്തുവാനോ കഴിവില്ലാത്ത അവസ്ഥയിലായിരുന്നു അന്ന് മാർ ഗ്രീഗോ റിയോസ്. അല്ലെങ്കിൽ അദ്ദേഹം അന്ന് വി. കുർബ്ബാന അർപ്പിക്കുമായിരു ന്നല്ലോ (കാറ്റാടി റമ്പാനാണ് അന്ന് കുർബ്ബാന അർപ്പിച്ചതെന്ന് എല്ലാ വരും തർക്കമെന്യേ സമ്മതിക്കുന്നുണ്ട്. അന്നു നടന്നത് റമ്പാൻദാന ശുശ്രൂഷ ആയിരിക്കാനേ തരമുള്ളു എന്നാണ് സാഹചര്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്).

(മറ്റൊരു കാര്യം ഇവിടെ രേഖപ്പെടുത്തുവാനുള്ളത്, എപ്പിസ്ക്കോപ്പാ സ്ഥാനം മേലധ്യക്ഷതയുടെ സ്ഥാനമാണ്. കഹനൂസായുടെ നൽവരം കാശീശാ പട്ടമേറ്റപ്പോൾ ലഭിച്ച ഒരാളിന് ഔപചാരികമായി അംശവടി നൽകി മേലധ്യക്ഷതയെ പ്രഖ്യാപിക്കുന്ന ശുശ്രൂഷയാണ് മേല്പട്ട സ്ഥാനദാനത്തിൽ നിർവഹിക്കുന്നത്. കശീശാസ്ഥാനമേറ്റ ഒരാളിന്മേൽ ആവർത്തിക്കാൻ ആവശ്യമില്ലാത്ത പല ക്രിയകളും ഇന്ന് എപ്പിസ് ക്കോപ്പാ സ്ഥാനാരോഹണത്തിൽ നിർവഹിക്കുന്നത് സത്യത്തിൽ അനി

വാര്യമല്ല. അംശവടി ദാനവും ഒക്സിയോസ് വിളിയും മതി. കശീശാസ്ഥാനം ഏറ്റിട്ടില്ലാത്ത ഒരു സ്ഥാനാർത്ഥിയുടെ കാര്യത്തിൽ നാം ഇന്ന് ചെയ്യുന്ന ശുശ്രൂഷ സംഗതവും അനിവാര്യവുമാണ്. ശുദ്ധീകരിക്കുവാനും (മ്ദക്കിയോനോ) പ്രകാശിപ്പിക്കുവാനും (മ്നഹറോനോ) ഉള്ള നൽവരങ്ങൾ – പൗരോഹിത്യ നൽവരങ്ങൾ – രണ്ടു കാൽമുട്ടുകൾ കുത്തി നിൽക്കുന്ന കശ്ശീശാസ്ഥാനാർത്ഥി പ്രാപിക്കുന്നതായി പട്ടംകൊടയുടെ മൂലഭാഷയിലുള്ള കുറിപ്പുകളിലും പട്ടംകൊടയുടെ വ്യാഖ്യാനത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ എപ്പിസ്ക്കോപ്പായുടെ സ്ഥാനം ഔപചാരികമായി ലഭിച്ചിട്ടില്ലെങ്കിലും എട്ടാം മാർത്തോമ്മായുടെയും കാട്ടുമങ്ങാട്ട് കൂറിലോസിന്റെയും പൗരോഹിത്യപദവി അന്യൂനമാണ്. പൗരോഹിത്യമുള്ളവന് പൗരോഹിത്യനൽവരം പകരാം എന്ന ശ്ലൈഹിക പാരമ്പര്യം അനുസരിച്ച് ഒന്നാം മാർത്തോമ്മാ ഏറ്റസ്ഥാനം പോലെ എട്ടാം മാർത്തോമ്മായിൽ നിന്നും കാട്ടുമങ്ങാട്ട് കൂറിലോസിൽ നിന്നും സ്ഥാനമേറ്റവർക്കു പൗരോഹിത്യപരമായി ന്യൂനതയൊന്നും പറയാനാവില്ല. ആ അർത്ഥത്തിൽ പുലിക്കോട്ടിൽ മെത്രാച്ചനും പുന്നത്ര മെത്രാച്ചനും ചേപ്പാട്ട് മെത്രാച്ചനും ഏറ്റ സ്ഥാനങ്ങൾ തികച്ചും സാധുവാണ് (ഇന്നത്തെ അർത്ഥത്തിലല്ല; ശ്ലൈഹികകാലത്തെ ശൈലിയിൽ). അപ്പോഴും കാട്ടുമങ്ങാട്ട് കൂറിലോസ് മേല്പട്ടസ്ഥാനം ഏറ്റിരുന്നില്ല എന്ന നിരണം ഗ്രന്ഥവരിയിലെയും കണ്ടനാട് ഗ്രന്ഥവരിയിലെയും നിരീക്ഷണങ്ങളെ അവഗണിക്കുവാനാകുകയില്ല. അലക്സാണ്ട്രിയൻ സഭയിൽ 12 കശീശമാർ ചേർന്ന് അവരുടെ അധ്യക്ഷനായ ബിഷപ്പിനെ വാഴിക്കാറുണ്ടായിരുന്നു എന്ന ചരിത്രസാക്ഷ്യം ഇതോടൊന്നിച്ച് വായിച്ചാൽ ആശയകുഴപ്പം മാറിക്കിട്ടും).

മലങ്കരസഭയുടെ പുത്തൻ പ്രതീക്ഷകളുടെ പ്രതീകമായി മെത്രാൻ സ്ഥാനമേറ്റ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായെ പഴഞ്ഞിപ്പള്ളിയിൽ നിന്ന് അതിഗംഭീരമായ ഘോഷയാത്രയുടെ അകമ്പടിയോടെ പാലൂർ ചാട്ടുകുളങ്ങര പള്ളിയിലേക്ക് എതിരേറ്റു. കുന്നംകുളത്തുനിന്ന് ഉദ്ദേശം 5 കിലോമീറ്റർ ദൂരമുള്ള പഴഞ്ഞിയിലേക്ക് കുന്നംകുളത്തെ എല്ലാ ക്രിസ്ത്യാനികളും കാൽനടയായും മറ്റും എത്തിച്ചേർന്നു. ... ഘോഷയാത്ര കുന്നംകുളത്ത് മണക്കുളം രാജകൊട്ടാരത്തിന് മുമ്പിൽ എത്തിയപ്പോൾ രാജാവ് പരിവാരസമേതം കത്തിച്ച എണ്ണവിളക്കുകളുമായി കാത്തുനില്പുണ്ടായിരുന്നു. തിരുമേനി പല്ലക്കിൽ നിന്നിറങ്ങി. രാജാവ് അദ്ദേഹത്തെ പൂമാല ചാർത്തി സ്വീകരിച്ചു. ... മണക്കുളം സൈന്യത്തിന്റെ അധിപനായിരുന്ന പുലിക്കോട്ടിൽ തറവാട്ടിലെ പഴയ കാരണവർ ചിമ്മാരിനെ സ്മരിച്ചുകൊണ്ട് മണക്കുളം രാജാവ് തിരുമേനിയുടെ വിരലിൽ പച്ച രത്നം പതിച്ച ഒരു തങ്കമോതിരം അണിയിച്ചു.[13]

സഭാചരിത്ര കാര്യങ്ങൾ വളരെ ലാഘവത്തോടെ നിരീക്ഷിക്കുന്ന ചിലർ ഈ സ്ഥാനവാഴ്ചയെപ്പറ്റി ഉദാസീനമായി എഴുതിയ ഒരു പ്രസ്താവന ഇപ്രകാരമാണ്:

'എട്ടാം മാർത്തോമ്മായുടെ കാലശേഷം മലങ്കരസഭയ്ക്ക് ശരിയായ നേതൃത്വത്തിന് ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ മലങ്കരസഭയുടെ കാര്യം ഏറ്റെടുക്കുകയും സഭയ്ക്ക് ഇന്നും അഭിമാനിക്കുവാൻ ഉതകുമാറ് പ്രശസ്തിയാർജ്ജിച്ചിരിക്കുന്ന വൈദികസിമ്മനാരിക്ക് അഥവാ പഴയസിമ്മനാരിക്ക് തുടക്കം കുറിക്കുകയും ചെയ്ത പരിശുദ്ധനായ ജോസഫ് മാർ ദീവന്നാസ്യോസ് ആയിരുന്നു പുലിക്കോട്ടിൽ തറവാട്ടിൽ നിന്നുള്ള ആദ്യത്തെ മെത്രാപ്പോലീത്താ'.[14]

എട്ടാം മാർത്തോമ്മായുടെ കാലശേഷമല്ല, അദ്ദേഹത്തിന്റെ കാലത്ത് തന്നെയാണ് ചരിത്രപുരുഷൻ സ്ഥാനമേറ്റത് എന്ന് മുകളിൽ നിന്ന് വ്യക്തമാണല്ലോ.

ഇനിയും സ്ഥാനാഭിഷേകം നടന്ന പഴഞ്ഞിപള്ളി തൊഴിയൂർ മെത്രാന്റെ അധികാരത്തിൻകീഴിലായിരുന്നു എന്ന പ്രസ്താവന ശ്രദ്ധിക്കാം. ഫാ. കെ. സി. വർഗ്ഗീസ് എഴുതുന്നു:

"ഈ മാർ പീലക്സീനോസ് കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ ... ദീവന്നാസ്യോസ് എന്ന സ്ഥാനനാമത്തിൽ ആർത്താറ്റ് പള്ളി ഇടവകയിൽപെട്ട പഴഞ്ഞിപള്ളിയിൽ വച്ചാണ് വാഴിച്ചത്. തൊഴിയൂരിലെ മെത്രാപ്പോലീത്തായ്ക്ക് യാതൊരു അധികാരവും ഇല്ലാത്ത ഒരു പള്ളിയിൽവച്ച് ഒരു സ്ഥാനാഭിഷേക ശുശ്രൂഷ നടത്തുക സാധാരണമല്ലല്ലോ."[15]

പഴഞ്ഞി പള്ളിയുടെമേൽ തൊഴിയൂരിലെ മാർ പീലക്സീനോസിന് മേലധികാരമുണ്ടെന്ന് സൂചിപ്പിക്കുവാൻ അദ്ദേഹം അവലംബമാക്കുന്ന തെളിവ്, പഴഞ്ഞിയിൽ വച്ച് തൊഴിയൂരിലെ മെത്രാൻ സ്ഥാനാഭിഷേകം നടത്തി എന്നത് മാത്രമാണ്. അദ്ദേഹം അവലംബമാക്കുന്ന ഈ തെളിവ് മാനദണ്ഡമാക്കിയാൽ അദ്ദേഹം പുന്നത്ര മെത്രാനെയും ചേപ്പാട്ട് മെത്രാനെയും വാഴിച്ച കോട്ടയം ചെറിയപള്ളി തൊഴിയൂരിലെ മെത്രാന്റെ കീഴിലാണെന്ന് പറയണമല്ലോ. മാത്രവുമല്ല തൊഴിയൂരിന്റെ കൂത്തൂർ മാർ കൂറിലോസിനെ ചേപ്പാട്ടു മെത്രാച്ചനും തൊഴിയൂരിന്റെ പല അധ്യക്ഷന്മാരെ മാർത്തോമ്മാ സഭയിലെ മേലധ്യക്ഷന്മാരും വാഴിച്ചതുകൊണ്ട് ചേപ്പാട്ട് മെത്രാച്ചനും അതത് കാലത്തെ മാർത്തോമ്മാസഭയുടെ അധ്യക്ഷന്മാർക്കും തൊഴിയൂർ പള്ളിയുടെമേൽ അധികാരം ഉണ്ടെന്ന് വരുമല്ലോ. തീരെ ബാലിശമായ ഈ വാദഗതിക്ക് ഇപ്രകാരം ചില വ്യാപ്തികൾ സാധ്യമാണെന്ന് മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ചരിത്രകാരൻ വിചാരിച്ചിരിക്കുകയില്ല.

പഴഞ്ഞിയിൽ വച്ച് സ്ഥാനാഭിഷേകം നടന്നത് ചരിത്രപരമായ ചില സാഹചര്യങ്ങൾ നിമിത്തമാണ്. കാട്ടുമങ്ങാട്ട് കൂറിലോസ് തിരുവിതാംകൂറിലും കൊച്ചിയിലും മെത്രാൻസ്ഥാനത്തിനടുത്ത കർമ്മങ്ങൾ നടത്തുവാൻ പാടില്ല എന്ന് രാജകീയവിധി നിലവിലുണ്ടായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ പിൻഗാമിയായ കിടങ്ങൻ മാർ പീലക്സിനോസിനും ഈ വിധി സാങ്കേതികമായി ബാധകമാകയാൽ അക്കാര്യം ഉന്നയിച്ച് എട്ടാം മാർത്തോമ്മാ പരാതി ഉന്നയിക്കുവാനിടയുള്ളതിനാൽ ആ സാധ്യതയുടെ പഴുത് അടയ്ക്കേണ്ടത് ആവശ്യമായിരുന്നു. അക്കാലങ്ങളിൽ പോർക്കളം, പഴഞ്ഞി, കാട്ടകാമ്പാൽ, കടവല്ലൂർ എന്നീ സ്ഥലങ്ങൾ ബ്രിട്ടീഷ് കൊച്ചി (ശീമ) യിൽപെട്ട പ്രദേശങ്ങൾ ആയിരുന്നു. തന്മൂലം കാട്ടുമങ്ങാട്ട് കൂറിലോസിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിൽ നിലവിലിരുന്ന നിരോധനം കൊച്ചി ശീമയിൽപെട്ട പഴഞ്ഞിപ്രദേശത്ത് ബാധകമാകുമായിരുന്നില്ല. ഈ സാങ്കേതികമായ സുരക്ഷിതത്വമാണ് സ്ഥാനാഭിഷേകം പഴഞ്ഞിയിൽ വച്ച് നടന്നതിന്റെ സാഹചര്യം. പാലൂർ പ്രദേശത്തിന്റെ പൗരാണികതയും സ്ഥാനാർത്ഥിയുടെ ആത്മമാതാവ് എന്ന പ്രാധാന്യവും ചാട്ടുകുളങ്ങര പള്ളിയുടെ പ്രധാന ഉപദേവാലയം എന്ന മേൽവിലാസവും സർവോപരി അന്ന് പഴഞ്ഞിപള്ളിയുടെ ചുമതല വഹിച്ചിരുന്ന ചീരൻ യാക്കോബ് കശീശായുടെ ചടുല നേതൃത്വവും തൊഴിയൂരിനോടുള്ള സൗഹൃദവും ആ സാഹചര്യത്തെ സർവസമ്മതമാക്കുന്ന ഘടകങ്ങളായിരുന്നു. യാത്രാസൗകര്യമായിരുന്നു മറ്റൊരു ഘടകം. പഴഞ്ഞിയിലെ ചിറ്റക്കുളം അന്നൊക്കെ ഒരു ചെറു തുറമുഖം തന്നെയായിരുന്നു. കേരളത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്തിരുന്ന നദികളും കായലുകളും അറബിക്കടലിന്റെ കിഴക്കൻ ഭാഗങ്ങളും ബന്ധിപ്പിച്ചുകൊണ്ട് അന്ന് ജലഗതാഗതം സുഗമമായിരുന്നു (പഴഞ്ഞിയിലെ ചിറ്റക്കുളത്തിൽ നിന്ന് കൊച്ചിയിലേക്ക് 'ബിയ്യം' വഴി നിത്യവും ചരക്കുഗതാഗതവും യാത്രാസൗകര്യവും ഈ അടുത്ത കാലംവരെ ഉണ്ടായിരുന്നു. റെയിൽവേ വികസനം, റോഡ് വികസനം എന്നിവയുടെ ഫലമായി ഇന്ന് ജലഗതാഗതം നിലച്ചിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പഴഞ്ഞി സന്ദർശിച്ച വാർഡും കോണറും പഴഞ്ഞിയിലെ ഈ വ്യാപാരസങ്കേതത്തെക്കുറിച്ചും ഇവിടത്തെ സുറിയാനി ദേവാലയത്തെപ്പറ്റിയും അവരുടെ ചരിത്രവിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്).

1653 മുതൽ 1815 വരെ പകലോമറ്റം മെത്രാന്മാർ ഭരണം നടത്തിയിരുന്ന കാലങ്ങളിൽ ഒന്നാം മാർത്തോമ്മാ, നാലാം മാർത്തോമ്മാ, അഞ്ചാം മാർത്തോമ്മാ, ആറാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ എന്നിവരുടെ സ്ഥാനസാധുത സംബന്ധിച്ച് സഭയിൽ ഉയർന്നുവന്ന കലഹങ്ങൾ സഭയെ മാത്രമല്ല, നാടിന്റെ സമാധാന കാലാവസ്ഥയെപ്പോലും പല

പ്പോഴും അപകടത്തിലാക്കിയിരുന്നു. തന്മൂലം ജനാധിപത്യ സമ്പ്രദായ ത്തിലുള്ള തെരഞ്ഞെടുപ്പ് മുഖേന സർവസമ്മതമായി വാഴിക്കപ്പെടുന്ന മെത്രാനെന്ന നിലയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് രാജ കീയ അംഗീകാരം നൽകുന്നവിധം ഒരു വിളംബരം പുറപ്പെടുവിക്കുവാൻ റസിഡണ്ടിന്റെ ശുപാർശപ്രകാരം രാജാക്കന്മാർ തീരുമാനിച്ചു. മാർ ദീവ ന്നാസ്യോസ് സ്ഥാനമേല്ക്കുമ്പോൾ സ്ഥാനസാധുത നഷ്ടപ്പെട്ട എട്ടാം മാർത്തോമ്മാ ജീവിച്ചിരുന്നതിനാൽ അദ്ദേഹം കാലംചെയ്യുന്നതുവരെയും വിളംബരം പ്രസിദ്ധപ്പെടുത്തിയില്ല. 1816 ജനുവരി 10-ന് എട്ടാം മാർത്തോമ്മാ നിര്യാതനായതിനുശേഷം തിരുവിതാംകൂർ-കൊച്ചി സർക്കാ രുകൾ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെ മലങ്കര മെത്രാനായി എല്ലാ ഇടവകകളും അംഗീകരിച്ച് അനുസരിച്ചുകൊള്ളണം എന്ന് രാജ കീയ വിളംബരം പുറപ്പെട്ടു (രാജകീയ വിളംബരം മുഖേന മലങ്കര മെത്രാൻ സിവിൽ അധികാരികളുടെ അംഗീകാരം നേടുന്ന കേരളത്തിലെ ആദ്യ സംഭവമാണിത്. അഞ്ചാറ് പതിറ്റാണ്ടുകാലം ഈ പതിവ് തിരുവി താംകൂർ-കൊച്ചി പ്രദേശങ്ങളിൽ നിലനിന്നു. അക്കാലങ്ങളിൽ പല വൈദേശിക ഇടപെടലുകളെയും ഫലപ്രദമായി ചെറുക്കുവാൻ ഈ സംവിധാനം പ്രയോജനപ്പെട്ടതായി കാണാം. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണപ്രസ്ഥാനത്തെ തുടർന്നാണ് ഈ സംവിധാനം മലങ്കരസഭയിൽ അസ്തമിച്ചത്).

രാജകീയ വിളംബരത്തെപ്പറ്റി കുറുപ്പമ്പടി പള്ളിയുടെ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "... എട്ടാം മാർത്തോമ്മാ അശ ക്തൻ ആയിരുന്നതിനാൽ സിമ്മനാരിയിലെ പഠിത്തത്തിനായി വട്ടിപ്പണം വാങ്ങിക്കാൻ തൊഴിയൂർ ഇടവകയുടെ മാർ പീലക്സിനോസിനോട് പുലി ക്കോട്ടിൽ ജോസഫ് റമ്പാച്ചൻ, എട്ടാം മാർത്തോമ്മായുടെ അന്ത്യത്തിൽ മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മെത്രാൻപട്ടം ഏറ്റു. ഇദ്ദേ ഹത്തെ അനുസരിച്ചുകൊള്ളണമെന്ന് തിരുവിതാംകൂർ-കൊച്ചി ഗവണ്മെ ന്റുകൾ ഒരു വിളംബരം പുറപ്പെടുവിച്ചു. ഇപ്രകാരം തിരുവെഴുത്ത് വിളം ബരം നടപ്പിലായി. മാർ ദീവന്നാസ്യോസ് ... ന്റെ സ്ഥാനാരോഹണം മല ങ്കരയുള്ള എല്ലാ പള്ളിക്കാർക്കും സന്തോഷപ്രദമായിരുന്നു. കീഴ്നടപ്പ നുസരിച്ച് തിരുമേനിയെ മോതിരം ഇടുവിക്കുന്നതിനായി ഈ പള്ളിയിൽ നിന്ന് 991-ൽ (1815) യോഗക്കാർ പോയിരുന്നു."[16]

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാൻ സ്ഥാനത്ത് പ്രവേശിച്ചതിൽ മലങ്കരയുടെ ഇടവകകളെല്ലാം ആഹ്ലാദം കൊണ്ടു. പകലോമറ്റം കുടുംബവാഴ്ചയുടെ പത്മവ്യൂഹം വിജയകരമായി ഭേദിച്ച അഭിനവ 'അഭിമന്യു' ആയ വൃദ്ധ മഹാപുരോഹിതനെ ഏവരും ഹൃദയപൂർവം അഭിനന്ദിച്ചു. വാർദ്ധക്യത്തിൽ - എഴുപത്തിഅഞ്ചാം വയ സ്സിൽ - മെത്രാൻപദം പ്രാപിച്ച അദ്ദേഹത്തിന് ചില കയ്പേറിയ ദൗത്യ ങ്ങൾ നിർവഹിക്കാനുണ്ടായിരുന്നു.

എട്ടാം മാർത്തോമ്മാ സ്മര്യപുരുഷനെതിരായി നൽകിക്കൊണ്ടിരുന്ന പരാതികൾ വേണ്ടത്ര പരിഗണിക്കപ്പെടാതിരുന്നതിന്റെ അരിശം തീർക്കാനായി തന്റെ പിൻഗാമി എന്ന നിലയിൽ കടമറ്റത്തെ അയിപ്പ് കത്തനാരെ ഒമ്പതാം മാർത്തോമ്മാ എന്ന പേരിൽ അദ്ദേഹം വാഴിച്ചു. നിരണം ഗ്രന്ഥവരി രേഖപ്പെടുത്തുന്നത് കാണുക:

"ദീനം പരവേശം ആയപ്പോൾ പുത്തൻകാവിൽ വച്ച് അദ്ദേഹത്തിന്റെ ചിറ്റപ്പൻ അയിപ്പ് കത്തനാർക്ക്, വയസ്സാകകൊണ്ട്, പൈനുംമൂട്ടിൽ കത്തനാരെക്കൊണ്ട് കുർബ്ബാനയും ചൊല്ലിച്ച് മാർത്തോമ്മാ മെത്രാന്റെ സ്ഥാനം അയിപ്പ് കത്തനാർക്ക് കൊടുത്തു."[17]

എട്ടാം മാർത്തോമ്മായുടേതെന്നപോലെ ഈ സ്ഥാനദാനവും അസാധുവായിരുന്നു. തലയിൽ മുൻഗാമി കൈവച്ചാൽ സ്ഥാനപ്രാപ്തിയ്ക്കു സാധുത്വം ലഭിക്കുമെന്ന തെറ്റിദ്ധാരണയാണ് ഈ നടപടികളുടെ പശ്ചാത്തലം.

സുറിയാനി സഭയിൽ ഏതൊരു കൂദാശയുടെയും സാധുത്വം അംഗീകരിക്കപ്പെടുന്നതിന് കൃത്യമായ ചില വ്യവസ്ഥകൾ ഉള്ളത് യൂഹാനോൻ സേവേറിയോസ് മെത്രാപ്പോലീത്താ (നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ) ചൂണ്ടിക്കാണിച്ചിട്ടുള്ളത് താഴെ പറയുംപ്രകാരമാണ്.

"ഒരു പ്രാർത്ഥനയേക്കാളും ശുശ്രൂഷയേക്കാളും കൂദാശയ്ക്കുള്ള ശ്രേഷ്ഠത, കൂദാശയിൽക്കൂടെ ഒരു ദൈവികകൃപ (Grace) നമുക്ക് ലഭിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ട് അതിന്റെ അനുഷ്ഠാനത്തിൽ സുനിശ്ചിതങ്ങൾ ആയി ചില അടിസ്ഥാനതത്വങ്ങൾ ഉണ്ടായിരിക്കണം.

a. കാർമ്മികന്റെ സ്ഥാനസാധുത്വം. കർത്താവിൽ നിന്ന് ശ്ലീഹന്മാർ വഴിയായി പിൻഗാമികളിൽ കൂടി നിലനിന്നു വരുന്ന കൈവെപ്പോടു കൂടിയ ഒരു പട്ടക്കാരൻ ആയിരിക്കണം കാർമ്മികൻ.

b. കൂദാശകളിൽ ഉപയോഗിക്കുന്ന പദാർത്ഥങ്ങളുടെ നിജാവസ്ഥ. കർത്താവ് നിശ്ചയിച്ച് കല്പിച്ചിട്ടുള്ള പദാർത്ഥങ്ങളല്ലാതെ മറ്റു പദാർത്ഥങ്ങൾ കൂദാശാസാധനങ്ങൾ ആക്കുവാൻ ആർക്കും അധികാരമില്ല.

c. കൂദാശകൾ നടത്തുന്നവിധം. ഒരു കൂദാശ തന്നെ പല സഭകളിൽ നടത്തുമ്പോൾ ചില്ലറയായ വ്യത്യാസങ്ങൾ ഉണ്ടാകാമെന്നിരുന്നാലും അതിന്റെ സാരാംശമായ സംഗതികൾക്ക് വ്യത്യാസം വരുവാൻ പാടുള്ളതല്ല.

d. ഉപദേശം. കൂദാശകൊണ്ട് സാധിക്കേണ്ടിയ ഫലപ്രാപ്തിയെക്കുറിച്ചുള്ള വിശ്വാസവും ഉപദേശവും കാർമ്മികനിലും സ്വീകാരകനിലും ഉണ്ടായിരിക്കണം.[18]

ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ എട്ടാം മാർത്തോമ്മായുടെയും ഒമ്പതാം മാർത്തോമ്മായുടെയും സ്ഥാനപ്രാപ്തി ഒരുപോലെ അസാധു എന്ന് പറയേണ്ടി വരും.

അസാധുവായ കൈവെപ്പിന്റെ പിൻബലത്തിൽ മെത്രാൻസ്ഥാനം അവകാശപ്പെട്ട് പ്രത്യക്ഷപ്പെട്ട ഒമ്പതാം മാർത്തോമ്മായ്ക്കെതിരെ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാൻ റസിഡണ്ടിന്റെ പക്കൽ പരാതിപ്പെട്ടു. ഇട്ടൂപ്പ് റൈട്ടർ നടത്തിയ നിരീക്ഷണം ശ്രദ്ധിക്കുക:

"മേലെഴുതിയ അയിപ്പ് മെത്രാന് അധികമായ ഒരു പഠിത്തവും സാമർത്ഥ്യവും ഇല്ലാതെ വയസ് ചെന്നതിൽ ഒരു സാധുശീലൻ ആയിരുന്നു. തനിക്ക് മെത്രാന്റെ സ്ഥാനം കിട്ടിയതിന്റെശേഷം വെട്ടിക്കൽ ഒരു കുരിശ് റൂശ്മാ ചെയ്തതല്ലാതെ മെത്രാനടുത്ത പ്രവൃത്തികൾ അധികമായി ഒന്നും നടത്തുന്നതിനും ആർക്കും പട്ടം കൊടുക്കുന്നതിനും സംഗതി വരുന്നതിന് മുമ്പിൽ ... സ്ഥാനം കൊടുത്തത് ശരിയല്ലെന്നും താൻ ദത്ത് എടുക്കപ്പെട്ടതിൽ നിന്നുള്ള ആളാകയാൽ ഈ സ്ഥാനത്തിന് അവകാശി അല്ലെന്നും ഈ പാർശ്വത്തിലുള്ള പട്ടക്കാർ റോമ്മാ വഴക്കത്തോട് ചേർന്നവരായി പല സംഗതികളാലും കാണപ്പെടുകയും ചെയ്കകൊണ്ട് ആയത് അഴിപ്പിക്കണമെന്നും മേലെഴുതിയ പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാൻ വാദിച്ചു. മൺറോ സായിപ്പ് അവർകളെയും ബോധിപ്പിച്ചു. ആ മുഖാന്തരത്തിൽ സർക്കാർ ആളുകളെയും കൂട്ടി കടമറ്റത്ത് ചെന്ന് മേലെഴുതിയ മാർത്തോമ്മാ മെത്രാന്റെ വടിയും മുടിയും സ്ലീബായും ചുവന്ന കുപ്പായവും വയ്പിച്ചു. ആയതും മെത്രാന്മാരുടെ വകയായി അവിടെ ഉണ്ടായിരുന്ന അല്പവൃത്തി മുതൽകാര്യങ്ങളും എടുപ്പിച്ചുംകൊണ്ട് ഈ മാർ ദീവന്നാസ്യോസ് മെത്രാൻ തിരിയെവന്ന് മലങ്കര ഇടവകയെ വിചാരിക്കുകയും സിമ്മനാരിയിലെ പഠിത്തം അന്വേഷിക്കുകയും ചെയ്തു വന്നു."[19]

നിരണം ഗ്രന്ഥവരിയും ഈ കാര്യങ്ങൾ താഴെ പറയുംവിധം വിവരിച്ചിട്ടുണ്ട്:

"... പാർക്കുമ്പോൾ അദ്ദേഹത്തിന് സ്ഥാനമില്ലെന്നും മുതൽകാര്യങ്ങൾ ഒക്കെയും കണ്ടുകെട്ടി എടുത്ത് കോട്ടയത്ത് സിമ്മനാരി വകയ്ക്ക് ഏല്പിക്കണമെന്നും സായിപ്പിന്റെ ഉത്തരവ് വന്നു. മുതൽകാര്യങ്ങൾ എടുപ്പിച്ച് അദ്ദേഹത്തെയും കോട്ടയത്ത് കൊണ്ടുപോയി കുപ്പായവും ഊരിവെച്ച് കടമറ്റത്തേക്ക് പോരുകയും ചെയ്തു."[20]

ഒരു മെത്രാന്റെ സ്ഥാനസാധുതയ്ക്ക് രണ്ട് വ്യവസ്ഥകൾ ഹൂദായ കാനോൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. ജനങ്ങളുടെ തെരഞ്ഞെടുപ്പ്.

2. സാധുവായ കൈവെപ്പ്.

എട്ടാം മാർത്തോമ്മായ്ക്കും ഒമ്പതാം മാർത്തോമ്മായ്ക്കും ഈ കാനോനിക വ്യവസ്ഥകൾപ്രകാരം സാധുവായ മെത്രാൻസ്ഥാനം ഇല്ലെന്നിരിക്കെ അവരെ മെത്രാൻസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നത് ആത്മഹത്യാപരമാണ്. നീതിന്യായവ്യവസ്ഥിതിയെയും നിയമപാലന സംവിധാനത്തെയും മാനിക്കുവാൻ എല്ലാ സ്ഥാനികൾക്കും കടമയുണ്ടായിരിക്കേ ഒമ്പതാം മാർത്തോമ്മായെ സ്ഥാനം ഏല്പിച്ചതായി എട്ടാം മാർത്തോമ്മാ ചെയ്ത നടപടി സമനില തെറ്റിയ ഒരു വൃദ്ധപുരോഹിതന്റെ ഭ്രാന്തൻ നടപടിയായി മാത്രമേ സഭാചരിത്രത്തിൽ നിരീക്ഷിക്കാനൊക്കൂ. തിരുവിതാംകൂർ പ്രജയോട്, സർക്കാർ ഉത്തരവിന്റെ പിൻബലത്തിൽ കൊച്ചി രാജ്യത്തെ പ്രജയായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കാണിച്ച നിയമനടപടികൾ രണ്ടു തിരുവിതാംകൂർ പ്രജകളായ ജഡ്ജിമാർ അടങ്ങിയ റോയൽക്കോടതി വിധിയിൽ പരിഹാസപൂർവം ആക്ഷേപിക്കുന്നത് അന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ മനസിലാക്കുവാൻ പ്രയാസമില്ല. സഭയുടെ കാനോനുകളും പാരമ്പര്യങ്ങളും ഭൂമിശാസ്ത്രപരമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിലല്ലല്ലോ വിലയിരുത്തേണ്ടത്. 1809-ലെ കണ്ടനാട്ട് പടിയോലയെ ലംഘിക്കുക വഴി എട്ടാം മാർത്തോമ്മാ സ്വയം സഭയിൽ അപ്രസക്തനായിക്കഴിഞ്ഞിരുന്നു. 1814-ലെ സർക്കാർ വിധി അനുസരിച്ച് അദ്ദേഹം മെത്രാൻസ്ഥാനത്തിന് അന്യനായി. അതുമൂലമാണ് അദ്ദേഹത്തിന്റെ പില്ക്കാല പരാതികൾ അവഗണിക്കപ്പെട്ടത്. അത്രമേൽ ത്യാജ്യനായ ഒരാൾ പിൻഗാമിയെ വാഴിക്കുവാൻ ഒരുങ്ങുന്നതും ഒരു അനന്തരവൻ ആ ത്യാജ്യനിൽനിന്ന് പട്ടംഏല്ക്കുവാൻ തയാറാവുന്നതും എത്രമേൽ പരിഹാസ്യമല്ല? പണ്ഡിതരായ ന്യായാധിപന്മാർ കാര്യങ്ങൾ വേണ്ടവിധം പഠിക്കുകയും പ്രാദേശികതയുടെ മുൻവിധികൾ കൂടാതെ ന്യായവും നീതിയും പുലർത്തുകയും ചെയ്തിരുന്നെങ്കിൽ പുലിക്കോട്ടിൽ മെത്രാച്ചനെപ്പറ്റി അപ്രസക്തമായ നിരീക്ഷണങ്ങൾ നടത്തുമായിരുന്നില്ല.

ജീവിതകാലം മുഴുവൻ ചില ഉദാത്തമായ ലക്ഷ്യങ്ങളെ മുൻനിർത്തി പ്രവർത്തന സരണികൾ ആവിഷ്ക്കരിച്ച മഹാപ്രതിഭയായിരുന്നു പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ. അദ്ദേഹത്തിന്റെ സംഭാവനകളിൽ ഏറ്റവും ശ്രദ്ധേയമായത് കോട്ടയം പഴയസെമിനാരിയുടെ സ്ഥാപനമായിരുന്നു. സെമിനാരിയുടെ ഇരുനൂറാം വാർഷികത്തിന് തൊട്ടു മുമ്പ് കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ച 'പഴയസെമിനാരി: മലങ്കരസഭയുടെ പവിത്രഹൃദയം' എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ 'ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ആധുനിക ചരിത്രത്തിന്റെ ആദ്യ അദ്ധ്യായം കുറി

ക്കുന്ന പുരാതന പ്രസിദ്ധമായ സ്ഥാപനമാണ്' അതെന്ന് വിവരിച്ചിരിക്കുന്നു. 'മലങ്കരസഭയുടെ നവോത്ഥാനത്തിന്റെയും നവോന്മേഷത്തിന്റെയും പ്രതീകമോ പ്രതിച്ഛന്ദമോ ആയി പ്രശോഭിക്കുന്ന അധ്യാത്മവിദ്യാലയം' എന്ന് വിശേഷിപ്പിക്കപ്പെട്ട സെമിനാരിയെപ്പറ്റി അതിന്റെ ഇന്നത്തെ പ്രിൻസിപ്പൽ എഴുതുന്നതിപ്രകാരമാണ്: "1821-ൽ മലങ്കരസഭയിലെ പള്ളികൾ സന്ദർശിച്ച മേജർ മക്വർത്ത് എന്ന ബ്രിട്ടീഷ് ഓഫീസർ തന്റെ ഡയറിയിൽ പഴയസെമിനാരിയെക്കുറിച്ച് ഇങ്ങനെ എഴുതി: 1821 മാർച്ച് 2. സുറിയാനി സമൂഹം മുഴുവൻ കോളജിനെ അവരുടെ കണ്ണായി കാണുന്നു" (ദി മിഷനറി റജിസ്റ്റർ 1816-1864).[21] കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ച 'ആനപ്പാപ്പി'യുടെ അവതാരികയിൽ ഈ ഗ്രന്ഥകാരൻ എഴുതിയ ചില പ്രസക്ത വാക്യങ്ങൾ കാണുക:

"കോട്ടയം പഴയസെമിനാരിയുടെ ശിലാസ്ഥാപനം നടന്ന 1814 ഫെബ്രുവരി 15-ന് മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ആധുനികഘട്ടം ആരംഭിക്കുന്നു. ഒന്നരനൂറ്റാണ്ടോളം പ്രബലമായിരുന്ന പകലോമറ്റം മെത്രാന്മാരുടെ കുടുംബവാഴ്ച അപ്പോഴേക്കും അസ്തമിക്കാറായിരുന്നു. എട്ടാം മാർത്തോമ്മായുടെ അന്ത്യനാളുകളും ഒമ്പതാം മാർത്തോമ്മായുടെ നിശ്ശബ്ദ സാന്നിധ്യവും ഒരസ്തമനപ്രതീതിയാണ് മലങ്കരസഭാ ചരിത്രത്തിൽ ഉണർത്തുന്നത്. പഴയസെമിനാരിയുടെ ആവിർഭാവവും അതിന്റെ രാജശില്പിയായ ഇട്ടൂപ്പ് റമ്പാനും (പില്ക്കാലത്ത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്താ) ഒരു സൂര്യോദയത്തെ പ്രതിനിധാനം ചെയ്യുന്നു. മെത്രാന്മാരുടെ കുടുംബ പാരമ്പര്യാധിപത്യം നിറുത്തലാക്കിയതും വിദേശക്കോയ്മയോടുള്ള ആത്മീയവിധേയത്വത്തിന് (ലൗകികവിധേയത്വം ഒരിക്കൽപോലും ഉണ്ടായിരുന്നില്ലല്ലോ) അറുതി വരുത്തിയതും ആർത്താറ്റ്-കണ്ടനാട് പടിയോലകളിലൂടെ ഒരു പുതിയ ഭരണശൈലിയും സഭാസംസ്ക്കാരവും സഭയിൽ സംക്രമിപ്പിച്ചതും വൈദിക പരിശീലനത്തിനും ഇംഗ്ലീഷ് ഭാഷാഭ്യസനത്തിനും ആദ്യവേദികൾ സജ്ജീകരിച്ചതും മലങ്കരസഭയിലെ ആദ്യത്തെ പൊതുസ്ഥാപനമായും മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനമായും പഴയസെമിനാരിയെ വിഭാവനം ചെയ്ത് പ്രാവർത്തികമാക്കിയതും ശിഥിലമായി കിടന്നിരുന്ന ഇടവകകളെ സുശക്തവും ആസൂത്രിതവും ആയ ഒരു കേന്ദ്രീകൃത ഭരണസംവിധാനത്തിലേക്ക് ഘടിപ്പിച്ചതും പുരുഷചേതനയുള്ള ഒരു സംക്രമണനായകന്റെയും വിപ്ലവബോധമുള്ള ഒരു സമുദായാചാര്യന്റെയും പ്രവാചകാത്മാവുള്ള ഒരു ക്രാന്തദർശിയുടെയും ചിത്രമാണ് നമുക്ക് സമ്മാനിക്കുന്നത്. കേരളത്തിന്റെ സാംസ്ക്കാരിക നവോത്ഥാനത്തെ സഫലമായി സ്വാധീനിച്ച മലയാളം ബൈബിൾ വിവർത്തനത്തിൽ (1811) പീലിപ്പോസ് റമ്പാനും

സെമിനാരി സ്ഥാപകനും വഹിച്ച പങ്ക് ആ സൂര്യോദയത്തെ പരിപുഷ്ട മാക്കി."[22]

കലുഷമായിരുന്ന സഭാന്തരീക്ഷം ശാന്തമായി. ഒമ്പതാം മാർത്തോമ്മായ്ക്കെതിരായ നടപടിയിൽ പ്രതിഷേധിക്കാനാരും ഉണ്ടായില്ല. സർക്കാരിന്റെ വിളംബരവും പിന്തുണയും മാർ ദീവന്നാസ്യോസിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു. വൃദ്ധനായ മെത്രാപ്പോലീത്തായുടെ വേഗത്തിലുള്ള നടപടികളും ജനങ്ങളുടെ പ്രതീക്ഷകൾക്ക് സംതൃപ്തി നൽകി. വൈദികവിദ്യാഭ്യാസ കേന്ദ്രവും ഇംഗ്ലീഷ് വിദ്യാഭ്യാസ വേദിയും ആയി പ്രവർത്തിച്ച സെമിനാരിയെ അദ്ദേഹം മലങ്കര മെത്രാന്റെ ആസ്ഥാനം കൂടെ ആക്കിത്തീർത്തു. അതുവരെയും മെത്രാന്മാർ ഓരോ ഇടവകപ്പള്ളിയെ ആസ്ഥാനമാക്കിയാണ് ഭരണം നിർവഹിച്ചത്. കണ്ടനാടും നിരണവും ഒക്കെ അപ്രകാരം ആസ്ഥാനമായി പ്രവർത്തിച്ച ഇടവകപ്പള്ളികൾ ആയിരുന്നു. പലപ്പോഴും ഇടവകയുടെ താല്പര്യങ്ങൾക്ക് മെത്രാൻ വിധേയനാവുന്ന ഒരു ബന്ധനാവസ്ഥ ഇതുമൂലം സംജാതമായിരുന്നു. തന്നെ സംരക്ഷിക്കുന്ന ഇടവകയും പ്രമാണിമാരും എന്നും മെത്രാന്റെ ചുറ്റും പരിമിതിയുടെ ചുറ്റുമതിൽ സൃഷ്ടിച്ചിരുന്നു. പുത്തൻകാവിൽ പൊതുസഭയുടെ ആസ്ഥാനം എന്ന ആശയവുമായിട്ടാണ് ആറാം മാർത്തോമ്മാ പള്ളിപ്പണി നടത്തിയത്. എങ്കിലും അത് പൊതുസഭയുടെ ഉടമയിലാക്കുന്നതിൽ അദ്ദേഹം വേണ്ടത്ര വിജയിച്ചതായി തോന്നുന്നില്ല. ഈ പരിമിതിയാണ് കോട്ടയം പഴയസെമിനാരിയെ ആസ്ഥാനമാക്കിയപ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ മറികടന്നത്. മലങ്കരമെത്രാൻ പ്രാദേശിക പരിഗണനകളുടെ തടവറകളിൽനിന്ന് മോചിതനായി പൊതുസഭയുടെ ക്ഷേമാന്വേഷകനായി അംഗീകാരം നേടിയത് സഭയുടെ ആദരവിന് കാരണമായി. അനുയായികളിലുണ്ടായ ഈ ആവേശം ചില ചിട്ടകൾക്കു രൂപംകൊടുക്കുവാനുള്ള അനുകൂല കാലാവസ്ഥയായി മെത്രാച്ചൻ വളർത്തിയെടുത്തു.

കുറുപ്പംപടി പള്ളിയുടെ ചരിത്രകാരൻ എഴുതുന്നത് കാണുക:

"ഇദ്ദേഹത്തിന്റെ കാലത്ത് (പുലിക്കോട്ടിൽ ഒന്നാം മെത്രാച്ചന്റെ) ഈ പള്ളിയുടെ തെരട്ട് കോട്ടയം സിമ്മനാരിയിൽ തിരുമുമ്പാകെ പള്ളിയോഗം ഹാജരാക്കി. ഇക്കാലം മുതല്ക്കാണ് മലങ്കര മെത്രാപ്പോലീത്തന്മാർക്ക് കോട്ടയത്ത് ആസ്ഥാനമുണ്ടായത്."[23]

സഭയിൽ ഒരു കേന്ദ്രീകൃത ഭരണമുണ്ടാവുന്നതിന്റെയും ഒരു മെത്രാന്റെ പ്രസക്തി ഇടവകതലത്തിൽ അംഗീകരിക്കപ്പെടുന്നതിന്റെയും രജത രേഖയാണീ പ്രസ്താവന. ആർത്താറ്റ് പടിയോലയിൽ നിന്ന് ആരംഭിച്ച് കണ്ടനാട് പടിയോലയിലൂടെ വളർന്ന അദ്ദേഹത്തിന്റെ സഭാദർശനം

കൂടുതൽ വികാസോന്മുഖമാകുന്നതിന്റെ തെളിവായി ഇതിനെ കാണാം. 1934–ൽ രൂപംകൊണ്ട മലങ്കരസഭാ ഭരണഘടനയുടെ നിയാമക ഘടകങ്ങളിൽ ഒന്നായ എപ്പിസ്ക്കോപ്പൽ സൂപ്പർവിഷൻ സഭയിൽ ആദ്യമായി പ്രാവർത്തികമാക്കിയത് പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്രാന്തദർശിത്വമാണ് എന്ന് കുറുപ്പംപടി ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. വിദ്യാവിതരണകേന്ദ്രം എന്ന നിലയിൽ പഴയസെമിനാരി മലങ്കരസഭയുടെ മസ്തിഷ്ക്കമായി വർത്തിച്ചുവെങ്കിൽ, ഒരേകീകൃത ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റ് ആയി പരിണമിച്ചതിലൂടെ സെമിനാരി മലങ്കരസഭയുടെ ത്രസിക്കുന്ന ഹൃദയം കൂടെ ആയി തീരുന്ന കാഴ്ചയാണ് നാം കാണുന്നത്. സിരകളിലൂടെ ജീവരക്തം പ്രവഹിപ്പിച്ച് സഭാഗാത്രത്തിലാകമാനം ചൈതന്യത്തിന്റെ അരുണധാര പ്രവഹിപ്പിക്കുന്ന ഹൃദയം!! ആധുനിക മലങ്കരസഭയുടെ മസ്തിഷ്കവും ഹൃദയവും മെനഞ്ഞെടുത്ത രാജശില്പി എന്ന നിലയിലാണ് സ്മര്യപുരുഷൻ സഭാചരിത്രത്തിന്റെ തിളങ്ങുന്ന ഒരധ്യായമായിത്തീർന്നത്.

സെമിനാരിയുടെ പ്രവർത്തനം അദ്ദേഹത്തിന്റെ ജീവിതാന്ത്യ കാലഘട്ടത്തിൽ നിരവധി അന്തഃസംഘർഷങ്ങൾക്ക് ഹേതുവായി തീർന്നിട്ടുണ്ട്. അധ്യാപകരായി നിയമിക്കപ്പെട്ട മിഷനറിമാരും സെമിനാരി സ്ഥാപനത്തിനും മറ്റും തന്റെ മുഖ്യസഹായി ആയി വർത്തിച്ച കേണൽ മൺറോയും ക്രമേണ പങ്കാളിത്തഭാവത്തിന്റെ അതിർത്തി ലംഘിച്ച് അധീശഭാവം പ്രകടമാക്കുന്ന അവസ്ഥയിലേക്ക് പലപ്പോഴും മാറിയിരുന്നത് വൃദ്ധനായ മെത്രാപ്പോലീത്തായെ വേദനിപ്പിച്ചു. അപ്രകാരമുള്ള ഒരു സംഭവം ഇ. എം. ഫിലിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

“ഒരു ദിവസം മാർ ദീവന്നാസ്യോസ് കൊല്ലത്തേക്കു ചെല്ലുന്നതിനായി കേണൽ മൺറോയുടെ ക്ഷണക്കത്ത് അദ്ദേഹത്തിന് കിട്ടി. അദ്ദേഹത്തിന്റെ യാത്രയിൽ വികാരി ജനറൽ (പിന്നീട് പുന്നത്ര മാർ ദീവന്നാസ്യോസ്) ഉൾപ്പെടെ രണ്ടു പട്ടക്കാരും രണ്ടു ശെമ്മാശന്മാരും അനുചരന്മാരായി ഉണ്ടായിരുന്നു. ശെമ്മാശന്മാരിലൊരാൾ ഈ പുസ്തക കർത്താവിന്റെ (ഇ. എം. ഫിലിപ്പിന്റെ) വലിയപ്പൻ ആയിരുന്നു (ഇടവഴിക്കൽ വലിയച്ചൻ - ഫാ. പീലിപ്പോസ്). ആദ്യദിവസം സന്തോഷ സല്ലാപങ്ങളിൽ വിനിയോഗിച്ചതിന്റെശേഷം അടുത്ത ദിവസവും റസിഡൻസിയിൽ ചെല്ലണമെന്നുള്ള ക്ഷണത്തോടുകൂടി മെത്രാനെ അയച്ചു. അടുത്ത ദിവസം കേണൽ മൺറോ മെത്രാനോട്, താൻ മെത്രാനെയും സമുദായത്തെയും യഥാശക്തി കൂടുതലായി സഹായിക്കുവാൻ ഉദ്ദേശിക്കുന്നതായും അവർ തമ്മിലുള്ള ഇടപാടുകൾക്കു മധ്യസ്ഥനായി ഒരു യൂറോപ്യനെ സിമ്മനാരിയിൽ മെത്രാനോടുകൂടെ താമസിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നതായും പ്രസ്താവിച്ചു. ഈ പ്രസ്താവനയോടുകൂടി റവ. നോർട്ടനെ ഭാര്യയോടും

കുട്ടിയോടും കൂടി മെത്രാന് പരിചയപ്പെടുത്തി. വീണ്ടും ഉണ്ടായ സംഭാഷണത്തിൽനിന്ന് പുതിയ ധ്വര, ആംഗ്ലിക്കൻ സഭയിലെ ഒരു വൈദികൻ ആണെന്നും സുറിയാനി സമുദായത്തിന്റെ സാമൂഹ്യവും മതപരവും ആയ അഭിവൃദ്ധിയെ ലാക്കാക്കി വേല ചെയ്യുന്നതിലേക്ക് സിമ്മനാരിയിൽ താമസിക്കുന്നതിന് വന്നിരിക്കുന്ന ആളാണെന്നും മെത്രാന് മനസ്സിലായി. ശുദ്ധമാനസനായ മെത്രാൻ റസിഡണ്ടിന്റെ സദുദ്ദേശ്യങ്ങൾക്ക് ഉടൻ വന്ദനം പറഞ്ഞെങ്കിലും സഭയിൽ ജോലിചെയ്യുന്നതിന് ഈ മിഷനറിയെ അനുവദിക്കുവാൻ നിവൃത്തി ഇല്ലെന്നായിരുന്നു കേണൽ മൺറോയോടുള്ള മെത്രാന്റെ വാക്കുകൾ. ആ നിശ്ചയദാർഢ്യത്തോടെയുള്ള വാക്യം ഇപ്രകാരം ആയിരുന്നു: 'അദ്ദേഹം ഒരു ഭിന്നമതാവലംബി ആകുന്നു. ഞങ്ങളുടെയും അദ്ദേഹത്തിന്റെയും വിശ്വാസങ്ങൾ വ്യത്യസ്തങ്ങൾ ആകയാൽ അദ്ദേഹം സിമ്മനാരിയിൽ താമസിക്കുന്നത് മതസംബന്ധമായ തർക്കങ്ങൾക്കും തന്മൂലം അനിഷ്ടസംഭവങ്ങൾക്കും ഇടയാക്കിയേക്കും."[24]

കേണൽ മറുപടി കേട്ട് ഭഗ്നാശനായി. സന്തോഷപൂർവ്വം മിഷനറിയെ മെത്രാൻ സ്വാഗതം ചെയ്യുമെന്ന് മൺറോ പ്രതീക്ഷിച്ചിരുന്നു. താൻ സെമിനാരിയുടെ ഉടമസ്ഥൻ ആണെന്നും മെത്രാൻ തന്റെ കീഴുദ്യോഗസ്ഥനുമാണെന്ന് ഭാവിച്ച മൺറോ, ഒരു സഭാതലവന്റെ ഇടയബോധം തുടിച്ചുനിന്ന മറുപടി ഞെട്ടലോടെ കേൾക്കുകയും തന്റെ ധാരണകളെ തല്ക്കാലത്തേക്കെങ്കിലും തിരുത്തുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം കൂടെയായ പഴയസെമിനാരി ഒരു ദയറാ മാതൃകയിൽ പ്രവർത്തിക്കണമെന്നുള്ള പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാവന, പാശ്ചാത്യ സംസ്ക്കാരത്തിൽ ശീലിച്ച കേണൽ മൺറോയ്ക്ക് മനസിലാകാഞ്ഞതിൽ അസ്വാഭാവികമായി ഒന്നുമില്ല. അദ്ദേഹത്തിന് പഴയസെമിനാരി ഒരു കോളജ് മാത്രം ആയിരുന്നുവല്ലോ. ഒടുവിൽ റവ. തോമസ് നോർട്ടൻ ആലപ്പുഴയിൽ താമസിച്ച് കോട്ടയം സെമിനാരിയിൽ അദ്ധ്യാപനം നിവർത്തിക്കട്ടെ എന്ന് സെമിനാരി സ്ഥാപകൻ ചർച്ച ഉപസംഹരിച്ചു. ഒരു ഞെട്ടൽ, ഒരു ജാള്യം – ഒടുവിൽ മൺറോയ്ക്കു ആ നിർദ്ദേശം അംഗീകരിക്കേണ്ടി വന്നു.

കോട്ടയം പഴയസെമിനാരിയുടെ സ്ഥാപനത്തെപ്പറ്റി ശ്രീ. കെ. വി. മാമ്മൻ എഴുതുന്നു:

"മലങ്കരസഭയെ ദീർഘകാലം തുടർച്ചയായി ഭരിച്ച പകലോമറ്റം മെത്രാന്മാരുടെ അസ്തമനകാലം അടുത്തപ്പോൾ കണ്ടനാട് പള്ളിയിൽ 1809–ൽ (1808 എന്നു അച്ചടിച്ചിട്ടുള്ളത് നോട്ടപ്പിശകാണ്) ചേർന്ന പള്ളി പ്രതിപുരുഷയോഗം അംഗീകരിച്ച ഒരു തീരുമാനം – അല്ലെങ്കിൽ പടിയോല – സഭ

യുടെ ദൈവശാസ്ത്രാഭ്യാസ ചക്രവാളത്തിലെ പത്തര മാറ്റുള്ള ഒരു കന കരേഖയാണെന്നത്രേ സഭാചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. ഏഴാം മാർത്തോമ്മായുടെ നാല്പതാം അടിയന്തിരത്തോടനുബന്ധിച്ച് നടന്ന ഈ യോഗത്തിൽ യഥാവിധി തെരഞ്ഞെടുക്കപ്പെടാതെ ഉന്നതസ്ഥാനത്ത് അവ രോധിക്കപ്പെട്ട എട്ടാം മാർത്തോമ്മായാണ് അധ്യക്ഷത വഹിച്ചത്. സ്ഥാന സാധുത്വപ്രശ്നം ഉയർത്തി കുഴപ്പങ്ങൾ സൃഷ്ടിക്കാതെ വൈദിക വിദ്യാ ഭ്യാസത്തിനായി മലങ്കരയുടെ തെക്കും വടക്കും ഓരോ പഠിത്തവീട് സ്ഥാപിക്കാൻ തീരുമാനിച്ചു. ...

എട്ടാം മാർത്തോമ്മായുടെ ഉപദേശകരായി യോഗം തെരഞ്ഞെടുത്ത കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ എന്നിവരുടെ ആലോചനപ്രകാരം സഭാഭരണം നിവർത്തിക്കണ മെന്നും തീരുമാനിച്ചു. ഈ രണ്ടു തീരുമാനങ്ങളും നടപ്പാക്കാമെന്ന് യോഗ ത്തിൽവച്ച് ഉറപ്പ് നൽകിയ എട്ടാം മാർത്തോമ്മാ അത് ഗൗരവത്തിലെടു ക്കുകയോ, വേണ്ടത് ചെയ്യുകയോ ഉണ്ടായില്ല. തുടർന്ന് കേരളത്തിലെ കത്തോലിക്കേതര വൈദികസെമിനാരികളിൽ ആദ്യത്തേതായ ഈ പഠി ത്തവീട് 1809-ലെ കണ്ടനാട് പടിയോലയിലെ താൽപര്യപ്രകാരം 1814-ൽ സ്ഥാപിച്ചു. ബ്രിട്ടീഷ് റസിഡണ്ട് കേണൽ മൺറോയും തിരുവിതാംകൂർ റാണിയും ഈ യത്നത്തിന് സഹായം നൽകി. 1815 മാർച്ചിൽ പണി പൂർത്തിയാക്കി; ആദ്യബാച്ചിൽ വിദ്യാർത്ഥികളെ ചേർത്തു. റമ്പാൻ പ്രധാന അധ്യാപകൻ. റവ. തോമസ് നോർട്ടനും ആലപ്പുഴ താമസിച്ച് സെമിനാരിയിൽ അധ്യാപനം നടത്തി. 1815 മാർച്ച് 21-ന് ഇട്ടൂപ്പ് റമ്പാൻ പഴഞ്ഞിപള്ളിയിൽ വച്ച് തൊഴിയൂരിന്റെ കിടങ്ങൻ മാർ പീലക്സീനോ സിൽനിന്ന് മേല്പട്ടസ്ഥാനം ഏറ്റതോടെ കോട്ടയം പഴയസെമിനാരി മല ങ്കര മെത്രാപ്പോലീത്തായുടെ ആദ്യത്തെ ഔദ്യോഗിക ആസ്ഥാനമായി; സഭയുടെ കേന്ദ്ര സെക്രട്ടറിയേറ്റുമായി" (പഴയസെമിനാരി: മലങ്കരയുടെ പവിത്രഹൃദയം).

സെമിനാരി സ്ഥാപനത്തിൽ മിഷനറിമാർ സൗഹാർദപൂർവ്വം കാണി ച്ചിരുന്ന സ്നേഹവും മമതയും കൃത്രിമമായിരുന്നു. അവസരം കിട്ടുമ്പോ ഴെല്ലാം സെമിനാരി ഭരണത്തിൽ കൈകടത്തുവാൻ അവർ മടിച്ചിരുന്നില്ല. മൺറോയുമായി കൊല്ലം റസിഡൻസിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയെ പ്പറ്റി തോമസ് നോർട്ടൻ 1816 ഒക്ടോബർ 14-ന് എഴുതിയ കത്ത് ഇപ്രകാ രമാണ്:

"ഞാൻ കൊല്ലത്തായിരുന്നപ്പോൾ, സുറിയാനിസഭയുടെ മെത്രാനെ റസിഡണ്ട് ആളയച്ച് വരുത്തി. ... ഞങ്ങൾ അവരുടെ പാരമ്പര്യങ്ങളിൽ കൈകടത്തുകയും അവരെ ആംഗ്ലേയ സഭയുടെ അധികാരപരിധിയിൽ അകപ്പെടുത്തുകയും ചെയ്തേക്കുമെന്ന് അദ്ദേഹത്തിന്റെയും അദ്ദേഹ

ത്തിന്റെ വൈദികരുടെയും ജനങ്ങളുടെയും മനസ്സിൽ ചില സംശയങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ യഥാർത്ഥത്തിൽ ഭയപ്പെട്ടിരുന്ന ഏതാനുംപേർ സുറിയാനിസഭയെ വിട്ട് റോമ്മൻ സഭയിൽ ചേരുകയുമുണ്ടായി. മെത്രാൻ വൈകാതെ സഭയെ വഞ്ചിച്ച് ഇംഗ്ലീഷ് സഭയിൽ ചേരുമെന്ന് അവർ ആരോപിക്കുകയും ചെയ്തു. സുറിയാനിസഭയുടെ അഭ്യുദയത്തെക്കുറിച്ചല്ലാതെ ഞങ്ങൾക്ക് മറ്റു താല്പര്യമൊന്നുമില്ലെന്ന് വൈദികർ പലരുടെയും സാന്നിധ്യത്തിൽ ഞങ്ങൾ ബിഷപ്പിനെ അറിയിച്ചു. റോമ്മാസഭയുമായുള്ള സംസർഗ്ഗത്തിൽനിന്ന് സുറിയാനിസഭയിൽ കടന്നുകൂടിയിട്ടുള്ളവയെ ഇല്ലായ്മ ചെയ്ത് സഭയെ ശുദ്ധീകരിക്കുവാൻ ദൈവകൃപയിൽ അവരെ ശക്തിപ്പെടുത്തുക മാത്രമാണ് ലക്ഷ്യമെന്ന് ഞാൻ ബിഷപ്പിനെ ബോധ്യപ്പെടുത്തി. അദ്ദേഹത്തിന് ആ സാഹചര്യം ബോധ്യപ്പെട്ടിരുന്നു. പൂർവിക സഭയുടെ കലർപ്പില്ലാത്ത അവസ്ഥയിലേക്ക് അവരെ പുനരാനയിക്കുവാനും ദൈവത്തിനു വേണ്ടി അവരെ സുവിശേഷാനുസൃതം വിശുദ്ധിയിലേക്കും ഓജസിലേക്കും വഴിനടത്തുവാനും ഈ ബന്ധം സഹായിക്കുമെന്ന് ഞാൻ ബിഷപ്പിനെ ബോധ്യപ്പെടുത്തി.”

മലങ്കരസഭ റോമ്മൻ സംസർഗ്ഗം കൊണ്ട് മലീമസമായിത്തീർന്നുവെന്നും അവളെ കുളിപ്പിച്ചെടുക്കുവാനുള്ള ഭഗീരഥയത്നമാണ് തങ്ങൾ നടത്തുന്നതെന്നുമാണ് അധീശ മനോഭാവത്തോടെ അവർ അർത്ഥമാക്കിയത്. കോട്ടയത്ത് ആദ്യ സന്ദർശനം കഴിഞ്ഞപ്പോൾ നോർട്ടൻ ഏറ്റെടുത്ത ദൗത്യത്തെപ്പറ്റി മിഷനറിമാർ എഴുതിയത് ഇപ്രകാരമാണ്:

“ജൂൺ 19-ന് അദ്ദേഹം കോട്ടയം സന്ദർശിച്ചു. സുറിയാനിക്കാരുടെ രീതികൾ കണ്ടു. മെത്രാപ്പോലീത്തായുമായി സമാഗമം നടത്തി. സെമിനാരിയിൽ ഇൻസ്പെക്ഷൻ നടത്തി” (ദി ആംഗ്ലിക്കൻ ചർച്ച് ഇൻ ട്രാവൻകൂർ & കൊച്ചിൻ. Vol. I, p.105, 55).

സെമിനാരി സ്ഥാപകൻ ജീവിതാന്ത്യകാലത്ത് നടത്തിയ ഒരു നിരീക്ഷണം ഇത്തരുണത്തിൽ പ്രസക്തമാണ്. “സിമ്മനാരി സ്ഥാപിക്കുന്നതിൽ സായിപ്പിന്റെ സഹായം അഭ്യർത്ഥിച്ചതിനെപ്പറ്റി ഞാൻ പശ്ചാത്തപിക്കുന്നു. ബുക്കാനന്റെ കാലംമുതൽ ഒരു പരുന്ത്, കോഴിക്കുഞ്ഞുങ്ങളുടെമേൽ ദൃഷ്ടി പതിപ്പിക്കുന്നതുപോലെ യൂറോപ്യന്മാർ നമ്മുടെ പാവപ്പെട്ട സഭയിന്മേൽ കണ്ണെറിഞ്ഞുകൊണ്ടാണിരിക്കുന്നത്. ഇതെല്ലാം എങ്ങനെ അവസാനിക്കുമെന്ന് സർവ്വശക്തനായ ദൈവം മാത്രം അറിയുന്നു. ദൈവകൃപയാൽ ഞാൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം ഈ പാവപ്പെട്ട സഭയെ ഞാൻ സംരക്ഷിക്കും. സർവശക്തനായ ദൈവം അതിനെ എന്നേക്കും നിലനിർത്തട്ടെ.” ഇതു പറയുമ്പോൾ ആ മഹാപുരോഹിതന്റെ വൃദ്ധനയനങ്ങളിൽനിന്ന് ചുടുചുടെ ബാഷ്പകണങ്ങൾ പൊഴിക്കുന്നുണ്ടായിരുന്നുവെന്ന് ഈ സംഭവത്തിന് ദൃക്സാക്ഷിയായ

ഒരു വ്യക്തി തന്റെ ഡയറിയിൽ പ്രത്യേകം എടുത്തെഴുതിയിരിക്കുന്നു.[33]

1. ഇട്ടൂപ്പ് റൈട്ടർ, പുറം 188.
2. പോൾ മണലിൽ, പു. 211, 212.
3. ഇട്ടൂപ്പ് റൈട്ടർ, 193.
4. സഭാജ്യോതിസ്, ജൂബിലി സെമിനാർ പ്രബന്ധങ്ങൾ, പു. 41 (1991).
5. മിഷനറി റജിസ്റ്റർ 1816. പു. 452-454; പി. ചെറിയാൻ, പു. 340-341. Christianity in India, Fr. M. K. Kuriakose, p. 92, 93.
6. കാലം ചെയ്ത അച്ചൻ, പുറം 28.
7. ഇ. എം. ഫിലിപ്പ്, പു. 195.
8. റോയൽക്കോടതി വിധി. Published in 1977. പു. 40. ഇട്ടൂപ്പ് റൈട്ടറുടെ സഭാചരിത്രം ആധാരമാക്കി തയാറാക്കിയ റോയൽക്കോടതിയുടെ ചില ഭാഗങ്ങളിലെ ചരിത്രപരാമർശങ്ങൾക്ക് കൃത്യതയില്ലെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.
9. റോയൽക്കോടതി വിധി, പു. 14.
10. റോയൽക്കോടതി വിധി, പുറം 189.
11. ഇട്ടൂപ്പ് റൈട്ടർ, പുറം 190, 191.
12. ഇട്ടൂപ്പ് റൈട്ടർ, പുറം 129.
13. കാലം ചെയ്ത അച്ചൻ, പുറം 30, 31. ഇന്നും മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നങ്ങളിൽ ഒന്ന് ആ തങ്കമോതിരമാണെന്ന് പറയപ്പെടുന്നു.
14. ജോസഫ് മാർ പക്കോമിയോസ്, അവതാരിക - പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. ഗ്രന്ഥകർത്താ: ഫാ. പി. എം. ജോസ് (1985).
15. കെ. സി. വർഗ്ഗീസ്, പു. 52.
16. ആത്തുങ്കൽ അച്ചൻ, പുറം 118.
17. പോൾ മണലിൽ, പു. 212.
18. ശുശ്രൂഷാ സംവിധാനം, പു. 117.
19. ഇട്ടൂപ്പ് റൈട്ടർ, പുറം 190, 191.
20. നിരണം ഗ്രന്ഥവരി, എഡി.: പോൾ മണലിൽ, 212, 213.
21. കെ. വി. മാമ്മൻ, പഴയസെമിനാരി: മലങ്കരസഭയുടെ പവിത്രഹൃദയം, പു. 78.
22. ടി പുസ്തകം, പുറം 112, 113.
23. പുറം 118.
24. മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ, പു. 199.
25. ഇടവഴിക്കൽ വലിയച്ചന്റെ ഡയറി. ഇ. എം. ഫിലിപ്പിന്റെ സഭാചരിത്രം, പുറം 200.

കർമ്മയോഗിയായ മലങ്കരമെത്രാൻ

ഒരു മേല്പട്ടക്കാരനു സഭയിൽ നിർവഹിക്കുവാനുള്ള ചുമതലകൾ എന്തൊക്കെയാണ്? ഇടവകകളിലെ പെരുന്നാളുകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുക, സമ്പന്ന കുടുംബങ്ങളിലെ മാമ്മൂദീസാ, ഭവനകൂദാശ, വിവാഹം, ശവസംസ്ക്കാരം ആദിയായ ശുശ്രൂഷകളിൽ പ്രധാന കാർമ്മികനായി പങ്കെടുക്കുക, സമ്പന്നരായ സഭാംഗങ്ങൾ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളുടെ കൂദാശയും ഉദ്ഘാടനവും നിർവഹിക്കുക, പുതുക്കിപ്പണിത ദേവാലയങ്ങളുടെ കൂദാശകൾ നിർവ്വഹിക്കുക, വൈദികരുടെ സ്ഥലംമാറ്റ ഉത്തരവുകളിൽ ഒപ്പു ചാർത്തുക, ഇടവകയോഗങ്ങളുടെ അംഗീകാര കല്പനകളിൽ ഒപ്പ് വയ്ക്കുക തുടങ്ങി ഇന്നു കാണുന്ന മേല്പട്ട ദൗത്യങ്ങൾ വച്ച് താരതമ്യം ചെയ്താൽ പുലിക്കോട്ടിൽ മെത്രാച്ചനെ വ്യത്യസ്തനായി കാണേണ്ടി വരും. സാധാരണ കൂദാശാനുഷ്ഠാനങ്ങൾക്ക് സഭ ഓരോ ഇടവകയിലും കശീശന്മാരെ നിയമിക്കുന്ന പതിവാണ് എക്കാലവും സഭയിലുള്ളത്. ആ കൂദാശകൾ മേല്പട്ടക്കാരൻ നിർവഹിക്കുന്നത് അദ്ദേഹത്തിന് മാത്രമായി സഭ എല്പിച്ച ദൗത്യങ്ങളെ അദ്ദേഹം വിസ്മരിക്കുന്നതിനാലാണ്. കശ്ശീശായുടെയും മേല്പട്ടക്കാരന്റെയും പൗരോഹിത്യപരമായ നൽവരങ്ങൾ തുല്യമാണെങ്കിലും അധികാരപരിധി തുല്യമല്ല. അംശവടി പ്രതിനിധാനം ചെയ്യുന്ന മേലധികാരം (സൂപ്പർവിഷൻ) മേല്പട്ടക്കാരന്റെ പ്രത്യേക ചുമതലയാണ്. ഇടവകകളുടെ പ്രതിദിന ഭരണം കാനോനികവും സഭാതാല്പര്യങ്ങൾക്കനുസൃതവുമാണെന്ന് ഉറപ്പു വരുത്തുക, തന്റെ അധികാരപരിധിയിൽ വരുന്ന ഇടവകകളിലെ ശക്തികളെ സമാഹരിച്ച് വൻ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുക, പുതിയ ഇടവകകളും ദേവാലയങ്ങളും സ്ഥാപിച്ച് സഭയുടെ കൊമ്പിന്റെ ഉയരവും വിസ്തീർണ്ണവും വർദ്ധിപ്പിക്കുക, കാലോചിതമായി ഇടവകകളുടെ വളർച്ചയെ ലക്ഷ്യാധിഷ്ഠിതമായി ത്വരിതപ്പെടുത്തുക, ഉന്നതമായ സഭാദർശനങ്ങളുടെ പ്രചാരകനാവുക, കാലം സൃഷ്ടിക്കുന്ന മുറിവുകളെ ആവശ്യമായ തൈലങ്ങൾ ലേപനം ചെയ്തു സുഖപ്പെടുത്തുന്ന വൈദ്യശുശ്രൂഷ നടത്തുക, പുതിയ മേച്ചിൽപ്പുറം അന്വേഷിച്ച് കണ്ടെത്തി അവിടങ്ങളിലേക്ക് തന്റെ ആത്മീയ ഇടവകകളെയും ആടുകളെയും നയിക്കുക, ആരോഗ്യസന്ദായകമായ വിശിഷ്ട ഭോജ്യങ്ങൾ കണ്ടെത്തി ഇടവകകളെ പുഷ്ടിപ്പെടുത്തുക, വഴിതെറ്റിപ്പോകുന്ന ആടുകളെ മാർഗ്ഗദർശകമായ മാതൃകകൊണ്ടും ഉപദേശം കൊണ്ടും ശാസനകൊണ്ടും ആവശ്യമായി വന്നാൽ ശിക്ഷകൊണ്ടും നേർവഴിയിലേക്കു പുനരാനയിക്കുക, തന്റെ മേൽനോട്ടത്തിലുള്ള കശ്ശീശമാർക്ക് മാതൃകയും മാർഗ്ഗദർശിയും ആശയസ്രോതസ്സുമായി അനുരഞ്ജനത്തിന്റെ ആത്മാവിൽ അവരെ പരിപൂർണ്ണതയിലേക്ക് പ്രചോദിപ്പിക്കുക

തുടങ്ങിയ ശ്രേഷ്ഠ ഇടയന്റെ കർത്തവ്യങ്ങളെക്കുറിച്ച് പുതിയ മലങ്കര മെത്രാപ്പോലീത്താ ബോധവാനായിരുന്നു. അനുകരിക്കാനാവശ്യമായ മുൻ മാതൃകകൾ ഒന്നും അദ്ദേഹത്തിനു മുമ്പിൽ ഇല്ലായിരുന്നു. എങ്കിലും ജന്മനാ പ്രതിഭാശാലിയായ അദ്ദേഹത്തിന് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു.

പല മല്പാന്മാരുടെ കീഴിൽ പല സ്ഥലങ്ങളിലായി വൈദിക പരിശീലനം നേടിയിരുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി മലങ്കരസഭയിലെ എല്ലാ വൈദിക വിദ്യാർത്ഥികളും ഒരു സ്ഥലത്ത് മലങ്കരമെത്രാന്റെ മേൽനോട്ടത്തിൽ പരിശീലിക്കുമ്പോൾ അദ്ദേഹം ചില ലക്ഷ്യങ്ങൾ മനസ്സിൽ കണ്ടിരുന്നു.

1. വിവിധ പ്രാദേശിക പാരമ്പര്യങ്ങളുടെ പശ്ചാത്തലങ്ങളിൽ നിന്ന് വരുന്ന വൈദിക വിദ്യാർത്ഥികളെ ഉടച്ച് വാർത്ത് കൃത്യമായ സഭാപാരമ്പര്യങ്ങളുടെ ദിശാബോധത്തിലേക്ക് അവരെ പറിച്ച് നട്ട് സഭയിൽ ഏകമുഖമായ വൈദികശൈലി വളർത്തിയെടുക്കുക.

2. സഭയ്ക്ക് നിർവഹിക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്തങ്ങളെ വൈദികരിലേക്ക് സംക്രമിപ്പിക്കുവാനും ഇടവകകളുടെ ശേഷി അനുസരിച്ച് അവയെ പ്രാവർത്തികമാക്കുവാനുള്ള വെല്ലുവിളി വൈദികരിലൂടെ ഇടവകകളിലേക്ക് പടർത്തുക.

3. മികച്ച വായനശീലവും പ്രബോധനശൈലിയും ആരാധനാപാടവങ്ങളും വൈദികരിൽ സന്നിവേശിപ്പിച്ച് അവരെ തന്റെ അപ്പോസ്തോലിക ശുശ്രൂഷയിൽ ഭാഗഭാക്കുകൾ ആക്കുക.

4. ഇടവകകളിലെ ഭരണപരമായ വൈവിധ്യങ്ങളെയും പാരമ്പര്യങ്ങളെയും അഭികാമ്യമായ പാതകളിലേക്ക് ഗതിതിരിച്ച് സഭയ്ക്ക് അഭിലഷണീയമായ ഒരു പൊതുപ്രവർത്തന സ്വഭാവം വളർത്തിയെടുക്കുക.

5. ഇടവകകളിലെ വിഭവങ്ങൾ അപ്രസക്തമായ കൊച്ചു കൊച്ച് കാര്യങ്ങൾക്കായി വ്യയം ചെയ്യുന്നത് അവസാനിപ്പിച്ച് ഇടവകയുടെ സാധ്യതകളെ തന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വൻകാര്യങ്ങൾക്ക് ഉപയുക്തമാക്കുക.

6. സ്നേഹം, ത്യാഗം, പ്രാർത്ഥനാശീലം, മിതവ്യയം, മിതഭാഷണം, ഉപദേശ ചാതുരി, പഠനശീലങ്ങൾ, ഇടപെടലുകൾ, അതിഥി സൽക്കാരം തുടങ്ങിയ പ്രതിദിന കർമ്മപരിപാടികൾക്ക് ഉത്തമ മാതൃക പകർത്തുവാൻ അവസരമുണ്ടാകുമാറ് ഗുരുവിന്റെ ജീവിതം ശിഷ്യരുടെ മുമ്പിൽ ഒരു തുറന്ന പുസ്തകമായി അവതരിപ്പിക്കുക.

7. ജീവിതനിഷ്ഠകളോടും ഉപവാസാനുഷ്ഠാനങ്ങളോടും ശിഷ്യർക്ക് പ്രിയം വർദ്ധിപ്പിച്ച് അവരുടെ തേജോമയമായ സേവനത്തിലൂടെ ഇടവകകളെ ഉയർന്ന മൂല്യങ്ങളിലേക്ക് പ്രചോദിപ്പിക്കുക.

ഇങ്ങനെ നിരവധി വ്യത്യസ്തതകൾ ആ തലമുറയിലെ വൈദിക വിദ്യാർത്ഥികൾക്ക് ഗുരുവിൽ നിന്ന് കാണുവാനും കുറെയൊക്കെ പകർത്തുവാനും കഴിഞ്ഞു.

സെമിനാരിയിലെ അധ്യാപനവും സഭയുടെ പൊതുമേൽനോട്ടവും കോട്ടയം പഴയസെമിനാരി കേന്ദ്രീകരിച്ച് നടത്തുമ്പോൾ തന്നെ അദ്ദേഹം സമാന്തരമായി വേറെ ചില കർമ്മപരിപാടികളും ഏറ്റെടുത്തിരുന്നു. അതിൽ പ്രമുഖമായ ഒന്നായിരുന്നു സാമൂഹ്യപ്രവർത്തനം. മൺറോയിലുള്ള സ്വാധീനവും സൗഹൃദവും സുറിയാനി ക്രിസ്ത്യാനികളുടെ സാമ്പത്തികവും സാംസ്ക്കാരികവും സാമൂഹ്യവുമായ അന്തസ്സ് ഉയർത്തുന്നതിന് അദ്ദേഹം പ്രയോജനപ്പെടുത്തി. ഹൈന്ദവക്ഷേത്രങ്ങൾക്കും അവയുടെ ഉത്സവങ്ങൾക്കും നിർബന്ധപൂർവ്വം സൗജന്യവേല ചെയ്യുവാൻ അക്കാലങ്ങളിൽ ക്രിസ്ത്യാനികൾ നിയമം മൂലം ബാധ്യസ്ഥരായിരുന്നു. 'ഊഴിയവേല' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ കൂലിയില്ലാ വേല മൺറോ സർക്കാർ ഉത്തരവ് മുഖേന നിരോധിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ച പുലിക്കോട്ടിൽ മെത്രാച്ചന്റെ ക്രാന്തദർശിത്വത്തെ കൃതജ്ഞതയോടെ അഭിനന്ദിക്കേണ്ടതുണ്ട്. ഞായറാഴ്ച ദിവസം അവധിദിനമായി പ്രഖ്യാപിക്കപ്പെട്ടതും വിശുദ്ധദിനത്തിൽ ജോലി ചെയ്യണമെന്ന നിർബന്ധത്തിൽ നിന്ന് ക്രൈസ്തവർ നിയമം മൂലം ഒഴിവാക്കപ്പെട്ടതും ഇക്കാലത്തായിരുന്നു. സർക്കാർ ഓഫീസുകളിൽ ആദ്യമായി നാട്ടുക്രിസ്ത്യാനികൾക്ക് നിയമനം ലഭിച്ചതും അക്കാലത്താണെന്നത് പ്രത്യേകം പരാമർശം അർഹിക്കുന്നു. 1816-ൽ എല്ലാ സിവിൽ കോടതികളിലും ഓരോ ക്രിസ്ത്യൻ ന്യായാധിപനെ നിയമിക്കണമെന്ന ഭരണപരിഷ്കാരവും നടപ്പിലായത് ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ *മലങ്കര നസ്രാണികൾ - പദവികളും ജാത്യാചാരങ്ങളും* എന്ന ഗ്രന്ഥത്തിൽ കാണാം.[1] 1813-ൽ ക്രിസ്ത്യാനികളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു കമ്മീഷൻ നിയോഗിക്കപ്പെട്ടു. വിദ്യാഭ്യാസ സൗകര്യങ്ങൾ ക്രമീകരിക്കാനുള്ള ശുപാർശകൾ ഈ കമ്മീഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിലവിലുണ്ടായിരുന്ന സുറിയാനിക്കാരുടെ അമ്പത്തിരണ്ടു പള്ളികളോട് ചേർന്ന് അമ്പത്തിരണ്ട് സ്കൂളുകൾ ആരംഭിക്കുവാൻ ഉത്തരവുണ്ടായത്. ഇപ്രകാരം കേണൽ മൺറോയുടെ കാലത്തുണ്ടായ ഏത് ഭരണപരിഷ്കാരങ്ങളുടെയും പിന്നിൽ സെമിനാരി സ്ഥാപകന്റെ പ്രേരണയും പ്രോത്സാഹനവും മാർഗ്ഗദർശനവും ഉണ്ടായിരുന്നു (റഷ്യയിൽ ഗോർബച്ചോവ്

നടത്തിയ പുനർ വിചിന്തനങ്ങളുടെയും ഭരണപരിഷ്കാരങ്ങളുടെയും - പെരിസ്ട്രോയിക്കാ - പിന്നിൽ പ്രേരണയും സ്വാധീനവുമായി വർത്തിച്ചത് ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചിന്തകൾ ആയിരുന്നുവെന്ന് നിത്യചൈതന്യയതി പില്ക്കാലത്ത് വിലയിരുത്തിയത് ഒരു സമാന്തര സംഭവമായി ഇവിടെ ഓർക്കാവുന്നതാണ്. ആദ്ധ്യാത്മിക നേതാവിന്റെ മാർഗ്ഗദർശനം സാമൂഹ്യപരിവർത്തനങ്ങൾക്ക് പ്രേരണയാവുന്നതിന്റെ ഉദാഹരണം രണ്ട് കാലഘട്ടത്തിലും ദൃശ്യമാണ്.).

ജീവിതാന്ത്യത്തിൽ അദ്ദേഹം വിജയപൂർവ്വം നിർവഹിച്ച മറ്റൊരു മേഖലയായിരുന്നു ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം. 1811-ൽ ബോംബെ കൊറിയർ പ്രസിൽനിന്ന് പ്രസിദ്ധീകരിച്ച ആദ്യത്തെ മലയാളം ബൈബിളിൽ നാലു സുവിശേഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മലങ്കരസഭയുടെ ബൈബിൾ വിവർത്തനശ്രമം അതോടെ അവസാനിച്ചതായാണ് പലരും മനസ്സിലാക്കിയിട്ടുള്ളത്. സുറിയാനിയിൽ നിന്ന് സുവിശേഷങ്ങൾ വിവർത്തനം ചെയ്യാൻ തന്റെ മുഖ്യസഹായിയായി വർത്തിച്ച കായംകുളം റമ്പാൻ നിര്യാതനായതിനാൽ ആ ദൗത്യം പുലിക്കോട്ടിൽ മെത്രാച്ചൻ സ്വയമായി പൂർത്തീകരിക്കുകയായിരുന്നു. ഇക്കാര്യത്തിലും കേണൽ മൺറോയുടെ പ്രേരണയും പ്രോത്സാഹനവും ഉണ്ടായിരുന്നു. വൈദികാഭ്യസനം, സെമിനാരി നിർമ്മാണത്തിന്റെ പൂർത്തീകരണം, സഭാഭരണം എന്നീ ഭാരിച്ച ഉത്തരവാദിത്വങ്ങളുടെ കൂട്ടത്തിൽ ബൈബിളിന്റെ ശിഷ്ടഭാഗങ്ങൾ വിവർത്തനം ചെയ്യാനുള്ള വെല്ലുവിളിയും ആ വൃദ്ധ മഹാപുരോഹിതൻ - അന്ന് എഴുപത്തിയഞ്ച് വയസ്സാണ് അദ്ദേഹത്തിന് - ഉത്സാഹപൂർവ്വം ഏറ്റെടുത്തു. തേജോമയമായ ഈ തപസ്സിന്റെ കഥ പില്ക്കാലത്ത് കേണൽ മൺറോ എഴുതിയ ചില കത്തുകളിലൂടെ ചുരുൾ നിവരുന്നുണ്ട് (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമനും കേണൽ മൺറോയും എന്ന അനുബന്ധ ലേഖനം കാണുക).

സെമിനാരിയിലെ വൈദികപരിശീലനം, ഇടവകകളുടെ മേലന്വേഷണം തുടങ്ങിയ ചുമതലകളിൽ നിർണ്ണായക നേതൃത്വം വഹിച്ചിരുന്നതിനാൽ ആ വൃദ്ധ മഹാപുരോഹിതന് മൺറോ ആഗ്രഹിച്ച വേഗത്തിൽ ബൈബിൾ വിവർത്തനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും ഒരു വർഷം കൊണ്ട് ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം അദ്ദേഹം നിർവഹിച്ചു. വൈദിക സെമിനാരിയിലെ ശിഷ്യരായ വൈദിക വിദ്യാർത്ഥികളുടെ സേവനം ഇക്കാര്യത്തിൽ അദ്ദേഹം പ്രയോജനപ്പെടുത്തിയിരുന്നു. എന്നാൽ 1816-ൽ സെമിനാരിയിൽ അധ്യാപനം നിർവഹിക്കുവാൻ എത്തിയ ബെഞ്ചമിൻ ബെയിലി മെത്രാപ്പോലീത്തായുടെ വിവർത്തനത്തോട് സ്പഷ്ടമായ വിയോജിപ്പ് രേഖപ്പെടുത്തി. മെത്രാപ്പോലീത്തായുടെ വിവർത്തനത്തിലെ ഭാഷയെപ്പറ്റിയായിരുന്നു പ്രധാന ആക്ഷേപം.

സുറിയാനി ഭാഷയിലെ മൂലഗ്രന്ഥം പരിഭാഷയ്ക്ക് അടിസ്ഥാന ഗ്രന്ഥ മായി ഉപയോഗിക്കുന്നതിലും ബെയിലിക്ക് വിയോജിപ്പ് ഉണ്ടായിരുന്നു. ഗ്രീക്കുഭാഷയിലുള്ള ബൈബിളിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഇംഗ്ലീഷ് ബൈബിൾ ആണ് മലയാള വിവർത്തനത്തിന് ഉപയോഗിക്കേ ണ്ടത് എന്ന നിലപാടിൽ ബെയ്‌ലി ഉറച്ചുനിന്നു. അതോടെ മൺറോയും അല്പം പതറി. സെമിനാരിയുടെ പ്രതിദിന ഭരണനിർവ്വഹണ കാര്യ ത്തിൽ മെത്രാപ്പോലീത്താ പ്രദർശിപ്പിച്ച ഉടമസ്ഥതാബോധം മൂലം മെത്രാ പ്പോലീത്തായോട് അല്പം നീരസത്തിലായിരുന്ന കേണൽ മൺറോ ബെയിലിയുടെ സമ്മർദ്ദം കൂടിയായപ്പോൾ നിലപാടുകൾക്ക് വ്യത്യാസം വരുത്തി. ഇതോടെ പുലിക്കോട്ടിൽ മെത്രാച്ചൻ വളരെ ക്ലേശം സഹിച്ച് തയ്യാറാക്കിയ ബൈബിളിന്റെ സമ്പൂർണ്ണ വിവർത്തനം അവഗണിക്കപ്പെട്ടു. ബെയിലിയുടെ വിവർത്തനം പിന്നീട് പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

(പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തയ്യാറാ ക്കിയ വിവർത്തനങ്ങൾ പിന്നീട് കുന്നംകുളം പനയ്ക്കൽ താരു മുതലാ ളിക്ക് വിറ്റതായി അഭ്യൂഹിക്കാൻ സാഹചര്യമുണ്ട്. പില്ക്കാലത്ത് ഇരു പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ക്ഷീണിച്ചുപോയ പനക്കൽ കുടുംബത്തിലെ പുരാതന ഈടുവയ്പുകൾ കുന്നംകുളം ബഥനി ആശ്രമം സുപ്പീരിയർ ആയിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. സാഹ സികമായി പരിശോധിച്ചു. അവിടെ നിന്ന് ബൈബിൾ വിവർത്തനത്തിന്റെ പഴയ കൈയെഴുത്ത് പകർപ്പ് അദ്ദേഹം കണ്ടെടുത്തു. നിധി കിട്ടിയ ആഹ്ലാദത്തിമിർപ്പോടെ അദ്ദേഹം ആ കൈയെഴുത്തുപ്രതിയും പന യ്ക്കൽ കുടുംബത്തിൽ നിന്ന് ലഭിച്ച മറ്റ് വിലപ്പെട്ട കൈയെഴുത്തു രേഖ കളും വളരെ പ്രതീക്ഷകളോടെ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ കോട്ടയം പഴയസെമിനാരിയിൽ ആഘോഷപൂർവ്വം ഉദ്ഘാടനം ചെയ്യപ്പെട്ട ആർക്കൈവ്സിലേക്ക് സംഭാ വന ചെയ്തു. ആർക്കൈവ്സ് ക്രമീകരണത്തിൽ പ്രത്യേകം പരിശീലനം കഴിഞ്ഞ് എത്തിയ ലൈബ്രേറിയൻ എന്റെ ചിരകാല സുഹൃത്ത് ആയി രുന്നതിനാൽ ഗവേഷണവുമായി ബന്ധപ്പെട്ട് പഴയസെമിനാരിയിൽ പല പ്പോഴും സന്ദർശിച്ചിരുന്ന എനിക്ക് ഈ ബൈബിൾ വിവർത്തനത്തിന്റെ കൈയെഴുത്തുപ്രതി കാണിച്ചു തരികയുണ്ടായി. ആയിടെ പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കരമെത്രാപ്പോലീത്തായുടെ ജീവ ചരിത്രത്തിൽ ചേർക്കാനായി അതിൽ ഒരു ഭാഗം ഫോട്ടോകോപ്പി എടുത്ത് എനിക്ക് തരികയും ചെയ്തിരുന്നു. അത് 1992-ൽ പ്രസിദ്ധപ്പെടുത്തിയ ഒന്നാം പതിപ്പിൽ ഉൾപ്പെടുത്തുകയും ചെയ്തു. അന്ന് വൈദികസെമി നാരിയുടെ ആർക്കൈവ്സിൽ സൂക്ഷിക്കാൻ ഏല്പിച്ച കൈയെഴുത്തു പ്രതികൾ വീണ്ടും പരിശോധിക്കാൻ ഏതാനും വർഷങ്ങൾ കഴിഞ്ഞ്

സെമിനാരിയിലെത്തിയ എന്നോട് ലൈബ്രേറിയൻ വിചിത്രമായി പ്രതി കരിച്ചവിധം ഉത്തരം കിട്ടാത്ത പ്രഹേളികയായി അവശേഷിക്കുന്നു. അദ്ദേഹം ഏതാണ്ട് ഈ വാക്കുകളാണ് പറഞ്ഞത്: 'പുലിക്കോട്ടിൽ തിരു മേനി വിവർത്തനം ചെയ്ത വേദഭാഗങ്ങളുടെ കൈയെഴുത്തുപ്രതിക ളൊന്നും ഇവിടെയില്ല. അങ്ങനെ ഒരു കൈയെഴുത്തുപ്രതി ബഥനിയിലെ കുറിയാക്കോസ് അച്ചൻ ഇവിടെ ഏല്പിച്ചതായി ഞങ്ങളുടെ ഓർമ്മയി ലില്ല." നേരത്തെ അദ്ദേഹം എനിക്കു തന്ന ഫോട്ടോകോപ്പിയെപ്പറ്റി ഓർ മ്മിപ്പിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം ഏതാണ്ടിങ്ങനെ പ്രതിവചിച്ചു. 'അങ്ങനെ ഒരു ഫോട്ടോകോപ്പി ഞാനാർക്കും നൽകിയിട്ടില്ല. അച്ചന് അങ്ങനെ ഒരു രേഖ ഇവിടെനിന്ന് കിട്ടിയിട്ടുണ്ടെങ്കിൽ അത് അനധികൃ തവും അവിഹിതവുമായി ഇവിടെനിന്ന് സംഘടിപ്പിച്ചതാകാം.' അസുഖ കരമായ ആ സംസാരം അവിടെ നിലച്ചു. സെമിനാരിയുമായി നിലനിർത്തി പ്പോന്ന ബന്ധത്തിന് അന്നേറ്റ ഉലച്ചിൽ എന്റെ പില്ക്കാല ഗവേഷണ ശ്രമങ്ങളെ വലിയൊരളവിൽ ബാധിച്ചുവെന്ന് മാത്രം ഇവിടെ പ്രസ്താ വിച്ചു കൊള്ളട്ടെ. ഞങ്ങളുടെ സൗഹൃദവും അതോടെ ബലഹീനമായി. ഒന്നാം പതിപ്പിൽ ചേർത്ത ആ വിവർത്തനം രണ്ടാം പതിപ്പിലും അനു ബന്ധത്തിൽ ചേർത്തിട്ടുണ്ട്.).

സെമിനാരിയിൽ പരിശീലനം ആരംഭിച്ചുവെങ്കിലും സ്ഥിരമായി ഒരു ചാപ്പൽ നിർമ്മിക്കപ്പെട്ടിരുന്നില്ല. നാലുകെട്ടിന്റെ ഒരു ഭാഗം താല്ക്കാലിക ചാപ്പലായി ക്രമീകരിച്ച് അവിടെ ആരാധനകളും മറ്റ് പ്രതിദിന നമസ്ക്കാ രങ്ങളും നടത്തുകയായിരുന്നു. ഒരു സ്ഥിരം ചാപ്പൽ നാലുകെട്ടിനോട് ചേർത്ത് നിർമ്മിക്കുവാൻ അദ്ദേഹം പ്ലാൻ തയ്യാറാക്കി. അതിന്റെ നിർ മ്മാണം ആരംഭിച്ച വിവരം കേണൽ മൺറോ 13-3-1817 ൽ എഴുതിയ ഒരു കത്തിൽ താഴെപറയും പ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. 'കോളജിൽ ഒരു പള്ളി പണിയുവാൻ താൻ ആരംഭിച്ചതായി അന്തരിച്ച മെത്രാൻ എന്നെ അറിയിച്ചിരുന്നു. അതിന്റെ നിർമ്മാണത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായെന്ന് എനിക്കറിഞ്ഞു കൂടാ' (പി. ചെറിയാന്റെ സഭാചരിത്രം - അനുബന്ധത്തിൽ ചേർത്ത കത്തുകൾ).

ഒരു ചാപ്പലിന്റെ നിർമ്മാണം ആരംഭിച്ച് പുരോഗമിച്ചു എങ്കിലും പൂർ ത്തിയാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അവശേഷിച്ച നിർമ്മാണ ജോലികൾ ബെഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിലാണ് പൂർത്തിയാ ക്കിയത്. ഏറെക്കാലം തനിക്ക് മുമ്പിലില്ലെന്ന് ദിവ്യ വെളിപാട് കിട്ടിയി ട്ടെന്നപോലെ അന്ത്യകാലം കർമ്മനിരതമാക്കുവാൻ അദ്ദേഹം യത്നിച്ചു. താൻ ആഗ്രഹിച്ചവിധം വൈദികസെമിനാരി പ്രവർത്തിക്കണമെങ്കിൽ വൈദികവിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വിപുലമായ വായനയ്ക്കും അവസരമുണ്ടാകണമെന്ന് ആ കർമ്മയോഗിയ്ക്ക് അറിയാമായിരുന്നു.

അക്കാലങ്ങളിൽ പുസ്തകങ്ങൾ തുലോം കുറവായിരുന്നു. അച്ചടിച്ച പുസ്തകങ്ങൾ ഇല്ലെന്നു തന്നെ പറയാം. സമ്പന്നമായ സുറിയാനി സഭയുടെ പൈതൃകം ഒളിച്ചിരിക്കുന്ന കൈയെഴുത്തുഗ്രന്ഥങ്ങൾ പുരാതന ദേവാലയങ്ങളിലും വൈദികഭവനങ്ങളിലും ചിതലെടുക്കുന്ന അനുഭവം അദ്ദേഹം നേരിട്ട് കണ്ടതാണ്. മലങ്കരസഭയുടെ നാനാഭാഗങ്ങളിൽ നിന്നായി വൈദികസെമിനാരിയിൽ പഠനത്തിനെത്തിയ വൈദികവിദ്യാർത്ഥികളെ ഇക്കാര്യത്തിൽ അദ്ദേഹം ആവേശം കൊള്ളിച്ചു. അവരുടെ മാതൃദേവാലയങ്ങളിലും സമീപങ്ങളിലുള്ള വൈദികഗൃഹങ്ങളിലും അനാഥമായി കിടക്കുന്ന സുറിയാനി കൈയെഴുത്ത് ഗ്രന്ഥങ്ങൾ വൈദിക വിദ്യാർത്ഥികൾ മുഖേന അദ്ദേഹം സെമിനാരിയിൽ സമാഹരിച്ചു. അത്ഭുതകരമായിരുന്നു ഫലം. കോതമംഗലം, പിറവം, മുളന്തുരുത്തി, കണ്ടനാട്, ചെങ്ങന്നൂർ, നിരണം തുടങ്ങി പഴയ സഭാകേന്ദ്രങ്ങളിലും മെത്രാന്മാർ താമസിച്ചിരുന്ന കേന്ദ്രങ്ങളിൽ നിന്നും വിലയേറിയ ഗ്രന്ഥങ്ങൾ ആ പ്രതിഭാശാലിയുടെ സംഘടിതപാടവം മൂലം കോട്ടയം പഴയസെമിനാരിയിലെത്തി. ആ വൃദ്ധ മഹാപുരോഹിതന്റെ സ്വപ്നത്തെ മലങ്കരസഭ ഒന്നാകെ പിന്തുണച്ചു. മലങ്കരസഭയുടെ ചരിത്രം, പാരമ്പര്യം, ആരാധന, വിദേശബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ആധികാരികമായ ഗവേഷണ പഠനം നിർവ്വഹിക്കുന്നവർക്ക് അവലംബമായേക്കാവുന്ന ഒരു വൻ പുസ്തകശേഖരം ലഭിച്ചപ്പോൾ ആ പ്രതിഭാശാലി കൂടുതൽ കർമ്മോൽസാഹിയായി. ആ പുസ്തകങ്ങൾ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പുസ്തകങ്ങളുടെ ഒരു ലിസ്റ്റും കാറ്റലോഗും വൈദികവിദ്യാർത്ഥികളുടെ സഹായത്തോടെ അദ്ദേഹം തയ്യാറാക്കി. തന്റെ അധ്വാനം സഫലമായതിന്റെ ഒരു ആത്മസംതൃപ്തിയോടെ അദ്ദേഹം കാറ്റലോഗിന്റെ ഒരു കോപ്പി കേണൽ മൺറോയ്ക്കു നൽകി. സെമിനാരിയുടെ പ്രയാണവും പ്രവർത്തനവും ശരിയായ ദിശയിലാണെന്ന് അഭ്യുദയകാംക്ഷി എന്ന നിലയിൽ മൺറോ തിരിച്ചറിയുകയായിരുന്നു.

പക്ഷേ അതുകൊണ്ട് പ്രതീക്ഷിച്ച ഫലമൊന്നുമുണ്ടായില്ല. പുലിക്കോട്ടിൽ മെത്രാച്ചൻ അന്തരിച്ച് നാല് മാസങ്ങൾക്കുശേഷം 1817 മാർച്ച് 13-ന് സെമിനാരി അധികൃതർക്ക് കേണൽ മൺറോ എഴുതിയ ഒരു കത്തിലെ പരാമർശം ശ്രദ്ധിക്കുക:

"…. നിങ്ങൾ അയച്ചുതന്ന പുസ്തകലിസ്റ്റിൽ പല സുറിയാനി പുസ്തകങ്ങളും കാണുന്നില്ല. പ്രത്യേകിച്ച് പഴയനിയമ വേദപുസ്തകങ്ങൾ. നഷ്ടപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുവാൻ ബിഷപ്പിന് നിർദ്ദേശം നൽകണം (അന്ന് ബിഷപ്പ് എന്ന് ഉദ്ദേശിക്കുന്നത് മലങ്കരമെത്രാനായി നിയമിക്കപ്പെട്ട് സർവ്വസ്വാതന്ത്ര്യത്തോടെ കോട്ടയം പഴയസെമിനാരിയിലും തൊഴിയൂരിലെ ആസ്ഥാനത്തുമായി വാസം ക്രമീകരിച്ച കിടങ്ങൻ ഗീവർഗ്ഗീസ്

മാർ പീലക്സീനോസിനെ ആണ്). അന്തരിച്ച ബിഷപ്പ് (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ) പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് അയച്ചുതന്നിരുന്നു. നിങ്ങൾ ഇപ്പോൾ അയച്ചുതന്ന ലിസ്റ്റ് പരിശോധിച്ചതിൽ മുൻ ലിസ്റ്റിലെ പല പുസ്തകങ്ങളും കാണുന്നില്ല' (പി. ചെറിയാന്റെ സഭാചരിത്രം - അനുബന്ധത്തിൽ ചേർത്ത കത്തുകൾ).

പുലിക്കോട്ടിൽ മെത്രാച്ചന്റെ നിര്യാണം കഴിഞ്ഞ് കിടങ്ങൻ മെത്രാച്ചൻ നിയമിക്കപ്പെട്ട് തൽസ്ഥാനത്ത് പ്രവേശിച്ച് നാലു മാസം കഴിയുമ്പോഴേക്കും മുൻ ബിഷപ്പ് ശേഖരിച്ച പുസ്തക സഞ്ചയത്തിൽ നിന്ന് വിലപ്പെട്ട പല പുസ്തകങ്ങളും അപ്രത്യക്ഷമായി എന്ന മൺറോയുടെ പ്രസ്താവന പല അഭ്യൂഹങ്ങൾക്കും ഇടനൽകിയിട്ടുണ്ട് (കിടങ്ങൻ മെത്രാച്ചന്റെ തൊഴിയൂരിലുള്ള ആസ്ഥാനത്ത് ഇപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്ത കുറെ സുറിയാനി കൈയെഴുത്ത് ഗ്രന്ഥങ്ങൾ സൂക്ഷിച്ചിട്ടുണ്ട്. കാലം ചെയ്ത കുത്തൂർ മാത്യൂസ് മാർ കൂറിലോസ്, ഇപ്പോൾ റിട്ടയർ ചെയ്ത പനയ്ക്കൽ ജോസഫ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാരുടെ അഭ്യർത്ഥന അനുസരിച്ചും എന്റെ അഭിവന്ദ്യ ഗുരുനാഥൻ പുണ്യചരിതനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ആജ്ഞയനുസരിച്ചും തൊഴിയൂർ ഗ്രന്ഥപ്പുരയിലെ സുറിയാനി കയ്യെഴുത്തു ഗ്രന്ഥങ്ങൾ ലിസ്റ്റ് ചെയ്യാനും കാറ്റലോഗ് തയ്യാറാക്കുവാനും ശ്രമിച്ച ഈ ഗ്രന്ഥകാരൻ ആശ്ചര്യപരതന്ത്രനായി. 1665-ൽ മലങ്കരയിൽ വന്ന അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ്, 1685-ൽ വന്ന യൽദോ മാർ ബസ്സേലിയോസ്, 1751-ൽ വന്ന ശക്രള്ളാ ബാവാ, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങളും പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് ഒന്നാമൻ എഴുതിയ നിരവധി സുറിയാനി കത്തുകളുടെയും കവിതകളുടെയും സമാഹാരങ്ങളും അവിടുത്തെ ഗ്രന്ഥശേഖരത്തിലുണ്ട്. പാശ്ചാത്യ സുറിയാനിയിലും പൗരസ്ത്യ സുറിയാനിയിലും കർസോനിയിലുമായി എഴുതപ്പെട്ട ആ ഗ്രന്ഥങ്ങൾക്ക് മലങ്കരസഭയുടെ അറിയപ്പെടാത്ത പുരാതന ചരിത്രങ്ങളിലേക്ക് ചില പ്രകാശരശ്മികൾ പായിക്കുവാൻ കഴിയുമെന്ന് ഈ ഗ്രന്ഥകാരന് തോന്നി. ഈ പുസ്തകങ്ങൾ അധികവും തൊഴിയൂരിൽ പള്ളിയും മെത്രാസനാസ്ഥാനവും ആവിർഭവിക്കുന്നതിന് മുമ്പുള്ളവയാണ്. മലങ്കരസഭയിൽ നിന്ന് നിഷ്ക്കാസിതനായി ഒരു രാത്രിയിൽ അഭയംതേടി ആദ്യം കുന്നംകുളത്തും പിന്നീട് തൊഴിയൂരിലും വന്ന കാട്ടുമങ്ങാട്ട് സംഘം ഈ പുരാതന ഗ്രന്ഥസഞ്ചയം ശേഖരിച്ച് തൊഴിയൂരിലെത്തിച്ചു എന്ന് സാമാന്യബുദ്ധിയുള്ള ആരും കരുതുവാനിടയില്ല. ഏതായാലും തൊഴിയൂരിലെ പുസ്തകശേഖരത്തിന്റെ ചരിത്രം ആരായുമ്പോൾ ചില രഹസ്യങ്ങൾ പുറത്തു വരുമെന്നത് തീർച്ചയാണ്).

എണ്ണ വറ്റാറായ ദീപമായിരുന്നു കോട്ടയം പഴയസെമിനാരി സ്ഥാപകൻ. മെത്രാൻസ്ഥാനമേറ്റ് ഇരുപത് മാസത്തിനകം അദ്ദേഹം ആവിഷ്ക്കരിച്ച കർമ്മമേഖലകൾ കെടാൻ പോകുന്ന ദീപത്തിന്റെ ആളിക്കത്തലായിട്ടു വേണം വിലയിരുത്തുവാൻ. മലങ്കരസഭയുടെ പുനരുജ്ജീവനത്തിനായി അനുനിമിഷം ത്രസിക്കുന്ന ഒരു ക്രാന്തദർശിയുടെയും സംക്രമണനായകന്റെയും ഹൃദയം അദ്ദേഹത്തിൽ നാം കാണുന്നു. സമാനദർശനവും ക്രാന്തദർശിത്വവും ഇല്ലാത്ത ഒരു പിൻഗാമിക്ക് ഏറ്റെടുക്കുവാനോ മനസ്സിലാക്കുവാൻ പോലുമോ കഴിയാത്ത അത്ര വിപുലമായ കർമ്മസാമ്രാജ്യമാണ് അദ്ദേഹം പിൻഗാമികൾക്കു മുമ്പിൽ തുറന്നിട്ടത്.

പിൻഗാമിയെ കണ്ടെത്തുന്നു

ആരായിരിക്കണം തന്റെ പിൻഗാമി എന്നത് സെമിനാരി സ്ഥാപകന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമായിരുന്നു. തനിക്ക് സ്ഥാനം തന്ന കിടങ്ങൻ മെത്രാച്ചൻ സഭയിൽ അന്ന് പൊതുവെ സ്വീകാര്യനായിരുന്നു. ബ്രിട്ടീഷ് റസിഡണ്ടിനും സെമിനാരിയിലെ മിഷനറിമാരായ അധ്യാപകർക്കും അദ്ദേഹത്തെ പിന്തുണക്കുവാൻ സന്തോഷമായിരുന്നു. എന്നാൽ താൻ തുടങ്ങിവച്ച കർമ്മമേഖലകൾ നിഷ്ക്രിയനായ കിടങ്ങൻ മെത്രാച്ചന്റെ കൈകളിൽ മൃതമാവുമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ കാര്യങ്ങളെ വിലയിരുത്തി. വിധേയമാനസനായ കിടങ്ങൻ മെത്രാച്ചൻ അധികാരത്തിൽ തുടർന്നാൽ മിഷനറിമാരുടെ പൂർണ്ണനിയന്ത്രണത്തിൽ സെമിനാരി പ്രവർത്തിക്കേണ്ടിവരുമെന്നും താൻ ധീരമായി സ്വീകരിച്ച പല നിലപാടുകളും ഉപേക്ഷിക്കപ്പെട്ടേക്കുമെന്നും സെമിനാരി സ്ഥാപകന് നിശ്ചയമായിരുന്നു.

താൻ റമ്പാൻ ആയ ദിവസം എട്ടാം മാർത്തോമ്മായിൽ നിന്ന് ശെമ്മാശ്ശപട്ടമേറ്റ, തന്റെ കുടുംബക്കാരൻ കൂടെയായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ പാലൂർ – ചാട്ടുകുളങ്ങര പള്ളിയിൽ അന്ന് വികാരിയായി പ്രവർത്തിക്കുന്നുണ്ടായിരുന്നു (ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കാണുന്ന കബറിടം അദ്ദേഹത്തിന്റേതാണ്). അദ്ദേഹത്തെ പിൻഗാമിയാക്കി വാഴിക്കുവാൻ കുന്നംകുളം – പഴഞ്ഞി പ്രദേശങ്ങളിൽ നിന്ന് വേണ്ടത്ര സമ്മർദ്ദവുമുണ്ടായിരുന്നു. ജീവിതകാലം മുഴുവൻ മുൻഗാമികളായ മെത്രാന്മാരുടെ കുടുംബവാഴ്ചക്കെതിരായി ഉറച്ച നിലപാടെടുത്ത് പൊരുതി വിജയിച്ച താൻ മുൻഗാമികളുടെ പാതയിലേക്ക് തിരിയുന്നത് ഛർദ്ദിച്ചത് ഭക്ഷിക്കുംപോലെ പരിഹാസ്യമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. കൊച്ചി സംസ്ഥാനത്തെ പ്രജ എന്ന നിലയിൽ തനിക്കനുഭവിക്കേണ്ടി വന്ന ഭീഷണികളും ഒറ്റപ്പെടുത്തലുകളും തന്റെ പിൻഗാമിയെ ബാധിക്കരുതെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നു.

തന്റെ സഹോദരപുത്രൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ, തന്റെ

സഹോദരീപുത്രൻ കോലാടി തരുത് കത്തനാർ, തന്റെ പ്രിയ ശിഷ്യൻ കുത്തൂർ ഗീവർഗ്ഗീസ് മല്പാൻ എന്നീ മൂന്ന് പേർ അവിവാഹിത വൈദികരായി അദ്ദേഹത്തിന്റെ ആജ്ഞകൾ അനുസരിക്കാൻ തയ്യാറായി നിന്നിരുന്നെങ്കിലും അവരെ പിൻതള്ളി കോട്ടയം ചെറിയപള്ളി ഇടവകയിൽ പുന്നത്ര ജോർജ്ജ് കത്തനാരെ പിൻഗാമി എന്ന നിലയിൽ സന്തതസഹചാരിയായി സ്വീകരിക്കുകയും താമസംവിനാ തന്റെ വികാരി ജനറൽ എന്ന സ്ഥാനത്ത് ഔദ്യോഗികമായി പ്രതിഷ്ഠിക്കുകയും ചെയ്തു. മെത്രാൻ വാഴ്ചയെ കുടുംബപാരമ്പര്യത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ തളച്ചിട്ട് മലിനമാക്കിയ മുൻ പ്രവണതകൾക്കെതിരെ ആശാസ്യമായ ഒരു മാതൃക അദ്ദേഹം സൃഷ്ടിക്കുകയായിരുന്നു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും പ്രാദേശിക സ്വാധീനങ്ങളും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയെ പരാജയപ്പെടുത്തുവാൻ പര്യാപ്തമായിരുന്നില്ല (കരുത്തേറിയ സ്ഥാനാർത്ഥികൾ മെത്രാൻ സ്ഥാനത്തേക്കുയർന്ന് വരുമ്പോൾ അവരെ നിഷ്പ്രഭരാക്കുകയും അയഥാർത്ഥവും ബാലിശവുമായ ആരോപണങ്ങൾ അവർക്കെതിരെ ഔദ്യോഗികവേദികളിൽ ഉന്നയിച്ച് അവരുടെ കുതികാൽ വെട്ടുകയും ചെയ്യുന്ന പില്ക്കാല പ്രവണതകൾ കൺമുമ്പിൽ കാണുമ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ സ്വീകരിച്ച് ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കിയ കർമ്മമന്ത്രം എത്രയോ വിശിഷ്ടമെന്ന് പറയേണ്ടി വരുന്നു. ഏക മെത്രാപ്പോലീത്താ മാത്രമേ അന്ന് സഭയിലുള്ളൂ. അദ്ദേഹത്തിന്റെ ഏതിഷ്ടവും സഭയിൽ അടിച്ചേൽപ്പിക്കുവാൻ ഒരു വിഷമവും ഉണ്ടായിരുന്നില്ല. എന്നിട്ടും അധികാരത്തിന്റെ വാൾ അർഹതയുള്ളവർക്കെതിരെ പ്രയോഗിക്കാതെ ഉദാത്തമായ ദിവ്യദർശനത്താൽ പ്രചോദിതനായിട്ടെന്ന പോലെ യോഗ്യനും യുവാവുമായ ഒരു ശ്രേഷ്ഠ വൈദികനെ പിൻഗാമിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി തന്റെ വികാരി ജനറൽ ആയി അവരോധിച്ചത് എക്കാലവും മലങ്കരസഭയിൽ എല്ലാ അധികാരസ്ഥാനികൾക്കും ഒരു സർവ്വകാല മാതൃകയാവേണ്ടതാണ്.

പുന്നത്ര കുടുംബചരിത്രത്തിൽ ഈ നിയമനത്തെപ്പറ്റി പ്രസ്താവിക്കുന്നതിപ്രകാരമാണ്:

"..... ഈ കുര്യൻ (ജോർജ്ജ്) കത്തനാർ ഇടവകയ്ക്ക് തന്നെയല്ല, സമുദായകാര്യങ്ങളിലും താല്പര്യമുള്ളവനാകയാൽ അക്കാലത്ത് ജീവിച്ചിരുന്ന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ തന്റെ ആലോചനക്കാരനായിട്ട് കൂടെ വച്ചുകൊണ്ടിരുന്നു. അക്കാലത്ത് നമ്മുടെ മേലധ്യക്ഷനായി ഭരിച്ചിരുന്നത് പകലോമറ്റത്തുള്ള ഒടുവിലത്തെ മെത്രാൻ ആയിരുന്നു. അക്കാലത്ത് മെത്രാന്റെ സ്ഥാനത്തെപ്പറ്റി ആക്ഷേപം ഉണ്ടായി. ഒരു ഭാഗക്കാർ ഇട്ടൂപ്പ് റമ്പാനെയും ഏതാനുംപേർ പകലോമറ്റം മെത്രാനെയും സ്വീകരിച്ചു. മെത്രാന്റെ നടപടി വളരെ മോശവും ഇട്ടൂപ്പ് റമ്പാന്റെ നടത്തത്തിൽ

ജനങ്ങൾക്ക് താല്പര്യവും വർദ്ധിച്ചു വന്നു. ജനങ്ങളുടെ താത്പര്യം കൊണ്ട് വയോധികനായ ഇട്ടൂപ്പ് റമ്പാനെ .... മെത്രാനായി വാഴിക്കുകയും പുന്നത്ര ജോർജ്ജ് കത്തനാരെ തന്റെ സഹായ വികാരി ജനറൽ ആയി നിയമിക്കുകയും ചെയ്തു.[2] 1816 ഒക്ടോബറിൽ കരിങ്ങാച്ചിറ പള്ളിയിൽ ചേർന്ന വൈദിക കോൺഫറൻസിൽ തന്നെ പ്രതിനിധീകരിച്ച് ആംഗ്ലേയ മിഷനറി ബിഷപ്പിനോട് സംസാരിക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചൻ പുന്നത്ര കത്തനാരെ അധികാരപ്പെടുത്തി നിയോഗിച്ചതായി പി. ചെറിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്.[3]

ബൈബിൾ പരിഭാഷ നിർവഹിക്കുന്നതിന് മുമ്പ് ചരിത്രപുരുഷൻ നടത്തിയ വിവർത്തനങ്ങൾ പരിഷ്ക്കരിച്ച് കോട്ടയം സെമിനാരിയിലെ തന്റെ ആദ്യ ബാച്ചിൽപെട്ട വിദ്യാർത്ഥികളെക്കൊണ്ട് പകർപ്പുകളെടുപ്പിച്ച് അവ മലങ്കരയിലെ വിവിധ ദേവാലയങ്ങളിൽ എത്തിക്കുവാൻ വയോധികനായ ആ മലങ്കരമെത്രാൻ ധൃതിപ്പെട്ടു. സുറിയാനിയിൽ നിന്നുള്ള വിവർത്തനങ്ങൾ ആയിരുന്നു അവയെല്ലാം. അവയിൽ കുർബ്ബാനക്രമം, ദാവീദിന്റെ സങ്കീർത്തനങ്ങൾ, പഴയനിയമം, നോമ്പിലെ പ്രുമിയോൻ എന്നിവയുടെ മാതൃകകൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. അവയിൽ പലതും അദ്ദേഹത്തിന്റെ തലമുറയിൽപ്പെട്ട യുവവൈദികർ അവരുടെ പ്രാർത്ഥനാ പുസ്തകങ്ങളിൽ എഴുതിവച്ചവയായിരുന്നു (ഈ ഗ്രന്ഥകാരന്റെ ഗവേഷണശ്രമങ്ങൾക്കിടയിൽ കണ്ടുകിട്ടിയ പ്രസ്തുത കൈയെഴുത്തു രേഖകൾ 1992-ലെ ഒന്നാം പതിപ്പിന്റെ അനുബന്ധത്തിലും ചേർത്തിട്ടുണ്ട്).

റിലേ സംഘത്തിലെ അവസാനത്തെ ഓട്ടക്കാരനെപ്പോലെ സർവ്വശക്തിയും ഉപയോഗിച്ച് മലങ്കരസഭയെ പുതിയ നൂറ്റാണ്ടിലേക്ക് സംക്രമിപ്പിക്കുവാൻ അത്യധ്വാനം ചെയ്യുന്ന ഇടയശ്രേഷ്ഠനെയാണ് അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ നാം കണ്ടെത്തുന്നത്. അദ്ദേഹത്തിന്റെ കാര്യവിചാരകബോധവും അന്വർത്ഥമായ നിഷ്കളങ്കതയും ഇടയബോധവും ജ്വലിച്ചു നിൽക്കുന്ന ഒരു സംഭവം സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് വരച്ചുകാട്ടിയിട്ടുള്ളത് ഇപ്രകാരമാണ്:

“അദ്ദേഹത്തിന്റെ നിസ്വാർത്ഥതയും പക്ഷപാതരാഹിത്യവും അനുപമവും അതിശയിക്കത്തക്കതുമായിരുന്നു. സെമിനാരിയുടെ ചുമതല വളരെ ക്ലേശഭൂയിഷ്ഠമായ സാഹചര്യത്തിൽ നിർവഹിച്ചു പോരുമ്പോൾ ഉണ്ടായ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്: ഒരിക്കൽ സ്വന്തം കുടുംബത്തിൽ നിന്ന് വളരെ അടുത്ത ബന്ധമുള്ള ചില ബന്ധുക്കൾ സെമിനാരിയിൽ എത്തി തങ്ങളുടെ സാമ്പത്തിക പ്രയാസങ്ങളും മറ്റും അദ്ദേഹത്തെ അറിയിച്ചു. അവർക്ക് ഒരു നേരത്തെ ആഹാരം കൊടുത്തു. എത്രയുംവേഗം അവർ തിരിച്ചുപോകും എന്ന് പ്രതീക്ഷിച്ചു. എങ്കിലും പോകാത്തതിനാൽ വീണ്ടും ഞെരുങ്ങി ഒരു നേരത്തെ ആഹാരം കൂടി

കൊടുത്തു. പിന്നെയും താമസിക്കുന്നത് കണ്ടപ്പോൾ, അത് അത്ര പന്തി യല്ല എന്ന് കണ്ട് സങ്കോചം കൂടാതെ അദ്ദേഹം അവരോട് പറഞ്ഞു: 'നിങ്ങൾ കുടുംബത്തേക്ക് പോകണം. ബുദ്ധിമുട്ടുകൾ മുകളിൽ നിന്ന് തീർക്കണം. ഈ സ്വത്ത് നിങ്ങൾക്കുള്ളതല്ല. തീയ്യാണിത്" എന്ന് പറഞ്ഞ് യാത്രാച്ചിലവിലേക്ക് നാലഞ്ച് ചക്രം കൊടുത്തുവിട്ടു."[4]

ഇതാണ് പുലിക്കോട്ടിൽ മെത്രാച്ചൻ. അദ്ദേഹത്തിന്റെ മരണപത്രിക യിൻപ്രകാരം സ്വകുടുംബക്കാർക്ക് തിരിച്ചുകൊടുക്കുവാൻ അദ്ദേഹം നിർദ്ദേശിച്ച വസ്തുക്കൾ എന്തൊക്കെ എന്നു കേൾക്കുമ്പോൾ അത് കുറെ ക്കൂടെ വ്യക്തമാകും:

'കുടുംബത്തിൽ നിന്ന് കൊണ്ടുപോന്ന കാപ്പപ്പെട്ടി (മുരിക്കുതടി കൊണ്ടുള്ളത്), ഒരു ചെറിയ കോളാമ്പി, ഒരു പിച്ചാത്തി നാരായം - ഇത്ര മാത്രം[5] (അദ്ദേഹത്തിന്റെ നിര്യാണാനന്തരം അദ്ദേഹത്തിന്റെ മരണപത്രം നിർദ്ദേശിച്ച സാധനങ്ങൾ കുന്നംകുളത്ത് വീട്ടുകാർക്ക് ലഭിച്ചത് അവർ നിധിപോലെ വീട്ടിൽ സൂക്ഷിച്ചു. ഏറെ താമസിയാതെ കുന്നംകുളം പഴ യപള്ളിയിൽ അദ്ദേഹത്തിന്റെ സ്മാരക കബറിടം തയ്യാറാക്കിയപ്പോൾ ഈ അമൂല്യവസ്തുക്കൾ ആ സ്മാരക കബറിടത്തിൽ നിക്ഷേപിച്ചു).

75-ാം വയസ്സിൽ മെത്രാൻസ്ഥാനത്ത് പ്രവേശിക്കുവാൻ, അനിവാര്യ മായ സാഹചര്യത്തിൽ നിർബദ്ധനായ സ്മര്യപുരുഷനെ മെത്രാൻ സ്ഥാന ത്തിന്റെ രാജകീയപ്രൗഢികൾ അല്പമെങ്കിലും കീഴ്പെടുത്തിയില്ല. സ്ഥാനമേറ്റ ദിവസം പുത്തൻ മണവാളനെപ്പോലെ സ്വന്തം ഇടവകയി ലേക്ക് ഒരു സ്വീകരണം നടന്നതല്ലാതെ അദ്ദേഹത്തിന്റെ ദൈനംദിന പ്രോഗ്രാമുകളിൽ രഥഘോഷയാത്രകൾക്ക് ഒട്ടും സ്ഥാനമുണ്ടായിരുന്നില്ല. സഭാക്ഷേമപരമായ കർമ്മപരിപാടികൾ ഏറ്റെടുത്ത് സാക്ഷാത്ക്കരിക്കാൻ ഏറെയുണ്ടായിരുന്നതിനാൽ സ്വീകരണ മാമാങ്കങ്ങൾക്ക് സമയം കണ്ടെ ത്തുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. മെത്രാൻസ്ഥാനമേൽക്കു ന്നതിന് മുമ്പ് സെമിനാരി നിർമ്മാണം ആരംഭിച്ചപ്പോൾത്തന്നെ ജീവിത ത്തിന് സുരക്ഷിതത്വം നൽകിയിരുന്ന പാലൂർ - ചാട്ടുകുളങ്ങര ഇടവക യിലെ സേവനത്തിന് പൂർണ്ണവിരാമം നൽകി. കോട്ടയം സെമിനാരിയുടെ പ്രവർത്തനം ഒരു പാർട്ട് - ടൈം ജോലിയായി കാണുവാൻ അദ്ദേഹ ത്തിന് കഴിയുമായിരുന്നില്ല. താൻ ഇടവകച്ചുമതലയിൽ നിന്ന് വിട്ടൊഴിഞ്ഞ് പുതുതായി സ്വീകരിച്ച സെമിനാരി പ്രവർത്തനത്തിൽ മുഴുകിയാൽ തന്റെ ചുമതലയിലായിരുന്ന പഴയ ഇടവക അറബിക്കടലിൽ താണുപോകുക യൊന്നും ഇല്ലെന്നും യോഗ്യരായ പിൻഗാമികളുടെ ചുമതലയിൽ തന്റെ ചുമതലയിലായിരുന്ന ഇടവക നിർബാധം പ്രവർത്തിച്ചുകൊള്ളുമെന്ന ശുഭാപ്തിവിശ്വാസം അദ്ദേഹത്തിന് വേണ്ടുവോളം ഉണ്ടായിരുന്നു. താൻ അത്യധ്വാനം ചെയ്ത് നെടുങ്കൻ പള്ളിക്കെട്ടിടത്തെ മറക്കേണ്ടത് പുതിയ

ചുമതലയോട് വിശ്വസ്തത പുലർത്തുവാൻ ആവശ്യമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഒരു സന്യാസിയുടെ നിർമ്മമത്വം അദ്ദേഹത്തിൽ ജ്വലിച്ചു നിന്നു. 'സമലോഷ്ടകാഞ്ചനത്വ'മാണ് ഒരു സന്യാസിയുടെ മുഖമുദ്ര എന്ന ഭാരതീയ ദർശനം അദ്ദേഹത്തിൽ പ്രായോഗികമാവുകയായിരുന്നു (മണ്ണിൻകട്ടയേയും സ്വർണ്ണക്കട്ടയേയും സമമായി വീക്ഷിക്കുക എന്നർത്ഥം). പാലും തേനും തന്നുകൊണ്ടിരിക്കുന്ന ആർത്താറ്റ് ദേശത്തെ വാസവും ഭരണവും അവസാനിപ്പിച്ച്, അനിശ്ചിതത്വം നിറഞ്ഞ സ്വപ്നങ്ങളുമായി കോട്ടയത്തെത്തുമ്പോൾ ആ സന്യാസി അബ്രഹാം പിതാവിനെപ്പോലെ ദൈവനടത്തിപ്പിൽ പൂർണ്ണമായി വിശ്വസിച്ചു. സന്യാസിയുടെ വേഷംകൊണ്ട് കാര്യമില്ല, സന്യാസിയുടെ ആത്മാവാണ് സ്മര്യപുരുഷനെ ഇക്കാര്യത്തിൽ നയിച്ചിരുന്നത്.

മെത്രാൻപദത്തിൽ പാദമൂന്നിയപ്പോഴും ആ സന്യാസിവര്യന്റെ സന്യാസനിഷ്ഠകൾക്ക് തരിമ്പും ലംഘനമുണ്ടായില്ല എന്നത് മലങ്കരസഭയിൽ ഒരത്ഭുതമായി. പ്രിയ വിദ്യാർത്ഥികളായ ശെമ്മാശന്മാരോടൊപ്പം നിത്യവും ഭക്ഷണം കഴിക്കുന്നതിൽ അദ്ദേഹത്തിന് അഭിമാനക്ഷതമൊന്നും തോന്നിയില്ല. തനിക്ക് മാത്രമായി ഭക്ഷണവിഭവങ്ങളിൽ രാജകീയത പ്രവേശിക്കുവാൻ അദ്ദേഹം അനുവദിക്കാതിരുന്നതിനാൽ ഭക്ഷണമുറിയിൽ സ്വകാര്യത ഉണ്ടാവേണ്ടത് അദ്ദേഹത്തിന് ആവശ്യമായി തോന്നിയില്ല. ഒരു ഗുരുകുലത്തിന്റെ അന്തരീക്ഷം അദ്ദേഹം മെത്രാനായ ശേഷവും സെമിനാരിയിൽ നിലനിന്നിരുന്നതായി പ്രിയ വിദ്യാർത്ഥികൾ സാക്ഷിച്ചിട്ടുണ്ട്. കൃത്രിമമായ തലക്കനം, ഗംഭീരമായ മൗനങ്ങൾ, സംസാരശൈലിയിലേയും സമീപനരീതിയിലേയും കൃത്രിമ പ്രകടനങ്ങൾ ഇവയൊന്നും ആ സന്യാസിയുടെ ജീവിതത്തിലേക്ക് കടന്നുവന്നില്ല. കാപട്യമില്ലായ്മയും ആർജവത്വവും സുതാര്യതയും മെത്രാൻ സ്ഥാനത്ത് പ്രവേശിച്ചപ്പോഴും അദ്ദേഹം നിലനിർത്തി. പുതിയ മെത്രാന്റെ ആസ്ഥാനം പ്രവർത്തിച്ചത് 'അരമന ശൈലി'യിലല്ല, പൗരസ്ത്യ ഋഷീപാരമ്പര്യത്തിൽ പഴയസെമിനാരി ആശ്രമശൈലി തുടരുന്നത് എല്ലാവരും അത്ഭുതത്തോടും കോരിത്തരിപ്പോടും കൂടി കണ്ടു. ഭക്ഷണകാര്യങ്ങളിലും മറ്റും പുതിയ മലങ്കര മെത്രാൻ ദീക്ഷിക്കുന്ന സംയമപാരമ്യത്തെ പാശ്ചാത്യമിഷണറിമാർ പ്രകീർത്തിച്ചു.

ദയറാക്കാരുടെ സമൂഹം സഭയുടെ ഉയിർത്തെഴുന്നേല്പിന് അപരിത്യാജ്യമെന്ന് അഭിനവ മെത്രാൻ വിശ്വസിച്ചു. തന്റെ സഹോദരപുത്രനായ ഇട്ടൂപ്പ് കത്തനാർ. ശിഷ്യപ്രമുഖനായ കുത്തൂർ ഗീവറുഗ്ഗീസ് മല്പാൻ, പുന്നത്ര ജോർജ്ജ് കത്തനാർ തുടങ്ങിയവരെ റമ്പാന്മാരാക്കി പഴയസെമിനാരിയുടെ സന്യാസമുഖം പ്രദീപ്തമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ സ്വദേശം വിട്ട് പോവാൻ അവരിൽ പലർക്കുമുണ്ടായി

രുന്ന വിഷമം ലക്ഷ്യനിർവഹണത്തിന് തടസ്സം സൃഷ്ടിച്ചു. എഴുപത്തഞ്ചു വർഷത്തെ പരുക്കൻജീവിതം ആ ശരീരത്തെ ദുർബലമാക്കിയിരുന്നു. എന്നാലും പുത്തൻ ആശയങ്ങൾ ആ പ്രതിഭാസമ്പന്നന്റെ മനസ്സിൽ ചിറകു വിടർത്തിയിരുന്നു. അതിലൊന്നായിരുന്നു ദയറാ സങ്കല്പം.

(അദ്ദേഹത്തിന്റെ കാലത്ത് ആ സ്വപ്നം സഫലമായില്ല, എങ്കിലും പൂർവികന്റെ ആ സ്വപ്നം അഞ്ചു പതിറ്റാണ്ടിന് ശേഷം പിൻഗാമിയായി വന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമൻ സാക്ഷാത്കരിക്കുക തന്നെ ചെയ്തു. ഉള്ളൂർ പാടിയത് എത്ര ശരിയാണ്:

"അതാണ് തായേ, ഭവതിയ്ക്ക് പണ്ടു-
ള്ളാദർശം അച്ഛന് മകൻ മഹീയാൻ
താതൻ മരിച്ചാൽ തനയൻ തുടർന്ന്
തദ്വൃത്തഖണ്ഡം പരിപൂർണ്ണമാക്കും."

സ്മര്യപുരുഷന്റെ ദയറാ സങ്കല്പം 1872-ൽ വെട്ടിയ്ക്കൽ ദയറാ സ്ഥാപിതമായതോടെ സാക്ഷാത്കരിക്കപ്പെട്ടു.)

സംയമശീലനും തപോനിധിയുമായ സ്മര്യപുരുഷന് രോഗശാന്തി വരവും മറ്റനവധി നൽവരങ്ങളും ഉണ്ടായിരുന്നുവെന്ന് പലരും സാക്ഷിച്ചിട്ടുണ്ട്. ഒരു രോഗിയുടെ ശിരസ്സിൽ അദ്ദേഹം കൈവെച്ച് പ്രാർത്ഥിച്ചാൽ ആ രോഗിക്ക് സൗഖ്യം കിട്ടുക പതിവാണ് എന്ന് ആ സിദ്ധന്റെ വൈഭവത്തെ പുകഴ്ത്തിക്കൊണ്ട് കേണൽ മൺറോ പറയാറുണ്ടായിരുന്നുവത്രേ. പഴയസെമിനാരിയിൽ നിത്യവും സന്ധ്യാനമസ്കാരത്തിനു ശേഷം രോഗികളെ അദ്ദേഹത്തിന്റെ മുമ്പാകെ സമർപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ശക്തമായ പ്രാർത്ഥനയാൽ ഉണ്ടായ ഒരു അത്ഭുതത്തെപ്പറ്റി ഒരു വിവരണം ഐതിഹ്യരൂപത്തിൽ പ്രചരിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ പ്രഥമ ജീവചരിത്രകാരൻ ഉദ്ധരിച്ചിട്ടുള്ളതിപ്രകാരമാണ്.[7]

'നല്ല നിലാവുള്ള ഒരു രാത്രി. സമയം ഏഴര മണി. അപ്പോഴാണ് മൂന്ന് ശെമ്മാശന്മാർ കുളിക്കാനായി പുഴക്കടവിലെത്തിയത്. പുഴയിൽക്കൂടി ഒഴുക്കിക്കൊണ്ടുവന്ന മരത്തടികൾ തീരത്ത് കിടപ്പുണ്ടായിരുന്നു. ശെമ്മാശന്മാർ മൂന്ന് പേരും ആ മരത്തടികളിൽ കയറിയിരുന്ന് അല്പനേരം സംസാരിക്കാമെന്നു തീരുമാനിച്ചു. പെട്ടെന്നാണ് ഒരു ശെമ്മാശന് ബോധക്ഷയമുണ്ടായത്. പരിഭ്രാന്തരായ മറ്റു രണ്ട് ശെമ്മാശന്മാർ താഴെ വീണ ശെമ്മാശനെ താങ്ങിയെഴുന്നേല്പിച്ചു. പെട്ടെന്ന് ആ ശെമ്മാശൻ മറ്റ് രണ്ടു പേരെയും കടിക്കുകയും അസഭ്യങ്ങൾ പുലമ്പുകയും ചെയ്തു. മറ്റ് രണ്ടു ശെമ്മാശന്മാരും വാവിട്ടു നിലവിളിച്ചു. നിലവിളി കേട്ട് സിമ്മനാരിയിലെ എല്ലാവരും അവിടെ ഓടിയെത്തി. ബോധക്ഷയമുണ്ടായ ശെമ്മാശൻ അപ്പോഴേക്കും ഒരു ഭ്രാന്തനായി മാറിക്കഴിഞ്ഞിരുന്നു. കയ്യിൽ

കിട്ടിയതെടുത്ത് ലക്ഷ്യമില്ലാതെ അയാൾ എറിഞ്ഞു. ശെമ്മാശനെ സമീപിക്കുവാൻ ആരും ധൈര്യപ്പെട്ടില്ല. വിവരമറിഞ്ഞു തിരുമേനി പുഴക്കടവിലെത്തി. അദ്ദേഹത്തെ കണ്ടയുടൻ ശെമ്മാശൻ പുഴയിലേക്കെടുത്തു ചാടി. ഉടനെ മറ്റു പലരും ധൈര്യമവലംബിച്ച് പുഴയിൽ ചാടി ശെമ്മാശനെ വലിച്ചിഴച്ച് കരയ്ക്കടുപ്പിച്ചു. തിരുമേനി മന്ദസ്മിതത്തോടെ തന്റെ ശിഷ്യനെ സമീപിക്കുവാൻ ശ്രമിച്ചപ്പോൾ എല്ലാവരും അദ്ദേഹത്തെ തടഞ്ഞു. ശെമ്മാശൻ തിരുമേനിയെ ഉപദ്രവിക്കുമെന്നായിരുന്നു അവരുടെ ഭയം. തിരുമേനി യാതൊരു സങ്കോചവും കൂടാതെ ശെമ്മാശന്റെ അടുത്തേക്ക് നടന്നു. തന്റെ അരുമശിഷ്യന്റെ ദുരവസ്ഥ കണ്ട് തിരുമേനി കണ്ണുനീർ പൊഴിച്ചു. കുരിശടയാളം വരച്ചുകൊണ്ട് അദ്ദേഹം പതറാത്ത സ്വരത്തിൽ ചോദിച്ചു. 'എന്റെ ശിഷ്യനെ നീ ആക്രമിച്ചുവോ?'

ഘനഗാംഭീര്യം കലർന്ന ആ ദിവ്യശബ്ദം കേട്ട് ശെമ്മാശൻ പുഴയോരത്ത് കിടന്നുരുണ്ടു. 'എന്നെ പോകാനനുവദിക്കൂ' ശെമ്മാശൻ ഗദ്ഗദത്തോടെ അപേക്ഷിച്ചു.

"ഇനിയും ഈ സിമ്മനാരി പരിസരത്തെങ്ങും നിന്നെ കണ്ടുപോകരുത്. ഉം. പോകൂ." തിരുമേനിയുടെ ആജ്ഞ. ശെമ്മാശൻ ബോധക്ഷയത്തിലമർന്നു. അല്പ നിമിഷങ്ങൾ കഴിഞ്ഞ് ശെമ്മാശൻ ഉണർന്നപ്പോൾ കൂടി നിന്നവർ പറഞ്ഞു: 'നമ്മുടെ ശെമ്മാശൻ രക്ഷപ്പെട്ടു.'

ഈ സംഭവത്തിന് ശേഷം ഇതുവരെയും സിമ്മനാരിയിലോ സിമ്മനാരി പരിസരത്തോ ഒരുത്തർക്കും ബാധോപദ്രവങ്ങൾ ഉണ്ടായിട്ടില്ല.'[8]

അക്കാലത്ത് ദേവാലയത്തിലെ ആരാധനകൾ സുറിയാനി ഭാഷയിലാണ് നിർവ്വഹിച്ചിരുന്നത്. ശുശ്രൂഷയുടെ ഘട്ടങ്ങളും ചടങ്ങുകളും ക്രിയകളും മാറ്റമില്ലാതെ ആവർത്തിക്കപ്പെടുന്നതിനാൽ ഭക്തിപൂർവ്വം അതിൽ സംബന്ധിക്കുവാൻ ആർക്കും വിഷമമുണ്ടായിരുന്നില്ല. ക്ഷേത്ര മന്ത്രങ്ങൾ സംസ്കൃതത്തിലും മുസ്ലീം പ്രാർത്ഥനകൾ അറബിയിലും നിർവഹിച്ചിരുന്ന അക്കാലത്ത് സുറിയാനിഭാഷയിലെ ആരാധനയോട് ആർക്കും പ്രതിഷേധം തോന്നിയിരുന്നില്ല. എന്നാലും മലയാള ഭാഷയിൽ ആരാധനയുടെ കുറെ ഭാഗമെങ്കിലും വിവർത്തനം ചെയ്താൽ ആരാധനയിലെ ജനപങ്കാളിത്തം കൂടുതൽ അർത്ഥവത്താകുമെന്ന് പുലിക്കോട്ടിൽ തിരുമേനിക്ക് തോന്നി. കുർബ്ബാനക്രമത്തിലെ ജനങ്ങളുടെ പ്രതികരണ ഭാഗങ്ങൾ അദ്ദേഹം വിവർത്തനം ചെയ്തിരുന്നു. ആ വിവർത്തനം ശെമ്മാശന്മാർ പകർത്തിയെടുത്തു. ക്രമേണ അവരിലൂടെ മലങ്കരസഭയിലെങ്ങും അത് പ്രചാരത്തിലായി. പുരാതന കുടുംബങ്ങളിൽ അവശേഷിച്ച കൈയെഴുത്ത് പ്രാർത്ഥനാഗ്രന്ഥങ്ങളിൽ ഈ കുർബ്ബാനക്രമം ഇതെഴുതുന്ന ആൾ കണ്ട് വിസ്മയിച്ചിട്ടുണ്ട്. ക്ഷീണവും വാർദ്ധക്യവും അവഗണിച്ച് അന്ത്യ

നാളുകളിലും അദ്ദേഹത്തിലെ സർഗ്ഗചേതന കർമ്മോത്സുകമായിരുന്നു. ഏറ്റവും ഒടുവിൽ വലിയ നോമ്പിലെ പ്രുമിയോൻ അദ്ദേഹം വിവർത്തനം ചെയ്യാൻ ആരംഭിച്ചു. അതിന്റെ പൂർണ്ണരൂപം കണ്ടുകിട്ടിയിട്ടില്ലെങ്കിലും ചില ഭാഗങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് (അദ്ദേഹം നടത്തിയ വിവർത്തനങ്ങളുടെ മാതൃക അനുബന്ധത്തിൽ കാണുക).

കടമറ്റം പള്ളിയിൽ സ്ഥാനമൊഴിഞ്ഞ് വിശ്രമിച്ചിരുന്ന ഐപ്പ് മെത്രാനെ വീണ്ടും ഭരണത്തിലേക്ക് കൊണ്ടുവരുവാൻ ചില പകലോമറ്റം ഭക്തന്മാർ ശ്രമിക്കാതിരുന്നില്ല. തെക്കൻ പ്രദേശങ്ങളിലെയും മറ്റും അനുഭാവികളെ സംഘടിപ്പിച്ച് ഐപ്പ് മെത്രാന്റെ കീഴിൽ ഒരു പകലോമറ്റം കക്ഷിക്ക് രൂപം കൊടുക്കുവാൻ അങ്കമാലിയിലെ ചക്കരയകത്തൂട്ട് ഇട്ടൂപ്പ് കത്തനാർ ഉത്സാഹിച്ചു എങ്കിലും അതൊന്നും ഫലവത്തായില്ല. അന്നുവരെയും സാക്ഷ്യം വഹിച്ചിട്ടില്ലാത്ത ശോഭയുള്ള നേതൃത്വത്തിന്റെ ഫലമായി മലങ്കരസഭ ഉന്മേഷം കൊള്ളുന്നതിനിടയിൽ അകർമ്മണ്യതയും സ്വാർത്ഥതയും റോമ്മൻ സഭാപ്രേമവും കൈമുതലാക്കി മാർത്തോമ്മാ പൈതൃകം വ്യർത്ഥമായി പാടുന്ന പകലോമറ്റം ശൈലിയെ സഭ ഒന്നടങ്കം വിസ്മരിച്ചു. സെമിനാരിയെ കേന്ദ്രീകരിച്ച് മലങ്കരമെത്രാന്റെ സഭാ സെക്രട്ടേറിയറ്റ് പ്രവർത്തനക്ഷമമായത്, മലങ്കരമെത്രാൻ പള്ളികളുടെ ഔദാര്യത്തിൽ നിന്ന് മോചിതനായി, സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു പൊതു സ്ഥലത്ത് ആദ്യമായി ആസ്ഥാനം ക്രമീകരിച്ചത്, ആരാധനക്രമങ്ങളുടെ വിവർത്തനത്തിലൂടെ ദേവാലയാരാധനകളുടെ ജനപങ്കാളിത്തത്തെ അർത്ഥസാന്ദ്രമാക്കിയത്, പള്ളിയുടെ വാർഷികകണക്കുകൾ മെത്രാന്റെ അംഗീകാരത്തിനായി സമർപ്പിക്കുക എന്ന വിപ്ലവാത്മക പരിവർത്തനത്തിലൂടെ സഭയ്ക്ക് സനാഥത്വം കൈവന്നത്, ശെമ്മാശന്മാർക്ക് ആരാധനക്രമങ്ങൾക്കു പുറമെ വേദപുസ്തകത്തിൽ ജ്ഞാനം വർദ്ധിക്കുമാറ് ആംഗ്ലേയ മിഷണറിമാരുടെ സഹായം സെമിനാരിയിൽ ലഭ്യമാക്കിയത്, താല്പര്യമുള്ള ശെമ്മാശന്മാർക്ക് ഇംഗ്ലീഷിനോടൊപ്പം ഹീബ്രു, ഗ്രീക്ക് തുടങ്ങിയ ക്ലാസിക് ഭാഷകളിൽ പരിമിതമായ തോതിലാണെങ്കിലും എത്തിനോക്കുവാൻ അവസരം ലഭിച്ചത്, സർവ്വോപരി സന്യാസജീവിതത്തിന്റെ മൂർത്തീകരണമായ ഒരു മലങ്കരമെത്രാനോടൊപ്പം സഭയിലെ ഭാവി വൈദികർക്ക് ഭക്തിജീവിത പരിശീലനം സാധ്യമായിത്തീർന്നത് എന്നിങ്ങനെ ഒട്ടുവളരെ അദൃഷ്ടപൂർവങ്ങളായ കർമ്മമേഖലകളിൽ വിടർന്നുനില്ക്കുന്ന സുഗന്ധവാഹികളും വർണ്ണസുരഭിലവുമായ പുഷ്പങ്ങളെക്കൊണ്ട് മലങ്കരസഭ ആകർഷകമായ ഉദ്യാനമായി പരിണാമം കൊള്ളുന്ന ആ പരിവർത്തന ദശയിൽ നിർജ്ജീവതയുടെ പ്രേതസ്മരണകളെ പുനഃപ്രതിഷ്ഠിക്കുവാൻ നടന്ന ശ്രമങ്ങളെല്ലാം വിഫലമാവുകയായിരുന്നു. പുതിയ നൂറ്റാണ്ടിലേക്ക് സഭയെയും സമൂഹത്തെയും സംക്രമിപ്പിക്കുന്നതിന്റെ ശംഖൊലിയിൽ അപശബ്ദങ്ങളെ ശ്രവിക്കുവാൻ സഭ

യിലാരുമുണ്ടായിരുന്നില്ല. എതിരാളികളെ മൗനമാക്കുകയും ക്രിയാപദ്ധതികളുടെ ആകർഷണശക്തി മൂലം തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്ന ശക്തമായ ഒരു കാന്തമണ്ഡലം പുലിക്കോട്ടിൽ മെത്രാച്ചൻ സൃഷ്ടിച്ചതോടെ ക്ഷുദ്രശക്തികളും അവരുടെ ക്ഷുദ്രമോഹങ്ങളും നിത്യമായി അസ്തമിക്കുക തന്നെ ചെയ്തു. മുൻകാലങ്ങളെയും വർത്തമാനകാലത്തെയും താരതമ്യം ചെയ്ത ചിന്താശേഷിയുള്ളവർ, ഗതകാലം സമ്മാനിച്ച വേദനകളെ കുഴിച്ചുമൂടാനും ശക്തിയിലേക്കു കുതിക്കുവാനുമുള്ള പുലിക്കോട്ടിൽ മെത്രാച്ചന്റെ മൂകമെങ്കിലും സാന്ദ്രഗംഭീരമായ മുദ്രാവാക്യത്തെ ഏറ്റുപാടിയതോടെ മലങ്കരസഭയിൽ ഒരു പുതിയ സൂര്യോദയം സമാഗതമായി എന്ന് തിരിച്ചറിഞ്ഞു.

രാജകീയ വിളംബരത്തിന്റെ പിൻബലം നിയമപരമായി അവകാശപ്പെടാനാവുമായിരുന്നുവെങ്കിലും എവിടെയും ബലപ്രയോഗത്തിലൂടെ എതിർപ്പുകളെ അതിജീവിക്കുവാൻ ആവശ്യം വന്നിരുന്നില്ല. സഭയിൽ അനുദിനം അരങ്ങേറിക്കൊണ്ടിരുന്ന ക്രിയാത്മക പരിഷ്കാരങ്ങൾക്ക് പ്രചാരകൻ ആവശ്യമായിരുന്നില്ല. അവ ഓരോന്നും സ്വയം വിശദീകരണക്ഷമമായിരുന്നു. ഐപ്പ് മെത്രാനെ സ്ഥാനഭ്രഷ്ടനാക്കിയതുൾപ്പെടെയുള്ള സഭാനടപടികളിൽ സഭ ഒന്നടങ്കം പുലിക്കോട്ടിൽ മെത്രാച്ചനെ വിശ്വാസപൂർവ്വം അനുഗമിക്കുകയായിരുന്നു.

1. പുറം 247–257.
2. പുരക്കൽ മാത്യു, പുന്നത്ര കുടുംബചരിത്രം, 1966, പുറം 76.
3. പി. ചെറിയാൻ, പുറം 102.
4. പാറേട്ട്, മലങ്കര നസ്രാണികൾ, വാല്യം 3, പുറം 115, 116.
5. കോട്ടയം സെമിനാരി 175-ാം വാർഷിക സുവനീർ, പുറം 23.
6. ഫാ. പി. എം. ജോസ്, കാലം ചെയ്ത അച്ചൻ, പുറം 32.
7. അതേ പുസ്തകം, പുറം 32.
8. അതേ പുസ്തകം, അതേ പേജ്.

അദ്ധ്യായം ഏഴ്

പുന്നത്ര മാർ ദീവന്നാസ്യോസും ചേപ്പാട് മാർ ദീവന്നാസ്യോസും

പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് കിടങ്ങൻ മാർ പീലക്സിനോസ് കോട്ടയം സെമിനാരിയിൽ താമസമാക്കി. 1817-ൽ തോമസ് നോർട്ടൻ എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: "…. മെത്രാനെ കണ്ട് അഭിപ്രായം ആരാഞ്ഞ കത്തനാർമാർക്ക് പൊതുവെ അനുകൂല അഭിപ്രായമെങ്കിൽ പീലക്സിനോസിനെ (മലങ്കര) മെത്രാനായി നിയമിക്കുന്നതിന് അവരോട് അഭിപ്രായപ്പെടാൻ റസിഡന്റ് ആവശ്യപ്പെട്ടു. പ്രാർത്ഥനാമനുഷ്യൻ ആയ പീലക്സിനോസിനെ മെത്രാനായി കിട്ടണമെന്നായിരുന്നു കത്തനാർമാരുടെ ആഗ്രഹം. സഭയുടെ യഥാർത്ഥ നന്മയ്ക്ക് പീലക്സിനോസ് പറ്റിയ ആളാണെന്ന് എനിക്കും ബോദ്ധ്യമായി. റസിഡണ്ടിന്റെ നിർദ്ദേശം അനുസരിച്ച് ആലപ്പുഴ വരണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. റസിഡണ്ടും ഞങ്ങളും എല്ലാവിധത്തിലും സഹകരിക്കുമെങ്കിൽ മലങ്കര മെത്രാൻ പട്ടം സ്വീകരിക്കാമെന്നും ഞങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കലവറ കൂടാതെ സ്വീകരിക്കുന്നത് തന്റെ ധർമ്മമായി ഗണിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു" (മിഷണറി രജിസ്റ്റർ 1818, പു. 104, പി. ചെറിയാൻ പു. 106, 107).

1818 ധനു 26 ന് കിടങ്ങൻ മെത്രാച്ചന് അനുകൂലമായി രാജകീയ വിളംബരം പുറപ്പെട്ടു. വൃദ്ധനായ മാർ പീലക്സിനോസ് മലങ്കര മെത്രാനായി രംഗത്തുവന്നതിന്റെ പിന്നിൽ മിഷണറി താല്പര്യം പ്രകടമായിരുന്നു. സെമിനാരി തങ്ങളുടേതെന്ന മട്ടിലുള്ള മിഷണറിമാരുടെ നടപടികൾ പുലിക്കോട്ടിൽ മെത്രാച്ചൻ ചെറുത്ത് തോല്പിച്ചിരുന്നു. ദിവംഗതനാകുന്നതിന് ആറു മാസം മുമ്പ് നടത്തിയ പ്രസ്താവനയിൽ അതിന്റെ അന്തഃസംഘർഷങ്ങൾ കാണുന്നുണ്ട്: "സെമിനാരി സ്ഥാപനത്തിന് സായിപ്പിന്റെ സഹായം അഭ്യർത്ഥിച്ചതിനെപ്പറ്റി ഞാൻ പശ്ചാത്തപിക്കുന്നു. ബുക്കാനന്റെ കാലം മുതൽ ഒരു പരുന്ത് കോഴിക്കുഞ്ഞുങ്ങളുടെമേൽ ദൃഷ്ടി പതിപ്പിക്കുന്നതുപോലെ യൂറോപ്യന്മാർ പാവപ്പെട്ട നമ്മുടെ സഭയിന്മേൽ കണ്ണേറിഞ്ഞു കൊണ്ടാണിരിക്കുന്നത്. ഇതെല്ലാം എങ്ങനെ അവസാനിക്കുമെന്ന് സർവ്വശക്തനായ ദൈവം മാത്രം അറിയുന്നു. ദൈവകൃപയാൽ ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഈ പാവപ്പെട്ട സഭയെ ഞാൻ സംരക്ഷിക്കും. സർവശക്തനായ ദൈവം അതിനെ എന്നേക്കും നിലനിർത്തട്ടെ." തദവസരത്തിൽ ആ മഹാപുരോഹിതന്റെ വൃദ്ധനയനങ്ങളിൽ നിന്ന് ചുടുചുടെ ബാഷ്പകണങ്ങൾ പൊഴിയുന്നുണ്ടായിരുന്നു എന്ന് ഈ


സംഭവത്തിന് ദൃക്സാക്ഷിയായ ഒരു വ്യക്തി തന്റെ ഡയറിയിൽ പ്രത്യേകം എടുത്തെഴുതിയിട്ടുണ്ട് (ഇ. എം. ഫിലിപ്പ്, പു. 200). പുലിക്കോട്ടിൽ മെത്രാച്ചൻ ദിവംഗതനായതോടെ മാസങ്ങളോളമായി മനസ്സിൽ താലോലിച്ചിരുന്ന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ സമയമായി എന്ന് കേണൽ മൺറോയ്ക്ക് തോന്നി. വിധേയത്വമുള്ള കിടങ്ങൻ മെത്രാച്ചൻ തങ്ങളുടെ ഇംഗിതത്തിന് വഴങ്ങുമെന്നതിനാൽ അദ്ദേഹത്തെ മലങ്കര മെത്രാനായി നിയമിക്കുകയായിരുന്നു. തന്റെ പൂർവ്വികൻ കാട്ടുമങ്ങാട്ട് കൂറിലോസിന് നിഷേധിക്കപ്പെട്ട സ്ഥാനം ലഭിച്ചു എന്ന നിർവൃതിയിൽ അദ്ദേഹം ആഹ്ലാദിക്കുന്നതിനിടയിൽ സെമിനാരി മിഷണറിമാരുടെ താവളമായി മാറി. '..... ഒരു യൂറോപ്യൻ മിഷണറി കോട്ടയം കേന്ദ്രമാക്കി താമസിക്കുകയും സുറിയാനിക്കാരുടെയും സെമിനാരിയുടെയും മേൽ കാര്യക്ഷമമായ മേൽനോട്ടം വഹിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്' (പി. ചെറിയാൻ, പു. 342). ഒരു ഇംഗ്ലീഷ് വൈദികനെ കോട്ടയത്ത് താമസിപ്പിച്ച് പൊതുവെ സുറിയാനി സഭയെയും പ്രത്യേകിച്ച് കോളജ് (സെമിനാരി) കാര്യങ്ങളെയും നേരിട്ട് കാര്യക്ഷമമായ മേൽനോട്ടത്തിൽ ആക്കുന്നില്ലെങ്കിൽ സെമിനാരിയുടെ കാര്യത്തിലും ബൈബിൾ വിവർത്തനത്തിന്റെ കാര്യത്തിലും കാര്യക്ഷമമായ കണക്കുകൂട്ടലുകളും നടത്തിപ്പുകളും അസാദ്ധ്യമായി തീർന്നേക്കും' (1817 ജനുവരി 16-ലെ കത്ത്. പി. ചെറിയാൻ, പു. 348). സഭയിലും സെമിനാരിയിലും മിഷണറിമാർ പിടിമുറുക്കുന്ന ചിത്രം ഇവിടെ കാണാം. 1817 മാർച്ച് 13 ന് മൺറോ എഴുതുന്നു: 'കാലം ചെയ്ത ബിഷപ്പിന്റെ ഏത് രൂപത്തിലും വിധത്തിലും ഉള്ള സ്വത്തുക്കൾ പിൻഗാമിക്ക് കൈമാറണം. പുസ്തകങ്ങൾ, അംശവടി തുടങ്ങിയ എല്ലാ ഔദ്യോഗിക ചിഹ്നങ്ങളും പുതിയ മെത്രാന് കൈമാറണം' (പു. 356). 1817 ആഗസ്റ്റ് 6-ലെ കത്ത് കാണുക: "സഭയുടെ അച്ചടക്കത്തിന്റെ സമഗ്ര വിഷയങ്ങളിന്മേലും നിയന്ത്രണം ഏറ്റെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. നിശ്ചയമായും മെത്രാനെ സഹപ്രവർത്തകനാക്കി ഭരണകാര്യങ്ങളിൽ ജാഗ്രത പാലിക്കണം. അങ്ങയുടെ ഉത്തരവുകളോട് അനുസരണശീലം ജനിപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. മെത്രാപ്പോലീത്തായുമായി ചേർന്ന് എല്ലാ പള്ളികളിലേക്കും ഒരു സർക്കുലർ അയക്കണം. സഭയിൽ ഒരുപോലെ അച്ചടക്കവും ലംഘനത്തിന് ഉചിതമെന്ന് അങ്ങേയ്ക്ക് തോന്നുന്ന ശിക്ഷാക്രമങ്ങളും അതിലൂടെ എല്ലാവരെയും അറിയിക്കണം. ഏതെങ്കിലും കത്തനാരന്മാരുടെ ഭാഗത്തുനിന്ന് ഉദാസീനതയോ അവഗണനയോ ഉണ്ടായാൽ അവരെ സസ്പെൻഡ് ചെയ്തേക്കണം. വിവരം റസിഡണ്ടിനെ അറിയിക്കുകയും വേണം. അദ്ദേഹം ആവശ്യമായ വിചാരം നടത്തി ശിക്ഷാനടപടികൾ സ്വീകരിച്ചുകൊള്ളും. വൈദികരാവാനുള്ള വിദ്യാർത്ഥികളെ, മെത്രാപ്പോലീത്താ പട്ടം കൊടുക്കുന്നതിനു മുമ്പായി വിശദമായി താങ്കൾ പരിശോധിക്കണം. അയോഗ്യരെന്ന്

കണ്ടാൽ അവരെ ഒഴിവാക്കണം. കുറ്റകൃത്യങ്ങൾക്കുള്ള പിഴ തുടങ്ങി സഭയുടെ ആഭ്യന്തര ഭരണം സംബന്ധിച്ച് എല്ലാ കാര്യങ്ങളുടെയും റിപ്പോർട്ട് താങ്കൾക്ക് ലഭിച്ചിരിക്കണം. അവ താങ്കളുടെ പരിഗണനയിൽ വരികയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും വേണം" (മിഷണറി ബെഞ്ചമിൻ ബയിലിക്ക് മൺറോ അയച്ച കത്ത്. പി. ചെറിയാൻ, പു. 363).

പുന്നത്ര മാർ ദീവന്നാസ്യോസ്

മിഷണറിമാർ സെമിനാരിയിൽ താമസം ഉറപ്പിക്കുകയും തങ്ങൾ ആഗ്രഹിച്ച ദിശയിൽ സെമിനാരിയുടെ ഭരണം ഉറപ്പുവരുത്തുകയും ചെയ്തതിന്റെ ശേഷം 1817 ഒക്ടോബർ 19-ന് വികാരി ജനറലിനെ പുന്നത്ര മാർ ദീവന്നാസ്യോസ് എന്ന പേരിൽ കോട്ടയം ചെറിയപള്ളിയിൽ വച്ച് മാർ പീലക്സിനോസ് മെത്രാനായി വാഴിച്ചു. കിടങ്ങൻ മെത്രാച്ചൻ തൊഴിയൂരിലേക്ക് മാറുന്നതിനു മുമ്പായി ഗ്രന്ഥപ്പുരയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് അദ്ദേഹത്തിൽ നിന്ന് മിഷണറിമാർ വാങ്ങി. പുലിക്കോട്ടിൽ മെത്രാച്ചൻ നേരത്തെ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന പല സുറിയാനി കൈയെഴുത്തുഗ്രന്ഥങ്ങളും രേഖകളും പുതിയ ലിസ്റ്റിൽ ഉണ്ടായിരുന്നില്ല (1817 മാർച്ച് 16-ലെ മൺറോയുടെ കത്ത് പരിശോധിക്കുക). മിഷണറിമാർ സകുടുംബം സെമിനാരിയിൽ താമസമാക്കിയിരുന്നതിനാൽ പുതിയ മലങ്കര മെത്രാൻ തന്റെ ആസ്ഥാനത്ത് താമസിക്കുവാൻ ആവാത്ത അവസ്ഥയിലായി. സായിപ്പന്മാർക്കും മെത്രാപ്പോലീത്തായ്ക്കും ഒന്നിച്ച് സെമിനാരിയിൽ താമസിക്കുന്നതിന് സ്ഥലം പോരായ്കയാൽ ചെറിയപള്ളിയുടെ കിഴക്കേവശത്ത് മെത്രാപ്പോലീത്തായുടെ താമസത്തിനായിട്ട് ഒരു മുറി പണിയിക്കണമെന്ന് നിശ്ചയിച്ചു. അന്നുമുതൽ പള്ളിമുറിയിൽ താമസമാക്കുകയും പകൽ സെമിനാരിയിൽ പോയി സായിപ്പന്മാരുമായി ആലോചിച്ച് പല കാര്യങ്ങളും അന്വേഷിക്കുകയും ചെയ്തുവന്നു" (*പുന്നത്ര കുടുംബചരിത്രം*, പു. 78-79).

സ്വന്തം ആസ്ഥാനത്തു നിന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്ക് പുറത്തു പോകേണ്ടി വന്ന ഇക്കാലത്ത് മൺറോ തുരുത്ത്, മങ്കോട്ട മുതലായ സമ്പാദ്യങ്ങൾ ഉണ്ടായി. മെത്രാച്ചന്റെയും സായിപ്പന്മാരുടെയും പേരിലാണ് അവ റജിസ്റ്റർ ചെയ്തത്. ജോസഫ് ഫെൻ സെമിനാരി വിദ്യാഭ്യാസത്തിലും ഹെൻറി ബെക്കർ ഇടവകകളിലെ സുവിശേഷഘോഷണം, സ്കൂൾ സ്ഥാപനം എന്നിവയിലും ബെഞ്ചമിൻ ബെയിലി പുസ്തകപ്രസിദ്ധീകരണത്തിലും ബൈബിൾ വിവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 1820-ൽ ബെയിലി രൂപകല്പന ചെയ്ത ഒരു പ്രസ്സ് സെമിനാരിയിൽ സ്ഥാപിതമായി. ബെയിലി വിവർത്തനം ചെയ്ത മത്തായിയുടെ സുവിശേഷം



1825-ൽ ഈ പ്രസ്സിൽനിന്ന് അച്ചടിച്ചു പ്രസിദ്ധീകരിച്ചു. 1821-ൽ ഇംഗ്ലണ്ടിൽ നിന്ന് കൊണ്ടുവന്ന പ്രസ്സിൽനിന്ന് 1829 -ൽ പുതിയനിയമവും 1839-ൽ സങ്കീർത്തനവും അച്ചടിച്ചു. 1842-ൽ പഴയനിയമവും മലയാളത്തിൽ അച്ചടിച്ചു. 1859-ൽ സമ്പൂർണ്ണ ബൈബിളിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് ബെയിലി പ്രസിദ്ധീകരിച്ചു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ അച്ചടികേന്ദ്രം 1820-ൽ സ്ഥാപിതമായതിന്റെ ബഹുമതി സെമിനാരിക്ക് കൈവന്നു. പഴയസെമിനാരിയിൽ നേരത്തെ ആരംഭിച്ചിരുന്ന ഇംഗ്ലീഷ്, സുറിയാനി ഭാഷകൾക്കു പുറമെ, ഹീബ്രു, സംസ്കൃതം, ഗ്രീക്ക്, ലത്തീൻ ഭാഷകളും പാഠ്യവിഷയത്തിലുൾപ്പെടുത്തി. തിരു - കൊച്ചി സംസ്ഥാനങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യവേദി എന്നപോലെ വനിതാ വിദ്യാഭ്യാസം ആദ്യമായി ആരംഭിച്ച പുണ്യഭൂമി എന്ന പദവിയും സെമിനാരിക്ക് ഇക്കാലത്ത് കൈവന്നു. വിദ്യാഭ്യാസം നേടിയ വനിതകൾക്ക് വിവാഹ സാദ്ധ്യത കുറഞ്ഞേക്കുമെന്നഭീതിയിൽ അധികമാരും ഈ സൗകര്യം പ്രയോജനപ്പെടുത്തിയില്ല. ഒടുവിൽ അവരുടെ വിവാഹം നടത്തിക്കൊടുക്കുവാനുള്ള ചുമതലയും സെമിനാരി അധികൃതർ ഏറ്റെടുത്തപ്പോൾ പ്രശ്നം പരിഹൃതമായി. ബൈബിളിന്റെ ഇംഗ്ലീഷ്, മലയാളം വിവർത്തനങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം എന്നിങ്ങനെ കേരള നവോത്ഥാനത്തെ സാദ്ധ്യമാക്കിയ മൂന്ന് അടിസ്ഥാന പാരമ്പര്യങ്ങൾക്കും കോട്ടയം സെമിനാരി ആദ്യവേദിയായിത്തീർന്നു.

സുറിയാനി പള്ളികളോട് അനുബന്ധിച്ചും അല്ലാതെയും ഇംഗ്ലീഷ് വിദ്യാലയങ്ങൾ തുടർന്ന് സ്ഥാപിതമായി. ജാതിമത ലിംഗഭേദമെന്യേ ഏവർക്കും അവിടങ്ങളിൽ പ്രവേശനം ലഭിച്ചു. അവർണ്ണ സമുദായങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി. ഈ വിദ്യാലയങ്ങളിലൂടെ ബൈബിൾ സന്ദേശങ്ങൾ ഗ്രാമംതോറും ജനഹൃദയങ്ങളെ കീഴടക്കി. ഇതിന് രണ്ട് പ്രതികരണങ്ങൾ ഉണ്ടായി. അവർണ്ണ വിഭാഗങ്ങളിലെ ഒട്ടധികം പേർ ക്രിസ്തുമതം സ്വീകരിച്ചു. ബ്രിട്ടീഷ് ഭരണത്തിൽ ക്രിസ്തുമതം സ്വീകരിച്ച അവർണ്ണരെ സവർണ്ണനിയമങ്ങൾ ആയ അയിത്തം തുടങ്ങിയ വിവേചനം കൊ ണ്ട് പീഡിപ്പിക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. മാനവികതയെപ്പറ്റി പുത്തൻ ചിന്തകൾ അവിടവിടെ മുളപൊട്ടി.

അവ ക്രമേണ സമുദായ ശുദ്ധീകരണ വിപ്ലവ സംരംഭങ്ങളായി വളർന്നുവന്നു. കേരള നവോത്ഥാനത്തിന് തിരികൊളുത്തിയ വിപ്ലവബോധം കേരളത്തിലെ സാംസ്കാരിക നായകന്മാരുടെ ആദ്യതലമുറ കൊളുത്തിയെടുത്തത് ബൈബിൾ ജ്വാലയിൽ നിന്നായിരുന്നു. സാംസ്കാരിക പ്രബുദ്ധതയ്ക്ക് ശേഷം സംഭവിച്ച രാഷ്ട്രീയ കോളിളക്കങ്ങൾക്കും മാനവികതയിൽ ഊന്നിയ വിപ്ലവ പ്രസ്ഥാനങ്ങൾക്കും ബംഗാളും കേരളവും പടപൊരുതുവാൻ മുന്നിട്ടിറങ്ങിയതിന്റെ ചരിത്രപരമായ സാഹചര്യവും ബൈബിൾ സൃഷ്ടിച്ച ചിന്താതരംഗങ്ങളിൽനിന്ന് രൂപം കൊണ്ടതാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ആരംഭിച്ച അഗ്നിസ്ഫുലിംഗം ഒരു മഹാപ്രസ്ഥാനമാക്കാൻ ആറേഴു പതിറ്റാണ്ടുകൾ വേണ്ടി വന്നു എന്ന് മാത്രം. ഈ സവിശേഷ പശ്ചാത്തലത്തിൽ സെമിനാരി സ്ഥാപകനെ കേരളത്തിന്റെ രാജാറാം മോഹൻ റോയ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

കേരളത്തെ പ്രബുദ്ധതയിലേക്കും സുറിയാനി സമുദായത്തെ ശുദ്ധീകരണത്തിലേക്കും നയിക്കുന്ന മിഷണറിമാരുടെ പ്രവർത്തനങ്ങളോട് പുന്നത്ര മാർ ദീവന്നാസ്യോസിന് ആഭിമുഖ്യം ഉണ്ടായിരുന്നു. എന്നാൽ ശുദ്ധീകരണത്തിന്റെ അതിർവരമ്പുകൾ ലംഘിക്കപ്പെടുമോ എന്ന ആശങ്കയും ഉത്കണ്ഠയും അദ്ദേഹത്തിനുണ്ടായിരുന്നു. 1818 ഡിസംബർ 3-ന് മാവേലിക്കര വച്ച് മിഷണറിമാരെ സ്വാഗതം ചെയ്യുവാൻ മലങ്കര മെത്രാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് പോകുന്ന മെത്രാച്ചന്റെ അന്തർഗതം ഇപ്രകാരം ഇ. എം. ഫിലിപ്പ് കേട്ടറിവായിട്ട് രേഖപ്പെടുത്തിയിട്ടുണ്ട്: "..... യോഗത്തിന് പോകുന്നതിന് മുമ്പായി അദ്ദേഹം ചെറിയപള്ളിയിൽ കയറി ദീർഘമായി പ്രാർത്ഥിച്ചു. വള്ളത്തിൽ കയറിയ അവസരത്തിൽ സമീപമുള്ളവരോട് പറഞ്ഞു: ഞാനിപ്പോൾ ഒരു തിണ്ണയിലാണ് നില്ക്കുന്നത്. നാളെ ഒന്നുകിൽ സായിപ്പന്മാരോട് പിണങ്ങിപ്പിരിയുകയോ അല്ലാത്തപക്ഷം എന്റെ സഭയെ ഒറ്റിക്കൊടുക്കുകയോ വേണം. അവരുടെ ഉദ്ദേശ്യം നമ്മുടെ വിശ്വാസം ഭേദപ്പെടുത്തണമെന്നുള്ളതാകുന്നു. എന്റെ മാനം നഷ്ടപ്പെട്ടാലും ഞാൻ വഞ്ചകനായിത്തീരുകയില്ല" (പു. 201).

യോഗത്തിൽ ഫെൻ അവതരിപ്പിച്ച നവീകരണ പദ്ധതികളെ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം:

1. നീതിപൂർവകമായ നിയമങ്ങൾക്ക് വിധേയമായി അച്ചടക്കവും ഐക്യവും പുലരണം.

2. നിയമങ്ങൾക്കു ദിവ്യവചനവും വൈദിക വിധികളും നിയാമകമായിരിക്കണം.

3. വൈദികർ ഭൗതിക കൈകാര്യകർത്തൃത്വത്തിൽ നിന്ന് ഒഴിഞ്ഞ് പ്രാർ ത്ഥനയിലും വചന പ്രഘോഷണത്തിലും മുഴുവൻ സമയവും ചെല വഴിക്കണം.

4. സഭയിലെ പല അനുഷ്ഠാനങ്ങളും മലിനപ്പെട്ടിരിക്കുന്നു. ചിലതൊ ക്കെ ദൈവനാമത്തിന് അപമാനകരവും കാനോനാകൾക്ക് നിരക്കാത്തതു മാണ്. പലപ്പോഴും അവ ജാതീയമാണ്.

5. ദൈവത്തിനും മനുഷ്യനും മദ്ധ്യേ ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനേ ഉള്ളൂ. അതിനാൽ മറ്റു മദ്ധ്യസ്ഥത ഏതു രൂപത്തിൽ ആയാലും വിഗ്രഹാ രാധനയാണ്.

6. ആരാധന പ്രബോധനത്തിന്റെ മാധ്യമം കൂടിയാണ്. സുറിയാനി യിലുള്ള ആരാധന ഈ പ്രബോധനധർമ്മം നിറവേറ്റുന്നില്ല.

7. തിരുവചനപ്രകാരം വൈദികർ വിവാഹിതർ ആയിരിക്കണം.

8. മെത്രാപ്പോലീത്താ നിയമിക്കുന്ന ആറ് പ്രഗത്ഭ വൈദികർ ഇക്കാ ര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് റിപ്പോർട്ട് തയാറാക്കണം.

9. ശാബത് ലംഘനം ഒഴിവാക്കണം.

(പി. ചെറിയാൻ, പു. 370-374).

ഈ നിർദ്ദേശങ്ങൾ സഭയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. പുന്നത്ര മെത്രാച്ചൻ കാര്യങ്ങളെക്കുറിച്ച് നേരിട്ട് ഒന്നും സൂചിപ്പിക്കാതെയും എന്നാ ൽ സഭയുടെ സുദൃഢമായ നിലപാട് ധ്വനിപ്പിച്ചും ഇംഗ്ലണ്ടിലെ മിഷണറി സംഘം അദ്ധ്യക്ഷന് 1821 ഡിസംബർ 3 ന് കോട്ടയം സെമിനാരിയിൽ നിന്നയച്ച കത്തിന്റെ സംഗ്രഹം ഇപ്രകാരമാണ്: "..... പറങ്കികളുടെ വരവ് വരെ ഞങ്ങൾ, മാർത്തോമ്മാ ശ്ലീഹായുടെ മക്കൾ, മലബാർ പ്രദേശത്ത് അവിഭക്ത സഭയായി കഴിയുന്ന യാക്കോബായ സുറിയാനിക്കാരാണ്. അന്ത്യോഖ്യാ മെത്രാന്മാരുടെ വരവ് പറങ്കികൾ തടഞ്ഞപ്പോൾ ഞങ്ങൾ ഇടയനില്ലാത്ത ആടുകൾ പോലെ ആയി. റോമ്മിന്റെ കീഴിൽ ഞങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. 1653-ൽ അന്ത്യോഖ്യയിൽ നിന്ന് മലബാറിലേക്ക് ഇഗ്നാ ത്തിയോസ് പാത്രിയർക്കീസ് ആഗതനായി. അദ്ദേഹം കൊല്ലപ്പെട്ടതിനെ ത്തുടർന്ന് ഞങ്ങൾ ത്രിത്വനാമത്തിൽ ശപഥം ചെയ്തു. റോമ്മാ പാപ്പാ യുടെ വിശ്വാസം ഞങ്ങൾക്ക് സ്വീകാര്യമല്ല. 1753-ൽ (?) അന്ത്യോഖ്യാ (?)യിൽനിന്ന് പിതാക്കന്മാർ വന്ന് ഞങ്ങളെ ക്രമപ്പെടുത്തി. ഞങ്ങൾക്കി പ്പോൾ മലബാറിൽ 55 പള്ളികൾ ഉണ്ട്. ഞങ്ങളുടെ വിമോചനത്തിന് ദൈവം ഞങ്ങൾക്ക് മെക്കാളിയേയും ബുക്കാനനെയും അയച്ചുതന്നു. ഇപ്പോൾ ഇതാ മോശയെപ്പോലെ മൺറോയെ അയച്ചിരിക്കുന്നു. കോട്ട

യത്ത് ഞങ്ങൾക്ക് ഒരു സെമിനാരി സ്ഥാപിച്ച് കിട്ടി. വീണ്ടും നിങ്ങൾ അയച്ച പുരോഹിതന്മാർ ബെഞ്ചമിൻ, ജോസഫ്, ഹെൻറി ഇവർ ഞങ്ങളുടെ സെമിനാരിയിൽ അദ്ധ്യാപനം നിർവഹിക്കുന്നു. നിങ്ങൾ അയച്ചു തന്ന ബൈബിളുകൾ എല്ലാ പള്ളികൾക്കുമായി വിതരണം ചെയ്തു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരു പഴമൊഴി ഓർക്കട്ടെ. ബുദ്ധിയുള്ളവർ ഒറ്റനോട്ടത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ' (മിഷണറി രജിസ്റ്റർ 1822, പു. 431, 432).

മിഷണറിമാർ മലങ്കരയിൽ നടപ്പാക്കുവാൻ ആഗ്രഹിച്ച കാര്യങ്ങളെപ്പറ്റി റവ. ജെയിംസ് ഹഫ് പുന്നത്ര മാർ ദീവന്നാസ്യോസുമായി ദീർഘ സംഭാഷണം നടത്തി: "മെത്രാൻ യാതൊന്നും സ്വയം സമ്മതിക്കുകയോ ഭരമേല്ക്കുകയോ ചെയ്യുന്നില്ല. ഇതേവരെ ചെയ്തിട്ടുള്ളതിനെ അദ്ദേഹം സ്വീകരിച്ചു എങ്കിലും സഭയുടെ കാനോനാകളെ അതിലംഘിക്കുന്നതിൽ അദ്ദേഹം യാതൊരു താല്പര്യവും കാണിക്കുന്നില്ല" (Collins, Missionary Enterprises in the East, p. 108; ഫിലിപ്പ്, പു. 206).


ഈ ശീതസമരത്തിനിടയിൽ 40-ാം വയസ്സിൽ പുന്നത്ര മെത്രാച്ചൻ 1825 ഇടവം 5 ന് വിഷൂചിക ബാധിച്ച് നിര്യാതനായി. കോട്ടയം ചെറിയ പള്ളിയിൽ അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലത്തെപ്പറ്റി ഇട്ടൂപ്പ് റൈട്ടർ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്: "ഇക്കാലം സെമിനാരിയിൽ പഠിത്തം നല്ലപോലെ നടത്തിവരുന്നു. ഏറിയ ശെമ്മാശന്മാരും പൈതങ്ങളും ഉണ്ടായിരുന്നവരെ ഇംഗ്ലീഷ്, മലയാളം, സംസ്കൃതം, സുറിയാനി മുതലായവ അഭ്യസിപ്പിക്കുന്നതിന് മിഷണറി സായിപ്പന്മാരിൽ രണ്ടാളും രണ്ടു സുറിയാനി മല്പാന്മാരും എബ്രായ ഭാഷയ്ക്ക് ഒരു വാധ്യാരും മലയാളത്തിനും സംസ്കൃതത്തിനും കൂടി രണ്ടു നാട്ടുകാരും ഉണ്ടായിരുന്നു. പുന്നത്ര മെത്രാൻ കാഴ്ചയ്ക്ക് ബഹുയോഗ്യനായിരുന്നതുപോലെ തന്നെ കാര്യത്തിന് നല്ല പ്രാപ്തിമാനും റസിഡണ്ട് സായിപ്പിനോടും ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാരോടും വളരെ സ്നേഹവും അടുപ്പവുമായി വരികയാൽ സുറിയാനിക്കാരിൽ കാര്യപ്രാപ്തിയും യോഗ്യതയും ഉള്ള അനേകം ആളുകൾക്ക് സർക്കാരിൽ മുതൽപ്പിടി - തഹസീൽദാർ - ജഡ്ജി മുഖാന്തിരം തിരുവിതാംകോട്ട് നടത്തിച്ച് നടന്നുവന്നു. അക്കാലങ്ങളിൽ ജോനകരുടെ കഠിനമായ കവർച്ചയേയും ദീവെട്ടിക്കൊള്ള മുതലായ അക്രമങ്ങളെയും ഒതുക്കം വരുത്തിയും നീതിയോടെ അവർ കാര്യങ്ങൾ വിചാരിച്ച് പോന്നതും സർക്കാരിലേക്ക് തന്നെ ബോധ്യം വന്നിട്ടുള്ളതുമാകുന്നു. എന്നാൽ ബഹുമാനപ്പെട്ട മൺറോ സായിപ്പ് അവർകൾ 1819 ന് കൊല്ലം 994-ൽ മലയാളത്ത് നിന്ന് പോകുകയും അതിന് പകരമായി കേണൽ മാക്ഡ്വൽ സായിപ്പ് അവർകൾ വരികയിൽ ആ സായിപ്പിന് സുറിയാനിക്കാരോട് നല്ല സഹവാസ പരിചയം ഇല്ലായ്കയാൽ അവ

രുടെ സന്മാർഗ്ഗ സ്ഥിതി വേണ്ടുംവണ്ണം ഗ്രഹിക്കുന്നതിന് ഇടവരായ്ക നിമിത്തം താൻ ആയിട്ട് പിന്നീട് സുറിയാനിക്കാരിൽ അധികം ആളുകൾക്ക് ഉദ്യോഗം കൊടുത്തില്ല. ... കൊലക്കുറ്റം, കുത്തിക്കവർച്ച മുതലായ വലിയ കുറ്റങ്ങളിൽ ഏർപ്പെട്ട് ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളവർ സുറിയാനിക്കാരിൽ തുലോം ചുരുക്കമേ കാണുകയുള്ളൂ" (പു. 194).

മിഷണറിമാരുമായുള്ള പോരാട്ടത്തിൽ ബലം പകരാൻ ഒരു അന്ത്യോഖ്യൻ മെത്രാന്റെ സഹായം പുന്നത്ര മെത്രാച്ചൻ ആവശ്യപ്പെട്ടു; പക്ഷേ ലഭിച്ചില്ല (ഇട്ടൂപ്പ്, പു. 195, 196; ഹിസ്റ്ററി ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇൻഡ്യ വാല്യം 2, ഹൗ, പു. 389). റോമ്മാക്കാരുമായി കൈവശാവകാശം പങ്കുവച്ചിരുന്ന കോട്ടയം വലിയപള്ളി, പിറവം വലിയപള്ളികൾ എന്നിവയിലെ റോമ്മൻ പങ്കാളിത്തം രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ ഒഴിവാക്കിയത് ജോസഫ് ഫെന്നിന്റെ ഉത്സാഹത്തിൽ ഇക്കാലത്താണ്. നിരണം പള്ളിയുടെ കുരിശുപള്ളികൾ ആയിരുന്ന ചങ്ങനാശ്ശേരിപ്പള്ളിയും ആലപ്പുഴ പള്ളിയും ഇപ്രകാരം ഒഴിപ്പിക്കാൻ പട്ടാളത്തിന്റെ പിൻബലത്തോടെ ശ്രമിച്ചെങ്കിലും നാട്ടുകാരുടെ കടുത്ത ചെറുത്തുനില്പ് മൂലം സാധിച്ചില്ല. ഇക്കാലത്ത് പട്ടക്കാർക്ക് സ്ഥിരമായ വരുമാനത്തിന് ക്രമീകരണം ഉണ്ടായി. കർമ്മാനുഷ്ഠാനങ്ങൾക്ക് ദക്ഷിണയായി ലഭിക്കുന്ന വരുമാനത്തിന്റെ അനിശ്ചിതത്വം മാറ്റി ഇത്തരം സംവിധാനം ഏർപ്പെടുത്തിയതിൽ മിഷണറി നേതൃത്വത്തെ ഏവരും പ്രശംസിച്ചു.

ചേപ്പാട്ട് മാർ ദീവന്നാസ്യോസ്

മാമ്മലശ്ശേരിൽ കോനാട്ട് ഏബ്രഹാം മല്പാൻ, ചേപ്പാട്ട് ആഞ്ഞിലിമൂട്ടിൽ ഫീലിപ്പോസ് മല്പാൻ, കല്ലൂപ്പാറ അടങ്ങപ്രത്ത് യൗസേഫ് കശീശ്ശാ, കോട്ടയത്ത് എരുത്തിക്കൽ മർക്കോസ് കശ്ശീശാ എന്നീ നാല് മെത്രാൻ സ്ഥാനാർത്ഥികളിൽ നിന്ന് രണ്ടാം വട്ടവും നറുക്കെടുപ്പ് നടത്തി ചേപ്പാട്ട് ഫീലിപ്പോസ് മല്പാനെ മെത്രാൻ സ്ഥാനത്തേക്ക് സ്ഥിരീകരിച്ചു. കോട്ടയം ചെറിയപള്ളിയിൽ വച്ച് മാർ പീലക്സിനോസ് 1825 ചിങ്ങം 15 ന് അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. 1825 വൃശ്ചികം 3 ന് സിറിയൻ സഭയിൽ നിന്നെത്തിയ മാർ അത്താനാസ്യോസ് മെത്രാനെയും ഇസഹാക്കു റമ്പാനെയും മാർ പീലക്സിനോസും മാർ ദീവന്നാസ്യോസും ചേർന്ന് സ്വീകരിച്ചു. 1825 ധനു 29-ന് പീലക്സിനോസിന്റെ അറിയിപ്പനുസരിച്ച് പള്ളിപ്രതിനിധികൾ കോട്ടയം ചെറിയപള്ളിയിൽ സമ്മേളിച്ച് മാർ അത്താനാസ്യോസിന്റെ സുസ്ത്താത്തിക്കോൻ വായിച്ചുകേട്ട് അദ്ദേഹത്തെ ഔപചാരികമായി സ്വാഗതം ചെയ്തു. തങ്ങളുടെ നവീകരണശ്രമങ്ങൾക്ക് പുതിയ സംഭവവികാസങ്ങൾ പ്രതിബന്ധമാകുമോ എന്ന് മിഷണറിമാർ സംശയിച്ചു. മലങ്കരയിലെ മെത്രാന്മാരും മാർ അത്താനാസ്യോസും നവീകരണത്തെ നേരിടുവാൻ ഒരുങ്ങുന്ന ഘട്ട



ത്തിൽ പുതിയൊരു വിവാദത്തിന് സാഹചര്യമുണ്ടായി. കാട്ടുമങ്ങാട്ട് കൂറിലോസ് മേല്പട്ടം സ്വീകരിച്ച ആളല്ലെന്ന് മാർ ഈവാനിയോസ് (1851-ൽ ചെങ്ങന്നൂരിൽ കബറടങ്ങി) അറബി ഭാഷയിൽ എഴുതിവച്ച ഒരു ഗ്രന്ഥം സെമിനാരി ലൈബ്രറിയിൽ ഇസഹാക്കു റമ്പാൻ വായിക്കാൻ ഇടയായതാണ് ആ സാഹചര്യം. നാട്ടുമെത്രാന്മാർ കൂറിലോസിന്റെ പിൻമുറക്കാരിൽനിന്ന് സ്ഥാനം പ്രാപിച്ചവരാകയാൽ അവർ വീണ്ടും പട്ടമേല്ക്കണമെന്ന് അത്താനാസ്യോസ് ശഠിച്ചതിനെ പല പട്ടക്കാരും അനുകൂലിക്കുകയും ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ, കോനാട്ട് ഏബ്രഹാം കത്തനാർ എന്നിങ്ങനെ പല പ്രാമാണികരായ വൈദികർ വീണ്ടും പട്ടമേല്ക്കുകയും ചെയ്തത് വിവാദങ്ങൾക്ക് ശക്തി വർദ്ധിപ്പിച്ചു. പാലക്കുന്നത്ത് അബ്രഹാം മല്പാൻ, കടമറ്റത്ത് ചെറിയ തേക്കിലക്കാടൻ കത്തനാർ, വടകര ഓണാശ്ശേരിൽ കത്തനാർ, പിറവത്തു കാരാമയിൽ കത്തനാർ, കരിങ്ങാട്ടിൽ കത്തനാർ, കൊച്ചിട്ടി കുരുവിള കത്തനാർ, തെക്കേത്തല കത്തനാർ, കോതമംഗലത്ത് പിലാമൂട്ടിൽ കത്തനാർ എന്നിങ്ങനെ അഴിച്ച് പട്ടമേല്ക്കൽ സാർവത്രികമായപ്പോൾ നാട്ടുമെത്രാന്മാർ റസിഡണ്ടിന്റെ ആലോചനയോടെ രാജാക്കന്മാരുടെ മുമ്പിൽ പരാതി സമർപ്പിച്ചു. രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ സഭാഭരണം നിർവഹിക്കുന്ന മലങ്കര മെത്രാനെ നിരോധിച്ച അത്താനാസ്യോസിനെയും റമ്പാനെയും കപ്പലിൽ തിരിച്ചയയ്ക്കുവാനും അഴിച്ചു പട്ടമേറ്റ വൈദികരെ 'പാറാവ് വച്ച് കൊല്ലത്ത് കൊണ്ടുപോയി ആറു മാസം പാറാവിൽ കിടത്തുകയും ചെയ്തു. ഒടുവിൽ എല്ലാ വൈദികരെ കൊണ്ടും പ്രായശ്ചിത്തത്തിന് തീർപ്പ് ചെയ്തു മെത്രാന്മാരെ അനുസരിച്ച് നടന്ന് കൊള്ളത്തക്കവണ്ണം പറഞ്ഞയക്കുകയും ചെയ്തു' (*നിരണം ഗ്രന്ഥവരി* കൈയെഴുത്തു പ്രതി, പു. 174, ഇട്ടൂപ്പ്, പു. 203). മാർ അത്താനാസ്യോസുമായി ബന്ധപ്പെട്ട ഏതാനും കത്തുകൾ ഇട്ടൂപ്പ് റൈട്ടർ നൽകുന്നുണ്ട് (പു. 204, 226) ഈ കത്തുകൾ '.... ചരിത്രവും സംസ്കാരവും' എന്ന ഗ്രന്ഥത്തിൽ പൂർണ്ണരൂപത്തിൽ കാണാം. പുറം 507-526).

1829 മകരം 25 ന് കിടങ്ങൻ ഗീവറുഗീസ് പീലക്സിനോസ് അന്തരിച്ചു; തൊഴിയൂർ പള്ളിയിൽ കബറടക്കപ്പെട്ടു. അതോടെ പുതിയ മല

ങ്കര മെത്രാനായി ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ നിയമിച്ചുകൊണ്ട് രാജകീയ വിളംബരം പുറപ്പെട്ടു. കിടങ്ങൻ മെത്രാച്ചൻ അന്തരിച്ചതോടെ തൊഴിയൂരിലെ ആസ്ഥാനം പൂട്ടി മുദ്ര വച്ച് താക്കോലുകൾ കീഴ്നടപ്പു പ്രകാരം പാലൂർ – ചാട്ടുകുളങ്ങര വികാരിയെ ഏല്പിച്ചു. പുലിക്കോട്ടിൽ മെത്രാച്ചന്റെ പ്രശസ്ത ശിഷ്യൻ കുത്തൂര് ഗീവറുഗീസ് മല്പാനെ ചാട്ടുകുളങ്ങര ഇടവകയുടെ തീരുമാനപ്രകാരം 1829 മീനം 15 ന് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മെത്രാനായി വാഴിച്ച് സുസ്താത്തിക്കോൻ നൽകി. ഈ സുസ്താത്തിക്കോനിൽ സ്ഥാനം നൽകിയ മലങ്കര മെത്രാപ്പോലീത്തായെ 'മാർത്തോമ്മായുടെ സിംഹാസനത്തിന്റെ അധിപതി' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

അന്ത്യോഖ്യൻ സഭയെപ്പറ്റിയോ അതിന്റെ അദ്ധ്യക്ഷൻ പാത്രിയർക്കീസിനെപ്പറ്റിയോ സുസ്താത്തിക്കോനിൽ പരാമർശമില്ല. ഈ രണ്ട് പ്രത്യേകതകൾ ഈ സുസ്താത്തിക്കോന്റെ ചരിത്രമൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ മെത്രാന്റെ പേർ കൂറിലോസ് എന്നായിരുന്നു.

മിഷണറിമാരുടെ നവീകരണ പ്രവണത വർദ്ധിച്ചുകൊണ്ടേ ഇരുന്നു. 1835 വൃശ്ചികത്തിൽ കൽക്കട്ടയിലെ ബിഷപ്പ് ഡാനിയേൽ വിത്സൺ ആവശ്യപ്പെട്ടതനുസരിച്ച് സഭയിലെ ശുചീകരണം അർത്ഥപൂർണ്ണമായി നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കുവാൻ മെത്രാന്മാരും മല്പാന്മാരും വൈദിക – അത്മായ പ്രമുഖരും കോട്ടയത്ത് യോഗം ചേർന്നു. ബിഷപ്പ് വിത്സൺ ചില നിർദ്ദേശങ്ങൾ അവതരിപ്പിച്ചു:

1. സെമിനാരി പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് വാങ്ങുന്നവർക്കേ മെത്രാപ്പോലീത്താ ഭാവിയിൽ പട്ടം കൊടുക്കാവൂ.

2. പള്ളികളുടെ കണക്ക് കേട്ട് കണക്കിന്റെ ഒരു പ്രതി റസിഡണ്ടിന്റെ പരിശോധനക്കായി അയക്കണം.

3. കുർബാനപ്പണം മുതലായി ഇപ്പോൾ വാങ്ങിവരുന്ന അനുഭവത്തിന് പകരം അവർക്ക് സ്ഥിരമായ അനുഭവം കൊടുപ്പാനുള്ള വഴി കണ്ടെത്തണം.

4. സുറിയാനിപ്പള്ളികൾ ഉള്ള എല്ലായിടത്തും പള്ളിക്കൂടങ്ങൾ ഉണ്ടാക്കണം.

5. മലയാള ഭാഷയിൽ കത്തങ്ങൾ ജനങ്ങളോട് വേദപുസ്തകത്തെ വ്യാഖ്യാനിക്കേണ്ടതാകുന്നു.

6. നമസ്കാരങ്ങൾ പൊരുൾ തിരിച്ച് സുറിയാനി അറിയാത്തവർക്ക് കൊടുത്ത് നടത്തിക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ പലതും പില്ക്കാലത്ത് സഭ പ്രാവർത്തികമാക്കി. പക്ഷേ അന്നത്തെ പരിതഃസ്ഥിതിയിൽ പല പരിഷ്കാരങ്ങളും സ്വീകാര്യമായിരുന്നില്ല. ഒന്നാം നിർദ്ദേശം നിരുപദ്രവമെന്ന് തോന്നാം. പക്ഷേ സർട്ടിഫിക്കറ്റ് കൊടുക്കുന്ന പ്രിൻസിപ്പാൾ മിഷണറി ആയിരുന്നതിനാൽ ആ നിർദ്ദേശം പട്ടം കൊടുക്കുവാനുള്ള മെത്രാപ്പോലീത്തായുടെ അവകാശത്തെ പരിമിതപ്പെടുത്തുന്ന ഒന്നായി വ്യാഖ്യാനിക്കപ്പെട്ടു. രണ്ടാം നിർദ്ദേശത്തിൽ മലങ്കരയിലെ ഇടവകകളുടെ മേലധികാരം റസിഡണ്ട് കൈവശമാക്കുന്നു എന്ന ധ്വനി ഉൾക്കൊള്ളുന്നുണ്ട്. മൂന്നാം നിർദ്ദേശം ആകർഷകം തന്നെ. 4–ാം നിർദ്ദേശവും അഭികാമ്യമാണ്. അഞ്ചും ആറും നിർദ്ദേശങ്ങളുടെ പുരോഗമന സ്വഭാവത്തിൽ ആർക്കും തർക്കമില്ല. അവയൊക്കെയിന്ന് സഭയിൽ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ആയിടെ സെമിനാരിയിൽ പ്രിൻസിപ്പൽ ആയി നിയമിക്കപ്പെട്ട റവ. പീറ്റ് സായിപ്പിന്റെ അക്ഷമയാണ് കാര്യങ്ങൾ വഷളാക്കിയത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മലങ്കരസഭയെ നവീകരിക്കുവാൻ ദൈവം തന്നെ നിയോഗിച്ചു എന്ന് ആ ധ്വര വിശ്വസിച്ചു. മാംസഭക്ഷണം വിലക്കപ്പെട്ടിരുന്ന നോമ്പു ദിവസങ്ങളിൽ സെമിനാരി വിദ്യാർത്ഥികൾക്ക് മാംസം മാത്രം ലഭിക്കത്തക്കവിധം സെമിനാരിയിലെ ഭക്ഷണരീതികൾ അദ്ദേഹം പരിഷ്കരിച്ചു. സുറിയാനിസഭയുടെ ആചാരരീതികളെയും വിശ്വാസതത്വങ്ങളെയും അവർ പ്രസംഗങ്ങളിലും ക്ലാസുകളിലും അധിക്ഷേപിച്ച് വന്നു. ബിഷപ്പ് വിത്സൺ കോട്ടയം യോഗത്തിൽ അവതരിപ്പിച്ചതിൽ നിന്ന് വ്യത്യസ്തമായി പല പരിഷ്കാര നിർദ്ദേശങ്ങളും പൊതുവേദികളിലെ പ്രസംഗങ്ങളിൽ ആവശ്യപ്പെട്ടിരുന്നു. ഇ. എം. ഫിലിപ്പ് എഴുതുന്നു: "അദ്ദേഹത്തിന്റെ – ബിഷപ്പ് വിത്സന്റെ – ചാപ്ലയിനും ബ്രിട്ടീഷ് റസിഡണ്ടിന്റെ അസിസ്റ്റന്റും കൂടി സംബന്ധിച്ചിരുന്ന ഒരു രഹസ്യ കൂടിക്കാഴ്ചയുടെ അവസരത്തിൽ അദ്ദേഹം മെത്രാനോട് സഭയുടെ ആരാധനാരീതിയിലും കൂദാശാക്രമത്തിലും ചില ഭേദഗതികൾ വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിക്കുകയും ആ നിർദ്ദേശങ്ങൾ പ്രവൃത്തിപഥതിയിലെത്തിക്കുന്നതിന് ആയിരം രൂപാ സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. ബിഷപ്പിന്റെ നിർദ്ദേശങ്ങളെ മെത്രാൻ മര്യാദയായും യാതൊരു എതിർപ്പും പ്രത്യക്ഷപ്പെടുത്താതെയും സ്വീകരിച്ചുവെങ്കിലും അദ്ദേഹം അഭിപ്രായം പ്രത്യക്ഷപ്പെടുത്തുകയാകട്ടെ ഏതെങ്കിലും തീരുമാനം പറയുകയാകട്ടെ ചെയ്തില്ല. കോട്ടയത്തും കണ്ടനാട്ടും ഉള്ള പള്ളികളിൽ ബിഷപ്പ് വിത്സൻ ചെയ്ത പ്രസംഗങ്ങളിൽ അദ്ദേഹം സഭയിൽ വരുത്തിക്കൂട്ടാൻ ഉദ്ദേശിച്ചിരുന്ന താത്വിക പരിഷ്കാരങ്ങളെപ്പറ്റി പ്രസ്താവിച്ചിരുന്നു. അവയിൽ, വിശ്വാസികളായി മരിച്ചുപോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകളും പൂജാർപ്പണങ്ങളും നിർത്തുക, പുരാതന കുർബാന തക്സായിൽ നിന്ന് ആംഗ്ലിയാസഭയിലെ പ്രോട്ടസ്റ്റന്റ് കക്ഷിയുടെ അഭി

പ്രായപ്രകാരം സ്വീകാര്യങ്ങളല്ലെന്ന് തോന്നുന്ന ഭാഗങ്ങളെല്ലാം നീക്കി തക്സാ പരിഷ്കരിക്കുക എന്നിവ ഉൾപ്പെട്ടിരുന്നു. ..." (പു. 213, 214). പല ഘട്ടങ്ങളായി നവീകരണം പ്രാവർത്തികമാക്കുവാനാണ് മിഷണറി മാർ പ്ലാൻ ചെയ്തത്. നവീകരണത്തിന്റെ ഒന്നാം തലമുറയിലെ നേതാക്കൾ സ്വപ്നം പോലും കാണാത്ത പരിഷ്കാരങ്ങൾ ഒടുവിലെ ഘട്ടമായപ്പോൾ നവീകരണത്തിന്റെ പില്ക്കാല തലമുറകൾ നടപ്പിൽ വരുത്തിയതിനെപ്പറ്റി ആദ്യ നവീകരണതലമുറയിലെ നേതാവായ താഴത്തച്ചൻ (താഴത്ത് പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ) 'വിലാപങ്ങൾ' എന്ന ഗ്രന്ഥത്തിൽ ദുഃഖത്തോടെ രേഖപ്പെടുത്തിയിട്ടുണ്ട്.

മാവേലിക്കര സുന്നഹദോസ് (1836)

കോട്ടയം യോഗത്തിൽ അവതരിപ്പിച്ചവയും മെത്രാനോട് കൂടിക്കാഴ്ചകളിൽ ആവശ്യപ്പെട്ടവയും കോട്ടയം, കണ്ടനാട് പ്രസംഗങ്ങളിൽ ന്യായീകരിച്ചവയുമായ നിർദ്ദേശങ്ങളെപ്പറ്റി വ്യക്തമായ തീരുമാനം പ്രഖ്യാപിക്കുവാൻ ബിഷപ്പ് വിത്സൺ ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ നിർബന്ധിച്ചുവന്നു. സെമിനാരിയിൽ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞ മിഷണറിമാർ നവീകരണ നിർദ്ദേശങ്ങൾ അഭിപ്രായ രൂപീകരണത്തിനായി എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തിരുന്നു. ആ സാഹചര്യത്തിലാണ് 1836 മകരം 5-ന് മലങ്കരസഭയുടെ മഹാ സുന്നഹദോസ് മാവേലിക്കരയിൽ മലങ്കര മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയത്. സുന്നഹദോസിന് മുമ്പിൽ രണ്ട് വഴികളേ ഉണ്ടായിരുന്നുള്ളു. ഒന്ന്, മലങ്കരസഭയെ പ്രോട്ടസ്റ്റന്റ് സഭയായി നവീകരിക്കുക. രണ്ട്, ബിഷപ്പ് വിത്സന്റെ നിർദ്ദേശങ്ങളെ നിരാകരിച്ചുകൊണ്ട് മിഷണറിബന്ധം വിച്ഛേദിക്കുക. രണ്ടാമത്തെ പോംവഴിയാണ് സുന്നഹദോസ് സ്വീകരിച്ചത്. ഒരു സൗഹാർദ്ദബന്ധത്തെ മുറിച്ചുകളയുമ്പോൾ മിഷണറിമാരുടെ ഭാഗത്തുണ്ടാവുന്ന വേദനയെ ലഘൂകരിക്കുവാനും മലങ്കരസഭയോട് അവർക്കുണ്ടാവുന്ന നീരസം ഒഴിവാക്കുവാനുമായി ഒരു തന്ത്രം സുന്നഹദോസ് സ്വീകരിച്ചു: അന്ത്യോഖ്യാ പാത്രിയർക്കീസിനെ മറയായി നിർത്തുക എന്ന തന്ത്രം.

മാവേലിക്കര സുന്നഹദോസിൽ സ്വീകരിക്കാവുന്ന പരിഷ്ക്കാര നിർദ്ദേശങ്ങൾ പോലും തിരസ്കരിക്കപ്പെട്ടു. ശാന്തരും നയക്കാരും ആയ ബെയ്‌ലി, ഫെൻ, ബേക്കർ എന്നിവർക്ക് പകരം വന്ന വുഡ്കോയും പീറ്റും പുലർത്തിയ അക്ഷമയും അസഹിഷ്ണുതയും കാര്യങ്ങളെ വേഗത്തിൽ വഷളാക്കി. ബിഷപ്പ് ബ്രൗൺ എഴുതുന്നു: "സുറിയാനിക്കാർ പിന്തുടർന്ന് വന്ന തെറ്റുകളെ പരസ്യമായി ആക്ഷേപിക്കാതെ സെമിനാരിയിലെ സ്വകാര്യ ചർച്ചകളിൽ സ്വന്തം നിലപാട് മിഷണറിമാർ വ്യക്തമാക്കിയിരുന്നു. കൂടുതൽ ഫലപ്രദമായ നടപടികൾ ആവശ്യമെന്ന് ചില പില്ക്കാല

മിഷണറിമാർക്ക് തോന്നി. സുറിയാനിക്കാരുടെ തെറ്റുകളെ അവർ പരസ്യമായി വിമർശിച്ചുതുടങ്ങി. അനുരഞ്ജനത്തിന് സഹായകമല്ലാത്ത നിലപാടാണ് ജോസഫ് പീറ്റിനെപ്പോലെയുള്ളവർ സ്വീകരിച്ചത്. ... മണർകാട് പള്ളിയിൽ പെരുന്നാൾദിവസം അസംഖ്യം ജനം സമ്മേളിച്ചിരിക്കേ, പീറ്റ് ഇത് അന്ധവിശ്വാസമാണെന്നും അശുദ്ധാചാരമാണെന്നും പ്രസംഗിച്ച് ബഹളമുണ്ടാക്കി. അദ്ദേഹത്തിന്റെ വെളുത്ത തൊലി ഒന്നുകൊണ്ടുമാത്രം അദ്ദേഹം രക്ഷപ്പെട്ടു. ഇപ്രകാരം അനവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്" (ബ്രൗൺ എൽ. ഡബ്ല്യു., പു. 138). മറ്റൊരു സംഭവം മിഷണറിമാർ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. "പീറ്റ് സെമിനാരിയുടെ പ്രിൻസിപ്പൽ ആയിരുന്ന കാലം. പീറ്റ് ക്ലാസ് കഴിഞ്ഞ് വെളിയിൽപ്പോയി അപ്രതീക്ഷിതമായി തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അരിശപ്പെടുത്തി. പീറ്റ് അല്പം മുമ്പ് പഠിപ്പിച്ച സഭാചരിത്ര വസ്തുതകൾക്ക് വിരുദ്ധമായി ചില തിരുത്തലുകൾ മാമ്മലശ്ശേരി അബ്രഹാം മല്പാൻ ചുറ്റും കൂടിയ വിദ്യാർത്ഥികൾക്ക് ഉപദേശിക്കുന്നു. മിഷണറിമാരുടെ ഏതു പ്രസ്താവനകളും വിമർശനബുദ്ധിയോടെ കേൾക്കുവാൻ മല്പാൻ വിദ്യാർത്ഥികളെ ഉപദേശിച്ചു. പീറ്റ് പൊട്ടിത്തെറിച്ചു" (W. S. Hunt, The Anglican Churches Travancore and Cochin 1816 - 1916 Vol. 1., 1920, p. 82). സ്ഫോടനാത്മകമായ ആ അന്തരീക്ഷത്തെപ്പറ്റി മാർ ബർന്നബാസ് ഇപ്രകാരം വിലയിരുത്തി: "സഭയിൽ മിഷണറിപ്രവർത്തനം ശക്തിപ്പെടുത്തുകയും സുവിശേഷവേല ഊർജ്ജിതപ്പെടുത്തുകയും ചെയ്യണമെന്ന മിഷണറിമാരുടെ ആഹ്വാനം മെത്രാൻ ചെവിക്കൊണ്ടില്ല. സ്വന്തം നാട്ടിൽ ഓക്സ്ഫോർഡ് മൂവ്മെന്റിനോട് ഉണ്ടായിരുന്ന എതിർപ്പിന്റെയും വിരോധത്തിന്റെയും ആത്മാവ് അവരിൽ കുടികൊണ്ടിരുന്നു. ആരാധനകളിലെ പ്രതീകാത്മകമായ കർമ്മങ്ങളും ആചാരാനുഷ്ഠാനങ്ങളും അവർക്ക് ദുസ്സഹമായിരുന്നു. ഗ്രീക്കുസഭയുടെ തെറ്റുകളായി അവയെ അവർ പരിഗണിച്ചു. അവരുടെ തർക്കപ്രിയം സംഗതികളെ കൂടുതൽ വഷളാക്കി. പരിശുദ്ധന്മാരോടുള്ള അപേക്ഷകൾക്കും മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾക്കും നമ്മുടെ ആരാധനാക്രമങ്ങൾക്കും എതിരായി അവർ ശക്തിയുക്തം പ്രസംഗിക്കുവാൻ തുടങ്ങി. സെന്റ് മേരിയുടെ ഒരു പെരുന്നാളിൽ റവ. പീറ്റ് തന്റെ ഉജ്ജ്വലമായ പ്രസംഗം കൊണ്ട് ജനത്തിൽ ഒരു കലഹം തന്നെയുണ്ടാക്കി. മണർകാട് സെന്റ് മേരിയുടെ രൂപം തല്ലിപ്പൊട്ടിക്കുകയുണ്ടായി. സെമിനാരിയിൽ നോമ്പുകാലത്തു വിദ്യാർത്ഥികൾക്ക് മത്സ്യമാംസാദികൾ വിളമ്പി. ഒരു ഞായറാഴ്ച ദൈവമാതാവിന് മറ്റു മക്കൾ ഉണ്ടായിട്ടുണ്ടെന്ന് പള്ളിയിൽ പ്രസംഗിച്ചിട്ട് പോയിക്കഴിഞ്ഞപ്പോൾ കോനാട്ട് മല്പാൻ അതിനെതിരായി പ്രസംഗിച്ചു. രണ്ടു പേരിൽ ഒരാളേ സെമിനാരിയിൽ പാടുള്ളൂ എന്ന് സായിപ്പ് ഗർജ്ജിച്ചു. കോനാട്ടച്ചൻ പാമ്പാക്കുടയ്ക്ക് പോവുകയും ചെയ്തു. .... അകൽച്ച മൂർദ്ധ

ന്യത്തിലെത്തിയപ്പോൾ റവ. പീറ്റ് ചെപ്പേടുകളും റിക്കാർഡുകളും പുസ്തകങ്ങളും പഴയസെമിനാരിയിൽ നിന്ന് എടുത്തുകൊണ്ടുപോയി. ...” (ഓർത്തഡോക്സ് സെമിനാരി 175 –ാം വാർഷിക സുവനീർ, 1990, പു. 37). ഒടുവിലത്തെ സംഗതിയെപ്പറ്റി ഫാ. കെ. ഡേവിഡ് നൽകുന്ന വിവരണം ഇപ്രകാരമാണ്: “ഒരു ഓശാന ഞായറാഴ്ച മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിൽ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുമ്പോൾ പീറ്റ് സായിപ്പ് പഴയസെമിനാരിയിൽ മെത്രാപ്പോലീത്തായുടെയും സായിപ്പിന്റെയും കൂട്ടു കൈവശമായിരുന്ന ബെസ്ഗാസാ മുറി കുത്തിത്തുറന്ന് റിക്കാർഡുകൾ, പുസ്തകങ്ങൾ, ചെപ്പേടുകൾ ആദിയായ സാധനങ്ങൾ എടുത്തുകൊണ്ട് കടന്നുകളഞ്ഞു” (പു. 85). മലങ്കരസഭയെ ബോധവത്കരിച്ച് നവീകരണം ആവശ്യമെങ്കിൽ സഭയുടെ നേതൃത്വത്തിൽ അവ ചെയ്യുന്നതിന് സുറിയാനിക്കാരെ സഹായിക്കാൻ എന്ന ഭാവത്തിൽ ക്ലോഡിയസ് ബുക്കാനൻ തൊട്ട് ഇവിടെ വന്നിരുന്ന എല്ലാ മിഷണറിമാരുടെയും ഉദ്ദേശ്യശുദ്ധിയിൽ കളങ്കമാരോപിക്കുവാൻ ഈദൃശ സംഗതികൾ ഇടയാക്കി. ഇതോടെ അവർ പറയുന്ന ന്യായമായ പ്രസക്ത കാര്യങ്ങൾപോലും പരിഗണിക്കാനാവാത്ത മാനസിക കാലാവസ്ഥയിലേക്ക് മലങ്കരസഭ എത്തിച്ചേർന്നു. തങ്ങളുടെ കാഴ്ചപ്പാടിൽ മലങ്കരസഭയെ നവീകരിക്കും എന്ന് മിഷണറിമാരും മിഷണറിമാരെ ബഹിഷ്കരിക്കുമെന്ന് മലങ്കരസഭാ നേതൃത്വവും തീരുമാനത്തിലെത്തിയതങ്ങനെയാണ്.

പ്രോട്ടസ്റ്റന്റ് സഭയുടെ തലവനായ കാന്റർബറി ആർച്ച് ബിഷപ്പിന്റെ കീഴിൽ ഹൈ ചർച്ച്, ലോ ചർച്ച് എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ട്. ഹൈ ചർച്ച് വിഭാഗത്തിന് പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥതയും മരിച്ചുപോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയും സ്വീകാര്യമാണ്. കേരളത്തിൽ വന്ന ലോ ചർച്ച് വിഭാഗം അവരുടെ മാതൃഭാഷയിൽ ഹൈ ചർച്ചുകാരെ അംഗീകരിക്കുന്നതിന് സമാന്തരമായി മലങ്കരസഭയിലെ വിശ്വാസാചാരാനുഷ്ഠാനങ്ങളെ പരിഗണിച്ചിരുന്നുവെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. ഹൈ ചർച്ച് വിഭാഗം ഇന്നും ഈ വിശ്വാസാനുഷ്ഠാനങ്ങൾ റദ്ദാക്കിയിട്ടില്ല.

സുറിയാനിസഭയുടെ ഓരോ ആരാധനയിലും നടത്തുന്ന പ്രുമിയോൻ – സെദ്റാകൾ കിഴക്കോട്ട് തിരിഞ്ഞു നടത്തുന്ന പ്രഭാഷണങ്ങൾ തന്നെയാണ്. അത് തിരിച്ചറിയുവാൻ മിഷണറിമാർക്ക് കഴിഞ്ഞില്ല. ആരാധനയിൽ പ്രഭാഷണവും പ്രബോധനവും പാലും വെള്ളവുമെന്ന പോലെ – നീരക്ഷീരന്യായേന – അലിയിച്ചുചേർക്കുന്ന പാരമ്പര്യം അവരെ പരിചയപ്പെടുത്തി കൊടുക്കുന്നതിൽ സഭാനേതൃത്വവും പരാജയപ്പെട്ടു. ആരാധനാക്രമങ്ങൾ സുറിയാനിയിൽ നടത്തുവാനുള്ള കഴിവ് വൈദികരിൽ കുറഞ്ഞുകൊണ്ടേ ഇരുന്നുവെങ്കിലും അത് സമ്മതിക്കുവാൻ ദുരഭിമാനം

അവരെ അനുവദിച്ചില്ല. മലയാളത്തിലെ പ്രാർത്ഥനകൾ സുറിയാനി ലിപിയിൽ എഴുതിവായിക്കുന്ന കൃത്രിമഗൗരവം ദീക്ഷിക്കുവാനും അവർ ധൈര്യപ്പെട്ടു. മലയാളം സുറിയാനി ലിപിയിലെഴുതി - കർസോനി എന്ന് ഈ ഭാഷാസങ്കേതം അറിയപ്പെടുന്നു - ആരാധനയുടെ ഗാംഭീര്യം നിലനിർത്തുന്നത് അക്കാലങ്ങളിൽ ഒരു പതിവായിരുന്നു. സുറിയാനിയോടുള്ള വിധേയത്വം അത്രമേൽ ശക്തമായിരുന്നു. മുക്കിയും മൂളിയും സുറിയാനി പ്രാർത്ഥനകൾ തത്സമയ വിവർത്തനം നടത്തുന്നവരും അന്നുണ്ടായിരുന്നു. ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്താൽ പരിഹരിക്കാവുന്ന പലതും ബിഷപ്പ് വിത്സന്റെ നിർദ്ദേശങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇരു വിഭാഗവും തമ്മിലുള്ള റാപ്പോർട്ട് (Rapport) നഷ്ടപ്പെട്ടിരുന്നതിനാൽ അത്തരം ശ്രമങ്ങൾ രണ്ടു ഭാഗത്തുനിന്നും ഉണ്ടായില്ല. വിഭവവും പാത്രവും ഒരുപോലെ ശുദ്ധമായിരിക്കണം. പാത്രം അശുദ്ധമെങ്കിൽ അതിൽ വിളമ്പിയ വിഭവം ശുദ്ധമായിരുന്നാൽപ്പോലും അസ്വീകാര്യമാവാനിടയുണ്ട്. അതാണ് മാവേലിക്കര സുന്നഹദോസിനെ നയിച്ച പ്രബലമായ വികാരം.

മാവേലിക്കര പടിയോല

ചേപ്പാട്ട് മാർ ദീവന്നാസ്യോസ് അദ്ധ്യക്ഷത വഹിച്ചു. കുത്തൂർ കൂറിലോസ് സഹകരിച്ചു. മാവേലിക്കരയിലെ പൂർണ്ണ സുന്നഹദോസ് താഴെ വിവരിക്കുന്നപ്രകാരം തീരുമാനങ്ങൾ സ്വീകരിച്ചു. അതാണ് മാവേലിക്കര പടിയോല.

'ബാവായും പുത്രനും റൂഹാദ്കുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാന്റെ തിരുനാമത്താലെ, പള്ളികൾ ഒക്കെയുടേയും മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന, ബാവാമാരുടെ ബാവായും തലവന്മാരുടെ തലവനുമായ മാർ ഇഗ്നാത്തിയോസിന്റെ കൈവാഴ്ചകീഴിൽ മലങ്കര യാക്കോബായ സുറിയാനിപ്പള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അനന്തിരവൻ കൂറിലോസ് മെത്രാപ്പോലീത്തായും തങ്ങളുടെ വിചാരത്തിൽപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും പട്ടക്കാരും ജനങ്ങളും കൂടി മശിഹാകാലം 1836 ക്ക് ചെന്ന കൊല്ലം 1011-ാമാണ്ട് മകര മാസം 5-ാം തീയതി തമ്പുരാനെപ്പെറ്റ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ച് നിശ്ചയിച്ച് എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന ലോർഡ് ബിഷപ്പ് ദാനിയേൽ സായിപ്പവർകൾ കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്ന് മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനിപ്പള്ളി

കളിൽ നടന്ന് വരുന്ന കുർബ്ബാന, നമസ്കാരം മുതലായ പള്ളിക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസങ്ങൾ വരുത്തി നടത്തണമെന്നും പറഞ്ഞാറെ എല്ലാ പള്ളിക്കാരുമായി വിചാരിച്ച് നിശ്ചയിച്ച് ബോധിപ്പിച്ച് കൊള്ളാമെന്നും പറഞ്ഞ സംഗതിക്ക്.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയാർക്കീസിന്റെ വാഴ്ച കീഴുൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേല്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്ന് വരുന്നതുമാകയാൽ ആയതിന് യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ വേറൊരു മതക്കാർ അർപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് ഒരുത്തർക്കും അധികാരമില്ലായ്കയാൽ, ആയതിൻവണ്ണം നടത്തിക്കുകയും ചെയ്യുന്നതിന് പാടില്ലാത്തതാകുന്നു. നമ്മുടെ പള്ളികൾ പാത്രിയർക്കീസിന്റെ കല്പനയാൽ അയക്കപ്പെട്ടിരിക്കുന്ന മേൽപ്പട്ടക്കാരുടെ സഹായത്താലും അതത് ഇടവകയിലുള്ള ജനങ്ങളുടെ മനസ്സാലും പണിയപ്പെട്ട് അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട് ആണ്ടുതോറും കാണിക്ക, വഴിപാട് മുതലായിട്ടുണ്ടാകുന്ന നടവരവുകൾ എന്നിവകളാൽ നടന്നുവരുന്നവയാകുന്നു. അന്ത്യോഖ്യയിലുള്ള പള്ളികളിലും ഇവിടെയും മറ്റു ദിക്കുകളിലുമുള്ള പള്ളികളിലും നടന്ന്‌വരുന്ന പ്രകാരം, നമ്മുടെ പള്ളികളുടെ കണക്കു നമ്മുടെ മേല്പട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടി നടന്നുവരുന്നതിൻവണ്ണം അല്ലാതെ വ്യത്യാസമായിട്ട് നടക്കുന്നതിനും നടത്തുന്നതിനും നമുക്ക് അധികാരവും സമ്മതവും ഇല്ല.

കൊല്ലം 983-ാമാണ്ട് കാലം ചെയ്ത വന്ദ്യ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് ബഹു. കേണൽ മെക്കാളെ സായിപ്പവർകൾ മൂവായിരം പൂവരാഹൻ കടം വാങ്ങി കടം മുറി എഴുതിയതും കൊടുത്തു പലിശപറ്റി വന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പണം 992-ാം ആണ്ട് കാലം ചെയ്ത മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഏറ്റവും ബഹു. കേണൽ മൺറോ സായിപ്പവർകളെ ബോധിപ്പിച്ച് കോട്ടയത്തു സിമ്മനാരി പണിയിച്ച് മുൻ അന്ത്യോഖ്യായിൽ നിന്നു വന്നിരുന്ന മേല്പട്ടക്കാർ കൊണ്ടുവന്നിരുന്ന വസ്തുക്കളും പാലമറ്റത്തറവാട്ടിൽ കഴിഞ്ഞ മേൽപ്പട്ടക്കാരുടെ വസ്തുവകകളും സെമിനാരിയിൽ വരുത്തി. ആ വകയിലും ഏതാനും ദ്രവ്യവും സുറിയാനി പൈതങ്ങൾക്കു വേണ്ടി ധർമ്മമായിട്ട് തമ്പുരാൻ തിരുമനസ്സു കൊണ്ട് കല്പിച്ചുതന്ന രൂപായും (കാണംവക) കൊണ്ട്, പഠിച്ചുവരുന്ന പൈതങ്ങളുടെ ചെലവ് കഴിക്കയും, അവരുടെ ധാരാളമായ കൃപകൾ കൊണ്ടു തന്നെ കോട്ടയത്ത് വന്നിരിക്കുന്ന ഏറ്റവും ബഹുമാനപ്പെട്ടിരിക്കുന്ന മിഷനറി സായിപ്പന്മാരവർകൾ, ഈ സെമിനാ

രിയിൽ ഇംഗ്ലീഷ് മുതലായ ഭാഷകൾ പഠിപ്പിച്ച് കൃപയുള്ള പിതാക്കന്മാരെപ്പോലെ നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും സകല ജാതിക്കാർക്കും ഉപകാരത്തിനായിട്ട് പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും നമ്മുടെ പള്ളികൾ നടന്നുവരുന്ന സുറിയാനി മര്യാദ പോലെ നടക്കുന്നതിന് സായിപ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ ചെയ്യുകയും ആണ്ടുതോറും വരുവാനുള്ള വട്ടിപ്പണം മെത്രാപ്പോലീത്താ പറ്റുശീട്ടെഴുതിക്കൊടുത്തു വാങ്ങിച്ച് സെമിനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വിചാരിക്കുകയും ജനങ്ങളുടെ അപേക്ഷപ്രകാരവും മേല്പട്ടക്കാരുടെ കർത്തവ്യപ്രകാരവും പട്ടംകൊടുക്കുകയും ചെയ്തുവരുമ്പോൾ, മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ, സെമിനാരിയിൽപ്പെട്ട കാര്യങ്ങൾ നടത്തുകയും മെത്രാപ്പോലീത്തായുടെ പറ്റുശീട്ടിൻ പ്രകാരം വാങ്ങിക്കുന്ന വട്ടിപ്പണം സായിപ്പന്മാർ തന്നെ ചെലവിടുകയും, പഠിച്ച് പാർത്തിരുന്ന ശെമ്മാശന്മാരെ സിമ്മനാരിയിൽ നിന്ന് പിരിച്ച് അയക്കുകയും നമ്മുടെ വക മര്യാദയ്ക്ക് വിരോധമായിട്ട് വിചാരിക്കുകയും തമ്മിൽ ഛിദ്രങ്ങളെ ഉണ്ടാക്കുകയും ചെയ്തുവരുന്നതു ഏറ്റവും സങ്കടകരവും ബുദ്ധിമുട്ടും ആയിത്തീർന്നിരിക്കുന്നതിനാലെ, എന്നേക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാക്കപ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാതി ഒക്കെയിൽ നിന്നും തണുപ്പിക്കുന്നവളുമായ തമ്പുരാനെപ്പെറ്റ അമ്മയുടെ നമസ്കാരത്താലെയും ശുദ്ധമാകപ്പെട്ടവരുടെ നമസ്കാരങ്ങളാലെയും നാം രക്ഷപ്പെടേണ്ടതിന് സ്തുതിചൊവ്വാകപ്പെട്ട യാക്കോബായ സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമവിശ്വാസത്തിലുമല്ലാതെ വേറെ യാതൊരു പഠിത്തവും ക്രമവിശ്വാസവും നമ്മൾ അനുസരിച്ചുകൊള്ളുന്നില്ല. ഇവ മേൽ ബാവായും പുത്രനും റൂഹാദ്കുദിശായും സാക്ഷ്യം. ആമ്മീൻ' (ഓർത്തഡോക്സ് സെമിനാരി 175-ാം വാർഷിക സുവനീർ, 1990, പുറം 39-41).

മൂന്നു കാര്യങ്ങൾ വിശദമാക്കുവാൻ പടിയോല ശ്രമിച്ചു.

1. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുമതി കൂടാതെ ഒരു പരിഷ്കാരവും സ്വീകരിക്കാൻ അനുവാദമില്ല.

2. വട്ടിപ്പണം മെത്രാപ്പോലീത്തായുടെ അധികാരത്തിൽപ്പെട്ട വരുമാനമാണ്. അതിന്റെ വിനിയോഗത്തിൽ മറ്റാർക്കും അവകാശമില്ല.

3. മെത്രാപ്പോലീത്തായെ അവഗണിച്ച് സ്വയമായി സെമിനാരിയിലെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുക, ശെമ്മാശന്മാരെ പിരിച്ചുവിടുക തുടങ്ങി സ്വേച്ഛാപരമായി മിഷണറിമാർ സ്വീകരിക്കുന്ന നടപടികളിൽ ദുഃഖം രേഖപ്പെടുത്തുന്നു.

മലങ്കരസഭയിൽ അനധികൃതമായി മിഷണറിമാർ ദുഃസ്വാതന്ത്ര്യം കാണിക്കുന്നതിനെപ്പറ്റി സമകാല രേഖകൾ ലഭ്യമാണ്.

ഒരു ഫിലിപ്പ് കത്തനാരെ ശിക്ഷിപ്പിക്കുവാൻ മെത്രാപ്പോലീത്തായുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ വ്യക്തമായ സൂചനകൾ 1818 മെയ് 23-ന് മൺറോ എഴുതിയ കത്തിലുണ്ട് (പി. ചെറിയാൻ, പു. 365).

മെത്രാനെ തെരഞ്ഞെടുക്കുന്നതിലും മിഷണറിമാർ കൈ കടത്തിയതിന്റെ സൂചനകൾ കാണുന്നുണ്ട്: "…. തങ്ങളുടെ ഉദ്ദേശ്യങ്ങളോട് കടുതൽ ആനുകൂല്യങ്ങൾ ഉള്ളവരെന്ന് തോന്നിയ ഒരാളെ തെരഞ്ഞെടുക്കണമെന്ന് മിഷണറിമാർ നിർബന്ധിക്കുകയും……" (ഇ. എം. ഫിലിപ്പ്, പു. 207).

1818-ൽ മാവേലിക്കര യോഗത്തിൽ പുന്നത്ര മെത്രാച്ചന്റെ ഇരുവശങ്ങളിലുമായി ഫെന്നും ബെയിലിയും ഉപവിഷ്ടരായതും അവരുടെ ആവശ്യപ്രകാരം വിശുദ്ധ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ സഭയിലെ ആരാധനാക്രമങ്ങളെ വിലയിരുത്തുവാൻ മെത്രാനോടൊപ്പം ചില വൈദികർ തെരഞ്ഞെടുക്കപ്പെടണമെന്നും അതിൻപ്രകാരം സഭയെ നവീകരിക്കണമെന്ന് പ്രമേയം അവതരിപ്പിക്കപ്പെട്ടതായും ബിഷപ്പ് ബ്രൗൺ രേഖപ്പെടുത്തിയിട്ടുണ്ട്" (പു. 136).

മിഷണറിമാർ മലങ്കരസഭയിലെ ദുഷിപ്പുകളായി ചിത്രീകരിച്ചിരുന്നവ ഇവയാണ്.

1. ഏഴു കൂദാശകളിലുള്ള വിശ്വാസം, 2. കന്യകമറിയാമ്മിനോടും പരിശുദ്ധന്മാരോടും മദ്ധ്യസ്ഥത അർത്ഥിക്കുന്ന പാരമ്പര്യം, 3. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, 4. വാഴ്ത്തപ്പെട്ട എണ്ണയുടെ ഉപയോഗം, 5. പട്ടക്കാരന്റെ മുമ്പാകെയുള്ള കുമ്പസാരം, 6. പട്ടക്കാരുടെ നിർബന്ധിത ബ്രഹ്മചര്യം, 7. വി. കുർബാന ബലിയാണെന്ന ഉപദേശം (പി. ചെറിയാൻ, പു. 117).

മാവേലിക്കര പടിയോലയിൽ രണ്ടു പ്രമാദങ്ങൾ ഉണ്ട്. 1. മലങ്കരസഭയുടെ മുൻകാല ചരിത്രത്തെപ്പറ്റിയുള്ള അജ്ഞത. 2. മലങ്കരസഭയും വിദേശസഭകളും തമ്മിലുള്ള ബന്ധങ്ങൾ, സഭയിൽ ആരാധനാക്രമങ്ങൾ നടപ്പാക്കിയതിന്റെ ചരിത്ര പശ്ചാത്തലം ഇവയെപ്പറ്റിയുള്ള അജ്ഞത.

ചരിത്രപരമായ കാരണങ്ങളാൽ ഉണ്ടായിട്ടുള്ള സകല വിദേശബന്ധങ്ങളെയും വിച്ഛേദിക്കുന്നതായി പ്രഖ്യാപിക്കുന്ന ആർത്താറ്റ് പടിയോലയും (1806) അന്ത്യോഖ്യൻ സഭയെപ്പറ്റിയോ മറ്റേതെങ്കിലും വിദേശ സഭയെപ്പറ്റിയോ യാതൊരു പരാമർശവും നടത്താത്ത കണ്ടനാട് പടിയോല (1809) യും കൈക്കൊണ്ട ദേശീയബോധത്തെ അറിയാത്ത ഒരു തലമുറയിലെ നേതൃത്വമാണ് മാവേലിക്കര പടിയോലയ്ക്ക് രൂപംനൽകിയത് എന്ന് നിരീക്ഷിക്കാതെ വയ്യ. സ്വന്തം സിംഹാസനത്തിന്റെ നിലനില്പിന്റെ തല്ക്കാല

പ്രശ്നങ്ങളിൽ ശ്രദ്ധിക്കുവാനല്ലാതെ അടിസ്ഥാനപരമായ സഭാ പൈതൃകത്തിന്റെ അഭിമാനപൂർണ്ണമായ ചൈതന്യധാരയിലേക്ക് സഭയെ പരിശീലിപ്പിക്കുവാനും വളർത്തുവാനും സഭാനേതൃത്വം എക്കാലവും പ്രദർശിപ്പിച്ച് പോരുന്ന അനാസ്ഥയുടെയും അജാഗ്രതയുടെയും ചിത്രമാണ് ചേപ്പാട്ട് മെത്രാച്ചനും കുത്തൂർ മെത്രാച്ചനും അനാവരണം ചെയ്യുന്നത്.

1825-ൽ പാത്രിയർക്കീസ് അയച്ച മാർ അത്താനാസ്യോസിനെതിരായി സർക്കാരിൽ പരാതി കൊടുത്ത് അദ്ദേഹത്തെ നാടുകടത്തിയ ചേപ്പാട്ട് മെത്രാച്ചൻ മലങ്കരസഭ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലാണെന്ന് 1836-ൽ പറയുന്നത് കൗതുകകരം തന്നെ. അലക്സാന്ത്രിയാ, പേർഷ്യാ, അന്ത്യോഖ്യാ എന്നീ സഭാ പാരമ്പര്യങ്ങളെ പൊതുവായി യാക്കോബായ എന്ന് വിശേഷിപ്പിക്കുന്ന പരിതസ്ഥിതിയിൽ, മലങ്കരയിലെ യാക്കോബായ പാരമ്പര്യത്തെ അന്ത്യോഖ്യൻ എന്ന് മുദ്ര കുത്തുന്നതിന്റെ അനൗചിത്യവും മാവേലിക്കര പടിയോല ഗൗരവത്തിലെടുത്തിട്ടില്ല. മാവേലിക്കര സുന്നഹദോസിന്റെ സമീപനം വികാരപരമായിരുന്നു. പാലക്കുന്നത്തെ അബ്രഹാം മല്പാനെപ്പോലെയുള്ള പ്രഗത്ഭർ അതിനെ ബഹിഷ്കരിച്ചു. 'പഴഞ്ഞി ഇടവകക്കാരനും ഒരു കാശും കൈയിലില്ലാതെ മദ്രാസ് പട്ടണം വരെ സുവിശേഷം പ്രസംഗിച്ചവനും അസാധാരണ ധീരതയും ആത്മീയ ശുഷ്കാന്തിയും ഉള്ളവനുമായ കുരിയത് എന്ന സാധു ദീർഘയാത്ര ചെയ്ത് മാവേലിക്കര യോഗത്തിലെത്തി *സുവിശേഷത്തിന് വിരോധമായി വാതിൽ അടച്ച് കളയുന്നത് ഭയങ്കരമാണെന്ന് ഓർത്തുകൊള്ളണമെന്ന്* ശക്തിമത്തായ ഒരു ഭയങ്കര നിർദ്ദേശം കൊടുത്തു (*മലങ്കരസഭയും നവീകരണവും*, കെ. എൻ. ദാനിയേൽ, പു. 37).

മിഷണറി കാലഘട്ടത്തിലെ മലങ്കരസഭയെപ്പറ്റി ഫിലിപ്പ് ഇപ്രകാരം രേഖപ്പെടുത്തി: "മലങ്കരസഭ ആദ്യമായി പരിചയപ്പെട്ട പ്രോട്ടസ്റ്റന്റ് മിഷണറി 18-ാം ശതാബ്ദത്തിന്റെ ആരംഭഘട്ടത്തിൽ ഇവിടെ എത്തിയ വിഷർ എന്ന ഡച്ച് ചാപ്ലയിൻ ആയിരുന്നു. നാം പരിചയപ്പെട്ട ആദ്യത്തെ ആംഗ്ലിക്കൻ മിഷണറി മദ്രാസിലെ സിറിയൻ ചാപ്ലെൻ ആയ ഡോ. കേർ ആയിരുന്നു. മദ്രാസ് ഗവർണർ വില്യം ബെന്റിക്ക് പ്രഭുവിനാൽ അയക്കപ്പെട്ട അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടിൽ, മലബാറിൽ സുറിയാനിക്കാർ, കത്തോലിക്കർ, ലത്തീൻകാർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങൾ ഉള്ളതിൽ സുറിയാനിക്കാർ പാപ്പായുടെ സർവാധികാരത്തെ നിഷേധിക്കുന്നു എന്നും വസ്തുഭേദം സ്വീകരിച്ചിട്ടില്ലെന്നും സ്വരൂപങ്ങളെ ആരാധിക്കുന്നത് വിഗ്രഹാരാധനയും ബെസ്പുർക്കാന കഥയില്ലാത്ത വിശ്വാസമാണെന്നും കരുതുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. അന്ത്യകൂദാശ, വിവാഹം, സ്ഥിരീകരണം ഇവയെ സുറിയാനിക്കാർ കൂദാശകളായി ഗണിച്ചിട്ടില്ലത്രേ. നെസ്തോറിയരാണ് അവരെന്ന് പലരും കരുതുന്നെങ്കിലും

അവർ അത്താനാസ്യോസിന്റെ വിശ്വാസപ്രമാണമാണുപയോഗിക്കുന്നത്. റിപ്പോർട്ടിലെ മറ്റു കാര്യങ്ങൾ ഇവയാണ്: സന്മാർഗ്ഗികമായ എല്ലാ വിഷയങ്ങളിലും അവർ ഉയർന്നവരാണ്. സത്യസന്ധതയും തുറന്ന പെരുമാറ്റവും ഉള്ളവരാണ്. മതകാര്യങ്ങളിൽ ശ്രദ്ധയുള്ളവരും ആത്മീയവും ലൗകീകവും ആയ എല്ലാ കാര്യങ്ങളിലും പട്ടക്കാരെയും മേല്പട്ടക്കാരെയും അനുസരിക്കുന്നവരുമാകുന്നു. നായന്മാർ അവരെ ഏറ്റവും ബഹുമാനിക്കുന്നു. നായന്മാർ കഴിഞ്ഞാൽ അടുത്ത സ്ഥാനമാണ് തിരു – കൊച്ചി രാജാക്കന്മാർ അവർക്ക് നൽകിയിട്ടുള്ളത്. അവരുടെ സംഖ്യ 80,000 ത്തോളം വരും. ഇരു സഭകളും തമ്മിലുള്ള യോജിപ്പിന്റെ പ്രത്യാശ പ്രകടിപ്പിച്ചപ്പോൾ മെത്രാപ്പോലീത്താ സന്തുഷ്ടി പ്രകടിപ്പിച്ചതായും റിപ്പോർട്ടിലുണ്ട്. ഡോ. ബുക്കാനൻ ആണ് അടുത്ത ആൾ. അദ്ദേഹം എഴുതി: ഇംഗ്ലീഷുകാരുടെ പട്ടത്വത്തിന്റെ സാധുതയെപ്പറ്റി സംശയമുള്ളതായി മെത്രാന്റെ ചാപ്ലെൻ എന്നോട് പറഞ്ഞു. ഇംഗ്ലീഷുകാർ യുദ്ധശാലികളും ഒരു വലിയ ജാതിയും ആയിരിക്കാമെങ്കിലും അവരുടെ സഭ നിങ്ങളുടെ സമ്മതപ്രകാരം തന്നെ അടുത്തകാലത്ത് ഉത്ഭവിച്ചതാണല്ലോ. നിങ്ങൾക്ക് കൈവെപ്പ് എവിടെനിന്ന് കിട്ടി എന്നിപ്രകാരം സുറിയാനിക്കാർ ചോദിച്ചു. റോമ്മായിൽ നിന്ന് കിട്ടി എന്ന് മറുപടി പറഞ്ഞപ്പോൾ 'ഞങ്ങളുടെ പൂർവ്വ ശത്രുവും ഞങ്ങൾക്ക് ഒരിക്കലും യോജിക്കാൻ നിവൃത്തിയില്ലാത്തതുമായ ഒരു സഭയിൽ നിന്നാണല്ലോ നിങ്ങൾക്ക് കൈവെപ്പ് കിട്ടിയത്' എന്ന് അവർ മറുപടി പറഞ്ഞു. ക്രിസ്തുവിന്റെ നാമം വിളിക്കപ്പെടുന്ന എല്ലാ സഭയിലും രക്ഷയുണ്ടായിരിക്കുമെന്ന് അവർ സമ്മതിച്ചു. എന്നാൽ അവർ പുരാതനകാലം മുതൽ ഒരു നിർമ്മല ക്രിസ്തീയസഭയായി സ്ഥിതിചെയ്തിരുന്നുവെന്നും അപ്പോസ്തോലന്മാരിൽ നിന്ന് തുടർച്ചയായി കിട്ടുന്ന കൈവെപ്പ് മൂലമുള്ള ആചാര്യത്വം എന്ന ഒന്ന് ലോകത്തിൽ ഉണ്ടെങ്കിൽ ആയത് അവർ പരിപാലിച്ച് വരുന്നുവെന്ന് വിചാരിക്കേണ്ടതാണെന്നും അവരുടെ കൈവെപ്പിനെ ആക്ഷേപിക്കത്തക്ക ചരിത്രരേഖയോ ഐതിഹ്യമോ ഇല്ലെന്നും ഐക്യത്തെപ്പറ്റി ആലോചിക്കുമ്പോൾ നാം ഓർക്കേണ്ടതാണ്. മിഷണറിമാരുമായി ബന്ധപ്പെട്ട ആദ്യ അവസരത്തിൽത്തന്നെ ആറാം മാർത്തോമ്മാ വ്യക്തമാക്കി: 'തന്റെ സഭയുടെ അഭിമാനത്തിനോ വിശുദ്ധിയ്ക്കോ കുറവ് വരത്തക്ക യാതൊന്നും ചെയ്‌വാൻ തന്നോട് ആവശ്യപ്പെടരുത്.'

ഈ യോജിച്ചുള്ള പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട ആദ്യത്തെ മിഷണറി റവ. തോമസ് നോർട്ടൺ ആയിരുന്നു. പുലിക്കോട്ടിൽ മെത്രാച്ചൻ ധീരമായ നിലപാട് സ്വീകരിച്ചത് മൂലം അദ്ദേഹത്തിന് ആലപ്പുഴ താമസിക്കേണ്ടതായി വന്നു. പുന്നത്ര മെത്രാച്ചന്റെ കാലത്ത് 1817-ലാണ് ബെയിലിയും ഫെന്നും ബേക്കറും ഇവിടെയെത്തിയത്. ക്രമേണ ആദ്യ ലക്ഷ്യങ്ങളും സമീപനങ്ങളും വിസ്മൃതമായി. കർക്കശമായ നിലപാടിലേക്ക്

നീങ്ങുവാൻ മിഷണറിമാർ ധൈര്യപ്പെട്ടു. ആദ്യകാലങ്ങളിൽ മിഷണറിമാരെ പിന്താങ്ങിപ്പോന്ന പുന്നത്ര മെത്രാച്ചന് ക്രമേണ കാര്യങ്ങൾ തന്റെ പിടിയിൽനിന്ന് വഴുതിപ്പോകുന്നതായി അനുഭവപ്പെട്ടു. ചേപ്പാട്ട് മെത്രാച്ചന്റെ കാലത്ത് മെത്രാച്ചൻ അനുവാദം നൽകാതിരുന്നിട്ടും മല്ലപ്പള്ളിയിൽ മിഷണറിമാരുടെ അനുവാദത്തോടെ ഒരു സമാന്തര ദേവാലയം പണിയപ്പെട്ടു" (ഫിലിപ്പ്, പു. 239–254).

മാവേലിക്കര സുന്നഹദോസ് കഴിഞ്ഞ ഉടൻ നാലു സുറിയാനി കത്തനാരന്മാരെ മിഷണറിമാർ തക്സാ പരിഷ്കരണത്തിനായി ശമ്പളം കൊടുത്ത് 'അരകുർബാന' എന്ന് പരിഹസിക്കപ്പെട്ട ഒരു വികൃതി (വികൃത) തക്സാ അങ്ങനെയാണുണ്ടായത്. ഓർത്തഡോക്സ് തക്സായിൽ മിഷണറിമാർ കണ്ടെത്തിയ അബദ്ധങ്ങൾ ഇവയാണ്:

1. വിശ്വാസികളായ മരിച്ചുപോയവർക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന (ഇതിൽ ബസ്പുർക്കാന ഉൾപ്പെടുന്നില്ല).

2. വി. കുർബാനയിൽ ദൈവസാന്നിദ്ധ്യം ഉണ്ടെന്നുള്ള വിശ്വാസം (വസ്തുഭേദം അക്ഷരാർത്ഥത്തിൽ സ്വീകരിക്കുന്നില്ല എന്ന് മാത്രം).

3. വി. കന്യകമറിയാമിനോടും പരിശുദ്ധന്മാരോടും 'ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ' എന്നു പ്രാർത്ഥിക്കുക.

4. വി. കുർബാന രക്തം കൂടാത്ത ബലിയാണ് എന്ന വിശ്വാസം.

5. കുർബാനയിലെ വാഴ്ത്തപ്പെട്ട അപ്പം വാഴ്ത്തപ്പെട്ട വീഞ്ഞിൽ മുക്കി അത്മായക്കാർക്ക് കൊടുക്കുന്നത്.

6. മാർ യാക്കോബ് അപ്പോസ്തോലന്റെ ഉപദേശം അനുസരിച്ച് പട്ടക്കാർ രോഗിയുടെ ആത്മശരീര സൗഖ്യത്തിന് തൈലം പൂശി പ്രാർത്ഥിക്കുന്നത്.

ഇപ്രകാരം പരിഷ്കരിക്കപ്പെട്ട തക്സാ ഉപയോഗിച്ച് കുർബ്ബാന അർപ്പിച്ചുവോ എന്ന് തീർച്ചയില്ല. ഏതായാലും ഒരു സഭാവിഭജനം അനിവാര്യമായി. 1836 ജനുവരി 19 ന് മിഷണറിമാർ യോഗം ചേർന്ന് മലങ്കരസഭയുമായുള്ള ബന്ധം വിച്ഛേദിക്കുന്നതായി പ്രമേയം പാസ്സാക്കി. "കാലം കടന്നുപോകുന്നു. ഒന്നും സംഭവിക്കുന്നില്ല. 20 വർഷത്തെ കഠിന പ്രയത്നത്തിന് ശേഷവും സുറിയാനിസഭ അതിന്റെ ആചാരാനുഷ്ഠാനങ്ങളിലോ അച്ചടക്ക കാര്യങ്ങളിലോ സ്വല്പമെങ്കിലും ഭേദഗതി വരുത്തുവാൻ സന്നദ്ധമാവുന്നില്ല. ഒരു മിഷണറി ചൈതന്യം സഭയിൽ കാണപ്പെടുന്നില്ല. ... " ഇതാണ് മിഷണറിമാരുടെ അവലോകനം (ഹണ്ട്, പു. 86–88).

ഏറെ വൈകാതെ ഇരു കൂട്ടരുടെയും കൂട്ടുത്തരവാദിത്തത്തിലുള്ള സ്വത്തുക്കൾ വിഭജിക്കുവാൻ ബാരൻ ഡി അൽ ബിഡൻ, ജോൺ

സിപ്പിയോ വെർണീഡ, വില്യം ഹെന്റി ഹോഴ്സിലി എന്ന് മൂന്ന് യൂറോപ്യന്മാർ അടങ്ങിയ ഒരു കമ്മിറ്റി ഉണ്ടായി. കമ്മറ്റി തീരുമാനം 1840-ലെ കൊച്ചിൻ അവാർഡ് എന്ന് അറിയപ്പെടുന്നു.

അതിന്റെ സംഗ്രഹം ഇപ്രകാരം (പൂർണ്ണരൂപം *മലങ്കരസഭ: ചരിത്രവും സംസ്കാരവും* എന്ന ഗ്രന്ഥത്തിൽ 556-570 പുറങ്ങളിൽ കാണാം).

1. മൂവായിരം പൂവരാഹന്റെ പലിശ സുറിയാനി സമുദായത്തിന് അവകാശപ്പെട്ടതാണ്. മെത്രാപ്പോലീത്തായും തെരഞ്ഞെടുക്കപ്പെട്ട ഒരു വൈദികനും അയ്മേനിയും ചേർന്നു അത് സ്വീകരിക്കുക.

2. 8000 രൂപ 1816-ൽ തിരുവിതാംകൂർ സർക്കാർ ദാനമായി നൽകിയത് വേദപുസ്തക പരിഭാഷ, വേദവ്യാഖ്യാനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുവാൻ മെത്രാപ്പോലീത്താ - വൈദിക - അത്മായ ട്രസ്റ്റിമാർ കൈവശം വയ്ക്കുകയും വാർഷിക കണക്ക് സർക്കാരിലേയ്ക്ക് ബോധിപ്പിക്കേണ്ടതും ആകുന്നു.

3. 1818-ൽ തിരുവിതാംകൂർ സർക്കാർ ദാനമായി നൽകിയ 20,000 രൂപ ചർച്ച് മിഷൻ സൊസൈറ്റിയുടെ ചുമതലയിലായിരിക്കും.

4. യൂറോപ്പിൽനിന്ന് കിട്ടിയ 14035 രൂപായും ചില്ലറയും മിഷൻ സൊസൈറ്റിക്കു നൽകുന്നു.

5. കടമറ്റം നിലവും അതിന്റെ മുതലും മെത്രാന് നൽകുന്നു.

6. സെമിനാരിസ്ഥലം മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികൾ കൈവശം ഇരിക്കണം.

7. കോട്ടയം സെമിനാരി മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റിലെ കൈവശം ഇരിക്കുന്നു.

8. സെമിനാരിയോട് ചേർന്ന പള്ളി സുറിയാനിക്കാർക്ക് നൽകുന്നു. അതിന് മുടക്കിയ 500 രൂപ മിഷണറിമാർക്ക് നൽകുന്നു.

9. സെമിനാരിയോട് ചേർന്ന ഊട്ടുപുരയും നെൽപ്പുരയും മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികൾക്കിരിക്കണം.

10. ആഭരണങ്ങൾ വിറ്റ 4139 രൂപ 3 പൈസാ മെത്രാന്റെ ചുമതലയിലിരിക്കണം.

11. മൺറോ തുരുത്ത് (കല്ലട സ്ഥലം) ചർച്ച് മിഷൻ സൊസൈറ്റിക്ക് ഇരിക്കണം.

12. വട്ടിപ്പണപ്പലിശ 1835, 36, 37 കൊല്ലങ്ങളിലെ പലിശ 2520 രൂപ സെമിനാരി കണക്കിൽ ചേർക്കണം.

13. ഗവൺമെന്റ് കമ്മീഷണർ എത്തിയശേഷം വട്ടിപ്പണപ്പലിശയും സെമിനാരി കണക്കിൽ ചേർക്കണം.

14. ഫെൻ സെമിനാരിക്ക് നൽകിയ 1000 രൂപ ദാനം പള്ളി പണിക്കു ചെലവിട്ടു. അതിന്റെ അവകാശം കൈവശക്കാർക്കിരിക്കണം.

15. പണിക്കാരുടെ ശമ്പളം സെമിനാരിയിൽനിന്ന് കൊടുക്കണം (2279 രൂപ 3 അണ 11 പൈസ).

16. സർക്കാർ ദാനം 1000 രൂപാ സെമിനാരിക്ക് ഇരിക്കണം.

ഖജനാവിലെ ഇരിപ്പുതുകയിൽ 6088 രൂപാ 15 അണ 5 പൈസാ മെത്രാനും 9156 രൂപ 7 പൈസ സൊസൈറ്റിക്കും നൽകണം.

17. ചെപ്പേടുകളും സ്ഥാനപ്പട്ടയങ്ങളും മെത്രാപ്പോലീത്തായ്ക്കിരിക്കണം.

1840 ഏപ്രിൽ 4 ന് കൊച്ചിയിൽ വച്ച് തീർപ്പ് ചെയ്തത്.

ഈ രേഖ ഇട്ടൂപ്പ് റൈട്ടറുടെ പുസ്തകത്തിലും (പു. 232 - 245) കാണാം.

സ്വത്തു വിഭജന കമ്മറ്റിയിൽ ഒരു മലയാളി പോലും ഉണ്ടായിരുന്നില്ല. മെത്രാപ്പോലീത്തായുടെ അധികാരം പരിമിതപ്പെടുത്തുവാൻ വൈദിക - അത്മായ ട്രസ്റ്റി സ്ഥാനങ്ങളെ കൊച്ചിൻ അവാർഡ് വിഭാവനം ചെയ്തു.

കമ്മിറ്റിയുടെ തീരുമാനത്തിൽ അസംതൃപ്തനായ മലങ്കര മെത്രാപ്പോലീത്താ പഞ്ചായത്ത് തീർപ്പിന്മേൽ അപ്പീൽ ബോധിപ്പിച്ചെങ്കിലും അതിന് യാതൊരു പരിഗണനയും ലഭിച്ചില്ല.

മിഷണറിമാരുമായുണ്ടായ സമ്പർക്കം സൃഷ്ടിച്ച ഗുണദോഷങ്ങളെ മാർ ബർന്നബാസ് മെത്രാച്ചൻ ഇപ്രകാരം അവലോകനം ചെയ്തിട്ടുണ്ട് (സെമിനാരി സുവനീർ, 1990, പു. 43-48):

ഗുണങ്ങൾ. 1. മലയാളത്തിൽ വേദപുസ്തകം ലഭിച്ചു. 2. ആരാധന മാതൃഭാഷയിലായി. 3. പ്രസംഗം സാധാരണമായി. 4. വൈദികസെമിനാരിയുണ്ടായി. 5. സ്കൂളുകളും സണ്ടേസ്കൂളും ഉണ്ടായി. 6. സുവിശേഷ വേലയ്ക്ക് പ്രചോദനം ഉണ്ടായി. 7. കണക്കു പരിശോധനയുടെ ആവശ്യം ബോദ്ധ്യമായി.

ദോഷങ്ങൾ. 1. സഭയുടെ വിശ്വാസാചാരങ്ങൾക്കെതിരെ പ്രസംഗിച്ചു. 2. ആരാധനയിൽ കേന്ദ്രീകൃതമായ ജീവിതത്തെ വേദപുസ്തകത്തിൽ കേന്ദ്രീകൃതമാക്കി. 3. ജനത്തെ ഭിന്നിപ്പിച്ചു. 4. പാത്രിയർക്കീസ് ആത്മീയ മേലധികാരിയാണെന്ന് പരോക്ഷമായി രേഖയുണ്ടാക്കുവാൻ കാരണമായി.

പല പുരാതന ഇടവകകളിലും മിഷണറിമാരോട് അനുഭാവമുള്ള സമാന്തര ഇടവകകൾ ഉടലെടുത്തു. മാർ ദീവന്നാസ്യോസിനെതിരായി മിഷണറിമാർ ചില നടപടികൾ പരോക്ഷമായി സ്വീകരിച്ചതായി ഫിലിപ്പ് പ്രസ്താവിക്കുന്നുണ്ട്. മലങ്കരസഭയുടെ ഭരണപരമായ ചില വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടി വന്ന സഭാദ്ധ്യക്ഷനെ സർക്കാരിന്മേൽ രാഷ്ട്രീയ സമ്മർദ്ദം ചെലുത്തി ബന്ധനസ്ഥനാക്കുവാനും മറ്റും റസിഡന്റിനെ മിഷണറിമാർ സ്വാധീനിച്ചുവത്രേ (ഫിലിപ്പ് 216–219). "മിഷണറിമാരെയുള്ള ഭയം നിമിത്തം അദ്ദേഹത്തിന് സ്വാതന്ത്ര്യത്തോടെ ഭരണം നടത്തുവാൻ നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തോട് വല്ല നീരസത്തിനും കാരണമുണ്ടായാൽ അവർ ഉടൻ ശക്തന്മാരായ മിഷണറിമാരുടെ അടുക്കൽ എത്തി സഹായം ചോദിക്കുകയും അവർക്ക് സഹായം ലഭിക്കുകയും ചെയ്തിരുന്നു. പണമില്ലായ്കയാൽ സെമിനാരിയിലെ പഠിത്തം നിന്നുപോയി. ട്രസ്റ്റ് മുതലിൽ സുറിയാനിക്കാരുടെ വീതമായി പഞ്ചായത്ത് കോടതിയിൽ നിശ്ചയിച്ചനുവദിച്ച ആ തുച്ഛമായ സംഖ്യ കൊടുക്കാമെന്ന് റസിഡണ്ട് പറഞ്ഞു. എന്നാൽ അനീതിയായ തീരുമാനമാകയാൽ അദ്ദേഹം ആ മുതലിനെ തൊടുവാൻ മനസ് വക്കാതെ മദ്രാസ് ഗവൺമെന്റിലേക്കും ഇംഗ്ലണ്ടിലെ കോർട്ട് ഓഫ് ഡയറക്ടേഴ്സിനും വൃഥാ ഹർജികൾ അയച്ചുകൊണ്ടിരുന്നു" (ഫിലിപ്പ്, പു. 218).

മഹാനായ സഭാജ്യോതിസ് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെയും പ്രതിഭാശാലിയായ റവ. ഡോ. ക്ലോഡിയസ് ബുക്കാനനെയും ആഴത്തിൽ മനസ്സിലാക്കുവാനും അനുകരിക്കുവാനും കഴിയാതെപോയ ഇരുഭാഗത്തുമുള്ള അനന്തരഗാമികൾക്ക് നേരിട്ട അനിവാര്യമായ പരാജയം എന്നേ ഈ സംഭവവികാസങ്ങളെ ഒറ്റ വാക്യത്തിൽ വിലയിരുത്തുവാൻ കഴിയുന്നുള്ളൂ.

മാവേലിക്കര പടിയോലയിൽ അന്ത്യോഖ്യൻ അധീശത്വത്തെ പരോക്ഷമായി സമ്മതിച്ചതിനെപ്പറ്റി മാർ ബർന്നബാസും മറ്റും പറഞ്ഞിട്ടുള്ളത് ചരിത്രം വേണ്ടതുപോലെ പരിശോധിക്കാതെയാണ്.

1812 മേടം 20 ന് നിരണം പള്ളിയിൽ നിന്ന് 8–ാം മാർത്തോമ്മാ കേണൽ മൺറോയ്ക്ക് രേഖാമൂലം നൽകിയ ഒരു മറുപടിയിൽ 'മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ വാഴ്ചക്കീഴ്, മലങ്കര ഇടവകയുടെ മാർ ത്തോമ്മാ മെത്രാൻ' എന്നും 'അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ മുഷ്കരത്തത്തിൻകീഴിൽ അത്രേ മലയാളത്തിലെ ചട്ടവട്ടങ്ങൾ പ്രമാണിച്ച് നടന്നിരിക്കുന്നത്' എന്നും മറ്റും എഴുതിയിട്ടുണ്ട് (ഇട്ടൂപ്പ്, പു. 195. *മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 457–465). എല്ലാവരും അന്ത്യോഖ്യായെ മറപിടിച്ചിരുന്നത് തല്ക്കാല ആവശ്യത്തി

നുള്ള തന്ത്രം എന്ന നിലയിൽ മാത്രമായിരുന്നു. പകലോമറ്റം തറവാട്ടിൽ മെത്രാൻ സ്ഥാനം നിലനിർത്തുവാൻ 1812-ൽ 8-ാം മാർത്തോമ്മാ ആ തന്ത്രം ഉപയോഗിച്ചു. മാവേലിക്കര സുന്നഹദോസിൽ മിഷണറിമാരെ തള്ളിപ്പറയുവാൻ 1836-ൽ ആ മറ ഉപയോഗിച്ചു. 1876-ൽ നവീകരണക്കാരെ പുറന്തള്ളുവാൻ മുളന്തുരുത്തിയിൽ തീരുമാനമെടുത്തപ്പോഴും ആ മറ തന്നെയാണ് മലങ്കര സഭ ഉപയോഗിച്ചത്. ഇതിലുമപ്പുറം ആ ബന്ധത്തിന്റെ ചരിത്രപരമായ സാംഗത്യം ആരെങ്കിലും അന്വേഷിച്ചതായി ചരിത്രത്തിൽ തെളിവുകളില്ല.

1599-ലെ ഉദയംപേരൂർ സുന്നഹദോസ് മലങ്കരസഭയിൽ ആദ്യത്തെ ഭിന്നത സൃഷ്ടിച്ചപ്പോൾ തന്നെ കേരളത്തിലെ സഹോദര സമുദായങ്ങളെ ഉന്മേഷം കൊള്ളിച്ച് ഭക്തിപ്രസ്ഥാനത്തിലൂടെ മതനവീകരണത്തിന് ശക്തമായ പ്രേരണ ചെലുത്തിയതുപോലെ മിഷണറി സ്വാധീനം അധഃകൃത സമുദായങ്ങളെയും ഉന്നതസമുദായങ്ങളിലെ അവശ വിഭാഗങ്ങളെയും ഉന്മേഷം കൊള്ളിച്ച് അവിടങ്ങളിലൊക്കെ അഭികാമ്യമായ പരിവർത്തനങ്ങൾ ഉളവാക്കി മാനവീകരണത്തിന്റെ ഒരു പുതിയ മുഖം സൃഷ്ടിക്കുവാൻ യത്നിച്ചിട്ടുണ്ട്. അവശ സമുദായങ്ങളുടെയും പതിതരുടെയും ഉയിർത്തെഴുന്നേല്പ് കേരളം ദർശിച്ചതും വിമോചന പ്രക്രിയയുടെ ആശയം മത പശ്ചാത്തലത്തിൽ വളർന്ന് വികസിച്ചതും ഇക്കാലത്താണ്. ദേശീയ വിമോചന പ്രസ്ഥാനങ്ങളിലേക്ക് പടർന്ന് പന്തലിച്ച ഈ ആരോഗ്യകരമായ കാലാവസ്ഥ കേരളത്തിൽ സൃഷ്ടിച്ച പ്രമുഖ ഘടകങ്ങളിൽ ഒന്ന് മിഷണറിപ്രവർത്തനം തന്നെയായിരുന്നു. ബൈബിളും അതിന്റെ കൈവശക്കാരായ ക്രൈസ്തവസഭകളും ആ പ്രവർത്തനങ്ങളുടെ ന്യൂക്ലിയസ് ആയിരുന്നു. രണ്ട് ദിശകളിൽ അതിന്റെ മുന്നേറ്റം ദൃശ്യമായി. ക്രിസ്തുമതത്തിലേക്ക് ശക്തമായ പ്രവാഹം ഉണ്ടായതാണ് ഒന്ന്. ക്രിസ്തു മതത്തിന്റെ നിർമ്മാണ ഘടകങ്ങൾ ഉപയോഗിച്ച് കേരളീയ മതങ്ങളെയും സമുദായങ്ങളെയും സംസ്കാരങ്ങളെയും പുനനിർമ്മിക്കുകയാണ് മറ്റൊരു മുഖം. ആ പുനർനിർമ്മാണം കേരളത്തിലാകെ ഇന്നും നിർവിഘ്നം നടന്നുകൊണ്ടിരിക്കുന്നു.

അദ്ധ്യായം എട്ട്

മഹാത്മാവായ മാർ ദീവന്നാസ്യോസ്

പാലക്കുന്നത്ത് അബ്രഹാം മല്പാൻ

മാവേലിക്കര സുന്നഹദോസ് മലങ്കരസഭയിലെ നവീകരണ പ്രശ്നങ്ങൾക്കും മറ്റും അന്തിമ പരിഹാരമാവുമെന്ന് വിചാരിച്ചവർക്ക് തെറ്റുപറ്റി. സങ്കീർണ്ണവും ദൂരവ്യാപകവുമായ മറ്റൊരു കലക്കത്തിന്റെയും വിഭജനത്തിന്റെയും നാളുകളാണ് സഭയെ കാത്തിരുന്നത്. നവീകരണത്തിന്റെ മറ പിടിച്ചാണ് പ്രശ്നങ്ങൾ വളർന്നതെങ്കിലും അതിന് ശക്തി പകർന്ന ഘടകങ്ങൾ പലതായിരുന്നു:

1. നവീകരണചിന്തകൾ. 2. പൗരോഹിത്യത്തിന്റെ സാധുതയെപ്പറ്റിയുള്ള സംശയം. 3. മാർ അത്താനാസ്യോസിനെ നാടു കടത്തിയതിൽ സഭയുടെ ഔദ്യോഗിക നേതൃത്വത്തോടുള്ള പ്രതിഷേധം. 4. അഴിച്ചു പട്ടമേറ്റതിന്റെ പേരിൽ നിരവധി പ്രാമാണിക വൈദികർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ച ചേപ്പാട്ട് മെത്രാച്ചനോടുള്ള പ്രതിഷേധം. 5. മെത്രാൻ സ്ഥാനം ലഭിക്കാതെ പോയ മെത്രാൻ സ്ഥാനാർത്ഥികളുടെ അസംതൃപ്തി. 6. തങ്ങളുടെ പതിറ്റാണ്ടുകാലത്തെ അദ്ധ്വാനത്തെ ജലരേഖയായി മാറ്റിയ മലങ്കരസഭയോട് മിഷണറിമാരിൽ അടക്കിവച്ച പകയും വിദ്വേഷവും.

1836-ലെ മാവേലിക്കര സുന്നഹദോസ് ഒരു വിഭജനരേഖയായി. മിഷണറിമാർ സുറിയാനി ഇടവകകൾ സന്ദർശിച്ച് തങ്ങളുടെ സ്വാധീനത്തിൽപ്പെട്ടവരെ പ്രത്യേക സഭാവിഭാഗമായി സംഘടിപ്പിച്ചു. അപ്രകാരം പിരിഞ്ഞു പോയവർ സി. എം. എസ്. (ചർച്ച് മിഷൻ സൊസൈറ്റി) എന്ന പേരിൽ മലങ്കരസഭയിലെ പ്രോട്ടസ്റ്റന്റ് വിഭാഗമായിത്തീർന്നു. എന്നാൽ പ്രത്യേക സഭാവിഭാഗമാവാൻ കൂട്ടാക്കാതെ നവീകരണാശയങ്ങൾ കൊണ്ട് മലങ്കര സഭയെ നവീകരിക്കുവാൻ പ്രതിജ്ഞാബദ്ധരായ ഒരു വിഭാഗം മലങ്കരസഭയിൽ രൂപംകൊണ്ടിരുന്നു. മാവേലിക്കര സുന്നഹദോസിൽ പങ്കെടുക്കാതെ വിട്ടുനിന്ന പാലക്കുന്നത്ത് അബ്രഹാം മല്പാൻ ആയിരുന്നു ഈ വിഭാഗത്തിന്റെ നേതാവ്. ചേപ്പാട്ട് മാർ ദീവന്നാസ്യോസിനെ സ്ഥാനത്യാഗം ചെയ്യിച്ച് നവീകരണത്തോട് ആഭിമുഖ്യമുള്ള - സ്ഥാനസാധുതയിൽ തർക്കമില്ലാത്ത - ഒരു മെത്രാൻ ഉണ്ടാകുവാൻ അവർ ആഗ്രഹിച്ചു. മെത്രാച്ചന്റെ പേരിൽ ഒരു അഴിമതിപ്പട്ടിക തയ്യാറാക്കി അവർ റസിഡണ്ടിന് നൽകി (ബ്രൗൺ, പു. 140). അതിന്റെ സംക്ഷിപ്തരൂപം ഇപ്രകാരമാണ്:

1. കാനോനാകൾക്കും കീഴ്നടപ്പുകൾക്കും വിരോധമായി പ്രതിഫലം വാങ്ങി അയോഗ്യരായ സ്ഥാനമോഹികൾക്ക് പട്ടം കൊടുത്ത് ഇടവകകളിൽ ഭിന്നതയുണ്ടാക്കുന്നു. 2. ശിക്ഷണത്തിലും വിചാരണയിലും കൈക്കൂലി നിർണ്ണായക മാനദണ്ഡമാവുന്നു. 3. സഭേതര വ്യവഹാരങ്ങളിൽ മെത്രാൻ ഇടപെട്ട് കൈക്കൂലി വാങ്ങി പക്ഷപാതപരമായി കാര്യങ്ങൾ വിധിക്കുന്നു. 4. ഇടയത്വ പരിപാലനം നിർവ്വഹിക്കാതെ ദ്രവ്യലാഭം മുൻനിർത്തി പണക്കാർക്ക് അടിമപ്പെട്ട് തർക്കങ്ങൾ ഉണ്ടാക്കുന്നു. 5. പള്ളികളിലെ അനാത്മീയ ആഘോഷങ്ങളെ മെത്രാപ്പോലീത്താ അനുകൂലിക്കുന്നു. 6. ഇടവകകളുടെ കണക്കുകളും തെരട്ടും പരിശോധിക്കുവാൻ 1816 മുതൽ ഏർപ്പെടുത്തിയിരുന്ന കേന്ദ്രീകൃത ഭരണശൈലി മെത്രാപ്പോലീത്താ തകർക്കുന്നു. 7. പള്ളികൾക്ക് ഏർപ്പാടാക്കിയിരുന്ന വ്യവസ്ഥാപിത ചട്ടങ്ങളെ ലംഘിച്ച് സ്വേച്ഛാധിപത്യപരമായി മെത്രാൻ സഭയിൽ ആഭ്യന്തര കലഹങ്ങൾ ജനിപ്പിക്കുന്നു. 8. ദ്രവ്യസമ്പാദനത്തിന് ആത്മീയ സ്ഥാനം ദുരുപയോഗപ്പെടുത്തുകയും സമ്പാദ്യങ്ങൾ സ്വകുടുംബക്കാർക്ക് നൽകുകയും ചെയ്യുന്നു. 9. നിയമാനുസൃത ഉപദേശകസമിതിയെ മെത്രാൻ നോക്കുകുത്തിയാക്കി മാറ്റുന്നു. 10. മെത്രാൻ സഭ മുമ്പാകെ നടത്തിയ ഉടമ്പടിയും സത്യപ്രതിജ്ഞയും അവഗണിക്കുകയും അതിലെ വ്യവസ്ഥകളെ ഏറിയകൂറും ലംഘിക്കുകയും ചെയ്തിരിക്കുന്നു (ഇട്ടൂപ്പ് റൈട്ടർ, പു. 245; *മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 584–586).

(എപ്പിസ്കോപ്പൽ സ്ഥാനങ്ങളിൽ കാലഭേദമെന്യേ കണ്ടുപോരുന്ന മാലിന്യങ്ങളെയാണ് ഒരു വിഭാഗം ശുദ്ധീകരണവാദം എന്ന പേരിൽ എതിർത്തത്. വരുമാന സാദ്ധ്യതകൾ കൂടുതലുള്ള പള്ളികളിലെ ഇടവക പട്ടക്കാർ ഏകീകൃത ശമ്പളപദ്ധതി, സ്ഥലംമാറ്റം, റിട്ടയർമെന്റ് എന്നീ കാലോചിത പരിഷ്ക്കാരങ്ങളെ സ്ഥാർത്ഥലാഭങ്ങളുടെ പേരിൽ എതിർക്കുന്നതുപോലെ മേല്പട്ടക്കാരുടെ സ്ഥലംമാറ്റം, റിട്ടയർമെന്റ്, മേല്പട്ടക്കാരുടെ ശമ്പളപദ്ധതി എന്നിവയെ സഭയുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി എതിർക്കുന്നതും സഭയുടെ പൂർണ്ണ സുന്നഹദോസ് എന്ന സ്ഥാനം അർഹിക്കുന്ന മാനേജിംഗ് കമ്മിറ്റികളിൽ അത്തരം സഭാ താല്പര്യങ്ങൾ ഭൂരിപക്ഷാഭിപ്രായമായി പ്രതിഫലിക്കുമ്പോൾ എപ്പിസ്കോപ്പസിയുടെ വീറ്റോ അധികാരം എന്ന ഭരണഘടനാനുസൃതമല്ലാത്ത ന്യായവാദങ്ങളുടെ മുഖംമൂടി ധരിച്ച് അതിനെ എതിർക്കുന്നതും, ഇത്തരം മാലിന്യങ്ങളുടെ കാലാതീത സാന്നിദ്ധ്യം മൂലമല്ലേ എന്ന് ചിന്തിക്കുന്നവരുടെ സംഖ്യ സഭയിൽ പ്രതിദിനം പെരുകുന്നു എന്നത് ഒരു സത്യമാണ്. അഗ്നിപർവതത്തിന്മേൽ സംവിധാനം ചെയ്യപ്പെട്ട ഉദ്യാനശോഭയാണ് സഭയിലിന്ന് കാണുന്ന പുറംപകിട്ടുകൾ എന്ന് പ്രവാചകോചിതമായ അന്യാപദേശ ശൈലിയിൽ യൂഹാനോൻ മാർ സേവേറിയോസ് പിതാവിനെപ്പോലെയുള്ളവർ ആവർത്തിച്ച് പറഞ്ഞിട്ടുള്ളത് ഓർമ്മയിൽ വരുന്നു).

ചേപ്പാട്ട് മെത്രാച്ചന്റെ പേരിൽ നൽകിയ അഴിമതിയാരോപണങ്ങൾക്ക് നടപടിയൊന്നും ഉണ്ടായില്ല. മിഷണറിമാരെ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്നും ഈ കല്പന ലംഘിക്കുന്നവരെ മുടക്കുമെന്നും ചേപ്പാട്ട് മെത്രാൻ 1837 മാർച്ചിൽ ഒരു സർക്കുലർ ഇറക്കി (പി. ചെറിയാൻ, പു. 285). നവീകരണാനുകൂലികൾ ആ സർക്കുലർ അവഗണിച്ചു.

ഇതിനിടയിൽ തക്സാ പരിഷ്ക്കരണത്തിന് നിയോഗിക്കപ്പെട്ട കമ്മിറ്റി പരിഷ്ക്കരണം പൂർത്തിയാക്കി. നവീകരണനേതാവും തക്സാ പരിഷ്ക്കരണ കമ്മിറ്റിയിൽ പ്രമുഖനുമായ പാലക്കുന്നത്ത് അബ്രഹാം മല്പാൻ പരിഷ്കരിച്ച തക്സാ പ്രകാരം കുർബ്ബാന അർപ്പിച്ചു. കോഴഞ്ചേരി, ഐരൂർ, മാരാമണ്ണ് എന്നീ ഇടവകകൾ ഇതിനെ സ്വാഗതം ചെയ്തു.

ഒമ്പത് തിരുത്തലുകൾ തക്സായിൽ വരുത്തി എന്നാണ് പൊതുവെ അഭിപ്രായം.

1. പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനകൾ നീക്കം ചെയ്തു. 2. മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ നീക്കി. 3. ലോകാതിർത്തികളെ അധീനമാക്കിയിരിക്കുന്ന നിന്നെ...., അഗാധങ്ങളെ ഭരിക്കുന്ന നിന്നെ...., ദൈവമായ നിന്നെ.... തുടങ്ങിയുള്ള പ്രാർത്ഥന ഉപേക്ഷിച്ചു. 4. 'രക്തം കൂടാത്ത ബലി' എന്നത് 'പ്രാർത്ഥനകൾ' എന്ന് വ്യത്യാസപ്പെടുത്തി. 5. 'ജീവനുള്ള ബലിയെ' എന്നതിന് പകരം 'കൃപയും സ്തോത്രവും സമാധാനവുമാകുന്ന ബലിയെ' എന്ന് ഭേദപ്പെടുത്തി. 6. 'ഈ കുർബ്ബാന.... ബലിയും സ്തോത്രവുമാകുന്നു' എന്ന പ്രഖ്യാപനം നീക്കി. 7. 'റൂഹാ ധൂപകലശത്തെ ശുദ്ധീകരിക്കുന്നവനാകുന്നു' എന്ന പ്രഖ്യാപനം നീക്കി. 8. 'രക്ഷകന്റെ കല്ലറ മേൽ വയ്ക്കപ്പെട്ട തീക്കൽപ്പാറ നീയാകുന്നു' എന്നതിന് പകരം 'പണിക്കാർ നിരവധി ശോധന ചെയ്തതും വിലയേറിയതുമായ ആ തീക്കൽപാറയും നീയാകുന്നു' എന്ന് ചേർത്തു. 9. കുർബ്ബാന രണ്ടായിട്ട് കൊടുക്കുവാൻ നിശ്ചയിച്ചു. 10. പട്ടക്കാരനോട് പാപം ഏറ്റുപറഞ്ഞു പാപമോചനം വാങ്ങിക്കണമെന്ന ഏർപ്പാട് നിർത്തലാക്കി. 11. കൈക്കൊള്ളാൻ ആളില്ലാത്തപ്പോൾ കുർബ്ബാന ചൊല്ലേണ്ടതില്ല എന്ന് നിശ്ചയിച്ചു (കെ. എൻ. ദാനിയേൽ, *മലങ്കരസഭയും നവീകരണവും*, പു. 45-47).

ഈ ഭേദഗതികൾക്ക് വാമൊഴി പാരമ്പര്യമേ ഉള്ളൂ. അബ്രഹാം മല്പാൻ പോലും ഈ ഭേദഗതികൾ എഴുതിയ രൂപത്തിൽ ഉപയോഗിച്ചില്ല എന്നും പൂർവ്വീക തക്സായിൽ ലിഖിത ഭേദഗതികൾ വരുത്താതെ ആവശ്യമായ ഭാഗങ്ങളിൽ വ്യത്യാസം വരുത്തി ഉപയോഗിക്കുകയും ഒഴിവാക്കേണ്ട ഭാഗങ്ങൾ ചൊല്ലാതിരിക്കുകയുമായിരുന്നു പതിവ് എന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഭേദഗതികൾ

പില്ക്കാലത്തു നവീകരണക്കാർ തക്സായിൽ രേഖപ്പെടുത്തിയപ്പോൾ നവീകരണത്തിന്റെ ആദ്യ തലമുറയിലെ പ്രബലന്മാർ അതിനെ കഠിനമായി എതിർത്തിരുന്നു. നവീകരണ നേതാവായ പാലക്കുന്നത്ത് വലിയ മെത്രാച്ചനിൽ നിന്ന് പട്ടമേല്ക്കുകയും പാലക്കുന്നത്ത് രണ്ട് മെത്രാന്മാരോടും ചേർന്ന് നവീകരണപ്രസ്ഥാനത്തിന് നേതൃത്വം നൽകുകയും അവിഭക്തസഭയുടെ വൈദിക ട്രസ്റ്റിയായിരുന്ന് ആലപ്പുഴയിലും തിരുവനന്തപുരത്തുമായി നടന്ന വ്യവഹാരങ്ങൾ നടത്തുകയും ചെയ്ത കോട്ടയം ചെറിയപള്ളി വികാരി പുന്നത്ര താഴത്ത് ചാണ്ടപ്പിള്ളക്കത്തനാർ (താഴത്തച്ചൻ) അദ്ദേഹത്തിന്റെ 81-ാം വയസ്സിൽ എഴുതി പ്രസിദ്ധപ്പെടുത്തിയ 'വിലാപങ്ങൾ' എന്ന ചെറുഗ്രന്ഥം കാര്യങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "നമ്മുടെ സഭയ്ക്ക് വല്ല പരിഷ്ക്കാരവും ആവശ്യമെന്ന് വിചാരിക്കുന്ന പക്ഷം നമ്മുടെ സകല പള്ളിക്രമങ്ങളെയും തർമിമ ചെയ്ത് അറിയാവുന്ന ഭാഷയിൽ വരുത്തി സഭയുടെ മഹാ വലിയ സുന്നഹദോസ് വിളിച്ചുകൂട്ടി സഭ മുഴുവന്റെയും സമ്മതം നിയമപ്രകാരം വരുത്തി പൂർവ്വീകമായിട്ടുള്ളതും മുഖ്യമായിട്ടുള്ളതുമായ വിശ്വാസാചാരങ്ങളെയും ക്രമങ്ങളെയും പരിഷ്ക്കരിക്കയല്ലാതെ ഈ വിധം നടത്തുന്ന കമ്മിറ്റിയുടെയോ കമ്മിറ്റിയുടെ മെജോറിട്ടിയുടെയോ നിശ്ചയങ്ങളെ ഈ വലിയ സമുദായം ഒരിക്കലും സമ്മതിക്കുന്നതല്ലെന്ന് ഞാൻ ധൈര്യമായി പറഞ്ഞുകൊള്ളുന്നു."

(പാലക്കുന്നത്ത് അബ്രഹാം മല്പാൻ മാത്രമല്ല പല മല്പാന്മാരും ഇപ്രകാരം സ്വകപോലകല്പിതമായ പല ആശയങ്ങളും പരിഷ്കാരങ്ങളും ചേർത്ത് പൂർവിക ആരാധനക്രമങ്ങളെയും നടപടിക്രമങ്ങളെയും അനധികൃതമായി പരിഷ്ക്കരിച്ചിട്ടുള്ളത് സഭയിൽ ദൃശ്യമാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. സ്നാനാർത്ഥിയെ മൂറോൻ അഭിഷേകം ചെയ്യുമ്പോൾ പാടുന്ന 'ദൈവം ചൊന്നാൻ അഹറോനെ പൂശുക' എന്നാരംഭിക്കുന്ന ഗാനം 1876-ൽ പത്രോസ് ബാവാ ദുരുദ്ദേശ്യത്തോടെ കൂട്ടിച്ചേർത്തതാണ്.

2. സ്നാനമേറ്റ കുഞ്ഞുങ്ങളെ മദ്ബഹായിൽ പ്രവേശിപ്പിച്ചിരുന്നില്ല. പത്രോസ് ബാവാ ആൺകുഞ്ഞുങ്ങളെ കയറ്റിത്തുടങ്ങി. ആൺ-പെൺ സമത്വം ഉറപ്പു വരുത്തുവാൻ ഇപ്പോൾ എല്ലാവരെയും കയറ്റുന്നു.

3. ഭവനകൂദാശയിൽ വെള്ളം ഉപയോഗിച്ചിരുന്നില്ല. പിന്നീട് വെള്ളം അനൗദ്യോഗികമായി രംഗപ്രവേശം ചെയ്തു. ഇപ്പോൾ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവകുപ്പുകാരുടെ ക്രമത്തിൽ വെള്ളം ഔദ്യോഗികമായി. അതിന്മേൽ ഒരു പ്രാർത്ഥനയും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഭാവിയിൽ പെന്തിക്കോസ്തിയുടെ വെള്ളത്തിന്മേലും കന്തീലായെണ്ണയിന്മേലും

പുതിയ പ്രാർത്ഥനകളും റൂശ്മാകളും പ്രത്യക്ഷപ്പെട്ടേക്കും. ഓർത്തഡോക്സ് ആരാധനപരിഷ്ക്കാരം പലപ്പോഴും വാനരഹസ്തസ്ഥിതമായ പൂമാല പോലെ ആവുന്നു.

4. വിവാഹകൂദാശയിൽ മന്ത്രകോടി ധരിപ്പിക്കുമ്പോൾ പുതിയ ഗാനം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കീരീടവാഴ്വിന് വരനും വധുവിനും പ്രത്യേകമായി ചൊല്ലിയിരുന്ന ഗാനങ്ങൾ അപ്രത്യക്ഷമായി. ഗാനങ്ങൾ ആവർത്തനമായി.

5. പെന്തക്കോസ്തിയുടെ വെള്ളം തളിക്കൽ മുമ്പില്ലായിരുന്നു.

6. യാക്കോബിന്റെ ബോവൂസോയിലെ ഹാശായുടെ ഉപസംഹാര ഭാഗം യൂദന്മാരെ ശപിക്കുന്ന ഭാഗമാണെന്ന് ചിലർ വിമർശിച്ചതിന്റെ പേരിൽ അത് എടുത്തുമാറ്റി പകരം മറ്റൊരു ഈരടി തൽസ്ഥാനത്ത് ചേർത്തു. എടുത്തു മാറ്റിയ ഈരടിയിൽ ഒരു ശാപവുമില്ല; അതൊരു പ്രസ്താവനമാത്രമാണ്.

7. കുർബ്ബാനയ്ക്ക് ദർഗായിൽ കയറിയാൽ ഇറങ്ങുന്നതു വരെ പാട്ടുകളില്ല. മൗതോക് മോറാൻ എന്ന ഗദ്യത്തിന്റെ പദ്യവത്ക്കരണം, കൈകസ്തൂരി സമയത്തെ ഗാനങ്ങൾ, ഖണ്ഡിപ്പുസമയത്തെ ഗാനങ്ങൾ, ഹൂത്തോമ്മോഗാനങ്ങൾ ഇവയൊക്കെ ഓരോരോ കാലങ്ങളിൽ മല്പാന്മാർ അനധികൃതമായി കൂട്ടിച്ചേർത്തവയാണ്.

8. കുർബ്ബാനയിലെ സമാധാനാശംസകളിലെ റൂശ്മാ ഇല്ലാതാക്കി. പടിഞ്ഞാറോട്ടുള്ള തൽസമയത്തെ കൈകാണിക്കൽ അർത്ഥമില്ലാത്ത ചടങ്ങാക്കിക്കളഞ്ഞു.

9. ശോശപ്പായുടെ കോൺ മടക്കിയിടുമ്പോൾ 'പുത്രൻ സ്ക്കീപ്പായിൽ മരിച്ചു' എന്നും കോൺ നിവർത്തിയിടുമ്പോൾ 'കബറിൽ നിന്ന് ഉത്ഥാനം ചെയ്തു' എന്നും ചൊല്ലിയിരുന്ന പതിവ് നിന്നുപോയി. കോൺ മടക്കുന്നതും നിവർത്തുന്നതും ചിലർ നിർത്തലാക്കി.

10. ത്രിത്വ വാക്യമായി ശുബഹോ ചൊല്ലി കാർമ്മികൻ ജനത്തിന് നേരെ റൂശ്മ ചെയ്യുന്ന പതിവ് ഇല്ലാതായി. ജനങ്ങളുടെ നേരെ ഈ റൂശ്മാ നടത്തുവാനാണ് പണ്ട് എല്ലാ ഗാന ശുശ്രൂഷകളിലും കാർമ്മികൻ പാട്ടു പാടുമ്പോൾ പടിഞ്ഞാറോട്ട് തിരിഞ്ഞ് അവ ചൊല്ലിയിരുന്നത്. ഇപ്പോൾ അത് പട്ടംകൊടയിലും മാമൂദീസായിലും വിവാഹത്തിലും മറ്റും മാത്രമായി ചുരുങ്ങിയിരിക്കുന്നു. നമസ്കാരവേളകളിലും കുർബ്ബാനയിലും മറ്റും കുക്കിലിയോനുകൾ ചൊല്ലുമ്പോൾ പോലും പടിഞ്ഞാറോട്ട് തിരിയുകയാണ് വേണ്ടത്.

11. കുർബ്ബാനയിലെ റൂശ്മാകൾക്ക് കാർമ്മികർ ഇടത് കൈ ത്രോണോസിൽ വയ്ക്കണമെന്ന തത്വം, റൂശ്മാ വേളകളിൽ അംശവടി പിടിക്കുന്ന പതിവുണ്ടായതോടെ നിന്നുപോയി.

12. പള്ളിക്കൂദാശയിൽ സ്ലീബാമുദ്രണം ചെയ്ത പന്ത്രണ്ട് ചെറിയ കല്ലുകൾ മൂലക്കല്ലിനോട് ചേർത്ത് ശിലാസ്ഥാപന സ്ഥാനത്ത് പ്രതിഷ്ഠിച്ചിരുന്നു. മൂലക്കല്ലിലെ ചെപ്പിൽ സ്ലീബാ മുദ്രണം ചെയ്യാത്ത പന്ത്രണ്ട് കൃത്രിമ രത്നകല്ലുകൾ നിക്ഷേപിക്കുന്ന പതിവ് പ്രചരിച്ചതോടെ ആ അനുഷ്ഠാനത്തിന്റെ പ്രതീകാത്മകാർത്ഥം വികലവും വികൃതവുമായി.

13. കൂദാശ ചെയ്ത തബ്ലൈത്തായിൽ എഴുതുവാൻ കാനോനിൽ നിർദ്ദേശിക്കപ്പെട്ട വാക്യം പലരും എഴുതാതെ ആയിട്ടുണ്ട്. എഴുതുന്നവർ തന്നെ അതിന്റെ പദപ്രയോഗങ്ങൾ അനധികൃതമായി വ്യത്യാസപ്പെടുത്തി.

14. പട്ടംകൊടയിലെ താഴ്ന്ന ശെമ്മാശുസ്ഥാനികളെ മുട്ടുകുത്തി നില്ക്കുവാൻ അനധികൃതമായി നിർബ്ബന്ധിക്കുന്നു.

15. ശിരസിലെ രോമം കത്രിക്കുന്ന ചടങ്ങ് ദയറായ സ്ഥാനികൾക്ക് മാത്രമായിരുന്നത് സാർവ്വത്രികമാക്കി.

16. പട്ടംകൊടയിൽ 'നീസേറൂഹോ കാദീശോ' എന്ന ഗാനാലാപവും ക്രൊയ്ത്തോദ്റൂഹോ കാദീശോയുടെ രഹസ്യപ്രാർത്ഥനയും രഹസ്യങ്ങളിന്മേലും സ്ഥാനാർത്ഥികളിന്മേലും ഉള്ള കൈ ആഘോഷിക്കലും ഒരേ സമയത്ത് നടക്കേണ്ടതാണ്. അതിന്റെ അർത്ഥവും പ്രസക്തിയും ഔചിത്യവും നഷ്ടപ്പെടുത്തിയിരിക്കുന്നു.

17. മദ്ധ്യസ്ഥപ്രാർത്ഥന എന്ന പേരിൽ ഒരു പ്രത്യേക ശുശ്രൂഷക്രമം അല്പകാലമായി പ്രചരിച്ചിട്ടുണ്ട്. ഇപ്പോൾ പരിശുദ്ധന്മാരുടെ പേരിലും ഒരു മദ്ധ്യസ്ഥപ്രാർത്ഥന പ്രചരിച്ചു തുടങ്ങിയിട്ടുണ്ട്.

18. വലിയനോമ്പാരംഭത്തിലെ ശുബ്ക്കോനോ ശുശ്രൂഷ പത്രോസ് ബാവാ കൂട്ടിച്ചേർത്തതാണ്.

19. യൽദൊ, സ്ലീബാ പെരുനാൾ, സ്വർഗ്ഗാരോഹണം തുടങ്ങിയ ദിനങ്ങളിലെ സ്ലീബാ ആഘോഷങ്ങളും മറ്റും പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

20. കുർബ്ബാന ആഘോഷപൂർവ്വം പടിഞ്ഞാറോട്ട് മറ നീക്കി കൊണ്ടുവരുന്നതിന് മുമ്പ് പകുതി മറ നീക്കി പടിഞ്ഞാറോട്ട് വന്ന് കുർബ്ബാന കൊടുക്കുന്നത് പുതിയ പതിവാണ്; അർത്ഥശൂന്യവും.

21. ആണ്ടാരംഭത്തിലെ ഉറക്കമൊഴിഞ്ഞുള്ള കുർബ്ബാനയും സ്വയം


പ്രതിഷ്ഠാക്രമവും ആത്മഹത്യക്കാരുടെയും ദയറായക്കാരുടെയും മറ്റും ശവസംസ്കാര ശുശ്രൂഷക്രമങ്ങളും നവീന സൃഷ്ടികളാണ്.)

പാലക്കുന്നത്ത് അബ്രഹാം മല്പാൻ മനഃസാക്ഷിക്കനുസൃതമായാണ് ആരാധനയെ പരിഷ്കരിച്ചത്. ഇതേ ന്യായീകരണത്തിൽ ഇന്ന് ആരാധന ക്രമങ്ങൾ പരിഷ്കരിക്കുന്നവരും പാലക്കുന്നത്ത് മല്പാൻ ചെയ്ത തെറ്റ് ആവർത്തിക്കുകയാണ്. തക്സാ നിവർത്തിവച്ച് തക്സായിലില്ലാത്ത വാക്യങ്ങളും പ്രാർത്ഥനകളും ചൊല്ലുന്നതായി ചിലർ കാണിക്കുന്ന മിടുക്കും തന്റേടവും അബ്രഹാം മല്പാന്റെ വഴിയിലുള്ളതാണ്. നൂറ്റാണ്ടുകളായി നിരവധി ദേശ - കാല - ഭാഷാ - പരിണാമങ്ങൾ സംഭവിച്ച് രൂപംകൊണ്ട അനുഷ്ഠാനശൈലികൾ സ്വന്തം മസ്തിഷ്ക്കത്തിന്റെ പരിമിതിയിൽ ന്യായീകരിക്കുവാൻ കഴിയാത്തതിന്റെ പേരിൽ നിസ്സാരമായി കാണുന്നത് ഒരു തരം രോഗമാണ്. ആ രോഗം നവീകരണനേതാക്കളെയും വലിയൊരളവിൽ ബാധിച്ചിരുന്നു.

തിരുത്തിയ തക്സാ വച്ച് അർപ്പണം നടത്തിയ അനധികൃത നടപടി മെത്രാപ്പോലീത്താ നിരോധിച്ചു; മല്പാൻ മുടക്കപ്പെട്ടു. മല്പാന്റെ ശിഷ്യർക്ക് മേലിൽ പട്ടം കൊടുക്കുകയില്ലെന്ന് പരസ്യപ്പെടുത്തി. മല്പാനച്ചനോട് ചേർന്ന് മെത്രാനെ ധിക്കരിച്ച ജോർജ്ജ് മാത്തൻ, പാലക്കുന്നത്ത് മാത്യൂസ് എന്നീ ശെമ്മാശന്മാർ മുടക്കപ്പെട്ടു. ജോർജ്ജ് മാത്തൻ പിന്നീട് തിരുവിതാംകോട്ടെ ഒന്നാമത്തെ നാട്ടു പാദ്രിയായിത്തീർന്നു. മാത്യൂസ് ശെമ്മാശൻ മദ്രാസിലെ ബിഷപ്പ് കോറീസ് ഗ്രാമർ സ്കൂളിൽ പഠിച്ച് കോഴ്സ് പൂർത്തി യാക്കുന്നതിന് മുമ്പ് പട്ടത്തിന് അയോഗ്യനെന്ന് കണ്ട് പുറത്താക്കപ്പെട്ടു. പിന്നീട് മർദ്ദീനിലെത്തി. അബ്രഹാം മല്പാന്റെ ശുപാർശകത്തുകളും കൈവശമുണ്ടായിരുന്നു.

പാലക്കുന്നത്ത് മാർ അത്താനാസ്യോസ്

ചേപ്പാട്ട് മെത്രാച്ചൻ സഭയിൽ അസ്തമിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. മിഷണറിമാരുടെ ശത്രുത മൂലം സഭാഭരണം അദ്ദേഹത്തിന് തലവേദനയായി. ആഭ്യന്തര ഛിദ്രങ്ങൾ ശക്തിപ്പെട്ടു. നവീകരണത്തിന്റെ നിരർത്ഥകത ചർച്ച ചെയ്യാൻ ഒരു വേദിയും ഉണ്ടായില്ല. പട നയിക്കാനൊരു നേതാവിന്റെ ആവശ്യം അനുഭവപ്പെട്ട കാലത്താണ് പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ മർദ്ദീനിൽ പോയത്. സഭയുടെ അറിവും അനുമതിയും കൂടാതെ പോയ അതിസമർത്ഥനായ അദ്ദേഹം അവിടെ എന്തെല്ലാം നാടകങ്ങൾ സംവിധാനം ചെയ്തു എന്ന് അറിവില്ല. ഏതായാലും കുടുംബക്കാരുടെ ചെലവിൽ വിദേശത്ത് പോയ അദ്ദേഹം തിരിച്ച് 1843-ൽ കൊച്ചിയിലെത്തിയത് മെത്രാൻ സ്ഥാനമേറ്റതിന്റെ അവകാശവാദവുമായിട്ടാണ്. തങ്ങളെ സർക്കാരിനെക്കൊണ്ട് ശിക്ഷിപ്പിച്ച ചേപ്പാട്ട്



മെത്രാച്ചനെ ഒരു പാഠം പഠിപ്പിക്കുവാൻ പുതിയ മെത്രാന്റെ നേതൃത്വം ലഭിക്കുമെന്നതിൽ പല വൈദിക ശ്രേഷ്ഠരുടെയും പ്രതികാരവാഞ്ഛ പീലി വിടർത്തിയാടി. കൊച്ചിയിൽ വന്ന യുവമെത്രാൻ പൂർവ്വിക മാതൃകയിൽ – നവീകരണം കൂടാതെ – കുർബ്ബാന അർപ്പിച്ചത് അദ്ദേഹത്തിന്റെ പിന്തുണ വർദ്ധിക്കാൻ കാരണമായി. മലങ്കര മെത്രാനെ സന്ദർശിക്കുകയോ തന്റെ സുസ്താത്തിക്കോൻ അദ്ദേഹത്തെ കാണിക്കുകയോ ചെയ്യാതെ യുവമെത്രാൻ പള്ളികൾ സന്ദർശിച്ചതും പള്ളികളിൽ അദ്ദേഹത്തിന് സ്വാഗതം ലഭിച്ചതും വൃദ്ധനായ മലങ്കര മെത്രാപ്പോലീത്താ നിസ്സഹായനായി വീക്ഷിച്ചു. എങ്കിലും ഒരു യുദ്ധത്തിന് അദ്ദേഹത്തിന്റെ മനസ് മടിച്ചു. യുവമെത്രാനോട് അനുരഞ്ജനപ്പെടുവാൻ അദ്ദേഹം സന്നദ്ധനായി. തന്മൂലം പുതിയ മെത്രാന്റെ സുസ്താത്തിക്കോൻ വായിച്ച് കേട്ട് അദ്ദേഹത്തെ ഓക്സിയോസ് പാടി സ്വീകരിക്കുവാൻ മലങ്കരയിലെ പൂർവീക സമ്പ്രദായമനുസരിച്ച് അദ്ദേഹം കണ്ടനാട് ഒരു പള്ളിപ്രതിപുരുഷയോഗം 1843 ചിങ്ങം 3-ന് വിളിച്ചുകൂട്ടി. സുസ്താത്തിക്കോൻ മലങ്കര മെത്രാനെ ഏല്പിക്കുകയും അദ്ദേഹത്തിന്റെ നിയോഗപ്രകാരം മല്പാന്മാരിലൊരാൾ അത് യോഗത്തെ വായിച്ചു കേൾപ്പിക്കുകയും അതിന്റെ ഒടുവിൽ ഓക്സിയോസ് പാടി സ്വീകരണം പ്രഖ്യാപിക്കുകയും ആണ് വേണ്ടിയിരുന്നത്. എന്നാൽ യോഗത്തിൽ ഉണ്ടായ ചില തർക്കങ്ങളുടെ മറവിൽ പുതിയ മെത്രാൻ സുസ്താത്തിക്കോൻ ഏല്പിക്കാതിരുന്നു. ലക്ഷ്യം നേടാതെ പള്ളിപ്രതിപുരുഷയോഗം കലഹത്തിൽ കലാശിച്ചു. സുസ്താത്തിക്കോൻ കൃത്രിമമാണെന്ന് അതോടെ ശ്രുതി പരന്നു. *നിരണം ഗ്രന്ഥവരി*യിലെ സമകാല സാക്ഷ്യം ഇപ്രകാരമാണ്: "... അത്താനാസ്യോസ് മെത്രാപ്പോലീത്തായും സ്ഥാനമേറ്റ് മശിഹാകാലം 1844 (?) ഇടവമാസം 4 ന് കൊച്ചിയിലെത്തി. കോനാട്ട് അബ്രഹാം മല്പാൻ മുതൽപേർ ചെന്ന് കണ്ടാറെ അത്താനാസ്യോസ് മെത്രാപ്പോലീത്താ കൊണ്ടുവന്നിരിക്കുന്ന സ്താത്തിക്കോനിൽ 'നിങ്ങളിൽ നിന്ന് മത്തായി കശ്ശീശാ ഞങ്ങൾക്കവൻ അടുത്തു എന്നും മറ്റും ചില ഭേദങ്ങൾ കാണുകയാൽ നിരണത്ത് പള്ളിയിൽ ചെന്ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടാറെ പള്ളിക്കാർ എല്ലാവരും കൂടി നിശ്ചയിപ്പാനുള്ളതാകയാൽ എല്ലാ പള്ളിക്കാരും ചിങ്ങമാസം 19 ന്

കണ്ടനാട്ട് പള്ളിയിൽ കൂടത്തക്കവണ്ണം സാധനം എഴുതിയതും അദ്ദേഹവും അദ്ദേഹം വാഴിച്ച തൊഴിയൂർ പള്ളിയിൽ ഇരുന്നിരുന്ന കൂറിലോസ് മെത്രാപ്പോലീത്തായും പള്ളിക്കാരും വന്ന് കൂടിയശേഷം അത്താനാസ്യോസ് മെത്രാപ്പോലീത്താ സ്താത്തിക്കോൻ കാണിക്കാതെ വിവദിച്ച് പിരിയുകയും ചെയ്തു' (പു. 96).

(കാട്ടുമങ്ങാട്ട് കൂറിലോസിന്റെ കാര്യത്തിൽ എന്ന പോലെ പാലക്കുന്നത്ത് അത്താനാസ്യോസിന്റെ മെത്രാൻ സ്ഥാനാവകാശവാദവും വ്യാജമായിരുന്നുവോ? അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന അദ്ദേഹത്തിന്റെ പ്രസ്താവനയല്ലാതെ അക്കാര്യം സ്ഥിരീകരിക്കുവാൻ രേഖകളോ സാക്ഷികളോ ഇല്ല. പിൽക്കാലത്ത് കോടതിയിൽ സുസ്താത്തിക്കോൻ ഹാജരാക്കേണ്ടതായി വന്നപ്പോൾ അതിന്റെ ഒറിജിനൽ നഷ്ടപ്പെട്ടു എന്ന കഥ ചമച്ച് പകർപ്പ് എന്ന പേരിൽ ഒരു സാക്ഷ്യപ്പെടുത്താത്ത രേഖയാണ് സമർപ്പിച്ചത്. കളവ് കഥ അവിശ്വസനീയമെന്ന് കേസ് കേട്ട ജഡ്ജിമാർ ഏകകണ്ഠമായി പരിഹസിച്ചിട്ടുണ്ട്. മർദ്ദീനിൽ നിന്ന് മലങ്കരയിൽ ശിഷ്ടകാലം ജീവിച്ച യൂയാക്കീം കൂറിലോസ് മെത്രാനും പിന്നീട് വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസും അത്താനാസ്യോസിനെ മെത്രാൻ എന്ന് പോലും ഒരിക്കലും വിശേഷിപ്പിച്ചിട്ടില്ല. അത്താനാസ്യോസിൽ നിന്ന് പട്ടമേറ്റവർ പിന്നീട് മാതൃസഭയിലേക്ക് വന്നപ്പോൾ അവർക്ക് വീണ്ടും പട്ടം കൊടുത്താണ് കൂറിലോസ് സ്വീകരിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനമേറ്റ് വന്നു എന്ന് അഭിമാനപൂർവ്വം അവകാശപ്പെട്ടിരുന്ന അത്താനാസ്യോസ് പാത്രിയർക്കീസ് അയച്ച കൂറിലോസിനെ അഭിമുഖീകരിക്കാതെ ആദ്യമൊക്കെ ഒഴിഞ്ഞുമാറി. പിന്നീട് പത്രോസ് തൃതീയൻ വന്നപ്പോഴും ഒഴിഞ്ഞുമാറി. ഇടനിലക്കാർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഒഴിഞ്ഞുമാറൽ തുടർന്നു. അത്താനാസ്യോസ് താമസിക്കുന്ന നിരണം പള്ളിയിൽ അദ്ദേഹത്തെ കാണുവാൻ പത്രോസ് ബാവാ എത്തിയപ്പോൾ മുറിയുടെ കതകടച്ച് പുറത്തിറങ്ങാതെ അകത്തിരുന്നു. സർക്കാരുദ്യോഗസ്ഥന്റെയും രാജഭടന്മാരുടെയും സംരക്ഷണയിൽപ്പോലും പത്രോസ് പാത്രിയർക്കീസിനെ – തന്നെ കാണാൻ വന്ന പാത്രിയർക്കീസിനെ/ എഴുപത്തിആറ് വയസ്സ് തികഞ്ഞ വൃദ്ധ മഹാപുരോഹിതനെ – കാണുവാൻ അത്താനാസ്യോസ് ഭയപ്പെട്ടതെന്തിന് എന്ന ചോദ്യത്തിന് തൃപ്തികരമായ സമാധാനം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. നവീകരണവിഭാഗത്തിന്റെ പുരോഹിതസ്ഥാനങ്ങളുടെ നിജസ്ഥിതിയിൽ മലങ്കരസഭ തുടക്കം മുതലേ ഉന്നയിച്ച ആശങ്കകൾ അടിസ്ഥാനരഹിതമല്ല എന്നാണ് ഈ സാഹചര്യങ്ങൾ തെളിയിക്കുന്നത്.)

യൂയാക്കിം മാർ കൂറിലോസ്

അത്താനാസ്യോസിന്റെ നവീകരണാഭിമുഖ്യം വിശദീകരിച്ചുകൊണ്ട് മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിന് മലങ്കരസഭയുടെ പരാതി അയച്ചു. അതിനുള്ള മറുപടി എന്നവണ്ണം യൂയാക്കീം മാർ കൂറിലോസ് മെത്രാൻ സ്വസഹോദരൻ ഗബ്രിയേലുമൊന്നിച്ച് 1845 ചിങ്ങം 26-ന് കൊച്ചിയിലെത്തി. മലങ്കരയിലെ സ്ഥിതിഗതികൾ അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചു. നവീകരണാഭിമുഖ്യം മൂലം അത്താനാസ്യോസിന് ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള സർക്കാരിലെ സ്വാധീനവും ക്ഷീണനും നിരാശനും വൃദ്ധനും ആയ മാർ ദീവന്നാസ്യോസിനോട് പൊതുവിലുണ്ടായിരുന്ന അസംതൃപ്തിയും മാർ കൂറിലോസിനെ ചിന്താധീനനാക്കി. സുദീർഘമായ ഒരു നിയമയുദ്ധം മുന്നിൽക്കണ്ട മാർ ദീവന്നാസ്യോസ് തന്റെ സ്ഥാനവും ചുമതലയും മാർ കൂറിലോസിനെ ഏല്പിക്കുന്നതായി കല്പന പുറപ്പെടുവിച്ചു. അതിന്റെ പകർപ്പ് അധികൃതർക്ക് നൽകുകയും ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട ആൾ എന്ന നിലയിൽ മാർ ദീവന്നാസ്യോസിനെ മാറ്റി തൽസ്ഥാനത്ത് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ തനിക്കനുകൂലമായി രാജകീയ വിളംബരം പുറപ്പെടുവിക്കാൻ അത്താനാസ്യോസ് സർക്കാരിലേക്ക് അപേക്ഷ നൽകിയിരുന്നു. ഇതറിഞ്ഞ കൂറിലോസ്, അത്താനാസ്യോസിനെ മുടക്കിയിരിക്കുന്നതായും മാർ ദീവന്നാസ്യോസിന്റെ സ്ഥാനത്ത് കൂറിലോസിനെ നിയമിച്ചതായും പാത്രിയർക്കീസിന്റേതായി രണ്ട് കല്പനകൾ പുറപ്പെടുവിച്ചു. അത്താനാസ്യോസ് മെത്രാൻ പട്ടമേറ്റു എന്ന വാദം വ്യാജമാണെന്ന ബോധ്യമാകാം വിചാരണ കൂടാതെ അത്താനാസ്യോസിനെതിരായി മുടക്കുകല്പന പുറപ്പെടുവിക്കുവാൻ കൂറിലോസിന് ധൈര്യം നൽകിയത്. മാർ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്തതോടെ രണ്ട് അപേക്ഷകരിൽ ആരെ മലങ്കര മെത്രാനായി നിയമിക്കണമെന്ന് തീരുമാനിക്കുവാൻ കൊല്ലം കച്ചേരിയിൽ ഒരു യോഗം സർക്കാർ വിളിച്ചു. കോലഫ് സായിപ്പ്, വൈറ്റ് സായിപ്പ്, മേലെഴുത്ത് അനന്തൻപിള്ള, പോലീസ് ശിരസ്തദാർ വെങ്കിട്ടരാമയ്യനും അടങ്ങിയ കമ്മിറ്റി മുമ്പാകെ തൊഴിയൂർ കൂറിലോസ് ഉൾപ്പെടെ നാലു മെത്രാന്മാരും പള്ളിക്കാരും ഹാജരായി. 1847 മീനം 1 ന് സമ്മേളിച്ച കൊല്ലം കമ്മിറ്റിയിൽ "... തെക്കേ ദിക്കിൽ ഉള്ള ഒന്ന് രണ്ട് പള്ളിക്കാർ അല്ലാതെ ശേഷം പള്ളിക്കാർ ഒക്കെയും മാർ കൂറിലോസിനെ അനുകൂലിച്ചു." കമ്മിറ്റിക്കാർക്ക് അത്താനാസ്യോസിനോട് അനുഭാവം ഉള്ളതു കൊണ്ട് അന്ന് തീരുമാനം ഉണ്ടായില്ല (*കണ്ടനാട്ട് ഗ്രന്ഥവരി*, പു. 98). സമകാല സാക്ഷ്യമെന്ന നിലയിൽ കണ്ടനാട്ട് കരോട്ടുവീട്ടിൽ ശെമവൂൻ കോർഎപ്പിസ്കോപ്പായുടെ ദൃക്സാക്ഷി വിവരണമെന്ന നിലയിൽ ഈ കാലഘട്ടത്തിലെ സംഭവങ്ങളെപ്പറ്റി

കണ്ടനാട്ട് ഗ്രന്ഥവരി വെളിച്ചം പകരുന്നുണ്ട് (പിന്നീട് കടുങ്ങമംഗലത്ത് കബറടങ്ങിയ കൊച്ചിയുടെ പ്രഥമ മെത്രാൻ മാർ ദീവന്നാസ്യോസ് ആണ് അതിന്റെ ഗ്രന്ഥകാരൻ). കമ്മിറ്റിയെ സ്വാധീനിക്കുവാൻ അത്താനാസ്യോസ് പല ഉപായങ്ങളും പ്രയോഗിച്ചു; പല വ്യാജരേഖകളും ചമച്ചു; ഭാവനാസൃഷ്ടികളായ കഥകൾ പ്രചരിപ്പിച്ചു. സുസ്താത്തിക്കോന്റെ പകർപ്പിൽത്തന്നെ അപ്രകാരമുള്ള വ്യാജക്കഥകൾ കാണുക: "... നിങ്ങൾ അയച്ചിരുന്ന കത്തുകളിൽ ഞങ്ങൾക്ക് ഇടയനും പൗരോഹിത്യവും മാമ്മൂദീസായും ഭരണകർത്താവും ഇല്ല എന്നും മറ്റും പരാതിയായി അറിയിച്ചിരുന്നുവല്ലോ. ... മലയാളത്തേയ്ക്ക് ആരെ അയക്കേണ്ടു എന്ന് നാം മനോവിഷമത്തിലായിരിക്കുമ്പോൾ നിങ്ങളുടെ അടുത്തുനിന്ന് മത്തായി കശ്ശീശാ സമാധാനത്തോടെ നമ്മുടെ അടുത്ത് വന്നു. ... ആദ്യം ശെമ്മാശനായും പിന്നീട് കശ്ശീശ ആയും റമ്പാനായും മെത്രാപ്പോലീത്താ ആയും അദ്ദേഹത്തെ പട്ടം കെട്ടി" (റോയൽക്കോടതി വിധി, പു. 47).

റസിഡണ്ടിന് അത്താനാസ്യോസ് എഴുതി: "... അന്ത്യോഖ്യാ പാത്രിയർക്കീസ് തിരുമനസ് കൊണ്ട് അവിടുത്തെ വരുതിയും അറിവും കൂടാതെ പ്രവർത്തിക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയിരിക്കുന്നു." മറ്റൊരു കത്ത് ഇപ്രകാരമാണ്: "പേഷ്ക്കാർ കൊച്ചു ശങ്കരപിള്ള വളരെ സൂത്രമായ വിധത്തിൽ കാര്യങ്ങൾ ഒന്നൊന്നായി തിരുമനസ്സറിയിച്ച് വിളംബരം കിട്ടാതിരിക്കുന്നതിന് വേണ്ട യത്നം ചെയ്തു. എനിക്ക് കിട്ടിയിരിക്കുന്ന വിശ്വാസയോഗ്യമായ അറിവിൽ, ഈ വിധം പ്രവർത്തിച്ചാൽ കൊച്ചുശങ്കരപിള്ളയെ ഉത്സാഹിപ്പിച്ചത് എന്റെ സത്യമായും ന്യായമായും ഉള്ള നിശ്ചയത്തെ ഉപേക്ഷിച്ച് മാർ ദീവന്നാസ്യോസിന്റെ നഷ്ടപ്പെട്ടിരിക്കുന്ന സ്ഥാനത്തെ നിലനിറുത്തുന്നതിലേക്ക് 300 രൂപാ കൈക്കൂലി ആയി മാർ ദീവന്നാസ്യോസിനോട് വാങ്ങിച്ചിട്ടുള്ളതുകൊണ്ടാകുന്നു."

1848 മീന മാസത്തിൽ നടന്ന വിസ്താരത്തിന് ശേഷം മിഥുനം 9 ന് കമ്മിറ്റിക്കാർ അത്താനാസ്യോസിന് അനുകൂലമായി തീരുമാനം പ്രഖ്യാപിച്ചതിനെത്തുടർന്ന് രാജകീയ വിളംബരം പുറപ്പെടുമെന്ന് തീർച്ചയായി. തീരുമാനം നിഷ്പക്ഷമെന്ന് വരുത്തുവാൻ ഒരു പുനർ വിചാരണ ക്രമീകരിച്ചു. കൂറിലോസ് ഹാജരാക്കിയ രേഖകളിൽ മഷിഭേദം കാണുന്നുവെന്ന് കണ്ട് വിചാരണയിൽ അവ തള്ളിക്കളഞ്ഞു (ഇട്ടൂപ്പ് റൈട്ടർ, പു. 255–266). വൈദികരോട് കൂടുതൽ അനുഭാവം പുലർത്തിയവൻ, നവീകരണാനുകൂലി, ബഹുഭാഷാ പണ്ഡിതൻ എന്നീ നിലകളിൽ അത്താനാസ്യോസ് യഥാക്രമം വൈദികർ, മിഷണറിമാർ, സർക്കാർ എന്നിവർക്ക് കൂടുതൽ സ്വീകാര്യനായി. ശീമയിൽ നിന്ന് അചിരേണ വന്ന സ്തേഫാനോസ് മാർ അത്താനാസ്യോസിനും ഫലപ്രദമായി ഒന്നും ചെയ്യാനായില്ല. മാർ

അത്താനാസ്യോസും യൂയാക്കീം കൂറിലോസും തിരുവിതാംകൂറിൽ പ്രവർത്തിക്കരുതെന്ന് സർക്കാർ വിലക്കിയതിനെ തുടർന്ന് കൂറിലോസ് മലബാറിൽ ആദ്യം പോർക്കളത്തും പിന്നീട് ചാലിശ്ശേരിയിലും ഓരോ പള്ളി പണിയിച്ച് അവിടെ താമസമാക്കി. മാർ അത്താനാസ്യോസും അനുചരൻ ശിമയോൻ റമ്പാച്ചനും പാലൂർ ചാട്ടുകുളങ്ങര പള്ളിയിൽ താമസിച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിച്ച് വന്നു.

1849-ൽ ഉണ്ടായ നിരോധന ഉത്തരവിനെതിരെ 1849 മേട മാസത്തിൽ മദ്രാസിൽ ചെന്ന് പരാതി നൽകിയെങ്കിലും ഫലമുണ്ടായില്ല. റസിഡണ്ട് കല്ലൻ സായിപ്പിന്റെ ശുപാർശയനുസരിച്ച് തിരുവിതാംകൂർ മഹാരാജാവ് അത്താനാസ്യോസിന് അനുകൂലമായി വിളംബരം പ്രസിദ്ധീകരിച്ചു:

ശ്രീ പത്മനാഭദാസ വഞ്ചി ബാല മാർത്താണ്ഡവർമ്മ കുലശേഖര കിരീടപതി മന്നെ സുൽത്താൻ മഹാരാജ രാജ ഭാഗ്യോദയ രാമ രാജ ബഹദൂർ ഷംഷ്യർ ജംഗ മഹാരാജാവ് അവർകൾ സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളബരം എന്തെന്നാൽ,

കോട്ടയത്ത് പാർക്കുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് വയസ്സു കാലമായി സ്ഥാനം ഒഴിഞ്ഞിരിക്ക കൊണ്ടും ആ സ്ഥാനത്തേയ്ക്ക് അന്ത്യോഖ്യായിൽ നിന്ന് എഴുത്തും വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്ന മാർ അത്താനാസ്യോസിനെ മെത്രാപ്പോലീത്താ ആയിട്ട് നിശ്ചയിച്ചിരിക്ക കൊണ്ട് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മലങ്കരയിടവകയിൽ പുത്തൻകൂറ്റിൽ സുറിയാനിക്കാരിൽ ഉൾപ്പെട്ട എല്ലാവരും മേലെഴുതിയ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ അനുസരിച്ച് കീഴ്മര്യാദ പോലെ നടന്നുകൊൾകയും വേണം.

എന്ന് 1027-മാണ്ട് കർക്കിടകം 15-ാം തീയ്യതി (എ. ഡി. 1852).

തങ്ങൾക്കെതിരെ പുറപ്പെടുവിച്ച നിരോധന ഉത്തരവിനെതിരെ മാർ സ്തേഫാനോസ് ഇംഗ്ലണ്ടിൽ ചെന്ന് ഡയറക്ടർമാരുടെ കോടതിയിൽ സങ്കടം ബോധിപ്പിച്ചു. അദ്ദേഹം സ്വദേശത്തേയ്ക്ക് പോയി. പരാതിയ്ക്ക് 1857 മെയ് 13 ന് താഴെ പറയുംപ്രകാരം ഡയറക്ടർ കോടതി ഉത്തരവിട്ടു:

"... ഇനി മേലിൽ ആ നാട്ടിലേക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെടാവുന്ന മേല്പട്ടക്കാരുടെ വാദങ്ങളെ അംഗീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യേണ്ടത് അവർ തന്നെയാകുന്നു. ...." (കണ്ടനാട്ട് ഗ്രന്ഥവരി). ഇതോടെ മാർ യൂയാക്കീം കൂറിലോസിന് സഞ്ചാര സ്വാതന്ത്ര്യം ലഭ്യമായി.

രാജകീയ വിളംബരം കലുഷിതമായ സഭാന്തരീക്ഷത്തെ ശാന്തമാക്കി. അംഗീകാരം ലഭിച്ചതോടെ അത്താനാസ്യോസ് നവീകരണശ്രമങ്ങളെ പര

സ്യമായി ആരംഭിച്ചു. ഇത് വീണ്ടും ജനരോഷത്തിനിടയാക്കി. കലഹം ഒതുക്കുവാൻ തിരുവിതാംകൂർ ദിവാൻ 1863-ൽ 'നിയമാനുസൃത മെത്രാപ്പോലീത്തായെ എതിർക്കുന്നവർ പട്ടക്കാരായാലും അത്മായക്കാരായാലും അവരെ ശിക്ഷിക്കുന്നതിനും പള്ളികളിൽ നിന്ന് ദീർഘവിചാരണ കൂടാതെ ബഹിഷ്കരിക്കുന്നതിനും താണതരം മജിസ്ട്രേട്ട്മാരെ ചുമതലപ്പെടുത്തി' (ഫിലിപ്പ്, പു. 224). സ്ഥാനത്തിന് അംഗീകാരം കിട്ടുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനെ മറയാക്കി ഉപയോഗിച്ച അത്താനാസ്യോസ് സ്ഥാനം അംഗീകരിക്കപ്പെട്ടതോടെ പാത്രിയർക്കീസിനെ പരസ്യമായി നിഷേധിക്കുവാനും സഭയിൽ നിർബ്ബന്ധപൂർവ്വം നവീകരണം അടിച്ചേല്പിക്കുവാനും ശ്രമം തുടങ്ങി.

1853 കുംഭം 2-ന് പാലക്കുന്നത്ത് അത്താനാസ്യോസ് കോട്ടയം പഴയ സെമിനാരിയിൽ ഒരു പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. തെക്കുള്ള മിക്ക പള്ളികളും വടക്കു നിന്ന് ഏതാനും പള്ളികളും പങ്കെടുത്തു. പള്ളി നടത്തിപ്പിനെക്കുറിച്ച് 103 വ്യവസ്ഥകൾ അടങ്ങിയ ചട്ടവര്യോല യോഗം അംഗീകരിച്ചു (*മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 613-631 ഭാഗത്ത് ചട്ടവര്യോല പൂർണ്ണരൂപത്തിൽ കാണാം).

ഈ കോട്ടയം പടിയോല ഒരു ഭരണഘടനയുടെയും കാനോന്റെയും ഗൗരവം പുലർത്തിയിട്ടുണ്ട്. എന്നാൽ പട്ടംകൊടയുടെയും വികാരി നിയമനത്തിന്റെയും കാര്യങ്ങളിൽ മെത്രാപ്പോലീത്താ സ്വന്തം താല്പര്യങ്ങൾക്ക് ഊന്നൽ നൽകിയതിനാൽ ചട്ടവര്യോലയിലെ ഇതര വ്യവസ്ഥകളും പ്രായോഗികമായില്ല.

ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1855 ഒക്ടോബർ 9 ന് നിര്യാതനായി. ചേപ്പാട്ട് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. മാവേലിക്കര സുന്നഹദോസിനെത്തുടർന്നുണ്ടായ സഭാവിഭജനത്തിന്റെ പേരിൽ അദ്ദേഹത്തിന് നിരവധി പീഡനങ്ങൾ സഹിക്കേണ്ടി വന്നു. താൻ മുടക്കിയ ഒരു ശെമ്മാശൻ മെത്രാൻ സ്ഥാനം അവകാശപ്പെട്ട് പുതിയ ഭിന്നത വിളയിച്ചെടുക്കുന്നത് അദ്ദേഹത്തിന് കാണേണ്ടിവന്നു. സ്വസ്ഥാനം യൂയാക്കീം കൂറിലോസിന് ഒഴിഞ്ഞു കൊടുത്തിട്ടും അർഹമായ യാതൊരു പരിഗണനയും അദ്ദേഹത്തിന് ലഭിച്ചില്ല. ഏവരുടെയും അവഗണനയ്ക്കു പാത്രമായ അദ്ദേഹത്തിന്റെ അന്ത്യം പരിതാപകരമായിരുന്നു.

രാജകീയ വിളംബരത്തിന്റെ പിൻബലം നേടിയ അത്താനാസ്യോസിനെ തെക്കൻ ഇടവകൾ മിക്കവാറും പിന്തുണച്ചു. കൂറിലോസിന് ആത്മീയകാര്യങ്ങൾ നിർവഹിക്കാമായിരുന്നുവെങ്കിലും ഭരണപരമായ അധികാരങ്ങൾ അദ്ദേഹത്തിനില്ലായിരുന്നു. എന്നാലും വടക്കൻ പ്രദേശങ്ങളിലെ പ്രാചീന ഇടവകകൾ അദ്ദേഹത്തിന് സ്വർണ്ണഖനിയായിത്തീർന്നു.

സഹോദരൻ മക്കുദിശാ ഗബ്രിയേൽ വ്യാപാരം വഴിയായും മെത്രാച്ചൻ ആത്മീയ ശുശ്രൂഷകൾ വഴിയായും ദ്രവ്യസമ്പാദനത്തിൽ തല്പരരായ തോടെ നവീകരണത്തെ ചെറുക്കുവാൻ ആളില്ലാതെയായി. നവീകരണം സ്വീകരിക്കാത്ത ഇടവകകൾ ഇടയനില്ലാത്ത ആടുകളുടെ അവസ്ഥ യിലായി. വിവാഹം, മാമ്മൂദീസാ, പെരുന്നാളുകൾ, അടിയന്തിരങ്ങൾ തുടങ്ങിയ അനുഷ്ഠാനങ്ങൾക്കായി വടക്കൻ പ്രദേശങ്ങളിൽ സഞ്ചാരം നടത്തിക്കൊണ്ടേയിരുന്ന യൂയാക്കീം കൂറിലോസിന് മറ്റു കാര്യങ്ങൾ ശ്രദ്ധിക്കുവാൻ സമയവും താല്പര്യവും ഉണ്ടായിരുന്നില്ല.

തൊഴിയൂർ വ്യവഹാരങ്ങൾ

കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ശിഷ്യൻ കുത്തൂർ ഗീവറുഗ്ഗീസ് മാർ കൂറിലോസ് ആയിരുന്നു അക്കാലത്തെ തൊഴിയൂരിലെ മെത്രാൻ. മുൻഗാമികളെപ്പോലെ അദ്ദേഹം പാലൂർ – ചാട്ടുകുളങ്ങര ഇടവക വികാരി മാരിലൊരാളും ആ ഇടവകയുടെ സംരക്ഷണയിൽ ജീവിച്ച ആളുമാ യിരുന്നു. അക്കാലങ്ങളിൽ തൊഴിയൂരിലെ പള്ളി, ഇടവകപ്പള്ളി പോലും ആയിരുന്നില്ല. മലങ്കരസഭയുടെ എല്ലാ സന്തോഷങ്ങളിലും പ്രതിസ ന്ധികളിലും അദ്ദേഹം മുൻഗാമികളെപ്പോലെ ചാട്ടുകുളങ്ങര പള്ളിയുടെ നിലപാടിൽ ഉറച്ചുനിന്നു. ചാട്ടുകുളങ്ങര ഇടവക പിന്തുണച്ചത് യൂയാക്കീം കൂറിലോസിനെ ആയിരുന്നതിനാൽ തൊഴിയൂരിലെ കൂറിലോസും യൂയാക്കീം കൂറിലോസിനെ സ്വീകരിച്ചു. കുത്തൂർ കൂറിലോസ് 1856 ജൂൺ 16–ന് അന്തരിച്ചു. തൊഴിയൂരിൽ കബറടക്കി. പതിവുപോലെ തൊഴിയൂ രിലെ എല്ലാ വസ്തുവകകളും പൂട്ടി മുദ്ര വച്ച് താക്കോൽ ചാട്ടുകുളങ്ങര യോഗത്തിന്റെ വികാരി ആലത്തൂർകാരൻ പനയ്ക്കൽ യൗസേപ്പ് കശ്ശീശായെ ഏല്പിച്ചു (എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* പു. 14). കോട്ടയം പഴയ സെമിനാരിസ്ഥാപകന്റെ മാതൃതാവഴിക്കാരൻ കോലാടി ചാക്കുണ്ണി കത്തനാരെ തൊഴിയൂർ മെത്രാന്റെ പിൻഗാമിയായി ഇടവക നിശ്ചയിച്ചു. ഇടവകയിലെ മറ്റൊരു പ്രബല ഗ്രൂപ്പ് ആയ പാറേമ്മൻ (കുത്തൂർ) കുടുംബക്കാർ മെത്രാൻ സ്ഥാനത്തേയ്ക്ക് പനയ്ക്കൽ യൗസേപ്പ് കത്തനാരെയാണ് അനുകൂലിച്ചത്. ഭൂരിപക്ഷ ഗ്രൂപ്പിന് നേതൃത്വം നൽകിയ പനയ്ക്കൽ കുടുംബക്കാരെയും അവരുടെ മെത്രാൻ സ്ഥാനാർത്ഥിയെയും തോല്പിക്കുവാൻ അവർ ചാട്ടുകുളങ്ങര ഇടവ കയ്ക്ക് അസ്വീകാര്യനായിരുന്ന പാലക്കുന്നത്തു മെത്രാച്ചനെ ബന്ധ പ്പെട്ടു. അദ്ദേഹം തൊഴിയൂർ ആസ്ഥാനം കൈവശപ്പെടുത്തിത്തരുമെന്ന വ്യവസ്ഥയിലാകാം അവരോട് യോജിച്ചത്. ഇടവകയിലെ ഔദ്യോഗി കവിഭാഗം ഇതറിഞ്ഞ ഉടനെ യൂയാക്കീം കൂറിലോസിനെ ബന്ധപ്പെട്ടുവെ ങ്കിലും സ്വസഹോദരന്റെ വിവാഹം പ്രമാണിച്ച് അദ്ദേഹം ഏതാനും നാളു കൾ മുളന്തുരുത്തിയിൽ കഴിച്ചുകൂട്ടി. അതിനിടയിൽ തന്ത്രശാലിയായ

പാലക്കുന്നത്ത് മെത്രാച്ചൻ തൊഴിയൂരിലെത്തി. മുൻധാരണപ്രകാര മാവാം ആലത്തൂർ കശ്ശീശാ, തന്നെ വിശ്വാസപൂർവ്വം ഏല്പിച്ച താക്കോ ലുകൾ അനധികൃതമായി നവീകരണമെത്രാന് കൈമാറി. അദ്ദേഹം തൊഴിയൂരിൽ ആസ്ഥാനത്തിന്റെ മുദ്ര പൊട്ടിച്ച് വാതിൽ തുറന്ന് ആ സ്ഥാപനം കൈവശപ്പെടുത്തി (*മലബാർ സ്വതന്ത്ര സുറിയാനി സഭാ ചരിത്രം*, പു. 74). അക്കാലത്ത് ചാവക്കാട് മുൻസിഫ് പാലക്കുന്നത്ത് മെത്രാച്ചന്റെ ഉറ്റ മിത്രം ആയിരുന്ന പുത്തൻകാവ് ആലുംമൂട്ടിൽ ജോർ ജ്ജിന്റെ പിൻബലമാണ് ഈ കൈയേറ്റത്തിന് മെത്രാച്ചനെ ധൈര്യപ്പെടു ത്തിയത്. ന്യൂനപക്ഷമെങ്കിലും ഇടവകയിലെ ഒരു ഗ്രൂപ്പിന്റെ പിന്തുണയും വികാരിയുടെ ഒത്താശയും ഒത്തു ചേർന്നപ്പോൾ കൈയേറ്റ നാടകം സമ്പൂ ർണ്ണ വിജയമായി.

ഇടവകയുടെ കൈവശാവകാശത്തെ നഗ്നമായി കയ്യേറ്റം ചെയ്ത മെത്രാച്ചനെയും ഇടവക വികാരിയെന്ന നിലയിൽ ഏല്പിക്കപ്പെട്ട താക്കോലുകൾ അനധികൃതമായി കൈമാറി ട്രസ്റ്റ് ലംഘനം നടത്തിയ വികാരിയെയും തൊഴിയൂർ ആസ്ഥാനത്ത് നിന്ന് പുറത്തിറക്കുവാൻ ചാട്ടുകുളങ്ങര - പാലൂർ (ആർത്താറ്റ്) ഇടവകക്കാർ സംഘം ചേർന്ന് തൊഴിയൂരിലെത്തി. മെത്രാനും സംഘവും ഭയചകിതരായി പള്ളിമാളിക യിൽ വാതിലടച്ചിരുന്നു. അടങ്ങപ്പുറത്ത് യൗസേഫ് കശ്ശീശാ വാതിലടച്ച തിനാൽ മെത്രാപ്പോലീത്തായുടെ മാളികമുറിയിൽ കയറുവാൻ ആർക്കും സാധിച്ചില്ല. ധീരനായ വേങ്കടത്ത് ശെമ്മാശൻ മെത്രാച്ചന്റെ എഴുത്തും വാങ്ങി രാത്രിയിൽ കയറ് വഴി താഴത്തിറങ്ങി ചാവക്കാട്ടെത്തി. ആലും മൂട്ടിൽ ജോർജ്ജ് മുൻസിഫ് മജിസ്ട്രേട്ടിന് കത്ത് കൊടുത്തു. പ്രഭാതമായ പ്പോഴേക്കും പോലീസുകാരും മജിസ്ട്രേട്ടും എത്തി (ഫാ. കെ. സി. വർഗ്ഗീസ്, പു. 75). സുഹൃത്തായ അധികാരിയുടെ സഹായത്തോടെ മെത്രാച്ചൻ വിജയശ്രീലാളിതനായി. മുൻധാരണയനുസരിച്ചാവാം ആല ത്തൂർ യൗസേഫ് കശ്ശീശായെ പാലക്കുന്നത്ത് മെത്രാച്ചൻ തൊഴിയൂരിന്റെ മെത്രാനായി വാഴിച്ചു. സഹോദരന്റെ വിവാഹ കോലാഹലമെല്ലാം കഴിഞ്ഞ് യൂയാക്കീം കൂറിലോസ് കുന്നംകുളത്തെത്തിയപ്പോഴേക്കും തൊഴിയൂരിലെ നാടകത്തിന് തിരശ്ശീല വീണു കഴിഞ്ഞിരുന്നു. രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പാലക്കുന്നത്തു മെത്രാച്ചനെ സ്വീകരിച്ചു എന്ന് പില്ക്കാല തൊഴിയൂർ സഭാചരിത്രം ആലത്തൂർ കത്തനാരുടെ ട്രസ്റ്റ് വഞ്ചനയെ ന്യായീകരിച്ചുവെങ്കിലും മാതൃസഭയിൽ നിന്ന് വേർപെട്ട് ഒരു സ്വതന്ത്ര സഭയുടെ പേരും സ്വഭാവവും സ്വീകരിക്കുവാൻ ഇതോടെ തൊഴിയൂർ മെത്രാൻ നിർബ്ബന്ധിതനായി. ഒരിടവക പോലും അതു വരെയും സ്വന്തമായിട്ടില്ലാതിരുന്ന അദ്ദേഹം ഏതാനും ഇടവകകൾ സ്വന്ത മാക്കുവാനുള്ള വഴി തേടി. അപ്പോഴാണ് തൊഴിയൂർ പള്ളിയുടെ ആദ്യ

വ്യവഹാരം ആവിർഭവിച്ചത്. തൊഴിയൂരിലെ പട്ടംകൊടയ്ക്കെതിരെ 1857 ചിങ്ങം 17-ന് കോഴിക്കോട് സിവിൽക്കോടതിയിൽ യൂയാക്കീം കൂറിലോസ് വാദിയായി ചാട്ടുകുളങ്ങരപള്ളി ഒരു കേസ് ആരംഭിച്ചു. യൂയാക്കീം കൂറിലോസിന്റെ പ്രധാന വാദമുഖങ്ങൾ അന്ത്യോഖ്യായുടെ മേലധികാരത്തിലും മെത്രാന്റെ തെരഞ്ഞെടുപ്പിലും അധിഷ്ഠിതമായിരുന്നു.

തൊഴിയൂരിലെ വസ്തുവഹകൾ കുന്നംകുളം പനക്കൽ താരു എന്ന ആൾ 1775 ഇടവത്തിൽ പുന്നത്തൂർ രാജാവിൽ നിന്ന് വില കൊടുത്ത് വാങ്ങിയ തീറാധാരം ആലത്തൂർ മെത്രാച്ചൻ നാലാം നമ്പ്ര് രേഖയായി കോടതിയിൽ ഹാജരാക്കുകയും അതിന് അന്ത്യോഖ്യാ പാത്രിയർക്കീസുമായോ അദ്ദേഹം അയച്ച യൂയാക്കീം കൂറിലോസുമായോ യാതൊരു ബന്ധവും ഇല്ലെന്നും അതൊരു സ്വതന്ത്ര ഇടവകയാണെന്നും വാദിക്കുകയും ചെയ്തു. പട്ടംകൊടുത്ത പാലക്കുന്നത്ത് മെത്രാച്ചൻ രാജകീയ വിളംബരം സിദ്ധിച്ച ഔദ്യോഗിക മലങ്കര മെത്രാപ്പോലീത്താ ആണെന്നും സ്ഥാനം ഏറ്റ ആളെ മുൻഗാമിയായ തൊഴിയൂരിലെ കുത്തൂർ മെത്രാച്ചൻ മരണപത്രം മൂലം പിൻഗാമിയായി നിശ്ചയിച്ചിരുന്നു എന്നും വാദിച്ച അദ്ദേഹം ഇക്കാര്യത്തിലേക്ക് മുൻഗാമി എഴുതിയതെന്ന് അവകാശപ്പെട്ടുകൊണ്ട് ഒരു മരണപത്രം ഹാജരാക്കുകയും ചെയ്തു. സിവിൽകോടതി ചെലവ് സഹിതം കേസ് തള്ളി. 1862-ൽ മദ്രാസ് ഹൈക്കോടതിയിൽ നൽകിയ അപ്പീലും ചെലവ് സഹിതം തള്ളി. ചെലവിലേക്ക് യൂയാക്കീം മാർ കൂറിലോസ് പണിയിച്ചിരുന്ന ചാലിശ്ശേരി പള്ളിയും പോർക്കളം പള്ളിയും ആലത്തൂർ പനക്കൽ മെത്രാച്ചന് (കൂറിലോസ് എന്നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനനാമം) ലഭിച്ചു. ഈ രണ്ടു പള്ളികളാണ് തൊഴിയൂർ സഭയുടെ ആദ്യത്തെ രണ്ട് ഇടവകകൾ.

യൂയാക്കീം കൂറിലോസിന് വേണ്ടി ഈ വ്യവഹാരങ്ങൾ നടത്തിയത് യൂയാക്കീം കൂറിലോസിൽ നിന്ന് 1852-ൽ ചാലിശ്ശേരിയിൽ വച്ച് കശ്ശീശാപട്ടം ഏല്ക്കുകയും ചിറളയം പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും പഴഞ്ഞിപ്പള്ളിയിൽ വികാരിയായി നിയമിക്കപ്പെടുകയും ചെയ്ത കുന്നംകുളം സ്വദേശി പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആയിരുന്നു (ഈ വ്യവഹാരത്തോടെ മലങ്കരസഭയും തൊഴിയൂർ മെത്രാനും തമ്മിലുള്ള ബന്ധം അസ്തമിച്ചു. സെമിനാരി സ്ഥാപകനും കിടങ്ങൻ മെത്രാച്ചനും ചേർന്ന് ഭാവനാപൂർവ്വം വളർത്തിയെടുത്ത ഒരു ഐക്യ സൗധമാണ് ഈ സംഭവത്തോടെ തകർന്നത്. തൊഴിയൂരിന്റെ വിജയമായി ഈ സംഭവത്തെ തൊഴിയൂരിന്റെ സഭാചരിത്രകാരൻ പ്രകീർത്തിക്കുന്നുണ്ടെങ്കിലും മലങ്കരസഭയുമായി അനുരഞ്ജനപ്പെട്ടാൽ മാത്രമേ തൊഴിയൂർ സഭ രക്ഷപ്പെടുകയുള്ളൂ എന്ന് അതിന്റെ പില്ക്കാല സാരഥികൾ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നുവെന്ന് ഇതെഴുതുന്ന ആൾക്ക് നേരിട്ടറിയാം.)

ഉഭയമുഖത്വമുള്ള പാലക്കുന്നത്ത് മെത്രാച്ചൻ സാധ്യമാകുന്ന സ്ഥലങ്ങളിൽ നവീകരണം വരുത്തിയും അനുകൂലമല്ലാത്ത പരിതഃസ്ഥിതികളിൽ നവീകരണം വരുത്താതെയും ആരാധനകൾ നടത്തിവന്നു. അദ്ദേഹത്തിന്റെ പിതൃവ്യൻ അബ്രഹാം മല്പാൻ നവീകരണ മെത്രാനിൽ നിന്ന് കുർബ്ബാന സ്വീകരിച്ചില്ല. നവീകരിച്ച തക്സാ ഉപയോഗിച്ച് തനിക്കു കുർബ്ബാന നൽകിയാലും പിന്നീട് നവീകരിക്കാത്ത തക്സാ ഉപയോഗിക്കുവാൻ മടിക്കാത്ത സഹോദരപുത്രൻ കൂടിയായ മെത്രാനെ ഒഴിവാക്കി, കൈതയിൽ ഗീവറുഗ്ഗീസ് മല്പാനിൽ നിന്നാണ് അബ്രഹാം മല്പാൻ ഒടുവിൽ വി. കുർബ്ബാന സ്വീകരിച്ചത്. കോതമംഗലം മുത്തപ്പന്റെ പ്രതിമ മാരാമണ്ണ് പള്ളിയിൽ നിന്ന് നീക്കം ചെയ്ത് യൽദോ ബാവായുടെ പെരുനാൾ ആ പള്ളിയിൽ നിർത്തലാക്കിയ മല്പാൻ മലങ്കരയിൽ നവീകരണത്തിന് ശക്തമായ അടിത്തറ പാകി എന്ന സംതൃപ്തിയോടെ മാരാമണ്ണ് പള്ളിയിൽ അന്ത്യവിശ്രമം കൊണ്ടു. നവീകരണചരിത്രത്തിന്റെ ആധികാരിക വക്താവായ കെ. എൻ. ദാനിയേൽ എഴുതുന്നു: "ഏബ്രഹാം മല്പാൻ, കൈതയിൽ ഗീവറുഗ്ഗീസ് മല്പാൻ മുതലായ മഹാന്മാർ മെത്രാപ്പോലീത്തായുടെ വിരോധത്തെയും പലവിധമായ പീഡകളെയും വകവയ്ക്കാതെ തങ്ങളുടെ ഇടവകകളിൽ നവീകരിച്ച തക്സാ 1012 (1837) മുതൽ ഉപയോഗിച്ചുവന്നു. പിന്നീട് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മലങ്കരസഭയുടെ ഭരണം കൈയേറ്റത്തോടുകൂടി നവീകരണത്തിന് പ്രചാരമുണ്ടായി" (*മലങ്കരസഭയും നവീകരണവും*, പു. 38). കുമ്പനാട് മാർത്തോമ്മാ വലിയ പള്ളിയുടെ സുവനീർ പറയുന്നു: "നവീകരണ കർത്താവായ അബ്രഹാം മല്പാനച്ചന്റെ പിൻഗാമിയും മലങ്കര സുറിയാനിസഭയിലെ മുടിചൂടാ മന്നനുമായ മേല്പറഞ്ഞ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ വാഴ്ചയുടെ കാലത്താണ് ഈ ആത്മീയ വ്യാപാരം സഭയിൽ പൊതുവെ ഉണ്ടായത്" (ദ്വിതീയ ശതവത്സരാഘോഷ സ്മാരകഗ്രന്ഥം. പു.16). ഇത്രയും വ്യക്തമായ ഔദ്യോഗിക പ്രസ്താവനകൾ കൺമുമ്പിലിരിക്കെ, മാർ അത്താനാസ്യോസ് നവീകരണാനുകൂലിയല്ല, ഓർത്തഡോക്സ് വിശ്വാസിയായിരുന്നുവെന്ന് വിഫലമായി വിശദീകരിക്കുന്ന ഒരു പുസ്തകം ശ്രീ ജോർജ്ജ് വർഗ്ഗീസ് രചിക്കുകയും ആ ഗ്രന്ഥം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുകയും ചെയ്തത് ഏതോ കറുത്ത മനസ്സിന്റെ പ്രേരണ മൂലമാണെന്നേ പറയാനാവൂ.

1865-ൽ മൂന്നാം പതിപ്പായി മാർ അത്താനാസ്യോസ് പ്രസിദ്ധപ്പെടുത്തിയ നമസ്കാരപ്പുസ്തകത്തിന്റെ വിവർത്തനത്തിൽ നവീകരണത്തിന്റെ ഉദാഹരണങ്ങൾ കാണാം. 'കോട്ടയത്ത് സുറിയാനി സെമിനാരിയിൽ മലങ്കര ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീ

ത്തായുടെ അച്ചുകൂടത്തിൽ അടിക്കപ്പെട്ട" ഈ പുസ്തകം അതിൽ അവകാശപ്പെട്ടതുപോലെ 'സുറിയാനി ക്രിസ്ത്യാനികളുടെ നമസ്കാരപ്പുസ്തകത്തിന്റെ ശരി തർജ്ജിമ" അല്ല. കൗമ്മാപ്രാർത്ഥനയുടെ അന്ത്യത്തിൽ ചൊല്ലുന്ന 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഈ തർജ്ജിമയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഒമ്പതാം മണി നമസ്കാരത്തിൽ മരിച്ചു പോയവരെ ഓർക്കുന്ന 'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ..." എന്നാരംഭിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും വിട്ടുകളഞ്ഞിരിക്കുന്നു. സൂത്താറാ നമസ്കാരത്തിലെ മാർ അപ്രേമിന്റെ രാഗത്തിൽ ചൊല്ലുന്ന ശയന പ്രാർത്ഥനയിൽ

'നിന്നെപ്പെറ്റന്നമ്മയുടെ നിന്നോടുള്ള അപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ തിന്മപ്പെട്ടവനണയരുതേ'

എന്ന വരികൾ തർജ്ജിമയിൽ താഴെ കാണുംപ്രകാരം ഭേദപ്പെടുത്തിയിരിക്കുന്നു:


'കാരുണ്യ ഉടയവനോട് നിനക്കുള്ള അപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ തിന്മപ്പെട്ടവനണയരുതേ'

ആരാധാനക്രമങ്ങൾ മൂലഭാഷയിൽ നിന്ന് സ്വഭാഷയിലേക്ക് വിവർത്തനം ചെയ്ത് കിട്ടിയ ആഹ്ലാദവായ്പിൽ, വിവർത്തനത്തിന്റെ മറപിടിച്ച് നടത്തിയ നവീകരണശ്രമങ്ങളെ പലരും കണ്ടില്ല; കണ്ട പലരും കണ്ടതായി ഭാവിച്ചുമില്ല.

പുലിക്കോട്ടിൽ ഇട്ടൂപ്പ് (ജോസഫ്) കത്തനാർ

1832 ഡിസംബർ 12-ന് കുരിയൻ - താണ്ടമ്മ ദമ്പതികളുടെ മകനായി ജനിച്ച കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ആണ് പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ നവീകരണത്തോട് തുറന്ന യുദ്ധം പ്രഖ്യാപിച്ചത്. വലിയപ്പൻ ഇട്ടൂപ്പ് കത്തനാരിൽ നിന്നും മാതുലൻ കുത്തൂർ കൂറിലോസിൽ നിന്നും യൂയാക്കീം കൂറിലോസ്, സ്തേഫാനോസ് അത്താനാസ്യോസ്, ശെമവൂൻ റമ്പാൻ തുടങ്ങിയവരിൽ നിന്നും വൈദികശിക്ഷണം നേടിയ അദ്ദേഹം നവീകരണ മെത്രാന്റെ നമസ്കാരപ്പുസ്തകത്തെ ചെറുക്കുവാൻ കോഴിക്കോട് കളഹസ്തിയപ്പാ ചെട്ടിയാരുടെ പ്രസ്സിൽ നിന്ന് നവീകരണം കലരാത്ത പ്രാർത്ഥനാ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു (ഈ ക്രമത്തിന്റെ കുറഞ്ഞത് പതിമൂന്ന് പതിപ്പുകളെങ്കിലും സ്വജീവിതകാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ചതിൽ ആറേഴു പതിപ്പുകൾ ഈ ഗ്രന്ഥകാരൻ സൂക്ഷിക്കുന്നു). 1850-കളിൽ ഈ ജോസഫ് കത്തനാർ കുന്നംകുളത്ത് പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിൽ ഒരച്ചടികേന്ദ്രം സ്ഥാപിക്കുകയും അവിടെ

നിന്ന് സുറിയാനി കുർബ്ബാന തക്സാ പ്രസിദ്ധീകരിക്കുകയും ചെയ്തു (കുർബ്ബാന, മാമ്മൂദീസാ, വിവാഹം എന്നീ ക്രമങ്ങൾ ഉൾപ്പെട്ട പ്രസ്തുത തക്സാ ഗ്രന്ഥകാരന്റെ കൈവശം ഉണ്ട്). തലശ്ശേരിയിലെ ജർമ്മൻ മിഷണറിമാരിൽ നിന്ന് വാങ്ങിയ ഈ കല്ലച്ച് പ്രസാണ് പ്രസ്സുകളുടെ നാടായ കുന്നംകുളത്തെ ആദ്യത്തെ പ്രസ്. കേരളത്തിലെ ഒന്നാമത്തെ സുറിയാനി പ്രസ്സും ഇത് തന്നെ. തൊഴിയൂർ പള്ളിക്കേസിൽ നവീകരണ മെത്രാനോട് പരാജയപ്പെട്ടുവെങ്കിലും അദ്ദേഹം നിരാശപ്പെട്ടില്ല. അച്ചടിച്ച നമസ്കാരപ്പുസ്തകങ്ങളും കുർബ്ബാനക്രമവും പ്രചരിക്കുവാൻ മലങ്കരയിലെ പള്ളികൾതോറും സഞ്ചരിച്ച യുവവൈദികനെ മലങ്കരസഭ സകൂതം ശ്രദ്ധിച്ചു. നവീകരണത്തോട് ആഭിമുഖ്യമില്ലാത്ത അനേകം സുറിയാനിക്കാർ എതിർക്കാനാവാതെ നവീകരണ മെത്രാന്റെ കീഴിൽ അനുസരണം ഭാവിച്ചുകൊണ്ട് കഴിയുന്നത് ഈ യാത്രകളിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ശ്രദ്ധിച്ചു. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ കുടുംബക്കാരൻ എന്ന ഖ്യാതി അദ്ദേഹത്തിന്റെ പ്രയത്നങ്ങളെ ലഘൂകരിച്ചു. വടക്കൻ ഇടവകകളിൽ വൈദികരും അത്മായക്കാരുമായ അനേകം പേർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായി. കൊച്ചിയിലും ചാവക്കാട്ടും വ്യാപാരാർത്ഥം വന്നിരുന്ന ഉത്തരേന്ത്യക്കാരിൽ നിന്നും ഹിന്ദുസ്ഥാനിയും വിദേശികളായ ഗുരുക്കന്മാരിൽ നിന്ന് സുറിയാനിയും അറബിയും ചില മിഷണറി സുഹൃത്തുക്കളിൽ നിന്നും ഇംഗ്ലീഷും അദ്ദേഹം പരിചയിച്ചു. 1852 ചിങ്ങം 6-ന് കശ്ശീശാപട്ടമേറ്റ് പഴഞ്ഞി, ചാലിശ്ശേരിപ്പള്ളികളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചു വരുമ്പോൾ ആണ് നവീകരണ മെത്രാച്ചന് രാജകീയ വിളംബരം ലഭിക്കുന്നത്. വിളംബരം വന്നതോടെ ആർത്താറ്റ് - കുന്നംകുളം മഹാ ഇടവകയിലെ പള്ളികളെല്ലാം നവീകരണ മെത്രാന്റെ അധീനതയിലായി. നവീകരണത്തെ ചെറുക്കുവാൻ നാനൂറോളം കുടുംബങ്ങളെ അദ്ദേഹം സജ്ജരാക്കി. കൊച്ചീരാജാവിന്റെ അനുമതിയോടെ കുന്നംകുളം കിഴക്കേ പുത്തൻപള്ളി അദ്ദേഹം സ്ഥാപിച്ച് 1852 വൃശ്ചികം 12 മുതൽ (അന്നായിരുന്നു പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാൾ) അവിടെ പതിവായി ആരാധിച്ച് വന്നു. അനുമതിക്കായി കൊച്ചി രാജാവിന് നൽകിയ അപേക്ഷയിൽ നവീകരണമെത്രാനെ സ്വീകരിക്കുവാൻ വിശ്വാസപരമായി കഴിയാത്തതിനാലാണ് പുതിയ പള്ളിയുടെ ആവശ്യം നേരിട്ടതെന്ന് തുറന്നെഴുതിയിരുന്നു (എം. പി. വർക്കി, പു. 9, 10). പുതിയ പള്ളിയുടെ വിവരമറിഞ്ഞപ്പോൾ നവീകരണ മെത്രാൻ കോപിച്ചു. അവിടെ ദിവ്യകർമ്മങ്ങൾ നടത്തിക്കരുതെന്ന് ദിവാൻ ശങ്കരവാരിയർക്ക് എഴുതി അയച്ചു. ദിവാൻ ഉടനെ ഉത്തരവ് പുറപ്പെടുവിച്ചു. അന്യായമായ ഉത്തരവിനെ ജോസഫ് കത്തനാർ ലംഘിച്ചു. വാദപ്രതിവാദങ്ങൾക്ക് ശേഷം ജോസഫ് കത്തനാരുടെ പ്രവൃത്തി ന്യായമെന്ന് ദിവാൻ വിധിച്ചു (വർക്കി, പു. 10). നിയമ



യുദ്ധത്തിൽ ഗോലിയാത്തിനെ തറപറ്റിച്ച യുവകോമള വൈദികനെ - അഭിനവ ദാവീദിനെ - സഭ ആദരപൂർവ്വം ശ്രദ്ധിച്ചു.

മലങ്കരയിലെ നവീകരണ വ്യഗ്രതയെക്കുറിച്ചും പുതിയ മെത്രാനെ അയച്ചുതരുവാൻ ആവശ്യപ്പെട്ടുകൊണ്ടും അയച്ചിരുന്ന കത്തുകൾക്ക് പാത്രിയർക്കീസ് ഒടുവിൽ മറുപടി അയച്ചു: "... അവിടെ നിന്നും രണ്ടോ മൂന്നോ കശ്ശീശന്മാരെ ഇവിടേയ്ക്ക് പറഞ്ഞയച്ചാൽ ശോധനചെയ്ത് പഠിപ്പിച്ച് മെത്രാന്റെ സ്ഥാനം കൊടുത്തയയ്ക്കുന്നതാകുന്നു" (കണ്ടനാട്ട് ഗ്രന്ഥവരി, പു. 176). ഈ കത്തിന്റെ അടിസ്ഥാനത്തിൽ യൂയാക്കീം കൂറിലോസ് ഒരു യോഗം 1863 ധനു 11-ന് കോട്ടൂർ പള്ളിയിൽ സമ്മേളിച്ച് 'ഇവിടെ നിന്ന് കൊള്ളാകുന്ന പട്ടക്കാർ പോകുന്നതിന് തയാറല്ലാത്തതിനാൽ അവിടെ നിന്ന് രണ്ട് ബാവാമാരെയും പത്ത് റമ്പാന്മാരെയും വേണ്ടുന്ന പുസ്തകങ്ങളും മൂറോനും കൊടുത്ത് അയക്കണമെന്ന്' മറുപടി തയാറാക്കി. മറ്റൊരു മെത്രാന്റെ സാന്നിധ്യം തന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ യൂയാക്കീം കൂറിലോസ് ഇക്കാര്യത്തിൽ വിമുഖനായിരുന്നു. ഈ സമയത്ത് 1038 (1863) മീനം 2-ന് പുലിക്കോട്ടിൽ ജോസഫ് കത്തനാർ കോട്ടൂരെത്തി കൂറിലോസിനെ കണ്ട് കടൽ യാത്രയ്ക്ക് തയാറാണെന്നറിയിച്ചു. ശിഷ്യൻ, ആത്മീയ പുത്രൻ, തൊഴിയൂർ വ്യവഹാരവും വരാപ്പുഴ ആർച്ച് ബിഷപ്പ് തനിക്കെതിരായി നൽകിയ മാനനഷ്ടക്കേസും തനിക്കു വേണ്ടി ഏറ്റെടുത്ത് നടത്തിയ ആൾ എന്നീ നിലകളിലൊക്കെ അഭിനവ മെത്രാൻ-സ്ഥാനാർത്ഥി കൂറിലോസിന് പ്രിയങ്കരനായിരുന്നുവെങ്കിലും സ്വദേശിയും പ്രാപ്തനും ജനസമ്മതനുമായ അദ്ദേഹം മെത്രാനായി വന്നാൽ സ്വന്തം സ്ഥാനത്തിന്റെ പ്രസക്തിയ്ക്കു മങ്ങലേല്ക്കുമെന്ന് അതിബുദ്ധിമാനായ കൂറിലോസ് ഗ്രഹിച്ചു. എങ്കിലും പള്ളിക്കാരുടെ സമ്മർദ്ദം വർദ്ധിച്ചതോടെ അദ്ദേഹം ജനഹിതത്തിന് വഴങ്ങുന്നതായി ഭാവിച്ച് ഇപ്രകാരം പാത്രിയർക്കീസിന് കത്ത് തയ്യാറാക്കി "... കോട്ടൂർ പള്ളിയിൽ പള്ളിക്കാർ കൂടിയ സമയം ഈ കശ്ശീശ പോകുന്നതിനായി എത്തപ്പെട്ടിട്ടില്ലാത്തതിനാലത്രേ ഇപ്രകാരം പള്ളിക്കാർ എഴുതുവാൻ സംഗതി വന്നത്. അതിനാൽ തിരുമുമ്പാകെ ഈ ആൾ വന്നാൽ തിരുമനസ്സുപോലെ ചെയ്യുന്നതിന്

ഒക്കെ എനിക്കും പള്ളിക്കാർക്കും സമ്മതമാകുന്നു. 1864 മീനം 11" (ഗ്രന്ഥവരി, പു. 180). ആർത്താറ്റ്, കുറുപ്പമ്പടി മുതലായ പള്ളിക്കാർ എഴുതിയ കത്തുകളിൽ കൂറിലോസ് ഒപ്പും മുദ്രയും വച്ച് കൊടുത്തയച്ചു. കോട്ടയത്ത് ഇടവഴിക്കൽ പീലിപ്പോസ് കത്തനാരെ കാണുകയോ ശുപാർശകത്ത് സ്വീകരിക്കുകയോ അരുതെന്ന് കൂറിലോസ് നിർദ്ദേശിച്ചു. ശീമയിലെ ബാവാമാർക്കും നാട്ടുകാർക്കും കത്തുകളും പാത്രിയർക്കീസിന് ഏകദേശം 35 രൂപാ തൂക്കം വെള്ളിയിൽ തീർത്ത അംശവടിയും കൂറിലോസ് കൊണ്ടുവന്നിരുന്ന സ്വർണ്ണം പൂശിയ സ്ലീബായും കൊടുത്തയച്ചു (ഗ്രന്ഥവരി, പു. 364).

കുന്നംകുളത്തുകാർ സ്വരൂപിച്ച് നൽകിയ അഞ്ഞൂറ് രൂപായും അങ്കമാലി, അകപ്പറമ്പ്, കുറുപ്പമ്പടി, കോതമംഗലം, കുന്നക്കുരുടി, കടമറ്റം, കോലഞ്ചേരി തുടങ്ങിയ ഇടവകകൾ നൽകിയ സംഭാവനകളുമായി യാത്രയായ ജോസഫ് (ഇട്ടൂപ്പ്) കത്തനാരോടൊപ്പം കണ്ടനാട്ട് മട്ടുമ്മേൽ ഗീവറുഗ്ഗീസ് കത്തനാരും പരിചാരകൻ കുന്നംകുളം കുത്തൂർ താരപ്പനും മർദ്ദീനിലേക്ക് 1863 മേടം 14-ന് കുന്നംകുളത്തു നിന്ന് യാത്രയായി (രസകരവും ഭാവതീവ്രവും സംഭവബഹുലവും ഉദ്വേഗപൂർണ്ണവുമായ ഈ സാഹസികയാത്രയുടെ വിവരണം 'ഒരു പരദേശയാത്രയുടെ കഥ' എന്ന പേരിൽ അദ്ദേഹം എഴുതിയത് 1902-ൽ അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ ഭാഗമായി എം. പി. വർക്കിയും സ്വതന്ത്രകൃതിയായി 2003-ൽ ഈ ഗ്രന്ഥകാരനും പ്രസിദ്ധീകരിച്ചു. മലയാളത്തിലെ യാത്രാവിവരണ സാഹിത്യ ശാഖയിലെ രണ്ടാമത്തെ കൃതിയായ ഇതിന്റെ പ്രചോദനവും മാതൃകയും സ്വീകരിച്ചാണ് അദ്ദേഹത്തിന്റെ ശിഷ്യൻ പരുമല മാർ ഗ്രീഗോറിയോസ് ഊർശ്ലേം യാത്ര എന്ന കൃതി രചിച്ചിട്ടുള്ളത്).

സ്വദേശിയായ ഒരു മെത്രാൻ വാഴിക്കപ്പെടരുത് എന്ന് നിർബ്ബന്ധമുള്ള കൂറിലോസ് മെത്രാൻ സ്വന്തമായും പള്ളികളും വ്യക്തികളും മുഖേനയും പാത്രിയർക്കീസ് ബാവായ്ക്ക് കൊടുത്തയച്ച കത്തുകളിൽ മെത്രാൻ സ്ഥാനാർത്ഥിയ്ക്ക് പ്രതികൂലമായ പല പരാമർശങ്ങളുമുണ്ടായിരുന്നെങ്കിലും തൽസംബന്ധമായ പരിശോധനകൾക്ക് നിയോഗിക്കപ്പെട്ട കമ്മിറ്റി സ്ഥാനാർത്ഥി യോഗ്യനെന്ന് സംശയാതീതമായി അഭിപ്രായപ്പെട്ടതിനാൽ 1864 മേടം 25-ന് അദ്ദേഹത്തെ റമ്പാനായും 26 ന് മെത്രാനായും സ്ഥാനം നൽകി. അർമ്മീനിയൻ മെത്രാനും മർദ്ദീനിലെ മെത്രാനും ബാവായോടൊപ്പം സ്ഥാനാഭിഷേകത്തിൽ പങ്കെടുക്കുകയും സുസ്താത്തിക്കോനിൽ ഒപ്പുവയ്ക്കുകയും ചെയ്തു (യാക്കോബ് ദ്വിതീയൻ ബാവാ നൽകിയതും കോനാട്ട് മാത്തൻ ശെമ്മാശൻ - പിന്നീട് മലങ്കര മല്പാൻ മാത്തൻ കോറി - വിവർത്തനം ചെയ്തതുമായ സുസ്താത്തിക്കോന്റെ പൂർണ്ണരൂപം ഈ ഗ്രന്ഥകാരൻ എഴുതിയ 'മലങ്കരയുടെ മഹാനായ മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രത്തിന്റെ 47-53 വരെ പുറങ്ങളിൽ കാണുക).

നവാഭിഷിക്തനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1865 ചിങ്ങം 24 ന് കൊച്ചിയിലെത്തി. അദ്ദേഹത്തെ സ്വീകരിക്കുവാൻ പോയ കരോട്ടുവീട്ടിൽ ശെമവൂൻ കോറി കണ്ടനാട്ട് ഗ്രന്ഥവരിയിൽ എഴുതുന്നു: "പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള കസവു കാപ്പാ മുതലായതും സ്ലീബായും കുരിശും മൂറോനും വടിയും മാർ കൗമ്മായുടെയും മാർ യാക്കൂബ് ബുർദ്ദാനയുടേയും മാർ യാക്കോബ് മപസ്ക്കൊയുടെയും... അസ്ഥികളും മലയാളമൊക്കെ ഭരിപ്പാനായി കൊടുത്തിട്ടുള്ള സുസ്താത്തിക്കോനും എന്നെ കാണിച്ച് സന്തോഷമായിരിക്കയാൽ 25-ാം തീയ്യതി വൈകുന്ന സമയം അദ്ദേഹത്തിന്റെ എതിരേല്പിനായി കുന്നംകുളത്തു നിന്നും പനക്കൽ കാക്കു കത്തനാരച്ചൻ പനക്കൽ ഇയ്യപ്പൻ മുതലായ ഏതാനും പേരും വരികയും...."

പുതിയ മെത്രാന്റെ വരവിൽ അസന്തുഷ്ടനായ കൂറിലോസ്, അങ്കമാലി, കണ്ടനാട്, കോതമംഗലം, മുളന്തുരുത്തി എന്നീ പ്രബല ഇടവകകളെ സ്വാധീനിച്ചു. പൊതു ശത്രുവിനെ സഭ തല്ക്കാലത്തേങ്കിലും മറന്നു. അത്താനാസ്യോസിന്റെ ഗ്രൂപ്പ്, കൂറിലോസിന്റെ ഗ്രൂപ്പ്, പുതിയ മെത്രാൻ ദീവന്നാസ്യോസിന്റെ ഗ്രൂപ്പ് എന്നിങ്ങനെ സഭ ത്രിമുഖ സംഘമായി. അനുരഞ്ജനകലയുടെ മാന്ത്രികൻ ആയ പുലിക്കോട്ടിൽ മെത്രാച്ചൻ നയം കൊണ്ടും സ്നേഹം കൊണ്ടും പാളയത്തിലെ പടയെ സാന്ത്വനിപ്പിച്ചു. നവീകരണ മെത്രാനെതിരായി നടപടികൾ ആരംഭിച്ചു; ഹർജികൾ അയച്ചു. ദിവാനുമായി അഭിമുഖ സംഭാഷണം നടത്തി. ഒന്നും വേണ്ടത്ര പ്രയോജനപ്രദമാകാഞ്ഞതിനാൽ 1869 ഫെബ്രുവരി 3 ന് മദിരാശിയിൽ ബാരിസ്റ്റർ മോയിൻ സായിപ്പ് മുഖേന ഗവർണ്ണർക്ക് ദീർഘമായ ഒരു സങ്കടഹർജി ബോധിപ്പിച്ചു (ഹർജിയുടെ പൂർണ്ണരൂപത്തിന് മലങ്കരസഭ: ചരിത്രവും സംസ്കാരവും, പു. 644-650 കാണുക).

ഹർജിക്ക് ഇപ്രകാരം മറുപടി ലഭിച്ചു: "ഹർജിയിൽ കാണിച്ചിരിക്കുന്ന കാര്യങ്ങളിൽ ഗവണ്മെന്റ് പ്രവേശിക്കുന്നതല്ല. ഈ സംഗതി ഇടപെട്ട കാര്യങ്ങളിൽ ബ്രിട്ടീഷ് റസിഡന്റ് തന്നിട്ടുള്ള കല്പനയെ സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്ന് അറിഞ്ഞുകൊള്ളണം" (കണ്ടനാട്ട് *ഗ്രന്ഥവരി,* പു. 249).

പാത്രിയർക്കീസിന്റെ പിന്തുണ മറുഭാഗം ആർജിച്ചു എന്ന് സംശയാതീതമായി ബോധ്യമായപ്പോൾ പാലക്കുന്നത്ത് മെത്രാച്ചൻ പരസ്യമായി നിലപാടുകളും മുൻ അഭിപ്രായങ്ങളും ഭേദപ്പെടുത്തി. പാത്രിയർക്കീസിന് മലങ്കരയിൽ കാര്യമില്ലെന്നും മെത്രാന്മാരെ വാഴിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യമോ അനുവാദമോ ആവശ്യമില്ലെന്നും അദ്ദേഹം പ്രസ്താവിപ്പാൻ തുടങ്ങുകയും 1868 ഇടവം 9-ന് (സ്വർഗ്ഗാരോഹണപ്പെരുന്നാൾ) തന്റെ ചിറ്റപ്പന്റെ മകൻ പാലക്കുന്നത്ത് തോമസ് കത്ത

നാരെ കോട്ടയം സെമിനാരി ചാപ്പലിൽ വച്ച് റമ്പാനാക്കുകയും ചെയ്തു. 19-ന് പെന്തിക്കോസ്തിയിൽ പാലക്കുന്നത്ത് മെത്രാച്ചനും തൊഴിയൂരിലെ ആലത്തുക്കാരൻ മെത്രാച്ചനും ചേർന്ന് റമ്പാനെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അതിനുശേഷം പാലക്കുന്നത്ത് വലിയമെത്രാച്ചൻ സ്വയം പാത്രിയർക്കീസ് എന്ന് വിശേഷിപ്പിച്ചു. കൊച്ചുമെത്രാച്ചനും ആലത്തൂക്കാരൻ മെത്രാച്ചനും ചേർന്ന് അദ്ദേഹത്തെ പാത്രിയർക്കീസായി അവരോധിക്കുമെന്ന് അക്കാലത്ത് ഒരു ശ്രുതി പരന്നു (*ഗ്രന്ഥവരി,* പു. 229).

പുലിക്കോട്ടിൽ മെത്രാച്ചനെ അംഗീകരിക്കാതെയും അദ്ദേഹത്തെ പഴിച്ചുകൊണ്ടും ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയ കൂറിലോസിനെ ശാസിച്ചു കൊണ്ട് പാത്രിയർക്കീസ് കല്പന അയച്ചതായും തുടർന്ന് കൂറിലോസ് ഒതുങ്ങിയതായും ഗ്രന്ഥവരിയിൽ കാണുന്നു (പു. 236).

വർഷങ്ങളായി മുടങ്ങിക്കിടന്ന വട്ടിപ്പണപ്പലിശ 35000 രൂപ പുലിക്കോട്ടിൽ മെത്രാച്ചന്റെ തടസവാദം അവഗണിച്ചുകൊണ്ട് പാലക്കുന്നത്തു മെത്രാച്ചനും കൂട്ടുട്രസ്റ്റികളും വാങ്ങി.

1870-ൽ പുലിക്കോട്ടിൽ മെത്രാച്ചൻ കൊച്ചിയിൽ സെന്റ് തോമസ് പ്രസ് എന്ന പേരിൽ ഒരു അച്ചുകൂടം സ്ഥാപിച്ചു. 'മലയാളത്തിലും സുറിയാനിയിലും ദുർല്ലഭമായി ഇംഗ്ലീഷിലും അച്ചടിവേലകൾ ചെയ്തുവരുന്നത് കൂടാതെ പരജനങ്ങൾക്കു വിദ്യയും നാഗരികതയും അഭിവൃദ്ധിയായി വരുവാൻ വേണ്ടി 'കേരളപതാക' എന്ന നാമധേയമായി ഒരു വർത്തമാനപത്രിക കൊല്ലം 1048-ാമാണ്ട് (1872) ചിങ്ങം 1-ാം തീയതി മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുവരുന്നു' (*ഗ്രന്ഥവരി*).

സഭയ്ക്ക് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുവാൻ ഏർപ്പാടാക്കിയ കർമ്മനിരതനും ക്രാന്തദർശിയുമായ പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കരയിൽ ദയറാ പ്രസ്ഥാനം ആരംഭിക്കുവാൻ നിശ്ചയിച്ചു. മർദ്ദീൻ യാത്രയിൽ കണ്ട ദയറാകൾ മാതൃകാപരമായി മനസ്സിൽ ഉണ്ടായിരുന്നു. വളരെ അന്വേഷണങ്ങൾക്കു ശേഷം ദയറാ പ്രസ്ഥാനത്തിന്റെ അധിപൻ ആകുവാൻ അനുയോജ്യനായ ഒരു വൈദികനെ അദ്ദേഹം കണ്ടെത്തി. സ്വശിഷ്യനും മുളന്തുരുത്തി സ്വദേശിയുമായ ചാത്തുരുത്തിൽ ഗീവറുഗീസ് കശ്ശീശായെയാണ് അദ്ദേഹം കണ്ടെത്തിയത്. 'മശിഹാകാലം 1872 മീന മാസം 26-ാം തീയതി ഞായറാഴ്ച മുളന്തുരുത്തിയിൽ വച്ച് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കണ്ടനാട്ട് പള്ളിപ്പുറത്തുകാരൻ കല്ലറക്കൽ എന്നും മുളന്തുരുത്തിൽ കരപുള്ളിൽ എന്നും പള്ളത്തട്ടേൽ എന്നും തറവാട്ടുപേരും സാധാരണയായി ചാത്തുരുത്തിൽ എന്ന് വിളിച്ചുവരുന്ന കോറി ഗീവറുഗീസ് കഹനായ്ക്ക് റമ്പത്വം കൊടുത്തു. ഈ സ്ഥാനം

കൊടുത്തത് അദ്ദേഹത്തിന്റെ പൂർണ്ണ മനസ്സാലും ആഗ്രഹത്തിൻ പേരിൽ മെത്രാപ്പോലീത്താ ചെയ്തതാകുന്നു' (*ഗ്രന്ഥവരി,* പു. 319). മുളന്തുരുത്തിയ്ക്കടുത്തുള്ള വെട്ടിക്കൽ കുരിശുപള്ളി കെട്ടിടത്തിൽ പുതിയ റമ്പാനെ ചുമതലപ്പെടുത്തി.

പനക്കൽ ഐപ്പുരുവിന്റെ പണ്ടകശാലയിൽ (കൊച്ചിക്കോട്ടയിലെ) സ്ഥാപിതമായ സെന്റ് തോമസ് അച്ചുകൂടവും അവിടെനിന്ന് പുറപ്പെട്ട കേരള പതാകയും മലങ്കരസഭയുടെ സാംസ്കാരിക മുഖത്തിന്റെ രണ്ട് ശക്തി സ്രോതസ്സുകളായി. ആംഗ്ലേയ മിഷണറിമാരെ മാറ്റിനിർത്തിയാൽ കേരളത്തിലെ ആദ്യത്തെ അച്ചടിശാലയും ആദ്യത്തെ പത്രവും പുറപ്പെടുവിച്ചതിന്റെ ബഹുമതി സുറിയാനി സമുദായത്തിനാണ്. അതുപോലെ വെട്ടിക്കൽ ദയറാ ഒന്നാമത്തെ ആശ്രമമായി. ചാത്തുരുത്തി റമ്പാന്റെ നേതൃത്വത്തിൽ മൂക്കഞ്ചേരി ഗീവറുഗീസ് റമ്പാൻ തുടങ്ങി ഒരു സംഘം ദയറാക്കാരെ പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാനം കൊടുത്ത് നിയമിച്ചു. ഈ പ്രവർത്തനങ്ങൾ അഭൂതപൂർവവും നവോന്മേഷദായകങ്ങളുമായിരുന്നു. യുദ്ധകാലാവസ്ഥയിൽ ജീവിക്കുകയും യുദ്ധത്തിൽ സർവസൈന്യാധിപനായി പോരാടേണ്ടി വരികയും ചെയ്ത അദ്ദേഹം സഭയുടെ കെടുതികൾക്ക് മുൻഗാമികളെ കുറ്റപ്പെടുത്തിയില്ല. പ്രശ്നങ്ങളൊക്കെ അവസാനിച്ച ശേഷം സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി കാര്യങ്ങൾ നീട്ടിവച്ചില്ല. ഇടയബോധം തന്നിൽ വിശ്വാസപൂർവം ഏല്പിച്ച ദൗത്യങ്ങളെ നിറവേറ്റാനുള്ള കർമ്മസരണികൾ ത്യാഗപൂർവ്വം, ക്ഷമാപൂർവം വെട്ടിത്തുറക്കുകയാണ് ചെയ്തത്.

'ജീവിതം എനിയ്ക്കൊരു ചൂളയായിരുന്നപ്പോൾ
ഭൂവിനാ വെളിച്ചത്താൽ വെണ്മ ഞാനുളവാക്കി' എന്ന ജീയുടെ വരികൾ പുലിക്കോട്ടിൽ മെത്രാച്ചന്റെ കർമ്മനിരതമായ ജീവിതത്തെ സത്യസന്ധമായി ഉപന്യസിക്കുന്നു.

ശീമയിൽനിന്ന് വന്ന സ്തേഫാനോസ് അത്താനാസ്യോസ്, ശെമവൂൻ റമ്പാൻ എന്നിവരുടെ നേതൃത്വത്തിൽ ആർത്താറ്റ് പള്ളിയിലെ സെഹിയോൻ ബംഗ്ലാവിൽ അദ്ദേഹം ആരംഭിച്ച പ്രാദേശിക സെമിനാരി നിലച്ചുപോയിരുന്നു. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലുമായി. വെട്ടിക്കൽ ദയറാ ഒരു സെമിനാരിയായി പ്രവർത്തിക്കുവാൻ അദ്ദേഹം നേതൃത്വം നൽകി. മുളന്തുരുത്തി ഇടവകയുടെ സംരക്ഷണയിൽ ആ കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കി. തെക്കൻ ദിക്കിലും അത്തരമൊരു ശക്തികേന്ദ്രം അദ്ദേഹം ആഗ്രഹിച്ചു; തൽഫലമായി മാവേലിക്കരയിൽ തഴക്കര സെമിനാരി അദ്ദേഹം ആരംഭിച്ചു. എന്നാൽ ആ സ്ഥാപനം പൊതുസഭയുടെ ചുമതലയിൽ വിട്ടുകിട്ടായ്കയാൽ അവിടുത്തെ പ്രവർത്തനം തുടരാനായില്ല. മറ്റൊരു കേന്ദ്രത്തിനായി അന്വേഷണം തുടർന്നു.

അന്വേഷണകഥ കണ്ടനാട് ഗ്രന്ഥവരിയിൽ നിന്ന് സംഗ്രഹിക്കാം: 1042 മീനത്തിൽ (1867) കോട്ടയത്തിന് തെക്കുള്ള പള്ളികളിൽ സന്ദർശനം നടത്തിയപ്പോൾ പല പള്ളികളിലും അനുഷ്ഠാനക്രമങ്ങളിലും ആചാര ക്രമങ്ങളിലും തെറ്റുകൾ കണ്ടു. നവീകരണക്കാരുടെ നേതൃത്വത്തിൽ വൈദിക സെമിനാരി അപകടകരമായ ദിശയിലേക്ക് പ്രയാണം ചെയ്യുന്നു എന്ന് ബോദ്ധ്യമായി. തെക്കൻ പ്രദേശങ്ങളിൽ ഒരു പുതിയ സെമിനാരി എന്ന ആശയം മനസ്സിലുദിച്ചു. തിരുവല്ലായിൽ മാന്നാർ അരികുപുറത്ത് മാത്തൻ സ്ഥലം പരുമലയിൽ ദാനം ചെയ്തു. കെട്ടിടം പണിക്ക് തന്റെ പത്തായപ്പുര പൊളിച്ചുനൽകുകയും ചെയ്തു (പു. 325). സെമിനാരിയിൽ പള്ളിപണിയാൻ സർക്കാരിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറയ്ക്ക് അത് നിർവഹിക്കണമെന്ന് നിരണം തുടങ്ങിയ ഏതാനും ഇടവകകളും സമ്മ തിച്ചു. വെട്ടിക്കൽ ദയറായിൽനിന്ന് ചാത്തുരുത്തി റമ്പാച്ചനെ വരുത്തി പരുമല സെമിനാരിയുടെ ചുമതല ഏല്പിച്ചു. സെമിനാരിപ്പണിയും വൈദിക വിദ്യാഭ്യാസവും അവിടെ ഏകകാലത്ത് നടത്താനായി. ഈ യാത്രയിൽ നവീകരണത്തോട് എതിർപ്പുള്ള ഏതാനും പള്ളികളെ സംഘടിപ്പിക്കുവാനും പുലിക്കോട്ടിൽ മെത്രാച്ചൻ സമയം കണ്ടെത്തി.

മലങ്കരയുടെ തെക്കും വടക്കും സഞ്ചരിച്ച് നവീകരണത്തോട് ചെറുക്കു വാൻ തയാറുള്ളവരെ കണ്ടെത്തി സംഘടിപ്പിച്ചശേഷം അദ്ദേഹം അന ന്തര നടപടികളിലേക്ക് നീങ്ങി. അതിനായി സഭയുടെ ഒരു സുന്നഹദോസ് അദ്ദേഹം പരുമല സെമിനാരിയിൽ 1873-ൽ വിളിച്ചു ചേർത്തു.

1873-ലെ പരുമല സുന്നഹദോസ്

1873 ചിങ്ങം 27-ന് ചേർന്ന പരുമല യോഗത്തിൽ 80 ലധികം പള്ളിക ളുടെ പ്രതിനിധികൾ പങ്കെടുത്തു. യൂയാക്കിം കൂറിലോസ് ആധ്യക്ഷം വഹിച്ചു. പുലിക്കോട്ടിൽ മെത്രാച്ചൻ നിർദ്ദേശിച്ച ദിശയിൽ താഴെ പറ യുന്ന തീരുമാനങ്ങൾ സ്വീകരിച്ചു. അവയുടെ സംഗ്രഹം കണ്ടനാട്ട് ഗ്രന്ഥ വരിയിൽ നിന്ന് സംഗ്രഹിച്ച് ചേർക്കുന്നു (പൂർണ്ണരൂപത്തിന് *മലങ്കരസഭ: ചരിത്രവും സംസ്കാരവും* കാണുക. പു. 657-669).

1. പാലക്കുന്നത്ത് മെത്രാച്ചനെ അനുനയിപ്പിക്കുവാൻ ഒരു ഉപസമി തിയെ ചുമതലപ്പെടുത്തുന്നു. ആ യത്നം പരാജയപ്പെട്ടാൽ പുലിക്കോ ട്ടിൽ മെത്രാച്ചന് വിളംബരം ലഭിക്കുവാൻ കൂട്ടായി ശ്രമിക്കുകയും വേണം.

2. മെത്രാന്മാരുടെ ഏകനായകശക്തി സഭയ്ക്ക് ഗുണകരമല്ല. സഭാഭര ണത്തിന് മെത്രാനും പട്ടക്കാരനും അയ്മേനിയും ചേർന്ന ഒരു സംഘം സഭാഭരണത്തിനായി രൂപവത്ക്കരിക്കപ്പെടണം. ആ അസോസ്യേഷന് കൃത്യവും നിർവചിക്കപ്പെട്ടതുമായ രൂപഭാവങ്ങളും അധികാരപരിധികളും ഉണ്ടായിരിക്കണം.

3. എല്ലാ പള്ളികളും അതിൽ മെമ്പർമാർ ആകണം. പള്ളിയുടെ ഫീസ് വാങ്ങി വികാരിയെ മെമ്പർ ആക്കണം.

4. മെമ്പർമാരുടെ അംഗത്വഫീസ് കൂടാതെ അംഗങ്ങൾക്ക് ക്ലാസ് തിരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന വരുമാനവും ചേർത്തു സമുദായത്തിന് ഒരു പൊതുഫണ്ട് സ്വരൂപിക്കേണ്ടതാണ്.

5. അസോസ്യേഷന്റെ ആലോചനാ സമിതിയായും കാര്യങ്ങൾ നടത്തുന്നതിനായും നാലു പട്ടക്കാരും എട്ട് അയ്മേനികളും അടങ്ങുന്ന ഒരു കമ്മിറ്റി തെരഞ്ഞെടുക്കപ്പെടണം.

6. കമ്മിറ്റി നിശ്ചയിക്കുന്ന ഒരാൾ സിക്രട്ടറിയും മറ്റൊരാൾ ഖജാൻജിയും ആവണം. എഴുത്തുകുത്തുകൾക്കും കണക്കുകൾക്കും പ്രമാണ സൂക്ഷിപ്പിനും സിക്രട്ടറിയും പണച്ചുമതലയ്ക്കു ഖജാൻജിയും ബാദ്ധ്യതപ്പെട്ടിരിക്കണം.

7. പ്രധാന സംഗതികൾക്ക് സമിതി അസോസ്യേഷന്റെ അനുമതി വാങ്ങിച്ചിരിക്കണം.

8. പള്ളി സംബന്ധവും സഭാ സംബന്ധവുമായ വ്യവഹാരങ്ങൾ ഈ കമ്മിറ്റി നടത്തണം.

9. വിദ്യാലയങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ ആരംഭിച്ച് നടത്തുവാൻ ഈ കമ്മിറ്റിയ്ക്ക് ചുമതലയുണ്ട്.

10. എല്ലാ ഇടവകകളിലും സ്ത്രീ പുരുഷഭേദമെന്യേ പഠിക്കുവാൻ പഠിത്തവീടുകൾ കമ്മിറ്റി ഏർപ്പെടുത്തണം.

11. പള്ളികളുടെ റിപ്പയർ, പുതിയ പള്ളികളുടെ സ്ഥാപനം, സ്കൂളുകൾ എന്നിവയ്ക്ക് ആവശ്യമെങ്കിൽ തക്ക ഉറപ്പുകൾ വാങ്ങി പൊതുഫണ്ടിൽ നിന്ന് ചെലവിട്ട് ക്രമശ്ശഃ കമ്മിറ്റി വസൂലാക്കണം.

12. ഇടവകകളിലെ സ്ഥാവര - ജംഗമസ്വത്തുക്കളുടെ പട്ടിക തയാറാക്കി കൈക്കാരന്മാരും വികാരിമാരും ഒപ്പിട്ട് മെത്രാച്ചനും കമ്മിറ്റിക്കാർക്കും കൊടുക്കണം. കണക്കുകളുടെ തെരട്ടുകൾ അപ്രകാരം തന്നെ ചെയ്യണം.

13. വിദ്യാഭ്യാസ പ്രചാരണം, ബാലവിവാഹം പോലെയുള്ള പതിവുകൾ റദ്ദാക്കൽ, മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം ഇവയുടെ രജിസ്റ്ററുകൾ തയാറാക്കൽ എന്നിവയ്ക്ക് കമ്മിറ്റി മെത്രാച്ചൻ വഴി വികാരിമാരെ ചട്ടം കെട്ടണം.

14. സഭയിലും വെളിയിലും സുവിശേഷവേല നടത്തുവാൻ പ്രാപ്തരായ വൈദികരെ ശമ്പളം കൊടുത്ത് നിയമിക്കണം.

15. കാനോനുകളുടെ വിവർത്തനം, നടപടിക്രമങ്ങൾ, വേദവ്യാഖ്യാനം, ചരിത്രം തുടങ്ങിയ പുസ്തകങ്ങൾ കാലാനുസൃതമായി ഉണ്ടാക്കണം.

16. അസോസ്യേഷൻ മെത്രാൻ സ്ഥാനാർത്ഥികളെ മുൻകൂട്ടി തെരഞ്ഞെടുത്ത് പരിശീലനത്തിന് ഏർപ്പാടാക്കണം.

17. മെത്രാച്ചനും, അസോസ്യേഷനും സമ്മതനായ ഒരാൾ അർക്കദിയാക്കോൻ എന്ന നിലയിൽ മെത്രാച്ചന്റെ സഹായി ആയിരിക്കണം.

18. മെത്രാച്ചന്മാരുടെ ചെലവ് സമുദായം വഹിക്കണം; വരുമാനം കുടുംബക്കാർക്ക് കൊടുക്കരുത്, കൂദാശകൾക്ക് പ്രതിഫലമായി പണം വാങ്ങരുത്. മറിച്ച് ചെയ്താൽ നടപടികൾക്ക് ഏർപ്പാടാക്കാം.

19. പള്ളിയുടെയും സമുദായത്തിന്റെയും കണക്കുകൾ ഉൾപ്പെടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം. റീശീസാ ആറു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആണ്ടുതോറും പിരിച്ച് അന്ത്യോഖ്യാ സിംഹാസനത്തിലേക്കയക്കണം.

20. വികാരിമാരും ഇടവകയോഗവും കമ്മിറ്റിക്കാരും മല്പാന്മാരും സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ വൈദികവിദ്യാർത്ഥികൾക്ക് പട്ടം കൊടുക്കാവൂ.

21. കാലോചിത നിയമങ്ങൾ ആവശ്യാനുസരണം ഉണ്ടാക്കുവാൻ കമ്മിറ്റിക്ക് സ്വാതന്ത്ര്യം നൽകുന്നു.

22. കമ്മിറ്റിക്കാർ കുറ്റം ചെയ്താൽ വിചാരണ ചെയ്ത് അവരെ പുറത്താക്കി പകരം ആളെ നിയമിക്കുവാൻ അസോസ്യേഷന് അധികാരം ഉണ്ടായിരിക്കും.

23. മെത്രാന്മാരെ യോജിപ്പിക്കാനുള്ള ഡപ്യൂട്ടേഷൻ ഈ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ നിയമിക്കപ്പെടണം.

24. ഈ നിശ്ചയങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിപ്പിച്ച് പ്രസിദ്ധം ചെയ്യുകയും അതിന്റെ പ്രതികൾ രാജാക്കന്മാർക്കും റസിഡണ്ടിനും അയച്ചുകൊടുക്കുകയും അസോസ്യേഷനെ സ്ഥിരപ്പെടുത്തിത്തരുവാൻ അപേക്ഷിക്കുകയും വേണം.

25. ആറുമാസത്തിനകം മെമ്പർമാരെ മുഴുവൻ ചേർത്ത് ഫീസ് നിശ്ചയിച്ച് കാര്യങ്ങളെ വ്യവസ്ഥപ്പെടുത്തുകയും ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

26. പരുമല പഠിത്തവീടിന് സ്ഥലം കൊടുത്ത മാത്തനോടും മറ്റ് ഗണ്യമായി സംഭാവന ചെയ്യുന്നവരെയും അടുത്തയോഗത്തിൽ നന്ദി അറിയിപ്പാൻ അവരുടെ പൂർണ്ണ ലിസ്റ്റ് തയാറാക്കണം.

27. അദ്ധ്യക്ഷൻ മാർ കൂറിലോസിനോട് യോഗം നന്ദി രേഖപ്പെടുത്തുന്നു.

യോഗത്തിൽ പങ്കെടുത്ത എം. പി. വർക്കി 1902, 1903 എന്നീ വർഷങ്ങളിൽ എഴുതിയ മാർ ദീവന്നാസ്യോസ്, മാർ ഗ്രീഗോറിയോസ് എന്നിവരുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയ സമകാല സാക്ഷ്യവും പ്രസക്തമാണ്: “സുറിയാനിക്കാരുടെ മതസ്വാതന്ത്ര്യത്തെ തടയുന്നതും മാർ അത്താനാസ്യോസിനെ അന്യായമായി അനുകൂലിക്കുന്നതുമായ തിരുവെഴുത്ത് വിളംബരത്തെ അസ്ഥിരപ്പെടുത്തുന്നതിനും മാർ അത്താനാസ്യോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് മുടക്കിയ കല്പനയെ ഫലിപ്പിക്കുന്നതിനും ബാവായുടെ ആഗമനം കൊണ്ടേ സാധിക്കുകയുള്ളു എന്ന് കണ്ട്, അവിടുന്ന് മലയാളത്തേക്ക് പുറപ്പെടണമെന്ന് നമ്മുടെ കഥാനായകൻ മുഖാന്തിരം മലങ്കര സുറിയാനിക്കാർ സമർപ്പിച്ച ഹർജിയുടെ യുക്തിയുക്തത ബാവായ്ക്ക് ബോദ്ധ്യമായി” (*മാർ ദീവന്നാസ്യോസ്*, പു. 121).

“..... ഈ വക പ്രവൃത്തികൾ സഫലങ്ങളാകാഞ്ഞതിനാൽ എന്തൊക്കെയാണ് ഇനി വേണ്ടതെന്ന് മെത്രാപ്പോലീത്താ അവർകളുടെ ഉത്സാഹത്താൽ .... പരുമലെ മലങ്കര ഇടവകജനങ്ങളുടെ ഒരു മഹായോഗം കൂടി. ഇതിൽ ഗീവറുഗീസ് റമ്പാൻ (ചാത്തുരുത്തിൽ) വലിയൊരുത്സാഹിയും മാർ ദീവന്നാസ്യോസിന് ഉത്തമനായ സഹായിയും ആയിരുന്നു. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മലയാളത്തേയ്ക്ക് നീങ്ങണമെന്ന് ഒരപേക്ഷ അയയ്ക്കുന്നതിന് യോഗത്തിൽ തീർച്ചയാക്കി (*മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ*, പു. 26).

1873 ചിങ്ങം 27-ന് പരുമലയിൽ ചേർന്ന സുന്നഹദോസിൽ വച്ച് ക്രമീകരിക്കപ്പെട്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ആദ്യയോഗം ധനു 26-ന് ചേർന്നു. യൂയാക്കീം മാർ കൂറിലോസിന്റെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ സഹോദരൻ മക്കുദിശാ ഗബ്രിയേൽ ആധ്യക്ഷം വഹിച്ചു.

കോനാട്ട് ഗീവറുഗീസ് മല്പാൻ, പനക്കൽ യാക്കോബ് കത്തനാർ, എളന്തുരുത്തിൽ പീലിപ്പോസ് കത്തനാർ, വെളിയത്ത് കോറെപ്പിസ്കോപ്പാ, എന്നീ നാലു വൈദികരെയും പനക്കൽ ഐപ്പൂരു, മല്ക്കി മക്കുദിശാ ഗബ്രിയേൽ, കല്ലറക്കൽ കോര, കുന്നുംപുറത്ത് കോര കുര്യൻ, അറക്കപ്പറമ്പിൽ യാക്കോബ്, ചിറക്കടവിൽ കൊച്ചുകോരുള, കളപ്പുരയ്ക്കൽ യാക്കോബ്, പുത്തൻവീട്ടിൽ കോശി കൊച്ചുകോശി, പുതുപ്പള്ളി ഗീവറുഗീസ് എന്നിവരെ പ്രഥമ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി തെരഞ്ഞെടുത്തു. സിക്രട്ടറി ആയി കോര കുര്യനെയും സുറിയാനി സിക്രട്ടറിയായി എടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പായെയും യോഗം നിശ്ചയിച്ചു.

1874 ചിങ്ങം 20–ന് യൂയാക്കീം മാർ കൂറിലോസ് അന്തരിച്ചു; 22–ന് മുളന്തുരുത്തിയിൽ കബറടക്കി.

പത്രോസ് തൃതീയൻ

1873–ലെ പരുമല സുന്നഹദോസിന്റെ അപേക്ഷപ്രകാരം 74–ാം വയസ്സിൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് കോൺസ്റ്റാന്റിനോപ്പിളിൽ തുർക്കി സുൽത്താനെ കണ്ട് ലണ്ടൻ വഴി മലങ്കരയിലേക്ക് പുറപ്പെട്ടു. യാത്രയുടെ പുരോഗതി അറിയിച്ചുകൊണ്ടും യാത്രച്ചിലവിനുള്ള പണം ആവശ്യപ്പെട്ടുകൊണ്ടും പാത്രിയർക്കീസ് മലങ്കരയിലേക്കയച്ച കത്തുകളും കമ്പികളും കണ്ടനാട് ഗ്രന്ഥവരിയുടെ 418 മുതൽ 440 വരെ പുറങ്ങളിൽ കാണുന്നുണ്ട്. രണ്ടു തവണയായി അഞ്ഞൂറ് പവൻ ഇക്കാര്യത്തിന് ലണ്ടനിലേക്കയച്ചതായി ശ്രീ. വർക്കി രേഖപ്പെടുത്തിയിട്ടുണ്ട് (*മാർ ദീവന്നാസ്യോസ്*, പു. 121).

യാത്രച്ചിലവെത്തിക്കാൻ ആവശ്യപ്പെട്ട് പുലിക്കോട്ടിൽ മെത്രാച്ചൻ പള്ളികൾക്കയച്ച പൊതു കല്പനയെ തുടർന്ന് കുറുപ്പമ്പടിപ്പള്ളിയിൽ നിന്ന് സാരമായ ഒരു തുക അയച്ചതായി ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ *കുറുപ്പമ്പടി പള്ളിചരിത്ര*ത്തിൽ (പു. 172) രേഖപ്പെടുത്തിയിട്ടുണ്ട്.

1875 ഇടവം 10–ന് ബാവാ ബോംബെയിലും ഊട്ടിയിൽ ഗവർണർ വില്യം റോബിൻസൺ സായിപ്പിനെ സന്ദർശിച്ച് ആവശ്യമായ ശുപാർശക്കത്തുകളോടെ ഇടവം 28 ന് (29 ന് എന്ന് ഗ്രന്ഥവരിയിൽ) കുന്നംകുളം പള്ളിയിലും ബാവാ എത്തി. മിഥുനം 5 ന് വ്യാഴാഴ്ച കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് കോനാട്ട് ഗീവറുഗീസ് മല്പാനെ റമ്പാനാക്കി. 8–ന് കുർബാന കഴിഞ്ഞ് കൊച്ചിയ്ക്ക് യാത്ര തിരിച്ചു. മലങ്കരയിലെങ്ങും അദ്ദേഹത്തിന് രാജോചിത സ്വീകരണം ലഭിച്ചു. മിഥുനം 24–ന് ബാവാ നിരണത്ത് വി. കുർബാന അർപ്പിച്ചു. പാലക്കുന്നത്ത് മെത്രാച്ചനെ കാണുവാൻ ആവശ്യപ്പെട്ട് ദൂതന്മാരെ അയച്ചതിന് ഫലമുണ്ടായില്ല. എങ്കിലും സന്ദർശനത്തീയതി മാറ്റി മാറ്റി ബാവായെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ അനുനയിപ്പിക്കുവാൻ ശ്രമിച്ച ഇടനിലക്കാരും നിരാശരായി. ഈ സമയമത്രെയും തന്റെ നില ഭദ്രമാക്കുവാനും പാത്രിയർക്കീസിന്റെ ശ്രമങ്ങൾ വ്യർത്ഥമാക്കുവാനുമുള്ള ശ്രമങ്ങളിൽ പാലക്കുന്നത്ത് മെത്രാച്ചൻ മുഴുകി (*മലങ്കരസഭാ നവീകരണത്തിന്റെ മുന്നോടികൾ*, ഡോ. ടി. സി. കോര, പു. 42).

കർക്കിടകം 2–ന് ബാവായും റസിഡണ്ടും തമ്മിൽ തിരുവനന്തപുരം തൈക്കാട് ബംഗ്ലാവിൽ വച്ചും 5 ന് ബാവായും മഹാരാജാവുമായി നക്ഷത്ര ബംഗ്ലാവിൽ വച്ചും കൂടിക്കാഴ്ചകൾ നടന്നു. പാലക്കുന്നത്ത് മത്തിയാസിന്റെ വിളംബരം റദ്ദാക്കുവാൻ ബാവാ 7–ന് ഹർജി നൽകി. 8–ന് വട

ക്കേക്കൊട്ടാരത്തിൽ വച്ച് ഇളയ രാജാവുമായി കൂടിക്കാഴ്ചയിൽ ബാവാ യുടെ ചിത്രം വരപ്പിച്ചെടുക്കുവാനുള്ള രാജാവിന്റെ ആഗ്രഹം ബാവാ അനു വദിച്ചു. 16 ദിവസം കൊണ്ട് ചിത്രരചന പൂർത്തിയായി. ഇളയരാജാ പാത്രി യർക്കീസിന് 15 പവനോളം വരുന്ന സ്വർണ്ണക്കുരിശുമാലയും രാജാവിന്റെ ചിത്രവും സമ്മാനിച്ചു.

ശംഖുമുഖം കൊട്ടാരത്തിൽ വച്ച് മഹാരാജാവും ബാവായും പുലിക്കോ ട്ടിൽ മെത്രാച്ചനും സംഭാഷണം നടത്തി. രാജാവിന്റെയും ഭരണക്കാരുടെ യും സഹായസഹകരണങ്ങൾ ഉറപ്പുവരുത്തി ബാവായും പരിവാരവും മടക്കയാത്രയായി.

തന്റെ തുടർച്ചയായ ക്ഷണം സ്വീകരിക്കാനും തന്നെ വന്ന് കാണുവാ നും കൂട്ടാക്കാതിരുന്ന പാലക്കുന്നത്ത് മെത്രാൻ നിരണം പള്ളിയിലുണ്ടെ ന്നറിഞ്ഞു കൂടെയുള്ളവരുടെ വിലക്ക് വകവയ്ക്കാതെ ബാവാ നിരണം പള്ളിയിലെത്തി. 'ബാവായും റമ്പാച്ചന്മാരും (കോനാട്ട് റമ്പാച്ചനും ചാത്തു രുത്തി റമ്പാച്ചനും) ഞങ്ങൾ ഒന്നു രണ്ടു പട്ടക്കാരും മക്കുദീശാ ഗബ്രി യേലും.... ഏതാനും ജനക്കൂട്ടവും ആയിട്ട് നിരണത്ത് പള്ളിയിലേക്ക് പോവുകയും ചെയ്തു. ... നിരണത്തേക്ക് പോകുന്നതിലുള്ള ഭയത്താൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ബാവായോട് ഒരുമിച്ച് പോകാതെ പള്ളിയ്ക്ക് സമീപം പള്ളിവാതുക്കൽ യാക്കോബ് എന്നവന്റെ വീട്ടിൽ ചെന്ന് താമസിച്ചു. ബാവായും ജനക്കൂട്ടവുമായി പള്ളിയിലേക്കു വരുന്നു എന്ന് ബലയാർ (പാത്രിയർക്കീസ് പാലക്കുന്നത്തു മെത്രാച്ചനെ ബല യാർ എന്നും മത്തിയാസ് എന്നുമല്ലാതെ സ്ഥാനപ്പേരിൽ ഒരിക്കലും പരാ മർശിച്ചിട്ടില്ല) എന്ന് പറയുന്ന പാലക്കുന്നൻ കേട്ടപ്പോൾ അയാളോടുകൂടെ ഏതാനും പട്ടക്കാരും ക്രിസ്ത്യാനികളും ഭയന്ന് പള്ളിയുടെ വടക്കു വശ ത്തുള്ള ചമയപ്പുര മാളികയിൽ കയറി വാതിലടച്ചു.

'.... ബാവാ മദ്ബഹായിൽ കയറി ലുത്തിനിയായും കഴിച്ച്.... ബല യാർ എവിടെ എന്നും അവനെ കാണണമെന്നും അവന്റെ അരക്കച്ചയുടെ ശക്തി എന്തുമാത്രമെന്ന് അറിയണമെന്നും മറ്റും കോപത്തോടെ കല്പിച്ചു. ബലയാർ അവിടെ ഉണ്ടെന്നും ഭയത്താൽ മുറിക്കകത്ത് കയറി വാതിൽ അടച്ചു എന്നും തിരുമനസ്സ് അറിയിച്ചപ്പോൾ കോപത്തോടെ അവന്റെ മുറിയുടെ വാതിൽ ഇപ്പോൾ പൊളിക്കണമെന്നും അവൻ ഇരി ക്കുന്ന മുറി എവിടെ എന്നും കല്പിച്ചപ്പോൾ ഞങ്ങൾ എല്ലാവരും കരഞ്ഞ് തൃക്കാൽക്കൽ വീണ് വന്ദിച്ചു. കരുണയുള്ള പിതാവേ അവിടെ പോകയും കതകു പൊളിക്കയും ചെയ്യരുതേ എന്നും പുറത്ത് ഇറങ്ങിയിരുന്ന് ആള യച്ചാൽ തിരുമുമ്പാകെ അയാൾ വരുമെന്നും വരാത്തപക്ഷം തിരുമു മ്പാകെ ഞങ്ങൾ ഹാജരാക്കാമെന്നും തിരുമനസ്സറിയിച്ചപ്പോൾ ദൈവകൃ പയാൽ അനുസരിച്ച് അവിടന്ന് എഴുന്നള്ളി പൂമുഖത്ത് പോയിരുന്നു.

'അവൻ വരട്ടെ' എന്നും 'വരാത്തപക്ഷം കൊണ്ടുവരണ'മെന്നും കല്പനയായി. വിളിപ്പാനായി പലരെയും അയച്ചുവെങ്കിലും പാലക്കുന്നത്ത് മെത്രാച്ചൻ വാതിൽ തുറന്നില്ല. ഒടുവിൽ കണ്ടനാട് ഗ്രന്ഥവരിയുടെ എഴുത്തുകാരനെ വിളിച്ചുപറഞ്ഞു: 'നീ മുമ്പേ അവന്റെ സ്നേഹിതൻ അല്ലോ. നീ അവന്റെ അടുക്കൽ ചെന്ന് നമ്മുടെ മുമ്പാകെ വരുവാൻ പറയണം. അവനോട് ഒന്നും നാം ചെയ്യുന്നതല്ല എന്നും ഈ സ്ഥാനം നിനക്ക് ലഭിച്ചത് എവിടെനിന്നാകുന്നുവെന്ന് മാത്രം ചോദിക്കുകയും നമ്മുടെ കല്പന അനുസരിപ്പാൻ പാടില്ലാത്ത പക്ഷം നാം കൊടുത്തിരിക്കുന്ന മസനപ്സായും മെത്രാന്റെ ചമയത്തിന്റെ ഉടുപ്പുകളും നമ്മുടെ മുമ്പാകെ വച്ചിട്ട് അവൻ പൊയ്ക്കൊള്ളട്ടെ എന്നും അല്ലാത്തപക്ഷം മേല്പറഞ്ഞ സാമാനങ്ങൾ അവനിൽ നിന്ന് നാം എടുക്കുമെന്നും ആയതിന് ഇടവരുത്തരുതെന്നും' മറ്റും പറയണമെന്ന് കല്പിച്ചയച്ചപ്പോൾ ഞാൻ ചെന്ന് കതക് മുട്ടി വിളിച്ചു. ഞാൻ എന്നറിഞ്ഞപ്പോൾ അകത്തുണ്ടായിരുന്ന ഏതാനും പട്ടക്കാർ എന്തെന്ന് ചോദിച്ചു. ... കതക് തുറപ്പാൻ ഇപ്പോൾ പാടില്ലെന്നും അയാൾ നമ്മുടെ ശത്രുവായ ബാവായോട് ഒരുമിച്ച് വന്നിരിക്കയാൽ തൽക്കാലം വിശ്വസിപ്പാൻ പാടില്ലെന്നും ഈ വിവരങ്ങൾക്ക് തഹശീൽദാരുടെ പേർക്ക് എഴുതി അയച്ചിട്ടുണ്ടെന്നും തഹശീൽദാർ ഇപ്പോൾ വരുമെന്നും അപ്പോൾ കതക് തുറന്നുകൊള്ളാമെന്നും മറ്റും എന്നോട് മറുപടി പറഞ്ഞു.' ഗ്രന്ഥവരിയുടെ എഴുത്തുകാരൻ കരോട്ടുവീട്ടിൽ ശെമവൂൻ കോറി വിവരങ്ങൾ ബാവായെ അറിയിച്ചു. സന്ധ്യ കഴിഞ്ഞെത്തിയ തഹസീൽദാരോടും മെത്രാച്ചനെ ഇറക്കിവിടുവാൻ ബാവാ ആവശ്യപ്പെട്ടു. തഹസീൽദാരുടെ അഭ്യർത്ഥനയും മെത്രാൻ നിരസിച്ചു. തഹസീൽദാർ തന്റെ നിസ്സഹായാവസ്ഥ ബാവായെ അറിയിച്ചു. ബാവാ അവിടെ നിന്ന് യാത്രയാവുകയും ചെയ്തു (*ഗ്രന്ഥവരി, പു.* 480–485).

1876 കുംഭം 23 ന് ഇപ്രകാരം മഹാരാജാവിന്റെ വിളംബരം പുറപ്പെട്ടു:

ശ്രീ പത്മനാഭദാസ വഞ്ചി ബാലരാമവർമ്മ കുലശേഖരകിരീടപതി മന്നെസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ജംഗനൈറ്റ് ഗ്രാൻന്റ് കമാൻഡർ ഓഫ് ദി മോസ്റ്റ് എക്സാൾട്ടഡ് ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യാ മഹാരാജ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം:

ആന്റിയോക്കിൽ നിന്ന് എഴുത്ത് വന്നത് കൊണ്ട് മാർ അത്തനേഷ്യസിനെ സിറിയൻ പള്ളിയിൽ മെത്രാൻ സ്ഥാനത്തേക്ക് നിയമിച്ചിട്ടുള്ളതായി 1027 -ാമാണ്ട് കർക്കിടകമാസം 15-ാം തീയതി ഉണ്ടായ വിളംബരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് കൊണ്ടും ആന്റിയോക്കിലെ ഇപ്പോഴത്തെ പേട്രിയാർക്കോ പേട്രിയാർക്കിന്റെ പൂർവികനോ മേൽപ്പറഞ്ഞ മാർ അത്തനേഷ്യസിനെ സ്ഥാനത്തിൽനിന്നും മാറ്റി മറ്റൊരു

മെത്രാനെ നിയമിച്ചിരിക്കുന്നതായി അറിയുന്നത് കൊണ്ടും ഇതിൽ സംബന്ധമുള്ള സകലമാനപേരെയും ഇതിനാൽ അറിയപ്പെടുത്തുന്നതെന്തെന്നാൽ –

ഏതെങ്കിലും പള്ളികളുടെയോ അവയിൽ ചേർന്നിട്ടുള്ള വസ്തുവിന്റെ ഉടമസ്ഥതയെയോ അവയിലേയ്ക്കുള്ള അവകാശങ്ങളെയോ അല്ലെങ്കിൽ തൽസംബന്ധികളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ മാറ്റുകയോ ചെയ്യേണ്ടതിലേയ്ക്കുള്ള അധികാരത്തെയോ കുറിച്ചുള്ള ഏതെങ്കിലും വ്യവഹാരങ്ങളെ കോടതികളിൽ എടുത്ത് വിസ്തരിച്ച് തീർച്ചപ്പെടുത്തുന്നതിലേക്ക് മുമ്പിൽ ഉണ്ടായ വിളംബരം ഒരു പ്രകാരത്തിലും ബാധകമാണെന്ന് വിചാരിച്ചുപോകരുതാത്തതാകുന്നു.

ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും ബോധിക്കുന്നതുപോലെ മെത്രാനെ മാറ്റുകയും മറ്റൊരാളെ നിയമിക്കുകയും ചെയ്യുന്നതിൽവച്ച് ഉത്ഭവിക്കാവുന്ന മറ്റ് വല്ല തർക്കങ്ങളിലും സർക്കാരിൽ നിന്ന് അക്രമം നടക്കാതെ സമാധാനത്തെ സംരംക്ഷിക്കുന്നതിന് മാത്രമേ പ്രവേശിക്കുകയുള്ളു.

കാലക്രമേണ ഇപ്പോൾ ഭേദപ്പെട്ട് പോയിട്ടുള്ളവയായ ഓരോ സമയങ്ങളിലും ഓരോ സംഗതിവശാലും ഉണ്ടായിട്ടുള്ള വിളംബരങ്ങളാൽ സിറിയൻ പള്ളിയിൽ ഓരോ സ്ഥാനനിയമങ്ങളെക്കുറിച്ച് സർക്കാരിലേക്കുള്ളതായിട്ട് പ്രദർശിക്കപ്പെടുന്നതായി തോന്നുന്ന എല്ലാ സംബന്ധത്തെയും ഇപ്പോൾ മുതൽ ഒഴിച്ചുകളയുന്നതാകുന്നു. എല്ലാ കക്ഷിക്കാരും ഈ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോടതി മുഖാന്തരേണ താന്താങ്ങൾക്ക് അർഹങ്ങളായി തോന്നുന്ന സങ്കടനിവൃത്തികൾ വരുത്തിക്കൊള്ളേണ്ടതാകുന്നു എന്ന് എല്ലാവരെയും സ്പഷ്ടമായി തെര്യപ്പെടുത്തുന്നു. എന്ന് 1051–മാണ്ട് കുംഭമാസം 23–ാം തീയ്യതി.”

ആതിഥേയനും അതിഥിയ്ക്കും സന്തോഷമായി. തൊഴിയൂരിലെ കൂറിലോസ്, ബാവായെ കാണാൻ അനുവാദം ആവശ്യപ്പെട്ടു; അനുവാദം നൽകി. എന്നാൽ പാലക്കുന്നത്ത് മെത്രാച്ചനെ കണ്ടതിനുശേഷം അദ്ദേഹം തീരുമാനം മാറ്റി. പരുമലയിലെ 1873–ൽ കൂടിയ സുന്നഹദോസിനെപ്പറ്റിയും അസോസ്യേഷനെപ്പറ്റിയും മാനേജിംഗ് കമ്മറ്റിയെപ്പറ്റിയും ബാവാ അറിഞ്ഞു. തന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസു കൂടി അവയെ ഉറപ്പിക്കണമെന്ന് ബാവാ നിർബന്ധം പിടിച്ചു. അതിഥി കാണിക്കുന്ന ദുഃസ്വാതന്ത്ര്യം സഹിച്ചേ പറ്റു എന്ന കാലാവസ്ഥയായിരുന്നു; സഭയുടെ ശക്തി സമാഹരിച്ച് വ്യവഹാരം നടത്തണമെങ്കിൽ അസോസ്യേഷൻ കൂടുന്നത് ആവശ്യമാണെന്നും പാത്രിയർക്കീസിന് മലങ്കരയിൽ ലഭിച്ച വൻസ്വാധീനം കൂടുതൽ സഹായകമാകുമെന്നും പുലിക്കോട്ടിൽ മെത്രാച്ചൻ ചിന്തിച്ചിരിക്കാം.

ചേപ്പാട്ട് മെത്രാച്ചനിൽനിന്നും പാലക്കുന്നത്ത് മെത്രാച്ചനിൽനിന്നും പട്ടമേറ്റിരുന്ന നിരവധിപേർക്ക് ബാവാ വീണ്ടും പട്ടം കൊടുത്തു. ദശാംശം റിശീസാ ആയി നൽകുവാൻ പള്ളികൾക്ക് കല്പന അയച്ചു. 1876 മിഥുനം 15-ന് തൃപ്പൂണിത്തുറ മൂക്കഞ്ചേരി ഗീവറുഗീസ് കശ്ശീശാ, വടക്കൻപറവൂർ കൂരൻ (കടവിൽ) പൗലൂസ് കശ്ശീശാ, അങ്കമാലി അമ്പാട്ട് ഗീവറുഗീസ്സ് കശ്ശീശാ എന്നിവർക്ക് മുളന്തുരുത്തിപ്പള്ളിയിൽ വച്ച് ബാവാ റമ്പാൻ സ്ഥാനം നൽകി.

മുളന്തുരുത്തി സുന്നഹദോസ്

1876 മിഥുനം 15. 1876 ഇടവം 22-ന് കരിങ്ങാച്ചിറ പള്ളിയിൽനിന്ന് ബാവാ അയച്ച കല്പനപ്രകാരം കൂടിയ സുന്നഹദോസിന്റെ ആദ്യദിനമായിരുന്നു അന്ന്. വടക്ക് നിന്ന് 26, തെക്കുനിന്ന് 36. ആകെ 62 പള്ളികളുടെ പ്രതിനിധികൾ ആദ്യദിവസം പങ്കെടുത്തു. അടുത്ത ദിവസം 150 പള്ളികളുടെ പ്രതിനിധികൾ പങ്കെടുത്തു. ഒപ്പിടുന്ന അന്ത്യദിനമായപ്പോൾ 103 പള്ളികളിൽ നിന്നായി 281 പ്രതിനിധികളേ ഒപ്പിടുവാൻ അവശേഷിച്ചുള്ളു (പ്രതിനിധികളുടെ പേരുവിവരം പൂർണ്ണരൂപത്തിൽ *മലങ്കരസഭ: ചരിത്രവും സംസ്കാരവും,* 686-697 വരെ പുറങ്ങളിൽ കാണാം. തുടർന്ന് കാനോനാകൾ 697-704 പുറങ്ങളിൽ പൂർണ്ണരൂപത്തിൽ കാണാം).

മുളന്തുരുത്തി കാനോനാകളുടെ സംക്ഷിപ്ത രൂപം ഇപ്രകാരമാണ്:

1. മിഥുനം 17-ന് ബാവായുടെ കല്പനയ്ക്കുള്ള മറുപടി വായിച്ചശേഷം അന്ത്യോഖ്യാ സിംഹാസനത്തിലേക്കുള്ള അനുസരണവും സഭയുടെ വിശ്വാസവും പ്രഖ്യാപിക്കുന്ന കരാർ ആധാരം രജിസ്റ്റർ ചെയ്ത് പകർപ്പുകൾ പള്ളിയിൽ സൂക്ഷിക്കുവാനും ഒരു കോപ്പി ബാവായെ ഏല്പിക്കുവാനും തീരുമാനിച്ചു.

2. ഓരോ ഇടവകയും അംഗസംഖ്യയുടെ വിശദാംശങ്ങൾക്ക് ഇടവക രജിസ്റ്റർ തയാറാക്കണം. ഒരു പകർപ്പ് ബാവായ്ക്ക് നൽകണം. റീശീസാപ്പിരിവ് ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കുക. റീശീസാ സിംഹാസനത്തിലേക്കുള്ളതാണ്.

3. കാനോനും നടപടികളും അച്ചടിച്ച് മുദ്ര വച്ച് പള്ളികൾക്കു നൽകും. അത് കൃത്യമായി പാലിക്കണം.

4. മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നിവയുടെ രജിസ്റ്ററുകൾ വികാരിമാരുടെ ചുമതലയിൽ എഴുതി സൂക്ഷിക്കണം.

5. വിശ്വാസസ്ഥിരത, അച്ചടക്കം, സഭയ്ക്ക് പൊതുചുമതലക്കാർ, പൊതുഫണ്ട് ഇവ ഉണ്ടാക്കണം.

6. ഇടവകയിലെ മതപരമായ വ്യവഹാരങ്ങൾ പൊതുഫണ്ടിൽ നിന്ന് നടത്തണം.

7. വിദ്യാഭ്യാസ പ്രവർത്തനം നടത്തണം; മെത്രാന്മാരുടെ ഏകനായകത്വം ഇല്ലാതാവണം; ഒരു പൊതുഫണ്ട് ഉണ്ടാക്കണം; അതിലേക്ക് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ രൂപീകരിക്കണം; പാത്രിയർക്കീസന്മാർ അതിന്റെ രക്ഷാധികാരികളും അന്നന്ന് ഭരിക്കുന്ന മെത്രാപ്പോലീത്താമാർ പ്രസിഡണ്ടുമാരും ആയിരിക്കണം. നാല് ക്ലാസ് ആയി ഇതിൽ ജനങ്ങളെ ചേർക്കണം. യഥാക്രമം 100 രൂ., 50 രൂ., 25 രൂ., 10 രൂപ ഫീസായി നൽകണം. പള്ളികൾ 500 രൂപാ മുതൽ താഴോട്ട് യഥാശക്തി അംഗത്വഫീസ് നൽകണം. രൊക്കം പണമില്ലാത്തവർ സിക്രട്ടറിക്ക് കടപ്പത്രം നൽകി ചേരാവുന്നതാണ്.

8. മെത്രാന്മാരുടെ ഏകനായകശക്തി ദോഷം ചെയ്യുന്നു. അസോസ്യേഷനിൽ നിന്ന് എട്ടും, പതിനാറ് ഒന്നാംക്ലാസ് അയ്മേനികളും പ്രസിഡന്റ് മെത്രാപ്പോലീത്തായും അടങ്ങിയ ഒരു നിർവാഹകസമിതി വേണം. ശമ്പളത്തോടുകൂടിയ സിക്രട്ടറിയും ജാമ്യം സ്ഥിരപ്പെടുത്തിവരുന്ന ഒരു സ്രാപ്പും വേണം (?). നിർവചിക്കപ്പെട്ട നിയമാവലിയോടെ ഇവർ സമുദായകാര്യങ്ങൾക്ക് ചുമതലപ്പെട്ടിരിക്കണം. മാവേലിക്കര, പുതുപ്പള്ളി, വാകത്താനം, കോട്ടൂർ, നീലംപേരൂർ, കണ്ടനാട്ട്, മുളന്തുരുത്തി, തെക്കൻപറവൂർ എന്നീ ഇടവകകളിലെ എട്ട് വൈദികരെയും കുന്നംകുളം, കോട്ടയം, കണ്ടനാട്, മുളന്തുരുത്തി, കുറുപ്പമ്പടി, നിരണം, കുമരകം, ഒളശ്ശ, കുമരകംകരി, പള്ളം, പുതുപ്പള്ളി, മാമ്മലശ്ശേരി, പുത്തൻകാവ്, പാമ്പാക്കുട, മുളന്തുരുത്തി, അങ്കമാലി എന്നിവിടങ്ങളിൽ നിന്നായി പതിനാറ് അയ്മേനികളെയും ചേർത്ത് മാനേജിംഗ് കമ്മറ്റിയോഗം രൂപീകരിച്ചു.

9. ധനസമാഹരണം, സബ്കമ്മറ്റി നിയമനം എന്നിവയ്ക്ക് ഇവർക്ക് സ്വാതന്ത്ര്യമുണ്ട്. വാർഷിക കണക്കുകൾ അച്ചടിപ്പിച്ച് ഒരു പ്രതി ബാവായ്ക്കും ഒരു പ്രതി പള്ളികൾക്കും നൽകണം. മെമ്പർമാരെ നീക്കാനും നിയമിപ്പാനും സ്ഥിരപ്പെടുത്തുവാനും കമ്മിറ്റിക്കാർക്ക് അധികാരം നൽകുന്നു.

10. അസോസ്യേഷനിൽ ചേരാനിടയുള്ള ഒന്നാംക്ലാസുകാരുടെ ലിസ്റ്റ് ഇപ്പോൾ തയാറാക്കുന്നു. പ്രധാന സംഗതികൾ കമ്മിറ്റി മുഖേന ഇവരെ വിളിച്ച് അഭിപ്രായം സിക്രട്ടറി ശേഖരിക്കേണ്ടതാണ്.

11. സഭാനിയമങ്ങൾ സംരക്ഷിക്കുക, പരിഷ്കരിക്കുക, തെരട്ടുകൾ അംഗീകരിക്കുക, പള്ളി കൈക്കാരന്മാരെ സ്ഥിരപ്പെടുത്തുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക, പുസ്തകങ്ങൾ അച്ചടിപ്പിക്കുക, പള്ളികളുടെ കേടുപാടുകൾ തീർക്കുക, പുതിയ പള്ളികൾ നിർമ്മിക്കുക എന്നിവ കമ്മിറ്റിയുടെ ചുമതലയാകുന്നു.

12. റീശീസാ പിരിവ്, മെത്രാപ്പോലീത്തായ്ക്കുള്ള വരവിനങ്ങൾ, ദയറായക്കാരുടെ ജീവിതച്ചിലവ് വികാരിമാരുടെ ശമ്പളം, സിക്രട്ടറി മുതലായവരുടെ ശമ്പളം തുടങ്ങിയവയ്ക്ക് കമ്മിറ്റിയ്ക്ക് ചുമതലയുണ്ടായിരിക്കും.

13. തെരട്ട്, ഇടവകയുടെ സമ്പൂർണ്ണ സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ അപ്പപ്പോഴത്തെ രേഖകൾ, മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം എന്നീ രജിസ്റ്ററുകളുടെ ആണ്ടടക്കമുള്ള വിവരങ്ങൾ എന്നിവ വികാരി, കൈക്കാരൻ, നാലു യോഗപ്രതിനിധികൾ എന്നിവർ ഒപ്പിട്ട് കമ്മിറ്റിയുടെ പേർക്ക് ഓരോ ഇടവകയും അയക്കണം.

14. മേല്പറഞ്ഞ എല്ലാ അധികാരങ്ങളും മുഖ്യമായും പ്രസിഡന്റ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ആയിരിക്കും. ശേഷം കമ്മിറ്റിക്കാർ അദ്ദേഹത്തിന്റെ സഹായികൾ ആയിരിക്കും.

15. മെത്രാപ്പോലീത്താ പള്ളി സന്ദർശിക്കുമ്പോൾ തെരട്ടുകൾ പരിശോധിക്കണം, കൈക്കാരന്മാരെ സ്ഥിരപ്പെടുത്തണം. സ്കൂളുകൾ മുതലായവ സ്ഥാപിക്കുക, തർക്കങ്ങൾ പരിഹരിക്കുക, പ്രസക്ത കാര്യങ്ങൾ ചെയ്യുക എന്നിവ കൂടാതെ ഇവ രേഖപ്പെടുത്തിയ ഒരു ഡയറി സൂക്ഷിക്കുകയും അവ കമ്മിറ്റിയിൽ വായിക്കുകയും ചെയ്യണം.

16. അംഗത്വഫീസ് ഭൂരിപക്ഷാഭിപ്രായപ്രകാരം അസോസ്യേഷന് ഉണ്ടായിരിക്കും.

17. സിറിയൻ സഭയ്ക്കും മലങ്കരസഭയ്ക്കും പാത്രിയർക്കീസിനോടുള്ള അവകാശവും സംബന്ധവും സമവും തുല്യവും ആയിരിക്കും. രണ്ടു സഭകളുടെ കമ്മിറ്റികൾ അന്യോന്യതയിൽ ഇരിക്കണം. കമ്മിറ്റിയുടെ അറിവോടും അനുമതിയോടും കൂടി ചെയ്യുന്ന സമുദായകാര്യങ്ങൾ സാധുവായിരിക്കും.

18. നിശ്ചയങ്ങളിൽ ബാവായും മെത്രാപ്പോലീത്തായും സമൂഹക്കാരും ഒപ്പിട്ട് ഉറപ്പിക്കണമെന്ന് നിശ്ചയിച്ചു, ഒപ്പിട്ടു.

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. ഒപ്പും മുദ്രയും.

മിഥുനം 17-ന് മൂന്നാം ദിവസം മുളന്തുരുത്തി സുന്നഹദോസ് സമാപിച്ചു.

മുളന്തുരുത്തി സുന്നഹദോസിന് ശേഷം

1873-ൽ പരുമലയിൽ വച്ച് രൂപംകൊള്ളുകയും 1876-ൽ മുളന്തുരുത്തിയിൽ വച്ച് ഉറപ്പിക്കുകയും ചെയ്ത മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടന

യാണ്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്., യോഗക്ഷേമസഭ, എം.ഇ. എസ്., പുലയർ മഹാസഭ തുടങ്ങി പിന്നീട് കേരളത്തിലുണ്ടായ എല്ലാ സാമുദായിക സംഘടനകൾക്കും ഇത് മാതൃകയും പ്രചോദനവും ആയിത്തീർന്നു. മഹാവൃക്ഷങ്ങളല്ലാതെ മലങ്കരസഭയിൽ വനമുണ്ടായിരുന്നില്ല എന്ന അപര്യാപ്തത ഇതോടെ മാറി. ഇടവകകളുടെ ശക്തി സമാഹരിക്കുവാൻ ഇതോടെ സംവിധാനമായി. അസോസ്യേഷൻ സഭയുടെ അമൂർത്ത രൂപവും കോട്ടയം പഴയസെമിനാരി അതിന്റെ മൂർത്ത പ്രതീകവുമായി. സഭയുടെ പിന്നീടുള്ള സർവവികസനങ്ങൾക്കും അടിസ്ഥാന ഊർജം പകർന്നത് അമൂർത്തവും മൂർത്തവുമായ ഈ സഭാ പ്രതീകങ്ങളാണ്.

സുന്നഹദോസിന്റെ ഒന്നാം കാനോന പൂർണ്ണമായും രണ്ടാം കാനോന ഭാഗികമായും പാത്രിയർക്കീസിന്റെ താല്പര്യപ്രകാരവും ശേഷം കാനോനാകൾ 1873-ലെ പരുമല സുന്നഹദോസിൽ പ്രകടമാക്കപ്പെട്ട മലങ്കര സഭയുടെ താല്പര്യപ്രകാരവും രൂപംകൊണ്ടവയാണ്. ഒന്നു രണ്ടു മാസങ്ങൾക്ക് ശേഷവും കരാർ ആധാരങ്ങൾ ഹാജരാക്കപ്പെടുന്നില്ല എന്ന് ബാവാ കാര്യങ്ങളെ ബുദ്ധിപൂർവ്വം അപഗ്രഥിച്ചു. അദ്ദേഹം പ്രവർത്തന നിരതനായി.

1876 ചിങ്ങം 15 ന് മുളന്തുരുത്തിയിൽ വച്ച് വി. മൂറോൻ കൂദാശ ചെയ്തു. കഴിയുന്നത്ര പേർ പങ്കെടുക്കണമെന്നും കൈമുത്ത് സമർപ്പിക്കണമെന്നും പള്ളികളെ അറിയിച്ചിരുന്നു. മൂറോൻ വിതരണം സംബന്ധിച്ച് ബാവാ അയച്ച കല്പനയിൽ അദ്ദേഹത്തിന്റെ ദ്രവ്യാഗ്രഹം പ്രകടമാകുന്നത് കാണുക:

'.... ശുദ്ധമുള്ള മൂറോനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ അതിന്റെ പ്രതിഫലം കൊടുക്കാതെ ഇരുന്നാൽ അവന്റെ ശരീരം വെടിപ്പായിരിക്കുകയില്ല. കൊയ്ത്തുകാരുടെ നിലവിളി പുരുഷാരങ്ങളുടെ കർത്താവിന്റെ ചെവികൾക്ക് പ്രവേശിച്ചു എന്ന് യാക്കോബ് ശ്ലീഹാ പറഞ്ഞതുപോലെ കൂലിക്കാരന്റെ കൂലി എന്നല്ലാതെ ഇത് ഒരു സമ്മാനവും ചിലവർപ്പുകളുമല്ലെന്ന് അറിഞ്ഞുകൊള്ളണം. നിങ്ങൾ വേഗം റീശീസാകൾ ശേഖരിച്ച് ദൈവത്തിൽ നിന്ന് പാത്രിയർക്കീസിന് നിങ്ങളുടെമേലുള്ള കടം നിങ്ങൾ വീട്ടണം. ..” (1876 കർക്കിടകം 31-ന് ബാവാ അയച്ച കല്പനയിൽ നിന്ന്).

അത് കഴിഞ്ഞ് പാമ്പാക്കുട കോനാട്ട് ഗീവറുഗീസ് റമ്പാനും വടക്കൻ പറവൂർ കടവിൽ പൗലൂസ് റമ്പാനും മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാനും അങ്കമാലി അമ്പാട്ട് ഗീവറുഗീസ് റമ്പാനും മെത്രാൻ സ്ഥാനം നൽകുവാൻ തീരുമാനിച്ചു. ബാവാ ആവശ്യപ്പെട്ട വ്യവസ്ഥകളിൻപ്രകാരം ഉടമ്പടി തയാറാക്കി എറണാകുളത്ത് രജിസ്റ്റർ ചെയ്തു.

സമൂഹക്കാർ സ്ഥലത്തുണ്ടായിട്ടും അവരോട് ആലോചിക്കാതെ ഇപ്രകാരം ചെയ്യുന്നതിൽ പ്രതിഷേധിച്ച് പനക്കൽ ഐപ്പൂരുവും കുര്യൻ റൈട്ടറും ബാവായ്ക്ക് കത്തെഴുതി. അതിന്റെ ആദ്യഭാഗം '.... ആലോചന കൂടാതെ ചെയ്യുന്നപക്ഷം ഈ സമൂഹത്തിൽ നിന്ന് ഞങ്ങളെ ഒഴിപ്പിച്ച് തരുന്നതിന് കല്പന ഉണ്ടാകുവാൻ അപേക്ഷിക്കുന്നു. 1876 ചിങ്ങം 16." കരോട്ടുവീട്ടിൽ ശെമവൂൻ കോറി, മാലിത്തറ ഏലിയാസ് കത്തനാർ, എളന്തുരുത്തിൽ പീലിപ്പോസ് കത്തനാർ, ചാലപ്പുറത്ത് കോറി യാക്കോബ്, തോപ്പിൽ ലൂക്കോസ് കത്തനാർ, പനക്കൽ ഐപ്പൂരു, കുര്യൻ റൈട്ടർ, മുറിപുരക്കൽ കുരുവിള, ചാലിൽ ചെറിയാ, പുത്തൻപുരയ്ക്കൽ തോമ്മാ, ചാത്തുരുത്തിൽ വർക്കി, കോനാട്ട് ഇട്ടൻ, തുകലൻ പൗലൂസ്, കല്ലറക്കൽ പൗലോസ് എന്നിവർ പേർ വെച്ചെഴുതിയ പ്രതിഷേധക്കുറിപ്പ് ബാവാ അവഗണിച്ചു. 'മെത്രാന്റെ സ്ഥാനം കൊടുക്കുന്നത് എന്റെ അധികാരമെന്നും മറ്റൊരുത്തനും ഇതിൽ പ്രവേശിപ്പാൻ ഇട ഇല്ലെന്നും ബാവാ കല്പിച്ചു. കരാർ ഉടമ്പടി പള്ളിക്കാർ സമർപ്പിക്കാഞ്ഞത് പുലിക്കോട്ടിൽ മെത്രാച്ചൻ തടഞ്ഞതുമൂലമെന്ന് ബാവാ ധരിച്ചു. മെത്രാന്റെ അധികാരം വെട്ടിച്ചുരുക്കുവാനുള്ള പുറപ്പാടാണ് മെത്രാൻവാഴ്ചയിൽ പ്രകടമായത്. ഒരു മെത്രാൻ കൈയാളിയിരുന്ന മലങ്കരസഭയെ ഏഴായി വിഭജിച്ച് അതിലൊരാൾ മാത്രമായി മലങ്കരമെത്രാനെ ചെറുതാക്കുക; മലങ്കരസഭാഭരണം തന്റെ അവകാശമാണ്: ഇവയായിരുന്നു ബാവായുടെ ലക്ഷ്യങ്ങൾ. 1876 വൃശ്ചികം 22 (ഞായർ) ന് കോനാട്ട് ഗീവറുഗീസ്സ് യൂലിയോസിനെയും കടവിൽ പൗലോസ് അത്താനാസ്യോസിനെയും ബാവാ ഏകനായി വാഴിച്ച് അവർക്ക് യഥാക്രമം തുമ്പമൺ, കോട്ടയം ഇടവകകൾക്ക് സുസ്താത്തിക്കോൻ നൽകി. അടുത്ത ഞായർ വൃശ്ചികം 29 ന് അവിടെവച്ച് തന്നെ അമ്പാട്ട് ഗീവറുഗീസ് കൂറിലോസ്, ചാത്തുരുത്തിൽ ഗീവറുഗീസ് ഗ്രീഗോറിയോസ് എന്നിവരെ വാഴിച്ച് അവർക്ക് യഥാക്രമം അങ്കമാലി, നിരണം ഇടവകകൾക്ക് സുസ്താത്തിക്കോൻ നൽകി. പത്രോസ് തൃതീയൻ ബാവായുടെ കൂടെ മലങ്കരയിൽ വന്ന അബ്ദുള്ളാ ഗ്രീഗോറിയോസും മലങ്കര മെത്രാൻ മാർ ദീവന്നാസ്യോസും തെക്കൻ ഇടവകകളിൽ പര്യടനത്തിലായിരുന്നു; അവരെ ഈ വിവരം അറിയിച്ചുമില്ല.

1876 ഡിസംബർ 3 ന് കൊച്ചി മഹാരാജാവ് പുതിയ വിളംബരം പ്രസിദ്ധീകരിച്ചു; തിരുവിതാംകൂർ വിളംബരത്തിന്റെ അതേ മാതൃകയിൽ. ഇതോടെ മാർ അത്താനാസ്യോസ് കോടതികൾക്ക് അതീതൻ എന്ന നില മാറി. രണ്ട് സംസ്ഥാനങ്ങളിലേയും വിളംബരം പുറത്തുവന്നതോടെ വ്യവഹാരത്തിന് അനുകൂലമായ അന്തരീക്ഷം രൂപപ്പെട്ടു. പുതിയ സംഭവവികാസങ്ങൾ കലഹകാരണമാകുന്നതിന് മുമ്പ് വട്ടിപ്പണപ്പലിശ വാങ്ങുന്ന

തിൽ നിന്നും സെമിനാരി മുതലായ സഭാസ്വത്തുക്കളുടെ കൈവശാവകാശത്തിൽ നിന്നും നവീകരണ മെത്രാനെ ഒഴുപ്പിക്കുവാനുള്ള നീക്കത്തിന്റെ പ്രാരംഭമായി അസോസ്യേഷന്റെ ഒരു യോഗം വെളിയനാട്ട് പള്ളിയിൽ 1877 മകരം 15 മുതൽ 17 വരെ സമ്മേളിച്ചു. കേസിന് പതിനായിരം രൂപ ചെലവു വരുമെന്ന് കണക്കാക്കി കമ്മറ്റിക്കാർ 60 രൂപാ വീതവും ആലോചനക്കാർ 30 രൂപാ വീതവും എടുപ്പാൻ നിശ്ചയിച്ചു. വക്കീലായി വാക്കർ സായിപ്പിനെ നിശ്ചയിച്ചു. യോഗത്തിൽ ബാവാ ഹൂദായ കാനോൻ പരിചയപ്പെടുത്തുകയും അംഗങ്ങൾ അമ്മീൻ പറഞ്ഞ് അത് അംഗീകരിക്കുകയും ചെയ്തു.

"അതിന് ശേഷം മലയാളം ഏഴ് ഇടവകയായി തിരിച്ചിരിക്കുന്നുവെന്നും ഇപ്പോൾ അഞ്ച് മെത്രാന്മാർ മലയാളത്തിലുള്ളതിനോടു കൂടി രണ്ടു പേർക്കും കൂടി പട്ടം കൊടുക്കണമെന്നും മറ്റും പിതാവ് നിശ്ചയിച്ച് കൂട്ടത്തോട് കല്പിച്ചു. രണ്ടു പേർക്കും കൂടെ പട്ടം കൊടുക്കണമെന്നുള്ള കാര്യത്തിൽ ജനത്തിന് തീരുമാനം ഇഷ്ടം ഇല്ലെന്നും ഇപ്പോൾ ഈ അഞ്ചു പേരുള്ളത് മതി ഇതിൽ പൊതുകാര്യങ്ങൾ അന്വേഷിക്കുന്നതിന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കമ്മിറ്റിയിൽ തലവൻ ആയി കല്പിച്ച് ആക്കിത്തരണമെന്നും കൂട്ടമായി പിതാവിന്റെ തിരുമുമ്പാകെ സങ്കടം എഴുതിവച്ചു. ആയത് അവിടുത്തെ ഇഷ്ടത്തിന് വിരോധം ആയിരുന്നതിനാൽ കോപിച്ച്, 'ആത്മീയമായ നമ്മുടെ കാര്യത്തിൽ പ്രവേശിപ്പാൻ നിങ്ങൾക്കെന്ത് കാര്യം' എന്നും മറ്റും കല്പിച്ച് ആ കടലാസ് കീറി കൂട്ടത്തിന്റെ മുമ്പാകെ ഇട്ടുകളഞ്ഞു. ... മെത്രാപ്പോലീത്തായുടെയും പനയ്ക്കൽ ഐപ്പൂരുവിന്റെയും കുര്യൻ റൈട്ടറുടെയും ആലോചനയാൽ കൂട്ടം മേൽപ്രകാരം നമ്മുടെ മുമ്പാകെ എഴുതി വയ്പാൻ ഇടവന്നതാകുന്നു എന്നും മറ്റും കല്പിച്ച് അവർ മൂവരുടെ മേൽ കോപിച്ചു. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ മേലിൽ ഈ കൂട്ടത്തിൽ പ്രവേശിക്കരുതെന്ന് കല്പിച്ചു'' (കണ്ടനാട്ട് ഗ്രന്ഥവരി, പു. 620–626). മെത്രാപ്പോലീത്തായെ അസോസ്യേഷനിൽ മേലാൽ പ്രവേശിക്കരുതെന്ന് മുടക്കിയതോടെ ഭൂരിഭാഗംപേരും സ്ഥലം വിട്ടു. പരാജയം പുറത്തുകാണിക്കാതെ ശേഷിച്ചവരെയുംകൊണ്ട് സമ്മേളനം തുടർന്നു.

മുളന്തുരുത്തി സുന്നഹദോസ് നിശ്ചയിച്ച 80 പേരോടുകൂടി 355 പേരെക്കൂടി അവർ നിർദ്ദേശിച്ചു. 30 രൂപ ഫീസും നിശ്ചയിച്ചു. പ്രധാനന്മാർ കുംഭം 16–ന് കോട്ടയത്ത് ചേരാൻ നിശ്ചയിച്ച് 18–ാം തീയതി യോഗം പിരിഞ്ഞു. തീരുമാനങ്ങളൊന്നും പ്രാവർത്തികമായില്ല. ഇതിൽ പ്രതിഷേധിച്ച് ബാവാ തിരിച്ചുപോകുകയാണെന്ന് ഭീഷണിപ്പെടുത്തി. ഐപ്പൂരു, കുര്യൻ റൈട്ടർ എന്നിവർ ബാവായെ അനുനയിപ്പിച്ചു. ഭീഷണി പിൻവലിക്കുകയും ചെയ്തു. 1052 (1877) മീനം 15 ന് കുന്നത്തുനാട് രജിസ്റ്റർ ആപ്പീസിൽ മുറിമറ്റത്തിൽ പൗലൂസ് റമ്പാനും കരോട്ടുവീട്ടിൽ ശെമവൂൻ

റമ്പാനും പാത്രിയർക്കീസിന് ഉടമ്പടി രജിസ്റ്റർ ചെയ്തു കൊടുത്തു. അക്കൊല്ലത്തെ ഹാശാശുശ്രൂഷ ബാവാ കുറുപ്പമ്പടി പള്ളിയിൽ നടത്തി. നേരത്തെ വാഴിച്ച നാലു മെത്രാന്മാർക്കുള്ള സുസ്താത്തിക്കോനിൽ റവന്യൂ മേധാവി പിസ്ക്കോള സായിപ്പിനെക്കൊണ്ട് ഒപ്പും സർക്കാർ മുദ്രയും പതിപ്പിച്ച് നൽകി. മേടം 25 ന് ബാവാ കുന്നംകുളത്തിന് പുറപ്പെട്ടു. ഇടവം 7 വരെ ചിറളയം പള്ളിയിൽ താമസിച്ചു. അഞ്ഞൂർ പള്ളിയിലെ കൂറിലോസ് ബാവായെ കാണുവാൻ അർദ്ധരാത്രിയിലെത്തി. കൂടിക്കാഴ്ച അടുത്ത പ്രഭാതത്തിലാകാമെന്ന ബാവായുടെ നിലപാട് അസ്വീകാര്യമായതിനാൽ അദ്ദേഹം രാത്രിയിൽത്തന്നെ തിരിച്ചുപോയി. പുലിക്കോട്ടിൽ മെത്രാച്ചനെ ബാവാ വരുത്തി. "ഇതുവരെ തിരുമുമ്പാകെ വരാതെ ഇരുന്നതിനെക്കുറിച്ചും മറ്റും ഇനിമേലിൽനിന്നെ കാണുന്നതിന് എനിക്ക് മനസ്സില്ലെന്നും മറ്റും അതി കോപമായി കല്പിച്ചു എങ്കിലും ശേഷം മെത്രാന്മാർ രജിസ്റ്റർ ചെയ്തതുപോലെ (ഉടമ്പടി) റജിസ്റ്റർ ചെയ്യണമെന്നും അപ്രകാരം ചെയ്തുതരുന്ന പക്ഷം ഇനി കണ്ടനാട്, കൊല്ലം, കൊച്ചി ഇങ്ങനെ മൂന്ന് ഇടവകകൾ ഉണ്ടെന്നും ഇതിൽ ഏതെങ്കിലും അദ്ദേഹത്തിന് ഉറപ്പിച്ചു കൊടുക്കാമെന്നും ആയതല്ലാത്തപക്ഷം ഇടവകയും മറ്റും കൊടുക്കുന്നതല്ലെന്നും മറ്റും ഉറപ്പായി കല്പിച്ചു. തൽക്കാലം കല്പനപ്രകാരം റജിസ്റ്റർ ചെയ്യാൻ സമ്മതിച്ചില്ല." മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ്, കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവരെ ബാവാ ചിറളയം പള്ളിയിൽ വച്ച് 1877 ഇടവം 5-ന് 40-ാം പെരുന്നാളിൽ വാഴിച്ച് യഥാക്രമം കണ്ടനാട്, കൊച്ചി ഇടവകകൾക്കായി സുസ്താത്തിക്കോൻ നൽകി. നൂറുമീറ്റർ അകലെയുള്ള പഴയപള്ളിയിൽ താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് ക്ഷണിക്കപ്പെടുകയോ പങ്കെടുക്കുകയോ ചെയ്തില്ല. ഇടവം 7 ന് ചാലിശ്ശേരിയിലെത്തി ബാവായെ മുഖം കാണിക്കാതെ ആതിഥേയനും യാത്രയാക്കാനെത്തി. 9 ന് ബാവായെ യാത്രയാക്കാൻ മെത്രാന്മാരും രണ്ടുനാല് പട്ടക്കാരും നൂറിലേറെ ജനങ്ങളും പട്ടാമ്പി റെയിൽവേസ്റ്റേഷനിലെത്തി. 12 മണിക്ക് ബാവാ യാത്രയായി. ആ വണ്ടിയിൽ മറ്റൊരു മുറിയിൽ പുലിക്കോട്ടിൽ മെത്രാച്ചനും ബാവാ അറിയാതെ കയറി. ബാവായുടെ കൂടെവന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് മെത്രാൻ അപ്പോഴും ബാവായെ ധിക്കരിച്ച് പള്ളികൾ സന്ദർശിക്കുകയായിരുന്നു. 'പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും ഗ്രീഗോറിയോസ് അബ്ദുള്ളായും നമ്മുടെ കല്പനയ്ക്ക് വിരോധികളാകയാൽ അവരോടുകൂടെ നിങ്ങൾ യാതൊരു സംബന്ധവും ചെയ്തുപോകരു'തെന്ന് ബാവാ പോകുമ്പോൾ മെത്രാന്മാരെ പ്രത്യേകം വിലക്കിയിരുന്നു. മെത്രാന്മാർ 6 പേരും ഇടവം 17 ന് കണ്ടനാട്ട് എത്തി അബ്ദുള്ളായെ കണ്ട് നാട്ടിൽ പോകാനുള്ള ബാവായുടെ കല്പന കൈമാറി; അന്ന് തന്നെ വെട്ടിക്കൽ എത്തി 40 ദിവസത്തേക്ക് മെത്രാന്മാർ 6 പേരും ഉപവാസം ആരംഭിക്കുകയും ചെയ്തു.

1875 ഇടവം 28 ന് കുന്നംകുളത്ത് വന്ന് 1877 ഇടവം 9 ന് തിരിച്ചുപോയ പത്രോസ് തൃതീയൻ ബാവാ വാർദ്ധകൃത്തിലും കർമ്മനിരതൻ ആയിരുന്നു. 24 മാസങ്ങളിലെ അദ്ദേഹത്തിന്റെ മലങ്കര സന്ദർശനം സംഭവബഹുലം തന്നെ. മെത്രാൻവാഴ്ചകളും മൂറോൻ കൂദാശയും മുളന്തുരുത്തി – വെളിയനാട് അസോസ്യേഷനുകളും മലങ്കര മെത്രാനെ റജിസ്റ്റേർഡ് ഉടമ്പടി കൊടുക്കാത്തതിന്റെ പേരിൽ മുടക്കിയതും നാം കണ്ടു കഴിഞ്ഞു. 'ദീവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ ബോംബെ വരെ നമ്മുടെ കൂടെ വന്ന് നല്ല അനുസരണവും മനസ്താപവും കാണിച്ചിരിക്കകൊണ്ട് അവനെ നാം സ്വീകരിച്ച് കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങൾ ഭരിപ്പാനായി' കല്പന കൊടുത്തതോടെ (1877 ഇടവം 16–ലെ കല്പന) ആ സന്ദർശനത്തിന്റെ പ്രത്യക്ഷഘട്ടം അവസാനിച്ചു. അദ്ദേഹം ചെയ്ത കുറെ നടപടികളും പരിഷ്കാരങ്ങളും പരാമർശം അർഹിക്കുന്നു.

1. മലങ്കര സഭാംഗങ്ങൾ തലവരിപ്പണം (റീശീസാ) പാത്രിയർക്കീസിന് നൽകുന്നതിന് കീഴ്വഴക്കം സ്ഥാപിച്ചു.

2. മുളന്തുരുത്തിയിൽ യൂയാക്കീം മാർ കൂറിലോസിന്റെ കബറിങ്കൽ വച്ചിരുന്ന വിളക്കും ചുറ്റിലും വച്ചിരുന്ന മെഴുകുതിരികളും വലിച്ചെറിഞ്ഞു; കബറിന്റെ മുൻവശത്തെ പലക തകർത്തു.

3. ചിറളയം പള്ളിയിൽ ശാക്രുള്ള മഫ്രിയാനയുടെ സ്മാരക കബറിടം ഉണ്ടായിരുന്നത് പൊളിച്ചുകളയിച്ചു.

4. വടക്കൻപറവൂർ പള്ളിയുടെ മദ്ബഹായുടെ വടക്കുഭാഗത്തുണ്ടായിരുന്ന അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസിന്റെ കബറിടം പൊളിപ്പിച്ചു; ഭൗതികാവശിഷ്ടം അവിടെനിന്ന് നീക്കം ചെയ്തു.

5. കുറുപ്പമ്പടി പള്ളിയുടെ ഹൈക്കലായിൽ തെക്കും വടക്കും സ്ഥാപിച്ചിരുന്ന യൽദൊ ബസേലിയോസിന്റെയും അന്ത്രയോസിന്റെയും സ്മാരക കബറിടങ്ങൾ പൊളിച്ചുകളഞ്ഞു.

6. ഈ കബറു പൊളിക്കൽ പരിപാടി ഭയന്ന് യൽദൊ ബസേലിയോസിന്റെ കബറിടം സ്ഥിതിചെയ്യുന്ന കോതമംഗലം ചെറിയപള്ളിയിലേക്ക് ബാവായെ ക്ഷണിക്കുന്നത് വേണ്ടെന്നു വച്ചു. തൊട്ടടുത്ത് കുറുപ്പമ്പടി പ്പള്ളിയിൽ ദിവസങ്ങളോളം താമസിച്ച ബാവാ, തന്നെ സന്ദർശിച്ച കോതമംഗലത്തുകാരോട് അവിടത്തെ കബറിടം പൊളിച്ചുകളയുവാൻ ഉപദേശിച്ചു.

7. സിറിയൻ സഭയുടെ കോളനിയായി മലങ്കരസഭയെ മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി വൈദികർ തല ക്ഷൗരം ചെയ്തു കറുത്ത തൊപ്പിയും പുറത്തിറങ്ങുമ്പോൾ കറുത്ത കുപ്പായവും ധരിക്കണമെന്ന് നിഷ്കർ

ഷിച്ചു. മെത്രാന്മാരുടെ മുതലവായൻ കിരീടത്തിനു പകരം മത്തങ്ങാ മുടി നടപ്പാക്കി. മെത്രാന്മാരുടെ സൂർപ്ലീസ് ശെമ്മാശന്മാരുടെ അൽമത്തി എന്നിവ നിർത്തലാക്കി. പുരുഷന്മാർ മീശയും താടിയും വളർത്തണ മെന്നും ശീമയിലെ മാതൃകയിൽ വസ്ത്രധാരണം നടത്തണമെന്നും കല്പനയിറക്കി.

8. ആണ്ടുതക്സാക്രമങ്ങൾ എല്ലാം വ്യത്യാസപ്പെടുത്തി ശീമയിലെ മാതൃകയിലാക്കി. യൽദൊ പെരുന്നാളിൽ ശ്ലീഹാ വായനയ്ക്കു മുമ്പുള്ള ശുശ്രൂഷയുടെ ഗീതങ്ങൾ നിർത്തലാക്കി. മുമ്പില്ലാതിരുന്ന സ്ലീബാ ആഘോഷം നടപ്പിലാക്കി. രണ്ടു ഘട്ടമായി നടത്തിയിരുന്ന യൽദൊ ശുശ്രൂഷകൾ ഇതോടെ അതീവ ഹ്രസ്വമായി.

9. ദനഹായുടെ ശുശ്രൂഷയിൽ, മൂറോൻ കൂദാശയുടെ ചില ഭാഗങ്ങളെ ഓർമ്മിപ്പിക്കുന്ന അനുഷ്ഠാനങ്ങൾ നിർത്തലാക്കി. പ്രുമിയോന് മുമ്പായി ഇപ്പോൾ ഉപയോഗിക്കുന്ന 'കോനൂനോ യൗനോയോ' ഗാനവും ധൂപ ക്കുറ്റി വാഴ്വും പഴയക്രമത്തിലുണ്ടായിരുന്നില്ല. വെള്ളം നിറച്ച ഭരണി പ്രദക്ഷിണ സമയത്തും ശുശ്രൂഷാസമയത്തും മറ്റൊരാൾ ചുമന്നു നില്ക്കുക, വാഴ്വിന് ശേഷം കന്തീലാ ശുശ്രൂഷയിലെന്നപോലെ വാഴ്ത്ത പ്പെട്ട വെള്ളം കൊണ്ട് ജനങ്ങളുടെ നെറ്റിയിൽ റൂശ്മാ വരയ്ക്കുക ഇതൊ ക്കെയും ബാവായുടെ പരിഷ്കാരങ്ങളാണ്. മാലാഖമാരുടെ സ്തുതിപ്പും കൗമ്മയും ചൊല്ലി ശുശ്രൂഷ അവസാനിപ്പിച്ച് വാഴ്ത്തപ്പെട്ട ജലം അല്പം കുടിച്ചു പിരിയുന്ന പതിവും നിർത്തലാക്കി. ദനഹാ കഴിഞ്ഞ് മാമ്മൂദീസാ തൊട്ടിയിൽ ആദ്യം ആൺകുഞ്ഞിനെ മാമ്മൂദീസാ മുക്കണം എന്ന പതിവും മോറാന്റെ സംഭാവനയാണ്.

10. വലിയ നോമ്പാരംഭത്തിൽ ഉച്ചനമസ്കാരത്തോട് ചേർന്ന് അനുതാ പത്തിന്റെ ശുശ്രൂഷ എന്ന നിലയിൽ കന്തീലായുടെ ക്രമപ്രകാരം പട്ടക്കാർ സൈത്ത് കൂദാശ ചെയ്ത് അതുകൊണ്ട് ജനങ്ങളെ മുദ്രയി ടുന്ന മഹനീയമായ പതിവ് മോറാൻ നിർത്തലാക്കി. പകരം ദുഃഖശനി യാഴ്ച നടത്തുവാനുള്ള ശുബ്ക്കോനോയുടെ ക്രമം ആവശ്യാനുസരണം വ്യത്യാസപ്പെടുത്തി വലിയനോമ്പാരംഭത്തിലേക്ക് മാറ്റി. സൈത്ത് കൂദാശ മേല്പട്ടക്കാരന്റെ മാത്രം കർത്തവ്യമായി പരിമിതപ്പെടുത്തി.

11. പാതിനോമ്പിന് ഒരു പുതിയ ശുശ്രൂഷാക്രമം സ്ലീബാ ആഘോഷ ത്തോടെ മോറാൻ നടപ്പിൽ വരുത്തി. മുമ്പ് പ്രത്യേക ശുശ്രൂഷകളൊന്നും കുരിശുനാട്ടലിന് ഉപയോഗിച്ചിരുന്നില്ല. പാതിനോമ്പിനും 40-ാം വെള്ളിയാ ഴ്ചയും ഉച്ചക്കുമ്പിടീലിന് ശേഷമാണ് കുർബാന അർപ്പിച്ചിരുന്നത്. 40 കുമ്പിടീൽ ആ ദിവസങ്ങളിൽ മോറാൻ നിർത്തലാക്കി.

12. ഓശാനയുടെ പ്രദക്ഷിണഗാനം വ്യത്യസ്തമായിരുന്നു. കുക്കിലി

യോനും കോനൂനോ യൗനോയോ ഗാനങ്ങളും ഇല്ലായിരുന്നു. സെദ്റാ കഴിഞ്ഞ് 'കൂക്കോയോ' ഗാനമല്ല 'തൂബോല് യാലൂദെ' എന്ന ഗാനമായി രുന്നു. ലുത്തിനിയായിൽ രണ്ടു പാത്രിയർക്കാസ്ഥാനികളെയും ഒരു എപ്പി സ്കോപ്പാസ്ഥാനിയേയും പരാമർശിച്ചിരുന്നത് ഭേദപ്പെടുത്തി. വാഴ്ത്താ നുള്ള ഓല പ്രദക്ഷിണവേളയിലും ശുശ്രൂഷാവേളയിലും ഒരു അയ്മേ നിയെ ഏല്പിക്കുന്ന പതിവ് മോറാൻ നടപ്പാക്കിയത് ചിലർ നടപ്പാക്കി.

13. ഹാശാ ആഴ്ചയിൽ കൈമുത്ത്, കുക്കിലിയോൻ, ഏവൻഗേലി വായനയുടെ വ്യത്യസ്ത മൊഴികൾ, ഓരോ ദിവസത്തേക്കും പ്രത്യേകം കൗമ്മാകൾ, ഉച്ചയ്ക്ക് സന്ധ്യാപ്രാർത്ഥന നടത്തുക: ഇതൊക്കെ പുതിയ പരിഷ്ക്കാരങ്ങളാണ്. പെസഹായുടെ കുർബാന നൽകുവാൻ സന്ധ്യ വരെ ഒരു പട്ടക്കാരൻ ഒരുക്കത്തോടെ ഇരിക്കുക തുടങ്ങി ഇന്ന് നടത്തി വരുന്ന പല ഹാശാ സമ്പ്രദായങ്ങളും ബാവാ ആവിഷ്ക്കരിച്ചതാണ്.

14. ദുഃഖവെള്ളിയുടെ ക്രമം മലങ്കരയിൽ അതീവ ലളിതമായിരുന്നു. പല പാട്ടുകളും പണ്ട് ഇല്ല. ഏവൻഗേലി സമയത്തെ തിരി കെടുത്തലും ഈർക്കിൽ കുരിശ് മെഴുകുതിരിയിൽ കുത്തി നിർത്തലും ആരംഭിച്ചു. ഏവൻഗേലി കഴിഞ്ഞുള്ള ലുത്തിനിയാ ഒഴിവാക്കി. പ്രദക്ഷിണങ്ങൾക്ക് ദിശാഭേദം ഉണ്ടായിരുന്നില്ല. കബറടക്കവും ശനിയുടെ സന്ധ്യാപ്രാർത്ഥ നയും കഴിഞ്ഞ് പിരിഞ്ഞാൽ മതിയെന്ന് കല്പിച്ചത് ചില സ്ഥലങ്ങളിൽ നടപ്പായി.

15. ദുഃഖശനി ഉച്ചതിരിഞ്ഞു കുർബാന അർപ്പിച്ചാൽ മതിയെന്ന് പഠി പ്പിച്ചു (22 1/2 യ്ക്ക് ശേഷം).

16. ഉയിർപ്പിന്റെ അതീവ ഹ്രസ്വമായിരുന്ന ക്രമം മാറി. ആദ്യത്തെ രഹസ്യശുശ്രൂഷയും പ്രഖ്യാപനവും ആവിഷ്ക്കരിച്ചു.

നമ്മുടെ ആണ്ടുതക്സാക്രമങ്ങൾ അന്ത്യോഖ്യൻ ശൈലിയിലാണ് പ്രാചീന കാലം മുതൽ അനുഷ്ഠിച്ച് വരുന്നതെന്ന് വളരെ അശ്രദ്ധമായും ഉദാസീനമായും നാം പറയാറുണ്ട്. ഇക്കാര്യത്തിൽ ഗൗരവമായ ഏതെ ങ്കിലും പഠനം ആവശ്യമാണെന്ന് പോലും ആരും ചിന്തിക്കാറില്ല. പത്രോസ് തൃതീയന് മുമ്പ് മലങ്കരയിൽ നടപ്പിലിരുന്ന ശുശ്രൂഷാക്രമങ്ങ ളെപ്പറ്റി ഗൗരവമായ പഠനം ആവശ്യമാണ്.

17. പെന്തിക്കോസ്തിപ്പെരുന്നാളിന്റെ ഇന്നുള്ള ഗാനങ്ങളും പ്രദക്ഷിണ സമയത്തെ വെള്ളം തളിയും പാത്രിയർക്കീസ് ആവിഷ്ക്കരിച്ചവയാണ്.

18. 'ക്രൊയ്ത്തോദ് റൂഹോ കാദീശോ'യുടെ ആഹ്വാനം നടത്തി സ്ഥാന സാധുതയുള്ള കാർമ്മികൻ കൈ ആഘോഷപൂർവം ആവസി പ്പിക്കുന്ന വേളയിലാണ് കൂദാശകളിൽ പരിശുദ്ധാത്മാവിന്റെ അവരോ

ഹണം സംഭവിക്കുന്നത് എന്ന് കുർബാന, മാമ്മൂദീസാ, പട്ടാഭിഷേകം, മൂറോൻ കൂദാശ എന്നിവയുടെ ക്രമങ്ങളിൽ ശെമ്മാശൻ ഔദ്യോഗിക മായി പ്രഖ്യാപിക്കുന്ന ഒരു സഭയിൽ, മാമ്മൂദീസായിൽ വെള്ളത്തിൽ പരിശുദ്ധാത്മാവാസം ഉണ്ടാകുന്നത് വി. മൂറോൻ കലർത്തുന്നതുകൊ ണ്ടാണെന്ന് പാത്രിയർക്കീസ് പ്രചരിപ്പിച്ചു. മൂറോന്റെ പ്രാധാന്യം വർദ്ധി പ്പിക്കുവാനും അത് കൂദാശ ചെയ്യുന്ന ആളിന്റെ പ്രഭാവം ഉയർത്തുവാനും അത് സഹായിച്ചേക്കുമെങ്കിലും സഭയുടെ അടിസ്ഥാനവിശ്വാസം അന ധികൃതമായി ഭേദപ്പെടുത്തുകയാണ് ആ പഠിപ്പിക്കലിലൂടെ മോറാൻ നിവർത്തിച്ചത്. കഥയറിയാതെ ആട്ടം കാണുക പതിവാക്കിയ പല പ്രാമാ ണികരും മോറാന്റെ പ്രചാരണത്തിന് ആമ്മീൻ പാടുന്നുണ്ട്.

അതുല്യമായ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും അത്ഭുതകരമായി സമ്മേളിച്ച മിശിഹായുടെ പ്രതീകമാവാനല്ലാതെ പരി ശുദ്ധാത്മാവിന്റെ പ്രതീകമാവാൻ സഭ ഉദ്ദേശിച്ചിട്ടില്ലെന്ന് മൂറോൻ കൂദാ ശയുടെ ശുശ്രൂഷാക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാം. സ്ഥിരീ കരണ കൂദാശയിൽ മാധ്യമമായി മൂറോൻ ഉപയോഗിക്കുന്നത് കൈവെ പ്പിന്റെ പൂർത്തീകരണവും പ്രതീകവുമെന്ന നിലയിലാണ്. പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണം എന്നതിന് ക്രമത്തിൽ ഉപയോഗിച്ച മൂല പദം 'മെശ്ത്തമ്ലോ' എന്നാണ്. യഥാർത്ഥ പരിശുദ്ധാത്മ വ്യാപാരമി ല്ലാത്ത സ്ഥാനദാനങ്ങൾക്കുപയോഗിക്കുന്ന പദമാണ് അത്. കശ്ശീശായെ കോറിയാക്കുമ്പോഴും എപ്പിസ്കോപ്പായെ മേൽസ്ഥാനങ്ങളിലേക്കു സിംഹാസനാരോഹണം ചെയ്യിക്കുമ്പോഴും ഉപയോഗിക്കുന്ന പദമാണത്. തന്മൂലം സ്ഥിരീകരണ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റെ പൂർത്തീക രണം എന്ന പദപ്രയോഗത്തിൽ പരിശുദ്ധാത്മദാനം അല്ല അതിന്റെ ഔപ ചാരികത മാത്രമാണ് വിവക്ഷിക്കപ്പെടുന്നത്.

മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന 'തവഹൃദയംബല മാർന്നീടട്ടെ' എന്നാദിയായ ഗാനം സ്ഥിരീകരണ ശുശ്രൂഷയുടെ സാംഗ ത്യവും സന്ദേശവും പ്രഖ്യാപിക്കുന്നുണ്ടെങ്കിലും തൽസ്ഥാനത്ത് ഇന്ന് ചൊല്ലുന്നത് 'ദൈവം ചൊന്നാൻ' എന്ന് ആരംഭിക്കുന്ന ഗാനമാണ്. ഈ ഗാനം കൂദാശാക്രമത്തിലുണ്ടായിരുന്നില്ല. പത്രോസ് തൃതീയൻ കൂട്ടി ച്ചേർത്തതാണീ ഗാനം. ഈ ഗാനം നൽകുന്ന തെറ്റായ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മാമ്മൂദീസായിൽ പൗരോഹിത്യ നൽവരം ദാനം ചെയ്യുന്നു എന്ന വഴി തെറ്റിയ വ്യാഖ്യാനം ഉടലെടുത്തത്. മാമ്മൂദീസാ സ്വീകരിച്ച ആൺകുട്ടികളെ മദ്ബഹായിൽ പ്രവേശിപ്പിക്കുന്ന പതിവും ബാവാ നടപ്പിൽ വരുത്തിയ പരിഷ്കാരമാണ്. ബാവാ വരുന്നതിനു മുമ്പുള്ള കൈയെഴുത്ത് ശുശ്രൂഷാക്രമങ്ങൾ പരിശോധിച്ചാൽ ഈ കാര്യ ങ്ങൾ അറിയാം.

19. വി. കുർബാനയിൽ ഉപയോഗിച്ചിരുന്ന അതീവ ഹ്രസ്വവും പ്രസക്ത വുമായിരുന്ന തുബ്ദേനുകൾക്ക് പകരം അന്ത്യോഖ്യൻ സഭയിലെ പിതാക്കന്മാരുടെ പേരുകളും മറ്റും ചേർത്ത് വികസിപ്പിച്ചതും എപ്പിസ്കോ പ്പസിയെ ഊതിവീർപ്പിക്കുന്നതുമായ തുബ്ദേനുകൾ പരിചയപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാച്ചൻ പതിമൂന്ന് പതിപ്പുകളിലായി പ്രസിദ്ധീകരിച്ച കുർബാനക്രമത്തിൽ ഈ പഴയ തുബ്ദേനുകൾ കാണാം. നവീകരിച്ച രൂപത്തിലാണെങ്കിലും മാർത്തോമ്മാസഭ ഇന്നും ഉപയോഗിക്കുന്നത് ഈ തുബ്ദേനുകൾ തന്നെ. കോട്ടയം പഴയസെമിനാരിയിൽ മല്പന്മാരായി രുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരും കോനാട്ട് മാത്തൻ കത്ത നാരും ചേർന്ന് പ്രസിദ്ധീകരിച്ച കുർബാനക്രമത്തിലൂടെയാണ് അന്ത്യോ ഖ്യൻ പിതാക്കന്മാരുടെ പേരുകളും എപ്പിസ്കോപ്പൽ താല്പര്യങ്ങളും അതീവ പ്രകടമായ പുതിയ തുബ്ദേനുകൾ സാർവത്രികമായി പ്രചരി ച്ചത്.

20. വി. കുർബാനയിലെ ഖണ്ഡിപ്പിന്റെ സമയത്ത് തക്സായിൽ ചേർത്ത മൂന്ന് പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് ചൊല്ലിയാൽ മതി എന്ന് രേഖപ്പെടുത്തിയിരുന്നത് എടുത്ത് മാറ്റി മൂന്നും ചൊല്ലുവാൻ നിർദ്ദേ ശിച്ചു.

21. വി. കുർബാനയിൽ ‘മക്കളിലപ്പൻ....’ എന്നാരംഭിക്കുന്ന കുക്കി ലിയോൻ മാത്രമേ പതിവായി ചൊല്ലിയിരുന്നുള്ളു. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും ചേർത്തു കുക്കിലിയോൻ സെറ്റുകൾ ബാവാ വർദ്ധി പ്പിച്ചു.

22. വി. കുർബ്വാന ഒരുക്കമുള്ളവർക്ക് നൽകുന്നത് ആഘോഷപൂർവ്വം മൂന്ന് പ്രാർത്ഥനകളോടെ പടിഞ്ഞാറോട്ട് കൊണ്ടുവരുമ്പോൾ ആണെന്ന് പ്രാർത്ഥനകൾ വ്യക്തമാക്കുന്നുണ്ട്. മലങ്കരയിലെ പൂർവീക പതിവും അപ്രകാരമായിരുന്നു. മറ്റു പട്ടക്കാരോ പൂർണ്ണ ശെമ്മാശന്മാരോ സന്നിഹി തരെങ്കിൽ അവരുടെ സഹായത്തൊടെയും അല്ലാത്തപക്ഷം വിരിച്ചൊരു ക്കിയ ഏവൻഗേലിയോൻ പീഠമോ മറ്റോ ഉപയോഗിച്ചും കുർബ്വാന കൊടു ത്തിരുന്നു. തൊഴിയൂർ സഭയിലും നവീകരണസഭയിലും ഇത് ഇപ്പോഴും തുടരുന്നു. മോറാൻ അത് നിർത്തലാക്കിയെന്ന് മാത്രമല്ല; ഈ കാനോ നിക നടപടി തുടരുന്നത് ശാപാർഹമെന്ന് കല്പനയിറക്കുകയും കുർ ബ്വാന നൽകൽ എന്ന അതിപ്രധാനമായ ചടങ്ങ് കുർബ്വാനയ്ക്ക് ശേഷം എന്ന് ക്രമീകരിക്കുകയും പടിഞ്ഞാറോട്ട് ആഘോഷപൂർവം വരുന്ന അനുഷ്ഠാനവും തൽസമയം ചൊല്ലുന്ന പ്രാർത്ഥനകളും അപ്രസക്ത മാക്കുകയും ചെയ്തു.

23. വി. കുർബ്വാന കഴിഞ്ഞാൽ ഒരു കൗമ്മാ നമസ്കരിച്ച് ആളുകൾ

പിരിഞ്ഞുപോകുന്ന സമ്പ്രദായമാണ് മലങ്കരയിലുണ്ടായിരുന്നത്. അന്നത്തെ കുർബ്ബാനക്രമത്തിലും അപ്രകാരം നിർദ്ദേശിച്ചിരുന്നു. മോറാൻ അത് നിർത്തലാക്കി. പകരം യാക്കോബിന്റെ രാഗത്തിൽ ഒരു ഗാനം ആവിഷ്ക്കരിച്ചു. ത്രിവിധ വൈദികപദവികൾ ഭൂമിയിൽ കർത്താവ് ഏർപ്പാടാക്കിയതാണെന്ന് അലങ്കാരഭാഷയിൽ പൗരോഹിത്യത്തിന്റെ സ്ഥാപനത്തെയും അധികാരത്തെയും വ്യാഖ്യാനിക്കുന്ന ദീർഘമായ ഗാനവും ശുശ്രൂഷക്കാർ മാത്രം ചൊല്ലിയാലും മതിയാവുന്ന ഗാനങ്ങളും കഴിഞ്ഞ് ഒടുവിൽ കർത്തൃ പ്രാർത്ഥനയും മറ്റും എന്ന ക്രമീകരണം അങ്ങനെയാണ് മുൻപറഞ്ഞ മല്പാന്മാരുടെ മലയാളം ക്രമത്തിലൂടെ പ്രചരിച്ചത്. മലങ്കരയിലെ പൂർവീക സമ്പ്രദായം ചില സ്ഥലങ്ങളിലെങ്കിലും തുടരുന്നുണ്ട്. ചരിത്രമറിയാത്ത പുതിയ 'മല്പാന്മാർ' ആ സമ്പ്രദായത്തെ 'തെറ്റ് തിരുത്തുന്ന' ആവേശത്തോടെ ശപിക്കുന്നതും കണ്ടിട്ടുണ്ട്. കാരമില്ലാത്ത ഉപ്പ്!! എന്ന സഹതാപമാണ് ഈ അഭിനവ മല്പാന്മാർ അർഹിക്കുന്നതെന്ന് തോന്നുന്നു.

24. വിവാഹ ശുശ്രൂഷയിൽ ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പായി വധൂവരന്മാരെ കൈ ചേർത്തു പിടിപ്പിച്ചിരുന്നു. തൊഴിയൂർക്കാരും നവീകരണക്കാരും ഈ പൂർവ്വീക പതിവ് മാറ്റിയില്ല. മോറാൻ ഈ അനുഷ്ഠാനം ശുശ്രൂഷയുടെ ഒടുവിലേക്ക് മാറ്റി.

25. പട്ടംകൊടയിൽ കോറൂയോ, യൗപ്പദ്യക്കിനോ എന്നിവർക്ക് തൊപ്പിയില്ല; ശുശ്രൂഷക്കുപ്പായവുമില്ല; അവർ പട്ടമേല്ക്കുമ്പോൾ മുട്ടുകുത്തി നില്ക്കേണ്ടതുമില്ല. അവരുടെ സ്ഥാനദാന ശുശ്രൂഷയിൽ അമാലോഗിയാ വായനയും ഇല്ല. അതെല്ലാം മോറാൻ ആവിഷ്ക്കരിച്ചു.

26. പട്ടംകൊടയിലെ കൈ ആഘോഷിക്കുന്നതും 'ക്രോയ്ത്തൊദ്റൂഹോ കാദീശോ'യുടെ പ്രാർത്ഥന ചൊല്ലുന്നതും 'നീസേറൂഹോ കാദീശോ' എന്ന കാത്തിസ്മാഗാനവും (കോറൂസൂസോ ഗാനമല്ല) കൈവെപ്പും ഏക സമയത്ത് നടത്തുവാൻ ഉദ്ദേശിക്കപ്പെട്ടവയാണ്; നിർദ്ദേശിക്കപ്പെട്ടവയാണ്. മാമ്മൂദീസായിലും കുർബ്ബാനയിലും മൂറോൻ കൂദാശയിലും സമാന അനുഷ്ഠാനങ്ങൾ ഇപ്പോഴും ഏകകാലത്താണ് നടത്തപ്പെടുന്നത്. എന്നാൽ പട്ടംകൊടയിൽ ഇവ ഒന്നിച്ച് നടത്താതെ ഒന്നിന് ശേഷം ഒന്ന് എന്ന നിലയിലാണ് മോറാൻ മെത്രാന്മാരെ പരിശീലിപ്പിച്ചത്. തന്മൂലം അനുഷ്ഠാനത്തിന്റെ ഭാവതീവ്രതയും ഏകാഗ്രതയും അർത്ഥസാന്ദ്രതയും നഷ്ടപ്പെടുവാൻ ഇടയാവുന്നു.

മലങ്കരസഭയുടെ പ്രാചീനതമമായ അനുഷ്ഠാന പാരമ്പര്യങ്ങളെയും അർത്ഥസമ്പുഷ്ടമായ സാഹിത്യരൂപങ്ങളെയും നിഷേധിച്ച് ഒരു വിദേശ സഭയുടെ സമാന്തരതകളെ തൽസ്ഥാനത്ത് സന്നിവേശിപ്പിച്ച് വൃദ്ധനായ

പത്രോസ് തൃതീയൻ മലങ്കരസഭയെ കോളനിയാക്കി മാറ്റുവാൻ തന്ത്രപൂർവ്വം നടത്തിയ കൗശലങ്ങൾ വിശദമായ പഠനത്തിനും അപഗ്രഥനത്തിനും വിധേയമാക്കേണ്ടതാണ്. മലങ്കരസഭയിൽ കാലുകുത്തിയ ആദ്യത്തെ പാത്രിയർക്കീസ്, മലങ്കരയിലെ വ്യവഹാര യുദ്ധാന്തരീക്ഷം, ബാവായുടെ ആജ്ഞാശക്തിയും കർമ്മകുശലതയും, മലയാളിയുടെ അപകർഷതാബോധം ഇവയെല്ലാം ഈ പരിണാമപ്രക്രിയയെ സുഗമമാക്കി. ആജ്ഞാനുവർത്തികളാവാൻ റജിസ്റ്റേർഡ് ഉടമ്പടിയിലൂടെ ബന്ധനസ്ഥരായ ആറ് മെത്രാന്മാരും അവരുടെ ശിഷ്യരും പ്രശിഷ്യരുമായ മല്പാന്മാരും അച്ചടിച്ച നടപടിക്രമപ്പുസ്തകവും അച്ചടിച്ച കൂദാശക്രമ - ആണ്ടുതക്സാ ക്രമങ്ങൾ ഇവയിലൂടെ പരിണാമ പ്രക്രിയ സുനിശ്ചിതവും സുസ്ഥിരവും ആയിത്തീർന്നു (വിശദമായ പഠനത്തിന് *മലങ്കര സഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗവും* എന്ന ഗ്രന്ഥം കാണുക. പു. 59–113).

പത്രോസ് തൃതീയൻ ബാവായുടെ മടക്കയാത്ര കഴിഞ്ഞ് വെട്ടിക്കൽ ദയറായിൽ നാല്പത് ദിവസത്തെ ഉപവാസത്തിൽ കഴിച്ചുകൂട്ടിയ അഭിനവ മെത്രാന്മാരുടെ മുമ്പിൽ കുറെ ചോദ്യങ്ങൾ അവശേഷിച്ചു.

1. സിവിൽ വ്യവഹാരം ആർ, എങ്ങനെ നടത്തും? 2. പിതാവ് പിരിച്ചുവിട്ട അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും പുനർജ്ജീവിക്കാതെ വ്യവ ഹാരത്തിനുള്ള ശക്തി സംഭരിക്കുന്നതെങ്ങനെ? 3. അവ വിളിച്ചുകൂട്ടുവാൻ ആർക്കാണ് അധികാരം? വിളിച്ചുകൂട്ടുന്നത് പിതാവിനെ ധിക്കരിക്കലാകുമോ? 4. മലങ്കര മെത്രാൻ ആയ ഗുരുവിനോട് സ്വീകരിക്കേണ്ടുന്ന സമീപനം എന്ത്? 5. പാത്രിയർക്കീസ് മുടക്കിയ മാർ ദീവന്നാസ്യോസുമായി സംബന്ധം പുലർത്തണമോ? അപ്രകാരം ചെയ്താൽ ബാവാ തങ്ങളെയും മുടക്കുമോ? 6. സ്വതന്ത്രമായി അധികാരം ലഭിച്ച മെത്രാസനങ്ങളെ കോ ഓർഡിനേറ്റ് ചെയ്യാനുള്ള സംവിധാനം എന്താണ്? 7. പാത്രിയർക്കീസിന്റെ സന്ദർശനം ഉണ്ടാക്കിയ ചെലവുകൾ, സിവിൽ വ്യവഹാര ച്ചെലവുകൾ എന്നിവയ്ക്കായി പതിനയ്യായിരത്തിലധികം രൂപയുടെ ബാധ്യത ആർ ഏറ്റെടുക്കും?

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മിഥുനം 23 ന് വെട്ടിക്കൽ ദയറായി ലെത്തി. സുസ്താത്തിക്കോനുകൾ പരസ്പരം കൈമാറി വായിച്ചു. ഇതുവരെയും മലയാളത്തിനുടെ ദീവന്നാസ്യോസ് എന്നെഴുതിയിരുന്നത് മാറ്റി 'കൊല്ലം ഇടവകയുടെ' എന്ന് മാറ്റി എഴുതേണ്ടിവന്നതിനാൽ താൻ സ്ഥാനം ഒഴിയുകയാണെന്നും ബാധ്യതകളും ചുമതലകളും പുതിയ മെത്രാന്മാർ പങ്കിട്ട് ഏറ്റെടുക്കണമെന്നും മലങ്കര മെത്രാപ്പോലീത്താ പറഞ്ഞതിനാൽ ശേഷം പേർ ചിന്താധീനരായി പറഞ്ഞു: 'ഞങ്ങൾ പള്ളികളിലേക്ക് എഴുതുകയോ നടന്ന് പിരിക്കുകയോ ചെയ്യുന്നപക്ഷം പിരിക്കു

ന്നതിന് ഞെരുക്കം. താങ്കൾ തന്നെ എല്ലാ പള്ളികളിലും നടന്ന് പിരിയ്ക്കുന്നതിന് ഞങ്ങൾക്ക് വിരോധമില്ല; സന്തോഷവുമാണ്.' കൂടുതൽ കാര്യങ്ങൾ അങ്ങു നിർദ്ദേശിക്കുന്നതെല്ലാം ഞങ്ങൾക്ക് സമ്മതം എന്ന് അവർ തുടർന്ന് പറഞ്ഞത് സ്തംഭനം നീക്കാൻ സഹായകമായി. സന്തോഷത്തോടെയും ഐക്യത്തോടെയും അവർ പിരിഞ്ഞു.

മാർ ദീവന്നാസ്യോസ് വീണ്ടും അമരക്കാരൻ

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് 1052 (1877) കാലിന്മേൽ എലി കടിച്ച് വിഷബാധ ഏറ്റ് കർക്കിടകം 4-ന് തിങ്കളാഴ്ച നിര്യാതനായി; മാരാമണ്ണ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹം പട്ടംകൊടുത്ത പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് പിൻഗാമിയായി.

1053-ൽ കന്നി 29-ന് മെത്രാന്മാരും സമുദായപ്രമാണികളും കൊച്ചിയിൽ സമ്മേളിച്ച് ചില തീരുമാനങ്ങൾ എടുത്തു:

1. കോട്ടയം സെമിനാരി, വട്ടിപ്പണം മുതലായ പൊതു സമുദായ സ്വത്തുക്കൾക്കായി സിവിൽ വ്യവഹാരം നടത്തണം.

2. ഇതിനായി ശേഷം മെത്രാന്മാർ യൗസേഫ് മാർ ദീവന്നാസ്യോസിനും കമ്മിറ്റിക്കാർക്കും സമ്മതപത്രം കൊടുക്കണം.

3. മാർ അത്താനാസ്യോസ് പുതുപ്പള്ളിയിൽ ശെമ്മാശന്മാക്ക് വൈദിക പരിശീലനം നൽകണം (വൃശ്ചികം മുതൽ).

4. സുറിയാനിക്കാർക്കായി സർക്കാരിൽ നിന്ന് നിശ്ചയിച്ചിരിക്കുന്ന ഗ്രാന്റുകൾക്ക് യൗസേഫ് മാർ ദീവന്നാസ്യോസ് ഹർജി ബോധിപ്പിച്ച് നടത്തിക്കൊള്ളണം.

ഫലത്തിൽ ഈ തീരുമാനത്തോടെ മലങ്കരമെത്രാപ്പോലീത്താസ്ഥാനവും അതിന്റെ അധികാരങ്ങളും പുനഃസ്ഥാപിതമായി; ആറു മെത്രാന്മാരും പൊതുസഭയുടെ ഭരണത്തിൽ മലങ്കരമെത്രാപ്പോലീത്തായുടെ സഫ്രഗന്മാർ - സഹായികൾ - ആയി. പാത്രിയർക്കീസിന്റെ റദ്ദാക്കലും മുടക്കും അസ്ഥിരപ്പെട്ടു. മാർ ദീവന്നാസ്യോസ് അദ്ധ്യക്ഷനായ മാനേജിംഗ് കമ്മിറ്റിയ്ക്ക് ആറ് മെത്രാന്മാരും ചേർന്ന് ഇപ്രകാരം എഴുതി അയച്ചു. 1877 കന്നി 27-ന് എഴുതിയ ആ കത്തിൽ വെട്ടിക്കൽ ദയറായിൽ യാക്കോബ് റമ്പാനും ചെമ്പിൽ പള്ളിയിൽ അമ്പലത്തുങ്കൽ പത്രോസ് കത്തനാരും സാക്ഷികളായി ഒപ്പിട്ടിരുന്നു: "... സുറിയാനി അസോസ്യേഷൻ കമ്മിറ്റിയിലേക്ക് എഴുതുന്നത്: നമ്മുടെ പൊതുസ്ഥലമാകുന്ന കോട്ടയത്ത് സെമിനാരിയും അതിൽ ഉൾപ്പെട്ട വസ്തുക്കളും വട്ടിപ്പണം മുതലായത് കൈവശം വരുത്തേണ്ടതിന് വേണ്ടി വരുന്ന സകല വ്യവ

ഹാരങ്ങളും നിങ്ങൾ കമ്മിറ്റിക്കാർ ചെയ്തു കൈവശപ്പെടുത്തേണ്ടതിനും നമ്മുടെ വിശുദ്ധ പിതാവായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദപ്രകാരം അതുകൾ കൊണ്ട് പൊതുവിൽ പഠിത്തം, അച്ചടി മുതലായത് നിങ്ങൾ നടത്തുന്നതിനും ഞങ്ങൾ സമ്മതിച്ച് താഴെ പറയുന്ന സാക്ഷികളുടെ മുമ്പിൽ ഒപ്പിട്ടിരിക്കുന്നു." 1877 തുലാം 7-ന് ആറ് മെത്രാച്ചന്മാർ ചേർന്ന് എഴുതിയ മറുപടി കത്തിലും ഈ കാര്യം പരാമർശിക്കുന്നത് കാണുക: "... ഞങ്ങൾ എല്ലാവരും കൂടി കൊച്ചിയിൽ കൂടി വട്ടിപ്പണത്തിന്റെയും സെമിനാരിയുടെയും കാര്യത്തെക്കുറിച്ച് ആലോചിച്ചാറെ, എല്ലാവരും കൂടി അന്യായപ്പെട്ട് വ്യവഹാരം നടത്തുന്നത് ശരിയല്ല എന്നും അതിനാൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നടത്തുന്നതും ആയത് കൈവശപ്പെട്ട് വരുന്നപക്ഷം വിശുദ്ധ പിതാവിനെ ബോധിപ്പിച്ച് വരുന്ന കല്പന പ്രകാരം പൊതുവിൽ വേണ്ടപ്പെടുന്ന കാര്യങ്ങൾ നടത്തുന്നത് സമ്മതമെന്നും മറ്റും ഞങ്ങൾ എല്ലാവരും കൂടി എഴുതിക്കൊടുത്തു; തിരുവനന്തപുരത്തേയ്ക്ക് പോയിരിക്കുന്നു' (കണ്ടനാട്ട് ഗ്രന്ഥവരി, പു. 683). 1878 മകരം 1-ന് മലങ്കരയിലെ എല്ലാ പള്ളികൾക്കുമായി യൗസേഫ് മാർ ദീവന്നാസ്യോസ് ഒരു കല്പന അയച്ചു. സർവ്വസമ്മതമായി അതിൽ മെത്രാപ്പോലീത്തായുടെ ഔദ്യോഗിക സ്ഥാനനാമം ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കമ്മിറ്റിയുടെ പ്രസിഡണ്ടായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ' (പു. 696).

മേൽ കല്പനപ്രകാരം 1878 കുംഭം 6-ന് പരുമലയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ യോഗം ഔദ്യോഗികമായി യൗസേപ്പ് മാർ ദീവന്നാസ്യോസിന്റെ അധ്യക്ഷതയിൽ ചേർന്നു; തീരുമാനങ്ങൾ:

1. പാത്രിയർക്കീസ് റദ്ദാക്കിയ അസോസ്യേഷനും സഭാ മാനേജിംഗ് കമ്മിറ്റിയും പുനർജ്ജീവിപ്പിച്ചു.

2. മാർ ദീവന്നാസ്യോസ് രണ്ടിന്റെയും പ്രസിഡണ്ടായിരിക്കും. അദ്ദേഹം പഴയപോലെ മലയാളത്തിനുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന് മേലിലും ഔദ്യോഗികനാമം ഉപയോഗിക്കണം.

3. വ്യവഹാരം, വിദ്യാലയങ്ങൾ, സെമിനാരികൾ ഇവ നടത്തുന്നതിനും സ്ഥാപിക്കുന്നതിനും ക്രിയാത്മക നടപടികൾ സ്വീകരിച്ചു.

4. പുതിയ മെമ്പർമാരെ ചേർത്തു കമ്മിറ്റി വിപുലമാക്കി.

5. പുത്തൂപ്പള്ളി ഗീവറുഗ്ഗീസിനെ മുതൽപിടി ആയും കാരിക്കൽ കുരുവിള ഈപ്പനെ സിക്രട്ടറി ആയും നിശ്ചയിച്ചു.

6. മെത്രാന്മാരുടെയും കമ്മിറ്റിക്കാരുടെയും ചുമതലയിൽ കടപ്പത്രം

മുഖേന 6000 രൂപ ശേഖരിച്ച് തിരുവനന്തപുരത്ത് ചെന്ന് എത്രയും പെട്ടെന്ന് വ്യവഹാരം ആരംഭിക്കണം.

തെക്കു പരുമലയിൽ മാർ ഗ്രീഗോറിയോസിന്റെ ചുമതലയിലും വടക്ക് വെട്ടിക്കൽ ദയറായിൽ മാർ യൂലിയോസിന്റെ ചുമതലയിലും വൈദിക വിദ്യാഭ്യാസം ആരംഭിച്ചു. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ പൂർവ്വീക മഹത്വത്തിലേക്ക് വന്നതിൽ കൊച്ചിയുടെ ശെമവൂൻ ദീവന്നാസ്യോസ് (കണ്ടനാട് ഗ്രന്ഥവരിയുടെ എഴുത്തുകാരൻ) അസഹിഷ്ണുവായിരുന്നു. അദ്ദേഹത്തിന്റെ ഈ നിലപാട് മൂലമാകാം സ്വന്തം ഇടവകയായ കണ്ടനാട് ഉൾപ്പെടെ ഒരു ഇടവകയും അദ്ദേഹത്തെ സ്വീകരിച്ചില്ല; കണ്ടനാട് പള്ളിയിൽ ആരാധന നടത്തുവാൻ പോലും അദ്ദേഹത്തിന് ഇടവകയുടെ അനുവാദം ലഭിച്ചില്ല. താമസസ്ഥലം എങ്ങും ലഭിക്കാത്തതിനാൽ കണ്ടനാട് പള്ളിയുടെ ഒരഅപ്രധാന മുറിയിൽ താമസിക്കാനിടം ലഭിച്ചു. മരണം വരെ അവിടെതന്നെ ആരാധനകൾ നടത്തി. അന്തരിച്ചപ്പോൾ മൃതദേഹം കുളിപ്പിക്കുവാൻ ഒരു ചെമ്പ് പോലും കണ്ടനാട്ട് പള്ളിക്കാർ കൊടുത്തില്ല. മൃതദേഹം അവിടെ സംസ്കരിക്കുവാൻ വിസമ്മതിക്കുകയും ചെയ്തു. ഒടുവിൽ പുലിക്കോട്ടിൽ മെത്രാച്ചൻ പണിയിച്ച കടുങ്ങമംഗലം പള്ളിയിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കബറടക്കപ്പെടുകയാണുണ്ടായത് (കരോട്ടുവീട്ടിൽ കുടുംബാംഗവും ഗ്രന്ഥകാരന്റെ സഹപ്രവർത്തകയുമായ ഡോ. താരാ സൈമൺ നൽകിയ വിവരം).

(1879) 1054 കുംഭം 24 ന് തോമസ് അത്താനാസ്യോസ് മുതൽപേരെ പ്രതിയാക്കി യൗസേഫ് മാർ ദീവന്നാസ്യോസ് വാദിയായി ആലപ്പുഴ ജില്ലാ ക്കോടതിയിൽ സിവിൽ വ്യവഹാരം ആരംഭിച്ചു. മൂന്ന് നാല് കൊല്ലത്തെ അനിശ്ചിതത്വത്തിന് ശേഷം മലങ്കരയുടെ അമരക്കാരൻ ആരെന്ന് ഒരിക്കൽ കൂടി വ്യക്തമായി.

പ്രാരംഭവിചാരണ കഴിയാൻ മൂന്ന് വർഷമെടുത്തു. പുലിക്കോട്ടിൽ മെത്രാച്ചൻ തിരുവനന്തപുരത്തു ചെന്ന് പ്രത്യേകം ആവശ്യപ്പെട്ടതനുസരിച്ച് ദിവാൻജി ഈ കേസുകാര്യത്തിന് പ്രത്യേക ജഡ്ജിയായി ടി. സി. കൃഷ്ണമേനോൻ അവർകളെ നിയമിക്കുകയും ചെയ്തു. മാലിത്തറ ഏലിയാസ് കത്തനാരും കാരിക്കൽ കുരുവിള ഈപ്പനും വാദിഭാഗത്ത് ചുമതലക്കാരും ഇ. എം. ഫിലിപ്പ് വ്യവഹാര കാര്യസ്ഥനുമായി പ്രവർത്തിച്ചു. ഫിലിപ്പിനെ അസോസ്യേഷൻ സെക്രട്ടറിയായി ആലപ്പുഴ കൂടിയ മാനേജിംഗ് കമ്മിറ്റി നിയമിച്ചു. വാദിഭാഗത്തേക്ക് 77 ഉം പ്രതിഭാഗത്തേയ്ക്ക് 103 ഉം സാക്ഷികളെ 1057 മകരം മുതൽ 1059 കുംഭം വരെ വിസ്തരിച്ചു. അന്യായത്തിന്റെ സംക്ഷേപം.

1. മാർ അത്താനാസ്യോസിനെ പാത്രിയർക്കീസ് മുടക്കിയിരുന്നു. 2.

1051 ലെ വിളംബരം മൂലം അദ്ദേഹത്തിനെതിരെ വ്യവഹാരം കൊടുക്കുവാനുള്ള തടസം നീങ്ങി. 3. ഒന്നാം പ്രതി (തോമസ് അത്താനാസ്യോസ്) മുൻഗാമി സ്ഥാനഭ്രഷ്ടനായ ഉടനെ വസ്തുവകകൾ വാദിയെ ഏല്പിക്കേണ്ടതായിരുന്നു. 4. അവ കൈവശം വയ്ക്കാൻ ഒന്നാം പ്രതിക്കും മറ്റും അവകാശമില്ല (റോയൽക്കോടതി വിധി, പു. 3).

പത്രികയുടെ സംക്ഷേപം. 1. വാദിയുടെ ഔദ്യോഗിക സ്ഥാനങ്ങളെപ്പറ്റി വ്യക്തമായ വിവരം നൽകിയിട്ടില്ല. 2. മിസ് ജോയിന്റർ എന്ന സാങ്കേതിക ദോഷമുണ്ട്. 3. വാദിയുടെ അവകാശങ്ങൾക്ക് റസ്ജൂഡിക്കേറ്റ എന്ന വാദ തടസമുണ്ട്. 4. അന്യായത്തിന് കാലഹരണദോഷമുണ്ട്. 5. അന്യായക്കാരന് സ്ഥാനവും സഭയുടെ അംഗീകാരവും ലഭിച്ചിട്ടില്ല. 6. വാദി ബാധ്യത ക്കാരനും മതാചാര വിരുദ്ധനും അംഗഭംഗമുള്ളവനും ആണ്. 7. അന്യായ പട്ടികയിലെ വസ്തുവഹകളെ അവകാശപ്പെടാൻ വാദിക്ക് അർഹതയില്ല. 8. മലങ്കരസഭയ്ക്ക് അസോസ്യേഷനുമായി ബന്ധമില്ല. 9. മലങ്കരസഭമേൽ പാത്രിയർക്കീസിന് യാതൊരുവിധ അധികാരവുമില്ല. 10. പാലക്കുന്നത്തു മെത്രാച്ചന്റെ വാഴ്ചയിലെ അന്ത്യോഖ്യൻ പങ്കാളിത്തം യാദൃച്ഛികം മാത്രമാണ്. 11. വാദി അന്ത്യോഖ്യായിലെ ഏത് പാത്രിയർക്കീസിൽ നിന്ന് സ്ഥാനമേറ്റു എന്ന് വ്യക്തമല്ല. 12. അന്ത്യോഖ്യായുടെ കൈവെപ്പ് മലങ്കരയിലെ പിന്തുടർച്ചയ്ക്ക് അർഹത നൽകുന്നില്ല. 13. മുൻഗാമി പിൻഗാമിയെ കണ്ടെത്തി വാഴിക്കുകയാണ് മലങ്കരയിലെ പാരമ്പര്യം. 14. ഒന്നാം പ്രതി അപ്രകാരം മുൻഗാമിയാൽ സ്ഥാനവും ചുമതലകളും ഏല്പിക്കപ്പെട്ട ആളാണ്. 15. പാത്രിയർക്കീസ് വാദിയെ മുടക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. 16. പട്ടികയിൽ ഒരു ഭാഗം മുൻഗാമിയുടെ കാലം മുതലേ അന്യകൈവശമാണ്. 17. പട്ടികയിലെ വസ്തുവഹകൾ വീണ്ടെടുക്കുവാൻ വാദിയെ ആരും ചുമതലപ്പെടുത്തിയിട്ടില്ല (പൂർണ്ണരൂപം കണ്ടനാട് ഗ്രന്ഥവരിയി ലുണ്ട്).

വാദിയ്ക്ക് അനുകൂലമായി 1059 മിഥുനം 16 ന് (1884) കോടതിയിൽ നിന്ന് വിധിയുണ്ടായി (കൂടുതൽ വിവരങ്ങൾക്ക് ഇ. എം. ഫിലിപ്പിന്റെ ആത്മകഥയായ *മലങ്കരസഭയുടെ രഹസ്യ പേടകം,* പു. 30–33 നോക്കുക).

ഇതിനിടയിൽ ചില ആഭ്യന്തര കലഹങ്ങൾ പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ അരങ്ങേറുന്നുണ്ടായിരുന്നു. മലയാളത്തിനുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ ദീവന്നാസ്യോസ് പ്രവർത്തിക്കുന്നതിനെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവർ പല രൂപത്തിൽ എതിർത്തുപോന്നു. ശെമവൂൻ ദീവന്നാസ്യോസ് ഒരു ഘട്ടത്തിൽ പുലിക്കോട്ടിൽ മെത്രാച്ചനെതിരെ വ്യവഹാരപ്പെടുകയും ചെയ്തു. കരിങ്ങാച്ചിറ പള്ളിയുമായി നടന്ന വ്യവഹാരം കാര്യങ്ങൾക്ക് ശമനമുണ്ടാക്കി. ആ വ്യവഹാരത്തിൽ പള്ളിക്കാർ

വാദിച്ചത് ശെമവൂൻ ദീവന്നാസ്യോസിനെ ജനം തെരഞ്ഞെടുത്തില്ല എന്ന വിഷയത്തിലാണ്. പള്ളിക്കനുകൂലമായ വിധി ശേഷം മെത്രാന്മാരെയും ശാന്തരാക്കി: അവരാരും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നില്ലല്ലോ. തുടർന്ന് മലങ്കര മെത്രാനെതിരെ പരസ്യമായി രംഗത്ത് വരുവാൻ എതിർപ്പുള്ള മെത്രാന്മാർ ഭയപ്പെടുകയും ചെയ്തു.

നവീകരണക്കാരുമായുള്ള കേസിൽ – സെമിനാരിക്കേസിൽ – സാക്ഷി എന്ന നിലയിൽ ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മാത്രമാണ് കോടതിയുടെ സമൻസ് കൈപ്പറ്റി സാക്ഷിമൊഴി നൽകിയത്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സുറിയാനിക്കാരുടെ അസോസ്യേഷൻ കമ്മിറ്റിയിൽ പ്രസിഡണ്ടായി വിശുദ്ധ പിതാവാകുന്ന മോറാൻ പാത്രിയർക്കീസ് ബാവായും കമ്മിറ്റിക്കാരും ശേഷം പള്ളിക്കാരും കൂടി നിശ്ചയിച്ചിരിക്കുന്നു എന്നും ആത്മീയ കാര്യത്തിൽ ഞങ്ങൾ മെത്രാന്മാർ എല്ലാവരും ഒരുപോലെ അധികാരപ്പെട്ടിരിക്കുന്നുവെന്നും ലൗകിക കാര്യങ്ങൾ അദ്ദേഹം ഞങ്ങളിൽ മീതെ എന്നും മറ്റും പരുമല മെത്രാച്ചൻ സാക്ഷി വിസ്താരത്തിൽ മൊഴി കൊടുത്തു (*കണ്ടനാട് ഗ്രന്ഥവരി,* പു. 727).

മുറപ്രകാരം റീശീസാ ലഭിക്കാത്തതിൽ കുപിതനായ പാത്രിയർക്കീസ് ശെമവൂൻ മാർ അത്താനാസ്യോസിനെ (ഇദ്ദേഹം സ്തേഫാനോസ് മെത്രാച്ചന്റെ കൂടെ വന്ന റമ്പാനും പുലിക്കോട്ടിൽ മെത്രാച്ചന്റെ ഗുരുവും ആയിരുന്നു) പിരിവ് നടത്താനയച്ചു. 64 കാരനായ ഇദ്ദേഹത്തോടൊപ്പം സ്ലീബാ ശെമ്മാശനും ഉണ്ടായിരുന്നു (പില്ക്കാലത്ത് സ്ലീബാ ഒസ്താത്തിയോസ്). 1880 ധനു 3-ന് കൊച്ചിയിലെത്തിയ ഇദ്ദേഹം ശിഷ്യനായ മലങ്കരമെത്രാനോടും പ്രശിഷ്യനായ ചാത്തുരുത്തിൽ മെത്രാച്ചനോടുമൊത്ത് പരുമലയിൽ താമസിക്കുമ്പോഴാണ് അനുകൂലമായ കോടതി വിധിയുണ്ടായത്.

പാലക്കുന്നത്ത് തോമസ് അത്താനാസ്യോസും കൂട്ടരും 1884 കന്നി 25-ന് അപ്പീൽ ഫയൽ ചെയ്തു. വാദിഭാഗത്തേക്ക് ആർ. രാമനാഥരായരും (പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഗം) മറുഭാഗത്തേക്ക് ഗാൻസ് സായിപ്പും ഹാജർ ആയി. ഈ കേസിൽ കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിക്കൊണ്ടും ചെലവ് അനുവദിച്ചുകൊണ്ടും 1885 തുലാം 29 ന് പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായി വിധിയുണ്ടായി. വിധി നടത്തുവാൻ കോടതിയുദ്യോഗസ്ഥൻ ആമ്മീൻ കോട്ടയത്ത് വന്നപ്പോൾ സെമിനാരിക്കെട്ടിടങ്ങൾ പൂട്ടിക്കാണുകയാൽ വിവരം കോർട്ടിലേക്ക് റിപ്പോർട്ട് ചെയ്തതിൽ കൊല്ലനെ വരുത്തിത്തുറപ്പിക്കാൻ ആമ്മീന്റെ പേർക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുപ്പാൻ മജിസ്ട്രേട്ടിന്റെയും പോലീസ് ഇൻസ്പെക്ടറുടെയും പേർക്കും ഉത്തരവായി. അതിൻപ്രകാരം സെമി

നാരിയുടെ പൂട്ടുകൾ എടുപ്പിച്ച് നടത്തിക്കൊടുക്കുകയും ചെയ്തു. 1886 കർക്കിടകം 3-ന് തന്റെ കാരണവൻ സ്ഥാപിച്ച് അന്ത്യവിശ്രമം കൊള്ളുന്ന സെമിനാരിയിൽ മലങ്കര മെത്രാൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും റീശീസാ പിരിവുകാരൻ മാർ അത്താനാസ്യോസും താമസമാരംഭിച്ചു. മറ്റു സ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിന് മുമ്പ് പാലക്കുന്നത്ത് മെത്രാച്ചൻ റോയൽക്കോടതിയിൽ അപ്പീൽ നൽകി. ഈ കേസിൽ വാദം കേട്ടത് ചീഫ് ജസ്റ്റീസ് കൃഷ്ണസ്വാമിരായരും ഓറംസ്ബിയും സീതാ രാമയ്യരും ആയിരുന്നു.

മലങ്കര മെത്രാന്മാർ അതത് കാലത്ത് രേഖപ്പെടുത്തി വന്നത് എന്ന പകലോമറ്റം മെത്രാന്മാർ അവകാശപ്പെട്ടിരുന്ന സഭാചരിത്രം, പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ ഒറിജിനൽ സുസ്താത്തിക്കോൻ തുടങ്ങി കൈവശമുണ്ടെന്ന് അവകാശപ്പെട്ടിരുന്ന പല സഭാരേഖകളും നവീകരണ വിഭാഗം കോടതിയിൽ ഹാജരാക്കിയില്ല. പള്ളിക്കര പള്ളിയിൽ വച്ച് അവ മോഷ്ടിക്കപ്പെട്ടു എന്ന് പാലക്കുന്നത്ത് ജൂനിയർ മെത്രാച്ചൻ കോടതിയെ സത്യം ചെയ്ത് ബോധിപ്പിച്ചു. മോഷണകഥ സൗകര്യപൂർവ്വം കെട്ടിച്ചമച്ചതാണെന്നും തങ്ങൾ അത് വിശ്വസിക്കുന്നില്ലെന്നും ജഡ്ജിമാർ മോഷണകഥയെ പരിഹാസപൂർവ്വം തിരസ്കരിച്ചു. കേസിലെ വാദമുഖങ്ങൾ ബലപ്പെടുത്തുവാൻ, മലങ്കരയിലെ പൂർവിക നടപടികൾക്കും ചട്ടങ്ങൾക്കും അനുയോജ്യമാണ് അവ എന്ന് കാണിപ്പാൻ, 'മലങ്കരക്കാനോൻ' എന്ന പേരിൽ ഒരു ലഘു പുസ്തകം എഴുതിത്തയാറാക്കി അച്ചടിപ്പിക്കുകയും അത് പാലക്കുന്നത്ത് വലിയ മെത്രാച്ചൻ ശേഖരിച്ച് വിവർത്തനം ചെയ്തു തയാറാക്കിയതാണെന്ന് അവകാശപ്പെട്ടുകൊണ്ട് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. മലങ്കരയിൽ പൂർവികമായി ഒരു കാനോൻ ഗ്രന്ഥവും ഉണ്ടായിരുന്നില്ല. തന്മൂലം നവീകരണക്കാർ ഹാജരാക്കിയ കാനോൻ നൂറു ശതമാനവും വ്യാജമായിരുന്നു. ഈ വ്യാജ കാനോനെ നേരിടുവാൻ വെളിയനാട്ട് അസോസ്യേഷൻ പത്രോസ് ബാവാ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ഹൂദായ കാനോൻ പുലിക്കോട്ട് മെത്രാച്ചന്റെ ഭാഗം ഹാജരാക്കി. മലങ്കരസഭയിലെ ചില പതിവുകൾക്ക് പ്രമാണമാകാൻ പാകത്തിൽ ഹൂദായകാനോന്റെ കൈയെഴുത്തുപ്രതിയിൽ മുളന്തുരുത്തി സുന്നഹദോസിന്റെ ചില കാനോനാകൾ പൂർവ്വിക കാനോനാകൾ എന്ന മട്ടിൽ എഴുതി ചേർത്തിരുന്നു. ഒരു ഡസനോളം വരുന്ന ഈ തിരുത്തലുകൾ സാങ്കേതികമായി വ്യാജമെന്ന് കുറ്റപ്പെടുത്താമെങ്കിലും മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ ആയിരുന്നതിനാൽ, മുളന്തുരുത്തിയുടെ വിലാസം മറച്ചു വച്ചു എന്ന അർത്ഥത്തിൽ മാത്രമേ അതിനെ കുറ്റപ്പെടുത്താനാവൂ (പില്ക്കാലത്ത് സമുദായക്കേസിൽ ഇരുനൂറിലേറെ തിരുത്തലുകൾ വരുത്തി പാത്രിയർക്കീസ് ഭാഗം ഹാജരാ

ക്കിയ 18 അക്കം കാനോൻ ഇതല്ല. സ്ലീബാ ഒസ്താത്തിയോസിന്റെ കയ്പട യിലെന്ന് തോന്നിക്കുന്ന കൃത്രിമം നിറഞ്ഞ - ഒറിജിനൽ റഫ് വർക്ക് ചെയ്ത കാനോൻ ഗ്രന്ഥം - ഈ എഴുത്തുകാരന്റെ കൈവശമുണ്ട്. ഈ പതിനെട്ടക്കം കാനോനും സെമിനാരിക്കേസിൽ ഹാജരാക്കിയ കാനോനും ഒരേ ഗ്രന്ഥമാണെന്ന് എല്ലാ എഴുത്തുകാരും തെറ്റിദ്ധരിച്ചി ട്ടുണ്ട്. ഈ പില്ക്കാല കൃത്രിമ കാനോൻ ആണ് ഈയിടെ ഉദയഗിരി സെമിനാരിക്കാർ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത്). പുലിക്കോ ട്ടിൽ മെത്രാച്ചന്റെ കാനോനെ കാപ്പിക്കാനോൻ എന്ന് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുന്നവർ മലങ്കരക്കാനോനോ യഥാർത്ഥ തിരുത്തു കാനോനോ കണ്ടവരല്ല എന്ന് രേഖപ്പെടുത്തുന്നത് ദുഃഖത്തോ ടെയാണ്. നമ്മുടെ സഭാചരിത്ര സാഹിത്യ ഗവേഷണരംഗം എത്രമേൽ പരിതാപകരമാണ്!! (2012 ജൂലൈ 11-ന് സോഫിയാ സെന്ററിൽ പ. കാതോലിക്കാബാവാ, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ പങ്കെടുത്ത നിറഞ്ഞ സദ സ്സിനെ സാക്ഷിയാക്കി, ഈ കാനോൻ കൃത്രിമത്വവും പാലക്കുന്നത്ത് മെത്രാച്ചൻ പ്രസിദ്ധീകരിച്ച നവീകരണ നമസ്ക്കാരപുസ്തകവും ഈ ലേഖകൻ പ്രദർശിപ്പിച്ചു. സെമിനാർ പൂർണ്ണമായും മലങ്കര ഓർത്ത ഡോക്സ് ടി. വി. സംപ്രേക്ഷണം ചെയ്തിരുന്നു. സെമിനാർ പൂർണ്ണമായും കാണുവാൻ http://youtu.be/Kwg-Tdz6BYw സന്ദർശിക്കുക.)

റോയൽ കോടതിയിൽ അന്തിമവിധി പ്രസ്താവിക്കുന്നതിന് മുമ്പ് രാജി ശ്രമം നടത്തുവാൻ മഹാരാജാവ് കല്പിക്കുകയും ദിവാൻ രാമരാ യരെയും ഹജ്ജൂർ സിക്രട്ടറി വാറ്റ്സിനെയും സർവാധി നീലകണ്ഠപിള്ള യെയും മധ്യസ്ഥന്മാരായി നിയോഗിക്കുകയും ചെയ്തു. ദിവാന്റെ ബംഗ്ലാ വിൽ ഇരുകക്ഷികളും ഹാജരായി. 'നവീകരണക്കാർ നൂതനമായി സ്വീകരി ച്ചിരിക്കുന്ന മതവിപരീതങ്ങളെ പരിത്യജിച്ച് അവരും അവരുടെ പിതാക്ക ന്മാരും മുമ്പിനാലെ കൈക്കൊണ്ടിരുന്ന പ്രാചീന വിശ്വാസത്തിലും അന്ത്യോഖ്യാസിംഹാസനത്തിന്റെ ആത്മീയ ആജ്ഞയിലും ഇരിക്കണ മെന്നല്ലാതെ അവരെ പിരിച്ചുവിടണമെന്ന് ഞങ്ങൾക്ക് അശേഷം ആഗ്രഹ മില്ലെന്നും അവർ അതിന് സമ്മതിച്ചാൽ അവരെ സ്വീകരിക്കാനും സ്ഥാന പൂർത്തി വരുത്തി വേണ്ട അധികാരങ്ങളോടും കൂടി നടത്താനും പാത്രിയ ർക്കീസ് ബാവാ അനുവദിച്ച് കല്പന അയച്ചിട്ടുണ്ടെന്നും അവർ അതിന് വഴിപ്പെടുന്നപക്ഷം ഞാൻ സ്വസ്ഥനായിരുന്നുകൊണ്ട് സർവ്വാധികാരവും എതിർകക്ഷി മെത്രാനെ ഏല്പിച്ചുകൊടുക്കുവാൻ സന്നദ്ധനാണെന്നും മറ്റും മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വളരെ വാക്ചാതുര്യ ത്തോടും ഹൃദയംഗമമായും പ്രസ്താവിക്കുകയും ദിവാൻജി മുതൽപേർ

തന്റെ ഔദാര്യത്തെയും സമചിത്തതയെയും കുറിച്ച് പ്രശംസിക്കുകയും ചെയ്തു. എതിർകക്ഷിയുടെ പ്രസ്താവന, യാക്കോബായ വിശ്വാസം മനഃസാക്ഷിയ്ക്ക് വിപരീതമാകയാൽ കൈക്കൊള്ളുവാൻ മനസ്സില്ലെന്നായിരുന്നു. മനഃസാക്ഷിയ്ക്ക് വിപരീതമായി പ്രവർത്തിക്കണമെന്ന് ഉപദേശിപ്പാൻ മധ്യസ്ഥർക്ക് അവകാശമില്ലാത്തത് കൊണ്ട് യോജിപ്പുണ്ടാകയില്ലെന്ന് അവർ തീരുമാനിച്ചു" (*രഹസ്യഭേദകം,* പു. 48–49).

ഇരുകക്ഷികളും അവരവരുടെ ചെലവ് വഹിക്കണമെന്ന ഭേദഗതിയോടെ കീഴ്ക്കോടതി വിധി സ്ഥിരപ്പെടുത്തിക്കൊണ്ട് റോയൽക്കോടതിയുടെ ഭൂരിപക്ഷവിധി 1889-ൽ പ്രഖ്യാപിക്കപ്പെട്ടു. ഓറംസ്ബി വിയോജനക്കുറിപ്പടങ്ങിയ ന്യൂനപക്ഷവിധിയും എഴുതി. ഭൂരിപക്ഷവിധി നടപ്പാക്കുവാൻ മഹാരാജാവ് കല്പനയായി. രണ്ടു കക്ഷികളോടുമായി ദിവാൻ പ്രസ്താവിച്ചു: വിധിപ്രകാരം സെമിനാരിയും സ്വത്തുക്കളും ഒഴിഞ്ഞുകൊടുക്കാതെ ഒരു നിവൃത്തിയുമില്ല. ഓരോ പള്ളിയും ഇതുപോലെ ഒഴിഞ്ഞുകൊടുക്കേണ്ടിവരും. അപ്പോൾ നവീകരണക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി ഇരുകക്ഷികളുള്ള പള്ളികൾ പള്ളികളിന്മേലോ സ്വത്തുക്കളിന്മേലോ വരുമാനങ്ങളിന്മേലോ അവർക്ക് യാതോരവകാശവും കൂടാതെ അവരുടെ കർമ്മങ്ങൾ ഒരു ക്ലിപ്തസമയത്ത് പള്ളികളിൽ വച്ച് ചെയ്തു കൊള്ളാൻ അവർക്ക് അനുവദിച്ചുകൊടുക്കണമെന്ന് ദിവാൻജി മെത്രാപ്പോ ലീത്തായോട് ആവശ്യപ്പെട്ടു. അപ്രകാരം അനുവദിക്കുന്നത് ട്രസ്റ്റിനു വിരോധവും ന്യായരഹിതവും ആണെങ്കിലും ദിവാൻജി പറഞ്ഞതാകകൊണ്ട് സമ്മതിക്കുന്നുവെന്ന് മാർ ദീവന്നാസ്യോസ് ഇതിന് മറുപടി പറഞ്ഞു.. ദിവാൻജിയും കൂട്ടുമധ്യസ്ഥന്മാർക്കുമുണ്ടായ സന്തോഷം അല്പമല്ലായിരുന്നു. ഇത്രത്തോളം ഇവിടെ സമ്മതിച്ചത് ഒരു വലിയ സംഗതിയാണെന്നുള്ള അഭിപ്രായത്തോടുകൂടി ഇതിന് ചേർന്ന് രാജിപ്പെട്ട് പോകണമെന്ന് ദിവാൻജി എതിർകക്ഷിയോട് ആവശ്യപ്പെട്ടു. ആ കക്ഷിയിലുള്ള ദൂരസ്ഥന്മാരായ യോഗ്യന്മാരോട് ആലോചിക്കാതെ മറുപടി പറയാൻ തരമില്ലെന്ന് അവർ ഒഴികഴിവ് പറകയാൽ ആലോചിച്ച് മറുപടി പറയുന്നതിന് ഒരു അവധി നിശ്ചയിച്ച് യോഗം പിരിഞ്ഞു. ഈ അവധി കഴിഞ്ഞപ്പോൾ മേൽപ്പറഞ്ഞ ആലോചനയ്ക്ക് സമ്മതമില്ലെന്ന് അവർ മറുപടി കൊടുക്കയാൽ രാജി നടക്കുകയില്ലെന്ന് ദിവാൻ കൊട്ടാരത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും ഭൂരിപക്ഷ ജഡ്ജിമാരുടെ വിധി സ്ഥിരപ്പെടുത്തി ഹൈക്കോർട്ടിലേക്കയക്കുകയും ചെയ്തു" (*രഹസ്യഭേദകം,* പു. 49).

1892 വൃശ്ചികത്തിൽ കോടതിയിൽ വച്ച് സ്ഥാനചിഹ്നങ്ങളായ വടി, മുടി, സ്ലീബാ തുടങ്ങിയവ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിൽ നിന്ന് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഏറ്റുവാങ്ങി. നിരാശനായ തോമസ് അത്താനാസ്യോസ് 1893 കർക്കിടകത്തിൽ നിര്യാതനായി.

മലങ്കരസഭാ ചരിത്രത്തിൽ നിർണ്ണായക പ്രാധാന്യമുള്ള സെമിനാരിക്കേസിന്റെ വിജയത്തെപ്പറ്റി ചില പ്രാമാണികരുടെ വിലയിരുത്തലുകൾ കേൾക്കുക: ".. മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഒരസാമാന്യ സമർത്ഥനായിരുന്നെങ്കിലും കേസ് ജയിച്ചത് അദ്ദേഹത്തിന്റെയോ വേറെ ആരുടെയെങ്കിലുമോ സാമർത്ഥ്യം കൊണ്ടല്ലെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. മാനുഷികമായ എല്ലാ വീഴ്ചകൾക്കും പാപങ്ങൾക്കും അദ്ദേഹം വശംവദനായിരുന്നുവെങ്കിലും അനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടു കൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കുവാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിന്റെമേൽ ഉണ്ടായിരുന്നു. ഏതുകാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായ വിധത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു. ഈ പ്രാർത്ഥനാശക്തികൊണ്ടും ദൈവകൃപകൊണ്ടും എതിർകക്ഷിയോടുള്ള ദൈവകോപം കൊണ്ടും സെമിനാരി വ്യവഹാരം ദൈവവിചാരണയിലായിരുന്നു ആദ്യന്തം നടത്തപ്പെട്ടതെന്ന് എനിക്ക് പൂർണ്ണബോധ്യം വന്നിട്ടുണ്ട്. .. ഒരു ഹിന്ദുവായിരുന്ന വക്കീൽ രാമനാഥരായർക്കും ഈ ബോദ്ധ്യം വന്നുവെങ്കിൽ അത് ആശ്ചര്യമല്ലയോ? ഓരോ സന്ദർഭങ്ങളിൽ പ്രത്യക്ഷമായി കണ്ടുവന്ന ദൈവവിചാരണയെക്കുറിച്ച് അദ്ദേഹം ഒരിക്കൽ ഇപ്രകാരം എന്നോടു പറഞ്ഞു: 'ഇങ്ങനെ ആശ്ചര്യകരമായ ഒരു കേസ് ഞാൻ കണ്ടിട്ടില്ല. ഇത് നടത്തുന്നത് ഞാനോ നിങ്ങളോ മെത്രാപ്പോലീത്തായോ അല്ല, ഈശ്വരൻ തന്നെയാണ്. ഈശ്വരൻ നടത്തിയതിന്റെ അടയാളങ്ങൾ ഒരിക്കലല്ല, പല പ്രാവശ്യം ഞാൻ കാണുന്നു. അത് കാണുമ്പോൾ ആശ്ചര്യംകൊണ്ട് എന്റെ രോമങ്ങൾ എഴുന്ന് നില്ക്കുന്നു. ഈ കേസ് തോറ്റുപോകുമെന്ന് ഒരിക്കലും ഭയപ്പെടേണ്ട' (*രഹസ്യപേടകം,* പു. 65).

വൈദികട്രസ്റ്റിയായിരുന്ന പുന്നത്ര ചാണ്ടപ്പിള്ള കത്തനാരെ (താഴത്തച്ചൻ) നീക്കം ചെയ്യാൻ 1069-ൽ ആലപ്പുഴ കോടതിയിൽ നൽകിയ കേസ് 1077 (1902) മകരം 21 ന് അനുകൂലമായി വിധിച്ചു. 1895 വൃശ്ചികം 9, 10, 11 തീയതികളിൽ ചേർന്ന യോഗം കോനാട്ട് മാത്തൻ മല്പാനെ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുത്തു. കോട്ടയം ചെറിയപള്ളിക്കേസിൽ 1899 കർക്കിടകം 31-ന് അനുകൂല വിധിയുണ്ടായി. താഴത്തച്ചന്റെ അപ്പീൽ ഹൈക്കോടതി തള്ളി. 1901 കുംഭം 27 ന് പള്ളി പുലിക്കോട്ടിൽ മെത്രാച്ചൻ നടത്തിഎടുത്തു. പുത്തൻകാവ്, നിരണം, കായംകുളം, പുതുപ്പള്ളി, നിലയ്ക്കൽ തുടങ്ങിയ പള്ളികളും അദ്ദേഹത്തിന്റെ കൈവശത്തിൽ വന്നു. ഏറ്റവും ഒടുവിൽ അദ്ദേഹത്തിന്റെ ഇടവകപ്പള്ളിയായ ആർത്താറ്റ് - ചാട്ടുകുളങ്ങരപള്ളിയും അന്തിമമായി കൊച്ചി റോയൽകോടതിയുടെ 1905 കർ

ക്കിടകം 31-ലെ വിധിയോടെ അദ്ദേഹത്തിന് ലഭിച്ചു.

ഇപ്രകാരം പാലക്കുന്നത്ത് മെത്രാച്ചന്റെ രാജകീയ വിളംബരം പിൻവലിച്ചതുമുതൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ നടത്തിയ സർവ വ്യവഹാരങ്ങളും ഓരോന്നായി വിജയം കണ്ടു. നീതിപീഠങ്ങളിലൂടെ അദ്ദേഹം നടത്തിയ നിയമയുദ്ധങ്ങൾ സഭാ സ്വത്തുക്കൾ വീണ്ടെടുക്കുവാൻ മാത്രമല്ല, സ്വന്തം ക്യാമ്പിലെ പിറുപിറുപ്പുകളും പടലപിണക്കങ്ങളും ഗ്രൂപ്പ് മത്സരങ്ങളും ഇല്ലാതാക്കി. സഭയെ സ്വന്തം കുടക്കീഴിൽ നിഷ്ക്കണ്ടകമാക്കുവാനും സഹായകമായി. 1872 മുതൽ 1886 വരെ ഈ നിയമയുദ്ധങ്ങളുടെ അണിയറ പരുമല സെമിനാരിയും 1886 മുതൽ പഴയസെമിനാരിയും ആയിരുന്നു.

മലങ്കരസഭാ ചരിത്രത്തിൽ അനന്വയം എന്ന വിശേഷണം അർഹിക്കുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ പ്രവർത്തനവും പ്രസക്തിയും സഭയ്ക്കകത്തെന്നപോലെ സഭയ്ക്ക് പുറത്തും വിലയിരുത്തപ്പെടേണ്ടതുണ്ട്. ആ ജീവചരിത്രത്തിന്റെ ഒരു പുനർവായന കൊണ്ടേ ഇത് സാദ്ധ്യമാകൂ.

കേരള നവോത്ഥാനത്തിന്റെ രാജശില്പി

പുതിയൊരു നൂറ്റാണ്ടിലേയ്ക്ക് മലങ്കരസഭയേയും കേരള ജനതയേയും തദ്വാരാ ഭാരത സംസ്കാരത്തേയും ഉപനയിക്കുവാൻ അവതരിച്ച ഗംഭീരാത്മാവായ സംക്രമപുരുഷന്റെ ശൈലികളാണ് അദ്ദേഹം ആവിഷ്കരിച്ചത്. ബ്രാഹ്മണാധിപത്യത്തിന്റെ കീഴിൽ അമർന്നിരുന്ന കേരളം ചരിത്രം കണ്ടതിലേയ്ക്കും വച്ച് ഏറ്റവും വലിയ സാംസ്കാരിക അപചയത്തിന് വിധേയമായ കാലഘട്ടം ആയിരുന്നു അത്. ഐതിഹ്യാധിഷ്ഠിതമായ അന്ധതകൾ, പൗരോഹിത്യ ദുർഭരണം, ഫ്യൂഡൽ മേധാവിത്വം, കുടുംബ സങ്കല്പത്തിന്റെ തകർച്ച, ഇവ 19-ാം നൂറ്റാണ്ടിൽ ഉച്ചാവസ്ഥയിലെത്തി. സ്വാമി വിവേകാനന്ദന്റെ 'ഭ്രാന്താലയമെന്ന' പരാമർശം മാത്രം മതിയാകും അക്കാലത്തെ ഭയാനകമായ സാംസ്കാരികത്തകർച്ചയെ അളക്കുവാൻ. അക്കാലത്തെ കേരളസംസ്കാരത്തെ പി. കെ. ബാലകൃഷ്ണൻ വിലയിരുത്തുന്നത് കാണുക:

"…. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പിറവി വരെയുള്ള അമ്പത് കൊല്ലം അത്ഭുതകരവും അവിശ്വസനീയവുമായ പരിവർത്തനങ്ങളാണ് കേരളക്കരയിൽ വരുത്തിയത്. 1850-ന് അപ്പുറത്തേയ്ക്ക് കടന്നാൽ, പണ്ടെന്നോ പണ്ട് പണ്ടെന്നോ പറയാവുന്ന ഒരു പ്രാകൃത കാലത്തിലാണ് നാം ചെന്നെത്തുക. അതുപോലെ 1900 കഴിഞ്ഞാൽ തീർത്തും ആധുനികമായ ഒരു യുഗത്തിലും നാം വന്നെത്തും" (*ചന്തുമേനോൻ: ഒരു പഠനം*, പു 62-64). ഈ യുഗ പരി

വർത്തനത്തെ സാദ്ധ്യമാക്കിയ ആരോഗ്യകരമായ പ്രവണതകൾ പുഷ്പിച്ച് കായ്ച്ച വിളഭൂമി മലങ്കരസഭയാണ്. അതിന്റെ കർഷകൻ അന്നത്തെ പ്രതിഭാശാലിയായ മലങ്കര മെത്രാപ്പോലീത്തായും.

1. കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടന

വിശ്വസ്ത അനുയായികളുടെ ഒരു സംഘടന രൂപീകരിക്കാത്ത പ്രവാചകപ്രതിഭകൾ മതരംഗത്തോ രാഷ്ട്രീയ രംഗത്തോ സാമുദായിക - സാഹിത്യ - സാംസ്കാരിക രംഗത്തോ ഉണ്ടായിട്ടില്ല. കല്ലിച്ചും കുന്നിച്ചും ചാലകശക്തി നഷ്ടപ്പെട്ട ഗോവർദ്ധന പർവതത്തിന് തന്റെ മാന്ത്രികസ്പർശനത്താൽ ചലനശക്തി നൽകിയിട്ടാണ് ഇന്ദ്രകോപത്തെയും കാലക്കെടുതികളെയും ചെറുക്കുവാൻ കൃഷ്ണൻ അതിനെ സജ്ജമാക്കിയത്. ഇരുനൂറോളം വൻ ഇടവകകളെ ഒരു സംഘടനയുടെ കീഴിൽ അണിനിരത്തി കൊച്ചു കൊച്ചു വിഷയങ്ങളിലേക്ക് വികേന്ദ്രീകരിക്കപ്പെട്ടും ശിഥിലമായും ചെലവഴിക്കപ്പെട്ടിരുന്ന ശക്തിസ്രോതസ്സുകളെ ഏകമുഖമായി കേന്ദ്രീകരിച്ച് അപ്രതിഹതമായ ആ ഊർജ്ജസ്രോതസ്സിനെ നവോത്ഥാന സംരംഭങ്ങൾക്ക് വാഹനമാക്കുക. അതാണ് 1873-ൽ പരുമല വച്ചും 1876-ൽ മുളന്തുരുത്തിയിൽ വച്ചും അദ്ദേഹം രൂപവത്ക്കരിച്ച് സ്ഥിരപ്പെടുത്തിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന സമുദായ സംഘടനയിലൂടെ അദ്ദേഹം സാധിച്ചത്. പൂർവ മാതൃകകളൊന്നും മുമ്പിലില്ലാതിരുന്നിട്ടും അദ്ധ്വാനശീലനായ ആ പ്രതിഭാശാലി, കൊച്ചി - തിരുവിതാംകൂർ സംസ്ഥാനങ്ങളിൽ ചിതറിക്കിടക്കുന്ന ഇടവകകളെ ഈ ലക്ഷ്യത്തിലേക്ക് പ്രബോധിപ്പിച്ച് വിജയം കണ്ടെത്തുവാൻ നടത്തിയ ക്ലേശപൂർണ്ണമായ സഞ്ചാരത്തിന്റെ അവിരാമമായ കഥകൾ ആരെയും അത്ഭുതപ്പെടുത്തും. കുന്നംകുളത്തുനിന്ന് തിരുവനന്തപുരം വരെ ഒട്ടൊക്കെ ജലമാർഗ്ഗമായും ഒട്ടൊക്കെ കാൽനടയായും അദ്ദേഹം നടത്തിയ ജൈത്രയാത്രയുടെ വീരകഥകൾ പില്ക്കാലത്ത് ഭാരതത്തിൽ 600 ലേറെ ഗ്രാമങ്ങളെ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ കീഴിൽ സംയോജിപ്പിക്കുവാൻ ഉരുക്കുമനുഷ്യനായ സർദ്ദാർ പട്ടേലിന്റെ കഠിനാദ്ധ്വാനത്തോട് താരതമ്യം ചെയ്യുവാൻ കഴിയും. എല്ലാ പള്ളികളിൽ നിന്നും ഒരു വൈദിക പ്രതിനിധിയും രണ്ട് അവൈദിക പ്രതിനിധികളും പ്രതിനിധാനം ചെയ്യുന്ന അസോസ്യേഷന്റെ മഹാവേദി, അതിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏതാനും വൈദികരും അതിന്റെ ഇരട്ടി അവൈദികരും അടങ്ങുന്ന ഒരു പ്രവർത്തകസമിതി, അതിനൊരു ഖജാൻജിയും ഒരു സിക്രട്ടറിയും. അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷൻ, എല്ലാ ഇടവകകൾക്കും അംഗത്വഫീസ്, എല്ലാ അംഗങ്ങൾക്കും ക്ലാസ് തിരിച്ച് അംഗത്വഫീസ്, അപ്രകാരം സ്വരൂപിക്കുന്ന പൊതു നിധി, സമൂഹത്തിന്റെ ലക്ഷ്യങ്ങളും അധികാരപരിധികളും നിർവചിച്ച് അസോസ്യേഷന്റെ അംഗീകാരത്തോടെ പ്രാബല്യ

ത്തിൽ വരുത്തുക എന്ന് തുടങ്ങി ആ സംഘടനയുടെ രൂപവും ഭാവവും അതിന്റെ ജനാധിപത്യ ഘടനയും നോക്കിയാൽ ഒരു ജനാധിപത്യ ഭരണകൂടത്തിന്റെ ഭരണഘടനയും ഭരണസംവിധാനവും അതിൽ അടങ്ങിയിരുന്നു എന്ന് കാണാം. രാജഭരണം കൊടികുത്തി വാഴുന്ന ഒരു നാട്ടിൽ ജനാധിപത്യ സംവിധാനം വിഭാവനം ചെയ്ത് സൂക്ഷ്മമായ വിശദാംശങ്ങളോടെ അത് ആവിഷ്കരിച്ച് പ്രാവർത്തികമാക്കിയ പുലിക്കോട്ടിൽ മെത്രാച്ചനെ കേരളസഭയുടെയും സംസ്കാരത്തിന്റെയും ഒന്നാമത്തെ ജനാധിപത്യ പ്രവാചകൻ എന്ന് വിശേഷിപ്പിക്കേണ്ടതുണ്ട്. നിധി കാക്കുന്ന ഭൂതങ്ങളെപ്പോലെ സ്വന്തം ഇടവകയിൽ മുഖം താഴ്ത്തി അകർമ്മണ്യതയോടെ കാലം വ്യർത്ഥമായി കഴിച്ചുകൂട്ടിയ ഇടവകകളെ ബഹിർമ്മുഖരാക്കി വലിയ സ്വപ്നങ്ങളിലേക്കും കർമ്മരംഗങ്ങളിലേക്കും ഉപനയിക്കുവാൻ ഈ കർമ്മകുശലനായ ജനാധിപത്യ പ്രവാചകന് കഴിഞ്ഞു. മെത്രാന്മാരുടെ ഏകനായക പ്രഭാവവും സ്ഥാനതാല്പര്യവും അഹന്തയും ഊരിവച്ചിട്ടാണ് അദ്ദേഹം ഈ ജനകീയ ശൈലിയിലേക്ക് കാലത്തെ മറികടന്ന് ഉദ്ഡയനം ചെയ്തത്. ഓരോ ഇടവകയ്ക്കും പ്രാതിനിധ്യം ഉള്ളതും ഓരോ ഇടവകയെ നിയന്ത്രിക്കുന്നതുമായ ഒരു പൊതുവേദിയെ തന്റെ സ്വപ്നശതങ്ങൾ സഫലമാക്കുവാൻ അദ്ദേഹം ഉപകരണമാക്കി. 'എഴുന്നേറ്റിട്ടു വേണ്ടേ നാം എങ്ങോട്ടും സഞ്ചരിക്കുവാൻ?' എന്ന് പുരോഗതി എന്ന കവിതയിലെ അനുഷ്ടുപ്പ് പദ്യത്തിലൂടെ പില്ക്കാലത്ത് മഹാകവി ഉള്ളൂർ പ്രബോധിപ്പിച്ചതുപോലെ സമുദായത്തിന്റെ ഉറക്കം വിട്ടുള്ള ഉണർന്നെഴുന്നേല്ക്കലാണ് അസോസ്യേഷൻ രൂപവത്ക്കരണത്തിലൂടെ സാധിച്ചത്.

മെത്രാൻ, വൈദികർ, അത്മായക്കാർ എന്നിങ്ങനെ സഭയിലുള്ള ത്രിവിധ ശക്തിധാരകളെ പ്രതീകാത്മകമായി പ്രതിനിധീകരിക്കുന്ന മെത്രാൻ - വൈദിക - അത്മായ ട്രസ്റ്റികളുടെ കൂട്ടുത്തരവാദിത്തത്തിൽ സഭാ ട്രസ്റ്റിന്റെ ധനസമാഹരണവും ധനവിനിയോഗവും നിർവഹിക്കുക എന്ന ശൈലിയിലന്തർഭവിച്ച ഏകോപനരഹസ്യവും ജനാധിപത്യബോധവും എത്രമേൽ ശ്ലാഘനീയമല്ല? പില്ക്കാലത്ത് നിയോജക മണ്ഡലങ്ങളായി, നാടിനെ യൂണിറ്റുകളാക്കിത്തിരിച്ച് അവയിൽ നിന്ന് സംസ്ഥാന നിയമസഭകളിലേയ്ക്കും പാർലമെന്റിലേയ്ക്കും ജനപ്രതിനിധികളെ തെരഞ്ഞെടുക്കുകയും അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു മന്ത്രിസഭയിലൂടെ - ഭരണസമിതിയിലൂടെ - ഭരണം നിർവഹിക്കുകയും ചെയ്യുന്ന പാർലമെന്ററി ജനാധിപത്യ ഭരണവ്യവസ്ഥാ സംവിധാനങ്ങളുടെ ശൈലിയിൽ അസോസ്യേഷന്റെ ഊടും പാവും സംവിധാനം ചെയ്യുവാൻ ഭാരതത്തിന്റെ തെക്കേ അറ്റത്തെ ഒരു ചെറിയ സമുദായത്തിന്റെ നേതാവായ കുന്നംകുളത്തുകാരനെ ഒന്നേമുക്കാൽ നൂറ്റാണ്ടിന് മുമ്പ് ആരാണ് പഠിപ്പിച്ചത്? ഒന്നേമുക്കാൽ നൂറ്റാണ്ടിനു ശേഷവും മെച്ചപ്പെട്ട മറ്റൊരു സഭാ

ഭരണസംവിധാനം ആവിഷ്കരിക്കുവാൻ മറ്റൊരു സഭകൾക്കും സമുദായത്തിനും കഴിഞ്ഞിട്ടില്ല എന്നത് അതിന്റെ സ്ഥാപകന്റെ ക്രാന്തദർശിത്വത്തെ പ്രഘോഷിക്കുന്നുണ്ട്. സ്വതന്ത്രഭാരതത്തിന്റെ പരമോന്നതനീതിപീഠം 1958–ലും 1995–ലും മലങ്കരസഭയുടെ പരമാധികാരം മേലിലും ഈ അസോസ്യേഷനിൽത്തന്നെ നിക്ഷിപ്തമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ളത് ആ സംഘടനയുടെ നിത്യനൂതനത്വത്തെയും സർവാംഗീണ സൗന്ദര്യത്തെയും അല്ലേ വെളിപ്പെടുത്തുന്നത്. ആ സംഘടനയുടെ സുതാര്യ തേജസിനെ വിഴുങ്ങുവാൻ ചില കാളസർപ്പങ്ങൾ ശ്രമിച്ചിട്ടുണ്ടെങ്കിലും അതിപ്പോഴും തിളക്കത്തോടെ പ്രകാശം വിതറുന്നു. പില്ക്കാലത്ത് ഈഴവ സമുദായവും നമ്പൂതിരി സമുദായവും മുസ്ലീം – നായർ – പുലയ – സാംബവ സമുദായങ്ങളുമൊക്കെ വളർന്നതും ശക്തി പ്രാപിച്ചതും പുലിക്കോട്ടിൽ മെത്രാച്ചന്റെ 'കാൽനഖേന്ദു മരീചി'കളെ ആശ്രയിച്ചും അനുകരിച്ചുംകൊണ്ടാണ്. ഇക്കാര്യത്തിൽ പില്ക്കാല സമുദായാചാര്യന്മാരായ നാരായണഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങിയ സമുദായനേതാക്കൾക്ക് മലങ്കരസഭയും പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായും മാർഗ്ഗദർശനം നൽകി എന്നത് വിസ്മരിക്കാവുന്നതല്ല.

അസോസ്യേഷൻ പ്രവർത്തനക്ഷമമായതോടെ പണ്ടില്ലാത്ത നവോന്മേഷം സഭയിൽ സംജാതമായി. സഭയുടെ പൊതുഭരണത്തിൽ വൈദികർക്കും അത്മായർക്കും പങ്കാളിത്തം ലഭിച്ചതിന്റെ ആഹ്ലാദമായിരുന്നു അതിന്റെ രഹസ്യം. ഈ വൈദിക – അവൈദിക പങ്കാളിത്തവും ജനാധിപത്യ ശൈലിയുടെ നിഷ്ഠയും പില്ക്കാലത്ത് വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയതാണ് സഭയിലെ അശാന്തിയുടെയും കലഹത്തിന്റെയും അടിസ്ഥാനഹേതുവെന്ന് അനേകർ ചിന്തിക്കുന്നുണ്ട്. പിറവി കൊണ്ട് മറ്റെല്ലാ കേരളീയ സമുദായങ്ങളെയും ആവേശം കൊള്ളിച്ചുവെങ്കിലും ഓട്ടമത്സരത്തിനിറങ്ങിയ മുയലിന്റെയും ആമയുടെയും കഥയിലെ മുയലിനെപ്പോലെ പിൽക്കാലത്ത് അസോസ്യേഷൻ പരിഹാസ്യമായ മന്ദതയിലായോ എന്ന് സംശയിക്കുന്നവരുണ്ട്. ഒരു കാര്യം വളരെ തീർച്ച: മലങ്കരസഭയിൽ അസ്വസ്ഥതകളും ഭിന്നതകളും അകലുവാൻ ആദ്യം ചെയ്യേണ്ടത് അസോസ്യേഷനെ അതിന്റെ സ്ഥാപിതോദ്ദേശ്യങ്ങൾക്കനുസൃതം പുനഃസംവിധാനം ചെയ്ത് സുതാര്യമാക്കുകയാണ്.

2. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ത്രൈവർണ്ണികൾ എന്ന് അറിയപ്പെടുന്ന ബ്രാഹ്മണ – ക്ഷത്രിയ – വൈശ്യ വിഭാഗങ്ങളടങ്ങിയ ഒരു ന്യൂനപക്ഷത്തെ മാറ്റിനിർത്തിയാൽ ശേഷമുള്ള ഭൂരിപക്ഷത്തിനും അക്ഷരാഭ്യാസം ലഭ്യമാവാത്ത രാഷ്ട്രീയ സാംസ്കാരിക പാരമ്പര്യങ്ങൾ – ശൂദ്രമക്ഷരസംയുക്തം ദൂരതാപരിവർ

ജ്ഞയേൻ - ആണ് അക്കാലത്ത് കേരളം ഭരിച്ചിരുന്നത്. അക്ഷരം അഗ്നിയാണെന്നും അത് വരേണ്യവർഗ്ഗത്തിന് മാത്രം അവകാശപ്പെട്ടതല്ലെന്നും പഠിപ്പിച്ച ശ്രുതി - സ്മൃതി നിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അക്ഷരാഗ്നിയെ ഗ്രീക്കു മിത്തോളജിയിലെ പ്രൊമിത്യൂസിനെപ്പോലെ പുലിക്കോട്ടിൽ മെത്രാച്ചൻ മണ്ണിലേക്കിറക്കിക്കൊണ്ടുവന്നു. അദ്ദേഹം കൊച്ചി - തിരുവിതാംകൂർ പ്രദേശങ്ങളിൽ സ്ഥാപിച്ച സ്കൂളുകളിലൂടെയാണീ അത്ഭുതം അദ്ദേഹം സാധിച്ചത്. 250 ലേറെ മലയാളം സ്കൂളുകൾ അദ്ദേഹം സ്ഥാപിച്ചതായി അദ്ദേഹത്തിന്റെ അന്തേവാസിയായിരുന്ന ചീരൻ വി. വർഗ്ഗീസ് രേഖപ്പെടുത്തിയിട്ടുണ്ട് (ദി ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ്, പു. 110). അദ്ദേഹത്തിന്റെ കഠിനപ്രയ്നഫലമായി അവയിൽ നൂറിലേറെ വിദ്യാലയങ്ങൾക്ക് സർക്കാർ ഗ്രാന്റ് ലഭിച്ചതായി അദ്ദേഹത്തിന്റെ സെക്രട്ടറി ഇ. എം. ഫിലിപ്പ് സാക്ഷ്യം നൽകുന്നു (*മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ*). ഒന്നര ദശാബ്ദമായി തന്റെ ഉള്ളിൽ ജ്വലിച്ചിരുന്ന അക്ഷരസ്നേഹം വ്യാപകമായ ഒരു പ്രസ്ഥാനമായി പടർന്നു പന്തലിക്കത്തക്കവിധം അദ്ദേഹം പ്രഖ്യാപിക്കുന്നത് പരുമല പടിയോലയിലാണ് (1873. 9-ാം നമ്പർ നിശ്ചയം. *മലങ്കരസഭ: ചരിത്രവും സംസ്കാരവും*, പു. 662). ഒരു സഭാനേതാവ് സഭയുടെ ആഭ്യന്തരപ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് നട്ടംതിരിയുമ്പോൾ ഒരു സാംസ്കാരിക നവോത്ഥാനം കൊണ്ട് നാടിന്റെ ഉയിർത്തെഴുന്നേല്പ് സാധിക്കുവാനുള്ള സ്വപ്നത്തെ താലോലിച്ചു. സഭാ വ്യവഹാരത്തിനും പള്ളികൾ പണിയുവാനും പണം സ്വരൂപിക്കുവാനായി കേരളക്കരയിലെ പള്ളികളിലെങ്ങും സഞ്ചരിക്കുന്ന കൂട്ടത്തിൽ ഓരോ ഇടവകയിലും കുറഞ്ഞത് ഒരു വിദ്യാലയം എന്ന ആശയം അദ്ദേഹം പ്രാവർത്തികമാക്കി. മാർ യൗസേബിയോസ് (തുമ്പമൺ) എഴുതുന്നു: 'സഭയിലെ ഒന്നാമത്തെ വിദ്യാഭ്യാസസ്ഥാപനമായ എം. ഡി. സെമിനാരി സ്കൂൾ സ്ഥാപിച്ചത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആണ്. മലങ്കരസഭയിലെ വിദ്യാഭ്യാസമിഷന്റെ തുടക്കം അവിടെയാണെന്ന് പറയാം. ക്രാന്തദർശിയായ മാർ ദീവന്നാസ്യോസിനോട് സഭയും സമൂഹവും കടപ്പെട്ടിരിക്കുന്നു' (ക്രാന്തദർശിയായ പിതാവ് - ലേഖനം - ചരമനവതി ജൂബിലി സ്മരണിക, തൃശ്ശൂർ, 1999, പു. 31). സ്കൂൾ നടത്തിപ്പിൽ അദ്ദേഹം സഹിച്ച ക്ലേശങ്ങൾ ഡോ. സാമുവൽ ചന്ദനപ്പള്ളി ഇപ്രകാരം വിശദീകരിക്കുന്നു: ".... വിദ്യാഭ്യാസമേഖല ആയിരുന്നു മാർ ദീവന്നാസ്യോസിന്റെ മറ്റൊരു പ്രവർത്തനദിശ. സാമ്പത്തികമായി വളരെ അധികം ഞെരുക്കങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും സ്കൂൾ സ്ഥാപനത്തിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. മോതിരവും അംശവടിയും കൂടെക്കൂടെ പണയം വയ്ക്കുകയും വീണ്ടെടുക്കുകയും ചെയ്തുകൊണ്ടാണ് സ്കൂളുകൾ സ്ഥാപിച്ചത്. പണസമ്പാദനമല്ലായിരുന്നു പ്രത്യുത ആശയസമ്പാദനവും.... ലക്ഷ്യം. വിദ്യാസമ്പന്നതയിലൂടെ വിജ്ഞാനകുതുകികളും വിവേകമതികളുമായ ഒരു തലമുറയുടെ ഉദയം

അദ്ദേഹം സ്വപ്നം കണ്ടു. ... അതുവഴി സമൂഹത്തിന്റെ സമഗ്ര പുരോഗതിയും" (*മലങ്കര സഭാപിതാക്കന്മാർ,* പു. 127).

ഏത് സാമൂഹ്യമാറ്റവും വിജയിക്കുക വിദ്യയുടെ വെളിച്ചം നേടിയ മനസ്സുകളിലാണെന്ന് അദ്ദേഹം കണ്ടെത്തി. സമഗ്രമായ ഒരു നവോത്ഥാനം സംഭവിക്കണമെങ്കിൽ അക്ഷരാഭ്യാസം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്നത്തെപ്പോലെ വിദ്യാലയ നടത്തിപ്പ് ഒരു വ്യവസായവും ധനാഗമമാർഗ്ഗവും ആയിരുന്നില്ല. അക്കാലത്ത് വിദേശങ്ങളിൽ നിന്ന് ധനസമാഹരണം സാദ്ധ്യവുമായിരുന്നില്ല. സ്വന്തം നാട്ടിലെ വിഭവം സമാഹരിച്ച് നാടിന്റെ നവോത്ഥാനം ദ്രുതഗതിയിലാക്കുവാൻ അദ്ദേഹം യത്നിച്ചു. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന ക്രിസ്തുവചനത്തെ കാലോചിതമായും സംസ്കാരാഭിമുഖമായും വ്യാഖ്യാനിക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് കഴിഞ്ഞതിന്റെ നിദർശനമാണ് അദ്ദേഹം സ്ഥാപിച്ച 250-ലേറെ വിദ്യാലയങ്ങൾ. ഇത്രയും വിദ്യാലയങ്ങളിലൂടെ അക്ഷരാഭ്യാസം നേടിയ ഒരു തലമുറയാണ് കേരള നവോത്ഥാനത്തിന്റെ ആദ്യകാല വക്താക്കളായിത്തീർന്നത്. ഈ വിദ്യാലയങ്ങളിലെല്ലാം ജാതി - മത - വർഗ്ഗ - ലിംഗഭേദമെന്യേ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത് മൂലം അക്ഷരജ്വാലയുടെ സ്ഫുലിംഗങ്ങൾ ഏകകാലത്ത് എല്ലാ സമുദായങ്ങളിലും കൊളുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വൈദികവിദ്യാർത്ഥിയാവാൻ അദ്ദേഹം പഴഞ്ഞിയിൽ നിന്ന് കൊണ്ടുപോയി പരുമലയിൽ താമസിപ്പിച്ച ചീരൻ വി. വർഗ്ഗീസ് പില്ക്കാലത്ത് എഴുതി: "1890 മുതൽ അദ്ദേഹം ഭരണഭാരം ഏറ്റെടുത്തു. പള്ളികളുടെ എണ്ണം 175-ൽ നിന്നും 282 ആയി ഉയർന്നു. അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്താൽ 3 ഹൈസ്കൂളുകൾ, 8 മിഷൻ സ്കൂളുകൾ, നിരവധി ഇംഗ്ലീഷ് പ്രൈമറി വിദ്യാലയങ്ങൾ തുടങ്ങിയവ ഉണ്ടായി. 250-ൽ കുറയാതെ മലയാളം സ്കൂളുകളും അദ്ദേഹം സ്ഥാപിച്ചു" (*ഫെയ്ത്ത്,* പു. 110). പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ ഭരണകാലത്ത് കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ) ഔദ്യോഗികമായി പഴയസെമിനാരിയിലെ മാർത്തോമസ് പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച *മലങ്കര ഇടവക പഞ്ചാംഗ*ത്തിൽ അന്ന് 3 ഇംഗ്ലീഷ് ഹൈസ്കൂളുകളും 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും സർക്കാർ ഗ്രാന്റുള്ളവയും ഇല്ലാത്തവയുമായി 200 മലയാളം പ്രൈമറി സ്കൂളുകളും 2 പെൺപള്ളിക്കൂടങ്ങളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതായും 1908-ൽ പ്രസിദ്ധീകരിച്ച പഞ്ചാംഗത്തിൽ 10 ഇംഗ്ലീഷ് മിഡിൽ സ്കൂളുകളും 3 പെൺപള്ളിക്കൂടങ്ങളും എന്ന നിലയിലേക്ക് ഇത് ഉയർന്നിട്ടുള്ളതായും സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് ചൂണ്ടിക്കാട്ടുന്നു. കോട്ടയത്തും തിരുവല്ലായിലും കുന്നംകുളത്തും ആരംഭിച്ച സെക്കണ്ടറി വിദ്യാലയങ്ങൾ ഇന്നും നിലനി

ല്ക്കുന്നു. പില്ക്കാലത്ത് സഭാനേതൃത്വത്തിലേക്ക് വന്നവരുടെ പരിഗണനക്രമത്തിൽ വിദ്യാ വിതരണം ഇല്ലാതെ പോയി. കോളജ് കോട്ടയം എം.ഡി. സെമിനാരി കോമ്പൗണ്ടിൽ നിർമ്മിക്കാൻ നടത്തിയ മാർ ദീവന്നാസ്യോസ് സെമിനാരി ഷോടതിയിൽ നിന്ന് 1901–ൽ സർവ ചെലവുകളും കിഴിച്ച് 35000 രൂപയോളം ലാഭമുണ്ടായപ്പോൾ മാനേജർ വട്ടശ്ശേരിൽ മല്പാനച്ചൻ പ്രഖ്യാപിച്ചത് “നമുക്കിപ്പോൾ കോളജ് ആവശ്യമില്ല” എന്നാണ് (*കെ. സി. മാമ്മൻമാപ്പിളയും മലങ്കരസഭയും,* പു. 20). ഈ ഉദാസീനമായ നിലപാട് മൂലം പല സ്കൂളുകളും പിന്നീട് പ്രവർത്തനരഹിതമായി. കുറെ എണ്ണം അതത് സ്ഥലത്തെ പള്ളിപ്രമാണികൾ കൈയടക്കി. കുറെ എണ്ണം സർക്കാരിലേക്ക് കൈമാറി. പിൻഗാമിയായി വന്ന വട്ടശ്ശേരിൽ മെത്രാച്ചൻ ഏല്പിച്ച കുറെ സ്കൂളുകൾ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് സഭാത്യാഗം ചെയ്തപ്പോൾ റീത്തുകാരുടെ കൈവശത്തിലുമായി.

സെക്കുലർ വിദ്യാഭ്യാസ പ്രചരണത്തോടൊപ്പം വൈദിക വിദ്യാ പുരോഗതിയ്ക്കുവേണ്ടിയും പുലിക്കോട്ടിൽ മെത്രാച്ചൻ അഹോരാത്രം പണിയെടുത്തു. തന്റെ പൂർവീകൻ സ്ഥാപിച്ച കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശമായപ്പോൾ നാടിന്റെ നാനാഭാഗത്തും പെറ്റി സെമിനാരികൾ സ്ഥാപിച്ചുകൊണ്ടാണ് അദ്ദേഹം പ്രതികരിച്ചത്. കുന്നംകുളം ആർത്താറ്റ് പള്ളിയിൽ സെഹിയോൻ ബംഗ്ലാവ് പണിത് അവിടെ ഒരു സെമിനാരി, കോട്ടയത്ത് ഒരു എം. ഡി. സെമിനാരി, പരുമലയിൽ ഒരു സെമിനാരി, വെട്ടിക്കൽ ദയറായിൽ ഒരു സെമിനാരി, ആലുവായിൽ തൃക്കുന്നത്തു സെമിനാരി, മാവേലിക്കരയിൽ തഴക്കര സെമിനാരി എന്നിങ്ങനെ ആറ് മൈനർ സെമിനാരികൾ അദ്ദേഹത്തിന്റെ കാലത്ത് സ്ഥാപിച്ചു. ഇതിൽ തൃക്കുന്നത്തു സെമിനാരി ഒഴിച്ചുള്ളവ അദ്ദേഹം തനിയെ സ്ഥാപിച്ചതും തൃക്കുന്നത്തു സെമിനാരി അദ്ദേഹത്തിന്റെ നേതൃത്വത്തിലും പ്രോത്സാഹനത്തിലും സ്ഥാപിക്കപ്പെട്ടതുമാണ്. കോട്ടയം പഴയസെമിനാരി കൈവശത്തിൽ വന്നപ്പോഴാണ് അവ നിർത്തലാക്കിയത്. സാമൂഹ്യമാറ്റത്തിനുള്ള മലങ്കരസഭയുടെ പങ്കാളിത്തത്തിന് ഈ വൈദികപരിശീലനകേന്ദ്രങ്ങളും ശക്തി പകർന്നു. പരമ്പരാഗത ശിക്ഷണത്തോടൊപ്പം ലോക ക്ലാസിക് ഭാഷകളായ ഗ്രീക്കും ഇംഗ്ലീഷും ഇന്ത്യൻ ക്ലാസിക് ഭാഷയായ സംസ്കൃതവും കേരളത്തിന്റെ തറവാട്ടുഭാഷയായ തമിഴും മലയാളവും സെമിറ്റിക് ഭാഷയായ ഹീബ്രു, സുറിയാനി ഭാഷകളും അവിടെ പഠിപ്പിക്കാൻ ഏർപ്പാടാക്കിയിരുന്നു.

ഇതോടൊപ്പം പരാമർശമർഹിക്കുന്നവയാണ് അദ്ദേഹം പ്രേരണ നൽകിയതിന്റെ ഫലമായി ഓരോ ഇടവകയിലും രൂപംകൊണ്ട മതവിദ്യാഭ്യാസ പാഠശാലകൾ. ഒരർത്ഥത്തിൽ മലങ്കരയിലെ സണ്ടേസ്കൂൾ

വിദ്യാഭ്യാസത്തിന്റെ ഉപജ്ഞാതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്. മതവിദ്യാഭ്യാസം ഫലപ്രദമാക്കുവാൻ ആവശ്യമായ വേദകഥകളും മറ്റും അച്ചടിപ്പിക്കുന്ന കാര്യം പരുമല പടിയോലയിലെ തീരുമാനങ്ങളിൽ വ്യക്തമായ സൂചനയുണ്ട്. 1908 ലെ *മലങ്കര ഇടവക പഞ്ചാംഗ*ത്തിൽ സഭയിൽ 100 സണ്ടേസ്കൂളുകൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

1901 ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി കോട്ടയത്ത് അഖില മലങ്കരാടിസ്ഥാനത്തിൽ ആഘോഷിച്ചപ്പോൾ നൽകിയ മംഗളപത്രത്തിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ താഴെ പറയുംവിധം സ്മരിച്ചിട്ടുണ്ട്: "..... സമുദായം ഒട്ടുക്കുള്ള കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്ക് ഈ പ്രധാന സ്ഥലത്ത് (കോട്ടയം) ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്, അതിന്റെ നിലനില്പിനുവേണ്ടി ഒരു ലക്ഷം രൂപയുടെ ഷോടതി അനുവദിപ്പിച്ച് നടത്തിയത്, ...കുന്നംകുളങ്ങര മുതലായി വടക്കും തെക്കുമുള്ള ചില ഇടവകപ്പള്ളികളോടും ചേർന്ന് ഇംഗ്ലീഷ് പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയത്, രാജ്യം ഒട്ടുക്ക് പ്രാഥമിക വിദ്യാഭ്യാസം വകയ്ക്ക് അനേകം പള്ളിക്കൂടങ്ങൾ നടത്തുന്നത്..... (എം. പി. വർക്കി, *മാർ ദീവന്നാസ്യോസ്,* ഉപസംഹാര അദ്ധ്യായം).

അദ്ദേഹത്തിന്റെ ജീവചരിത്രം ഗാനരൂപത്തിലെഴുതിയ ചിങ്ങവനംകാരൻ കുരുടൻ ചാക്കോയും ഇക്കാര്യം സമർത്ഥിച്ചു:

"പള്ളിക്കധിപതി പള്ളികൾ എത്രയോ
പള്ളിക്കൂടങ്ങളും ഏർപ്പെടുത്തി" (*മാർ ദീവന്നാസ്യോസ് ചരിത്രഗാനം,* 1901, പു. 33).

3. ഭാഷാഭിമാനം

ദേശാഭിമാനത്തിന്റെ അവിഭാജ്യഘടകമാണ് മാതൃഭാഷാഭിമാനം. സാംസ്കാരിക രംഗത്ത് സംസ്കൃതവും മതരംഗത്ത് സുറിയാനിയും കൊടികുത്തി വാണിരുന്ന അക്കാലത്ത് ഭാഷാഭിമാനം അന്തസ്സുള്ളവർക്ക് ചേരാത്ത അധഃകൃത വികാരമെന്നെണ്ണിയിരുന്നു. ഭാഷാഭിമാനികൾ പോലും സംസ്കൃത പ്രണയം വിട്ട് ഒരു ഭാഷാ പ്രീണന നയം അവലംബിച്ചിരുന്നില്ല. തുഞ്ചത്തെഴുത്തച്ഛൻ തൊട്ട് കേരളവർമ്മ വലിയകോയിത്തമ്പുരാൻ വരെയുള്ള ഭാഷാഭിമാനികളുടെ രചനകൾ പരിശോധിച്ചാൽ ഇത് വ്യക്തമാകും.

സഭയിലാണെങ്കിൽ കാര്യങ്ങൾ സുറിയാനിമയം ആയിരുന്നു. സുറിയാനി ഭാഷയിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവർ പോലും മലയാളം പ്രാർത്ഥനകൾ സുറിയാനി ലിപിയിലെഴുതി തങ്ങൾ സുറിയാനി ഭാഷാ

പണ്ഡിതരെന്ന് അഭിനയിക്കുന്ന കാലം (കർസോനി എന്ന് അറിയപ്പെട്ടിരുന്ന ഈ പ്രത്യേക ഭാഷാസങ്കേതം ഉപയോഗിച്ചെഴുതിയ പ്രാർത്ഥനാക്രമങ്ങളും പ്രസംഗങ്ങളും ആരാധനാക്രമത്തിലെ നിർദ്ദേശകക്കുറിപ്പുകളും ഈ ഗ്രന്ഥകാരൻ പഠനവിഷയമാക്കിയിട്ടുണ്ട്). മലയാളം പ്രാർത്ഥനകളും ജനങ്ങളോടുള്ള ആഹ്വാനങ്ങൾപോലും സുറിയാനി പദങ്ങൾ ഉപയോഗിച്ച് ആരംഭിച്ച് പിന്നീട് മാത്രം മലയാളം ഉപയോഗിക്കുന്ന ശൈലി ഇപ്പോഴും അപ്രത്യക്ഷമായിട്ടില്ല. ഇപ്രകാരം സംസ്കൃതവും സുറിയാനിയും മതരംഗത്തെ കുലീന ഭാഷയായി ആദരിച്ചുപോന്ന കാലത്ത് മാർ യൗസേപ്പ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കുർബാനയുടെയും പ്രാർത്ഥനയുടെയും സാധാരണക്കാർ ചൊല്ലുവാനുള്ള ഭാഗങ്ങൾ വിവർത്തനം ചെയ്ത് ആയിരം കോപ്പി വീതമുള്ള പതിമൂന്ന് പതിപ്പുകളെങ്കിലും 1850 മുതൽ 1906 വരെയുള്ള കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ചു. വിവർത്തനത്തിൽ ഭാഷയ്ക്ക് നൽകിയ പ്രാധാന്യം വ്യക്തമാക്കുവാൻ ഒരു ഈരടി ഉദ്ധരിക്കാം:

"മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ - ഹാ -
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനു തുല്യം നരനുടെ നാളുകൾ അഹോ - ഹാ -
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ"

ഈ ശൈലി എഴുത്തച്ഛന്റേതോ കേരളവർമ്മയുടെതോ അല്ല. ചെറുശ്ശേരിയുടെ ശൈലിയാണ് മലങ്കരസഭ അനുകരിക്കുവാൻ ശ്രമിച്ചത്. തന്റെ പൂർവ്വികൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസും കായംകുളം പീലിപ്പോസ് റമ്പാനും ചേർന്ന് വിവർത്തനം ചെയ്ത് 1811-ൽ ബോംബെ കൊറിയർ പ്രസിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച റമ്പാൻ ബൈബിളിലെ മലയാള പരിഭാഷ പള്ളികളിലെ ആരാധനകളിൽ ഏവൻഗേലിയോൻ വായനയ്ക്ക് ഉപയോഗിക്കുവാൻ അദ്ദേഹം നിർദ്ദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വേദവായനക്കുറിപ്പും നടപടിക്രമവും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരവും (മുളന്തുരുത്തി കാനോൻ) അനുവാദപ്രകാരവും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത് ഇക്കാലത്താണ്. വി. കുർബാനയുടെ പ്രുമിയോൻ - സെദ്റാകൾ, കന്തീലാ, കഹനൈത്താ, കൂദാശക്രമങ്ങൾ, ആണ്ടു തക്സാ എന്നീ ആരധനക്രമങ്ങളുടെ ഗദ്യവിവർത്തനങ്ങൾ ഭാഷയിൽ തയാറാക്കപ്പെട്ടത് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ്. ഈ വിവർത്തനങ്ങളിലെ ഭാഷ സംസ്കൃതത്തിന്റെയോ തമിഴിന്റെയോ സുറിയാനിയുടെയോ ചുവയില്ലാത്ത ശുദ്ധ മലയാളമാണ്. സ്ലീബാ, സാത്താൻ, ആകൽക്കറുസാ, കൂദാശ, ഏവൻഗേലിയോൻ തുടങ്ങി സുറിയാനി ഭാഷയിലെ തത്സമവും തദ്ഭവവും ആയ പദങ്ങളെക്കൊണ്ട് മലയാള ഭാഷാ പദാവലി സംഘാതത്തെ

സമ്പന്നവും സമ്പുഷ്ടവുമാക്കാൻ ഈ വിവർത്തനങ്ങൾ വലിയൊരളവിൽ സഹായിച്ചു. മറ്റു മതങ്ങളെല്ലാം തന്നെ അവരവരുടെ മതസാഹിത്യവും ആരാധനാ സാഹിത്യവും പ്രാദേശിക ഭാഷയിലാക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചന്റെ ഭാഷാസ്നേഹപരമായ ഈദൃശ സംരംഭങ്ങൾ പ്രേരണയും പ്രചോദനവും നൽകി.

അദ്ദേഹം ആരംഭിച്ച് നടത്തിയ പത്രമാസികകൾ ആണ് അദ്ദേഹത്തിന്റെ ഭാഷാഭിമാനത്തിന്റെ മറ്റൊരു മുഖം. അതീവ ശുഷ്ക്കമായിരുന്ന അക്കാലത്തെ പത്രപ്രവർത്തനരംഗം. ഒരു മതമേലദ്ധ്യക്ഷന്റെ പ്രവർത്തനമേഖല ആത്മീയം മാത്രമെന്ന് ധരിച്ചുവശായ ഒരു സമുദായത്തിന്റെ തലവൻ മാതൃഭാഷാ വിജൃംഭിതനായി കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രമാസികകൾ ആരംഭിച്ച് നടത്തി. കേരളപതാക ദേശീയ നവോത്ഥാന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങളും വാർത്തകളും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചു. ഉത്പതിഷ്ണുക്കളായ എഴുത്തുകാരുടെ രചനകൾ അതിലൂടെ വെളിച്ചം കണ്ടു. നവോത്ഥാനത്തിന്റെ വൈദേശിക മാതൃകകളെയും സംരംഭങ്ങളെയും കേരളപതാക മലയാളിക്ക് പരിചയപ്പെടുത്തി. 1872 ചിങ്ങം 1 മുതൽ മാസത്തിൽ രണ്ടു തവണയായി പ്രസിദ്ധം ചെയ്തുപോന്ന 'കേരള പതാക' മുഖേനയാണ് നവോത്ഥാനത്തെ യാഥാർത്ഥ്യമാക്കുന്ന ആശയ കുസുമങ്ങൾ പുലിക്കോട്ടിൽ മെത്രാച്ചൻ സാംസ്കാരിക കേരളത്തിലെ ശ്രോതാക്കളുടെ മുമ്പിൽ സമർപ്പിച്ചത്. സ്വന്തമായൊരാസ്ഥാനം പോലും ഇല്ലാതിരുന്ന അക്കാലത്ത് കുന്നംകുളത്തുകാരൻ പനയ്ക്കൽ ഐപ്പൂരു മുതലാളിയുടെ പാണ്ടികശാലയാണ് കൊച്ചിയിൽ കേരള പതാകയുടെ ആഫീസ് ആയി പ്രവർത്തിച്ചത്.

ഇടവകപത്രിക തികച്ചും സഭാപരമായ ദൗത്യമാണ് നിർവഹിച്ചിരുന്നത്. മറ്റ് സഭകൾ - മുഖ്യമായും ആംഗ്ലിക്കൻ മിഷണറി സഭകൾ - അവരുടെ മാധ്യമങ്ങൾ മുഖേന മലങ്കരസഭയുടെ വിശ്വാസപാരമ്പര്യങ്ങളടങ്ങിയ സംസ്കാരത്തെ വിമർശിച്ച് എഴുതിയ ലേഖനങ്ങൾക്ക് ചുട്ടമറുപടി നൽകുവാനാണ് ഇടവകപത്രിക സഫലമായി യത്നിച്ചത്. സഭയുടെ നിലപാടുകളെയും കാഴ്ചപ്പാടുകളെയും ആഴത്തിലും വ്യാപ്തിയിലും വ്യാഖ്യാനിക്കുവാൻ ഇടവകപത്രിക ശ്രദ്ധിച്ചു. ഇടവകകളുടെ ഏകീകരണം, ഭരണ - അനുഷ്ഠാന സംബന്ധമായി ഇടവകകൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ, വിശ്വാസ ചർച്ചകൾ, ചരിത്ര സംവാദങ്ങൾ എന്നിവകൾക്ക് പത്രിക വേദിയൊരുക്കി. വാർത്തകളിലൂടെ ഇടവകകൾ തമ്മിലും അദ്ധ്യക്ഷന്മാരും ഇടവകകളും തമ്മിലും ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കുവാൻ പത്രിക ശ്രദ്ധിച്ചു. പത്രിക മലങ്കര സഭയെ കെട്ടുറപ്പുള്ള ഒരു കുടുംബ സങ്കല്പത്തിലേക്ക് വളർത്തി. മല

ങ്കര അസോസ്യേഷന്റെയും കമ്മിറ്റിയുടെയും രൂപീകരണം, നവീകരണ ക്കാരുമായുള്ള വ്യവഹാരം, പാത്രിയർക്കീസിന്റെ സന്ദർശനങ്ങളും ചെയ്തികളും, ബാവാ വിദേശത്തുനിന്ന് അയച്ച കല്പനകളുടെ പരിഭാ ഷകൾ, മെത്രാപ്പോലീത്താമാരുടെ ഇടവക സന്ദർശനം, ഇടവകകളിലെ വിദ്യാലയ സ്ഥാപനം തുടങ്ങി വിജ്ഞാനപ്രദവും കൗതുകകരവും ഉത്ക ണ്ഠാജനകവും ആയ വാർത്തകളും വിലയിരുത്തലുകളും വീക്ഷണ ങ്ങളും പേറിയാണ് ഇടവകപത്രികയുടെ ഓരോ ലക്കവും പുറപ്പെട്ടിരു ന്നത്. കണ്ടത്തിൽ വർഗീസ് മാപ്പിള, എം. പി. വർക്കി, കൊട്ടാരത്തിൽ ശങ്കുണ്ണി, ഇ. എം. ഫിലിപ്പ്, ഇടവഴിക്കൽ വലിയ ഫീലിപ്പോസച്ചൻ, ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്കോപ്പാ, കുരിയൻ റൈട്ടർ തുട ങ്ങിയ എഴുത്തുകാരെ വളർത്തിയെടുക്കുന്നതിലും വട്ടശ്ശേരിൽ ഗീവറു ഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് മല്പാൻ ഇവരെ ആഘോഷപൂർവം പരിചയപ്പെടുത്തു ന്നതിലും ഇടവകപത്രിക വിജയിച്ചു.

സുറിയാനി സുവിശേഷകന്റെ ശൈലി വ്യത്യസ്തമായിരുന്നു. ബൈബിളിന്റെ സുവിശേഷ ദൗത്യനിർവഹണത്തിനാണ് ഈ മാസിക പ്രാധാന്യം നൽകിയത്. ജാത്യാചാരങ്ങൾ, വിവാഹ സങ്കല്പങ്ങൾ, അന്ധ വിശ്വാസങ്ങൾ തുടങ്ങി സമകാലിക സാമൂഹിക വിഷയങ്ങളെ ബൈബിൾ ദർശനത്തിന്റെ കാഴ്ചപ്പാടിൽ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാനാണീ മാസിക ശ്രദ്ധിച്ചത്. ഇടവകപത്രിക രണ്ടാഴ്ചയിലൊരി ക്കലും സുറിയാനി സുവിശേഷകൻ മാസത്തിലൊരിക്കലുമാണ് പ്രസി ദ്ധീകരിച്ചിരുന്നത്. അയിത്തം, വർണ്ണാശ്രമധർമ്മങ്ങൾ, ബ്രാഹ്മണ മേധാ വിത്വം, സ്ത്രീകളോടുള്ള അവഗണന, മരുമക്കത്തായം, ബഹുഭാര്യത്വം, ബഹു ഭർതൃത്വം, ദുർദ്ദേവതാരാധന, വിഗ്രഹാരാധന, ശൈശവ വിവാ ഹം, ആർഭാടപൂർണ്ണവും അർത്ഥരഹിതവുമായ ആഘോഷങ്ങളെ നിയ ന്ത്രിച്ചിരുന്ന അന്ധവിശ്വാസങ്ങൾ തുടങ്ങിയ പ്രശ്നങ്ങളിൽ ബൈബി ളിന്റെ കാഴ്ചപ്പാടും മാർഗ്ഗദർശനവും വെളിപ്പെടുത്തുന്ന 'സുവിശേഷ കന്റെ' ശബ്ദം സാംസ്കാരിക കേരളത്തിന് വലിയൊരാവേശമായി. ശുദ്ധീ കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന മുദ്രാവാക്യം കേരളീയ സമുദാ യങ്ങളിൽ സാർവത്രികമായി. 'മാറ്റുവിൻ ചട്ടങ്ങളെ സ്വയം, അല്ലെങ്കിൽ മാറ്റും അതുകളീ നിങ്ങളെത്താൻ' എന്ന വിരൽചൂണ്ടലിന്റെ ശബ്ദം അവശ സമുദായങ്ങളിൽ സാർവത്രികമായി അനുരണനങ്ങൾ സൃഷ്ടിച്ചു. ഈഴവ - നായർ - നമ്പൂതിരി - മുസ്ലീം സമുദായങ്ങൾ ആഭ്യന്തര പരി ശോധനയ്ക്കും ശുദ്ധീകരണത്തിനും സംഘടിതമായ യത്നം ആരംഭി ച്ചത് ഇക്കാലത്താണ്. കേരളത്തിലെ രണ്ടാമത്തെ സാമുദായിക സംഘ ടനയായ ശ്രീനാരായണ ധർമ്മ പരിപാലന സംഘം രൂപവത്ക്കരിക്കപ്പെ ടുന്നത് 1902-ലാണ് എന്നോർക്കുക. ചെറുശ്ശേരി ചാത്തു നായർ, ജോസഫ്

ഫെൻ എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചതും 'അജ്ഞാന കുഠാരം' എന്ന വിമർശകാവ്യം രചിച്ചതും ഇക്കാലത്തു തന്നെ. സമുദായ പരിഷ്കാരം അനിവാര്യമാക്കുന്ന 'ഇന്ദുലേഖ' എന്ന നോവലിന്റെ തിരപ്പുറപ്പാടും പതിതസംസ്കാരത്തെ ബിംബകല്പനയിലൂടെ കരളലിയിക്കുംവിധം ആഖ്യാനം ചെയ്ത 'വീണപൂവി'ന്റെ അവതാരവും വ്യക്തമാക്കുന്നത് മറ്റൊന്നല്ല. 'ദൈവം സ്നേഹമാകുന്നു' എന്ന ബൈബിൾ ദർശനമാണ് കേരളത്തിലെ എല്ലാ സമുദായങ്ങളിലും നാളിതുവരെ നടത്തിയിട്ടുള്ള നവോത്ഥാനയത്നങ്ങളുടെ അടിസ്ഥാനബീജം. നാരായണഗുരു, സഹോദരൻ അയ്യപ്പൻ, വാഗ്ഭടാനന്ദർ തുടങ്ങി കേരളം കണ്ട നവോത്ഥാന നായകരെല്ലാം ബൈബിൾ അനാവരണം ചെയ്യുന്ന സ്നേഹദർശനത്തിന്റെ അടിത്തറയിൽ സ്വസമുദായങ്ങളിലെ കാര്യങ്ങളെ വ്യാഖ്യാനിക്കുകയും പുനഃസംവിധാനം ചെയ്യുകയും ചെയ്തതോടെയാണ് കേരള നവോത്ഥാനം ഒരു വൻ പ്രസ്ഥാനമായി വികസിച്ചത്. സുറിയാനി സുവിശേഷകനാണ് ഈദൃശ ചിന്തകളും സന്ദേശങ്ങളും ദർശനങ്ങളും സാംസ്കാരിക കേരളത്തിലെ ജനസാമാന്യത്തിന്റെ മുമ്പിൽ ശക്തമായി അവതരിപ്പിച്ച മുഖ്യ പത്രം. കൊച്ചിയിൽനിന്നും കോട്ടയത്തുനിന്നും പുറപ്പെട്ട ഈ പ്രസിദ്ധീകരണങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും അവയുടെ സ്ഥാപകൻ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സാധിച്ചത് മലയാള ഭാഷയുടെ ശാക്തീകരണവും എഴുത്തുകാരുടെ വളർച്ചയും തന്മൂലമുള്ള സാഹിത്യ പുരോഗതിയും ആയിരുന്നു.

4. അച്ചടി സ്ഥാപനങ്ങൾ

ഹൃദയത്തിൽ ആശയങ്ങളുടെ തീച്ചൂളയും പേറി നടക്കുന്നവർക്ക് ആശയ പ്രകാശന മാധ്യമത്തിന്റെ അനിവാര്യത അനുഭവപ്പെടും. പുലിക്കോട്ടിൽ മെത്രാച്ചൻ ആശയങ്ങൾ ചീറ്റുന്ന പ്രവാചക സ്രോതസ്സായിരുന്നു. അച്ചടിയുടെ സാധ്യത മറ്റാരെയുംകാൾ മുമ്പ് അദ്ദേഹം ഗ്രഹിച്ചു. അച്ചടിശാലകൾ സ്ഥാപിക്കുന്നത് തന്റെ മുഖ്യ ദൗത്യങ്ങളിലൊന്നായി അദ്ദേഹം വരിച്ചു. തങ്ങൾക്കുപയോഗിക്കാനുള്ള തക്സാക്രമങ്ങൾ പകർത്തി എഴുതുവാനാണ് വൈദിക പരിശീലനത്തിന്റെ സിംഹഭാഗവും വൈദികവിദ്യാർത്ഥികൾ ചെലവഴിച്ചിരുന്നത്. തലമുറകൾ കഴിയുംതോറും കൈയെഴുത്തു പകർപ്പുകളിൽ വൈകല്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. ഉല്പതിഷ്ണുവായ ഇദ്ദേഹം വൈദികനായിരിക്കുമ്പോൾ തന്നെ തലശ്ശേരിയിലെ മിഷണറിമാരിൽ നിന്ന് ഒരു കല്ലച്ച് പ്രസ് വിലയ്ക്കു വാങ്ങി കുന്നംകുളത്ത് സ്ഥാപിച്ചു.

പുലിക്കോട്ടിൽ ജോസഫ് കത്തനാര്ക്ക് എന്ന പേരിൽ 1850 കളിൽ സ്ഥാപിച്ച ഈ പ്രസിൽ നിന്ന് കുർബാന തക്സാ, മാമ്മൂദീസാ – വിവാഹ കൂദാശ ക്രമങ്ങൾ എന്നിവയുടെ സുറിയാനിരൂപങ്ങൾ അച്ചടിച്ച് പ്രസിദ്ധീ

കരിച്ചു. ഇന്ത്യയിലാദ്യമായി സുറിയാനിഭാഷ അച്ചടിയിലേക്ക് പ്രവേശിക്കുന്നത് ഈ കല്ലച്ച് പ്രസിലാണ് (ഇവിടെ അച്ചടിച്ച മേല്പറഞ്ഞ ഗ്രന്ഥങ്ങൾ ഇതെഴുതുന്ന ആളുടെ ഗ്രന്ഥശേഖരത്തിലുണ്ട്). 1850 കളുടെ ആദ്യവർഷങ്ങളിൽ ആരംഭിച്ച ഈ കല്ലച്ച് പ്രസിൽ നിന്ന് ക്രമേണ മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള പുസ്തകങ്ങളും അച്ചടിച്ചു തുടങ്ങി. പ്രസ്സുകളുടെ നാട് എന്ന് പില്ക്കാല പ്രസിദ്ധി നേടിയ കുന്നംകുളത്ത് ആദ്യം അച്ചടി ആരംഭിച്ചത് സുറിയാനിസഭയുടെ നേതാവായ പുലിക്കോട്ടിൽ ജോസഫ് (ഇട്ടൂപ്പ്) കത്തനാർ ആണ്. മെത്രാപ്പോലീത്താ ആയതിന് ശേഷം പ്രവർത്തന രംഗം കൊച്ചിയിലേക്ക് മാറിയപ്പോൾ പ്രസ് കൊച്ചിയിലെ പനയ്ക്കൽ മുതലാളിയുടെ പാണ്ടികശാലയിൽ സെന്റ് തോമസ് അച്ചുകൂടം എന്ന പേരിൽ പ്രവർത്തിച്ചു തുടങ്ങി. കല്ലച്ചുപ്രസ് പിന്നീട് പരുമലയിൽ സെമിനാരി സ്ഥാപിച്ചപ്പോൾ അവിടേക്ക് മാറ്റി. കൊച്ചിയിൽ വച്ച് സെന്റ് തോമസ് പ്രസിൽ നിന്നാണ് കേരളപതാക, ഇടവകപത്രിക എന്നീ പത്രങ്ങളുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. നമസ്കാരക്രമം തുടങ്ങിയ ആരാധനക്രമങ്ങൾക്ക് പുറമെ ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ സഭാപഞ്ചാംഗം, വിശ്വാസപരമായ ലഘുഗ്രന്ഥങ്ങൾ തുടങ്ങിയവയും മലയാളം, സുറിയാനി ഇംഗ്ലീഷ്, തമിഴ് ഭാഷകളിലെ ഗ്രന്ഥങ്ങളും അച്ചടിക്കാൻ ഈ പ്രസിൽ സൗകര്യമുണ്ടായിരുന്നു. സെമിനാരി കേസിന് ശേഷം 1889 മുതൽ കോട്ടയത്തുനിന്ന് സർക്കുലറുകളും മലയാളത്തിലും സുറിയാനിയിലുമുള്ള പള്ളിക്രമങ്ങളും ഇടവകപത്രിക, സുറിയാനി സുവിശേഷകൻ തുടങ്ങിയ പത്രമാസികകളും ഇവിടെ അച്ചടിച്ചു വന്നു. കേരളത്തിന്റെ അഭിമാനമായ എഴുത്തച്ഛൻ കൃതികളും കൃഷ്ണഗാഥയും തുള്ളൽ കൃതികളും അച്ചടിയിലേക്ക് വരുന്നതിന് എത്രയോ ദശകങ്ങൾക്കു മുമ്പ് ഈ നവോത്ഥാന നായകൻ തന്റെ സമുദായാംഗങ്ങളുടെ സഭാജീവിതത്തെ ഉന്മേഷപ്പെടുത്തുമാറ് അച്ചടിശാലകളിലൂടെ ആവശ്യമായ ഗ്രന്ഥങ്ങൾ അച്ചടിച്ച് വിതരണം ചെയ്തതിലെ ഭാവനാപ്രപഞ്ച വിസ്തൃതി അനുപമം തന്നെ.

5. അധഃകൃതോദ്ധാരണം

മലങ്കരസഭയ്ക്ക് മിഷൻ പ്രവർത്തനം സംഘടിതമായ രൂപത്തിൽ ആദ്യമുണ്ടാവുന്നത് പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ പ്രവർത്തനത്തിലാണ്. മതപരിവർത്തനം ലക്ഷ്യം വച്ചിരുന്നില്ലെങ്കിലും അനേകം പേരുടെ മതപരിവർത്തനത്തെ സാദ്ധ്യമാക്കിയ അന്തരീക്ഷം അന്നുണ്ടായി. താൻ സ്ഥാപിച്ച 250 ലേറെ പ്രാഥമിക വിദ്യാലയങ്ങളിൽ അധഃകൃത സമുദായങ്ങൾക്ക് പ്രവേശനം നൽകലായിരുന്നു അദ്ദേഹത്തിന്റെ ഈ ദിശയിലുള്ള പ്രധാന പ്രവർത്തനം. കുലീനതയിലും ഒട്ടൊക്കെ സവർണ്ണതയിലും അഭിരമിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികൾക്ക്

മെത്രാപ്പോലീത്തായുടെ ഈ പ്രവർത്തനം ഹിതകരമായിരുന്നില്ല. 'പുല യന് ആത്മാവുണ്ടോ?' എന്നു ചോദിക്കുന്ന (ഘാതകവധം എന്ന നോവ ലിലെ സുറിയാനി ക്രിസ്ത്യാനി യായ ഒരു കഥാപാത്രത്തിന്റെ ചോദ്യം) കുലീനതയുടെ അഹന്തയിൽ ക്രിസ്തീയത മരവിച്ചുപോയ ഒരു സമു ദായത്തെ തന്റെ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അദ്ദേഹം ക്രമേണ വിജയിക്കുക തന്നെ ചെയ്തു. കുഷ്ഠരോഗികളെപ്പോലെ പരി ഷ്കൃത സമുദായങ്ങൾ അയിത്തം കല്പിച്ച് അകറ്റിനിർത്തിയിരുന്ന അവർണ്ണസമുദായങ്ങളെ 'എനിക്ക് മനസ്സുണ്ട്. നീ ശുദ്ധമാക' എന്ന് കല്പിച്ച യേശുവിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തിക്കൊണ്ട് സ്നേഹി ക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആകർഷിക്കു കയും ചെയ്തു. സെക്കുലർ വിദ്യാലയങ്ങളിൽ മാത്രമല്ല സണ്ടേസ്കൂ ളുകളിലും അവർക്കു പ്രവേശനം അനുവദിക്കുകയും ശുചിത്വം, ദൈവ സ്നേഹം, മനുഷ്യസാഹോദര്യം എന്നീ മൂല്യങ്ങളുടെ വെളിച്ചം അവർ ക്ക് പകർന്നുകൊടുക്കുകയും ചെയ്തു. വസ്ത്രധാരണ സമ്പ്രദായം കുടും ബസങ്കല്പങ്ങൾ എന്നീ രംഗങ്ങളിൽ അധഃകൃത സമുദായങ്ങളിലുണ്ടായ പ്രബുദ്ധത മേലാളന്മാരെ വിരളി പിടിപ്പിച്ചതിന്റെ ഉദാഹരണങ്ങൾ മേൽ മുണ്ട് കലാപത്തിലും ചാന്നാർ കലാപത്തിലും ദൃശ്യമാണ്. വെട്ടിക്കൽ, പരുമല, കുന്നംകുളം എന്നീ പ്രാചീന സുറിയാനി ക്രിസ്ത്യാനി കേന്ദ്ര ങ്ങളിൽ അവരുടെ മേൽനോട്ടത്തിൽ അവർണ്ണരെ ഉദ്ധരിക്കുവാനായി അക്ഷരഭ്യാസ കേന്ദ്രങ്ങളും ശുചിത്വ പരിശീലന പ്രബോധനങ്ങളും നട ത്തിയിരുന്നു. അഖില മലങ്കരാടിസ്ഥാനത്തിൽ വൈദികസംഘടന അദ്ദേഹം രൂപവത്ക്കരിച്ചപ്പോൾ പ്രത്യേക വൈദഗ്ദ്ധ്യവും പരിശീലനവും ലഭിച്ച വൈദികരെ മിഷൻ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ അദ്ദേഹം മറന്നില്ല. ഇപ്രകാരം അവർണ്ണ സമുദായങ്ങളിൽ രണ്ടുതരം പ്രതികരണങ്ങൾ ഉളവാക്കി. ക്രൈസ്തവ സഭയിലേയ്ക്കുള്ള മതപരി വർത്തനമായിരുന്നു ഒരു പ്രതികരണം. പുലിക്കോട്ടിൽ മെത്രാപ്പോലീ ത്തായുടെ ഭരണത്തിൽ നൂറിലേറെ പുതിയ ദേവാലയങ്ങൾ ആവിർഭവി ച്ചതിന്റെ പിന്നിൽ ഈ മതപരിവർത്തനം മൂലം സംഭവിച്ച സഭാവിക സനം ഉണ്ടായിരുന്നു. അദ്ദേഹം ഒരു വിജാതീയ മിഷൻ സംഘടിപ്പിച്ചു. വിദേശസഭകൾക്ക് പങ്കാളിത്തമില്ലാതെ ഭാരതത്തിന്റെ മണ്ണിൽ പിറന്ന ആദ്യത്തെ മിഷൻ സംഘടന ഇതാണ്. അവർണ്ണരെ 'മനുഷ്യരാക്കാ' നുള്ള ആഹ്വാനങ്ങൾ അദ്ദേഹത്തിന്റെ സർക്കുലറുകളിൽ കാണാമായി രുന്നു. ഈ ആഹ്വാനങ്ങളിൽ ആകൃഷ്ടനായി ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് വിജാതീയ മിഷന്റെ പ്രസ്ഥാനത്തെ വിപുലമാക്കി. സുറി യാനിക്കാരുടെ ജാത്യാഭിമാനത്തോട് കലഹിച്ച് ചിലപ്പോഴെല്ലാം പരി വർത്തിത സഭാംഗങ്ങൾക്കു വേണ്ടി പ്രത്യേക പള്ളികൾ ഏർപ്പെടു ത്തുവാൻ പോലും ഈ രണ്ട് മെത്രാച്ചന്മാർ തയാറായി. ഈ നേതൃത്വ

ത്തിൽനിന്ന് ലഭിച്ച അർപ്പണബോധവും പരിശീലനവുമാണ് പില്ക്കാലത്തെ മിഷണറിപ്രസ്ഥാനമായ സ്ലീബാദാസ സമൂഹ സ്ഥാപനത്തിൽ എത്തിച്ചേർന്നത്.

6. ജനകീയശൈലിയും സുതാര്യതയും

വൈദിക സ്വേച്ഛാധിപത്യം ഹിന്ദുമതത്തെ മലിനമാക്കുന്നതും കത്തോലിക്കാസഭയെ അക്രൈസ്തവമാക്കുന്നതും സൂക്ഷ്മമായി വിലയിരുത്തിയ പുലിക്കോട്ടിൽ മെത്രാച്ചന്റെ സുചിന്തിതമായ സംഭാവനയാണ് എപ്പിസ്കോപ്പസിയും ജനാധിപത്യവും സംയോജിപ്പിച്ച നവീന ഭരണശൈലി. അതുവരെയും സഭാഭരണം മെത്രാനിൽ മാത്രം അധിഷ്ഠിതമായിരുന്നു. 1873-ലെ പരുമല സമ്മേളനത്തിൽ ഈ ഏകാധിപത്യ പ്രവണതയെ 'മെത്രാന്മാരുടെ ഏകനായകശക്തി' എന്ന് വിശേഷിപ്പിച്ച് അതിന് അറുതി വരുത്തണമെന്ന് ആവേശപൂർവ്വം വാദിക്കുന്നുണ്ട്. അങ്ങനെയാണ് സഭയിൽ ആദ്യമായി നിർവചിക്കപ്പെട്ട അധികാരങ്ങളോടുകൂടിയ ഒരു പൊതു സമുദായവേദിയായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിന്റെ കർമ്മസമിതിയായി മാനേജിംഗ് കമ്മിറ്റിയും പിറന്നുവീണത്. ഈ ജനാധിപത്യ സംഘടനകളുടെ പിതാവ് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ആണ്. പൊതുസഭയുടെ ഭരണത്തിൽ മെത്രാൻ, വൈദികർ, അത്മായർ എന്നീ മൂന്ന് വിഭാഗങ്ങൾക്കും പങ്കാളിത്തം അനുവദിക്കുന്ന ഭരണസംവിധാനമാണ് അദ്ദേഹം ആവിഷ്കരിച്ചത്. മെത്രാൻ ട്രസ്റ്റി, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിങ്ങനെ ത്രിതല കൈക്കാരന്മാർ പൊതുസഭാതലത്തിൽ അദ്ദേഹത്തിന് മുമ്പും പിമ്പും ഉണ്ടെങ്കിലും ഈ മൂന്ന് വിഭാഗത്തെയും അർഹമായ പങ്കാളിത്തം നൽകി സഭാഭരണം നിർവഹിച്ച മലങ്കര മെത്രാപ്പോലീത്തന്മാർ അദ്ദേഹത്തിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. മലങ്കരസഭയുടെ സ്വത്തുക്കൾ പങ്കുവച്ച് പിരിഞ്ഞ കൊച്ചിൻ അവാർഡ് ഈ മൂന്ന് ട്രസ്റ്റി സ്ഥാനങ്ങൾ നടപ്പിൽ വരുത്തിയെങ്കിലും അത് വേണ്ടതുപോലെ പ്രാവർത്തികമായില്ല. പിന്നീട് പലപ്പോഴും വട്ടിപ്പണപ്പലിശ വാങ്ങുവാൻ ഒപ്പിടുക മാത്രമായി ഈ ട്രസ്റ്റിമാരുടെ ചുമതല. പില്ക്കാലത്ത് സഭാസ്വത്ത് പല ഷെഡ്യൂളുകൾ ആയി തിരിച്ച് പുരാതന സ്വത്തുക്കളുടെ മാത്രം ചുമതലക്കാരായി കൂട്ടുട്രസ്റ്റികളുടെ അധികാര പരിധി പരിമിതപ്പെടുത്തി. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ കാലത്താകട്ടെ സഭയുടെ പൊതുകാര്യങ്ങളിലെല്ലാം കൂട്ടുട്രസ്റ്റിമാർ പങ്കാളികളും കൈകാര്യകർത്താക്കളുമായിരുന്നു. അവർ തമ്മിലുള്ള പരസ്പര ധാരണ അസൂയാവഹമായിരുന്നു. സുതാര്യതയുടെ സുവർണ്ണദശയായിരുന്നു ആ കാലഘട്ടം. ഇടവകപത്രികയിൽ സുതാര്യമായ ചർച്ചയിലൂടെ പൊതുജനാഭിപ്രായം അറിയാനും സംഘടിപ്പിക്കുവാനും അദ്ദേഹം ജാഗ്രത പുലർത്തി. സഭാഭരണത്തിൽ വികേന്ദ്രീകരണത്തെ അക്ഷരത്തിലും ആത്മാവിലും അദ്ദേഹം പ്രയോജനപ്പെടുത്തി. ഏകാധിപത്യപ്രവ

ണത രാജഭരണ രംഗത്തും, പൗരോഹിത്യ പ്രവണത സഹോദര മത - സഭാ വിഭാഗങ്ങളിലും അത്മായാധിപത്യം നവീകരണസഭകളിലും കൊടികുത്തി വാഴുന്ന ഒരു കാലത്ത് സഭയിലെ എല്ലാ വിഭാഗങ്ങളും പങ്കാളിത്തബോധം ഉറപ്പുവരുത്തുന്ന ജനകീയ എപ്പിസ്കോപ്പൽ ഭരണത്തിന്റെ സമ്മിശ്ര ശൈലി അദ്ദേഹം ആവിഷ്കരിച്ചു. എപ്പിസ്കോപ്പൽ ഭരണസംവിധാനത്തിന്റെ പ്രലോഭനങ്ങളും സമ്മർദ്ദങ്ങളും അതിജീവിച്ചാണ് അദ്ദേഹം ഈ വിചിത്ര ശൈലി ആവിഷ്കരിച്ചത്. ഭാരതത്തിൽ ജനാധിപത്യയുഗം പുലരുന്നതിന് ഒട്ടുവളരെ മുമ്പ് മലങ്കരസഭയിൽ ജനാധിപത്യയുഗത്തിന്റെ പ്രഭാതം പൊട്ടിവിരിഞ്ഞതങ്ങനെയാണ്.

മെത്രാപ്പോലീത്തായുടെ പ്രവർത്തന ഡയറി ആണ്ടിലൊരിക്കൽ സമുദായത്തിന്റെ മുഴുവൻ പ്രാതിനിധ്യമുള്ള പൂർണ്ണ സുന്നഹദോസിന്റെ - മാനേജിംഗ് കമ്മിറ്റിയുടെ മുമ്പിൽ സമർപ്പിക്കുവാൻ അദ്ദേഹം മുളന്തുരുത്തി കാനോനാകളിൽ വ്യവസ്ഥ ചെയ്തു. പരസ്പരം അതിക്രമിച്ച് കടക്കാനാവാത്തവിധം സ്ഥാനികളുടെയും സമിതികളുടെയും അവകാശ കർത്തവ്യപരിധികളെ നിർവചിക്കുവാൻ ആവശ്യമായ നടപടിചട്ടങ്ങൾക്ക് അദ്ദേഹം രൂപംനൽകി. അദ്ദേഹം തയാറാക്കിയ നിയമാവലികൾ പൊതുസഭയുടെ ഏകകണ്ഠമായ വികാരമാകയാലും അവയിൽ എല്ലാ വിഭാഗങ്ങൾക്കും അർഹമായ പങ്കാളിത്തം അനുവദിക്കുന്നതിനാലും അവയോട് ആരും ഒരിക്കലും വിയോജിച്ചിരുന്നില്ല. പരുമല സമ്മേളന നിശ്ചയങ്ങളിലോ മുളന്തുരുത്തി കാനോനാകളിലോ എപ്പിസ്കോപ്പൽ താല്പര്യങ്ങളെ പിന്താങ്ങുന്നതോ വൈദിക - അത്മായ താല്പര്യങ്ങളെ നിഷേധിക്കുന്നതോ ആയ സമീപനങ്ങൾ ഉണ്ടായിരുന്നില്ല. ഏതു വിപത്തിലും, പാത്രിയർക്കീസ് മുടക്കിയപ്പോൾ പോലും ഒരു ചെറിയ അപസ്വരം പോലുമില്ലാതെ സഭ ഒന്നടങ്കം പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ സർവ്വാത്മനാ പിന്തുണച്ചത് അദ്ദേഹത്തിന്റെ ഭരണശൈലിയ്ക്ക് ലഭിച്ച അംഗീകാരമായി വേണം കാണുവാൻ. യാതൊരു പൂർവമാതൃകയും അദ്ദേഹത്തിന്റെ മുമ്പിലില്ലായിരുന്നു. പില്ക്കാലത്ത് ഉണ്ടായ സർവ ഭരണഘടനകൾക്കും നടപടിചട്ടങ്ങൾക്കും അദ്ദേഹത്തിന്റെ ഭാവനയിൽ വിടർന്ന 'ഘടന'യുടെ ശൈലി മാതൃകയായിത്തീർന്നു.

7. ആത്മീയ സംഘടനകളുടെ പ്രോദ്ഘാടകൻ

പാശ്ചാത്യ സഭാഭരണശൈലിയുടെയും നവീകരണ പ്രവണതകളുടെയും പ്രഹരങ്ങളേറ്റ് താറുമാറായ മലങ്കരസഭയെ ഘട്ടം ഘട്ടമായും ഭാഗം ഭാഗമായും ശാക്തീകരിച്ച് അഭിലഷണീയമായ പുരോഗതിയിലേക്ക് ജനപങ്കാളിത്തത്തോടെ നയിക്കുവാൻ ആത്മീയ സംഘടനകളെ സ്ഥാപിച്ച് അവയുടെ ഗ്രാസ്റൂട്ട് തല പ്രവർത്തനത്തിലൂടെ പുനരുജ്ജീവിപ്പിക്കുവാൻ കഴിയുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ഓരോ ഇടവകയിലും

സണ്ടേസ്കൂൾ സ്ഥാപിക്കുവാനും അവയിലൂടെ വേദകഥകളും വിശ്വാസപാഠങ്ങളും വളരുന്നതലമുറയ്ക്ക് നൽകുവാനും അദ്ദേഹം നിർദ്ദേശിച്ചത് ഫലവത്തായി. വിശ്വാസ പ്രബോധനങ്ങൾക്ക് ചോദ്യോത്തര രീതിയിൽ ലഘുഗ്രന്ഥങ്ങൾ തയാറാക്കി അച്ചടിപ്പിച്ച് അദ്ദേഹം വിതരണം ചെയ്തു. മുഖ്യമായും നവീകരണക്കാർ ഉയർത്തിയ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുംവിധമാണ് ചോദ്യോത്തര ഗ്രന്ഥങ്ങൾ സംവിധാനം ചെയ്തിരുന്നത്. അവയോടൊപ്പം രണ്ടുനേരമായി ഏഴു യാമങ്ങളിലെ പ്രാർത്ഥനകൾ കുട്ടികളെ കൊണ്ട് ഹൃദിസ്ഥമാക്കിക്കുവാൻ സണ്ടേസ്കൂൾ പഠനത്തിൽ നിഷ്കർഷിച്ചിരുന്നു. വിശ്വാസപരമായ കാര്യങ്ങളിൽ സഭയുടെ നിലപാടുകൾ മലയാള പുസ്തകങ്ങളിൽ ലഭ്യമായത് ഇക്കാലത്താണ്.

പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ഭാവനാപൂർവം രൂപവത്ക്കരിച്ച മറ്റൊരു പ്രസ്ഥാനം വൈദികസംഘമാണ്. സഭയിലെ രക്തധമനികളാണ് വൈദികർ എന്നും അവരിലൂടെ ദൈവിക ചിന്തയും ജീവനും പ്രസരിക്കണമെങ്കിൽ അവരെ കാലോചിതമായി പ്രബോധിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം നിശ്ചയിച്ചു. ആണ്ടുതോറും വൈദികരുടെ മഹാസമ്മേളനങ്ങൾ സഭാതലത്തിൽ നടത്തുവാനും ഗ്രാസുറൂട്ട് തലത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പ്രശ്ന പരിഹാരങ്ങൾ ആരായുവാനും അദ്ദേഹം ഉദ്യമിച്ചു. ഇടവകയ്ക്ക് വെളിയിൽ ഭദ്രാസന - പൊതു സഭാതലങ്ങളിൽ വൈദികർക്ക് കർത്തവ്യമുണ്ടെന്നും വൈദികർ സഭയുടെ പൊതുസ്വത്താണ് എന്നുമുള്ള തിരിച്ചറിവിലേക്കുള്ള പ്രയാണത്തിന്റെ ആദ്യനടപടി ആയിരുന്നു ഇത്. 1900 മേടം 1-ന് കടമ്പനാട് പള്ളിയിൽ നിന്നും അയച്ച പൊതു കല്പനയിൽ വൈദികസംഘരൂപീകരണത്തെപ്പറ്റിയുള്ള സ്ഥാപകന്റെ സ്വപ്നങ്ങൾ പ്രകടമാകുന്നുണ്ട്:

“നമ്മുടെ സഭയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന അന്യോപദ്രവങ്ങളെ തടുക്കുന്നതിനുള്ള ശ്രമത്തിൽ ഒഴിച്ചുകൂടാതെ വന്നുകൂടുന്ന വ്യവഹാരങ്ങളാലും മറ്റും സഭയുടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യപ്പെട്ട പരിഷ്ക്കാരങ്ങൾ ഒന്നും നടപ്പാക്കുവാനും അതിനായി പരിശ്രമിക്കുവാനും സമയവും സൗകര്യവും കിട്ടാതെ നമ്മുടെ ആയുസ് വൃദ്ധതയെ പ്രാപിച്ചിരിക്കുന്നത് ഓർക്കുമ്പോൾ നമുക്ക് വളരെ വ്യസനം ഉണ്ട്. ... അതിനാൽ നമ്മുടെ സഭയുടെ ഉയർച്ചയ്ക്ക് കാരണഭൂതരായിരിക്കേണ്ട നമ്മുടെ പട്ടക്കാരിൽ ഭക്തിയും വിശ്വാസവും വർദ്ധിപ്പിയ്ക്കുന്നതിനും യോഗ്യന്മാരെ ഇതിലേയ്ക്ക് ആകർഷിപ്പാൻ തക്കവണ്ണം അവരുടെ അന്തസ്സിനെ ഉയർത്തുന്നതിനും അത്യന്തം ആവശ്യമായിരിക്കുന്ന ശ്രമങ്ങളിൽ നാം ഇനിയും മുഴുകാതിരുന്നാൽ നമ്മു ടെ സഭ നാമാവശേഷമായിപ്പോകും” (*മാർ ദീവന്നാസ്യോസ് ദ്വിതീയൻ ചരമനവതി സുവനീർ*, തൃശ്ശൂർ, 1999, പു. 95, 96).

മേല്പട്ടക്കാരുടെ ആലോചനാസംഘം, സുവിശേഷ സംഘം എന്നിവയുടെ പ്രവർത്തനത്തിൽ വൈദികർക്ക് പങ്കാളിത്തം നൽകുവാനും അവരുടെ ദർശനവും സഭാസ്നേഹവും പൊതു സഭാതലത്തിൽ പ്രയോജനപ്പെടുത്തുവാനും വൈദികസംഘം മൂലം അവസരമുണ്ടായി.

മാർ ദീവന്നാസ്യോസ് സഭയിലെ ആത്മീയ നവോത്ഥാനത്തിനായി രൂപംകൊടുത്ത മറ്റൊരു പ്രസ്ഥാനമാണ് ദയറാ പ്രസ്ഥാനം. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധംവരെ മലങ്കരസഭയിൽ ദയറാ പ്രസ്ഥാനം രൂപപ്പെട്ടിട്ടില്ലായിരുന്നു. മർദ്ദീൻ യാത്രയിൽ അദ്ദേഹം കണ്ട ദയറാകളും അവയുടെ ചരിത്രങ്ങളും അവ മൂലം സിറിയൻ സഭയ്ക്കും പൊതുസഭയ്ക്കും ഉണ്ടായ നേട്ടങ്ങളും അറിയാനിടയായ നാൾ മുതൽ ഈ പ്രസ്ഥാനം മലങ്കരയിൽ സ്ഥാപിക്കുവാൻ അദ്ദേഹം വെമ്പൽ കൊണ്ടു. മുളന്തുരുത്തി ഇടവകയിലെ വെട്ടിക്കൽ പ്രദേശം അനുയോജ്യമെന്ന് കണ്ടെത്തിയ അദ്ദേഹം ആ സ്ഥലം പള്ളിയിൽനിന്നും എഴുതി വാങ്ങി. ഒരു കുരിശും ചെറിയ കെട്ടിടവും അവിടെ ഉണ്ടായിരുന്നു. അതിനെ അദ്ദേഹം ഒരു ദയറാ ആയി പ്രഖ്യാപിച്ചു. മലങ്കരയിലെ ഒന്നാമത്തെ ആശ്രമം. മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗീസ് കോറിയ്ക്ക് 1872 മീനം 26 ന് അദ്ദേഹം ദയറോയൂസോയുടെ സ്ഥാനം കൊടുത്തു; വെട്ടിക്കൽ ദയറായിലെ റീശ് ആയി ചാത്തുരുത്തിൽ റമ്പാനെ നിയമിച്ചു. ക്രമേണ വെട്ടിക്കൽ ദയറാ മലങ്കരയുടെ പുണ്യപുരുഷനെ വാർത്തെടുത്ത തപോഭൂമിയും വൈദികപരിശീലനകേന്ദ്രവും ആയി മാറി. ക്രമേണ വെട്ടിക്കൽ ദയറായിലെ റമ്പാന്മാരുടെ എണ്ണം വർദ്ധിച്ചു. 1873 മുതൽ പരുമലയിൽ വൈദിക വിദ്യാഭ്യാസത്തിന് നേതൃത്വം നൽകുവാൻ ചാത്തുരുത്തി റമ്പാച്ചൻ നിയോഗിക്കപ്പെട്ടപ്പോൾ വെട്ടിക്കൽ ദയറായിലെ മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ റീശ് ദയറോയോ ആയി നിയമിതനായി. പത്രോസ് തൃതീയൻ ബാവാ പട്ടംകൊടുത്ത ആറു മെത്രാന്മാർ നാല്പത് ദിവസം ഉപവസിച്ചത് ഈ ദയറായിലാണ്. പില്ക്കാലത്ത് സഭയിൽ പിറവിയെടുത്ത ബഥനി, പത്തനാപുരം താബോർ, ഓതറ, മൈലപ്ര, പുതുപ്പാടി തുടങ്ങിയ ആശ്രമങ്ങൾ വെട്ടിക്കൽ ദയറായുടെ പ്രവർത്തനത്തിൽ നിന്ന് പ്രചോദനം നേടി രൂപംകൊണ്ടവയാണ്.

മാർ ദീവന്നാസ്യോസിന്റെ നേതൃപാടവത്തിന്റെ ഫലമായി രൂപം കൊണ്ട മറ്റൊരു ആത്മീയ സംഘടനയാണ് വിദ്യാർത്ഥിപ്രസ്ഥാനം. വിദ്യാർത്ഥികളെ സഭയോട് പ്രതിബദ്ധതയുള്ളവരാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പ്രതീക്ഷ അസ്ഥാനത്തായില്ല. ഇക്കഴിഞ്ഞ നൂറ്റാണ്ടിൽ സഭയുടെ നേതൃനിരയിൽ വന്ന അത്മായ - വൈദിക - മെത്രാൻസ്ഥാനികളും വിദ്യാർത്ഥിപ്രസ്ഥാനത്തിലെ പ്രവർത്തകരായിരുന്നു. തന്റെ പ്രിയ ശിഷ്യനും പുണ്യചരിതനുമായ പരുമലയിലെ സിദ്ധൻ

അവിചാരിതമായി ദിവംഗതനായപ്പോൾ വിദ്യാർത്ഥിപ്രസ്ഥാനത്തിന് ആ പുണ്യവാന്റെ പേർ നൽകുകയും മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു.

8. ജാത്യൈക്യ സംഘം

കൂനൻകുരിശ് സത്യത്തെ തുടർന്ന് മാതൃസഭയിൽ നിന്ന് 1653–ൽ അടർന്നുപോയ കത്തോലിക്കാസഭയെ തിരിച്ചുകൊണ്ടുവരുവാൻ പല മലങ്കര മെത്രാന്മാരും ശ്രമിച്ചിട്ടുണ്ട്. പുലിക്കോട്ടിൽ മെത്രാച്ചനും അക്കാര്യത്തിൽ എളിയ ശ്രമം നടത്തി. സാദ്ധ്യമായ രംഗങ്ങളിൽ സഹകരണം ആരംഭിച്ച് പ്രവർത്തനം കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കാമെന്ന പ്രതീക്ഷയിൽ കത്തോലിക്കാ സഭയിലെ നിധിയിരിക്കൽ മണിക്കത്തനാരുമായി സഹകരിച്ച് അദ്ദേഹം ജാത്യൈക്യ സംഘം സ്ഥാപിച്ചു. രണ്ടുപേരുടെയും പേരിൽ വുഡ്ലാൻഡ് ബംഗ്ലാവും സ്ഥലവും വിലയ്ക്കു വാങ്ങി. അതിന്റെ പിന്നിൽ പ്രവർത്തിച്ച എക്യുമെനിക്കൽ വികാരം ആരും വിലയിരുത്തിയിട്ടില്ല. ലോകതലത്തിൽ എക്യുമെനിക്കൽ ആശയങ്ങൾ മുള പൊട്ടുന്നതിന് എത്രയോ മുമ്പ് ഈ കൊച്ചു കേരളത്തിൽ സഭൈക്യ ദാഹവുമായി ഈ പ്രതിഭാശാലി പ്രവർത്തനം ആരംഭിച്ചു. ഇരുനേതാക്കളും കൂടി ഒരു സ്കൂൾ സ്ഥാപിച്ച് കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനിടയിൽ റോമ്മാ സുറിയാനിക്കാരും യാക്കോബായ സുറിയാനിക്കാരും യോജിച്ച് പള്ളിക്കൂടം നടത്തിക്കൂടാ എന്ന് പോപ്പിന്റെ ഉത്തരവ് വന്നു. തൽഫലമായി പള്ളിക്കൂടം നടത്തുന്നതിൽ നിന്ന് മാണിക്കത്തനാർ പിന്മാറി. അപ്പോൾ സംയുക്തമായി വാങ്ങിയിരുന്ന ഭൂമിയിൽ റോമ്മാ സുറിയാനിക്കാർക്കുള്ള അവകാശത്തെ മാർ ദീവന്നാസ്യോസ് കൊടുത്ത് തീർത്തു. അങ്ങനെ എം. ഡി. സെമിനാരിയും സ്ഥലവും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വകയായി തീർന്നു (*മലങ്കര നസ്രാണികൾ,* വാല്യം 3, പു. 266).

9. രാഷ്ട്രീയ രംഗങ്ങളിൽ

തമിഴ് ബ്രാഹ്മണർക്ക് മാത്രം സർക്കാരിലെ ഉയർന്ന തസ്തികകളിൽ നിയമനം ലഭിച്ചിരുന്ന കാലമായിരുന്നു അത്. നികുതിദായകരായ തദ്ദേശീയരെ അവഗണിക്കുന്നത് അനീതിയാണെന്ന് മെത്രാപ്പോലീത്താ ഇടവകപത്രികയിലൂടെ പ്രബോധിപ്പിച്ചു. അങ്ങനെയിരിക്കെ ആയിടെ സിംഹാസനാരൂഢനായ വിശാഖം തിരുനാൾ മഹാരാജാവ് കോട്ടയം സന്ദർശിച്ചു. സമുദായത്തിന്റെ വികാരം പ്രതിഫലിപ്പിക്കുന്ന ഒരു മംഗളപത്രം മെത്രാപ്പോലീത്താ മഹാരാജാവിന് സമർപ്പിച്ചു. സ്വന്തം കൈപ്പടയിൽ രാജാവ് ഇപ്രകാരം മറുപടി നൽകി: സുറിയാനിസഭയിലെ വൈദികന്മാരും ജനങ്ങളുമേ, നിങ്ങൾ ഇപ്പോൾ നമ്മുടെ മുമ്പാകെ സമർപ്പിച്ച ഇമ്പവും പര

മാർത്ഥവും ഉള്ള മംഗളപത്രത്തിൽ നമുക്ക് സംതൃപ്തി ഉളവായിരിക്കുന്നു. നിങ്ങളുടെ സമുദായം പൂർവീകകാലം മുതലേ ഉള്ളതും ചരിത്രസംബന്ധമായ സാഹിത്യത്തോടുകൂടിയതുമായ ഒരു സംഘവും തൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും ഉത്തമ ദൃഷ്ടാന്തവുമാകുന്നു. നിങ്ങളുടെ സമുദായം അനുഭവിച്ചുവരുന്ന പദവികൾ ഭേദവും കൂടാതെ നിങ്ങൾക്ക് നിലനിറുത്താമെന്ന് ഉറപ്പിച്ച് കൊൾവിൻ. സർക്കാർ ജീവനം അതിന്റെ മിക്കതുറകളിലും മതവിഷയം ആലോചിക്കാതെ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നു. മതവിശ്വാസം ഗൗനിക്കാതെ യോഗ്യതയും ശേഷിയും ഉള്ളവരെ അംഗീകരിക്കുന്നതാകുന്നുവെന്ന് നാം നിങ്ങളോടുറപ്പ് പറയുന്നു" (പാറേട്ട്, വാല്യം 3, പു. 299).

മംഗളപത്ര സമർപ്പണം കഴിഞ്ഞ് അഞ്ചാം വർഷത്തിൽ മഹാരാജാവ് നാടു നീങ്ങി. അദ്ദേഹത്തിന്റെ വാഗ്ദാനം വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ സമയം ലഭിച്ചില്ല. അതുകൊണ്ട് മാർ ദീവന്നാസ്യോസിന്റെ രാഷ്ട്രീയ സാമൂഹ്യ യജ്ഞം പൂർണ്ണമായി വിജയിച്ചില്ല. അക്കാലത്ത് തിരുവിതാംകൂർ സർക്കാരിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്നത് പ്രധാനമായി പരദേശ ബ്രാഹ്മണരായിരുന്നതുകൊണ്ടും അവർക്ക് സമർത്ഥരായ നാട്ടുകാരോടു അസൂയ തോന്നുക സാധാരണമായിരുന്നതുകൊണ്ടും നസ്രാണികളെയും നായന്മാരെയും ഒഴിച്ചുനിർത്താനുള്ള വിദ്യകൾ അവർ സ്വീകരിച്ചുകൊണ്ടിരുന്നു. പിന്നീട് കേരളീയ സമുദായങ്ങളിൽ താഴ്ന്ന വിഭാഗങ്ങളെ സർക്കാർ ഉദ്യോഗത്തിൽനിന്ന് തള്ളിയപ്പോഴും മലയാളികൾക്ക് പൊതുവിൽ സർക്കാർ ഉദ്യോഗസ്ഥാനങ്ങൾ അപ്രാപ്യമായപ്പോഴും ഈ നവോത്ഥാന നായകൻ പ്രതിഷേധശബ്ദവുമായി മുമ്പിലെത്തി.

ആ അനീതിക്കെതിരെ നസ്രാണിയും നായരും നമ്പൂതിരിയും യോജിച്ച് പതിനായിരത്തിഇരുപത്തിഎട്ടുപേർ ഒപ്പിട്ട 'മലയാളി മെമ്മോറിയൽ' 1891 ജനുവരി 1-ന് ശ്രീമൂലം മഹാരാജാവിന് നൽകി. അതിന് മറുപടി ലഭിക്കാതെ വന്നപ്പോൾ നാടിന്റെ നാനാഭാഗങ്ങളിലും പ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. തിരുവിതാംകൂറിൽ ഇദംപ്രഥമമായി നടന്ന രാഷ്ട്രീയ പ്രക്ഷോഭത്തെ തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ടായിരുന്നുവെങ്കിലും നിയന്ത്രിച്ച പ്രധാനന്മാരിൽ ഒരുവൻ മാർ ദീവന്നാസ്യോസ് ആയിരുന്നു. ഒടുവിൽ 1891 ജൂലൈ മാസത്തിൽ മെമ്മോറിയൽകാർക്ക് അനുകൂലമായി മറുപടി ലഭിച്ചു. ജനകീയ ഭരണത്തിലേക്കുള്ള ആദ്യ ചുവടുവയ്പിൽ ഭാഗഭാക്കാകുന്നതിന് തക്ക ദീർഘദൃഷ്ടിയുള്ള ആളായിരുന്നു ജോസഫ് ദീവന്നാസ്യോസ് എന്നാണല്ലോ ഇത് തെളിയിക്കുന്നത് (പാറേട്ട്, വാല്യം 3, പു. 300, 301).

10. മഹാജന സഭ

ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച അഭ്യസ്തവിദ്യരുടെ കൈകളിലാണ് കേരളത്തിന്റെ മതപുരോഗതിയും സാമൂഹ്യ പുരോഗതിയും എന്ന് കാലത്തെ വിവേചിച്ചറിഞ്ഞ പ്രത്യുല്പന്നമതിയായ മെത്രാപ്പോലീത്താ സഭയിലെ അഭ്യസ്തവിദ്യർക്കായി മഹാജനസഭ എന്ന ഒരു സംഘടന രൂപവത്ക്കരിച്ചു. മലങ്കരസഭയുടെ മസ്തിഷ്ക്കമായി ഏറെക്കാലം മഹാജനസഭ പ്രവർത്തിച്ചു. 1897 മേടത്തിൽ കോട്ടയം എം. ഡി. സെമിനാരിയിൽ സാമൂഹ്യപരിഷ്കാരത്തെ ഉദ്ദേശിച്ച് രൂപീകരിച്ച സഭ പിന്നീട് കൂടുതൽ ജനകീയമായി. പാറേട്ട് എഴുതുന്നു: "യോജിച്ച് നിന്ന് പ്രവർത്തിക്കാതെ ജീവിത സമരത്തിൽ വിജയം വരിക്കാൻ സാധിക്കുകയില്ല എന്ന് ജോസഫ് മാർ ദീവന്നാസ്യോസിന് നിശ്ചയമുണ്ടായിരുന്നു. ... സഭേതര കാര്യങ്ങളിലും സംഘടിപ്പിക്കുവാൻ അദ്ദേഹം മുൻകൈ എടുത്തു. ആ പ്രവർത്തനഫലങ്ങളിൽ ഒന്നായിരുന്നു സാമൂഹ്യസമ്മേളനം അല്ലെങ്കിൽ മലങ്കര മഹാജനസഭ എന്ന സംഘടന. 1910 ഇടവത്തിൽ ഇ. ജെ. ജോൺ അബ്ദുള്ളാ പാത്രിയർക്കീസിനയച്ച തുറന്ന കത്തിൽ എഴുതി: 'മലങ്കര മഹാജനസഭയുടെ ഉത്ഭവചരിത്രം, സുറിയാനി സമുദായത്തിന്റെ വർത്തമാനകാല ചരിത്രത്തിൽ സുപ്രസിദ്ധമാണ്. സുറിയാനിസഭയിൽ മുളച്ചു വളർന്ന മതഭേദത്തോടുള്ള പോരാട്ടത്തിൽ ആയുസ്സിനെ വിനിയോഗിക്കേണ്ടിവന്ന ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കൃത്യാന്തര ബാഹുല്യം നിമിത്തം സമുദായത്തിന്റെ വിദ്യാഭ്യാസകേന്ദ്രസ്ഥാനമായ എം. ഡി. സെമിനാരിയ്ക്കു കൂടിയും ഉണ്ടായ ഞെരുക്കത്തെയും അനേകം പള്ളികളിലെ കുഴപ്പങ്ങളെയും മറ്റും പല സമുദായ വിപത്തുകളെയും കണ്ടുകൊണ്ട് സഹിച്ചിരിക്കാൻ സമുദായ സ്നേഹം അനുവദിക്കാത്ത.... ആലോചിച്ച് ഏകദേശം 15 വർഷം മുമ്പ് സ്ഥാപിച്ചിട്ടുള്ളതാണ് മഹാജനസഭ" (പാറേട്ട്, വാല്യം 3, പു. 301). ആണ്ടുതോറും സമ്മേളിക്കുന്ന മഹാജനസഭയിലും വൈദിക സമ്മേളനത്തിലും ഉരുത്തിരിയുന്ന കർമ്മപഥങ്ങൾ അസോസ്യേഷനിലൂടെയും മാനേജിംഗ് കമ്മിറ്റിയിലൂടെയും പ്രവർത്തനപദ്ധതികളായി രൂപം പ്രാപിക്കുന്ന തേജോമയമായ ഒരു കാലഘട്ടമായിരുന്നു അത്.

11. പത്രപ്രവർത്തനം, സാഹിത്യപ്രവർത്തനം

സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങളുടെ സ്ഥാനത്തേപ്പറ്റി മറ്റാരേക്കാളും മെത്രാപ്പോലീത്താ ബോധവാനായിരുന്നുവെന്ന് അദ്ദേഹം ആരംഭിച്ച് നടത്തിയ പത്രമാസികകൾ വ്യക്തമാക്കുന്നു. ഇ. എം. ഫിലിപ്പ് ആത്മകഥയിൽ എഴുതുന്നു: "മലയാള മനോരമ നടത്തുന്നതിനായി വർഗീസ് മാപ്പിള ആരംഭിച്ച കമ്പനിയിൽ മെത്രാപ്പോലീത്താ ഓഹരിക്കാരനായി

രുന്നു. മലയാള മനോരമയുടെ ആഫീസ് ഏതാനും കാലം വുഡ്ലാൻഡ് ബംഗ്ലാവിൽ നടത്തി. പിന്നീടാണ് വുഡ്ലാൻഡ് തോപ്പിന്റെ വേറൊരു ഭാഗത്ത് ഇന്ന് കാണുന്ന ..... പ്രസും ഓഫീസും അവിടെയാക്കിയത്. ജോസഫ് ദീവന്നാസ്യോസും വർഗീസ് മാപ്പിളയും തമ്മിലുണ്ടായിരുന്നതും സമുദായത്തിന് പലവിധ നന്മകൾക്കുമിടയാക്കിയതുമായ വേഴ്ച, ഇരുവർക്കുമുണ്ടായിരുന്ന പത്രപ്രവർത്തനക്കമ്പത്തിൽ നിന്ന് ഉൽഭൂതമായതാവാം" (*രഹസ്യഭേദകം*, പു. 117).

മെത്രാപ്പോലീത്തായെ ഒരു സാഹിത്യകാരൻ എന്ന നിലയിൽ അനേകരും മനസ്സിലാക്കിയിട്ടില്ല. പ്രസന്നവും ദീപ്തവും ആർജ്ജവത്വം നിറഞ്ഞതുമായ ഗദ്യശൈലി അദ്ദേഹത്തിന് സ്വന്തമായിരുന്നുവെന്ന് അദ്ദേഹം എഴുതിയ യാത്രാവിവരണകൃതി – *ഒരു പരദേശയാത്രയുടെ കഥ* – വ്യക്തമാക്കുന്നു. മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണം തന്നെയാണത്. നിരീക്ഷണ സ്വഭാവം, അപഗ്രഥന പാടവം, സൂക്ഷ്മ വർണ്ണനകൾ, രസകരമായ വാങ്മയ ചിത്രങ്ങൾ, ധ്വനിമധുരമായ ആത്മഗതങ്ങൾ, കുറിയ്ക്കുകൊള്ളുന്ന ഭാവാലങ്കാരങ്ങൾ, അപസർപ്പകകഥയുടെ ഉദ്വേഗം സൃഷ്ടിക്കുന്ന ആത്മസംഘർഷ രംഗങ്ങൾ, വ്യക്തിത്വമുള്ള ശൈലി, ആകർഷകമായ ആഖ്യാന ചാതുരി എന്നിവ കൊണ്ട് അനുഗൃഹീതമായ ആ ലഘു കൃതിയെ മലയാളത്തിലെ ലക്ഷണമൊത്ത ഒന്നാമത്തെ യാത്രാവിവരണ കൃതി എന്നാണ് വിശേഷിപ്പിക്കേണ്ടത്. മലയാള ഗദ്യശൈലിയ്ക്ക് പ്രായപൂർത്തിയായി എന്ന് 'ഇന്ദുലേഖ'യേക്കാൾ മുമ്പ് വിരചിതമായ ഈ കൃതി സാക്ഷിക്കുന്നു. റവ. ജോർജ് മാത്തന്റെ ഗദ്യത്തേക്കാൾ മാധുരവും പ്രസന്നതയും ഓജസ്സും നിറഞ്ഞതാണ് ഇതിന്റെ രചന. കഥാനായകന്റെ വിപദിധൈര്യം, സംഘർഷ മുഹൂർത്തങ്ങളിലെ മനഃസാന്നിദ്ധ്യം, ആത്മധൈര്യം, മനഃസ്ഥൈര്യം, ഔചിത്യപൂർണ്ണമായ സമീപനങ്ങൾ, ദൈവാശ്രയത്തിലധിഷ്ഠിതമായ തീരുമാനങ്ങൾ ഇവയൊക്കെ ധീരോദാത്തനായകൻ കൂടെയായ ഒരു ഗംഭീര പുരുഷന്റെ ചിത്രമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്.

റോയൽക്കോടതി വിധി മലങ്കരസഭാ ചരിത്രത്തിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലാണ്. പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ മേലധികാരം മാത്രമേ ഉള്ളൂ എന്ന വിധി പ്രഖ്യാപനത്തിലൂടെ പാത്രിയർക്കീസ് മെത്രാന്മാരിൽനിന്നും ചില പള്ളികളിൽ നിന്നും ആവശ്യപ്പെട്ടു വാങ്ങിയിരുന്ന രജിസ്റ്റേർഡ് ഉടമ്പടികൾ നിരർത്ഥകങ്ങളും അസാധുവുമായി. പാത്രിയർക്കീസിന് മലങ്കരയിൽ ലൗകികവും ആത്മീയവും വൈദികവും ആയ സർവാധികാരമുണ്ടെന്നാണ് അവയിൽ രേഖപ്പെടുത്തിയിരുന്നത്. റോയൽക്കോടതി വിധിയോടെ സ്വന്തം കാൽച്ചുവട്ടിലെ മണൽ ഒലിച്ചുപോവുന്നതായി പാത്രിയർക്കീസിന് തോന്നി. മാർ ദീവന്നാസ്യോ

സിന്റെ അനുപമമായ കഴിവുകളെപ്പറ്റി നേരിൽ അറിയാമായിരുന്നതിനാൽ ഈ വിധിയിലും ദീവന്നാസ്യോസിന് പങ്കുണ്ടെന്ന് അദ്ദേഹം വിലയിരുത്തി.

1892 നവംബർ 7-ന് അദ്ദേഹം 24 മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും അയച്ച കല്പന ഇങ്ങനെ: "... പാത്രിയർക്കീസിന് ലൗകിക കാര്യങ്ങളിൽ അധികാരമില്ലെന്ന് വിധിച്ചതുകൊണ്ട് നിങ്ങൾ എന്ത് വിചാരിക്കുന്നു? ആ അധികാരം അശേഷം പോയി എന്ന് തോന്നിയിട്ട് നിങ്ങളുടെ അന്തർഗ്ഗതം സാധിച്ചു എന്നു വച്ച് സന്തോഷിക്കുന്നുവോ? ഈ നിസ്സാര വിചാരം നിങ്ങൾക്കുണ്ടാവരുത്. ഉള്ള ജഡ്ജിമാർ എല്ലാവരും കൂടി വിധിച്ചു കഴിഞ്ഞാലും പാത്രിയർക്കാസ്ഥാനത്തിന്റെ റൂഹായ്ക്കടുത്ത അധികാരം ആത്മീയകാര്യങ്ങളിലാകട്ടെ, ലൗകിക കാര്യങ്ങളിലാകട്ടെ ഇല്ലാതായിപ്പോവുകയില്ല. എന്തെന്നാൽ അവ രണ്ടും യോജിച്ചും ബന്ധിച്ചും ഇരിക്കുന്നു. ... മെത്രാന്മാരിൽ ഒരുവൻ മൂലമോ സുന്നഹദോസിന്റെ അംഗങ്ങൾ നിമിത്തമോ നമ്മുടെ പുത്രനായ ദീവന്നാസ്യോസ് മുഖാന്തിരമോ ഉണ്ടായത്? അവനെ നാം വാത്സല്യപുത്രനെപ്പോലെ വിചാരിച്ച് എല്ലാവർക്കും മേലായി അവന്റെ കൊമ്പിനെ നാം ഉയർത്തിയിരിക്കുന്നു. .... 41-ാം മസ്മൂറിൽ എന്റെ അപ്പം ഭക്ഷിക്കുന്ന മനുഷ്യൻ എന്നോട് വഞ്ചന ചെയ്തു എന്ന് പറഞ്ഞിരിക്കുന്ന പ്രകാരം ഇപ്പോൾ അവൻ അവന്റെ കുതികാലിനെ ഉയർത്തിയിരിക്കുന്നു."

അനന്തരം പാത്രിയർക്കീസ് മലങ്കരയിൽ സാധിച്ച കാര്യങ്ങൾ ഓരോന്നായി എണ്ണിപറഞ്ഞതിന്റെ ശേഷം എഴുതുന്നു: "നമ്മുടെ കല്പന നിമിത്തം അവന്റെ കൈപ്പിടിയിൽ തങ്ങളുടെ ജീവനെ വെച്ചുകൊടുത്തിട്ടുള്ള അവന്റെ സഹോദരന്മാരായ മെത്രാന്മാരുടെ തലയിൽ ചവിട്ടുകയും ചെയ്തിരിക്കുന്നു. നമ്മുടെ കല്പനപ്രകാരം അവർ അവനെ വണങ്ങിയതാകകൊണ്ട് ഇപ്പോൾ അവൻ ചവുട്ടിയത് അവരുടെ മേൽ മാത്രമല്ല, നമ്മുടെ മേൽ അത്രേ. ആയതുകൊണ്ട് ഇനി മേലാൽ സുന്നഹദോസിന്റെ യാതൊരു കാര്യവും നിശ്ചയിപ്പാനും പൊതുവിനടുത്ത കാര്യങ്ങളിൽ പ്രവേശിപ്പാനും അവന് അധികാരമില്ലെന്നും നാം കല്പിച്ചിരിക്കുന്നു. ... ഈ രണ്ട് ഇടവകകളെ വിട്ട് മറ്റ് ഇടവകകളിലേക്ക് കാൽ ചവിട്ടുവാനും സഞ്ചരിപ്പാനും അവന് അനുവാദമില്ല. ... മെത്രാന്മാരിൽ ഒരുവനെയും സുന്നഹദോസിന്റെ പ്രസിഡന്റ് ആകുവാൻ ന്യായവും ആവശ്യവും ഇല്ല. ... കശീശന്മാരിൽ ഒരാളെ തെരഞ്ഞെടുത്ത് കൊൾവിൻ. അത് സാമർത്ഥ്യമുള്ള മല്പാൻ ആയിരിക്കട്ടെ" (പാറേട്ട്, വാല്യം 3, പു. 234-240). റോയൽക്കോടതി വിധി നിഷേധിച്ച് അധികാരം വീണ്ടും പ്രയോഗിക്കുവാൻ ബാവാ ഉദ്യമിക്കുന്ന ചിത്രമാണ് ഈ കല്പനയിൽ കാണുന്നത്. അന്ത്യോഖ്യൻ രക്തം സിരകളിൽ ഒഴുകുന്ന ഏതൊരാളെയും പ്രവർത്തനരംഗത്തേയ്ക്കു ക്ഷണിക്കുന്ന ഈ ആഹ്വാനത്തെ മലങ്കരസഭ

യിൽ ആരെങ്കിലും അനുകൂലിച്ചിരുന്നെങ്കിൽ മലങ്കരസഭാചരിത്രം വ്യത്യസ്തമായേനെ. പാത്രിയർക്കീസിന്റെ മുൻ മുടക്ക്കല്പന പോലെ ഈ മുടക്ക് കല്പനയും എഴുതിയ കടലാസിന്റെ വില പോലും കിട്ടാതെ വ്യർത്ഥമായിപ്പോയി. മലങ്കര മെത്രാനെതിരായി നില്ക്കുവാൻ ഒരുത്തർക്കും ഒരു കാരണവും ഉന്നയിക്കാൻ പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടായിരുന്നില്ല. വൈദികരും ജനങ്ങളും മെത്രാന്മാരും തമ്മിലും കൂട്ടുട്രസ്റ്റികൾ തമ്മിലും അത്രമാത്രം ഐക്യവും ബോധ്യവും പരസ്പര വിശ്വാസവും അന്ന് നിലനിന്നിരുന്നു.

കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് 1884 മീനം 9 ന് നിര്യാതനായി. പാമ്പാക്കുടയിൽ കബറടങ്ങി. ശെമവൂൻ മാർ ദീവന്നാസ്യോസ് 1886 ഒക്ടോബർ 2–ന് നിര്യാതനായി കടുങ്ങമംഗലത്ത് കബറടങ്ങി. ശീമയിൽ നിന്ന് വന്ന ശെമവൂൻ മാർ അത്താനാസ്യോസ് 1889 ജൂൺ 11 ന് നിര്യാതനായി. കോട്ടയം പുത്തൻപള്ളിയിൽ കബറടങ്ങി. അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ് 1891 മാർച്ച് 9 ന് നിര്യാതനായി. അങ്കമാലിയിൽ കബറടങ്ങി.

മലങ്കരസഭയുടെ ചരിത്രത്തിൽ മുമ്പും പിമ്പും സംഭവിച്ചിട്ടില്ലാത്ത രണ്ടു മെത്രാൻ വാഴ്ചകൾ ഇക്കാലത്ത് നടന്നു. ദേശീയ ബോധ്യങ്ങൾ കൊണ്ട് ഉത്തേജിതനായ ഒരു കത്തോലിക്കാ വൈദികൻ മാർ ദീവന്നാസ്യോസിന്റെ ഭരണശൈലിയുടെ സുതാര്യതയും ജനാധിപത്യശൈലിയും കണ്ട് ആകൃഷ്ടനായി മലങ്കരസഭയിൽ അംഗമായി. മാറ്റങ്ങൾക്ക് നേരെ മുഖം തിരിക്കുകയും മാറ്റങ്ങളുടെ വക്താക്കളെ ക്രൂരമായി അവഗണിക്കുകയും ചെയ്ത കത്തോലിക്കാസഭയ്ക്ക് പ്രവാചകഹൃദയമുള്ള ഈ വൈദികനെ ഉൾക്കൊള്ളാനുള്ള ഹൃദയവിസ്തൃതി ഇല്ലായിരുന്നു. അദ്ദേഹത്തോടൊപ്പം ഗോവയുടെ സ്വാതന്ത്ര്യസമരപ്പോരാളിയായിരുന്ന നിരവധിപേർ ഗോവ, സിലോൺ എന്നീ പ്രദേശങ്ങളിൽ നിന്ന് മലങ്കരസഭയുടെ അതിരുകൾ വിശാലമാക്കിക്കൊണ്ട് സഭാംഗങ്ങളായി. ഗോവ, സൗത്ത് കാനറാ തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാലയങ്ങളും ദേവാലയങ്ങളും സ്ഥാപിച്ച് ഗോവയുടെ സ്വാതന്ത്ര്യസമരം നയിച്ച ഫാ. അൽവാറീസിനെ പരുമല മാർ ഗ്രീഗോറിയോസ് റമ്പാനാക്കി. പാത്രിയർക്കീസിന്റെ അനുവാദം തേടി 1889 ജൂലൈ 29 ന് കോട്ടയത്തുവച്ച് മാർ യൂലിയോസ് എന്ന സ്ഥാനനാമത്തിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാൻ സ്ഥാനം നൽകി.

അതുപോലെ അമേരിക്കൻ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ സഭയിലെ റീനിവിലാത്തി എന്ന വൈദികനെ മാർ ദീവന്നാസ്യോസ് സഭയിലേക്ക് സ്വീകരിക്കുകയും പാത്രിയർക്കീസിന്റെ അനുവാദവും മലങ്കര മെത്രാന്റെ നിർദ്ദേശവും അനുസരിച്ച് പരുമല മാർ ഗ്രീഗോറിയോസിന്റെ നേതൃത്വ

ത്തിൽ അദ്ദേഹത്തെ തീമോത്തിയോസ് എന്ന സ്ഥാനനാമത്തിൽ സിലോണിൽ വച്ച് 1892 ഇടവം 17-ന് മെത്രാനായി വാഴിക്കുകയും ചെയ്തു. കടവിൽ അത്താനാസ്യോസും അൽവാറീസ് യൂലിയോസും ഈ അഭിഷേക ചടങ്ങിൽ പങ്കെടുത്തു. മലങ്കരസഭ മാർ ദീവന്നാസ്യോസിന് നൽകിയ ജൂബിലി മംഗളപത്രത്തിൽ "…. അപ്പോസ്തോലിക കാലം മുതൽ കുളത്തിലെ വെള്ളംപോലെ ഈ കേരളത്തിന്റെ അതിരുകൾക്കകത്ത് കെട്ടിനില്ക്കുന്ന നമ്മുടെ സത്യവിശ്വാസത്തെ ബ്രിട്ടീഷ് ഇൻഡ്യാ, സിലോൺ മുതലായവയിൽ മാത്രമല്ല അമേരിക്കാ തുടങ്ങിയ ദൂരദേശങ്ങളിലും യഥാശക്തി പ്രചരിപ്പിക്കുവാൻ ആരംഭിച്ചിട്ടുള്ളത്…" എന്ന് പരാമർശിച്ചിട്ടുള്ളത് ഈ രണ്ട് മെത്രാന്മാരെ യഥാക്രമം കേരളത്തിന് വെളിയിലും ഭാരതത്തിന് വെളിയിലും നിയമിച്ച് കൊച്ചു മലങ്കരസഭയെ ഭാരതതലത്തിലും ഭാരത ബാഹ്യതലത്തിലും വ്യാപിച്ച് വളരുവാൻ അവസരം ഉണ്ടാക്കിയ സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ടാണ്. മെത്രാപ്പോലീത്തായുടെ ആ വിശാല ദർശനം ഉൾക്കൊള്ളുവാൻ പിൻഗാമികൾക്ക് കഴിഞ്ഞില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു. ഗോവയിലേക്കും അമേരിക്കയിലേക്കും നിയോഗിക്കപ്പെട്ട ഈ മെത്രാന്മാരെ അന്വേഷിക്കുവാനോ ആപത്തുകളിൽ സഹായിക്കുവാൻ പോലുമോ പിൽക്കാല മലങ്കരസഭയ്ക്ക് കഴിഞ്ഞില്ല. കത്തോലിക്കാ സഭയുടെ പകയ്ക്കും പ്രതികാരത്തിനും ഇരയായ അൽവാറീസ് മെത്രാച്ചൻ 1929 സെപ്തംബർ 23-ന് കാലം ചെയ്തു. ഒരു വൈദികന്റെ പോലും കാർമ്മികത്വമില്ലാതെ മലങ്കരയുടെ ആ മെത്രാപ്പോലീത്താ ഒരനാഥനെപ്പോലെ ഗോവയിലെ മുനിസിപ്പൽ ശ്മശാനത്തിൽ സംസ്കരിക്കപ്പെട്ടു. മാർ തീമോത്തിയോസ് അമേരിക്കാ, യൂറോപ്പ്, ആഫ്രിക്കാ മുതലായ ഭൂഖണ്ഡങ്ങളിൽ മിഷണറിപ്രവർത്തനം നടത്തി. 1929 ജൂലൈ 29-ന് അന്തരിച്ചു. ഈ രണ്ടു മെത്രാന്മാരുടെ പ്രവർത്തനങ്ങളെ അന്വേഷിക്കുവാനോ മലങ്കരയുടെ നിയന്ത്രണത്തിൽ പരിപോഷിപ്പിക്കുവാനോ പില്ക്കാല മലങ്കരസഭയുടെ സാരഥികൾക്ക് കഴിയാതെ വന്നത് അവരുടെ സദ്യശസ്സിലെ തീരാക്കളങ്കം ചാർത്തിയ ഉത്തരം തേടുന്ന പ്രഹേളികയായി അവശേഷിക്കുന്നു.

കേസുകളൊക്കെ ജയിച്ചെങ്കിലും അതിന്റെ നടത്തിപ്പ്, സ്കൂളുകളുടെ നിർമ്മാണം, പരുമല സെമിനാരി ചാപ്പൽ, കരുവാറ്റ, ചാലശ്ശേരി, തിരുവാങ്കുളം, കാട്ടൂർ, അയിരൂർ, മഞ്ഞപ്ര, തിരുവനന്തപുരം, അല്ലപ്ര, വേങ്ങൂർ, കൊടശ്ശനാട്, പുത്തൻകാവ്, കണ്ണ്യാട്ട്നിരപ്പേൽ, കുണ്ടറ, മാറാട്ടിൽ, ഓണക്കൂർ, നെല്ലിക്കൽ, ചേലാട്, മഴുവന്നൂർ, കുന്നംകുളം തുടങ്ങിയുള്ള പള്ളികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെട്ടതുമൂലം മലങ്കര മെത്രാപ്പോലീത്തായുടെ കടങ്ങൾ അവശേഷിച്ചു. പണം ഈടാക്കാൻ കടം നൽകിയവർ ചില കോടതിവിധി

കളും സമ്പാദിച്ചു. മഹാരാജാവിന്റെ അനുവാദത്തോടെ അദ്ദേഹം ഒരു വിപുലമായ ഷോടതി നടത്തി. 1901 മാർച്ച് 14 ന് നറുക്കെടുപ്പ് നടത്തി. അതിൽനിന്ന് ലഭിച്ച 350000 രൂപ ലാഭം കൊണ്ട് പ്രതിസന്ധി പരിഹരിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാനും കഴിഞ്ഞു.

പ്രായാധിക്യംമൂലം സ്ഥാനമൊഴിയുവാൻ 1895–ൽ കൂടിയ അസോസ്യേഷൻ യോഗത്തിൽ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു (എം. പി. വർക്കി, പു. 42). 63 കാരനായ അദ്ദേഹം തുടരട്ടെ എന്ന് അസോസ്യേഷൻ അപേക്ഷിച്ചത് അദ്ദേഹം സ്വീകരിച്ചു. മലങ്കരസഭ സന്ദർശിച്ച ആദ്യത്തെ പാത്രിയർക്കീസ് 96–ാം വയസ്സിൽ 1896 കന്നിയിൽ നിര്യാതനായി. അബ്ദുൾ മശിഹാ പുതിയ പാത്രിയർക്കീസായതിൽ പ്രതിഷേധിച്ച് പരാജയപ്പെട്ട സ്ഥാനാർത്ഥി അബ്ദുള്ളാ ഗ്രീഗോറിയോസ് കത്തോലിക്കാസഭയിൽ ചേർന്നു.

കോട്ടയം പഴയസെമിനാരിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ദീവന്നാസ്യോസ് ഏറെ ശ്രദ്ധിച്ചു. വട്ടശ്ശേരിൽ ഗീവറുഗീസ്സ്, കോനാട്ട് മാത്തൻ എന്നീ മല്പാന്മാരെ അദ്ധ്യാപകരായും കൊച്ചുപറമ്പിൽ റമ്പാനെ മാനേജർ ആയും നിയമിച്ചു. സെമിനാരി ചാപ്പലിന്റെ നിർമ്മാണം പൂർത്തിയാക്കി അതിന്റെ കൂദാശ 1897–ൽ മാർ ദീവന്നാസ്യോസ് നിർവഹിച്ചു. കൊച്ചിയിലായിരുന്ന സെന്റ് തോമസ് പ്രസ് കോട്ടയം സെമിനാരിയിലേക്ക് മാറ്റി. ഓരോ കാലങ്ങളിൽ പള്ളികളിൽ ഉണ്ടാകുന്ന തർക്കങ്ങൾ കാലതാമസം കൂടാതെ പ്രതിനിധികൾ മുഖേനയോ നേരിട്ടോ സ്ഥലത്തുചെന്ന് കേട്ട് തീരുമാനിക്കുന്ന സ്വഭാവം മൂലം ആഭ്യന്തര വ്യവഹാരങ്ങൾ ഒഴിവായിരുന്നു. പ്രശ്നങ്ങൾ അവഗണിച്ച് വഷളായി ഗ്രൂപ്പ് വടംവലിയിലേക്കും സഭാത്യാഗത്തിലേക്കും കോടതികളിലേക്കും വളരുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. മാർ ദീവന്നാസ്യോസിന്റെ പ്രവർത്തനങ്ങളെപ്പറ്റി കുറുപ്പമ്പടി പള്ളിയുടെ ചരിത്രം ഇപ്രകാരം സംക്ഷേപിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ".... മാർ ദീവന്നാസ്യോസിന്റെ ശ്രദ്ധ മലങ്കരയിലുള്ള പള്ളികളിൽ സുവിശേഷപരമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളതായിരുന്നുവെന്ന് മേൽ പ്രസ്താവിച്ചിട്ടുണ്ട്. തൽഫലമായി ഇടവകകളിൽ സണ്ടേസ്കൂൾ, അക്രൈസ്തവരുടെ ഇടയിലെ വേല, മലയാളം ഇംഗ്ലീഷ്സ്കൂൾ സ്ഥാപനം, പ്രാർത്ഥനായോഗങ്ങൾ, മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി സംഘം, സുവിശേഷ പ്രസംഗസംഘം, ദീവന്നാസ്യോസ് വിദ്യാപ്രചരണ സംഘം, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ സ്ഥാപനങ്ങൾ പ്രചാരത്തിൽ ആയിത്തീർന്നു. 1898–ൽ ഈ ഇടവകയിൽ ഒരു ഞായറാഴ്ചക്കൂട്ടം സ്ഥാപിച്ചു. അതോടുകൂടി ഇടവകയുടെ ഓരോ കരകളിലും ഞായറാഴ്ചക്കൂട്ടം

സ്ഥാപിച്ചു. ... നെടുങ്ങപ്ര ... 1903-ൽ ഒരു പള്ളിക്കൂടം സ്ഥാപിച്ചു. 1908-ൽ പുഴക്കാട്ട് കരയിൽ ഒരു സണ്ടേസ്കൂൾ കെട്ടിടം പണിയിച്ചു. 1906-ൽ തെക്കുനിന്ന് ഒരു ഉപദേശിയെ 7 രൂപ ശമ്പളത്തിൽ സുവിശേഷപ്രവർത്തനത്തിനായി നിയമിച്ചു. ഓരോ കരയിലേയും ഞായറാഴ്ചക്കൂട്ടങ്ങൾ ഓരോ പട്ടക്കാരുടെ ചുമതലയിൽ ആയിരുന്നു. 1908-ൽ ഈ പള്ളിയിൽ സണ്ടേസ്കൂൾ സ്ഥാപിച്ചു.'' ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ നൽകുന്ന ഈ വിവരണത്തിന് (പു. 201, 202) സദൃശ്യമായി മലങ്കരയിലെ പ്രധാന ഇടവകകളെല്ലാം ഇക്കാലത്തെ ഇടവകകളിലെ പ്രബുദ്ധതയെ സ്മരിച്ചിട്ടുണ്ട്. (പി. സി. കുഞ്ഞാത്തു, *കുന്നംകുളം ആർത്താറ്റ് പള്ളിചരിത്രം*, പു. 16-22, 24, 31 കാണുക).

1901 വൃശ്ചികം 12-ന് മാർ ദീവന്നാസ്യോസിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി മലങ്കര അസോസിയേഷന്റെ തീരുമാനപ്രകാരം കോട്ടയം പഴയ സെമിനാരിയിൽ വച്ച് അഖില മലങ്കരാടിസ്ഥാനത്തിൽ ആഘോഷിച്ചു. ആഘോഷക്കമ്മറ്റിയുടെ പ്രസിഡണ്ട് കടവിൽ മാർ അത്താനാസ്യോസും ട്രഷറർ കാരുചിറ ഗീവറുഗീസ് റമ്പാനും (രണ്ടാം കാതോലിക്കാ) ആയിരുന്നു (വിശദവിവരങ്ങൾ എം. പി. വർക്കി, പു. 143, *നവതി സ്മരണിക* 1999, പു. 48, 49, കാതോലിക്കേറ്റിന്റെ നിധി, പു. 130-131 എന്നിവയിൽ കാണാം). ഈ ജൂബിലി ആഘോഷം കഴിഞ്ഞ ഉടനെ മൂക്കഞ്ചേരി എം. പി. വർക്കി 'മാർ ദീവന്നാസ്യോസ്' എന്ന പേരിലും ചിങ്ങവനത്ത് പുലുത്തുരുത്തിൽ ചാക്കോ ചാക്കോ എന്ന അന്ധൻ 'മാർ ദീവന്നാസ്യോസ് ചരിത്രഗാനം' എന്ന പേരിലും ഗദ്യത്തിലും പദ്യത്തിലുമായി ഓരോ ജീവചരിത്രങ്ങൾ 1901-ൽത്തന്നെ പരസ്പരം അറിയാതെ പ്രസിദ്ധീകരിച്ചു. ആദ്യ കൃതി മലയാള മനോരമയും രണ്ടാമത്തെ കൃതി പഴയസെമിനാരിയിലെ മാർത്തോമസ് പ്രസുമാണ് പ്രസിദ്ധീകരിച്ചത്.

മംഗളപത്രത്തിൽ സൂചിതമായതിൻപ്രകാരം അദ്ദേഹത്തെ മഫ്രിയാന ആയി വാഴിക്കുവാൻ കോനാട്ട് മാത്തൻ മല്പാൻ തുടങ്ങിയവർ പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തി. സഭയിലെ മെത്രാന്മാരും വൈദിക - അത്മായ പ്രമുഖരും ഈ കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു.

പുലിക്കോട്ടിൽ മെത്രാച്ചന് അനുയോജ്യമായ ഒരു സ്മാരകം ഏർപ്പെടുത്തുവാൻ അസോസ്യേഷൻ നിശ്ചയിച്ചു. സ്മാരകങ്ങളെപ്പറ്റി പല അഭിപ്രായങ്ങളും പലരും ഇടവകപത്രികയിൽ എഴുതി. അതിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് കമ്മിറ്റി ചേർന്ന് ഏതെല്ലാം സ്മാരകങ്ങൾ ഏർപ്പെടുത്തണമെന്ന് അക്കമിട്ട് നിശ്ചയിച്ചു. എന്നാൽ 1909-ൽ അദ്ദേഹം അന്തരിച്ചതോടെ ഈ സ്മാരക തീരുമാനം ഔദ്യോഗിക ചുമതലക്കാർ വിസ്മരിച്ചു. പണം പിരിച്ചോ എന്നും പിരിച്ചെങ്കിൽ അത് പിന്നീട് എന്തിന് ഉപ

യോഗിച്ചു എന്നും 'ഇടവകപത്രിക'യിൽ നിന്നും സൂചനകൾ ലഭിക്കുന്നില്ല.

കനത്ത ആഘാതം

കാര്യങ്ങൾ ഈവിധം സന്തോഷകരമായിരിക്കേയാണ് പരുമല മാർ ഗ്രീഗോറിയോസിന്റെ ആകസ്മികമായ നിര്യാണം സംഭവിച്ചത്. 1902 നവംബർ 2-ന് ആ ദീപം പരുമലയിൽ അസ്തമിച്ചത് മലങ്കര സഭയേയും മലങ്കര മെത്രാനേയും ഇടിത്തീവീണാലെന്നവിധം സ്തംഭിപ്പിച്ചു. അതിസൂക്ഷ്മതയോടെ താൻ തെരഞ്ഞെടുത്ത് സന്യാസം നൽകി, റീശ്ദയറോയോ ആയും സെമിനാരി മല്പാനായും അവസരങ്ങൾ നൽകി തന്റെ പിൻഗാമിയാകാൻ വളർത്തിക്കൊണ്ടുവന്ന കൊച്ചുമെത്രാച്ചൻ 54-ാം വയസ്സിൽ ദേഹവിയോഗം ചെയ്യുക - സ്വന്തം കാലിനടിയിലെ ഭൂമി പെട്ടെന്ന് അപ്രത്യക്ഷമായതുപോലെ. പരുമലയിൽ തന്റെ പ്രിയ ശിഷ്യന്റെ അസുഖവാർത്ത കേട്ട് ഓടിയെത്തിയ വലിയതിരുമേനി അദ്ദേഹം കാലം ചെയ്തു എന്ന തെറ്റായ വാർത്ത കേട്ട് നിലവിളിച്ച വിവരം ദൃക്സാക്ഷിയായ കാരുചിറ ഗീവർഗീസ് റമ്പാൻ തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചിട്ടിരിക്കുന്നു: "22-ന് ഗീവറുഗീസു റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞു പോയി എന്ന് എല്ലാവരും വിചാരിച്ചുപോകയും വിവരം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു" (*കാതോലിക്കേറ്റിന്റെ നിധി*, വള്ളിക്കാട്ട് ദയറ, കോട്ടയം, 2006, പു. 138). നവം. 2 ന് അർദ്ധരാത്രിക്ക് പ. പരുമല തിരുമേനി കാലം ചെയ്തു. ആ ദേഹവിയോഗം താങ്ങാനാവാതെ മുറിയിലിരുന്ന് മാർ ദിവന്നാസ്യോസ് വിങ്ങിപ്പൊട്ടി. തളർന്ന് വിറയാർന്ന് കബറടക്കത്തിനെത്തി. പലവട്ടം മുറി വിട്ടിറങ്ങി ചാപ്പലിൽ എത്തിയെങ്കിലും അംശവസ്ത്രങ്ങളണിഞ്ഞ് സിംഹാസനത്തിലിരിക്കുന്ന കനിഷ്ഠ സഹോദരന്റെ മുഖത്തു നോക്കുമ്പോഴേയ്ക്കും ഏങ്ങലടികൊണ്ട് നിരുദ്ധകണ്ഠനായി ഒരൊറ്റ പദം പോലും ഉച്ചരിക്കാതെ തിരിച്ച് മുറിയിലെത്തി തളർന്ന് വീഴുകയായിരുന്നു (വി. സി. മാത്യു വേഴപ്പറമ്പിൽ, *ചരമനവതി സ്മരണിക,* 1999, പു. 47). കർമ്മോത്സുകനും കർമ്മനിരതനുമായ മലങ്കര മെത്രാൻ തന്റെ ശക്തി മുഴുവൻ ചോർന്ന് പോയാലെന്നവിധം അവശനായി. തന്റെ സകല വിപത്തുകളിലും നിഴൽപോലെ അനുഗമിച്ച പ്രിയശിഷ്യൻ ഓർമ്മയായി, തേങ്ങലായി അവശേഷിച്ചു. റോയൽക്കോടതി കേസിൽ സാക്ഷിയായി പരുമല മെത്രാച്ചൻ നൽകിയ സാക്ഷിമൊഴികൾ കേസിലെ വിജയത്തിന് വഴിയൊരുക്കിയത് ഗദ്ഗദകണ്ഠനായി അദ്ദേഹം ഓർത്തു.

"…. വാദിയെ (മാർ ദീവന്നാസ്യോസിനെ) ഇതിന് മുമ്പിരുന്ന പാത്രിയർക്കീസ് മലയാളം അടച്ച് (പൂർണ്ണമായി) മെത്രാനായിട്ടാണ് വാഴിച്ചിരുന്നത്. ആ വാദിയ്ക്ക് വേറെയും സ്ഥാനം ഉണ്ട്. ആയത് മലയാളത്തിലുള്ള സുറിയാനിക്കാരുടെ പൊതുവിന്നടുത്ത കമ്മിറ്റിയിലെ പ്രസിഡന്റ് ആണ്. ആ പ്രസിഡന്റ് എന്നുള്ള അധികാരം മലയാളത്തെ സുറിയാനി പള്ളികൾ ഏഴ് ഇടവകയായി ഭാഗിച്ചിട്ടുണ്ട്. അതുകളിന്മേലൊക്കെയും വസ്തുക്കൾ മേലൊക്കെയും പൊതുവിന്നടുത്ത അധികാരവും വാദിയ്ക്കുണ്ട്. പരുമല സെമിനാരി പണിയിച്ചിട്ടുള്ളതും വാദി ആകുന്നു. അതിനുള്ള മുതൽ ശേഖരപ്പെടുത്തിയതും ചെലവ് ചെയ്യിച്ചതും വാദിയാകുന്നു. നമ്മെയും നമ്മെപ്പോലെ വേറെ മെത്രാന്മാരെയും വാഴിച്ചിട്ടുള്ളതുകൊണ്ട് വാദിയ്ക്ക് ഈ വ്യവഹാരം കൊണ്ടുവരുന്നതിന് യാതൊരു ദോഷവും ഇല്ല. വാദിയ്ക്ക് സർക്കീട്ട് ചെയ്യേണ്ടതായ സമയം നീക്കിയുള്ള താമസമൊക്കെയും പരുമലയിൽ ആകുന്നു. ... വാദിയുടെ വകയായി, കട്ടിൽ, കിടക്ക, മേശ, കസേരകൾ, കല്ലച്ചുകൂടം, പെട്ടി, ബോട്ട് മുതലായി അനേകം സാമാനങ്ങൾ അവിടെയുണ്ട്. ... വാദിയ്ക്ക് പ്രസിഡന്റ് സ്ഥാനം ലഭിച്ചത് പാത്രിയർക്കീസ് ബാവായാലും സഭയാലും ആകുന്നു. ഈ വാദിയ്ക്ക് മലയാളം ഒട്ടുക്ക് എല്ലാ ഇടവകയിന്മേലും പൊതുവിന്നടുത്ത അധികാരം ഉണ്ട്. ... പൊതുവിന്നടുത്ത അധികാരം എന്നത്, ഏഴ് ഇടവകയ്ക്കും കൂടി സംബന്ധമുള്ള വസ്തുക്കൾമേലും കമ്മിറ്റി കൂടുമ്പോൾ നിശ്ചയിക്കപ്പെടുന്നതായ പൊതുവിന്നടുത്ത വല്ല മുതൽശേഖരങ്ങളുടെമേലും പണികൾമേലും സർക്കാർ സംബന്ധമായ വ്യവഹാരങ്ങൾമേലും വിശേഷമായി ചെയ്യപ്പെടുന്ന വല്ല ആശുപത്രി മേലും പൊതുവിൽ പട്ടത്വത്തിനായിട്ട് നിയമിപ്പാനുള്ള സെമിനാരികൾ മേലും സ്കൂളിന്മേലും മറ്റും ആകുന്നു. നമ്മുടെ അധികാരങ്ങളിൽ ഉൾപ്പെട്ട പള്ളികൾമേലും പൊതുവിന്നടുത്ത മേലധികാരം വാദിക്കുള്ളതാകുന്നു. പൊതുവിന്നടുത്തത് എന്നു പറഞ്ഞാൽ ആത്മിക സംബന്ധമായും വസ്തു സംബന്ധമായും ഉള്ള അധികാരങ്ങൾ ആകുന്നു. മുമ്പേ നാം ആശുപത്രി എന്നു പറഞ്ഞതും ആത്മസംബന്ധമായിട്ടുള്ളതാകുന്നു.

…. നമുക്ക് മെത്രാന്റെ സ്ഥാനം കിട്ടിയതിൽ പിന്നെ മേൽപ്പറഞ്ഞതുപോലെ വാദിക്കുള്ള മേലധികാരത്തെപ്പറ്റി പാത്രിയർക്കീസ് ബാവായിൽ നിന്ന് എന്തെങ്കിലും പ്രമാണമുണ്ടായതായി നമുക്ക് അറിവില്ല. ….

നമുക്കും നമ്മെപ്പോലെ വേറെ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്ന സ്ഥാനപത്രം കൊണ്ട് വാദിയ്ക്ക് മുമ്പുണ്ടായിരുന്ന സ്ഥാനപത്രത്തെ അസ്ഥിരപ്പെടുത്തിയതായി ഒന്നും പറഞ്ഞിട്ടില്ല.

…. അന്യായപ്പെട്ടിട്ടുള്ള കോട്ടയത്ത് സെമിനാരി മുതലായത് മേലും അതുകൾക്ക് വ്യവഹാരപ്പെടുത്തുവാനും ഉള്ള അധികാരം വാദിയ്ക്കാ

കുന്നു... കോട്ടയത്ത് സെമിനാരി മുതലായ വസ്തുക്കൾക്ക് വേറെ മെത്രാന്മാർക്കാർക്കും അധികാരം കൊടുത്തിട്ടില്ല” (1055 കന്നി 2 ന് – 1879 – പരുമലയെത്തിയ കമ്മീഷൻ ശേഖരിച്ച സാക്ഷിമൊഴികൾ).

മറ്റു മെത്രാന്മാർ കോടതിയുടെ സമൻസ് കൈപ്പറ്റാതെ ഒഴിഞ്ഞുമാറിയപ്പോൾ പരുമല പിതാവ് മാത്രമാണ് മലങ്കര മെത്രാന് അനുകൂലമായി ഇത്ര വ്യക്തമായ സാക്ഷിമൊഴികൾ നൽകിയത്. സ്കൂൾ, പള്ളി ഇവയുടെ സ്ഥാപനത്തിലും പള്ളിത്തർക്കങ്ങളിലും മലങ്കര മെത്രാന്റെ നാവും കരവും ആയി ആ പുണ്യാത്മാവ് പ്രവർത്തിച്ചു. ശേഷം മെത്രാന്മാർ സ്വാതന്ത്ര്യവും പാത്രിയർക്കീസിനോട് അന്യായമായ ചായ്‌വും കാണിക്കുമ്പോൾ അവരെ ഉപദേശിക്കുന്ന റോൾ കൊച്ചുമെത്രാച്ചന്റേതായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ മലങ്കര മെത്രാന്റെ ബഹിച്ചരപ്രാണൻ ആയിരുന്നു കൊച്ചു മെത്രാച്ചൻ. കൊച്ചുമെത്രാച്ചൻ പ്രധാന കാർമ്മികനായും മലങ്കര മെത്രാൻ സഹകാർമ്മികനായും നടന്ന ചില പള്ളികൂദാശകളും പട്ടംകൊടകളും തീരെ അസാധാരണമായിരുന്നില്ല. ആ തേജസ് പൊലിഞ്ഞതോടെ താൻ തീർത്തും ഏകാന്തപഥികനായി എന്ന് മലങ്കര മെത്രാന് തോന്നി.

ആയിടെ താൻ നേതൃത്വം കൊടുത്ത് ആരംഭിച്ച വിദ്യാർത്ഥിപ്രസ്ഥാനത്തിന് അദ്ദേഹം കൊച്ചുമെത്രാച്ചന്റെ പേർ നൽകി. താൻ വൈദികനായിരിക്കെ കുന്നംകുളത്ത് സ്ഥാപിച്ച യാക്കോബായ സഭാ അഭിവർദ്ധിനി സംഘം എന്ന പേർ മാറ്റി തൽസ്ഥാനത്ത് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ അസോസ്യേഷൻ എന്ന് നാമകരണം ചെയ്തു (വാസ്തവത്തിൽ ഈ സംഘം പില്ക്കാലത്ത് അദ്ദേഹം സ്ഥാപിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ മിനിയേച്ചർ രൂപമായിരുന്നു. ആർത്താറ്റ് പള്ളി സംബന്ധിച്ച് നവീകരണക്കാരുമായി നടന്ന കേസിൽ കുന്നംകുളത്ത് ശിഥിലമായി കിടന്നിരുന്ന അഞ്ച് ഇടവകകളെ ഒരു ട്രസ്റ്റിന്റെ കീഴിൽ ഏകോപിച്ച് ശക്തി സംഭരിക്കുവാനാണ് അദ്ദേഹം ഈ യാക്കോബായ സഭാ അഭിവർദ്ധിനി സംഘം 1850 കളിൽ രൂപീകരിച്ചത്. ആർത്താറ്റ്, ചിറളയം, പഴയപള്ളി, തെക്കേ അങ്ങാടി, കിഴക്കേ പുത്തൻപള്ളി എന്നീ അഞ്ച് ഇടവകകൾ ചേർന്നാണ് പില്ക്കാലത്ത് ആർത്താറ്റ് – കുന്നംകുളം മഹായിടവക എന്ന മഹാശക്തി രൂപപ്പെട്ടത്).

വലിയ മെത്രാച്ചന് 70 വയസ്സ് പ്രായം. തന്റെയും സഭയുടെയും സുഖദുഃഖങ്ങളിലും ഭയാശങ്കകളിലും ഉത്കണ്ഠകളിലും പങ്കാളിയായിരുന്ന ഒരാളിനെ പിൻഗാമിസ്ഥാനത്തേയ്ക്ക് വച്ചിരുന്നത് ഫലപ്രദമാകാതെ പോയി. മറ്റൊരു പിൻഗാമിക്കുവേണ്ടി ആ വൃദ്ധനയനങ്ങൾ മലങ്കരസഭയിലാകെ തെരഞ്ഞു. പ്രാപ്തി, കാര്യശേഷി, ആജ്ഞാശക്തി, ആത്മീയ പൗരുഷം, പാണ്ഡിത്യം, സഭാസ്നേഹം എന്നിവയിൽ അഗ്രഗണ്യനായി

രുന്ന വട്ടശ്ശേരിൽ മല്പാനിൽ ആ കണ്ണുകൾ ഒടുവിൽ ചെന്നുപറ്റി. എപ്പിസ്കോപ്പസിയുടെ കടുംപിടുത്തക്കാരൻ എന്നനിലയിൽ, താൻപോരിമയുടെയും ആത്മവിശ്വാസത്തിന്റെയും പിൻബലമുള്ള അവിനയം എന്നിവ മറ്റു യോഗ്യതകളുടെ മുമ്പിൽ അവഗണിക്കാവുന്നവയായിരുന്നു. 1903 നവംബർ 2 ന് മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മല്പാന് റമ്പാൻ സ്ഥാനം നൽകി. എപ്പിസ്കോപ്പൽ ഭരണശൈലിക്കനുകൂലമായും ജനാധിപത്യശൈലിക്കനുകൂലമായും സഭയിൽ രണ്ടു ഗ്രൂപ്പുകൾ ശക്തിപ്പെടുന്നതായും സെമിനാരിയിലെ രണ്ടു മല്പാന്മാർ വ്യത്യസ്ത ഗ്രൂപ്പുകൾക്ക് നേതൃത്വംനൽകുന്നതായും ക്രമേണ പരസ്യമായി. ശീമക്കാരൻ സ്ലീബാ ശെമ്മാശ്ശൻ, അദ്ദേഹം ശീമയിൽ ചെന്ന് കൊണ്ടുവന്ന അത്താനാസ്യോസിന്റെ കാലശേഷവും മലങ്കരയിൽ തങ്ങുന്നതിനെപ്പറ്റി ചില അസുഖകരങ്ങളായ അഭ്യൂഹങ്ങൾ സഭയിലുണ്ടായി. പ്രമേഹവും വാതരോഗവും വലിയ മെത്രാച്ചനെ ശാരീരികമായും സഭയിൽ രൂപപ്പെട്ടുവരുന്ന ധ്രുവീകരണങ്ങൾ മാനസികമായും പരവശതയിലാക്കി.

75 കാരനായ വലിയ മെത്രാച്ചൻ 1083 (1908) കുംഭം 15 ന് പഴയസെമിനാരിയിൽ വിളിച്ചുകൂട്ടിയ മലങ്കര അസോസ്യേഷനിൽ രണ്ട് മെത്രാൻ സ്ഥാനാർത്ഥികളായി വട്ടശ്ശേരിൽ റമ്പാനും കൊച്ചുപറമ്പിൽ പൗലൂസ് റമ്പാനും തെരഞ്ഞെടുക്കപ്പെട്ടു. പുലിക്കോട്ടിൽ മെത്രാച്ചൻ കോനാട്ട് മല്പാനെ കൊണ്ട് നിർദ്ദേശിച്ചതനുസരിച്ച് വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയും ആയിട്ടാണ് തെരഞ്ഞെടുത്തത്. 1907 നവംബർ 2 ന് കടവിൽ മാർ അത്താനാസ്യോസ് നിര്യാതനായി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി. കൊച്ചി, അങ്കമാലി, തുമ്പമൺ, കോട്ടയം, നിരണം എന്നീ അഞ്ച് ഇടവകകളിലേയും മെത്രാന്മാർ നിര്യാതരാവുകയും ശേഷം രണ്ട് മെത്രാന്മാർ വാർദ്ധക്യത്തിലെത്തുകയും ചെയ്തുവെങ്കിലും പത്രോസ് തൃതീയന്റെ ഇടവക വിഭജനം നിരാകരിച്ച് ഭാവിയിൽ രണ്ടു മെത്രാന്മാർ മതി എന്നു മലങ്കരസഭ തീരുമാനിക്കുകയായിരുന്നു. ഇക്കാലത്ത് അബ്ദുൾ മശിഹാ ബാവായുടെ സർക്കാർ സമ്മതപത്രമായ ഫർമാൻ തുർക്കി സർക്കാർ പിൻവലിക്കുകയും കത്തോലിക്കാസഭയിൽ ചേർന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് തിരിച്ചെത്തി തെരഞ്ഞെടുപ്പിന്റെ പിന്തുണയോടെ പാത്രിയർക്കീസായി അവരോധിക്കപ്പെടുകയും ചെയ്തു.

അൽവാറീസ് യൂലിയോസിനെയും റീനിവിലാത്തി തീമോത്തിയോസിനെയും പോലെ പുതിയ മെത്രാന്മാരെയും ഇവിടെ വാഴിക്കുവാൻ അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയിൽ അനുകൂലാഭിപ്രായം പാത്രിയർക്കീസ് പ്രകടിപ്പിച്ചില്ല. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് റമ്പാച്ചന്മാരെ ഊർശ്ലേമിലേക്കയച്ചു. മെത്രാൻ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ സ്ലീബാ

ശെമ്മാശൻ ധൃതിപ്പെട്ട് സ്വദേശത്തേക്കു പോയി. 1908 മേടം 12 ന് നിയുക്ത മെത്രാന്മാർ ഊർശ്ലേമിലെത്തി. മേടം 13 ന് സ്ലീബാ ശെമ്മാശൻ ഉൾപ്പെടെ ഏഴ് പേർക്ക് മർദ്ദീനിൽ വച്ച് മെത്രാൻ സ്ഥാനം നൽകി. ഒസ്താത്തി യോസ് എന്ന പേരിൽ മെത്രാനായ സ്ലീബായ്ക്ക് മലങ്കര മെത്രാനായി ഭരണം നടത്തുവാനുള്ള സുസ്താത്തിക്കോനാണ് നൽകിയത്. ഇടവം 18-ന് കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചന് കൂറിലോസ്, വട്ടശ്ശേരിൽ റമ്പാ ച്ചന് ദീവന്നാസ്യോസ് എന്നീ സ്ഥാനനാമങ്ങളിൽ മെത്രാൻ സ്ഥാനം നൽകി. ശീമയിൽ വൈദികവിദ്യാഭ്യാസം നടത്തിയിരുന്ന ഔഗേൻ റമ്പാൻ, ഇവിടെ നിന്ന് റമ്പാന്മാരെ അനുഗമിച്ച പുന്നൂസ് റമ്പാൻ (മൂന്നാം കാതോലിക്കാ), കരോട്ടുവീട്ടിൽ യൂയാക്കീം കത്തനാർ (പരുമലയിൽ കബറടങ്ങിയ മാർ ഈവാനിയോസ്), പാറേട്ട് മാത്യൂസ് ശെമ്മാശൻ (മാർ ഈവാനിയോസ്), ഐപ്പ്, യോഹന്നാൻ തുടങ്ങിയവർ വാഴ്ചയിൽ പങ്കെ ടുത്തു (*മലങ്കര നസ്രാണികൾ*, വാല്യം 4, പു. 112). മാർ ഒസ്താത്തിയോ സിന്റെ സുസ്താത്തിക്കോന്റെ വിവരം അറിഞ്ഞതോടെ അനുഭവ സമ്പ ന്നനും കുശാഗ്രബുദ്ധിയുമായ പുലിക്കോട്ടിൽ മെത്രാച്ചൻ അസ്വസ്ഥ നായി. അചിരേണ മൂന്ന് മെത്രാന്മാരും മലങ്കരയിലെത്തി. 1908 ജൂലൈ 17-ന് നാട്ടിലെത്തിയ മെത്രാന്മാർക്ക് സ്വീകരണങ്ങൾ ഒട്ടേറെ ലഭിച്ചു.

1908 വൃശ്ചികം 11 ന് മാനേജിംഗ് കമ്മിറ്റി കൂടി. മാർ ദീവന്നാസ്യോസി നെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയി നിയമിച്ചു. മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ തന്റെ പിൻഗാമിയായി അംഗീകരിക്കുക യും വട്ടിപ്പണത്തിന്റെ പലിശ അദ്ദേഹത്തിന്റെ രശീതിൻപടി കൊടുക്കുക യും ചെയ്യണമെന്ന് ബ്രിട്ടീഷ് റസിഡന്റിന് കോട്ടയം ചെറിയപള്ളിയിൽ നിന്ന് 1909 മെയ് 28 ന് മുൻഗാമി എഴുതി. മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പും പാത്രിയർക്കീസിന്റെ കൈവെപ്പും മുൻഗാമിയുടെ ആശീ ർവാദവും അംഗീകാരവും രേഖപ്പെടുത്തിയിരുന്ന കത്തിൻപ്രകാരം റസി ഡന്റ് അനുകൂലമായ കത്ത് കൂട്ടുട്രസ്റ്റികൾക്കയക്കുകയും പിൻഗാമിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി അയക്കുവാൻ കൂട്ടുട്രസ്റ്റികളോടാവശ്യപ്പെടുകയും ചെയ്തു. ജൂലൈ 19 ന് കൂട്ടുട്രസ്റ്റികൾ റസിഡന്റ് ആവശ്യപ്പെട്ടപ്രകാരം വട്ടശ്ശേരി മെത്രാച്ചന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തി മറുപടി അയച്ചു. ഇതി നോടകം മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക വസതിയും ആസ്ഥാനവും പിൻഗാമിയ്ക്ക് കൈമാറി മുൻഗാമി കോട്ടയം ചെറിയപള്ളി യിലേക്ക് താമസം മാറിയിരുന്നു. ഇപ്രകാരം മാലോകരും ഭരണാധികാ രികളും അറികെ, പിൻഗാമിയെ ഭരണത്തിലിരുത്തിയ മുൻഗാമിയുടെ ഉൾക്കാഴ്ച പ്രവാചകസഹജമെന്നേ പറയാവൂ. 1909 മെയ് 28 ന് ബ്രിട്ടീഷ് റസിഡന്റിന് കത്തെഴുതിയ ശേഷം 44 ദിവസം മാത്രമേ മുൻഗാമി ജീവി ച്ചിരുന്നുള്ളു.

ജീവിതകാലത്ത് ആഗ്രഹിച്ചിട്ട് സാധിക്കാത്ത ഒരാഗ്രഹം ആ വൃദ്ധമനസ്സിൽ അവശേഷിച്ചു. അകന്നുപോയ നവീകരണസഭയെ മലങ്കരസഭയിലേയ്ക്ക് പുനരാനയിക്കുക. ഇക്കാര്യം അന്ത്യകല്പനയിലൂടെ പിൻഗാമിയെ അദ്ദേഹം ചുമതലപ്പെടുത്തി (1909 ഇടവം 28 ന് എഴുതിയ അന്ത്യകല്പന. *ചരമനവതി സുവനീർ*, തൃശൂർ, 1999, പു. 92-95 കാണുക).

ലണ്ടനിൽ മലങ്കരസഭയ്ക്ക് ഒരു സ്ഥാനപതി ഉണ്ടായാൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പ്രിസ്ബിറ്ററീറിയൻ സഭയിൽ വൈദികനായ റവ. എസ്. ഡി. ബാബായെ മാർ ദീവന്നാസ്യോസ് മലങ്കരസഭയിലെ അംഗമായി സ്വീകരിച്ചു. ജന്മംകൊണ്ട് പൂനായിലെ പാർസിമതക്കാരനായ അദ്ദേഹത്തെ മാർ ദീവന്നാസ്യോസ് യെരുശലേമിലേക്കയച്ച് അവിടത്തെ മാർ ഈവാനിയോസിനെക്കൊണ്ട് വൈദികപട്ടം കൊടുപ്പിച്ചു. അദ്ദേഹത്തെ ലണ്ടനിൽ മലങ്കരസഭയുടെ അംബാസിഡറായി നിയമിച്ചു. അദ്ദേഹം മാർ യാക്കോബിന്റെ തക്സാ തർജിമ ചെയ്ത് ഇംഗ്ലീഷിൽ കുർബാന അർപ്പിച്ച് വന്നു. ഇംഗ്ലീഷ് പത്രങ്ങളിലും മറ്റും നമ്മുടെ സഭയെക്കുറിച്ച് ലേഖനമെഴുതി. എഡ്വേർഡ് ചക്രവർത്തിയുടെ ശവസംസ്കാരയാത്രയിൽ സുറിയാനിസഭയുടെ പ്രതിനിധിയായി അദ്ദേഹം ക്ഷണിക്കപ്പെടുകയും മറ്റു രാജ്യങ്ങളിലെ സ്ഥാനപതികളോട് തുല്യമായി സ്വീകരിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹം മുഖേന ബ്രിട്ടീഷ് ഭരണത്തിലുള്ള സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിൽ മലങ്കരസഭയെപ്പറ്റിയുള്ള ഖ്യാതി വർദ്ധിക്കുവാനിടയായി. അൽവാറീസ് മാർ യൂലിയോസ്, റീനി വിലാത്തി മാർ തീമോത്തിയോസ്, റവ. ഫാ. ബാബാ എന്നീ മൂന്ന് പേർ മൂലം മലങ്കരസഭയുടെ ഖ്യാതി ലോകമെങ്ങും വ്യാപിക്കുവാൻ ഇടയായി. അദ്ദേഹത്തിന് മുമ്പോ പിമ്പോ ഇപ്രകാരമൊരു യശോവിസ്തൃതി മലങ്കരസഭയ്ക്ക് ലഭിച്ചിട്ടില്ല.

മരണത്തോടടുക്കുമ്പോൾ സഭയുടെ ഭാവിയെക്കുറിച്ച് ആശങ്ക ജനിപ്പിക്കുന്ന ഒരു വെല്ലുവിളി ഉയരുന്നത് അദ്ദേഹത്തിന് കേൾക്കാമായിരുന്നു. ആ വെല്ലുവിളി മുഴക്കിയ ഗോല്യാത്ത് സ്ലീബാ ഒസ്താത്തിയോസ് ആയിരുന്നു. താൻ കോട്ട കെട്ടി ഭദ്രമാക്കിയ ക്രമീകരണങ്ങളെ തകർക്കുമെന്ന് ഈ അഭിനവ ഗോലിയാത്ത് പരസ്യമായി വീരവാദം മുഴക്കിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിതാ: ജോസഫ് ദീവന്നാസ്യോസിന്റെ കാലം ഒന്നു കഴിയട്ടെ. ഭരണം നടത്തുന്നത് എങ്ങനെയെന്ന് കാണിച്ചുതരാം" (പാറേട്ട്, വാല്യം 3, പു. 291). വലിയ മെത്രാച്ചൻ ജീവിച്ചിരിക്കുമ്പോൾ ഭിന്നതയുടെ യാതൊരു വിത്തും മലങ്കരമണ്ണിൽ വളരുവാൻ സാദ്ധ്യമല്ലെന്ന് ഒസ്താത്തിയോസ് മെത്രാച്ചന് അനുഭവത്തിലൂടെ അറിയാമായിരുന്നു. അങ്ങനെയിരിക്കെയാണ് മാർ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് പുറപ്പെട്ട വിവരം വലിയ മെത്രാച്ചൻ അറിയുന്നത്. ആ അറിവ് അദ്ദേഹത്തെ ചിന്താധീനനാക്കി. വാതരോഗബാധിതനായി

കോട്ടയം ചെറിയപള്ളിയിൽ വിശ്രമിച്ചിരുന്ന അദ്ദേഹത്തിന്റെ രോഗം വർദ്ധിക്കുവാൻ ഈ വാർത്ത കാരണമായി. ഒടുവിൽ തന്റെ ശക്തിയുടെയും വിജയത്തിന്റെയും രഹസ്യം പിൻഗാമിയ്ക്ക് വെളിപ്പെടുത്തി കൊടുക്കുവാൻ ആ ഗംഭീരാത്മാവ് പ്രസാദിച്ചു. മെത്രാന്മാരെയും കൂട്ടു ട്രസ്റ്റിമാരെയും അദ്ദേഹം കോട്ടയം ചെറിയപള്ളിയിലേക്ക് ക്ഷണിച്ചുവരുത്തി. മെത്രാന്മാർ തമ്മിലുള്ള പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ സാഹോദര്യവും കൂട്ടു ട്രസ്റ്റിമാർ തമ്മിലുള്ള ഐക്യവുമാണ് തന്റെ ജീവിത വിജയത്തിന്റെ രഹസ്യമെന്ന് വികാരഭരിതനായി അദ്ദേഹം വെളിപ്പെടുത്തി. അബ്ദുള്ളാ ബാവായുടെ വരവ് ഭിന്നതയുടെ പല രംഗങ്ങളും സൃഷ്ടിക്കുമെന്നും അപ്പോഴെല്ലാം എന്ത് ത്യാഗവും സഹിച്ചും ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കണമെന്നും വലിയ മെത്രാച്ചൻ കൊച്ചു മെത്രാച്ചന്മാരെയും കൂട്ടുട്രസ്റ്റിമാരെയും അന്തിമമായി പ്രബോധിപ്പിച്ചു. വട്ടശ്ശേരിൽ മെത്രാച്ചനും കൊച്ചുപറമ്പിൽ മെത്രാച്ചനും വലിയ മെത്രാച്ചനെ ആലിംഗനം ചെയ്തുകൊണ്ടും കോനാട്ട് മാത്തൻ മല്പാനും സി. ജെ. കുര്യനും കണ്ണുനീർ വാർത്തുകൊണ്ടിരുന്ന വലിയ മെത്രാച്ചന്റെ വലതുകരം മാറിമാറി ചുംബിച്ചും അന്ത്യപ്രബോധനം അനുസരിച്ചുകൊള്ളാമെന്ന് മലങ്കരയുടെ മഹാത്മാവും തങ്ങളുടെ ഗുരുവും മാർഗ്ഗദർശിയുമായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് ഉറപ്പു കൊടുത്തു.

സംഭവബഹുലമായ ഒരു നീണ്ട പകലിന് ശേഷം ആ സൂര്യൻ എരിഞ്ഞടങ്ങി. 1909 മിഥുനം 28-ന് ആ കർമ്മയോഗി 76-ാം വയസ്സിൽ നിര്യാതനായതോടെ മലങ്കരസഭാചരിത്രത്തിലെ തിളക്കമാർന്ന സുവർണ്ണയുഗവും സമാധാനകാലവും അസ്തമിച്ചു. തന്റെ പൂർവ്വീകൻ സ്ഥാപിച്ചതും താൻ പണി പൂർത്തിയാക്കി കൂദാശ ചെയ്തതുമായ കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ വടക്കേ കബർ മുറിയിൽ ആ മഹാത്മാവ് അന്ത്യവിശ്രമം കൊള്ളുന്നു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഗീവറുഗീസ്സ് മാർ ബസ്സേലിയോസ്, ഔഗേൻ മാർ ബസ്സേലിയോസ്, മാത്യൂസ് പ്രഥമൻ, മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ പില്ക്കാല മലങ്കര മെത്രാന്മാരെയെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചശേഷം പാറേട്ട് 1976-ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെപ്പറ്റി എഴുതിയ സാക്ഷ്യം ഇങ്ങനെയായിരുന്നു:

“മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം അത്യന്തം വിപത്ക്കര മായ ഒരു ഘട്ടത്തിലാണ് മാർ ജോസഫ് ദീവന്നാസ്യോസ് എന്ന നക്ഷത്രം ഉദിച്ചത്.... ആശയ്ക്ക് ഇടനൽകുന്ന ഇന്നത്തെ നിലയ്ക്ക് അസ്തിവാരം ഉറപ്പിച്ചതും ജോസഫ് ദീവന്നാസ്യോസ് ആയിരുന്നു. ...

ഒരു കോപ്പ പായസത്തിന് വേണ്ടി ജന്മാവകാശം തീറുകൊടുക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. പത്രോസ് തൃതീയനും മാർ ദീവന്നാസ്യോസും തമ്മിൽ പൊരുതി. .. രക്തരഹിതവും ശബ്ദരഹിതവും ആയിരുന്നു ആ സമരം. രണ്ട് ചാണക്യന്മാർ തമ്മിൽ നടന്നതായതുകൊണ്ട് അങ്ങനെ അല്ലാതെ വരാൻ തരമില്ല. ... മലങ്കരയുടെ ബലം കുറയ്ക്കാൻ സ്വീകരിച്ച തന്ത്രം ബലം വർദ്ധിപ്പിയ്ക്കാൻ ഉപയോഗിക്കണമെന്ന് നീതികുശലനും നയതന്ത്രജ്ഞനുമായ ആ മഹാപണ്ഡിതൻ തീർച്ചപ്പെടുത്തി. ... പാത്രിയർക്കീസിന്റെ സൃഷ്ടികൾ ആയിരുന്ന ആറു പുതിയ മെത്രാന്മാരെയും അദ്ദേഹം പാട്ടിലാക്കി. ... ആ ഒറ്റ വിജയത്തിന് മാത്രമായി മാർ ജോസഫ് ദീവന്നാസ്യോസിന് അത്ഭുത പ്രവർത്തകസ്ഥാനം കൊടുത്താൽ ഒട്ടും അധികമാവില്ല. പത്തുവർഷം നാലുമാസത്തെ സമരം കൊണ്ട് അദ്ദേഹം സമ്പൂർണ്ണ വിജയം കൈവരിച്ചു. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് 1926-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന്.... സമ്പാദിച്ച വിധിയും മൂന്നാം കാതോലിക്കോസ് പില്ക്കാലത്ത് സുപ്രീം കോടതിയിൽ നിന്ന് സമ്പാദിച്ച വിധിയും ജോസഫ് ദീവന്നാസ്യോസ് ഭയന്നും സംശയിച്ചും ഈ അടിസ്ഥാനത്തിന്മേലാണ് ഉറപ്പിച്ചതെന്ന് ഓർത്താൽ അദ്ദേഹത്തിന്റെ ശ്രമഫലം എത്ര വിശിഷ്ടമാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ... പ്രീണനങ്ങളും പീഡനങ്ങളും പ്രയാസങ്ങളും അവഗണിച്ചും സഹിച്ചും പിതാക്കന്മാരുടെ വിശ്വാസത്തിൽ തുടർന്നു എന്ന് അനുമാനിക്കാൻ കഴിവുണ്ടായിരുന്ന നസ്രാണികൾക്ക് ഒരുമിച്ച് നിൽക്കാൻ ആവശ്യമായ സംഘടനാ സ്വാതന്ത്ര്യം 1800 സംവത്സര കാലത്തേയ്ക്ക് മലങ്കരയിൽ ഇല്ലായിരുന്നു. ആ കുറവ് പരിഹരിച്ച മഹാനാണ് ജോസഫ് ദീവന്നാസ്യോസ്. മനം പതറാതെ, ഹൃദയം കുലുങ്ങാതെ, കാൽ വഴുതാതെ മുമ്പോട്ട് കുതിച്ച് കയറിയ, സുന്നഹദോസിലും ഭരണത്തിലും മാപ്പിളയ്ക്കുള്ള സ്ഥാനം ശരിയ്ക്ക് അംഗീകരിച്ച മഹാനാണ് ദീവന്നാസ്യോസ്. .... മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കര നസ്രാണികളുടെ വ്യവസ്ഥാപിത ഭരണക്രമത്തിന്റെയും മഹാശില്പിയും ജാതിയുടെ സംഘാടകനും ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസിനെ നമുക്ക് നമസ്കരിക്കാം'' (പാറേട്ട്, *മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ*, ഉപസംഹാര വാക്യം). 'ഈവിധം ബഹുമുഖങ്ങളായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു മെത്രാൻ നസ്രാണികൾക്ക് ഇതേവരെ ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല' (പാറേട്ട്, വാല്യം 3, പു. 302).

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ: ജീവചരിത്ര ഫലകങ്ങൾ

1832 ഡിസംബർ 7/ 1008 വൃശ്ചികം 24

കുന്നംകുളം പുലിക്കോട്ടിൽ കുടുംബത്തിൽ താരു കുര്യൻ, താണ്ടമ്മ എന്നിവരുടെ പുത്രനായി ജനിച്ചു. ബാല്യകാല നാമം ഉട്ടൂപ്പ് (ഇട്ടൂപ്പ്).

1845 ഒക്ടോബർ 5 / 1021 കന്നി 23

കോതമംഗലം ചെറിയ പള്ളിയിൽ ചേപ്പാട് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടമേറ്റു.

1849/1024

ആർത്താറ്റ് പള്ളിയിൽ സ്തേഫാനോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൂർണ്ണ ശെമ്മാശ പട്ടമേറ്റു.

1852 ആഗസ്റ്റ് 18 / 1028 ചിങ്ങം 6

ചാലിശ്ശേരി പള്ളിയിൽ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാ പട്ടമേറ്റു.

1865 ഏപ്രിൽ 29 / 1040 മേടം 17 ശനി

ആമീദ് (ഇന്ന് ടർക്കിയിലെ ഡിയാർബക്കീർ) വിശുദ്ധ മർത്ത് മറിയം പള്ളിയിൽ മാർ ഇഗ്നാത്തിയോസ് യാക്കോബ് ദ്വീതിയൻ പാത്രിയർക്കീസ് ബാവാ റമ്പാൻ സ്ഥാനം നൽകി.

1865 ഏപ്രിൽ 30/ 1040 മേടം 18 ഞായർ

ആമീദ് (ഡിയാർബക്കീർ) പള്ളിയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും രണ്ടു സുറിയാനി മേല്പട്ടക്കാരുടെയും ഒരു അർമേനിയൻ മേല്പട്ടക്കാരന്റെയും സഹകാർമ്മികത്വത്തിലും “മാർ ദീവന്നാസിയോസ്” എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

(ഈ മേൽപട്ട വാഴ്ചയുടെ തീയതി ‘1864 മേയ് 8 (1039 മേടം 26)’ എന്ന് ചില ഗ്രന്ഥങ്ങളിൽ കാണുന്നതു ശരിയാകാൻ ഇടയില്ല).

1872 ഏപ്രിൽ 7/മീനം 26 (സു.ക.)/1047 മീനം 27 ഞായറാഴ്ച

മുളന്തുരുത്തി പള്ളിയിൽവച്ച് ചാത്തുരുത്തിൽ ഗീവർഗീസ് കോറെപ്പിസ്കോപ്പായ്ക്ക് റമ്പാൻ സ്ഥാനം നല്കി.

വചനിപ്പു പെരുനാൾ (സുറിയാനി കണക്കിന് മീനം 25) എന്നും കാണുന്നുണ്ട്. അതു ശരിയാണെങ്കിൽ 1872 ഏപ്രിൽ 6 ശനിയാഴ്ച ആണ് വരേണ്ടത്.

1873 സെപ്ററംബർ 8

പരുമല സെമിനാരിയിൽ പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. യുയാക്കിം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചു. മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിക്കും രൂപം കൊടുത്തു. വിശദമായ ഒരു നിയമാവലി പാസാക്കി.

1874 സെപ്റ്റംബർ 1

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. കബറടക്ക ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

1876 ജൂൺ 27–30/ 1051 മിഥുനം 15–18 ചൊവ്വാ–വെള്ളി

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റ് (മലങ്കര മെത്രാപ്പോലീത്താ) ആയി തെരഞ്ഞെടുക്കപ്പെട്ടു. മാനേജിംഗ് കമ്മിറ്റിയിലേക്ക് 24 പേരെ തെരഞ്ഞെടുത്തു.

1876 ആഗസ്റ്റ്27/ഓബ് 15/1052 ചിങ്ങം 13 ഞായർ (വാങ്ങിപ്പു പെരുന്നാൾ)

മുളന്തുരുത്തി മാർ തൊമ്മൻ പള്ളിയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശയിൽ അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് പാത്രിയർക്കീസ്)യോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

1877 ജനുവരി 27–30

വെളിയനാട് മാർ സ്തേഫാനോസ് സഹദാ പള്ളിയിൽ പരിശുദ്ധ പത്രോസ് തൃതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ സംബന്ധിച്ചു. മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള *മലങ്കര പള്ളിയോഗ*ത്തിന്റെ അവകാശം പാത്രിയർക്കീസ് ബാവാ അംഗീകരിക്കാതിരുന്നതിനാൽ പ്രതിനിധികൾ യോഗം ബഹിഷ്ക്കരിച്ചു.

1878 ജനുവരി 13 / മകരം 1 (സുക) ഞായറാഴ്ച

ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, മാർ ദിവന്നാസിയോസിന്റെ സാന്നിദ്ധ്യത്തിൽ വെട്ടിയ്ക്കൽ ദയറായ്ക്കു കല്ലിട്ടു. മാർ യൂലിയോസ്, മാർ അത്താനാസിയോസ്, മാർ ഈവാനിയോസ് എന്നീ മേല്പട്ടക്കാരും ഉണ്ടായിരുന്നു.

1878 ഫെബ്രുവരി 18 / കുംഭം 6 (സുക) തിങ്കളാഴ്ച

പരുമല സെമിനാരിയിൽ കൂടിയ സുന്നഹദോസിൽ (അസോസി

യേഷൻ) അദ്ധ്യക്ഷത വഹിച്ചു. പുതിയ കമ്മിറ്റിക്കാരെ നിശ്ചയിച്ചു. നവീകരണക്കാരുമായുള്ള കേസും അതിനായുള്ള പണപ്പിരിവും ഊർജ്ജിതപ്പെടുത്താനും പരുമല സെമിനാരിയിൽ കോട്ടയം മുതൽ തെക്കോട്ടുള്ള ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിനും തീരുമാനിച്ചു.

1879 ഏപ്രിൽ 26/മേടം 14 (സുക) ശനിയാഴ്ച

പുതുപ്പള്ളിയിൽ നടന്ന പള്ളി പ്രതിപുരുഷയോഗത്തിൽ (അസോസിയേഷൻ) അദ്ധ്യക്ഷത വഹിച്ചു. കേസു മൂലമുണ്ടായ കടം വീട്ടാൻ നടപടി. പള്ളികളെ നാലു ക്ലാസായി തിരിച്ചു. പിരിവു തുക നിശ്ചയിച്ചു.

1881 ഫെബ്രുവരി 11 / 1056 മകരം 30

വെട്ടിയ്ക്കൽ ദയറായിൽ കൂടിയ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു.

1882 ഏപ്രിൽ 27 / മേടം 15

കൊച്ചിയിൽ കൂടിയ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചു.

1882 ആഗസ്റ്റ് 31 / ചിങ്ങം 19 വ്യാഴാഴ്ച

കൊച്ചി പൊഞ്ഞിക്കര വച്ച് 11 മണിക്ക് മദ്രാസ് ഗവർണറുമായി കൂടിക്കാഴ്ച നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ ഈവാനിയോസ്, ശെമവൂൻ മാർ ദിവന്നാസിയോസ് എന്നിവരുമുണ്ടായിരുന്നു. മംഗളപത്രം സമർപ്പിച്ചു.

1883 ഡിസംബർ 29 / 1059 ധനു 17

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

1886 സെപ്റ്റംബർ 11-13 ശനി - തിങ്കൾ

കോട്ടയം പഴയസെമിനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷ (അസോസിയേഷൻ) യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കൂട്ടു ട്രസ്റ്റിമാരായി കോനാട്ട് കോര യോഹന്നാൻ മൽപാനെയും കുന്നുംപുറത്ത് കോര ഉലഹന്നാനെയും തെരഞ്ഞെടുത്തു. ഇടവക പള്ളികളുടെ വരുമാനത്തിന്റെ അഞ്ചു ശതമാനം എല്ലാ വർഷവും പൊതുവകയ്ക്ക് നല്കണമെന്ന് തീരുമാനിച്ചു.

1889 ജൂലൈ 29

കോട്ടയം പഴയസെമിനാരിയിൽ വച്ച് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് മേല്പട്ടസ്ഥാനം നൽകി. കടവിൽ പൗലോസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

1890 ഫെബ്രുവരി 14 / 1065 കുംഭം 2 മായൽത്തോ പെരുന്നാൾ

കൈപ്പട്ടൂർ പള്ളി കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, പൗലോസ് മാർ ഈവാനിയോസ് എന്നിവർ സംബന്ധിച്ചു.

1891 മാർച്ച് 9 / കുംഭം 25 തിങ്കളാഴ്ച

അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തലേന്ന് രാത്രിയിൽ കാലം ചെയ്തു. അങ്കമാലി ചെറിയ പള്ളിയിൽ കബറടങ്ങി.

1892 മാർച്ച് 30–ഏപ്രിൽ 2/1067 മീനം 19–22 ബുധൻ – ശനി

കോട്ടയം പഴയ സെമിനാരിയിൽ നടന്ന പള്ളി പ്രതിപുരുഷയോഗത്തിൽ (സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ) അദ്ധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റിയിലേക്ക് പുതിയതായി 24 പേരെ തെരഞ്ഞെടുത്തു. കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് രൂപംകൊടുത്തു.

1892 നവംബർ 25–27/വൃശ്ചികം 13–15

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

1893 ഏപ്രിൽ 25–28/മേടം 14–17

കോട്ടയം സെമിനാരിയിൽ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

1894 ഏപ്രിൽ 11, 12/1069 മീനം 30, 31 ബുധൻ, വ്യാഴം

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ സംബന്ധിച്ചു.

1894 സെപ്റ്റംബർ 12, 13/1070 ചിങ്ങം 28, 29

വടക്കൻ പറവൂർ പള്ളിയിലെ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്ത് തീരുമാനിക്കുന്നതിനു സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

1894 ഒക്ടോബർ 8/കന്നി 26 (സുക) തിങ്കളാഴ്ച

മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തലേരാത്രി 10 മണിക്ക് മർദീൻ പട്ടണത്തിലുള്ള പ്രധാന പള്ളിയിലെ അരമനയിൽവച്ച് കാലം ചെയ്തു. കുർക്കുമാ ദയറായിൽ കബറടങ്ങി.

1895 ജനുവരി 27/മകരം 15 (സുക) ഞായറാഴ്ച

പരുമലപ്പള്ളിയുടെ താൽക്കാലിക കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

1895 ജൂൺ 16/മിഥുനം 4 ഞായറാഴ്ച

മർദീനിലെ കുർക്കുമാ ദയറായിൽ വി. പത്രോസിന്റെ സിംഹാസനപള്ളിയിൽ മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശീഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണം.

1895 നവംബർ 21-23/വൃശ്ചികം 9-11 (സുക)

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റിയായ കോനാട്ട് കോര യോഹന്നാൻ മൽപാന്റെ നിര്യാണം മൂലം ഒഴിവുവന്ന സ്ഥാനത്തേക്ക് കോനാട്ട് കോര മാത്തൻ മൽപാനെ തെരഞ്ഞെടുത്തു.

1895 നവംബർ 23/വൃശ്ചികം 11 ശനിയാഴ്ച

മാനേജിംഗ് കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ സഹായിയായി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസിനെ നിയമിച്ചു. അദ്ദേഹത്തെ അസോസിയേഷൻ വൈസ് പ്രസിഡന്റാക്കാൻ ശുപാർശ ചെയ്തു.

1896 ജനുവരി 25/മകരം 13 (സുക) ശനിയാഴ്ച

തിരുവല്ലായ്ക്കു സമീപം കവിയൂർ എന്ന സ്ഥലത്തു സ്ഥാപിച്ച താൽക്കാലികപള്ളിയുടെ കൂദാശയും സ്ഥിരം കെട്ടിടത്തിന്റെ ശിലാസ്ഥാപനവും മാർ ഗ്രീഗോറിയോസിനോടൊപ്പം നിർവ്വഹിച്ചു. തലേന്ന് തിരുവല്ലയിൽനിന്നു സ്വീകരണഘോഷയാത്രയുണ്ടായിരുന്നു.

1897 നവംബർ 24/വൃശ്ചികം 12

കോട്ടയം പഴയ സെമിനാരി പള്ളി (ചാപ്പൽ) യുടെ അഭിഷേക കൂദാശ നിർവ്വഹിച്ചു. മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നിവർ സംബന്ധിച്ചു.

1898 ഫെബ്രുവരി 26/കുംഭം 15 ശനിയാഴ്ച

കവിയൂർ സ്ലീബാപ്പള്ളിയുടെ കൂദാശ നിർവഹിച്ചു. മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

1899 നവംബർ 23/വൃശ്ചികം 9

കോട്ടയം എം. ഡി. സെമിനാരിയിലെ സമ്മാനദാനചടങ്ങിൽ മാർ ഗ്രീഗോറിയോസിനോടൊപ്പം സംബന്ധിച്ചു.

1900 നവംബർ 22/വൃശ്ചികം 9 (സുക) വ്യാഴാഴ്ച

തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ കൂദാശ നടത്തി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് സംബന്ധിച്ചു.

1901 ഫെബ്രുവരി 24/കുംഭം 13

സെമിനാരി ട്രസ്റ്റിമാരിൽ ഒരാളായ കുന്നുംപുറത്തു കോര ഉലഹന്നാൻ നിര്യാതനായി. ഗ്രീഗോറിയോസിനോടൊപ്പം ശവസംസ്കാരശുശ്രൂഷ നിർവ്വഹിച്ചു.

1901 മാർച്ച് 23/മീനം 10 (സുക) ശനിയാഴ്ച

വർഷങ്ങളായി നവീകരണകക്ഷി കൈവശപ്പെടുത്തിയിരുന്ന കോട്ടയം ചെറിയ പള്ളിയിൽ കോടതിവിധിയ്ക്കുശേഷം മാർ അത്താനാസിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം എത്തി. പിറ്റേന്ന് പള്ളി കൂദാശ ചെയ്തു.

1901 ഏപ്രിൽ 24, 25/മേടം 11, 12 (സുക)

മലങ്കര മഹജന സഭ (സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ) യിൽ അദ്ധ്യക്ഷത വഹിച്ചു. കുന്നുംപുറത്ത് കോര ഉലഹന്നാൻ മരിച്ച ഒഴിവിൽ കുന്നുംപുറത്ത് കോര കുര്യനെ (സി.ജെ. കുര്യൻ) അത്മായ ട്രസ്റ്റിയായും പുതിയ 24 അംഗ മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുത്തു. മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷിക്കണം എന്നു തീരുമാനിച്ചു.

1901 സെപ്റ്റംബർ-ഒക്ടോബർ/കന്നി

മാർ ഗ്രീഗോറിയോസും ചേർന്ന് മുളന്തുരുത്തി സ്കൂൾ തുറന്നു.

1901 നവംബർ 25/വൃശ്ചികം 12 (സുക) തിങ്കളാഴ്ച

കോട്ടയം പഴയ സെമിനാരിയിൽ പൗരോഹിത്യ കനക ജൂബിലിയാഘോഷം.

1902 നവംബർ 2/തുലാം 20 (സുക)/1078 തുലാം 17 ഞായറാഴ്ച

പ്രിയശിഷ്യനായ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ രാത്രി (തിങ്കളാഴ്ച വെളുപ്പിന്) ഒരു മണിക്ക് പരുമല സെമിനാരിയിൽ കാലം ചെയ്തു (കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 ആണ് വരേണ്ടത്)

1902 നവംബർ 4/തുലാം 22 (സുക) ചൊവ്വാഴ്ച

മാർ ദീവന്നാസ്യോസിന്റെ സാന്നിദ്ധ്യത്തിലും മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിലും പരുമല പള്ളിയിൽ കബറടക്കശുശ്രൂഷ.

1907 നവംബർ 2

കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കം.

1908 ഫെബ്രുവരി 27

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മലങ്കര മൽപാൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെയും, കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മേൽപട്ട സ്ഥാനത്തേക്കും തെരഞ്ഞെടുത്തു. ഇവരിൽ വട്ടശ്ശേരിൽ റമ്പാനെ മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായി നിശ്ചയിച്ചു. 26 അംഗ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു.

1909 ജൂലൈ 11/ 1084 മിഥുനം 28 ഞായർ

കോട്ടയം ചെറിയ പള്ളിയിൽ രാവിലെ 11.45നു കാലം ചെയ്തു.

1909 ജൂലൈ 12/ 1084 മിഥുനം 29 തിങ്കൾ

കോട്ടയം പഴയ സെമിനാരിയിൽ കബറടക്കം.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് കാലം ചെയ്ത മേല്പട്ടക്കാർ

മേല്പട്ടക്കാർ, കാലം ചെയ്ത തീയതി, കബറടങ്ങിയ പള്ളി എന്നീ ക്രമത്തിൽ.

യൂയാക്കിം മാർ കൂറിലോസ് (അന്ത്യോഖ്യൻ) 1874 സെപ്റ്റംബർ 1 മുളന്തുരുത്തി മാർ തൊമ്മൻ പള്ളി.

മാത്യൂസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1877 ജൂലൈ 16 മാരാമൺ മാർത്തോമ്മാ പള്ളി.

ഗീവർഗീസ് മാർ യൂലിയോസ് (കോനാട്ട്) 1884 മാർച്ച് 21 പാമ്പാക്കുട സെന്റ് ജോൺസ് വലിയ പള്ളി.

ശെമവൂൻ മാർ ദിവന്നാസിയോസ് (കരവട്ടുവീട്ടിൽ) 1886 ഒക്ടോബർ 2 കടുങ്ങമംഗലം സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി.

ശെമവൂൻ മാർ അത്താനാസിയോസ് (അന്ത്യോഖ്യൻ) 1889 ജൂൺ 11 കോട്ടയം പുത്തൻപള്ളി.

ഗീവർഗീസ് മാർ കൂറിലോസ് (അമ്പാട്ട്) 1891 മാർച്ച് 9 അങ്കമാലി സെന്റ് മേരീസ് ചെറിയപള്ളി.

തോമസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1893 ആഗസ്റ്റ് 10 മാരാമൺ മാർത്തോമ്മാ പള്ളി.

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (ചാത്തുരുത്തിൽ) 1902 നവംബർ 2 പരുമല സെമിനാരി.

പൗലോസ് മാർ അത്താനാസിയോസ് (കടവിൽ) 1907 നവംബർ 2 ആലുവാ തൃക്കുന്നത്തു സെമിനാരി.

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്ത് വാഴിക്കപ്പെട്ട മേല്പട്ട ക്കാർ

മേല്പട്ടക്കാർ, സ്ഥാനമേറ്റ തീയതി, മേല്പട്ടവാഴ്ച നടന്ന പള്ളി എന്ന ക്രമത്തിൽ. ഈ മേല്പട്ടവാഴ്ചകളിലൊന്നും അദ്ദേഹം സംബന്ധിച്ചിരുന്നില്ല.

തോമസ് മാർ അത്താനാസിയോസ് (പാലക്കുന്നത്ത്) 1868 മെയ് 31 കോട്ടയം പഴയ സെമിനാരി.

ഗീവർഗീസ് മാർ യൂലിയോസ് (കോനാട്ട്) 1876 ഡിസംബർ 3 വട ക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

പൗലോസ് മാർ അത്താനാസിയോസ് (കടവിൽ) 1876 ഡിസംബർ 3 വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

ഗീവർഗീസ് മാർ കൂറിലോസ് (അമ്പാട്ട്) 1876 ഡിസംബർ 10 വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളി.

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (ചാത്തുരുത്തിൽ) 1876 ഡിസം ബർ 10 വടക്കൻ പറവൂർ തൊമ്മൻ പള്ളി.

ശെമവൂൻ മാർ ദീവന്നാസിയോസ് (കരവട്ട്) 1877 മേയ് 17 കുന്നം കുളം ചിറളയം സെന്റ് ലാസറസ് പള്ളി.

പൗലോസ് മാർ ഈവാനിയോസ് (മുറിമറ്റത്ത്) 1877 മേയ് 17 കുന്നം കുളം ചിറളയം സെന്റ് ലാസറസ് പള്ളി.

റെനിവിലാത്തി മാർ തീമോത്തിയോസ് 1892 മേയ് 29 കൊളംബോ നൽമരണ മാതാവിന്റെ പള്ളി.

പൗലോസ് മാർ കൂറിലോസ് (കൊച്ചുപറമ്പിൽ) 1908 മേയ് 31 ജറു സലേം മാർ മർക്കോസിന്റെ ദയറാ

ഗീവർഗീസ് മാർ ദിവന്നാസിയോസ് (വട്ടശ്ശേരിൽ) 1908 മേയ് 31 ജറു സലേം മാർ മർക്കോസിന്റെ ദയറാ

പുലിക്കോട്ടിൽ തിരുമേനിയുടെ കാലത്തുനടന്ന പള്ളിപ്രതിപുരുഷ - മലങ്കര അസോസിയേഷൻ യോഗങ്ങൾ

കോട്ടയം പഴയ സെമിനാരി

1869 ഒക്ടോബർ 21

1870 ഫെബ്രുവരി 7

1886 സെപ്റ്റംബർ 11-13

1892 മാർച്ച് 30, 31

1895 നവംബർ 21-23

1901 ഏപ്രിൽ 24, 25

1908 ഫെബ്രുവരി 27

പരുമല സെമിനാരി
1873 സെപ്റ്റംബർ 8
1878 ഫെബ്രുവരി 18
മുളന്തുരുത്തി
1876 ജൂൺ 27-30
വെളിയനാട്
1877 ജനുവരി 27-30
പുതുപ്പള്ളി
1879 ഏപ്രിൽ 26

(ആകെ 12 അസോസിയേഷൻ യോഗങ്ങൾ. മറ്റൊരു മലങ്കര മെത്രാന്റെയും കാലത്ത് ഇത്രയും യോഗങ്ങൾ നടന്നിട്ടില്ല. ജീവചരിത്രഫലകം വർഗീസ് ജോൺ തോട്ടപ്പുഴ തയ്യാറാക്കിയത്.)

അദ്ധ്യായം ഒമ്പത്

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കരസഭയുടെ കോട്ട

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ അന്ത്യകാലത്ത് അസിസ്റ്റന്റും പിൻഗാമിയും എന്ന നിലയിൽ ഭരണത്തിൽ പ്രവേശിപ്പിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പരുമലയിലെ പുണ്യവാന്റെ ശിഷ്യൻ, കോട്ടയം പഴയ സെമിനാരിയിലെ മല്പാൻ, പ്രത്യുല്പന്നമതിയായ പ്രഭാഷകൻ, ദൈവശാസ്ത്രത്തിലും കാനോനിലും അതുല്യ പാണ്ഡിത്യം നേടി 'മതോപദേശസാരങ്ങൾ' രചിച്ച ഗ്രന്ഥകാരൻ, വലിയ മെത്രാച്ചന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ, കറകളഞ്ഞ സഭാസ്നേഹി, പ്രകടനപരത തൊട്ടുതീണ്ടിയിട്ടില്ലാത്ത ആത്മീയതയുടെ നിറകുടം എന്നീ നിലകളിൽ സമുദായത്തിന്റെ കണ്ണിലുണ്ണിയും 1876 ഒക്ടോബർ 12 ന് പത്രോസ് തൃതീയൻ ബാവായിൽ നിന്ന് പുതുപ്പള്ളിയിൽ വച്ച് മ്സമ്രോനോ സ്ഥാനം പ്രാപിച്ചതു മുതൽ സഭയിലാകെ അറിയപ്പെട്ടിരുന്ന ആളും ആയിരുന്നു. ഗുരുവായ പരുമല പുണ്യവാന്റെയും പത്രോസ് ബാവായുടെ അനുചരനായി വന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസിന്റെയും കൂടെ സെക്രട്ടറിയായും ദ്വിഭാഷിയായും മലങ്കരയുടെ തെക്കും വടക്കും പലവട്ടം സഞ്ചരിച്ച അദ്ദേഹം 1858 ഒക്ടോബർ 31 ന് മല്ലപ്പള്ളി വട്ടശ്ശേരിൽ ഔസേപ്പിന്റെയും ഏലിയുടേയും പുത്രനായി ജനിച്ചതു മുതൽ നവീകരണ കോലാഹലങ്ങളുടെ മദ്ധ്യേയാണ് വളർന്നത്.

സെക്കണ്ടറി വിദ്യാഭ്യാസം ഔപചാരികമായി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലെങ്കിലും കഠിന പ്രയത്നം ചെയ്ത് പരസഹായം കൂടാതെ ഇംഗ്ലീഷ് ഗ്രഹിക്കുവാനുള്ള കഴിവ് ആർജ്ജിച്ചു. പരുമല മാർ ഗ്രീഗോറിയോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്നിവരിൽ നിന്ന് സുറിയാനി ഭാഷയും വ്യാകരണവും ദൈവശാസ്ത്രവും കാനോനും അഭ്യസിച്ചു. സത്യസന്ധതയിലും കാര്യപ്രാപ്തിയിലും ബുദ്ധിശക്തിയിലും മികച്ചുനിന്ന അദ്ദേഹം പുലിക്കോട്ടിൽ മെത്രാച്ചൻ നേതൃത്വം നൽകിയ മഹാജനസഭ, വിദ്യാർത്ഥിപ്രസ്ഥാനം, ഷോടതി, വൈദിക സംഘം എന്നിവയിലെ പ്രധാന അണിയറപ്രവർത്തകൻ ആയിരുന്നു. തന്റെ പ്രധാന പ്രവർത്തന രംഗങ്ങളുടെ പ്രധാന സ്ഥാനത്ത് ഈ ധൈഷണിക ആചാര്യനെ പ്രയോജനപ്പെടുത്തുവാൻ മലങ്കര മെത്രാപ്പോലീത്താ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സമുദായത്തിന്റെ ഭാവി ഇദ്ദേഹത്തിന്റെ കൈകളിൽ സുരക്ഷിതമാവും എന്ന പ്രതീക്ഷയിൽ തന്റെ ഒടുവിലത്തെ

വർഷങ്ങളിൽ ഈ കുശാഗ്രബുദ്ധിയുടെ സേവനത്തിലും സഹായത്തിലും മലങ്കരമെത്രാൻ പൂർണ്ണമായി ആശ്രയിച്ചിരുന്നു. മല്പാന്റെ ആലോചനയും പങ്കാളിത്തവും കൂടാതെ യാതൊരു കാര്യവും വലിയ മെത്രാച്ചൻ ചെയ്തിരുന്നില്ല. തന്മൂലം കൊച്ചുമെത്രാച്ചൻ അധ്യക്ഷ സ്ഥാനത്ത് പുതുമുഖമായിരുന്നുവെങ്കിലും മലങ്കര മെത്രാന്റെ ഭരണ രംഗങ്ങൾ അദ്ദേഹത്തിന് അപരിചിതം ആയിരുന്നില്ല.

മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പോടെ മെത്രാൻസ്ഥാനം പ്രാപിക്കുവാൻ തങ്ങൾ യെരുശലേമിൽ എത്തുന്നതിന് മുമ്പായി മലങ്കര യിൽ ശെമ്മാശനായി കൃത്യമായ മേൽവിലാസങ്ങളൊന്നുമില്ലാതെ കഴി ഞ്ഞിരുന്ന സ്ലീബായെ, അബ്ദുള്ളാ ബാവാ മെത്രാനാക്കിയതും മലങ്കരസഭ മുഴുവന്റേയും ഭരണച്ചുമതല അദ്ദേഹത്തിന് കൊടുക്കു ന്നതായി അദ്ദേഹത്തിന്റെ സുസ്താത്തിക്കോനിൽ രേഖപ്പെടുത്തിയതും തന്റെ സുസ്താത്തിക്കോനിൽ മലങ്കരസഭയും മലങ്കര മെത്രാപ്പോലീ ത്തായും ആവശ്യപ്പെട്ടതിൻപ്രകാരം പിൻഗാമി എന്ന് ചേർക്കാതിരുന്നതും വട്ടശ്ശേരിൽ മെത്രാച്ചനെ ചിന്താധീനനാക്കി. പാത്രിയർക്കീസ് മലങ്കര യിലെത്തുന്നതിന് മുമ്പ് കാര്യങ്ങൾക്കൊക്കെ ചിട്ടയും വ്യക്തമായ ധാരണയും വരുത്തുവാൻ അദ്ദേഹം നിശ്ചയിച്ചു. ചുമതലയേറ്റതിന് ശേഷം ആദ്യത്തെ മാനേജിംഗ് കമ്മിറ്റി 1909 ചിങ്ങം 15-ന് ചേർന്നു.

ബെസ്ഗാസാമുറിയുടെ മൂന്ന് പൂട്ടുകളുടെ മൂന്ന് താക്കോലുകൾ കൂട്ടു ട്രസ്റ്റികളായ മൂന്ന് പേരുടെ കൈവശമിരിക്കേണ്ടതായിരുന്നുവെങ്കിലും പരസ്പര സമ്മതത്തോടെ മൂന്ന് താക്കോലുകളും പുലിക്കോട്ടിൽ മെത്രാ ച്ചന്റെ കൈവശത്തിലാണിരുന്നത്. കൊച്ചുമെത്രാച്ചന്റെ ഭരണം വന്ന പ്പോൾ കൂട്ടുട്രസ്റ്റികൾ അവരവരുടെ താക്കോലുകൾ ആവശ്യപ്പെട്ടു. പുതിയ മലങ്കര മെത്രാപ്പോലീത്തായോടുള്ള അവിശ്വാസ്യതയായി വരുമെന്നതിനാൽ താക്കോലുകൾ തുടർന്നും മലങ്കര മെത്രാപ്പോലീത്താ വശം ഇരിക്കട്ടെ എന്നും കൂട്ടുട്രസ്റ്റികൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ മെത്രാൻ ട്രസ്റ്റിയുടെ അഭിപ്രായപ്രകാരമാണ് കാര്യങ്ങൾ നടക്കേണ്ടതെന്നും കമ്മിറ്റി തീരുമാനിച്ചത് വൈദിക - അത്മായ ട്രസ്റ്റിക ൾക്ക് അമർഷം ഉണ്ടാക്കി. സമുദായത്തിലെ ആദ്യത്തെ ചേരിതിരിവ് അവിടെ ആരംഭിക്കുന്നു. കൊച്ചുപറമ്പിൽ കൂറിലോസിന് കോട്ടയം, കൊച്ചി എന്നീ ഇടവകകൾ, ഈവാനിയോസിന് കണ്ടനാട്, അങ്കമാലി ഇടവകകൾ എന്നിങ്ങനെ ഇടവക വിഭജനം നടത്തി. പരദേശിയാകയാൽ ഒസ്താത്തിയോസിന് അദ്ദേഹം ആവശ്യപ്പെട്ടിട്ടും ഇടവകകൾ നൽകി യില്ല. ഈ നടപടി മാർ ഒസ്താത്തിയോസിൽ അമർഷം ജനിപ്പിച്ചു. ഇപ്ര കാരം ആദ്യത്തെ മാനേജിംഗ് കമ്മിറ്റിയിൽ തന്നെ പ്രകടമായ ചേരിതി രിവുകൾ രൂപപ്പെട്ടു. പാത്രിയർക്കീസ് എത്തുന്നതിന് മുമ്പ് ബന്ധപ്പെട്ടവർ ചേരികൾ വിപുലപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും ആരംഭിച്ചു.

ലൗകികാധികാരങ്ങൾ റോയൽകോടതി വിധിയിലൂടെ നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാൻ അബ്ദുള്ളാ ബാവാ പ്രതിജ്ഞാബദ്ധനായിരുന്നു. അതിനാവശ്യമായ പിന്തുണ അദ്ദേഹത്തിന് ആവശ്യമായിരുന്നതിനാൽ അസംതൃപ്തരായ വൈദിക - അത്മായ നേതാക്കളെ മാർ ഒസ്താത്തിയോസ് മുഖേന കണ്ടെത്തുവാനും അവരെ സംഘടിപ്പിക്കുവാനും മലങ്കരയിലെത്തുന്നതിന് മുമ്പേ അബ്ദുള്ളാ ബാവാ ശ്രമിച്ചു തുടങ്ങി. താനും മലങ്കര മെത്രാപ്പോലീത്തായും തമ്മിൽ നിയമയുദ്ധം ഉണ്ടായാൽ കൂടെ നില്ക്കാമോ എന്ന് സ്വീകരണത്തിനെത്തിയ ഫാ. പി. റ്റി. ഗീവറുഗീസിനോട് ബാവാ ബോംബെയിൽ വച്ച് ചോദിച്ചു. മലങ്കരമെത്രാനുമായി വ്യവഹാരമുണ്ടാകുന്നപക്ഷം ചെലവുകൾക്കായി 10000 രൂപ പാത്രിയർക്കീസിന് നൽകാമെന്ന് ഒരു അസംതൃപ്തൻ ബാവായെ കത്തുമൂലം അറിയിച്ചിരുന്നു. ഇപ്രകാരം വിങ്ങിപ്പൊട്ടാറായ ഒരന്തരീക്ഷത്തിലാണ് അബ്ദുള്ളാ ബാവാ ആരും ക്ഷണിക്കാത്ത ഒരു മലങ്കര സന്ദർശനത്തിന്റെ ഭാഗമായി 1909 കന്നി 23 ന് വെള്ളിയാഴ്ച കുന്നംകുളത്ത് വന്നു ചേർന്നത്. അവിടത്തെ ചില തർക്കങ്ങളിൽ അദ്ദേഹം അനധികൃതമായി ഇടപെട്ട് കന്നി 30 ന് ഇടവകയോഗം കൂടുകയും 13 പേരുള്ള കമ്മിറ്റിയെ നിയമിക്കുകയും 17 വകുപ്പുകളുള്ള ഒരു ഭരണനടപടിക്രമം പാസ്സാക്കുകയും ചെയ്തു (*ആർത്താറ്റ് പള്ളിച്ചരിത്രം*, പി. സി. കുഞ്ഞാത്തു, പു. 118-120).

മാർ അബ്ദുള്ളായുടെ ദ്രവ്യാഗ്രഹം 1876 മുതൽ കുപ്രസിദ്ധമായിരുന്നു. അദ്ദേഹം കുന്നംകുളം പള്ളിയിൽ വന്നപ്പോൾ പൂർവ്വികമായി 'മലയാളത്തുള്ള എല്ലാ പള്ളികളുടെയും പേരിൽ' റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ 1808 ൽ പാലൂർ - ചാട്ടുകുളങ്ങര പള്ളിയുടെ ത്രോണോസിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ - പില്ക്കാലത്ത് കോട്ടയം പഴയസെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ - സാന്നിധ്യത്തിൽ സമർപ്പിച്ച് സമ്മാനിച്ച സ്വർണ്ണപ്പതക്കം മിസ്റ്റർ പാത്തപ്പൻ പാത്രിയർക്കീസിന് കാണിച്ചുകൊടുക്കുകയും ബാവാ അത് പെട്ടിയിൽ വച്ച് കൊണ്ടുപോകയും ചെയ്തു. പിന്നീട് വക്കീൽ നോട്ടീസയച്ച് നിയമനടപടികൾക്ക് ഇടവക മുതിർന്നപ്പോൾ ആണ് അദ്ദേഹം അത് തിരിച്ചുകൊടുത്തത് (*ആർത്താറ്റ് പള്ളിച്ചരിത്രം*, പു. 123).

കുന്നംകുളം ഇടവകയിൽ പനക്കൽ കുഞ്ഞൻ മാത്തു ചിമ്മാർ പേരിൽ തൃശൂർ പടിഞ്ഞാറേ കോട്ടവാതുക്കൽ 1895-ൽ സ്ഥലം വാങ്ങുകയും 1903-ൽ പള്ളിപണിയാൻ അനുവാദം ലഭിക്കുകയും 1907 -ൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ കല്പനപ്രകാരം പണപ്പിരിവ് നടത്തുകയും 1904-ൽ ആർത്താറ്റ് പള്ളിക്കാര്യത്തിൽ 400 രൂപ സംഭാവന നൽകിയതുമായ

തൃശൂരിൽ അബ്ദുള്ളാ ബാവാ 1909 തുലാം 1 ന് ഒരു പള്ളിക്ക് ശിലയിട്ടു. മാർ ഗീവറുഗീസ് സഹദായുടെ നാമം സ്ഥലവാസികൾ നിർദ്ദേശിച്ചുവെങ്കിലും പാത്രിയർക്കീസ് എന്ന നിലയിൽ താൻ ആദ്യം ശിലയിടുന്ന മലങ്കരയിലെ പള്ളി മാർ ഇഗ്നാത്തിയോസിന്റെ നാമത്തിലാകട്ടെ എന്ന് ബാവ നിശ്ചയിക്കുകയാണുണ്ടായത് (ചാക്കോ സൂപ്രണ്ടിന്റെയും കോലാടി ദാവീദ് ശെമ്മാശന്റെയും കഠിനാധ്വാനത്തിന്റെ ഫലമായി ദേവാലയം പൂത്തിയായി. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹോദരീപുത്രൻ ചെറുവത്തൂർ കുറിയാക്കോസ് കത്തനാർ 1912 മിഥുനം 4 ന് പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തു (*ആർത്താറ്റ് പള്ളിച്ചരിത്രം*, പു. 108, 109).

അക്കൊല്ലം തുലാം 20–ന് പരുമല പെരുനാളിൽ പാത്രിയർക്കീസ് ബാവാ പങ്കെടുത്തു. നടവരവായി ലഭിച്ച മൂവ്വായിരം രൂപ കൈമുത്തായി ആവശ്യപ്പെട്ടിട്ടും നൽകാത്തതിൽ ബാവാ കുപിതനായി. തിരുവനന്തപുരത്തെത്തി മഹാരാജാവിനെ മുഖം കാണിച്ച അദ്ദേഹം തിരിച്ച് കോട്ടയത്തെത്തി വൃശ്ചികം 12–ന് പഴയസെമിനാരി സ്ഥാപകന്റെ പെരുന്നാളിന് കോട്ടയത്ത് ഒരു സുന്നഹദോസ് – അസോസ്യേഷൻ – വിളിച്ചുകൂട്ടി. എട്ട് ദിവസം വരെ താമസിപ്പാൻ ഒരുങ്ങിവരണമെന്ന് 1909 തുലാം 15 ന് സെമിനാരിയിൽ നിന്നയച്ച സർക്കുലറിൽ ആവശ്യപ്പെട്ടിരുന്നു. മീറ്റിംഗിൽ ഹാജരായ ഇലഞ്ഞിക്കൽ ജോൺ വക്കീൽ സുന്നഹദോസ് നടപടി സാക്ഷിക്കുന്നു: "12–ന് പെരുന്നാൾ. അന്ന് മീറ്റിംഗ് കൂടിയില്ല. പിറ്റേന്ന് ഉച്ചയ്ക്ക് ആരംഭിച്ചു. പാത്രിയർക്കീസിന്റെ പ്രാരംഭ പ്രസംഗം കഴിഞ്ഞ് ബാവായും മെത്രാന്മാരും മുറികളിൽ പോയി. സി. ജെ. കുര്യൻ, എം. എ. ചാക്കോ, ജോൺ വക്കീൽ എന്നിവരെ മുറിയിൽ വിളിച്ച് പാത്രിയർക്കീസിന്റെ അധികാരം സമ്മതിക്കുന്ന രേഖ ആവശ്യപ്പെട്ടു. അവർ താഴെയിറങ്ങി 1000 ത്തോളം വരുന്ന പ്രതിനിധികളോട് കാര്യം പറഞ്ഞു. അല്പനേരത്തെ നിശബ്ദതയ്ക്കും കൂടിയാലോചനകൾക്കും ശേഷം എം. പി. വർക്കിയും മറ്റും 'പാത്രിയർക്കീസ് ആവശ്യപ്പെട്ടത് ചെയ്യാൻ പാടില്ല' എന്ന് അസന്ദിഗ്ദ്ധമായി പറഞ്ഞു."

ഇതിൽ കുപിതനായ ബാവായെ സാന്ത്വനിപ്പിക്കാൻ നടത്തിയ ശ്രമങ്ങളൊന്നും വേണ്ടത്ര വിജയിച്ചില്ല. ലൗകികാധികാരം സംബന്ധിച്ച് യോഗത്തിന്റെ അഭിപ്രായം അറിഞ്ഞപ്പോൾ ബാവാ ആ വിഷയം തത്ക്കാലം മാറ്റിവച്ചു. എത്ര മെത്രാന്മാർ വേണമെന്ന് തീരുമാനിക്കാനായി അടുത്ത ആവശ്യം. അക്കാര്യത്തിലും ബാവായുടെ ആഗ്രഹത്തോട് പള്ളിക്കാർ വിയോജിച്ചു. എത്രയും കുറച്ച് മെത്രാന്മാർ മതി എന്നായിരുന്നു യോഗത്തിന്റെ നിലപാട്. ചുരുക്കത്തിൽ പരസ്പരം മനസ്സിലാക്കലല്ലാതെ മറ്റൊന്നും വൃശ്ചികം യോഗത്തിൽ നടന്നില്ല. ഇതിനിടയിൽ ലൗകികാധികാരം സമ്മതിച്ച് ഉടമ്പടി കൊടുത്തില്ലെങ്കിൽ മുടക്കിക്കളയു

മെന്ന് പത്രോസ് തൃതീയൻ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായെ ഭീഷണിപ്പെടുത്തിയ അതേ വാക്കുകളിൽ അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്കെതിരെയും ഭീഷണി പുറപ്പെടുവിച്ചു. മുൻഗാമിയുടെ നിലപാടിൽ പിൻഗാമിയും ഉറച്ചുനിന്നു. വട്ടശ്ശേരിൽ മെത്രാച്ചനെ കൊച്ചാക്കുവാൻ ലഭിച്ച അവസരമെന്ന നിലയിൽ കൂട്ടുട്രസ്റ്റികളായ കോനാട്ട് മല്പാനും സി. ജെ. കുര്യനും ബാവായെ അനുകൂലിച്ചു. വലിയ മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ സഭാസേവനരംഗത്തെത്തിയ കെ. സി. മാമ്മൻമാപ്പിള, ഇ. ജെ. ജോൺ വക്കീൽ, പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ തുടങ്ങിയവർ മലങ്കരസഭയുടെ വീരപൗരുഷത്തിന്റെ പ്രതീകമായി വളർന്നുകൊണ്ടേയിരുന്ന വട്ടശ്ശേരിൽ മെത്രാച്ചനെ ധൈര്യപ്പെടുത്തി. ബാവാക്കക്ഷി, മെത്രാൻ കക്ഷി എന്നീ ലേബലുകളിൽ സമുദായം ധ്രുവീകരിക്കപ്പെട്ടു.

അനുരഞ്ജനം അസാധ്യമെന്ന് വന്നപ്പോൾ 'ജാത്യാഭിമാനി' എന്ന പേരിൽ മഹാദേവർ പട്ടണം എന്ന സ്ഥലത്തുനിന്ന് 1909 ധനു 1-ന് ഒരു നീണ്ട ലഘുലേഖ പ്രസിദ്ധീകൃതമായി. മലങ്കരസഭയുടെ ചരിത്രം, വർത്തമാനകാല സംഭവവികാസങ്ങൾ, സഭയുടെ ഉറച്ച നിലപാടുകൾ എന്നിവ അപഗ്രഥിച്ച് വിശദീകരിച്ച ആ നോട്ടീസിൽ സിംഹാസനത്തിൽ നിന്ന് രാഷ്ട്രീയ കാരണങ്ങളാൽ പുറത്താക്കപ്പെട്ട അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസിന്റെ സഹായം തങ്ങൾ തേടുമെന്ന് അർത്ഥശങ്ക വരാതെ വ്യക്തമാക്കിയിരുന്നു. ഫാ. പി. ടി. ഗീവർഗീസിനെപ്പോലെ ഉന്നതവിദ്യാഭ്യാസം നേടിയ പ്രാപ്തരായ വൈദികരും മറ്റുമുള്ള മലങ്കര സഭയ്ക്ക് അതിന് കഴിയുമെന്ന് അറിയാമായിരുന്ന പാത്രിയർക്കീസ് ഈ നോട്ടീസിലെ സന്ദേശം ആഴത്തിൽ ഗ്രഹിച്ച് ഞെട്ടുക തന്നെ ചെയ്തു. 1910 ചിങ്ങം 23 ന് അദ്ദേഹം പുറപ്പെടുവിച്ച ഒരു സർക്കുലറിൽ തനിക്കെതിരായ ആരോപണങ്ങളെ നിഷേധിക്കുവാനും സ്വന്ത നിലപാടുകൾ വിശദീകരിക്കുവാനും പാത്രിയർക്കീസ് ശ്രമിച്ചു.

പ്രധാന പള്ളികൾ സന്ദർശിച്ച് വിധേയത്വ ഉടമ്പടികൾ വാങ്ങുവാൻ പാത്രിയർക്കീസ് നിശ്ചയിച്ചു. പുതുപ്പള്ളി, കണ്ടനാട്, കരിങ്ങാശ്ര എന്നീ ഇടവകകൾ അർദ്ധമനസ്സോടെ ഉടമ്പടി നൽകി. ഉടമ്പടി ആവശ്യപ്പെടുകയില്ല എന്ന മുൻകൂർ വ്യവസ്ഥയിൽ മാത്രമേ പിന്നീട് അദ്ദേഹത്തെ പള്ളികളിൽ ക്ഷണിച്ചുള്ളൂ. പള്ളിക്കര, അകപ്പറമ്പ്, പറവൂർ പള്ളികൾ ആ വ്യവസ്ഥയിൽ അദ്ദേഹത്തെ സ്വീകരിച്ചു. അയ്യമ്പള്ളിയിൽ അദ്ദേഹം വ്യവസ്ഥ ലംഘിച്ചത് മൂലം ബഹളം ഉണ്ടായി.

ഇത്രയുമായപ്പോഴേക്കും പാത്രിയർക്കീസ് പുതിയ തന്ത്രം മെനഞ്ഞു. മെത്രാൻസ്ഥാനം ആഗ്രഹിക്കുന്നവർക്ക് ഉടമ്പടി വാങ്ങി പട്ടം കൊടുക്കുവാൻ പത്രോസ് തൃതീയനെപ്പോലെ പിൻഗാമിയും നിശ്ചയിച്ചു. 1910

ഇടവം 25-ന് അപ്രകാരം ഉടമ്പടി കൊടുത്ത അകപ്പറമ്പ് പൗലൂസ് റമ്പാനെ 1910 ജൂൺ 9 ന് അകപ്പറമ്പ് പള്ളിയിൽ വച്ച് മാർ അബ്ദുള്ളാ മെത്രാനായി വാഴിച്ചു. 1910 ചിങ്ങം 11-ന് അപ്രകാരം ഉടമ്പടി കൊടുത്ത ഇടവഴിക്കൽ ഗീവർഗീസ് റമ്പാന് ചിങ്ങം 15 ന് സേവേറിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനം നൽകി. ചിങ്ങം 29 ന് നേരത്തെ മെത്രാൻ സ്ഥാനം സ്വീകരിച്ച കൂറിലോസും ഉടമ്പടി നൽകി. നേരിട്ടും ദൂതന്മാർ മുഖേനയും ആവശ്യപ്പെട്ടിട്ടും വട്ടശ്ശേരിൽ മെത്രാൻ പാത്രിയർക്കീസിന്റെ ലൗകികാധികാരം അംഗീകരിക്കുന്ന ഉടമ്പടി നൽകാൻ സന്നദ്ധനാകാത്തതിൽ പാത്രിയർക്കീസ് രോഷാകുലനായി. തന്റെ കൂടെ മലങ്കരയിലേക്കും വിനീത വിധേയനായി സഞ്ചരിച്ച 1876-ലെ ശെമ്മാശന്റെ മുഖമല്ല; ഗൗരവം തുടിച്ചു നിൽക്കുന്ന ഒരു സൈന്യാധിപന്റെ ഭാവം ബാവാ ശ്രദ്ധിച്ചു. കാര്യങ്ങൾ ഒരു മുടക്കിൽ കലാശിക്കുമെന്ന് ഏവർക്കും ഉറപ്പായപ്പോൾ അതൊഴിവാക്കുവാൻ നേതൃതലത്തിൽ ആലോചന തുടങ്ങി. തൽഫലമായി 1910 മേടം 22-ന് കോട്ടയം എം. ഡി. സെമിനാരിയിൽ 'മഹാജനസഭ' യോഗം ചേർന്നു; ഒരു പ്രതിനിധി സംഘം ബാവായെ കണ്ട് മെമ്മോറാണ്ടം കൊടുക്കുവാൻ നിശ്ചയിച്ചു. മേടം 28-ന് സന്ദർശനം നടന്നു. 'മുളന്തുരുത്തി സുന്നഹദോസിനെയും പരേതനായ പത്രോസ് പാത്രിയർക്കീസ് മുദ്ര വച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ള അതിലെ നിയമങ്ങളുടെ ഉദ്ദേശ്യങ്ങളെയും നമ്മുടെ വി. പിതാക്കന്മാരുടെ സകല നിശ്ചയങ്ങളെയും നാം ഒട്ടും തന്നെ നിരാകരിക്കുന്നതല്ല' എന്ന് ബാവാ ഇടവം 1-ന് അവർക്ക് രേഖാമൂലം മറുപടി നൽകി (പാറേട്ട്, വാല്യം 4, പു. 299). മുളന്തുരുത്തി തീരുമാനങ്ങൾ പാലിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകി മലങ്കര മെത്രാപ്പോലീത്താ നൽകിയ മറുപടിയിൽ ഇങ്ങനെ സ്വാഭിപ്രായം രേഖപ്പെടുത്തി: 'അസോസ്യേഷൻ കമ്മറ്റിയെക്കുറിച്ച്, അത് നമ്മുടെ കാവലും സഹായിയും മാർഗ്ഗദർശിയുമെന്നാണ് നാം വിചാരിക്കുന്നത്.'

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ മലങ്കരസഭാംഗങ്ങൾ പ്രബുദ്ധരാണെന്നും അന്യായമായ അധികാരപ്രവണതകളെ അനുകൂലിക്കുകയില്ലെന്നും പുതിയ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പ്, അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കൽ, മറ്റൊരു പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പും നിയമനവും എന്നീ വിഷയങ്ങളിൽ മുളന്തുരുത്തി സുന്നഹദോസ് തീരുമാനിച്ച 'അന്യോന്യം' പാത്രിയർക്കീസ് ലംഘിച്ചുവെന്നും അവകാശമില്ലാത്ത ചുമതലകൾ അടിമത്തമാണെന്ന് ഓർക്കണമെന്നും ലൗകികാധികാരം വിട്ടുകൊടുക്കുന്നത് കോടതി തീരുമാനങ്ങളുടെ ലംഘനമാകുമെന്നും തങ്ങൾ വിശ്വാസപൂർവ്വം തെരഞ്ഞെടുക്കുന്ന മലങ്കരമെത്രാപ്പോലീത്താ എന്തെങ്കിലും അന്യായം പ്രവർത്തിച്ചുവെങ്കിൽ അക്കാര്യം തങ്ങളോട് വ്യക്തമാ

ക്കണമെന്നും മറ്റും വിവരിക്കുന്ന ഒരു തുറന്ന കത്ത് ഇടവ മാസത്തിൽ തന്നെ പാത്രിയർക്കീസിന് അയച്ചു. വിയോജിപ്പിന്റെ പാത വിസ്തൃത മായിക്കൊണ്ടേയിരുന്നു. ശാന്തിദൂതുകൾ അവഗണിക്കപ്പെട്ടു. ശാന്തി സന്ദേശവാഹകർ അവഹേളിക്കപ്പെട്ടു. കുരുക്ഷേത്രയുദ്ധം അനിവാര്യ മായി. 1910 കന്നി 4-ന് കോട്ടയം എം. ഡി. സെമിനാരിയിൽ മലങ്കര മെത്രാനെ അനുകൂലിക്കുന്നവർ യോഗം ചേർന്നു. ചെറിയമഠത്തിൽ യാക്കോബ് കത്തനാർ ആധ്യക്ഷ്യം വഹിച്ചു. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പണിക്കർവീട്ടിൽ ഫാ. പി. റ്റി. ഗീവറുഗീസ്, ജോൺ വക്കീൽ എന്നിവർ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് രണ്ടാംസെഷനിൽ ഇ. ജെ. ജോൺ വക്കീൽ ആധ്യക്ഷ്യം വഹിച്ചു. യോഗതീരുമാനങ്ങൾ. 1. നിയമപ്രകാരം അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാരങ്ങൾ സമ്മതിക്കുന്നു. 2. സഭയുടെ വിശ്വാസാചാരങ്ങൾ അംഗീകരിക്കുന്നു. 3. ചരിത്രപരമായി മലങ്കരസഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ പാത്രിയർക്കീസ് നടത്തുന്ന ശ്രമങ്ങളിൽ വ്യസനിക്കുന്നു. 4. മലങ്കരയിൽ ഭരണം നട ത്തുന്ന മെത്രാന്മാർ തദ്ദേശീയരും തദ്ദേശീയരാൽ തെരഞ്ഞെടുക്കപ്പെട്ട വരുമാകണം. പാത്രിയർക്കീസ് വാഴിച്ചത് കൊണ്ടു മാത്രം പോരാ. 5. മുടക്കും സസ്പെൻഷനുമൊക്കെ കമ്മിറ്റി കാനോൻ പ്രകാരം ചെയ്യണം. 6. കുഴപ്പങ്ങൾ തീരുന്നതുവരെ ആരും പാത്രിയർക്കീസിനെ ക്ഷണിക്കുന്ന തല്ല. 7. സ്ലീബാ മാർ ഒസ്താത്തിയോസ് പിൻവലിക്കപ്പെടണം. 8. മല ങ്കരയിലെ ഭരണാധികാരികൾ അസോസ്യേഷൻ തെരഞ്ഞെടുത്ത മാനേ ജിംഗ് കമ്മിറ്റി മാത്രമാകുന്നു.

1910 കന്നി 8-ന് ഒരു മുഖപ്രസംഗത്തിലൂടെ മലയാള മനോരമ ഈ തീരുമാനങ്ങൾക്ക് വിപുലമായ പ്രചാരം നൽകി. ദേശീയ വിപത്തുകൾ ക്കെതിരെ പൊതുജനാഭിപ്രായം സംഘടിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധമാ യ ആ പത്രത്തിന്റെ അന്നത്തെ നേതൃത്വം ദേശീയത, ജനാധിപത്യം, നിയമപരത, തത്വദീക്ഷ, നീതിബോധം എന്നീ മൂല്യങ്ങൾക്കുവേണ്ടി നില കൊള്ളുന്ന ഭൂരിപക്ഷ ജനവികാരത്തെ പിന്തുണച്ചു. വ്യക്തിപരമായ കാരണങ്ങളാൽ മലങ്കരമെത്രാപ്പോലീത്തായോട് വിയോജിച്ച് നില്ക്കേണ്ട അവസരത്തിലും മെത്രാപ്പോലീത്തായുടെ തത്വദീക്ഷയെ പുകഴ്ത്തുവാ നുള്ള വലിയ ഹൃദയം മനോരമയുടെ അന്നത്തെ പത്രാധിപർക്ക് വേണ്ടു വോളം ഉണ്ടായിരുന്നു.

മുളന്തുരുത്തി, മാന്തുരുത്തേൽ ഇടവകകൾ തുടങ്ങിവച്ച പ്രചാരണ യോഗങ്ങൾ സഭയിലെങ്ങും അനുവർത്തിക്കപ്പെട്ടു. മനോരമയുടെ അവ ശേഷമായി പ്രസിദ്ധീകരിച്ച 'മലങ്കരസഭാ രക്ഷകൻ' ഈ പ്രചാരണ ത്തിന്റെ ജിഹ്വ ആയിരുന്നു. 'മലങ്കര സുറിയാനി സഭാ സംരക്ഷക സംഘം' എന്ന പേരിൽ ഒരു സംഘടന രൂപീകൃതമായി. കെ. സി. മാമ്മൻ

മാപ്പിള, ഇ. ജെ. ജോൺ, കെ. വി. ചാക്കോ, എ. പീലിപ്പോസ് തുടങ്ങിയവർ അതിന് നേതൃത്വം നല്കി. ജനങ്ങളുടെ പ്രബുദ്ധതയും പ്രതികരണവും പ്രകടമാവുംതോറും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ബുദ്ധി മലങ്കര മെത്രാന്റേതാണെന്ന വിശ്വാസത്തിൽ പാത്രിയർക്കീസിന് അദ്ദേഹത്തോടുള്ള അനിഷ്ടം വർദ്ധിച്ചുകൊണ്ടേയിരുന്നു. എരിതീയിൽ എണ്ണ ഒഴിക്കുവാൻ കൂട്ടുട്രസ്റ്റികൾ ഒരിക്കലും മറന്നിരുന്നുമില്ല. പഴയസെമിനാരിയിൽ നിന്ന് മലങ്കര മെത്രാനെ പുറത്തുചാടിക്കാൻ അവിടെ ഒരു ശ്രമം ആരംഭിച്ചു. ദൃക്സാക്ഷിയായ ഫാ. പി. റ്റി. ഗീവർഗീസ് (പില്ക്കാലത്ത് ആർച്ച് ബിഷപ്പ് ഈവാനിയോസ്) ആ സംഭവങ്ങളെ തന്റെ ആത്മകഥയായ *ഗിരിദീപ*ത്തിൽ വിവരിക്കുന്നതിപ്രകാരമാണ്:

"അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ, ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, കൂറിലോസ് മെത്രാപ്പോലീത്താ, അത്താനാസ്യോസ് മെത്രാപ്പോലീത്താ, യൂയാക്കീം റമ്പാൻ, ഔഗേൻ റമ്പാൻ, ശീമക്കാരായ രണ്ട് റമ്പാന്മാർ, കോനാട്ട് മല്പാനച്ചൻ എന്നിവർ പഴയസെമിനാരിയിലെത്തി പ്രത്യേകം പ്രത്യേകം മുറികളിൽ ആവാസമുറപ്പിച്ചു. സെമിനാരിയുടെ കിഴക്കേകെട്ടിൽ മൂന്നാമത്തെ നിലയും പടിഞ്ഞാറെ കെട്ടിൽ രണ്ടാമത്തെ നിലയിലെ വടക്കേ മുറിയും കമ്മിറ്റി മാളികയും പാത്രിയർക്കീസ് ബാവായുടെ ആധിപത്യത്തിലുമായി. ഇങ്ങനെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും മട്ടയ്ക്കൽ മല്പാനച്ചനും ശെമ്മാശന്മാരും താമസിച്ചു വന്ന ചുരുക്കം ചില മുറികളൊഴിച്ച് രണ്ടും മൂന്നും നിലകളിലുള്ള സർവ്വ മുറികളുടേയും താക്കോലുകൾ മറുപക്ഷത്തായിക്കഴിഞ്ഞു. ഇവയ്ക്ക് പുറമേ പ്രസ്തുതയാണ്ട് ഇടവം 1-ാം തീയതി പ്രസ് മുറിയുടെ താക്കോലും ട്രസ്റ്റിമാരിലൊരാൾ കൈക്കലാക്കി" (പു. 13. 2-ാം പതിപ്പ്).

1911-ൽ ഉത്ഭവിച്ച സമരിക്കേസിൽ സംഭവങ്ങളുടെ ചുരുളഴിയുന്നു. സെമിനാരിയിൽ മാനേജർ ആയി പ്രവർത്തിച്ചിരുന്ന മട്ടയ്ക്കൽ മല്പാനച്ചനെ അവിശ്വാസം ആരോപിച്ച് കൂട്ടുട്രസ്റ്റികൾ നോട്ടീസ് നൽകി മാറ്റുന്നതായി അറിയിച്ചു. മാനേജരെ ആക്കുന്നതും നീക്കുന്നതും മലങ്കര മെത്രാപ്പോലീത്തായുടെ അധികാരമായതിനാൽ ഈ നോട്ടീസിന് വിലയില്ലെന്ന് മെത്രാപ്പോലീത്താ വ്യക്തമാക്കി. ഒടുവിൽ കമ്മിറ്റി മാളിക, ബെസ്ഗാസാ മുറി തുടങ്ങിയവ ജപ്തി ചെയ്ത് പോലീസ് അധീനതയിൽ വയ്ക്കുവാൻ ഇടവം 5 ന് മട്ടിസ്ട്രേട്ട് ഉത്തരവ് പുറപ്പെടുവിച്ചു.

"…. പ്രസിദ്ധപ്പെട്ട സെമിനാരി സമരിക്കേസും ആരംഭിച്ചു. ഇതിൽ വിജയം ലഭിക്കുന്നതിന് മെത്രാപ്പോലീത്തായെ മുടക്കാതെ യാതൊരു നിർവ്വാഹവുമില്ലെന്ന് പാത്രിയർക്കീസ് ബാവായും അദ്ദേഹത്തിന്റെ പക്ഷക്കാരും ആലോചിച്ചുറപ്പിച്ചു. അങ്ങനെയാണ് 1911 ഇടവം 28-ന് ശനിയാഴ്ച പ്രസ്തുത കല്പന അടുത്തമുറിയിൽ താമസിച്ചിരുന്ന മലങ്കര

മെത്രാപ്പോലീത്തായ്ക്ക് അടിയന്തിരത്തിൽ അഞ്ചൽമാർഗ്ഗം ലഭിക്കാൻ ഇടയായതും" (*ഗിരിദീപം*, പു. 13). ആർച്ച്ബിഷപ്പ് തുടർന്നെഴുതി: 'മുടക്കിന് മുമ്പ് അനുവർത്തിക്കേണ്ടുന്ന യാതൊരു കാനോനിക നടപടിയും ഗൗനിക്കപ്പെട്ടിട്ടില്ല. മേല്പട്ടക്കാരുടെ സുന്നഹദോസിൽ വച്ച് മെത്രാപ്പോലീത്തായുടെ സമാധാനങ്ങൾ ആവശ്യപ്പെടുകയും ഉണ്ടായില്ല.'

മുടക്കുകല്പനയുടെ അന്ത്യവാക്യങ്ങൾ ഇപ്രകാരം: "..... ഇങ്ങനെ നിങ്ങളെക്കുറിച്ചുണ്ടായിരുന്ന എന്റെ ആശ ഛേദിക്കപ്പെട്ടു. അതിനാൽ ഉന്നതമായ മേല്പട്ടസ്ഥാനത്തു നിന്ന് നിങ്ങളെ മുടക്കുകയും തള്ളുകയും ഉരിയുകയും ചെയ്തിരിക്കുന്നു. ... ഈ സന്ദേശം കിട്ടുന്ന നാഴിക മുതൽ മേല്പട്ടക്കാരനോ കത്തനാരോ ആയിരിപ്പാനും ആ സ്ഥാനങ്ങൾക്കടുത്ത യാതൊരു പ്രവൃത്തിയും ചെയ്വാനും നിങ്ങൾക്ക് അധികാരവും അനുവാദവും ഇല്ല. നിങ്ങൾ മേല്പട്ടക്കാരനോ കത്തനാരോ അല്ല. മേല്പട്ടക്കാരുടെയും കത്തനാരന്മാരുടേയും കൂട്ടത്തിൽ നിന്ന് ഞാൻ നിങ്ങളെ തള്ളിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് തന്നത് നിങ്ങളിൽ നിന്ന് എടുക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം അറിഞ്ഞുകൊൾക." 1911 ഇടവം 26-ന് കോട്ടയത്ത് പഴയസെമിനാരിയിൽ നിന്ന്.

താഴെ പറയുന്ന കാരണങ്ങൾ മുടക്കിനാധാരമായി കല്പനയിൽ കാണിച്ചിട്ടുണ്ട്:

1. പൊതുമുതലുകൾ പക്ഷഭേദം കൂടാതെ കൈകാര്യം ചെയ്യുന്നില്ല. 2. സർവസ്വാതന്ത്ര്യത്തോടു കൂടി അധികാരം നടത്തുന്നു. 3. സ്വാതന്ത്ര്യാധികാരത്തിന് വക്രമാർഗ്ഗങ്ങൾ അവലംബിക്കുന്നു. 4. സഭയിൽ വിവാദങ്ങളും കലഹങ്ങളും ഛിദ്രങ്ങളും ഉണ്ടാക്കുന്നു. 5. മേലധികാരി ഇല്ലാത്തവിധം പ്രവർത്തിക്കുന്നു. 6. നിയമാനുസൃത മേലാവിനെ അനുസരിക്കുന്നില്ല. 7. അന്ത്യോഖ്യായോട് വെറുപ്പ് വളരാൻ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നു. 8. വിശ്വാസ വിരുദ്ധ പ്രചാരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ശൽമൂസായിലെ സത്യപ്രതിജ്ഞകളെ ലംഘിക്കുന്നു. 10. നിങ്ങളുടെ കൈകൾക്ക് വിറയലുണ്ട്; പരാശ്രയം കൂടാതെ കുർബ്ബാനയും മറ്റ് മേല്പട്ടകർമ്മങ്ങളും ചെയ്യാൻ നിങ്ങൾക്ക് സാധ്യമല്ല.

ഇടവം 29-ന് മെത്രാപ്പോലീത്തായുടെ ആസ്ഥാനത്ത് മുടക്ക് കല്പന വായിക്കാനേർപ്പാടാക്കി എങ്കിലും വാർത്ത കേട്ട് ഞായറാഴ്ച സെമിനാരി ചാപ്പലിൽ വന്നുകൂടിയ ജനങ്ങളുടെ ബാഹുല്യം നിമിത്തം അതിന് ധൈര്യമുണ്ടായില്ല. മുടക്കിന്റെ വാർത്ത പരസ്യമായതോടെ മാർ ദീവന്നാസ്യോസിന്റെ ആസ്ഥാനമായ പഴയസെമിനാരി ഒരു സവിശേഷ തീർത്ഥാടനകേന്ദ്രമായി മാറി. തങ്ങളുടെ അഭിമാനവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് വേണ്ടി കുരിശ് ചുമക്കാൻ ഒരുങ്ങിയ പിതാവിനെ

കണ്ട് കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നതിനും അദ്ദേഹത്തെ ധൈര്യപ്പെടുത്തുന്നതിനും ആയി മലങ്കരയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും സമുദായാഭിമാനികൾ അവിടേക്ക് ഒഴുകി. ഇടവം 32, മിഥുനം 3, മിഥുനം 7 എന്നീ തീയതികളിൽ സുദീർഘമായി മുഖപ്രസംഗം എഴുതിയ മനോരമ അവസരത്തിനൊത്തുയർന്നു.

തന്നെ മുടക്കിയാൽ മുടക്കിനെ സ്വർണ്ണമാലപോലെ ധരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഒരു മുടക്ക് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങൾ അറിയാമായിരുന്ന മെത്രാച്ചൻ അതൊഴിവാക്കാൻ എത്ര താഴാനും തയാറായിരുന്നു. കെ. സി. മാമ്മൻ മാപ്പിള അദ്ദേഹത്തിന്റെ *ജീവിതസ്മരണ*യിൽ എഴുതുന്നു: "…. ഒരു രാത്രി നിരാശാവിവശനായി പഴയസെമിനാരിയിൽ പാത്രിയർക്കീസ് താമസിക്കുന്ന മുറിയിൽ കയറിച്ചെന്ന് കണ്ണീരൊഴുക്കികൊണ്ട് അദ്ദേഹത്തിന്റെ കാലിൽ കെട്ടിപ്പിടിച്ചുകൊണ്ട്…. വല്ല വിധേനയും ഈ സഭ നശിക്കാതിരുന്നാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. അങ്ങനെയുള്ള നടപടികൾ ഒന്നും കൈക്കൊള്ളരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. ഞാൻ വേണമെങ്കിൽ സ്ഥാനം ഒഴിഞ്ഞേക്കാം എന്ന് പറഞ്ഞു. 'മറ്റ് മെത്രാച്ചന്മാർ ചെയ്തതുപോലെ ചെയ്യാമോ?' ഉത്തരം: അങ്ങനെ ചെയ്യാൻ എന്റെ മനഃസാക്ഷി അനുവദിക്കുന്നില്ല. സഭ എന്റെ കാര്യ വിചാരത്തിൽ ഏല്പിക്കപ്പെട്ട ഒരു ട്രസ്റ്റ് ആണ്. അതിനെ ഞാൻ എങ്ങനെ ഒറ്റിക്കൊടുക്കും? അത് ഒരിക്കലും എന്നെക്കൊണ്ട് സാധ്യമല്ല" (മനോരമ ആഴ്ചപ്പതിപ്പ്, 1956 സെപ്തം. 22).

മുറിമറ്റത്തിൽ മാർ ഈവാനിയോസും അൽവാറീസ് മാർ യൂലിയോസും സംയുക്തമായി മിഥുനം 2 ന് പള്ളികൾക്കയച്ച ഒരു സർക്കുലറിൽ മുടക്കു കല്പനയിലെ ഓരോ ഖണ്ഡികയും പരിശോധിച്ച് അവയെല്ലാം അടിസ്ഥാനരഹിതവും അവ്യക്തവുമായ ആരോപണങ്ങളാണെന്നും ഉടമ്പടിയുടെ കാര്യത്തിൽ ഉടക്കിയതിന്റെ പേരിൽ മാത്രമുണ്ടായ ഈ നടപടി കാനോനികമായും നിയമപരമായും നിലനില്ക്കത്തക്കതല്ലെന്നും തങ്ങളുടെ നിലപാട് വിശ്വാസികളെ അറിയിച്ചു. ഇതിൽ കോപപരവശനായ പാത്രിയർക്കീസ് മഹാവൃദ്ധതയിൽ അകപ്പെട്ട് ചെവിയ്ക്ക് കേൾവിക്കുറവും മറ്റും സംഭവിച്ചതുകൊണ്ട് ഇടവകക്കാരുടെ അപേക്ഷ അനുസരിച്ച് ഇടവക ഭരണത്തിൽ നിന്ന് ഒഴിവാക്കുന്നുവെന്ന് ഈവാനിയോസിനും ഒരു മണിക്കൂറിനകം കോട്ടയം വിട്ടുകൊള്ളണമെന്നും ഒരാഴ്ചക്കകം സിലോണിലെത്തി ചാർജ്ജെടുത്തുകൊള്ളണം എന്നും കാണിച്ച് ഒരു കത്ത് അൽവാറീസ് യൂലിയോസിനും രജിസ്റ്റർ ചെയ്ത് അയച്ചു. രണ്ടുപേരും താമസിച്ചിടത്ത് മുൻ പതിവുപ്രകാരം തുടർന്നു.

1086 മിഥുനം 13-ന് കോട്ടയം എം. ഡി. സെമിനാരിയിൽ മാനേജിംഗ്

കമ്മിറ്റി ചേർന്നു. മലങ്കര മെത്രാനും അൽവാറീസ് മാർ യൂലിയോസും നേതൃത്വം നൽകി. 1911 ചിങ്ങം 22-ന് മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അസോസ്യേഷൻ സമ്മേളിച്ചു. അസോസ്യേഷൻ കൂടുന്നതിനു മുമ്പുണ്ടായ ഒരു അനുഭവം *ഗിരിദീപം* രേഖപ്പെടുത്തുന്നു: "മുടക്കുണ്ടായ ഉടനെ നാം ആ വിവരം കാണിച്ച് അബ്ദൽ മശിഹാ ബാവാ തിരുമനസ്സിലേക്ക് കമ്പി അടിച്ചു. താമസിയാതെ ആശ്വാസകരമായ മറുപടി കല്പന വന്നു. .... 'ദീവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതർ ആകുന്നു. അബ്ദുള്ളായുടെ മുടക്ക് അസാധുവായിട്ടുള്ളതത്രേ!' കമ്പിയുമായി തൽക്ഷണം നാം പഴയസെമിനാരിയിലെത്തി. മെത്രാപ്പോലീത്താ തിരുമേനിയെ വിവരം ഗ്രഹിപ്പിച്ചു. ഇവിടെ നിന്ന് അങ്ങോട്ട് കമ്പിയടിച്ചിരുന്ന വിവരമേ അറിഞ്ഞിട്ടില്ലായിരുന്ന മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നമ്മുടെ പക്കൽ നിന്ന് ആ മറുപടികമ്പി വാങ്ങി വായിച്ചു. അതാ, തിരുമനസ്സിലെ ഗണ്ഡതടങ്ങളിലൂടെ ഇരു കണ്ണുകളിൽ നിന്നും കണ്ണുനീർ അനർഗളമായി പ്രവഹിക്കാൻ തുടങ്ങുന്നു" (*ഗിരിദീപം,* പു. 24). അതിന് ശേഷം 1911 വൃശ്ചികം 15-ന് മെദിയാത്തിൽ നിന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസ് മാർ ദീവന്നാസ്യോസിന് ദീർഘമായ ഒരു ആശ്വാസ കല്പന അയച്ചു കൊടുത്തത് വേനൽമഴ പോലെ കുളിർമ്മയായി.

സമരിക്കേസിലെ ആദ്യ കോടതിവിധി 1811 ചിങ്ങം 19 ന് മജിസ്ട്രേറ്റ് രാഘവാചാരി പ്രഖ്യാപിച്ചു. സെമിനാരി മേലും മറ്റും മെത്രാപ്പോലീത്തായ്ക്കുള്ള കൈവശാവകാശം സ്ഥാപിക്കുന്ന വിധിയെത്തുടർന്നു പിറ്റേ ദിവസം വസ്തുവഹകൾ മെത്രാച്ചന് നടത്തിക്കൊടുത്തു. ഹൈക്കോർട്ടിലെ റിവിഷൻ ഹർജിയിൽ കൂട്ടുട്രസ്റ്റികൾക്കും കൂട്ടവകാശം ഉണ്ടെന്ന് വിധിയായി. കൈവശാവകാശം ഉറപ്പിക്കുവാൻ കൂട്ടുട്രസ്റ്റികൾ ശ്രമിച്ചത് കുറെ അസ്വസ്ഥ രംഗങ്ങൾ സൃഷ്ടിച്ചു. പാറേട്ട് എഴുതുന്നു: "സെമിനാരി പുരയിടത്തിൽ നിന്ന് തേങ്ങ ഇടുവിച്ച് കൈവശം ഉറപ്പിക്കുന്നതിന് ഏതാനും പരവരും അവരുടെ ദേഹരക്ഷക്കായി നാട്ടകം ചെറിയാന്റെ നേതൃത്വത്തിൽ കുറേ റൗഡികളും ആയി ട്രസ്റ്റികളുടെ പക്ഷത്തെ ഒരു പ്രബലൻ മീനം 16-ാം തീയതി പുറപ്പെട്ടു. പരവരുമായി വന്നവരോട് എതിർക്കാൻ ആ നിലയിൽ ഉള്ളവർ മെത്രാപ്പോലീത്തായുടെ പക്ഷത്ത് അപ്പോൾ അവിടെ ഹാജരുണ്ടായിരുന്നില്ല. എങ്കിലും കൊതുകിന്റത്ര വലിപ്പമുള്ള സെമിനാരി മാനേജർ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ അവരോട് എതിരിട്ടു. അദ്ദേഹത്തോടൊന്നിച്ച് ഒന്നോ രണ്ടോ ശെമ്മാശന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. .... തേങ്ങാ ഇടുവിക്കരുതെന്ന് വിലക്കി. .... അവർ മല്പാന്റെ താടിമീശയ്ക്ക് പിടിച്ചു വലിച്ചുകൊണ്ട് അദ്ദേഹത്തെ നിർദ്ദയം പ്രഹരിച്ചു. മെത്രാപ്പോലീത്താ ഇത് കണ്ട് അമ്പരന്ന് തൽക്ഷണം എന്താണ് ചെയ്യേണ്ടതെന്നറിയാതെ നിമിഷനേരത്തേക്ക് വികാരസ്തബ്ധനായി. തനിക്കുവേണ്ടിയാണല്ലോ മല്പാൻ ഈ അവമതിയും പീഡയും സഹിക്കുന്നതെന്ന വിചാരവും മനസ്സിലൂടെ

മിന്നൽപ്പിണർ പോലെ പാഞ്ഞു. .... മാർ കൂറിലോസ്, കോനാട്ട് മല്പാൻ, സി. ജെ. കുരിയൻ ഇവർ തെങ്ങിൻതോപ്പിൽ നടക്കുന്നത് കാണുന്നുണ്ടായിരുന്നു. മെത്രാപ്പോലീത്താ ഒരു ചൂരൽവടി എടുത്തുകൊണ്ട്.... ആഞ്ഞ് ഉയർത്തി മല്പാന്റെ പുറത്ത് തീർത്തൊരടി കൊടുത്തു. മല്പാൻ വേദന കൊണ്ട് പുളഞ്ഞു. ..... സി. ജെ. കുര്യൻ 'തിരുമേനി കോപിക്കരുതേ' എന്ന് പറഞ്ഞു. .... താൻ അത്ര മര്യാദക്കാരനാണെങ്കിൽ മല്പാനെ തല്ലുന്ന തന്റെ അനുജനെ തിരികെ വിളിക്ക്.' ഇതോടുകൂടി തേങ്ങ ഇറക്കലും കൈവശപ്പെടുത്തലും അവസാനിച്ചു."

മുൻ പ്രസ്താവിച്ചപ്രകാരം 1811 ചിങ്ങം 22 ന് കോട്ടയം എം. ഡി. സെമിനാരിയിൽ അസോസ്യേഷൻ കൂടി. മെത്രാപ്പോലീത്തായുടെയും ഇ. ജെ. ജോണിന്റെയും പ്രസംഗങ്ങൾക്ക് ശേഷം ഉണ്ടായ യോഗനിശ്ചയങ്ങൾ:

1. മെത്രാപ്പോലീത്തായോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. 2. മുടക്കുകല്പന അസാധുവാണെന്ന് സ്ഥാപിച്ച് പരസ്യമായ കല്പന അയച്ച രണ്ട് മെത്രാന്മാരെ അഭിനന്ദിക്കുന്നു. 3. മുടക്കിൽ കാണിച്ച കാര്യങ്ങൾ അല്ല ഉടമ്പടിക്കാര്യമാണ് മുടക്കിന്റെ യഥാർത്ഥ ഹേതു. 4. പാത്രിയർക്കീസിന്റെ മുടക്കുകല്പന മലങ്കരസഭ നിരാകരിക്കുന്നു. 5. അന്ത്യോഖ്യൻ ബന്ധം ദോഷമില്ലാതെ തുടരാൻ മാർഗ്ഗം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പുന്നൂസ് റമ്പാൻ, കാരുചിറ റമ്പാൻ, പാമ്പാടി റമ്പാൻ എന്നിവരും മാനേജിംഗ് കമ്മിറ്റി നിർദ്ദേശിക്കുന്ന ഏതാനുംപേരും ചേർന്ന് ശീമയിൽ ചെന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസുമായി ബന്ധപ്പെട്ട് വിവരം അസോസ്യേഷനിലേക്ക് റിപ്പോർട്ട് ചെയ്യണം. 6. അബ്ദുള്ളായുടെ എല്ലാ കല്പനകളേയും നിരാകരിക്കണം. 7. റിശീസായുടെ കാര്യം മേൽ റിപ്പോർട്ടിൻ മേലുള്ള തീരുമാനപ്രകാരം തീരുമാനിക്കുന്നതാണ്. 8. കൂട്ടു ട്രസ്റ്റികളായി പാലപ്പിള്ളിൽ പൗലോസ് കത്തനാരെയും കോട്ടയത്ത് ചിറക്കടവിൽ കോരുള അബ്രഹാമിനെയും തെരഞ്ഞെടുത്തു. 9. മലങ്കര നേരിട്ടിരിക്കുന്ന വിപത്തിനെ തടയുവാൻ സമുദായ വക പണം ഉപയോഗിക്കാം. 10. സെക്രട്ടറി സ്ഥാനം ഇ. എം. ഫിലിപ്പ് രാജിവയ്ക്കയാൽ തൽസ്ഥാനത്ത് കെ. വി. ചാക്കോയെ സ്ഥിരപ്പെടുത്തി. 11. 1911 ചിങ്ങം 14-ന് അബ്ദുള്ളാ വിളിച്ചു കൂട്ടിയ ആലുവായോഗം അസാധുവാകുന്നു.

മാർ കൂറിലോസിനെ സമാന്തര മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തതാണ് ചിങ്ങം 14-ലെ ആലുവാ യോഗത്തിന്റെ പ്രധാന നിശ്ചയം. തനിക്ക് വേണ്ടി പോരാടാൻ ഒരു സൈന്യത്തലവനെ നിയോഗിച്ചു എന്ന സംതൃപ്തിയോടെ പാത്രിയർക്കീസ് കന്നി 28 ന് മലങ്കരയോട് യാത്ര പറഞ്ഞു.

ഇതിനുശേഷമാണ് സെമിനാരിയുടെ കൂട്ടുകൈവശവിധിയും തെങ്ങു കയറി പറമ്പ് കൈവശപ്പെടുത്തുവാനുള്ള വിഫലശ്രമവും അരങ്ങേറിയത്. ഇതോടെ സെമിനാരി കലാപഭൂമിയായി മാറി; റൗഡികളുടെ വിഹാര രംഗവും. സമാധാനലംഘനം ഒഴിവാക്കാൻ കോട്ടയത്തുള്ള എല്ലാ പള്ളികളും സർക്കാർ അടച്ചു പൂട്ടി. മീനം 8-ന് സെമിനാരി ചാപ്പലും അടച്ചു. മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായി തിരുവല്ലായിൽ നിന്നും പി. ടി. ഗീവർഗ്ഗീസ് പണിക്കരച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് കെ. എം. മാമ്മൻമാപ്പിള ആറ്റുപുറത്ത് പാപ്പിയെ നിയോഗിച്ചു. ആനപ്പാപ്പി എന്നും കൂടെ വിളിക്കപ്പെട്ടിരുന്ന ഇയാൾ ചുമതലയേറ്റതിന്റെ പിറ്റേദിവസം 1912 മീനം 19 ന് കൊല്ലപ്പെട്ടു. അതിദാരുണമായ ആ കൊലപാതകത്തോടെ സെമിനാരിയുടെ പിരിമുറുക്കം കൂടിയ അന്തരീക്ഷം ഒന്നയഞ്ഞു. കേസ് ഒടുവിൽ തെളിഞ്ഞു; പ്രതികളെ ജീവപര്യന്തം തടവിന് കോട്ടയം സെഷൻസ് കോടതി 1912 കന്നി 26 ന് വിധി പ്രഖ്യാപിച്ചു.

മാർ ദീവന്നാസ്യോസിനെ വധിക്കാനും ശ്രമങ്ങൾ നടന്നതായി സമകാല പ്രസ്താവമുണ്ട്. *ഗിരിദീപം* പറയുന്നു: "അക്കാലത്ത് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ജീവനെ ലക്ഷ്യം വച്ച് പല തരം വിക്രിയകൾ നടത്തപ്പെട്ട അനേകം രാത്രികൾ കഴിഞ്ഞുപോയിട്ടുണ്ട്. സെമിനാരി കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള വടക്കുവശത്തെ മുറിയിൽ തിരുമേനി നിർബാധം ഉറങ്ങിക്കൊണ്ടിരിക്കവേ, പ്രസ്തുത മുറിയുടെ പുറത്ത് മുളങ്കോവണിവച്ച് ജനൽ വഴി അകത്ത് പ്രവേശിപ്പാൻ പലപ്പോഴും ചട്ടമ്പികൾ ശ്രമിച്ചിട്ടുണ്ടെന്നും തദവസരത്തിൽ ഗോവേണി തെറ്റിപ്പോവുകയോ കയറിയ ആൾക്ക് തലചുറ്റൽ അനുഭവപ്പെടുകയോ ചെയ്കയാൽ മാത്രം ഉദ്ദേശ്യം നിവർത്തിക്കപ്പെടാത്തതാണെന്നും കേൾക്കുമ്പോൾ വായനക്കാർക്ക് ഹൃദയസ്പന്ദനം കൂടുതലായി തോന്നുന്നില്ലയോ?" (പു. 14). പാറേട്ട് എഴുതുന്നു: "..... ദീവന്നാസ്യോസിനെ വധിക്കുന്നതിനും ശ്രമങ്ങൾ നടന്നു എന്നും അദ്ദേഹം അത്ഭുതകരമാംവിധം രക്ഷപ്പെട്ടു എന്നും പറയപ്പെടുന്നുണ്ട്. ..... ഗോവണിവഴി കയറാൻ താൻ പല പ്രാവശ്യം ശ്രമിച്ചു എന്നും മുകളിൽ എത്തി ജനൽപടിയിൽ പിടിച്ചു കഴിഞ്ഞ ശേഷം ആരോ ദൂരത്തേക്ക് വലിച്ചെറിയുന്ന അനുഭവമാണ് ഉണ്ടായതെന്നും ആവിധം സംഭവിച്ചില്ലായിരുന്നുവെങ്കിൽ മെത്രാപ്പോലീത്തായുടെ കഥ താൻ കഴിക്കുമായിരുന്നുവെന്നും ആനപ്പാപ്പിക്കേസിൽ ഒന്നാംപ്രതിയായിരുന്ന കമാലുദീൻ ജീവപര്യന്തം ശിക്ഷ അനുഭവിച്ച് ജയിൽ വിമുക്തനായി വന്ന ശേഷം പലരോടും പറയാറുണ്ടായിരുന്നു" (വാല്യം 4, പു. 423, 424). മെത്രാപ്പോലീത്തായുടെ മൊഴിയിലും ഈ ശ്രമങ്ങളെപ്പറ്റി സൂചനയുണ്ട്: "..... എതിർഭാഗക്കാർ എന്റെ ജീവഹാനി വരുത്തുവാൻ ശ്രമിക്കുകയുണ്ടായി. ... മാർ ഈവാനിയോസ് (ബഥനി),

മാർ പീലക്സീനോസ് (കാരുചിറ) മാർ ഗ്രീഗോറിയോസ് (കുറിച്ചി) എന്നിവരെ അബ്ദൽ മശിഹാ മെത്രാന്മാരായി വാഴിച്ചത് എന്റെ ജീവന് ഹാനി വരാതിരിക്കാനുള്ള മാർഗ്ഗമായിട്ടു കൂടിയാണ് ഞാൻ വിചാരിച്ചിട്ടുള്ളത്...." (വട്ടിപ്പണക്കേസ് മൊഴി, പു. 1143). കെ. സി. മാമ്മൻമാപ്പിള തന്റെ 'ജീവിതസ്മരണ'കളിൽ ഈ പരാമർശങ്ങളെ പിൻതാങ്ങുന്നുണ്ട് (മനോരമ ആഴ്ചപ്പതിപ്പ്, 1956 ഒക്ടോ. 27).

അബ്ദുൽ മശിഹാ ബാവാ, ഒന്നാം കാതോലിക്കാ

1912 ഇടവം 23-ന് അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസ് അബ്ദൽ മശിഹാ മലങ്കരയിലെത്തി. സഭ അവിഭക്തമായിരുന്ന കാലത്തു തന്നെ കാതോലിക്കേറ്റിനെപ്പറ്റി മലങ്കരസഭാപിതാക്കന്മാർ ചിന്തിച്ചിരുന്നു. നവീകരണ വ്യവഹാര പശ്ചാത്തലത്തിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനപ്രകാരം സ്ഥിരീകരിക്കപ്പെടുകയും റോയൽകോടതി വിധിയിലെ അംഗീകാരത്തോടെ അനിഷേധ്യമാവുകയും ചെയ്ത പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരം ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗമായിട്ടും മഹാത്മാവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന് സമർഹമായ അംഗീകാരം നൽകാനായിട്ടുള്ള മാർഗ്ഗമായിട്ടുമാണ് അപ്രകാരം ശ്രമം തുടങ്ങിയത്. ശേഷിച്ച പിടിവള്ളിയും വിട്ടുപോകാൻ സമ്മതമല്ലാത്തതുകൊണ്ട് ആ അഭ്യർത്ഥന നിരസിക്കപ്പെട്ടു. മലങ്കരമെത്രാന്റെ ഭരണാധികാരങ്ങൾ അന്ത്യോഖ്യൻ പ്രതിനിധി എന്ന നിലയിൽ സ്ലീബാ ഒസ്താത്തിയോസിന് നല്കുമെങ്കിൽ വട്ടശ്ശേരിൽ ദീവന്നാസ്യോസിനെ കാതോലിക്കാ സ്ഥാനത്ത് അവരോധിക്കുവാൻ അബ്ദുള്ളാ ബാവായ്ക്ക് സമ്മതമായിരുന്നു. പക്ഷേ, അത് ഇവിടെ സമ്മതമുള്ള കാര്യമായിരുന്നില്ല. അന്ത്യോഖ്യൻ സഭാ ഭിന്നതയും മലങ്കരയിലെ ഭിന്നതകളും രൂക്ഷമായപ്പോൾ മലങ്കരസഭയുടെ സ്വപ്നസാക്ഷാത്കാരത്തിന് അനുകൂലമായ പശ്ചാത്തലമായി. ഇതു സംബന്ധിച്ച എഴുത്തുകുത്തുകൾ നടത്തിയത് മാർ ദീവന്നാസ്യോസിന്റെ ശിഷ്യനും ബഹിശ്ചരപ്രാണനുമായ ഫാ. പി. ടി. ഗീവറുഗീസ് ആണ്. യാത്രച്ചിലവിനുള്ള പണം ലഭിച്ചതോടെ അബ്ദൽ മശിഹാ പുറപ്പെട്ടു. കപ്പൽവഴി കറാച്ചിയിലും അവിടെ നിന്ന് തീവണ്ടി വഴി ബോംബെയിലും 1912 മിഥുനം 1 ന് (ഇടവം 31?) ആർത്താറ്റ് - കുന്നംകുളം പള്ളിയിലുമെത്തി. മുൻ അസോസ്യേഷൻ തീരുമാനപ്രകാരം നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി വന്നു ചേർന്ന അദ്ദേഹം കുന്നംകുളം, എറണാകുളം, മാന്തുരുത്തേൽ, മുളന്തുരുത്തി, തെക്കൻപറവൂർ, കാഞ്ഞിരമറ്റം എന്നീ പള്ളികളിലെ സന്ദർശനം കഴിഞ്ഞ് കർക്കിടകം 12-ന് പരുമല സെമിനാരിയിലെത്തി. 1912 ചിങ്ങം 14-ന് കമ്മിറ്റി ചേർന്നു. കമ്മിറ്റി പ്രതിനിധികൾ ഔദ്യോഗികമായി ബാവായെ കണ്ട് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ - സീനിയർ

മെത്രാപ്പോലീത്തായെ - കാതോലിക്കാ ആയി വാഴിക്കുവാൻ അപേക്ഷിച്ചു. ചിങ്ങം 17-ന് ബാവാ അക്കാര്യം പ്രസിദ്ധപ്പെടുത്തുന്ന ഒരു സർക്കുലർ പള്ളികൾക്കയച്ചു. അതിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ചിങ്ങം 26-ന് കല്ലാശ്ശേരി പുന്നൂസ് റമ്പാനെ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ പരുമലപള്ളിയിൽ വച്ച് മെത്രാനായി വാഴിച്ചു. 1912 സെപ്തംബർ 17-ന് മാർ ദീവന്നാസ്യോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും സഹകരണത്തിൽ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനാധിപതിയായ പൗരസ്ത്യകാതോലിക്കായായി നിരണം പള്ളിയിൽ വച്ച് അഭിഷേകം ചെയ്തു. ഇതോടെ സെലൂഷ്യയിലും തിഗ്രീസിലുമായി സ്ഥിതിചെയ്തിരുന്ന കാതോലിക്കാ - മഫ്രിയാന സ്ഥാപനം മലങ്കരയിലേക്ക് ഔദ്യോഗികമായും കാനോനികമായും സ്ഥാപിതമായി. മേല്പട്ടക്കാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനുമായി പാത്രിയർക്കീസിന് അവശേഷിച്ചിരുന്ന ആത്മീയ മേലധികാരം ശൂന്യതയിലെത്തുകയും ചെയ്തു. കാതോലിക്കാ വാഴ്ച നടക്കാതിരിക്കുവാൻ പാത്രിയർക്കീസിനു മേൽ ശീമയിൽ നിന്ന് ബാവായോടൊപ്പം വന്ന റമ്പാന്മാർ സമ്മർദ്ദവും ഭീഷണിയും മുഴക്കിയെന്നും ഒടുവിൽ ഫാ. പി. ടി. ഗീവറുഗീസ് വാഗ്ദാനം ചെയ്ത സുരക്ഷിതത്വത്തിന്റെ ഉറപ്പിലാണ് വാഴ്ച നടന്നതെന്നും *ഗിരിദീപം* പ്രസ്താവിച്ചിട്ടുണ്ട് (പു. 31–33).

“... നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീയ വാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മഫ്രിയാനയായി കിഴക്കിന്റെയും അതായത് ഇന്ത്യയിലേയും മറ്റുമുള്ള മാർത്തോമ്മായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം പട്ടം കൊടുത്തിരിക്കുന്നു...” എന്നിങ്ങനെ വിവരിച്ചുകൊണ്ട് നിരണം പള്ളിയിൽ നിന്ന് കന്നി 2-ാം തീയതിയും (സെപ്തം. 17) “.... കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്ക് അധികാരവും അവകാശവും ഉണ്ട്. ഇതിൽ നിന്നും നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല...” എന്നിങ്ങനെ വിവരിച്ചുകൊണ്ട് 1913 കുംഭം 8-ാം തീയതി പരുമല സെമിനാരിയിൽ നിന്നു അബ്ദൽ മശിഹാബാവാ ഓരോ കല്പന പള്ളികൾക്കയച്ചു. 1913 മകരം 29-ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് പാത്രിയർക്കീസ് കാതോലിക്കായുടേയും മറ്റും സഹകരണത്തിൽ കാരുചിറ റമ്പാനെ മാർ പീലക്സീനോസ് എന്ന പേരിലും കരോട്ടുവീട്ടിൽ യൂയാക്കീം റമ്പാനെ മാർ ഈവാനിയോസ് എന്ന പേരിലും മെത്രാനായി അഭിഷേകം ചെയ്തു. കുംഭം 20 ന് അബ്ദൽ മശിഹാ പാത്രിയർക്കീസ് സ്വദേശത്തേയ്ക്ക് യാത്രയായി.

അബ്ദുള്ളാ ബാവായുടെയും അനുയായികളുടേയും പീഡനങ്ങൾ മൂലം അബ്ദൽ മശിഹാ വളരെ പ്രയാസപ്പെട്ടു. പിന്നീട് 1915 ആഗസ്റ്റ് 30-ന് പാത്രിയർക്കീസന്മാരുടെ അന്ത്യ വിശ്രമരംഗമായ കുർക്കുമാ ദയറായിൽ വെച്ച് അദ്ദേഹം അന്തരിച്ചു. അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു. കാഴ്ച നഷ്ടപ്പെട്ട് ഭരണമില്ലാതെ കഴിഞ്ഞ മാർ അബ്ദുള്ളായെരുശലേമിലെ മാർക്കോസിന്റെ ദയറായിൽ 1915 നവംബർ 25 ന് നിര്യാതനായി; അവിടെത്തന്നെ സംസ്ക്കരിക്കപ്പെട്ടു.

വധഭീഷണിയുടെ മധ്യേയാണ് വടക്കൻ ഭദ്രാസനങ്ങളുടെ മധ്യേ കിടന്ന മാർ ഈവാനിയോസ് വൃദ്ധനായിട്ടും മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങിയും സഭയുടെ ക്ഷേമത്തെ പ്രതിയും അക്കാലങ്ങളിൽ ആകർഷകമല്ലാതിരുന്ന കാതോലിക്കാ പദവി സ്വീകരിച്ചത്. സഭയ്ക്ക് പൊതുവായ ഒരാസ്ഥാനം - കോട്ടയം പഴയസെമിനാരി - ഒരു നൂറ്റാണ്ടു മുമ്പേ തയാറാക്കപ്പെട്ടിരുന്നുവെങ്കിലും സാർവത്രിക പിതാവായ മലങ്കരയുടെ ഒന്നാം കാതോലിക്കാ സ്ഥിരവാസത്തിന്നിടം കാണാതെ ക്ലേശിച്ചു. സ്വന്തം ഇടവക - കോലഞ്ചേരി - യിൽ എതിർപ്പുണ്ടായപ്പോൾ മൂവാറ്റുപുഴ പുന്നൂസ് വക്കീലിന്റെ വീട്ടിൽ താമസിച്ചു. പിന്നീട് കോട്ടൂർ പള്ളിയിൽ താമസിച്ചു. ഒടുവിൽ പഴയസെമിനാരിയിൽ അദ്ദേഹത്തിന് താമസിക്കാനിടം കിട്ടി. രോഗിയായ അദ്ദേഹത്തിന് അവിടെ തൃപ്തികരമായ പരിചരണവും സ്വാതന്ത്ര്യവും ലഭിക്കാതെ വന്നപ്പോൾ സ്വതന്ത്രവും ദേശീയവുമായ സഭയുടെ പരമാധ്യക്ഷൻ വൈദികട്രസ്റ്റി പാലപ്പിള്ളിൽ മാണി പൗലൂസ് കത്തനാരുടെ പരിരക്ഷണയിൽ പാമ്പാക്കുട ചെറിയപള്ളിയിൽ അന്ത്യദിനങ്ങൾ കഴിച്ചുകൂട്ടി. യൂയാക്കീം ഈവാനിയോസ് ഏതാനും വൈദികരുടെ സഹകരണത്തിൽ കന്തീല നടത്തി. 1913 മെയ് 2-ന് മലങ്കരയിലെ പ്രഥമ കാതോലിക്കാ കാലം ചെയ്തു. ആദ്യത്തെ മൂന്നു ശുശ്രൂഷകൾ വൈദികർ നടത്തി. പിറ്റേദിവസം യൂയാക്കീം ഈവാനിയോസ് മെത്രാച്ചന്റെ കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന നടന്നു; നാലാം ക്രമം അപ്പോൾ നടത്തി. നഗരികാണിക്കലും അന്ത്യയാത്രപറച്ചിലും കഴിഞ്ഞ് അന്ത്യക്രമം നടത്തവേ സഭാഭാസുരൻ, എം.എ. അച്ചന്റെ അകമ്പടിയോടെ എത്തി പ്രൗഢഗംഭീരമായ ചരമപ്രസംഗം നടത്തി. പള്ളിയുടെ വടക്കേ വരാന്തയിൽ കിഴക്ക് തയ്യാറാക്കിയ കബറിടത്തിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു.

(കെ. വി. മാമ്മൻ എഴുതുന്നു: 'അദ്ദേഹത്തിന്റെ കബർ 1956 വരെ പാമ്പാക്കുട ചെറിയപള്ളിയുടെ വടക്കേ വരാന്തയിൽ ഒരു തുളസിത്തറപോലെ കിടന്നിരുന്നു. 1956-ൽ കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് എന്തിനോ ആ പള്ളിയിൽ ചെന്നപ്പോൾ മലങ്കരയിലെ ഒന്നാം കാതോലിക്കായുടെ കബർ കാണുവാനും അതിന്റെ

ശോച്യാവസ്ഥ മനസ്സിലാക്കുവാനും ഇടയായി. അദ്ദേഹം സ്വന്തം പണം ചെലവ് ചെയ്ത് കബർ പുതുക്കിപ്പണിയിച്ച് ഒരു മാർബിൾ ശില അവിടെ സ്ഥാപിക്കുകയും ചെയ്തു. അടുത്തകാലത്ത് കോലഞ്ചേരിയിലുള്ള ചുരുക്കം ചിലരുടെ ഉത്സാഹത്തിന്റെ ഫലമായി ഇന്ന് കാണുന്നപ്രകാരമുള്ള ഒരു കബർ കെട്ടിടവും കബറിനു മുകളിലുള്ള മറ്റു പണികളും നടത്തി അവിടെ മനോഹരമാക്കി. *മലങ്കരസഭയിലെ കാതോലിക്കാമാർ*, 1999, പു. 142)

ഒന്നാം കാതോലിക്കായുടെ ജീവചരിത്രം ഒറ്റ നോട്ടത്തിൽ

കോലഞ്ചേരി ഇടവകയിൽ മുറിമറ്റത്ത് കുരിയൻ - മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. ജനനം 17-1-1836. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. യൂയാക്കീം മാർ കൂറിലോസ് കശ്ശീശാപട്ടം നൽകി. 1876 ജൂൺ 29-ന് മുളന്തുരുത്തിയിൽ വച്ച് 24 അംഗ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പത്രോസ് തൃതീയൻ ബാവാ മാനേജിംഗ് കമ്മിറ്റിയോട് ആലോചിക്കാതെ മെത്രാന്മാരെ വാഴിച്ചതിനെ എതിർത്ത് വെളിയനാട് സുന്നഹദോസിൽ വച്ച് ആ സ്ഥാനം രാജി വച്ചു. 1877 മാർച്ച് 25 ന് കുറുപ്പമ്പടി പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ റമ്പാൻ സ്ഥാനം നൽകി. 1877 മെയ് 17 ന് കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് മാർ ഈവാനിയോസ് എന്ന പേരിൽ പത്രോസ് തൃതീയൻ മെത്രാപ്പോലീത്താ ആയി വാഴിച്ച് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല നൽകി (കണ്ടനാട്, തെക്കൻപറവൂർ, ചെമ്പിൽ, കുറിഞ്ഞി, പുറ്റുമാനൂർ, കണ്ണ്യാട്ട്നിരപ്പേൽ, നെച്ചൂർ, മാമ്മലശ്ശേരി, പിറവം, ഓണക്കൂർ, കോലഞ്ചേരി, കോട്ടൂർ, പാമ്പാക്കുട, രാമമംഗലം, മുളക്കുളം, മണ്ണത്തൂർ, വടകര, കുഴിക്കാട്ടുകുന്നേൽ, പുതുവേലി, പാലക്കുഴ, കടമറ്റം എന്നീ പള്ളികൾ).

1878 ജൂൺ 16-ന് മാമ്മലശ്ശേരി പള്ളിയിൽ വച്ച് സുന്ത്രോണിസോ നടത്തി. 1889 ജൂലൈ 29 ന് കോട്ടയം പഴയസെമിനാരിയിൽ നടന്ന അൽവാറീസ് യൂലിയോസിന്റെ മെത്രാഭിഷേകത്തിൽ സഹകാർമ്മികൻ. 1911 ആഗസ്റ്റ് 19-ന് മുളന്തുരുത്തിയിൽ നടന്ന മാർ അബ്ദുള്ളായുടെ മൂറോൻ കൂദാശയിൽ സഹകാർമ്മികൻ. 1912 സെപ്തം. 8 കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസിന്റെ മെത്രാൻ വാഴ്ചയിൽ സഹകാർമ്മികൻ. 1912 സെപ്തം. 15. നിരണത്ത് വച്ച് പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലൂസ് പ്രഥമൻ എന്ന പേരിൽ അബ്ദൽ മശീഹാ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ സിനഡ് വാഴിച്ചു. 1913 ഫെബ്രു. 9 ന് ചെങ്ങന്നൂർപള്ളിയിൽ നടന്ന യൂയാക്കീം ഈവാനിയോസ്, കാരുചിറ പീലക്സീനോസ് (പിന്നീട് രണ്ടാം കാതോലിക്കാ) എന്നിവരുടെ മെത്രാൻ വാഴ്ചയിൽ സഹകാർമ്മികൻ. 1913 മെയ് 2 ന് പാമ്പാക്കുട ചെറിയ പള്ളിയിൽ കാലം

ചെയ്തു. 1913 മെയ് 3-ന് കബറടക്കം നടത്തി. (പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ അത്താനാസ്യോസ് എന്നിവരുടെ കബറടക്ക ശുശ്രൂഷകൾക്ക് മെത്രാപ്പോലീത്താ ആയിരിക്കെ ഇദ്ദേഹം പ്രധാന കാർമ്മികൻ ആയിരുന്നു).

1913-ൽ തിരുവനന്തപുരം ജില്ലാക്കോടതിയിൽ വട്ടിപ്പണക്കേസ് ഫയൽ ചെയ്തു. മുടക്കിലിരിക്കേ മാർ ദീവന്നാസ്യോസ് കശ്ശീശാപട്ടം കൊടുത്ത ചെറുവത്തൂർ യാക്കോബ് കശ്ശീശായ്ക്കെതിരെ (കണ്ടിക്കൽ ചാക്കുണ്ണി അച്ചൻ) ഉണ്ടായ കുന്നംകുളം കേസിലാണ് ആദ്യം വിധിയുണ്ടായത്. രണ്ടു കേസിലേയും വാദഗതികൾ ഒരേ സംഗതികൾ തന്നെ. കുന്നംകുളം കേസ് 1917 മേടം 30 ന് അന്യായം ചെലവ് സഹിതം തള്ളി മാർ ദീവന്നാസ്യോസിന് ഗുണമായി വിധിച്ചു. 1918 ലെ അപ്പീൽക്കോടതി കീഴ്ക്കോടതി വിധിയെ അപ്പാടെ ശരി വച്ചു.

വട്ടിപ്പണക്കേസിൽ സ്പെഷൽ ജഡ്ജി ജി. ശങ്കരപ്പിള്ള 1919 ചിങ്ങം 30-ന് വിധി പറഞ്ഞു: ചെലവു സഹിതമുള്ള വിധി വട്ടശ്ശേരിൽ മെത്രാച്ചന് അനുകൂലമായിരുന്നു. താഴെ പറയുന്ന കാര്യങ്ങൾ വിധിയിൽ സ്ഥിരപ്പെട്ടു:

1. ആത്മീയ മേലധ്യക്ഷനാണെങ്കിലും പാത്രിയർക്കീസിന് മലങ്കരയിലെ സ്വത്തുക്കളിന്മേൽ അധികാരം ഒട്ടുമില്ല. 2. ആത്മീയ മേൽനോട്ടമുണ്ട്; ഉൾഭരണത്തിൽ പ്രവേശനം പാത്രിയർക്കീസിനില്ല. 3. മാർ ദീവന്നാസ്യോസിന്റെ ഭാഗത്തുനിന്ന് ഹാജരാക്കിയ കാനോൻ യഥാർത്ഥ കാനോൻ ആണ്. 4. മെത്രാനെ മുടക്കാൻ സുന്നഹദോസിന്റെ വിചാരണയും നിശ്ചയവും വേണം. 5. അബ്ദൽ മശിഹാ ആത്മീയാധികാരമുള്ള പാത്രിയർക്കീസാണ്. 6. മാർ അബ്ദുള്ളാ സ്വത്തുക്കളിന്മേൽ അധികാരം കാംക്ഷിച്ചു. 7. ഈ മോഹത്തെ ചെറുത്തതുകൊണ്ടാണ് മുടക്ക് ഉണ്ടായത്. 8 മുടക്കിൽ പറയുന്ന കുറ്റങ്ങൾ സാധുവല്ല. 9. മുടക്ക് അകാനോനികവും സ്വാഭാവിക നീതിക്ക് വിരുദ്ധവും തന്മൂലം അസാധുവുമാണ്. 10. കൂട്ടുട്രസ്റ്റിമാരെ തൽസ്ഥാനത്തു നിന്ന് നീക്കിയത് സാധുവാണ്. 11. പുതിയ കൂട്ടു ട്രസ്റ്റികൾ നിയമാനുസൃതമായി നിയമിക്കപ്പെട്ടവരും തന്മൂലം വട്ടിപ്പണപലിശ വാങ്ങാൻ അർഹരുമാണ്. 12. കൂറിലോസിന്റെ പിൻതുടർച്ചക്കാരനായി അത്താനാസ്യോസിനെ തെരഞ്ഞെടുത്തത് സാധുവല്ല. 13. കൂറിലോസ് മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി സാധുവായ യോഗത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

ജില്ലാക്കോടതി വിധിക്കെതിരെ പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ അപ്പീൽ നല്കി.

ദയറാ പ്രസ്ഥാനം

വെട്ടിയ്ക്കൽ ആശ്രമം സ്ഥാപിച്ചു കൊണ്ടും ചാത്തുരുത്തി റമ്പാന് സ്ഥാനം കൊടുത്ത് അവിടെ നിയമിച്ചുകൊണ്ടും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ആരംഭിച്ച ദയറാ പ്രസ്ഥാനം ശക്തി പ്രാപിച്ചില്ല. മലങ്കരയിലെ രണ്ടാമത്തെ ദയറാ പ്രസ്ഥാനം ബഥനി ആണ്; സ്ഥാപകർ ഫാ. പി. ടി. ഗീവർഗീസും ഫാ. അലക്സിയോസും. കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പൽ സ്ഥാനത്തു നിന്ന് സെറാമ്പൂർ കോളജിൽ അധ്യാപകനായത് പണിക്കരച്ചനും മലങ്കരസഭയ്ക്കും ഒരു വഴിത്തിരിവായി. ഇലഞ്ഞിക്കൽ ജോൺ വക്കീൽ 100 ഏക്കർ ഭൂമി സൗജന്യമായി നൽകി. മാമ്മൻ മാപ്പിളയുടെയും മറ്റും ഉത്സാഹത്താൽ 300 ഏക്കർ ഭൂമി സർക്കാരിൽ നിന്ന് പതിച്ചു കിട്ടി. കാഷായവസ്ത്രം ധരിച്ച് മശിഹാനുകരണസഭ (Order of Imitation of Christ - OIC) എന്ന പേരിൽ 1918-ൽ റാന്നി പെരുനാട്ടിലെ മുണ്ടൻമലയിൽ ഈ പ്രസ്ഥാനം സ്ഥാപിതമായി. സഭയിലെ മിഷണറി സമൂഹമാകാൻ ഉദ്ദേശിക്കപ്പെട്ട ഈ പ്രസ്ഥാനത്തിന് മലങ്കര മെത്രാപ്പോലീത്തായുടെ സർക്കുലർ പ്രകാരം അധ്യക്ഷൻ കരുവാറ്റാ, കാർത്തികപ്പള്ളി, ചേപ്പാട്, പള്ളിപ്പാട്, മാവേലിക്കര, വെണ്ണിക്കുളം, കല്ലൂപ്പാറ, കവിയൂർ, പള്ളം, കുറിച്ചി, കുഴിമറ്റം, വാകത്താനം, കോഴഞ്ചേരി, വഞ്ചിത്ര, കുന്നംകുളം, പഴഞ്ഞി, ആലപ്പുഴ, കൊച്ചി മുതലായ ഇടവകകളിൽ നിന്ന് വിപുലമായ സഹായങ്ങൾ സ്വീകരിച്ചു. ഫാ. അലക്സിയോസ് കേരളത്തിനും ഇന്ത്യയ്ക്കും വെളിയിൽ സഞ്ചരിച്ച് ഗണ്യമായ തുകകൾ ശേഖരിച്ചു. സുവിശേഷവേലയുടെ ഉണർവിന് വേണ്ടി സമുദായം ദാഹിച്ചിരിക്കുന്നു എന്ന് പിരുവുകാരുടെ അനുഭവസ്മരണകൾ സാക്ഷിക്കുന്നു. (*ഗിരിദീപം,* പു. 101-109). വ്രതാനുഷ്ഠാനം, യാമപ്രാർത്ഥനകളിലെ നിഷ്ഠ, നോമ്പുകളും ഉപവാസങ്ങളും, കൃഷി, പശു വളർത്തൽ തുടങ്ങിയവ ആശ്രമസ്ഥരുടെ ദിനചര്യകളിൽപെടുന്നു. അചിരേണ ബഥനിമലയിലും തിരുവല്ലായിലെ കന്യാസ്ത്രീമഠം, തിരുമൂലപുരം ഗൃഹം എന്നിവയിലുമായി ആശ്രമസ്ഥർ, സന്യാസ പരിശീലനാർത്ഥികൾ, അനാഥക്കുഞ്ഞുങ്ങൾ എന്നിങ്ങനെ ബഥനിയുടെ കർത്തവ്യങ്ങളും സേവനമേഖലകളും വികസിച്ച് വന്നു.

മലങ്കരസഭയുടെ മനഃസാക്ഷിയിൽ നിത്യമായ ചോദ്യചിഹ്നം അവശേഷിപ്പിച്ച ഒരു സംഭവം ഇവിടെ രേഖപ്പെടുത്തുവാനുണ്ട്. പാത്രിയർക്കീസിന്റെ അനുമതിയോടെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ശേഷം മെത്രാന്മാരുടെ സഹകരണത്തിൽ വാഴിച്ച അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 1923 സെപ്തം 23-ന് കാലം ചെയ്തു. മലങ്കരസഭയുടെ മിഷണറിയായി കർണ്ണാടക, സൗത്ത് കാനറ, ഗോവ എന്നിവിടങ്ങളിൽ കത്തോലിക്കാ സഭയുടെ പീഡനങ്ങളെ

ചെറുത്ത് അതിജീവിച്ച അദ്ദേഹത്തിന്റെ ജീവിതസൗകര്യങ്ങൾ ആരും അന്വേഷിച്ചില്ല. വൃദ്ധനും രോഗിയുമായപ്പോൾ പോലും മലങ്കരസഭയുടെ സൗഹാർദ്ദപൂർവ്വമായ അന്വേഷണം അദ്ദേഹത്തിന് ലഭിച്ചില്ല. അദ്ദേഹം സഭാചരിത്രത്തിൽ ഏറ്റവും അവസാനം പ്രത്യക്ഷപ്പെടുന്നത് അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കിയ അവസരത്തിലാണ്. അദ്ദേഹം മുറിമറ്റത്തിൽ ഈവാനിയോസുമൊന്നിച്ച് മുടക്കിന്റെ കാരണങ്ങൾ ബാലിശവും അകാനോനികവും അടിസ്ഥാനരഹിതവുമാണെന്ന് വിശദീകരിക്കുന്ന സംയുക്തമായ ലേഖനം കൊണ്ട് സഭയുടെ പ്രശംസ പിടിച്ചുപറ്റി.

അന്തരിച്ചപ്പോൾ ഗോവയിലെ മുനിസിപ്പൽ ശ്മശാനത്തിൽ ഒരു വൈദികന്റെ പോലും കാർമ്മികത്വമില്ലാതെ അനാഥനെപ്പോലെ മലങ്കര സഭയുടെ ആ മെത്രാപ്പോലീത്താ സംസ്കരിക്കപ്പെട്ടു. എന്തുകൊണ്ട് ലജ്ജാകരമായ ഈ സ്ഥിതിവിശേഷം ഉണ്ടായി എന്നത് ഉത്തരം തേടുന്ന പ്രഹേളികമായി സഭാചരിത്രത്തിൽ അവശേഷിക്കുന്നു.

പാത്രിയർക്കീസിന്റെ അനുവാദപ്രകാരവും പുലിക്കോട്ടിൽ മെത്രാച്ചന്റെ നിർദ്ദേശപ്രകാരവും പരുമല മാർ ഗ്രീഗോറിയോസും മറ്റും ചേർന്ന് സിലോണിൽ വച്ച് വാഴിച്ച റിനിവിലാത്തി മാർ തീമോത്തിയോസും അവഗണനയ്ക്ക് പാത്രമായി.

ഇങ്ങനെയിരിക്കേ ഹൈക്കോടതിയിലെ വട്ടിപ്പണക്കേസിൽ 1923 മീനം 10 ന് വട്ടശ്ശേരിൽ മെത്രാച്ചന് എതിരായി വീരരാഘവ അയ്യങ്കാർ, ചാറ്റ് ഫീൽഡ്, പപ്പുപിള്ള എന്നിവരടങ്ങിയ ഫുൾബഞ്ച് വിധി പ്രസ്താവിച്ചു. വിധിയുടെ സംക്ഷേപം ഇതാണ്: 1. 18 അക്കം കാനോൻ സ്വീകാര്യമാണ്. 2. പാത്രിയർക്കീസിന് മെത്രാനെ വാഴിക്കാം, മുടക്കാം. 3. മുടക്ക് നടപടികളൊന്നും കാനോനിൽ ഇല്ല. 4. മുടക്ക് സാധുവാണ്; തന്മൂലം ട്രസ്റ്റി സ്ഥാനത്തിന് യോഗ്യനല്ല. 5. അത്താനാസ്യോസിന്റെ മലങ്കര മെത്രാൻ സ്ഥാനം സ്വീകാര്യമല്ല. 6. കോനാട്ട് മല്പാനും സി. ജെ. കുര്യനും ട്രസ്റ്റിമാർ തന്നെ. 7. ശീശ്മയെപ്പറ്റി പ്രസ്താവമില്ല.

ഹൈക്കോടതിവിധി സഭയിൽ ഞെട്ടൽ ഉണ്ടാക്കി. മനോരമ ഉശിരൻ മുഖപ്രസംഗങ്ങളിലൂടെ ആളുകളുടെ മനോവീര്യം നിലനിർത്താനും വിധിയുടെ ന്യായരാഹിത്യം വെളിപ്പെടുത്താനും ശ്രമിച്ചു. ചിലരൊക്കെ അനുരഞ്ജനശ്രമങ്ങളിൽ മുഴുകി. വേണ്ടിവന്നാൽ ഒരു സ്വതന്ത്രസഭയുടെ ഭാഗമാകാൻ മലങ്കരയുടെ നാനാഭാഗങ്ങളിലും ബഥനിപ്പള്ളികൾ സ്ഥാപിതമായി. വളരെ ആലോചനകൾക്കുശേഷം 1923 ജൂൺ 23-ന് മാർ ദീവന്നാസ്യോസ് കുണ്ടറയിൽ നിന്ന് മർദ്ദീനിലേക്ക് യാത്രയായി; ആഗസ്റ്റ് 1-ന് മർദ്ദീനിലെത്തി. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ

സ്കറിയാ മല്പാൻ, ശുശ്രൂഷകൻ പരുമല ഐപ്പ്, കുന്നംകുളം വാറു എന്നിവർ കൂടെയുണ്ടായിരുന്നു. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മെത്രാപ്പോലീത്തായുടെ വാദമുഖങ്ങളെല്ലാം ശ്രദ്ധിച്ചു. 'മലങ്കരസഭയിൽ സമാധാനമുണ്ടായി കാണണമെന്നേ എനിക്കാഗ്രഹമുള്ളൂ. ഞാൻ വയസ്സനും രോഗിയും ആണ്. ഇനി സ്വസ്ഥമായി ജീവിക്കണമെന്നാണ് ആഗ്രഹം. മലങ്കരസഭയിൽ സമാധാനം ഉണ്ടാകുകയും മേൽനടപടിക്കാവശ്യമായവ ഏർപ്പെടുത്തിക്കാണുകയും ചെയ്താലുടൻ അസോസ്യേഷൻ കൂടി ഒരു മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്താ ആയി അതായത് എന്റെ പിൻഗാമിയായി തെരഞ്ഞെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നതാണ്. അത് കഴിഞ്ഞ് സകലതും അദ്ദേഹത്തെ ഏല്പിച്ച് സ്വസ്ഥമായിരിക്കുവാനാണ് എന്റെ ആഗ്രഹം. ... അബ്ദുൾ മശിഹാ അഭിഷേകം ചെയ്ത മേൽപ്പട്ടക്കാരെ അംഗീകരിച്ച് സഭയിൽ സമാധാനം പുനഃസ്ഥാപിക്കണം എന്ന് അഭ്യർത്ഥിക്കുന്നു' (പാറേട്ട്, വാല്യം 4, പു. 598, 607, 608) '.... 4 മാസം കഴിഞ്ഞപ്പോൾ മുടക്കഴിച്ചിരിക്കുന്നതായി ബാവാ പള്ളിയിൽ പ്രഖ്യാപിച്ചു. മുടക്കഴിക്കൽ സന്ദേശം മലങ്കരസഭയിൽ കൊണ്ടുചെന്ന് അവിടുത്തെ സഭാപരമായ സാഹചര്യങ്ങൾ കണ്ടശേഷം ആവശ്യമെന്ന് തോന്നുന്നപക്ഷം മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതി എന്ന നിർദ്ദേശത്തോടുകൂടി പാത്രിയർക്കീസ് യൂലിയോസ് മെത്രാനെ ഏല്പിച്ചു' (പാറേട്ട്, പു. 618) '.... പാത്രിയർക്കീസിന്റെ സമാധാനസന്ദേശം കണ്ടാൽ കൊള്ളാമെന്ന് മാർ ദീവന്നാസ്യോസ് ആവശ്യപ്പെട്ടു. ... ഒരു തടസവും പറയാതെ യൂലിയോസ് തന്റെ പോക്കറ്റിൽ നിന്ന് അതെടുത്തു. ചെറിയമഠത്തിൽ മല്പാൻ അത് വാങ്ങി നിവർത്തിപ്പിടിച്ചു. .... ചെറിയമഠത്തിൽ മല്പാൻ ഉച്ചത്തിൽ വായിച്ചു. നാമും പാറേട്ടച്ചനും അടുത്തുള്ള വരാന്തയിൽ ഉണ്ടായിരുന്നു. ചുരുങ്ങിയ വാചകത്തിൽ കാര്യമെല്ലാം ഭംഗിയായി എഴുതിയിട്ടുണ്ടായിരുന്നു. .... ആർക്കോണത്ത് നിന്ന് ഷൊർണൂർ എത്തിയപ്പോൾ കിടപ്പിലാണെന്ന് പറയപ്പെട്ട ഒസ്താത്തിയോസ് വന്നിരിക്കുന്നു. ... യൂലിയോസ് മെത്രാൻ കോട്ടയത്തെത്തിയപ്പോഴേക്കും ഈ പറഞ്ഞതെല്ലാം കെട്ടുകഥകളാണെന്ന് ചിലർ ചെണ്ടകൊട്ടാൻ തുടങ്ങി. രാവും പകലും എന്നതുപോലെ സംഗതികൾക്കാകപ്പാടെ ഒരു വ്യത്യാസം' (*ഗിരിദീപം,* പു. 37, 38).

ആശ്ചര്യകരമായ ഒരു കാര്യം ഇവിടെ പ്രസ്താവിപ്പാനുണ്ട്. പാത്രിയർക്കാ സന്ദർശനത്തിൽ ബാവാ പറഞ്ഞു: 'മലങ്കരയ്ക്ക് മഫ്രിയാനയെ വാഴിക്കുന്നതിന് അദ്ദേഹം (അബ്ദൽ മശിഹാ) ചില കല്പനകൾ കൊടുത്തിട്ടുള്ളതായി അറിയുന്നു. അത് നമുക്ക് ഇഷ്ടമില്ലാത്തതാണ്. അതിന് സമ്മതിക്കുന്നതല്ല. അതിനാൽ ആ കല്പനകൾ അനുസരിച്ച് അവർ മഫ്രിയാനയെ വാഴിക്കുന്നതല്ലെന്ന് മെത്രാൻ ഒരെഴുത്ത് എഴുതി തരണം'

എന്ന് പാത്രിയർക്കീസ് പറഞ്ഞപ്പോൾ ഞാൻ അവരോട് പറയാം അവർ ചെയ്യുമെന്നാണ് എന്റെ വിശ്വാസം' എന്ന് നാം മറുപടി പറയുകയുണ്ടായി (1924 മകരം 9 ന് പരുമല സെമിനാരിയിൽ നിന്ന് മാർ ദീവന്നാസ്യോസ് അയച്ച സർക്കുലർ. പത്രത്തിൽ ഇത് പ്രസിദ്ധപ്പെടുത്തി. പാറേട്ട്, പു. 622).

നീണ്ട കാത്തിരിപ്പിനുശേഷം കാലത്തിന്റെ സമ്മർദ്ദം കൊണ്ട് ദൈവത്തിന്റെ പദ്ധതിയനുസരിച്ച് മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റ് ഇല്ലാതായാൽപോലും ഏറെ ദുഃഖിക്കേണ്ടതില്ല. മുടക്ക് റദ്ദാക്കി മലങ്കരയിൽ സമാധാനം സ്ഥാപിക്കലാണ് തന്റെ പ്രഥമവും മുഖ്യവുമായ കർത്തവ്യമെന്ന ചിന്തയിൽ ആണ് ഈ കല്പന പ്രസിദ്ധീകരിക്കപ്പെട്ടത് എന്നതിൽ സംശയിക്കാനില്ല. ഒരുപക്ഷേ, ഒന്നാം കാതോലിക്കായുടെ കാലശേഷം നീണ്ടകാലത്തേക്ക് രണ്ടാം കാതോലിക്കായെ വാഴിക്കാതിരുന്നതിന് ഈ ചിന്തയും കാരണമായിരിക്കാം. അന്ത്യോഖ്യയുമായി അനുരഞ്ജനപ്പെട്ട് സഭയിൽ സമാധാനം പുനഃസ്ഥാപിക്കുക എന്ന ആത്മീയ ലക്ഷ്യത്തിന് വേണ്ടി കാതോലിക്കാ ഇല്ലാത്ത ഒരു കാലത്ത് ആ സ്ഥാപനത്തെ ബലി കൊടുക്കുന്നത് താരതമ്യേന പ്രതിബന്ധരഹിതമാവും എന്ന് അദ്ദേഹത്തിന് തോന്നിയിരിക്കാം. കാനോനികമായി എല്ലാ ആത്മീയ കർമ്മങ്ങളും നിർവഹിക്കാൻ ഒരു മെത്രാപ്പോലീത്തായെ ഹൂദായകാനോൻ അധികാരപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ കാതോലിക്കായോ പാത്രിയർക്കീസോ ഒരു സഭയുടെ നിലനില്പിന് അനുപേക്ഷണീയനല്ലെന്ന ദൂരക്കാഴ്ച കാനോൻ പണ്ഡിതനായ വട്ടശ്ശേരിൽ മെത്രാച്ചൻ ന്യായമായും കരുതിയിരിക്കാം.

മർദ്ദീൻ സന്ദർശനം വിഫലമായി; മാർ ഒസ്താത്തിയോസും കൂടെയുള്ളവരും ചേർന്ന് വിഫലമാക്കി. 1923 കുംഭം 19-ന് സി. ജെ. കുര്യൻ അന്തരിച്ചു. തങ്ങളുടെ ട്രസ്റ്റി സ്ഥാനത്തെ ചെറുതായി കാണാൻ ഉദ്യമിച്ച മെത്രാൻട്രസ്റ്റിയെ തോല്പിക്കാൻ ജീവിതവും ധനവും ഉഴിഞ്ഞുവച്ച അദ്ദേഹം ഒടുവിൽ തോറ്റു നിരാശനായി. പാത്രിയർക്കീസിന് ലൗകിക അധികാരം കൊടുക്കുവാൻ പാടില്ലെന്ന് ആലുവായോഗത്തിൽ പോലും നിലപാടെടുത്ത സി. ജെ. കുര്യൻ മെത്രാച്ചനോടുള്ള വിരോധത്തിന്റെ ബലിക്കല്ലിൽ സ്വജീവിതം ഹോമിച്ചു. പാറേട്ടിന്റെ നിരീക്ഷണം കേൾക്കുക: "... പിതൃവ്യനായിരുന്ന കുര്യൻ റൈട്ടർക്ക് മാത്യൂസ് അത്താനാസ്യോസിന്റെയും ജോസഫ് ദീവന്നാസ്യോസിന്റെയും കാലത്ത് സമുദായ കാര്യങ്ങളിൽ ഉണ്ടായിരുന്ന ഉന്നതസ്ഥാനമോ നിയന്ത്രണസ്വാധീനങ്ങളോ തനിക്കും വേണമെന്ന് സി. ജെ. കുര്യൻ ആഗ്രഹിച്ചു. ഗീവറുഗീസ് ദീവന്നാസ്യോസ് അത് വകവച്ച് കൊടുത്തില്ല. വക വച്ചുകൊടുക്കാൻ താത്വികമായി നിവൃത്തി ഇല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. അവർ തമ്മിൽ

തെറ്റി... എന്തിനും പോരുന്ന കോനാട്ട് മല്പാനെയും ആ വഴിയ്ക്ക് തുർക്കികളെയും കൂട്ടിപ്പിടിച്ചുകൊണ്ട് ഭാരതയുദ്ധത്തിനു പുറപ്പെട്ടു.... മാർ ഗീവറുഗീസ് ദീവന്നാസ്യോസും സി. ജെ. കുര്യനും യോജിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്നത്തെ നില എന്തായിരിക്കുമായിരുന്നു?" (പു. 636).

രണ്ടാം കാതോലിക്കാ

കോട്ടയം ഇടവകയുടെ വാകത്താനം കാരുചിറ പീലക്സീനോസിനെ 1925 ഏപ്രിൽ 30 ന് നിരണം പള്ളിയിൽ വച്ച് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (കുറിച്ചി), യൂയാക്കിം മാർ ഈവാനിയോസ് എന്നിവരടങ്ങിയ സിനഡ് രണ്ടാം കാതോലിക്കാ ആയി വാഴിച്ചു. അംശവസ്ത്രങ്ങൾ ഉൾപ്പെടെ സ്വന്തം വസ്ത്രങ്ങളെല്ലാം സ്വന്തം തയ്യൽമെഷീൻ ഉപയോഗിച്ച് അദ്ദേഹം തയ്യാറാക്കിയിരുന്നു. കുർബ്ബാനയ്ക്കു ഗോതമ്പ് പൊടി തിരികല്ലിൽ സ്വയം പൊടിച്ച് അദ്ദേഹം തയ്യാറാക്കിയിരുന്നു. ആശാരിപ്പണിയിലും കൽപ്പണിയിലും പരിശീലനം നേടിയ കലാകാരനായിരുന്നു അദ്ദേഹം. 1906-ൽ അദ്ദേഹം തയ്യാറാക്കിയ സഭാപഞ്ചാംഗം ശ്രദ്ധേയം. 1906 ധനു 30 ന് പ്രസിദ്ധപ്പെടുത്തിയ പഞ്ചാംഗം ഒരു വാർഷിക പ്രവർത്തനമാക്കാൻ ഉദ്ദേശിച്ചിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് പുലിക്കോട്ടിൽ ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ (ഇദ്ദേഹത്തിന്റെ ചിത്രവും കൊടുത്തിട്ടുണ്ട്) പൗലൂസ് അത്താനാസ്യോസ്, പൗലൂസ് ഈവാനിയോസ് എന്നിവരുടെ വിവരണമുണ്ട്. അദ്ദേഹം ചേർത്ത മലങ്കരയിലെ പിതാക്കന്മാരുടെ ലിസ്റ്റ് മാർത്തോമ്മായിൽ ആരംഭിക്കുന്നു. പാലക്കുന്നത്തു വലിയ മെത്രാച്ചനും കിടങ്ങൻ മെത്രാച്ചനും അതിലുണ്ട്. അന്നുള്ള 314 പള്ളിയുടെ പേർ ചേർത്തിട്ടുണ്ട്. 3 ഇംഗ്ലീഷ് ഹൈസ്കൂളുകൾ, 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ, 200 മലയാളം പ്രൈമറി വിദ്യാലയങ്ങൾ, 2 പെൺ പള്ളിക്കൂടങ്ങൾ എന്നിവ അന്ന് സഭയ്ക്ക് ഉള്ളതായി പഞ്ചാംഗത്തിൽ ചേർത്തിട്ടുണ്ട്.

അന്നത്തെ മാനേജിംഗ് കമ്മിറ്റിയിൽ മെത്രാന്മാർക്ക് പുറമേ 8 വൈദികരും 11 അവൈദികരും അംഗങ്ങൾ. ഇ. എം. ഫിലിപ്പ് അസോസ്യേഷൻ സെക്രട്ടറി, മലങ്കര സുറിയാനി സുവിശേഷകസംഘം പ്രവർത്തിച്ചിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതുക്രിസ്ത്യാനി ഇടവകകളും അന്നുണ്ടായിരുന്നു. കൂടാതെ 1905 മുതൽ 1931 വരെ നോമ്പു കണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് എന്നിവ പഞ്ചാംഗത്തിലുണ്ട്.

1928 ഡിസം. 17-ന് രണ്ടാം കാതോലിക്കാ അന്തരിച്ചു. വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ഹൈക്കോടതി ഫുൾബെഞ്ചിന്റെ പരിഗണനയിലായിരുന്ന വട്ടിപ്പണഅപ്പീൽ പുനർ വിചാരണകേസ് കാതോലിക്കേറ്റിന് അനുകൂലമായി 1928 ജൂലൈ 4 ന് വിധിച്ചു. ചെലവു

സഹിതം വിധിച്ച വിധിയിൽ മുടക്ക് അസാധു ആണെന്നും മൂറോൻ കൂദാശ, മെത്രാൻവാഴ്ച എന്നിവയ്ക്കുള്ള പാത്രിയർക്കാ അധികാരം ശൂന്യപ്രായമായി എന്നും എടുത്ത് പറഞ്ഞിരുന്നു.

രണ്ടാം കാതോലിക്കായുടെ ജീവചരിത്രത്തിലെ നാഴികക്കല്ലുകൾ

1870 ജനുവരി 11 ന് വാകത്താനം കാരുചിറ കുടുംബത്തിൽ ജനിച്ചു. 1886 ജൂൺ 13 ന് വാകത്താനം സെന്റ് ജോൺസ് പള്ളിയിൽ വച്ച് കട വിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനം നൽകി. 1892 സെപ്തം. 18 ന് കുറിച്ചി വലിയപള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് പൂർണ്ണ ശെമ്മാശനാക്കി. 1896 ആഗ. 16-ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കശ്ശീശാ സ്ഥാനം നൽകി. 1896 ആഗ. 23 ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാ സ്യോസ് റമ്പാനാക്കി.

1913 ഫെബ്രു. 9-ന് ചെങ്ങന്നൂർ പഴയപള്ളിയിൽ വച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിലുള്ള സിനഡ് മെത്രാപ്പോലീത്താ സ്ഥാനം നൽകി. 1925 ഏപ്രിൽ 30 ന് നിരണം പള്ളി യിൽ വച്ച് കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു. 1925 മെയ് 19 ന് ബഥനിയുടെ ഈവാനിയോസിന് എപ്പിസ്ക്കോപ്പാസ്ഥാനം നൽകി (നിരണം). 1928 ഡിസം. 17 ന് നെയ്യൂർ ആശുപത്രിയിൽ വച്ച് കാലം ചെയ്തു. 18 ന് വള്ളിക്കാട്ട് ദയറായിൽ കബറടക്കി.

1927 ഇടവം 28 ന് ക്നാനായ ഇടവകയുടെ ഇടവഴിക്കൽ സേവേറി യോസ് അന്തരിച്ചു. തോമസ് ദീയസ്ക്കോറോസ്, മീഖായേൽ ദീവന്നാ സ്യോസ് എന്നീ രണ്ടു മെത്രാന്മാരെ 1926 തുലാം മാസത്തിൽ പാത്രിയർ ക്കീസ് യെരുശലേമിൽ വച്ച് പട്ടം കെട്ടി. 1927 മെയ് 15-ന് ഔഗേൻ മാർ തിമോത്തിയോസിനെ ഏലിയാസ് തൃതീയൻ ബാവാ യെറുശലേമിൽ വച്ച് പട്ടം കെട്ടി. 1925 മേടം 18 ന് നിരണം അസോസ്യേഷൻ ആബോ ഗീവറുഗീസ്, പാമ്പാടി കുര്യാക്കോസ് റമ്പാൻ, പാറേട്ട് മാത്യൂസ് കത്ത നാർ, പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ, സി. എം. തോമസ് ശെമ്മാ ശൻ എന്നിവരെ മേല്പട്ടത്തിന് തിരഞ്ഞെടുത്തിരുന്നു. ആ യോഗം തന്നെയാണ് കാരുചിറ പീലക്സീനോസിനെ കാതോലിക്കാസ്ഥാനത്തേ യ്ക്കും തെരഞ്ഞെടുത്തത്. 1925 മെയ് 19 ന് ബഥനിയുടെ മാർ ഈവാനി യോസിനെ രണ്ടാം കാതോലിക്കാ മെത്രാനായി വാഴിച്ചു.

ഹൈക്കോടതി വിധി മൂലമുണ്ടായ ദോഷങ്ങൾ പുനർവിചാരണയുടെ വിധിയോടെ സാങ്കേതികമായി പരിഹൃതമായി എങ്കിലും അത് സൃഷ്ടിച്ച

ഞെട്ടൽ മൂലമുണ്ടായ അലയടികൾ അണിയറയിൽ ചലനങ്ങളുണ്ടാക്കി. 18 അക്കം കാനോൻ ശരിയായ കാനോൻ ആണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വിധി. നവീകരണക്കേസിൽ ഹാജരാക്കിയ കാനോൻ ഒരു വൻ ബാധ്യതയായതിനാൽ അതിൽ നിന്ന് ശാശ്വത മോചനം സാധ്യമല്ലെന്ന് പ്രചരിപ്പിക്കപ്പെട്ടു. നവീകരണക്കേസിൽ ഹാജരാക്കിയ 18 അക്കം കാനോനിൽ ചില ചില്ലറ പൊടിക്കൈകൾ പ്രയോഗിച്ചിരുന്നതിനാൽ അത് 'കാപ്പി കാനോൻ' എന്ന് പരിഹസിക്കപ്പെടുകയും അതിന്റെ പിതൃത്വം ജോസഫ് ദീവന്നാസ്യോസിൽ ആരോപിച്ച് പിൻമുറക്കാർ പരിശുദ്ധി അവകാശപ്പെടുകയും ചെയ്യുന്ന ആവേശത്തള്ളലിൽ നവീകരണക്കേസിൽ ഹാജരാക്കിയ കാനോൻ എന്ന് അവകാശപ്പെട്ടുകൊണ്ട് വട്ടിപ്പണക്കേസിൽ സ്ലീബാ ഒസ്താത്തിയോസിന്റെ ആശീർവ്വാദകർമ്മത്തോടെ ഹാജരാക്കിയ 18 അക്കം കാനോൻ മുമ്പ് ഹാജരാക്കിയ കാനോൻ തന്നെയോ എന്ന് ആരും പരിശോധിച്ചില്ല. കൈയെഴുത്ത് സുറിയാനി ആയതുകൊണ്ട് സാധാരണ വൈദികർക്ക് അത് അഗമ്യമായിരുന്നു. പരിശോധിക്കുവാൻ ശേഷിയും ശേമുഷിയും ഉള്ള വട്ടശ്ശേരിൽ മെത്രാച്ചനെപ്പോലെയുള്ളവർ മുൻ തലമുറയുടെ പാപഭാരത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് കൈകഴുകി മാലോകരെ വിളംബരം ചെയ്തറിയിക്കുന്ന തിരക്കിൽ ആ പരിശോധനയ്ക്കു മുതിർന്നുമില്ല. അന്നത്തെ വിളംബരവും പ്രചാരണവും 'പിമ്പേ ഗമിക്കുന്ന ബഹുഗോക്കളുടെ മാതൃകയിൽ ഏറ്റു പറയാനല്ലാതെ ഒരന്വേഷണമോ പരിശോധനയോ കൂടാതെ നവീകരണകേസ് നടത്തിയ പൂർവ്വപിതാക്കളുടെ മേൽ കണ്ണുമടച്ച് ചെളിവാരിയെറിയുന്ന പ്രവർത്തനരീതി ശരിയോ എന്ന് നാളിതുവരെ ഒരു ചരിത്രകാരനും ചോദിച്ചിട്ടില്ല. നവീകരണക്കേസിൽ ഹാജരാക്കിയ 18 അക്കം കാനോനിൽ തിരുത്തലുകൾ ഉണ്ടെന്നത് ശരി തന്നെ. തിരുത്തിയ കാനോൻ കാപ്പിയിൽ മുക്കി പഴക്കം കൃത്രിമമായി ഉണ്ടാക്കി എന്നതും ശരി തന്നെ. എന്നാൽ കാപ്പിക്കാനോനിൽ തിരുത്തായിക്കൂട്ടിച്ചേർത്ത പതിനൊന്ന് ഖണ്ഡികകളും മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങളും നിലപാടുകളും മലങ്കര സഭയിലെ സാർവ്വത്രികമായ പൊതു പൂർവ്വിക പാരമ്പര്യങ്ങളുമാണ്. മുളന്തുരുത്തി എന്ന് പ്രത്യേക ശീർഷകത്തിൽ ചേർക്കാതെ പഴയ ശീർഷകങ്ങളിൽ എഴുതിച്ചേർത്തു എന്നുള്ള സാങ്കേതിക അർത്ഥത്തിൽ മാത്രമേ കാപ്പികാനോനിൽ വ്യാജമുള്ളൂ. കൂട്ടിച്ചേർത്ത 11 വ്യവസ്ഥകളും മലങ്കരസഭയിൽ സർവ്വസമ്മതമായി തീരുമാനിക്കപ്പെട്ട വസ്തുതകളാണ്. ഈ തിരുത്തലുകൾ ചേർത്ത ഹൂദായകാനോന്റെ പോരായ്മകൾ മലങ്കരസഭയിലെ അനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായി പരിഷ്കരിച്ചത് നവീകരണഭാഗത്തു നിന്ന് ഹാജരാക്കിയ നൂറു ശതമാനവും വ്യാജമായ മലങ്കരക്കാനോനെ കോടതിയിൽ നേരിടുവാൻ വേണ്ടിയായിരുന്നു. മലങ്കരക്കാനോനും നവീകരണക്കേ

സിൽ സഭ ഔദ്യോഗികമായി ഹാജരാക്കിയ കാനോൻ പോലെ ആരും പരിശോധിച്ചിട്ടില്ല. മലങ്കര കാനോൻ അച്ചടിച്ച രൂപത്തിൽ ഈ ഗ്രന്ഥ കാരന്റെ കൈവശമുണ്ട്. മലങ്കര സഭയിലെ പൂർവ്വിക കാനോനാകളെ വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നു എന്ന വൻ സേവനം ചെയ്യുന്നു എന്ന് പാലക്കുന്നത്തു വലിയ മെത്രാച്ചന്റെ അവകാശത്തോടെ പ്രസിദ്ധീകരിച്ച മലങ്കര കാനോൻ നവീകരണക്കാരുടെ പഠിപ്പിക്കലുകളെ ന്യായീകരിക്കുവാനും പ്രമാണവിധേയമെന്ന് വരുത്തുവാനും വേണ്ടി പടച്ചൊരുക്കിയ നിയമാവലിയാണ്. അത് രൂപത്തിലും ഭാവത്തിലും കാനോനല്ല. കാനോന്റെ സംസ്കാരം വേരുറക്കാത്ത മലങ്കരയിൽ ഈ കള്ള നാണയം എളുപ്പം ചിലവാകുമായിരുന്നു. ജഡ്ജിമാരുടെ മുമ്പിൽ ഈ മലങ്കരക്കാനോനെതിരായി വസ്തു നിഷ്ഠമായ വാദമുഖങ്ങളൊന്നും അവതരിപ്പിച്ചു കാണുന്നില്ല. പകരം അതിനെ നിഷ്പ്രഭമാക്കാൻ മുള ന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങൾ തിരുകികയറ്റിയ ഹൂദായ കാനോൻ ഹാജരാക്കുകയാണ് ചെയ്തത്. കാപ്പിക്കാനോൻ സെമിനാരി ക്കേസു കഴിഞ്ഞപ്പോൾ നശിപ്പിക്കാനേർപ്പാട് ചെയ്തു. സാങ്കേതികമായ വ്യാജങ്ങൾ പോലും സഭയിലവശേഷിപ്പിച്ചു കൂടാ എന്ന് അന്നത്തെ സഭാ സാരഥിയ്ക്ക് നിർബ്ബന്ധമുണ്ടായിരുന്നു. പാറേട്ട് എഴുതുന്നു: "സെമിനാരി വ്യവഹാരം കഴിഞ്ഞപ്പോൾ ഈ കള്ളക്കാനോൻ വെളിയിൽ കാണാൻ ഇടവരുന്നത് ആപല്ക്കരമാണെന്നുള്ള വിചാരത്താൽ എല്ലാം ചുട്ടുകരി ക്കുന്നതിന് ഏർപ്പാട് ചെയ്തു" (പു. 497). 1889 ൽ ചുട്ടുനശിപ്പിച്ച ഈ കാനോന്റെ പ്രതി രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷം എങ്ങനെ പ്രത്യക്ഷ പ്പെട്ടു എന്ന ചോദ്യം സ്വാഭാവികമാണ്. വ്യാജകാനോന്റെ ഒരു കോപ്പി നശിപ്പിക്കാതെ ഒരാൾ – കോനാട്ട് മല്പാനെന്ന് ചില സൂചനകളുണ്ട് – സൂക്ഷിച്ചു എന്ന അതിലാഘവത്തോടെയുള്ള ഉത്തരത്തോടെ ആ ചോദ്യം എല്ലാവരും അവസാനിപ്പിച്ചു. എന്നാൽ സത്യം അതല്ല. വ്യാജ 18 അക്കം കാനോൻ സെമിനാരിക്കേസിൽ ഹാജരാക്കിയ കഥ ആദ്യം മുതലേ അറിയാവുന്ന ആളായിരുന്നു കോനാട്ട് മല്പാൻ. വട്ടിപ്പണക്കേ സിലേയ്ക്ക് അനുയോജ്യമായ നൂറോളം തിരുത്തലുകൾ കാനോനിൽ വരുത്തി ഒരു പുതിയ 18 അക്കം കാനോൻ പാത്രിയർക്കാ അനുഭാവികൾ നിർമ്മിക്കുകയാണ് അന്ന് ചെയ്തത്. ഈ മഹാപാതകം ചെയ്തത് സ്ലീബാ ഒസ്താത്തിയോസ് ആണെന്ന് അഭ്യൂഹിക്കാൻ ചില തെളിവു കളുണ്ട്.

തിരുത്തു കാനോൻ

വട്ടിപ്പണക്കേസിൽ ഹാജരാക്കുവാൻ വേണ്ടി തയ്യാറാക്കിയ ഈ പുതിയ 18 അക്കം കാനോൻ സെമിനാരിക്കേസിലെ സാക്ഷിയായ കോനാട്ട് മല്പാൻ തന്നെ സത്യം ചെയ്ത് 18 അക്കം കാനോനെന്ന്

പരിചയപ്പെടുത്തിയപ്പോൾ ഏവരും - വാദി, പ്രതി ഭേദമില്ലാതെ എല്ലാവരും - അത് വിശ്വസിച്ചു പോയി. പുതിയ 18 അക്കം കാനോനിൽ 100 ഓളം തിരുത്തലുകൾ ഉണ്ട്. സത്യകാനോനിലെ കുറെയേറെ ഭാഗങ്ങൾ വിട്ടുകളഞ്ഞിട്ടുമുണ്ട്. ഇപ്രകാരം വ്യാജമായി ചമക്കപ്പെട്ട പുതിയ 18 അക്കം കാനോനാണ് ഇപ്പോൾ 1994-ൽ ആദ്യ പതിപ്പായി ഉദയഗിരി സെമിനാരിയിൽ നിന്ന് മലയാള പരിഭാഷയായി പ്രസിദ്ധീകരിച്ച 18 അക്കം കാനോൻ. 1929-ൽ ഏലിയാസ് ബാവാ നൽകിയ അനുവാദ കല്പന, യാക്കൂബ് യൂലിയോസ് നടത്തിയ വിവർത്തനം, കണിയാമ്പറമ്പിൽ കോറിയുടെ പരിശോധന തുടങ്ങിയ തൂവലുകൾത്തന്നെ ഈ കാനോൻ വ്യാജകാനോൻ ആണെന്നു തെളിയിക്കുന്നു. ഈ വ്യാജകാനോൻ തയാറാക്കാനുള്ള റഫ് വർക്കുകളും ഹോംവർക്കുകളും ചെയ്ത സുറിയാനി കയ്യെഴുത്തു കാനോൻ കണ്ടെടുക്കപ്പെട്ടതോടെയാണ് ഉദയഗിരിക്കാനോന് ആധാരമായുള്ളതും വട്ടിപ്പണക്കേസിൽ കോനാട്ട് മല്പാൻ സത്യം ചെയ്ത് ഹാജരാക്കിയതുമായ 18 അക്കം കാനോന്റെ നിർമ്മാണ രഹസ്യം പുറത്തായത്.

1890-ൽ പുതുപ്പള്ളി യാക്കോബ് കശ്ശീശായുടെ മകൻ ഗീവർഗ്ഗീസ് കശ്ശീശയാണ് അതിമനോഹരമായ ഈ സുറിയാനി കയ്യെഴുത്ത് ഗ്രന്ഥത്തിന്റെ പകർപ്പുകാരൻ. റഫ് വർക്കുകൾ എല്ലാം പെൻസിൽ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു. പദങ്ങളുടെ തിരുത്തലുകൾ അടിവരയിട്ട് കാണിച്ച് പുതിയ പദം മാർജിനിൽ സുറിയാനിയിൽ എഴുതിയിരിക്കുന്നു. ഒഴിവാക്കാനുള്ള ഖണ്ഡികകൾ മാർജ്ജിനിൽ ലംബവരകൊണ്ട് അടയാളപ്പെടുത്തി ഗുണനചിഹ്നം മാർക്ക് രേഖപ്പെടുത്തിയിരിക്കുന്നു. സത്യകാനോനിൽ റീശ് കൊഹനെ എന്ന് രേഖപ്പെടുത്തിയ ഭാഗത്തെല്ലാം തിരുത്തുകാരൻ പാത്രിയർക്കീസ് എന്ന് മാർജ്ജിനിൽ എഴുതിയിട്ടുണ്ട് (മലയാള വിവർത്തകനും രസികനാണ് - സിംഹാസനം എന്നർത്ഥമായ കുർസിയോ എന്ന പദം എപ്പിസ്ക്കോപ്പായുടെയെയോ മെത്രാപ്പോലീത്തായുടെയോ വിശേഷണമാകുമ്പോൾ പീഠം എന്നും അതേ പദം പാത്രിയർക്കീസിന്റെ വിശേഷണമാകുമ്പോൾ സിംഹാസനം എന്നും വിവർത്തകൻ ശ്രദ്ധാപൂർവ്വം വിവർത്തനം ചെയ്തിട്ടുണ്ട്). ഈ റഫ് വർക്കിൽ രേഖപ്പെടുത്തിയ എല്ലാ ഭേദഗതികളും ഉദയഗിരിക്കാനോനിൽ അതേപടി സ്വീകരിച്ചിട്ടുണ്ട്. റഫ് വർക്കിന് ഉപയോഗിച്ച കയ്യക്ഷരം കണ്ടിട്ട് സ്ലീബാ ഒസ്താത്തിയോസിന്റെ കൈപ്പടയോട് വലിയ സാദൃശ്യം തോന്നുന്നുണ്ട്. ഈ റഫ് വർക്ക് ചെയ്ത കൈയെഴുത്ത് കാനോൻ ഗ്രന്ഥം ഇതെഴുതുന്ന ആളിന്റെ കൈവശത്തിലുണ്ട്).

കാപ്പിക്കാനോനിൽ മുളന്തുരുത്തി നിശ്ചയങ്ങൾ പൂർവ്വിക കാനോനുകളുടെ ഭാഗമായി എഴുതി ചേർത്തത് ഈയിടെ കാലം ചെയ്ത ശീശക്ക്

മെത്രാച്ചൻ പാത്രിയർക്കീസിന്റെ ആശീർവാദത്തോടെ ഹോളണ്ടിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച സുറിയാനിക്കാനോൻ പുസ്തകത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇപ്രകാരം ഒരു അടിക്കുറിപ്പും അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്: “ഇന്ത്യയിലെ (കാനോൻ) കോപ്പിയിൽ നിന്നാണ് ഈ അനുബന്ധക്കാനോനുകൾ എടുത്തിട്ടുള്ളത്. കേരളത്തിലെ (ഇന്ത്യ) ഉയർന്ന കോടതി സ്വീകരിച്ചിട്ടുള്ളതാകുന്നു ഇത്. ഇതിന് മാറ്റം വരാതിരിക്കുവാൻ ഇവ മൂലകൃതിയോടൊപ്പം അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാകുന്നു.”

ഹോളണ്ടിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ച കാനോൻ പൂർണ്ണമായും എ. അക്കം കാനോനോട് ഒത്തിരിക്കുന്നു. കാപ്പിക്കാനോനിലെ 11 നിശ്ചയങ്ങൾ ഹോളണ്ട് കാനോനിൽ നിന്ന് വിവർത്തനം ചെയ്തു ചേർക്കുന്നു:

1. ഹൂദായകാനോൻ മൂന്നാം അദ്ധ്യായം 1-ാം ഖണ്ഡിക - ശീർഷകം - ഹൂദായ.

മെത്രാപ്പോലീത്തായ്ക്കും എപ്പിസ്കോപ്പായ്ക്കും രോഗികളുടേയും മാമ്മൂദീസായുടെയും തൈലം കൂദാശ ചെയ്യാം. എന്നാൽ അവരെ പാത്രിയർക്കീസ് അനുവദിച്ചാൽ അത്യാവശ്യം പ്രമാണിച്ച് അവർക്കും മൂറോൻ കൂദാശ നടത്താം (വിശദീകരണം - ഹൂദായ കാനോൻ പ്രകാരം മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ ചെയ്യാം; സഭയുടെ തലവനും സുന്നഹദോസ് അദ്ധ്യക്ഷനും ആണെങ്കിൽ. എന്നാൽ മലങ്കരസഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലാണെന്ന് മുളന്തുരുത്തി നിശ്ചയങ്ങളിലുണ്ട്. അപ്പോൾ മെത്രാപ്പോലീത്തായ്ക്ക് സ്വയമേവ മൂറോൻ കൂദാശ ചെയ്തു കൂടാ. ഹൂദായകാനോനും മുളന്തുരുത്തി നിശ്ചയവും ഒന്നിച്ചു ചേർത്ത് തന്മൂലം കാപ്പിക്കാനോനിലെ വ്യവസ്ഥ തയാറാക്കി. നമ്മുടെ ഭരണഘടനയിലും മൂറോൻ കൂദാശ സഭാതലവന്റെ മാത്രം കർത്തവ്യമാണല്ലോ).

2. “... രോഗികളുടെ സൗഖ്യത്തിനായി ഉപയോഗിക്കുന്ന തൈലം വേറെയാകുന്നു.”

(ഹൂദായ കാനോനിൽ മാമ്മൂദീസായിലും രോഗീലേപനത്തിലും ഒരേ തൈലം ഉപയോഗിക്കുന്നു എന്ന് പറയുന്നുണ്ട്. രണ്ട് തൈലത്തിനും ഒരേ ശുശ്രൂഷയാണ്. റൂശ്മാ രണ്ട് തൈലങ്ങൾ വിഭജിച്ച് അവ മേൽ വ്യത്യസ്തമായി നടത്താം. അതാണ് മലങ്കരയിലെ പതിവ്. വിഭജിക്കാതെ ഒന്നിച്ചും നടത്താം. ആ ശൈലിയാണ് ഹൂദായകാനോനിലെ പരാമർശത്തിനാധാരം. കാപ്പിക്കാനോൻ രോഗീലേപനതൈലം വേറെ എന്ന് പരാമർശിച്ചത് മലങ്കരയിലെ പതിവിന് പ്രമാണം ഉണ്ടാവാനാണ്).

3."..... ഇപ്പോൾ മുതൽ ഞങ്ങൾ തീരുമാനിക്കുന്നതെന്തെന്നാൽ, അവസാനത്തിൽ, 'നിങ്ങളെല്ലാവരും സമാധാനത്തോടെ പോകുവിൻ' എന്നതിന് ശേഷമായിരിക്കണം കുർബ്ബാന കൊടുക്കേണ്ടത്....."

(കുർബ്ബാന നൽകുവാനുള്ള സമയം 'സേലൂൻ ബശ്ലോമ്മോ'യ്ക്ക് ശേഷമെന്ന് പത്രോസ് തൃതീയൻ കല്പന മൂലം മലങ്കരയിൽ ഭേദഗതി ചെയ്തിരുന്നു. ഈ ഭേദഗതിയ്ക്ക് കാനോനിക പ്രമാണം ചമയ്ക്കാൻ ആ കല്പനയിലെ വാക്യങ്ങൾ കാപ്പിക്കാനോനിൽ കൂട്ടിച്ചേർത്തു).

4, 5. ആറാം അദ്ധ്യായത്തിലെ തിരുത്ത് ഒന്ന് ".... പരേതരുടെ മൂന്നാം ദിവസവും... ഒമ്പതാം ദിവസവും.... മുപ്പതാം ദിവസവും ആണ്ടു തികയുമ്പോഴും ഗാനങ്ങളും പ്രാർത്ഥനകളും നടത്തണം എന്നിങ്ങനെയുള്ള ഹൂദായകാനോൻ നിയമത്തിൽ 40-ാം നാളിലെ ഓർമ്മ പറയുന്നില്ല. മലങ്കരയിൽ 40-ാം ദിനം ഓർക്കാറുണ്ട്. അത് നിയമവൽക്കരിക്കാൻ ഇപ്രകാരം കൂട്ടിച്ചേർത്തു:

"കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതിനെ പ്രതി 40-ാം ദിവസവും ആണ്ട് തികയുവോളവും മസ്മൂറാകളും പ്രാർത്ഥനകളും നിവർത്തിക്കണം."

"എന്നാൽ വിശ്വാസികളുടെയും ഓർമ്മ നടത്തുവാൻ നമുക്ക് കടപ്പാടുണ്ട്."

(40-ാം ദിവസത്തെ അനുഷ്ഠാനങ്ങളും വിശ്വാസികളായ മരിച്ചു പോയവരെ ഓർക്കുന്ന പതിവും കാനോനികമെന്ന് സ്ഥാപിക്കുവാൻ ഈ രണ്ട് തിരുത്തലുകൾ കൂട്ടിച്ചേർത്തു).

6. ആറാം അധ്യായം 1-ാം ഖണ്ഡിക: "എന്നാൽ പ്രധാനാചാര്യൻമാർ, ആചാര്യന്മാർ, ദയറായക്കാർ എന്നിവരുടെ ശവശരീരങ്ങളിൽ വ്രണങ്ങളോ അഴുക്കുകളോ ഉണ്ടെങ്കിൽ പ്രധാനാചാര്യന്മാരുടെയോ പുരോഹിതന്മാരുടെയോ ശരീരം മുഴുവനും കഴുകുന്നത് തെറ്റല്ല."

(മലങ്കരയിലെ സമ്പ്രദായമാണിത്. കൈകാലുകളും മുഖവും മാത്രം കഴുകിയാൽ മതി എന്ന് ഹൂദായ കാനോൻ. മലങ്കരയിലെ പതിവ് പ്രമാണവത്ക്കരിക്കാൻ ഈ തിരുത്ത് എഴുതിച്ചേർത്തു).

7. ഏഴാം അദ്ധ്യായത്തിൽ ഒന്നാം ഖണ്ഡിക. ആ തിരുത്തിൽ ഈ കാര്യങ്ങൾ കാണുന്നു.

a. അന്ത്യോഖ്യായുടെ കീഴിലാണ് മലങ്കര.

b. അവർ സ്വന്തമായി പാത്രിയർക്കീസിനെയോ (കാതോലിക്കായെയോ) വാഴിക്കരുത്.

c. കാതോലിക്കാ കീഴ്സ്ഥാനിയാണ്.

d. മലങ്കരയിലെ മെത്രാൻ വാഴ്ച പാത്രിയർക്കീസ് മാത്രം നടത്തുന്നു.

(എ, ഡി, എന്നീ പ്രസ്താവനകൾ 19-ാം നൂറ്റാണ്ടിൽ മലങ്കരയിൽ അംഗീകൃതമായിരുന്ന വിശ്വാസം. ബി, സി എന്നിവ സെമിനാരിക്കേസിൽ അപ്രസക്തം. ഒരു മുഴം മുമ്പേ വടി എറിഞ്ഞതാകണം).

8. 'പൗരസ്ത്യർക്ക് അവർക്കായിട്ട് മപ്രിയാനയെയോ മെത്രാപ്പോലീത്തായെയോ എപ്പിസ്ക്കോപ്പായെയോ വാഴിക്കുവാൻ അധികാരമില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് അവർ സ്ഥാനം പ്രാപിക്കണം.'

(സെമിനാരിക്കേസിലെ നമ്മുടെ പ്രധാന വാദമാണിത്. അതിനായി കാനോൻ വ്യവസ്ഥ ഉണ്ടാക്കി. മഫ്രിയാനക്കാര്യം പത്രോസ് ബാവാ നിഷ്ക്കർഷിച്ചതാകാനാണിട).

9. "കഹനേന്മാരും ശെമ്മാശന്മാരും അധികാരികളും അവരെ ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ ഒഴിച്ച് യാതൊന്നും ചെയ്യരുത്."

(കശ്ശീശന്മാർ മെത്രാനെ വാഴിച്ചത്, സൈത്ത് കൂദാശ നടത്തുന്നത് തുടങ്ങിയ മലങ്കരയിലെ പതിവുകൾ ആവർത്തിക്കാതിരിക്കാൻ പത്രോസ് തൃതീയൻ ഏർപ്പെടുത്തിയ നിബന്ധനയാണിത്)

10. ഏഴാം അദ്ധ്യായം 3-ാം ഖണ്ഡിക. 'പാത്രിയർക്കീസ് വാഴിക്കപ്പെടുന്നത്.... അദ്ദേഹത്തിന്റെ കീഴിലുള്ളവരായ കാതോലിക്കാ.... എന്നിവരാലത്രേ. മപ്രിയാനയ്ക്ക് മെത്രാപ്പോലീത്തായെയും.... വാഴിക്കാനധികാരമുണ്ട്. ... മെത്രാപ്പോലീത്തായ്ക്ക് അന്യോന്യം വാഴിക്കാനധികാരമില്ല. ... പാത്രിയർക്കീസ് അവരെ വാഴിക്കണം. ......"

(പാത്രിയർക്കീസിന്റെ താല്പര്യം ഇതിലുണ്ട്. അത് മുളന്തുരുത്തി സുന്നഹദോസ് അംഗീകരിച്ച ആത്മീയ മേലധികാരത്തിന്റെ ഭാഗമായി അദ്ദേഹം നിഷ്കർഷിച്ചതാകണം)

11. "പാത്രിയർക്കീസിനാലോ കാതോലിക്കായാലോ ശപിക്കപ്പെട്ടവരും ഭ്രഷ്ടരാക്കപ്പെട്ടവരുമായ മെത്രാപ്പോലീത്താമാരിൽ നിന്നും എപ്പിസ്ക്കോപ്പാമാരിൽ നിന്നും സ്ഥാനം ഏറ്റ വൈദികർ പരിശുദ്ധ സഭയിൽ ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അംഗീകരിക്കപ്പെടരുത്. ..."

(നവീകരണ മെത്രാന്മാരിൽ നിന്ന് പട്ടമേറ്റവർക്ക് അഴിച്ചു പട്ടം നൽകിയ സംഭവങ്ങളെ ന്യായീകരിക്കുവാൻ ഈ തിരുത്ത് കൂട്ടിച്ചേർത്തു. പത്രോസ് തൃതീയനും യൂയാക്കീം കൂറിലോസും നടത്തിയ പല പട്ടംകൊടകളെയും ന്യായീകരിക്കുവാൻ ഈ തിരുത്ത് ആവശ്യമായിരുന്നു).

18 അക്കം കാനോൻ സ്ലീബാ ഒസ്താത്തിയോസ് എഴുതിയുണ്ടാക്കി യെന്ന് അന്ന് തന്നെ പ്രസ്താവമുണ്ട് (പാറേട്ട്, പു. 696).

സാങ്കേതികത്വത്തിൽ മാത്രം വ്യാജമെന്ന് വിശേഷിപ്പിക്കാവുന്നതും സെമിനാരിക്കേസിൽ 18 അക്കം എന്ന് പേരിട്ടതുമായ ഈ കാപ്പിക്കാ നോന്റെ മറവിലാണ് അസംഖ്യം വ്യാജങ്ങളും നിരാധാരങ്ങളുമായ വ്യവ സ്ഥകൾ എഴുതിച്ചേർത്ത് പുതിയ 18 അക്കം കാനോൻ കോടതിയിലെ ത്തിയത്. ഹൈക്കോടതിവിധിയിലൂടെ ഈ നവീന 18 അക്കം കാനോൻ അധികൃതമായപ്പോൾ സഭയുടെ ഭാവി ഇരുളടഞ്ഞുവെന്ന് പലർക്കും തോന്നി. ഇതിനെ മറികടക്കുവാനാണ് റോമാസഭയുമായി ഐക്യപ്പെടുക എന്ന ചിന്ത രൂപംകൊണ്ടത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനത്ത് റോമ്മാപാപ്പാ എന്ന ഏക വ്യവസ്ഥ സ്വീകാര്യമെങ്കിൽ യോജിപ്പും ഐക്യവും സ്വാഗതാർഹമായിരുന്നു. ബഥനിയുടെ ഈവാ നിയോസ് ആണ് ഇക്കാര്യത്തിൽ എഴുത്തുകുത്തുകൾ നടത്തിയിരുന്നത്. സഭ മുഴുവൻ തന്നോടൊപ്പമുണ്ട് എന്ന ചിത്രമാണ് ബഥനി മെത്രാൻ റോമൻ അധികൃതരുടെ മുമ്പിൽ വച്ചത്. അവരുടെ വ്യവസ്ഥകൾ പലതും അദ്ദേഹം വെളിപ്പെടുത്തിയതുമില്ല. പുനർ വിചാരണയും വിധിയും ഗുണമായപ്പോൾ ഐക്യതാല്പര്യം പലർക്കും നഷ്ടപ്പെട്ടത് സ്വാഭാവികം.

1925 ജൂൺ 6-ന് യൂയാക്കീം ഈവാനിയോസ് നിര്യാതനായി. പരുമല സെമിനാരിയിൽ കബറടക്കപ്പെട്ടു.

സ്ലീബാദാസ സമൂഹം

സുറിയാനി ക്രിസ്ത്യാനികൾ ജാതീയമായ ആഭിജാത്യത്തിന് ആവശ്യ ത്തിലേറെ പ്രാധാന്യം നൽകിയിരുന്നു. അയിത്ത ജാതിക്കാരെ ഉയർ ത്തുവാൻ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബോധപൂർവ്വമായ ശ്രമ ങ്ങൾ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ആരംഭിച്ചുവെങ്കിലും അവരെ മതത്തിൽചേർത്ത് തുല്യരായിക്കാണുവാനുള്ള സന്നദ്ധത പൊതുവേ പ്രകടമായിരുന്നില്ല. പുലയപ്പള്ളികൾ പ്രത്യേകമായി സ്ഥാപിച്ച് അധഃകൃതരിൽ നിന്ന് മതപരിവർത്തനം ചെയ്തവരെ ഉൾക്കൊള്ളുവാൻ പുലിക്കോട്ടിൽ മെത്രാച്ചനും പരുമല മെത്രാച്ചനും ശ്രമിച്ചുവെങ്കിലും സമുദായത്തിന്റെ സഹകരണം കുറവായതിനാൽ ആ നീക്കം വളരെയേറെ വിജയിച്ചു എന്ന് പറഞ്ഞുകൂടാ. ഫാ. പി. റ്റി. ഗീവറുഗീസിന്റെ സഹായത്തോടെ കൽക്കട്ടയിലും സെറാമ്പൂരിലും, പഠിച്ച പുതിയ നേതൃനിര പ്രത്യക്ഷപ്പെട്ടതോടെ കാലാവസ്ഥ മാറി. പ്രൊട്ടസ്റ്റന്റ് മിഷനറി പ്രവർത്തനം ഈ മാറ്റത്തിന് പ്രേരണ ചെലുത്തി. ഈ പ്രവർത്തനത്തിന്റെ മുൻനിരയിൽ നിന്നത് മൂക്കഞ്ചേരി എം. പി. പത്രോസ് ശെമ്മാശൻ ആയി രുന്നു. ശെമ്മാശന്റെ തീപ്പൊരി പ്രസംഗങ്ങളും ഭാഷാപോഷിണിയി

ലെയും അന്നുണ്ടായിരുന്ന ദിനപത്രങ്ങളിലെയും സഭാ പ്രസിദ്ധീകരണങ്ങളിലെയും കരളലിയിപ്പിക്കുന്ന ലേഖനങ്ങളും പൊതുജന മനഃസാക്ഷിയെ ഉണർത്തുവാൻ പര്യാപ്തമായിരുന്നു. 1907 മീനം 2 ന് വടക്കൻപറവൂർ പള്ളിയിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ എം. പി. പത്രോസിന് പ്രസംഗകനാവാൻ അനുവാദ കല്പന നൽകി (*കർമ്മേലിലെ കർമ്മയോഗി*, അനിയൻ കല്ലത്ത്, പുറം. 51, 52). പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ച വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫ്രൻസുകൾ ആ യുവ വിപ്ലവകാരിയ്ക്ക് ദിശാബോധം നൽകി. 'ഇടവകപത്രിക'യിൽ സമുദായത്തെ ഉയർത്തുന്ന ലേഖനങ്ങൾ തുടരെതുടരെ എഴുതി. എം. പി. പത്രോസിനെ വൈദികനാവാൻ വിട്ടു തരണമെന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ 1908 മീനം 2 ന് മൂക്കഞ്ചേരി തറവാട്ടിലെ കാരണവർക്ക് എഴുതി (മുൻ പുസ്തകം, പു. 39). 1816-ൽ യൂയാക്കീം മാർ ഈവാനിയോസിൽ നിന്ന് ആദ്യ പട്ടം സ്വീകരിച്ച അദ്ദേഹം വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത് സുവിശേഷ പ്രവർത്തനത്തിനുള്ള ഒരു ഫണ്ട് സ്വരൂപിച്ചു. 1924-ൽ ശെമ്മാശനായിരിക്കേ അദ്ദേഹം സ്ലീബാദാസ സമൂഹം സ്ഥാപിച്ചു. ഹൈസ്ക്കൂളിലെ ജോലി രാജിവച്ച് സുവിശേഷ യത്നത്തിനിറങ്ങിത്തിരിച്ച ഒരു ഉന്നത ബിരുദധാരി കക്ഷി ഭേദമെന്യേ പള്ളികൾക്കു ചുറ്റുമുള്ള അവർണ്ണ സമുദായങ്ങളിൽ ക്രിസ്തുവിനെ പരിചയപ്പെടുത്തി. 1926 മേടം 22 ന് സ്ലീബാ ഒസ്താത്തിയോസ് ചെമ്പിൽ പള്ളിയിൽ വച്ച് അദ്ദേഹത്തിന് കശ്ശീശാ പട്ടം നൽകി. അധഃകൃതോദ്ധാരണത്തിന് കൊച്ചി രാജാവ് ഇദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറായി 1925-ൽ നിയമിച്ചു. ശമ്പളം സ്വീകരിക്കാതെ ഈ തസ്തികയിൽ പ്രവർത്തിച്ചു. 1937-ലെ ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പശ്ചാത്തലത്തിൽ എം. പി. പത്രോസ് അച്ചനിലൂടെ മലങ്കരസഭ പ്രവർത്തനനിരതമായിരുന്നു. ഈ മേഖലയിൽ ഗാന്ധിജിയും മറ്റും സജീവമായി ശ്രദ്ധ പതിപ്പിക്കുന്നതിനു വളരെ മുമ്പ് മൂക്കഞ്ചേരി ശെമ്മാശൻ അധഃകൃതോദ്ധാരണം ജീവിത ശൈലിയാക്കി മാറ്റി. നൂറു കണക്കിന് അധഃകൃത ബാലികാ ബാലന്മാരെ സ്ക്കൂളുകളിൽ പ്രവേശിപ്പിച്ചു. അവർക്ക് പ്രത്യേകം സ്കൂളുകൾ തുറന്നു. അവർക്കായി പ്രത്യേകം കോളനികൾ സജ്ജമായി. ഉത്തര ഭാരതത്തിലെങ്ങും സ്വപ്നം കാണാൻ കഴിയാതിരുന്ന ഒരത്ഭുതമായിട്ടാണ് അവരെല്ലാം ഈ മുന്നേറ്റത്തെ കണക്കാക്കിയത്. 1923 മേടം 30 ന് തൃശൂരിൽ ശെമ്മാശൻ സംഘടിപ്പിച്ച പുലയ മഹാസമ്മേളനം അധഃകൃതരെ സർക്കാർ മുതൽ കൊണ്ട് നടത്തുന്ന പൊതു സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കാത്തതിനെതിരെ പ്രതിഷേധ പ്രമേയം പാസ്സാക്കി. സ്കൂളുകൾ, ആശുപത്രികൾ, കോടതികൾ, കിണറുകൾ, ചന്തകൾ, തെരുവുകൾ, ശ്മശാനങ്ങൾ, ജോലി സ്ഥലങ്ങൾ, വിശ്രമസ്ഥലങ്ങൾ, ദേവാലയങ്ങൾ ഇവയെല്ലാം പ്രമേയം പേരെടുത്ത് പരാമർശിച്ചു. തീണ്ടൽ, തൊടീൽ മുതലായവ നിർത്തലാ

ക്കാൻ സമ്മേളനം മറ്റൊരു പ്രമേയത്തിലൂടെ രാജാവിനോട് അഭ്യർത്ഥിച്ചു. അക്കാലങ്ങളിൽ നടന്ന മിക്ക അധഃകൃത യോഗങ്ങളിലും സഹോദരൻ അയ്യപ്പനും പത്രോസ് ശെമ്മാശനും പ്രസംഗകരായിരുന്നു. 1919 ഇടവം 1 ന് തൃപ്പൂണിത്തുറ സ്കൂൾ മൈതാനത്ത് ഈ രണ്ട് മഹാന്മാരും പ്രസംഗിച്ച സമ്മേളനത്തിലാണ് പുലയർക്കും പറയർക്കും സംസ്ഥാനത്തെ സകല റോഡുകളിലും സർവതന്ത്ര സ്വതന്ത്രമായി സഞ്ചരിക്കാമെന്നു കൊച്ചി രാജാവിന്റെ ചരിത്രപ്രസിദ്ധമായ വിളംബരം ദിവാൻജി പ്രഖ്യാപിച്ചത്.

സുറിയാനിസഭയിലെ ആരാധനകളെ സുറിയാനി ഭാഷയിൽ നിന്ന് മോചിപ്പിക്കുവാനും ഇദ്ദേഹം നേതൃത്വം നൽകി. വിഫലമായെങ്കിലും വട്ട ശ്ശേരിൽ മെത്രാച്ചന് 1920 ഇടവം 15 ന് 28 വൈദികരും 28 അവൈദികരും കൂട്ടായി ഇക്കാര്യത്തിനു വേണ്ടി സമർപ്പിച്ച 'സുറിയാനി മെമ്മോറിയൽ' പ്രത്യേകം പ്രസ്താവ്യമാണ്. മൂക്കഞ്ചേരി - പുലിക്കോട്ടിൽ ശെമ്മാശന്മാ രുടെ നേതൃത്വത്തിൽ തയാറാക്കിവന്ന മലയാള വിവർത്തനങ്ങൾ ഉപ യോഗിക്കരുതെന്ന് 1920 ചിങ്ങം 22 ന് കോട്ടയം സെമിനാരിയിൽ നിന്ന് വട്ടശ്ശേരിൽ മെത്രാച്ചൻ സുഗ്രീവാജ്ഞ പുറപ്പെടുവിച്ചെങ്കിലും പുരോ ഗമനം ആഗ്രഹിച്ച സഭ അചിരേണ വിവർത്തനങ്ങളെ സ്വാഗതം ചെയ്തു. പില്ക്കാലത്തുണ്ടായ എല്ലാ മലയാള ആരാധനാക്രമങ്ങളുടെയും ആവി ർഭാവം ഇക്കാലത്താണുണ്ടായത്. ഹാശാ, പ്രുമിയോൻ, കുർബ്ബാന തക്സാ, ആണ്ടുതക്സാ എന്നിങ്ങനെ കുന്നംകുളം എ. ആർ. പി. പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച വിവർത്തനങ്ങൾക്ക് വമ്പിച്ച പ്രചാരമാണ് ലഭിച്ചത്.

സഭയുടെ ഔദ്യോഗികകേന്ദ്രങ്ങളിൽ നിന്ന് ആശീർവാദങ്ങൾ വേണ്ടത്ര ലഭിച്ചില്ലെങ്കിലും ബഥനി ആശ്രമത്തിന് സമാന്തരമായി സഭ യിലുണ്ടായ സുവിശേഷ മുന്നേറ്റമായി സ്ലീബാദാസ സമൂഹ സ്ഥാപ നത്തെ പരിഗണിക്കാതെ വയ്യ.

മൂന്നാം കാതോലിക്കോസ്

അടുത്ത കാതോലിക്കാസ്ഥാനത്തേയ്ക്ക് പ്രവർത്തനക്ഷമത, കാര്യ പ്രാപ്തി, വിശ്വസ്തത എന്നീ കാര്യങ്ങളിൽ അതുല്യ പ്രതിഭയായിരുന്ന ബഥനിയുടെ ഈവാനിയോസിനെയാണ് പലരും പ്രതീക്ഷിച്ചത് (മലങ്കര മെത്രാന്റെ ശിഷ്യനും മനഃസ്സാക്ഷി സൂക്ഷിപ്പുകാരനും, അതീവ വിശ്വ സ്തനും എന്ന നിലയിൽ മെത്രാപ്പോലീത്താ മർദീനിൽ പോകുമ്പോൾ പുലിക്കോട്ടിൽ മെത്രാച്ചൻ സ്ഥാപിച്ചതും പിൻഗാമി എന്ന നിലയിൽ തന്റെ മാനേജ്മെന്റിൽ വന്നതുമായ വിദ്യാലയങ്ങൾ എല്ലാം ബഥനി മെത്രാച്ച നെയാണ് ഏല്പിച്ചത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുൻഗാമിയെ പ്പോലെ പ്രവേശിക്കാതിരുന്ന മലങ്കര മെത്രാൻ മർദീനിൽ നിന്ന് മടങ്ങി വന്ന ശേഷവും സ്കൂളുകൾ മടക്കി വാങ്ങിയില്ല. ബഥനി മെത്രാച്ചൻ

സഭ വിട്ടു പോയപ്പോഴാണ് സ്കൂളുകൾ അദ്ദേഹത്തിന്റെ കൈവശമാണെന്ന് പലരും അറിയുന്നത്. പിന്നീട് കേസുകൾ നടത്തി കുറെ സ്കൂളുകൾ വീണ്ടെടുത്തുവെങ്കിലും കുറെ സ്കൂളുകൾ സഭയ്ക്ക് നഷ്ടപ്പെടുക തന്നെ ചെയ്തു). എന്നാൽ എല്ലാവരുടേയും പ്രതീക്ഷകളും കണക്കുകൂട്ടലുകളും തെറ്റി. താരതമ്യേന അപ്രശസ്തനായ മാർ ഗ്രീഗോറിയോസിനെ (കല്ലാശ്ശേരി) 1929 ഫെബ്രുവരി 15-ന് കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് വാഴിച്ചു. വട്ടശ്ശേരിൽ മെത്രാച്ചൻ ആയിരുന്നു മുഖ്യ കാർമ്മികൻ. 16-ന് പുതിയ കാതോലിക്കാ പാമ്പാടി കുറിയാക്കോസ് റമ്പാച്ചനെ ഗ്രീഗോറിയോസ് എന്ന പേരിലും ബഥനിയുടെ യാക്കോബ് റമ്പാനെ തെയോഫിലോസ് എന്ന പേരിലും മെത്രാന്മാരാക്കുകയും ബഥനി ഈവാനിയോസിനെ മെത്രാപ്പോലീത്താ ആയി ഉയർത്തുകയും ചെയ്തു.

1930 കന്നി 4-ന് ബഥനിയുടെ മെത്രാപ്പോലീത്താ കൊല്ലത്ത് ചെന്ന് റോമ്മാ സഭയുമായി ഐക്യപ്പെട്ടു. 1930 ചിങ്ങം 19 ന് കോട്ടയം പഴയ സെമിനാരിയിൽ അസോസ്യേഷൻ യോഗം ചേർന്നു. മാനേജിംഗ് കമ്മിറ്റി അംഗസംഖ്യ 33 എന്ന് തീർച്ചപ്പെടുത്തി. പുത്തൻകാവിൽ ഗീവർഗീസ് റമ്പാൻ, ഫാ. മാത്യൂസ് പാറേട്ട്, ചെറിയമഠത്തിൽ സ്കറിയാ കത്തനാർ, വാളക്കുഴിയിൽ ജോസഫ് കത്തനാർ, ബഥനിയിലെ ഫാ. അലക്സിയോസ്, കെ. സി ചാക്കോ എന്നിവരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ഭരണഘടനയുടെ ഡ്രാഫ്റ്റ് തയാറാക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു.

സി. ജെ. കുര്യനും 1927 തുലാം 22 ന് കോനാട്ട് മല്പാനും നിര്യാതരായതോടെ ആ കക്ഷിയിൽ നേതൃക്ഷാമമനുഭവപ്പെട്ടു. മെത്രാന്മാർ തമ്മിൽ ഐക്യമില്ലാതായി. പുനർകേസിൽ ദീവന്നാസ്യോസ് വിജയിക്കുകയും ചെയ്തു. അചിരേണ പാത്രിയർക്കീസ് ബാവായെ സ്വന്തം കക്ഷിക്കാർ ക്ഷണിച്ചു. അദ്ദേഹം 1931 മാർച്ചിൽ ആലുവായിലെത്തി. മീനം 10-ന് മലങ്കര മെത്രാൻ ബാവായെ സന്ദർശിച്ചു. ആദ്യം നല്ല സമീപനമായിരുന്നു. ക്രമേണ അത് മാറി. 1931 മിഥുനം 16 ന് വട്ടശ്ശേരിൽ മെത്രാച്ചനെ കുറുപ്പംപടിയിൽ വിളിച്ചു വരുത്തി പഴുതടച്ച് മുടക്കുവാൻ വിഫലശ്രമം നടന്നു. പ്രത്യുല്പന്നമതിയായ മെത്രാച്ചൻ ആ അഗ്നിപരീക്ഷയെ അതിജീവിച്ചു. മിഥുനം 22 ന് കുറുപ്പംപടി യോഗം ചേർന്ന് മുടക്കാൻ നടത്തിയ ശ്രമവും പാളിപ്പോയി.

മിഥുനം 26-ന് അസോസ്യേഷൻ എറികാട്ട് ഇ. ഐ. ജോസഫിനെ അത്മായട്രസ്റ്റിയായി തെരഞ്ഞെടുത്തു. ഏലിയാസ് തൃതീയൻ 1932 കുംഭം 1 ന് മഞ്ഞനിക്കര കാലം ചെയ്തു കബറടങ്ങി. കാനോൻ നിശ്ചയമനുസരിച്ച് പാത്രിയർക്കീസിനെ സഭയുടെ ആസ്ഥാനമായ പഴയ സെമിനാരിയിൽ സംസ്ക്കരിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ ആവശ്യപ്പെട്ടുവെങ്കിലും ഫലിച്ചില്ല.

ഭരണഘടനാ കമ്മിറ്റി പലവട്ടം ചേർന്നു. വിശ്വാസം, ശിക്ഷണം ഇവയിൽ മെത്രാന്മാരുടെ സുന്നഹദോസിന് പൂർണ്ണ അധികാരം സമ്മതിച്ചു. അടുത്തഘട്ടത്തിൽ മെത്രാന്മാർ ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ കാര്യങ്ങളിലും അവസാനാധികാരം സുന്നഹദോസിനാണെന്ന് ജനം സമ്മതിച്ചു. ഒടുവിലായപ്പോൾ കാതോലിക്കാബാവായും മലങ്കര മെത്രാനും കൺവീനർ ഒ. എം. ചെറിയാനുമായി ഏകാഭിപ്രായമുണ്ടായില്ല. സമ്പൂർണ്ണ എപ്പിസ്ക്കോപ്പൽ ഭരണം വേണമെന്ന് മെത്രാച്ചൻ ശഠിച്ചു. വിശ്വാസം, പൗരോഹിത്യം, അനുഷ്ഠാനങ്ങൾ ഇവ ഒഴിച്ച് മറ്റു കാര്യങ്ങൾ തീരുമാനിക്കുവാൻ അധികാരം ജനങ്ങൾക്കാണെന്ന് പൊതു ധാരണയായി. എപ്പിസ്ക്കോപ്പൽ ഭരണത്തിൽക്കുറഞ്ഞ ഒരു ശൈലി സ്വീകാര്യമല്ലെന്ന് മലങ്കര മെത്രാൻ തറപ്പിച്ച് പറഞ്ഞു. ഭരഘടനാക്കമ്മിറ്റിയിൽ അംഗമല്ലാതിരുന്ന മലങ്കര മെത്രാൻ സ്വന്തമായി ഒരു ഭരണഘടനാഡ്രാഫ്റ്റ് എഴുതിയുണ്ടാക്കി 'കേരള കേസരി' പത്രത്തിൽ 1932 മിഥുനം 9 മുതൽ പ്രസിദ്ധീകരിച്ചു. ഈ വിഷയത്തിൽ ഫാ. പാറേട്ടിന്റെ ഡയറി കൂടുതൽ വെളിച്ചം നൽകുന്നു: "... 'പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നാണ് അവർ (ഒ. എം. ചെറിയാനും മറ്റും) പറയുന്നത്. അത് മെത്രാച്ചന് തീരെ സമ്മതമല്ല' മിഥുനം 23" (പാറേട്ട്, പു. 777).

'ഒ. എം. ചെറിയാനെ കൂട്ടിക്കൊണ്ട് പഴയസെമിനാരിയിൽ പോയി. വലിയ മെത്രാച്ചനുമായി ഭരണഘടന സംബന്ധിച്ച് സംസാരിച്ചു. പണസംബന്ധമായ കാര്യങ്ങളിൽ പരമാധികാരം ജനങ്ങൾക്ക് ഇരിക്കണമെന്നുള്ളതാണ് തർക്കവിഷയം. അതിനെപ്പറ്റി പറഞ്ഞ് ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞില്ല. 1930 മിഥുനം 26' (പു. 780). കാതോലിക്കായ്ക്ക് മെത്രാന്മാരുടെ മേൽ അധികാരം ഉണ്ടായിരിക്കണമെന്ന മൂന്നാം കാതോലിക്കായുടെ അഭിപ്രായം മലങ്കര മെത്രാന് സ്വീകാര്യമായില്ല.

ഇതിനിടയിൽ യൂലിയോസ് 1928 ചിങ്ങം 2-ന് മാർ ദീവന്നാസ്യോസിനെ സസ്പെണ്ട് ചെയ്യുന്നതായി നോട്ടീസയച്ചു. ആ കേസ് പൂർത്തിയാക്കാൻ അദ്ദേഹത്തിന്റെ കക്ഷിക്ക് സാമ്പത്തിക ഞെരുക്കം മൂലം കഴിഞ്ഞില്ല.

1928 മിഥുനം 19-ന് ഹൈക്കോടതി ഫുൾബെഞ്ചിന്റെ വിധിയിൽ വട്ടശ്ശേരിൽ മെത്രാച്ചനെ അബ്ദുള്ളാ ബാവാ മുടക്കിയത് അസാധുവാണെന്നും മാർ ദീവന്നാസ്യോസ്, പാലപ്പിള്ളിലച്ചൻ, കോരുത് എന്നീ ട്രസ്റ്റിമാർക്ക് വട്ടിപ്പണത്തിന്റെ പലിശ വാങ്ങാം എന്നും പ്രസ്താവിച്ചിരുന്നു. കാനോൻ, പാത്രിയർക്കീസിന്റെ അധികാരം എന്നീ വിഷയങ്ങളിൽ അയ്യങ്കാരുടെ മുൻവിധി ഫുൾബെഞ്ച് അസ്ഥിരപ്പെടുത്തിയെങ്കിലും അവയെ സംബന്ധിച്ച് തീർപ്പൊന്നും ഫുൾബെഞ്ച് സ്വീകരിച്ചില്ല. ഈ വിധിയെ തുടർന്ന് സെമിനാരി മാർ ദീവന്നാസ്യോസിന്റെയും മാനേജർ മട്ടയ്ക്കൽ മല്പാന്റെയും കൈവശത്തിൽ വീണ്ടും വന്നു ചേർന്നു. രണ്ടാം

സമരിക്കേസിൽ ഇപ്രകാരം വിജയം കൈവരിച്ച മലങ്കര മെത്രാനെ താല്ക്കാലികമായി തളച്ചിടുവാനാണ് യൂലിയോസ് സസ്പെൻഷൻ പുറപ്പെടുവിച്ചത്. പാത്രിയർക്കീസിന്റെ മുടക്ക് അസാധുവായി തീർന്നിരിക്കേ ഒരു സസ്പെൻഷൻ ഫലപ്രദമാവുമെന്ന് യൂലിയോസ് പോലും വിചാരിച്ചിരുന്നില്ല. അണികളുടെ ആത്മവീര്യം തകരരുതല്ലോ. സി. ജെ. കുര്യൻ അന്തരിച്ചതിന്റെ അനാഥത്വം ആ കക്ഷിയെ ക്ഷീണിപ്പിച്ച സമയം ആയിരുന്നു അത്.

389 രൂപാ കമ്മീഷണറുടെ യാത്രപ്പടിയായി കെട്ടിവയ്ക്കാനുള്ള ഉത്തരവ് പാലിക്കാത്തതിനാൽ ആ സംഖ്യ പലിശ സഹിതം വസൂലാക്കുവാൻ വിധിച്ചുകൊണ്ട് സസ്പെൻഷൻ കേസിൽ 1931 മകരം 10 ന് കമ്മീഷണർ വിധി പ്രസ്താവിച്ചു.

1930 മാർച്ച് 19-ന് സ്ലീബാ മാർ ഒസ്താത്തിയോസ് കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളിയിൽ കബറടങ്ങി. അദ്ദേഹത്തിന്റെ ദൗത്യങ്ങൾ പരാജയപ്പെട്ടു. ആ അന്ത്യം ദയനീയമായിരുന്നു. മലങ്കര മെത്രാനെന്ന നിലയിൽ മലങ്കരയിലെ എല്ലാ മെത്രാസനങ്ങളുടേയും ഭരണാധികാരിയായി അബ്ദുള്ളാ ബാവായിൽ നിന്ന് സുസ്താത്തിക്കോൻ പ്രാപിച്ച അദ്ദേഹം കോനാട്ട് മല്പാൻ, സി. ജെ. കുര്യൻ എന്നിവരുടെ അന്ത്യത്തേക്കാൾ ശോചനീയമായ ഒരവസ്ഥയിലാണ് ജീവിതാന്ത്യത്തിലെത്തിയത്. അദ്ദേഹത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ള രണ്ടു പാതകങ്ങൾ അവിസ്മരണീയമാണ്. അതീവ പരിശുദ്ധമെന്ന് പൊതു സഭ എക്കാലവും കരുതിപ്പോന്ന കാനോൻ ഗ്രന്ഥത്തിൽ ഒരു കക്ഷിയുടെ വിജയത്തിനു വേണ്ടി നൂറിലേറെ തിരുത്തുകൾ സ്വന്തം കൈപ്പടയിൽ എഴുതിച്ചേർത്ത് സഭയുടെ ഒരു അടിസ്ഥാനപ്രമാണത്തെ വികലമാക്കുകയും നിഷ്കളങ്കരായ പിൻതലമുറകൾ തെറ്റായ ദിശയിലേക്ക് പ്രയാണം ചെയ്യുവാൻ വഴിയൊരുക്കുകയും ചെയ്തു എന്നതാണ് ഒന്നാമത്തെ പാതകം. പാലൂരിലെ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളിയിലെ ഐക്യം നശിപ്പിച്ച് ഒരു വിഭാഗത്തെ കൃത്രിമവും വക്രവുമായ മാർഗ്ഗങ്ങളിലൂടെ അടർത്തിയെടുത്ത് ഒരു ബദൽ ഇടവകസൃഷ്ടിക്കുവാൻ ശ്രമിച്ചതാണ് രണ്ടാമത്തെ പാതകം. രണ്ടിന്റെയും തിക്തഫലം അദ്ദേഹത്തെ കാത്തു നിന്നു.

മലങ്കരയിൽ തെക്കും വടക്കുമുള്ള പള്ളികളിൽ സഞ്ചരിച്ച അദ്ദേഹത്തിന് സ്ഥിരമായ ഒരാസ്ഥാനം നിർമ്മിക്കുവാൻ കഴിഞ്ഞില്ല. മാർ യൂലിയോസ് മലങ്കരയിലെത്തിയതോടെ അദ്ദേഹം മിക്കവാറും അനാഥനായി. മലങ്കരസഭയിലെ ഏറ്റവും പ്രാചീനമായ കുന്നംകുളം ഇടവകയിൽ നിന്ന് പല കാരണങ്ങളാൽ അസംതൃപ്തരായിരുന്ന ആളുകളെ സംഘടിപ്പിച്ച് അവിടെ ഒരു സമാന്തര ദേവാലയം പണിയിച്ച് അവിടം തന്റെ അന്ത്യവിശ്രമരംഗമാക്കി. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതന

ദേവാലയത്തോട് മത്സരിച്ച് പുതിയ പള്ളി പണിയാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ വേണ്ടത്ര വിജയിച്ചില്ല. കാര്യങ്ങളെ അദ്ദേഹത്തിന്റെ വാക്കുകളിൽ പകർത്താം:

"…. എന്റെ മക്കളേ, നമ്മുടെ ഈ ബലഹീനകാലത്തിൽ ഈ പള്ളിയുടെ മക്കളാകുന്ന സത്യവിശ്വാസികളായ നിങ്ങളെക്കണ്ട് സംസാരിക്കുന്നതിനും ആലോചിക്കുന്നതിനും നമുക്ക് ആഗ്രഹമുള്ളതിനാൽ നാം ചിലർക്ക് കല്പന അയച്ചതിൽ ഒരാളല്ലാതെ മറ്റാരും വരാഞ്ഞതിൽ വളരെ വ്യസനിക്കുന്നു… ഇതിന് മുമ്പ് പല അവസരങ്ങളിലും നാം നിങ്ങളെ കാണുമ്പോൾ നമ്മുടെ ഈ പള്ളിപ്പണിയുടെ കാര്യത്തെപ്പറ്റിയും, പള്ളിക്കാര്യത്തെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും പറയുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ട് നിങ്ങൾ നമ്മുടെ അടുക്കൽ വന്നാൽ ഈ വക കാര്യങ്ങൾ നാം പറയുമ്പോൾ, അതിന് നിങ്ങൾ കടക്കാരാകുമെന്ന് ഭയപ്പെട്ടും ബാവാ വല്ലതും കല്പിച്ചാൽ എങ്ങനെ ആകുന്നു അനുസരിക്കാതെ വല്ല സൂത്രവും പറഞ്ഞ് പോരുന്നതെന്നും മറ്റും ശങ്കിച്ചിട്ടാകുന്നു നിങ്ങൾ നമ്മുടെ മുഖം കാണാതിരിക്കുന്നതെന്ന് നമുക്ക് ബോധ്യമായി…."

പള്ളിപ്പണിയുടെ കാര്യത്തിൽ മാത്രമല്ല; ഉപജീവനം കഴിക്കുന്നതിന്റെ കാര്യത്തിൽപ്പോലും അദ്ദേഹം നേരിട്ട ദുരന്താനുഭവങ്ങളെ അദ്ദേഹം വിശദീകരിക്കുന്നത് കേൾക്കുക: "… ഇനി രണ്ടാമത്തെ സംഗതി എന്റെ ചിലവിനെക്കുറിച്ചാകുന്നു. ഈ ആവശ്യത്തിലേക്ക് ചിലരുടെ ഉത്സാഹത്താൽ പലരിൽ നിന്നും മാസവരി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് കുറിച്ചിട്ട ചിലരൊക്കെ കൊടുക്കുകയും ചെയ്തു. ഇപ്പോഴും ചിലർ കൊടുക്കുന്നുണ്ടായിരിക്കാം. ശരിയായ വിവരം നമുക്കറിവില്ല. ഇപ്പോൾ അതും നമ്മുടെ ആളുകൾക്ക് ഭാരമായിത്തീർന്നിരിക്കയാൽ ആരാണ് ബാവായെ കൊണ്ടുവന്നതെങ്കിൽ അവർ ചെലവിന് കൊടുക്കട്ടെ എന്ന് ചിലർ; ബാവാ വന്ന വഴിയ്ക്ക് തന്നെ പോയാൽ കൊള്ളാം എന്ന് ചിലർ; ബാവാ വന്നാലും പോയാലും എനിക്ക് വിരോധമില്ല, എന്നെക്കൊണ്ടൊന്നും കഴിയുകയില്ലെന്ന് ചിലർ; ബാവാ ഇവിടെ കാലം ചെയ്യണം, അതുവരെ എങ്ങനെ എങ്കിലും കഴിഞ്ഞുകൂടും എന്നൊക്കെയുള്ള ഭിന്നാഭിപ്രായങ്ങൾ ധാരാളം നമ്മുടെ ചെവിയിൽ എത്തിയിരിക്കുന്നു" (ആർത്താറ്റ് സിംഹാസനപള്ളി സുവനീർ, പുറം നമ്പർ ഇല്ല. പ്രസംഗത്തിന്റെ മലയാളം പരിഭാഷ). യാക്കൂബായക്കാർ, മശീഹൈക്യ സ്വഭാവം എന്നീ രണ്ട് കൃതികളും മലേക്കുരിശ് പള്ളിയും ആർത്താറ്റ് പുത്തൻപള്ളിയും പുതിയ 18 അക്കം കാനോനും അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങൾ തന്നെ.

മലങ്കരസഭയുടെ തർക്കങ്ങൾക്ക് മദ്ധ്യേ അനുരഞ്ജനശ്രമങ്ങൾ നടക്കുന്ന സമയം തന്നെ, നേരത്തെ മലങ്കരസഭയുടെ ഐക്യത്തിൽ

നിന്ന് അടർന്നുപോയ സി. എം. എസ്., മാർത്തോമ്മാ വിഭാഗങ്ങളെ മലങ്കരസഭയോട് അടുപ്പത്തിൽ നിർത്തുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ അന്ത്യകല്പനയുടെ അന്തഃസത്തയെ സാക്ഷാത്കരിച്ച് കൊണ്ട്, ഒരു മഹനീയമായ എക്യുമെനിക്കൽ സംരംഭം ആലുവാ കേന്ദ്രമായി അരങ്ങേറി. അതാണ് യൂണിയൻ ക്രിസ്ത്യൻ കോളജ്. കെ. സി. ചാക്കോയുടെ ഉത്സാഹത്തിലും എ. എം. വർക്കി, സി. പി. മാത്യു, വി. എം. ഇട്ട്യേര എന്നിവരുടെ സഹകരണത്തിലും 1921 ജൂൺ 8 ന് ഒരു കലാലയം ആരംഭിച്ചു. കോളജ് സ്ഥാപകൻ കെ. സി. ചാക്കോ മെത്രാൻ സ്ഥാനത്തേക്കും പ്രഥമ പ്രിൻസിപ്പൽ വർക്കി, പ്രൊഫ. റ്റി. വി. ജോൺ എന്നിവർ ഭരണഘടനാ കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. കോളജിലെ ചാപ്പലിന്റെ സ്ഥിരകൂദാശ ഔഗേൻ മാർ തീമോത്തിയോസ് ആണ് നിർവ്വഹിച്ചത്. ആലുവായിലെ ഓർത്തഡോക്സ് കേന്ദ്രമായി പ്രവർത്തിച്ച ചാപ്പലും കോളജും പല പില്ക്കാല അനുരഞ്ജന ചർച്ചകൾക്കും വേദിയായി. അന്താരാഷ്ട്ര തലത്തിൽ എക്യുമെനിക്കൽ ചിന്തകൾ മുള പൊട്ടുന്നതിന് മുമ്പ് മലങ്കരസഭയിലെ ഭാവനാശാലികൾ ആ രംഗത്ത് ക്രിയാത്മകമായി പ്രവർത്തിച്ചതിന്റെ സന്തതികളാണ് കോളജ്, ഫെലോഷിപ്പ് ഹൗസ്, റൂറൽ മെഡിക്കൽ സെന്റർ, സെറ്റിൽമെന്റ് സ്കൂൾ, മഹിളാലയം സ്കൂൾ തുടങ്ങിയ ആലുവായിലെ സ്ഥാപനങ്ങൾ. ഭാവനാപൂർവ്വം അവയെ നയിക്കുവാൻ അന്നത്തെ സഭാനേതൃത്വ നിരയ്ക്ക്, നിർഭാഗ്യവശാൽ കഴിയാതെപോയി.

1932 ഏപ്രിൽ 22-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ വച്ച് മൂന്നാം കാതോലിക്കാ മൂറോൻ കൂദാശ നടത്തി. ഒരു മലയാളിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ആദ്യത്തെ മൂറോൻ കൂദാശ (മൂറോൻ കൂദാശയിലെ പ്രധാന കാർമ്മികനെ റീശ് കൊഹനെ (പ്രധാന പട്ടക്കാരൻ) എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും പാത്രിയർക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ എന്നിവർക്ക് മാത്രമേ മൂറോൻ കൂദാശ നടത്താനാവൂ എന്ന് ഹൂദായ കാനോനിൽ ബാർ എബ്രായ വിശദീകരിച്ചു. സ്ലീബാ ഒസ്താത്തിയോസ് അനധികൃതമായി തിരുത്തിയെഴുതിയ 18 അക്കം കാനോനിൽ മൂറോൻ കൂദാശ നടത്തുന്നത് പാത്രിയർക്കീസാണെന്നു വിധിച്ചു. പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹ കല്പനയോടെ സുറിയാനി സഭയിലെ ഉപയോഗത്തിനായി ഈയിടെ നിര്യാതനായ ശീശക്ക് മെത്രാച്ചൻ ഹോളണ്ടിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച സുറിയാനി ക്കാനോൻ വെളിച്ചം കണ്ടതോടെ സ്ലീബാ ഒസ്താത്തിയോസ് തിരുത്തിയുണ്ടാക്കിയ 18 അക്കം വ്യവഹാരകാനോനും ആ കൃത്രിമക്കാനോൻ മലയാളത്തിൽ വിവർത്തനം ചെയ്ത യാക്കോബ് യൂലിയോസും അതിന്റെ പ്രസിദ്ധീകരണം നിർവ്വഹിച്ച ഉദയഗിരി സെമിനാരി അധികൃതരും

അതിനെ സത്യകാനോൻ എന്ന് ഏറ്റു പാടുന്ന എറാൻമൂളികളായ വൈതാളികരും ശാപാർഹമായ ഒരു സഭാ ദ്രോഹകൃത്യത്തിലാണ് അറിയാതെയാണെങ്കിൽപ്പോലും പങ്കുചേർന്നതെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു. ഹോളണ്ട് കാനോന്റെ നിരവധി പ്രതികൾ ശീശക്ക് മെത്രാച്ചൻ അയച്ചുകൊടുത്തത് പുറത്തെടുക്കാനാവാതെ വെട്ടിക്കൽ ഉദയഗിരി സെമിനാരിയുടെ ഇരുട്ടുമുറിയിൽ ചിതലിനും പുഴുവിനും ഭക്ഷണമായി ത്തീർന്നുകൊണ്ടിരിക്കുന്നുവെന്ന് അവിടത്തെ മല്പാന്മാരിലൂടെ അറിയാൻ കഴിഞ്ഞിട്ടുണ്ട്).

മൂറോൻ കൂദാശയുടെ വിവരം പ്രഖ്യാപിച്ച് മൂന്നാം കാതോലിക്കാ പള്ളികൾക്ക് കല്പന അയച്ചപ്പോൾ അദ്ദേഹത്തോടൊപ്പം ഗുരുവായ പരുമല മെത്രാച്ചനിൽ നിന്ന് തിരുത്തുകളില്ലാത്ത അസ്സൽ ഹൂദായ കാനോൻ പഠിച്ച ബദൽ മലങ്കര മെത്രാൻ - ആലുവായിലെ വലിയതിരുമേനിയെന്നും വിശ്വാസസംരക്ഷകനെന്നും അഭിധാനമുള്ള കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ് 1932 മീനം 27 ന് പള്ളികൾക്കയച്ച 18-ാം നമ്പർ കല്പനയിൽ എഴുതി:

“വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസന്മാരല്ലാതെ ആരും സ്വമേധയായി ഇന്നുവരെ നടത്തിയിട്ടില്ലാത്ത ഈ കർമ്മം നടത്താമെന്ന് വിചാരിക്കുന്ന ആളിന്റെ ഈ സാഹസപ്രവൃത്തിയെപ്പറ്റി നാം എന്തു പറയേണ്ടൂ.” ഈ അകാനോനിക കർമ്മത്തിൽ പങ്കാളികളാകയോ ദ്രവ്യം സംഭാവന ചെയ്യുകയോ അരുതെന്ന് അദ്ദേഹം കല്പനയിൽ വിലക്കി.

അനുഗ്രഹപ്രദമായി ആ മൂറോൻ കൂദാശ പഴയസെമിനാരിയിൽ നടന്നു. സഭയുടെ ആത്മവിശ്വാസം അതോടെ വർദ്ധിക്കുകയും ചെയ്തു.

വർഷങ്ങളായി നിലച്ചുപോയിരുന്ന വൈദിക വിദ്യാഭ്യാസം 1933-ൽ എം. ഡി. സെമിനാരിയിൽ ആരംഭിച്ചത് ഈ കാലത്തെ പ്രധാന സംഭവങ്ങളിൽ ഒന്നാണ്.

ഏലിയാസ് തൃതീയന്റെ പിൻഗാമിയെ കണ്ടെത്താൻ ശീമയിൽ ശ്രമം നടന്നു. അതിൽ മലങ്കരസഭയ്ക്ക് അർഹമായ പങ്കാളിത്തം ലഭിച്ചില്ലെങ്കിൽ പുതിയ പാത്രിയർക്കീസിനെ മലങ്കരസഭയിൽ സ്വീകരിക്കുകയില്ലെന്ന ദീവന്നാസ്യോസിന്റെ അറിയിപ്പ് അവഗണിക്കപ്പെട്ടു. മലങ്കര മെത്രാനെ മാത്രം ക്ഷണിച്ചു; അത് നിരസിക്കപ്പെടുകയും ചെയ്തു, അപ്രേം പ്രഥമൻ പാത്രിയർക്കീസായി. കോട്ടയം എം. ഡി. ഹോസ്റ്റലും മർത്തമറിയം സമാജത്തിന്റെ സഭാതല സംഘടനയും മാർ ദീവന്നാസ്യോസിന്റെ കാലത്താണുണ്ടായത്. 1934 കുംഭം 12-ന് ആ ധീരസേനാനി ഇഹലോകത്തോട് യാത്ര പറഞ്ഞു. പഴയസെമിനാരി ചാപ്പലിന്റെ തെക്കേ മുറിയിൽ കബറടക്കി.

1909 മുതൽ 1934 വരെയുള്ള കാൽ നൂറ്റാണ്ട് ഒരു സുവർണ്ണകാലത്തിന്റെ പശ്ചാത്തല പ്രഭയിൽ സഭ നിലനില്പിനു വേണ്ടി പടപൊരുതിയ കാലം എന്ന നിലയിൽ നിർണ്ണായക പ്രാധാന്യം അർഹിക്കുന്നു. പാത്രിയർക്കീസുമായുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള പോരാട്ടത്തിന്റെ കാലമായിരുന്നു ഇത്. സർവസൈന്യാധിപൻ വട്ടശ്ശേരിൽ മെത്രാച്ചൻ തന്നെ. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്തെ ട്രസ്റ്റികൾ – കോനാട്ടച്ചനും സി. ജെ. കുര്യനും ഒരു പക്ഷത്ത് പാത്രിയർക്കീസിനെ മുൻനിർത്തി യുദ്ധനിര സജ്ജീകരിച്ചപ്പോൾ അതേ ശിക്ഷണപാരമ്പര്യത്തിൽ സമുദായത്തിന്റെ മുന്നണിയിലേക്ക് വന്ന ഫാ. പി. ടി. ഗീവർഗീസ്, ഔഗേൻ റമ്പാൻ, കെ. സി. മാമ്മൻ മാപ്പിള, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, മണലിൽ യാക്കോബ് കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ഇ. ജെ. ജോൺ വക്കീൽ, അഡ്വ. ഇ. ജെ. പീലിപ്പോസ്, ഒ. എം. ചെറിയാൻ, എം. പി. വർക്കി, ഏ. എം. വർക്കി, എം. എ. ചാക്കോ, മാരേട്ട് പീലിപ്പോസ് ജഡ്ജി, കുന്നുകുഴി കുരുവിള എഞ്ചിനീയർ, കെ. വി. ചാക്കോ, ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്, പത്രോസ് മത്തായി എന്നിവർ വട്ടശ്ശേരിൽ മെത്രാച്ചന്റെ പിന്നിൽ ഉറച്ചു നിന്നു. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലത്ത് രൂപംകൊടുത്ത മഹാജന സഭയിൽ പ്രവർത്തിച്ച് തഴക്കം നേടിയ ഈ അത്മായനിരയോട് കിടപിടിക്കാവുന്ന അത്മായ നേതൃത്വം പിന്നീട് സഭയിലുണ്ടായില്ലെന്ന സത്യം ചിന്തോദ്ദീപകമാണ്.

വട്ടശ്ശേരിൽ മെത്രാച്ചനെ, വിലയിരുത്തുമ്പോൾ അവിസ്മരണീയമായ ചില സംഭാവനകൾ സ്മരിക്കാതെ വയ്യ. അതിൽ പ്രധാനമാണ് പൂർവ്വ മാതൃകകൾ ഒന്നും ഇല്ലാതിരിക്കെ 'സൽഗാ'യുടെ മാതൃകയിൽ അദ്ദേഹം രചിച്ച *മതോപദേശ സാരങ്ങൾ.* ഗുരുമുഖങ്ങളിൽ നിന്നും ഗ്രന്ഥശാലകളിൽ നിന്നും സ്വന്തം ഉപാസനയിൽ നിന്നും ആർജ്ജിച്ച വിജ്ഞാനത്തെ കൈമുതലാക്കി വൈദിക പരിശീലന പാഠ്യപദ്ധതിയ്ക്ക് രൂപം നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഈ ലക്ഷണഗ്രന്ഥം അദ്ദേഹം എഴുതിയത്. വിശ്വാസവിഷയങ്ങളെ പ്രാധാന്യം അടിസ്ഥാനമാക്കി ലിസ്റ്റ് ചെയ്ത് വേദപുസ്തകത്തിന്റെ സുനിശ്ചിതവും സുവ്യക്തവും സുദൃഢവുമായ അടിസ്ഥാനത്തിൽ അവയെ അവതരിപ്പിക്കുവാനുള്ള ശ്രമമാണ് *മതോപദേശസാര*ത്തിൽ നാം കാണുന്നത്. വേദപുസ്തകം, സുറിയാനി ഭാഷയിലെ വ്യാഖ്യാന ഗ്രന്ഥങ്ങൾ, സഭാചരിത്രം, കാനോൻ എന്നീ അടിസ്ഥാന വിഷയങ്ങളിൽ അദ്ദേഹം ആർജ്ജിച്ച അനന്യവും അസാമാന്യവും ആയ പാണ്ഡിത്യത്തെ ആ ലഘുഗ്രന്ഥം വിളംബരം ചെയ്യുന്നുണ്ട്. നവീകരണക്കാരോടുള്ള ആശയപരമായ യുദ്ധത്തിൽ മതോപദേശസാരം വഹിച്ച പങ്ക് അതുല്യമാണ്.

പാത്രിയർക്കീസിനെ തലപ്പത്ത് പ്രതിഷ്ഠിക്കുന്ന ഒരു എപ്പിസ്ക്കോപ്പൽ ഹയരാർക്കി ആണ് മതോപദേശത്തിന്റെ കർത്താവ് വിഭാവനം ചെയ്തത്. സഭയുടെ ശിക്ഷണം റോമൻസഭയുടെ മാതൃകയിലാക്കാൻ അദ്ദേഹം യത്നിച്ചു. പൗരോഹിത്യപരമായ മേലധികാരം അന്ത്യോഖ്യയ്ക്കെന്ന് അദ്ദേഹം പ്രമാണമെഴുതിയത് അന്നത്തെ അവസ്ഥയിൽ കുറ്റകരമല്ല. മൂറോൻ കൂദാശ ചെയ്യുന്ന കാർമ്മികനെ അദ്ദേഹം പ്രധാന മേല്പട്ടക്കാരൻ എന്നേ വിശേഷിപ്പിച്ചിട്ടുള്ളൂ എന്നത് പ്രശംസനീയമാണ്. ഞങ്ങളുടെ പാത്രിയർക്കീസായ ഇഗ്നാത്യോസ് എന്ന പ്രയോഗം താൻ അച്ചടിച്ച കുർബ്ബാനക്രമത്തിലെ തുബ്ദേനിൽ വ്യത്യാസപ്പെടുത്തി മൂന്ന് പാത്രിയർക്കീസന്മാരിലൊരാളായി അദ്ദേഹത്തെ പുനർ നിർണ്ണയിച്ചതിലും ബുദ്ധികൂർമ്മതയുണ്ട്. "... കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും ക്രമപ്പെടുത്തുവാൻ കാതോലികവും ശ്ലൈഹികവുമായ നമ്മുടെ വിശുദ്ധസഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒത്തുകൂടുന്ന പൊതുവിന്നടുത്ത സുന്നഹദോസുകൾക്ക് അധികാരമുണ്ട്' എന്ന അദ്ദേഹത്തിന്റെ സുന്നഹദോസ് സങ്കല്പം മേല്പട്ടക്കാരുടെ മാത്രമായി സങ്കോചിപ്പിച്ചത് പില്ക്കാലത്തെ എപ്പിസ്ക്കോപ്പൽ താല്പര്യങ്ങളുടെ കടന്നാക്രമണമായിട്ടേ കാണാൻ കഴിയൂ.

സെമിനാരി മല്പാനായിരുന്ന കാലത്ത് പ്രസിദ്ധീകരിച്ച സുറിയാനി ഒന്നാം പാഠപുസ്തകമാണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. സുറിയാനി ഭാഷാ പരിജ്ഞാനം അപരിത്യാജ്യമായിരുന്ന അക്കാലത്ത് ഇപ്രകാരം ഒരു പാഠപുസ്തകം ശാസ്ത്രീയമായി തയ്യാറാക്കപ്പെടുന്നത് ആദ്യമായിട്ടാണ്. ഒന്നാം പാഠമെന്ന് പേരാണെങ്കിലും അത് മാത്രം പഠിച്ചാലും സുറിയാനിഭാഷാ ഗ്രന്ഥങ്ങൾ സ്വന്തമായി വായിച്ച് ഗ്രഹിക്കാനുള്ള വിജ്ഞാനം നേടാനാകും. കഠിനാദ്ധ്വാനം ചെയ്യാൻ തയാറാണെങ്കിൽ ഗുരുസഹായം കൂടാതെ തന്നെ ആ പുസ്തകം ഉപയോഗിച്ച് സുറിയാനി ഭാഷാ വിജ്ഞാനം നേടാനാകും. ഒരു നൂറ്റാണ്ടുകാലം മുഴുവൻ കേരളീയ വൈദികസെമിനാരികളിൽ ഈ പുസ്തകം പാഠപുസ്തകമായി ഉപയോഗത്തിലായിരുന്നു. അതിന്റെ മാതൃകയിൽ മറ്റൊരു പുസ്തകം പ്രത്യക്ഷപ്പെട്ടത് വളരെക്കാലത്തിന് ശേഷമാണ്.

അദ്ദേഹവും കോനാട്ട് മല്പാനും ചേർന്ന് 1903 ൽ പ്രസിദ്ധീകരിച്ച കുർബ്ബാനക്രമമാണ് മറ്റൊരു സംഭാവന. ക്യംതാ നമസ്ക്കാരത്തിന്റെ ഗീതങ്ങളും കുർബ്ബാനക്രമത്തിന്റെ ഗീതങ്ങളും ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഇതിലാണ്. സഭയിലെ ആരാധനയുടെ ഏകീകരണത്തിനുവേണ്ടി ഇവിടെ ഉപയോഗത്തിലിരുന്ന തുബ്ദേനുകൾ മാറ്റി തൽസ്ഥാനത്തു അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകൾ അടങ്ങിയ ഇന്നത്തെ തുബ്ദേനുകൾ ഇതിൽ സ്വീകരിച്ചുവെങ്കിലും പേട്രിയാർക്കൽ ഹയരാർക്കി മന

സ്സിൽ അംഗീകരിച്ച അദ്ദേഹത്തിന് അതിൽ തകരാറൊന്നും തോന്നിയിരിക്കാനിടയില്ല. പത്രോസ് ബാവാ പട്ടം കൊടുത്ത ആറ് മെത്രാന്മാരിലൂടെ അന്ത്യോഖ്യൻ തുബ്ദേനുകൾ പ്രചരിച്ചുകൊണ്ടേയിരുന്നു. കുർബ്ബാന ക്രമത്തിലെ തുബ്ദേനുകളും പ്രചാരത്തിലിരുന്നു. ഏകീകരണം ആഗ്രഹിച്ച മല്പാൻ കൂടുതൽ പ്രചരണസാധ്യതയുള്ളതെന്ന അടിസ്ഥാനത്തിൽ പുതിയ തുബ്ദേനുകളെ സ്വീകരിച്ചതാവാം. ഏതായാലും ആ ക്രമമാണ് പിന്നീട് മലങ്കരയിൽ സാർവത്രികമായി ഉപയോഗത്തിൽ വന്നത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ കാലശേഷം പഴയ കുർബ്ബാനക്രമത്തിലെ തുബ്ദേനുകൾ അപ്രത്യക്ഷമാവുക തന്നെ ചെയ്തു. കാതോലിക്കാ സ്ഥാപനത്തിന് ശേഷവും മാർ ഇഗ്നാത്യോസിനെ തുബ്ദേനിലും മറ്റും നിലനിർത്തിയത് അദ്ദേഹത്തെ ആഴമായി സ്വാധീനിച്ച പാത്രിയർക്കാ ഹയരാർക്കിയിലുള്ള വിശ്വാസം മൂലമാകും. ഈ ആഭിമുഖ്യം അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാഡ്രാഫ്റ്റിലും പ്രകടമാണ്.

വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ വ്യക്തിത്വത്തിന്റെ താഴെപറയുന്ന കതിരുകൾ പ്രശംസാപൂർവ്വം നിരീക്ഷിക്കപ്പെടേണ്ടവയാണ്. 1. ട്രസ്റ്റ് വിനിയോഗത്തിലെ സുതാര്യതയും സത്യസന്ധതയും. 2. കാപട്യങ്ങളും മുഖസ്തുതികളും വെറുക്കുന്ന ആത്മീയ പൗരുഷം. 3. കാലത്തോടൊപ്പം വരാനുള്ള സന്നദ്ധത. 4. സന്യാസിയുടെ ലാളിത്യം, നിസ്സംഗത, നിർഭയത്വം എന്നീ വൈശിഷ്ട്യങ്ങൾ. 5. പതറാത്ത ആത്മധൈര്യം. 6. പ്രതിപക്ഷ ബഹുമാനം. 7. ആസൂത്രണവൈഭവം. 8. ജീവിതനിഷ്ഠകൾ. 9. ഹൃദയ വിശാലത. 10. പ്രത്യുല്പന്നമതിത്വം. 11. എക്യുമെനിക്കൽ ദർശനം. 12. സ്വർണ്ണനാവുകാരൻ എന്ന് വിശേഷിപ്പിക്കാവുന്ന പ്രസംഗപാടവം. 13. സമഗ്ര സഭാദർശനം.

സഭയിലെ യോജിപ്പ് അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു. അന്ത്യകാലത്തും അതിനായി ശ്രമിച്ചു. അക്കാര്യത്തിൽ നിയോഗിക്കപ്പെട്ട ആലുവായിലെ അത്താനാസ്യോസ് മെത്രാച്ചൻ കോട്ടയം പഴയസെമിനാരിയിലെത്തിയെങ്കിലും ചാപ്പലിൽ പ്രവേശിക്കുവാനോ മെത്രാപ്പോലീത്തായുടെ സൽക്കാരം സ്വീകരിക്കുവാനോ സംഭാഷണം നടത്തുവാൻ പോലുമോ തയാറാകാതെ തിരിച്ചുപോയത് വട്ടശ്ശേരിൽ പിതാവിനെ മുറിപ്പെടുത്തി. ആ ആഘാതത്തിൽ ഏതാനും ദിവസങ്ങൾക്കകം ഇഹലോക വാസം വെടിയുമ്പോഴും ഈ സഫലമാകാത്ത ആഗ്രഹം അദ്ദേഹത്തിന്റെ കണ്ണുകളിൽ നനവായി അവശേഷിച്ചു.

അദ്ധ്യായം പത്ത്

ആഗോളസഭയാക്കിയ മൂന്നാം കാതോലിക്കാ

സത്യം ജയിക്കും എന്ന് സദാ ഉരുവിട്ടുകൊണ്ടും ദൈവാശ്രയം എന്ന പാറമേൽ ഉറച്ചുനിന്നുകൊണ്ടും മൂന്നര ദശാബ്ദക്കാലം മലങ്കരസഭാ നൗകയെ നയിച്ച ഭാഗ്യസ്മരണാർഹനായ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ ഭരണകാലവും നേട്ടങ്ങളും കോട്ടങ്ങളും നോക്കെത്താത്ത ഒരു സാഗരതീര സമാനമാണ്. സഭാന്തരീക്ഷത്തിൽ മിക്കവാറും കാറും കോളും നിറഞ്ഞു നിന്നു. കേസുകളും വഴക്കുകളും നിലയ്ക്കാത്ത തിര മാലകൾപോലെ ശക്തമായി അടിച്ചുകൊണ്ടിരുന്നു. തീരത്തെ കുറെ മണൽ ഒലിച്ചുപോകുകയും ചെയ്തു. അതിനിടയിൽ തെല്ലിട കുളിർ കാറ്റും ഇളകിയാടുന്ന ആഴിപ്പരപ്പിനെ ശാന്തമാക്കിയ വസന്തകാലങ്ങളും വന്നെത്തി. ആഞ്ഞടിച്ച തിരമാലകളെ മുറിച്ചുകീറി സഭാനൗകയെ ലക്ഷ്യ സ്ഥാനത്ത് എത്തിക്കുന്നതിനും ആ കപ്പിത്താനു കഴിഞ്ഞു.

ഒഴിവാക്കാൻ പരമാവധി പരിശ്രമിച്ച ശേഷം പരാജയപ്പെട്ടുകൊണ്ടും സഭാക്കേസുകളെ ആവശ്യമായ അനാവശ്യമായി കണ്ടുകൊണ്ടും ആദ്ധ്യാത്മിക പ്രവർത്തനമേഖലകളുടെ അതിരുകൾ വിശാലമാക്കാനും സഭയ്ക്ക് ആദ്ധ്യാത്മികവും ഭൗതികവുമായ ചൈതന്യം പകരുന്ന സ്ഥാപ നങ്ങളുടെയും സമുന്നതരായ മേല്പട്ടക്കാരുടെയും വൈദികരുടെയും ഒരു ശൃംഖല തന്നെ കോർത്തിണക്കാനും ആഗോളാടിസ്ഥാനത്തിലുള്ള ക്രൈസ്തവ സേവന പ്രവർത്തനങ്ങളുമായി സഹകരിക്കാനും അങ്ങനെ മലങ്കരസഭയ്ക്കു ദൗത്യനിർവഹണത്തിൽ ചൈതന്യധന്യമായ ഒരു നവീ നപാത വെട്ടിത്തുറക്കാനും സാധിച്ചു എന്നതാണു മൂന്നാം കാതോലി ക്കായുടെ നേട്ടങ്ങളുടെ നീണ്ട പട്ടികയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ. കടന്നുപോയ കാതോലിക്കാമാരിൽ ആർക്കും തന്നെ ഇത്രയധികം മികച്ച സംഭാവനകൾ നൽകാനും കഴിഞ്ഞിട്ടില്ല. ദീർഘനാൾ ജീവിച്ചു ഭരിച്ചതു കൊണ്ടു മാത്രം ഉണ്ടായ നേട്ടങ്ങളുമല്ലിവ.

രണ്ടാം കാതോലിക്കാ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ 1928 ഡിസംബറിൽ ശസ്ത്രക്രിയയെ തുടർന്നു പെട്ടെന്നു കാലം ചെയ്തു. വള്ളിക്കാട്ടു ദയറായിൽ കബറടക്കപ്പെട്ടു. അദ്ദേഹത്തിന്റെ മുപ്പതാം അടി യന്തര ദിവസം യോഗം കൂടി എത്രയുംവേഗം അടുത്ത കാതോലിക്കാ വാഴ്ചയും മെത്രാന്മാരുടെ അഭിഷേകവും നടത്തണമെന്നു നിശ്ചയിച്ചു. ഇതിനാവശ്യമായ ഒരുക്കങ്ങൾ ആരംഭിച്ചപ്പോൾ ഔഗേൻ മാർ തീമോ

ത്തിയോസ് മെത്രാപ്പോലീത്തായും പാലാമ്പടം തോമസ് വക്കീലും വന്ന് ഉടനെ കാതോലിക്കായെ വാഴിക്കരുതെന്നും അവർക്കു പാത്രിയർക്കീസുമായി ആലോചിച്ചശേഷം യോജിച്ചു കാതോലിക്കായെ വാഴിക്കാൻ സാവകാശം വേണമെന്നും മലങ്കര മെത്രാപ്പോലീത്തായായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനോടഭ്യർത്ഥിച്ചു. പാലാമ്പടം വക്കീലിനോടു വട്ടശ്ശേരിൽ തിരുമേനി ഇങ്ങനെ പറഞ്ഞു. "എത്ര വേണമെങ്കിലും മാറ്റിവയ്ക്കാം. എന്നാൽ പാത്രിയർക്കീസു സമ്മതിച്ചില്ലെങ്കിൽ വക്കീലും ഔഗേൻ മെത്രാച്ചനും എന്നോടു കൂടി നിന്നു കാതോലിക്കാവാഴ്ച നടത്താമെന്നു വാഗ്ദത്തം ചെയ്യണം." അവർ ഇതിനു സമ്മതിക്കാതെ കഴിയുംവിധം ശ്രമിക്കാമെന്നുള്ള മറുപടിയാണു നൽകിയത്. "അങ്ങനെ മാറ്റിവയ്ക്കാൻ നിവൃത്തിയില്ല. പാത്രിയർക്കീസു സമ്മതിക്കുമെന്നു വിശ്വാസവും ഇല്ല" എന്ന് വട്ടശ്ശേരിൽ തിരുമേനി പറഞ്ഞു.

ഈ സംഭവത്തിനുശേഷം 1929 ഫെബ്രുവരി 15-നു കാതോലിക്കായെ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു വാഴിക്കാനും പിറ്റേദിവസം മെത്രാനഭിഷേകം നടത്താനും നിശ്ചയിച്ചുകൊണ്ടു മലങ്കര മെത്രാപ്പോലീത്താ, എല്ലാ പള്ളികൾക്കും കല്പന അയച്ചു. കാതോലിക്കാ വാഴ്ചയ്ക്കു വട്ടശ്ശേരിൽ തിരുമേനി മുഖ്യകാർമികത്വം വഹിച്ചു. പിറ്റേദിവസം കാതോലിക്കായുടെയും മറ്റു മേല്പട്ടക്കാരുടെയും പ്രധാന കാർമികത്വത്തിൽ പാമ്പാടി കുറിയാക്കോസ് റമ്പാച്ചനേയും ബഥനിയുടെ യാക്കോബു റമ്പാച്ചനെയും മെത്രാന്മാരാക്കുകയും ബഥനിയുടെ മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായായി ഉയർത്തുകയും ചെയ്തു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് നേരത്തെ മർദ്ദീനിൽ പോയി പാത്രിയർക്കീസുമായി സമാധാന ചർച്ച നടത്തിയശേഷം മുടക്കു തീർത്ത കല്പനയുമായി വന്നപ്പോൾ മുൻ വൈരാഗ്യം മൂലം സി. ജെ. കുര്യൻ കല്പന വായിക്കാൻ അനുവദിക്കാതെ ഒളിപ്പിച്ചതിനെ തുടർന്നു ക്ഷമയറ്റാണു 1925 മെയ് ഒന്നിനു കോട്ടയം ഇടവകയുടെ മാർ പീലക്സിനോസിനെ രണ്ടാമത്തെ കാതോലിക്കാബാവായായി വാഴിച്ചതും ബഥനിയുടെ ഫാ. പി. റ്റി. ഗീവറുഗീസിനെ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചതും എന്ന വസ്തുത ഇവിടെ സ്മരണീയമാണ്.

മലങ്കര ഓർത്തഡോക്സ് സഭയിലെ മൂന്നാമത്തെ കാതോലിക്കായായി 1929 ഫെബ്രുവരി 15-ാം തീയതി മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായെ വാഴിച്ചതു സഭാചരിത്ര ഗതിയെത്തന്നെ തിരിച്ചുവിട്ടു.

സംഭവബഹുലമായ 35 വർഷത്തെ ഔദ്യോഗിക ജീവിതത്തിലേക്കു എത്തിനോക്കുന്നതിനു മുമ്പ് തിരുമേനിയുടെ ഒരു ലഘു ജീവചരിത്രം കുറിക്കട്ടെ. കോട്ടയത്തിനു 11 കിലോമീറ്റർ തെക്കു കുറിച്ചിയിലെ പുരാതന

പ്രശസ്തമായ പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ ശാഖയായ കല്ലാശ്ശേരിൽ ഉലഹന്നാന്റെയും പാമ്പാക്കുട മാടപ്പറമ്പിൽ കുഞ്ഞിക്കുറുവിന്റെ പുത്രി നൈത്തിയുടെയും പുത്രനായി 1874 ജൂൺ 16-നാണു ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമനായി ഉയർന്ന പുന്നൂസ് ജനിച്ചത്. മാതൃവഴിയിൽ പരിശുദ്ധ പരുമല തിരുമേനിയുമായും പിതൃവഴിയിൽ വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസുമായും കൂടാതെ പുന്നത്ര മാർ ദീവന്നാസ്യോസുമായും കല്ലാശ്ശേരിൽ ബാവായ്ക്ക് ബന്ധമുണ്ടായിരുന്നു. കുലമഹിമയും ശ്രേഷ്ഠ വൈദികപാരമ്പര്യവും പുരാതനകാലം മുതലേ മലങ്കരസഭ വിലമതിച്ചിട്ടുള്ളതാണെന്ന്, അതിലെ മേല്പട്ടക്കാരുടെ ചരിത്രം പഠിക്കുന്നവർക്കു നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയും. മലങ്കരസഭാഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് കുറിച്ചി പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ മറ്റൊരു ശാഖയായ കോലത്തുകളത്തിൽ ഏലിയാമ്മയുടെ പുത്രനാണ്. ഡൽഹി ഭദ്രാസന മുൻ മെത്രാപ്പോലീത്താ ഇയ്യോബ് മാർ പീലക്സിനോസ് (കണിയാന്ത്ര) കല്ലാശ്ശേരി മതിലകത്ത് അച്ചാമ്മയുടെ മകനാണ്. മുൻ മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ പൗലൂസ് മാർ പക്കോമിയോസ് കോലത്തുകളത്തിൽ നെയ്ശ്ശേരിൽ കെ. കെ. ജോണിന്റെയും തോനക്കാടു പാലമൂട്ടിൽ ഏബ്രഹാം കത്തനാരുടെ പുത്രി മറിയാമ്മയുടെയും പുത്രനാണ്. മറിയാമ്മയുടെ ഏക സഹോദരനായിരുന്നു ജഡ്ജി പി. എ. ഉമ്മൻ. പുത്തൻപുരയ്ക്കൽ കുടുംബം ആറു വൈദികരെ സഭയ്ക്കു പ്രദാനം ചെയ്തിട്ടുണ്ട്.

"പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലം വരെ (1843), പുരോഹിതന്മാർ ഇല്ലാത്ത കുടുംബങ്ങളിൽപെട്ട ആർക്കും കത്തനാർപട്ടം പോലും കൊടുക്കാറില്ലായിരുന്നു. സി.എം.എസ്. കാരുമായുള്ള മൈത്രിയുടെയും തന്മൂലമുണ്ടായ ചിന്താഗതിയുടെയും ഫലമായിട്ടാണു അദ്ദേഹം മാമൂൽ ഉപേക്ഷിച്ചതെന്നു വെയ്ക്കാം. കത്തനാർമാരുടെ കാര്യത്തിലുള്ള ഈ വ്യതിയാനം മെത്രാന്മാരുടെ കാര്യത്തിൽ മറ്റൊരു വിധത്തിൽ ഒന്നോ രണ്ടോ ചുവടു മുമ്പോട്ടു വച്ചു. മാർ അത്താനാസ്യോസിന്റേതായ ഒരു മലയാള കാനോൻ പുസ്തകം സെമിനാരിക്കേസിൽ പിൻഗാമി തോമസ് മാർ അത്താനാസിയോസ് ഹാജരാക്കിയിരുന്നു. ആ പുസ്തകം രണ്ടാം അധ്യായം ആറാം ഖണ്ഡികയിൽ മെത്രാൻ സ്ഥാനം ലഭിക്കുന്നതിനു യോഗ്യതയുള്ളവയായി വേർതിരിക്കപ്പെട്ടിട്ടുള്ള പ്രശസ്ത കുടുംബങ്ങൾ ഉണ്ടെന്നും, അവയിൽ ആളില്ലാതെ വരുന്നപക്ഷമല്ലാതെ മറ്റു കുടുംബങ്ങളിൽ നിന്നു മെത്രാൻ സ്ഥാനത്തേക്ക് ആളെ എടുത്തുകൂടാ എന്നും പറഞ്ഞിട്ടുണ്ട്" (മലങ്കര നസ്രാണികൾ, പേജ് 78, ഇസ്സഡ്. എം. പാറേട്ട്).

പുരോഹിതൻ സച്ചരിത ചരിത്രമുള്ള കുടുംബത്തിൽപ്പെട്ടവനായിരിക്കണമെന്നതിനു ഇതിൽപരം തെളിവു വേണ്ടല്ലോ.

വിദ്യാഭ്യാസം

പള്ളത്തു ആര്യാട്ടുപറമ്പിൽ ഉലഹന്നാൻ ആശാന്റെ കീഴിൽ അക്ഷരാഭ്യാസം നടത്തിയ പുന്നൻ ഏഴു വയസ്സായപ്പോഴേക്കും മലയാളം ശരിക്കു വായിക്കാനും കണക്കു കൂട്ടാനും പഠിച്ചു കഴിഞ്ഞു. ഇതിനിടയിൽ മാരകമായ രോഗം ബാധിച്ച പുന്നനെ മാതാപിതാക്കൾ ദൈവിക വേലയ്ക്കു നേർന്നതും രോഗം ശമിച്ചതും ഒപ്പമായിരുന്നു.

നേർച്ചപ്രകാരം ഒൻപതാം വയസ്സിൽ വൈദികവിദ്യ അഭ്യസിക്കാനായി പുന്നനെ പരുമല സെമിനാരിയിൽ കൊണ്ടാക്കി. പരുമല തിരുമേനിയും വട്ടശ്ശേരിൽ ഗീവറുഗീസു മല്പാനുമായിരുന്നു സുറിയാനി പഠിപ്പിക്കുന്ന അധ്യാപകർ. ഇരുവരും, അടിച്ചു വളരാത്ത കുട്ടികൾ നന്നാവില്ലെന്ന വിശ്വാസക്കാരായിരുന്നതിനാൽ ശിഷ്യന് ആറു വർഷം നല്ല ശിക്ഷണം തന്നെ ലഭിച്ചിരുന്നു. “മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം” എന്ന കവിവാക്യത്തെ അനുസരിപ്പിക്കുമാറ് കല്ലാശ്ശേരിക്കും പരിശുദ്ധിയുടെ മുല്ലപ്പൂവായ ചാത്തുരുത്തി തിരുമേനിയുടെ ചാരത്തിരുന്നും വട്ടശ്ശേരിൽ തിരുമേനിയുടെ നോട്ടത്തിലിരുന്നും ഭക്തിയും വിശുദ്ധിയും ശക്തിയും ലഭിച്ചു എന്നതാണു സത്യം. പരുമലപ്പള്ളി അന്നു പനമ്പുകൊണ്ടു മറച്ചതും സെമിനാരി ഒരു അഴിപ്പുരയും ആയിരുന്നു എന്നോർക്കണം. ഈ കാലഘട്ടത്തിൽ റോയൽ കോടതിവിധി മൂലം പഴയസെമിനാരിയും സ്വത്തുക്കളും പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത ഏറ്റെടുത്തതിനെ തുടർന്ന് പരുമലയിലെ ചെറിയ സെമിനാരി സൃഷ്ടിച്ച വലിയ ആളുകൾ പഴയസെമിനാരിയിലേക്കു താമസം മാറ്റി. കടവിൽ മാർ അത്താനാസ്യോസ്, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാൻ, കോനാട്ടു മാത്തൻ മല്പാൻ എന്നീ പ്രഗത്ഭ വ്യക്തികൾ യോജിച്ചു പ്രവർത്തിച്ച ആ കാലഘട്ടം സെമിനാരിയുടെ സുവർണ്ണ ദശയായിരുന്നു.

സുറിയാനിയിൽ കുറെയെല്ലാം വ്യുൽപത്തി നേടിയപ്പോൾ കാലാനുസൃതമായ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കാൻ പുന്നൂസിനെ കോട്ടയം സി.എം.എസ്. കോളജ് ഹൈസ്കൂളിൽ ചേർത്തു. ഇന്നത്തെപ്പോലെ സഹപാഠികളുമായുണ്ടായ ഏതോ ഏറ്റുമുട്ടലുകളെ തുടർന്ന് പുന്നന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം നിലയ്ക്കുകയും താമസംവിനാ 1892-ൽ കുറിച്ചി വലിയപള്ളിയിൽ വച്ചു കോട്ടയം, അങ്കമാലി ഇടവകകളുടെ പൗലൂസ് മാർ അത്താനാസ്യോസിൽനിന്നു കോറൂയോപട്ടം സ്വീകരിക്കുകയുമാണുണ്ടായത്.

പിന്നീട് ഇംഗ്ലീഷ് പഠനം തുടരാതെ പരുമല സെമിനാരിയിൽ എത്തി മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കൂടെ താമസിച്ചു വൈദിക

വിദ്യാഭ്യാസം പൂർത്തിയാക്കി. പൂർണ്ണ ശെമ്മാശുപട്ടം മാർ ഗ്രീഗോറിയോസിൽ നിന്നുതന്നെ സ്വീകരിച്ചശേഷം കോട്ടയം എം.ഡി. ഹൈസ്കൂളിൽ പഠനം തുടർന്നു. ആറാം ഫാറത്തിൽ പഠിച്ചുകൊണ്ടിരിക്കവേ ഉണ്ടായ കഠിനരോഗം ഹൈസ്കൂൾ പഠനത്തിനു തിരശ്ശീല ഇട്ടു. ഈ അവസരത്തിൽ എം.ഡി. സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പാൾ വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും ഹെഡ്മാസ്റ്റർ കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിളയുമായിരുന്നു. മാമ്മൻ മാപ്പിളയുടെ ഭാര്യ കുഞ്ഞാണ്ടമ്മ പുന്നന്റെ പിതൃസഹോദരീപുത്രി ആയിരുന്നു. പിതൃസഹോദരിയെ നിരണം മോടിശ്ശേരിൽ കുടുംബത്തിലാണു വിവാഹം ചെയ്തയച്ചത്.

വൈദികൻ

പുന്നൂസ് ശെമ്മാശൻ വിവാഹിതനാകണമെന്നു പുലിക്കോട്ടിൽ തിരുമേനി ആഗ്രഹിച്ചു എങ്കിലും ശെമ്മാശന് അതിന് ഒട്ടും സമ്മതമല്ലായിരുന്നു. തന്നിമിത്തം 1898 നവംബർ 26-നു പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മദിവസം പരുമല തിരുമേനി ശെമ്മാശന് വൈദികപട്ടം നൽകി. ഒപ്പം ശെമ്മാശന്റെ ഉറ്റ സുഹൃത്തായ കുറ്റിക്കാട്ടിൽ പൗലൂസ് ശെമ്മാശനും (പിന്നീട് പൗലോസ് മാർ അത്താനാസ്യോസ്) വൈദികപട്ടം നൽകി (ഇവർ പിന്നീട് നടന്ന സഭാ കേസുകളിൽ വാദിയും പ്രതിയും ആയിത്തീർന്നത് സഭയുടെ നിർഭാഗ്യം).

എഴുപത്തിരണ്ടു മണിക്കൂർ മാത്രം വൈദികനായിരുന്ന കല്ലാശ്ശേരിൽ ഗീവറുഗീസ് കത്തനാർക്കു പരുമല തിരുമേനി റമ്പാൻസ്ഥാനം നൽകി. പിന്നീടു കുറെക്കാലം കടമ്പനാട്ടു പള്ളിയിലും താമസിച്ചു. 1902 ഒക്ടോബറിൽ പരുമല തിരുമേനി രോഗബാധിതനായപ്പോൾ സെമിനാരിയുടെയും രോഗശുശ്രൂഷയുടെയും മേൽനോട്ടം വഹിക്കാൻ പുന്നൂസ് റമ്പാൻ പുലിക്കോട്ടിൽ തിരുമേനിയാൽ പരുമല സെമിനാരിയിലേക്കു നിയോഗിക്കപ്പെട്ടു. നവംബർ രണ്ടിനു പരുമല തിരുമേനി കാലം ചെയ്തശേഷം സെമിനാരി മാനേജർ എന്ന സ്ഥാനം വളരെ കാര്യക്ഷമതയോടും വിശ്വസ്തതയോടും വഹിച്ചു.

റമ്പാച്ചൻ ആ കൃത്യം നിർവഹിച്ചുകൊണ്ടിരിക്കവേ 1908-ൽ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് റമ്പാച്ചനും, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചനും മെത്രാൻ സ്ഥാനമേൽക്കുന്നതിന് യെരുശലേമിലേക്കു പോയി. പുന്നൂസ് റമ്പാച്ചനും അവരെ അനുഗമിച്ചു. ആ യാത്രയിൽ അദ്ദേഹത്തിനു വിശുദ്ധനാടുകൾ സന്ദർശിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. മുൻപറഞ്ഞ റമ്പാന്മാർക്ക് മെത്രാൻപട്ടം കൊടുത്ത അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ പുന്നൂസ് റമ്പാച്ചനും അവിടെവച്ച് മെത്രാൻസ്ഥാനം നൽകുവാൻ സന്നദ്ധനായി. പക്ഷേ, അദ്ദേഹമാകട്ടെ ആ പദവി അപ്പോൾ സ്വീകരി

ക്കുവാൻ വിസമ്മതിക്കുകയാണ് ചെയ്തത്. 1909 ജൂലൈ 12-ാം തീയതി ജോസഫ് മാർ ദീവന്നാസ്യോസ് അന്തരിച്ചു. മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് ആ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1910-ൽ അബ്ദുള്ളാ ബാവാ മലങ്കര സന്ദർശിച്ചു. അദ്ദേഹം മാർ ദീവന്നാസ്യോസിനെ മുടക്കി. വഴക്കായി വക്കാണമായി. ഉഗ്രമായി അടിക്കാൻ തുടങ്ങിയ കാറ്റേറ്റ് ഉയർന്ന് പൊങ്ങിമറിയുന്ന അലയാഴിയിലേക്ക് പാവപ്പെട്ട മലങ്കരസഭയെ തള്ളിയിട്ടിട്ട് ആ വൈദിക മേലദ്ധ്യക്ഷൻ സ്ഥലം വിട്ടു.

1912 സെപ്റ്റംബറിൽ അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തി. ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ് എന്നിവരുടെ സഹകരണത്തോടുകൂടി പ. ബാവാ പുന്നൂസ് റമ്പാന്, മാർ ഗ്രീഗോറിയോസ് എന്ന നാമത്തിൽ പരുമല സെമിനാരിയിൽ വച്ചു മെത്രാൻപട്ടം നൽകി. അധികം താമസിയാതെ നിരണത്തു പള്ളിയിൽ വച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ ഒന്നാമത്തെ കാതോലിക്കാ ആയി അബ്ദേദ് മിശിഹാ ബാവാ അവരോഹണം ചെയ്യിച്ച ആ കർമ്മത്തിൽ മലങ്കര മെത്രാപ്പോലീത്തായോടുകൂടി സഹകരിക്കുന്നതിന് മാർ ഗ്രീഗോറിയോസിനും ഭാഗ്യം സിദ്ധിച്ചു. 1913 മേടം 20-ാം തീയതി ഒന്നാമത്തെ കാതോലിക്കാ കാലം ചെയ്തു. രണ്ടാമത്തെ കാതോലിക്കായായി അവരോധിക്കപ്പെട്ട കാരുചിറ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക കർമ്മത്തിലും കാതോലിക്കാ വാഴ്ചയിലും പ്രധാന കാർമ്മികത്വം വഹിച്ചിരുന്നത് കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തന്നെയായിരുന്നു. രണ്ടാമത്തെ കാതോലിക്കാ 1928-ൽ കാലം ചെയ്തു. ആ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത് മാർ ഗ്രീഗോറിയോസ് ആയിരുന്നു. ബഥനിയുടെ മാർ ഈവാനിയോസിനു കാതോലിക്കാ ആകണമെന്ന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. മെത്രാൻ സ്ഥാനത്തേക്കു നേരത്തെ തെരഞ്ഞെടുത്തിരുന്ന പാറേട്ട് മാത്യൂസ് അച്ചൻ മലങ്കര മെത്രാപ്പോലീത്താ നിർബന്ധിച്ചിട്ടും കാതോലിക്കാസ്ഥാനം സ്വീകരിക്കാൻ തയ്യാറായില്ല. 1929 ഫെബ്രുവരി 15-ാം തീയതി മാർ ഗ്രീഗോറിയോസിനെ, മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്ന നാമത്തിൽ പൗരസ്ത്യ കാതോലിക്കോസായി കോട്ടയം എം.ഡി. സെമിനാരിയിൽ വച്ചു വാഴിച്ചു. ആ കർമ്മത്തിന്റെ നേതൃത്വം വഹിച്ചിരുന്നത് തിരുമേനിയുടെ ഗുരുഭൂതനും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആയിരുന്നു. വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23-ാം തീയതി കാലം ചെയ്തു. ആ പുരോഹിതശ്രേഷ്ഠന്റെ കബറടക്കവേളയിൽ തിരുമേനി ചെയ്ത ചരമപ്രസംഗം ഏറ്റവും ഹൃദയസ്പർശിയായിരുന്നു. അദ്ദേഹം പറഞ്ഞു.

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുഷ്ഠിപ്പിൻ എന്നു നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് കൊടുത്ത അന്ത്യസന്ദേശപ്രകാരം നമ്മുടെ ഈ വലിയ മെത്രാച്ചനോടു നമുക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തേണ്ടത് അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്നു വ്യതിചലിക്കാതെ ധൈര്യസമേതം പുരോഗമനം ചെയ്യുന്നതിനാൽ ആയിരിക്കേണം എന്നു നാം നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു."

മാർ ദീവന്നാസ്യോസ് തിരുമനസ്സിലെ മരണശേഷം 1934 ഡിസംബർ 26-ാം തീയതി കൂടിയ മലങ്കര അസോസിയേഷൻ പ. ബാവായെ മലങ്കര മെത്രാപ്പോലീത്തായായും അവരോധിച്ചു. അധികം താമസിയാതെ 1935 ആഗസ്റ്റ് 22-ാം തീയതി പൗലൂസ് മാർ അത്താനാസ്യോസ് മറുകക്ഷിയുടെ മലങ്കര മെത്രാനായി വാഴിക്കപ്പെട്ടു. അന്നുമുതൽ തിരുമേനിയുടെ ജീവിതം അടർക്കളത്തിലെ ഒരു പോരാട്ടമായിരുന്നു. സഭയാകുന്ന പടക്കുതിരയുടെ കടിഞ്ഞാൺ കയ്യിലേന്തിക്കൊണ്ട് ആ വീരയോദ്ധാവ് അതിവിദഗ്ദ്ധമായി പോർ പൊരുതി. മലങ്കരസഭയുടെ സ്വാതന്ത്ര്യം, കാതോലിക്കാസ്ഥാപനത്തിന്റെ നിലനിൽപ്പ് ഇതായിരുന്നു ആ സഭാനേതാവിന്റെ ലക്ഷ്യം. ആ ഉന്നം മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം അക്ഷീണനായി പോരാടി. ആ സമര രംഗത്ത് അദ്ദേഹം പല കുറി അടിതെറ്റി വീണിട്ടുണ്ട്. 1951-ൽ കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ തീരുമാനം 1956-ലെ വിധി ഇവയെല്ലാമാണ് ആ ആഘാതങ്ങളെ അനുസ്മരിപ്പിക്കുന്ന സംഭവങ്ങൾ. എന്നാൽ തിരുമേനി ദൈവാശ്രയത്തോടുകൂടി സത്യമെന്നു വിശ്വസിച്ച സത്യത്തിനുവേണ്ടിത്തന്നെ അടിപതറാതെ അതെല്ലാം അതിജീവിച്ചു മുന്നോട്ടുപോയി.

എന്തു പ്രയാസമുണ്ടാകുമ്പോഴും തന്റെ ഗുരുവും പുണ്യശ്ലോകനുമായിരുന്ന പരുമല തിരുമേനിയുടെ കബറിടത്തിൽ ചെന്ന് അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. വിഷമങ്ങൾ വർദ്ധിച്ച് മനസ്സ് വേദനാനിർഭരമാകുമ്പോൾ ആ സാത്വികശിരോമണി പാതിരാവിന്റെ ഏകാന്തതയിൽ കട്ടിലിൽ എഴുന്നേറ്റിരുന്നു ദൈവവുമായി സംസർഗ്ഗം ചെയ്തിരുന്നു. ആ മഹാപുരുഷന്റെ അന്ത്യം വിജയശ്രീലാളിതമായിത്തീർന്നതിനുള്ള രഹസ്യവും അതായിരുന്നു. 1958 സെപ്റ്റംബർ 12-നു സുപ്രീംകോടതി അദ്ദേഹം മലങ്കരസഭയുടെ അനിഷേധ്യ കാതോലിക്കോസ് എന്നു പ്രഖ്യാപനം ചെയ്തു. അതിനെ തുടർന്ന് ഗത്യന്തരമില്ലാതെ പാത്രിയർക്കീസ് ബാവാ ആ പുണ്യപുരുഷനെ സ്വീകരിച്ച് ആശീർവദിച്ചു. അങ്ങനെ സർവാരാധ്യനായി സർവ്വത്ര കാന്തിപ്രസരം പരത്തിക്കൊണ്ട് പ്രോജ്ജ്വലിച്ച ആ ഉജ്ജ്വല താരമാണ് മലങ്കരസഭാ നഭോമണ്ഡലത്തിൽനിന്ന് 1964 ജനുവരി മൂന്നിനു മറഞ്ഞത്.

സഭാന്തരീക്ഷം

ലൗകികാധികാരങ്ങളും പണവും ലഭിക്കുന്നതിനുവേണ്ടി അബ്ദുള്ളാ പാത്രിയർക്കീസ് 1910-ൽ മലങ്കരയിൽ വന്നു. അദ്ദേഹത്തിന് ഉടമ്പടി നൽകാത്തവരെയെല്ലാം മുടക്കുക എന്ന കുതന്ത്രത്തിന്റെ ഭാഗമായി മലങ്കര മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനേയും മുടക്കി. ഇതോടെ മലങ്കരസഭയിൽ രണ്ടു കക്ഷികൾ ഉണ്ടായി: ബാവായെ അനുകൂലിക്കുന്നവരെ ബാവാകക്ഷിയെന്നും, മെത്രാനു പിന്തുണ നൽകുന്നവരെ മെത്രാൻകക്ഷി എന്നും വിളിച്ചുവന്നു. മലങ്കര മെത്രാപ്പോലീത്തായുടെ മേലുള്ള മുടക്ക് വെറും ബാലിശവും മറ്റെന്തെങ്കിലും നേടാൻ വേണ്ടിയുള്ളതും ആയിരുന്നു. പിന്നീട് സമാധാനാലോചനകളുടെ പരമ്പര തന്നെ നടന്നു. 1934-ൽ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ഇരുകൂട്ടർക്കും ഏതാണ്ടു സ്വീകാര്യമായ വ്യവസ്ഥകളുമായി പാത്രിയർക്കീസിനെ കാണാൻ ഹോംസിലേക്കു പോയി. അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ്, സി. എം. തോമസ് റമ്പാൻ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ എന്നിവരും ബാവായെ അനുഗമിച്ചു. ഹോംസിൽ വച്ചു ചർച്ചകൾ നടത്തി എങ്കിലും പരസ്പര സ്വീകരണത്തിന്റെ രീതിയിൽ യോജിക്കാനായില്ല. മലങ്കരയിൽ നിന്നു കൊണ്ടുപോയ വ്യവസ്ഥകൾ അപ്രേം പാത്രിയർക്കീസ് നിരാകരിച്ചു. അധികാരമില്ലാത്ത ഒരു ഇസ്പേഡ് കാതോലിക്കായെ മലങ്കരയ്ക്കു നൽകാമെന്നുള്ള അഭിപ്രായം കാതോലിക്കാബാവാ പുച്ഛിച്ചുതള്ളിയശേഷം തിരിച്ചെത്തി. യാത്ര പുറപ്പെടുന്നതിനു മുമ്പുതന്നെ പഴയസെമിനാരിയിൽ വച്ചു സത്യത്തെ അവഗണിച്ചുള്ള യാതൊരു തീരുമാനവും ഉണ്ടാക്കുന്നതല്ലെന്നു ബാവാ പറഞ്ഞിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ പ്രഗല്ഭനല്ലെന്നു കരുതി കാതോലിക്കാബാവായെ തന്ത്രത്തിൽ ഒതുക്കി മലങ്കരയിലെ ലൗകികാധികാരം വീണ്ടെടുക്കാമെന്നുള്ള മോഹം ചെറിയമഠത്തിൽ മല്പാനച്ചൻ സമാധാന വ്യവസ്ഥകൾ ഇംഗ്ലീഷിലും സുറിയാനിയിലും തർജ്ജമ ചെയ്തു വിശദീകരിച്ചപ്പോൾ തകർന്നുപോയി. സുറിയാനിയിൽ ഇത്രയധികം പാണ്ഡിത്യം മല്പാനച്ചന് എങ്ങനെ ലഭിച്ചു എന്നുപോലും പാത്രിയർക്കീസ് ചോദിക്കുകയും വിസ്മയഭരിതനാവുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23-നു കാലം ചെയ്തു. അക്കൊല്ലം ഡിസംബർ 26-നു കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ പുതിയ ഒരു മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കാതെ കാതോലിക്കാബാവായെത്തന്നെ ആ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. കൂടാതെ വട്ടശ്ശേരിൽ തിരുമേനി തന്നെ നേരത്തെ രൂപംകൊടുത്തതും പിന്നീട് കുറെയെല്ലാം ഭേദഗതി ചെയ്തതുമായ മലങ്കരസഭാ ഭരണഘടന ഈ യോഗം

അംഗീകരിച്ചതിനാൽ 1934-ലെ എം.ഡി. അസോസിയേഷൻ സഭാചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായിത്തീർന്നു. നേരത്തെ വട്ടശ്ശേരിൽ തിരുമേനിയും കാതോലിക്കാബാവായും തമ്മിൽ ചില ചില്ലറ പ്രശ്നങ്ങളുടെ പേരിൽ ഭിന്നാഭിപ്രായം പ്രകടിപ്പിച്ച സാഹചര്യത്തിലാണ് മേലിൽ രണ്ടു സ്ഥാനങ്ങളും ഒരാൾതന്നെ വഹിച്ചാൽ മതി എന്ന നിഗമനത്തിൽ നേതാക്കൾ എത്തിച്ചേർന്നതെന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന മണലിൽ യാക്കോബ് കത്തനാരുടെ സഭാസ്മരണകളിൽ സൂചിപ്പിച്ചിട്ടുണ്ട്. കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തായും പരസ്പരം മേലാവും അതേസമയം കീഴുള്ളവനും ആയിത്തീർന്നു. കാതോലിക്കോസ് ഇടവകമെത്രാൻ എന്ന നിലയിൽ മലങ്കര മെത്രാപ്പോലീത്തായുടെ കീഴിലുള്ളവനും കാതോലിക്കോസ് എന്ന നിലയിൽ മലങ്കര മെത്രാന്റെ മേൽ അധികാരമുള്ളവനുമായി ഭവിച്ചു. ഇതു സംബന്ധിച്ച് ഇരുവരും തമ്മിൽ ഭിന്നിപ്പുണ്ടായിട്ടില്ല. കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ കൂടി ആയപ്പോൾ ഈ പ്രശ്നം തീർന്നു.

എം. ഡി. ഹാളിൽ ചേർന്ന മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷനായ കാതോലിക്കായുടെ ഉപക്രമ പ്രസംഗത്തിനുശേഷം എം. എ. ചാക്കോ കാതോലിക്കാബാവായായ മോറാൻ മാർ ഗീവറുഗീസ് ബസ്സേലിയോസിനെ മലങ്കര മെത്രാപ്പോലീത്തായായിക്കൂടി വാഴിക്കുന്നുവെന്നുള്ള പ്രമേയം വായിച്ചു. സദസ്യർ ഹസ്തഘോഷത്തോടുകൂടി പ്രമേയത്തെ സ്വീകരിച്ചു.

പൂതക്കുഴിയിൽ ഏബ്രഹാം കത്തനാർ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുകയുണ്ടായി. അപ്പോൾ പത്രോസ് മത്തായി, കാതോലിക്കാബാവായെ മലങ്കര മെത്രാപ്പോലീത്തായായിക്കൂടി തെരഞ്ഞെടുക്കുന്നത് ഒരു ക്ലിപ്തകാലത്തേയ്ക്കായിരിക്കണമെന്നും അത് അഞ്ചു കൊല്ലത്തേയ്ക്കായിരിക്കണമെന്നും ഒരു ഉപക്ഷേപം അവതരിപ്പിച്ചു.

കാതോലിക്കാബാവാ ജീവനോടുകൂടി ഇരിക്കുന്ന കാലം മുഴുവൻ, മലങ്കര മെത്രാപ്പോലീത്തായായിരിക്കണമെന്നു വിവരിച്ചുകൊണ്ടു തെങ്ങുംതോട്ടത്തിൽ ഏബ്രഹാം കത്തനാർ ഒരു പ്രസംഗം ചെയ്തു. പത്രോസ് മത്തായിയുടെ പ്രസംഗത്തെ വിമർശിച്ചുകൊണ്ടു കെ. സി. മാമ്മൻ മാപ്പിള പ്രസംഗിക്കുകയും പത്രോസ് മത്തായി തന്റെ ഉപക്ഷേപം പിൻവലിക്കാൻ സമ്മതിച്ചതനുസരിച്ചു പ്രമേയം സദസ്യരുടെ ആഹ്ലാദഘോഷത്തിന് ഇടയിൽ സർവസമ്മതമായി പാസ്സായിരിക്കുന്നതായി അദ്ധ്യക്ഷനായ കാതോലിക്കാബാവാ പ്രസ്താവിക്കയും ചെയ്തു.

1935 മുതൽ ഇന്നുവരെ കാതോലിക്കാസ്ഥാനവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഒരാളിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നു.

തന്നിമിത്തം കാതോലിക്കായ്ക്ക് ഭരണഘടനയ്ക്കു വിധേയമായി മലങ്കരസഭയുടെമേൽ ആത്മികവും ലൗകികവുമായ പരമാധികാരമാണുള്ളത്. ഈ പരമോന്നത സ്ഥാനം മലങ്കരയിൽ ആദ്യം നേടിയ കാതോലിക്കായും ഗീവറുഗീസ് രണ്ടാമൻ തന്നെ. "വലിയ കഴിവൊന്നുമില്ലാത്ത അല്പം ശുണ്ഠിക്കാരനായ ആധുനിക കാതോലിക്കോസിന് പരിതസ്ഥിക്കനുസരിച്ച് ഉയരാൻ കഴിയുമെന്നുള്ള വിശ്വാസം ജനതയ്ക്കു ലഭിച്ചത് ഒരു വലിയ ഭാഗ്യമോ യോഗമോ ദൈവനിയോഗമോ ആണെന്നത്രെ." ഇസ്സഡ്. എം. പാറേട്ട് പറയുന്നത്. എം. ഡി. അസോസിയേഷൻ, ഓർത്തഡോക്സ് വിശ്വാസവീരനായിരുന്ന ഫാ. അലക്സിയോസിനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും ചെയ്തു.

സുറിയാനി സഭയിലെ വൈദികർ അക്കാലത്തു ഫാദർ എന്നും കശ്ശീശാ എന്നും കത്തനാർ എന്നും അറിയപ്പെട്ടിരുന്നു. ഇതിനെപ്പറ്റി 1935-ൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ പ്രസ്താവിച്ചശേഷം കാതോലിക്കോസും മെത്രാന്മാരും കൂടി വൈദികരോടും ആലോചിച്ചുകൊണ്ട് താഴെപ്പറയുന്ന തീരുമാനം സ്വീകരിച്ചു. "സന്യാസാശ്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള അവിവാഹിതരായ പട്ടക്കാരെ ഫാദർ എന്നും അവിവാഹിതരായ മറ്റു പട്ടക്കാരെ കശ്ശീശാ എന്നും വിവാഹിതരായ പട്ടക്കാരെ കത്തനാർ എന്നും ഇനിമേൽ നാമകരണം ചെയ്യണം." പക്ഷേ, ഇത് പ്രായോഗികതലത്തിൽ നടപ്പാക്കാനായില്ല.

കാതോലിക്കേറ്റ് നിധി

ആത്മീയ പ്രധാനമായ തീരുമാനങ്ങളോടൊപ്പം സമുദായത്തിന്റെ സുസ്ഥിതിക്കുവേണ്ടി പണമുണ്ടാക്കാനായി ഒരു പദ്ധതിക്കു രൂപം നൽകാൻ ഒ. എം. ചെറിയാൻ കൺവീനറായി ഒരു കമ്മിറ്റി രൂപവൽക്കരിച്ചു. നിധിപ്പിരിവിന്റെ ഓഫീസ് ചുമതല നൽകപ്പെട്ടത് എം. സി. കുറിയാക്കോസ് റമ്പാച്ചനാണ്. അന്നു രൂപവൽക്കരിച്ച "കാതോലിക്കേറ്റ് വ്യവസ്ഥാപിത നിധി"യാണ് സഭാദിനമായ വലിയനോമ്പിലെ 36-ാം ഞായറാഴ്ച ശേഖരിക്കുന്നതും ഇന്ന് കോടികളിൽ എത്തി നിൽക്കുന്നതുമായ കാതോലിക്കാ ദിനപ്പിരിവ്. ഒ. എം. ചെറിയാന്റെ കർമ്മകുശലതയും സംഘടനാ ചാതുര്യവും സത്യസന്ധതയും സഹപ്രവർത്തകരുടെ ഉത്സാഹവും ആണ് കാതോലിക്കാ നിധിശേഖരണ വിജയത്തിന്റെ മുഖ്യകാരണം. ഒരു ലക്ഷം വീടുകളിൽ നിന്ന് ഒരു രൂപ വീതം ഒരു ലക്ഷം രൂപ ഒരാഴ്ചകൊണ്ടു ശേഖരിക്കണമെന്നായിരുന്നു ചെറിയാന്റെ ലക്ഷ്യം. എന്നാൽ ഇന്നത്തെ ഒരു കോടി രൂപയുടെ മൂല്യമുള്ള 25000 രൂപയോളം ശേഖരിക്കാൻ സാധിച്ചു എന്നതു ഒരു വൻ വിജയമായിരുന്നു. "ഈ നിധിയുടെ ലക്ഷ്യം പൗരസ്ത്യ കാതോലിക്കേറ്റിന്റെ പ്രതിഷ്ഠയ്ക്കും രക്ഷണത്തിനും വർദ്ധമാനമായ പുരോഗമനത്തിനും തന്നെ ആയിരുന്നു."

ഹോംസ് വരെ ഇതിനകം യാത്ര ചെയ്തിരുന്ന കാതോലിക്കാബാവാ രാജ്യാന്തര ക്രൈസ്തവ സഭാസമ്മേളനങ്ങളിൽ സംബന്ധിച്ചതു വഴി മലങ്കരസഭയുടെ പ്രശസ്തി വർദ്ധിക്കുകയും എക്യുമെനിക്കൽ സമ്മേളനങ്ങളിൽ പങ്കെടുത്തു സഭകളുടെ ലോക കൗൺസിലിനെ ശക്തിപ്പെടുത്തുകയും ചെയ്തു. ബാവായുടെ ആദ്യകാല സംഭാവനകളെപ്പറ്റി മലങ്കരസഭയുടെ അംബാസഡറായിരുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് 1976-ൽ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

"ഓക്സ്ഫഡിൽ വച്ചു 1937-ൽ നടന്ന ഫെയിത്ത് ആൻഡ് ഓർഡർ സമ്മേളനവും എഡിൻബറോയിൽ വച്ചു നടന്ന ലൈഫ് ആൻഡ് വർക്ക് സമ്മേളനവും എക്യുമെനിക്കൽ പ്രസ്ഥാനവുമായുള്ള മലങ്കരസഭയുടെ ബന്ധത്തിൽ നിർണ്ണായക സംഭവങ്ങളായിരുന്നു. ഫാ. അലക്സിയോസിന്റെ ശ്രമഫലമായി നമ്മുടെ സഭയും ഈ രണ്ടു സമ്മേളനങ്ങളിലേക്കും ക്ഷണിക്കപ്പെട്ടു. കാലം ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയും റമ്പാന്മാരായ ആബൂനാ അലക്സിയോസും (പിന്നീട് അലക്സിയോസ് മാർ തേവോദോസ്യോസ്) സി. എം. തോമസും (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) നമ്മുടെ സഭയെ പ്രതിനിധാനം ചെയ്തു സംബന്ധിച്ചു. ബാവാ തിരുമേനിയുടെ ശെമ്മാശനായി ആ കാലഘട്ടത്തിൽ അവിടെ സേവനം ചെയ്യുന്നതിന് എനിക്കും സന്ദർഭം ലഭിച്ചു.

നമ്മുടെ സഭ എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ സജീവമായി പ്രവേശിച്ചത് 1937-ലെ 'ഫെയിത്ത് ആൻഡ് ഓർഡർ' സമ്മേളനത്തോടുകൂടിയാണ്. ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ്, ആംഗ്ലിക്കൻ എന്നീ നൂറിൽപരം സഭകളുടെ പ്രതിനിധികൾ ഈ സമ്മേളനത്തിൽ സംബന്ധിച്ചു. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ഉണ്ടാക്കണമെന്ന് ഈ സമ്മേളനം തീരുമാനം എടുത്തു. ഇങ്ങനെയൊരു സുപ്രധാന തീരുമാനം എടുത്തതിൽ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ പ. കാതോലിക്കാബാവാ തിരുമേനിയും പിന്നീടു സഭാ മേലദ്ധ്യക്ഷന്മാരായിത്തീർന്ന രണ്ടു റമ്പാന്മാരും ചേർന്ന പ്രതിനിധി സംഘത്തിന്റെ പൂർണ്ണ ഭാഗഭാഗിത്വം ഉണ്ടായിരുന്നു എന്നുള്ളതു നമുക്ക് എത്രയും അഭിമാനത്തോടുകൂടി സ്മരിക്കാവുന്നതാണ്. മാത്രമല്ല അന്ന് ആരംഭിച്ച 'വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഫോർമേഷ'ന്റെ കണ്ടിന്യൂയേഷൻ കമ്മിറ്റിയിൽ മാർ തേവോദോസ്യോസ് തിരുമേനിയും അംഗമായിരുന്നു. നിർഭാഗ്യവശാൽ അധികം താമസിയാതെ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ ഡബ്ലു.സി.സി. യുടെ ഉദ്ഘാടനം നടക്കാൻ പതിനൊന്നു ദീർഘവർഷങ്ങൾ കൂടെ കാത്തിരിക്കേണ്ടി വന്നു. ഡോ. വിസ്സേർറ്റ് ഹൂഫ്റ്റ് സെക്രട്ടറിയായി ആരംഭിച്ച കണ്ടിന്യൂയേഷൻ കമ്മിറ്റിയിൽ മാർ തേവോദോസ്യോസ് തിരുമേനി ഈ കാലമത്രയും അംഗമായി തുടർന്നിരുന്നു.

1937-ലെ എഡിൻബറോ സമ്മേളനവും നമ്മുടെ സഭയെ സംബന്ധിച്ച് ഒരു വലിയ വഴിത്തിരിവായിരുന്നു. അതിന്റെ പ്രധാന കാരണഭൂതൻ മാർ തേവോദോസ്യോസും ആയിരുന്നു. അതുവരെയും ആരാലും അറിയപ്പെടാതെ ഒറ്റപ്പെട്ടു നിന്നിരുന്ന ഭാരതസഭ പെട്ടെന്നു ലോകസഭകളുടെ ശ്രദ്ധയിൽ വന്നു. ദൈവശാസ്ത്രപരമായോ പൗരസ്ത്യദർശന സംബന്ധമായോ നമ്മുടെ സഭാപ്രതിനിധികൾ അധികമൊന്നും ഈ സമ്മേളനത്തിൽ സംഭാവന ചെയ്തില്ലെങ്കിലും വിദൂര ഭാരതത്തിൽ നിന്നും ഒരു പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ തലവൻ ഉൾപ്പെടെ മൂന്നു പ്രതിനിധികൾ ഇതിൽ സംബന്ധിച്ചുവെന്നത് ഒരു അപ്രധാന സംഗതി ആയിരുന്നില്ല. അവരുടെ വേഷഭൂഷാധികളും വിനയാന്വിതമായ പെരുമാറ്റവും സരസ സംഭാഷണങ്ങളും ഏവരേയും ഹഠാദാകർഷിച്ചു. ആ സമ്മേളനത്തിൽ ഏറ്റവും കൂടുതൽ ഫോട്ടോ എടുക്കപ്പെട്ട സഭാതലവനെന്നു നമ്മുടെ പ. കാതോലിക്കാബാവായെ അന്നത്തെ എഡിൻബറോ പത്രങ്ങൾ വിശേഷിപ്പിച്ചു പ്രകീർത്തിച്ചു. ഫോട്ടോ എടുക്കപ്പെടണമെങ്കിൽ കാതോലിക്കോസിന്റെ കൂടെ നടന്നാൽ മതി എന്നുപോലും പത്രങ്ങൾ പ്രസ്താവിച്ചു. ഇന്ത്യൻസഭ ഒരു പുതിയ കാഴ്ചപ്പാടിൽ അറിയപ്പെടാൻ തുടങ്ങി. ലോകസഭകളുടെ ഇടയിൽ അതിനൊരു അംഗത്വം ലഭിച്ചു. അന്നു കാതോലിക്കാബാവാ അർപ്പിച്ച വി. കുർബ്ബാനകളിൽ അനേകംപേർ സംബന്ധിച്ചു. ലളിതവും പരിപുഷ്ടവുമായ ആ ആരാധന ലോകത്തിലെ ഏറ്റവും പുരാതനമായ യാക്കോബിന്റെ തക്സായാണെന്നറിഞ്ഞപ്പോൾ ആരാധകർ പുളകിതഗാത്രരായി. ഇംഗ്ലീഷ് കോപ്പികൾ ഞങ്ങളുടെ കൈവശം കുറച്ചു മാത്രമുണ്ടായിരുന്നതു പലരും വാങ്ങിക്കൊണ്ടുപോയി.

എഡിൻബറോ കോൺഫ്രൻസിൽ സംബന്ധിച്ചതു മൂലമുണ്ടായ മറ്റൊരു പ്രധാന നേട്ടം ലോകത്തിലെ ഇതര ഓർത്തഡോക്സ് സഭകളെ അറിയുന്നതിനും അവരുമായി സമ്പർക്കത്തിലേർപ്പെടുന്നതിനും സന്ദർഭം ലഭിച്ചു എന്നുള്ളതാണ്. ചില സഭകൾ സന്ദർശിക്കുന്നതിനു ക്ഷണവുമുണ്ടായി. ഇംഗ്ലണ്ടിലേക്കുള്ള യാത്രാവേളയിൽ തന്നെ പാരീസിലെ റഷ്യൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ യവുലോഗിയോസിന്റെ ക്ഷണം സ്വീകരിച്ച് അവിടെ ചില ദിവസങ്ങൾ താമസിച്ചു. അന്നുണ്ടായ സംഭാഷണങ്ങളെപ്പറ്റി ഡോ. സാൻഡർ ആയിടെ എഴുതിയ ഒരു പുസ്തകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്രിസ്റ്റോളജിയെപ്പറ്റി ചർച്ച ആരംഭിച്ചു. സുറിയാനിക്കാരെ 'Monophysite Jacobites' എന്ന് മറ്റ് ഓർത്തഡോക്സുകാർ മുദ്ര കുത്തി വേദവിപരീതികളായി തള്ളിയിരുന്നു. ക്രിസ്തുവിന്റെ ഏകസ്വഭാവം എന്നത് എന്താണെന്നു മലങ്കരസഭയുടെ വിശ്വാസം കാതോലിക്കോസ് വിവരിച്ചു. അതു കേട്ടുകഴിഞ്ഞപ്പോൾ വൃദ്ധനായ യവുലോഗിയോസ് മെത്രാപ്പോലീത്താ ചാടിഎഴുന്നേറ്റ് "അങ്ങു പറയുന്നതു തന്നെ

യാണ് ഞങ്ങളുടെയും വിശ്വാസം. അതുകൊണ്ട് നാം ഒന്നാണ്" (What you say is also our faith. So we are one) എന്ന് ആഹ്ലാദത്തോടെ പറഞ്ഞു ചുംബിച്ചു. എഡിൻബറോ കോൺഫ്രൻസിനു പോകുന്നില്ലെന്നു നിശ്ച യിച്ചിരുന്ന യവുലോഗിയോസ് മെത്രാപ്പോലീത്താ പെട്ടെന്നു നിശ്ചയം മാറ്റി പോകാൻ തീരുമാനിക്കുകയും അന്നാരംഭിച്ച സംഭാഷണം കോൺ ഫ്രൻസ് ചർച്ചാവേളയിലും തുടരുകയുമുണ്ടായി.

പിന്നീട് ലഭിച്ച ക്ഷണം യൂഗോസ്ലാവിയായിലെ സേർബിയൻ പാത്രി യർക്കീസിൽ നിന്നായിരുന്നു. ക്ഷണം സ്വീകരിച്ചു യാത്രയ്ക്കു വേണ്ട ക്രമീകരണങ്ങൾ എല്ലാം നടത്തി തേവോദോസ്യോസ് തിരുമേനി മട ങ്ങിവന്നപ്പോൾ ബാവാ പറയുന്നു: "ഞാൻ വരുന്നില്ല." എത്രയുംവേഗം നാട്ടിൽ തിരിച്ചെത്താൻ ബാവാതിരുമേനി തത്രപ്പെട്ടിരുന്നു. ബാവായ്ക്കു വയറ്റിൽ അല്പം അസുഖവും ആരംഭിച്ചിരുന്നു. "നിങ്ങളെല്ലാം കൂടി എന്നെക്കൊന്ന് എന്റെ തോല് ഉറയ്ക്കിട്ടല്ലാതെ ഇവിടെനിന്നു പോവുക യില്ല" എന്നു ഖണ്ഡിതമായി പറഞ്ഞപ്പോൾ ഞങ്ങളെല്ലാം പരിഭ്രമിച്ചു. തേവോദോസ്യോസ് തിരുമേനിയെ അത്രയും മ്ലാനവദനനായി മറ്റൊരവ സരത്തിലും ഞാൻ കണ്ടിട്ടില്ല. പക്ഷേ, ഞങ്ങളെല്ലാവരും കൂടി ബാവായെ ആശ്വസിപ്പിച്ചു. ഈ സന്ദർശനംകൊണ്ടു സഭയ്ക്കുണ്ടാകാവുന്ന നേട്ട ങ്ങളെക്കുറിച്ചു വിവരിച്ചു.

കാതോലിക്കാബാവായ്ക്കു പട്ടം ഇല്ല, വൃദ്ധൻ പുന്നൂസാണ് എന്നും മറ്റും പാത്രിയർക്കീസുപക്ഷക്കാർ പറഞ്ഞുനടന്നിരുന്ന അക്കാലത്ത് ലോകത്തിലെ പാത്രിയർക്കീസുമാർ ഒരു പാത്രിയർക്കീസിനടുത്ത ബഹു മതികളോടെ ബാവായെ സ്വീകരിച്ചാദരിക്കുന്നതു സഭയ്ക്കു വലിയ നേട്ടമായിരിക്കും എന്നു പറഞ്ഞപ്പോൾ ബാവാതിരുമേനി സമ്മതിച്ചു. യൂഗോസ്ലോവിയാ സന്ദർശിച്ചു. ഒരു പാത്രിയർക്കീസിനടുത്ത എല്ലാ ബഹു മതികളോടുംകൂടി ബാവാതിരുമേനി സ്വീകരിക്കപ്പെട്ടു. ഏതാണ്ട് 15 കൊല്ലം കഴിഞ്ഞ് ഞാൻ ബൽഗ്രേഡ് സന്ദർശിച്ചപ്പോൾ ബാവാ തിരുമേ നിയുടെ 1937-ലെ സന്ദർശനത്തിന്റെ സ്മരണ അവരുടെ ഇടയിൽ അന്നും സജീവമായിരുന്നു.

സഭകൾ തമ്മിൽ യോജിച്ചില്ലെങ്കിലും ഭിന്നതകൾക്കു പരിഹാരം കണ്ടെത്താമെന്നു കരുതി 1927-ൽ നടത്തിയ ലോസാൻ കോൺഫ്രൻ സിന്റെ നിശ്ചയമനുസരിച്ചാണ് എഡിൻബറോ സമ്മേളനം ചേർന്നത്. ലോസാനിൽ 100 സഭകൾ പങ്കെടുത്തിരുന്നു. സഭൈക്യ സമ്മേളനത്തിൽ പങ്കെടുക്കുമ്പോഴും തിരിച്ചുവരുമ്പോഴും ബഥനിയുടെ മാർ ഈവാനി യോസ് റോമാസഭയിൽ ചേരാൻ ഒരുങ്ങുകയും രണ്ടു മെത്രാന്മാരെ കൂടി പിടിച്ചെടുക്കുകയും ചെയ്തതു വട്ടശ്ശേരിൽ തിരുമേനിക്കും കാതോലിക്കാ ബാവായ്ക്കും ഒരു വലിയ ആഘാതമായിരുന്നു. റീത്തിൽ ചേർന്ന മാർ

ഈവാനിയോസ് മലങ്കരസഭയുടെ ഒട്ടധികം സ്കൂളുകൾ കൂടെ കൊണ്ടു പോയി. പരുമല സെമിനാരിയുടെ ഭരണച്ചുമതല വഹിച്ചിരുന്ന വാളക്കുഴി മാർ സേവേറിയോസ് സമുദായം വക കാറിൽ പോയി റീത്തിൽ ചേർന്ന പ്പോൾ സെമിനാരിയിൽ നിന്നു കുറെ പണവും പണ്ടങ്ങളും കൊണ്ടു പോയി എന്ന ശക്തമായ ആരോപണം ഉണ്ടായി.

റോമാസഭയിലേക്കുള്ള ഈ ഒഴുക്കുമൂലമുണ്ടായ കുറവു പരിഹരി ക്കുന്നതിനു ബഥനിയുടെ ഫാ. അലക്സിയോസിനേയും പത്തനാപുരം താബോർ ദയറാ സുപ്പീരിയറായ സി. എം. തോമസ് റമ്പാനെയും യഥാ ക്രമം കണ്ടനാടു കർമ്മേൽ ദയറായിൽ വച്ചും മാവേലിക്കര പുതിയകാവു പള്ളിയിൽ വച്ചും മെത്രാന്മാരായി വാഴിച്ചു. ഇങ്ങനെ കേസിന്റെയും സന്ധി യാലോചനകളുടെയും വഞ്ചനയുടെയും ഇടയിലൂടെ സഭയാകുന്ന വഞ്ചിയെ നയിക്കുക ശ്രമസാദ്ധ്യമായ കാര്യമായിരുന്നു.

ഗീവറുഗീസ് ദ്വിതീയൻ ബാവാ ഹോംസിൽ നിന്നു തിരിച്ചെത്തി കോട്ട യത്തു ചേർന്ന അസോസിയേഷനിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഏറ്റെടുത്തതോടുകൂടി പാത്രിയർക്കീസ് പക്ഷം കരിങ്ങാച്ചിറ യോഗം ചേർന്ന് ആലുവായിലെ പൗലൂസ് മാർ അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. കൂട്ടുട്രസ്റ്റികളും ഉണ്ടായി. ഏതു യോഗമാണ് സാധുതയുള്ളതെന്നും, ആരാണു യഥാർത്ഥ മലങ്കര മെത്രാപ്പോലീത്തായെന്നുള്ളതും തർക്കവിഷയമായി. പാത്രിയർ ക്കീസ് പക്ഷത്തെ മലങ്കര മെത്രാപ്പോലീത്താ മാർ അത്താനാസ്യോസ് ഒന്നാം വാദിയും ഫാദർ ജോസഫ് പുക്കുന്നേൽ (വൈദിക ട്രസ്റ്റി) രണ്ടാം വാദിയായും തുകലൻ പൗലോ അവിരാ (അത്മായ ട്രസ്റ്റി) മൂന്നാം വാദി യായും 1938-ൽ കാതോലിക്കാബാവായേയും കൂട്ടു ട്രസ്റ്റികളെയും പ്രതി കളാക്കി കോട്ടയം ഡിസ്ട്രിക്ട് കോർട്ടിൽ അന്യായം ഫയൽ ചെയ്തു. ഈ കേസ് വിസ്താരം 1943-ൽ ആണ് അവസാനിച്ചു വിധിയുണ്ടായത്. അതിനിടയിലും പല സന്ധിയാലോചനകൾ നടന്നു. അതിൽ പ്രാധാന്യം അർഹിക്കുന്നത് ആലുവാ വട്ടമേശ സമ്മേളനമാണ്.

ഈ സന്ധിയാലോചനകളുടെ പിന്നിൽ വർത്തിച്ചത് ദിവംഗതനായ കെ. സി. ചാക്കോ ആയിരുന്നു. ആരോഗ്യപരമായ പരിമിതികൾ മൂലം രണ്ടു പക്ഷത്തുമുള്ള നേതാക്കളെ ഒരുമിച്ചുകൊണ്ടു വരുവാനുള്ള ശ്രമ മാണ് അണിയറയിൽ നിന്ന് അദ്ദേഹം നിർവഹിച്ചത്. ഇക്കാര്യത്തിൽ ഓടി നടന്നു പലരെ കാണാനും മറ്റും അദ്ദേഹത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പുക ളിൽപെട്ടവർ പ്രവർത്തിച്ചിരുന്നു. ഔഗേൻ മാർ തീമോത്തിയോസ് മെത്രാ പ്പോലീത്താ പാത്രിയർക്കീസ് പക്ഷത്തുനിന്ന് അതിനുവേണ്ടി ശക്തമായി പ്രവർത്തിച്ച ആളാണ്. തൃക്കുന്നത്തു സെമിനാരിയിൽ പാത്രിയർക്കീസ് പക്ഷത്തെ നേതാക്കൾ ആലോചന നടത്തിയപ്പോൾ, കാതോലിക്കാ

പക്ഷത്തെ തിരുമേനിമാരും നേതാക്കളും ആലുവാ കോളജിൽ സമ്മേളിച്ചു. സംയുക്ത സമ്മേളനങ്ങളും കോളജിലാണു നടന്നത്. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തന്നെ കോളജിൽ എത്തി താമസിച്ചു. സന്ധിവ്യവസ്ഥകൾ രണ്ടു കക്ഷികളും ഒപ്പിട്ടു രാജിഹർജിയുടെ ഭാഗമായി സമുദായക്കേസിൽ സമർപ്പിക്കാനും തീരുമാനിച്ചു. ചർച്ചകൾ ഇത്രയും പുരോഗമിച്ചപ്പോൾ അതു നടപ്പിൽ വരുത്തുന്നതിനുള്ള പ്രഥമ ഘട്ടം സമാഗതമായി. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ സഭാസ്നേഹവും ത്യാഗസന്നദ്ധതയും വെളിപ്പെട്ട ഒരു മഹത്തായ സന്ദർഭമായിരുന്നു അത്.

പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ വിജയത്തിനെല്ലാം നിദാനമായിത്തീർന്നത്, തിരുമേനി അവിടെ പ്രദർശിപ്പിച്ച അനുഗൃഹീതമായ വിനയവും ത്യാഗോജ്ജ്വലമായ സമീപനവുമാണ്. പ. ഔഗേൻ ബാവായെപ്പോലെ ഒരു വിനയ സമ്പന്നനായിരുന്നു അദ്ദേഹമെന്ന് ആരും പറയുകയില്ല. എന്നാൽ സന്ദർഭത്തിനൊത്തുയരാനും ആരാദ്ധ്യമായ നിലപാടു സ്വീകരിക്കാനും ദൈവദത്തമായ ഒരു കഴിവ് അദ്ദേഹം പല അവസരങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. അതിൽ ഏറ്റവും ഹൃദയംഗമമായി അനുസ്മരിക്കേണ്ട ഒന്നാണ് ആലുവാ വട്ടമേശസമ്മേളനഫലമായി അദ്ദേഹം സ്വീകരിക്കാൻ സന്നദ്ധമായ ത്യാഗോജ്ജ്വല നടപടി.

അബ്രഹാം, ഇസ്സഹാക്കിനെ ബലികഴിക്കാൻ പോയ അവസരത്തിൽ ആ പിതാവിനുണ്ടായിരുന്ന വികാരമെന്തായിരിക്കണം. അതു തന്നെയാണു ബാവാ തിരുമേനിയുടെ ഹൃദയത്തെ ഒരവസരത്തിൽ മഥിച്ചത്. ബാവായ്ക്കുള്ള പട്ടത്വത്തിന്റെ സാധുതയെക്കുറിച്ചു തനിക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല. എങ്കിലും തൃക്കുന്നത്തു സെമിനാരിയിലെത്തി പള്ളി മദ്ബഹായിൽ പാത്രിയർക്കീസ് ബാവാ അയച്ച ഒരു പ്രാർത്ഥന അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന അത്താനാസ്യോസ് മെത്രാച്ചൻ ചൊല്ലി സ്വീകരിക്കണമെന്നുള്ള വ്യവസ്ഥ അംഗീകരിച്ച് ആ കർമ്മത്തിൽ പങ്കെടുക്കാൻ അദ്ദേഹം സമ്മതിച്ചു. സഭയുടെ യോജിപ്പും, സ്വാതന്ത്ര്യ സംരക്ഷണവും സാധിക്കുന്നതിനുള്ള ഏക മാർഗമതാണെങ്കിൽ അതിനു തല വണങ്ങാൻ അദ്ദേഹം സന്നിഹിതനായി. പ്രാർത്ഥനയുടെ നക്കൽ അദ്ദേഹം കാണുകയും പരിശോധിക്കുകയും ചെയ്തു. പട്ടംകൊട വാചകമൊന്നുമില്ലെങ്കിലും പരിശുദ്ധാത്മ നൽവരത്തെക്കുറിച്ചുള്ള പരാമർശനം അടങ്ങിയതായിരുന്നു ആ പ്രാർത്ഥന. ആദ്യം തിരുമേനിയും ബാവായുടെ കൂടെയുള്ള മെത്രാന്മാരും ആ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നായിരുന്നു വ്യവസ്ഥ. ബാവാ തിരുമേനി അതിനും എതിരു പറഞ്ഞില്ല. ചില മെത്രാന്മാർ അതിൽ വൈമനസ്യം പ്രകടിപ്പിച്ചു. ബാവാ തന്നെ സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിച്ച

ശേഷം മറ്റു മെത്രാന്മാരുടെ കാര്യത്തിൽ ബാവാ സ്വീകരണ പ്രാർത്ഥന നടത്തിയാൽ മതിയെന്നുള്ള ഭേദഗതി അവതരിപ്പിക്കപ്പെട്ടു. ദീർഘമായ ആലോചന നടത്തിയ ശേഷമാണു മാർ അത്താനാസ്യോസും മാർ യൂലിയോസും അതിനു സമ്മതം മൂളിയത്. വലിയ പ്രസിദ്ധീകരണമൊന്നും കൂടാതെ രഹസ്യമായി ഈ കർമ്മം നിർവഹിക്കാമെന്നായിരുന്നു പരസ്പര സമ്മതം. അതുകൊണ്ടു രാത്രിയിലാണു പ. ബാവാ തൃക്കുന്നത്തു സെമിനാരിയിൽ എത്തുന്നതിനു ക്രമീകരിച്ചിരുന്നത്. ബാവാ കോളജിൽ നിന്നു യാത്ര തിരിച്ചപ്പോൾ അദ്ദേഹത്തിന്റെ മനോവൈഷമ്യം അറിഞ്ഞിരുന്ന നേതാക്കൾ വാവിട്ടു കരഞ്ഞു. ചിലർ പോകുന്നതിനെ തടസ്സപ്പെടുത്തി. താൻ സ്ഥാനം ഒഴിഞ്ഞു മാറി നിന്നേക്കാം. സമാധാനത്തിനു വേണ്ടി മറ്റാരെയെങ്കിലും കാതോലിക്കായായി വാഴിക്കാൻ തിരുമേനി നിർദ്ദേശിച്ചതാണ്.

തൃക്കുന്നത്തു സെമിനാരിയിൽ ഇതേ സമയം മറ്റൊരു വടംവലിയാണു നടന്നത്. കാതോലിക്കാപക്ഷത്തെ എല്ലാ തിരുമേനിമാരും സ്വീകരണ പ്രാർത്ഥനയിൽ സംബന്ധിക്കണമെന്നുള്ള വാദത്തിൽ നിന്നു മാർ യൂലിയോസിനെ പിന്തിരിപ്പിക്കാൻ വളരെ ശ്രമം വേണ്ടിവന്നു. അവസാനം അദ്ദേഹം ബാവാ മാത്രം മതിയെന്നു സമ്മതിച്ചു. ആ വിവരം അറിഞ്ഞു കഴിഞ്ഞാണു ബാവാ കോളജിൽനിന്നു പുറപ്പെട്ടത്. എന്നാൽ തൃക്കുന്നത്തു സെമിനാരിയിൽ ചെന്നപ്പോൾ മാർ യൂലിയോസ് പോയിക്കഴിഞ്ഞിരുന്നു. മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ സ്വീകരണം നടത്തിയാൽ മതിയെന്നു പറഞ്ഞാണത്രെ അദ്ദേഹം സ്ഥലംവിട്ടത്. എന്നാൽ തനിയെ അതു നിർവഹിക്കാൻ ഏർപ്പെടുത്തിയതിൽ സംശയാലുവായിത്തീർന്ന മാർ അത്താനാസ്യോസ് ഉഭയസമ്മതപ്രകാരം സ്വീകരണകർമ്മം നിർവഹിക്കാൻ തയ്യാറായില്ല. പിന്നീടുള്ള ചരിത്ര സംഭവങ്ങൾ നിരീക്ഷിക്കുമ്പോൾ, ദൈവത്തിന്റെ പ്രത്യക്ഷമായ ഇടപെടൽ കൊണ്ട് അനാവശ്യമായ ഒരു കീഴ്വഴക്കത്തിൽ നിന്നു മലങ്കരസഭയെ രക്ഷിക്കയാണു ചെയ്തതെന്നു കാണാം. ആലുവാ വട്ടമേശസമ്മേളനവും സഭയെ യോജിപ്പിൽ എത്തിച്ചില്ല.

1934-ൽ ആണു ബിഷപ്പ് പെക്കൻഹാം വാൾഷ് ബിഷപ്സ് കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തു നിന്നു റിട്ടയർ ചെയ്തത്. തടാകം ക്രിസ്തുശിഷ്യാശ്രമം ഏതാനും ഓർത്തഡോക്സ് സഭാ യുവാക്കളുടെ സഹകരണത്തോടെ സമാരംഭിക്കുവാനുള്ള തീരുമാനം അദ്ദേഹം എടുത്തു കഴിഞ്ഞിരുന്നു. സ്വന്തം നാടായ അയർലണ്ടിൽ പോയി അവസാനമായി പ്രിയ ജനങ്ങളെ കണ്ടു യാത്ര പറയാനും, തങ്ങളുടെ വകയായി അവിടെയുണ്ടായിരുന്ന സ്വത്തുക്കൾ സംബന്ധിച്ചു വേണ്ട ക്രമീകരണങ്ങൾ ചെയ്യാനും മറ്റും കുറെ മാസങ്ങൾ ചെലവഴിച്ച ശേഷമാണ്

അദ്ദേഹവും ഭാര്യ ക്ലാര പെക്കൻഹാം വാൾഷും ഇന്ത്യയിൽ തിരിച്ചെത്തിയത്. ഈ യാത്രയിൽ അദ്ദേഹം സിറിയയിൽ എത്തി പാത്രിയർക്കീസ് ബാവായെ കണ്ടു. താൻ ആരംഭിക്കുന്ന ആശ്രമത്തിൽ പാത്രിയർക്കീസ് ഭാഗത്തുള്ള മലങ്കര സഭാംഗങ്ങളും ചേരുന്നതിന് അനുവാദം വാങ്ങാനാണ് അദ്ദേഹം പാത്രിയർക്കീസ് ബാവായെ സന്ദർശിച്ചത്. ആ അനുവാദം പാത്രിയർക്കീസ് ബാവാ ചില ലഘു വ്യവസ്ഥകൾ അനുസരിച്ചു നൽകി. സന്ദർശനത്തിൽ മലങ്കരസഭയുടെ സമാധാനത്തെക്കുറിച്ചും ദീർഘമായ ചർച്ചകൾ നടത്തി. ഇക്കാര്യത്തിൽ കൽക്കട്ടായിലെ വെസ്റ്റ്കോട്ട് മെത്രാപ്പോലീത്താ, ആർച്ചുബിഷപ്പ് ഗോർ, വൈസ്രോയി ഇർവിൻ പ്രഭു മുതലായവർ നടത്തിയ പരിശ്രമങ്ങളുമായി അദ്ദേഹവും ബന്ധപ്പെട്ടിരുന്നു.

ഇന്ത്യയിൽ തിരിച്ചെത്തിയശേഷം അദ്ദേഹം സ്വീകരിച്ച പ്രഥമ നടപടികളിൽ ഒന്ന്, രണ്ടു പക്ഷത്തെയും നേതാക്കളെയും തിരുമേനിമാരെയും കണ്ടു സന്ധിശ്രമങ്ങൾക്കു രണ്ടു പക്ഷത്തുനിന്നും നോമിനേറ്റു ചെയ്ത ഒരു കമ്മിറ്റിയെ സംഘടിപ്പിക്കുക എന്നതായിരുന്നു. ആലുവായിലെ കെ. സി. ചാക്കോ, എ. എം. വർക്കി മുതലായവർ അദ്ദേഹത്തോടു സഹകരിച്ചിരുന്നു. ഈ സന്ധിശ്രമങ്ങളിൽ കമ്മിറ്റിയുടെ സമ്മേളനങ്ങൾ നടത്തിക്കുന്നതിലും സന്ധിവ്യവസ്ഥകളുടെ നക്കൽ തയ്യാറാക്കുന്നതിലുമൊക്കെ കാര്യമായ പങ്കുവഹിച്ചത് അഞ്ചൽ സൂപ്രണ്ടായി റിട്ടയർ ചെയ്ത ടി. ജോസഫും (പുതുപ്പള്ളി) ഡോ. പി. റ്റി. തോമസ് പാലാമ്പടവുമായിരുന്നു. പാലാമ്പടത്തു നടന്ന ചർച്ചായോഗങ്ങളിൽ രണ്ടു കക്ഷികളിലുംപെട്ട ഗണനീയന്മാരായ നേതാക്കൾ പലരും സംബന്ധിക്കയും ചെയ്തിരുന്നു. ഫാദർ മാത്യൂസ് പാറേട്ട് (പിന്നീടു മാർ ഈവാനിയോസ്) കാതോലിക്കാ പക്ഷത്തെ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ കോട്ടയം ചർച്ചകളുടെ ഫലമായി രൂപവൽക്കരിക്കപ്പെട്ട സന്ധി വ്യവസ്ഥകളെപ്പറ്റി ബിഷപ്പ് വാൾഷുമായി എഴുത്തുകുത്തുകൾ തുടർന്നുകൊണ്ടിരുന്നു. വ്യവസ്ഥകൾ പാത്രിയർക്കീസു ബാവായ്ക്കയച്ചു കൊടുത്തു മറുപടി വരുത്തുന്നതിൽ ബിഷപ്പ് വാൾഷു പങ്കുവഹിച്ചു. മറുപടി അവസാനം നിഷേധരൂപത്തിൽ പരിണമിക്കയാണു ചെയ്തത്. ജഡ്ജിമാരായ കെ. എ. പൗലൂസ്, കെ. കോരുത്, പി. എ. ഉമ്മൻ എന്നിവരും സി. ജെ. മാത്യു തരകൻ, സി. എം. ജോൺ, കെ. ചെറിയാൻ, ഫാദർ മാത്യൂസ് പാറേട്ട് (കൺവീനർ) എന്നിവരും ചേർന്നു സന്ധിവ്യവസ്ഥകൾക്കു രൂപം നൽകുന്നതിൽ കാതോലിക്കാപക്ഷത്തു പ്രവർത്തിച്ചവരാണ്.

അധികമാരും ഓർക്കുവാനിടയില്ലാത്ത ഒരു സന്ധിശ്രമം തിരുവനന്തപുരത്തു നടന്നു. രണ്ടു പക്ഷത്തെയും സഭാസ്നേഹികളായ ഏതാനും യുവാക്കളാണ് അതിൽ പങ്കെടുത്തു പ്രവർത്തിച്ചത്. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണ കാലത്താണ് അതു നടന്നത്. പാത്രിയർക്കീസ് കക്ഷിയി

ലെയും കാതോലിക്കാ കക്ഷിയിലെയും യുവനേതാക്കൾ ചർച്ച ചെയ്തു കുറെ സമാധാന വ്യവസ്ഥകൾക്കു രൂപംകൊടുത്തു. അവർക്കു നേതൃത്വം നൽകിയതു പിന്നീടു മന്ത്രിമാരായിത്തീർന്ന വി. ഒ. മർക്കോസും ഇ. ജോൺ ഫീലിപ്പോസുമായിരുന്നു. തിരുവനന്തപുരം വ്യവസ്ഥകൾ എന്ന പേരു സിദ്ധിച്ച ആ സന്ധിക്കരാറിന്റെ നക്കൽ ഏഴോ എട്ടോ പേർ ചേർന്നു പ്രസിദ്ധപ്പെടുത്തുകയും സഭാംഗങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു. താഴെ പറയുന്നവർ അതിൽപെടുന്നു.

മുൻ മന്ത്രി വി. ഒ. മർക്കോസ്, മുൻ മന്ത്രി ഇ. ജോൺ ഫീലിപ്പോസ്, സി. കെ. മാണി, ജഡ്ജി പി. എ. ഉമ്മൻ, സി. ജെ. മാത്യു തരകൻ (പള്ളിക്കര), സി. എം. ജോൺ, ടി. എം. ഐസക് (പെരുമ്പാവൂർ).

പ്രസ്തുത വ്യവസ്ഥകൾ പാത്രിയർക്കീസ് ബാവായ്ക്കും കാതോലിക്കാ ബാവായ്ക്കും അയച്ചുകൊടുത്തു. അന്നു രൂപംപ്രാപിച്ചിരുന്ന ഒരു യുവജനസംഘടനയുടെ പിന്തുണയും ഈ വ്യവസ്ഥകൾക്കുണ്ടായിരുന്നു. കോട്ടയത്ത് ഒരു ഓഫീസ് ജനറൽ സെക്രട്ടറി (സി. കെ. മാണി ആയിരുന്നു) ഓർഗനൈസിംഗ് സെക്രട്ടറി (ടി. എം. ഐസക്) മുതലായി സംഘടനാപരമായ എല്ലാ ക്രമീകരണങ്ങളോടെ അതു പ്രവർത്തിക്കയും ചെയ്തു. ഓഫീസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതു എം. കുര്യൻ (മലയാള മനോരമ) ആയിരുന്നു.

സമുദായക്കേസ്

1934 ഫെബ്രുവരിയിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് അന്തരിച്ചു. ട്രസ്റ്റു വസ്തുക്കൾ കൂട്ടു ട്രസ്റ്റികളായിരുന്ന മാണി പൗലൂസ് കത്തനാരുടെയും ഇ. ജെ. ജോസഫിന്റെയും കൈവശത്തിലായി. 1934 ഡിസംബർ 26-ാം തീയതി എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസോസിയേഷൻ, ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. സഭയ്ക്ക് ഒരു ഭരണഘടനയും അംഗീകരിച്ചു. 1935 ആഗസ്റ്റ് ഇരുപത്തിരണ്ടാം തീയതി കരിങ്ങാച്ചിറ പള്ളിയിൽ കൂടിയ പാത്രിയർക്കീസ് ഭാഗത്തെ പള്ളിപ്രതിപുരുഷയോഗം മാർ പൗലൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. മാണി പൗലൂസ് കത്തനാരെയും ഇ. ജെ. ജോസഫിനെയും ട്രസ്റ്റി സ്ഥാനത്തുനിന്നു നീക്കി, അവിരാ ജോസഫ് കത്തനാരെയും തുകലൻ പൗലോ അവിരായേയും ട്രസ്റ്റികളായി തെരഞ്ഞെടുത്തു. കരിങ്ങാച്ചിറ യോഗത്തിനുള്ള നോട്ടീസിൽ കാതോലിക്കോസ് പക്ഷത്തുള്ള ആരെയും പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കരുതെന്നു നിഷ്കർഷിച്ചിരുന്നു. 1938 മാർച്ച് പത്താം തീയതി പാത്രിയർക്കീസ് ഭാഗത്തെ ട്രസ്റ്റികൾ മൂന്നുപേരും ചേർന്നു ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും കൂട്ടു

ട്രസ്റ്റികളുടെയും പേരിൽ 111 ഓഫ് 1113 കോട്ടയം ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പഴയസെമിനാരിയിൽ താമസിക്കുന്ന, ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്നു കൂടി അറിയപ്പെടുന്ന കല്ലാച്ചേരിൽ പുന്നൂസ് എന്നാണ് ഒന്നാം പ്രതിയെ അന്യായത്തിൽ വിവരിച്ചിരുന്നത്.

പാത്രിയർക്കീസിനു മാത്രം അവകാശപ്പെട്ട സ്ഥാനവും ചുമതലകളും കാതോലിക്കോസിനു നൽകി ഒരു ഭരണഘടനയുണ്ടാക്കി പ്രതികൾ ഒരു നവീന സഭ രൂപവൽക്കരിച്ചിരിക്കുന്നു എന്നായിരുന്നു അന്യായത്തിലെ പ്രധാന ആരോപണം. മലങ്കര മെത്രാപ്പോലീത്തായെ പാത്രിയർക്കീസ് വാഴിക്കുകയും നിയമിക്കുകയും, വാഴ്ചയ്ക്കു മുമ്പു മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കുകയോ, വാഴ്ചയ്ക്കുശേഷം സ്വീകരിക്കുകയോ ചെയ്യണമെന്ന് അന്യായത്തിൽ പറഞ്ഞിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ വിൽപ്പത്രം അസാധുവാണെന്നും അന്യായത്തിൽ ആരോപിച്ചിരുന്നു.

കേസിന്റെ വാദം കേട്ടശേഷം പാത്രിയർക്കീസ് ഭാഗത്തു നിന്നു ഫയൽ ചെയ്ത അന്യായം ചെലവുസഹിതം തള്ളി (118 മകരം അഞ്ച്). ഈ വിധിയിന്മേൽ വാദികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ 1119-ൽ ഒന്നാം നമ്പരായി അപ്പീൽ ബോധിപ്പിച്ചു. അപ്പീൽ വാദം കേട്ടു പാത്രിയർക്കീസ് ഭാഗത്തിനനുകൂലമായി 1946-ൽ വിധിച്ചു. പ്രതികൾ ഈ വിധി റിവ്യൂ ചെയ്യുന്നതിന് അപേക്ഷിച്ചു.

കേസ് കേട്ട മൂന്നു ജഡ്ജിമാരും റിവ്യൂ ഹർജി, വാദത്തിനു വന്നപ്പോഴേയ്ക്കും റിട്ടയർ ചെയ്തിരുന്നു. അതുകൊണ്ടു റിവ്യൂ ഹർജി വിചാരണ ചെയ്യുന്നതിനു കോടതിക്ക് അധികാരമുണ്ടോ എന്ന പ്രശ്നം മൂന്നു ജഡ്ജിമാരടങ്ങിയ ഫുൾബഞ്ചിൽ വാദത്തിനു വന്നു. അതു പിന്നീട് അഞ്ചു ജഡ്ജിമാരടങ്ങിയ ഒരു ഫുൾ ബഞ്ചിലേക്കു റഫർ ചെയ്തു. കാതോലിക്കാ ഭാഗത്തേയ്ക്ക് ഇന്ത്യയുടെ അഡ്വക്കേറ്റു ജനറൽ ആയിരുന്ന സർ എൻ. പി. എൻജിനിയർ ഹാജരായി. പാത്രിയർക്കീസ് ഭാഗത്തേയ്ക്കു പഞ്ചാബ് ഹൈക്കോടതി ജഡ്ജിയായിരുന്ന അച്ചുറാമും. 21-12-1951-ൽ ഹൈക്കോടതി റിവ്യൂ ഹർജി തള്ളി.

സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു ഹൈക്കോടതി അനുവാദം നൽകിയില്ല. എന്നാൽ ഇന്ത്യൻ ഭരണഘടന 136-ാം വകുപ്പനുസരിച്ചു സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാൻ പ്രത്യേകാനുമതി ലഭിച്ചു (സി. എ. 193 ഓഫ് 1952, സുപ്രീംകോടതി). 21-5-1954-ൽ സുപ്രീംകോടതി അപ്പീൽ അനുവദിച്ചു. ഹൈക്കോടതിയുടെ വിധി അസ്ഥിരപ്പെടുത്തി (1954 കെ. എൽ. റ്റി. 385) റിവ്യൂ അനുവദിച്ചു. പാത്രിയർക്കീസ് ഭാഗം ഹൈക്കോടതിയിൽ കൊടുത്തിരുന്ന എ. എസ്. ഐ. ഓഫ് 1119,

എല്ലാ പോയിന്റുകളിലും വീണ്ടും കേൾക്കാൻ സുപ്രീംകോടതി നിർദ്ദേശിച്ചു. തിരു-കൊച്ചി ഹൈക്കോടതി അപ്പീൽ വീണ്ടും കേട്ടു. ആ ഫുൾബഞ്ചിൽ ജസ്റ്റീസുമാരായ ശങ്കരൻ, ജി. കുമാരപിള്ള, എം. എസ്. മേനോൻ എന്നിവർ ഉൾപ്പെട്ടിരുന്നു. പാത്രിയർക്കീസ് ഭാഗത്തേയ്ക്കു വാദം നടത്തിയതു കെ. പി. ഏബ്രഹാമും തൈക്കാട്ടു സുബ്രഹ്മണ്യ അയ്യരും ആയിരുന്നു. കാതോലിക്കാ ഭാഗത്തേയ്ക്കു ബാരിസ്റ്റർ എം. കെ. നമ്പ്യാർ ഹാജരായി. വാദം 15-9-1956-ൽ തുടങ്ങി. 1956 ഒക്ടോബർ ആദ്യ ആഴ്ച അവസാനിച്ചു. 1956 നവംബർ ഒന്നാം തീയതി കേരള സംസ്ഥാനവും കേരള ഹൈക്കോടതിയും നിലവിൽ വന്നു. 31-12-1956-ൽ പാത്രിയർക്കീസ് ഭാഗത്തെ അപ്പീൽ അനുവദിച്ച് ഐകകണ്ഠ്യേനയുള്ള വിധി പ്രസ്താവിക്കപ്പെട്ടു.

വിധി നടത്തി വസ്തുക്കൾ കൈവശപ്പെടുത്താൻ പാത്രിയർക്കീസ് ഭാഗക്കാർ ശ്രമിച്ചു. സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാൻ സർട്ടിഫിക്കറ്റിനും, വിധി നടത്ത് സ്റ്റേ ചെയ്യുന്നതിനുമായി കാതോലിക്കാ ഭാഗത്തുനിന്നു ഹൈക്കോടതിയിൽ അപേക്ഷ ബോധിപ്പിച്ചു. സ്റ്റേ ഹർജി, മറ്റെ ഹർജിയുടെ കൂടെ കേൾക്കാൻ അവധി വച്ചതല്ലാതെ അതിന്മേൽ ഉത്തരവൊന്നും ഇട്ടില്ല. ഈ അവസരത്തിൽ പഴയസെമിനാരിയും മറ്റും നടത്തിയെടുക്കാൻ ഊർജിതമായ ശ്രമം ആയിരുന്നു. അതുകൊണ്ട് സ്റ്റേ ഹർജിയിന്മേൽ ഹൈക്കോടതി ഉത്തരവു പാസാക്കണമെന്നും നിർദ്ദേശം നൽകണമെന്നും കാണിച്ചു സുപ്രീംകോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. സുപ്രീംകോടതി വിധി നടത്ത് സ്റ്റേ ചെയ്ത് ഉത്തരവായി. പിന്നീട് സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തു.

സുപ്രീംകോടതിയിൽ (സിവിൽ അപ്പീൽ നമ്പർ 267 ഓഫ് 1958) അപ്പീൽ ഭാഗത്തേക്കു എം. കെ. നമ്പ്യാർ ഹാജരായി. പാത്രിയർക്കീസ് ഭാഗത്തേക്ക് കെ. പി. ഏബ്രഹാമും, തൈക്കാട്ട് സുബ്രഹ്മണ്യയ്യരും ഹാജരായി. 1958 സെപ്തംബർ 12-ാം തീയതി അപ്പീൽ അനുവദിച്ച് ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ് വിധി പ്രസ്താവിച്ചു. മറ്റു ജഡ്ജിമാർ ഭഗവതി, സിൻഹാ, സുബ്ബറാവു, വാഞ്ചു എന്നിവരായിരുന്നു (1958 കെ. എൽ. റ്റി. 721). വട്ടിപ്പണക്കേസും സമുദായക്കേസും പ്രാതിനിധ്യ സ്വഭാവമുള്ള പ്രധാനപ്പെട്ട കേസുകളായിരുന്നു. അവയിലെ വിധികൾ സഭയെ മുഴുവൻ ബാധിക്കുന്നവയാണ്. വട്ടിപ്പണക്കേസിൽ ഒന്നു മുതൽ മൂന്നു വരെ പ്രതികളുടെ (വട്ടശ്ശേരിൽ തിരുമേനിയും കൂട്ടു ട്രസ്റ്റികളും) പിൻഗാമികളും അവർ പ്രതിനിധാനം ചെയ്തിരുന്ന താല്പര്യങ്ങളുടെ പിന്തുടർച്ചക്കാരും ആയിരുന്നല്ലോ സമുദായകേസിലെ ഒന്നു മുതൽ മൂന്നു വരെ പ്രതികൾ. ചില ട്രസ്റ്റികൾ രണ്ടു കേസിലും ഒരേ വ്യക്തികളായിരുന്നു. ഇതു തന്നെ പാത്രിയർക്കീസ് ഭാഗത്തെക്കുറിച്ചും പറയാം. ഒരേ പ്രശ്ന

ത്തെക്കുറിച്ച് ഒരേ താൽപര്യക്കാർക്ക് ഒന്നിൽ കൂടുതൽ പ്രാവശ്യം വിധിക്കായി കോടതിയെ സമീപിക്കാൻ അവകാശമില്ല. ഒരിക്കൽ ഉന്നയിച്ചതോ, ഉന്നയിക്കേണ്ടിയിരുന്നതോ, ഉന്നയിക്കാമായിരുന്നതോ ആയ വാദമുഖങ്ങൾ പിന്നീട് ഉന്നയിക്കുന്നതിനു അനുവാദം നൽകാൻ കോടതിക്കു അധികാരമില്ല. കോടതിയുടെ അധികാരപരിധി, ആദ്യത്തെ കേസു മൂലം ആ കാര്യത്തിൽ അടഞ്ഞുപോയിരിക്കുന്നു. ഈ തത്വത്തിനാണ് സാങ്കേതിക ഭാഷയിൽ റെസ്ജൂഡിക്കേറ്റാ (Res Judicata) എന്നു പറയുന്നത്. സമുദായക്കേസിലെ അന്യായം 19 മുതൽ 26 വരെ പാരാകളിൽ പറഞ്ഞിരുന്ന പ്രത്യേക കാരണങ്ങളാൽ കാതോലിക്കാബാവായും അനുയായികളും വേദവിപരീതികളോ, സഭയ്ക്ക് ഇതരരോ, സഭയിൽ നിന്നു സ്വയം വേർപ്പെട്ടവരോ ആയി എന്നാണു പാത്രിയർക്കീസ് പക്ഷം വാദിച്ചിരുന്നത്. ആ കാരണങ്ങൾ താഴെപ്പറയുന്നവയാണ്. 1. സ്ഥാനസാധുത്വത്തോടുകൂടി തുടർന്നുവന്ന പാത്രിയർക്കീസായി അബ്ദൽ മശിഹായെ സ്വീകരിച്ചു. 2. മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും സ്താത്തിക്കോൻ നൽകുന്നതിനും ഇടവകകൾ തിരിച്ചു കൊടുക്കുന്നതിനും റശീശ്ശാ സ്വീകരിക്കുന്നതിനും അധികാരമുള്ള കാതോലിക്കാ സ്ഥാപനത്തെ അംഗീകരിച്ചു. ഈ വാദമുഖങ്ങൾ വട്ടിപ്പണക്കേസിൽ തീരുമാനിക്കപ്പെട്ടു കഴിഞ്ഞതാണോ എന്നാണു സുപ്രീംകോടതി പരിശോധിച്ചത് (സുപ്രീംകോടതി വിധി ന്യായം 28-ാം പാരഗ്രാഫ്). വട്ടിപ്പണക്കേസിലെ പുനർവിചാരണയിൽ വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് സ്വാഭാവികനീതിയുടെ ഉരകല്ലിൽ സാധുവാകയില്ലെന്നു ബോദ്ധ്യമായ പാത്രിയർക്കീസ് ഭാഗത്തെ വക്കീൽ സർ സി. പി. മുടക്കിനെ അവഗണിച്ചാലും, നിയമാനുസൃത പാത്രിയർക്കീസായ അബ്ദുള്ളാ രണ്ടാമനെ തിരസ്കരിച്ചും, സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദൽ മശിഹായെ സ്വീകരിച്ചതു മൂലവും മെത്രാന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും മറ്റും അധികാരമുള്ള കാതോലിക്കേറ്റിനെ പിന്താങ്ങുന്നതുകൊണ്ടും, വട്ടശ്ശേരിൽ തിരുമേനിയും കൂട്ടരും സഭയ്ക്ക് ഇതരരായി എന്നു വാദിച്ചു.

ഇതെക്കുറിച്ചു ഹൈക്കോടതി ചെയ്ത തീരുമാനം സുപ്രീംകോടതി ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു. മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും അധികാരമുള്ള കാതോലിക്കേറ്റ് അബ്ദൽ മശിഹാ സ്ഥാപിച്ചതിനെ അംഗീകരിച്ച്, പാത്രിയർക്കീസിനു മലങ്കരസഭ മേലുള്ള അധികാരം അപ്രത്യക്ഷമാകുന്ന പോയിന്റു വരെ കുറച്ചതുകൊണ്ട്, ഒന്നു മുതൽ മൂന്നു വരെ പ്രതികൾ (വട്ടശ്ശേരിൽ തിരുമേനിയും കൂട്ടുട്രസ്റ്റികളും) വേദവിപരീതികളോ സഭയ്ക്കു ഇതരരോ ആകുകയൊ ഒരു നവീനസഭ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല (പാരാ 30, 31). സ്താത്തിക്കോൻ നൽകുന്നതും ഇടവക തിരിച്ചു കൊടുക്കുന്നതും

മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരത്തിൽ അന്തർലീനമാണ് എന്ന സംഗതിയിൽ തർക്കമുണ്ടായിരുന്നില്ല എന്നു 28-ാം പാരായിൽ കാണുന്നു. വട്ടിപ്പണക്കേസിലെ ഈ തീരുമാനങ്ങൾ റെസ്ജൂഡിക്കേറ്റാ ആണെന്നും, ആ പ്രശ്നങ്ങൾ സമുദായക്കേസിൽ ഉന്നയിക്കാൻ പാടില്ലെന്നും സുപ്രീംകോടതി വിധിച്ചു. ഇങ്ങനെ റെസ്ജൂഡിക്കേറ്റാ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ, പാത്രിയർക്കീസ് ഭാഗത്തെ മലങ്കര മെത്രാനുവേണ്ടി (ഏബ്രഹാം മാർ ക്ലീമ്മിസിനെ ആ സ്ഥാനത്തേക്കു തെരഞ്ഞെടുത്തിരുന്നു) ഹാജരായിരുന്ന തൈക്കാട്ട് സുബ്രഹ്മണ്യയ്യർ, വട്ടിപ്പണക്കേസിൽ ഉന്നയിച്ചിട്ടില്ലാതിരുന്ന കുറെ പുതിയ ചാർജുകൾ കൂടി ഉന്നയിച്ചു. അവ താഴെ ചേർക്കുന്നു:

1. പാത്രിയർക്കീസിന്റെ അധികാരങ്ങൾ എടുത്തു കളയുന്ന ഭരണഘടന (എ. എം. അക്കം) അംഗീകരിച്ചതു മൂലം, പ്രതികൾ ഒരു പുതിയ സഭ സ്ഥാപിച്ചിരിക്കുന്നു.

2. ഭരണഘടന അഞ്ചാം വകുപ്പിൽ 18 അക്കം കാനോനെ നിരാകരിച്ചതുമൂലം പ്രതികൾ സഭയ്ക്കു പുറത്തായിരിക്കുന്നു.

2. (എ). തെറ്റായ എ അക്കം കാനോൻ സ്വീകരിച്ച് മെത്രാന്മാരെ വാഴിക്കുന്നതിനും മൂറോൻ കൂദാശ ചെയ്യുന്നതിനും പാത്രിയർക്കീസിനു മാത്രമുള്ള അധികാരം എടുത്തു കളഞ്ഞത്, പ്രതികൾ ഒരു പുതിയ സഭ സ്ഥാപിച്ചു എന്നു സൂചിപ്പിക്കുന്നു.

2. (ബി). പുതിയ ഭരണഘടനയിൽ ശരിയായ കാനോനെ ലംഘിച്ചു റശ്ശീസാ എന്ന അവകാശം പാത്രിയർക്കീസിനു നിഷേധിച്ചിരിക്കുന്നു.

3. ട്രസ്റ്റ് സ്വത്തുക്കളെ ഗുണഭോക്താക്കളായ മലങ്കര യാക്കോബായ സുറിയാനി സഭയിൽ നിന്നു തികച്ചും വ്യത്യസ്തമായ ഒരു സ്ഥാപനമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലേക്കു പൂർണ്ണമായി കൈമാറിയിരിക്കുന്നു.

4. ഇന്ത്യയിലും ബർമ്മായിലും സിലോണിലും മറ്റു പൗരസ്ത്യ രാജ്യങ്ങളിലും അധികാരമുള്ള കാതോലിക്കേറ്റിന്റെ മലബാറിലെ പുനഃസ്ഥാപനം, വട്ടിപ്പണക്കേസിൽ ചർച്ചാവിഷയമായിരുന്ന കാതോലിക്കേറ്റിന്റെ സ്ഥാപനത്തിൽനിന്നു ഭിന്നമാണ് (പാരാ 33). ഈ ഓരോ വാദത്തെക്കുറിച്ചും സുപ്രീംകോടതി വിധി ന്യായം 34 മുതൽ 38 വരെ പാരാകളിൽ ചർച്ച ചെയ്തിരിക്കുന്നു. 34-ാം പാരായിൽ പറയുന്നത് ഇങ്ങനെ സംഗ്രഹിക്കാം. പ്രതികൾ പാത്രിയർക്കീസിന്റെ ആധിപത്യം നിരാകരിച്ചിരിക്കുന്നതായി വാദികൾ ആരോപിച്ചിട്ടുണ്ടെന്നുള്ളതു ശരി തന്നെ. എന്നാൽ അതു ഭരണഘടനയെ ആസ്പദമാക്കിയുള്ള ഒരു പൊതു ആരോ

പണം അല്ല, പ്രത്യുത പുതിയ ഭരണഘടനയിലെ വ്യവസ്ഥകളായി ചേർത്തിട്ടുള്ള ചില പ്രത്യേക കാര്യങ്ങളെ അസ്പദമാക്കിയാണ്. അതുകൊണ്ട് ട്രസ്റ്റികളായിരിക്കാൻ പ്രതികളെ അയോഗ്യരാക്കുന്നതായി വാദിക്കുന്നത് ആ പ്രത്യേക കാരണങ്ങളാലാണ്. അല്ലാതെ ഭരണഘടന അംഗീകരിച്ചു എന്ന പൊതുവായ സംഗതിയല്ല. പ്രതികളുടെ അയോഗ്യതയ്ക്കുള്ള കാരണമായ അന്യായത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള കാരണങ്ങളല്ലാതെ, ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മറ്റേതെങ്കിലും കാര്യത്താൽ പ്രതികൾക്ക് അയോഗ്യത സംഭവിച്ചിരിക്കുന്നു എന്നൊരു ആരോപണം അന്യായത്തിൽ ഇല്ല. വാദികൾ കോടതിയെ സമീപിച്ചത്, അന്യായത്തിൽ ഉന്നയിച്ചിട്ടുള്ളതും വിവരപ്പത്രികയിൽ ആവർത്തിച്ചിട്ടുള്ളതും ആയ ചില പ്രത്യേക കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഭരണഘടന അംഗീകരിച്ചതു മൂലം പ്രതികൾ വേദവിപരീതികൾ ആകയോ സഭ വിട്ടുപോകുകയോ ചെയ്തു എന്ന് ആരോപിച്ചുകൊണ്ടാണ്. ഇതേ കാര്യങ്ങൾ തന്നെയാണ് അയോഗ്യതയ്ക്കുള്ള കാരണങ്ങളായി വട്ടിപ്പണക്കേസിലും ആശ്രയിച്ചിരുന്നത്. അതിനാൽ ഭരണഘടന അംഗീകരിച്ചു എന്നതുകൊണ്ടു മാത്രമോ അന്യായത്തിൽ പ്രത്യേകം എടുത്തു പറയാത്ത ഏതെങ്കിലും ഭരണഘടനാ വ്യവസ്ഥകൾ മൂലമോ പ്രതികൾ പാത്രിയർക്കീസിന്റെ അധികാരത്തെ നിരാകരിച്ചിരിക്കുന്നു എന്നു വാദിക്കുന്നതിനു വാദികളെ അനുവദിക്കാൻ സാധ്യമല്ല. ഇതിൽനിന്നു ഭരണഘടനയുടെ അംഗീകാരവും അവയിലെ വ്യവസ്ഥകളുടെ സാധുതയും, പാത്രിയർക്കീസിന്റെ അധികാരത്തെച്ചൊല്ലി, ഇനിയൊരു വ്യവഹാരത്തിനു വിധേയമല്ല എന്നു സിദ്ധിക്കുന്നു. കാനോനെക്കുറിച്ച് 35-ാം പാരായിൽ ചർച്ച ചെയ്തിരിക്കുന്നു. ഭരണഘടനയെക്കുറിച്ചു പറഞ്ഞത്, ഈ വാദമുഖത്തിനും ബാധകമാണെന്നാണ് കോടതി അഭിപ്രായപ്പെട്ടത്. കേസിൽ കാനോന്റെ പ്രശ്നം ഉദിച്ചതും അതേക്കുറിച്ചു 13-ാം ഇഷ്യൂ ഏർപ്പെടുത്തിയതും എങ്ങനെയെന്നു കോടതി വിശദീകരിച്ചു. ചില പ്രത്യേക നടപടികളാൽ പ്രതികൾ സഭയ്ക്ക് ഇതരരോ വേദവിപരീതികളോ ആയെന്ന ആരോപണം വാദികൾ ഉന്നയിച്ചു. അതിനു ഉപോത്ബലകമായി കാനോന്റെ കാര്യം പ്രസ്താവിക്കപ്പെട്ടു. അങ്ങനെയല്ലാതെ, ബാർ എബ്രായ സമാഹരിച്ച എ അക്കം കാനോൻ സ്വീകരിച്ചതു മൂലം പ്രതികൾ സഭയ്ക്കു പുറത്തായി എന്ന് അന്യായത്തിൽ ഒരിടത്തും പ്രസ്താവിച്ചിട്ടില്ല എന്നു കോടതി ചൂണ്ടിക്കാണിച്ചു. രണ്ടു കാനോനുകൾ (എ-യും, 18-ഉം) അനുസരിച്ചും റശ്ശീസാ കൊടുക്കാത്തത് വേദവിപരീതമാകുകയില്ല എന്നു സുപ്രീംകോടതി പറഞ്ഞു. ട്രസ്റ്റ് സ്വത്തുക്കൾ മറ്റൊരു സഭയ്ക്കു കൈമാറ്റം ചെയ്തു എന്നതിനെക്കുറിച്ചു വക്കീൽ വാദിച്ചു തന്നെയില്ല (പാരാ 37). രണ്ടു കേസുകളിലേയും കാതോലിക്കേറ്റുകൾ വിഭിന്നമാണെന്ന വാദം കേവലം ഭാവനാസൃഷ്ടിയാണെന്നും കോടതി

അഭിപ്രായപ്പെട്ടു (പാരാ 38). ഈ പുതിയ കുറ്റാരോപണങ്ങൾ അന്യായ സംഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അതിൽ പലതും വാദികൾ പിന്നീട് ചിന്തിച്ചതാണെന്നും അവ ഉന്നയിക്കാൻ അനുവദിച്ചു കൂടെന്നും അവയിൽ മിക്കവയും വട്ടിപ്പണക്കേസിൽ ഉന്നയിക്കാമായിരുന്നതും ഉന്നയിക്കേണ്ടിയിരുന്നതും ആണെന്നും അങ്ങനെ ചെയ്യാത്തതു മൂലം റെസ്ജൂഡിക്കേറ്റായും അതിനോടു സാമ്യമുള്ള മറ്റു തത്ത്വങ്ങളും മൂലം ഇവ ഉന്നയിക്കാൻ ഈ കേസിൽ തടസ്സമുണ്ടെന്നാണ് തങ്ങളുടെ സുനിശ്ചിതമായ അഭിപ്രായമെന്നും സുപ്രീംകോടതി പ്രസ്താവിച്ചു (പാരാ 39). പാത്രിയർക്കീസ് ഭാഗത്തെ വക്കീൽ, പിന്നീടു വാദിച്ചത് ഒന്നു മുതൽ മൂന്നു വരെ പ്രതികളെ മലങ്കര അസോസിയേഷൻ ട്രസ്റ്റികളായി തെരഞ്ഞെടുത്തിട്ടില്ല എന്നായിരുന്നു. എം. ഡി. സെമിനാരി യോഗം വിളിച്ചു കൂട്ടിയത് അർഹതയുള്ളവരായിരുന്നു എന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടതിനോട് സുപ്രീംകോടതി യോജിച്ചു. എന്നാൽ എല്ലാ പള്ളികൾക്കും യോഗത്തെക്കുറിച്ചു നോട്ടീസ് നൽകിയിരുന്നു എന്നുള്ളതിന് വിശ്വാസയോഗ്യമായ തെളിവില്ലെന്നാണ് ഹൈക്കോടതി പറഞ്ഞത്. വസ്തുതകളെക്കുറിച്ചുള്ള ഹൈക്കോടതിയുടെ നിഗമനത്തിൽ സുപ്രീംകോടതി സാധാരണ ഇടപെടാറില്ലെങ്കിലും, ഈ കേസിൽ സുപ്രധാനങ്ങളായ തെളിവുകളെ ഹൈക്കോടതി അവഗണിക്കുകയും ചില തെളിവുകളെ തെറ്റായി മനസ്സിലാക്കുകയും ചെയ്തു എന്നും സുപ്രീംകോടതി പറഞ്ഞു (പാരാ 43). നോട്ടീസുകൾ അയയ്ക്കുന്നതിനു ചുമതലപ്പെട്ടിരുന്ന പ്രതിഭാഗം 29-ാം സാക്ഷി (ബ. മണലിൽ യാക്കോബ് കത്തനാർ) യുടെ തെളിവ് ഹൈക്കോടതി പൂർണമായും അവഗണിച്ചത് സുപ്രീംകോടതി ചൂണ്ടിക്കാണിച്ചു. എം. ഡി. സെമിനാരി യോഗം അസോസിയേഷന്റെ ശരിയായ യോഗമായിരുന്നു എന്ന് ജില്ലാക്കോടതി തീരുമാനിച്ചതിനോടു സുപ്രീംകോടതി യോജിച്ചു. അങ്ങനെ അപ്പീൽ അനുവദിച്ചു ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തി. അന്യായം തള്ളിയുള്ള ജില്ലാക്കോടതി വിധി സ്ഥിരപ്പെടുത്തി വാദികൾ എല്ലാ കോടതികളിലേയും ചെലവ് പ്രതികൾക്ക് കൊടുക്കാൻ ഉത്തരവായി. ഈ വിധി റിവ്യൂ ചെയ്യുന്നതിനായി പാത്രിയർക്കീസ് ഭാഗം സുപ്രീംകോടതിയിൽ അപേക്ഷ ബോധിപ്പിച്ചു. സുപ്രസിദ്ധ അഭിഭാഷകരായ എം. സി. സെതൽവാദും, സി. കെ. ഡഫ്ത്താരിയും അവർക്കുവേണ്ടി ഹാജരായി. എന്നാൽ റിവ്യൂ അഡ്മിറ്റ് ചെയ്യാതെ ആ ഹർജി തള്ളിക്കളഞ്ഞു.

ബാഹ്യകേരള ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അലക്സിയോസ് മാർ തേവോദോസിയോസിന് വാർദ്ധക്യസഹജമായ ക്ഷീണം മൂലം ഭരണം നടത്താനാവാതെ വന്നപ്പോൾ അന്നത്തെ വൈദിക സെമിനാരി പ്രിൻസിപ്പാൾ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ ഭദ്രാ

സനത്തിലെ രണ്ടാമത്തെ മെത്രാപ്പോലീത്തായായി ബാവാ നിയമിച്ചു. മലബാർ ഭദ്രാസനവും ഒരു മെത്രാപ്പോലീത്തായുടെ കീഴിൽ വന്നത് 1961-ൽ ആണ്. അതേവർഷം മന്നം ശതാഭിഷേകത്തിൽ ബാവാ പങ്കെടുത്തു. മന്നത്ത് പത്മനാഭന്റെ തലയിൽ കൈവച്ച് അനുഗ്രഹിക്കുകയും അതു സമുദായമൈത്രിയുടെ മകുടമായി തീരുകയും ചെയ്തു. 1956 ഒക്ടോബറിൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി ബാവായെ സന്ദർശിക്കുകയും ബാവാ പഴയസെമിനാരിയിൽ വച്ച് വൻ സ്വീകരണം നൽകുകയും തുടർന്നു പ്രസിദ്ധമായ ചേപ്പാട്ടു പള്ളിയിൽ എത്തുകയും അവിടെവച്ച് ബാവായുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വമ്പിച്ച വരവേൽപു നൽകുകയും ഉണ്ടായി. ചേപ്പാട്ടെ സ്വീകരണത്തിൽ വികാരി ഏവരത്തു കിഴക്കേതിൽ ഫാ. ഐ. ഡാനിയേലിന്റെ പ്രത്യേക ക്ഷണപ്രകാരവും മനോരമയുടെ പ്രതിനിധി എന്ന നിലയിലും എനിക്കു പങ്കെടുക്കാൻ സാധിച്ചത് ഇന്നലെ നടന്ന സംഭവം പോലെ ഞാൻ ഓർക്കുന്നു.

1956 നവംബർ ഒന്നിനു കേരളം രൂപവൽക്കരിച്ചു. 1957-ൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ രൂപവൽക്കരിച്ചു. എന്നാൽ ആ മന്ത്രിസഭയുടെ ജനവിരുദ്ധ പ്രവർത്തനങ്ങളും വിമോചന സമരവും മൂലം മന്ത്രിസഭയെ കേന്ദ്രം ഡിസ്മിസ് ചെയ്തു. 1960 ഫെബ്രുവരി ഒന്നിനു നടന്ന തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകൾ തോറ്റു. പട്ടം താണുപിള്ള വീണ്ടും മുഖ്യമന്ത്രിയായി. ഈ തെരഞ്ഞെടുപ്പിൽ ബാവായും വോട്ടു ചെയ്യുകയുണ്ടായി. 1957 ഫെബ്രുവരി 27-നു റുമേനിയൻ പാത്രിയർക്കീസ് ജസ്റ്റീനിയനും ഏപ്രിലിൽ അർമ്മീനിയൻ ബിഷപ്പ് ടെറണിക് പൊളാഡിയനും കോട്ടയത്ത് എത്തി ബാവായെ സന്ദർശിച്ചു സംഭാഷണം നടത്തി. നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം 1957 ഫെബ്രുവരി 3-നു കോട്ടയം എം.ഡി. യിൽ എത്തിയ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെ ബാവാ സ്വീകരിച്ചു കുശലപ്രശ്നം ചെയ്തു.

സുപ്രീംകോടതി വിധിയെ തുടർന്ന് (1958 സെപ്റ്റംബർ 12) മലങ്കര സഭയിൽ സമാധാനം ഉണ്ടായി. കേസുവിധി മൂലമാണു സമാധാനം കൈവന്നതെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. മലങ്കര അസോസിയേഷന്റെ അംഗീകാരമില്ലാത്ത പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാർക്കു വിധിയനുസരിച്ച് സ്ഥാനവും ഭദ്രാസനവും നഷ്ടമാകുമെന്നുള്ള നില പാത്രിയർക്കീസിനെ ധരിപ്പിച്ചുകൊണ്ടാണ് 1958 ഡിസംബർ 16-നു രാത്രി പഴയസെമിനാരിയിൽ വച്ചു പരസ്പര സ്വീകരണം നടന്നത്. അതിൽ പങ്കെടുക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാനും കരുതുന്നു. പാത്രിയർക്കീസിനെ കാതോലിക്കാബാവാ സ്വീകരിച്ചത്

മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായിട്ടാണ്. മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന കാതോലിക്കാബാവാ എന്ന് ചുവന്ന മഷിയിൽ അച്ചടിച്ച ഹെഡിംഗ് പേപ്പറിലാണു സ്വീകരണ കല്പന എഴുതിയിരുന്നത്. 'വൃദ്ധൻ പുന്നൂസ്' എന്ന് പാത്രിയർക്കീസിന്റെ, ഭോഷന്മാരായ മലങ്കരയിലെ അനുയായികൾ വിളിച്ചുപോന്ന, ബാവായെ 'പൗരസ്ത്യ കാതോലിക്കാ' എന്ന നിലയിൽ പാത്രിയർക്കീസ് സ്വീകരിക്കുന്ന കല്പന അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മാർ യൂലിയോസാണു കൈമാറിയത്. ആ പരസ്പര സ്വീകരണം ജനലക്ഷങ്ങളും സർവ്വോപരി പരസ്പര സ്വീകരണത്തിന്റെ വക്താവായ മലങ്കര സഭാഭാസുരന്റെ ആത്മാവും കണ്ട് ആനന്ദത്തിന്റെ പറുദീസയിൽ എത്തിയെന്നു പറയാം.

പ. പാത്രിയർക്കീസ് ബാവായുടെ സഭാ സമാധാന കല്പന

നമ്പർ 447

സർവ്വശക്തനായി, സാരാംശ സമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനത്തിന്റെ ബലഹീനനായ യാക്കോബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

അന്ത്യോഖ്യായുടെയും കിഴക്ക് ഒക്കയുടെയും പത്രോസിനടുത്തതും ശ്ലൈഹികവുമായ സിംഹാസനത്തിന്റെ അധികാരസീമയിൽപെട്ട മലങ്കരയിലെയും ഇൻഡ്യയിലെയും നമ്മുടെ സ്നേഹഭാജനങ്ങളായ ശ്രേഷ്ഠ മെത്രാപ്പോലീത്തന്മാർ ബഹുമാന്യ കോർഎപ്പിസ്കോപ്പന്മാർ, സുകൃതമുള്ള ദയറാക്കാർ, വെൺമയുള്ള കശീശന്മാർ, നിർമ്മലരായ ശെമ്മാശന്മാർ എന്നിവർക്കും വിശ്വാസികളായ സകല സുറിയാനി ജനതയ്ക്കും ദൈവമാതാവായ മറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ ദിവ്യസമാധാനവും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ.

നിങ്ങളുടെ ആത്മികവും ശാരീരികവുമായ ക്ഷേമം അന്വേഷിച്ചുകൊണ്ട് നാം പറയുന്നത്:- "സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും" എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. "സമാധാനം" എന്ന വചനം എത്ര ഇമ്പകരവും, ശ്രവണമധുരവും ഹൃദയാവർജ്ജകവുമാകുന്നു. എന്തെന്നാൽ സമാധാനം ഇടിഞ്ഞവയെ പണിയുകയും വിടവുകളെ അടയ്ക്കുകയും ഹൃദയങ്ങളെ സംയോജിപ്പിക്കുകയും ഒരു ജനതയുടെ അവയവങ്ങളെ കൂട്ടിച്ചേർത്ത്

വളർത്തുകയും ഏക സഭയുടെ മക്കളെ ഏക ഐക്യതയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയോട് കോപിച്ചിട്ട് അയ്യായിരം സംവത്സരങ്ങൾക്കു ശേഷം രക്ഷാകരമായ മനുഷ്യാവതാരം മുഖാന്തരം ഇതുപോലൊരു മാസത്തിൽ ദൈവം ആ വിശുദ്ധ സമാധാനം ഭൂതലത്തിനു നൽകി.

ഏതാണ്ട് അമ്പത് സംവത്സരങ്ങൾക്കു മുമ്പ് മലങ്കര സുറിയാനി സഭയിൽ ആവിർഭവിച്ചതായ തർക്കം, നാനാപ്രകാരേണ സഭയെ ക്ഷീണിപ്പിച്ച് ക്ഷയിപ്പിച്ചു എന്ന കാര്യം ഒരു രഹസ്യമല്ല. പ്രാരംഭം മുതലെ സഭാസ്നേഹികളും ദൈവഭക്തരുമായ അനേകരും സമാധാനവും ഐക്യവും ഈ ഭിന്നതയ്ക്ക് ഒരു പരിഹാരവും ദർശിക്കുന്നതിന് ഏറ്റം ആഗ്രഹിച്ചിരുന്നിട്ടും അത് സാധിക്കാതെ ദുഃഖനിമഗ്നരായി ഐഹികവാസം വെടിയുവാനിടയായി. നാമും മലങ്കരസഭയിൽ സമാധാനവും ഏകഗാത്രത്തിന്റെ അവയവങ്ങളുടെ ഐക്യവും, കാണുന്നതിന് പണ്ടേ തന്നെ അഭിലഷിച്ചിരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്മേലുള്ള നമ്മുടെ സ്ഥാനാരോഹണത്തിനു ശേഷം, നിങ്ങൾക്കയച്ച നമ്മുടെ ശ്ലൈഹികമായ ഔദ്യോഗിക ലേഖനത്തിൽ ഈ വാഞ്ഛ നാം വിശദമാക്കിയിട്ടുണ്ട്. നമ്മുടെ ഈ അഭിവാഞ്ഛ തണുത്തുപോകാതെ ദൈനംദിനം തീക്ഷ്ണമായി ശക്തിപ്പെട്ടുവരികയും നാം മുഖാന്തരം ഈ വിടവ് അടയ്ക്കുവാൻ തക്കവണ്ണം ദൈവംതമ്പുരാൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു. തന്റെ നാമത്തിനു മഹത്വം.

മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കേണ്ടതിലേക്കായി ഇതിനാൽ മോർ ബസ്സേലിയോസ് ഗീവറുഗീസിനെ കാതോലിക്കോസായി നാം സ്വീകരിച്ചിരിക്കുന്നു.

ആകയാൽ നിങ്ങൾ ആനന്ദഭരിതരായി ഭവിക്കുന്ന സമാധാനത്തിന്റെ ഈ മാസത്തിൽ ശാന്തിയുടെ സ്വാഗതാർഹവും, ഹൃദ്യവുമായ ഭാവുകങ്ങൾ നിങ്ങൾക്ക് ഇതോടൊപ്പം നാം ആശംസിക്കുന്നു. കർത്താവ് തന്റെ ഐശ്വര്യമേറിയ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ വർഷിക്കുന്നതിനു നാം പ്രാർത്ഥിക്കുന്നു. അസൂയാർഹവും സകല സുകൃതങ്ങളാലും സമലംകൃതവും ആയ ജനമായി നിങ്ങൾ തീരുന്നതിനുവേണ്ടി തന്റെ ഉത്തമ തിരുഹിതത്തിന് പ്രീതികരമായ ദിവ്യപരിപാലനം കൊണ്ടും ആരോഗ്യം കൊണ്ടും സുഭിക്ഷതകൊണ്ടും ദൈവംതമ്പുരാൻ നിങ്ങളെ ധന്യരാക്കി തീർക്കുമാറാകട്ടെ.

ആയതു തന്റെയും തന്റെ പിതാവിന്റെയും പരിശുദ്ധ റൂഹായുടെയും കൃപയാലും, കരുണയാലും തന്നെ. ആമ്മീൻ.

ആകാശങ്ങളിലിരിക്കുന്ന...

നമ്മുടെ പാത്രിയർക്കാ വാഴ്ചയുടെ രണ്ടാം ആണ്ട് ക്രിസ്തബ്ദം 1958 ഡിസംബർ 9-നു സിറിയായിൽ ഹോംസിലെ നമ്മുടെ അരമനയിൽ നിന്നും.

പ. കാതോലിക്കാബാവായുടെ സഭാസമാധാന കല്പന

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരുഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവിക കൃപയും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലം ചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ചു നാം ഒന്നായിച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറോൻ മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്ക് സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്

1958 ഡിസംബർ 16-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

സഭാസമാധാനം ഉണ്ടാകുന്നതിനു മുമ്പുതന്നെ അസോസിയേഷൻ കൂടുന്നതു സംബന്ധിച്ച് നോട്ടീസുകൾ അയച്ചിരുന്നതനുസരിച്ച് പുത്തൻകാവുപള്ളിയിൽ 1958 ഡിസംബർ 26-ാം തീയതി മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ പ. ബാവായുടെ അദ്ധ്യക്ഷതിൽ യോഗം കൂടി മലങ്കര ട്രസ്റ്റ് സ്വത്തുക്കൾക്ക് മലങ്കര മെത്രാപ്പോലീത്തായുടെ സഹട്രസ്റ്റിമാരായി മണലിൽ യാക്കോബു കത്തനാരേയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ആയിരത്തോളം പള്ളികളുടെ പ്രതിനിധികളായി വൈദികരുൾപ്പെടെ ഏതാണ്ട് മൂവായിരം പേരും മാർ യൂലിയോസ് തിരുമേനിയും പന്ത്രണ്ട് മെത്രാപ്പോലീത്തന്മാരും പത്തു ലക്ഷത്തിൽപരം മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളെ പ്രതിനിധാനം ചെയ്ത് ഒന്നിച്ചുകൂടിയ പുത്തൻകാവു സമ്മേളനം ബൃഹത്തായ സുറിയാനി സഭയുടെ ചൈതന്യ പ്രകടനമായിരുന്നു. അദ്ധ്യക്ഷൻ തിരുമനസ്സിലെ കൈമുത്തിയിട്ട് പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ) ചെയ്ത പ്രസംഗത്തിനിടയിൽ "അചന്ദ്രതാരം പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങൾ അണിനിരക്കും" എന്ന് ഇദംപ്രഥമമായി ചെയ്ത പ്രഖ്യാപനം സഭ ഒന്നടങ്കം തുടർച്ചയായുള്ള കരഘോഷത്തോടുകൂടി സ്വാഗതം ചെയ്തു.

അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പൂർണ്ണ രൂപം

"പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി, സഹോദര മേല്പട്ടക്കാരെ, പള്ളി പ്രതിപുരുഷന്മാരെ, ശേഷം ജനങ്ങളെ!

ഈ അവസരത്തിൽ രണ്ടു വാക്കു പറവാൻ അവസരം കിട്ടിയത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഈ സമാധാനത്തിനുവേണ്ടി ഞങ്ങൾ

അതീവമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കയും ചെയ്തു. ദൈവം തിരു ഹിതമായ അവസരത്തിൽ ഞങ്ങൾക്ക് ഒരുമിച്ചു കൂടിയിരുന്നു സഭയുടെ ഭാവിയെക്കുറിച്ചു ചിന്തിക്കുവാൻ അവസരം കിട്ടി. പൗരസ്ത്യ കാതോ ലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ അചന്ദ്രതാരം ഞങ്ങൾ അണി നിരക്കും. ഈ സിംഹാസനം എക്കാലവും ഇവിടെ നിലനിൽക്കും. അതിൽ വാഴുന്ന പിതാവിന്റെ നേതൃത്വത്തിൽ യോജിച്ചു നിന്നു പ്രവർത്തിപ്പാൻ ദൈവം നമുക്ക് സംഗതിയാക്കട്ടെ. വെറും രാഷ്ട്രീയമോ ലൗകികമോ ആയ കാര്യങ്ങളെ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്. ഒരു പൊതു പിതാ വിന്റെ നേതൃത്വത്തിൽ ഒന്നിച്ചുനിന്നു നമ്മുടെ കർത്താവിനെ സാക്ഷി ക്കുവാൻ നമുക്ക് അവസരം കിട്ടിയിരിക്കുകയാണ്. ഭാരതത്തിലെ എല്ലാ സഭകളും ഈ പൊതുപിതാവിന്റെ നേതൃത്വത്തിൽ അണിനിരക്കുന്നതിന് ഈ യോജിപ്പ് ആമുഖമായി പരിണമിക്കട്ടെ.

പരിശുദ്ധ കാതോലിക്കാ സിംഹാസനത്തിന്റെ തണലിൽ മേല്പട്ടക്കാ രായ ഞങ്ങൾ കയ്യോടു കൈകോർത്തു പിടിച്ചു നിന്ന് പ്രവർത്തിക്കും. പ. അന്ത്യോഖ്യാ സിംഹാസനവുമായുള്ള സ്നേഹബന്ധവും പരസ്പര ധാരണയും നമ്മിൽ വർദ്ധിച്ചുവരട്ടെ. ഇനിയും ഭിന്നിച്ചുനിൽക്കുന്ന ഇൻഡ്യയിലെ ഇതര സഭാവിഭാഗങ്ങളും പ. കാതോലിക്കാ സിംഹാസ നത്തിൻകീഴിൽ വന്നു നമ്മുടെ കർത്താവിനെ സാക്ഷിക്കുവാൻ ദൈവം സംഗതിയാക്കട്ടെ. നമ്മുടെ യോജിപ്പ് അതിനു വഴിതെളിക്കട്ടെ.”

സുപ്രീംകോടതി വിധിയാൽ മലങ്കരയിലെ ഭദ്രാസന ഇടവകകൾ ഭരി ക്കുന്നതിനുള്ള അധികാരം, അസോസിയേഷന്റെ തെരഞ്ഞെടുപ്പു മൂലമേ മേല്പട്ടക്കാർക്ക് ലഭിക്കുമായിരുന്നുള്ളു. പാത്രിയർക്കീസ് കക്ഷിയിലെ മെത്രാപ്പോലീത്താമാർ പുത്തൻകാവ് അസോസിയേഷനിൽ സംബന്ധി ക്കുന്നതിനു മുമ്പ് പ. കാതോലിക്കാബാവായുടെ കല്പന അനുസരിച്ചും അസോസിയേഷൻ പാസ്സാക്കി നിലവിലിരിക്കുന്ന ഭരണഘടനപ്രകാരവും നടന്നുകൊള്ളാമെന്നു ബാവാ തിരുമനസ്സിലേക്ക് ഉടമ്പടി എഴുതിക്കൊ ടുത്തിരുന്നു. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സ്വന്തം കൈപ്പടയിൽ എഴുതിവച്ച ഉടമ്പടിയുടെ ശരി പകർപ്പ് താഴെ ചേർക്കുന്നു.

പൗരസ്ത്യ കാതോലിക്കാ നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലി യോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിലേക്ക്.

സഭയിൽ സമാധാനം ഇല്ലാതെ വളരെക്കാലം കഴിഞ്ഞശേഷം ദൈവ കൃപയാൽ ഈ മാസം 16-ാം തീയതി അസമാധാനം അവസാനിപ്പിച്ച് യോജിക്കുന്നതിന് ഇടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

സഭയുടെ ഭാവികാര്യങ്ങൾ തിരുമനസ്സിലെ ആജ്ഞയിൻകീഴിൽ ഭംഗി യായി നടക്കുമെന്നു വിശ്വസിക്കുന്നു. അവയുടെ നിവർത്തിക്ക് സഭയുടെ

കാനോനുകളും, നടപ്പിലിരിക്കുന്ന ഭരണഘടനയും, അപ്പഴപ്പോൾ തിരുമേനി നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് എപ്പോഴും ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ചുകൊള്ളുന്നു.

കണ്ടനാടു ഭദ്രാസന ഇടവകയുടെ

പൗലോസ് പീലക്സിനോസ് മെത്രാപ്പോലീത്താ

(ഒപ്പ്)

സഭാസമാധാനശേഷം

അസോസിയേഷനെ തുടർന്ന് സഭാസമാധാനം പ്രവൃത്തിപഥത്തിലാക്കുന്നതിനായി മുൻ കക്ഷി വ്യത്യാസം മറന്ന് ഇരുഭാഗത്തെയും തിരുമേനിമാർ ഒന്നിച്ചു ചേർന്നു പള്ളികൾ സന്ദർശിച്ച് വി. കുർബ്ബാന അർപ്പിച്ചുവന്നു. പ. കാതോലിക്കാബാവായുടെ സാന്നിദ്ധ്യത്തിൽ ആലുവായിലെ മാർ ഗ്രീഗോറിയോസ് ദേവലോകം അരമന ചാപ്പലിൽ വി. കുർബ്ബാന ചൊല്ലി. മാർ സേവേറിയോസ് കോട്ടയം കാരാപ്പുഴ ചാപ്പലിലും പൗലൂസ് മാർ പീലക്സിനോസ് താഴത്തങ്ങാടി ചാപ്പലിലും വി. കുർബ്ബാന അർപ്പിച്ചു. മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു കാലം ചെയ്ത വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമനസ്സിലെ ഓർമ്മദിനത്തിൽ പ. കാതോലിക്കാ ബാവായോടു കൂടി മാർ സേവേറിയോസും പൗലൂസ് മാർ പീലക്സിനോസും വി. മൂന്നിന്മേൽ കുർബ്ബാന പഴയസെമിനാരി ചാപ്പലിൽ അർപ്പിക്കുകയും മാർ ക്ലീമീസും മറ്റു തിരുമേനിമാരും അതിൽ സംബന്ധിക്കുകയും ചെയ്തു. ബാവാ ആലുവാ സെമിനാരിയിൽ എത്തി കാലം ചെയ്ത മാർ അത്താനാസ്യോസിന്റെ ഓർമ്മദിനത്തിൽ സെമിനാരി ചാപ്പലിൽ കുർബ്ബാന അർപ്പിച്ചു. ബാവാതിരുമേനി കരിങ്ങാച്ചിറ പള്ളിയും തൃപ്പൂണിത്തുറ നടമേൽ പള്ളിയും കോതമംഗലം ചെറിയപള്ളിയും മറ്റും സന്ദർശിച്ചു.

1959 ജനുവരി 14-നു എറണാകുളത്ത് ഇപ്പോൾ കാണുന്ന സെന്റ് മേരീസ് പള്ളിയുടെ ശിലാസ്ഥാപനത്തിനായി എത്തിയ ബാവായ്ക്ക് അന്നേദിവസം 4 മണിക്ക് നടമേൽപള്ളിയിൽ നിന്ന് എറണാകുളം വരെ ഒരു സ്വീകരണം നൽകി. തിരുമേനി സന്ധ്യനമസ്കാരത്തിനു ശേഷം മാർ തീമോത്തിയോസ് തിരുമേനിയോടുകൂടി പൗലൂസ് മാർ പീലക്സിനോസ് തിരുമേനിയും ഒന്നിച്ചു എറണാകുളത്ത് എഴുപതടി റോഡിലുള്ള അരമനയിൽ താമസിച്ചു. 15-ാം തീയതി കാലത്ത് പൗലൂസ് മാർ പീലക്സിനോസ് എറണാകുളം സെന്റ് മേരീസ് പള്ളിയിൽ ബാവായുടെ സാന്നിദ്ധ്യത്തിൽ വി. കുർബ്ബാന അർപ്പിക്കുകയും തുടർന്ന് ബാവാ പുതിയ പള്ളിക്കു ശിലാസ്ഥാപന കർമ്മം, മാർ തീമോത്തിയോസ് മാർ

പീലക്സിനോസ് എന്നിവരുടെ സഹകരണത്തിൽ നടത്തുകയും ചെയ്തു.

ക്നാനായ ഭദ്രാസനത്തിന്റെ സ്വീകരണം

1959 ജനുവരി 22-നു ക്നാനായ ഭദ്രാസനത്തിലെ പള്ളിക്കാർ ഏകോപിച്ച് ഒരു സ്വീകരണം പ. ബാവായ്ക്കു നൽകി. ഇടവക മെത്രാപ്പോലീത്താ ഏബ്രഹാം മാർ ക്ലീമ്മിസിന്റെ നേതൃത്വത്തിൽ പരിശുദ്ധ ബാവായേയും മറ്റു തിരുമേനിമാരെയും മഴുക്കീർ ക്നാനായ പള്ളിയിൽ നിന്നും എതിരേറ്റ് പുരാതനമായ കല്ലിശ്ശേരി സെന്റ് മേരീസ് പള്ളിയിലേക്കു സ്വീകരിച്ചു. തുടർന്ന് പള്ളിഅങ്കണത്തിൽ വച്ച് സ്വീകരണ സമ്മേളനം ആരംഭിച്ചു. ഇടവക മെത്രാപ്പോലീത്താ മാർ ക്ലീമ്മിസ് സ്വാഗതപ്രസംഗം നടത്തി. മുൻ മന്ത്രി വി. ഒ. മർക്കോസ് കൃതജ്ഞത പ്രകടിപ്പിച്ചു. ബാവാ തിരുമേനി സ്വീകരണത്തിനു നന്ദി പ്രദർശിപ്പിച്ചുകൊണ്ടും ക്നാനായക്കാരുടെ ചരിത്രസംഗ്രഹം പ്രസ്താവിച്ചുകൊണ്ടും പ്രസംഗിച്ചു. യോഗത്തിൽ മാർത്തോമ്മാ മെത്രാപ്പോലീത്താ, സി.എസ്.ഐ. ബിഷപ്പ് എം. എം. ജോൺ എന്നിവരും ഇതര സമുദായങ്ങളിലെ പ്രതിനിധികളും വമ്പിച്ച ജനക്കൂട്ടവും സംബന്ധിച്ചിരുന്നു.

ആലുവാ വട്ടമേശ സമ്മേളനം വിജയിപ്പിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച ഔഗേൻ മാർ തീമോത്തിയോസ്, പാത്രിയർക്കീസ് പക്ഷത്തിന്റെ തെറ്റായ നിലപാടിൽ പ്രതിഷേധിക്കുകയും കണ്ടനാടു പള്ളി പ്രതിപുരുഷയോഗ തീരുമാനപ്രകാരം കോട്ടയത്തു നിന്നു കാതോലിക്കാബാവായെ വരുത്തി സ്വീകരണം നൽകുകയും 1942 ഒക്ടോബർ 9-നു കണ്ടനാട് ഭദ്രാസനം കാതോലിക്കേറ്റിൽ ചേരുകയും ചെയ്തു. തുടർന്ന് ബാവായും ഔഗേൻ തിരുമേനിയും കണ്ടനാട് ഇടവകയിലെ പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ചു. 1947 നവംബർ രണ്ടിനു എപ്പിസ്ക്കോപ്പൽ സുന്നഹദോസു കൂടി, കോതമംഗലത്തു കബറടങ്ങിയ ബസ്സേലിയോസ് കാതോലിക്കാബാവാ, പരുമല മാർ ഗ്രീഗോറിയോസ് എന്നിവരെ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. മലങ്കരസഭയിൽ ഇങ്ങനെ രണ്ടു പരിശുദ്ധന്മാരെ പ്രഖ്യാപിക്കുന്നത് ഇത് ആദ്യമായിരുന്നു. 1950 ഏപ്രിൽ 17-നു കുന്നംകുളത്തിനടുത്തു മരത്തംകോട്ടു ചാപ്പലിൽ വച്ചു പുത്തൻകാവു പീലക്സിനോസ് മെത്രാപ്പോലീത്താ ഹൃദ്രോഗം മൂലം അന്തരിച്ചതു കാതോലിക്കാബാവായെ വളരെയധികം ദുഃഖിപ്പിച്ചു. “എന്നെ പറഞ്ഞയയ്ക്കേണ്ടവരെ ഞാൻ യാത്ര പറഞ്ഞയയ്ക്കേണ്ടി വന്നിരിക്കുന്നു” എന്നു ബാവാ കണ്ഠമിടറി പ്രസ്താവിച്ചു.

1938-ൽ കോട്ടയം ജില്ലാക്കോടതിയിൽ ആരംഭിച്ചതും 1958-ൽ സുപ്രീം കോടതിയിൽ പര്യവസാനിച്ചതുമായ കേസുകളുടെ വിശദമായ ചരിത്രം

തുടർച്ചയായി കൊടുത്തതു വായനക്കാരുടെ സൗകര്യത്തെ മുൻ നിറു ത്തിയാണ്. ഇതിനിടയിൽ സഭാസംബന്ധമായ ഒട്ടധികം സംഭവ വികാ സങ്ങൾ ഉണ്ടായിട്ടുണ്ട്. അവ ചുരുക്കി പ്രതിപാദിക്കാനേ സാധിക്കുക യുള്ളു. കുറുപ്പംപടി പള്ളിയിലെ സ്വീകരണത്തെപ്പറ്റി പറയുമ്പോൾ 1952 ഒക്ടോബർ 17-നു കുറുപ്പംപടിയിലെ പ്രളയിക്കാട്ട് കാതോലിക്കേറ്റു നഗ റിൽ വച്ചു ബാവായ്ക്കു നൽകപ്പെട്ട സ്വീകരണം ഓർമ്മയിൽ ഓടി എത്തുന്നു. തിരു-കൊച്ചി ഹൈക്കോടതിയിലെ കേസു തോറ്റശേഷം ബാവായ്ക്കു വടക്കൻ പ്രദേശത്തു നൽകുന്ന ഒരു സ്വീകരണവും കാതോ ലിക്കേറ്റു പ്രചരണവുമായിരുന്നു അത്. പാത്രിയർക്കീസു പക്ഷക്കാരുടെ കൂടായിരുന്നതിനാൽ കോട്ടയത്തു നിന്നും തെക്കൻ പ്രദേശങ്ങളിൽ നിന്നും വാഹനങ്ങളിൽ ഒട്ടധികം ഓർത്തഡോക്സുകാർ ബാവായെ അനുഗമിച്ചിരുന്നു. അന്ന് കോട്ടയം സി.എം.എസ്. കോളജിൽ ബി. എ. യ്ക്ക് പഠിച്ചിരുന്ന ഞാനും ഓർത്തഡോക്സുകാരായ സഹപാഠികളും മറ്റും എസ്.എം.എസ്. എന്ന പുതിയ ബസ്സിൽ കാതോലിക്കാബാവായ്ക്ക് കീ ജെയ് വിളിച്ചു അനുയാത്ര ചെയ്തു. ബസ് പെരുമ്പാവൂരിൽ നിന്ന് കുറുപ്പംപടിയിലേക്ക് തിരിഞ്ഞു. ഇരുവശത്തും വിവരം കുറഞ്ഞ ഒട്ടധികം കുട്ടികളും സ്ത്രീപുരുഷന്മാരും കറുത്തകൊടി പിടിച്ചുകൊണ്ടും ഉയര ത്തിലേക്ക് മുഷ്ടികൾ ഉയർത്തിക്കൊണ്ടും പ്രതിഷേധ മുദ്രാവാക്യങ്ങൾ ഉയർത്തി. 'വൃദ്ധ പുന്നൂസ് ഗോ ബായ്ക്ക്' എന്ന് അച്ചടിച്ചു ഭിത്തിക ളിലും ടെലിഫോൺ പോസ്റ്റുകളിലും മറ്റും ഒട്ടിച്ചിരുന്നു. സംഘർഷം മുറ്റി നിന്ന നിമിഷങ്ങൾ. സംഘട്ടനത്തിലേക്ക് വഴുതിവീഴാതിരിക്കാൻ വേണ്ടത്ര പോലീസ് ഉണ്ടായിരുന്നു. സമ്മേളനത്തിൽ ബാവായ്ക്ക് പുറമേ വട്ടക്കു ന്നേൽ വി. കെ. മാത്യൂസ് റമ്പാൻ, കെ. സി. മാമ്മൻ മാപ്പിള, റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പ, ഡീക്കൻ എം. വി. ജോർജ്ജ്, സി. ഐ. നൈനാൻ, സി. എം. സ്റ്റീഫൻ, മാത്യു ഇഞ്ചക്കലോടി എന്നീ പ്രഭാഷണ തിലകന്മാരാണ് പ്രസംഗിച്ചത്. സി. എം. സ്റ്റീഫന്റെ പ്രസംഗമേ ഞാൻ ഇപ്പോഴും ശരിക്ക് ഓർക്കുന്നുള്ളു. "ഇവിടെയുള്ളവർ ബാവായെ കണ്ടി ട്ടില്ല. ബാവാ ആണാണോ, പെണ്ണാണോ എന്ന് ഇവിടെയുള്ളവർക്ക് നിശ്ച യമില്ല. അറിവുകേടുകൊണ്ടാണ് അവർ 'വൃദ്ധ പുന്നൂസ്' ഗോ ബായ്ക്ക് എന്ന് നോട്ടീസിൽ അച്ചടിച്ചത്. ആണാണെന്നു നേരത്തെ അറിഞ്ഞിരു ന്നെങ്കിൽ 'വൃദ്ധൻ പുന്നൂസ്' എന്ന് അച്ചടിക്കുമായിരുന്നു. ഇന്ന് അവർ യഥാർത്ഥ ബാവായെ, ആണത്തമുള്ള ബാവായെ നേരിട്ട് കണ്ടിരിക്കുന്നു" (കരഘോഷം).

ഇന്ന് ബാവായെ നിന്ദിക്കുന്നവർ ഒരിക്കൽ അഭിനന്ദിക്കേണ്ടി വരു മെന്നും ഇന്നു കറുത്തകൊടി പിടിക്കുന്നവർ നാളെ സ്വീകരണക്കൊടി പിടിക്കേണ്ടിവരുമെന്നും വി. കെ. മാത്യൂസ് റമ്പാൻ ചെയ്ത പ്രസംഗം

പ്രവാചകശബ്ദമായിരുന്നു എന്ന് മനസ്സിലാക്കാൻ നീണ്ട വർഷങ്ങൾ വേണ്ടിവന്നില്ല. കക്ഷി വഴക്കിനിടയിലും കേസുകളുടെ നടത്തിപ്പിനിട യിലും എതിരാളികളും മറുകക്ഷിക്കാരുമായ ചിലർ ബസേലിയോസ് ഗീവ റുഗീസ് രണ്ടാമൻ ബാവായെ 'വൃദ്ധൻ പുന്നൂസ്' എന്ന് വിളിക്കാറുണ്ടാ യിരുന്നു. 'സ്ഥാനഭ്രഷ്ടനാക്കപ്പെട്ട' അബ്ദേദ് മശിഹാ കൈവയ്പ് നൽകി യതിനാൽ പട്ടം ഇല്ലെന്നുള്ളതാണ് ഈ സംബോധനയുടെ അടിസ്ഥാന മത്രെ. 'വൃദ്ധൻ' എന്ന പ്രയോഗം ആക്ഷേപകരമല്ല. ആയുസ്സിന്റെ പരി പക്വമായ - മറ്റുള്ളവരുടെ ആദരവ് പിടിച്ചു പറ്റുന്ന - ഒരു ഘട്ടമാണല്ലോ അത്. കൊള്ളാവുന്ന വ്യക്തികളുടെ വീടുകളിൽ നല്ല വൃദ്ധന്മാർ ഉണ്ടാ വണം. 'വൃദ്ധൻ പുന്നൂസ്' എന്നു കേൾക്കുമ്പോൾ ബാവായ്ക്ക് സന്തോ ഷമായിരുന്നു. അദ്ദേഹം പുഞ്ചിരിക്കുകയും ചെയ്തുവന്നു. വിളിക്കുന്ന വരുടെ വിവരമില്ലായ്മയോ, അല്പത്വമോ അല്ലായിരുന്നു ആ ചിരിയുടെ അടിസ്ഥാനം. തന്റെ മൂലകുടുംബമായ പുത്തൻപുരയ്ക്കൽ കുടുംബ ത്തിന്റെ സ്ഥാപക പിതാവായിരുന്ന തന്റെ പിതാമഹന്റെ പിതാമഹനാ യിരുന്ന - പുന്നൂസിനെപ്പറ്റിയുള്ള ധന്യസ്മരണകളാണ് ഈ സന്തോഷ പ്പുഞ്ചിരിയുടെ മൂലകാരണം. അദ്ദേഹത്തെ, തിരക്കുപിടിച്ച പ്രശ്ന സങ്കീർ ണ്ണമായ - സഭാദ്ധ്യക്ഷജീവിതത്തിനിടയിൽ പേർത്തും പേർത്തും ഓർ ക്കാൻ ഈ 'വൃദ്ധൻ പുന്നൂസ്' വിളി ആ സിദ്ധനായ മഹാപുരോഹിത ശ്രേഷ്ഠനെ സഹായിച്ചു. അതുകൊണ്ടാണ് വിളികേട്ട് നിർമ്മലമായ ആ മുഖകമലം വികസ്വരമായിക്കൊണ്ടിരുന്നത്. 1959 ജനുവരി 17-ന് അത് സംഭവിച്ചു. അന്നായിരുന്നു സഭായോജിപ്പിനുശേഷം കുറുപ്പംപടിയിലെ അതിഗംഭീരമായ രണ്ടാം സ്വീകരണം.

ഈ സംഭവങ്ങൾ നടക്കുമ്പോഴും പഴയസെമിനാരിയിൽ നിന്നും കാതോലിക്കാബാവായ്ക്ക് മാറേണ്ടി വരുമോ എന്ന ചിന്ത നേതാക്കന്മാരെ മഥിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് കോട്ടയത്തുതന്നെ സഭയ്ക്കു വേണ്ടി ഒരാസ്ഥാനം ഉണ്ടാക്കുവാനുള്ള നീക്കം നടന്നു. പുതിയ ആസ്ഥാനം ഉണ്ടാ കുന്നതുവരെയുള്ള ഇടക്കാലത്ത് മാങ്ങാനത്ത് ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ സ്ഥാപിച്ച എബനേസർ ദയറായിലേക്ക് ബാവാ താമസം മാറ്റി. നേതാക്കന്മാർ മനോരമയിൽ സമ്മേളിച്ചു തിടുക്കത്തിൽ ദേവലോകം അരമനയിരിക്കുന്ന സ്ഥലം വാങ്ങി.

ഇതിനിടയിൽ സുപ്രീംകോടതിയിൽ കേസിന്റെ വാദം ബാരിസ്റ്റർ എം. കെ. നമ്പ്യാരുടെയും എം. ഏബ്രഹാമിന്റെയും നേതൃത്വത്തിൽ രണ്ടാ ഴ്ചകൊണ്ട് അവസാനിച്ചു. 1934-ലെ എം.ഡി. സെമിനാരി അസോസി യേഷന്റെ തീരുമാനം സ്വീകരിച്ച്, അതായത് കോട്ടയം ജില്ലാ ജഡ്ജി ബി. കൃഷ്ണയ്യരുടെ വിധിസാരം അതേപടി ശരിവച്ചുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഉത്തരവ് 1958 സെപ്റ്റംബർ 12-ാം തീയതി ഉണ്ടായി.

അതോടെ എതിർകക്ഷിയിലെ മെത്രാപ്പോലീത്തന്മാർ തിരഞ്ഞെടുപ്പില്ലാത്തവരും ഭദ്രാസനങ്ങൾ ഇല്ലാത്തവരും, ഭരണമില്ലാത്തവരുമായിത്തീർന്നു. മെത്രാന്മാർ പരക്കം പായുവാൻ തുടങ്ങി എന്നുള്ളത് ഒരു ചരിത്രസത്യമാണ്. പരേതനായ പാലാമ്പടം ഡോ. പി. റ്റി. തോമസിന്റെ ഭഗീരഥപ്രയത്നംകൊണ്ട്, തിരുമേനിമാരുമായി ആലോചിച്ച് ഒരു ധാരണയിൽ എത്തി. ഭിന്നിച്ചു നിന്നവർ സെമിനാരിയിൽ വന്നു തലവണക്കിയതിനെത്തുടർന്ന് 1958 ഡിസംബർ 16-ാം തീയതി അർദ്ധരാത്രിയിൽ കോട്ടയം പഴയസെമിനാരിയുടെ മദ്ബഹായിൽ വച്ച് ഇരുകൂട്ടരും സമാധാന വ്യവസ്ഥകൾ പരസ്പരം കൈമാറി. ഈ വ്യവസ്ഥകൾ 12 വർഷം കഴിഞ്ഞു ലംഘിക്കുമെന്നും സ്ഥാനത്തിനും അധികാരത്തിനുംവേണ്ടി വീണ്ടും കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നും അന്നത്തെ ഋജുമതികൾ ആരും ചിന്തിച്ചിരുന്നില്ല. സമാധാനത്തെ തുടർന്നുണ്ടായ കാതോലിക്കാവാഴ്ച ഐക്യത്തെ ഉറപ്പിക്കുന്ന തരത്തിലുമായിരുന്നു. എന്നാൽ കുശവൻ താൻ നിർമിച്ച കലം സ്വയം തകർക്കുന്നതുപോലെ ഐക്യം ഉണ്ടാക്കിയ വ്യക്തി തന്നെ ഐക്യം തകർത്തു ഉപ്പുതൂണായിപ്പോയതു മലങ്കരസഭയുടെ ഭാഗ്യദോഷം എന്നല്ലാതെ എന്തു പറയാൻ?

ദേവലോകം കാതോലിക്കേറ്റ് അരമന രൂപംകൊണ്ടു. ഇപ്പോഴത്തെ വലിയ അരമനക്കെട്ടിടവും ചാപ്പലും ഉണ്ടാകുന്നതിനു മുമ്പ് പഴയ അരമനക്കെട്ടിടത്തിന്റെ കിഴക്കെഅറ്റത്ത് ഒരു മുറി തിരുമനസ്സിലേക്ക് വി. കുർബാന അർപ്പിക്കത്തക്കവണ്ണം ചാപ്പലായി ക്രമീകരിച്ചു. ഞായറാഴ്ച ദിവസം ബാവാ വി. കുർബാന അർപ്പിച്ചു തുടങ്ങിയപ്പോൾ കോട്ടയത്തും ചുറ്റുപാടുമുള്ള ആളുകൾ ദേവലോകത്തെത്തിത്തുടങ്ങി. ജനങ്ങൾക്ക് കുർബാനയ്ക്ക് സംബന്ധിക്കുവാനുള്ള അസൗകര്യം മനസ്സിലാക്കിയ തിരുമേനി ഒരു ചെറിയ പള്ളിയും അരമനയും ഉണ്ടാകണമെന്നാഗ്രഹിച്ചു.

ഒരു ദിവസം തിരുമേനി ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചിനോട് മാനേജരച്ചനെ വിളിക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് ബാവാ പറഞ്ഞു. 'എടാ ഈ കെട്ടിടം ഒരു കുടുംബം താമസിച്ചതാണ്. സഭയുടെ മേൽപ്പട്ടക്കാരൻ ഇതിൽ താമസിക്കുന്നത് ഒട്ടും ശരിയല്ല. നമ്മൾ നാടു മുഴുവൻ തെണ്ടിപ്പിരിച്ചാണ് ഇത് വാങ്ങിയത്. എനിക്ക് കുർബാന ചൊല്ലുവാൻ ഒരു ചെറിയ പള്ളിയും താമസിക്കാൻ ഒരു അരമനയും ഉണ്ടാകണം. അതിന് എന്താണ് മാർഗം?' ഉപ്പൂട്ടിൽ കുര്യൻ, പടിഞ്ഞാറേക്കര പി. സി. ഏബ്രഹാം തുടങ്ങിയ കോട്ടയത്തെ നേതാക്കന്മാരിൽ ചിലരെ തിരുമേനി വിളിപ്പിച്ചു. എങ്കിലും ആർക്കും ഒരുത്തരം നൽകാൻ കഴിഞ്ഞില്ല. ചാക്കോപ്പിള്ളയെ വിളിച്ച് അഭിപ്രായം ചോദിക്കണമെന്ന് മാനേജരച്ചനും കൊച്ചുകൊച്ചും നിർദ്ദേശിച്ചു. ചാക്കോപ്പിള്ള ഇത്രടം വരാൻ ഒരു കല്പന അയച്ചാട്ടെ എന്ന് മാനേജരച്ചൻ പറഞ്ഞതനുസരിച്ച് കല്പന എഴുതി പോസ്റ്റു

ചെയ്തു. പള്ളികൾക്കും കല്പന അയച്ചു. കിട്ടുന്ന പണം ചാക്കോപ്പിള്ളയ്ക്ക് നൽകാമെന്നും തീരുമാനിച്ചു. കല്പന കിട്ടിയ ഉടൻതന്നെ സഭയേയും ബാവായേയും അങ്ങേയറ്റം സ്നേഹിച്ചിരുന്ന ചാക്കോപ്പിള്ള ദേവലോകത്ത് പറന്നെത്തി. ബാവാ വിവരം പറഞ്ഞു പള്ളിയ്ക്കുള്ള സ്ഥലവും അരമനയ്ക്കുള്ള സ്ഥലവും തന്റെ കബറിനുള്ള സ്ഥലവും കാണിച്ചുകൊടുത്തു. “അരമന വലുതായിരിക്കണം. തൽക്കാലം ഒരു നില മതി. അതു പണിതശേഷം എന്റെ കിടപ്പു മാറ്റണം. എനിക്കതിൽ കിടന്നുവേണം മരിക്കാൻ.” ചാക്കോപ്പിള്ള ആറു മാസം കൊണ്ട് അരമനയുടെ ആദ്യത്തെ നില പണിതു. ബാവാ നേരത്തെ ഒരു തുക നൽകി. പണി കഴിഞ്ഞപ്പോൾ പാരിതോഷികമായി ഒരു സ്വർണ്ണമോതിരവും നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു.”

മാമ്മൻ മാപ്പിള

ആദ്യത്തെ മാമ്മൻമാപ്പിള ഹാളിനെപ്പറ്റിയുള്ള ഒരു സ്മരണികയിൽ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ഇങ്ങനെ എഴുതി:

“മഹാന്മാരെപ്പറ്റിയുള്ള സ്മരണകൾ ഒരിക്കലും മാഞ്ഞുപോകുകയില്ല. അവർ ചെയ്തിട്ടുള്ള മഹത്കാര്യങ്ങൾ എന്നും നിലനിൽക്കുന്നതാണ്. അവ ലോകത്തിന് എല്ലാക്കാലത്തും സൽപ്രേരണകൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. അതുകൊണ്ടാണ് അങ്ങനെയുള്ളവർ മരണശേഷം സ്മരിക്കപ്പെടുന്നത്. അക്കൂട്ടത്തിൽ ഉൾപ്പെടുന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു നമുക്ക് പ്രിയപ്പെട്ട മാമ്മൻ മാപ്പിള. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലനിൽപ്പിനും പുരോഗതിക്കുംവേണ്ടി അവസരോചിതമായി അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഏതു ദുർഘട പ്രശ്നങ്ങൾക്കും, നീക്കുപോക്ക് കണ്ടുപിടിക്കാൻ കഴിവുള്ള മാമ്മൻ മാപ്പിളയുടെ ആലോചനകൾ വളരെയധികം സഹായകമായിരുന്നു. ഉറപ്പായ ധൈര്യവും ദൂരദൃഷ്ടിയും വിശാലമായ വീക്ഷണവും, അസാധാരണമായ ബുദ്ധിശക്തിയുമുള്ള അദ്ദേഹം സമുദായത്തിനും രാജ്യത്തിനും മാതൃഭാഷയ്ക്കും ചെയ്തിട്ടുള്ള സേവനങ്ങൾ ഏവരും വിലമതിക്കുന്നവയാണ്. മാമ്മൻമാപ്പിളയുടെ സേവനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഈ രാജ്യത്തെ ജനങ്ങൾ ഇങ്ങനെയൊരു സ്മാരകം സ്ഥാപിക്കുവാൻ ഉദ്യമിച്ചത് എത്രയും ഉചിതമായിരിക്കുന്നു. ഇതിനുവേണ്ടി പരിശ്രമിച്ചവരെ നാം അഭിനന്ദിക്കുന്നു. മാമ്മൻമാപ്പിളഹാൾ ഭാവിതലമുറയ്ക്ക് സൽപ്രേരണകൾ നൽകുന്ന ഒരു മഹൽസ്ഥാപനമായി കോട്ടയം നഗരത്തിൽ എന്നും നിലനിൽക്കുവാൻ ദൈവം സംഗതിയാക്കട്ടെ.”

ഒരു വ്യാഴവട്ടക്കാലം ബാവാ ദേവലോകത്ത് താമസിച്ചു. മൂത്രാശയ സംബന്ധമായ ഓപ്പറേഷന് വെല്ലൂർക്ക് പോയതും മരണം സംഭവിച്ചാൽ

ചെയ്യേണ്ട അനന്തരനടപടികൾ സംബന്ധിച്ച ക്രമീകരണങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള സുപ്രധാന രഹസ്യരേഖ വിശ്വസ്തനായ പാറേട്ട് മാർ ഈവാനിയോസിനെ ഏല്പിച്ചതും അദ്ദേഹം അതു ബാവാ സുഖം പ്രാപിച്ചു തിരിച്ചുവന്നപ്പോൾ അതുപോലെതന്നെ ഒരു പോറലും ഏൽക്കാതെ തിരിച്ചേൽപ്പിച്ചതും ബാവായുടെ ജീവിതസായാഹ്നത്തിൽ നടന്ന കാര്യങ്ങളാണ്.

സുറിയാനിയിലുള്ള ഗാനപ്രധാനമായ ആരാധനകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനു യുവാവായിരുന്ന സഭാകവി സി. പി. ചാണ്ടിയെ നിയോഗിച്ചതും അദ്ദേഹത്തിനു മൂന്നു വർഷം പഴയസെമിനാരിയിൽ താമസിച്ചുകൊണ്ട് തത്സംബന്ധമായ ജോലി തുടരുന്നതിനും ആദ്യമായി അനുമതി നൽകിയതും ബസേലിയോസ് ഗീവറുഗീസ് രണ്ടാമനാണ്. വട്ടക്കുന്നേൽ വി. കെ. മാത്യു അച്ചന്റെ (മാത്യൂസ് പ്രഥമൻ ബാവാ) നേതൃത്വത്തിലാണ് അന്ന് ആരാധനകൾ തർജ്ജിമ ചെയ്തതും പല ആരാധനാ പുസ്തകങ്ങൾ പുറത്തിറങ്ങിയതും. ഗീവറുഗീസ് ദ്വിതീയന്റെ കാലത്ത് സൗജന്യ ഭക്ഷണമല്ലാതെ കാര്യമായ പ്രതിഫലം ഒന്നും ചാണ്ടിക്കു നൽകിയിരുന്നില്ല.

ദേവലോകം അരമനയുടെ ഒന്നാംനില കോലഞ്ചേരിയിലെ വലിയ സഭാസ്നേഹിയായ എം. ചാക്കോപ്പിള്ളയുടെ നേതൃത്വത്തിലാണ് പണിയിച്ചത്. ഒരു വലിയ തുക അദ്ദേഹം ചെലവഴിച്ചു. പിന്നീട് അവിടെ പണിത ചാപ്പൽ മലങ്കരയിലെ പ്രബുദ്ധരും അടക്കവും ഒതുക്കവുമുള്ളവരുമായ കുലാംഗനമാരുടെ സംഭാവനകളും കാണിക്കകളും പ്രാർത്ഥനകളുംകൊണ്ട് നിർമ്മിച്ചതാണെന്ന് ഓർക്കുമ്പോൾ സൗമ്യതയുടെ സുന്ദരകഞ്ചുകം ധരിക്കുന്ന വനിതകളുടെ സഭാസ്നേഹം എത്രമാത്രമെന്ന് അളക്കാനാവില്ല. ചാപ്പൽ കൂദാശ 1956 ഓഗസ്റ്റ് 15-ന് നടത്തി. ഇത്രയുമായപ്പോൾ ബാവായ്ക്ക് നിശാവേളകളിൽ ഏതാണ്ട് ശാന്തമായ ഉറക്കം ലഭിക്കാത്ത സ്ഥിതി സംജാതമായി. ദേവലോകത്തിന്റെ പടിഞ്ഞാറുള്ള വയലേലകളെ സദാ തഴുകിയൊഴുകിവരുന്ന കുളിർകാറ്റ് തിരുമേനിക്ക് ഒരു കുളിർ മുറിയുടെ പ്രതീതി ജനിപ്പിച്ചു. തനിക്ക് പ്രായമായെന്നും ഇവിടെ നിലനിൽക്കുന്ന നഗരമില്ലെന്നും ഓട്ടം തികയ്ക്കാറായെന്നും ബാവായ്ക്ക് കൂടുതലായി തോന്നി. തന്നിമിത്തം സഭയുടെ ഭാവി ശക്തമായ കരങ്ങളിൽ ഏല്പിക്കണമെന്ന ചിന്തയ്ക്ക് ശക്തി കൂടി. കൂടാതെ വാർദ്ധക്യസഹജമായ ക്ഷീണവും മൂത്രാശയ സംബന്ധമായ അസ്വസ്ഥതകളും ബാവായെ പലപ്പോഴും അലട്ടിക്കൊണ്ടിരുന്നു.

ഈ പശ്ചാത്തലത്തിലാണ് 1953 മെയ് 15-ന് അഞ്ചു മെത്രാന്മാരെ വാഴിച്ചത്. അവരിൽ മൂന്നു പേരെ മലങ്കര അസോസിയേഷൻ അധികാരന്യായേന തെരഞ്ഞെടുത്തതാണ്. രണ്ടു പേരെ മൂക്കഞ്ചേരിൽ പത്രോസ്

മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ ബാവാ) എന്നിവരെ കാതോലിക്കാബാവാ നേരിട്ടു തെരഞ്ഞെടുത്തു. പിന്നീട് അസോസിയേഷൻ അത് ശരി വച്ചു. ബസേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ എവറസ്റ്റിനോടു തുല്യമായ ഔന്നത്യത്തെ ചോദ്യം ചെയ്യാൻ അന്നാരും മുതിർന്നില്ല (ഒരു ബാവായ്ക്കും മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള അധികാരമില്ല. അത് മലങ്കര അസോസിയേഷന്റെ ചുമതലയാണ്). അഞ്ചു പേരും അതുല്യ വ്യക്തികളും മലങ്കരസഭയുടെ സന്തോഷവും കിരീടവും തന്നെ. സ്ലീബാദാസ സമൂഹ സ്ഥാപകനായ പത്രോസ് മാർ ഒസ്താത്തിയോസ് സഭയുടെ ആധുനിക പൗലൂസ് അപ്പസ്തോലനായി മലബാർ ഭദ്രാസനത്തെ വളർത്തി. കാതോലിക്കാ സ്ഥാനം പോലും വേണ്ടെന്നു പറഞ്ഞ വിശ്വസ്തനും സത്യസന്ധനും, ആത്മധൈര്യശാലിയും കുലീനനും ആയിരുന്ന പാറേട്ട് മാർ ഈവാനിയോസ് കാതോലിക്കേറ്റിന്റെ ഒരു സമുന്നത സേനാനിയായിരുന്നു.

സീനിയർ മെത്രാപ്പോലീത്തായായ അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ചേർന്ന സിനഡാണ് മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായെ അവരോധിച്ചത്. ചടങ്ങിനു പാറേട്ട് മെത്രാച്ചന്റെ സഹകരണത്തിൽ ഡാനിയേൽ മാർ പീലക്സിനോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

ഡാനിയേൽ മാർ പീലക്സിനോസ്

ബസേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ അസിസ്റ്റന്റും ഓർത്തഡോക്സ് വിശ്വാസത്തിന്റെ ശക്തനായ വക്താവും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ പ്രഥമ പ്രിൻസിപ്പലും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രശസ്തനായ പ്രസിഡന്റും ഉത്തമനായ ഇടയനും അധ്യാപകനും ആയിരുന്നു. അഞ്ചാം കാതോലിക്കായെ അവരോധിക്കാനും ഭാഗ്യം ലഭിച്ചു. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ്, കാനോൻ വിദഗ്ദ്ധൻ സഭാ ജീവിതാരംഭം മുതലേ കേന്ദ്രത്തിലെ പ്രമുഖ വ്യക്തി, വൈദിക സെമിനാരി പ്രിൻസിപ്പൽ, ആചാര്യന്മാരുടെ മഹാചാര്യൻ, ബാഹ്യ കേരള ഭദ്രാസനാധിപൻ, കാതോലിക്കേറ്റ് ഡിഫൻസ് കമ്മിറ്റി പ്രസിഡന്റ്, പണമിടപാടുകളിൽ തികച്ചും സുതാര്യൻ, നിയുക്ത കാതോലിക്കാ, കാതോലിക്കാ എന്നീ പദവികളിൽ അതുല്യമായ ആജ്ഞാശക്തിയാൽ ശോഭിച്ച സഭാതാരമായിരുന്നു. അഞ്ചു പേരും തിരിച്ചുവരാത്ത ലോകത്തേക്കു പോയി.

ഒടുവിൽ കാലം ചെയ്ത മാത്യൂസ് രണ്ടാമൻ സന്യാസജീവിതത്താൽ അഗ്നിയിൽ ഇട്ട കനകക്കട്ടിപോലെ ശോഭിച്ച വ്യക്തിയാണ്. മുഖകാന്തി കൊണ്ട് ചന്ദ്രസാഹോദര്യം വഹിച്ച തിരുമേനി പട്ടിണിയെ മണവാട്ടിയായി വരിച്ച് സന്യാസാശ്രമങ്ങൾ, സ്കൂളുകൾ, കോളജുകൾ തുടങ്ങിയ സ്ഥാപ

നങ്ങളുടെ നീണ്ട ശൃംഖല തന്നെ സൃഷ്ടിച്ചു. സ്റ്റോപ്പില്ലാത്ത ആഗോള സഞ്ചാരപര്യടനങ്ങൾകൊണ്ടും ഇതര സഭാ നേതാക്കന്മാരുമായുള്ള അനുസ്യൂതമായ സമ്പർക്കങ്ങൾകൊണ്ടും സഭയെ സമ്പന്നനാക്കി. ആരെയും പിണക്കാൻ അറിഞ്ഞുകൂടാത്തതും അതേസമയം അതീവ തന്ത്രപരമെന്നു പറയാവുന്നതുമായ സ്വഭാവത്താൽ ആരെയും പുഞ്ചിരി കൊണ്ടും വിരിഞ്ഞ ചിരികൊണ്ടും പാട്ടിലാക്കുന്ന ശ്രേഷ്ഠാചാര്യനായി രുന്നു. ഇത്രയധികം സാധാരണക്കാരുമായി ഇടപഴകുന്ന - അവരുടെ ആത്മികാവശ്യങ്ങൾ സ്ഥാനം മറന്നുപോലും നിറവേറ്റുന്ന - ഒരു കാതോ ലിക്കാ ബാവായെ മലങ്കരസഭയ്ക്ക് അന്നുവരെ കാണാൻ കഴിഞ്ഞിട്ടില്ല. ഈ അഞ്ചുപേരുടെ സുശക്തകരങ്ങളിൽ സഭയെ ഭരമേല്പിച്ചു കടന്നു പോയ വലിയ ബാവാ എത്രയോ ധന്യൻ എന്ന് സമർത്ഥിക്കാനോ സ്ഥാപി ക്കാനോ നിഷ്പ്രയാസം സാധിക്കും. പക്ഷേ, അതിന്റെ ആവശ്യം ഒട്ടും ഇല്ലെന്നുള്ളതാണ് നാം അംഗീകരിക്കേണ്ട വസ്തുത. ഈ പഞ്ച മെത്രാ നഭിഷേകത്തിലും സംബന്ധിക്കാനുള്ള ഭാഗ്യം ലഭിച്ചല്ലോ എന്ന ചിന്ത തന്നെ എനിക്ക് ഹർഷദായകമാണ്; തിരിഞ്ഞുനോക്കുമ്പോൾ അഭിമാന കരവും. പുത്തൻകാവ് മാർ പീലക്സിനോസിന്റെ സ്വപ്നമായിരുന്ന മല ങ്കരസഭയുടെ ഒന്നാമത്തെ കോളജ് പത്തനംതിട്ടയിൽ ആരംഭിച്ചതും ഗീവ റുഗീസ് ദ്വിതീയൻ ബാവായുടെ കാലത്താണ്. 1952 ഓഗസ്റ്റ് രണ്ടിന് നടന്ന കാതോലിക്കേറ്റ് കോളജിന്റെ ഉദ്ഘാടനം നിർവഹിച്ചത് നാടുനീങ്ങിയ രാജപ്രമുഖൻ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവായിരുന്നു. ട്രാവൻകൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ രാമസ്വാമി മുതലിയാർ അധ്യക്ഷത വഹിച്ചു. രാജപ്രമുഖനെ ക്ഷണിച്ചുകൊണ്ട് പ്രസംഗിച്ചത് പ. ബാവാ ആയിരുന്നു. മുഖ്യമന്ത്രി എ. ജെ. ജോണും സഹമന്ത്രിമാരും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ചടങ്ങിൽ സംബന്ധിച്ചിരുന്നു. ഞാൻ പഠിച്ച കാതോലിക്കേറ്റ് ഹൈസ്ക്കൂൾ മുറ്റത്ത് (കോളജ് അങ്കണത്തിൽ) ഇത്രയധികം ആളുകളും സമുന്നത നേതാക്കളും തടിച്ചുകൂടിയത് ഇതാ ദ്യമാണെന്ന് അതിലും സംബന്ധിക്കാൻ സാധിച്ച എനിക്ക് തറപ്പിച്ചു പറ യാനാവും. 1952 ഡിസംബറിൽ കോട്ടയം സി.എം.എസ്. കോളജ് മൈതാ നത്ത് ചേർന്ന ആഗോള ക്രൈസ്തവ യുവജനസമ്മേളനം ഉദ്ഘാടനം ചെയ്തതും രാജപ്രമുഖൻ ആയിരുന്നു. പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ഇതിൽ സംബന്ധിക്കുക വഴി മലങ്കരസഭയുടെ പുരാതന ത്വവും അമൂല്യമായ വിശ്വാസാചാരങ്ങളും ചൈതന്യവും പ്രതിനിധി കൾക്ക് മനസ്സിലാക്കാൻ സാധിച്ചു. അന്ന് സി.എം.എസ്. കോളജിൽ ബി.എ. യ്ക്ക് പഠിച്ചുകൊണ്ടിരുന്ന എനിക്ക് ഇതെല്ലാം നേരിൽ കാണാ നുള്ള ഭാഗ്യം ലഭിച്ചതിൽ സന്തോഷമുണ്ട്.

1953 ജനുവരി 25-ന് അങ്കമാലി ഇടവകയുടെ പൗലൂസ് മാർ

അത്താനാസ്യോസ് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കാലം ചെയ്തപ്പോൾ ബാവാ അവിടെ എത്തി പഴയ ആത്മസുഹൃത്തിന് അന്ത്യോപചാരം അർപ്പിച്ചു.

കുറെ നാളുകളായി ബാവായ്ക്കുണ്ടായിരുന്ന മൂത്രാശയരോഗം 1953 ഡിസംബറിൽ വർദ്ധിച്ചതിനെത്തുടർന്ന് വിദഗ്ദ്ധ ചികിത്സയ്ക്കും ഓപ്പറേഷനും വേണ്ടി ബാവായെ വെല്ലൂരാശുപത്രിയിൽ പ്രവേശിപ്പിച്ചു. 1954 ജനുവരി മൂന്നിനു ഓപ്പറേഷൻ നടത്താൻ തീരുമാനിച്ചെങ്കിലും കെ. സി. മാമ്മൻ മാപ്പിള ജനുവരി ഒന്നിന് നിര്യാതനായതിനാൽ ബാവായ്ക്ക് വലിയ മനഃപ്രയാസവും ശാരീരികമായ ക്ഷീണവും നേരിട്ടു. തുടർന്ന് ജനുവരി 18-നാണ് വിജയപ്രദമായ ശസ്ത്രക്രിയ ഡോ. കാർമൻ നടത്തിയത്. ഓപ്പറേഷൻ വേണ്ടിവന്നതിനാൽ ബാവായുടെ സ്ഥാനാരോഹണത്തിന്റെ രജതജൂബിലി വെല്ലൂരാശുപത്രിയിൽ വച്ച് ചെറിയതോതിൽ നടത്തുകയാണുണ്ടായത്. ജൂബിലി സൽക്കാരത്തിൽ ഡോ. ഐഡാ സ്കഡറും ഡോ. കാർമനും മറ്റും സംബന്ധിച്ചിരുന്നു.

ബാവാ വെല്ലൂർക്ക് പോയപ്പോൾ കാതോലിക്കേറ്റ് പാലസിൽ താമസിച്ചുകൊണ്ട് സഭാകാര്യങ്ങൾ നോക്കിയത് പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാണ്. ബാവാ വെല്ലൂർക്ക് പോകുമ്പോൾ എഴുതിക്കൊടുത്ത വിൽപത്രവും മറ്റും പാറേട്ട് മാർ ഈവാനിയോസ് അതിവിശ്വസ്തതയോടെ സൂക്ഷിക്കുകയും ബാവാ സുഖംപ്രാപിച്ചു വന്നപ്പോൾ കവർ അതേപടി തിരിച്ചുകൊടുക്കുകയും ചെയ്തു. മലങ്കര സഭാഭാസുരന്റെയും വിശ്വസ്തനായ കാവൽഭടനായിരുന്നു പാറേട്ട് അച്ചൻ.

പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ സെക്കൻഡ് കസിനായ (പിതൃവഴിയിൽ ഫസ്റ്റ് കസിൻ ഇല്ല) വേണാട്ടുകളത്തിൽ പുത്തൻപുരയ്ക്കൽ പുന്നൂസിന്റെ പുത്രി കുഞ്ഞുമറിയാമ്മയുടെ ദൗഹിത്രിയായ ലീലാമ്മയെ ഞാൻ വിവാഹം ചെയ്തതിനാൽ പ്രസ്തുത കുടുംബചരിത്രം ചെറിയതോതിൽ പഠിക്കാനുള്ള താല്പര്യവും തോന്നി. അങ്ങനെ ബാവായുമായി പതിനാലു വർഷത്തെ അകന്നും അടുത്തുമുള്ള പരിചയം മൂലം വളരെയധികം കാര്യങ്ങൾ എഴുതാനുണ്ടെങ്കിലും വിസ്തരഭയത്താൽ പലതും വിടുകയാണ്. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ പറയാതിരിക്കാനാവില്ല.

മനോരമ അധികൃതരുടെ നിർദ്ദേശപ്രകാരം, ബാവായുടെ ജീവിതസായാഹ്നത്തിൽ ഏതാനും ഫോട്ടോകൾ എടുക്കാൻ വേണ്ടി മനോരമ സ്റ്റാഫ് ഫോട്ടോഗ്രാഫർ എം. കെ. ജോണും ഞാനും കൂടി ദേവലോകം അരമനയിൽ എത്തി. ബാവായ്ക്ക് ഫോട്ടോ എടുക്കുന്നതും കാറിൽ സഞ്ചരി

ക്കുന്നതും വളരെ സന്തോഷമുള്ള കാര്യങ്ങളായിരുന്നു. വിവരം പറഞ്ഞ ഉടൻതന്നെ എല്ലാ ഔദ്യോഗികവേഷങ്ങളും അണിഞ്ഞ് ഞങ്ങളുടെ മുമ്പിൽ നിലകൊണ്ടു. ഒരു ബാലനെപ്പോലെ ഫോട്ടോഗ്രാഫറുടെ നിർദ്ദേശപ്രകാരം പല പോസുകളിൽ ബാവാ നിന്നുകൊടുത്തു. അവസാനം ഞാനും ബാവായുടെ ഓരംചേർന്ന് ഒരു ചിത്രം എടുത്തു. ഇതിനിടയിൽ ഒന്നുരണ്ടു റോൾ ഫിലിം തീർന്നു കാണണം. "മതിയോടാ" എന്നായി ബാവാ. മതിയെന്ന് ജോൺ പറഞ്ഞപ്പോൾ "ഇതിന്റെ കോപ്പി ഒക്കെ എനിക്കും തരണം" ബാവാ ആവശ്യപ്പെട്ടു. "തരാമേ" എന്ന് ജോൺ പറഞ്ഞപ്പോൾ "ഇവൻ കള്ളനാ, തരികയില്ല" എന്ന് ബാവാ ചിരിച്ചുകൊണ്ട് പറയുകയും ഞങ്ങൾ ആ ചിരി മായുന്നതിന് മുമ്പ് കരം മുത്തി അനുഗ്രഹവും നേടി സ്ഥലംവിടുകയും ചെയ്തു. ജോണിന് ഫോട്ടോകളുടെ കോപ്പി കൊടുക്കേണ്ടി വന്നോ എന്ന് എനിക്ക് നിശ്ചയമില്ല. എന്നാൽ ബാവാ കാലം ചെയ്യുമ്പോൾ ജോൺ എടുത്ത ചില ചിത്രങ്ങളും പത്രത്തിൽ വന്നിരുന്നു.

ഞാൻ 1950-ൽ കോട്ടയത്ത് വരികയും സി.എം.എസ്. കോളജിൽ നിന്ന് ബിരുദമെടുക്കുകയും തുടർന്ന് 1953-ൽ മനോരമ പത്രാധിപസമിതിയിൽ അംഗമാകുകയും ചെയ്തശേഷം പ. ഗീവറുഗീസ് ദ്വിതീയൻ ബാവായെ ഔദ്യോഗികമായും അല്ലാതെയും പലവുരു കാണുകയും സന്ദർശിക്കുകയും അദ്ദേഹം സംബന്ധിച്ച ചില യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബാവാ പങ്കെടുത്ത ശതക്കണക്കിനു യോഗങ്ങളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അവ എഡിറ്റ് ചെയ്യുന്നതിനും മനോരമയിൽ വന്നുകൊണ്ടിരുന്ന സഭാപരമായ വാർത്തകൾക്ക് മേൽനോട്ടം വഹിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സണ്ടേസ്ക്കൂൾ, യുവജന പ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, സ്ലീബാദാസ സമൂഹം, മിഷൻ ബോർഡ് തുടങ്ങിയ ആധ്യാത്മിക സംഘടനകളുമായുള്ള എന്റെ അടുത്ത ബന്ധം, ചർച്ച് വീക്കിലി പത്രാധിപസമിതി അംഗത്വം മുതലായവ മൂലം എനിക്ക് സഭാസംബന്ധമായി കൈവന്ന പ്രത്യേക താല്പര്യമാണ് സഭാകാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും എഡിറ്റ് ചെയ്യുന്നതിനുമുള്ള സാഹചര്യം സൃഷ്ടിച്ചതെന്നും ഞാൻ കരുതുന്നു.

1953 മെയ് മാസം 15-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് അഞ്ച് മെത്രാന്മാരെ മാർ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ വാഴിച്ചു. അഭിനവ മെത്രാന്മാരെ ചില കാര്യങ്ങൾ വിനയപൂർവ്വം അനുസ്മരിപ്പിച്ചുകൊണ്ട് എൻ. എം. ഏബ്രഹാം ചർച്ചു വീക്കിലിയിൽ എഴുതിയ മുഖപ്രസംഗത്തിൽ ബാവാതിരുമേനി ചിലപ്പോൾ വിശുദ്ധ കുർബാനമദ്ധ്യേ ചെറിയ കുറ്റങ്ങൾക്കുപോലും കൂടെ നിൽക്കുന്ന ശെമ്മാശന്മാരെയും മറ്റും പരസ്യമായി ശാസിക്കുന്നത് ആരാധനയുടെ

പാവനതയ്ക്ക് ഹാനി വരുത്തുമെന്നും പുതിയ മെത്രാച്ചന്മാർ ഇത് ഒഴിവാക്കണമെന്നും സൂചിപ്പിച്ചിരുന്നു. ഈ വിമർശനം സ്വാഭാവികമായും ബാവായ്ക്ക് ഇഷ്ടപ്പെട്ടില്ല. "അവാനാരാ എന്നെ ഗുണദോഷിക്കാൻ" എന്നായിരുന്നു ബാവായുടെ പ്രതികരണം.

ഈ സംഭവത്തെ തുടർന്ന് കുറച്ചുനാൾ ബാവായെ കാണാതെ ഏബ്രഹാം കഴിച്ചുകൂട്ടി. ഏതാനും മാസങ്ങൾ കഴിയുമ്പോൾ ഇക്കാര്യം ബാവാ മറക്കുമെന്നും പിന്നീട് കാണുമ്പോൾ വഴക്കൊന്നും പറയുകയില്ലെന്നും ആയിരുന്നു ഏബ്രഹാമിന്റെ കണക്കുകൂട്ടൽ. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം അപ്രതീക്ഷിതമായി ബാവാ മനോരമ ആഫീസിന്റെ മുറ്റത്ത് കാറിൽ വന്നിറങ്ങി. അന്ന് മാനേജരായിരുന്ന ഏബ്രഹാം ബാവായുടെ കൈമുത്തി സസന്തോഷം സ്വീകരിക്കുകയും കുശലപ്രശ്നം ചെയ്യുകയും ഉണ്ടായി. "എടാ, നിന്നെ ഒന്നു കാണാനാ ഞാൻ വന്നത്" എന്ന് പുഞ്ചിരിച്ചുകൊണ്ട് ബാവാ പറഞ്ഞപ്പോൾ ആ വാത്സല്യനിധിയുടെ മുമ്പിൽ ഏബ്രഹാമിന് എന്തെന്നില്ലാത്ത വികാരാനുഭൂതിയാണുണ്ടായതെന്ന് പിന്നീട് ഒരിക്കൽ അവറാച്ചായൻ എന്നോട് പറഞ്ഞു.

വലിയനോമ്പിന്റെ കാഠിന്യം, കേരളത്തിലെ കാലാവസ്ഥയുടെ വെളിച്ചത്തിൽ കുറയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് മറ്റൊരു മുഖപ്രസംഗം ഏബ്രഹാം എഴുതി. നോമ്പ്, ഉപവാസം, പ്രാർത്ഥന തുടങ്ങിയ കാര്യങ്ങളിൽ നിരുപമനിഷ്ഠ പാലിച്ചുവന്ന ബാവായുണ്ടോ ഇതു സഹിക്കുന്നു. ഇതേപ്പറ്റി ബാവാ ഒരിക്കൽ പ്രമേഹരോഗിയായ ഏബ്രഹാമിനോട് പുഞ്ചിരിതൂകിക്കൊണ്ട് പറഞ്ഞു. "എടാ, നിനക്ക് നോമ്പിൽ മീനും ഇറച്ചിയും കൂട്ടണമെങ്കിൽ കൂട്ടിക്കോ, ഇങ്ങനെ പരസ്യമായി എഴുതണോ?"

ആളുകളെ ശരിക്കറിയുകയും മനസ്സിലാക്കുകയും ചെയ്തുവന്ന ഒരു നയതന്ത്രജ്ഞൻ കൂടിയായിരുന്നു ബാവാ. കഴിവും യോഗ്യതകളും ഉള്ള വ്യക്തികളെ ആദ്യമൊക്കെ ഒന്ന് ചെറുതായി വഴക്കു പറഞ്ഞാലും മാനിക്കുകയും അവരുടെ അഭിപ്രായങ്ങൾക്ക് വില കല്പിക്കുകയും നല്ല ഉപദേശങ്ങൾ കേട്ടു സഭയെ ഭരിക്കുകയും ചെയ്യുന്ന സ്വഭാവക്കാരനായിരുന്നു പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ ആ വലിയ ശിഷ്യൻ. വലിയ പ്രശ്നങ്ങൾ നേരിടേണ്ടി വരുമ്പോൾ "എനിക്കൊന്നും അറിഞ്ഞുകൂടാ, നിങ്ങൾ ആലോചിച്ച് ചെയ്യുവിൻ, ഞാൻ പരുമലയ്ക്ക് പോകയാണ്" എന്ന് പലപ്പോഴും നേതാക്കന്മാരോട് മുഴങ്ങുന്ന ശബ്ദത്തിൽ സമാരാദ്ധ്യനായ ഈ സഭാദ്ധ്യക്ഷൻ പറയുമായിരുന്നു. വിമർശനങ്ങൾ മറ്റു പലരേയുംപോലെ സ്വാഭാവികമായും ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ഏബ്രഹാമിനോട് ബാവായ്ക്ക് വലിയ ഇഷ്ടമായിരുന്നു. കാതോലിക്കാ ബാവായുടെ പല പ്രധാനപ്പെട്ട പ്രസ്താവനകളും മറ്റും ഏബ്രഹാമായിരുന്നു ഇംഗ്ലീഷിൽ എഴുതിത്തയ്യാറാക്കിക്കൊണ്ടിരുന്നത്. ഫാ. കെ. ഫീലി

പ്പോസായിരുന്നു ഈ കാര്യത്തിൽ ഇടനിലക്കാരനായി വർത്തിച്ചിരുന്ന തെന്നുള്ളത് പലർക്കും അജ്ഞാതമായ വസ്തുതയാണ്.

1955 മെയ് മാസം 23-ന് കോട്ടയം മാമ്മൻമാപ്പിള (ഒന്നാമത്തെ) ഹാളിനു തറക്കല്ലിടുന്ന ദിവസം. കേന്ദ്ര ധനമന്ത്രിയായിരുന്ന ടി. ടി. കൃഷ്ണമാചാരിയായിരുന്നു ശിലാസ്ഥാപനം നിർവ്വഹിച്ചത്. ശിലാസ്ഥാപനച്ചടങ്ങിൽ വായിക്കാനുള്ള ബാവായുടെ സന്ദേശം തയ്യാറാക്കിയതും സ്മാരക നിർമ്മാണക്കമ്മിറ്റി സെക്രട്ടറിയായ ഏബ്രഹാമായിരുന്നു. പ്രസ്തുത സന്ദേശം ബാവായെ വായിച്ചുകേൾപ്പിച്ച് ഒപ്പിടുവിക്കുന്ന ചുമതല എന്നെയാണ് ഏല്പിച്ചത്. ഞാൻ ദേവലോകത്തു ചെന്ന് ഓഫീസിന്റെ ചുമതലക്കാരനായിരുന്ന നെടുമാവ് ജോർജിനോട് (പിന്നീട് ഫാ. ടി. വി. ജോർജ്) കാര്യം പറഞ്ഞു. ഉടൻതന്നെ ജോർജ് എന്നെ ബാവായുടെ മുറിയിലേക്ക് ആനയിച്ചു. "ഇതു മനോരമയിലെ എൻ. എം. ഏബ്രഹാമിന്റെ അസിസ്റ്റന്റായ മാമ്മച്ചനാണ്. ബാവായുടെ സന്ദേശം ഒപ്പിടുവിക്കാൻ വന്നതാണ്", ജോർജ് ബാവായോട് ശബ്ദമുയർത്തിപ്പറഞ്ഞു. എൻ. എം. ഏബ്രഹാം എന്നു കേട്ട ഉടൻ ബാവാ ഒരു പുഞ്ചിരിയോടെ "അപ്പോൾ നീയും നാസ്തികനാണോടാ" എന്നു ചോദിച്ചു. ഞാൻ മറുപടി ഒന്നും പറയാഞ്ഞതിനാൽ കൂടുതൽ സംസാരത്തിനിടയായില്ല. ഒപ്പിട്ടു കൊടുത്തോട്ടെ എന്നു മാനേജർ ടി. സി. ജേക്കബ് അച്ചൻ പറഞ്ഞു. ഉടൻതന്നെ സന്ദേശം വായിച്ചുകേട്ട് ഒപ്പിട്ടുതരികയും എന്നെ അനുഗ്രഹിച്ചു വിടുകയും ചെയ്തു.

ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ സുറിയാനി, വേദശാസ്ത്രം, സഭയുടെ പാരമ്പര്യങ്ങൾ മുതലായവയിൽ അവഗാഹമുള്ള ആളായിരുന്നു എങ്കിലും ആധുനിക വിദ്യാഭ്യാസം ലഭിക്കാഞ്ഞതിനാലും രാഷ്ട്രീയ-സാമുദായിക പ്രശ്നങ്ങളിൽ തല്പരനല്ലാതിരുന്നതിനാലും ഇക്കാര്യങ്ങളിൽ നല്ല വിവരമുള്ള ചുരുക്കം ചില നേതാക്കന്മാരുടെ ഉപദേശങ്ങൾ ആരായുക പതിവായിരുന്നു. സഭാക്കേസുകൾ സംബന്ധിച്ച നിയമോപദേശങ്ങൾക്കു ആശ്രയിച്ചിരുന്നത് വട്ടക്കുന്നേൽ അഡ്വ. കെ. ചെറിയാനെയും അഡ്വ. ഇ. ജെ. പീലിപ്പോസിനെയും തന്ത്രശാലിയായിരുന്ന ഉപ്പൂട്ടിൽ കുഞ്ഞച്ചനേയും ആയിരുന്നു. പൊതുവിഷയങ്ങളിലും സഭാകാര്യങ്ങളിലും കെ. സി. മാമ്മൻ മാപ്പിളയുടെ ആലോചനകൾക്കു പരമപ്രാധാന്യം കല്പിച്ചിരുന്നു. അരമനയിൽ അദ്ദേഹം വിശ്വാസമർപ്പിച്ചിരുന്നത് മാനേജരായിരുന്ന റ്റി. സി. ജേക്കബ് കത്തനാർ, മണലിൽ യാക്കോബു കത്തനാർ, പന്തലമുറിയിൽ പി. എൻ. നൈനാൻ, ദേവലോകം അരമന മുൻ മാനേജർ ഫാ. ടി. ജി. സഖറിയ മുതലായവരെയാണ്. ബാവായുടെ ആദ്യകാല സെക്രട്ടറിമാരിൽ പ്രമുഖരായ മട്ടയ്ക്കൽ ഫാ. എം. എ. ജോർജ്, റവ. ഡോ. പി. സി. ഈപ്പൻ, ഫാ. ടി. ജി. സഖറിയ

എന്നിവർ ബാവാ അടിച്ചു വളർത്തിക്കൊണ്ടു വന്നവരാണ്. ഈ മൂന്നു സെക്രട്ടറിമാർക്കും നല്ല പഴക്കം ചെന്ന പാപ്പാന്മാരെപ്പോലെ ബാവായെ നയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മന്നത്തു പത്മനാഭന്റെ ശതാഭിഷേക സമാപനത്തിൽ പങ്കെടുക്കാൻ തന്നേക്കാൾ ഉന്നതനായ ഒരു മഹാവ്യക്തിയെ വേണമെന്നു മന്നം തന്നെ നിർദ്ദേശിക്കുകയും അതനുസരിച്ചു ബാവായെ കണ്ടെത്തുകയുമാണു ണ്ടായത്. ഈ ദൗത്യത്തിൽ ഗണ്യമായ ഒരു പങ്കു വഹിച്ചതു പരേത നായ ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പായാണ്.

അന്നത്തെ പഴയ മെത്രാന്മാരിൽ ഏറ്റവും വലിയ പ്രഭാഷകനും തന്ത്ര ശാലിയും തോമ്മാ മാർ ദീവന്നാസ്യോസ് ആയിരുന്നു. പാത്രിയർക്കീസ് ഭാഗത്തെ അഭിഭാഷകനായി തിരുവിതാംകൂറിൽ വന്ന സർ സി. പി. രാമ സ്വാമി അയ്യരെ സ്വാധീനിക്കുന്നതിനുവേണ്ടി, സഭയുടെ അരുമസന്താന ങ്ങളായ കെ. സി. മാമ്മൻ മാപ്പിള, കെ. സി. ഈപ്പൻ, സി. പി. മാത്തൻ, കുടത്തുംമുറിയിൽ കെ. വി. വറുഗീസ് മുതലായവർ നാഷണൽ ക്വയ് ലോൺ ബാങ്കും, മലയാള മനോരമ പത്രവും എല്ലാം നഷ്ടപ്പെട്ടു ജയി ലിൽ അടയ്ക്കപ്പെട്ടപ്പോൾ കാതോലിക്കാബാവാ സി. പി. യ്ക്കു ഒരു മംഗളപത്രം സമർപ്പിക്കാൻ ഇടയായത് ബാവായുടെ ജീവിതത്തിലെ ഒരു കറുത്ത പുള്ളിയാണ്, പ്രകാശം ചൊരിഞ്ഞു നിൽക്കുന്ന ചന്ദ്രനിലെ കള ങ്കംപോലെ.

സമുദായ താല്പര്യങ്ങളും സഭയുടെ ഭാവിയും മുൻനിർത്തിയാണ് ഇക്കാര്യത്തിൽ ഹ്രസ്വദൃഷ്ടികളെന്നു ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന തോമ്മാ മാർ ദീവന്നാസ്യോസും, ഇലഞ്ഞിക്കൽ ഇ. ജെ. പീലിപ്പോസും കൂടി ഈ തന്ത്രം മെനഞ്ഞതും ബാവായെ കുരിക്കിൽ ചാടിച്ചതും. ബുദ്ധി മാന്മാരെന്നു വിശേഷിപ്പിക്കപ്പെടുന്ന സുറിയാനി ക്രിസ്ത്യാനികളുടെ നേതാക്കന്മാർക്കു വന്നു ഭവിച്ച ഈ പാളിച്ച ഗംഗാജലം മുഴുവൻ ഒഴു ക്കിയാലും കഴുകിക്കളയാൻ സാധ്യമല്ല.

ജോർജ് വള്ളക്കാലിയെപ്പറ്റി തന്റെ പുത്രിയായ ഡോ. ലളിത ഏബ്രഹാം എഴുതിയിരിക്കുന്ന "എന്റെ മാതാപിതാക്കൾ" എന്ന പുസ്ത കത്തിൽ മംഗളപത്ര സമർപ്പണത്തിൽ ജോർജ് വള്ളക്കാലി യോഗം കൂടി പ്രതിഷേധിച്ചതായി പറയുന്നു. പ്രസ്തുത ഭാഗമാണു ചുവടെ ചേർക്കു ന്നത്.

1939 രംഗം തിരുവനന്തപുരം.

സർ സി. പി. ക്ക് കാതോലിക്കാബാവാ സമർപ്പിച്ച മംഗളപത്രം സമു ദായാംഗങ്ങളുടെ ഇടയിൽ വിമർശന വിഷയമായി. എങ്കിലും പല കാര

ണങ്ങളാൽ ആരും ഒന്നും തുറന്നു പറഞ്ഞില്ല. പക്ഷേ, ജോർജുകുട്ടി അടങ്ങിയിരുന്നില്ല. അതു സംബന്ധിച്ച് അദ്ദേഹം തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരണത്തിൽ നിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കാം.

'സർ സി. പി. ക്കു ജൂബിലി ടൗൺ ഹാളിൽ വച്ച് സമുദായത്തിനു വേണ്ടി മംഗളപത്രം സമർപ്പിച്ച അതേസമയം തന്നെ, തിരുവനന്തപുരത്തെ സുറിയാനിപ്പള്ളിയുടെ അങ്കണത്തിൽ ഞങ്ങളൊരു പ്രതിഷേധയോഗം കൂടി.

തലസ്ഥാന നഗരിയിലെ മർമ്മപ്രധാനമായ ആ സ്ഥലത്ത് പോലീസിന്റെ സുശക്ത കാവലുണ്ടായിരുന്നു. പള്ളിയങ്കണത്തിൽ ഞങ്ങൾ പ്രവേശിച്ചത് പ്രതിഷേധിക്കാനാണെന്ന് പോലീസിനു മനസ്സിലായില്ല. ഇവിടെയും സ്വാഗതവും അദ്ധ്യക്ഷപ്രസംഗവും പ്രമേയാവതരണവും എന്നിൽ നിക്ഷിപ്തമായി. വിവരം ധരിച്ച എ.എസ്.പി. മാമ്മന് എന്നെ നേരിട്ടറിയാമായിരുന്നതുകൊണ്ട് യോഗം അവസാനിപ്പിക്കുന്നതാണ് നല്ലതെന്ന് ഒരു ദൂതൻ മുഖേന അറിയിച്ചു. ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം പ്രമേയം പാസ്സാക്കണമെന്നുള്ളത് മാത്രമായിരുന്നതിനാൽ അനിഷ്ട സംഭവങ്ങൾക്കിട വരുത്താതെ ഞങ്ങൾ യോഗം അവസാനിപ്പിച്ച് പുറത്തേക്കു പോയി. തിരുവനന്തപുരത്തെ അന്നത്തെ സാഹചര്യത്തിൽ പോലീസിന്റെ തല്ലു കിട്ടിയാൽ കൊള്ളാതെ നിവൃത്തിയില്ലായിരുന്നു. ജോൺ പീലിപ്പോസിനും, കെ. എ. മാത്യുവിനും, മലബാർ അഡ്വക്കേറ്റ് മുതലാളിക്കും മറ്റും തല്ലു കിട്ടിയിട്ടുണ്ടല്ലോ.

ഗീവറുഗീസ് ദ്വിതീയൻ ബാവാ, സി. പി. രാമസ്വാമി അയ്യർക്ക് മംഗളപത്രം കൊടുത്തതിനെ പ്രതിഷേധിച്ചു തലസ്ഥാനനഗരിയിൽ തന്നെ എന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടാൻ സി. എം. സ്റ്റീഫൻ, പി. സി. അലക്സാണ്ടർ, പരേതനായ ജഡ്ജി ജി. കുര്യൻ, സി. കെ. മാണി, പി. വി. കുരുവിള മുതലായവരാണ് പ്രധാന കാരണക്കാർ. മഹാജനസഭയുടെയും സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെയും യോഗങ്ങളിൽ അലക്സാണ്ടർ മേലദ്ധ്യക്ഷന്മാരെ പലപ്പോഴും വിമർശിച്ചിട്ടുണ്ട്. സ്റ്റീഫനാണെങ്കിൽ ഒരു പടി മുമ്പോട്ടു പോയിരുന്നു. മാർ തോമ്മാ ദീവന്നാസ്യോസ് മെത്രാച്ചനെ മെത്രാൻ സ്ഥാനലബ്ധിയിൽ അനുമോദിക്കുന്നതിനായി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു യോഗം മാവേലിക്കര ബി. എച്ച്. സ്കൂൾ ഹാളിൽ ചേർന്ന അവസരത്തിൽ അദ്ധ്യക്ഷനായിരുന്ന മാർ തേവോദോസ്യോസ് മെത്രാച്ചനെ ഒരു മാതൃകാ ബിഷപ്പായി മുക്തകണ്ഠം പ്രശംസിക്കുകയും മാർ ദീവന്നാസ്യോസ് മെത്രാച്ചനെ (അദ്ദേഹം പ്ലാറ്റുഫോറത്തിൽ ഇരിക്കുമ്പോൾ) നിശിതമായി വിമർശിക്കുകയുമാണ് ചെയ്തത്."

(മാർ തേവോദോസ്യോസ് മംഗളപത്ര സമർപ്പണത്തിനു പോയില്ല എന്നു മാത്രമല്ല സി. പി. ജയിലിലടച്ച കെ. സി. ഈപ്പനെ ജയിലിൽ ചെന്ന് സന്ദർശിക്കുകയും ചെയ്തിരുന്നു).

1946. ഞങ്ങൾ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളിൽ ഫോർത്ത് ഫോമിൽ പഠിക്കുകയാണ്. ക്ലാസ്സുകൾ എല്ലാം ഇംഗ്ലീഷിലാണ്. ചിലപ്പോൾ സ്കൂൾ മാനേജർ കൂടിയായ പുത്തൻകാവ് പീലക്സിനോസ് മെത്രാച്ചൻ സ്കൂളിൽ വന്ന് ഒന്നോ രണ്ടോ ഇംഗ്ലീഷ് ഭാഷാ ക്ലാസ്സുകൾ എടുക്കുമായിരുന്നു.

ഒരു ദിവസം സന്ദർശനവേളയ്ക്കിടയിൽ ഞങ്ങളുടെ ക്ലാസ്സിൽ ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ കയറി വന്നു. എല്ലാവരും എഴുന്നേറ്റ് ആദരപൂർവ്വം സ്വീകരിച്ചു. നാഗർകോവിൽ സ്വദേശിയായ ഒരു യുവ ബ്രാഹ്മണനാണ് ചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്നത്. പാന്റ്സും ഷർട്ടും ധരിച്ച അദ്ദേഹം സായിപ്പിനെപ്പോലെ വെളുത്ത ആളായിരുന്നു. മലയാളം നല്ല പിടിയില്ലാത്ത യുവാവ്. ബാവാ എന്തോ മലയാളത്തിൽ ചോദിച്ചപ്പോൾ അദ്ദേഹം ഇംഗ്ലീഷിൽ മറുപടി പറഞ്ഞു. ബാവായ്ക്കു പറഞ്ഞതു മനസ്സിലായില്ലെന്നു തോന്നി. ബാവാ സാറിനോട് “അധികം സായിപ്പാകാതെ” എന്നു പറഞ്ഞുകൊണ്ട് അടുത്ത ക്ലാസ്സിലേക്ക് പോയി. സാറിന് അത് മനസ്സിലായില്ല.

എത്ര താണ ആളാണെങ്കിലും കാര്യം പറഞ്ഞാൽ ബാവാ അതു ശ്രദ്ധിച്ചു കേൾക്കുകയും അതിനു വില കല്പിക്കുകയും ചെയ്യുമായിരുന്നു.

ഗീവറുഗീസ് രണ്ടാമൻ ബാവായുടെ മുഖമുദ്ര ദൈവഭക്തിയായിരുന്നു. എത്ര വൈകി ഉറങ്ങാൻ കിടന്നാലും രാത്രി 12-നും ഒന്നിനും മദ്ധ്യേ ഉണർന്ന് അര മണിക്കൂർ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും വേദപുസ്തകം വായിക്കുകയും ചെയ്യും. മുറിയിൽ കിടക്കുന്ന വാല്യക്കാരെ ഉണർത്തി ശല്യപ്പെടുത്തുകയില്ല. തീവണ്ടിയാത്രാവേളകളിലും ഈ പാതിരാനമസ്ക്കാരത്തിനു ഭംഗം വരുത്തിയിട്ടില്ലെന്നാണ് ഫാ. ടി. ജി. സഖറിയായുടെ (അന്നു ശെമ്മാശൻ) സാക്ഷ്യം. “എന്തു കുഴഞ്ഞ പ്രശ്നം വന്നാലും നേരെ പരുമലയ്ക്കു പോയി പ്രാർത്ഥിച്ച് ആശ്വാസം കണ്ടെത്തും. തിരുമേനിയുടെ വ്യക്തിപരമായ കഴിവുകൊണ്ടല്ല, ദൈവാശ്രയത്തോടെയാണ് എല്ലാം നേടിയത്. അതുകൊണ്ടുതന്നെ ആർക്കും അദ്ദേഹത്തെ തോല്പിക്കാനും സാധിച്ചില്ല” ഫാ. സഖറിയ അനുസ്മരിച്ചു.

ദൈവാശ്രയവും പ്രാർത്ഥനയും ബാവായുടെ മുഖമുദ്രയായിരുന്നു എങ്കിലും അദ്ദേഹം ചിലപ്പോൾ കോപിക്കുമായിരുന്നു. ഇതു തന്റെ ഗുരു

വായ വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നു കണ്ടു പഠിച്ചതാണെന്നു പറഞ്ഞാൽ അത് ഒട്ടും ശരിയല്ല. പ്രാർത്ഥിക്കുമ്പോഴാണെങ്കിലും വി. കുർബ്ബാന ചൊല്ലുമ്പോഴാണെങ്കിലും ആരെങ്കിലും ചിട്ടകൾ തെറ്റിച്ചാൽ ശാസനയും ചിലപ്പോൾ അടിയും കിട്ടും. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ ശെമ്മാശനോ ശുശ്രൂഷകനോ മൂന്നു വിരലിനു പകരം നാലു വിരലുകൊണ്ട് ധൂപക്കുറ്റി പിടിച്ചാൽ അടി നിശ്ചയം. ശെമ്മാശന്മാരുടെ തലമുടി തൊപ്പിക്കുവെളിയിൽ നീണ്ടുനിന്നാലും അടി കിട്ടിയെന്നു വരും. പരിപാവനമായ സമയങ്ങളിൽ ഇങ്ങനെ ശിക്ഷിക്കുന്നതെന്തിനാണെന്നു ചോദിച്ചാൽ "ആ ശിക്ഷ കിട്ടുന്നവർ ഒരിക്കലും തെറ്റാവർത്തിക്കുകയില്ലെന്നാണ്" ബാവായുടെ മറുപടി. ഇതിനോടു വിയോജിക്കുന്നവർ ധാരാളമുണ്ടെന്നും ബാവായ്ക്കറിയാം.

പുത്തൻകാവു മാർ പീലക്സിനോസിനോടു വളരെ സ്നേഹമായിരുന്നു ബാവായ്ക്ക്. പഴയസെമിനാരിയിൽ താമസിക്കുമ്പോൾ ഏതെങ്കിലും മെത്രാച്ചന്മാർ ചിലപ്പോൾ വൈകി വന്നു രാപാർക്കുന്നുണ്ടാവും. ഒരിക്കൽ പ്രഭാതഭക്ഷണവേളയിൽ മെത്രാച്ചന്മാർ ആരെങ്കിലും ഉണ്ടോ എന്നു ബാവാ ചോദിച്ചു. പുത്തൻകാവിലെ തിരുമേനി ഉണ്ടെന്നു അറിയിച്ചപ്പോൾ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. മെത്രാച്ചന്മാരോടൊപ്പം ഭക്ഷണം കഴിക്കാൻ ബാവായ്ക്കു സന്തോഷമായിരുന്നു. കൊച്ചുതിരുമേനിയെ ഉറക്കത്തിൽ നിന്ന് ഉണർത്തി ബാവായുടെ സമീപത്തേക്ക് ആനയിച്ചു. കണ്ടപ്പോഴെ, "രാവിലെ പ്രാർത്ഥിക്കുകയില്ല, കുളിക്കുകയില്ല, നല്ല വസ്ത്രം ധരിക്കുകയില്ല. പ്രോഗ്രാം തന്നെ പ്രോഗ്രാം. രാവിലെ തിരുവനന്തപുരത്തു കല്യാണം, ഉച്ചയ്ക്ക് ആലപ്പുഴയിൽ കല്യാണം. രാത്രി കുന്നംകുളത്ത് പ്രസംഗം" ബാവാ പറഞ്ഞു.

കൊച്ചുതിരുമേനി വലിയ മിടുക്കനല്ലേ. പുത്തൻകാവിൽ ഹൈസ്ക്കൂൾ ആരംഭിക്കുന്ന കാലം. കൈയിൽ ഒരു പൈസ പോലും ഇല്ലാതെ ഇരിക്കുന്ന സമയം. "തിരുമേനി, ഈ മാപ്പിളമാരോടു പത്തു പുത്തൻ വാങ്ങിക്കണമെങ്കിൽ ഇതല്ലാതെ മറ്റു മാർഗ്ഗമില്ല. അതിനാണ് ഈ യാത്ര." ബാവായുടെ കോപം പുഞ്ചിരിയിൽ ലയിച്ചു.

തോമ്മാ മാർ ദീവന്നാസ്യോസ് വലിയ തന്ത്രശാലിയായിരുന്നുവെങ്കിലും ബാവാ അതിലും വലിയ തന്ത്രശാലിയായിരുന്നു. തൃശ്ശിനാപ്പള്ളി ഹൈസ്ക്കൂൾ വാങ്ങാനുള്ള ഓട്ടത്തിൽ ആരോടെല്ലാമാണ് പണം കടം വാങ്ങിയിട്ടുള്ളതെന്ന് ദീവന്നാസ്യോസ് തിരുമേനിക്കും നിശ്ചയമില്ലായിരുന്നു. ഒരു ദിവസം ഓടിക്കിതച്ച് അരമനയിൽ വന്നു ബാവായെ കണ്ടു. ഒന്നു രണ്ടു ലക്ഷം രൂപയില്ലാതെ മുന്നോട്ടുപോകാനാവില്ലെന്നു മെത്രാച്ചൻ പറഞ്ഞു. ബാവാ കോപിച്ചു. "എന്റെ കൈയിൽ ചക്രമൊന്നുമില്ല. കണ്ടവരോടെല്ലാം താൻ നാണമില്ലാതെ പണം കടം വാങ്ങുന്നുണ്ട്. എന്തിനാ ഇങ്ങനെ പള്ളിക്കൂടം ഉണ്ടാക്കുന്നത്."

“തിരുമേനി, പള്ളിക്കൂടം സഭയ്ക്ക് ഒരു വലിയ നേട്ടമാണ്. ഇപ്പോൾ കിട്ടിയില്ലെങ്കിൽ പിന്നില്ല” ബാവാ തണുത്തു. “ആട്ടെ എത്ര രൂപ വേണം.” “50,000 കിട്ടിയാൽ മതി.” ശെമ്മാശനെ വിളിച്ചു റശ്ശീശാ ഫണ്ടിൽ നിന്നു 10,000 രൂപയുടെ ചെക്കും എഴുതിവാങ്ങി, മെത്രാച്ചൻ സന്തോഷത്തോടെ സ്ഥലം വിട്ടു.

കഴിവുള്ള വ്യക്തികളെ അഭിനന്ദിക്കാനും അവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും ബാവാ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. ഫാ. കെ. ഫീലിപ്പോസ് (പിന്നീട് മാർ തെയോഫിലോസ്) അങ്ങനെ ബാവായുടെ പ്രീതി നേടിയ വ്യക്തിയായിരുന്നു. കോട്ടയം ചെറിയപള്ളിയിൽ ചിലർ മനഃപൂർവ്വം കുഴപ്പങ്ങൾ സൃഷ്ടിച്ചു വികാരി ഫാ. ഫീലിപ്പോസിനെ പുറത്താക്കി. അദ്ദേഹം ചോദിച്ച അവധി നൽകാതെ ബാവാ അദ്ദേഹത്തിന് അമേരിക്കയിൽ പോകാൻ സൗകര്യം ലഭിച്ചപ്പോൾ അനുമതി നൽകുകയും തിരിച്ചുവന്നപ്പോൾ പഴയസെമിനാരിയിൽ അധ്യാപകനും ചാപ്പലിൽ വികാരിയും ആയി നിയമിക്കുകയും ഉണ്ടായി. അദ്ദേഹം മുൻകൈയെടുത്തു സ്ഥാപിച്ച പഴയ കാതോലിക്കേറ്റ് ഓഫീസിന്റെ കൂദാശ, കെട്ടിടം പണി തീരുന്നതിനു മുമ്പുതന്നെ ബാവാ നിർവഹിച്ചു. ഫാ. കെ. ഫീലിപ്പോസ് അമേരിക്കയിൽ പോകുന്നതിനു മുമ്പ് കൂദാശ വേണമെന്നു ബാവാ ശഠിച്ചു. “അയാൾ പണിയിച്ച കെട്ടിടത്തിന്റെ കൂദാശ അയാളില്ലാതെ എങ്ങനെ നടത്താനാ” ബാവാ ചോദിച്ചു (മിസ്സിസ് ഡോ. പുന്നൻ ലൂക്കോസ് ഭർത്താവായ കന്നുകുഴിയിൽ ജഡ്ജി കെ. കെ. ലൂക്കോസിന്റെ സ്മാരകമായിട്ടാണ് 25,000 രൂപ ഫാ. ഫീലിപ്പോസിനെ ഏല്പിച്ച് ഈ ഓഫീസ് നിർമ്മിക്കാനിടയായത്).

കേസുകളെ തുടർന്ന് വൈദികപഠനം പഴയസെമിനാരിയിൽ മുടങ്ങിക്കിടന്നപ്പോൾ അത് എം. ഡി. യിൽ പുനരാരംഭിക്കാനുള്ള ശ്രമം നടത്തിയത് ഡീക്കൻ കെ. ഫീലിപ്പോസും, യു.സി. കോളജ് പ്രിൻസിപ്പൽ എ. എം. വർക്കിയും കൂടിയാണ്. തങ്ങളുടെ പദ്ധതി ബാവായോടു പറഞ്ഞപ്പോൾ “നല്ല ആഗ്രഹം, ചക്രം ഒന്നും ചോദിക്കരുത്, കേസായതിനാൽ ചക്രം ഇല്ല.” ഇരുവരും ആലോചിച്ചശേഷം തങ്ങൾ പണം പിരിച്ചു നടത്തിക്കൊള്ളാം എന്ന് ബാവായെ അറിയിച്ചപ്പോൾ ബാവാ അവരെ അനുഗ്രഹിച്ചു. ആ അനുഗ്രഹം കൈമുതലായി സ്വീകരിച്ച് പ്രവർത്തിച്ചതുകൊണ്ടാണ് വൈദികസെമിനാരി ഇന്നു കാണുന്ന വളർച്ച നേടിയത്.

ദേവലോകം അരമനയുടെ ആദ്യനില പണിയാമെന്നേറ്റ പ്രമുഖ കോൺട്രാക്ടർ കോലഞ്ചേരി എം. ചാക്കോപ്പിള്ളയ്ക്കും, ആദ്യമേ ‘ഇത്രമാത്രമേയുള്ളൂ’ എന്നു പറഞ്ഞു ബാവാ ഒരു തുക നൽകി. ഉദ്ദേശിച്ചതിലും നേരത്തെ അരമനപ്പണി തീർന്നു.

സമുദായക്കേസിനിടയിലാണ് സഭയുടെ ശ്രദ്ധ മിഷൻ വയലിൽ ചെലുത്തണമെന്നാഗ്രഹിച്ചുകൊണ്ട് ബിഷപ്പ് പാക്കൻഹാം വാൽഷും ശിഷ്യപ്രമുഖരായ ഫാ. കെ. സി. വറുഗീസും റ്റി. ഒ. മാത്യുവും മറ്റും ചേർന്ന് കോയമ്പത്തൂർ തടാകം ആശ്രമം 1934-ൽ ആരംഭിച്ചത്. കൽക്കട്ട ബിഷപ്സ് കോളജ് പ്രിൻസിപ്പൽ എന്ന നിലയിൽ മലങ്കരസഭയിലെ ഒട്ടധികം പ്രമുഖ വ്യക്തികളെ പഠിപ്പിച്ച ബിഷപ്പ് വാൽഷ് സഭാസമാധാനത്തിനുവേണ്ടി ആത്മാർത്ഥമായ ഒരു ശ്രമം നടത്തിയതാണ്. വിദ്യാർത്ഥി കോൺഫറൻസുകളിലെ മുഖ്യ പ്രസംഗകൻ, നിലയ്ക്കൽ കൺവൻഷനിലെ പ്രഭാഷകൻ തുടങ്ങിയ നിലകളിൽ ബിഷപ്പ് മലങ്കരസഭയുടെ ഒരാത്മസുഹൃത്തായിരുന്നു. ആശ്രമത്തിനും അതിന്റെ പ്രവർത്തനങ്ങൾക്കും ബാവാ പിന്തുണ നൽകി (മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായും ബിഷപ്പിന്റെ ശിഷ്യനാണ്). കേസില്ലായിരുന്നുവെങ്കിൽ ഇതര സഭകളുമായുള്ള സൗഹൃദ സഹകരണങ്ങൾ വളരെയധികം വളരുമായിരുന്നു.

പുതുപ്പാടി ബാലഭവനം ആരംഭിക്കുന്ന കാലം. പണം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ദുർല്ലഭം. ഏതായാലും ഗീവറുഗീസ് കാതോലിക്കാബാവായുടെ ഒരു സംഭാവന വാങ്ങി പണപ്പിരിവ് ആരംഭിക്കാമെന്ന് കർമ്മകുശലനായ എം. വി. ജോർജ് ശെമ്മാശൻ തീരുമാനിച്ചു. അന്ന് ബാവായുടെ പക്കൽ 100 രൂപ പോലും സംഭാവന ചെയ്യാൻ ഇല്ല. കാര്യമറിഞ്ഞ് ശെമ്മാശൻ തന്നെ കൈയിൽ നിന്നു 100 രൂപ സെക്രട്ടറിയെക്കൊണ്ട് ബാവായെ ഏല്പിച്ചശേഷം അതു വാങ്ങി പണപ്പിരിവ് ഉദ്ഘാടനം ചെയ്യിച്ചു. അന്നത്തെ 100 രൂപയുടെ ഉറവിടം ബാവായ്ക്ക് അജ്ഞാതമായിരുന്നു. പിന്നീടും ഇന്നും ബാലഭവനങ്ങൾക്കുവേണ്ടി പറന്നുവരുന്ന പണത്തിനും ഡോളറിനും കണക്കില്ലെന്നത്രെ 1997 ഡിസംബറിൽ വിദ്യാർത്ഥി പ്രസ്ഥാന സമ്മേളനം കഴിഞ്ഞ് കുന്നംകുളത്തു നിന്നുള്ള കാർ യാത്രാവേളയിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്നോട് പറഞ്ഞത്.

സുപ്രസിദ്ധ കൺവൻഷൻ പ്രസംഗകനായി ഓടിനടന്ന എം. വി. ജോർജ് ഒരു പെന്തക്കോസ്തു ചിന്താഗതിക്കാരനാണെന്നും അദ്ദേഹത്തെ പട്ടംകൊടുക്കാതെ അമേരിക്കയിൽ വിട്ടാൽ നഷ്ടപ്പെടുമെന്നും ആരോ ബാവായെ അറിയിച്ചു. ഇതു കേട്ടപ്പോൾ ബുദ്ധിമാനായ ബാവായ്ക്കും ആ അഭിപ്രായം തോന്നാതിരുന്നില്ല. ഉപരിപഠനാർത്ഥം എം. വി. ജോർജ് അമേരിക്കയിലേക്ക് പറക്കുന്നതിനു രണ്ടു ദിവസം മുമ്പ് ബാവാ അദ്ദേഹത്തെ വിളിച്ചുവരുത്തി കോറൂയോപട്ടം നൽകുകയും ഡീക്കൻ എം. വി. ജോർജിനെ പറഞ്ഞയയ്ക്കുകയും ചെയ്തു. മലങ്കരസഭാരത്നമായ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മികച്ച സേവനങ്ങൾ ബാവായ്ക്കും അന്നു ഭാവന ചെയ്യാൻ കഴിയാഞ്ഞതിലും വളരെയധികം അഭിനന്ദനാർഹമാണ്.

പൗലോസ് മാർ പീലക്സിനോസ്, ബാവായ്ക്കയച്ച ഒരു കത്തിന്റെ സംഗ്രഹം കാണുക.

എല്ലാ അനുരഞ്ജനശ്രമങ്ങളും വിഫലമാകയാൽ മുൻ നിശ്ചയമനുസരിച്ച് 1960 ഏപ്രിൽ 28-ന് സുന്നഹദോസ് കൂടി. സുന്നഹദോസിൽ മാർ പീലക്സിനോസിന് ഒരവസരം കൂടി തന്റെ നിലപാട് പുനഃപരിശോധന ചെയ്യുന്നതിനായി നൽകണമെന്ന് ഒരഭിപ്രായം ഉന്നയിക്കപ്പെടുകയും അതനുസരിച്ച് ജൂൺ 7-ാം തീയതി അവസാന തീരുമാനം എടുക്കുന്നതിന് സിനഡ് മാറ്റിവയ്ക്കുകയും ചെയ്തു. വീണ്ടും മാർ പീലക്സിനോസിനെ സമാധാന നിലപാടിലേക്ക് വരുത്തുന്നതിന് വിവിധ ശ്രമങ്ങൾ നടന്നെങ്കിലും അന്ത്യോഖ്യൻ മൂവ്മെന്റ് പ്രവർത്തകരായ വിരുദ്ധരുടെ വലയത്തിനുള്ളിൽ കടന്നുകൂടിയ അദ്ദേഹത്തിന് അതിൽനിന്ന് വിടുതൽ പ്രാപിപ്പാൻ നിവൃത്തിയില്ലാതെ വന്നു. അദ്ദേഹം പ. കാതോലിക്കാബാവായേയും സുന്നഹദോസിനേയും സ്വീകരിക്കുന്നില്ലെന്നും, ഭരണഘടന അംഗീകരിക്കുന്നില്ലെന്നും, അദ്ദേഹം എഴുതിത്തന്ന ഉടമ്പടി ആരോ നിർബന്ധിച്ചു എഴുതിച്ചതാകയാൽ അത് റദ്ദാക്കുകയും പിൻവലിക്കുകയും ചെയ്യുന്നു എന്നും ബാവാതിരുമേനിക്ക് അദ്ദേഹത്തോട് സമാധാനം ചോദിക്കുവാൻ അർഹതയില്ലെന്നും, ബാവാതിരുമേനി അദ്ധ്യക്ഷനായിട്ടുള്ള സഭയെ അംഗീകരിക്കുന്നില്ല എന്നും, തന്നെയുമല്ല അതിൽ തനിക്ക് യാതൊരു ഓഹരിയും ഇല്ല എന്നും മറ്റും കാണിച്ച് പ. ബാവായ്ക്ക് രജിസ്റ്റർ കത്തയച്ചു. തുടർന്ന് സ്വമേധയാ സഭയിൽ നിന്ന് പോയതിനാലും അദ്ദേഹം അദ്ദേഹത്തിന്റെ നിലപാടിൽ നിന്നും മാറുന്നതിന് വിസമ്മതിക്കയാലും സുന്നഹദോസ് അദ്ദേഹത്തെ നിരോധിക്കുന്നതിന് തീരുമാനിച്ചു. അദ്ദേഹം തിരിച്ചുവരികയും സുന്നഹദോസ് അദ്ദേഹത്തെ സ്വീകരിച്ച് സുന്നഹദോസിലെ അംഗമായിത്തീരുകയും ചെയ്യുന്നതുവരെ അദ്ദേഹത്തെ കണ്ടനാട് ഇടവകയുടെ കൂട്ടുമെത്രാപ്പോലീത്താ സ്ഥാനത്തുനിന്നും മാറ്റുകയും കാതോലിക്കേറ്റിന്റെ കീഴിലുള്ള ഏതെങ്കിലും പള്ളികളിലും സ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിനെ നിരോധിക്കുകയും, സുന്നഹദോസിലെയും മറ്റു സമിതികളിലെ അംഗത്വത്തിൽ നിന്നു നീക്കുകയും സ്വയമായി പട്ടംകൊട, പള്ളികൂദാശ ആദിയായ വി. കർമ്മങ്ങൾ നടത്തുന്നതിനുള്ള അവകാശത്തെ വേറൊരു തീരുമാനം ഉണ്ടാകുന്നതുവരെ നിരോധിക്കുകയും ചെയ്താണ് സുന്നഹദോസ് ഐകകണ്ഠ്യേന തീരുമാനമെടുത്തത്.

യോജിപ്പും സമാധാനവും സംയുക്ത അസോസിയേഷനും എല്ലാം കഴിഞ്ഞ് പൗലോസ് മാർ പീലക്സിനോസ് സ്വീകരിച്ച സമാധാനവിരുദ്ധ നിലപാടും അതിനു തൂണുചാരിക്കൊടുത്തുകൊണ്ട് മാർത്തോമ്മായ്ക്കു പട്ടം ഇല്ലെന്ന് പറഞ്ഞ് 203-ാം നമ്പർ കല്പന ഇറക്കിയ യാക്കൂബ്

തൃതീയൻ പാത്രിയർക്കീസിന്റെ കടുംകൈയും അന്ത്യോഖ്യൻ മൂവ്മെന്റും എല്ലാം മലങ്കരസഭയുടെ ഈ നൂറ്റാണ്ടിലെ കറുത്ത അധ്യായങ്ങളാണ്. ക്രിസ്തീയ മൂല്യങ്ങൾക്കോ ദൈവവിശ്വാസത്തിനോ ദൈവശാസ്ത്രത്തിനോ വേദപുസ്തകത്തിനോ നിരക്കാത്ത നീചപ്രവൃത്തികൾ കൊണ്ട് സഭയേയും ക്രൈസ്തവലോകത്തെയും അവഹേളിച്ചവരുടെ ചരിത്രം ഭാവിതലമുറ അതേപടി വിശദമായി അറിയുന്നപക്ഷം അത് സഭയ്ക്കു തന്നെ വലിയ ദോഷം ചെയ്യും. സഭാസമാധാനത്തിൽ ഉറച്ചുനിന്ന് മുന്നോട്ടുപോയ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസിന്റെയും കൊച്ചി ഇടവകയുടെ മാർ സേവേറിയോസിന്റെയും ഉൽകൃഷ്ട മാതൃകകൾ ചരിത്രത്തിൽ നിലകൊള്ളും. സ്ഥാനത്തിനുവേണ്ടി, ഇരിക്കുന്ന കമ്പ് വെട്ടുകയും, പ്രതിജ്ഞകളെ കാറ്റിൽ പറത്തുകയും അക്രൈസ്തവമായ രീതിയിൽ സഭയെ വഴിതെറ്റിക്കുകയും ചെയ്തവർ ചരിത്രത്തിന്റെ കുപ്പത്തൊട്ടികളിൽ അന്ത്യവിശ്രമം കൊള്ളുമെന്നും സംഭവഗതികൾ തെളിയിച്ചു. മലങ്കരസഭയുടെ സിനഡിൽ നിന്നും താക്കീതു നൽകി ഇദംപ്രഥമമായി പുറത്താക്കപ്പെട്ട പൗലൂസ് മാർ പീലക്സിനോസ് തന്റെ വിമതഗ്രൂപ്പിൽ തന്നെ സമാധാനം കാണാതെ നിരാശനായി താൻ കുഴിച്ച കുഴിയിൽ വീണു എന്നു പറയുന്നതാവും ഏറെ ശരി. അധികാരമില്ലാത്ത ബദൽ കാതോലിക്കായായി കറങ്ങിയ അദ്ദേഹത്തിന്റെ കാലശേഷം കബറിരിക്കുന്ന മലേക്കുരിശിൽ കലഹം ഉണ്ടായതും അത്തരത്തിലുള്ള കാതോലിക്കാസ്ഥാനം അന്യം നിന്നു പോയതും പിൻഗാമി ആകാൻ ആഗ്രഹിച്ചവർ ഭിന്നിപ്പിന്റെ ആകാരം പൂണ്ടതും ഇന്നത്തെ ചരിത്ര സംഭവങ്ങളാണ്.

ബാവാ രോഗക്കിടക്കയിലായിരുന്നപ്പോൾ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെ ദേവലോകത്തേക്ക് ക്ഷണിച്ചു താൻ എന്തെങ്കിലും അപരാധം ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നാവശ്യപ്പെട്ടത് ബാവായുടെ ജീവിതത്തിലെ ഒരനർഘ നിമിഷമാണ്. സിനഡിന്റെ ശുപാർശയനുസരിച്ച് പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് എതിരെ സ്വീകരിച്ച ശിക്ഷണ നടപടികളിൽ ബാവായ്ക്ക് കുറ്റബോധം ഇല്ലായിരുന്നുവെങ്കിലും ദുഃഖം ഉണ്ടായിരുന്നു. ആ ദുഃഖം അറിയിച്ചിട്ടും മെത്രാപ്പോലീത്താ യാതൊന്നും മറുപടി പറഞ്ഞില്ലെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായി തോന്നിയത്.

ബാവായുടെ പിൻഗാമിയായി ഔഗേൻ മാർ തീമോത്തിയോസിനെ തെരഞ്ഞെടുക്കുന്നതിന് വിളിച്ചുകൂട്ടിയ മലങ്കര അസ്സോസിയേഷൻ സ്റ്റേ ചെയ്യിക്കുന്നതിനും കുറെ കാലതാമസം ഉണ്ടാക്കുന്നതിനും വിഘടിത വിഭാഗത്തിനു സാധിച്ചു എങ്കിലും വടക്കർ തഴഞ്ഞതും പിറവത്തു വച്ച് അടിച്ചിറക്കിയതുമായ – സത്യത്തിന്റെ സാക്ഷിയും വക്താവുമായ – ഔഗേൻ മാർ തീമോത്തിയോസ് പിൻഗാമിയായതും അദ്ദേഹത്തെ

മലങ്കര മുഴുവൻ കാതോലിക്കായായി ഓക്സിയോസ് പാടി സ്വീകരിച്ചതും ദൈവനിയോഗമല്ലെങ്കിൽ പിന്നെന്താണ്? കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിനു വേണ്ടി അണിയറയിലും അരംഗത്തും പ്രവർത്തിച്ച ഔഗേൻ മാർ തീമോത്തിയോസ്, പാത്രിയർക്കീസിന്റെ അധികാരസീമ, ശീമയിൽതന്നെ ഒതുക്കിയതും ആധുനിക ചരിത്രമാണല്ലോ. വ്യാജ പ്രസ്താവനകൾ കൊണ്ടും വ്യാജ കല്പനകൾകൊണ്ടും പിടിച്ചുനിൽക്കാമെന്നുള്ള വ്യാമോഹം, ഇന്നും പഠിക്കാത്ത ചില മെത്രാന്മാരെ ഭരിക്കുന്നുണ്ടെന്ന് അവരുടെ മൂല്യച്യുതി നിറഞ്ഞ നീക്കങ്ങൾ വ്യക്തമാക്കുന്നുണ്ട്. സാത്താൻ എത്രമാത്രം ശക്തനാണെന്നതിനുള്ള അത്യന്താധുനിക തെളിവാണിതെന്നു പറയാതിരുന്നാൽ അതു ചരിത്രത്തോടുള്ള ഒര നീതിയായി വരുംതലമുറ കണക്കാക്കാനാണ് സാധ്യത.

എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ചും പിൻഗാമിയെ കണ്ടെത്തിയും സംതൃപ്തനായി കാതോലിക്കാബാവാ 1964 ജനുവരി മൂന്നാം തീയതി വെളുപ്പിന് കാലം ചെയ്തു. അദ്ദേഹത്തോട് ഏറ്റുമുട്ടിയ ആരും തന്നെ ലജ്ജിക്കാതെ ഈ ലോകം വിട്ടുപോയിട്ടില്ല.

ആരെങ്കിലും തനിക്ക് കാർഡിൽ കത്തെഴുതുന്നതു ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് വെറുപ്പായിരുന്നു. എന്നാൽ എം. പി. പത്രോസ് റമ്പാൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) കാർഡിൽ മാത്രമേ എഴുതുകയുള്ളു. ഒരു കാർഡിൽ ഒരു ഇൻലൻഡിൽ കൊള്ളുന്ന കാര്യം ഭംഗിയായി എഴുതും. ഇതേപ്പറ്റി ഒരു ദിവസം ബാവാ ഇങ്ങനെ പറഞ്ഞു. “അയാൾ കാർഡിലേ എഴുതുകയുള്ളു, ചോദിച്ചാൽ പറയും, വല്ലവരും തരുന്ന കാശ് കവർ വാങ്ങാനുള്ളതല്ലല്ലോ എന്ന്.” ഇതു ശരിയായ മറുപടി ആകയാൽ ബാവാ ഒരിക്കലും മാർ ഒസ്താത്തിയോസിനോട് പരിഭവം പറഞ്ഞിട്ടില്ല. പറഞ്ഞാലും പ്രയോജനം ഇല്ലെന്നറിയാം. മൂവാറ്റുപുഴ വച്ച് “മലങ്കരയുടെ പൗലോസ് അപ്പസ്തോലനാണ് പത്രോസ് മാർ ഒസ്താത്തിയോസ്” എന്ന് ബാവാ വിശേഷിപ്പിച്ചു. മലങ്കര അസോസിയേഷൻ സാധാരണഗതിയിൽ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കാതിരുന്ന മാർ ഒസ്താത്തിയോസിനെ ബാവായാണ് തെരഞ്ഞെടുത്തത്. അതിൽ മെത്രാച്ചനോടുള്ള സ്നേഹം എത്രമാത്രമായിരുന്നു എന്നൂഹിക്കാം.

ബാവായുടെ നിര്യാണം, കബറടക്കം മുതലായവ സംബന്ധിച്ച് അന്ന് മനോരമ സ്റ്റാഫിലെ അംഗങ്ങളായ ഞങ്ങൾ തയ്യാറാക്കിയതും 1964 ജനുവരി 5 ഞായറാഴ്ച പ്രസിദ്ധീകരിച്ചതുമായ റിപ്പോർട്ട് വിശദവും സമ്പൂർണ്ണവുമായിരുന്നു.

അന്ത്യകല്പന

മരണം ആസന്നമാണെന്നറിഞ്ഞു വിൽപത്രം തയ്യാറാക്കുകയും അന്ത്യകല്പന നെടുമാവ് റ്റി. വി. ജോർജിനു പറഞ്ഞുകൊടുത്ത് എഴുതിവയ്ക്കുകയും ചെയ്തശേഷമാണ് സമാധാനത്തോടെ ബാവായുടെ ആത്മാവ് അതിന്റെ ഉടമസ്ഥന്റെ സന്നിധിയിലേക്ക് പറന്നുപോയത്.

നമ്പർ 106/63

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ

(തനിക്കു സ്തുതി)

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

കർത്താവിൽ നമ്മുടെ സ്നേഹഭാജനങ്ങളും ബ. സഹോദരന്മാരുമായ മെത്രാപ്പോലീത്തന്മാരുടെമേലും വാത്സല്യമക്കളായ പട്ടക്കാരുടെമേലും ശെമ്മാശ്ശന്മാരുടെമേലും, വിശ്വാസികളായ നമ്മുടെ എല്ലാ ആത്മീയ മക്കളുടെമേലും ദൈവികകൃപയും സ്വർഗ്ഗീയ വാഴ്വും വന്ന് ആവസിക്കുമാറാകട്ടെ.

കുറേ മാസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുള്ളപ്രകാരം മനുഷ്യന്റെ ആയുസ്സ് എഴുപതു സംവത്സരം, ഏറിയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. എന്നാൽ അതും കഴിഞ്ഞു തൊണ്ണൂറിലെത്തിയിട്ടുള്ള അതിവൃദ്ധനും പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഇഹലോക ജീവിതം ഇതിലധികമായി വർദ്ധിച്ചുകിട്ടണമെന്ന് ആഗ്രഹിക്കാനോ ആശിക്കാനോ നമുക്ക് അവകാശമില്ല. അതിനാൽ കരുണാസമ്പൂർണ്ണവും മാറ്റമില്ലാത്തതുമായ ദൈവഹിതത്തിനു നമ്മെ സന്തോഷപൂർവ്വം ഭരമേല്പിച്ചുകൊടുക്കുകയല്ലാതെ മറ്റൊന്നും നമുക്ക് ഇപ്പോൾ ചെയ്യേണ്ടതായിട്ടില്ല. ഇപ്പോൾ അടിക്കടി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളും വേദനകളും നമ്മുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് സദാ നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളെ, സർവ്വലോകത്തിന്റെയും വഴിയേ നാമും പോകുന്നു.

പതിനാറു വർഷക്കാലം മെത്രാപ്പോലീത്താ ആയും, മുപ്പത്തിനാലു

വർഷം കാതോലിക്കാ ആയും അതിൽ ഇരുപത്തെട്ടു വർഷക്കാലം മലങ്കരമെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലകൾകൂടി വഹിച്ചും നിങ്ങളുടെ ഇടയനും പിതാവുമായി നിങ്ങളെ വഴിനടത്താൻ ദൈവം നമ്മെ അനുവദിച്ചു. വളരെ ഭാരമുള്ളതും ഗൗരവമേറിയതുമായ ചുമതലകളാണു ദൈവം തമ്പുരാൻ നമ്മെ ഭരമേല്പിച്ചത്. അവയെല്ലാം ശരിയായും കൃത്യമായും നിർവ്വഹിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ട് എന്നു നാം വിചാരിക്കുന്നില്ല. മനുഷ്യ സഹജമായ ബലഹീനതകൾമൂലം പല കുറ്റങ്ങളും കുറവുകളും വന്നുപോയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവത്തിൽനിന്നു ക്ഷമയും മോചനവും കിട്ടുവാനും നമ്മുടെ ആശ്വാസത്തിനും സമാധാനത്തിനും വേണ്ടിയും കരുണയുള്ള വനായ കർത്താവിനോടു നിങ്ങളും പ്രാർത്ഥിക്കണമെന്നു നാം ഈ അവസരത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

പ്രിയരെ,

നാം കാതോലിക്കാ ആയ ശേഷമുള്ള മുപ്പത്തിനാലു വർഷങ്ങൾ നിഴൽപോലെ കടന്നുപോയി. എന്നിരുന്നാലും അവയുടെ ഫലങ്ങൾ നമ്മുടെ സഭയുടെ ഭാവിയെ സാരമായി സ്പർശിക്കുന്നവയാണ്. സന്തോഷപ്രദങ്ങളും സന്താപകരങ്ങളുമായ അനേക അനുഭവങ്ങളിലൂടെയാണു വി. സഭ കടന്നുപോയത്. അനേകതരത്തിലുള്ള ആപത്തുകൾ നേരിട്ടിട്ടുള്ളപ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ കരുണയും ആശ്വാസവും നിറഞ്ഞ കരങ്ങൾ താങ്ങും തണലുമായിരുന്നു നമ്മെ മുമ്പോട്ടു നയിച്ചു എന്ന വസ്തുത നന്ദിയും സ്തോത്രവും നിറഞ്ഞ ഹൃദയത്തോടെയല്ലാതെ സ്മരിക്കുവാൻ കഴിയുന്നില്ല.

നമ്മുടെ കൈകളാൽ വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ രണ്ടു പേരുടെ സഭാപരിവർത്തനം നമ്മുടെ ആത്മീയ മക്കളായിരുന്ന ചില പട്ടക്കാരുടെയും ജനങ്ങളുടെയും വിശ്വാസത്യാഗം, നമ്മുടെ രണ്ടു മെത്രാപ്പോലീത്തന്മാരുടെ അകാല ദേഹവിയോഗം എന്നിവ നമ്മുടെ ഹൃദയത്തെ വളരെയധികം വ്യാകുലപ്പെടുത്തിയ സംഗതികളാണ്. അപ്രകാരം തന്നെ നമ്മുടെ സഭയിൽ നീണ്ടുനിന്ന അഭിപ്രായ ഭിന്നതകളും വ്യവഹാരങ്ങളും നമ്മെ എത്രമാത്രം വേദനിപ്പിച്ചു എന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഭാഗ്യവാനും ശാശ്വത സ്മരണാർഹനുമായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തെ തുടർന്നു ബലഹീനനായ നാമും വാർദ്ധക്യവും ക്ലേശവും വകവയ്ക്കാതെ നമ്മുടെ സഭയുടെ സമാധാനത്തിനുവേണ്ടി ആവതു പ്രവർത്തിച്ചു എന്നു ദൈവമുമ്പാകെ നമുക്കു നല്ല ശരണമുണ്ട്. സുപ്രീം കോടതി വിധിയോടുകൂടി കേസ്സ് അവസാനിക്കുകയും അനന്തരം അധികം താമസിയാതെ തന്നെ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനമുണ്ടാകുകയും ചെയ്തു. പ. കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന്

പ. അബ്ദൽമിശിഹാ പാത്രിയർക്കീസ് ബാവ എടുത്തതുപോലെയുള്ള നിലപാട് സമാധാനസ്ഥാപനത്തിനുവേണ്ടി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും സ്വീകരിച്ചു എന്നുള്ള സംഗതി കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നാം സ്മരിക്കുന്നു. അന്ത്യോക്യാ മലങ്കര സ്നേഹബന്ധം ഇതുമൂലം ദൃഢപ്പെടുകയാണു ചെയ്തിട്ടുള്ളത്. ഇങ്ങനെ മലങ്കരസഭയിലെ അഭിപ്രായ ഭിന്നതകൾക്കു പരിഹാരമുണ്ടായെങ്കിലും സമാധാനത്തോടു താല്പര്യമില്ലാത്ത ഏതാനും വ്യക്തികൾ മാറിനിൽക്കുന്നുണ്ട് എന്നുള്ളത് നമ്മുടെ വാർദ്ധക്യത്തെ വേദനിപ്പിക്കുന്നു. പൂർണ്ണ മനസ്സാലെ നമ്മോടു ചേർന്നുനിന്ന ഒരു മെത്രാപ്പോലീത്താ കുറേക്കഴിഞ്ഞു പിൻമാറി എന്നു നിങ്ങൾക്ക് അറിയാമല്ലോ. വ്യക്തിപരമായി നമുക്ക് ആരോടും വിരോധമില്ല. ആ മെത്രാപ്പോലീത്തായെ നമ്മുടെ ഈ രോഗാവസ്ഥയിൽ നാം സ്നേഹപൂർവ്വം നമ്മുടെ അരമനയിലേക്കു ക്ഷണിച്ചുവരുത്തുകയും ഐക്യതയുടെ ആവശ്യകതയെപ്പറ്റി നാം അദ്ദേഹത്തെ പ്രത്യേകം ഗുണദോഷിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായി നമ്മിൽനിന്ന് വല്ല തെറ്റുകളും വന്നുപോയിട്ടുള്ള പക്ഷം അവ ക്ഷമിക്കണമെന്നും നാം അദ്ദേഹത്തോടു പറഞ്ഞു. ഇപ്പോൾ ഇവിടെ നാം ഒരുമിച്ചിരിക്കുന്ന പ്രകാരം പരലോകത്തിലും ഒന്നിച്ചിരിക്കാൻ സംഗതിയാകണമെന്നു നാം അദ്ദേഹത്തെ ഓർപ്പിച്ചിട്ടുണ്ട്. അദ്ദേഹം തിരിഞ്ഞു തന്റെ സഹോദരന്മാരോടുകൂടെ ചേരുമെന്നു നാം ആശിക്കുന്നു.

പ്രിയരെ,

പലപ്പോഴും നാം നിർബന്ധപൂർവ്വം നിങ്ങളെ ഉത്ബോധിപ്പിച്ചിട്ടുള്ള പ്രകാരം നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പരിപാവനങ്ങളായ ആചാരങ്ങളിൽ നിഷ്ഠയും താല്പര്യവും ഉള്ളവരായിരിക്കണം. പുരാതനവും പരിശുദ്ധവും വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പ്പിക്കപ്പെട്ടതുമായ വിശ്വാസവും നമ്മുടെ ആരാധനകളും ആചാരങ്ങളുമാണ് നമ്മുടെ സമ്പത്ത്. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടി വന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപ്പിടിച്ചുകൊള്ളണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

വി. മാർ തോമ്മാശ്ലീഹാ ക്രിസ്താബ്ദാരംഭത്തിൽ ഇവിടെ സ്ഥാപിച്ച നമ്മുടെ സഭ, സത്യവിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. പെരുമാരിക്കും കൊടുങ്കാറ്റിനും അതിനെ തകർക്കാൻ സാധിക്കാതെ അത് ഉറച്ചുനിൽക്കുന്നു. ഇതിന്റെ സ്ഥാപകനായ നമ്മുടെ പിതാവ് തന്റെ രക്തം ഇതിനുവേണ്ടി ചൊരിഞ്ഞു. വിശേഷിച്ചും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയുടെ ഈ ദിവസം നമ്മുടെ ഈ അന്ത്യ

കല്പന നാം നിങ്ങൾക്കെഴുതുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെയും, ഭക്തിയുടെയും, ഇന്ത്യയുടെ മണ്ണിൽ അദ്ദേഹം ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും, സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളുടെയും സ്മരണയാണു നമ്മുടെ ഹൃദയത്തിലൂടെ കടന്നു പോകുന്നത്. ഇവയെ നിങ്ങൾ അനുകരിപ്പീൻ. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ ' എന്ന് എബ്രായ ലേഖനത്തിൽ അപ്പോസ്തോലൻ നമ്മെ സൂഷ്മപ്പെടുത്തുന്നു. 'ക്രിസ്തുയേശുവിൽ ഞാനല്ലയോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചത്; ആകയാൽ എന്റെ അനുകാരികൾ ആകുവീൻ' എന്നു വി. പൗലോസ് അപ്പോസ്തോലൻ കോരിന്ത്യരെ ഉദ്ബോധിപ്പിക്കുന്നപ്രകാരം മാർതോമ്മാശ്ലീഹാ നമ്മെയും അനുസ്മരിപ്പിക്കുന്നു എന്നു നിങ്ങൾ അറിയണം. ആകയാൽ മാർതോമ്മാശ്ലീഹായുടെ മക്കളായ നിങ്ങൾ എന്നും അദ്ദേഹത്തിന്റെ അനുകാരികൾ ആയിരിക്കണം.

ഇന്നു ലോകസഭകളെല്ലാം നമ്മുടെ സഭയെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ കിടക്കുന്ന കാരണം നാം ഒരു അപ്പോസ്തോലസ്ഥാപിതമായ - മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ സഭയിലെ അംഗങ്ങളായിരിക്കുന്നതാണ്. പുരാതനങ്ങളായ ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യ, അർമ്മീനിയ എന്നീ സഭകളിലെ ഉന്നതസ്ഥാനീയരായ പ്രതിനിധികൾ ഈ അടുത്തു കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയെ സന്ദർശിക്കുകയും അവരുടെ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തത് നമ്മുടെ അപ്പോസ്തോലികതയും പുരാതനത്വവും സത്യവിശ്വാസവും നിമിത്തമാണ്. ഇവയെ അഭംഗം കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ ആയുഷ്ക്കാലത്ത് നാം ആവതു ശ്രമിച്ചിട്ടുണ്ട്. നിങ്ങളേവരും ഇതിൽ പ്രത്യേകം ശ്രദ്ധയും വിശ്വസ്തതയും ഉള്ളവരായിരിക്കുമെന്നു നാം വിശ്വസിക്കുന്നു.

വാത്സല്യമക്കളെ,

നിങ്ങളുടെ സത്യസ്നേഹത്തെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടെ കാതോലിക്കാ ആയ നമ്മുടെയും വിഷമസന്ദർഭങ്ങളിലെല്ലാം നിങ്ങൾ പണംകൊണ്ടും ശരീരംകൊണ്ടും ചെയ്തുതന്നിട്ടുള്ള സഹായസഹകരണങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രയാസ ഘട്ടങ്ങളിലും നിങ്ങൾ നമ്മോടു ചേർന്നുനിന്ന് നമ്മുടെ കല്പനകളും നിയോഗങ്ങളും അനുസരിച്ചിട്ടുണ്ട്. രോഗവും ക്ഷീണവും നിറഞ്ഞ ഈ ശരീരം വിട്ടാലും നമ്മുടെ ആത്മാവിൽ നിങ്ങളെക്കുറിച്ച് നമുക്കു സന്തോഷവും പ്രശംസയും ഉണ്ടായിരിക്കും. നമ്മുടെ മക്കളെ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ള

വരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ള ട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറി യാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങ ളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറ ഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിട യിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്ക പ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യ ങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലി ക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസു ഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത്' എന്നു നമ്മുടെ കർത്താവു കല്പിച്ചിട്ടുണ്ടല്ലോ. 'നിന്റെ ഇഷ്ടം സ്വർഗ്ഗ ത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമെ' എന്നു പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സീമോനിൽ അതിവേദന അനു ഭവിച്ചപ്പോഴും 'പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു കർത്താവ് തന്നത്താൻ ഭരമേല്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരെ, ഇതാണു താൻ നമുക്കു വെച്ചേച്ചു പോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിൻതുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാ സനകളും അവസാനിക്കും. ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരി ക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോ സ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു.

പ്രിയമക്കളെ,

പരിശുദ്ധ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരി ശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പോസ്തോ ലികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോ ലിക്കാസ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നുകളയരുത്. 'നമ്മുടെ സഭ യുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത

അത്യാവശ്യമെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതല നിങ്ങളോരോരുത്തരിലും നാം സമർപ്പിച്ചു കൊള്ളുന്നു' എന്ന പ്രബോധനം നൽകിക്കൊണ്ടാണ് മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കടന്നുപോയത്. നമ്മെപ്പറ്റി പറയുന്നതായാൽ നാം നമ്മുടെ ശക്തിക്കും പ്രാപ്തിക്കുമൊത്തവണ്ണം ഈ സിംഹാസനത്തിന്റെ നിലനില്പിനും പുരോഗതിക്കുംവേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് നമ്മുടെ ബോദ്ധ്യം. ഈ സിംഹാസനം പുനഃസ്ഥാപിതമായശേഷം അതിലെ മൂന്നാമത്തെ കാതോലിക്കാ ആയിരുന്ന് ഇക്കാലമത്രയും നിങ്ങളെ വഴിനടത്താൻ ദൈവം നമുക്കു സംഗതിയാക്കി. നാമും ഇതാ നമ്മുടെ ഓട്ടം തികച്ച ശേഷം പിതാക്കന്മാരുടെ വഴിയെ പോകുന്ന ഈ വേളയിൽ ഈ സിംഹാസനം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളായ ജനങ്ങളും ഏക കൈയോടെനിന്ന് മുമ്പോട്ടുപോകുന്നതിനും നാം നിങ്ങളെ ഏവരേയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

പുനഃസ്ഥാപിതമായ കാതോലിക്കാസിംഹാസനത്തിനു സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന് നമ്മുടെ പൂർവ്വികരും നാമും നിങ്ങളുമെല്ലാം ഒരുപോലെ ആഗ്രഹിച്ചിരുന്നതാണ്. പല പ്രയാസങ്ങളെയും പ്രാതികൂല്യങ്ങളെയും തരണം ചെയ്യേണ്ടിവന്നതിനാൽ ഇതിനു സാധിച്ചിരുന്നില്ല. ഈ കുറവു പരിഹരിക്കണം എന്ന ആഗ്രഹം മുൻനിർത്തി നാം ഇവിടെ പുതുതായി ഒരു അരമന കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതിന്റെ ഒന്നാമത്തെ നില മിക്കവാറും പൂർത്തിയാക്കി കൂദാശ ചെയ്തു നാം അതിൽ താമസമാക്കുകയും ചെയ്തു. ഇതിന്റെ ബാക്കിപണികൾ ശരീരപ്രകാരം നിങ്ങളോടുകൂടെയിരുന്ന് നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാക്കുന്ന സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമിയോടു സഹകരിക്കണം. നമ്മുടെ പിൻഗാമികളായി വരുന്ന കാതോലിക്കാമാർ ഇവിടെ സ്ഥിരമായി താമസിക്കുകയും നമ്മെ തുടർന്ന് ഇവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹമെന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

പ്രിയരെ,

നമ്മുടെ ഭരണാരംഭത്തിൽ ഉണ്ടായിരുന്നവയും നമ്മുടെ ഭരണകാലത്ത് ആരംഭിക്കപ്പെട്ടിട്ടുള്ളവയുമായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പുരോ

ഗമന പ്രവർത്തനങ്ങളും നിങ്ങളെല്ലാവരും ചേർന്ന് ശക്തിപ്പെടുത്തിക്കൊണ്ടു പോകണം. കേരളത്തിനു വെളിയിൽ ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും ഇൻഡ്യയ്ക്കു പുറത്തും നമുക്ക് ഇപ്പോൾ ഇടവകകളും പള്ളികളുമുണ്ട് എന്നതിനെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. വിജാതികളെ ക്രിസ്തുവിന്റെ പ്രകാശത്തിലേയ്ക്കു കൊണ്ടുവരുന്നതിന് സ്ലീബാദാസ സമൂഹം എന്ന മിഷ്യനറി പ്രസ്ഥാനം, നല്ല നിലയിൽ നടത്തപ്പെടുന്ന ഒരു വൈദിക സിമ്മനാരി, സന്യാസീ സന്യാസിനീ മന്ദിരങ്ങൾ, വിദ്യാർത്ഥി വിദ്യാർത്ഥിനീ സംഘടനകൾ, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം എന്നീ ആത്മിക സ്ഥാപനങ്ങൾ നമ്മുടെ ജനങ്ങളുടെ ആത്മീയ വർദ്ധനയ്ക്കുവേണ്ടിയുള്ളവയാണ്. സ്കൂളുകളും കോളേജുകളും നമ്മുടെ സമുദായത്തിനുണ്ട്. അഭ്യസ്തവിദ്യരും സംസ്ക്കാര സമ്പന്നരുമാണ് നമ്മുടെ സ്ത്രീ പുരുഷന്മാർ. ഇവയ്ക്കൊക്കെയുംവേണ്ടി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടേതായ സംഘടനകളും സ്ഥാപനങ്ങളും മേല്ക്കുമേൽ ശക്തിപ്രാപിക്കുവാൻ നാം പ്രാർത്ഥിക്കുന്നതോടൊപ്പം അവ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാൻ നിങ്ങളുടെ ഓരോരുത്തരുടെയും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ദരിദ്രസംരക്ഷണം, ആതുരസേവനം ഇവ സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളാണ്. എന്നാൽ പല പ്രതിസന്ധികളിലൂടെ കഴിഞ്ഞ കാലങ്ങളിൽ സമുദായം കടന്നുപോകേണ്ടിവന്നതിനാൽ ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിപ്പാൻ നമുക്കു സാധിച്ചില്ല. എങ്കിലും ഒരു മെഡിക്കൽ മിഷൻ നാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയുമാണ്. ഈ മിഷൻ വിജയപ്രദമാക്കിതീർക്കാനുള്ള ബാദ്ധ്യത നമ്മുടെ മക്കളുടെ ഒരുമയും സ്നേഹവും ഒത്തിണങ്ങിയുമുള്ള സഹകരണവും ലഭിക്കുമെങ്കിൽ ഈ മിഷനും ഇതുപോലുള്ള മറ്റു പ്രവർത്തനങ്ങളും വിജയിക്കുമെന്നു നമുക്കുറപ്പുണ്ട്. ദൈവത്തിലും അവന്റെ അമിത ബലത്തിലും ശരണപ്പെട്ടുകൊണ്ടു നിങ്ങൾ മുമ്പോട്ടു പോകുവിൻ.

സഭകളുടെ യോജിപ്പിനുള്ള ആഗ്രഹം മുൻകാലങ്ങളിലേക്കാൾ കൂടുതലായി ഇക്കാലത്തുണ്ട്. വിവിധ സഭാ കേന്ദ്രങ്ങളിൽ നിന്നും ഐക്യതയുടെ സന്ദേശം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനം ഇതിനുവേണ്ടിയാണല്ലോ. പുരാതനവും പരിശുദ്ധവുമായ നമ്മുടെ വിശ്വാസാചാരങ്ങൾക്കും നമ്മുടെ അപ്പോസ്തോലികമായ സ്വാതന്ത്ര്യത്തിനും ഭംഗം വരാത്ത നിലയിലുള്ള ഒരു യോജിപ്പുണ്ടാകുന്നതു നല്ലതും ദൈവതിരുമുമ്പാകെ പ്രസാദകരവുമാണ്. ഇതേപ്പറ്റി ചിന്തിക്കുന്നതിന് വിശ്വാസത്തിൽ ഐക്യമുള്ള ഓർത്തഡോക്സ് സഭാ പ്രതിനിധികളുടെ

ഒരു സമ്മേളനം കൂടുന്നതിനെപ്പറ്റി നാം ചിന്തിച്ചിരുന്നു. എന്നാൽ നമ്മുടെ ദിവസങ്ങൾ തീർന്നിരിക്കുന്ന ഈ വേളയിൽ ഇതും ഇതുപോലുള്ള മറ്റു കാര്യങ്ങളും നമ്മുടെ പിൻഗാമിയും മെത്രാപ്പോലീത്തന്മാരും ചേർന്നു നിർവ്വഹിക്കുമെന്നു നാം ആശിക്കുന്നു. ശരീരപ്രകാരം നാം നിങ്ങളെ വിട്ടു പിരിഞ്ഞാലും ഇവയ്ക്കെല്ലാം വേണ്ടുന്ന കൃപകൾ ദൈവത്തിൽനിന്നു ലഭിപ്പാൻ നമ്മുടെ പ്രാർത്ഥന നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങളേവരും ദൈവഭക്തിയിലും നമ്മുടെ സഭയോടുള്ള സ്നേഹത്തിലും ഒട്ടും തണുത്തു പോകരുതെന്നു നമ്മുടെ ഹൃദയത്തിൽ വലുതായ ആഗ്രഹമുണ്ട് എന്ന് നിങ്ങളെ നാം അറിയിക്കുന്നു.

നമ്മുടെ വാത്സല്യമക്കളായ വൈദികരെ,

നിങ്ങൾ ഇക്കാലമത്രയും അനുസരണത്തോടും സ്നേഹത്തോടുംകൂടിയാണു നമ്മോടു വർത്തിച്ചിട്ടുള്ളതെന്നു നമുക്കറിയാം. നിങ്ങൾ ദൈവഭക്തിയിലും മേല്പട്ടക്കാരോടുള്ള അനുസരണത്തിലും സ്നേഹത്തിലും മേലിലും വർത്തിക്കുമെന്നു നമുക്കുറപ്പുണ്ട്. കശ്ശീശ്ശന്മാർ എപ്പിസ്കോപ്പന്മാരുടെ പ്രതിനിധികളാണ്. എപ്പിസ്കോപ്പായുടെ വലംകൈയായിനിന്നുവേണം നിങ്ങൾ പ്രവർത്തിപ്പാൻ. ദൈവിക രഹസ്യങ്ങളുടെയും മർമ്മങ്ങളുടെയും കാര്യവിചാരകത്വം ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്നു എന്നു സദാ ഓർത്ത് അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കയും, നിങ്ങളെയും നിങ്ങളുടെ സൂക്ഷിപ്പിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെയും കർത്താവിനുള്ളവരായി കാത്തുകൊള്ളുകയും നമ്മുടെ സഭ ശക്തിപ്പെടുവാൻ തക്കവിധം കർത്താവിൽ ശരണപ്പെട്ടും, ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും എതിർക്കുവാൻ ശക്തിയുള്ളവരായി നമ്മുടെ കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് സദാ ഉണർന്നിരിക്കുകയും ചെയ്വിൻ. അപ്രകാരം തന്നെ ശെമ്മാശ്ശന്മാരും വിശുദ്ധിപാലിക്കുന്നവരും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ആത്മിക ശുശ്രൂഷയ്ക്കൊത്തവണ്ണം നടക്കുന്നതിന് ജാഗ്രതയുള്ളവരും ആയിരിക്കണം.

നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരെ,

ദീർഘവർഷങ്ങൾ നിങ്ങളോടുകൂടെ ജീവിച്ചിരുന്നു ദൈവത്തിന്റെ സഭയെ മേയിച്ചു ഭരിപ്പാൻ നമുക്കു സംഗതിയായി. നമ്മുടെ സൂക്ഷിപ്പിൽ ഏല്പിക്കപ്പെട്ടിട്ടുള്ള ആട്ടിൻകൂട്ടത്തെ നമ്മൾ എങ്ങനെ വഴിനടത്തി എന്ന് ആടുകളുടെ ഉടമസ്ഥനും മഹാ ഇടയനുമായ നമ്മുടെ കർത്താവിന്റെ മുമ്പാകെ നാമും നിങ്ങളും കണക്കു ബോധിപ്പിക്കേണ്ടിവരും. വി. പൗലൂസ് ശ്ലീഹാ എപ്പേസൂസിലെ എപ്പിസ്കോപ്പന്മാരോടു പറഞ്ഞിരിക്കുന്ന പ്രകാരം നിങ്ങളെ തന്നെയും ദൈവം തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ എപ്പി

സ്ക്കോപ്പന്മാരാക്കി വച്ചിരിക്കുന്ന ആട്ടിൻകൂട്ടത്തെ മുഴുവനും കാത്തു കൊൾവിൻ. സഭയുടെ കെട്ടുപണിക്കാരും വിശ്വാസത്തിന്റെ കലവറക്കാരുമായ നിങ്ങൾ ഐകമത്യ മുള്ളവരായിരുന്നാൽ ആർക്കും നമ്മുടെ സഭയെ ക്ഷീണിപ്പിക്കാനോ ഛിദ്രിപ്പിക്കാനോ കഴിയുകയില്ല. നമ്മെ തുടർന്നു നിങ്ങളോരോരുത്തരും ഇഹലോകത്തിലെ ഓട്ടം തികച്ചശേഷം കണക്കുകൊടുക്കുവാൻ നമ്മുടെ കർത്താവിന്റെ സിംഹാസനത്തിൻമുമ്പാകെ നില്ക്കേണ്ടതാകുന്നു. നിങ്ങൾക്കുമുമ്പേ നാം പോകുന്നു. അന്നു ബലഹീനനായ നാമും നിങ്ങളും മുഖപ്രസാദത്തോടുകൂടെ കർതൃതിരുമുമ്പാകെ കാണപ്പെടുന്നതിനും കരുണ പ്രാപിക്കുന്നതിനും സംഗതിയാകട്ടെ. നമ്മുടെ വാക്കുമൂലമോ പ്രവൃത്തിമൂലമോ നമ്മുടെ സഹോദരന്മാരായ നിങ്ങളിൽ ആരെയെങ്കിലും വേദനപ്പെടുത്തിയിട്ടുള്ളതായി നിങ്ങളിൽ ആർക്കെങ്കിലും തോന്നുന്ന പക്ഷം, നമ്മുടെ കർത്താവിന്റെ സ്നേഹത്തെപ്രതി നിങ്ങൾ നമ്മോടു ക്ഷമിക്കണമെന്നു നാം അപേക്ഷിക്കുന്നു. നിങ്ങളിൽ ആരെപ്പറ്റിയും നമ്മുടെ ഹൃദയത്തിൽ യാതൊരു വഴക്കും ഇല്ല. നമ്മോടുള്ള നിങ്ങളുടെ സ്നേഹത്തിലും സഹകരണത്തിലും നമ്മുടെ ഹൃദയത്തിൽ സംതൃപ്തിയാണുള്ളത്. നമ്മുടെ രോഗശയ്യയിൽ നമ്മോടുകൂടെ താമസിച്ചും നമ്മെ വന്നു കണ്ടും ആശ്വസിപ്പിക്കുകയും നമ്മുടെ ആശ്വാസത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടുമുള്ള അഗാധമായ കൃതജ്ഞത നാം വ്യക്തമാക്കിക്കൊള്ളട്ടെ. അപ്പഴപ്പോൾ നമ്മെ പരിശോധിച്ചു ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർമാരോടും വൈദ്യന്മാരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി നാം ഇവിടെ രേഖപ്പെടുത്തുന്നു.

നമ്മുടെ രോഗക്കിടക്കയ്ക്കടുത്തുനിന്ന് നമ്മെ പരിചരിച്ചുകൊണ്ടിരുന്ന നമ്മുടെ വാത്സല്യസഹോദരന്മാരായ മെത്രാപ്പോലീത്തന്മാരോടും അനുഗ്രഹിക്കപ്പെട്ട മക്കളായ പട്ടക്കാരോടും ശെമ്മാശന്മാരോടും, വൃദ്ധനായ നമ്മുടെ സേവനത്തിൽ സദാ ജാഗരൂകരായിരുന്നു നമ്മെ പരിചരിച്ചിട്ടുള്ള നമ്മുടെ ആത്മിക വാത്സല്യപുത്രന്മാരോടും നമുക്കുള്ള നന്ദി എവ്വിധമാണുപ്രകടിപ്പിക്കേണ്ടതെന്നു നമുക്കറിഞ്ഞുകൂടാ. അവർക്കുവേണ്ടി നമ്മുടെ ദൃഷ്ടിയെ നമ്മുടെ കർത്താവിന്റെ സന്നിധിയിലേക്കു നാം ഉയർത്തുന്നു. തന്റെ വാഴ്വേറിയ തൃക്കരങ്ങളിൽനിന്നു അവർക്കു ധാരാളമായ കൃപകളും അനുഗ്രഹങ്ങളും നൽകുവാൻ നാം പ്രാർത്ഥിക്കുന്നു.

പ്രിയ മക്കളെ,

നമ്മുടെ ദീർഘമായ ഭരണകാലത്ത് നാം നിങ്ങളെ ആരെയെങ്കിലും വിഷമിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ നഷ്ടപ്പെടുത്തുകയോ, മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം നമ്മുടെ

രക്ഷിതാവായ കർത്താവിന്റെ നാമത്തിൽ ക്ഷമിക്കണമെന്നും നാം നിങ്ങളോരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അത് നമ്മുടെ മനസ്സിൽ അല്പം പോലും ശേഷിച്ചിട്ടില്ലെന്നും മിശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

കടശ്ശി, അനുഗ്രഹിക്കപ്പെട്ട നമ്മുടെ മക്കളെ, ദൈവതിരുമുമ്പാകെ തന്റെ ഏകജാതനായ പുത്രനല്ലാതെ ഒരുവൻ പോലും കുറ്റമില്ലാത്തവനായിട്ടില്ല. ബലഹീനനും പാപിയുമായ നാം തന്റെ കരുണയിൽ മാത്രം അഭയപ്പെടുന്നു. മരണത്തിന്റെ വാതിൽ കടന്ന് പരലോകത്തിൽ എത്തേണ്ട സമയം ഇതാ നമുക്കു തൊട്ടടുത്തിരിക്കുന്നു. നമ്മുടെ യാത്രയിൽ ദൈവികമായ കൃപയും ആശ്വാസവും നമുക്കു ലഭിപ്പാൻ നിങ്ങളോരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കുകയും, പട്ടക്കാർ നമുക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു. നമ്മുടെ ആയുഷ്ക്കാലത്തു പല പ്രകാരത്തിൽ നമ്മെ സഹായിച്ചിട്ടുള്ള നമ്മുടെ വാത്സല്യമക്കളിൽനിന്ന് അവസാനമായി നമുക്കു ലഭിപ്പാനുള്ള സഹായം ഇതാകുന്നു. വി. പൗലൂസ് അപ്പോസ്തോലൻ പറഞ്ഞിട്ടുള്ള പ്രകാരം "നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടുനടന്നവനായ എന്റെ മുഖം നിങ്ങൾ ഇനി ആരും കാണുകയില്ല എന്നു ഞാൻ അറിയുന്നു..." നിങ്ങൾക്ക് ആത്മികവർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു. ഉത്തമനും വിശ്വസ്തനുമായ ദാസാ എന്ന വിളി നമ്മുടെ കർത്താവിന്റെ തിരുവായിൽനിന്നു കേൾപ്പാൻ നമുക്കു സംഗതിയാകട്ടെ. നാം കടന്നുപോയ ശേഷവും നമ്മുടെ വാത്സല്യഭാജനങ്ങളായ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ ഉണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെയും ഓർപ്പിൻ. നിങ്ങളേവരും സമാധാനത്തോടെ വസിപ്പിൻ.

നമ്മുടെ കർത്താവായ യേശുമിശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുതൃക്കൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈയോടു കൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും നിങ്ങ ളുടെ കൈകൾ ചെയ്യുന്ന എല്ലാ നല്ല വേലകളെയും അനുഗ്രഹിക്കുകയും, നമ്മെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചുപോയവരെയും തന്റെ സ്വർഗ്ഗീയ പർദൈസായിൽ ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യ ആശീർവാദങ്ങൾ നിങ്ങളേവർക്കും നാം നല്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ

ളെല്ലാവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വി. കന്യാമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ..... ഇത്യാദി.

മിശിഹാകാലം 1963 ഡിസംബർ 21 -ാം ന്,
മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ പെരുനാൾദിവസം
കോട്ടയം കാതോലിക്കാ സിംഹാസന അരമനയിൽനിന്നും. (ഒപ്പ്)

പട്ടത്വത്തിന്റെ പേരിൽ പട്ടാപ്പകൽ തട്ടിപ്പ്

അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായി 1895-ൽ അവരോധിക്കപ്പെട്ട അബ്ദൽ മശിഹാ പാത്രിയർക്കീസിനെ 1903-ൽ മുടക്കിയെന്നു മഞ്ഞനിക്കരയിൽ താമസിച്ച്, അന്ത്യോഖ്യാ പ്രതിനിധിയെന്ന് അവകാശപ്പെട്ടിരുന്ന മാർ യൂലിയോസ് മെത്രാച്ചനും; അതല്ല 1905-ലാണു മുടക്കിയതെന്ന് സ്ലീബാ മാർ ഒസ്താത്തിയോസും വട്ടിപ്പണക്കേസിൽ കോടതിയിൽ സത്യം ചെയ്തു മൊഴി കൊടുക്കുകയും മുടക്കിയാൽ ഉടൻ പട്ടത്വം നഷ്ടപ്പെടുമെന്നും ദൈവശാസ്ത്രത്തിന്റെ എ.ബി.സി.ഡി. പോലും അറിഞ്ഞുകൂടാ എന്നു വ്യക്തമാക്കുന്ന തരത്തിൽ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. മുടക്കുതീയതി സംബന്ധിച്ച് മാർ യൂലിയോസ് കേസു ജയിക്കാനായി മഞ്ഞനിക്കര ദയറായിൽ വച്ച് എഴുതി കോടതിയിൽ സമർപ്പിച്ച രേഖകൾ വ്യാജമാണെന്നു കോടതി കണ്ടുപിടിക്കുകയും 'ഒരവിശുദ്ധ സാക്ഷി' എന്ന സ്ഥാനം യൂലിയോസിനു ചാർത്തിക്കൊടുക്കുകയും ചെയ്തു. ദുഷ്ടലാക്കോടെ പ്രഖ്യാപിക്കുന്ന മുടക്ക് പിശാചിന്റെ ആയുധമാണെന്നു മഹാനായ ഇലഞ്ഞിക്കൽ ജോൺ വക്കീൽ വിശേഷിപ്പിച്ചിട്ടുണ്ട്. മുടക്ക് അകാരണമായി ആരെങ്കിലും പ്രയോഗിച്ചാൽ മുടക്കുന്ന ആൾ തന്നെ ദൈവമുമ്പാകെയും വിഢ്ഢിയായിത്തീരുകയേയുള്ളു. സിറിയൻ ഓർത്തഡോക്സ് സഭയിലെ തങ്ങൾ വഹിക്കുന്ന ഉന്നതസ്ഥാനത്തിനു അയോഗ്യരെന്നു ലോകം മനസ്സിലാക്കിയിട്ടുള്ള പല മേലദ്ധ്യക്ഷന്മാരും അവർ വാഴിച്ച മെത്രാന്മാരെ പിന്നീട് മുടക്കിയിട്ടുണ്ട്. സ്ഥാനത്തിനും പണത്തിനും അധികാരത്തിനുംവേണ്ടി പലരുടെ നേർക്കും മുടക്കെന്ന വാൾ വീശിയിട്ടുണ്ട്. വാളിന്റെ മുന പോയതല്ലാതെ മുടക്കു ലക്ഷ്യസ്ഥാനങ്ങളിൽ എത്തിയിട്ടില്ല. അതെല്ലാം വെള്ളത്തിലെ കുമിളകൾ പോലെ തകർന്നടിയുന്നു.

മുടക്കു മൂലം "പട്ടത്വം ഇല്ലാതായ" അബ്ദൽ മശിഹാ പാത്രിയർക്കീസ് വാഴിച്ച പ. ഗീവറുഗീസ് രണ്ടാമൻ ബാവായും ഒന്നാമത്തെ കാതോലിക്കാ പ. പൗലൂസ് മാർ ഈവാനിയോസും എല്ലാം ദൈവാത്മാഭിഷേകരഹിതരായിരുന്നു എന്ന് താരതമ്യേന വിവരദോഷികളായിരുന്ന ഒരു ജനവിഭാഗത്തെ പറഞ്ഞു ധരിപ്പിക്കുന്നതിനും കേസു നടത്താനും കുശാലായി ജീവിക്കാനും വേണ്ട പണം സമാഹരിക്കാനും മുടക്കിന്റെ വക്താക്കൾക്കു സാധിച്ചു. ഈ പശ്ചാത്തലത്തിലാണ് പ. ഗീവറുഗീസ് രണ്ടാമൻ ബാവായെ 1958-ലെ സുപ്രീംകോടതി വിധി വരെ "വൃദ്ധൻ പുന്നൂസ്" എന്നു വിളിച്ചുകൊണ്ടിരുന്നത്. 1958 സെപ്തംബർ 12-നു വെള്ളിയാഴ്ച

ഈ "വൃദ്ധൻ പുന്നൂസ്" തന്നെയാണ് യഥാർത്ഥ കാതോലിക്കായും മല ങ്കരമെത്രാപ്പോലീത്തായുമെന്നുള്ള സുപ്രീംകോടതിയുടെ അഞ്ചംഗ ഭര ണഘടനാ ബഞ്ച് അർത്ഥശങ്കയ്ക്കിടയില്ലാതെ അസന്ദിഗ്ദമായി പ്രസ്താ വിച്ചപ്പോൾ അന്നുവരെ ചില വടക്കൻപ്രദേശങ്ങളിൽ വൃദ്ധൻ പുന്നൂ സെന്നു കൂകി വിളിച്ചുകൊണ്ടുനടന്ന പല അക്ഷരവിരോധികൾ പ. ബാവാ എന്നു കണ്ട് അദ്ദേഹത്തിന്റെ തൃക്കരം ചുംബിച്ചു. ഇന്ന് നിന്ദിക്കു ന്നവർ പ. ബാവായെ നാളെ വന്ദിക്കുമെന്ന് വട്ടക്കുന്നേൽ മാത്യൂസ് റമ്പാൻ പറഞ്ഞത് പ്രവാചകശബ്ദമായി. ഒറ്റ രാത്രികൊണ്ടു പട്ടത്വം ശീമയിൽ നിന്നു പുഷ്പകവിമാനത്തിൽ പറന്നു വന്നോ എന്നു പലരും 52 വർഷം മുമ്പ് ചോദിക്കുമായിരുന്നു.

ഈ തട്ടിപ്പിന്റെ വാശിയും വീറും സത്യവും എന്തെന്ന് ഒട്ടും തിട്ടമില്ലാ തിരുന്ന ഒരു ജനക്കൂട്ടം പട്ടാപ്പകൽ പ്രകടിപ്പിച്ച ഒരു രംഗം ഇപ്പോഴും മന സ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. കൊല്ലം 62 കഴിഞ്ഞു. തിരു-കൊച്ചി ഹൈക്കോടതിയിൽ സമുദായക്കേസു തോറ്റതിനെത്തുടർന്ന് കാതോ ലിക്കാ വിഭാഗം അന്നു കൽക്കട്ടായിൽ ആയിരുന്ന ഗീവറുഗീസ് രണ്ടാ മൻ ബാവായ്ക്കു തിരിച്ചുവരവെ അടൂർ നിന്നു കോട്ടയം വരെ, ചരിത്രം സൃഷ്ടിച്ച ഒരു സ്വീകരണം നൽകി. പിന്നീട് വിഘടിത വിഭാഗത്തിന്റെ ചില ശക്തികേന്ദ്രങ്ങളിലും കാതോലിക്കാബാവായ്ക്ക് ഉജ്ജ്വല വര വേൽപുകൾ നൽകി. ഇവയിൽ സഹസ്രക്കണക്കിനാളുകൾ സംബ ന്ധിച്ചു.

ഇത്തരം സ്വീകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 1952-ൽ കുറു പ്പംപടിയിൽ നൽകപ്പെട്ടതായിരുന്നു. കോട്ടയത്തു നിന്ന് പ. ബാവായും നേതാക്കളും എത്തിയതിനെത്തുടർന്ന് പെരുമ്പാവൂർ മുതൽ കുറുപ്പം പടി വരെ വിഘടിതവിഭാഗം റോഡിന്റെ ഇരുവശങ്ങളിലും കറുത്തകൊടി പിടിച്ചുനിന്നു "വൃദ്ധപ്പുന്നൂസ് ഗോബായ്ക്ക്" എന്നു തൊണ്ട തുറന്ന് ആക്രോശിച്ചുകൊണ്ടിരുന്നു. ഇത്തരം പ്രതിഷേധത്തിന് കുറുപ്പംപടി ഹൈസ്ക്കൂളിലെ ഒരദ്ധ്യാപക വൈദികനും മറ്റും ചരട് വലിക്കുകയും സ്കൂൾകുട്ടികളെ പ്രതിഷേധറാലിക്കു പ്രേരിപ്പിച്ചുകൊണ്ട് സ്കൂളിൽ നി ന്നയയ്ക്കുകയും ചെയ്തു. സഭയിൽ സമാധാനം ഉണ്ടായശേഷം ഈ വൈദികൻ അങ്കമാലി ഭദ്രാസന കൗൺസിലിലിരുന്നുകൊണ്ട് സംസ്ക്കാ രകേദാരവും വിശാലഹൃദയനുമായ ഡോ. ഫീലിപ്പോസ് മാർ തെയോ ഫിലോസിന്റെ നല്ല പരിഷ്ക്കാരങ്ങൾക്കെതിരായി മങ്ങാട്ടുംപള്ളി അല ക്സാണ്ടർ അച്ചനുമൊന്നിച്ച് പാര വയ്ക്കുകയും മെത്രാപ്പോലീത്തായെ പുകച്ചു പുറത്തുചാടിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ കാറിനു തീ വയ്ക്കുന്നതിനു ചൂട്ടു പിടിയ്ക്കുകയും ചെയ്തതും ആധു നികചരിത്രമാണ്.

ഈ വാധ്യാരച്ചനും ഫാ. അലക്സാണ്ടർ മങ്ങാട്ടുംപള്ളിയും ഭദ്രാസനത്തിനും മെത്രാപ്പോലീത്തായ്ക്കും എതിരെ നടത്തിയിട്ടുള്ള ദുഷ്ചെയ്തികളെപ്പറ്റി അരമന കൈയേറ്റശ്രമങ്ങൾക്കിടയിൽ അന്ന് മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കവേ അരമന മാനേജർ ഫാ ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പായിൽ നിന്നു നേരിട്ടു മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ കടലാസിൽ എഴുതാൻ അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതല്ലായിരിക്കാം എന്നു കരുതി വിടുകയാണ്.

ആയുസിൽ ഒരിക്കലെങ്കിലും ഒരു യഥാർത്ഥ ബാവായെ കണ്ടിട്ടില്ലാത്തവർ ബാവാ ഒരു വനിതയാണെന്നുള്ള ധാരണയിലാണ് "വൃദ്ധ പുന്നൂസ്" എന്നു നോട്ടീസടിച്ചു വൈദ്യുതിപോസ്റ്റിലും മറ്റും ഒട്ടിച്ചതെന്നും ആണാണെന്ന് ബോദ്ധ്യമുണ്ടായിരുന്നു എങ്കിൽ "വൃദ്ധൻ പുന്നൂസ്" എന്നാണ് എഴുതേണ്ടിയിരുന്നതെന്നും സ്വീകരണ സമ്മേളനത്തിൽ മുൻ കേന്ദ്ര മന്ത്രി സി. എം. സ്റ്റീഫൻ ചെയ്ത പ്രസംഗത്തിൽ പറഞ്ഞ വസ്തുത എനിക്കു മറക്കാനാവുന്നില്ല. എന്തായാലും ബാവാ ഒരാണാണെന്നു കുറുപ്പംപടിയിലെ വേണ്ടത്ര അറിവില്ലാത്ത ഒട്ടധികം ജനങ്ങൾ അന്നു നേരിൽ കണ്ടു മനസ്സിലാക്കി. പട്ടത്വം സംബന്ധിച്ച തട്ടിപ്പിനെ, വളരെയധികം ഗവേഷണപഠനം നടത്തിയശേഷം തുറന്നു കാട്ടിയ ഫാ. കെ. പി.പൗലൂസ് ബി.ഡി. കിടങ്ങേത്തു തോമ്പ്ര കല്ലറയ്ക്കപ്പറമ്പിൽ (ഇദ്ദേഹം മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ പിതൃസഹോദരനാണ്) 60 വർഷം മുമ്പ് (1952-ൽ) എഴുതിയ "കാനോനിക പാത്രിയർക്കീസ് ആര് അബ്ദള്ളയോ അബ്ദൽ മ്ശിഹാ ബാവായോ?" എന്ന പുസ്തകം ഒട്ടും മാറ്റം വരുത്താതെ സത്യാന്വേഷികളും സഭാചരിത്രത്തിൽ താല്പര്യമുള്ളവരും വേണ്ടവിധം അറിയാൻ വേണ്ടി ഇവിടെ ചേർക്കുകയാണ്.

ഒരവിശുദ്ധ 'വാവാ'യുടെ "വിശുദ്ധ കള്ളക്കളി"

എഴുപതു വർഷം മുമ്പ് മഞ്ഞനിക്കരയിൽ താമസിച്ചിരുന്ന യൂലിയോസ് എന്ന സിറിയായിലെ ഓർത്തഡോക്സ് സഭാ മെത്രാനും അബ്ദുൾ ആഹാദ് റമ്പാനും (പിന്നീട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്) തങ്ങൾക്ക് പാത്രിയർക്കീസ് കക്ഷിയുടെ മലങ്കരമെത്രാപ്പോലീത്താ എന്ന് അന്നു പറയപ്പെട്ടിരുന്ന പൗലോസ് മാർ അത്താനാസ്യോസിന്റെ മേൽ പാത്രിയർക്കീസിന്റെ അധികാരം ഉണ്ടെന്ന് അവകാശപ്പെട്ടുകൊണ്ടിരുന്നു. സിറിയായിൽ നിന്നു വരുന്ന റമ്പാനെയും മെത്രാനെയും തൊലി വെളുത്തവരാകയാൽ വേണ്ടത്ര കാര്യവിവരമില്ലാത്തവർ "വാവാ ... വാവാ" എന്നു വിളിച്ചിരുന്നു. ഏദൻതോട്ടത്തിലെ (ഇറാക്ക്) പഴം തിന്നതുകൊണ്ടാണ് മെത്രാന്മാരുടെ തൊലി വെളുത്തിരിക്കുന്നതെന്നു വടക്കുള്ള ചില സ്ത്രീകളും വിശ്വസിച്ചിരുന്നു. ഇതേപ്പറ്റി ഒരിക്കൽ ഡോ. തോമസ് മക്കാറിയോസിനോട് വടക്കൻദേശത്തു ചെയ്ത ഒരു പ്രസംഗത്തെ തുടർന്ന് ഒരു വല്യമ്മ സംശയം ചോദിച്ചപ്പോൾ, ഏദൻതോട്ടത്തിന്റെ നടുവിലെ മരത്തിൽ നിന്ന് ഒരു പഴം ഒരു വല്യമ്മ പണ്ട് പറിച്ചു തിന്നുകയും ഭർത്താവിന് കൊടുക്കുകയും ചെയ്തതിന്റെ പാപവും ശാപവും ഇന്നും തുടരുകയാണല്ലോ എന്നനുസ്മരിപ്പിക്കുകയുണ്ടായി. അപ്പോൾ എന്നും അവിടത്തെ പഴം തിന്നുന്നവരുടെ നടപടി എന്താവും എന്നും മാർ മക്കാറിയോസ് ചോദിച്ചു. "വാവാ" വിളിയെപ്പറ്റി കാലം ചെയ്യുന്നതിനു മുമ്പ് പുത്തൻകാവു മാർ പീലക്സീനോസ് 1951 ഏപ്രിൽ 17-നു കുന്നംകുളത്തു ചെയ്ത തന്റെ അന്ത്യപ്രഭാഷണത്തിൽ ഇങ്ങനെ പറഞ്ഞു:

''പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആണ് അന്ത്യോഖ്യാ ബന്ധം മലങ്കരയിൽ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ ചില 'കുസൃതികൾക്ക്' ശേഷം അദ്ദേഹവും പരലോകപ്രാപ്തനായി. കാലങ്ങൾ കഴിഞ്ഞുപോയി. അന്ത്യോഖ്യായിൽ നിന്ന് മുടക്കുകളായ ബ്രഹ്മാസ്ത്രങ്ങൾ തെരുതെരെ മലങ്കരയിൽ ചുഴറ്റിക്കൊണ്ടിരുന്നു. അപ്പോഴായിരുന്നു കർമ്മധീരനും പണ്ഡിതശിരോമണിയുമായ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനിയുടെ ചങ്കിനു ഒരസ്ത്രം പതിച്ചത്. അദ്ദേഹം ചരിത്രം പഠിച്ച ആളല്ലേ? വട്ടശ്ശേരിൽ തിരുമേനി ചോദിച്ചു "എന്തിനാണ് എന്നെ മുടക്കിയത്?" എന്ന്. മറുപടിയോ 'നാം മുടക്കിയിരിക്കുന്നു'വെന്നു മാത്രം.

പ്രിയരേ, ഒന്ന് ഓർത്തോളിൻ! പാത്രിയർക്കീസിൽ നിന്നു മാത്രമേ

പട്ടമേൽക്കുവാൻ നിയമമുള്ളൂ എന്ന ഭാവേനയും പാത്രിയർക്കീസിന്റെ എല്ലാ അധികാരപ്രമത്തതകൾക്കും വട്ടശ്ശേരിൽ തിരുമേനി വഴങ്ങിക്കൊടുത്തില്ലാ എന്ന നിരാശയും കൊണ്ടുമാണ് പാത്രിയർക്കീസ് 'നാം മുടക്കിയിരിക്കുന്നു'വെന്നു മാത്രം ധൈര്യമായി പറയുവാൻ മുതിർന്നത്. ഈ മണ്ണിൽ നിന്നു മുളച്ചുവന്ന പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ തിരുമേനിയും പുന്നത്ര, ചേപ്പാട്ട് തിരുമേനിമാരും ഏതു പാത്രിയർക്കീസിൽ നിന്നാണ് പട്ടമേറ്റു മലങ്കര മെത്രാപ്പോലീത്തന്മാരായി വാണത്? തൊഴിയൂർ ഇടവകയുടെ കിടങ്ങൻ മാർ പീലക്സീനോസാണ് അവരെ പട്ടം കെട്ടിയത്. ഇതൊന്നും ആ ശീമക്കാരൻ ബാവാ മനസ്സിലാക്കിയില്ല. അദ്ദേഹത്തിന് അത് അറിഞ്ഞും കൂടാ. അദ്ദേഹത്തിന്റെ അനുയായികൾക്കും അത് അറിവുണ്ടായിട്ടും അവർ അത് മറന്നിരിക്കുമോ? ഇല്ല.

പാത്രിയർക്കീസിനു മാത്രമേ മേൽപ്പട്ടം കൊടുപ്പാൻ അധികാരമുള്ളു എന്നും അദ്ദേഹമാണ് പരമാധികാരിയെന്നും പാത്രിയർക്കീസ് ധരിച്ചു. മെത്രാൻപട്ടം ഏൽക്കുവാൻ ശീമയിൽ പോയാൽ മാത്രമേ സാദ്ധ്യമാകയുള്ളു പോലും!

നെസ്തോറിയരിൽ നിന്ന് പട്ടം ലഭിച്ചിട്ടുള്ള മേൽപ്പട്ടക്കാർ പോലും സഭയിൽ ഉണ്ടായിട്ടുണ്ട്. കഷ്ടം! ഇവയെ സാധൂകരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് 'തന്നിൽ നിന്നു മാത്രമേ പട്ടമേൽക്കാവൂ' എന്ന് ശഠിക്കുകയും പട്ടമേറ്റവരുടെ മേൽ ഇടതടവില്ലാതെ മുടക്കുകൾ വർഷിക്കുകയും ചെയ്യുന്നു. ഇവയെ നാം സ്വീകരിക്കണം പോലും! ആ ഭാഗവും നാം വിടുന്നു.

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കു കല്പിച്ച ആ പാത്രിയർക്കീസ് ആരായിരുന്നു? അദ്ദേഹത്തിന്റെ സ്വഭാവം എന്തായിരുന്നു? അദ്ദേഹം എങ്ങനെ പാത്രിയർക്കീസ് ആയി? ഇവയെക്കുറിച്ച് വിവരിക്കുവാൻ ഒട്ടും ആഗ്രഹമില്ല. ആരോഗ്യം അതിന് അനുവദിക്കുന്നുമില്ല. എന്നാൽ ഒന്നു മാത്രം നാം ഓർത്തിരിക്കണം. ഗവൺമെന്റ് അധികാരികൾക്കു കൈക്കൂലി കൊടുത്തു സാക്ഷാൽ പാത്രിയർക്കീസിന്റെ ഫർമാൻ പിൻവലിപ്പിച്ചതിനു ശേഷമാണ് ഒരുനാൾ സത്യസഭയെ ത്യജിച്ച് റോമാസഭയിൽ ചേർന്ന ആ 'വന്ദ്യ ദേഹം' പരിശുദ്ധ സിംഹാസനത്തിൽ വലിഞ്ഞു കയറിയിരുന്നത്. അതും വിട്ടേക്കട്ടെ?

വട്ടശ്ശേരിൽ തിരുമേനിയെ അന്യായമായി മുടക്കി എന്ന സംഭവം മലങ്കരയെ ആകമാനം വിറകൊള്ളിച്ചു. വിദ്യാസമ്പന്നനും ഭക്തശിരോമണിയുമായ ആ തിരുമേനിയും മറ്റു മെത്രാപ്പോലീത്തന്മാരും ഇടവകക്കാരും കൂടി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരയോടുള്ള കുതിരകയറ്റം നിർത്തുവാൻ പാത്രിയർക്കീസിനു സമാധികാരമുള്ളതും പാത്രിയർക്കാ

സിംഹാസനത്തേക്കാൾ 94 വയസു കൂടുതൽ പ്രായമുള്ളതുമായ കാതോലിക്കാ സിംഹാസനം, മലങ്കരയിൽ പുനഃസ്ഥാപിക്കുവാൻ ഉറച്ചു. മൂന്നു മെത്രാപ്പോലീത്തന്മാർക്ക് ഒരു പാത്രിയർക്കീസിനെയോ ഒരു കാതോലിക്കായെയോ വാഴിക്കുവാൻ അധികാരമുണ്ടെന്നും, എന്നാൽ കാതോലിക്കാ ജീവിച്ചിരിക്കുമ്പോൾ പാത്രിയർക്കീസിനെ പട്ടം കെട്ടുന്നതിന് കാതോലിക്കായേയും, പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ കാതോലിക്കായെ പട്ടം കെട്ടുന്നതിന് പാത്രിയർക്കീസിനെയും അന്യോന്യം ക്ഷണിക്കണമെന്നുമുള്ള കാനോൻ നിബന്ധനയനുസരിച്ച് പൗരസ്ത്യരായ നാം സാക്ഷാൽ പാത്രിയർക്കീസായ മാർ അബ്ദൽ മിശിഹാ ബാവായെ ക്ഷണിക്കുകയും, അങ്ങനെ കാതോലിക്കാ വാഴ്ചയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമുക്കുണ്ടാകുകയും ചെയ്തു. അങ്ങനെ പാത്രിയർക്കീസിന്റെയും മറ്റു തിരുമേനിമാരുടെയും സഹകരണത്തിൽ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിതമായി. പാത്രിയർക്കാ സിംഹാസനം തന്നെ അന്ത്യോഖ്യായിൽ നിന്നു മാറ്റി, ഇപ്പോൾ ഹോംസിലായിത്തീർന്നല്ലോ (2012-ൽ പാത്രിയർക്കാ സിംഹാസനം ഒരിടത്തുമില്ലാതായി). എഡേസ്സായിൽ ഉണ്ടായ കാതോലിക്കാ സിംഹാസനവും ഇപ്പോൾ മലങ്കരയിലേക്കു മാറ്റിസ്ഥാപിക്കപ്പെട്ടിരിക്കയാണ്. സ്ലീബാ മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും മാർ അബ്ദൽ മിശിഹാബാവാ മുടക്കപ്പെട്ട ആളാണെന്ന് ഒരേ നിഗമനം ആസ്പദമാക്കിക്കൊണ്ട് മൊഴി കൊടുക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ മാർ അബ്ദൽ മിശിഹാ ബാവാ മുടക്കപ്പെട്ട ആളോ അല്ലയോ എന്നു തെളിയിക്കുവാൻ നാമും കരുതുന്നില്ല. എങ്കിലും നിങ്ങൾ ഒന്ന് അറിഞ്ഞിരിക്കണം. വിശ്വാസവിപരീതം കൊണ്ടല്ലാതെ ഒരു പാത്രിയർക്കീസിനെ മുടക്കുവാൻ ആർക്കും അധികാരമില്ല. മാർ അബ്ദൽ മിശിഹായുടെ വിശ്വാസവിപരീതം എന്തായിരുന്നുവെന്ന് അന്ത്യോഖ്യാ ഭക്തന്മാർ തെളിയിക്കട്ടെ.

പ്രിയരെ! നാം അധികം പറയുന്നില്ല. നമ്മൾ തന്നെയാണ് ഈ പ്രയാസം എല്ലാം വരുത്തിക്കൂട്ടിയത്. ഞാൻ ഒരു ദിവസം മാർ യൂലിയോസു 'ബാവാ'യുടെ അടുക്കൽ പോയിരുന്നു. നാമും അദ്ദേഹവും തമ്മിൽ വലിയ അടുപ്പമാണ്. നാം മഞ്ഞനിക്കരയ്ക്കു പോയാൽ അദ്ദേഹം നമുക്ക് കാപ്പി തരും. മറ്റാർക്കും കിട്ടിയില്ലെങ്കിലും നമുക്കു കണിശമാ. അദ്ദേഹം ബഥേലിലും വരാറുണ്ട്. നാം അദ്ദേഹത്തോട് ചോദിച്ചു. 'ആബൂനാ നിങ്ങളും ഞാനും തമ്മിൽ പട്ടത്വത്തിനു വ്യത്യാസം ഉണ്ടോ?' അദ്ദേഹം പറഞ്ഞു. 'അന്ത്യോഖ്യാ പാത്രിയർക്കീസും കാതോലിക്കായും നടത്തുന്ന പട്ടംകൊട ശുശ്രൂഷാക്രമം ഒന്നുതന്നെയാണെങ്കിലും നിങ്ങളുടെ പട്ടം ശരിയല്ല!' ഞാൻ പറഞ്ഞു. 'ഓ-ഹോ- അതു ശരി തന്നെ! ഞാൻ പാത്രിയർക്കീസിൽ നിന്നു പട്ടമേറ്റാൽ ഞാനും നിങ്ങളും തമ്മിൽ

പട്ടത്വത്തിൽ വ്യത്യാസമുണ്ടോ? അദ്ദേഹം പറഞ്ഞു. 'ഒട്ടും തന്നെ വ്യത്യാസമില്ല.' ഞാൻ ചിരിച്ചു കൊണ്ടു ചോദിച്ചു. 'എന്നാൽ നിങ്ങളെ എന്താണ് ബാവാ എന്നും, എന്നെ മെത്രാൻ എന്നും ആളുകൾ വിളിക്കുന്നത്?' ആളുകൾ വിളിക്കുന്നതിന് ഞാനാണോ ഉത്തരവാദി' എന്നും പറഞ്ഞുകൊണ്ട് ഒരു പച്ചച്ചിരി പുറത്തു പ്രകാശിപ്പിച്ചു. നമ്മുടെ അറിവില്ലായ്മ ആ പുഞ്ചിരിയിൽ അന്തർലീനമായിരുന്നു. ഏതെങ്കിലും ഒരു ചുമപ്പു വസ്ത്രധാരി ശീമയിൽ നിന്നു മലങ്കരയിൽ വന്നാൽ നാം തന്നെ അവരെ വിളിക്കുകയാണ്. 'വാ വാ' എന്ന്. ഏതൊരു ശീമമെത്രാൻ വന്നാലും 'വാവാ.' ആ 'വാവാ' മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും സംബോധനയായി. യൂലിയോസ്സ് 'വാവാ.'

നമുക്കുതന്നെ സ്വായാധികാരം ഉണ്ടെന്നും പാത്രിയർക്കാ സിംഹാസനത്തേക്കാൾ പഴക്കം കൂടിയതാണ് വിശുദ്ധ കാതോലിക്കാ സിംഹാസനം എന്നും നാം മനസ്സിലാക്കാതെ ശീമക്കാർ അവരുടെ അധികാരം മലങ്കരയിൽ ചെലുത്തുവാൻ പതുങ്ങി പതുങ്ങി വരുമ്പോൾ നാം അവരെ വാ - വാ എന്നു സംബോധന ചെയ്തു സ്വീകരിക്കുന്നു. അങ്ങനെ ശീമയിലെ മെത്രാൻ മലങ്കരയിൽ 'വാ-വാ'ന്മാർ ആയിത്തീരുന്നു.

ഞാൻ മറ്റൊരു ദിവസം മാർ യൂലിയോസിനോട് ചോദിച്ചു. 'മഞ്ഞനിക്കര പഠിപ്പിക്കുന്ന കാനോൻ ഏതാണെന്ന്.' യൂലിയോസിന്റെ മറുപടി ഹൂദായ കാനോൻ എന്നായിരുന്നു 'ആബൂനാ അതിൽ കാതോലിക്കായുടെ അധികാരത്തെക്കുറിച്ച് വായിച്ചിട്ടില്ലേ!' മറുപടിയില്ല. 'നിങ്ങളുടെ 18 അക്കം കാനോനിൽ തന്നെ. കാതോലിക്കായുടെ അധികാരത്തെക്കുറിച്ച് വായിച്ചിട്ടില്ലേ?' മറുപടി ഇല്ല; വെറും ഒരു പച്ചച്ചിരി മാത്രം.

പ്രിയരേ! കണ്ണുണ്ടായിട്ടും അവർ കാണുന്നില്ല; ചെവിയുണ്ടായിട്ടും കേൾക്കുന്നില്ല. പാവപ്പെട്ട മലങ്കരജനങ്ങൾ എന്തറിഞ്ഞു! അധികം ഏല്പിക്കപ്പെട്ടവരോട് അധികം ചോദിക്കും. അതിനാൽ കാനോൻ വ്യാഖ്യാനിക്കുന്ന മേല്പട്ടക്കാർ തന്നെ വായിക്കട്ടെ, ചിന്തിക്കട്ടെ, പിന്നീട് ജനങ്ങളെ പഠിപ്പിക്കട്ടെ!

എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു. വളരെയധികം പറയണമെന്ന് എനിക്കാഗ്രഹമുണ്ട്. എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾ എന്നെ വിഷമപ്പെടുത്തുന്നു. ആ സ്ത്രീയുടെ തലയിൽ ഞാൻ പറയുന്ന ചരിത്രമൊന്നും തന്നെ കയറുന്നില്ല എന്നു തോന്നും താടിയിൽ കയ്യും കുത്തി നിൽക്കുന്ന ആ നില്പു കണ്ടാൽ. ഈ ചരിത്രം തുടർന്നാൽ വല്ല പുരുഷനും അപ്രകാരം തന്നെ ഇനി നിന്നേക്കും.

രണ്ടാമതായി മൈക്ക് അതിന്റെ ജോലിയും നിർത്തി വച്ചു. എന്റെ നെഞ്ചുവേദനയും വർദ്ധിക്കുന്നു. പ്രിയരെ, നാം നാളെ കോട്ടയത്തേക്ക്

പോകണമെന്ന് ആഗ്രഹിക്കുന്നു. നിങ്ങൾ എനിക്കു ചെയ്തുതന്ന സകല സാഹചര്യങ്ങൾക്കും നന്ദി പറഞ്ഞുകൊള്ളുന്നു. അവസാനമായി ഞാൻ പറയുന്നു, വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യമൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ മൊഴികൾ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞു പോകരുത്. മലങ്കരസഭയുടെ നിലനില്പിനുവേണ്ടി അശ്രാന്തം പരിശ്രമിച്ച രണ്ടു മഹാപുരുഷന്മാരെ ദൈവം നിയോഗിച്ചയച്ച ഒരു പട്ടണമാണ് ഇത്. നമ്മുടെ സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവത്തോട് പ്രാർത്ഥിക്കയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം.

"Child is the father of the man." ഇന്നത്തെ യുവാക്കന്മാരാണ് സഭയെ പരിപാലിക്കേണ്ടത്. ഇന്നു സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരു പക്ഷേ **"ഞാനും നാളെയോ മറ്റന്നാളോ മരിച്ചുപോയേക്കാം."** അതിനാൽ യുവാക്കന്മാർ സഭാസ്നേഹികളായി സഭാ സേവനത്തിനു കച്ച കെട്ടണം. ഞാൻ മുമ്പു പറഞ്ഞതുപോലെ അന്ത്യോഖ്യാ സിംഹാസനത്തേക്കാൾ 94 വയസ്സു കൂടുതൽ പ്രായം ഉണ്ട് കാതോലിക്കാസിംഹാസനത്തിന്. പാത്രിയർക്കീസിന്റെ സമാധികാരം കാതോലിക്കായ്ക്കും ഉണ്ട്. ഇതാണ് നിഖ്യാ സുന്നഹദോസ് നിശ്ചയം. ഇവയൊന്നും നിങ്ങൾ മറന്നുപോകരുത്.

ഇപ്പോൾ വിശുദ്ധ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ ആയുരാരോഗ്യത്തിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ കാതോലിക്കാബാവാ നീണാൾ വാഴട്ടെ. നമുക്ക് പ്രാർത്ഥിക്കാം."

ഒരവിശുദ്ധ 'വാവാ' ആയിരുന്ന മാർ യൂലിയോസ് 1942-ലെ സമുദായ ക്കേസ് വിസ്താരവേളയിൽ കോടതിയിൽ നൽകാനായി പ. അബ്ദേദ് മശിഹായെപ്പറ്റി മഞ്ഞിനിക്കരയിൽ ഇരുന്നു ചമച്ച കത്തു രേഖ നേരിൽ കണ്ടതിനെ തുടർന്നാണ് അന്നു മഞ്ഞനിക്കര ദയറായിൽ മല്പാനും സിറിയായിൽ നിന്നു വന്ന മെത്രാന്മാരെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന ആളുമായിരുന്ന ഡോ. വി. സി സാമുവൽ എന്ന പ്രശസ്ത ദൈവശാസ്ത്രജ്ഞൻ ആ തടവറയിൽ നിന്ന് (ഗുഹയിൽ നിന്ന്) രക്ഷപെട്ട് കാതോലിക്കേറ്റിനെ അംഗീകരിച്ചതും വൈദികസെമിനാരി പ്രൊഫസറും സഭയുടെ ആഗോളസമിതികളിലെ പ്രതിനിധിയും മറ്റും ആയിരുന്ന് സഭയെ സേവിച്ചു കടന്നുപോയതും റവ. ഡോ. വി. സി സാമുവലിന്റെ "സ്വാനുഭവവേദിയിൽ" എന്ന പ്രശസ്തമായ ആത്മകഥയിൽ ഇങ്ങനെ പറയുന്നു:

"1942-ൽ സമുദായക്കേസ് വിസ്താരം നടന്നുകൊണ്ടിരുന്നു. അതിൽ മാർ യൂലിയോസിനെ ഒരു കമ്മീഷൻ മുഖേന വിസ്തരിക്കുവാൻ ജഡ്ജി

ബി. കൃഷ്ണയ്യരുടെ ബഞ്ചിൽ നിർദ്ദേശമുണ്ടായി. അതിന് മലയാളവും സുറിയാനിയും അറിയാവുന്ന ഒരു ദ്വിഭാഷി ആവശ്യമായി വന്നു. അതിന് രണ്ടു കക്ഷികളിലേയും നേതാക്കന്മാർ ഏകകണ്ഠമായി എന്നെ തിരഞ്ഞെടുത്തു. ഞാൻ കക്ഷി കാര്യത്തിൽ യാതൊരു അവിശ്വസ്തതയും കാണിച്ചിട്ടില്ല. എന്നെ ഏല്പിച്ച ജോലിയിലും സ്വന്തം മനസ്സാക്ഷിക്കെതിരായി ഞാൻ യാതൊന്നും ചെയ്തില്ല.

കേസിൽ പാത്രിയർക്കീസ് കക്ഷിയുടെ വക്കീൽ അനന്തപത്മനാഭയ്യർ ആയിരുന്നു. മാർ യൂലിയോസിനെ വാദമുഖങ്ങൾ പഠിപ്പിക്കുവാൻ കോട്ടയം വലിയപള്ളിയിൽ അദ്ദേഹം പല തവണ വന്നു. ആശയവിനിമയത്തിന് അവരെ സഹായിക്കുവാൻ ഞാൻ ചെങ്ങളത്തു നിന്ന് കോട്ടയത്തു വന്നുകൊണ്ടിരുന്നു. ആ ജോലിയും വിശ്വസ്തതയോടെ ഞാൻ ചെയ്തുപോന്നു.

കേസിലെ ഒരു പ്രധാന വാദം അബ്ദുൾ മശിഹാബാവായെ സുറിയാനി സഭയുടെ മെത്രാന്മാർ ചേർന്ന് മുടക്കിയിരുന്നു എന്നതാണ്. മെത്രാന്മാർ ചേർന്ന് ഒപ്പിട്ടിട്ടുള്ള ഒരു രേഖയുടെ കോപ്പിയാണ് തെളിവായി ഹാജരാക്കാൻ ഉദ്ദേശിച്ചിരുന്നത്. അത് ശരിയായ രേഖയാണെന്ന് സിറിയൻ നാടുകളിലെ ഒരു നോട്ടറി സാക്ഷ്യപ്പെടുത്തിയിരുന്നു. അത് കോടതിയിൽ കാണിച്ചാൽ വിജയം സുനിശ്ചിതമാണെന്നായിരുന്നു പാത്രിയർക്കീസ് കക്ഷിയുടെ ധാരണ. ഞാനും അങ്ങനെതന്നെ വിചാരിച്ചിരുന്നു. എന്നാൽ കോടതി അത് സ്വീകരിക്കുകയില്ല എന്ന് വക്കീൽ വ്യക്തമാക്കി. കാരണം, അതിൽ ഒപ്പുവച്ച നോട്ടറി ഉദ്യോഗസ്ഥന് അത് സാക്ഷ്യപ്പെടുത്തുവാൻ തക്കവണ്ണം സുറിയാനി അറിഞ്ഞുകൂടായിരുന്നു എന്നതു തന്നെ. അതിനു പകരം മാർ യൂലിയോസ് മർദ്ദീനിൽ പോയപ്പോൾ സുന്നഹദോസ് റെക്കോർഡിൽ മൂലരേഖ കണ്ടു എന്നും, അതു നോക്കി എഴുതിയെടുത്ത കടലാസ് തെളിവായി കോടതിയിൽ ഹാജരാക്കാം എന്നും വക്കീൽ പറഞ്ഞു. എന്നാൽ സത്യത്തിൽ മാർ യൂലിയോസ് അങ്ങനെയൊരു കടലാസ് മർദ്ദീനിൽ വച്ച് എഴുതിയിരുന്നില്ല. മഞ്ഞനിക്കര വച്ച് എഴുതിയുണ്ടാക്കുകയാണ് ചെയ്തിരുന്നത്. നോട്ടറി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരുന്നതും, കോടതിയിൽ വിലപ്പോവില്ല എന്നു വക്കീൽ പറഞ്ഞതുമായ രേഖയിൽ നിന്ന് മാർ യൂലിയോസ് അത് എഴുതിയുണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുള്ളതാണ്. ഈ സംഭവം എന്നെ വേദനിപ്പിച്ചു. കാരണം അബ്ദുൾ മിശിഹായുടെ സ്ഥാനം മുടക്കു മൂലം അസാധുവാണെന്ന് ഞാനും വിശ്വസിച്ചിരുന്നു. അതിന് ആസ്പദമായ രേഖ സത്യസന്ധമല്ലെന്ന് എനിക്കു മനസ്സിലായി. അത്രയും കാലം ഞാൻ പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചുനിന്നിരുന്നു. എന്നാൽ അവിടെക്കണ്ട പ്രകടമായ അസത്യത്തെ അഭിമുഖീകരിക്കുവാൻ തന്നെ ഞാൻ തീരു

മാനിച്ചു. ഇടവക മെത്രാപ്പോലീത്താ ആയ മീഖായേൽ മാർ ദീവന്നാസ്യോസിനോട് കാര്യങ്ങൾ തുറന്നു പറഞ്ഞ് എന്റെ മനസ്സാക്ഷി നിർമ്മലമാക്കുവാൻ ഞാൻ തീരുമാനിച്ചു. അദ്ദേഹം കാതോലിക്കോസ് കക്ഷിക്കെതിരായി വീറോടെ പ്രസംഗിച്ചു വന്നിരുന്നത് മനസ്സാക്ഷിയുടെ ബോദ്ധ്യത്തിന്റെ പ്രതിഫലനമായാണ് ഞാൻ കണ്ടത്. കോട്ടയം സിംഹാസനപ്പള്ളിയിൽ വെച്ച് ഞാൻ ശാന്തമായി കാര്യങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. അന്നു ഞാൻ വ്യക്തമാക്കിയ കാര്യം ഇതിനകം പല തവണ പറഞ്ഞിട്ടുള്ളതാണ്. "അബ്ദുൾ മശിഹാ ബാവായിൽ നിന്ന് കാതോലിക്കാ കക്ഷിക്കു ലഭിച്ച പട്ടത്വം അസാധുവാണെന്ന് പറയുന്നത്, പറയുന്നവരുടെ വാശിയുടെ പ്രകടനമല്ലാതെ, ഒരു കഴമ്പുമുള്ളതല്ല." ഇതേ ആശയം അബ്ദുൾ ആഹാദ് റമ്പാനോടും ഞാൻ പറഞ്ഞു.

1958-ൽ ഉണ്ടായ സമാധാനം മൂലം അബ്ദുൾ മശിഹായുടെ പട്ടത്വത്തെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസം നീങ്ങിയിരിക്കുവാനിടയുണ്ട്. ആ പട്ടത്തിന് യാതൊരു ന്യൂനതയും പറയാതെയായിരുന്നുവല്ലോ അന്നു സമാധാനം സ്ഥാപിച്ചത്. എന്നുതന്നെയുമല്ല അത് മലങ്കരസഭ അംഗീകരിച്ച ഭരണഘടനയ്ക്ക് വിധേയവുമായിരുന്നു. ആ സമാധാനത്തെയാണ് 1964-ൽ മാർ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് (അബ്ദുൾ ആഹാദ് റമ്പാൻ തന്നെ) സ്വീകരിച്ചതും. അതുകൊണ്ട് അബ്ദുൾ മിശിഹായുടെ പട്ടത്വം അതിനുശേഷം ഒരു വിവാദ വിഷയമായിരുന്നു കൂടാ.

1942-ലാണ് ഞാൻ സമുദായക്കേസിൽ പങ്കുവഹിച്ചത്. ആ കാലങ്ങളിൽ ശുശ്രൂഷകൾ സുറിയാനിയിലാണ് നടന്നിരുന്നത്. മനുഷ്യർക്കു മനസ്സിലാകാത്ത ഭാഷയിലാണല്ലോ ആരാധന നടത്തുന്നത് എന്ന കുണ്ഠിതം എനിക്കെന്നുമുണ്ടായിരുന്നു."

ശരിയായ പാത്രിയർക്കീസായ പ. അബ്ദേദ് മശിഹായെ 1903-ൽ സുറിയാനിസഭയുടെ മെത്രാന്മാർ ചേർന്ന് മുടക്കി എന്ന പ്രധാന വാദം കോടതിയിൽ തെളിയിക്കാനാണ് "മുടക്കിനു" ശേഷം മൂന്നു നാലു ദശാബ്ദങ്ങൾ കഴിഞ്ഞു മഞ്ഞനിക്കര ദയറായിൽ വച്ച് മാർ യൂലിയോസ് പഴയ മുടക്കു സംബന്ധിച്ച പുതിയ രേഖ രചിച്ചത്.

അന്ത്യോഖ്യൻ സഭാസ്ഥാപകനായ പത്രോസ് ശ്ലീഹാ താൻ യേശുക്രിസ്തുവിന്റെ ശിഷ്യനല്ലെന്ന് ഒരു ബാലികയോടും മറ്റും മൂന്നു തവണ കള്ളം പറഞ്ഞിട്ടുള്ളതിനാലും വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ സുന്ദരിയായ ഭാര്യ സാറ സ്വസഹോദരിയാണെന്ന് ഒരു പ്രത്യേക സാഹചര്യത്തിൽ കള്ളം പറഞ്ഞിട്ടുള്ളതിനാലും അവരേക്കാൾ താണ നിലവാരത്തിൽ സ്ഥിതിചെയ്യുന്ന താൻ ഒരു കള്ളക്കത്തു രചിക്കുന്നതിൽ തെറ്റില്ലെന്നായിരുന്നു ഒരു 'വിശുദ്ധനായ' (അ) യൂലിയോസിന്റെ യുക്തിചിന്ത!!

കാനോനിക പാത്രിയർക്കീസ് ആര്? അബ്ദള്ളാ ബാവായോ? അബ്ദൽ മ്ശിഹാ ബാവായോ?

പ്രാരംഭം

ഏകയോഗക്ഷേമമായി കൈക്കുകൈ കോർത്തുപിടിച്ച് അന്യോന്യം ശക്തിപ്പെടുത്തി മാതൃസഭയുടെ അഭിവൃദ്ധിക്കും പിതാവാം ദൈവത്തിന്റെ മഹത്വത്തിനുമായി പ്രവർത്തിക്കേണ്ട മലങ്കരസഭയുടെ അരുമസന്താന ങ്ങൾ വിധിവൈപരീത്യത്താൽ ഇന്നു പരസ്പര വൈരികളായി മത്സരി ക്കുന്നു. ചിലരുടെ വ്യക്തിവിദ്വേഷം, പ്രതാപമോഹം എന്നിവകളുടെ ഫല മായി മലങ്കരസഭയെ രണ്ടായി പിളർത്തിയിരിക്കുന്ന ഈ ഭിന്നത മൂലം വ്യക്തികൾക്കും സമുദായത്തിനു പൊതുവേയും നേരിട്ടിട്ടുള്ള ആദ്ധ്യാ ത്മികവും സാന്മാർഗ്ഗികവും, സാമുദായികവും സാമ്പത്തികവുമായ അധഃ പതനം ഭയങ്കരമാണ്. തുടർന്നുള്ള അതിന്റെ വർദ്ധമാനമായ വിനാശ വ്യാപ്തി കാണുവാൻ ദീർഘദൃഷ്ടി ആവശ്യമില്ല. കൺമുമ്പിൽ നടക്കുന്ന സംഭവങ്ങളെ കണ്ണുതുറന്നു നോക്കുന്ന ഏതൊരുവനും കാണാവുന്ന താണ്. അത് ഇന്നത്തെ തലമുറയെ നിരാശാഗർത്തത്തിലേക്കും യുവത ലമുറയെ സാന്മാർഗ്ഗികബോധരാഹിത്യത്തിലേക്കും നിരീശ്വരവാദത്തി ലേക്കും തള്ളിയിടുകയും ഭാവിതലമുറയുടെ സ്ഥിതി ചിന്തനീയം പോലു മല്ലാതാക്കിത്തീർക്കയും ചെയ്യുന്നു. ഈ പരിതസ്ഥിതിയിൽ ഈ വിനാ ശകരമായ ഭിന്നത എന്തിനു നിലനിർത്തിക്കൊണ്ടുപോകുന്നു എന്നു നേതൃത്വത്തിൽ കഴിവുള്ളവർ ചിന്തിക്കേണ്ടതാണ്. ചിലർ തങ്ങളുടെ വാദ സ്ഥാപനാർത്ഥം ചില നവീനോപദേശങ്ങൾ കൊണ്ടുവരുന്നുണ്ടെങ്കിലും ഒരുവനും ഇന്ന് അതു ശരിയായ വിശ്വാസമായി കരുതുന്നില്ല. ഭിന്നത ആരംഭിച്ചത് എങ്ങനെയെല്ലാമായിരുന്നാലും ഇന്ന് അതിനെ പുലർത്തി ക്കൊണ്ടുപോകുന്നത് അബ്ദൽ മ്ശിഹാ ബാവാ വഴിയുള്ള പട്ടത്വം സാധുവോ അസാധുവോ എന്നും ശരിയായ കാനോൻ ഏതെന്നും ഉള്ള രണ്ടു പ്രശ്നങ്ങളെ മുൻനിർത്തിയാണ്. ഇവ രണ്ടിനും ഖണ്ഡിതമായ മറുപടി കണ്ടുപിടിച്ചു സത്യത്തിന്റെ വെളിച്ചത്തിൽ ഈ ഭിന്നത അവ സാനിപ്പിക്കുവാൻ യത്നിക്കേണ്ടത് - ഏതു ത്യാഗത്തിനും സന്നദ്ധരാ കേണ്ടത് - മലങ്കരസഭയുടെ അരുമസന്താനങ്ങൾക്കുള്ള പ്രാഥമിക ചുമ തല മാത്രമാണ്.

ഈ വിഷയങ്ങൾ രണ്ടും സംബന്ധിച്ച് ദീർഘകാലം നടത്തിയ പരി ശ്രമഫലമായി കണ്ടുകിട്ടാവുന്ന രേഖകളും ലഭിക്കാവുന്ന വിവരങ്ങളും

പലതും പരിശോധിച്ചശേഷം അവയെ പാത്രിയർക്കീസുകക്ഷിയുടെ വാദ വെളിച്ചത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ആഗ്രഹിച്ചു. അതിനുവേണ്ടി അവരുടെ വാദമുഖങ്ങളും മറ്റും ക്ഷണിച്ചുകൊണ്ട് 3-9-1950-ൽ - ഒന്നിൽ ചില്വാനം വർഷങ്ങൾക്കു മുമ്പ് - പാത്രിയർക്കീസുപക്ഷം തിരുമേനിമാരോടും, നേതാക്കന്മാരോടും, പ്രേക്ഷകസംഘത്തോടും, ചന്ദ്രികയോടും, പീസ് ലീഗിനോടും മറ്റുമായി സഭാസേവകനിൽ ഞാൻ പരസ്യമായി ഒരഭ്യർത്ഥന ചെയ്തിരുന്നു. അതിപ്രകാരമാണ്:- "അന്ത്യോഖ്യാ സിംഹാസനാരൂഢനായിരുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദൽ മിശിഹാ പാത്രിയർക്കീസുബാവാ തിരുമേനി വഴിയായി ഇവിടെ ലഭിച്ചിട്ടുള്ള പട്ടത്വം സാധുവല്ലെന്നും മറ്റും പാത്രിയർക്കീസ് പക്ഷത്തു നിന്നും പറയുന്നതിൽ വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ ആ പക്ഷത്തെ ഉത്തരവാദിത്വമുള്ളവർ അതിനുള്ള കാരണങ്ങൾ ഓരോന്നും തെളിവുകൾ സഹിതം പ്രസ്താവിക്കുന്നതിനഭ്യർത്ഥിക്കുന്നു. ഓരോന്നിനും അടുക്കടുക്കായി മറുപടി പറയുന്നതിനും മറുപടി പറഞ്ഞു കഴിയുമ്പോൾ പിന്നെയും ഓരോരുത്തർ ഓരോ വാദം കൊണ്ടുവന്ന് ഒരു തീരാത്ത വാദപ്രതിവാദമാക്കിത്തീർക്കുകയും ഒരു കുഴഞ്ഞ പ്രശ്നമെന്നു സാധുക്കളെ തെറ്റിദ്ധരിപ്പിക്കയും ചെയ്യാതിരിക്കുന്നതിനുംവേണ്ടിയാണ് മേൽപ്രകാരം ആവശ്യപ്പെടുന്നത്. ഇപ്രകാരം തെളിവു നൽകുന്നത് ആ പക്ഷത്തേക്ക് ഒരു പ്രചരണം കൂടെ ആകയാൽ ആ പക്ഷം പ്രേക്ഷകസംഘവും, ചന്ദ്രികയും മൗനം അവലംബിക്കയില്ലെന്ന് ആശിക്കട്ടെയോ? സമാധാനയത്നത്തിലെ ഒരു സർവ്വപ്രധാന ഘടകം അബ്ദൽ മിശിഹാ ബാവായുടെ കാര്യമായാലും സത്യം കണ്ടുപിടിക്കുന്നതിന് ഒരു ഔദ്യോഗിക പ്രസ്താവന സഹായകമാകയാലും അപ്രകാരം ഒന്നു പുറപ്പെടുവിക്കുന്നതിലേക്ക് സമാധാന സംഘടനയും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അബ്ദൽ മിശിഹാ ബാവാ വഴിയായുള്ള പട്ടത്വത്തിന് എന്തെങ്കിലും ന്യൂനതയുണ്ടെന്നു പറയുന്ന കക്ഷി അതിനുള്ള കാരണങ്ങൾ തെളിവു സഹിതം പ്രഖ്യാപിക്കേണ്ടത് കേവലം ഒഴിച്ചുകൂടാത്ത കടമ മാത്രമാണ്." ഇതിന് യാതൊരു മറുപടിയും കാണാഞ്ഞതിനാൽ വീണ്ടും 10-6-51-ൽ എന്റെ പരസ്യം ഒന്നുകൂടെ ആവർത്തിച്ചു. അതിനും മറുപടി ഉണ്ടായില്ല. അതിനുശേഷം ഓരോ കക്ഷിക്കും ഇരുകക്ഷിയുടെയും നില ഏറെക്കുറെ ഗ്രഹിക്കുന്നതിനുവേണ്ടി ഇരുകക്ഷികൾക്കും പറയുവാനുള്ളത് ഏക പ്രസിദ്ധീകരണം വഴി മാത്രം പ്രസ്താവിക്കണമെന്നും മറ്റും കാണിച്ച് "മലങ്കരസഭയിലെ സമാധാനമാർഗ്ഗം" എന്ന ശീർഷകത്തിൽ, എറണാകുളത്തു നിന്നും പുറപ്പെടുന്ന "ദീപം" എന്ന പ്രതിദിനപ്പത്രത്തിൽ 14-7-51-ൽ എഴുതിയിരുന്നു. അതിനും മറുപടി ഒന്നും ഉണ്ടായില്ല. അബ്ദൽ മിശിഹാ ബാവായുടെ സ്ഥാനസാധുത്വം സംബന്ധിച്ച് എനിക്കു ലഭിച്ചിട്ടുള്ള അറിവുകൾ "സഭാസേവകൻ" 10-6-51-ൽ 63-ാം ലക്കം മുതൽ തുടർച്ചയായി പ്രസിദ്ധം

ചെയ്യുകയും അതിൽ എന്തെങ്കിലും പ്രമാദങ്ങളുണ്ടെന്നു കാണിച്ചാൽ മറുപടി നൽകുന്നതാണെന്നു പ്രസ്താവിക്കയും ചെയ്തിരുന്നു. മാത്ര മല്ല... ഞാൻ കാണിച്ചിരിക്കുന്ന തെളിവുകളിലോ, സ്വീകരിച്ചിരിക്കുന്ന വാദഗതിയിലോ, എടുത്തിരിക്കുന്ന നിഗമനങ്ങളിലോ കൈക്കൊണ്ടിരി ക്കുന്ന തീരുമാനങ്ങളിലോ എന്തെങ്കിലും പ്രമാദം പറ്റിയിട്ടുണ്ടെന്ന് ആർ ക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ദയവായി "ചന്ദ്രിക" വഴിയായി ചൂണ്ടി ക്കാണിച്ചുതരുന്നതിനും, അങ്ങിനെ അഭിപ്രായമില്ലെങ്കിൽ നമ്മുടെ സഭ ഭിന്നതയാൽ നശിക്കുവാനിടയാകാതെ വി. അബ്ദൽ മിശിഹാ ബാവാ വഴിയായുള്ള അനിഷേധ്യമായ പട്ടത്വത്തിന് കീഴ്പ്പെട്ടും "എ" അക്കം കാനോൻവിധികൾക്ക് വിധേയമായും സഭയിലെ ഭിന്നത അവസാനിപ്പിച്ച് സമാധാനം കൈവരുത്തുവാനും സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു" എന്ന് 1951 സെപ്റ്റംബർ 20-നു പാത്രിയർക്കീസ് പക്ഷത്തിന് ഒരു തുറന്ന കത്ത് എന്നു പറഞ്ഞ് ഞാൻ "മലങ്കരസഭ'യിൽ പരസ്യം ചെയ്തിരുന്നു. എന്നിട്ടും ഇതുവരെ ആരും ഒന്നും അങ്ങനെ കാണിച്ചു തന്നിട്ടില്ല. അതി നാൽ പലരുടെയും ആഗ്രഹപ്രകാരം, അല്പം ചില കൂടുതൽ വിവരങ്ങ ളോടുകൂടി പ്രസ്തുത ലേഖനങ്ങൾ പുസ്തകരൂപത്തിൽ വീണ്ടും മാന്യ മഹാജനസമക്ഷം സത്യത്തിനു സാക്ഷിയായി സാദരം സമർപ്പിച്ചുകൊ ള്ളുന്നു എന്ന് പ്രാരംഭമായി പറഞ്ഞുകൊണ്ട് വിഷയത്തിലേക്കു പ്രവേ ശിച്ചുകൊള്ളട്ടെ.

പ. അബ്ദൽ മിശിഹാ പാത്രിയർക്കീസ് 1895-ൽ അന്ത്യോഖ്യാ സിംഹാ സനാധിപനായി വാഴിക്കപ്പെട്ടു എന്ന് ഇരുഭാഗവും സമ്മതിക്കുന്നുണ്ട്. 1915 ചിങ്ങം 17-നു അദ്ദേഹം സിംഹാസനത്തിങ്കൽ വച്ച് കാലം ചെയ്ത തുവരെ കാനോനിക പാത്രിയർക്കീസായിരുന്നു എന്നും അതിനാൽ 1912-ൽ ആ പിതാവ് മലയാളത്തു നടത്തീട്ടുള്ള പട്ടംകൊടകളും നൽകീ ട്ടുള്ള കൽപനകളും പൂർണ്ണ കാനോനിക സാധുത്വമുള്ളവയും അനി ഷേദ്ധ്യങ്ങളും ആകുന്നു എന്നും കാതോലിക്കോസ് കക്ഷി വാദിക്കുന്നു. എന്നാൽ 1905-ൽ ഒരു സുന്നഹദോസ് കൂടി അദ്ദേഹത്തെ പാത്രിയർക്കാ സ്ഥാനത്തുനിന്നും മാറ്റി എന്നും അതിനാൽ മലയാളത്തു നടത്തീട്ടുള്ള പട്ടംകൊടകളും മറ്റും സാധുവല്ലെന്ന് പാത്രിയർക്കീസ് പക്ഷ പ്രമുഖരാ യിരുന്ന സി. ജെ. കുര്യൻ, കോനാട്ടു മാത്തൻ മല്പാനച്ചൻ, അന്നത്തെ തഹലൂപ്പാ മാർ ഒസ്താത്തിയോസ്, ഏലിയാസ് പാത്രിയർക്കീസ് എന്നി വർ വാദിച്ചുവന്നു. എന്നാൽ 1903-ൽ ഒരു സുന്നഹദോസ് കൂടിയാണു അബ്ദൽ മിശിഹായെ പാത്രിയർക്കാസ്ഥാനത്തുനിന്നും മാറ്റിയതെന്നും തൽകാരണത്താൽ അദ്ദേഹം പാത്രിയർക്കീസ് എന്ന നിലയിൽ മലയാ ളത്തു നടത്തീട്ടുള്ള പട്ടംകൊടകളും നൽകീട്ടുള്ള കൽപനകളും സ്വീകാ ര്യങ്ങളല്ലെന്നും ഇന്നത്തെ മൽപാനും തഹലൂപ്പാ തിരുമേനിയും പാത്രി

യർക്കീസ് മാർ അപ്രേം ബാവായും വാദിക്കുന്നു. ടി വാദത്തിനു ഉപോൽബലകമായി "1903-ലെ ഒരു സുന്നഹദോസ്" നടപടി പകർപ്പും മാർ യൂലിയോസും കാണിക്കുന്നുണ്ട്. അബ്ദൽ മിശിഹാ തിരുമനസ്സിലെ പട്ടത്വനൽവരം ഭ്രാന്തു മൂലം താനേ ഇല്ലാതായിപ്പോയി എന്ന് മൂന്നാമതൊരു വാദവും മാർ യൂലിയോസും മറ്റും കൊണ്ടുവരാതിരിക്കുന്നില്ല.

ഈ വിഷയം സംബന്ധിച്ച് പലർക്കും വേണ്ടത്ര വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാലും തല്പരകക്ഷികൾ സത്യവിരുദ്ധമായി പലതും പ്രചരിപ്പിച്ചിട്ടുള്ളതിനാലും പല പല തെറ്റിദ്ധാരണകളും മുൻവിധികളും ഉണ്ടായിപ്പോയിട്ടുണ്ട്. അതിനാൽ സംഗതികളുടെ യാഥാർത്ഥ്യം കക്ഷിതിരിവിനു മുമ്പുണ്ടായിട്ടുള്ളതും തിരിവിനുശേഷം പാത്രിയർക്കീസ് പക്ഷത്തുനിന്നുണ്ടായിട്ടുള്ളതുമായ പ്രസ്താവനകളുടേയും പ്രസിദ്ധീകരണങ്ങളുടേയും വെളിച്ചത്തിൽ പരിശോധിക്കയത്രെ ഈ ലഘു പ്രബന്ധത്തിന്റെ ഉദ്ദേശ്യം. തുടർച്ചയായി 10-6-51 മുതൽ സേവകനിൽ പ്രസിദ്ധം ചെയ്ത ഈ ലേഖനത്തിലെ പ്രസ്താവനകൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം പാത്രിയർക്കീസ് കക്ഷിയുടെ ഉത്തരവാദിത്വത്തോടുകൂടി "ചന്ദ്രിക" വഴിയായോ മറ്റോ ആരെങ്കിലും പുറപ്പെടുവിക്കുന്നപക്ഷം അതിനു മറുപടി നൽകുന്നതിനു ഒരുക്കമാണ് എന്ന് അന്നു തന്നെ എഴുതീട്ടുമുണ്ടായിരുന്നു. ഇതിൽ പ്രതിപാദിക്കുന്ന ഒന്നോ രണ്ടോ രേഖകൾ കൊണ്ടു തന്നെ പ്രതിപാദ്യവിഷയം സംബന്ധിച്ച യാഥാർത്ഥ്യം വെളിപ്പെടുന്നതാണ്. എങ്കിലും വലിയൊരു വാദവിഷയമായി തീർന്നുപോയിട്ടുള്ളതിനാലും ഓരോ രേഖയുടെയും സ്വീകാര്യതയും, തെളിവുകളുടെ ഗുരുലഘുത്വവും, സംഭവങ്ങളുടെ വിശ്വസനീയതയും ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കാവുന്നതാകയാലും ഇതു സംബന്ധിച്ച് എന്റെ അറിവിൽപെട്ട സംഗതികൾ പലതും താഴെ ചേർക്കുന്ന പല അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചുകൊള്ളുന്നു.

'1903-ലെ സുന്നഹദോസ്' അനുസരിച്ചുതന്നെ മുടക്കോ പട്ടത്വത്തിനു ന്യൂനതയോ ഇല്ല

അബ്ദൽ മിശിഹാ ബാവായ്ക്ക് മുടക്കുണ്ടായിരുന്നു എന്നും അദ്ദേഹം വഴിയുള്ള പട്ടത്വം അസാധുവാണെന്നും ഇപ്പോൾ പാത്രിയർക്കീസ് കക്ഷികൾ വാദിക്കുന്നത്, 1903-ൽ മെത്രാന്മാരുടെ ഒരു സുന്നഹദോസ് കൂടി അബ്ദൽ മിശിഹാ ബാവായെ മുടക്കി എന്നും മറ്റും പറഞ്ഞ്, മാർ യൂലിയോസ് കൊണ്ടുവന്നിരിക്കുന്ന വാദത്തെയും അദ്ദേഹം തന്നെ കൊണ്ടുവന്നിരിക്കുന്ന പകർപ്പിനേയും ആധാരമാക്കിയത്രേ.

മാർ യൂലിയോസ് കൊണ്ടുവന്നിരിക്കുന്ന പകർപ്പിൻപ്രകാരം ഒരു സുന്നഹദോസ് തീരുമാനം ഉണ്ടായിട്ടുണ്ടെന്നും അതു കാനോനികമാണെന്നും

വച്ചാൽത്തന്നെയും അബ്ദൽ മിശിഹാ പാത്രിയർക്കീസിനു ഉണ്ടായിരുന്ന പൗരോഹിത്യ നൽവരത്തിന് എന്തെങ്കിലും ന്യൂനത ഭവിക്കുന്നുണ്ടോ എന്ന് ആദ്യമായി പരിശോധിച്ചിട്ടു ടി സുന്നഹദോസ് തന്നെ ഉണ്ടായി ട്ടുണ്ടോ എന്നും മറ്റും പിന്നീട് പരിശോധിക്കാം.

1. ടി "സുന്നഹദോസിന്റെ" നടപടിപകർപ്പും, സിറിയായിലെ ഒരു മെത്രാൻ "അതിസൂക്ഷ്മതയോടുകൂടി" സിംഹാസന ഡയറിയിൽ നിന്നു പകർത്തിയെടുത്തതായും ടി "പകർപ്പി"ന്റെ ശരി തർജ്ജിമയ്ക്കു മൂസ ലിലെ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ സാക്ഷ്യം ലഭിച്ചിട്ടുള്ളതായും കാണിച്ചുകൊണ്ട് മാർ യൂലിയോസിന്റെ ശ്രേഷ്ഠാധികാരത്തിൽ "ദി സിറി യൻ ചർച്ച് ഓഫ് മലബാർ" എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചി ട്ടുണ്ട്. മജിസ്ട്രേട്ടിന്റെ സാക്ഷ്യം ഉള്ളത് പകർപ്പിന്റെ തർജ്ജിമയ്ക്കു മാത്ര മാണ്. അസ്സൽ അദ്ദേഹം കണ്ടിട്ടുള്ളതായിട്ടോ പകർപ്പിന് അസ്സൽ തന്നെ ഉള്ളതായിട്ടോ അദ്ദേഹം യാതൊന്നും പറയാത്തതിനാൽ ആ സാക്ഷ്യ ത്തിന്റെ വില പൂജ്യമെന്ന് വ്യക്തമാണ്. ഈ പകർപ്പിന് അസ്സൽ ഉണ്ടാ യിരിക്കട്ടെ ഇല്ലാതിരിക്കട്ടെ ഏതായാലും അതനുസരിച്ചുതന്നെയും അദ്ദേഹം മുടക്കപ്പെടുകയോ ഭ്രഷ്ടനാക്കപ്പെടുകയോ വ്യർത്ഥനാക്കപ്പെ ടുകയോ സുന്നഹദോസു കൂടിയതായി പറയുന്നതുവരെ അദ്ദേഹത്തി നുണ്ടായിരുന്ന പട്ടത്വ നൽവര (മൌഹബാസ്റൂഹോ) ത്തിന് എന്തെ ങ്കിലും ന്യൂനത ഭവിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ആ "സുന്നഹദോസി"നെപ്പറ്റി പറഞ്ഞിരിക്കുന്നതുതന്നെ"മാറ്റിയ (Deposed) സുന്നഹദോസ്" എന്നാണ്. സുന്നഹദോസ് കൂടി സ്ഥാനഭ്രഷ്ടനാക്കുക എന്നു പറഞ്ഞാൽ സ്ഥാനാഭിഷേക നൽവരം എടുത്തുകളയുക എന്നല്ല സ്ഥാനാധികാരം എടുക്കുക എന്നാണർത്ഥം എന്ന് കക്ഷിഭിന്നതയ്ക്ക് മുമ്പ് 1907 (1082) ഇടവകപത്രിക 94-ാം പുറത്തും സുന്നഹദോസിനാൽ ഉണ്ടാകുന്ന "സ്ഥാനഭ്രംശം" "നീക്കം" എന്നിവയുടെ അർത്ഥം തൽസ്ഥാ നസംബന്ധമായ അധികാരങ്ങളിൽനിന്നും നീക്കുക എന്നാകുന്നു എന്ന് അപ്രേം പാത്രിയർക്കീസിന്റെ 1942 മേടം 3-ാം തീയതിയിലെ "കല്പന" യിലും കാണുന്നു.

2. മാർ യൂലിയോസിന്റെ ഉത്തരവാദിത്വത്തിൽ പ്രസിദ്ധം ചെയ്തിരി ക്കുന്ന സുന്നഹദോസിന്റെ മുൻപറഞ്ഞ പകർപ്പിൽ പറയുന്നത്; "ഏറ്റം ഉന്നതമായ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മാറ്റപ്പെടുന്നു. ഇനി മേൽ പാത്രിയർക്കാ സിംഹാസനത്തിനടുത്ത യാതൊന്നും ചെയ്‌വാൻ അദ്ദേഹത്തെ അനുവദിക്കുന്നില്ല (ഭരണം നടത്തുന്ന പാത്രിയർക്കീസിന് സിംഹാസനപരമായ കാര്യങ്ങൾ നടത്തുന്നതിന് ഇവരുടെ ഒരു പ്രത്യേക അനുവാദം ആവശ്യമല്ല). വകവയ്ക്കാതെ അദ്ദേഹം പട്ടംകൊട നടത്തു ന്നതായാൽ ആ പട്ടംകൊട അസാധു എന്നപോലെ കണക്കാക്കുന്ന

താണ്" എന്നത്രേ. പാത്രിയർക്കീസിന്റെ ആത്മിക നൽവരത്തിനു യാതൊരുവിധ ന്യൂനതയും ഭവിക്കുന്നതായി ഈ റിക്കാർഡിൽ പറയുന്നില്ല. ഇങ്ങനെ പാസ്സാക്കിയിരിക്കുന്നതായി പറയുന്നതുതന്നെ അന്നു സിറിയായിലുണ്ടായിരുന്ന പതിമൂന്നു മേൽപ്പട്ടക്കാരും മലയാളത്തുണ്ടായിരുന്ന നാലു പേരും ഉൾപ്പെടെ 17 മേല്പ്പട്ടക്കാരുണ്ടായിരുന്നവരിൽ രണ്ട് എപ്പിസ്ക്കോപ്പന്മാരും മൂന്നു മെത്രാപ്പോലീത്തന്മാരും മാത്രം കൂടിയാണ് എന്നുള്ളതും ഈ സുന്നഹദോസിന് ബാക്കി പന്ത്രണ്ടു പേരുടെയും സമ്മത പത്രങ്ങൾ ഉണ്ടായിരുന്നില്ല എന്നുള്ളതും ടി പകർപ്പു കൊണ്ടു തന്നെ തെളിയുന്നുണ്ട്.

ഇക്കാരണങ്ങളാൽ മാർ യൂലിയോസ് ഇന്നു വാദിക്കുംപ്രകാരം അദ്ദേഹത്തിന്റെ "സുന്നഹദോസ് നടപടിപ്പകർപ്പ്" അംഗീകരിച്ചാൽപോലും അതുകൊണ്ട് അദ്ദേഹത്തിന്റെ വാദത്തിനുതന്നെയും എന്തു സഹായമുണ്ടാകുമെന്ന് ചിന്തിക്കുക. 17 മേല്പ്പട്ടക്കാർ ഉണ്ടായിരിക്കെ കേവലം അഞ്ചു പേർ മാത്രം കൂടി മാറ്റിയതായിട്ടത്രേ അത് പറയുന്നത്.

3. അബ്ദൽ മിശിഹാ ബാവായെ മാറ്റിയതായി പറയുന്ന ടി "സുന്നഹദോസ്" തീരുമാനത്താൽ പാത്രിയർക്കാ സിംഹാസനമല്ലാതെ അദ്ദേഹത്തിനുണ്ടായിരുന്ന മഹാപൗരോഹിത്യനൽവരം (പാത്രിയർക്കീസിനുള്ള മൗഹബാസ്റൂഹോ) നഷ്ടപ്പെട്ടിട്ടില്ലെന്ന് മലങ്കര മല്പാൻ കോനാട്ടച്ചൻ 1092 മീനം 10, 13 തീയതികളിൽ ബോധിപ്പിച്ച മൊഴികളിൽ നിന്നും വ്യക്തമാകുന്നുണ്ട്. അദ്ദേഹം പറയുന്നത് അബ്ദൽ മിശിഹായുടെ സിംഹാസനം നഷ്ടപ്പെട്ടപ്പോഴും അദ്ദേഹത്തിന് മെത്രാപ്പോലീത്തായുടെ പദവിയും മറ്റും എല്ലാം ഉണ്ടായിരുന്നു എന്നാണ്. ഒരെപ്പിസ്ക്കോപ്പായ്ക്കും മെത്രാപ്പോലീത്തായ്ക്കും കാതോലിക്കായ്ക്കും പാത്രിയർക്കീസിനും പട്ടത്വത്തിന്റെ ആത്മികനൽവരം (മൗഹബാസ്റൂഹോ) ഒന്നുതന്നെയാണെന്നും ഈ നാലു പേരുടേയും പട്ടത്വത്തിന് വ്യത്യാസമൊന്നുമില്ലെന്നും മാർ ഒസ്താത്തിയോസ് 1094 ധനു 20-ാം തീയതി കാനോൻ സംബന്ധിച്ചും മറ്റും വിസ്തരിച്ചപ്പോൾ സമ്മതിച്ചിട്ടുണ്ട്. ബ. കോനാട്ടു മല്പാനച്ചനെ സൾഗാ സംബന്ധിച്ചും മറ്റും വിസ്തരിച്ചപ്പോഴും ഈ സംഗതി സമ്മതിക്കുന്നുണ്ട് എന്നുള്ളതും സ്മരണീയമാണ്. അതിനാൽ മാർ യൂലിയോസിന്റെ പകർപ്പിന് അസ്സൽ ഉണ്ടെന്നും അതു പദാനുപദം സത്യമാണെന്നും സങ്കൽപിച്ചാൽ തന്നെയും അവയൊന്നും അബ്ദൽ മിശിഹാ ബാവായുടെ പട്ടത്വനൽവരത്തെ യാതൊരുവിധത്തിലും ബാധിക്കുന്നില്ലെന്ന് തെളിയുന്നു.

ഇവിടെ പാത്രിയർക്കീസു കക്ഷിയുടെ നവീന ഉപദേശത്തിന്റെ സ്വഭാവം കൂടി ഗ്രഹിക്കേണ്ടിയിരിക്കുന്നു. പാത്രിയർക്കീസ് എന്ന് ഒരു പട്ടം കൂടി ഉണ്ടെന്നും ശെമ്മാശൻ കശ്ശീശയാകുമ്പോൾ പട്ടം ഏൽക്കു

ന്നതുപോലെയും, കശ്ശീശാ എപ്പിസ്ക്കോപ്പായാകുമ്പോൾ പട്ടം ഏൽക്കുന്നതുപോലെയും, ഒരു മെത്രാപ്പോലീത്താ പാത്രിയർക്കീസാകുമ്പോൾ പട്ടമേൽക്കുന്നുവെന്ന് പാത്രിയർക്കീസ് കക്ഷികൾ പഠിപ്പിക്കുന്നുണ്ട്. പാത്രിയർക്കീസിന്റെ സർവ്വാധിപത്യം സ്ഥാപിക്കുന്നതിനുള്ള ഈ ഉപദേശം സുറിയാനിസഭയുടെ വിശ്വാസോപദേശങ്ങളിൽനിന്നും എത്രയും വിദൂരമാണെന്ന് പാത്രിയർക്കീസ് കക്ഷി നേതാക്കളായിരുന്ന മാർ ഒസ്താത്തിയോസ്, കോനാട്ടു മല്പാനച്ചൻ എന്നിവരുടെ മൊഴികളും, സൾഗാ ആദിയായ ഗ്രന്ഥങ്ങളും തെളിയിക്കുന്നു എന്നു മേൽ കണ്ടുവല്ലോ.

മുടക്കിയെന്ന് പറയുന്നതല്ലാതെ എന്നാണെന്ന് ആർക്കും അറിഞ്ഞുകൂടാ

പാത്രിയർക്കീസു കക്ഷിയുടെ ആധുനിക വാദമനുസരിച്ച് നോക്കിയാൽ ഈ സ്ഥാനഭ്രംശം ഉണ്ടായിട്ടു വർഷങ്ങൾ ഏതാണ്ടു 48-ഓളമായിരിക്കുന്നു. അവശ്യം വേണ്ട അറിയിപ്പുകളോടുകൂടി പ. സഭയുടെ ആകമാന സുന്നഹദോസ് ഒരു ക്ലിപ്ത തീയതിയിൽ അഥവാ തീയതികളിൽ കാനോനികമായി സമ്മേളിച്ച് സഭയെ ആകമാനം സ്പർശിക്കുന്ന അതിഗൗരവതരമായ, പാത്രിയർക്കീസിനെ സ്ഥാനഭ്രംശം ചെയ്യുന്ന ഒരു തീരുമാനം ചെയ്തു പ്രഖ്യാപിച്ചതായിട്ടത്രേ പാത്രിയർക്കീസുകക്ഷി വാദിക്കുന്നത്. എന്നാൽ ഇതുവരെയായിട്ടും മേൽപ്രകാരം ഒരു തീരുമാനം ഉണ്ടായത് എന്നാണെന്ന് ടി കക്ഷിക്കു തന്നെ പറയാൻ കഴിയുന്നുമില്ല. മാത്രമല്ല, അതു സംബന്ധിച്ച് പറവാൻ അർഹതയും ചുമതലയും ഉള്ള പ്രമുഖവ്യക്തികൾ പരസ്പരവിരുദ്ധമായും ഇപ്പോഴത്തെ പാത്രിയർക്കീസു തന്നെ 1917-ലും 1942-ലും പൂർവ്വാപരവിരുദ്ധമായും പ്രസ്താവിച്ചിരിക്കുന്നു. 1928-ൽ വട്ടിപ്പണക്കേസിൽ ഉണ്ടായ റിവ്യു വിധിവരെ ചെയ്തിട്ടുള്ള പ്രസ്താവനയും അതിനുശേഷമുണ്ടായിട്ടുള്ള പ്രസ്താവനയും പരസ്പരവിരുദ്ധങ്ങളാകുന്നു. അത് താഴെ ഉദ്ധരിക്കുന്നവകൊണ്ട് വ്യക്തമാകുന്നില്ലയോ എന്നും യഥാർത്ഥത്തിൽ ഒരു സുന്നഹദോസ് കൂടിയിട്ടുണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം അന്യോന്യ വിരുദ്ധമായ പ്രസ്താവനകൾക്ക് ഇടയാകുമായിരുന്നുവോ എന്നും വായനക്കാർ ചിന്തിക്കുക. ഈ 48 വർഷകാലത്തെ മൂന്ന് കാലഘട്ടങ്ങളായി തിരിക്കാം. 1. സ്ഥാനഭ്രംശം ഉണ്ടായതായി പറയുന്ന 1903 മുതൽ അദ്ദേഹം ഇങ്ങോട്ട് എഴുന്നെള്ളുന്നു എന്ന് മനസ്സിലായ 1911 വരെ. 2. അദ്ദേഹം ഇവിടെ കാതോലിക്കാവാഴ്ചയും മറ്റും നടത്തിയ 1912 മുതൽ 1928-ലെ റിവ്യു വിധി വരെ. 3. റിവ്യു വിധി മുതൽ ഇക്കാലം വരെ.

1. 1903-1911 വരെ

1903 മുതൽ 1911 വരെയുള്ള 9 കൊല്ലക്കാലത്തിൽ കക്ഷിഭിന്നത

കൂടാതെ യോജിച്ചുകഴിഞ്ഞ ആദ്യത്തെ 7 വർഷക്കാലത്തും അതിനു ശേഷം ഭിന്നിച്ച് യോഗങ്ങൾ കൂടിയും ലേഖനങ്ങൾ എഴുതിയും അനേകം ലഘുലേഖകൾ പ്രസിദ്ധം ചെയ്തും അന്യോന്യം ശാപശകാരങ്ങൾ വർഷിച്ചും കഴിച്ചുകൂട്ടിയ ആ രണ്ടു വർഷങ്ങൾക്കിടയിലും അബ്ദൽ മിശിഹായെ ഇന്നപ്പോൾ മാറ്റി എന്നോ, സുന്നഹദോസ് മാറ്റി എന്നോ, ഇന്ന കാരണത്താൽ മാറ്റി എന്നോ പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നില്ല. നിൽക്കക്കള്ളിയില്ലാതെ വന്നപ്പോൾ ഇ. എം. ഫിലിപ്പ്, കെ. എൻ. ഡാനിയേലിന്റെ അടുക്കൽ ചില വിദ്യകൾ എടുത്തത് ഇവിടെ വിസ്മരിച്ചുകൊണ്ടല്ല ഇതെഴുതുന്നത്.

2. 1911–1928 വരെ

1911 മുതൽ 1928 വരെയുള്ള 18 വർഷങ്ങൾക്കിടയിൽ ആലുവായിലെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കക്ഷി പറഞ്ഞുവന്നത്, 1905-ാംമാണ്ടിടയ്ക്ക് സുന്നഹദോസ് കൂടി അബ്ദൽ മിശിഹാ ബാവായെ മാറ്റിയതായിട്ടാണ്.

1. ക്രി. 1917-ക്ക് 1092 മകരം 26-ാംനു പാത്രിയർക്കീസുകക്ഷി പ്രമാണിയും ട്രസ്റ്റിയുമായിരുന്ന സി. ജെ. കുര്യനെ വട്ടിപ്പണക്കേസിൽ വിസ്തരിച്ചപ്പോൾ "അദ്ദേഹം, അബ്ദൽ മിശിഹാ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടത് 1080 (1905) -മാണ്ടിടയ്ക്കാണ്. അതു കഴിഞ്ഞ് 2 കൊല്ലത്തോളം പാത്രിയർക്കീസില്ലാതെ കഴിഞ്ഞു" എന്നാണ് മൊഴി കൊടുത്തത്.

2. മലങ്കരസഭയിൽ വലിയ സ്ഥാനവും പാത്രിയർക്കീസുപക്ഷ നേതൃത്വവും സഭാകാര്യങ്ങളിൽ അനിതരസാധാരണമായ അറിവും ഉണ്ടായിരുന്ന കോനാട്ടു മല്പാനച്ചൻ ഇതേപ്പറ്റി 1917-ന് 1092 കുംഭം 19-ാംനു ബോധിപ്പിച്ചത് "അബ്ദൽ മിശിഹായെ നീക്കം ചെയ്ത് അബ്ദള്ളാ പാത്രിയർക്കീസായിട്ടു എട്ടുപത്തു കൊല്ലമായി. ആണ്ടു ഓർമ്മയില്ല" എന്നാണ്. 8-10 കൊല്ലമായി എന്ന് 1917-ൽ പറയുമ്പോൾ 1907-1909 ഈ ഘട്ടത്തിലാണ് അബ്ദൽ മിശിഹായെ നീക്കം ചെയ്ത് പാത്രിയർക്കാ സിംഹാസനം അബ്ദള്ളാ കരസ്ഥമാക്കിയതെന്ന് വരുന്നു. വീണ്ടും മീനം 10-ാംനു ക്രോസ്സ് ചെയ്തപ്പോൾ "എന്നാണ് മാറ്റിയത്" എന്നു ചോദിച്ചതിന് "ആണ്ടു പറവാൻ നിശ്ചയമില്ല... അബ്ദൽ മിശിഹായെ മാറ്റിയെന്ന് ആദ്യം എങ്ങനെ അറിഞ്ഞു എന്ന് നിശ്ചയമില്ല" എന്നായിരുന്നു മറുപടി. കുംഭം 19-ാംനു 'ആണ്ടു മുതലായവ ഓർക്കുന്നില്ല' എന്ന് ബോധിപ്പിച്ചശേഷം വിസ്താരം തുടർന്നുകൊണ്ടിരിക്കുകയും മൂന്ന് ആഴ്ചകൾക്കുശേഷം (തൽസംബന്ധമായ വല്ല അറിയിപ്പും ഉണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ചു അറിയുന്നതിനുള്ള സാവകാശത്തിനുശേഷം) വീണ്ടും അതേപ്പറ്റി ചോദിച്ചപ്പോഴും ആണ്ടു പോലും പറവാൻ നിശ്ചയമില്ല എന്ന് സഭയിൽ

മല്പാനച്ചനെപ്പോലെ വലിയൊരു സ്ഥാനമുള്ള ഒരു വ്യക്തി പറവാൻ ഇടയായി എങ്കിൽ അത് അങ്ങനെ ഒരു സംഭവം ഉണ്ടാകാഞ്ഞതുകൊണ്ടു മാത്രം ആണ്. സംശയമില്ല.

3. 1918-ന് 1094 വൃശ്ചികം 26-ാംനു അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന മാർ ഒസ്താത്തിയോസ് ബോധിപ്പിച്ചിരിക്കുന്നത്: അബ്ദൽ മിശിഹാ "മുടക്കപ്പെടുന്നതുവരെ പാത്രിയർക്കീസായിരുന്നു അത് 1905 വരെ ആണ്" എന്നതത്രെ (ഇദ്ദേഹത്തെ പാത്രിയർക്കാസ്ഥാനത്തുനിന്നും മാറ്റിയിട്ട് 2 വർഷങ്ങൾക്കുശേഷം പാത്രിയർക്കീസായി തീർന്നതായി പറയുന്ന അബ്ദള്ളാ ബാവായെ അനുസരിക്കാതിരുന്നതിനാലാണ് മുടക്കുണ്ടായത് എന്ന് മല്പാനച്ചൻ 1917-ക്ക് 1092 മീനം 10-നു ബോധിപ്പിച്ചിട്ടുണ്ട് എന്നുള്ളത് ഓർക്കേണ്ടതാണ്). വീണ്ടും വൃശ്ചികം 30-ാംനു ചോദിച്ചപ്പോൾ "അബ്ദൽ മിശിഹായെ മുടക്കിയത് 1905-ൽ ആണെന്നാണ് എന്റെ ഓർമ്മ. അന്ന് ഞാൻ മലങ്കരെ ആയിരുന്നു. അതേ സംബന്ധിച്ച് എനിക്ക് എഴുത്തൊന്നും വന്നിട്ടില്ല" എന്നും വീണ്ടും ധനു 2-ാംനു, "സുന്നഹദോസ് കൂടിയെന്നും അബ്ദൽ മിശിഹാബാവായെ മുടക്കി എന്നും മറ്റുമുള്ള അറിവ് സിംഹാസനത്തിങ്കൽ വച്ചുള്ള അറിവാണ്. ഞാൻ അവിടെ പോയതിനുശേഷം കിട്ടിയ അറിവാണ്. ഞാൻ മലയാളത്തായിരുന്നപ്പോൾ എനിക്കു അതിനെപ്പറ്റി അറിവ് ഒന്നും കിട്ടിയിട്ടില്ല. ശീമയിൽ ചെന്ന് വിവരം അറിഞ്ഞശേഷം മലയാളത്ത് ആരുടെയും പേർക്ക് ഞാൻ എഴുതി അയച്ചിട്ടില്ല" എന്നും പറഞ്ഞിരിക്കുന്നു. ഇപ്രകാരം സംശയരഹിതമായി പ്രസ്താവിച്ചിരിക്കുന്നത് 1889 മുതൽ പാത്രിയർക്കീസിന്റെ നിയോഗപ്രകാരം മലയാളത്തെ സിംഹാസനപ്രതിനിധിയെന്ന നിലയിൽ ഈ മൊഴി കൊടുത്ത തീയതി വരെയും തുടർന്ന് പിന്നീടും ഔദ്യോഗികമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്ന ദേഹമാകുന്നു (വൃശ്ചികം 29-ലെ മൊഴി കാണുക). ഇദ്ദേഹം മലയാളത്തുനിന്നും സിറിയായിക്കു പോയത് 1906 മേട മാസത്തിൽ ആയിരുന്നു (1906-ലെ ഇടവകപത്രിക, പുറം 137). അദ്ദേഹം സിറിയായിക്കു പോയി തിരിച്ചുവന്നിട്ടും ഇക്കാര്യത്തെപ്പറ്റി നല്ല ഓർമ്മ ഇല്ലാത്തവിധത്തിലാണു സംസാരിക്കുന്നത്. ഈ സംഗതികളുടെ വെളിച്ചത്തിലാണ് മേൽ ചേർത്ത മൊഴി വായിച്ചു ഗ്രഹിക്കേണ്ടതെന്നു പറയേണ്ടതില്ലല്ലോ. ഔദ്യോഗിക പ്രതിനിധിസ്ഥാനത്ത് ഔദ്യോഗിക കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്ന സ്ലീബാ ശെമ്മാശനായിരുന്ന മാർ ഒസ്താത്തിയോസിനു 1906 മേടത്തിൽ മലങ്കര വിടുന്നതുവരെ അബ്ദൽ മിശിഹാ ബാവായുടെ സ്ഥാനഭ്രംശം സംബന്ധിച്ച് യാതൊരു എഴുത്തുകളാകട്ടെ വിവരങ്ങളാകട്ടെ ലഭിച്ചിട്ടില്ല എന്ന് അസന്ദിഗ്ധമായി അദ്ദേഹം തന്നെ പ്രസ്താവിച്ചിരിക്കുന്നു. പ്രസ്തുതകാലത്ത് സിറിയായും, സിംഹാസനവും, മലങ്കരയും തമ്മിൽ

ധാരാളം എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരുന്നു. അദ്ദേഹം "അറിഞ്ഞപ്പോൾ" പോലും മലയാളത്തേക്കു അറിയിച്ചില്ല എന്നു പറയുന്നതും ഇവിടെ വിസ്മരിക്കാവുന്നതല്ല. ഇവയുടെ വെളിച്ചത്തിൽ "സ്ഥാനഭ്രംശ സുന്നഹദോസിന്റെ" യാഥാർത്ഥ്യം എത്രമാത്രമുണ്ടെന്ന് വായനക്കാർ വിധിക്കുക.

4. 1917-ൽ ഇപ്പോഴത്തെ പാത്രിയർക്കീസ് അപ്രേം റമ്പാനായിരിക്കുമ്പോൾ എഴുതി സിംഹാസനത്തിങ്കൽ നിന്നും അച്ചടിച്ച് പ്രസിദ്ധം ചെയ്ത ചരിത്രത്തിൽ അബ്ദൽ മിശിഹാ ബാവാ പാത്രിയർക്കീസായി വാണത് 1895 മുതൽ 1905 വരെ എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു എന്ന് ഇപ്പോൾ ബെയ്റൂട്ടിലെ മെത്രാനായ അബ്ദൽഹാദ് റമ്പാൻ (ഇവിടെ താമസിച്ചിരുന്ന അദ്ദേഹം) 1942-ൽ അദ്ദേഹത്തിന്റെ പ്രത്യക്ഷ സത്യത്തിൽ പറഞ്ഞിരിക്കുന്നു. (പ്ര. സ. II, 47, 48). ബ. അപ്രേം റമ്പാച്ചൻ 25 വർഷം കഴിഞ്ഞ്, പാത്രിയർക്കീസായപ്പോൾ പറയുന്നത് എന്തെന്ന് പിന്നാലെ കാണാം. പ്രസ്തുത ചരിത്രം എഴുതി 8 വർഷമായപ്പോൾ 1925-ൽ പാത്രിയർക്കീസ് പക്ഷത്തെ ക്നാനായ ഇടവകയുടെ ഔദ്യോഗികനാവായിരുന്ന മലങ്കരസഭാമിത്രം 3-ാം പുസ്തകം 112-ാം പേജിൽ അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ 1080 (1905) -ാം മാണ്ട് മേട മാസത്തിൽ മുടക്കിയതായി പ്രസ്താവിക്കുന്നു.

5. മേൽപ്പറഞ്ഞ പ്രസ്താവന കഴിഞ്ഞ് രണ്ടു വർഷം കൂടിയായപ്പോൾ അതായത് 1927-ൽ ഏലിയാസ് പാത്രിയർക്കീസ് സിറിയായിൽ വച്ച് എഴുതിച്ചു റജിസ്റ്ററാക്കി വാങ്ങിയതായി പറയുന്ന ഉടമ്പടിയിൽ "ക്രിസ്താബ്ദം 1905-ലെ പ. അന്ത്യോഖ്യാ സിംഹാസനത്തിലെ സുന്നഹദോസ് തീരുമാനങ്ങളാൽ സ്ഥാനഭ്രംശം ചെയ്യപ്പെടുകയും" മറ്റും ചെയ്ത അബ്ദൽ മിശിഹാ എന്നത്രെ പറഞ്ഞിരിക്കുന്നത് (പ്ര. സ. II, 60).

3. 1928 – 1950 വരെ

ഇപ്രകാരം 1928-ലെ റിവ്യൂ വിധിവരെയുള്ള പാത്രിയർക്കീസുകക്ഷിയുടെ വാദം അബ്ദൽ മിശിഹാബാവായെ 1905-ൽ മാറ്റി എന്നായിരുന്നു എന്നുള്ളത് വ്യക്തമാണല്ലോ. അതിനുശേഷമുള്ള പ്രസ്താവനകളിലും മറ്റും "സ്ഥാനഭ്രംശ"കാലം 2 വർഷം കൂടി പിമ്പോട്ടു നീക്കി 1903-ൽ ആക്കിയിരിക്കയാണ്.

1. ഒരു സുന്നഹദോസ് കൂടി സ്ഥാനഭ്രംശം ചെയ്തതായി 1931-ൽ ആലുവായിൽവച്ച് മാർ ദീവന്നാസ്യോസുമായി നടന്ന സംഭാഷണത്തിലോ കുറുപ്പംപടി പ്രസംഗത്തിലോ ഏലിയാസ് പാത്രിയർക്കീസ് പറഞ്ഞില്ല (ആലുവാ സംഭാഷണം സംബന്ധിച്ച് പിന്നാലെ കൂടുതൽ പ്രതിപാദിക്കുന്നതാണ്). മലങ്കരെ നിന്നും പട്ടമേൽക്കുവാൻ ചെന്നവർ അബ്ദള്ളാ

ബാവായിൽ നിന്ന് പട്ടമേറ്റതിനാൽ അബ്ദൽ മിശിഹാ പാത്രിയർക്കീസ് മുടക്കപ്പെട്ടവനല്ലെന്ന് പറവാൻ സാദ്ധ്യമല്ലെന്ന് മാത്രമാണ് അദ്ദേഹം പറഞ്ഞത് (1941-ലെ സുറിയാനി സഭാമാസിക, പുറം 227). ആദ്യത്തെ ആൾ നീക്കപ്പെടാതെതന്നെ രണ്ടാമതൊരാൾ വാഴിക്കപ്പെട്ടു എന്നു വരാമെന്ന് സത്യകാനോൻകൊണ്ടും തിരുത്തുകാനോൻ കൊണ്ടും (7:1) കാണാവുന്നതാകയാൽ ടി വാദത്തിന്റെ അർത്ഥരാഹിത്യം വ്യക്തമാണ്. ഇതേപ്പറ്റിയും പിന്നാലെ കൂടുതൽ പ്രതിപാദിക്കുന്നതാണ്. അബ്ദൽ മിശിഹായെ ഒരു സുന്നഹദോസ് സ്ഥാനഭ്രംശം ചെയ്തതായി സഭയ്ക്ക് എന്തെങ്കിലും ഒരു രേഖയുള്ളതായി അന്ന് സിംഹാസനാധിപനായിരുന്ന ഏലിയാസ് പാത്രിയർക്കീസിന് അറിവുണ്ടായിരുന്നു എന്നു വരികിൽ അത് എടുത്തു കാണിക്കാതെ ഈ അർത്ഥരഹിതമായ വാദഗതി സ്വീകരിക്കയില്ലായിരുന്നു എന്നുള്ളത് വ്യക്തമാണ്.

2. 1932 ആയപ്പോഴേക്കും "1905-ലെ സുന്നഹദോസ്" അപ്രത്യക്ഷമായി. തൽസ്ഥാനത്തേക്ക് 1903-ലെ സുന്നഹദോസ് നടപടി പകർപ്പ് മാർ യൂലിയോസ് വഴി പ്രത്യക്ഷപ്പെട്ടു. "ഈ കല്പന തുർക്കി ഗവൺമെന്റിൽ നിന്ന് മാർ യൂലിയോസ് മെത്രാൻ വഴിയായി തിരുവിതാംകൂർ ഹൈക്കോടതിയിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്" (സു. സ. മാ. 6:267) എന്നുപോലും പറയുന്നതിന് സങ്കോചമില്ലാത്തത് ശോചനീയമാണ്. ഏതായാലും മാർ യൂലിയോസിനു അയച്ചുകൊടുത്തത് പാത്രിയർക്കീസാണ് എന്നത്രെ അദ്ദേഹം പറയുന്നത് (അദ്ദേഹത്തിന്റെ 1942-ലെ മൊഴി) എന്നുള്ളതും അത് പാത്രിയർക്കീസ് കാണുകയോ കേൾക്കുകയോ ചെയ്തിട്ടുള്ളതായിപ്പോലും അതിൽ ഒന്നും കാണുന്നില്ലെന്നുള്ളതും പരിഗണനാർഹമാണ്. ഏതായാലും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠാനുമതിയോടുകൂടി പാത്രിയർക്കീസു കക്ഷിയുടെ നാവായി പ്രസിദ്ധംചെയ്തുവന്ന സുറിയാനിസഭാ മാസികയിൽ അത് ആദ്യമായി 1932-ൽ പരസ്യം ചെയ്തു (1932-ലെ സുറിയാനി സഭാമാസിക, പുറം 227). 1903-ൽ നടന്നതായി പറയുന്ന സുന്നഹദോസിന്റെ നിശ്ചയങ്ങൾ, അതിനുശേഷം അതിഗൗരവമായ സംഭവവികാസങ്ങൾ ഉണ്ടായിട്ടുപോലും, 29 വർഷക്കാലത്തെ അജ്ഞാതവാസം കഴിഞ്ഞ്, 1932-ൽ മാത്രമേ പകർപ്പുരൂപത്തിൽ പോലും സൂര്യപ്രകാശം കാണുന്നുള്ളു എന്നതും അർത്ഥവത്താണ്.

3. 1938-ൽ ഇപ്പോഴത്തെ തഹലൂപ്പായുടെ പ്രത്യേക അധികാരത്തിൽ പ്രസിദ്ധം ചെയ്ത "ദി സിറിയൻ ചർച്ച് ഓഫ് മലബാർ" എന്ന പുസ്തകത്തിൽ "1903-ൽ സഭയിലെ മെത്രാപ്പോലീത്തന്മാർ സുന്നഹദോസു കൂടി വേണ്ട അന്വേഷണം നടത്തി അബ്ദൽ മിശിഹായെ മാറ്റുന്നതിന് തീരുമാനിച്ചു" എന്ന് എഴുതിയിരിക്കുന്നു (പുറം 8). എല്ലാവരും കൂടി

എന്ന ഭാവത്തിൽ പറഞ്ഞിരിക്കുന്നു എങ്കിലും (മെത്രാപ്പോലീത്തന്മാർ മൂന്നു മാത്രമേ കൂടിയുള്ളു എന്ന് തഹലൂപ്പായുടെ 1942-ലെ മൊഴിയിൽ ഉണ്ട്).

4. 1929-ൽ എഴുതിയതായി 1938-ൽ പ്രസിദ്ധം ചെയ്തിരിക്കുന്നതിൽ, സിറിയായിലെ ഒരു മെത്രാൻ സിംഹാസന ഡയറിയിൽ നിന്ന് എഴുതി എടുത്തത് എന്നു പറഞ്ഞ് ആരോ കൊണ്ടുചെന്നതിന്റെ, "ശരി തർജ്ജിമ" എന്നത്രേ 1929-ൽ മൂസലിലെ ഒരു മജിസ്ട്രേട്ട് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. മേല്പ്പറഞ്ഞ 'ദി സിറിയൻ ചർച്ച് ഓഫ് മലബാർ' എന്ന പുസ്തകത്തിൽ തന്നെ അപ്പൻഡിക്സ് "എ" ആയി ചേർത്തിരിക്കുന്ന ടി രേഖയിൽ 1903 ഒക്ടോബർ 10 (കന്നി 27) -ാംനു സുന്നഹദോസു കൂടി അബ്ദൽ മിശിഹായുടെ സ്ഥാനഭ്രംശ കാര്യം തീരുമാനിച്ചതായി പറയുന്നു.

5. 1942 മകരത്തിൽ അബ്ദൽ ആഹാദ് റമ്പാച്ചൻ എഴുതി മഞ്ഞനിക്കര ദയറായിൽ നിന്നും പ്രസിദ്ധം ചെയ്ത "പ്രത്യക്ഷസത്യം" II - 44-ൽ "1903-ൽ ..... സുന്നഹദോസ് വിളിച്ചുകൂട്ടി അദ്ദേഹത്തെ (അബ്ദൽ മിശിഹായെ) സ്ഥാനഭ്രഷ്ടനാക്കി" എന്നു പറയുന്നു.

6. 1942-ൽ യൂലിയോസ് തിരുമേനിയെ വിസ്തരിച്ചപ്പോൾ നൽകിയ മറുപടി ഇതിൽനിന്നെല്ലാം എത്രമാത്രം വ്യത്യസ്തമാണെന്നു കാണുക!

ചോദ്യം - അബ്ദൽ മിശിഹാ ബാവാ "എന്നുവരെ പാത്രിയർക്കീസായിരുന്നു?

ഉത്തരം - 1903 ആഗസ്റ്റിൽ അദ്ദേഹം സ്ഥാനഭ്രഷ്ടനായി.

ചോ - അദ്ദേഹം എങ്ങനെയാണ് സ്ഥാനഭ്രഷ്ടനായത്?

ഉ - ആഗസ്റ്റിൽ സുന്നഹദോസ് കൂടി സ്ഥാനഭ്രഷ്ടനാക്കിയതാണ്."

പക്ഷേ പകർപ്പ് പറയുന്നത് ഒക്ടോബറിൽ എന്നാണ്.

7. 1932-ലെ സുറിയാനിസഭാ മാസിക 227-ാം പുറത്തു ചേർത്തിരിക്കുന്ന "സുന്നഹദോസ് നടപടി" പകർപ്പിൽ 1903 തുലാം 10-ാംനു ഈ സുന്നഹദോസ് കൂടി ആലോചിച്ചു മേൽപ്പറഞ്ഞ (അബ്ദൽ മിശിഹായെ നീക്കിയതായിട്ടുള്ള) നിശ്ചയങ്ങൾ ചെയ്തു എന്നു പറയുന്നു.

8. 1917-ൽ ചരിത്രമെഴുതിയപ്പോൾ 1895 മുതൽ 1905 വരെ അബ്ദൽ മിശിഹാ പാത്രിയർക്കീസ് സിംഹാസനാധിപനായി നിർബാധം ഭരിച്ചുവന്നതായും മറ്റും എഴുതിയ ബ. അപ്രേം റമ്പാച്ചൻ പാത്രിയർക്കാ സിംഹാസനത്തിൽ കയറിയപ്പോൾ, 1942 മേടം 3-ാം തീയതിയിലെ കല്പനയിൽ 1903-ൽ സുന്നഹദോസ് അബ്ദൽ മിശിഹായെ സ്ഥാനഭ്രംശം ചെയ്തു എന്ന് എഴുതിയിരിക്കുന്നു. ഇപ്രകാരം പൂർവ്വാപരവിരുദ്ധമായ പ്രസ്താ

വനകളും പ്രസിദ്ധീകരണങ്ങളും ഉണ്ടാവാൻ ഇടയായത് പ. സഭയുടെ സുന്നഹദോസു കൂടി സ്ഥാനഭ്രംശം ചെയ്തിട്ടില്ലാത്തതിനാൽ മാത്രമാണെന്ന് എത്രയും സ്പഷ്ടമല്ലയോ?

4. 1. 1895-ൽ 19-ാമത്തെ സുന്നഹദോസും 1906-ൽ 20-ാം സുന്നഹദോസും നടന്നതായി സിംഹാസന ഡയറിയും മറ്റു റിക്കാർഡുകളും പരിശോധിച്ച് ചരിത്രമെഴുതിയ ഇപ്പോഴത്തെ പാത്രിയർക്കീസ് ടി ചരിത്രം II-ാം അദ്ധ്യായത്തിൽ പറയുന്നു. സിംഹാസനഡയറി പലതില്ല, ഒന്നേ ഉള്ളൂ എന്ന് പാത്രിയർക്കീസ് കക്ഷി തന്നെ സമ്മതിക്കുന്നു. ആ സ്ഥിതിക്ക് അതിൽ എഴുതി രേഖപ്പെടുത്തിയിരിക്കുന്ന ഓരോ സുന്നഹദോസ് നടപടിയുടെയും ഉള്ളടക്കവും വിഷയവും എന്തുതന്നെയായിരുന്നാലും ടി സുന്നഹദോസുകൾക്ക് തുടർച്ചയായി ക്രമനമ്പരുകൾ ഇട്ടുപോരുകയല്ലാതെ ഇടയ്ക്കിടയ്ക്കു പല ക്രമനമ്പരുകൾ ഇടുക സംഭവ്യമല്ല. അതിനാൽ ഇപ്പോഴത്തെ പാത്രിയർക്കീസ് 1917-ൽ ചരിത്രമെഴുതിയപ്പോൾ 19-ാമത്തെ സുന്നഹദോസ് അബ്ദൽ മിശിഹാ ബാവായെ വാഴിക്കുന്നതിന് 1895-ലും 20-ാമത്തെ സുന്നഹദോസ് അബ്ദള്ളാ ബാവായെ വാഴിക്കുന്നതിന് 1906-ലും കൂടിയെന്ന് എഴുതിയിരിക്കുന്നത് സത്യമായിരിക്കെ അതിനിടയ്ക്ക് അതായത് 19-ാമത്തെ സുന്നഹദോസിനും 20-ാമത്തെ സുന്നഹദോസിനുമിടയ്ക്ക് മാർ യൂലിയോസ് പറയുംപ്രകാരം 1903-ൽ മറ്റൊരു സുന്നഹദോസ് കൂടി ഉണ്ടാകയും ചെയ്തു എങ്കിൽ അതു പത്തൊമ്പതാമത്തെ സുന്നഹദോസ് ആകേണ്ടിയിരിക്കുന്നു!!

2. ടി "സ്ഥാനഭ്രംശം" സംബന്ധിച്ച് ഒടുവിൽ കാണുന്നത് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠാനുമതിയോടുകൂടി അദ്ദേഹത്തിന്റെ ആസ്ഥാനത്തു നിന്നും 1950 ജൂലൈയിൽ പുറപ്പെട്ട "സഭാചന്ദ്രിക"യിൽ ആണ്. അതിൽ "ആ വി. പാത്രിയർക്കീസ് (അബ്ദൽ മിശിഹാ ബാവാ) ആകട്ടെ 1905-ൽ വി. സിംഹാസനത്തിൽനിന്നു ബഹിഷ്കൃതനാകുകയും" എന്നും മറ്റും പറഞ്ഞിരിക്കുന്നു (ചന്ദ്രിക, 3:113). 1905-ലും അദ്ദേഹം വി. പാത്രിയർക്കീസായിത്തന്നെ സ്ഥിതി ചെയ്യുന്നു എന്നും അന്നുവരെയെങ്കിലും മാർ യൂലിയോസും മറ്റും പറയുംപ്രകാരം യാതൊരുവിധ ഭ്രഷ്ടോ മുടക്കോ മാറ്റലോ ഒന്നും ഉണ്ടായിട്ടില്ലെന്നും സ്പഷ്ടമായി അത്താനാസ്യോസ് മെത്രാച്ചന്റെ കക്ഷി സമ്മതിക്കുന്നതായി വ്യക്തമാകുന്നു. 1932 മുതലുള്ള നവീനവാദഗതി ആലുവാ സെമിനാരിയിലും മറ്റും വേണ്ടത്ര ഗ്രഹിച്ചു കഴിഞ്ഞിട്ടില്ലായിരിക്കുമെന്ന് ചന്ദ്രികയിലെ ഈ പ്രസ്താവന കൊണ്ട് അനുമാനിക്കേണ്ടിയിരിക്കുന്നു.

ഈ വാദവും തർക്കവും എല്ലാം ഉണ്ടായിട്ട് വർഷങ്ങൾ പത്ത്, അൻപതോളമായി. എന്നിട്ടും സുന്നഹദോസ് കൂടിയത് "1905-ാംമാണ്ടിടയ്ക്കാണ്"

"1905-ലാണ്, "ആണ്ടു നിശ്ചയമില്ല", 1906 മേടത്തിൽ "മലയാളം വിടുന്നതുവരെ അതേപ്പറ്റി ഒന്നും അറിഞ്ഞിട്ടില്ല. ...", "80 (1905) മേടത്തിലാണ്", "1903-ലാണ്", "1903 ആഗസ്റ്റിലാണ്", "1903 ഒക്ടോബർ 10 (കന്നി 27)-ാം തീയതിയാണ്", "1903 തുലാം 10-ാം തീയതിയാണ്." ... എന്നെല്ലാം പറയുന്നതിൽനിന്നു വെളിവാകുന്നത് ഇതു സംബന്ധിച്ച് ഒരു സുന്നഹദോസ് കൂടുകയോ ആലോചിക്കുകയോ ഒന്നും ഉണ്ടായിട്ടില്ല എന്നല്ലയോ? അബ്ദൽ മിശിഹാ (മിശിഹായുടെ ദാസൻ) യെ സംബന്ധിച്ച മേൽകണ്ട ആരോപണങ്ങൾ വായിക്കുമ്പോൾ സ്മരണയിൽ വരുന്നത് 1920 വർഷങ്ങളോളം മുമ്പ് അദ്ദേഹത്തിന്റെ യജമാനനായ മിശിഹാതമ്പുരാൻ സന്നദ്രീം (സുന്നഹദോസ്) മിന്റെ മുമ്പിൽ "കുറ്റവാളിയായി" നിൽക്കുമ്പോൾ സ്വജനങ്ങളിൽ നിന്നുണ്ടായ പരസ്പരവിരുദ്ധവും അടിസ്ഥാനരഹിതവുമായ വ്യാജസാക്ഷിമൊഴികളല്ലയോ? യജമാനന് എതിരായിട്ടുള്ള സാക്ഷികൾ ഉണ്ടായി എങ്കിൽ ദാസനു എതിരായും ഉണ്ടാകുമെന്നുള്ളതു തിട്ടമാണല്ലോ... "..... ദാസൻ യജമാനനു മീതെയല്ല... യജമാനനെപ്പോലെയാകുന്നതു ദാസനു മതി... മറച്ചുവെച്ചത് ഒന്നും വെളിപ്പെടാതെയും ഗൂഢമായതൊന്നും അറിയാതെയും ഇരിക്കയില്ലാ" (മത്താ. 10:24-26). സത്യം എന്തെന്ന് അറിഞ്ഞശേഷവും അതിനോട് എതിർക്കുന്നത് പരിശുദ്ധാത്മാവിനു വിരോധമായ പാപമാകുന്നു എന്ന് ഓർക്കണമേ. തന്റെ നില തെറ്റെന്നു അറിഞ്ഞിട്ടും മനഃസാക്ഷിയെ വച്ചുകൊണ്ട് അതിൽത്തന്നെ നിന്നുകൊണ്ട് സത്യത്തോട് എതിർക്കുന്നത് ദൈവത്തോടുള്ള എതിർപ്പു തന്നെയാണ്. ഇനിയും ദൈവത്തോട് എതൃക്കയോ!

മുടക്കുസുന്നഹദോസ് സംബന്ധിച്ച സകല പ്രസ്താവനകളും പരസ്പരവിരുദ്ധം

1. മുടക്കു സുന്നഹദോസിലേക്കുള്ള ക്ഷണം

എ. <u>മലങ്കരസഭയെ "അതിലേക്ക് ക്ഷണിക്കയും മലങ്കരസഭ സമ്മതിക്കയും ചെയ്തിരുന്നു പോൽ!</u> "മുടക്ക് സാധുവോ അസാധുവോ" എന്ന പേരിൽ പാമ്പാക്കുട മൽപാനച്ചന്റെ പ്രസ്സിൽ നിന്നും പാത്രിയർക്കീസ് കക്ഷി 12-9-1912-ൽ പ്രസിദ്ധം ചെയ്ത ലഘുലേഖയിൽ അബ്ദൽ മിശിഹായെ മുടക്കിയതായി പറയുന്ന സുന്നഹദോസിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിക്കു പോയി സംബന്ധിപ്പാൻ കഴിയാഞ്ഞതിനാൽ "അദ്ദേഹം എഴുത്തു മൂലം സമ്മതിക്കയും ഈ സമ്മതം.... കോജാ അന്തൂൻ എപ്പിസ്ക്കോപ്പന്മാരുടെ സംഘത്തിൽ പ്രസ്താവിക്കയും ചെയ്തു" (പുറം 15) എന്നു പറഞ്ഞിരിക്കുന്നു. പാത്രിയർക്കീസ് പക്ഷത്തെ ഇപ്പോഴത്തെ ട്രസ്റ്റിയുടെ വക മുളന്തുരുത്തി പി. റ്റി. പ്രസ്സിൽ നിന്നും 1931 ധനു 20-ൽ പാത്രിയർക്കീസ് കക്ഷി 1-ാം നമ്പരായി പ്രസിദ്ധം ചെയ്ത

ലഘുലേഖയിലും മേൽപ്രകാരംതന്നെ പറഞ്ഞശേഷം “ആ സുന്നഹദോസ് നിശ്ചയത്തെ ആദരിച്ച് മാർ ജോസഫ് ദീവന്നാസ്യോസ് ഒരു കൽപന ഇടവകപ്പത്രികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്” (പുറം 11) എന്നു കൂടെ പ്രസ്താവിച്ചിട്ടുണ്ട്. 1932-ലെ ടി കക്ഷിനാവായ സുറിയാനിസഭാ മാസിക 6:267-ലും 1950-ലെ ടി കക്ഷിനാവായ സഭാചന്ദ്രിക 7-ാം ലക്കത്തിലും ഇതുതന്നെ പറയുന്നുണ്ട്. ചന്ദ്രിക പറയുന്നത് “സുന്നഹദോസ് കൂടുവാൻ തന്നെ തീരുമാനിക്കയും വിവരം മലങ്കരസഭയെ അറിയിക്കയും ചെയ്തിരുന്നു. എന്നാൽ മലങ്കര സുറിയാനിസഭ അതിൽ സംബന്ധിക്കുന്നത് കാനോൻ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം സമ്മതപത്രം മൂലമാണ്” എന്നത്രെ. 1929-ൽ പാത്രിയർക്കീസ് കക്ഷിയുടെ ഇഗ്നാത്യോസ് സൊസൈറ്റി വകയായി പ്രസിദ്ധം ചെയ്ത “വട്ടശ്ശേരിൽ മെത്രാനും കാതോലിക്കാ പ്രതിഷ്ഠയും” എന്ന ലഘുലേഖയിൽ അബ്ദൽ മിശിഹാ ബാവായെ നീക്കിയ “ആ സുന്നഹദോസ് നിശ്ചയത്തെ മാർ ജോസഫ് ദീവന്നാസ്യോസ് ആദരിച്ച് ഒരു കൽപന ഇടവകപ്പത്രികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്” (പുറം 2) എന്നു പറയുന്നു. പാത്രിയർക്കീസുപക്ഷത്തെ മേൽപറഞ്ഞിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് സിദ്ധിക്കുന്നത്: അബ്ദൽ മിശിഹായെ മാറ്റുകയോ മറ്റോ ചെയ്യുന്നതിലേക്കായി ഒരു സുന്നഹദോസ് കൂടുവാൻ നിശ്ചയിച്ചു എങ്കിൽ അത് മലങ്കരസഭയെ അറിയിക്കുമായിരുന്നു എന്നും, ഒരു സുന്നഹദോസ് കൂടി മാറ്റി എന്നു വരികിൽ അത് അന്നുതന്നെ ഇവിടെ അറിയിക്കുകയും സഭാഇടവകപ്പത്രികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുമായിരുന്നു എന്നും അതിനെ മലങ്കരസഭ അംഗീകരിച്ചു എന്നു വരികിൽ മാർ ജോസഫ് ദീവന്നാസ്യോസ് തിരുമേനി ടി സുന്നഹദോസിനെപ്പറ്റിയും അതിന്റെ തീരുമാനപ്രകാരം മാറ്റിയതിനെ സംബന്ധിച്ചും കൽപന പുറപ്പെടുവിച്ചു വിവരം സഭാംഗങ്ങളെ അറിയിക്കുമായിരുന്നു എന്നുമുള്ള അവരുടെ സമ്മതമാണ്. അതിനാൽ പാത്രിയർക്കീസുകക്ഷിയുടെ പ്രസിദ്ധീകരണങ്ങളിൽ കാണുന്ന പ്രകാരമുള്ള ക്ഷണവും പ്രസിദ്ധീകരണങ്ങളും കൽപനകളും ഉണ്ടായിട്ടുണ്ടെന്ന് തെളിയിക്കാത്തപക്ഷം അതിൽ പറയുന്നപ്രകാരം ഒരു സുന്നഹദോസ് കൂടുകയോ മാറ്റുകയോ യാതൊന്നും ഉണ്ടായിട്ടില്ലെന്ന് അവർ സമ്മതിക്കേണ്ടിയിരിക്കുന്നു.

പ്രസ്താവനകൾ തെളിയിക്കുമോ?

(ബി) 1905 വരെ സിംഹാസനനഷ്ടം സംഭവിച്ചു യാതൊരറിവുമില്ല. 1903-ൽ നടന്നതായി പറയുന്ന സുന്നഹദോസിലേക്കുള്ള “ക്ഷണക്കത്തിന്” ഇവിടെനിന്നും അയച്ച മറുപടി അവിടെ സമയത്തിന് മൂസൽകാരൻ അന്തൂന് കിട്ടിയെന്നും, അതിനുശേഷം ഒക്ടോബർ 10-നു (കന്നി 27) സുന്നഹദോസ് കൂടി അബ്ദൽ മിശിഹായെ പാത്രിയർക്കീസ് സ്ഥാന

ത്തുനിന്നും മാറ്റി എന്നും, ആ വിവരം ഇവിടെ ജോസഫ് മാർ ദീവന്നാസ്യോസിന്റെ കൽപനയും ഇടവകപ്പത്രികയും മൂലം അറിയിച്ചിട്ടുണ്ടെന്നുമാണല്ലോ പറയുന്നത്. എന്നാൽ അബ്ദൽ മിശിഹായുടെ "സിംഹാസനനഷ്ടം" സംബന്ധിച്ച് എന്തെങ്കിലും ആദ്യമായി ഇടവകപ്പത്രികയിൽ കാണുന്നത് 1905 ഇടവത്തിൽ മാത്രമാണ്. 1905-ൽ ഫർമാൻ നഷ്ടത്തെപ്പറ്റി കേട്ടപ്പോൾ തന്നെയും ഇടവകപ്പത്രിക പറയുന്നത് സിംഹാസനം നഷ്ടപ്പെട്ടുപോയ പാത്രിയർക്കീസ് എന്നല്ല. എന്നാലോ "അന്ത്യോഖ്യാസിംഹാസനത്തിൽ വാഴുന്ന ("വാണുകൊണ്ടിരുന്ന" എന്നുമല്ല) രണ്ടാമത്തെ അബ്ദൽ മിശിഹാ എന്നു പേരായ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമേനിയെ തുർക്കി ഗവൺമെന്റ് സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു. ... ആരോപിച്ചിരിക്കുന്ന കാരണം രാജദ്രോഹമാണത്രെ..." എന്നു പറഞ്ഞുകൊണ്ട് തുർക്കിയുടെ പ്രവൃത്തിയെ, സുൽത്താന്റെ അതിനീചമായ കയ്യേറ്റവും സഭയോടു ചെയ്ത അക്രമവും ആയി വിവരിച്ചിരിക്കുന്നു. മേൽ ഉദ്ധരിച്ചിട്ടുള്ള പാത്രിയർക്കീസു കക്ഷി പ്രസിദ്ധീകരണങ്ങളിൽ പറയുന്നപ്രകാരം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു രണ്ടു കൊല്ലങ്ങൾക്കു ശേഷം സഭാനാവായ ഇടവകപ്പത്രികയിൽ അതിനു കടകവിരുദ്ധമായി ഇപ്രകാരം പ്രസ്താവിക്കുക സംഭവ്യമോ? "കാണാൻ പോകുന്ന പൂരം കേട്ടറിയേണ്ടതില്ല" എന്ന് പറയുംപ്രകാരം ഇത് ഊഹാപോഹം കൊണ്ട് തീരുമാനിക്കേണ്ടതില്ല. മാർ ജോസഫ് ദീവന്നാസ്യോസിന്റെ കൽപനയും ഇടവകപ്പത്രികയിൽ പ്രസ്താവനകളും ഉണ്ടെങ്കിൽ അവ ഉണ്ടെന്നു പറയുന്ന കക്ഷി എന്തുകൊണ്ട് എടുത്തുകാണിക്കുന്നില്ല?

സി. ഈ വിഷയം സംബന്ധിച്ച് ഇപ്പോഴത്തെ തഹലൂപ്പാ മാർ യൂലിയോസിനെ വിസ്തരിച്ചപ്പോൾ സ്ഥാനഭ്രംശ സുന്നഹദോസിലേക്ക് മലങ്കരസഭയെ ക്ഷണിച്ചിരുന്നോ എന്ന ചോദ്യത്തിന് "... അങ്ങിനെ ക്ഷണം അയച്ചില്ല" എന്നാണ് എത്രയും വ്യക്തമായി പറഞ്ഞത്. എങ്കിലും പലർക്കും കിട്ടി പോൽ!

ഡി. അബ്ദൽ മിശിഹായുടെ സിംഹാസനനഷ്ടം സംബന്ധിച്ച്, അന്നു സിംഹാസനപ്രതിനിധിയെന്ന നിലയിൽ മലയാളത്തു താമസിച്ച് എഴുത്തുകുത്തുകൾ ഔദ്യോഗികമായി നടത്തിവന്ന മാർ ഒസ്താത്തിയോസ്, 1906 മേടത്തിൽ സിറിയായിക്കു പോയതുവരെ യാതൊന്നും അറിഞ്ഞില്ലെന്നു സത്യം ചെയ്ത്, 1918-ക്ക് കൊല്ലം 1094 വൃശ്ചികം 29-ാംനു മൊഴി കൊടുത്തിരിക്കുന്നു. അതിനാൽ അന്നുവരെ അതു സംബന്ധിച്ച് ഔദ്യോഗികമായ യാതൊരുവിധ അറിവും ഇല്ലെന്ന്, അതായത് അങ്ങനെ ഒരു സുന്നഹദോസ് 1906 വരെ ഉണ്ടായിട്ടില്ലെന്ന് എത്രയും സ്പഷ്ടമാണ്.

2. "സുന്നഹദോസി"ന്റെ അദ്ധ്യക്ഷൻ ആര്?

അദ്ധ്യക്ഷൻ ആരെന്നു "സുന്നഹദോസ് നടപടിയുടെ അടയാളസഹിതം പകർപ്പിൽ പറയുന്നില്ല; സാധാരണ ഏതു യോഗനടപടിയിലും കാണുന്നപ്രകാരം അദ്ധ്യക്ഷൻ എന്ന് എഴുതി ആരും ഒപ്പുവച്ചിട്ടുമില്ല. ഈ സംഗതികൾ പിന്നാലെ പ്രതിപാദിക്കുന്നുണ്ട് - (എ) ടി "സുന്നഹദോസി"ലെ "അഗ്രാസനർ മൂസലിലെ മാർ ദീവന്നാസ്യോസ് ബഹനാം മെത്രാപ്പോലീത്തായാണ്" എന്ന് അക്കാലത്തെ "തഹലൂപ്പാ" ആയിരുന്ന ഒസ്താത്തിയോസ് 1094 വൃശ്ചികം 27-ാംനു വിസ്തരിച്ചപ്പോൾ ബോധിപ്പിച്ചിരിക്കുന്നു. എന്നാൽ അദ്ദേഹത്തിനു ശേഷം വന്ന തഹലൂപ്പാ മാർ യൂലിയോസ് "അടയാളസഹിതം" കൊണ്ടുവന്നിരിക്കുന്ന "1903-ലെ സുന്നഹദോസ്" നടപടി പകർപ്പിൽ, സുന്നഹദോസിൽ സംബന്ധിച്ചു നിശ്ചയങ്ങൾ പാസ്സാക്കി ഒപ്പു വച്ചവരായി അഞ്ചു പേരുടെ പേരുകൾ കാണുന്നുണ്ട്. അക്കൂട്ടത്തിൽ മേൽപറഞ്ഞ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പേരു കാണുന്നില്ല. ഈ അഞ്ചുപേരെ കൂടാതെ മറ്റാരും സുന്നഹദോസിൽ സംബന്ധിച്ചിരുന്നില്ല എന്നു മാർ യൂലിയോസ് 1942-ൽ മൊഴി കൊടുത്തപ്പോൾ വ്യക്തമായി സമ്മതിക്കുന്നുമുണ്ട്.

ബി. അതിലേറെ നേരമ്പോക്കായിരിക്കുന്നത് ടി ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസ്തുത "സുന്നഹദോസിൽ" സംബന്ധിക്കപോലും ചെയ്തിട്ടില്ലെന്ന് അതിന്റെ അടയാളസഹിതം പകർപ്പുതന്നെ വിളിച്ചുപറയുന്നു എന്നുള്ളതാണ്. സുന്നഹദോസിൽ സംബന്ധിച്ച് ഒപ്പു വച്ചതായി കാണിച്ചിരിക്കുന്ന അഞ്ചുപേരുടെ കൂട്ടത്തിൽ ഇദ്ദേഹത്തിന്റെ പേരില്ല. സുന്നഹദോസ് കഴിഞ്ഞതിൽ പിന്നീട് രണ്ടു മൂന്നു മാസക്കാലത്തിനിടയിൽ കുസ്തന്തീനോസ്പോലീസിലെ എപ്പിസ്ക്കോപ്പാ ടി "സുന്നഹദോസി"ന്റെ നിശ്ചയങ്ങൾക്കു സമ്മതം കൊടുത്തിരിക്കുന്നതായി രേഖപ്പെടുത്തിയതിന്റെ ശേഷം അതിന്റെ പിന്നാലെ ഏഴാമത്തെയാളായിട്ടാണ് ദീവന്നാസ്യോസ് ബഹനാം പേരെഴുതി "ടി സുന്നഹദോസ് അഭിപ്രായപ്പെട്ട് ഒപ്പിട്ടിരിക്കുന്നതിനു കീഴ്പ്പെട്ടു ഞാൻ ഒപ്പിട്ടിരിക്കുന്നു" എന്നിങ്ങനെ എഴുതി ഒപ്പിട്ടിരിക്കുന്നതായിട്ടാണ് "അടയാളസഹിതം പകർപ്പി"ൽ കാണിച്ചിരിക്കുന്നത്. അതിനാൽ "സുന്നഹദോസി"ൽ സംബന്ധിക്കാത്ത ആളുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിലത്രെ അബ്ദൽ മിശിഹായെ സ്ഥാനഭ്രംശം ചെയ്തത് എന്നു കാണുന്നു! എത്ര വിചിത്രം!!

സി. "സ്ഥാനഭ്രംശസുന്നഹദോസി"ന്റെ അദ്ധ്യക്ഷൻ മാർ കൂറിലോസ് ഗീവറുഗീസ് മെത്രാൻ ആയിരുന്നു എന്ന് മാർ യൂലിയോസിന്റെ അരമനയായ മഞ്ഞനിക്കര ദയറായിൽ നിന്നും അബ്ദൽ ആഹാദ് റമ്പാച്ചൻ 1942-ൽ പ്രസിദ്ധം ചെയ്ത പ്രത്യക്ഷസത്യം II 44-ാം പുറത്തു പറയുന്നു.

എന്നാൽ സുന്നഹദോസ് നടപടിയുടെ അടയാളസഹിതം പകർപ്പിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്നതായി കാണിച്ചിരിക്കുന്ന കൂട്ടത്തിൽ ഇദ്ദേഹത്തിന്റെ പേര് ആദ്യവും അല്ല അവസാനവും അല്ല. ആകെ അഞ്ചു പേരുള്ളതിൽ ഇദ്ദേഹത്തിന്റേതു നാലാമത്തേതാണ്. നമ്മുടെ നാട്ടിലെല്ലാം അദ്ധ്യക്ഷൻ, അംഗങ്ങൾ എല്ലാം ഒപ്പുവച്ചു കഴിഞ്ഞശേഷം ഒടുവിലായിട്ടാണ് ഒപ്പുവയ്ക്കുന്നത്. അറബിദേശത്തു നേരെ മറിച്ചാണ് എന്നുവയ്ക്കുക. ഏതായാലും അദ്ധ്യക്ഷൻ പേരെഴുതി ഒപ്പുവയ്ക്കുന്നത് ആദ്യമോ അവസാനമോ അല്ലാതെ ഇടയ്ക്കു വരുന്നത് എങ്ങിനെ എന്നു മനസ്സിലാകുന്നില്ല. അദ്ധ്യക്ഷന്റെ പേരു മറ്റാരും പറഞ്ഞിട്ടുള്ളതായി അറിവില്ലാത്തതിനാൽ ഈ ഭാഗം ഇവിടെ അവസാനിപ്പിക്കുന്നു.

3. സുന്നഹദോസിലെ അംഗങ്ങൾ ആരെല്ലാം

എ. "മെത്രാന്മാരെല്ലാവരും" എന്ന്:- പാത്രിയർക്കാ സിംഹാസനവുമായുള്ള എഴുത്തുകുത്തു കാര്യങ്ങളിൽ എന്നുവേണ്ട സഭാസംബന്ധമായ എല്ലാ കാര്യങ്ങളിലും തന്നെ ഒരു പ്രഥമ സ്ഥാനമുണ്ടായിരുന്ന ആളും പാത്രിയർക്കീസുപക്ഷത്തെ പ്രമുഖ നേതാവും ട്രസ്റ്റിയുമായിരുന്ന കോനാട്ടു മല്പാനച്ചൻ നിസ്സംശയം പറയുന്നു. 1916-ക്കു കൊല്ലം 1092 ധനു 10-ാംനു വിസ്താരമദ്ധ്യേ ബോധിപ്പിച്ചിരിക്കുന്നത്:- അബ്ദൽ മിശിഹായെ മാറ്റാൻ "മെത്രാന്മാർ എല്ലാവരും സുന്നഹദോസു കൂടി ആ സുന്നഹദോസിലാണ് മാറ്റിയത്" എന്നാണ്. അക്കാലത്തു സിറിയായിൽ പതിമൂന്നു മേല്പട്ടക്കാരിൽ കുറയാതെയും മലയാളത്ത് നാലു മേല്പ്പട്ടക്കാരും അങ്ങനെ നമ്മുടെ സഭയിൽ പതിനേഴിൽ കുറയാതെ മേൽപ്പട്ടക്കാരുണ്ടായിരുന്നു. മേൽപ്പറഞ്ഞിരിക്കുന്നതിൽ നിന്നും സിദ്ധിക്കുന്നത് ഈ പതിനേഴു പേരും ഉൾപ്പെട്ട സുന്നഹദോസ് കൂടി തീരുമാനിച്ചാണ് മാറ്റിയത് എന്നാണല്ലോ!

ബി. ഒൻപതു മേൽപ്പട്ടക്കാർ നേരിട്ടും മലങ്കരസഭ സമ്മതപത്രം മുഖേനയും സംബന്ധിച്ചുവത്രെ:- മാർ അത്താനാസ്യോസ് തിരുമേനിയുടെ ആസ്ഥാനത്തുനിന്നും പുറപ്പെടുന്ന പാത്രിയർക്കീസ്പക്ഷം നാവായ "ചന്ദ്രിക" "ടി സുന്നഹദോസി"ൽ മലങ്കരസഭ സംബന്ധിച്ചത് കാനോൻ നിർദ്ദേശാനുസരണം സമ്മതപത്രം മുഖേനയാണെന്നു പ്രസ്താവിച്ചശേഷം അതിൽ നേരിട്ടു സംബന്ധിച്ചവരായി ഒന്ന്, രണ്ട് എന്നു നമ്പർ കൊടുത്തുകൊണ്ട് ഒമ്പതുപേരുടെ പേരുകൾ ചേർത്തിരിക്കുന്നു (3:7 കവർ 3-ാം പുറം).

സി) ടി "സുന്നഹദോസിൽ" മലങ്കരസഭയുടെ പ്രതിനിധിയായി "കോജാ അന്തൂൻ" സംബന്ധിക്കുകയും മലങ്കരസഭയുടെ സമ്മതപത്രം വായിക്കുകയും ചെയ്തു എന്നും "ടി സുന്നഹദോസ്" തീരുമാനത്തെ

ആദരിച്ച് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ജോസഫ് ദീവന്നാസ്യോസ് കൽപന പുറപ്പെടുവിക്കുകയും അന്നത്തെ ഇടവകപ്പത്രികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നും പാത്രിയർക്കീസ് പക്ഷത്തെ ട്രസ്റ്റിയുടെ വക മുളന്തുരുത്തി പി. റ്റി. പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച ലഘുലേഖ (നമ്പർ I, പുറം II) യിലും മാർ അത്താനാസ്യോസ് തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധം ചെയ്തുവന്ന സുറിയാനിസഭാമാസിക (പു. 6, പേ. 207) യിലും പ്രസ്താവിച്ചു കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ മേൽപ്രകാരം സുന്നഹദോസ് തീരുമാനമോ സുന്നഹദോസ് തന്നെയോ ഉണ്ടായതായോ സമ്മതപത്രമോ പ്രതിനിധിയെയോ അയച്ചതായോ അക്കാലത്തുണ്ടായിരുന്ന ഇടവകപത്രികയിൽ യാതൊരുവിധ പ്രസ്താവനയും ഉണ്ടായിട്ടില്ല. കോജാ അന്തൂൻ എന്നല്ല യാതൊരുവനും ഒരുവന്റെയും പ്രതിനിധിയായി സംബന്ധിച്ചിട്ടില്ലെന്ന് മാർ യൂലിയോസിന്റെ "പകർപ്പു" പോലും ഖണ്ഡിതമായി പ്രഖ്യാപിക്കുന്നുണ്ട്. 5 മേൽപ്പട്ടക്കാർ മാത്രം സംബന്ധിച്ചതായിട്ടത്രേ അതിൽ പറയുന്നത്. ഇടവകപത്രികയിൽ എന്തെങ്കിലും പ്രസ്താവന ഉണ്ടായിട്ടുണ്ടെങ്കിൽ ആരെങ്കിലും അതു കാണിച്ചുതരുന്നതിനു സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു. നേരേമറിച്ച് അബ്ദൽ മിശിഹായ്ക്ക് 1905-ൽ ഉണ്ടായ ഫർമാൻ നഷ്ടം കേവലം അവിചാരിതവും അനീതിപരവും സുൽത്താൻ സഭയോടു ചെയ്ത ഒരു കയ്യേറ്റവുമാണെന്ന് 1905-ലെ ഇടവകപത്രിക 93-96 പുറങ്ങളിൽ പറയുന്നുണ്ട്.

ഡി) ഒമ്പതുപേർ മാത്രമാണ് സംബന്ധിച്ചത് എന്ന്:- 1932-ലെ പാത്രിയർക്കീസുകക്ഷിനാവായ സുറിയാനിസഭാമാസിക 229-ാം പുറത്ത് "ടി സുന്നഹദോസിൽ സംബന്ധിച്ചവരുടെ ഒരു പട്ടികയുണ്ട്. അതിൽ ഒമ്പതുപേർ നേരിട്ടു സംബന്ധിച്ചതായി പറയുന്നു. നേരിട്ടല്ലാതെ സമ്മതപത്രം മുഖേനയോ പ്രതിനിധികൾ മുഖേനയോ മറ്റോ ഒരുവനും അതിൽ സംബന്ധിച്ചിട്ടില്ലെന്നും അനിഷേധ്യമാംവണ്ണം അതിൽനിന്ന് വ്യക്തമായി കാണാം. അതിൽ സംബന്ധിച്ചവരായി പേരു ചേർത്തിരിക്കുന്ന കൂട്ടത്തിലും "കോജാ അന്തൂനി"ന്റെ പേരില്ലെന്നുള്ളതും സ്മരണീയമാണ്.

ഇ) അഞ്ചു പേർ നേരിട്ടും നാലു പേർ പ്രതിനിധികൾ മുഖേനയും സംബന്ധിച്ചു എന്ന്:- 1929-ൽ "സസ്പെൻഷൻ കേസ്സി"ൽ ഇപ്പോഴത്തെ തഹലൂപ്പാ മാർ യൂലിയോസ് ബോധിപ്പിച്ചിരിക്കുന്നത് അഞ്ചു മെത്രാന്മാരും മറ്റു നാലു മെത്രാന്മാരുടെ പ്രതിനിധികളും അങ്ങനെ ഒമ്പതു പേർ ചേർന്ന് സുന്നഹദോസ് കൂടി അബ്ദൽ മിശിഹാ ബാവായെ മാറ്റി എന്നാണ്.

എഫ്) അഞ്ചു മേല്പട്ടക്കാർ മാത്രമാണ് സംബന്ധിച്ചത് എന്ന്:- മാർ യൂലിയോസ് ഔദ്യോഗിക അധികാരത്തോടുകൂടി "ദി സിറിയൻ ചർച്ച് ഓഫ് മലബാർ" എന്ന പേരിൽ പ്രസിദ്ധം ചെയ്ത ഇംഗ്ലീഷ് ലഘുലേഖ

യുടെ ഒടുവിൽ അപ്പെൻഡിക്സ് എ ആയി പ്രസ്തുത "സുന്നഹദോസി"ന്റെ ഒരു അടയാളസഹിതം പകർപ്പ് ചേർത്തിട്ടുണ്ട്. അതിൽ അഞ്ചു മേല്പട്ടക്കാർ മാത്രം ചേർന്ന് സുന്നഹദോസ് കൂടി തീരുമാനങ്ങൾ ചെയ്തതായിട്ടാണ് കാണിച്ചിരിക്കുന്നത്. അഞ്ചു പേരും ഒപ്പു വെച്ച് "സുന്നഹദോസ്" നടപടികൾ പൂർത്തിയാക്കിയശേഷം പിന്നീട് മറ്റു നാലു പേർ ടി അഞ്ചുപേർ ചെയ്തതായി പറയുന്ന തീരുമാനങ്ങൾ സമ്മതിച്ച് ഒപ്പു വെച്ചതായും അസന്ദിഗ്ദ്ധമായ ഭാഷയിൽ വിളിച്ചു പറയുന്നുണ്ട്. ഏതായാലും ഒടുവിൽ (1942-ൽ) മാർ യൂലിയോസിനെ വിസ്തരിച്ചപ്പോൾ ഇതിനനുസരണമായി 5 പേർ മാത്രമാണ് സുന്നഹദോസ് കൂടിയത്. നാലു പേർ പിന്നീട് ചെന്ന് സമ്മതം വച്ചുകൊടുക്കുകയാണ് ചെയ്തത് എന്നും പറയുന്നുണ്ട്. ഇങ്ങനെ 'എല്ലാ മെത്രാന്മാരും (17-ഉം)' ചേർന്ന് സുന്നഹദോസ് കൂടി എന്നു പറഞ്ഞ് ഇപ്പോൾ അഞ്ചായി.

ഈ ഇരുപതാം നൂറ്റാണ്ടിൽ വി. സഭയുടെ ഒരു എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂടുകയാണെങ്കിൽ (അന്നു സഭയിൽ ഉണ്ടായിരുന്നതു 17 മേല്പ്പട്ടക്കാർ ആണ്) അതിൽ ആരെല്ലാം ഭാഗഭാക്കുകളായി എന്ന് യാതൊരു സംശയത്തിനും വകയില്ലാത്തവിധം അത് സംബന്ധമായ രേഖകളിൽ വ്യക്തമായി കാണുന്നതല്ലയോ? ആ വിഷയത്തെപ്പറ്റി പല സംശയങ്ങളും വാദങ്ങളും ഉണ്ടായശേഷമെങ്കിലും അധികൃതസ്ഥാനങ്ങളിൽ പോലും യാതൊരു ലെക്കും ഇല്ലാതെ - എല്ലാ മെത്രാപ്പോലീത്തന്മാരും കൂടി സുന്നഹദോസ് കൂടി, ഒൻപതു മേൽപ്പട്ടക്കാരും മറ്റു ചിലരുടെ പ്രതിനിധികളും ചേർന്ന് സുന്നഹദോസ് കൂടി, ഒമ്പതു മേല്പട്ടക്കാർ മാത്രം കൂടി, അഞ്ചു മേൽപട്ടക്കാരും നാലു പേരുടെ പ്രതിനിധികളും കൂടി, അഞ്ചു മേൽപ്പട്ടക്കാർ മാത്രം കൂടി എന്നിങ്ങനെ പരസ്പരവിരുദ്ധമായി പ്രസ്താവിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത് എന്തെന്ന് വായനക്കാർ ചിന്തിച്ച് തീരുമാനിച്ചുകൊള്ളുകയാണ് ഉത്തമം. "കക്കാൻ പഠിച്ചാൽ നിൽക്കാൻ പഠിക്കണം" എന്നു കേട്ടിട്ടുണ്ട്.

4. സ്ഥാനഭ്രംശകാരണം

1905-ൽ സ്ഥാനഭ്രംശം ചെയ്തതായി 1928-ലെ റിവ്യൂ വിധി വരെയും, 1903-ൽ ചെയ്തതായി റിവ്യൂവിനുശേഷവും പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജീവിതകാലത്ത് സുൽത്താൻ രാജദ്രോഹകുറ്റം ആരോപിച്ച് ഫർമാൻ പിൻവലിച്ചു എന്നല്ലാതെ മറ്റൊരു കാരണവും പറഞ്ഞിരുന്നില്ല.

1. ഭരണസംബന്ധമായ ക്രമക്കേടുകളാണ് കാരണം എന്ന്:- ഇപ്പോഴത്തെ പാത്രിയർക്കീസ് അപ്രേം റമ്പാനായിരുന്ന കാലത്ത് 1917-ൽ എഴുതി പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും പ്രസിദ്ധം ചെയ്ത ചരിത്രത്തിൽ അബ്ദൽ മിശിഹാ "ഭരണസംബന്ധമായ ക്രമക്കേടുകൾ"

നിമിത്തം പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും നീക്കപ്പെട്ടതായി എഴുതിയിരിക്കുന്നു. ഇത് ഇപ്പോഴത്തെ ബേയ്റൂട്ടിലെ മെത്രാൻ അബ്ദൽ ആഹാദ് റമ്പാനായിരിക്കുന്ന കാലത്ത് 1942-ൽ തഹലൂപ്പായുടെ അരമന യിൽ നിന്നും പ്രസിദ്ധം ചെയ്ത പ്രത്യക്ഷസത്യം II, 47-ാം പേജിൽ പറ ഞ്ഞിരിക്കുന്നു.

2. വിശ്വാസവിപരീതവും നടപടിപ്പിശകുമാണ് കാരണമത്രെ:- പാത്രി യർക്കീസ് പക്ഷത്തിന്റെ ആരംഭകാലത്തെ നേതാവും ട്രസ്റ്റിയുമായിരുന്ന മി. സി. ജെ. കുര്യനെ ഈ വിഷയം സംബന്ധിച്ച് 1916-ന് കൊ. 1092 ധനു 22-ാംനു വിസ്തരിക്കുമ്പോൾ "വേദവിപരീതംകൊണ്ടും നടപടിപ്പി ശകുകൊണ്ടുമാണ്" അബ്ദൽ മിശിഹായെ മാറ്റിയതെന്നും നടപടിപ്പിശ കുകൾ എന്തെന്നും വിശ്വാസവിപരീതം എന്തെന്നും (details) അറിഞ്ഞു കൂടാ" എന്നും ബോധിപ്പിച്ചിരിക്കുന്നു. ടി യാണ്ട് കുംഭത്തിൽ സഭയുടെ വിശ്വാസങ്ങൾ സംബന്ധിച്ചും മറ്റും വിദഗ്ദ്ധ ജ്ഞാനമുണ്ടായിരുന്ന കോനാട്ടു മല്പാനച്ചനെ വിസ്തരിച്ചപ്പോൾ "വിശ്വാസവിപരീതമുണ്ടായി ട്ടാണു നീക്കം ചെയ്തെന്നെനിക്കറിയാം. എന്തെല്ലാമാണത് എന്നെനി ക്കറിഞ്ഞു കൂടാ" എന്നു ബോധിപ്പിച്ചിരിക്കുന്നു. അക്കാലത്ത് തഹലൂപ്പാ ആയിരുന്ന മാർ ഒസ്താത്തിയോസ്, 1918-ക്ക് കൊല്ലം 1094-ൽ അബ്ദൽ മിശിഹായെ മാറ്റിയതു സംബന്ധിച്ചും വിസ്തരിച്ചപ്പോൾ ബോധിപ്പിച്ചി രിക്കുന്നത്: അദ്ദേഹം സഭയ്ക്കു വളരെ കലക്കം ഉണ്ടാക്കി വിശ്വാസവി രോധം ചെയ്തു. ഇവയാണ് അബ്ദൽ മിശിഹായ്ക്കുണ്ടായിരുന്ന കുറ്റം" എന്നത്രേ. അബ്ദൽ മിശിഹാ വിശ്വാസവിരോധം എന്താണ് കാണിച്ച തെന്നു ചോദിച്ചതിന് അദ്ദേഹം "മിദിയാറ്റ് പോയി ഒരു പ്രൊട്ടസ്റ്റന്റു വീട്ടിൽ താമസിച്ചു. അതാണ്'' എന്നായിരുന്നു ഉത്തരം. ഇക്കാല ത്തൊന്നും അബ്ദൽ മിശിഹായെ ചിത്തഭ്രമം നിമിത്തമോ മദ്യപാനം നിമിത്തമോ മാറ്റിയതായോ അദ്ദേഹത്തിന് ചിത്തഭ്രമമുണ്ടായിരുന്ന തായോ ഇവരാരും പറയുന്നില്ല എന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

3. മാറ്റിയത് ചിത്തഭ്രമം നിമിത്തം എന്ന്:- 1928-ലെ റിവ്യൂ വിധിക്കു ശേഷം സ്ഥാനഭ്രംശകാരണത്തിനും ഒരു വിഭ്രമമുണ്ടായി. അത് ചിത്ത ഭ്രമമായി രൂപാന്തരപ്പെട്ടു. "അദ്ദേഹം (അബ്ദൽ മിശിഹാ) ചിത്തഭ്രമമു ള്ളവനും ഇടവും വലവും തിരിച്ചറിവാൻ പാടില്ലാത്തവനും" ആയിരുന്നു എന്ന് 1931-ലെ പാത്രിയർക്കീസ് കക്ഷി തങ്ങളുടെ നാവായിരുന്ന "സുറി യാനിസഭാമാസിക" 227-ാം പുറത്ത് പറയുന്നു. "ഭ്രാന്തനായ ഒരാളെ സഭയുടെ തലവനായി വച്ചുകൊണ്ടിരിക്കുന്നത് നല്ലതല്ലെന്നു കാണുക യാൽ" അബ്ദൽ മിശിഹായെ സ്ഥാനഭ്രഷ്ടനാക്കി എന്ന് 1942-ൽ തഹ ലൂപ്പായുടെ ആസ്ഥാനമായ മഞ്ഞനിക്കര നിന്നും അബ്ദൽ ആഹാദു റമ്പാൻ പ്രസിദ്ധം ചെയ്ത പ്രത്യക്ഷസത്യം 44-ാം പുറത്തു പറയുന്നു.

ഇതുതന്നെ മാർ യൂലിയോസ് 1942-ൽ സമുദായക്കേസിൽ വിസ്തരിച്ചപ്പോഴും സത്യം ചെയ്തു ബോധിപ്പിച്ചിരിക്കുന്നു. അബ്ദൽ മിശിഹായുടെ "ചിത്തഭ്രമം" "സുന്നഹദോസ്" (1903-ലെ) കൂടുന്നതിന് ആറേഴു കൊല്ലം മുമ്പു തന്നെ തുടങ്ങി. സുഖക്കേട് ക്രമേണ വർദ്ധിച്ച് സുന്നഹദോസിന് രണ്ടു മൂന്നു വർഷം മുമ്പു തന്നെ പാത്രിയർക്കാസ്ഥാനത്തിനടുത്ത ജോലികൾ ചെയ്യാൻ സാദ്ധ്യമല്ലാതായി എന്ന് മാർ യൂലിയോസ് മൊഴിയിലും എന്നാൽ "1895-ൽ സിംഹാസനാരൂഢനായ ആ പിതാവ് 8 കൊല്ലത്തോളം (1903) വരെ ഭരണം നടത്തിയശേഷം ചിത്തഭ്രമബാധിതനായിത്തീർന്നു" എന്ന് മാർ യൂലിയോസിന്റെ ആസ്ഥാനത്തുനിന്നും 1942-ൽ പുറപ്പെട്ട പ്രത്യക്ഷസത്യം II, 44-ലും പറയുന്നു.

4. ചിത്തഭ്രമം നിമിത്തം താനെ ആത്മീയ വരങ്ങളെല്ലാം നഷ്ടപ്പെട്ടുപോയി എന്നും:- അബ്ദൽ മിശിഹാ സുബോധരഹിതനായിത്തീർന്നു എന്നും തന്മൂലം അദ്ദേഹത്തിന്റെ പാത്രിയർക്കാസ്ഥാനവും മെത്രാപ്പോലീത്താസ്ഥാനവും കശീശാസ്ഥാനവും എന്നുവേണ്ട സകല ആത്മീയ നൽവരങ്ങളും സ്വയമേവ ഇല്ലാതായിത്തീർന്നു എന്നും മാർ യൂലിയോസ് 1942-ൽ സമുദായക്കേസിൽ വിസ്തരിച്ചപ്പോൾ ബോധിപ്പിച്ചിരിക്കുന്നു. ഇദ്ദേഹം ഈ പ്രസ്താവിച്ചതിന് വല്ല അർത്ഥവുമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം തന്നെ കൊണ്ടുവന്നിരിക്കുന്ന സുന്നഹദോസ് അബ്ദൽ മിശിഹായുടെ സകല ആത്മീയ നൽവരങ്ങളും "നഷ്ടപ്പെട്ടുപോയി" എന്നുള്ള വിവരം പ്രഖ്യാപിക്കുകയല്ലാതെ അദ്ദേഹത്തിന്റെ പകർപ്പിൽ കാണുന്ന പ്രകാരമുള്ള പല എതിർ നടപടികൾക്കും മുൻകൂട്ടി കരുതി പ്രവർത്തിച്ചത് എന്തിനെന്നു പറയേണ്ടിയിരിക്കുന്നു. "അബ്ദൽ മിശാഹാ പാത്രിയർക്കീസുമായി യോജിച്ച് അദ്ദേഹത്തെത്തന്നെ സ്വീകരിക്കുകയാണ് നല്ലതെന്ന് സുൽത്താൻ... നിർബന്ധമായി പറയുന്നു" എന്ന് കോജാ അന്തൂൻ 1906 മേടം 7-ാംനു എഴുതിയിരിക്കുന്നു. വ്യർത്ഥനായ ഭ്രാന്തനെ പാത്രിയർക്കീസായി സ്വീകരിപ്പാനായിരിക്കുമോ സുൽത്താൻ നിർബന്ധിക്കുന്നതും!!!

5. 1912-ൽ അബ്ദൽ മിശിഹാ ബാവാ മലയാളത്ത് എഴുന്നള്ളിയിരിക്കുമ്പോൾ പാത്രിയർക്കീസ് പക്ഷത്തുനിന്നും, പി. പി. തോമസ് ആദിയായി നാലു പേർ ചേർന്ന് "അബ്ദൽ മിശിഹാ ഇപ്പോൾ പാത്രിയർക്കീസോ വേഷധാരിയോ" എന്ന പേരിൽ പ്രസിദ്ധീകരിച്ച ലഘുലേഖ 3-5 വരെ പുറങ്ങളിൽ അബ്ദൽ മിശിഹായിൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ; ദുഷ്ടവിചാരം, പ്രസ്സ് ദാനം കൊടുത്തു, പൊതുസ്വത്തു വിറ്റു, ഭണ്ഡാരം മാന്തി, കള്ളനെ മെത്രാനാക്കി, വട്ടിപ്പണം ആവശ്യപ്പെട്ടു, മലയാളത്തെ മെത്രാന്മാരോട് പണം ആവശ്യപ്പെട്ടു, ലഹരിപ്രിയൻ, പാക്കിൽ പള്ളി മുസൽമാന്മാർക്ക് കൊടുത്തു ഇങ്ങനെ ഒമ്പതാണ്. 1917 മുതൽ

ആരോപിച്ചു കാണുന്ന വേദവിപരീതവും റിവ്യൂവിധിക്കുശേഷം ആരോപിച്ചു കാണുന്ന ചിത്തഭ്രമവും വളരെ അധിക്ഷേപിച്ചെഴുതിയിട്ടുള്ള 1912-ലെ രേഖയിലും അതിനു മുമ്പുള്ള പ്രസ്താവനകളിലും കാണുന്നില്ല. വേദവിപരീതവും നടപടിപ്പിശകും നിമിത്തം മാറ്റി എന്ന് ഒരു കൂട്ടർ, ഭരണസംബന്ധമായ ക്രമക്കേടുകൾ നിമിത്തം മാറ്റി എന്ന് മറ്റൊരു കൂട്ടർ! ചിത്തഭ്രമം നിമിത്തം മാറ്റി എന്നു വേറൊരു കൂട്ടർ, ചിത്തഭ്രമം നിമിത്തം താനെ വ്യർത്ഥനായിത്തീർന്നു എന്നും മറ്റും വേറെ ചിലരും വാദിച്ചുവരുന്നത് ബഹു വിചിത്രം തന്നെ. ഖണ്ഡിതമായും വ്യക്തമായും പ്രഖ്യാപിച്ചിരിപ്പാൻ ഇടയുള്ളതും (അങ്ങനെ ഒരു മാറ്റൽ ഉണ്ടായിട്ടുണ്ടെങ്കിൽ) അറിഞ്ഞിരിക്കേണ്ടതുമായ കാര്യങ്ങൾ സംബന്ധിച്ചുള്ള കാലയളവിൽ തന്നെ പരസ്പരവിരുദ്ധമായ വാദങ്ങൾ ഉന്നയിക്കുന്നതിനാൽ അവ അടിസ്ഥാനരഹിതമെന്ന് സ്വയം സിദ്ധിക്കുന്നില്ലയോ?

5. അബ്ദൽമിശിഹാബാവാ എവിടെയായിരുന്നു

മുടക്കു സുന്നഹദോസ് കാലത്ത് അബ്ദൽ മിശിഹാ ബാവാ എവിടെയായിരുന്നു എന്നുള്ളത് സംബന്ധിച്ചും അന്നത്തെ തഹലൂപ്പായുടെയും ഇന്നത്തെ തഹലൂപ്പായുടെയും മൊഴികൾ വിരുദ്ധമാണ്. ഒരാൾ പറയുന്നു, 2-3 മാസം മുമ്പു മുതൽക്കു സിംഹാസന ദയറായിൽ ഉണ്ടായിരുന്നില്ല തൂറബ്ദീനിൽ ആയിരുന്നു എന്ന്. മറ്റേ ആൾ പറയുന്നത്, അന്ന് സിംഹാസനദയറായിൽ ഉണ്ടായിരുന്നു എന്നും ഒന്നര കൊല്ലം കൂടെ അവിടെ താമസിച്ചിരുന്നു എന്നുമാണ്. രണ്ടു പേരുടെയും മൊഴികളിൽ ഇപ്രകാരം കാണുന്നു.

എ. 1918-ന് കൊല്ലവർഷം 1094-ൽ മാർ ഒസ്താത്തിയോസ് പറയുന്നത്:- "അബ്ദൽ മിശിഹാ ബാവായെ മുടക്കുന്നതിന്... സുന്നഹദോസ് കൂടിയത് കുറുക്കുമാ ദയറായിലാണ്. ... സുന്നഹദോസ് കൂടുന്നതിനു 2-3 മാസം മുമ്പേ അബ്ദൽ മിശിഹാ പാത്രിയർക്കീസ് തൂറബ്ദീനിലേക്ക് ഓടിപ്പോയി ... കുറ്റം കിട്ടുമെന്ന് പേടിച്ചാണ് ഓടിപ്പോയത്. അബ്ദൽ മിശിഹാ ബാവായെ സുന്നഹദോസിൽ വരുത്തുന്നതിന് ആളയച്ചു; വന്നില്ല. തൂറബ്ദീനിലേക്കാണ് ആളയച്ചത്. ... ആളയച്ചത് സുന്നഹദോസായിരുന്നു. സുന്നഹദോസ് കൂടിയ സ്ഥലത്തു നിന്നും തൂറബ്ദീനിലേക്ക് ഒന്നര ദിവസത്തെ വഴിയുണ്ട്" എന്നും മറ്റുമത്രെ.

ബി. ഒസ്താത്തിയോസിന്റെ ഈ മൊഴി 1918-ൽ അതായത് റിവ്യൂവിധിക്ക് 10 വർഷങ്ങൾ മുമ്പാണെന്നുള്ള സംഗതി ഇവിടെ സ്മരണയിൽ ഇരിക്കേണ്ടതാണ്. മാർ ഗീവറുഗീസ് ദീവന്നാസ്യോസിനെ മുടക്കി കല്പന അയച്ചത് അദ്ദേഹത്തെ വേണ്ടവിധം വിസ്തരിക്കുകയോ കുറ്റം കാണിച്ച് സമാധാനം ചോദിക്കുകയോ ഒന്നും ചെയ്യാതെ ആയിരുന്നതിനാൽ ആ

"കല്പന" കേവലം അസാധുവാകുന്നു എന്ന് 1928-ൽ ഹൈക്കോടതി അവസാനമായി വിധി കൽപിച്ചു. അതോടുകൂടി പാത്രിയർക്കീസ് കക്ഷിയുടെ വാദഗതികളും കാര്യങ്ങളുമെല്ലാം ഒരു പുതിയ രൂപമെടുക്കാതെ ഗത്യന്തരമില്ലെന്നായി. അബ്ദൽ മിശിഹായുടെ സാന്നിദ്ധ്യത്തിലും അറിവിലും മറ്റുമാണ് സുന്നഹദോസിന്റെ ആലോചനകൾ നടന്നത്. എന്നും തീരുമാനങ്ങൾ ഉണ്ടാക്കിയത് എന്നും വരുത്തി കൂട്ടാത്തപക്ഷം അബ്ദൽ മിശിഹായുടെ "സ്ഥാനഭ്രംശ"വും മാർ ദീവന്നാസ്യോസിന്റെ "മുടക്ക്" പോലെ അറബിക്കടലിൽ അഭയം പ്രാപിക്കേണ്ടതായി വരുമെന്നുള്ള ഭീതി വല്ലാതെ വളർന്നു വന്നു. ആവശ്യം സൃഷ്ടിയുടെ മാതാവ് എന്നല്ലോ ആപ്തവാക്യം! "സുന്നഹദോസി"ന്റെ സാഹചര്യങ്ങളും നടപടിയും തദനുസരണം രൂപമെടുക്കുവാൻ തുടങ്ങി. 1929-ൽ അബ്ദൽ മിശിഹായെ സുന്നഹദോസ് പരിശോധിച്ചു എന്നും മറ്റും വിവരിക്കുന്ന ഒരു സുന്നഹദോസ് നടപടിപകർപ്പ് ഉണ്ടാക്കുകയും തദനുസരണം പിന്നത്തെ തഹലൂപ്പാ മാർ യൂലിയോസ് മൊഴി കൊടുക്കുകയും ചെയ്യുന്നു.

സി. 1942-ന് കൊല്ലം 1117-ലെ മാർ യൂലിയോസ്സിന്റെ മൊഴിയിൽ പറയുന്നത് ഇപ്രകാരമാണ്:- "സുന്നഹദോസ് നടന്ന കാലത്ത് അബ്ദൽ മിശിഹാ സിംഹാസന ദയറായിൽ ആയിരുന്നു. ... സുന്നഹദോസിൽ കൂടിയവർ സുന്നഹദോസ് നടക്കുന്നകാലത്ത് ചിലപ്പോഴൊക്കെ അദ്ദേഹത്തെ സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തുപോന്നിരുന്നു. ... സുന്നഹദോസ് കൂടിയിരുന്ന അവസരത്തിലാണ് വൈദ്യന്മാരെ വരുത്തുകയും (പരിശോധിച്ചു. - ലേ) അവരെക്കൊണ്ട് റിപ്പോർട്ടു ഹാജരാക്കിക്കുകയും ചെയ്തിട്ടുള്ളത്. ... സുന്നഹദോസ് അവസാനിപ്പിച്ചതിന്റെ ശേഷം അബ്ദൽ മിശിഹായെ ഒന്നൊന്നര കൊല്ലങ്ങൾ കഴിഞ്ഞ് അദ്ദേഹത്തിന്റെ ചാർച്ചയിൽപെട്ട ചിലർ അദ്ദേഹത്തെ ... (സിംഹാസനത്തുങ്കൽ നിന്നും- ലേ) കൊണ്ടുപോയി." ഈ പ്രസ്താവിത സുന്നഹദോസിന്റെ സർവ്വപ്രധാനമായ ഒരു നടപടിയിൽ ഇത്ര പരസ്പരവിരുദ്ധമായി ചുമതലപ്പെട്ടവർ അധികൃതമായി പറവാൻ ഇടയാകുന്നത്, അതു സങ്കൽപ സുന്നഹദോസ് മാത്രമായതുകൊണ്ടല്ലയോ എന്നും ചിന്തിക്കുക.

6. സുന്നഹദോസിൽ എന്താണുണ്ടായത് അഥവാ എന്താണ് ചെയ്തത്?

പാത്രിയർക്കീസ്കക്ഷി ഇതേപ്പറ്റി പറയുന്നതും പൂർവ്വാപരവിരുദ്ധമാണ്. ഏതായാലും അബ്ദൽ മിശിഹാ മലയാളത്തേക്ക് എഴുന്നള്ളുന്ന കാലം വരെ അദ്ദേഹത്തിന് മുടക്കുള്ളതായി ആരും പറഞ്ഞതായി കാണുന്നില്ല.

എ. അദ്ദേഹത്തിന് മുടക്കോ ഭ്രഷ്ടോ ഭ്രാന്തോ ഉള്ളതായി 1911 വരെ ശത്രുക്കൾപോലും പറഞ്ഞിട്ടില്ല:- അബ്ദള്ളാ ബാവാ എന്തു തന്നെ ചെയ്താലും അബ്ദൽ മിശിഹാ ബാവായെ കൊണ്ടുവന്ന് നില സുരക്ഷിതമാക്കിക്കൊള്ളാമെന്ന് ഒരു കക്ഷി പറഞ്ഞപ്പോൾ അബ്ദൽ മിശിഹാ ബാവായെ എത്രയും താഴ്ത്തി ഹാസ്യമാക്കുവാൻ വേണ്ടി ബ. കോനാട്ട് മൽപാനച്ചനും മറ്റും 1910-ൽ പറയുന്നത്: "ഈ ബാവാ ഇപ്പോൾ ദയറാ വിട്ടു രാജകൽപനപ്രകാരം ഒരു വീട്ടിൽ താമസിക്കുന്നു. അവിടെനിന്നു പുറത്തിറങ്ങണമെങ്കിൽ രാജകൽപന വേണം എന്നോർക്കണം" (സൂക്ഷ്മഗ്രാഹി, പേ. 14) എന്നത്രെ. 1910-ൽ പോലും അദ്ദേഹത്തിനു മുടക്കോ ഭ്രഷ്ടോ, ഭ്രാന്തോ ഉള്ളതായി ശത്രുക്കൾപോലും പറയുന്നില്ല. അബ്ദൽ മിശിഹാ ബാവായെ കൊണ്ടുവന്ന് കാതോലിക്കാവാഴ്ചയും മറ്റും നടത്തുവാൻ ആലോചനയുണ്ടെന്നും അബ്ദൽ മിശിഹാ ബാവായുടെ സ്ഥിതിഗതികൾ എന്തെന്നും ശരിയായി അറിയാവുന്നവരും അദ്ദേഹത്തിന്റെ ശത്രുക്കളും ആയ അബ്ദള്ളാ ബാവായും മാർ ഒസ്താത്യോസും 1909 മുതൽ 1911 വരെ ഇവിടെ ഉണ്ടായിരുന്നു എന്നുള്ളതും ഇവിടെ സ്മരണീയമാണ്. അബ്ദൽ മിശിഹാ ബാവായ്ക്ക് ആത്മീയവശത്ത് വല്ല ന്യൂനതകളും ഏതെങ്കിലും പ്രകാരം ഭവിച്ചിട്ടുണ്ടായിരുന്നെങ്കിൽ - അഥവാ ഭവിച്ചിട്ടുണ്ടെന്ന് ആരോപിക്കുവാൻ എങ്കിലും വല്ല കഴിവും ഉണ്ടായിരുന്നെങ്കിൽ - അബ്ദള്ളാ ബാവായും അദ്ദേഹത്തിന്റെ പക്ഷീയനാവായിരുന്ന ബ. മൽപാനച്ചനും മറ്റും ഈ സന്ദർഭത്തിൽ എങ്കിലും അത് പ്രത്യേകം എടുത്ത് ഉൽഘോഷിക്കുമായിരുന്നു എന്നുള്ളത് സംശയരഹിതം അല്ലയോ.

ബി) പാത്രിയർക്കാ സിംഹാസനത്തിൽ നിന്ന് മാറ്റുക മാത്രം ചെയ്തു എന്ന് 1917-ൽ:- പാത്രിയർക്കീസ് കക്ഷിയുടെ കാനോൻ വിദഗ്ദ്ധനായിരുന്ന കോനാട്ട് മൽപാനച്ചൻ ഇതു സംബന്ധിച്ച് 1917-ക്ക് 1092 മീനത്തിൽ പറഞ്ഞിരിക്കുന്നത് "അബ്ദൽ മിശിഹായെ പാത്രിയർക്കാ സ്ഥാനത്തു നിന്നു മാറ്റിയതോടുകൂടി അദ്ദേഹത്തിന്റെ പാത്രിയർക്കാസ്ഥാനം പോയി. അദ്ദേഹം മെത്രാൻസ്ഥാനത്തിൽ ഇരിക്കേണ്ടതാണ് എന്നാണ്. പിന്നീട് അദ്ദേഹം "സുന്നഹദോസിന്റെ നിശ്ചയങ്ങളെ ലംഘിച്ചും പാത്രിയർക്കീസിനെതിരായി പ്രവർത്തിച്ചതിനാൽ മുടക്കപ്പെട്ടവനും ഇടത്തൂട്ടുകാരനുമായിത്തീർന്നു" എന്ന് പറഞ്ഞു. പാത്രിയർക്കാസ്ഥാനത്തുനിന്നും മാറ്റപ്പെട്ടശേഷം അതിനെ ധിക്കരിച്ച് പെരുമാറുകയാൽ മുടക്കപ്പെട്ടവനായ അബ്ദൽ മിശിഹാ" എന്ന് 1931-ൽ പാത്രിയർക്കീസ് പക്ഷത്തെ ട്രസ്റ്റി വക പ്രസ്സിൽ നിന്നും ഒന്നാം നമ്പരായി പ്രസിദ്ധം ചെയ്ത ലഘുലേഖ 20-ാം പേജിലും, "അബ്ദൽ മിശിഹാ ശ്രൂ. മോറാൻ മാർ ഇഗ്നാത്യോസ് അബ്ദേദാലോഹൊ ത്രായോനൊ എന്ന മഹാന്റെ കീഴ്വരുതിയിൽ നിൽ

ക്കാത്തതിനാൽ തന്റെ മെത്രാൻ സ്ഥാനത്തിൽനിന്നു നീക്കപ്പെട്ടവനും വേഷധാരിയും" ആകുന്നു എന്ന് പാത്രിയർക്കീസ് കക്ഷി 12-9-1192-ൽ 'മുടക്ക് സാധുവോ അസാധുവോ' എന്ന പേരിൽ പ്രസിദ്ധം ചെയ്ത ലഘു ലേഖ 15-ാം പുറത്തും പറയുന്നു. സുന്നഹദോസ് കൂടിയതായി പറയുന്നത് 1903-ലാണ്, അന്ന് അദ്ദേഹത്തെ മുടക്കിയില്ലെന്ന് 1911, 1912, 1917 എന്നീക്കാലങ്ങളിലെ അബ്ദള്ളാ ബാവായുടെ കക്ഷിയുടെ പ്രസ്താവനകളിൽ നിന്ന് ഇവിടെ വ്യക്തമാകുന്നുണ്ട്. പിന്നീട് മറ്റൊരു പാത്രിയർക്കീസ് അബ്ദള്ളാ ഉണ്ടായത് 1906-ൽ മാത്രവുമാണ്. പാത്രിയർക്കീസിനെ അനുസരിക്കാതെ എതിരായി പ്രവർത്തിച്ചതിനാൽ പ്രത്യേക നടപടി കൂടാതെതന്നെ മുടക്കപ്പെട്ടവനും ഇടത്തൂട്ടുകാരനും ആയിത്തീരുക സാധ്യമായിരുന്നാൽത്തന്നെയും അപ്രകാരം സംഭവിക്കാവുന്നത് 1906-ൽ അബ്ദള്ളായും പാത്രിയർക്കീസായി വാഴിക്കപ്പെട്ടശേഷം മാത്രമാണെന്നുള്ളത് തർക്കരഹിതമാണല്ലോ. ഏതായാലും അബ്ദൽ മിശിഹായെ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും മാറ്റി എന്നു മാത്രമേ മല്പാനച്ചൻ പോലും വാദിക്കുന്നുള്ളു. അതിനാൽ കൂടുതലായി യാതൊന്നും സുന്നഹദോസ് ചെയ്തിട്ടില്ലെന്ന് മൽപാനച്ചൻ ഖണ്ഡിതമായി പറയുന്നുമുണ്ട്. മുടക്ക് അബ്ദൽ മിശിഹാ ബാവായും അബ്ദള്ളാ ബാവായും 1915-ൽ കാലം ചെയ്ത് രണ്ടു വർഷങ്ങൾ കഴിഞ്ഞ്, 1917-ൽ മല്പാനച്ചൻ മൊഴി കൊടുത്തശേഷമായിരിക്കുമോ അബ്ദള്ളാ ബാവായെ അനുസരിക്കാത്തതിനാൽ അബ്ദൽ മിശിഹായെ 1903-ൽ കൂടിയ സുന്നഹദോസ് മുടക്കിയതു ബഹു വിചിത്രം!!

സി) പാത്രിയർക്കീസല്ലാത്ത അബ്ദൽ മിശിഹാ എന്ന് 1924-ൽ:- അബ്ദൽ മിശിഹാ വഴിയായുള്ള സകല പട്ടത്വവും നിഷിധം എന്നു സ്ഥാപിക്കുന്നതിനായി 1924-ൽ ഏലിയാസ് പാത്രിയർക്കീസ് 232-ാം നമ്പരായി അയച്ച "കൽപന"യിൽ പോലും "മുടക്കപ്പെട്ട" ഗീവറുഗീസ് എന്ന് എടുത്തെടുത്ത് പറയുന്നതിനിടയ്ക്ക് അബ്ദൽ മിശിഹാ ബാവായെപ്പറ്റി പറയുമ്പോൾ "പാത്രിയർക്കീസല്ലാത്ത അബ്ദൽ മിശിഹാ" എന്നല്ലാതെ ഇന്നത്തെ "മല്പാനും" ചില "പിതാക്കന്മാരും" കല്പിക്കുംപ്രകാരം "മുടക്കപ്പെട്ട അബ്ദൽ മിശിഹാ" എന്നു പറയുന്നില്ലെന്നുള്ളത് ശ്രദ്ധേയമാണ്. മാത്രമല്ല 1927-ൽ അദ്ദേഹം സിറിയായിൽ വച്ചു എഴുതിച്ച് റജിസ്ട്രാക്കിച്ചു വാങ്ങിയ ഉടമ്പടിയിൽ മുടക്കപ്പെട്ട (excommunicated) ഗീവറുഗീസ് എന്നു പറയുന്ന വാചകത്തിൽ തന്നെയും അബ്ദൽ മിശിഹായെപ്പറ്റി പറയുന്നത് "പാത്രിയർക്കാസ്ഥാനത്തുനിന്നും ഒഴിവാക്കപ്പെട്ട (Discharged) അബ്ദൽ മിശിഹാ" എന്നത്രെ. അതിനാൽ അബ്ദൽ മിശിഹായിക്ക് അദ്ദേഹത്തിന്റെ സിംഹാസനം നഷ്ടപ്പെട്ടു എന്നുള്ളതിനെ കവിഞ്ഞ് യാതൊന്നും സംഭവിച്ചിട്ടുള്ളതായി വാദിക്കാൻ മാർ ഏലിയാസ് മുതിരുന്നില്ല എന്ന് കാണുന്നു.

ഡി) മുടക്കപ്പെട്ടു എന്നും, സകല ആത്മികവരങ്ങളും നഷ്ടപ്പെട്ടു എന്നും:- 1094-ൽ, അന്നത്തെ തഹലൂപ്പാ മാർ ഒസ്താത്തിയോസ് പറയുന്നത് 'സുന്നഹദോസ് കൂടി അബ്ദൽ മിശിഹായെ മുടക്കിയതായിട്ടത്രെ അറിവ്' എന്നാണ്. അബ്ദൽ മിശിഹായെ മുടക്കുകയാണു ചെയ്തതെന്നും, അതിനുശേഷമാണ് അബ്ദള്ളായെ പാത്രിയർക്കീസ് ആക്കിയതെന്നും അത്രെ. 1942-ൽ പ്രത്യക്ഷസത്യം II, 53-ാം പുറത്ത് അബ്ദൽ ആഹാദ് റമ്പാൻ പറയുന്നത്. ഇതിലെല്ലാം രസകരമായിരിക്കുന്നത് മാർ യൂലിയോസിന്റെ 1942-ലെ മൊഴിയാണ്. സുന്നഹദോസ് അദ്ദേഹത്തെ നീക്കി നിശ്ചയം ചെയ്തശേഷം "അബ്ദൽ മിശിഹാ പാത്രിയർക്കീസായിരുന്നില്ല കേവലം അബ്ദൽ മിശിഹാ മാത്രം (അതായത് യാതൊരു പട്ടത്വനൽവരവുമില്ലാത്ത ഒരു അയ്മേനി മാത്രം - ലേ.) ആയിരുന്നു." "സുന്നഹദോസ് നിശ്ചയത്തിനു ശേഷം, അദ്ദേഹം മെത്രാപ്പോലീത്താ അല്ലായിരുന്നു." "അദ്ദേഹത്തിന്റെ സുബോധം പോയതുകൊണ്ട് സകലവും, (സകല നൽവരവും-ലേ.) നഷ്ടപ്പെട്ടു, എന്ന്, അങ്ങനെ "നഷ്ടപ്പെടുന്നത്, സുന്നഹദോസ് നിശ്ചയമാണ്" എന്നും മറ്റുമത്രെ അദ്ദേഹത്തിന്റെ വാദം.

ദീർഘ ആലോചനയുടെ ശേഷം വിശുദ്ധസഭയുടെ മേൽപ്പട്ടക്കാർ ചേർന്ന് സുന്നഹദോസ് കൂടി സഭ മുഴുവനേയും, സാരമായി സ്പർശിക്കുന്ന - കാനോനികമായി വാഴിക്കപ്പെട്ടു ഭരിച്ചുവരുന്ന പാത്രിയർക്കീസിനെ മാറ്റുന്നതും, അദ്ദേഹം നൽകുന്ന പട്ടത്വത്തിന്റെ സാധുത്വത്തെ വിമർശിക്കുന്നതും ആയ - ഒരു തീരുമാനം ചെയ്തു എങ്കിൽ അത്, സഭയിലെ അധികൃതരും, ഗണനീയന്മാരുമായവർ യഥാവിധി അറിയാതിരിക്കയും, പൊതുസഭയെ ഔദ്യോഗിക കല്പനകൾ മൂലവും, വിശുദ്ധ സഭയുടെ പ്രസിദ്ധീകരണങ്ങൾ വഴിയും ഉടനടി അറിയിക്കാതിരിക്കുകയും ഒരിക്കലും സംഭവ്യമല്ല. അതിനാൽ അങ്ങനെ, അതായതു പാത്രിയർക്കീസ്കക്ഷി പ്രസ്താവിക്കുംപ്രകാരം, വല്ലതും ഉണ്ടായിട്ടുണ്ടായിരുന്നു എങ്കിൽ, അതേപ്പറ്റി ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടാകാതിരിപ്പാനും ഇത്ര പരസ്പരവിരുദ്ധവും, യുക്തിവിരുദ്ധവും ആയ ഓരോ പ്രസ്താവന. താൽക്കാലിക സാഹചര്യങ്ങൾക്കനുസരണം, ഓരോരുത്തർ ഓരോ വിധത്തിൽ, ഓരോ കാലത്തും മാറ്റിമാറ്റി പറയുവാനും ഇടയാകയില്ലായിരുന്നു എന്നുള്ളത്, തീർച്ചയാണ്.

'1903-ലെ സുന്നഹദോസ്' അതിന്റെ വെളിച്ചത്തിൽപോലും വിശ്വാസയോഗ്യമോ?

ഒരു പാത്രിയർക്കീസിന്റെ കുറ്റങ്ങൾ പരിശോധിക്കുന്നതിനും അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്യുന്നതിനുമായി ആ പാത്രിയർക്കീസു തന്നെ

സുന്നഹദോസ് വിളിച്ചുകൂട്ടി എന്ന് ആരും വാദിക്കുമെന്നു തോന്നുന്നില്ല. അതിനാൽ "സുന്നഹദോസ്" കൂടുവാൻ ഇടയായത് എങ്ങനെയെന്നും, ആരെങ്കിലും വിളിച്ചുകൂട്ടിയതെങ്കിൽ അത് ആരെന്നും, ടിയാൻ വിളിച്ചു കൂട്ടുവാൻ ഇടയായത് എങ്ങനെയെന്നും അതിന് ടിയാന് എങ്ങനെ അധികാരം സിദ്ധിച്ചു എന്നും മറ്റുമുള്ള യാതൊരു വിവരവും "ടി സുന്നഹദോസിന്റെ നടപടിയുടെ പൂർണ്ണമായ അടയാളസഹിതം ഉള്ള പകർപ്പ്" എന്നു പറയുന്നതിൽ കാണുന്നില്ല. ടി വിവരങ്ങൾ സുന്നഹദോസ് നടപടി രേഖപ്പെടുത്തുന്നതിൽ, പ്രത്യേകിച്ചും ഇപ്രകാരം എതിർപ്പും മറ്റുമുള്ള ഗൗരവമേറിയ കാര്യങ്ങൾ തീരുമാനിക്കുമ്പോൾ, വളരെ പ്രാധാന്യമർഹിക്കുന്ന വിവരങ്ങളാണ്.

1. നിയമാനുസരണം അധികാരമുള്ളവർ കാര്യകാരണസഹിതം വിളിച്ചുകൂട്ടിയ ഒരു സുന്നഹദോസല്ലെങ്കിൽ അതിന്റെ തീരുമാനങ്ങൾ പക്ഷേ ശ്ലാഘനീയമായിരുന്നാൽപോലും അവയ്ക്ക് കാനോനിക സ്വീകാര്യതയോ നിയമ സാധുത്വമോ ഉണ്ടായിരിക്കുന്നതല്ലല്ലോ. അതിനാൽ ആരെങ്കിലും സുന്നഹദോസ് വിളിച്ചുകൂട്ടിയിരുന്നെങ്കിൽ അത് ആരെന്നുള്ള വിവരങ്ങൾ ഡയറിയിൽ ചേർക്കാതെ വിടുക സംഭവ്യമല്ല. മാത്രമല്ല ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്ന പകർപ്പിൽ വിളിച്ചുകൂട്ടിയതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതിനാൽ ആ വിവരണം അവിചാരിതമായി വിട്ടുപോയെന്നു വിചാരിപ്പാനും വഴി കാണുന്നില്ല. വളരെ തന്ത്രമുപയോഗിച്ച് ആ ഭാഗം പകർപ്പിൽ എഴുതിയിരിക്കുന്നത് "പ: ത്രിത്വനിശ്വാസത്താൽ വിളിച്ചുകൂട്ടപ്പെട്ട പ. സുന്നഹദോസ്..." എന്നു മാത്രമാണ്.

2. സുന്നഹദോസ് നടപടി രേഖപ്പെടുത്തുമ്പോൾ വളരെ വളരെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു സംഗതി അത് ആരുടെ അദ്ധ്യക്ഷതയിൽക്കൂടി എന്നുള്ളതാണ്. "1903-ലെ സുന്നഹദോസ്" നടപടി പകർപ്പിൽ ആരുടെ അദ്ധ്യക്ഷതയിൽ നടന്നു എന്നാദിയായ യാതൊരു വിവരവും ഇല്ല. ഒപ്പിട്ടിരിക്കുന്നതായി കാണിച്ചിരിക്കുന്നിടത്ത് അദ്ധ്യക്ഷൻ എന്നു പറഞ്ഞ് ആരും ഒപ്പുവച്ചിട്ടുള്ളതായും കാണുന്നില്ല. അദ്ധ്യക്ഷൻ തന്നെ ഉണ്ടായിരുന്നതായി കേവലം ഒരു സൂചന പോലും അതിൽ കാണിച്ചിട്ടില്ല എന്നുള്ളത് വിസ്മരിക്കാവുന്നതല്ല.

3. ചിത്തഭ്രമം ആരോപിച്ച് സ്ഥാനഭ്രംശം ചെയ്യപ്പെട്ടതായി പറയുന്ന പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് നടന്നിരിക്കുന്നുവെന്നു വിചാരിപ്പാൻ സുബോധമുള്ളവർക്കു സാദ്ധ്യമല്ല. സിംഹാസന സുന്നഹദോസിന്റെ സ്ഥിരാദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ അസാന്നിദ്ധ്യത്തിൽ സുന്നഹദോസ് കൂടുന്നപക്ഷം അതിന്റെ പ്രഥമ നടപടി അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുക എന്നതായിരിക്കുമെന്നുള്ളതിന് യാതൊരു

സംശയവും ഇല്ല. എന്നാൽ അപ്രകാരം തെരഞ്ഞെടുക്കുന്നതിന് യാതൊരു നടപടിയും നടന്നിട്ടുള്ളതായി അതിൽ" കാണുന്നില്ല.

4. 'ശരിപ്പകർപ്പിൽ' പറയുന്നത് "അന്ത്യോഖ്യായുടെ പ. അപ്പോസ്തോലിക സിംഹാസനമാകുന്ന സ്ഫ്റാൻ ദയറായിൽ സിറിയൻ ഓർത്തഡോക്സ് അഥവാ യാക്കോബായസഭ (ഓഥന്റിക്കൽ വിശ്വാസികളായ സുറിയാനി) (Authentical creed Syrians) ക്കാരുടെ പാത്രിയർക്കീസായ മാർ അബ്ദൽ മിശിഹാ ദ്വിതീയനെപ്പറ്റി ആലോചിപ്പാൻ..." എന്നാണ്. ഈ പകർപ്പിന്റെ മൂലം എഴുതിയതു സുറിയാനിസഭയുടെ സിംഹാസന ഡയറിയിൽ നിന്ന് ആണെന്നു വിചാരിപ്പാൻ പ്രയാസമാണ്. അന്യസഭയുടെ ഡയറിയിൽ രേഖപ്പെടുത്തുമ്പോൾ എഴുതുന്നവിധമുള്ള വിവരണങ്ങളോടുകൂടിയത്രേ എഴുതിയിരിക്കുന്നതായി കാണുന്നത്. സിംഹാസനഡയറിയോടെന്നല്ല സുറിയാനിസഭയോടുതന്നെ യാതൊരു ബന്ധവുമില്ലാത്ത ഒരു ചുറ്റുപാടിൽ ഈ പകർപ്പ് കണ്ടാലും ഇത് ഇന്ന സഭയുടെ പാത്രിയർക്കീസിനെ സംബന്ധിച്ചുള്ളതെന്നു തർക്കരഹിതമായി സ്ഥാപിക്കുവാൻവേണ്ടി കരുതിക്കൂട്ടി എഴുതിയിരിക്കുന്നതെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ കാണാവുന്നതാണ്. അബ്ദൽ മിശിഹാ ദ്വിതീയൻ ഏതു സഭയുടെ പാത്രിയർക്കീസാണെന്നു വ്യക്തമാക്കുവാൻ, ഊരും പേരുമില്ലാത്ത (മേൽവിലാസമില്ലാത്ത) സഭയെന്നവണ്ണം "സിറിയൻ ഓർത്തഡോക്സ്", "യാക്കോബായസഭ," "ആതന്റിക്കൽ വിശ്വാസികളായ സുറിയാനിക്കാർ" എന്നിങ്ങനെ മുകളിൽ പറഞ്ഞിരിക്കുന്നപ്രകാരം പല വിധത്തിലുള്ള വിവരണങ്ങൾ ചേർത്തു സിംഹാസന ഡയറിയിൽ എഴുതുവാൻ ആവശ്യമാകയില്ലായിരുന്നു. ഇതുപോലുള്ള ഒരു വിവരണം ഇതുവരെയുള്ള യാതൊരു പാത്രിയർക്കാ കല്പനകളിലാകട്ടെ ഇവിടെനിന്നും സിംഹാസനത്തിങ്കലേക്കയക്കുന്ന കത്തുകളിലോ മറ്റു വല്ല പ്രസിദ്ധീകരണങ്ങളിലോ ആകട്ടെ കാണുവാൻ ഇടയായിട്ടില്ല. ഇതു മലയാളത്തു കോടതിയിൽ ഹാജരാക്കുമ്പോൾ തർക്കരഹിതമായിരിപ്പാൻവേണ്ടി കരുതിക്കൂട്ടി എഴുതിയതായിട്ടാണ് കാണുന്നത്.

5. അനേകം നൂറ്റാണ്ടുകളായി അന്ത്യോഖ്യാ സിംഹാസനത്തിന്റെ പദവിയും മഹത്വവുമായി ഇഗ്നാത്തിയോസ് എന്ന നാമം പരിലസിക്കുന്നതാണ്. ആ പേര് ചേർക്കാതെ ഔദ്യോഗികസ്ഥാനങ്ങളിൽ എങ്ങും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരെ സംബോധന ചെയ്യാറില്ല. മാത്രമല്ല വി. കുർബ്ബാന ആദിയായ ദിവ്യആരാധനകളിൽ ഏറ്റം ചുരുക്കി സംബോധന ചെയ്യുമ്പോൾ പോലും ഇഗ്നാത്തിയോസ് എന്നുള്ളത് വിട്ടുകളയുന്നില്ല. പാത്രിയർക്കാ സിംഹാസനത്തെ എന്നു വേണ്ട സുറിയാനിസഭയെ ആകമാനം ബാധിക്കുന്ന അതിഗൗരവമായ റിക്കാർഡ് സുന്നഹദോസ് എഴുതിയതെങ്കിൽ അതിൽ ഇഗ്നാത്തിയോസ് എന്ന നാമം വിട്ടു

കളയുക സംഭവ്യമല്ല. ഇഗ്നാത്തിയോസ് എന്നു കൂടി ചേർക്കാത്തതായി പാത്രിയർക്കീസന്മാരുടെ ഏതെങ്കിലും കൽപനയോ പാത്രിയർക്കീസന്മാർ ക്കയച്ചിട്ടുള്ള ഏതെങ്കിലും രേഖകളോ ഉള്ളതായി ഇതേവരെ അറിവി ല്ലെന്നുള്ളത് സ്മരണീയമാണ്. ഉണ്ടെങ്കിൽ കാണിക്കുക. കോടതിയി ലേക്ക് ദൃഷ്ടി പതിച്ചുകൊണ്ട് എഴുതിയുണ്ടാക്കിയതുകൊണ്ടല്ലയോ ഈ പദത്തിന്റെ കാര്യം കേവലം വിസ്മൃതിയിലായിപ്പോയതെന്ന് സംശയി ക്കേണ്ടിയിരിക്കുന്നു.

6. പ്രസ്തുത പാത്രിയർക്കീസിനെ അന്ത്യോഖ്യായുടെ അതിശ്രേഷ്ഠ മായ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും മാറ്റുന്നതിന് എന്ന് "സുന്നഹദോസിന്റെ" ഒന്നാം തീരുമാനത്തിൽ പറയുന്നു. നമ്മുടെ സഭ യിൽ മറ്റു പാത്രിയർക്കീസന്മാർ ഇല്ലാത്ത സ്ഥിതിക്കും സിംഹാസന ഡയ റിയിൽ മറ്റുള്ളവരെപ്പറ്റി എഴുതുവാൻ ആവശ്യവും അധികാരവും ഇല്ലാ ത്തതിനാലും അന്തോഖ്യായുടെ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും മാറ്റുന്നതായി പ്രത്യേകം എഴുതിയിരിക്കുന്നത് അപ്രകൃതമായി തോന്നുന്നു.

7. ആത്മികവും ലൗകികവുമായ ദുർഭരണം ഹേതുവാൽ സ്ഥാനഭ്രംശ ത്തിനു സുന്നഹദോസ് കൂടിയതായി "പകർപ്പി"ന്റെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട് (തഹലൂപ്പായുടെ മൊഴിയിലുമുണ്ട്). എന്നാൽ അവ യുടെ എല്ലാം പരിഹാരത്തിനായി ചെയ്ത തീരുമാനങ്ങളിൽ അദ്ദേഹ ത്തിന്റെ ലൗകികഭരണത്തെ സ്പർശിച്ച് ഒറ്റ അക്ഷരം പോലും കാണു ന്നില്ല. അതിൽ പറയുന്നത് ഇപ്രകാരമാണ്. "പാത്രിയർക്കാ സിംഹാസ നസംബന്ധമായ കൂദാശാനുഷ്ഠാനത്തിനു ദൈവസഭയിൽ അദ്ദേഹത്തെ അനുവദിക്കുന്നില്ല. വകവയ്ക്കാതെ ഏതെങ്കിലും പട്ടംകൊട നടത്തുന്ന തായാൽ ആ പട്ടംകൊട അസാധു എന്ന പോലെ കണക്കാക്കുന്നതാണ്. "ലൗകികഭരണത്തെ തടയുന്നതായോ ലൗകികഭരണം സംബന്ധിച്ച് എന്തെങ്കിലും പ്രവർത്തിക്കുന്നതായാൽ അതിനെ അസാധുവായി ഗണി ക്കുന്നതായോ പ്രസ്താവിക്കുന്നില്ല. സഭ യോജിച്ചുനിന്നാൽ പാത്രിയർക്കീ സിന് ആത്മീയ അധികാരങ്ങൾ പ്രയോഗിച്ച് പട്ടം കൊടുപ്പാൻ സാദ്ധ്യ മല്ല. എന്നാൽ ലൗകികങ്ങൾ സംബന്ധിച്ച് അന്യന്മാരും ഇടപെടുന്നതാ കയാൽ അതേ സംബന്ധിച്ചാണ് കൂടുതൽ മുൻകരുതലുകൾ ആവശ്യ മുള്ളത്. മാത്രമല്ല അദ്ദേഹത്തിന്റെ സ്ഥാനഭ്രംശത്തിനു അന്നത്തെ തഹ ലൂപ്പാ മാർ ഒസ്താത്തിയോസ് ആരോപിച്ചിരിക്കുന്ന മൂന്ന് കാരണങ്ങ ളിൽ പ്രധാനപ്പെട്ടത് നമ്മുടെ ഒരു പള്ളി ജോനകർക്കു കൊടുത്തു എന്നു ള്ളതാണെന്നുള്ളത് ഇവിടെ വിസ്മരിക്കാവുന്നതല്ല. മലയാളത്ത് അദ്ദേഹം നടത്തിയ പട്ടംകൊടയും മറ്റും നിഷേധിക്കുകയും അസാധുവാക്കുകയും ചെയ്യുന്നതിലേക്ക് മാത്രമായി പ്രത്യേകം ഉണ്ടാക്കപ്പെട്ടിട്ടുള്ളതിനാലാണ്

ലൗകികകാര്യം അതിൽ വിട്ടുപോയതെന്ന് മേൽ കണ്ടവയുടെ വെളിച്ചത്തിൽ ആരെങ്കിലും പറയുന്നുവെങ്കിൽ അത് സത്യത്തോടുള്ള ബഹുമാനം കൊണ്ടാണെന്നു വ്യക്തമാണല്ലോ.

8. ആക്റ്റിംഗ് പാത്രിയർക്കീസായി പിന്നീട് തെരഞ്ഞെടുക്കുന്ന ആളിന്റെ അദ്ധ്യക്ഷതയിൽ വേറൊരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത് ആവശ്യമെന്ന് തീരുമാനിച്ചതായി പകർപ്പിൽ കാണുന്നു. എന്നാൽ ആക്ടിംഗ് പാത്രിയർക്കീസായി ആരെയും തെരഞ്ഞെടുത്തതായി കാണുന്നുമില്ല. എങ്കിലും കൂടിയതായി പറയുന്ന ഈ സുന്നഹദോസിലെ അഞ്ചിൽ നാലാമത്തെ ആൾ ആക്ടിംഗ് പാത്രിയർക്കീസ് എന്നാണ് പേരെഴുതിയിരിക്കുന്നത്.

ഇവിടെ ഒരു സംഗതി കൂടി സ്മരണീയമായിട്ടുണ്ട്. വേറെ ഒരു പാത്രിർക്കീസിനെ തെരഞ്ഞെടുക്കുന്നത് ആവശ്യമെന്നു തീരുമാനിച്ചു എന്നു കാണുന്നതിനാൽ എഴുതിയുണ്ടാക്കിയതു എങ്ങനെയായാലും എഴുതിയ ആളുടെ ഹൃദയാന്തർഭാഗത്തിൽ അബ്ദൽ മ്ശിഹാ ശരിയായ പാത്രിയർക്കീസ് തന്നെ എന്ന വിശ്വാസം ഉണ്ടായിരുന്നു. അതിനാലാണ് ഒരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കണമെന്നല്ലാതെ വേറെ ഈ പാത്രിയർക്കീസിനും പുറമെ വേറെ ഒരു പാത്രിയർക്കീസിനെക്കൂടി ഉണ്ടാക്കണമെന്നാണ് എഴുതിയതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. അബ്ദൽ മ്ശിഹാ ബാവായെ മാറ്റി എന്നു വരുകിൽ മറ്റൊരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നത് ആവശ്യമെന്ന് ഒരു പ്രത്യേക തീരുമാനം ചെയ്യുക സ്വാഭാവികമോ ആവശ്യമോ അല്ല. പുതിയ തെരഞ്ഞെടുപ്പിനു വേണ്ട നടപടികൾ നടത്തിയാൽ മതി. പാത്രിയർക്കീസായി ഒരാൾ വേണം എന്നൊരു പുതിയ നിശ്ചയം ആവശ്യമില്ല തന്നെ.

9. തീരുമാനങ്ങളായി പറഞ്ഞിരിക്കുന്നത് മൂന്നെണ്ണമാണ്. അവയിൽ ഓരോന്നും സുന്നഹദോസ് ഇന്നപ്രകാരം തീരുമാനിച്ചു എന്നു പറഞ്ഞ് അവസാനിപ്പിച്ചിട്ട് ഒടുവിൽ ഒപ്പിടുന്നതിനു മുമ്പായി മേൽ ചേർത്തിരിക്കുന്നവ ഞങ്ങൾ 1903 ഒക്ടോബർ മാസം 10-നു തീരുമാനിച്ചിരിക്കുന്നു എന്നു എഴുതിക്കാണുന്നു. തീരുമാനിച്ചു എന്ന് ആവർത്തിച്ചു പറഞ്ഞിരിക്കുന്നതും സുന്നഹദോസ് തീരുമാനിച്ചു എന്ന് ഓരോ സന്ദർഭത്തിലും പറഞ്ഞുവന്ന ശേഷം ഒടുവിൽ സുന്നഹദോസിന്റെ സ്ഥാനത്ത് “ഞങ്ങൾ” എന്നു ഉപയോഗിച്ചിരിക്കുന്നതും സുന്നഹദോസിന്റെ യാഥാർത്ഥ്യത്തെപ്പറ്റി കൂടുതൽ സംശയം ജനിപ്പിക്കുന്നുണ്ട്.

10. സുന്നഹദോസ് കൂടി നിശ്ചയം പാസ്സാക്കി എഴുതിക്കൊണ്ട് തീയതിവയ്ക്കുകയാണ് ഉണ്ടായതെങ്കിൽ ഇന്ന തീയതിയായ ഇന്നേ ദിവസം മേൽ ചേർത്തിരിക്കുന്നവ തീരുമാനിച്ചു എന്നല്ലാതെ കേവലം ഇന്ന

തീയതി മേൽ ചേർത്തിരിക്കുന്നവ തീരുമാനിച്ചു എന്നു മാത്രം എഴുതുക അത്ര സ്വാഭാവികമായി തോന്നുന്നില്ല.

11. കുസ്തന്തീനോസ്പോലീസ്, മൂസൽ, മാർ മത്തായിയുടെ ദയറാ, യറുശലേം എന്നീ പ്രധാന സ്ഥലങ്ങളിലെ മെത്രാന്മാർ ഒരുത്തരും സുന്നഹദോസിൽ സംബന്ധിക്കാതെ സുന്നഹദോസ് കഴിഞ്ഞതിനുശേഷം പിന്നീടു വന്ന് അതിന്റെ തീരുമാനങ്ങൾക്ക് സമ്മതം കൊടുത്തതായി കാണിച്ചിരിക്കുന്നു. അപ്രകാരം സമ്മതം കൊടുത്തതു തന്നെയും എന്നാണെന്ന് ആണ്ടു മാസം തീയതി കാണിച്ചിട്ടില്ല. തീയതി വയ്ക്കാതെയാണ് ഒപ്പിട്ടതായി കാണിക്കുന്നതും, ഏതെങ്കിലും ഒരു തീയതി വയ്ക്കുന്നതായാൽ അവർ പല കാര്യങ്ങളിലും ഇടപെടുന്നവരും ഓരോ തീയതികളിലും അവർ എവിടെയെല്ലാമായിരുന്നു എന്ന് പക്ഷേ തെളിയിക്കുവാൻ സാധിച്ചേക്കാവുന്നതും ആണെന്നുള്ള ഭയത്താലാണ് അവർ തീയതി വച്ച് ഒപ്പിട്ടതായി കാണിക്കാത്തതെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

12. ഈ പകർപ്പു തന്നെയും സിംഹാസന ഡയറിയിൽ നിന്നു താൻ എടുത്ത ശരിപ്പകർപ്പാണെന്നു പറഞ്ഞ് സാക്ഷിപ്പെടുത്തിയിരിക്കുന്നതു യൂലിയോസ് തിരുമേനിയെപ്പോലെ മർദ്ദീനിലുള്ള ഒരു മെത്രാനാണ്. അദ്ദേഹം എഴുതിയതായി ആരോ കൊണ്ടുചെന്നു കാണിച്ച പകർപ്പിന്റെ ഇംഗ്ലീഷ് തർജ്ജിമ മാത്രമാണ് സാക്ഷിപ്പെടുത്തി മുദ്ര പതിച്ചുകൊണ്ടു വന്നിരിക്കുന്നത്. എഴുതിക്കൊണ്ടു ചെന്ന പകർപ്പിനു മൂലം ഉണ്ടോ എന്നും മൂലം ഉണ്ടെങ്കിൽ ആ മൂലവുമായി പകർപ്പ് ഒത്തിരിക്കുന്നോ എന്നും മറ്റുമുള്ള കാര്യം സംബന്ധിച്ചു സാക്ഷ്യപ്പെടുത്തിയ ഇൻസ്പെക്ടറും മജിസ്ട്രേട്ടും യാതൊന്നും പറയുന്നില്ല. മൂലത്തിന്റെ കാര്യമേ മിണ്ടുന്നില്ല.

13. പതിച്ചിരിക്കുന്ന മുദ്രയിൽ ഉദ്യോഗസ്ഥന്റെ സ്വന്തം പേരു കാണുന്നതിനാൽ അത് അദ്ദേഹത്തിന്റെ അനൗദ്യോഗികമായ സ്വന്ത മുദ്രയാണെന്നും ഗവൺമെന്റിൽ നിന്നും നൽകുന്ന ഔദ്യോഗിക മുദ്രയല്ലെന്നും വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ളതും സ്മരണീയമാണ്. ഇങ്ങനെ ഒരാൾ തന്നെ ഉണ്ടോ എന്തോ!

14. പുതിയ പാത്രിയർക്കാ തെരഞ്ഞെടുപ്പു വരേയ്ക്കു കാര്യങ്ങൾ നടത്തുവാൻ പ്രത്യേകിച്ചും ടി "സുന്നഹദോസ്" തീരുമാനത്തിൽ കാണുന്നപ്രകാരം കൈമാഖാമിനെ തെരഞ്ഞെടുക്കുന്നതിനും, സുന്നഹദോസ് തീരുമാനങ്ങൾ ഗവൺമെന്റിനെ അറിയിച്ച് ഫർമാൻ പിൻവലിപ്പിക്കുന്നതിനും, ഈ സംഗതികളെല്ലാം സഭയെ അറിയിക്കുന്നതിനും മറ്റും ഒരുവനെയും ചുമതലപ്പെടുത്തുകയൊ അതിനു എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടാക്കുകയോ ചെയ്തതായി കാണുന്നില്ല. വലിയ ഉത്തരവാദി

ത്വവും ചുമതലയുമുള്ള പാത്രിയർക്കാസിംഹാസനം ഒഴിവാക്കി ഇട്ടു കൊണ്ട് കാര്യനിർവഹണത്തിനു യാതൊരു നടപടിയും സ്വീകരിക്കാതെ കേവലം നിരുത്തരവാദിത്വപരമായി വി. സഭയുടെ സുന്നഹദോസ് വർത്തിക്കുമെന്ന് വിശ്വസിക്കുക സാദ്ധ്യമല്ല.

ഇതര റിക്കാർട്ടുകളോടൊ സംഭവവികാസങ്ങളോടൊ തുലനം ചെയ്യാതെ (അതു പിന്നാലെ ചെയ്യുന്നു) മാർ യൂലിയോസ് തിരുമേനിയുടെ "സുന്നഹദോസ് നടപടി" പകർപ്പ് അതിന്റെ വെളിച്ചത്തിൽതന്നെ പരിശോധിക്കയത്രെ ഇതിൽ ചെയ്തിരിക്കുന്നത്. ഇവിടെ ശ്രദ്ധയിൽ വരുന്നത് മിശിഹാതമ്പുരാനെ സംബന്ധിച്ചുള്ള സത്യം ലോകദൃഷ്ടിയിൽ നിന്നും മറയ്ക്കുന്നതിനുവേണ്ടി അദ്ദേഹത്തെ ക്രൂശിച്ച് കബറിലടച്ച് കബറിന്റെ വാതുക്കൽ കല്ലും ഉരുട്ടിവച്ച് മുദ്രയും കുത്തിയപ്രകാരം അബ്ദൽ മിശിഹാ (മ്ശിഹായുടെ ദാസൻ) യെ സംബന്ധിച്ച സത്യവും ലോകദൃഷ്ടിയിൽ നിന്നും മറയ്ക്കുന്നതിന് അദ്ദേഹത്തിന്റെ നാമം ഒരു സ്ഥാനഭ്രംശ സുന്നഹദോസിലാക്കി മൂസലിലെ ഉദ്യോഗസ്ഥന്മാരെന്നു പറയുന്ന രണ്ടുപേരുടെ മുദ്രയും കുത്തി! പക്ഷേ ഫലമെന്ത്? സത്യമാകുന്ന മിശിഹാതമ്പുരാൻ വെളിക്കു വന്നു. മിശിഹായുടെ ദാസനെ സംബന്ധിച്ച സത്യവും വെളിക്കു വന്നിരിക്കുന്നു. ഈ സത്യത്തെ ശിഷ്യഗണത്തെപ്പോലെ നാം സ്വീകരിച്ച് രക്ഷ നേടുകയോ യഹൂദജാതിയെപ്പോലെ നിഷേധിച്ച് ശാപമേൽക്കുകയോ എന്താണ് ചെയ്യുന്നത്. ഏതെങ്കിലും ഒന്നു കൂടാതെ സാദ്ധ്യമല്ല.

"സുന്നഹദോസ്" നടപടി പകർപ്പുകൾ തന്നെ പരസ്പര വിരുദ്ധം

പാത്രിയർക്കാ സിംഹാസന ഡയറിയിൽ നിന്നും 1929-ൽ എഴുതി എടുത്ത അടയാളസഹിതം പകർപ്പായി മാർ യൂലിയോസിന്റെ അധികാരത്തിൽ പ്രസിദ്ധം ചെയ്ത "ദി സിറിയൻ ചർച്ച് ഓഫ് മലബാറി"ലും 1932-ൽ മാർ അത്താനാസ്യോസ് തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധം ചെയ്ത സുറിയാനിസഭാമാസിക 227-229 പുറങ്ങളിലും ചേർത്തിരിക്കുന്ന പകർപ്പുകൾ രണ്ടും തമ്മിലുള്ള വൈരുദ്ധ്യം ബഹുലങ്ങളാണ്. അവ രണ്ടും തമ്മിൽ താരതമ്യപ്പെടുത്തി ഒരു പഠനം തന്നെ നടത്തേണ്ടതാകയാൽ അവയിലെ ചില ഭാഗങ്ങൾ പരിശോധനാ സൗകര്യത്തെപ്രതി നമ്പരിട്ടു നേരെ നേരെ ചേർക്കുന്നു. 1932-ലെ പകർപ്പിൽ വരുത്തിയിരിക്കുന്ന ഭേദഗതികൾ, 1929-ലെ അടയാളസഹിതം പകർപ്പു കാര്യസാദ്ധ്യത്തിനുവേണ്ടത്ര മതിയാകുന്നതല്ലെന്നു കണ്ടു മനഃപൂർവ്വം വരുത്തിയിട്ടുള്ളതാണെന്നും അത് (ഈദൃശ പ്രവൃത്തി) പല പല സത്യങ്ങളും വെളിപ്പെടുത്തുന്നുണ്ടെന്നുള്ളതും ശ്രദ്ധയിൽ വച്ചുകൊണ്ടു പകർപ്പുകൾ പരിശോധിക്കാം.

മാർ യൂലിയോസിന്റെ അനുമതിയുള്ളത്

(1929-ലെ പകർപ്പ്)

വി. ത്രിത്വ (1) നിശ്വാസത്താൽ (Inspiration) (2) സുറിയാനി ഓർത്തഡോക്സ് അഥവാ യാക്കോബായസഭ (Authentical creed Syrians) സത്യവിശ്വാസികളായ സുറിയാനിക്കാരുടെ പാത്രിയർക്കീസായ അബ്ദൽ മ്ശിഹാ ദ്വിതീയനെ സംബന്ധിച്ച് ആലോചിപ്പാൻ (3) വിളിച്ചുകൂട്ടപ്പെട്ട (4) ആത്മീയ സുന്നഹദോസ് അദ്ദേഹത്തിന്റെ (5) പെരുമാറ്റ ദൂഷ്യത്തെയും (6) സഭാസംബന്ധവും പൊതുവുമായുള്ള കാര്യങ്ങളിലുള്ള ഭരണശേഷിക്കുറവിനെയുംപറ്റി ചിന്തിക്കുകയും താഴെ ചേർക്കുന്നപ്രകാരം (7) കുറ്റക്കാരനെന്നു തെളിയിക്കുകയും ചെയ്തു.

മാർ അത്താനാസ്യോസിന്റെ അനുമതിയുള്ളത്

(1932-ലെ പകർപ്പ്)

വി. ത്രിത്വത്തിന്റെ (1) നാമത്തിൽ... (4) ഈ സുന്നഹദോസ് (2) സ്തുതിചൊവ്വാകപ്പെട്ട സുറിയാനിസഭയുടെ പാത്രിയർക്കീസായ... ആലോചിപ്പാൻ (3) കൂടുകയും (5) (6) ആത്മീയ ലൗകിക ദുർഭരണത്തെ സംബന്ധിച്ച് പരിശോധിക്കുകയും താഴെ പ്രസ്താവിക്കുന്ന പ്രകാരമുള്ള (8) തീരുമാനങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

1932-ലേതിൽ 8 എന്ന അക്കം കൊടുത്തിരിക്കുന്ന ഭാഗം 1929-ലേതിൽ ഇല്ലെന്നുള്ളതും 1929-ലേതിൽ 7 എന്ന് അക്കം കൊടുത്തിരിക്കുന്നത് 1932-ലേതിൽ ഇല്ലെന്നുള്ളതും 1929-ലെ പകർപ്പിൽ പാത്രിയർക്കീസിനെ വിവരിച്ചിരിക്കുന്നത്, ഇതുവരെ മറ്റൊരിടത്തും വിവരിക്കാത്ത വിധത്തിലാണെന്നുള്ളതും അതുതന്നെ 1932-ലേതിൽ ഭേദപ്പെടുത്തി എഴുതിയിരിക്കുന്നു എന്നുള്ളതും മറ്റു വ്യത്യാസങ്ങൾക്ക് പുറമെ ശ്രദ്ധേയമാണ്.

(9) അക്ഷരജ്ഞാനമില്ലാത്തവരും അയോഗ്യരുമായ സഭാംഗങ്ങളെ, (10) അവരിൽ പ്രത്യേകിച്ചു... മ്നാസൂറിനെ (11) വൈദികസ്ഥാനങ്ങളിലേക്കു (Sacerdotal dignitaries) പ്രവേശിപ്പിച്ചു.

(9) ഭോഷന്മാരും അയോഗ്യരുമായ പലരേയും (11) പ്രധാനാചാര്യത്വത്തിന്റെയും ആചാര്യത്വത്തിന്റെയും ഉന്നത പദവികളിലേക്ക് വിവേചന കൂടാതെ പ്രവേശിപ്പിച്ചു. (10) പ്രത്യേകിച്ച് മ്നാസൂറിനെ പ്രധാനാചാര്യനാക്കി.

(12) അദ്ദേഹം മദ്യപനും അദ്ദേഹത്തിന്റെ ചെയ്തികൾ നിഗളത്തോടുകൂടിയതും ലജ്ജാകരവുമായിരുന്നു. അദ്ദേഹം 8 വർഷക്കാലത്തിനിടയിൽ വൈദികരുടെയും സമുദായത്തിന്റെയും മേൽ ഒരു ശാപോച്ചാരണം ചെയ്തു.

(12) മദ്യപാനാധികൃത്താൽ സുബോധമില്ലാതെ കഴിഞ്ഞ എട്ടു വർഷം അദ്ദേഹം വൈദികന്മാരോടും അത്മായക്കാരോടും ഒരുപോലെ കോപിക്കുകയും ശണ്ഠയിടുകയും (13) താൻ വിളിക്കപ്പെട്ടിരിക്കുന്ന ആ ഉന്നതസ്ഥാനത്തിന് യോഗ്യമല്ലാത്തപ്രകാരം അനീതിയായി പലതും പ്രവർത്തിക്കുകയും ചെയ്തു.

പല വ്യത്യാസങ്ങൾക്കും പുറമേ 13 എന്ന് അക്കം കൊടുത്തിരിക്കുന്നത് 1929-ലേതിൽ ഇല്ലാത്ത ഒരു നൂതന വാചകമാണ്. ഈ ഭാഗത്തു രണ്ടു പകർപ്പുകളിലും അദ്ദേഹം, മദ്യപാനം, 8 വർഷം, വൈദികർ എന്നീ പദങ്ങൾ ഉണ്ടെന്നല്ലാതെ മറ്റു വല്ല സാമ്യവുമുണ്ടോ എന്നു നോക്കുക. അർത്ഥത്തിൽ ഭിന്നമാണ്.

(14) ഇദ്ദേഹത്തിന്റെ ഹീനവും ഭോഷത്വവുമായ പ്രവൃത്തികൾ (doings) മൂലവും വൈദ്യപരിശോധന മൂലവും തെളിഞ്ഞതുപോലെ അദ്ദേഹം പരസ്യമായി മസ്തിഷ്ക്ക രോഗബാധിതനായി (brain disorder) അതിനാൽ താഴെപറയുംപ്രകാരം നടത്തേണമെന്നു തീരുമാനിച്ചു.

(14) ഇദ്ദേഹം ചിത്തഭ്രമബാധിതനും ന്യായാന്യായ വിവേചനം ചെയ്വാൻ അപ്രാപ്തനും ആണെന്നു മഹാന്മാരായ ഡാക്ടറന്മാർ ഏകോപിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെതന്നെ ജീവിതരീതിയിലും ഭരണനടത്തിപ്പിലും ഗൗരവതരങ്ങളായ പിശകുകൾ ഉള്ളതായി ബോധപ്പെട്ടിരിക്കുന്നു.

ന്യായാന്യായ വിവേചനത്തിനുള്ള അപ്രാപ്തി, മഹാന്മാരുടെ ഏകോപിച്ചുള്ള അഭിപ്രായം, ഭരണനടത്തിപ്പിലുള്ള ഗൗരവതരങ്ങളായ പിശകുകൾ, ഇവയെല്ലാം 1932-ലെ പകർപ്പിന് പ്രത്യേകാലുള്ളവയാണ്. പക്ഷേ തീരുമാനങ്ങളൊന്നുമില്ല.

(15) പ്രസ്തുത പാത്രിയർക്കീസിനെ അന്ത്യോഖ്യായുടെ എത്രയും ഉന്നതമായ പാത്രിയർക്കാ സിംഹാസനത്തിങ്കൽ നിന്നു നീക്കം ചെയ്യുന്നു. (16) ആയതിനു ശേഷം ദൈവത്തിന്റെ സഭയിൽ പാത്രിയർക്കാ സിംഹാസനപര

(15) അതിനാൽ വി. പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും മേല്പറഞ്ഞ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിനെ സ്ഥാനഭ്രംശനാക്കിയിരിക്കുന്നു. (16) ദൈവത്തിന്റെ വി. സഭയിൽ പാത്രിയർക്കാസിംഹാസനത്തിന്നടുത്ത

മായി പ്രവർത്തിപ്പാൻ (17) അദ്ദേഹത്തെ അനുവദിക്കുന്നില്ല. (18) വകവയ്ക്കാതെ (19) ഏതെങ്കിലും പട്ടംകൊട നടത്തുന്നതായാൽ അപ്രകാരമുള്ള പട്ടംകൊട (20) അസാധു എന്ന പോലെ ഗണിക്കപ്പെടുന്നതാണ്.

യാതൊരു ശുശ്രൂഷയും ചെയ്യുവാൻ ഇനി (17) അദ്ദേഹത്തിന് അധികാരമില്ല. (18) അഥവാ ഈ സുന്നഹദോസിനെതിരായി അദ്ദേഹം അഹങ്കരിച്ച് (19) വി. സിംഹാസനത്തിനടുത്ത ഏതെങ്കിലും കാര്യം പ്രവർത്തിക്കുന്നതായാൽ അത് (20) അസാധുവായിരിക്കുമെന്നും (21) ഈ സുന്നഹദോസ് തീരുമാനിച്ചിരിക്കുന്നു.

ആശയവ്യത്യാസവും (21) അക്കമിട്ടിരിക്കുന്നത് 1922-ലെ പകർപ്പിൽ ഇല്ലെന്നുള്ളതും കാണുക.

തെരഞ്ഞെടുക്കപ്പെടുവാനിരിക്കുന്ന കൈമാഖാമിന്റെ അദ്ധ്യക്ഷതയിൽ വി. (22) അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്ക് (23) വേറൊരു (another) പാത്രിയർക്കീസിനെ (24) തെരഞ്ഞെടുക്കേണ്ടത് ആവശ്യമെന്ന് (25) സുന്നഹദോസ് തീരുമാനിച്ചു.

തെരഞ്ഞെടുക്കപ്പെടുന്ന കൈമാഖാമിന്റെ അദ്ധ്യക്ഷതയിൽ (26) കൂടപ്പെടുന്ന സുന്നഹദോസ് വി. (22) സിംഹാസനത്തിങ്കലേക്ക് (23) ഒരു പാത്രിയർക്കീസിനെ (24) തിരഞ്ഞെടുക്കേണ്ടതാകുന്നു.

മറ്റു പല വ്യത്യാസങ്ങൾക്കും പുറമെ (25) എന്ന് അക്കം കൊടുത്തിരിക്കുന്നത് 1932-ലേതിൽ ഇല്ലെന്നുള്ളതും (26) എന്ന് അക്കം കൊടുത്തിരിക്കുന്നത് 1929-ലേതിൽ ഇല്ലെന്നുള്ളതും കാണുക. "അന്ത്യോഖ്യാ" 1929-ലേതിൽ മാത്രം.

മേൽ ചേർത്ത തീർപ്പുകൾ 1903 (27) ഒക്ടോബർ മാസം 10 (കന്നി 27) -നു (28) ഞങ്ങൾ ഉണ്ടാക്കിയിക്കുന്നു.

1903 (27) തുലാം 10-നു (28) ഈ സുന്നഹദോസ് (29) കൂടി ആലോചിച്ച് മേൽപറഞ്ഞ നിശ്ചയങ്ങൾ ചെയ്തു.

(29) എന്ന് അക്കം കൊടുത്തിരിക്കുന്നത് അടയാളസഹിതം പകർപ്പിൽ ഇല്ലെന്നുള്ളത് കാണുക.

അഞ്ചുപേർ മാത്രം ചേർന്ന് സുന്നഹദോസു കൂടി നിശ്ചയങ്ങൾ പാസ്സാക്കി ഒപ്പുവച്ച് സുന്നഹദോസ് നടപടി പൂർത്തിയാക്കിയതായും അതിനുശേഷം ടി സുന്നഹദോസ് നിശ്ചയങ്ങൾക്കു കീഴ്പ്പെട്ട് ഒപ്പു വച്ചതായി പറഞ്ഞ് ഒരാളും, ടി നിശ്ചയങ്ങളെ സമ്മതിച്ച് ഒപ്പുവച്ചിരിക്കുന്നു എന്നു പറഞ്ഞ് 3 പേരും, അങ്ങനെ 4 പേർ പിന്നീട് നിശ്ചയങ്ങൾക്ക് ഒപ്പുവച്ചതായും 1929-ലെ പകർപ്പിൽ കാണിച്ചിരിക്കുന്നു.

ഒൻപതുപേരും (സംബന്ധിച്ചതായി 1929-ലേതിൽ പറയുന്ന 5 പേരും പിന്നീടു സമ്മതം കൊടുത്തതായി അതിൽ പറയുന്ന നാലു പേരും ഉൾപ്പെടെ) ചേർന്നു സുന്നഹദോസ് കൂടി തീരുമാനങ്ങൾ ചെയ്തതായും 9 പേരും സുന്നഹദോസിലെ അംഗങ്ങളായി തീരുമാനങ്ങൾക്ക് ഒരേ തീയതിയിൽ തന്നെ ഒപ്പുവച്ചിട്ടുള്ളതായും 1932-ലെ പകർപ്പിൽ കാണിച്ചിരിക്കുന്നു.

"പ. ത്രിത്വനിശ്വാസത്തിൽ കൂടിയ ആത്മീയ സുന്നഹദോസി"ന്റെ നിശ്ചയങ്ങൾ എത്രയും സൂക്ഷ്മമമായി (copied minutely) സിംഹാസന ഡയറിയിൽ നിന്നും എഴുതിയെടുത്ത 1929-ലെ പകർപ്പും 1932-ലെ പകർപ്പും തമ്മിലുള്ള അന്തരം ഏതാണ്ടു വ്യക്തമായി കഴിഞ്ഞിട്ടുണ്ടെന്നു വിചാരിക്കുന്നു. ഇപ്പോഴത്തെ കക്ഷിഭിന്നതയുടെ ഇടയിൽ കിടക്കുന്ന സർവ്വപ്രധാനമായ ഒരു രേഖയായിട്ടത്രേ ഇതിരിക്കുന്നത്. മേൽ ചേർത്തിരിക്കുന്ന പകർപ്പുകൾ രണ്ടും ഒരു സംഭവത്തെപ്പറ്റിയുള്ള രണ്ടു പേരുടെ റിപ്പോർട്ടുകളോ ഒരു സുന്നഹദോസ് തീരുമാനത്തിന്റെ (നടപടികളുടെ) കേവലം സംക്ഷേപങ്ങളോ അല്ല. പ്രത്യുത, വളരെ പരിപാവനമായി കരുതുന്നതെന്നു പറയുന്ന ഒരു സുന്നഹദോസ്, സിംഹാസന ഡയറിയിൽ എഴുതിയിരിക്കുന്നതായി പറയുന്ന രേഖയുടെ വളരെ സൂക്ഷ്മതയോടെ എടുത്ത ശരി പകർപ്പുകളാണത്രെ. ഈ പകർപ്പുകൾ തമ്മിൽ പദാനുപദം വള്ളിപുള്ളി എന്നിവകൾക്ക് ഈഷൽഭേദമെന്യേ ഒത്തിരിക്കേണ്ടതാണെന്ന് ഏവനും സമ്മതിക്കുന്നതാണ്. ഇപ്രകാരമായിരിക്കേണ്ടിയ പകർപ്പുകൾക്ക് 3 വർഷക്കാലം കൊണ്ടു വന്നുകൂടിയ അന്തരത്തിന്റെ വെളിച്ചത്തിൽ നോക്കിയാൽ ഈ പകർപ്പുകളുടെ മൂലസ്ഥാനം മാത്രമല്ല പതിനെട്ടക്കം കാനോന്റെ ഉത്ഭവസ്ഥാനവും ദർശിക്കുവാൻ സാധിക്കുമെന്നുള്ളതിൽ സംശയിക്കേണ്ടതില്ല. ഈ പകർപ്പിനെ ആധാരമാക്കി മലങ്കരസഭയെ രണ്ടായി വെട്ടിക്കീറി ചിതറിക്കുവാൻ അത്രെ ചിലർ കോടാലിക്കൈകളായിത്തീരുന്നത്.

1911 വരെ അദ്ദേഹത്തെ പാത്രിയർക്കീസായി ഇരു കക്ഷികളും കരുതിവന്നു

അബ്ദൽ മിശിഹാ ബാവായെ 1903-ൽ മാറ്റിയതായും മറ്റും പാത്രിയർക്കീസ് കക്ഷി വാദിക്കുന്നുണ്ടെങ്കിലും അദ്ദേഹം മാർ ദീവന്നാസ്യോസിനെ സ്വീകരിക്കുന്നുവെന്ന് 1911-ാമാണ്ടിടയ്ക്ക് പ്രത്യക്ഷമായതുവരെ പാത്രിയർക്കീസ് കക്ഷിയും അദ്ദേഹത്തെ പാത്രിയർക്കീസായിതന്നെ സ്വീകരിച്ചു വന്നിരുന്നു.

കാനോനികമായി വാഴിക്കപ്പെട്ട്, ദീർഘകാലമായി സിംഹാസനാധിപനായി ഭരണം നടത്തിക്കൊണ്ടു വന്നിരുന്ന ഒരു പാത്രിയർക്കീസിനെ വി. സഭയുടെ സുന്നഹദോസ് മാറ്റി എങ്കിൽ ആ വിവരം ഔദ്യോഗികമായി പ്രഖ്യാപിക്കുമായിരുന്നു എന്നും അപ്രകാരം പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സുന്നഹദോസ് മാറ്റിയിട്ടില്ലെന്നും മറ്റുമുള്ള വിവരങ്ങൾ മറ്റ് അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത് സ്ഥാനഭ്രംശ സുന്നഹദോസുണ്ടായതായി വാദിക്കുന്ന 1903 മുതൽ അദ്ദേഹം മാർ ദീവന്നാസ്യോസിനെ അനുകൂലിക്കുമെന്നു വ്യക്തമായ 1911 വരെ അദ്ദേഹത്തെ എല്ലാവരും - പാത്രിയർക്കീസ് കക്ഷിയുൾപ്പെടെ എല്ലാവരും - പാത്രിയർക്കീസായിത്തന്നെ പരിഗണിച്ചു വന്നു എന്നതിന് ടി കാലയളവിൽത്തന്നെ പാത്രിയർക്കീസ് പക്ഷത്തുനിന്ന് ഉണ്ടായിട്ടുള്ളതും പാത്രിയർക്കീസ്പക്ഷം അംഗീകരിക്കുന്നതുമായ രേഖകളെ സംബന്ധിച്ചു മാത്രമാണ്.

1. 1903-ലും, 1904-ലും അബ്ദൽ മിശിഹാ പാത്രിയർക്കീസായി തന്നെ ഭരിച്ചുകൊണ്ടിരുന്നു എന്ന് 1917-ൽ ചരിത്രം എഴുതിയ ഇപ്പോഴത്തെ പാത്രിയർക്കീസ് സമ്മതിക്കുന്നു. ഈ വിവരം 1942-ൽ അബ്ദൽ ആഹാദ് റമ്പാച്ചൻ പ്രസ്താവിക്കുന്നുമുണ്ട്. അപ്രേം പാത്രിയർക്കീസ് സിംഹാസന ഡയറിയും മറ്റു പല റിക്കാർഡുകളും പരിശോധിച്ച്, 1917-ൽ അച്ചടിപ്പിച്ച ചരിത്രത്തിൽ പാത്രിയർക്കീസന്മാരുടെ ചുരുങ്ങിയ വിവരണം ഉണ്ട്. അതിൽ "ഇഗ്നാത്തിയോസ് അബ്ദൽ മിശിഹാ 1895 മുതൽ 1905 വരെ" നിർബാധം പാത്രിയർക്കീസായി വാണു എന്നും, 1905 വരെ, അദ്ദേഹത്തെ ആരും മാറ്റുകയോ നീക്കുകയോ ചെയ്തിരുന്നില്ല എന്നും മറ്റുമുള്ള സംഗതികൾ സംശയരഹിതമാംവണ്ണം 12, 16 എന്നീ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ ഭാഗങ്ങൾ സ്വീകരിച്ചുകൊണ്ട് അബ്ദൽ ആഹാദ് 1942-ൽ എഴുതിയ "പ്രത്യക്ഷസത്യം" II, 47, 48 എന്നീ പുറങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇതിൽനിന്നും, 1903, 1904, 1905 എന്നീ വർഷങ്ങളിൽ പരിശുദ്ധ സഭയുടെ കാനോനിക പാത്രിയർക്കീസായി, അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഭരിച്ചിരുന്നു എന്ന് ഇപ്പോ

ഴത്തെ പാത്രിയർക്കീസും ബൈറൂട്ട് മെത്രാനും (അബ്ദൽ ആഹാദ് റമ്പാച്ചൻ) അസന്ദിഗ്ദ്ധമായി സമ്മതിച്ചിരിക്കുന്നതായി കാണാം.

2. 1904-ലും അദ്ദേഹം പാത്രിയർക്കീസ് തന്നെ എന്ന് തഹലൂപ്പാ മാർ യൂലിയോസും പാത്രിയർക്കീസ്പക്ഷ നാവായ സഭാചന്ദ്രികയും സമ്മതിക്കുന്നു. മലയാളത്ത് കാതോലിക്കാസിംഹാസനം സ്ഥാപിച്ചു തരുന്നതിനായി അബ്ദൽ മിശിഹായുടെ പേർക്ക് 1904 മകരത്തിൽ കോജാ അന്തൂൻ എഴുതിയ ഒരു ശുപാർശക്കത്ത് സഹിതം അന്ന് സിംഹാസന പ്രതിനിധിയായി വർത്തിച്ചുവന്ന മാർ ഒസ്താത്തിയോസ് എഴുതി എന്നും, അതിന് 1904 മകരം 26-നു സിംഹാസനത്തിങ്കൽനിന്നും അബ്ദൽ മിശിഹാ പാത്രിയർക്കീസ്ബാവാ പ്രതികൂല മറുപടിയാണ് അയച്ചതെന്നും, അങ്ങനെ പ്രതികൂല മറുപടി അയച്ചത് അന്ന് സിംഹാസനം അദ്ദേഹത്തിന്റേതായിരുന്നതു കൊണ്ടാണെന്നും പിന്നീട് സിംഹാസനം അദ്ദേഹത്തിന് നഷ്ടപ്പെട്ടതുകൊണ്ടാണ് അനുവദിച്ചത് എന്നും മറ്റും പ്രസ്തുത കല്പനയെ വച്ചുകൊണ്ട് മാർ യൂലിയോസ് വളരെ ശക്തിയായി വാദിക്കുന്നുണ്ട് (1932-ലെ സു. സ. മാ. പുറം 327). 1904-ൽ സിംഹാസനത്തുങ്കൽ നിന്നും അബ്ദൽ മിശിഹാ അയച്ച ടി കല്പന 1950-ലെ സഭാചന്ദ്രികയും ഉദ്ധരിച്ച് മേൽപ്രകാരം വാദിക്കുന്നുണ്ട് (പുറം 113). അതിനാൽ അബ്ദൽ മിശിഹാ 1904-ൽ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അനിഷേധ്യ പാത്രിയർക്കീസായി സിംഹാസനത്തിങ്കൽ വാണുകൊണ്ടിരുന്നു എന്ന് 1932-ലെ മാർ യൂലിയോസും 1950-ലെ പാത്രിയർക്കീസ് കക്ഷിയും വ്യക്തമായി സമ്മതിച്ചിരിക്കുന്നു. എന്നിട്ടാണ് 1903-ൽ അബ്ദൽ മിശിഹായെ മുടക്കി സിംഹാസനത്തുങ്കൽ നിന്നും ഭ്രഷ്ടനാക്കി എന്നും ഇന്നും ചിലർ വാദിക്കുന്നത്!!!

3. 1905-ലും അബ്ദൽ മിശിഹാ പാത്രിയർക്കീസായിരുന്നു എന്ന് 1905 ഇടവത്തിലെ ഇടവകപ്പത്രിക (സഭാനാവ്) യും ഏലിയാസ് പാത്രിയർക്കീസ് 1927-ൽ സിറിയായിൽ തന്നെ രജിസ്ട്രാക്കിച്ച് വാങ്ങിയ ഉടമ്പടിയും വ്യക്തമായി കാണിച്ചിരിക്കുന്നു. ഇതിനെപ്പറ്റി "മുടക്കു സുന്നഹദോസിന്റെ" കാലം സംബന്ധിച്ചുള്ള അദ്ധ്യായത്തിൽ (പേജ് 16) സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. പാത്രിയർക്കീസ്പക്ഷ നാവായി ആലുവാ സെമിനാരിയിൽനിന്നും പുറപ്പെടുന്ന ചന്ദ്രിക പറയുന്നത് "എന്നാൽ ആ വി. പാത്രിയർക്കീസ് (അബ്ദൽ മിശിഹാ) ആകട്ടെ 1905-ൽ വി. സിംഹാസനത്തുങ്കൽ നിന്നും ബഹിഷ്കൃതനായി (പുസ്ത. 3, പേ. 113) എന്നും മറ്റുമാണ്. അന്നോ എന്നെങ്കിലുമോ അദ്ദേഹം ബഹിഷ്കൃതനായോ എന്നുള്ളത് ചിന്താവിഷയമാണ്. ഏതായാലും അന്നുവരെ (1905-ൽ) അദ്ദേഹം "വ്യർത്ഥനോ ഭ്രാന്തനോ മുടക്കപ്പെട്ടവനോ" ആയിരുന്നില്ല. 1905-ൽ സിംഹാസനത്തിൽ വാഴുന്ന വി. പാത്രിയർക്കീസ് ആയിരുന്നു എന്ന്

പാത്രിയർക്കീസ് കക്ഷി പ്രഖ്യാപിക്കുന്നുണ്ട്. "1903-ലെ മുടക്ക്" സുന്നഹദോസ് എവിടെ?

4. 1906-ലും അബ്ദൽ മിശിഹാ വ്യർത്ഥനോ മുടക്കപ്പെട്ടവനോ തള്ളപ്പെട്ടവനോ ആയിരുന്നില്ല. പ്രത്യുത പാത്രിയർക്കീസ് തന്നെ ആയിരുന്നു എന്ന് അന്ന് റമ്പാനായിരുന്ന മാർ ഒസ്താത്തിയോസ്, ശെമ്മാശനായിരുന്ന മാർ തീമോത്തിയോസ് എന്നീ തിരുമേനിമാർ 1906-ൽ തന്നെ സമ്മതിച്ചു രേഖപ്പെടുത്തിയിരിക്കുന്നതായി പാത്രിയർക്കീസ് കക്ഷി തന്നെ പ്രസ്താവിക്കുന്നു (ചന്ദ്രിക 3, 114). മേൽപ്പറഞ്ഞ രണ്ടു പേരുടെയും സിറിയായാത്ര വിവരങ്ങൾ കാണിച്ച് 1906-ൽ മിദിയാത്ത് നിന്നും മലയാളത്തേക്കയച്ച കത്ത് ചന്ദ്രിക പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ "പഴയ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ട് എഴുന്നെള്ളി സ്വസ്ഥമായി ഇരിക്കുകയാണ്. ..... പഴയ പാത്രിയർക്കീസ്ബാവാ ഇവിടെ എഴുന്നെള്ളി താമസിക്കുന്നത് ഞങ്ങൾ മുൻകൂട്ടി അറിയുകയാൽ ഞങ്ങൾ ഇവിടെ കയറുകയും അവിടുത്തെ അടുക്കൽ ഞങ്ങൾ മൂന്നു ദിവസം താമസിക്കുകയും ചെയ്തു" (1950-ലെ ചന്ദ്രിക, പുറം 114) എന്നും മറ്റും എഴുതിയിരിക്കുന്നു. ഒരു പാത്രിയർക്കീസ് കൂടി ഉണ്ടായതിനാൽ മുന്നമേയുള്ള പാത്രിയർക്കീസ്, പാത്രിയർക്കീസ് അല്ലാതായിപ്പോയിരുന്നു എന്ന് വരുകിൽ അദ്ദേഹത്തെ "മുൻ പാത്രിയർക്കീസ്" എന്നോ തള്ളപ്പെട്ട പാത്രിയർക്കീസ് എന്നോ മറ്റോ പറകയും ആ ഗഡുവിൽ വാഴിക്കപ്പെട്ട അബ്ദള്ളാ ബാവാ മാത്രം പാത്രിയർക്കീസായിരുന്നു എന്നുവരുകിൽ അദ്ദേഹത്തെ സാക്ഷാൽ പാത്രിയർക്കീസ് എന്ന് അർത്ഥം വരത്തക്കവിധം "ഇപ്പോഴത്തെ പാത്രിയർക്കീസ്" എന്നോ പാത്രിയർക്കീസ് എന്നു മാത്രമോ പറയുകയും ചെയ്യുമായിരുന്നു - തെല്ലും സംശയമില്ല. മാത്രമല്ല അവരെ തമ്മിൽ തിരിച്ച് മനസ്സിലാക്കുന്നതിനായി, കോട്ടയത്ത് നമുക്ക് ആദ്യമുണ്ടായ സുറിയാനി സെമിനാരിയേയും രണ്ടാമതുണ്ടായ എം. ഡി. സെമിനാരിയേയും തമ്മിൽ തിരിച്ചു മനസ്സിലാക്കുന്നതിനായി "പഴയ സെമിനാരി" എന്നും "പുത്തൻ സെമിനാരി" എന്നും പറഞ്ഞുവന്ന പ്രകാരം "പഴയ പാത്രിയർക്കീസ്" എന്നും "പുതിയ പാത്രിയർക്കീസ്" എന്നും മാത്രം പറഞ്ഞിരിക്കുന്നതിൽ നിന്നും അബ്ദൽ മിശിഹാ പാത്രിയർക്കീസായി തന്നെ തുടരുന്നു എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അബ്ദൽ മിശിഹാ ബാവായെപ്പറ്റി പറയുന്നിടത്ത് ഭക്തിയാദരപുരസരം "പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട്" എന്നും 'എഴുന്നെള്ളി താമസിക്കുന്നു' എന്നും മറ്റും 1906-ൽ എഴുതിയിരിക്കുന്നതിനാൽ അദ്ദേഹത്തിനു അക്കാലത്ത് പാത്രിയർക്കോചിതമായ സകല ബഹുമതികളും ലഭിച്ചുകൊണ്ടിരുന്നു എന്നു കാണുന്നു. സിംഹാസന പ്രതിനിധി മാർ ഒസ്താത്തിയോസും മറ്റും അദ്ദേഹം ഒന്നിച്ചു കുറെനാൾ

താമസിച്ചു എന്നുള്ളതും അബ്ദൽ മിശിഹാ ബാവായെപ്പറ്റി മേൽപ്രകാരം ആദരവോടെ എഴുതിയശേഷം അബ്ദള്ളായുടെ താമസത്തെപ്പറ്റി പറയുമ്പോൾ 'എഴുന്നെള്ളി' എന്ന പദം ചേർക്കാതെ കേവലം "താമസിക്കുന്നു" എന്നു മാത്രം എഴുതിയിരിക്കുന്നതു ചന്ദ്രിക 3:114-ാം പുറത്തു തന്നെ കാണാവുന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ഇവിടെ ചേരി തിരിഞ്ഞ 1910-നും മാർ ദീവന്നാസ്യോസ് തിരുമേനി മെത്രാനായ 1908-നും മറ്റും മുമ്പ് 1906-ൽ എഴുതിയതും അന്നു തന്നെ, സഭാ ഗസറ്റായിരുന്ന ഇടവകപ്പത്രികയിൽ പ്രസിദ്ധം ചെയ്തതും ഇപ്പോൾ സഭാചന്ദ്രിക തന്നെ എടുത്തു വീണ്ടും പ്രസിദ്ധം ചെയ്തിരിക്കുന്നതുമായ കത്ത് അന്നത്തെ സ്ഥിതിഗതികൾ - അബ്ദൽ മിശിഹാ 1906-ലും ശരിയായ പാത്രിയർക്കീസായിരുന്നു എന്ന വസ്തുത - ഗ്രഹിക്കുന്നതിനു അവശ്യം വേണ്ട വെളിച്ചം നൽകുന്നില്ലയോ!

5. 1906-ൽ അബ്ദൽ മിശിഹാ പാത്രിയർക്കീസ് തന്നെ എന്നു കോജാ അന്തൂൻ 1906-ലും ഇടവകപ്പത്രിക 1907-ലും വയലിപ്പറമ്പിൽ തോമസ് വറുഗീസ് (ഇപ്പോൾ മെത്രാൻ) 1932-ലും പ്രസ്താവിക്കുന്നു. "... അബ്ദൽ മിശിഹാ പാത്രിയർക്കീസുമായി യോജിച്ച് അദ്ദേഹത്തെതന്നെ സ്വീകരിക്കയാണ് നല്ലത് എന്നു സുൽത്താൻ നിർബന്ധമായി പറയുന്നു. എന്നാൽ മെത്രാന്മാർക്കു (യറുശലേമിലേയും കുസ്തന്തീനിലേയും മെത്രാന്മാർക്ക്) സമ്മതമല്ല. എന്നെല്ലാം വളരെ വ്യക്തമായി 1906 മേടം 7-ാം തീയതി കോജാ അന്തൂൻ എഴുതിയിരിക്കുന്നു. ഈ കത്ത് 1907-ൽ മലങ്കരസഭാനാവായിരുന്ന ഇടവകപ്പത്രികയിൽ പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. മാത്രമല്ല അത് ഇപ്പോൾ മാർ അത്താനാസ്യോസ് തിരുമേനിയുടെ 'സഹായകൻ' മാർ ഗ്രീഗോറിയോസ് 1932-ൽ പാത്രിയർക്കീസ് കക്ഷി നാവായിരുന്ന സുറിയാനിസഭാ മാസിക കന്നി ലക്കത്തിൽ എടുത്തു പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. പാത്രിയർക്കാ സിംഹാസനവുമായി വളരെ ബന്ധപ്പെട്ടിരുന്ന കോജാ അന്തൂൻ 1906 മേടത്തിൽ എഴുതുമ്പോൾ അബ്ദൽ മിശിഹാ ബാവായെ ശരിക്ക് പാത്രിയർക്കീസ് എന്നുതന്നെ തെളിച്ചു പറയുന്നതിനാൽ അന്ന് (1906 മേടത്തിൽ പോലും) അദ്ദേഹം പാത്രിയർക്കീസ്സായി തന്നെ പരിഗണിക്കപ്പെട്ടു വന്നു എന്നു വ്യക്തമാകുന്നു. ഈ കത്തിനെ സമ്മതിച്ച് 1907-ൽ ഇടവകപ്പത്രിക അതു പ്രസിദ്ധം ചെയ്തതിനാൽ അതിനെ അന്നത്തെ അഭിവാജ്യ മലങ്കരസഭയും; 1932-ൽ ടി കത്തിനെ സമ്മതിച്ച് മാർ അത്താനാസ്യോസ് തിരുമേനിയുടെ ഇന്നത്തെ സഹായ മെത്രാൻ തങ്ങളുടെ നാവായ സു.സ.മാ. യിൽ ഉദ്ധരിച്ചിരിക്കുന്നതിനാൽ അത് 1932-ലെ പാത്രിയർക്കീസ് കക്ഷിയും സമ്മതിച്ചിരിക്കുന്നതായി തെളിയുന്നു. ഇതിന്റെ മറ്റു ചില വശങ്ങൾ III-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

6. 1907-ലും അബ്ദൽ മിശിഹായെ പാത്രിയർക്കീസായിത്തന്നെ കരുതുകയും അദ്ദേഹം വഴിയായി ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കുവാൻ അന്ന് ആലോചിക്കുകയും ശ്രമിക്കുകയും ചെയ്തു എന്ന് മാർ യൂലിയോസും ഇന്നത്തെ പാത്രിയർക്കീസ് കക്ഷിനാവായ സഭാചന്ദ്രികയും സമ്മതിക്കുന്നുണ്ട്.

മാർ ഒസ്താത്തിയോസ്, മാർ തീമോത്തിയോസ് എന്നീ തിരുമേനിമാർ (അന്നു ശെമ്മാശന്മാർ) 1906-ൽ സിറിയായിലേക്കു പോയപ്പോൾ ഇവിടെ കാതോലിക്കാസ്ഥാപനം ലഭിക്കുന്ന കാര്യം സംബന്ധിച്ചു രണ്ടു പാത്രിയർക്കീസ്സന്മാരുമായി വേണ്ട ആലോചനകൾ നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം അവർ സിറിയയിൽ സഞ്ചരിച്ചിരുന്ന കാലത്ത് വേണ്ട അന്വേഷണങ്ങൾ നടത്തുകയും രണ്ടു പാത്രിയർക്കീസന്മാരോടുകൂടി താമസിക്കുകയും ആവശ്യമായ ആലോചനകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി കോനാട്ടു മല്പാനച്ചന്റെ പേർക്ക് സിറിയായിൽ നിന്ന് ഒരു കത്ത് അയച്ചിരുന്നു. അത് അബ്ദള്ളാ ബാവാ അറിഞ്ഞ് അവിടെ വെച്ചുതന്നെ പിടിച്ചെടുക്കുകയും അതിന്റെ ഉള്ളടക്കം ഗ്രഹിച്ചപ്പോൾ അദ്ദേഹം വളരെ കോപിക്കുകയും മറ്റും ചെയ്തത് പ്രസിദ്ധമാണല്ലോ. അതിലെ ചില ഭാഗങ്ങൾ മാർ യൂലിയോസ് 1932-ൽ അന്നത്തെ പാത്രിയർക്കീസ് കക്ഷിനാവായിരുന്ന സു.സാ.മാ. 326-ാം പുറത്തും ടി കക്ഷിയുടെ 1950-ലെ നാവായ സഭാചന്ദ്രിക 114-ാം പേജിലും പ്രസിദ്ധം ചെയ്തിരിക്കുന്നത് ഇപ്രകാരമാണ്:- "... പഴയ മണവാള (അബ്ദൽ മിശിഹാ) നുമായി ആലോചിച്ചു. പൊതുവിന്റെ കോറെപ്പിസ്ക്കോപ്പാസ്ഥാനവും (കോറെപ്പിസ്ക്കോപ്പാസ്ഥാനം കോനാട്ട് മല്പാനച്ചന്) മപ്രിയാന (കാതോലിക്കാ) സ്ഥാനവും (കാതോലിക്കാസ്ഥാനം പുലിക്കോട്ടു തിരുമേനിക്ക്) സാധിക്കുന്നതിന് ഒരു പ്രയാസവും ഇല്ല....... പുതിയ മണവാളൻ (അബ്ദള്ളാ) അവിടെ മെത്രാന്മാരെ വാഴിക്കാൻ അനുവാദം തരുന്ന മാർഗ്ഗം കാണുന്നില്ല...." ഇവിടെയും മുൻ നാലാം ഖണ്ഡികയിൽ കണ്ടപ്രകാരം രണ്ടു പാത്രിയർക്കീസന്മാരെ തമ്മിൽ തിരിച്ച് മനസ്സിലാക്കത്തക്കതായി മണവാളൻ (പാത്രിയർക്കീസ്) ആയ കാലത്തെ കുറിക്കത്തക്കവണ്ണം പഴയ മണവാളൻ എന്നല്ലാതെ മണവാളസ്ഥാനം നഷ്ടപ്പെട്ടു എന്നു കാണിക്കത്തക്കവണ്ണം മുൻ മണവാളൻ എന്നോ മണവാളൻ ആയിരുന്ന ആൾ എന്നോ പറയാതെ എഴുതുന്ന കാലത്തും (1907 തുലാത്തിലും), മണവാളസ്ഥാനം (പാത്രിയർക്കാസ്ഥാനം) ഉണ്ടെന്ന് കാണിക്കത്തക്കവണ്ണം പഴയ മണവാളൻ എന്നു പറയുന്നതും അബ്ദള്ളാ ബാവായെ മണവാളൻ എന്നു പറയാതെ പുതിയ മണവാളൻ എന്നു പറഞ്ഞിരിക്കുന്നതും സ്മരണീയമാണ്.

ഇവിടെ യാതൊരു കക്ഷിഭിന്നതയും ഇല്ലാതിരുന്ന കാലത്ത് മാർ ദീവ

ന്നാസ്യോസ് തിരുമേനിയെ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നതിനുപോലും മുമ്പ് മലങ്കരസഭാനേതാക്കന്മാർക്കും അതിന്റെ സേവനത്തിനായി സ്വയം സമർപ്പിച്ച് പുണ്യസ്ഥലസന്ദർശനത്താൽ അനുഗ്രഹീതരാകുവാൻ സിറിയായിലേക്കു പോയവർക്കും 1907–ൽ ആദ്യ പാത്രിയർക്കീസായ അബ്ദൽ മിശിഹാ വഴി മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനും അങ്ങനെ പരാശ്രയം കൂടാതെ മലങ്കരസഭയിൽ എന്നേക്കും പൗരോഹിത്യം നിലനിർത്തുന്നതിനും പരിശ്രമിച്ചു എന്നും അതിൽ അവർ യാതൊരുവിധ ന്യൂനതയും കണ്ടിരുന്നില്ല എന്നും ഇതിൽ നിന്നു സിദ്ധിക്കുന്നുണ്ട്.

7. 1908–ൽ അബ്ദൽ മിശിഹാ സുറിയാനിസഭ മുഴുവന്റെയും ശരിയായ പാത്രിയർക്കീസ് എന്ന് പാമ്പാക്കുട മല്പാനച്ചൻ ഏറ്റുപറകയും ഇവിടെ കാതോലിക്കാവാഴ്ച നടത്തിത്തരുന്നതിനദ്ദേഹത്തോടു അപേക്ഷിക്കുകയും ചെയ്യുന്നു. അബ്ദള്ളാ മലയാളത്തേക്കുള്ള യാത്രാമദ്ധ്യേ ലണ്ടനിൽ പ്രൊട്ടസ്റ്റന്റു വിശ്വാസിയായി കഴിയുന്ന വിവരം ഇംഗ്ലീഷ് പത്രങ്ങൾ മുഖേന അറിഞ്ഞപ്പോൾ അബ്ദൽ മിശിഹായുടെ പേർക്കു 1908 ധനു 30–ാം തീയതി അദ്ദേഹം എഴുതിയിരുന്നത് ഇപ്രകാരമാണ്: "ഭൂതലമെങ്ങുമുള്ള പൂർവ്വിക സുറിയാനി ജാതി മുഴുവന്റെമേലും അധികൃതനായിരിക്കുന്ന രണ്ടാമത്തെ അബ്ദൽ മിശിഹാ എന്നു തിരുനാമമുള്ള അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ഞങ്ങളുടെ പിതാവായ ഭാഗ്യവാനായ മോറാൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് തിരുമനസ്സിലേക്കു.... അദ്ദേഹം (അബ്ദള്ള) ദ്രവ്യാഗ്രഹിയാകുന്നു. ഇപ്പോൾ എല്ലാ നിന്ദയുടെയും കാരണം അബ്ദള്ളാ പാത്രിയർക്കീസാകുന്നു.... തിരുമനസ്സുകൊണ്ടു ശരിയായ പാത്രിയർക്കീസാകുന്നു... ശരിയാംവണ്ണമല്ലാതെ പാത്രിയർക്കീസായിരിക്കുന്നവൻ ഞങ്ങളുടെ അടുക്കൽ വരുന്നതിനെ തടയുന്നതിനായി ബോധിപ്പിക്കണം.... തിരുമേനി ഞങ്ങളുടെ അടുക്കൽ വരണം... ഞങ്ങളിൽനിന്നുതന്നെ ഒരാളെ ഞങ്ങൾക്കു മപ്രിയാന ആക്കിത്തരണം..." അബ്ദൽ മിശിഹാ തിരുമനസ്സുകൊണ്ടാണ് സാക്ഷാൽ പാത്രിയർക്കീസ് എന്നും അതിനാൽ തിരുമനസ്സുകൊണ്ടാണ് മലയാളത്തെഴുന്നെള്ളി കാതോലിക്കാവാഴ്ച നടത്തേണ്ടതെന്നും ന്യായമല്ലാതെ പാത്രിയർക്കീസായിരിക്കുന്ന അബ്ദള്ളാ മലയാളത്തു വരുന്നതിനെ തടയണമെന്നും മറ്റും മല്പാനച്ചൻ എഴുത്തിൽ അപേക്ഷിച്ചിരിക്കുന്നു. ഈ കത്തിൽനിന്ന് പാത്രിയർക്കീസ്പക്ഷനാവായ ചന്ദ്രിക എടുത്തു പകർത്തിക്കൊണ്ട് ഇവിടെനിന്നു ഒരാളെ മപ്രിയാനായായി വാഴിച്ചുകിട്ടേണമെന്നു അപേക്ഷിച്ചിരിക്കുന്നതിനെ വിമർശിച്ചിട്ടുണ്ട് (പു. 3, പേ. 113). മേൽ ചേർത്തിരിക്കുന്ന കത്ത് എഴുതിയിരിക്കുന്നത് അന്നത്തെ മലങ്കര മെത്രാപ്പോലീത്താ കഴിഞ്ഞാൽ സഭയുടെ കാനോൻ വിശ്വാസോ

പദേശങ്ങൾ, സഭാകാര്യങ്ങൾ, ചരിത്രം എന്നിത്യാദി വിഷയങ്ങളിൽ അദ്വിതീയ ജ്ഞാനമുണ്ടായിരുന്ന ആളും പാത്രിയർക്കീസ് പക്ഷത്തിന്റെ പ്രധാന വൈദികനേതാവുമായിരുന്ന പാമ്പാക്കുട മല്പാനച്ചനാണ് എന്നുള്ള വസ്തുത ഗ്രഹിച്ചുകൊണ്ട് അതിലുള്ള ഓരോ പ്രസ്താവനയുടെയും ഘനം മനസ്സിലാക്കുമ്പോൾ 1908-ൽ അബ്ദൽ മിശിഹായാതൊരു ന്യൂനതയുമില്ലാത്ത കാനോനിക പാത്രിയർക്കീസായിരുന്നുവെന്നും അദ്ദേഹം വഴിയായി ലഭിക്കുന്ന പട്ടത്വത്തിനാണ് യാതൊരു ന്യൂനതയും ഇല്ലാത്തത് എന്നും അനിഷേധ്യമായി സിദ്ധിക്കുന്നു. ഈ കത്തിന്റെ വെളിച്ചത്തിൽ "1903-ലെ സുന്നഹദോസ്" 1908 വരെയും ഭൂജാതം ചെയ്തിട്ടുണ്ടോ എന്നു കൂടെ പരിശോധിക്കുന്നത് രസാവഹമായിരിക്കും. സൂര്യന്റെ മുമ്പിൽ ഹിമകണം കണക്കല്ലയോ ഈ പണ്ഡിതന്റെ കത്തിൻ മുമ്പിൽ 1903-ലെ സുന്നഹദോസ് കഥ!!!

8. 1909-ലും ഇവിടെ ഭിന്നത ഇല്ലാതിരിക്കുന്ന അവസരത്തിൽ അബ്ദൽ മിശിഹായെ പാത്രിയർക്കീസായി കരുതി അദ്ദേഹം വഴി ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനു ശ്രമിച്ചു എന്ന് കോനാട്ടു മല്പാനച്ചനും 1911-ൽ പാത്രിയർക്കീസ് കക്ഷിനാവായിരുന്ന ജീവനിക്ഷേപവും സമ്മതിക്കുന്നുണ്ട്. 1909-ൽ അബ്ദള്ളാ മലയാളത്തേക്കുള്ള യാത്രാമദ്ധ്യേ ഊട്ടിയിലായിരിക്കുമ്പോൾ - മലയാളത്ത് എത്തി വഴക്കും ഭിന്നതയും ആരംഭിക്കുന്നതിന് മുമ്പുതന്നെ - അപ്പോൾ ഊട്ടിയിലുണ്ടായിരുന്ന ടി മല്പാനച്ചൻ, മാർ ദീവന്നാസ്യോസ് തിരുമേനി, മി. മാമ്മൻമാപ്പിള മുതലായവർ അബ്ദൽ മിശിഹായെ കൊണ്ടുവന്ന് പൗരസ്ത്യ കാതോലിക്കേറ്റ് മലയാളത്തു പുനഃസ്ഥാപിക്കുന്നതിന് ആലോചന നടത്തി എന്നും അത് അന്നുതന്നെ അബ്ദള്ളായുടെ അറിവിൽപെട്ടു എന്നും മറ്റുമുള്ള വിവരണങ്ങൾ അക്കാലത്തുതന്നെ ജീവനിക്ഷേപത്തിൽ പ്രസ്താവിക്കുന്നുണ്ട് (1911-ക്ക് കൊല്ലം 1086 കുംഭം ജീവനിക്ഷേപം, പുറം 94). ഈ സംഭവത്തിന്റെ യാഥാർത്ഥ്യം കക്ഷിഭിന്നത ആരംഭിച്ചശേഷവും മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കക്ഷി സമ്മതിച്ചിട്ടുണ്ട് (മലങ്കര സുറിയാനി സഭാസംരക്ഷകൻ, പുറം 84). കക്ഷിത്വമോ ഭിന്നതയോ രൂപമെടുക്കാതെ സമാധാനത്തിൽ കഴിഞ്ഞുവന്ന സന്ദർഭത്തിൽ, അബ്ദള്ളാ മലയാളത്തു കാൽ ചവുട്ടുന്നതിനു മുമ്പ് 1909-ലും അബ്ദൽ മിശിഹാ ശരിയായ പാത്രിയർക്കീസ് എന്നും അദ്ദേഹം വഴിയായി ഇവിടെ കാതോലിക്കേറ്റ് സ്ഥാപിക്കണം എന്നും മലങ്കരസഭാ നേതാക്കന്മാർ പൊതുവെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു എന്ന് ഇവിടെ വ്യക്തമാകുന്നു.

9. 1910-ൽ അബ്ദൽ മിശിഹായിക്കു സുൽത്താന്റെ പ്രാതികൂല്യമല്ലാതെ മറ്റു യാതൊരു ന്യൂനതയും ഉണ്ടായിരുന്നില്ല എന്ന് അന്ന് പാത്രിയർക്കീസ് കക്ഷി നേതാവായിരുന്ന കോനാട്ടു മല്പാനച്ചൻ

സമ്മതിക്കുന്നു. കക്ഷിഭിന്നത മൂത്ത് അന്യോന്യം ഓരോ വാദമുഖങ്ങൾ ഉന്നയിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുമ്പോൾ 1910 കുംഭം 5-നു സൂക്ഷ്മഗ്രാഹി എന്ന പേരിൽ മൽപാനച്ചൻ അദ്ദേഹത്തിന്റെ സ്വന്ത പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ച ലഘുലേഖയിൽ അബ്ദൽ മിശിഹായെപ്പറ്റി പറയുന്നതുതന്നെ ഇന്നത്തെ ചില "മല്പാന്മാർ" പറയുംപോലെ വ്യർത്ഥൻ, ഭ്രാന്തൻ, മുടക്കപ്പെട്ടവൻ, പാത്രിയർക്കീസല്ലാത്തവൻ എന്നൊന്നുമല്ല "അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവാ" എന്നു തന്നെയാണ്. അദ്ദേഹത്തെ കൊണ്ടുവന്ന് കാതോലിക്കാവാഴ്ച നടത്തി വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ നില സുരക്ഷിതമാക്കുമെന്ന് കേട്ടപ്പോൾ അബ്ദൽ മിശിഹായെ എത്രയും ഹാസ്യമാക്കി സ്വപക്ഷീയരുടെ മനോവീര്യം നിലനിർത്തുന്നതിനും എതിർപക്ഷത്തെ നിന്ദിക്കുന്നതിനുമായി അങ്ങേഅറ്റം പറഞ്ഞിരിക്കുന്നത്: "ഈ ബാവാ (അബ്ദൽ മിശിഹാ പാത്രിയർക്കീസ്) ദയറാ വിട്ട് രാജകൽപനപ്രകാരം ഒരു ഭവനത്തിൽ താമസിക്കുന്നു. അവിടെനിന്നു പുറത്തിറങ്ങണമെങ്കിൽ രാജകൽപന കൂടാതെ സാധിക്കയില്ലെന്ന് ഓർക്കണം" എന്നു മാത്രമാണ്. അന്നത്തെ മാർ ദീവന്നാസ്യോസ് കക്ഷിയിലെ ആളുകളെ "പോർട്ടുഗീസ് പറങ്കിയുടെ സന്തതി" "പുനരുത്ഥാനം ചെയ്ത യൂദാസ്കറിയോത്താ" എന്നും മറ്റും അതിനീചമായി ദുഷിച്ചു മാർ കൂറീലോസ് കക്ഷി എഴുതിയ ടി ലഘുലേഖ പുറം 14-ൽ പോലും തങ്ങളുടെ എതിർകക്ഷിയുടെ രക്ഷാകർതൃത്വം കയ്യേറ്റ മാർ അബ്ദൽ മിശിഹായെ "പാത്രിയർക്കീസ് ബാവാ" എന്നു തന്നെ വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിൽനിന്ന് കാതോലിക്കാസ്ഥാനം ലഭിക്കുന്നത് സംബന്ധിച്ച്, തുർക്കിയുടെ ആജ്ഞ കൂടാതെ സ്ഥലം വിടുവാൻ നിർവ്വാഹമില്ലെന്നുള്ള ഏക തടസ്സം മാത്രം ഉന്നയിച്ചിരിക്കുന്നു. വളരെ പരിശ്രമിച്ചിട്ടും മറ്റും യാതൊരു കുറ്റവും അബ്ദൽ മിശിഹായുടെമേൽ ആരോപിക്കുവാൻ അദ്ദേഹത്തിന്റെ ശത്രുക്കൾക്ക് സാധിച്ചിരുന്നില്ലെന്ന് ഇവിടെ സ്പഷ്ടമാകുന്നു. അദ്ദേഹം 1910-ലും ഭ്രാന്തനുമല്ല, ഭ്രഷ്ടനുമല്ല. അനിഷേധ്യ പാത്രിയർക്കീസ് തന്നെ എന്ന് ഇവിടെയും തെളിഞ്ഞു കാണുന്നില്ലയോ?

10. 1911-ക്ക് കൊല്ലവർഷം 1087-ലും അബ്ദൽ മിശിഹാ പാത്രിയർക്കീസ് തന്നെ എന്ന് അബ്ദള്ളായുടെ കക്ഷികളും മനസ്സറിയാതെ സമ്മതിക്കുന്നു:- 1087-ൽ അതായത് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പേർക്ക് മുടക്കുകല്പന എഴുതിയിട്ട് മലയാളത്തോടു യാത്ര പറഞ്ഞശേഷം - "മുടക്കു സുന്നഹദോസ് ഉണ്ടായതായി പറയുന്ന 1903-ന് 8 വർഷങ്ങൾക്കു ശേഷം - 1911-ൽ അബ്ദള്ളാ മലയാളത്തു പ്രസിദ്ധം ചെയ്തിട്ടുള്ള മുടക്കു കല്പനകളും മറ്റും അസാധുവാക്കി അബ്ദൽ മിശിഹാ കൽപന അയയ്ക്കുകയും അദ്ദേഹത്തിന്റെ മലയാളത്തേക്കുള്ള എഴുന്നെള്ളത്തിന് ത്വരി

തഗതിയിൽ ഒരുക്കങ്ങൾ നടത്തുകയും അങ്ങനെ അബ്ദൽ മിശിഹാ പാത്രിയർക്കീസ് തങ്ങളുടെ ബദ്ധവൈരി എന്ന് പ്രത്യക്ഷമായി അബ്ദള്ളാ കക്ഷി ഗ്രഹിക്കയും ചെയ്ത അവസരത്തിൽ ജീവനിക്ഷേപത്തിൽ ചേർത്തിരുന്ന ഒരു പ്രസ്താവന ഇതും മറ്റു പലതും വെളിവാക്കുന്നുണ്ട്. "ജീവനിക്ഷേപം" അബ്ദള്ളായുടെ കക്ഷിയുടെ നാവായി കോനാട്ടച്ചന്റെ പത്രാധിപത്യത്തിൽ അദ്ദേഹത്തിന്റെ വകയായി സ്വന്തം പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി കക്ഷിയുടെ പ്രസ്താവനകൾക്ക് പ്രചുരപ്രചാരം നൽകിക്കൊണ്ടിരുന്ന മാർത്തോമ്മാക്കാരുടെ "സഭാതാരക" ആ പ്രസ്താവന ജീവനിക്ഷേപത്തിൽ നിന്നെടുത്ത് വീണ്ടും പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. അതു താഴെ ചേർക്കുന്നു.

"അബ്ദൽ മിശിഹാ ബാവാ ഈ മോറോനെ (അബ്ദള്ളാ പാത്രിയർക്കീസിനെ) കുറിച്ച് അയച്ചു എന്നു പറഞ്ഞ് അച്ചടിച്ചു പരസ്യപ്പെടുത്തീട്ടുള്ള എഴുത്തിനെ വിശ്വസിപ്പാൻ മാർഗ്ഗം കാണുന്നില്ല. ... ആദ്യം മുദ്ര വയ്ക്കാഞ്ഞതിന് പ്രതിവിധിയായി പിന്നത്തേതിന് മുദ്ര വയ്ക്കുമ്പോൾ പതിവുവിട്ടു മൂന്നു മുദ്ര കുത്തുവാൻ അദ്ദേഹം കൊച്ചുകുട്ടിയാണോ?.... ഈ എഴുത്തുകളെക്കുറിച്ച് കേട്ട കാലത്തുതന്നെ വിവരം ശീമയിൽ അറിയിക്കുകയും .... ഗവൺമെന്റ് അബ്ദൽ മിശിഹാ ബാവായോടു സമാധാനം ചോദിക്കുകയും ചെയ്തു. ... അദ്ദേഹം മലയാളത്തു വരാൻ ഒരുങ്ങുന്നതായി കേൾക്കുന്നുയെന്നും ഇവിടെനിന്നു എഴുതുകയും അവർ ഗവൺമെന്റിനെ ബോധിപ്പിക്കുകയും ജനങ്ങളെയോ പള്ളികളെയോ സംബന്ധിക്കുന്ന സമുദായം ഇടപെട്ട യാതൊരു സംഗതികളിലും നിന്റെ വാ തുറന്നുപോകരുതെന്നും യാതൊന്നും എഴുതി പോകരുതെന്നും നീ ഇരിക്കുന്ന സ്ഥലത്തിനു വെളിക്കു കടക്കരുതെന്നും... ദിവാൻ (അവിടെ ദിവാൻ ഉണ്ടു പോലും! - ലേ.) മുഖാന്തിരം ആ ബാവായ്ക്കു കൽപന കൊടുക്കുകയും ചെയ്തു. ഈ വിവരങ്ങൾക്ക് ഈയിടെ ശീമയിൽ നിന്നു കൽപനകളും എഴുത്തുകളും വന്നിട്ടുണ്ട്. ടി മുദ്രയില്ലാത്ത എഴുത്ത്... അതു സുറിയാനിയിലോട്ട് തർജ്ജമ ചെയ്തു അച്ചടിച്ചതായ ഓരോ പ്രതികളും അടക്കംചെയ്ത് ഓരോ പ്രത്യേക എഴുത്തോടുകൂടി നാൽപതോ അമ്പതോ പ്രധാനന്മാർക്കു മൂന്നാമതായി ഇവിടെനിന്ന് അയച്ചുകൊടുത്തിട്ടുണ്ട്..... ഒന്നുകിൽ അതിൽ പേർ പറയുന്ന ആൾ അല്ലെങ്കിൽ അച്ചടിച്ചവർ ഉത്തരം പറയേണ്ടതായി വന്നു കൂടും... വെറുതെ ഒരു സ്ഥലത്തു അടങ്ങി പാർക്കുന്ന ആ ബാവായെ ഈ കൂട്ടർ വലിയ ശിക്ഷയ്ക്കും അപകടത്തിനും മാനഹാനിക്കും ഇടവരുത്താതിരുന്നാൽ കൊള്ളാം. ആ പാവത്തിന്റെ ശാപത്തിനു കൂടെ ചിലർ പാത്രവാന്മാരാകാതിരിക്കട്ടെ. അദ്ദേഹം എഴുതിയതാണെന്നു സമ്മതിക്കുന്നപക്ഷം അധികാരം കവിഞ്ഞും രാജകൽപന നിഷേധിച്ചും പ്രവർത്തിച്ചതിന് അവിടുത്തെ

നിയമാനുസരണം ശിക്ഷിക്കാതിരിക്കയില്ല. അദ്ദേഹം എഴുതിയതല്ലെന്ന് പറയുന്നപക്ഷം അപ്രകാരം അദ്ദേഹത്തെക്കൊണ്ട് സ്വന്ത കൈപ്പടയിൽ എഴുതിച്ച് മുദ്രയും വെപ്പിച്ച് ഇവിടെ അയച്ചുതരികയോ മറ്റുവിധത്തിൽ അവിടെയുള്ളവരെ ബോധപ്പെടുത്തുകയോ ചെയ്യും. രണ്ടു മാസത്തിനകം കാണാം" (സഭാതാരക, N.S. Book.VIII, പേജ് 70, 71).

കാണാം എന്ന് ടി പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത് ഏതായാലും ശരി തന്നെയായിരുന്നു. പക്ഷേ കാണുന്നതിന് രണ്ടു മാസത്തിനു പകരം ഏഴു വേണ്ടിവന്നു എന്നും, കണ്ടത് അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ തന്നെയായിരുന്നു എന്നും മാത്രമേ മാറ്റമുണ്ടായുള്ളു. പ്രസ്തുത പ്രസ്താവനയിൽ നിന്നും താഴെ ചേർക്കുന്ന അഞ്ചു സംഗതികൾ വ്യക്തമാകുന്നില്ലയോ എന്ന് പരിശോധിച്ചു നോക്കുക.

(എ) "അബ്ദൽ മിശിഹാ ബാവാ ഈ മോറാനെ (പാത്രിയർക്കീസിനെ) കുറിച്ചു അയച്ച...." എന്നെഴുതിയിരിക്കുന്നത് അബ്ദള്ളാ ബാവായെ ഉദ്ദേശിച്ചാണ്. അന്ന് ഒന്നിൽ കൂടുതൽ പാത്രിയർക്കീസന്മാർ ഉണ്ടായിരുന്നതിനാൽ മാത്രമാണ് ഏതു പാത്രിയർക്കീസിനെയാണ് ഉദ്ദേശിക്കുന്നത് എന്നു വായനക്കാരെ മനസ്സിലാക്കുന്നതിനായി "ഈ" എന്ന ചൂണ്ട് വിശേഷണം മോറാൻ (പാത്രിയർക്കീസ്) എന്ന നാമത്തോടു ചേർത്ത് ഈ മോറാൻ എന്നു പറഞ്ഞ് തിരിച്ചു കാണിക്കേണ്ടി വന്നത് എന്നു എത്രയും സ്പഷ്ടമാണല്ലോ. വൈരം മൂത്ത് കക്ഷി പിരിഞ്ഞ് കൊടുംപിരികൊണ്ടിരിക്കുന്ന അവസരത്തിൽപോലും അബ്ദള്ളായെ കൂടാതെ വേറെ പാത്രിയർക്കീസ് ഉണ്ടായിരുന്നു എന്നുള്ള സത്യം അബ്ദള്ളായുടെ കക്ഷി മനസ്സറിയാതെ മൽപാനച്ചൻ മുഖേന സമ്മതിച്ചിരിക്കുന്നതിനാലും അബ്ദൽ മിശിഹായ്ക്കും അബ്ദള്ളായ്ക്കും പുറമെ അന്ന് മറ്റൊരു പാത്രിയർക്കീസ് ഉണ്ടായിരുന്നു എന്ന് ആർക്കും വാദം ഇല്ലാത്തതിനാലും 1911-ക്ക് കൊല്ലവർഷം 1087-ലും അബ്ദൽ മിശിഹാ പാത്രിയർക്കീസായിരുന്നു എന്ന് അബ്ദള്ളായുടെ കക്ഷി സമ്മതിച്ചിരിക്കുന്നു എന്നു സിദ്ധിക്കുന്നു.

(ബി) അബ്ദള്ളാ എഴുതിയ മുടക്കും മറ്റും അസാധുവാക്കി ചെയ്തും മലങ്കരസഭയുടെ ആവശ്യങ്ങൾ നിറവേറ്റിതരുന്നതിനായി ഇങ്ങോട്ട് എഴുന്നെള്ളുന്നതാണെന്ന് പ്രസ്താവിച്ചുകൊണ്ടും അബ്ദൽ മിശിഹാ മലയാളത്തേക്കയച്ച കൽപനക്കെതിരായി അബ്ദള്ളായുടെ കക്ഷിക്കു പറവാനായി ആകെപ്പാടെ കണ്ടുകിട്ടിയ കുറ്റം അദ്ദേഹം പാത്രിയർക്കീസല്ലെന്നല്ല അദ്ദേഹത്തിനു സുൽത്താന്റെ നിരോധനം ഉണ്ട് എന്നൊരു സംഗതി മാത്രമാണ്. മുടക്കോ മദ്യസേവയോ ചിത്തഭ്രമമോ അഥവാ അതുപോലെ മറ്റെന്തെങ്കിലുമോ അദ്ദേഹത്തിന്റെ മേൽ ആരോപിപ്പാൻ വിരോധം മുഴുത്ത ഘട്ടത്തിലും അദ്ദേഹത്തിന്റെ എതിരാളികൾ തുനി

യുന്നില്ല. അതിനാൽ ആ വക യാതൊരു ന്യൂനതകളും അദ്ദേഹത്തിൽ ആരോപിക്കുവാൻ ഇല്ലായിരുന്നു എന്ന് സുദൃഢം വ്യക്തമാകുന്നു.

(സി) അബ്ദൽ മിശിഹാ അയച്ച രണ്ടാമത്തെ കൽപനയിൽ "പതിവു വിട്ട് മൂന്ന് മുദ്ര കുത്തുവാൻ അദ്ദേഹം കൊച്ചുകുട്ടിയാണോ" (മൂന്ന് മുദ്ര കുത്തിയിരുന്നു എന്നുള്ളതുതന്നെ അദ്ദേഹത്തിന്റെ ശത്രുക്കളുടെ വ്യാജ പ്രസ്താവനയായിരുന്നു) എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം അങ്ങനെ ചെയ്കയില്ല എന്ന് അദ്ദേഹത്തിന്റെ ശത്രുക്കൾ പോലും പ്രസ്താവിക്കുന്നതിനാലും, അദ്ദേഹം മദ്യപനും ഭ്രാന്തനുമാകയാൽ നിരർത്ഥകമായി വല്ലതും ചെയ്ത കൂട്ടത്തിൽ ഇങ്ങനെ ഒരു കല്പനയും അയച്ചിരിക്കാം എന്ന് വാദിച്ചു കാണാത്തതിനാലും അദ്ദേഹത്തിൽ ആ വക ദൂഷ്യങ്ങൾ ഉണ്ടെന്ന് തന്റെ വൈരികൾക്ക് 1911 വരെ യാതൊരറിവുമില്ല.

(ഡി) അദ്ദേഹം കേവലം നിരപരാധിയാണെന്നും അദ്ദേഹത്തിനു സങ്കടത്തിടയാക്കുന്നത് ശാപഹേതുകമാണെന്നും അദ്ദേഹത്തിന്റെ വൈരികൾ തന്നെ സമ്മതിച്ചു പറയുന്നു.

(ഇ) സങ്കോചമെന്യേ ശങ്കാവിഹീനം: സുൽത്താൻ അബ്ദൽ മിശിഹായെ വാ തുറന്നുപോകരുതെന്നും എഴുതിപോകരുതെന്നും മറ്റും നിരോധിച്ചിരിക്കുന്നു എന്നും മറ്റും തട്ടിവിട്ടിരിക്കുന്നതിൽ അബ്ദള്ളാ കക്ഷിക്ക് വ്യാജപ്രസ്താവനകൾക്കുള്ള വൈദഗ്ദ്ധ്യം തെളിയുന്നു.

സ്ഥാനഭ്രംശം എന്നു പറയുന്നത് കേവലം ഫർമാൻ നഷ്ടം മാത്രം

അബ്ദൽ മിശിഹാ ബാവായ്ക്ക് തുർക്കി രാജ്യത്ത് ആലപ്പൊ, ദമസ്ക്കൂസ്, റാക്കാ, ഡയബക്കർ, മർദീൻ, മൂസൽ, ദയർഉസഫ്രാൻ എന്നീ ഏഴു സ്ഥലങ്ങളിലും അവയുടെ പരിസരങ്ങളിലും (മലങ്കരയും മറ്റും അതിൽ പെടുന്നില്ലെന്ന് പറയേണ്ടതില്ലല്ലോ) ഉള്ള പൂർവ്വിക സുറിയാനിക്കാരുടെ മേൽ ഏതാനും ചില ലൗകിക അധികാരങ്ങൾ നൽകിക്കൊണ്ട് തുർക്കി സുൽത്താൻ ഹമീദ് നൽകിയിരുന്ന ഫർമാൻ അദ്ദേഹം പിൻവലിച്ചു. ഈ സംഭവത്തെയാണ് "സ്ഥാനഭ്രംശം" എന്നു പറയുന്നത്. ഇതിൽക്കവിഞ്ഞു യാതൊന്നും ഉണ്ടായില്ല. എങ്കിലും തുർക്കി രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതു പാത്രിയർക്കാ സിംഹാസനപരമായ പ്രവർത്തനങ്ങളെ പല വിധത്തിൽ സ്പർശിച്ചു. എന്നു മാത്രമല്ല സുൽത്താന്റെ ഹിതത്തിനെതിരായി എന്തെങ്കിലും അവിടെ പ്രവർത്തിക്കുന്നത് ആത്മഹത്യാപരമായിരുന്നതിനാൽ പാത്രിയർക്കീസ് എന്ന നിലയിൽ അബ്ദൽ മിശിഹാ ബാവായ്ക്കു തുർക്കിരാജ്യത്തിൽ ജീവിക്കുക തന്നെ പ്രയാസമായും തീർന്നു. ഇതിൽക്കവിഞ്ഞ് മേൽപ്പറഞ്ഞ സംഭവത്തിനു യാതൊരർത്ഥവുമില്ല. അബ്ദൽ മിശിഹായെ സുന്നഹദോസ് മാറ്റുകയോ മാറ്റു

വാൻ കൂടുകയോ, കൂടുവാൻ ആലോചിക്കയെങ്കിലുമോ ഉണ്ടായതായി യാതൊരു തെളിവും കാണുന്നില്ല. ഉണ്ടെങ്കിൽ കാണിക്കട്ടെ. മാത്രമല്ല അബ്ദൽ മിശിഹായെ മുടക്കുവാനോ മാറ്റുവാനോ ഒരു സുന്നഹദോസ് പരിശ്രമിച്ചതായിപ്പോലും, അദ്ദേഹം മലയാളത്തേക്ക് എഴുന്നള്ളിയ കാലഘട്ടം (1912) വരെ ഒരുവനും പ്രസ്താവിച്ചതായി കാണുന്നില്ല. അദ്ദേഹത്തെ മുടക്കി എന്നും മറ്റും സ്ഥാപിക്കുവാൻ ശ്രമിക്കുന്നവർക്ക് തന്നെ എന്ന്, ആര്, എന്തിന്, എങ്ങിനെ മുടക്കി എന്നും മറ്റും പൂർവ്വാപരവിരുദ്ധവും പരസ്പരവിരുദ്ധവുമായിട്ടല്ലാതെ ഒന്നും നിശ്ചയമായിപ്പറവാൻ ഇതുവരെ കഴിയാത്തതിൽ നിന്നു തന്നെ വി. സഭയുടെ സുന്നഹദോസ് അദ്ദേഹത്തെ മാറ്റുകയോ മറ്റോ ചെയ്തില്ലെന്നു സ്പഷ്ടമാകുന്നുണ്ട്. അബ്ദൽ മിശിഹായുടെ വൈരികൾ സുൽത്താനു കോഴ കൊടുത്ത് കൃത്രിമമായി ഫർമാൻ പിൻവലിപ്പിക്കയാണുണ്ടായത് എന്നു താഴെ ചേർക്കുന്നതു കൊണ്ടു വ്യക്തമാകുന്നില്ലയോ എന്നു പരിശോധിക്കുക.

1. സ്ഥാനഭ്രംശവും തുടർന്നുള്ള പ്രവർത്തനങ്ങളും സുൽത്താൻ സഭയുടെ ഹിതത്തിന് എതിരായി നടത്തിയ കൈയേറ്റമായിട്ടത്രേ കാണുന്നത്. ഇപ്പോഴത്തെ കക്ഷിഭിന്നത ആരംഭിക്കുന്നതിന് എന്നല്ല അബ്ദള്ളാ ബാവാ പാത്രിയർക്കീസാകുന്നതിനു മുമ്പ് 1905-ൽ സഭാനാവായിരുന്ന ഇടവകപ്പത്രിക പറയുന്നത്: അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന രണ്ടാമത്തെ "അബ്ദൽ മിശിഹാ എന്നു പേരായ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാതിരുമേനിയെ തുർക്കി ഗവൺമെന്റ് സ്ഥാനഭ്രഷ്ടനാക്കിയിരിക്കുന്നു.... സുൽത്താന്റെ രാജ്യഭരണം ക്രിസ്ത്യാനികൾക്കു പൊതുവിൽ തൃപ്തികരമല്ലെന്നുള്ളത് സംശയമറ്റ സംഗതിയാണ്.... എന്നാൽ അന്ത്യോഖ്യരുടെ കാര്യത്തിൽ മുൻകാലങ്ങളിൽ പല ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അടുത്തകാലത്ത് ഇങ്ങനെയുള്ള സംഭവങ്ങൾ നടന്നതായി കേട്ടിട്ടില്ല" എന്നാണ്. ഇതിനെ തുടർന്ന് ഗീവറുഗീസ് നാലാമൻ, യാക്കോബ്, പത്രോസ് മൂന്നാമൻ ആദിയായി പല പാത്രിയർക്കീസന്മാരെയും ഭീഷണിപ്പെടുത്തുകയും, കൊല്ലുവാൻ ശ്രമിക്കുകയും, പീഡിപ്പിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം ടി ലേഖനം പ്രസ്താവിക്കുന്നത്, "ഈയിടെ നടന്നതായി പറയുന്ന സ്ഥാനഭ്രഷ്ടിന് ആരോപിച്ചിരിക്കുന്ന കാരണം രാജദ്രോഹമാണത്രേ... ഈ സ്ഥാനഭ്രംശം മൂലം പാത്രിയർക്കാ സിംഹാസനത്തിൽ ഉണ്ടായ ഒഴിവിലേക്ക് ആളിനെ തെരഞ്ഞെടുപ്പാൻ സുൽത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്" എന്നുമാണ്. അടുത്ത ചിങ്ങം (1081) ഇടവകപ്പത്രിക 161-ാം പുറത്തു പറയുന്നതും ശ്രദ്ധേയമാണ്. "തുർക്കി സുൽത്താന്റെ ആജ്ഞപ്രകാരം മാർ ഇഗ്നാത്തിയോസ് അബ്ദൽ മിശിഹാ പാത്രിയർക്കീസ് ബാവാ അവർകളെ സ്ഥാനഭ്രഷ്ടനാക്കിയ വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ... പാത്രിയർക്കാ സ്ഥാനത്തേക്കു പൂർണ്ണ അധികാരത്തോടുകൂടെ ഒരാളെ പ്രതി

ഷ്ഠിക്കേണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് തിരഞ്ഞെടുപ്പുയോഗം കൂടുവാൻ ഇവിടെയും നോട്ടീസ് വന്നിരിക്കുന്നു." പുലിക്കോട്ടു തിരുമേനിയുടെപേർക്കു കൈമാഖാം തിരുമേനി അയച്ച ക്ഷണക്കത്തിൽ പറയുന്നത്, അബ്ദൽ മിശിഹായുടെ സിംഹാസന നഷ്ടം കേവലം സുൽത്താന്റെ പ്രവർത്തി മാത്രം എന്നു വ്യക്തമാകുന്നില്ലയോ എന്നു കൂടെ നോക്കുക. കത്തിൽ പറയുന്നത്: "തുർക്കി സുൽത്താൻ നമ്മുടെ അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ പിൻവലിച്ചിരിക്കുന്നു.... ഫർമാൻ ഇല്ലാതാകുന്നതു വലിയൊരു നഷ്ടമാണ്. ആകയാൽ ഫർമാൻ കിട്ടത്തക്കവണ്ണം ഒരാളെ പാത്രിയർക്കീസായി വാഴിക്കേണ്ടിയിരിക്കുന്നു..." എന്നാണ്.

വീണ്ടും 1906 കർക്കടകം ഇടവകപത്രിക പറയുന്നത് "മോറാൻ മോർ ഇഗ്നാത്യോസ് അബ്ദൽ മിശിഹാ പാത്രിയർക്കീസ്ബാവാ അവർകളെ അധികാരത്തിൽ നിന്ന് ഒഴിക്കണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടതു മുതൽ പാത്രിയർക്കീസിന്റെ ലൗകികചുമതലകൾ മൂസലിലെ ..... നോക്കി വരുന്നു..." (പുറം 140) എന്നാണ്. സിംഹാസനനഷ്ടം സുന്നഹദോസ് മൂലമോ സുൽത്താൻ മൂലമോ? വായനക്കാർ വിധിച്ചുകൊൾക!

2. യാക്കോബായ പാത്രിയർക്കീസിനെ ആക്കുകയും നീക്കുകയും ചെയ്യുന്നതു തുലുക്കനാണ് എന്നുള്ള താരകയുടെ ആരോപണം: അക്കാലത്ത് സുറിയാനിസഭയെ ഏതുവിധേനയും അധിക്ഷേപിക്കുന്നതിനും നിന്ദിക്കുന്നതിനുമായി അരയും തലയും മുറുക്കി കണ്ണിലെണ്ണയൊഴിച്ചു കാത്തിരുന്ന മാർത്തോമ്മാ സഭാനാവായിരുന്ന "മലങ്കരസഭാതാരക" (കെ. എൻ. ദാനിയേൽ) സുൽത്താൻ മൂലമുണ്ടായ അബ്ദൽ മിശിഹായുടെ സിംഹാസനനഷ്ടവും അബ്ദള്ളായുടെ സിംഹാസനലബ്ധിയും എടുത്തു കാണിച്ചു വിമർശിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത് ഈ അവസരത്തിൽ ശ്രദ്ധേയമാണ്. 1907-നു 1082-ലെ മലങ്കരസഭാതാരക 4-ഉം 5-ഉം പുറങ്ങളിൽ പറയുന്നത്, "ദൈവികമായ ഒരു സ്ഥാനം... എടുപ്പാനോ ഒരു തുലുക്കന് അധികാരമില്ലെന്നും അതുകൊണ്ട് ദൈവികമായ ഒരു സ്ഥാനമുള്ള ആളിനെ തുർക്കി സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കിയാൽ സ്ഥാനഭ്രഷ്ടനാകയില്ലെന്നും യാക്കോബായ പാത്രിയർക്കീസ് തുർക്കി സുൽത്താന്റെ ആജ്ഞപ്രകാരം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നു പത്രിക (ഇടവകപത്രിക) പറയുന്നതിനാൽ ടി പാത്രിയർക്കീസിന് ദൈവികമായ ഒരു സ്ഥാനവും ഇല്ലെന്ന് സമ്മതിക്കുകയാണെന്നും അതുകൊണ്ട് യാക്കോബായ പാത്രിയർക്കീസ് "ചുമ്മാ" പാത്രിയർക്കീസാണെന്നുമത്രേ എന്റെ അഭിപ്രായം. ... സ്ഥാനത്തിലിരിക്കുന്ന പാത്രിയർക്കീസിന്റെ സ്ഥാനം എടുത്തു കളവാൻ അധികാരമുള്ള ആളിന് സംഘം തിരഞ്ഞെടുക്കുന്ന ആളിന് സ്ഥാനം കൊടുക്കരുതെന്നു പറവാൻ അധികാരമില്ലയോ. ... മനസാക്ഷിയോ പൗരുഷമോ ഉള്ള ഒരുവൻ അന്ത്യോഖ്യായിലെ യാക്കോ

ബായക്കാരിൽ ഉണ്ടായിരുന്നു എങ്കിൽ യാക്കോബായ പാത്രിയർക്കീസ് മേലാൽ പാത്രിയർക്കീസല്ല എന്ന് തുർക്കി പറഞ്ഞപ്പോൾ അതിനെ സ്വീകരിക്കയില്ലായിരുന്നു എന്നു തീർച്ചയാണ്. ... യാക്കോബായ പാത്രിയർക്കീസിനെ നിയമിക്കുന്ന പരിശുദ്ധാത്മാവ് തുലുക്കനാണ്. ... അബ്ദള്ളായിൽ തുർക്കി പ്രസാദിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന് പാത്രിയർക്കാസ്ഥാനം കിട്ടുന്നതിന് എന്തു പ്രയാസമാണുള്ളത്?...." എന്നിപ്രകാരമാണ്. ഈ പ്രസ്താവനകളിൽ നിന്നും മനസ്സിലാകുന്നത് സുൽത്താന്റെ വിരോധത്താൽ സിംഹാസനം നഷ്ടപ്പെട്ടു എന്നു മാത്രമല്ലയോ?

3. അബ്ദൽ മിശിഹായെ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നും എന്നെങ്കിലും സുന്നഹദോസ് മാറ്റിയതായി 1912-ൽ അദ്ദേഹം മലയാളത്തിലേക്ക് എഴുന്നള്ളിയ കാലം വരെ യാതൊരറിയിപ്പും വി. സഭയ്ക്കു യാതൊരുവനും നൽകിയിട്ടില്ല. മാറ്റിയിരുന്നു എങ്കിൽ വിവരം തദവസരത്തിൽ തന്നെ അറിയിക്കുക എത്രയും സ്വാഭാവികമായിരുന്നു. വളരെ അത്യാവശ്യവുമായിരുന്നു. പാത്രിയർക്കീസ്കക്ഷി തന്നെ സമ്മതിക്കുന്നുമുണ്ട്. പക്ഷേ, അങ്ങനെ അറിയിച്ചിട്ടില്ല. മറ്റൊരു പാത്രിയർക്കീസിനെ അബ്ദൽ മിശിഹായുടെ ജീവിതകാലത്തു തന്നെ തിരഞ്ഞെടുക്കുന്നതിനു ക്ഷണക്കത്തയയ്ക്കുന്ന അവസരത്തിലെങ്കിലും സുന്നഹദോസിനാൽ വല്ല നീക്കവും ഉണ്ടായിട്ടുണ്ടായിരുന്നെങ്കിൽ അത് അറിയിക്കേണ്ടതെത്രയും അവശ്യം ആവശ്യമായിരുന്നു എന്നും അപ്രകാരം അറിയിക്കാതിരിക്കയില്ലായിരുന്നുവെന്നും സ്പഷ്ടമല്ലയോ. ആ അവസരത്തിലും സുന്നഹദോസിന്റെ ഒരു നീക്കലോ മറ്റോ ഉണ്ടായതായി പറയുന്നില്ല. ആദ്യ പാത്രിയർക്കീസ് ജീവനോടിരിക്കെ താൻ ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെട്ടതിന്റെ വിശദവിവരങ്ങളും സാഹചര്യങ്ങളും വെളിക്കാകുന്നത് അദ്ദേഹത്തിനു ലജ്ജയും ആക്ഷേപവും ഉണ്ടാക്കുന്നതായിരുന്നില്ലെങ്കിൽ അദ്ദേഹം വാഴിക്കപ്പെട്ട വിവരം മലയാളത്തേക്കറിയിച്ചപ്പോഴോ, അല്ലെങ്കിൽ അദ്ദേഹം തന്നെ മലയാളത്തേക്കു പുറപ്പെട്ടപ്പോഴെങ്കിലുമോ അഥവാ ഇവിടെ സഞ്ചരിച്ച കാലത്തോ അതേപ്പറ്റി വിശദമായ, പ്രസ്താവനകൾ ഉണ്ടാകുമായിരുന്നു എന്നുള്ളതു സംശയരഹിതമായ സംഗതിയാണ്.

4. 1912-ൽ അബ്ദൽ മിശിഹാ ബാവാ പാത്രിയർക്കീസല്ലെന്നു പറഞ്ഞ് അദ്ദേഹത്തിൽ നിന്നു മലങ്കരജനങ്ങളെ അകറ്റാൻ ശ്രമിച്ചപ്പോൾ അതിലേക്ക് എടുത്തുകാണിപ്പാൻ സഭയുടെയോ സുന്നഹദോസിന്റെയോ തീരുമാനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. തുർക്കിയുടെ കൽപനയാണ് ആകപ്പാടെ ഉണ്ടായിരുന്നത്. സുന്നഹദോസിന്റെ ശബ്ദമേ അവിടെ എങ്ങുമില്ല. അബ്ദൽ മിശിഹാ മലങ്കരെ എഴുന്നള്ളുകയും ഇവിടുത്തെ സഭയോഗ്യമായി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തത് മാർ ഒസ്താ

ത്തിയോസ് ഇവിടെനിന്നും അബ്ദള്ളായെ അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കുസ്തൻദീനിലെ എപ്പിസ്ക്കോപ്പാ 1912 മിഥുനം 30-നു മലയാളത്തേക്കയച്ച കത്തിൽ ഇപ്രകാരം പറയുന്നു: "ഇപ്പോൾ നമ്മുടെ സഭാമക്കളിൽ ചിലർ ആംകൂറിനെ (അബ്ദൽ മിശിഹായെ) ബഹുമാനിക്കുന്നതായി നാം കേൾക്കുന്നു. അവൻ പാത്രിയർക്കീസല്ല... എന്നിത്യാദി സംഗതികളെക്കുറിച്ച് സർക്കാരിൽനിന്നും കല്പന വാങ്ങി അയച്ചിട്ടുള്ളത് അവിടെ കിട്ടാഞ്ഞിട്ടായിരിക്കും അവർ വഞ്ചനയിൽ അകപ്പെട്ടു ശത്രുക്കളോടു ചേർന്നുപോകുന്നത്. .... ഇപ്പോൾ കല്പന അവിടെ എത്തിയിരിക്കും" (മുളന്തുരുത്തി പി. റ്റി. പ്രസ്സ് ലഘുലേഖ നമ്പർ 1, പുറം 14). അബ്ദൽ മിശിഹാ പാത്രിയർക്കീസല്ലെന്നു സഭാമക്കളെ അറിയിക്കാനുള്ള കല്പന തുർക്കി സുൽത്താനാണു പോലും അയക്കേണ്ടത്! അബ്ദൽ മിശിഹായെ പാത്രിയർക്കാസ്ഥാനത്തു നിന്നും മാറ്റിയതായി ഈ കാലഘട്ടം വരെ അറിയിച്ചിട്ടില്ലെന്നും ഈ സന്ദർഭത്തിലും ഒരു സുന്നഹദോസ് തീരുമാനം എടുത്തുപറവാനോ കാണിപ്പാനോ ഇല്ലെന്നുള്ളതും സ്പഷ്ടമല്ലയോ. അതായതു കേവലം ഗവൺമെന്റിൽ നിന്നും ലഭിച്ചിരുന്ന ഫർമാൻ നഷ്ടം മാത്രമാണ് ആകപ്പാടെ പറവാനും കാണിപ്പാനും ഉള്ളത് എന്നു ചുരുക്കം. ഇക്കാലത്തിന് ഒൻപതു വർഷങ്ങൾക്കു മുൻപ് (1903-ൽ) അബ്ദൽ മിശിഹായെ മുടക്കുകയോ മാറ്റുകയോ ചെയ്തതായി ഒരു സുന്നഹദോസ് നിശ്ചയം ഉണ്ടായിരുന്നെങ്കിൽ എപ്പിസ്ക്കോപ്പാ അതിന്റെ പകർപ്പ് മലയാളത്തേക്കയയ്ക്കുമായിരുന്നു എന്നുള്ളതും, അപ്രകാരമൊരു സുന്നഹദോസ് നിശ്ചയം ഉണ്ടായിട്ടുണ്ടെങ്കിൽ തത്സംബന്ധമായ റിക്കാർഡുകൾ എല്ലാം അബ്ദള്ളായുടെ സ്വാധീനത്തിലായിരുന്നിരിക്കുമെന്നുള്ളതും, മലങ്കരയിലെ ക്രിസ്തീയസഭ ഒരു മഹമ്മദീയന്റെ കൽപനയേക്കാൾ ബഹുമാനിക്കുന്നത് ഒരു സുന്നഹദോസ് തീരുമാനത്തെ ആയിരിക്കുമെന്ന് പാത്രിയർക്കീസിനറിയാമായിരുന്നു എന്നുള്ളതും അവിതർക്കിതമാണ്. തുർക്കിയുടെ കല്പന അയയ്ക്കുവാൻവേണ്ടി, കരയും കടലും ചുറ്റിനടന്ന് ബദ്ധപ്പെട്ടു കഷ്ടപ്പെടുന്ന അവസരത്തിൽപോലും 1903-ലെ നമ്മുടെ "സ്ഥാനഭ്രംശ സുന്നഹദോസ്" നെ സംബന്ധിച്ച് ഒറ്റയക്ഷരംപോലും ശബ്ദിച്ചു കാണുന്നില്ല. അതിനാൽ ഫർമാൻ പിൻവലിച്ചതല്ലാതെ ഇപ്പോൾ മാർ യൂലിയോസ് പ്രസ്താവിക്കുംപ്രകാരം സുന്നഹദോസിനാലുള്ള ഒരു സ്ഥാനഭ്രംശമുണ്ടായതായി എന്തെങ്കിലും രേഖയോ കേവലം ഒരു കേട്ടുകേൾവി എങ്കിലുമോ അബ്ദള്ളാ ബാവായ്ക്ക് പോലും ഉണ്ടായിരുന്നില്ലെന്നു കാണുന്നു.

5. സുൽത്താൻ മാറ്റി എന്നതിനല്ലാതെ സഭയുടെ സുന്നഹദോസ് മാറ്റി എന്നതിനു 1931-ലും ഏലിയാസ് പാത്രിയർക്കീസിന്റെ പക്കലും രേഖ ഒന്നുമില്ല: അബ്ദൽ മിശിഹാ ബാവാ വഴിയുള്ള കാതോലിക്കാവാഴ്ച

യേയും പട്ടത്വ നൽവരത്തെയും സംബന്ധിച്ച തർക്കങ്ങൾ തീർത്തു സമാധാനം സ്ഥാപിക്ക എന്ന ഏകകാര്യത്തിനായി വളരെ കഷ്ടപ്പെട്ടു മലയാളത്തേക്കു വന്ന പാത്രിയർക്കീസ് ഏതൽ വിഷയസംബന്ധമായി അദ്ദേഹത്തിന്റെ സ്വാധീനത്തിലുള്ള സകല റിക്കാർഡുകളും (പകർപ്പെങ്കിലും) കൂടെ കൊണ്ടുവന്നിരിക്കണമെന്നുള്ളതും സംശയരഹിതമാണ്. ഈ വിഷയം സംബന്ധിച്ച് ഇന്ത്യാ വൈസ്രോയി, വെസ്റ്റ്കോട്ട് മെത്രാപ്പോലീത്താ, ബിഷപ്പ് ഗോർ ആദിയായ മഹാന്മാരുമായി ചർച്ച നടത്തേണ്ടിവരുമെന്നുള്ള വിവരവും ധരിച്ചുകൊണ്ടാണ് ഏലിയാസ് പാത്രിയർക്കീസ് പുറപ്പെട്ടതെന്നുള്ള വിവരവും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. ആലുവാ സെമിനാരിയിൽ വച്ച് പ്രസ്തുത പട്ടത്വം സാധുവാണെന്നുമല്ലെന്നും മാർ ദീവന്നാസ്യോസ് തിരുമേനിയും പാത്രിയർക്കീസും തമ്മിൽ തർക്കമുണ്ടായപ്പോൾ വാദസ്ഥാപനാർത്ഥം പാത്രിയർക്കീസ് എടുത്തു കാണിച്ചതു സുന്നഹദോസ് നിശ്ചയമോ സഭാനിയമങ്ങളോ സഭയുടെ നാളാഗമഗ്രന്ഥമോ ഒന്നുമല്ല. "തുർക്കി ഗവൺമെന്റിന്റെ ചില റിക്കാർഡുകൾ" മാത്രമാണ് (1934-ലെ പാ. കക്ഷിയുടെ സുറിയാനിസഭാ മാസിക പുറം 187). സുൽത്താൻ ഫർമാൻ പിൻവലിച്ചതല്ലാതെ 1903-ൽ ഒരു സുന്നഹദോസ് അബ്ദൽ മിശിഹാ ബാവായെ സ്ഥാനഭ്രംശം ചെയ്തിരുന്നു എങ്കിൽ പട്ടത്വത്തെപ്പറ്റി തർക്കമുണ്ടായ ഈ അവസരത്തിൽ എങ്കിലും പാത്രിയർക്കീസ് പറയാതിരിക്കയില്ലായിരുന്നു എന്നുള്ളതും അങ്ങനെയൊന്നുണ്ടായിട്ടുണ്ടായിരുന്നെങ്കിൽ അതേപ്പറ്റി പറയുകയും തൽസംബന്ധമായ റിക്കാർഡുകൾ കാണിക്കുകയും ചെയ്യുമായിരുന്നു എന്നുള്ളതും നിശ്ചയമാണ്. അബ്ദൽ മിശിഹായെ സുൽത്താൻ മാറ്റി എന്നല്ലാതെ സുന്നഹദോസ് മാറ്റി എന്നതിലേക്ക് യാതൊരു രേഖയും ഉള്ളതായി 1932 വരെ ആരും പറഞ്ഞിട്ടില്ല.

6. 1903-ൽ ഒരു സുന്നഹദോസ് ഉണ്ടായതായി 1934-ൽ പോലും പാത്രിയർക്കാ സിംഹാസനത്തിങ്കൽ അറിവില്ല. അപ്രേം പാത്രിയർക്കീസ് 1934 കന്നി 27-ാംനു ഹോംസിൽ നിന്നും അദ്ദേഹത്തിന്റെ 790-ാം നമ്പർ കല്പന എഴുതുമ്പോൾ അബ്ദൽ മിശിഹാ നൽകുന്ന പട്ടത്വവും അസാധു എന്നപോലെ ഗണിക്കുന്നതായിരിക്കുമെന്ന് ഒരു തീരുമാനമോ, സ്ഥാനഭ്രംശം ചെയ്യുന്നതായുള്ള റിക്കാർഡോ ഉള്ളതായി പാത്രിയർക്കാ സിംഹാസനത്തിങ്കൽ (പാത്രിയർക്കീസിനും അവിടുത്തെ മെത്രാന്മാർക്കും) അറിവില്ലെന്നു കാണുന്നു. "അബ്ദേദാലോ ദ്വിതീയൻ, ഏലിയാസ് തൃതീയൻ എന്നിവർ അബ്ദൽ മിശിഹായുടെ കൈവെയ്പ്പ് വ്യർത്ഥമെന്നു തീരുമാനിച്ചു. നമ്മോടുകൂടെ കൂടിയ പരിശുദ്ധ സുന്നഹദോസും ഐകകണ്ഠ്യേന ഈ അഭിപ്രായത്തെ സ്ഥിരപ്പെടുത്തി" എന്നത്രേ ടി കല്പനയിൽ കാണുന്നത്. സിംഹാസനധയറി മുതലായ നമ്മുടെ സഭാസംബ

ന്ധമായ റിക്കാർഡുകൾ എല്ലാം പരിശോധിച്ചു വേണ്ട പരിജ്ഞാനം സമ്പാദിച്ചിട്ടുള്ള അപ്രേം പാത്രിയർക്കീസ് അബ്ദൽ മിശിഹാ വഴിയുള്ള പട്ടത്വം അസാധുവാണെന്നും മുമ്പും അസാധുവായി പരിഗണിച്ചു വന്നു എന്നും സ്ഥാപിക്കുന്നതിനായി ചരിത്രം ചുഴിഞ്ഞു പരിശോധിച്ചുകൊണ്ടാണല്ലോ ഇത് എഴുതിയിരിക്കുന്നത്. എത്ര പുറകോട്ടു പരിശോധിച്ചിട്ടും 1906-ൽ സിംഹാസനം കരസ്ഥമാക്കിയ അബ്ദള്ളായിക്കു മുമ്പ് ആരെങ്കിലും ഒരു വ്യക്തിപോലും അബ്ദൽ മിശിഹായുടെ പട്ടത്വത്തിന് ഒരു ന്യൂനതയും ആരോപിച്ചിട്ടുള്ളതായി പറവാൻ അദ്ദേഹത്തിനു കണ്ടു കിട്ടുന്നില്ല. അദ്ദേഹത്തിന്റെ മേൽ ഉദ്ധരിച്ച കല്പനയിൽ നിന്നുപോലും അദ്ദേഹം വിളിച്ചുകൂട്ടിയ സുന്നഹദോസ് അബ്ദൽ മിശിഹാ വഴിയായുള്ള പട്ടത്വം "വ്യർത്ഥ"മെന്നു തീരുമാനിക്കുന്നതിനു മുമ്പ് അബ്ദള്ളാ ബാവായും ഏലിയാസു ബാവായും വ്യക്തിപരമായ നിലയിൽ ചില പ്രസ്താവനകൾ ചെയ്തിട്ടുണ്ടെന്നല്ലാതെ യാതൊരു സുന്നഹദോസ് തീരുമാനങ്ങളും അതുവരെ ഉണ്ടായിട്ടില്ലെന്നു വ്യക്തമായി കാണുന്നു. ഇതിന്റെ വെളിച്ചത്തിൽ നോക്കുമ്പോഴും "സ്ഥാനഭ്രംശം" എന്നു പേർ പ്രാപിച്ച സംഭവം വി. സഭയുടെ ഹിതത്തിനെതിരായി സുൽത്താൻ നടത്തിയ ഒരു കയ്യേറ്റം മാത്രമായിരുന്നു എന്നു തെളിയുന്നു.

7. ഫർമാൻ പിൻവലിച്ചുകൊണ്ടുള്ള കൽപ്പനയുടെ ഗോപനവും അതു സുൽത്താന്റെ കയ്യേറ്റമായിരുന്നു എന്നുള്ളതിനു തെളിവാണ്. പാത്രിയർക്കീസ് കക്ഷി ഇപ്പോൾ പറയുന്നപ്രകാരം സുന്നഹദോസ് കൂടി മാറ്റിക്കൊണ്ട് സുൽത്താന്റെയടുക്കൽ അപേക്ഷ ബോധിപ്പിക്കുകയും തദനുസരണം ഫർമാൻ പിൻവലിക്കുകയുമാണുണ്ടായതെങ്കിൽ ഫർമാൻ പിൻവലിച്ചുകൊണ്ടുള്ള തുർക്കി ഓർഡറിൽ അതിനുള്ള കാരണങ്ങൾ പറഞ്ഞിരിക്കുന്നതിൽ നിന്ന് ആ വിവരങ്ങൾ ലഭിക്കാവുന്നതാണ്. അതിന്റെ ഒരു പകർപ്പ് എങ്കിലും അന്നെങ്ങാനും പരസ്യം ചെയ്തിരുന്നു എങ്കിൽ പാത്രിയർക്കീസ് കക്ഷിയുടെ വാദം സുശക്തമായി സ്ഥാപിക്കുന്നതിന് അതിബലവത്തായ ഒരു രേഖയാകുമായിരുന്നു. തുർക്കിയുടെ സകല പിന്തുണയും ഉണ്ടായിരുന്ന അബ്ദള്ളാ ബാവായ്ക്ക് അതിന്റെ പകർപ്പ് പ്രസിദ്ധം ചെയ്യുന്നതിന് ഒരു പ്രയാസവും ഉണ്ടായിരുന്നുമില്ല. എന്നാൽ അതിനെ ഇന്നും ഗോപനം ചെയ്തിരിക്കയാണ്. സൂര്യപ്രകാശം കാണ്മാനുള്ള ഭാഗ്യം അതിന് വിധിച്ചിട്ടില്ല. അതിനു കാരണം ടി റിക്കാർഡിൽ നിന്നും സുന്നഹദോസ് തീരുമാനമല്ല പ്രത്യുത സുൽത്താന്റെ കേവലം കയ്യേറ്റമാണ് ഫർമാൻ പിൻവലിക്കലിന്റെ പിന്നിൽ കിടക്കുന്നതെന്നു അതു വ്യക്തമാകുമെന്നുള്ള ഭീതിയല്ലെങ്കിൽ പിന്നെ മറ്റെന്ത് എന്നു വെളിവാക്കേണ്ടിയിരിക്കുന്നു.

8. സ്ഥാനഭ്രംശവാർത്ത മർമ്മഭേദകമായിരുന്നു എന്നു പാത്രിയർക്കീസ്

കക്ഷി സമ്മതിക്കുന്നു. പാത്രിയർക്കാ സ്ഥാനഭ്രംശ വാർത്ത അന്നു റമ്പാനായിരുന്ന മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനി അറിഞ്ഞപ്പോൾ – 1906 ചിങ്ങം 17-ാം തീയതി "അനാഥരായ സിംഹാസനമക്കൾ ആകുന്ന ഞങ്ങൾക്ക് കഷ്ടം. ഈ വാർത്ത ഞങ്ങൾക്കു മർമ്മഭേദകമാകുന്നു...... നിങ്ങൾ പാത്രിയർക്കീസിൽ ആശ്രയിച്ചു. എന്നാൽ ഇപ്പോൾ നിങ്ങളുടെ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനായിരിക്കുന്നു. നിങ്ങൾക്ക് ഇപ്പോൾ പാത്രിയർക്കീസുമില്ല മെത്രാപ്പോലീത്തന്മാരുമില്ല എന്നു പറഞ്ഞ് ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളെ പരിഹസിക്കുന്നു" എന്നും മറ്റും എഴുതിയിട്ടുള്ളതായി അബ്ദൽ ആഹാദ് റമ്പാന്റെ പ്രത്യക്ഷസത്യം (ii) 56-ാം പേജിൽ ഉദ്ധരിച്ചിരിക്കുന്നു. ന്യായമായി സ്ഥാനഭ്രംശം ചെയ്യേണ്ട ഒരാളെ സ്ഥാനഭ്രംശം ചെയ്യാൻ സാധിച്ചാൽ, അയാൾ അയോഗ്യനായിത്തീർന്നതിൽ ഖേദമുണ്ടായിരിക്കുമെങ്കിലും, അയോഗ്യനായിത്തീർന്നയാളെ യഥാവിധി മാറ്റിയതിലും അതിനു സാധിച്ചതിലും സന്തോഷമേ ഉണ്ടാകയുള്ളു. പ്രിയപ്പെട്ട തന്റെ പിതാവ് മരിച്ചെന്നു കേൾക്കുന്നത് ദുഃഖഹേതുകമെങ്കിലും അദ്ദേഹത്തെക്കൊണ്ടുപോയി യഥാവിധി സംസ്ക്കരിക്കുവാൻ സാധിച്ചു എന്നറിയുന്നത് മർമ്മഭേദകമോ അസഹനീയമോ അല്ല. അത് ഒരു ആശ്വാസവാർത്തയാണ്. തങ്ങളുടെ സഭയുടെ ഹിതത്തിനെതിരായി അപരൻ അന്യായമായി കൈ കടത്തി സിംഹാസനാധിപനെ സ്ഥാനഭ്രംശം ചെയ്തു എങ്കിൽ അത് മർമ്മഭേദകവും അസഹനീയവും ഖേദത്തിനും വിലാപത്തിനും കാരണഭൂതവുമായിത്തീരുന്നതാണ്. വെളിയ്ക്കു നിന്നുള്ള അക്രമമായ ഒരു കയ്യേറ്റമുണ്ടായതാണ് അസഹനീയ ദുഃഖത്തിന് ഇവിടെ കാരണമായിരിക്കുന്നതെന്ന് പറയേണ്ടതില്ലല്ലോ. അബ്ദൽ മിശിഹാ എന്തെങ്കിലും കാരണത്താൽ അദ്ദേഹത്തിന്റെ മഹനീയസ്ഥാനത്തിന് അയോഗ്യനും വി. സഭ അദ്ദേഹത്തെ പാത്രിയർക്കീസായി വച്ചുകൊണ്ടിരിക്കുന്നതു ദൂഷ്യവും ആയിരുന്നു എങ്കിൽ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റി എന്നറിയുന്നത് സഭയിലുള്ളവർക്ക് സന്തോഷവാർത്തയല്ലാതെ ദുഃഖവാർത്തയാകുന്നത് സാദ്ധ്യമല്ലല്ലോ. അതിനാൽ അബ്ദൽ ആഹാദു റമ്പാൻ ഉദ്ധരിച്ചിരിക്കുന്ന ഈ കത്തും സ്ഥാനഭ്രംശം എന്നു വീക്ഷിക്കുന്നത് കേവലം തുർക്കിയുടെ ഫർമാൻ പിൻവലിക്കലിനെ മാത്രമാണ് എന്നു തെളിയിക്കുന്നു.

9. മാറ്റിയത് എങ്ങിനെ എന്നും കാരണം എന്തെന്നും മലങ്കരസഭാഗസറ്റായിരുന്ന ഇടവകപ്പത്രികയ്ക്ക് 1906-ൽ പോലും അജ്ഞാതമാണ്. ന്യായമായ ഒരു മാറ്റൽ ഉണ്ടായി എന്നു വരുകിൽ ഉടൻ അത് സഭയെ ആകമാനം ഔദ്യോഗികമായി അറിയിക്കുമായിരുന്നു എന്നതു സംശയരഹിതമാണ്. അങ്ങനെ അറിയിച്ചിട്ടില്ലെങ്കിൽ സഭ മാറ്റിയിട്ടില്ലെന്ന് തീർച്ചയാണല്ലോ. മുറപ്രകാരം ഔദ്യോഗികമായി മാറ്റുകയും അറിയിക്കയും

ചെയ്തിട്ടുണ്ടെങ്കിൽ മാറ്റിയതിന്റെ കാര്യകാരണാദികൾ അജ്ഞാതമായിരിക്കുക സാദ്ധ്യമല്ല. എന്നാൽ അബ്ദൽ മിശിഹായെ 1905-ൽ മാറ്റി എന്നും മറ്റും 1929 വരെയും 1903-ൽ മാറ്റി എന്ന് അതിനുശേഷവും, മാസങ്ങളും തീയതികളും അവരവരുടെ മനോധർമ്മം പോലെ പറയുന്നുണ്ടെങ്കിലും ഇന്നയാണ്ടിന്നമാസം ഇത്രാം തീയതി എന്നു ക്ലിപ്തമായി പറവാൻ അവർക്കു സാധിക്കുന്നില്ല. എന്തു കാരണത്താൽ മാറ്റി എന്നു പറവാനും സാധിക്കുന്നില്ല. ഇടവകപ്പത്രികയ്ക്കുപോലും സാധിക്കുന്നില്ല (പുസ്തകം 15, പേ. 157-8). സുന്നഹദോസ് സ്ഥാനഭ്രംശം ചെയ്തു എന്നു വരുകിൽ അതിന്റെ കാര്യകാരണാദികൾ മൂന്നുനാലു വർഷങ്ങളായിട്ടുപോലും മലങ്കരസഭയുടെ കേന്ദ്രത്തിൽ - മലങ്കരമെത്രാപ്പോലീത്തായുടെ ആസ്ഥാനത്തിൽ - നിന്ന് അസോസ്യേഷൻ സെക്രട്ടറിയുടെ പത്രാധിപത്യത്തിൽ, സഭ ഏകയോഗക്ഷേമമായിരുന്നപ്പോൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതും സിറിയ വാർത്തകൾ തുടർച്ചയായി ലഭിച്ചുകൊണ്ടിരുന്നതുമായ സഭാ നാവിന് - മലങ്കരഇടവകപത്രികയ്ക്ക് - അജ്ഞാതമായിരിക്കുക ഒരിക്കലും സംഭവ്യമല്ല.

10. 1903 കന്നി 27-ാം തീയതി സുന്നഹദോസ് കൂടി മാറ്റി, 1903 തുലാം 10-ാം തീയതി കൂടി മാറ്റി, മുഴു ഭ്രാന്തനായിരുന്നു എന്നെല്ലാം ഓരോ പകർപ്പുകൾ കാണിക്കുന്നുണ്ട്. ഇവിടെനിന്ന് അദ്ദേഹത്തെ മാറ്റുന്ന സുന്നഹദോസിലേക്ക് സമ്മതം അയച്ചിരുന്നു എന്നു പറയുന്നുമുണ്ട്. പക്ഷേ ഈ പകർപ്പുണ്ടാക്കിയവരും പറയുന്നവരും 1903 തുലാം 18-ാം തീയതി അബ്ദൽ മിശിഹാ വി. സിംഹാസനത്തിങ്കൽ നിന്നും മലയാളത്തിലേക്കു മാർ ജോസഫ് ദീവന്നാസ്യോസ്, കടവിൽ മാർ അത്താനാസ്യോസ്, മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ പേർക്കു കല്പന അയച്ചിട്ടുള്ള വിവരവും അതു സൂക്ഷിച്ചിട്ടുള്ള വിവരവും അറിഞ്ഞിരുന്നില്ലെന്നും ഇവർ പറയുന്ന വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ ആ കൽപനയിൽ കാണാതിരിക്കയില്ലെന്നും നിശ്ചയമാണല്ലോ. ഉണ്ടെങ്കിൽ കാണിക്കുക.

11. അബ്ദൽ മിശിഹാ പാത്രിയർക്കീസിനോട് ചില മെത്രാന്മാർക്കുള്ള എതിർപ്പിനു പോംവഴിയുണ്ടാക്കുന്നതിനു വേണ്ടിയാണ് സുന്നഹദോസ് കൂടുന്നത് എന്നും അതു കൂടുന്നതു തന്നെ 1906 മേടത്തിനു ശേഷം മാത്രമാണ് എന്നും അതിനു മുമ്പ് സുന്നഹദോസ് കൂടി എന്ന് പറയുന്നത് അടിസ്ഥാനരഹിതമാണെന്നും മൂസലിലെ കോജാ അന്തൂന്റെ കത്ത് തെളിയിക്കുന്നു. 1906 മേടം 7-ാംനു അദ്ദേഹം എഴുതുന്നത്. “അബ്ദൽ മിശിഹാ പാത്രിയർക്കീസുമായി യോജിച്ച് അദ്ദേഹത്തെത്തന്നെ സ്വീകരിക്കുകയാണ് നല്ലതെന്ന് സുൽത്താൻ .... നിർബന്ധമായി പറയുന്നു. എങ്കിലും മെത്രാന്മാർക്ക് (അബ്ദള്ളാ മുതലായ - ഗ്ര.ക.) സമ്മതമല്ല.

അതിനാലാണ് സുന്നഹദോസ് വിളിച്ചുകൂട്ടുന്നത്. മൂസൽക്കാരായ ഞങ്ങൾ ഒന്നിലും പ്രവേശിക്കുന്നില്ല...." എന്നെല്ലാമാണ്. നീതിയും ന്യായവും നടക്കുന്നതിനും നടത്തുന്നതിനും അവരുടെ ദൃഷ്ടിയിൽ പ്രയാസമായി കാണുന്നതിനാലാണ് മൂസൽക്കാർ ഒന്നിലും പ്രവേശിക്കാത്തത് എന്ന് സ്പഷ്ടമാണല്ലോ. ഈ കത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ അതിനു മുമ്പ് നടന്നതായി പറയുന്ന സ്ഥാനഭ്രംശം കേവലം ഫർമാൻ നഷ്ടം മാത്രമാണെന്നു സ്പഷ്ടമല്ലയോ? ഈ കത്തിൽ നിന്നു തെളിയുന്ന മറ്റു പല സംഗതികൾ അടുത്ത ലേഖന പരിധിയിൽ പെടുന്നതാകയാൽ അതിൽ പ്രതിപാദിക്കുന്നതാണ്.

12. അബ്ദൽ മിശിഹായുടെ സിംഹാസനനഷ്ടം സുൽത്താന്റെ കൈകടത്തൽ ഒന്നുകൊണ്ടു മാത്രമാണെന്ന് 1910-ലെ പാത്രിയർക്കീസ് കക്ഷി സമ്മതിക്കുന്നു:- "മലങ്കര യാക്കോബായ സുറിയാനി മഹാജനങ്ങളുടെ പര്യാലോചനയ്ക്ക് പാത്രീഭവിപ്പാൻ" എന്ന പേരിൽ 1910 മകരം 10-ാംനു പാത്രിയർക്കീസ് കക്ഷി എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "തുർക്കിയിലെ ഭരണരീതി പരിഷ്ക്കരിച്ചിരിക്കുന്നതിനാൽ പാത്രിയർക്കീസ് സ്ഥാനത്തുനിന്നും ഒഴിഞ്ഞിരിക്കുന്ന, അബ്ദേദ് മിശിഹാ എന്ന് നാമധേയമുള്ള ബാവാ അവർകൾ അന്ത്യോഖ്യാ സിംഹാസനത്തിൽ പ്രവേശിച്ചേക്കുമെന്നും, അദ്ദേഹത്തെക്കൊണ്ട് നമ്മുടെ മലങ്കരസഭയുടെ കൈവെപ്പ് മുതലായതും മറ്റും നടത്തിക്കൊള്ളാമെന്നും "അഭിമാനി" പറഞ്ഞിരിക്കുന്നു. അത് ദൈവത്താൽ മാത്രം അറിയപ്പെടാവുന്നതും മാനുഷികഹൃദയത്താൽ വിചിന്തനം ചെയ്യുവാൻപോലും കഴിയാത്തതുമായ ഒരു കാര്യമാകയാൽ ആ വിഷയത്തെക്കുറിച്ച് ഒന്നും പറയേണമെന്ന് തോന്നുന്നില്ല" (പുറം 14, 15). തുർക്കിയിലെ മുൻ ഭരണകർത്താക്കളുടെ പ്രാതികൂല്യമാണ് അബ്ദൽ മിശിഹായുടെ സിംഹാസനനഷ്ടത്തിനു കാരണമെന്നും അവർ മാറിയതുകൊണ്ട് വീണ്ടും സിംഹാസനം ലഭ്യമായേക്കുമെന്നും അദ്ദേഹം വഴിയായി ഇവിടുത്തെ പട്ടത്വം നിലനിർത്തിക്കൊണ്ട് പോകാമെന്നും ഉള്ള പ്രസ്താവനയ്ക്ക് മറുപടിയായി പാത്രിയർക്കീസ് കക്ഷിക്ക് പറവാനുള്ളത് ഭാവികാര്യങ്ങൾ ദൈവത്തിനല്ലാതെ മനുഷ്യന് അറിവാൻ നിർവ്വാഹമില്ലാത്തതിനാൽ ഒന്നും പറയുന്നില്ല എന്ന് മാത്രമാണ്. ഇവിടെ ഒരു സംഗതി സ്പഷ്ടമാകുന്നു. 1910 വരെ ഉണ്ടായിട്ടുള്ളതും മനുഷ്യർക്ക് അറിയാവുന്നതുമായ കാര്യങ്ങൾ വച്ച് നോക്കുമ്പോൾ അബ്ദൽ മിശിഹാ വഴിയായി ഇവിടുത്തെ പട്ടത്വം നിലനിർത്തുന്നതിൽ യാതൊരുവിധ കുറ്റവും കുറവും പറവാനില്ല. അതായത് അദ്ദേഹത്തിൽ ഫർമാൻ നഷ്ടമല്ലാതെ ആത്മീയമായ യാതൊരു ന്യൂനതയും ഭവിച്ചിട്ടില്ല എന്ന് 1910-ൽ പാത്രിയർക്കീസ് കക്ഷി സമ്മതിക്കുന്നു എന്ന് ചുരുക്കം.

13. 1909-ൽ അബ്ദള്ളാ ബാവാ ഊട്ടിയിൽ ആയിരിക്കുമ്പോൾ കോനാട്ടു മല്പാനച്ചൻ, മാമ്മൻമാപ്പിള, എം. എ. അച്ചൻ (ഇപ്പോഴത്തെ മാർ ഈവാനിയോസ്) എന്നിവർ അബ്ദൽ മിശിഹായെ കൊണ്ടുവന്ന് കാതോലിക്കാവാഴ്ചയും മറ്റും നടത്തുവാൻ മാർ ദീവന്നാസ്യോസ് തിരുമേനിയുമായി ആലോചന നടത്തി. ടി ആലോചനയെപ്പറ്റി "മെത്രാൻ എന്തു ചെയ്തു?" എന്ന 1911-ലെ ലഘുലേഖയിൽ പാത്രിയർക്കീസ് കക്ഷി പോലും പറയുന്നത് ഇപ്രകാരമാണ്. "മലബാറിന്റെ ഇപ്പോഴത്തെ സ്ഥിതിക്ക് അവിടെ ഒരു കാതോലിക്കായെ നിയമിക്കുന്നത് ഏറ്റം നന്നായിരിക്കുമെന്ന് പലർക്കും അഭിപ്രായമുണ്ട് എന്നു മല്പാൻ അറിയിച്ചു (അബ്ദള്ളാ ബാവായെ). ഉടൻ ബാവാ തിരിഞ്ഞുനിന്ന് 'നിന്റെ വായ് പൊത്തപ്പെടുക' എന്ന് കൽപിച്ചു..... പിന്നീട് എം. എ. ക്കാരൻ അച്ചനും മാമ്മനും കൂടി മല്പാനച്ചന്റെ അടുക്കൽ വന്ന് 'അച്ചാ നാം ആലോചിച്ചതുപോലെ ബാവാ വഴിപ്പെടുന്നില്ലല്ലോ. അതിനാൽ ഈ ബാവായെ നമുക്ക് നാട്ടിലേക്കു കൊണ്ടുപോകാതെ ഇരുന്നാൽ എന്ത്?'

മൽപ്പാൻ - പിന്നെ നമ്മുടെ പ്രയത്നമെല്ലാം വൃഥാവാകും...

എം. എ. ക്കാരൻ - കഴിയുമെങ്കിൽ നമുക്ക് വേഗത്തിൽ അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ വരുത്തണം.

മൽപ്പാൻ - അതിനു പണത്തിന് നിവർത്തിയെന്ത്?

മാമ്മൻ - എന്തു ചിലവ് വരുമെന്നാണ് അച്ചന് തോന്നുന്നത്?

മൽപ്പാൻ - 4000 (നാലായിരം) രൂപാ വേണ്ടി വരും ..... മെത്രാനോടു കൂടി ആലോചിക്കാം (മൂന്നാളും കൂടി പോയി മെത്രാനുമായി സംസാരിച്ചു).

മെത്രാൻ - നിങ്ങൾ ഇതിനായി എന്തെല്ലാം പ്രവർത്തിച്ചാലും നമുക്ക് വിരോധമില്ല. എന്റെ പേര് മാത്രം വെളിവാക്കരുത്. എന്തു ചിലവും വരട്ടെ.

മൽപ്പാൻ - നാം ഇങ്ങനെ ആലോചിച്ചാൽ നമ്മുടെ കയ്യിൽ നിന്നു പണം ചെലവാക്കേണ്ടി വരും. അതു പ്രയാസമാണ്.

മെത്രാൻ - സമുദായം വക പണത്തിൽ നിന്ന് എടുത്താലൊ?

മൽപ്പാൻ - സമുദായം വക പണം ഇനി ആലോചന കൂടാതെ എടുക്കാൻ പാടില്ല....

ഇത് എഴുതി പ്രസിദ്ധം ചെയ്തത് കക്ഷിവഴക്കു മൂത്ത് മെത്രാച്ചന്റെ മുടക്കു കൂടെ കഴിഞ്ഞ ശേഷമാണ്. അതിൽപോലും - 1903-ൽ നടന്നതായി പറയുന്ന മുടക്ക് സുന്നഹദോസിനു 6 വർഷങ്ങൾക്കു ശേഷം 1909-ൽ - പോലും അബ്ദൽ മിശിഹായ്ക്ക് ഫർമാൻ നഷ്ടത്തേക്കാൾ

കവിഞ്ഞ് ഒന്നും ഉണ്ടായിട്ടില്ലെന്നും ഉണ്ടായിട്ടുണ്ടെന്ന് പാത്രിയർക്കീസ് കക്ഷികൾ അന്ന് (1911-ൽ പോലും) വാദിച്ചിരുന്നില്ലെന്നും ഇതു വ്യക്തമാക്കുന്നു.

14. അബ്ദൽ മിശിഹായുടെ ഫർമാൻ പിൻവലിച്ചതല്ലാതെ വി. സഭയുടെ സുന്നഹദോസ് അദ്ദേഹത്തെ പാത്രിയർക്കാസ്ഥാനത്തു നിന്നും മാറ്റിയിട്ടില്ല എന്നുള്ളതിലേക്ക് ഒരു തെളിവു കൂടെ പറഞ്ഞുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കാം. സുന്നഹദോസ് സ്ഥാനഭ്രഷ്ടനാക്കി, മാറ്റി, മുടക്കി എന്നെല്ലാം പാത്രിയർക്കീസ് കക്ഷി പറയുകയും അതിനെ കാതോലിക്കോസ് കക്ഷി നിഷേധിക്കുകയും ചെയ്തു തുടങ്ങിയിട്ട് കാലം കുറെയായി. അതിനുശേഷം മലയാളത്തു നിന്ന് അനേകർ പല മെത്രാന്മാരും പട്ടക്കാരും പാത്രിയർക്കാ സിംഹാസനം സന്ദർശിച്ചിട്ടുണ്ട്. ഒറ്റ ഒരുവനെയെങ്കിലും ആ "മുടക്കിയ സുന്നഹദോസി"ന്റെ നടപടികൾ അടങ്ങിയ ഡയറി ഒന്നു കാണിച്ചു കൊടുപ്പാൻ സാധിച്ചിട്ടില്ല. ടി ഡയറിയെപ്പറ്റി ഒന്നു പറകപോലും ചെയ്തിട്ടില്ല. അവിടെ പോയിവന്ന ഒറ്റ മെത്രാൻ പോലും അതെപ്പറ്റി യാതൊന്നും ശബ്ദിക്കുന്നുമില്ല. എന്നാൽ അവിടുത്തെ വിശേഷങ്ങളെപ്പറ്റി പലതും എഴുതുകയും പ്രസംഗിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുമുണ്ട്. ഈ മൗനം എന്ത്? എന്ന ചോദ്യത്തിന്റെ മുമ്പിൽ മനഃസ്സാക്ഷിയോടെ നിൽക്കുവാൻ - അതിനു മറുപടി നൽകുവാൻ - പാത്രിയർക്കീസ് കക്ഷിക്കു സാധ്യമോ?

അങ്കമാലി ഇടവകയുടെ പാത്രിയർക്കീസ്പക്ഷത്തെ സഹായകൻ സിറിയാ യാത്രയ്ക്കായി യാത്ര പറയുമ്പോൾ എന്തു ത്യാഗവും നഷ്ടവും ബുദ്ധിമുട്ടും സഹിച്ചിട്ടായാലും സിംഹാസനഡയറിയിൽ അബ്ദൽ മിശിഹായുടെ സ്ഥാനഭ്രംശം സംബന്ധിച്ച് വല്ലതും ഉണ്ടോ എന്നു നോക്കിക്കൊണ്ടു വരണം അത് ഇവിടുത്തെ സമാധാന സ്ഥാപനത്തിനു അത്യന്താപേക്ഷിതമാണ് എന്ന് അദ്ദേഹത്തിന്റെ അടുത്ത ബന്ധുവായ ഒരു അഡ്വക്കേറ്റ് വളരെ കാര്യമായും നിർബന്ധമായും ശട്ടം കെട്ടിയിരുന്നു. ഇത് അദ്ദേഹത്തിൽ നിന്നു തന്നെ എനിക്ക് നേരിട്ടറിവുള്ളതാണ്. മാർ ഗ്രീഗോറിയോസ് മടങ്ങിവന്നിട്ട് അക്കാര്യത്തെപ്പറ്റി ഒരക്ഷരവും മിണ്ടുന്നില്ല, എഴുതുന്നില്ല, പ്രസംഗിക്കുന്നുമില്ല. ഇവയുടെ വെളിച്ചത്തിൽ സത്യം എന്തെന്ന് വായനക്കാർ ഗ്രഹിച്ചുകൊൾക. സത്യത്തിന്റെ നേരെ ഉതയ്ക്കുന്നത് ഒരുവനും ക്ഷേമമല്ല. എന്തെന്നാൽ സത്യം ദൈവം തന്നെയാണ്. സത്യത്തെ - ദൈവത്തെ - അവഹേളിക്കുന്ന "ദൈവവിശ്വാസികളേ"ക്കാൾ "സത്യവിശ്വാസികളേ"ക്കാൾ ദൈവം ഇല്ലെന്നു പറയുന്ന നിരീശ്വരവാദികൾ ദൈവസന്നിധിയിൽ എത്രയോ ഭേദമായിരിക്കും! അപ്പനെ ബലമായി ഇറക്കിവിട്ട് അപ്പന്റെ സ്ഥാനത്തു കയറിയിരിക്കുന്നവനെ അപ്പനെന്നു വിളിപ്പാൻ അപ്പന്റെ മക്കൾ തയ്യാറാവുകയോ? ഒരിക്കലുമില്ല.

1908-ന് ശേഷം 1915 വരെ സിംഹാസനാധിപൻ ആര്?

അബ്ദൽ മിശിഹാബാവാ തിരുമനസ്സിലെ പാത്രിയർക്കാസ്ഥാനത്തെ 1911 വരെ ഒരുവനും നിഷേധിച്ചിട്ടില്ലെന്നു മാത്രമല്ല അദ്ദേഹമാണു ശരിയായ പാത്രിയർക്കീസ് എന്നു പാത്രിയർക്കീസ് കക്ഷിയുടെ പ്രഥമ നേതാവും കാനോൻ പണ്ഡിതനുമായിരുന്ന കോനാട്ടു മല്പാനച്ചൻ തന്നെയും സമ്മതിച്ച് എഴുതിയിരിക്കുന്നതായി നാം കണ്ടുകഴിഞ്ഞു. 1908 മുതൽ 1913 വരെയുള്ള 4-5 വർഷക്കാലം മലങ്കരസഭയ്ക്ക് സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നപ്രകാരം തന്നെ അതു തുർക്കി രാജ്യത്തിനും ഒരു പരിവർത്തനഘട്ടം തന്നെയായിരുന്നു. തുർക്കിയിലെ സർവ്വാധിപതിയായിരുന്ന സുൽത്താൻ അബ്ദൽ ഹമീദിന് (അബ്ദൽ മിശിഹാ ബാവായുടെ ഫർമാൻ പിൻവലിച്ച ഹമീദ്) കമൽ പാഷായുടെ നേതൃത്വത്തിൽ സുശക്തവും സംഘടിതവുമായ ഒരു എതിർശക്തി ഉയർന്നു തുടങ്ങിയിട്ട് കാലങ്ങൾ കുറെ ആയിരുന്നു. പ്രബലന്മാരുടെ സ്വാധീനം പിടിച്ചു തന്റെ സ്ഥാനം സുരക്ഷിതമാക്കുന്നതിനു സർ സി. പി. യെപ്പോലെ ഏതു നയവും സ്വീകരിപ്പാൻ അദ്ദേഹം തയ്യാറായിരുന്നു. ഈ അവസരത്തിലാണ് അബ്ദള്ളാ ബാവാ, കുസ്തന്തീനോപോലീസിലെ മാർ തീമോഥേയോസ്, യരുശലേമിന്റെ മാർ ഈവാനിയോസ് എന്നിവർ ഹമീദിനെ സമീപിച്ചത്. അദ്ദേഹം ഇവരുടെ കൂട്ടുകെട്ടു കൊണ്ട് അദ്ദേഹത്തിന്റെ കൂട്ടുബലം വർദ്ധിപ്പിക്കുന്നതിനു തീരുമാനിച്ചു. അബ്ദൽ മിശിഹാ ബാവായുടെ ഫർമാൻ പിൻവലിക്കുകയും അത് അബ്ദള്ളാ ബാവായ്ക്ക് കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തു. ഇങ്ങനെ സുൽത്താന്റെ ഇടപെടൽ ഒന്നുകൊണ്ടു മാത്രമാണ് അബ്ദൽ മിശിഹാ ബാവായ്ക്കു കുറേക്കാലത്തേക്കു സിംഹാസനം നഷ്ടപ്പെട്ടതും അത് 1906 മുതൽ 1908 വരെയുള്ള രണ്ടു വർഷക്കാലം അബ്ദള്ളാ ബാവായ്ക്ക് അധീനപ്പെട്ടിരുന്നതും.

പത്രോസ് തൃതീയനുമൊന്നിച്ച് മലയാളം സന്ദർശിച്ച് അതിന്റെ പച്ച കണ്ടാനന്ദിക്കുകയും അതിന്റെ കൊഴുപ്പും മേദസും ആസ്വദിച്ച് സുഖിക്കുകയും ചെയ്ത അബ്ദള്ളാ ബാവാ, കയം കണ്ട കന്നിനെപ്പോലെ, 1908 ആദ്യം തന്നെ അദ്ദേഹത്തിന്റെ ദൃഷ്ടി വീണ്ടും മലയാളത്തേക്കു തിരിച്ചു. ഇവിടെ എത്തുമ്പോൾ കഴിയുന്നത്ര അധികാരാവകാശങ്ങൾ ചെലുത്തുവാൻ കഴിയേണ്ടതിലേക്ക് അധികാരപത്രങ്ങൾ വാങ്ങേണ്ടതിന്നായി അദ്ദേഹം തന്റെ യാത്ര ഇംഗ്ലണ്ടു വഴിയാക്കി. അവിടെ താമസിച്ചപ്പോൾ സുറിയാനിസഭയുടെ വിശ്വാസം സി.എം.എസ്സ്. വിശ്വാസത്തിൽ നിന്നു വ്യത്യസ്തമല്ലെന്നും, സുറിയാനിസഭ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ലെന്നും, പരിശുദ്ധരായ പരേതരുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നില്ലെന്നും മറ്റും പരസ്യമായി പ്രസ്താവിച്ചു. ഈ വിവരം ഇംഗ്ലീഷ്

പത്രങ്ങളിൽ നിന്നെടുത്ത് മലയാളം പത്രങ്ങളിൽ പ്രസിദ്ധം ചെയ്തു കണ്ടപ്പോഴാണ് അബ്ദള്ളാ ബാവായുടെ ഇങ്ങോട്ടുള്ള വരവിനെ തടയണമെന്നും അദ്ദേഹം സഭയെ മുടിക്കും എന്നും മറ്റും ബ. കോനാട്ടു മല്പാനച്ചൻ അബ്ദൽ മിശിഹാ ബാവായുടെ പേർക്ക് 1908 ധനു 30-നു എഴുതിയത്. അബ്ദള്ളാ ബാവാ ഇംഗ്ലണ്ടിൽ താമസിക്കുന്ന കാലത്താണ് തുർക്കിയിലെ രാഷ്ട്രീയ വിപ്ലവം അതിന്റെ മൂർദ്ധന്യസ്ഥാനത്തേക്ക് ഉയർന്നത്. സുൽത്താൻ ഹമീദിന്റെ അധികാരം മിക്കവാറും കമൽ പാഷാ പിടിച്ചെടുത്തു. തുർക്കിയിലെ ഈ രാഷ്ട്രീയപരിവർത്തനം സംബന്ധിച്ച്, പാത്രിയർക്കീസ് കക്ഷികൾ തന്നെ ഒരു ലഘുലേഖയിൽ പ്രസ്താവിക്കുന്നത് 8-ാം അദ്ധ്യായം 12-ാം ഖണ്ഡികയിൽ എടുത്തുദ്ധരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

1909-ൽ അബ്ദള്ളാ ബാവാ ബോംബെയിലെത്തി. അവിടെ നിന്നും മലങ്കരസഭ അദ്ദേഹത്തെ സ്വീകരിച്ചുകൊണ്ടുവരികയും വിശ്രമാർത്ഥം ഊട്ടിയിൽ കുറെ ദിവസങ്ങൾ താമസിക്കുകയും ചെയ്തു. അവിടെ വെച്ച് ഇദ്ദേഹത്തിന്റെ മനസ്ഥിതി അല്പം മനസ്സിലായപ്പോഴാണ് ഇദ്ദേഹത്തെ മലയാളത്തേക്കു കൊണ്ടുവരാതെ അബ്ദൽ മിശിഹാ ബാവായെ കൊണ്ടുവരുന്നതിന് ബ. മല്പാനച്ചനും മറ്റും ചേർന്ന് ആലോചനയുണ്ടായത്. ഈ വിവരങ്ങൾ കാണിച്ച് പാത്രിയർക്കീസ് പക്ഷത്തുനിന്നും പ്രസിദ്ധം ചെയ്തിട്ടുള്ള ലഘുലേഖയിൽ നിന്നു പ്രസ്തുത സംഭാഷണം പദാനുപദം മുൻ ഉദ്ധരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ഇങ്ങനെ അദ്ദേഹത്തിൽ നിന്നു നന്മയുണ്ടാവുക അത്ര ആശാവഹമല്ലെന്നു തോന്നിയതോടുകൂടി അബ്ദൽ മിശിഹാ ബാവായുമായുള്ള എഴുത്തുകുത്തുകൾ ഒരു വശത്തുകൂടി ധൃതഗതിയിൽ നടന്നു. അബ്ദള്ളാ ബാവാ മലയാളത്തെത്തി 1911 വരെ മലങ്കര മെത്രാപ്പോലീത്താ തിരുമേനിയുടെ ബഹുമാന്യ അതിഥിയായി താമസിക്കുകയും മടങ്ങുന്നതിനു മുമ്പായി മി. സി. ജെ. കുര്യൻ കോനാട്ടച്ചൻ എന്നിവരുടെ പിൻതുണ കണ്ട് തന്റെ ആതിഥേയന്റെ നേർക്കു മുടക്കുകല്പന അയയ്ക്കുകയും തൽസ്ഥാനത്തു മാർ കൂറിലോസ് തിരുമേനിയെ നിയമിക്കുന്നതായി കൽപനകൾ നൽകുകയും – മലങ്കരസഭയെ രണ്ടായി പിളർന്നിടുകയും – ചെയ്തുകൊണ്ട് അദ്ദേഹം 1911-ൽ മലയാളം വിട്ടു ബോംബെയിൽ നിന്നു കപ്പൽ കയറി.

അബ്ദൽ മിശിഹാ ബാവാ മലങ്കര മെത്രാപ്പോലീത്താ തിരുമേനിയെ അനുഗ്രഹിച്ചാശീർവദിച്ച് കല്പനകൾ അയയ്ക്കുകയും ഒടുവിൽ 1912-ൽ മലയാളത്തെഴുന്നെള്ളുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രധാന കാർമ്മികത്വത്തിലും മലങ്കരമെത്രാപ്പോലീത്തായുടെ സഹകരണത്തിലും ഇപ്പോൾ പൗരസ്ത്യ സിംഹാസനത്തിന്മേൽ വാഴുന്ന പ. പിതാവ് ഉൾപ്പെടെ മൂന്നു മേൽപ്പട്ടക്കാരെ വാഴിക്കുകയും ഭക്തവരേണ്യനെന്നു പേരു

കേട്ട കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് തിരുമേനിയെ മലയാളത്തെ പ്രഥമ പൗരസ്ത്യ കാതോലിക്കായായി അവരോധിക്കുകയും ചെയ്തു. ഇങ്ങനെ മലങ്കരസഭയുടെ പുരോഗമന സ്വാതന്ത്ര്യത്തിന്റെ കേന്ദ്രമായ കാതോലിക്കാസിംഹാസനം പുനഃസ്ഥാപിക്കുകയും മലങ്കര സഭയുടെ "മാഗ്നാക്കാർട്ടാ"യാകുന്ന 1913 കുംഭം 8-ലെ കല്പന നൽകുകയും ചെയ്തശേഷം അബ്ദൽ മിശിഹാ ബാവായും തിരിച്ചെഴുന്നള്ളി. നമുക്ക് ഇവിടെ പ്രധാന ചിന്താവിഷയം അവർ ഇരുവരും ഇവിടെ നിന്നും തിരിച്ചെഴുന്നള്ളിയ ശേഷമുള്ള സംഭവങ്ങളത്രെ.

ഈ ബാവാമാർ അവിടെ മടങ്ങി എത്തിയപ്പോഴേക്കും തുർക്കിയിലെ രാഷ്ട്രീയപരിവർത്തനങ്ങൾ എല്ലാം പൂർത്തിയായി വിപ്ലവങ്ങൾ ശാന്തമായി കഴിഞ്ഞിരുന്നു. അബ്ദൽ മിശിഹാ ബാവായുടെ ഫർമാൻ പിൻവലിച്ച സുൽത്താൻ ഹമീദ് സിംഹാസനഭ്രഷ്ടനായി എന്നു മാത്രമല്ല അദ്ദേഹത്തിന്റെ രാജകുടുംബം നാമാവശേഷമാവുകയും അദ്ദേഹം നാടുകടത്തപ്പെടുകയും ചെയ്തിരുന്നു. സുൽത്താന്റെ കോപാഗ്നിക്കിരയായാലുണ്ടാകാവുന്ന വിപത്തിനെ ഭയന്ന് അബ്ദള്ളാ ബാവായ്ക്ക് കീഴ്പെട്ട് അനുഭാവഭാവേന വർത്തിച്ചുവന്ന സമുദായം പൊതുവേയും മർദീൻകാർ പ്രത്യേകിച്ചും ഇതിങ്കൽ ആഹ്ലാദഭരിതരായി അബ്ദള്ളാ ബാവായുടെ ഭാരമേറിയതും ദുരിതപൂർണ്ണവുമായ ഇരുമ്പുനുകം ദൂരത്തെറിഞ്ഞുകൊണ്ട് ആശ്വാസത്തിന്റെ ദീർഘശ്വാസമിട്ടു. അതിനാൽ അബ്ദള്ളാ ബാവാ മർദീനിലേക്കു - സിംഹാസനത്തിങ്കലേക്കു - പോകുവാൻ പോലും ധൈര്യപ്പെടാതെ അദ്ദേഹത്തിന്റെ സഹായിയും അബ്ദൽ മിശിഹായുടെ വൈരിയുമായിരുന്ന യെരുശലേമിന്റെ മാർ ഈവാനിയോസിനോടു കൂടി യേറുശലേമിൽ തന്നെ താമസമാക്കി.

അബ്ദൽ മിശിഹാ ബാവായാകട്ടെ ഇവിടുത്തെ കാതോലിക്കാവാഴ്ചയും മറ്റും കഴിഞ്ഞ് തുർക്കിയിലെ ഈ പരിവർത്തനങ്ങളൊന്നും വേണ്ടത്ര അറിയാതെ ഇനി ശാന്തമായി എവിടെയെങ്കിലും ജീവിച്ചാൽ മതി എന്നു വച്ച് യെറുശലേമിൽ ചെന്നു. അപ്പോൾ അബ്ദള്ളാ ബാവാ രണ്ടു കണ്ണിന്റെയും കാഴ്ച പരിഛേദം നഷ്ടപ്പെട്ട് അന്ധനായി യെറുശലേമിൽ താമസിക്കുകയായിരുന്നു. അബ്ദൽ മിശിഹാ ബാവായെ അവിടെ താമസിപ്പിച്ചാൽ തങ്ങളുടെ ആ ഏക അഭയസ്ഥാനവും നഷ്ടപ്പെട്ടേക്കുമെന്ന് അബ്ദള്ളാ ബാവായും മാർ ഈവാനിയോസും ഭയന്നതിനാൽ അദ്ദേഹത്തെ അവർ അവിടെ പ്രവേശിപ്പിച്ചില്ല. അദ്ദേഹത്തിന്റെ കഷ്ടകാലം കഴിയുന്നതിന് കുറെ കാലം കൂടെ വേണ്ടിയിരുന്നിരിക്കണം. കുറെ ദിവസങ്ങൾ അവിടെ കഷ്ടപ്പെട്ട് പ്രയാസപ്പെടേണ്ടതായി വന്നു. അപ്പോഴേക്കും എല്ലാവരും ഈ സംഭവം അറിഞ്ഞുവന്ന് അദ്ദേഹത്തെ മർദീനിലേക്കു കൊണ്ടുപോകയും അവിടെനിന്നും അദ്ദേഹത്തെ അത്യാ

ഡംബരപൂർവ്വം എതിരേറ്റ് സിംഹാസനത്തിങ്കലേക്ക് സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ മലങ്കരസഭയുടെ പുരോഗമനത്തിനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുചെന്നപ്പോൾ പ. സിംഹാസനം ആ പരിശുദ്ധ പിതാവിന് വീണ്ടും സ്വാഗതമരുളി. ഈ സംഭവങ്ങളെല്ലാം വിശദമായി വിവരിക്കുന്ന ഒരു കല്പന 1914-ൽ തന്നെ സിംഹാസനത്തുങ്കൽ നിന്ന് മലയാളത്തേക്ക് അയയ്ക്കുകയും അത് അന്നുതന്നെ ഇവിടെ പ്രസിദ്ധം ചെയ്യുകയും അത് പാത്രിയർക്കീസ് കക്ഷികൾ മറ്റു ചില കാര്യങ്ങൾ തെളിയിക്കുന്നതിലേക്കായിട്ട് വട്ടിപ്പണക്കേസിൽ ഹാജരാക്കയും ചെയ്തിട്ടുള്ളതാണ്. അതിനാൽ അത് ഇന്നും ഒരു രേഖയായി സ്ഥിതിചെയ്യുന്നുണ്ട്.

അബ്ദള്ളാ ബാവായെ സ്ഥാനഭ്രംശം ചെയ്യുന്നതിൽ പല കാരണങ്ങളാൽ സമുദായത്തിന് പൊതുവേ ആഗ്രഹമുണ്ടെന്നും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുമെന്ന് പലരും പ്രത്യാശിക്കുന്നതായിട്ടും വിശ്രുത ചരിത്രകാരനെന്ന് “ചന്ദ്രിക” ഘോഷിക്കുന്ന ഫോട്ടെസ്ക്യൂ 1913-ൽ എഴുതിയ, “ചന്ദ്രിക'യുടെ ശ്ലാഘ്യപത്രമുള്ള “ദി ലെസ്സർ ഈസ്റ്റേൺ ചർച്ചസ്” എന്ന ഗ്രന്ഥം 340-ാം പേജിൽ കാലേ കൂട്ടി രേഖയാക്കിയിട്ടുണ്ട് എന്നുള്ളത് മനസ്സിലാക്കുമ്പോൾ അബ്ദള്ളാ ബാവായുടെ ഈ സ്ഥാനഭ്രംശം കേവലം അവിചാരിതമല്ലെന്നും സഭയുടെ പൊതുതാല്പര്യത്തിന്റെ ഫലമാണെന്നും ഗ്രഹിക്കാവുന്നതാണ്.

കൈയ്ക്ക് അല്പം വിറയുള്ളതിനാൽ അന്യസഹായം കൂടാതെ വി. കുർബ്ബാന അണയ്ക്കുവാൻ വിഷമമാണെന്നുള്ള കാരണത്താൽ വി. സഭയിൽ ഒരു മേല്പ്പട്ടക്കാരനായി ഇരുന്നുകൂടാ എന്നു കല്പന എഴുതിയ ആ ബാവായും ആ കല്പന വച്ചുകൊണ്ട് നീണാൾ വ്യവഹാരം നടത്തുന്ന മെത്രാച്ചനും ഇരുകണ്ണുകളുടെയും കാഴ്ച നഷ്ടപ്പെട്ട് കേവലം അന്ധരായിത്തീർന്നത് - മറ്റുള്ളവർ എത്ര സഹായിച്ചാൽ തന്നെയും വി. കുർബ്ബാന അണപ്പാനോ മറ്റുള്ളവർ അണയ്ക്കുമ്പോൾ അതൊന്ന് കാണാൻ പോലുമോ കഴിവില്ലാത്ത സ്ഥിതിയിൽ ആയത് - ദൈവത്തിന്റെ നടത്തിപ്പിൽ വിശ്വാസമുള്ളവർക്ക് ചിന്താവിഷയമാകാതെ നിവർത്തിയില്ല. “ആരു മൂലം വിരുദ്ധതകൾ വരുന്നുവോ അവന് ഹാ കഷ്ടം, അവൻ ജനിക്കാതിരുന്നു എങ്കിൽ അവന് നന്നായിരുന്നു'' എന്നാണല്ലോ കർത്താവ് അരുളിച്ചെയ്യുന്നത്.

1906-ൽ സിംഹാസനം കരസ്ഥമാക്കി അബ്ദള്ളാ ബാവാ അതിന്റെ അധിപനായിരുന്നിട്ട് 1908-ൽ അവിടെ നിന്നിറങ്ങി മലയാളത്തേക്കു യാത്രതിരിക്കയും മലങ്കരസഭയിൽ വിരുദ്ധത്തിന്റെ കരിങ്കൽശില സ്ഥാപിക്കയും ചെയ്തു. അതു കഴിഞ്ഞു മടങ്ങിച്ചെന്നപ്പോൾ ആർത്തിയോടെ ആ സിംഹാസനത്തെ ഓർത്തു നിരാശയിൽ നിപതിക്കുന്നതിനല്ലാതെ അതിനെ വീണ്ടും ഒരു നോക്കു കാണുന്നതിനു പോലും ദൈവം അനു

വദിക്കുന്നില്ല. സിംഹാസനത്തുങ്കൽ നിന്നും വളരെ വിദൂരസ്ഥമായ യെരുശലേമിൽ തന്നെ അദ്ദേഹത്തിന്റെ അവസാനത്തെ മൂന്നു ദീർഘ വർഷങ്ങൾ കഴിക്കേണ്ടി വന്നു. അവിടെ വെച്ചു തന്നെ മൃതിയടയുകയും ചെയ്തു.

എന്നാൽ അബ്ദൽ മിശിഹാ ബാവായ്ക്കാകട്ടെ കാലചക്രത്തിന്റെ കറക്കത്താൽ 1906-ൽ നഷ്ടപ്പെട്ട സിംഹാസനം മലങ്കരയിൽ കാതോലിക്കാസിംഹാസനം സ്ഥാപിച്ചുകൊണ്ടു മടങ്ങിച്ചെന്നപ്പോൾ അതേ കാലചക്രത്തിന്റ തിരിച്ചിലിൽ തിരികെ കിട്ടുന്നു. അദ്ദേഹം തന്റെ അവസാനകാലം വളരെ സമാധാനത്തോടും ആശ്വാസത്തോടും കൂടെ അവിടെ കഴിക്കുന്നു. സിംഹാസനാധിപനായിരിക്കെ 1915 ചിങ്ങം 17-നു ഞായറാഴ്ച അദ്ദേഹം ഈ ലോകം വെടിഞ്ഞു പിതാക്കന്മാരോട് ചേരുന്നു. പാത്രിയർക്കോചിതമായ സകലവിധ - സഭാപരവും രാഷ്ട്രപരവുമായ - എല്ലാ പദവികളോടും ആചാരോപചാരങ്ങളോടും കൂടെ (പാത്രിയർക്കീസന്മാരുടെ കബറടക്കത്തിനു തുർക്കി പട്ടാളം യൂണിഫോറത്തോടു കൂടി അകമ്പടി സേവിക്കുക പതിവാണ്. അബ്ദൽ മിശിഹാ ബാവായുടെ കബറടക്ക സമയത്തെ ഫോട്ടോയിൽ യൂലിയോസ് തിരുമേനി നിൽക്കുന്നതും പട്ടാളക്കാർ നിരനിരയായി നിൽക്കുന്നതും കാണാവുന്നതാണ്) സാഘോഷം പരിശുദ്ധ പിതാക്കന്മാരെ കബറടക്കുന്ന ബെസ്കാദീശേയിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്യുന്നു.

അബ്ദൽ മിശിഹാ ബാവായുടെ ഫർമാൻ പിൻവലിച്ചിട്ട് അബ്ദള്ളാ ബാവായ്ക്കു നൽകിയ സുൽത്താന് വീണ്ടും ഒരു ഫർമാൻ നൽകാനോ അതിനെ അനുകൂലിച്ചു പറയുന്ന പാത്രിയർക്കീസന്മാർക്കു പിന്നെ ഫർമാൻ കിട്ടുവാനോ, സിംഹാസനത്തുങ്കൽ കാലം ചെയ്യുവാനോ, ഭരിപ്പാനോ, എന്നു വേണ്ട ഇന്ന് അവിടെ ഒന്നു കയറിച്ചെല്ലുവാൻ പോലുമോ ദൈവം അനുവദിക്കുന്നില്ല. ദൈവത്തിൽ വിശ്വാസമുള്ളവർക്ക് ഇതിൽ ദൈവത്തിന്റെ കൈയല്ല പ്രവർത്തിക്കുന്നതെന്ന് പറവാൻ എങ്ങനെ സാധിക്കും? സത്യത്തോടും സഭയുടെ പ്രമാണങ്ങളോടും കളിക്കുന്നതു കേവലം കളിയാകയില്ല.

കാനോനിക പാത്രിയർക്കീസ് ആര്?

1895-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി അബ്ദൽ മിശിഹാ ബാവായെ വി. സുന്നഹദോസ് വാഴിച്ചതു മുതൽ അദ്ദേഹം മലയാളത്തേക്കു എഴുന്നള്ളി കാതോലിക്കാവാഴ്ചയും മറ്റും നടത്തിയശേഷം സിംഹാസനത്തിങ്കൽ വാഴുമ്പോൾ കാലം ചെയ്ത 1915 വരെ അദ്ദേഹം പാത്രിയർക്കീസ് തന്നെയായിരുന്നു എന്നും, ഇന്നത്തെ ചില "മല്പാന്മാരും" "പിതാക്കന്മാരും" പറയുന്നതുപോലെ അദ്ദേഹത്തിനു മുടക്കോ,

ഭ്രഷ്ടോ, ഭ്രാന്തോ ഒന്നും ഉണ്ടായിരുന്നില്ല എന്നും, ഉണ്ടായിരുന്നു എന്നുമുള്ള പ്രസ്താവനകൾ തല്പരകക്ഷികളുടെ വ്യാജജല്പനങ്ങൾ മാത്രമാണെന്നും മുൻ കണ്ടു കഴിഞ്ഞിരിക്കുന്നു. എന്നാൽ 1895-ൽ അബ്ദൽ മിശിഹാബാവാ സിംഹാസനാരൂഢനായപ്പോൾ, അസൂയാലുവായ അബ്ദള്ളാബാവാ നിരാശാഭരിതനായി റോമാസഭയിൽ ചേർന്നതായും, 1905-ൽ തിരിച്ചു സുറിയാനിസഭയിലേക്കു ചേർന്ന് സുൽത്താന്റെ ആനുകൂല്യത്തിൽ പാത്രിയർക്കീസായതായും, പാത്രിയർക്കീസിന്റെ പല അധികാരങ്ങളും പ്രയോഗിച്ചതായും കാണുന്നുണ്ട്. ഇവർ രണ്ടുപേരിൽ പരിശുദ്ധ സഭയുടെ നിയമങ്ങളും നടപടികളും അനുസരിച്ചുള്ള കാനോനിക പാത്രിയർക്കീസ് ആരെന്നത്രെ ഇനി അറിയേണ്ടത്.

1. "ലൗകിക അധികാരികൾ മുഖേന സഭയെ അധീനപ്പെടുത്തുന്ന മേല്പട്ടക്കാരനും അവനോടു സംബന്ധപ്പെടുന്നവനും മുടക്കപ്പെടണം." ഇതു പതിനെട്ടക്കം (ചന്ദ്രികയുടെ ഭാഷയിൽ പറഞ്ഞാൽ പാത്രിയർക്കീസിന്റെ പ്രമാണ ഗ്രന്ഥമായ തിരുത്തുകാനോന്റെ) കാപ്പി കാനോൻ 7:2-ലും വിധിച്ചിട്ടുള്ളതാണ്. അബ്ദള്ളാ ബാവാ കോഴ കൊടുത്താണ് ഫർമാൻ കൈക്കലാക്കി സിംഹാസനത്തിൽ കയറിപ്പറ്റിയത് എന്നുള്ള ചരിത്രസത്യം പാത്രിയർക്കീസുകക്ഷിയുടെ നാവായ ചന്ദ്രികയുടെ ഇമ്പ്രമച്ചർ (സർട്ടിഫിക്കറ്റ്) ഉള്ള "ദി ലെസ്സർ ഈസ്റ്റേൺ ചർച്ചസ്" എന്ന ഗ്രന്ഥം അക്കാലത്തു തന്നെ ഒരിക്കലും മായാത്തവിധം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ പറയുന്നത് പാത്രിയർക്കാ സിംഹാസനം തനിക്ക് നൽകിക്കൊള്ളാമെന്നുള്ള വാഗ്ദത്തം പ്രാപിച്ചുകൊണ്ട് സുറിയാനിസഭയിലേക്ക് അബ്ദള്ളാ തിരിച്ചുപോന്നു എങ്കിലും തന്റെ തിരഞ്ഞെടുപ്പ് സുരക്ഷിതമാക്കുന്നതിന് അദ്ദേഹത്തിനു വളരെ ഗൂഢതന്ത്രങ്ങളും 500 തുർക്കി പവന്റെ ചിലവും വന്നു (The Lesser Eastern Churches, pp. 339, 340) എന്നത്രെ. കൈക്കൂലി കൊണ്ട് ആത്മീയ അധികാരങ്ങൾ കൈക്കലാക്കുവാൻ സമീപിച്ച ശീമോൻ മംഗസിനോട് അന്ത്യോഖ്യാ സിംഹാസന സ്ഥാപകനായ വി. പത്രോസിന്റെ കൽപന "നിന്റെ ദ്രവ്യം നിന്നോടുകൂടെ നശിക്കട്ടെ. നിന്റെ ഹൃദയം ദൈവമുമ്പാകെ നേരുള്ളതല്ലായ്കയാൽ നിനക്കിതിൽ പങ്കില്ല" എന്ന ശാപമായിരുന്നു (അ. പ്ര. 8:20).

ചരിത്രസത്യങ്ങളും കാനോൻവിധിയും അപ്പോസ്തോല ശാപങ്ങളും വച്ചുനോക്കുമ്പോൾ ലൗകികഅധികാരികളെ ആശ്രയിച്ചും, കൈക്കൂലി കൊടുത്തും, തന്ത്രങ്ങൾ പ്രയോഗിച്ചും കൈക്കലാക്കിയ അധികാരങ്ങളും മറ്റും കേവലം അസാധു എന്നു മാത്രമല്ല, അവ മുടക്കും ശാപവും സ്വയം വരിക്കുന്ന അധമ പാപം തന്നെ ആണെന്നു സ്പഷ്ടമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ അബ്ദള്ളാ ബാവായുടെ ഈദൃശ പ്രവർത്തികളാൽ മുമ്പു പല മുടക്കുകളാൽ മലീമസമായി തീർന്നുകഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ

സ്ഥിതി ദയനീയമാംവണ്ണം അധഃപതിക്കുകയത്രെയുണ്ടായത്. കാനോനികപാത്രിയർക്കീസ് ആരെന്നു ചിന്തിക്കുക!

2. മുടക്കപ്പെട്ട ആളിന്റെ മുടക്ക് അധികാരമുള്ളവർ തീർക്കുന്നതുവരെ അയാളുടെ കൂദാശകളിൽ വിശ്വാസികൾ സംബന്ധിക്കയോ അയാളെ കൂദാശകളിൽ സംബന്ധിപ്പിക്കുകയോ ചെയ്തുകൂടെന്നുള്ളതാണ് വി. സഭയുടെ നിയമവും നടപടിയും. ഇത് പാത്രിയർക്കീസ് കക്ഷിയും സമ്മതിക്കുന്നുണ്ട് (ചന്ദ്രിക 3:165, 167; പ്രത്യക്ഷസത്യം II, 61, 65). അബ്ദള്ളാ ബാവായ്ക്ക് തന്റെ മേലധികാരികളായ പാത്രിയർക്കീസന്മാരിൽ നിന്ന് ഒന്നിനു പിറകെ ഒന്നായി മൂന്നു മുടക്കുകൾ ലഭിച്ചിട്ടുണ്ട്. പത്രോസ് പാത്രിയർക്കീസ്, അബ്ദൽ മിശിഹാ പാത്രിയർക്കീസ് എന്നിവരിൽ നിന്ന് ഓരോ മുടക്കുകൾ കിട്ടിയ വിവരം മറുഭാഗത്ത് വിവരിച്ചിട്ടുണ്ട് (കൂടുതൽ വിവരത്തിനു സേവകൻ പുറം 441). റോമാസഭയിൽ ചേർന്നപ്പോൾ ചെയ്ത സത്യങ്ങളും ശപഥങ്ങളുമെല്ലാം ലംഘിച്ച് മതപരിവർത്തനം ചെയ്തപ്പോൾ റോമാ പാത്രിയർക്കീസിൽ നിന്ന് മൂന്നാമത്തെ മുടക്കും സമ്പാദിച്ചു. റോമാസഭയുടെ മുടക്ക് നമുക്കു പരിഗണിക്കേണ്ടതില്ലെന്നു വച്ചാൽത്തന്നെയും നമ്മുടെ പാത്രിയർക്കീസന്മാരുടെ മുടക്കുകൾ ശേഷിക്കുന്നുണ്ട്. അവ ആരും തീർത്തിട്ടുള്ളതായി അറിവില്ല. മാത്രമല്ല തീർത്തതായി ആരും ഇതുവരെ പറഞ്ഞു കേട്ടിട്ടുമില്ല. അതിനാൽ ഒരു മുടക്കപ്പെട്ട മെത്രാനിൽ കവിഞ്ഞ യാതൊരു സ്ഥാനവും അബ്ദള്ളാ ബാവായ്ക്ക് ഇല്ലെന്നും അദ്ദേഹത്തെ കൂദാശകളിൽ സംബന്ധിപ്പിക്കുന്നതും അദ്ദേഹത്തിന്റേതിൽ സംബന്ധിക്കുന്നതും ശീശ്മയായിരുന്നു എന്നും സിദ്ധിക്കുന്നു. വി. സഭയുടെ കാനോനിക പാത്രിയർക്കീസ് മേൽപ്പറഞ്ഞ ഇരുവരിൽ ആരെന്ന് വായനക്കാർ ഗ്രഹിച്ചുകൊള്ളുക. കാനോനിക പാത്രിയർക്കീസിനെ നിഷേധിച്ച് ശീശ്മക്കാരാകാതിരിക്കുക.

3. "ബലാൽക്കാരേണയാണെങ്കിലും വിശ്വാസം ഉപേക്ഷിക്കുന്ന പട്ടക്കാരും ശെമ്മാശന്മാരും തിരിച്ചുവരുമ്പോൾ അവർ അയ്മേനികളേപ്പോലെ കൈക്കൊള്ളപ്പെടുകയല്ലാതെ മുമ്പേയുള്ള പട്ടത്വസ്ഥാനം ഒരിക്കലും നൽകപ്പെടുകയില്ല" (ഹൂദോയോ 34:3). ഇതു പതിനെട്ടക്കത്തിൽപോലും എഴുതിച്ചേർക്കയും പ്രത്യക്ഷസത്യം II, 62-ൽ ഉദ്ധരിക്കയും ചെയ്തിട്ടുണ്ട്. അബ്ദള്ളാബാവാ സ്വമനസാ - യാതൊരു ബലപ്രയോഗവും കൂടാതെ - സത്യവിശ്വാസം തള്ളി ഉപേക്ഷിച്ച് റോമാക്കാരുടെ കൽക്കിദൂന്യവേദവിപരീതം കൈക്കൊള്ളുകയും പാത്രിയർക്കീസിനെ നിഷേധിച്ചു തള്ളി പാപ്പായെ സ്വീകരിക്കുകയും ചെയ്ത ആളാണ് (കൂടുതൽ വിവരങ്ങൾ മറ്റു ഭാഗങ്ങളിൽ). ഇദ്ദേഹം സത്യാനുതാപത്തോടെ തിരിച്ചുവന്നാൽത്തന്നെയും ഒരു അയ്മേനിയെപ്പോലെ സ്വീകരിക്കയല്ലാതെ മദ്ബഹായിലെ ഒരു ശുശ്രൂഷകൻ - ശെമ്മാശ്ശൻ - ആയിപ്പോലും

സ്വീകരിക്കുവാൻ സുറിയാനിസഭയുടെ നിയമം - കാനോൻ - അനുവദിക്കുന്നില്ലായെന്നു മേൽ കണ്ടുവല്ലോ. റോമാസഭയുടെയും നിയമം ഇതു തന്നെയാണ്. അതിനാലത്രെ ഒറ്റത്തൈക്കൽ അച്ചൻ റോമാസഭയിൽ നിന്നു തിരിച്ചുപോന്ന് ഇവിടെനിന്നും മെത്രാൻപട്ടമേറ്റശേഷം വീണ്ടും ചെന്നിട്ട് പതിവുള്ള കുർബ്ബാന പോലും ചൊല്ലുവാൻ അനുവദിക്കാഞ്ഞത്. വിശ്വാസം ഉപേക്ഷിച്ചുപോയ അബ്ദള്ളാ ബാവാ തിരിയെ വന്നപ്പോൾ മെത്രാന്റെ പ്രവൃത്തികൾ ചെയ്യുന്നതിനും പാത്രിയർക്കീസ്സാകുന്നതിനും അനുവദിച്ചപ്പോൾ കാനോൻ ത്യാജ്യകോടിയിൽ തള്ളപ്പെട്ടു. വിശ്വാസപരിത്യാഗം ഉന്നതസ്ഥാനാരോഹണത്തിനുള്ള ചവിട്ടുപടിയായി പരിഗണിക്കപ്പെട്ടു തുടങ്ങി. ഇത് ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്നത് എത്ര ശോചനീയം! "യഥാ രാജ! തഥാ പ്രജ!!" അയ്മേനിയെപ്പോലെ ഗണിക്കപ്പെടേണ്ടിയിരുന്ന ആളോ, ശരിയായി വാഴിക്കപ്പെട്ട് കാനോനികമായി ഭരണം നടത്തിവന്ന പാത്രിയർക്കീസോ ആരാണ് കാനോനിക പാത്രിയർക്കീസ്!! വായനക്കാർ വിധിക്കുക!!!

4. ചന്ദ്രിക 3:113-ൽ പറയുംപ്രകാരം കോനാട്ടു മല്പാനച്ചൻ - പിന്നീട് കക്ഷിത്വമുണ്ടായപ്പോൾ അബ്ദള്ളാ കക്ഷിയുടെ നേതൃത്വം സ്വീകരിച്ച കാനോൻ വിദഗ്ദ്ധനും ചരിത്രപണ്ഡിതനും ആയ ദേഹം - 1908 ധനു 30-നു മോറാൻ അബ്ദൽ മിശിഹാ തിരുമനസ്സിലെ പേർക്ക് എഴുതിയിരുന്നത് ഇപ്രകാരമാണ്. "ഭൂതലത്തിൽ എല്ലായിടത്തുമുള്ള പൂർവ്വിക സുറിയാനിജാതി മുഴുവന്റെയും മേൽ അധികൃതനായിരിക്കുന്ന രണ്ടാമത്തെ അബ്ദേദ് മിശിഹായെന്ന് (തിരുനാമമുള്ള) അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്റെ ഞങ്ങളുടെ പിതാവായ ഭാഗ്യവാനായ മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് തിരുമനസ്സിലേക്ക്"...... എന്നും മറ്റും എഴുതിക്കൊണ്ട് തുടരുന്നു "മുമ്പേ തന്നെ ഞാൻ അറിയുന്നപ്രകാരം അദ്ദേഹം (അബ്ദള്ളാ ബാവാ) ദ്രവ്യാഗ്രഹിയാകുന്നു.... തിരുമനസ്സുകൊണ്ട് ശരിയായ പാത്രിയർക്കീസാകുന്നു. അബ്ദള്ളാ പാത്രിയർക്കീസ് സുറിയാനിസഭയെ നശിപ്പിക്കുമെന്നും, സത്യവിശ്വാസം നാമാവശേഷമാക്കുമെന്നും ധനത്തിനായി പരമാർത്ഥികളായ ആടുകളെ വിലയ്ക്ക് വിൽക്കുമെന്നും ബലഹീനനായ ഞാൻ ദീർഘദർശനം പറഞ്ഞുകൊള്ളുന്നു." അബ്ദൽ മിശിഹായുടെ ഫർമാൻ നഷ്ടം, അബ്ദള്ളായുടെ പാത്രിയർക്കീസാകൽ, സഭാചരിത്രം, കാനോൻ, സഭയുടെ നടപടികൾ എന്നിവ സംബന്ധിച്ച് അനിതരസാധാരണമായ ജ്ഞാനിയും വി. സഭയിലെ ഒരു വലിയ പണ്ഡിതനും പാത്രിയർക്കീസുകക്ഷിയുടെ നേതാവും ആയ ആൾ കക്ഷിഭിന്നതയ്ക്കും മറ്റും മുമ്പ് എഴുതിയിട്ടുള്ള കത്തിലെ പ്രസ്താവന ആ കക്ഷിയ്ക്ക് അനിഷേധ്യമാണ്. അതിന്റെ വെളിച്ചത്തിൽ കാനോനിക പാത്രിയർക്കീസ് ആരെന്നു പരിശോധിക്കുക.

5. രണ്ട് പാത്രിയർക്കീസന്മാരുണ്ടായിരുന്നാൽ ആദ്യം വാഴിക്കപ്പെട്ട ആളാകുന്നു കാനോനിക പാത്രിയർക്കീസ്: ഈ സംഗതിയിൽ വി. സഭയുടെ കാനോനും "പാത്രിയർക്കീസിന്റെ പ്രമാണഗ്രന്ഥമായ തിരുത്തുകാരന്റെ (കാപ്പി) കാനോനും" 7.1-ൽ പറയുന്നത് തമ്മിൽ സാരമായ വ്യത്യാസമില്ല. "വിശ്വാസവ്യത്യാസമില്ലാതിരിക്കെ തന്നിഷ്ടവും അധികാരഭ്രമവും നിമിത്തം സിംഹാസനത്തിന് (ഒരിടവകയ്ക്കൊ) (ഒരിടവകയ്ക്കൊ എന്ന് '18'-ൽ മാത്രമേയുള്ളു) രണ്ടു മെത്രാന്മാരോ രണ്ടു പാത്രിയർക്കീസന്മാരൊ വാഴിക്കപ്പെട്ടാൽ ആദ്യത്തെ ആൾ പ്രവർത്തനം നടത്തണം, രണ്ടാമത്തെ ആൾ അടങ്ങിയിരിക്കണം" എന്നാകുന്നു കാനോൻ വിധി. ഇതിൽനിന്നു രണ്ടുമൂന്നു കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. 1. വിശ്വാസവ്യത്യാസം കൂടാതെ അനാവശ്യമായി അധികാരഭ്രമത്താലും തന്നിഷ്ടത്താലും ഒരു സിംഹാസനത്തിങ്കലേക്ക് ഒന്നിലധികം പേർ വാഴിക്കപ്പെട്ടു എന്നു വരാം. അത് അസംഭവ്യമല്ല. 2. അങ്ങനെ രണ്ടാമതൊരാൾ വാഴിക്കപ്പെട്ടു എന്നുള്ളതുകൊണ്ട് ആദ്യത്തെ ആളുടെ സ്ഥാനാധികാരങ്ങൾക്ക് യാതൊരുവിധ ന്യൂനതയും ഭവിക്കുന്നില്ല. 3. അങ്ങനെ രണ്ടു പേർ വാഴിക്കപ്പെട്ടാൽ അവരുടെ വ്യക്തിപരമായ യോഗ്യതകൾക്കോ ഓരോരുത്തരെയും അനുകൂലിക്കുന്നവരുടെ സംഖ്യാബലത്തിനോ പരിഗണന ലഭിക്കുന്നില്ല. അതായത് രണ്ടാമത്തെ ആൾ ഇനി അഥവാ പരമയോഗ്യനും സർവ്വസമ്മതനും ആയിരുന്നാൽപോലും അയാൾ അടങ്ങി ഇരിക്കയും ആദ്യത്തെ ആൾ ഭരിക്കയും ചെയ്യണം. അടങ്ങി ഇരിക്കേണ്ടത് ആദ്യത്തെ ആളുടെ കീഴിൽ ആണെന്നു പറയേണ്ടതില്ലല്ലോ.

മേൽ കണ്ട കാനോന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ "അബ്ദൽ മിശിഹാ മുടക്കപ്പെടാതെ അബ്ദള്ളാ പാത്രിയർക്കീസാകുന്നതെങ്ങനെ? അബ്ദള്ളാ പാത്രിയർക്കീസായതിനാൽ അബ്ദൽ മിശിഹാ പാത്രിയർക്കീസല്ലാതായി, അബ്ദള്ളായെ ചിലർ പാത്രിയർക്കീസായി സ്വീകരിച്ചതിനാൽ അബ്ദൽ മിശിഹാ മുടക്കപ്പെട്ടവനാണെന്നു തെളിയുന്നു" എന്നും മറ്റും പറയുന്നതിന്റെ അർത്ഥരാഹിത്യം സ്പഷ്ടമല്ലയോ?

മേലുദ്ധരിച്ചിട്ടുള്ള കാനോൻ എടുത്തുപിടിച്ചുകൊണ്ട് ഒരു ചെപ്പടിവിദ്യ കാണിക്കുന്നതിനു കൂടെ ഇവിടെ മറുപടി പറയേണ്ടിയിരിക്കുന്നു. ചിലർ വാദിക്കുന്നത്: രണ്ടു പാത്രിയർക്കീസന്മാരുണ്ടായാൽ ആദ്യത്തെ ആൾ ഭരിക്കണമെന്നും രണ്ടാമത്തെ ആൾ സ്വസ്ഥനായിരിക്കണമെന്നും കാനോൻ വിധിയുണ്ട്; രണ്ടാമത്തെ ആൾ ഭരിച്ചതായി കാണുകയും ചെയ്യുന്നു. അതിനാൽ ആദ്യത്തെ ആൾ പാത്രിയർക്കീസ് അല്ലാതായിത്തീർന്നിരുന്നു എന്നാണ്. ഇവിടെ ഒരു സംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. സഭയുടെ നിയമങ്ങളും ഉപദേശാചാരങ്ങളും അനുസരിച്ചു പ്രവർത്തിക്കുന്നവരെങ്കിൽ അധികാരഭ്രമത്താലും തന്നിഷ്ടത്താലും ഒരു

സിംഹാസനത്തിങ്കലേക്ക് ഒന്നിലധികംപേർ മത്സരിച്ചു വാഴിക്കപ്പെടുക ഇല്ലെന്നുള്ളത് നിശ്ചയമാണ്. മത്സരം നിറുത്തി സമാധാനമാർഗ്ഗത്തിൽ ചരിക്കാൻ രണ്ടാമത്തെ ആൾ തയ്യാറാകുമ്പോൾ കൈക്കൊള്ളേണ്ട നടപടിയാണ് കാനോനിൽ കാണുന്നത് എന്ന് ഏവനും നിഷ്പ്രയാസം കാണാവുന്നതാണ്. കള്ളപ്രമാണം ഉണ്ടാക്കരുതെന്നും ഉണ്ടാക്കുന്നവനെ പ്രോസിക്യൂട്ട് ചെയ്യണമെന്നും നിയമമുള്ളതിനാൽ ആരും കള്ളപ്രമാണം ഉണ്ടാക്കിയിരിക്കയില്ല എന്നു വാദിച്ചുകൊണ്ട് ഇന്നു കാണുന്ന "പ്രമാണങ്ങളെല്ലാം" ശരിയാണെന്നു സമർത്ഥിക്കുവാൻ ശ്രമിക്കുന്നു എന്നു വിചാരിക്കുക. അതിനേക്കാൾ കഷ്ടമാണ് അബ്ദള്ളാ അധികാരം പ്രയോഗിച്ചതായി കാണുന്നതിനാൽ ആ അധികാരം കാനോനികമായിരുന്നു എന്നും, അതു കാനോനികമായിരുന്നു എന്നുള്ള വാദത്തിന്മേൽ അടിസ്ഥാനമുറപ്പിച്ചുകൊണ്ട് മേലോട്ടു കയറി, അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങൾ റദ്ദാക്കപ്പെട്ടിരുന്നിരിക്കണം അല്ലെങ്കിൽ അബ്ദള്ളാ അധികാരം പ്രയോഗിക്കയില്ലായിരുന്നു എന്നും മറ്റും വാദിക്കുന്നത്. വെള്ളത്തിൽ മുങ്ങിമരിക്കാൻ പോകുന്നവർക്ക് വൈക്കോലും അവലംബം! 1895-ൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു ഭരണം നടത്തിവരുന്ന അബ്ദൽ മിശിഹാ ബാവായോ 1906-ൽ പാത്രിയർക്കീസായതായി പറയുന്ന അബ്ദള്ളാ ബാവായോ ആരാണ് കാനോനിക ഭരണാധികാരമുള്ള പാത്രിയർക്കീസ് എന്നു മേലുദ്ധരിച്ച കാനോൻ വ്യക്തമാക്കുന്നില്ലയോ എന്നു പരിശോധിക്കുക.

6. <u>അബ്ദൽ മിശിഹാ മലയാളത്തു വന്നു കാതോലിക്കാവാഴ്ചയും മറ്റും നടത്തിയിട്ടില്ല എന്നുള്ള അബ്ദൽ ആഹാദ് റമ്പാന്റെയും മാർ യൂലിയോസിന്റെയും മാർ അപ്രേം പാത്രിയർക്കീസിന്റെയും അദ്ദേഹത്തിന്റെ കക്ഷിയുടെയും നവീനവാദം അബ്ദൽ മിശിഹായാണ് കാനോനികപാത്രിയർക്കീസ് എന്നുള്ളതിന് തെളിവാണ്.</u>

1. അബ്ദൽ മിശിഹാ ഇവിടെ എഴുന്നള്ളി മേൽപ്പട്ടക്കാരെയും കാതോലിക്കോസിനെയും വാഴിച്ചതു സ്വന്ത കണ്ണുകൾകൊണ്ടു കാണുകയും അറിയുകയും ചെയ്തിട്ടുള്ള അനേകർ ഇന്നും മലയാളത്തു ജീവനോടിരിക്കുന്നു. 2. റിവ്യൂ വിധി മാർ യൂലിയോസിന്റെ സർവ്വ ആശകളും തകർത്തപ്പോൾ: അബ്ദൽ മിശിഹാ ബാവായെ ഇവിടെ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ മാർ ദീവന്നാസ്യോസ് തിരുമേനി ഇവിടെ കാതോലിക്കോസുവാഴ്ചയും മറ്റും നടത്തിയെന്ന കാരണം പറഞ്ഞ് മാർ ദീവന്നാസ്യോസ് തിരുമേനിയെ അദ്ദേഹം സസ്പെൻഡ് ചെയ്തിരിക്കുന്നതായി ഒരു കേസ്സുണ്ടാക്കിയതിന്റെ റിക്കാർഡുകൾ ഇന്നും നിലവിലുണ്ട്. 3. ".... ക്രിസ്തബ്ദം 1912" മലയാളത്തേക്കു പോയി മേൽപ്പട്ടക്കാരുടെയും മറ്റും പട്ടംകൊട നടത്തിയ അബ്ദൽ മിശിഹാ ദ്വിതീയൻ

പാത്രിയർക്കീസിന്റെ സർവ്വ പ്രവൃത്തികളും.... വ്യർത്ഥങ്ങളാണെന്നും മറ്റും പറഞ്ഞുകൊണ്ട് ഇപ്പോഴത്തെ അപ്രേം പാത്രിയർക്കീസ് 1934 കന്നി 8-നു അയച്ച സമാധാനവ്യവസ്ഥകൾ പ്രത്യക്ഷസത്യം I, 28-ാം പേജിൽ ഇന്നും തെളിഞ്ഞു കിടക്കുന്നു.

4. അബ്ദൽ മിശിഹായെ "..... മാർ ദീവന്നാസ്യോസും അനുയായികളും മലങ്കരെ വരുത്തി" എന്നും "താമസംവിനാ അബ്ദൽ മിശിഹായെ അവർ ആദ്യം പരുമല സെമിനാരിയിലേക്കും അവിടെനിന്നും നിരണം പള്ളിയിലേക്കും ആനയിച്ചു" എന്നും മറ്റും വ്യക്തമായി പ്രസ്താവിച്ചുകൊണ്ട് ആലുവാ സെമിനാരിയിൽ നിന്നും ഇക്കഴിഞ്ഞ 1950 ജൂലൈ 15-ൽ പുറപ്പെട്ട "സഭാചന്ദ്രിക" പലരുടെയും പക്കൽ കാണുമല്ലോ. ഇവയ്ക്കെല്ലാം വിരുദ്ധമായി ഇങ്ങനെ അബ്ദൽ മിശിഹാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ കാതോലിക്കാവാഴ്ചയും മറ്റും നടത്തിയ വിവരങ്ങൾ പല സ്ഥാനങ്ങളിൽ പ്രസ്താവിച്ചശേഷം, ഇപ്പോൾ പുതിയ "ചരിത്രസൃഷ്ടിക്കു മാർ അപ്രേം പാത്രിയർക്കീസും; പാത്രിയർക്കീസിന്റെ തഹലൂപ്പാ മാർ യൂലിയോസും, തഹലൂപ്പായുടെ സഹായി അബ്ദൽ ആഹാദ് റമ്പാനും മറ്റും പണിപ്പെടുന്നു.

അദ്ധ്യായം പതിനൊന്ന്

വിനയത്തിലൂടെ വിജയശൃംഗത്തിലെത്തിയ നാലാം കാതോലിക്കാ

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കക്ഷിഭിന്നതകൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ മലങ്കരസഭയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നതു സംബന്ധിച്ച് അണിയറയിലും അരങ്ങത്തും ആത്മാർത്ഥതയോടും സത്യസന്ധതയോടും പ്രവർത്തിക്കുകയും സ്വന്തം ആളുകളുടെയും പാത്രിയർക്കീസ് ഭാഗത്തെ ചില മേല്പട്ടക്കാരുടെയും അപ്രീതി സമ്പാദിക്കുകയും ചെയ്ത പ. ഔഗേൻ ബാവാ കാതോലിക്കേറ്റിന്റെ കാവൽഭടനായും മലങ്കരസഭയുടെ ഭരണഘടനാപരമായ അധികാരാവകാശ സംരക്ഷകനായും നിലകൊണ്ട സമുന്നത സഭാസാരഥിയാണ്. തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി മാറി എന്ന വേദവാക്യം പ. ഔഗേൻ ബാവായിൽ നിറവേറി എന്നു സഭാചരിത്രം സാക്ഷിക്കുന്നു. സ്ഥാനമാഹാത്മ്യ ചിന്തയും പ്രശംസയും സ്പർശിക്കാതിരുന്ന പ. ഔഗേൻ ബാവാ സഭാരംഗത്തെ ഒരു സഹദാ ആയിരുന്നു. വിനയത്തിന്റെ ഗിരിശൃംഗത്തിൽ മരണംവരെ വസിച്ച തിരുമേനി സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകവുമായിരുന്നു.

പെരുമ്പാവൂരിനടുത്തുള്ള വെങ്ങോലയിലെ തുരുത്തി കുടുംബത്തിൽപെട്ട ചേട്ടാകുളത്തുംകര അബ്രഹാം കത്തനാരുടെയും പുത്തൻകുരിശിൽ വാളിയാൽ മത്തായിയുടെ പുത്രി അന്നമ്മയുടെയും രണ്ടാമത്തെ പുത്രനായി മത്തായി 1884 ജൂൺ 26-ന് ജനിക്കുമ്പോൾ ആ ബാലൻ (ഔഗേൻ ബാവാ) മലങ്കരസഭയുടെ ഭാവിവിധാതാവുമെന്നോ, സഭയുടെ പരമാധികാരിയായി പരിണമിക്കുമെന്നോ, ആരും വിദൂരമായിപ്പോലും ചിന്തിക്കുകയോ ഭാവനയിൽ ദർശിക്കുകയോ ചെയ്തിരുന്നില്ല. അനന്തവും അജ്ഞാതവുമായ ദൈവത്തിന്റെ വഴികൾ നിസ്സാരനായ മനുഷ്യൻ നേരത്തെ അറിയുന്നില്ലെന്നാണ് ഈ ബാലന്റെ ജീവചരിത്രവും വ്യക്തമാക്കുന്നത്.

പിതാവായ അബ്രഹാം കശ്ശീശ വലിയ ഭക്തനും സുറിയാനി പണ്ഡിതനുമായിരുന്നതിനാൽ അദ്ദേഹം യാമപ്രാർത്ഥനകൾ തെറ്റാതെ നടത്തുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാതാപിതാക്കൾ ദീർഘായുസ്സോടെ ഇരുന്നശേഷമാണ് കാലയവനികയ്ക്കുള്ളിൽ കടന്നത്.

അബ്രഹാം കശ്ശീശായുടെ ഗുരുവും കണ്ടനാടു ഭദ്രാസന മെത്രാപ്പോലീത്തായും പിന്നീട് മലങ്കരയിലെ പ്രഥമ കാതോലിക്കായുമായ മുറിമറ്റത്തിൽ മാർ ഈവാനിയോസ് ആണ് മത്തായി എന്ന് പേരിട്ട് മാമോദീസാ മുക്കിയത്. മാതൃഭവനം സ്ഥിതിചെയ്ത പുത്തൻകുരിശിൽ താമസിച്ചുകൊണ്ട് ബാല്യകാല വിദ്യാഭ്യാസം നടത്തി. കൗമാരപ്രായത്തിൽതന്നെ വൈദിക വിദ്യാഭ്യാസാർത്ഥം പാമ്പാക്കുട സെമിനാരിയിൽ ചേർന്ന്, മലങ്കര മല്പാനായിരുന്ന കോനാട്ടു മാത്തൻ കോർഎപ്പിസ്ക്കോപ്പായുടെ ശിഷ്യത്വം സ്വീകരിച്ചു. ഇതിനകം കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടവും കിട്ടി. മലയാളത്തിലും സുറിയാനിയിലും പ്രസംഗകലയിലും സാമാന്യം നല്ല വ്യുല്പത്തി നേടിയ മത്തായി ശെമ്മാശ്ശൻ തുടർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസാർത്ഥം കോട്ടയം എം.ഡി. ഹൈസ്ക്കൂളിൽ ചേർന്നു. ഈ കാലയളവിലാണ് ശീമയിൽ നിന്നുവന്ന ശ്ലീബാ ശെമ്മാശനുമായി (പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്) അടുത്തു പരിചയപ്പെടുന്നതിനും അദ്ദേഹത്തിന്റെ സുറിയാനിയിലുള്ള പ്രസംഗങ്ങൾ തർജ്ജമ ചെയ്യുന്നതിനും മലങ്കരയിലെ മിക്ക പള്ളികളും ഒരുമിച്ച് സന്ദർശിക്കുന്നതിനും ഇടയായത്. മലയാളത്തിലും സുറിയാനിയിലും ഒരുപോലെ അവഗാഹം നേടിയ മത്തായി ശെമ്മാശൻ സുറിയാനിഭാഷയോടും സുറിയാനിസഭയോടുമുള്ള കൂറുനിമിത്തം സ്ലീബാ ശെമ്മാശന്റെ കൂടെ 1905-ൽ ശീമയ്ക്കു പോകുകയും അസ്സീറിയയിലെ മാർ മത്തായിയുടെ ആശ്രമത്തിൽ വച്ച് പൂർണ്ണ ശെമ്മാശനായിത്തീരുകയും ചെയ്തു. മൂസ്സൽ വഴി ദുർഘടയാത്ര ചെയ്തു സുറിയാനിക്കാർ കൂടുതലായി താമസിക്കുന്ന മർദ്ദീൻ, തുറബ്ദീൻ പ്രദേശങ്ങൾ സന്ദർശിക്കുകയും തുറബ്ദീനിലുള്ള മാർ ഔഗേന്റെ പുരാതനമായ ദയറായിൽ വച്ച് മത്തായി എന്ന പേരു മാറ്റി ഔഗേൻ എന്ന പേര് സ്വീകരിക്കുകയും ഉണ്ടായി.

അബ്ദുള്ളാ പാത്രിയർക്കീസ് സ്ഥാനാരോഹണം ചെയ്തു താമസിച്ചുവന്ന കുർക്കുമ ദയറായിലേക്ക് പോകുന്നവഴി തുറബ്ദീനിലെ മാർ അബ്രഹാമിന്റെ ആശ്രമത്തിൽ, തുർക്കി സുൽത്താനാൽ അധികാരപത്രം പിൻവലിക്കപ്പെട്ടശേഷം താമസിച്ചിരുന്ന സീനിയർ പാത്രിയർക്കീസ് അബ്ദൽ മശിഹായുടെ കൂടെ കുറച്ചുനാൾ പാർത്തു. പിന്നീട് മർദ്ദീനിൽ എത്തി മാർ അബ്ദുള്ളായെ കാണുകയും കുർക്കുമ ദയറായിൽ ഒൻപതുമാസം താമസിച്ചു സുറിയാനിഭാഷയിലുള്ള പല അമൂല്യഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുകയും ചെയ്തു. തുടർന്ന് പിന്നീട് പാത്രിയർക്കീസന്മാരായ മാർ ഏലിയാസ് തൃതീയൻ, മാർ അപ്രേം എന്നിവരെയും മറ്റും പരിചയപ്പെട്ടു. തുർക്കി സർക്കാരിന്റെ കീഴിലുള്ള സുറിയാനിക്കാരുടെ ശോചനീയമായ യഥാർത്ഥ ചിത്രം ചരിത്രപ്രസിദ്ധമായ ഒട്ടധികം

സ്ഥലങ്ങൾ സന്ദർശിച്ചു മനസ്സിലാക്കുന്നതിന് ഔഗേൻ ശെമ്മാശനെ സഹായിച്ചു. 1908-ൽ യറുശലേമിലുള്ള മാർ മർക്കോസിന്റെ ദയറായിൽ വച്ച് അന്ന് അധികാരത്തിലിരുന്ന അബ്ദുള്ളാ പാത്രിയർക്കീസ് ഔഗേൻ ശെമ്മാശ്ശനു റമ്പാൻസ്ഥാനം നൽകി. കശ്ശീശാ ആകുന്നതിനു മുമ്പുതന്നെ റമ്പാൻ സ്ഥാനം നൽകുന്ന പതിവ് മലങ്കരയിൽ നിലവിലിരുന്നില്ല.

തുറബ്ദീനിൽ താമസിക്കുന്ന കാലഘട്ടത്തിൽത്തന്നെ മലങ്കരസഭയുടെ ഭാവിയെപ്പറ്റി റമ്പാച്ചൻ കൂലങ്കഷമായി ചിന്തിക്കുകയും ദീർഘദൃഷ്ടിയോടുകൂടി മലങ്കരയിലെ സഭാനേതാക്കന്മാരിൽ ചിലരുമായി കത്തിടപാടുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭക്തനായിരുന്ന മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെപ്പറ്റിയും തന്ത്രശാലിയായിരുന്ന അബ്ദുള്ളാ പാത്രിയർക്കീസിനെപ്പറ്റിയും ഉള്ള യഥാർത്ഥ വിവരങ്ങൾ മലങ്കരയിലെ നേതാക്കൾക്ക് പ്രദാനം ചെയ്ത ഔഗേൻ റമ്പാച്ചൻ കാതോലിക്കാ സിംഹാസന സ്ഥാപനത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കാണ് വഹിച്ചതെന്ന് ഒരു പക്ഷേ പലരും മനസ്സിലാക്കിയിരിക്കുകയില്ല. അദ്ദേഹത്തിന്റെ കത്തുകളിലും, ലേഖനങ്ങളിലും, മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നതിന് അബ്ദുള്ളാ പാത്രിയർക്കീസ് എതിരാണെന്നും അബ്ദൽ മശിഹാ പാത്രിയർക്കീസ് അനുകൂലമാണെന്നും വ്യക്തമായി സൂചിപ്പിച്ചിരുന്നു.

മലങ്കരയിൽ തിരിച്ചെത്തിയശേഷം കോട്ടയം ചെറിയപള്ളിയിൽ വച്ച് സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഔഗേൻ റമ്പാച്ചനു കശ്ശീശാപട്ടം നൽകി. 1909-ൽ മലങ്കര സന്ദർശിച്ച അബ്ദുള്ളാ പാത്രിയർക്കീസിന്റെയും തന്റെ സ്നേഹിതനും സന്തതസഹചാരിയുമായ സ്ലീബാ മാർ ഒസ്താത്തിയോസിന്റെയും ദ്വിഭാഷിയായി ഔഗേൻ റമ്പാച്ചൻ സഞ്ചരിച്ചിരുന്നു. ഇതിനകം സമുദായാന്തരീക്ഷത്തിൽ തലയുയർത്തിയിരുന്ന വഴക്കിൽ തലയിടാതെ കഴിച്ചുകൂട്ടാൻ ഔഗേൻ റമ്പാച്ചൻ പരമാവധി പരിശ്രമിച്ചു.

മലങ്കരയിലെ ലൗകികാധികാരം ഏതു മാർഗ്ഗം സ്വീകരിച്ചും കൈക്കലാക്കാൻ ശ്രമിച്ചു പരാജയപ്പെട്ട അബ്ദുള്ളാ പാത്രിയർക്കീസു ബാവാ തിരിച്ചുപോയതിനെ തുടർന്ന് 1912-ൽ അബ്ദൽ മശിഹാ പാത്രിയർക്കീസു ബാവാ മലങ്കരയിൽ എത്തുകയും, മുൻപരിചയത്തെ മുൻനിർത്തി ഔഗേൻ റമ്പാച്ചൻ നിരണത്തു ചെന്ന് അബ്ദൽ മശിഹാ പാത്രിയർക്കീസിനെ സന്ദർശിക്കുകയും സ്വപിതാവിന്റെ ഗുരുവായ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി അവരോധിച്ച നിരണത്തെ ചരിത്രപ്രധാനമായ ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു. അന്നത്തെ പാത്രിയർക്കീസ് വിഭാഗത്തിൽപ്പെട്ടവർക്ക് ഈ നടപടിയിൽ ഔഗേൻ റമ്പാച്ചനോട് അതൃപ്തി തോന്നിയത്

സ്വാഭാവികമാണല്ലോ. അതിനു മുമ്പുതന്നെ ഔഗേൻ റമ്പാച്ചൻ ഒരു വിവാദപുരുഷനായി മാറിയിരുന്നു.

ഈ അവസരത്തിൽ മദ്രാസിലുണ്ടായിരുന്ന മലങ്കര സുറിയാനി സഭാംഗങ്ങളുടെ ആവശ്യത്തെ മുൻനിർത്തിയും പരേതനായ കെ. കെ. ലൂക്കോസ് ജഡ്ജിയുടെ ആഭ്യർത്ഥനയനുസരിച്ചും മദ്രാസിലെ ആംഗ്ലിക്കൻ പള്ളിയിൽ നമ്മുടെ ആരാധന നടത്തുന്നതിനു റമ്പാച്ചൻ അവിടെപ്പോയി. അങ്ങനെ ബാഹ്യകേരള ഭദ്രാസനത്തിൽ നമുക്ക് ഒരാരാധനാകേന്ദ്രം മുളച്ചു. ഇന്ന് വളർന്നു വികസിച്ച് മദ്രാസ് ഇടവക ഒരു ഭദ്രാസന കേന്ദ്രമായതിൽ ഔഗേൻ ബാവായുടെ ആത്മാവ് സന്തോഷിക്കുന്നുണ്ടാവും.

സുവിശേഷ പ്രവർത്തനം

മഹാനഗരമായ മദ്രാസിൽ അധികനാൾ തങ്ങാതെ മലങ്കരയിൽ തിരിച്ചെത്തിയ ഔഗേൻ റമ്പാച്ചൻ വടകരപ്പള്ളിയും സമീപസ്ഥലങ്ങളും തന്റെ സുവിശേഷ-വിദ്യാഭ്യാസ പ്രവർത്തന രംഗങ്ങളായി സ്വീകരിച്ചു. അവിടെയുള്ള താഴ്ന്ന ജാതിക്കാരുടെ ഇടയിൽ നന്മചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ച റമ്പാച്ചൻ സുവിശേഷ പ്രവർത്തനങ്ങളിലൂടെ ഒട്ടധികം കുടുംബങ്ങളെ ക്രിസ്തുസഭയിലേക്ക് ചേർത്തു. നൂറുകണക്കിന് അധഃകൃതർ സഭാതരുവിന്റെ ശീതളഛായയിൽ ആശ്വാസം കണ്ടെത്തിയിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശൻ ആരംഭിച്ച സ്ലീബാദാസസമൂഹം ഔഗേൻ റമ്പാച്ചന്റെ മഹത്തായ വേലയുടെ പിന്തുടർച്ചയാണെന്നു തന്നെ പറയാം. അധഃകൃതരുടെ മതം മാറ്റത്തെ സ്വാർത്ഥ താല്പര്യം മുൻനിർത്തി എതിർത്ത സവർണ്ണ ഹൈന്ദവരും സർ സി. പി. യുടെ സർക്കാരും സൃഷ്ടിച്ച പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനു സ്ലീബാദാസസമൂഹത്തെ പ്രാരംഭം മുതൽ സഹായിച്ചത് ഔഗേൻ റമ്പാച്ചനല്ലാതെ മറ്റാരുമായിരുന്നില്ല. സമൂഹക്കപ്പലിന്റെ 'നങ്കൂരം' എന്ന് സമൂഹം, ഔഗേൻ റമ്പാച്ചനെ വിശേഷിപ്പിച്ചിട്ടുണ്ട്. സഭയിൽ രണ്ട് വിഭാഗങ്ങൾ ശക്തമായി പ്രവർത്തിച്ചിരുന്ന കാലത്തും സമൂഹത്തിന് ധാർമ്മിക പിന്തുണ നൽകുകയും അതിന്റെ രക്ഷാധികാരിയായിരിക്കുകയും ചെയ്തത് മാർ ഔഗേൻ തീമോത്തിയോസ് തന്നെയാണ്. മെത്രാപ്പോലീത്തായുടെ സഹകരണം വടക്കൻ പ്രദേശങ്ങളിൽ സ്ലീബാദാസ സമൂഹപ്രവർത്തനം പെട്ടെന്ന് വ്യാപിക്കുന്നതിന് വളരെയധികം സഹായിച്ചുവെന്നത് ഒരു ചരിത്രസത്യമാണ്. സമൂഹത്തിന്റെ ആദ്യകാല വാർഷികയോഗങ്ങളിലെല്ലാം തുടർച്ചയായി അദ്ധ്യക്ഷത വഹിച്ചുകൊണ്ടിരുന്നതും ഔഗേൻ മാർ തീമോത്തിയോസ് തന്നെയാണ്. 1927-ൽ പള്ളിക്കരവച്ചു നടന്ന സ്ലീബാദാസ സമൂഹവാർഷികത്തിൽ ഒ. എം. ചെറിയാൻ പ്രസംഗകനായിരുന്നതുകൊണ്ട് തീമോത്തിയോസ് മെത്രാപ്പോലീത്താ

പോകരുതെന്ന് അന്ത്യോഖ്യാ പ്രതിനിധി നിരോധിച്ചുവെങ്കിലും അദ്ദേഹം പള്ളിക്കര സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. അദ്ദേഹത്തിന്റെ സുവിശേഷ താല്പര്യ പ്രവാഹത്തെ തടയാൻ ആർക്കും കഴിഞ്ഞില്ല. സ്ലീബാദാസ സമൂഹത്തിന്റെ എപ്പിസ്ക്കോപ്പൽ ഡിഫൻസ് ആയിരുന്നുകൊണ്ടു ചെയ്ത സേവനങ്ങൾ അദ്ദേഹത്തെ അനശ്വരനും ധന്യനുമാക്കിയെന്ന് സംശയലേശമെന്യേ പറയാം.

സഭയിൽ ചേരുന്ന അധഃകൃതരുടെയും മറ്റും അഭിവൃദ്ധിക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നുള്ള ചിന്തകൊണ്ടാണ് ഇക്കാര്യത്തിൽ ഒട്ടും താല്പര്യം ഇല്ലാതിരുന്ന വടകരയിലെ കുരിശിൻതൊട്ടി മൈതാനത്ത് ഒരു കെട്ടിടം നിർമ്മിച്ച് 1918-ൽ അദ്ദേഹം ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചത്. ഈ കെട്ടിടത്തിന്റെയും പിന്നീട് നിർമ്മിച്ച രണ്ടുനില കെട്ടിടത്തിന്റെയും പണിയിൽ ഔഗേൻ റമ്പാച്ചൻ അനുഷ്ഠിച്ച ത്യാഗങ്ങൾ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാക്കാൻ പ്രയാസമായിരിക്കും. വടകര സെന്റ് ജോൺസ് ഹൈസ്കൂളിന്റെ പ്രശസ്തനായ മുൻ ഹെഡ്മാസ്റ്റർ ചെമ്മങ്കുഴ സി. എസ്. സ്ക്കറിയാ കത്തനാർ തന്നെ അതേപ്പറ്റി പറയുന്നതു വായിക്കുക:

"വടകരെ വിശാലമായ ഒരു ദേവാലയം കണ്ടു റമ്പാച്ചൻ അവിടെ എത്തി. തന്റെ സഹപാഠികളായ തറയാനിൽ മത്തായി കത്തനാർ (ഇദ്ദേഹം തന്നോടൊന്നിച്ച് യറുശലേമിൽ പോയപ്പോൾ അവിടെവച്ച് ചരമം പ്രാപിച്ചു), കളിരാങ്കൽ പൗലോസ് കത്തനാർ, കുറ്റിപ്പാലയ്ക്കൽ യൗസേഫ് കത്തനാർ എന്നിവരുമായുള്ള സ്നേഹമാണ് അവിടേയ്ക്ക് ആകർഷിച്ചത്. ഈ പ്രദേശത്ത് വളരെയധികം പിന്നോക്ക സമുദായ പുലയർ ഉണ്ടായിരുന്നു. സുവിശേഷവേലയ്ക്ക് അതൊരു നല്ല വയലാണെന്നുകണ്ട് യജമാനന്മാരുടെയും സഹകരണത്തോടെ അവരുടെ വീടുകളിൽ കയറിയിറങ്ങി ഉപദേശിപ്പാൻ തുടങ്ങി. ആവശ്യമുള്ള സഹായികളെയും കിട്ടി. ഇരുനൂറിലധികം കുടുംബങ്ങൾ ഒന്നടങ്കം മാമോദീസാ കൈക്കൊണ്ടു. അവർക്ക് പള്ളികളിൽ നിന്ന് വസ്ത്രം കൊടുത്തു. വിവാഹവും പുരകൂദാശയും അച്ചന്മാരും റമ്പാച്ചനും നടത്തിക്കൊടുത്തു. പത്രോസ് മാർ ഒസ്താത്തിയോസിന്റെ പ്രവർത്തനവും താമസിയാതെ തുടങ്ങി. ഇവരെല്ലാം ഇപ്പോൾ നല്ല നിലയിൽ കഴിയുന്നു. ഇവർക്ക് പ്രത്യേകം പള്ളി വച്ച് മുന്നോക്ക സമുദായക്കാരുടെ പള്ളിയിൽ നിന്ന് മാറ്റിനിർത്തണമെന്ന് ഉണ്ടായ അഭിപ്രായത്തെ പാടേ നിഷേധിച്ചാണ് പ്രവർത്തിച്ചത്. പഴയ മാപ്പിളയുടെ മദ്യപാനം മാറാത്തതുപോലെ ഇവരുടെയും മാറിയില്ല. എന്നാൽ കള്ളുഷാപ്പിൽ വച്ച് പഴയ മാപ്പിളയോടൊപ്പം ഇരിക്കാൻ മടിച്ച പുതിയ മാപ്പിളയെ തന്റെ ഒപ്പം കുടിക്കാൻ അഭിമാനത്തോടെ വിളിച്ചു ബഞ്ചിൽ ഇരുത്തിയ രസകരമായ സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

പുതിയ പുതിയ തുറകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനല്ലാതെ നിഷ്ക്രിയനായി ഇരിക്കുക അസാദ്ധ്യമായിരുന്നു. വിദ്യാഭ്യാസരംഗം തെരഞ്ഞെടുത്തു. കോട്ടയത്തിനും ആലുവായ്ക്കും ഇടയ്ക്ക് ഇംഗ്ലീഷ് സ്കൂൾ ഒരിടത്തും തന്നെയില്ല. വടകരപ്പള്ളിയിൽ നിന്ന് കൂത്താട്ടുകുളത്ത് നടത്തിവന്ന ആംഗ്ലോ വെർനാക്കുലർ സ്കൂൾ ഗ്രാന്റായി നടത്താൻ വിഷമിച്ചു സർക്കാരിലേക്ക് വിട്ടുകൊടുത്ത കാലമായിരുന്നു. വടകരെത്തന്നെ ഒരു പ്രൈമറി പെൺപള്ളിക്കൂടം പണിതു സർക്കാരിനു കൊടുക്കാനുള്ള ശ്രമം പരാജയപ്പെട്ടും കിടന്നു. ഈ ചുറ്റുപാടിലാണ് റമ്പാച്ചൻ ഇംഗ്ലീഷ് സ്കൂൾ കാര്യം ആലോചിച്ചത്. പലരും നെറ്റിചുളുക്കി നിരാശ പ്രകടിപ്പിച്ചു. അവർ എത്രയധികം നിരാശ പ്രകടിപ്പിച്ചുവോ അത്രയും അധികം ആശയാണ് റമ്പാച്ചൻ പ്രത്യക്ഷപ്പെടുത്തിയത്. പള്ളിക്കടുത്ത് ഒരു സ്ഥലം കൊടുത്താൽ കെട്ടിടം അദ്ദേഹം തീർത്തുകൊള്ളാമെന്ന് പറഞ്ഞു. എല്ലാവരും സമ്മതിച്ചു. ഉടൻതന്നെ വടകരെയും സമീപത്തുള്ള പള്ളിക്കാരുടെ ഒരു ചെറിയ യോഗം വിളിച്ചുകൂട്ടി. അവർ സഹായം വാഗ്ദാനം ചെയ്തു. ഉടൻതന്നെ പണപ്പിരിവിനു വീടുതോറും നടന്നു. നെല്ലും പണവും തടിയും ശേഖരിച്ചു. റമ്പാച്ചൻ എത്ര ചെറിയ തുകയും സന്തോഷത്തോടെ സ്വീകരിച്ചു. നാലണ വരെ തന്നതു സ്വന്തം കൈപ്പടയിൽ കണക്കിൽ കാണാനുണ്ട്.

ഇങ്ങനെ പിരിവു നടത്തിക്കൊണ്ടിരിക്കവേയാണ് ഞാൻ അദ്ദേഹത്തെ വീണ്ടും കണ്ടുമുട്ടുന്നത്. ഞാൻ മിഡ്സമ്മർ അവധിക്കു വന്നപ്പോൾ എന്റെ മാതൃഭവനത്തിൽ എന്റെ മാതുലൻ മത്തായി കത്തനാരുമൊരുമിച്ചാണ് ഞാൻ കണ്ടത്. സ്കൂൾ കാര്യത്തെപ്പറ്റി എന്റെ അഭിപ്രായം ചോദിച്ചു. ഞാൻ വളരെ പ്രോത്സാഹജനകമായ മറുപടിയാണ് കൊടുത്തത്. ഞാൻ ആ സ്കൂളിൽ ഹെഡ്മാസ്റ്ററാകുമെന്നോർത്തല്ല ഞാൻ പറഞ്ഞത്. എന്റെ ലക്ഷ്യം, ഗുരു കെ. വി. ചാക്കോയുടെ നിർദ്ദേശമനുസരിച്ച് എം. ഡി. സെമിനാരിയായിരുന്നു. എന്നെപ്പോലെ പ്രോത്സാഹജനകമായ മറുപടി ആരിൽനിന്നും കിട്ടിയില്ലെന്നു സന്തോഷത്തോടെ അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ ഇങ്ങനെയുള്ള കാര്യങ്ങളിൽ അന്നും ഇന്നും ശുഭാപ്തി വിശ്വാസിയാണ്. ജനങ്ങളിൽ നാനാജാതിമതസ്ഥരിൽ നിന്ന് കിട്ടിയ തുകയും സാധനങ്ങളുംകൊണ്ട് മിഡിൽ സ്കൂൾ കെട്ടിടം വടകര പള്ളിമൈതാനത്ത് തീർത്ത് 1093 ഇടവത്തിൽ പ്രിപ്പാററ്ററി ക്ലാസ് തുടങ്ങി. എന്നെ ഹെഡ്മാസ്റ്ററായി നിയമിച്ചു. എന്നാൽ ബി.എ. യ്ക്ക് ഒരു വിഷയം കിട്ടാതിരുന്നതിനാൽ ഞാൻ വീണ്ടും തൃശ്ശിനാപ്പള്ളി എസ്. പി.ജി. കോളജിലേക്ക് പോയി. ഇവിടെ നിരണത്ത് മട്ടയ്ക്കൽ എം. ബി. നൈനാൻ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെട്ടു. അസിസ്റ്റന്റ് കൊശേരിൽ തോമസ് കത്തനാരും. ആശിച്ചതിലധികം കുട്ടികളുണ്ടായിരുന്നു. സ്കൂൾ

മാനേജരായി ഇരിക്കണമെന്ന് പള്ളിക്കാർ അപേക്ഷിച്ചതിനെ അദ്ദേഹം സ്വീകരിച്ചു. അധികാരത്തിനും പ്രതാപത്തിനും പണത്തിനും മോഹമില്ലായിരുന്നു. സ്കൂൾ കാര്യങ്ങൾ വേണ്ടപോലെ നടത്തിക്കൊള്ളാൻ കൊശേരിലച്ചനും ചൊള്ളമ്പേലച്ചനും മറ്റുമൊക്കെ അനുവാദം കൊടുത്തിട്ട് സ്വദേശത്തേക്കു പോയി. ഇടയ്ക്കിടെ ആവശ്യംപോലെ വന്നിരുന്നു.

1920-ൽ ബി.എ. പാസ്സായി. എന്റെ ഗുരുഭൂതനും സഹായിയും ആയിരുന്ന എം.ഡി. ഹെഡ്മാസ്റ്റർ കെ. വി. ചാക്കോ മാസ്റ്റർ അവിടംവിട്ടു പോകാൻ ആലോചിച്ചതിനാലും ഞാൻ തെക്ക് ജോലി സ്വീകരിക്കുന്നതിന് എന്റെ ആളുകൾക്ക് സമ്മതമില്ലാതിരുന്നതിനാലും എം.ഡി. ക്ക് പോകുന്ന കാര്യം ഉപേക്ഷിച്ചു. എന്നെ വടകരെത്തന്നെ സ്ഥിരം നിയമിച്ചു. ഭാഗ്യവശാൽ എന്നുതന്നെ പറയട്ടെ, മിഡിൽ സ്കൂൾ ഹൈസ്ക്കൂളാക്കണം എന്ന ആലോചന പിറ്റേവർഷം തന്നെ പ്രബലപ്പെട്ടു. റമ്പാച്ചൻ വീണ്ടും രംഗത്തിറങ്ങി. പള്ളിക്കാരുടെ യോഗം കൂടി. അയൽ പള്ളിക്കാരും സഹകരിക്കാമെന്നു പറഞ്ഞു. കൂത്താട്ടുകുളം - എറണാകുളം റോഡിനു സമീപം വടകരെ അതിമനോഹരമായ സൈറ്റുള്ള ഒരു ചെറിയ കുന്നിൻപുറം, നെൽപ്പാടത്തിനു തൊട്ട് ഏഴേക്കർ സ്ഥലം പള്ളിയിൽ നിന്ന് വിലയ്ക്കു വാങ്ങി. ഒരു പൂർണ്ണ ഹൈസ്ക്കൂൾ നടത്തുന്നതിന് ഒരു രണ്ടുനില കെട്ടിടം പണിയാൻ തുടങ്ങി. പള്ളിയിൽ നിന്നും പണം എടുത്തു. റമ്പാച്ചൻ പണവും നെല്ലും തടിയും പിരിച്ചു കെട്ടിടം തീർത്തു. ഇതിന് ആറേഴു വർഷം വേണ്ടിവന്നു. ഈ അവസരത്തിലാണ് റമ്പാച്ചന്റെ ശരീരാദ്ധ്വാന സന്നദ്ധത, ത്യാഗശീലം, പണപ്പിരിവിനുള്ള സാമർത്ഥ്യം മുതലായവ പൂർവ്വാധികം പ്രത്യക്ഷപ്പെട്ടത്. അമ്പതു നോമ്പു കാലമാണ് പിരിവിനുള്ള സമയം. അന്ന് എല്ലാവരുംതന്നെ വീടുകളിൽ കാണും. പണവും നെല്ലുമുള്ള അവസരം. ഭക്ഷണവും സൽക്കാരങ്ങളും സ്വീകരിക്കാൻ ഒക്കാത്ത നോമ്പ്. സമയനഷ്ടം കൂടാതെ വീടുതോറും സഞ്ചരിക്കാനുള്ള സൗകര്യം. അദ്ദേഹത്തിനു മൂന്നു മണിക്കു മാത്രം ലഘുഭക്ഷണം മതി. കൂടെ പോകുന്നവർ ആവശ്യമുണ്ടെങ്കിൽ അതൊക്കെ നേരത്തെ കഴിച്ചുകൊള്ളണം. അദ്ദേഹത്തിന്റെ പ്രോഗ്രാമിനു തടസ്സം വന്നു കൂടാ.

ഒരു വീട്ടിൽ ചെന്നാൽ അവിടെ പറമ്പിൽ നിൽക്കുന്ന എത്രയും വലിയ ആഞ്ഞിലിത്തടിയിൽ കണ്ണുവച്ച് അവിടെ എത്തും. 'അതു തരാൻ നിർബന്ധിക്കല്ലേ റമ്പാച്ചാ, അതിന്റെ അടുത്ത ചെറുതു വെട്ടിക്കോ' എന്ന് ഉടമസ്ഥൻ പറയും. ഉടനെ വെട്ടുകാരെ ഏർപ്പാടു ചെയ്തുകഴിഞ്ഞു. അടുത്തദിവസം അറക്കക്കാരും എത്തി. കുബേരകുചേല വ്യത്യാസം കൂടാതെ സകലരേയും സമീപിക്കും. ഇംഗ്ലീഷ് സ്കൂളിൽ ഫീസ് കൊടുത്തു പഠിപ്പിക്കാൻ അടുത്തകാലത്തെങ്ങും ശക്തിയില്ലാത്തവരെയും വിട്ടില്ല.

ഇങ്ങനെ വലിയ തടി തന്നെ വേണമെന്നു പറയുന്നതും തീരെ പാവപ്പെട്ടവരെ ഒഴിവാക്കാത്തതുമെന്താണെന്ന് ഞാൻ ഒരിക്കൽ ചോദിച്ചു. അത് പിരിവിന്റെ മനഃശാസ്ത്രമാണ്. വലിയത് ചോദിച്ചെങ്കിലേ ചെറുതു കിട്ടുകയുള്ളു. താരതമ്യേന പാവപ്പെട്ടവരിൽ നിന്ന് അധികം കിട്ടുകയുള്ളു എന്ന് പറഞ്ഞു. അതു ശരിയാണെന്ന് ഞങ്ങൾ പഠിച്ചു. ഒരു ദിവസം ഇരുപത്തിരണ്ടരയ്ക്ക് (3 മണി) വിശ്രമിച്ചു കരിക്കിൻവെള്ളമാണ് കഴിച്ചത്. ദേഹം കാഞ്ഞതിനാൽ വലിയ പരവേശം വന്നു വീണു. "ഞാൻ ഇപ്പോൾ മരിക്കും. എന്റെമേൽ കൈവെച്ചു പ്രാർത്ഥിക്ക" എന്ന് എന്നോടു പറഞ്ഞു. ഞാൻ പരിഭ്രമിച്ചുപോയി. ഉടൻതന്നെ അത്യാവശ്യത്തിന് മരുന്ന് ഒരു വീട്ടിൽനിന്ന് കിട്ടി. ആശ്വാസമായി. അറുത്ത ഉരുപ്പടികൾ വണ്ടിയിൽ കയറ്റുന്നതിന് ആൾ പോരാതെ വന്നാൽ അതിനു കൂടും. വണ്ടി വഴിയിലെ കുഴിയിൽ താണുപോവുക അക്കാലത്ത് പതിവാണ്. റോഡ് മെറ്റിലിട്ടതല്ല. അപ്പോൾ കാളവണ്ടിച്ചക്രം പിടിച്ചുവിടുന്നതിനു റമ്പാച്ചനാണ് മുമ്പൻ. കൊശേരിലച്ചനും കൂടും. ഞാൻ അതിൽ ശക്തനല്ല. റമ്പാച്ചന്മാർക്ക് ശരീരാദ്ധ്വാനം നിരോധിച്ചിട്ടില്ല എന്നു സമാധാനം പറഞ്ഞാണ് ചെയ്യുന്നത്. കെട്ടിടത്തിന്റെ വാനം താഴ്ത്തുന്നതിന് ആദ്യം കിളച്ചത് റമ്പാച്ചനാണ്. അതും കുറച്ചുനേരത്തേയ്ക്ക് ചെയ്തു.

സംഗതികൾ മുറയ്ക്ക് നടക്കണമെന്നല്ലാതെ ധനമോ പ്രതാപമോ സുഖമോ കീർത്തിയോ ആഗ്രഹിച്ചില്ല. 1928-ൽ ഹൈസ്ക്കൂളായി.

നേരത്തെ സ്വന്തമായി ഒരു ആശ്രമം ഉണ്ടാക്കാൻ ആഗ്രഹിക്കുകയും മലയാറ്റൂരിനു സമീപമുള്ള കോടനാട്ടു ചെട്ടിനട സീയോൻ ആശ്രമം സ്ഥാപിച്ച് അവിടെ താമസമാക്കുകയും ചെയ്തു. ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിച്ച പള്ളി ആ കിഴക്കൻ പ്രദേശത്ത് കുടിയേറിപ്പാർത്തവരുടെ ആരാധനാകേന്ദ്രമായി. പിന്നീട് ആശ്രമവും പള്ളിയും പുതുക്കിപ്പണിയുകയും മാർ ഔഗേൻ ഹൈസ്ക്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഇതിനുവേണ്ടി മാർ ഔഗേൻ കാതോലിക്കാബാവാ ഗണ്യമായ തോതിൽ സഹായിച്ചിട്ടുണ്ടെന്ന് പരേതനായ മാനേജരച്ചൻ ടി. സി. ജേക്കബ് ഈ ലേഖകനോട് മുമ്പൊരിക്കൽ പറഞ്ഞതായി ഓർക്കുന്നു. കൂടാതെ പിറവം സെമിനാരി മിഡിൽ സ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ എന്നിവയുടെ സ്ഥാപനത്തിലും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്നു.

മെത്രാപ്പോലീത്താ

കണ്ടനാട് ഭദ്രാസന ഇടവകയുടെ ഐകകണ്ഠ്യേനയുള്ള താല്പര്യപ്രകാരമാണ് യറുശലേമിലെ മാർ മർക്കോസിന്റെ ആശ്രമപള്ളിയിൽ വച്ച് 1927-ൽ ഔഗേൻ റമ്പാച്ചനെ തീമോത്തിയോസ് എന്ന പേരിൽ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ വാഴിച്ചത്.

മെത്രാൻ സ്ഥാനം ഏൽക്കുവാൻ ഔഗേൻ റമ്പാച്ചൻ ശീമയ്ക്കു പോയപ്പോൾ ഒരു രജിസ്റ്റർ ഉടമ്പടി കൊടുത്തു. മെത്രാൻസ്ഥാനം ഏൽക്കുന്നവർ രജിസ്റ്റർ ഉടമ്പടി വെയ്ക്കണമെന്ന ഒരു നിർബന്ധ പാരമ്പര്യം ഉള്ളതുകൊണ്ടാണ് ഉടമ്പടി എഴുതുന്നത് എന്നും, എന്നാൽ മലങ്കരസഭയുടെ ഉന്നമനത്തിനാവശ്യമായ സംഗതികൾ പ്രവർത്തിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനുമുള്ള തന്റെ സ്വാതന്ത്ര്യത്തിന് ഈ ഉടമ്പടി ബാധകമാവുകയില്ലെന്നും ഉടമ്പടിയിൽ ചേർത്തിരുന്നു. ഈ ഉടമ്പടി മെത്രാൻ സ്ഥാനത്തിന് തടസ്സവും താമസവുമുണ്ടാക്കി. Augen should be punished and returned എന്നു തിരുവല്ലയിൽ നിന്ന് ഒരു കമ്പി പാത്രിയർക്കീസിനു കിട്ടി. മാർ അപ്രേം (പിന്നീട് പാത്രിയർക്കീസ്) സേവേറിയോസുമായി സന്ദർഭവശാൽ കാതോലിക്കാസ്ഥാനത്തെക്കുറിച്ച് വാദത്തിൽ ഏർപ്പെടേണ്ടി വന്നു. കൂടെയുള്ള ചൊള്ളമ്പേലച്ചൻ നയത്തിൽ പെരുമാറി ബാവായുടെ ഇഷ്ടത്തിനൊത്ത് ഉടമ്പടി ഇംഗ്ലീഷിൽ ഒന്നെഴുതിക്കൊടുപ്പിച്ചു. നാട്ടിൽ വന്നപ്പോൾ അത് രജിസ്റ്ററാക്കണമെന്ന് അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസാവശ്യപ്പെട്ടതിനു വഴിപ്പെട്ടില്ല. അന്നുമുതൽ മാർ യൂലിയോസുമായി പിണങ്ങിയാണ് ജീവിച്ചത്.

നാട്ടിൽ തിരിച്ചെത്തിയശേഷം പിറവം സെമിനാരിയിൽ മെത്രാപ്പോലീത്താ താമസമാക്കി. ഭദ്രാസന അരമന പിറവത്ത് സ്ഥാപിക്കാനായി പിറവംപള്ളി അഞ്ചേക്കർ സ്ഥലം സൗജന്യമായി നൽകിയെങ്കിലും പല കാരണങ്ങളാൽ അരമനപണി നടന്നില്ല.

തുടർന്ന് ശ്രദ്ധതിരിച്ചത് മൂവാറ്റുപുഴയ്ക്കാണ്. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസ് (പിന്നീട് പ്രഥമ കാതോലിക്കാ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ) മൂവാറ്റുപുഴ പട്ടണത്തിന്റെ സമുന്നതമായ ഒരു ഭാഗത്ത് എം. സി. റോഡിനു തൊട്ടു വാങ്ങിച്ചിട്ടിരുന്ന സ്ഥലവും കെട്ടിടവും പാട്ടക്കാരിൽ നിന്ന് 1938–ൽ കൈവശപ്പെടുത്തി അവിടെയുണ്ടായിരുന്ന ചെറുകെട്ടിടത്തിൽ താമസമാക്കി. ആ പുരയിടം ആദായകരമാക്കിത്തീർത്ത്, അവിടെ ഇപ്പോൾ കാണുന്ന പള്ളി പണിയിച്ചു. ഓർത്തഡോക്സ് സുറിയാനിക്കാർക്ക് മൂവാറ്റുപുഴയിൽ ഒരു ആരാധനസ്ഥലം ഇങ്ങനെയുണ്ടായി. ഈ കാലത്ത് ചുരുക്കം ശെമ്മാശ്ശന്മാരും അവിടെവന്ന് താമസിച്ചു പഠിച്ചിട്ടുണ്ട്. അവരിൽ കാലം ചെയ്ത കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ്, അങ്കമാലി ഇടവകയുടെ മാർ തെയോഫിലോസ്, ഏബ്രഹാം മാർ ക്ലിമ്മീസ് എന്നിവരുടെ പേരുകൾ സ്മരണീയമാണ്.

കണ്ടനാട് ഭദ്രാസനത്തെ കുറെനാൾ ഭരിച്ച കൂറിലോസ് തിരുമേനി പിറവം സെമിനാരിക്കായി പതിപ്പിച്ചെടുത്തതും മെത്രാൻകൂപ്പെന്ന് അറിയപ്പെട്ടിരുന്നതുമായ മുന്നൂറിൽപ്പരം ഏക്കർ വിസ്തീർണ്ണമുള്ള ചേരിക്കൽ

ചാത്തമറ്റം പ്രദേശത്ത് കിടന്നിരുന്നു. ഇദ്ദേഹം ഭരണമേൽക്കുന്നതിനു മുമ്പുതന്നെ ആ വസ്തു പണയമായും പാട്ടമായും കൈയേറ്റമായും അന്യാധീനപ്പെട്ട് കൈവശക്കാരുടെ ദേഹണ്ഡത്തിൽ ആയിക്കഴിഞ്ഞിരുന്നു. ഒഴിപ്പിച്ചെടുക്കാൻ അസാദ്ധ്യമായി, എങ്കിലും 20 ഏക്കർ സ്ഥലം ഒഴിപ്പിച്ചെടുത്തു. ബ. ചെമ്മങ്കുഴ സ്ക്കറിയാ കത്തനാരുടെയും മറ്റും പരിശ്രമംകൊണ്ട് ഒരു റബ്ബർതോട്ടം തുടങ്ങി. സാമ്പത്തിക പരിമിതികൊണ്ട് വേണ്ടിടത്തോളം ശ്രദ്ധ അതിൽ പതിഞ്ഞില്ല. മൂവാറ്റുപുഴ താമസിക്കുന്ന കാലങ്ങളിൽ സമുദായവഴക്കു നിമിത്തവും മറ്റും സാമ്പത്തികമായും മറ്റു തരത്തിലും മെത്രാപ്പോലീത്താ വളരെ അധികം പ്രയാസം അനുഭവിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ താമസിച്ചിരുന്ന പഴയ കുടിൽ കെട്ടിടം കളഞ്ഞ് അവിടെ ഒരു അരമനക്കെട്ടിടം പണിയണമെന്ന് മെത്രാപ്പോലീത്തായ്ക്ക് ആഗ്രഹമുണ്ടായിരുന്നു. സമാധാനമുണ്ടായ ഉടൻ അതിനായിട്ടാണ് ശ്രമിച്ചത്. നിർഭാഗ്യവശാൽ അതിനാലോചിക്കാൻ കൂടിയ യോഗം പിരിച്ചു വിടേണ്ടിവരികയാണ് ചെയ്തത്. ജോയിന്റു മെത്രാച്ചന്റെ സഹകരണക്കുറവുകൊണ്ടുതന്നെ ഇതിൽ വളരെയധികം വേദനപ്പെട്ടു. ഒന്നും ചെയ്യാതെ എല്ലാം ഉപേക്ഷിച്ച് കോടനാട്ട് ആശ്രമത്തിൽ വിശ്രമിക്കണമെന്നുപോലും ചിന്തിച്ചു.

കുറച്ചുപേർ ധൈര്യം കൊടുത്തപ്പോൾ സന്തോഷമായി. പണപ്പിരിവിനു തെക്കൻ ഇടവകകളെയും സ്നേഹിതരെയും കണ്ടു. 31,000 രൂപ ചെലവുചെയ്ത് ഒന്നാം നില പണിയിച്ചു. രണ്ടാം നില പണിതു കിട്ടാൻ ആഗ്രഹിച്ചു. അതിന് ഇടവക മെത്രാപ്പോലീത്തായെ 9000 രൂപായുടെ താഴെപ്പറയുന്ന വസ്തുക്കളും, 3000 രൂപായും ഏല്പിച്ചു. തോട്ടം വിറ്റ് 26,000 രൂപയും, പിറവത്ത് അരമനപ്പറമ്പു വിറ്റ് 3000 രൂപായും ഇടവക മെത്രാപ്പോലീത്തായ്ക്ക് കിട്ടി. കണ്ടനാടിടവകയ്ക്കു വേണ്ടി ചെറായി ബാങ്കിൽ ചേർന്നിരുന്ന ചിട്ടിപ്പണത്തിൽ മൂവാറ്റുപുഴ അരമനപ്പറമ്പിൽ റോഡ്സൈഡിൽ പണിത കുരിശുംതൊട്ടിക്കും, അരമനക്കെട്ടിടത്തിനും, ചികിത്സകൾക്കും മറ്റ് ആവശ്യങ്ങൾക്കും ചെലവായതു കഴിച്ച് ബാക്കി 3000 രൂപ റെഡി ക്യാഷായിട്ട് മെത്രാപ്പോലീത്തായെ ഏല്പിച്ചു. ഒരു കൈമുതൽ ഇരിക്കട്ടെ എന്ന് ചിന്തിക്കുക സാധാരണമാണ്. എന്നാൽ മെത്രാച്ചൻ അങ്ങനെ ചെയ്തില്ല. കോട്ടയത്തുപോയി താമസം ഉറപ്പിച്ച കാലത്തും രണ്ടാംനിലയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരുന്നു. രണ്ടാംനില തീർന്നപ്പോൾ സന്തോഷിച്ച് അവിടെ വന്നു കണ്ടു തൃപ്തിപ്പെട്ടു. ഒന്നാം നില പണിതപ്പോൾ 1958-ൽ ഉണ്ടായ സമാധാനത്തെയും കെട്ടിടം പണിതതിനെയും മറ്റും അനുസ്മരിപ്പിക്കുന്ന ഒരു മാർബിൾശില അവിടെ വയ്ക്കണമെന്ന് ചിലർ പറഞ്ഞുവെങ്കിലും അങ്ങനെ പ്രശംസയൊന്നും

വേണ്ടെന്നുപറഞ്ഞ് അവരെ വിലക്കി. പക്ഷേ, ചെമ്മങ്കുഴ അച്ചൻ ശില യിൽ കാര്യങ്ങൾ കൊത്തിച്ചുവച്ചു. അതിൽ എഴുതിയിരിക്കുന്നതു താഴെ ചേർക്കുന്നു:

"To the Glory of God and in Jubilant memory of the mutual acceptance of the Patriarchate and the Catholicate on 16-12-1958, during the blessed period of H. H. the Patriarch of Antioch Moran Mar Ignatius Yakoob III, and H. H. the Catholicose of the East Moran Mar Baselios Gheevarghese II this Metropolitan Residence was erected by H. G. Augen Mar Themotheose Metropolitan of the Kandanad Diocese on this site earned by H. H. Moran Mar Baseliose Paulose I, the Catholicose of the East, first installed in India in 1912 and formerly H. G. Mar Ivaniose Metropolitan of happy memory of the Kandanad Diocese."

അരമനയിൽ ഒന്നാം കാതോലിക്കായുടെ എണ്ണഛായാപടവും, മാർ ഔഗേൻ ബാവായുടെ എണ്ണഛായാപടവും എഴുതിവച്ചിട്ടുണ്ട്. ഇപ്പോൾ പടങ്ങളും സ്ലാബും അവിടെ കാണുന്നില്ല. മൂവാറ്റുപുഴ ദീർഘനാൾ താമ സിച്ചതുകൊണ്ടും, അവിടെ മനോഹരമായ അരമനക്കെട്ടിടം താൻ തീർത്ത തുകൊണ്ടും, കാതോലിക്കാ ആയാൽത്തന്നെയും, അവിടം വിട്ടുപോ കാതെ ശിഷ്ടായുസ്സ് കഴിക്കണമെന്ന് ഒരു തോന്നൽ, എല്ലാവർക്കുമെ ന്നപോലെ മാർ തീമോത്തിയോസ് മെത്രാച്ചനും ഉണ്ടാകണമെന്ന് മാർ ഗീവറുഗീസ് ദ്വിതീയൻ ബാവാ വിചാരിച്ചു. അദ്ദേഹത്തിന്റെ കാലശേഷം കോട്ടയത്തുവന്നു കാതോലിക്കാമാരുടെ ഔദ്യോഗിക വസതിയിൽ ത്തന്നെ താമസിക്കണമെന്ന് മെത്രാച്ചനോടു പറയണമെന്ന് ഒരിക്കൽ ചെമ്മങ്കുഴ അച്ചനോട് കല്പിച്ചു. അച്ചൻ ആ വിവരം മെത്രാച്ചനെ അറി യിച്ചു. 'അച്ചനറിഞ്ഞുകൂടേ, എല്ലാം നന്നായിരിക്കണമെന്നല്ലാതെ, എനിക്ക് ഒന്നിനോടും പറ്റിപ്പിടിച്ചിരിക്കണമെന്ന സ്വഭാവമില്ലെന്ന്' എന്നു മറുപടി പറഞ്ഞു.

കോട്ടയത്ത് തിയോളജിക്കൽ സെമിനാരിയിൽ പ്രിൻസിപ്പാളായിരിക്കു മ്പോൾ പറഞ്ഞു: "ഞാൻ മൂവാറ്റുപുഴ നിന്നു പോന്നതു നന്നായി. കണ്ട നാടിടവകക്കാർ എന്നെ മറന്നത് ഒരു തരത്തിൽ ഗുണമായിട്ടുണ്ട്. ഇപ്പോൾ എന്റെ ശ്രദ്ധ ആർക്കും എത്തിപ്പെടാതെ കൈയെഴുത്തിൽ മാത്രം കിട ക്കുന്ന സുറിയാനി ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുന്നതിലാണ്. വളരെ മുമ്പേ ഞാൻ ആഗ്രഹിച്ചതാണ്. ഇപ്പോഴാണ് അതിനുള്ള സമയവും അച്ചടിപ്പി ക്കുന്നതിനുള്ള ആളുകളുമുണ്ടായത്." പെരുനാൾപടിയുള്ള പെൻകീസാ നമസ്ക്കാരത്തിനും, പിതാക്കന്മാരുടെ ഓർമ്മയ്ക്ക് ഉപയോഗിച്ചിരുന്നതും പണ്ഡിതന്മാരും ഭക്തന്മാരുമായ പിതാക്കന്മാർ രചിച്ചിട്ടുള്ളതും വേദവാക്യം കൊണ്ടും വർണ്ണനകൊണ്ടും പരിപുഷ്ടമാക്കപ്പെട്ടിട്ടുള്ളതുമായ

പ്രുമിയോൻ പ്രാർത്ഥനകൾ എത്രയും നല്ല മലയാള ഭാഷാശൈലിയിൽ പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചിട്ടുള്ളത് സാഹിത്യപരമായും സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ആരാധനയെല്ലാം മലയാളത്തിലാക്കിയിരിക്കുന്ന ഇക്കാലത്ത് മേൽപ്പറഞ്ഞ സുറിയാനിഗ്രന്ഥങ്ങളിലെ അതിവിശിഷ്ടവും പണ്ഡിതോചിതവുമായ ആശയങ്ങൾ പുറത്തുകൊണ്ടുവരുന്നതിന്, ആർക്കും കഴിവില്ലാതെയും മനസ്സില്ലാതെയും കിടന്ന് എന്നേക്കുമായി നഷ്ടപ്പെടാതിരിക്കുന്നതിനു മെത്രാച്ചൻ ചെയ്തിട്ടുള്ള സേവനങ്ങൾ വിലതീരാത്തവയാണ്. പാമ്പാക്കുട പരേതനായ മല്പാനച്ചൻ തർജ്ജമ ചെയ്തുവച്ചിരിക്കുന്ന പുതിയനിയമം പരിശോധിച്ച് അച്ചടിപ്പിച്ചു. തർജ്ജമ തന്നെയല്ല അദ്ദേഹം ചെയ്തിട്ടുള്ളത്. സ്വതന്ത്ര ഗ്രന്ഥങ്ങൾ തന്നെ എഴുതിയിട്ടുണ്ട്. മതോപദേശസത്യങ്ങൾ, മരണാനന്തരാവസ്ഥ, വിശുദ്ധ സുന്നഹദോസുകൾ മുതലായവ തന്നെ. വി. കുർബ്ബാനയുടെ ഹൂത്തോമാ, മാർ തോമ്മായുടെയും, മാർ ഗീവറുഗീസ് സഹദായുടെയും ഓർമ്മദിവസങ്ങളിലെ പെൻകീസാ നമസ്ക്കാരം ഇവ പദ്യത്തിൽത്തന്നെ പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചു. കണ്ടനാട് ഇടവകക്കാർ ഭൂരിപക്ഷവും ഉപേക്ഷിച്ചതും മൂവാറ്റുപുഴ വിട്ടതും ഉർവ്വശീശാപമുപകാരം എന്ന നിലയിൽ സഭയ്ക്കുപയോഗപ്പെടുകയാണ് ചെയ്തത്. മലങ്കരസഭയിൽ നിലവിലിരുന്ന ഭിന്നതകൾ അവസാനിപ്പിക്കാൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പല ശ്രമങ്ങൾ നടത്തി.

മാർ ഏലിയാസ് പാത്രിയർക്കീസ് മലയാളത്ത് എത്തിയപ്പോൾ ഉണ്ടായ ദീവന്നാസ്യോസ് തിരുമേനിയുടെ പരസ്പര സ്വീകരണ തത്ത്വത്തോട് യോജിച്ചുനിന്നു. പാത്രിയർക്കീസു ബാവാ കാലം ചെയ്തശേഷം നടന്ന പല സമാധാനാലോചനകളിലും പാലാമ്പടത്ത് തോമസ് വക്കീലിനോടൊത്ത് പങ്കെടുത്തു. ഒടുവിൽ ആലുവാ വട്ടമേശസമ്മേളനം നടത്തി. അന്തിമമായ ഒരു പരിശ്രമമായിരുന്നു അത്. ഇതോടുകൂടി പാത്രിയർക്കീസുപക്ഷത്തെ മെത്രാന്മാരുടെ കൂട്ടത്തിൽനിന്ന് ഒറ്റപ്പെട്ടു തുടങ്ങി. സമുദായക്കേസിൽ കാതോലിക്കാപക്ഷത്തിനനുകൂലമായി ശരിയായ കാനോൻ തെളിയിക്കുന്നതിനു ബ. കോനാട്ടു മാത്തൻ മല്പാന്റെ ശിഷ്യൻ ബ. കോതമംഗലത്ത് മാറാശ്ശേരിൽ ഇട്ടീരാ മല്പാൻ തന്റെ ശിഷ്യൻ ബ. കോനാട്ട് അബ്രഹാം മല്പാൻ എന്നിവരൊന്നിച്ച് മൊഴി കൊടുത്തു. പാമ്പാക്കുട നിന്ന് 700 കൊല്ലത്തിലധികം പഴക്കമുള്ള ശീമ കൈയെഴുത്തു കാനോൻ പുറത്തുവരുന്നതിനു പ്രേരണ നൽകിയത് ഇദ്ദേഹമാണ്. സംഗതികൾ ഇങ്ങനെ ദ്രുതഗതിയിൽ നീങ്ങി.

മൂവാറ്റുപുഴയിൽ താമസിക്കുന്ന കാലത്ത് 1942-ൽ അരമനയിൽ വച്ചു കണ്ടനാടു ഭദ്രാസന പൊതുയോഗത്തിന്റെ സാന്നിദ്ധ്യത്തിൽ മാർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ പരസ്യമായി സ്വീകരിച്ച്

ഓക്സിയോസ് പാടി. അതൊക്കെ ശാന്തമായും ഭംഗിയായും നടന്നെ ങ്കിലും ഭദ്രാസനത്തിൽ സമാധാനക്കുറവാണുണ്ടായത്. മിക്ക പള്ളിക ളിലും രണ്ടു കക്ഷികളുണ്ടായി. വ്യവഹാരങ്ങളും നടന്നു.

താമസിയാതെ കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസി പ്പാളായി അവിടെ താമസമാക്കി. കുറെ കഴിഞ്ഞ് തുമ്പമൺ ഇടവകയുടെ പുത്തൻകാവ് മാർ പീലക്സിനോസ് കാലം ചെയ്തപ്പോൾ ആ ഇടവക യുടെ മെത്രാപ്പോലീത്താ ആയി പത്തനംതിട്ടയിൽ താമസിച്ചു. 1953-ൽ കോട്ടയത്ത് നടത്തിയ മെത്രാൻ സ്ഥാനാഭിഷേകകർമ്മത്തിൽ പങ്കു കൊണ്ടു. അന്നാണ് മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ്, മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ വാഴിക്കപ്പെട്ടത്. ഇവർ എല്ലാവരും കാലംചെയ്തു പോയി. തുമ്പമൺ ഇടവകയുടെ ഭരണം ശക്തനായ ദാനിയേൽ മാർ പീലക്സിനോസ് ഏറ്റപ്പോൾ പത്തനംതിട്ട വിട്ടു മൂവാറ്റുപുഴയെത്തി. സമാ ധാനം കാണുവാൻ ഇടയായത് അപ്പോഴാണ്. 1958-ൽ സുപ്രീംകോടതി വിധിയുണ്ടാവുകയും താമസിയാതെ 1958 ഡിസംബർ 16-നു പാത്രിയർ ക്കീസും കാതോലിക്കായും തമ്മിൽ പരസ്പര സ്വീകരണം നടത്തി കത്തുകൾ കൈമാറുകയും ചെയ്തു. മനസ്സിനു വലിയ സമാധാനം ഉണ്ടായി. കണ്ടനാട് ഭദ്രാസനഭരണം ഒരു പ്രശ്നമായിത്തന്നെ നിലവി ലിരുന്നു. ചില വ്യവസ്ഥകൾ അനുസരിച്ച് മുന്നോട്ടു നീങ്ങാനുള്ള ശ്രമ ങ്ങളും വിജയിച്ചില്ല. അരമന പണിയാനുള്ള എതിർപ്പുകൾ കൂടുതൽ കൂടുതൽ ശക്തിയോടെ തള്ളിമാറ്റി ചെമ്മങ്കുഴ അച്ചന്റെ നേതൃത്വത്തിൽ അരമന പണി നടന്നു. ഇതിനിടെ ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായി ഏതാനും ആഴ്ചകൾ വെല്ലൂരിൽ താമസിക്കേണ്ടി വന്നു എങ്കിലും സുഖം പ്രാപിച്ചു തിരുമേനി മൂവാറ്റുപുഴയിൽ താമസിക്കുമ്പോൾ കാതോലിക്കാ യുടെ പിൻഗാമിയായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെടുകയാണു ണ്ടായത്.

പിറവം മർദ്ദനം

പുഷ്പശയ്യയെന്നു വിശേഷിപ്പിക്കപ്പെടുന്ന മെത്രാപ്പോലീത്താ സ്ഥാനം ഏറ്റശേഷം, ഔഗേൻ മാർ തീമോത്തിയോസിന്റെ യാത്ര മുള്ളുകൾ നിറഞ്ഞ വഴിയിലൂടെത്തന്നെയായിരുന്നു. മലങ്കരസഭാഭാസുരനായ വട്ട ശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായേക്കാൾ പ്രയാസങ്ങളും പീഡനങ്ങളും പലവട്ടം പട്ടിണിയും സഹിക്കേണ്ടി വന്നി ട്ടുണ്ട്.

സിറിയൻ ഓർത്തഡോക്സ് സഭയുമായി നല്ല ബന്ധം അഭംഗം തുട രണമെന്നാഗ്രഹിച്ച അദ്ദേഹം അവിടെനിന്നുള്ള നീതിരഹിതമായ പ്രതി

കരണങ്ങളിൽ അസന്തുഷ്ടനുമായിരുന്നു. എങ്കിലും സഭയിൽ സമാധാനം ഉണ്ടാക്കേണ്ടത് സഭയുടെ ഇന്ത്യയിലെ ദൗത്യവിജയത്തിനും ലക്ഷ്യത്തിനും അത്യന്താപേക്ഷിതമാണെന്നു കണ്ട മാർ തീമോത്തിയോസ് അടങ്ങിയിരുന്നില്ല. 1938-ൽ പാത്രിയർക്കീസു ഭാഗക്കാർ, പഴയ സെമിനാരിയിൽ താമസിക്കുന്ന ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്നു കൂടി അറിയപ്പെടുന്ന 'കല്ലാച്ചേരിൽ പുന്നൂസിനെ' ഒന്നാം പ്രതിയാക്കി കോട്ടയം ജില്ലാക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പാത്രിയർക്കീസിനു മാത്രം അവകാശപ്പെട്ട സ്ഥാനവും ചുമതലകളും കാതോലിക്കോസിനു നൽകുകയും ഒരു ഭരണഘടന ഉണ്ടാക്കി പ്രതികൾ പുതിയ സഭ സ്ഥാപിക്കുകയും ചെയ്തു എന്നായിരുന്നു അന്യായത്തിലെ പ്രധാന ആരോപണം. കേസു വാദം കേട്ട സ്പെഷൽ ജഡ്ജി ബി. കൃഷ്ണയ്യർ, യഥാർത്ഥ കാനോൻ, അബ്ദൽ മിശിഹായുടെ മുടക്ക് എന്നീ കാര്യങ്ങളിൽ മാർ യൂലിയോസ് മെത്രാപ്പോലീത്താ കൊടുത്ത മൊഴി കള്ളമാണെന്ന് സമർത്ഥിക്കുകയും അവയെ ഒരു മേല്പട്ടക്കാരന്റെ 'അവിശുദ്ധ പ്രവൃത്തി' എന്നു വിശേഷിപ്പിക്കുകയും ചെയ്തു. ഒരു കത്തിലെ തീയതിയും കാനോൻ സംബന്ധിച്ച തിരുത്തുമാണ് പരസ്യമായി മാർ യൂലിയോസിനെ കള്ളനെന്നു വീണ്ടും മുദ്രയടിക്കാൻ ഇടയാക്കിയത്.

അബ്ദൽ മിശിഹാ 1912-ൽ സ്ഥാപിച്ച കാതോലിക്കേറ്റ് സാധുവാണെന്ന് കാണിച്ച് ഔഗേൻ മാർ തീമോത്തിയോസ് പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയിൽ തീയതി സംബന്ധിച്ചുവന്ന ഒരു പരാമർശനമാണ് യൂലിയോസിനെ വെട്ടിലാക്കിയത്. 1943-ൽ ഉണ്ടായ കോട്ടയം കോടതിവിധി കാതോലിക്കാഭാഗത്തേക്ക് വളരെ അനുകൂലമായിരുന്നു. എന്നാൽ വിധിക്കു മുമ്പുതന്നെ ചില സമാധാനാലോചനകൾ നടന്നുകൊണ്ടിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് ആലുവായിലേത്. കാതോലിക്കാഭാഗത്തു നിന്ന് കെ. സി. ചാക്കോ ഇതിനുവേണ്ടി ശക്തമായ നീക്കങ്ങൾ നടത്തി. പാത്രിയർക്കീസുഭാഗത്ത് ഇതിനുവേണ്ടി അത്യധ്വാനം ചെയ്തത് ഔഗേൻ മാർ തീമോത്തിയോസ് ആയിരുന്നു. തൃക്കുന്നത്തു സെമിനാരിയിൽ പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാരും യു.സി. കോളജിൽ കാതോലിക്കാബാവായും കൂടെയുള്ള മെത്രാന്മാരും സമ്മേളിച്ചു. അന്ത്യോഖ്യൻ വിഭാഗത്തിനു ക്ഷീണം വരാത്ത രീതിയിൽ ആലോചനകൾ പുരോഗമിച്ചു.

പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പട്ടത്വത്തിനു പൂർണ്ണതയില്ലെന്ന് അന്ത്യോഖ്യൻ വിഭാഗത്തിലെ ഒരു വിഭാഗത്തിന്റെ നിലപാടിനെ മുൻനിർത്തി ഒരു പ്രത്യേക പ്രാർത്ഥന നടത്തി കാതോലിക്കാബാവായുടെ പട്ടത്വത്തിലെ 'കുറവ്' പരിഹരിക്കാമെന്നുള്ള

നിർദ്ദേശം അവസാനം സ്വീകരിക്കപ്പെട്ടു. ഔഗേൻ മാർ തീമോത്തിയോസ് കാതോലിക്കാബാവായോട് ഇതു സംബന്ധിച്ച് ഇങ്ങനെ പറഞ്ഞു. “സ്വർഗ്ഗത്തിൽ നിന്നു ദൈവപുത്രൻ മനുഷ്യരുടെ രക്ഷയെ കരുതി ഭൂമിയിൽ അവതരിച്ചു മനുഷ്യവർഗ്ഗത്തെ സ്ഥിരമായ ശാപത്തിൽ നിന്ന് മോചിപ്പിച്ചു. അതുപോലെ അങ്ങ് മാർ അത്താനാസ്യോസിന്റെ മുമ്പിൽ തല കുനിച്ചു സമാധാനം ഉണ്ടാക്കണം. എനിക്ക് അങ്ങയുടെ പട്ടത്വത്തെപ്പറ്റിയോ അബ്ദേദ് മശിഹായുടെ പട്ടത്വത്തെക്കുറിച്ചോ ഒട്ടും സംശയമില്ല. പട്ടത്വത്തിന്റെ സാധുത്വത്തെപ്പറ്റി ചോദിക്കുന്നതിൽ കഴമ്പുമില്ല.” ബാവായെ ഔഗേൻ മാർ തീമോത്തിയോസ് അറിയിച്ചു.

ഔഗേൻ മാർ തീമോത്തിയോസിന്റെ ആത്മാർത്ഥത നിറഞ്ഞ ന്യായവാദം യോജിപ്പിനും സമാധാനത്തിനുംവേണ്ടി കാതോലിക്കാബാവാ അംഗീകരിച്ചു. സന്ദർഭത്തിനൊത്തുയർന്ന അദ്ദേഹം തൃക്കുന്നത്തു സെമിനാരിയിൽ എത്തി. പാത്രിയർക്കീസ് അയച്ച ഒരു പ്രാർത്ഥന ചൊല്ലി ‘പട്ടത്വക്കുറവ്’ പരിഹരിക്കാനാണ് ബാവാ ചെന്നിരിക്കുന്നത് - രോമം കത്രിക്കുന്നവന്റെ മുമ്പിൽ കുഞ്ഞാടുപോലെ - പട്ടംകൊടയിലെ വാചകമില്ലെങ്കിലും പരിശുദ്ധാത്മ നൽവരത്തെപ്പറ്റി ആ പ്രാർത്ഥനയിൽ പരാമർശിച്ചിരുന്നു. ബാവായും കൂടെയുള്ള മെത്രാന്മാരും സ്വീകരണ പ്രാർത്ഥനയിൽ പങ്കെടുക്കണമെന്ന് ആദ്യം വ്യവസ്ഥ ചെയ്തു എങ്കിലും കാതോലിക്കാബാവാ മാത്രം പ്രാർത്ഥനയിൽ സംബന്ധിച്ചശേഷം അദ്ദേഹം മറ്റുള്ളവർക്ക് സ്വീകരണ പ്രാർത്ഥന ചൊല്ലിയാൽ മതിയെന്ന് ഒടുവിൽ എല്ലാവരും സമ്മതിച്ചു. ഇതെല്ലാം രാത്രിയിൽതന്നെ വലിയ പരസ്യം കൂടാതെ നടത്താമെന്നും കരുതി. എന്നാൽ ബാവാ തൃക്കുന്നത്തു സെമിനാരിയിൽ ചെന്നപ്പോഴേക്കും സത്യം അറിയാമായിരുന്ന മാർ യൂലിയോസ് സ്ഥലം വിട്ടിരുന്നു. പൗലൂസ് മാർ അത്താനാസ്യോസ് ആകട്ടെ തനിച്ചു സ്വീകരണപ്രാർത്ഥന ചൊല്ലാൻ തയ്യാറായുമില്ല. അങ്ങനെ ദൈവഹിതത്തിനെതിരായ നീക്കം വിജയിച്ചില്ല.

താൻ നേതൃത്വം കൊടുത്ത സമാധാനശ്രമം വിജയത്തിന്റെ വക്കിൽ എത്തിയശേഷം തകർന്നതിൽ കുണ്ഠിതനായ ഔഗേൻ മാർ തീമോത്തിയോസ് സമാധാനശ്രമങ്ങളെപ്പറ്റിയും പാത്രിയർക്കീസുഭാഗത്തെ ചതിയെപ്പറ്റിയും കണ്ടനാട് പള്ളിപ്രതിപുരുഷയോഗത്തിൽ വിവരിച്ചശേഷം കാതോലിക്കാബാവായെ സ്വീകരിച്ചു. സഭയുടെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനം കൂടിയേ തീരൂ എന്ന് അദ്ദേഹം സമർത്ഥിച്ചു. അങ്ങനെ അദ്ദേഹവും ഭദ്രാസനവും 1942 ഒക്ടോബർ 7-ന് കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ വന്നു. മറുപക്ഷത്തിന്റെ എതിർപ്പും തന്ത്രങ്ങളും മൂലം ഭദ്രാസനത്തിലെ മിക്ക പള്ളികളും ഇടയനെ തള്ളിപ്പറഞ്ഞു. പ്രതികൂല സാഹചര്യങ്ങൾ തിരമാലകൾപോലെ ആഞ്ഞടിച്ചു.

പക്ഷേ, ആഴത്തിൽ വേരോടിയ ആ വടവൃക്ഷം മറിഞ്ഞുവീണില്ല. ഇതേത്തുടർന്നാണ് കുപ്രസിദ്ധമായ പിറവം മർദ്ദനം ഉണ്ടായത്.

കാതോലിക്കേറ്റിന്റെ കീഴിൽവന്നശേഷം മൂവാറ്റുപുഴയിലെ ഒരു ഷെഡ്ഡിൽ താമസിച്ച തീമോത്തിയോസ് തിരുമേനിയെ ആപൽഘട്ടത്തിൽ ഭദ്രാസനത്തിലെ ചുരുക്കം ചില പള്ളികൾ മാത്രമാണ് സഹായിച്ചത്. യാമപ്രാർത്ഥനകളിലും നോമ്പിലും ഉപവാസത്തിലും നിന്നു വ്രതനിഷ്ഠനായ തിരുമേനിയുടെ ദൃഢനിശ്ചയത്തിൽ നിന്നും മാറ്റാൻ ആർക്കും കഴിഞ്ഞില്ല. ഒരിക്കൽ തന്റെ മാതൃസഹോദരീപുത്രനായ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴയിൽ വന്ന് വളരെയധികം വാഗ്ദാനങ്ങൾ നൽകി മാർ തീമോത്തിയോസിനെ പാത്രിയർക്കീസ് പക്ഷത്തേക്കു തിരിച്ചുപിടിക്കാൻ നടത്തിയ ശ്രമങ്ങൾ ഒന്നും ഫലിച്ചില്ല.

മാനുഷിക മൂല്യങ്ങൾക്ക് അന്യനും മലങ്കരയിലെ പിളർപ്പിന്റെ കപ്പിത്താനുമായിരുന്ന മാർ യൂലിയോസിനു പിടികിട്ടാതിരുന്ന രണ്ടു മേല്പട്ടക്കാരായിരുന്നു മാർ തീമോത്തിയോസും കൊച്ചി ഇടവകയുടെ മാർ സേവേറിയോസും. 1958-നു ശേഷമാണ് മാർ സേവേറിയോസ് കാതോലിക്കേറ്റിന്റെ കീഴിൽ വന്നത്. മൂലക്കല്ലായിരുന്നപ്പോൾ റോമാ സഭയിലേക്ക് ക്ഷണിക്കാൻ ചിലർ എത്തി സ്ഥാനമാനങ്ങൾ നീട്ടി, തത്വദീക്ഷയില്ലാതെ പ്രതിജ്ഞകൾ കാറ്റിൽ പറത്തി ഓർത്തഡോക്സ് സഭ വിട്ട് റോമാ സഭയിൽ ചേർന്ന ചീരാത്തോട്ടം ഫാ. സി. എ. ഏബ്രഹാം, ഫാ. റ്റി. വി. ജോൺ (യു.സി. കോളജ്), ഫാ. വി. സി. ഗീവറുഗീസ് (ആലുവ) എന്നിവർ ഉൾപ്പെടുന്നു. മൂവാറ്റുപുഴ നിർമ്മലാ കോളജിന്റെ മുൻ പ്രിൻസിപ്പൽ ഫാ. മൂത്തേടം ലക്ഷ്യപ്രാപ്തിക്കായി ചില കത്തുകൾ അയച്ചിരുന്നു. തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസും സഭാപരിവർത്തനത്തിനായി ശ്രമിച്ചിട്ടുണ്ട്. പ്രലോഭനങ്ങൾ മൂവാറ്റുപുഴ ആറു പോലെ പെരുകി എങ്കിലും ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിന്റെ ഘാതകനാകാൻ പാറപോലെ ഉറച്ചുനിന്ന അദ്ദേഹം തയ്യാറായില്ല. മലങ്കരയിൽ സഭ സ്ഥാപിച്ചതു മാർത്തോമ്മാ ശ്ലീഹായാണെന്നും ഇതര സഭകൾക്ക് അതിന്മേൽ അധികാരമില്ലെന്നും കിഴക്കിന്റെ അപ്പസ്തോലനും പ്രഥമ മെത്രാനും മാർത്തോമ്മായാണെന്നും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്ന മാർ തീമോത്തിയോസ്, റോമാ സഭയുടെ നാണയങ്ങളും സ്ഥാനമാനങ്ങളും തൃണവൽഗണിച്ചു. സത്യവിശ്വാസവും തത്ത്വങ്ങളും, മിന്നുന്ന നശ്വരമായ നാണയങ്ങളുടെ മുമ്പിൽ കൂടുതൽ ശോഭിക്കുമെന്നു സ്വയം കാണിച്ചുകൊടുത്ത തിരുമേനി കൂടുതൽ പ്രകാശിക്കുകയായിരുന്നു.

മാർ ഔഗേൻ ബാവായുടെയും തദ്വാര മലങ്കരസഭയുടെയും ചരിത്രത്തിലെ കറുത്ത ഒരദ്ധ്യായമാണ് പിറവം സംഭവം. പ്രബുദ്ധമായ പിറവം

വലിയപള്ളി ഇടവകയ്ക്ക് മായിച്ചുകളയാനാവാത്ത ഒരു കളങ്കമാണത്. ആ "ഇരുട്ടറവധം" മൂലം പ്രതികൾ ലോകത്തിന്റെ ദൃഷ്ടിയിൽ അപമാനിതരായി. ദൈവകോപം അവരുടെമേൽ ചൊരിഞ്ഞു. ഇന്നും തുടരുന്നു. അടികൊണ്ട ആൾ അഗ്നികുണ്ഡത്തിലെ കനകംപോലെ ശോഭിച്ചു.

ഔഗേൻ ബാവായെ ഒരു 'സഹദാ'യുടെ പദവിയിലേക്കുയർത്തിയ ഈ മർദ്ദനത്തിന്റെ യഥാർത്ഥ ചിത്രം ഇതുവരെയും വരമൊഴിയായി വന്നിട്ടില്ലാത്തതുകൊണ്ട് സംഭവസ്ഥലത്തുചെന്ന് ഈ മർദ്ദനത്തിന്റെ ദൃക്സാക്ഷികളായ ചിലരിൽ നിന്ന് ശേഖരിച്ച യഥാർത്ഥ വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. യഹോവയുടെ അഭിഷിക്തന്റെ മേൽ മേലിൽ ആരും എത്ര തന്നെ പ്രലോഭനം ഉണ്ടായാലും കൈവെയ്ക്കാതിരിക്കുന്നതിന് ഈ സംഭവവിവരണം സഹായിക്കുമെന്നു പ്രതീക്ഷിക്കുകയാണ്.

1942. കണ്ടനാട് പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. ആ യോഗ തീരുമാനപ്രകാരം ഔഗേൻ മാർ തീമോത്തിയോസ് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായെ സ്വീകരിച്ചതിനെ തുടർന്നുള്ള പെസഹാ വ്യാഴാഴ്ച രാത്രിയാണ് യേശുക്രിസ്തുവിനെപ്പോലെ തീമോത്തിയോസ് മെത്രാപ്പോലീത്തായും സ്വന്തജനങ്ങളാൽ അധിക്ഷേപിക്കപ്പെടുകയും കൈയേറ്റം ചെയ്യപ്പെടുകയും ഉണ്ടായത്.

കണ്ടനാട് ഭദ്രാസനം വക പിറവം സെമിനാരിയിലാണ് അന്ന് മെത്രാപ്പോലീത്താ താമസിച്ചുവന്നത്. പെസഹാ ശുശ്രൂഷകൾ സെമിനാരിയിൽ നടത്തിയശേഷം തിരുമേനി വിശ്രമിക്കുകയായിരുന്നു.

അന്ന് പിറവം പള്ളിയിൽ ഒരു കമ്മിറ്റിയോഗം ഉണ്ടായിരുന്നു. പിറവം ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ആലപ്പാട്ട് ഡീക്കൻ എൻ. എം. തോമസ് സിറിയൻ സ്റ്റുഡന്റ് കോൺഫറൻസ് സെക്രട്ടറിയായി സേവനം ചെയ്യാൻ രണ്ടു വർഷത്തെ അവധിയിൽ സ്കൂൾ വിട്ടതിനെ തുടർന്ന് അസിസ്റ്റന്റിനെ ചുമതല ഏല്പിച്ചു. എന്നാൽ സ്കൂൾ മാനേജരായിരുന്ന ഒരു വൈദികൻ മറ്റൊരു വിവാദ വ്യക്തിയെ മറ്റാരോടും ആലോചിക്കാതെ ഹെഡ്മാസ്റ്ററായി നിയമിച്ചു. ഇതേപ്പറ്റി പള്ളിക്കമ്മിറ്റിയിൽ ചോദ്യമുണ്ടായപ്പോൾ മാനേജരായിരുന്ന അച്ചൻ ഇങ്ങനെ പറഞ്ഞു: "ഞാൻ സ്കൂളിൽ ചെന്നപ്പോൾ അവിടെ ഹെഡ്മാസ്റ്റർ ഇല്ലായിരുന്നു. അതുകൊണ്ട് ഞാൻ ഒരാളെ നിയമിച്ചു.'' ഒച്ചപ്പാടുകൾക്കു ശേഷം മെത്രാൻ കക്ഷിക്കാർ ഇറങ്ങിപ്പോയി. കമ്മിറ്റിയിൽ ബാവാകക്ഷിക്കാർക്കായിരുന്നു ഭൂരിപക്ഷം. അവർ അവർക്കിഷ്ടമുള്ള തീരുമാനങ്ങൾ എടുത്തശേഷം കമ്മിറ്റി പിരിഞ്ഞു.

കക്ഷിമത്സരത്തിന്റെ ശക്തി കൂടിവന്ന ആ ഘട്ടത്തിൽ പിറവം ടൗണിലെ ചില പ്രമുഖ വ്യക്തികൾ മെത്രാൻ ഭാഗത്തും മറ്റു ചിലരും

പാഴൂർ-കക്കാടുകര പ്രമാണിമാരും ബാവാഭാഗത്തുനിന്ന് പള്ളിക്കാര്യങ്ങൾ അവർക്കിഷ്ടമുള്ള രീതിയിൽ തിരിച്ചുവിടാൻ യത്നിച്ചുകൊണ്ടിരുന്നു. ബാവാകക്ഷിഭാഗത്തെ വികാരിയും ട്രസ്റ്റിമാരും ആണ് പള്ളിഭരണം നിർവ്വഹിച്ചുവന്നത്. ഈ പശ്ചാത്തലത്തിലാണ് സെമിനാരിയിൽ താമസിച്ചുകൊണ്ടിരുന്ന ഔഗേൻ മാർ തീമോത്തിയോസിനെ പള്ളിയിലേക്ക് കൊണ്ടുവരുന്നതിനു മെത്രാൻ കക്ഷിയിൽപ്പെട്ടവർ ഉത്സാഹിച്ചത്. തിരുമേനി പള്ളിയിൽ എത്തുന്നതുകൊണ്ടുള്ള പ്രയോജനവും വിവരിക്കപ്പെട്ടത്രെ. പള്ളിയിലേക്ക് പോകുന്നതിനു മുമ്പ് കാതോലിക്കാ കക്ഷിയിലെ രണ്ടു വൈദികരും തിരുമേനിയുടെ സാന്നിദ്ധ്യത്തിലേക്ക് ആനയിക്കപ്പെട്ടു. വല്യച്ചനായ ആലപ്പാട്ട് മത്തായി കത്തനാരും എരുമപ്പെട്ടി തോമസ് കത്തനാരും 'പള്ളിയിലേക്ക് പോകേണ്ടതുണ്ടോ' എന്ന അഭിപ്രായം അറിയിക്കാൻ എത്തിയപ്പോഴേക്കും തിരുമേനി ചുവന്നകുപ്പായം ധരിച്ചു തയ്യാറായി നിന്നിരുന്നു. തന്നിമിത്തം അച്ചൻ എതിരൊന്നും പറയാതെ തിരുമേനിയെ അനുഗമിച്ചു.

അന്നു പിറവം പ്രദേശത്ത് ലഭ്യമായിരുന്ന മാസ്റ്റർ മോട്ടോഴ്സ് വക ബസ്സ് സെമിനാരിയിൽ എത്തി. മെഴുകുതിരി കത്തിച്ചുപിടിച്ച സണ്ടേസ്ക്കൂൾ കുട്ടികൾ പള്ളിയിലേക്കുള്ള റോഡിന്റെ ഇരുവശങ്ങളിലും അണിനിരന്നു. പള്ളിവരെയുള്ള അഞ്ചു ഫർലോംഗ് ദൂരം ബസ്സിൽ സഞ്ചരിച്ചു; ലളിതമെങ്കിലും ആഘോഷിത സമന്വിതമായ സ്വീകരണം. പള്ളിയിൽ ഉണ്ടായിരുന്ന മറുകക്ഷിയിലെ ഇടവകവികാരി ഉൾപ്പെടെയുള്ള വൈദികർ തിരുമേനി പള്ളിയിൽ കയറി ലുത്തിനിയാ പ്രാർത്ഥന, സന്ധ്യാനമസ്ക്കാരം എന്നിവ നടത്തിയപ്പോൾ അതിലും സഹകരിച്ചു.

കമ്മിറ്റിയിൽ ഭൂരിപക്ഷമുള്ള ബാവാകക്ഷിക്കാർ പിറവത്തെ ചില പൗരമുഖ്യരുടെ നേതൃത്വത്തിൽ നടന്ന സ്വീകരണത്തിൽ പങ്കെടുക്കുകയോ തത്സമയം പ്രതിഷേധശബ്ദം ഉയർത്തുകയോ ചെയ്തിരുന്നില്ല. എങ്കിലും തിരുമേനി പള്ളിയിൽ എത്തിയ വിവരത്തെപ്പറ്റി അവർ പരസ്പരം രഹസ്യമായി ചർച്ച ചെയ്യുകയും കൂടുതൽ ആളുകളെ തങ്ങളുടെ ആലോചനയിൽ പങ്കെടുപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ബാവാകക്ഷി വൈദികർ തിരുമേനി വിശ്രമിക്കുന്നതുവരെയും പള്ളിയിൽ ഉണ്ടായിരുന്നു. രാത്രിയിൽ അവർ അവിടെനിന്നു പോകരുതെന്ന് സ്വീകരണം നൽകിയവർ പറഞ്ഞുവെങ്കിലും അവർ സ്ഥലം വിടുകയാണുണ്ടായത്. മെത്രാൻഭാഗത്തെ വല്യച്ചനും വീട്ടിൽ പോയി.

കൊച്ചച്ചനായ എരുമപ്പെട്ടിൽ തോമസ് കത്തനാരും ഏതാനും ശെമ്മാശ്ശന്മാരും സ്വീകരണം നൽകിയ കൂട്ടത്തിലെ ചില ചെറുപ്പക്കാരും പള്ളിയിൽത്തന്നെ ഉണ്ടായിരുന്നു. പ്രശാന്തമായ രാത്രി. മൂവാറ്റുപുഴ ആറിന്റെ

വിരിമാറിൽ നിന്നു പൊങ്ങിയ ഇളംതെന്നൽ പള്ളിപ്പുരയിടത്തിലെ തെങ്ങിൻതോപ്പിനെ തഴുകി കടന്നുവന്നതു മാത്രമേ ആ ശാന്തതയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തിയിരുന്നുള്ളൂ. കഷ്ടാനുഭവ ആഴ്ചയായിരുന്നതിനാൽ ഒട്ടധികം ഭക്തജനങ്ങളും വരാന്തയിലും പള്ളിയകത്തും മറ്റും ധ്യാനനിരതരായും ഉറങ്ങിയും കഴിഞ്ഞുകൂടിയിരുന്നു.

"ഓശാനയെ" അനുസ്മരിപ്പിക്കുന്ന തിരുമേനിയുടെ പള്ളിപ്രവേശനം ഒട്ടും ഇഷ്ടപ്പെടാത്തവരുടെ അനുഭാവികൾ രാത്രിയിൽ അവർക്ക് ഭൂരിപക്ഷമുള്ള പാഴൂർ, കക്കാടു കരകളിൽ കയറി ഇറങ്ങി പള്ളിയിൽ "കള്ളൻ കയറി" എന്നും മറ്റും പറഞ്ഞ് ചില മുട്ടാളന്മാരെ പള്ളിയിലേക്ക് ആകർഷിച്ചു.

ഭിന്നതയെന്യേ കണ്ടനാട് ഭദ്രാസനം ഭരിച്ചിരുന്ന കാലത്ത്, അനുസരണക്കേടിനു മെത്രാപ്പോലീത്താ മുടക്കിയ ഒരു യുവ വൈദികൻ തുടർന്നു റീത്തിൽ ചേർന്നുവെങ്കിലും തന്റെ വൈരാഗ്യം തീർക്കാനായി ബാവാ കക്ഷിക്കാരുടെ ഗൂഢശ്രമങ്ങൾക്ക് സകല പിന്തുണയും നൽകിക്കൊണ്ടിരുന്നുവത്രേ. സംഘടിപ്പിക്കപ്പെട്ടവർ ടൗൺ ഷാപ്പുടമയായ പള്ളിപ്രമാണിയുടെ ഉപദേശവും തേടി. പൂട്ടിക്കഴിഞ്ഞിരുന്ന കള്ളുഷാപ്പിൽ നിന്ന് കള്ളു കൊണ്ടുവന്ന് ഷാപ്പുടമയുടെ വീട്ടിൽ വച്ച് മുട്ടാളന്മാർക്ക് നൽകപ്പെട്ടു. റീത്തിൽ ചേർന്ന വൈദികൻ തലയിൽ ഒരു കെട്ടുകെട്ടി മുട്ടാളന്മാരെ പള്ളിപ്പടിവരെ അനുയാത്ര ചെയ്തത്രെ. തിരുമേനിയെ "കുടിയിറക്കാൻ" വന്ന സംഘത്തിൽപ്പെട്ട ചിലർ പാഴൂരെ ഒരു വീട്ടിൽ നിന്ന് വെട്ടിയെടുത്ത ഒടിയാത്തതും വേണ്ടത്ര വിളയാത്തതുമായ കാപ്പിവടികളും കരുതിയിരുന്നു.

അർദ്ധരാത്രിയിൽ സംഘം പള്ളിയിൽ എത്തുമ്പോൾ അവിടെ ആരും ഉണർന്നിരുന്നില്ല. പള്ളിയിൽ ഭജനക്കാരുടെ മദ്ധ്യേ വച്ചിരുന്ന പെട്രോമാക്സ് വിളക്ക് ആരോ തല്ലിത്തകർത്തു. മെത്രാപ്പോലീത്തായുടെ മുറിക്കു മുൻവശം ഉറങ്ങിക്കിടന്ന കൊച്ചച്ചനും ശെമ്മാശ്ശന്മാരും ഉണർത്തപ്പെട്ടു. തിരുമേനി കിടന്നുറങ്ങിയ മുറി ബലമായി തള്ളിത്തുറന്നു. നിദ്രയിലാണ്ടിരുന്ന തിരുമേനിയുടെ തോളിൽ പിടിച്ച് ആരോ കുലുക്കി. അദ്ദേഹം ഞെട്ടി ഉണർന്നു. തിരുമേനിക്ക് പള്ളിമുറിയിൽ എത്താനുള്ള അവകാശവും മറ്റും ചോദ്യം ചെയ്യപ്പെട്ടു. ഉടൻ സ്ഥലം വിട്ടില്ലെങ്കിൽ സംഗതി വഷളാകുമെന്നും മറ്റും അവർ പറഞ്ഞു ഭീഷണിപ്പെടുത്തി. ഒട്ടും എതിർപ്പു കൂടാതെ തിരുമേനി മുറി വിടാൻ തയ്യാറായി. ചെരുപ്പു പോലും എടുക്കാതെ പുറത്തിറങ്ങി. സംഘത്തിന്റെ ഭീഷണിയും നിഘണ്ടുവിൽ ഇല്ലാത്ത വാക്കുകളുടെ വർഷവും തുടർന്നപ്പോൾ തിരുമേനി പള്ളിയുടെ തെക്കേ മുറ്റത്തേയ്ക്കിറങ്ങി. കിഴക്കോട്ടു സാവധാനത്തിൽ നടന്നു നീങ്ങി. പരിചിതരെ തിരിച്ചറിയാൻ കഴിയുംവിധം നിലാവുണ്ട്. സംഘത്തിൽ ഒരു

വിഭാഗം തിരുമേനിയെ അനുഗമിച്ചു. മറ്റു ചിലർ കൊച്ചച്ചനെ പിടികൂടി ഒന്നു കൊടുത്തു. കൂടുതൽ അടി കിട്ടുമെന്നുറപ്പായ എരുമപ്പെട്ടിലച്ചൻ ഓടിരക്ഷപ്പെട്ടു. സ്ഥലപരിചയമില്ലാത്ത ശെമ്മാശ്ശന്മാർ അടികൊണ്ടു പുളഞ്ഞ് ലക്ഷ്യമില്ലാതെ ഓടി.

പള്ളിയുടെ കിഴക്കുവശം നടയിറങ്ങവേ തൊട്ടുപിമ്പിലുണ്ടായിരുന്ന വരെ തിരുമേനിക്കറിയാമായിരുന്നു. നടയിറങ്ങുമ്പോൾ ഒരാൾ തിരുമേനിയെ ഒന്നാഞ്ഞടിച്ചു. പുറത്തുതന്നെ കാപ്പിവടി പ്രയോഗിക്കപ്പെട്ടു. വികാരവിവശനായി തിരിഞ്ഞുനോക്കുമ്പോൾ പിമ്പിലുണ്ടായിരുന്ന ആളിനെ തിരുമേനിക്കു മനസ്സിലായി. അക്കാര്യം പിന്നീട് തിരുമേനി വെളിപ്പെടുത്തിയിട്ടുണ്ട്.

തിരുമേനിയെ മർദ്ദിച്ച സംഭവത്തെപ്പറ്റി അന്ന് 100 വയസ്സുള്ള ആലപ്പാട്ട് മത്തായി അച്ചൻ ഈ ലേഖകനോട് 1976 മെയ് 7-ാം തീയതി വെള്ളിയാഴ്ച സ്വഭവനത്തിൽ വച്ച് പറഞ്ഞതിപ്രകാരമാണ്. “തിരുമേനി പള്ളിയിലേക്ക് പോകുന്നകാര്യത്തിൽ എനിക്ക് മനസ്സിൽ തൃപ്തിയില്ലായിരുന്നു. വേണ്ടാ എന്നു പറയണമെന്നു വിചാരിച്ചു സെമിനാരിയിൽ ചെന്നപ്പോൾ തിരുമേനി ചുവന്ന കുപ്പായവും ധരിച്ചു പള്ളിയിലേക്ക് പോകാൻ ഒരുങ്ങി നിൽക്കുന്നതായിട്ടാണ് കണ്ടത്. അപ്പോൾ എതിരു പറയാതെ ഞാനും സഹകരിച്ചു. അവിടെ അപ്പോൾ ഇരുനൂറോളം പേരുണ്ടായിരുന്നു എന്നാണ് ഓർമ്മ. രാത്രി എട്ടു മണിയോടുകൂടി ഞങ്ങൾ പള്ളിയിൽ എത്തി. പ്രാർത്ഥന കഴിഞ്ഞ് തിരുമേനിയെ തിരിച്ചു സെമിനാരിയിലാക്കണമെന്നായിരുന്നു ഞാൻ ഉദ്ദേശിച്ചത്. ഞാൻ നിർബന്ധിച്ചപ്പോൾ തിരുമേനി അതിനു സമ്മതിക്കുകയും ചെയ്തു. പക്ഷേ, ഒരു മോട്ടോർ വാഹനം കൊണ്ടുവരാൻ ചെന്നപ്പോൾ അതിനു ഡ്രൈവർ ഇല്ലായിരുന്നു. മാസ്റ്റർ ബസ്സ് സർവ്വീസ് നടത്തുന്ന കുര്യാക്കോസിനോടു ബസ്സ് കൊണ്ടുവരാൻ പറഞ്ഞു. അപ്പോഴേക്കും സമയം വളരെ വൈകിപ്പോയിരുന്നു. എന്റെ കുപ്പായം വിയർത്തു നനഞ്ഞതുകൊണ്ടും എനിക്ക് വളരെ ക്ഷീണം തോന്നിയതുകൊണ്ടും കുളിച്ച് വസ്ത്രം മാറി പള്ളിയിൽ തിരിച്ചെത്തണമെന്ന ആഗ്രഹത്തോടെ ഞാൻ വീട്ടിലേക്കു പോയി. അതിനു മുമ്പുതന്നെ അവിടെ നിന്നവരോടു “മക്കളേ, നിങ്ങൾ പോകുവിൻ, ഞാൻ വെളുപ്പിനെ നമസ്ക്കാരം കഴിഞ്ഞു പൊയ്ക്കൊള്ളാം” എന്നു തിരുമേനി പറഞ്ഞിരുന്നു.

ഞാൻ വീട്ടിൽ ചെന്നപ്പോൾ ഒരു വൈദികൻ വിരുന്നുകാരനായിട്ടുണ്ടായിരുന്നു. കുളിയും കഞ്ഞികുടിയും കഴിഞ്ഞു തെറുത്തുവച്ചിരുന്ന കിടക്ക നിവർക്കാതെ അതിൽ ചാരിക്കിടന്ന് സംസാരിക്കവെ ഞാൻ ഉറങ്ങിപ്പോയി. വെളുപ്പിന് അഞ്ചു മണിക്ക് ആരോ വന്ന് എന്നെ വിളിച്ചുണർത്തി പള്ളിയിലെ സംഭവമൊന്നും അറിഞ്ഞില്ലേ എന്നു ചോദിച്ചു.

മർദ്ദനവിവരം പറഞ്ഞു. സംഭ്രാന്തനായ ഞാൻ നേരെ സെമിനാരിയിൽ ചെന്നു തിരുമേനിയെ കണ്ടപ്പോൾ തിരുമേനിയുടെ കണ്ണിൽനിന്നു കണ്ണു നീർ വീഴുന്നുണ്ടായിരുന്നു. ഞാൻ കാലിൽ കുമ്പിട്ട് തിരുമേനിയെ നമ സ്ക്കരിച്ചു. ഉടൻതന്നെ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ഇത്താക്ക് വൈദ്യനെ വരുത്തി തിരുമേനിക്കു വേണ്ട ചികിത്സ നൽകി. "ഈ കാര്യ ങ്ങൾ എഴുതി രേഖയാക്കി വയ്ക്കേണ്ടതുണ്ടോ" എന്ന ചോദ്യത്തോടെ യാണ് അച്ചൻ സംഭവം മങ്ങാത്ത ഓർമ്മയിൽനിന്നു വിവരിച്ചത്. "നട ന്നത് എഴുതേണ്ടത് ഭാവിതലമുറയ്ക്കു വേണ്ടിയാണ്" എന്നു പറഞ്ഞ് ഞാൻ അച്ചന്റെ കൈമുത്തി. യാത്ര പറയുമ്പോൾ "അധികം കിടക്കാതെ അങ്ങ് കടക്കണമെന്ന പ്രാർത്ഥനയേ എനിക്കുള്ളൂ" എന്ന് പ്രത്യാശാ നിർഭരമായ ജീവിതം നയിക്കുന്ന ഉത്തമനായ ആ വല്യച്ചൻ എന്നോട് പറഞ്ഞു.

സെമിനാരിയിൽ എത്തിയശേഷം തിരുമേനിക്ക് കുഴമ്പും എണ്ണയും തിരുമ്മും എല്ലാം ലഭിച്ചു എങ്കിലും അസഹനീയമായ വേദന ഏതാനും ദിവസം അനുഭവിക്കേണ്ടി വന്നു. കാപ്പിവടിയുടെ നീളത്തിലുള്ള രണ്ടു പാടുകളും ഇടിച്ചതെന്നു കരുതപ്പെടുന്ന ഒരു പാടും സദാ കുപ്പായം ആഛാദനം ചെയ്തിരുന്ന ആ വിമലശരീരത്തിൽ ഏതാനും ആഴ്ചകൾ മായാതെ കിടന്നിരുന്നു. നേരംവെളുത്തു ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ യിൽ സംബന്ധിക്കാൻ വന്നവർ തിരുമേനിയുടെ വേദനയിലും പങ്കു കൊണ്ടു.

തിരുമേനി ദുഃഖവെള്ളിയാഴ്ചത്തെ ദീർഘമായ ശുശ്രൂഷകൾ വേദന സഹിച്ചു നടത്തി. ഇടയ്ക്കു ചെയ്ത പ്രസംഗത്തിൽ കഴിഞ്ഞ രാത്രി യിലെ സംഭവത്തെപ്പറ്റി ഒരക്ഷരംപോലും പറഞ്ഞുമില്ല.

ഏതാനും ദിവസങ്ങൾക്കകം 31 പേരെ പ്രതി ചേർത്തു കോട്ടയം കോട തിയിൽ ഫയൽചെയ്ത കേസിൽ കോട്ടയം പോലീസ് സൂപ്രണ്ട് ഇടപെ ടുകയും പ്രതികൾ ജാമ്യത്തിലിറങ്ങുകയും ചെയ്തു. ഇത്തരം ഒരു കേസ് നടന്നതുകൊണ്ട് സഭയ്ക്കുതന്നെ നേരിടാവുന്ന ക്ഷീണത്തെ മുൻനിർ ത്തിയായിരിക്കണം, ആ കേസ് മന്ദീഭവിപ്പിക്കുകയോ പിൻവലിക്കപ്പെടു കയോ ചെയ്തു എന്നാണ് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞത്.

ദൈവത്തിന്റെ അഭിഷിക്തനായ മെത്രാപ്പോലീത്തായെ മർദ്ദിക്കുന്ന തിനും അധിക്ഷേപിക്കുന്നതിനും കൂട്ടുനിന്നവർക്കെല്ലാം തക്കതായ ശിക്ഷ മുകളിൽനിന്നു ലഭിച്ചു എന്നതാണ് ഈ സംഭവത്തിലെ ചിന്താർഹമായ ഒരു വസ്തുത. കാപ്പിവടി വെട്ടിയെടുത്ത പാഴൂരുള്ള വീട്ടിലെ ഏകപുത്രൻ മുറ്റത്തുനിന്നു താഴേയ്ക്ക് വീഴുകയും വടി മുറിച്ചെടുത്ത കുറ്റി വയറ്റിൽ കൊണ്ടുണ്ടായ മുറിവിനെത്തുടർന്ന് അന്നുതന്നെ ആശുപത്രിയിൽ വച്ച്

മരിക്കുകയും ചെയ്തു എന്നത് ഒരു സത്യമാണ്. വടി പ്രയോഗിച്ച ആളിന്റെ മർമ്മഭാഗത്തുണ്ടായ പഴുപ്പ് വർഷങ്ങൾക്കുശേഷം സകുടുംബം തിരുമേനിയെ കണ്ട് മാപ്പിരന്നശേഷമാണ് കരിഞ്ഞതെന്നും അറിയുന്നു. റീത്തിൽ ചേർന്ന വൈദികനും ഷാപ്പുകാരൻ പ്രമാണിക്കും അംഗവൈകല്യം സംഭവിച്ച സന്തതികൾ ഉണ്ടായി. വിളക്ക് തെളിച്ചവർക്കും ആളുകളെ വിളിച്ചുകൂട്ടിയവർക്കും എല്ലാം പലവിധത്തിൽ അർഹിക്കുന്ന ശിക്ഷ ലഭിച്ചതായും അറിയാം. പിന്നീട് തിരുമേനി പിറവം പള്ളിയിൽ എത്തിയിട്ടുള്ളപ്പോഴെല്ലാം ചിലർ തിരുമേനിയെ കണ്ടു തങ്ങളുടെ ബന്ധപ്പെട്ടവർ ചെയ്ത ദുഷ്കൃത്യത്തിനു മാപ്പു ചോദിക്കുക പതിവായിരുന്നു. തന്നെ മർദ്ദിച്ചതിൽ തനിക്ക് പരിഭവം ഇല്ലെന്നും അവർ ആലോചിക്കാതെ ചെയ്തതാണെന്നും താൻ അതെല്ലാം ക്ഷമിച്ചുവെന്നും പിറവം പള്ളിയിൽ വച്ചു തന്നെ മെത്രാപ്പോലീത്താ ഒരിക്കൽ പരസ്യമായി പ്രസ്താവിച്ചു. ഈ സംഭവത്തെപ്പറ്റി ചിലർ സാഭിമാനം ആലുവായിലെ മാർ അത്താനാസ്യോസ് മെത്രാച്ചനെ നേരിട്ട് അറിയിച്ചപ്പോൾ അവരോട്, "യഹോവയുടെ അഭിഷിക്തനെ കൈവച്ചവരാരും എന്റെ മുറിയിൽ നിൽക്കരുത്, പുറത്തുകടക്ക്" എന്ന് അദ്ദേഹം പറഞ്ഞു.

ഈ സംഭവത്തെപ്പറ്റി പിൽക്കാലങ്ങളിൽ ആരോടെങ്കിലും പറയുന്നതിനോ ആരോടെങ്കിലും പകവച്ചു പുലർത്തുന്നതിനോ ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടമായിരുന്ന പ. ഔഗേൻബാവാ ഉത്സുകനായിരുന്നില്ല. ഈ സംഭവം അദ്ദേഹത്തെ സഭയ്ക്കുവേണ്ടിയുള്ള ഒരു സഹദായായി മാറ്റി എന്നതാണ് ചരിത്ര സത്യം.

പിറവം സംഭവത്തെപ്പറ്റി ദുഃഖിച്ച വ്യക്തികളിൽ ഒരാളായ മങ്കിടിയിൽ ഉതുപ്പു വർക്കി ഔഗേൻ ബാവായുടെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി, തിരുമേനിയെ നടത്തിക്കൊണ്ടുപോയ വഴിയുടെ മദ്ധ്യഭാഗത്ത് കാൽ ലക്ഷം രൂപാ ചെലവാക്കി പുതുക്കിപ്പണിത മനോഹരമായ കുരിശുംതൊട്ടി പ. ഔഗേൻ ബാവാ 1970 ഡിസംബർ 24-ന് കൂദാശ ചെയ്തു.

കാതോലിക്കാ സിംഹാസനം

മലങ്കരസഭയുടെ സ്വാതന്ത്ര്യം, പുരോഗതി എന്നിവയുടെ പ്രതീകം എന്നു വിശേഷിക്കപ്പെടുന്ന കാതോലിക്കാ സിംഹാസനത്തെപ്പറ്റി പല തെറ്റിദ്ധാരണകളും ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. മലങ്കരസഭയിൽ ഭിന്നിപ്പില്ലാതിരുന്ന കാലത്തു തന്നെ പ്രമുഖരായ നേതാക്കൾ ആവശ്യപ്പെടുകയും പാത്രിയർക്കീസുബാവായോടു ന്യായവാദം നടത്തുകയും ചെയ്തുതുടങ്ങിയ ഒരു വിഷയമാണ് കാതോലിക്കാ സ്ഥാപനം. പഴയ പാത്രിയർക്കീസുപക്ഷത്തെ സുധീരമായി നയിച്ചിരുന്നവരിൽ ഏറ്റവും പ്രമുഖസ്ഥാനം ഉണ്ടായിരുന്ന കോനാട്ട് മാത്തൻ മല്പാൻ, സഭയിൽ

ഭിന്നതകൾ ആരംഭിക്കുന്നതിനു മുമ്പ് സഭയുടെ വൈദിക ട്രസ്റ്റിയായിരുന്നു. കാതോലിക്കാസ്ഥാപനം മലങ്കരയിൽ സ്ഥാപിച്ചുതരണമെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം പാത്രിയർക്കീസു ബാവായ്ക്ക് എഴുതിയ കത്ത് പ്രസിദ്ധമായ ഒരു ചരിത്രരേഖയാണ്.

നൂറ്റാണ്ടുകളായി തിഗ്രീസിൽ നിലനിൽക്കുകയും പിന്നീട് അസ്തമിച്ചുപോകുകയും ചെയ്ത കാതോലിക്കാ സ്ഥാപനം പുനർജീവിപ്പിക്കണമെന്നു പണ്ഡിതനായ മല്പാനച്ചൻ സമർത്ഥമായ വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ പാത്രിയർക്കീസുബാവായോട് ആവശ്യപ്പെടുകയാണുണ്ടായത്. ഇതെല്ലാം കഴിഞ്ഞാണ് സഭയിൽ, സഭാംഗങ്ങൾ ആഗ്രഹിക്കാത്ത ഭിന്നതകൾ ഉണ്ടായത്. മലങ്കരസഭ കാതോലിക്കാ സ്ഥാപനത്തിനുവേണ്ടി ആഗ്രഹിച്ചത് ഭിന്നതയുടെ പശ്ചാത്തലത്തിലാണെന്നുള്ള വാദത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നതിനുവേണ്ടിയാണ് മല്പാനച്ചന്റെ എഴുത്തിനെപ്പറ്റി പരാമർശിച്ചത്. കക്ഷിവ്യത്യാസമെന്യേ സഭയിലെ നേതാക്കൾ ദർശനം കാണുകയും സഭ വിലമതിക്കുകയും ചെയ്ത കാതോലിക്കാ സിംഹാസനത്തെക്കുറിച്ച് ഇന്നു മലങ്കരയിലുള്ള സകലർക്കും അഭിമാനം തോന്നേണ്ടതാണ്. ഈ സിംഹാസനത്തെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും പ്രതിഷേധം ഉണ്ടായിരുന്നു എങ്കിൽത്തന്നെ അത് 1964-ൽ പാത്രിയർക്കീസുബാവാ മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തോടും സഹകരണത്തോടും ഔഗേൻ ബാവായെ കാതോലിക്കായായി അവരോധിച്ചപ്പോൾ അപ്രത്യക്ഷമായിക്കാണണം. അന്ത്യോഖ്യൻ സുറിയാനിസഭയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടു പാത്രിയർക്കീസന്മാർ ഉണ്ടാകുകയും ഒരാൾ അപരനെ അധികാരത്തിൽ നിന്നു നീക്കുകയും മറ്റും ചെയ്ത കാര്യങ്ങൾ ആധുനിക സഭാചരിത്ര സംഭവങ്ങളാണ്. അബ്ദേദ് മശിഹാ, അബ്ദുള്ളാ എന്നീ രണ്ടു പാത്രിയർക്കീസുമാരുടെ കൂടെ ദീർഘകാലം ജീവിക്കുകയും അവരെ ശരിക്കു മനസ്സിലാക്കുകയും ചെയ്ത ഔഗേൻ റമ്പാച്ചൻ കാതോലിക്കാ സിംഹാസന സ്ഥാപനത്തിനുവേണ്ടി നിലകൊണ്ട ഒരാളാണെന്ന വസ്തുത അന്നേ പലർക്കും അറിയാമായിരുന്നു. ഭക്തനായ സീനിയർ പാത്രിയർക്കീസ് അബ്ദേദ് മശിഹാ മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിക്കുന്നതിന് അനുകൂലമുള്ള ആളാണെന്ന് ഔഗേൻ റമ്പാച്ചൻ പല നേതാക്കൾക്കും എഴുതിയിരുന്നു. ഈ എഴുത്തുകൾ അബ്ദേദ് മശിഹായെ ക്ഷണിച്ചുവരുത്തുന്നതിനു വളരെ സഹായിച്ചു എന്നു പ്രത്യേകം പറയേണ്ടതില്ല. 1912-ൽ നിരണം പള്ളിയിൽ വച്ചു കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കായായി അബ്ദേദ് മശിഹാ പാത്രിയർക്കീസു വാഴിച്ചു (ഇങ്ങനെ വാഴിച്ചതു അനധികൃതമാണെന്നു പറഞ്ഞവരാണ് കണ്ടനാട് ഇടവക

യുടെ പൗലോസ് മാർ പീലക്സിനോസിനെ 1975-ൽ പാത്രിയർക്കീസ് ബാവാ ആരും അറിയാതെ അധികാരരഹിതനായ ബദൽ കാതോലിക്കാ യായി വാഴിച്ചപ്പോൾ പൗലൂസ് ദ്വിതീയൻ എന്ന പേരു സ്വീകരിച്ചത്). അതായത് മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കായുടെ വാഴ്ച ശരി യാണെന്നു പഴയവാദമുഖങ്ങൾ എല്ലാം ഉപേക്ഷിച്ചുകൊണ്ട് എതിർ ഗ്രൂപ്പു കാർ സമ്മതിച്ചിരിക്കുന്നു!

മലങ്കരയിലെ പ്രഥമ കാതോലിക്കായെ വാഴിച്ചശേഷം ഈ സ്ഥാപനം അബ്ദേദ് മശിഹാ പാത്രിയർക്കീസ് എക്കാലവും നിലനിൽക്കത്തക്ക വണ്ണം അധികാരപ്പെടുത്തിയിട്ടുള്ള കല്പന സഭയ്ക്കു നൽകി.

പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം കാതോലിക്കായ്ക്കും ഉണ്ടെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് കാതോലിക്കാ സ്ഥാനാരോഹണത്തെ ത്തുടർന്ന് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:

“നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ, ഇന്ന് ഇവിടെ നടന്നിട്ടുള്ളതായ കർമ്മം എത്രയും മഹത്തരമായ ഒരു ദിവ്യശുശ്രൂഷയാകുന്നു. നിങ്ങളുടെ പിതാക്കന്മാർ കാണുന്നതിന് ആഗ്രഹിച്ചിരുന്നിട്ടു കാണാതിരുന്നതായ ഒരു സംഭവമാണ് ഇന്നു നടന്നിട്ടുള്ളത്.

മലങ്കരയുള്ള നമ്മുടെ സഭ നമ്മുടെ കർത്താവേശുമിശിഹായുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്. ഇവിടെ എല്ലാക്കാലത്തും അപ്പോ സ്തോലിക കൈവെപ്പ് എന്നേക്കും നിലനിൽക്കത്തക്കവിധത്തിൽ മാർ ത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനു ദൈവം സംഗതിയാക്കിയിരിക്കുന്നു.

മെത്രാൻസ്ഥാനം സ്വീകരിക്കുന്നതിനായി തുർക്കി രാജ്യം വരെ ഇവിടെ നിന്ന് ഇനിമേലിൽ ആളുകൾ പോകേണ്ട ആവശ്യമില്ല. ഇപ്പോൾ അഭി ഷേകം ചെയ്യപ്പെട്ടിരിക്കുന്ന കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ കിഴക്കിന്റെ കാതോലിക്കായായി പൂർവകാലത്തു സെലൂക്യയിൽ ഭരിച്ചുവന്ന കാതോലിക്കായുടെ അനന്തരഗാമിയായി മോറാൻ മാർ ബസേലിയോസ് എന്ന പേരോടുകൂടി വാഴിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ദീർഘായുസ്സോടിരിക്കട്ടെ. ഇദ്ദേഹത്തെക്കുറിച്ചു നിങ്ങൾക്കും നിങ്ങളോടിദ്ദേഹത്തിനും ഹൃദയപൂർവമായ സ്നേഹവും ഇദ്ദേഹത്തിന്റെ ഭരണം മൂലം മലങ്കരസഭയ്ക്കു പൂർവാധികം ശ്രേയസ്സും ഉണ്ടാകുമാറാ കട്ടെ.

കാതോലിക്കായ്ക്ക് വേണ്ടുംവണ്ണമുള്ള സർവ ബഹുമാനങ്ങളും

ഇദ്ദേഹത്തോടു നിങ്ങൾ കാണിക്കണം. ഇദ്ദേഹത്തെ അനുസരിക്കുകയും ഭക്തിപുരസ്സരം നിങ്ങൾ സ്മരിക്കുകയും ഇദ്ദേഹത്തിൽനിന്ന് അപ്പോസ്തോലിക അനുഗ്രഹങ്ങൾ പ്രാപിക്കുകയും വേണം. ഇദ്ദേഹത്തിന്റെ കാലശേഷം ഇവിടെയുള്ള മെത്രാപ്പോലീത്തന്മാർക്കു തന്നെ യോജിച്ച് ഒരു കാതോലിക്കായെ അഭിഷേകം ചെയ്യുന്നതിന് അധികാരമുള്ളതാണ്. മലങ്കരസഭ എന്നേക്കും സ്വതന്ത്രമായി നിലനിൽക്കുന്നതിന് ഇപ്പോൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനം സഹായിക്കട്ടെ.

ഇതു നിങ്ങളുടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനക്കല്ലാകുന്നു. ഇങ്ങനെ നിങ്ങൾക്കു കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു തരുന്നതിനു നമ്മെ പ്രേരിപ്പിച്ചതായ കാരണം എന്തെന്നു പറയാം. തുർക്കി രാജ്യത്തുനിന്ന് ഇത്രടംവരെ വന്നെത്തുന്നത് എത്രമാത്രം പ്രയാസവും ആപൽക്കരവും ആണെന്നുള്ളതാണ്. ഇത്രമാത്രം കഷ്ടപ്പാടുകൾ എല്ലാക്കാലത്തും മലങ്കരസഭാംഗങ്ങൾ അനുഭവിക്കണമെന്നു ശഠിക്കുന്നത് അക്രമവും അക്രൈസ്തവുമാകുന്നു.

പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം കാതോലിക്കായിക്കുമുണ്ട്. മെത്രാപ്പോലീത്തന്മാരെ വാഴിക്കുക മുതലായ സർവവും കാതോലിക്കാമാരെക്കൊണ്ടു നിങ്ങൾക്കു സാധിപ്പിക്കാവുന്നതാണ്. കാതോലിക്കായെ നിങ്ങൾ എല്ലാവിധത്തിലും ബഹുമാനിക്കുകയും ആദരിക്കുകയും വേണം."

പാത്രിയർക്കീസുബാവായുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ഒന്നാം കാതോലിക്കായുടെ കാലശേഷം ഇവിടെയുള്ള മെത്രാപ്പോലീത്താമാർ ചേർന്നാണു രണ്ടും മൂന്നും കാതോലിക്കാമാരെ വാഴിച്ചത്.

സമുദായക്കേസ് സംബന്ധിച്ച് 1958 സെപ്തംബർ 12-ാം തീയതി സുപ്രീംകോടതി പുറപ്പെടുവിച്ച അന്ത്യവിധിയെ തുടർന്ന് പാത്രിയർക്കീസുബാവായും കാതോലിക്കാബാവായും പരസ്പരം 1958 ഡിസംബർ 16-ാം തീയതി രാത്രി പഴയസെമിനാരിയിൽ വച്ചു സ്വീകരിച്ചപ്പോൾ കാതോലിക്കാ സിംഹാസനത്തിന് ഒരിക്കൽക്കൂടി പാത്രിയർക്കീസിന്റെ അംഗീകരണം ലഭിച്ചതാണ്. മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന കാതോലിക്കാ എന്ന ലറ്റർഹെഡ്ഡിംഗ് ഉള്ള കടലാസിൽ മലങ്കരസഭയുടെ ഭരണഘടനയ്ക്കു വിധേയമായിട്ടാണു കാതോലിക്കാ, പാത്രിയർക്കീസിനെ സ്വീകരിച്ചതെന്നുള്ളതു കാതോലിക്കായുടെ ദീർഘവീക്ഷണത്തിന്റെയും അന്ത്യോഖ്യൻ സഭയുടെ മുൻ ചെയ്തികളുടെയും ഫലമാണ്. മലങ്കരയിൽ കാതോലിക്കാസ്ഥാപനം ഉണ്ടായതിനെത്തുടർന്ന് പാത്രിയർക്കീസിന്റെ പരിമിതമായ ആത്മികാധികാരവും അപ്രത്യക്ഷമാ

കുകയാണുണ്ടായതെന്ന് 1958-ലെ സുപ്രീംകോടതി വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നാലാം കാതോലിക്കാ

മൂന്നാമത്തെ കാതോലിക്കാ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനു പ്രായാധിക്യംമൂലം ശാരീരികക്ഷീണം വർദ്ധിച്ചുവന്നതിനെത്തുടർന്ന് മലങ്കര അസോസിയേഷൻ 1962 മെയ് 17-നു നിരണത്തുകൂടി കണ്ടനാട് ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായായിരുന്ന ഔഗേൻ മാർ തീമോത്തിയോസിനെ നിയുക്ത കാതോലിക്കായായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. അന്നു ഗീവറുഗീസ് ബാവാ ചെയ്ത പ്രസംഗത്തിൽ മാർ ഔഗേനു വിനയം കൂടിപ്പോയി എന്നു പറഞ്ഞതു പ്രസിദ്ധമായ ഒരു പ്രസ്താവനയായിത്തീർന്നു.

മലങ്കരസഭയിലെ പരസ്പര സ്വീകരണത്തിനും സമാധാന പുനഃസ്ഥാപനത്തിനും ശേഷവും ക്രിസ്തീയ വീക്ഷണമോ ദൗത്യബോധമോ വേണ്ടത്രയില്ലാതിരുന്ന ഒരു ന്യൂനപക്ഷം സഭാസമാധാനത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുകയും പാത്രിയർക്കീസ് എടുത്ത നിലപാടിനെ വിമർശിച്ചുകൊണ്ട് അദ്ദേഹത്തിന് എഴുതുകയും ചെയ്തുകൊണ്ടിരുന്നു. സഭാപാരമ്പര്യം അനുസരിച്ച് മലങ്കരയിലെ നാലാമത്തെ കാതോലിക്കായുടെ സ്ഥാനാരോഹണം പാത്രിയർക്കീസുബാവായുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതിനു സുന്നഹദോസ് തീരുമാനിക്കുകയും പാത്രിയർക്കീസ് സുന്നഹദോസിന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്തത് മലങ്കരസഭയുടെ ചരിത്രത്തിലെ ഒരു നിർണ്ണായക സംഭവമാണ്. മലങ്കരസഭാ സമാധാനം സംബന്ധിച്ച് പാത്രിയർക്കീസുബാവാ വഹിച്ച അവിസ്മരണീയമായ പങ്കിനെപ്പറ്റി ഷെവലിയർ സി. ജെ. കുര്യൻ 1964 ഓഗസ്റ്റ് 24-ാം തീയതി മലയാള മനോരമയിൽ എഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു:

“പ. അന്ത്യോഖ്യാ പാത്രിയർക്കീസുബാവായുടെ ആഗമനത്തെപ്പറ്റി പല ആശങ്കകളും പലർക്കും ഉണ്ടായിരുന്നുവെന്ന പരമാർത്ഥം മറച്ചുവയ്ക്കേണ്ടതായ ആവശ്യം ഇപ്പോഴില്ല. എന്നാൽ തിരുമേനിക്കു മലങ്കര സന്ദർശനത്തെപ്പറ്റിയോ, അതിന്റെ ഉദ്ദേശ്യത്തെപ്പറ്റിയോ ലേശവും സന്ദേഹമില്ലായിരുന്നുവെന്നത് കോട്ടയത്ത് 20-5-1964-ൽ എത്തിച്ചേർന്ന ഉടൻ ചെയ്ത പ്രസ്താവനയിൽ നിന്നു വ്യക്തമാണ്. ‘രണ്ടു ദിവസത്തിനകം നാം സഭയ്ക്ക് ഒരു കാതോലിക്കോസിനെ വാഴിക്കുവാൻ തീരുമാനിച്ചിരിക്കുന്നു’ എന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുവാൻ അദ്ദേഹത്തിനു യാതൊരു തടസ്സവും ഉണ്ടായിരുന്നില്ല. തന്റെ മുൻഗാമിയുടെയും ഗുരുഭൂതന്റെയും ഭൗതികാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന ഓമല്ലൂർ ദേവാലയം സന്ദർശിച്ചശേഷം പരിപാടി അനുസരിച്ച് കോട്ടയത്തു തിരിയെ എത്തു

കയും ഔഗേൻ ബാവാ തിരുമേനിയെ 22-5-1964-ൽ കിഴക്കിന്റെ കാതോലിക്കോസായി അഭിഷേകം ചെയ്യുകയും ചെയ്തു. അതിനുശേഷം ആ പരിശുദ്ധ പിതാവ് ചെയ്ത പ്രസ്താവന മലങ്കരസഭയുടെ ചരിത്രത്തിൽ എന്നെന്നും തങ്കലിപികളിൽ എഴുതിചേർക്കുവാൻ യോഗ്യമാണ്. കിഴക്കിന്റെ കാനോനിക കാതോലിക്കോസിനെയാണു സഭയ്ക്കായി വാഴിച്ചിരിക്കുന്നത് എന്നു സംശയാതീതമായി പ്രഖ്യാപനം ചെയ്തുകൊണ്ട് അദ്ദേഹം സഭയിലെ ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ സകല മെത്രാപ്പോലീത്തന്മാരെയും കശീശ്ശന്മാരെയും ശെമ്മാശ്ശന്മാരെയും സർവ്വ വിശ്വാസികളെയും അവരവരുടെ സ്ഥാനാനുസരണം സ്വീകരിച്ചിരിക്കുന്നുവെന്ന് പൈതൃകവാത്സല്യം തുളുമ്പുന്ന മൊഴികൾ കൊണ്ടു പ്രസ്താവിക്കയാണു ചെയ്തത്. സർവ്വ ഭിന്നതകളും അവസാനിപ്പിച്ച് മിശിഹായുടെ സഭയെ പരിപോഷിപ്പിച്ച്, അവളുടെ ചുമതലകൾ നിറവേറ്റുവാൻ ഒത്തൊരുമയോടു കൂടി പ്രയത്നിക്കുവാൻ അദ്ദേഹം സഭാമക്കളെ ആഹ്വാനം ചെയ്യുകയും ചെയ്തു. അതോടുകൂടി ഉദയസൂര്യന്റെ മുമ്പിൽ മൂടൽമഞ്ഞ് എന്നവണ്ണം സംവത്സരങ്ങളായി സഭയെ ആവരണം ചെയ്തിരുന്ന പരസ്പര വിദ്വേഷവും വൈരാഗ്യവും സഭാമക്കളുടെ ഹൃദയത്തിൽ നിന്ന് അന്തർദ്ധാനം ചെയ്യുകയും, സാഹോദര്യത്തിന്റെയും സൗമനസ്യത്തിന്റെയും അദൃശ്യമായ ബന്ധത്താൽ അവർ അന്യോന്യം കോർത്തിണക്കപ്പെടുകയും ചെയ്തുവെന്നത് ആ വിശിഷ്ട ശുശ്രൂഷകളിൽ സംബന്ധിച്ച പലർക്കും അനുഭവപ്പെട്ട സംഗതിയാണ്. 1958-ൽ ആരംഭിച്ചത് 1964-ൽ അങ്ങനെ പൂർത്തിയാക്കപ്പെടുകയാണുണ്ടായത്."

അങ്ങനെ പാത്രിയർക്കീസുബാവാ 1964 മെയ് 22-ാം തീയതി കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മലങ്കരയിലെയും അന്ത്യോഖ്യയിലെയും സുന്നഹദോസംഗങ്ങളുടെ സഹകരണത്തോടുകൂടി മാർ ഔഗേൻ തീമോത്തിയോസിനെ കാതോലിക്കായായി അവരോധിച്ചപ്പോൾ മലങ്കരസഭയിലെ എല്ലാവർക്കും സ്വീകാര്യനായ ഒന്നാമത്തെ കാതോലിക്കാ എന്ന മഹത്വമേറിയ സ്ഥാനം ഔഗേൻ കാതോലിക്കാ ബാവായ്ക്കു ലഭിച്ചു.

മാർ തീമോത്തിയോസ് തിരുമേനി റമ്പാനായിരുന്ന കാലം മുതൽ സഭയിലെ ഭിന്നതകളിൽ സങ്കടപ്പെടുകയും ഐക്യത്തിനുവേണ്ടി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തിരുന്ന അഭിവന്ദ്യ ദേഹമാണ്. പാത്രിയർക്കീസുകക്ഷിയിൽ നിന്നകാലത്തും തിരുമേനി കാതോലിക്കാ കക്ഷിയുടെ ആദർശങ്ങളെ മാനിക്കുകയും എതിർഭാഗത്തെ അഭിപ്രായങ്ങളോടു സഹതപിക്കുകയും ചെയ്തിരുന്നു. തിരുമേനി കാതോലിക്കാ പക്ഷത്തു പരസ്യമായി ചേർന്നത് അഭിപ്രായങ്ങളോടുള്ള യോജിപ്പുകൊണ്ടുമാത്രമല്ല, സഭയിൽ മുഴുവൻ ആ ഐക്യം സ്ഥാപിക്കാൻ ആ നടപടി സഹായിക്കണമെന്ന ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമാ

യിട്ടുകൂടിയാണ്. വ്യക്തിപരമായ നേട്ടങ്ങളും ആദായങ്ങളും താൽപര്യ ങ്ങളും സംരക്ഷിക്കുന്നതിനു പാത്രിയർക്കീസുകക്ഷിയിൽ തുടരുകയാണു നല്ലതെന്ന് അറിയാതെയല്ല തിരുമേനി കാതോലിക്കാപക്ഷത്തു ചേർന്നത്. തിരുമേനിയുടെ അഭിലാഷങ്ങൾ സമ്പൂർണ്ണമായി ഫലപ്രാപ്തിയിൽ എത്തിയതു സ്വർണ്ണവെള്ളിയാഴ്ച നടന്ന സ്ഥാനാരോഹണം മൂലമാണ്.

ദൈവമാണ് തിരുമേനിയെ ഈ ഉന്നതസ്ഥാനത്തേക്കു തെരഞ്ഞെടു ത്തത്. അപ്രതീക്ഷിതമായ വിധത്തിലാണു തെരഞ്ഞെടുപ്പു നടന്നതും. തിരുമേനി ഈ സ്ഥാനം ഒട്ടും ആഗ്രഹിച്ചതല്ല. സർവ്വശക്തന്റെ സുശ ക്തകരങ്ങളിൽ സ്വയം അർപ്പിച്ച തിരുമേനിക്കു പന്ത്രണ്ടു വർഷക്കാലം ഭാരമേറിയ ചുമതലകൾ വഹിക്കുന്നതിനുള്ള ആയുസ്സും ആരോഗ്യവും ദൈവം നൽകി. പ്രതിബന്ധങ്ങൾ തരണം ചെയ്തുകൊണ്ട് തിരുമേനി മലങ്കരസഭയ്ക്കു സുധീരമായ നേതൃത്വമാണു പ്രദാനം ചെയ്തത്. കാതോലിക്കായെ അവരോധിക്കുകയും അങ്ങനെ മലങ്കരസഭയുടെ ഐക്യത്തിന്റെയും പുരോഗതിയുടെയും പുതിയ അദ്ധ്യായത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്ത പാത്രിയർക്കീസുബാവാ സ്ഥാനാ രോഹണച്ചടങ്ങിനുശേഷം ചെയ്ത ചരിത്രപ്രധാനമായ പ്രസംഗത്തിൽ സഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടായെന്നു പ്രഖ്യാപനം ചെയ്തു കൊണ്ട് ഇങ്ങനെ തുടർന്നു:

"എന്റെ പ്രിയരേ, മുള്ളുകളുടെ ഇടയിലെ ശൂശാനപുഷ്പങ്ങളെ പ്പോലെയാണെന്നു പറഞ്ഞിട്ടുള്ളതുപോലെ സഭ ലോകത്തിലെ മുള്ളു കളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന പുഷ്പമാണ്. സഭയ്ക്കു വിരോധമായി ഓരോ കാലത്ത് നാനാഭാഗങ്ങളിൽ ഞെരുക്കങ്ങളും പീഡകളും ഉണ്ടാ യിട്ടുണ്ട്. സഭാമക്കളുടെ മദ്ധ്യത്തിൽ തന്നെ ഇടയ്ക്കിടയ്ക്ക് കലഹങ്ങൾ തലപൊക്കിയിട്ടുണ്ട്. മലങ്കരസഭ പലവിധത്തിൽ കലഹങ്ങളിൽ ഉൾപ്പെ ട്ടിരുന്നു. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ എനിക്ക് ഇവിടെ വരേണ്ടി വന്നു. കലഹത്തിലും വഴക്കിലും നടന്ന കാലം മുഴുവനായി നാം വിസ്മ രിച്ചുകളയണം. സഭയിലെ ഈ വഴക്കു മാറ്റുന്നതിനു വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം സഭ വളരെ ക്ഷീണിച്ചു പോയി. കലഹങ്ങളിൽ നിന്ന് വിമുക്തി നേടാൻ പലരും ചിന്തിച്ചു പ്രവർത്തിച്ചി ട്ടുണ്ട്. അവരിൽ ഒരാളാണ് മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന മാർ ഏലിയാസ് തൃതീയൻബാവാ തിരുമേനി. അദ്ദേഹം ഇവിടെ വന്നതു വഴ ക്കുകൾ തീർക്കാനായിരുന്നു. എന്നാൽ ബാവാതിരുമേനിക്കു അതിനവ സരം ലഭിച്ചില്ല. അഥവാ ദൈവം അതിനദ്ദേഹത്തെ അനുവദിച്ചില്ല. ആക യാൽ സഭയ്ക്കു സമാധാനം നൽകേണ്ട ആവശ്യം ഉണ്ടായി. ഞാൻ പാത്രിയർക്കീസായശേഷം ഇക്കാര്യത്തെപ്പറ്റി ഗാഢമായി ചിന്തിക്കുകയും സിംഹാസനാരൂഢനായി ഒരു വർഷം കഴിയുന്നതിനു മുമ്പ് നിങ്ങൾക്ക

റിവുള്ളതുപോലെ സമാധാനകല്പന അയയ്ക്കുകയും ചെയ്തു. അതു മൂലം കാലം ചെയ്ത പ. കാതോലിക്കാബാവായെ ഞാൻ സ്വീകരിക്കുക യുണ്ടായി.

അങ്ങനെ ഈ സഭയുടെ സമാധാനത്തിനു അടിസ്ഥാനമിടാൻ സാധിച്ചു. ഇപ്പോൾ ആ സമാധാനം പൂർണ്ണമാക്കേണ്ട ചുമതല കൂടി ഉണ്ട്. അതുകൊണ്ടാണ് വളരെ ദൂരെനിന്നും വന്നു ഞാൻ നിങ്ങളുടെ മദ്ധ്യത്തിൽ ഇപ്പോൾ നിൽക്കുന്നത്.

ഈ സമാധാനം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ട് നമ്മുടെ സന്തോഷം സമ്പൂർണ്ണമായിരിക്കുന്നു (കരഘോഷം). ആകയാൽ ഇന്നത്തെ നമ്മുടെ സന്തോഷം അതിർത്തിയില്ലാത്തതാണ്.

എന്തുകൊണ്ടെന്നാൽ ഈ സഭയ്ക്കു പൗരസ്ത്യ കാതോലിക്കായെ വാഴിക്കുന്നതിനു ഇടയായി (കരഘോഷം). ഈ നല്ല പ്രവർത്തനം മൂലം സഭയ്ക്കു ഉൽകൃഷ്ടത ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു നടത്തിയ സ്ഥാനാരോഹണ ശുശ്രൂഷ മൂലം ഈ സഭയുടെ സമാധാന ത്തിനു വേണ്ടി ശ്രമിച്ചവരെല്ലാം സന്തോഷിക്കുക തന്നെ ചെയ്യും. ഈ സുദിനം കാണാൻ നിങ്ങളുടെ പിതാക്കന്മാരും അവരുടെ പിതാക്കന്മാരും ആഗ്രഹിച്ചിരുന്നു. എന്നാൽ അവർക്കിതു സാധിച്ചില്ല. ഇന്നവർ ആത്മാ വിൽ സന്തോഷിക്കുന്നുണ്ടാവും. ഈ നല്ല സംഗതിയിൽ എല്ലാവരും സന്തോഷിക്കുക തന്നെ വേണം. ഇപ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നാം ഇപ്പോൾ മാർ ഔഗേനെ കാതോലിക്കായായി വാഴിച്ചു എന്നതു മാത്രമല്ല, നമ്മിൽനിന്നും അകന്നുനിന്ന മെത്രാപ്പോലീത്താമാരെയും, സകല പുരോഹിതന്മാരെയും നാം സ്വീകരിച്ചിരിക്കുന്നു. ഈ മെത്രാപ്പോ ലീത്തന്മാരെ മെത്രാപ്പോലീത്തന്മാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. പുരോഹിതന്മാരെ സത്യപുരോഹിതന്മാരായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. അപ്രകാരം തന്നെ സകല അവൈദികർക്കും വേണ്ടി ഞാൻ പ്രാർത്ഥന അർപ്പിക്കുന്നു.

ആകയാൽ നിങ്ങൾ മേലിൽ ഭിന്നതയും അഭിപ്രായ വ്യത്യാസങ്ങളും കൂടാതെ എന്റെ ഈ സന്ദേശം സ്വീകരിക്കണം. നാം ഇവരെ എപ്രകാരം സ്വീകരിക്കുന്നുവോ അപ്രകാരം നിങ്ങളും സ്വീകരിക്കണം. നാം നിങ്ങ ളുടെ സഭയുടെ ഇടയനെന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ നമ്മുടെ വചനം അനുസരിക്കതന്നെ ചെയ്യണം. ഈ നല്ല പ്രവൃത്തിയിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു. പൗരസ്ത്യ കാതോലിക്കായ്ക്കു ദൈവം സന്തോഷവും അഭിവൃദ്ധിയും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭരണ കാലത്തു സഭ ഉന്നതിയും ശ്രേഷ്ഠതയും പ്രാപിക്കട്ടെ. അപ്രകാരം എല്ലാ

മെത്രാപ്പോലീത്താമാരെയും നാം അനുമോദിക്കുന്നു. സിറിയയിലുള്ള എല്ലാ സഭാമക്കളും ഈ പ്രവൃത്തിയിൽ സന്തോഷിക്കുന്നുണ്ട്.

നമ്മുടെ സഹോദരനായ കാതോലിക്കാ ബാവാതിരുമേനിയെയും മറ്റു മെത്രാപ്പോലീത്താമാരെയും സിറിയയിലേക്കു ഞാൻ ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ ഈ പ്രവൃത്തിയിൽ ആകമാനസഭ സന്തോഷിക്കാൻ ഇവർ അവിടെ വരണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ദൈവം സഭയ്ക്ക് അഭിവൃദ്ധിയും ഉൽക്കൃഷ്ടതയും നൽകട്ടെ. ആയതു ദൈവമാതാവായ വി. മറിയാമ്മിന്റെയും മാർത്തോമ്മാ ശ്ളീഹായുടെയും സർവ പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ.”

ഈ പ്രസംഗത്തിനു മറുപടിയായി ഔഗേൻ കാതോലിക്കാബാവാ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: “ഭിന്നിച്ച സഭയെ പ. പാത്രിയർക്കീസുബാവാ തിരുമേനി ഒന്നിപ്പിച്ച വസ്തുത മലങ്കരസഭ എക്കാലവും സ്മരിക്കും. പ. പത്രോസിന്റെ അന്ത്യോഖ്യാ സിംഹാസനവും മാർത്തോമ്മായുടെ കാതോലിക്കാ സിംഹാസനവും രണ്ടാണെങ്കിലും ഒന്നുതന്നെയാണ്.”

1964-ലെ കാതോലിക്കാവാഴ്ചയുടെ താഴെപ്പറയുന്ന റിപ്പോർട്ട് മലയാള മനോരമയ്ക്കുവേണ്ടി എഴുതി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ഔഗേൻ ബാവായുടെ സ്ഥാനാരോഹണം സംബന്ധിച്ച് ഞാൻ തയ്യാറാക്കിയതും 1964 മെയ് 23-ലെ മലയാള മനോരമയിലെ മുഖ്യവാർത്തയായി പ്രസിദ്ധപ്പെടുത്തിയതുമായ റിപ്പോർട്ടാണ് അതേപടി ചുവടെ ചേർക്കുന്നത്.

ബസ്സേലിയോസ് ഔഗേൻ കാതോലിക്കായായി വാഴിക്കപ്പെട്ടു

സഭയിൽ പരിപൂർണ്ണ സമാധാനമുണ്ടായെന്നു പാത്രിയർക്കീസ് ബാവായുടെ പ്രഖ്യാപനം

സ്ഥാനാരോഹണച്ചടങ്ങിൽ ജനലക്ഷങ്ങൾ സംബന്ധിച്ചു

സ്റ്റാഫ് പ്രതിനിധി

കോട്ടയം, മെയ് 22 - ജനലക്ഷങ്ങൾ സംബന്ധിച്ച ഭക്തിനിർഭരവും ശാന്തഗംഭീരവുമായ ഒരു ചടങ്ങിൽ, അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ തിരുമേനി, മലങ്കര മെത്രാപ്പോലീത്താ ആയ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കാ ആയി ഇന്ന് അവരോധിച്ചിരിക്കുന്നു.

എം. ഡി. സെമിനാരിയിലെ മാർ ഏലിയാ ചാപ്പലിനോടനുബന്ധിച്ചു പ്രത്യേകം സജ്ജീകരിച്ചിരുന്ന മണ്ഡപത്തിൽ നടത്തപ്പെട്ട സ്ഥാനാരോഹണ ശുശ്രൂഷയിൽ നൂറുകണക്കിനു വൈദികരും, ലക്ഷോപലക്ഷം സഭാംഗങ്ങളും, സഹോദരീസഭകളുടെ പ്രതിനിധികളും, പ്രമുഖാതിഥികളും മറ്റും സംബന്ധിച്ചിരുന്നു.

പൗരസ്ത്യ കാതോലിക്കായെ വാഴിച്ചിരിക്കുന്നതോടെ മലങ്കരസഭ കലഹത്തിലും വഴക്കിലും നടന്ന കാലം മുഴുവനായി വിസ്മരിക്കണമെന്നും, സഭാസമാധാനം സമ്പൂർണ്ണമായിരിക്കുന്നതുകൊണ്ടു നമ്മുടെ സന്തോഷവും പൂർണ്ണമാണെന്നും സ്ഥാനാരോഹണച്ചടങ്ങിനു ശേഷം പ. പാത്രിയർക്കീസ് ബാവാ തിരുമേനി ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഭിന്നിപ്പിച്ച സഭയെ പ. പാത്രിയർക്കീസു ബാവാതിരുമേനി ഒന്നിപ്പിച്ച വസ്തുത മലങ്കരസഭ എന്നെന്നും സ്മരിക്കുമെന്നും പ. പത്രോസിന്റെ അന്തോഖ്യാ സിംഹാസനവും മാർതോമായുടെ കാതോലിക്കാ സിംഹാസനവും രണ്ടാണെങ്കിലും ഒന്നു തന്നെയാണെന്നും മാർ ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാതിരുമേനി ചെയ്ത മറുപടി പ്രസംഗത്തിൽ പ്രസ്താവിച്ചു.

മലങ്കരസഭയുടെ ചരിത്രത്തിലെ അവിസ്മരണീയ സുദിനമായ ഇന്ന് പ്രഭാതമാകുന്നതിനു മുമ്പു തന്നെ സ്ഥാനാരോഹണ സ്ഥലത്തേക്കു ഭക്തജനങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നു. രാവിലെ 7.45-നു മാർ തീമോത്തിയോസ് തിരുമേനിയും, 8 മണിക്കു പ. പാത്രിയർക്കീസ് ബാവാതിരുമേനിയും പരിവാരങ്ങളും മാർ ഏലിയാ ചാപ്പലിലെ സ്ഥാനാരോഹണ മണ്ഡപത്തിൽ എത്തിച്ചേർന്നു. അനാരോഗ്യംമൂലം വിശ്രമിക്കുന്ന മാർ തേവോദോസിയോസ്, പാമ്പാടി മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാരൊഴിച്ചുള്ള മലങ്കരയിലെ മറ്റെല്ലാ തിരുമേനിമാരും, തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ്, കൽദായ ഇടവകയുടെ മാർ തോമ്മാ ധർമ്മോ, എത്യോപ്യൻ സഭയിലെ അബുനാ മാർ തെയോഫിലോസ്, അർമ്മീനിയൻ സഭാ പ്രതിനിധി എന്നീ തിരുമേനിമാരും, സ്ഥാനാരോഹണ മണ്ഡപത്തിൽ സന്നിഹിതരായിരുന്നു.

സ്ഥാനവസ്ത്രം

മാർ തീമോത്തിയോസ് തിരുമേനിയെ സ്വസുഹൃത്തായ ഒസ്താത്തിയോസ് മാർ കുറിയാക്കോസ് തിരുമേനിയാണു സ്ഥാനവസ്ത്രങ്ങൾ ആദ്യമായി സസന്തോഷം അണിയിച്ചത്. ശുശ്രൂഷയുടെ ആരംഭത്തോടുകൂടി എല്ലാ തിരുമേനിമാരും സ്ഥാനവസ്ത്രങ്ങൾ മാറിയ കാഴ്ച ഹൃദയാവർജ്ജകമായിരുന്നു. 8.50-ന് ആരംഭിച്ച വി. കുർബാനയിലെ ചില ഭാഗങ്ങൾ പാത്രിയർക്കീസുബാവാ തിരുമേനി തന്നെ മലയാളത്തിൽ ചൊല്ലി, ബാക്കി

ശുശ്രൂഷയുടെ ചില ഭാഗങ്ങൾ പൗലൂസ് മാർ പീലക്സിനോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഒസ്താത്തിയോസ് മാർ കുറിയാക്കോസ് എന്നീ തിരുമേനിമാരാണ് വായിച്ചത്.

തുബ്ദേൻ സമയത്തു പാത്രിയർക്കീസു ബാവാതിരുമേനി പാത്രിയർക്കീസിന്റെ സ്ഥാനമഹിമയ്ക്കനുയോജ്യമായതും വീതിയുള്ള കട്ടിക്കസവുകൊണ്ടു മനോഹരമായി ചിത്രപ്പണി ചെയ്തതുമായ വിലപിടിപ്പുള്ള കാപ്പ ധരിക്കുകയും തുടർന്നു 10.25-ന് മാർ തീമോത്തിയോസ് തിരുമേനിയെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്തു.

പിന്നീട് മാർ തീമോത്തിയോസ് തിരുമേനി, ദൈവത്തോടും, സഭയോടും പൂർവ്വിക സഭാപിതാക്കന്മാരുടെ സത്യവിശ്വാസത്തോടും, അന്ത്യോഖ്യാ സിംഹാസനത്തോടും മറ്റും വിശ്വസ്തനായിരിക്കുന്നതാണെന്നുള്ള സത്യപ്രതിജ്ഞ വായിച്ചു.

അനന്തരം മാർ തീമോത്തിയോസ് തിരുമേനിയെ തിരുമേനിമാർ ഒരു കസേരയിൽ ഉയർത്തുകയും എല്ലാവരും ചേർന്നു മൂന്നു പ്രാവശ്യം ഓക്സിയോസ് വിളിക്കുകയും ചെയ്തു. കസേരയിൽ ഉയർത്തിയപ്പോൾ കാതോലിക്കാബാവാ തിരുമേനി സ്ളീബാകൊണ്ടു ജനങ്ങളെ ആശീർവദിക്കുന്നുണ്ടായിരുന്നു. കാതോലിക്കാബാവാ തിരുമേനി, “നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ ത്യജിക്കുന്നു” എന്ന വേദഭാഗം വായിച്ചു. തിരുമേനിയെ പാത്രിയർക്കീസുബാവാ തിരുമേനിയും മറ്റു തിരുമേനിമാരും ചേർന്ന് അംശവടി പിടിപ്പിക്കുകയും അംശവടി ഉയർത്തി കാതോലിക്കാബാവാ തിരുമേനി ജനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. അനന്തരം പാത്രിയർക്കീസുബാവാ തിരുമേനിയും കാതോലിക്കാബാവാ തിരുമേനിയും പ്രസംഗിക്കുകയും പ്രസംഗം കഴിഞ്ഞു കാതോലിക്കാബാവാ തിരുമേനി വി. കുർബാന ശുശ്രൂഷ പൂർത്തിയാക്കുകയും ചെയ്തു. അവസാനമായി എത്യോപ്യൻ ചക്രവർത്തിയുടേയും സഭയുടേയും അർമ്മീനിയൻ സഭയുടേയും ആശംസകൾ വായിക്കുകയും സമ്മാനങ്ങൾ തിരുമേനിമാർക്കു നൽകപ്പെടുകയും ചെയ്തു. ......

കാതോലിക്കാബാവായുടെ പ്രസംഗം

മലങ്കരസഭയിൽ ക്രമേണ ഉണ്ടായ സമാധാനം പൂർണ്ണ നിലയിൽ എത്തിയിരിക്കുകയാണ്. സഭയിലെ ഭിന്നതകൾ പാത്രിയർക്കീസ് ബാവാ തിരുമേനി ഇന്നു തുടച്ചുനീക്കി. ഇന്നു സ്വർഗ്ഗത്തിൽ സന്തോഷമാണ്. മാലാഖമാർ സന്തോഷിക്കുന്നു. സിനഡിന്റെ അപേക്ഷപ്രകാരം ബലഹീനനായ എന്നെ അഭിഷേകം ചെയ്തിരിക്കുകയാണ്. പ. അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ ഭിന്നതയിൽ നിന്നു സഭയെ നീക്കി ഒന്നിപ്പിച്ചിരിക്കുന്നതുകൊണ്ടു തിരുമേനിയെ മലങ്കരസഭ എക്കാലവും സ്മരിക്കുക

തന്നെ ചെയ്യും. ഞാൻ ആജീവനാന്തം തിരുമേനിയെ സ്നേഹിക്കുകയും കാനോൻ നിയമങ്ങൾക്കും സഭയുടെ പ്രമാണങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുകയും ചെയ്യും.

ප. പത്രോസിന്റെ സിംഹാസനമായ അന്ത്യോഖ്യാ സിംഹാസനമാണ് മാർത്തോമ്മായുടെ സിംഹാസനത്തേക്കാൾ മെച്ചം. കാലഗതിയിൽ മാർത്തോമ്മാ ശ്ളീഹായുടെ സിംഹാസനത്തിന് അൽപ്പം ഗ്രഹപ്പിഴ വന്നു. അന്ത്യോഖ്യാ സിംഹാസനത്തെ സ്നേഹിക്കുന്നവർക്കു തോമ്മാശ്ളീഹായുടെ സിംഹാസനത്തെ സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല. രണ്ടും രണ്ടാണെങ്കിലും ഒന്നു തന്നെയാണ്. എല്ലാവരും പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ കൽപ്പന അക്ഷരംപ്രതി അനുസരിക്കണം. ആജീവനാന്തം പാലിക്കണം. എന്റെ ഭാരിച്ച കർത്തവ്യം നിറവേറ്റാൻ എല്ലാവരും സഹകരിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം.

സ്ഥാനാരോഹണച്ചടങ്ങിൽ സംബന്ധിച്ച ഇതര സഭാപ്രതിനിധികൾക്കു നന്ദി പറഞ്ഞുകൊണ്ടു തിരുമേനി പ്രസംഗം ഉപസംഹരിച്ചു.

ഒടുവിൽ എത്യോപ്യൻ ചക്രവർത്തിയുടെ ആശംസാസന്ദേശം അംഹാരിക്കു ഭാഷയിൽ അദ്ദേഹത്തിനു വേണ്ടി പ്രതിനിധി വായിച്ചു. തുടർന്ന് അത് ഇംഗ്ലീഷിലും മലയാളത്തിലും തർജ്ജിമ ചെയ്യുകയും ചെയ്തു. എത്യോപ്യൻ ചക്രവർത്തിയുടെ വകയായുള്ള മനോഹരമായ കാപ്പയും, വടിയും, സ്ളീബായും പ. കാതോലിക്കാബാവാ തിരുമേനിക്കും എത്യോപ്യൻ സഭയിലെ ആരാധനാക്രമത്തിന്റെ ഓരോ പ്രതി രണ്ടു ബാവാതിരുമേനിമാർക്കും ആബുനാ മാർ തിയോഫിലോസ് തിരുമേനി സമ്മാനിച്ചു. ഇതിനും പുറമേ മലങ്കരസഭയിലെ എല്ലാ തിരുമേനിമാർക്കും ഓരോ സ്വർണ്ണക്കുരിശും ആബുനാ മാർ തിയോഫിലോസ് നൽകി.

അർമ്മീനിയൻ സഭയുടെ സുപ്രീംകാതോലിക്കായായ വസ്ക്കൻ തിരുമേനി കൊടുത്തയച്ച സ്വർണ്ണ സ്ളീബാ പ്രസ്തുത സഭാപ്രതിനിധി കാതോലിക്കാബാവാ തിരുമേനിക്കു സമ്മാനിച്ചു.

മലങ്കരസഭയ്ക്കു വിപുലമായ സേവന സാദ്ധ്യതകൾ

കാതോലിക്കാ സ്ഥാനാരോഹണ സമ്മേളനത്തിലെ പ്രസംഗങ്ങളും മംഗളപത്ര സമർപ്പണവും

കോട്ടയം, മെയ് 22 – കാതോലിക്കാ സ്ഥാനാരോഹണത്തോടെ മലങ്കരയിൽ പരിപൂർണ്ണ ഐക്യമുണ്ടായി സഭ പൂർവാധികം ശക്തിപ്പെട്ടുവെന്നും ഇനിയും സഭയ്ക്കു വിപുലമായ സേവനരംഗങ്ങളിൽ പ്രവർത്തിക്കാൻ സാദ്ധ്യതയും കർത്തവ്യവും ഉണ്ടെന്നും ഇന്നുച്ചയ്ക്കു ചേർന്ന

സ്വീകരണ പൊതുസമ്മേളനത്തിലെ പ്രസംഗകർ അനുസ്മരിപ്പിക്കുകയുണ്ടായി.

ഈ യോഗത്തിൽ വച്ചു മലങ്കരസഭ വകയായുള്ള മംഗളപത്രം പാത്രിയർക്കീസുബാവാ തിരുമേനിക്കു നൽകുകയും അഭിനവ കാതോലിക്കായെ അനുമോദിക്കുകയും ചെയ്യുകയുണ്ടായി. യോഗത്തിൽ എറണാകുളം ആർച്ചുബിഷപ്പ് ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു.

അദ്ധ്യക്ഷ പ്രസംഗം

അദ്ധ്യക്ഷ പ്രസംഗത്തിൽ തിരുമേനി ഇങ്ങനെ പറഞ്ഞു. കേരളത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ സാമുദായിക നേതാക്കന്മാരും പങ്കെടുക്കുന്ന ഈ സമ്മേളനം കേരള ചരിത്രത്തിലെ അഭൂതപൂർവമായ ഒരു മഹാ സമ്മേളനമാണ്.

അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാതിരുമേനി സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും സന്ദേശവാഹകനായിട്ടാണു കേരളത്തിലേയ്ക്കു വന്നിരിക്കുന്നത്. ക്രൈസ്തവ വിഭാഗങ്ങൾ തമ്മിൽ മാത്രമല്ല വിവിധ സമുദായങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ച് ഒരു ദേശീയ ഐക്യനിര സൃഷ്ടിക്കേണ്ടതാവശ്യമാണ്. ക്രൈസ്തവ സഭൈക്യത്തിനു വേണ്ടി കാലം ചെയ്ത ജോൺ മാർപ്പാപ്പാ തിരുമേനി ചെയ്ത സേവനങ്ങളെ പാറേക്കാട്ടിൽ തിരുമേനി അനുസ്മരിച്ചു.

മുഖ്യമന്ത്രി ശങ്കർ

വിദ്യാഭ്യാസരംഗം ഉൾപ്പെടെയുള്ള സാമൂഹ്യരംഗങ്ങളിൽക്കൂടി കേരളത്തിലെ ക്രൈസ്തവസഭ രാജ്യത്തിനു നൽകിയിട്ടുള്ള മഹത്തായ സേവനങ്ങളെ മുഖ്യമന്ത്രി ആർ. ശങ്കർ പ്രത്യേകം അഭിനന്ദിച്ചു. അദ്ദേഹം ചെയ്ത അനുമോദനപ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. കേരളം എല്ലാത്തരത്തിലുള്ള സഹിഷ്ണുതയ്ക്കും പ്രത്യേകിച്ചു മതസഹിഷ്ണുതയ്ക്കും കീർത്തി കേട്ടിട്ടുണ്ട്. ചെറിയ ഈ സംസ്ഥാനത്തെപ്പോലെ വിഭിന്ന മതങ്ങൾ സ്വൈര്യമായിക്കഴിയുന്ന ചരിത്രം വേറെങ്ങും കാണുകയില്ല. വിവേകശാലികളും വിശാലവീക്ഷണമുള്ളവരുമാണ് കേരളത്തിലെ ജനങ്ങൾ. മതത്തിന്റെ ലക്ഷ്യം ആദ്ധ്യാത്മികമാണെന്നും ദൈവം ഒന്നേയുള്ളൂ എന്നും അവർക്കറിയാം എന്നതാണു മതത്തിന്റെ പേരിൽ ഇവിടെ സംഘട്ടനമില്ലാത്തതിന്റെ കാരണം. ബാവാ തിരുമേനിയുടെ ആഗമനം മൂലം ഇവിടെ സംജാതമായിരിക്കുന്ന മഹത്തായ പ്രചോദനം സമുദായത്തിന്റെയും തദ്വാരാ രാജ്യത്തിന്റെയും നവോത്ഥാനത്തിനും അവരവരുടെ പങ്കു വഹിക്കുന്നതിനും ഇടയാക്കിത്തീർക്കട്ടെ.

യൂഹാനോൻ മാർത്തോമ്മാ

മലങ്കരസഭയിൽ അനുഗ്രഹാശ്ശിസ്സുകളുടെ മഹാമാരി സർവശക്തനായ ദൈവം വർഷിച്ചു കഴിഞ്ഞിരിക്കുകയാണെന്നു യൂഹാനോൻ മാർ ത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പ്രസ്താവിച്ചു (പ്രസംഗവേള യിൽ മഴ പെയ്യുന്നുണ്ടായിരുന്നു). തിരുമേനി തുടർന്നു:- ഒഴുക്കിന്റെ ഗതി ക്കനുസരണമായി ഒഴുകാൻ കൂട്ടാക്കാതെ ഒഴുകേണ്ട ചാനലിലൂടെ ഗതി തിരിച്ചുവിടാൻ തയാറായ മഹോന്നതനാണു പ. പാത്രിയർക്കീസ് ബാവാ തിരുമേനി. ഒരു വ്യാഴവട്ടക്കാലത്തോളം മലങ്കരയിൽ താമസിച്ചു സഭ യുടെ ആവശ്യങ്ങളും കഴിവും മനസ്സിലാക്കാൻ സാധിച്ചതുകൊണ്ടാണ് ഇങ്ങനെ ധീരമായ ഒരു നിലപാട് സ്വീകരിക്കാൻ തിരുമേനിക്കു കഴി ഞ്ഞത്. ഇനിയും സഭയിലെ ഐക്യം സുദൃഢമാക്കേണ്ട കടമ ജനങ്ങളു ടേതാണ്.

കോൺസ്റ്റാന്റിനോപ്പിൾ ഒഴികെയുള്ള മറ്റെല്ലാ സിംഹാസനങ്ങളു ടെയും പ്രതിനിധികളുടെ സാന്നിദ്ധ്യം ക്രൈസ്തവ സഭയുടെ ഭാവിയി ലേയ്ക്കാണു വിരൽ ചൂണ്ടുന്നതെന്നും തിരുമേനി പ്രസ്താവിച്ചു.

ബിഷപ്പ് ജോൺ

സി. എസ്. ഐ. ബിഷപ്പ് എം. എം. ജോൺ തിരുമേനി ചെയ്ത പ്രസം ഗത്തിൽ കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് ഇന്നൊരു പുണ്യദിനമാ ണെന്നു പ്രസ്താവിച്ചു.

ഒരു ഐക്യ മലങ്കരസഭയെ കാണാൻ കഴിഞ്ഞതിൽ തെന്നിന്ത്യാ സഭയ്ക്കു സംതൃപ്തിയുണ്ട്. പ. പാത്രിയർക്കീസ് ബാവായുടെ സന്ദർശ നമാണ് ഈ ഐക്യം സാധ്യമാക്കിത്തീർത്തത്. കേരളത്തിൽ താമസി ച്ചിരുന്ന തിരുമേനി അന്ത്യോഖ്യായിലേയ്ക്കു മടങ്ങുമ്പോൾ ഒരു പാത്രിയ ർക്കീസ് ബാവായായി മടങ്ങിവരട്ടെ എന്നു തന്റെ മുൻഗാമി ബിഷപ്പ് ജേക്കബ് തിരുമേനി ആശംസിച്ചിരുന്നു. ആശംസ ഇന്നു സാക്ഷാത്ക്കരി ക്കപ്പെട്ടിരിക്കുന്നു. കാലംചെയ്ത കാതോലിക്കാബാവാ തിരുമേനി തനിക്കും തന്റെ മുൻഗാമിക്കും വജ്റഖചിതമായ മോതിരവും കുരിശു മാലയും സമ്മാനിച്ച കാര്യവും തിരുമേനി അനുസ്മരിച്ചു.

ഗോവിന്ദൻ നായർ

മന്ത്രി എം. പി. ഗോവിന്ദൻനായർ ഇങ്ങനെ പറഞ്ഞു. നിശ്ചയ ദാർഢ്യം, സൗഹൃദം, സഹിഷ്ണുത എന്നിവയുടെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നവീനാദ്ധ്യായം കേരളത്തിന്റെ ചരിത്രത്തിൽ എഴുതിച്ചേർത്ത സുദിന മാണിന്ന്. അഭിപ്രായവ്യത്യാസം നിലവിലിരുന്ന സഭയിൽ പൂർണ്ണ ഐക്യം പ്രഖ്യാപിക്കുന്ന സന്ദേശമാണിന്നു രാവിലെ ഇവിടെ കേട്ടത്. ഈ രാജ്യം നന്നാകണമെന്നാഗ്രഹിക്കുന്ന ഈശ്വരവിശ്വാസികൾക്ക് ആനന്ദം നൽകുന്ന സന്ദേശമാണിത്.

പാത്രിയർക്കീസിന്റെ മറുപടി

മലങ്കരസഭയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടതുകൊണ്ട് താൻ സമാധാനദൗത്യം അവസാനിപ്പിക്കുകയില്ലെന്നും ക്രൈസ്തവലോക ത്തിന്റെ മുഴുവൻ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണെന്നും അന്ത്യോഖ്യായുടെ പ. ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ പാത്രിയർ ക്കീസ് ബാവാ തിരുമേനി മലങ്കരസഭ നൽകിയ മംഗളപത്രത്തിനു മറു പടിയായി പ്രസ്താവിച്ചു. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയാണ് മംഗളപത്രം വായിച്ചു സമർപ്പിച്ചത്. മലങ്കരസഭയിൽ സമാധാനം ഉണ്ടാ യതിൽ അങ്ങേയറ്റത്തെ ചാരിതാർത്ഥ്യമുണ്ടെന്നും പ. പാത്രിയർക്കീസ് ബാവാ തിരുമേനി പറഞ്ഞു. ഒറ്റക്കെട്ടായിനിന്ന് രാജ്യത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാനുള്ള നാനാജാതി മതസ്ഥരായ ജനങ്ങളുടെ സന്നദ്ധതയാണ് ഇന്നത്തെ യോഗത്തിലൂടെ അവർ പ്രകടമാക്കിയിരിക്കു ന്നത്. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ട ചുമതല നമുക്കുണ്ട്.

ക്രൈസ്തവ ഐക്യത്തിനുവേണ്ടി മറ്റു സഭാ മേലധ്യക്ഷന്മാരുമായും നാം കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങളുടെ ലക്ഷ്യ പ്രാപ്തിയിൽ നാം ഒരിക്കലും ഉദാസീനത കാണിച്ചിട്ടില്ല. ഇക്കഴിഞ്ഞ വത്തിക്കാൻ സുന്നഹദോസിലേയ്ക്ക് നാം പ്രതിപുരുഷനെ അയയ്ക്കു കയുണ്ടായി. മാർപ്പാപ്പാ തിരുമേനിയുമായും എഴുത്തുകുത്തുകൾ നട ത്തിയിട്ടുണ്ട്.

മാർപ്പാപ്പാ തിരുമേനിയിൽ നിന്നും രണ്ടാഴ്ച മുമ്പ് നമുക്കൊരു കത്തു ലഭിച്ചിരുന്നു. അതിൽ ഇരുസഭകളും തമ്മിലുള്ള സാഹോദര്യബന്ധം വ്യക്തമാക്കിയിട്ടുണ്ട്. ആദിമനൂറ്റാണ്ടു മുതൽ അറിയപ്പെട്ടിരുന്ന പ. പാത്രി യർക്കീസ് സിംഹാസനങ്ങളിൽ ഒന്നാമത്തേത് അന്ത്യോഖ്യയുടേതായി രുന്നുവെന്നും പ. ബാവാ തിരുമേനി ചൂണ്ടിക്കാട്ടി.

കാതോലിക്കാബാവായുടെ മറുപടി

പാത്രിയർക്കീസ്ബാവാ തിരുമനസ്സിലെ സന്ദർശനത്തോടെ മലങ്കര സഭയിൽ സംസ്ഥാപിതമായിട്ടുള്ള സമാധാനം ശാശ്വതമായി നിലനിറു ത്തുവാൻ സഭാംഗങ്ങൾ ഒന്നടങ്കം അകമഴിഞ്ഞ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്നു കാതോലിക്കാബാവാ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ തിരുമേനി തനിക്കു നൽകിയ അനുമോദനത്തിനു മറുപടിയായി പ്രസ്താവിച്ചു.

കാതോലിക്കാബാവാതിരുമേനി ഇങ്ങനെ തുടർന്നു പറഞ്ഞു. പരിശുദ്ധ പാത്രിയർക്കീസുബാവാ തിരുമേനിയുടെ സന്ദർശനത്തോടെ എല്ലാമായി എന്നു വിചാരിച്ചു നാം അലസരായിക്കൂടാ. സഭാസമാധാനത്തെ മുമ്പെ

ന്നത്തേക്കാളും സുദൃഢമാക്കിത്തീർക്കുന്നതിനുള്ള കർമ്മപരിപാടികളു മായി ഇനിയുമാണ് നാം മുമ്പോട്ടു പോകേണ്ടിയിരിക്കുന്നത്. മലങ്കര സുറി യാനിക്കാർ മാത്രമല്ല മലയാളികളെല്ലാം വഴക്കാളികളാണെന്ന പേരു പണ്ടേയുണ്ട്. പക്ഷേ, സ്നേഹത്തിന്റെ മായാശക്തിക്ക് എല്ലാ പ്രശ്നങ്ങ ളേയും അവസാനിപ്പിക്കുന്നതിനു കഴിയും. കുമ്മായം ചേർത്തു കല്ലു കൾ അടുക്കിവച്ചു മന്ദിരം പണിയുന്നതുപോലെ സ്നേഹമാകുന്ന കുമ്മായം ഉപയോഗിച്ച് ശക്തിമത്തായ ഒരു പുതിയ സമുദായസൗധം നമുക്കു പടുത്തുയർത്താം.

പ. പാത്രിയർക്കീസ് ബാവാതിരുമേനി മടങ്ങിപ്പോകുന്നതോടെ പല വ്യാഖ്യാനങ്ങളും ഇനിയും ഉണ്ടായെന്നു വരാം. പക്ഷേ, പ. പാത്രിയർ ക്കീസ് ബാവാതിരുമേനിയുടെ പരിശുദ്ധമായ സാന്നിദ്ധ്യംകൊണ്ടു സംജാ തമായിട്ടുള്ള സമാധാനത്തെ ഇല്ലായ്മ ചെയ്യുവാൻ നാം ഒരിക്കലും അനു വദിക്കരുത്.

അധികാരം എപ്പോഴും മുൾക്കിരീടമാണെന്നാണ് അനുഭവം പഠിപ്പി ക്കുന്നത്. ആത്മീയ മക്കളായ നിങ്ങളുടെ പ്രാർത്ഥനകൾ വഴി ബലഹീ നനായ എന്നെ ദൈവം ശക്തനാക്കിത്തീർക്കുമെന്ന് എനിക്ക് വിശ്വാസ മുണ്ട്. എല്ലാവരുടെയും പ്രാർത്ഥനകളും ഉപദേശങ്ങളും അഭ്യർത്ഥിച്ചു കൊണ്ട് തിരുമേനി പ്രസംഗം ഉപസംഹരിച്ചു.

പ. പാത്രിയർക്കീസ് ബാവാതിരുമേനിയെ അനുഗമിക്കുന്ന തിരുമേ നിമാർ, എത്യോപ്യൻ ചക്രവർത്തിയുടെ പ്രതിനിധി ബ്ളാട്ടോ മഴ്സി ഹസ്സൻ കാർക്കോസ്സ്, അർമ്മീനിയൻ ആർച്ചുബിഷപ്പ് അബ്രഹാമിയൻ, എത്യോപ്യൻ സഭാപ്രതിനിധി അബൂനാ തെയോഫിലോസ്, മന്ത്രിമാ രായ ഇ. പി. പൗലൂസ്, റ്റി. എ. തൊമ്മൻ, ജില്ലാ കലക്ടർ പി. ജി. മുരളീ ധരൻ, മലങ്കരയിലെ തിരുമേനിമാർ തുടങ്ങിയവർ അദ്ധ്യക്ഷവേദിയിൽ സന്നിഹിതരായിരുന്നു.

കേന്ദ്രമന്ത്രി എ. എം. തോമസ് സ്വാഗതവും ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി കൃതജ്ഞതയും പറഞ്ഞു.

ഫിലിം ചെയ്തു

ആലപ്പുഴ ഉദയാ സ്റ്റുഡിയോക്കാർ, സ്ഥാനാരോഹണച്ചടങ്ങുകളും എതിരേല്പു ഘോഷയാത്രയും ഫിലിം ചെയ്തിരുന്നു. അഖിലേന്ത്യാ റേഡിയോയുടെ തിരുവനന്തപുരം നിലയം നടപടികൾ റിക്കാർഡ് ചെയ്തു.

ജനലക്ഷങ്ങളെ നിയന്ത്രിക്കുന്നതിൽ ഡി. എസ്. പി. ബാലഗംഗാ ധരമേനോന്റെയും ഡി. വൈ. എസ്. പി. കെ. വി. ഉമ്മന്റെയും നേതൃത്വ ത്തിൽ പോലീസ് നിർവഹിച്ച സേവനവും ജില്ലാ ഹോംഗാർഡ്സ്,

സ്ക്കൗട്ട്സ് എന്നിവരുടെ സേവനവും എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു.

ഹാരാർപ്പണം

അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടരായിരുന്ന പ. ബാവാ തിരുമേനിമാരെ മന്ത്രി ഈ. പി. പൗലൂസ്, ഫാ. വി. എം. ഗീവറുഗീസ്, മെ. സി. ജെ. കുര്യൻ, ഈപ്പൻ തോമസ് പാലാമ്പടം, മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ, ഈ. ജെ. ജോസഫ്, ഡോ. ചാക്കോ ജോർജ്, കുര്യൻ ഉതുപ്പ് കരയോരം, റ്റി. പി. പീലിപ്പോസ്, പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, ഇട്ടി കുര്യൻ, ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ചീഫ് എൻജിനീയർ വി. എം. മാത്യു, എൻജിനീയർ കെ. സി. ജോർജ് തുടങ്ങിയവർ ഹാരമണിയിച്ചു. പ. കാതോലിക്കാബാവാ തിരുമേനിക്ക് അനുമോദനങ്ങൾ നേർന്നുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ സഭാ മേലദ്ധ്യക്ഷന്മാരയച്ചിരുന്ന സന്ദേശങ്ങൾ ഫാ. കെ. ഫീലിപ്പോസ് വായിച്ചു.

ഘോഷയാത്ര

ദേവലോകം കാതോലിക്കേറ്റ് അരമനയിലേയ്ക്കുള്ള ഘോഷയാത്ര 5.45-ന് ആരംഭിച്ചു. വാദ്യമേളങ്ങളോടുകൂടിയ ഘോഷയാത്രയിൽ പൊൻ, വെള്ളി കുരിശുകളുടേയും മുത്തുക്കുടകളുടേയും പിന്നിലായി കമനീയമായി അലങ്കരിച്ചിരുന്ന ഒരു രഥത്തിൽ പ. പാത്രിയർക്കീസ് ബാവാതിരുമേനിയും പ. കാതോലിക്കാ ബാവാതിരുമേനിയും ഉപവിഷ്ടരായിരുന്നു. കോട്ടയത്തെ കൊമേർഷ്യൽ ആർട്ട് സെന്ററാണ് മനോഹരമായ ഈ രഥം നിർമ്മിച്ചത്.

എം. ഡി. സെമിനാരിയിൽ നിന്നു മുക്കാൽ മണിക്കൂറു കൊണ്ടാണ് ഘോഷയാത്ര കാതോലിക്കേറ്റ് അരമനയിൽ എത്തിച്ചേർന്നത്.

ചെറിയൊരു മഴയുണ്ടായിരുന്നിട്ടു കൂടി ആയിരക്കണക്കിനു ഭക്തജനങ്ങളും അനേകം വാഹനങ്ങളും ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു.

കഞ്ഞിക്കുഴി അസൻഷൻ ചർച്ചിന്റെ മുമ്പിൽ വച്ച് മദ്ധ്യകേരള മഹായിടവകയുടേയും അസൻഷൻ ചർച്ചിന്റെയും വകയായി തിരുമേനിമാർക്ക് സ്വീകരണം നൽകപ്പെട്ടു. വികാരി റവ. എം. സി. മാണിയും ചർച്ചു കമ്മിറ്റിയംഗങ്ങളും തിരുമേനിമാർക്ക് ഹാരങ്ങളർപ്പിക്കുകയും ബൊക്കെകൾ നൽകുകയും ചെയ്തു.

കണ്ടച്ചിറ സ്റ്റോഴ്സിന്റെ വകയായും ഹാരങ്ങളർപ്പിക്കപ്പെട്ടു. ആലക്തിക ദീപങ്ങളാൽ അലംകൃതമായിരുന്ന കാതോലിക്കേറ്റ് അരമനയിലേയ്ക്ക് 6.30-നു തിരുമേനിമാർ പ്രവേശിച്ചു.

അരമനച്ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പ. തിരുമേനിമാർ

കാലം ചെയ്ത പ. കാതോലിക്കാബാവാ തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

പുതിയ അരമനയിൽ നിന്നുകൊണ്ടു പ. പാത്രിയർക്കീസു ബാവാ തിരുമേനി ഭക്തജനങ്ങൾക്കു വാഴ്വു നൽകി. തുടർന്നു നടന്ന ഗംഭീരമായ വെടിക്കെട്ടു തിരുമേനിമാർ അരമനയുടെ മട്ടുപ്പാവിലിരുന്നുകൊണ്ടു ദർശിച്ചു. കേന്ദ്രമന്ത്രി എ. എം. തോമസും സന്നിഹിതനായിരുന്നു.

മലങ്കരസഭ ഇനിയുമാണു പ്രവർത്തിക്കേണ്ടത്

പാത്രിയർക്കീസ് ബാവാ സമാധാനശിൽപ്പി: മന്ത്രി എ. എം. തോമസിന്റെ പ്രസംഗം

കോട്ടയം, മെയ് 22 – മലങ്കരസഭ കലഹങ്ങൾ മൂലം പത്തു പഞ്ചവൽസര പദ്ധതികളുടെ കാലഘട്ടം നഷ്ടപ്പെടുത്തിയതിനാൽ ഇനിയുമാണു കാര്യമായി പ്രവർത്തിക്കേണ്ടതെന്നു മന്ത്രി എ. എം. തോമസ് പ്രസ്താവിച്ചിരിക്കുന്നു.

മലങ്കരസഭാ സമാധാനത്തിന്റെ ശില്പിയായി പ. പാത്രിയർക്കീസ് ബാവാതിരുമേനിയെ ഭാവിതലമുറ കാണുമെന്നും മന്ത്രി പറഞ്ഞു. സ്ഥാനാരോഹണത്തിനുശേഷം നടന്ന സ്വീകരണയോഗത്തിൽ ചെയ്ത സ്വാഗത പ്രസംഗത്തിലാണദ്ദേഹം ഇപ്രകാരം പറഞ്ഞത്.

തോമസ് ഇങ്ങനെ തുടർന്നു:– ഒരു വ്യാഴവട്ടക്കാലം ഇവിടെ താമസിച്ചിരുന്ന പ. പിതാവിനു കേരളത്തിലെ പൗരത്വമുണ്ട്. അതായതു പ. പത്രോസിന്റെ സിംഹാസനത്തിൽ വാഴുന്ന പ്രഥമ മലയാളിയാണ് ഈ പാത്രിയർക്കീസ് തിരുമേനി എന്നു പറയാം.

മലങ്കരസഭയിലെ ഭിന്നതകൾ അര നൂറ്റാണ്ടുകാലം നീണ്ടുനിന്നുവെങ്കിലും അന്ത്യോക്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ ഭക്തിക്കോ, ബഹുമാനത്തിനോ സ്നേഹത്തിനോ യാതൊരു കുറവും സംഭവിച്ചിരുന്നില്ല. അന്ത്യോക്യാ സിംഹാസനവും മലങ്കരയുമായുള്ള ബന്ധം സുദൃഢമാക്കുക മാത്രമല്ല അതു ലോകാവസാനത്തോളം നിലനിൽക്കത്തക്കവിധം അരക്കിട്ടുറപ്പിക്കുകയാണു പ. പാത്രിയർക്കീസ് ബാവാ തിരുമേനി ചെയ്തിരിക്കുന്നത്.

ഇന്നു കാതോലിക്കായായി വാഴിക്കപ്പെട്ട പ. ബസ്സേലിയോസ് ഔഗേൻ ഒന്നാമൻ തിരുമേനി തികച്ചും ദൈവദത്തമായ കിരീടമാണ് അണിഞ്ഞിരിക്കുന്നത്. ദൈവഭക്തിയുടെയും വിനയത്തിന്റെയും കാര്യത്തിൽ ബാവാ തിരുമേനി മറ്റാരുടെയും പിന്നിലല്ല. സഭയിൽ സമാധാനം പുനഃസ്ഥാപിക്കാൻവേണ്ടി തിരുമേനി നടത്തിയിട്ടുള്ള ആത്മാർത്ഥമായ ശ്രമങ്ങളുടെ പ്രതിഫലമാണിന്നു തിരുമേനിക്കു ലഭിച്ചത്.

ഇനിയും പ്രവർത്തിക്കണം

പ. പാത്രിയർക്കീസ് ബാവാ എഴുന്നള്ളി, സമാധാനം നിലവിൽ വന്നു. ഇനിയുമാണു നാം സഭയ്ക്കു വേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നത്. പത്തു പഞ്ചവൽസരപദ്ധതികളുടെ കാലഘട്ടം കലഹത്തിലൂടെ നാം നഷ്ടപ്പെടുത്തി. അതുകൊണ്ടു ക്രൈസ്തവസഭയുടെ ചുമതലകൾ നാം നല്ലതുപോലെ മനസ്സിലാക്കി മറ്റു സഹോദരീസഭകളെയും മതവിഭാഗ ക്കാരെയും കൂട്ടുപിടിച്ചു മുന്നോട്ടു പോകുകയാണു വേണ്ടതെന്നും തോമസ് പറഞ്ഞു.

ഒരു വ്യാഴവട്ടക്കാലം

മൂന്നാമത്തെ കാതോലിക്കാ ഗീവറുഗീസ് ദ്വിതീയൻ ബാവാ 1964 ജനു വരി 3-ാം തീയതി കാലം ചെയ്തതിനാൽ 1962 മെയ് 17-ാം തീയതി മല ങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്ന ഔഗേൻ മാർ തീമോ ത്തിയോസ് മലങ്കര മെത്രാപ്പോലീത്തായായി ചാർജെടുത്തു. അന്നു എം.ഡി. സെമിനാരിയിൽ വച്ച് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ചെയ്ത ചരമപ്രസംഗത്തിൽ "ന്യായത്തിനും സത്യത്തിനും പ്രമാണ ത്തിനും നീതിക്കുംവേണ്ടി നിലനിന്ന കാലം ചെയ്ത തിരുമേനിയുടെ കാലടികൾ വിശ്വാസസ്ഥിരതയോടുകൂടി പിന്തുടരുമെന്ന്" പ്രഖ്യാപിച്ചി രുന്നു. ആ സത്യപ്രതിജ്ഞ അദ്ദേഹം ജീവിതത്തിൽ നിറവേറ്റുകയും ചെയ്തു.

മലങ്കര മെത്രാപ്പോലീത്തായായി ചാർജെടുത്ത് മലങ്കരസഭയിലെ വൈകാരിക ഐക്യം പോഷിപ്പിക്കുന്നതിനും സമ്പൂർണ്ണ സമാധാനത്തി നുള്ള വിലങ്ങുതടികൾ നീക്കുന്നതിനും പാത്രിയർക്കീസുബാവായെ ഹൂദായകാനോനിലെ വ്യവസ്ഥയെ മാനിച്ചുകൊണ്ട് ക്ഷണിക്കുന്നതിനും കാതോലിക്കാവാഴ്ചയിൽ പങ്കെടുപ്പിക്കുന്നതിനും മലങ്കര എപ്പിസ്ക്കോ പ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഇപ്പോഴത്തെ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണവേളയിൽ വ്യവസ്ഥയനുസരിച്ച് കാതോലിക്കായെ ക്ഷണിച്ചിരുന്നില്ലെങ്കിലും അതെല്ലാം വിസ്മരിച്ചുകൊണ്ട് 1958-ലെ പര സ്പര സ്വീകരണത്തിന്റെ വെളിച്ചത്തിലായിരിക്കണം മലങ്കര സുന്നഹ ദോസ് കേസുകൾക്ക് അന്തിമ വിരാമം ഇടുന്നതിനും സമാധാനത്തിനു സമ്പൂർണ്ണ ഭദ്രത ലഭിക്കുന്നതിനുംവേണ്ടി പാത്രിയർക്കീസുബാവായെ ക്ഷണിച്ചതെന്ന് കരുതപ്പെടുന്നു. മലങ്കര സുന്നഹദോസിന്റെ ക്ഷണമനു സരിച്ച് പാത്രിയർക്കീസു ബാവായും മൂന്നു മെത്രാന്മാരും മലങ്കരയിൽ എത്തുമെന്ന് 1964 ഫെബ്രുവരിയിൽ ഉറപ്പായി. എന്നാൽ പാത്രിയർക്കീസ് വരാതിരിക്കുന്നതിനും ചില തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും മുൻ പാത്രി യർക്കീസ് ഭാഗത്തെ ചില പ്രമാണികൾ ശ്രമിച്ചു എന്നും അതു പരാജയ പ്പെട്ടുവെന്നും പിന്നീടു വ്യക്തമായി.

മലങ്കരസഭയുടെ ചെലവിൽ ഇന്ത്യയിൽ എത്തിയ പാത്രിയർക്കീസ് ബാവായും മെത്രാന്മാരും ന്യൂഡൽഹിയിൽ വച്ച് രാഷ്ട്രപതി ഡോ. രാധാകൃഷ്ണനെ സന്ദർശിക്കുകയും കേരളത്തിൽ എത്തി ഒട്ടധികം സ്വീകരണസൽക്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കാതോലിക്കോസിന്റെ സ്ഥാനാരോഹണത്തിനു മുമ്പ് കാതോലിക്കോസിന്റെ അധികാരസീമയിൽപ്പെട്ട കുവൈറ്റ് മുതലായ പ്രദേശങ്ങളിന്മേലുള്ള അവകാശം പാത്രിയർക്കീസിനെ പിണക്കാതിരിക്കുന്നതിനുവേണ്ടി മലങ്കര സുന്നഹദോസ് ഉപേക്ഷിച്ച കാര്യം വളരെ വൈകി മാത്രമേ സഭാംഗങ്ങൾ അറിഞ്ഞുള്ളൂ. അവിടത്തെ സമ്പന്നരായ മലയാളികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനം തുടരുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രായോഗികതലത്തിൽ ഈ തീരുമാനത്തിന് അതെഴുതിയ കടലാസിന്റെ വിലപോലുമില്ലെന്ന് അനുഭവങ്ങൾ തെളിയിച്ചു. മലങ്കര സുന്നഹദോസ് അംഗങ്ങളുടെ സഹകരണത്തോടുകൂടി നടന്ന കാതോലിക്കാ സ്ഥാനാരോഹണം, ചരിത്രം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു. ഈ ചടങ്ങിൽ പാത്രിയർക്കീസ് ബാവായും ശീമയിൽ നിന്നുവന്ന മെത്രാന്മാരും മാത്രമേ സംബന്ധിച്ചിരുന്നുള്ളുവെന്നു കാണിക്കാൻ ചില തൽപരകക്ഷികൾ ഫോട്ടോ വെട്ടി ബ്ലോക്കുണ്ടാക്കി പരസ്യപ്പെടുത്തിയത് ക്രൈസ്തവർ എന്ന നിലയിലുള്ള അവരുടെ അധഃപതനത്തിന്റെ ഒരു അടയാളമായി മാത്രം അവശേഷിക്കും. കാതോലിക്കാ സ്ഥാനാരോഹണം നേരിട്ടു കണ്ടു സന്തോഷിച്ച അനേകായിരം സഭാംഗങ്ങൾ ഇന്നും തെക്കും വടക്കും ജീവിക്കുന്നുണ്ട്. ക്യാമറ കള്ളം പറഞ്ഞാലും കണ്ണുകൾ അടയ്ക്കാനാവില്ലല്ലോ. കാതോലിക്കാ സ്ഥാനാരോഹണത്തോടെ മലങ്കര ഓർത്തഡോക്സ് സഭയിൽ ഉണ്ടായിരുന്ന ഇരുവിഭാഗങ്ങളും പരിപൂർണ്ണമായും ഒന്നായി. കാതോലിക്കാസ്ഥാപനം സഭ മുഴുവന്റേതുമായി. ഇവിടെ 1912-ൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം അബ്ദുള്ളാ പാത്രിയർക്കീസും പിൻഗാമികളും അംഗീകരിച്ചില്ല. അതുപോലെ തന്നെ ഇവിടെ വാണിരുന്ന കാതോലിക്കാമാരും അവരെ അനുസരിച്ചവരും അന്ത്യോഖ്യാ പാത്രിയർക്കീസുമാരെയും അംഗീകരിച്ചില്ല. ഈ പരസ്പര എതിർപ്പ് എന്നന്നേക്കുമായി മാറി എന്ന് എല്ലാവരും വിശ്വസിക്കുകയും ചെയ്തു. സഭ ഒട്ടുക്ക് അംഗീകരിക്കുന്ന പാത്രിയർക്കീസുബാവായും കാതോലിക്കാബാവായും ഉണ്ടായതിനാൽ സഭയിലെ "ഞങ്ങളും" "നിങ്ങളും" അപ്രത്യക്ഷമായി. 1958-ൽ പാത്രിയർക്കീസുബാവാ സമാധാനകല്പന പുറപ്പെടുവിച്ചപ്പോൾ അത് അതേപടി അംഗീകരിക്കുവാൻ വിസമ്മതിച്ചവരും പാത്രിയർക്കീസുബാവായുടെ പ്രസംഗം കേട്ടപ്പോൾ കാതോലിക്കായുടെ അനുയായികളായി മാറിപ്പോയിരിക്കണം.

"മലങ്കരയിൽ ഉണ്ടായിരിക്കുന്ന സമാധാനം നിങ്ങൾ മുറുകെ പിടിക്കണം. അതായിരിക്കും എനിക്കു നൽകാവുന്ന നിങ്ങളുടെ ഏറ്റവും അഭി

കാമ്യമായ പാരിതോഷികം. സർവ്വോപരി വിശുദ്ധ ജീവിതം നയിക്കു കയും വേണം. മലങ്കരസഭയിൽ പണ്ടുണ്ടായിരുന്ന കലഹത്തെപ്പറ്റി പറഞ്ഞു ചിന്തിക്കുകയോ അതേച്ചൊല്ലി എന്തെങ്കിലും പറഞ്ഞു വഴക്കു ണ്ടാക്കുകയോ ചെയ്യുന്നതുകൊണ്ട് നമ്മുടെ സഭയ്ക്കോ സഭയിൽ ആർ ക്കെങ്കിലുമോ യാതൊരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കഴിഞ്ഞ കാര്യങ്ങൾ പറഞ്ഞു വഴക്കുകൾ കുത്തിപ്പൊക്കുവാൻ ശ്രമിക്കുന്നവർക്കു ലോത്തിന്റെ ഭാര്യയ്ക്കുണ്ടായ അനുഭവം - ഉപ്പുതൂണായിത്തീർന്ന അനു ഭവം - ഉണ്ടാകും.” കോട്ടയം സിംഹാസനപള്ളിയിൽ പാത്രിയർക്കീസു ബാവാ ചെയ്ത പ്രസംഗത്തിന്റെ ഒരു ഭാഗമാണിത്. സഭാസമാധാനം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ പഴയ കാര്യങ്ങളിലേക്കും മുമ്പുണ്ടാ യിട്ടുള്ള അസുഖങ്ങളിലേക്കും കേസ്സുകളിലേക്കും പരസ്പരം ചെയ്തി ട്ടുള്ള ദ്രോഹങ്ങളിലേക്കും കണ്ണോടിക്കുമ്പോൾ പിന്നെയും വിരുദ്ധതയി ലേക്കും അസുഖങ്ങളിലേക്കും പോകാനേ മനുഷ്യനു തോന്നുകയുള്ളു. അതുകൊണ്ട് ലോത്തിന്റെ ഭാര്യയുടെ കാര്യം അനുസ്മരിപ്പിച്ചത് വളരെ നന്നായി. എന്നിട്ടും “ലോത്തിന്റെ ഭാര്യമാരായി” ചിലർ സഭയിൽ തല യുയർത്തി എന്നതു നിർഭാഗ്യകരമെന്നേ പറയേണ്ടതുള്ളു.

ഔഗേൻ ബാവായ്ക്കു ഭാരമേറിയ ചുമതലകളാണ് വഹിക്കേണ്ടി വന്നത്. അദ്ദേഹത്തിന്റെ മുൻഗാമികൾക്ക് ഒരു വിഭാഗത്തിന്റെ അഭിപ്രാ യങ്ങൾ ആദരിച്ചു മാത്രം പ്രവർത്തിച്ചാൽ മതിയായിരുന്നു. എന്നാൽ വിഭിന്ന ചിന്താഗതികളിൽ തഴമ്പിച്ച രണ്ടു കൂട്ടരുടെ വൈകാരിക ഐക്യം സാധിക്കുന്ന കാര്യം ശ്രമസാദ്ധ്യമായ ഒന്നായിരുന്നു. ചില കാര്യങ്ങൾ പറയാതെ വിടണം. എല്ലാ സത്യങ്ങളും പറയരുത്. പെരുമാറ്റത്തിലും പ്രവൃത്തിയിലും എല്ലാം വളരെ സൂക്ഷിച്ചു നീങ്ങേണ്ട ചുമതലയാണ് എൺപതോടടുത്ത പുതിയ കാതോലിക്കായുടെ ചുമലിൽ കയറിയത്. മുള്ളുകൾ നിറഞ്ഞ പാതയിലൂടെ സഞ്ചരിച്ച തീമോത്തിയോസ് മെത്രാ പ്പോലീത്തായ്ക്കു മുള്ളുകളുടെ ഒരു കിടക്ക തന്നെയായിരുന്നു കാതോ ലിക്കാ സ്ഥാനവും എന്നു പറയാം. മലങ്കരയിൽ ഉണ്ടായിരിക്കുന്ന ശാശ്വത സമാധാനം മൂലം സഭ സൃഷ്ടിപരമായ രംഗങ്ങളിൽക്കൂടി അഭിവൃദ്ധി പ്പെടട്ടെ എന്ന ശുഭാശംസകളോടെയാണ് പാത്രിയർക്കീസുബാവാ മലങ്കര വിട്ടത്. അതുകൊണ്ട് സഭയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ അന്യൂനം തുടരുന്നതിനുള്ള അന്തരീക്ഷം സംജാതമായിരുന്നു.

ഔഗേൻ കാതോലിക്കാബാവാ ചുമതല ഏൽക്കുന്നതിനു മുമ്പു തന്നെ സഭയുടെ പ്ലാനിംഗ് കമ്മിറ്റി രൂപംനൽകിയ പരിപാടികൾ പുരോ ഗമിച്ചുകൊണ്ടിരുന്നു. ഇതര ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെട്ടു വന്നു. 1963 ജൂലൈ മാസത്തിൽ അലക്സിസ് പാത്രിയർക്കീ സിന്റെ മെത്രാൻ സ്ഥാനാഭിഷേക കനകജൂബിലിയിൽ സംബന്ധിക്കാൻ

മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ റഷ്യൻ സഭയുടെ ആതിഥ്യം സ്വീകരിച്ചു മോസ്ക്കോയും മറ്റും സന്ദർശിച്ചു. കാതോലിക്കേറ്റ് സെൻട്രൽ ഓഫീസ് ആധുനികനിലയിൽ സംഘടിപ്പിക്കുന്നതിനു സഭാ മാനേജിംഗ് കമ്മിറ്റി തീരുമാനം എടുത്തു. എം.ഡി. സെമിനാരി വളപ്പിൽ കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ നിശ്ചയിച്ചു. മലങ്കരസഭാ ഭരണത്തിന് ഒരു എപ്പിസ്ക്കോപ്പൽ കൗൺസിൽ 1963 സെപ്തംബറിൽ നിയോഗിക്കപ്പെട്ടു. മൂന്നാമത്തെ കാതോലിക്കായുടെ കാലശേഷം ഭരണമേറ്റ ഔഗേൻ ബാവായ്ക്കു പല പ്രശ്നങ്ങളെ നേരിടേണ്ടതുണ്ടായിരുന്നു എങ്കിലും ആദ്യ വർഷങ്ങളിൽ സഭാനൗക ശാന്തമായ സാഗരത്തിലൂടെയാണു നീങ്ങിയത്. കേസ്സും കക്ഷിവഴക്കും തീർന്നു. മുമ്പു രണ്ടു കക്ഷികളായി നിന്നവർ ഒരുമിച്ച് ആരാധന നടത്തി. ചില വൈദികർ മുമ്പു കയറിയിട്ടില്ലാത്ത ദേവാലയങ്ങളിൽ സന്തോഷപൂർവ്വം ബലി അർപ്പിച്ചു. അങ്ങനെ സഭ വൈകാരിക ഐക്യത്തിലേക്കും പുരോഗതിയിലേക്കും നീങ്ങി.

സഭാ ഭരണഘടനയിൽ ആവശ്യമായി വരേണ്ട ഭേദഗതികൾ വരുത്തുന്നതിനു കാതോലിക്കാബാവാ ഒരു റൂൾ കമ്മിറ്റിയെ നിയോഗിച്ചു. സഭയുടെ പുരോഗതിയെ മുൻനിർത്തി പുതുതായി ഏതാനും മെത്രാന്മാരെ വാഴിക്കാൻ സുന്നഹദോസ് നവംബർ 20-നു തീരുമാനിച്ചു. അങ്കമാലി ഭദ്രാസനത്തിന്റെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ഓർത്തഡോക്സ് സണ്ടേസ്കൂൾ സമാജം പ്രസിഡണ്ടായും കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പായെ സമാജം ഡയറക്ടർ ജനറലായും ഫാ. കെ. ഡേവിഡിനെ പബ്ലിക്കേഷൻ ഓഫീസറായും സുന്നഹദോസ് തെരഞ്ഞെടുത്തു.

1965 ജനുവരി ആദ്യം എത്യോപ്യയിലെ ആഡിസ് അബാബയിൽ നടന്ന പൗരസ്ത്യ സഭകളുടെ സുന്നഹദോസിൽ ഔഗേൻ ബാവാ, പാത്രിയർക്കീസ് ബാവായോടൊപ്പം സംബന്ധിക്കയും തുടർന്ന് പാത്രിയർക്കീസ് ബാവായുടെ ക്ഷണമനുസരിച്ച് സിറിയായിലെ പള്ളികളും വിശുദ്ധനാടുകളും സന്ദർശിക്കുകയും ചെയ്തു. തന്റെ ചെറുപ്പകാലത്തെ ജീവിത സ്മരണകൾ പുതുക്കി. മാർത്തോമ്മായുടെ തിരുശേഷിപ്പും ഈ യാത്രയിൽ പാത്രിയർക്കീസുബാവാ നൽകി. ഓർത്തഡോക്സ് വൈദിക സെമിനാരി ഒരു ബി.ഡി. കോളജായി ഉയർത്തിയത് 1965 ഫെബ്രുവരി ഒന്നു മുതലാണെന്നുള്ളത് വൈദികസെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന ഔഗേൻ ബാവായ്ക്കു കൂടുതൽ സന്തോഷത്തിനു വക നൽകി. കാതോലിക്കാ ദിനം സഭയുടെ ഐക്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി സഭ മുഴുവൻ ആചരിച്ചു. മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനായി എപ്പിസ്ക്കോപ്പൽ

സുന്നഹദോസ് തീരുമാനിച്ചു. സഭ വകയായി മെഡിക്കൽ മിഷൻ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു. ഓഗസ്റ്റ് 27-ാം തീയതി പഴയസെമിനാരിയിൽ ഔഗേൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റിയുടെയും പ്ലാനിംഗ് കമ്മിറ്റിയുടെയും സുന്നഹദോസിന്റെയും സംയുക്ത യോഗത്തിൽ മലങ്കരസഭയുടെ പുരോഗതി മുൻനിർത്തി പ്ലാനിംഗ് കമ്മീഷൻ മുമ്പോട്ടു വച്ച നിർദ്ദേശങ്ങൾ എല്ലാം സുന്നഹദോസ് സ്വീകരിച്ചതായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ഒക്ടോബർ 5-നു മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി കൂടി. ഡിസംബർ 28-നു അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിനും നിശ്ചയിച്ചു. അസോസിയേഷൻ കൂടി ഫാ. എൻ. എ. യോഹന്നാൻ മല്പാൻ, ഫാ. കെ. ഫീലിപ്പോസ്, ഫാ. ടി. പോൾ വറുഗീസ്, ഫാ. എം. വി. ജോർജ്ജ്, സി. റ്റി. തോമസ് റമ്പാൻ എന്നിവരെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. വൈദികട്രസ്റ്റി സ്ഥാനം രാജിവച്ച മണലിൽ യാക്കോബ് കത്തനാർക്കു പകരം ടി. എസ്. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പാ തെരഞ്ഞെടുക്കപ്പെട്ടു.

പഴയസെമിനാരിയുടെ 150 വർഷം തികയുന്നതു സംബന്ധിച്ച ജൂബിലി ഡിസംബർ അവസാനം കൊണ്ടാടി. പ്രാരംഭ സമ്മേളനത്തിൽ മുൻ പ്രിൻസിപ്പൽ കൂടിയായ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിക്കുകയും കേരള ഗവർണ്ണർ ഏ. പി. ജയിൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി. തുടർന്നാണ് എത്യോപ്യൻ സുന്നഹദോസിൽ പങ്കെടുക്കുവാൻ കാതോലിക്കാബാവാ പോയത്.

നോമ്പാചരണത്തിന്റെ പ്രാധാന്യം ഒട്ടും കുറയ്ക്കാതെ ലാഘവം വരുത്തിയതാണ് ഔഗേൻ ബാവായുടെ കാലത്തെ ഒരു പ്രധാനപ്പെട്ട പരിഷ്കാരം. അപ്രേം പ്രഥമൻ പാത്രിയർക്കീസിന്റെ നോമ്പു പരിഷ്ക്കരണത്തോട് എതിർപ്പ് പ്രകടിപ്പിച്ച അന്തരീക്ഷത്തിലാണു സഭാ സമാധാനത്തെ തുടർന്നുള്ള അന്തരീക്ഷത്തിൽ നോമ്പു പരിഷ്ക്കാരത്തിനു അംഗീകാരം നൽകിയത്. മൂന്നു നോമ്പും, കഷ്ടാനുഭവ ആഴ്ചയും, വലിയനോമ്പിലെ ബുധനാഴ്ച, വെള്ളിയാഴ്ച ദിവസങ്ങളും ഒഴിച്ചാൽ പാലും ക്ഷീരോല്പന്നങ്ങളും മത്സ്യവും ഉപയോഗിക്കാം. ദിവസങ്ങളുടെ സംഖ്യയിൽ മാറ്റമില്ല. ഇതാണു നോമ്പു സംബന്ധിച്ച ലാഘവത്തിന്റെ ചുരുക്കം.

മാർ ഏലിയാ ചാപ്പൽ മേലിൽ കാതോലിക്കാബാവായുടെ കത്തീഡ്രൽ ആയിരിക്കുമെന്ന് 1966 മാർച്ച് ഒടുവിൽ പ. ബാവാ പ്രഖ്യാപനം ചെയ്തു. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയായി മാർച്ച് 24-നു പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര തെരഞ്ഞെടുക്കപ്പെട്ടു. അതുവരെ ഇ. ജെ. ജോസഫ് ആയിരുന്നു ഈ മഹനീയസ്ഥാനം പ്രശസ്തമായ നിലയിൽ വഹിച്ചിരുന്നത്.

അഞ്ചു പേരെ സ്ഥാനാർത്ഥികളായി തെരഞ്ഞെടുത്തു എങ്കിലും മൂന്നു പേർക്കു മാത്രമേ മേല്പട്ടസ്ഥാനം കൊടുക്കുന്നുള്ളു എന്ന തീരുമാനം സഭയിൽ അങ്ങോളമിങ്ങോളം പ്രതിഷേധശബ്ദം ഉയർത്തി. സിനഡിലെ ചില അംഗങ്ങളുടെ നിലപാടിനോട് എതിർത്തു നിൽക്കാൻ മാർ ഔഗേൻ ബാവാ മുതിരാതിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ചെറായി, മണർകാട് പള്ളികളിലെ കേസ്സുകൾ അവസാനിപ്പിക്കുന്നതിനു കാതോലിക്കാബാവായ്ക്കു സാധിച്ചു. ഒരാഴ്ച മണർകാട്ടുപള്ളിയിൽ താമസിച്ചുകൊണ്ടാണ് കേസ്സുകൾ രാജിയാക്കിയത്. ശാരീരികക്ഷീണം മൂലം പുതുപ്പള്ളിയിലും കുന്നംകുളത്തും എത്തി സമാധാനദൗത്യം നിറവേറ്റാൻ ബാവായ്ക്കു കഴിഞ്ഞില്ല.

അന്ത്യോഖ്യാ - മലങ്കരസഭാബന്ധം മെച്ചപ്പെട്ടതിനെ തുടർന്ന് അപ്രേം ആബൂദി റമ്പാന്റെ നേതൃത്വത്തിൽ മലങ്കരയിൽ നിന്ന് ഒരു തീർത്ഥാടക സംഘം പാത്രിയർക്കീസു ബാവായെയും സിറിയായിലെ പല പള്ളികളും വിശുദ്ധ നാടുകളും സന്ദർശിക്കുകയുണ്ടായി. 1966 ഓഗസ്റ്റ് 24-ാം തീയതി കോലഞ്ചേരിയിൽ വച്ച് ഔഗേൻ ബാവായാൽ യൂഹാനോൻ മാർ സേവേറിയോസും തോമസ് മാർ തീമോത്തിയോസും, ഫീലിപ്പോസ് മാർ തെയോഫിലോസും മെത്രാന്മാരായി വാഴിക്കപ്പെട്ടു. സഭയുടെ വികസനത്തിന്റെ ലക്ഷണം എന്നാണ് ഈ മെത്രാൻ സ്ഥാനാഭിഷേകത്തെ പാത്രിയർക്കീസ്ബാവാ അന്നു വിശേഷിപ്പിച്ചത്. തുടർന്നു യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെയും തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കു മലബാർ ഭദ്രാസനത്തിന്റെയും ചുമതല ഔഗേൻ ബാവാ നൽകി. കൊല്ലം ഇടവകയുടെ മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ഓഗസ്റ്റ് 6-നും അങ്കമാലി ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നവംബർ 6-നും കാലം ചെയ്തത് ഔഗേൻ ബാവായെ ദുഃഖാർത്തനാക്കി. എന്നാൽ 1967 ഒടുവിൽ പുതുപ്പള്ളി വലിയപള്ളിയിൽ സമാധാനം പുനഃസ്ഥാപിച്ചതും ചെറിയപള്ളി പൂട്ടി യേശു കത്തനാർ താക്കോൽ പി. സി. ഏബ്രഹാമിനെ ഏല്പിച്ചതും ബാവായെ വളരെയധികം സന്തോഷിപ്പിച്ചു. കാതോലിക്കാമാർക്കു നടത്താൻ അധികാരമുള്ള മൂറോൻ കൂദാശ 1967 ഡിസംബർ 21-ാം തീയതി പഴയസെമിനാരിയിൽ വച്ച് ഔഗേൻ ബാവാ നിർവഹിച്ചു.

ശാരീരികമായ ക്ഷീണത്തെ മുൻനിർത്തി 1970 ഡിസംബർ 31-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുകയും അവിടെ തടിച്ചുകൂടിയിരുന്ന മലങ്കര സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും മൂവായിരം പള്ളിപ്രതിപുരുഷന്മാരും ഏകകണ്ഠമായി എല്ലാവിധത്തിലും യോഗ്യനായ മാത്യൂസ് മാർ അത്താനാസ്യോ

സിനെ ഔഗേൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തപ്പോൾ ബാവായുടെ ചുമതലഭാരം ഏറെക്കുറെ ലഘൂകരിക്കപ്പെടുകയുമാണു ണ്ടായത്.

അന്നത്തെ അസോസിയേഷനിൽ ഔഗേൻ ബാവാ ചെയ്ത ഉപക്രമ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

"കാതോലിക്കായുടെ പിൻഗാമിയുടെ കാര്യത്തിൽ ദൈവ നടത്തിപ്പു കിട്ടാനായി മെത്രാപ്പോലീത്താമാർ പരുമല പുണ്യവാളന്റെ സന്നിധിയിൽ അഭയം പ്രാപിച്ചു. ഒരാൾ ഒഴികെ ബാക്കിയുള്ളവരെല്ലാം ത്യാഗബുദ്ധി യോടുകൂടി പിന്മാറി. അദ്ദേഹവും പിന്മാറിയിരുന്നെങ്കിൽ കാര്യം നടക്കു കയില്ലായിരുന്നു. ഇത് അനുഗ്രഹകരവും സന്തോഷകരവുമായ ഒരു സംഗ തിയാണ്. ദൈവത്തിനു സ്തുതി.

മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും ഏകകണ്ഠമായി തിരഞ്ഞെടു ക്കുന്നതിൽ സന്തോഷമുണ്ട്. സഭയോടുള്ള സ്നേഹവും വിശുദ്ധന്മാരോ ടുള്ള ആദരവും എല്ലാവരും പ്രകടിപ്പിച്ചതിൽ സന്തോഷമുണ്ട്.

നിങ്ങൾ സഭയെ രക്ഷിക്കുകയും മറ്റുള്ളവരുടെ മുമ്പാകെ മാതൃകാ പരമായി സന്മാർഗ്ഗനിഷ്ഠയോടുകൂടി ജീവിക്കുകയും ചെയ്യണം. സഭയുടെ ചിട്ടകൾ അനുസരിച്ചു നീങ്ങണം. അങ്ങനെ ചെയ്താൽ നിങ്ങളുടെ കുടും ബങ്ങളും രാജ്യവും, സഭയും വിജയിക്കും. നിങ്ങൾ സഭയുടെ സംരക്ഷ കരാണ്. നിങ്ങളുടെ അപമാനവും ബഹുമാനവും സഭയുടെ അപമാനവും ബഹുമാനവുമാണ്. നിങ്ങൾ സ്നേഹത്തോടും സന്തോഷത്തോടും പ്രവർത്തിച്ച് സഭയ്ക്കു മഹിമ കൈവരുത്തണം."

നിർഭാഗ്യവശാൽ സഭാമണ്ഡലത്തിൽ അഭിപ്രായഭിന്നതകൾ ചിലർ സൃഷ്ടിച്ച കാര്യങ്ങൾ നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ചിലരുടെ സ്വാർത്ഥ താല്പര്യങ്ങളാണു സഭയെ കല ക്കിയതെന്ന് ഔഗേൻബാവാ പലവുരു പറഞ്ഞിട്ടുണ്ട്. അതീവ ഭക്തനും ശാന്തനുമായിരുന്ന ബാവായെ സഭയിലെ അസ്വസ്ഥതകൾ വേദനിപ്പിച്ചു. മാർതോമ്മായുടെ പൗരോഹിത്യവും സിംഹാസനവും ചില കേന്ദ്രങ്ങ ളിൽ വിമർശന വിധേയമായപ്പോൾ ഔഗേൻ ബാവാ സ്വീകരിച്ച ഉറച്ച നിലപാടു കൊണ്ടു മാത്രം അദ്ദേഹം മലങ്കരസഭയിലെ ശക്തനായ ഒരു കാതോലിക്കാ എന്ന പേര് ചരിത്രത്തിൽ നിലനിർത്തിയിട്ടുണ്ട്. ബാവായെ പാത്രിയർക്കീസു മുടക്കാൻ സാദ്ധ്യതയുണ്ടെന്ന് ഒരിക്കൽ സന്ദർഭവശാൽ അറിഞ്ഞപ്പോൾ "അദ്ദേഹം മാർതോമ്മാ ശ്ലീഹായെപ്പോലും മുടക്കുമെ ന്നാണ് തോന്നുന്നതെന്ന്" ബാവാ പറഞ്ഞതോർക്കുന്നു. സഭയുടെ നില നിൽപിനെ ചോദ്യം ചെയ്തപ്പോൾ സഭയ്ക്കുവേണ്ടി ഒരു രക്തസാക്ഷി യാകാൻപോലും ബാവാ മടികാണിച്ചില്ലെന്നുള്ളതാണ് സത്യം.

കല്പന

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി). മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ (മുദ്ര)

നമ്മുടെ .... പള്ളി വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാര ന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരസഭയിലെ ഏതാനും മെത്രാപ്പോലീത്തന്മാരെ സസ്പെന്റ് ചെയ്തിരിക്കുന്നതായും അവർ ഭരിച്ചുകൊണ്ടിരിക്കുന്ന മെത്രാസന ഇടവകകളിൽ ചിലതിന്റെ ഭരണത്തിന് ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാ പ്പോലീത്തായെ നിയമിച്ചിരിക്കുന്നതായും കാണിച്ച് 9-4-1975-ൽ അനധി കൃതമായി അയച്ച കത്തുകളെപ്പറ്റി, മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹ ദോസ് 9-5-1975-ൽ കൂടി ആലോചിച്ചു. ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാ പ്പോലീത്താ ഹാജരായില്ല. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ സഭാഭരണഘടന ലംഘിച്ചും അനധികൃതമായും ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായ്ക്ക് മേൽപ്രകാരം ഇടവക തിരിച്ചു കൊടു ത്തതായി എഴുതിഅയച്ചത് അദ്ദേഹം സ്വീകരിക്കുകയും ഇടവക തിരിച്ചു കൊടുക്കാൻ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമുണ്ടെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്യുന്നതായി അദ്ദേഹത്തിന്റെ നടപടികൾ സൂചിപ്പി ക്കുന്നതുകൊണ്ടും, അദ്ദേഹം അപ്രകാരം സ്വീകരിക്കുകയോ സമ്മതി ക്കുകയോ ചെയ്യുന്നപക്ഷം അദ്ദേഹത്തിനു മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിലുള്ള അംഗത്വം സ്വമേധയാ നഷ്ടപ്പെട്ടു പോകുമെന്നു ള്ളതുകൊണ്ടും, യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മേൽ പ്രകാരം ഇടവക തിരിച്ചു കൊടുത്തതായി എഴുതി അയച്ചത് അദ്ദേഹം സ്വീകരിക്കുകയോ ഇടവക തിരിച്ചുകൊടുക്കാൻ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമുണ്ടെന്ന് സമ്മതിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് അദ്ദേഹം 20-5-1975 നകം രേഖാമൂലം അറിയിക്കണമെന്നും, ആ തീയ തിക്കകം അദ്ദേഹത്തിന്റെ അറിയിപ്പു കിട്ടാത്തപക്ഷം അദ്ദേഹം സുന്ന ഹദോസിൽ നിന്നും സ്വയം പിന്മാറിയതായും മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്താ ആയി തുടരുന്നില്ലെന്നും സുന്നഹദോസ് കണക്കാക്കി പ്രവർത്തിക്കുമെന്നും അദ്ദേഹത്തിന് എഴുതി അയയ്ക്കണമെന്ന് സുന്ന ഹദോസ് ഐകകണ്ഠ്യേന തീരുമാനിച്ചു. ആ തീരുമാനപ്രകാരം അദ്ദേ

ഹത്തിന് എഴുതി അയയ്ക്കുകയും ചെയ്തു. പ്രസ്തുത എഴുത്ത് അദ്ദേഹം കൈപ്പറ്റി. എന്നാൽ മറുപടി നൽകിയില്ല.

22-5-1975 ൽ കൂടിയ സുന്നഹദോസ് മേൽപറഞ്ഞിട്ടുള്ള സംഗതികൾ പരിഗണിച്ചതിൽ, ഏബ്രഹാം മാർ ക്ലിമ്മീസ് സുന്നഹദോസിൽ നിന്ന് സ്വയം പിന്മാറി എന്നും അദ്ദേഹം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ഒരു മെത്രാപ്പോലീത്താ ആയി തുടരുന്നില്ലെന്നും കണ്ടിരിക്കുന്നു. അതിനാൽ സഭാഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ക്നാനായ മെത്രാസന ഇടവക മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇരിക്കുന്നതാകുന്നു.

ഏബ്രഹാം മാർ ക്ലിമ്മീസ് സഭയിലെ ഏതെങ്കിലും പള്ളിയിലോ സഭവക ഏതെങ്കിലും സ്ഥാപനത്തിലോ സംഘടനയിലോ സഭയിലെ മേൽപട്ടക്കാരൻ എന്ന നിലയിൽ പ്രവേശിക്കാവുന്നതല്ലെന്നും സഭാംഗങ്ങൾ അദ്ദേഹത്തെ സഭയിലെ ഒരു മേല്പട്ടക്കാരനായി സ്വീകരിക്കുകയോ ആ നിലയിലുള്ള അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രവൃത്തികളിൽ സഹകരിക്കുകയോ പങ്കുകൊള്ളുകയോ ചെയ്യരുതെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

വാത്സല്യ മക്കളെ, ഏബ്രഹാം മാർ ക്ലിമ്മീസ് മേൽ വിവരിച്ചിട്ടുള്ള പ്രകാരം സുന്നഹദോസിൽ നിന്നു സ്വയം പിന്മാറിയതിൽ നമുക്ക് അതിയായ ദുഃഖമുണ്ട്. അദ്ദേഹത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ ത്തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....

1975 മെയ് 28-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

നേട്ടങ്ങൾ

ഔഗേൻ ബാവായുടെ ഭരണകാലത്തു മലങ്കര സഭയിലുണ്ടായ സമാധാനത്തെത്തുടർന്ന് സഭ പല രംഗങ്ങളിലും പുരോഗമിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, വൈദിക കോളജ്, സ്റ്റുഡന്റ് സെന്ററുകൾ, പുതിയ കോളജുകൾ, ഹൈസ്കൂളുകൾ, അനാഥമന്ദിരങ്ങൾ എന്നിവയെല്ലാം സഭാസമാധാനത്തിന്റെ സന്തതികളാണ്.

എന്നാൽ അങ്കമാലി തുടങ്ങിയ ചില ഭദ്രാസനങ്ങളിൽ ചില പട്ടക്കാരും നേതൃമോഹികളായ ചില പ്രമാണികളും മനഃപൂർവ്വം ഭിന്നതകൾ ഉണ്ടാക്കുന്നതിനും ആരും ഇതുവരെയും നിർവ്വചിച്ചിട്ടില്ലാത്ത “അന്ത്യോഖ്യാ വിശ്വാസ”ത്തിന്റെ പേരിൽ സാധാരണക്കാരായ സഭാംഗങ്ങളുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്നതിനും നീക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. തെറ്റായ പ്രചാരണങ്ങൾ വഴി മെത്രാപ്പോലീത്തായെ അധിക്ഷേപിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനും മെത്രാപ്പോലീത്തായുടെ കാർ കത്തിക്കുന്നതിനും ഇവർ തയ്യാറായി. അക്രൈസ്തവർ പോലും ചെയ്യാൻ അറയ്ക്കുന്ന കാര്യങ്ങളാണ് ദുരഭിമാനതിമിരം ബാധിച്ച അങ്കമാലിയിലെ ചില പ്രമാണികൾ ചെയ്തതെന്നു ചരിത്രം രേഖപ്പെടുത്തും.

സ്വാർത്ഥമോഹികളായ ഒരു വിഭാഗമാണ് സഭയുടെ സമാധാനം നശിപ്പിക്കുന്നതെന്നും ദൈവം അവരോടു ക്ഷമിക്കട്ടെ എന്നുമുള്ള ചിന്തയായിരുന്നു പ. കാതോലിക്കാബാവായെ ഭരിച്ചത്. സഭയ്ക്കുവേണ്ടി കഷ്ട നഷ്ടങ്ങളും മർദ്ദനവും ഏറ്റ പ. ഔഗേൻബാവായെ “ക്രൂശിച്ച” ശേഷം വീണ്ടും വിലാപ്പുറത്തു കുത്തിയവരാണ് അങ്കമാലിയിലെ ചില പ്രമാണികളെന്നു ലോകമെങ്ങും മനസ്സിലാക്കി.

ഭിന്നിച്ചു നിന്ന സഭയെ ഒന്നിച്ചു ഭരിക്കുന്നതിനു പ. ഔഗേൻ ബാവായ്ക്കു സാധിച്ചു. മുമ്പു ഭരിച്ചവർക്കെല്ലാം മോശ കനാൻദേശം കണ്ടതുപോലെ സഭയുടെ ഐക്യം കാണാൻ കഴിഞ്ഞതല്ലാതെ ഔഗേൻ ബാവായെപ്പോലെ ഒരു ഐക്യസഭയെ താലോലിക്കാൻ സാധിച്ചില്ല. ചേപ്പാട്ടു ദീവന്നാസ്യോസ് തിരുമേനിയുടെയും പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയുടെയും കാലഘട്ടത്തിൽ ആംഗ്ലിക്കൻ വിഭാഗവും മാർത്തോമ്മാക്കാരും പിരിഞ്ഞുപോയെങ്കിൽ ഔഗേൻ കാതോലിക്കാ ബാവായുടെ കാലത്ത് ഭിന്നിച്ചു നിന്നവർ ഒന്നിച്ചുവന്ന് ചരിത്രം സൃഷ്ടിച്ചു. അങ്ങനെ പുരോഗതിയിലേക്കു നീങ്ങിക്കൊണ്ടിരുന്ന സഭാവഞ്ചിയെ കല്ലോലങ്ങൾ ഇളക്കിവിട്ടു വഞ്ചിച്ചവരോടു ദൈവം പൊറുക്കുകയില്ലെന്നുള്ള അഭിപ്രായമാണ് കാതോലിക്കാബാവായെ ഭരിച്ചത്. ഇന്ത്യയുടെ അപ്പോസ്തലനെന്നു റോമൻ കത്തോലിക്കാ സഭ പോലും അംഗീകരിക്കുന്ന മാർത്തോമ്മാശ്ലീഹായ്ക്കു പട്ടം ഇല്ലെന്നും അദ്ദേഹം ഒരു അവൈദികനായിരുന്നുവെന്നുമുള്ള പാത്രിയർക്കീസുബാവായുടെ 1970-ലെ 203-ാം നമ്പർ കല്പന (കത്തല്ല) പാലു കൊടുത്തു വളർത്തിയ കുഞ്ഞിനു വിഷം കൊടുത്ത പ്രതീതിയാണു മലങ്കരയിൽ സൃഷ്ടിച്ചത്.

മാർത്തോമ്മായെപ്പറ്റിയുള്ള ഈ ദൈവശാസ്ത്ര വിരുദ്ധമായ ചിന്താഗതി ഔഗേൻ ബാവായെ വല്ലാതെ വേദനിപ്പിച്ചു. പാത്രിയർക്കീസുബാവാ വേദവിപരീതിയായിപ്പോകുന്നതിൽ അദ്ദേഹം ഹൃദയം നൊന്തു സങ്കടപ്പെട്ടു.

മാർത്തോമ്മായെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും അദ്ദേഹത്തെപ്പോലെ അടിയുറച്ച ദൈവവിശ്വാസം ആർജ്ജിക്കുന്നതിനും പാത്രിയർക്കീസിന്റെ മാർത്തോമ്മാവിരുദ്ധ നീക്കം മലങ്കരയിലുള്ളവരെ പ്രേരിപ്പിച്ചു. മാർത്തോമ്മാശ്ലീഹായുടെ പത്തൊമ്പതാം ചരമശതാബ്ദി കോട്ടയത്തു വച്ച് അതിഗംഭീരമായി കൊണ്ടാടുന്നതിനും സാധിച്ചു. കോട്ടയം എം.ഡി. സെമിനാരിയിൽ തടിച്ചുകൂടിയ മനുഷ്യമഹാസമുദ്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ. ഔഗേൻ ബാവാ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "ക്രൈസ്തവസഭ വിദൂരമായ ഭാരതത്തിൽ സ്ഥാപിക്കുക മാത്രമല്ല, നമ്മുടെ കർത്താവ് അപ്പോസ്തോലന്മാർക്ക് നൽകിയ അനുഗ്രഹകരവും പുണ്യകരവുമായ പൗരോഹിത്യം തൃക്കൈകൾ കൊണ്ടു മലങ്കരയുടെ മക്കൾക്കു നൽകിക്കൊണ്ടു മാർത്തോമ്മാശ്ലീഹാ മലങ്കര നസ്രാണികളുടെ സ്ഥാനവും മാനവും സഭാചരിത്രത്തിൽ ഉയർത്തുകയുമായിരുന്നു. ക്രൈസ്തവമതത്തിന്റെ കേന്ദ്രങ്ങളായി അറിയപ്പെടുന്ന എല്ലാ പാശ്ചാത്യദേശങ്ങളെക്കാളും ചില പൗരസ്ത്യദേശങ്ങളേക്കാളും മുമ്പായി സത്യവിശ്വാസത്തിന്റെയും ശ്രേഷ്ഠ പൗരോഹിത്യത്തിന്റെയും വഴിത്താര തെളിച്ചുതന്ന ഈ പുണ്യപിതാവിനെ സ്മരിക്കുമ്പോൾ നമ്മുടെ ആഹ്ലാദം അതിരു കവിയും, അഭിമാനം ഉയരും. നമ്മുടെ ശക്തിയുടെയും ആവേശത്തിന്റെയും അടിസ്ഥാനമാണു മാർത്തോമ്മാശ്ലീഹാ."

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി കൊണ്ടാടിയ വർഷമാണ് 14 കൊല്ലം യോജിച്ചുനിന്നശേഷം മാനേജിംഗ് കമ്മിറ്റിയിലെ ചില മാന്യന്മാർ മാർത്തോമ്മായുടെ പേരും പറഞ്ഞ് നേതൃത്വത്തിനുവേണ്ടി മാനേജിംഗ് കമ്മിറ്റിയോഗത്തിൽ നിന്നും അതുവഴി മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും സ്വയം ഇറങ്ങിപ്പോയത്. സഭയുടെ ഉന്നതമായ ഭരണസമിതിയുടെ പ്രാധാന്യമോ ആദ്ധ്യാത്മിക ജീവിതത്തിന്റെ സൽപ്രേരണകളോ ഉൾക്കൊള്ളാൻ കഴിയാതെപോയ ഒരു ന്യൂനപക്ഷം കുപ്രസിദ്ധി നേടി സഭയിൽ കലഹം ഉണ്ടാക്കാൻ ചെയ്ത ഒരു പാഴ്വേലയായിരുന്നു ഈ വോക്കൗട്ടെന്ന് പിന്നീടു നടന്ന സംഭവങ്ങൾ സാക്ഷിച്ചു. മാർത്തോമ്മായുടെ പാരമ്പര്യത്തിൽ അഭിമാനബോധമില്ലാത്തവരുടെ ഈ വോക്കൗട്ടിൽ കാതലായ യാതൊരു പ്രശ്നവും അടങ്ങിയിട്ടില്ലെന്നുള്ള സത്യം ചിന്താശക്തിയുള്ളവരെ പറഞ്ഞു ധരിപ്പിക്കേണ്ട ആവശ്യവുമില്ല. മലങ്കരസഭാ ഭരണഘടന അംഗീകരിക്കപ്പെടുന്നതിനു മുമ്പു പാത്രിയർക്കീസു ബാവായ്ക്കു മലങ്കരസഭയുടെ മേൽ ഉണ്ടായിരിക്കേണ്ട അധികാരാവകാശങ്ങളെച്ചൊല്ലി തർക്കങ്ങളും വ്യവഹാരങ്ങളും നടന്നിട്ടുണ്ട്. അവയൊന്നും മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തെ ഒരിക്കലും സ്പർശിച്ചിരുന്നുമില്ല. മലങ്കര മെത്രാപ്പോലീ

ത്താമാരെ മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണരുളുന്ന മേലദ്ധ്യക്ഷന്മാരായി സംബോധന ചെയ്തിട്ടുള്ള കല്പനകൾ പാത്രിയർക്കീസുമാർ അയച്ചിട്ടുള്ളതു ചരിത്രരേഖകളാണ്. അതുകൊണ്ട് അന്നെങ്ങും ആരുടെയും മനസ്സിൽ ഇല്ലാതിരുന്ന ഒരു വിവാദപ്രശ്നം, 1958 മുതൽ ഗൗരവമർഹിക്കുന്ന യാതൊരു ഭിന്നതയും ഇല്ലാതിരുന്ന സഭയിൽ ഉന്നയിച്ചു സഭയെ നശിപ്പിക്കാൻ ശ്രമിച്ചവർ ഒരിക്കൽ പശ്ചാത്തപിക്കേണ്ടി വരുമെന്നാണ് ക്രൈസ്തവസഭയുടെ ചരിത്രം പഠിപ്പിക്കുന്ന ഒരു പാഠം.

ഒരു സഭയുടെ പരമാദ്ധ്യക്ഷനെന്ന നിലയിൽ സാധാരണഗതിയിൽ ചെയ്യാനാവാത്ത പല കാര്യങ്ങളും കാതോലിക്കാബാവായ്ക്കു മാനുഷിക പ്രശ്നങ്ങളെ ദൈവമുമ്പാകെ സമർപ്പിച്ച് പരിഹാരം നിർദ്ദേശിക്കേണ്ടി വന്നു. നിയമദൃഷ്ട്യാ സാധൂകരിക്കാനാവാത്ത ചില സംഗതികൾ മുടിയൻപുത്രനെപ്പോലെ അനുതപിക്കുന്നവർക്കു പാപപരിഹാരം നൽകുന്ന ദൈവത്തിന്റെ പ്രതിപുരുഷന്മാർക്ക് അവഗണിക്കാനും സാധ്യമല്ല.

കാതോലിക്കാ - മാർപാപ്പാ സംഭാഷണം

1964 ഡിസംബറിൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിക്കുന്നതിനാണ് പ. പോൾ ആറാമൻ മാർപാപ്പാ ഇന്ത്യയിൽ എത്തിയത്. ഈ അവസരത്തിലാണ് ഇന്ത്യയിലെ ഓർത്തഡോക്സ് സഭയുടെ തലവനും മാർതോമ്മായുടെ സിംഹാസനത്തിൽ ആരൂഢനുമായ പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാബാവായെ നേരിട്ടു കാണണമെന്ന മാർപാപ്പായുടെ ചിരാഭിലാഷം പൂർത്തിയായത്. ഈ സന്ദർശനത്തിനു കളമൊരുക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ചത് അങ്കമാലി ഭദ്രാസനാധിപനായ ഫീലിപ്പോസ് മാർ തെയോഫിലോസ് (അന്നു ഫാ. കെ. ഫീലിപ്പോസ്) മെത്രാപ്പോലീത്താ ആയിരുന്നു. മാർപാപ്പായുടെ അഭിലാഷം നിറവേറ്റുന്നതിന് എൺപതോളം വയസ്സുണ്ടായിരുന്ന പ. കാതോലിക്കാബാവാ ശാരീരികക്ഷീണങ്ങൾ വിസ്മരിച്ചു ബോംബെയിൽ പറന്നെത്തി.

1964 ഡിസംബർ മൂന്നാം തീയതി രാവിലെ 9 മണിക്കായിരുന്നു കൂടിക്കാഴ്ച നടന്നത്. ബോംബെ ആർച്ചുബിഷപ്പു കൂടിയായ ഇന്ത്യയുടെ പ്രഥമ കർദ്ദിനാൾ വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിലെ വിരിച്ചൊരുക്കിയ ഒരു മുറിയായിരുന്നു സന്ദർശന രംഗം. അന്നു രാവിലെ ബോംബെ ബുഡ്ഹൗസ് കത്തീഡ്രലിലേക്കുള്ള വാഹനഗതാഗതം കർശനമായി നിയന്ത്രിച്ചിരുന്നു. കെ. എം. ഫിലിപ്പിന്റെ വസതിയിൽ എത്തി വിശ്രമിച്ചിരുന്ന പ. കാതോലിക്കാബാവായും ഫാ. കെ. ഫീലിപ്പോസും മറ്റും അവിടെനിന്നാണ് വെണ്മയേറിയ ഒരു കാറിൽ ബുഡ്ഹൗസ് ബിഷപ്സ് പാലസിൽ കൃത്യസമയത്ത് എത്തിച്ചേർന്നത്.

മാർപാപ്പായുടെ സെക്രട്ടറിയും ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധിയും ചേർന്ന് പ. ബാവായെ കാറിന്റെ ഡോർ തുറന്ന് സ്വീകരിച്ചു. തുടർന്ന് പ. ബാവായും ഫാ. കെ. ഫീലിപ്പോസും ലിഫ്റ്റിൽ രണ്ടാം നിലയിലുള്ള മാർപാപ്പായുടെ മുറിയിലേക്ക് ആനയിക്കപ്പെട്ടു.

അവിസ്മരണീയമായ അനർഘ നിമിഷങ്ങൾ പ്രാചിയും പ്രതീചിയും തമ്മിൽ ആശ്ലേഷിക്കുന്നു. ഉത്തരദക്ഷിണ ധ്രുവങ്ങൾ ഒന്നിച്ചു സമ്മേളിക്കുന്നു. ആ ആദ്ധ്യാത്മിക ജ്യോതിസ്സുകൾ ചൊരിഞ്ഞ പ്രഭാപൂരം ആ മുറിയിൽ തളംകെട്ടി നിന്നു. നൂറ്റാണ്ടുകൾക്കു ശേഷമുള്ള രണ്ടു സഭാമേലദ്ധ്യക്ഷന്മാരുടെ ആ കൂടിക്കാഴ്ച കൂടെ നിന്നവരെയെല്ലാം കോരിത്തരിപ്പിച്ചു. വിനയത്തിന്റെയും താഴ്മയുടെയും കേദാരങ്ങളായ ഇരുവരും ആദ്ധ്യാത്മികാനുഭൂതികളുടെ ഗിരിശൃംഗത്തിൽ നിലകൊള്ളുന്നു. അനേകവർഷങ്ങൾ തമ്മിൽ കാണാതിരുന്ന സഹോദരന്മാരുടെ സന്തോഷനിർഭരമായ ഒരു പുനഃസമാഗമനം. തപോനിഷ്ഠമായ ക്രിസ്തീയ ജീവിത പ്രവാഹത്തിന്റെ ഒരു ഗംഗാ യമുനാ സംഗമം തന്നെ.

അവർ ഇടവും വലവും കെട്ടിപ്പിടിച്ചു. മാർപാപ്പാ തന്നെ ബാവായെ താനിരുന്ന സോഫായിൽ പിടിച്ചിരുത്തി. പ. പത്രോസിന്റെയും പ. തോമ്മാശ്ലീഹായുടെയും സിംഹാസനങ്ങൾ ഒന്നിച്ചിരിക്കുന്നു. അവിടെ സ്ഥാനവും സിംഹാസനവും അധികാരവും ഒന്നും പ്രശ്നമല്ല. സ്നേഹത്തിൽ നിന്നു ജനിച്ച സമത്വസുന്ദരമായ അന്തരീക്ഷം.

തന്റെ പ്രായവും ആരോഗ്യനിലയും ഒന്നും കണക്കിലെടുക്കാതെ ബോംബെയിൽ എത്തിയതു തമ്മിൽ കാണുന്നതിനുള്ള അവാച്യമായ സന്തോഷം കൊണ്ടാണെന്നു പ. ബാവാ അറിയിച്ചു. ക്രിസ്തീയ സുകൃതങ്ങളുടെ നിറകുടമായ മാർപാപ്പായുടെ മുഖം ആത്മനിർവൃതിയുടെയും ആനന്ദത്തിന്റെയും അത്യുന്നത മേഖലകളിൽ സഞ്ചരിക്കുന്നതുപോലെ തോന്നി. പരിപാവനമായ ആ അന്തരീക്ഷത്തിൽ അവർണ്ണനീയമായ ക്രിസ്തീയ സ്നേഹത്തിന്റെ അദൃശ്യമായ വീചികൾ കമ്പിയില്ലാകമ്പിയിലെന്നപോലെ ഇരുവരുടെയും ഹൃദയവിപഞ്ചികളിൽ ആത്മനിർവൃതിയുടെ അനുരണനങ്ങൾ സൃഷ്ടിക്കുന്നുണ്ടായിരുന്നു. മഹാനഗരമായ ബോംബെ വരെ വന്നു കണ്ടതു കൊണ്ടു മാത്രം താൻ തൃപ്തനല്ലെന്നു പ. ബാവാ റോമിൽ എത്തി കുറച്ചുനാൾ തന്റെ മാന്യാതിഥിയായി താമസിക്കണമെന്നും മാർപാപ്പാ പറഞ്ഞു. കർദ്ദിനാൾ ഗ്രാഷ്യസും ഫാ. കെ. ഫീലിപ്പോസും മാത്രമാണ് ഈ ഹൃദയപ്പകർച്ചയ്ക്കു സാക്ഷ്യം വഹിച്ചത്.

ഏതാനും മിനിറ്റുകൾ നീണ്ടുനിന്ന ആ സംഭാഷണത്തിനുശേഷം അന്നു കേന്ദ്രമന്ത്രിയും ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രശസ്ത

അംഗവുമായിരുന്ന എ. എം. തോമസ്, മലയാള മനോരമയുടെ ന്യൂഡൽഹി പ്രതിനിധി വി. എം. മരങ്ങോലി മുതലായവർക്കും മാർപാപ്പാ സന്ദർശനാനുവാദം നൽകി. മാർപാപ്പായുടെ മനോഹരമായ ചിത്രത്താൽ മുഖമുദ്രയണിഞ്ഞിരുന്ന അന്നത്തെ മലയാള മനോരമയുടെ ഒരു പ്രതി മനോരമ പ്രതിനിധി മാർപാപ്പായുടെ പാവനകരങ്ങളിൽ സമർപ്പിച്ചു. ഒരു പുഞ്ചിരിയോടുകൂടി പത്രത്തിൽ ഒന്നു നോക്കിയശേഷം അത് അടുത്തിരുന്ന കർദ്ദിനാൾ ഗ്രാഷ്യസിനെ ഏൽപിച്ചു. സന്ദർശകരെ ഫാ. കെ. ഫീലിപ്പോസാണ് മാർപാപ്പായ്ക്കു പരിചയപ്പെടുത്തിക്കൊടുത്തത്.

പരിചയപ്പെടുത്തലിനുശേഷം പ. കാതോലിക്കാബാവാ പ. മാർപാപ്പായ്ക്കു സമർപ്പിക്കാൻ കൊണ്ടുവന്നതും 433 വാക്കുകൾ അടങ്ങിയതുമായ സന്ദേശം ഫാ. ഫീലിപ്പോസ് വായിച്ചു സമർപ്പിച്ചു. പ്രതിസന്ദേശമെന്ന നിലയിൽ 470 വാക്കുകൾ അടങ്ങിയ കത്ത് മാർപാപ്പാ തന്നെയാണു വായിച്ചത്. സൗഹൃദാഭിവാദനങ്ങൾ നിറഞ്ഞുനിന്ന ഇരു സന്ദേശങ്ങളും ഇന്ത്യയിലെ ഓർത്തഡോക്സ് സഭ അപ്പസ്തോലിക സഭയാണെന്നുള്ള ചരിത്രവസ്തുത വളരെയധികം വ്യക്തമാക്കിയിരുന്നു. കേരളം സന്ദർശിക്കുന്നതിനും അവിടുത്തെ ക്രൈസ്തവരെ നേരിട്ടു കാണുന്നതിനും മാർപാപ്പാ ആഗ്രഹം പ്രകടിപ്പിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ അപ്പോസ്തലന്മാർ സുവിശേഷം പ്രസംഗിച്ച അതേ കാലയളവിൽത്തന്നെ ഇന്ത്യയ്ക്കും ആ ഭാഗ്യം സിദ്ധിച്ചതിൽ മാർപാപ്പാ സന്തോഷിക്കുന്നതായി സന്ദേശത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്. പ. ബാവായെ സ്വീകരിക്കുന്നതിനോടൊപ്പം ബാവാ പ്രതിനിധാനം ചെയ്യുന്ന പുരാതന സഭയിലെ പ്രബുദ്ധരായ അംഗങ്ങളെയും അഭിവാദനം ചെയ്യുന്നതായും മാർപാപ്പാ എടുത്തുപറഞ്ഞിരിക്കുന്നു.

ഇരുസന്ദേശങ്ങളിലും കത്തോലിക്കരും ഓർത്തഡോക്സുകാരും ഒരു ശുഭാവസരത്തിൽ അപ്പസ്തോലിക വിശ്വാസത്തിൽ കൂടുതൽ അടുക്കുമെന്ന് പ്രാർത്ഥനാപൂർവ്വം പ്രത്യാശ പ്രകടിപ്പിച്ചിട്ടുമുണ്ട്. അര മണിക്കൂർ നീണ്ടുനിന്ന ആ അവിസ്മരണീയ ‘ഉച്ചകോടി’ സംഭാഷണം ക്രൈസ്തവ സഭാചരിത്രത്തിലെ “സന്തോഷത്തിന്റെ ഒരു സായാഹ്ന”മായി എന്നും പരിലസിക്കും.

എത്യോപ്യൻ സുന്നഹദോസ്

എത്യോപ്യൻ ചക്രവർത്തിയായിരുന്ന ഹെയ്‌ലി സെലാസിയുടെ പരിശ്രമഫലമായി 1965 ജനുവരിയിൽ എത്യോപ്യയുടെ തലസ്ഥാനമായ ആഡിസ് അബാബയിൽ ചേർന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭാ തലവൻ എന്ന നിലയിൽ ഔഗേൻ പ്രഥമൻ ബാവായ്ക്കും സംബന്ധിക്കുന്ന

തിനു ഭാഗ്യമുണ്ടായി. സിറിയൻ ഓർത്തഡോക്സ് സഭയുടെ തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്യോസ് യാക്കൂബ് തൃതീയനും ഈ കോൺഫ്രൻസിൽ പങ്കെടുത്തു. മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ദാനിയേൽ മാർ പീലക്സിനോസ്, പൗലൂസ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരും മാനേജരച്ചൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന ഫാ. റ്റി. സി. ജേക്കബും എത്യോപ്യയിൽ ഉണ്ടായിരുന്ന റവ. ഡോ. വി. സി. സാമുവൽ, റവ. ഡോ. കെ. സി. ജോസഫ് എന്നിവരും ആഡിസ് അബാബാ സമ്മേളനത്തിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തു. ഇപ്രകാരം ഒരു സമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയം ആദ്യമായി പുറപ്പെടുവിച്ചത് കാലം ചെയ്ത പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആയിരുന്നു എന്ന് ഇവിടെ ഓർക്കേണ്ടതുണ്ട്.

ഭരണകാര്യത്തിൽ സ്വതന്ത്രങ്ങളായ പൗരസ്ത്യ ഓർത്തഡോക്സു സഭകളെ സംബന്ധിച്ചിടത്തോളം ചരിത്രം സൃഷ്ടിച്ച ഈ സമ്മേളനത്തിൽ പ്രായാധിക്യത്തെ വകവയ്ക്കാതെ പങ്കെടുത്ത പ. ഔഗേൻ ബാവായോട് എത്യോപ്യൻ ചക്രവർത്തിയും മറ്റു സഭാതലവന്മാരും പ്രകടിപ്പിച്ച സ്നേഹാദരങ്ങൾ അവർണ്ണനീയമാണ്. സമ്മേളനാനന്തരം പ. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ക്ഷണം സ്വീകരിച്ച് സിറിയയിലെ പ്രധാന സഭാകേന്ദ്രങ്ങളും വിശുദ്ധനാടുകളും ഒരിക്കൽകൂടി സന്ദർശിക്കുന്നതിനും കാതോലിക്കാബാവായ്ക്കു സാധിച്ചു.

എൺപതു വയസ്സു കഴിഞ്ഞ പ. ഔഗേൻ ബാവായും മറ്റും ജനുവരി 11-ാം തീയതി കൊച്ചിയിൽ നിന്നു വിമാനമാർഗ്ഗം ബോംബെ-കറാച്ചി-ഏഡൻ വഴി എത്യോപ്യയിലെ അസ്മാറയിലേക്കു പോയി. അവിടത്തെ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിൽ പ. ബാവാ അന്നുരാത്രി താമസിച്ചു. അതിശക്തമായ ശൈത്യം അനുഭവപ്പെട്ടതിനെ തുടർന്ന് കാതോലിക്കാബാവായും മാനേജരച്ചനും മറ്റും അന്നുരാത്രി തന്നെ ഇഹലോകവാസം വെടിയുമോ എന്നു പോലും ഭയപ്പെട്ടു പോയി. പിറ്റേദിവസം ആഡിസ് അബാബയിലേക്കുള്ള വിമാനയാത്ര തുടർന്നു. ആ വിമാനത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസും സിറിയയിലെ രണ്ടു മെത്രാപ്പോലീത്താമാരും രണ്ടു റമ്പാന്മാരും ഉണ്ടായിരുന്നു. മെത്രാന്മാരും ബാവാമാരും പരസ്പരം ആലിംഗനം ചെയ്തു.

വിമാനം ആഡിസ് അബാബാ താവളത്തിൽ ഇറങ്ങിയപ്പോൾ ചക്രവർത്തിയും എത്യോപ്യൻ സഭയിലെ ആക്ടിംഗ് പാത്രിയർക്കീസായിരുന്ന ആബൂനാ തെയോഫിലോസും പതിനഞ്ചിലധികം മെത്രാപ്പോലീത്താമാരും ചേർന്നാണ് പാത്രിയർക്കീസിനെയും കാതോലിക്കായെയും കൈ

മുത്തി സ്വീകരിച്ചത്. തുടർന്ന് ആബൂനാ മാർ തെയോഫിലോസ് ചെയ്ത പ്രസംഗത്തിനുശേഷം പാത്രിയർക്കീസും കാതോലിക്കായും സമുചിതമായി മറുപടി പറഞ്ഞു. സഭാതലവന്മാർക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയിരുന്ന ഒരു കൊട്ടാരത്തിലാണ് കാതോലിക്കാബാവായും താമസിച്ചിരുന്നത്. അന്നു വൈകിട്ടു പാത്രിയർക്കീസുബാവായും കാതോലിക്കാബാവായും ചക്രവർത്തിയെ സന്ദർശിച്ചു സംഭാഷണം നടത്തി. എൺപത്തിഒന്നു വയസ്സുണ്ടായിരുന്ന ഔഗേൻബാവാ സമ്മേളനത്തിൽ ധൈര്യപൂർവ്വം എത്തിച്ചേർന്നതിൽ ചക്രവർത്തി കൂടുതൽ സന്തുഷ്ടിയും ആശ്ചര്യവും പ്രകടിപ്പിച്ചു. പുരാതനമായ മലങ്കരസഭയ്ക്ക് അദ്വിതീയമായ സ്ഥാനമാണു ബാവായുടെ സന്ദർശനം മൂലം അവിടെയും ലഭിച്ചത്.

ആഡിസ് അബാബ സമ്മേളനം ജനുവരി 15-നു ആരംഭിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസ്, അർമ്മീനിയൻ സുപ്രീംകാതോലിക്കോസ് വസ്കൻ, ഔഗേൻ കാതോലിക്കാബാവാ, സിലിഷ്യൻ കാതോലിക്കാ കോറിൻ, ആബൂനാ തെയോഫിലോസ് എന്നിവർ അദ്ധ്യക്ഷവേദിയിൽ ഹെയ്‌ലി സെലാസി ചക്രവർത്തിയുടെ ഇരുവശങ്ങളിലായി ഇരുന്നു. ചക്രവർത്തിയാണു സമ്മേളനം ഉദ്ഘാടനം ചെയ്തത്. അന്ത്യോഖ്യാ പാത്രിയർക്കീസുബാവായും, വസ്കൻ കാതോലിക്കായും പ്രസംഗിച്ചു.

അർമ്മീനിയൻ സഭയുടെ പ്രാതിനിധ്യം സംബന്ധിച്ചുണ്ടായ തർക്കത്തെ തുടർന്ന് വൈകിട്ടും പിറ്റേദിവസവും സമ്മേളനം നടന്നില്ല. 18-നു സമ്മേളനം പുനരാരംഭിക്കുകയും ഓർത്തഡോക്സ് സഭകളെ സംബന്ധിക്കുന്ന പല സുപ്രധാന തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തു. എത്യോപ്യയിലെ സന്ദർശന പരിപാടികൾക്കു ശേഷം ജനുവരി 25-ാം തീയതി കെയ്റോയിലേക്കു കാതോലിക്കാബാവായും മറ്റും പറന്നു. അവിടെ എത്തിയശേഷം പാത്രിയർക്കീസുബാവാ ദമാസ്കസിലേക്ക് പോകുകയും കാതോലിക്കാബാവായും മറ്റും കോപ്റ്റിക്ക് സഭയുടെ അതിഥികളായി പല പള്ളികളും സന്ദർശിക്കുകയും ചെയ്തു.

രണ്ടു ദിവസത്തെ സന്ദർശനത്തിനുശേഷം കാതോലിക്കാബാവായും കൂടെയുണ്ടായിരുന്നവരും യറുശലേമിലേക്കു പോയി. വിശുദ്ധനാടുകളിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിനു കാതോലിക്കാബാവായ്ക്കു ജീവിതസായാഹ്നത്തിൽ ഒരവസരം കൂടി ലഭിച്ചു.

ബേയ്റൂട്ട്, കോറിൻ കാതോലിക്കായുടെ ആസ്ഥാനമായ ആന്റലിയാസ് എന്നിവിടങ്ങളിലെ സന്ദർശനത്തിനുശേഷം ഫെബ്രുവരി 3-നു അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആസ്ഥാനമായ ദമാസ്ക്കസിലേക്കു പോയി. പാത്രിയർക്കാ അരമനകവാടത്തിൽ വച്ചു കിഴക്കിന്റെ കാതോലിക്കായെ കണ്ടപ്പോൾ പാത്രിയർക്കീസുബാവാ അദ്ദേഹത്തെ സസന്തോഷം ആലിംഗനം ചെയ്തു സ്വീകരിച്ചു.

അവിടത്തെ സന്ദർശന പരിപാടികൾക്കു ശേഷം, കാതോലിക്കാബാവാ ഹോംസും, ആലപ്പോയും, ഹെസക്കായും, ദെറിക്കും മറ്റും സന്ദർശിച്ചു പല സ്വീകരണങ്ങളിൽ പങ്കെടുത്തു. പിന്നീടു കാതോലിക്കാബാവാ ചരിത്രപ്രസിദ്ധമായ മൂസൽ സന്ദർശിക്കുകയുണ്ടായി.

തിരുശേഷിപ്പ്

മൂസൽ സന്ദർശനാർത്ഥം ഔഗേൻ ബാവായും പാത്രിയർക്കീസു ബാവായും തീവണ്ടിമാർഗ്ഗം മൂസൽ സ്റ്റേഷനിലെത്തിയപ്പോൾ മൂസലിലെ മെത്രാപ്പോലീത്താ, മാർ സേവേറിയോസ് സക്കായിയും മറ്റും അവർക്കു ഹൃദ്യമായ ഒരു വരവേൽപാണു നൽകിയത്. അവരുടെ സ്വീകരണ ഘോഷയാത്രയുടെ ലക്ഷ്യം പഴക്കമേറിയ മൂസൽ മെത്രാസന അരമനയായിരുന്നു.

മാർത്തോമ്മാശ്ലീഹായുടെ നാമത്തിലാണ് ഈ പള്ളി സ്ഥാപിച്ചിരിക്കുന്നത്. ഈ പള്ളിയുടെ ഒരു ഭിത്തിക്കു സംഭവിച്ച കേടുപോക്കുന്നതിനായി ആ ഭിത്തി പൊളിച്ച അവസരത്തിലാണ് മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു കണ്ടുകിട്ടിയത്. ഒരു മാർബിൾ പേടകത്തിൽ അതു ഭംഗിയായി സൂക്ഷിച്ചുവച്ചിരുന്നു. “ഇന്ത്യയിൽ സുവിശേഷം അറിയിച്ച മാർതോമ്മായുടെ തിരുശേഷിപ്പ്” എന്നു പഴയ എസ്ത്രൻഗേലാ അക്ഷരത്തിൽ അതിന്മേൽ എഴുതിയിരുന്നു. ഇന്ത്യയിൽ മാർതോമ്മാശ്ലീഹാ സുവിശേഷം അറിയിച്ചു എന്നുള്ളതിന് ഒരു സാക്ഷ്യമായും അതിലുപരി അപ്പോസ്തോലന്റെ ഭൗതികാവശിഷ്ടം മലങ്കരസഭയിൽ ദീർഘകാലമായി നിലവിലിരുന്ന ഭിന്നത അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിച്ചതിനു പാത്രിയർക്കീസിനു ലഭിച്ച ഒരു ദിവ്യസമ്മാനമായും പാത്രിയർക്കീസു ബാവാ ഈ തിരുശേഷിപ്പിനെ പരിഗണിച്ചു. മഹത്തായ ഈ ‘സുവിശേഷം’ പാത്രിയർക്കീസുബാവാ ഇന്ത്യൻസഭയെ കേബിൾമാർഗ്ഗം അറിയിച്ചു.

ആദ്യകാലത്ത് ഇന്ത്യയിൽനിന്ന് എഡേസ്സായിലേക്കാണു മാർതോമ്മാശ്ലീഹായുടെ തിരുശേഷിപ്പു കൊണ്ടുപോയത്. ആ പുണ്യവസ്തു 394–ൽ ഉറഹായിലെ മാർതോമ്മാശ്ലീഹായുടെ പള്ളിയിൽ സ്ഥാപിച്ചു. അത് ഒരു കർക്കടകം (ജൂലൈ) മൂന്നാം തീയതിയാണ്. ആ ദിവസം മാർതോമ്മായുടെ ഓർമ്മ (ദുക്റോനോ) ആയി കൊണ്ടാടുവാൻ സഭ നിശ്ചയിച്ചു. ഈ തിരുശേഷിപ്പിന്റെ അംശങ്ങൾ പിന്നീടു പല സ്ഥലങ്ങളിലേക്കും കൊണ്ടുപോയി എന്നാണു ചരിത്രം. കാലക്രമത്തിൽ ഉറഹാ മാർതോമ്മാശ്ലീഹായുടെ കബറടസ്ഥലമായും കാതോലിക്കാമാരുടെ ആസ്ഥാനമായും തീർന്നു. കാതോലിക്കാ ആസ്ഥാനത്തിന്റെ സ്ഥാനചലനത്തോടൊപ്പം ആ തിരുശേഷിപ്പുകളും മാറ്റപ്പെട്ടതായി പരിഗണിക്കപ്പെടുന്നു.

മൂസൽ സെന്റ് തോമസ് പള്ളിയിൽ ഔഗേൻ ബാവാ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പാത്രിയർക്കീസുബാവാ പള്ളിയിൽ എത്തുകയും മാർബിൾപേടകത്തിൽ സൂക്ഷിച്ചിരുന്ന മാർത്തോമ്മായുടെ തിരുശേഷിപ്പ് അതു വച്ചിരുന്ന സ്ഥലത്തുനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന് വിശുദ്ധ മദ്ബഹായിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന മനോഹരമായ ഒരു പീഠത്തിൽ വയ്ക്കുകയും പ്രത്യേക പ്രാർത്ഥനയും ധൂപാരാധനയും കഴിഞ്ഞ് ഒരു ചെറു പ്രസംഗത്തോടുകൂടി കാതോലിക്കാ ബാവായെ ഏൽപിക്കുകയും ചെയ്തു. ഔഗേൻ ബാവാ ആദരപൂർവ്വം അത് ഏറ്റുവാങ്ങുകയും തിരുശേഷിപ്പു നൽകിയതിൽ പാത്രിയർക്കീസു ബാവായോടും സക്കായി മെത്രാപ്പോലീത്തായോടും കൃതജ്ഞത പ്രകാശിപ്പിക്കുകയും ഉണ്ടായി. അനന്തരം ബാവാമാരും മെത്രാപ്പോലീത്താമാരും റമ്പാച്ചന്മാരും പട്ടക്കാരും ശുശ്രൂഷകരും തിരുശേഷിപ്പും വഹിച്ചുകൊണ്ടും പള്ളിയകത്തു പ്രത്യേക ഗീതങ്ങൾ ആലപിച്ചുകൊണ്ടും ഒരു സ്തോത്രപ്രദക്ഷിണം നടത്തുകയും തുടർന്നു വിശുദ്ധ കുർബ്ബാന പൂർത്തിയാക്കുകയും ചെയ്തു. ഈ തിരുശേഷിപ്പാണ് ഇന്ന് കോട്ടയം കാതോലിക്കേറ്റ് അരമന ചാപ്പലിൽ സൂക്ഷിച്ചിരിക്കുന്നത്.

ബാഗ്ദാദ്, ബസ്രാ, ബഹറിൻ, ഖത്തർ, ഡോഹ എന്നിവിടങ്ങളിൽ സഞ്ചരിച്ചു മലയാളിയായ മലങ്കരസഭാംഗങ്ങളുടെ സ്വീകരണസൽക്കാരങ്ങളിൽ ഔഗേൻബാവാ പങ്കെടുത്തു. തുടർന്നു ബോംബെ വഴി കോട്ടയത്തു തിരിച്ചെത്തിയപ്പോൾ ബാവായ്ക്കും മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിനും ലഭിച്ച ഭക്തിനിർഭരമായ സ്വീകരണം അവർണ്ണനീയമാണ്. വിശുദ്ധ നാടുകളിലെ തന്റെ അവസാനത്തെ സന്ദർശനത്തിനു ശേഷം ഭാഗ്യവാനായ ഔഗേൻ ബാവാ 1965 മാർച്ച് 9-ാം തീയതി രാത്രി കാതോലിക്കേറ്റ് അരമനയിൽ സസുഖം തിരിച്ചെത്തി.

മാർത്തോമ്മായുടെ പത്തൊൻപതാം ചരമ ശതാബ്ദി

മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യം, സിംഹാസനം എന്നിവയെ നിഷേധിച്ചുകൊണ്ട് ഒരു ദൈവശാസ്ത്രജ്ഞനെന്ന് ഒട്ടും പ്രസിദ്ധനല്ലാത്ത യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1970-ലെ 203-ാം നമ്പർ കല്പന ഇറക്കിയതിനെ തുടർന്ന് മലങ്കരസഭ മാർത്തോമ്മാശ്ലീഹായെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും അദ്ദേഹത്തിന്റെ ഔന്നത്യം ശരിക്ക് മനസ്സിലാക്കുന്നതിനും കൂടുതൽ ഉത്സാഹിച്ചു. ക്ഷമ അർഹിക്കാത്ത ഈ വേദവിപരീത കല്പന ചില പ്രത്യേക ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയതാണെന്നുള്ളത് അന്നു രഹസ്യമല്ലായിരുന്നു. താൻ മലങ്കരയിൽ സമാധാനം പുനഃസ്ഥാപിച്ചശേഷം മാർത്തോമ്മായുടെ പട്ടത്വനിഷേധ കല്പന ഇറക്കി മലങ്കരയിൽ തർക്കങ്ങൾക്ക് വീണ്ടും തിരികൊളുത്തിയ അദ്ദേഹത്തിന് പിന്നീട് അധികനാൾ സമാധാനത്തോടെ ലോകത്തിൽ ജീവിക്കു

ന്നതിനു സാധിച്ചില്ല. ഒരു നല്ല ക്രിസ്ത്യാനിക്കു ചേരാത്ത പെട്ടെന്നുള്ള മരണം അദ്ദേഹത്തെ പരലോകത്തേക്കു പറഞ്ഞയച്ചു. മാർത്തോമ്മായ്ക്കെതിരായുള്ള പാഷാണ്ഡോപദേശങ്ങളുടെ പശ്ചാത്തലത്തിലാണ് മലങ്കരയിൽ അദ്ദേഹത്തിന്റെ 19-ാം ചരമശതാബ്ദി കൊണ്ടാടിയത്. ഇതു സംബന്ധിച്ച് 1972 ഡിസംബർ 31-ന് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച എന്റെ ലേഖനമാണ് ചുവടെ ചേർക്കുന്നത്.

ക്രിസ്തുമതം ഒരു പാശ്ചാത്യമതമാണെന്നും റോമൻ കത്തോലിക്കരെന്നും പ്രൊട്ടസ്റ്റന്റുകാരെന്നും രണ്ടു വിഭാഗങ്ങളേ അതിലുള്ളുവെന്നും ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ എങ്ങനെയോ ഒരു ധാരണ കടന്നുകൂടിയിട്ടുണ്ട്. പാശ്ചാത്യരുടെ ക്രിസ്തുമതം ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതത്തിലും ചിന്തയിലും വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പക്ഷേ, ഈ മതം ആദ്യം പൂർവ്വദേശങ്ങളിൽ ആരംഭിക്കുകയും പിന്നീട് പാശ്ചാത്യനാടുകളിലേക്ക് പടരുകയുമാണുണ്ടായതെന്ന് നമുക്ക് വിസ്മരിക്കാനാവില്ല.

പൗരസ്ത്യദേശങ്ങളിൽ ആരംഭിച്ച പൂർവ്വികസഭയുടെ ഒരു ഭാഗമാണ് മലങ്കര ഓർത്തഡോക്സ് സഭ. കാലക്രമേണ ആഭ്യന്തരവും ബാഹ്യവുമായ സമ്മർദ്ധങ്ങളാൽ സഭ പല പരിവർത്തനങ്ങൾക്കും വിധേയമായിട്ടുണ്ടെങ്കിലും വിശ്വാസാചാരങ്ങളിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല.

വിദേശ മതമല്ല

ക്രിസ്തുമതം ഇന്ത്യയിൽ ആദ്യ ശതകത്തിലേ നിലവിലിരുന്നുവെന്നും അതൊരു വിദേശ മതമല്ലെന്നും അതിന്റെ പാരമ്പര്യം ചരിത്രത്തേക്കാൾ ബലിഷ്ഠമാണെന്നും ജവഹർലാൽ നെഹ്റു “ഇന്ത്യയെ കണ്ടെത്തൽ” എന്ന തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ സഭ ആദ്യശതകത്തിലെ അതിന്റെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ മാർത്തോമ്മായുടെ പിൻഗാമി എന്ന പദവി മലങ്കരസഭയുടെ മേലദ്ധ്യക്ഷൻ ആദ്യശതകം മുതൽ ഇന്നുവരെ നിലനിർത്തിയിട്ടുണ്ട്.

19 നൂറ്റാണ്ടുകൾക്കു മുമ്പ് ഇന്ത്യയിൽ എത്തി ക്രിസ്തുവിന്റെ ദിവ്യസന്ദേശം നൽകിയ പരിശുദ്ധ മാർത്തോമ്മാശ്ലീഹായോടുള്ള ആദരവും കടപ്പാടും ഉദ്ഘോഷിക്കുന്നതിനാണ് മലങ്കര ഓർത്തഡോക്സ് സഭ ഡിസംബർ 31-ന് ആ മഹാത്മാവിന്റെ 19-ാം ചരമശതാബ്ദി കോട്ടയത്ത് കൊണ്ടാടുന്നത്. കഴിഞ്ഞ ഒരു വർഷമായി ഇടവകാടിസ്ഥാനത്തിലും ഭദ്രാസനാടിസ്ഥാനത്തിലും നടത്തിവന്ന ആഘോഷങ്ങളുടെ പരിസമാപ്തിയെക്കുറിക്കുന്നതാണ് കോട്ടയം സമ്മേളനവും ഘോഷയാത്രയും. യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ മാർത്തോ

മ്മാശ്ലീഹാ പൗരസ്ത്യദേശങ്ങളിൽ ആദ്യമായി സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തതുകൊണ്ട് അദ്ദേഹത്തിന്റെ സിംഹാസനം മാർത്തോമ്മായുടെ പൗരസ്ത്യ സിംഹാസനം എന്ന പേരിലാണ് അറിയപ്പെടുന്നത്. "കിഴക്കിന്റെ ഒന്നാമത്തെ മേല്പട്ടക്കാരൻ മാർത്തോമ്മായാണെന്ന്" പണ്ഡിതനും സഭാചരിത്ര-കാനോൻ വിദഗ്ദ്ധനുമായ ബാർ എബ്രായ എന്ന കാതോലിക്കാ രേഖപ്പെടുത്തിയിട്ടുണ്ട്.

കാതോലിക്കാ സിംഹാസനം

എ.ഡി. 231-ൽ പേർഷ്യയിലെ സെലൂക്ക്യയിൽ സ്ഥാപിച്ച കാതോലിക്കാ സിംഹാസനം 1912-ൽ നിരണത്തു വച്ച് മലങ്കരസഭയിൽ പുനസ്ഥാപിക്കപ്പെട്ടു. അന്നുവരെയും മലങ്കരസഭയെ ഭരിച്ചുവന്നത് മലങ്കര മെത്രാപ്പോലീത്താമാരായിരുന്നു. മാർത്തോമ്മാ എന്ന സ്ഥാനപ്പേരായിരുന്നു അവർക്കുണ്ടായിരുന്നത്. മലങ്കരയിലെ പ്രാദേശികസഭ മറ്റൊരു സഭയുടെയും കീഴിൽ വർത്തിച്ചിട്ടില്ല. അതേസമയം പത്രോസിന്റെ സിംഹാസന പാരമ്പര്യമുള്ള അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയും മാർത്തോമ്മായുടെ സിംഹാസന പാരമ്പര്യമുള്ള മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ 1665 മുതൽ പട്ടത്വം വഴി സഹകരണം ഉണ്ടായിരുന്നു. ഇന്നും ആ സഹകരണം ഇരു സഭകളും വിലമതിക്കുന്നുണ്ട്.

സിഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അപ്പോസ്തോലന്റെ പിൻതുടർച്ചയേയാണ്. ഇതിന്റെ പേരിൽ തർക്കങ്ങൾക്കോ ഭിന്നതകൾക്കോ സ്ഥാനമില്ല. കാരണം ചരിത്രവും പാരമ്പര്യവും സിംഹാസനങ്ങൾക്കു ചുറ്റും ദുർഗങ്ങൾപോലെ നിലകൊള്ളുന്നു.

ക്രൈസ്തവരുടെ ചുമതല

സഭകളുടെ ലോക കൗൺസിലിൽ സ്വതന്ത്ര ഭരണാവകാശമുള്ള ഇതര ഓർത്തഡോക്സ് സഭകൾക്ക് അംഗത്വമുള്ളതുപോലെ മലങ്കര ഓർത്തഡോക്സ് സഭയ്ക്കും അംഗത്വമുണ്ട്. വിശ്വാസൈക്യമുള്ള ഓർത്തഡോക്സ് സഭകളിലെ പാത്രിയർക്കീസുമാരും കാതോലിക്കാമാരും സ്ഥാനമഹിമയിൽ തുല്യരുമാണ്. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസിനു മാത്രമേ സമന്മാരിൽ ഒന്നാമൻ എന്ന സ്ഥാനം ഇപ്പോൾ കൽപിച്ചുകൊടുത്തിട്ടുള്ളു. പത്തൊമ്പത് ശതാബ്ദങ്ങൾക്കു മുമ്പ് ഭാരതത്തിൽ സുവിശേഷദീപം കൊളുത്തിയ മാർത്തോമ്മാശ്ലീഹായുടെ ദൗത്യം നിറവേറ്റുക എന്നതാണ് കേരളത്തിലെ ക്രൈസ്തവരുടെ മുഖ്യ ചുമതല. സമൂഹത്തിനു നന്മ ചെയ്യുന്ന ജോലി ക്രിസ്ത്യാനികൾ കൂടുതലായി ഏറ്റെടുക്കാൻ ഈ ശതാബ്ദി ആഘോഷം പ്രചോദനം നൽകുമെന്നാണ് പ്രതീക്ഷ. അങ്ങനെ പ്രചോദനം ലഭിച്ചാലേ മാർത്തോമ്മായുടെ ദൗത്യം നിറവേറ്റുന്നതിനും പുതിയ ചലനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുകയുള്ളു.

മാർത്തോമ്മാ ശതാബ്ദി സമാപനസമ്മേളനം 1972 ഡിസംബർ 31-ന് കോട്ടയം എം.ഡി. സെമിനാരി വളപ്പിൽ നടന്നു. അത് സംബന്ധിച്ച് ഞങ്ങൾ തയ്യാറാക്കി 1973 ജനുവരി ഒന്നിലെ മലയാള മനോരമയിൽ പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട് അതേപടി ചുവടെ ചേർക്കുന്നു. സഭാചരിത്രത്തിലെ ഒരു സുപ്രധാന സംഭവമെന്ന നിലയ്ക്ക് വരുംതലമുറകൾക്ക് ഈ റിപ്പോർട്ട് പ്രചോദനമരുളുമെന്നുള്ള പ്രതീക്ഷയും ഉണ്ട്.

ജനലക്ഷങ്ങൾ പങ്കെടുത്ത ഘോഷയാത്ര
മാർത്തോമ്മാ ചരമശതാബ്ദി ആഘോഷം സമാപിച്ചു

കോട്ടയം, ഡിസംബർ 31: മാർത്തോമ്മാശ്ലീഹായുടെ പത്തൊമ്പതാം ശതാബ്ദി പ്രമാണിച്ച് മലങ്കരസഭയുടെ ആഭിമുഖ്യത്തിൽ ആഘോഷ പരിപാടികൾ, കോട്ടയം നഗരം ഇന്നോളം ദർശിച്ചിട്ടുള്ളതിലേക്കും ഗംഭീരവും വർണ്ണോജ്ജ്വലവുമായ ഘോഷയാത്രയോടും പൊതുസമ്മേളനത്തോടും കൂടി സമാപിച്ചിരിക്കുന്നു.

ജനലക്ഷങ്ങൾ പങ്കെടുത്ത ഘോഷയാത്ര അണമുറിഞ്ഞൊഴുകിയ ജലപ്രവാഹം പോലെ നഗരവീഥികൾ നിറഞ്ഞുകവിഞ്ഞ് മുന്നോട്ടു നീങ്ങിയപ്പോൾ കോട്ടയം നഗരം പ്രകമ്പനം കൊണ്ടു.

ഘോഷയാത്രയ്ക്കുശേഷം മലങ്കരസഭയുടെ സിരാകേന്ദ്രമായ എം.ഡി. കൊമ്പൗണ്ടിലെ മാർത്തോമ്മാ നഗറിൽ പ. ഔഗേൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന വമ്പിച്ച സമ്മേളനം കേരള ഗവർണ്ണർ വി. വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

മലങ്കരസഭ മാർത്തോമ്മായുടെ മഹത്തായ പാരമ്പര്യത്തിൽ അടിയുറച്ചുനിൽക്കുമെന്നും അദ്ദേഹത്തിന്റെ ദൗത്യം നിറവേറ്റുമെന്നും സമ്മേളനം പ്രതിജ്ഞയെടുത്തു.

നാളെ പിറക്കുന്ന പുതുവർഷം സാമൂഹ്യസേവനത്തിന്റെ വർഷമായിരിക്കുമെന്ന് പ. കാതോലിക്കാബാവാ പ്രഖ്യാപനം ചെയ്തു.

നഗരാതിർത്തിയായ കോടിമതച്ചിറയിൽ നിന്ന് മൂന്നു മണിക്കാരംഭിച്ച ഘോഷയാത്രയുടെ മുന്നറ്റം മാർത്തോമ്മാനഗറിൽ എത്തിച്ചേർന്നപ്പോഴും പിൻനിര കോടിമതയിൽ നിന്നു പുറപ്പെട്ടിരുന്നില്ല.

ഘോഷയാത്രയുടെ മദ്ധ്യത്തിൽ മന്ദം മന്ദം മുന്നോട്ടുനീങ്ങിയ മനോജ്ഞമായ ഹംസരഥത്തിലെ പ്രധാനപീഠത്തിൽ പ. കാതോലിക്കാബാവാ ഉപവിഷ്ടനായിരുന്നു. ജറുശലേം പാത്രിയർക്കീസ് പ. ഡർഡേറിയൻ ബാവാ, നിയുക്തകാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ്, മെത്രാപ്പോലീത്താമാരായ ദാനിയേൽ മാർ പീലക്സിനോസ്, ഫീലിപ്പോസ്

മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരും ജറുശലേമിൽ നിന്നെത്തിയ മറ്റു മെത്രാപ്പോലീത്താമാരും ഇതേ രഥത്തിൽ ഉണ്ടായിരുന്നു.

മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങളെയും രക്തസാക്ഷിത്വത്തെയും ചിത്രീകരിക്കുന്ന മനോഹരമായ ഫ്ളോട്ടുകൾ ഘോഷയാത്രയ്ക്ക് വർണ്ണപ്പൊലിമ നൽകി.

പടച്ചട്ടയണിഞ്ഞ പത്തൊമ്പത് അശ്വവീരന്മാരും നെറ്റിപ്പട്ടം ധരിച്ച പത്തൊമ്പത് ഗജവീരന്മാരും ഘോഷയാത്രയ്ക്ക് മിഴിവ് പകർന്നു. ഘോഷയാത്രയുടെ മുൻനിര മാർത്തോമ്മാനഗറിൽ എത്തിച്ചേർന്നപ്പോൾ തിരുപനന്തപുരം ഫ്ളൈയിംഗ് ക്ലബിന്റെ പുഷ്പകവിമാനം പുഷ്പവൃഷ്ടി നടത്തി.

ഈ സമയം ഇന്ത്യൻ നേവിയുടെ ഹെലിക്കോപ്റ്റർ മുകളിൽ വട്ടമിട്ടു പറന്നുകൊണ്ടിരുന്നു.

ഇന്നുരാവിലെ മുതൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു വിവിധ വാഹനങ്ങളിലായി ഭക്തജനങ്ങൾ മലങ്കരസഭയുടെ ആസ്ഥാനമായ കോട്ടയത്തേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഘോഷയാത്രയാരംഭിക്കുന്നതിനു മണിക്കൂറുകൾക്കു മുമ്പുതന്നെ കോട്ടയം നഗരത്തിലെ ഗതാഗതം സ്തംഭിച്ചു.

അലങ്കരിച്ച ലോറികളും വാദ്യഘോഷങ്ങളും നൂറുകണക്കിനു മുത്തുക്കുടകളും പൊൻവെള്ളിക്കുരിശുകളും ഘോഷയാത്രയ്ക്ക് അകമ്പടി സേവിച്ചു. മലങ്കരയിലെ പത്ത് ഭദ്രാസനങ്ങളിൽ നിന്നെത്തിയ ഗായകസംഘങ്ങൾ പ്രകടനഘോഷയാത്രയ്ക്ക് സ്വരമാധുരി നൽകി.

ഭാരതത്തിൽ ക്രൈസ്തവസഭയുടെ ഭദ്രദീപവുമായി എത്തിയ പരിശുദ്ധ തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച മൈലാപ്പൂരിൽ നിന്നു കൊണ്ടുവന്ന ദീപശിഖയും അദ്ദേഹം സ്ഥാപിച്ച ഏഴരപ്പള്ളികളിലൊന്നായ തിരുവിതാംകോട്ടുനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന പീതവർണ്ണപതാകയും ഘോഷയാത്രയോടൊപ്പം മുന്നോട്ടു നീങ്ങി.

കാതോലിക്കേറ്റ് പതാക വഹിച്ചുകൊണ്ട് സമുദായ സെക്രട്ടറി പി. സി. ഏബ്രഹാമും ഇന്ത്യാ-പാക് യുദ്ധത്തിൽ ധീരനേതൃത്വം നൽകിയ വൈസ് അഡ്മിറൽ ഇലഞ്ഞിക്കൽ ഇ. സി. കുരുവിളയും ഇ. ജോൺ ജേക്കബും ജീപ്പിൽ സഞ്ചരിച്ചിരുന്നു. കോട്ടയം ചെറിയപള്ളി വികാരി ഫാ. ഇ. ജെ. തോമസ് പ. ബാവായുടെ അംശവടി വഹിച്ചു. മദ്രാസിൽ നിന്നു കൊണ്ടുവന്ന ദീപശിഖ ഫാ. എ. സി. കോശിയാണ് വഹിച്ചിരുന്നത്.

മലയാള മനോരമ ഓഫീസിനു മുമ്പിൽ വച്ച്, സെന്റ്. തോമസിന്റെ ചിത്രത്തിനും ഹംസരഥത്തിൽ സഞ്ചരിച്ചിരുന്ന പ. കാതോലിക്കാ ബാവായ്ക്കും ജറുശലേം പാത്രിയർക്കീസ് ബാവായ്ക്കും മലയാള മനോരമ മാനേജിംഗ് എഡിറ്റർ കെ. എം. മാത്യു ഹാരാർപ്പണം നടത്തി. സഭാ പുരോഗമന സമിതിക്കുവേണ്ടി ഇ. കെ. അലക്സാണ്ടർ ഹാരാർപ്പണം നടത്തി.

ഘോഷയാത്രയുടെ മുമ്പിൽ ജനറൽ കൺവീനർ അലക്സാണ്ടർ കാരയ്ക്കൽ, ഘോഷയാത്രാ കൺവീനർ ബേബി അലക്സ്, പബ്ലിസിറ്റി കൺവീനർ ജോൺ കുന്നപ്പള്ളി എന്നിവർ പൈലറ്റുജീപ്പിൽ സഞ്ചരിച്ചു മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടിരുന്നു.

ഘോഷയാത്രയ്ക്കു കോടിമതയിൽനിന്ന് ഒന്നരമൈൽ അകലെയുള്ള മാർത്തോമ്മാനഗറിൽ എത്തിച്ചേരാൻ രണ്ടു മണിക്കൂറോളം വേണ്ടിവന്നു.

തോമാശ്ലീഹായുടെ സന്ദേശം ക്രൈസ്തവസഭയ്ക്കു മാത്രമല്ല: ഗവർണർ

മാർത്തോമ്മാനഗർ, കോട്ടയം, ഡിസംബർ 31: വിശുദ്ധ തോമ്മാശ്ലീഹായുടെ സന്ദേശം ക്രൈസ്തവർക്കു മാത്രമായുള്ള സന്ദേശമല്ലെന്നും, മറിച്ച് അത് ഭാരതത്തിലെ മുഴുവൻ ജനതയ്ക്കുമുള്ളതാണെന്നും ഗവർണർ വി. വിശ്വനാഥൻ പ്രസ്താവിച്ചിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ആഭിമുഖ്യത്തിൽ ഇന്നു വൈകുന്നേരം ഇവിടെ എം.ഡി. സെമിനാരി അങ്കണത്തിലുള്ള മാർത്തോമ്മാനഗറിൽ നടത്തപ്പെട്ട മാർതോമ്മാശ്ലീഹായുടെ 19-ാമതു ചരമ ശതാബ്ദിയാഘോഷ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഗവർണർ.

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ് സ്വാഗതവും, ആഘോഷ കമ്മിറ്റി ജനറൽ കൺവീനർ അലക്സാണ്ടർ കാരയ്ക്കൽ കൃതജ്ഞതയും പറഞ്ഞു.

ജറുശലേം പാത്രിയർക്കീസ് പ. ഡർഡേറിയൻ ബാവാ, പാലാ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വയലിൽ, ബിഷപ്പ് റ്റി. എസ്. ജോസഫ്, റവ. ഡോ. മക്കൻസി, എൻ.എസ്.എസ്. പ്രസിഡന്റ് കളത്തിൽ വേലായുധൻ നായർ, സാംബിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ എ. എം. തോമസ്, സി. എം. സ്റ്റീഫൻ എം. പി. എന്നിവർ പ്രസംഗിച്ചു.

സന്ദേശങ്ങൾ

രാഷ്ട്രപതി വി. വി. ഗിരി, ഉപരാഷ്ട്രപതി ജി. എസ്. പാഠക്, പ്രധാന മന്ത്രി ഇന്ദിരാഗാന്ധി, എത്യോപ്യൻ ചക്രവർത്തി ഹെയിലി സലാസി, മുഖ്യമന്ത്രി സി. അച്യുതമേനോൻ തുടങ്ങിയവരുടെ ആശംസാസന്ദേശങ്ങൾ സമുദായ സെക്രട്ടറി പി. സി. ഏബ്രഹാം വായിച്ചു.

സമ്മേളന നഗറിൽ ആഗതനായ ഗവർണറെ സമുദായ സെക്രട്ടറി പി. സി. ഏബ്രഹാം, മുൻസിപ്പൽ ചെയർമാൻ കുര്യൻ ഉതുപ്പ് കരയോരം, മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. കെ. സി. ഈപ്പനാണ് ഗവർണർ വി. വിശ്വനാഥനെ ഗസ്റ്റ്ഹൗസിൽനിന്ന് സ്വീകരിച്ചു സമ്മേളനനഗറിലേക്ക് ആനയിച്ചത്.

സഹവർത്തിത്വത്തിന്റെ സന്ദേശമാണ് സെന്റ് തോമസ് ഭാരതത്തിനു നൽകിയിട്ടുള്ളതെന്ന് ഗവർണർ വിശ്വനാഥൻ ഉദ്ഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു.

സെന്റ് തോമസ് നൽകിയ ക്രിസ്തുവിന്റെ സന്ദേശം ഭാരതത്തിലെ ക്രിസ്ത്യാനിയെയും, മുസ്ലിമിനെയും, ഹിന്ദുവിനെയും, ജൈനനേയും എല്ലാം ആകർഷിച്ചുവെന്ന് ഗവർണർ അഭിപ്രായപ്പെട്ടു.

സെന്റ് തോമസ് ഭാരതത്തിൽ വന്നു ക്രിസ്തുമതം സ്ഥാപിച്ചുവെന്നത് ചരിത്രം ഉദ്ഘോഷിക്കുന്ന വസ്തുതയാണ്. മലബാറിലും, തമിഴ്നാട്ടിലും മറ്റുമാണ് സെന്റ് തോമസ് സഭ സ്ഥാപിച്ചത്.

കാതോലിക്കാബാവാ

“എന്റെ കർത്താവും എന്റെ ദൈവവുമേ” എന്ന് തന്റെ ഗുരുവിനെ അഭിസംബോധന ചെയ്തുകൊണ്ട് ക്രൈസ്തവസഭയുടെ കാതലായ വിശ്വാസപ്രമാണം ആദ്യമായി പ്രഖ്യാപനം ചെയ്തത് മാർത്തോമ്മാ ശ്ലീഹായാണെന്ന് പരിശുദ്ധ കാതോലിക്കാബാവാ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.

യഹൂദന്മാരുടെ മിശിഹാ മാത്രമല്ല പിന്നെയോ സർവലോകത്തിന്റെ കർത്താവും സർവസൃഷ്ടികളുടെ ദൈവവുമാണ് ക്രിസ്തുവെന്ന് മാർത്തോമ്മാശ്ലീഹാ പ്രഖ്യാപിച്ചുവെന്ന് കാതോലിക്കാബാവാ പറഞ്ഞു.

ഭാരതത്തിലെ വിവിധ സഭാവിഭാഗങ്ങളെ പരസ്പരം കൂടുതൽ അടുപ്പിച്ചുകൊണ്ടുവരുന്നതിന് രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നടന്ന മാർത്തോമ്മാ ചരമശതാബ്ദി ആഘോഷങ്ങൾ സഹായകമായിത്തീർന്നിട്ടുണ്ട്.

ക്രൈസ്തവസഭയിലെ ഭിന്നതകൾ സഭയുടെ വളർച്ചയെ പ്രതികൂല മായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇതുമൂലം സഭാനാഥന്റെ ദൗത്യം നിർവ്വ ഹിക്കുന്നതിൽ വേണ്ടത്ര വിജയിക്കാനും കഴിഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

പ. ബാവാ തുടർന്നു: നമ്മോടൊത്ത് ഇരിക്കേണ്ട മാർ തോമ്മാ ദീവ ന്നാസ്യോസിന്റെ അസാന്നിദ്ധ്യം നമ്മെ വളരെയധികം ശോകത്തിലാഴ്ത്തി യിട്ടുണ്ട്. രാജാജിയുടെ ദേഹവിയോഗം ഇന്ത്യയ്ക്ക് കനത്ത നഷ്ടമാണ് വരുത്തിവച്ചിട്ടുള്ളത്.

മാർത്തോമ്മാശ്ലീഹായുടെ 19-ാം ചരമശതാബ്ദിയാഘോഷങ്ങൾ ഐക്യത്തിന്റെ പാതയിൽക്കൂടി മുന്നോട്ടുപോകാൻ നമുക്ക് ഉത്തേജനം നൽകുമെങ്കിൽ അതു വലിയ നേട്ടമായിരിക്കും.

ആഘോഷ പരിപാടികളിൽ നിന്നു നമുക്ക് ലഭിച്ച ഉത്തേജനം സൃഷ്ടി പരമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുന്നതിന് 1973 മാർത്തോ മ്മാശ്ലീഹായുടെ പാവനസ്മരണയ്ക്കായി ഒരു സാധുജനോദ്ധാരണ വർഷ മായി പ്രഖ്യാപിക്കുകയാണ്.

1972 ആഘോഷ പരിപാടികളുടെ വർഷമായിരുന്നെങ്കിൽ 1973 ക്രിയാ ത്മക പരിപാടികളുടെ വർഷമാണ്. സഭ മുഴുവനായി സാധുജനോദ്ധാര ണപരിപാടികൾക്കു മുൻഗണന നൽകുകയാണ്. ഓരോ ഇടവകയും അവി ടുത്തെ ദരിദ്രന്റെയും നിസ്സഹായന്റെയും ആശാകേന്ദ്രമായിത്തീരുമ്പോൾ മാർത്തോമ്മാശ്ലീഹായുടെ ദൗത്യം ഭാരതത്തിൽ വിജയിക്കുന്നതാണ്.

പരിശുദ്ധ കാതോലിക്കാബാവായുടെ പ്രസംഗം ദാനിയേൽ മാർ പീല ക്സിനോസ് മെത്രാപ്പോലീത്തായാണ് വായിച്ചത്.

പരിശുദ്ധ മാർതോമ്മാശ്ലീഹായുടെ നാട്ടിൽനിന്നുള്ള ആശംസകളുമാ യാണ് താൻ എത്തിയിരിക്കുന്നതെന്ന് ജറുശലേം പാത്രിയർക്കീസ് പ. ഡർഡേറിയൻ ബാവാ തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു.

മാർത്തോമ്മാശ്ലീഹാ നൽകിയ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിൽ മലങ്കരസഭയെ ജറുശലേം പാത്രിയർക്കീസ് അനുമോദിച്ചു.

തങ്ങളുടെ സഭ സ്ഥാപിച്ച വിശുദ്ധ തദ്ദായി ശ്ലീഹായും മാർത്തോമ്മാ ശ്ലീഹായും സഹോദരന്മാരാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

തദ്ദായി ശ്ലീഹായും, മാർത്തോമ്മാശ്ലീഹായും രക്തം ചിന്തിയാണ് സഭയെ വളർത്തിയത്.

ഏശാവിനെപ്പോലെ ഒരു പാത്രം പാൽപ്പായസത്തിനുവേണ്ടി മാർത്തോ മ്മാശ്ലീഹായുടെ വിശ്വാസം മലങ്കരസഭ വിറ്റുകളഞ്ഞിട്ടില്ല. സഭകൾ മനു

ഷ്യസമുദായത്തെ മുഴുവൻ ഏകോദരസഹോദരങ്ങളെപ്പോലെ കാണണമെന്നും ജറുശലേം പാത്രിയർക്കീസ് ഉദ്ബോധിപ്പിച്ചു.

പരിശുദ്ധ കാതോലിക്കാബാവായ്ക്കും നിയുക്ത കാതോലിക്കാ മാത്യൂസ് അത്താനാസ്യോസിനും ജറുശലേം പാത്രിയർക്കീസ് ബാവാ സമ്മാനം നൽകി.

പാലാ ബിഷപ്പ്

മാർത്തോമ്മാശ്ലീഹാ എല്ലാവരുടെയും പിതാവാണെന്നു പാലാ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വയലിൽ തന്റെ പ്രസംഗത്തിൽ പറഞ്ഞു.

മാർത്തോമ്മാശ്ലീഹാ നൽകിയ സ്നേഹത്തിന്റെ സന്ദേശം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇന്ത്യയുടെ സാംസ്ക്കാരിക പുരോഗതിക്ക് മാർത്തോമ്മാശ്ലീഹായുടെ സന്ദേശം വളരെ സഹായകമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കളത്തിൽ

എതിർപ്പുകളെ അതിജീവിച്ചു ക്രിസ്തുമതം ഇന്ത്യയിൽ സ്ഥാപിച്ചത് സെന്റ് തോമസ് ആണെന്ന് എൻ.എസ്.എസ്. പ്രസിഡന്റ് കളത്തിൽ വേലായുധൻനായർ പ്രസ്താവിച്ചു. ഹിന്ദുമതം ധാർമ്മികമൂല്യങ്ങളിൽ അധിഷ്ഠിതമായതുകൊണ്ട് ക്രിസ്തുവിന്റെ ആദർശങ്ങൾ സ്വീകരിക്കാൻ പ്രയാസമുണ്ടായില്ലെന്ന് അദ്ദേഹം പറഞ്ഞു.

ധാർമ്മികമൂല്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാൻ അദ്ദേഹം ക്രൈസ്തവരേയും ഹിന്ദുക്കളെയും ഉപദേശിച്ചു.

എ. എം. തോമസ്

മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ ക്രൈസ്തവമതം സ്ഥാപിച്ചുവെന്നതു ചരിത്രസത്യമാണെന്ന് സാംബിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ എ. എം. തോമസ് തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഭാരതത്തിൽ ക്രൈസ്തവസഭ സ്ഥാപിച്ചതു മാർതോമ്മാശ്ലീഹാ ആണെന്നതു ചരിത്രസത്യമാണെന്ന് മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും, ഇപ്പോഴത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പ്രസ്താവിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സഭയിൽ തലപൊക്കുന്ന ശിഥിലീകരണപ്രവണതകൾ തുടച്ചുനീക്കി ഐക്യത്തോടെ മുന്നോട്ടുപോകാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

മാർത്തോമ്മാശ്ലീഹായുടെ സന്ദേശം കാത്തുസൂക്ഷിക്കുന്നതിൽ മലങ്കരസഭ വിജയിച്ചിട്ടുണ്ടെന്ന് റവ. ഡോ. മക്കൻസി പ്രസ്താവിച്ചു.

ബിഷപ്പ് ജോസഫ്

മാർത്തോമ്മാശ്ലീഹായുടെ ആദർശങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ബിഷപ്പ് റ്റി. എസ്. ജോസഫ് തന്റെ പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

ഭാരതത്തിൽ മാർത്തോമ്മാശ്ലീഹാ ക്രൈസ്തവസഭ സ്ഥാപിച്ചുവെന്നത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സത്യമാണെന്ന് ചരിത്രരേഖകൾ ഉദ്ധരിച്ചുകൊണ്ട് സി. എം. സ്റ്റീഫൻ എം. പി. പറഞ്ഞു. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ കൊളുത്തിയ ക്രൈസ്തവസന്ദേശത്തിന്റെ ദീപശിഖ പൊലിയാതെ എന്നെന്നും നിലനിൽക്കുമെന്ന് അദ്ദേഹം പറഞ്ഞു.

മെത്രാപ്പോലീത്താമാരായ മാത്യൂസ് മാർ ഈവാനിയോസ്, തോമസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ കൂറിലോസ്, ദാനിയേൽ മാർ പീലക്സിനോസ്, യൂഹാനോൻ മാർ സേവേറിയോസ് എന്നിവരും മദ്ധ്യകേരള സി.എസ്.ഐ. ബിഷപ്പ് ഡോ. എം. എം. ജോൺ, അർമീനിയൻ ബിഷപ്പുമാർ, പൂനാ ആർച്ച് ബിഷപ്പ് വില്യം ഗോമസ്, ഗവർണറുടെ പത്നി കൗശികി വിശ്വനാഥൻ, മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ, കളത്തിൽ വേലായുധൻനായർ, ജസ്റ്റീസ് എം. യു. ഐസക്ക് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

തല പോയാലും സാരമില്ല

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം സംബന്ധിച്ച തർക്കം കൊടുമ്പിരികൊണ്ടപ്പോൾ പാത്രിയർക്കീസ് ഭാഗക്കാരുടെ വികാരങ്ങളെ മാനിച്ച് ഹെഡിംഗ് പേപ്പറിൽ അത് തൽക്കാലം വയ്ക്കാതിരുന്നാൽ കൊള്ളാമെന്ന് കെ. എം. ചെറിയാൻ ഒരിക്കൽ ഔഗേൻ ബാവായോടു നിർദ്ദേശിച്ചു. നിയുക്ത കാതോലിക്കായും ചെറിയാന്റെ ആവശ്യത്തെ എതിർത്തില്ല. കുഞ്ഞാടിനെപ്പോലെ ഇരുന്ന ബാവാ ഒരു സിംഹത്തെപ്പോലെ ചാടിഎഴുന്നേറ്റ് താടിമീശ ഉയർത്തി തന്റെ കഴുത്തിനു കത്തി വയ്ക്കുന്നതുപോലെ ആംഗ്യം കാണിച്ചു. “തല പോയാലും സാരമില്ലെന്ന്” പറഞ്ഞു. മാർത്തോമ്മായ്ക്ക് പട്ടം ഇല്ലെങ്കിൽ തനിക്കീ കുപ്പായവും വേണ്ടെന്നു അക്കാര്യത്തിൽ ഉത്തമബോധ്യമുണ്ടായിരുന്ന ബാവാ തുറന്നടിച്ചു. മാർത്തോമ്മായുടെ സിംഹാസനത്തിനും കാതോലിക്കേറ്റിനും വേണ്ടി ഇത്രമാത്രം യുക്തവും ശക്തവുമായ നിലപാടു സ്വീകരിച്ച ഔഗേൻ ബാവായെ പല സഭാംഗങ്ങളും വേണ്ടവിധം വിലയിരുത്തുന്നില്ലല്ലോ എന്ന ചിന്ത പലപ്പോഴും എന്നെ ദുഃഖിപ്പിക്കാറുണ്ട്.

ജീവിതസായാഹ്നം

സഭാഭരണത്തിൽ ചില പ്രശ്നങ്ങൾ, തന്നെ അല്പമൊക്കെ അലട്ടു

കയോ അസ്വസ്ഥനാക്കുകയോ ചെയ്തിട്ടുണ്ടെങ്കിലും പ്രശാന്തമായ ഒരു ജീവിതസായാഹനത്തിലൂടെയാണ് ഔഗേൻ കാതോലിക്കാബാവാ കടന്നു പോയത്. ഓട്ടം തികച്ച്, വിശ്വാസം കാത്തു നീതിയുടെ കിരീടം പ്രാപി ക്കാൻ പറന്നുപോയ പുണ്യാത്മാക്കളുടെ നിരയിൽ ഔഗേൻബാവായ്ക്കും ഒരു സ്ഥാനമുണ്ടായിരിക്കും. സഭയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം പിൻഗാമിയുടെ സുശക്തകരങ്ങൾ മാർ ഔഗേൻബാവായെ സംതൃപ്ത നാക്കിയിരുന്നു. പ്രായാധിക്യം മൂലമുള്ള ശാരീരികക്ലേശങ്ങൾ ഒരു വിശ്ര മജീവിതം തെരഞ്ഞെടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സഭയുടെ കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നും സഭ പുരോഗമിക്കണമെന്നും സഭാംഗങ്ങൾ ദൈവാശ്രയത്തിൽ ജീവിക്കുന്നവരാകണമെന്നുമുള്ള ചിന്ത യായിരുന്നു അന്ത്യം വരെയും അദ്ദേഹത്തെ ഭരിച്ചിരുന്നത്. അധികാരാ വകാശചിന്തകളൊന്നും അദ്ദേഹത്തെ ഒട്ടുംതന്നെ സ്പർശിച്ചിരുന്നില്ല. അതേസമയം അധികാരങ്ങൾ വിട്ടൊഴിഞ്ഞ് റിട്ടയർ ചെയ്തു ജീവിക്കാൻ അദ്ദേഹം അഭിലഷിച്ചു. എന്നാൽ അതിനു മുമ്പു സഭയ്ക്കാവശ്യമായ മെത്രാപ്പോലീത്താമാരെയും തന്റെ പിൻഗാമിയേയും വാഴിക്കണമെന്നും മാർ ഔഗേൻ ബാവാ ആലോചിച്ച് ഉറച്ചിരുന്നു എന്നാണ് അനന്തര സംഭവങ്ങൾ വ്യക്തമാക്കുന്നത്.

1974 ഒക്ടോബർ 2-ാം തീയതി നിരണത്തു വച്ച് മലങ്കര അസോ സ്യേഷൻ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഫാ. എം. വി. ജോർജ്ജ്, ഫാ. റ്റി. പോൾ വറുഗീസ്, ഫാ. കെ. കെ. പുന്നൂസ്, ഫാ. കെ. സി. തോമസ്, ഫാ. പി. വി. ജോസഫ് എന്നിവരെ ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച നിരണത്തു വച്ച് മെത്രാപ്പോലീത്താമാരായി വാഴി ച്ചതാണ് ഔഗേൻ ബാവായുടെ ജീവിതസായാഹ്നത്തിലെ ഏറ്റവും പ്രധാ നപ്പെട്ട സംഭവം. ശാരീരികക്ഷീണം ഉണ്ടായിരുന്ന മാർ ഔഗേൻബാവാ മെത്രാൻ സ്ഥാനാഭിഷേകത്തിനു മുമ്പു കടമ്പനാട്ടു വനിതാമന്ദിരത്തിൽ വിശ്രമിക്കുകയായിരുന്നു. മെത്രാന്മാരെ വാഴിക്കുന്നതു സംബന്ധിച്ചുള്ള ബാവായുടെ കല്പന വാങ്ങുന്നതിനായി ഫാ. ടി. ജി. സഖറിയായും ഈ എഴുത്തുകാരനും കൂടി ഫെബ്രുവരി 14-ാം തീയതി അടൂരിൽ എത്തി. ഉടുപ്പി കോടതിയുടെ ഉടക്കുണ്ടാകുമെന്നുള്ള ഭീതി ഔഗേൻബാവായ്ക്കു ണ്ടായിരുന്നു. അതുകൊണ്ട് മെത്രാൻസ്ഥാനാഭിഷേകം സംബന്ധിച്ച കല്പന പിറ്റേദിവസം പത്രത്തിൽ ഇടണമോ എന്നു ബാവാ ഞങ്ങളോടു ചോദിച്ചു. കുഴപ്പമില്ലെന്നു ഞങ്ങൾ അറിയിച്ചപ്പോൾ “സഖറിയാ അച്ചനും മാമ്മച്ചനും കൂടി പറഞ്ഞാൽ ഞാൻ ഒപ്പിട്ടു തരാം” എന്നു പറഞ്ഞു. കല്പനയുടെ നക്കൽ ഒരിക്കൽക്കൂടി വായിച്ചുകേട്ടു. അതിൽ ബാവാ ചില തിരുത്തലുകൾ വരുത്തി. ബാവായുടെ ബുദ്ധിശക്തിക്ക് യാതൊരു ക്ഷീണവും തട്ടിയിരുന്നില്ലെന്നുള്ളതിനു ശക്തമായ തെളിവായിരുന്നു ഈ തിരുത്തലുകൾ. പ്രസ്തുത കല്പന ചുവടെ ചേർക്കുന്നു.

“മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഒരു നിർണ്ണായക കാല ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ അവസരത്തിൽ അതിന്റെ വൈപു ല്യത്തിനും വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ വിധത്തിൽ അഞ്ചു പ്രശസ്തരായ വൈദികർക്കു മാർത്തോമ്മാശ്ലീഹായാൽ സ്ഥാപി തമായ നിരണം പള്ളിയിൽവച്ച് ഇന്നു മേൽപ്പട്ടസ്ഥാനം നൽകുകയാണ്. ഭരണഘടനയേയും കാനോനേയും പാരമ്പര്യത്തേയും അങ്ങേയറ്റം മാനിച്ചും കൊണ്ടും വ്യവസ്ഥാപിത നടപടിച്ചട്ടങ്ങൾ സ്വീകരിച്ചുകൊണ്ടും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഈ അഞ്ച് വൈദികരും സഭയിൽ ശോഭി ക്കുകയും സഭയെ ശോഭിപ്പിക്കുകയും ചെയ്യുമെന്നുള്ളതിന് നമുക്ക് സംശ യമില്ല.

തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ദിവംഗതനായതോ ടുകൂടി നിരണം ഭദ്രാസനത്തിനു വൈധവ്യം സംഭവിച്ചിരിക്കുകയാണ്. ബാഹ്യകേരള ഭദ്രാസനത്തിന്റെ അധിപൻ മാത്യൂസ് മാർ അത്താനാ സ്യോസ് മെത്രാപ്പോലീത്താ നമ്മുടെ പിൻഗാമിയായി തെരഞ്ഞെടുക്ക പ്പെട്ടിരിക്കുന്നതിനാൽ ആ ഭദ്രാസനത്തിലും ഒരു മെത്രാപ്പോലീത്താ നിയോഗിക്കപ്പെടേണ്ടതുണ്ട്. കൂടാതെ 88-ാം വയസ്സിലേക്ക് കടന്നിരിക്കുന്ന കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീ ത്തായ്ക്ക് ഒരു അസിസ്റ്റന്റിനെ വാഴിക്കേണ്ട കാലവും അതിക്രമിച്ചിരി ക്കുന്നു. ഇതിനും പുറമേ ചില ഭദ്രാസനങ്ങൾ ഭരണസൗകര്യത്തെ മുൻ നിർത്തി വിഭജിക്കുന്ന കാര്യവും പരിഗണിക്കേണ്ടതുണ്ട്. ഈ പശ്ചാത്ത ലത്തിലാണ് സഭയുടെ ശോഭനമായ ഭാവിയെ മുൻനിർത്തി ഇപ്പോൾ അഞ്ചുപേരെ മേൽപ്പട്ടസ്ഥാനത്തേക്കുയർത്തുന്നത്. നമ്മുടെ സഭയിലെ നിർഭാഗ്യകരമായ ചില തർക്കങ്ങൾമൂലം ഈ മെത്രാൻസ്ഥാനാഭിഷേകം നേരത്തെ നടത്താൻ സാധിക്കാതെവന്ന കാര്യം ഇവിടെ വിസ്മരിക്കു ന്നില്ല.

ആറു മാസത്തെ ഒരുക്കത്തിനുശേഷം അനേകായിരം രൂപാ ചെല വാക്കി നിരണത്തു വിളിച്ചുകൂട്ടിയ മലങ്കര അസോസ്യേഷനാണ് ഇപ്പോൾ വാഴിക്കപ്പെടുന്ന വൈദികരെ തെരഞ്ഞെടുത്തത്. ഭിന്നിപ്പുണ്ടാക്കുന്നതി നുവേണ്ടി ചിലർ കോടതികളെ സമീപിക്കുകയും നാലഞ്ചു മാസങ്ങൾക്കു ശേഷം കേരളത്തിലെ അത്യുന്നത നീതിന്യായപീഠം കുരുക്കുകൾ അഴി ക്കുകയും ചെയ്തിരിക്കുകയാണ്. ദൈവം സഭയെ നയിക്കുന്നുവെന്നും കൈവിടുകയില്ലെന്നും ഈ സംഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തീയസഭയെ പോഷിപ്പിച്ചു മേൽഭരണം നടത്തുന്നതിനായി യേശുക്രിസ്തു പന്ത്രണ്ടു പ്രധാന ശിഷ്യന്മാരെ തെരഞ്ഞെടുക്കുകയും അവരെ തന്റെ കൈകൊണ്ട് തൊട്ട് അനുഗ്രഹിച്ചു പ്രധാനാചാര്യത്വ ത്തിന്റെ നൽവരം അവർക്ക് പ്രദാനം ചെയ്യുകയുമുണ്ടായി. ഇങ്ങനെ അവി

ടുത്തെ കരസ്പർശനത്താൽ ദിവ്യശക്തി പ്രാപിച്ചവരും അവരുടെ പിൻഗാമികളെ പരമ്പരയാ കൈവച്ച് മേൽപ്പട്ടക്കാരായി അഭിഷേകം ചെയ്തു വന്നു. ഇപ്രകാരം അവിച്ഛിന്നമായ കൈവയ്പു മൂലം മെത്രാന്മാർ എന്ന പേരിൽ അറിയപ്പെടുന്ന മേൽപ്പട്ടക്കാർ ക്രിസ്തീയസഭയിൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്നു. ഇങ്ങനെ മേൽപ്പട്ടക്കാരിലൂടെ മാത്രമാണ് യേശുക്രിസ്തു മൂലം ലഭിച്ചിട്ടുള്ള കൃപാവരങ്ങൾ മനുഷ്യന് അനുഭവപ്പെടുന്നത്. പൗരസ്ത്യരും പാശ്ചാത്യരുമായ ഭൂരിപക്ഷം ക്രൈസ്തവരും ഈ കാര്യം ഇന്നു ദൃഢമായി വിശ്വസിച്ചുവരുന്നു. സർവ്വോപരി ഒരു മഹാപുരോഹിതൻ ദൈവത്തിനും മനുഷ്യനുമിടയിൽ മദ്ധ്യസ്ഥനാണ്. അതായത് ദൈവസമക്ഷം മനുഷ്യന്റെയും മനുഷ്യസമക്ഷം ദൈവത്തിന്റെയും പ്രതിനിധി. ക്രിസ്തുവിന്റെ മനുഷ്യാവതാരപ്രവർത്തനങ്ങളുടെ അന്ത്യഘട്ടത്തിൽ, സ്വർഗ്ഗാരോഹണസമയം, എന്റെ പിതാവ് എന്നെ അയച്ചതു പോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു എന്നു പറഞ്ഞു കൈ ഉയർത്തി അനുഗ്രഹിച്ചുകൊണ്ട് ശ്ലീഹന്മാർക്ക് നൽകിയ പ്രധാനാചാര്യത്വ പദവിയുടെയും അധികാരത്തിന്റെയും അവകാശികളായ മേല്പ്പട്ടക്കാർക്ക് യേശുക്രിസ്തു ഈലോക ജീവിതകാലത്ത് ഉപദേശിച്ചും പഠിപ്പിച്ചും പ്രവർത്തിച്ച മാതൃകയിൽ വി. ശ്ലീഹന്മാരെപ്പോലെ സഭാംഗങ്ങളെ നയിക്കുക എന്ന ഗൗരവാവഹമായ കർത്തവ്യമാണുള്ളത്.

മലങ്കരസഭാ ഭരണഘടനയ്ക്ക് വിധേയമായി വാഴിക്കപ്പെടുന്ന മെത്രാന്മാർക്കു മാത്രമേ മലങ്കരയിൽ സ്ഥാനമുള്ളു. ഭരണഘടനയിൽ ഇങ്ങനെ പറയുന്നു. "ഒരാൾക്ക് എപ്പിസ്ക്കോപ്പാ ആയോ മെത്രാപ്പോലീത്താ ആയോ പട്ടം കൊടുക്കണമെങ്കിൽ ആ ആളെ ആ സ്ഥാനത്തേക്ക് മലങ്കര അസോസ്യേഷൻ തെരഞ്ഞെടുക്കേണ്ടതും ആ തെരഞ്ഞെടുപ്പിനെ എപ്പിസ്ക്കോപ്പൽ സിനഡ് അംഗീകരിക്കുന്നപക്ഷം സിനഡിന്റെ സഹകരണത്തോടുകൂടി കാനോൻ നിബന്ധന അനുസരിച്ച് കാതോലിക്കാ ആ ആളിനു പട്ടം കൊടുക്കേണ്ടതും ആണ്. ഒരു എപ്പിസ്ക്കോപ്പായെയോ മെത്രാപ്പോലീത്തായെയോ വാഴിക്കുമ്പോൾ വാഴിക്കപ്പെടുന്ന മേൽപ്പട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കായ്ക്ക് ശൽമൂസ്സോ (സമ്മതപത്രം) എഴുതിവയ്ക്കേണ്ടതാണ്. ഇപ്രകാരം വാഴിക്കപ്പെടുന്ന മേല്പ്പട്ടക്കാരനു കാതോലിക്കാ സ്ഥാത്തിക്കോൻ (അധികാരപത്രം) നല്കുന്നതാകുന്നു." എപ്പിസ്ക്കോപ്പായെ വാഴിക്കുന്നതു സംബന്ധിച്ചു ഹൂദായ കാനോനിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും മറ്റും നൽകിയിട്ടുണ്ട്. ഒരു ഭാഗത്ത് മാർ ക്ലീമ്മിസിന്റെ ഒന്നാം പുസ്തകത്തിൽ നിന്ന് ഇങ്ങനെ പറയുന്നു: "ഒരെപ്പിസ്ക്കോപ്പാ വാഴിക്കപ്പെടുന്നതു ജനങ്ങൾ മുഴുവനും കൂടി തെരഞ്ഞെടുത്ത് പരിശുദ്ധാത്മഹിതാനുസരണമായിരിക്കണം. അദ്ദേഹം കുറ്റമില്ലാത്തവനും ജ്ഞാനിയും നിർമ്മലനും വിനയമുള്ളവനും മനോ

ഭാരമില്ലാത്തവനും ഉണർവ്വുള്ളവനും ദ്രവ്യാഗ്രഹമില്ലാത്തവനും കലഹ പ്രിയനല്ലാത്തവനും ദയാലുവും മിതഭാഷിയായ ഉപദേഷ്ടാവും നന്മകളെ ഇഷ്ടപ്പെടുന്നവനും അധ്വാനപ്രിയനുമായിരിക്കണം."

ഇത്ര മഹത്തായ എപ്പിസ്ക്കോപ്പാസ്ഥാനത്തേക്ക് വരുന്നവരുടെ പ്രവ ർത്തനംകൊണ്ട് ദൈവത്തിനു മഹത്വവും സഭയ്ക്കു വിജയവും ഉണ്ടാ കാൻ ഇടയാകട്ടെ എന്നാണ് നമ്മുടെ ബലഹീനമായ പ്രാർത്ഥന."

പ്രഗത്ഭരായ ഈ അഞ്ച് മെത്രാപ്പോലീത്താമാരെ വാഴിച്ചതോടുകൂടി ദൈവത്തിനു മഹത്വവും സഭയ്ക്കു നേട്ടവും ഉണ്ടായി എന്നു ബാവാ പ്രസ്താവിച്ചു. മെത്രാൻ സ്ഥാനാഭിഷേകവേളയിൽ ചെറുപ്പക്കാരായ മെത്രാപ്പോലീത്താമാർ പോലും ക്ഷീണിതരായിത്തീർന്നു എങ്കിലും തൊണ്ണൂറിലേക്കു കടന്ന ഔഗേൻബാവാ ശുശ്രൂഷകളുടെ അന്ത്യം വരെയും പ്രസന്നവദനനായും ശക്തനായും കാണപ്പെടുകയാണുണ്ടാ യത്.

ഏതാനും മാസങ്ങൾക്കുശേഷം മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും 1975 ഒക്ടോബർ ഒടുവിൽ കാതോലിക്കാബാവാസ്ഥാനവും അനാരോഗ്യം മൂലം ഔഗേൻ ബാവാ സ്വമനസ്സാലേ, മെത്രാപ്പോലീത്തന്മാരോടും മാനേ ജിംഗ് കമ്മിറ്റിയോടും ആലോചിച്ചശേഷം ഒഴിഞ്ഞു. മരണംകൊണ്ടു മാത്രം സ്ഥാനം ഒഴിഞ്ഞുപോകുന്ന പാരമ്പര്യം ഔഗേൻബാവാ ലംഘിച്ചു മഹ ത്തായ ഒരു മാതൃക സൃഷ്ടിക്കുകയാണുണ്ടായത്. സഭാഭരണം നിർവ ഹിക്കാൻ പ്രായാധിക്യം മൂലം കഴിയാതെ വരുമ്പോൾ റിട്ടയർ ചെയ്യുന്ന സമ്പ്രദായം സഭയിൽ സ്വീകരിക്കേണ്ടതാണെന്ന് ഔഗേൻബാവാ സ്വജീ വിതമാതൃകയിലൂടെ കാണിച്ചുകൊടുത്തു. ഈ മാതൃക എല്ലാ സഭാംഗ ങ്ങളുടെയും അഭിനന്ദനം ആർജ്ജിക്കുകയും ചെയ്തു.

ഇങ്ങനെ മലങ്കരമെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കാ സ്ഥാനവും ഒഴിഞ്ഞതിനാൽ തന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെ ട്ടിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ 1975 ഒക്ടോബർ 27-ാം തീയതി തിങ്കളാഴ്ച ചരിത്രമുറങ്ങുന്ന പഴയസെമിനാ രിയുടെ തിരുമുറ്റത്ത് എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി അവരോധിച്ചു. അനാരോഗ്യത്താലും പ്രത്യേകം ക്ഷണിക്കാഞ്ഞതിനാലും ഈ സ്ഥാനാഭിഷേകത്തിൽ പങ്കെ ടുക്കാൻ കഴിഞ്ഞില്ലെങ്കിലും മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ കാതോലിക്കേറ്റ് അരമനയിൽ ചെന്നപ്പോൾ അദ്ദേഹത്തിന്റെമേൽ കൈ വച്ച് ഔഗേൻബാവാ അനുഗ്രഹിച്ച രംഗവും മറ്റും സഭാചരിത്രത്തിന്റെ താളുകളിൽ എക്കാലവും തിളങ്ങിനിൽക്കും. കാറും കോളും നിറഞ്ഞ ജീവിതസാഗരത്തിലൂടെ തകരാതെ സഞ്ചരിച്ച ഔഗേൻബാവായുടെ

ജീവിതനൗക പ്രശാന്തസുന്ദരമായ കടലിനക്കരെയിലേക്ക് അതിവേഗം നീങ്ങുകയായിരുന്നു. കാലം ചെയ്യുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പ് മലങ്കരസഭയ്ക്ക് ഈ നൂറ്റാണ്ടിൽ ലഭിച്ച ഏറ്റവും വലിയ സംഭാവനയായ വി. ഗീവറുഗീസിന്റെ കങ്ങഴ ആശുപത്രിയിലെ മികച്ച ചികിത്സയും ശുശ്രൂഷയും ബാവായ്ക്ക് ലഭിച്ചിരുന്നു.

ജീവിതത്തിൽ രോഗം മൂലം ശാരീരികമായ വേദനകൾ അധികമൊന്നും അനുഭവിച്ചിട്ടില്ലാത്ത ഒരു മേല്പട്ടക്കാരനായിരുന്നു ഔഗേൻ ബാവാ. മാംസം അധികമില്ലായിരുന്ന ബാവായുടെ ശരീരത്തോടു രോഗാണുക്കൾപോലും പടവെട്ടി പരാജയപ്പെട്ടതായിരിക്കാം. മേല്പട്ടക്കാർക്കു സാധാരണഗതിയിൽ പിടിപെടാറുള്ള രോഗങ്ങളൊന്നുംതന്നെ ഔഗേൻ ബാവായെ ആക്രമിച്ചിട്ടില്ല. തൊണ്ണൂറു കഴിഞ്ഞ വ്രതനിഷ്ഠനായ ആ മുനിവര്യനു രണ്ടുമൂന്നു ദിവസം നീണ്ടുനിന്ന അസുഖത്തെത്തുടർന്ന് ഏറ്റവും മെച്ചപ്പെട്ട ചികിത്സയാണ് ലഭിച്ചത്. എങ്കിലും കഷ്ടപ്പാടുകൾ നിറഞ്ഞ ഈ ലോകത്തിൽ തിരുമേനി കിടന്നു കഷ്ടപ്പെടാതെ 1975 ഡിസംബർ എട്ടിനു കടന്നുപോയി. അതൊരു ഭാഗ്യമരണമായിരുന്നു. അന്ന് നൈറോബിയിൽ സമ്മേളിച്ചിരുന്ന സഭകളുടെ ലോകകൗൺസിൽ തിരുമേനിയുടെ സ്മരണയ്ക്ക് ആദരാഞ്ജലി അർപ്പിച്ചു. മറ്റൊരു സഭാനേതാവിനും ലഭിക്കാത്ത ആഗോള അന്ത്യാഭിവാദ്യം തന്നെ. ചരമവിവരമറിഞ്ഞു നൈറോബിയിൽ നിന്നു ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ പറന്നെത്തി കബറടക്കത്തിൽ പങ്കുകൊണ്ടു.

സഹസ്രക്കണക്കിനാളുകൾ നോക്കിനില്ക്കെ ചൊവ്വാഴ്ച വൈകിട്ട് ഭൗതികദേഹം തന്റെ മുൻഗാമിയുടെ കബറിടത്തിനു തൊട്ടടുത്തുള്ള കാതോലിക്കേറ്റ് അരമനചാപ്പലിൽ സംസ്ക്കരിച്ചു.

സഭാസ്വാതന്ത്ര്യം അന്യൂനമായി പരിരക്ഷിക്കുകയും എല്ലാ തത്വസംഹിതകളെയും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള അന്ത്യോഖ്യൻ കടന്നാക്രമണങ്ങളെ എന്നന്നേക്കുമായി കടലിനക്കരെ ഒതുക്കിനിറുത്തിയും സഭാശരീരത്തിലെ ഒരു മുള്ളുപോലെ മാറിയ അന്ത്യോഖ്യൻ മേധാവിത്വം അവസാനിപ്പിക്കുകയും ചെയ്ത പ. ഔഗേൻ ബാവായ്ക്കു ലഭിച്ച ഹൃദയസ്പർശകമായ അന്തിമോപചാരം മലങ്കരസഭയുടെ സംരക്ഷകനു ലഭിച്ച അഭിവാദ്യം തന്നെയാണെന്നു ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം പന്ത്രണ്ട്

സ്ഥാനോചിത പ്രവർത്തനംകൊണ്ടു സഭയെ ശക്തമാക്കിയ അഞ്ചാം കാതോലിക്കാ

സഭാധ്യക്ഷസ്ഥാനത്തിന്റെ അതുല്യവും അന്യൂനവുമായ മഹിമ എന്നും നിലനിർത്താനും ശക്തവും വ്യക്തവുമായ പ്രവർത്തനങ്ങൾ കൊണ്ടു സഭയെ പ്രബുദ്ധമാക്കാനും പ്രയത്നിച്ചു വിജയിച്ച അഞ്ചാം കാതോലിക്കാ പ. മാത്യൂസ് പ്രഥമൻ ബാവാ ഒരേസമയം വലിയ പണ്ഡിതനും സഭയുടെ നിഷ്ഠകളിൽ വിട്ടുവീഴ്ച വരുത്താത്ത മികച്ച ഭരണാധികാരിയുമായിരുന്നു. അക്കാലത്തെ ചെറുപ്പക്കാരായ വൈദികരിൽ ഭൂരിപക്ഷവും തന്റെ ശിഷ്യന്മാരായിരുന്നതിനാൽ ഇടവകഭരണം കാര്യക്ഷമമായി നടത്താനും ആജ്ഞാശക്തി ഫലപ്രദമായി പ്രയോഗിക്കാനും അഞ്ചാം കാതോലിക്കായ്ക്കു പ്രയാസം ഇല്ലായിരുന്നു.

പ്രതിസന്ധികളിൽ മലങ്കരസഭയ്ക്കു പ്രഗല്ഭമായ നേതൃത്വം നൽകാൻ ദൈവം തെരഞ്ഞെടുത്ത ശ്രേഷ്ഠാചാര്യന്മാരുടെ നിരയിലെ ഒരു പ്രമുഖാംഗം, ബാർ എബ്രായയെപ്പോലെ ആരാധനാഗ്രന്ഥങ്ങൾ രചിക്കുകയും കൂടുതൽ മേൽപട്ടക്കാരെ വാഴിക്കുകയും പുതിയ ഭദ്രാസനങ്ങൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് സഭയുടെ അതിരുകൾ വിശാലമാക്കിയ കാതോലിക്കാബാവാ, വിദേശ പര്യടന സന്ദർശനങ്ങൾ കൊണ്ട് സഭയുടെ പ്രശസ്തി ദിഗന്തങ്ങളിൽ വ്യാപിപ്പിച്ച മേലദ്ധ്യക്ഷൻ, സഭാചരിത്രം, വേദശാസ്ത്രം, ദൈവശാസ്ത്രം കാനോൻ, സുറിയാനി ഭാഷ എന്നിവയിൽ അഗാധമായ ജ്ഞാനം നേടിയ പണ്ഡിതൻ, ആജ്ഞാശക്തിയുള്ള സമുന്നത സഭാനേതാവ്, ഇടയന്മാരുടെ വലിയ ഇടയൻ, വൈദിക ശിഷ്യസമൂഹത്താൽ അതിധന്യനായ ഗുരുവര്യൻ, വ്യക്തവും ഇമ്പകരവും സംഗീതാത്മകവുമായ ആരാധനകളാൽ ജനശതങ്ങളെ ഹഠാദാകർഷിക്കാൻ കഴിവുള്ള സഭാദ്ധ്യക്ഷൻ, ഭംഗിവാക്കുകൾ കൂടാതെ കാര്യമാത്ര പ്രസക്തമായി ഉദ്ബോധനം നൽകുന്ന പ്രഭാഷകൻ, പൂർവ്വികർ തന്നെ ഭരമേല്പിച്ച സഭയ്ക്ക് ഒരു പോറലും ഏല്പിക്കാൻ അനുവദിക്കാഞ്ഞ ഉത്തമനായ കാവൽക്കാരൻ തുടങ്ങിയ നിലകളിൽ മാത്യൂസ് പ്രഥമൻ കാതോലിക്കായ്ക്കുള്ള സ്ഥാനം അനുപമമാണ്.

ആധുനിക മലങ്കരസഭയുടെ കരുത്തനായ ശില്പിയും സഭയുടെ നാനാമുഖമായ വളർച്ചയുടെ പരപ്പും ആഴവും ഒരു വിരൽപ്പാടകലെ കണ്ട

ദർശകനും മേധാശക്തിയിൽ അഗ്രഗാമിയുമായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ. അസാധാരണമായ നേതൃത്വ പാടവവും ഭരണശേഷിയും ആജ്ഞാശക്തിയും പ്രകടിപ്പിച്ച ഗംഭീരാശ യനായ ഈ പിതാവ് പ്രതികൂല സാഹചര്യങ്ങളിലും സഭയുടെ മേൽഗതി ക്കായി ആത്മവിശ്വാസത്തോടെ പരിശ്രമിച്ചു. 'സഭ ദൈവത്തിന്റെയും എന്റെയുമാണ്' എന്ന ബോധ്യമായിരുന്നു ഈ ആത്മധൈര്യത്തിനു പിന്നിൽ. ഭരണത്തിൽ ഒരു പ്രത്യേക ശൈലീവിശേഷം തന്നെയായിരുന്നു അദ്ദേഹം. കാര്യങ്ങൾക്കെല്ലാം ഒരു ഉറപ്പും കെട്ടുപാടുമുണ്ടാക്കിയത് അദ്ദേ ഹത്തിന്റെ അനുപമമായ സംഭാവനയാണ്.

ബാഹ്യകേരള മെത്രാസനാധിപനായിരുന്ന് വളർത്തിയെടുത്ത വിശാ ലവീക്ഷണവും 'മലയാള'ത്തിനു പുറത്തുള്ള സ്ഥിതിഗതികളെക്കുറിച്ച് നേരിട്ടുള്ള അറിവും കല്ലാശ്ശേരിൽ ബാവായെപ്പോലുള്ള ഉന്നതശീർഷ രായ പിതാക്കന്മാരുടെ സമ്പർക്കവും "പ്രധാന മേലദ്ധ്യക്ഷ" സ്ഥാനത്ത് അദ്ദേഹത്തിന് ഏറെ ബലമായി. സൂത്രശാലികളുടെ ചെപ്പടിവിദ്യക ളൊന്നും ആ സൂക്ഷ്മദൃക്കിന്റെ മുമ്പിൽ വിലപ്പോയില്ല. എങ്കിലും നല്ല ഇടയന്റെ ആത്മാർത്ഥതയും, വിശാലമനസ്ഥിതിയും അന്തസ്സും അദ്ദേ ഹത്തിന് വേണ്ടുവോളമുണ്ടായിരുന്നു. പരുഷവും കർക്കശവുമെന്നു തോന്നിക്കാവുന്ന ബാഹ്യഭാവത്തിനുള്ളിൽ, അലിയുന്ന മനസ്സും തുറന്ന സമീപനവും ചര്യകളുടെ നിഷ്ഠയുമുണ്ടെന്ന് തൊട്ടറിഞ്ഞവർ ധാരാളം. അലസത കൂടാതെ സദാ സമയവും അദ്ധ്വാനിക്കുക അദ്ദേഹത്തിന്റെ ശൈലിയായിരുന്നു. തന്റെ സമയവും, ബഹുഭാഷാ നൈപുണ്യവും ആരാ ധനക്രമങ്ങൾ സമ്പുഷ്ടമാക്കാൻ അദ്ദേഹം വിനിയോഗിച്ചു. സഭയുടെ അപ്പസ്തോലിക അടിസ്ഥാനം, സ്വാതന്ത്ര്യം, പൗരാണികത, സത്യ വിശ്വാസം, ദേശീയത എന്നിവ ആഴത്തിൽ വേരോടിയിരുന്ന അദ്ദേഹ ത്തിന്റെ അന്തഃകരണം സഭയുടെ ഉൽകർഷാർത്ഥം സദാ ചലിച്ചുകൊ ണ്ടിരുന്നു. വിവിധ മേഖലകളിൽ അനേകം പ്രസ്ഥാനങ്ങൾക്കും ആദ്ധ്യാ ത്മിക പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചുകൊണ്ടും നൂതനമായ ഭര ണപരിഷ്ക്കാരങ്ങൾ നടപ്പാക്കിയും സഭയുടെ പേരും പ്രശസ്തിയും ആഗോളതലത്തിലെത്തിക്കുന്നതിനു കഴിഞ്ഞ അദ്ദേഹത്തിന്റെ നേതൃ ത്വപാടവം ഏവരെയും ഹഠാദാകർഷിച്ചുകൊണ്ട് സഭയെ സമഗ്രമായ വിക സനത്തിന്റെ ഔന്നത്യത്തിലേക്ക് നയിച്ചിരുന്നു. സ്വന്തമായി ഒന്നും സമ്പാ ദിക്കാതെ സഭയ്ക്കായി എല്ലാം കരുതിവച്ച ആ മഹാനുഭാവൻ 16 വർഷം സഭയെ ഭരിച്ചു നടത്തി. 10 മേല്പട്ടക്കാരെ വാഴിക്കുവാനും രണ്ടു തവണ വി. മൂറോൻ കൂദാശ നടത്താനും ഭാഗ്യം ലഭിച്ചു.

പരിശുദ്ധ പരുമല തിരുമേനിയുടെ അതുല്യ തപശ്ചര്യകളോ കുശാഗ്ര ബുദ്ധിയായ വട്ടശ്ശേരിൽ തിരുമേനിയുടെ തന്ത്രപരമായ നീക്കങ്ങളോ

ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയന്റെ മങ്ങാത്ത മുഖതേജസ്സോ ഔഗേൻ ബാവായുടെ അനുപമ അതിവിനയമോ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായിൽ ദൃശ്യമല്ലായിരിക്കാം. എന്നാൽ സഭാസ്നേഹത്തിലും സംശുദ്ധമായ വ്യക്തിജീവിതത്തിലും ദശാംശം നൽകി പണം കൈകാര്യം ചെയ്യുന്നതിലുള്ള കൃത്യനിഷ്ഠയിലും സഭയുടെ നിലപാടും അന്തസ്സും അന്യൂനം സംരക്ഷിക്കുന്നതിലും ബാവാ നിർവഹിച്ച പങ്ക് മലങ്കരസഭാ ചരിത്രത്തിലെ ഒരവിസ്മരണീയ അധ്യായമാണ്. സഭയുടെ 1975 മുതൽ 1992 വരെയുള്ള ചരിത്രം ശരിക്കു മനസിലാക്കണമെങ്കിൽ അതിനു സമർത്ഥമായി സാരഥ്യം വഹിച്ച ബാവായുടെ ജീവചരിത്രത്തിലേക്കും ദീർഘകാല സഭാസേവനങ്ങളിലേയ്ക്കും കടന്നേ തീരൂ.

മാതാപിതാക്കളും ബാല്യകാലവും

ഒരു നൂറ്റാണ്ട് മുമ്പ് ഒരേസമയം മൂന്നു പ്രമുഖ പള്ളികളുടെ വികാരിസ്ഥാനം എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ വഹിച്ചിരുന്ന വട്ടക്കുന്നേൽ ചെറിയാൻ കുര്യൻ കത്തനാരുടെയും ഒളശ്ശ പുളിക്കപ്പറമ്പിൽ ഇട്ടി അയിപ്പിന്റെ സീമന്തപുത്രി മറിയാമിന്റെയും പത്തു മക്കളിൽ ഒമ്പതാമത്തെ സന്താനമാണ് വി. കെ. മാത്യൂസ് (കുട്ടച്ചൻ എന്ന പേരിൽ ചെറുപ്പകാലത്ത് അറിയപ്പെട്ടിരുന്ന) എന്ന മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ. പ്രമുഖ അഭിഭാഷകനായിരുന്ന കെ. ചെറിയാൻ, ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന വി. കെ. ജോസഫ്, സബ് രജിസ്ട്രാർ ആയിരുന്ന വി. കെ. കുര്യൻ എന്നിവരായിരുന്നു ബാവായുടെ പ്രശസ്തരായ സഹോദരന്മാർ. ഇവരെല്ലാം തന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എല്ലാ സഹോദരിമാരും മൺമറഞ്ഞു.

നല്ല ആകാരവും ആരോഗ്യവും ഘനഗംഭീരമായ ശബ്ദവും ഉണ്ടായിരുന്ന ചെറിയാൻ കുര്യൻ കത്തനാർ 90-ാം വയസ്സിൽ മരിക്കുന്നതുവരെയും കഠിനാദ്ധ്വാനിയും കർമ്മനിരതനും തന്ത്രശാലിയും ആജ്ഞാശക്തിയുള്ള ഒരു സമുന്നതനായിരുന്നു. മരിക്കുന്നതിനു ഏതാനും ആഴ്ചകൾക്കു മുമ്പു വരെയും അദ്ദേഹം വിശുദ്ധ കുർബ്ബാന അർപ്പിച്ചു വന്നു. പിതാവിന്റെ നയതന്ത്രപരമായ സമീപനം ഒഴിച്ചുള്ള ഗുണഗണങ്ങൾ ഇളയപുത്രനിലും തിളങ്ങിനിന്നു.

ബന്ധുബലത്താലും സാമ്പത്തികഭദ്രതയാലും അനുഗ്രഹിക്കപ്പെട്ടിരുന്ന കുര്യൻ കത്തനാർ കൊല്ലവർഷം 1030 (എ.ഡി. 1854) മീനം 22-നു മണർകാട് മർത്തമറിയം പള്ളി ഇടവകയിൽപെട്ട വട്ടക്കുന്നേൽ ചെറിയാൻ, കണ്ണോത്ര ഏലി എന്നിവരുടെ പുത്രനായി ജനിച്ചു. അന്നു മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് കോറൂയോപട്ടം സ്വീകരിക്കുകയും പഴയ

സെമിനാരിയിലെ വൈദികപഠനത്തിനുശേഷം 1875-ൽ മലങ്കരയിൽ എത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസിൽ നിന്ന് അടുത്ത വർഷം പുതുപ്പള്ളിയിൽ വച്ച് ശെമ്മാശുപട്ടം സ്വീകരിക്കുകയുമാണുണ്ടായത്. വിവാഹത്തെ തുടർന്ന് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു വൈദികപട്ടം ഏറ്റു.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കരസഭയുടെ അനുമതി കൂടാതെ പോയി പാത്രിയർക്കീസിൽ നിന്നു പട്ടം സ്വീകരിച്ചതിനെ തുടർന്ന് മലങ്കരയിൽ പുരാതന വിശ്വാസം പാലിച്ചുവന്നവരും നവീകരണവാദക്കാരും തമ്മിൽ ഭിന്നിപ്പുണ്ടായ കാലയളവിലാണ് കുര്യൻ കത്തനാർ പട്ടം സ്വീകരിച്ചത്. ഭൂരിപക്ഷം ആളുകളും പുരാതന സഭയിൽ ഉറച്ചു നിന്നിരുന്നു എങ്കിലും മണർകാട് ഉൾപ്പെടെയുള്ള പള്ളികളും സ്വത്തുക്കളും നവീകരണക്കാരുടെ കൈവശത്തിലായിരുന്നു. തന്നിമിത്തം സത്യവിശ്വാസികളായ ഇടവകാംഗങ്ങൾക്കു പള്ളിയിൽ കയറാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് വീടുകളിൽ വച്ചു ആത്മിക ശുശ്രൂഷകൾ നടത്തി വന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ സത്യവിശ്വാസികൾക്കു വേണ്ടി നിർമ്മിച്ചതാണ് മണർകാട് സെന്റ് ജോർജ്ജ് പള്ളി. വേങ്കടത്ത് അയിപ്പ് അലക്സന്ത്രയോസ് കത്തനാരും വട്ടക്കുന്നേൽ കുര്യൻ ശെമ്മാശനും കൂടിയാണ് കഠിനാദ്ധ്വാനം മൂലം ഈ പള്ളിയുടെ പണി ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തിയാക്കിയത്. ഈ അനുഭവ സമ്പത്തിനെ മുൻനിറുത്തിയാണ് പിന്നീട് വടക്കൻമണ്ണൂർ, പുതുപ്പള്ളി നിലയ്ക്കൽ പള്ളികളുടെ പണി നടത്താനും മണർകാട് സെന്റ് മേരീസ് പള്ളിയുടെ പുനർ നിർമ്മാണം ഏറ്റെടുക്കാനും സാധിച്ചത്. ആരംഭം മുതലേ സെന്റ് ജോർജ്ജ് പള്ളി വികാരിയായിരുന്ന കുര്യൻ കത്തനാർ സെന്റ് മേരീസ് പള്ളി നവീകരണക്കാരിൽ നിന്നു വിട്ടുകിട്ടിയതിനെ തുടർന്ന് ആ പള്ളിയുടെ വികാരിയായി മരിക്കുന്നതുവരെയും സേവനം അനുഷ്ഠിച്ചു.

മണർകാട് പള്ളിയുടെ കീഴിൽ വടക്കൻമണ്ണൂരിൽ ഉണ്ടായിരുന്ന ചാപ്പലിലും അച്ചൻ കർമ്മാദികൾ നടത്തിവന്നിരുന്നു. ഈ ചാപ്പൽ 1904-ൽ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് മണർകാടു പള്ളി വികാരി സ്ഥാനത്തിനു പുറമെ വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളി വികാരിസ്ഥാനവും ലഭിച്ചു. അന്നു മലങ്കര ഭരിച്ചിരുന്നത് എം. ഡി. സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (പ്രസ്തുത കുടുംബത്തിലെ രണ്ടാമത്തെ) മെത്രാപ്പോലീത്തായായിരുന്നു (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമനാണ് പഴയസെമിനാരി സ്ഥാപിച്ചത്). സ്വതന്ത്ര ഇടവക പ്രഖ്യാപനത്തെ തുടർന്ന് ഓലമേഞ്ഞ ചാപ്പലിനു പകരം ഒരു സ്ഥിരം ദേവാലയം പണി

യാനുള്ള ശിലാസ്ഥാപനം നടത്തുകയും ഉണ്ടായി. ഈ ദേവാലയം പണിക്ക് കൂടുതൽ ശ്രദ്ധയും അദ്ധ്വാനവും പണവും വേണ്ടിയിരുന്നതിനാലാണ് കുര്യൻ അച്ചൻ വടക്കൻമണ്ണൂരിലേക്കു കുടുംബസഹിതം താമസം മാറ്റിയത്. ഇങ്ങനെ വടക്കൻമണ്ണൂരിൽ താമസിക്കുന്ന കാലത്താണ് ഇളയ പുത്രനായ വി. കെ. മാത്യു 1907 മാർച്ച് 27-ൽ ഭൂജാതനായത്.

1904-ൽ ആരംഭിച്ച പള്ളിപണി പെട്ടെന്നു തീർന്നു എങ്കിലും ജനങ്ങളുടെ ആവശ്യത്തിനു പോരാതെ വന്നതിനാൽ 1909-ൽ വലിയപള്ളിയുടെ പണി തുടങ്ങി. ഇടത്തരക്കാരായ ഇടവകക്കാരുടെ കൊണ്ടുപിടിച്ച ശ്രമം കൊണ്ട് സാമാന്യം വലിയ പള്ളി അവിടെ രൂപംകൊണ്ടു. പള്ളിക്കു വേണ്ടി വാങ്ങിയ തേക്കുതടിയുടെ വില കൊടുക്കാൻ ഒറ്റ ദിവസം കൊണ്ട് 1500 രൂപ അക്കാലത്തു ശേഖരിക്കാൻ കഴിഞ്ഞതിൽ നിന്നു കുര്യൻ അച്ചന്റെ കഴിവു വ്യക്തമാണല്ലോ.

ഇതിനിടയിൽ സ്ഥാപിക്കപ്പെട്ട പുതുപ്പള്ളി നിലയ്ക്കൽ പള്ളിയുടെ പ്രഥമ വികാരിയും കുര്യൻ കത്തനാരായിരുന്നു. 1930-ൽ ആരംഭിച്ച പ്രസിദ്ധമായ നിലയ്ക്കൽ കൺവൻഷന്റെ പിന്നിലും അച്ചന്റെ കൈകൾ ഉണ്ടായിരുന്നു.

മണർകാട്ടെ പഴയപള്ളി പൊളിച്ച് ഇന്നു കാണുന്ന വലിയപള്ളിയുടെ നിർമ്മാണം ആരംഭിച്ചതും രണ്ടു കൊല്ലം കൊണ്ടു പൂർത്തിയാക്കിയതും കുര്യൻ കത്തനാരും വേങ്കടത്തു കത്തനാരും ചേർന്നായിരുന്നു.

ഈ കാലഘട്ടത്തിൽ മലങ്കരയിൽ എത്തിയ അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ അകാരണമായി മുടക്കിയതിനെ തുടർന്ന് മലങ്കരയിൽ കക്ഷിഭിന്നത രൂക്ഷമായി. എന്നാൽ ഒരു വിഭാഗം പാത്രിയർക്കീസിന്റെ തെറ്റായ നിലപാടിനോടു യോജിക്കുകയും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെതിരെ സമരം ആരംഭിക്കുകയും ചെയ്തു. വട്ടക്കുന്നേൽ അച്ചൻ മാർ ദീവന്നാസ്യോസിന്റെ പിന്നിൽ പാറപോലെ ഉറച്ചുനിന്നു. കൂടാതെ വടക്കൻമണ്ണൂർ, നിലയ്ക്കൽ പള്ളികൾ തന്റെ നിലപാട് അംഗീകരിക്കുകയും ചെയ്തു. അച്ചനെ പാത്രിയർക്കീസിന്റെ കീഴിൽ കൊണ്ടുവരാനും മണർകാടു പള്ളിയിലെ വികാരി സ്ഥാനത്തുനിന്നു നീക്കാനും ചിലർ നടത്തിയ ശ്രമവും വിജയിച്ചില്ല. സുറിയാനിയിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന അച്ചൻ സ്വയം പകർത്തിയെഴുതിയ വിശുദ്ധ ഗ്രന്ഥങ്ങളാണ് ആരാധനയ്ക്ക് ഉപയോഗിച്ചുവന്നത്. ആരാധകർക്ക് മനസ്സിലാകാൻവേണ്ടി മലയാളത്തിൽ വിശുദ്ധ കുർബ്ബാനയും മറ്റു ശുശ്രൂഷകളും അർപ്പിച്ചുവന്ന അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി ഇന്നു മൃതഭാഷയായ

സുറിയാനി, ആരാധനയിൽ നിന്നു തള്ളപ്പെട്ടതിൽ നിന്നു കൂടുതൽ വ്യക്ത മാകുന്നുണ്ട്.

വി. കെ. മാത്യൂസിനെ 1907 മെയ് 27-നു വടക്കൻമണ്ണൂർ പള്ളിയി ലാണു മാമോദീസാ മുക്കിയത്. പ്രസിദ്ധമായ ഓമത്തിൽ കുടുംബത്തിലെ തൊമ്മൻ തോമസായിരുന്നു തലതൊട്ടപ്പൻ. ബാല്യകാലത്ത് വടക്കൻ മണ്ണൂർ പള്ളിയിൽ വിശുദ്ധ കുർബ്ബാന ചൊല്ലാൻ എത്തിക്കൊണ്ടിരുന്ന വട്ടമല അച്ചൻ, പൈനുങ്കൽ അച്ചൻ, ആലയ്ക്കാപറമ്പിലച്ചൻ, മണർകാട്ടു നിന്നു വന്ന ശുശ്രൂഷകന്മാർ എന്നിവരെ ബാവാ മരിക്കുംവരെ ഓർക്കു മായിരുന്നു. മണർകാടു പള്ളിയിൽ വടക്കൻമണ്ണൂരിൽ നിന്ന് അന്നു പൊയ്ക്കൊണ്ടിരുന്നതു നടന്നാണ്. പിതാവായ കുര്യൻ കത്തനാർ പ്രായാ ധിക്യത്തിൽ പ്രാവിൻകൂടു വണ്ടി ഉപയോഗിച്ചിരുന്നു.

വിദ്യാഭ്യാസം

കുട്ടികൾക്കു ദൈവവും നല്ല വിദ്യാഭ്യാസവും ഉണ്ടായിരിക്കണമെന്ന് ഭക്തരായ ചെറിയാൻ കുര്യൻ കത്തനാരും പത്നിയും ആഗ്രഹിക്കുകയും അതനുസരിച്ച് എല്ലാവർക്കും പഠിച്ചുയരാനുള്ള സാഹചര്യം സൃഷ്ടിക്കു കയും ചെയ്തിരുന്നു. ബാല്യം മുതലേ അടങ്ങി ഒതുങ്ങിക്കഴിയുന്ന സ്വഭാ വക്കാരനായിരുന്ന വി. കെ. മാത്യുവിന്റെ (കുട്ടച്ചൻ) ആദ്യത്തെ ആശാൻ ഒഴിവുസമയങ്ങളിൽ കുട്ടികളെ പഠിപ്പിക്കാൻ സമയം കണ്ട, കോട്ടയത്തെ ഒരു പലചരക്കു വ്യാപാരിയായിരുന്നു.

ആറാമത്തെ വയസ്സിൽ കോട്ടയം എം. ഡി. സെമിനാരി സ്കൂളിലെ ഒന്നാം ക്ലാസ്സിൽ ചേർന്നു. മൂന്നാം ക്ലാസ്സിൽ പഠിപ്പിച്ചിരുന്ന ചെറിയാൻ സാർ കുട്ടികളെ ശരിക്കു ശിക്ഷിക്കുന്ന ആളായിരുന്നു എങ്കിലും ശാന്ത നായ വി. കെ. മാത്യുവിനു തല്ലു കൊണ്ടിരുന്നില്ല.

പ്രിപ്പാറട്ടറി ക്ലാസ്സിൽ കയറിയതു മുതൽ കിളിത്തട്ട് ആദിയായ കളി കളിലും ഹൈസ്കൂളിൽ ആയതു മുതൽ പന്തുകളിയിലും കൂടുതൽ ഉത്സാഹം കാണിച്ചിരുന്നു. അന്നവിടെ പഠിച്ചുവന്ന മൂത്ത സഹോദരൻ വി. കെ. ജോസഫും പന്തുകളിയിൽ (ഗോളി) തൽപരനായിരുന്നു. സ്കൂൾ ടീമിലെ ക്യാപ്റ്റനായി ഉയർന്ന മാത്യൂസ് ലെഫ്റ്റ് ഫോർവേഡായിരുന്നു. പന്തുകളിക്കും മറ്റും അദ്ധ്യാപകനായിരുന്ന കെ. റ്റി. ഗീവറുഗീസ് (പുത്തൻകാവു കൊച്ചുതിരുമേനി) നേതൃത്വം നൽകി. സൽസ്വഭാവമുള്ള കുട്ടികളുമായി മാത്രം കൂട്ടുപിടിക്കുന്നതിൽ കുട്ടച്ചൻ പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നത് മാതാവിന്റെ ശിക്ഷണം മൂലമാണ്. കുര്യൻ കത്തനാർ പള്ളി ആവശ്യങ്ങൾക്കുവേണ്ടി പലപ്പോഴും സ്ഥലം വിടുന്ന തിനാൽ കുട്ടികൾക്കു മാർഗ്ഗദർശനം നൽകുന്ന ചുമതല മാതാവിൽ നിക്ഷിപ്തമായിരുന്നു.

ഇന്റർമീഡിയറ്റിനു സി.എം.എസ്. കോളജിലാണു ചേർന്നത്. അന്നത്തെ പ്രിൻസിപ്പൽ സ്ക്വയർ സായിപ്പ് ഫുട്ബോളിൽ വലിയ താൽപര്യമുള്ള ആളായിരുന്നതിനാൽ കളി കഴിഞ്ഞു വരുന്ന കുട്ടികൾക്കു വീട്ടിൽ വച്ചു കാപ്പി നൽകുമായിരുന്നു. കളിക്കാരോട് അദ്ദേഹത്തിനു പ്രത്യേക സ്നേഹവും ഉണ്ടായിരുന്നു. ഫുട്ബോളിനു പുറമെ വി. കെ. മാത്യൂസ് ടെന്നീസും കളിച്ചു വന്നു.

നന്നായി പഠിച്ചു എങ്കിലും ഇന്റർമീഡിയറ്റിനു തോറ്റു എന്നാണു റിസൽറ്റു വന്നപ്പോൾ മനസ്സിലായത്. സെപ്തംബർ പരീക്ഷയ്ക്കു പണം കെട്ടിവെയ്ക്കാൻ പോയപ്പോൾ ലഭിച്ച കമ്പിസന്ദേശത്തിൽ തോറ്റില്ലെന്നും യൂണിവേഴ്സിറ്റിയിൽ എന്തോ തെറ്റു പറ്റിയതാണെന്നും അറിഞ്ഞു. ഇന്റർമീഡിയറ്റ് കഴിഞ്ഞ് മെഡിസിനു ചേരുന്നതിനുള്ള ക്രമീകരണങ്ങൾ എല്ലാം ജ്യേഷ്ഠൻ കെ. ചെറിയാൻ ചെയ്തിരുന്നു. അദ്ദേഹമായിരുന്നു ഇളയ സഹോദരങ്ങളുടെ വിദ്യാഭ്യാസകാര്യങ്ങളുടെ മേൽനോട്ടം വഹിച്ചു വന്നത്. ജയിച്ച വിവരം വൈകി വന്നതിനാൽ ഒരു പ്രത്യേക കോഴ്സിലും അക്കൊല്ലം ചേരാൻ കഴിഞ്ഞില്ല. അവസാനം കന്നുകുഴിയിൽ കെ. കെ. തോമസിന്റെ ശുപാർശപ്രകാരം തിരുവനന്തപുരം സയൻസ് കോളജിൽ ബി.എ. യ്ക്ക് (അന്നു ബി.എസ്.സി. ഇല്ല) പ്രവേശനം ലഭിച്ചു. മെഡിസിനു പോകാൻവേണ്ടി കെമിസ്ട്രിയും ഫിസിക്സും ഉൾപ്പെട്ട സെക്കൻഡ് ഗ്രൂപ്പെടുത്തു പഠിച്ചു. പരീക്ഷ മദ്രാസിലായിരുന്നു. കെമിസ്ട്രി പരീക്ഷയ്ക്കു റാഡിക്കൽസ് കണ്ടെത്താനുള്ള മൈക്രോസ്കോപ്പ് പഴഞ്ചനാകയാൽ ഉത്തരം ശരിയ്ക്കു കിട്ടിയില്ല. തിരുവനന്തപുരത്ത് ഒന്നാംതരം മൈക്രോസ്കോപ്പുപയോഗിച്ചാണ് പഠിച്ചിരുന്നത്. എന്തിനു പറയുന്നു, ജീവിതത്തിൽ ആദ്യമായി പരീക്ഷയ്ക്കു തോറ്റു. മെഡിസിൻ പഠനലക്ഷ്യത്തിലേക്കുള്ള രണ്ടാമത്തെ തടസ്സം. പിന്നീട് പരീക്ഷയെഴുതി കൂടുതൽ മാർക്കു നേടിയും വിജയിച്ചു. വയസ്സ് 21. മെഡിസിനു വേണ്ടി മദ്രാസിൽ അപേക്ഷിച്ചു എങ്കിലും വൈകിപ്പോയതിനാൽ ഒന്നും സംഭവിച്ചില്ല. ഇങ്ങനെ അല്പം നിരാശയോടെ എന്തു ചെയ്യണമെന്നറിയാതിരിക്കുമ്പോൾ ജ്യേഷ്ഠൻ സമീപിച്ച് വി. കെ. മാത്യൂസിനോട് ഇങ്ങനെ പറഞ്ഞു. "ചെറിയമഠത്തിൽ മല്പാനച്ചൻ മാങ്ങാനം എബനേസർ ദയറായിൽ താമസമായി. നിന്നെ സുറിയാനി പഠിപ്പിക്കണമെന്ന് ഞാൻ അച്ചനോടു പറഞ്ഞിട്ടുണ്ട്." അങ്ങനെ രാത്രികാലങ്ങളിൽ സുറിയാനി പഠിച്ചശേഷം ദയറായിൽ തന്നെ തങ്ങിക്കൊണ്ടിരുന്നു. ഇതിനിടയിൽ സഭാസേവന രംഗത്ത് സ്വപിതാവിന്റെ കാലടികൾ പിന്തുടരാനുള്ള അഭിനിവേശവും അകതാരിൽ അങ്കുരിച്ചിരുന്നു.

കൽക്കട്ടയിലെ ബിഷപ്സ് കോളജിൽ ആ വർഷമാണ് ബി.ഡി. കോഴ്സ് ആരംഭിച്ചത്. മലങ്കരസഭയിൽ നിന്ന് ഏതാനും യുവാക്കളെ

അയയ്ക്കണമെന്ന് വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിക്ക് കോളജ് അധികൃതർ എഴുതി. അതിനു പറ്റിയ വ്യക്തികളെ കണ്ടുപിടിക്കാൻ പുത്തൻകാവ് കൊച്ചുതിരുമേനിയെ മലങ്കര മെത്രാപ്പോലീത്താ ചുമതലപ്പെടുത്തുകയും ചെയ്തു. ചെറുപ്പം മുതലേ നല്ലവണ്ണം അറിയാമായിരുന്ന വി. കെ. മാത്യൂസിനോട് ബി.ഡി. ക്കു ചേരുന്ന കാര്യം സംസാരിച്ചു എങ്കിലും അദ്ദേഹം അതു നിരസിച്ചു. പക്ഷേ, കൊച്ചുതിരുമേനിയുടെ ദീർഘമായ ഉപദേശം അനുസരിച്ച് ഒടുവിൽ 25-ാം വയസ്സിൽ ബി.ഡി. ക്കു ചേരാൻ തീരുമാനിക്കുകയാണുണ്ടായത്. കൊച്ചുതിരുമേനിയുടെ വലിയ ഉപദേശവും മാത്യൂസിന്റെ തീരുമാനവുമാണ് മലങ്കരയ്ക്കു അതുല്യനായ സഭാദ്ധ്യക്ഷനെ സംഭാവന ചെയ്തതെന്ന് ഒരു പക്ഷേ പലർക്കും അജ്ഞാതമായിരിക്കും.

കൽക്കട്ടയിലെ പ്രശസ്തമായ ബിഷപ്സ് കോളജിൽ ചേരുമ്പോൾ ബിഷപ്പ് ഹെർബട്ട് പാക്കൻഹാം വാൽഷായിരുന്നു പ്രിൻസിപ്പൽ. പവിത്രചരിതനും താപസവര്യനും ആയിരുന്ന ബിഷപ്പ് വാൽഷിന്റെ കീഴിൽ പഠിക്കാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമായിട്ടാണ് ശിഷ്യഗണങ്ങൾ പരിഗണിച്ചു വന്നത്. ഗമാലിയേലിന്റെ കീഴിൽ ശൗലിന് അഭ്യസനം നടത്താൻ സാധിച്ചതിൽ അദ്ദേഹത്തിനുണ്ടായ അഭിമാനംപോലെ ഓരോ വിദ്യാർത്ഥിക്കും തോന്നിയിട്ടുണ്ടാവണം.

ബിഷപ്സ് കോളജിലെ വിദ്യാർത്ഥി ജീവിതത്തെപ്പറ്റി ബാവായുടെ സഹപാഠിയായിരുന്ന പിറവം റവ. സി. ടി. കുര്യാക്കോസ് ഇങ്ങനെ എഴുതി:

കൽക്കട്ടായിലെ ബിഷപ്സ് കോളജിൽ 1931-ലാണ് ബി.ഡി. കോഴ്സിന് അഡ്മിഷൻ കിട്ടിയത്. കൊട്ടാരക്കര റയിൽവേ സ്റ്റേഷനിൽ നിന്ന് ടിക്കറ്റ് വാങ്ങി യാത്ര തിരിച്ചു. അക്കൊല്ലം ബിഷപ്സ് കോളജിൽ പ്രവേശനം കിട്ടിയ വേറെ മൂന്നു പേരും ഒപ്പം ഉണ്ടായിരുന്നു. നാലാം ദിവസം ഉച്ചയോടുകൂടി ഹൗറാ സ്റ്റേഷനിൽ എത്തി. ഞങ്ങളെ കാത്ത് വൈസ് പ്രിൻസിപ്പൽ റവ. സിത്തർ നിൽപുണ്ടായിരുന്നു. പൊക്കവും വണ്ണവും കുറഞ്ഞ് കരിപോലെ കറുത്ത മധുരക്കാരനായ ഒരു വൈദികൻ. തലയിൽ വെള്ള നിറത്തിലുള്ള ഒരു കനത്ത തലപ്പാവുമുണ്ട്, അദ്ദേഹം ടാക്സി വിളിച്ചു ഞങ്ങളെ കോളജിൽ എത്തിച്ചു.

'റാഗിംഗ്' ഇന്നു നമ്മുടെ കോളജുകളിൽ ഒരു തീരാശാപമായി തീർന്നിരിക്കുകയാണല്ലോ. റാഗിംഗ് എന്താണ്, എന്തിനാണ് എന്നൊന്നും അറിയാത്ത കാടന്മാരുടെ ആഭാസത്തരങ്ങൾ മൂലം ആ പേര് കേൾക്കുമ്പോൾ തന്നെ അറപ്പും വെറുപ്പും ഉണ്ടാകുന്നു. ഞങ്ങൾക്കു കിട്ടിയ റാഗിംഗ് അത്തരത്തിലുള്ളതായിരുന്നില്ല.

ഞങ്ങൾ ഹോസ്റ്റലിൽ എത്തിയതിന്റെ പിറ്റേന്ന് രാവിലെ സീനിയർ വിദ്യാർത്ഥികൾ വന്നു ഞങ്ങളെ ഫോട്ടോ എടുക്കാൻ വിളിച്ചു. ഏറ്റവും നല്ല വസ്ത്രങ്ങളുമണിഞ്ഞ് ഞങ്ങൾ ഹോസ്റ്റലിന്റെ മുമ്പിൽ അണിനിരന്നു. ഒന്നുരണ്ടു 'അണ്ണൻമാർ' ഞങ്ങളെ തയ്യാറെടുപ്പിച്ചു. 'വൺ, ടൂ, ത്രീ' എന്നു പറഞ്ഞതും നാലഞ്ചു കുടം വെള്ളം ഞങ്ങളുടെ തലയിലേക്കു വീണതും ഒരുമിച്ചായിരുന്നു. കുടവും വെള്ളവുമായി അവർ മുകളിലത്തെ നിലയിൽ കാത്തുനിന്നിരുന്നതുണ്ടോ ഞങ്ങൾ അറിയുന്നു! ആകെ നനഞ്ഞു കുതിർന്ന ഞങ്ങൾ സ്വന്തം മുറികളിലേക്കോടി വസ്ത്രം മാറി പുറത്തു വന്നു. സീനിയേഴ്സ് അപ്പോഴും നിന്നു കൈ കൊട്ടി ചിരിയാണ്. ആ ആഹ്ലാദത്തിൽ ഞങ്ങളും പങ്കുചേർന്നു. പിന്നെ എല്ലാവരും തമ്മിൽ തമ്മിൽ പരിചയപ്പെട്ടു. ആർക്കും ആരോടും ഒരു പരിഭവവും ഉണ്ടായില്ല.

വിദ്യാർത്ഥികളുടെ സംഖ്യ മറ്റു കോളജുകളിലെപ്പോലെ വലുതല്ല. ഞങ്ങളുടെ ബാച്ചിൽ ആകെ ഉണ്ടായിരുന്നത് പന്ത്രണ്ടോ പതിമൂന്നോ പേരായിരുന്നു. മലയാളികളായിരുന്നു അക്കൊല്ലം ഏറ്റം കൂടുതൽ; ആകെ അഞ്ചു പേർ. മലയാളികളുടെ സംഖ്യ അക്കൊല്ലം കൂടുതലുണ്ടായത് യാദൃച്ഛികം മാത്രം. സുറിയാനി ക്രിസ്ത്യാനികളോടുള്ള പ്രിൻസിപ്പൽ ബിഷപ്പ് വാൽഷിന്റെ പ്രത്യേക താല്പര്യം ഇതിനു പിറകിൽ ഉണ്ടായിരുന്നു എന്നും വരാം.

മലയാളികൾക്കു പുറമെ ഒരു ആംഗ്ലോ ഇൻഡ്യൻ, ഒരു പഞ്ചാബി, ഒരു സിലോൺകാരൻ, ഒരു കർണാടകക്കാരൻ ഇത്രയും പേരെ ഓർമയുണ്ട്. മൂന്നു ബാച്ചിലും കൂടി മൊത്തം ഏതാണ്ടു പത്തുനാൽപതു പേരിൽ കൂടുതലില്ല. എല്ലാവർക്കും പ്രത്യേകം പ്രത്യേകം മുറി. വാഷ്ബേസിൻ, ടാപ്പ് മുതലായവയും കട്ടിൽ, കസേര, അലമാര മുതലായ ഉപകരണങ്ങളും ഉണ്ടായിരുന്നു.

മലയാളികളിൽ വച്ച് ഞാൻ മാത്രം അന്നു ശെമ്മാശനായിരുന്നു. മാർത്തോമ്മാ സഭയിലെ ടി. എൻ. കോശി മറ്റുള്ളവരേക്കാൾ പ്രായം കൂടിയ ആളും വിവാഹിതനുമായിരുന്നു. മിസ്സിസ്സ് ക്ലാറ വാൽഷിന്റെ പ്രത്യേക താൽപര്യപ്രകാരം രണ്ടാം വർഷം മുതൽ കോശി ഭാര്യയേയും രണ്ട് കുട്ടികളേയും കൊണ്ടുവന്നു. എല്ലാവർക്കും സമ്മതനും സമർത്ഥനുമായ കോശി പിന്നീട് വൈദികനായി കുറെക്കാലം മലയായിൽ സേവനം അനുഷ്ഠിച്ചശേഷം മാർത്തോമ്മാ സഭയുടെ വികാരി ജനറാൾ സ്ഥാനം അലങ്കരിച്ചു. ഏതാനും വർഷം മുമ്പ് അദ്ദേഹം മരണമടഞ്ഞു.

ഒളശ്ശ കോമടത്തുശേരിൽ കെ. സി. വറുഗീസായിരുന്നു പിന്നൊരു വിദ്യാർത്ഥി. അദ്ദേഹം പിന്നീട് വൈദികനായി തടാകം ആശ്രമത്തിന്റെ

സുപ്പീരിയർ സ്ഥാനം വഹിച്ചു. മറ്റൊരാൾ കോട്ടയത്തു വട്ടക്കുന്നേൽ വി. കെ. മാത്യുവായിരുന്നു. അദ്ദേഹമാണ് ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ സ്ഥാനത്തു വിരാജിച്ച മാത്യൂസ് പ്രഥമൻ ബാവാ. കെ. സി. വറുഗീസ് അച്ചനും പ. കാതോലിക്കാബാവായും ഞാനും ഹൈസ്ക്കൂൾ ക്ലാസുകളിലും കോട്ടയം സി.എം.എസ്. കോളജിലും ഒരുമിച്ചു പഠിച്ചവരാണ്.

ഞങ്ങളിൽ അഞ്ചാമനായ റ്റി. ഒ. മാത്യു തടാകം ആശ്രമത്തിൽ കുറെ നാൾ പ്രവർത്തിച്ചശേഷം ആലുവായിൽ കുടുംബസമേതം ജീവിതം നയിച്ചു. അടുത്തയിട ദിവംഗതനായി. അന്നത്തെ അഞ്ചു പേരിൽ ഞാൻ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു.

കോളജ് മെസ്സിലെ മത്സ്യമാംസ പ്രധാനമായ ആഹാരം എനിക്കു തീരെ രുചിക്കാതെ വന്നു. സ്റ്റൗവും കുക്കറും ഉപയോഗിച്ച് ഭക്ഷണം സ്വയം പാകം ചെയ്തു കഴിക്കാൻ തുടങ്ങിയതോടെ ആശ്വാസമായി. മത്സ്യമാംസങ്ങൾ പാടെ ഉപേക്ഷിച്ചു. കുറെ കഴിഞ്ഞപ്പോൾ വി. കെ. മാത്യു (ബാവാ) വും എന്നോടു കൂടി ചേർന്നു. പിന്നെ ഓരോരുത്തരായി കെ. സി. വറുഗീസും ടി. ഒ. മാത്യുവും വന്നു. അങ്ങനെ ഞങ്ങൾ നാലു പേരും കൂടി സ്വയം പാകം ചെയ്തു ജീവിക്കാൻ തുടങ്ങി. പാൽ, മുട്ട, പച്ചക്കറികൾ, പരിപ്പ് മുതാലയവ ധാരാളം വാങ്ങി ഉപയോഗിച്ചു. മാർക്കറ്റ് തൊട്ടടുത്തുള്ളതുകൊണ്ട് ഇഷ്ടംപോലെ സാധനങ്ങൾ വാങ്ങാം. ആവിയിൽ പുഴുങ്ങി എടുക്കുന്ന ആ ആഹാരത്തിന്റെ സ്വാദ് ഇപ്പോഴും നാവിലുണ്ട്. ഞങ്ങളെല്ലാവരുടെയും ആരോഗ്യം പൂർവാധികം മെച്ചപ്പെട്ടു.

ചിലപ്പോഴെല്ലാം ബിഷപ്പിനെയും ഭാര്യയെയും (പപ്പായും മമ്മിയും) പ്രശസ്തരായ മറ്റു പലരെയും ക്ഷണിച്ച് ഞങ്ങൾ സദ്യ കൊടുത്തിരുന്നു. സ്റ്റൗവിൽ പാകം ചെയ്ത വിവിധ വിഭവങ്ങൾ അവരെ അത്ഭുതപ്പെടുത്തി. 'ഇത്തരം ആഹാരമാണ് നിങ്ങൾ കഴിക്കുന്നതെങ്കിൽ ഞങ്ങളെയും കൂടി ചേർക്കണം' എന്ന് മിസിസ് വാൽഷ് പറഞ്ഞത് ഓർക്കുന്നു.

കൽക്കട്ടയുടെ ഹൃദയഭാഗമായ പാർക്ക് സർക്കസിൽ ഉദ്ദേശം പത്തു പതിനഞ്ച് ഏക്കർ വിസ്തീർണ്ണമുള്ളതും ചുറ്റും കോട്ടപോലെ ഉയർന്ന മതിൽ കെട്ടീട്ടുള്ളതുമായ ഒരു മൈതാനമാണ് ബിഷപ്സ് കോളജ് വളപ്പ്. പ്രിൻസിപ്പൽ താമസിക്കുന്ന മാളികക്കെട്ടിടത്തിന്റെ അടിനിലയിലാണ് ലൈബ്രറിയും ഓഡിറ്റോറിയവും. സാമാന്യം വിപുലമായ ലൈബ്രറിയിൽ ഏതു സമയത്തും പോയിരുന്നു വായിക്കുവാൻ സൗകര്യമുണ്ട്.

സ്റ്റാഫ് മെമ്പേഴ്സ് ആകെ നാലോ അഞ്ചോ പേരേയുള്ളു. അവർക്കെല്ലാം താമസിക്കാൻ പ്രത്യേകം വീടുകളും. വിവാഹിതരായ വിദ്യാർത്ഥികൾക്കു കുടുംബസഹിതം താമസിക്കാൻ സൗകര്യവും നൽകിയിരുന്നു.

മൂന്നു നാലു ടെന്നീസ് കോർട്ടുകളും വോളീബോൾ ബാഡ്മിന്റൺ മുതലായവയ്ക്കുള്ള കോർട്ടുകളും രണ്ട് നീന്തൽ കുളങ്ങളുമുണ്ട്.

എല്ലാ വ്യാഴാഴ്ചയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഇഷ്ടം പോലെ അതിഥികളെ ക്ഷണിക്കാം. നാലു മണിക്കു ശേഷമാണ് അതിഥികളുടെ വരവ്. അവരെ യഥോചിതം സ്വീകരിക്കുക, ടെന്നീസ്, ബാഡ് മിന്റൺ മുതലായവയിൽ പങ്കെടുപ്പിക്കുക, മിസ്സിസ്സ് വാൽഷ് തയ്യാറാക്കി വച്ചിട്ടുള്ള പലഹാരങ്ങളും ശീതളപാനീയങ്ങളും വിളമ്പുക എന്നിവയെല്ലാം വിദ്യാർത്ഥികളുടെ ചുമതലയാണ്.

ബിഷപ്പും ഭാര്യയും എന്നും രാവിലെ നാലു മണിക്ക് എഴുന്നേൽക്കും. പിന്നെ അരമുക്കാൽ മണിക്കൂർ നേരത്തെ വ്യായാമമുണ്ട്. മില്ലേഴ്സ് എക്സർസൈസ് എന്നറിയപ്പെടുന്ന ചില വ്യായാമങ്ങളും സൂര്യനമസ്കാരംപോലുള്ള ചില യോഗമുറകളുമാണ് ബിഷപ്പ് അനുഷ്ഠിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം അവയിൽ ചിലതു ഞാൻ ഏറെക്കാലം അനുഷ്ഠിച്ചുപോന്നു. സുഖവിരേചനയ്ക്കും, രക്തസഞ്ചാരത്തിനും, ശ്വാസനിയന്ത്രണത്തിനും അവ വളരെ ഗുണകരമാണെന്ന് എനിക്ക് അനുഭവമുണ്ട്.

ദേഹം വിയർത്തിരിക്കുമ്പോൾ, അപ്പടി അദ്ദേഹം തണുത്ത വെള്ളത്തിൽ കുളിക്കും. വടക്കെ ഇന്ത്യയിലെ മരംകോച്ചുന്ന തണുപ്പിൽപോലും ഈ കുളി അദ്ദേഹം മുടക്കാറില്ല.

അഞ്ചര മണിയോടുകൂടി ബിഷപ്പും ഭാര്യയും അവരുടെ ബംഗ്ലാവിന്റെ മട്ടുപ്പാവിൽ പുൽപായ വിരിച്ച് കിഴക്കോട്ടു മുഖമായി ഇരിക്കും. വൈസ് പ്രിൻസിപ്പൽ റവ. സിത്തറും വിദ്യാർത്ഥികളായ ഞങ്ങളിൽ രണ്ടുമൂന്നു പേരും പതിവായി ഈ പ്രാർത്ഥനയിൽ പങ്കുകൊള്ളാറുണ്ട്. 'അസതോമ സദ് ഗമയ' എന്ന് തുടങ്ങുന്ന ഉപനിഷത്തിലെ പ്രാർത്ഥന എല്ലാവരും കൂടി ഉരുവിടും. പിന്നെ കുറെനേരം നിശ്ശബ്ദമായി ഇരിക്കും. കിഴക്കെ ചക്രവാളത്തിൽ ചുവപ്പുരേഖ കണ്ടുതുടങ്ങുന്ന ആ അപൂർവ്വ സന്ദർഭത്തിൽ പപ്പായുടെയും മമ്മിയുടെയും സമീപത്തിരുന്നു സ്ഥലകാലചിന്തകളെല്ലാം മറന്ന് ദൈവത്തെ മുഖാഭിമുഖമായി കാണുന്ന ആ അപൂർവ്വ അനുഭവം എത്രയോ വിലയേറിയതായിരുന്നു എന്നു ഓർത്തുപോവുന്നു.

ഏഴു മണിക്കു ചാപ്പലിൽ പ്രഭാത പ്രാർത്ഥനയ്ക്കുള്ള മണി മുഴങ്ങും. എല്ലാവരും യൂണിഫോറം ധരിച്ച് അവിടെ ഹാജരാകണം. പ്രാർത്ഥനയ്ക്കോ മറ്റെന്തെങ്കിലും ചടങ്ങിനോ സംബന്ധിക്കാതിരുന്നാൽ യാതൊരു ചോദ്യമോ ശിക്ഷയോ ഇല്ല. അതുകൊണ്ടു കൂടിയായിരിക്കാം കൃത്യസമയത്തു ഹാജരാകുവാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കാറുള്ളത്. ആംഗ്ലിക്കൻ വൈദികർ ഉപയോഗിക്കുന്ന രീതിയിൽ വെളുത്ത കാസക്കും വെളുത്ത അരക്കെട്ടുമാണ് യൂണിഫോം. കോളജിലെ എല്ലാ ഔദ്യോഗിക ചടങ്ങുകളിലും ഈ വേഷം ധരിച്ചിരിക്കണമെന്നാണ് വയ്പ്.

പ്രഭാത പ്രാർത്ഥനയ്ക്കുശേഷം കുർബ്ബാന ആരംഭിക്കുന്നു. ബിഷപ് ഡോക്ടർ അപ്പാസാമി, റവ. സിത്തർ, റവ. ഡാർട്ട് എന്നിവർ മാറിമാറി കുർബ്ബാന ചൊല്ലുമ്പോൾ വിദ്യാർത്ഥികൾ മുറയനുസരിച്ച് സഹായികളാകും.

കുർബ്ബാന കഴിഞ്ഞ് എല്ലാവരും അവരവരുടെ മുറികളിലേക്കു പോകും. ബിഷപ്പിന് പിന്നെയും അര മണിക്കൂർ നേരത്തെ ധ്യാനവായനയുണ്ട്. ബിഷപ്പിന്റെയും പത്നിയുടെയും മഹത്തായ ക്രിസ്തീയ മാതൃകകളും വിശാലവീക്ഷണവും ലളിത ജീവിതവും വിദ്യാർത്ഥികളിൽ അതുല്യമായ സൽപ്രേരണകൾ ചെലുത്തിയിട്ടുണ്ട്.

ബിഷപ്സ് കോളജിൽ പഠിച്ചിരുന്ന മലയാളി വിദ്യാർത്ഥികൾ പലപ്പോഴും ഒരുമിച്ചിരുന്ന് ധ്യാനപരമായി ചിന്തിക്കുകയും ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് മലങ്കരസഭയുടെ ആദ്യത്തെ ബാഹ്യകേരള മിഷൻകേന്ദ്രമായ തടാകം (കോയമ്പത്തൂർ) ആശ്രമം രൂപം കൊണ്ടത്. കേസിലും വഴക്കിലും കുടുങ്ങിക്കിടന്ന മലങ്കരസഭയുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ഈ മഹത്തായ സംരംഭത്തിൽ പങ്കെടുക്കാൻ പ്രിൻസിപ്പൽ സ്ഥാനം രാജി വച്ച് കൂടെ വരാൻ ബിഷപ്പ് വാൽഷ് ദമ്പതികൾ തീരുമാനിച്ചത് മലങ്കരസഭയുടെ ചരിത്രത്തിലെ അതിനിർണ്ണായകമായ ഒരു നിമിഷമായിരുന്നു. കുറിയാക്കോസ് ശെമ്മാശനും വി. കെ. മാത്യുവും ഒഴികെയുള്ളവരെല്ലാം തടാകത്തിലെ ക്രിസ്തീയ ദൗത്യപ്രധാനമായ സേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു (ഇവരിൽ ഫാ. സി. റ്റി. കുര്യാക്കോസ് ആണ് ഒടുവിൽ മരിച്ചത്). മലങ്കരസഭയുടെ ഒരു വലിയ സുഹൃത്തായിരുന്ന ബിഷപ്പ് വാൽഷ് 1934-ൽ സഭാസമാധാനാർത്ഥം അപ്രേം പാത്രിയർക്കീസിനെ കണ്ടു സംസാരിച്ചതും പരാജയപ്പെട്ടതും ഇവിടെ ഓർക്കേണ്ടതുണ്ട്. അതുകൊണ്ടൊന്നും പ്രാർത്ഥനാമല്ലനും, താപസവര്യനും പുണ്യജീവിതപ്രേമിയുമായ ബിഷപ്പ് തന്റെ സഭാ സഹായദൗത്യത്തിൽ നിന്നു പിൻവാങ്ങിയില്ല. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഹൈ ചർച്ച് വിശ്വാസിയായിരുന്ന ബിഷപ്പിന്റെ ചരമ വാർഷിക വേളകളിൽ (ജനുവരി 9) ഓർത്തഡോക്സ് സഭയിലെ മെത്രാന്മാർ വി. കുർബ്ബാന അർപ്പിക്കുകയും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്യുന്നതിൽ ദൈവശാസ്ത്ര പ്രശ്നമൊന്നുമില്ല. ബിഷപ്പിനു കൽക്കട്ടയിലെ ബിഷപ്സ് കോളജിൽ നിന്നു പിരിയുമ്പോൾ ലഭിച്ച പാരിതോഷികം കൊണ്ടാണു തടാകം ആശ്രമത്തിന്റെ സ്ഥലം വാങ്ങിയത്. ആശ്രമത്തിനു കല്ലൂപ്പാറ കെ. എം. ഏബ്രഹാം അട്ടപ്പാടി മലകളിൽ താൻ സമ്പാദിച്ച വളരെയധികം സ്ഥലം ദാനം ചെയ്തിരുന്നു. ഒളശ്ശ കോമടത്തുശ്ശേരിൽ കെ. സി. വറുഗീസ്, തുമ്പമൺ തോപ്പിൽ റ്റി. ഒ. മാത്യു മുതലായവരായിരുന്നു ആശ്രമത്തിന്റെ ആദ്യകാലത്തെ പ്രമുഖ

പ്രവർത്തകർ. കെ. സി. വറുഗീസ് ആദ്യത്തെ ആചാര്യയായി. പിന്നീട് മരണംവരെ അവിടെ ആചാര്യസ്ഥാനത്തിരുന്ന അദ്ദേഹവും ഗുരുവിനോടൊപ്പം ആശ്രമത്തിൽ തന്നെ അന്ത്യവിശ്രമം കൊള്ളുന്നു.

തന്റെ അഭിവന്ദ്യ ഗുരു സ്ഥാപിച്ച തടാകം ആശ്രമത്തോടു വി. കെ. മാത്യൂസിനു വലിയ താല്പര്യം ഉണ്ടായിരുന്നു. പലപ്പോഴും ആശ്രമം സന്ദർശിച്ചിട്ടുണ്ടെങ്കിലും മെത്രാപ്പോലീത്താ, കാതോലിക്കാ എന്നീ സ്ഥാനങ്ങളിൽ എത്തിയപ്പോഴുണ്ടായ കടുത്ത സഭാപ്രശ്നങ്ങൾക്കിടയിൽ ആശ്രമത്തിന്റെ വികസനത്തിൽ ശ്രദ്ധിക്കാൻ സമയം ലഭിച്ചില്ലെന്നുള്ളതു നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. ഫാ. കെ. സി. വറുഗീസിനെ തുടർന്ന് ഫാ. എം. കെ. ജേക്കബ് (പുതുപ്പള്ളി) ആചാര്യയായിരുന്നു. അദ്ദേഹത്തിന്റെ അകാല മരണത്തെ തുടർന്ന് ഇപ്പോൾ മല്ലപ്പള്ളി സ്വദേശിയായ റമ്പാൻ കെ. വി. യാക്കോബാണ് ആചാര്യ. ഫീലിപ്പോസ് മാർ തെയോഫിലോസ് ദീർഘകാലം വിസിറ്റർ മെത്രാപ്പോലീത്താ ആയിരുന്നു. അങ്കമാലി ഭദ്രാസനത്തിലെ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളും ബോംബെ ഭദ്രാസനം, വിദ്യാർത്ഥി പ്രസ്ഥാനം എന്നിവയുടെ വികസന പ്രവർത്തനങ്ങളും മെത്രാപ്പോലീത്തായുടെ സമയം അപഹരിച്ചതിനാൽ ആശ്രമത്തിനു അദ്ദേഹത്തിന്റെ സേവനം വേണ്ടവിധത്തിൽ ലഭിച്ചില്ല. തുടർന്ന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായും ആശ്രമത്തിന്റെ ഒരംഗവും കൂടിയായ മാർ യൗസേബിയോസ് വിസിറ്റർ മെത്രാപ്പോലീത്താ ആയി. തുടർന്ന് ആശ്രമത്തിനു അഭൂതപൂർവ്വമായ വളർച്ച കൈവന്നു. പ്രവർത്തനത്തിനു വേണ്ട ആളില്ലെന്നുള്ളതാണ് ഇന്നത്തെ വലിയ കുറവ്. എങ്കിലും ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രിയും മാർ ഗ്രീഗോറിയോസ് സ്മാരക ബാലഭവനും, സ്കൂളുകളും മറ്റും കാര്യക്ഷമമായി നടത്തിവരുന്നു. ആശ്രമത്തിന്റെ ശാഖയായ തെങ്കര ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ ശരിക്കു നടത്താനും ഇന്ന് ആളുണ്ട്.

ബി.ഡി. പഠനം കഴിഞ്ഞു തിരിച്ചെത്തിയശേഷം പട്ടമേൽക്കാതെ തന്നെ സെമിനാരിയിൽ അധ്യാപകനായും മാർ ഏലിയാ ചാപ്പലിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചു. വൈദികനായ ശേഷവും ഫാ. വി. കെ. മാത്യൂസ് സണ്ടേസ്കൂൾ അധ്യാപക പരിശീലനക്ലാസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്. 1948-ൽ ആറാട്ടുപുഴ വച്ച് നടത്തപ്പെട്ട പരിശീലനകോഴ്സിൽ സണ്ടേസ്കൂൾ അധ്യാപകനായ ഞാനും അദ്ദേഹത്തിന്റെ നല്ല ക്ലാസ്സിൽ സംബന്ധിച്ചിരുന്നു.

വൈദികൻ

കൽക്കട്ടയിലെ ബിഷപ്സ് കോളജിൽ നിന്നു ബി.ഡി. ബിരുദം നേടി 1936-ൽ തിരിച്ചുവന്ന് പ്രത്യേക ജോലിയൊന്നുമില്ലാതെ നിൽക്കുമ്പോൾ

എം.ഡി. സെമിനാരി ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേരാൻ ഹെഡ് മാസ്റ്റർ ഇട്ടിച്ചെറിയ ക്ഷണിച്ചു. എന്നാൽ അദ്ധ്യാപകവൃത്തിക്കു ബി.ഡി. ക്കാർ ആവശ്യമില്ലെന്നു പറഞ്ഞ് ഒഴിയുകയാണുണ്ടായത് (അദ്ധ്യാപകജോലിക്ക് ബി.എഡ്. ബിരുദം അന്ന് ആവശ്യമില്ലായിരുന്നു. ബി.ഡി. ക്കാർ അദ്ധ്യാപകവൃത്തി സ്വീകരിക്കുന്നതിനോടു കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസും ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.).

വീട്ടിൽ ഏകനായി കഴിയുന്ന അവസരത്തിൽ സ്വാഭാവികമായും വി. കെ. മാത്യൂസിനു ചില വിവാഹാലോചനകൾ വന്നു. ജ്യേഷ്ഠൻ ചെറിയാൻ വക്കീലും സഹോദരിമാരും വി. കെ. മാത്യൂസ് വിവാഹിതനാകണമെന്നാഗ്രഹിച്ചിരുന്നു. ഒരു സാധാരണ വൈദികനായിരിക്കാതെ പ്രതിഷ്ഠിക്കപ്പെട്ട ഒരു സഭാപ്രവർത്തകനായിരിക്കാൻ അവിവാഹിത ജീവിതമാണു പറ്റിയതെന്ന നിഗമനത്തിൽ മാത്യൂസ് എത്തിച്ചേർന്നു. ഇക്കാര്യത്തിൽ സെന്റ് പോളിന്റെ മാതൃക അദ്ദേഹത്തെ സ്വാധീനിച്ചിരിക്കണം. സഭാസേവനരംഗത്ത് താൻ ഏറ്റെടുക്കുന്ന ചുമതലകൾക്കു വിവാഹം ഒരു തടസ്സമാകുമെന്നു കരുതി ദൈവവിളിയിലും നടത്തിപ്പിലും പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു മുന്നോട്ടു നീങ്ങിയ മാത്യൂസിന്റെ വിവാഹകാര്യത്തിൽ പിന്നീടു ബന്ധുക്കൾ തലയിട്ടില്ല.

1942. സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടം. വട്ടശ്ശേരിൽ തിരുമേനിയുടെ കാലശേഷം കേസു നടത്തിപ്പിന്റെ ചുമതല ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായുടെ ചുമലിൽ വന്നുവീണു. ഇന്നത്തെപ്പോലെ വേണ്ടത്ര പണവും ആളുകളും ഇല്ലാതെ, വളരെ പ്രയാസപ്പെട്ടാണ് അന്ന് ബാവാ കേസ് നടത്തിക്കൊണ്ടിരുന്നത്. കേസ് നടത്തിപ്പിൽ ബാവാ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നേരിട്ടു കണ്ട വി. കെ. മാത്യൂസ് അദ്ദേഹത്തെ സഹായിക്കാൻ തീരുമാനിച്ചു. കോടതിയിൽ ഹാജരാക്കേണ്ട പഴയ രേഖകളും മറ്റും ശേഖരിക്കാനും ക്രോഡീകരിക്കാനും പ്രധാനമായി ഫാ. ടി. സി. ജേക്കബും (അന്തരിച്ച മാനേജരച്ചൻ) വി. കെ. മാത്യുവും മാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങനെ പ്രധാന ഗ്രന്ഥങ്ങളുടെ കോപ്പികൾ എഴുതുക. ആധാരഗ്രന്ഥങ്ങൾ തപ്പിയെടുത്തു ശേഖരിക്കുക മുതലായ ക്ലേശകരമായ ജോലികളിൽ ഇരുവരും ആമഗ്നരായി. രാത്രിയിൽ ഒട്ടും ഉറങ്ങാതെ ഇങ്ങനെ പ്രമാണങ്ങൾ തയ്യാറാക്കുകയും കോടതിയിൽ നൽകേണ്ട സാക്ഷിപ്പട്ടിക എഴുതുകയും ചെയ്തിട്ടുണ്ട്. എം. ഡി. സെമിനാരിയിൽ ഇങ്ങനെ ഒരു ദിവസം ഉറക്കമൊഴിച്ചു പട്ടിക തയ്യാറാക്കുന്നത് അന്നവിടെ താമസിച്ചിരുന്ന ബാവാ വെളുപ്പിനു അഞ്ചു മണിക്കു പ്രാർത്ഥനയ്ക്കു വേണ്ടി എഴുന്നേറ്റപ്പോൾ കാണുകയും അച്ചന്റെയും മാത്യൂസിന്റെയും

കഷ്ടപ്പാടിൽ കണ്ണുനീർ വാർക്കുകയും ചെയ്തു. ഇതേ തുടർന്ന് മാത്യൂസിനോടു ബാവായ്ക്കു എന്തെന്നില്ലാത്ത താല്പര്യവും സ്നേഹവും ഉദിച്ചു.

വൈദികസെമിനാരി അധ്യാപകൻ, വൈദികൻ, കാനോൻ വിദഗ്ധൻ എന്നീ നിലകളിലുള്ള ഫാ. വി. കെ. മാത്യുവിന്റെ പ്രവർത്തനത്തിന്റെ യഥാർത്ഥ ചിത്രം ലഭിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ ആത്മകഥയുടെ പ്രസക്ത ഭാഗം ഇവിടെ ചേർക്കുന്നത് കൂടുതൽ ആധികാരികമായിരിക്കുമെന്നുള്ള ചിന്ത കൊണ്ടാണ്.

ഞാൻ 1991 മാർച്ചിൽ പ്രസിദ്ധീകരിച്ച മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ എന്ന ജീവചരിത്രഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്.

വൈദിക സെമിനാരി

"അയ്മേനിയായിരിക്കുമ്പോൾ തന്നെ കുറച്ചുനാൾ കൂടി സുറിയാനി പഠിച്ചശേഷം അക്കാലത്ത് എം. ഡി. സെമിനാരിയിൽ നടത്തിയിരുന്ന വൈദികസെമിനാരിയിൽ ഞാൻ പഠിപ്പിക്കുമായിരുന്നു. എന്നെക്കാൾ പ്രായം കൂടിയവരും വിദ്യാർത്ഥികളിലുണ്ടായിരുന്നു. അന്ന് എനിക്ക് 29 വയസ്സിൽ കൂടുതൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് ഒരു ചാപ്പലായിരുന്ന ഇപ്പോഴത്തെ മാർ ഏലിയാ കത്തീഡ്രലിനടുത്തുണ്ടായിരുന്ന 'ചിതൽ കൊട്ടാര'മെന്നറിയപ്പെട്ടിരുന്ന ഓലമേഞ്ഞ ഒരു ചെറിയ കെട്ടിടത്തിന്റെ ചായ്പിലാണ് വൈദിക സെമിനാരി പ്രവർത്തിച്ചിരുന്നത്. പിന്നീട് അതിനോടടുത്ത് പണിത കെട്ടിടം ഞങ്ങൾ അദ്ധ്യാപകരുടെ ശമ്പളം മുടക്കി നിർമ്മിച്ചതാണ്. കൂടാതെ അക്കാലത്ത് സ്ഥിരം അദ്ധ്യാപകരായുണ്ടായിരുന്ന ഞങ്ങൾ രണ്ട് പേർ - ഞാനും കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശനും (ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) - മാത്രമായിരുന്നതിനാൽ ഞങ്ങൾ ഇരുവരും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം പിറ്റെ ദിവസത്തെ പണിച്ചെലവിനുള്ള പണം ഓരോ വീട്ടിലും പോയി ശേഖരിച്ചാണ് ആ കെട്ടിടം പണി തീർത്തത്. 1933 മുതൽ 1937-ന്റെ പൂർവ്വാർദ്ധം വരെ ഇപ്രകാരം സൗകര്യാർത്ഥം വൈദികസെമിനാരി എം. ഡി. സെമിനാരിയിൽ നടത്തിയശേഷം, 1937 ജൂൺ മാസത്തിൽ വൈദികസെമിനാരി അതിന്റെ പൂർവ്വസ്ഥാനമായ പഴയസെമിനാരിയിലേക്കു മാറ്റി.

1937-40 വരെ ഞാൻ സുറിയാനി ഭാഷ, ആരാധനക്രമങ്ങൾ, ചരിത്രം, കാനോൻ മുതലായ വിഷയങ്ങൾ പഠിക്കുകയും പഴയസെമിനാരിയിലെ വൈദികസെമിനാരിയിൽ ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്നു. 1940-41 കാലത്ത് വൈദികസെമിനാരി നടന്നില്ല. ഇക്കാലത്തു സഭാസംബന്ധമായ കാര്യങ്ങൾ ഞാൻ സ്വയം പഠിച്ചുകൊണ്ടിരുന്നു. 1941 ഉത്ത

രാർദ്ധത്തിൽ വൈദികസെമിനാരി വീണ്ടും എം. ഡി. സെമിനാരിയിലേക്കു മാറ്റി. ഇതിലേക്കു നയിച്ച സംഭവവികാസങ്ങൾ ഇപ്രകാരമായിരുന്നു. പഴയ സെമിനാരിയിൽ സുറിയാനി പഠനം മുടങ്ങിക്കിടന്ന സമയം. ഒരു ദിവസം പ. ഗീവറുഗീസ് ദ്വിതീയൻ ബാവായും ആലുവാ യു. സി. കോളജ് പ്രിൻസിപ്പലായിരുന്ന എ. എം. വർക്കിയും ചെറിയമഠത്തിൽ സി. ജെ. സ്കറിയ മല്പാനച്ചനും കൂടി എം. ഡി. സെമിനാരി പുരയിടത്തിൽ മാർ ഏലിയാ ചാപ്പലിനോടനുബന്ധിച്ചുണ്ടായിരുന്ന സ്വീകരണമുറിയിൽ വന്നിരുന്നു കൊണ്ട് എന്നെ ആൾ വിട്ടു വിളിപ്പിച്ച് എം. ഡി. സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പുനരാരംഭിക്കുകയാണെന്നും ഞാൻ അതിൽ ഒരദ്ധ്യാപകനായിരിക്കണമെന്നും പറഞ്ഞു. ഞാൻ ഒന്നും പ്രതികരിച്ചില്ല. പിന്നീട് പ്രിൻസിപ്പൽ ആരായിരിക്കണമെന്ന് അവർ അന്യോന്യം ചോദിച്ചു. ചെറിയമഠത്തിലച്ചൻ കുമരകം സെന്റ് ജോൺസ് പള്ളി വികാരി സ്ഥാനവും വഹിച്ചിരുന്നതിനാൽ പ്രിൻസിപ്പൽസ്ഥാനം ഏറ്റെടുക്കുക പ്രയാസമാണെന്നു പറഞ്ഞു. അപ്പോൾ ബാവാ തിരുമേനി എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാനായിരിക്കണമെന്നു കല്പിച്ചു. ഒരു അയ്മേനി മാത്രമായ ഞാൻ പ്രിൻസിപ്പലാകുന്നത് വിഹിതമല്ലെന്നു ഞാൻ പറഞ്ഞു. അതു സാരമില്ലെന്നും വേഗം കത്തനാരാക്കിക്കൊള്ളാമെന്നും ബാവാ കല്പിച്ചു. എന്നാൽ അത് എളുപ്പമല്ലെന്നും വീട്ടുകാരോടാലോചിച്ചിട്ടില്ലെന്നും ഫാ. കെ. ഡേവിഡിനു ഒരവസരം ലഭിച്ചാൽ സെമിനാരിയിൽ പഠിപ്പിക്കുന്നതിനാഗ്രഹമുള്ളതായി എന്നെ അറിയിച്ചിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. അച്ചനു സമ്മതമായിരുന്നതിനാൽ 1941-ൽ തന്നെ വൈദിക സെമിനാരി എം. ഡി. സെമിനാരിയിൽ പുനരാരംഭിക്കുകയും ദാവീദച്ചൻ ഒരു കൊല്ലത്തിലധികം പ്രിൻസിപ്പൽ സ്ഥാനം വഹിക്കുകയും ചെയ്തു.

സെമിനാരിയിൽ അദ്ധ്യാപകരായി ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, കല്ലുപുരയ്ക്കൽ ഫീലിപ്പോസ് ശെമ്മാശ്ശൻ എന്നിവരോടു കൂടെ ഞാനും നിയമിക്കപ്പെട്ടുവെങ്കിലും 1938-43 കാലത്ത് കോട്ടയം ജില്ലാക്കോടതിയിൽ നടന്നിരുന്ന സമുദായക്കേസിന്റെ നടത്തിപ്പിൽ സഹായിക്കേണ്ടിയിരുന്നതിനാൽ 1941-ൽ പഠിപ്പിക്കുന്നതിനു എനിക്കു സാധിച്ചില്ല. പ്രാരംഭദശയിൽ കുറച്ചുനാൾ എ. എം. വർക്കിയും, അടൂർക്കാരൻ നെല്ലിമൂട്ടിൽ ചാവടിയിൽ ഡോ. സി. റ്റി. ഈപ്പനും സെമിനാരിയിൽ പഠിപ്പിച്ചിരുന്നെങ്കിലും പിന്നീട് അവർക്കു തുടർന്ന് പ്രവർത്തിക്കുവാൻ സാധിച്ചില്ല.

സമുദായക്കേസ് സംബന്ധിച്ചുള്ള ജോലികൾക്കുശേഷം, ഞാൻ 1942 മുതൽ സെമിനാരിയിൽ വേദശാസ്ത്രം, സഭാചരിത്രം, പുതിയനിയമം, മതങ്ങളുടെ താരതമ്യ പഠനം, കാതോലിക്കേറ്റിന്റെ ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപകവൃത്തിയിൽ വീണ്ടും ചേർന്നപ്പോഴും ദാവീദച്ചൻ പ്രിൻസിപ്പ

ലായി തുടർന്നു. 1943-ൽ ഫാ. സി. ജെ. സ്കറിയാ ചെറിയമഠം പ്രിൻസി പ്പലായി സ്ഥാനമേറ്റു. 1946-ൽ കണ്ടനാടിടവകയുടെ മാർ തീമോത്തി യോസ് തിരുമേനി (പിന്നീട് പ. ഔഗേൻ പ്രഥമൻ ബാവാ) വൈദിക സെമിനാരിയിൽ പഠിപ്പിക്കുവാൻ വന്നു. തിരുമേനി ഔദ്യോഗികസ്ഥാന ങ്ങൾ സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയാൽ ചെറിയമഠത്തിൽ അച്ചൻ പ്രിൻസിപ്പലായി തുടർന്നു. തീമോത്തിയോസ് തിരുമേനി സുറിയാനി പണ്ഡിതനും, കാനോൻ, വേദശാസ്ത്രം, സഭാചരിത്രം മുതലായ വിഷ യങ്ങളിൽ വിദഗ്ധനുമായിരുന്നതിനാൽ വലിയ ബാവായുടെ കല്പന പ്രകാരം ഈ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. 1947-ൽ മല്പാന ച്ചൻ പൂനാ കൌളി മിഷൻ ആശ്രമത്തിൽ വിശ്രമാർത്ഥം പോയപ്പോൾ ഞാൻ ആക്ടിംഗ് പ്രിൻസിപ്പലായി ചാർജ് വഹിച്ചു. 1948 മെയിൽ മല്പാ നച്ചൻ തിരികെ വരികയും തീമോത്തിയോസ് തിരുമേനി സെമിനാരി വിടു കയും ചെയ്തു. വൈദികനായിരിക്കുമ്പോൾ എന്റെ താമസം തൊട്ടടു ത്തുള്ള ഞങ്ങളുടെ ഭവനത്തിലായിരുന്നതിനാൽ പകൽസമയമെല്ലാം ഞാൻ സെമിനാരിയിൽ കാണുമായിരുന്നു. അദ്ധ്യാപനത്തിനു പുറമെ സെമിനാരിയിലെ വിദ്യാർത്ഥികളുടെ കൂടെ ബാഡ്മിന്റൻ, ഷട്ടിൽ കോക്ക്, കാരംസ് എന്നിവയും ഒരുമിച്ചു കളിക്കുമായിരുന്നു. പിന്നീട് പഴയസെമി നാരി സഭയ്ക്ക് വീണ്ടും സ്വതന്ത്രമായി കിട്ടിയശേഷമാണ് വൈദിക സെമിനാരി അങ്ങോട്ടു മാറ്റിയത്. അവിടെയും ചെറിയമഠത്തിലച്ചനും ഞാനും, ഫീലിപ്പോസ് അച്ചനും തുടർന്ന് പഠിപ്പിച്ചിരുന്നു. കൂടാതെ എം. വി. ജോർജച്ചനും (പിന്നീട് മാർ ഒസ്താത്തിയോസ്) മാവേലിക്കരക്കാ രൻ കെ. എം. അലക്സാണ്ടറും അദ്ധ്യാപകരായി ചേർന്നു. ഇവരിരു വരും ജബൽപൂരിലെ ലിയോനാർഡ് (പ്രൊട്ടസ്റ്റന്റ്) കോളജിൽ നിന്നും പാസ്സായവരാണ്. ഇതര ജോലികൾക്കായി 1949-ൽ ചെറിയമഠത്തിലച്ചൻ സെമിനാരി വിട്ടപ്പോൾ കണ്ടനാടിടവകയുടെ മാർ തീമോത്തിയോസ് തിരു മേനി വീണ്ടും സെമിനാരിയിലേക്കു വരികയും പ്രിൻസിപ്പലായി നിയമി ക്കപ്പെടുകയും ചെയ്തു. തിരുമേനി ഒരു വർഷം പ്രിൻസിപ്പലായിരുന്നു. 1950-ൽ എന്നെ വൈസ് പ്രിൻസിപ്പലായി നിയമിച്ചെങ്കിലും തീമോത്തി യോസ് തിരുമേനിയുടെ കൃത്യാന്തരബഹുലത നിമിത്തം ഒരു വർഷ ത്തേക്ക് ഞാൻ പ്രിൻസിപ്പലിന്റെ ചാർജ് വഹിക്കേണ്ടി വന്നു. 1951-ൽ ഞാൻ റമ്പാനായി. അനന്തരം തീമോത്തിയോസ് തിരുമേനി സെമിനാരി വിട്ടുപോകുകയും 1951 ജൂണിൽ ഞാൻ പ്രിൻസിപ്പലായി നിയമിക്കപ്പെടു കയും ചെയ്തു. തുടർന്ന് 1966 വരെ അവിടെ റമ്പാൻ, മെത്രാൻ, മെത്രാ പ്പോലീത്താ എന്നീ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് പ്രിൻസിപ്പലായി പ്രവർ ത്തിച്ചിട്ടുണ്ട്. 1953-ൽ മെത്രാനായും 1959-ൽ മെത്രാപ്പോലീത്തായായും ഞാൻ അവരോധിക്കപ്പെട്ടു. അതിനു മുമ്പ് അയ്മേനി, ശെമ്മാശൻ, കശ്ശീശാ എന്നീ നിലകളിലും വൈദികസെമിനാരിയിൽ 1935 മുതൽ

ദീർഘകാലം പഠിപ്പിച്ചിട്ടുണ്ട്. 1964-ൽ സെമിനാരി സെറാമ്പൂർ കോളജുമായി അഫിലിയേറ്റു ചെയ്യുകയും ബി. ഡി. ഡിഗ്രി ക്ലാസ്സുകൾ തുടങ്ങുകയും ചെയ്തു. 1966-ൽ 32 വർഷത്തെ അദ്ധ്യാപനവൃത്തിക്കുശേഷം ഞാൻ സെമിനാരി വിട്ടുപോന്നു.

കാനോൻ വിദഗ്ദ്ധൻ

ഞാൻ വൈദികസെമിനാരിയിലെ അദ്ധ്യാപനവൃത്തിയിലേർപ്പെട്ടിരുന്ന മൂന്നു ദശകങ്ങൾക്കുമേൽ നീളുന്ന കാലയളവിൽ, ഏകദേശം ഒരു വർഷത്തേക്കു 1941-42-ൽ ഇതിന് ഒരു ഹ്രസ്വകാല വിഘ്നം സംഭവിച്ചു എന്നും അതിനു നിദാനം സമുദായക്കേസ് സംബന്ധിച്ചുള്ള ജോലികളിൽ സഹായിക്കുന്നതിനായിരുന്നുവെന്നും മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ 1941-ൽ കാനോൻ വിദഗ്ദ്ധനായി ഞാൻ മൊഴി കൊടുത്തു. ഇതിനായി പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തന്നെയാണ് എന്റെ പേരു നിർദ്ദേശിച്ചത്. ഉടൻതന്നെ, ഞാൻ അയ്മേനിയും ചെറുപ്പക്കാരനുമാണെന്നു പറഞ്ഞ് പഴയസെമിനാരി മാനേജർ റ്റി. സി. ജേക്കബ് കത്തനാരും കൂടി ആവശ്യപ്പെട്ടതനുസരിച്ച് പൂതക്കുഴിയിൽ പി. റ്റി. അബ്രഹാം കത്തനാർ മൊഴി കൊടുക്കുന്നതിനു ബാവാ സമ്മതിച്ചു എങ്കിലും പിന്നീട് പൂതക്കുഴിയിലച്ചന്റെ നാവിനു തളർച്ച ഭവിച്ചതിനാൽ പകരം ആളെ നിശ്ചയിക്കേണ്ടി വരികയും ബാവാ എന്റെ പേരു തന്നെ വീണ്ടും കല്പിച്ചതിനാൽ ഞാൻ ആ ചുമതല ഏറ്റെടുക്കേണ്ടി വരികയുമാണുണ്ടായത്. പാത്രിയർക്കീസ് പക്ഷത്തെ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാൻ 1938-ൽ പ. കാതോലിക്കാബാവായ്ക്കും മറ്റും എതിരായി കോട്ടയം ജില്ലാ കോടതിയിൽ കേസു കൊടുത്തു. സ്പെഷ്യൽ ജഡ്ജി ബി. കൃഷ്ണയ്യരുടെ ബെഞ്ചിൽ നടന്ന അതിന്റെ വിസ്താരവേളയിൽ ഞാനും എറികാട്ടു ബേബിയും (പിന്നീട് സമുദായ സെക്രട്ടറിയായ ഇ. ജെ. ജോസഫ്) പാറമ്പുഴക്കാരനായ മറ്റൊരാളും കൂടി കോടതിയിൽ പോയി കേസ്സു കേൾക്കുമായിരുന്നു. എങ്കിലും ആദ്യമായി മൊഴി കൊടുക്കുവാൻ പോയ ദിവസം അശുഭ സൂചകമായ ഒരനുഭവം ഉണ്ടാകുകയും, ശുഭാശുഭ സൂചനകളെക്കുറിച്ചുള്ള ധാരണകൾ നിരർത്ഥകമാണെന്ന് ഒരിക്കൽ കൂടി തെളിയുകയും ചെയ്തു.

കാതോലിക്കാഭാഗം അഭിഭാഷകനായ തെള്ളി വക്കീലിന്റെ ഭവനത്തിൽ വച്ചായിരുന്നു കോടതിക്രമങ്ങൾ എന്നെ പരിശീലിപ്പിച്ചത്. മൊഴി കൊടുക്കേണ്ടിയിരുന്ന ദിവസം വക്കീലും ഞാനും വിഷയത്തിന്റെ രസാനുഭൂതിയിൽ മുഴുകിയിരുന്നതിനാൽ സമയം അതിക്രമിച്ചതറിഞ്ഞില്ല. കോടതിയിൽ ഹാജരാകേണ്ടിയിരുന്ന സമയം പതിനൊന്നു മണിയായിരുന്നു. ചില ജഡ്ജിമാർ സമയം തെറ്റി വരികയും പതിവുണ്ടായിരുന്നു.

പക്ഷെ, അന്നേ ദിവസം ജഡ്ജി കൃത്യസമയം വരികയും കേസു വിളിക്കുകയും ചെയ്തു. അപ്പോൾ ഞാനോ വക്കീലോ ഹാജരില്ലായിരുന്നു. ഞാൻ തിടുക്കത്തിൽ അടുത്തുള്ള എന്റെ ഭവനത്തിൽ ചെന്ന് ഭക്ഷണം കഴിച്ച് വസ്ത്രം മാറി വന്നപ്പോൾ "താൻ ഇത്രയും സമയം എവിടെയായിരുന്നു"വെന്ന് ജഡ്ജി ചോദിച്ചു. ഞാൻ ക്ഷമ പറഞ്ഞതിനുശേഷം "ഭക്ഷണം കഴിച്ച് തുണി മാറുവാൻ താമസിച്ചുപോയി" എന്നു പറഞ്ഞു. അപ്പോൾ കോടതിയിൽ കൃത്യസമയത്ത് വരേണ്ടതല്ലയോ എന്നും, താൻ പറഞ്ഞ ഉപശാന്തികളൊക്കെ തന്റെ മുത്തശ്ശിയോടു പറയേണ്ടതല്ലേയെന്നും പറഞ്ഞ് ജഡ്ജി എന്നെ ശാസിക്കുകയും ചെയ്തു. മാന്യതയുടെ മാനദണ്ഡങ്ങൾ അതിലംഘിക്കുന്ന ജഡ്ജിയുടെ പദപ്രയോഗം എന്നിൽ അസാമാന്യമായ കോപം ജ്വലിപ്പിച്ചെങ്കിലും സഭയ്ക്കു ദോഷം വരത്തക്കവണ്ണം എന്തെങ്കിലും പ്രവർത്തിക്കുവാൻ തക്ക പ്രകോപനം ഒഴിവാക്കുവാനായി ഞാൻ സംയമനം പാലിച്ച് മൗനം ദീക്ഷിച്ചു. കൂടാതെ എന്റെ ജ്യേഷ്ഠൻ ചെറിയാൻ വക്കീലും ആ ജഡ്ജിയും തമ്മിൽ നിലനിന്നിരുന്ന സൗഹാർദ്ദത്തെയും കുറിച്ച് ഞാൻ ചിന്തിക്കാതിരുന്നില്ല. തുടർന്ന് ഇത് കോടതിയാണെന്നു ചിന്തിച്ചു വേണം സംസാരിക്കുവാൻ എന്നു പറഞ്ഞ് ജഡ്ജി ആ വിഷയം വിടുകയും ജഡ്ജിയുടെ കോപം ശമിക്കുകയും ചെയ്തു. എന്നാൽ വിസ്താരവേളയിൽ പാത്രിയർക്കീസ് പക്ഷത്തെ പ്രഗത്ഭനായ ഒരു സാക്ഷിക്കുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ, ഈ സംഭവകഥനം തികച്ചും മൃദുലമായ ഒരനുഭൂതിയായി വെളിപ്പെട്ടു വരുന്നതാണ്. തിരുവല്ലാ മുനിസിപ്പാലിറ്റിയുടെ പ്രസിഡണ്ടായിരുന്ന കോടിയാട്ട് കെ. ജെ. ഏബ്രഹാമായിരുന്നു ഇദ്ദേഹം. തെള്ളി വക്കീലിന്റെ ക്രോസ്സുവിസ്താരത്തിൽ ഇദ്ദേഹം പല അബദ്ധങ്ങളും ജല്പിച്ചതിനാൽ ജഡ്ജി അയാളോട് വളരെ കോപിച്ച് സംസാരിക്കുകയും അയാൾ അത്യന്തം പരിഭ്രമിക്കുകയും തൽഫലമായി ശരീരഘടനയിലെ സ്വാഭാവികമായ പ്രഥമകൃത്യം കോടതിയിൽ വച്ചു തന്നെ അയാൾക്ക് നിയന്ത്രണാതീതമായി അനുഭവപ്പെടുകയും ചെയ്തു.

കാനോൻ വിദഗ്ധനായി എന്നെ മൂന്നു ദിവസം വിസ്തരിച്ചു. ചീഫ്, ക്രോസ്, റീ എന്നീ വിസ്താരങ്ങളിലെ ചോദ്യങ്ങൾക്കു ഞാൻ സമുചിതമായും ഭംഗിയായും ഉത്തരം പറഞ്ഞു. ഈ കേസിൽ കാതോലിക്കാഭാഗം ജയിച്ചതായി സ്പെഷൽ ജഡ്ജി 18/1/43-ൽ പ്രഖ്യാപിച്ച വിധിന്യായത്തിൽ, എന്റെ മൊഴിയെ സ്പർശിക്കുന്ന പ്രസ്താവനകൾ തികച്ചും പ്രശംസാപൂർവ്വമായാണു രേഖപ്പെടുത്തിയിട്ടുള്ളത്. സമുദായക്കേസിനു വേണ്ടിയുള്ള എന്റെ സേവനങ്ങൾക്കു പൊതുവെയും കാനോൻ വിദഗ്ധനെന്ന നിലയിൽ ഞാൻ കൊടുത്ത മൊഴിക്ക് പ്രത്യേകവുമായുള്ള അഭിനന്ദനസൂചകമായി പ. ബാവാതിരുമേനി എനിക്കു ഒരു സ്വർണ്ണ

മോതിരം സമ്മാനിക്കുകയുണ്ടായി. നമ്മുടെ സമുദായക്കേസ്, സഭാക്കേസ് എന്നിവയ്ക്കു പുറമെ മറ്റു പല കേസുകളിലും മൊഴി കൊടുക്കുന്നതിനിടയായിട്ടുണ്ട്. മാർത്തോമ്മാ സഭയിലെ യൂഹാനോൻ മെത്രാപ്പോലീത്തായും കെ. എൻ. ദാനിയേലും തമ്മിലുണ്ടായ കേസിൽ 1958 ഓഗസ്റ്റിലും, കൂടാതെ നിരണംപള്ളി വികാരി മട്ടയ്ക്കൽ ജോർജ് കത്തനാരുടെ കേസ് എന്നിവയിലും കൊടുത്ത മൊഴികളെക്കുറിച്ച് അവയുടെ വിധിന്യായങ്ങളിൽ എനിക്കു എത്രയും അനുകൂലമായ പ്രസ്താവനകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

1942-ൽ എം. ഡി. സെമിനാരിയിൽ വൈദികസെമിനാരി പുനരാരംഭിച്ച് നടത്തിവരവെ, പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയുടെയും യു. സി. കോളജ് പ്രിൻസിപ്പൽ എ. എം. വർക്കി തുടങ്ങിയവരുടെയും ഉത്സാഹഫലമായി സഭയുടെ വർക്കിംഗ് കമ്മിറ്റിയിൽ ഒരംഗമായി എന്നെ പ. ബാവാതിരുമേനി നിയമിച്ചു. സ്ഥാനന്യായേന അതോടുകൂടി ഞാൻ മാനേജിംഗ് കമ്മിറ്റിയിലേയും മെമ്പറായി തീർന്നു. വകുപ്പടിസ്ഥാനത്തിൽ രൂപീകൃതമായ വർക്കിംഗ് കമ്മറ്റി പുനഃസംഘടിക്കപ്പെട്ട അവസരമായിരുന്നു അത്. പള്ളിക്കെട്ടിടങ്ങളും ആരാധനയും എന്ന വകുപ്പാണ് എന്നെ ഏൽപിച്ചത്. സഭയിലെ പ്രാർത്ഥനകളും ആരാധനയും കൂടുതൽ പ്രയോജനപ്രദവും ആകർഷവുമാക്കുന്നതിനുവേണ്ടി പ. ബാവാ തിരുമനസ്സിലെ അനുമതിപ്രകാരം സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സഹായത്തോടുകൂടി ഞാൻ ആ ദൗത്യം യഥോചിതം നിർവ്വഹിച്ചു. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ബുധനാഴ്ച നമസ്ക്കാരം, വി. കുർബ്ബാനയുടെ രണ്ടാം ഭാഗം, ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ, ഹൂത്തോമ്മാ, കൂദാശക്രമങ്ങൾ എന്നിവ ഞാൻ അക്കാലത്ത് ഇപ്രകാരം രചിച്ചിട്ടുള്ള ആരാധനക്രമങ്ങളാണ്. 1949 ഫെബ്രുവരി 7 വരെ ഈ കമ്മിറ്റി കൂടിയിട്ടുണ്ട്. ഇതിനു പുറമേ 1966-ൽ വി. കുർബ്ബാനക്രമവും കുട്ടികൾക്കായുള്ള നിത്യപ്രാർത്ഥനക്രമവും വിദേശരാജ്യങ്ങളിൽ അധിവസിച്ചിരുന്ന സഭാംഗങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മുൻനിർത്തി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു.

1945 ഓഗസ്റ്റ് 18-ാം തീയതി (1121 ചിങ്ങത്തിൽ) മുപ്പത്തിഒൻപതാമത്തെ വയസ്സിൽ പഴയസെമിനാരി ചാപ്പലിൽ വച്ച് പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ എനിക്ക് മസ്മുറോനോ ആയി ആദ്യം പട്ടം നൽകി. അടുത്ത ദിവസം തന്നെ ഓഗസ്റ്റ് 19-ാം തീയതി മറുരൂപപ്പെരുനാൾ ദിവസത്തിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് എനിക്കു ബാവാ തിരുമേനി തന്നെ പൂർണ്ണ ശെമ്മാശുപട്ടവും നൽകി. പട്ടമേറ്റതിൽ എന്നെ അനുമോദിച്ചുകൊണ്ട് ഒരു സുഹൃത്ത് അയച്ച സന്ദേശത്തിൽ 'വൈദികവൃത്തിയിൽ പ്രവേശിച്ചതിൽ വളരെ സന്തോഷമുണ്ട്. അങ്ങ് ഇപ്പോൾ കയറിയത് ആദ്യ

പടിയാണ്. ഇനിയും പല പല പടികൾ കയറാനുണ്ട്. ദൈവം അങ്ങയെ വഴി നടത്തട്ടെ' എന്നു പറഞ്ഞിരുന്നു. പൗരോഹിത്യത്തിന്റെ അത്യുന്നത പദവിയിലേക്ക് എന്നെ ഉയർത്തിയ പിൽക്കാല സംഭവങ്ങൾ, ഈ സന്ദേശത്തിന് ഒരു പ്രവചനത്തിന്റെ പരിവേഷം നൽകിയിട്ടുണ്ട്. ഒരു വർഷത്തിനുശേഷം 1946 ഒക്ടോബർ 27-ാം തീയതി മാർ ഏലിയാ ചാപ്പലിൽ വച്ചു തന്നെ പ. ബാവാതിരുമേനി, മാർ ഔഗേൻ തീമോത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ എനിക്ക് കശ്ശീശാപട്ടവും നൽകി. ബാവാതിരുമേനിയുടെ പ്രീതിവാത്സല്യങ്ങളുടെ നിദർശനമായി ഒരു സെറ്റ് പൂജാപാത്രങ്ങൾ എനിക്ക് സമ്മാനമായി നൽകി. സ്വന്തം ഇടവകയായ മണർകാട്ട് മർത്തമറിയം പള്ളിയിലേക്കായിരുന്നു ഞാൻ പട്ടമേറ്റത്. അതിനും പുറമെ അവിടെ പരമ്പരാഗതമായി എന്റെ കുടുംബത്തിൽ നിന്നും വികാരിമാരായിരുന്നിട്ടുള്ളവർ ഉൾപ്പെടെ ഞാൻ വട്ടക്കുന്നേൽ കുടുംബത്തിലെ 28-ാമത്തെ പട്ടക്കാരനുമായിരുന്നു. എന്നിരുന്നാലും കാതോലിക്കാ ഭാഗത്തു നിന്നും പട്ടമേറ്റതിനാലും മണർകാട്ട് പള്ളിയിൽ കക്ഷി ഭിന്നതകൾ നിലനിന്നിരുന്നതുകൊണ്ടും പൂർവ്വികന്മാരായ പട്ടക്കാരെപ്പോലെ മണർകാട്ടു പള്ളിയിൽ വി. കുർബ്ബാന ചൊല്ലുവാൻ ശ്രമിച്ചില്ല. ആസന്ന ഭാവിയിൽ സമാധാനം ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു മണർകാട്ട് പള്ളിയിലേക്കായി പട്ടമേറ്റത്. പക്ഷേ, ഞാൻ എന്നെങ്കിലും മണർകാട്ട് പള്ളിയിൽ പോകണമെന്ന് എന്റെ അപ്പന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഞാനോ എന്റെ വീട്ടിൽ മറ്റാരെങ്കിലുമോ ഇപ്രകാരം ആഗ്രഹിച്ചിരുന്നില്ല. അതിനാൽ ഞാൻ കോട്ടയം മാർ ഏലിയാ ചാപ്പൽ വികാരിയെ സഹായിച്ചുകൊണ്ടിരുന്നു. ബി. ഡി. പാസ്സായ ശേഷം കശ്ശീശായാകുന്നതുവരെ ഏലിയാ ചാപ്പലിലെ സണ്ടേസ്കൂളിലും ചാപ്പൽ ഇടവകയിലെ ഇതര പ്രവർത്തനങ്ങളിലും ഞാൻ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ മുൻനിർത്തി പള്ളിയിൽ നിന്നും വെള്ളി മറുവഹ്സാ തുടങ്ങിയ വിലപിടിച്ച സാധനങ്ങൾ എനിക്ക് സമ്മാനമായി നൽകുകയുണ്ടായി.

വട്ടക്കുന്നേൽ പൂർവ്വ കുടുംബക്കാർ കടത്തനാട്ടു നിന്നും 15-ാം ശതകത്തിൽ, അക്കാലത്ത് തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന തിരുവഞ്ചൂരിൽ അധിനിവേശം ആരംഭിച്ചതിനുശേഷം മണർകാട്ടു പള്ളിയുടെ പ്രാരംഭകാലം അതായത് എ. ഡി. 1585 മുതൽ മണർകാട്ട് പള്ളിയിൽ അവർക്ക് അംഗത്വമുണ്ടായിരുന്നു. അതിനു പുറമെ, കുടുംബത്തിൽ ഓരോ തലമുറയിലുണ്ടായിരുന്ന പട്ടക്കാർ അവിടെ വികാരിസ്ഥാനവും വഹിച്ചിരുന്നു. ഇപ്രകാരം 28-ാമത്തെ പട്ടക്കാരനായിരുന്ന എന്റെ അവകാശം കുടുംബ പ്രതിനിധിയെന്ന നിലയിൽ പരമ്പരാഗതമായി വിലമതിക്കപ്പെട്ടിരുന്ന ഒരു കുടുംബാവകാശമായിരുന്നു. കൂടാതെ പൗരോഹിത്യചര്യയിൽ നിന്നു ലഭ്യമായിരുന്ന ആദായത്തിന്റെ കാര്യത്തിൽ മണർകാട്ട്

പള്ളിക്ക് ഏറ്റവും മുമ്പന്തിയിൽ തന്നെ സ്ഥാനവുമുണ്ടായിരുന്നു. ഈദൃശ സാഹചര്യങ്ങളിൽ ആദർശപരവും തത്ത്വാധിഷ്ഠിതവുമായ എന്റെ നില പാട് നിമിത്തം, പ്രസ്തുത അവകാശങ്ങൾ കൈവെടിയുവാനുള്ള തീരു മാനം, കുടുംബചരിത്രത്തിൽ സംഭവിച്ച മഹത്തായ ഒരു പരിത്യാഗം തന്നെയായിരുന്നു. എന്നാൽ ഈ പ്രതിസന്ധിയിൽ വട്ടക്കുന്നേൽ കുടും ബാംഗങ്ങൾ മൂല്യാധിഷ്ഠിതമായ എന്റെ നിലപാടിൽ എന്നോടു കൂടെ ഉറച്ചുനിന്നുവെന്ന വസ്തുത ഞാൻ അഭിമാനപുരസരം അനുസ്മരി ക്കുന്നു. സത്യം, നീതി, വിശ്വസ്തത എന്നീ ക്രിസ്തീയ മൂല്യങ്ങൾ, എത്രയും ലാഭദായകമായ ഭൗതികാവകാശങ്ങളേക്കാൾ അഭികാമ്യമായി വട്ടക്കുന്നേൽ കുടുംബാംഗങ്ങൾ വിലമതിക്കുന്നുവെന്നത് നൂറ്റാണ്ടുകളി ലായി ഈ കുടുംബക്കാർ പിന്തുടർന്നു പോന്നിട്ടുള്ള ക്രൈസ്തവ ധർമ്മ ശാസ്ത്രത്തിന് മകുടോദാഹരണമായി പരിലസിക്കുന്നു. സർവ്വോപരി, “ഞാൻ വഴിയും സത്യവും ജീവനുമാകുന്നു” എന്ന് അരുളിച്ചെയ്ത നമ്മുടെ രക്ഷകനായ ക്രിസ്തുയേശുവിനു വേണ്ടി ഭവനങ്ങൾ, നിലങ്ങൾ ആദിയായ ഐഹികനേട്ടങ്ങൾ ത്യജിച്ച് തന്നെ അനുഗമിക്കുന്നവർക്ക് ഇവയെല്ലാം നൂറു മടങ്ങ് ലഭിക്കുമെന്ന വാഗ്ദാനം (വി. മത്തായി 19:29) തന്റെ ശ്ലൈഹിക സിംഹാസനത്തിലേക്ക് എന്നെ ഉയർത്തിയതിൽ നിറ വേറ്റിയിരിക്കുന്നുവെന്നതും, സങ്കീർത്തനക്കാരൻ 58:11-ൽ ഖണ്ഡിതമായി പറയുന്നപ്രകാരം “ആകയാൽ നീതിമാന് പ്രതിഫലമുണ്ട് നിശ്ചയം; ഭൂമി യിൽ ന്യായം വിധിക്കുന്ന ഒരു ദൈവമുണ്ട് നിശ്ചയം എന്ന് മനുഷ്യർ പറയും” എന്ന വേദവാക്യം ഇക്കാര്യത്തിൽ പ്രത്യക്ഷമായി അന്വർത്ഥ മായിരിക്കുന്നുവെന്നതും എത്രയും ദിവ്യാത്മപ്രചോദകമായ പരമാർത്ഥ ങ്ങളാണ്.

1948 ജൂൺ 27-നു കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എന്നെ കോട്ടയം കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ വികാരിയായി നിയമിച്ചു. കൂടാതെ, കല്ലുപുരയ്ക്കൽ ഫീലി പ്പോസ് കത്തനാർ സഭകളുടെ ലോകകൗൺസിൽ സമ്മേളനത്തിൽ സംബന്ധിക്കാൻ ആംസ്റ്റർഡാമിലേക്കു പോയപ്പോൾ തൽസ്ഥാനത്തേക്കു കോട്ടയം ചെറിയപള്ളി, പുത്തൻപള്ളി, കുരിശുപള്ളി എന്നിവയുടെ വികാ രിയായി 1948 ഏപ്രിൽ 15-നു ഞാൻ നിയമിക്കപ്പെട്ടു. ഡിസംബറിൽ ഫാ. ഫീലിപ്പോസ് തിരിച്ചു വന്നു ചുമതലകൾ തിരിച്ചെടുക്കുന്നതു വരെ സെമി നാരി സംബന്ധമായ കർത്തവ്യങ്ങൾക്കു പുറമെ ഞാൻ ഈ സ്ഥാനവും വഹിച്ചു.”

ഈ ചുരുങ്ങിയ കാലഘട്ടത്തിൽ വൈദികനെന്ന നിലയിൽ ഫാ. മാത്യൂസ് വളരെയധികം തിളങ്ങിയിരുന്നു. കോട്ടയം കാരാപ്പുഴ ചാപ്പലി ലായിരുന്നു വിശുദ്ധ കുർബ്ബാന അർപ്പിച്ചു വന്നത്. ആരാധനയിലെ

ഏകാഗ്രത, കുർബ്ബാനമദ്ധ്യേയുള്ള ആശയനിർഭരമായ പ്രഭാഷണം എന്നിവ എല്ലാവരെയും ആകർഷിച്ചിരുന്നു. "വട്ടക്കുന്നേലച്ചന്റെ കുർബ്ബാന വളരെ ആകർഷണീയമാണ്. പ്രസംഗവും ശ്രദ്ധാർഹമാണ്. പ്രസംഗം ഞാൻ ഏലിയാ ചാപ്പലിൽ അച്ചന്റെ കുർബ്ബാനയുള്ള ദിവസങ്ങളിൽ നഷ്ട പ്പെടുത്താറില്ല." മലങ്കരസഭയുടെ അനിഷേധ്യ അവൈദിക നേതാവായിരുന്ന കെ. സി. മാമ്മൻമാപ്പിള ഇങ്ങനെ പറഞ്ഞതായി അതു കേട്ട സി. പി. ജോർജ് കുഴിമറ്റം ഒരു ലേഖനത്തിൽ എഴുതിയിരുന്നു.

ഒരിക്കൽ സുറിയാനി ആരാധന റിക്കാർഡു ചെയ്യാൻ വന്ന ഒരു വിദേശസംഘം മാർ ഏലിയാ ചാപ്പൽ വികാരി വാളനടിയിൽ ഫാ. റ്റി. എസ്. തോമസിന്റെയും വി. കെ. മാത്യൂസിന്റെയും സുറിയാനി ഗാനങ്ങളാണ് റിക്കാർഡു ചെയ്തത്. ഇതിൽ നിന്നു ഇവരുടെ ആരാധനയുടെ മാധുര്യം മനസ്സിലാക്കാവുന്നതേയുള്ളു. പ്രഭാഷണം എഴുതുന്നതിലും ചെയ്യുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്ന അച്ചന്റെ പ്രൗഢഗംഭീരങ്ങളായ പ്രതിവാര പ്രഭാഷണങ്ങൾ 1946-ൽ ചർച്ചു വീക്കിലി ആരംഭിക്കുമ്പോൾ മുതൽ ദീർഘകാലം അതിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. സഭയുടെ ആണ്ടടക്കമുള്ള വേദവായനക്രമത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി വന്ന പ്രസ്തുത പ്രഭാഷണങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത് പുനഃപ്രസിദ്ധീകരിക്കാതെ കിടക്കുന്നത് സഭയ്ക്ക് ഒരു വലിയ നഷ്ടം തന്നെയാണ്.

1943-ലെ സമുദായക്കേസ് വിധിയിൽ പരാജയപ്പെട്ട പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കുകയും 1946 ഓഗസ്റ്റ് 8-ാം തീയതി ഒന്നിനെതിരെ രണ്ട് ജഡ്ജിമാർ അപ്പീലനുവദിക്കുകയും ചെയ്തു. ഇതിനെതിരെ കാതോലിക്കാഭാഗം കൊടുത്ത റിവ്യു ഹർജി തിരു-കൊച്ചി ഹൈക്കോടതി 1951 ഡിസംബർ 21-ാം തീയതി തള്ളിക്കളഞ്ഞു. അനന്തരം ഇന്ത്യൻ ഭരണഘടനയുടെ 136-ാം വകുപ്പുപ്രകാരം സുപ്രീം കോടതിയിൽ പ്രത്യേകാനുമതി അപ്പീലിനപേക്ഷിക്കുകയും 1952 ഏപ്രിൽ 14-ാം തീയതി അപ്പീലനുമതി ലഭിക്കുകയും ചെയ്തു. ഇതപര്യന്തം വ്യവഹാരത്തിൽ അടിക്കടി തോൽവി ഭവിച്ചുകൊണ്ടിരുന്നതിനാൽ സഭാന്തരീക്ഷത്തിൽ പൊതുവെ നിരാശ നിഴലിക്കുകയും സഭാമക്കൾ നിർവീര്യരാകയും ചെയ്തിരുന്നു. ഈ പതനത്തിൽ സഭയിൽ ഒരു ആദ്ധ്യാത്മിക ഉണർവും, വീറും ഉദ്ദീപിപ്പിക്കുവാനായി സഭാകേന്ദ്രത്തിൽ നിന്നും രൂപവൽക്കരിച്ച പദ്ധതികളുടെ നടത്തിപ്പിനു നേതൃത്വം നൽകുവാൻ ഫാ. വി. കെ. മാത്യൂസിനു അവസരം ലഭിച്ചു. മലങ്കരസഭാ മാസിക, ചർച്ച് വീക്കിലി എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസംഘത്തിൽ അംഗമായി പ്രവർത്തിച്ച് സഭാസംബന്ധമായ അനേകം ലേഖനങ്ങൾ എഴുതുകയും കൂടാതെ സഭാസേവകൻ എന്ന വാരിക 1950 ഏപ്രിൽ

ഇസ്സഡ്. എം. പാറേട്ടിന്റെ പ്രധാന ചുമതലയിൽ ആരംഭിച്ചപ്പോൾ അതിന്റെ സഹപത്രാധിപർ എന്ന നിലയിൽ എതിർഭാഗത്തെ ജിഹ്വയായ സഭാചന്ദ്രികയുടെ പത്രാധിപരായിരുന്ന കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പായുമായി ഭിന്നാഭിപ്രായമുള്ള വിഷയങ്ങളിൽ കാതോലിക്കാ ഭാഗത്തിനനുകൂലമായി സംവാദത്തിലേർപ്പെട്ട്, കാതോലിക്കാഭാഗത്തിന്റെ നിലപാടിലെ സത്യവും നീതിയും നിയമസാധുതയും സഭാംഗങ്ങളുടെ മുമ്പാകെ വെളിപ്പെടുത്തുകയും, തൽഫലമായി സഭാമക്കളുടെ ഐക്യദാർഢ്യം സഫലീഭവിക്കുകയും ചെയ്തു. ഇപ്രകാരം സഭാംഗങ്ങളെ ബുദ്ധിപരമായും വൈകാരികമായും സുസ്ഥിരമാക്കിക്കൊണ്ടിരുന്ന അവസരത്തിലായിരുന്നു റിവ്യു ഹർജ്ജി തള്ളിക്കളഞ്ഞുകൊണ്ടുള്ള തിരു-കൊച്ചി ഹൈക്കോടതിയുടെ എത്രയും നിരാശാജനകമായ വിധിയുടെ കനത്ത ആഘാതം സഭാഗാത്രത്തിൻമേൽ നിപതിച്ചത്. സഭാമക്കൾ ഭഗ്നാശരാകാതെ കൂറും, സഹനശക്തിയും വിശ്വസ്തതയും അഭംഗുരം പാലിച്ച് സത്യസഭയിൽ ഉറച്ചു നിൽക്കുവാൻ അവരെ പ്രാപ്തരാക്കി. ആ സമയം പ. കാതോലിക്കാബാവാ ഉത്തരേന്ത്യൻ പര്യടനത്തിലായിരുന്നു. കൽക്കട്ടയിൽ വച്ച് കേസ് തോറ്റതായി അറിഞ്ഞ പ. ബാവാ തിരുമേനി ഉടനെ തന്നെ അയച്ച കമ്പിസന്ദേശം ഇപ്രകാരമായിരുന്നു: “ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട... ദുഃഖവെള്ളിയാഴ്ച സത്യത്തെ കുരിശിൽ തറച്ചു. ഞായറാഴ്ച താൻ ഉയിർത്തെഴുന്നേറ്റു.” കേസ് വിധിച്ചത് ഒരു വെള്ളിയാഴ്ചയായിരുന്നു. തിരുമേനിയുടെ സന്ദേശത്തിൽ സുനിശ്ചിതമായി മുന്നറിയിച്ചിരുന്നപ്രകാരം 1958 സെപ്റ്റംബർ 12-ാം തീയതിയിലെ സുപ്രീം കോടതി വിധിയുടെ ഫലമായി സത്യം ഉയിർത്തെഴുന്നേൽക്കുകയും പ്രസ്തുത പ്രവചനം നിറവേറുകയും ചെയ്തു.

രണ്ടാം സത്യം

പ്രതികൂലമായ വിധി അറിഞ്ഞ തിരുമേനി ഉടൻ നാട്ടിലേക്ക് തിരിച്ചു. മടക്കയാത്രയിൽ സംസ്ഥാനത്തിൽ പ്രവേശിച്ചശേഷം അടൂർ മുതൽ കോട്ടയം വരെ പ. ബാവാതിരുമേനിക്ക് ലഭിച്ച വരവേൽപ് വർണ്ണോജ്ജ്വലവും, പ്രൗഢഗംഭീരവും തികച്ചും അഭൂതപൂർവ്വവുമായിരുന്നു. നാനാപ്രകാരേണയും ഒരു രാജകീയ ജൈത്രയാത്രയുടെ പ്രതീതി ജനിപ്പിക്കുന്ന ആ വരവേല്പ് സഭാചരിത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. തോൽവിയെ വിജയമാക്കി രൂപാന്തരപ്പെടുത്തിയ ആ മഹാസംഭവത്തെക്കുറിച്ച് അന്ന് ശെമ്മാശനായിരുന്ന മക്കാറിയോസ് മെത്രാപ്പോലീത്താ 1986 ആഗസ്റ്റിലെ മലങ്കരസഭാ മാസികയിൽ “സത്യപ്രതിജ്ഞയ്ക്ക് പിൻപിൽ” എന്ന ശീർഷകത്തിൽ എത്രയും ഹൃദയസ്പർശിയായ രീതിയിൽ വിവരിച്ചിട്ടുണ്ട്. അതിലെ പ്രസക്തമായ ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു: “കോട്ടയത്ത് നമ്മുടെ വൈദികസെമിനാരി

യിൽ (അന്ന് എം. ഡി. സെമിനാരി) ഞാൻ ഒരു നാലാം വർഷ വിദ്യാർത്ഥി യായിരുന്നു. ശെമ്മാശപട്ടമേറ്റിട്ട് ഏതാനും മാസങ്ങളെ ആയിരുന്നുള്ളു. 1951-ലെ ക്രിസ്തുമസ് അവധിക്ക് ഡിസംബർ 21-ാം തീയതി..... വീട്ടിലേ ക്കുള്ള യാത്രയ്ക്ക് ഞങ്ങളെല്ലാവരും തയ്യാറായി കഴിഞ്ഞ ശേഷമാണ്... വിതയത്തിലിന്റെ വിധിയെന്നറിയപ്പെടുന്ന കേരള ഹൈക്കോടതി (യഥാർത്ഥത്തിൽ തിരു-കൊച്ചി ഹൈക്കോടതി വിധിയുടെ) വിവരങ്ങൾ മനോരമയിൽ ലഭിച്ചത്. അവിടെനിന്നും അന്ന് വൈദികസെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന വി. കെ. മാത്യൂസ് റമ്പാനെ (പിന്നീട് കാതോലി ക്കാബാവാ തിരുമേനി) അറിയിക്കുകയും ചെയ്തു. ... വെള്ളിടി വെട്ടിയ തുപോലെയുള്ള അനുഭവമായിരുന്നു അത്. ...." അനന്തരം ശെമ്മാശൻ മാത്യൂസ് റമ്പാന്റെ നിർദ്ദേശപ്രകാരം പഴയസെമിനാരിയിലേയ്ക്കു പോയി കാര്യങ്ങൾ വിവരിച്ചശേഷം ഇപ്രകാരം തുടരുന്നു. "പഴയസെമിനാരിയി ലെത്തി മാനേജരച്ചനെയും (ഫാ. റ്റി. സി. ജേക്കബ്) മണലിലച്ചനെയും (മണലിൽ യാക്കോബ് കത്തനാർ) കണ്ട് സംസാരിച്ചു. അടുത്ത ദിവസം തന്നെ പഴയസെമിനാരിയിൽ ഒരു നേതൃസമ്മേളനം കൂടണമെന്നും അതിന് വി. കെ. മാത്യൂസ് റമ്പാൻ നേതൃത്വം നൽകണമെന്നും പൊതുവെ അഭിപ്രായമുള്ളതായി അവരിൽ നിന്നും ഗ്രഹിക്കുകയും എം. ഡി. സെമിനാരിയിൽ മടങ്ങിച്ചെന്ന് ആ വിവരം റമ്പാച്ചനെ ധരിപ്പിക്കു കയും ചെയ്തു. അടുത്ത ദിവസം തന്നെ നേതൃസമ്മേളനം പഴയസെമി നാരിയിൽ വച്ച് റമ്പാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. കൽക്കട്ടയിൽ നിന്നും മടങ്ങിയെത്തുന്ന പ. ബാവാ തിരുമേനിക്ക് ആയിരം കാറുകളുടെ അക മ്പടിയോടെ കൊട്ടാരക്കര നിന്നും കോട്ടയത്തേയ്ക്ക് ഒരു സ്വീകരണം നൽകണമെന്നും, തിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ താമസത്തിന് മനോ ഹരമായ ഒരു പുതിയ അരമനക്കെട്ടിടം ഉണ്ടാക്കണമെന്നും തീരുമാനിച്ചു. .... മേൽപ്പറഞ്ഞ വൻ കാര്യങ്ങളെല്ലാം സാധിതപ്രായമാകുന്നതിന് ഏതാനും ദിവസങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. തോറ്റ്, നിലംപരിശായി വീണെന്നു കരുതിയിരുന്ന ഒരു സമുദായം ഇതെങ്ങിനെ സാധിക്കുവാൻ പോകുന്നുവെന്ന് പലരും സംശയിച്ചു. പക്ഷേ, വി. കെ. മാത്യൂസ് റമ്പാ ച്ചന്റെ സുധീരമായ നേതൃത്വവും ആത്മധൈര്യവും, പരാജയബോധ ത്തിന്റെ നിദ്രയിൽ നിന്നും സഭാംഗങ്ങളെ തട്ടിയുണർത്തി. തളർന്നുപോ യെന്നു വിചാരിച്ചിരുന്ന സിരകളിൽ അദ്ദേഹം വിശ്വാസത്തിന്റെയും ധീര തയുടെയും ആത്മവീര്യം കുത്തിവച്ചു. അത് സഭാംഗങ്ങളെ പ്രബുദ്ധ രാക്കി. ... ബാവായുടെ കൽക്കട്ടായിൽ നിന്നുമുള്ള ആഗമനദിനം അടുത്തു വരുംതോറും തങ്ങളുടെ എല്ലാമായിരുന്ന ആ പുണ്യപുരുഷന് കേരളം അതുവരെ ദർശിച്ചിട്ടില്ലാതിരുന്ന വൻപിച്ച സ്വീകരണം നൽകുന്നതിനുള്ള വ്യാപകമായ ഒരുക്കങ്ങൾ നാടെങ്ങും ആരംഭിച്ചു കഴിഞ്ഞിരുന്നു. കൊട്ടാ രക്കര മുതൽ കോട്ടയം വരെയുള്ള രാജവീഥികൾ തോരണങ്ങളുടെയും,

കമാനങ്ങളുടെയും അലങ്കാരങ്ങളുടെയും പ്രളയമായി മാറിക്കഴിഞ്ഞിരുന്നു. സമ്മേളനത്തിന് മാർ ഏലിയാ ചാപ്പലിന്റെ (ഇന്ന് ഏലിയാ കത്തീഡ്രൽ) മുൻവശത്തുള്ള മൈതാനം സജ്ജമാക്കുന്നതിന് കോട്ടയത്തുള്ള യുവജനങ്ങൾ ചുറുചുറുക്കോടെ അദ്ധ്വാനിച്ചു. ഈ ഒരുക്കങ്ങളെപ്പറ്റി ദിനംതോറും മനോരമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ഔദ്യോഗിക പ്രസ്താവനകളും വാർത്തകളും ജനങ്ങൾക്ക് ആവേശം പകർന്നുകൊടുത്തു. വട്ടക്കുന്നേൽ മാത്യൂസ് റമ്പാച്ചന്റെ നിർദ്ദേശപ്രകാരം മേൽപ്പറഞ്ഞ വാർത്തകളും പ്രസ്താവനകളും എഴുതിയുണ്ടാക്കി എല്ലാ ദിവസവും സന്ധ്യയ്ക്ക് മനോരമയിൽ പോയി കെ. സി. മാമ്മൻമാപ്പിളയെ വായിച്ചു കേൾപ്പിച്ച് അംഗീകാരം വാങ്ങി പ്രസ്സിൽ കൊടുക്കുന്ന ചുമതല എന്നിൽ തന്നെയാണ് വന്നുചേർന്നത്. .... സ്വീകരണത്തിന്റെ തലേ രാത്രി റമ്പാച്ചൻ എന്നെ വിളിച്ച് സ്വീകരണ സമ്മേളനത്തിൽ സംബന്ധിക്കുന്ന ജനലക്ഷങ്ങൾ ഏറ്റുചൊല്ലുന്നതിന് ഒരു സത്യപ്രതിജ്ഞാവാചകം എഴുതിയുണ്ടാക്കണമെന്നാവശ്യപ്പെട്ടു. ... സത്യപ്രതിജ്ഞാവാചകം പലവുരു എഴുതി റമ്പാച്ചനെ വായിച്ചു കേൾപ്പിച്ച് മാറ്റങ്ങളും തിരുത്തലുകളും വരുത്തി അവസാനരൂപം കൊടുത്തു കഴിഞ്ഞപ്പോഴേക്കും രാത്രിയുടെ മദ്ധ്യയാമം പിന്നിട്ടു. .... 'ഓർത്തഡോക്സ് സഭയുടെ ചൈതന്യം ജ്വലിക്കുന്നു' എന്ന് അടുത്ത ദിവസത്തെ പത്രങ്ങൾ വിശേഷിപ്പിച്ച അടൂർ മുതലുള്ള സ്വീകരണ ഘോഷയാത്ര കോട്ടയത്തെത്തിയപ്പോഴേക്കും എം. ഡി. സെമിനാരിയും പരിസരങ്ങളും ഒരു മനുഷ്യ മഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. പ്രതിജ്ഞാവാചകം വായിക്കുന്നതിനുള്ള സമയം. രണ്ടാം കൂനൻകുരിശു സത്യപ്രതിജ്ഞയെന്ന് വിഖ്യാതി സമ്പാദിച്ച താഴെ പറയുന്ന സത്യപ്രതിജ്ഞ റമ്പാച്ചൻ ചൊല്ലിക്കൊടുക്കുകയും ജനലക്ഷങ്ങൾ എഴുന്നേറ്റുനിന്ന് അത് ഉറച്ച ശബ്ദത്തിൽ ഏറ്റുചൊല്ലുകയും ചെയ്തു. 'മലങ്കര സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ആവർത്തിച്ച് പ്രഖ്യാപനം ചെയ്യുകയും, ആ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷചിഹ്നമായ പരിശുദ്ധ കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്തതികളും എന്നാളും നിലനിൽക്കുന്നതാണെന്ന് ദൈവതിരുമുമ്പാകെ പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു.' ആ മനുഷ്യ മഹാസമുദ്രം 1951 ഡിസംബർ 31-ാം തീയതി ചൊല്ലിക്കൊടുത്തപ്രകാരം പ്രതിജ്ഞാവാചകം ഏറ്റുചൊല്ലുകയും അന്നേക്ക് ഏകദേശം 300 വർഷങ്ങൾക്കു മുമ്പ് 1653-ൽ നടന്ന ഒന്നാം കൂനൻകുരിശു സത്യത്തിന് സമാനമായ മറ്റൊരു സർവ്വജന സത്യപ്രതിജ്ഞയായി ഈ മഹാസംഭവത്തിന് സഭാചരിത്രത്തിൽ സ്ഥാനം ലഭിക്കുകയും ചെയ്തു."

മെത്രാപ്പോലീത്താ

സമുദായക്കേസ് സംബന്ധിച്ച് തിരു-കൊച്ചി ഹൈക്കോടതിയിൽ

നിന്നുള്ള പ്രതികൂല വിധിയുടെ പശ്ചാത്തലത്തിൽ സഭാംഗങ്ങൾക്കു നവോന്മേഷം പകരാനും സഭയുടെ എപ്പിസ്കോപ്പൽ നേതൃനിരയിൽ ശക്തരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താനും വേണ്ടി 1951 മെയ് 17-നു മലങ്കര മെത്രാപ്പോലീത്താ കൂടിയായ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ വിളിച്ചുകൂട്ടിയ മലങ്കര അസോസിയേഷൻ ഫാ. പി. ഇ. ദാനിയേൽ, ഫാ. വി. കെ. മാത്യൂസ് എന്നിവരെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1951 സെപ്തംബർ 21-നു രണ്ടു പേർക്കും റമ്പാൻ സ്ഥാനം നൽകി. ഇവരെയും വളരെ നേരത്തെ തെരഞ്ഞെടുത്തിരുന്നിട്ടും സ്ഥാനം സ്വീകരിക്കാതിരുന്ന പാറേട്ട് മാത്യൂസ് കത്തനാരെയും ബാവാ തന്നെ നാമനിർദ്ദേശം ചെയ്ത് പിന്നീട് മലങ്കര അസോസിയേഷൻ അംഗീകരിച്ച മൂക്കഞ്ചേരിൽ എം. പി. പത്രോസ് റമ്പാൻ, ഫാ. ഇ. മാത്യൂസ് എന്നിവരെയും 1953 മെയ് 15-നു ഗീവറുഗീസ് രണ്ടാമൻ ബാവാ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു മെത്രാൻ സ്ഥാനത്തേക്കു ഉയർത്തിയപ്പോൾ മലങ്കരസഭയ്ക്ക് ഒരു പുതുശക്തി ലഭിച്ചു. നമ്മുടെ കഥാപുരുഷനു മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരാണു നൽകപ്പെട്ടത്. ആദ്യം കോട്ടയം ഇടവകയുടെ അസിസ്റ്റന്റായി നിയമിക്കാൻ തീരുമാനിച്ചു എങ്കിലും അതു മാറ്റി 1960-ൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതലയാണു നൽകപ്പെട്ടത്. ഏഴു വർഷം സാധാരണ ഭദ്രാസന ഭരണം ലഭിച്ചില്ലെങ്കിലും അതിനേക്കാൾ ഉത്തരവാദിത്വമേറിയ സ്ഥാനങ്ങൾ വഹിക്കേണ്ടി വന്നു. 1955-ൽ ബാവാ കാതോലിക്കേറ്റ് ഓഫീസിന്റെ മേൽനോട്ടം ഭരമേൽപ്പിച്ചു. അങ്ങനെ സഭാകേന്ദ്രത്തിന്റെ നിയന്ത്രണം മാർ അത്താനാസ്യോസിന്റെ കരങ്ങളിൽ എത്തി. വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി, മലങ്കര അസോസിയേഷൻ എന്നിവയുടെ നടത്തിപ്പിൽ ബാവായെ സഹായിക്കേണ്ട ചുമതലയും വഹിക്കേണ്ടി വന്നു. ഇതെല്ലാം കാര്യക്ഷമമായി നടത്തുന്നതിനുള്ള കഴിവ് മാർ അത്താനാസ്യോസ് അസൂയാർഹമാംവിധം പ്രകടിപ്പിച്ചു. സഭാസമാധാനത്തെ തുടർന്ന് പുത്തൻകാവിൽ 1958 ഡിസംബർ 26-നു ചേർന്ന സംയുക്ത അസോസിയേഷൻ ആദ്യന്തം നിയന്ത്രിക്കുന്നതിനുള്ള ചുമതലയും ബാവാ നൽകി. ഈ യോഗമാണ് മണലിൽ യാക്കോബു കത്തനാരെയും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും ട്രസ്റ്റിമാരായി തെരഞ്ഞെടുത്തത്. പിന്നീട് പല സുപ്രധാന യോഗങ്ങളും ബാവായ്ക്കുവേണ്ടി നിയന്ത്രിക്കേണ്ടി വന്നു. ഭരണകാര്യങ്ങൾ സംബന്ധിച്ച് താൽക്കാലിക ക്രമീകരണങ്ങൾ ചെയ്യാൻ വേണ്ടി 12-1-59, 16-1-59 തീയതികളിൽ ചേർന്ന മേൽപട്ടക്കാരുടെ സമ്മേളനം, അസംതൃപ്തരായ പാത്രിയർക്കീസ് പക്ഷക്കാരെ സമാധാനപ്പെടുത്തുന്നതിനായി 12-2-59-ൽ കൂടിയ നേതൃസമ്മേളനം, 20-2-59-ൽ കൂടിയ മാനേജിംഗ് കമ്മിറ്റി, 21-2-59-ൽ കൂടിയ സുന്നഹദോസ്, 15-9-59-ൽ കൂടിയ മാനേജിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതി

നായി 16-1-69-ൽ എം. ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ യോഗം, സഭാ പുരോഗമന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റികളെ നിശ്ചയിക്കുവാനായി 18-2-60-ൽ പഴയസെമിനാരിയിൽ കൂടിയ പുതിയ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ യോഗം, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് എതിരായി ശിക്ഷണ നടപടികൾക്കായി 28-4-60, 27-5-60, 7-6-60 തീയതികളിൽ കൂടിയ സുന്നഹദോസ് എന്നീ യോഗങ്ങൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. 1959 ജൂലൈ 12-ാം തീയതി പഴയസെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഓർമ്മദിവസം, പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാർ അത്താനാസ്യോസിനെ മെത്രാപ്പോലീത്തായായി അവരോധിച്ചു. കൂടാതെ 28-4-60-ൽ കൂടിയ സുന്നഹദോസ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധിയായി വർക്കിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. ആ നിലയിൽ വർക്കിംഗ് കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷസ്ഥാനവും ലഭിച്ചു. അന്നേദിവസം കൂടിയ മാനേജിംഗ് കമ്മിറ്റി സഭയുടെ റൂൾ കമ്മിറ്റിയുടെ പ്രസിഡണ്ടായും കൂടാതെ കാതോലിക്കേറ്റിന്റെ കീഴിലുള്ള സ്കൂളുകൾ ഒരു കോർപറേഷന്റെ കീഴിൽ 1954-ൽ സംവിധാനം ചെയ്തപ്പോൾ അതിലെ മാനേജ്മെന്റ് ബോർഡിന്റെ പ്രസിഡണ്ടായും 14-5-54-ൽ നിയമിച്ചു. ഡിസംബർ 1955 വരെ ആ ചുമതല വഹിച്ചു. 1958 ഓഗസ്റ്റ് 30-നു പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ മാനേജ്മെന്റിനായി നിയോഗിച്ച സ്പെഷ്യൽ കമ്മിറ്റിയുടെ പ്രസിഡണ്ടായും നിയമിച്ചു. ഒരു വർഷം ആ സ്ഥാനത്ത് തുടർന്ന് പ്രവർത്തിച്ചു. കാതോലിക്കേറ്റ് ആഫീസ് നടത്തിപ്പിന്റെ ചുമതല നിർവ്വഹണം കാതോലിക്കാബാവായുടെ കല്പനകൾ, പള്ളികളിലും, സഭാസ്ഥാപനങ്ങളിലുമുണ്ടാകുന്ന ഭിന്നതകൾ, സഭ വക ആതുരാലയങ്ങൾ, ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ഭരണഘടനാ ഭേദഗതികൾ, വരവു ചിലവ് കണക്കുകൾ മുതലായ കാര്യങ്ങൾ കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് സഭാംഗങ്ങളിൽ പൊതുവെ മതിപ്പും അഭിനന്ദനവും വർദ്ധിപ്പിക്കാനും മെത്രാപ്പോലീത്തായ്ക്കു സാധിച്ചു.

സുപ്രീംകോടതി വിധിയെ തുടർന്ന് 1958-ൽ ഉണ്ടായ സഭാസമാധാനത്തിനുശേഷം ചേർന്നിട്ടുള്ള സുപ്രധാനങ്ങളായ എപ്പിസ്കോപ്പൽ സുന്നഹദോസുകളുടെയും മലങ്കര അസോസ്യേഷനുകളുടെയും മാനേജിംഗ് കമ്മിറ്റികളുടെയും നടത്തിപ്പിൽ കാതോലിക്കാബാവായുടെ നിർദ്ദേശാനുസരണം നേതൃത്വം നൽകിയിട്ടുള്ളത് മാത്യൂസ് മാർ അത്താനാസ്യോസാണ്. 1960-ൽ അദ്ദേഹത്തെ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി നിയമിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ചിതറിപ്പാർത്തുകൊണ്ടിരുന്ന സുറിയാനി സഭാംഗങ്ങളെ വല്ലപ്പോഴും സന്ദർശിച്ചു വന്നത്

സ്ലീബാദാസ സമൂഹാധ്യക്ഷനായിരുന്ന പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹം തന്റെ ഇന്ത്യൻ മിഷനറി യാത്രകളിൽ സുറിയാനിക്കാരെ കാണുകയും അവരുടെ ആത്മിക ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്തിരുന്നു. ചില സ്ഥലങ്ങളിൽ ഇതിനകം ഇടവകകളും ഉടലെടുത്തിരുന്നു. പിന്നീട് ബാഹ്യകേരള ഭദ്രാസനത്തിനു രൂപം നൽകിയപ്പോൾ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ആയിരുന്നു ചുമതല വഹിച്ചത്. പ്രായാധിക്യം കൊണ്ട് ഭദ്രാസനഭരണം നടത്താൻ കഴിയാതെ വന്നപ്പോൾ നിയമിക്കപ്പെട്ട മാത്യൂസ് മാർ അത്താനാസ്യോസിന്റെ ഭരണകാലത്താണ് ബാഹ്യകേരള ഭദ്രാസനം ഇന്നത്തെ നിലയിൽ ഉയർന്നതും 150-ൽ പരം പള്ളികളുള്ള പല ഭദ്രാസനങ്ങളായി വളർന്നതും. മലങ്കരസഭയിലെ ഏറ്റവും വലിയ ഇടവകയെന്നു വിശേഷിക്കപ്പെടുന്ന ബോംബെ ദാദർ ഇടവകയും ബാഹ്യകേരളത്തിലാണെന്ന് ഓർക്കണം. മാത്യൂസ് മാർ അത്താനാസ്യോസും തന്റെ അരുമ ശിഷ്യന്മാരായ പ്രമുഖ വൈദികരും ചേർന്നാണ് ബാഹ്യകേരളത്തെ മലങ്കരസഭയുടെ തിലകക്കുറിയാക്കിയതെന്നും സാഭിമാനം പറയാൻ സാധിക്കും.

ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ 1974-ൽ തന്റെ കീഴിലുള്ള പള്ളികൾക്കു കോട്ടയത്തുനിന്ന് അയച്ചുകൊടുത്ത താഴെപ്പറയുന്ന കത്തിൽ മലങ്കരസഭയുടെ ആധുനിക നിലയെന്തെന്നു പറഞ്ഞിരുന്നു. “നാട്ടിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അറിയുന്നതു പത്രങ്ങളിൽ നിന്നും ഇവിടെനിന്നും ലഭിക്കുന്ന കത്തുകളിൽ നിന്നുമായിരിക്കുമല്ലോ. ആദ്യം തന്നെ നമുക്കു നിങ്ങളെ ഗുണദോഷിക്കുവാനുള്ളതു പത്രറിപ്പോർട്ടുകളെ ആശ്രയിച്ചു മലങ്കരസഭാ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനിക്കരുത് എന്നാണ്. കേരളത്തിൽ നിന്നും പുറത്തുനിന്നും പുറപ്പെടുന്ന ഇംഗ്ലീഷ്-മലയാളം പത്രങ്ങളിൽ വരുന്നതായ വാർത്തകൾ പലപ്പോഴും അവാസ്തവങ്ങളും അബദ്ധങ്ങളും അയഥാർത്ഥങ്ങളുമാണെന്നുള്ളതാണ് സത്യാവസ്ഥ. പ്രചരണം ഒരു തന്ത്രമാകയാൽ സഭയുടെ എതിരാളികൾ അതു വേണ്ടവണ്ണം ഉപയോഗിച്ച് നമ്മുടെ ആളുകളെ വഴിതെറ്റിക്കാൻ ആവോളം ശ്രമിക്കുന്നു. ഈ അവസരത്തിൽ ‘മലയാള മനോരമ’ ഒഴിച്ചുള്ള പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രസ്താവനകളും വാർത്തകളും സൂക്ഷിച്ചു വേണം വിശ്വസിക്കുവാനെന്നു ഗുണദോഷിക്കേണ്ടി വന്നതിൽ നമുക്കു ഖേദമുണ്ട്.

1958-ൽ ഉണ്ടായ സമാധാനം സഭാമക്കളിൽ വളരെയധികം സന്തോഷവും ഒട്ടേറെ പ്രതീക്ഷകളും ഉളവാക്കിയിരുന്നല്ലോ. എന്നാൽ വളർച്ചയുടെ പുതിയ പാതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സഭയുടെ ഭരണസ്വാതന്ത്ര്യം ഇല്ലാതാക്കി ഇവിടെ അധികാരം സ്ഥാപിക്കുന്നതിനും

ഇവിടുത്തെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനുമുള്ള ശ്രമങ്ങൾ പാത്രിയർക്കീസ്ബാവാ സമാധാനം ഉണ്ടായിക്കഴിഞ്ഞ് അധികം താമസിക്കുന്നതിന് മുമ്പു തന്നെ ആരംഭിച്ചു. മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കാബാവാ കേവലം പാത്രിയർക്കീസിനു വിധേയനായ കീഴ്സ്ഥാനിയാണെന്നും ആ നിലയിൽ അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുവാൻ കടമയുള്ളവനാണെന്നുമാണ് പാത്രിയർക്കീസ് ബാവായുടെ ഭാവം. കാനോനും സഭാഭരണഘടനയ്ക്കും പാരമ്പര്യങ്ങൾക്കും എതിരായി അവകാശപ്പെടുന്ന ഈ അധികാരം സ്ഥാപിക്കുന്നതിനുവേണ്ടി ഇതിനകം പല നടപടികളും എടുത്തു കഴിഞ്ഞു. സഭയുടെ ഐക്യവും ഐശ്വര്യവും ആഗ്രഹിച്ചിരുന്ന സഭാംഗങ്ങൾ പാത്രിയർക്കീസ്ബാവായുടെ ചുവടുതെറ്റിയ കാൽവെയ്പുകളെക്കുറിച്ച് വലിയ പ്രസിദ്ധീകരണം കൊടുക്കാതെ ഒതുക്കിവെയ്ക്കുകയാണ് ചെയ്തത്. തന്മൂലം സഭ പുരോഗതിയിൽനിന്നു പുരോഗതിയിലേക്കു പ്രവേശിച്ചു. എന്നാൽ സമാധാന ഉടമ്പടികൾക്ക് എതിരായുള്ള പാത്രിയർക്കീസ് ബാവായുടെ അവകാശവാദങ്ങളിന്മേൽ നാം മൗനം അവലംബിച്ച് സമാധാനം സംരക്ഷിച്ചുകൊണ്ടിരുന്നത് കൂടുതൽ കടന്നാക്രമണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചുവെന്ന് ഓർക്കുമ്പോൾ സങ്കടം തോന്നുന്നു. പക്ഷേ, 12 വർഷം കഴിഞ്ഞപ്പോൾ ആ വ്യവസ്ഥിതിക്കു കാലഹരണമുണ്ടായതായി അദ്ദേഹം ചിന്തിച്ചോ എന്തോ?

പാത്രിയർക്കീസ്ബാവായുടെ തുറന്നാക്രമണത്തിന്റെ ഏറ്റവും പ്രധാനഘട്ടമുണ്ടായത് 1970-ൽ ആണ്. ഈ സഭയുടെ സ്ഥാപകനായ മാർ തോമ്മാശ്ലീഹായ്ക്ക് പട്ടവുമില്ല, സിംഹാസനവുമില്ല എന്നുള്ള അദ്ദേഹത്തിന്റെ 1970-ലെ 203-ാം നമ്പർ കല്പനയായിരുന്നു ആ കടന്നാക്രമണം. പരിശുദ്ധ തോമ്മാശ്ലീഹാ ഒരു അപ്പോസ്തോലനും പ്രധാനാചാര്യനും പിതാക്കന്മാരുടെ പിതാവും മലങ്കരസഭയുടെ സ്ഥാപകനും ആണെന്നും സഭയുടെ സിംഹാസനം അദ്ദേഹത്തിന്റേതാണെന്നും ഈ സഭ എക്കാലവും വിശ്വസിച്ചിട്ടുണ്ട്. സഭ സംബന്ധിച്ചിട്ടുള്ള എല്ലാ രേഖകളും അവ സമ്മതിക്കുന്നതുമാണ്. മലങ്കര മെത്രാപ്പോലീത്താമാർ പൂർവ്വകാലം മുതൽ മലങ്കര സിംഹാസനത്തിൽ ഉപവിഷ്ടരാണെന്നു അവകാശപ്പെട്ടിരുന്നു എന്നു കാണിക്കുന്ന രേഖകൾ അനവധിയാണ്. ഇവിടെ കാതോലിക്കാ സിംഹാസനം ഉണ്ടായശേഷം കാതോലിക്കാമാർ മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢരാണെന്നുള്ള കാര്യം സഭാംഗങ്ങൾക്കു ചിരപരിചയവുമായിത്തീർന്നിട്ടുണ്ട്.

1972-ൽ ഒരു ഡെലിഗേറ്റിനെ ഇങ്ങോട്ടയച്ചതോടു കൂടി കടന്നാക്രമണം ഒരു പടി കൂടി മുന്നോട്ടു കടന്നു. ശീമക്കാരായ മെത്രാപ്പോലീത്താമാർ കാലാകാലങ്ങളിൽ മലങ്കരയിൽ വരികയും ആദരപൂർവ്വം സ്വീകരിക്കപ്പെ

ടുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഇവിടെ വന്നവരിൽ പലരും മലങ്കരസ ഭയുടെ ഭരണം കൈയടക്കുന്നതിനും മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനം അപഹരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ടെന്നുള്ളത് പരസ്യമായ രഹസ്യം മാത്രമാണ്. അവരിൽ ചിലർ പാത്രിയർക്കാ പ്രതിനിധികളാ ണെന്ന് സ്വയം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടെങ്കിലും ഈ സഭ അവരെ അപ്രകാരം അംഗീകരിച്ചിട്ടില്ല. ഈ സഭയുടെ പ്രധാന മേല ദ്ധ്യക്ഷൻ കാതോലിക്കാ ആയിരിക്കുകയും ഇവിടുത്തെ ഭരണം അദ്ദേ ഹത്തിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യുമ്പോൾ ഇവിടെ പാത്രിയർ ക്കീസിന്റെ ഡലിഗേറ്റിന് ഒരു പ്രകാരത്തിലും സ്ഥാനമില്ലെന്നുള്ളത് നിഷ്പ ക്ഷമതികൾ സമ്മതിക്കാതിരിക്കില്ല. ഡെലിഗേറ്റ് ഇന്ത്യ വിടേണ്ടി വന്ന പ്പോൾ പാത്രിയർക്കീസ് ബാവാ എടുത്ത നടപടി കുറച്ചുകൂടി കഠിനമാ യിരുന്നു. സഭയുടെ ആഭ്യന്തരകാര്യത്തിലേക്ക് കടന്നിട്ട് സഭ അറിയാതെ കടവിൽ പോൾ റമ്പാനും, പെരുമ്പള്ളിപള്ളി വികാരി ഗീവറുഗീസ് കശ്ശീ ശായ്ക്കും, സി. എം. തോമസ് കശ്ശീശായ്ക്കും മേല്പട്ടം കൊടുക്കുക യാണദ്ദേഹം ചെയ്തത്. മലങ്കര അസോസ്യേഷൻ തിരഞ്ഞെടുക്കുന്ന ആളിനു മാത്രം മേല്പട്ടം കൊടുക്കുന്ന പതിവാണ് നമ്മുടേത്. ഭദ്രാസന ഇടവകപ്പള്ളി പ്രതിപുരുഷയോഗം തെരഞ്ഞെടുക്കുന്ന രീതി മുൻ പാത്രി യർക്കീസ് ഭാഗത്തിനുണ്ടായിരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇതൊന്നും കൂടാതെ ഭരണഘടനയും കാനോനും ഉടമ്പടികളുമെല്ലാം ലംഘിച്ച മൂന്നു പേരെ രഹസ്യമായി വിളിപ്പിച്ച് ഇവിടെ കുഴപ്പം സൃഷ്ടി ക്കുന്നതിന് മേല്പട്ടം കൊടുത്തു ഇങ്ങോട്ടയച്ചത് എത്രമാത്രം ഗൗരവത രമാണെന്നു പറയേണ്ടതില്ലല്ലോ.

അവസാനമായി 92 വയസ്സുള്ള പ. കാതോലിക്കാബാവായോടു പതി മൂന്നു കാര്യങ്ങൾ ഉന്നയിച്ചും മറുപടി ചോദിച്ചുംകൊണ്ടും അയച്ചിട്ടുള്ള കത്താണ്. ഈ സഭയിലെ മേലദ്ധ്യക്ഷന്മാരുടെ മേലും കാതോലിക്കാ ബാവായുടെ മേലും ശിക്ഷണ നടപടിയെടുക്കണമെങ്കിൽ അതിനുള്ള അധികാരം ഇവിടുത്തെ സുന്നഹദോസിനാണെന്ന് സഭാഭരണഘടന അനുശാസിക്കുമ്പോൾ ഇപ്രകാരം പ്രവർത്തിച്ചിട്ടുള്ളത് ഈ സഭയുടെ ആഭ്യന്തര സ്വാതന്ത്ര്യം നശിപ്പിച്ച് ഇതിന്റെ മേൽക്കോയ്മ കരസ്ഥമാക്കു ന്നതിനാണെന്നുള്ളത് സമ്മതിക്കാതിരിക്കാൻ തരമില്ല. മറ്റു പല കാര്യ ങ്ങളും പാത്രിയർക്കീസ്ബാവാ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും വിസ്തരഭയ ത്താൽ അവ വിടുകയാണു ചെയ്യുന്നത്. പാത്രിയർക്കീസ് ബാവായെ ഈദൃശ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ സ്വന്ത അഭി ലാഷം മാത്രമല്ല, മലങ്കരസഭയിലെ സ്ഥാനമോഹികളായ ചില പട്ടക്കാ രുടെയും അത്മായരുടെയും പ്രേരണയും അതിന്റെ പിന്നിലുണ്ട്. 1958-ൽ ഉണ്ടായ സമാധാനത്തിനും 1964-ൽ ഉണ്ടായ കാതോലിക്കാസ്ഥാനാരോ

ഹണത്തിനും എതിരായി പ്രവർത്തിച്ചവരാണ് സഭയെ നശിപ്പിക്കുവാൻ കച്ച കെട്ടി ഇറങ്ങിയിട്ടുള്ളതെന്ന് എല്ലാവർക്കും അറിയാം. സഭയുടെ പുരോഗമന പ്രയാണത്തിൽ പ്രമുഖസ്ഥാനം ആഗ്രഹിച്ചിട്ടു സാധിക്കാതെ വന്നിട്ടുള്ള പുതുമുഖങ്ങളും ഇവരിലുണ്ട്. ഈ തരത്തിലുള്ള വിധ്വംസക പ്രവർത്തകരുടെ വിനാശ പ്രവർത്തനങ്ങൾക്ക് പാത്രിയർക്കീസ് ബാവാ താങ്ങായി നിൽക്കുന്നതു കാണുമ്പോൾ അതിയായ ദുഃഖം തോന്നുന്നു. എന്നാൽ മുൻ പാത്രിയർക്കീസ് ഭാഗം മുഴുവനും ഈ സംരംഭത്തിൽ അവരോടു കൂടിയുണ്ടെന്നു വിചാരിക്കേണ്ട. ദീർഘദൃഷ്ടിയുള്ളവരും വിവേകബുദ്ധിയുള്ളവരും കാര്യങ്ങളുടെ നിജസ്ഥിതി കണ്ണുതുറന്നു മനസ്സിലാക്കാൻ തയ്യാറുള്ളവരും ഈ വിധ്വംസക പ്രവർത്തകരിൽ നിന്ന് അകന്ന് ഇവിടുത്തെ പരിശുദ്ധ സുന്നഹദോസിനോടു ചേർന്നു നിൽക്കുന്നുണ്ടെന്നുള്ളതു ആശ്വാസകരമാണ്."

പൊതുവെ ദൂരയാത്ര ചെയ്യുന്നതിൽ താല്പര്യമില്ലാതിരുന്ന മെത്രാപ്പോലീത്തായ്ക്ക് ബാഹ്യകേരളത്തിന്റെ ചുമതലക്കാരൻ എന്ന നിലയിൽ പല യാത്രകളും നടത്തേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം 1958-ൽ സിംഗപ്പൂരിലും മലയായിലും പര്യടനം നടത്തുകയും കൊലാലമ്പൂർ പള്ളിയുടെ കൂദാശയും സിംഗപ്പൂർ പള്ളിയുടെ ശിലാസ്ഥാപനവും നടത്തുകയും ചെയ്തു. 1973-ൽ മോസ്ക്കോയിൽ നടന്ന റഷ്യൻ ഓർത്തഡോക്സ് സഭാ പാത്രിയർക്കീസ് അലക്സിസിന്റെ മെത്രാനഭിഷേക കനകജൂബിലിയിൽ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായോടൊപ്പം മാർ അത്താനാസ്യോസ് മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തു. ആഗോള ക്രൈസ്തവസഭകളെപ്പറ്റി വിശാലമായ വീക്ഷണം ലഭിക്കുന്നതിനും പരസ്പര സമ്പർക്കത്തിന്റെ പ്രാധാന്യം നേരിട്ടു മനസ്സിലാക്കുന്നതിനും ഈ പര്യടനങ്ങൾ ഉപകരിച്ചു.

കോട്ടയം എം. ഡി. സെമിനാരിയിൽ 1970 ഡിസംബർ 31-നു ചേർന്ന മലങ്കര അസോസ്യേഷൻ മാത്യൂസ് മാർ അത്താനാസ്യോസിനെ മലങ്കരസഭയുടെ പരമാധികാരിയായ കാതോലിക്കാബാവായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

തെരഞ്ഞെടുപ്പിനെ തുടർന്ന് ഞാൻ 1971 ജനുവരി 10-ലെ ചർച്ചു വീക്കിലിയിൽ തിരുമേനിയേപ്പറ്റി ഇപ്രകാരം എഴുതി:

"കാൽ ശതാബ്ദത്തിനു മുമ്പ് സഭാസേവനരംഗത്ത് കാലുകുത്തിയ നാൾമുതൽ സഭയുടെ കേന്ദ്രസ്ഥാനത്തു തന്നെ നിലകൊണ്ടിട്ടുള്ള ബാഹ്യകേരള ഭദ്രാസനത്തിന്റെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ കാതോലിക്കായുടേയും മലങ്കരമെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഡിസംബർ 31-ാം തീയതി തെരഞ്ഞെടുത്തപ്പോൾ

മലങ്കര അസോസിയേഷൻ അദ്ദേഹത്തിന്റെ സേവനനിരതമായ സഭാ പ്രവർത്തനങ്ങൾക്ക് ഒരംഗീകാരം നൽകുകയാണ് ചെയ്തത്.

പ. കാതോലിക്കാബാവായുടെ അസിസ്റ്റന്റു കൂടിയായ നിയുക്ത കാതോലിക്കായ്ക്ക് അടുത്ത മാർച്ച് 27-ാം തീയതി 64 വയസ്സു തികയും. അനുഭവപരിചയവും പാണ്ഡിത്യവുമുള്ള മെത്രാപ്പോലീത്തായുടെ മുഖത്ത് ഒരു യുവാവിന്റെ പ്രസരിപ്പും തന്റേടവുമാണ് ആർക്കും ദർശിക്കുവാൻ കഴിയുക. വെള്ളിക്കമ്പികളെ വെല്ലുന്ന താടിമീശ ഒഴിച്ചാൽ 64 വയസ്സിന്റെ ലക്ഷണമൊന്നും ഇല്ല. പൊതുരംഗത്ത് അധികം പ്രത്യക്ഷപ്പെടാനിഷ്ടമില്ലാതിരുന്ന മെത്രാപ്പോലീത്തായ്ക്ക് മലങ്കരസഭയുടെ രോഗം എന്താണെന്നും അതിനുള്ള ചികിത്സയെന്താണെന്നും ശരിക്കറിയാം. തന്നിമിത്തം അവധാനപൂർവ്വം ചിന്തിക്കാതെ പ്രശ്നങ്ങൾക്കു പ്രതിവിധി നിർദ്ദേശിക്കുന്ന സ്വഭാവക്കാരനല്ല അദ്ദേഹം. മറ്റുള്ളവരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ഭംഗിവാക്കുകൾ പറയുകയോ കാര്യങ്ങൾ മറച്ചുവച്ചു സംസാരിക്കുകയോ ചെയ്യാറില്ലാത്ത നിയുക്ത കാതോലിക്കാ ശരിയെന്നു ബോദ്ധ്യമുള്ള സ്വാഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്ന പ്രകൃതക്കാരനാണ്.

ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി ആധികാരികമായി പറയാൻ കഴിവുള്ള ദൈവശാസ്ത്ര പണ്ഡിതനെന്നും കാനോൻ വിദഗ്ദ്ധനെന്നും പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള മെത്രാപ്പോലീത്താ വളരെയധികം വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന സ്വഭാവക്കാരനാണ്.

ദാനിയേൽ കേസിൽ ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റി കോട്ടയം ജില്ലാക്കോടതിയിൽ മൊഴികൊടുക്കേണ്ട ചുമതല പണ്ഡിതോചിതമായ നിലയിൽ നിർവഹിച്ചത് അത്താനാസ്യോസ് മെത്രാപ്പോലീത്തായായിരുന്നു. അതുപോലെതന്നെ മുമ്പ് കോട്ടയം ജില്ലാക്കോടതി സ്പെഷൽ ബഞ്ചിൽ നടന്ന സമുദായക്കേസിൽ കാനോൻ വിദഗ്ദ്ധനായ സാക്ഷി എന്ന നിലയിൽ മൊഴി കൊടുത്ത ഇദ്ദേഹത്തെ, കാലം ചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ സ്വർണ്ണമോതിരം സമ്മാനിച്ച് ബഹുമാനിച്ചതും സ്മരണീയമാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കാതോലിക്കായുടെ അസിസ്റ്റന്റ് എന്ന നിലയിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസുകളിലേയും, മലങ്കര അസോസിയേഷൻ യോഗങ്ങളിലേയും മാനേജിംഗ് കമ്മിറ്റിയോഗങ്ങളിലെയും "സ്പീക്കറാ"ണ് ഇദ്ദേഹം. അസാമാന്യ നിയന്ത്രണപാടവവും കഴിവും ഇല്ലാത്ത ഏതൊരാളും പരാജയപ്പെടുന്ന ഒരു പദവിയാണ് സഭയിലെ ഈ സ്പീക്കർ സ്ഥാനം. ദൈവകാരുണ്യത്തിൽ നിന്നു ലഭ്യമായ ശക്തികൊണ്ടു മാത്രമാണ് സഭയുടെ ഈ പരമാധികാരസമിതി

കൾ നിയന്ത്രിച്ചുകൊണ്ടുപോകുവാൻ കഴിയുന്നതെന്നു മെത്രാപ്പോലീത്താ ഒരഭിമുഖ സംഭാഷണത്തിൽ പറയുകയുണ്ടായി. ഭിന്നതലങ്ങളിൽ നിലകൊള്ളുന്ന മൂവായിരത്തിൽപരം സഭാപ്രതിനിധികൾ സംബന്ധിക്കുന്ന മലങ്കര അസോസ്യേഷൻ യോഗം സമർത്ഥമായി നിയന്ത്രിക്കുന്ന ഭാരം പലപ്പോഴും അദ്ദേഹത്തിലാണ് നിക്ഷിപ്തമാകുക. കുശാഗ്രബുദ്ധിയായ ഏതു ചോദ്യകർത്താവിനേയും തൃപ്തിപ്പെടുത്തുന്നതിനുള്ള കഴിവും ആവശ്യമുള്ളപ്പോൾ മടുപ്പിക്കുന്നതിനു തക്ക മുനയുള്ള അമ്പുകളും അദ്ദേഹത്തിന്റെ ആവനാഴിയിൽ ഉണ്ട്. എതിരഭിപ്രായക്കാരെ മുറിപ്പെടുത്താതെ യുക്തിയുക്തമായ മറുപടികൾകൊണ്ട് കീഴടക്കുന്നതിന് ഇദ്ദേഹം ശ്രമിക്കാറുണ്ട്.

പൗരോഹിത്യ പദവിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിൽ ശ്രദ്ധലുവായ നിയുക്ത കാതോലിക്കാ ലളിതജീവിതം നയിക്കാനിഷ്ടപ്പെടുന്നു. ബിഷപ്പുമാരുടെ പ്രതാപകാലം കഴിഞ്ഞുവെന്ന് നേരത്തെ അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിൽ അനുസ്മരിപ്പിക്കുകയുണ്ടായി.

മാർ ഏലിയാ കത്തീഡ്രലിനോടനുബന്ധിച്ചുള്ള ചെറിയ കെട്ടിടത്തിൽ താമസിക്കുന്ന ഇദ്ദേഹത്തിനു വലിയ അരമനകൾ ഉണ്ടാക്കുന്നതിലോ അവയിൽ താമസിക്കുന്നതിലോ താല്പര്യമില്ല. "രണ്ടു മൂന്നു മുറികളുള്ള ഒരു ചെറിയ കെട്ടിടം വേണം. മൂന്നുനാലു പേർ ഒന്നിച്ചു വന്നാൽ ഇരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണം." ഇതാണ് അദ്ദേഹത്തിന്റെ മനസ്സിലുള്ള അരമനയുടെ ചിത്രം.

വൈദികസെമിനാരിയുമായി കാൽ ശതാബ്ദക്കാലത്തിലധികം ബന്ധമുള്ള അത്താനാസ്യോസ് മെത്രാപ്പോലീത്താ ചെറിയതോതിൽ നടന്നുവന്ന സെമിനാരിയെ ബി. ഡി. ഡിഗ്രി കോളജായി ഉയർത്തി. മലങ്കര സഭയുടെ വിശാലമായ വയലിൽ വേല ചെയ്യുന്നതിന് ത്യാഗസമ്പന്നരും, സേവന സന്നദ്ധരുമായ ഒട്ടധികം വൈദികരെ വളർത്തിയെടുത്ത് "കൊയ്ത്തിന്റെ ഉടമസ്ഥന്" കാഴ്ചവെച്ചുവെന്നത് അത്ര പെട്ടെന്നു വിസ്മരിക്കാവുന്ന ഒരു ചെറിയ നേട്ടമല്ല.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണസംവിധാനമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനരംഗങ്ങളിലും പരിവർത്തനം ആവശ്യമാണെന്നും പത്തു വർഷത്തിനകം ഈ മാറ്റങ്ങൾ കൈവരുത്താൻ കഴിയത്തക്കവണ്ണം ഒരഖിലേന്ത്യാ വീക്ഷണത്തോടുകൂടി പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും മെത്രാപ്പോലീത്താ ആഗ്രഹിച്ചിരുന്നു. കാലം ചെയ്ത മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അടിസ്ഥാനമിട്ട ബാഹ്യകേരള ഭദ്രാസനത്തെ ബലിഷ്ഠമായി പണിതുയർത്തിയ പിൻഗാമിക്ക് അഖിലേന്ത്യാ വീക്ഷണം കൂടാതെ പ്രവർത്തിക്കാൻ സാദ്ധ്യവുമല്ല.

ആരാധനാ പരിഷ്ക്കരണത്തിൽ ഉത്സുകനായ ഇദ്ദേഹം കുർബ്ബാന തക്സാ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്തു പ്രസിദ്ധപ്പെടുത്തുകയും ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഇംഗ്ലീഷിൽ വി. കുർബ്ബാന ചൊല്ലുകയും ചെയ്തത് പ്രബുദ്ധരായ സഭാംഗങ്ങളുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

ഇദ്ദേഹം 1958-ൽ സിംഗപ്പൂർ, മലയാ എന്നീ രാജ്യങ്ങളും, ഏതാനും വർഷങ്ങൾക്കു മുമ്പ് സോവിയറ്റു റഷ്യയും അടുത്തകാലത്തു വിശുദ്ധ നാടുകളും സന്ദർശിക്കുകയുണ്ടായി. ഇടവക സന്ദർശനാർത്ഥം അദ്ദേഹം പല പ്രാവശ്യം ഇന്ത്യൻ പര്യടനം നടത്തിയിട്ടുണ്ട്. സഭയും കൂദാശകളും, ക്യംതാ, പ്രാർത്ഥനാഗീതങ്ങൾ, ദുഃഖവെള്ളിയാഴ്ചയിലെ ഗീതങ്ങൾ, ഇംഗ്ലീഷിലുള്ള കുർബ്ബാന തക്സാ എന്നീ പുസ്തകങ്ങൾ മെത്രാപ്പോലീത്താ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മാർ ഏലിയാ ചാപ്പലിന്റെ വടക്കുവശത്തെ മുന്തിരിയും മുല്ലയും റോസും മറ്റുമുള്ള പൂന്തോട്ടം നിത്യവും മെത്രാപ്പോലീത്തായുടെ പരിചരണത്താൽ പുളകംകൊള്ളാറുണ്ട്. കളകൾ പറിച്ചു മണ്ണു പുരണ്ട കൈകളും നീണ്ട് ഇടതിങ്ങിയ വെണ്മയേറിയ താടിമീശയും ചെടികളെ അറിഞ്ഞും അറിയാതെയും തലോടാറുണ്ട്. സഭയുടെ വിശാലമായ മുന്തിരിത്തോട്ടത്തിൽ പണി ചെയ്യുന്നതിന് മെത്രാപ്പോലീത്തായെ സഹായിച്ച അനേകം ഘടകങ്ങളിൽ ഒന്നാണ് ഈ പൂന്തോട്ടമെന്ന് പറയാം. സഭയാകുന്ന ഉദ്യാനത്തിലെങ്ങും ഒരു പരിമള കുസുമം പോലെ സുഗന്ധം പരത്തി മെത്രാപ്പോലീത്താ ഭാവിയിൽ പരിലസിക്കട്ടെ എന്നാശംസിക്കുന്നു."

പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവായെ തുടർന്ന് അടുത്ത കാതോലിക്കായായി ഡാനിയേൽ മാർ പീലക്സീനോസോ മാത്യൂസ് മാർ അത്താനാസ്യോസോ വരുമെന്ന് സഭയിൽ പലരും കരുതിയിരുന്നു. എന്നാൽ മലങ്കര അസോസ്യേഷൻ എല്ലാം കൊണ്ടും കൂടുതൽ അർഹനായ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെയാണ് പിൻഗാമിയായി തെരഞ്ഞെടുത്തത്.

ഔഗേൻ മാർ തീമോത്തിയോസിന്റെ പിൻഗാമിയായി മുകളിൽ പറഞ്ഞ രണ്ടു മെത്രാപ്പോലീത്താമാരിൽ ഒരാൾ വരുമെന്നുറപ്പായി. ഇരുവരും സ്ഥാനത്തിനുവേണ്ടി മത്സരിച്ചില്ലെങ്കിലും ആഗ്രഹിച്ചിരുന്നില്ലെന്നു പറയാനാവില്ല.

വാഴിക്കുന്നു

ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റന്റായിരുന്ന ദാനിയേൽ

മാർ പീലക്സീനോസിനെ, തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പരോക്ഷമായി അനുകൂലിക്കുകയും അടുത്ത കാതോലിക്കാ മറ്റാരും ആകാനിടയില്ലെന്നു പലപ്പോഴും പീലക്സിനോസ് മെത്രാപ്പോലീത്തായോടു പറയുകയും ചെയ്തിട്ടുണ്ട്. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കാതോലിക്കാ ആകുന്നതിൽ ശക്തമായ എതിർപ്പുണ്ടായിരുന്ന കോട്ടയം ഗ്രൂപ്പിലെ കുര്യൻ ഏബ്രഹാമും (ഉപ്പൂട്ടിൽ കുഞ്ഞച്ചനും മനോരമയും) പീലക്സീനോസ് മെത്രാപ്പോലീത്താ കാതോലിക്കാ ആകണമെന്നാഗ്രഹിച്ചു കരുനീക്കങ്ങൾ നടത്തിയിരുന്നു. ഒരു മെത്രാപ്പോലീത്തായുടെ സ്ഥാനോചിതമായ അന്തസ്സ് നിലനിർത്തണമെന്ന് മറ്റാരെയുംകാൾ നിർബന്ധമുണ്ടായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മാധ്യമപ്രവർത്തകരുമായി അകന്നാണു നിലനിന്നിരുന്നത്. ബാഹ്യകേരള ഭദ്രാസന ഭരണസംബന്ധമായ ക്രമീകരണത്തെ പ്രസ്തുത ഭദ്രാസനത്തിൽപെട്ട മദ്രാസിലെ സ്വാധീനമുള്ള ചില വ്യക്തികൾ നേരത്തെ ശക്തമായി എതിർത്തിരുന്നു. ആ എതിർപ്പ് അദ്ദേഹത്തിന് കാതോലിക്കാസ്ഥാനം ലഭിക്കാതിരിക്കാൻവേണ്ടി അവർ തിരിച്ചുവിട്ടുമിരുന്നു.

മാത്യൂസ് മാർ അത്താനാസ്യോസിനു 60 വയസ്സായപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ച് ഒരു ലേഖനം 1967 മാർച്ച് 27-ലെ മലയാള മനോരമയുടെ ഞായറാഴ്ച പതിപ്പിൽ ചേർത്തിരുന്നു. ലേഖനത്തിന്റെ ഒടുവിൽ അദ്ദേഹത്തിന് ഉപരിസ്ഥാനങ്ങൾ ലഭിക്കുമെന്നും ആശംസിച്ചിരുന്നു. ഈ വാചകം അദ്ദേഹം പറഞ്ഞ് എന്നെക്കൊണ്ട് എഴുതിച്ചതാണെന്നു ചില പ്രമുഖർ കരുതുകയും ആ ലേഖനം എനിക്കു ഔദ്യോഗികഭാഗത്തു ചില പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്തു. സാധാരണഗതിയിൽ പലരുടെയും ഷഷ്ടിപൂർത്തി സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തുന്ന ലേഖനത്തെപ്പോലെ മാത്രമായിരുന്നു ഈ ലേഖനവും. ലേഖനം അച്ചടിച്ചു വന്നപ്പോൾ മാത്രമാണ് എതിരുള്ളവരും മെത്രാപ്പോലീത്തായും അതു കാണുന്നത്. മറ്റു ചില മെത്രാപ്പോലീത്താമാരെപ്പോലെ അദ്ദേഹം പത്രം ഓഫീസുകൾ സന്ദർശിക്കുകയോ പത്രാധിപന്മാരുമായി കുശലപ്രശ്നങ്ങൾ നടത്താൻ സമയം ചെലവഴിക്കുകയോ ചെയ്യുന്ന വ്യക്തി അല്ലായിരുന്നു. അതേസമയം പത്രപ്രവർത്തകരുമായി ഏതാണ്ട് നല്ല ബന്ധവും നിലനിർത്തിയിരുന്നു. പിന്നീട് നിയുക്ത കാതോലിക്കായായി മാർ അത്താനാസ്യോസ് തന്നെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു.

കോട്ടയം: 26-10-1975. പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം സഭാഭരണത്തിൽ നിന്നു പൂർണ്ണമായി വിട്ടൊഴിയാൻ തീരുമാനിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയുക്ത കാതോലിക്കായും

മലങ്കരമെത്രാപ്പോലീത്തായുമായ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ നാളെ ഒക്ടോബർ 27 (തിങ്കൾ) രാവിലെ കോട്ടയം പഴയസെമിനാരിയിൽ വച്ച് പൗരസ്ത്യ കാതോലിക്കായായി വാഴിക്കുന്നതാണ്.

വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനു പ്രയാസം തോന്നുന്നതുകൊണ്ടു സഭാഭരണം പൂർണ്ണമായി വിട്ടൊഴിയണമെന്നു തീരുമാനിച്ചിരിക്കുന്നതായി അറിയിച്ചും, തന്റെ പിൻഗാമിയുടെ കാതോലിക്കാസിംഹാസനാരോഹണത്തോടു കൂടി താൻ സഭാഭരണം പൂർണ്ണമായി വിട്ടൊഴിയുന്നതാകയാൽ അദ്ദേഹത്തിന്റെ സിംഹാസനാരോഹണം എത്രയും വേഗം നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുംകൊണ്ടുള്ള ഒരു കൽപന പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ ഒക്ടോബർ 11-ാംനു പ. സുന്നഹദോസിന് അയച്ചിരുന്നു. പഴയസെമിനാരിയിൽ ഒക്ടോബർ 21-നു ചേർന്ന സുന്നഹദോസ് യോഗം ഇക്കാര്യം പരിഗണിച്ചു.

പ. ബാവായ്ക്ക് തൊണ്ണൂറ്റിയൊന്നു വയസ്സു കഴിഞ്ഞിരിക്കുന്ന ഈ അവസ്ഥയിൽ ഈ അഭ്യർത്ഥന സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹത്തിന്റെ പിൻഗാമിയുടെ സിംഹാസനാരോഹണം കഴിവതും വേഗം നടത്തണമെന്നുമായിരുന്നു സുന്നഹദോസിന്റെ നിശ്ചയം.

സ്ഥാനാരോഹണത്തിനുള്ള സ്ഥലവും സമയവും നിശ്ചയിക്കുന്നതിനും ഇതിലേക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനുമായി സുന്നഹദോസ് സെക്രട്ടറിയും തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായുമായ ദാനിയേൽ മാർ പീലക്സീനോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ മക്കാറിയോസ് എന്നിവരടങ്ങിയ ഒരു സബ് കമ്മിറ്റിയെ സുന്നഹദോസ് നിയോഗിക്കുകയും ചെയ്തു.

ഈ സബ് കമ്മിറ്റിയുടെ നിശ്ചയപ്രകാരം പുതിയ കാതോലിക്കായുടെ സ്ഥാനാരോഹണം നാളെ (ഒക്ടോബർ 27) പഴയസെമിനാരിയിൽ വച്ചു നടക്കുന്നതാണ്. നാളെ ഏഴു മണിക്ക് വിശുദ്ധ കുർബ്ബാന ആരംഭിക്കും. തുടർന്ന് സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കുന്നതാണ്.

കാതോലിക്കാ വാഴ്ച പ്രമാണിച്ച് സമുദായം വക കോളജുകൾക്കും, സ്കൂളുകൾക്കും തിങ്കളാഴ്ച അവധിയായിരിക്കുമെന്ന് സമുദായ ഓഫീസിൽ നിന്നുള്ള അറിയിപ്പിൽ പറയുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിൽ നടത്തുന്ന പബ്ലിക്ക് പരീക്ഷകൾക്ക് ഇതു ബാധകമാകയില്ലെന്നും അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

കാതോലിക്കാ വാഴ്ചയോടനുബന്ധിച്ച് ഇന്നു വൈകിട്ട് 3.30-നു

മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റ് നഗ റിൽ (പഴയസെമിനാരി) പതാക ഉയർത്തുന്നതാണെന്നും 4 മണിക്ക് വോള ന്റിയർമാരുടെയും ക്രമീകരണക്കമ്മിറ്റി അംഗങ്ങളുടെയും യോഗം അവി ടെവെച്ച് നടക്കുന്നതാണെന്നും സമുദായ സെക്രട്ടറി പി. സി. ഏബ്രഹാ മിന്റെ അറിയിപ്പിൽ പറയുന്നു.

ഒരുക്കങ്ങൾ

നിയുക്ത കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ ഇന്നു പഴയസെമിനാരിയിലെ കാതോലിക്കേറ്റ് നഗറിൽ വച്ചു പൗരസ്ത്യ കാതോലിക്കായായി വാഴി ക്കുന്നതു സംബന്ധിച്ച ക്രമീകരണങ്ങൾ പൂർത്തിയായി.

രാവിലെ ഏഴു മണിക്കു പ്രാർത്ഥന ആരംഭിക്കും. എട്ടു മണിയോടെ ആരംഭിക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്കു സുന്നഹദോസ് സെക്രട്ടറി ദാനി യേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കാർമ്മികത്വം വഹിക്കും.

വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ചാണ് സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിക്കുക. ഈ ശുശ്രൂഷയിൽ സീനിയർ മെത്രാപ്പോലീത്താ മാത്യൂസ് മാർ ഈവാനിയോസ് നേതൃത്വം നൽകും.

ചരിത്രം സൃഷ്ടിച്ച മഹാസംഭവം

1975-ൽ സഭാ സെക്രട്ടറിയായിരുന്ന പി. സി. ഏബ്രഹാം ഇങ്ങനെ യെഴുതി:

ഓർത്തഡോക്സ് സഭയിലും റോമൻ കത്തോലിക്കാ സഭ പോലെ യുള്ള മറ്റു പുരാതന സഭകളിലും സഭാമേലദ്ധ്യക്ഷന്മാർ റിട്ടയർ ചെയ്യുന്ന പതിവോ അതിന് ഭരണഘടനാപരമായ വ്യവസ്ഥയോ ഇല്ല. അധികാര ങ്ങളും പദവികളും സ്വയം ത്യജിച്ചുകൊണ്ട് സമുന്നതമായ സ്ഥാനത്തു നിന്നു വിരമിക്കുന്ന പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ നൂതന ചരിത്രം സൃഷ്ടിക്കുക മാത്രമല്ല, അത്യന്തം മാതൃകാപരമായ ഒരു നട പടി സ്വീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

വാർദ്ധക്യസഹജമായ ക്ലേശങ്ങളും ശരീരാസ്വാസ്ഥ്യങ്ങളും ആരംഭി ച്ചപ്പോൾ മുതൽ തന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാനും പടിപടിയായി ചുമതലകൾ വിട്ടുകൊടുക്കാനും ശ്രദ്ധിച്ചിരുന്ന പ. ബാവായുടെ സഭാ സ്നേഹത്തിന്റെയും ദീർഘദൃഷ്ടിയുടെയും മകുടോദാഹരണമാണ് അഭൂ തപൂർവ്വമായ ഈ സ്ഥാനത്യാഗം. ആരുടെയെങ്കിലും അഭിപ്രായമോ ആവ ശ്യമോ അനുസരിച്ചു നടന്ന ഒരു നടപടിയുമല്ലിത്. തന്റെ വാർദ്ധക്യത്തിൽ സ്വാഭാവികമായുണ്ടാകുന്ന ക്ഷീണവും ശരീരദൗർബ്ബല്യങ്ങളും താൻ

സ്വജീവനെപ്പോലെ സ്നേഹിക്കുന്ന സഭയുടെ ഭരണനടത്തിപ്പിനും പുരോഗതിക്കും ഒരു വിധത്തിലും ഹാനികരമാകരുതെന്നുള്ള ദൃഢനിശ്ചയത്തിന്റെ ഫലമാണ് ഈ നടപടി. സഭ എക്കാലവും ഈ സംഭവത്തെ കൃതജ്ഞതാപുരസ്സരവും അഭിനന്ദനപൂർവ്വവും സ്മരിക്കാതിരിക്കില്ല.

ഇന്ന് മലങ്കരസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്ന ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് പുതിയ ചുമതലകൾ അവിചാരിതമായിട്ടല്ല വന്നുചേർന്നത്. അംഗീകൃത ഭരണഘടനയനുസരിച്ചുള്ള അസോസിയേഷൻ തെരഞ്ഞെടുപ്പും, പ. കാതോലിക്കാബാവായും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ഉൾപ്പെട്ട എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഏകകണ്ഠമായ തീരുമാനവുമനുസരിച്ച് അദ്ദേഹം നിയുക്ത കാതോലിക്കാസ്ഥാനം പ്രാപിച്ചിട്ട് ഏതാനും വർഷങ്ങളായി. ഈ കാലഘട്ടം സമുന്നത ഉത്തരവാദിത്വങ്ങൾ വഹിക്കാനുള്ള ഒരുക്കത്തിന്റെ അവസരമായിരുന്നു. സഭയിലെ ട്രസ്റ്റിമാർക്കും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറിയെന്ന നിലയിൽ എനിക്കും അദ്ദേഹവുമായി അടുത്തു പെരുമാറുവാൻ ഇടവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്ത് അദ്ദേഹത്തെപ്പറ്റി ഞങ്ങൾക്കു തോന്നിയിട്ടുള്ള മതിപ്പ് വളരെ ശുഭപ്രതീക്ഷകൾക്കു വക നൽകുന്നു.

സഭയുടെ ഇന്നത്തെ പരീക്ഷണഘട്ടവും സങ്കീർണ്ണങ്ങളായിത്തീർന്നിരിക്കുന്ന വിവിധ പ്രശ്നങ്ങളും ആത്മവിശ്വാസത്തോടുകൂടി അഭിമുഖീകരിക്കാൻ സഹായിക്കുന്നത് ദൈവാനുഗ്രഹത്താൽ നമ്മൾ അംഗീകരിച്ച ഭരണഘടനയാണ്. വ്യവസ്ഥാപിതമായ രീതികളും നടപടികളും സ്വീകരിച്ച് സഭയെ മുമ്പോട്ടു നയിക്കാൻ ഇന്നു കൂടുതൽ സൗകര്യങ്ങൾ അത് പ്രദാനം ചെയ്യുന്നു.

ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നു ശിക്ഷണത്തോടുകൂടി പ്രവർത്തിക്കാനും ഇന്ന് അഭിഷിക്തനാകുന്ന അഭിനവ കാതോലിക്കാബാവായ്ക്ക് കലവറ കൂടാതെയുള്ള പിന്തുണ നൽകാനും നാം ദൃഢനിശ്ചയം ചെയ്താൽ നമ്മെ അഭിമുഖീകരിക്കുന്ന വിഷമതകൾ പരിഹരിക്കാനുള്ള ശക്തി ദൈവം നമുക്കു പ്രദാനം ചെയ്യാതിരിക്കയില്ല. ആ അനുസ്മരണയോടുകൂടി സഭാംഗങ്ങൾ ഇന്നത്തെ ശുശ്രൂഷകളിൽ സംബന്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പതറാതെ നിലകൊള്ളുക: മാർ ഔഗേൻ ബാവാ

മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിലെ നിർണ്ണായകമായ ഈ ഘട്ടത്തിൽ കാതോലിക്കാ സിംഹാസനത്തിന്റെയും ഇന്നു നമ്മുടെ പിൻഗാമിയായി വാഴിക്കപ്പെടുന്ന പൗരസ്ത്യ കാതോലിക്കായുടെയും പിന്നിൽ അണിനിരക്കണം. വാർദ്ധക്യസഹജമായ അനാരോഗ്യം മൂലം സഭാ

ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുവാൻ നമുക്കു ബുദ്ധി മുട്ടുള്ളതിനാൽ നാം ജീവിച്ചിരിക്കുമ്പോൾതന്നെ നമ്മുടെ പിൻഗാമി വാഴി ക്കപ്പെടേണ്ടതാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടാണ് സഭാഭരണം പൂർണ്ണമായി വിട്ടൊഴിയാൻ നാം തീരുമാനിച്ചിട്ടുള്ളത്. ഈ ഒരു ബോധം സർവ്വശക്തനായ ദൈവത്തിൽ നിന്നാണ് നമുക്കുണ്ടായത്. കാതോലിക്കാസ്ഥാനം ഒഴിയുന്നത് കിഴക്കൻ സഭകളുടെ ചരിത്രത്തിൽ ആദ്യ സംഭവമാണ്. കാതോലിക്കായുടെ കാലശേഷം പിൻഗാമി വാഴി ക്കപ്പെടുകയെന്നതാണ് കീഴ്വഴക്കം. എന്നാൽ ഈ ഘട്ടത്തിൽ നാം സ്ഥാനം ഒഴിയുകയും നമ്മുടെ പിൻഗാമി കാതോലിക്കാസിംഹാസനാ രോഹണം നടത്തുകയും ചെയ്യേണ്ടത് സഭയുടെ സർവ്വതോമുഖമായ പുരോഗതിക്ക് ആവശ്യമാണെന്ന് നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. എതിർപ്പു കളെയും പ്രതിസന്ധികളെയും ഈശ്വരാനുഗ്രഹത്താൽ വിജയകരമായി തരണം ചെയ്ത ചരിത്രമാണ് നമ്മുടെ സഭയ്ക്കുള്ളത്. നമ്മുടെ മഹാര ഥന്മാരായ മുൻഗാമികളുടെ കാലടിപ്പാതകളിലൂടെയാണ് നാമും ഇത്ര നാൾ സഞ്ചരിച്ചത്. ആ പാരമ്പര്യം തുടരുകയും സഭയെ സമർത്ഥമായി നയിക്കുകയും ചെയ്യുമെന്ന് നമുക്ക് ബോധ്യമുണ്ട്. സഭാംഗങ്ങളുടെ സ്നേഹബഹുമാനാദരവുകൾ ആർജ്ജിച്ചുകൊണ്ട് ഭരണം നടത്തുവാൻ ദൈവം നമ്മെ അനുവദിച്ചു. ഇപ്പോൾ നമ്മുടെ പിൻഗാമി വാഴിക്കപ്പെടു ന്നതു കാണുവാനുള്ള ഭാഗ്യവും ദൈവം നമുക്കു നൽകിയിരിക്കുകയാണ്. ദൈവം നൽകിയ എല്ലാ കഴിവുകളും സഭയ്ക്കുവേണ്ടി അർപ്പിച്ചു എന്ന ബോദ്ധ്യം നമുക്കുണ്ട്. പരിശുദ്ധ പിതാക്കന്മാരുടെ കാലടിപ്പാതകളിലൂടെ ത്തന്നെ സഞ്ചരിക്കുവാൻ ദൈവംതമ്പുരാൻ നമ്മുടെ പിൻഗാമിക്കും അവ സരം നൽകട്ടെ. സഭയ്ക്കു ശോഭനമായി ഭാവി നാം ആശംസിക്കുകയും നമ്മുടെ പിൻഗാമിയുടെ പിന്നിൽ പതറാതെ നിലകൊള്ളുവാൻ അഭ്യർ ത്ഥിക്കുകയും ചെയ്യുന്നു.

അഞ്ചാം കാതോലിക്കാസ്ഥാനം ഏറ്റു

28-10-75: കോട്ടയം: മലങ്കര മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ അത്താനാസ്യോസിനെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി ഇന്നലെ അവരോധിച്ചു. ചരിത്രമുറങ്ങുന്ന പഴയസെമിനാരിയുടെ തിരുമുറ്റത്ത് സജ്ജമാക്കിയിരുന്ന പ്രത്യേക മദ്ബഹായിൽ നടന്ന ലളിതവും അനാഡംബരവും അത്യന്തം ഭക്തിനിർഭരവുമായ സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് ഒട്ടധികം വൈദികരും ജനങ്ങളും ഉൾപ്പെട്ട പ്രാതിനിദ്ധ്യ സ്വഭാവമുള്ള ഒരു സദസ് സാക്ഷി നിന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ അതിപ്രധാനവും

അവിസ്മരണീയവുമായ ഈ സ്ഥാനാരോഹണച്ചടങ്ങിനു സുന്നഹദോസ് പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ മാത്യൂസ് മാർ ഈവാനിയോസ് നേതൃത്വം നൽകി. സ്ഥാനാരോഹണച്ചടങ്ങിനു മുമ്പ് വി. കുർബ്ബാന അർപ്പിച്ചതും ആരാധനകൾ നയിച്ചതും സുന്നഹദോസ് സെക്രട്ടറിയും തുമ്പമൺ ഭദ്രാസനാധിപനുമായ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായായിരുന്നു.

സുന്നഹദോസിലെ രണ്ടംഗങ്ങളൊഴികെയുള്ള എല്ലാ മെത്രാപ്പോലീത്തന്മാരും സഹോദരീ സഭകളിലെ ബിഷപ്പുമാരും അനേകം വൈദികരും ഭക്തജനങ്ങളും പങ്കെടുത്ത സ്ഥാനാരോഹണച്ചടങ്ങുകൾ നാലു മണിക്കൂറോളം നീണ്ടുനിന്നു.

കേരളത്തിനു വെളിയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന ജോസഫ് മാർ പക്കോമിയോസ്, സ്തേപ്പാനോസ് മാർ തേവോദോസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാർക്കാണ് ചടങ്ങിൽ സംബന്ധിക്കാൻ കഴിയാതെ പോയത്. എന്നാൽ ചടങ്ങ് അവസാനിച്ചപ്പോഴേക്കും തേവോദോസ്യോസ് മെത്രാപ്പോലീത്താ എത്തിച്ചേർന്നു. മാത്യൂസ് മാർ കൂറിലോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തോടുകൂടിയാണ് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ആരാധനകൾ നയിച്ചത്.

തിരുവല്ലാ ബിഷപ്പ് സക്കറിയാസ് മാർ അത്താനാസ്യോസ്, തൊഴിയൂർ ഇടവകയുടെ പൗലൂസ് മാർ പീലക്സീനോസ്, സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് ടി. എസ്. ജോസഫ്, ബിഷപ്പ് എം. എം. ജോൺ എന്നിവരും ചടങ്ങിൽ സംബന്ധിച്ചിരുന്നു.

ഇന്നലെ രാവിലെ ഏഴു മണിക്ക് പഴയസെമിനാരി ചാപ്പലിൽ പ്രഭാത പ്രാർത്ഥനയാരംഭിച്ചു. അവിടെ കബറടങ്ങിയിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ ആദ്ധ്യാത്മികചൈതന്യം തുടിച്ചുനിന്ന അന്തരീക്ഷത്തിൽ നടന്ന പ്രഭാത പ്രാർത്ഥനകൾക്കുശേഷം മെത്രാപ്പോലീത്താമാരും വൈദികരും ശുശ്രൂഷക്കാരും ഘോഷയാത്രയായി പള്ളിയങ്കണത്തിൽ സജ്ജമാക്കിയിരുന്ന സ്ഥാനാരോഹണ മണ്ഡപത്തിലേക്ക് നീങ്ങി. എല്ലാവർക്കും പിന്നിലായി കാതോലിക്കാ സ്ഥാനാർത്ഥി മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും മദ്ബഹായിലെത്തി.

എട്ടു മണിക്ക് സ്ഥാനാരോഹണ മണ്ഡപത്തിൽ മൂന്നാം മണിയുടെ നമസ്ക്കാരം നടന്നു. തുടർന്ന് മെത്രാപ്പോലീത്താമാർ അംശവസ്ത്രങ്ങളണിയുകയും ആരാധനയുടെ ആദ്യ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തു.

“അപ്പോസ്തോലികമായ പരമോന്നതസ്ഥാനത്തേക്ക് പരിശുദ്ധ റൂഹാ അങ്ങയെ വിളിക്കുന്നു” എന്നറിയിച്ചുകൊണ്ട് വി. സുന്നഹദോസ് സ്ഥാനാർത്ഥിയുടെ മുമ്പിൽ മുട്ടുകുത്തി. തുടർന്ന് “ആ വിളിയെ ഞാൻ സ്വീകരിച്ച് അംഗീകരിക്കുന്നു” എന്നു പ്രഖ്യാപിച്ചുകൊണ്ട് സ്ഥാനാർത്ഥി സുന്നഹദോസിന്റെ തിരുമുമ്പിൽ കുമ്പിട്ടു. സുന്നഹദോസ് പ്രസിഡന്റും സീനിയർ മെത്രാപ്പോലീത്തായുമായ മാത്യൂസ് മാർ ഈവാനിയോസ് സ്ഥാനാർത്ഥിയുടെ കൈ പിടിച്ചെഴുന്നേൽപിച്ചു. തുടർന്ന് സ്ഥാനാർത്ഥിയെ മെത്രാപ്പോലീത്താമാർ ചേർന്നു പുതിയ പരമോന്നതസ്ഥാനത്തേക്കുള്ള അംശവസ്ത്രങ്ങൾ അണിയിക്കുകയും വി. കുർബ്ബാന ആരംഭിക്കുകയും ചെയ്തു.

മൂന്നു ഗുണങ്ങൾ

വിശുദ്ധ കുർബ്ബാനമദ്ധ്യേ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ചെയ്ത ലഘു പ്രസംഗത്തിൽ ഒരു നല്ല ഇടയന്റെ മൂന്നു ഗുണങ്ങൾ വിശദീകരിച്ചു.

ഇന്ന് മലങ്കരസഭയെ സംബന്ധിച്ചിടത്തോളം സുസ്മരണീയമായ ദിവസമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മെത്രാപ്പോലീത്താ പ്രസംഗം ആരംഭിച്ചത്. അദ്ദേഹം തുടർന്നു. പ. കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമന് അനാരോഗ്യം മൂലം ചുമതലകൾ നിർവഹിക്കാൻ ബുദ്ധിമുട്ടായതിനെത്തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായ മാത്യൂസ് മാർ അത്താനാസ്യോസ് കിഴക്കിന്റെ കാതോലിക്കായായി അവരോധിക്കപ്പെടുകയാണ്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10–ാം അദ്ധ്യായമാണ് ഇന്ന് ഏവൻഗേലിയോനിൽ വായിക്കുന്നത്. നല്ല ഇടയന്റെ മൂന്നു ലക്ഷണങ്ങൾ അവിടെ എടുത്തു പറയുന്നുണ്ട്.

ഒന്നാമത് നല്ലയിടയൻ വാതിലിലൂടെ കടക്കുന്നവനാകുന്നു. വാതിൽ കാവൽക്കാരൻ അവനു വാതിൽ തുറന്നുകൊടുക്കുന്നു. ആ വാതിലിലൂടെ അകത്തു കടക്കുന്ന ഇടയൻ ആടുകളെ പേർ ചൊല്ലി വിളിക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിയുന്നു. അവ ഇറങ്ങിച്ചെല്ലുന്നു. വേദഭാഗം നമ്മെ പഠിപ്പിക്കുന്നത് വാതിലിലൂടെ കടക്കുന്നവനാണ് നല്ല ഇടയൻ എന്നാണ്. പുറംവാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാകുന്നു. അവൻ തന്റെ ആടുകളെയും ആടുകൾ അവനെയും അറിയുന്നില്ല. അതിനാൽ ആടുകൾ അവനെ അനുസരിക്കുന്നില്ല.

രണ്ടാമത് നല്ല ഇടയൻ ആട്ടിൻപറ്റങ്ങളെ പച്ചയായ പുൽപ്പുറങ്ങളിലേക്ക് നയിക്കുന്നു. സഭാമക്കളാകുന്ന ആടുകൾക്ക് പ്രതിബന്ധങ്ങൾ തരണം ചെയ്ത് ആത്മീയമായ ആഹാരം ലഭ്യമാക്കുക എന്നത് നല്ല ഇടയന്റെ ചുമതലയാണ്.

മൂന്നാമത് നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ കൊടുക്കുന്നു. കൂലിക്കാരനോ ചെന്നായ് വരുന്നതു കണ്ട് ഓടിക്കളയുന്നു. ചെന്നായ് ആട്ടിൻപറ്റത്തെ ഛിന്നഭിന്നമാക്കിക്കളയുന്നു.

സഭാപിതാവ് സഭാമക്കളെ സംബന്ധിച്ചിടത്തോളം നല്ല ഇടയനാണ്. നേരായ വാതിലിലൂടെ അകത്തു പ്രവേശിക്കുന്നയാളാണ് യഥാർത്ഥ പിതാവ്. അദ്ദേഹം നല്ലയിടയനാണ്. നേരായ മാർഗ്ഗത്തിലൂടെയല്ലാതെ സഭയുടെ നേതൃസ്ഥാനത്ത് വരുന്നയാൾ നല്ലയിടയനല്ല.

സഭാമക്കൾക്ക് നല്ല മേച്ചിൽസ്ഥലങ്ങൾ കണ്ടെത്താനുള്ള ചുമതല സഭാപിതാവിന്റേതാണ്. ലക്ഷക്കണക്കിനുള്ള സഭാമക്കൾക്കായി നല്ല മെത്രാന്മാരെ സഭയ്ക്കു നൽകാനുള്ള ചുമതല നേതാവിനാണ്. സഭാമക്കളെ ചെന്നായ്ക്കളിൽ നിന്ന് രക്ഷിക്കാനുള്ള ഉത്തരവാദിത്വവും സഭാതലവന്റേതു തന്നെ.

ഇന്ന് ചെന്നായ്ക്കൾ ധാരാളമായി ആട്ടിൻപറ്റത്തിലേക്ക് കയറിവരുന്ന കാലമാണ്. അതു കണ്ട് നല്ല ഇടയൻ ഓടിപ്പോവുകയില്ല. യുദ്ധം ചെയ്ത് ആടുകളെ രക്ഷിക്കും. നമുക്കിന്ന് നല്ലയിടയനെ ലഭിക്കുന്നു. സമർത്ഥനായ നല്ലയിടയനായി നിന്റെ ദാസനെ വാഴിക്കണമേ എന്നു നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

പ്രസംഗാനന്തരം മേല്പട്ടക്കാർ സ്ഥാനാർത്ഥിയെ ത്രോണോസിന്റെ മുമ്പിലേക്കു നയിച്ചു. അവിടെ നിന്നുകൊണ്ട് അദ്ദേഹം വിശ്വാസപ്രതിജ്ഞ (അമാലോക്യ) ചൊല്ലി.

മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളുടെ ഭരണവും മേൽനോട്ടവും സഭാപാരമ്പര്യങ്ങൾക്കും കാനോൻ നിയമങ്ങൾക്കും സഭയുടെ ഭരണഘടനയ്ക്കും അനുസൃതമായി മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടുള്ള വിധേയത്വത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയാലും ശക്തിയാലും നിർവഹിച്ചുകൊള്ളാമെന്ന് സ്ഥാനാരോഹണശുശ്രൂഷാമദ്ധ്യേ ചെയ്ത സത്യപ്രതിജ്ഞയിൽ കാതോലിക്കാബാവാ പറഞ്ഞു. വിശ്വാസപ്രഖ്യാപനത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

പൗരസ്ത്യ കാതോലിക്കാസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ബലഹീനനായ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായായ ഞാൻ ഈ മദ്ബഹായുടെ മുമ്പാകെയും ഈ പ. സുന്നഹദോസിന്റെ മുമ്പാകെയും അതിന്റെ അദ്ധ്യക്ഷനായ മാത്യൂസ് മാർ ഈവാനിയോസ് സീനിയർ മെത്രാപ്പോലീത്താ മുമ്പാകെയും എന്റെ വിശ്വാസം ഏറ്റുപറയുന്നു.

1. നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ പ. ശ്ലീഹന്മാരെയും

അവരുടെ മദ്ധ്യസ്ഥത മുഖാന്തരം സർവ്വപിതാക്കന്മാരെയും ഇന്നയോള മുള്ള സ്തുതിചൊവ്വാകപ്പെട്ട മൽപ്പാന്മാരെയും ഭരമേല്പിച്ചപ്രകാരമുള്ള സത്യവിശ്വാസവും ഞാൻ പാലിക്കും. ആയതു പിതൃപുത്ര പരിശുദ്ധാ ത്മാവ് എന്നിങ്ങനെ മൂന്നു ക്നൂമാകളിൽ അറിയപ്പെടുന്ന ഏക ദൈവ ത്തിലുള്ള വിശ്വാസം തന്നെ.

പിതാവു ജനകനാകുന്നു. പുത്രനോ പിതാവിൽ നിന്നു ജനിച്ചവനാ കുന്നു. റൂഹാ പിതാവിൽ നിന്നു പുറപ്പെടുകയും ചെയ്യുന്നു.

അവർ മൂവരും ശ്രേഷ്ഠതയിലും ശക്തിയിലും അധികാരത്തിലും ബഹുമാനത്തിലും തുല്യതയുള്ളവരും ഏകസ്വഭാവം ഏകയിഷ്ടം ഏക സാരാംശം എന്നിവ ഉള്ളവരുമാകുന്നു.

2. രണ്ടാമത്തെ ക്നൂമാ തന്റെയും തന്റെ പിതാവിന്റെയും തന്റെ പരി ശുദ്ധറൂഹായുടെയും തിരുഹിതപ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി പരി ശുദ്ധറൂഹായിൽ നിന്നും കന്യകമറിയാമിൽ നിന്നും നമ്മുടെ രക്ഷയ്ക്കു വേണ്ടി ജഡധാരണം ചെയ്തു മനുഷ്യനായിത്തീർന്നു. താൻ നിമിത്തം തന്റെ മാതാവ് ദൈവമാതാവാകുന്നു.

3. തന്റെ ദൈവത്വം തന്റെ മനുഷ്യത്വത്തോട് പ്രകൃതപ്രകാരവും ക്നൂമാ പ്രകാരവും കലർപ്പോ സമ്മിശ്രമോ വ്യത്യാസമോ കലക്കമോ കൂടാതെ സംയോജിപ്പിച്ച് തന്റെ ദൈവത്വം ഒരു നിമിഷം പോലും മനു ഷ്യത്വത്തിൽ നിന്നു ഒട്ടും തന്നെ വിട്ടുപിരിയാതിരുന്നു.

അതായത് ജഡധാരണം ചെയ്ത ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അവൻ തന്നെ കഷ്ടപ്പെട്ടു ജഡത്തിൽ മരിച്ചു. കബറടക്കപ്പെടുകയും കബറിൽ നിന്ന് ഉത്ഥാനം ചെയ്യുകയും സ്വർഗ്ഗത്തിലേക്ക് കരേറുകയും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിപ്പാൻ വരാനിരിക്കുകയും ചെയ്യുന്നു.

4. പരിശുദ്ധസഭയുടെ ഏഴു കൂദാശാ രഹസ്യങ്ങളിൽ ഞാൻ വിശ്വ സിക്കുന്നു. തിരുവെഴുത്തുകളുടെ രണ്ടു നിയമങ്ങൾ ഞാൻ സ്വീകരി ക്കുന്നു. ശ്ലൈഹികമായ പാരമ്പര്യം ഞാൻ ഏറ്റുപറയുന്നു. പരിശുദ്ധാ ത്മാവിന്റെ മദ്ധ്യസ്ഥതയിൽ ഞാൻ വിശ്വസിക്കുന്നു. പ. കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ ഞാൻ അംഗീക രിക്കുന്നു.

5. നിഖ്യായിലും കുസ്തന്തീനോസിലും എഫേസൂസിലും ദൈവാത്മാ വിൽ കൂടപ്പെട്ട മൂന്ന് പൊതു സുന്നഹദോസുകളിൽ പരിശുദ്ധ പിതാക്ക ന്മാരാൽ നിശ്ചയിച്ചിട്ടുള്ളതെല്ലാം ഞാൻ അംഗീകരിക്കുന്നു.

6. പ. സഭ ആദിമുതൽ ഇന്നോളം തള്ളിക്കളഞ്ഞിട്ടുള്ള എല്ലാ വിശ്വാസവിപരീതങ്ങളെയും ഞാൻ തള്ളിപ്പറയുന്നു. എല്ലാ പരിശുദ്ധ ശ്ലീഹന്മാരെയും പ്രത്യേകിച്ച് ശ്ലീഹന്മാരിൽ മുമ്പനായ മാർ പത്രോസിനെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായെയും അറിയിപ്പുകാരെയും പിതാക്കന്മാരെയും സത്യവിശ്വാസികളായ മല്പാന്മാരെയും എല്ലാ പരിശുദ്ധ പിതാക്കന്മാരെയും ഞാൻ സ്വീകരിക്കുന്നു.

7. സഭയിൽ ഉണ്ടായിട്ടുള്ളവയും ഇനിയും ഉണ്ടാകുവാനിരിക്കുന്നതുമായ നിയമാനുസൃതമായ പ. സുന്നഹദോസുകളെയും അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനവും മലങ്കര കാതോലിക്കാ സിംഹാസനവും തമ്മിലുള്ള നിയമാനുസൃത ബന്ധത്തെയും ഞാൻ അംഗീകരിക്കുന്നു. എന്നെ ഭരമേൽപിച്ചിട്ടുള്ള ഈ ആട്ടിൻകൂട്ടത്തിന്റെ ഭരണവും മേൽനോട്ടവും സഭാപാരമ്പര്യങ്ങൾക്കും കാനോൻ നിയമങ്ങൾക്കും സഭയുടെ ഭരണഘടനയ്ക്കും അനുസൃതമായി മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടുള്ള വിധേയത്വത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയിലും ശക്തിയിലും നിർവഹിച്ചുകൊള്ളാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. മേൽപറഞ്ഞ കാര്യങ്ങളിൽ നിന്ന് ഒട്ടുംതന്നെ മാറുകയില്ലെന്നും ഞാൻ വാഗ്ദത്തം ചെയ്യുന്നു.

ഇവ സ്വന്തം മനസ്സാലെയും സ്വന്ത ഇഷ്ടപ്രകാരവും ഞാൻ എഴുതി ഒപ്പിട്ടിരിക്കുന്നു. നമ്മുടെ മതത്തിന്റെ മഹാപുരോഹിതനായ യേശുമശിഹാ തന്റെ കൃപയിൽ എന്നെ കാത്തു നയിക്കുന്നതിനായി എനിക്കുവേണ്ടി പ്രാർത്ഥിപ്പാൻ പ. സുന്നഹദോസിനോടും സഭ മുഴുവനോടും എളിയവനും ബലഹീനനുമായ ഞാൻ അപേക്ഷിക്കുന്നു.

വിശ്വാസപ്രഖ്യാപനത്തിന് ശേഷം സ്ഥാനാർത്ഥി സീനിയർ മെത്രാപ്പോലീത്തായുടെ കൈ മുത്തി. തുടർന്ന് സ്ഥാനാരോഹണ ചടങ്ങിന്റെ പരമപ്രധാനമായ "ഓക്സിയോസ്" വിളി മുഴങ്ങി.

"മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്റെ ഉന്നതപ്പെട്ട കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് യോഗ്യൻ യോഗ്യൻ" എന്നർത്ഥമാകുന്ന ഓക്സിയോസ് മൂന്നു പ്രാവശ്യം മുഴങ്ങി. അപ്പോൾ മേല്പട്ടക്കാർ സ്ഥാനാർത്ഥിയെ കസേരയിലെടുത്തുയർത്തുകയും അദ്ദേഹം സ്ലീബായാൽ ഭക്തജനങ്ങളെ ആശീർവദിക്കുകയും ചെയ്തു.

തുടർന്ന് സഭയുടെ ചുമതലഭാരങ്ങളെല്ലാം ഏൽപിക്കുന്നതിന്റെ പ്രത്യക്ഷോദാഹരണമായ അംശവടി നൽകൽ ചടങ്ങാണ് നടന്നത്. സീനിയർ മെത്രാപ്പോലീത്താ അംശവടിയുടെ തലയ്ക്കലും മറ്റു മെത്രാപ്പോലീത്താമാർ മൂപ്പുമുറയനുസരിച്ചും ഏറ്റവും ഒടുവിൽ സ്ഥാനാർത്ഥിയും അംശ

വടിയിൽ പിടിച്ചു. അനന്തരം സ്ഥാനാർത്ഥിയൊഴികെ എല്ലാവരും കൈക്കു കീഴെ അംശവടിയിന്മേൽ പിടിക്കുകയും ചെയ്തു. തുടർന്ന് പുതിയ കാതോലിക്കാ ആ വടികൊണ്ട് വിശ്വാസികളെ അനുഗ്രഹിച്ചു. ഇതോടെ സ്ഥാനാരോഹണ കർമ്മങ്ങൾ പര്യവസാനിക്കുകയും മേല്പ്പട്ടക്കാരും പട്ടക്കാരും ശുശ്രൂഷകന്മാരും സമാധാനത്തിന്റെ ചുംബനം നടത്തുകയും കൈയസൂരി നൽകുകയും ചെയ്തു.

പിന്നീട് വി. കുർബ്ബാനയുടെ അവശേഷിച്ച ഭാഗം അഭിനവ കാതോലിക്കായുടെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു. വി. കുർബ്ബാനാനന്തരം ഹാരാർപ്പണം നടന്നു.

മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസിനുവേണ്ടി സെക്രട്ടറി ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും സമുദായ സെക്രട്ടറി പി. സി. ഏബ്രഹാമും വൈദികസെമിനാരിക്കു വേണ്ടി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ചെറിയപള്ളിക്കുവേണ്ടി ബേബി അലക്സും ഹാരങ്ങൾ അർപ്പിച്ചു. തുടർന്ന് വിവിധ ഭദ്രാസനങ്ങൾക്കും പള്ളികൾക്കും സഭയിലെ ഇതര സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയും ഹാരാർപ്പണം നടന്നു.

അനന്തരം നടന്ന അനുമോദനയോഗത്തിൽ സീനിയർ മെത്രാപ്പോലീത്താ മാത്യൂസ് മാർ ഈവാനിയോസ് അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അനുമോദന പ്രസംഗം നടത്തി. പുതിയ കാതോലിക്കാ മറുപടി പ്രസംഗം ചെയ്തു.

മോതിരം, മാല

കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷയ്ക്കുശേഷം അഭിനവ കാതോലിക്കായും, മെത്രാപ്പോലീത്താമാരും കാതോലിക്കേറ്റ് അരമനയിൽ എത്തി പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായെ സന്ദർശിച്ചു. തദവസരത്തിൽ പ. ഔഗേൻ ബാവാ പിൻഗാമിക്ക് ഒരു കനക മോതിരം സമ്മാനിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അണിഞ്ഞിരുന്നതാണ് ഈ മോതിരം. സ്ഥാനാഭിഷേക ശുശ്രൂഷയ്ക്ക് മുമ്പ് ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ഉപയോഗിച്ചിരുന്ന മാലയും പ. ഔഗേൻബാവാ കൊടുത്തയയ്ക്കുകയുണ്ടായി.

എം. ഡി. സെമിനാരിയിൽ താമസിച്ചുവരുന്ന അഭിനവ കാതോലിക്കാ ഏതാനും ആഴ്ചകൾക്കുള്ളിൽ കാതോലിക്കേറ്റ് അരമനയിലേക്ക് താമസം മാറ്റുന്നതാണ്. ബസ്സേലിയോസ് കോളജിലും എം.ഡി. സെമിനാരി ഹൈസ്ക്കൂളിലും പബ്ലിക്ക് പരീക്ഷ നടന്നുകൊണ്ടിരിക്കുന്നതിനാലാണ്

കാതോലിക്കാ സ്ഥാനാരോഹണം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു നടത്താൻ കഴിയാതെ പോയത്.

സഭാസമാധാനത്തിനു ശേഷം ചേർന്നിട്ടുള്ള സഭയുടെ സുപ്രധാന മായ എപ്പിസ്ക്കോപ്പൽ സുന്നഹദോസുകളിലും അസോസിയേഷൻ യോഗങ്ങളിലും മാനേജിംഗ് കമ്മിറ്റിയിലും കാതോലിക്കാബാവായുടെ നിർദ്ദേശാനുസരണം നേതൃത്വം നൽകി ഭരണപരിചയം ലഭിച്ച മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തന്നെയാണ് അടുത്ത കാതോ ലിക്കാ എന്ന് സഭാംഗങ്ങൾ എല്ലാവരും ചിന്തിച്ചുറച്ചിരുന്നു. തന്നിമിത്തം അസോസിയേഷൻ 1970 ഡിസംബർ 31-നു അദ്ദേഹത്തെ കാതോലിക്കാ യുടെ പിൻഗാമിയായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തപ്പോൾ ആർക്കും വിസ്മയം തോന്നിയതുമില്ല.

സഭാഭരണം സുഗമമായി നടത്തിക്കൊണ്ടുപോകാൻ പ്രായാധിക്യം മൂലം സാധിക്കുന്നില്ലെന്നുള്ള ബോധ്യത്തോടുകൂടി നവതി കഴിഞ്ഞ ഔഗേൻ ബാവാ 1975 സെപ്തംബറിൽ തന്നെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വമനസ്സാലെ ഒഴിഞ്ഞുകൊടുത്തിരുന്നു. പിന്നീട് കാതോലിക്കാ സ്ഥാനവും വിട്ടുകൊടുത്തതിനുശേഷമാണ് 1975 ഒക്ടോബർ 27-നു ചരിത്രം പള്ളിയുറങ്ങുന്ന കോട്ടയം പഴയസെമിനാരിയിൽ വച്ച് മാർ അത്താനാസ്യോസിനെ മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കായായി അവരോധിച്ചത്.

കാതോലിക്കാ സ്ഥാനാരോഹണ ചടങ്ങിനു സീനിയർ മെത്രാപ്പോ ലീത്താമാരായ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ്, ഡാനിയേൽ മാർ പീലക്സീനോസ് എന്നിവരാണ് അന്ന് പ്രധാന കാർമ്മികത്വം വഹി ച്ചത്. ഭക്തിനിർഭരമായ ചടങ്ങുകൾക്കും സ്ഥാനാരോഹണത്തിനും ശേഷം കാതോലിക്കാബാവാ എന്ന നിലയിൽ ചെയ്ത പ്രഥമ പ്രസംഗം അതി ശ്രദ്ധേയമായ ഒന്നാണ്. അതു ചുവടെ ചേർക്കുന്നു.

“മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്ത് പരിശുദ്ധ സുന്ന ഹദോസിലൂടെ പരിശുദ്ധ റൂഹാ ബലഹീനനായ എന്നെ ഉയർത്തിയിരി ക്കുന്ന ഈ അവസരത്തിൽ സമ്മിശ്ര വികാരങ്ങളോടു കൂടിയാണ് ഞാനി വിടെ നിൽക്കുന്നത്. മാർത്തോമ്മാശ്ലീഹാ തന്റെ മജ്ജയും മാംസവും ഈ മണ്ണിൽ വീഴ്ത്തി വളർത്തിയെടുത്ത പൗരാണികമായ ഈ ക്രൈസ്ത വസഭയുടെ പ്രധാന നേതൃസ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ ദൈവതിരുമുമ്പാകെ പൂർണ്ണമായി സമർപ്പിച്ചും പരി ശുദ്ധാത്മാവിന്റെ നടത്തിപ്പിൽ പൂർണ്ണമായി ആശ്രയിച്ചും കാതോലി ക്കായും മലങ്കരമെത്രാപ്പോലീത്തായും എന്ന നിലകളിലുള്ള അതിഗൗര വമായ ചുമതലകൾ ഞാൻ ഏറ്റവും വിനീതനായി ഏറ്റെടുക്കുകയാണ്.

കടന്നുപോയ പിതാക്കന്മാരുടെ മദ്ധ്യസ്ഥത എപ്പോഴും എനിക്കായി ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

നമ്മുടെ പരിശുദ്ധ പിതാവായ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമേനി പിതാക്കന്മാരുടെ പിതാവെന്ന നാമം അന്വർത്ഥമാക്കിയിരിക്കുകയാണ്. 92 വയസ്സു കഴിഞ്ഞ പ. ബാവാ മലങ്കരസഭയിലുണ്ടായിട്ടുള്ള എല്ലാ മേല്പട്ടക്കാരേക്കാൾ കൂടുതൽ വർഷം ജീവിച്ചിരിക്കുന്നയാളാണ്. ലോകത്തെമ്പാടുമുള്ള സഭകളുടെ പ്രധാന മേലദ്ധ്യക്ഷന്മാരിൽ ഏറ്റവും പ്രായം കൂടിയ ദേഹവും തിരുമേനി തന്നെ. തിരുമനസ്സിലേക്ക് എന്നോടുള്ള പൈതൃകമായ വാത്സല്യം എനിക്കു നല്ല വണ്ണം ബോധ്യമുണ്ട്. 1964-ൽ അദ്ദേഹം കാതോലിക്കാ ആയപ്പോൾ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി എന്നെ നിയമിച്ചു. 1970-ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി എന്നെ തെരഞ്ഞെടുത്തതു മുതൽ അദ്ദേഹത്തിന്റെ ചുമതലകൾ എന്നെ ഭരമേൽപിക്കാൻ തുടങ്ങി. 1975 സെപ്റ്റംബർ 24-ാം തീയതി മലങ്കര മെത്രാപ്പോലീത്താസ്ഥാനവും ഇന്നു കാതോലിക്കാ സ്ഥാനവും എന്നെ ഭരമേൽപിച്ചിരിക്കുകയാണ്. സ്ഥാനമാനങ്ങൾ വിട്ടൊഴിഞ്ഞ് വിശ്രമജീവിതം തെരഞ്ഞെടുക്കുക സാധാരണആളുകൾക്ക് അത്ര എളുപ്പമുള്ള കാര്യമല്ല. ആത്മീയതയിൽ അങ്ങേയറ്റം ഉയർന്നവർക്കു മാത്രമേ അപ്രകാരം ചെയ്യാൻ സന്നദ്ധതയുണ്ടാവുകയുള്ളു. അങ്ങനെ വിനീതനെന്നു വിഖ്യാതനായ പരിശുദ്ധ തിരുമേനി സ്വയം പരിത്യാഗിയെന്നുള്ള പ്രശസ്തി മാത്രമല്ല മഹാപരിശുദ്ധനും സഭാസ്നേഹിയുമാണെന്നും തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം തന്റെ ജീവിതകാലത്തുതന്നെ അദ്ദേഹത്തിന്റെ പിൻഗാമിയെ അനുഗ്രഹിച്ച് സഭയെ പുതിയ കൈകളിൽ ഏൽപിച്ചു സംതൃപ്തിയടയുവാനുള്ള വാഞ്ഛയും അദ്ദേഹത്തെ ഇതിനു പ്രേരിപ്പിച്ചു. കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സ്ഥാനം ഞാൻ ഏറ്റെടുത്തെങ്കിലും പരിശുദ്ധ ബാവായെ മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ഞാൻ കാണുന്നു. അദ്ദേഹം വലിയ ബാവായാണ്. കാതോലിക്കാ പിതാവാണ്. പിതാക്കന്മാരുടെ പിതാവാണ്. ആ നിലയിൽ അദ്ദേഹത്തെ ബഹുമാനിച്ച് അദ്ദേഹത്തിന്റെ ചേവടികളിൽ തൊട്ടുകൊണ്ടും അദ്ദേഹത്തിനു വിധേയനായും മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷസ്ഥാനം ഞാൻ ഏറ്റെടുക്കുന്നു. തിരുമനസ്സിലെ ശിഷ്ടായുസ്സ് എല്ലാവിധത്തിലും അനുഗ്രഹപ്രദമായിരിക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കണം.

ഈ സഭ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അതിലെ ഏറ്റവും പ്രധാനപ്പെട്ട സംഘം. അതിലെ അംഗങ്ങൾ ഏവരുടെയും സഹകരണം ഞാൻ അങ്ങേയറ്റം വിലമതിക്കുന്നു.

എന്നേക്കാൾ പത്തിരുപത് വയസ്സ് പ്രായക്കൂടുതലുള്ള മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സഭയുടെ സീനിയർ മെത്രാപ്പോലീത്തായാണ്. അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഞാൻ വിലമതിക്കുന്നു. ഞാൻ ഏറ്റെടുത്തിരിക്കുന്ന ചുമതലകൾ ഭംഗിയായി നിർവഹിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നിവയുടെ സമ്പൂർണ്ണ സഹകരണം ഉണ്ടാകുമെന്ന് എനിക്കുത്തമ വിശ്വാസമുണ്ട്. അങ്ങനെ ചെയ്യണമെന്ന് അവയിലെ അംഗങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. സത്യവിശ്വാസികളായ സകല വൈദികഗണവും വിശ്വാസികളും എന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുകയും എന്നെ സ്നേഹിക്കുകയും എല്ലാക്കാര്യങ്ങളിലും എന്നോടൊത്ത് പ്രവർത്തിക്കുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്. മലങ്കരയിൽ അങ്ങോളമിങ്ങോളമുള്ള സഭാമക്കളുടെ സ്നേഹവും വാത്സല്യവും ആസ്വദിക്കാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. തുടർന്നും ഞാനത് പ്രതീക്ഷിക്കുന്നു. അഹറോനും ഹൂരും ദീർഘദർശിമാരിൽ തലവനായ മോശയുടെ ഇരുവശത്തു നിന്ന് അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തി നൽകിയതുപോലെ ഈ സഭയുടെ അംഗങ്ങൾ എന്റെ സഹായത്തിനായി ഉണ്ടെന്നുള്ളത് എനിക്ക് പ്രത്യാശ നൽകുന്നു. മലങ്കരസഭയ്ക്ക് ഇന്ത്യയിലും വിദേശത്തും സുഹൃദ്ബന്ധമുള്ള അനേകം സഭകളുണ്ട്. ഇത് എക്യുമെനിക്കൽ യുഗമാണല്ലോ. എന്റെ സ്ഥാനാരോഹണത്തിന്റെ ഈ ദിവസം സകല സഭകളേയും അവയിലെ അദ്ധ്യക്ഷന്മാരെയും ഞാൻ ഓർക്കുന്നു. അവരോടുള്ള സുഹൃദ്ഭാവം പുതുക്കി രേഖപ്പെടുത്തുകയും ചെയ്യുന്നു. റോമൻ കത്തോലിക്കാസഭയും പാശ്ചാത്യ-പൗരസ്ത്യ ഓർത്തഡോക്സ് സഭകളും അതിലുൾപ്പെടുന്നു. അബ്ദേദുമശിഹാ പാത്രിയർക്കീസിന്റെ കല്പനയിൽ പറഞ്ഞിട്ടുള്ള അന്ത്യോഖ്യൻ സഭയുമായുള്ള ഈ സഭയുടെ സ്നേഹബന്ധം ഞാൻ സ്മരിക്കുകയാണ്. എങ്കിലും അചിരേണ ഈ രണ്ടു സഭകളും നിയമാനുസൃതമായുള്ള സമ്പൂർണ്ണ സ്നേഹബന്ധത്തിൽ എത്തിച്ചേരുമെന്ന് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയിൽ അസ്വസ്ഥതകൾ കൊടുമ്പിരികൊണ്ടിരിക്കുന്ന സമയത്താണ് ഈ സ്ഥാനത്ത് ഞാൻ അവരോധിക്കപ്പെട്ടിരിക്കുന്നത്. സഭയെ ഒന്നായി ഞാൻ കാണുന്നു. ഏതാനും ആളുകളുടെ നേതൃത്വത്തിൽ സഭയ്ക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘത്തെ ഞാൻ കാണാതിരിക്കുന്നില്ല. സഭയുടെ സംരക്ഷണത്തിന് അവരുടെ പ്രവർത്തനങ്ങളെ പ്രതിരോധിക്കാതെ നിവൃത്തിയില്ല. എങ്കിലും അവരോടെനിക്ക് സ്നേഹമാണുള്ളത്. സഭാവിരുദ്ധമായ അവരുടെ നടപടി വിട്ട് സഭയുടെ യഥാർത്ഥ മക്കളായി അവർ തീരുന്നതിന് ഞാൻ അഭിലഷിക്കുകയും

ആയതിനുവേണ്ടി പ്രാർത്ഥിക്കുകയും അവർ അപ്രകാരം ചെയ്യുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

കേരളത്തിലെ ക്രൈസ്തവ സഭകളെ പ്രത്യേകം ഞാൻ പരിഗണിക്കുന്നു. വിവിധ സാഹചര്യങ്ങൾകൊണ്ട് യോജിപ്പില്ലാതെ നിലകൊള്ളുന്നുവെങ്കിലും ഇവിടത്തെ കത്തോലിക്കാ, സി.എസ്.ഐ., മാർത്തോമ്മാ, ആഞ്ഞൂര്, കൽദായ മുതലായ സഭകൾ ഒരേ രക്തത്തിൽ നിന്നുള്ള സഭകളാകുന്നുവെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല.

അവയും ബാഹ്യകേരളത്തിലുള്ള മറ്റു സഭകളും ഓർത്തഡോക്സ് സഭയും യോജിച്ച് അഖിലഭാരതസഭ ഉണ്ടാകുന്നത് ഞാൻ സ്വപ്നം കാണുകയാണ്. കേവലം കിനാവു മാത്രമല്ല അതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിവിധസഭകളിൽ നിന്ന്, എന്റെ സ്ഥാനാരോഹണവേളയിൽ വന്നു സംബന്ധിച്ച് അതിനെ ധന്യമാക്കിയിട്ടുള്ള സഭാമേലദ്ധ്യക്ഷന്മാർക്കും ജനങ്ങൾക്കും എന്റെ കൃതജ്ഞത.

രണ്ടായിരം കൊല്ലം പഴക്കമുള്ള സഭയാണെങ്കിലും ഇന്നും ബാല്യദശയിൽ മാത്രം ഈ സഭ സ്ഥിതിചെയ്യുന്നു. അതിനു പ്രത്യേക കാരണങ്ങളുമുണ്ട്. അവയെ ഈ ഘട്ടത്തിൽ അവതരിപ്പിക്കേണ്ട കാര്യമില്ല.

ഇതിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിനുള്ള ഭാരമാണ് എന്നിൽ നിക്ഷിപ്തമായിട്ടുള്ളത്. അത് നിസ്സാരമായ കാര്യമൊന്നുമല്ല. ദൈവമാണ് സകലത്തേയും സമ്പൂർണ്ണമാക്കുന്നത്. മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിന് സാധ്യമാകുന്നു. ബലഹീനനായ എന്നെ കൈപിടിച്ച് നടത്തി ഈ ചുമതലയ്ക്ക് എന്നെ വഴി നടത്തുന്നതിന് ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.”

കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകൾ തമ്മിലുള്ള ഐക്യം ബാവാ വിഭാവനം ചെയ്തു എങ്കിലും കൂടുതൽ സഹകരണത്തിനു മാത്രമേ രംഗം ഒരുക്കാൻ സാധിച്ചുള്ളു. നിലയ്ക്കൽ സെന്റ് തോമസ് പള്ളി നിർമ്മാണം, സംയുക്ത ക്രൈസ്തവ വിദ്യാഭ്യാസ പ്രശ്നങ്ങൾ, കോട്ടയത്തെ സുറിയാനി പഠന ഗവേഷണ കേന്ദ്രം മുതലായ എക്യുമെനിക്കൽ കാര്യങ്ങളിൽ ബാവാതിരുമേനി പ്രത്യേകം താല്പര്യം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ കേസുകളും മറ്റും സഭയുടെ ശ്രദ്ധ നല്ല കാര്യങ്ങളിൽ നിന്ന് കുറെയെല്ലാം തിരിച്ചുവിട്ടു എന്നു പറയുന്നതായിക്കും ശരി. 1976 ഓഗസ്റ്റിലെ ആലുവാ തൃക്കുന്നത്തു സെമിനാരി കൈയേറ്റം, തെയൊഫിലോസ് മെത്രാപ്പോലീത്തായുടെ കാർ കത്തിക്കൽ തുടങ്ങിയ സ്കഡ് മിസൈലുകളെ കാതോലിക്കാബാവാ നിയമനടപടികളാകുന്ന പേട്രിയറ്റ് മിസൈലുകൾ കൊണ്ട് നിഷ്ഫലമാക്കി.

പിന്നീട് എറണാകുളം സ്പെഷൽ കോടതിയിൽ സമുദായക്കേസിൽ പ. ബാവായെ വിസ്തരിക്കുകയും സഭയുടെ യഥാർത്ഥ നിലപാട് വിശദമാക്കുകയും ചെയ്തു. എന്നാൽ ആ കേസിന്റെ അപ്പീലിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിൽ നിന്ന് ബാവായ്ക്ക് എതിരായ വിധിയാണുണ്ടായത്. പക്ഷേ, ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് കാതോലിക്കാബാവായുടെ നിലപാട് അരക്കിട്ടുറപ്പിച്ചുകൊണ്ട് 1990 ജൂൺ ഒന്നിനു വിധി പ്രസ്താവിച്ചു. തുടർന്ന് പാത്രിയർക്കീസ് ഭാഗം അതിനെതിരെ സുപ്രീം കോടതിയിൽ സ്റ്റേയ്ക്കും അപ്പീലിനുംവേണ്ടി ഹർജികൾ സമർപ്പിച്ചു. ഈ കേസുകളിലും താൻ ജയിക്കുമെന്നുള്ള ഉത്തമവിശ്വാസമാണ് ബാവായെ ഭരിച്ചത്. ഒരു സഭാകേസിലും താൻ പരാജയപ്പെട്ടിട്ടില്ലെന്ന് ബാവാ മുമ്പ് മനോരമയ്ക്ക് നൽകിയ ഒരഭിമുഖത്തിൽ സൂചിപ്പിച്ചിരുന്നു.

പരിശുദ്ധ ഔഗേൻ ബാവാ 1975 ഡിസംബർ 8-നു കാലം ചെയ്തു. സഭയുടെ പരിപൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ പിറ്റേവർഷം യൂറോപ്പിൽ പര്യടനം നടത്തുകയും തുടർന്ന് റഷ്യൻ ഓർത്തഡോക്സ് സഭയുടെ അത്യുന്നത ബഹുമതിയായ 'ഓർഡർ ഓഫ് വ്ളാഡിമർ' സ്വീകരിക്കുകയും ഉണ്ടായി. ഈ സന്ദർശനത്തിന്റെ പ്രതിസന്ദർശനമായിട്ടാണ് 1977 ഫെബ്രുവരിയിൽ റഷ്യൻ സഭയുടെ പീമൻ പാത്രിയർക്കീസ് മലങ്കരയിൽ എത്തിയത്. തിരിച്ചെത്തിയ ശേഷം ഏപ്രിൽ ഒന്നിനു മൂറോൻ കൂദാശ നടത്തുകയും മെയ് 16-ന് മാവേലിക്കരയിൽ ചേർന്ന മലങ്കര അസോസിയേഷൻ അഞ്ചു പട്ടക്കാരെ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. ആ വർഷം തന്നെ മാവേലിക്കരയിലെ മിഷൻ ട്രയിനിംഗ് സെന്റർ ബാവാ ഉദ്ഘാടനം ചെയ്തു.

1978-ൽ ആന്ധ്രായിലെ ചുഴലിക്കാറ്റു മൂലം ആയിരക്കണക്കിന് ആളുകൾ ഭവനരഹിതരായി. മറ്റു ജനവിഭാഗങ്ങളോടൊപ്പം മലങ്കരസഭയും ആന്ധ്രാ ദുരിതാശ്വാസനിധി ശേഖരിച്ചു സഹായം നൽകി.

ഇതിനിടയിൽ കാതോലിക്കേറ്റ് അരമനയുടെ രണ്ടാം ഘട്ടം പണി ബാവാ പൂർത്തിയാക്കി. ഇതിനുവേണ്ടി ഇന്ത്യയിലും വിദേശത്തുമുള്ള ഒട്ടധികം സഭാസ്നേഹികൾ ഗണ്യമായ സംഭാവന ചെയ്തിരുന്നു. 1951-ൽ തിരു-കൊച്ചി ഹൈക്കോടതി സമുദായക്കേസിൽ ഓർത്തഡോക്സ് വിഭാഗത്തിന് ദോഷകരമായി വിധി പ്രസ്താവിച്ചതിനെത്തുടർന്ന് കാതോലിക്കാബാവായുടെ ആസ്ഥാനമായ പഴയസെമിനാരി വിട്ടുകൊടുക്കേണ്ടി വന്നാൽ ബാവായ്ക്കു താമസിക്കാൻവേണ്ടി കെ. സി. മാമ്മൻമാപ്പിളയുടെ നേതൃത്വത്തിൽ ഒന്നര ലക്ഷത്തോളം രൂപ ശേഖരിച്ചു വാങ്ങിയതാണ് ദേവലോകം അരമന ഇരിക്കുന്ന സ്ഥലവും ചെറിയ കെട്ടിടവും. ഈ സ്ഥലത്ത് ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമന്റെ കാലത്ത് ഇന്നത്തെ

അരമനയുടെ ആദ്യ ഘട്ടം പണി പൂർത്തിയാക്കി. കോലഞ്ചേരിയിലെ പ്രമുഖ കോൺട്രാക്ടറായിരുന്ന എം. ചാക്കോപിള്ളയുടെ നേതൃത്വത്തിലായിരുന്നു ഒന്നാം നില പണി തീർന്നത് (അരമനപണിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ 'എം ചാക്കോപിള്ള: മഹാനായ ശില്പി' എന്ന പുസ്തകത്തിൽ കാണുക). പിന്നീട് സമുദായക്കേസ് സുപ്രീംകോടതിയിൽ എത്തിയതിനാൽ അരമനപണി തുടരാൻ സാധിച്ചില്ല. ഔഗേൻ ബാവായുടെ കാലത്തും പ്രശ്നങ്ങൾ വിട്ടുമാറാഞ്ഞതിനാൽ അരമനപ്പണി തുടർന്നു നടന്നില്ല.

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസിന്റെ ഭരണകാലമായപ്പോഴാണ് ഇക്കാര്യത്തിലും ഒരു മുന്നേറ്റം ഉണ്ടായത്. സഭാദ്ധ്യക്ഷന്റെ സ്ഥാനോചിതമായ ഔദ്യോഗികവസതി എന്ന നിലയിൽ അരമന മനോഹരമായി നിർമ്മിച്ചു. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാർക്കും ഒന്നിച്ചു വരുമ്പോഴും താമസിക്കാനുള്ള സൗകര്യം ഇപ്പോൾ അരമനയിലുണ്ട്. സഭയുടെ ഭൗതികനേട്ടങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണിത്. 1979-ൽ ബാവാ അമേരിക്കൻ ഭദ്രാസനം സന്ദർശിക്കുകയുണ്ടായി. അടുത്ത വർഷം മെയ് ഒന്നിനു കോട്ടയത്തു ചേർന്ന മലങ്കര അസോസിയേഷൻ കാതോലിക്കാബാവായുടെ പിൻഗാമിയായി മാത്യൂസ് മാർ കൂറിലോസിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

1982 സഭയെ സംബന്ധിച്ച് ഒരു സുപ്രധാന വർഷമായിരുന്നു. ജനുവരി രണ്ടിന് കാതോലിക്കാബാവാ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുമായി സംഭാഷണം നടത്തി. കാതോലിക്കേറ്റ് സപ്തതി സെപ്തംബർ 12-ന് അന്നത്തെ രാഷ്ട്രപതി സെയിൽസിംഗ് കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയും വിദേശസഭാ പ്രതിനിധികൾ അതിൽ പങ്കെടുക്കുകയും ചെയ്തത് ഒരവിസ്മരണീയ സംഭവമായിരുന്നു. ജോർജിയൻ സഭയുടെ 'ഓർഡർ ഓഫ് സെന്റ് ജോർജ്' എന്ന അത്യുന്നത ബഹുമതി പ്രസ്തുത സഭയിലെ ഇലിയ ബാവാ കാതോലിക്കാബാവായെ അണിയിച്ചു. സപ്തതി ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ വിദേശസഭാപ്രതിനിധികൾക്ക് എറണാകുളത്ത് മാർ ഔഗേൻ നഗറിൽ വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ നൽകപ്പെട്ട സ്വീകരണം ചരിത്രപ്രധാനമാണ്. അന്നു കാതോലിക്കാബാവാ ചെയ്ത പ്രസംഗത്തിൽ സഭ നേരിടുന്ന പ്രശ്നങ്ങളും സഭയുടെ ആധുനികസ്ഥിതികളും വിവരിച്ചു. അതിശ്രദ്ധേയമായ ആ പ്രസംഗം ചുവടെ ചേർക്കുന്നു.

"ഏറെ ആളുകൾ ഈ യോഗത്തിൽ സംസാരിക്കുകയുണ്ടായി. സംസാരിക്കുക മാത്രമല്ല, ഓരോ ചടങ്ങിൽ ഭാഗഭാക്കാകുകയും ചെയ്തിട്ടുണ്ട്. അവരെ അഭിസംബോധന ചെയ്യുക എന്നു വെച്ചാൽ അതു തന്നെ ദീർഘസമയത്തേക്ക് നടത്തേണ്ടതായ കൃത്യമായി വരും. പൊതുവായി

മാത്രം അതുകൊണ്ട് പറയുകയാണ്. വിദേശത്തെ അർമീനിയൻ സഭയിൽ നിന്നും റുമേനിയൻ സഭയിൽ നിന്നും വന്നിട്ടുള്ള തിരുമേനിമാരെ, നാട്ടിലുള്ള സഭകളെ പ്രതിനിധാനം ചെയ്തുകൊണ്ട് ഇവിടെ സംസാരിച്ചിട്ടുള്ള സി.എസ്.ഐ. ബിഷപ്പ്, കാൽഡിയൻ സഭയുടെ പൗലോസ് മെത്രാപ്പോലീത്താ, അയ്മേനികളായി സംസാരിച്ചിട്ടുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ സ്നേഹഭാജനങ്ങളായ സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ്, റ്റി. എസ്. ജോൺ, നായർ സൊസൈറ്റി പ്രസിഡന്റ് കളത്തിൽ വേലായുധൻനായർ, ഓൾ ഇന്ത്യാ മുസ്ലീം ലീഗ് പ്രസിഡന്റ് ഇബ്രാഹിം സുലൈമാൻ സേട്ട്, അതുപോലെതന്നെ കൊച്ചിൻ മേയർ ശേഷാദ്രി, പ്രിയപ്പെട്ട ജനങ്ങളെ,

പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിലേക്ക് പരിശുദ്ധാത്മശക്തിയാൽ ഉയർത്തപ്പെട്ടിരിക്കുന്ന ബലഹീനനായ നമുക്കും നമ്മുടെ പ്രഗല്ഭരായ സഹോദര മെത്രാപ്പോലീത്തന്മാർക്കും പ്രബുദ്ധരായ മലങ്കരസഭ നൽകിയ അത്യുജ്ജ്വലവും ആവേശകരവും അതുല്യവുമായ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്ന നമ്മുടെ ഹൃദയം ദൈവംതമ്പുരാനോടുള്ള കൃതജ്ഞതകൊണ്ട് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഹൃദയം തിങ്ങിനിറയുമ്പോൾ വാക്കുകൾ വിരളമായിത്തീരുന്നുവെന്നുള്ള കവി വാക്യം ഇന്നു നമുക്കു പൂർണ്ണമായും യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. എറണാകുളം നഗരം മനുഷ്യമഹാസമുദ്രമമായിത്തീരത്തക്കവണ്ണമുള്ള ഒരു മഹത്തായ സ്വീകരണമാണ് ഇന്നു ഞങ്ങൾക്ക് ലഭിച്ചത്! മലങ്കരസഭാമക്കളുടെ അലതല്ലുന്ന ആവേശവും അതിരറ്റ സഭാസ്നേഹവും ഒരിക്കൽക്കൂടി അനുപമമായ രീതിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇതു കേവലം ബലഹീനനായ നമുക്കോ സഹോദര മെത്രാപ്പോലീത്തന്മാർക്കോ ഉള്ള ഒരു സ്വീകരണം മാത്രമല്ല, മറിച്ച് അഭിമാനധന്യരായ, സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന മാർത്തോമ്മാ മക്കളായ മലങ്കര നസ്രാണികൾ നൂറ്റാണ്ടുകളായി ഏതൊരു സിംഹാസനത്തെ ബഹുമാനിച്ചാദരിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ നിലനിൽപിനുവേണ്ടി പോരാടിയോ, ഏതൊരു സിംഹാസനത്തെ ജീവനു തുല്യം സ്നേഹിക്കുന്നുവോ ആ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തോടും വാണരുളിയിട്ടുള്ള പിതാക്കന്മാരോടുമുള്ള തങ്ങളുടെ വിധേയത്വവും, വിശ്വാസവും ഇന്ന് ഒരിക്കൽ കൂടി ഉറക്കെ പ്രഖ്യാപിച്ചിരിക്കയാണ്. ഇതു കണ്ട് സ്വർഗ്ഗം സന്തോഷിക്കുന്നു. ശ്ലീഹന്മാർ ആനന്ദിക്കുന്നു. തോമ്മാശ്ലീഹാ തന്റെ അനുഗ്രഹങ്ങളുടെ കരം ഇവിടേക്ക് നീട്ടിയിരിക്കുന്നു.

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ നാമത്തിലാണല്ലോ ഈ നഗർ അറിയപ്പെടു

ന്നതും. അദ്ദേഹത്തിന്റെ സ്മരണ ഈ സഭാമക്കളുടെ മനസ്സിൽ മായാതെ, മറയാതെ, മങ്ങാതെ നിലനിൽക്കുമെന്നുള്ളതിന് സംശയമില്ല. അദ്ദേഹം ഈ സഭയ്ക്കു നൽകിയ സുധീരമായ നേതൃത്വവും ദൈവാശ്രയത്തോടുകൂടിയ നടത്തിപ്പും നമുക്ക് എന്നും അഭിമാനിക്കാവുന്നതാണ്. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യത്തേയും സിംഹാസനത്തേയും ചോദ്യം ചെയ്തുകൊണ്ട് തന്നെ പാട്ടിലാക്കുവാൻ ശ്രമിച്ച യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന് വേദശാസ്ത്രത്തിൽ അധിഷ്ഠിതമായി ചുട്ട മറുപടി കൊടുത്തുകൊണ്ട് വിരുദ്ധോപദേശം നിറഞ്ഞ പടിഞ്ഞാറൻ വിഷക്കാറ്റിനെ ചക്രവാളത്തിനപ്പുറത്തു നിറുത്തിയ മഹാമേരുവാണ് ഔഗേൻ തിരുമേനി. മലങ്കര നസ്രാണികളുടെ തലമുറതലമുറയായുള്ള സനാതന വിശ്വാസം ചോദ്യം ചെയ്തപ്പോഴാണ് അദ്ദേഹത്തിന്റെ സഭാസ്നേഹവും നിശ്ചയദാർഢ്യവും അന്ത്യോഖ്യാ പാത്രിയർക്കീസ് അറിഞ്ഞത്. ഈ വിരുദ്ധോപദേശത്തെ അനുകൂലിച്ച ചിലരോട് പൂർവ്വികമായ നമ്മുടെ വിശ്വാസത്തിന് കോട്ടമോ വാട്ടമോ വരുത്തുന്ന യാതൊന്നും താൻ പ്രവർത്തിക്കയില്ലെന്നും തന്റെ പൂർവ്വികന്മാർ ഏതൊരു സിംഹാസനത്തിൽ ആരൂഢനായി മലങ്കരസഭയെ നയിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ അധിപനായി തന്നെ ഭരമേൽപിച്ചുവോ, ആ സിംഹാസനത്തെ ഉപേക്ഷിച്ചുകൊണ്ട് മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായിരിക്കുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ഉജ്ജ്വലമായ ഭാഷയിൽ, നിവർന്നു നിന്നു മറുപടി കൊടുത്ത പ. ഔഗേൻ ബാവായുടെ പാവനസ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കനായി നിന്നുപോകുന്നു.

മലങ്കരസഭയെ തന്റെ കാൽക്കീഴിലാക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ചെയ്ത ഒരു കടുംകൈയത്രേ ഈ സഭയിൽ ന്യൂനപക്ഷമായ ഒരു വിഘടിതഗ്രൂപ്പിനെ സൃഷ്ടിക്കുവാൻ കാരണമായത്. കർത്താവിന്റെ അപ്പോസ്തോലനും മലങ്കരസഭയുടെ സ്ഥാപകനുമായ മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യമില്ലെന്നും പൗരോഹിത്യമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് സിംഹാസനമില്ലെന്നും സിംഹാസനമില്ലാത്തതുകൊണ്ട് അധികാരമില്ലെന്നും തന്മൂലം ഈ സഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലായിരിക്കണമെന്നും വരുത്തിവയ്ക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. മാർത്തോമ്മായ്ക്ക് പട്ടമില്ലെന്നും സിംഹാസനമില്ലെന്നും ക്രൈസ്തവസഭയിൽപെട്ട ആരെങ്കിലും പറയുവാൻ തുനിയുമോ എന്നു ചിന്തിച്ചുപോകുന്നു. പൗരാണിക സഭകൾ ഈ വേദവിപരീതത്തെ പുച്ഛിച്ചു തള്ളിയിരിക്കയാണ്. റൂമേനിയൻ സഭാ പ്രതിനിധി സംഘത്തിന്റെ തലവനും പണ്ഡിതനുമായ തിയോക്ടിസ്റ്റോസ് മെത്രാപ്പോലീത്താ ഇതെക്കുറിച്ച് പറഞ്ഞതായി പത്രത്തിൽ വായിച്ചത് ഇത്തരുണത്തിൽ സ്മരിക്കുന്നു. അദ്ദേഹം പറഞ്ഞത് മാർത്തോമ്മായുടെ

പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് ഒന്നുകിൽ വഞ്ചന കൊണ്ടോ അല്ലെങ്കിൽ അജ്ഞത കൊണ്ടോ ആണ് എന്നാണ്. ഇതു തന്നെയാണ് എല്ലാ സഭകളുടെയും അഭിപ്രായം. വേദവിപരീതമാകുന്ന ഈ കടുംകൈ സ്വാർത്ഥലാഭത്തിനുവേണ്ടി തന്ത്രപൂർവ്വം എഴുതിവിടുവാൻ സിറിയൻ സഭാദ്ധ്യക്ഷന്റെ കൈകൾ ഉയർന്നല്ലോ എന്ന് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു.

മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് മാർ ത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യ നൽവരം നൽകിയ കർത്താവിന്റെ അധികാരത്തെയാണ് എന്നും മനസ്സിലാക്കണം. ഈ കടുത്ത വേദവിപ രീതം പ്രചരിപ്പിച്ച് സഭയിൽ കലഹത്തിന്റെ വിത്തു വിതച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെറ്റ് അക്ഷന്തവ്യമാണ്. ക്രൈസ്തവസഭയുടെ പ്രാരംഭദശയിൽ കടലുകൾ കടന്ന് ഇവിടെയെത്തി സഭ സ്ഥാപിക്കുകയും കൂദാശകളും പട്ടത്വനൽവരങ്ങളും നമ്മുടെ പൂർവ്വികന്മാർക്ക് നൽകി സഭയെ ഉറപ്പിക്കുകയും ഈ മണ്ണിൽ അലിഞ്ഞുചേരുകയും ചെയ്ത ആ പുണ്യവാന്റെ സഭയിൽപെട്ടവരാരും ഈ വേദവിപരീതം പറഞ്ഞ് ശാപ ഗ്രസ്തരായിത്തീരരുതേയെന്ന് ഓർമ്മിപ്പിക്കുന്നു. ആരെങ്കിലും അത് പറ യുന്നുവെങ്കിൽ അപ്പോസ്തോലന്റെ രക്തം വീണു കുതിർന്ന മണ്ണിൽ നിന്നാണ് അദ്ദേഹത്തിനെതിരായി ശബ്ദിക്കുന്നതെന്നു മനസ്സിലാക്കണ മേയെന്നു വിനീതമായി ഓർമ്മിപ്പിക്കുന്നു.

ഈ സ്വീകരണം നടത്തുന്നത് വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്താ ഭിമുഖ്യത്തിലാണ്. മലങ്കരയിലെ മറ്റു ഭദ്രാസനങ്ങളിൽപെട്ടവരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഈ സഭയെക്കുറിച്ച് നാം കേസുകാരും വഴക്കുകാരു മാണെന്നു പറയുകയും ചിന്തിക്കുകയും ചെയ്യുന്നവരുമുണ്ട്. ഇവിടെയാ രാണ് ബഹളങ്ങൾ സൃഷ്ടിക്കുന്നത്. പതിനാറാം ശതാബ്ദത്തിൽ വിദേ ശീയാധികാരം ഇവിടെ വരുന്നതുവരെയുള്ള മലങ്കരസഭയുടെ ചരിത്രം വഴക്കുകളുടെ ചരിത്രമല്ല, യോജിപ്പിന്റെ ചരിത്രമാണ്. മാർത്തോമ്മാ ശ്ലീഹാ ഇവിടെ ഒരു സഭ സ്ഥാപിച്ചു. ഒരു സ്വതന്ത്ര സഭ, ഒരു ദേശീയ സഭ. തന്റെ പരിരക്ഷകനായ കർത്താവിനോടു മാത്രം വിധേയത്വമുള്ള സഭ. അദ്ദേഹം സ്ഥാപിച്ച സഭ അന്ത്യോഖ്യാ പാത്രിയർക്കീസിന് വിധേ യമായിട്ടുള്ള ഒരു സഭയായിരുന്നില്ല. അതതുകാലങ്ങളിൽ അനേകരുമായി ഈ സഭ അടുത്ത് ഇടപെട്ടിട്ടുണ്ട്. അടുത്തുകൂടിയവർ അധികാരം പ്രയോ ഗിക്കുവാൻ തുടങ്ങിയപ്പോൾ മാത്രം അവരെ ചെറുത്തു പരാജയപ്പെടു ത്തിയ പാരമ്പര്യത്തിന്റെ അവകാശികളാണ് മലങ്കരനസ്രാണികൾ. വിദേ ശാധിപത്യത്തെ കടലുകൾക്കപ്പുറം നിറുത്തിയ ചരിത്രസത്യം നമുക്കു അഭിമാനപൂർവ്വം കല്പിച്ചുതന്നവരാണ് നമ്മുടെ പൂർവ്വികപിതാക്കൾ. വിദേ ശാധിപത്യത്തേയും വിശ്വാസവിപരീതത്തേയും കൂനൻകുരിശുസത്യം

ചെയ്തും മാവേലിക്കര പടിയോലയെഴുതിയും തകർത്തവരുടെ അനന്തരഗാമികളാണ് നാം. സനാതന ഹൈന്ദവ സംസ്ക്കാരത്തിന്റെ പരിലാളനയേറ്റു വളർന്ന ഈ സഭയെ വൈദേശികശക്തികൾക്കോ വൈദേശിക മേധാവിത്വത്തിനോ ഒരിക്കലും പരാജയപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നു മലങ്കര നസ്രാണികളുടെ പ്രബുദ്ധമായ ചരിത്രം വിളിച്ചറിയിക്കുന്നു. ഈ സഭ ആചന്ദ്രതാരം സ്വാതന്ത്ര്യത്തിന്റെ ശീതളഛായയിൽ തന്നെ വളരുമെന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മലങ്കരസഭ സമാധാന വ്യവസ്ഥകൾ അങ്ങേയറ്റം പാലിച്ചുകൊണ്ട് നാം മുന്നോട്ടുപോയി. എന്നാൽ സഭാസമാധാനത്തെ തകർത്തുകൊണ്ട് അബ്ദള്ളാ പാത്രിയർക്കീസിനെപ്പോലെ യാക്കൂബ് തൃതീയൻ ചെയ്തുകൊണ്ടിരിക്കുന്ന മലങ്കരസഭാ നശീകരണപ്രവർത്തനങ്ങൾക്ക് ചരിത്രം മാപ്പു നൽകുകയില്ല. അത് ഇന്ന് ഒരു റിബൽ കാതോലിക്കായിലും അധികാരമില്ലാത്ത ഒരു അസോസിയേഷനിലും വരെ എത്തിയിരിക്കയാണ്. 1958-ൽ നടന്ന യോജിപ്പിനു വിരുദ്ധമായി മലങ്കരസഭ യാതൊന്നും ചെയ്തിട്ടില്ലെന്നും ചെയ്യുകയില്ലെന്നും ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ചില സ്ഥലങ്ങളിലൊക്കെ അക്രമത്തിലൂടെയും ഭീഷണികളിലൂടെയും ചില പള്ളികൾ പിടിച്ചെടുക്കുവാൻ വിഘടിത ഗ്രൂപ്പുകാർ ശ്രമിക്കുന്നുണ്ട്. പള്ളികൾ കുത്തിത്തുറന്ന് അകത്തു കയറിക്കൂടുന്നതിൽ അവർക്കു നേതൃത്വം നൽകുന്ന മെത്രാന്മാരും കാതോലിക്കായും പുറകോട്ടല്ല. അക്രമവും അനീതിയും പ്രവർത്തിക്കുന്നവരെ കൈകാര്യം ചെയ്യേണ്ടത് ഗവൺമെന്റും കോടതികളും പോലീസുമാണ്. കോടതികൾ സത്യവും നീതിയും ന്യായവും നോക്കി വിധിക്കുമെന്ന് നമുക്കുറപ്പുണ്ട്. എന്നാൽ കോടതി വിധികൾ നടപ്പാക്കുന്നതിനും ദേവാലയങ്ങൾക്കുള്ളിലെ ആരാധന അലങ്കോലപ്പെടുത്തുന്നതിനെ തടയുന്നതിനും ഗവൺമെന്റിനു വേണ്ടതുപോലെ സാധിക്കുന്നില്ലെന്നുള്ള പരാതി പലപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയതാല്പര്യങ്ങളുടെ പേരിൽ പക്ഷപാതിത്വം കാണിക്കുന്ന നേതാക്കന്മാരെക്കുറിച്ച് നാം ഇവിടെ ഒന്നും പറയുന്നില്ല. സ്വാധീനിക്കുന്നുണ്ടെങ്കിൽ അത് രാഷ്ട്രീയകക്ഷികൾക്ക് പൊതുവെ ദോഷമായി പരിണമിക്കുമെന്നു മാത്രമേ നാം പറയുന്നുള്ളു.

മലങ്കരസഭയിൽപ്പെട്ട ആളുകൾ അന്യോന്യം തല്ലി നശിക്കരുതെന്നു കരുതി നാം ഒത്തുതീർപ്പിന്റെ ശ്രമങ്ങൾ പലപ്പോഴും നടത്തിയിട്ടുണ്ട്. അതെല്ലാം അധികാരമോഹം വർദ്ധിച്ച അന്തോഖ്യാ പാത്രിയർക്കീസന്മാരാണ് തകർത്തു കളഞ്ഞിട്ടുള്ളത്. ഒടുവിൽ 1958-ലെ സുപ്രധാനമായ സുപ്രീംകോടതിവിധിയിൽ കൂടി മലങ്കരസഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ പരാജയമടഞ്ഞ പാത്രിയർക്കീസ് സമാധാനം പറഞ്ഞു

കാതോലിക്കേറ്റിനെ സമീപിച്ചു. മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായി നാം പാത്രിയർക്കീസിനെ സ്വീകരിച്ചു. ഈ സഭയുടെ ഭരണഘടനയ്ക്കു വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന് ഉറപ്പിച്ചു പറഞ്ഞ പാത്രിയർക്കീസ് അതിനെ ലംഘിച്ചപ്പോൾ അറബിക്കടലിനു അക്കരെത്തന്നെ നിൽക്കേണ്ടിവന്ന ദുരവസ്ഥ അവർ മനസിലാക്കി. ഇന്ന് അദ്ദേഹം മലങ്കരസഭയുമായുള്ള ബന്ധത്തിൽ നിന്നു സ്വയം അന്യനായിത്തീർന്നിരിക്കുകയാണ്.

നമ്മുടെ ഗവൺമെന്റിനോട് ഈ മലങ്കരസഭയ്ക്ക് ഒരപേക്ഷയുണ്ട്. ഇന്നു സഭയ്ക്കുവേണ്ടി പക്ഷപാതിത്വത്തോടെയോ ന്യായരഹിതമായോ എന്തെങ്കിലും ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. എന്നാൽ സത്യവും നീതിയും സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നു ഞാൻ കരുതുന്നു. വടക്കുള്ള ഭദ്രാസനങ്ങളിലെ ജനങ്ങളോട് ഒരു വാക്കു ഞാൻ പറയട്ടെ. ഒരു കാലത്ത് ഈ വിഭാഗങ്ങളിലുള്ളവർക്ക് സ്ഥാനം നൽകിയില്ലെന്നുള്ള പ്രചരണങ്ങളായിരുന്നു കേട്ടുകൊണ്ടിരുന്നത്. പക്ഷേ ഈ കുറ്റം ആരോപിച്ചവർ മെത്രാന്മാരായി വാഴിച്ചവരിൽ അധികം പങ്കും തെക്കർ തന്നെയാണെന്നത് അത്ഭുതമല്ലേ? വിഘടിത അസോസിയേഷൻ തെരഞ്ഞെടുത്ത പ്രധാന ചുമതലക്കാരും തെക്കർ തന്നെ. കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ഇതിന്റെയൊക്കെ യാഥാർത്ഥ്യം മനസ്സിലാക്കണമെന്നു മാത്രം നാം അഭ്യർത്ഥിക്കുന്നു.

റൂമേനിയ, അർമ്മേനിയ എന്നീ വിദേശസഭകളിൽ നിന്നും പ്രതിനിധികൾ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്നുണ്ട്. പൗരാണികമായ ഈ സഭയോടുള്ള സ്നേഹമത്രെ അവരുടെ സാന്നിദ്ധ്യത്തിൽ നാം ദർശിക്കുന്നത്. അവരുടെയും ഇതര സമുദായാംഗങ്ങളുടെയും സാന്നിദ്ധ്യവും ആശംസകളും നാം വിലമതിക്കുന്നു. നമ്മുടെ സ്ഥാനാരോഹണവേളയിൽ മാർപാപ്പാ തിരുമേനി അയച്ചുതന്ന ആശംസാ സന്ദേശവും ഈ അവസരത്തിൽ സന്തോഷപൂർവ്വം നാം സ്മരിക്കുന്നു.

വാത്സല്യഭാജനങ്ങളെ, നാം വലിയനോമ്പിലേക്ക് പ്രവേശിക്കയാണല്ലോ. ഈ നോമ്പ്, സഭയിൽ അഴിഞ്ഞാടുന്ന പൈശാചികശക്തികളെ പരാജയപ്പെടുത്തുന്നതിനുള്ള അവസരമാണ്. ഉപവാസത്താലും പ്രാർത്ഥനയാലും മാത്രമേ ഈ ശക്തി മാറിപ്പോകുകയുള്ളു. ജയം നൽകുന്ന സ്ലീബായിൽ സങ്കേതപ്പെട്ടുകൊണ്ട് പൈശാചിക പ്രവർത്തനങ്ങൾ സഭയിൽ നിന്ന് നീങ്ങിപ്പോകുവാൻ നാമേവരും പ്രാർത്ഥിക്കണം.

നമ്മെയും അഭിനവ മെത്രാപ്പോലീത്തന്മാരേയും അഭിനന്ദിച്ചും മലങ്കരസഭയിൽ ഇപ്പോഴത്തെ പ്രതിസന്ധിയിൽ ചെയ്യേണ്ട കാര്യങ്ങളെ അവതരിപ്പിച്ചും സംസാരിച്ച പ്രശസ്ത വ്യക്തികളോട് നമുക്കുള്ള കൃതജ്ഞത

അറിയിക്കുന്നു. ഈ സ്വീകരണ വിജയത്തിനുവേണ്ടി അഹോരാത്രം പണിയെടുത്തവരെ ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.

മാർപാപ്പാ - കാതോലിക്കാ സംഭാഷണം

ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച എക്യുമെനിക്കൽ യുഗാരംഭത്തെ തുടർന്ന് വിവിധ സഭകൾ തമ്മിൽ സമ്പർക്ക സംഭാഷണങ്ങൾ വർദ്ധിക്കുകയും ഭിന്നതകളുടെ വൻ മതിലുകൾ ഇടിഞ്ഞു തുടങ്ങുകയും പരസ്പരധാരണയും സ്നേഹവും വളരുകയും ചെയ്യുകയുണ്ടായി. സഭകളുടെ ലോകകൗൺസിലും അതിന്റെ ദേശീയ-പ്രാദേശിക സമിതികളായ നാഷനൽ ക്രിസ്ത്യൻ കൗൺസിലും കേരള ക്രിസ്ത്യൻ കൗൺസിലും എല്ലാം ഈ സഭാ സഹകരണ-സമ്പർക്ക-സന്ദർശനങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്തുവരികയാണല്ലോ. ശതാബ്ദങ്ങളായി പരസ്പരം നോക്കാതെയും കാണാതെയും സംസാരിക്കാതെയും ചിരിക്കാതെയും കഴിഞ്ഞുകൂടി വന്ന വിവിധ സഭാനേതാക്കൾ ഒരേ വേദിയിൽ അണിനിരക്കുകയും ഉള്ളു തുറന്നു ചർച്ചകൾ നടത്തുകയും ചെയ്തതാണ് ക്രൈസ്തവചക്രവാളത്തിൽ അടുത്തകാലത്ത് ഉദിച്ച പ്രകാശമാനമായ വെള്ളിനക്ഷത്രം. ഈ അന്തരീക്ഷത്തിലാണ് 1964-ൽ പോൾ ആറാമൻ മാർപാപ്പായും ഔഗേൻ കാതോലിക്കാബാവായും സമന്മാരെന്ന നിലയിൽ ഒന്നിച്ചിരുന്ന് ബോംബെയിൽ വച്ചു കൂടിക്കാഴ്ച നടത്തിയത്. ഈ സംഭാഷണം മലങ്കരസഭയും റോമൻ കത്തോലിക്കാസഭയും തമ്മിലുള്ള സൗഹൃദത്തെ വളരെയധികം പോഷിപ്പിച്ചു. അന്നത്തെ ബോംബെ കർദ്ദിനാൾ വലേറിയൻ ഗ്രാഷ്യസിന്റെ അരമനയിൽ നടന്ന കൂടിക്കാഴ്ചയെപ്പറ്റിയുള്ള വിശദവിവരങ്ങൾ "മാർ ഔഗേൻ കാതോലിക്കാബാവാ" എന്ന പുസ്തകത്തിൽ കാണുക. പരിശുദ്ധ ഔഗേൻ പ്രഥമൻ തുടങ്ങിവച്ച സംഭാഷണത്തിന്റെ തുടർച്ചയെന്ന് വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ളതായിരുന്നു മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ 1983 ജൂൺ മൂന്നിനു വത്തിക്കാനിൽ എത്തി ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ കണ്ടതും ഹൃദയം തുറന്നു സംഭാഷണം നടത്തിയതും. ഹൃദ്യമായ സ്വീകരണം, പരസ്പരാലിംഗനം, സമ്മാനദാനം, സംഭാഷണം, ലഞ്ചു സൽക്കാരം എന്നിവയെല്ലാം അവിസ്മരണീയമായ സന്ദർശനത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. സന്ദർശനവേളയിൽ മാർപാപ്പായെ ബാവാ തിരുമേനി മലങ്കരയിലേക്ക് ക്ഷണിക്കുകയും അദ്ദേഹം ആ ക്ഷണം സ്വീകരിച്ച് കോട്ടയത്തും എത്തുകയുണ്ടായി. ബാവാതിരുമേനിയുടെ വത്തിക്കാൻ സന്ദർശനത്തെപ്പറ്റി സെക്രട്ടറി ഫാ. സഖറിയ പേരങ്ങാട്ട് ഒരു പുസ്തകം എഴുതിയിട്ടുള്ളതിനാൽ തത്സംബന്ധമായ വിശദവിവരങ്ങൾ ഇവിടെ വിട്ടുകളയുകയാണ്. 1983 ജൂൺ മൂന്നിനു വത്തിക്കാനിൽ വച്ചു മാർപാപ്പായും ബസ്സേലിയോസ് മാത്യൂസ് ഒന്നാമനും തമ്മിൽ നടന്ന സംഭാഷണവേളയിൽ കൈമാറിയ സന്ദേശങ്ങളാണ് ചുവടെ ചേർക്കുന്നത്.

കാതോലിക്കാ ബാവായുടെ സന്ദേശം

"പരിശുദ്ധ തിരുമേനി, കർത്താവിൽ നമ്മുടെ സ്നേഹാദരവുകൾ അത്യന്തം അർഹിക്കുന്ന സഹോദരാ,

ദൈവത്തോട് കൃതജ്ഞനായിക്കൊണ്ട് പരിശുദ്ധ തിരുമേനീ, അങ്ങയെ അഭിവാദനം ചെയ്യുവാൻ നമുക്ക് അത്യധികം സന്തോഷമുണ്ട്. ഇന്നു നമ്മുടെ കൂടിവരവ് നടക്കുവാനിടയായത് ദൈവത്തിന്റെ അപ്ര മേയമായ കൃപ മൂലമാണ്. പുരാതനമായ പരിശുദ്ധ റോമൻ സഭയെ സന്ദർശിക്കുവാനും അപ്പസ്തോലരിൽ പ്രമുഖരായ വി. പത്രോസും വി. പൗലോസും വിശ്രമംകൊള്ളുന്ന സ്ഥലങ്ങളിൽ പ്രാർത്ഥിക്കുവാനും, അന്ത്യോഖ്യായിലെ വി. ഇഗ്നാത്യോസും റോമായിലെ വി. ക്ലിമ്മീസും ഉൾപ്പെടെ നിരവധി സഹദേന്മാരുടെ രക്തംകൊണ്ട് പരിപാവനമായി ത്തീർന്ന ഈ നാട്ടിൽ നിന്ന് അനുഗൃഹീതരാകുവാനും, നമ്മുടെ കർത്താ വിന്റെ പീഡാനുഭവത്തിന്റെ വിശുദ്ധാവശിഷ്ടങ്ങൾക്ക് ബഹുമാനം അണ യ്ക്കുവാനും സാധിച്ചതിൽ നമുക്ക് പ്രത്യേകമായ ചാരിതാർത്ഥ്യമുണ്ട്. ഇതു നിവർത്തിച്ചുതന്ന പരിശുദ്ധ തിരുമേനിക്കും റോമൻ സഭയ്ക്കും നാം കൃതജ്ഞത രേഖപ്പെടുത്തുന്നു.

അങ്ങേയ്ക്ക് ഞങ്ങൾ ഒരു ചെറിയ സഭയുടെ അഭിവാദനങ്ങൾ കൊണ്ടുവരുന്നു. വി. തോമസ് അപ്പോസ്തോലന്റെ പ്രേഷിതസേവനവും സാക്ഷിമരണവും മൂലം രൂപംകൊണ്ട ഈ സഭ മറ്റേതു സഭയേയും പോലെ പുരാതനവും, അതിന്റെ ചരിത്രത്തെയും സ്വകീയതയെയുംപറ്റി അഭിമാനം കൊള്ളുന്നതുമാണ്. നമ്മുടെ ഈ കൂടിവരവ് ഒരർത്ഥത്തിൽ വി. തോമസ് അപ്പോസ്തോലനും, വി. പത്രോസ്-പൗലോസ് അപ്പസ്തോ ലന്മാരും, അവരുടെ പിൻഗാമികൾ വഴി സമ്മേളിക്കുന്ന സംഭവത്തെ യാണ് അനുസ്മരിപ്പിക്കുന്നത്. 1964-ൽ, പുണ്യശ്ലോകനായ പൗലോസ് ആറാമൻ പാപ്പാ തിരുമേനിയെ നമ്മുടെ മുൻഗാമി പുണ്യശ്ലോകനായ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ തിരുമേനി ഇൻഡ്യൻ നഗരമായ ബോംബെയിൽ വച്ച് ആശ്ലേഷിക്കയുണ്ടായി. എന്നാൽ ഇന്ത്യയിലെ പുരാതന ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ ഔദ്യോഗിക സന്ദർശനാർത്ഥം റോമിൽ വരുന്നത് ഇദംപ്രഥമമാണ്.

സഭാചരിത്രത്തിൽ ആദ്യത്തെ നാലു നൂറ്റാണ്ടുകാലം നമ്മുടെ സഭ കൾ രണ്ടും പരസ്പരം വിശ്വാസത്തിൽ യോജിച്ചു കഴിഞ്ഞിരുന്നു. ഇപ്പോഴും നാം ആ പൊതുപാരമ്പര്യത്തിൽ നിലനിൽക്കുന്നു. ചരിത്ര ത്തിലെ അത്യാഹിതങ്ങളും മാനുഷികമായ അഹന്തയും നമ്മെ വേർതി രിച്ചു നിർത്തിയതു മൂലം നാം അന്യോന്യ ബന്ധത്തിൽ കഴിയാത്ത അവ സ്ഥയിലെത്തിയതാണ്. ഇനിയും അനുതാപപൂർവ്വം കർത്താവിന്റെ തിരു

ഹിതത്തിനനുയോജ്യമായവിധം നാം ചരിത്രത്തെ പുനരായി സൃഷ്ടിക്കുകയാണ് വേണ്ടത്.

നമുക്ക് അന്യോന്യം യോജ്യതയുള്ള വസ്തുതകൾ വിയോജ്യതയുള്ളവയേക്കാൾ വളരെ അധികമാണ്. നിഖ്യായിലേയും കുസ്തന്തീനോപ്പോലീസിലേയും എപ്പേസോസിലേയും മൂന്ന് ആകമാന സുന്നഹദോസുകളും ആ മഹദ്സമ്മേളനത്തിൽ പിതാക്കന്മാർ ശരിയായി വ്യാഖ്യാനിച്ചുതന്നതും നാം സ്വീകരിക്കുന്നതുമായ അപ്പസ്തോലിക വിശ്വാസവും, നമുക്കു തമ്മിൽ പരസ്പര സംഭാഷണത്തിനും ഭാവി ഐക്യത്തിനും അടിസ്ഥാനമായി സ്ഥിതിചെയ്യുന്നു.

നാം വിശ്വസിക്കുന്നത് അനുഗൃഹീത വിശുദ്ധ ത്രിത്വത്തിലാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക മഹനീയ സത്യദൈവം സൃഷ്ടിയല്ല. അവിടുന്ന് സ്വയംസ്ഥിതനും, ഏക സാരാംശവാനും, വന്ദ്യനുമാകുന്നു. ഏക കർത്താവായ യേശുക്രിസ്തുവിലും നാം വിശ്വസിക്കുന്നു. അവിടുന്ന് പിതാവായ ദൈവത്തിന്റെ ഏക പുത്രനും മനുഷ്യവത്ക്കരണം പ്രാപിച്ച വചനവും ആണ്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ പരിശുദ്ധാത്മാവിനോടു ചേർന്നുള്ള ഏകത്വത്തിൽ നിത്യം സ്ഥിതിചെയ്യുന്നു. പൂർണ്ണ മാനുഷികത്വത്തിൽ അവിടുന്ന് നമ്മുടെ സാരാംശം തന്നെയുള്ളവനുമാണ്. അവിടുന്ന് ഒരേ ദൈവിക-മാനുഷിക സ്വഭാവവും, ആളത്വവുമായി, അന്യോന്യം വേർപിരിയാതെയും, പരസ്പരം കലർന്നുപോകാതെയും, ഒന്നു മറ്റൊന്നായ് ഭവിക്കാതെയും, സംയോജിച്ചു സ്ഥിതിചെയ്യുന്ന നമ്മുടെ കർത്താവും ദൈവവുമായ നമ്മുടെ രക്ഷകനാകുന്നു. പിതാവിൽ നിന്നു പുറപ്പെടുകയും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുകയും ചെയ്യുന്ന ജീവദായകനും പൂർത്തീകരിക്കുന്നവനുമായ ഏക പരിശുദ്ധാത്മാവിലും നാം വിശ്വസിക്കുന്നു.

പഴയ-പുതിയ നിയമങ്ങളുൾക്കൊള്ളുന്ന നമ്മുടെ വിശുദ്ധ ഗ്രന്ഥങ്ങൾ അടിസ്ഥാനപരമായി ഒന്നു തന്നെയാണ്. സഭയെയും, പൗരോഹിത്യം, കൗദാശികരഹസ്യങ്ങൾ ഇവയെയും, ആസ്പദമാക്കിയുള്ള നിലപാടുകളിൽ നാം തമ്മിൽ വളരെയധികം യോജ്യതയുണ്ട്. ലോകത്തിൽ നിർവഹിക്കുവാൻ ബാദ്ധ്യതയുള്ള അപ്പസ്തോലിക സേവനം നമുക്കു പൊതുവായുള്ളതാണ്. അതുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി പ്രവർത്തിക്കുവാനും, രക്ഷണ്യസുവിശേഷം ഉദ്ഘോഷിക്കുവാനും, സ്നേഹത്തിലധിഷ്ഠിതമായ സേവനം ഏവർക്കും എത്തിച്ചുകൊടുക്കുവാനും, നീതിയും സമാധാനവും ലോകത്തിൽ നിലനിർത്തുന്നതിനുവേണ്ടി കർമ്മപദ്ധതിയിലേർപ്പെടുവാനും നമുക്കു കടമയുണ്ട്. ഇവയെല്ലാം ആസ്പദമാക്കി നാം തമ്മിൽ അടിസ്ഥാനപരമായ ഐക്യം നില

നിൽക്കുന്നു. എന്നാൽ നൂറ്റാണ്ടുകളായി അപ്രധാനങ്ങളായ കാര്യങ്ങൾ നമ്മെ വേർതിരിച്ചു നിർത്തുവാൻ നാം അവസരം കൊടുത്തു. 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാകട്ടെ, ശാസ്ത്രീയ വികസനം മൂലം വിദൂരത ബാധകമാകാതെ ബന്ധങ്ങൾ കാര്യക്ഷമമായി പുലർത്തുവാൻ സാധിച്ചു. പാണ്ഡിത്യത്തിന്റെ വളർച്ച മൂലം ചരിത്രത്തെ കൂടുതൽ വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ കഴിഞ്ഞു. ഈ അടിസ്ഥാനത്തിൽ നമ്മുടെ ഭിന്ന ചരിത്രങ്ങളെ ശരിയായവിധം പഠിച്ച് ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ സഭകൾ നിലനിർത്തിവന്ന സമ്പർക്കത്തിന്റെ അടിസ്ഥാനതത്ത്വം വിശദമാക്കുവാൻ ഇന്ന് നമുക്ക് പവിത്രമായ ഒരു ചുമതലയുണ്ട്. പഴയ നിലപാടുമായി ചേർന്നു പോകാവുന്നവിധം ഒരു പുതിയ വ്യവസ്ഥിതി, മറ്റ് ഓർത്തഡോക്സ് സഭകളുമായി യോജിച്ച്, നാം പ്രാവർത്തികമാക്കണം. പവിത്രമായ ഈ ചുമതലയിൽ നിന്നും വ്യതിചലിക്കാതെ പുരോഗമിക്കണമെന്നുള്ളതാണ് നമ്മുടെ പ്രത്യാശ.

ഞങ്ങൾ വരുന്നത്, വളരെയാളുകളും സാമ്പത്തിക സുഭദ്രതയുള്ളവരെങ്കിലും, ലക്ഷക്കണക്കിനു മനുഷ്യർ ദാരിദ്ര്യത്തിന്റെയും അഗതിത്വത്തിന്റെയും വലയിലുൾപ്പെട്ടു കഴിയുന്ന ഒരു ദേശത്തു നിന്നുമാണ്. ചൂഷണം ചെയ്യുന്ന പിടിപാടുകളിൽ നിന്ന് സാധുക്കളെ സമുദ്ധരിക്കുകയും, ക്ലേശത്തിൽ നിന്ന് അവർക്ക് വിമുക്തി നൽകുകയും ചെയ്യുവാൻ വേണ്ടി നമ്മുടെ സഭകൾ രണ്ടും സഹകരിക്കുന്നത് എത്രയോ ക്രിസ്തീയമായിരിക്കും. ഒരു പക്ഷേ, ചരിത്രപ്രധാനമായ ഈ സമ്മേളനത്തിന്റെ പരിണതഫലമെന്നവണ്ണം, മനുഷ്യസേവനം ലക്ഷ്യമാക്കി പരസ്പര സംഭാഷണവും സഹകരണവും നിർവഹിക്കുവാൻ രണ്ടു സഭകളിൽ നിന്നുമായി ഒരു കമ്മീഷനെ നിയമിക്കുന്നത് സമുചിതമായിരിക്കും.

നമ്മുടെ ഇന്നത്തെ ഈ കൂടിവരവ് സാധിതമാക്കിയത് ദൈവമാണ്. അവിടുന്നു തന്നെ അവിടുത്തെ വഴിയിൽകൂടി നമ്മെ നയിച്ചുകൊള്ളും. കർത്താവ് റോമൻ കത്തോലിക്കാസഭയെ അനുഗ്രഹിക്കുകയും, ഈ മഹാ സഭയെ അവിടുത്തെ മാർഗ്ഗത്തിൽകൂടി നയിക്കുവാനാവശ്യമായ ആരോഗ്യവും ദീർഘായുസ്സും പരിശുദ്ധ തിരുമേനിക്കു നൽകുകയും ചെയ്യട്ടെ. പരിശുദ്ധാത്മാവ് നമ്മെ എല്ലാം യേശുക്രിസ്തു പ്രാർത്ഥിച്ച ഐക്യത്തിലേക്കു നടത്തട്ടെ."

തുടർന്ന് മാർപാപ്പാ ജോൺപോൾ രണ്ടാമൻ, പ. ബാവായേയും സംഘത്തെയും അഭിവാദനം ചെയ്തു.

മാർപാപ്പായുടെ സന്ദേശം

"പരിശുദ്ധ തിരുമേനി,

അങ്ങയെയും കൂടെയുള്ള ബഹുമാന്യ പ്രതിനിധി സംഘത്തെയും പത്രോസ്-പൗലോസ് അപ്പോസ്തോലന്മാരുടെ സാക്ഷ്യത്തിനു മകുടം ചാർത്തിയ ഈ നഗരത്തിലേക്ക് ഇന്നു ഞാൻ സ്വാഗതം ചെയ്യുന്നത് അത്യന്തം സന്തോഷത്തോടും ഹൃദയപൂർവ്വവുമാണ്.

അങ്ങയിലൂടെ വി. തോമസ് അപ്പോസ്തോലന്റെ സുവിശേഷ പ്രസംഗത്തിൽ ആരംഭം കുറിച്ച ഒരു സഭയെ ഞാൻ അഭിവാദനം ചെയ്യുന്നു. അപ്പോസ്തോലന്മാരുടെ സുഹൃദ്ബന്ധം അവർ അനുഗമനം ചെയ്ത യേശുക്രിസ്തുവിൽ നമ്മെ സംയോജിതരാക്കുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനശേഷം അവർ ഭീതിയെയും സംശയത്തെയും അതിജീവിച്ച്, കർത്താവിനെ ലോകത്തിൽ ഉദ്ഘോഷിച്ചു.

"എന്റെ കർത്താവും എന്റെ ദൈവവുമേ" (യോഹ. 20:28) എന്നു തോമസ് അപ്പോസ്തോലൻ ചെയ്ത പ്രസ്താവന ക്രിസ്തുവിലുള്ള വിശ്വാസപ്രഖ്യാപനത്തെ എക്കാലത്തേയ്ക്കും സൂചിപ്പിക്കുന്നു. അവിടത്തെ ദൈവികത്വം, രക്ഷാകരമായ കർതൃത്വം, കാണുകയും തൊടുകയും ചെയ്യാവുന്നവിധം യാഥാർത്ഥ്യമായി നടന്ന അവിടത്തെ ശാരീരിക പുനരുത്ഥാനം, ഇവയെ എല്ലാം അതുദ്ഘോഷിക്കുന്നു. അപ്പോസ്തോലന്മാർ വഴി ഇന്നയോളം തുടർന്നുവരുന്ന ഈ വിശ്വാസാടിസ്ഥാനത്തിലാണ് നാം ഇന്നു സമ്മേളിക്കുന്നത്.

"ദൈവത്തിന്റെ ഏകപുത്രൻ ഏക കർത്താവായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു" എന്ന നിഖ്യാ-കുസ്തന്തീനോപ്പോലീസ് വിശ്വാസപ്രമാണത്തിലൂടെ നമ്മുടെ ഇരുസഭകളും ഈ വിശ്വാസത്തെയാണ് ഏറ്റുപറയുന്നത്.

ചരിത്രത്തിലെ സങ്കീർണ്ണമായ സംഭവവികാസങ്ങൾ നമ്മുടെ സഭകളെ പരസ്പരം നൂറ്റാണ്ടുകളായി അകറ്റി നിർത്തി. നാം അന്യോന്യം അറിയാതെ മാത്രമല്ല, പരസ്പരം എതിർക്കുന്നവിധത്തിലും കഴിഞ്ഞുകൂടുവാൻ ഇടയായിട്ടുണ്ട്.

ഓരോ സഭയും മറ്റേ സഭയുടെ സാംസ്ക്കാരികവും ഭാഷാപരവും മാത്രമല്ല, ചരിത്രപരവും ഭൂമിശാസ്ത്രപരവും രാഷ്ട്രീയവും ആയ ഘടകങ്ങളെ മനസ്സിലാക്കുവാൻ യത്നിച്ചില്ല. ഈ കാരണത്താൽ അപകടകരമായവിധം നാം അന്യോന്യബന്ധം കൂടാതെ കഴിയുവാനിടയായി. തന്മൂലം കൂടുതൽ കൂടുതൽ വ്യത്യാസങ്ങൾ സഭകൾ തമ്മിൽ ഉണ്ടാകുകയും, രൂപഭേദങ്ങൾ നിലവിൽ വന്ന് ചിലപ്പോൾ ആശയക്കുഴപ്പങ്ങൾ തന്നെ പ്രകടിതമാകുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി ഭാരങ്ങൾ വർദ്ധിക്കുകയും അവയുടെ അനുഭവം കൂടുതൽ വിഷമതരമായിത്തീരുകയും ഉണ്ടായി.

ആഴമായ വേദശാസ്ത്രപഠനം, അതിലുമുപരി സഭകൾ തമ്മിൽ നേരി ട്ടുണ്ടായ സമ്പർക്കം ഇവ മൂലം, നമ്മെ വേർതിരിച്ചു നിറുത്തിവന്ന മേഖ ലകൾ ഏവയെന്ന് തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നമുക്കു കഴിയുന്നുണ്ട്. ഇരുസഭകളും തമ്മിൽ നിലവിലുള്ള അവഗാഢമായ കൂട്ടായ്മയെ കൂടു തൽ വ്യക്തമായി മനസ്സിലാക്കുവാനും നമുക്കു കഴിയുന്നു.

രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ ദർശകരായി സംബന്ധിക്കു വാൻ വിവിധ സഭകളാൽ നിയോഗിതരായി വന്നുചേർന്നിരുന്ന ആ പ്രഗ ല്ഭസമൂഹത്തെ ഇപ്പോൾ എന്റെ മനോനയനങ്ങൾകൊണ്ടു കാണുക യാണ്. ആ കൂട്ടത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രതിനിധികളുമുണ്ടായിരുന്നു. അവരുടെ നേരെ കത്തോലിക്കാ സഭ യ്ക്കുള്ള അഗാധവും അനുസ്യൂതവുമായ കൃതജ്ഞത ഒന്നുകൂടി രേഖ പ്പെടുത്തിക്കൊള്ളട്ടെ. സുന്നഹദോസിൽ അവർ നിശബ്ദരായിരുന്നു എങ്കിലും ശ്രദ്ധ പതിച്ചുകൊണ്ടുള്ള അവരുടെ സാന്നിദ്ധ്യം, മറ്റു ക്രിസ്ത്യാനികളുടെ നേരെ കത്തോലിക്കാസഭ അനുവർത്തിക്കേണ്ട നയ ത്തിനു രൂപരേഖ നൽകുവാൻ യത്നിച്ച വേളയിൽ വളരെ വിലയുള്ള തായിരുന്നു. സാഹോദര്യ നിർവിശേഷമായ ബഹുമാനം അവർക്കു നൽ കുവാൻ സുന്നഹദോസിനെ അതു പ്രേരിപ്പിച്ചു. വിശ്വാസപരമായ വിഷ യത്തിൽ സഭകൾ നിലനിർത്തുന്ന ഐക്യത്തെപ്പറ്റി വസ്തുനിഷ്ഠമായ ഗവേഷണം നടത്തുന്നതിനുപയുക്തമായ സന്ദർഭം അതു പ്രദാനം ചെയ്തു. സഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവയെന്നു ശരിയായ വിധം വേർതിരിച്ചു മനസ്സിലാക്കുവാനും, ആ വ്യത്യാസങ്ങളെ നേരിട്ടു കൊണ്ട് അവയ്ക്ക് നിവാരണം കണ്ടുപിടിക്കുവാനാവശ്യമായ മാർഗ്ഗം നിർദ്ദേശിക്കുവാനും അതു സഹായിച്ചു. സുന്നഹദോസിലെ പര്യാലോച നകൾ, ആ നേതാക്കളുടെ കായികവും ആദ്ധ്യാത്മികവുമായ സാന്നി ദ്ധ്യത്തോട് വളരെയധികം കടപ്പെട്ടിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

സുന്നഹദോസ് മറ്റു ക്രിസ്ത്യാനികളുടെ നേരെ കത്തോലിക്കാ സഭ അവലംബിക്കേണ്ട സാഹോദര്യ മനോഭാവം പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത്. പൊതുവായ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും അടി സ്ഥാനം അനുസ്മരിക്കുകയും ചെയ്തു. പൗരസ്ത്യസഭകൾക്ക് "ശരി യായ കൂദാശകളും, അതിലുമുപരി അപ്പോസ്തോലിക പിൻതുടർച്ച വഴി പൗരോഹിത്യവും കുർബ്ബാനയുമുള്ളതിനാൽ അവ നാമുമായി വളരെ ഉറ്റബന്ധത്തിൽ ഇപ്പോഴും കഴിയുന്നു" എന്ന് ആ സഭകളെ ആസ്പദ മാക്കി സുന്നഹദോസ് സുദൃഢം പ്രസ്താവിച്ചു. അതിനും പുറമെ, "ആ സഭകളിലോരോന്നിനെയും കുർബ്ബാന മൂലം ദൈവത്തിന്റെ സഭ പണി തുയരുന്നു" എന്നും ചൂണ്ടിക്കാണിച്ചു (യൂണിറ്റാറ്റിസ് റെഡിന്റെ ഗ്രാറ്റിയോ: 15).

ഈ വിധത്തിൽ പുനരായി കണ്ടെത്തിയ വിശ്വാസപരവും കൗദാശി കവുമായ ഐക്യത്തിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ, കത്തോലിക്കാസഭയും പൗരസ്ത്യസഭകളും തമ്മിൽ ഭാവി യിലുണ്ടായിരിക്കേണ്ട ബന്ധം എപ്രകാരമായിരിക്കണമെന്ന് വ്യക്തമാ ക്കിയത്. അത് കാലത്തിനു യോജിച്ചവണ്ണം യഥേഷ്ടം വ്യാഖ്യാനിക്കാ വുന്നതോ ദുർഗ്രഹമോ അല്ല.

കാലയവനികയ്ക്കുള്ളിൽ മിക്കവാറും മറഞ്ഞ്, പൊടിപറ്റി, കണ്ണു കൾകൊണ്ടു കാണുവാൻ അസാദ്ധ്യമായിത്തീർന്നു പോയിരുന്ന ഈ സത്യത്തെ പഠനവും നേരിട്ടുള്ള സമ്പർക്കവുമാണ് വെളിപ്പെടുത്തിക്കാ ണിച്ചുതന്നത്.

മനുഷ്യഹൃദയത്തെ ഉജ്ജ്വലമാക്കി മനസ്സിനു പ്രകാശം നൽകുന്ന കർത്താവ് അവിടുത്തെ ഹിതം ശരിയായ സമയത്ത് നമ്മെ മനസ്സിലാ ക്കുകയും അതു പ്രായോഗികമാക്കുവാനാവശ്യമായ ശക്തി പ്രദാനം ചെയ്യുകയും ചെയ്യുന്നു. അവിടുന്നു വാഴ്ത്തപ്പെട്ടവനായിരിക്കട്ടെ.

ലോകം വിശ്വസിക്കേണ്ടതിന് അവിടുത്തെ ശിഷ്യന്മാർ ഒന്നായിരിക്ക ണമെന്ന് (യോഹ. 17:21) അനുശാസിക്കുന്ന കർത്താവിന്റെ ഹിതം നിറ വേറ്റുവാൻ ആഗ്രഹിച്ചുകൊണ്ടുള്ള നമ്മുടെ ഇന്നത്തെ കൂടിക്കാഴ്ചയെ അവിടുന്ന് തീർച്ചയായും അനുഗ്രഹിക്കുന്നു.

"ചിതറിപ്പോയിരിക്കുന്ന ദൈവമക്കളെ ഒരുമിച്ചു ചേർക്കുവാൻ" (യോഹ. 11:52) യേശുക്രിസ്തു കുരിശിന്മേൽ മരിച്ചു. ക്രിസ്തുവിന്റെ പ്രാർത്ഥനയോടും അവിടുത്തെ രക്ഷണ്യവ്യാപാരത്തോടും വിശ്വസ്ത രായിരിക്കണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹം.

നമ്മുടെ ഈ കൂടിക്കാഴ്ചയിലന്തർലീനമായി, സ്ഥായിയായി നിൽ ക്കുന്ന സാഹോദര്യത്തിന്റെ ആത്മാവ്, കത്തോലിക്കാസഭയിലേയും മല ങ്കര ഓർത്തഡോക്സ് സഭയിലേയും വിശ്വാസികളുടെ ഇടയിൽ, പ്രത്യേ കിച്ചും അവർ പരസ്പര സാമീപ്യത്തിൽ കഴിയുന്നിടത്തെല്ലാം, പ്രചരി ക്കുമെന്നാണെന്റെ പ്രത്യാശ. അവർ തമ്മിൽ ശരിയായ ധാരണ വളരട്ടെ. അന്യോന്യ ബഹുമാനവും സ്നേഹവും അവരുടെ മദ്ധ്യത്തിൽ വർദ്ധി ക്കട്ടെ. സാമൂഹ്യവും സാംസ്ക്കാരികവും ആയ രംഗങ്ങളിലും, അതിലു പരി ഇടവകതലത്തിലും സാഹോദര്യവും, സൃഷ്ടിപരമായ സഹകര ണവും പുലർത്തുന്നതിനും അത് സാധിതമാകട്ടെ. ഈദൃശ പ്രവർത്തന പരിപാടികൾ മൂലം നമ്മുടെ ചുറ്റുമുള്ളവരുടെ ഇടയിൽ യേശുക്രിസ്തു വിനെ നമ്മുടെ ദൈവവും കർത്താവുമായി സാക്ഷീകരിക്കുവാൻ നമുക്കു കഴിയട്ടെ.

ദേശീയതലത്തിൽ ക്രൈസ്തവൈക്യപ്രസ്ഥാനം വളരേണ്ടത് എല്ലാ ക്രിസ്ത്യാനികളുടെയും സംയോജനം സാധിതമാക്കുവാൻ നിർണ്ണായ കപ്രാധാന്യം അർഹിക്കുന്നതാണ്.

ക്രിസ്തീയ സമൂഹത്തിന്റെ പ്രത്യേക ലക്ഷണമാണ് ഐക്യം. ഏതു വിധത്തിലുള്ള വിഭജനവും അതിനെ വികലമാക്കുന്നു. ചിലപ്പോൾ ഐക്യ ത്തിന്റെ സ്വഭാവത്തെ അത് അലങ്കോലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവാനുള്ള ആ അതിവിശുദ്ധ ലക്ഷ്യത്തെ അത് അപായപ്പെടുത്തുന്നു എന്ന രണ്ടാം വത്തിക്കാൻ സുന്ന ഹദോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട് (യൂണിറ്റാറ്റിസ്റെഡിന്റെ ഗ്രാറ്റിയോ: 1).

ഐക്യത്തിനുവേണ്ടി ഈ വിധം പ്രതിഷ്ഠിതരാകുവാനുള്ള യേശു ക്രിസ്തുവിന്റെ ആഹ്വാനം നാം ഇതുവരെയും അറിയാതെ കഴിയു ന്നവരെ ഉദ്ദേശിച്ചു മാത്രമല്ല നിർബന്ധിതമായിരിക്കുന്നത്. പരമ്പരാഗത മായി ക്രിസ്തുമതാവലംബികളെങ്കിലും, ഇന്ന് അതിൽ നിന്നുമുലഞ്ഞ്, ക്രൈസ്തവ വിശ്വാസത്തെ പരിത്യജിക്കുവാനോ ലാഘവപ്പെടുത്തു വാനോ പോലും ഉദ്യമിക്കുന്ന ജനതകളെ സംബന്ധിച്ചും, അത് അത്യ ന്താപേക്ഷിതമായിത്തീർന്നിട്ടുണ്ട്.

പരിശുദ്ധ തിരുമേനിയെ ഈ വസ്തുത ഉറപ്പായി മനസ്സിലാക്കണമെ ന്നെനിക്കാഗ്രഹമുണ്ട്. ക്രിസ്തീയൈക്യം അധികരിച്ചു ചെയ്യേണ്ട യത്ന ങ്ങളിൽ ഒന്നിനെയും കത്തോലിക്കാസഭ അശ്രദ്ധമായി വിടുകില്ല. വേദ ശാസ്ത്രപരമായ ഗവേഷണം, ഇടവകതലത്തിൽ നിർവഹിക്കേണ്ട ചുമ തലകൾ, വേദശാസ്ത്രാധിഷ്ഠിതമായ ചർച്ചകൾ, അന്യോന്യ സംഭാ ഷണം ഇവയെല്ലാം നാം തന്നെ പ്രയോഗത്തിൽ വരുത്തുന്നതായിരിക്കും. ഇതിലെല്ലാം അപ്പുറം നാം പ്രാർത്ഥനയിൽ ജാഗരൂകരാകണം. രക്ഷ എന്നതുപോലെ, ഐക്യവും ദൈവത്തിന്റെ ദാനമാണ്. അത് മനുഷ്യ ഹിതത്തിനും യത്നത്തിനും അധിഷ്ടിതമായിട്ടല്ല, ദൈവത്തിന്റെ കരു ണയ്ക്കു വിധേയമായി മാത്രമാണ് പ്രവർത്തികമാകേണ്ടത് (റോമർ 9:16).

നമ്മുടെ ഏക കർത്താവിന് പൊതുസാക്ഷ്യം നിർവഹിക്കുവാനും നമ്മുടെ രക്ഷകനായ യേശുക്രിസ്തു മാത്രമാണ് ലോകത്തിന്റെ ജീവൻ എന്നുദ്ഘോഷിച്ചുകൊണ്ട് ഇന്നത്തെ മനുഷ്യർക്ക് ആവശ്യമായ സേവനം നൽകുവാനും വേണ്ടി ക്രിസ്ത്യാനികളുടെ സമ്പൂർണ്ണമായ ഐക്യം സാധിതമാകുവാൻ യത്നിക്കുന്നതിലേക്ക് കത്തോലിക്കാ സഭ സർവ്വാത്മനാ സന്നദ്ധമാണ്.

ഈ ആശയപ്രകടനവെളിച്ചത്തിൽ പരിശുദ്ധ തിരുമേനി ഞാൻ അങ്ങയെ പരസ്പര സ്നേഹത്തിന്റെ ആത്മാവിൽ ബഹുമാനപൂർവ്വം അഭിവാദനം ചെയ്യുന്നു. ഈ കൂടിക്കാഴ്ച സാധിതമാക്കിയ ദൈവം അനു

ഗൃഹീതനായിരിക്കട്ടെ. ഇനിയും നമുക്കു നേരിടുവാനുള്ള പ്രതിബന്ധങ്ങളെ അതിജീവിച്ച്, ഒരുമിച്ചുള്ള കുർബ്ബാനാർപ്പണത്തിൽ ഭാഗഭാക്കുകളാകുന്ന സമ്പൂർണ്ണ ഐക്യത്തിൽ നമുക്ക് അന്യോന്യം കാണുവാൻ ദൈവം സഹായിക്കട്ടെ.

ദൈവത്തിന് സഭയിലും യേശുക്രിസ്തുവിലും എന്നും എന്നന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ (എഫേസ്യർ 3:21). ആമീൻ."

1985 ഫെബ്രുവരി എട്ടിനു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ചു മാർപാപ്പായും കാതോലിക്കായും തമ്മിൽ നടന്ന കൂടിക്കാഴ്ചയും സംഭാഷണവും പ്രസംഗങ്ങളും തികച്ചും അവിസ്മരണീയമാണ്. മലങ്കരസഭയുടെ ചരിത്രത്തിലെ സന്തോഷങ്ങളുടെ ഒരു ഉഷസ്സായി അതു നില കൊള്ളുകയും ചെയ്യുന്നു. അവിടെ കാതോലിക്കാബാവായും മാർ പാപ്പായും ചെയ്ത പ്രസംഗങ്ങൾ ഒട്ടും ചുരുക്കാതെ വരുംതലമുറകളുടെ പഠനത്തിനുവേണ്ടി ഇവിടെ ചേർക്കുകയാണ്. ബാവായുടെ സ്വാഗത പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു.

"പരിശുദ്ധ ജോൺ മാർപാപ്പാ, കർത്താവിൽ പ്രിയപ്പെട്ട അതിബഹുമാന്യ സഹോദരാ,

ക്രിസ്തുവിൽ നിറഞ്ഞു കവിയുന്ന സന്തോഷത്തോടെയാണ് ഞങ്ങളുടെ ഈ നഗരത്തിലേക്കും ഞങ്ങളുടെ ഈ സഭയിലേക്കും അങ്ങയെ സ്വാഗതം ചെയ്യുന്നത്. 1983 ജൂണിൽ നാം റോമിലുള്ള അങ്ങയുടെ ആസ്ഥാനം സന്ദർശിച്ച അവസരത്തിൽ നൽകിയ ക്ഷണം സ്വീകരിക്കുകയും അവിടുത്തെ സാന്നിദ്ധ്യത്തിൽ നമ്മുടെ ഈ എളിയ വസതിയെ അനുഗ്രഹിക്കുകയും ചെയ്തതിൽ ഞങ്ങൾക്ക് അങ്ങയോട് വളരെയധികം നന്ദിയുണ്ട്.

അപൂർവ്വമായ ബഹുമതിയാണ് അങ്ങ് ഇന്ന് ഞങ്ങൾക്ക് നൽകുന്നത്. 20 ലക്ഷത്തിൽ താഴെ മാത്രം അംഗസംഖ്യയുള്ള ഞങ്ങളുടെ സഭയെ അങ്ങ് ഇന്ന് ബഹുമാനിക്കുന്നു. അതിന്റെ സ്ഥാപകനും ക്രിസ്തുവിൽ ഞങ്ങളുടെ പിതാവുമായ മാർത്തോമ്മാശ്ലീഹായെ അങ്ങ് ഇന്ന് ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ എളിയ പിൻഗാമിയായ ബലഹീനനായ നമ്മെയും അങ്ങ് ഇന്ന് ബഹുമാനിക്കുന്നു.

ആയിരത്തിതൊള്ളായിരത്തിലധികം വർഷങ്ങൾക്കു മുമ്പ് അപ്പോസ്തോലനായ മാർത്തോമ്മായുടെ രക്തസാക്ഷി നിണം ഈ പുണ്യഭൂമിയിൽ ചിന്തപ്പെട്ടു. അദ്ദേഹത്തിന്റെ പുണ്യ മൃതശരീരം ഈ മണ്ണിൽ സംസ്കരിക്കപ്പെട്ടു. ഈ നാട്ടിൽ വച്ച് ഇന്ന് അദ്ദേഹത്തിന്റെ പിൻഗാമിക്ക് പരിശുദ്ധ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പിൻഗാമിയെ

സ്വാഗതം ചെയ്യുവാനുള്ള സവിശേഷ സൗഭാഗ്യം സിദ്ധിച്ചിരിക്കുന്നു. നമ്മുടെ ദൈവമായ കർത്താവിന്റെ വാഴ്ത്തപ്പെട്ട തിരുനാമത്തിന് മഹത്വം.

അഞ്ച് ശതകങ്ങൾക്കു മുമ്പു വരെ അവിഭജിതമായ ഏക ക്രിസ്തീയസഭ മാത്രമേ ഈ നാട്ടിൽ ഉണ്ടായിരുന്നുള്ളു. മാർത്തോമ്മായുടെ മക്കൾ ഒറ്റ ആട്ടിൻകൂട്ടമായിരുന്നു. അവർ എല്ലാ സ്ഥലങ്ങളിലും ഉള്ള അവിഭക്തസഭയുമായി ഒന്നായിരുന്നു. എന്നാൽ ഇന്ന് മാർത്തോമ്മായുടെ മക്കൾ ദയനീയമാംവിധം വിഭജിതരാണ്. പടിഞ്ഞാറു നിന്നു വന്ന ഞങ്ങളുടെ ക്രൈസ്തവ സഹോദരങ്ങൾ അവിടെ നിലവിലുള്ള എല്ലാ വിഭജനങ്ങളും ഇവിടെയും എത്തിച്ചു. ഭാരതത്തിനു പുറത്തുനിന്ന് ക്രിസ്തുവിന്റെ നാമത്തിൽ വന്ന സകലരേയും ക്രിസ്തുവിന്റെ ഏക ശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ സ്വാഗതം ചെയ്തുകൊണ്ട് ഈ രാജ്യത്തിലെ ഏക സഭയായി ഒരിക്കൽ ഞങ്ങൾ നിലനിന്നിരുന്നു. ആ വിധത്തിലാണ് പതിനാറാം ശതകത്തിൽ പോർച്ചുഗീസുകാരെയും ഞങ്ങൾ സ്വീകരിച്ചത്. അതിന്റേതായ പരിണതഫലങ്ങളോടു കൂടെ.

ഹാ, ഞങ്ങളുടെ നിർഭാഗ്യം! ആ ഐക്യം ഞങ്ങൾക്കിന്നാര് പുനഃസ്ഥാപിച്ചു തരും! നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ മുറിവുകൾ ആരിന്ന് സൗഖ്യമാക്കും! സകല ക്രൈസ്തവരുമായുള്ള ആ ഐക്യത്തിനായി എത്ര ഉൾക്കടമായി ഞങ്ങളിന്നു വാഞ്ഛിക്കുന്നു! അജഗ്രഹണം അവസാനിപ്പിക്കുവാനും പ്രലോഭനം മൂലമുള്ള സഭാപരിവർത്തന വ്യഗ്രതയിൽ നിന്ന് പിൻവാങ്ങുവാനും മാത്രം എല്ലാ ക്രൈസ്തവർക്കും സാധിച്ചിരുന്നെങ്കിൽ! വേർപെട്ട സഹോദരങ്ങൾ എന്ന ആത്മാർത്ഥതയോടെ ഒരുമിച്ചു കൂടുവാനും സഹോദരീസഹോദരങ്ങൾ എന്ന നിലയിൽ പരസ്പരം സംസാരിക്കുവാനുമെങ്കിലും നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ! രണ്ടാം വത്തിക്കാന്റെ ആത്മാവ് ഈ ദേശത്ത് പ്രബലപ്പെട്ടിരുന്നെങ്കിൽ!

അങ്ങയുടെ സന്ദർശനം ഞങ്ങൾക്ക് പുതിയ പ്രത്യാശ നൽകുന്നു. ഇവിടെ ഭാരതത്തിൽ പ്രലോഭനം മൂലമുള്ള സഭാപരിവർത്തനം അവസാനിപ്പിക്കുവാനും ഡയലോഗ് ആരംഭിക്കുവാനും ഞങ്ങൾക്ക് സഹായം ആവശ്യമാണ്. നമ്മുടെ പൊതുവായ ചരിത്രത്തെക്കുറിച്ചും ഓർത്തഡോക്സുകാരേയും, റോമൻ കത്തോലിക്കരേയും തമ്മിൽ വേർതിരിക്കുന്ന ഘടകങ്ങളെക്കുറിച്ചും ഒരു പൊതുധാരണയിൽ എത്തേണ്ടത് ആവശ്യമാണ്. നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നീ മൂന്ന് സാർവത്രിക സുന്നഹദോസുകളിലെ നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം നമ്മുടെ പൊതുമുതലാണ്. അതിനെ നാം അറിഞ്ഞുൽഘോഷിക്കേണ്ട ആവശ്യം നമുക്കുണ്ട്.

ഏകദേശം പതിനാലു വർഷങ്ങൾക്കു മുമ്പ് നമ്മുടെ ആദരണീയ

സഹോദരൻ വിയന്നയിലെ കർദ്ദിനാൾ കേണിംഗ് പുരാതന പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും റോമൻ കത്തോലിക്കാ സഭയിലെയും വേദശാസ്ത്രജ്ഞന്മാർ ആഗോളാടിസ്ഥാനത്തിൽ ഒരുമിച്ചു കൂടുന്നതിന് മുൻകൈ എടുത്തു. നമ്മെ തമ്മിൽ അകറ്റുന്ന ഘടകങ്ങളോടൊപ്പം നമ്മെ ഒരുമിപ്പിക്കുന്നവയെക്കുറിച്ചു ആഴമായി ചർച്ച ചെയ്യുന്നതിനുവേണ്ടി 1972 മുതൽ 1979 വരെ ഈ വേദശാസ്ത്രജ്ഞന്മാർ നാലു പ്രാവശ്യം വിയന്നായിൽ സമ്മേളിച്ചു. ആയിരം പേജോളമുള്ള പ്രമാണരേഖകൾ അവർ രൂപപ്പെടുത്തി. അനവധി മേഖലകളിൽ യോജിപ്പു കണ്ടെത്തുകയും അടിസ്ഥാനപരമായി വിയോജിക്കുന്ന ഘടകങ്ങളെ വേർതിരിച്ചു കാണിക്കുകയും ചെയ്തു. കർദ്ദിനാൾ കേണിംഗിന്റെ അഭ്യർത്ഥനയനുസരിച്ച് ഞങ്ങളുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ പ്രമാണരേഖകൾ പഠിച്ചു. ഇവയെക്കുറിച്ച് ഒരുമിച്ചു പഠിക്കുന്നതിനായി ഭാരതത്തിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാക്കുന്നതിന് ഭാരത കത്തോലിക്കാ ബിഷപ്പ്സ് കോൺഫ്രൻസിലെ ഞങ്ങളുടെ സഹോദരങ്ങൾക്ക് ഞങ്ങൾ എഴുതി. ഇത് അഞ്ചു വർഷം മുമ്പായിരുന്നു. ഞങ്ങൾ ഇപ്പോഴും ഒരു മറുപടിക്കായി കാത്തിരിക്കുന്നു.

പ്രലോഭനം മൂലമുള്ള സഭാപരിവർത്തന പ്രശ്നം വ്യക്തിപരമായി അങ്ങയോടും അങ്ങയുടെ സഭയിലെ മറ്റ് അധികാരികളോടും ഒന്നിലധികം പ്രാവശ്യം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. റോമൻ കത്തോലിക്കർ ഓർത്തഡോക്സുകാരുടെ ഇടയിൽ നടത്തുന്ന സഭാപരിവർത്തന പ്രവർത്തനം രണ്ടാം വത്തിക്കാൻ കൗൺസിൽ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. വത്തിക്കാനിൽ നിന്നുള്ള അധികാരികൾ ചില ഭാരത കത്തോലിക്കാ ബിഷപ്പുമാരോട് "ഓർത്തഡോക്സ് സഭ നിങ്ങളുടെ സുവിശേഷ വയൽ അല്ല" എന്ന് ഞങ്ങളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ വച്ചുതന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ സഭാനേതാക്കൾ ഞങ്ങളുടെ ആളുകളെ സന്ദേഹാസ്പദമായ മാർഗ്ഗങ്ങളിൽകൂടി നിങ്ങളുടെ സഭയിലേക്ക് ആകർഷിക്കുന്ന പ്രവർത്തനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

അങ്ങയുടെ ഇപ്പോഴത്തെ ഈ സന്ദർശനം ഞങ്ങൾക്കു പുതിയ പ്രത്യാശ നൽകുന്നു. ഡയലോഗ് ആരംഭിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രലോഭനം മൂലമുള്ള സഭാപരിവർത്തനം അവസാനിക്കും എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. രാഷ്ട്രസേവനത്തിലും ഇതര മതവിശ്വാസികളുമായുള്ള ഡയലോഗിലും ഓർത്തഡോക്സുകാർക്കും റോമൻ കത്തോലിക്കർക്കും ഒരുമിച്ചു പ്രവർത്തിക്കാൻ കഴിയുമെന്ന് ഞങ്ങൾ ആശിക്കുന്നു. ഇതര മതവിശ്വാസികളുമായി ഇപ്രകാരമുള്ള ഡയലോഗുകൾ നടത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അങ്ങ് മുമ്പുതന്നെ ഊന്നി

പ്പറഞ്ഞിട്ടുണ്ടല്ലോ. അത് ഉടനെതന്നെ നടപ്പിൽ വരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ രാഷ്ട്രത്തിന്റെ ഐക്യത്തെ സംബന്ധിച്ചിടത്തോളം ഇത് പരമപ്രധാനമാണ്.

നമ്മുടെ ലോകത്തിൽ ഇന്ന് വളരെയധികം ദാരിദ്ര്യവും പ്രയാസവും ഉണ്ട്. ഈ രാജ്യത്ത് അനേക ദശലക്ഷങ്ങൾ വിശന്നു ജീവിക്കുന്നു. ഭക്ഷണവും പാർപ്പിടവും വസ്ത്രവും അവർക്കാവശ്യത്തിനു കിട്ടുന്നില്ല. കോടിക്കണക്കിനാളുകൾ വേണ്ടത്ര ആരോഗ്യസംരക്ഷണം ലഭിക്കാതെ വലയുന്നു. ഇവരെ സേവിക്കുന്നതിൽ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

യുദ്ധത്തിന്റെ കാർമേഘങ്ങൾ മാറിപ്പോകുന്നില്ല. അണ്വായുധദുരന്തമാകുന്ന ഡെമോക്ലീസിന്റെ വാൾ മനുഷ്യരാശിയുടെമേൽ ഇപ്പോഴും തൂങ്ങിനിൽക്കുന്നു. മാനവസമൂഹം അതിന്റെ ശാസ്ത്രസാങ്കേതിക വിജ്ഞാനവും വൈദഗ്ദ്ധ്യവും ദൈവദത്തമായ അറിവും യുദ്ധത്തിനും ധനലാഭത്തിനും വേണ്ടി നഷ്ടപ്പെടുത്തുന്നു. അണ്വായുധങ്ങളെ ഭൂമിയിൽ നിന്നു ബഹിഷ്ക്കരിക്കുവാനും നമ്മുടെ തലയ്ക്കു മീതെയുള്ള ബഹിരാകാശത്തെ എല്ലാ യുദ്ധായുധങ്ങളിൽ നിന്നും വിമുക്തമാക്കുവാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രയോജനത്തിനും സമാധാനപരമായ ഉപയോഗത്തിനുംവേണ്ടി ബഹിരാകാശം മനുഷ്യരാശിയുടെ പൊതുമുതലായി തീരണം. ശാസ്ത്രത്തെയും സാങ്കേതിക വിജ്ഞാനത്തേയും യുദ്ധം, ലാഭമോഹം എന്നിവയുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുവാനും ദാരിദ്ര്യം, രോഗം, അജ്ഞത, അനീതി മുതലായവ വിപാടനം ചെയ്യുന്നതിനും ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുവാനും ഒരു വലിയ പരിശ്രമം ആവശ്യമായിരിക്കുന്നു. സന്മനസ്സുള്ള എല്ലാവരോടുമൊപ്പം നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

രാഷ്ട്രങ്ങൾ തമ്മിലുള്ള ശക്തിതുലനവും വാണിജ്യബന്ധങ്ങളും അങ്ങേയറ്റം നീതിരഹിതമായി തീർന്നിരിക്കുന്നു. പല രാജ്യങ്ങളും ഇന്ന് ഋണബാദ്ധ്യതയാകുന്ന മഹാസമുദ്രത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. വടക്കും തെക്കും (വികസിത രാഷ്ട്രങ്ങളും) തമ്മിലുള്ള ഡയലോഗ് നീതിപൂർവ്വകമായ തീരുമാനത്തിൽ എത്തുന്നതിൽ ആദ്ധ്യാത്മിക നേതാവ് എന്ന നിലയിൽ അന്തർദേശീയ സാമ്പത്തിക രാഷ്ട്രീയ ബന്ധങ്ങളിൽ നീതിപുലർത്തുവാൻ അങ്ങ് അവിടുത്തെ വലിയ കഴിവുകൾ ഉപയോഗപ്പെടുത്തുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതോടൊപ്പം ഒരു രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബാഹ്യശക്തികൾ ഇടപെടുകയില്ലെന്ന് ഉറപ്പുവരുത്തുവാനും ഏതെങ്കിലും ചേരിയിൽ ചേരാതെ രാഷ്ട്രങ്ങൾക്ക് അവർ സ്വയം തീരുമാനിക്കുന്ന മാർഗ്ഗങ്ങളിൽ കൂടി അവയുടെ വികസനം സാദ്ധ്യമാക്കിത്തീർക്കാനും അവിടത്തെ വലിയ പ്രേരകശക്തി ഉപയോഗപ്പെടുത്തും എന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

നമ്മുടെ ഏക ഇടയനായ യേശുക്രിസ്തുവിലാണ് നമ്മുടെ പ്രത്യാശ. അവിടത്തെ സ്നേഹം നമ്മെയെല്ലാം നയിക്കുന്ന പ്രകാശമാകട്ടെ. സകല മാനവരാശിക്കും നീതിപൂർവ്വകമായ സമാധാനം കൈവരുവാൻ ഇടയാകട്ടെ. ദരിദ്രർ ആനന്ദിക്കുകയും കർത്താവിനെ പുകഴ്ത്തുകയും ചെയ്യട്ടെ. മർദ്ദനവും അനീതിയും അവസാനിക്കുകയും ലോകം നീതിയുടെയും സമാധാനത്തിന്റെയും പാതകളിൽ ചരിക്കുകയും ചെയ്യട്ടെ. മനുഷ്യൻ മേലിൽ യുദ്ധം അഭ്യസിക്കാതിരിക്കട്ടെ, ലോകജനതകൾ ഏക മാനവ സമൂഹമായി പരസ്പരവിശ്വാസത്തിലും അന്യോന്യ സേവനത്തിലും ഐക്യത്തിലും ജീവിക്കുവാൻ പഠിക്കട്ടെ.

നാം ഒന്നായിത്തീരണം എന്നുള്ള കർത്താവിന്റെ പ്രാർത്ഥന സഫലമാകട്ടെ. അവിടത്തെ രാജ്യം വരട്ടെ.

ഞങ്ങളെ കാണാൻ വന്നതിനായി ഞങ്ങൾ അങ്ങേയ്ക്ക് വീണ്ടും നന്ദി പറയുന്നു. ഞങ്ങളുടെ സ്നേഹാദരങ്ങളുടെ ഈ എളിയ പ്രതീകങ്ങളെ സ്വീകരിച്ചാലും!"

മാർപാപ്പായുടെ മറുപടി

"പരിശുദ്ധ പിതാവേ, പ്രിയ സ്നേഹിതരെ, കർത്താവിൽ സഹോദരന്മാരെ,

'കർത്താവിലായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ" (2 കൊരി. 13:14).

വിശ്വാസത്തിന്റെ ഈ വാക്കുകളുമായി നിങ്ങളെ അഭിവാദ്യം ചെയ്യാൻ എനിക്ക് സന്തോഷമുണ്ട്. വിശുദ്ധ പൗലോസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ അഭിവാദ്യം ചെയ്ത വാക്കുകളാണിത്.

തന്റെ സ്നേഹം കൊണ്ടു നമ്മെ നിറയ്ക്കുകയും സത്യത്തിന്റെ നിറവിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്ന ദൈവാത്മാവിനു സ്തുതിയായിരിക്കട്ടെ. ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് സമ്പൂർണ്ണ ഐക്യത്തിൽ ഒന്നിച്ച് ദൈവഹിതം നിറവേറ്റാൻ ഹൃദയങ്ങളിൽ പ്രേരണ നൽകുന്നതും ഇതേ ആത്മാവാണ്. പിതാവിനോടുള്ള ഈ പ്രാർത്ഥനയിൽ യേശുവിന്റെ ആഗ്രഹവും ഇതു തന്നെയായിരുന്നു. "നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ."

മൂന്നു വർഷം മുമ്പ് അങ്ങ് എന്നെ സന്ദർശിച്ചത് ഓർക്കുന്നു. തമ്മിൽ

തമ്മിലും ക്രിസ്തുവുമായും കൂടുതൽ ഐക്യത്തിലേക്കുള്ള യാത്രയുടെ ഒരു സുപ്രധാന ഘട്ടമായിരുന്നു അത്. അന്നുതന്നെ നമ്മുടെ കൂടിക്കാഴ്ചയും അപ്പോസ്തോലന്മാരായ പത്രോസിന്റെയും പൗലൂസിന്റെയും കബറിടങ്ങളിലേക്ക് അങ്ങു നടത്തിയ തീർത്ഥയാത്രയും ആദരവോടെ ഞാൻ അനുസ്മരിക്കുന്നു. സഹോദരസ്നേഹവും പ്രതീക്ഷയും നിറഞ്ഞുതുളുമ്പുന്ന വാക്കുകളുമായി അന്ന് അങ്ങ് എന്നോട് സംസാരിച്ചത് ഓർക്കുന്നു. "പശ്ചാത്തപിക്കുകയും ദൈവഹിതപ്രകാരം ചരിത്രത്തെ പുനഃസൃഷ്ടിക്കുകയും ചെയ്യുകയാണ് നമ്മുടെ കടമ" എന്ന് അങ്ങ് പറയുകയുണ്ടായി. നാം ഇപ്പോൾ ദൈവഹിതം നിറവേറ്റുന്ന പ്രക്രിയയിലാണ്. ഇന്നത്തെ നമ്മുടെ ലഘുവായ കൂടിക്കാഴ്ച അതിന്റെ നല്ലൊരു അടയാളമാണ്. ഐക്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ഇനി താമസം ഉണ്ടായിക്കൂടാ. നമ്മുടെ തിരിവുകൾ സുവിശേഷ പ്രഘോഷണത്തിനും നമ്മുടെ ദൗത്യനിർവഹണത്തിനും ഒരു തടസമാണ്.

കത്തോലിക്കരും ഇന്ത്യയിലെ ഓർത്തഡോക്സ് സഭയും തമ്മിലുള്ള സഹോദരനിർവിശേഷമായ ബന്ധം വളർന്നുവരാൻ അങ്ങു പലപ്പോഴായി താല്പര്യം പ്രദർശിപ്പിച്ചത് എനിക്കറിയാം. റോമിൽ അങ്ങ് ചരിത്രപ്രധാനമായ സന്ദർശനം നടത്തിയപ്പോൾ ഞാൻ അങ്ങയോടു പറഞ്ഞതുപോലെ സഭൈക്യത്തിന് പ്രാദേശികതലത്തിൽ വലിയ പ്രാധാന്യമുണ്ട്. ക്രിസ്തീയ സമുദായത്തിന്റെ മുഖമുദ്രയാണ് ഐക്യം. വിവിധ ഭാഗങ്ങളിലുള്ള ചേരിതിരിവ് അതിനു കളങ്കം ചാർത്തുന്നു. .....

നമ്മെ അഭിമുഖീകരിക്കുന്ന അടിയന്തിര പ്രേഷിത പ്രശ്നങ്ങൾ പരിഹരിക്കാൻ, നമ്മുടെ സഭകൾക്ക് ഫലപ്രദമായ വഴികൾ കണ്ടെത്താൻ കഴിയട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

സഹോദരസ്നേഹത്തിലൂടെയും വേദശാസ്ത്രപരമായ ആശയവിനിമയത്തിലൂടെയും നമുക്ക് മുന്നോട്ടു പോകാം. കാരണം ഈ വഴികളിലൂടെയാണ് ക്രിസ്ത്യാനികൾക്കിടയിലും ലോകത്തിലും അനുരഞ്ജനം ഉണ്ടാകേണ്ടത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഗ്രഹമനുസരിച്ച് ഇക്കാര്യത്തിൽ പങ്കുചേരാൻ കത്തോലിക്കാ സഭ തയ്യാറാണെന്ന് ഞാൻ ഉറപ്പു പറയുന്നു.

അങ്ങയേയും ഞങ്ങളുടെ പ്രതിനിധിസംഘത്തേയും വിശുദ്ധ സ്ഥലത്തുവച്ച് അഭിവാദ്യം ചെയ്യാൻ കഴിഞ്ഞത് സന്തോഷകരമാണ്. നാം തമ്മിലുള്ള ഭിന്നതകൾ തരണം ചെയ്ത്, പരിശുദ്ധ അൾത്താരയിൽ വച്ച് ദിവ്യബലി അർപ്പിക്കുന്ന സുദിനം വേഗം സമാഗതമാകട്ടെ എന്നു ഞാൻ സർവ്വശക്തനോടു പ്രാർത്ഥിക്കുന്നു. ഈ കൂടിക്കാഴ്ചയ്ക്കുവേണ്ടി ഞാൻ അങ്ങയോടു നന്ദി പറയുന്നു. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം

അങ്ങയുടെ മേലും ഞങ്ങളുടെ മേലും ഉണ്ടാവട്ടെ. യേശുക്രിസ്തുവിൽ എന്റെ സ്നേഹം ഉറപ്പു നൽകുന്നു."

നേട്ടങ്ങൾ

മലങ്കരയിലെ അഞ്ചാം കാതോലിക്കായുടെ കാലത്ത് സഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ ബഹുമുഖമാണ്. വിദ്യാർത്ഥിപ്രസ്ഥാനം തുടങ്ങിയ ആദ്ധ്യാത്മിക സംഘടനകളുടെ പുരോഗതിക്കു പുറമെ പ്രായമായ സ്ത്രീപുരുഷന്മാർക്ക് വേദശാസ്ത്ര സംബന്ധമായ വിജ്ഞാനം പ്രദാനം ചെയ്യുന്നതിനുള്ള ദിവ്യബോധനപദ്ധതി ഒരു പുതിയ കാൽവയ്പാണ്. വളർന്ന് അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വൈദികസെമിനാരിയിലെ പണ്ഡിതന്മാരായ സ്റ്റാഫംഗങ്ങളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ആദ്ധ്യാത്മികരംഗത്ത് കാലാനുസൃതമായ വളർച്ചയും തളർച്ചയും ഉണ്ടായിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കാൻ കഴിയും. സഭയ്ക്കു ത്യാഗനിർഭരമായ സേവനം ചെയ്തിട്ടുള്ള തന്റെ മുൻഗാമികളോടുള്ള ഭക്ത്യാദരങ്ങളുടെ പ്രതീകമെന്ന നിലയിൽ നാലു കാതോലിക്കാബാവാമാരുടെയും കബറിടങ്ങൾ പുതുക്കിപ്പണിയുന്നതിനും അവയെല്ലാം ഭക്തജനങ്ങളുടെ തീർത്ഥാടനകേന്ദ്രങ്ങളാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഒന്നാം കാതോലിക്കാ മുറിമറ്റത്തിൽ മാർ ബസ്സേലിയോസ് പൗലോസ് ഒന്നാമന്റെ കബർ പുതുക്കിപ്പണിയുന്നതിനു ബാവായുടെ അറിവോടെ ഇസ്സഡ്. എം. പാറേട്ടാണ് പണം ചെലവാക്കിയത്. അവഗണിക്കപ്പെട്ടു കിടന്ന വള്ളിക്കാട്ടു ദയറായും രണ്ടാം കാതോലിക്കായായ പരിശുദ്ധ ഗീവറുഗീസ് ഒന്നാമന്റെ കബറിടവും പുതുക്കിപ്പണിയുന്നതിൽ മാത്യൂസ് പ്രഥമൻ ബാവാ പ്രത്യേകം താല്പര്യം പ്രകടിപ്പിക്കുകയും തന്റെ പ്രൈവറ്റ് സെക്രട്ടറിയായ ഫാ. സഖറിയാ പേരങ്ങാട്ടിനെ (ഔഗേൻ മാർ ദീവന്നാസ്യോസ്) ദയറാ മാനേജരായി നിയമിക്കുകയും ഗണ്യമായ ഒരു തുക ചെലവഴിക്കുകയും ചെയ്തു.

ദേവലോകത്ത് കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നിവരുടെ കബറിടങ്ങളും അദ്ദേഹത്തിന്റെ കാലത്ത് അത്യാധുനിക രീതിയിൽ അതിമനോഹരമായി പുതുക്കിപ്പണിതു. ഇക്കാര്യത്തിൽ റിട്ട. ചീഫ് എൻജിനീയർ അടങ്ങപ്പുറത്ത് എ. എം. മാത്യുവിന്റെ സേവനവും ബാവാ പ്രയോജനപ്പെടുത്തി.

മെഡിക്കൽരംഗത്തും ബാവായുടെ ശ്രദ്ധ കാര്യമായി പതിഞ്ഞു. സഭയ്ക്ക് ലഭിച്ചിരിക്കുന്ന കങ്ങഴ എം.ജി.ഡി.എം. ആശുപത്രിയുടെ വികസനത്തിന്റെ വിശദാംശങ്ങളെല്ലാം ബാവാ അപ്പഴപ്പോൾ അറിയുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. രോഗഗ്രസ്ത

നാകുമ്പോൾ കങ്ങഴ ആശുപത്രിയിലാണ് ബാവാ ചികിത്സാർത്ഥം പോയി ക്കൊണ്ടിരുന്നതും. കങ്ങഴ ആശുപത്രി സ്ഥാപകനും തന്റെ അയൽവാ സിയുമായിരുന്ന പി. ഗീവറുഗീസിന്റെ സേവനങ്ങളിൽ ബാവായ്ക്ക് വലിയ മതിപ്പാണുണ്ടായിരുന്നത്. ബാവായുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് "മനോഹരനായ മനുഷ്യസ്നേഹി" എന്ന പി. ഗീവറുഗീസിന്റെ ജീവച രിത്രം രചിക്കാനിടയായതും (പുസ്തകത്തിന് അവതാരിക എഴുതി അതു പ്രകാശനം ചെയ്തു. ഗ്രന്ഥകർത്താവായ എന്നെ പൊന്നാടയും ചാർത്തി ബഹുമാനിച്ചു). കോലഞ്ചേരി, പരുമല ആശുപത്രികളുടെ വളർച്ചയിലും ബാവാ സന്തുഷ്ടനായിരുന്നു.

സഭയുടെ വികസനത്തെ മുൻനിർത്തി പുതിയ ഭദ്രാസനങ്ങൾ രൂപ വൽക്കരിക്കുന്നതിനും കൂടുതൽ മെത്രാന്മാരെ വാഴിക്കുന്നതിനും ബാവാ ശ്രദ്ധിച്ചു. രണ്ടു പ്രാവശ്യമായി പത്തു പേർക്കു മെത്രാൻ പട്ടം നൽകു കയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാവിധത്തിലും യോഗ്യരായ അഞ്ചു പേരെ കൂടി മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കാനും കഴിഞ്ഞു.

സഭയിലെ ഭൂരിപക്ഷം വൈദികരും തന്റെ ശിഷ്യന്മാരാകയാൽ ഭര ണരംഗത്ത് ഒരു വലിയ ഇടയന്റെ ആജ്ഞാശക്തി ഫലപ്രദമാക്കാൻ സാധിച്ചു. മറ്റൊരു കാതോലിക്കായ്ക്കും ആ അസുലഭ ഭാഗ്യം സിദ്ധിച്ചി ട്ടില്ല. അതുപോലെ തന്നെ സുന്നഹദോസിലെ എല്ലാ അംഗങ്ങളും അതിന്റെ അധ്യക്ഷനോട് അതുല്യമായ സ്നേഹവും വിധേയത്വവുമാണ് പ്രകടിപ്പിച്ചുകൊണ്ടിരുന്നതും.

സുന്നഹദോസിലെ ഒരംഗമായ ഡോ. പൗലോസ് മാർ ഗ്രീഗോറി യോസ് സഭകളുടെ ലോകകൗൺസിലിന്റെ ഒരു പ്രസിഡന്റായതും ഗീവ റുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കേരള ക്രിസ്ത്യൻ കൗൺസിലിന്റെ പ്രസിഡന്റായതും ബാവായുടെ എക്യുമെനിക്കൽ വീക്ഷ ണത്തിന്റെ പ്രതീകമായും കണക്കാക്കാം. നാഷണൽ ക്രിസ്ത്യൻ കൗൺസിൽ, കെ.സി.സി., ബൈബിൾ സൊസൈറ്റി മുതലായ സംഘട നകളുമായുള്ള സഹകരണം സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായുള്ള വൈദികസെമിനാരിയുടെ അഫിലിയേഷൻ മുതലായ കാര്യങ്ങളും നേട്ട ങ്ങളുടെ പട്ടികയിൽ ചേർക്കാവുന്നതാണ്.

വൈദേശിക സഭകളുമായുള്ള ബന്ധത്തേക്കാൾ കൂടുതൽ അഭികാമ്യം കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുമായിട്ടുള്ളതാണെന്ന വട്ടശ്ശേ രിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അഭി പ്രായത്തെ ആദരിക്കുന്ന ബാവാ കേരളത്തിലെ കൽദായ, മാർത്തോമ്മാ, സി.എസ്.ഐ., കത്തോലിക്കാ സഭകളുമായി സഹകരിക്കുന്നതിൽ മാത്ര മല്ല ഐക്യത്തിൽ എത്തുന്നതിനും സിറിയൻ ഓർത്തഡോക്സ് സഭയു

മായുള്ള ബന്ധം അന്യൂനം നിലനിർത്തുന്നതിനും ആഗ്രഹിച്ചു. ഇക്കാര്യം വളരെ നേരത്തെ തന്നെ ബാവാ പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്. രോഗ ഗ്രസ്തനായ തനിക്ക് ഇക്കാര്യം സഫലമാക്കാൻ സാധിച്ചില്ലെങ്കിൽ പിൻഗാമിയായ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ കാലത്ത് അത് നടക്കുമെന്നുള്ള പ്രതീക്ഷ ബാവായ്ക്കുണ്ടായിരുന്നു. സഭയുടെ സത്യവിശ്വാസവും സ്വത്തും ഒട്ടും നഷ്ടപ്പെടുത്താതെ അതെല്ലാം സംരക്ഷിച്ച ബാവായോട് മലങ്കരസഭയ്ക്കുള്ള കൃതജ്ഞത വാചാമഗോചരമാണ്.

"മാർത്തോമ്മാ നാമം"

മാർത്തോമ്മാശ്ലീഹായുടെ അപ്പോസ്തോലിക സിംഹാസനത്തിന്മേൽ ആരൂഢനായ നിമിഷം തന്നെ തന്റെ ഔദ്യോഗിക സ്ഥാനനാമത്തിൽ കൂടി സാധിതപ്രായമാക്കിയ ഒരു നേട്ടം, മാർത്തോമ്മാ ആറാമന്റെ കാലം മുതൽ (എ.ഡി. 1765-1808) നഷ്ടപ്പെട്ടിരുന്നതും പില്ക്കാലത്ത് നവീകരണക്കാർ അന്യായമായി കൈയടക്കിയതുമായ മാർത്തോമ്മാ എന്ന സ്ഥാനനാമം വീണ്ടെടുക്കുകയെന്നതായിരുന്നു. ഇപ്രകാരം മാർത്തോമ്മാ ശ്ലീഹായുടെ നാമം കാതോലിക്കായുടെ പദവി സംജ്ഞയിൽ കൂട്ടിച്ചേർത്ത് "ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ" എന്ന പേരിലാണ് മാത്യൂസ് മാർ അത്താനാസ്യോസ് സ്ഥാനാരോഹണം ചെയ്തത്. സഭാചരിത്രഗവേഷകനായ ജേക്കബ് തോമസ് നടുവിലേക്കരയും (കോട്ടയം കല്ലുങ്കത്ര മണലേൽപള്ളി ഇടവകാംഗം), ദേവലോകം അരമന മാനേജർ, മലങ്കരസഭാ മാസികയുടെ മാനേജർ, സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസർ എന്നീ നിലകളിൽ പ്രശസ്ത സേവനം ചെയ്ത ഫാ. ടി. ജി. സഖറിയായും മാർ അത്താനാസ്യോസിനോട് മാർത്തോമ്മാ നാമം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നിരന്തരമായി ഉദ്ബോധിപ്പിച്ചതിന്റെ ഫലമായിട്ടാണ് ബാവാ ഈ നാമം സ്വീകരിക്കാനിടയായത്. സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് "മാർത്തോമ്മാ നാമവും കാതോലിക്കോസും" എന്ന ശീർഷകത്തിൽ എഴുതിയ ഒരു ലേഖനത്തിൽ മാർത്തോമ്മാ, മാർ ദീവന്നാസ്യോസ് എന്നീ നാമങ്ങളുടെ ചരിത്രപശ്ത്താലം വിവരിച്ചിട്ടുണ്ട്. മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് പാത്രിയർക്കീസ് മലങ്കരയിലേക്കയച്ച ചില മേല്പട്ടക്കാർ, മാർത്തോമ്മാ അഞ്ചാമൻ, 'ദീവന്നാസ്യോസ്' എന്ന നാമം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, യവന പുരാണത്തിൽ മദ്യദേവനായി അറിയപ്പെടുന്ന പ്രസ്തുത നാമം തികച്ചും അസ്വീകാര്യമായി തള്ളിക്കളഞ്ഞതായി വിവരിച്ചശേഷം, അദ്ദേഹത്തിന്റെ പിൻഗാമി മാർത്തോമ്മാ ആറാമനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "മഹാൻ സ്ഥാനം നൽകപ്പെട്ട ആറാം മാർത്തോമ്മായ്ക്ക്, റോമാസഭയിൽ ചേർന്ന് നസ്രാണികളെയും തന്റെ ഭരണത്തിൽ

കൊണ്ടുവരണമെന്ന് മോഹം ഉണ്ടായി. അതു സാധിക്കാൻ റോമാ സഭയിൽ ചേർന്ന് പേര് ചീത്തയായി. മാർത്തോമ്മാ എന്ന പേരു മാറ്റി ദീവന്നാസ്യോസ് എന്ന പേര് സ്വീകരിക്കണമെന്ന് സിറിയാക്കാർ ആവശ്യപ്പെട്ടു. അപകടത്തിൽ ചാടി ബലഹാനി സംഭവിച്ച മെത്രാൻ അവരുടെ നിർദ്ദേശം സ്വീകരിക്കാൻ നിർബന്ധിതനായി തീർന്നു. അതോടുകൂടി നമ്മുടെ തറവാട്ടുപേരും – തോമ്മാ – നഷ്ടപ്പെട്ടു. പിന്നെ വന്ന മലങ്കര മെത്രാപ്പോലീത്തന്മാരെല്ലാം ദീവന്നാസ്യോസ് നാമം കൊണ്ട് തൃപ്തിപ്പെട്ടു. തറവാട് വിറ്റ് പുതിയ സ്ഥലം വാങ്ങി അവിടെ താമസമാക്കിയ തരത്തിൽ എന്നു പറയാമോ?" പിന്നീട് ഏകദേശം ഒരു ശതാബ്ദത്തിനു ശേഷം നവീകരണക്കാർ മാർത്തോമ്മാ എന്ന പേര് കയ്യടക്കിയതിനെക്കുറിച്ച് ഇസ്സഡ്. എം. പാറേട്ട് ഇപ്രകാരം പറയുന്നു. "റോയൽ കോർട്ട് വിധി എന്ന് സാധാരണ പറയാറുള്ള അപ്പീൽ വിധിയിലൂടെ (എ.ഡി. 1889) ജോസഫ് ദീവന്നാസ്യോസും അനുഗാമികളും വിജയിച്ചു. പക്ഷേ, 'തോറ്റ നവീകരണ സുറിയാനിക്കാർ' ആ തോൽവിയിലൂടെ ഒരു വിജയം കൈവരിച്ചു. അവർ "മാർത്തോമ്മാ" എന്ന പേരിൽ ഒരു സഭ സ്ഥാപിച്ച് തറവാട്ടുപേര് കൈയടക്കി. തോമസ് അത്താനാസ്യോസിന്റെ മരണശേഷമാണ് അവർക്ക് അതിനുവേണ്ട പ്രചോദനം ലഭിച്ചത് (മലബാർ സുറിയാനിക്കാരും സി.എം.എസും., പി. ചെറിയാൻ, പേജ് 297). നവീകരണക്കാർ അങ്ങനെ കൈയടക്കിയത് എന്നാണെന്ന് (എന്താണെന്ന്) ദീവന്നാസ്യോസ് നാമത്തിൽ കടിച്ചുതൂങ്ങി കിടന്ന നമ്മുടെ ആളുകൾ മനസ്സിലാക്കിയില്ല. കൂനൻകുരിശുസത്യം വഴി പൂർവ്വസ്ഥാനത്ത് ഉറച്ചുനിന്ന നാം 'പുത്തൻകൂറ്റുകാരും' പതിനഞ്ചാം ശതകത്തിൽ ഇവിടെ വന്ന റോമാക്കാർ 'പഴയകൂറ്റുകാരും' ആയതുപോലെതന്നെ – അതിന്റെ ഒരു ആവർത്തനമായിരുന്നു നവീകരിച്ചവർ പൂർവ്വികമായ തറവാട്ടുപേര് എടുത്തപ്പോൾ ഉണ്ടായ പ്രതികരണവും. പൂർവ്വിക നാമത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ നമ്മുടെ കഴിവുകേടാണോ ഇതൊക്കെ കാണിക്കുന്നത്?" ലേഖകൻ കാര്യകാരണസഹിതം ചൂണ്ടിക്കാണിക്കുന്ന ചരിത്രപരമായ അപാകതകൾ പാടെ നീക്കി പിതൃനാമമായ 'മാർത്തോമ്മാ' എന്ന പദവും കൂടി കാതോലിക്കായുടെ സ്ഥാനനാമത്തിന്റെ അവിഭാജ്യഘടകമായി കൂട്ടിച്ചേർത്ത് പദാർത്ഥപരമായ കലാസുഭഗതയും ശ്രവണമാധുര്യവും സമ്യക്കായി ഒത്തിണങ്ങി ഐക്യരൂപ്യം പ്രാപിച്ചിരിക്കുന്ന 'ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ' എന്ന പദവിന്യാസം മുഖേന പഴയ തറവാട്ടുപേര് വീണ്ടെടുക്കുവാൻ സാധിച്ചതിൽ കുടുംബാംഗങ്ങൾക്കും സഭാമക്കൾക്ക് ആകമാനമായും അഭിമാനം കൊള്ളാവുന്നതാണ്.

കാതോലിക്കാ ആയ ശേഷം തുമ്പമൺ ഭദ്രാസനം വിഭജിച്ച്

ചെങ്ങന്നൂർ ഭദ്രാസനം രൂപവൽക്കരിച്ചതിനോടനുബന്ധിച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായും ഡാനിയേൽ മാർ പീലക്സീനോസും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. ഇടവകതലങ്ങളിൽ ചില പ്രതിഷേധ പ്രകടനങ്ങളും നടന്നു. തുമ്പമൺ ഭദ്രാസനത്തിലെ ചില പ്രമുഖ പള്ളികൾ ചേർത്ത് രൂപവൽക്കരിച്ച ചെങ്ങന്നൂർ ഭദ്രാസനം പ്രതീക്ഷിച്ച വിധത്തിൽ വളരുകയോ ഫലം പുറപ്പെടുവിക്കുകയോ ചെയ്യാഞ്ഞതിനാൽ ഇരുവർക്കും കുണ്ഠിതം ഉണ്ടായിരുന്നു. ഒട്ടധികം വൈദികർക്ക് ഒട്ടും അധികാരമില്ലാത്ത കോർഎപ്പിസ്ക്കോപ്പാ സ്ഥാനം അർഹത പരിഗണിക്കാതെ നൽകുകയുണ്ടായി. ചില വൈദികർ സ്ഥാനം ലഭിക്കാൻ കരുനീക്കങ്ങൾ നടത്തിയപ്പോൾ മറ്റു ചില പ്രമുഖ വൈദികർ കാര്യം മനസ്സിലാക്കി സ്ഥാനം നിരാകരിച്ചു. കോർഎപ്പിസ്ക്കോപ്പാമാർക്ക് അവർ ധരിക്കുന്ന ചുമന്ന ഇടക്കെട്ടിന്റെ വില പോലും നഷ്ടപ്പെടാനാണ് ഈ സ്ഥാനദാനം സഹായിച്ചതെന്നത് ഒരു വസ്തുതയാണ്. അദ്ദേഹത്തിന്റെ കാലശേഷം കോർഎപ്പിസ്ക്കോപ്പാ ദാനച്ചടങ്ങ് നിലച്ചതായിട്ടാണ് തോന്നുന്നത്. സമ്മർദ്ദങ്ങൾ മൂലം, വേണ്ടതിലധികം 'കത്തീഡ്രലു'കളും പ്രഖ്യാപിക്കപ്പെട്ടു.

രണ്ട് പ്രാവശ്യം മെത്രാൻ സ്ഥാനാഭിഷേകം ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയിട്ടുണ്ട്. ഒന്നാമത്തേത് 1978 മെയ് 15-ാം തീയതി പഴഞ്ഞി സെന്റ് മേരീസ് ദേവാലയത്തിൽ വച്ചായിരുന്നു. അന്ന് വാഴിക്കപ്പെട്ട മെത്രാന്മാർ താഴെപ്പറയുന്നവരാണ്:-

1. യാക്കോബ് മാർ പോളിക്കർപ്പോസ്, 2. സഖറിയാ മാർ ദീവന്നാസ്യോസ്, 3. ഗീവറുഗീസ് മാർ ദീയസ്കോറോസ്, 4. മാത്യൂസ് മാർ ബർന്നബാസ്, 5. യൂഹാനോൻ മാർ അത്താനാസ്യോസ്. ഇവരിൽ നാലു പേർ കാലം ചെയ്തു.

രണ്ടാം പ്രാവശ്യം മാവേലിക്കര പുതിയകാവ് ദേവാലയത്തിൽ വച്ച് 1985 മെയ് 15-ാം തീയതി താഴെപ്പറയുന്ന 5 മെത്രാന്മാരെ വാഴിച്ചു:

1. മാത്യൂസ് മാർ എപ്പിപ്പാനിയോസ്, 2. ഫീലിപ്പോസ് മാർ യൗസേബിയോസ്, 3. തോമസ് മാർ അത്താനാസ്യോസ്, 4. ഗീവറുഗീസ് മാർ ഈവാനിയോസ്, 5. പൗലോസ് മാർ മിലിത്തിയോസ് (പൗലോസ് ദ്വിതീയൻ ബാവാ). ഇവരിൽ രണ്ടു പേർ ദിവംഗതരായി.

പതിനഞ്ചു പേരെ വാഴിച്ചു എന്ന് വൈദിക ഡയറക്ടറിയിലും സഭാവിജ്ഞാനകോശത്തിലും (പേജ് 568) ചേർത്തിരിക്കുന്നത് ശരിയല്ല (ഔഗേൻ ബാവാ അവസാനം വാഴിച്ച അഞ്ചു പേരെ, താനാണ് വാഴിച്ചതെന്ന് മാത്യൂസ് പ്രഥമൻ ബാവാ തന്നെ പറഞ്ഞിരുന്നത് ശരിയായിരിക്കും എന്ന് കരുതി വൈദിക ഡയറക്ടറിയിൽ ചേർത്തത് പിന്നീട് വേണ്ടത്ര

പരിശോധിക്കാതെ ആവർത്തിച്ചതു മൂലമാണ് സഭാവിജ്ഞാനകോശത്തിലും തെറ്റു വന്നത്).

ഒന്നു രണ്ടു മെത്രാന്മാരുടെ ഭദ്രാസനപ്രവർത്തനങ്ങളിൽ ഏതാണ്ട് അതൃപ്തനായിരുന്ന മാത്യൂസ് പ്രഥമൻ ബാവാ അക്കാര്യം പലരോടും പറഞ്ഞിട്ടുമുണ്ട്.

മൂറോൻ കൂദാശ

രണ്ടു പ്രാവശ്യം മൂറോൻ കൂദാശ ചെയ്തു. ആദ്യത്തേത് 1977 ഏപ്രിൽ 1-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം പഴയസെമിനാരിയിൽ വെച്ചും, രണ്ടാമത്തേത് 1988 മാർച്ച് 25-ാം തീയതി 40-ാം വെള്ളിയാഴ്ച കോട്ടയം ദേവലോകം അരമനയിൽ വച്ചുമായിരുന്നു.

വൈദികനായശേഷം അമേരിക്കയിൽ ചെന്ന് വിവാഹിതനായ ഒരാൾ തന്നെ യഥാസ്ഥാനപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാത്യൂസ് പ്രഥമൻ ബാവായ്ക്കു എഴുതിയ കത്തിനു മറുപടിയായി ബാവാ ഇപ്രകാരം എഴുതി:

"സമുദായക്കേസ് ഹൈക്കോടതിയിൽ കേട്ടുകൊണ്ടിരിക്കയാണ്. സ്പെഷൽ കോടതിയിൽ നിന്ന് അങ്ങോട്ടു മാറ്റിയ വിവരം അറിഞ്ഞിരിക്കുമല്ലോ. കേസിന്റെ തീരുമാനം വലിയ താമസം കൂടാതെഴുതാം. ദൈവകൃപയാൽ നമുക്ക് ദോഷമൊന്നും വരികയില്ലെന്നാണ് എന്റെ വിശ്വാസം. ഇപ്പോൾ കേട്ട ഒരു കാര്യം കൂടി എഴുതുന്നു. ഏറെനാളായി രോഗശയ്യയിൽ കഴിഞ്ഞുകൂടിയിരുന്ന ചർച്ച് വീക്ക്‌ലി എഡിറ്റർ എൻ. എം. ഏബ്രഹാം അകാലത്ത് നിര്യാതനായി. അയാൾക്കു പകരം ഇപ്പോൾ എഡിറ്റർ ആയിരിക്കുന്നത് കെ. വി. മാമ്മനാണ് (എം. കുര്യനാണ് പകരമായത് - ഗ്രന്ഥകാരൻ).

അച്ചനെ യഥാസ്ഥാനപ്പെടുത്തുന്ന കാര്യം കത്തിൽ എഴുതിയിരുന്നല്ലോ. മറ്റു ചിലരിൽ നിന്നും ആ രീതിയിലുള്ള അപേക്ഷകൾ വന്നിട്ടുണ്ട്. ആ കാര്യത്തെപ്പറ്റി എന്റെ ഓർമ്മയിൽ സുന്നഹദോസ് തീരുമാനം ഉണ്ട്. അതിനു മുമ്പും ഉണ്ടായിട്ടുണ്ടെന്നാണ് അറിവ്. അങ്ങനെയുള്ള ഒരു കാര്യത്തെപ്പറ്റി എനിക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നു ചിന്തിക്കയാണ്. തലപ്പത്തിരുന്നുകൊണ്ട് സുന്നഹദോസ് നിശ്ചയങ്ങൾ എനിക്ക് അവഗണിക്കുവാൻ ഒക്കുമോ! വരുംഫലം മനസ്സിലാക്കിക്കൊണ്ടു തന്നെയാണല്ലോ അച്ചനുൾപ്പെടെ മറ്റുള്ളവർ വിവാഹത്തിന് മുതിർന്നത്. അതിന്റെ പരിണതഫലങ്ങൾ അനുഭവിക്കുവാനും സന്നദ്ധനാകേണ്ടത് ക്രൈസ്തവ ധർമ്മമാണ്. ഈ സഭയിൽ മാത്രമല്ല എല്ലാ കിഴക്കൻ സഭകളിലുമുള്ള നിയമമാണ്. സുന്നഹദോസ് മറിച്ച് എന്തെങ്കിലും ചെയ്തെ

ങ്കിലേ എനിക്ക് പ്രവർത്തിക്കുവാൻ ഒക്കുകയുള്ളു. അങ്ങനെ സുന്നഹദോസിൽ ഒരു തീരുമാനം ഉണ്ടാക്കുക എളുപ്പമാണെന്നു തോന്നുന്നില്ല. കാര്യങ്ങൾ തുറന്ന് എഴുതുന്നതിൽ തെറ്റിദ്ധരിക്കരുത്.

പ്രിയനും കുടുംബത്തിനും വേണ്ടി നാം പ്രാർത്ഥിക്കുന്നു. ദൈവം തമ്പുരാൻ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ

മൂന്നു ഭദ്രാസനങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭയിലെ ഇപ്പോഴത്തെ ബോംബെ, മദ്രാസ്, ഡൽഹി എന്നീ മൂന്നു ഭദ്രാസനങ്ങളെ ബോംബെ, മദ്രാസ്, ഡൽഹി, കൽക്കട്ട, ന്യൂയോർക്ക് എന്നീ അഞ്ചു ഭദ്രാസനങ്ങളാക്കി വിഭജിക്കുന്നതിനും കൊല്ലം ഭദ്രാസനം വിഭജിച്ച് കൊല്ലം, തിരുവനന്തപുരം എന്നിങ്ങനെ രണ്ടു ഭദ്രാസനങ്ങളാക്കുന്നതിനും 1978 ഫെബ്രുവരിയിൽ ചേർന്ന സുന്നഹദോസ് തീരുമാനിച്ചു.

മേല്പട്ടസ്ഥാനത്തേക്ക് മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിട്ടുള്ള അഞ്ചു വൈദികരുടെ വാഴ്ചയോടുകൂടി നടപ്പിൽ വരത്തക്കവണ്ണമാണ് മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശപ്രകാരം പ. മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ സുപ്രധാനമായ തീരുമാനം കൈക്കൊണ്ടത്.

ഒരാഴ്ചയായി കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്റർ ചാപ്പലിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിൽ മാത്യൂസ് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ്, ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും പ്രത്യേകം ക്ഷണപ്രകാരം നിയുക്ത മെത്രാന്മാരായ സഖറിയാ റമ്പാൻ, യാക്കോബ് റമ്പാൻ, മാത്യൂസ് റമ്പാൻ, ഗീവറുഗീസ് റമ്പാൻ, യൂഹാനോൻ റമ്പാൻ എന്നിവരും സംബന്ധിച്ചിരുന്നു.

മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്ഥാനാരോഹണം താമസിയാതെ തന്നെ നടത്തുന്നതാണ്. അവരുടെ സ്ഥാനാരോഹണത്തിന്റെ സ്ഥലവും തീയതിയും അതു സംബന്ധിച്ചുള്ള മറ്റു കാര്യങ്ങളും പിന്നീട് നിശ്ചയിക്കും. ഓർത്തഡോക്സ് സഭാനേതൃത്വം ഏറ്റെടുത്തു നടത്തുന്ന ആന്ധ്രാപ്രദേശിലെ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ആവ

ശ്യത്തിനായി ഓഗസ്റ്റ് മാസത്തിലെ ആദ്യ ഞായറാഴ്ച സഭ ആകമാനം ഒരു കവർ പിരിവ് നടത്തണമെന്നും ഇത് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കണമെന്നും സുന്നഹദോസ് നിശ്ചയിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുള്ള സൺഡേസ്ക്കൂൾ സിലബസ് പരിശോധിച്ച് ആവശ്യമായ ശുപാർശകൾ സുന്നഹദോസിന് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഇതിന്റെ അദ്ധ്യക്ഷൻ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആയിരിക്കുന്നതാണ്. സുന്നഹദോസിൽ സമർപ്പിക്കപ്പെട്ട ആരാധനാനടപടിക്രമം പരിശോധിക്കുന്നതിനായി യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിശ്ചയിച്ചു.

സഭയുടെ ഇന്നത്തെ പ്രശ്നങ്ങൾ സംബന്ധിച്ചും സുപ്രധാനങ്ങളായ തീരുമാനങ്ങൾ പ. സുന്നഹദോസ് കൈക്കൊള്ളുകയുണ്ടായി. മന്ത്രിസഭ നൽകിയ ഉറപ്പുകളും കോടതിവിധികളും പാലിക്കാതെ ഗവൺമെന്റ് അനാസ്ഥ കാണിക്കുന്നതിൽ സുന്നഹദോസ് ഉൽക്കണ്ഠ പ്രകടിപ്പിച്ചു.

റഷ്യൻ സന്ദർശനം

റഷ്യൻ പാത്രിയർക്കീസ് പീമന്റെ ക്ഷണമനുസരിച്ച് ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ 1982 സെപ്തംബറിൽ റഷ്യ സന്ദർശിച്ചു. രണ്ടു സഭകളും രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധം സുദൃഢമാക്കുവാൻ ഈ പര്യടനം സഹായകമാകുമെന്ന് ഗവൺമെന്റ് പ്രതിനിധികളും സഭാനേതാക്കളും ഒരു സ്വീകരണയോഗത്തിൽ പറഞ്ഞു. മലങ്കരസഭാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഇത്തരം ഒരു ഡലിഗേഷൻ റഷ്യ സന്ദർശിക്കുന്നത് ഇതാദ്യമായിരുന്നു.

അന്നു പ്രഭാതത്തിൽ മോസ്ക്കോയിൽ എത്തിയ മാത്യൂസ് പ്രഥമനേയും മറ്റും സ്വീകരിക്കാൻ പാത്രിയർക്കീസും മെത്രാന്മാരും ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരും മറ്റും വിമാനത്താവളത്തിൽ വന്നിരുന്നു. വി.ഐ.പി. സ്വീകരണ സൽക്കാരങ്ങളാണ് എല്ലായിടത്തും ഡലിഗേഷന് നൽകപ്പെട്ടത്. പാത്രിയർക്കാ അരമനയിൽ വച്ച് 'ഓർഡർ ഓഫ് വ്ളാഡിമര്' എന്ന ബഹുമതി നൽകി ഡലിഗേഷനെ ബഹുമാനിച്ചു. മോസ്കോ സന്ദർശനം കഴിഞ്ഞ് യുക്രേനിയൻ റിപ്പബ്ലിക്കിലെ പ്രധാന നഗരമായ ഒഡേസ്സയിലെ വിമാനത്താവളത്തിൽ എത്തിയ ബാവായേയും മറ്റും ഇന്ത്യൻ കോൺസൽ ജനറലും മലയാളി വിദ്യാർത്ഥികളും ചേർന്ന് സ്വീകരിച്ചു. അവിടത്തെ ആർച്ച്ബിഷപ്പ് സെർഗീസും ഇന്ത്യൻ കോൺസൽ ജനറലും സ്വീകരണ സൽക്കാരങ്ങൾ നൽകി. ഒഡേസ്സയിൽ നിന്നു

ചരിത്രപ്രധാനമായ കീവിലും പോയി. അവിടത്തെ സ്വീകരണത്തിനു ശേഷം പ്രധാനപ്പെട്ട സ്ഥലങ്ങളും പള്ളികളും കണ്ടു. കീവിൽ നിന്നു ബാവായും മറ്റും മോസ്ക്കോയിൽ നടന്ന ലോകമത സമാധാന സമ്മേളനത്തിൽ സംബന്ധിക്കാൻ വീണ്ടും മോസ്ക്കോയിൽ എത്തി. ഈ സമ്മേളനത്തിന്റെ രക്ഷാധികാരികളിൽ ഒരാളായ ബാവായാണ് ആമുഖ പ്രസംഗം ചെയ്തത്. മോസ്ക്കോയിൽ നിന്ന് ലിവോയിലേക്കു പോയ ബാവായെ ആർച്ചുബിഷപ്പ് നിക്കോളായും സംഘവും ചേർന്ന് ഹൃദ്യമായി വരവേറ്റു. പ്രധാനപ്പെട്ട പള്ളികളും സന്യാസാശ്രമങ്ങളും സന്ദർശിച്ച ശേഷം ഇന്ത്യൻ അംബാസഡർ മോസ്കോയിൽ നടത്തിയ സ്വീകരണ സൽക്കാരത്തിലും സംബന്ധിച്ചു. സന്ദർശനം വിജയപ്രദമാക്കാൻ റഷ്യൻ പാത്രിയർക്കീസിനെ പ്രതിനിധാനം ചെയ്ത് ആർച്ച്ബിഷപ്പ് മൽക്കിസദേക്ക് ഡലിഗേഷനെ എല്ലായിടത്തും അനുഗമിച്ചിരുന്നു. പിന്നീട് അർമ്മീനിയായിലെ ഓർത്തഡോക്സ് സഭാകേന്ദ്രമായ എച്ച്മിയാഡ്സനിൽ നടത്തപ്പെട്ട മൂറോൻ കൂദാശയിൽ ബാവായും സംഘാംഗങ്ങളും സംബന്ധിച്ചു. ആറു കോടി അംഗങ്ങളുള്ള അർമ്മീനിയൻ സഭാംഗങ്ങളെ കൊണ്ട് കത്തീഡ്രലും പരിസരപ്രദേശങ്ങളും നിറഞ്ഞിരുന്നു.

മദ്ബഹായിൽ വച്ചു നടന്ന ഈ വിശുദ്ധ ശുശ്രൂഷയിൽ അർമ്മീനിയൻ കാതോലിക്കോസ് പ. വസ്ക്കൻ ഒന്നാമനോടൊപ്പം പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കായും, റഷ്യൻ പാത്രിയർക്കീസ് പീമൻ, ജോർജിയൻ പാത്രിയർക്കീസ് ഡേവിഡ് നാലാമൻ, കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് ഷിനൂക്ക് ഗലൂസ്റ്റർ, ജറുശലേം പാത്രിയർക്കീസ് യറീഷാ ഡർഗോറിയൻ എന്നിവരും കർദ്ദിനാൾ വില്ലി ബ്രാൻഡ്, ആംഗ്ലിക്കൻ സഭയുടെ ലണ്ടൻ ആർച്ചുബിഷപ്പ് തുടങ്ങി അനേകം വിശിഷ്ടാതിഥികളും സംബന്ധിച്ചു. മലങ്കരസഭയുമായി വി. കുർബ്ബാന ഐക്യമുള്ള അർമ്മീനിയൻ ഓർത്തഡോക്സ് സഭയുടെ ഈ ശുശ്രൂഷയിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും അംശവസ്ത്രങ്ങളണിഞ്ഞു പങ്കെടുത്തു.

നേരത്തെ അർമ്മീനിയായുടെ തലസ്ഥാനമായ ഐരവാൻ വിമാനത്താവളത്തിൽ എത്തിയ പ. കാതോലിക്കാബാവായേയും സംഘത്തേയും വസ്ക്കൻ കാതോലിക്കോസും മെത്രാപ്പോലീത്തന്മാരും ജനങ്ങളും ചേർന്ന് സ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണ ജൂബിലി സമ്മേളനത്തിലും വിശിഷ്ടാതിഥികളോടൊപ്പം കാതോലിക്കാബാവായും പ്രസംഗിച്ചു. പിന്നീട് അവിടെനിന്നു മോസ്ക്കോയിലേക്കു മടങ്ങി.

കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാർ ഉണ്ടാകണമെന്ന് 1976 ജൂണിൽ തുമ്പമൺ മാത്തൂർ സെന്റ് ജോർജ് പള്ളിയുടെ കുരിശുംതൊട്ടി കൂദാശയോടനുബന്ധിച്ച് പ. ബസ്സേലിയോസ് മാർത്തോമ്മാ

മാത്യൂസ് പ്രഥമൻ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഞാൻ അഭിപ്രായപ്പെട്ടു. അതിനു മറുപടിയായി അർമ്മീനിയായിൽ കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാർ ഭരണം നടത്തുന്നുണ്ടെന്നും ഇന്ത്യയിൽ അക്കാര്യം ഭാവിയിൽ നടപ്പാക്കാൻ കഴിയുമെന്നും ബാവാ പറഞ്ഞു. മലങ്കരദീപം ആ സമ്മേളനത്തെപ്പറ്റി 1976 ജൂലൈ ഒന്നിനു പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടാണ് ചുവടെ ചേർക്കുന്നത്.

കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാർ ഉണ്ടാകണം

പത്തനംതിട്ട: ഇന്ത്യൻ ഓർത്തഡോക്സ് സഭ വളർന്നു വികസിക്കുകയും വിശാലമായ ഡൽഹി, ബോംബെ, മദ്രാസ് മുതലായ ഭദ്രാസനങ്ങൾ രൂപവൽക്കരിക്കുകയും ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ കാതോലിക്കേറ്റിന്റെ കീഴിൽ പാത്രിയർക്കീസന്മാരെ വാഴിച്ച് പ്രസ്തുത ഭദ്രാസനങ്ങളിലേക്ക് നിയോഗിക്കണമെന്ന് ചർച്ച് വീക്കിലി പത്രാധിപസമിതി അംഗമായ കെ. വി. മാമ്മൻ നിർദ്ദേശിച്ചു.

അർമ്മീനിയൻ ഓർത്തഡോക്സ് സഭാധിപനായ വസ്കൻ കാതോലിക്കായുടെ കീഴിൽ യറുശലേമിലും മറ്റും പാത്രിയർക്കീസന്മാരുണ്ടെന്നും സഭയുടെ വളർച്ചയ്ക്കനുസൃതമായ പുരോഗതി കൈവരുത്തണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മാത്തൂർ സെന്റ് ജോർജ് പള്ളിയുടെ പുതിയ കുരിശുംതൊട്ടി കൂദാശയ്ക്കു മുമ്പ് പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മഹായോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭാംഗങ്ങൾക്കു മനസ്സിലാകാത്ത സുറിയാനിഭാഷ ആരാധനയിൽ നിന്ന് ഒഴിവാക്കണമെന്നും വ്യക്തമായ തക്സായിക്കു രൂപം നൽകാൻ കഴിവുള്ള ദൈവശാസ്ത്രജ്ഞന്മാർ സഭയിൽ ഉണ്ടെന്നും മാമ്മൻ പറഞ്ഞു. ഒരു ദേശീയസഭയെന്ന നിലയിൽ മലങ്കരസഭയുടെ പുരോഗതി അപര്യാപ്തമാണെന്നും സഭയ്ക്ക് ശോഭനമായ ഭാവിയാണുള്ളതെന്നും നിയമസഭാ സ്പീക്കർ ടി. എസ്. ജോൺ, പി. ജെ. തോമസ് എം.എൽ.എ. എന്നിവരും പറഞ്ഞു. രാഷ്ട്രീയകാര്യങ്ങളിൽ സഭാംഗങ്ങൾ പിന്നോക്കം തള്ളപ്പെടാതിരിക്കാൻ പ്രത്യേകം കരുതേണ്ടതുണ്ടെന്ന് ഫാ. ടി. ഇ. ജോർജ് അനുസ്മരിപ്പിച്ചു.

(മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മഞ്ഞനിക്കര വച്ചു കാലം ചെയ്തതിനെത്തുടർന്ന് മലങ്കരയിൽ ഒരു പാത്രിയർക്കീസിനെ വാഴിക്കണമെന്നു പറഞ്ഞുകൊണ്ട് മാർ ഔഗേൻ തീമോത്തിയോസ് മെത്രാപ്പോലീത്താ - പിന്നീട് ഔഗേൻ കാതോലിക്കാബാവാ - വട്ടശ്ശേരിൽ തിരുമേനിക്ക് എൻ. എം. ഏബ്രഹാം മുഖേന ഒരു സന്ദേശം അയച്ചുകൊടുത്തത് പ്രസിദ്ധമാണ്. മലങ്കരയിൽ പാത്രിയർക്കീസിനെ വാഴിക്കണമെന്ന് 'മലയാള മനോരമ' ഒരു മുഖപ്രസംഗം എഴുതിയ കാര്യം

പ്രസിദ്ധ സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് 'മലങ്കരനസ്രാണികൾ' എന്ന ചരിത്രഗ്രന്ഥത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്.)

മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ഭരണകാലത്ത് നടന്ന രണ്ട് വമ്പിച്ച സമ്മേളനങ്ങളെപ്പറ്റി എടുത്തു പറയേണ്ടതുണ്ട്. ഒന്ന് 1982 സെപ്തംബർ രണ്ടിനു നടന്ന കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി സമ്മേളനമാണ്. അന്നു ബാവാ എഴുതിയ ലേഖനവും മാർ പാപ്പാ ജോൺ പോൾ രണ്ടാമൻ അയച്ച സന്ദേശവും ചുവടെ ചേർക്കുന്നു.

അഖില ഭാരതസഭ എന്റെ സ്വപ്നം

ഇന്ത്യയിലെ വിവിധ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കാൻ കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി ആഘോഷം ഇടയാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രവർത്തിക്കാൻ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ സന്നദ്ധമാണ്. അക്കാര്യത്തിൽ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വിധേയമായി വേണ്ടതു ചെയ്യാൻ കഴിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഇന്ത്യയുടെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായോടുള്ള ഭക്തി പുലർത്തിപ്പോരുന്ന ഇന്ത്യൻ സഭകൾ സ്നേഹത്തിലും പരസ്പര വിശ്വാസത്തിലും ഒന്നിച്ചു പ്രവർത്തിക്കണം. അന്യോന്യം സഹകരിക്കുന്നതിന് വിശ്വാസവും ആചാരങ്ങളും ഒരു തടസ്സമാവില്ലെന്നു തന്നെയാണ് എന്റെ വിശ്വാസം. ഒരേ പാരമ്പര്യം പുലർത്തുന്ന സഭകൾ യോജിച്ചുണ്ടാകുന്ന ഒരു അഖില ഭാരത സഭയാണ് എന്റെ സ്വപ്നം. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ മലയാള മനോരമയ്ക്ക് അനുവദിച്ച അഭിമുഖ സംഭാഷണ വേളയിലാണ് ഇങ്ങനെ പറഞ്ഞത്.

ചോ: സഭാപുരോഗതിയെ സംബന്ധിച്ചിടത്തോളം സപ്തതി ആഘോഷം ഒരു വഴിത്തിരിവായിരിക്കുമെന്നാണോ അങ്ങ് പറയുന്നത്.

ഉ: ഈ ആഘോഷം വിദേശ സഭാപ്രതിനിധികളെ സ്വീകരിക്കുന്നതിനു മാത്രമുള്ള ഒരു പരിപാടിയല്ല. എല്ലാ പള്ളികളെയും സ്ഥാപനങ്ങളെയും ഭവനങ്ങളെയും ആഘോഷത്തിൽ പങ്കെടുപ്പിക്കത്തക്കവിധം ആത്മീയ പ്രാധാന്യം നൽകിയാണ് പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഭാവി പ്രവർത്തനങ്ങൾക്ക് അത് ഉത്തേജനം നൽകുകയും ചെയ്യും. വിദേശസഭ വ്യാപകമായ ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കില്ല. ആ സഭകളുമായി മലങ്കരസഭയ്ക്കുള്ള ബന്ധം ശക്തിപ്പെടുകയും അത് ആത്യന്തികമായി അഖിലലോക സഭൈക്യത്തിനു വഴി തെളിയിക്കുകയും ചെയ്യും.

ചോ: കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചിട്ട് എഴുപത് വർഷമായല്ലോ. ഈ കാലയളവിൽ സഭ കൈവരിച്ച പുരോഗതി തൃപ്തികരമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ഉ: സഭയുടെ ദൗത്യനിർവഹണവും പുരോഗതിയും ദേശീയ സ്വഭാവവും അതിന്റെ സ്വയംശീർഷകത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അടിമത്വത്തിൽ കഴിയുന്ന ഒരു സഭയ്ക്ക് ഇവ മൂന്നും സ്വാംശീകരിക്കാൻ എളുപ്പമല്ല. ഇക്കാര്യം മുൻനിർത്തിയാണ് 1912-ൽ കാതോലിക്കേറ്റ് മലങ്കരസഭയിലേക്ക് മാറ്റി സ്ഥാപിച്ചത്. എന്നാൽ കഴിഞ്ഞ എഴുപതു വർഷം മലങ്കരസഭയെ സംബന്ധിച്ചിടത്തോളം കഠിനമായ യാതനയുടെ കാലഘട്ടമായിരുന്നു. അടുത്ത കാലത്തെങ്ങും ഇത്രമാത്രം എതിർപ്പുകൾ മറ്റൊരു സഭയും നേരിട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു കൈയിൽ വാളും മറു കൈയിൽ കുലശ്ശേരും പിടിച്ചുകൊണ്ടാണ് പരിശുദ്ധ പിതാക്കന്മാർ സഭ പണിതിട്ടുള്ളത്. ഇന്നും ആ സ്ഥിതിവിശേഷം മാറിയിട്ടില്ല.

വിദേശ മേധാവിത്വത്തിന്റെ മറകളിൽ നിന്നുകൊണ്ട് സ്വന്തം സഭാമക്കളിൽ ഒരു വിഭാഗം നടത്തിപ്പോന്ന പോരാട്ടങ്ങൾ സഭയുടെ സപ്തനാഡികളും തകർത്തു കളഞ്ഞു. ആ നിന്ദ്യാവസ്ഥയിൽ നിന്ന് പരിപൂർണ്ണമായി വിമുക്തി നേടാൻ ഇനിയും സഭയ്ക്ക് കഴിഞ്ഞിട്ടില്ല. സഭയുടെ പുരോഗതി വിലയിരുത്തുമ്പോൾ ഈവക കാര്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. എന്തായാലും സപ്തതി ആഘോഷം സഭയുടെ പുരോഗതിയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി തീരുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ചോ: ഭാവി പുരോഗതിക്ക് ഇപ്പോഴത്തെ വ്യവഹാരങ്ങൾ തടസ്സമല്ലേ?

ഉ: സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ദൗത്യനിർവഹണത്തിന് അത്യന്താപേക്ഷിതമാണ്. ഇവിടത്തെ പ്രത്യേക സാഹചര്യത്തിൽ അവ സംരക്ഷിക്കാൻ നീതിന്യായ കോടതികളെ പലപ്പോഴും ആശ്രയിക്കേണ്ടി വരുന്നു. അത് ഒഴിച്ചുകൂടാനാവാത്ത ഒരു ദുർവിധിയാണ്. ഏതെങ്കിലുംവിധത്തിൽ വ്യവഹാരങ്ങൾ അവസാനിപ്പിച്ചാൽ നന്നായിരുന്നു. എന്നാൽ അതിനുവേണ്ടി ഇതുവരെ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്.

മേൽപ്പറഞ്ഞ മൗലിക തത്ത്വങ്ങൾ ബലികഴിക്കാതെ സമാധാനം ഉണ്ടാവുമെങ്കിൽ അതു വലിയൊരു അനുഗ്രഹമാണ്. പക്ഷേ, ഇപ്പോഴത്തെ സാഹചര്യത്തിൽ അതു മിക്കവാറും അസാദ്ധ്യമാണെന്നു കരുതേണ്ടിയിരിക്കുന്നു.

ചോ: വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളായ

പ്രഗല്ഭ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സഭയ്ക്ക് നേട്ടമായിരിക്കില്ലേ?

ഉ: വിവിധ രംഗങ്ങളിൽ ഉന്നതസ്ഥാനം വഹിച്ചിട്ടുള്ളവരും വഹിക്കുന്നവരുമായ സഭാംഗങ്ങളുടെ സേവനം സഭാപുരോഗതിക്ക് പ്രയോജനപ്പെടുമെന്ന അഭിപ്രായത്തെ സ്വാഗതം ചെയ്യുന്നു. ആവശ്യം വരുമ്പോഴൊക്കെ അവരുടെ സഹായം തേടാറുണ്ട്. അത് കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു. സഭയുടെ ഔദ്യോഗിക സമിതികളിൽ അങ്ങനെയുള്ളവർക്ക് കൂടുതലായി പ്രാതിനിദ്ധ്യം നൽകും.

ചോ: സഭാകാര്യങ്ങളിൽ യുവാക്കൾക്ക് കൂടുതൽ പങ്കാളിത്തവും ചുമതലയും നൽകുന്നത് നല്ലതല്ലേ?

ഉ: ഈ അഭിപ്രായത്തോടും പരിപൂർണ്ണമായി യോജിക്കുന്നു. യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം തുടങ്ങിയവ സഭാസേവനത്തിന് പുതിയ തലമുറയെ ഒരുക്കുന്ന കളരികളാണ്. എന്നാൽ ആധുനിക സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ സ്വാധീനം വർദ്ധിച്ചത് ചെറുപ്പക്കാരെ കൂടുതലായി ആ രംഗത്തേക്ക് ആകർഷിക്കുവാൻ കാരണമായിട്ടുണ്ട്. അതിന് പല മാതാപിതാക്കളും മക്കളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത് ഇളം തലമുറയുടെ വീക്ഷണത്തെ ബാധിച്ചിട്ടുണ്ട്. സന്യാസ ജീവിതരംഗം തന്നെ ഉദാഹരണം. സഭാപുരോഗതിയെ സംബന്ധിച്ചിടത്തോളം സന്യാസജീവിതം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ ആ രംഗത്തേക്കു കടന്നുവരാൻ യുവതീയുവാക്കൾ അത്രയൊന്നും തൽപരരല്ല. ഇതിനൊരു മാറ്റംവരുത്താൻ മാതാപിതാക്കളാണ് മുൻകൈയെടുക്കേണ്ടത്.

ചോ: പ്രേഷിത പ്രവർത്തനം ക്രൈസ്തവസഭകളുടെ മുഖ്യ ദൗത്യമാണല്ലോ. ആ രംഗത്ത് ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണോ?

ഉ: ഈ രംഗത്ത് സഭയുടെ പ്രതീക്ഷാനുസരണം ചുമതല നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല. സുവിശേഷ പ്രവർത്തനം കഴിയുന്നത്ര വിപുലമാക്കാൻ ശ്രമിച്ചു വരുകയാണ്. വൈദികസെമിനാരി, മാവേലിക്കര മിഷൻ ട്രയിനിംഗ് സെന്റർ എന്നിവ അതിനുവേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ അനുയോജ്യരായ യുവാക്കൾ കൂടുതലായി മുന്നോട്ടു വരുന്നില്ല. ദൈവവിളിയുള്ളവരെ കണ്ടെത്താൻ സഭ വേണ്ടതെല്ലാം ചെയ്യുന്നുണ്ട്.

ചോ: കുട്ടികൾക്ക് ആത്മീയകാര്യങ്ങളിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന് ഇപ്പോഴത്തെ സൺഡേസ്ക്കൂൾ പ്രസ്ഥാനം പര്യാപ്തമാണോ?

ഉ: സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു ന്നതിനുള്ള പരിപാടികൾ നടപ്പാക്കി വരികയാണ്. പാഠ്യപദ്ധതിയിലും പുസ്തകങ്ങളുടെ ഉള്ളടക്കത്തിലും മാറ്റം വരുത്തുന്നുണ്ട്.

ചോ: ആതുരസേവന രംഗത്ത് സഭ എന്തെല്ലാം പരിപാടികളാണ് നട പ്പാക്കി വരുന്നത്?

ഉ: ആശുപത്രികൾ, അഭയഭവനുകൾ, ബാലഭവനുകൾ, വയോജന ഭവനുകൾ എന്നിവയ്ക്കു പുറമേ ഭവനദാന പദ്ധതികളും സാധുക്കളായ വിദ്യാർത്ഥികൾക്കുവേണ്ടി വിദ്യാഭ്യാസനിധിയും ഏർപ്പെടുത്തിയിട്ടുണ്ട്. ആന്ധ്രായിലെ പുനരധിവാസ പദ്ധതി തുടങ്ങി കേരളത്തിനു വെളിയിലും ജീവകാരുണ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു വരുന്നു.

ചോ: വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്ക് 'ഡൊണേഷൻ' സ്വീകരിക്കുന്നതിനെപ്പറ്റി എന്താണ് അഭിപ്രായം? ഉടുപ്പിയിലും മറ്റും ഏർ പ്പെടുത്തിയിട്ടുള്ളതുപോലെയുള്ള ഡൊണേഷൻ രീതിയാണോ ഇവി ടെയും?

ഉ: ലക്ഷക്കണക്കിനു രൂപാ കടമെടുത്താണ് പുതിയ കോളജുകളും മറ്റും സ്ഥാപിച്ചിട്ടുള്ളത്. തന്മൂലം സഭയ്ക്ക് സാമ്പത്തികമായ പരാധീന തകളുണ്ട്. അതുകൊണ്ടാണ് സന്മനസുള്ളവരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്നത്. ആ തുക പൊതുനന്മയ്ക്കായി വിനിയോഗി ക്കുന്നു. അത് ദുർവിനിയോഗം ചെയ്യുന്നുമില്ല. മറ്റുള്ളവർ സ്വമനസാലേ ചെയ്യുന്ന ഒരു സൽപ്രവൃത്തിയായി ഇതിനെ കണ്ടാൽ ആക്ഷേപത്തിനു സ്ഥാനമില്ല.

ചോ: സഭയുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും ചെയ്യേണ്ടതില്ലേ?

ഉ: അതിനാണ് എം.ഡി. കൊമേർഷ്യൽ സെന്റർ തുടങ്ങിയ ചില പദ്ധ തികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. സഭാവശ്യങ്ങൾ നിറവേറ്റിക്കൊണ്ടുപോ കുന്നതിനുള്ള ധനാഗമമാർഗം എന്നതിൽ കവിഞ്ഞ് ഒരു ലക്ഷ്യവും ഇത്തരം പരിപാടികൾ കൊണ്ട് ഉദ്ദേശിച്ചിട്ടില്ല.

ചോ: മറ്റു സഭകളെ അപേക്ഷിച്ച് അത്മായക്കാർക്ക് ഓർത്തഡോക്സ് സഭയിൽ പ്രത്യേകം സ്ഥാനം ഉണ്ടോ?

ഉ: സഭയുടെ എല്ലാ രംഗങ്ങളിലും അത്മായക്കാർക്ക് അർഹമായ സ്ഥാനം നൽകി വരുന്നു. അത്മായക്കാരെ ഇത്രയധികം സഹകരിപ്പി ക്കുന്ന സഭകൾ ഉണ്ടെന്നു തോന്നുന്നില്ല. ഇടവകപ്പൊതുയോഗം, ഇട വക മാനേജിംഗ് കമ്മിറ്റി, മലങ്കര അസോസിയേഷൻ, മലങ്കര മാനേജിംഗ്

കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, ഭദ്രാസന പൊതുയോഗം, ഭദ്രാസന കൗൺസിൽ എന്നിവയിലെല്ലാം അയ്മേനികൾക്കാണ് ഭൂരിപക്ഷം. കാതോലിക്കായെയും മെത്രാന്മാരെയും തെരഞ്ഞെടുക്കുന്നതും അയ്മേനികൾക്കു ഭൂരിപക്ഷമുള്ള അസോസിയേഷനാണ്. സഭയുടെ മൂന്നു ട്രസ്റ്റികളിൽ ഒരാൾ അയ്മേനിയാണ്.

ചോ: ഓർത്തഡോക്സ് സഭ ഒരു ഓട്ടോസെഫാലസ് ചർച്ച് ആണെന്നു പറയുന്നതിന്റെ അർത്ഥം എന്ത്? ആവശ്യം എന്ത്?

ഉ: മലങ്കര ഓർത്തഡോക്സ് സഭ ഒരു ഓട്ടോസെഫാലസ് ചർച്ചാണ്. അതായത് അതിനു സ്വന്തം തലവനുണ്ട്. അതു കാതോലിക്കായാണ്. മറ്റൊരു സഭയേയും ആശ്രയിക്കാതെ എല്ലാ കാര്യങ്ങളും നടത്തുന്നതിന് ഓട്ടോസെഫാലസ് സഭയ്ക്ക് അധികാരമുണ്ട്. അതായത് സഭയുടെ ആത്മീയവും ലൗകികവും ദേശീയവുമായ എല്ലാ കാര്യങ്ങളും നടത്തുവാനുള്ള അവകാശം.

മാർപാപ്പായുടെ ആശംസ

കിഴക്കിന്റെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് കാതോലിക്കായ്ക്ക്.

കിഴക്കിന്റെ കാതോലിക്കേറ്റ് ഇന്ത്യയിൽ പുനഃസ്ഥാപിക്കപ്പെട്ടതിന്റെ എഴുപതാം വാർഷികം പ്രമാണിച്ച് 1982 സെപ്റ്റംബർ അഞ്ചു മുതൽ പന്ത്രണ്ടു വരെ നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഒരു പ്രതിനിധിയെ അയയ്ക്കണമെന്നുള്ള താങ്കളുടെ ക്ഷണം ഞാൻ വളരെയേറെ വിലമതിക്കുന്നു.

സുപ്രധാനമായ ഈ വാർഷികാഘോഷങ്ങളിൽ ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരും വൈദികരും വിശ്വാസികളും പങ്കെടുക്കുമെന്ന് എനിക്കറിയാം. പരിശുദ്ധ സിംഹാസനത്തിൽ നിന്നു തന്നെയുള്ള ഒരു പ്രതിനിധി സംഘത്തിന്റെ സാന്നിദ്ധ്യം നാം തമ്മിൽ നിലവിലുള്ള ആത്മീയ സൗഹൃദത്തിന്റെ വ്യാപ്തിയുടെ അടയാളമായിരിക്കും. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും തമ്മിലുള്ള ഐക്യം ശക്തമാക്കാനും പുഷ്ടിപ്പെടുത്താനും അതുപകരിക്കും.

ഈ പരിചിന്തനകൾ മുൻനിർത്തിയാണ് മറ്റ് അതിഥികളോടും പ്രതിനിധിസംഘങ്ങളോടും ഒപ്പം കത്തോലിക്കാ സഭയുടെ ഒരു പ്രതിനിധി സംഘത്തെ അയയ്ക്കാൻ എനിക്ക് സന്തോഷമുള്ളത്. വാർഷികാഘോഷവേളയിൽ നടക്കുന്ന തിരുക്കർമ്മങ്ങളിലും പ്രാർത്ഥനകളിലും പഠനങ്ങളിലും അവരും പങ്കാളികളാകട്ടെ.

പരിശുദ്ധനായ അങ്ങേയ്ക്കുവേണ്ടിയും അങ്ങയുടെ വൈദികർക്കു വേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും ഇന്ത്യയിലെ ഓർത്തഡോക്സ് സിറിയൻ സഭകളുടെ ഐക്യത്തിനുവേണ്ടിയും ഞാൻ ഹൃദയംഗമമായി ദൈവത്തോടു പ്രാർത്ഥിക്കുന്നുവെന്ന് ഉറപ്പു തരുന്നു.

വത്തിക്കാനിൽ നിന്ന്,

1982 സെപ്റ്റം 2.

1984 ഫെബ്രുവരി 26-ന് നടത്തപ്പെട്ട മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ചരമ കനകജൂബിലിയെപ്പറ്റിയുള്ള റിപ്പോർട്ടാണ് ചുവടെ ചേർക്കുന്നത്.

ചരമ ജൂബിലി

27-2-1984: സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ഓർത്തഡോക്സ് സഭ ഇന്ത്യൻ ദേശീയത്വത്തിൽ വിമോചനത്തിന്റെ ശക്തമായ കണ്ണിയാണെന്ന് ഉപരാഷ്ട്രപതി എം. ഹിദായത്തുള്ള പ്രസ്താവിച്ചു.

മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമ കനകജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

മലങ്കരസഭയുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ വിദേശ മേൽക്കോയ്മയ്ക്കെതിരേ പോരാടിയ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതദർശനം ഉദാത്തമാണെന്ന് ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

സ്വാതന്ത്ര്യത്തെ സ്നേഹിച്ച വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്ക് നിരവധി വിഷമസന്ധികളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. വിശ്വാസധീരനും വിജ്ഞാന പാരംഗതനുമായിരുന്ന അദ്ദേഹം സ്വാതന്ത്ര്യത്തിനു വേണ്ടി ത്യാഗം അനുഷ്ഠിക്കാൻ തയ്യാറായി.

ഓർത്തഡോക്സ് സഭ അതിപുരാതനമായ പൗരസ്ത്യ സഭയാണ്. ക്രൈസ്തവസംഹിതകളുടെ അടിസ്ഥാനഘടകമായ വിമോചനത്തിന്റെ തത്ത്വശാസ്ത്രം ഈ സഭ ഉയർത്തിപ്പിടിച്ചു. ഭാരതത്തിലെ ഇതര ക്രൈസ്തവ സമൂഹങ്ങൾക്ക് വിമോചനത്തിന്റെ കാഹളം മുഴക്കാൻ ഈ സഭയുടെ ദർശനം കരുത്തേകി.

ക്രിസ്തുവിന്റെ ക്രൂശീകരണം നമ്മെ ഉദ്ബോധിപ്പിക്കുന്നതും വിമോചനത്തിന്റെ തത്ത്വശാസ്ത്രമാണ്. ക്രൈസ്തവസമൂഹത്തിന്റെ മുഖമുദ്രയായിത്തീർന്നിരിക്കുന്ന ഈ അടിസ്ഥാന ഘടകം നമ്മുടെ ദേശീയ സ്വാതന്ത്ര്യ പ്രക്രിയയിൽ ശക്തമായ ഒരു വിശ്വാസ ധാരയായിരിക്കുന്നു.

ദേശീയ പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ നമുക്കു പല വിഷമസന്ധികളും നേരിടേണ്ടി വരും. സഭയിലും സമൂഹത്തിലും ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ വലിയ പ്രശ്നങ്ങളുടെ നാന്ദിയാകാതെ ശ്രദ്ധിക്കണം. സമാധാനവും ഐശ്വര്യവും കൈവരിക്കാൻ ഈ വസ്തുത അടിസ്ഥാനപ്രമാണമായി സ്വീകരിക്കണം.

മറ്റു മതങ്ങളുടെ വിശ്വാസത്തെ ചെറുക്കാൻ ഒരു മതവും പഠിപ്പിക്കുന്നില്ല. “നിങ്ങളുടെ മതം നിങ്ങളുടേത്. എന്റെ മതം എന്റേത്. എന്നാൽ എല്ലാവരും ഈശ്വരനിൽ വിശ്വസിക്കുന്നു. മനുഷ്യ നന്മയാണ് പ്രധാനം” – ഖുറാനിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഉപരാഷ്ട്രപതി വ്യക്തമാക്കി.

മനുഷ്യനന്മയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണം. ആ നന്മ കണ്ടെത്താൻ പുണ്യവാനും പണ്ഡിതനുമായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ യത്നിച്ചു. പൊറുക്കാനും സഹിക്കാനുമുള്ള നമ്മുടെ ദേശീയ പൈതൃകം വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ഉൾക്കൊണ്ടിരുന്നു. അദ്ദേഹം സൗമ്യനും ക്ഷമാശീലനുമായിരുന്നു.

സ്നേഹത്തിലൂടെ വിശ്വാസം പ്രകടിപ്പിക്കാൻ കഴിയണം. മതത്തെ നന്നായി മനസ്സിലാക്കാതെ അതു പറ്റില്ല. ഈശ്വരൻ സൃഷ്ടിച്ച എല്ലാത്തിനെയും സ്നേഹിക്കാൻ നമുക്കു കഴിയണം.

നീതിയും സത്യവും സ്വാതന്ത്ര്യവും ഉറപ്പിക്കാൻ ത്യാഗം സഹിക്കാൻ നാം സന്നദ്ധരാകണം. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതദർശനം അതിനു നമുക്കൊരു പ്രചോദനമാകട്ടെയെന്ന് ഉപരാഷ്ട്രപതി ആശംസിച്ചു.

നമ്മുടെ മതവിശ്വാസം പൂർണമാകുന്നത് സഹിഷ്ണതയിൽ കൂടിയാണ്. എല്ലാ മതങ്ങളും നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്. സഹിഷ്ണത അടിസ്ഥാനപ്രമാണമായി സ്വീകരിച്ചുകൊണ്ട് വിമോചനത്തിന്റെ പടനായകരാകാൻ ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു.

എം.ഡി. സെമിനാരി വളപ്പിൽ ചേർന്ന മഹാസമ്മേളനത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ ആദ്ധ്യക്ഷ്യം വഹിച്ചു.

സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ട മലങ്കരസഭാഭാസുരൻ ഒരു യഥാർത്ഥ ക്രൈസ്തവ നായകനായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസം അടിയുറച്ചതായിരുന്നു. വേദനകളിലും പ്രശ്നങ്ങളിലും പതറാതെ ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കഴിഞ്ഞുവെന്ന് കാതോലിക്കാബാവാ പ്രസ്താവിച്ചു.

ദൈവത്തിന്റെ ആയുധമായി പ്രവർത്തിക്കാൻ കഴിഞ്ഞതാണ് വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ ജീവിതവിജയം. 1912-ൽ ഇന്ത്യയിൽ കാതോലിക്കേറ്റ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞത് സഭാഭാസുരനു ലഭിച്ച ദൈവകൃപ മൂലമാണ്.

കാതോലിക്കേറ്റ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും പ്രതീകമാണ്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പു തന്നെ വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ഇന്ത്യയിൽ സ്വാതന്ത്ര്യദീപ്തി പകർന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണം മൂലം ഭാരതീയസഭകളുടെ മൗലികത അംഗീകരിക്കപ്പെട്ടു.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് വിശുദ്ധിയുടെയും ഉദ്ഗ്രഥനത്തിന്റെയും മകുടോദാഹരണമാണ്. അദ്ദേഹത്തിന്റെ ജീവിതം സഭാവിശ്വാസികൾക്ക് മഹത്തായ മാതൃകയാണ്.

പതിനഞ്ചു ലക്ഷം ഓർത്തഡോക്സ് സഭാ വിശ്വാസികൾക്ക് മാത്രമല്ല ഇന്ത്യയിലെ എല്ലാ ജനവിഭാഗത്തിനും വട്ടശേരിൽ മെത്രാപ്പോലീത്തായുടെ വിമോചനത്തിന്റെ തത്ത്വശാസ്ത്രം ആവേശം പകരുമെന്ന് കാതോലിക്കാബാവാ പ്രത്യാശ പ്രകടിപ്പിച്ചു.

മതേതരസ്വഭാവം പൂർണ്ണമായി നിലനിർത്താനും വിശ്വാസങ്ങൾക്ക് വിശാലമായ കാഴ്ചപ്പാട് നേടിയെടുക്കാനും ക്രൈസ്തവസഭകളുടെ പ്രവർത്തനം മൂലം കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി കെ. കരുണാകരൻ ആശംസാ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

സെന്റ് തോമസ് ഭാരതത്തിൽ വന്നതിനെത്തുടർന്ന് ക്രിസ്തുമതത്തെപ്പറ്റി പഠിക്കാൻ ഭാരതീയർ സഹിഷ്ണുത കാട്ടി. ആ സഹിഷ്ണുത ഇന്നും ശക്തമായി നിലനിർത്താൻ നമുക്കു കഴിഞ്ഞു.

സമാധാനം തകർക്കപ്പെടുമ്പോൾ ദുഃഖിക്കുകയല്ല വേണ്ടത്. ദുഃഖത്തിൽ നിന്നുള്ള മോചനത്തിനായി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രാർത്ഥന ആയുധമാക്കി.

ഐക്യം പുനഃസ്ഥാപിക്കപ്പെടുവാനും ദേശീയത്വം വീണ്ടെടുക്കാനും ഈശ്വരനെ ആരാധിക്കുന്നതിലൂടെ കഴിയും. വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തെളിയിച്ച ദേശസ്നേഹത്തിന്റെ മാർഗം അതിനൊരു മാതൃകയാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

എളിയവരിൽ എളിയവനായി ജീവിച്ചതാണ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മഹത്വമെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി എ. എ. റഹിം പറഞ്ഞു.

സഭയെ സ്വാതന്ത്ര്യത്തിലൂടെ വളർത്തിയെടുക്കാൻ മലങ്കരസഭാ ഭാസുരൻ അനുഷ്ഠിച്ച സേവനം മഹത്താണ്. സ്നേഹവും സേവനവും മുഖമുദ്രയാക്കി ജീവിതം നയിക്കാൻ കേന്ദ്രമന്ത്രി റഹിം ആഹ്വാനം ചെയ്തു.

നേതൃത്വം ത്യാഗത്തിന്റെ പര്യായമാണെന്നു തെളിയിക്കാൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിനു കഴിഞ്ഞെന്ന് തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ പറഞ്ഞു.

വെല്ലുവിളികളെ നേരിടാനും സമാധാനവും ഐശ്വര്യവും നേടിയെടുക്കാനും ഈശ്വരോപാസനയിലൂടെ കഴിയുമെന്ന് അദ്ദേഹത്തിന്റെ ജീവിതം പഠിപ്പിച്ചു. അതൊരു മാതൃകയാക്കാൻ സഫ്രഗൻ മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

മഹാത്മാഗാന്ധി രാഷ്ട്രത്തിനു സ്വാതന്ത്ര്യം നേടിത്തന്നതുപോലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ സഭയ്ക്കു സ്വാതന്ത്ര്യം നേടിത്തന്നെന്ന് സ്വാഗതപ്രസംഗത്തിൽ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടി.

മലങ്കരസഭാഭാസുരന്റെ സമർപ്പണ ജീവിതം മൂലം ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന്റെ വിത്തുപാകാൻ കഴിഞ്ഞെന്നു സമ്മേളനത്തിൽ നന്ദി പ്രകാശിപ്പിച്ച മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു പറഞ്ഞു.

കോട്ടയത്തേക്കുള്ള മാർഗമദ്ധ്യേ ഇന്നലെ കൊച്ചിയിലെത്തിയ ഉപരാഷ്ട്രപതി എം. ഹിദായത്തുള്ളയ്ക്ക് വിമാനത്താവളത്തിൽ ഹൃദ്യമായ വരവേൽപു നൽകി.

സ്വീകരണച്ചടങ്ങിൽ മന്ത്രി വയലാർ രവി, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ്, യാക്കൂബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ, നിയുക്ത മെത്രാൻ കെ. ഐ. പൗലോസ് റമ്പാൻ, കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റീസ് കെ. ഭാസ്കരൻ, ജസ്റ്റീസ് ഫാത്തിമാബീവി തുടങ്ങിയവർ പങ്കെടുത്തു.

മലങ്കരസഭാഭാസുരൻ അനശ്വര ജ്യോതിസ്സ്

സൂര്യനെപ്പോലെ പ്രകാശിക്കുകയും സൂര്യൻ ഗോളങ്ങളെ ആകർഷിക്കുന്നതുപോലെ മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്ത ഒരു ഉജ്ജ്വല ജ്യോതിസ്സായിരുന്നു വട്ടശ്ശേരിൽ തിരുമേനി എന്ന് മന്ത്രി ആർ. ബാലകൃഷ്ണപിള്ള പ്രസ്താവിച്ചു.

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ

യുടെ ചരമ കനകജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് എം. ഡി. സെമിനാരിവളപ്പിൽ ചേർന്ന സമ്മേളനത്തിൽ ആശംസ അർപ്പിക്കുകയായിരുന്നു അദ്ദേഹം. ജാതിമതചിന്താഗതികൾക്കതീതമായി മനുഷ്യരെ ഏകോദര സഹോദരങ്ങളെപ്പോലെ കരുതി പ്രവർത്തിച്ചാലേ ശാന്തിയും സമാധാനവും ലഭിക്കുകയുള്ളുവെന്ന് മന്ത്രി പറഞ്ഞു. "മലങ്കരസഭയ്ക്ക് പ്രകാശം പരത്തിയ മാർഗദീപം" എന്നാണ് മന്ത്രി പി. ജെ. ജോസഫ് വട്ടശ്ശേരിൽ തിരുമേനിയെ വിശേഷിപ്പിച്ചത്. ഭൗതികലോകത്തിന് നൽകാൻ കഴിയാത്ത സമാധാനം മനുഷ്യവർഗത്തിനു നൽകാൻ ആധ്യാത്മിക നേതൃത്വത്തിനു മാത്രമേ കഴിയൂ എന്ന് മന്ത്രി പറഞ്ഞു.

കാലത്തിന് മായ്ക്കാനാവാത്ത കാൽപ്പാടുകൾ പതിച്ചു കടന്നുപോയിട്ടുള്ള പുണ്യശ്ലോകന്മാർ എല്ലാ മതവിഭാഗങ്ങളിൽപെട്ടവരുടെയും സ്നേഹവും ബഹുമാനവും ആർജ്ജിക്കുന്നുവെന്ന് മന്ത്രി എൻ. ശ്രീനിവാസൻ പ്രസ്താവിച്ചു.

ദക്ഷിണേന്ത്യൻ സഭയ്ക്ക് ഓർത്തഡോക്സ് സഭയോടുള്ള പൂർവ്വകാലസൗഹൃദം അനുസ്മരിച്ചുകൊണ്ട് പ്രസംഗം ആരംഭിച്ച ബിഷപ്പ് എം. സി. മാണി തപോധനനും ക്രാന്തദർശിയുമായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ വ്യക്തിപ്രഭാവത്തെ പ്രശംസിച്ചു.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരഭൂമിയിൽ ജീവൻ അർപ്പിക്കുവാൻപോലും തയ്യാറായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് വിനയസമ്പന്നനും പക്വമതിയുമായിരുന്നുവെന്നു ഗാന്ധിജി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എ. ടി. ദേവസ്യ പറഞ്ഞു.

വട്ടശ്ശേരിൽ തിരുമേനിയുടെ പാവനസ്മരണയ്ക്ക് കോട്ടയം പൗരാവലിക്കുള്ള ആദരാഞ്ജലി അർപ്പിച്ചുകൊണ്ടാണ് നഗരപിതാവ് കെ. എ. അയ്യപ്പൻപിള്ള പ്രസംഗിച്ചത്.

സോഷ്യൽ വെൽഫയർ ബോർഡ് ചെയർമാൻ സാറാമ്മ ജേക്കബ്, ഉമ്മൻചാണ്ടി എം.എൽ.എ., ടി. എസ്. ജോൺ എം.എൽ.എ. എന്നിവരും ആശംസകൾ നേർന്നു. ചരമ കനകജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് അഖില മലങ്കര അടിസ്ഥാനത്തിൽ സൺഡേസ്ക്കൂൾ കുട്ടികൾക്കുവേണ്ടി നടത്തിയ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ റീനാ എം. ജേക്കബും (കോട്ടയം) പ്രസംഗിക്കുകയുണ്ടായി.

വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെമ്മോറിയൽ എൻഡോവ്മെന്റിലേക്കുള്ള ഒരു ലക്ഷം രൂപ എൻഡോവ്മെന്റ് കമ്മിറ്റി ട്രഷറർ ഡോ. പി. വി. കോശി ചടങ്ങിൽ പരിശുദ്ധ കാതോലിക്കാബാവായെ ഏൽപിച്ചു. അവശവിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി അഞ്ചു ലക്ഷം രൂപ എൻഡോവ്മെന്റിലേക്ക് സംഭരിക്കുന്നതാണ്.

ചരമജൂബിലിയോടനുബന്ധിച്ച് സൺഡേസ്ക്കൂൾ അസോസിയേഷൻ അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ പ്രസംഗ-പ്രബന്ധ മത്സര വിജയികൾക്ക് കാതോലിക്കാബാവാ സമ്മാനം നൽകി.

ജൂബിലി സ്മാരക സുവനീറിന്റെ പ്രകാശനം വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണലിലിന് ഒരു കോപ്പി നൽകി ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

കാതോലിക്കാബാവായുടെ റോം പര്യടനം ഉൾക്കൊള്ളുന്നതും ബാവായുടെ സെക്രട്ടറി ഫാ. സഖറിയ പേരങ്ങാട്ട് എഴുതിയതുമായ "മരുശാദ്വലങ്ങളിലൂടെ" എന്ന പുസ്തകത്തിന്റെ പ്രകാശനം ചടങ്ങിൽ നടന്നു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് ഒരു കോപ്പി നൽകി കാതോലിക്കാബാവായാണ് പുസ്തകപ്രകാശനം നിർവഹിച്ചത്.

കാലം ചെയ്തു

പതിനാറു കൊല്ലം മലങ്കരസഭയുടെ പരമാധികാരിയായിരുന്ന ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ 1996 നവംബർ എട്ടിനു കാലം ചെയ്തു. കബറടക്കം പിറ്റേദിവസം ദേവലോകം ചാപ്പലിൽ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഭൗതികദേഹം 8-നു രാത്രി പഴയസെമിനാരിയിൽ കൊണ്ടുപോയി. ഭൗതികദേഹം 9-നു രാവിലെ മാർ ഏലിയാ കത്തീഡ്രലിൽ കൊണ്ടുവന്നശേഷം വിലാപയാത്രയും നഗരികാണിക്കലും കഴിഞ്ഞ് ദേവലോകത്ത് കൊണ്ടുപോകുകയാണുണ്ടായത്. രോഗബാധിതനായ ബാവാ പിൻഗാമിയുടെ അതുല്യമായ പരിരക്ഷയിൽ മരണം വരെയും സന്തുഷ്ടനായിട്ടാണ് കഴിഞ്ഞത്. മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ്, ബാവാ സൂക്ഷിച്ചിരുന്ന സഭാവക സാധനങ്ങൾ, സമ്പാദിച്ച വിലപിടിപ്പുള്ള സ്ഥാവരജംഗമ സ്വത്തുക്കൾ, കണക്കുകൾ, ബുക്കുകൾ എല്ലാം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായെ അദ്ദേഹം ഏൽപിച്ചു. തോമസ് മാർ തീമോത്തിയോസ്, സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, ബാവായുടെ പ്രൈവറ്റ് സെക്രട്ടറി ഔഗേൻ റമ്പാൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ രേഖകൾ ഏറ്റുവാങ്ങി മാത്യൂസ് ദ്വിതീയൻ ബാവാ ഒപ്പുവച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസാചാര പാരമ്പര്യങ്ങൾ സംരക്ഷിക്കുവാൻ നല്ല പോർ പൊരുതിയ ആ ശ്രേഷ്ഠ മഹാചാര്യൻ ഓട്ടം തികയ്ക്കുകയായിരുന്നു.

അനാരോഗ്യം മൂലം 1991 ഏപ്രിൽ 27-ന് മലങ്കരമെത്രാപ്പോലീത്താ

യുടെയും കാതോലിക്കായുടെയും സ്ഥാനങ്ങൾ ഒഴിഞ്ഞെങ്കിലും മലങ്കര സഭയിലെ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ അദ്ദേഹം 'വലിയബാവാ' ആയി ജീവിച്ചു. അവർ അദ്ദേഹത്തിന് സ്നേഹവും ബഹുമാനവും ആദ രവും നിർലോപം നൽകി. പരിശുദ്ധ പരുമലതിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന പരുമല പള്ളിയിലും രണ്ടാം കാതോലിക്കായെ കബറ ടക്കിയ വള്ളിക്കാട്ടു ദയറായിലും സുപ്രസിദ്ധമായ പത്തനംതിട്ട മാക്കാം കുന്ന് മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷനിലും സംബ ന്ധിച്ചിട്ടുണ്ട്. നിശ്ചയദാർഢ്യത്തോടും അർപ്പണബോധത്തോടും സഭയെ നയിച്ച ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലി ക്കാബാവായുടെ ദേഹവിയോഗം എക്യുമെനിക്കൽ പ്രസ്ഥാനത്തിനു തീരാനഷ്ടമാണെന്നു മാർത്തോമ്മാസഭാ പരമാദ്ധ്യക്ഷൻ ഡോ. അല ക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ മുംബൈയിൽ നിന്നയച്ച അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ബാവായുടെ ദേഹവിയോഗത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറ അത്യഗാധമായ ദുഃഖം രേഖപ്പെടുത്തി. സീറോ മല ബാർ സഭയുടെ സിനഡ് യോഗം ചേരവെയാണ് കർദ്ദിനാൾ ദുഃഖവാർത്ത യറിഞ്ഞത്. സീറോ മലബാർ ഹയരാർക്കിക്കുവേണ്ടി അദ്ദേഹം അനു ശോചനം അറിയിച്ചു. 1970 മുതൽ കാതോലിക്കാ ബാവായുമായി വ്യക്തി പരമായ സൗഹൃദമുണ്ടെന്ന് കർദ്ദിനാൾ അനുസ്മരിച്ചു. സഭാപരമായ കാര്യം മാത്രമല്ല, വ്യക്തിപരമായ കാര്യങ്ങൾപോലും ബാവായുമായി സംസാരിച്ചിരുന്നു. എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും തീരാനഷ്ടമാണ് ഈ മരണമെന്ന് കർദ്ദിനാൾ പറഞ്ഞു.

മഹാരാഷ്ട്ര ഗവർണ്ണർ ഡോ. പി. സി. അലക്സാണ്ടർ: പരിശുദ്ധ ബാവായുടെ വേർപാടിൽ അത്യന്തം ദുഃഖിക്കുന്നു. പ്രതിസന്ധിയുടെ നാളുകളിൽ ആ മഹായിടയൻ നൽകിയ സുധീരവും സുദൃഢവുമായ നേതൃത്വം സഭാമക്കൾ എന്നെന്നും നന്ദിയോടെ ഓർമിക്കും.

ആർച്ച് ബിഷപ്പ് ജോസഫ് പൗവ്വത്തിൽ: സഭാ ഐക്യരംഗത്തു ബാവാ നൽകിയിട്ടുള്ള ധീരവും ക്രിയാത്മകവുമായ നേതൃത്വം അനുസ്മരി ക്കുന്നു. അദ്ദേഹത്തിനു സ്വന്തം സഭയോടുണ്ടായിരുന്ന സ്നേഹവും പ്രതിബദ്ധതയും താപസ ജീവിതത്തിന്റെ എളിമയും എല്ലാവർക്കും മാതൃ കയാണ്. അഭിവന്ദ്യനായ ബാവായുടെയും മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയുടെയും ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ബിഷപ്പ് സാം മാത്യു: പരിശുദ്ധ ബാവാ സി.എസ്.ഐ. സഭയുടെ ഉത്തമ സ്നേഹിതനും മധ്യകേരള മഹായിടവകയുടെ അഭ്യുദയകാംക്ഷി യുമായിരുന്നു. എപ്പിസ്കോപ്പസിയുടെ ഔന്നത്യം ഉയർത്തിപ്പിടിക്കുന്ന

തിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പാണ്ഡിത്യംകൊണ്ടും സമഭാവന കൊണ്ടും ആദർശനിഷ്ഠകൊണ്ടും അനുകരണീയമായ പ്രവർത്തന ശൈലിയുടെ ഉടമയായിരുന്നു അദ്ദേഹം.

പരിശുദ്ധ ബാവായുടെ ദേഹവിയോഗത്തിൽ മുഖ്യമന്ത്രി ഇ. കെ. നായ നാർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. പരിശുദ്ധ പാത്രിയർക്കീസിന്റെ പ്രതിനിധിയായി മലങ്കര സന്ദർശിക്കാനെത്തിയ ആലപ്പോ ആർച്ച് ബിഷപ്പ് യൂഹാനോൻ മാർ ഗ്രീഗോറിയോസ് ദേവലോകം അരമനചാപ്പ ലിലെത്തി പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായ്ക്ക് അന്തിമോപചാരം അർപ്പിച്ചു.

അന്ത്യാഞ്ജലി

മലങ്കരയിലെ ഇരുപതു ലക്ഷത്തിന്റെ ആത്മീയ സ്രോതസായിരുന്ന അഞ്ചാം കാതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമന്റെ ഭൗതികശരീരം ധ്യാനമന്ത്രങ്ങളുടെയും ധൂപ പരിമ ണത്തിന്റെയും സാന്ദ്രതയിൽ കബറടക്കി.

വെള്ളിയാഴ്ച കാലം ചെയ്ത മാത്യൂസ് പ്രഥമന്റെ ഭൗതികശരീരം ദേവലോകത്ത് കാതോലിക്കേറ്റ് അരമന ചാപ്പലിനോട് ചേർന്ന് മുൻഗാ മിമാരായ മൂന്നാം കാതോലിക്കാ ഗീവർഗീസ് ദ്വിതീയന്റെയും നാലാം കാതോലിക്കാ ഔഗേൻ പ്രഥമന്റെയും കബറിടങ്ങളുടെ ഇടതുവശത്തു നേരത്തെ തയ്യാറാക്കിയ കബറിലാണ് കബറടക്കിയത്.

നൂറുകണക്കിനു വൈദികരെയും വിശ്വാസികളായ ലക്ഷങ്ങളെയും സാക്ഷിനിർത്തി മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോ ലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീ യൻ കാതോലിക്കാ ബാവായുടെയും തോമസ് മാർ തീമോത്തിയോസി ന്റെയും പ്രധാന കാർമ്മികത്വത്തിലായിരുന്നു അന്ത്യശുശ്രൂഷ.

മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ആന്റണി പടിയറ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ആർച്ച് ബിഷപ്പ് ഡോ. സിറിൾ മാർ ബസ്സേലിയോസ്, കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് കുന്നശ്ശേരി, സി.എസ്.ഐ. മധ്യകേരള മഹായിടവക ബിഷപ്പ് ഡോ. സാം മാത്യു, മാർത്തോമ്മാസഭയുടെ കോട്ടയം ഭദ്രാസനാധിപൻ ഡോ. ഗീവർ ഗീസ് മാർ അത്താനാസ്യോസ്, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ മാത്യു വട്ട ക്കുഴി എന്നിവരും അന്ത്യശുശ്രൂഷയിൽ പങ്കുചേർന്നു.

ഓർത്തഡോക്സ് സഭയിലെ സീനിയർ മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്,

സഖറിയാ മാർ ദിവന്നാസ്യോസ്, ഗീവർഗീസ് മാർ ദീയസ്കോറോസ്, പൗലോസ് മാർ മിലിത്തിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, സഖറിയാ മാർ അന്തോനി യോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവരും അന്ത്യശുശ്രൂഷയിൽ സഹകാർമികരായിരുന്നു.

അര നൂറ്റാണ്ടു മുമ്പ് അന്തരിച്ച പിതാവ് വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ കുർബ്ബാന കുപ്പായം അണിഞ്ഞുകൊണ്ട് സ്വർണക്കുരിശും സ്വർണ്ണ മാലയും വെള്ളിയിൽ പണിത അംശവടിയും അഴിച്ചുമാറ്റി എളിമയുടെ പ്രതീകമായ മരക്കുരിശും പിടിച്ച് കാതോലിക്കേറ്റ് അരമന ചാപ്പലിലെ യാത്രപറച്ചിലിനു ശേഷമാണ് മാത്യൂസ് പ്രഥമന്റെ ഭൗതികശരീരം കബറിടത്തിലേക്ക് കൊണ്ടുവന്നത്.

അനിഷേധ്യസ്ഥാനം

മലയാള മനോരമ 1996 നവംബർ 9-നു പ്രസിദ്ധീകരിച്ച മുഖപ്രസംഗം:

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കാത്തുസൂക്ഷിക്കുന്നതിലും, ഭരണപരിഷ്ക്കാരങ്ങൾ വരുത്തി സഭയുടെ പേരും പെരുമയും ആഗോളതലത്തിൽ എത്തിക്കുന്നതിലും അസാധാരണശേഷി പ്രകടിപ്പിച്ച സഭാധ്യക്ഷനായിരുന്നു പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ. നിർഭാഗ്യകരമായ വ്യവഹാരങ്ങളുടെ ഇടയിലും സഭയെ ഒരുമിച്ചു കൊണ്ടുപോകാൻ കഴിഞ്ഞ വലിയ ഇടയനെന്ന് അദ്ദേഹത്തെ ചരിത്രം എന്നും സ്മരിക്കും. ധിഷണാവൈഭവവും ഭരണസാമർത്ഥ്യവും കർമനൈപുണ്യവും ഒന്നിച്ചു വിളങ്ങിയ ബാവായുടെ പതിനഞ്ചു വർഷത്തെ ഭരണകാലത്ത് സഭ ആധ്യാത്മിക, ലൗകികതലങ്ങളിൽ ഒരുപോലെ മുന്നേറിയെന്നതും ചരിത്രവസ്തുത തന്നെ.

പൗരോഹിത്യ പാരമ്പര്യമുള്ള വട്ടക്കുന്നേൽ കുടുംബത്തിൽ ജനിച്ച മാത്യൂസിൽ നിന്നു പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ ബാവായിലേക്കുള്ള വളർച്ച ദൈവനിയോഗമായിരുന്നു. സുറിയാനിയിൽ പാണ്ഡിത്യം നേടി പൗരസ്ത്യസഭകളുടെ ബോധനത്തെ സ്വാംശീകരിച്ച അദ്ദേഹം ആധുനിക വേദശാസ്ത്രത്തിലും ജ്ഞാനിയായിരുന്നു. തുടർന്ന് പാശ്ചാത്യസഭാചരിത്രവും, പാശ്ചാത്യ വേദശാസ്ത്ര പദ്ധതികളും മുൻവിധിയില്ലാതെ പഠിച്ച അദ്ദേഹം ക്രൈസ്തവസമൂഹത്തിന്റെ വ്യത്യസ്ത മുഖങ്ങളെ ഒന്നിച്ചും വ്യത്യസ്തമായും സമീപിക്കുകയും ഓരോന്നിന്റെയും ഗുണമേന്മകളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ചെയ്തിരുന്നു.

മലങ്കരസഭയുടെ പ്രശ്നങ്ങളെല്ലാം പഠിക്കുകയും, ഭരണത്തിൽ പരി

ചയസമ്പന്നത നേടിയെടുക്കുകയും ചെയ്തശേഷമാണ് മലങ്കരമെത്രാപ്പോലീത്തായായി അദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. തന്റെ മുൻഗാമി പരിശുദ്ധ ഔഗേൻ കാതോലിക്കാബാവായുടെ കീഴിൽ നിയുക്ത കാതോലിക്കായായി സേവനമനുഷ്ഠിച്ച കാലഘട്ടം തന്റെ ഭരണപാടവം പരിപോഷിപ്പിക്കുന്നതിനായി അദ്ദേഹം പ്രയോജനപ്പെടുത്തി. അതിനു മുമ്പ് ബാഹ്യകേരള ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തിന്റെ പരിപാലനത്തിന്റെകീഴിൽ, ബാഹ്യകേരള ഭദ്രാസനം അമേരിക്ക, മുംബൈ, ഡൽഹി, കൽക്കട്ട, മദ്രാസ് എന്നിങ്ങനെ വളർന്നു വികസിച്ചു.

ഈ അനുഭവസമ്പത്തോടെയാണ് മലങ്കരമെത്രാപ്പോലീത്താ ആയി സഭയുടെ ഭരണം നടത്തിയത്. പുതിയ ഭദ്രാസനങ്ങൾ പിറന്നു. നൂറുകണക്കിനു പള്ളികൾ പുതുതായി സ്ഥാപിക്കപ്പെട്ടു. കേരളത്തിനകത്തും പുറത്തും കാതോലിക്കേറ്റ് സെന്ററുകൾ തുറന്നു. നിരവധി വിദ്യാലയങ്ങൾ, കോളജുകൾ, ആശുപത്രികൾ, ആന്ധ്രാ മിഷൻ തുടങ്ങിയവയെല്ലാം സഭയുടെ ആകമാന വികസനത്തിലെ ചിലതു മാത്രം. സഭാഭരണസമിതികളുടെ ഉത്തരവാദിത്വം കൃത്യമായി നിർവചിക്കുകയും ഓരോന്നും അതിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഭരണനേതൃത്വത്തിന്റെ കാര്യശേഷി പതിന്മടങ്ങായി വർദ്ധിച്ചു.

വൈദികപട്ടം സ്വീകരിച്ച് ഏതാനും വർഷങ്ങൾക്കം ഓർത്തഡോക്സ് വൈദികസെമിനാരിയുടെ പ്രിൻസിപ്പലായിത്തീർന്ന അദ്ദേഹം തികഞ്ഞ ഉത്തരവാദിത്വബോധത്തോടെയാണ് ഭരണം നിർവഹിച്ചത്. ഒരു പെറ്റി സെമിനാരിയായിരുന്ന ഈ കേന്ദ്രം ബിരുദകോഴ്സുള്ള വലിയ സ്ഥാപനമായി.

ആരാധനക്രമങ്ങൾക്കെല്ലാം അടുക്കും ചിട്ടയും ഉണ്ടായിരിക്കണമെന്നതിൽ അദ്ദേഹം നിർബന്ധം പുലർത്തി. ആരാധനക്രമങ്ങളിൽ ഭാഷാപരവും നിഷ്ഠാപരവുമായി അദ്ദേഹം വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമായിരുന്നു. മലയാളം അറിഞ്ഞുകൂടാത്തവർക്കും ആരാധനകളിൽ പങ്കുകൊള്ളത്തക്കവിധം കുർബ്ബാനക്രമവും പ്രത്യേക ശുശ്രൂഷകളും അദ്ദേഹം ഇംഗ്ലീഷിലാക്കി. കുർബ്ബാനയിൽ പങ്കെടുത്താൽ മാത്രം പോരാ, അതനുഭവിക്കുകയും വേണമെന്ന വിശ്വാസം ആളുകളിൽ അങ്ങനെ വളർന്നു വന്നു.

എക്യുമെനിസത്തിലും അദ്ദേഹം തന്റേതായ സംഭാവനകൾ നൽകി. മാർപാപ്പായുമായി രണ്ടു തവണ ബാവാ നടത്തിയ കൂടിക്കാഴ്ചയിലൂടെ പരസ്പരം മനസിലാക്കുവാനും റോമൻ കത്തോലിക്കാ സഭയുമായുള്ള

സംവാദത്തിനു തുടക്കം കുറിക്കാനും കഴിഞ്ഞു. ദൈവശാസ്ത്രപഠന രംഗത്ത് സഭകൾ തമ്മിലുള്ള സഹകരണം വളർന്നതും ബാവായുടെ ഭരണകാലത്താണ്.

ഒരു പ്രസംഗകൻ എന്ന നിലയിൽ തികച്ചും സ്വന്തമായ ശൈലിയുടെ ഉടമസ്ഥനാണ് ബാവാ. ഗാംഭീര്യം കലർന്ന ശബ്ദം വേദികളിൽ നിന്നു മുഴങ്ങും. ഈ ശബ്ദവും, എല്ലാത്തിനും ക്രമവും ചിട്ടയും ഉണ്ടാകണമെന്ന നിർബന്ധവുമായിരിക്കണ,ം ബാവാ കർക്കശക്കാരനാണെന്ന തോന്നൽ ചിലരിലെങ്കിലും ഉളവാക്കിയതെന്നു തോന്നുന്നു. എന്നാൽ കരുത്തിനും കണിശത്തിനും ഉള്ളിലായി സ്നേഹവും നൈർമല്യവും നിറഞ്ഞ ഒരു ഹൃദയം തുടിക്കുന്നുണ്ടായിരുന്നു.

സഭയുടെ സർവതോമുഖമായ അഭിവൃദ്ധിക്കു കാരണക്കാരനായ ബാവാ 91-ൽ വിരമിച്ചശേഷം ആലസ്യബാധിതനായിട്ടാണ് ശിഷ്ടായുസ് കഴിച്ചത്. “എന്റെ മുൻഗാമികൾ എന്നെ വഴി നടത്തുന്നു” എന്നു ബാവാ എപ്പോഴും പറയാറുണ്ടായിരുന്നു. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും പുതിയ ഒരു പാത കൂടി സൃഷ്ടിച്ചു മാതൃക കാട്ടിക്കൊണ്ടാണു കടന്നുപോയിരിക്കുന്നത്.

അന്ത്യകല്പന

മലങ്കരസഭയിൽ നിലവിലുള്ള അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും കേസുകളും എല്ലാം സമാധാനപരമായി പര്യവസാനിപ്പിച്ച് എല്ലാവരും ദൈവസ്നേഹത്തിലും പരസ്പര ഐക്യത്തിലും വർത്തിക്കണമെന്നുള്ളത് എന്റെ വലിയൊരു അഭിലാഷമാണ്. അതിനുവേണ്ടി ഞാൻ എന്നും മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. കാലം ചെയ്ത പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ അന്ത്യകല്പനയിൽ പറയുന്നു.

എൺപത്തിനാലു വയസ് പൂർത്തിയായപ്പോൾ ബാവാ എഴുതിവച്ച അവസാന കല്പന 1996 നവംബർ 8-നാണ് തുറന്നത്. പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു:

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരമോന്നതവും പരിശുദ്ധവുമായ അധ്യക്ഷസ്ഥാനത്തേക്ക് പരിശുദ്ധറൂഹാ മൂലം ബലഹീനനായ എന്നെ ദൈവം വിളിച്ചടുപ്പിച്ച നാളുകൾ അസ്വസ്ഥതകളും ഛിദ്രവാസനകളും സഭയിൽ മുളപൊട്ടിക്കൊണ്ടിരുന്ന കാലമായിരുന്നെങ്കിലും സഭയെ ദൈവം നയിക്കുമെന്ന ഉറച്ച വിശ്വാസം എനിക്കു ശുഭാപ്തി വിശ്വാസം നൽകിയിരുന്നു.

പരിശുദ്ധ സഭയെക്കുറിച്ച് എനിക്ക് ഒരിക്കലും ആകുലപ്പെടേണ്ടി

വന്നിട്ടില്ല. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവം നൽകിയിട്ടുള്ള നന്മകളിൻപ്രകാരം പരമാവധി പ്രവർത്തിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

കർത്താവേശുമിശിഹായുടെ ശിഷ്യന്മാരിലൊരുവനായ പരിശുദ്ധ മാർ ത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട പൗരാണികമായ ഒരു സഭയാണ് നമ്മുടേത്. നമുക്കു നമ്മുടേതായ ചരിത്രവും പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും വിശ്വാസാചാരങ്ങളും ആരാധനാരീതികളും ഭരണസംവിധാനങ്ങളുമുണ്ട്. അവയൊക്കെയും ഭേദപ്പെടുത്തുവാനും മാറ്റിമറിക്കുവാനും കാലാകാലങ്ങളിൽ പലപ്പോഴും ശ്രമങ്ങളും പ്രലോഭനങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ടെങ്കിലും അവയെല്ലാം അതിജീവിച്ച് ദൈവത്തിന്റെ പരിശുദ്ധ സഭ ഇന്നും സത്യവിശ്വാസത്തിൽ മാറ്റം കൂടാതെ നിലനിൽക്കുന്നു.

നമ്മുടെ പൂർവികർ പ്രാണത്യാഗത്തോളം കഷ്ടതകൾ സഹിച്ചു പരിപാലിച്ച സഭയുടെ സ്വാതന്ത്ര്യവും സത്യവിശ്വാസവും കുറ്റം കൂടാതെ പരിപാലിക്കുവാനും അവരുടെ കാലടികൾ പിന്തുടരുവാനും ദൈവം ബലഹീനനായ എനിക്കും ശക്തി നൽകി.

മലങ്കരസഭ ഇന്നു നാനാവിധത്തിൽ വളർന്നു വികസിച്ചു. ആത്മികവും സാമൂഹികവും ജീവകാരുണ്യപരവുമായ മേഖലകളിൽ പടർന്നു പന്തലിച്ച് അനേകർക്ക് ആശ്വാസം നൽകി. ആയതിൽ എന്റെ ഹൃദയം ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

ധാരാളം പുതിയ ദേവാലയങ്ങളും ഭദ്രാസനങ്ങളും ആരാധനാലയങ്ങളും ആതുരാലയകേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മിഷൻ പ്രവർത്തനകേന്ദ്രങ്ങളും വിവിധ സ്ഥാപനങ്ങളും പുതുതായി സ്ഥാപിക്കുവാനും മുൻപുണ്ടായിരുന്നവ വികസിപ്പിക്കുവാനും ദൈവം ഇടയാക്കി.

നമ്മുടെ സഭ ഒരു എപ്പിസ്കോപ്പൽ സഭയാണ്. സഭയുടെ ആത്മികവും ലൗകികവുമായ കാര്യങ്ങളുടെ പ്രധാന ഭാരവാഹിത്വം മലങ്കര മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണ്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും വർക്കിംഗ് കമ്മിറ്റിയും മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷനും പരസ്പര ബഹുമാനത്തോടും അച്ചടക്കത്തോടും മേലധ്യക്ഷസ്ഥാനത്തോടുള്ള വിധേയത്വത്തിലും വർത്തിച്ചുകൊള്ളണമെന്നു ഞാൻ ഉപദേശിക്കുന്നു.

എന്റെ സഭാജീവിത കാലമൊക്കെയും മറ്റുള്ള സഹോദരസഭകളുമായി ഐക്യത്തിലും സ്നേഹത്തിലുമാണ് കഴിഞ്ഞിട്ടുള്ളത്. ലോകത്തുള്ള എല്ലാ സഭകളും ഒന്നായിച്ചേരണമെന്നും ഒരുമിച്ചു ദൈവത്തെ മഹത്വപ്പെടുത്തണമെന്നും ഉള്ളത് എന്റെ ജീവിതാഭിലാഷമായിരുന്നു. പല എക്യു

മെനിക്കൽ സമ്മേളനങ്ങളിലും ഞാനതു പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ സഭയുടെ സത്യവിശ്വാസം കൈവെടിയാതെ മറ്റെല്ലാ ക്രിസ്തീയ സഭകളുമായി നിങ്ങൾ സ്നേഹത്തിലും സാഹോദര്യത്തിലും വർത്തിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

ഭാരതത്തിൽ മതങ്ങൾ മതങ്ങളെ എതിർക്കുന്ന പ്രവണത അടുത്തയിടയായി വളർന്നു വരുന്നുണ്ട്. എല്ലാ മതത്തിൽപെട്ടവരും സഹോദരങ്ങളാണെന്ന ബോധത്തിൽ, ആരുടെയും ഹൃദയത്തെ വ്രണപ്പെടുത്താത്ത സാഹോദര്യബന്ധം എല്ലാ മതങ്ങളുമായി നിങ്ങൾ പുലർത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ അളവറ്റ സ്നേഹത്തെക്കുറിച്ച് പലപ്പോഴും നിങ്ങളെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ദൈവം സ്നേഹം തന്നെ.

തന്റെ വലിയ സ്നേഹം നമ്മുടെ രക്ഷയ്ക്കായി സ്വന്തം പുത്രനെ ക്രൂശുമരണത്തോളം ഏല്പിച്ചുകൊടുത്തത് നമ്മുടെ വലിയൊരു പ്രത്യാശയാകുന്നു. 'എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചപ്രകാരം നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം' എന്ന കർത്താവിന്റെ കല്പന നിങ്ങളും പാലിക്കണമെന്നു ഞാൻ ഉപദേശിക്കുന്നു.

ആ കർത്തൃസ്നേഹത്തിൽ വസിച്ചുകൊണ്ട് ബലഹീനരായവരെ നിങ്ങൾ കഴിവുള്ളടത്തോളവും സഹായിക്കണം. 'നിങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രന്മാർക്കു കൊടുക്കുക. എന്നാൽ സ്വർഗരാജ്യത്തിൽ നിങ്ങൾക്കു നിക്ഷേപം ഉണ്ടാകും' എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുള്ളത് വ്യക്തികളായും ഇടവകകളായും സഭയായും നാം മറക്കരുത് എന്ന് ദൈവസ്നേഹത്തിൽ ഞാൻ ഉപദേശിക്കുന്നു.

'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എനിക്കും ചെയ്തു. ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു ചെയ്യാതിരുന്നിടത്തോളം എനിക്കാകുന്നു ചെയ്യാഞ്ഞത്' എന്നാണ് കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്. വിശക്കുന്നവനു ഭക്ഷണം കൊടുക്കുക, ദാഹിക്കുന്നവനു കുടിപ്പാൻ കൊടുക്കുക, അതിഥികളെ ചേർത്തുകൊള്ളുക, നഗ്നനെ ഉടുപ്പിക്കുക, രോഗികളെ സന്ദർശിക്കുക, തടവിലിരിക്കുന്നവരെ ചെന്നു കാണുക എന്നിങ്ങനെയുള്ള പുണ്യപ്രവൃത്തികളിൽ കൂടി യേശുക്രിസ്തുവിന്റെ സ്നേഹം ലോകത്തിൽ നിങ്ങൾ പ്രതിഫലിപ്പിക്കണമെന്നും ഞാൻ അതിയായി ആഗ്രഹിക്കുന്നു.

നിങ്ങളേവരും വിശുദ്ധ ജീവിതം നയിച്ച് രക്ഷയിലേക്ക് വളരുവാൻ താല്പര്യമുള്ളവരായിരിക്കണം. സഭയുടെ കല്പനകൾ മുടക്കം കൂടാതെ

പാലിക്കണം. സഭയ്ക്കു പൊതുവായും പള്ളികൾക്കും ഇടവകകൾക്കും നിങ്ങൾ കൊടുക്കേണ്ട വിഹിതങ്ങൾ ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള താലന്തുകൾക്കനുസരണമായി കുറവു കൂടാതെ കൊടുക്കുവാൻ എപ്പോഴും ഉത്സാഹിക്കണം. നിങ്ങൾ ദൈവസന്നിധിയിൽ ഉയർത്തുന്ന പ്രാർത്ഥനകളും നോമ്പനുഷ്ഠാനങ്ങളും ആയതിനു നിങ്ങളെ ശക്തരാക്കുവാൻ ഞാൻ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 1996 നവംബർ 9-നു പ്രസിദ്ധപ്പെടുത്തിയ ലേഖനം

മലങ്കരസഭയെ ഭാരതസഭയായി ഉയർത്തിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ ജീവിതവും പ്രവർത്തനവും സഭയ്ക്കു ലഭിച്ച മഹാഭാഗ്യം. സഭയുടെ നാനാവിധ വളർച്ചയ്ക്ക് അദ്ദേഹം വിലപ്പെട്ട സേവനം അനുഷ്ഠിച്ചു. സഭാവിശ്വാസങ്ങളിലും ആചാരങ്ങളിലും അടിയുറച്ചുനിന്ന വലിയബാവായുടെ പ്രവർത്തനങ്ങളെല്ലാം തത്വാധിഷ്ഠിതമായിരുന്നു. ബാവായുടെ കരുത്തായിരുന്നു സഭയുടെ ശക്തി.

വലിയബാവാ കാലം ചെയ്ത വാർത്ത അറിയുമ്പോൾ ഞാൻ വിശുദ്ധ ബലി അർപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബാവായുടെ അന്ത്യസമയത്ത് ഒപ്പം ഇല്ലായിരുന്നെങ്കിലും ആ ജീവൻ വെടിയുന്ന നിമിഷത്തിൽ ഞാൻ ജീവന്റെ ബലി അർപ്പിക്കുകയായിരുന്നു. വലിയബാവാ ഭാഗ്യസ്മരണാർഹനാണ്. കുർബാനമധ്യേ ഞാനദ്ദേഹത്തെ സ്മരിച്ചു.

വലിയബാവായുടെ ജീവിതവും പ്രവർത്തനവും സഭയ്ക്കും സമൂഹത്തിനും ലഭിച്ച മഹാഭാഗ്യമായിരുന്നു. ഞങ്ങൾ തമ്മിൽ വർഷങ്ങളുടെ ബന്ധമുണ്ട്. സഭയുടെ കാര്യങ്ങളിൽ ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാനും പ്രവർത്തിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്ന് നമുക്കറിയാം.

വലിയബാവാ എനിക്ക് ആചാര്യനും പിതാവുമായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയ നേതൃത്വത്തിൽ പ്രവർത്തിക്കാനും വ്യക്തിപരമായി മനസിലാക്കാനും എനിക്കും കഴിഞ്ഞിട്ടുണ്ട്. ഞാനദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തത് ഒരനുഭവമായി മനസിൽ തങ്ങിനിൽക്കുന്നു.

ഞങ്ങൾ ഒന്നിച്ചാണ് 1953 മെയ് 15-ാം തീയതി വെള്ളിയാഴ്ച മേൽപ്പട്ടസ്ഥാനത്തേയ്ക്ക് വിളിക്കപ്പെട്ടത്. വലിയബാവായുടെ കർമ്മകേന്ദ്രമായിരുന്ന കോട്ടയം ഏലിയാ കത്തീഡ്രലിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായാണ് ഞങ്ങൾക്ക് മേൽപ്പട്ടസ്ഥാനം തന്നത്.

പുണ്യശ്ലോകനായ ഗീവർഗീസ് ദ്വിതീയൻ ചൊരിഞ്ഞ സ്നേഹവും പ്രാർത്ഥനയും ഞങ്ങൾക്ക് എന്നും കരുത്തായി. 1951 സെപ്റ്റംബർ 21-നു വെള്ളിയാഴ്ച ഞങ്ങൾക്ക് റമ്പാൻ സ്ഥാനം തന്നതും 1959 ജൂലൈ 12-നു ഞായറാഴ്ച ഞങ്ങളെ മെത്രാപ്പോലീത്താമാരായി ഉയർത്തിയതും ഗീവർ ഗീസ് ദ്വിതീയൻ ബാവായുടെ കാർമികത്വത്തിൽ നടന്ന ശുശ്രൂഷയിലാ യിരുന്നു. ഗീവർഗീസ് ദ്വിതീയൻ ബാവായെ സ്മരിക്കുമ്പോൾ ഞങ്ങൾ ഇതൊക്കെ ഓർമിക്കാറുണ്ടായിരുന്നു.

ഞങ്ങൾ ഇതിനു മുമ്പും ഒന്നിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. അദ്ദേഹം വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആയിരിക്കുമ്പോൾ ഓർത്ത ഡോക്സ് വൈദികസെമിനാരിയിൽ അധ്യാപകനായിരുന്നു. ഔഗേൻ ബാവാ പ്രിൻസിപ്പൽ ആയിരിക്കുമ്പോൾ സെമിനാരിയുടെ വൈസ് പ്രിൻ സിപ്പൽ ആയിരുന്നു. ഞാനും കൂടെ പഠിപ്പിച്ചിട്ടുണ്ട്. സെമിനാരിയുടെ വളർച്ചയിൽ ബാവായ്ക്ക് വലിയ പങ്കുണ്ട്.

നിയുക്ത കാതോലിക്കാ ആയി തെരഞ്ഞെടുത്തപ്പോൾ എന്നെ അദ്ദേഹം ആശ്ലേഷിച്ചത് മനസിൽ പച്ചപ്പായി നിൽക്കുന്നു. അന്നു പറഞ്ഞ വാചകം ഇന്നും എന്റെ മനസിലുണ്ട്: “വിശ്വസ്തനായ പിൻഗാമിയായി രിപ്പാൻ ദൈവം ആബൂനെ അനുഗ്രഹിക്കട്ടെ.”

വലിയബാവാ ജീവിച്ചിരിക്കുമ്പോൾതന്നെ പിൻഗാമിയായി സ്ഥാന മേൽക്കാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പരു മലയിൽ നിന്നു സ്ഥാനാരോഹണം കഴിഞ്ഞ് ദേവലോകത്തു വന്നപ്പോൾ അദ്ദേഹം എന്നെ അനുഗ്രഹിച്ചു. സന്തോഷം കൊണ്ട് ആ കണ്ണിൽനിന്നു അശ്രുകണങ്ങൾ പൊഴിയുന്നതു ഞാൻ കണ്ടു. ആ സ്നേഹം ബാവാ എന്നും കാണിച്ചിരുന്നു. ഈ വ്യാഴാഴ്ച അവസാനമായി കാണുമ്പോൾ ആ മുഖത്തു കൃപയുടെ നീർച്ചാലുകൾ ഒഴുകുന്നതു ഞാൻ കണ്ടു.

വലിയബാവായുടെ മരണം ഭാഗ്യമരണമാണെന്നു ഞാൻ കരുതുന്നു. നവതിയിലെത്തി നിൽക്കുമ്പോഴാണ് അദ്ദേഹം കടന്നുപോയത്. തൊണ്ണൂ റുകാരനായിരുന്നെങ്കിലും കാണുമ്പോഴെല്ലാം എന്റെ മനസ്സിൽ ആ പഴയ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആണ് നിറഞ്ഞു നിന്നത്. സഭയ്ക്കു വേണ്ടി ആവേശോജ്വലമായി അദ്ദേഹം സംസാരിക്കുന്നത് ഞാൻ കേട്ടി ട്ടുണ്ട്.

സഭയുടെ ഏതു കാര്യവും ആധികാരികമായി അദ്ദേഹം പറയുമായി രുന്നു. വലിയബാവായുടെ ആത്മബോധ്യം എന്നെ ആകർഷിച്ചിരുന്നു. മാർത്തോമ്മാ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ അദ്ദേഹം യത്നിച്ചു. സഭാ സ്ഥാപകൻ മാർത്തോമ്മാശ്ലീഹാ ആണെന്നും മാർത്തോമ്മാ പാരമ്പര്യം തന്റെ രക്തത്തിലുണ്ടെന്നും ബാവാ തെളിയിച്ചു. കാതോലിക്കായായി

സ്ഥാനമേറ്റപ്പോൾ പേരിനൊപ്പം മാർത്തോമ്മായുടെ നാമം കൂടി അദ്ദേഹം നൽകിയത് അതിനൊരു ദൃഷ്ടാന്തമാണ്.

തോമാശ്ലീഹായുടെ പാരമ്പര്യം സഭയ്ക്കും ഉണ്ടായിരിക്കണമെന്ന് വലിയബാവാ അടിയുറച്ചു വിശ്വസിച്ചു. അന്ത്യം വരെയും ആ തത്വം പാലിക്കുകയും ചെയ്തു. തന്റെ നിലപാടിൽ സഹകരിക്കാത്തവരോട് നിസഹകരിക്കാൻ മടിയുണ്ടായില്ല.

സഭയുടെ വിശ്വാസത്തിൽ അദ്ദേഹത്തിന് ഉത്തമബോധ്യം ഉണ്ടായിരുന്നു. കാനോൻ വിദഗ്ധനായിരുന്നു. വിശ്വാസകാര്യത്തിൽ ആധികാരികമായി സംസാരിക്കാനുള്ള ജ്ഞാനമുണ്ടായിരുന്നു.

സഭാസേവനത്തിൽ എന്നും സ്മരിക്കപ്പെടുന്നതാണ് അദ്ദേഹത്തിന്റെ ബാഹ്യകേരള ഭദ്രാസനത്തിലെ പ്രവർത്തനങ്ങൾ. ഈ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്നു വലിയബാവാ. അദ്ദേഹത്തിന്റെ കീഴിൽ വളർന്ന ഈ ഭദ്രാസനം ഇന്ന് ആറായി വളർന്നിരിക്കുകയാണ്. അമേരിക്ക, മുംബൈ, ഡൽഹി, കൽക്കട്ട, ചെന്നൈ, കാനഡ.

അദ്ദേഹത്തിന്റെ ഭരണകാലത്ത് തന്നെയാണ് കേരളത്തിലും പുതിയ ഭദ്രാസനങ്ങൾ ഉണ്ടായത് - തിരുവനന്തപുരം, ചെങ്ങന്നൂർ, ഇടുക്കി, ബത്തേരി.

കൂടുതൽ ഭദ്രാസനങ്ങൾ ഉണ്ടായതോടെ സഭയുടെ വികസനത്തിൽ വികേന്ദ്രീകരണനയം അദ്ദേഹം നടപ്പിലാക്കി. സഭാഗാത്രത്തിൽ പ്രസരിപ്പിന്റെ പുതിയ പാത തെളിയിക്കാൻ ഇത് മൂലം ബാവായ്ക്ക് കഴിഞ്ഞു. സഭയുടെ ആത്മിക വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തന പരിപാടികളും അദ്ദേഹത്തിന്റെ കാലത്ത് നടപ്പാക്കി.

ആരാധനക്രമങ്ങൾക്ക് അടുക്കും ചിട്ടയും ഉണ്ടാക്കാനും ആരാധന മലയാളത്തിലാക്കാനും വലിയബാവാ നേതൃത്വം നൽകി. ആരാധനഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ പരിശ്രമിച്ചു. ആരാധനാപുസ്തകങ്ങൾ പരിഷ്കരിച്ചതും ഗണനീയമായ നേട്ടമാണ്. ഭാഷാപരവും നിഷ്ഠാപരവുമായി അദ്ദേഹം വരുത്തിയ മാറ്റങ്ങൾ ശ്രദ്ധേയമാണ്.

മലയാളം അറിയാത്തവർക്കും ആരാധനയിൽ പങ്കു കൂടാൻ വിശുദ്ധ കുർബ്ബാനക്രമവും ആരാധനകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ഹിന്ദിയിലും തമിഴിലും അതു ഭാഷാന്തരപ്പെടുത്തി. ഓർത്തഡോക്സ് സഭയുടെ ആരാധനയുടെ ആത്മീയ പ്രൗഢി അങ്ങനെ അന്യ ഭാഷകളിലും എത്തിച്ചു.

വൈദികസെമിനാരിയുടെ നേതൃത്വത്തിലുള്ള 'ദിവ്യബോധനം' പഠന പരിപാടിയിലൂടെ അത്മായർക്ക് വീക്ഷണപരമായ ദാർഢ്യം നൽകാൻ നേതൃത്വം നൽകിയത് വലിയബാവായാണ്. സഭയുടെ നിലപാടും ആത്മീ

യകാഴ്ചപ്പാടും അത്മായർക്ക് വെളിപ്പെടുത്താൻ ഈ പഠന പരിപാടിയിലൂടെ കഴിഞ്ഞത് വലിയ നേട്ടം തന്നെയാണ്.

ദൈവശാസ്ത്രപഠനരംഗത്ത് ഇതര സഭകളുമായി സഹകരിച്ച് നീങ്ങാൻ വലിയബാവാ സന്മനസു കാണിച്ചു. വൈദികസെമിനാരിയെ അതിനായി ഒരുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അതുപോലെ സൺഡേസ്കൂൾ, മിഷൻ, ബാലസമാജം, മർത്തമറിയം സമാജം എന്നിവയുടെ പ്രവർത്തനവും ശക്തിപ്പെടുത്തി. മിഷൻ പ്രവർത്തനം ഭാരതത്തിലൊട്ടാകെ വ്യാപിപ്പിച്ച് ഓർത്തഡോക്സ് സഭയെ ഭാരതസഭയായി ഉയർത്താൻ അദ്ദേഹമാണ് ചുവടുവച്ചത്.

കാതോലിക്കാസിംഹാസനത്തിനു കീഴിൽ പുതിയൊരു കൂട്ടായ്മ സൃഷ്ടിക്കാൻ വലിയബാവായുടെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. മേൽപ്പട്ടക്കാരുടെ സുന്നഹദോസും സഭയുടെ ഭരണസംവിധാനവും ശക്തിപ്പെടുത്തി. സഭാ സെക്രട്ടേറിയേറ്റിനു തുടക്കം കുറിക്കുകയും ചെയ്തു.

സഭയുടെ ആത്മീയ വളർച്ച ലക്ഷ്യം വച്ച് പ്രവർത്തനം നടത്തിയപ്പോഴും എക്യുമെനിക്കൽ രംഗത്തും ശ്രദ്ധയൂന്നി. ഞങ്ങൾ ഒന്നിച്ചാണ് റോമിൽ പോയി മാർപാപ്പായെ സന്ദർശിച്ചത്. മാർപാപ്പാ കേരളത്തിൽ വന്നപ്പോൾ വലിയബാവായെ പോയി സന്ദർശിക്കുകയും ചെയ്തു. തുടർന്ന് റോമൻ കത്തോലിക്കാ സഭയുമായുള്ള സംവാദത്തിന് അദ്ദേഹത്തിന്റെ കാലത്ത് തുടക്കം കുറിച്ചു.

അതുപോലെ ഓറിയന്റൽ സഭകളുമായും ബൈസാന്റിയൻ സഭകളുമായും ഉള്ള സംവാദത്തിനും സഹകരണത്തിനും തുടക്കമിട്ടു. സഭകളുടെ ലോകകൗൺസിലുമായുള്ള ഓർത്തഡോക്സ് സഭയുടെ ബന്ധം ശക്തിപ്പെടുത്താനും സഭകളുടെ ദേശീയ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ശക്തിപ്പെടുത്താനും അദ്ദേഹത്തിന്റെ കാലത്തു കഴിഞ്ഞു.

നിലയ്ക്കൽ പ്രശ്നം രൂക്ഷമായി നിന്നപ്പോൾ അവിടെ സമാധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളിൽ വലിയബാവാ എനിക്ക് പിന്തുണ തന്നിട്ടുണ്ട്. ഞാൻ മാത്രമല്ല, ഇതര സഭാംഗങ്ങളും സമുദായക്കാരും അത് സ്മരിക്കുന്നു.

വലിയബാവായിൽ ഞാൻ ദർശിച്ച മറ്റൊരു പ്രത്യേകത ഏതൊരു എതിർപ്പിനെയും നേരിടാനുള്ള ധൈര്യമാണ്. ഒരിക്കലും അധൈര്യപ്പെട്ട് കണ്ടിട്ടില്ല. തത്വാധിഷ്ഠിതമായിരുന്നു പ്രവർത്തനങ്ങൾ. തത്വം വിട്ട് ഒന്നും ചെയ്തിട്ടില്ല. അതാണ് അദ്ദേഹത്തിന്റെ കരുത്ത്. വലിയബാവായുടെ ദേഹവിയോഗം മൂലം നമുക്കു നഷ്ടപ്പെടുന്നത് ആ കരുത്തും ശക്തിയുമാണ്.

അദ്ധ്യായം പതിമൂന്ന്

ആറാം കാതോലിക്കാ

പുഞ്ചിരിയിൽ ഊന്നിയ വൻ പുരോഗതി

"മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻ മുഖം" എന്ന കവി വാക്യം മലങ്കരസഭയുടെ പരമോന്നത മന്നവനായ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെപ്പറ്റിയാണോ പണ്ട് എഴുതിയത് എന്നൊരു സന്ദേഹം! സഭയുടെ കാർമേഘാന്തരീക്ഷം ഏതാണ്ടു മാറി. രാഹുവിന്റെ പിടിയിൽ നിന്ന് മോചിതനായ ചന്ദ്രനെപ്പോലെ പ്രകാശിക്കുന്ന ആറാം കാതോലിക്കായാണ് മലങ്കര കണ്ട കാതോലിക്കാമാരിൽ വലിയ ഭാഗ്യവാൻ. ഒരു നൂറ്റാണ്ടു നീണ്ടുനിന്ന സഭാക്കേസ് ഏതാണ്ട് പരിസമാപ്തിയിൽ എത്തി. ഭിന്നിച്ചു നിന്നവർ ഒന്നിച്ചു വരുന്നു. സഭ സപ്തഭൂഖണ്ഡങ്ങളിലും വ്യാപിക്കുന്നു. സഭയുടെയും സഭാംഗങ്ങളുടെയും സാമ്പത്തികനില മെച്ചപ്പെടുന്നു. സഭയുടെ സൽപ്രവർത്തനങ്ങൾക്ക് സഭാംഗങ്ങൾ കൈ തുറന്ന് പണം നൽകുന്നു. സ്ഥാപനങ്ങൾ ഉയരുന്നു. ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിലും ബാലഗ്രാമുകളും സുവിശേഷപ്രവർത്തന കേന്ദ്രങ്ങളും സെമിനാരികളും രൂപംകൊള്ളുന്നു. ഭദ്രാസനങ്ങളുടെ എണ്ണം കൂടുന്നു. വൈദികസെമിനാരിയും ആദ്ധ്യാത്മികപ്രവർത്തനങ്ങളും എക്യുമെനിക്കൽ രംഗവും വളർച്ച പ്രാപിക്കുന്നു. ജനങ്ങളുടെ ആത്മീയജീവിതം മെച്ചപ്പെടുത്താനുള്ള കർമ്മപരിപാടികളും ഭരണം ശക്തിപ്പെടുത്താനുള്ള നടപടികളുമാണ് സഭാദ്ധ്യക്ഷൻ നേരിട്ട മുഖ്യ പ്രശ്നങ്ങൾ.

ചന്ദ്രനെ ചുറ്റിനിൽക്കുന്ന താരങ്ങളെപ്പോലെ ദൈവശാസ്ത്രവിജ്ഞാനത്തിന്റെ വെളിച്ചം പകരുന്ന മെത്രാപ്പോലീത്തന്മാർ കാതോലിക്കായെ കൂടുതൽ പ്രകാശിപ്പിച്ചു. നിയുക്ത കാതോലിക്കായും മെത്രാച്ചന്മാരിൽ ഭൂരിപക്ഷവും മികച്ച മേധാശക്തിയുള്ളവരാകയാൽ സഭയുടെ ഭാവിയെപ്പറ്റി ബാവായ്ക്ക് ആശങ്കയ്ക്ക് ഒട്ടും അവകാശവുമില്ല. മുൻ കാതോലിക്കാമാർ, ഇളകിമറിയുന്ന സാഗരത്തിലെ കപ്പൽ യാത്രക്കാരായിരുന്നു എങ്കിൽ മാത്യൂസ് ദ്വിതീയൻ ബാവാ മേഘമേലാപ്പിനു മുകളിലുള്ള നീല നിർമ്മലാകാശത്തിലൂടെ വായുവേഗത്തിൽ സഞ്ചരിക്കുന്ന സൂപ്പർക്ലാസ്സ് യാത്രക്കാരനാണ്. ഇങ്ങനെ സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്ത മാത്യൂസ് ദ്വിതീയൻ ബാവാ മലങ്കരസഭയുടെ മാത്രമല്ല എക്യുമെനിക്കൽ പ്രസ്ഥാനത്തിനും ഇതരസഭകൾക്കും ഒരു മുതൽക്കൂട്ടാണെന്നു പറഞ്ഞപ്പോൾ അതിൽ ഭംഗിവാക്കുകൾക്ക് ഭൂരിപക്ഷമില്ലെന്നും ഓർക്കണം.

തിരുമേനിയെപ്പറ്റി അദ്ദേഹത്തിന്റെ ജീവചരിത്ര കർത്താവായ

അന്തരിച്ച അഡ്വ. ടി. എം. ചെറിയാൻ 1990–ൽ എഴുതിയ രണ്ടുമൂന്ന് വാചകങ്ങൾ ഉദ്ധരിക്കട്ടെ:

"ആരുടെയും സ്നേഹവും ബഹുമാനവും പെട്ടെന്ന് പിടിച്ചുപറ്റാൻ കഴിവുള്ള വിശുദ്ധമായ വിനയത്തിന്റെ വിലാസകേന്ദ്രമായ മുഖത്തോടുകൂടിയ കൂറിലോസ് തിരുമേനിയെ വർണ്ണിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. കാരണം സ്വർഗ്ഗീയമായ ആ പ്രകാശത്തിന്റെ ഒരംശംപോലും പകർത്തുവാൻ ഛായാഗ്രഹണ വിദഗ്ദ്ധന്മാർക്കുപോലും കഴിഞ്ഞിട്ടില്ല. ഫോട്ടോഗ്രാഫിയിൽ ഒതുങ്ങാത്ത ആ നിഷ്ക്കളങ്ക തേജഃപുഞ്ജത്തെ വാക്കുകൾകൊണ്ട് വരച്ചുകാട്ടാൻ അസമർത്ഥമായ എന്റെ തൂലികയ്ക്ക് ആവില്ല. ഒരു കാര്യം തിരുമേനിയെ ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ സമ്മതിക്കും. ദൈവത്തിന്റെ കൃപ തിരുമേനിയുടെ മുഖത്തു നിൽക്കുന്നു എന്ന്. ഏതു മനുഷ്യനെയും തന്നിലേക്കാകർഷിക്കുന്ന തേജസ്സ് സദാ പ്രസരിപ്പിക്കുന്ന ആകാരസൗഷ്ഠവം ദൈവം അപൂർവ്വം ചിലർക്ക് മാത്രമേ നൽകിയിട്ടുള്ളു."

പുഞ്ചിരി ദൈവശക്തി ഉൾക്കൊള്ളുന്ന ഒരത്ഭുത പ്രതിഭാസമാണ്. വിരിയുന്ന പൂവിനുള്ളിലേക്ക് കടക്കാൻ വെമ്പുന്ന വായുപോലെ ക്ഷീണിത മനസ്സുകൾക്ക് പുഞ്ചിരി ആശ്വാസദായകവുമാണെന്ന് ഓർക്കുക.

ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളിൽ ഞാൻ പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂളിലും മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് സണ്ടേസ്ക്കൂളിലും പഠിക്കുമ്പോൾ ഞങ്ങളുടെ പള്ളിക്കെട്ടിടത്തിൽ താമസിച്ചുകൊണ്ട് സുറിയാനി പഠിച്ച കൃശഗാത്രനായ മാത്യൂസ് അച്ചൻ ആരാണെന്നോ സ്വദേശം എവിടെയാണെന്നോ കൗമാരം കഴിഞ്ഞ എനിക്ക് നിശ്ചയമില്ലായിരുന്നു. പള്ളിയിൽ താമസിച്ചുകൊണ്ട് ഞങ്ങളുടെ പ്രശസ്തനായ വികാരിയും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ സ്ഥാപകനേതാക്കളിൽ ഒരാളും പ്രമുഖ സുറിയാനി പണ്ഡിതനുമായ തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പായുടെ വീട്ടിൽപോയി സുറിയാനി പഠിക്കുന്നതും ബേസിൽ ദയറായിൽ എത്തി ദൈവശാസ്ത്രം പഠിക്കുന്നതും വീണ്ടും പള്ളിമുറിയിൽ വന്നു താമസിക്കുന്നതും കണ്ടിട്ടുണ്ട്. ഞങ്ങളെ കാണുമ്പോൾ അദ്ദേഹം പുഞ്ചിരിക്കുകയും ചിലപ്പോൾ തലോടുകയും കുശലങ്ങൾ ചോദിക്കുകയും ചെയ്യുമായിരുന്നു. തന്നിമിത്തം തിരുമേനിയുമായുള്ള അടുപ്പത്തിന് അഞ്ചര ദശകത്തെ പ്രായമുണ്ട്. എന്നിരുന്നിട്ടും അച്ചന്റെ വ്യക്തമായ ചിത്രം ഇന്നും മനസ്സിന്റെ ഭിത്തിയിൽ മായാതെ നിൽക്കുന്നുണ്ട്.

മാത്യൂസ് ദ്വിതീയൻ ബാവാ കൊല്ലത്തിനടുത്തുള്ള പെരിനാട്ടിലെ പുതുശ്ശേരിലഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുളയുടെയും അന്നമ്മയു

ടെയും എട്ടു മക്കളിൽ മൂത്ത പുത്രനാണെന്നും അദ്ദേഹം 1915 ജനുവരി 30-നാണ് ജനിച്ചതെന്നും മറ്റുമുള്ള വിവരങ്ങൾ വർഷങ്ങൾക്കു ശേഷമാണ് മനസ്സിലാക്കാൻ സാധിച്ചത്. പിന്നീട് അദ്ദേഹത്തിന്റെ ജീവചരിത്രം, പത്രം ഓഫീസിലെ ജോലിയുടെ ഭാഗമായി തയ്യാറാക്കാനുള്ള ചുമതല കൂടി വന്നുചേർന്നപ്പോൾ വിശദാംശങ്ങളിലേക്കും കടക്കേണ്ടി വന്നു. ഒരാൾക്ക് അപ്രതീക്ഷിതമായി ഉന്നതസ്ഥാനങ്ങൾ ലഭിക്കുമ്പോഴോ അദ്ദേഹം മരിക്കുമ്പോഴോ പെട്ടെന്ന് ഉപയോഗിക്കുന്നതിനു വേണ്ടിയാണ് പത്രം ഓഫീസിൽ പ്രമുഖ വ്യക്തികളുടെ ജീവചരിത്രവും പ്രസക്തമായ ചിത്രങ്ങളും തയ്യാറാക്കി വയ്ക്കുന്നത്. ഹൈസ്ക്കൂൾ പഠനം കഴിഞ്ഞ് ഇ. മാത്യൂസ് കോട്ടയം പഴയസെമിനാരി, പത്തനംതിട്ട ബേസിൽ ദയറ, കൽക്കട്ട ബിഷപ്സ് കോളജ്, ന്യൂയോർക്കിലെ ജനറൽ തിയോളജിക്കൽ കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ദൈവശാസ്ത്രത്തിൽ അവഗാഹം നേടി. 1941-ൽ ശെമ്മാശപട്ടവും അധികം വൈകാതെ വൈദികപട്ടവും സ്വീകരിച്ച അദ്ദേഹം ഓതറ ദയറായിൽ കഷ്ടപ്പാടുകളും പട്ടിണിയും സഹിച്ച് ഏതാനും വർഷങ്ങൾ ചെലവഴിച്ചു. ഈ കാലഘട്ടത്തിലാണ് തട്ടാൻ ഉലയിലിട്ട് സ്വർണ്ണക്കട്ടി ഉരുക്കി തനിക്കിഷ്ടമുള്ള ഉരുപ്പടിയാക്കി മാറ്റുന്നതു പോലെ ഫാ. മാത്യൂസിനെ - എയ്ഞ്ചൽ അച്ചനെ - ദൈവം പ്രയാസങ്ങളുടെ തീച്ചൂളയിലൂടെ കടത്തിവിട്ടു മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും കണ്ണഞ്ചിപ്പിക്കുന്ന കനകസിംഹാസനത്തിലേക്ക് ആനയിച്ചത്. ഇതിലധികമായി ഒരാളെ ദൈവത്തിന് എങ്ങനെ ഉയർത്താനാകും, അനുഗ്രഹിക്കാനാവും!

വൈദികനായിരിക്കുമ്പോൾ പെരിനാട്, മംഗലം, മദ്രാസ്, കൽക്കട്ട, ഡൽഹി എന്നിവിടങ്ങളിൽ വികാരിയായും ഏതാനും വർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോട്ടയം എം. ഡി. യിലെ വൈദിക സെമിനാരിയിലും കുറച്ചുനാൾ പഠിപ്പിച്ചു.

കോട്ടയം എം. ഡി. സെമിനാരിയിൽ 1951-ൽ ചേർന്ന മലങ്കര അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തതിനെത്തുടർന്ന് 1953 മെയ് 15-ന് ഗീവറുഗീസ് ദ്വിതീയൻ ബാവാ മറ്റു നാലുപേരോടൊപ്പം മാത്യൂസ് റമ്പാന് മേൽപ്പട്ടസ്ഥാനം നൽകി.

മെത്രാനായശേഷം കൊല്ലം ഭദ്രാസനത്തിന്റെ സഹായമെത്രാൻ, മെത്രാപ്പോലീത്താ, കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചു. 1991 ഏപ്രിൽ 29-ന് പരുമല വച്ച് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന പേരിൽ കാതോലിക്കായായി അവരോധിക്കപ്പെട്ടു. പിറ്റേദിവസം ബാവാ അഞ്ച് മേൽപട്ടക്കാരെ വാഴിച്ചു.

മെത്രാപ്പോലീത്താ എന്ന നിലയിലും കാതോലിക്കാ എന്ന നിലയിലും ഒരു സമുന്നത സന്യാസിവര്യനെന്ന നിലയിലും ഒട്ടധികം ആശ്രമങ്ങളും രണ്ട് കോളജുകളും (കൊട്ടാരക്കര, അടൂർ) ധാരാളം വിദ്യാലയങ്ങളും സ്ഥാപിച്ചുകൊണ്ട് വളരെയധികം യുവതീയുവാക്കളെ സേവനത്തുറകളിലേക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

പ്രസംഗസഞ്ചാരപര്യടനങ്ങൾ ഇഷ്ടമുള്ള കാതോലിക്കാബാവാ മിക്ക പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിലും പര്യടനം നടത്തുകയും രാജ്യാന്തര ക്രൈസ്തവ മഹാസമ്മേളനങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു വരുന്നു. വാർത്താവിനിമയ യാത്രാസൗകര്യങ്ങൾ അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്നതിനാൽ ലോകം ചെറുതാകുന്നു. തന്നിമിത്തം ലോകത്തിന്റെ ഏതുഭാഗത്തും ഒരാൾക്ക് മണിക്കൂറുകൾക്കകം എത്താനും സാധിക്കുന്നു. ഈ ശാസ്ത്രപുരോഗതി മുതലെടുത്ത സമുന്നതവ്യക്തിയാണ് മാത്യൂസ് ദ്വിതീയൻ ബാവാ. യാത്ര ചെയ്യുമ്പോൾ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസാണ് കാതോലിക്കേറ്റ് അരമനയുടെ ചുക്കാൻ പിടിക്കുന്നത്. മുൻ നിയുക്ത കാതോലിക്കാമാർക്ക് ലഭിക്കാതിരുന്ന പരിശീലനമാണ് നിയുക്ത ബാവായ്ക്ക് ലഭിച്ചത്.

സഭയുടെ ആഭിമുഖ്യത്തിലുള്ള സമൂഹവിവാഹത്തിന്റെയും ഭവനദാന പ്രസ്ഥാനത്തിന്റെയും ഉപജ്ഞാതാവും പ. ബാവാ തന്നെയാണ്.

കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ നിലകളിലുള്ള ഭാരിച്ച ചുമതലകൾക്കു പുറമെ സഭാംഗങ്ങളുടെ ആത്മീയരംഗങ്ങളിലെ നിത്യജീവിതച്ചടങ്ങുകളുമായി ഇടപെടുന്നതിനും ബാവാതിരുമേനി സമയം കണ്ടെത്തി. തിരക്കേറിയ പരിപാടികൾക്കിടയിലും ബാവായുടെ ചിരിയും ചിന്തയും സന്തോഷവും ഏതൊരു വ്യക്തിയേയും ഹഠാദാകർഷിച്ചു. സഭയിൽ സമ്പൂർണ്ണ സമാധാനം ഉണ്ടാക്കുന്നതിനു വേണ്ടി ദീർഘനേരം പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്ത തിരുമേനിയുടെ ഭരണകാലത്തുതന്നെ സഭയിൽ പൂർണ്ണയോജിപ്പുണ്ടായി. അതുകൊണ്ടാണ് ബാവാ വലിയ ഭാഗ്യവാൻ എന്ന് നേരത്തെ പറഞ്ഞത്.

ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ട ബാവാതിരുമേനിയുടെ നിഘണ്ടുവിൽ കോപം എന്നൊരു വാക്ക് ഇല്ലായിരുന്നു. എന്നാൽ അകാരണമായി കോപിക്കുന്ന ഒരു സന്ദർഭത്തിനു സാക്ഷിയാകാൻ എനിക്കിടയായി. 1997 നവംബർ 26 ബുധനാഴ്ച. സമയം സന്ധ്യ കഴിഞ്ഞു. രംഗം ദേവലോകം അരമന. എന്റെ മാന്യ സുഹൃത്തും പ്രശസ്ത ഗ്രന്ഥകർത്താവും ആയിരുന്ന എം. കുര്യൻ രചിച്ച "വിശ്വസഭാവേദിയിലെ വിശ്രുതനായിക സാറാ ചാക്കോ" എന്ന ജീവചരിത്രം പ. ബാവാ പ്രകാശനം ചെയ്യണമെന്നഭ്യർ

ത്ഥിക്കാനാണ് ഞങ്ങൾ പോയത്. സഭകളുടെ ലോകകൗൺസിൽ സെക്രട്ടറി ഡോ. കോൺറാഡ് റെയ്സർ 1997 ഡിസംബർ ഒന്നിന് ദേവലോകത്ത് വന്ന് പ. ബാവായെ സന്ദർശിക്കുന്ന അവസരത്തിൽ, സഭാ കൗൺസിലിന്റെ മുൻ പ്രസിഡന്റായ സാറാ ചാക്കോയുടെ ജീവചരിത്രം അദ്ദേഹത്തിന് കോപ്പി നൽകി പ്രകാശനം ചെയ്യണമെന്നതായിരുന്നു ഞങ്ങളുടെ അഭ്യർത്ഥന.

ഞങ്ങൾ ബാവായെ സന്ദർശിക്കുന്നതിനു മുമ്പ് അവിടെ എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ വാടക സംബന്ധിച്ച ചില ക്രമക്കേടുകളെപ്പറ്റി ബന്ധപ്പെട്ടവരുമായി വളരെയധികം ഗൗരവപൂർവ്വം ബാവാ ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സഭാ സെക്രട്ടറി എ. കെ. തോമസ്, ട്രസ്റ്റി പി. സി. ഏബ്രഹാം, സി. എൻ. ജോർജ്, ഫാ. കെ. വി. വറുഗീസ്, കെ. സി. മാത്യു എന്നിവരായിരുന്നു ചർച്ചയിൽ പങ്കെടുത്തത്. ദീർഘനേരം ചർച്ച ചെയ്തിട്ടും കുഴപ്പങ്ങൾക്ക് പരിഹാരം കാണാതെ ചർച്ച ഒന്ന് നിർത്തി. ബാവാ തിരുമേനി അല്പം അസ്വസ്ഥനായിരിക്കുമ്പോഴാണ് എം. കുര്യനും ഞാനും കൈമുത്തി പുസ്തകപ്രകാശനക്കാര്യം അറിയിച്ചത്. "നിങ്ങൾ പറയുമ്പോഴൊക്കെ പുസ്തകം പ്രകാശനം ചെയ്യാൻ എന്താ ഞാൻ നിങ്ങളുടെ പാവയോ മറ്റോ ആണോ" എന്ന് ബാവാ ചോദിച്ചു. വർഷങ്ങളായി തിരുമേനിയുടെ വറ്റാത്ത സ്നേഹം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ഞങ്ങൾ അല്പം നിരാശരായി തിരിച്ചുപോന്നു. മോശമായ അന്തരീക്ഷത്തിൽ തിരുമേനിയെ കണ്ടതു തന്നെ ബുദ്ധിമോശമായിപ്പോയി എന്നും ചൂടുപിടിച്ചു നിന്ന ഒരന്തരീക്ഷത്തിൽ പൊട്ടിത്തെറിച്ചതാണെന്നും ഞങ്ങൾക്കു തോന്നി. വീട്ടിൽ വന്നിട്ടും തിരുമേനിയുടെ വാക്കുകൾ സൃഷ്ടിച്ച വിഷാദം മനസ്സിൽ നിറഞ്ഞുനിന്നു.

രാത്രി 9.30. ദേവലോകത്തു നിന്ന് ബാവാതിരുമേനി എന്നെ ഫോണിൽ വിളിച്ചു. "നിങ്ങൾ വന്നപ്പോൾ ഞാൻ അല്പം പരുഷമായി സംസാരിച്ചു പോയി. പ്രത്യേക സാഹചര്യത്തിൽ ഉണ്ടായതാണ്. ഒന്നും തോന്നരുത്."

ഇതു കേട്ടപ്പോൾ എനിക്ക് ബാവാ തിരുമേനിയോടുള്ള മതിപ്പ് എവറസ്റ്റോളം ഉയർന്നു. ഒരു ചെറിയ മനുഷ്യനായ ഞാൻ ഒരു വലിയ മനുഷ്യന്റെ ശബ്ദം കേട്ടു. മഹാ വ്യക്തികളുടെ മഹത്വം മനസ്സിലാക്കാൻ എന്തിനു പുസ്തകങ്ങൾ പരതണം. ഇതുപോലെയുള്ള ഒരു ക്ഷമാപണം പോരെ?

സഭാകവി സി. പി. ചാണ്ടിയെപ്പറ്റി ജോയ്സ് തോട്ടയ്ക്കാടും ഞാനും ചേർന്ന് രചിച്ച 'സഭാകവി സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരം' എന്ന പുസ്തകം 1997 ജൂൺ 29-ന് പത്തനംതിട്ട മാക്കാംകുന്ന് പള്ളിയിൽ വച്ച് പ. കാതോലിക്കാബാവാ പ്രകാശനം ചെയ്യുകയും സി.പി.

ചാണ്ടിയെ പൊന്നാട അണിയിച്ച് ബഹുമാനിക്കുകയും മലങ്കരസഭയിൽ നക്ഷത്രംപോലെ ശോഭിക്കുന്ന അദ്ദേഹത്തിന് 'സഭാതാരം' അവാർഡ് നൽകുകയും ഉണ്ടായി. യഥാർത്ഥ സഭാസേവനം ചെയ്യുന്നവരെ മാനിക്കാനും അഭിനന്ദിക്കാനും മാത്യൂസ് ദ്വിതീയൻ ബാവാ മറ്റാരെയുംകാൾ മുന്നിലാണെന്ന് തറപ്പിച്ചു പറയാം. അതുപോലെതന്നെ ദേവലോകം അരമന ചാപ്പലിൽ വച്ച് "മാർ ഔഗേൻ കാതോലിക്കാ ബാവാ" എന്ന എന്റെ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പും മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ ജീവചരിത്രവും യഥാക്രമം പി. സി. ചെറിയാൻ മടുക്കാനിക്കും, പി. സി. ഏബ്രഹാം പടിഞ്ഞാറേക്കരയ്ക്കും നൽകി പ്രകാശനം ചെയ്തതും മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായാണ്. കൂടാതെ 1995 ഓഗസ്റ്റിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ 'പാറേട്ട് മാർ ഈവാനിയോസ്' എന്ന പുസ്തകം പാമ്പാടി ദയറാപ്പള്ളിയിൽ വച്ച് ഫാ. സഖറിയ പെരിയോർമറ്റത്തിന് കോപ്പി നൽകിക്കൊണ്ട് ബാവാ പ്രകാശനം നിർവഹിച്ചു. ഈ ചടങ്ങുകളിൽ വച്ചെല്ലാം തന്നെ പുസ്തകസംബന്ധമായ എന്റെ എളിയ സേവനങ്ങളെ പ. ബാവാ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള വിവരം നന്ദിപൂർവ്വം രേഖപ്പെടുത്തുന്നു.

സർവ്വോപരി കാതോലിക്കാബാവാ എന്ന നിലയിലുള്ള മാത്യൂസ് ദ്വിതീയന്റെ സേവനങ്ങളെ വിലയിരുത്തേണ്ടതുണ്ട്. സഭയെ സംബന്ധിച്ച് കലങ്ങിമറിഞ്ഞ ആദ്യത്തെ ആറേഴു വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നത് ഒട്ടും ശരിയുമല്ല. വൈദികരുടെ ശമ്പളപദ്ധതി പരിഷ്ക്കരിച്ചത് ഒരു വലിയ നേട്ടം തന്നെയാണ്. ബാവാ തിരുമേനിയുടെ ശതാഭിഷേകം പ്രമാണിച്ച് കേരളത്തിലെ പ്രമുഖ പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ഇന്ത്യൻ എക്സ്പ്രസ് മുതലായവ ബാവായെപ്പറ്റി പ്രത്യേക ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. ജനുവരി 31-ലെ ഇന്ത്യൻ എക്സ്പ്രസ് പ്രസിദ്ധപ്പെടുത്തിയ എന്റെ ലേഖനമാണ് ചുവടെ ചേർക്കുന്നത്.

Catholicos - a godman among people

HUNDREDS of Church members from all over India and abroad paid their respects and love to His Holiness Baselius Marthoma Mathews II, the Catholicos and supreme head of the Malankara Orthodox Syrian Church, on his 84th birthday on Friday.

Consecrated Bishop in 1953, he had been serving the Church in various capacities for over four decades. In 1991, he was elevated to the Throne of St. Thomas, to preside over the destiny of his ancient and resurgent church.

H.H. Mathews II, being the head of the oldest Orthodox Church in India established by St. Thomas in 52 AD, is the doyen among the prelates. Since he is very healthy and active he is always on the move.

He mingles with the young and the old, rich and poor. His wide contacts compel him to travel more and more to renew the relationships.

Very often he will be away in the US or the Gulf countries for a few days to visit and bless his sheep. Nobody in Kottayam will know his whereabouts until he returns to the Catholicate palace.

Born in a middle class Syrian Christian family in Perinad, near Kollam on January 30, 1915, he had his higher education in Calcutta and New York. After theological studies he took charge of the Othara Dayara, near Thiruvalla, as his centre of religious work.

Uncompromising in the fundamentals of the Church and unremitting in his ascesticism, he has won the respect of one and all. he fills the role of the moral and spiritual leader and he has come to be regarded as the incarnation of sanyasa.

He believes that moral strength of the Church and its manifold services depend upon a dedicated band of sanyasins who live for the poor, leaving behind the riches and material pleasures of the world. He could start a number of convents, and ashrams and recruit a lot of educated young men. The colleges and schools founded by him cater to the needs of less privilaged boys and girls. He thinks that is only through education that the Christian values enshrined in the Bible can be spread all over India and the mission of the Church fulfilled.

The 'Balagrams', and social service centres started in the North Indian States are intended to witness Christian love without conversions.

Achieving the acme of celf-discipline through fasting, penance and meditation, the Catholicos has become a godman in the real sense of the term. His compassion filled heart is so delicately sensitive to the sufferings of human beings.

In fact he has dedicated himself to the service of the poor by living in their midst - a radiant and ever ready centre of comfort and cheer.

To spread the love of God, the Catholicos has brought into existence several organisations like the Marriage Aid fund and House donation Scheme. Through these agencies he brings hope and comfort to hundreds of poor girls and the downtrodden.

Naturally, his mind is ever occupied with the problems of reestablishing real peace in his 20 lakh strong Church. he believes that it can be secured without discarding cardinal principles through God's grace.

Besides being an ecumenical leader, his eyes are always on unity and co-operation among the episcopal Churches in Kerala.

The Nilackal Ecumenical Church, which paved the way for communal harmony in Kerala reflects his broad vision as far as co-operation among the churches and different communities is concerned.

Consequently, he has taken upon himself the mission of spreading the message of goodwill and love. He is for complete prohibition and believes that liquor is the number one enemy of modern man.

He exhorts every member of the Church to adhere to the teachings of Christ and not swerve from the path of religious, social and moral rectitude.

Let us pray to God to extend his fruitful life so that others may draw happiness in the years to come.

K. V. Mammen

വൈദ്യശുശ്രൂഷാരംഗത്ത് മലങ്കരസഭയ്ക്ക് അവഗണിക്കാനാവാത്ത സ്ഥാനമാണുള്ളത്. കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല മാർ ഗ്രീഗോറിയോസ് മിഷൻ ആശുപത്രി എന്നിവ കേരളത്തിലും പുറത്തും അറിയപ്പെടുന്ന സ്ഥാപനങ്ങളാണ്.

തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കൈപ്പട്ടൂരിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ഇഗ്നേഷ്യസ് ആശുപത്രി, കൊല്ലം ഭദ്രാസനം വകയായി ശാസ്താംകോട്ടയിലുള്ള മാർ തേവോദോസിയോസ് മെഡിക്കൽ മിഷൻ, മലബാർ ഭദ്രാസനം വകയായി തെക്കേ വയനാട്ടിൽ കാര്യമ്പാടിയിൽ ആരംഭിച്ചിട്ടുള്ള ആശുപത്രി എന്നിവയും പ്രത്യേക പരാമർശനം അർഹിക്കുന്നു.

റാന്നി-പെരുനാട്ടിൽ ബഥനിമഠത്തിന്റെ ചുമതലയിലുള്ള മാർ തേവോദോസിയോസ് സ്മാരക ആശുപത്രി തടാകം ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രി എന്നിവയും മികച്ച സേവനമാണ് ചെയ്തുവരുന്നത്. സഭയിലെ ചില ഇടവകകൾ സ്വന്തനിലയിൽ നടത്തിവരുന്ന ആശുപത്രികൾ ഇതിനു പുറമെയാണ്.

സുവിശേഷവേലയുടെ കാര്യത്തിലും മലങ്കരസഭ മുന്നണിയിൽ നിൽക്കുന്നു. സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനി ആരംഭിച്ച സുവിശേഷവേല കൂടുതൽ വ്യാപകമായത് പത്രോസ് മാർ ഒസ്താ

ത്തിയോസ് മെത്രാപ്പോലീത്താ സ്ലീബാദാസ സമൂഹത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടെയാണ്. മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം, മലബാറിലെ പുതുപ്പാടി സെന്റ് പോൾസ് ആശ്രമം, ഭിലായ് മിഷൻ, ആൻഡമാൻസ് മിഷൻ എന്നിവ ഈ രംഗത്തെ നാഴികക്കല്ലുകളാണ്.

വിവാഹസഹായ ഫൗണ്ടേഷൻ, ആതുരസഹായ ഫൗണ്ടേഷൻ ഭവനദാനപദ്ധതി എന്നിവയുടെ പ്രവർത്തനങ്ങളും അഭിമാനത്തിനു വക നൽകുന്നു. അടുത്തകാലത്ത് ആന്ധ്രയിൽ സഭ നടത്തിയ സേവനങ്ങൾ ഏവരുടെയും മുക്തകണ്ഠമായ പ്രശംസ നേടുകയുണ്ടായി.

സഭയുടെ ആദ്യത്തെ വിദ്യാലയമായ എം. ഡി. സ്കൂൾ 1893-ൽ പുലിക്കോട്ടിൽ തിരുമേനിയാണ് ആരംഭിച്ചത്. എം. ജി. എം. ആദിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരുമലതിരുമേനി തുടങ്ങി. ഇപ്പോൾ എം. ഡി. കോർപ്പറേറ്റ് മാനേജ്മെന്റിൽ നൂറിലധികം സ്കൂളുകൾ ഉണ്ട്.

പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം ബസേലിയോസ്, സുൽത്താൻബത്തേരി സെന്റ് മേരീസ്, പത്തനാപുരം സെന്റ് സ്റ്റീഫൻസ്, കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ്, പാമ്പാടി കുറിയാക്കോസ് ഗ്രീഗോറിയോസ്, അടൂർ സെന്റ് സിറിൾസ് തുടങ്ങിയവ സഭ വക കോളജുകളാണ്. പത്തനാപുരത്ത് ഒരു ട്രെയിനിംഗ് കോളജും ഉണ്ട്.

സന്യാസസമൂഹങ്ങളുടെ കൂട്ടത്തിൽ റാന്നി-പെരുനാട് ബഥനി ആശ്രമം, പത്തനാപുരം താബോർ ദയറ, ഓതറയിലും ചെങ്ങമനാട്ടും ഉള്ള ദയറാകൾ, തടാകം ക്രിസ്തുശിഷ്യാശ്രമം, കിഴക്കമ്പലം ബേത്ലഹേം കോൺവെന്റ്, കടമ്പനാട് നസറേത്ത് കോൺവെന്റ്, ശൂരനാട് ബസാലേൽ കോൺവെന്റ്, കുന്നംകുളം മേരി മഗ്ദലിൻ കോൺവെന്റ്, ബഥനി കോൺവെന്റ് എന്നിവയുടെ പേരുകൾ എടുത്തുപറയാവുന്നവയാണ്.

ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തും രാഷ്ട്രീയ-സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച പ്രഗത്ഭരായ പ്രതിഭാശാലികളിൽ പലരും മലങ്കരസഭയുടെ സന്താനങ്ങളാണെന്നുള്ളത് അഭിമാനകരമായ ഒരു വസ്തുതയാണ്. പാണ്ഡിത്യംകൊണ്ടും സഭാസ്നേഹംകൊണ്ടും ഭക്തിനിർഭരമായ ജീവിതംകൊണ്ടും പരിപുഷ്ടമായ വിധത്തിലുള്ള വൈദിക മേലദ്ധ്യക്ഷന്മാർ ദൈവകൃപയാൽ ഈ സഭയ്ക്കുണ്ട്. പൂർവ്വികപിതാക്കന്മാർ ഏല്പിച്ച വിശ്വാസാചാര പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനു മടിയില്ലാത്ത പ്രബുദ്ധരായ ജനലക്ഷങ്ങളാണ് സഭയുടെ യഥാർത്ഥ ശക്തി. ആയിരക്കണക്കിനു ഭക്തജനങ്ങളെ ആകർഷിക്കുന്ന പരുമല സെമിനാരി സഭയുടെ ഒരമൂല്യ സമ്പത്താണ്.

സഹനത്തിൻ ഗാഥപോലെ ജീവിതം

നേരത്തെ നടത്തിയ ഒരഭിമുഖ സംഭാഷണം ചുവടെ ചേർക്കുന്നു:

സഹനത്തിന്റെ ഗാഥയാണ്, ഹൃദയത്തിന്റെ ശുഭ്രതയാണ്, വാക്കിന്റെയും ചിന്തയുടെയും തെളിമയാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ.

ഇത്ര ശുഭ്രതയും ഹൃദയത്തിനു തെളിച്ചവുമുള്ളവർ നമ്മുടെ ചുറ്റുവട്ടത്ത് എത്രയുണ്ടെന്നറിഞ്ഞു കൂടാ. വെളുപ്പ് നന്മയുടെ നിറമാകുന്നു. നന്മ എന്ന പ്രകാശഗോപുരത്തെ സാക്ഷിനിർത്തിയാണ് കൊല്ലം പെരിനാട് പുതുശേരിലഴികത്ത് ഇടിക്കുളയുടെയും അന്നമ്മയുടെയും പുത്രൻ, കൊച്ചുണ്ണൂണ്ണി എന്ന ഇ. മാത്യൂസ്, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസായി മാറിയത് (ജനനം: 1915 ജനുവരി 30).

പെരിനാട് എൻ.എസ്.എസ്. ഹൈസ്ക്കൂളിലും പിന്നീട് കൽക്കട്ട ബിഷപ്സ് കോളജിലും പഠിച്ച ഓതറ സെന്റ് ജോർജ് ദയറായിൽ അംഗവും ഒരു വർഷം കഴിഞ്ഞ് അദ്ധ്യക്ഷനുമായ മാത്യൂസച്ചനെ അക്കാലത്ത് ആളുകൾ വിളിച്ചിരുന്നത് 'ഏഞ്ചലച്ചൻ' എന്നായിരുന്നു. അമ്പത്തിമൂന്നു വർഷത്തെ വൈദിക ജീവിതത്തിനിപ്പുറവും, വിശുദ്ധിയുടെ ആ പരിവേഷം നിലനിൽക്കുന്നു.

സഹനത്തിന്റെ ഗാഥയാണ് ഓതറ ദയറായിലെ പത്താണ്ട് നീണ്ട ജീവിതം. 'അന്ന് ഞാൻ ഒത്തിരി കഷ്ടപ്പെട്ടിട്ടുണ്ട്. കരഞ്ഞിട്ടുണ്ട്. ഒരുപാട് അദ്ധ്വാനിച്ചിട്ടുണ്ട്. നന്നായി കിളയ്ക്കുമായിരുന്നു.' മെത്രാപ്പോലീത്താ ഓർക്കുന്നു. പട്ടിണികിടന്ന ദിനങ്ങളും കുറവല്ല.

ഒരിക്കൽ, പത്തനംതിട്ടയ്ക്കുള്ള യാത്രയ്ക്കിടയിൽ, കെ. സി. മാമ്മൻ മാപ്പിളയും ഇ. ജോൺ ഫിലിപ്പോസും ദയറായിൽ കയറി. മാത്യൂസച്ചൻ അഥവാ ഏഞ്ചലച്ചൻ അവർക്ക് ചോറു വിളമ്പി. ചോറിനു വല്ലാത്തൊരു നനവു തോന്നിയ ജോൺ ഫിലിപ്പോസിന്, അച്ചൻ തന്റെ കഞ്ഞിയിലെ വെള്ളമൂറ്റി തങ്ങൾക്ക് വിളമ്പിയതാണെന്ന് മനസിലായി. 'ദയറയ്ക്ക് ആവശ്യമുള്ള നെല്ല് ഞാൻ മേൽപ്പാടത്തു നിന്നെത്തിക്കാൻ ഏർപ്പാടു ചെയ്യാം' എന്ന് ജോൺ ഫിലിപ്പോസ് വാഗ്ദാനം ചെയ്തിട്ടാണ് അന്ന് യാത്രയായത്.

ബിഷപ് തോമസ് മാർ മക്കാറിയോസ് കെ. സി. തോമസ് എന്ന ബാലനായിരുന്നപ്പോൾ ദയറായിൽ ഒരിക്കൽ ചെന്നിരുന്നു. 'നീ ചോറു മാത്രം ഉണ്ടു കഴിച്ചേ പരിചയമുള്ളോ?' എന്നു ചോദിച്ച ഏഞ്ചലച്ചൻ ബാക്കി കൂടി പറഞ്ഞു 'ഇന്നതില്ല. ബജ്റക്കഞ്ഞിയേയുള്ളൂ.'

ദയറായിലെ ആ ജീവിതമാണ് ഏഞ്ചലച്ചനെ ഋഷിപ്രഭാവനാക്കിയത്.

ഏഞ്ചലച്ചൻ കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായാവുമ്പോൾ (1953) പള്ളിയും ചാപ്പലും കൂടി 107 എണ്ണമാണുണ്ടായിരുന്നത്. അവ മെത്രാപ്പോലീത്തായുടെ സംഘാടകശേഷികൊണ്ട് 232 ആയി. രണ്ടു കോളജും 20 ഹൈസ്ക്കൂളും ഒരാശുപത്രിയും നാലു കോൺവെന്റും ഏഴ് ആശ്രമവും ഭദ്രാസനത്തിനു കീഴിലുണ്ടായി (ഇവയിൽ 100 സ്ഥാപനങ്ങളോളം തിരുവനന്തപുരം ഭദ്രാസനമായപ്പോൾ വിട്ടുകൊടുത്തു. പാചകക്കാരന്റെ മുതൽ നിയുക്ത കാതോലിക്കായുടെവരെ ജോലിചെയ്യുന്ന അദ്ദേഹത്തിന് (ഷൂ അദ്ദേഹം സ്വയം പോളീഷ് ചെയ്യുന്നു) 75-ാം ജന്മദിനാഘോഷമല്ല പ്രധാനം. അതു നിമിത്തമായി സാധുക്കൾക്ക് 75 വീട് നൽകപ്പെടുന്നുണ്ടല്ലോ എന്നതാണ്.

ദിവസം 19 മണിക്കൂർ ജോലി. പ്രാർത്ഥന, ധ്യാനം, നിരന്തര യാത്രകൾ, ദൈവത്തിങ്കലേക്കുള്ള ഈ പാതയിൽ ആരൊക്കെയാണോ പ്രേരണയായത്? സമ്പന്നമായിരുന്നുവോ മെത്രാപ്പോലീത്തായുടെ കുട്ടിക്കാലം?

ഒരു സാധാരണ കർഷക കുടുംബത്തിലാണ് ഞാൻ ജനിച്ചത്. സദാ അദ്ധ്വാനിക്കുന്ന ആളായിരുന്നു പിതാവ്. മുത്തശ്ശിയായ തങ്കച്ചി (കൊട്ടാരക്കര നെല്ലിക്കുന്നം ഏലിയാമ്മ) വഴിയാണ് എന്നിൽ ഭക്തിയുണ്ടായത്. അവരുടെ ശ്രദ്ധയിലാണ് ഞാൻ വളർന്നത്. പെരിനാട് എൻ.എസ്.എസ്. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന കട്ടിയാട്ട് ശിവരാമപ്പണിക്കരും നെറ്റിയിൽ ഗോപി തൊട്ടു വന്നിരുന്ന രംഗാചാരിയും എന്റെ ഭക്തി കണ്ട് പുരോഹിതനാവാൻ പ്രേരിപ്പിച്ചു. അക്കാലത്ത് കൊല്ലം ഭദ്രാസനാധിപനും പിന്നീട് കാതോലിക്കായുമായ ഗീവർഗീസ് ദ്വിതീയന്റെ ജീവിതവും നിഷ്ഠയും എന്നെ ആകർഷിച്ചിരുന്നു.

പൗരോഹിത്യജീവിതത്തിനു മാതാപിതാക്കൾ അനുകൂലികളായിരുന്നോ?

അല്ല. എതിർപ്പായിരുന്നു. എട്ടു മക്കൾക്കിടയിൽ (അഞ്ചാണ്, മൂന്ന് പെണ്ണ്) മൂത്തവനായിരുന്നു ഞാൻ. എന്നെ അച്ചനാക്കാനുള്ള വൈമനസ്യമായിരുന്നില്ല കാരണം. അന്ന് അച്ചന്മാരെക്കുറിച്ച് നിശിതമായ വിമർശനങ്ങളുണ്ടായിരുന്നു. അച്ചനായശേഷം, അവരുടെ പ്രതീക്ഷയ്ക്കുമേൽ ഞാനുയർന്നു.

മാതാപിതാക്കളുള്ളപ്പോൾ ഞാൻ വീട്ടിൽ പോകുമായിരുന്നു. ഇപ്പോൾ പത്തുപതിനഞ്ച് വർഷമായി വീട്ടിൽ പോയിട്ട്. സഹോദരിമാരും സഹോദരന്മാരും ഇപ്പോൾ ഇങ്ങോട്ടു വരും.

സ്കൂളിൽ പഠിക്കുമ്പോൾ കുസൃതിക്കാരനായിരുന്നോ കളികളിൽ പങ്കെടുത്തിരുന്നോ?

കുസൃതിക്കാരനൊന്നുമായിരുന്നില്ല. ബാഡ്മിന്റനും വോളിബോളും കളിച്ചിട്ടുണ്ട്. സ്കൂൾ ടീമിലൊക്കെയുണ്ടായിരുന്നു.

ക്യാപ്റ്റനായിരുന്നോ?

ഇല്ല.

സഭയുടെ മാത്രമാണ് ക്യാപ്റ്റനായത്, അല്ലേ?

ഏയ്, ഞാനടിമയല്ലേ, സഭയുടെയും നിങ്ങളുടെയും.

പഠിക്കുമ്പോൾ ഏതു വിഷയമായിരുന്നു ഇഷ്ടം?

ചരിത്രം.

ആരെങ്കിലുമായി തല്ലുകൂടിയിട്ടുണ്ടോ?

ഞാനാരെയും തല്ലിയിട്ടില്ല.

തല്ലണമെന്ന് തോന്നിയിട്ടുണ്ടോ?

അതിപ്പോഴും തോന്നാറുണ്ട്. ചില കാര്യങ്ങൾ കാണുമ്പോൾ.

വേദപുസ്തകത്തിൽ തിരുമേനിക്കിഷ്ടപ്പെട്ട ഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ.

കൺവെൻഷൻ പ്രസംഗങ്ങളിലും മറ്റും സ്ഥിരമായി ഉദ്ധരിക്കാറുള്ള ഒരു കഥയുണ്ടോ?

അതു കുഞ്ഞേ, ഒരു തുണിക്കടയിൽ തുണി എടുക്കാൻ ചെല്ലുമ്പോലെയാ. അവിടെ പച്ചയുണ്ട്, നീലയുണ്ട്, ചുവപ്പുണ്ട്, മഞ്ഞയുണ്ട്...

തിരുമേനി സാരഥ്യം ഏറ്റെടുത്തശേഷം കൊല്ലം ഭദ്രാസനത്തിനുണ്ടായ വളർച്ച വളരെ വലുതാണ്. ഇതിനൊക്കെ പണം എവിടെ നിന്നു വന്നു?

ഞാൻ മലേഷ്യയിലും ഗൾഫിലുമൊക്കെ പോയി പിരിച്ചിട്ടുണ്ട്. ഈ രീതിയിലൊരു ചിന്താഗതി മുമ്പുണ്ടായിട്ടില്ല.

പിരിവിന്റെ ആയുധം എന്താണ്?

സ്നേഹം. എല്ലാറ്റിലുമുപരി ദൈവകൃപ.

മതം മനുഷ്യന് ആവശ്യമാണോ?

കണിശമായും. ഇല്ലെന്നു പറയുന്നവർക്കുപോലും മതം ഉണ്ട്. മതാധിഷ്ഠിതമാണ് അവരുടെ നിലപാട്. അവരെക്കൊണ്ട് നല്ല കാര്യങ്ങൾ

ചെയ്യിക്കുന്നത് മതമാണ്. നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായി ജീവിക്കും. ജീവിക്കണമെന്ന ചിന്തയുടെ വേര് മതത്തിലാണ്.

അപ്പോൾ മതത്തെ നിഷേധിക്കുന്ന കമ്മ്യൂണിസത്തോടുള്ള തിരുമേനിയുടെ നിലപാടറിയാൻ താൽപര്യമുണ്ട്.

കമ്മ്യൂണിസത്തിന്റെ ബാഹ്യമായ നിലപാട് എനിക്കിഷ്ടമാണ്. സ്ഥിതി സമത്വം, സാധുക്കളോടുള്ള കരുണ എന്നിവ. കമ്മ്യൂണിസമൊക്കെ യഥാർത്ഥ മതത്തിന്റെ പരാജയത്തോടുള്ള റിയാക്ഷനായിട്ടാണ് വന്നത്.

ഇന്ത്യയിലും കേരളത്തിലും അങ്ങനെ തന്നെയായിരുന്നോ?

എവിടെയും അങ്ങനെയാണ്.

ഒരേ പാഠങ്ങൾ പഠിപ്പിക്കുന്ന സഭകൾക്കകത്തും സഭകൾ തമ്മിലുമൊക്കെയുള്ള ഭിന്നിപ്പിന് എങ്ങനെ ന്യായീകരണം കണ്ടെത്തും?

Right use of a misuse is not A disuse, but a right use.

ഇതൊരു വാചകമാണ്?

എന്റേതാണ്.

ഒരു ദാർശനികന്റെ വാചകം പോലെയുണ്ടല്ലോ.

ഞാൻ വെറുമൊരു സാധാരണ മനുഷ്യനാണ് കുഞ്ഞേ.

സഭകൾ തമ്മിൽ കൂടിച്ചേരാനാവാത്ത എന്തു വ്യത്യാസമാണുള്ളത്?

വിശ്വാസങ്ങളിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്.

സഭകൾ ഒന്നാകുമെന്ന വിശ്വാസം തിരുമേനിക്കുണ്ടോ?

ദൈവത്തിന് ഒന്നും അസാധ്യമായിട്ടില്ല. ദൈവത്തിനു വിധേയമായി എല്ലാവരും പൂർണ്ണമായി സമർപ്പിച്ചു കഴിഞ്ഞാൽ ആ സമയം ആസന്നമാവും.

മതം ചിലപ്പോൾ വലിയ പ്രശ്നങ്ങൾക്ക് കാരണമാവുന്ന മുഹൂർത്തങ്ങളില്ലേ? നിലയ്ക്കൽ പ്രശ്നം തന്നെ ഉദാഹരണമായെടുത്താൽ....

സാക്ഷാത്തായ ഒരു മതം ആർക്കും ഒരുപദ്രവവും ചെയ്യില്ല. ഗുരുനാനാക്കിന്റെ പാഠങ്ങൾ സാക്ഷാൽക്കരിക്കാത്തവരാണ് പഞ്ചാബിൽ കുഴപ്പമുണ്ടാക്കുന്നത്. മതം കൈകാര്യം ചെയ്യുന്നവരാണ് പ്രശ്നമുണ്ടാക്കുന്നത്. നിലയ്ക്കൽ പ്രശ്നം മതക്കാരിൽ ചിലരാണുണ്ടാക്കിയതെങ്കിലും, അത് പരിഹരിച്ചതും മതം തന്നെയാണ്.

നിലയ്ക്കൽ പ്രശ്നം പരിസമാപ്തിയിലെത്തിച്ചതിൽ താങ്കൾക്കുള്ള പങ്ക് വലുതായിരുന്നു എന്ന് കേട്ടിട്ടുണ്ട്.

എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികൾ അടങ്ങിയ നിലയ്ക്കൽ കമ്മിറ്റിയുടെ പ്രസിഡന്റായ ഞാൻ വടവാതൂർ സെമിനാരിയിൽ വിളിച്ച ഒരു യോഗത്തിനു വൈകിയാണ് ചെന്നത്. ചെങ്കോട്ടുകോണം ആശ്രമത്തിലെ സ്വാമി സത്യാനന്ദ സരസ്വതിയും മറ്റും ഇതിൽ പ്രതിഷേധിച്ചു പോയിരുന്നു. തിരുവനന്തപുരത്തു ചെന്ന ഞാൻ ആശ്രമത്തിലേക്ക് ചെല്ലാമെന്ന് പറഞ്ഞു. ഒടുവിൽ കൂടിക്കാഴ്ച ഡി. ദാമോദരൻപോറ്റിയുടെ വീട്ടിൽ നടന്നു. സ്വാമിയെ ആലിംഗനം ചെയ്തു ഞാൻ പറഞ്ഞു: 'നിലയ്ക്കൽ പ്രശ്നം സംസാരിക്കാനല്ല മാപ്പു ചോദിക്കാനാണ് ഞാൻ വന്നത്.' പ്രശ്നം അവിടെ തീർന്നു.

മതം രാഷ്ട്രീയവുമായി കളികളിലേർപ്പെടുന്നത് നന്നാണോ?

മതവും രാഷ്ട്രീയത്തിലെ പൊളിറ്റിക്സുമായി ഇടപഴകുന്നതു കുഴപ്പമാണ്. മതത്തിന് അതിന്റേതായ പൊളിറ്റിക്സുണ്ട്. നല്ല ശമരിയാക്കാരൻ ശത്രുവിനെപ്പോലും സ്നേഹിക്കുന്നതാണ് മതത്തിന്റെ രാഷ്ട്രീയം. ഇതാണ് ക്രിസ്തു പഠിപ്പിച്ചത്. ഇങ്ങനെ വന്നാൽ ഒരു ഹിന്ദുവിന് ക്രിസ്ത്യാനിയെ ഉപദ്രവിക്കാൻ സാധിക്കുമോ?

'ആറാം തിരുമുറിവ്' തിരുമേനി വായിച്ചിട്ടുണ്ടോ?

ഞാൻ കുറച്ച് വായിച്ചു. അത് ഭയങ്കരമാ കുഞ്ഞേ. ക്രിസ്തുവിന് ആറാം തിരുമുറിവൊന്നുമില്ല. അതു വെറും ചവറാണ്. ഒരുപാട് ഉപകാരങ്ങളുള്ള മതം കരിതേച്ച് അടിസ്ഥാനം തകർക്കുക എന്നത് കോടിജനങ്ങളെ മുറിപ്പെടുത്തുന്ന കാര്യമാണ്. ഇത്തരം നീക്കങ്ങൾ എല്ലാം നിരോധിക്കണം.

കസൻദ് സാക്കിസിന്റെ 'ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ്' വായിക്കുകയുണ്ടായോ?

ഇല്ല. പക്ഷേ, അമേരിക്കയിൽ വച്ച് ഒരു സുഹൃത്ത് പറഞ്ഞു കസൻദ് സാക്കീസ് സുദുദ്ദേശ്യത്തോടെ എഴുതിയ പുസ്തകമായിരുന്നു അതെന്ന്. ഇറ്റ് വാസ് മിസ് അണ്ടർസ്റ്റുഡ്, മിസ് ഇന്റർപ്രട്ടഡ്, ആന്റ് മിസ് റപ്രസന്റഡ്. മൂന്ന് 'മിസ്' ആണ്.

സാക്ഷാത്തായ മതത്തെ ഇല്ലായ്മ ചെയ്യാൻ ബുദ്ധിമുട്ടാ. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ഉയിർത്തെഴുന്നേല്പ് തന്നെ ഉദാഹരണം.

ചവറ മധുസൂദനൻപിള്ളയെ കൊന്നതിനു വധശിക്ഷ ലഭിച്ച കോടാകുളങ്കര വാസുപിള്ളയുടെ ദയാഹർജിയിൽ തിരുമേനി ഒപ്പുവച്ചതായി...

ഉവ്വ്. ഞാൻ ഒപ്പിട്ടിട്ടുണ്ട്. മതം കൃപയുടെ മാർഗമാണ്. ഒരു പാപിയും നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കുന്നില്ല.

ഈ അർത്ഥത്തിൽ, ഇന്ദിരാഘാതരുടെ വധശിക്ഷയ്ക്കും തിരുമേനി എതിരാണോ?

അതെ, പക്ഷെ എന്റെ ഈ അഭിപ്രായം തെറ്റിദ്ധരിക്കാൻ ഇടയുണ്ട്.

നമ്മുടെ നാട്ടിലെ രാഷ്ട്രീയത്തെപ്പറ്റി എന്തു തോന്നുന്നു?

നല്ല അടിസ്ഥാനമുള്ളതായിരുന്നെങ്കിൽ ഇത്ര അപചയമുണ്ടാവുമായിരുന്നില്ലല്ലോ. ഉദാരത നിറഞ്ഞ ഏകാധിപത്യത്തേക്കാൾ അപകടകരമാണ് പരാജയപ്പെട്ട ജനാധിപത്യം. പരാജയപ്പെട്ട ക്രിസ്ത്യാനിയെക്കാൾ അക്രൈസ്തവനാണ് നല്ലത്. ചത്ത സിംഹത്തേക്കാൾ ജീവനുള്ള പട്ടിയാണ് നല്ലത്.

സാധാരണ എന്താണ് വായിക്കാറുള്ളത്?

മതഗ്രന്ഥങ്ങളാണ്. ആശ്രമജീവിതത്തെക്കുറിച്ചുള്ളതാണ് ഏറെ ഇഷ്ടം. വിവേകാനന്ദ സാഹിത്യസർവസ്വം വായിച്ചിട്ടുണ്ട്.

അസുഖങ്ങൾ?

അല്പം ഷുഗറുണ്ട്. തുടങ്ങിയിട്ട് അധികനാളായില്ല.

രാഷ്ട്രീയക്കാരിൽ ആരോടാണ് അടുപ്പം?

എല്ലാവരോടും അടുപ്പമാണ്. എന്നാൽ കരുണാകരനെയാണ് കൂടുതൽ പരിചയം.

ഇ. എം. എസിനെയോ?

അദ്ദേഹത്തെ എനിക്കറിയാം. അദ്ദേഹത്തിന് എന്നെ അറിയാമെന്ന് തോന്നുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സിലിരുന്ന് കേട്ടിട്ടുണ്ട്. നായനാരെ ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രീഗോറിയോസിന്റെ അരമനയിൽ വച്ച് ഒരിക്കൽ കണ്ടിട്ടുണ്ട്. എം. എം. ലോറൻസിനെ ഈയിടെ ഡൽഹിക്കുള്ള വിമാനത്തിൽ കണ്ടു. എസ്. രാമചന്ദ്രൻ പിള്ളയെ ഒരു സ്കൂൾ കാര്യത്തിനായി അടുത്തകാലത്ത് ഞാൻ പാളയം സെന്റ് ജോർജ് പള്ളിയിൽ നിന്ന് വിളിച്ചിരുന്നു. "ഞാൻ എ. കെ. ജി. സെന്ററിലേക്ക് വരാം" എന്നു ഞാൻ പറഞ്ഞപ്പോൾ, "വേണ്ട, ഞാനങ്ങോട്ടു വരാം" എന്ന് പിള്ള പറഞ്ഞു.

മെത്രാനായിരിക്കുക സുഖമാണോ?

ഈ പ്രയാസത്തിലുള്ള സുഖമേയുള്ളൂ. ഇതിനൊക്കെയുള്ള പ്രതിവിധി ദൈവസന്നിധിയിൽ കിട്ടുമെന്ന വിശ്വാസക്കാരനാണ് ഞാൻ.

മരണത്തെ ഭയമുണ്ടോ?

മരണം പ്രമോഷനാണ്. ദൈവസന്നിധിയിലേക്കുള്ള യാത്രയല്ലേ...

അവശേഷിക്കുന്ന ആഗ്രഹം?

പുതിയനിയമത്തിന് ഒരു കമന്ററി എഴുതണം.

സഭയെക്കുറിച്ചുള്ള സ്വപ്നമെന്താണ്?

ഭാരതീയതയിലാണ് എനിക്ക് താൽപര്യം.

ഒടുവിൽ തിരുമേനി എന്നോട് ചോദിക്കുന്നു. ഇതിന് രാമചന്ദ്രനോട് ഞാനെങ്ങനെയാണ് നന്ദി പറയേണ്ടത്?

ഞാൻ: ചുമ്മാ 'നന്ദി' എന്നു പറഞ്ഞാൽ മാത്രം മതി.

തിരുമേനി പൊട്ടിച്ചിരിക്കുന്നു.

(നിയുക്ത കാതോലിക്കായായപ്പോൾ മനോരമയുടെ പ്രതിനിധി രാമചന്ദ്രനുമായി നടത്തിയ അഭിമുഖ സംഭാഷണമാണിത്)

കേരളത്തിലെ ക്രൈസ്തവസഭയുടെ വിഭജനപ്രവണതയും സഭാനേതൃത്വം മനസ്സിലാക്കി അതിനുള്ള മരുന്ന് കണ്ടുപിടിച്ച് പ്രയോഗിക്കേണ്ടതാണ്. സഭയുടെ വിശ്വാസം, വേദോപദേശങ്ങൾ എന്നിവയെപ്പറ്റി സഭാംഗങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്നുള്ളത് അത്യന്തം സങ്കടകരമായ ഒരു സ്ഥിതിവിശേഷമാണ്. അതുകൊണ്ടാണ് സഭയിൽ വൈദേശിക സ്വാധീനം ഉണ്ടായപ്പോൾ വേദോപദേശ പ്രധാനമല്ലാത്ത കാരണങ്ങളാൽ സഭ വിഭജിക്കപ്പെടുകയും പല അധികാരികളുടെ കീഴിൽ അമരുകയും ചെയ്തത്.

സഭൈക്യത്തിന്റെ യുഗത്തിൽ കഴിയുന്ന കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകൾ തങ്ങൾ എവിടെയാണ് നിലകൊള്ളുന്നതെന്ന് നിശ്ചയമില്ലാതെ ഒഴുകുകയാണ്. ആധ്യാത്മികമൂല്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള സുറിയാനിക്കാരുടെ ഈ പോക്ക് സഭയുടെ ദൗത്യനിർവഹണത്തിനും സാക്ഷ്യത്തിനും ഏല്പിച്ചുകൊണ്ടിരിക്കുന്ന ആഘാതം ആരും ഒരു സ്കെയിലുപയോഗിച്ച് അളന്നറിയുന്നില്ല. സ്വയംഭരണാവകാശമുള്ളതും അപ്പോസ്തോലിക പിൻതുടർച്ചയുള്ളതുമായ മലങ്കരസഭയ്ക്ക് ആരാധനകളിലും പ്രാർത്ഥനകളിലും കൂദാശകളിലും വിശ്വാസങ്ങളിലും ആചാരങ്ങളിലും പൗരസ്ത്യപാരമ്പര്യമുണ്ട്. വേദപുസ്തകത്തിലെ ഉപദേശങ്ങളെ മാനിച്ചുകൊണ്ട് സുവിശേഷരംഗത്ത് മുന്നേറുകയാണ് ഇന്നത്തെ ഒരു മുഖ്യ ആവശ്യം.

കേരളത്തിലെ ഒന്നായിരുന്ന മലങ്കരസഭയിലെ കൽദായസഭ, റോമൻ കത്തോലിക്കാ സഭ, സിറിയൻ ഓർത്തഡോക്സ് സഭ, ഓർത്തഡോക്സ് സുറിയാനിസഭ, തൊഴിയൂർ സഭ (സ്വതന്ത്ര സുറിയാനിസഭ), ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ, മാർത്തോമ്മാ സുറിയാനിസഭ എന്നീ എപ്പിസ്ക്കോപ്പൽ

സഭകൾ യേശുക്രിസ്തുവിന്റെ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും കൊടിക്കീഴിൽ അണിനിരന്നാലേ ഭാരതത്തിൽ നമ്മുടെ സാക്ഷ്യം ശക്തമാവുകയുള്ളു.

ഇതിനിടയിൽ മലങ്കര അസോസിയേഷൻ എത്രയും വേഗം വിളിച്ചു കൂട്ടണമെന്നുള്ള മുറവിളി വൈദികരിൽ നിന്നും മറ്റും ഉയർന്നു. കേസ് ഒന്നു തീർന്നുകൊള്ളട്ടെ എന്നും അതിനു മുമ്പ് കോടതി, അസോസിയേഷൻ സംബന്ധിച്ച് വല്ലതും നിർദ്ദേശിച്ചാൽ പൊല്ലാപ്പാകുമോ എന്നും കരുതിയാണ് അസോസിയേഷൻ വിളിച്ചു കൂട്ടാത്തതെന്ന ഔദ്യോഗിക നിലപാട് സഭാസ്നേഹികൾക്കു മനസ്സിലാക്കാൻ പ്രയാസമായിരുന്നു. മാർച്ച് 29-നു ചേർന്ന കോട്ടയം സമ്മേളനത്തിൽ സഭാ വർക്കിംഗ് കമ്മിറ്റിയിലെ ഒരു പ്രമുഖ അംഗം രണ്ടു മൂന്നാഴ്ചക്കകം കേസിന്റെ അന്ത്യതീരുമാനമാകുമെന്ന് പറഞ്ഞുകൊണ്ട് അതുവരെ ക്ഷമിച്ചു കൂടെ എന്നും ചോദിച്ചു. പക്ഷേ, ഒന്നര വർഷം കഴിഞ്ഞാണ് 1999 മെയ് അഞ്ചിനു കേസ് പരിഗണനയ്ക്കു വന്നതും ചില പ്രധാനപ്പെട്ട കാര്യങ്ങളിൽ തീർപ്പുണ്ടായതും. എന്നാൽ അസോസിയേഷൻ തീയതി ഓഗസ്റ്റിൽ കൂടുന്ന കോടതി നിശ്ചയിക്കാനാണു സാധ്യത. എന്തായാലും രണ്ടായിരമാണ്ടിലേ മലങ്കര അസോസിയേഷൻ ചേരുകയുള്ളു എന്ന കാര്യം ഏതാണ്ട് ഉറപ്പാണ്. മെയ് ആദ്യം കേസ് എടുക്കുന്നതു സംബന്ധിച്ചു രണ്ടു മാസം മുമ്പ് പ. കാതോലിക്കാബാവാ തന്നെ ഡൽഹിക്കു പറന്ന് അഡ്വക്കേറ്റായ എഫ്. എസ്. നരിമാനെ കണ്ടിരുന്നു എന്ന കാര്യം മിക്ക സഭാംഗങ്ങളും അറിഞ്ഞിരിക്കയില്ല.

സഞ്ചാരപരിപാടികളിലും ഇടവകതലങ്ങളിലുള്ള ചടങ്ങുകളിലും പതിവുപോലെ പങ്കെടുത്തുകൊണ്ടിരുന്ന ബാവാ സഭാതലത്തിലെ തർക്ക വിതർക്കങ്ങൾ സംബന്ധിച്ച് ഏതാണ്ട് അസ്വസ്ഥനായിരുന്നു എന്ന് അദ്ദേഹത്തെ കാണുന്നവർക്കു മനസ്സിലാക്കാമായിരുന്നു. ഇക്കാര്യം ബാവാ തന്നെ പലരോടും സൂചിപ്പിച്ചിട്ടുണ്ട്. തിരക്കു പിടിച്ച പരിപാടികൾക്കിടയിലും സഭാചരിത്രഗ്രന്ഥങ്ങൾ ഒരിക്കൽകൂടി പഠിക്കുന്നതിനും സുപ്രീം കോടതി വിധി കൂലംകഷമായി മനസ്സിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. 1999 ജനുവരിയിൽ “യാച്ചാരം: മലങ്കരസഭയുടെ മഹത്വമേറിയ സേവനസരണി” എന്ന പുസ്തകത്തിന്റെ അവതാരിക എഴുതി വാങ്ങുന്നതിനു ദേവലോകം അരമനയിൽ ചെന്നപ്പോൾ ബാവാ സുപ്രീം കോടതിവിധി വീണ്ടും വീണ്ടും വായിക്കുകയും ചില വാചകങ്ങൾക്ക് അടിവരയിടുകയും ചെയ്യുന്നുണ്ടായിരുന്നു. ഞാൻ തന്നെ എഡിറ്റു ചെയ്ത ചില മലങ്കരസഭാ ചരിത്ര പുസ്തകങ്ങൾ ബാവാ മറിച്ചു നോക്കിയപ്പോൾ സ്വയംപ്രശംസ എന്ന് ആരെങ്കിലും വിശേഷിപ്പിച്ചാലും ശരി, എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം ഉണ്ടായി എന്ന കാര്യവും മറച്ചുവയ്ക്കാനാഗ്രഹിക്കുന്നില്ല.

യാച്ചാരം ബാലഗ്രാമിന്റെ വളർച്ച

മലങ്കരസഭയുടെ ഇന്നത്തെ ഏറ്റവും വലിയ മിഷനറി പ്രവർത്തനമാണ് ഹൈദരാബാദിനടുത്തുള്ള യാച്ചാരം സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാം എന്നു പറഞ്ഞാൽ ഭിന്നാഭിപ്രായം പറയാൻ ആളുണ്ടാവില്ല. ഒന്നര ദശാബ്ദം കൊണ്ട് ഈ സേവനകേന്ദ്രം പ്രതീക്ഷാതീതമായി വളർന്നു. കഴിഞ്ഞ ഒരു വർഷത്തെ നേട്ടം വിവരണാതീതവുമാണ്. പ്രശ്നങ്ങൾക്കിടയിൽ ബാലഗ്രാമിനു വേണ്ടി കാതോലിക്കാ ദിനപ്പിരിവിൽ നിന്നു 10 ലക്ഷം രൂപാ ബാവാ അനുവദിച്ചത് ബാവായ്ക്ക് ആ മിഷൻ രംഗത്തോടുള്ള താൽപര്യം കൊണ്ടാണെന്ന് എടുത്തുപറയേണ്ടതുണ്ട്. ഹൈദരബാദിനടുത്തുള്ള യാച്ചാരത്തു കുഷ്ഠരോഗികളുടെ രോഗബാധിതരല്ലാത്ത നൂറിൽപരം കുട്ടികളെ ആധുനികരീതിയിൽ സംരക്ഷിച്ചും പഠിപ്പിച്ചും വളർത്തി പുനരധിവസിപ്പിക്കുന്ന ബാലഗ്രാം, ബാവാ രണ്ടു തവണ സന്ദർശിക്കുകയും ഇത്തരം കേന്ദ്രങ്ങൾ ഉത്തരേന്ത്യയിലെങ്ങും ആരംഭിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ വർഷം അനുവദിച്ച 10 ലക്ഷം രൂപ കൊണ്ടു കൂടിയാണ് യാച്ചാരത്തു നാലേക്കർ സ്ഥലം വാങ്ങി ഐ.ടി.സി. സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. യാച്ചാരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി കഷ്ടപ്പെട്ടു പ്രവർത്തിക്കുന്ന സുവിശേഷസംഘം പ്രസിഡന്റ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ, മാനേജർ തോമസ്കുട്ടി അച്ചൻ മുതലായവരുടെ സേവനങ്ങളിൽ ബാവായ്ക്കു വളരെ സംതൃപ്തിയാണുള്ളത്. നിലയ്ക്കാത്ത തിരമാലകൾക്കിടയിൽ ഒരു കുളിർകാറ്റെന്നപോലെയാണ് തീരാത്ത സഭാപ്രശ്നങ്ങൾക്കിടയിൽ ഇത്തരം മിഷൻ പ്രവർത്തനം.

യാച്ചാരം ബാലഗ്രാമിന്റെ 14-ാം വാർഷികത്തിൽ അവിടത്തെ സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിൽ, കാലം ചെയ്ത കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായി രണ്ടു ലക്ഷം രൂപയുടെ ഒരു വാർഡ് സ്ഥാപിക്കാൻ സാധിച്ചു. കൊച്ചി ഭദ്രാസനത്തിലോ സഭാതലത്തിലോ കാര്യമായ ഒരു സ്മാരകവും അദ്ദേഹത്തിനില്ലെന്ന വസ്തുതയുടെ വെളിച്ചത്തിൽ ഈ സ്മാരകം തികച്ചും ഉചിതമാണ്. കൂടാതെ ബാലഗ്രാമിന്റെ ചരിത്രവും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതും കെ. വി. മാമ്മൻ രചിച്ചതുമായ "യാച്ചാരം: മലങ്കരസഭയുടെ മഹത്വമേറിയ സേവനസരണി" എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. കാമരാജിന് ആദ്യപ്രതി നൽകിക്കൊണ്ട് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ റവ. ഫാ. ജോസഫ് വെണ്ടറപ്പിള്ളി അദ്ധ്യക്ഷത വഹിച്ച വാർഷികയോഗത്തിൽ കേരളത്തിൽ നിന്ന് എത്തിയിരുന്ന

കെ. സി. ഈപ്പൻ കണ്ടത്തിൽ, ഡോ. തോമസ് മാണിത്തട്ടുങ്കൽ, ഡോ. പി. സി. തോമസ് കൊച്ചി, കെ. വി. മാമ്മൻ, ഫാ. ജി. ജോൺ മാവേലിക്കര മുതലായവർ പ്രസംഗിക്കുകയും 80 കഴിഞ്ഞ മെത്രാപ്പോലീത്തായെ അനുമോദിക്കുകയും ചെയ്തു. ട്രഷറർ മാമ്മൻ ഏബ്രഹാം പുസ്തകം തയ്യാറാക്കിയ കെ. വി. മാമ്മനു പാരിതോഷികവും സമ്മാനിച്ചു. കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ, തോമസ്കുട്ടി അച്ചൻ മുതലായവരെ സംബന്ധിച്ചിടത്തോളം ഈ അവസരം സംതൃപ്തിയുടെയും സന്തോഷത്തിന്റെയും നിമിഷങ്ങളായിരുന്നു. പുസ്തക പ്രസിദ്ധീകരണത്തിനു വേണ്ടി വന്ന തുകയുടെ സിംഹഭാഗവും (47000 രൂപ) സംഭാവന ചെയ്ത മാന്നാർ തേവേരിൽ തട്ടാരുപറമ്പിൽ ടി. മത്തായി, ടി. ചാക്കോ (ഇരുവരും ന്യൂയോർക്ക്) എന്നിവർ മറ്റു സഭാസ്നേഹികൾക്ക് ഒരു മാതൃകയാണെന്നു പറഞ്ഞില്ലെങ്കിൽ അതു കൃത്യവിലോപമായിരിക്കുമെന്നത്രെ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ (യാച്ചാരം) അഭിപ്രായം.

യാച്ചാരത്തെ ഐ.ടി.സി. പ്രവർത്തനം ഇക്കൊല്ലം ആരംഭിച്ചു എന്നതും ബാലഗ്രാമിന്റെ വളർച്ചയിലെ ഒരു നാഴികക്കല്ലാണ്.

സഭയുടെ മിഷൻ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷം ഡൽഹി ഭദ്രാസനത്തിൽ ആരംഭിച്ച ശാന്തിഗ്രാമിന്റെ (ഹരിയാനയിലെ ഗുഡ്ഗാവ് ജില്ലയിൽപെട്ട മണ്ടാവർ എന്ന ഗ്രാമമാണ് ശാന്തിഗ്രാമിന്റെ കേന്ദ്രം) ഡയറക്ടർ സ്ഥാനവും കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ ഏറ്റെടുത്തു. സഭയുടെ ഉത്തരേന്ത്യൻ വികസനരംഗത്തെ ഒരു പുതിയ കാൽവയ്പാണിത്. എന്നാൽ മിഷൻ പ്രവർത്തനരംഗത്ത് പ്രതിജ്ഞയോടുകൂടി പ്രവർത്തിക്കാൻ പറ്റിയ വ്യക്തികളുടെ കുറവ് കഴിഞ്ഞ കാലത്തെപ്പോലെ തുടരുന്നു.

പ. കാതോലിക്കാബാവാ രക്ഷാധികാരിയും മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റായും, ഡൽഹി ഭദ്രാസനത്തിന്റെ ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ചെയർമാനായും ഉള്ള ഒരു കമ്മിറ്റിയായിരിക്കും ശാന്തിഗ്രാമിന്റെ ചുമതല വഹിക്കുന്നത്. തടാകം ക്രിസ്തുശിഷ്യാശ്രമം വിസിറ്റർ മെത്രാപ്പോലീത്താ ഫീലിപ്പോസ് മാർ യൗസേബിയോസിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം ബിഷപ്പ് വാൽഷ് സ്മാരക ആശുപത്രിയും സെന്റ് ഗ്രിഗോറിയോസ് ബാലഗ്രാമും വളർന്നു.

നിവേദനം

വടക്കൻപ്രദേശത്തെ പള്ളികളിൽ വിഘടിത ഗ്രൂപ്പിന്റെ നിയമലംഘനം ഒരു തരത്തിലും അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്തു ചെന്ന് കാതോലിക്കാബാവാ മുഖ്യമന്ത്രിക്ക് 98 ജൂലൈ മാസ

ത്തിൽ ഒരു നിവേദനം സമർപ്പിക്കുകയും നിയമലംഘനം അനുവദിക്കു കയില്ലെന്നു മുഖ്യമന്ത്രി ഉറപ്പു നൽകുകയും ചെയ്തത് പ്രധാനപ്പെട്ട ഒരു സംഭവവികാസമായിരുന്നു. തത്സംബന്ധമായ കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലങ്കരസഭയുടെ സ്വാതന്ത്ര്യവും, കാതോലിക്കാബാവായുടെയും മല ങ്കര മെത്രാപ്പോലീത്തായുടെയും അവകാശാധികാരങ്ങളും സ്ഥിരീകരിച്ച 1995-ലെ സുപ്രീംകോടതിവിധി അതേപടി നടപ്പാക്കാൻ സർക്കാർ നട പടി സ്വീകരിക്കണമെന്നും ഒരുതരത്തിലും നിയമലംഘനം അനുവദിക്ക രുതെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീ യൻ കാതോലിക്കാബാവാ ആവശ്യപ്പെട്ടു.

കോടതിവിധി നടപ്പാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി ഇ. കെ. നായ നാർക്ക് നിവേദനം നൽകിയതിനുശേഷം സംസാരിക്കുകയായിരുന്നു പ. ബാവാ.

സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാതയാണ് സഭ എന്നും പിന്തുടർന്നിട്ടുള്ളത്. എന്നാൽ ഇത് അംഗീകരിക്കുവാനുള്ള താല്പര്യം പാത്രിയർക്കീസ്പക്ഷം കാണിക്കുന്നില്ല. നിയമലംഘനം അനുവദിക്കുവാനും, മലങ്കരസഭയുടെ സ്വാതന്ത്ര്യം ബലികഴിക്കുവാനും സാധ്യമല്ല. ധർമ്മവും നീതിയും നടപ്പാക്കേണ്ട വൈദികശ്രേഷ്ഠരടക്ക മുള്ളവർ നിയമം കയ്യിലെടുക്കുവാനാണ് ശ്രമിക്കുന്നത്. നിയമലംഘന ത്തിനവർ ആഹ്വാനം ചെയ്യുന്നത് ക്രിസ്തീയമല്ല. പരിപാവനമായി കരു തേണ്ട ദേവാലയങ്ങളിൽ അക്രമവും സമരപരിപാടികളും നടത്തി, സംഘർഷാവസ്ഥ സംജാതമാക്കി, സർക്കാരിനെക്കൊണ്ട് ആരാധനാല യങ്ങൾ പൂട്ടിയിടീപ്പിക്കുവാനാണ് ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. കടമ റ്റത്തേയും കട്ടച്ചിറയിലേയും സംഭവങ്ങൾ ചൂണ്ടിക്കാട്ടി പ. ബാവാ പറഞ്ഞു.

കട്ടച്ചിറയിൽ പഴയപള്ളി പൊളിച്ചുമാറ്റി പുതിയ പള്ളിയിൽ വി. കുർ ബ്ബാന അർപ്പിക്കുന്നതിന് ഓർത്തഡോക്സ് പക്ഷത്തിന് ഹൈക്കോടതി അനുമതി നൽകിയിരുന്നു. എന്നാൽ ഈ ഉത്തരവ് നടപ്പാക്കുന്നതിനെ വിഘടിത സഭാമേലദ്ധ്യക്ഷന്മാർ ഉൾപ്പെടെയുള്ള ആളുകൾ എതിർത്തത് നിയമവാഴ്ചയോടുള്ള പരസ്യമായ വെല്ലുവിളിയാണ്.

കടമറ്റം പള്ളിയിലാകട്ടെ വി. കുർബ്ബാനയ്ക്കു ശേഷം പള്ളിയിൽ പ്രവേശിച്ച ഒരു സംഘം ആളുകൾ വികാരിയെ അനാവശ്യമായി തട ഞ്ഞുവയ്ക്കുകയായിരുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പോലീസ് എത്തിയ ശേഷമാണ് വികാരി മോചിതനായത്. ശാരീരികമായും, മാനസികമായും ക്ഷീണിതനായ വികാരിയച്ചനെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു.

ക്രൈസ്തവ മൂല്യങ്ങൾക്കും, സമുദായ മൂല്യങ്ങൾക്കും എതിരാണ് ആരാധനാലയങ്ങൾ കയ്യേറുന്നതും, നിയമവാഴ്ചയേയും, കോടതിവിധിയേയും, വെല്ലുവിളിക്കുന്നതും. നിയമലംഘനത്തിന് ചില ഉന്നത സർക്കാർ ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നു എന്നത് ഖേദകരമാണ് – ബാവാ പറഞ്ഞു.

മലങ്കരസഭയുടെ കീഴിലുള്ള എല്ലാ ഇടവകപ്പള്ളികളും, ആരാധനാലയങ്ങളും, സ്ഥാപനങ്ങളും സഭാഭരണഘടനപ്രകാരം ഭരിക്കേണ്ടതാണെന്നും, എല്ലാ അവകാശാധികാരങ്ങളും മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ആണെന്നും, സുപ്രീംകോടതി വിധിച്ചിട്ടുണ്ട്.

1934–ൽ മലങ്കര അസോസിയേഷൻ പാസാക്കിയ ഭരണഘടന സാധുവാണെന്നും, എല്ലാ ഇടവകപ്പള്ളികൾക്കും സഭാംഗങ്ങൾക്കും ബാധകമാണെന്നും, സഭാചരിത്രത്തിലെ മുൻവ്യവഹാരങ്ങളിലെ അന്തിമവിധികളും, ആധികാരികരേഖകളും വിശകലനം ചെയ്തിട്ട് സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് സഭകളില്ല, ഒരു സഭയേയുള്ളു എന്നാണ് സുപ്രീംകോടതി അഭിപ്രായപ്പെട്ടിരിക്കുന്നത്. എന്നിട്ടും ചിലർ ഭിന്നിപ്പു തുടരുകയാണ്. സഭാ വിശ്വാസികൾക്ക് നീതിയും ന്യായവും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ഭാഗത്തു നിന്ന് ഉണ്ടാവണം – പ. ബാവാ ആവശ്യപ്പെട്ടു.

മുൻ പാത്രിയർക്കാപക്ഷത്തെ മൂന്ന് മെത്രാന്മാരും ഭരണഘടനയെ അംഗീകരിച്ചിട്ടുണ്ട്. എല്ലാവർക്കും ബാധകമായ ഭരണഘടന അംഗീകരിച്ച് സമാധാനവും സഹവർത്തിത്വവും പുലർത്തുന്നതിന് യത്നിക്കണം. ബാവാ അഭ്യർത്ഥിച്ചു.

തെയോഫോറസ് റമ്പാൻ, വൈദികട്രസ്റ്റി ഫാ. മത്തായി നൂറനാൽ, അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, സഭാസെക്രട്ടറി എ. കെ. തോമസ് തുടങ്ങിയവർ നിവേദകസംഘത്തിലുണ്ടായിരുന്നു.

അനുവദിക്കില്ല

നിയമം കൈയിലെടുക്കാനും ആരാധനാലയം കയ്യേറാനും, ആരെയും അനുവദിക്കുകയില്ലെന്ന് മുഖ്യമന്ത്രി നായനാർ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ നേതൃത്വത്തിലുള്ള നിവേദകസംഘത്തിന് ഉറപ്പു നൽകി.

തർക്കം എന്തു തന്നെ ആയാലും ആരുടെയും ആരാധനാലയത്തിൽ കയറി അക്രമം കാട്ടാനും, പ്രാർത്ഥന തടസ്സപ്പെടുത്താനും അനുവദിക്കരുത് എന്നാണ് സർക്കാർ നയം. ഇത്തരം അക്രമങ്ങൾക്കെതിരെ കർശന

നടപടികളെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി വിഭാഗീയ ചിന്താഗതിയോടെ ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായി കണ്ടാൽ അവർക്കെതിരെ നടപടി ഉണ്ടാവും. മുഖ്യമന്ത്രി പറഞ്ഞു.

കോലഞ്ചേരി പള്ളിയിലും, കടമറ്റം പള്ളിയിലും വിശ്വാസികൾ എന്നു പേരുള്ളവർ കാട്ടിക്കൂട്ടിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ. ബാവാ മുഖ്യമന്ത്രിയോട് വിശദീകരിച്ചു.

95-ലെ കോടതിവിധി നടപ്പാക്കാൻ നടപടികൾ കൈക്കൊള്ളണമെന്ന ബാവായുടെ ആവശ്യത്തിന് കോടതിവിധി പഠിച്ച് ഉപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മുഖ്യമന്ത്രി അറിയിച്ചു.

പിന്നീട് തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് എം.എൽ.എ. മാരോട് ബാവാ സഭാപ്രശ്നങ്ങൾ വിശദീകരിച്ചു.

കെ. എം. മാണി, ഉമ്മൻചാണ്ടി, കടമ്മനിട്ട രാമകൃഷ്ണൻ, ടി. എസ്. ജോൺ, തോമസ് ചാഴിക്കാടൻ, ആർ. ബാലകൃഷ്ണപിള്ള, കെ. നാരായണക്കുറുപ്പ്, ശോഭനാ ജോർജ്, എം. മുരളി, സി. എഫ്. തോമസ്, പ്രകാശ് ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, ജി. സുധാകരൻ എന്നീ എം.എൽ.എ. മാർ യോഗത്തിനെത്തി.

ധീരമായ നിലപാട്

കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ വ്യക്തവും ധീരവുമായ നിലപാടെടുത്ത ആളാണെന്ന് പറഞ്ഞ് പ. ബാവാ അഭിനന്ദിച്ചു. മാർ ഏലിയാ കത്തീഡ്രലിൽ ഡോ. തോമസ് മാർ അത്താനാസ്യോസിനു നൽകിയ സ്വീകരണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു പ. ബാവാ. വിശ്വാസസംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന കിരാതമായ സമരമുറകളെ ബാവാ അപലപിച്ചു. അക്രമവും കയ്യേറ്റവും നടത്തി ജനത്തിന്റെ ഇടയിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും, നിയമ വ്യവസ്ഥയെ തകിടം മറിക്കുകയുമാണ് ചിലർ ചെയ്യുന്നത്.

നല്ല സാക്ഷ്യമുള്ളവരാകേണ്ട ക്രിസ്ത്യാനികൾ ഇന്ന് മറ്റ് സമൂഹങ്ങൾക്കിടയിൽ അന്യപ്പെടുകയാണ്. വിശ്വാസ സംരക്ഷകർ എന്ന വ്യാജേന പ്രാകൃതരായ ആളുകൾപോലും ചെയ്യാൻ മടിക്കുന്ന കിരാതമായ സമരമുറകൾ പ്രദർശിപ്പിച്ച് ക്രിസ്തീയ സഭയുടെ മാന്യത തകർക്കുകയാണ് ചില കേന്ദ്രങ്ങൾ ചെയ്യുന്നത്. നീതിന്യായ വ്യവസ്ഥകൾക്ക് യാതൊരു വിലയും ഇവർ കല്പിക്കുന്നില്ല. കടമറ്റം പള്ളിയിൽ ഉണ്ടായ

സംഭവത്തെ സ്പർശിച്ച് ബാവാ പറഞ്ഞു. നല്ല ഇടയരാകേണ്ട ചില വൈദികർ ഇത്തരം സമരാഭാസങ്ങൾക്ക് കൂട്ടുനിൽക്കുന്നതാണ് ഏറെ ആക്ഷേപകരം.

സഭ എന്നാൽ എന്താണെന്നും, എന്തിനു വേണ്ടിയാണെന്നും, നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം എന്താണെന്നും മനസ്സിലാക്കുന്നതിൽ നാം തികച്ചും പരാജയപ്പെട്ടതായി പ. ബാവാ പറഞ്ഞു.

ശരിയെന്ന് ഉത്തമബോധ്യമുള്ള കാര്യങ്ങൾ മാത്രമേ താൻ ചെയ്തിട്ടുള്ളു എന്നു മറുപടി പ്രസംഗത്തിൽ മാർ അത്താനാസിയോസ് പറഞ്ഞു. അസാധ്യമായ സാഹചര്യത്തിൽ സാധിക്കും എന്നുള്ള പ്രത്യാശയാണ് ക്രിസ്തീയ പ്രത്യാശ. ചെയ്യാവുന്ന കാര്യങ്ങൾ ഉറച്ച മനസ്സോടെ ചെയ്യുക, ബാക്കി കാര്യങ്ങൾ ദൈവത്തിനു വിടുക. ഇത്തരം ചിന്തയാണ് ജീവിതത്തിലുടനീളം തന്നെ നയിക്കുന്നതെന്ന് മെത്രാപ്പോലീത്താ പറഞ്ഞു.

ലോകത്തിന്റെ പരിവർത്തനത്തിനു ചുക്കാൻ പിടിക്കേണ്ട സഭ അതിന്റെ ചാലകശക്തി നഷ്ടപ്പെടുത്തിയ നൂറ്റാണ്ടാണ് 20-ാം നൂറ്റാണ്ട്. പുതിയ നൂറ്റാണ്ടിലെങ്കിലും ഭിന്നതകൾ വെടിഞ്ഞ് ലോകത്തിനു നല്ല സാക്ഷ്യം നൽകുന്ന ഒന്നായി ക്രിസ്തീയസഭ മാറട്ടെ എന്ന് മെത്രാപ്പോലീത്താ പ്രത്യാശിച്ചു.

മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു, സഭാട്രസ്റ്റി പി. സി. ഏബ്രഹാം, ബസേലിയോസ് കോളജ് പ്രിൻസിപ്പൽ പി. സി. ഏലിയാസ്, മുനിസിപ്പൽ കൗൺസിലർ പി. സി. ചെറിയാൻ എന്നിവർ അനുമോദനങ്ങൾ നേർന്നു. കത്തീഡ്രൽ വികാരി ഫാ. സി. ഒ. ജോർജ് സ്വാഗതവും ട്രസ്റ്റി പി. പി. മാത്യു നന്ദിയും പറഞ്ഞു.

ഇതേസമയം പ്രായത്തിന്റെ ക്ലേശങ്ങൾക്കു ദീർഘകാല അവധി നൽകിക്കൊണ്ട് കാതോലിക്കാബാവാ ഇന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും വിദൂരസ്ഥമായ ആസ്ത്രേലിയായിലും പറന്നെത്തുകയും ചിതറിപ്പാർക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളെയും ഇതരസഭാ വിഭാഗങ്ങളിലെ സമുന്നതരായ വ്യക്തികളെയും മറ്റും കാണുകയും പ്രത്യേക പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു വന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കോട്ടയത്തു നിന്നു ഖത്തറിൽ എത്തുകയും അവിടുത്തെ പള്ളി ജൂബിലി കഴിഞ്ഞ് നേരേ ആസ്ത്രേലിയായിലേക്കു പറക്കുന്നതിനുള്ള വിസാ ലഭിക്കാഞ്ഞതിനാൽ കോട്ടയത്തു തിരിച്ചെത്തി പിറ്റേദിവസം ബോംബെ വഴി ആസ്ത്രേലിയായിൽ ചെന്നെത്തുകയും ചെയ്ത ബാവായുടെ മിന്നൽ പര്യടനം വിസ്മയത്തോടെയല്ലാതെ വീക്ഷിക്കാനാവില്ല. സർവ്വോപരി ഒക്ടോബർ ഒടുവിൽ ആസ്ട്രേലിയയിൽ സന്ദർശനം നടത്തിയ ബാവാ പരിപാടി പൂർത്തിയാക്കി ആ മാസം 30-നു തിരുവനന്തപുരം വഴി തിരി

ച്ചെത്തി പിറ്റേദിവസം പരുമലപ്പെരുനാളിനു മുഖ്യകാർമ്മികത്വം വഹിച്ചു എന്നു മനസ്സിലാക്കുമ്പോഴാണ് ബാവായുടെ അഭാവം കാണാൻ കാത്തിരിക്കുന്ന കുറുക്കന്മാരുടെ ചാട്ടങ്ങൾ അടി മുതൽ മുടിവരെ തെറ്റുന്നത്. ആസ്ട്രേലിയായിലെ പരിപാടിയെപ്പറ്റി കഴിഞ്ഞ ജനുവരിയിൽ മലങ്കര സഭാമാസികയിൽ വന്ന റിപ്പോർട്ടാണു താഴെ ഉദ്ധരിക്കുന്നത്.

ആസ്ട്രേലിയ സന്ദർശിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ്സ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവായ്ക്ക് ഊഷ്മളമായ വരവേൽപ്പ് നൽകി. ആംഗ്ലിക്കൻ സഭ, യൂണിറ്റിംഗ് ചർച്ച്, ഗ്രീക്ക് ഓർത്തഡോക്സ്, കോപ്റ്റിക് ഓർത്തഡോക്സ്, അർമ്മേനിയൻ ഓർത്തഡോക്സ്, ആസ്ട്രേലിയൻ കത്തോലിക്കാ സഭ, സിഡ്നി മാർത്തോമ്മാ ചർച്ച്, റുമേനിയൻ ഓർത്തഡോക്സ്, അന്ത്യോഖ്യൻ ഓർത്തഡോക്സ് എന്നീ സഭകളിലെ മതമേലദ്ധ്യക്ഷന്മാരും, വൈദികരും ആസ്ട്രേലിയൻ ഗവണ്മെന്റിനെ പ്രതിനിധാനം ചെയ്ത് ഇമിഗ്രേഷൻ മിനിസ്റ്റർ ഫിലിപ്പ് റുഡോക്കും സിഡ്നിയിലെ ഓർത്തഡോക്സ്, മാർത്തോമ്മാ, കത്തോലിക്കാ സഭകളിലെ ആളുകൾ അടക്കം വലിയ ഒരു ജനാവലിയും സ്വീകരണത്തിൽ പങ്കുകൊണ്ടു. പ. ബാവാതിരുമേനി സമുചിതമായ മറുപടി പ്രസംഗവും നടത്തി. യോഗത്തിൽ വൈസ് പ്രസിഡന്റ് ജേക്കബ് ചെറിയാൻ സ്വാഗതവും, സെക്രട്ടറി ജോർജി ഏബ്രഹാം കൃതജ്ഞതയും രേഖപ്പെടുത്തി. തുടർന്നുള്ള ദിവസങ്ങളിൽ ബാവാ ആസ്ട്രേലിയൻ ഗവ. ജനറൽ സർ വില്യം ഡീൻ, ഇന്ത്യൻ ഹൈകമ്മീഷണർ ജി. പാർത്ഥസാരഥി എന്നിവരെയും കണ്ട് സംഭാഷണം നടത്തുകയുണ്ടായി.

ആസ്ട്രേലിയൻ കൗൺസിൽ ഓഫ് ചർച്ചസ്, അർമ്മേനിയൻ ഓർത്തഡോക്സ് ചർച്ച്, കോപ്റ്റിക് ഓർത്തഡോക്സ് ചർച്ച്, വത്തിക്കാൻ എംബസ്സി എന്നിവരും പ്രത്യേകമായ സ്വീകരണങ്ങൾ പ. ബാവായ്ക്കു നൽകുകയുണ്ടായി.

ബാവായുടെ ദോഹ സന്ദർശനം

ദോഹയിൽ ഓർത്തഡോക്സ് പള്ളി സ്ഥാപിച്ചതിന്റെ രജതജൂബിലിയിൽ സംബന്ധിക്കാൻ പ. കാതോലിക്കാബാവാ 1998 ഒക്ടോബർ ഏഴിനു ബോംബെ ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ കൂറിലോസുമൊന്നിച്ച് ദോഹയിൽ എത്തി.

ദോഹ വിമാനത്താവളത്തിൽ ഇന്ത്യൻ എംബസി ഭാരവാഹികളും ഫാ. കുര്യാക്കോസ് തണ്ണിക്കോട്, ഫാ. കോശി അലക്സ്, ഇടവക ഭാരവാഹികൾ എന്നിവർ ചേർന്ന് സ്വീകരിച്ച് സെന്റ് തോമസ് ഇടവകയിലേക്ക് ആനയിച്ചു. ലുത്തിനിയായ്ക്കു ശേഷം ബാവാ ചെയ്ത ലഘു പ്രസംഗ

ത്തിൽ സഭയിൽ സമാധാനത്തിനുവേണ്ടി സുപ്രീംകോടതി വിധിയനുസരിച്ച് എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്നും, 21-ാം നൂറ്റാണ്ട് മലങ്കരസഭയിൽ സമാധാനത്തിന്റെ യുഗമായിരിക്കട്ടെ എന്നും പറഞ്ഞു. 20-ാം നൂറ്റാണ്ടിൽ സഭയ്ക്കുണ്ടായ നേട്ടങ്ങൾ അവഗണിക്കാനാവില്ല. അതിൽ 1912-ലെ കാതോലിക്കാ സിംഹാസന പുനഃസ്ഥാപനം, 1934-ലെ സഭാഭരണഘടന, 1995-ലെ സുപ്രീംകോടതി വിധി എന്നിവ ചരിത്രപ്രധാനമാണെന്ന് തിരുമേനി ഓർമ്മിപ്പിച്ചു. 1995-ലെ സുപ്രീംകോടതി വിധിയെ മലങ്കര മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരത്തോട് തിരുമേനി ഉപമിച്ചു. ഒക്ടോബർ 9-ാം തീയതി ജൂബിലി സമാപന സമ്മേളനം പ. ബാവാ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

1970-73 കാലഘട്ടത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പൗരോഹിത്യത്തെ അന്ത്യോഖ്യർ ചോദ്യം ചെയ്തിരുന്നപ്പോൾ മാർത്തോമ്മായുടെ നാമത്തിൽ തന്നെ ദോഹയിൽ ദേവാലയം ആരംഭിച്ച സ്ഥാപകരുടെ ദീർഘവീക്ഷണത്തെ തിരുമേനി ശ്ലാഘിച്ചു. “ദി മലങ്കര സെന്റ് തോമസ് ഓർത്തഡോക്സ് പാരീഷ്” എന്നു പേരിട്ടതിനേയും അഭിനന്ദിച്ചു. സഭാമക്കൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ്രാർത്ഥനയ്ക്ക് കൂടുതൽ മുൻഗണന നൽകി ആത്മീയ മുന്നേറ്റം നടത്തണമെന്ന് തിരുമേനി ആഹ്വാനം ചെയ്തു. ഇടവക മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷനായിരുന്നു. പ്രായത്തിന് അവധി നൽകിക്കൊണ്ട് ഇവിടെയെത്തിയ പരിശുദ്ധ ബാവായ്ക്കു സഭയെ 21-ാം നൂറ്റാണ്ടിലേയ്ക്കു നയിക്കുന്നതിനാവശ്യമായ ആയുസും ആരോഗ്യവും നൽകുന്നതിനു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും സഭാസമാധാനത്തിനു വേണ്ടി പ. ബാവാ ചെയ്യുന്ന എല്ലാ ശ്രമങ്ങൾക്കും സഭയുടെ പിന്തുണയുണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജൂബിലി സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന ഖത്തറിലെ ഇന്ത്യൻ അംബാസഡർ ആർ. എൽ. നാരായൺ, പ. ബാവായുടെ മുഖകാന്തിയെ പ്രശംസിക്കുകയും ഇന്ത്യയിലെ മാമുനിമാരുടെ ഗണത്തിൽ പ. ബാവായെ ഗണിയ്ക്കാമെന്നു പറയുകയും ചെയ്തു. കേരളത്തിലെ ക്രൈസ്തവ പാരമ്പര്യം ഇന്ത്യൻ ചരിത്രത്തിന്റെ ഭാഗമാണെന്നു ചൂണ്ടിക്കാട്ടുകയും മാർത്തോമ്മാശ്ലീഹാ കൊളുത്തിയ സുവിശേഷ ദീപനാളം 2000 വർഷമായി പരിരക്ഷിച്ചുപോന്ന ഓർത്തഡോക്സ് സഭയെ അഭിനന്ദിക്കുകയും ചെയ്തു. ജൂബിലി സംബന്ധിച്ചു ജീവകാരുണ്യ പ്രവർത്തനത്തിലേയ്ക്ക് ശേഖരിച്ച അഞ്ചു ലക്ഷം രൂപാ ബാവാതിരുമേനിയെ ഏൽപിച്ചു.

പിറ്റേദിവസം ബാവാതിരുമേനി മാർ ഗ്രിഗോറിയോസ് ദേവാലയത്തിലേയ്ക്ക് പോയി. അവിടെ നൽകിയ സ്വീകരണത്തിൽ ഇന്ത്യൻ എംബ

സ്സിയിലെ ഒന്നാം സെക്രട്ടറി സിബി ജോർജ് മുഖ്യാതിഥിയായിരുന്നു. സ്വീകരണ സമ്മേളനത്തിൽ വച്ച് 25 വർഷം മുമ്പ് ദോഹയിൽ ഓർത്ത ഡോക്സ് ദേവാലയം സ്ഥാപിച്ച സ്ഥാപക പ്രവർത്തകരെ തിരുമേനി അഭിനന്ദിച്ചു.

ഏഴു വർഷത്തിനു മുമ്പ് ബാവാ ഇടവകയിലേയ്ക്കു വന്ന കാര്യം പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഈ ഇടവകയെ എന്നും ഓർക്കുവാനായി ഇവിടെനിന്ന് അന്നു നൽകിയ മാല സ്ഥിരമായി അണിയുന്ന വിവരം ഓർമ്മിപ്പിക്കുകയും കുരിശും മാലയും ഉയർത്തിക്കാട്ടിക്കൊണ്ട് "ഇതു നിങ്ങളുടെ സ്നേഹത്തിന്റെ പ്രതീകമാണ്" എന്നു പറയുകയും ചെയ്തു. 'നിങ്ങൾ ഇതു പൗരസ്ത്യ കാതോലിക്കായ്ക്കു നൽകിയ സമ്മാനമാണ്, M.G.O.P (Mar Gregorios Orthodox Parish) എന്ന് ആലേഖനം ചെയ്ത കുരിശും മാലയും പൗരസ്ത്യ കാതോലിക്കേറ്റ് ഉള്ളിടത്തോളം കാലം നിങ്ങളുടെ ഓർമ്മയ്ക്കായി നിലനിൽക്കും. ഇത്രയും പ്രായമായ തനിക്ക് ഇനിയും ഈ മനോഹരമായ ദേവാലയത്തിലേയ്ക്ക് കടന്നുവരുവാനും സ്നേഹമുള്ള നിങ്ങളെയൊക്കെ കാണുവാനും നിങ്ങളുടെ ഊഷ്മളമായ സ്നേഹവായ്പുകൾ അനുഭവിക്കുവാനും സർവ്വശക്തൻ അനുവദിക്കുമോ എന്നറിയില്ല" എന്നു ബാവാ വികാരനിർഭരമായ സ്വരത്തിൽ പറഞ്ഞപ്പോൾ സദസ്യർ കണ്ണുകൾ തുടയ്ക്കുന്നത് കണ്ടു.

അന്നു വൈകിട്ട് ബാവാ തിരുമേനിയുടെ ബഹുമാനാർത്ഥം പാഴ്സനേജിൽ നടത്തപ്പെട്ട സ്നേഹവിരുന്നിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥരും കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്.ഐ., യാക്കോബായ ഇടവകകളിലെ വികാരിമാരും മറ്റ് വിശിഷ്ടാതിഥികളും സംബന്ധിച്ചു.

കരിസ്മാറ്റിക് - ഉണർവ് പ്രാർത്ഥനകൾ

സഭയിൽ ചില വർഷങ്ങളായി കണ്ടുവരുന്ന കരിസ്മാറ്റിക് ഉണർവും പ്രാർത്ഥനയും സംബന്ധിച്ച് ബാവായും കോട്ടയം ഭദ്രാസനാധിപനും പുറപ്പെടുവിച്ച കല്പനകൾ ചുവടെ ചേർക്കുന്നു:

മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താമാരുടെയും ഇടവക വികാരിമാരുടെയും അറിവോ സമ്മതമോ അനുവാദമോ കൂടാതെ നടത്തപ്പെടുന്ന കരിസ്മാറ്റിക്-ഉണർവ് പ്രസ്ഥാനങ്ങളിൽ സംബന്ധിക്കുന്നതിൽ നിന്നു സഭാംഗങ്ങളെ കർശനമായി പ. കാതോലിക്കാബാവാ നിരോധിച്ചു.

മലങ്കരസഭയിലെ എല്ലാ പള്ളികൾക്കും അയച്ച 43/98-ാം നമ്പർ കൽപ്പനപ്രകാരമാണീ കാര്യം അറിയിച്ചിട്ടുള്ളത്.

ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്ക് സഭയുടെ കൂദാശാനു

ഷ്ഠാനങ്ങളിലോ ഔദ്യോഗികമായ ചുമതലകളിലോ പങ്കാളിത്തം ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് വികാരിമാരെ പ. കാതോലിക്കാബാവാ ചുമതലപ്പെടുത്തിയിട്ടുണ്ട്. കരിസ്മാറ്റിക് ഉണർവ് പ്രസ്ഥാനങ്ങളോട് സഭയുടെ സമീപനം എന്തായിരിക്കണമെന്ന് അറിയുവാൻ അനേകർ താൽപ്പര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ ഫെബ്രുവരി മാസം കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പ. കാതോലിക്കാബാവായെ ചുമതലപ്പെടുത്തിയതനുസരിച്ചാണ് ഈ കാര്യത്തിൽ സഭയുടെ ഔദ്യോഗിക നിലപാട് അറിയിക്കുന്നത്.

കർത്താവിൽ നമ്മുടെ വാത്സല്യ മക്കളേ, നമ്മുടെ സഭ പല പ്രതിസന്ധികളിൽ കൂടിയാണ് കടന്നുപോകുന്നതെങ്കിലും സഭാംഗങ്ങളിൽ വിശ്വാസ തീക്ഷ്ണതയും ആരാധനകളിലുള്ള ഭാഗഭാഗിത്വവും വർദ്ധിച്ചു വരുന്നതായി കാണുന്നതിൽ നാം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ചുരുക്കംപേരെങ്കിലും പാശ്ചാത്യ മാതൃകയിലുള്ള ഉണർവ്വ് പ്രസ്ഥാനങ്ങളിൽ ആകൃഷ്ടരായി നമ്മുടെ സഭയുടെ പ്രാർത്ഥനകളിലും കൂദാശാനുഷ്ഠാനങ്ങളിലും കൂടിയുള്ള ആത്മീയ വളർച്ചയെ തുച്ഛീകരിക്കുവാൻ ശ്രമിക്കുന്നതിൽ നാം ഖേദിക്കുന്നു. ഈ തരത്തിലുള്ള കരിസ്മാറ്റിക്-ഉണർവ് പ്രസ്ഥാനങ്ങളോട് നമ്മുടെ സമീപനം എന്തായിരിക്കണമെന്ന് അറിയുവാൻ അനേകർ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതിനാലും ഈ വിഷയത്തെ സംബന്ധിച്ച് ഫെബ്രുവരി മാസം കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനം ചെയ്ത് നമ്മെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാലും ഈ കാര്യത്തിൽ സഭയുടെ ഔദ്യോഗിക നിലപാട് നാം അറിയിക്കുന്നു.

പാശ്ചാത്യരീതിയിലുള്ള ഉണർവ് യോഗങ്ങളിൽ അനവധി അത്ഭുതങ്ങൾ നടക്കുന്നു എന്ന അവകാശവാദം അനേകരെ അങ്ങോട്ട് ആകർഷിക്കുന്നതായി അറിയുന്നു. നമ്മുടെ കർത്താവ് എന്തു പഠിപ്പിച്ചിരുന്നുവെന്ന് നാം മനസ്സിലാക്കണം. ദൈവരാജ്യ സ്ഥാപനങ്ങളിൽ അടയാളമായിട്ടാണ് നമ്മുടെ കർത്താവ് മനുഷ്യാവതാരകാലത്ത് സൗഖ്യദാനം തുടങ്ങിയ അത്ഭുതങ്ങൾ പ്രവർത്തിച്ചത്. അത്ഭുതപ്രവൃത്തികൾ മൂലം ആരെയും തന്നിലേക്ക് അടുപ്പിക്കുവാൻ കർത്താവ് ആഗ്രഹിച്ചില്ല. മാത്രമല്ല താൻ ചെയ്ത സൗഖ്യദായക ശുശ്രൂഷയിലെ അത്ഭുതങ്ങൾ ആരോടും പറയരുതെന്ന് കർശനമായി വിലക്കുകയും ചെയ്തിരുന്നു (മർക്കോ. 1:43–44, മത്തായി 8:4, മർക്കോ. 3:12, 5:43, 7:36, 8:30, 9:9). തന്നോടുകൂടെ ശുശ്രൂഷ ചെയ്യുവാൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തപ്പോൾ വ്യക്തിപരമായി ഒരു അടയാളവും നൽകി മശിഹാതമ്പുരാൻ അവരെ ആകർഷിച്ചില്ല, മറിച്ച് തന്നെത്തന്നെ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് തന്റെ പിന്നാലെ വരുവാൻ ആണ് കർത്താവ് കൽപ്പിച്ചത് (മത്തായി 16:24,

മർക്കോസ് 8:34, ലൂക്കോസ് 9:23). ക്രൂശ് വഹിക്കുന്നതിനുള്ള സന്നദ്ധത യാണ് യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിന്റെ വലിയ അടയാളം.

നമ്മുടെ ദൈനംദിന ജീവിതം തന്നെ ഒന്ന് പരിശോധിക്കുന്നുവെങ്കിൽ, നാം അർഹിക്കുന്നതിൽ കവിഞ്ഞ നന്മകൾ ദൈവത്തിൽ നിന്ന് നമുക്ക് ഏവർക്കും ലഭിക്കുന്നുണ്ടല്ലോ. അതിൽ കൂടുതലായ അടയാളങ്ങൾ അന്വേഷിക്കുന്നത് പരീശന്മാരാണെന്ന് വി. വേദപുസ്തകം സാക്ഷി ക്കുന്നു. മത്തായി 12:38-40, 16:1-4, മർക്കോസ് 8:11, ലൂക്കോസ് 11:29 എന്നീ വേദഭാഗങ്ങളിൽ അടയാളം അന്വേഷിച്ച പരീശന്മാരോട് നമ്മുടെ കർ ത്താവ് ഇപ്രകാരം കൽപ്പിച്ചതായി കാണുന്നു. "ദോഷവും വ്യഭിചാരവു മുള്ള തലമുറ അടയാളം അന്വേഷിക്കുന്നു. യോനാ പ്രവാചകന്റെ അട യാളമല്ലാതെ അതിന് അടയാളം ലഭിക്കുകയില്ല." ഈ ആശയം തന്നെ വി. യോഹന്നാൻ ശ്ലീഹായും സാക്ഷിക്കുന്നു. "ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും" (വി. യോഹ ന്നാൻ 12:32). ഇവിടെ അത്ഭുതങ്ങളല്ല കുരിശാണ് ക്രിസ്തുവിന്റെ അട യാളമെന്ന് താൻ നമ്മെ പഠിപ്പിക്കുന്നു.

കർത്താവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്ന് അവ കാശപ്പെട്ടവരോട് - നിന്റെ നാമത്തിൽ ഞങ്ങൾ പ്രവർത്തിക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അന്ന് ഞാൻ അവരോട്: അധർമ്മം പ്രവർത്തിക്കുന്നവരെ നിങ്ങൾ എന്നെ വിട്ടു പോകുവിൻ" എന്ന് കർത്താവ് കൽപ്പിക്കുന്നു (വി. മത്തായി 7:22-23). 70 അറിയിപ്പുകാർ മടങ്ങിവന്ന് തങ്ങൾ ചെയ്ത അത്ഭുതപ്രവൃത്തികളെക്കു റിച്ചു പറഞ്ഞപ്പോഴും, "ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങ ളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ" എന്ന് കർത്താവ് കൽപ്പിക്കുന്നു (ലൂക്കോസ് 10:20).

ഈ സത്യം നല്ലവണ്ണം ഗ്രഹിച്ച വ്യക്തിയായിരുന്നു വിശുദ്ധനായ പൗലോസ് ശ്ലീഹാ. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കാൻ ഇടവരരുത്" (ഗലാത്യർ 6:14) എന്നു ശക്തമായി അദ്ദേഹം ഉദ്ഘോഷിച്ചു. വി. പൗലോസ് അത്ഭുത ങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും തന്റെ പ്രശംസ മുഴുവനും ക്രൂശിലായി രുന്നു. "യഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" എന്ന് 1 കോരി 1:22-ൽ നാം വായിക്കുന്നു. ക്രൂശ് വഹി ക്കാനുള്ള സന്നദ്ധതയിലല്ലാതെ മറ്റ് യാതൊരുവിധ പ്രകടനാത്മകത യിലും വി. വേദപുസ്തകം ഊന്നൽ നൽകിയില്ല. പുരാതനമായ നമ്മുടെ സഭയിൽ ഈ പാരമ്പര്യമാണ് പിൻതുടരുന്നത്. ദിനംതോറും പ്രാർത്ഥ

നയിലും നോമ്പിലും ഉപവാസത്തിലും കൗദാശികാനുഭവങ്ങളിലും കൂടി ദൈവിക സ്വഭാവത്തിലും തേജസ്സിലും വളരുമ്പോൾ പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ദൈവകൃപ സ്വാഭാവികമായി നമുക്കു ലഭിക്കും. കാനാവിലെ കല്യാണത്തിന് നമ്മുടെ കർത്താവ് സന്നിഹിതനായിരുന്നതുകൊണ്ടാണല്ലോ വീഞ്ഞ് പോരാതെ വന്ന സാഹചര്യത്തിൽ അവർക്ക് സഹായം ലഭിച്ചത്. പ്രയാസഘട്ടങ്ങളിലാണ് ദൈവത്തെ വിളിക്കുവാൻ മനുഷ്യൻ കൂടുതൽ പ്രേരിതരാകുന്നതെങ്കിലും ശരിയായ ആത്മീയത ആ വിധത്തിലല്ല നാം വളർത്തിയെടുക്കേണ്ടത്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ നിരന്തരമായി അനുഭവിച്ചുകൊണ്ട് സമൃദ്ധിയായ ജീവനിൽ വളരുന്നതാണ് നമ്മുടെ ശരിയായ ആത്മീയത (യോഹ. 6:53-58, 10:10). ഇപ്രകാരം നമ്മുടെ കഷ്ടതകൾ ദൈവം തരുന്ന വരദാനങ്ങളാണെന്നും വിശ്വാസ സ്ഥിരതയിൽ കൂടി ഭാഗ്യവാനാകുന്നതിനുള്ള ദൈവിക മുഖാന്തിരങ്ങളാണ് അവയെന്നും മനസ്സിലാക്കുന്നതിന് നമുക്ക് സാധിക്കണം (റോമ. 5:3, യാക്കോ. 1:2, 12).

ഭൗതികസമൃദ്ധിയിലേക്ക് പെട്ടെന്ന് വളർന്നവരിൽ ഉണ്ടാകുന്ന ശൂന്യതാബോധവും കുടുംബബന്ധങ്ങളിൽ വന്നിട്ടുള്ള താളപ്പിഴകളും ആധിയും ഉത്കണ്ഠയും വളർത്തിയെടുത്തിട്ടുണ്ടെന്ന് നാം മനസ്സിലാക്കുന്നു. അതിൽനിന്ന് അത്ഭുതകരമായ ഒരു വിടുതൽ ആരും ആഗ്രഹിച്ചുപോകും. എന്നാൽ കഷ്ടപ്പാടുകൾ പല കാരണങ്ങളാലാകാം ഉണ്ടാകുന്നത്. ചിലത് നമ്മുടെ സൂക്ഷ്മതക്കുറവു കൊണ്ടാകാം. അല്ലെങ്കിൽ നമ്മുടെ തിന്മയുടെ ഫലമായിട്ടാകാം. വേറെ ചിലത് നമ്മെ ശുദ്ധീകരിക്കാനുമാകാം. മറ്റു ചിലത് സ്വാർത്ഥത വെടിഞ്ഞ് യേശുക്രിസ്തുവിന്റെ ക്രൂശിനോട് താദാത്മ്യപ്പെട്ട് മറ്റുള്ളവർക്ക് കൂടുതൽ നന്മ ചെയ്യുവാൻ നമുക്ക് പ്രേരണ നൽകുന്നതിനാവാം (കൊലോ. 1:24, എഫേ. 3:13). ഇവിടെ നമ്മുടെ കഷ്ടതകളിൽ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ശാന്തമായി ചിന്തിച്ച് അതനുസരിച്ച് ജീവിതശൈലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ക്രിസ്തുവിനോട് കൂടുതൽ അടുക്കുവാനുള്ള സന്ദർഭമാക്കുകയാണ് വേണ്ടത്. ചില വൈകാരികതലത്തിൽ ലഭിക്കുന്ന ഇളക്കം ഒരു മറുമരുന്നായി പലരും കണക്കാക്കാറുണ്ട്. എന്നാൽ നൈമിഷികമായ ഈ അനുഭവം ആത്മീയതയുടെ ആകെത്തുകയാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

അതുപോലെ തന്നെ പ്രവചനവും ദൈവദൂത് പറയുവാനുള്ള വരവും സ്വയം അവകാശപ്പെടുന്ന ചിലരും ചിലയിടങ്ങളിൽ കാണപ്പെടുന്നുണ്ട്. ഇക്കൂട്ടരിൽ ചിലർ സഭയ്ക്കുള്ളിൽ മറ്റൊരു സഭയെന്നു തോന്നത്തക്ക രീതിയിൽ സംഘടനകളുണ്ടാക്കുന്നതായും അവരുടെ പ്രമുഖ നേതാക്കളെ ദൈവമായി കണക്കാക്കി ആരാധിക്കുന്നതായും നാം അറിയുന്നു.

ഇത് എത്രയോ ലജ്ജാകരം. പ. ത്രിത്വമൊഴികെ നമുക്ക് ദൈവമില്ല. സഭയിലെ പരിശുദ്ധരായ ആത്മീയ പിതാക്കന്മാരല്ലാതെ നേതാക്കന്മാരാരുമില്ല. ദൈവിക വെളിപാടുകൾ നേരിട്ട് ലഭിച്ചവർ പോലും സഭയുടെ അനുമതിയോടുകൂടി ശുശ്രൂഷ നടത്തിയെന്നാണ് വേദപുസ്തകം സാക്ഷിക്കുന്നത്. ദമസ്ക്കോസിന്റെ പടിവാതിൽക്കൽ വച്ച് നമ്മുടെ കർത്താവ് ശൗലിന് പ്രത്യക്ഷപ്പെട്ടുവെങ്കിലും പരിശുദ്ധാത്മ നൽവരത്തിനുള്ള കൈവെപ്പിനായി അനന്യാസിന്റെ അടുക്കൽ പോയതായി നാം വായിക്കുന്നു (അപ്പോ. 9:17). ബർന്നബാസിനെയും പൗലോസിനെയും സുവിശേഷ വേലയ്ക്ക് അയച്ചതും സഭ തന്നെ (അപ്പോ. 13:23). "ഞങ്ങൾ കൽപ്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽ നിന്ന് പുറപ്പെട്ട് നിങ്ങളുടെ വാക്കുകളാൽ ഭ്രമിച്ചു'' എന്ന് അപ്പസ്തോലപ്രവൃത്തികൾ 15-ാം അദ്ധ്യായം 24-ാം വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സ്വയം നൽവരങ്ങൾ അവകാശപ്പെടുന്നവരെക്കുറിച്ചായിരിക്കണം. പരിശുദ്ധനായ പരുമല തിരുമേനിയെപ്പോലെയുള്ള വിശുദ്ധന്മാരിൽ കൂടി അനേകം അത്ഭുതങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവരാരും യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടില്ല. അത്ഭുതരോഗശാന്തി അവകാശപ്പെട്ടുകൊണ്ട് പത്രങ്ങളിലും മറ്റ് മാധ്യമങ്ങളിലും നൽകുന്ന പരസ്യങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തിനും ഉപദേശത്തിനും വിരുദ്ധമാണ്.

ഉപരിപ്ലവമായ ആത്മീയതയുടെ മുഖംമൂടി ധരിച്ച് മറ്റു ലക്ഷ്യങ്ങൾക്കുവേണ്ടി നടത്തുന്ന ഉണർവ്വുപ്രസ്ഥാനങ്ങളെ തിരിച്ചറിയുവാൻ സഭാംഗങ്ങൾ ജാഗരൂകരായിരിക്കണം. ആത്മീയതയുടെ മാർഗ്ഗങ്ങൾ താൽക്കാലിക നേട്ടങ്ങളെ ലക്ഷ്യംവെച്ചു കൊണ്ടുള്ളവയല്ല, നേരേ മറിച്ച് നമ്മെ ദൈവീകരിക്കാൻ ഉപകരിക്കുന്നവയാണ്. ക്രൂശ് വഹിക്കുന്നതിനുള്ള സന്നദ്ധതയാണ് ആത്മീയതയുടെ ഉൾകാമ്പ്. ആയതിനാൽ നമ്മുടെ സഭയിലെ ഭദ്രാസന മെത്രാപ്പോലീത്താമാരുടെയും ഇടവക വികാരിമാരുടെയും അറിവോ സമ്മതമോ അനുവാദമോ കൂടാതെ നടത്തപ്പെടുന്ന പ്രാർത്ഥനായോഗങ്ങളിലും കൂട്ടായ്മകളിലും സംബന്ധിക്കുന്നതിൽ നിന്ന് നാം നിങ്ങളെ കർശനമായി നിരോധിച്ചിരിക്കുന്നു. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്ക് സഭയുടെ കൂദാശാനുഷ്ഠാനങ്ങളിലോ ഔദ്യോഗികമായ ചുമതലകളിലോ ഭാഗഭാഗിത്വം ഉണ്ടായിരിക്കുന്നതല്ല. ഈ കാര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് വികാരിമാരെ നാം ചുമതലപ്പെടുത്തുന്നു.

സ്നേഹത്തിന്റെ അപ്പസ്തോലനായ വി. യോഹന്നാൻ ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ അരുളിച്ചെയ്യുന്നത് കേൾപ്പിൻ. ഈ വിശ്വാസം, അഥവാ കർത്താവിന്റെ തിരുശരീരമാകുന്ന പ. സഭയുടെ വിശ്വാസം കൊണ്ടുവരാത്തവരെ ഭവനത്തിൽ കയററരുത്. അങ്ങനെയുള്ളവരുമായി

കുശലപ്രശ്നം പോലും നടത്തരുത് (2 യോഹ. 8:11). വി. പൗലോസ് ശ്ലീഹായും എത്ര കർശനമായി ഈ കാര്യങ്ങളെക്കുറിച്ച് നിഷ്കർഷിച്ചിരിക്കുന്നു എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. പ. സഭയുടെ വിശ്വാസത്തെ ലംഘിച്ച് ഇളക്കി പഠിപ്പിക്കുന്നത് ദൈവത്തിന്റെ ദൂതനായാലും അവൻ ശപിക്കപ്പെട്ടവൻ. ആകയാൽ സഭാവിശ്വാസത്തിൽ വളരുവിൻ, ഉയരുവിൻ. ആരും വ്യതിചലിച്ചു പോകരുത്. അതാണ് നമ്മുടെ ആഗ്രഹം.

വാത്സല്യമക്കളെ, നമ്മുടെ ഇടവകകളിലെ ആത്മീയ വളർച്ചയ്ക്കു വേണ്ടി ബോധപൂർവ്വമായ ഒരു ശ്രമം ഇത്തരുണത്തിൽ നമുക്ക് ആവശ്യമായിരിക്കുന്നു. സഭയുടെ പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ള കുടുംബപ്രാർത്ഥന സന്ധ്യയ്ക്കും പ്രഭാതത്തിലും നിർബന്ധമായും എല്ലാ കുടുംബങ്ങളിലും നടത്തിയിരിക്കണം. വേദപുസ്തകം ദിനംപ്രതി വായിച്ചു പഠിക്കുന്നതിൽ നിങ്ങൾ ശുഷ്കാന്തിയുള്ളവരാകണം. ഇടവകയുടെ ആഭിമുഖ്യത്തിൽ ആഴ്ചതോറും ബൈബിൾ ക്ലാസ്സുകൾ നടത്തണം. ഇടവകകളെ വാർഡുകളായി തിരിച്ച് എല്ലാ വാർഡുകളിലും ഒരാഴ്ചയിൽ ഒരു ദിവസം വീതം പ്രാർത്ഥനായോഗം ക്രമീകരിച്ചു നടത്തണം. ഇടവകാംഗങ്ങൾ ക്രമമായി നോമ്പനുഷ്ഠിക്കുകയും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം. സാമ്പത്തിക പ്രതിസന്ധി, മദ്യപാനം, അഹങ്കാരം, രോഗം മുതലായവകൊണ്ട് പ്രശ്നങ്ങളുള്ള കുടുംബങ്ങൾ ഇടവക വികാരിമാർ ഒറ്റയായും സുവിശേഷ സംഘങ്ങൾ കൂട്ടമായും പതിവായി സന്ദർശിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തി കുടുംബങ്ങളിൽ ശാശ്വത സമാധാനം കണ്ടെത്തുവാനുള്ള നടപടി കൈക്കൊള്ളണം. മശിഹായുടെ മണവാട്ടിയായ സഭ സ്വർഗ്ഗീയ ഭാഗ്യങ്ങൾ നിറഞ്ഞ പറുദീസയ്ക്കു സദൃശ്യമായി വളരുവാൻ നമുക്ക് പ്രാർത്ഥിക്കാം. സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് 'സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവിഷ്ടം ചെയ്യുന്നവനാണ്. മറ്റ് എന്തിനേക്കാളും ജീവിതമാണ് സർവ്വപ്രധാനം. ഇത് നാം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആകയാൽ ക്രൈസ്തവജീവിതം നയിക്കുവാൻ ശ്രമിക്കുക. അപ്രകാരം സ്വർഗ്ഗരാജ്യത്തിന് അവകാശികളാകൂ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

വാഴൂർ പള്ളി കൂദാശ

ദേവാലയങ്ങൾ പണിതുയർത്തുന്നതിലല്ല അതിന്റെ പവിത്രത കാത്തുസൂക്ഷിക്കുന്നതാണ് പ്രധാനമെന്ന് പ. കാതോലിക്കാബാവാ അഭിപ്രായപ്പെട്ടു. യറുശലേം ദേവാലയം പണിയുവാൻ ദാവീദ് രാജാവ് ആഗ്രഹിച്ചെങ്കിലും ദൈവം അനുവദിച്ചില്ല. പകരം അദ്ദേഹത്തിന്റെ മകനായ ശലോ

മോനാണ് ആ ഭാഗ്യം ലഭിച്ചത്. അതുപോലെ ദേവാലയം പണിയുക എന്നത് ദൈവനിയോഗമാണ്. അത് പണിയുന്നതിന് മനസ്സും, ശരീരവും, ആത്മാവും ഒരുക്കമുള്ളതായിരിക്കണം - പ. ബാവാ ഓർമ്മിപ്പിച്ചു. പുതുക്കിപ്പണിത വാഴൂർ പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ചേർന്ന പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു പ. ബാവാ. വാഴൂർ പള്ളിയുടെ പുതിയ ദേവാലയത്തിൽ സ്നേഹവും, സൗഹൃദവും, മതസൗഹാർദ്ദവും വിളയട്ടെ എന്ന് ബാവാ ഓർമ്മിപ്പിച്ചു.

വാഴൂർ വാഴ്വിന്റെ ഊരാണെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് അഭിപ്രായപ്പെട്ടു. ജനകോടികൾ ഭക്ത്യാദരവോടെ വീക്ഷിക്കുന്ന ത്രിവേണി സംഗമത്തെ സൂചിപ്പിക്കുന്ന രീതിയിൽ പ്രധാനപ്പെട്ട മൂന്ന് റോഡുകളുടെ സംഗമസ്ഥാനത്ത് പ്രൗഢഗാംഭീര്യത്തോടെ ഉയർന്നു നിൽക്കുന്ന വാഴൂർ പള്ളി മലമേൽ ശോഭിക്കുന്ന വിളക്കുപോലെ ശോഭിക്കട്ടെ എന്ന് നിയുക്ത ബാവാ ആശംസിച്ചു.

ചെറിയമഠത്തിലെ വലിയ യാക്കോബ് കത്തനാർ കോട്ടയം ഭദ്രാസനത്തിൽ അനേകം ദേവാലയങ്ങൾ സ്ഥാപിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു താപസശ്രേഷ്ഠനായിരുന്നുവെന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് അഭിപ്രായപ്പെട്ടു.

അമ്പതുലക്ഷം രൂപ ചിലവാക്കി പണിത വാഴൂർ പള്ളിയുടെ കൂദാശയും പെരുന്നാളും 1998 ഡിസംബർ 25 മുതൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

കാഞ്ഞിരമറ്റത്തു കയ്പു തന്നെ

കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ കുർബ്ബാന അർപ്പിക്കാനെത്തിയ ഓർത്തഡോക്സ് വിഭാഗത്തെ, പാത്രിയർക്കീസ് വിഭാഗം തടസ്സപ്പെടുത്തി.

മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായാണ് കാഞ്ഞിരമറ്റം പള്ളി വികാരി. അദ്ദേഹത്തിന് അസുഖമായതിനെത്തുടർന്ന് ആറാഴ്ചത്തേക്ക് കുർബ്ബാന അർപ്പിക്കുവാൻ ഫാ. തോമസ് വർഗ്ഗീസിനെ ഇടവക മെത്രാപ്പോലീത്താ സഖറിയാ മാർ അന്തോണിയോസ് താൽക്കാലിക കൽപന മൂലം ചുമതലപ്പെടുത്തി.

നവംബർ 15-ന് ഫാ. തോമസ് വർഗ്ഗീസ് കുർബ്ബാന അർപ്പിക്കുവാൻ എത്തിയപ്പോൾ പാത്രിയർക്കീസ് വിഭാഗം അതു തടഞ്ഞു. ശുശ്രൂഷക്കാരെയും ഓർത്തഡോക്സ് വിശ്വാസികളെയും അവർ ഭീഷണിപ്പെടുത്തി ഓടിച്ചു. പള്ളിയിൽ പ്രവേശിക്കുവാനും ആരാധന നടത്തുവാനും ആവശ്യമായ പോലീസ് സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിഭാഗം കോടതിയെ സമീപിച്ചു.

മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പായ്ക്കു പകരം ഇടവക മെത്രാപ്പോലീത്തായുടെ കൽപ്പനയനുസരിച്ച് ഫാ. തോമസ് വർഗ്ഗീസിന് കുർബ്ബാന അർപ്പിക്കാനാവുന്നതാണെന്ന് എറണാകുളം ഒന്നാംക്ലാസ് അഡീഷനൽ ജില്ലാ മജിസ്ട്രേറ്റ് കോടതി വിധിച്ചു. അതിനുവേണ്ട സംരക്ഷണം നൽകുവാൻ മൂവാറ്റുപുഴ ഡിവൈ.എസ്.പി. യ്ക്കും മറ്റു ബന്ധപ്പെട്ടവർക്കും കോടതി നിർദ്ദേശം നൽകി.

അതിനെത്തുടർന്ന് പാത്രിയർക്കീസ് വിഭാഗം കയറിയിറങ്ങി ആളുകളെ ഭീഷണിപ്പെടുത്തുകയും ആരും പള്ളിപ്പരിസരത്തു വരികപോലും ചെയ്യരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ശുശ്രൂഷക്കാരെ തെരഞ്ഞുപിടിച്ച് പ്രത്യേക ഭീഷണി മുഴക്കുകയും പള്ളിയിൽ കയറരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഡിസംബർ 13-ാം തീയതി ഫാ. തോമസ് വർഗീസ്, മാത്യു പുളിമൂട്ടിൽ കോർഎപ്പിസ്കോപ്പാ തുടങ്ങിയവർ പള്ളിയിൽ എത്തി. നേരത്തേതന്നെ വൻ പോലീസ് സന്നാഹവും എത്തിയിരുന്നു.

ഓർത്തഡോക്സ് വിശ്വാസികളെ പാത്രിയർക്കീസുകാർ വീട്ടുപടിയ്ക്കൽവച്ചുതന്നെ തടഞ്ഞിരുന്നതിനാൽ അവർക്ക് പള്ളിയിൽ എത്തുവാൻ കഴിഞ്ഞില്ല. നേരത്തേ പള്ളിയിൽ കയറിക്കൂടിയ വളരെ കുറച്ച് ആളുകൾ മാത്രമേ പള്ളിയിൽ ഉണ്ടായിരുന്നുള്ളു.

എട്ടരയ്ക്കു വി. കുർബ്ബാന തുടങ്ങുമെന്ന് ഉറപ്പായപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിലെ ഫാ. ജോൺ ചാത്തോത്ത് കുർബ്ബാന തടയുമെന്ന് ആർത്തട്ടഹസിച്ചുകൊണ്ട് പള്ളിയിലേക്ക് ഓടിക്കയറി. "സത്യവിശ്വാസികൾ" അദ്ദേഹത്തെ ഒരു പള്ളിമുറിയിൽ ഇട്ടു പൂട്ടി.

കുടിയേറ്റ ജൂബിലി

മീനങ്ങാടി പള്ളിയിലെ കുടിയേറ്റ ജൂബിലി സമ്മേളനത്തിലും തിരക്കുപിടിച്ച പരിപാടികൾക്കിടയിൽ പ. കാതോലിക്കാബാവാ പങ്കെടുത്തു.

അര നൂറ്റാണ്ടിന്റെ ആരാധനാ ചരിത്രം അയവിറക്കി മീനങ്ങാടി സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിൽ കുടിയേറ്റത്തിന്റെ ജൂബിലിയും പള്ളികൂദാശയും നടന്നു. ഇടവകയിലെ മുഴുവനാളുകളുടെയും ശ്രമഫലമായി സുവർണ ജൂബിലി വർഷത്തിൽ 25 ലക്ഷത്തിലേറെ രൂപ ചെലവിൽ നിർമിച്ച പള്ളിയുടെ കൂദാശ നടത്തി. ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ പരിശുദ്ധ മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് എന്നിവരെ കൽപറ്റയിൽ നിന്ന് നൂറുകണക്കിനു വാഹനങ്ങളുടെ അകമ്പടിയോടെയാണ് മീനങ്ങാടിയിലേക്ക് എതിരേറ്റത്.

മതം പഠിപ്പിക്കുന്നത് സ്നേഹമാണെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ഉദ്ബോധിപ്പിച്ചു. ആരാധനയും അനുഷ്ഠാനവും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകുമ്പോഴാണ് അസമാധാനവും നാശവും സംഭവിക്കുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നവൻ സഹജീവികളെ സ്നേഹിക്കുന്നു. നന്നായി പ്രാർത്ഥിക്കുന്നവൻ ആനന്ദം അനുഭവിക്കുന്നു. ഉൾപ്രേരണയും ദൈവ വിശ്വാസവും ഉണ്ടാവുമ്പോഴാണ് ദേവാലയം ഉണ്ടാവുന്നത്. മനസിനെ ശുദ്ധവും ശക്തവും ആക്കാനുള്ള അന്തരീക്ഷം ദേവാലയം പ്രദാനം ചെയ്യുന്നു. നിയുക്ത കാതോലിക്കാ തോമസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു.

മതസൗഹാർദ സമ്മേളനം

നിലയ്ക്കൽ സെന്റ് തോമസ് ചർച്ച് ആൻഡ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 1998 ജൂൺ 6-നു ശനിയാഴ്ച സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ മതസൗഹാർദ സമ്മേളനം നടന്നു. “സർവധനമ സമഭാവ” എന്നതായിരുന്നു വിഷയം. വേദപാരായണത്തോടെ ആരംഭിച്ച സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. ജോസഫ് മാർ പൗവത്തിൽ അദ്ധ്യക്ഷത വഹിച്ചു. തൃശൂർ ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമി തത്വമയാനന്ദ, സ്വാമി സൂക്ഷ്മാനന്ദ, ഇമാം അൽ ഹാജ് ഹുസൈൻ മൗലാന, എ. സെയ്ദ് മുഹമ്മദ് ബീരാൻ, അഡ്വ. പി. ആർ. രാജഗോപാൽ, കുര്യാക്കോസ് മാർ കുന്നശേരി, ഏബ്രഹാം ഇട്ടിച്ചെറിയ എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ കത്തോലിക്കാ, ഓർത്തഡോക്സ്, മാർത്തോമ്മാ, യാക്കോബായ സി.എസ്.ഐ. സഭകളുടെ സംയുക്ത പ്രവർത്തനവേദിയായ സെന്റ് തോമസ് ചർച്ച് ആൻഡ് എക്യുമെനിക്കൽ സെന്റർ ട്രസ്റ്റ് മതസൗഹാർദ സമ്മേളനത്തിനു വേദിയൊരുക്കുന്നത് രണ്ടാം തവണയാണ്.

രാഷ്ട്രീയ, സാമുദായിക രംഗത്ത് നിസ്വാർത്ഥ സേവനം നടത്തുന്നവർ ഇന്നു നാമാവശേഷമായെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ അഭിപ്രായപ്പെട്ടു. ക്രിസ്ത്യൻ അവാർഡ് ഫൗണ്ടേഷന്റെ ധിഷണ അവാർഡ് പ്രമുഖ സാമൂഹിക പ്രവർത്തകനും പ്രഭാഷകനുമായ കെ. ടി. ഇടിക്കുളയ്ക്കു സമ്മാനിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്ര പുരോഗതിക്കു നിസ്വാർത്ഥ സേവനം നടത്തുന്ന ജനതയാണ് ആവശ്യം. സ്വാർത്ഥത വെടിഞ്ഞ രാഷ്ട്രസേവകർ രാജ്യത്തിന്റെ അഭിമാനമാണെന്ന് അദ്ദേഹം

പറഞ്ഞു. ഡോ. കെ. എം. തരകൻ അദ്ധ്യക്ഷത വഹിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബുപോൾ, പോൾ മണലിൽ, മാടവന ബാലകൃഷ്ണപിള്ള, അഡ്വ. ജോസഫ് ജോൺ, പ്രൊഫ. എം. കെ. ചെറിയാൻ കൊഴുവല്ലൂർ, റവ. ഡോ. മാത്യു വൈദ്യൻ, തോമസ് നീലാർമഠം, ജോളി അടിമത്തറ, ജോസ് കുര്യൻ പുളിയേരിൽ, ഫാ. ജോൺ തോമസ്, സന്തോഷ് മാങ്ങാനം, കെ. ടി. ഇടിക്കുള എന്നിവർ പ്രസംഗിച്ചു.

85-ാം ജന്മദിനം

കാതോലിക്കാബാവായുടെ 85-ാം ജന്മദിനം പ്രമാണിച്ച് കഴിഞ്ഞ ജനുവരി 30-ന് സഭയുടെ ഒരു പ്രമുഖ കേന്ദ്രമായ തിരുവല്ല എം.ജി.എം. ഹൈസ്ക്കൂളിൽ ഒരു വമ്പിച്ച അനുമോദന സമ്മേളനം നടത്തപ്പെട്ടു. പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്ത അന്നത്തെ ലോക്സഭാ ഡപ്യൂട്ടി സ്പീക്കർ പി. എം. സഈദ് ചെയ്ത പ്രസംഗത്തിൽ മതഭ്രാന്ത് ഉയർത്തുന്ന വെല്ലുവിളി നേരിടാൻ മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും വക്താക്കളായി രാജ്യത്തെ സാമുദായിക നേതാക്കൾ പ്രവർത്തിക്കണമെന്നു പ്രസ്താവിച്ചു.

ബാവായെപ്പോലുള്ള നേതാക്കൾ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും വക്താക്കളായി രംഗത്തു വരണമെന്നും സഈദ് അഭ്യർത്ഥിച്ചു. നീതിയുടെയും സത്യത്തിന്റെയും ഭാഗത്തു നിന്നു പ്രവർത്തിച്ച പാരമ്പര്യമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ളത്. തോമസ് അപ്പോസ്തോലന്റെ പിന്തുടർച്ചയുള്ള സഭ സ്വാതന്ത്ര്യസമരത്തിലും രാജ്യനിർമ്മിതിയിലും നിർണായക പങ്കു വഹിച്ചെന്നും സഈദ് പറഞ്ഞു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഓതറയിലെ ദയറായിൽനിന്നു തുടങ്ങിയ സമർപ്പിത ജീവിതത്തിനുടമയായ ബാവാ സഭാഐക്യ പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവാണെന്നു മെത്രാപ്പോലീത്താ പറഞ്ഞു.

ആർച്ച്ബിഷപ് മാർ ജോസഫ് പൗവത്തിൽ ചെയ്ത പ്രഭാഷണത്തിൽ സഭാഐക്യത്തിലെ പ്രഭാപൂരമാണ് ബാവായെന്നു പറഞ്ഞു. സുവനീർ പ്രകാശനവും പൗവത്തിൽ നിർവഹിച്ചു.

ശതാഭിഷേക വിവാഹസഹായ ധനവിതരണം ബിഷപ് സാം മാത്യു നിർവഹിച്ചു. നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, ഗീവർഗീസ് മാർ തീമോത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പി. ജെ. കുര്യൻ, ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ., മാമ്മൻ മത്തായി എം.എൽ.എ., സഭാ സെക്രട്ടറി എ. കെ. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. സാമുവൽ ചന്ദനപ്പള്ളി രചിച്ച പരിശുദ്ധ ബാവാ

യുടെ ജീവചരിത്രം സഭാ അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാമിനു നൽകി പി. എം. സഈദ് പ്രകാശനം ചെയ്തു.

സിറിയൻ ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ സക്കറിയാസ് മാർ നിക്കോളാസ് ആശംസകൾ അറിയിച്ചു.

മദ്യവിരുദ്ധ ഉപവാസം

1999 മാർച്ച് ഒമ്പതിനു കോട്ടയത്തു നടന്ന മത-സഭാ മേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ പ. കാതോലിക്കാബാവായും ഉപവസിച്ചുകൊണ്ട് കേരളത്തിലെ മദ്യനിരോധന പ്രവർത്തനങ്ങൾക്കു നവജീവൻ പകർന്നു. സമ്മേളനത്തിന്റെ ചുരുങ്ങിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മദ്യവിപത്തിനും സർക്കാരിന്റെ മദ്യനയത്തിനുമെതിരെ ക്രിസ്തുരാജ കത്തീഡ്രൽ അങ്കണത്തിൽ മതമേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ നടന്ന ഉപവാസത്തിൽ ജാതിമതഭേദമെന്യേ ഒത്തുകൂടിയ മദ്യവിരുദ്ധ പ്രവർത്തകർ സഹനസമരത്തിന്റെ പുതിയ അധ്യായം കുറിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിലായിരുന്നു സമരം.

മദ്യത്തിനെതിരെയുള്ള ഗാനങ്ങളും മതസൗഹാർദ്ദത്തിന്റെ പുത്തൻ മാതൃകയൊരുക്കിയ പ്രാർത്ഥനകളും പള്ളിയങ്കണത്തിൽ നിറഞ്ഞൊഴുകി. ഭഗവത് ഗീത, ബൈബിൾ, ഖുർ-ആൻ എന്നിവയിൽ നിന്നെടുത്ത വചനങ്ങൾ ഉപവാസ പന്തലിനെ ധന്യമാക്കി. 9.30-ന് ആരംഭിച്ച ഉപവാസം മൂന്നിന് അവസാനിച്ചു.

കത്തീഡ്രൽ അങ്കണത്തിൽ ആയിരങ്ങളെ സാക്ഷിനിർത്തി മാർത്തോമ്മാസഭയുടെ ഒഫിഷേറ്റിങ്ങ് മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സമരം ഉദ്ഘാടനം ചെയ്തു. മദ്യവിമുക്തമായ പുത്തൻ നൂറ്റാണ്ടു പിറക്കാൻ നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഡിസ്റ്റിലറികളുടെ എണ്ണം വർദ്ധിപ്പിച്ച് കേരളത്തെ മദ്യത്തിൽ ആറാടിക്കാനുള്ള സർക്കാർ നീക്കം അനുവദിക്കില്ല. മദ്യവിപത്തിൽ നിന്നു രാജ്യത്തെയും മനുഷ്യനെയും രക്ഷിക്കാനുള്ള ശ്രമമാണ് ഉപവാസമെന്ന് അദ്ദേഹം പറഞ്ഞു. മദ്യംകൊണ്ട് അബ്കാരിയും സർക്കാരും മാത്രമെ പണക്കാരാകുന്നുള്ളു. അധ്വാനിക്കുന്നവന്റെ പണംകൊണ്ട് അബ്കാരി സമ്പന്നനാവുന്ന വ്യവസ്ഥിതി മാറണം. മദ്യം നിരോധിച്ചാൽ നിരവധി പേർക്കു തൊഴിൽ നഷ്ടപ്പെടുമെന്നാണ് സർക്കാർ വാദിക്കുന്നത്. ഇതു കേട്ടാൽ തോന്നുക എല്ലാവർക്കും തൊഴിലുണ്ടെന്നാണ് - അദ്ദേഹം പറഞ്ഞു.

മദ്യനിരോധനം നയമല്ലെങ്കിലും മദ്യത്തെ പ്രോത്സാഹിപ്പിക്കില്ലെന്നു പറഞ്ഞ സർക്കാർ ഇപ്പോൾ പുതിയ അബ്കാരി നയത്തിലൂടെ വിരുദ്ധ

നയം സ്വീകരിച്ചിരിക്കുകയാണെന്ന് പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ചൂണ്ടിക്കാട്ടി. വഞ്ച നാപരമായ ഈ നിലപാടിനെതിരെ സമരമല്ലാതെ മറ്റു മാർഗ്ഗമില്ല. ഉപ വാസസമരം തുടക്കം മാത്രമാണ്. മദ്യനയത്തിനെതിരെ പ്രതികരിക്കാൻ എല്ലാ സംഘടനകളും രംഗത്തിറങ്ങണമെന്ന് ബാവാ പറഞ്ഞു.

കാതോലിക്കാബാവാ, ബിഷപ്പുമാരായ മാർ കുര്യാക്കോസ് കുന്ന ശേരി, വിൻസെന്റ് സാമുവൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ഡോ. സാം മാത്യു, ഡോ. പീറ്റർ തുരുത്തിക്കോണം, ഗീവർഗീസ് മാർ അത്താ നാസിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ്, മോൺ. മാത്യു വെള്ളാ നിക്കൽ, മോൺ. മാത്യു ഏറത്തേടം, ഫാ. ജോൺ ചേത്തലിൽ, ഫാ. വർഗീസ് മുഴുത്തേറ്റ്, പി. സി. യോഹന്നാൻ റമ്പാൻ, ഇമാം മുഹമ്മദ് നദീർ മൗലവി, സ്വാമി ശുഭാംഗാനന്ദ, ജയപ്രകാശ് നാരായണൻ, ഫാ. തോമസ് തൈത്തോട്ടം, സന്ദീപ് ചൈതന്യ, ഫാ. ജോൺ എർണ്യാകുള ത്തിൽ, മോഡി പി. ജോർജ് പത്തിയൂർ, ഫാ. ജേക്കബ് പോൾ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഇ. ആർ. വിജയൻ, എം.എൽ.എ. മാരായ കെ. എം. മാണി, ഉമ്മൻചാണ്ടി, കെ. സി. ജോസഫ്, തോമസ് ചാഴികാടൻ എന്നിവർ നേതൃത്വം നൽകി.

തിരുവനന്തപുരത്ത് മദ്യലേലം തടയാനെത്തിയ വൈദികരും കന്യാ സ്ത്രീകളും ഉൾപ്പെട്ട സത്യഗ്രഹസംഘത്തെ പോലീസ് മർദ്ദിച്ചതിൽ യോഗം പ്രതിഷേധിച്ചു. മദ്യവിരുദ്ധ സമരങ്ങളെ മർദ്ദിച്ചൊതുക്കാനാണു തീരുമാനമെങ്കിൽ മദ്യശാലകൾ തുറക്കാൻ അനുവദിക്കില്ലെന്നു മുന്നറി യിപ്പു നൽകി.

തിരുവനന്തപുരത്തു മദ്യവിരുദ്ധ പ്രവർത്തകർക്കു നേരെയുണ്ടായ അക്രമം മുൻകൂട്ടി തയാറാക്കിയതാണെന്ന് നെയ്യാറ്റിൻകര ബിഷപ് വിൻ സന്റ് സാമുവൽ അഭിപ്രായപ്പെട്ടു. മദ്യവിരുദ്ധ പ്രവർത്തകരെ മർദിച്ചൊ തുക്കാനാണ് സർക്കാരിന്റെ തീരുമാനമെങ്കിൽ അതു മാറ്റേണ്ടി വരും. ഈ അവസ്ഥ തുടർന്നാൽ തിരുവനന്തപുരം ജില്ലയിലെ കള്ളുഷാപ്പുക ളൊന്നും തുറക്കാൻ അനുവദിക്കില്ല.

സമൂഹത്തിന്റെ സംസ്കാരം തന്നെ മദ്യം നശിപ്പിക്കുന്നുവെന്നറി ഞ്ഞിട്ടും സർക്കാർ അതിനെ പ്രോത്സാഹിപ്പിക്കുന്നതു നിന്ദ്യമാണ്. സംസ്കാര സമ്പന്നമായ കേരളത്തിൽ മദ്യനിരോധനം ആവശ്യമാണ്. എന്തു പീഡനം സഹിച്ചും അതിനായി പോരാടുമെന്നു ബിഷപ് പറഞ്ഞു.

സമാപന പ്രാർത്ഥനയ്ക്ക് ഇമാം മുഹമ്മദ് നദീർ മൗലവി നേതൃത്വം നൽകി. ജോഷ്വാ മാർ ഇഗ്നാത്തിയോസിൽ നിന്നു നാരങ്ങാനീര് വാങ്ങി ക്കുടിച്ചാണ് മതമേലദ്ധ്യക്ഷന്മാർ ഉപവാസം അവസാനിപ്പിച്ചത്. തുടർന്നു മാർ കുര്യാക്കോസ് കുന്നശേരി സമാപന സന്ദേശം നൽകി.

അറിഞ്ഞോ അറിയാതെയോ മദ്യവിപത്തിലകപ്പെട്ട നാടിനു പുതിയ സംസ്കാരവും കാഴ്ചപ്പാടും ജീവിതരീതിയും ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മദ്യത്തിനു മാന്യത നൽകുന്ന നാടായി നാം അധഃപതിച്ചിരിക്കുന്നു. കുടുംബത്തിലെ വിശേഷങ്ങൾക്കു മദ്യം വിളമ്പുന്ന പതിവ് അവസാനിപ്പിച്ചാൽ മദ്യ സംസ്കാരത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷപെടാം. മദ്യത്തിനു മാന്യത കൽപ്പിക്കുന്ന രീതി മാറണം. മനം മാറ്റത്തിന്റെ സൂചനയായി മാറിയ ഉപവാസസമരം മദ്യത്തിനെതിരെയുള്ള വിമോചന സമരത്തിന്റെ തുടക്കമാവട്ടെയെന്നു മാർ കുന്നശേരി പറഞ്ഞു.

മൂറോൻ കൂദാശ

പത്തു വർഷം മുമ്പ് കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 1999 മാർച്ച് 26-നു (നാൽപതാം വെള്ളിയാഴ്ച) ദേവലോകം അരമന ചാപ്പലിൽ തന്റെ ആദ്യത്തെ മൂറോൻ കൂദാശ അതർഹിക്കുന്ന തികഞ്ഞ പരിശുദ്ധിയോടുകൂടി നടത്തി. പതിനായിരത്തോളം സഭാംഗങ്ങൾ ഈ സുദീർഘമായ ആധ്യാത്മിക ശുശ്രൂഷയിൽ പങ്കെടുത്തു. ഒമ്പതു മണിക്കൂർ നീണ്ട ശുശ്രൂഷ ആരാധനയുടെ മകുടമായ വി. കുർബ്ബാനയോടും ബാവായുടെ അതിശ്രദ്ധേയമായ പ്രഭാഷണത്തോടുംകൂടിയാണ് തീർന്നത്. 140 ലിറ്റർ തൈലം ശുദ്ധതയുടെ ശുദ്ധസ്ഥലത്തെ ത്രോണോസിൽ നിക്ഷേപിച്ചു. തുടർന്നു ചടങ്ങുകൾ സമാപിച്ചു. ദൈവസാന്നിദ്ധ്യവും ആത്മീയ പരിമളവും നിറഞ്ഞുനിന്ന ശുശ്രൂഷയിലുടനീളം പ. ബാവായിൽ പ്രായത്തിന്റെയോ ഉപവാസത്തിന്റെയോ ക്ഷീണമൊന്നും ദർശിക്കാനായില്ല. അദ്ദേഹത്തിന്റെ മുഖാരവിന്ദം ടി.വി. യിലും വർദ്ധിത ശോഭയോടെ തുടിച്ചു നിന്ന കാഴ്ച അവിസ്മരണീയം തന്നെ. മുഖകാന്തികൊണ്ടു ചന്ദ്രസാഹോദര്യം വഹിച്ച് അഖണ്ഡ സൗന്ദര്യസാരസർവ്വസ്വമായിത്തീർന്ന ബാവായെ കണ്ടപ്പോൾ താബോർ മലയിലെ ഉപമിക്കാനാവാത്ത ആത്മീയ പ്രകാശപ്രളയമാണ് മനസിൽ ആന്ദോളനം ചെയ്തത്. സഭയുടെ ആസ്ഥാനത്തു നടത്തപ്പെട്ട രണ്ടാമത്തെ മൂറോൻ കൂദാശയിൽ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസും സഭയിലെ മെത്രാപ്പോലീത്താമാരും സഹകാർമ്മികരായിരുന്നു.

നേട്ടങ്ങൾ കോട്ടങ്ങൾ

ആറാം കാതോലിക്കായുടെ ഭരണം നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കാലഘട്ടമായിരുന്നു. സമുദായസൗഹാർദ്ദം, സാമൂഹ്യപ്രശ്നങ്ങളിൽ ഇതര സഭകളുമായുള്ള സഹകരണം എന്നീ രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ സാധിച്ചു. എതിർ ചേരിയിൽ നിന്ന ഏതാനും മെത്രാന്മാരുടെ സഹകരണം ആർജ്ജിക്കുന്നതിനും

അവരെ സ്വാഗതം ചെയ്യുന്നതിനും സാധിച്ചതും ഒരു നേട്ടമാണ്. അത്യാധുനിക രീതിയിലുള്ള പരുമലപള്ളി നിർമ്മാണം, കോട്ടയം വൈദിക സെമിനാരിയുടെ വമ്പിച്ച വളർച്ച, നാഗ്പൂർ സെമിനാരിയുടെ ആരംഭം, ഭിലായ് എൻജിനീയറിംഗ് കോളജ് എന്നിവ ബാവായുടെ കാലത്തെ നേട്ടങ്ങളിൽ പെടുന്നു. പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജിന്റെ സമർത്ഥമായ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്ന കോട്ടയം സെമിനാരിയുടെ വൈസ് പ്രിൻസിപ്പലായി പ്രശസ്ത ദൈവശാസ്ത്രജ്ഞനും പണ്ഡിതനുമായ റവ. ഡോ. ജേക്കബ് കുര്യൻ നിയമിക്കപ്പെട്ടു. സെമിനാരിയുടെ വികസനത്തിനു വേണ്ടി ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഗൾഫ് രാജ്യങ്ങളിൽ നടത്തിയ ധനശേഖരണം മൂലം അര ക്കോടിയിലധികം രൂപ ലഭിച്ചു എന്നതു എടുത്തു പറയേണ്ട കാര്യമാണ്.

ഈ വർഷം നടന്ന സെമിനാരി കോൺവൊക്കേഷനിൽ റോൾഫ് കോഫെ (ജർമ്മനി) ചെയ്ത പ്രസംഗം ചുവടെ ചേർക്കുന്നു:

വേദശാസ്ത്രജ്ഞൻ ദൈവത്തെ സ്തുതിക്കുകയും മനുഷ്യന്റെ ദുഃഖം അകറ്റുകയും ചെയ്യണമെന്ന് ജർമ്മൻ സഭകളുടെ എക്യുമെനിക്കൽ വിഭാഗം തലവൻ ബിഷപ്പ് ഡോ. റോൾഫ് കോഫെ ഓർത്തഡോക്സ് സെമിനാരിയിൽ ഈ വർഷം നടന്ന ബിരുദദാന ചടങ്ങിൽ പ്രസ്താവിച്ചു.

വേദശാസ്ത്രത്തിന്റെ ലക്ഷ്യവും സംഭാവനയും ദൈവസ്തുതിയും മനുഷ്യ ശുശ്രൂഷയും ഭംഗിയായി നിർവ്വഹിക്കുകയാണ്. അതിനുള്ള അഭ്യസനമാണ് വേദശാസ്ത്ര വിദ്യാലയങ്ങളിൽ നടക്കേണ്ടത്.

ഓരോ തലമുറയും ദൈവത്തിങ്കലേക്ക് തിരിയുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും വേണം. സഭാ ഭിന്നതകളോ രാഷ്ട്രീയ ഇടപെടലുകളോ ക്രൈസ്തവ ദൗത്യനിർവഹണത്തിന് വിഘാതം സൃഷ്ടിക്കരുത്.

ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്ന 'ഭൂമിയിൽ സ്വർഗ്ഗം' എന്ന ആശയം വളരെ മഹത്വമുള്ളതാണ്. വലതുവശത്തു സ്വർഗ്ഗരാജ്യം ഇടതുവശത്ത് നീതിനിഷ്ഠമായ ജനായത്ത ഭരണ സംവിധാനവും വളർന്നു വരണം. സഭാചരിത്രത്തിൽ പലപ്പോഴും ഇതു രണ്ടും കൂട്ടികുഴച്ചതിനാൽ വേണ്ടത്ര പ്രാധാന്യം രണ്ടിനും ലഭിച്ചില്ല.

രാഷ്ട്രീയ ഭരണകൂടവും വിശ്വാസവും തമ്മിൽ ആരോഗ്യകരമായ ബന്ധം പാലിക്കണം. രണ്ടും പരസ്പരം ദുർബലപ്പെടുത്തരുത്. 'ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളത് കൈസർക്കും' കൊടുക്കുവാനാണ് കർത്താവ് ആവശ്യപ്പെട്ടത് - അദ്ദേഹം പറഞ്ഞു. ദൈവത്തിന്റെ വിളികേട്ട് അനുസരിക്കുവാൻ, ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പ. കാതോലിക്കാബാവാ ആഹ്വാനം ചെയ്തു. ദൈവത്തോടു ചേർന്ന് മഹത്തായ

കാര്യങ്ങൾ ചെയ്യുവാനാണ് ദൈവം വൈദികരെ വിളിച്ചിരിക്കുന്നത് പ. ബാവാ പറഞ്ഞു.

സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം എന്നിവയും പുരോഗതിയുടെ പാതയിൽ തന്നെ. സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ടി. ജെ. ജോഷ്വായുടെ നേതൃത്വം സംഘടനയ്ക്കു നവജീവൻ പകർന്നിരിക്കുന്നു. പ്രധാനമായും സഭയുടെ വിവിധ സേവന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന കാതോലിക്കാ ദിനപ്പിരിവ് 60 ലക്ഷം രൂപയിൽ കവിഞ്ഞു എന്നതും അഭിമാനകരമായ മറ്റൊരു നേട്ടമാണ്. ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വളർച്ചയും സാമ്പത്തിക സ്വയംപര്യാപ്തതയും ആധുനികകാലത്തെ അഭിമാനകരമായ ഒരു വിജയകഥയാണ്. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെയും മുൻ ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിന്റെയും സഹപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധമായ സേവനങ്ങൾക്കു പ. ബാവാ അങ്ങേയറ്റത്തെ പ്രോത്സാഹനമാണ് നൽകിയത്. സമർത്ഥരായ വിദ്യാർത്ഥികളുടെ മാർഗ്ഗനിർദ്ദേശ ക്യാമ്പുകളിൽ ബാവായുടെ സാന്നിധ്യം എന്നും ഉണ്ടായിരുന്നു. പുതിയ ജനറൽ സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ പണ്ഡിതനും സന്യാസിയും അനുഭവസമ്പന്നനുമായ ഒരു പ്രധാന വിദ്യാർത്ഥി നേതാവാകയാൽ സംഘടനയുടെ ഭാവിയെപ്പറ്റി ആർക്കും ആശങ്കയ്ക്ക് അവകാശമില്ല.

സുൽത്താൻബത്തേരി ഭദ്രാസനാസ്ഥാനമന്ദിരം ബാവാ 1999 ജൂൺ രണ്ടാം തീയതി കൂദാശ ചെയ്തശേഷം ഉദ്ഘാടനം ചെയ്തു.

സഭാ ഭരണരംഗത്തെ കെട്ടുറപ്പ് അഭികാമ്യമായ നിലയിൽ ആയിരുന്നില്ല. കാര്യക്ഷമമായ ഭദ്രാസന ഭരണ സംവിധാനങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മിക നിലവാരവും ലക്ഷ്യത്തിൽ നിന്നു വളരെ അകലെയാണു സ്ഥിതി ചെയ്യുന്നത്. മെത്രാപ്പോലീത്താമാരിൽ ചിലരെയെങ്കിലും നിലയ്ക്കു നിറുത്താനോ ആജ്ഞാശക്തി പ്രയോഗിച്ചു സുന്നഹദോസിനോ, സുന്നഹദോസ് അദ്ധ്യക്ഷനോ നേർപാതയിൽ ചരിപ്പിക്കാനോ സാധിച്ചില്ലെന്നുള്ള വിമർശനം അസ്ഥാനത്തല്ല. അമേരിക്കൻ ഭദ്രാസന ഭരണപ്രശ്നങ്ങൾ സഭയ്ക്കോ ഭദ്രാസനത്തിനോ സഭാതലവനോ ഭദ്രാസനത്തിൽ ഇരു ചേരികളായി നിന്ന് വഴക്കടിച്ചുകൊണ്ടിരിക്കുന്ന മെത്രാന്മാർക്കോ ഒട്ടും ഭൂഷണമല്ല. തിരുവനന്തപുരം, കണ്ടനാട്, കുന്നംകുളം പ്രശ്നങ്ങൾ ആരുടെ കുറ്റം കൊണ്ടാണെങ്കിലും ഇതിനകം പരിഹരിക്കാൻ സാധിക്കാഞ്ഞതിന്റെ ഉത്തരവാദിത്വം ഗണ്യമായും സഭാധ്യക്ഷനിൽ അല്ലാതെ മറ്റാരിലുമല്ല സ്ഥിതിചെയ്യുന്നത്. സഭയുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനുംവേണ്ടി കേസു നടത്തുന്നതിനോടൊപ്പം സഭയിലെ ആഭ്യന്തരപ്രശ്നങ്ങളും അപ്പോഴപ്പോൾ പരിഹരിക്കേണ്ടതായി

രുന്നു. യഥാർത്ഥത്തിൽ തിരുവനന്തപുരം ഇടവക നിർമ്മിച്ച ബസ്സേലിയോസ് മന്ദിരത്തിന്റെ വാടക കേന്ദ്രം ആവശ്യപ്പെടാതെ അവർ തന്നെ എടുക്കാൻ അനുവദിക്കുക; പ്രശ്നം തീരും.

സഭാധ്യക്ഷൻ മിക്ക ദിവസങ്ങളിലും പല പരിപാടികൾ മൂലം ആസ്ഥാനത്ത് ഇല്ലാതിരിക്കുന്ന അവസ്ഥ സഭാഭരണത്തിന്റെ കാര്യക്ഷമതയ്ക്കു ദോഷം ചെയ്യും. പലപ്പോഴും നിയുക്ത കാതോലിക്കായും ആസ്ഥാനത്തു കാണുകയില്ല. വൈദികർക്കു നിറവേറ്റാനാവുന്ന കർമ്മങ്ങൾ കൂടുതൽ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന അത്യുന്നതസ്ഥാനി പ്രായത്തെയും ആരോഗ്യത്തെയും അവഗണിച്ച് നടത്താൻ ഓടിനടക്കുന്നത് ഒട്ടും ഭൂഷണമല്ല. കാതോലിക്കായ്ക്കു മലങ്കരസഭയിൽ മാർപാപ്പായുടെ സ്ഥാനമാണുള്ളതെന്ന് അഞ്ചാം കാതോലിക്കാ പ്രസ്താവിച്ചിരുന്നു. മാർപാപ്പാ ഏതെങ്കിലും വിവാഹ കൂദാശയ്ക്കോ വീടുകൂദാശയ്ക്കോ, മാമ്മോദീസായ്ക്കോ, ചരമ വാർഷിക കുർബ്ബാനയ്ക്കോ കാന്റീൻ ഉദ്ഘാടന വേളയിലെ അനുഗ്രഹ പ്രഭാഷണത്തിനോ പോകുന്നുണ്ടോ എന്ന ചോദ്യം സ്വാഭാവികമായി ഉയരും. മാർപാപ്പാ ദൈവദത്തമായ ഉന്നതസ്ഥാനത്തിനും പദവിക്കും നിരക്കാത്ത യാതൊരു പരിപാടിയിലും പങ്കെടുക്കാറില്ല. ചില സഭാംഗങ്ങളുടെ പ്രതാപ പ്രകടനങ്ങൾക്കു സഭാധ്യക്ഷൻ ഒരു പകരണമായി മാറിക്കൂടാ. പ്രസിദ്ധമായ മലങ്കരസഭയ്ക്ക് അതിനു യോജിച്ച ഒരു ഭരണക്രമവും സെക്രട്ടറിയേറ്റും കെട്ടിപ്പടുക്കാൻ ഈ നൂറ്റാണ്ടിലും സാധിച്ചില്ല എന്നുള്ളത് ഒരു വലിയ കുറവാണ്. നോമ്പിൽ വിവാഹം അനുവദിക്കുകയില്ലെന്നു കല്പന ഇറക്കുകയും അതോടൊപ്പം അനുവദിക്കുകയും ചെയ്യുന്ന രീതി കല്പനയുടെ വിലയില്ലാതാക്കുകയാണ്. ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളെന്നു ബോധ്യപ്പെട്ടാൽ വിവാഹം അനുവദിച്ചു കൊടുക്കുന്നതാവും കൂടുതൽ അഭികാമ്യം.

ഇടവകകൾ ഭരിക്കേണ്ട ഇടയന്മാരായ ചില മെത്രാന്മാർ സഭയുടെ ആസ്ഥാനത്തു വന്നു സ്കൂൾ-കോളജ് അധ്യാപകരെ ഇന്റർവ്യൂ ചെയ്ത് അവരിൽ നിന്നു വൻ തുകകൾ കോഴ വാങ്ങുന്നതും ജീവിതലക്ഷ്യം നേടി എന്നു ചിന്തിക്കുന്നതും ആ പണം ഉപയോഗിച്ചു പുതിയ വിദ്യാലയങ്ങൾ സമ്പാദിക്കുന്നതും ക്രിസ്തുവിന്റെ സുവിശേഷം, സഭയുടെ ദൗത്യം എന്നിവയുമായി യാതൊരു ബന്ധവുമുള്ള കാര്യങ്ങളല്ല. കൈക്കൂലി കൊടുത്തു ജോലി നേടുന്ന അധ്യാപകർക്കു സഭയോടും വിദ്യാലയത്തോടും കുട്ടികളോടും പ്രതിബദ്ധത ഉണ്ടാവില്ല. അർഹിക്കുന്നവർക്കു കിട്ടേണ്ട ജോലി പലപ്പോഴും കൂടുതൽ പണം സംഘടിപ്പിക്കുന്നവർക്കു ലഭിക്കുന്നു എന്ന കാര്യവും നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. ഇക്കാര്യങ്ങളിൽ സുദൃഢമായ നിലപാടെടുക്കേണ്ടതും സഭാദ്ധ്യക്ഷനാണ്. അതുണ്ടാവുന്നില്ല. സുവിശേഷ സേവന പ്രവർത്തനങ്ങളെയും

ആധ്യാത്മിക കാര്യങ്ങളെയും വേണ്ടവിധം പോഷിപ്പിക്കാൻ ശ്രദ്ധിക്കാതെ സാമ്പത്തികരംഗത്ത് മുഖ്യമായും ശ്രദ്ധ ചെലുത്തുകയും ആഗോളാടിസ്ഥാനത്തിൽ പണം പിരിച്ചു സ്ഥാപനങ്ങളും കെട്ടിടങ്ങളും പടുത്തുയർത്തുകയും ചെയ്യുന്ന പ്രവണത സഭയുടെ യഥാർത്ഥ വളർച്ചയെ മുരടിപ്പിക്കുന്നതായി ചൂണ്ടിക്കാട്ടാൻ സാധിക്കും. സുവിശേഷ പ്രവർത്തനത്തിനു പ്രാമുഖ്യം കൽപിച്ചാൽ വലിയ സ്ഥാപനങ്ങൾക്കു പ്രസക്തിയില്ല.

കോടതിയുടെ തടസ്സം ഇല്ലാതിരുന്നിട്ടും മലങ്കര അസ്സോസിയേഷൻ യഥാസമയം വിളിച്ചുകൂട്ടാൻ കഴിയാതെ വന്നതിനാൽ ഏതാനും ഭദ്രാസനങ്ങളിൽ അധികാരമുള്ള മെത്രാന്മാരെ നിയോഗിക്കാൻ കഴിഞ്ഞില്ല. കാലം ചെയ്ത മെത്രാന്മാരുടെ ഭദ്രാസനങ്ങൾ ഭരണഘടനയനുസരിച്ചു മലങ്കര മെത്രാപ്പോലീത്താ ഏറ്റെടുത്തിട്ടുണ്ടെന്നല്ലാതെ ശരിയായ ഭരണം നടക്കുന്നില്ലെന്നുള്ളതാണു വസ്തുത. പ്രായാധിക്യം മൂലം ഭരണം നടത്താൻ കഴിവില്ലാത്തവർക്കു സഹായ മെത്രാന്മാരെ നിയോഗിക്കാനോ പുതിയ മെത്രാന്മാരെയോ കഴിവുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയോ തെരഞ്ഞെടുക്കാനോ സാധിക്കുന്നില്ല.

സഭയുടെ വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നിവ ഒരു വിധത്തിൽ പറഞ്ഞാൽ അലങ്കാര സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. മാനേജിംഗ് കമ്മിറ്റിയിൽപെട്ട ഒരു വിഭാഗം മദ്യപിക്കുന്നവരും സഭയുടെ ചരിത്രം, വിശ്വാസം, കേസിൽ സഭയുടെ നിലപാട് മുതലായ കാര്യങ്ങളിൽ വേണ്ടത്ര വിവരം ഇല്ലാത്തവരുമാണ്. മറ്റു പരിഗണനകൾ വച്ചു മാനേജിംഗ് കമ്മിറ്റിയിലേക്കു അയോഗ്യരായ ചിലരും നോമിനേറ്റു ചെയ്യപ്പെടുന്നു. തന്നിമിത്തം പ്രഗത്ഭരും സഭാകേസരികളും ആയിരുന്നവർ വിഹരിച്ച സ്ഥലം കുറുനരികളുടെ കുഴിമാടങ്ങളായി മാറിയിട്ടുണ്ടെന്ന വിമർശനം നിഷേധിക്കാനാവില്ല. മലങ്കരസഭയ്ക്കു ശോഭനമായ ഭാവി ഉണ്ടോ എന്നു ചോദിച്ചാൽ സഭ മുന്നോട്ടു പോകുന്നു എന്നല്ലാതെ ശരിയായ ഉത്തരം കണ്ടുപിടിക്കാൻ ഇന്നു പ്രയാസമാണ്.

1998 ഏപ്രിൽ മുതൽ 1999 ജൂൺ വരെ

കഴിഞ്ഞ 15 മാസം, രാഷ്ട്രത്തിനെന്നപോലെ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയ്ക്കും വളരെ നിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു. കാറ്റും കോളും നിറഞ്ഞ സാഗരത്തിലൂടെ സഞ്ചരിക്കുന്ന ഒരു കപ്പലിനെ ദൃഢനിശ്ചയത്തോടും ലക്ഷ്യബോധത്തോടും നയിക്കുന്ന സമർത്ഥനായ ഒരു കപ്പിത്താനെപ്പോലെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സഭാനൗകയെ നയിച്ചു എന്നു പറയുമ്പോൾ അദ്ദേഹത്തിനു നോട്ടപ്പിശകൊന്നും ഉണ്ടായില്ല എന്നർത്ഥമില്ല. സഭാ സമാധാനശ്രമം സംബന്ധിച്ച പ്രതിസന്ധികൾ, യഥാസമയം

മലങ്കര അസോസിയേഷൻ നടത്താതിരുന്നത്, സുപ്രീംകോടതിയിലെ കേസിന്റെ അനിശ്ചിതമായ ഗതി, കടമറ്റം, കോലഞ്ചേരി, കട്ടച്ചിറ പള്ളി പ്രശ്നങ്ങൾ, വൈദിക മർദ്ദനം, വടക്കൻപ്രദേശത്തെ നിലയ്ക്കാത്ത പള്ളി ക്കേസുകൾ, മൂവാറ്റുപുഴ അരമനയ്ക്കു നേരെ പാതിരാത്രിയിൽ ഉണ്ടായ കിരാതമായ കടന്നാക്രമണങ്ങൾ, പാത്രിയർക്കീസ് വിഭാഗത്തിന്റെ വ്യാജ പ്രസ്താവന പ്രളയം, കുന്നംകുളം ഭദ്രാസനത്തിലെ അക്രൈസ്തവ പ്രവ ണതകൾ, കണ്ടനാട് ഭദ്രാസനത്തിലെ മെത്രാന്മാരുടെ പരസ്പര സഹ കരണരാഹിത്യം, മലങ്കരസഭ അറിയാതെ ഒരു മെത്രാനെ വാഴിച്ചുകൊ ണ്ടുള്ള പാത്രിയർക്കീസ് ബാവായുടെ അനധികൃത കൈകടത്തൽ, നിയ മവിരുദ്ധ പള്ളി പ്രതിപുരുഷയോഗം കൂടി പുതിയ ഭാരവാഹികളെ തെര ഞ്ഞെടുക്കാനുള്ള വിരുദ്ധ ഗ്രൂപ്പിന്റെ നീക്കം, ക്രൈസ്തവ മതപീഡനം എന്നിവ എല്ലാം കഴിഞ്ഞ ഒരു വർഷത്തെ സഭാചരിത്രത്തിലെ കരിപു രണ്ട അധ്യായത്തിലെ ഖണ്ഡികകളാണ്. ഇവ സംബന്ധിച്ച വിശദവിവ രങ്ങൾ സഭയ്ക്കോ സഭാംഗങ്ങൾക്കോ ഒട്ടും ഭൂഷണമല്ലാത്തതിനാൽ വിട്ടു കളയുകയാണ്. എന്നാൽ ഈ കറുത്ത അധ്യായങ്ങൾ യഥാർത്ഥ വെളി ച്ചത്തിലേക്കു നയിക്കുവാൻ സഹായമാകുമെന്നുള്ള അഭിപ്രായത്തിന് അടിസ്ഥാനമില്ലെന്നു പറയാനും സാധ്യമല്ല.

ഈ കാർമേഘങ്ങൾക്കിടയിലും സഭാചക്രവാളത്തിൽ വെള്ളിരേഖ കൾ കാണാൻ കഴിഞ്ഞു എന്നത് സഭയെ സംബന്ധിച്ചിടത്തോളം ശുഭ കരമാണ്. വിഘടിത മെത്രാന്മാർ സ്റ്റാറ്റസ്കോയുടെ ആനുകൂല്യം ലഭി ക്കാൻ സഭാഭരണഘടന അംഗീകരിച്ചു എന്നു കോടതികളെ അറിയി ച്ചതും മുൻ പാത്രിയർക്കീസ് ഭാഗത്തെ വളരെയധികം കഴിവും യോഗ്യ തകളുമുള്ള മൂന്നു മെത്രാന്മാർ ഭരണഘടനയോട് വിധേയത്വം പരസ്യ മായി പ്രഖ്യാപിച്ചുകൊണ്ട് കാതോലിക്കേറ്റിന്റെ കൊടിക്കീഴിൽ വന്നതും സമാധാനത്തിനും അനുരഞ്ജനത്തിനും വേണ്ടിയുള്ള പ. കാതോലിക്കാ ബാവായുടെ നിലയ്ക്കാത്ത ആഹ്വാനങ്ങളും പ്രവർത്തനങ്ങളും നിയമ സമാധാന പ്രശ്നങ്ങൾ സർക്കാരിന്റെ ഉന്നതകേന്ദ്രങ്ങളിൽ വേണ്ടവിധം എത്തിക്കുന്നതിനു നടത്തിയ നിവേദനം, വിരുദ്ധ വിഭാഗത്തിനു വീര്യം പകർന്നുവന്ന ഒരു മെത്രാപ്പോലീത്തായുടെ അകാല തിരോധാനം, മൂറോൻ കൂദാശ, 1999 മെയ് മാസം ആദ്യം സുപ്രീംകോടതി ചില സുപ്ര ധാന പ്രശ്നങ്ങളിൽ അവസാന തീർപ്പു കല്പിച്ചത്. പള്ളി പ്രതിപുരുഷ യോഗം കൂടാനുള്ള വിഘടിത വിഭാഗത്തിന്റെ നീക്കങ്ങളെ തടഞ്ഞുകൊ ണ്ടുള്ള കോടതി ഉത്തരവ്, പാത്രിയർക്കീസിന്റെ കല്പന എന്നിവ ഐക്യ വിരോധികളുടെ ആത്മവീര്യത്തിന്റെയും എതിർപ്പിന്റെയും അടിത്തറ തകർത്തു.

കഴിഞ്ഞ വർഷത്തെ സുപ്രധാന സംഭവങ്ങളിൽ ആദ്യത്തേത് 1998

മാർച്ച് 29-നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടത്തപ്പെട്ട കാതോലിക്കാ ദിനാഘോഷമായിരുന്നു. ആ വമ്പിച്ച സമ്മേളനത്തിൽ പ. കാതോലിക്കാബാവാ ചെയ്ത പ്രസംഗം സഭയുടെ സമാധാനം സംബന്ധിച്ച അന്യൂനവും അസനിഗ്ദ്ധവുമായ നിലപാട് ഒരിക്കൽ കൂടി വ്യക്തമാക്കുന്നതായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിച്ച കോട്ടയം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ "മലങ്കരസഭയിലെ കാതോലിക്കാമാർ" എന്ന ഞാൻ രചിച്ച ജീവചരിത്ര പ്രധാനമായ സഭാചരിത്രം പ. കാതോലിക്കാബാവായ്ക്ക് ആദ്യകോപ്പി നൽകി പ്രകാശനം ചെയ്തു. സഭാചരിത്ര സംബന്ധമായി ഇതുവരെ രചിച്ചിട്ടുള്ളതിൽ വച്ചേറ്റവും കമനീയവും കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും വളരെ മെച്ചപ്പെട്ടതുമായ ഈ പുസ്തകത്തിൽ അതീവ സന്തുഷ്ടനായ ബാവാതിരുമേനി എന്നെ വേദിയിലേക്കു ക്ഷണിച്ചുകൊണ്ട് യോഗ ഭാരവാഹികൾ ബാവായെ നേരത്തെ അണിയിച്ച പൂമാല എടുത്ത് എന്റെ കഴുത്തിൽ ചാർത്തിയ നിമിഷം ജീവിതത്തിൽ അവിസ്മരണീയമായി എന്നും അവശേഷിക്കുമെന്നുള്ളതിനു രണ്ടു പക്ഷമില്ല.

പ്രസ്തുത യോഗത്തെപ്പറ്റി 30-3-98-ലെ മാതൃഭൂമിയിൽ വന്ന നല്ല റിപ്പോർട്ടാണ് ഞാനുദ്ധരിക്കുന്നത്. മറ്റു ചില പത്രങ്ങളുടെ ഏതാനും കോപ്പികളിൽ മാത്രമേ ഈ റിപ്പോർട്ട് കാണാൻ കഴിഞ്ഞുള്ളു. പത്രങ്ങൾ ചേർക്കാത്തതു മൂലം വായിക്കാത്തവർക്കുവേണ്ടി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മലങ്കരസഭാ ഭരണഘടനപ്രകാരം ഐക്യത്തിനു തയ്യാറാകണം – കാതോലിക്കാബാവാ

മലങ്കരസഭാ ഭരണഘടനപ്രകാരം ഐക്യത്തിനു തയ്യാറാകണമെന്നു ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ പ്രസ്താവിച്ചു. കാതോലിക്കാ ദിനാഘോഷത്തോടനുബന്ധിച്ചു ഞായറാഴ്ച കോട്ടയം മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ കോട്ടയം, കോട്ടയം-സെൻട്രൽ ഭദ്രാസനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കാതോലിക്കാബാവാ.

മലങ്കരസഭാ ഭരണഘടനയെപ്പറ്റി ബോധവാന്മാരായി ഓരോരുത്തരും മാറുകയാണ് വേണ്ടത്. നിങ്ങൾ സഹോദരന്മാരാകുന്നു എന്ന് പത്രോസ് ശ്ലീഹാ, അന്ത്രയോസ് ശ്ലീഹാ, മാർത്തോമ്മാ ശ്ലീഹാ തുടങ്ങിയവരെപ്പറ്റി യേശുക്രിസ്തു പറഞ്ഞത് മനസ്സിലാക്കി ഒന്നിപ്പിന്റെയും സഹിഷ്ണുതയുടെയും പാത പിന്തുടരണമെന്ന് ബാവാ അഭ്യർത്ഥിച്ചു. 'ക്രിസ്ത്യാനിറ്റി'യിൽ നിന്നും 'ചർച്ച്യാനിറ്റി'യിലേക്കുള്ള ഇന്നത്തെ പോക്ക് ക്രിസ്തുമതത്തിന്റെ തന്നെ വിശ്വാസങ്ങളെ പ്രതികൂലമായി ബാധിക്കും. ഇതു വേദപുസ്തകം വിസ്മരിച്ചുകൊണ്ടുള്ള പോക്കാണ്.

പത്രോസ് ശ്ലീഹായ്ക്കു സിംഹാസനമുണ്ടെങ്കിൽ തോമ്മാ ശ്ലീഹായ്ക്കും സിംഹാസനമുണ്ട്. അതില്ലെന്നു പറയുന്നതു സഹിക്കാവുന്നതിലും മേലെയാണ്. 'ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' വെന്നു പറഞ്ഞ യേശുക്രിസ്തുവിനെ ധിക്കരിക്കലാവുമത്.

പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് എല്ലാ ബഹുമാനങ്ങളും നൽകാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ സ്വർഗ്ഗപിതാവിന്റെ ആജ്ഞാനുസരണം ചരിക്കുന്ന മലങ്കര സുറിയാനി സഭയ്ക്ക് സഭാഭരണകാര്യങ്ങളിൽ ഭരണഘടനയുടെ തീരുമാനങ്ങളാണു വലുത് – ബാവാ പറഞ്ഞു. "ഒരുമിച്ചു മുമ്പോട്ടു പോകാം. ആരും ഒന്നും ചെയ്യില്ല. എന്റെ കാലശേഷം സമാധാനമുണ്ടാക്കാമെന്നും വിചാരം വേണ്ട. അവസാന വിജയം നമ്മുടെ സഭയുടേതായിരിക്കും. കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ. മലങ്കര ഓർത്തഡോക്സ് സഭ വിജയത്തിലേക്കു മുന്നേറട്ടെ" – ബാവാ പറഞ്ഞു നിർത്തി. വിശ്വാസികൾ അത് ഏറ്റുചൊല്ലി.

വിദേശസന്ദർശനങ്ങൾ

പ. മാത്യൂസ് ദ്വിതീയൻ ബാവാ അമേരിക്കാ, കാനഡാ, റഷ്യ, അർമ്മീനിയ, ഇംഗ്ലണ്ട്, ജർമ്മനി, ഗൾഫ് രാജ്യങ്ങൾ, യൂറോപ്യൻ രാജ്യങ്ങൾ, വിശുദ്ധനാടുകൾ, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഒട്ടധികം അന്തർദേശീയ സമ്മേളനങ്ങളിലും മലങ്കരസഭയെ പ്രതിനിധാനം ചെയ്തു സംബന്ധിച്ച് പ്രഭാഷണം നടത്തി.

വിടവാങ്ങി

സഭയിൽ സന്യാസപ്രസ്ഥാനങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിനു നവചൈതന്യം പകർന്ന തിരുമേനി പ്രശസ്ത ധ്യാനഗുരുവും പ്രഭാഷണതിലകനുമായിരുന്നു. ബാവാതിരുമേനി 1998 ജനുവരി 30-നു ശതാഭിഷിക്തനായി. 2006 ജനുവരി 26-ന് ദിവംഗതനായി. ഭൗതികദേഹം ശാസ്താംകോട്ട ഹോറേബ് ആശ്രമം ചാപ്പലിൽ കബറടക്കി.

ആറാം കാതോലിക്കായുടെ ഭരണാന്ത്യകാലത്തോടടുത്ത് നടത്തിയ ചില സ്വകാര്യ പണനിക്ഷേപ ഇടപാടുകൾ മൂലം അഞ്ചു കോടിയോളം രൂപ സഭയ്ക്കു നഷ്ടപ്പെട്ടു. കൂടാതെ ദേവലോകം കാതോലിക്കേറ്റ് അരമനയും ചാപ്പലും രൂപംകൊണ്ടപ്പോൾ തന്റെ പിൻഗാമികളെയെല്ലാം കാതോലിക്കേറ്റ് ചാപ്പലിൽ കബറടക്കണമെന്ന് പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ പ്രകടിപ്പിച്ച അന്ത്യാഭിലാഷവും അതംഗീകരിച്ചുകൊണ്ടുള്ള പ. മാത്യൂസ് പ്രഥമൻ ബാവായുടെ സുചിന്തിത തീരുമാനവും കണക്കിലെടുക്കാതെ മാത്യൂസ് ദ്വിതീയൻ ബാവായെ വിദൂരമായ ശാസ്താംകോട്ടയിൽ സംസ്ക്കരിച്ചതു മൂലം സഭാംഗങ്ങളിൽ ബഹുഭൂ

രിപക്ഷത്തിനും അദ്ദേഹത്തിന്റെ കബറിടത്തിൽ എത്താനും പ്രാർത്ഥി ക്കാനും സാധിക്കുന്നില്ലെന്നുള്ള ദുഃഖസത്യവും വിസ്മരിക്കാനാവില്ല. മേലിൽ സഭയുടെ പൊതുസ്വത്തായ ഒരു കാതോലിക്കാബാവായേയും കോട്ടയത്തെ കാതോലിക്കേറ്റ് ചാപ്പലിനു വെളിയിൽ കൊണ്ടുപോയി സംസ്ക്കരിക്കാൻ ഇടയാക്കരുതെന്നാണ് മുൻ കാതോലിക്കാമാരെപ്പോലെ സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും അഭിപ്രായപ്പെടുന്നത്.

നേരത്തെ പാമ്പാക്കുട ചെറിയപള്ളിയിലും വാകത്താനം വള്ളിക്കാട്ടു ദയറാ ചാപ്പലിലും ശാസ്താംകോട്ടയിലും കബറടക്കപ്പെട്ട മൂന്നു ബാവാ മാരുടെയും ഭൗതികാവശിഷ്ടങ്ങൾ കാതോലിക്കേറ്റ് അരമന ചാപ്പലിൽ കൊണ്ടുവന്നു സംസ്കരിച്ചു എല്ലാ ബാവാമാരുടെയും ഓർമ്മപ്പെരുനാൾ ഒന്നിച്ചു ആചരിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം. മാർത്തോമ്മാ ശ്ലീഹായുടെ അസ്ഥികൾ മൈലാപ്പൂർ നിന്നു എഡേസയിലേക്കു കൊണ്ടു പോയ ചരിത്രം നമ്മുടെ മുമ്പിലുണ്ടല്ലോ.

മലങ്കരസഭയെ തെക്കരെന്നും വടക്കരെന്നും ഒട്ടും വേർതിരിച്ചു കാണാതെ സഭയെ ഒന്നായി കണ്ടു സഭയ്ക്കുവേണ്ടി അതുല്യ സേവനം അനുഷ്ഠിച്ചു കോട്ടയം പഴയസെമിനാരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗ്യസ്മരണാർഹരായ പുലിക്കോട്ടിൽ തിരുമേനിമാരുടെയും പ. വട്ട ശ്ശേരിൽ തിരുമേനിയുടെയും മഹത്തായ മാതൃക ഒട്ടും മങ്ങലേൽക്കാതെ നമ്മുടെ മുമ്പിൽ തിളങ്ങുന്നുണ്ടല്ലോ.

അദ്ധ്യായം പതിനാല്

മലങ്കരസഭയുടെ
ഏഴാം കാതോലിക്കാ
പ. മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവാ, ആത്മപരിത്യാഗത്തിന്റെ പ്രകാശത്തിൽ താബോറിന്റെ അവസ്ഥയിലൂടെയാണ് വളർന്നത്. ജീവിതത്തിന്റെ വസന്തങ്ങളിൽ ദാരി ദ്ര്യവും ഉപവാസവും മൗനവും സ്വീകരിക്കാൻ വീടുവിട്ടിറങ്ങി. മാവേലി ക്കര പുതിയകാവ് പള്ളിയിൽ വച്ച് തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാ പ്പോലീത്തായാണ് കുഞ്ഞോമ്മാച്ചൻ എന്ന സി. ടി. തോമസിനെ 1939 -ൽ കണ്ടെത്തിയത്. പത്തനാപുരത്ത് മൗണ്ട് താബോർ സന്യാസപ്ര സ്ഥാനം തുടങ്ങിയ തോമ്മാ മാർ ദീവന്നാസ്യോസ് പുതിയകാവ് പള്ളി യിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കാൻ വന്നപ്പോൾ അഞ്ചാം തുബ്ദേൻ വായിച്ചത് ചെട്ടികുളങ്ങര ഗവണ്മെന്റ് മലയാളം സ്കൂൾ വിദ്യാർത്ഥിയായ കുഞ്ഞോമ്മാച്ചനായിരുന്നു. കുഞ്ഞോമ്മാച്ചന്റെ ഹൃദ്യമായ വായനയിൽ ആകൃഷ്ടനായ അദ്ദേഹം അപ്പനെ വിളിപ്പിച്ചു. തിരുവല്ല നെടുമ്പ്രം മുള മൂട്ടിൽ ഇട്ടിയവിരാ തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മ യുടെയും നാലാമത്തെ പുത്രനായ സി. ടി. തോമസിനെ ദയറായിലേക്ക് വേണമെന്ന് ആവശ്യപ്പെട്ടു. മകനെ യാതൊരു വൈമനസ്യവും കൂടാതെ ദൈവവേലയ്ക്കായി പിതാവ് വിട്ടുകൊടുത്തു. അങ്ങനെ പതിനെട്ടാമത്തെ വയസ്സിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ എത്തിയ സി. ടി. തോമസാണ് പിന്നീട് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ വലിയബാവാ ആയിത്തീർന്നത്.

1921 ഒക്ടോബർ 29-നാണ് സി. ടി. തോമസ് ജനിച്ചത്. സി. ടി. തോമ സിന്റെ പ്രൈമറിസ്കൂൾ പഠനം പുതിയകാവ് പള്ളിയുടെ പ്രൈമറി സ്കൂളിലായിരുന്നു. എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കു കയും സണ്ടേസ്കൂളിൽ മുടങ്ങാതെ പഠിക്കുകയും ചെയ്ത തോമസിന്റെ ബാല്യകാലം പുതിയകാവ് പള്ളിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരി ക്കുന്നു. മദ്ബഹാ ശുശ്രൂഷയ്ക്ക് 1933-ൽ പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ കൈവെയ്പു നൽകി. സി. ടി. തോമ സിന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ മുഖ്യ മാതൃക മാതാപിതാക്കളായി രുന്നു. അവർ പ്രാർത്ഥനാജീവിതം ഉള്ളവരും ദൈവഭക്തിയുള്ളവരും ആയിരുന്നു.

താബോർ മലയിൽ യേശുവിനുണ്ടായ രൂപാന്തരീകരണത്തെപ്പറ്റി ഗ്രഹിച്ച തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പത്തനാപുരത്തു സ്ഥാപിച്ച സന്യാസകേന്ദ്രമാണ് മൗണ്ട് താബോർ ദയറാ. 'മറുരൂപ സമൂഹം' എന്നർത്ഥമുള്ള 'സൊസൈറ്റി ഓഫ് ദ ഓർഡർ ഓഫ് ദ സേക്രട്ട് ട്രാൻസ്ഫിഗറേഷൻ' എന്ന സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു.

മൗണ്ട് താബോർ ദയറായിൽ എത്തിയ സി. ടി. തോമസിന് ഗുരുവിന്റെ കൂടെയുള്ള ജീവിതം ഒരു പുതിയ അനുഭവമായിരുന്നു. പന്ത്രണ്ടാം വയസ്സിൽ പുതിയകാവ് പള്ളിയിലെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറിത്തുടങ്ങിയ സി. ടി. തോമസിന് ആരാധനയും നോമ്പും ഉപവാസവും ജീവിതവ്രതമായി. അരക്കെട്ടും തടിക്കുരിശുമായി സന്ന്യാസിയുടെ കുപ്പായം അണിഞ്ഞപ്പോൾ പുത്തൻ അനുഭവമായി. ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ സന്യാസദർശനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ സി. ടി. തോമസിനു കഴിഞ്ഞു. ക്രിസ്തീയ രൂപാന്തരത്തിനുള്ള ജീവിതപരിശീലനമായിരുന്നു തോമ്മാ ദീവന്നാസ്യോസ് ലക്ഷ്യമാക്കിയത്.

മൗണ്ട് താബോർ ദയറായിൽ സന്യാസജീവിതം സി. ടി. തോമസ് പിന്നിട്ടത് കഠിന വ്രതനിഷ്ഠയോടാണ്. ഗുരുവിന്റെ കൂടെ ദയറായിൽ സുറിയാനി, സഭാവിശ്വാസ പാഠം, ആരാധനാപരിശീലനം എന്നിവയും ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭയുടെ വിശിഷ്ട പാരമ്പര്യങ്ങളായ നോമ്പ്, യാമപ്രാർത്ഥനകൾ, ധ്യാനം, വേദപഠനം, സന്യാസജീവിതബോധനം, കായികാദ്ധ്വാനം എന്നിവ പരിശീലിച്ചു. ധ്യാനം, പരിപൂർണ്ണ മൗനം, മിത ഭാഷണം, കുമ്പസാരം, ആത്മീയ വായന, കുർബാനാനുഭവം എന്നിവ ജീവിതവ്രതം പോലെയായി.

ദയറാ ജീവിത പരിശീലനത്തോടൊപ്പം സ്കൂൾ പഠനവും തുടർന്നു. തോമ്മാ മാർ ദീവന്നാസ്യോസ് 1926-ൽ സ്ഥാപിച്ച സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലായിരുന്നു ഹൈസ്കൂൾ പഠനം. പ്രാരംഭകാലത്ത് ദയറായ്ക്ക് സ്വന്തമായ കെട്ടിടമോ സാമ്പത്തിക ഭദ്രതയോ ഉണ്ടായിരുന്നില്ല. ഓലഷെഡ്ഡായിരുന്നു ദയറാ. പകൽ ഓലഷെഡ്ഡിലും രാത്രിയിൽ സ്കൂളിലെ ക്ലാസ്സ് മുറിയിലും ആശ്രമവാസികൾ കഴിഞ്ഞു. ജീവിതമാർഗ്ഗം മുഖ്യമായും കൃഷിയായിരുന്നു. അതിനിടയിലായിരുന്നു സി. ടി. തോമസിന്റെ പഠനവും ദയറാ പരിശീലനവും. ദയറാ അന്തേവാസികൾക്കു ഓരോ ജോലി നിശ്ചയിച്ചു നൽകിയിരുന്നു. സന്യാസജീവിതത്തിന്റെ തീക്ഷ്ണമായ അനുഭവങ്ങളും കഠിനമായ അച്ചടക്കവും ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ വചനങ്ങളും സി. എം. തോമസിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ദയറാ ജീവിത പരിശീലനത്തിന്റെ പ്രാഥമിക പടിയായി സി. ടി. തോമസ് 1941-ൽ ശെമ്മാശ്ശപട്ടം സ്വീകരിച്ചു.

കോളജ് വിദ്യാഭ്യാസത്തിനായി ഇന്റർമീഡിയറ്റിനു കോട്ടയം സി.എം.എസ്. കോളജിൽ ചേർന്നു. അക്കാലത്ത് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെയും പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായുടെയും കീഴിൽ പരിശീലനത്തിന് അവസരം ലഭിച്ചു. പരിശുദ്ധ ഔഗേൻ ബാവായായിരുന്നു ദിദിമോസ് പ്രഥമന്റെ സുറിയാനി മല്പാൻ.

തമിഴ്നാട്ടിൽ തൃശ്ശിനാപ്പള്ളി നാഷണൽ കോളജിലായിരുന്നു ബിരുദ പഠനം. അവിടെ ബി.എ. യ്ക്കു ഐച്ഛികം കണക്കായിരുന്നു. തുടർന്ന് പത്തനാപുരം സെന്റ് സ്റ്റീഫൻസിൽ പഠിപ്പിക്കാൻ തോമ്മാ മാർ ദീവന്നാസ്യോസ് നിയോഗിച്ചു. അദ്ധ്യാപകനായപ്പോൾ കണക്കു മാത്രമല്ല എല്ലാ വിഷയവും പഠിപ്പിക്കുമായിരുന്നു. ശെമ്മാശ്ശനായിരിക്കുമ്പോഴാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനെത്തിയത്. ശെമ്മാശ്ശന്റെ നേതൃത്വത്തിൽ സ്കൂളിൽ ഒരു പ്രെയർഗ്രൂപ്പ് തുടങ്ങി. പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവുകൾക്കു പുറമേ കുട്ടികൾക്ക് മൂല്യബോധം പകരുന്ന കാര്യങ്ങളാണ് പ്രെയർ ഗ്രൂപ്പിലൂടെ പകർന്നു കൊടുത്തത്.

ഹ്രസ്വകാലത്തെ അദ്ധ്യാപനത്തിനു ശേഷം അദ്ദേഹം കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളജിൽ ഉപരിപഠനത്തിനു പോയത് ഇംഗ്ലീഷ് ഐച്ഛികമായെടുത്ത് പഠിക്കാനാണ്. സ്കൂളിൽ കണക്കും മറ്റു വിഷയങ്ങളും പഠിപ്പിച്ചപ്പോൾ ഇംഗ്ലീഷ് ഏറെ ഇഷ്ടമായി. എന്നാൽ കണക്കിൽ നിന്ന് അദ്ദേഹം സ്വന്തം ജീവിതത്തിൽ സ്വീകരിച്ചത് അതിന്റെ ഋജുത്വമായിരുന്നു. ആ ഋജുത്വം സംസാരത്തിലാണ് വന്നുചേർന്നത്. ദയറാ പരിശീലനകാലത്ത് രാത്രിയിൽ പരിപൂർണ്ണ മൗനവും പകൽ മിതമായ മൗനവും പരിശീലിച്ച ദിദിമോസ് പ്രഥമന്റെ ജീവിതശൈലിയുടെ മുഖമുദ്ര ആ ഋജുത്വവും മൗനവുമായിത്തീർന്നു. ആത്മപരിത്യാഗം ജീവിത വിശുദ്ധിയിലേക്ക് ഉയർത്തി.

മദ്രാസ് മെസ്റ്റൺ ട്രെയിനിംഗ് കോളജിൽ നിന്നു ബി.എഡ്. സമ്പാദിച്ചിട്ടാണ് അദ്ദേഹം തൃശ്ശിനാപ്പള്ളി പൊന്നയ്യാ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായെത്തിയത്. തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ തമിഴ്നാട് മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന പൊന്നയ്യാ ഹൈസ്കൂളിൽ 1955 മുതൽ 1959 വരെ ഫാ. സി. ടി. തോമസ് സേവനമനുഷ്ഠിച്ചു. 1961-ൽ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി.

സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിച്ചതിനെ തുടർന്ന് 1962-ൽ പെൺകുട്ടികൾക്ക് മാത്രമായി മൗണ്ട് താബോർ ഹൈസ്കൂൾ തുടങ്ങി. രണ്ട് സ്കൂളിലും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും തോമസച്ചൻ വളരെ ശ്രദ്ധിച്ചു. പൊതുവിജ്ഞാനം മാത്രമല്ല പൊതു മര്യാദകളും അസംബ്ലിയിൽ പഠിപ്പിച്ചു.

തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി 1964-ൽ സെന്റ് സ്റ്റീഫൻസ് കോളജ് സ്ഥാപിച്ചപ്പോൾ സി. ടി. തോമസച്ചൻ അവിടെ ഇംഗ്ലീഷ് വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പലുമായി. ആ സ്ഥാനത്ത് പ്രവർത്തിക്കുമ്പോഴാണ് മെത്രാൻസ്ഥാനമേൽക്കുന്നത്.

സന്യാസാർത്ഥിയായി താബോർ ദയറായിലെത്തിയ സി. ടി. തോമസിനെ പഠിപ്പിച്ചും പരിശീലിപ്പിച്ചും ദീവന്നാസ്യോസ് തിരുമേനി തന്റെ പിൻഗാമിയാക്കുകയാണ് ചെയ്തത്. സന്യാസ പരിശീലനം പൂർത്തിയായപ്പോൾ ഡീക്കൻ സി. ടി. തോമസിന് വൈദികപട്ടം നൽകി. 1950 ജനുവരി 26-ന് പത്തനാപുരം താബോർ ദയറാ ചാപ്പലിൽ വെച്ചായിരുന്നു ശുശ്രൂഷകൾ നടന്നത്. ശെമ്മാശ്ശപട്ടവും വൈദികപട്ടവും നൽകിയത് പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായായിരുന്നു. റമ്പാൻസ്ഥാനവും മെത്രാൻസ്ഥാനവും നൽകിയത് ഔഗേൻ പ്രഥമൻ കാതോലിക്കാ ആയിരുന്നു. റമ്പാൻസ്ഥാനം 1965 മെയ് 16-നും മെത്രാൻസ്ഥാനം 1966 ആഗസ്റ്റ് 24-നുമാണ് ലഭിച്ചത്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയിൽ വെച്ചായിരുന്നു മെത്രാൻസ്ഥാനാഭിഷേകം.

മെത്രാൻസ്ഥാനം ഏറ്റതിനുശേഷം മലബാർ ഭദ്രാസനത്തിന്റെ സഹായമെത്രാനായിട്ടാണ് 1966 നവംബർ 11-ന് തോമസ് മാർ തീമോത്തിയോസ് മലബാറിൽ എത്തുന്നത്. താബോറിന്റെ മണ്ണിൽ നിന്നു ലഭിച്ച സന്യാസ പരിശീലനവും അച്ചടക്കവും വിശ്വാസസ്ഥിരതയും സഭാതീക്ഷ്ണതയുമായിരുന്നു ഭദ്രാസന ഭരണത്തിനെത്തിയപ്പോൾ തീമോത്തിയോസ് തിരുമേനിക്കുണ്ടായിരുന്ന കൈമുതൽ. താബോറിൽ നിന്ന് മറ്റൊരു മലമുകളിൽ എത്തിയപ്പോൾ തന്റെ ആസ്ഥാനത്തിന് മൗണ്ട് ഹെർമ്മോൻ എന്നാണ് പേരിട്ടത്. പ്രാർത്ഥനയിലൂടെയും ധൂപത്തിലൂടെയും തീമോത്തിയോസ് തിരുമേനി മലബാറിൽ ആദ്ധ്യാത്മിക നവീകരണമുണ്ടാക്കി. മലബാർ ഭദ്രാസനത്തിന്റെ ആധുനിക ശില്പിയാണ് ഈ പിതാവ്.

1930-കളിൽ കുടിയേറ്റത്തോടൊപ്പം ധാരാളം ഓർത്തഡോക്സുകാർ മലബാറിൽ എത്തിയെങ്കിലും 1953-ലാണ് മലബാർ ഭദ്രാസനം രൂപംകൊണ്ടത്. അന്നത്തെ മദ്രാസ് സംസ്ഥാനത്തിലെ മലബാറും കർണ്ണാടകയിലെ ദക്ഷിണ കാനറ, ഇന്നത്തെ തമിഴ്നാട്ടിലെ ഗുഡല്ലൂർ പ്രദേശങ്ങളും ഉൾപ്പെടുത്തി 1953-ൽ മലബാർ ഭദ്രാസനം രൂപീകരിച്ചപ്പോൾ പത്രോസ് മാർ ഒസ്താത്തിയോസ് പ്രഥമ മെത്രാപ്പോലീത്തായായി. പിന്നീട് കേരളം രൂപംകൊണ്ടപ്പോൾ അന്നത്തെ മലബാർ പ്രദേശം പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളായി വിഭജിക്കപ്പെട്ടെങ്കിലും ഭദ്രാസന നാമം മലബാർ എന്നു തന്നെ തുടർന്നു.

പത്രോസ് മാർ ഒസ്താത്തിയോസിനു ശേഷം മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ആയി തീമോത്തിയോസ് തിരുമേനി സ്ഥാനമേൽക്കുമ്പോൾ മലബാറിൽ 80 പള്ളികളാണ് ഉണ്ടായിരുന്നത്. മിക്കവയും ഓല മേഞ്ഞ കെട്ടിടങ്ങളായിരുന്നു. അരമനയും ഉണ്ടായിരുന്നില്ല. ഭദ്രാസനത്തിലെ ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു കിടന്നു. ഭദ്രാസനാധിപൻ എന്ന നിലയിൽ തീമോത്തിയോസ് തിരുമേനി ആദ്യം സണ്ടേസ്കൂൾ പ്രസ്ഥാനം ശക്തിപ്പെടുത്തി. പിന്നീട് യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും സജീവമാക്കി. മർത്തമറിയം സമാജവും ക്രിയാത്മകമായി പ്രവർത്തനം തുടങ്ങി. ഇതോടൊപ്പം പുതിയ ഇടവകകൾ തുടങ്ങാനും തിരുമേനി പരിശ്രമിച്ചു.

മാർ തീമോത്തിയോസ് മലബാർ ഭദ്രാസനത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴാണ് സഭയിൽ വീണ്ടും പ്രതിസന്ധികൾ തുടങ്ങിയത്. അതിന്റെ തിക്താനുഭവം ഏറെ ഉണ്ടായത് മലബാറിലാണ്. എന്നാൽ തിരുമേനിയുടെ പ്രാർത്ഥനയും ദൈവവിശ്വാസവും കൊണ്ട് മലബാർ ഭദ്രാസനത്തിലെ പ്രശ്നങ്ങൾ ഓരോന്നായി അവസാനിച്ചു. വൈദികരും അത്മായരും ഒറ്റക്കെട്ടായി തിരുമേനിയുടെ കീഴിൽ അണിനിരന്നു. 1967-ൽ ചാത്തമംഗലത്ത് അരമനയ്ക്കുവേണ്ടി സ്ഥലം വാങ്ങുകയും അരമന പണിയുകയും ചെയ്തു. 1974-ൽ ചുങ്കത്തറയിൽ ആരംഭിച്ച കൺവെൻഷൻ മലബാറിലെ പ്രധാന ആദ്ധ്യാത്മിക സംഗമങ്ങളിൽ ഒന്നായി.

മലബാർ ഭദ്രാസനത്തിൽ തിരുമേനി ആരംഭിച്ച അട്ടപ്പാടി മിഷൻ സഭയ്ക്ക് വലിയൊരു മുതൽക്കൂട്ടാണ്. എരുമമുണ്ടയിൽ 1982-ൽ ആരംഭിച്ച സെന്റ് തോമസ് ഹോം, 1990-ൽ ചേവായൂരിൽ ആരംഭിച്ച സെന്റ് ഗ്രിഗോറിയോസ് ഗൈഡൻസ് സെന്റർ എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളും തിരുമേനിയുടെ ഭരണകാലത്ത് ആരംഭിച്ചവയാണ്. മെത്രാൻസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചത് അർഹരായ 25 പേർക്ക് വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ടായിരുന്നു.

മലബാർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നാലു ദശാബ്ദങ്ങൾ പ്രവർത്തിച്ച തീമോത്തിയോസ് തിരുമേനി സഭാംഗങ്ങൾക്ക് നവീനമായ ആദ്ധ്യാത്മിക ചൈതന്യം പകർന്നു. മലബാർ ഭദ്രാസനത്തിൽ പിൻഗാമിയായി ഡോ. സഖറിയാ മാർ തെയോഫിലോസിനെ ആശീർവദിച്ചുകൊണ്ടാണ് മലബാറിന്റെ ഈ നല്ല ഇടയൻ ദേവലോകത്തേക്ക് വന്നത്. നിയുക്ത കാതോലിക്കാ ആയി തോമസ് മാർ തീമോത്തിയോസിനെ പരിശുദ്ധ സുന്നഹദോസ് ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയായിരുന്നു. പിന്നീട് മലങ്കര അസ്സോസിയേഷൻ ഈ പിതാവിനെ ഔദ്യോഗികമായി 1992-ൽ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു.

സഭയുടെ സങ്കീർണ്ണമായ ഘട്ടത്തിലാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ഇരുപതാമത്തെ മലങ്കര മെത്രാപ്പോലീത്താ ആയും ഏഴാമത് പൗരസ്ത്യ കാതോലിക്കാ ആയും സ്ഥാനമേറ്റത്. 2005 ഒക്ടോബർ 29-ന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനമേറ്റ പരിശുദ്ധ പിതാവ് 2005 ഒക്ടോബർ 31-നാണ് പൗരസ്ത്യ കാതോലിക്കാ സ്ഥാനമേറ്റത്.

മലങ്കരയുടെ അമരക്കാരനെന്ന നിലയിൽ ദിദിമോസ് പ്രഥമൻ വലിയ ബാവായുടെ സംഭാവനകൾ അനവധിയാണ്. മലങ്കരസഭയിൽ സമ്പൂർണ്ണ ജനാധിപത്യം നടപ്പാക്കാൻ വലിയബാവാ നേതൃത്വം നല്കി. അഞ്ചു വർഷത്തെ ഭരണത്തിനിടയിൽ നാലു തവണ മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടുകയും അതിൽ ആദ്ധ്യക്ഷം വഹിച്ച് ഒരു തവണ തന്റെ പിൻഗാമിയെയും മറ്റൊരു തവണ കൂട്ടുട്രസ്റ്റികളെയും അടുത്ത രണ്ടു തവണകളിലായി പതിനാല് മെത്രാന്മാരെയും തിരഞ്ഞെടുത്തു. മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുത്ത ഈ പതിനാലു പേർക്ക് മെത്രാൻ സ്ഥാനം നൽകാനുള്ള ഭാഗ്യവും പരിശുദ്ധ പിതാവിന് ലഭിച്ചു. 2009 ഏപ്രിൽ 3-ന് വിശുദ്ധ മൂറോൻ കൂദാശ ചെയ്തു. പള്ളി ഇടവകപ്പൊതുയോഗങ്ങളിൽ വനിതകൾക്ക് അംഗത്വം നൽകിയതും പരിശുദ്ധ ദിദിമോസ് ബാവായുടെ ഭരണകാലത്താണ്. മലങ്കര അസ്സോസിയേഷനിൽ വരണാധികാരിയായി രണ്ടു തവണ ഒരു വനിതയെ നിയമിച്ചതും ദിദിമോസ് ബാവായാണ്.

മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും പരിശുദ്ധ പിതാവിന്റെ ഏറ്റവും വിശിഷ്ടമായ സംഭാവന സഭയിലെ ആത്മീയ നവോത്ഥാനമാണ്. തന്റെ ഭരണകാലത്ത് ദിദിമോസ് ബാവാ സഭാഗാത്രത്തിൽ ആത്മീയ നവോത്ഥാനത്തിന്റെ നിശ്ശബ്ദ അലകളുയർത്തി. പൗരസ്ത്യ സന്യാസിമാരുടെ ജീവിതവും ശൈലിയും അതേപടി ജീവിതത്തിൽ നടപ്പാക്കിയ പിതാവാണ് ദിദിമോസ് പ്രഥമൻ ബാവാ. പ്രാർത്ഥനയും ഉപവാസവും നോമ്പും ആ ജീവിതക്രമത്തിന്റെ വ്യതിരിക്തതകളായിരുന്നു. സഭയെ രൂപാന്തരപ്പെടുത്താൻ വിശ്വാസികൾക്ക് ഈ പുണ്യപിതാവ് ആത്മീയമായ കരുത്തു പകർന്നു.

സഭാഗാത്രത്തിലേക്ക് ഈ പുണ്യപിതാവ് പകർന്ന ഊർജ്ജം മലങ്കരസഭയിൽ ഒരു ആത്മീയ വിപ്ലവത്തിനു വഴിയൊരുക്കി. പ്രാർത്ഥന, ധ്യാനം, മൗനം എന്നിവയിലൂടെ ഈ മഹർഷിവര്യൻ സഭയെ ശക്തീകരിച്ചു. പ്രതിസന്ധികളിലും ഭിന്നതകളിലും വ്യവഹാരങ്ങളിലും ഉലഞ്ഞ സഭയെ അചഞ്ചലമായ വിശ്വാസത്തോടെയും ദൈവാശ്രയത്തോടെയും നയിച്ചു.

ആർത്തിരമ്പുന്ന തിരമാലകളെയും കലങ്ങിമറിയുന്ന സംഘങ്ങളെയും ഒരു സന്യാസിയുടെ നിസ്സംഗതയോടെ സമീപിക്കാനുള്ള ഇച്ഛാശക്തി യാണ് ഈ മഹാത്മാവിന്റെ പ്രത്യേകത. വിശ്വാസ തീക്ഷ്ണതയിൽ കരു പ്പിടിപ്പിച്ചതാണ് ദിദിമോസ് പ്രഥമന്റെ വേദശാസ്ത്രം. ക്രിസ്തുശിഷ്യനായ ദിദിമോസ് എല്ലാം കണ്ടു വിശ്വസിച്ചെങ്കിൽ ദിദിമോസ് പ്രഥമൻ വലിയ ബാവാ എല്ലാം അനുദർശിച്ചും അനുശീലിച്ചും അനുഭവിച്ചും വിശ്വസിച്ചു. കഠിനമായ താപസഭക്തിയിൽ സ്ഫുടം ചെയ്ത ആ ജീവിതം മലങ്കര യിൽ അവതരിപ്പിച്ച ആത്മീയ ലഹരി നിശ്ശബ്ദമായ ആത്മീയ വിപ്ലവം തന്നെയായിരുന്നു.

കൂദാശകളുടെ അനുഷ്ഠാനം മുതൽ വൈദികരുടെ അച്ചടക്കം വരെ യുള്ള കാര്യത്തിൽ നവീനമായ കാഴ്ചപ്പാടോടെ ദിദിമോസ് ബാവാ പ്രവർത്തിച്ചു. മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റശേഷം ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ 2006 ഒക്ടോബർ 12-ന് പരുമലയിൽ വിളിച്ചുകൂട്ടിയ മലങ്കര അസ്സോസിയേഷനിൽ വച്ചാണ് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ പൗലോസ് മാർ മിലിത്തിയോ സിനെ നിയുക്ത കാതോലിക്കാ ആയി തിരഞ്ഞെടുത്തത്. നിയുക്ത കാതോലിക്കായുടെ തിരഞ്ഞെടുപ്പ് കോടതി മുഖേന തടസ്സപ്പെടുത്താൻ ശ്രമം ഉണ്ടായിരുന്നെങ്കിലും ഇതു സംബന്ധിച്ച് അനുകൂലമായ സാഹ ചര്യം ഉണ്ടായത് പ. ബാവായുടെ പ്രാർത്ഥനയുടെ ശക്തികൊണ്ടു ത ന്നെയായിരുന്നു. ദിദിമോസ് പ്രഥമൻ ബാവായുടെ ഭരണനിർവ്വഹണ പ്രവർത്തനങ്ങളിൽ തുടർന്ന് നിയുക്ത കാതോലിക്കായുടെ പങ്കാളി ത്തവും സഹകരണവും ശക്തമായിരുന്നു.

പുതിയൊരു നേതൃനിരയെ അവതരിപ്പിച്ചുകൊണ്ടായിരുന്നു ദിദിമോസ് ബാവായുടെ ഭരണകാലം അരങ്ങേറിയത്. സഭയുടെ വളർച്ചയുടെ സൂച നയായി എടുത്തു പറയാനുള്ള ഒരു കാര്യം ഭദ്രാസനങ്ങളുടെ വളർച്ച യാണ്. മലങ്കരസഭയ്ക്ക് ഇപ്പോൾ മുപ്പത്തൊന്നു ഭദ്രാസനങ്ങളാണ് ഉള്ള ത്. അതിൽ അഹമ്മദ്ബാദ്, ബാംഗ്ലൂർ, ബ്രഹ്മവാർ, അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, നിലയ്ക്കൽ ഭദ്രാസനങ്ങൾ ദിദിമോസ് ബാവാ യുടെ ഭരണകാലത്ത് രൂപംകൊണ്ടവയാണ്. ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും വർദ്ധി പ്പിച്ചു. ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്ന ഹദോസിന്റെ അദ്ധ്യക്ഷനായിരിക്കാനുള്ള മഹാഭാഗ്യവും ദിദിമോസ് ബാവായ്ക്കു ലഭിച്ചു. ദിദിമോസ് പ്രഥമൻ ഉൾപ്പെടെ മലങ്കരയിൽ ഇപ്പോൾ 30 മെത്രാപ്പോലീത്താമാരുടെ സാന്നിദ്ധ്യമാണുള്ളത്.

മെത്രാന്മാരുടെ തിരഞ്ഞെടുപ്പിൽ പല കാലത്തും പെരുമാറ്റച്ചട്ടങ്ങളും മാനദണ്ഡങ്ങളും ഉണ്ടായിരുന്നെങ്കിലും അച്ചടക്കത്തിന്റെ കാര്യത്തിൽ

അതീവ ജാഗ്രതയുള്ള ദിദിമോസ് ബാവായാണ് മെത്രാൻ തിരഞ്ഞെടുപ്പിന് വ്യക്തമായ ഒരു മാനദണ്ഡവും പെരുമാറ്റച്ചട്ടവും രൂപീകരിച്ചത്. 2009-ൽ പാമ്പാക്കുടയിലും 2010-ൽ ശാസ്താംകോട്ടയിലും നടത്തിയ മലങ്കര അസ്സോസിയേഷനുകളിൽ ഈ ചട്ടങ്ങൾ കർശനമായി നടപ്പാക്കി. മലങ്കര അസ്സോസിയേഷനിൽ പാരമ്പര്യപ്രകാരമുള്ള മലങ്കര മെത്രാന്റെ അംശവസ്ത്രം ധരിക്കുന്ന പതിവ് പുനഃസ്ഥാപിച്ചത് ദിദിമോസ് പ്രഥമനാണ്.

ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് നടന്ന ചരിത്രപ്രധാനമായ ഒരു സംഗമമായിരുന്നു 2008 നവംബർ 16-ന് കോട്ടയം ബസേലിയോസ് കോളജ് ഗ്രൗണ്ടിൽ നടന്ന കോട്ടയം മഹാസമ്മേളനം. മലങ്കരയുടെ വിവിധ കേന്ദ്രങ്ങളിൽനിന്നു പതിനായിരങ്ങൾ ഒത്തുകൂടിയ ഈ സമ്മേളനം അന്ത്യോഖ്യൻ ഭക്തരുടെ നിയമലംഘനങ്ങളോടും നീതി നടപ്പാക്കുന്നതിൽ സർക്കാർ കാണിക്കുന്ന വിവേചനത്തോടും ഉള്ള പ്രതിഷേധം കൂടിയായിരുന്നു. മലങ്കര സഭാമക്കളെ ഉണർത്തുന്നതിനും സഭയുടെ പ്രതിസന്ധിഘട്ടത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനും കോട്ടയം സമ്മേളനം പ്രചോദനമായി.

ലോകത്തിലെ വിവിധ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും സാഹോദര്യബന്ധം അരക്കിട്ടുറപ്പിക്കുന്നതിനും ദിദിമോസ് പ്രഥമന്റെ ഭരണകാലത്ത് അവസരങ്ങളുണ്ടായി. ദിദിമോസ് ബാവായുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് കിറിൾ മെത്രാപ്പോലീത്താ, അർമ്മീനിയൻ സുപ്രീംകാതോലിക്കാ കരേക്കിൻ രണ്ടാമൻ, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ്, സലീഷ്യൻ കാതോലിക്കാ ആരാം പ്രഥമൻ എന്നിവർ മലങ്കര സന്ദർശിച്ചു. സഭകളുടെ ലോകകൗൺസിൽ ജനറൽ സെക്രട്ടറി ഡോ. സാം കോബിയാ ദേവലോകത്ത് എത്തി ദിദിമോസ് പ്രഥമനെ സന്ദർശിച്ചു. ആഫ്രിക്കൻ രാജ്യമായ ലെസോത്തോയിലെ ഉപപ്രധാനമന്ത്രി ആർബാർഡ് ലിഹാഹ്ലയും ദേവലോകത്ത് വന്ന് പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൗഡാ മൂന്നാമനെ കെയ്റോയിൽ വച്ചും അസീറിയൻ പാത്രിയർക്കീസ് ദിൻഹാ നാലാമനെ ഷിക്കാഗോയിൽ വച്ചും സന്ദർശിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള അഭേദ്യബന്ധത്തിന്റെയും സഹകരണത്തിന്റെയും സാഹോദര്യത്തിന്റെയും സൂചനയായി അർമ്മീനിയൻ സുപ്രീം കാതോലിക്കായ്ക്കും സിസിലിയാ കാതോലിക്കാ ആരാം പ്രഥമനും എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസിനും പരിശുദ്ധ ദിദിമോസ് പ്രഥമൻ മലങ്കരസഭയുടെ പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് സെന്റ് തോമസ്' നൽകി ആദരിച്ചു.

മലങ്കരസഭയുടെ നവോത്ഥാനത്തിനു നേതൃത്വം നൽകിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമനെ 'സഭാതേജസ്സ്' എന്ന സ്ഥാനനാമം നൽകി ആദരിച്ചതും ദിദിമോസ് പ്രഥമനാണ്.

അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾക്കു ശേഷം 2010 ഒക്ടോബർ 31-ന് പരിശുദ്ധ പിതാവ് മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഒഴിഞ്ഞു. 2010 നവംബർ 1-ന് തന്റെ പിൻഗാമിയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയനെ വാഴിച്ചതോടെ കാതോലിക്കാസ്ഥാനവും പരിശുദ്ധ പിതാവ് ത്യജിച്ചു. തൊണ്ണൂറാം ജന്മദിനത്തിൽ സ്വന്തം ഇഷ്ടപ്രകാരം സ്ഥാനത്യാഗം ചെയ്ത ദിദിമോസ് പ്രഥമനെ 2010 ഒക്ടോബർ 29-ന് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരയുടെ വലിയബാവാ ആയി പ്രഖ്യാപിച്ചു.

ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനമൊഴിഞ്ഞത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിച്ചുകൊണ്ടാണ് - മുൻഗാമിയിൽ നിന്ന് അഭിഷിക്തനായ ദിദിമോസ് പ്രഥമൻ ബാവാ പിൻഗാമിയെ വാഴിച്ചുകൊണ്ടാണ് സ്ഥാനത്യാഗം ചെയ്തത്. ഒരു സന്യാസിയുടെ നിസ്സംഗതയോടെ, ദിദിമോസ് പ്രഥമൻ ബാവാ അധികാരം വിട്ടൊഴിഞ്ഞത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നു. പിൻഗാമിയെ വാഴിക്കാൻ പരുമലപ്പള്ളിയിൽ നടന്ന ശുശ്രൂഷയിൽ ദിദിമോസ് പ്രഥമൻ മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

മലങ്കരസഭയുടെ സമഗ്ര വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ അതുല്യ വ്യക്തിത്വമാണ് പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ. ആ ആത്മിക കരങ്ങളിൽ മലങ്കരസഭയുടെ തീർത്ഥാടനം അചഞ്ചലമായി മുന്നോട്ടു നീങ്ങി. ആ തീർത്ഥാടന പാതയിൽ വിശുദ്ധി പകർന്നത് പ. ദിദിമോസ് ബാവായുടെ പ്രാർത്ഥനയും ത്യാഗവുമാണ്.

(പോൾ മണലിൽ രചിച്ച ഒരു മഹർഷി സംസാരിക്കുന്നു എന്ന ഗ്രന്ഥത്തോട് കടപ്പാട്)

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയബാവായുടെ ജീവചരിത്ര ഫലകം

1921 ഒക്ടോബർ 29: തിരുവല്ലാ നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസിന്റെയും മാവേലിക്കര ചിറമേൽ ശോശാമ്മയുടെയും നാലാമത്തെ പുത്രനായി മാവേലിക്കരയിൽ ജനിച്ചു. പേര് സി. ടി. തോമസ്.

1942 മാർച്ച് 11 (പാതിനോമ്പ് ബുധനാഴ്ച): കാരാപ്പുഴ മാർ ഗ്രീഗോറിയോസ് ചാപ്പൽ – പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് കോറൂയോ പട്ടമേറ്റു.

1947 മെയ് 22 വ്യാഴം (സ്വർഗ്ഗാരോഹണ പെരുന്നാൾ): തിരുവല്ല ബഥനി അരമന ചാപ്പൽ – പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് ശംശോനോ (പൂർണ്ണ ശെമ്മാശ്ശൻ) പട്ടമേറ്റു.

1950 ജനുവരി 25 ബുധൻ: പത്തനാപുരം താബോർ ദയറാ – പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽനിന്ന് കശീശ്ശാപട്ടമേറ്റു.

1965 മെയ് 16 ഞായർ: പത്തനാപുരം താബോർ ദയറാ – പ. ഔഗേൻ ബാവാ റമ്പാൻ സ്ഥാനം നൽകി.

1965 ഡിസംബർ 28 ചൊവ്വ: കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ മറ്റ് നാലു പേരോടൊപ്പം മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1966 ആഗസ്റ്റ് 24 ബുധൻ: കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി – പ. ഔഗേൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മറ്റ് രണ്ടു പേരോടൊപ്പം 'മാർ തീമോത്തിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

1966 നവംബർ 11: മലബാർ ഭദ്രാസനാധിപൻ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി ചുമതലയേറ്റു.

1967 ഡിസംബർ 21: കോട്ടയം പഴയസെമിനാരിയിൽ പ. ഔഗേൻ പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂറോൻ കൂദാശയിൽ സഹകാർമ്മികൻ.

1968 ഫെബ്രുവരി 2: പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് മലബാർ ഭദ്രാസനത്തിന്റെ ചുമതലയേറ്റു.

1970 ഡിസംബർ 31: കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1974 ഒക്ടോബർ 2: നിരണം സെന്റ് മേരീസ് പള്ളിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1975 ഫെബ്രുവരി 16: നിരണം സെന്റ് മേരീസ് പള്ളിയിൽ നടന്ന അഞ്ച് മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികനായി പങ്കെടുത്തു.

1975 ഒക്ടോബർ 27: കോട്ടയം പഴയസെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സഹകാർമ്മികൻ.

1977 മെയ് 16: മാവേലിക്കര എം.എസ്.എസ്. ഹൈസ്കൂളിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1978 മെയ് 15: പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽ അഞ്ച് മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികൻ.

1980 മെയ് 1: കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1982 ഡിസംബർ 28: തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1985 മെയ് 15: മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളിയിൽ അഞ്ചു മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികനായി പങ്കെടുത്തു.

1985 ഒക്ടോബർ 23: കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1988 മാർച്ച് 25: കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. മാത്യൂസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂറോൻ കൂദാശയിൽ സഹകാർമ്മികൻ.

1989 ഡിസംബർ 28: പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1991 ഏപ്രിൽ 29: പരുമല സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സഹകാർമ്മികൻ.

1991 ഏപ്രിൽ 30: പരുമല സെമിനാരിയിൽ അഞ്ച് മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികൻ.

1992 സെപ്തംബർ 10 വ്യാഴം: പരുമല സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

1993 ആഗസ്റ്റ് 16: പരുമല സെമിനാരിയിൽ നടന്ന രണ്ട് മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സഹകാർമ്മികനായി പങ്കെടുത്തു.

1994 മെയ് 26: പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

1999 മാർച്ച് 26: കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂറോൻ കൂദാശയിൽ സഹകാർമ്മികൻ.

2002 മാർച്ച് 20: സുപ്രീംകോടതി ഉത്തരവുപ്രകാരം നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

2003 ഫെബ്രുവരി 24: കോട്ടയം പഴയസെമിനാരിയിൽ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ശുശ്രൂഷയിൽ സഹകാർമ്മികൻ.

2004 ജൂൺ 10: പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷനിൽ സംബന്ധിച്ചു.

2004 ഒക്ടോബർ 29: 84-ാം വയസ്സിലേക്കു പ്രവേശിക്കുന്നതിനോടനുബന്ധിച്ചു പത്തനാപുരത്തു ശതാഭിഷേക സമ്മേളനത്തിൽ പങ്കെടുത്തു.

2005 ഒക്ടോബർ 29: പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഏറ്റെടുത്തു.

2005 ഒക്ടോബർ 31: പരുമല സെമിനാരിയിൽ പ. മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻബാവായുടെ സാന്നിദ്ധ്യത്തിലും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഡോ. തോമസ് മാർ മക്കാറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ പ്രധാന കാർമ്മികത്വത്തിലും പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു.

2006 ജനുവരി 26: മുൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ

മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ദേവലോകം അരമനയിൽ കാലം ചെയ്തു. ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ ജനുവരി 28-ന് നടന്ന കബറടക്ക ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

2006 സെപ്തംബർ 21, ഒക്ടോബർ 12: പരുമല സെമിനാരിയിൽ രണ്ടു തുടർയോഗങ്ങളായി കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്താ യുടെയും പിൻഗാമിയായി പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോ ലീത്തായെ തെരഞ്ഞെടുത്തു.

2007 മാർച്ച് 21: പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസി യേഷനിൽ അദ്ധ്യക്ഷത വഹിച്ചു. വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നി വരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തെരഞ്ഞെടുപ്പുകൾ നടത്തി.

2008 സെപ്തംബർ 11: പാമ്പാക്കുട എം.ടി.എം. ഹയർ സെക്കൻഡറി സ്കൂളിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുത്തു.

2008 നവംബർ 5: അർമ്മേനിയൻ സുപ്രീംകാതോലിക്കാ പ. കരേ ക്കിൻ രണ്ടാമൻ നർസെസിയാൻ സന്ദർശിച്ചു.

2008 ഡിസംബർ 29: എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ പൗലോസ് സന്ദർശിച്ചു.

2009 ഫെബ്രുവരി 19: പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളിയിൽ ഏഴു മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ്രധാന കാർമ്മി കത്വം വഹിച്ചു.

2009 ഏപ്രിൽ 3: ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ വി. മൂറോൻ കൂദാശ ചെയ്തു.

2010 ഫെബ്രുവരി 17: ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമ ത്തിലെ മാർ ഏലിയാ ചാപ്പലിൽ കൂടിയ മലങ്കര അസ്സോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു. മേല്പട്ടസ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെ ടുത്തു.

2010 ഫെബ്രുവരി 24: സിലീഷ്യായിലെ അർമ്മേനിയൻ കാതോലിക്കാ പ. ആരാം ഒന്നാമൻ കെഷീഷിയാൻ സന്ദർശിച്ചു.

2010 മെയ് 12: കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ ഏഴു മേല്പട്ട ക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

2010 ഒക്ടോബർ 31: മലങ്കര മെത്രാപ്പോലീത്താ, പൗരസ്ത്യ കാതോ

ലിക്കാ എന്നീ സ്ഥാനങ്ങളിൽ നിന്നും സ്വമനസ്സാലെ റിട്ടയർ ചെയ്തു. സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ മലങ്കര മെത്രാപ്പോലീത്താസ്ഥാനം ഏറ്റെടുത്തു.

2010 നവംബർ 1: പരുമല സെമിനാരിയിൽ പിൻഗാമി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

(ജീവചരിത്രഫലകം തയ്യാറാക്കിയത് വർഗീസ് ജോൺ തോട്ടപ്പുഴ)

അദ്ധ്യായം പതിനഞ്ച്

എട്ടാം കാതോലിക്കാ

പ്രായസഹജമായ ക്ഷീണത്തെ മുൻനിറുത്തി ഏഴാം കാതോലിക്കാ പ. ദിദിമോസ് പ്രഥമൻ മൂന്നു വർഷം മുമ്പ്, പ. ഔഗേൻ ബാവായുടെ മാതൃകാപരമായ സ്ഥാനത്യാഗത്തെ അനുകരിച്ചുകൊണ്ട് സ്ഥാനത്യാഗം ചെയ്യുകയും പിൻഗാമിയായി കുന്നംകുളം ഭദ്രാസനാധിപനായിരുന്ന പൗലോസ് മാർ മിലിത്തിയോസിനെ മലങ്കരയിലെ എട്ടാമത്തെ കാതോലിക്കായായി 2010 നവംബർ ഒന്നിനു പരുമല സെമിനാരി പള്ളിയിൽ വച്ച് അവരോധിക്കുകയും ചെയ്തു. ഒരു മുൻഗാമിയായ കാതോലിക്കാ തന്റെ പിൻഗാമിയെ വാഴിക്കുന്നതും കാതോലിക്കേറ്റിന്റെ ചരിത്രത്തിൽ ആദ്യമായിരുന്നു.

1982 ഡിസംബർ 28-നു തിരുവല്ലയിൽ ചേർന്ന മലങ്കര അസോസിയേഷനാണ് എട്ടാം കാതോലിക്കായെ മേല്പട്ടസ്ഥാനത്തേക്കു തെരഞ്ഞെടുത്തത്. 1985 മെയ് 15-നു മാവേലിക്കര പുതിയകാവു പള്ളിയിൽ വച്ചു പ. മാത്യൂസ് പ്രഥമൻ ബാവാ മാർ മിലിത്തിയോസിനു മേല്പട്ടസ്ഥാനം നൽകി. തുടർന്ന് കൊച്ചിയുടെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായും പിന്നീട് പുതുതായി രൂപീകരിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായും നിയോഗിക്കപ്പെടുകയും ചെയ്തു. മെത്രാപ്പോലീത്താ എന്ന നിലയിലുള്ള കാൽനൂറ്റാണ്ടു കാലത്തെ അനുഭവസമ്പത്തോടു കൂടിയാണ് അദ്ദേഹം കാതോലിക്കാ സ്ഥാനത്തേക്കു വന്നത്. തന്നിമിത്തം സഭയുടെ ഇന്നത്തെ രോഗങ്ങളെപ്പറ്റി ശരിക്കു മനസ്സിലാക്കാനും ചികിത്സ നിശ്ചയിക്കാനും അദ്ദേഹത്തിനു സാധിക്കുന്നു. മുൻകാലങ്ങളിലെപ്പോലെ സീനിയോറിറ്റി മാത്രം കണക്കിലെടുക്കാതെ മലങ്കര മെത്രാപ്പോലീത്തായായി താരതമ്യേന പ്രായക്കുറവുള്ള ഒരാളെ തെരഞ്ഞെടുത്തത് കുറഞ്ഞത് 25 വർഷമെങ്കിലും സഭയ്ക്കു പുതിയ കാതോലിക്കായുടെ സേവനം ലഭിക്കണമെന്ന ചിന്തയിലായിരിക്കണം.

അതു തികച്ചും സ്വാഗതാർഹമായ ഒന്നാണ്. തലക്കനമില്ലാത്ത, സദാസന്തോഷവാനായ അഭിനവ കാതോലിക്കാബാവാ ലളിതജീവിതപ്രേമിയും മെത്രാപ്പോലീത്താമാരെയെല്ലാം സ്നേഹപൂർവ്വം യോജിപ്പിച്ചു കൊണ്ടുപോകാൻ കഴിവുള്ള സഭാസാരഥിയാണെന്നും അഭിഗമ്യനാണെന്നും ഇതിനകം തെളിയിച്ചു കഴിഞ്ഞു. പ്രശ്നങ്ങളെ പ്രസന്നതയോടും ദൈവാശ്രയത്തോടും നേരിടുന്ന പ. ബാവാ തിരുമേനി അനീതിയോടും അക്രമങ്ങളോടും എതിർത്തു നിൽക്കുന്നതുകൊണ്ടാണല്ലോ കോലഞ്ചേരിപ്പള്ളി സംബന്ധിച്ച കോടതിവിധി നടപ്പിലാക്കുന്നതിൽ സർ

ക്കാർ ചില സമ്മർദ്ദങ്ങൾക്കു വിധേയമായി പരാജയപ്പെട്ടപ്പോൾ 2011 സെപ്റ്റംബറിൽ സഭയ്ക്കുവേണ്ടി ജീവനെപ്പോലും തൃണവൽഗണിച്ചു കോലഞ്ചേരിയിൽ ഉപവാസ സത്യഗ്രഹം നടത്തിയത്.

ഇക്കൊല്ലം മാർച്ച് 12-നു ചേർന്ന പത്തനംതിട്ട അസോസിയേഷനിൽ സ്ത്രീകൾക്കു സഭയിൽ വോട്ടവകാശം നൽകുന്നതിനു വേണ്ടി എടുത്ത തീരുമാനവും പ. വട്ടശ്ശേരിൽ തിരുമേനിയുടെ 2012-ലെ ശ്രദ്ധപ്പെരുനാളിനോടനുബന്ധിച്ചു സഭാതലത്തിൽ നടത്തപ്പെട്ട പ്രബോധന പ്രധാനമായ സമ്മേളനങ്ങളും സർവ്വോപരി കാതോലിക്കേറ്റിന്റെ ശതാബ്ദി പ്രമാണിച്ചു 2012 നവംബർ 25-നു കൊച്ചിയിൽ നടത്തിയ സഭാംഗങ്ങളുടെ വമ്പിച്ച സമ്മേളനവും അതിനുവേണ്ടി നേരത്തെ നടത്തിയ സഭാതല ഒരുക്കങ്ങളും പ. ബാവായുടെ ചുരുങ്ങിയ ഭരണകാലത്തെ വൻ നേട്ടങ്ങളാണ്. സഭയുടെ കീർത്തി ഈ സമ്മേളനം വാനോളം ഉയർത്തി എന്നു പ. ബാവാ സഭാംഗങ്ങളെ നന്ദി അറിയിച്ചുകൊണ്ടുള്ള കല്പനയിൽ എടുത്തുപറഞ്ഞിരുന്നു.

കാതോലിക്കാ സ്ഥാനത്തെത്തിയ ശേഷം പ. ബാവാ അമേരിക്കയിലും ഗൾഫ് രാജ്യങ്ങളിലും മറ്റുമുള്ള മലങ്കരസഭാംഗങ്ങളെ ചെന്നു കാണുകയും ഇന്ത്യയുടെ ഭരണാധികാരികളുമായി ഡൽഹിയിൽ എത്തി സൗഹൃദസംഭാഷണം നടത്തുകയും ഉണ്ടായി. മുൻകാലങ്ങളിൽ കാതോലിക്കാമാർ പുറപ്പെടുവിക്കുന്ന കല്പനകളിലെ "ശേഷം ജനങ്ങൾ" എന്ന രാജഭരണകാലത്തെ പ്രയോഗം പ. ബാവാ "ശേഷം വിശ്വാസികൾ" എന്നാക്കിയതു സഭാംഗങ്ങളോടുള്ള ബഹുമാനം കൊണ്ടാണ്. പ. ബാവായുടെ ലക്ഷ്യങ്ങളെ സംബന്ധിച്ച ഒരഭിമുഖത്തിലേക്കു കടക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഒരു ലഘു ജീവചരിത്രം രേഖപ്പെടുത്തട്ടെ.

1946 ഓഗസ്റ്റ് 30-നു പഴഞ്ഞി ഇടവകയിൽ വെസ്റ്റ് മങ്ങാടു കൊള്ളന്നൂർ ഐപ്പുവിന്റെയും കുഞ്ഞീറ്റയുടെയും പുത്രനായി ജനിച്ചു. തൃശൂർ സെന്റ് തോമസ്, കോട്ടയം സി.എം.എസ്., സെറാമ്പൂർ എന്നിവിടങ്ങളിൽ പഠിച്ചു ബി.എസ്.സി., എം.എ., ബി.ഡി. ബിരുദങ്ങൾ നേടി. 1973 ജൂൺ 2-നു കൊരട്ടിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസ് വൈദികപട്ടം നൽകി. മൂലേപ്പാട്, എറണാകുളം പള്ളികളിൽ വികാരിയായിരുന്നു. കോട്ടയം, തിരുവനന്തപുരം സ്റ്റുഡന്റ് സെന്ററുകളിൽ വാർഡനായി സേവനം അനുഷ്ഠിച്ചു. പരുമലയിൽ 2006-ൽ ചേർന്ന മലങ്കര അസോസിയേഷൻ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

കാതോലിക്കേറ്റ്: സ്വാതന്ത്ര്യവും ദേശീയവും

മാർത്തോമ്മൻ പൈതൃകം ഉൾക്കൊണ്ട് മലങ്കര സഭാമക്കൾ സത്യത്തിനും ധർമ്മത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കണമെന്ന് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ. സഭയുടെ ചരിത്രപരമായ അസ്തിത്വവും സ്വാതന്ത്ര്യവും സംരക്ഷിച്ച് പരമാധികാരമുള്ള ദേശീയ സഭയായി തുടർന്നും ദൗത്യം നിർവ്വഹിക്കുവാൻ കഴിയണം. കാതോലിക്കേറ്റിന്റെ ശതാബ്ദി പശ്ചാത്തലത്തിൽ 2012 ഒക്ടോബർ 13-ന് മാവേലിക്കര തെയോഭവൻ അരമനയിൽ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, പ. കാതോലിക്കാബാവായുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തിന്റെ പ്രത്യേകത എന്താണ്?

മലങ്കരസഭയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകത്തിന് രണ്ടായിരം വർഷത്തെ പാരമ്പര്യമുണ്ട്. മാർത്തോമ്മായുടെ പിന്തുടർച്ചക്കാരാണ് മലങ്കര ഓർത്തഡോക്സ് സഭ. മലങ്കരയിൽ കാതോലിക്കേറ്റ് 1912-ൽ സ്ഥാപിതമായി. 2012 കാതോലിക്കേറ്റിന്റെ ശതാബ്ദിയാണ്. ശതാബ്ദി ആഘോഷം ഒരു ചരിത്രമുഹൂർത്തമായി തീരുകയാണ്.

മാർത്തോമ്മാ പൈതൃകത്തിന്റെ പിന്തുടർച്ച എങ്ങനെ?

മലങ്കരസഭയുടെ ആരംഭം മുതൽ ഇന്നുവരെ ഒരു തുടർച്ച ഉണ്ടായിരുന്നു. ഒരിക്കലും സഭയുടെ തുടർച്ച നിന്നുപോയിട്ടില്ല. വിവിധ പീഡനങ്ങൾ ഉണ്ടെങ്കിലും സഭ നിലനിൽക്കുന്നു. ഒരു സമയത്തും സഭയുടെ ചരിത്രകണ്ണി നഷ്ടപ്പെട്ടില്ല. മലങ്കരസഭാമക്കൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിൻതുടർച്ചക്കാരാണ്. ഇടക്കാലത്ത് അധിനിവേശം ഉണ്ടായെങ്കിലും അത് വലിച്ചെറിഞ്ഞ് സഭ സ്വതന്ത്രമായി. 1653-ലെ കൂനൻകുരിശു സത്യം മുതൽ സ്വാതന്ത്ര്യത്തിനുവേണ്ടി നിലനിന്നു. ധീരമായ ഈ പ്രതിജ്ഞയിൽ മലങ്കരമക്കൾ ഒത്തുചേർന്നു. 1912-ൽ നടന്നതും സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പ്രതിജ്ഞയും നേതൃത്വവുമായിരുന്നു.

ഇങ്ങനെ മാർത്തോമ്മൻ പൈതൃകത്തിന്റെ ചരിത്രധാര സമ്പൂർണ്ണമായും എത്തുന്നത് മലങ്കര ഓർത്തഡോക്സ് സഭയിലാണ്. മലങ്കരസഭയിൽ പ. മാർത്തോമ്മാശ്ലീഹ നട്ട മുന്തിരി വളർന്ന്, പടർന്ന്, പന്തലിച്ച് വലുതായി. അത് പരമാധികാരമുള്ള സ്വതന്ത്ര ദേശീയ സഭയായി ഉയർന്നു.

സഭയുടെ ചരിത്രപരമായ അസ്തിത്വം തിരിച്ചറിയണം. സഭയുടെ

സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാനുള്ളതല്ല. സഭാ പൈതൃക ത്തിന്റെ അടിവേരുകൾ കൂടുതൽ തിരിച്ചറിയുവാൻ ഈ ശതാബ്ദി ആഘോഷം വഴിതെളിക്കും.

ദേശീയ സ്വഭാവമുള്ള സഭ......?

മാർത്തോമ്മൻ പൈതൃകം തദ്ദേശീയതയും ദേശീയതയും നില നിർത്തുന്നതാണ്. ഒരു പരമാധികാര സഭയുടെ പൈതൃകമാണ് ഇവിടെ നിലനിന്നത്. വിദേശ സഭകൾ എത്തി മലങ്കര നസ്രാണികളെ 'കോളനി യാക്കി' നിലനിർത്താൻ ശ്രമിച്ചപ്പോൾ അതിനോട് പ്രതികരിച്ചു. സ്വാത ന്ത്ര്യത്തിനായി പോരാടി. വിദേശ സഭകളുടെ പീഡനങ്ങൾ വർദ്ധിച്ചപ്പോൾ സ്വാതന്ത്ര്യത്തിന്റെ വില അറിഞ്ഞു.

'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരു പോലും നിഷ്പ്രഭമാ ക്കുവാൻ വിദേശ സഭകൾ ശ്രമിച്ചു. കാതോലിക്കേറ്റ് സ്ഥാപനം നടന്ന പ്പോഴും ഇതിന്റെ സ്വാതന്ത്ര്യത്തെ തുരങ്കം വെയ്ക്കുവാനുള്ള പ്രവർത്ത നങ്ങൾ നടത്തിയിരുന്നു. മലങ്കരസഭാമക്കൾ ധീരതയോടെ പ്രവർത്തിച്ച തിനാലാണ് മലങ്കരയുടെ സ്വാതന്ത്ര്യം ഉറപ്പിച്ച് ദേശീയ സഭയായി വള രുവാൻ കഴിഞ്ഞത്. കാതോലിക്കേറ്റ് മലങ്കരയുടെ പിതൃസ്വത്താണ്. ആ നിലയിൽ മലങ്കര മക്കൾ അത് സംരക്ഷിച്ചു വരികയാണ്. മാർത്തോ മ്മൻ പൈതൃകമാണ് സഭയുടെ സിരകളിൽ ഒഴുകുന്നത്. ഇത് ഒരു സ്വാത ന്ത്ര്യമുള്ള സഭ. ഒരു ദേശീയ സഭ. ഒരു സ്വയംശീർഷകത്വമുള്ള സഭ. എല്ലാ തലങ്ങളിലും മലങ്കരയിലെ കാതോലിക്കേറ്റ് ദേശീയ സ്വഭാവം ഉൾക്കൊള്ളുന്നു. 'ഇന്ത്യൻ ഓർത്തഡോക്സ് സഭ' എന്ന നാമം ഉൾക്കൊ ള്ളുവാൻ പൂർണ്ണ അവകാശമുള്ള സഭയാണിത്. വ്യവഹാരങ്ങൾ അവ സാനിക്കുമ്പോൾ ഈ പേര് ഔദ്യോഗികമാക്കുവാൻ കഴിയും.

സഭയിലുണ്ടായ അധിനിവേശ ശ്രമങ്ങളോടുള്ള പ്രതികരണം എങ്ങനെയാണ്?

മലങ്കരസഭ ഒന്നാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെ ഭാരതീയ മായ രീതിയിൽ വളർന്നു വന്നു. അധിനിവേശ സംസ്കാരങ്ങൾ അക്കാ ലത്ത് ഇല്ലായിരുന്നു. ക്രൈസ്തവ സമൂഹം നീതിയോടും സത്യസന്ധ തയോടും ജീവിച്ചു. ചേപ്പേടുകൾ, പദവികൾ തുടങ്ങിയവ എല്ലാം നാട്ടു രാജാക്കന്മാരിൽ നിന്നു ലഭ്യമായി.

വിദേശ സഭകളുടെ അധിനിവേശം സഭയെ പല തരത്തിലും ബാധി ച്ചു. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും വിവിധ കാലത്ത് സഭയെ തകർക്കുവാൻ ശ്രമിച്ചു. എന്നാൽ വിദേശ സഭാധിനിവേശത്തെ എതിർത്തത് മലങ്കര നസ്രാണികളുടെയും സഭാപിതാക്കന്മാരുടെയും

ധീരമായ നേതൃത്വമായിരുന്നു. ഇടക്കാലത്താണ് അന്ത്യോഖ്യൻ നേതൃത്വം മലങ്കരസഭാപൈതൃകത്തെ ഗ്രസിച്ചത്. കാതോലിക്കേറ്റ് സ്ഥാപനത്തോടെ സഭ സ്വതന്ത്രമായി. ദേശീയ സഭയായി ഉയർന്നു. ഇനിയും ഒരു അധിനിവേശ തന്ത്രങ്ങളോടും ആഭിമുഖ്യം പുലർത്തുവാൻ കഴിയുകയില്ല.

സഭ ദേശീയമാണ്. എന്നാൽ സഭ ആഗോളമെന്നും പറയുന്നുവല്ലോ?

മലങ്കര ഓർത്തഡോക്സ് സഭ തദ്ദേശീയവും ദേശീയവും ആഗോളവുമാണ്. മലങ്കരസഭ ഒരു കാലത്ത് അവിഭജിതമായിരുന്നു. സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വം മാത്രമേ ഉണ്ടായിരുന്നുള്ളു. 1876-ഓടെ മലങ്കരസഭ ഏഴു ഭദ്രാസനമായി. തുടർന്ന് പല പ്രതിസന്ധികളിലൂടെ സഭ വളർന്നു വികസിച്ചു. 2012-ൽ എത്തിയപ്പോൾ 30 ഭദ്രാസനവും 30 പിതാക്കന്മാരുമായി. സഭ ആഗോളമായി ഉയർന്നു.

'ആഗോളം' എന്നു പറയുമ്പോഴും അന്തർലീനമാകുന്നത് മാർത്തോമ്മൻ പൈതൃകമുള്ള ദേശീയമായ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ സ്വഭാവധാരയാണ്. ലോകത്തിന്റെ ഏതു കോണിലായാലും നിലനിർത്തുന്നത് മലങ്കരയുടെ പൈതൃകവും വിശ്വാസരീതികളും ആയിരിക്കും. അതിനാൽ സഭ ഒരേ സമയം ദേശീയവും ആഗോളവുമായി ഉയർന്നു. പുതുതലമുറ അവിടെ എല്ലാം ഉണ്ടെങ്കിലും അവരുടെ അഭിരുചിക്ക് അനുസൃതമായി സഭാപാരമ്പര്യത്തെ വ്യതിചലിപ്പിക്കരുത്. സഭാപാരമ്പര്യത്തിൽ അടിയുറച്ചു ജീവിക്കുവാൻ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണ് വേണ്ടത്.

ശതാബ്ദി ദൗത്യങ്ങൾ എന്തെല്ലാമാണ്?

മലങ്കരസഭയുടെ സ്വാതന്ത്ര്യവും ദേശീയതയും കാത്തുസൂക്ഷിക്കുക എന്നതാണ് പ്രഥമ ദൗത്യം. പൗരാണിക പാരമ്പര്യമുള്ള ഈ സഭയുടെ സ്വാതന്ത്ര്യം പിതാക്കന്മാർ തലമുറകളായി കാത്തുസൂക്ഷിച്ചു. അത് സമ്പൂർണ്ണമായി പരിരക്ഷിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്.

ശതാബ്ദി ആഘോഷം അർത്ഥവത്താക്കുന്നതിനുള്ള പദ്ധതികൾ എങ്ങനെ വിവക്ഷിക്കുന്നു?

ശതാബ്ദി ആഘോഷം അർത്ഥപൂർണ്ണമാകുന്നത് സാമൂഹിക യാഥാർത്ഥ്യങ്ങളോട് പ്രതികരിക്കുമ്പോഴാണ്. സഭയ്ക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ട്. പൊതുസമൂഹത്തിന്റെ നന്മയ്ക്കായുള്ള പദ്ധതികൾ ഉണ്ടാകണം.

പരിസ്ഥിതി ഉയർത്തുന്ന ഭീഷണികൾ, മദ്യവിപത്ത്, മാലിന്യ സംസ്കരണം, കാർഷിക സംസ്കാരത്തോടും അദ്ധ്വാനത്തോടുമുള്ള വിമുഖത, വാർദ്ധക്യ പ്രശ്നങ്ങൾ ഇങ്ങനെ അനവധി കാര്യങ്ങളോട് സഭ ക്രിയാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. വിവിധ പദ്ധതികൾക്കുള്ള കർമ്മരേഖ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഇടവക-വൈദിക ബന്ധം എങ്ങനെ കാണുന്നു?

മലങ്കരസഭ എങ്ങനെ ആയിരിക്കണമെന്ന് നിശ്ചയിക്കുന്നത് വൈദികർ കാഴ്ചവെയ്ക്കുന്ന പ്രവർത്തന സരണിയാണ്. വൈദികരാണ് സഭയുടെ ശില്പികൾ. വിശ്വാസികളുമായി ആദ്യം ഇടപെടുന്നത് വൈദികരാണ്. മേൽപട്ടക്കാർക്ക് വിശ്വാസികളുമായി ബന്ധപ്പെടുവാൻ പിന്നീടെ അവസരമുള്ളു. സഭയുടെ വികസനം യാഥാർത്ഥ്യമാക്കുവാൻ വൈദികർ ദർശനത്തോടെ പ്രവർത്തിക്കണം. വിവിധതര സ്വാഭാവ വൈശിഷ്ട്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇടവക. അവിടെ വൈദികനും ഇടവകജനങ്ങളും ഭരണക്രമവും ഉണ്ട്. ഇത് സഭയുടെ ചെറിയ പതിപ്പാണ്. വൈദിക സമൂഹം സഭയുടെ ശില്പികൾ ആണ്.

ആചാരാനുഷ്ഠാനങ്ങൾക്കും ഭരണക്രമങ്ങൾക്കും വിധേയമായി കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ഇടവക സമൂഹത്തെ നയിക്കണം. സത്യവും നീതിയും നിഷ്പക്ഷതയും ഇടവക ശുശ്രൂഷകളിൽ ഉണ്ടാകണം. ജനങ്ങളും വൈദികരും സഭയുടെ ലിഖിതവും അലിഖിതവുമായ നിയമങ്ങൾക്കും സഭാഭരണഘടനയ്ക്കും അനുസൃതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. സഭയുടെ ആരാധനാപൈതൃകം ഉൾക്കൊണ്ട് ജനത്തെ ആത്മീയ ശിക്ഷണത്തിൽ വളർത്താൻ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണം.

മാധ്യമങ്ങൾ എങ്ങനെയാണ് സമീപിക്കുന്നത്?

മാധ്യമ സമ്മേളനങ്ങൾ എനിക്ക് ഇഷ്ടമാണ്. എന്നാൽ ഇത്തരം സമ്മേളനങ്ങളിൽ മാധ്യമങ്ങൾ ഓരോന്നിനും പ്രത്യേകമായ അജണ്ടാ ഉണ്ട്. ആ അജണ്ടാ വിജയിപ്പിക്കുന്നതിനുള്ള ചോദ്യങ്ങളും അതിനനുസൃതമായ വിവരണങ്ങളുമാണ് ഉണ്ടാകുന്നത്. ഇത് പലപ്പോഴും യാഥാർത്ഥ്യത്തിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കും.

വിദേശത്തു പല സ്ഥലങ്ങളിലും പത്രസമ്മേളനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അവിടെ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾ നേരിട്ടുള്ളതാണ്. നമ്മൾ പറയുന്നത് അതേപോലെ മാധ്യമങ്ങൾ അവതരിപ്പിക്കും. ഇത്തരം ശൈലി കേരളത്തിലെ മാധ്യമ പ്രവർത്തനങ്ങളിൽ നഷ്ടപ്പെടുന്നോ എന്ന് സന്ദേഹിക്കുന്നു. ഇവിടെ മാധ്യമപ്രവർത്തകർക്ക് പ്രകോപനപര

മായ ചോദ്യങ്ങളും ഉത്തരങ്ങളുമാണ് താല്പര്യം. മാധ്യമങ്ങളുടെ താല്പര്യങ്ങൾക്ക് അനുസൃതമായി വിവരണങ്ങൾ വളച്ചെടുക്കപ്പെടുന്നതായി തോന്നിപ്പോകുന്നു.

സഭയുടെ രാഷ്ട്രീയ ബന്ധത്തെ എങ്ങനെ കാണുന്നു?

രാഷ്ട്രീയത്തിൽ ദൈവികനീതിക്കും ദൈവത്തിനും സ്ഥാനം ഇല്ല. രാഷ്ട്രീയ ഭരണകൂടങ്ങൾ മനുഷ്യകേന്ദ്രീകൃതമാണ്. അധികാരം എങ്ങനെയും നിലനിർത്തുക എന്ന ലക്ഷ്യത്തിലാണ് ഭരണനിർവ്വഹണം.

രാഷ്ട്രീയ ഭരണകൂടങ്ങൾ സഭയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കണമെന്ന് നിശ്ചയിക്കുമ്പോൾ അത് അംഗീകരിക്കുവാൻ കഴിയാതെ വരും. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുള്ള ഒരു രാഷ്ട്രീയ സമവാക്യത്തോടും യോജിക്കുവാൻ കഴിയത്തില്ല.

സൗഹൃദ സമവാക്യങ്ങൾ വളർത്തി എടുക്കുവാൻ കഴിയില്ലേ......?

കോലഞ്ചേരി ഉൾപ്പെടെയുള്ള എത്രയോ സ്ഥലങ്ങളിൽ സൗഹൃദ സമവാക്യങ്ങൾ ഉണ്ടാക്കിയതാണ്. ആരാണ് ഇവ ലംഘിച്ചത്. സഭയിൽ സമാധാനം ആഗ്രഹിക്കാത്ത ഒരു ന്യൂനപക്ഷമുണ്ട്. അവർ വിവിധങ്ങളായ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുവാനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്.

ആക്രമണശൈലിയും കൊലപാതകവും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് കോടതിവിധികൾ അട്ടിമറിക്കപ്പെടുന്ന സംവിധാനമാണ് നിലനിൽക്കുന്നത്. സഭയ്ക്ക് നീതി നിഷേധിക്കപ്പെടുന്ന സമീപനം എല്ലാ തലങ്ങളിൽ നിന്നും ഉണ്ടാകുന്നു.

സഭയ്ക്ക് നീതി നിഷേധിക്കപ്പെടുന്നത് എന്തുകൊണ്ടാണ്?

സുപ്രീംകോടതി വിധികളിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യവും ഭരണഘടനയും ഉറപ്പിച്ചിരിക്കുകയാണ്. നീതി സത്യസന്ധമായി വിധിയിൽ പ്രതിഫലിക്കുന്നുണ്ട്. ഇവ നടപ്പാക്കുന്നതിന് സർക്കാർ കൂടി ശ്രമിച്ചെങ്കിലെ സാധിക്കൂ. സഭയ്ക്ക് നീതി ലഭിക്കാത്തത് 'വോട്ട് ബാങ്കിൽ' ലക്ഷ്യം വെയ്ക്കുന്നതിനാലാണ്.

ഒരു രാഷ്ട്രീയ പാർട്ടിയും തങ്ങളുടെ അണികളെ നഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. ഭരണവും അധികാരവും രാഷ്ട്രീയ പാർട്ടികൾ ലക്ഷ്യമിടുമ്പോൾ സഭയ്ക്ക് നീതി നിഷേധിക്കപ്പെടുന്നു.

നീതി നിഷേധിക്കപ്പെട്ടവരായി എത്രനാൾ കാത്തിരിക്കണം?

ദീർഘനാൾ കാത്തിരിക്കേണ്ടി വരും. സത്യത്തിനും നീതിക്കും വേണ്ടി

പോരാടേണ്ടി വരും. മാർത്തോമ്മൻ പൈതൃകത്തിൽ മലങ്കര നസ്രാണികൾ പുലർത്തിയ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം വിസ്മരിക്കരുത്.

വിട്ടുവീഴ്ചകൾ വേണം. അനുരഞ്ജനം മതി എന്നെല്ലാം പറയുന്നവർ സഭയുടെ സ്വാതന്ത്ര്യത്തേയും സുപ്രീംകോടതി വിധിയേയും മറികടക്കുകയാണ്. 'അനുരഞ്ജനം മതി' എന്ന സിദ്ധാന്തം എന്തുകൊണ്ട് ക്രിസ്തു നടപ്പാക്കിയില്ല. മഹാത്മാഗാന്ധി വിദേശികൾക്ക് എതിരെ സമരം നയിച്ചപ്പോൾ എന്തുകൊണ്ട് അനുരഞ്ജന ഫോർമുല സ്വീകരിച്ചില്ല?

സഭയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ പ. പുലിക്കോട്ടിൽ തിരുമേനിയും പ. വട്ടശ്ശേരിൽ തിരുമേനിയും എന്തുകൊണ്ടാണ് അനുരഞ്ജനശ്രമങ്ങൾക്ക് വിധേയപ്പെടാഞ്ഞത്?

സ്വജീവൻപോലും ത്യജിച്ച് സഭയുടെ സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി അവർ പോരാടിയതുകൊണ്ടാണ് ഇന്ന് ഈ സഭ നിലനിൽക്കുന്നത്. അവർ അനുരഞ്ജനത്തിന് മുതിർന്നെങ്കിൽ ഈ സഭ വിദേശ സഭകളുടെ അധിനിവേശത്തിൽ മുങ്ങിത്താഴുമായിരുന്നു.

സഭയിൽ ഐക്യ സൂചനകൾ ഉണ്ടാകുമോ.......?

സഭയിൽ ശാശ്വത സമാധാനം ഉണ്ടാകുമെന്നത് എന്റെ ശുഭ പ്രതീക്ഷയാണ്. എന്നാൽ അതിനായി കുറെക്കാലം കൂടി കാത്തിരിക്കേണ്ടി വരും. സുപ്രീംകോടതിവിധികൾ സഭയുടെ ഭരണഘടനയും കാതോലിക്കേറ്റും ഭരണ സ്വാതന്ത്ര്യവും എല്ലാം അംഗീകരിച്ചുള്ള പരമോന്നത വിധിയാണ്. ഇത് നടപ്പിലാക്കുവാൻ സന്നദ്ധമായ രാഷ്ട്രീയമായ ഭരണവ്യവസ്ഥ നിലവിലുണ്ടാകണം. നിയമത്തെ അംഗീകരിക്കുന്ന സമൂഹം വളർന്നു വരണം.

സഭയിൽ നിലവിൽ വന്ന സുപ്രധാന വിധികളും തീരുമാനങ്ങളും വളച്ചൊടിച്ച് ആക്രമണത്തിന്റെയും മാഫിയാ സംഘത്തിന്റെയും പിന്നിൽ നിന്നു പ്രവർത്തിക്കുന്നവരുമായി എങ്ങനെ സന്ധിസംഭാഷണം പൂർണ്ണമാക്കുവാൻ കഴിയും? പ്രാദേശിക, ഇടവകതലങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് സൗഹൃദ സമവാക്യങ്ങൾ കണ്ടെത്തിയാൽ പ്രശ്നപരിഹാരത്തിന് സാധ്യതയുണ്ട്.

സഭയുടെ പ്രവർത്തന സമീപനം എങ്ങനെയാണ്?

സഭാകേസുകളുടെ നടത്തിപ്പിൽ നമുക്ക് രഹസ്യ അജണ്ട ഇല്ല. അനീതിയില്ല. ആക്രമണമില്ല. ക്രിസ്തീയമായ സമീപനത്തിലാണ് മുന്നേറുന്നത്.

പ്രാദേശിക സൗഹാർദ്ദ സമവാക്യങ്ങൾ നീതിപൂർവ്വം ഉണ്ടാകുന്നെ

ങ്കിൽ 1934-ലെ ഭരണഘടനപ്രകാരവും സഭാകേസിൽ സുപ്രീംകോടതി വിധികൾക്ക് അനുസൃതമായും നീതി നടപ്പാക്കുവാൻ സംവിധാനം ഉണ്ടാകും. എന്നാൽ ഇക്കാര്യത്തിൽ വ്യക്തിപരമായ ഒളിച്ചോട്ടങ്ങൾ പാടില്ല. നീതിപൂർവ്വമായ ഇടപെടലുകൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം.

ഓർത്തഡോക്സ് സഭയുടെ ഐഡന്റിറ്റി ശിഥിലമാക്കുവാൻ നടത്തുന്ന രാഷ്ട്രീയ കൗശലങ്ങളും അന്തർ നാടകങ്ങളും സഭാമക്കൾ തിരിച്ചറിയണം. കൗശലക്കാരായ രാഷ്ട്രീയക്കാരുടെ സ്വാധീനത്തിനെതിരെ സഭാമക്കൾ പ്രതിരോധിക്കണം. സഭയുടെ സ്വാതന്ത്ര്യവും ദേശീയതയും സംരക്ഷിക്കപ്പെടുവാൻ നാം പ്രതിജ്ഞാബദ്ധമാണ്.

ശതാബ്ദിയുടെ പശ്ചാത്തലത്തിൽ സഭാമക്കൾക്കുള്ള പ്രബോധനം എന്താണ്?

മാർത്തോമ്മാ പൈതൃകത്തിൽ അടിയുറച്ച് സത്യത്തിനും ധർമ്മത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കണം. ഇതുവഴിയുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ സഹനശക്തിയോടെ നേരിടുകയും ചെയ്യണം.

മലങ്കരസഭയ്ക്ക് എന്തു പ്രതിസന്ധികൾ ഉണ്ടായാലും അതിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും നിലനിർത്തണം. സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിന് ഒരു പോറൽ പോലും ഏല്പിക്കുവാൻ പാടില്ല.

സത്യം വിട്ട് അനീതിക്കോ അധർമ്മത്തിനോ കൂട്ടുനിൽക്കരുത്. സത്യവഴിയിലൂടെ സഞ്ചരിക്കണം. മലങ്കര സഭാമക്കൾക്കു എന്നും സഭയോടൊപ്പം ചേർന്നു നിന്ന പാരമ്പര്യമാണുള്ളത്. അതിനാൽ കാതോലിക്കേറ്റിന്റെ വളർച്ചയ്ക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുകയും ഉത്സാഹിക്കുകയും ചെയ്യണം.

പത്തരമാറ്റുള്ള കാതോലിക്കേറ്റ്

ഒരു നൂറ്റാണ്ടു മുമ്പു മലങ്കരസഭയിൽ രൂപംകൊണ്ട കാതോലിക്കേറ്റും മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണരുളിയ ഏഴു കാതോലിക്കാമാരും ഇന്നു ഭരിക്കുന്ന എട്ടാം കാതോലിക്കായും മലങ്കരസഭയുടെ ബഹുമുഖ പുരോഗതിക്കു ശക്തി പകർന്ന സമുന്നത സഭാസാരഥികൾ ആണെന്നു ചരിത്രം സാക്ഷിക്കുന്നു.

ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ കേരളത്തിൽ വന്നു സുവിശേഷം അറിയിക്കുകയും ഇവിടെ സഭ സ്ഥാപിക്കുകയും ഏഴരപ്പള്ളികൾ ദൈവമാതാവിന്റെ നാമത്തിൽ ആരംഭിക്കുകയും ചെയ്തു. മാർത്തോമ്മാശ്ലീഹാ ഇവിടെ വരുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തിന്റെ ചില ശിഷ്യന്മാർ പേർഷ്യൻ പ്രദേശത്ത് സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് 15-ാം നൂറ്റാണ്ടിന്റെ ഒടുവിൽ പോർച്ചുഗീസുകാർ ഇന്ത്യയിൽ വരുന്നതിനു മുമ്പു തന്നെ മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായത്. കച്ചവടം, മതപരിവർത്തനം എന്നീ ദ്വിമുഖ ലക്ഷ്യത്തോടെ പോർച്ചുഗീസുകാർ ഇന്ത്യയുടെ മണ്ണിൽ കാലുകുത്തുന്നതുവരെ ഇന്ത്യയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്ന മലങ്കരസഭ മാത്രമേ ഉണ്ടായിരുന്നുള്ളു.

പോർച്ചുഗീസുകാരുടെ മതപീഡനവും പിന്നീടുവന്ന പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളുടെ ദുഷ്പ്രേരണകളും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസത്തെ കുറെയെല്ലാം തകിടം മറിച്ചു. ശക്തരായ വിദേശികളിൽ നിന്നു രക്ഷപ്പെടാൻ മലങ്കരസഭ വിശ്വാസഐക്യമുള്ള പുരാതന പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ സഹായം തേടുകയും ചില സഭകളിൽ നിന്ന് മേൽപട്ടക്കാർ ഇവിടെ വന്ന് നമ്മെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. 17-ാം നൂറ്റാണ്ടിൽ നമ്മെ സഹായിക്കാനെത്തിയ 'അഹത്തുള്ള' ബാവായെ പോർച്ചുഗീസുകാർ പിടിച്ചുകെട്ടി കായലിൽ മുക്കിക്കൊന്നു. അതിനെ തുടർന്നാണ് 1653-ലെ കൂനൻകുരിശുസത്യം ഉണ്ടായത്. ആദ്യകാലങ്ങളിൽ ഇവിടെ വന്ന പൗരസ്ത്യ സഭാപിതാക്കന്മാർ നമ്മെ പ്രതിഫലേച്ഛ കൂടാതെ സഹായിച്ചു. അവരാരും തന്നെ അധികാരമോ, ധനമോ ആഗ്രഹിച്ചിരുന്നും ഇല്ല. ആദ്യം മുതലേ നമ്മുടെ ഭൗതിക അധികാരം നാം ആർക്കും അടിയറവു വെച്ചിട്ടില്ല.

19-ാം നൂറ്റാണ്ടിൽ ഇവിടെ വന്ന സി.എം.എസ്. കാരുമായുണ്ടായ സഹകരണം വിദ്യാഭ്യാസരംഗത്തെയും വൈദികസെമിനാരി പ്രസ്ഥാനത്തേയും ആദ്യകാലത്ത് സഹായിച്ചു. എന്നാൽ കാലം കഴിഞ്ഞപ്പോൾ

നമ്മുടെ ചില കാതലായ വിശ്വാസാചാരങ്ങളെ സി.എം.എസ്. കാർ നിരാകരിക്കുകയും തുടർന്ന് സഭകൾ തമ്മിലുള്ള സഹകരണം 1836-ലെ മാവേലിക്കര പടിയോല മൂലം അവസാനിപ്പിക്കുകയും ചെയ്തു. ഈ നവീകരണവിശ്വാസങ്ങൾക്ക് തടയിടാനായി നാം അന്ത്യോഖ്യൻ സഭയുടെ ആത്മീയസഹായം തേടി. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ അവർക്ക് നാം പ്രത്യേക സാഹചര്യത്തിൽ നൽകിയ ആത്മീയാധികാരത്തിനു പുറമെ നമ്മുടെ പള്ളികളും സ്വത്തുക്കളും വേണമെന്നു ശഠിച്ചു. ഇതിനിടയിൽ മലങ്കരസഭ 20-ാം നൂറ്റാണ്ടിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു.

മലങ്കരസഭയെ ആദ്യകാലങ്ങൾക്കുശേഷം ഭരിച്ചുവന്ന പകലോമറ്റം കുടുംബത്തിലെ അർക്കദിയാക്കോന്മാർക്കും, മെത്രാന്മാർക്കും ശേഷം 1876-ൽ മലങ്കരയിൽവന്ന 'പത്രോസ് തൃതീയൻ പാത്രിയർക്കീസ്' മലങ്കരസഭയെ 7 ഭദ്രാസനങ്ങളായി തിരിക്കുകയും 6 മെത്രാന്മാരെ വാഴിക്കുകയും ചെയ്തു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമനായിരുന്നു അന്നത്തെ മലങ്കര മെത്രാപ്പോലീത്താ. മലങ്കരയിൽ പിടിമുറുക്കാൻവേണ്ടി വാഴിക്കപ്പെട്ട പുതിയ മെത്രാന്മാർ എല്ലാവരും, പാത്രിയർക്കീസ് തിരിച്ചുപോയപ്പോൾ നേരത്തെ ഉണ്ടായിരുന്ന പുലിക്കോട്ടിൽ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ സ്വീകരിച്ചു. 1908-ൽ പുലിക്കോട്ടിൽ തിരുമേനിയുടെ പിൻഗാമിയായി വന്ന മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി, അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ അബ്ദുള്ളാ ആവശ്യപ്പെട്ട "ഭൗതികാധികാര ഉടമ്പടി", അദ്ദേഹത്തിനു നൽകിയില്ല. മാർ അബ്ദുള്ളാ അക്കാരണം പറഞ്ഞ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. തുടർന്ന് സഭയിൽ പല കേസുകൾ ഉണ്ടായി.

കാതോലിക്കായെ വാഴിച്ച അബ്ദേദ് മ്ശിഹാ പാത്രിയർക്കീസിന്റെ ആദ്യ കല്പനയിൽ, മലങ്കരയിൽ കാതോലിക്കായെ വാഴിക്കേണ്ടതാവശ്യമാകയാൽ മാർത്തോമ്മായുടെ കിഴക്കിന്റെ സിംഹാസനത്തിലേക്കു കാതോലിക്കായെ വാഴിച്ചിരിക്കുന്നു എന്നു പറയുന്നു. രണ്ടാമത്തെ കല്പനയിൽ ഒരു കാതോലിക്കാ കാലം ചെയ്യുമ്പോൾ ആ സ്ഥാനത്തേക്കു മറ്റൊരു കാതോലിക്കായെ വാഴിക്കാൻ മലങ്കരയിലെ മേൽപട്ടക്കാർക്ക് അവകാശവും അധികാരവും ഉണ്ട് എന്നു പറയുന്നു. അതിനെ തടയാൻ ആർക്കും അവകാശമില്ല. അങ്ങനെ പാത്രിയർക്കീസിന്റെ സഹായത്തോടെ 1912-ൽ കാതോലിക്കേറ്റ് പുനഃസ്ഥാപിക്കപ്പെട്ടതിനാൽ പാത്രിയർക്കീസിന് അന്നുമുതൽ മലങ്കരസഭാപരമായ അധികാരം ഒന്നുമില്ല. മെത്രാന്മാരെ വാഴിക്കുക, മൂറോൻ കൂദാശ ചെയ്യുക, സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുക എന്നിവയാണു പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും മുഖ്യ ചുമതലകൾ. അതുകൊണ്ടാണ് 1958 സെപ്റ്റം

ബർ 12-നുണ്ടായ സുപ്രീംകോടതിയുടെ വിധിയിൽ കാതോലിക്കായെ വാഴിച്ച നിമിഷത്തിൽ പാത്രിയർക്കീസിന്റെ അധികാരം അസ്തമിക്കുന്ന ബിന്ദുവിൽ എത്തി എന്നു പണ്ഡിതന്മാരായ അഞ്ചു ജഡ്ജിമാർ വിധിച്ചത്.

1912-ൽ മലങ്കരയിൽ കാതോലിക്കായെ വാഴിക്കുമ്പോൾ വട്ടശ്ശേരിൽ തിരുമേനിയായിരുന്നു മലങ്കര മെത്രാപ്പോലീത്താ. അദ്ദേഹം 1934 ഫെബ്രുവരി 23-നു കാലം ചെയ്യുന്നതിനു മുമ്പു സഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കാനുള്ള ശ്രമം ആരംഭിച്ചു. ആദ്ധ്യാത്മിക കാര്യങ്ങളിൽ കാതോലിക്കാ ബാവായും ഭരണകാര്യങ്ങളിൽ മലങ്കര മെത്രാപ്പോലീത്തായുമായിരുന്നു പരമാധികാരി. വട്ടശ്ശേരിൽ തിരുമേനി അന്തരിച്ചശേഷം ഈ രണ്ടു സ്ഥാനങ്ങളും, 1934-ൽ ഭരണഘടന പാസ്സാക്കിയപ്പോൾ ഒരാളിൽ നിക്ഷിപ്തമായി. 1929-ൽ വാഴിക്കപ്പെട്ട ഗീവറുഗീസ് രണ്ടാമൻ ബാവായാണു രണ്ടു സ്ഥാനങ്ങളും ഒരേസമയം വഹിച്ച പ്രഥമ കാതോലിക്കാ. അദ്ദേഹത്തിന്റെ കാലത്ത്, 1958-ൽ മലങ്കരസഭ പാത്രിയർക്കീസ് വിഭാഗവുമായി നടത്തിവന്ന കേസിൽ ജയിക്കുകയും എതിർപക്ഷത്തു നിന്ന മെത്രാന്മാർ കാതോലിക്കായെ പരമാധ്യക്ഷനായി അംഗീകരിക്കുകയും ഭിന്നിച്ചു നിന്ന സഭ ഒന്നായിത്തീരുകയും ചെയ്തു. ഇതിൽ ഖിന്നരായ ഒരു വിഘടിത വിഭാഗം പണത്തിനും സ്ഥാനത്തിനും അധികാരത്തിനും വേണ്ടി നടത്തിയ കുതന്ത്രങ്ങളാണ് അധികാരരഹിത - നിഷ്പത്തി വ്യക്തമല്ലാത്ത - ശ്രേഷ്ഠ കാതോലിക്കാ സ്ഥാനത്തിനും വടക്കൻ മേഖലയിലെ തർക്കവിതർക്കങ്ങൾക്കും വഴിമരുന്നിട്ടത്. വിഘടിതവിഭാഗം തങ്ങളുടെ ഗ്രൂപ്പിനെ വളർത്താനാണ് 2002-ൽ മലങ്കര വറുഗീസിനെ വധിച്ചത്. നമ്മുടെ യഥാർത്ഥ കാതോലിക്കാമാരെല്ലാം തന്നെ തികഞ്ഞ ഭക്തരും സഭാസ്നേഹികളും സമർത്ഥരും സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച ത്യാഗികളുമായിരുന്നു. അതുകൊണ്ടാണ് സഭ കഴിഞ്ഞ നൂറ്റാണ്ടിൽ ബഹുമുഖ ആദ്ധ്യാത്മിക സേവനമേഖലകളിൽ വളരെയധികം മുന്നേറി ശോഭിച്ചത്. സഭയുടെ ദൗത്യനിർവഹണത്തിൽ സഭാംഗങ്ങൾക്കു വലിയ പങ്കുണ്ടെന്നാണ് കാതോലിക്കേറ്റ് ശതാബ്ദി നമ്മെ ശക്തമായി അനുസ്മരിപ്പിക്കുന്നത്. ദൈവത്തെ കൂടുതൽ സ്നേഹിക്കാനും ലോകത്തിൽ വിശ്വസ്തതയോടെ ജീവിക്കാനും പാവപ്പെട്ട ജനവിഭാഗങ്ങളെ പലതരത്തിൽ ഉദ്ധരിക്കാനും കാതോലിക്കേറ്റിന്റെ ശതാബ്ദി നമുക്കു സൽപ്രേരണകൾ പ്രദാനം ചെയ്യുന്നു. ഒരു ശക്തിക്കും മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെയും ദൈവദത്തമായ കാതോലിക്കാ സിംഹാസനത്തെയും തകർക്കാനാവില്ലെന്ന സത്യം ഊണിലും ഉറക്കത്തിലും നമ്മെ എന്നും ഭരിക്കണം.

റോമൻ കത്തോലിക്കാ സഭയിൽ കാതോലിക്കാസ്ഥാനം ഇല്ല. സഭാ

തലവൻ മാർപാപ്പായാണ്. അദ്ദേഹത്തിനു മാത്രമേ പേരിന്റെ ആദ്യം 'പരിശുദ്ധ' എന്ന നാമവിശേഷണം ചേർക്കാൻ ആ സഭ അധികാരം നൽകിയിട്ടുള്ളു. അതുപോലെ തന്നെ സിറിയൻ ഓർത്തഡോക്സ് സഭാതലവനായ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു മേല്പട്ടക്കാരനും ഹിസ് ഹോളിനസ് വയ്ക്കാൻ അനുവാദമില്ല. അതുകൊണ്ടാണ് പദനിഷ്പത്തി വ്യക്തമല്ലാത്ത ഹിസ് ബിയാറ്റിറ്റ്യൂഡ് അഥവാ ശ്രേഷ്ഠ കാതോലിക്കാ എന്നു വേണ്ടത്ര വിവരമില്ലാത്തവരാൽ വിളിക്കപ്പെടുന്നത്.

സഭാഭരണഘടന, സുപ്രീം കോടതി വിധി, 'യാക്കോബായ സഭ'

ജസ്റ്റീസ് കെ. ജോൺ മാത്യു ഇങ്ങനെ എഴുതുന്നു: "അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ഒരു കാലത്തും ലൗകിക മേലധികാരം ഇല്ലായിരുന്നു എന്ന് 1889-ൽ തിരുവിതാംകൂർ റോയൽ കോടതി വിധിച്ചതിനെ മറികടക്കാൻ, അപ്രകാരമുള്ള അധികാരം സമ്മതിച്ചുകൊണ്ടുള്ള രജിസ്റ്റർ ഉടമ്പടികൾ പള്ളികളിൽ നിന്നും മെത്രാന്മാരിൽ നിന്നും മെത്രാൻ സ്ഥാനമോഹികളിൽ നിന്നും വാങ്ങാൻ പാത്രിയർക്കീസിന്റെ ശ്രമം ഉണ്ടായി. അങ്ങനെയുള്ള ഉടമ്പടി നൽകാൻ വിസമ്മതിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോഴാണ് സഭയിൽ രണ്ടു കക്ഷികൾ ഉണ്ടായത്.

1912-ലെ കാതോലിക്കാ സ്ഥാപനവും 1934-ലെ ഭരണഘടനാ നിർമ്മാണവും നടന്നതിനെ തുടർന്നുണ്ടായ വ്യവഹാരത്തിലെ പ്രധാന തർക്കം ഭരണഘടനയെ അനുകൂലിച്ചവർ സഭയ്ക്ക് ഇതരരായി എന്നതായിരുന്നു. വട്ടിപ്പണക്കേസും സമുദായക്കേസും ഈ തർക്കം തള്ളിക്കളയുകയും മുടക്ക് അസാധുവാണെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. ഇതേതുടർന്നാണ് 1958 ഡിസംബർ 16-ാം തീയതി ഇരുഭാഗത്തെയും മേൽപ്പട്ടക്കാർ പഴയസെമിനാരിയിൽ വച്ച് പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനം ഉണ്ടായത്.

1973-74 കാലത്ത് സഭാഭരണഘടനയ്ക്കും രാജി വ്യവസ്ഥകൾക്കും എതിരായി പാത്രിയർക്കീസ് മലങ്കരസഭയ്ക്ക് മെത്രാന്മാരെ വാഴിച്ചതിനെ തുടർന്നുണ്ടായ തർക്കങ്ങളാണ് പിന്നീടുള്ള കേസുകൾക്ക് കാരണമായത്. ഇതിനിടെ പ്രധാന കേസുകളുടെ അപ്പീൽ സുപ്രീംകോടതിയുടെ 1995-ലെ വിധിയും തുടർന്നുണ്ടായ നടപടികളിലെ ഉത്തരവുകളും മൂലം അവസാനിച്ചശേഷം 8-6-2002-ൽ പാത്രിയർക്കീസിനെ അനുകൂലിക്കുന്ന ഏതാനും പള്ളികൾ ഒരു സൊസൈറ്റി രൂപീകരിക്കുകയും 6-7-2002-ൽ രജിസ്റ്റർ ചെയ്യുകയും ആ സൊസൈറ്റിക്ക് 'യാക്കോബായ സഭ' എന്ന പേരു നൽകുകയും ചെയ്തു. സുപ്രീംകോടതി വിധിയും 1934-ലെ സഭാ

ഭരണഘടനയും അനുസരിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ നിയമ പരമാണോ എന്നു മാത്രമേ ഈ ലേഖനത്തിൽ പരിശോധിക്കുന്നുള്ളു.

മലങ്കരസഭയെ മലങ്കര ഓർത്തഡോക്സ് സഭ എന്നു കൂടാതെ യാക്കോബായ സഭ എന്നു കൂടി പറഞ്ഞുവരുന്നു എന്ന് 1934-ലെ സഭാ ഭരണഘടനയിൽ തന്നെ പറഞ്ഞിട്ടുണ്ട്. വട്ടിപ്പണക്കേസ്, സമുദായക്കേസ് ഉൾപ്പെടെ എല്ലാ കേസുകളിലെ വിധികളിലും മലങ്കരസഭയെ യാക്കോബായസഭ എന്നാണ് പരാമർശിച്ചിരിക്കുന്നത്. ഒരു രജിസ്റ്റേർഡ് സൊസൈറ്റിക്ക് യാക്കോബായ സഭ എന്ന് പേരിട്ടതുകൊണ്ട് പൊതു ജനങ്ങളുടെയും സഭാംഗങ്ങളുടെയും മനസ്സിൽ തെറ്റിദ്ധാരണ ഉണ്ടാക്കാമെന്നല്ലാതെ സുപ്രീംകോടതി വിധിയെയും സഭാഭരണഘടനയെയും മറികടക്കാനാകുകയില്ല. ഇപ്രകാരം രജിസ്റ്റർ ചെയ്ത യാക്കോബായ സഭയാണ് യഥാർത്ഥ മലങ്കരസഭയെന്നുള്ള അവകാശവാദവും നിലനിൽക്കത്തക്കതല്ല.

വട്ടിപ്പണക്കേസിൽ ഭരണഘടന അംഗീകരിച്ചവർ സഭ വിട്ടുപോയി പുതിയ സഭ സ്ഥാപിച്ചു എന്ന വാദം കോടതി സ്വീകരിച്ചില്ല. രണ്ടാം സമുദായക്കേസിൽ മലങ്കരയിൽ രണ്ടു സഭകളുണ്ട്, കാതോലിക്കായെ അനുകൂലിക്കുന്ന സഭയും പാത്രിയർക്കീസിനെ അനുകൂലിക്കുന്ന സഭയും എന്ന വാദവും കോടതി നിരാകരിച്ചു. കൂടാതെ മലങ്കരസഭ ഒന്നേയുള്ളു എന്നും ആ സഭയിലെ എല്ലാ പള്ളികളും സ്ഥാപനങ്ങളും 1934-ലെ സഭാഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നും വിധിച്ചു. ഈ വിധിയിൽ നിന്ന് ഒഴിവാകാനാകുമോ എന്ന പരീക്ഷണത്തിനാണ് ഏതാനും പള്ളികൾ ചേർന്ന് ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തത്.

ഈ വിധിക്ക് കാരണമായ അപ്പീലിൽ കേരള ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്യണമെന്ന് സുപ്രീംകോടതിയിൽ അപ്പീൽവാദികളായ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കായും മറ്റും അപേക്ഷിക്കുകയുണ്ടായി. അപ്പീൽ തീർച്ച വരെ ഹൈക്കോടതി വിധി സ്റ്റേ ചെയ്യാനും ആ വിഭാഗത്തിലെ മെത്രാന്മാർക്ക് അവരവരുടെ സ്ഥാനങ്ങളിൽ തുടരാനും സുപ്രീംകോടതി അനുവദിച്ച ഉത്തരവിൽ ഒരു പ്രധാന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിരുന്നു. 1934-ലെ സഭാഭരണഘടന അംഗീകരിക്കുന്നു എന്നും സഭാഭരണഘടനപ്രകാരം ഭരിച്ചുകൊള്ളാം എന്നും കാണിച്ച് സത്യവാങ്മൂലങ്ങൾ നൽകണമെന്നായിരുന്നു വ്യവസ്ഥ. അപ്രകാരം എല്ലാ മെത്രാന്മാരും സത്യവാങ്മൂലങ്ങൾ നൽകിയാണ് അവരവരുടെ സ്ഥാനങ്ങളിൽ അവർ തുടർന്നത്. ആ സത്യവാങ്മൂലങ്ങൾ ഇന്നും നിലനിൽക്കുന്നു.

1995-ലെ വിധിപ്രകാരം 1934-ലെ സഭാഭരണഘടനയുടെ ചില വകു

പ്പുകൾ കോടതി തന്നെ ഭേദഗതി ചെയ്തു. ഭേദഗതിയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ അപ്പീൽവാദികളും കോടതിയിൽ നൽകി. ആ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് സുപ്രീംകോടതി ചില വകുപ്പുകൾ ഭേദഗതി ചെയ്തത്. ഇതേതുടർന്ന് ഭേദഗതി ചെയ്ത ഭരണഘടനപ്രകാരം തെരഞ്ഞെടുപ്പുകൾ നടത്താനും മലങ്കര അസ്സോസിയേഷൻ മീറ്റിംഗ് നടത്താനും നിർദ്ദേശിക്കുകയും അതിന്റെ നീതിപൂർവ്വമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാനായി കേരള ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റീസ് മളീമഠിനെ കോടതി നിയമിക്കുകയും ചെയ്തു. ജസ്റ്റീസ് മളീമഠിന്റെ നടപടികളിലും പാത്രിയർക്കീസ് വിഭാഗം സഹകരിച്ചു. ആ വിഭാഗത്തിന്റെ ചില നിർദ്ദേശങ്ങൾ ജസ്റ്റീസ് മളീമഠ് സ്വീകരിക്കുകയുണ്ടായി. അസ്സോസിയേഷൻ തെരഞ്ഞെടുപ്പും യോഗവും ശരിയായും നീതിപൂർവവുമാണ് നടത്തിയതെന്നു കാണിച്ച് ജസ്റ്റീസ് മളീമഠ് കോടതിയിൽ റിപ്പോർട്ട് നൽകി. ഈ റിപ്പോർട്ടിനെതിരെ പാത്രിയർക്കീസ് വിഭാഗം ആക്ഷേപ ഹർജി ഫയൽ ചെയ്തു. ഈ ആക്ഷേപം വാദം കേട്ടു തള്ളിക്കൊണ്ടു സുപ്രീം കോടതി 12-7-2002-ൽ റിപ്പോർട്ട് അംഗീകരിച്ചു. ഈ ഉത്തരവിനു മുമ്പ് അന്നേദിവസം നടന്ന വാദത്തിൽ 8-6-2002-ൽ യാക്കോബായ സഭ എന്ന പ്രത്യേക വിഭാഗമായി ഭരണഘടന അംഗീകരിച്ചു എന്നുള്ള തർക്കം ഉന്നയിച്ചില്ല. 12-7-2002 വരെ കേസിലെ എല്ലാ കാര്യങ്ങളിലും പങ്കെടുത്തിരുന്ന പാത്രിയർക്കീസ് വിഭാഗത്തിന് കേസിലെ വിധിയെയും ഉത്തരവുകളെയും അനുസരിക്കാൻ നിയമപ്രകാരം ബാധ്യതയുണ്ട്. പ്രാതിനിധ്യ സ്വഭാവമുള്ള ഈ കേസിലെ വിധി മലങ്കരസഭയെ മുഴുവൻ ബാധിക്കുന്നതാണ്. ജസ്റ്റീസ് മളീമഠിന്റെ റിപ്പോർട്ട് കോടതി അംഗീകരിച്ചപ്പോൾ അതോടുകൂടി ഫയൽ ചെയ്ത പള്ളികളുടെ ലിസ്റ്റും അംഗീകരിച്ചതിനാൽ ചില പള്ളികൾ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതില്ല എന്ന വാദത്തിനും പ്രസക്തിയില്ല.

ഇന്ത്യൻ ഭരണഘടന മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെന്നും അതിനാൽ പാത്രിയർക്കീസ് വിഭാഗം 2002-ലെ ഭരണഘടനപ്രകാരം പ്രവർത്തിക്കുന്നതിൽ തെറ്റില്ലെന്നും ചിലർ കരുതുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 3-ാം ഭാഗത്തിലെ നിബന്ധനകൾക്കു വിധേയമായി ഭരണഘടനയുടെ 25-ാം ആർട്ടിക്കിൾ മതസ്വാതന്ത്ര്യം മൗലിക അവകാശമായി അംഗീകരിച്ചിട്ടുണ്ട്. സുപ്രീംകോടതി വരെ നീണ്ടുനിന്ന ഒരു സിവിൽ വ്യവഹാരത്തിൽ തോറ്റ കക്ഷിയിലെ ഏതാനും പള്ളികൾ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് ഒരു പുതിയ സഭ സ്ഥാപിച്ചു എന്നു പാത്രിയർക്കീസ് വിഭാഗം ഇതുവരെ അവകാശപ്പെട്ടിട്ടില്ല. പാത്രിയർക്കീസ് വിഭാഗമാണ് പുരാതന മലങ്കരസഭ എന്നാണ് ആ വിഭാഗത്തിന്റെ നിലപാട്. 1934-ലെ ഭരണഘടനപ്രകാരം അതിനെതിരെയുള്ള എല്ലാ നടപടിക്രമങ്ങളും ചട്ട

ങ്ങളും അസാധുവാണ്. സുപ്രീംകോടതിയിൽ 1934–ലെ ഭരണഘടനയാണ് നിലനിൽക്കേണ്ടത് (shall prevail) എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിർദ്ദേശം ഇന്ത്യയിലെ എല്ലാ കോടതികളും അധികാരികളും പൗരന്മാരും അനുസരിക്കേണ്ടതുമാണ്.

ഈ നിലയ്ക്ക് സുപ്രീംകോടതി വിധിയും 1934–ലെ സഭാ ഭരണഘടനയും മലങ്കര ഓർത്തഡോക്സ് (യാക്കോബായ) സഭയിലെ എല്ലാ വിഭാഗങ്ങൾക്കും പള്ളികൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണ്.

പാത്രിയർക്കീസ് എവിടെയെന്നു നിശ്ചയമില്ലാത്ത സഭയും

മദ്രാസിൽ നിന്നു ഒരു വലിയ സഭാസ്നേഹിയായ പി. വി. ജേക്കബ് (പ്രസാദ്) ഇങ്ങനെ എഴുതുന്നു:

“അടുത്തകാലത്ത് ഞാൻ അമേരിക്കയിലെ ഒഗിഗോൺ എന്ന സ്റ്റേറ്റിൽ ആറു മാസത്തോളം താമസിച്ചു. അന്നു ഞാൻ അമേരിക്കൻ ഓർത്തഡോക്സ്, ഗ്രീക്ക് ഓർത്തഡോക്സ്, റുമേനിയൻ ഓർത്തഡോക്സ്, അന്ത്യോഖ്യൻ ഓർത്തഡോക്സ് എന്നീ സഭകളുടെ പള്ളികളിലാണു ഞായറാഴ്ച ആരാധനയ്ക്ക് പോയിരുന്നത്. അന്ത്യോഖ്യൻ എന്നു കേട്ടപ്പോൾ മലങ്കരസഭയുമായി ബന്ധമുള്ള സഭയാണെന്നു കരുതി. അവിടെ ചെന്നപ്പോഴാണ് അതു ബൈസന്റിയൻ ഗ്രൂപ്പിൽപെട്ടതാണെന്നു മനസ്സിലായത്. അന്ത്യോഖ്യായിലെ യഥാർത്ഥ സഭ അവരുടേതാണെന്നും പത്രോസ് ശ്ലീഹായുടെ പിൻഗാമിയാണവരുടെ പാത്രിയർക്കീസെന്നും ഒരു ചോദ്യത്തിനുത്തരമായി അവർ പറഞ്ഞു. അതേസമയം ഇതേ അവകാശം ഉന്നയിക്കുന്ന ഒരു ചെറിയ സിറിയൻ ഓർത്തഡോക്സ് സഭ അവിടെ ഉണ്ടെന്നും അവരുടെ പാത്രിയർക്കീസ് അന്ത്യോക്യയിലല്ല, മറ്റെവിടെയോ ആണെന്നും ആ വിഭാഗം അറിയിച്ചു.”

അനുരഞ്ജനത്തിന്റെ പുതുയുഗ കാഹളങ്ങളായിത്തീരുക

മലങ്കരയിൽ സമാധാനവും ഐക്യവും അനിവാര്യം

ചരിത്രം സൃഷ്ടിച്ച കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനത്തിൽ പ. പൗലോസ് ദ്വിതീയന്റെ ആഹ്വാനം.

മലങ്കരസഭ നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നതെന്നും നമുക്ക് സമാധാനത്തിലേക്കു ചുവടു വയ്ക്കാമെന്നും പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണെന്നും ക്രിയാത്മകമായ ആത്മിക പ്രതികരണം സന്മനസോടെ സ്വാഗതം ചെയ്യുന്നു എന്നും മലങ്കരസഭയുടെ പരമാധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ പ്രഖ്യാപനം ചെയ്തു. കാതോലിക്കേറ്റിന്റെ പ്രൗഢഗംഭീരവും ഭക്തിനിർഭരവുമായ ശതാബ്ദി ആഘോഷം സംബന്ധിച്ച് കൊച്ചി മറൈൻ ഡ്രൈവിൽ 2012 നവംബർ 25-ന് ചേർന്ന വമ്പിച്ച അഖില മലങ്കര സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം ചെയ്യുകയായിരുന്നു പ. ബാവാ.

ദൈവത്തിന്റെ മഹത്വത്തെ സദാ വർണ്ണിക്കുന്ന നീലാകാശത്തെയും സമീപത്തെ ആഴിപ്പരപ്പിൽ നിന്നു നിലയ്ക്കാതെ ഒഴുകിയെത്തി ജനലക്ഷങ്ങൾക്ക് ഹൃദ്യമായ ആത്മിക കുളിരേകിയ വിമല സായാഹ്ന സമീരണനെയും സാക്ഷിനിറുത്തി സഭാംഗങ്ങൾ കൃതജ്ഞതയുടെയും ആഹ്ളാദത്തിന്റെയും തേരിലേറിയിരുന്ന കാഴ്ച അനുപമസുന്ദരവും ശരീരമനസ്സുകളെയും ആത്മാക്കളെയും ഇമ്പങ്ങളുടെ പറുദീസയിലേക്കു ഉയർത്തുന്നതിനും തികച്ചും പര്യാപ്തമായിരുന്നു. ഭാരത ദേശീയസഭയുടെ ആശയും ആഗ്രഹവും പ്രതീക്ഷയും സ്വപ്നങ്ങളും ലക്ഷ്യങ്ങളും ഇതുപോലെ ഒന്നിച്ചു പ്രതിഫലിച്ച മറ്റൊരു മഹാസമ്മേളനം ഇതാദ്യമാണ് നടന്നതെന്നു തറപ്പിച്ചു പറയാം. പ. ബാവായുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

"... മഹാ തേജസ്വികളെ ആദരിക്കുക എന്നത് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്ന് നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്തുവിന്റെ സഭയുടെ ബലഹീനദാസനായി വി. മാർത്തോമ്മായുടെ ശ്ലൈഹിക സിംഹാസനത്തിൽ ശുശ്രൂഷിക്കുന്ന നമുക്ക് ഒരേ സമയം ഒരു ഭാരവും ഒരു സ്വപ്നവുമുണ്ട്. അഞ്ഞൂറ് വർഷങ്ങളോളം നീളുന്ന നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രം, അഥവാ നമ്മുടെ സാമൂ

ഹിക ജീവിതചരിത്രം, ശേഷിപ്പിച്ചിരിക്കുന്ന മുറിവുകളാണ് നമ്മെ ഭാര പ്പെടുത്തുന്നത്. ദൈവരാജ്യത്തിനായുള്ള വലിയ ദർശനത്തോടെ പരി ശുദ്ധ സഭയുടെ കെട്ടുപണി നിർവ്വഹിക്കുന്നതിനേക്കാളും സ്വയപ്രതി രോധത്തിനും സ്വാതന്ത്ര്യപോരാട്ടത്തിനും നമ്മുടെ ശ്രദ്ധയൂന്നുന്നതിന് ഒരു പരിധിയോളം നമ്മൾ നിർബന്ധിക്കപ്പെടുകയായിരുന്നു.

നിശ്ചയമായും അതിബലവത്തായ അധീശത്വങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും നാം ഇരയായിട്ടുണ്ട്. നാം ഒരിക്കലും കലഹങ്ങളും വ്യവഹാരങ്ങളും കാംക്ഷിക്കുന്നില്ല. അധികാരവും സമ്പത്തും അന്വേ ഷിക്കുന്നില്ല. മറിച്ച് നീതിയും ന്യായപാലനവുമാണ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അവിഹിതമായ അവകാശമോ ആനുകൂ ല്യമോ അല്ല, നമുക്ക് അർഹമായത് മാത്രമാണ് ആവശ്യപ്പെട്ടത്. മഹ ത്തായ നമ്മുടെ ജനാധിപത്യവും അതിന്റെ നിയമസംഹിതയും സകല പൗരന്മാർക്കും, എല്ലാ തരത്തിലുമുള്ള അക്രമങ്ങളിൽ നിന്നും, ദുരപൂണ്ട ബാഹ്യശക്തികളുടെ കടന്നുകയറ്റത്തിൽ നിന്നും, നിയമപരമായ സുരക്ഷ വാഗ്ദാനം ചെയ്യുന്നുണ്ട്. നാം അഭ്യർത്ഥിക്കുന്നത്, ഇന്ത്യൻ പൗരന്മാ രെന്ന നിലയിലുള്ള നീതിപൂർവ്വകമായ ഈ പരിരക്ഷയാണ്. ഭാരത ത്തിന്റെ പരമോന്നത കോടതി നമ്മുടെ നിലപാടുകളെ ആവർത്തിച്ച് ശരി വച്ചിരിക്കുന്നു.

ഭരണകർത്താക്കളോട് ഒരു വാക്ക്, ഞങ്ങൾ സമാധാനപ്രിയരാകുന്നു. ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരുവിധ അവിശു ദ്ധമാർഗ്ഗവും അലംബിക്കേണ്ടതില്ല. ഈ രാജ്യത്തിന്റെ നിയമം അനുവ ദിക്കുന്ന അർഹതപ്പെട്ട നീതി, നിഷേധിക്കപ്പെടാതിരിപ്പാനും, സമൂഹ ത്തിലെ ഭിന്നതയെ ദൂരീകരിപ്പാനും അകൈതവമായ ധീരതയോടും ഇച്ഛാ ശക്തിയോടും പ്രവർത്തിക്കുക.

നമ്മുടെ വാത്സല്യമക്കളെ,

നമുക്ക് ഒരു സ്വപ്നമുണ്ട്. നാം നിങ്ങളേവരോടുമായിട്ടാകുന്നു പറയു ന്നത്. സമ്മേളിച്ചിരിക്കുന്നവരോടും സമീപസ്ഥന്മാരോടും ഒപ്പം നിൽക്കു ന്നവരോടും വിഘടിച്ചുനിൽക്കുന്നവരോടുമായിട്ടാകുന്നു ഈ ആഹ്വാനം.

നാം ഒന്നാണ്. ഒരേ രക്തവും ഒരേ കുടുംബവും. നമുക്ക് ഒരേ വിശ്വാ സവും ഒരേ ആരാധനയും. നമുക്ക് സമാധാനം വേണം. നാം ഒരു കൂടാര ത്തിൽ വസിക്കുന്നവരാകണം. ഒരു ശരീരമായി ദൈവത്തെ ആരാധിക്കു ന്നവരാകണം. നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ആരാണ് നമ്മുടെ ഐക്യം തകർത്തത്? ആരാണ് നമ്മുടെ സമാധാനപരമായ സഹവർത്തി ത്വത്തെ ഭയപ്പെടുന്നത്?

ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ചവനായ മാർത്തോമ്മായുടെ പാവന മാർഗ്ഗത്തിന്റെ യശസ്സ് കളങ്കപ്പെടുത്തുവാൻ കുത്സിത ശ്രമങ്ങൾ നടത്തുന്നത് ആരാണ്? എല്ലാ ധാരണകളെയും ഉഭയസമ്മതങ്ങളെയും കാറ്റിൽ പറത്തുന്നതാരാണ്?

വിസ്മരിക്കരുത്: ഐക്യത്തിന്റെ മധുരം നാം ഒരിക്കൽ നുകർന്നതാണ്, എത്രയോ അനുഗൃഹീതമായ അനുഭവമായിരുന്നു!

ഈ കഴിഞ്ഞ ഞായറാഴ്ച (നവംബർ 18) നാം കെയ്റോയിലായിരുന്നു. അലക്സാന്ത്രിയൻ പാത്രിയർക്കീസും പോപ്പുമായ തെവാദ്രോസ് രണ്ടാമന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുള്ള ക്ഷണമനുസരിച്ച് അവിടെ എത്തിയതാണ്. ലോകത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരോടും, അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായോടും ഒരുമിച്ച് നാമും പ. മദ്ബഹായിൽ, ദിവ്യമായ ആ ശുശ്രൂഷയിൽ പങ്കുചേർന്നു. നമ്മുടെ കർത്താവ് ഓർമ്മിപ്പിക്കുന്ന പൂർണ്ണ സഹോദര സ്നേഹത്തോടെ നാം അദ്ദേഹത്തിന് ആശംസകൾ അർപ്പിക്കുകയുണ്ടായി.

മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും സിംഹാസനത്തിലെ പരിശുദ്ധരായ പൂർവ്വഗാമികളെപ്പോലെ, സകല മനോവിനയത്തോടും നാം പറയുന്നു, മലങ്കരയിൽ സമാധാനവും ഐക്യവും പുലരുന്നതിന് നാം ആഗ്രഹിക്കുന്നു.

നമ്മുടെ പ്രിയ മക്കളെ,

നിങ്ങളുടെ പ്രധാന ഇടയന്റെ വാത്സല്യത്തോടും ഹൃദയഭാരത്തോടും നാം നിങ്ങളെ പ്രബോധിപ്പിക്കുന്നു. നമുക്ക് സമാധാനത്തിലേക്കു ചുവടുവയ്ക്കാം. അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും സൗഖ്യദാനത്തിന്റെയും പുതുയുഗ കാഹളങ്ങളായിത്തീരാം. സമാധാനപ്രഭുവായ ക്രിസ്തുവിന്റെ സാക്ഷ്യമുള്ള അനുകാരികളാകാം. പൊറുക്കുവാനും ക്ഷമിക്കുവാനും ഒരുക്കമാണ്. ക്രിയാത്മകമായ ആത്മീയ പ്രതികരണം സന്മനസ്സോടെ നാം സ്വാഗതം ചെയ്യുന്നു.

ഭാരതസഭയുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി മഹാരഥന്മാരായ പൂർവ്വികന്മാർ ചൊരിഞ്ഞ കണ്ണീർപ്രവാഹങ്ങളോടും നമ്മുടെ ആറ്റുപുറത്ത് വർക്കി ആശാൻ എന്ന ആനപാപ്പി മുതൽ മലങ്കര വർഗ്ഗീസ് വരെയുള്ള ധീരവീരന്മാരായ സഭാംഗങ്ങളുടെ രക്തസാക്ഷിത്വങ്ങളോടും നമുക്ക് ഭാരമേറിയ ആത്മീയ ഉത്തരവാദിത്വമുണ്ട്. മഹാജ്ഞാനം കൊണ്ടും സുധീരമായ ഇടപെടലുകൾ കൊണ്ടും അവർ നമുക്ക് വേണ്ടതെല്ലാം നൽകിയിട്ടുണ്ട്. ഭരണഘടനാപരമായും കാനോനികമായും അജ

പാലനപരമായും നമ്മെ സജ്ജരാക്കി ഒരുമയോടെ സഹവസിക്കുന്നതിന് പ്രാപ്തരാക്കി. സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നതിലെ ഐശ്വര്യത്തിനും സൗന്ദര്യത്തിനും എതിരു നിൽക്കുന്നവരുണ്ടാകും. അക്രമത്തിനും അനൈക്യത്തിനും മനഃപൂർവ്വം പ്രേരിപ്പിക്കുന്ന, അത്തരം ആളുകൾ ചുരുക്കമാണ്. നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടം നമ്മെ കയ്പ്പുള്ളവരാക്കിയിട്ടില്ല. ക്രിസ്തുവെന്ന ദൃഷ്ടാന്തത്തെ പിന്തുടരുക. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി കാട്ടിത്തന്നതുപോലെയും ക്രിസ്തീയ മാതൃക പിൻപറ്റിയും ജീവിക്കുക. ഹൃദയപൂർവ്വം ക്ഷമിക്കുക. നമ്മെ അധീനപ്പെടുത്തുവാൻ ശ്രമിച്ചവരോടുള്ള വിദ്വേഷത്തെ വെടിയുക. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ ഭരമേൽപിച്ചിട്ടുള്ളത് ഈ ചരിത്ര നിമിഷത്തിൽ നാം ധ്യാനിക്കേണ്ടതുണ്ട് എന്ന് നാം ഓർമ്മിപ്പിക്കട്ടെ. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ താൻ എഴുന്നേറ്റ് യെശയ്യാവിന്റെ പുസ്തകത്തിൽ നിന്നു വായിക്കുന്നു. “ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ച് അയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.” പ്രിയ മക്കളെ, അനീതിയുടെയും, ദാരിദ്ര്യത്തിന്റെയും, കഷ്ടതയുടെയും, സംഘർഷങ്ങളുടെയും, യുദ്ധങ്ങളുടെയും ഈ ലോകത്ത് നമ്മുടെ വിശുദ്ധമായ ഉത്തരവാദിത്വം ഇതാണ്.

The Malankara Orthodox Church in this 21st century is committing herself to the values of the kingdom of God, the building up of our nation to foster harmony among diverse faiths, justice to the poor and the marginalized, and the protection and care for the natural environment, elimination of corruption and discrimination, and fostering of equality of all the children of God. We eagerly wait for “the new heaven and to the new earth where justice dwells.” Together with our Apostle Thomas, let us touch the crucified and risen Christ, and say ‘my Lord and my God’, and like him, let us get ready to die with Christ for the sake of the healing and well being of this world.

ലോകമെങ്ങും നിന്ന് ഈ മഹാസംഗമത്തിന് എത്തിയ വിശ്വാസസമൂഹത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നു. അവരെ നയിക്കുവാൻ ദൈവം തെരഞ്ഞെടുത്തിരിക്കുന്ന പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് വലിയബാവായെയും മേല്പട്ടക്കാരെയും, പട്ടക്കാരെയും, ശുശ്രൂഷകസംഘത്തെയും ഓർത്ത് നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേർന്നിരിക്കുന്ന വിശിഷ്ടാതിഥികൾക്ക് നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സന്തോഷവും അറിയിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ. ശുദ്ധിമതിയായ മാതാവിന്റെയും

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും മാർ ഗ്രിഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും പ്രാർത്ഥന കാവലും കോട്ടയുമായിരിക്കട്ടെ."

Welcome Speech

The following is the full text of the welcome speech delivered by Thomas Mar Athanasius, Metropolitan of Chengannur Diocese.

Your Holiness Baselios Paulose II, Your Holiness Tenzin Gyatsu Dalai Lama, Your Excellencey Dr. A. P. J. Abdul Kalam, Hon. Chief Minister Sri. Oommen Chandy, Hon. Ministers, Most respected Metropolitans, Social and Political leaders, Lay representatives, Managing Committee Members, Rev. Fathers, Rev. Sisters and dearly beloved!

I consider this as a singular honour and a privilege to welcome all of you very warmly to this august and historic gathering.

A secular country like India can be compared to a beautiful bouquet in which different religions spread their fragrance throughout the length and breadth of the country.

The church in India was established by St. Thomas-one of the twelve disciples of Jesus Christ in the year 52 AD.

Pandit Jawaharlal Nehru the first Prime minister of independent India has more than once stressed that Christianity is not a religion alien to India, not only because it is accepted in this great land, but also because it has existed in this great land without a break from the very beginning of Christianity. The Christian Church was persecuted every where during the early centuries. But the church in India did not face any such persecution in this great land. It was well accepted in India; because of Indian tolerance.

Of all the churches in this great land- the Malankara Orthodox Syrian Church is the only Church which assimilated the maximum Indian culture. Some others may also have assimilated the Indian Culture, but their Supreme Head is a foreigner. But here is a man born -and brought up in this soil of ancient culture heading my church-The Malankara Orthodox Syrian Church. He is none other than H.H. Moran Mar Baselios Marthoma Paulose II.

The title for the Head of our community started with Jathikku Thalavan/ Karthavyan to Archdeacon and then to Mar Thoma followed by the title Malankara Metropolitan and finally Catholicos of the East in 1912. We have gathered here to celebrate that historic event of 1912. The title - Malankara Metropolitan was recognized by the rulers of Travancore as evident from

The Travancore State Manual 1906 and Cochin and in 1958 &1995 by the Supreme Court of India.

The present Catholicos is the 8th in office after the establishment of the Catholicate in India in 1912. The head of the Malankara Church used to use the title "തറവോദ് കോൽ ഹിന്ദോ" means "The Gate of all India" (ഇന്ത്യയൊക്കെയുടെയും വാതിൽ) in the past. A title relating to India. I personally feel that His Holiness should have a title relating to India. It was there in the past. I leave it to the concerned. His Holiness Baselios Paulose II is the youngest to assume office after Baselios Geevarghese II as Catholicos. Your Holiness I whole heartedly welcome you as President of this historic meeting.

His Holiness -the 14th Dalai Lama Tenzin Gyatsu- the spiritual head of Tibetan Buddhism is with us to enlighten us with his inaugural address. His Holiness is a Nobel Laureate for peace in 1989 and is also well known for his life long advocacy for Tibetans. His Holiness is greatly involved in Inter faith dialogue with religious leaders.His Holiness Dalai Lama was a close friend of late Paulose Mar Gregorios of Delhi and is the recipient of the first Paulose Mar Gregorios award. Your Holiness! the Malankara Orthodox Church offer you a very warm welcome.


Dr. Avul Pakir Jainulabdeen Abdul Kalam known to everyone as Dr. A. P. J. Abdul Kalam-our distinguished guest and main speaker is well known to all of us. I need not introduce the former President of this great nation. He has impressed everyone with his sparkling humour and vibrant personality. He is a prolific writer, impressive orator, and an untiring Teacher and scientist. Your Excellencey! let your vision, values and ideals continue to guide our nation in the years to come. On behalf of the Malankara Orthodox Church, I extend your Excellencey a very warm welcome.

Sri. Oommen Chandy- the Hon. Chief Minister of Kerala and a member of our church is with us today to release the Centenary Souvenir and to inspire us with his kind words. I am happy to state that Sri. Oommen Chandy has excelled as the most efficient chief minister in India. He is always under the protection of St. George- the Saint. Mr. Oommen Chandy I extend to you a very warm welcome.

We have a galaxy of very important personalities with us. I welcome all of them on behalf of the Malankara Orthodox Church.

The Cochin corporation was kind enough to permit us to use this ground for the meeting. I welcome the Mayer and all his associates to this meeting.

Before I conclude, I remember all the metropolitans, Priests and brave laity of the past who all stood with the church till their last breath.


തോമസ് മാർ അത്താനാസ്യോസ്

I also remember with gratitude His Holiness Aboona Paulose of the Ethiopian Orthodox Church - our sister church - who graciously agreed to attend this meeting, but was called to the heavenly abode.

Dearly beloved ! I know for certain that you have all come from different parts of this world because of your love for the Church and because of your resolve to act as the guardian of Catholicate which is very dear and near to your heart. I welcome all the Metropolitans, Priests Trustee, Lay Trustee, Association Secretary, Managing Committee Members, all the Priests, sisters and Laity who have come from far and near to make this function a historic one.

Last, but not the least, I welcome all the media persons who have come here to convey the centenary message to the whole world.

Thank you all very much.

Thomas Mar Athanasios Metropolitan
(Chengannur Diocese)

World should follow India's example: Lama

Kochi:Addressing the Malankara Orthodox Syrian Church centenary celebration Tibetan spiritual leader, Dalai Lama said India is an example for the world because many religious sects co-exist in the country even today. "Spiritually, the country occupies a very important place and its tradition is relevant today. Harmony can be more effective if love and compassion are practised in daily life. Now everyone talks about money, which is important, but one must not forget peace of mind and spirituality," he said.

Addressing the gathering, former president A. P. J. Abdual Kalam said people should embrace a combination that will unite economic prosperity

and the spiritual way of life. He also emphasized the importance of imparting moral values during the early years of education.



Releasing a Centenary souvenir on the occasion, chief minister Oommen Chandy said the social responsibility of religious organizations gives stability to society.

Delivering the presidential speech, Baselios MarThoma Paulose II, Catholicos of the East and Malankara Metropolitan, said that they never wanted quarrels or undue privilege but only justice and the rule of law. "We are a peace loving community. We appeal to the government to act courageously and give justice as per the law of the land and resolve conflicts in the community" he said.

He added the the church would set apart Rs. 100 crore for social welfare schemes, including lending a helping hand to heart and cancer patient, building home for the homeless and provide financial aid to poor students.

(Hindu Daily News, Nov. 26, 2012)

കേന്ദ്രമന്ത്രി കെ. വി. തോമസ്, മാർ ജോസഫ് പൗവത്തിൽ, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ആർച്ച്ബിഷപ്പ് ഡോ. മാർ അപ്രേം, സി.പി.എം. പോളിറ്റ് ബ്യൂറോ അംഗം കോടിയേരി ബാലകൃഷ്ണൻ, എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ തുടങ്ങിയവരും ശതാബ്ദി ആഘോഷ സമാപന സമ്മേളനത്തിൽ പ്രസംഗിച്ചു.

കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമത്തിന്റെ പിന്നിൽ പ്രവർത്തിച്ചവർ: ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് (വൈദികട്രസ്റ്റി), എം. ജി. ജോർജ് മുത്തൂറ്റ് (അവൈദികട്രസ്റ്റി), ഡോ. ജോർജ് ജോസഫ് (സഭാ സെക്രട്ടറി)

നസ്രാണിയെന്നതിൽ അഭിമാനിക്കുക

(കോട്ടയം എം.ഡി. സെമിനാരി ഹയർസെക്കൻഡറി സ്കൂൾ +2 വിദ്യാർത്ഥി എം. തോമസ് കുറിയാക്കോസ് 2012 നവംബർ 2-ന് പരുമല സെമിനാരിയിൽ നടന്ന എം.ജി.ഒ.സി.എസ്.എം. വിദ്യാർത്ഥി സംഗമത്തിൽ പ. കാതോലിക്കാബാവായുടെ സാന്നിദ്ധ്യത്തിൽ നൽകിയ കാതോലിക്കേറ്റ് ശതാബ്ദി സന്ദേശം)

"മലങ്കരേ പരിപാവന ചരിതേ മഹിതേ മാതാവേ
വിലങ്ങഴിഞ്ഞൊരു വിശ്രുത സഭയേ നീ സൗഭാഗ്യവതി
ബന്ധനമറ്റൂ കരഗതമായി പൂർവ്വ സ്വാതന്ത്ര്യം
ഹന്ത! മലങ്കരസഭയേ തൂവുക സന്തോഷാശ്രുകണം."

നൂറ്റാണ്ടുകൾ നീണ്ടുനിന്ന കാർമേഘവും ഇരുട്ടും ഭേദിച്ച്, തേജോമയനായ സൂര്യനായി മലങ്കരയിൽ ഉദയം ചെയ്ത പൗരസ്ത്യ കാതോലിക്കേറ്റിന് ഇന്നു നൂറു വയസ്സ്. *ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട* എന്ന പ്രഖ്യാപനവുമായി മാർതോമ്മൻ നസ്രാണികൾക്ക് പുതിയ ദിശാബോധം പകർന്നു നൽകിയ കാതോലിക്കേറ്റേ, ആ കാതോലിക്കേറ്റിന്റെ പ്രൗഢിയായ പ. പിതാവേ, മലങ്കര നസ്രാണി പൈതൃകം പേറുന്ന സഹോദരങ്ങളെ, നിങ്ങൾക്കെന്റെ നമസ്ക്കാരം.

55-ന്റെ ചെറുപ്പത്തിൽത്തന്നെ നീതിയുടെ കിരീടവുമായി സ്വർഗ്ഗത്തിലേക്കു കരേറി മുകളിലാകാശങ്ങളിലിരുന്ന് സകല ലോകത്തിനുംവേണ്ടി മുട്ടിപ്പായി അപേക്ഷിക്കുന്ന പ. പരുമല മാർ ഗ്രിഗോറിയോസ് എന്ന പരുമലകൊച്ചുതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല എന്ന ഈ പുണ്യഭൂമി. ഇവിടം ഒരു അത്ഭുതമാണ്. പമ്പാനദിയുടെ കൈവഴികളിലൂടെ ഒഴുകിയെത്തുന്ന ഭാരത സംസ്ക്കാരത്തിന്റെയും ആചാര സംശുദ്ധിയുടെയും മന്ദമാരുതൻ ആത്മാവിനെപ്പോലും ത്രസിപ്പിച്ച് കടന്നുപോകുന്നയിടം. ചരിത്രം ഓർമ്മിക്കുന്നവർക്ക് ആറാം കാതോലിക്കാ മുതൽ ഇങ്ങോട്ട് തുടർച്ചയായി മൂന്ന് കാതോലിക്കാ വാഴ്ചകളുടെ ചിത്രം ഓർമ്മയിൽ തെളിയിച്ചുനില്ക്കുന്ന, കോപ്റ്റിക്ക് ശൈലിയിൽ നിർമ്മിക്കപ്പെട്ട മലങ്കരയിലെ ആദ്യ ദേവാലയം എന്ന നിലയിൽ ആഗോള ക്രൈസ്തവ സംസ്കൃതിയിലേക്ക് തുറന്നുവച്ച വാതിലാകുന്ന ഇവിടെ ചരിത്രവും, പാരമ്പര്യങ്ങളും, വിശുദ്ധിയും, സംസ്ക്കാരങ്ങളും സമ്മേളിക്കുന്നു. ഇവിടം ഭാരത ക്രൈസ്തവതയുടെ പുണ്യഭൂമിയാകുന്നു.

മലങ്കര നസ്രാണിയുടെ ദേശീയതയുടെ ഭാഗമായ അസ്സോസിയേഷൻ

വിളിച്ചുകൂട്ടുന്നതിന് അന്ത്യോഖ്യാ പാത്രിയർക്കീസ് തടസ്സം നിന്നപ്പോൾ (മലങ്കരയുടെ തനതു സ്വയംശീർഷകത്വത്തിന് പാത്രിയർക്കീസ് തടസ്സം നിന്നപ്പോൾ) മലങ്കരയുടെ തനിമയുടെ സ്വയംശീർഷകത്വം നഷ്ടപ്പെട്ടു പോകരുത് എന്ന ഉൾബോധംകൊണ്ട്, കാലം ചെയ്യുന്നതു വരെ കൃത്യ മായി എല്ലാ അസ്സോസിയേഷൻ കമ്മിറ്റികളിലും പങ്കെടുക്കുകയും, പിന്നീട് പ്രസിഡണ്ട് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് ആയിത്തീരു കയും, യാതൊരു സംബന്ധവും പാടില്ലെന്നു പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് കൽപ്പിച്ച മാർ ദീവന്നാസ്യോസ് അഞ്ചാമൻ, മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ തന്റെ മേൽസ്ഥാനീയനാണ് എന്നു പരസ്യമായി പ്രഖ്യാപിക്കുകയും, സ്വസാമ്രാജ്യമായ അന്ത്യോഖ്യായിൽ പോലും സിനഡിന്റെ അംഗീകാരമില്ലാതെ മെത്രാന്മാരെ വാഴിക്കാത്ത പാത്രിയർക്കീസ്, മലങ്കരയുടെ അറിവോ സമ്മതമോ കൂടാതെ മെത്രാ പ്പോലീത്താമാരെ വാഴിക്കുകയും, മലങ്കരയെ ഇടവകകളാക്കി തിരിക്കു കയും ചെയ്ത കാലത്ത്, സ്വാഭാവികമായും ഉണ്ടാകാവുന്ന സകല പ്രശ്ന ങ്ങളും തരണം ചെയ്യുന്നതിന് മലങ്കരസഭയെ എപ്പോഴും സഹായിക്കു കയും ചെയ്ത, മലങ്കരയെ നയിക്കേണ്ടത് മലങ്കര നസ്രാണിയാണെന്ന വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന പ. പരുമല തിരുമേനിയുടെ അന്ത്യ വിശ്രമസ്ഥാനത്തു നിന്നുകൊണ്ട് മലങ്കര നസ്രാണിയുടെ വ്യക്തിത്വത്തിന് മകുടം ചാർത്തിയ കാതോലിക്കേറ്റിന്റെ പൊരുളും പ്രസക്തിയും ചർച്ച ചെയ്യുവാൻ ലഭിച്ച ഈ അവസരം മലങ്കര നസ്രാണി എന്ന നിലയിൽ എനിക്കു ലഭിച്ച ഏറ്റവും വലിയ ഭാഗ്യമാണ്.

പൊന്നുവിളയുന്ന മലങ്കരയുടെ മണ്ണും വെള്ളിനിറയുന്ന മലങ്കരയുടെ പള്ളി ഭണ്ഡാരങ്ങളും കണ്ട് ആർത്തിപൂണ്ട വിദേശ രാഷ്ട്രീയ അധികാ രികൾ തങ്ങളുടെ വിശ്വാസസംഹിതകളിലേക്ക് മലങ്കര നസ്രാണിയെ പറിച്ചുനടുവാൻ ശ്രമിച്ച കാലത്ത്, അതിനെ ശക്തമായി പ്രതിരോധിക്കു വാൻ മലങ്കര നസ്രാണിക്കുണ്ടായിരുന്ന ആയുധം - ലോകത്തെ തന്റെ വരുതിയിലാക്കാനും കിടുകിടാ വിറപ്പിക്കാനും റോമാ പാപ്പാ ചട്ടം കെട്ടി വിട്ട പോർട്ടുഗീസ്-സ്പാനിഷ് പടയോട്ടകാലത്ത് അവരുടെ ദിഗ്വിജയ ങ്ങളെല്ലാം അസ്തപ്രജ്ഞമാകുമാറ് ഞങ്ങൾക്ക് ഞങ്ങളുടെ മാർഗ്ഗമുണ്ട് എന്ന് മലങ്കര നസ്രാണിയെക്കൊണ്ടു പറയിച്ച പിതൃത്വബോധം. പൂണൂലും കടുക്കനും കുടുമയും ധരിച്ച നസ്രാണി പൗരുഷവും, ചട്ടയും മുണ്ടുമുടുത്ത സ്ത്രീത്വവും നിർവിഘ്നം പ്രസ്താവിച്ചു - ആർഷഭാരത സംസ്ക്കാരത്തിലധിഷ്ഠിതമായ നസ്രാണിയുടെ ക്രൈസ്തവത. പോർട്ടു ഗീസുകാർ കേരളം കാണും മുമ്പ്, കെട്ടുന്ന മിന്നിൽ വിളക്കിച്ചേർത്ത ക്രൂശിന്റെ പാരമ്പര്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുമ്പോഴും, ക്രിസ്തീ യതയിൽനിന്ന് അണുവിട വ്യതിചലിക്കുകയില്ല എന്നു പ്രഖ്യാപിച്ച

നമ്മുടെ തനതു വ്യക്തിത്വം. ചുറ്റുമുള്ള സകലതിനെയും ക്രിസ്തീയത യിലേക്കാകർഷിച്ച ആദിമ നസ്രാണിയുടെ പരിശുദ്ധി.

നസ്രാണിയെന്നാൽ ഭാരതീയൻ എന്നഭിമാനിച്ചിരുന്ന നമ്മുടെ പിതാക്കന്മാർ ഈ ജീവിതചര്യയെ – ആരെയും കൂസാത്ത അവന്റെ വ്യക്തിത്വത്തെ – പാരമ്പര്യങ്ങളിലധിഷ്ഠിതമായ അവന്റെ ജീവിതരീതിയെ – ആത്മീയ ജന്മം തന്ന അപ്പന്റെ ഓർമ്മയ്ക്കായി *മാർത്തോമായുടെ മാർഗ്ഗം* എന്നു വിളിച്ചു. ജനിച്ചു വീഴുന്ന ഓരോ മലങ്കര നസ്രാണിയിലും മുലപ്പാലിനൊപ്പം ഇഴുകിച്ചേരുന്ന ഇതേ പാരമ്പര്യബോധവും ബോധ്യവുമാണ് പറമ്പിൽ ചാണ്ടിയിലാരംഭിച്ച്, ബഥനിയുടെ മാർ ഈവാനിയോസ് മകുടം ചാർത്തിയ വൻ ചതികളേയും, നവീകരണത്തിന്റെ കുട ചൂടിയ പാശ്ചാത്യവൽക്കരണത്തെയും, പിന്നെ അന്ത്യോഖ്യൻ മുഷ്ക്കിന്റെ നീരാളിക്കൈകളേയും അതിജീവിച്ച് ഇന്നും നിലനിൽക്കുന്നതിന് മലങ്കര നസ്രാണിയെ പ്രാപ്തനാക്കിയത്.

ഈ മാർത്തോമ്മായുടെ മാർഗ്ഗം കാലാകാലങ്ങളായി നേരിട്ട വെല്ലുവിളികളുടെ മേലുള്ള മലങ്കര നസ്രാണിയുടെ ആത്യന്തിക വിജയം, മാർത്തോമ്മായുടെ മാർഗ്ഗത്തെ തച്ചുടയ്ക്കുവാനും, പ. മാർത്തോമാ ശ്ലീഹാ സ്വതന്ത്രയായി സ്ഥാപിച്ച – ലോകമെങ്ങും ക്രൈസ്തവർ പീഡിപ്പിക്കപ്പെട്ടപ്പോഴും ആനയും അമ്പാരിയും പകൽവിളിയും പാവാടയുമായി രാജതുല്യമായ ജീവിതം നയിച്ചിരുന്ന നമ്മെ അവരുടെ വരുതിക്കു കൊണ്ടുവരാൻ ശ്രമിച്ചവരോടുള്ള ശക്തമായ മറുപടി – ചരിത്രത്തിന്റെ കറുത്ത അദ്ധ്യായങ്ങൾ നമ്മിൽനിന്നു തട്ടിയെടുക്കുവാൻ ശ്രമിച്ച ആദിമ ക്രൈസ്തവ സഭയുടെ തനിമയും സ്വത്വവും ചോദ്യം ചെയ്യാനാവാത്ത വണ്ണം നമുക്ക് തിരികെയെടുത്തു തന്ന മാർത്തോമൻ പൈതൃകമെങ്കിൽ – ആ ഉപ്പിന്റെ കാരമാകുന്നു കാതോലിക്കേറ്റ്. ഉപ്പിനെ ഉപ്പായി നിലനിർത്തുന്ന തനിമ. *കാതോലിക്കാ എന്നു ചൊല്ലി വാഴ്ത്തിയ* അൽഭുത പ്രതിഭാസം അതാകുന്നു ഇന്ത്യയിലെ പൗരസ്ത്യ കാതോലിക്കേറ്റ്.

ഈ കാരണം കൊണ്ടുതന്നെ കാതോലിക്കേറ്റ് എന്നത് അധികാര സ്ഥാനം എന്നതിനപ്പുറം അത് എന്റെ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും വിഷയമാണ്. അന്യന്റെ മുമ്പിൽ എറാൻ മൂളി തല കുനിച്ച് കൈ നീട്ടിപ്പോകരുതെന്ന് എനിക്കു കാണിച്ചുതന്ന എന്റെ സംസ്ക്കാരമാണ് കാതോലിക്കേറ്റ്. പകരം വെക്കരുതെന്ന് എന്റെ പിതാക്കന്മാർ എന്നെ പഠിപ്പിച്ച എന്റെ ആത്മാഭിമാനത്തിന്റെ സത്തയാണ് എനിക്കു കാതോലിക്കേറ്റ്.

അവനോടു കൂടി മരിക്കേണ്ടതിന് നാമും പോക എന്നു പ്രഖ്യാപിച്ച മാർതോമൻ ധൈര്യത്തിന്റെ നസ്രാണി പ്രതീകമാകുന്നു കാതോലിക്കേറ്റ്.

എന്റെ കർത്താവും എന്റെ ദൈവവുമേ എന്നു വിളിച്ച വിശ്വാസ പൂർണ്ണ തയുടെ ദൃശ്യപ്രതിബിംബമാണ് കാതോലിക്കേറ്റ്. മേൽപട്ടസ്ഥാനവും മൂറോനും വച്ച് വിലപറയാൻ ശ്രമിച്ചവരോട് നിങ്ങളുടെ താളത്തിനു തുള്ളാൻ മലങ്കര നസ്രാണിയെ കിട്ടില്ല എന്നും, അതിനു ഞങ്ങൾക്കു സൗകര്യമില്ലെന്നും പറഞ്ഞ മാർത്തോമൻ പൈതൃകത്തിന്റെ അഭിമാന ബോധമാണ് കാതോലിക്കേറ്റ്. രക്തംകൊണ്ടു മലങ്കര നസ്രാണി രചിച്ച അവന്റെ പിതൃത്വബോധമാണ് കാതോലിക്കേറ്റ്.

മലങ്കരയുടേതോ ഇൻഡ്യയുടേതോ മാത്രമായി സ്ഥാപിക്കാമായിരുന്നിട്ടും 1912-ൽ ഇവിടെ സ്ഥാപിക്കപ്പെട്ടത് കൂടുതൽ വിശാലമായ അർത്ഥത്തിൽ പൗരസ്ത്യ കാതോലിക്കേറ്റായിരുന്നു. ഈ കാതോലിക്കാ പ. മാർ തോമാശ്ലീഹായുടെ സിംഹാസനത്തിലാരൂഢനാണ് എന്ന് വ്യക്തമാക്കുകവഴി, കാലത്തിനനുസരിച്ച് മാറ്റം ഉണ്ടാകുമ്പോഴും മാർത്തോമൻ പൈതൃകവും പിതൃത്വവും ഞങ്ങൾ എല്ലാക്കാലത്തും കാത്തുസൂക്ഷിക്കുമെന്നും, മലങ്കരയുടെ നടപടിക്രമങ്ങളിൽ അടിസ്ഥാനമായ ഒരു ഭരണം മതി മലങ്കര നസ്രാണിക്കെന്നും നാം പ്രഖ്യാപിക്കുകയായിരുന്നു.

അതെ, മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ എല്ലാ അർത്ഥത്തിലും ഒരു ശരിയായ നസ്രാണിയാകുന്നു. മലങ്കരയെ സ്നേഹിക്കുന്ന ഒരു പൂർണ്ണ തദ്ദേശീയൻ. മൂല്യങ്ങൾ നഷ്ടപ്പെട്ടുപോകുന്ന - പാരമ്പര്യങ്ങൾ മറന്നുകളയുന്ന - ഒരു ദേശത്ത് ഇവ രണ്ടും മുറുകെപ്പിടിക്കുന്ന നല്ല ഒന്നാംതരം നസ്രാണി.

സ്വയംപ്രഖ്യാപിത കാതോലിക്കാമാർക്കും, അവരുടെ ഏറാൻമൂളികൾക്കും ഒരിക്കലും തങ്ങൾക്കുണ്ട് എന്നവകാശപ്പെടാനാകാത്ത ഈ പ്രത്യേകത തന്നെയാണ് കാതോലിക്കായെ പൂർണ്ണനാക്കുന്നത്. ബദലിനും സാമന്തനും എടുത്തണിയാനാവാത്ത, കോപ്പി അടിക്കനാവാത്ത, ഈ സ്വയാവബോധവും സ്വാതന്ത്ര്യവുമാണ് മലങ്കരസഭയുടെ കാതോലിക്കായെ തുല്യം വെക്കാനാകാതെ തദ്ദേശീയ ഭരണസംവിധാനത്തിലെ മുമ്പനാക്കുന്നത്; എല്ലാ അർത്ഥത്തിലും കാതോലിക്കാ, സാർവ്വത്രിക പിതാവ് എന്ന പേരിന് യോഗ്യനാവുന്നത്. പണ്ട് പേർഷ്യൻ മെത്രാൻ വഹിച്ചിരുന്ന ആത്മീയ മേലദ്ധ്യക്ഷ സ്ഥാനത്തിന് ഒരു നസ്രാണിയെ തന്നെ യോഗ്യനാക്കിയ കാതോലിക്കേറ്റിനെ അതുകൊണ്ടു തന്നെ സംബോധന ചെയ്യുവാനുതകുന്ന ഏറ്റവും നല്ല നാമം *ഇന്ത്യയൊക്കെയുടെയും വാതിൽ* എന്നാകുന്നു. ക്രൈസ്തവതയുടെ ഇന്ത്യയിലേക്കുള്ള വാതിലാണ് കാതോലിക്കേറ്റ്. നസ്രാണികൾക്ക് ദൈവികതയിലേക്കുള്ള വാതിലാണ് കാതോലിക്കേറ്റ്

എല്ലാ അർത്ഥത്തിലും പൂർണ്ണവും തദ്ദേശീയവുമായ പൗരസ്ത്യ

കാതോലിക്കേറ്റിന്റെ യഥാർത്ഥ പ്രസക്തി എന്താണ്? സാധാരണ ചോദിച്ചു കേൾക്കുന്ന ഒരു ചോദ്യമാണിത്. മഫ്രിയാനേറ്റ് എങ്കിലും കൊതിച്ച മലങ്കര നസ്രാണിക്ക് അതുപോലും കിട്ടില്ല എന്ന അവസ്ഥയിൽ നിന്ന് പാത്രിയർക്കീസിന് തുല്യസ്ഥാനിയായ കാതോലിക്കായെ നൽകിത്തന്നത് ദൈവത്തിന്റെ വലിയൊരു കരുണയായിരുന്നു. വ്യക്തമായ ഒരുദ്ദേശ്യം കൂടിയുണ്ടായിരുന്നു ഈ സ്ഥാനലബ്ദിക്ക്. ഈ ഉദ്ദേശ്യം തന്നെയാണ് കാതോലിക്കേറ്റിന്റെ ലക്ഷ്യം. ആ ലക്ഷ്യമാണ് കാലാകാലങ്ങളായി മലങ്കരസഭയുടെ സ്വപ്നം. ഹരിതാഭമായ ഈ സ്വപ്നത്തിലേക്ക് സഭയെ എത്തിക്കുക എന്നിടത്താണ് കാതോലിക്കേറ്റിന്റെ യഥാർത്ഥ പ്രസക്തി.

ആദ്യകാലങ്ങളിൽ സഭ ഈ സ്വപ്നത്തെക്കുറിച്ച് മൗനം പാലിച്ചു. ആളുകൾ ഇതെങ്ങനെയെടുക്കും. സമൂഹം ഇതെങ്ങനെ സ്വീകരിക്കും എന്നീ സംശയങ്ങളും.

എന്നാൽ കിഴക്കിന്റെ മഹാനായ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ, കാലക്രമത്തിൽ വിഘടിച്ചുപോയ മലങ്കര നസ്രാണികൾ, തൊട്ടു വിശ്വാസം സ്വീകരിച്ച, മാർതോമായുടെ മാർഗ്ഗത്തിൽ ഉറച്ചുനിന്നുകൊണ്ട് അഖിലഭാരത സഭയായി പുനരൈക്യപ്പെടുകയും, പൗരസ്ത്യ കാതോലിക്കാ ആ സഭയെ ഭരിക്കുകയും ചെയ്യുന്നതാണ് നമ്മുടെ സ്വപ്നം എന്ന് പ്രഖ്യാപിച്ച്, കാതോലിക്കേറ്റിന്റെ പ്രസക്തി എന്ത് എന്ന് ചോദിച്ചു മുറവിളി കൂട്ടിയവരുടെ വായടപ്പിച്ചു. *ഞങ്ങളുടെ വാതായനങ്ങൾ തുറന്നുകിടക്കുന്നു* എന്ന് ഇതേ പരുമലയിൽ വച്ച് പ്രഖ്യാപിച്ച - സ്വയം സ്വീകരിച്ച പേരു കൊണ്ടല്ല, മറിച്ച് പ്രവൃത്തികൊണ്ടു ശ്രേഷ്ഠനായ പ. ബസേലിയോസ് മാർത്തോമാ ദിദിമോസ്, കാലമെത്ര മാറിയാലും ആശയങ്ങളിലും ആദർശങ്ങളിലും ഉറച്ചുനിൽക്കുന്നവനാണ് മലങ്കര നസ്രാണി എന്നു വീണ്ടും പ്രഖ്യാപിച്ചു.

മുടിയനായ പുത്രന്റെ ഉപമയിലെ പുറപ്പെട്ടുപോയ പുത്രനായി കാത്തിരിക്കുന്ന അപ്പനെപ്പോലെ മലങ്കരസഭയും കാത്തിരിക്കുകയാണ് - കലഹിച്ചുപോയ തന്റെ മക്കൾക്കു വേണ്ടി. എന്നെങ്കിലുമൊരിക്കൽ തന്റെ പുത്രന്മാർ സത്യം മനസ്സിലാക്കി തിരികെയെത്തും എന്ന പ്രതീക്ഷയിൽ വാതിൽ തുറന്നിടുന്നു ഈ അമ്മ. മക്കൾക്കുവേണ്ടി എന്തു വിട്ടുവീഴ്ചയ്ക്കും തയ്യാറാണ് - തന്റെ തനിമക്കു കളങ്കമേൽക്കാത്ത ഏതു വിട്ടുവീഴ്ചയ്ക്കും ഈ അമ്മ തയ്യാറാവുക തന്നെ ചെയ്യും.

മടങ്ങിവരുന്ന മക്കൾ കൊണ്ടുപോയതെല്ലാം മടക്കിക്കൊണ്ടു വരണം എന്ന് ഈ അമ്മക്ക് യാതൊരു നിർബന്ധവും ഇല്ല. ഭാണ്ഡക്കെട്ടുകളും കെട്ടുകാഴ്ചകളുമില്ലാതെ ഏതു മക്കൾക്കും എപ്പോൾ വേണമെങ്കിലും

തിരികെ വരാം. *സന്തതിയുള്ള കാലത്തോളവും, ഒടിച്ചിട്ട കമ്പ് മുറി കൂടാത്ത കാലത്തോളവും, ഇനി മേലിൽ റോമൻ പാപ്പായുടെ അധീശത്വം അംഗീകരിക്കില്ലെന്നു* സത്യം ചെയ്ത മലങ്കര നസ്രാണിയെ ചതിച്ച പറമ്പിൽ ചാണ്ടിയുടെ പിൻഗാമികൾക്കോ, സായിപ്പന്മാർ വച്ചുനീട്ടിയ സമ്പത്തും സ്ഥാനമാനങ്ങളും കണ്ട് പ്രൊട്ടസ്റ്റന്റുവൽക്കരിക്കപ്പെട്ടവർക്കും, പ്രൊട്ടസ്റ്റന്റുകാരെന്നൊ സുറിയാനി ക്രിസ്ത്യാനികളെന്നൊ ഇന്നും പറയാനാകാത്ത, പട്ടത്വം വെറുമൊരലങ്കാരമായി കെട്ടിത്തൂക്കി നടക്കുന്ന - പേരു കൊണ്ട് മാർത്തോമൻ പൈതൃകം അവകാശപ്പെടാം എന്നു മോഹിക്കുന്നവർക്കും, എന്നും അടിമയായി കഴിയാനിഷ്ടപ്പെട്ട് എന്ന വ്യാജേന, പാത്രിയർക്കീസിന്റെ പേരിൽ മലങ്കരയുടെ സ്വത്തും സ്ഥാനമാനങ്ങളും തട്ടിയെടുക്കാൻ ശ്രമിക്കുന്ന, മലങ്കരസഭയുടെ സകലതും കോപ്പി അടിച്ച് വിജയിക്കാം എന്നു പ്രതീക്ഷിക്കുന്ന ഉപായികൾക്കും, കാതോലിക്കാ സ്ഥാനം ലഭിക്കാത്തതിൽ ഭഗ്നാശനായി സന്യാസവ്രതനിഷ്ഠകൾ വലിച്ചെറിഞ്ഞ് തിരുവനന്തപുരത്തെ സുഖശീതളത്വത്തിലേക്ക് എടുത്തുചാടിയ മാർ ഈവാനിയോസിന്റെ - റോം നൽകാതെ സ്വയം എടുത്തണിഞ്ഞ *കാതോലിക്കാ* എന്ന നാമം പേറുന്ന പിൻഗാമികൾക്കും വരാം. പക്ഷേ, മാർതോമ്മൻ പൈതൃകവും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസവും നസ്രാണിത്തവും വീണ്ടും സ്വീകരിക്കാം, എന്ന ഉറപ്പോടു കൂടിയാകണം ആ വരവ്.

കാതോലിക്കേറ്റിന്റെ ഏറ്റവും വലിയ പ്രസക്തി അത് അഖിലഭാരത സഭയുടെ പുനരുജ്ജീവനത്തിനായി ശക്തമായി പ്രയത്നിക്കുകയും എക്യുമെനിസനത്തിനുവേണ്ടി ശക്തമായി നിലനിൽക്കുകയും ചെയ്യുന്നു എന്നതാണ്. എന്നാൽ സാർവ്വലൗകിക കൂട്ടായ്മ എന്ന് ബഥനിയുടെ മാർ ഈവാനിയോസിന്റെ പിൻഗാമികൾ അവകാശപ്പെടുന്ന റോമൻ കത്തോലിക്കാസഭയ്ക്കും റോമൻ പാപ്പായ്ക്കും അടിമയാകുന്ന എക്യുമെനിസമല്ല. മറിച്ച് മലങ്കരയുടെ സ്വയംഭരണാവകാശവും തദ്ദേശീയതയും പകരം വെയ്ക്കാത്ത പരിപൂർണ്ണ ഐക്യമാകുന്നു. ആ കാര്യത്തിൽ നസ്രാണി പിന്തുടരുന്നത് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ പിന്തുടരുന്ന പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ എക്യുമെനിസമാകുന്നു. ഈ എക്യുമെനിസത്തിന്റെ ലക്ഷ്യമാകട്ടെ, നമ്മുടെ ആന്ത്യന്തിക സ്വപ്നമാകുന്ന അഖിലഭാരത സഭയുടെ പുനരുജ്ജീവനമാകുന്നു.

അതിനാദ്യം, സഭയുടെ രാജാവാകുന്ന കാതോലിക്കാ എന്ന പേര് എടുത്തണിഞ്ഞിട്ട്, രാജകുമാരൻ സ്ഥാനത്തിനായി റോമിലേക്കും അന്ത്യോഖ്യായിലേയും ഇരക്കാൻ പോകുന്നത് വിഘടനക്കാരും സ്ഥാനമോഹികളും അവസാനിപ്പിക്കണം. അന്ന് സ്പിരിചൽ കൊളോണിയലിസം എന്ന കുട്ടിച്ചാത്തനെ കുപ്പിയിലടച്ച് ഭാരതസഭ ഒന്നാവുകയും മറ്റു ലോക സഭകളുമായി ആത്യന്തികബന്ധം പുനസ്ഥാപിക്കപ്പെടുകയും ചെയ്യും.

മലങ്കരസഭയുടെ കാതോലിക്കേറ്റിന്റെ മറ്റൊരു പ്രസക്തി, അത് അന്തർദേശീയ തലത്തിൽ ഭാരത ക്രൈസ്തവതയുടെ പ്രതിരൂപമാകുന്നു എന്നതാണ്. അന്ത്യോഖ്യായുടെയും റോമിന്റെയും കീഴിലുള്ള ഇതര സ്വയംഭൂ കാതോലിക്കാമാരും സിൽബന്ധികളും, ഭാരതത്തിന്റെ ജീവിതരീതിയറിയാതെ കെട്ടിപ്പൊക്കിയ പ്രൊട്ടസ്റ്റന്റുകാരും, എവിടെയെങ്കിലും കയറിപ്പറ്റാൻ തീവ്രശ്രമം നടത്തുന്ന നവീകരണക്കാരും മൗനികളാകുമ്പോൾ ക്രൈസ്തവലോകത്തെ ഏക ഇന്ത്യൻ ദേശീയതയാണ് പൗരസ്ത്യ കാതോലിക്കാ. നമ്മെ ലോകത്തിനു മുമ്പിൽ വരച്ചുകാട്ടുന്ന നമ്മുടെ ദേശീയബോധം.

ഇത്രയേറെ ദേശീയതയോടും പൈതൃകത്തോടും നീതിപുലർത്തുന്ന ഒരു സ്ഥാനത്തിന് പക്ഷേ ഇന്ന് അതിനു തക്ക ബഹുമാനം തരാതിരിക്കാൻ പലരും മനഃപൂർവ്വം ശ്രമിക്കുന്നുണ്ട് എന്നത് ഏറ്റവും ഖേദകരമായ ഒരു വസ്തുത തന്നെയാണ്. പൗരസ്ത്യ കാതോലിക്കായെ താറടിച്ചു കാണിക്കുവാൻ ശ്രമിക്കുന്നവർക്ക് മാധ്യമങ്ങളും രാഷ്ട്രീയ സ്ഥാനികളും നൽകുന്ന പിന്തുണ ഇന്ന് സകല അതിരുകളും ഭേദിച്ചു കഴിഞ്ഞു.

പ്രിയപ്പെട്ട മാധ്യമങ്ങളെ, ഭരണജ്ഞരെ, മലങ്കരസഭ പ്രതികരിക്കാഞ്ഞതുകൊണ്ട് സന്തോഷിക്കേണ്ട. പ്രതികരിക്കാത്തത് ഞങ്ങളുടെ കഴിവുകേടല്ല. മറിച്ച്, അത് ഞങ്ങളുടെ രീതിയല്ലാത്തതുകൊണ്ട് മാത്രമാണ്. സിംഹതുല്യമായ ശാന്തതയുള്ളവളാണ് മലങ്കരസഭ. ശാന്തത വിട്ട് ആ സിംഹമുണർന്നാൽ – ഒന്നു ഗർജ്ജിച്ചാൽ – നിങ്ങളുടെ സകല സന്തോഷങ്ങളും അവിടെ അവസാനിക്കും.

ഞങ്ങടെ മെത്രാൻ ആബൂൻ മാർ പീലക്സിനോസ് തിരുമേനി, പിറമാടത്ത് കിടന്നോളാൻ, പറയാനാർക്കാണവകാശം എന്നു ചോദിച്ച്, പണ്ടു മുതലേ ഭാരതത്തിന്റെ നീതിന്യായവ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന പാത്രിയർക്കീസു കക്ഷിക്കാരുമായി കോടതി വ്യവഹാരങ്ങളിലേക്ക് മലങ്കരസഭ ഇറങ്ങിപ്പുറപ്പെടാൻ നിർബന്ധിതമായിത്തീർന്നത് കണ്ടിട്ട്, *ഇതു സ്വത്തിനു വേണ്ടിയുള്ള പോരാട്ടം* എന്നു വരുത്തിതീർക്കാൻ ശ്രമിക്കുന്നവരേ, ഇതു സ്വത്തിനുള്ള പോരാട്ടമല്ല, സ്വത്വത്തിനാണ്. പാരമ്പര്യത്തോടും പൈതൃകത്തോടുമുള്ള ഞങ്ങളുടെ അടങ്ങാത്ത അഭിനിവേശമാണ് ഞങ്ങളെക്കൊണ്ടിത് ചെയ്യിക്കുന്നത്. ഞങ്ങളുടെ ദേശത്തോടുള്ള ബഹുമാനവും കടമയുമാണ് ഞങ്ങളെ ഇതിലേക്ക് വലിച്ചിട്ടത്.

നിലയ്ക്കൽ പ്രശ്നത്തിന്റെ പേരിൽ കേരളം കത്തിയമരുമായിരുന്ന കാലത്ത് ഒരു ദേവദൂതനെപ്പോലെ ഉദയം ചെയ്ത പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ, കാതോലിക്കേറ്റിന്റെ ദേശീയമുഖത്തിന്റെ പ്രതീകമാകുന്നു. താപസനായ പ. ദിദിമോസ് പ്രഥമൻ, ഭാരത

ക്രൈസ്തവ സഭകളുടെ ചരിത്രത്തിലാദ്യമായി വനിതകൾക്ക് സഭാഭരണത്തിനവസരം കൊടുത്ത് ജനാധിപത്യത്തിന്റെയും തുല്യതയുടെയും ശരിയായ വക്താവാണെന്ന് നിസ്സംശയം പ്രഖ്യാപിച്ചു.

അരമനയും പള്ളിയും വിശ്വാസികൾ തിരിച്ചുപിടിക്കും എന്ന് പ്രഖ്യാപിച്ചതു വഴി, *വിശ്വാസികൾ* തന്റെ കീഴിലുള്ള ഗുണ്ടകളാണെന്നും, അവർക്കെന്തു സംഭവിച്ചാലും തനിക്കൊന്നുമില്ല എന്നും പ്രഖ്യാപിക്കുന്ന ഇതര സ്വയംപ്രഖ്യാപിത ശ്രേഷ്ഠന്മാരുടെ ഇടയിൽ ഗാന്ധിയൻ മാർഗ്ഗത്തിൽ പ്രതിഷേധിച്ച്, സ്വന്തം ജീവൻപോലും പണയംവച്ച്, സ്വന്തം സഭയോടുള്ള നീതിനിഷേധത്തിൻ പ്രതികരിച്ച, ജനങ്ങളെ കരുതുന്ന വലിയ പിതാവ് ഭരിക്കുന്ന സഭയാണ് നമ്മുടേത്.

അതിനും മുമ്പ്, സ്വന്തം അപ്പന്റെ ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര കാണാൻ എം.ഡി. സെമിനാരി സ്കൂളിന്റെ കയ്യാലപ്പുറത്തു കയറി നിൽക്കേണ്ടി വന്ന, ആ അപ്പന്റെ കബറിൽ ധൂപം വെയ്ക്കുവാൻ സഭാസമാധാനം വരെ കണ്ണുനീരോടെ പ്രാർത്ഥിക്കേണ്ടി വന്ന ഒരു കാതോലിക്കാ ഭരിച്ച സഭയാണ് എന്റേത്.

ഇന്ന് വിഘടിതർ തങ്ങളുടെ കുത്തകയാക്കി വെച്ചിരിക്കുന്ന പ. ബസേലിയോസ് യൽദോ മഫ്രിയാനായെ ആദ്യം *പരിശുദ്ധൻ* എന്നു പ്രഖ്യാപിച്ചത് മലങ്കരയിലെ മൂന്നാമത്തെ കാതോലിക്കായായ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയനാണ്. അങ്ങനെ, ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട പോലെ ചെയ്യുന്നവരാണ് മലങ്കര നസ്രാണികൾ എന്നു വ്യക്തമാക്കിയ കാതോലിക്കായാണ് എന്റേത്.

മരുഭൂമിയിലെ ചാറ്റൽമഴപോലെ വല്ലപ്പോഴുമെത്തുന്ന ഒരു പ്രഹേളികയല്ല എന്റെ ആത്മീയ അദ്ധ്യക്ഷൻ. മറിച്ച് എപ്പോഴും എന്റെ സഭയോടുകൂടിയിരുന്ന്, എപ്പോഴും ആ സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന കാതോലിക്കായാണ്. ഞാൻ എങ്ങനെ പറയും ഇതിലും ശ്രേഷ്ഠമായൊരു സ്ഥാനം ഉണ്ടെന്ന്. ഞാൻ എങ്ങനെ പറയും ഈ സ്ഥാനത്തിനു തുല്യമായൊരു സ്ഥാനം വേറൊരാൾ വഹിക്കുന്നുണ്ടെന്ന്. നമ്മൾക്കെങ്ങനെ പറയാനാവും ലോകക്രൈസ്തവ സഭകളിൽ ഇതിലും ശ്രേഷ്ഠമായൊരു സ്ഥാനമുണ്ടെന്ന്.

പണ്ട് പാത്രിയർക്കീസുകക്ഷി, *ജനിക്കും മുമ്പേ മരിച്ച ചാപിള്ള* എന്നു നമ്മുടെ കാതോലിക്കേറ്റിനെ വിശേഷിപ്പിച്ചു. എന്നാൽ ഞാൻ പറയുന്നു, പൂർണ്ണ സ്വയംശീർഷകത്വവും സ്വാതന്ത്ര്യവുമുള്ള ഞങ്ങളുടെ കാതോലിക്കേറ്റല്ല മറിച്ച്, അർത്ഥരാത്രിയിൽ കുട പിടിക്കുവാൻ - അർത്ഥം കിട്ടുവാൻ - ശ്രമിച്ചുവരുന്ന നിങ്ങളുടെ സ്വയംഭൂ കാതോലിക്കാമാരാണ് ഉദരത്തിൽവെച്ചുതന്നെ മൺമറഞ്ഞുപോയ ചാപിള്ളമാർ. മാർത്തോമൻ

പൈതൃകത്തിന്റെ അസ്തിത്വവും വ്യക്തിത്വവുമായ കാതോലിക്കേറ്റ് ശതാബ്ദി വർഷത്തിൽ നമുക്ക് നൽകുന്ന ഏറ്റവും വലിയ സന്ദേശം ഇതാണ്.

അപ്പനേയും വല്യപ്പനേയും, മുലയൂട്ടി വളർത്തിയ അമ്മയേയും തള്ളി പ്പറഞ്ഞിട്ട് ഭിക്ഷ പോലെ ലഭിക്കുന്ന സ്ഥാനമാനങ്ങളോ വേഷഭൂഷാദി കളോ മലങ്കര നസ്രാണിക്കു വേണ്ട. കേവലം മൂന്നു മാല ധരിക്കുവാൻ മാത്രം കാതോലിക്കാ ആയവരുടെ മുന്നിൽ, നെഞ്ചിൽ ചേർന്നു കിട ക്കുന്ന മാലയിലെ പ. മാർത്തോമ്മാശ്ലീഹായുടെ രൂപത്തെ നെഞ്ചിന്റെ ഉള്ളിൽ പ്രതിഷ്ഠിച്ച ഈ പ. പിതാവിന്റെ ആത്മീയ പുത്രന്മാരാകുന്നു മലങ്കര നസ്രാണികൾ. മലങ്കര നസ്രാണിയെ നാമാക്കി നിലനിർത്തുന്ന ഈ നസ്രാണിഗുണം കൈവിട്ടു കളയാതിരിക്കുന്നതിന് നമ്മെ പ്രാപ്ത രാക്കി എന്നതാണ് കാതോലിക്കേറ്റിന്റെ ഏറ്റവും വലിയ പ്രസക്തി. പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പറഞ്ഞതുപോലെ *ദൈവത്തിന്റെ സഭ, ദൈവം നടത്തിക്കൊള്ളും* എന്ന് അടിയുറച്ചു വിശ്വസിക്കുന്ന മലങ്കര നസ്രാണിക്ക് ദൈവമായി കൊണ്ടുവന്നു തന്ന മഹൽ സൗഭാഗ്യം.

കേപ്പായേ നീ നിന്റെ വാൾ ഉറയിലിടുക, കേപ്പായേ നീ നിന്റെ വാൾ ഉറയിലിടുക, കേപ്പായേ നീ നിന്റെ വാൾ ഉറയിലിടുക, എന്ന് ആദ്യം പോർട്ടുഗീസുകാരോടും ഒരർത്ഥത്തിൽ പ്രൊട്ടസ്റ്റന്റുകളോടും പിന്നെ അന്ത്യോഖ്യരോടും പറഞ്ഞ മാർത്തോമ്മൻ പിതൃത്വബോധം സുശക്ത മാണ്.

മലങ്കര നസ്രാണി കൂനൻകുരിശു മുതൽ ഇതുവരെ നടത്തിയ സകല പ്രവർത്തനങ്ങളും മലങ്കരസഭയുടെ സ്വാതന്ത്ര്യം മുറുകെ പിടിക്കുന്ന തിനുവേണ്ടിയായിരുന്നു. കാലമേറെ മാറിയാലും നാം ഈ ബോദ്ധ്യ ത്തിൽനിന്നു പിന്നോട്ടു പൊയ്ക്കൂട.

അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ പറ ഞ്ഞതുപോലെ, ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തായായി കഴിയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപ്പോലെ മരിക്കേണ്ടിവന്നാലും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ അടരാടും. ഇത്തരം മെത്രാ പ്പോലീത്താമാരുടെ, ഗംഭീര വ്യക്തിത്വങ്ങളുടെ ശ്രമഫലമായി നേടിയെ ടുത്ത സ്വാതന്ത്ര്യം ഒരിക്കലും കളഞ്ഞുകുളിക്കാതിരിക്കുക. സഭയുടെ മകുടമാകുന്ന കാതോലിക്കേറ്റിന്റെ ഉയർച്ച സ്വന്തം ഉയർച്ചയായും, ആ കാതോലിക്കേറ്റിന്റെ തളർച്ച സ്വന്തം തളർച്ചയായും എണ്ണുക. ജീവനുള്ള കാലത്തോളം മലങ്കര നസ്രാണിയായി നിലനിൽക്കുക. അന്ത്യംവരെ നസ്രാണിത്വം കൈവിട്ടു കളയാതിരിക്കുക. അതാണ് എന്റെ കാതോലി ക്കേറ്റ് ശതാബ്ദി സന്ദേശം.

കാതോലിക്കേറ്റ് ശതാബ്ദി ചിന്തകൾ

പി. എ. അലക്സാണ്ടർ

യേശുക്രിസ്തു മരിച്ച് ഉയിർത്തെഴുന്നേറ്റ ശേഷം ഗലീലയിൽ വച്ച് 12 ശ്ലീഹന്മാരോടും ഇപ്രകാരം അരുളിച്ചെയ്തു. "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ ആത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും; ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടും സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ, ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട്" (വി. മത്തായി 28:19) എന്ന കർത്തൃ കല്പനപ്രകാരമാണ് വിശുദ്ധ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ എത്തി സുവിശേഷ പ്രവർത്തനം ആരംഭിച്ചത്.

"എന്നെ അനുഗമിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മാഹാത്മ്യത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രയേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു" (വി. മത്തായി 19:28, വി. ലൂക്കോസ് 22:30). വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്റെ അടിസ്ഥാനം കർത്താവിന്റെ മേൽപ്പറഞ്ഞ കൽപ്പനയാണ്.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനാണ് പൗരസ്ത്യ കാതോലിക്കാ. അന്ത്യോഖ്യാ പാത്രിയർക്കീസ് പത്രോസ് ശ്ലീഹായുടെ പിൻഗാമി എന്ന നിലയിൽ സിറിയൻ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനാണ്. ഒരേ വിഭാഗത്തിൽ അഥവാ ഒരേ വിശ്വാസത്തിലുള്ളതും അതുകൊണ്ട് തന്നെ വിശുദ്ധ കുർബാനാബന്ധമുള്ളതുമായ രണ്ട് സഭകളും പരസ്പരം ആദരവും തുല്യതയുമുള്ള രണ്ട് സിംഹാസനസ്ഥാനികളുമാണ് ഇവ രണ്ടും. ശിഷ്യന്മാരിൽ പ്രമുഖൻ എന്ന നിലയിൽ പത്രോസ് ശ്ലീഹായ്ക്കു ബഹുമാനവും മുൻഗണനയും നൽകിവരുന്നു. എന്നാൽ ആ സ്ഥാനം അധികാരമായി ഉപയോഗിച്ചും കാതോലിക്കാ സ്ഥാപനത്തേയും സ്ഥാനിയെയും കീഴ്സ്ഥാനിയെന്നു വ്യവഹരിക്കുന്നതു ശരിയല്ല.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് കാതോലിക്കേറ്റ്. പൂർണ്ണ സ്വാതന്ത്ര്യമുള്ള തലവന്മാരാണ് കാതോലിക്കാ എന്ന സ്ഥാനനാമം സ്വീകരിച്ചിട്ടുള്ളത്. അർമ്മീനിയൻ സഭ, ജോർജിയൻ സഭ എന്നിവ ഉദാഹരണങ്ങളാണ്.

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിന്റെ ശതാബ്ദി സമാപനം 2012 നവംബർ 25-ന് എറണാകുളത്ത് നടന്നു. പരിപൂർണ്ണമായ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദിയും 1960-ാം സഭാ വാർഷികവും സഭ ആകമാനം പ്രാർത്ഥനാപൂർവ്വം ആചരിച്ചതിന്റെ സമാപനമാണ് എറണാകുളത്ത് നടന്നത്.

1934-ലെ സഭാഭരണഘടന സുപ്രീംകോടതി അംഗീകരിച്ചതോടെ വിദേശഭരണാധിപത്യം ഇവിടെ അവസാനിച്ചു. ഈ ആഘോഷവേള ദൈവഹിതത്തിനും സുവിശേഷവേലയ്ക്കും പൂർണ്ണമായി സമർപ്പിക്കുന്ന അവസരമായാണ് സഭ കണക്കാക്കുന്നത്.

കാതോലിക്കാ സ്ഥാപനത്തെ നസ്രാണികളുടെ സ്വയംനിർണ്ണയത്തിന്റെയും സ്വയംഭരണത്തിന്റെയും സുദീർഘമായ പാതയിലെ പ്രധാന നാഴികക്കല്ലായി കണക്കാക്കണം.

മലങ്കരസഭ എന്നും സ്വതന്ത്രമായിരുന്നു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പൗരോഹിത്യസ്ഥാനവും പിൻതുടർച്ചയും മലങ്കരസഭയ്ക്കുണ്ട്. ചില പ്രത്യേക സാഹചര്യത്തിലും അല്ലാതെയും ആദിമുതലുള്ള പൗരോഹിത്യസ്ഥാനങ്ങളുടെ ക്രമാനുഗതമായ വളർച്ച മലങ്കരസഭയിൽ ഉണ്ടായി. പാത്രിയർക്കേറ്റിനുള്ള തുല്യാധികാരം മലങ്കരയിലെ കാതോലിക്കേറ്റിനുമുണ്ട്.

പുരാതന റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങൾക്ക് പുറത്തായിരുന്ന ഒരു ക്രൈസ്തവ സമൂഹം എന്ന നിലയിൽ സ്വതന്ത്രവും തദ്ദേശീയവുമായ ഒരു സഭാവ്യക്തിത്വം മലങ്കരസഭയ്ക്കുണ്ടായിരുന്നു. കേരളത്തിലെ നാനാജാതി മതസ്ഥരും മാർത്തോമ്മൻ മാർഗ്ഗത്തിലൂടെ ക്രിസ്തുവിന്റെ വെളിച്ചത്തിലേക്ക് വന്നു. അതേസമയത്ത് പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങളിലെ ആദിമക്രൈസ്തവ സഭകളുമായി മലങ്കരസഭാ സമൂഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു. ഇത്തരത്തിലുള്ള തദ്ദേശീയ ക്രൈസ്തവ സംസ്കാരമാണ് 16-ാം നൂറ്റാണ്ടു വരെ മലങ്കരസഭയ്ക്കുണ്ടായിരുന്നത്. പോർട്ടുഗീസ് ആധിപത്യത്തിന്റെ മറവിൽ 16-ാം നൂറ്റാണ്ടോടെ മലങ്കരസഭയെ റോമൻസഭയുടെ കീഴിലും ലെത്തീൻ സഭാപാരമ്പര്യത്തിന്റെ തടവറയിലും ആക്കാനുള്ള ശ്രമങ്ങൾ ശക്തമായിരുന്നു. അതിനെതിരെ മലങ്കരസഭ ശക്തമായി പോരാടി. തുടർച്ചയായ മൂന്ന് വിദേശ സഭാധിപത്യശ്രമങ്ങളോടുള്ള പോരാട്ടമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ നടത്തിയത്. ആദ്യം റോമൻ സഭയോട്, പിന്നീട് ആംഗ്ലിക്കൻ നവീകരണത്തോട്, മൂന്നാമത് അന്ത്യോഖ്യൻ സഭാമേലധികാരത്തോട്. നൂറ്റാണ്ടുകളുടെ പോരാട്ടത്തോടെയാണ് മലങ്കരസഭയിൽ കാതോലിക്കേറ്റ് ഉദിച്ചുയർന്നുവന്നത്.

റോമാ സാമ്രാജ്യത്തിലെ പ്രധാന നഗരങ്ങളായിരുന്ന റോം, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാർക്ക് മറ്റ് മെത്രാന്മാർക്കില്ലാതിരുന്ന ചില പ്രത്യേക അധികാരങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചു. പട്ടണങ്ങളുടെ പൗരാണികത, രാഷ്ട്രീയ പ്രാധാന്യം, വിദ്യാഭ്യാസ മുൻഗണനന, ക്രൈസ്തവസഭയുടെ പുരാതനകേന്ദ്രങ്ങൾ, സഭകളുടെ അപ്പോസ്തോലിക പിന്തുടർച്ച തുടങ്ങിയ പരിഗണനകൾ വച്ചുകൊണ്ട് പട്ടണങ്ങളിലെ സഭകൾക്കും, മെത്രാന്മാർക്കും കൂടുതൽ മുൻഗണനകൾ ലഭിച്ചു. മെത്രാന്മാരെ മേലദ്ധ്യക്ഷന്മാർ എന്നു വിളിച്ചു.

325-ൽ കൂടിയ നിഖ്യാ സുന്നഹദോസ്, റോമാസാമ്രാജ്യത്തിലെ പ്രമുഖ സഭാകേന്ദ്രങ്ങളെ അംഗീകരിക്കയും റോം, അലക്സാന്ത്ര്യ, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്തന്മാരെ പ്രധാനമേലദ്ധ്യക്ഷന്മാരായി അംഗീകരിക്കയും ചെയ്തു. 381-ൽ കൂടിയ കുസ്തന്തീനോസ്പോലീസ് സുന്നഹദോസ് കുസ്തന്തീനോസ്പോലീസിലെ ബിഷപ്പിനും സാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമെന്ന നിലയിൽ പ്രത്യേക സ്ഥാനം നൽകി.

ആദ്യമൊക്കെ പ്രധാന പട്ടണങ്ങളിലെ മേലദ്ധ്യക്ഷന്മാരെ ബിഷപ്പുമാരെന്നും പിന്നീടവരെ മെത്രാപ്പോലീത്തന്മാരെന്നും വിളിച്ചു. അഞ്ചാം നൂറ്റാണ്ടോടെ ഇവരെ പാത്രിയർക്കീസന്മാരെന്ന് വിളിക്കാൻ തുടങ്ങി. എല്ലാ പാത്രിയർക്കീസുമാരും അതതു ദേശത്തു തുല്യ അധികാരം ഉള്ളവരും ആയിരുന്നു.

പാത്രിയർക്കാ, മാർപാപ്പാ സ്ഥാനങ്ങൾ പോലെയുള്ള ഒരു സ്ഥാനമാണ് കാതോലിക്കാസ്ഥാനവും. കാത്-ഹോലിക്കോസ് എന്ന ഗ്രീക്ക് പദങ്ങളിൽ നിന്നാണ് കാതോലിക്കോസ് എന്ന വാക്കുണ്ടായത്. പൊതുവിന്റെ ആൾ എന്നാണ് അർത്ഥം. റോമാ സാമ്രാജ്യത്തിലെ സഭാതലവന്മാരെ പാത്രിയർക്കീസ് എന്നു വിളിച്ചിരുന്നെങ്കിൽ അതിനു പുറത്തുള്ള ചില സഭാതലവന്മാരെ കാതോലിക്കോസ് എന്നാണ് വിളിച്ചിരുന്നത്. കാതോലിക്കാ, പാത്രിയർക്കാ, മാർപാപ്പാ എന്നീ സ്ഥാനങ്ങൾ മൂന്നും തുല്യമാണ്. ഈ സ്ഥാനങ്ങളെല്ലാം സ്വയംശീർഷകത്വവും അപ്പോസ്തോലിക പിൻതുടർച്ചയും ഉള്ളവയാണ്. കാതോലിക്കായ്ക്ക് മുകളിൽ ദൈവംതമ്പുരാന് മാത്രമേ അധികാരമുള്ളു. ആദ്യകാലം മുതൽ പേർഷ്യ, അർമീനിയ, ജോർജ്ജിയ എന്നീ സഭകളിൽ കാതോലിക്കാ സ്ഥാനങ്ങളുണ്ടായിരുന്നു.

1912-ലെ മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനം മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ ഉള്ള മലങ്കരസഭാ ചരിത്രത്തിലെ പൗരോഹിത്യസ്ഥാപനങ്ങളുടെ ഘട്ടംഘട്ടമായ വളർച്ചയാണ്. എ.ഡി. 52-ൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയുടെ അപ്പോസ്ത

ലിക നേതൃത്വം അർക്കദിയാക്കോൻ, ജാതിക്ക്കർത്തവ്യൻ, എപ്പിസ്കോപ്പാ, മലങ്കര മെത്രാൻ എന്നീ പദവികളിലൂടെ പടിപടിയായുയർന്ന് വിശുദ്ധ കാതോലിക്കാ പദവിയിലെത്തി. അർക്കദിയാക്കോന്മാർ സഭയുടെ ഉന്നതരനായ ഭരണസ്ഥാനീയരായിരുന്നു. അവർക്ക് ക്രിസ്ത്യൻ പട്ടാളവും ഉണ്ടായിരുന്നതിനാൽ അവർക്ക് രാജാക്കന്മാരുടെപോലും പിൻബലം ഉണ്ടായിരുന്നു. അർക്കദിയാക്കോന്മാർ പകലോമറ്റം കുടുംബക്കാരായിരുന്നു. കുറവിലങ്ങാട്ട് താമസിച്ചാണവർ ഭരണം നടത്തിയിരുന്നത്.

മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിന് പ്രത്യേക ചരിത്ര പശ്ചാത്തലമുണ്ട്. പത്തൊമ്പതാം നൂറ്റാണ്ട് മുതലാണ് മലങ്കരസഭ അന്ത്യോഖ്യൻ സുറിയാനിസഭയുമായി ബന്ധത്തിൽ വന്നത്. അക്കാലം മുതൽ അന്ത്യോഖ്യൻ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പാത്രിയർക്കീസിന്റെ അധികാരം മലങ്കരയുടെ മേൽ സ്ഥാപിക്കാൻ പാത്രിയർക്കീസ് നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. ആ സമ്മർദ്ധത്തെ മലങ്കരസഭ ചെറുത്തുനിന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ ചില പ്രത്യേക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മിക അധികാരം സ്ഥാപിക്കാൻ കഴിഞ്ഞു. പാത്രിയർക്കീസുമാരുടെ സഹായഹസ്തങ്ങൾ ധൃതരാഷ്ട്രാലിംഗനമായി മാറിയപ്പോൾ മലങ്കരസഭ പിടികൊടുത്തില്ല.

ഒന്നാമത്, 1653-ലെ കൂനൻകുരിശ് സത്യം അഥവാ ഭാരത ചരിത്രത്തിൽ വിദേശാധിപത്യത്തിനെതിരെ ഒരു ജനത നടത്തിയ ആദ്യ പ്രക്ഷോഭം. രണ്ടാമത്, 1836-ലെ മാവേലിക്കര സുന്നഹദോസും പടിയോലയും അഥവാ പാശ്ചാത്യ നവീകരണ വിശ്വാസ സമ്മർദ്ദങ്ങൾക്കെതിരെ പൗരസ്ത്യ സഭാ സമൂഹത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം, മൂന്നാമത്തേത് 1889-ലെ റോയൽ കോടതി വിധിയിലൂടെ മലങ്കരസഭയുടെ ഭാവിയെ മുഴുവൻ ബാധിക്കുന്നതും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര കൈകടത്തലിനെതിരെ പരോക്ഷമായ പ്രഖ്യാപനവും മേൽപ്പറഞ്ഞ റോയൽകോടതി വിധിയാണ് മലങ്കരയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കാൻ ഇടയാക്കിയത്. ഈ വിധിയോടെ പാത്രിയർക്കീസുമാർ മെത്രാനെ വാഴിക്കുകയും മൂറോൻ കൂദാശ നടത്തുകയും ചെയ്യുന്ന അധികാരം വെച്ച് വില പേശാൻ തുടങ്ങി. പത്രോസ് പാത്രിയർക്കീസിന്റെ കാലം മുതൽ അവർ ഈ തന്ത്രം പയറ്റിയിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ ചില പ്രധാന സംഭവങ്ങളിലൂടെയാണ് അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ചുവടുറപ്പിക്കാൻ കഴിഞ്ഞത്. ആദ്യ മലങ്കര മെത്രാപ്പോലീത്തായും പിന്നീട് മാർത്തോമ്മാ സഭയുടെ പ്രധാന മെത്രാപ്പോലീത്തായുമായിത്തീർന്ന മാത്യൂസ് മാർ

അത്താനാസ്യോസ് നവീകരണവാദിയായിരുന്നു. 1842-ലാണ് അത്താനാസിയോസ് അന്ത്യോഖ്യയിൽ നിന്ന് പട്ടം സ്വീകരിച്ച് മലങ്കരയിൽ എത്തിയത്. തിരുവിതാംകൂർ മഹാരാജാവിനോട് അദ്ദേഹം മലങ്കര മെത്രാൻ സ്ഥാനം ആവശ്യപ്പെട്ടു. തിരുവിതാംകൂർ രാജാവിന്റെ പ്രഖ്യാപനത്തോടെ മാത്രമേ മലങ്കര മെത്രാനാകാൻ പറ്റൂ എന്നതായിരുന്നു അന്നത്തെ സ്ഥിതി. ചേപ്പാട് മാർ ദീവന്നാസിയോസ് അപ്രകാരം തിരുവിതാംകൂർ രാജാവിന്റെ വിളംബരം ലഭിച്ച് ഭരണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. പാത്രിയർക്കീസിൽ നിന്ന് സ്ഥാനം ലഭിച്ചതിനാൽ മാർ അത്താനാസ്യോസിന് മലങ്കര മെത്രാൻ സ്ഥാനം ലഭിച്ചു.

മാത്യൂസ് അത്താനാസിയോസിനെ എതിർത്തു നിന്ന വിഭാഗം പുലിക്കോട്ടിൽ ജോസഫ് കത്തനാരെ പാത്രിയർക്കീസിന്റെ അടുത്തേക്കയച്ച് ജോസഫ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാനാക്കി. എന്നാൽ മാത്യൂസ് മാർ അത്താനാസിയോസിനു ലഭിച്ച വിളംബരം റദ്ദാക്കുവാനോ, ജോസഫ് ദീവന്നാസിയോസിനെ അംഗീകരിച്ചുകൊണ്ടുള്ള ഒരു വിളംബരം പുറപ്പെടുവിക്കുവാനോ സാധിച്ചില്ല. ഇതിനു പരിഹാരമായി പാത്രിയർക്കീസിനെ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തി മഹാരാജാവുമായി ചർച്ച നടത്തിയതിന്റെ പശ്ചാത്തലത്തിൽ അത്താനാസിയോസിന് ലഭിച്ച രാജകീയ വിളംബരം പിൻവലിച്ചു. എന്നാൽ ദീവന്നാസിയോസിനെ അംഗീകരിച്ചുകൊണ്ടുള്ള വിളംബരം പുറപ്പെടുവിച്ചുമില്ല. പള്ളികളും സ്വത്തും സംബന്ധിച്ച തർക്കങ്ങളും മെത്രാന്മാരുടെ നിയമനവും നീക്കം ചെയ്യലും മൂലമുള്ള പ്രശ്നങ്ങളും നീതിന്യായകോടതിയിൽ പോയി പരിഹരിക്കാൻ രാജകൽപ്പനയായി. ഇതേ തുടർന്ന് നിരവധി കേസുകൾ പള്ളി സംബന്ധമായും വസ്തു സംബന്ധമായും ഉണ്ടാവുകയും ചെയ്തു. ഇതിന്റെയെല്ലാം അന്തിമ വിധിയാണ് റോയൽ കോടതി വിധി. ഇതിൻപ്രകാരം അന്ത്യോഖ്യൻ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ലൗകിക ഭരണാധികാരം ഇല്ലെന്നും മലങ്കരയിൽ ലൗകികമായ ഭരണാധികാരം ജനങ്ങളാൽ സ്വീകാര്യനായ നാട്ടുകാരനായ മെത്രാപ്പോലീത്തായ്ക്കായിരിക്കുമെന്നും പറഞ്ഞിരുന്നു. മാർത്തോമ്മാ സഭയിലെ തോമസ് അത്താനാസിയോസിന് എതിരെയായിരുന്നു കോടതിവിധി.

പത്രോസ് പാത്രിയർക്കീസ് തന്റെ സന്ദർശനനാളുകളിൽ മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചു. പുതുതായി ആറു മെത്രാന്മാരെ കൂടി പാത്രിയർക്കീസ് വാഴിച്ചു. പുതിയ മെത്രാന്മാർ പാത്രിയർക്കീസിനെ വഴങ്ങുന്നതായി രേഖയുണ്ടാക്കി.

1911-ൽ മലങ്കരയിൽ എത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ളാ ആവശ്യപ്പെട്ട രീതിയിൽ പാത്രിയർക്കീസിന്റെ അധികാരവും മേൽക്കോയ്മയും അംഗീകരിച്ചുകൊണ്ടുള്ള ഉടമ്പടി എഴുതിക്കൊടുക്കാൻ

വിസമ്മതിച്ച അന്നത്തെ മലങ്കര മെത്രാൻ വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് മുടക്കി. മലങ്കരസഭ ഇതിനെതിരെ ശക്തിയായി പ്രതികരിക്കുകയും സഭ ഭിന്നിക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ അബ്ദേദ് മശിഹാ പാത്രിയർക്കീസ് സീനിയറും, അബ്ദുള്ളാ പാത്രിയർക്കീസ് ജൂനിയറും ആയിരുന്നു. ജൂനിയർ പാത്രിയർക്കീസ് അബ്ദുള്ളാ ഫർമാൻ വാങ്ങി സ്ഥാനം നേടുകയും മലങ്കരസഭയ്ക്ക് എതിരാവുകയും ചെയ്തു. എന്നാൽ അബ്ദേദ് മിശിഹാ പാത്രിയർക്കീസ്, ജൂനിയർ പാത്രിയർക്കീസിന്റെ മുടക്കിനെ എതിർത്തു. മലങ്കരസഭയുടെ അഭ്യർത്ഥന മാനിച്ച് സീനിയർ പാത്രിയർക്കീസ് അബ്ദേദ് മശിഹാ 1912 സെപ്തംബർ 15-ന് ഞായറാഴ്ച നിരണം പള്ളിയിൽ വെച്ച് ഈവാനിയോസ് മെത്രാപ്പോലീത്തായെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ കാതോലിക്കായായി വാഴിച്ചു.

കിഴക്കിന്റെ കാതോലിക്കേറ്റിൽ സ്വതന്ത്രഭരണ സംവിധാനം വിവക്ഷിച്ച് പാത്രിയർക്കീസിന്റെ എല്ലാ അധികാരങ്ങളോടുംകൂടിയാണ് പൗരസ്ത്യ കാതോലിക്കായെ വാഴിച്ചത്. കാതോലിക്കാ കാലം ചെയ്യുമ്പോൾ തൽസ്ഥാനത്ത് ഒരാളെ വാഴിക്കാനുള്ള സ്വാതന്ത്ര്യവും, മൂറോൻ കൂദാശ നടത്താനുള്ള അവകാശവും, മലങ്കരയിലുള്ള മെത്രാന്മാർക്ക് ഉണ്ടായിരിക്കുമെന്ന് പാത്രിയർക്കീസ് വിജ്ഞാപനത്തിൽ പറഞ്ഞു.

മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിത്വവും അപ്പോസ്തോലിക പിൻതുടർച്ചയുമുള്ള ഇന്ത്യയിലെ ക്രൈസ്തവ സഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതിചെയ്യുന്ന വൈദിക മേലദ്ധ്യക്ഷ സ്ഥാനമാണ് കാതോലിക്കേറ്റ്. മറ്റേതൊരു ക്രൈസ്തവ സഭാമേലദ്ധ്യക്ഷനുള്ള സ്ഥാനമാനങ്ങളും സ്വയംശീർഷകത്വവും അപ്പോസ്തോലിക പിന്തുടർച്ചയും കാതോലിക്കേറ്റിനുണ്ട്. നമ്മുടെ കാതോലിക്കേറ്റിന്റെ പ്രസക്തി സ്വാതന്ത്ര്യത്തിലൂന്നിയ ദൈവസ്നേഹത്തിന്റെ ആവിഷ്കാരം പ്രസ്പഷ്ടമാക്കുക എന്നതാണ്.

നമ്മുടെ പൂർവ്വികരുടെ യാതനകളുടെയും ത്യാഗത്തിന്റെയും ഫലമായാണ് കാതോലിക്കാസ്ഥാനം ഉണ്ടായത്. ഏത് പ്രതിസന്ധികളെയും അഭിമുഖീകരിക്കാനുള്ള നിശ്ചയദാർഢ്യം നമ്മുടെ പൂർവ്വികന്മാർ പ്രദർശിപ്പിച്ചിരുന്നു. അവരുടെ കഷ്ടപ്പാടുകളുടെ പര്യവസാനമാണ് കാതോലിക്കേറ്റ് സ്ഥാപനം.

ആത്മീയവും വൈദികവും ആയ ആവശ്യങ്ങൾ നടത്തിത്തരാൻ അധികാരമുള്ള കേന്ദ്രമാണ് കാതോലിക്കേറ്റ്. സഭയ്ക്ക് സംഘടനാപരമായ കെട്ടുറപ്പ് നൽകുന്നത് കാതോലിക്കേറ്റും ഭരണഘടനയുമാണ്.

കാതോലിക്കേറ്റ് സ്ഥാപിച്ചശേഷം ഭരണഘടനയുടെ 114-ാം വകുപ്പ് പ്രകാരം 1964-ൽ നാലാം കാതോലിക്കായുടെ സ്ഥാനാരോഹണത്തിൽ ക്ഷണിതാവായി പങ്കെടുത്ത യാക്കോബ് തൃതീയൻ പാത്രിയർക്കീസ് കാതോലിക്കേറ്റിനെ വീണ്ടും അംഗീകരിച്ചു.

സെന്റ് തോമസ് സ്ഥാപിച്ച ഭാരതസഭയ്ക്ക് ലോകത്തിലെ മറ്റ് ക്രൈസ്തവ സഭകളിൽ നിന്നും വ്യത്യസ്തമായ ഭരണസംവിധാനം ഉണ്ടായിരുന്നു. പോർട്ടുഗീസുകാരുടെ വരവിന് മുമ്പ് മാർത്തോമാ ക്രിസ്ത്യാനികൾ പ്രധാനമായും ബന്ധപ്പെട്ടിരുന്നത് പേർഷ്യയിലെ സഭയുമായിട്ടായിരുന്നു. ഇന്ന് മലങ്കരസഭ സുശക്തവും ഭാരതത്തിലെ ക്രൈസ്തവരുടെ നേതൃത്വം വഹിക്കുന്ന ശക്തമായ ഇന്ത്യൻ ഓർത്തഡോക്സ് സഭയുമാണ്.

(കാതോലിക്കേറ്റ് ശതാബ്ദി സ്മാരക പ്രഭാഷണ പരമ്പരയുടെ മലങ്കരസഭാടിസ്ഥാനത്തിലുള്ള മൂന്ന് കോ-ഓർഡിനേറ്റർമാരിൽ ഒരാളാണ് പി. എ. അലക്സാണ്ടർ. മലയാള മനോരമ അസി. എഡിറ്ററായിരുന്നു)



കാതോലിക്കേറ്റ് ശതാബ്ദി വൈദിക സമ്മേളനം, ഡിസം. 4, 2012, പുത്തൻകാവ്.



പ. ബസേലിയോസ് ഔഗേൻ ബാവായോടൊപ്പം ഫാ. ടി. സി. ജേക്കബ്, ഫാ. ടി. ജി. സഖറിയാ, കെ. വി. മാമ്മൻ. 1965–ൽ.

അനുബന്ധം

മലങ്കര ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ

മലങ്കരസഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ എന്താണെന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ നിഖ്യാ വിശ്വാസപ്രമാണം + ഏഴു കൂദാശകൾ + വിശ്വാസികളായി മരിച്ചുപോയവരുമായുള്ള സംസർഗ്ഗം എന്ന് ഉത്തരം പറഞ്ഞാൽ മതി. ആഘോഷമായി ആടിപ്പാടി നടത്തുന്ന പെരുന്നാളും റാസായും കൊടിമരം ഇടീലും വെടിക്കെട്ടും ഒന്നും അടിസ്ഥാന വിശ്വാസത്തിൽ വരുന്നില്ല. ആരാധനയാണ് സർവ്വപ്രധാനം. പത്തു കല്പനകൾ എല്ലാവരും ഒരുപോലെ സ്വീകരിക്കേണ്ടതാണെന്ന കാര്യം എടുത്തുപറയണമെന്നില്ലല്ലോ. നിഖ്യാ വിശ്വാസപ്രമാണത്തിൽ പിതാവിനെപ്പറ്റിയും പുത്രനെപ്പറ്റിയും പരിശുദ്ധാത്മാവിനെപ്പറ്റിയും സഭയെപ്പറ്റിയും എല്ലാം ചുരുങ്ങിയ വാക്കുകളിൽ ഏവർക്കും മനസ്സിലാകുന്ന രീതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സഭയെപ്പറ്റിയുള്ള നിർവചനം വായിക്കുമ്പോൾ ഏതാനുംപേർ ചേർന്നു ചില പ്രത്യേക ലക്ഷ്യത്തിനുവേണ്ടി സംഘടിപ്പിക്കുന്ന കൂട്ടായ്മകൾ സഭ എന്ന നിർവചനത്തിൽ ഉൾപ്പെടുകയില്ലെന്നു വ്യക്തം. കാരണം സഭ കാതോലികവും അപ്പസ്തോലികവും ഏകവും വിശുദ്ധവും ആണെന്ന വസ്തുത തന്നെ. സഭ, പണം പിരിക്കാനും വിദേശത്തുനിന്നു പല കാരണങ്ങൾ പറഞ്ഞു ഡോളറും ദിനാറും യൂറോയും വരുത്താനും സുവിശേഷത്തിന്റെ പേരിൽ സുഖമായി ജീവിക്കാനുമുള്ള കൂട്ടായ്മകളും സംഘടനകളും അല്ലെന്ന് ഇന്നു ബുദ്ധിയുള്ളവർ മനസ്സിലാക്കി വരുന്നു. പണസമ്പാദന ലക്ഷ്യത്തോടെ മുക്കിനു മുക്കിനു നടത്തുന്ന സുവിശേഷയോഗങ്ങളും രോഗശാന്തി പ്രകടനങ്ങളും എല്ലാം തട്ടിപ്പാണ്. പണത്തിന്റെ പേരിൽ ചില പാസ്റ്റർമാർ തമ്മിൽ നടത്തുന്ന മത്സരങ്ങളും അടിപിടികളും പത്രത്താളുകളിൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. ക്രിസ്ത്യാനികളെ വീണ്ടും 'മുക്കാൻ' നടക്കാതെ ജാതികളുടെ ഇടയിലേക്കു പോയി സുവിശേഷവേല ചെയ്യുക. ഓർത്തഡോക്സുകാരെ റീത്തുകാരാക്കുന്നതു സുവിശേഷവേലയാണോ? അല്ല അതു വെറും വേലയാണ്. കൂദാശകളെപ്പറ്റി പ. വട്ടശ്ശേരിൽ തിരുമേനി എഴുതിയിട്ടുള്ള 'മതോപദേശസാരങ്ങൾ' എല്ലാവരും ഹൃദിസ്ഥമാക്കാൻ ഇവിടെ ഉദ്ധരിക്കുന്നു.

ഓർത്തഡോക്സ് സഭയിലെ മതോപദേശസാരങ്ങൾ

1-ാം സംഗതി

ശുദ്ധമുള്ള ത്രിത്വത്തെക്കുറിച്ച്

(1) കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവൻ ഉണ്ട്. (2) സകലത്തിന്റേയും ആദികാരണനായിരിക്കുന്ന ഈ ഏക ദൈവം അല്ലാതെ വേറെ ദൈവം ഇല്ല. (3) താൻ അനാദിയായുള്ളവനും നിത്യനും (4) അശരീരിയും ജഡകൺകളാൽ കാണപ്പെടാത്തവനും സർവ്വശക്തനും (5) സർവ്വ

---

(1) ആദ്യ. 1.1. ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു ഏശാ 44. 24. സകലത്തേയും ഉണ്ടാക്കിയ കർത്താവു ഞാൻ ആകുന്നു. ആവർത്ത. 5. 26. അഗ്നിയുടെ നടുവിൽ നിന്നു സംസാരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ ശബ്ദം കേൾക്കയും ജീവനോടിരിക്കയും ചെയ്തവനായി ഞങ്ങളെപ്പോലെയുള്ള മനുഷ്യൻ ആരുള്ളു. 1 യോഹ 5. 20. ദൈവപുത്രൻ വന്നു എന്നും സത്യമുള്ളവനെ അറിവാനായി നമുക്കു ബുദ്ധി തന്നു എന്നും നാം അറിയുന്നു. നാം സത്യമുള്ളവനിൽ തന്റെ പുത്രനായ യേശുമിശിഹായിൽ തന്നെ ആയിരിക്കും. ഇവൻ സത്യദൈവവും നിത്യജീവനും ആകുന്നു. ദാനി. 2.8 എന്നാലൊ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനായ സ്വർഗ്ഗത്തിന്റെ ദൈവം ഉണ്ട്.

(2) ഏശാ. 43:11 ഞാൻ കർത്താവാകുന്നു. എന്നെ കൂടാതെ പിന്നെ ഒരുത്തനും ഇല്ല ഏശാ 45:5, 6. ഞാൻ കർത്താവാകുന്നു വേറെ ഇല്ല. എന്നെ കൂടാതെ ദൈവം ഇല്ല. ഞാൻ കർത്താവാകുന്നു. മറ്റൊരുത്തനുമില്ല.

(3) ഏശാ. 41. 4. ഞാൻ കർത്താവാകുന്നു. ഞാൻ ആദ്യനും അന്ത്യനും ആകുന്നു ഏശാ. 43. 10. എനിക്കു മുൻപെ ഒരു ദൈവവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എന്റെശേഷം ഉണ്ടാകയുമില്ല.

(4) യോഹ. 4. 24 എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു. 1 തിമൊ 6. 16 മനുഷ്യരിൽ ഒരുത്തനും തന്നെ കണ്ടിട്ടില്ല, കാണ്മാൻ കഴിയുന്നതുമല്ല.

(5) മത്താ. 19. 26. എന്നാൽ ദൈവത്താൽ സകലവും കഴിയുന്നു. ലൂ. 1. 37. എന്തുകൊണ്ടെന്നാൽ ദൈവത്തിനു യാതൊന്നും പ്രയാസമില്ല. സങ്കീ. 147, 5 അവന്റെ തിരിച്ചറിവിന് അവധി ഇല്ല.

ജ്ഞാനിയും (6) സർവ്വവ്യാപിയും (7) നന്മയിൽ പൂർണ്ണനും (8) നിർണ്ണയിക്കപ്പെടാവതല്ലാത്തവനും (9) ഭേദമില്ലാത്തവനും (10) സകലത്തേയും ഭരിക്കുന്നവനും ആകുന്നു. (11) ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധമുള്ള റൂഹാ എന്നും മൂന്ന് ആളുകൾ ഉണ്ട്. (12) ആയതു ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അത്രെ തമ്മിൽ മുമ്പ് പിമ്പോ വലിപ്പച്ചെറുപ്പമോ ശക്തി വ്യത്യാസമോ ഇല്ല. ഈ മൂന്ന് ആളുകൾക്കും ഏക സാരാംശവും ഏക രാജിതവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവും ആകുന്നു.

2 – ാം സംഗതി

പിതാവിനെക്കുറിച്ച്

(1) ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവായ ദൈവം സർവ്വശക്തനും (2) ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവ യും കാണ

---

(6) സങ്കീ. 139. 7. നിന്റെ ആത്മാവിൽ നിന്നു ഞാൻ എവിടെ പോകും. നിന്റെ മുൻപാകെ നിന്നു ഞാൻ എവിടെ മറഞ്ഞിരിക്കും.

(7) പുറം. 34. 6 ദൈവമായ കർത്താവു കരുണയുള്ളവനും കൃപയു ള്ളവനും ദീർഘശാന്തനും ആകുന്നു. തന്റെ കൃപയും സത്യവും വളരെ യാകുന്നു.

(8) യോബ് 11. 7. ദൈവത്തെക്കുറിച്ചുള്ള വിവരം അറിവാൻ നിനക്കു കഴിയുമൊ.

(9) യാക്കോ. 1. 17. നല്ലതും പരിപൂർണ്ണമുള്ളതുമായ സകല നൽവരവും മേലിൽ നിന്നു പ്രകാശങ്ങളുടെ പിതാവിൽ നിന്ന് ഇറങ്ങിവരുന്നു. തന്റെ പക്കൽ യാതൊരു പകർച്ചയും വികാരത്തിന്റെ ഒരു നിഴലും ഇല്ല.

(10) ലൂക്കോ. 10. 21. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ എന്റെ പിതാവെ! ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു

(11) ആദ്യ 1:26. ദൈവം പറഞ്ഞു: നാം നമ്മുടെ സാദൃശത്തിൽ നമ്മുടെ സ്വരൂപത്തിൽപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. മത്താ 28:19. ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി, പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ അവരെ മാമോദീസാ മുക്കുവീൻ. ആദ 11:7. മത്താ. 3:16, 17.

(12) ഏശാ. 6:3. ഭൂമി മുഴുവനും തന്റെ സ്തുതികളാൽ നിറഞ്ഞി രിക്കുന്ന സർവ്വശക്തിയുള്ള കർത്താവു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഒരുത്തനോട് ഒരുത്തൻ വിളിച്ചുപറയുന്നു.

2–ാം സംഗതി: (1) യോഹ, 10:29. എന്തുകൊണ്ടെന്നാൽ അവയെ എനിക്കു തന്നിട്ടുള്ള എന്റെ പിതാവ് എല്ലാവരെക്കാൾ വല്യവനാകുന്നു. എന്റെ പിതാവിന്റെ കയ്യിൽ നിന്ന് അപഹരിപ്പാൻ ഒരുത്തനും കഴികയില്ല.

(2) 1. കൊരി. 8:6. എന്നാലൊ നമുക്കു പിതാവായ ദൈവം ഒരുവനെ ഉള്ളു സകലവും തന്നിൽ നിന്നും നാം തന്നിലും ആകുന്നു.

പ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും അനാദിയായി തന്നിൽനിന്നു ജനിച്ച വചനമായ പുത്രന്റെ ജനകനും ദൈവത്വത്തിന്റെ സകല ലക്ഷണങ്ങളോടുകൂടിയിരിക്കുന്നവനും ആകുന്നു.

3-ാം സംഗതി

പുത്രനെക്കുറിച്ച്

(1) ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ അനാദിയായി പിതാവിൽ നിന്നു ജനിച്ചവനും (2) സാരാംശത്തിൽ പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സമനും സൃഷ്ടിയല്ലാത്തവനും ആകുന്നു. (3) താൻ ദൈവീക സ്ഥിതിയിൽനിന്നു യാതൊരു ഭേദവും കൂടാതെ തന്റെയും തന്റെ പിതാവിന്റെയും ശുദ്ധമുള്ള റൂഹായുടേയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽനിന്നു ജഡം എടുത്ത് മനുഷ്യനായി തീരുകയും (4) ജഡത്തിൽ സത്യമായിട്ടു കഷ്ടപ്പെടുകയും (5) കുരിശിൽ തറയ്ക്കപ്പെടുകയും (6) മരിയ്ക്കുകയും (7) കബറടക്കപ്പെടുകയും (8)

3-ാം സംഗതി

(1) യോഹ 1:1. ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ദൈവ ത്തോടുകൂടെ ആയിരുന്നു. ആ വചനം ദൈവവും ആയിരുന്നു. 4. അവന്റെ മഹത്വം പിതാവിൽ നിന്നുള്ള ഏകജാതനായവന്റെ മഹത്വം പോലെ ഞ ങ്ങൾ കാണുകയും ചെയ്തു.

(2) യോഹ. 10:30 ഞാനും എന്റെ പിതാവും ഒന്നാകുന്നു.

(3) മലാ. 3.6. എന്തുകൊണ്ടെന്നാൽ ഞാൻ കർത്താവാകുന്നു. ഞാൻ ഭേദപ്പെട്ടിട്ടില്ല എബ്രാ 2:14. മക്കൾ ജഡത്തിലും രക്തത്തിലും സംബന്ധപ്പെട്ടിരിക്കകൊണ്ട് ആ സാദൃശത്തിൽ തന്നെ താനും അവയിൽ സംബന്ധപ്പെട്ടു. യോഹ. 1. 14. വചനം ജഡമായി നമ്മിൽ ആവസിച്ചു.

(4) അപ്പോ. 1:3. താൻ കഷ്ടപ്പെട്ടശേഷം...........

(5) മർക്കോ. 15:24. അവർ അവനെ കുരിശിൽ തറച്ചശേഷം.........

(6) റോമാ 5.6. എന്നാൽ മിശിഹാ നമ്മുടെ ബലഹീനത നിമിത്തം ഈ കാലത്തു ദുഷ്ടന്മാർക്കു വേണ്ടി മരിച്ചു എങ്കിൽ............

(7) 1 കോരി 15:4 താൽ കബറടക്കപ്പെടുകയും............

(8) 1 പത്രോ. 3:19 പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോടു താൻ പ്രസംഗിച്ചു.

പാതാളത്തിലേയ്ക്ക് ഇറങ്ങിച്ചെന്നു പാതാളത്തിലുള്ളവരോടു പ്രസംഗിക്കുകയും (9) മൂന്നാം ദിവസം കബറിൽനിന്നു ഉയർത്തെഴുന്നേല്ക്കുകയും (10) ഉയർപ്പിന്റെ ശേഷം നാല്പതാം ദിവസം സ്വർഗ്ഗത്തിലേക്കു കരേറി മഹത്വത്തിൽ തന്റെ പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുകയും ചെയ്തു താൻ മനുഷ്യനായി തീർന്നു എന്നുള്ളതു കന്യകയിൽനിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല (11) എന്നാലോ സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ കന്യകയിൽനിന്നു ജഡം എടുത്തു സാക്ഷാൽ മനുഷ്യനായി തീരുകയും, (12) ദൈവസ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായിത്തീരുകയോ, മനുഷ്യസ്വഭാവം ഭേദപ്പെട്ടു ദൈവസ്വഭാവമായിത്തീരുകയോ, തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂടികലർന്നു വേറൊരുവസ്തുവായി തീരുകയോ, ഒന്നിനാൽ ഒന്നു നശിച്ചുപോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ദൈവത്വത്തിന്റെയും പാപം ഒഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണലക്ഷണങ്ങളോടുകൂടെ യോജിക്കപ്പെടുകയും

---

(9) അപ്പോ 2:32 ഈ യേശുവിനെ ദൈവം ഉയർത്തെഴുന്നേല്പിച്ചു ഞങ്ങൾ എല്ലാവരും തന്റെ സാക്ഷികൾ ആകുന്നു. ലൂക്കോ. 24:39 ഞാൻ തന്നെ ആകുന്നു എന്നു എന്റെ കൈകളെയും കാലുകളെയും നോക്കി എന്നെ തൊട്ടുനോക്കി അറിവീൻ. എനിക്കുണ്ടെന്നു നിങ്ങൾ കാണുന്നതു പോലെ ഒരു ആത്മാവിനു മാംസവും അസ്ഥികളും ഇല്ലല്ലൊ.

(10) ലൂക്കോ. 24:51 താൻ അവരെ അനുഗ്രഹിക്കുമ്പോൾ അവരിൽ നിന്നു പിരിയപ്പെട്ടു സ്വർഗ്ഗത്തിലേക്കു കരേറി.

(11) എബ്രാ 2:16. എന്തുകൊണ്ടെന്നാൽ താൻ മാലാഖമാരിൽ നിന്നു സ്വഭാവം എടുത്തില്ല. എന്നാലൊ അബ്രഹാമിന്റെ സന്തതിയിൽ നിന്നു താൻ എടുത്തു. യോഹ. 1.14 വചനം ജഡമായി നമ്മിൽ ആവസിച്ചു. ഏശാ. 7.14 കണ്ടാലും കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും അവന്റെ പേർ അമ്മാനുവേയൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

(12) കൊലോ 2:9, തന്നിൽ ദൈവത്വത്തിന്റെ പൂർണ്ണത ഒക്കെയും ശരീരസംബന്ധമായി വസിക്കുന്നു എബ്രാ 2;9, ദൈവം തന്റെ കൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചു തീത്തോ. 2:13. വാഴ്ത്തപ്പെട്ട ശരണത്തിനും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുമ്ശിഹായുടെ മഹത്വപ്രത്യക്ഷതയ്ക്കും നാം നോക്കിപ്പാർത്തുകൊണ്ടു.......... തീമോ. 3:16. സത്യമായിട്ടു നീതിയുടെ ഈ രഹസ്യം വലിയതാകുന്നു, താൻ ജഡത്തിൽ വെളിപ്പെടുകയും ആത്മാവിൽ നീതീകരിക്ക പ്പെടുകയും മാലാഖമാർക്കു കാണപ്പെടുകയും പുറജാതി കളുടെ ഇടയിൽ പ്രസംഗിക്കപ്പെടുകയും ലോകത്തിൽ വിശ്വസിക്കപ്പെടുകയും മഹത്വ ത്തിൽ കരേറ്റുകയും ചെയ്തു എബ്രാ 1;2. ഈ അവസാന ദിവസങ്ങളിൽ തന്റെ പുത്രൻ മൂലം നമ്മോടു സംസാരിച്ചു.

ചെയ്തു. ഈ യോജിപ്പു മഹാ അത്ഭുതമായിട്ടുള്ളതാകുന്നു. (13) യോജിപ്പിന്റെ ശേഷം രണ്ടു സ്വഭാവങ്ങളായോ രണ്ട് ക്നൂമ്മാകളായോ (ആളുകൾ) വേർതിരിയപ്പെടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും ഏക ആളും ഏക പർസൂപ്പായും* (മുഖം) ഏക ഇഷ്ടവും ഏക വ്യാപാരവും അത്രെ. താൻ പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനും ആകുന്നു തന്റെ മരണസമയം ആത്മാവ് ശരീരത്തിൽനിന്നു വേർതിരിഞ്ഞപ്പോൾ (14) തന്റെ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽ നിന്നും വേർതിരിയാതെ അവ രണ്ടിനോടും കൂടെ ഉണ്ടായിരുന്നു. (15) ഉയിർത്തെഴുന്നേൽപ്പിൽ തന്റെ ശരീരത്തെ നാശമില്ലാത്തതാക്കിത്തീർത്തതിനാൽ ഇനിമേൽ മരണമെങ്കിലും യാതൊരു കഷ്ടതയെങ്കിലും തന്റെ മേൽ അധികാരപ്പെടുന്നതുമല്ല. (16) താൻ വഴിയും സത്യവും ജീവനും ആകുന്നു. തന്നാൽ അല്ലാതെ യാതൊരു ജഡവും രക്ഷിക്കപ്പെടുന്നതല്ല. (17) ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാനായിട്ടു വലിയതായ തന്റെ മഹത്വത്തോടുകൂടെ രണ്ടാമതു താൻ വരികയും ചെയ്യും.

---

(13) എഫേസ്യ. 4:5. എന്തുകൊണ്ടെന്നാൽ ഒരു കർത്താവും ഒരു വി ശ്വാസവും ഒരു മാമോദീസായും ആകുന്നു. 1 കോരി. 1:13 മ്ശിഹാ ഭാഗി ക്കപ്പെട്ടിരിക്കുന്നുവൊ?

(14) യോഹ 19.34. എന്നാലൊ പട്ടാളക്കാരിൽ ഒരുവൻ കുന്തം കൊണ്ടു തന്റെ വിലാപ്പുറത്തു കുത്തി. ഉടൻ രക്തവും വെള്ളവും പുറപ്പെട്ടു.

*ഇവിടെ പർസൂപ്പാ അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നതു ജഡത്തിന്നടുത്ത മുഖത്തെക്കുറിച്ചല്ലാ ഹൃദയം കൊണ്ടു വിചാരിക്കപ്പെ ടാവുന്ന ഒരു ആകൃതിയെക്കുറിച്ചത്രെ;

(15) റോമാ. 6:9. എന്തുകൊണ്ടെന്നാൽ മ്ശിഹാ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേറ്റു എന്നും ഇനി താൻ മരിക്കയില്ലെന്നും മരണം തന്നിൽ അധികാരപ്പെടുന്നില്ലെന്നും നാം അറിയുന്നു.

(16) യോഹ. 14:6. യേശു അവനോടു പറയുന്നു, ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിൽകൂടി അല്ലാതെ ഒരുത്തനും എന്റെ പിതാവിന്റെ അടുക്കൽ വരുന്നില്ല. അപ്പോ. 4:12 മറ്റൊരുത്തനിലും രക്ഷ ഇല്ല എന്തുകൊണ്ടെന്നാൽ അതിനാൽ രക്ഷപെടുവാനായിട്ടു മനുഷ്യർക്കു കൊടുക്കപ്പെട്ടിട്ടുള്ള വേറൊരു നാമവും ആകാശത്തിൻ കീഴിൽ ഇല്ല.

(17) അപ്പോ 17:31. താൻ വേർതിരിച്ചിട്ടുള്ള പുരുഷനെക്കൊണ്ടു നീതിയായി സകല ഭൂമിയേയും ന്യായം വിധിപ്പാനുള്ള ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു.

4 – ാം സംഗതി

ശുദ്ധമുള്ള റൂഹായെക്കുറിച്ച്

(1) ത്രിത്വത്തിൽ ഒരുവനായി ആശ്വാസപ്രദനായിരിക്കുന്ന ശുദ്ധമുള്ള റൂഹായായ ദൈവം പിതാവിനും പുത്രനും സമനും സൃഷ്ടിയല്ലാത്തവനും ആദ്യന്തമില്ലാത്തവനും (2) പിതാവിൽനിന്നു പുറപ്പെടുന്നവനും (3) പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും (4) നിബിയന്മാരെക്കൊണ്ടും ശ്ലീഹന്മാരെക്കൊണ്ടും പറയിച്ചവനും ആകുന്നു.

5 – ാം സംഗതി

വിശുദ്ധ കൂദാശകളെക്കുറിച്ച്

കൂദാശകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവ് കല്പിച്ചു നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധ കർമ്മങ്ങൾ ആകുന്നു. ഇവയ്ക്കു വിശുദ്ധ

---

4 – ാം സംഗതി

(1) 2 കോരി 3:18. ആ പ്രതിമയായിത്തന്നെ ആത്മാവാകുന്ന കർത്താ വിനാൽ എന്നപോലെ മഹത്വത്തിൽ നിന്നു മഹത്വത്തിലേക്കു നാം പകര പ്പെടുന്നു. 2 കൊരി.13:13. നമ്മുടെ കർത്താവായ യേശുമിശിഹായുടെ സമാ ധാനവും ദൈവത്തിന്റെ സ്നേഹവും ശുദ്ധമുള്ള റൂഹായുടെ സംബ ന്ധവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

(2) യോഹ 15:26. എന്നാൽ ഞാൻ എന്റെ പിതാവിങ്കൽ നിന്നു നിങ്ങ ൾക്ക് അയയ്ക്കുന്ന ആശ്വാസപ്രദനായി എന്റെ പിതാവിൽ നിന്നു പുറപ്പെ ടുന്നവനായ സത്യാത്മാവായവൻ വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തും.

(3) യോഹ.16.14, അവൻ എന്നെ മഹത്വപ്പെടുത്തും എന്തു കൊ ണ്ടെന്നാൽ അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്കു കാണി ച്ചുതരും.

(4) 2 പത്രോ. 1:21. എന്തെന്നാൽ ദീർഘദർശനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ലാ, എന്നാലൊ ദൈവത്തിന്റെ മനുഷ്യരായ ശുദ്ധിമാ ൻന്മാർ ശുദ്ധമുള്ള റൂഹായാൽ നിയോഗിക്കപ്പെട്ടിട്ടു സംസാരിച്ചതത്രെ. മത്താ.10:20. എന്തെന്നാൽ സംസാരിക്കുന്നതു നിങ്ങൾ അല്ലാ എന്നാലൊ നിങ്ങളുടെ പിതാവിന്റെ ആത്മാവു നിങ്ങളിൽ സംസാരിക്കുന്നു.

രഹസ്യങ്ങൾ എന്നും കൂടി പേരു പറയപ്പെടുന്നു. (1) മാമോദീസാ (2) കുർബ്ബാന (3) കുമ്പസാരം (4) മൂറോൻ (5) പട്ടത്വം (6) വിവാഹം (7) രോഗികളുടെ തൈലാഭിഷേകം (8) ഇങ്ങനെ ഏഴു കൂദാശകൾ ഉള്ളവയിൽ അഞ്ചു പൊതുവെ സകല മനുഷ്യർക്കും, പട്ടത്വം, വിവാഹം ഇവ രണ്ടും അവയ്ക്കു മനസ്സുള്ളവർക്കു മാത്രവും ആവശ്യപ്പെട്ടവയാകുന്നു. സകല കൂദാശകളെയും അതാതിനു വേണ്ടിയ യോഗ്യതകളോടു കൂടെ കൈയ്ക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈയ്ക്കൊള്ളുന്നവർക്കു കൃപ ലഭിക്കുകയും തങ്ങളിലുള്ള കൃപ വർദ്ധിക്കുകയും ചെയ്യുന്നു.

5–ാം സംഗതി

(1) യോഹ. 3:5. ഒരുത്തൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യത്തിലേക്കു പ്രവേ ശിപ്പാ ൻ കഴികയില്ല

(2) യോഹ. 6:53 യേശു അവരോടു പറഞ്ഞു ഞാൻ സത്യമായിട്ടു സ ത്യമായിട്ടു നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും തന്റെ രക്തത്തെ കുടിക്കയും ചെയ്കയില്ലെങ്കിൽ നിങ്ങ ൾക്കു നിങ്ങളിൽതന്നെ ജീവൻ ഇല്ല.

(3) യാക്കോ. 5:16. നിങ്ങൾ സൗഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ പിഴകളെ ഏറ്റുപറകയും ഒരുത്തനു വേണ്ടി ഒരുത്തൻ പ്രാർത്ഥിക്കയും ചെയ്‌വീൻ. എന്തുകൊണ്ടെന്നാൽ നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു.

(4) 1 യോഹ. 2:27. തന്നിൽ നിന്ന് നിങ്ങൾ കൈക്കൊണ്ടിട്ടുള്ള അഭിഷേകം നിങ്ങളുടെ പക്കൽ താമസിക്കുമെങ്കിൽ ഒരുത്തനും നിങ്ങളെ പഠിപ്പിപ്പാൻ ആവശ്യമില്ല.

(5) എബ്രാ 5:4 അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടു ന്നവൻ അല്ലാതെ ആരും ബഹുമാനത്തെ തനിക്കായിട്ടുതന്നെ എടു ക്കുന്നില്ല.

(6) മത്താ. 19.6. ആകയാൽ ദൈവം ഇണചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുത്.

(7) യാക്കോ. 5.14. നിങ്ങളിൽ ഒരുത്തൻ രോഗിയായിരിക്കുന്നു എങ്കിൽ അവൻ സഭയുടെ കശീശന്മാരെ വിളിക്കയും അവർ അവനുവേണ്ടി പ്രാർ ത്ഥിച്ചു നമ്മുടെ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ.

(8) സംഖ്യ. 8:1,2 കർത്താവു മോശയോടു സംസാരിച്ച് അവനോടു പറഞ്ഞു. നീ അഹറോനോടു സംസാരിച്ചു അവനോടു പറക, നീ വിള ക്കുതണ്ടിനു നേരെ വിളക്കുകളെ കത്തിക്കുമ്പോൾ ഏഴു വിളക്കുകളും കത്തുന്നവയായിരിക്കണം. സംഖ്യ. 4.2.

6 – ാം സംഗതി

വിശുദ്ധ മാമോദീസായേക്കുറിച്ച്

മാമോദീസാ സകല കൂദാശകളിലും വച്ച് ഒന്നാമത്തേത് ആകുന്നു. ഈ കൂദാശ കൈക്കൊള്ളാതെ മറ്റുള്ളവയെ കൈക്കൊള്ളുവാൻ പാടുള്ളതല്ല. (1) മാമോദീസായാൽ പുത്രസ്വീകാരം ലഭിക്കുകയും (2) പാപമോചനത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും, (3) ദൈവപുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീഭവിക്കുകയും ചെയ്യുന്നു (4) എന്നാൽ ഭക്തിയോടും വിശ്വാസത്തോടും കൂടെ മാമോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു (5) എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരവും ദൈവസ്നേഹവും ലഭിക്കുന്നതു വിശ്വാസംവഴിയായി

6–ാം സംഗതി

(1) ഗലാ. 3. 27. 29. എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസാ മുങ്ങിയവരായ നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു നിങ്ങൾ മിശിഹായിക്കുള്ളവരെങ്കിൽ ഇനി അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തത്താൽ അവകാശികളും ആകുന്നു. യോ. 3.5.

(2) അപ്പോ 22. 16. ഇപ്പോൾ നീ എന്തിനു താമസിക്കുന്നു. തന്റെ നാമം വിളിച്ചുകൊണ്ട് എഴുന്നേറ്റു മാമോദീസാ മുങ്ങി നിന്റെ പാപങ്ങളിൽ നിന്നു വെടിപ്പുള്ളവനായിത്തീരുക. അപ്പോ. 2.38 നിങ്ങൾ ശുദ്ധമുള്ള റൂഹായുടെ ദാനത്തെ കൈക്കൊൾവാനായിട്ടു പാപമോചനത്തിനായി നി ങ്ങളിൽ ഓരോരുത്തൻ അനുതപിച്ചു കർത്താവായ യേശുവിന്റെ നാമ ത്തിൽ മാമോദീസാ മുങ്ങുവിൻ.

(3) 1 കോരി. 12.13. എന്തുകൊണ്ടെന്നാൽ യഹൂദന്മാരാകട്ടെ, പുറജാതിക്കാരാകട്ടെ, ദാസന്മാരാകട്ടെ, സ്വാതന്ത്ര്യക്കാരാകട്ടെ നാം എല്ലാ വരും ഏക ആത്മാവാൽ ഏക ശരീരത്തിലേക്കു മാമോദീസാ മുങ്ങുകയും നാം എല്ലാവരും ഏക ആത്മാവിനെ കുടിക്കയും ചെയ്തിരിക്കുന്നു.

(4) അപ്പോ. 8.36, 37 ആ ഷണ്ഡൻ ഇതാ വെള്ളം ഞാൻ മാമോദീസാ മുങ്ങുന്നതിന് എന്തുവിരോധം ഉള്ളൂ എന്നു പറഞ്ഞു. പീലിപ്പോസു പറഞ്ഞു – നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ന്യായമുണ്ട് അവൻ ഉത്തരമായിട്ടു, യേശുമിശിഹാ ദൈവത്തിന്റെ പുത്രനാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു.

(5) ഗലാ 3. 26 എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാവരും യേശുമശിഹായിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

ട്ടത്രെ. (6) മാമോദീസാ മുതലായ കൂദാശകളിൽ ഉപയോഗിച്ചുവരുന്ന മൂറോൻ, സൈത്ത്, വെള്ളം മുതലായ സാധനങ്ങളും, വിശ്വാസം ഏറ്റു പറയിക്കുക, കൈവെക്കുക, ഊതുക, നെറ്റിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും ദൈവത്തിൽനിന്നു നാം കൈക്കൊള്ളുന്ന നൽവ രങ്ങളെയും നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറ കളേയും മ്ശിഹാ പ്രവർത്തിച്ചവയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവർത്തിക്കുന്നവയുമായ ഓരോ വ്യാപാരങ്ങളെയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു. വെള്ളത്താൽ ശരീരത്തിന്റെ അഴുക്കുകളെ കഴു കിക്കളയുന്ന പ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടും കൂടെ മാമോ ദീസാ കൈക്കൊള്ളുന്നവർ തങ്ങളുടെ ആത്മാക്കളുടെ പാപക്കറകളെ കഴു കിക്കളയുന്നതിനാൽ സ്നാനം എന്ന് അർത്ഥമുള്ള മാമോദീസാ എന്നും (7) ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവിക അറി വിന്റെ പ്രകാശത്തിലേക്ക് അടുത്തുവരുന്നതിനാൽ പ്രകാശമെന്നും (8)

---

(6) റോമാ 6. 3. 4, അല്ലെങ്കിൽ യേശുമിശിഹായിൽ മാമോദീസാ മു ങ്ങിയവരായ നാം തന്റെ മരണത്തിൽ മാമോദീസാ മുങ്ങിയെന്നു നിങ്ങൾ അറിയുന്നില്ലയോ? എന്തുകൊണ്ടെന്നാൽ യേശുമിശിഹാ മരിച്ചവരുടെ ഇടയിൽ നിന്നു തന്റെ പിതാവിന്റെ മഹത്വത്തിൽ ഉയർത്തെഴുന്നേറ്റ പ്രകാരം തന്നെ നാം പുതിയ ജീവനിൽ നടപ്പാനായിട്ടു തന്നോടുകൂടെ കബറടക്കപ്പെട്ടു. 1. പത്രോ 3. 21. ആ സാദൃശത്തിൽ തന്നെ നിങ്ങളും മാ മോദീസായാൽ ജീവിക്കുന്നു ആയതു നിങ്ങൾ ശരീരത്തെ അഴുക്കിൽ നിന്നു കഴുകുന്നതിനാൽ അല്ല, എന്നാലൊ ദൈവത്തിലും യേശു മിശിഹായുടെ ഉയർപ്പിലും വെടിപ്പുള്ള മനസ്സാക്ഷിയാൽ ഏറ്റുപറഞ്ഞു കൊണ്ടത്രെ യോഹ. 20. 22 താൻ അവരിൽ ഊതി അവരോടു നിങ്ങൾ ശുദ്ധമുള്ള റൂഹായെ കൈക്കൊൾവിൻ എന്നു പറഞ്ഞു യോഹ. 13. 14. 15. നിങ്ങളുടെ യജമാനനും ഗുരുവുമായ ഞാൻ നിങ്ങൾക്കു നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങൾ തമ്മിൽ തമ്മിൽ കാലുകളെ കഴുകുവാൻ എത്രയോ കടപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾ ക്കു ചെയ്തപ്രകാരം നിങ്ങളും ചെയ്‌വാനായിട്ട് ഈ ദൃഷ്ടാന്തം ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു അപ്പോ. 8. 17. അപ്പോൾ അവർ അവരുടെമേൽ കൈവച്ചു അവർ ശുദ്ധമുള്ള റൂഹായെ കൈക്കൊള്ളുകയും ചെയ്തു.

(7) 1 പത്രോ 2. 9. എന്നാൽ നിങ്ങൾ അന്ധകാരത്തിൽ നിന്നു തന്റെ വിശേഷമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സ്തുതികളെ അറിയിപ്പാനായിട്ടു തെരഞ്ഞെടുക്കപ്പെട്ടൊരു രാജപുരോഹിത കുലവും ശുദ്ധമുള്ള ജനവും രക്ഷപ്പെട്ട കൂട്ടവും ആകുന്നു.

(8) യോഹ. 3.3 ഒരുത്തൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യം കാണ്മാൻ കഴിയുകയില്ല. തീത്തോ. 3.5. വീണ്ടും ജനനമാകുന്ന സ്നാനത്താലും ശുദ്ധമുള്ള റൂഹായുടെ പുതുക്കത്താലും താൻ നമ്മെ ജീവിപ്പിച്ചു.

ആദ്യമെ സ്ത്രീകളുടെ ഗർഭപാത്രത്തിൽനിന്നു ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമോദിസായാകുന്ന ഗർഭപാത്രത്തിൽനിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്. കർമ്മപാപത്താൽ മാത്രം അല്ല, ജന്മപാപത്താലും മനുഷ്യജാതി മുഴുവനും ദൈവശിക്ഷയ്ക്കു പാത്രമായിത്തീർന്നിരിയ്ക്കകൊണ്ടും മാമോദീസാമൂലം പാപങ്ങൾ മോചിക്കപ്പെടുകയും ദൈവകൃപ ലഭിക്കുകയും ചെയ്യുന്നതിനാലും (9) ചെറിയ പൈതങ്ങൾക്കും മാമോദീസായുടെ നൽവരം വിരോധിച്ചുകൂടാത്തതാകുന്നു. മാമോദീസായിൽ മദ്ധ്യസ്ഥനെ നിറുത്തുന്നതു രക്ഷയ്ക്കായി തങ്ങളുടെ വാഞ്ഛയെ കാണിപ്പാനും ചെറിയ പൈതങ്ങളുടെ മാമോദീസായിൽ മാമോദീസാ മുങ്ങുന്ന പൈതങ്ങൾ നടത്തേണ്ട ഏറ്റുപറച്ചിൽ മുതലായ സംഗതികളെ അവർക്കു പകരം പ്രതിപുരുഷന്മാരായി നിന്നുകൊണ്ടു നടത്തുവാനും അവരെ സത്യവിശ്വാസം മുതലായതു പഠിപ്പിക്കേണ്ടതിനു ചുമതലക്കാരായിരിപ്പാനും അത്രെ. (10) പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമെ ഉള്ളൂ. അതിനാൽ ഒരുത്തൻ മാമോദീസാ കൈക്കൊണ്ടശേഷം മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിയ്ക്കുകയും പിന്നത്തേതിൽ വിശ്വസിച്ചു തിരിച്ചുവരികയും ചെയ്താൽ അവനെ രണ്ടാമതും മാമോദീസാ മുക്കുവാൻ ആവശ്യമില്ല, അനുതാപത്താൽ മാത്രം കൈക്കൊള്ളപ്പെടേണ്ടതാകുന്നു. എന്നാൽ വി. സഭയുടെ സത്യവിശ്വാസത്തിൽനിന്നു തെറ്റിയവരും പട്ടത്വത്തിന്റെ ശരിയായ കൈവെപ്പ് ഇല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന മാമോദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കപ്പെടാതെ ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന പ്രകാരം അതാതു വേദവിപരീതികളുടെ വിശ്വാസസ്ഥിതി നോക്കി ചിലരെ തൈലാഭിഷേകത്തിന്റെ ശുശ്രൂഷ കഴിച്ചു മൂറോൻ മാത്രം പൂശുകയും ചിലരെക്കൊണ്ട് അവരുടെ വേദവിപരീതങ്ങൾ ഉപേക്ഷിപ്പിക്കമാത്രം ചെയ്യുകയും ചിലരെ മാമോദീസായുടെ ശുശ്രൂഷ മുഴുവനും തികച്ചു മാമോദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു.

---

(9) മർക്കോ. 10. 13. 14. 16. താൻ അവരെ തൊടേണ്ടുന്നതിനു പൈതങ്ങളെ അവർ തന്റെ അടുക്കൽ കൊണ്ടു വന്നു. എന്നാൽ അവരെ കൊ ണ്ടുവന്നവരെ തന്റെ ശിഷ്യന്മാർ ശാസിച്ചു. എന്നാറെ യേശു കണ്ടപ്പോൾ തനിക്ക് ഇഷ്ടക്കേടായി അവരോടു പറഞ്ഞു. പൈതങ്ങൾ എന്റെ അടു ക്കൽ വരുവാൻ വിടുവിൻ അവരെ വിരോധിക്കരുത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം ഇപ്രകാരമുള്ളവരുടെ ആകുന്നു. താൻ തന്റെ ഭുജങ്ങളിൽ അവരെ എടുത്തുകൊണ്ട് അവരുടെ മേൽ തന്റെ കൈവച്ച് അവരെ അനുഗ്രഹിച്ചു. ഉല്പ 17. 10-14

(10) എഫേ 4. 5. എന്തുകൊണ്ടെന്നാൽ ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ആകുന്നു.

7 – ാം സംഗതി

വിശുദ്ധ കുർബ്ബാനയെക്കുറിച്ച്

കുർബ്ബാന എന്നതു നമ്മുടെ ആത്മാക്കളുടെ പുലർച്ചയ്ക്കും രക്ഷയ്ക്കും വേണ്ടി ഭക്ഷണവും പാനീയവുമായി കർത്താവീശോമിശിഹായുടെ തിരുശരീരരക്തത്തിനു നമ്മെ സംബന്ധിപ്പിക്കുന്നതായ ഒരു കൂദാശയത്രെ. (1) വചനമായ ദൈവം മനുഷ്യ സ്വഭാവത്തോടു യോജിച്ചതിനാൽ തന്റെ മനുഷ്യത്വത്തിനും ദൈവമെന്നു പേരുവിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം കുർബ്ബാനയിൽ അണയ്ക്കുന്ന അപ്പത്തിലും വീഞ്ഞിലും ശുദ്ധമുള്ള റൂഹായായ ദൈവം ആവസിക്കുന്നതിനാൽ (2) ഇത് എന്റെ ശരീരം ആകുന്നു എന്നും ഇത് എന്റെ രക്തം ആകുന്നു എന്നും ഉള്ള തന്റെ കല്പനപോലെ അവയെ കർത്താവിന്റെ ശരീരരക്തങ്ങളെന്നു വിശ്വസിപ്പാനുള്ളതാകുന്നു. അവ സ്വഭാവേന ശരീരരക്തങ്ങളെന്നല്ല, എന്നാലോ കൃപയാലുള്ള ശരീരരക്തങ്ങളെന്നത്രെ. (3) കാഴ്ചയിലും രുചിയിലും വസ്തു

7–ാം സംഗതി

(1) എബ്രാ. 2. 9. ദൈവം തന്റെ കൃപയാൽ എല്ലാവനും വേണ്ടി മരണം ആസ്വദിച്ചു.

(2) മർക്കോ 14. 22–23 അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി കണ്ടിച്ചു അവർക്ക് കൊടുത്ത് അവരോടു പറഞ്ഞു: വാങ്ങുവിൻ ഇത് എന്റെ ശരീരം ആകുന്നു, താൻ കാസായും എടുത്തു സ്തോത്രം ചെയ്തു വാഴ്ത്തി അവർക്കു കൊടുത്തു അവർ എല്ലാവരും അതിൽ നിന്നു കുടിക്കയും ചെയ്തു. താൻ അവരോടു പറഞ്ഞു. ഇതു പലർക്കു വേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിന്റെ എന്റെ രക്തം ആകുന്നു. യോഹ 6. 55. എന്തുകൊണ്ടെന്നാൽ എന്റെ ശരീരം സത്യമായിട്ടു ഭക്ഷണവും എന്റെ രക്തം സത്യമായിട്ടു പാനീയവും ആകുന്നു മത്താ. 26 26–28 ലൂക്കോ 22 19. 20 1 കോരി 11 24–29.

(3) 1 കോരി: 11: 26. എന്തുകൊണ്ടെന്നാൽ ഈ അപ്പത്തെ നിങ്ങൾ ഭക്ഷിക്കയും ഈ കാസായെ നിങ്ങൾ കുടിക്കയും ചെയ്യുമ്പോൾ ഒക്കെയും നമ്മുടെ കർത്താവിന്റെ മരണത്തെ തന്റെ വരവിനോളം നിങ്ങൾ ഓർപ്പിക്കുന്നു.

ഭേദപ്പെട്ടു ശരീരരക്തങ്ങളായി തീരുന്നില്ലെങ്കിലും (4) വിശ്വാസത്തോടും ഭക്തിയോടും കൂടെ കൈക്കൊള്ളുന്നവർക്കു കർത്താവിന്റെ ശരീരരക്തങ്ങളുടെ ഫലമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നതാകുന്നു. (5) തിരിച്ചറിവും ഭക്തിയും കൂടാതെ ഭക്ഷിക്കുന്നവർക്കോ ശിക്ഷാവിധി ഉണ്ടാകയും ചെയ്യും (6) കുർബ്ബാന മിശിഹായുടെ ശരീരരക്തങ്ങളുടെ ഒരു സംബന്ധം എന്നു മാത്രമല്ല (7) പുതിയനിയമപ്രകാരമുള്ള ഒരു

---

(4) 1 കോരി 11. 28 ഇതു ഹേതുവായിട്ടു തന്നത്താൻ ശോധന ചെയ്തിട്ട് ഈ അപ്പത്തിൽ നിന്നു ഭക്ഷിക്കയും ഈ കാസായിൽ നിന്നു കുടിക്കയും ചെയ്യട്ടെ! മത്താ 26: 28 ഇതു പാപമോചനത്തിനായി പലർക്കും വേണ്ടി ചിന്തപ്പെടുന്ന പുതിയ നിയമത്തിന്റെ എന്റെ രക്തം ആകുന്നു യോഹ 6. 51, 53, 54, 56, 57 ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള അപ്പം ആകുന്നു. ഒരുത്തൻ ഈ അപ്പത്തിൽ നിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും യേശു അവരോടു പറഞ്ഞു; ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും തന്റെ രക്തത്തെ കുടിക്കയും ചെയ്കയില്ലെങ്കിൽ നിങ്ങളിൽ തന്നെ ജീവൻ ഇല്ല. എന്നാൽ എന്റെ ശരീരത്തിൽ നിന്നു ഭക്ഷിക്കയും എന്റെ രക്തത്തിൽ നിന്നു കുടിക്കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. അവസാന ദിവസത്തിൽ ഞാൻ അവനെ ഉയർപ്പിക്കയും ചെയ്യും. എന്റെ ശരീരത്തെ ഭക്ഷിക്കയും എന്റെ രക്തത്തെ കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും പാർക്കുന്നു. ജീവനുള്ള പിതാവ് എന്നെ അയച്ചിട്ടു ഞാൻ പിതാവുമൂലം ജീവനുള്ളവനായിരിക്കുന്ന പ്രകാരം എന്നെ ഭക്ഷിക്കുന്നവനും ഞാൻ മൂലം ജീവിക്കും.

(5) 1 കോരി. 11:29-30 എന്തുകൊണ്ടെന്നാൽ 'അയോഗ്യമായി അതിൽ നിന്നു ഭക്ഷിച്ചു കുടിക്കുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചി ക്കായ്കയാൽ തനിക്കു താൻ ശിക്ഷാവിധിയെ ഭക്ഷിച്ചു കുടിക്കുന്നു. ഇതു ഹേതുവായിട്ടു നിങ്ങളിൽ പലർ ബലഹീനന്മാരും രോഗികളും ആകുന്നു. പലർ നിദ്രപ്രാപിക്കയും ചെയ്യുന്നു.

(6) 1 കോരി 10:10. നാം വാഴ്ത്തുന്ന സ്തോത്രത്തിന്റെ കാസാ മിശിഹായുടെ രക്തത്തിന്റെ സംബന്ധം അല്ലയോ? നാം മുറിക്കുന്ന അപ്പം മ്ശിഹായുടെ ശരീരത്തിന്റെ സംബന്ധം അല്ലയോ?

(7) മലാ 1:11 എന്തെന്നാൽ സൂര്യോദയം മുതൽ അതിന്റെ അസ്തമനം വരെയ്ക്കും എന്റെ നാമം പുറജാതികളിൽ വലിയതാകുന്നു. എല്ലാ സ്ഥലത്തും അവർ ധൂപം വയ്ക്കുകയും എന്റെ നാമത്തിനു വെടിപ്പുള്ള കാഴ്ചകളെ അണയ്ക്കയും ചെയ്യുന്നു. എന്തെന്നാൽ എന്റെ നാമം പുറജാതികളിൽ വലിയതാകുന്നു എന്നു സർവ്വശക്തിയുള്ള കർത്താവു പറയുന്നു മത്താ 5 23, 24. ബലിപീഠത്തിങ്കൽ നിന്റെ കാഴ്ചയെ നീ കൊണ്ടു ചെല്ലുകയും നിന്റെ സഹോദരന് നിന്റെ നേരെ വല്ലതും വഴക്കുണ്ടെന്ന് അവിടെവച്ചു നീ ഓർക്കയും ചെയ്താൽ നിന്റെ കാഴ്ചയെ അവിടെ ബലിപീഠത്തിൻ മുമ്പാകെ വച്ചേച്ചു മുന്നമേ പോയി നിന്റെ സഹോദരനോടു രമ്യതപ്പെടുക. പിന്നെ വന്നു നിന്റെ കാഴ്ച അണയ്ക്ക എഫേ 5-2. മിശിഹാ നമ്മെ സ്നേഹിച്ചു പരിമളവാസനയായി നമുക്കുവേണ്ടി ദൈവത്തിനു തന്നെത്തന്നെ കാഴ്ചയും ബലിയുമായി ഏല്പിച്ച പ്രകാരം സ്നേഹത്തിൽ നടക്കയും ചെയ്വിൻ.

ബലിയും കാഴ്ചയുംകൂടെ അത്രെ. (8) ഈ ബലി മിശിഹായുടെ ഏക ബലി ഉണ്ടാകുവാനിരിക്കുന്നു എന്നു മുൻകുറി കാണിച്ചിരുന്ന രക്തബലി മുതലായ ന്യായപ്രമാണ ബലികളേക്കാൾ ഫലമേറിയതും മഹിമയേറിയതും ആകുന്നു. (9) ലോകരക്ഷയ്ക്കുവേണ്ടിയുള്ള മിശിഹായുടെ ഏക ബലി നിവൃത്തിച്ചിരിക്കുന്നു എന്ന് ഇതിനാൽ കാണിക്കുകയും തന്റെ ജനനം, പരസ്യ ശുശ്രൂഷ, മരണം, കബറടക്കം, ഉയർത്തെഴുന്നേല്പ് മുതലായവയെ ഓർപ്പിക്കുകയും ചെയ്യുന്നു. കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം, വീഞ്ഞ്, തബലൈത്താ, മുതലായ സാധനങ്ങളും പട്ടക്കാർ നിവൃത്തിക്കുന്ന അപ്പം കണ്ടിപ്പ് ആഘോഷം മുതലായ കർമ്മങ്ങളും മിശിഹാ തന്റെ ഏക ബലിയിൽ ഉപയോഗിച്ച സാധനങ്ങളേയും കർമ്മങ്ങളേയും മറ്റും ദൃഷ്ടാന്തപ്പെടുത്തുന്നവയാകുന്നു. കണ്ടിപ്പിന്റെ ശുശ്രൂഷയാകുന്ന ശരീരവും രക്തവും തമ്മിലുള്ള കലർത്തിപ്പു കൂടാതെ ശരീരം മാത്രമോ രക്തം മാത്രമോ ജനത്തിനു കൊടുപ്പാൻ അധികാരമില്ല. (10) കണ്ടിപ്പിന്റെ ശുശ്രൂഷയാൽ ശരീരത്തിൽ രക്തവും രക്തത്തിൽ ശരീരവും യോജിപ്പിക്കുന്നതിനാൽ കാസായിൽ നിന്നോ പീലാസായിൽ നിന്നോ കൊടുക്കാവുന്നതും അവ രണ്ടിൽ നിന്നും കൂടെ കൊടുക്കുന്ന ശരീരവും രക്തവും ഈ രണ്ടു തവണ കൊടുക്കുന്നതായാൽ ആയത് അനാവശ്യവും ആകുന്നു. കുർബ്ബാന കൈക്കൊള്ളുന്നവർ സത്യകുമ്പസാരം കഴിച്ചു സത്യ

---

(8) എബ്രാ. 10. 1. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണത്തിനു വരുവാനുള്ള നന്മകളുടെ നിഴൽ ഉണ്ടായിരുന്നു. ആയതു കാര്യങ്ങളുടെ സത്യരൂപം അല്ലായിരുന്നു. എബ്രാ. 9,13,14 എന്തുകൊണ്ടെന്നാൽ ആട്ടുകൊറ്റന്മാരുടേയും കാളക്കുട്ടികളുടേയും രക്തവും പശുക്കിടാവിന്റെ ചാരവും അശുദ്ധപ്പെട്ടിരുന്നവരുടേമേൽ തളിക്കപ്പെടുകയും ജഡത്തിന്റെ വെടിപ്പിനായി അവരെ ശുദ്ധീകരിക്കയും ചെയ്തു എങ്കിൽ നിത്യാത്മാവാൽ ദൈവത്തിനു കുറ്റം കൂടാതെ തന്നെത്തന്നെ കാഴ്ച അണച്ച മിശിഹായുടെ രക്തം ജീവനുള്ള ദൈവത്തിനു ശുശ്രൂഷ ചെയ്വാനായിട്ടു മരിച്ച ക്രിയകളിൽ നിന്നു നമ്മുടെ മനസ്സാക്ഷിയെ എത്ര അധികം വെടിപ്പാക്കും.

(9) ലൂക്കോ 22. 19 ഇതിനെ നിങ്ങൾ എന്റെ ഓർമ്മക്കായിട്ടു ചെയ്യുന്നവരാകുവീൻ. 1 കോരി. 11: 20, 24 – 26.

(10) റോമ. 6 – 9. എന്തുകൊണ്ടെന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേറ്റു എന്നും ഇനി താൻ മരിക്കയില്ലെന്നും മരണം തന്നിൽ അധികാരപ്പെടുന്നില്ലെന്നും നാം അറിയുന്നു എശാ. 6:6 – 7 സ്രാപ്പേന്മാരിൽ ഒരുത്തൻ കൊടിൽ കൊണ്ടു ബലിപീഠത്തിൽ നിന്ന് അവന്റെ കയ്യിൽ ഒരു തീക്കട്ട എടുത്തുകൊണ്ട് എന്റെ അടുക്കലേക്കു പറന്നു വന്നു എന്റെ വായിക്കു തൊട്ട് എന്നോട് പറഞ്ഞു – കണ്ടാലും നിന്റെ അന്യായം നീങ്ങിപ്പോകുവാനും നിന്റെ പാപങ്ങൾ മോചിക്കപ്പെ ടുവാനുമായിട്ട് ഇതു നിന്റെ അധരങ്ങളെ തൊട്ടിരിക്കുന്നു യോഹ 6:51.

വിശ്വാസത്തോടും ഭക്തിയോടും പ്രാർത്ഥനയോടും കുർബ്ബാനയുടെ ബഹുമാനത്തിനായി നോമ്പു മുതലായ ഒരുക്കങ്ങളോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു. അത്യന്തം രോഗത്തിൽ കിടക്കുന്നവർക്കു ഭക്ഷണത്തിൽ നിന്നുള്ള ഉപവാസം കൂടിയെ മതിയാവു എന്നു നിർബ്ബന്ധമില്ല. (11) മശിഹാ തന്റെ തിരുവത്താഴത്തിൽ ഉപയോഗിച്ച അപ്പം പുളിപ്പുള്ളതായിരുന്ന പ്രകാരം തന്നെ കുർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കേണ്ടതാകുന്നു. (12) താൻ സകല ലോകത്തേയും ജീവിപ്പിക്കുന്ന ജീവന്റെ പുളിപ്പാകുന്നു എന്ന് ഇതിനാൽ ദൃഷ്ടാന്തപ്പെടുകയും ചെയ്യുന്നു.

8 – ാം സംഗതി

കുമ്പസാരത്തെക്കുറിച്ച്

കുമ്പസാരം എന്നതു തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചു ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റു പറഞ്ഞു ദൈവത്തോട് അനുതാപം മൂലം പട്ടക്കാരൻ വഴിയായി പാപത്തിൽ നിന്നു മോചനം ലഭിക്കുകയും ചെയ്യുന്നതായ ഒരു കൂദാശയത്രെ. ഇതിന് അനുതാപത്തിന്റെ രഹസ്യം എന്നും കൂടെ പേർ പറയപ്പെടു

---

(11) മാർക്കൊ, 14, 22, അവർ ഭക്ഷിക്കുമ്പോൾ യേശു* അപ്പം എടുത്തു വാഴ്ത്തി. 1 കോരി. 5, 8. ഇതു ഹേതുവായിട്ടു നാം പെരുനാൾ ആചരി ക്കണം. ആയതു പഴയ പുളിമാവാൽ അല്ല, തിന്മയുടെയും കൈപ്പി ന്റെയും പുളിമാവാലും അല്ല, എന്നാലോ വെടിപ്പിന്റെയും ശുദ്ധതയു ടെയും പുളിമാവാൽ അത്രെ.

(12) മത്താ. 13, 33, മറ്റൊരു ഉപമ താൻ അവരോടു പറഞ്ഞു: മൂന്നുപറ മാവു മുഴുവനും പുളിക്കുവോളം ഒരു സ്ത്രീ എടുത്ത് അതിൽ ഒളിച്ചു വെച്ചിട്ടുള്ള പുളിച്ചമാവിനു സ്വർഗ്ഗരാജ്യം സദൃശമാകുന്നു.

* സുറിയാനിയിൽ ഇവിടെ അപ്പം എന്ന് ഉപയോഗിച്ചിരിക്കുന്ന പദം (അമ്മീറ) പുളിച്ച മാവുകൊണ്ട് ഉണ്ടാക്കുന്ന അപ്പത്തിന് ഉപയോഗിക്കുന്നതല്ലാതെ പുളിപ്പില്ലാത്തതു കൊണ്ട് ഉണ്ടാക്കുന്ന അപ്പത്തിന് (പത്തീറാ) ഉപയോഗി ക്കുന്നതല്ല.

ന്നുണ്ട്. (1) പട്ടക്കാർ ദൈവത്തിന്റെ സ്ഥാനപതികളായി പൊതുവെ ജന ത്തോടു പ്രസംഗിച്ചു ഗുണദോഷിക്കയും പരസ്യമായ പാപങ്ങൾക്കു പര സ്യമായി ശാസിക്കയും അവരെ സത്യവഴിയിൽ നടത്തുകയും ചെയ്യേ ണ്ടതുകൂടാതെ കഴിയുന്നതായിരുന്നാൽ ഓരോരുത്തരുടെ പ്രവർത്തികളും അകമെയുള്ള സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്ന് അറിഞ്ഞു പ്രത്യേകം ഓരോരുത്തർക്കു വേണ്ടിയിരിക്കുന്ന പ്രകാരമുള്ള ഗുണദോ ഷങ്ങൾ പറഞ്ഞു കൊടുത്ത് അവരെ വഴിത്തെറ്റിൽ നിന്നു തിരിപ്പിക്കയും അവരുടെ പാപങ്ങളെക്കുറിച്ച് ഒരു പിതാവിനെപ്പോലെ സ്നേഹത്തോടു കൂടെ ശാസിക്കയും നോമ്പ്, ധർമ്മം മുതലായി ഓരോരുത്തർക്കു തക്ക തായ ചില പ്രായശ്ചിത്തങ്ങൾ നിശ്ചയിക്കുകയും കർത്താവിന്റെ നീതിയെ ചൂണ്ടിക്കാണിച്ചു ഭയപ്പെടുത്തുകയും തന്റെ കരുണയെ കാണിച്ചു കൃപ യിൽ ആശ്രയിപ്പിച്ച് ആശ്വസിപ്പിക്കുകയും (2) അവരുടെമേൽ പാപപരി ഹാരത്തിന്റെ പ്രാർത്ഥന കഴിച്ചു കർത്താവിന്റെ നാമത്തിൽ അവരെ അനു ഗ്രഹിക്കുകയും ചെയ്യേണ്ടത് എത്രയും യോഗ്യവും മുറയും ആകുന്നു. ഇപ്രകാരം പട്ടക്കാരൻ ചെയ്യേണ്ടതിന് ഓരോരുത്തരുടെ പ്രവർത്തികളും സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്ന് അറിവാൻ ആവശ്യമാക

---

8 – ാം സംഗതി

(1) മാലാഖി 1, 2, 7. എന്തുകൊണ്ടെന്നാൽ പട്ടക്കാരന്റെ അധരങ്ങൾ അറിവിനെ പൊടിപ്പിക്കുന്നു. അവർ അവന്റെ വായിൽ നിന്നു ന്യായപ്രമാ ണത്തെ ചോദിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവൻ സർവ്വശക്തിയുള്ള കർത്താവിന്റെ ദൂതൻ ആകുന്നു ഹെസ. 3. 17 – 21. മനുഷ്യപുത്രാ! നീ എന്റെ വായിൽ നിന്നു വചനങ്ങളെ കേട്ട് എന്നിൽ നിന്ന് അവരെ ഓർമ്മ പ്പെടുത്തുവാനായിട്ട് ഇസ്രായേൽ ഭവനക്കാർക്കു ഞാൻ നിന്നെ ഒരു കാവൽക്കാരനായി കൊടുത്തിരി ക്കുന്നു. പാപിയോടു നീ മരിക്കുമെന്നു ഞാൻ പറയുമ്പോൾ നീ അവനെ ഓർമ്മ പ്പെടുത്താതെയും പാപിയോട് അവൻ അവന്റെ വഴിയിൽനിന്നു സൂക്ഷ്മപ്പെട്ടു ജീവിപ്പാൻ നീ പറയാതെയും ഇരുന്നാൽ ആ പാപി അവന്റെ അന്യായത്തിൽ മരിക്കും, നിന്റെ കൈകളിൽ നിന്നു അവന്റെ രക്തത്തെ ഞാൻ പ്രതിപകരം ചോദിക്കയും ചെയ്യും ഇത്യാദി. തീത്തോ. 1:9. അവൻ തന്റെ സൗഖ്യോപ ദേശത്താൽ ആശ്വസിപ്പിപ്പാനും തർക്കിക്കുന്നവരെ ശാസിപ്പാനും കഴിവാനായിട്ടു വിശ്വാസവചനത്തിന്റെ ഉപദേശത്തെക്കുറിച്ചു താല്പര്യമുള്ളവനും ആയിരി ക്കണം. 1 തീമോ. 5:20. മനുഷ്യരിൽ ശേഷം പേരും ഭയപ്പെടുവാനായിട്ടു പാപം ചെയ്യുന്നവരെ എല്ലാവരുടേയും മുമ്പാകെ ശാസിക്ക.

(2) ലേവ്യാ 5. 5 – 6 ഇവയിൽ ഒന്നിൽ അവൻ പാപം ചെയ്യുമ്പോൾ താൻ അതിൽ ചെയ്തുപോയി എന്ന് ഏറ്റുപറയണം ഇത്യാദി........പട്ട ക്കാരൻ അതിന്റെ പാപത്തിൽ നിന്ന് അവനുവേണ്ടി പരിഹാരം ചെയ്ക യും വേണം.

യാൽ (3) കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളേയും മന ഃസ്സാക്ഷിയുടെ സ്ഥിതിയേയും പട്ടക്കാരനോടു വെളിപ്പെടുത്തേണ്ടതാകുന്നു (4) കുമ്പസാരത്തിൽ പട്ടക്കാരനോട് ഏറ്റുപറയുന്ന രഹസ്യപാപങ്ങളെ പട്ടക്കാരൻ ഒരുത്തനോടും വെളിപ്പെടുത്തുകയും അരുത്. വെളിപ്പെടുത്തുന്ന പട്ടക്കാരൻ ശിക്ഷാവിധിക്കു യോഗ്യനായിത്തീരുകയും ചെയ്യും. (5) പട്ടക്കാർക്കു പാപങ്ങളെ മോചിപ്പാനുള്ള അധികാരം അവ

---

(3) ആവർത്ത. 26. 3 – 10 ആ നാളുകളിലിരിക്കുന്ന പട്ടക്കാരന്റെ അടു ക്കൽ നീ വന്ന് അവനോടു പറയേണ്ടത് എന്തെന്നാൽ ഇത്യാദി, ...സങ്കീ 111:1 ഞാൻ സഭയിൽ നേരുള്ളവരുടെ ഗുണദോഷത്താൽ എന്റെ പൂർണ്ണ ഹൃദയത്തോടെ കർത്താവിനോട് ഏറ്റുപറയും. മത്താ. 3. 6. അവർ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ടു യോർദ്ദാൻ നദിയിൽ അവനാൽ മാമോദീസാ മുങ്ങുകയും ചെയ്തു. മത്താ 8. 4. യേശു അവനോടു പറഞ്ഞു. നോക്കു നീ ഒരുത്തനോടും പറയരുത്, എന്നാൽ നീപോയി നിന്നെ ത്തന്നെ പട്ടക്കാർക്കു കാണിച്ച് അവരുടെ സാക്ഷി ക്കായി മോശ കല്പിച്ചിട്ടുള്ള പ്രകാരം കാഴ്ച അണയ്ക്ക. അപ്പോ 19.18 വിശ്വസിച്ചവരിൽ പലരും വന്നു തങ്ങളുടെ പിഴകളെ അറിയിക്കയും ചെയ്തു. യാക്കോ. 5. 16. നിങ്ങൾ സൌഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ നിങ്ങളുടെ പിഴക ളെ ഏറ്റുപറകയും ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കയും ചെയ്‌വീൻ എന്തുകൊണ്ടെന്നാൽ നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു. സംഖ്യ. 5. 6, 7. ലേവ്യ. 13. സദൃ. 28.13.

(4) സദൃ. 11:13 ഏഷണിക്കാർ രഹസ്യത്തെ വെളിപ്പെടുത്തുന്നു. ത ന്റെ ആത്മാവിൽ വിശ്വാസമുള്ളവൻ വചനത്തെ മറയ്ക്കുന്നു. സദൃ. 25. 9. നീ നിന്റെ സഖിയോടു വ്യവഹാരത്തെ വിസ്തരിക്ക. മറ്റൊരു രഹസ്യത്തെ വെളിപ്പെടുത്തുകയും അരുത്.

(5) അപ്പോ. 3.12. ശിമഓൻ കണ്ടപ്പോൾ ഉത്തരമായിട്ട് അവരോടു പറഞ്ഞു. ഇസ്രായേൽ പുത്രന്മാരായ പുരുഷന്മാരെ ഇവനിൽ എന്തുകൊണ്ടു നിങ്ങൾ അത്ഭുതപ്പെടുന്നു, അല്ലെങ്കിൽ ഇവൻ നടപ്പാ നായിട്ടു ഞങ്ങളുടെ ശക്തിയാലോ ഞങ്ങളുടെ അധികാരത്താലോ ഇത് ഞങ്ങൾ ചെയ്ത പ്രകാരം ഞങ്ങളിൽ എന്തിനു നിങ്ങൾ സൂക്ഷിക്കുന്നു!

രുടെ സ്വന്ത നീതിയാലോ അധികാരത്താലോ അല്ല, (6) അവരുടെ ഗുണ ദോഷത്താലും (7) പ്രാർത്ഥനയാലും (8) കർത്താവിൽ നിന്ന് അവർക്കു ലഭിച്ചിട്ടുള്ള നൽവരത്താലും അവർ വഴിയായി പാപികൾക്കു മോചനം ലഭിക്കുന്നതിനെക്കുറിച്ചു പറയുന്നതത്രെ പത്രോസിന്റെ പ്രാർത്ഥനയാൽ കർത്താവ് ഉയർപ്പിച്ച സ്ത്രീയെ പത്രോസ് ഉയർപ്പിച്ചു എന്നു പറയുന്നതു നീതിയെങ്കിൽ കുമ്പസാരത്തിലും മറ്റും പട്ടക്കാർ വഴിയായി കർത്താവു ചെയ്തുകൊടുക്കുന്ന പാപമോചനത്തെക്കുറിച്ചു പട്ടക്കാർക്കു പാപങ്ങളെ മോചിപ്പാൻ അധികാരം ഉണ്ടെന്നു പറയുന്നത് “നിങ്ങൾ ഒരുത്തനോടു പാപങ്ങളെ ക്ഷമിക്കുമെങ്കിൽ അവനോടു ക്ഷമിക്കപ്പെടും” എന്നുള്ള കർത്താവിന്റെ കല്പനയ്ക്കു ചേരുന്നതെന്നല്ലാതെ യാതൊരു പ്രകാര ത്തിലും ദൈവദൂഷണമായിത്തീരുന്നതല്ല.

9 – ാം സംഗതി

വിശുദ്ധ തൈലങ്ങളെക്കുറിച്ച്

(1) മാമോദീസായിൽ നാം മിശിഹായെ ധരിക്കുകയും (2) വെള്ളത്തിൽ നിന്നു മാത്രം അല്ല ശുദ്ധമുള്ള റൂഹായിൽ നിന്നുകൂടെ വീണ്ടും ജനി

---

(6) യാക്കോ 5. 19, 28 എന്റെ സഹോദരന്മാരെ! നിങ്ങളിൽ ഒരുത്തൻ സത്യത്തിന്റെ വഴിയിൽ നിന്നു തെറ്റിപ്പോകയും അവന്റെ വഴിത്തെറ്റിൽ നിന്ന് ഒരുത്തൻ അവനെ തിരിപ്പിക്കയും ചെയ്താൽ പാപിയെ അവന്റെ വഴിതെറ്റിൽ നിന്നു തിരിപ്പിക്കുന്നവൻ മരണത്തിൽ നിന്നു അവന്റെ ആത്മാവിനെ ജീവിപ്പിക്കുന്നു. എന്നും അവന്റെ പാപങ്ങളുടെ ബഹുത്വ ത്തെ മായിച്ചുകളയുന്നു എന്നും അറിഞ്ഞുകൊള്ളട്ടെ.

(7) 1 തീമോ. 2:1, 2. നീ സകലത്തിനും മുമ്പെ എല്ലാ മനുഷ്യർക്കും വേണ്ടി അപേക്ഷയും പ്രാർത്ഥനയും യാചനയും സ്തോത്രവും ദൈവത്തിന് അണ യ്ക്കണം.

(8) യോഹ. 20, 22, 23 ഇവ താൻ പറഞ്ഞിട്ടു അവരിൽ ഊതി അവ രോടു പറഞ്ഞു: നിങ്ങൾ ശുദ്ധമുള്ള റൂഹായെ കൈക്കൊൾവിൻ നിങ്ങൾ ഒരുത്തനോടു പാപങ്ങളെ ക്ഷമിക്കുമെങ്കിൽ അവനോടു ക്ഷമിക്കപ്പെടും ഒരുത്തന്റേതു പിടിക്കുമെങ്കിൽ അവ പിടിക്കപ്പെട്ടിരിക്കയും ചെയ്യും. 1 തീമോ. 4.14. ദീർഘ ദർശനത്താലും കശീശൂസായുടെ കൈവെപ്പാലും നിനക്കു നൽകപ്പെട്ടിട്ടുള്ളതായി നിന്നിലുള്ള നൽവരത്തിൽ നീ നിന്ദിക്കരുത്.

9 – ാം സംഗതി

(1) ഗലാ. 3:27. എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസാ മുങ്ങിയവരായ നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു.

(2) യോഹ. 3. 5. ഒരുത്തൻ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യത്തിലേക്കു പ്രവേ ശിപ്പാൻ കഴികയില്ല.

ക്കുകയും (3) അവനാൽ അഭിഷേകം ചെയ്യപ്പെട്ടു ജീവങ്കലേക്കു മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടത് ആവശ്യം ആകയാൽ അവയുടെ ദൃഷ്ടാന്തത്തിനായി ശുദ്ധമുള്ള മൂറോൻ, ശുദ്ധീകരിക്കപ്പെട്ട സൈത്ത് എന്ന വി. തൈലങ്ങളാൽ അഭിഷേകം ചെയ്യപ്പെടുകയും മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടതാകുന്നു. (4) പ്രധാന മേല്പട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ മാമോദീസായിൽ ഉപയോഗിച്ചു വരുന്നതു കൂടാതെ പള്ളികൂദാശ, തബിലൈത്താ കൂദാശ ഇവകളിലും മേല്പട്ടക്കാരാൽ ശുദ്ധീകരിക്കപ്പെടുന്ന സൈത്തു മാമോദീസായിലും ഉപയോഗിച്ചു വരുന്നു. എന്നാൽ ഈ വിശുദ്ധ തൈലങ്ങൾ കൊണ്ടുള്ള ഉപയോഗം നാം മിശിഹായെ ധരിക്കുകയും ശുദ്ധമുള്ള റൂഹായാൽ വീണ്ടും ജനിക്കുകയും തന്നാൽ ജീവങ്കലേക്കു മുദ്രകുത്തപ്പെടുകയും ചെയ്യണമെന്നു പഠിപ്പിക്കുകയും അങ്ങനെ ചെയ്യുന്നു എന്നു ക്രിയയാൽ ദൃഷ്ടാന്തപ്പെടുത്തി കാണിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉപയോഗിക്കുമ്പോൾ ആത്മാവിലും അപ്രകാരം ഫലിക്കത്തക്കവണ്ണം വിശ്വാസത്തോടും ഭക്തിയോടും കൂടെ അവയെ ഉപയോഗിക്കേണ്ടതാകുന്നു.

10 - ാം സംഗതി

പട്ടത്വത്തെക്കുറിച്ച്

പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിന്നടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും (1) കാണ

---

(3) എഫേ. 1. 13. തന്നിൽ നിങ്ങൾ വിശ്വസിക്കയും വാഗ്ദത്തം ചെയ്യപ്പെട്ട ശുദ്ധമുള്ള റൂഹായാൽ മുദ്രകുത്തപ്പെടുകയും ചെയ്തു.

(4) പുറ. 30:22-33. കർത്താവു മോശയോടു സംസാരിച്ചു അവനോടു പറഞ്ഞു ഇത്യാദി - പാട്ടു. (ഉത്തമഗീതം) 3. 6. മൂരുകൊണ്ടും കുന്തുരുക്കം കൊണ്ടും സകലവിധ പരിമളപ്പൊടികൾ കൊണ്ടും പരിമളപ്പെട്ടിരിക്കുന്ന പുകയാവിപോലെ വനത്തിൽ നിന്നു കരേറി വരുന്ന ഇവൾ ആരാകുന്നു. 1. യോഹ 2. 27. തന്നിൽ നിന്നു നിങ്ങൾ കൈക്കൊണ്ടിട്ടുള്ള അഭിഷേകം നിങ്ങളുടെ പക്കൽ താമസിക്കുമെങ്കിൽ ഒരുത്തനും നിങ്ങളെ പഠിപ്പിപ്പാൻ ആവശ്യമില്ല. എന്നാലോ അഭിഷേകം ദൈവത്തിൽ നിന്ന് ആയിരിക്കുന്ന പ്രകാരം അതു സകലത്തെക്കുറിച്ചും നിങ്ങളെ പഠിപ്പിക്കും. അതു സത്യമുള്ളതാകുന്നു; അതിൽ വ്യാജമില്ല, അതു നിങ്ങളെ പഠിപ്പിച്ച പ്രകാരം തന്നിൽ നിങ്ങൾ പാർപ്പിൻ.

10 - ാം സംഗതി

(1) 2 കോരി 5. 20. ആകയാൽ ഞങ്ങൾ മിശിഹായ്ക്കു വേണ്ടി സ്ഥാനപതികൾ ആകുന്നു. അപ്പോഴോ ദൈവം ഞങ്ങളെക്കൊണ്ടു നിങ്ങളോട് അപേക്ഷിപ്പിക്കുന്ന പ്രകാരം ദൈവത്തോടു യോജ്യതപ്പെടുവിൻ. എന്നു മിശിഹായിക്കു പകരം ഞങ്ങൾ അപേക്ഷിക്കുന്നു.

പ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനപതികളും (3) തന്റെ സഭയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു. (4) ഒരുത്തനു സ്വമേധയാ തനിക്കായിട്ടു ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല (5) ദൈവത്തിന്റെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരും മിശിഹായിൽ നിന്നുള്ള കൈവയ്പ് വഴിയായി മേൽപ്പട്ടക്കാരിൽ നിന്നു കൈവയ്പു പ്രാപിച്ചവരുമായവർക്കു മാത്രം അതു ഇരിക്കുന്നതാകുന്നു (6) ഇപ്രകാരമുള്ള കൈവയ്പും അനുവാദവും കൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്‌വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല. സഭയുടെ പട്ടത്വത്തിന്നടുത്ത മേലധികാരം അന്ത്യോഖ്യാസിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു.

(7) പട്ടത്വത്തിന്നടുത്തവർ സുന്നഹദോസുകളാലോ താന്താങ്ങളുടെ മേലാധികാരികളാലോ തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യന്മാരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ചു സംശയിക്കയോ അവയിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്‌വാൻ ഒരുത്തനും ന്യായമില്ല (8) ശുദ്ധമുള്ള അഭിഷേകം അവരിൽ ഉള്ളതുകൊണ്ടും കൂദാശകൾ മിശിഹായുടെ നാമ

(3) അപ്പോ 6:4. ഞങ്ങളോ പ്രാർത്ഥനയിലും വചനത്തിന്റെ ശുശ്രൂഷയിലും മുട്ടിക്കപ്പെട്ടിരിക്കും.

(4) എബ്രാ. 5:4. അഹറോൻ എന്ന പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവൻ അല്ലാതെ ആരും ബഹുമാനത്തെ തനിക്കായിട്ടു തന്നെ എടുക്കുന്നില്ല.

(5) 1.തീമോ. 4. 14 ദീർഘദർശനത്താലും കശിശൂസായുടെ കൈവെപ്പാലും നിനക്കു നല്കപ്പെട്ടിട്ടുള്ളതായി നിന്നിലുള്ള നൽവരത്തിൽ നീ നിന്ദിക്കരുത് യോഹ. 20, 22, 23 അപ്പോ 12, 2, 3, 2 തീമോ 2:2 തീത്തോ 1:5.

(6) യറമി. 23. 21. ദീർഘദർശിമാരെ ഞാൻ അയച്ചില്ല; അവർ പോയി. ഞാൻ അവരോടു പറയാതെ ദീർഘദർശനം പറഞ്ഞു.

(7) മത്താ. 23. 2, 3. താൻ അവരോടു പറഞ്ഞു. "സാപ്രേന്മാരും പ്രീശേന്മാരും മോശയുടെ സിംഹാസനത്തിന്മേൽ ഇരുന്നു, ആകയാൽ നിങ്ങൾ ആചരിപ്പാനായി അവർ നിങ്ങളോടു പറയുന്ന സകലത്തേയും ആചരിച്ചു ചെയ്‌വീൻ; എന്നാൽ അവരുടെ പ്രവൃത്തികളിൻ പ്രകാരം നിങ്ങൾ ചെയ്യരുത്."

(8) ലേവ്യ 21. 12, എന്തുകൊണ്ടെന്നാൽ അവന്റെ ദൈവത്തിന്റെ അഭിഷേകതൈലത്തിൻ കിരീടം അവന്റെ മേൽ ഉണ്ട്. മത്താ. 7. 22, 23. ആ ദിവസത്തിൽ പലരും എന്നോട് എന്റെ കർത്താവേ! എന്റെ കർത്താവെ! നിന്റെ നാമത്തിൽ ഞങ്ങൾ ദീർഘദർശനം പറകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കയും നിന്റെ നാമത്തിൽ വളരെ ശക്തികളെ ചെയ്കയും ചെയ്തില്ലയോ എന്നു പറയും; അപ്പോൾ ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അന്യായം പ്രവർത്തിക്കുന്നവരെ, എങ്കൽ നിന്ന് അകന്നു പോകുവീൻ എന്നു ഞാൻ അവരോടു തീർത്തുപറകയും ചെയ്യും.

ത്തിൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ നീതിയിൽ അല്ലായ്കകൊണ്ടും നല്ല ആന്തരത്തോടും സത്യവിശ്വാസത്തോടും കൂടെ അവയിൽ സംബന്ധിക്കുന്നവർക്ക് അവയുടെ ഫലം ലഭിക്കുകയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാർക്ക് അവ ശിക്ഷാവിധിക്കായി തീരുകയും ചെയ്യുന്നു. (9) എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്കതീർന്നു കഴിക്കുന്നവരോടു കൂടെ വിശ്വാസികൾ സംബന്ധിച്ചു കൂടാത്തതുമാകുന്നു.

11 – ാം സംഗതി

വിവാഹത്തെക്കുറിച്ച്

വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിഞ്ഞു കൂടാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കുകയും അവർക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങളും വാഴ്വുകളും കൊടുക്കുകയും ചെയ്യുന്ന ഒരു വിശുദ്ധ കൂദാശയാകുന്നു. (1) വിവാഹം നല്ലതും (2) വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചു കൂടാത്തതുമത്രെ, (3) എന്നാൽ തന്റെ ഭാര്യ ജീവനോടിരിക്കെ വേറൊരു സ്ത്രീയെ കൂടെ വിവാഹം കഴിക്കുകയോ, സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ ഒഴികെ തന്റെ ഭാര്യയെ ഉപേക്ഷിക്കയോ അതിൽ വിരോധിച്ചിരിക്കുന്ന സംബന്ധമുറകളിൽ നിന്നു വിവാഹം കഴിക്കയോ ചെയ്വാൻ

---

(9) മത്താ. 18. 17. അവൻ അവരേയും കേൾക്കാതിരുന്നാൽ സഭയോടു പറക എന്നാൽ അവൻ സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനും പുറജാതിയുമെന്നപോലെ ഇരിക്കട്ടെ, 1. കോരി 5. 11.

11 – ാം സംഗതി

(1) എബ്രാ 13. 4 വിവാഹം എല്ലാവരിലും ബഹുമാനമുള്ളതും അവരുടെ കട്ടിൽ വെടിപ്പുള്ളതും ആകുന്നു. എന്നാൽ വേശ്യാസംഘ ക്കാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കുന്നു.

(2) 1 തീമോ 4. 3. വിവാഹം ചെയ്വാൻ വിരോധിക്കയും വിശ്വസിച്ചു സത്യത്തെ അറിയുന്നവർക്കു പെരുമാറ്റത്തിന്നും സ്തോത്രത്തിനുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള ഭക്ഷണങ്ങളിൽ നിന്ന് അകറ്റുകയും ചെയ്യുന്നു.

(3) മത്താ. 19. 4 – 9 എന്നാറെ താൻ ഉത്തരമായിട്ട് അവരോടു പറഞ്ഞു. ആദിയിൽ ഉണ്ടാക്കിയവൻ ആണും പെണ്ണുമായി അവരെ ഉണ്ടാക്കി എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ ഇത്യാദി ലേവ്യാ 18.

ഒരുത്തനും ന്യായമില്ല. (4) വിവാഹം ഒരു ഉടമ്പടി എന്നു മാത്രമല്ല (5) ഒരു വി. കൂദാശയും പുരുഷനു സ്ത്രീ വിവാഹം പറഞ്ഞു ബോധിപ്പിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ജഡമായി ഇണചേർക്കപ്പെടുന്നതും ദൈവത്താലും ആകെ കൊണ്ടു ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരൻ കൂടാതെ വിവാഹകൂദാശ നിവൃത്തിക്കപ്പെടാവുന്നതുമല്ല.

12 - ാം സംഗതി

രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച്

(1) ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കുകയും (2) തമ്മിൽ തമ്മിൽ ഭാരം വഹിക്കുകയും ചെയ്യേണ്ടതു കൂടാതെ (3) രോഗികളായിരിക്കുന്നവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പട്ടക്കാർ രോഗികളോടു ഗുണദോഷിച്ചു ആത്മാവിൽ ധൈര്യപ്പെടുത്തുകയും അവരുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ അവരെ സൈത്തു പൂശുകയും ചെയ്യേണ്ടതാകുന്നു. മേല്പട്ടക്കാരാലോ കന്തീലായുടെ ക്രമപ്രകാരം സൈത്തു ശുദ്ധീകരിപ്പാൻ അനുവാദം ലഭിച്ചിട്ടുള്ള പട്ടക്കാരാലോ

---

(4) റോമാ, 7. 2. എന്നാൽ അവളുടെ ഭർത്താവു മരിച്ചാൽ അവൾ അവളുടെ ഭർത്താവിന്റെ ന്യായപ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യപ്പെട്ടു.

(5) മത്താ. 19. 6. ആകയാൽ ദൈവം ഇണചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുത്. സദൃ. 19. 14. പുരുഷനു സ്ത്രീ വിവാഹം പറഞ്ഞു ബോധിപ്പിക്കപ്പെടുന്നതു കർത്താവിനാൽ ആകുന്നു.

12 - ാം സംഗതി

(1) യാക്കോ. 5, 16. ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കയും ചെയ്വിൻ.1 തെസ്സ. 1.2 ഞങ്ങൾ നിങ്ങളെല്ലാവർക്കും വേണ്ടി എല്ലായ്പ്പോഴും ദൈവത്തെ സ്തോത്രം ചെയ്കയും ഞങ്ങളുടെ പ്രാർത്ഥനകളിൽ ഇടവിടാതെ നിങ്ങളെ ഓർക്കയും ചെയ്യുന്നു.

(2) ഗലാ. 6.2 നിങ്ങൾ തമ്മിൽ തമ്മിൽ ഭാരം വഹിപ്പിൻ എന്തുകൊണ്ടെന്നാൽ ഇപ്രകാരം മിശിഹായുടെ ന്യായപ്രമാണത്തെ നിങ്ങൾ നിവൃത്തിക്കുന്നു.

(3) യാക്കോ. 5. 14, 15. രോഗിയായിരിക്കുന്നു എങ്കിൽ അവൻ സഭയുടെ കശീശന്മാരെ വിളിക്കയും അവർ അവനുവേണ്ടി പ്രാർത്ഥിച്ചു നമ്മുടെ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസമുള്ള പ്രാർത്ഥന രോഗിയായിരിക്കുന്നവനെ സൌഖ്യമാക്കുന്നു, നമ്മുടെ കർത്താവ് അവനെ എഴുന്നേല്പിക്കുന്നു. അവനാൻ പാപങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യുന്നു മർക്കോ. 6. 13. അവർ വളരെ പിശാചുക്കളെ പുറത്താക്കുകയും അനേകം രോഗികളെ എണ്ണ പൂശി സൌഖ്യമാക്കുകയും ചെയ്തു.

ശുദ്ധീകരിക്കപ്പെടുന്നതും കൃപയുടെ എണ്ണയെന്നു പേരുപറയപ്പെടുന്നതുമായ ഈ സൈത്തു രോഗികളുടെ മേൽ പൂശുന്നതും ഈ കൂദാശ നിവൃത്തിയ്ക്കുന്നതും മരണനേരത്തിൽ ഉണ്ടാകുന്ന സാത്താന്റെ പരീക്ഷകളെ ജയിക്കുന്നതിന് രോഗികളെ ധൈര്യപ്പെടുത്തുവാനും ഈ ലോകമോഹങ്ങളെ ഉപേക്ഷിച്ചു തങ്ങളുടെ ആത്മാക്കൾ ദൈവകൃപയാകുന്ന എണ്ണകൊണ്ടു പൂശപ്പെട്ടിരിക്കണമെന്നു കാണിപ്പാനും പാപമോചനത്തിനു മാത്രമല്ല, കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ രോഗശാന്തതയ്ക്കു കൂടെ ഒരു കാരണമായിത്തീരുവാനും ആകുന്നു.

13 – ാം സംഗതി

ശവസംസ്ക്കാരത്തെക്കുറിച്ച്

മനുഷ്യൻ ശരീരത്തോടു കൂടെ ഇരിക്കുമ്പോൾ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും ഉയർപ്പിന്റെ ശേഷം (1) പ്രകൃതി വ്യത്യാസത്തോടു കൂടെയെങ്കിലും ശരീരത്തോടു കൂടെത്തന്നെ ഭാഗ്യമോ ശിക്ഷയോ അനുഭവിക്കുന്നതാകുന്നു. അതിനാൽ മരിച്ചു പോകുന്ന ആളുകളുടെ ശരീരങ്ങളെ മൃഗങ്ങളുടേതുപോലെ യാതൊരു കർമ്മവും പ്രാർത്ഥനയും കൂടാതെ കുഴിച്ചിടുന്നതു യോഗ്യമല്ല. (2) എന്നാലോ നമുക്കു ഉയർപ്പിന്റെ ശരണം ഉള്ളതിനാൽ (3) മേല്പട്ടക്കാർ, പട്ടക്കാർ, ദയറായക്കാർ, അയ്മേനികൾ മുതലായവരെ അവരവരുടെ പദവിക്കു തക്കപോലെ സഭയിൽ നിയമിക്കപ്പെ

---

13 – ാം സംഗതി

(1) കോരി 15. 53. എന്തുകൊണ്ടെന്നാൽ നശിച്ചു പോകുന്ന ഇതു നാശമില്ലായ്മയെ ധരിപ്പാനും മരിച്ചുപോകുന്ന ഇതു മരണമില്ലായ്മയെ ധരിപ്പാനുമിരിക്കുന്നു. 2 കോരി 5 – 10 എന്തെന്നാൽ നന്മയെങ്കിലും തിന്മയെങ്കിലും ഓരോരുത്തൻ ചെയ്തിട്ടുള്ളതു അവനവന്റെ ശരീരത്തിൽ പ്രതിപകരം കൈക്കൊള്ളുവാനായിട്ടു നാം എല്ലാവരും മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ നില്പാനിരിക്കുന്നു.

(2) 1 തെസ്സ. 4.13. എന്നാൽ എന്റെ സഹോദരന്മാരെ! ഉറങ്ങിപ്പോകുന്നവരെക്കുറിച്ചു ശരണം ഇല്ലാത്ത ശേഷം മനുഷ്യരെപ്പോലെ നിങ്ങൾക്കു ദുഃഖം ഉണ്ടാകരുതെന്ന് അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

(3) പ്രസംഗം 6. 3. ഒരു മനുഷ്യൻ നൂറു പൈതങ്ങളെ ജനിപ്പിക്കയും അവൻ അനേകം സംവത്സരങ്ങൾ ജീവിച്ചിരുന്ന് അവന്റെ ആണ്ടുകളുടെ ദിവസങ്ങൾ വർദ്ധിക്കയും ചെയ്താലും അവന്റെ ആത്മാവു നന്മകൾ കൊണ്ടു തൃപ്തിപ്പെടാതിരിക്കയും അവനു ശവസംസ്ക്കാരം ഉണ്ടാകാതി രിക്കയും ചെയ്യുന്നു എങ്കിൽ ഗർഭം അലസിപ്പോകുന്ന പിണ്ഡം അവനെക്കാൾ നല്ലതെന്നു ഞാൻ പറഞ്ഞു. 2 ശമു. 2. 5. ദാവീദു യാബേശു ഗിലയാദിലെ മനുഷ്യരുടെ അടുക്കലേക്കു സ്ഥാനപതികളെ അയച്ചു അവരോടു പറയിച്ചു. നിങ്ങൾ നിങ്ങളുടെ യജമാനനായ ശൗലിനോട് ഈ ദയ ചെയ്തു അവനെ കബറടക്കിയതുകൊണ്ടു നിങ്ങൾ കർത്താവി നാൽ അനുഗ്രഹിക്കപ്പെട്ടവരാകുന്നു അപ്പൊ 8. 2.

ട്ടിരിക്കുന്ന കർമ്മങ്ങളോടും പ്രാർത്ഥനകളോടും കബറടക്കേണ്ടതും മരിച്ചവരെ കബറടക്കുന്നതിൽ വളരെ താൽപ്പര്യവും ഭക്തിയും ഉണ്ടായിരിക്കേണ്ടതും ആകുന്നു. അപ്രകാരം തന്നെ ക്രിസ്ത്യാനികളുടെ കുട്ടികൾ മാമോദീസാ മുങ്ങാതെ മരിക്കുന്നതിനു ഇടയായാൽ അവർ വിശ്വാസികളുടെ മക്കളാകകൊണ്ടു അവരെയും പ്രാർത്ഥനയോടു കൂടെ കബറടക്കേണ്ടതാകുന്നു.

14 – ാം സംഗതി

പ്രാർത്ഥനയെക്കുറിച്ച്

പ്രാർത്ഥന എന്നതു മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിന്റെ കർത്തവ്യത്തെയും തന്നിൽ നിന്ന് അനുഭവിക്കുന്ന നന്മകളേയും തിരിച്ചറിഞ്ഞു സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കുകയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കുകയും ചെയ്വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് ഉയർത്തി തന്നോടുകൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു. പൊതുവെ എല്ലാവർക്കും ചേരുന്നതായി അതാതു ദിവസങ്ങളിലും യാമങ്ങളിലും പ്രാർത്ഥിപ്പാൻ വേണ്ടി ഓരോ വി. പിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതും വിശുദ്ധ സഭയിൽ പൊതുവെ അംഗീകരിച്ചു നടത്തി വരുന്നതുമായ പ്രാർത്ഥനയ്ക്കു സാധാരണയായ പരസ്യ പ്രാർത്ഥനയെന്നു പേരു പറയപ്പെടുന്നു. ഓരോരുത്തനു പ്രത്യേകമായി ദൈവം ചെയ്തുകൊടുക്കുന്ന നന്മകൾക്ക് അവനവൻ ദൈവത്തിനു വിശേഷാൽ നന്ദി പറയുകയും താന്താങ്ങൾക്കു തനതായുള്ള ആവശ്യങ്ങളെ യാചിക്കുകയും ചെയ്യുന്നതിനു രഹസ്യ പ്രാർത്ഥനയെന്നും പേരു പറയപ്പെടുന്നു (1) ഈ രണ്ടു വിധത്തിലുള്ള പ്രാർത്ഥനകളും ഭക്തി

---

14 – ാം സംഗതി

(1) യാക്കോ. 1. 6. 7. 8. എന്നാൽ സംശയിക്കാതെ വിശ്വാസത്തോടു കൂടെ ചോദിക്കട്ടെ. എന്തുകൊണ്ടെന്നാൽ സംശയിക്കുന്നവൻ കാറ്റ് ഇളകുന്ന സമുദ്രത്തിലെ ഓളങ്ങൾക്കു സദൃശമാകുന്നു. തന്റെ നിരൂപണയിൽ സംശയമുള്ളവനും തന്റെ സകല വഴികളിലും കലങ്ങിയി രിക്കുന്നവനുമായ മനുഷ്യൻ കർത്താവിൽ നിന്നു വല്ലതും എടുക്കാമെന്നു നിരൂപിക്കേണ്ട. മത്താ. 21. 22 പ്രാർത്ഥനയിൽ നിങ്ങൾ ചോദിക്കയും വിശ്വസിക്കയും ചെയ്യുമെന്ന സകലവും നിങ്ങൾക്കു ലഭിക്കും.

യോടും വിശ്വാസത്തോടും കൂടെ കഴിക്കേണ്ടതാകുന്നു. (2) സാധാരണ യായ പരസ്യ പ്രാർത്ഥന പള്ളികളിലോ അതിനു കഴിവില്ലാത്ത പക്ഷം ഭവനങ്ങളിലോ ഒന്നിച്ചു കൂടാൻ കഴിവുള്ളവർ ഒക്കെയും ഒന്നിച്ചു കൂടി പ്രാർത്ഥിക്കുന്നതു വളരെ യോഗ്യമായിട്ടുള്ളതത്രെ. (3) നമ്മുടെ കർത്താവിന്റെ കല്പനപ്രകാരവും കാനോനായിലും പള്ളിക്രമങ്ങളിലും ചട്ടപ്പെടുത്തിയിരിക്കുന്ന പ്രകാരവും പതിവായി നിന്നു കൊണ്ടു പ്രാർത്ഥിക്കുകയും, മുട്ടുകുത്തി വന്ദിക്കുകയും കുമ്പസാരം, പട്ടാഭിഷേകം, പെന്തിക്കോസ്തി ഞായറാഴ്ചയിലെ ശുശ്രൂഷ മുതലായ ചില ദിവസങ്ങളിലും സമയങ്ങളിലും മുട്ടുകുത്തി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളിലും മാറാനായപ്പെരുനാളുകളിലും ഉയർപ്പു ഞായറാഴ്ച മുതൽ പെന്തിക്കോസ്തി ഞായറാഴ്ചവരെയുള്ള ദിവസങ്ങളിലും മുട്ടുകുത്തി വന്ദിപ്പാൻ ന്യായമില്ലാത്തതിനാൽ അതനുസരിച്ച് ആചരിക്കേണ്ടതുമാകുന്നു.

15 – ാം സംഗതി

നോമ്പിനെക്കുറിച്ച്

(1) നോമ്പു ദൈവം ആദ്യമെ ആദാമിനു കൊടുത്തിരുന്ന കല്പനയും (2) യഹൂദസഭയിൽ ദൈവകല്പന പ്രകാരം നടത്തിവന്നതും (3) നമ്മുടെ

---

(2) അപ്പൊ. 3. 1. ഒമ്പതാംമണി നേരത്തെ പ്രാർത്ഥന സമയത്തു ശെമഓൻകീപ്പായും യോഹന്നാനും ഒരുമിച്ചു ദേവാലയത്തിലേക്കു കരേറിപ്പോകുമ്പോൾ ഉണ്ടായത് എന്തെന്നാൽ, മത്ത.18–20. എന്തു കൊണ്ടെന്നാൽ എന്റെ നാമത്തിൽ ഇരുവരോ മൂവരോ എവിടെ കൂടിയിരിക്കുന്നുവോ അവിടെ അവരുടെ ഇടയിൽ ഞാനുണ്ട്.

(3) മർക്കോ. 11, 25. നിങ്ങൾ പ്രാർത്ഥിപ്പാനായിട്ടു നില്ക്കുമ്പോൾ ഒരുത്തന്റെ നേരേ നിങ്ങൾക്കുള്ളതിനെ ക്ഷമിപ്പിൻ. സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു നിങ്ങളുടെ കുറ്റങ്ങളെ നിങ്ങളോടും ക്ഷമിപ്പാനായിട്ടു തന്നെ ലൂക്കോ. 8. 10 – 13. രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാനായിട്ടു ദേവാലയത്തിലേക്കു കരേറിപ്പോയി, ഒരുത്തൻ പ്രീശനും മറ്റവൻ ചുങ്കക്കാരനും. ആ പ്രീശൻ തങ്കൽ തന്നെ നിന്നു കൊണ്ട് ഇവയെ പ്രാർത്ഥിച്ചു, ഇത്യാദി.

15 – ാം സംഗതി

(1) ഉല്പ. 2. 17 നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നു നീ ഭക്ഷിക്കരുത്.

(2) യോയേൽ. 2. 12. ഇനി കർത്താവു പറയുന്നു. നോമ്പാലും കരച്ചി ലാലും വിലാപങ്ങളാലും നിങ്ങൾ പൂർണ്ണഹൃദയത്തോടു കൂടെ എ ങ്കലേ ക്കു തിരിവിൻ. സഖ. 7. 5–8. അ. 19

(3) മത്താ. 4.2. താൻ നാല്പതു പകലും നാല്പതു രാവും നോമ്പുനോറ്റു. എന്നാൽ അവസാനം തനിക്കു വിശന്നു മത്താ. 9. 15. എന്നാൽ മണാളൻ അവരിൽ നിന്നു എടുക്കപ്പെടുന്ന ദിവസങ്ങൾ വരും അപ്പോൾ അവർ നോമ്പു നോക്കും.

കർത്താവു കൽപിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരിക്കുന്നതും (4) തന്റെ ശ്ലീഹന്മാർ ആചരിച്ചുവന്നതും ശുദ്ധമുള്ള സഭയിൽ കൽപിച്ചു സ്ഥിരപ്പെടുത്തി നടന്നുവരുന്നതും ആകുന്നു. (5) എന്നാൽ തിൻമകളിൽ നിന്ന് ഒഴിഞ്ഞ് ആത്മാവിലുംകൂടെ നോമ്പു നോല്ക്കാതെ ഭക്ഷണങ്ങളിൽനിന്ന് ഒഴിഞ്ഞു ശരീരത്തിൽമാത്രം നോമ്പു നോറ്റാൽ പോരാത്തതത്രെ. (6) നോമ്പിന്റെ ആന്തരം ജഡകാര്യങ്ങളെക്കാൾ ആത്മകാര്യങ്ങളെ വിലമതിക്കേണ്ടതെന്നു പഠിപ്പിപ്പാനും ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും, ജഡമോഹങ്ങളെ നിരോധിച്ചുകൊണ്ട് ആത്മാവിനെ ദൈവീകകാര്യങ്ങളിലേക്ക് ഉണർത്തുവാനും, സാത്താനെ ജയിക്കുന്നതിന് ഒരു ആയുധമായിരിപ്പാനും അത്രെ. ഉദരസ്നേഹം അനേക പാപങ്ങളുടെ മാതാവാകയാൽ അതിൽനിന്നുണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ നോമ്പ് ഒരു നല്ല വഴിയും ആകുന്നു. (7) അതിനാൽ ആഴ്ചതോറും ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പായി ആചരിക്കേണ്ടതു കൂടാതെ കഷ്ടാനുഭവ ആഴ്ച ഉൾപ്പെടെ അമ്പതു നോമ്പ്, ഇരുപത്തഞ്ചു നോമ്പ്, പതിനഞ്ചു നോമ്പ്, ശ്ലീഹാനോമ്പ്, മൂന്നുനോമ്പ് ഇങ്ങനെ അഞ്ചു നോമ്പുകൾ ആണ്ടിൽ നിശ്ചയിച്ചിരിക്കുന്നു. അവയുടെ കാലത്തു (8) വിവാഹസംബന്ധം, മത്സ്യമാംസം ആദിയായവയിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും, ദിവസം ഒരുനേരം ഭക്ഷിക്ക, ഉച്ചവരെ ഉപവസിക്ക മുതലായ വ്രതങ്ങൾ അവനവന്റെ ശക്തിപോലെയും സഭയുടെ ശട്ടംകെട്ടുപോലെയും അനുഷ്ഠിക്കേണ്ടതും ആകുന്നു.

---

(4) അപ്പോ. 13. 2. അവർ നോമ്പുനോറ്റു ദൈവത്തോട് അപേക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ ശുദ്ധമുള്ള റൂഹാ അവരോട് പറഞ്ഞു; ശൗലിനേയും ബർനാബായേയും താൻ വിളിച്ചിട്ടുള്ള വേലയ്ക്ക് എനിക്കായി വേർതിരിപ്പിൻ.

(5) മത്താ. 6. 16. എന്നാൽ നിങ്ങൾ നോമ്പു നോക്കുമ്പോൾ കപട ഭക്തിക്കാരെപ്പോലെ മുഖവാട്ടമുള്ളവരായിരിക്കരുത്. ഏശാ. 58. സഖ. 7.

(6) ഫിലിപ്യ. 3 – 19. അവരുടെ അവസാനം നാശമാകുന്നു. അവരുടെ ദൈവം അവരുടെ വയറും അവരുടെ മഹത്വം അവരുടെ ലജ്ജയും ആ കുന്നു. അവരുടെ വിചാരം ഭൂമിയിൽ ആകുന്നു. മത്താ. 17. 21. എന്നാൽ ഈ വർഗ്ഗം നോമ്പാലും പ്രാർത്ഥനയാലും അല്ലാതെ പുറപ്പെട്ടു പോ കുന്നില്ല.

(7) ലൂക്കോ. 18, 12. എന്നാലോ ആഴ്ചയിൽ രണ്ടു വട്ടം ഞാൻ നോമ്പു നോക്കുകയും ഞാൻ നേടുന്ന സകലത്തിലും പത്തിലൊന്നു കൊടുക്ക യും ചെയ്യുന്നു.

(8) 1 കോരി. 7. 5. ആകയാൽ നോമ്പിനും പ്രാർത്ഥനയ്ക്കും നിങ്ങൾ സ്ഥിരപ്പെട്ടിരിക്കേണ്ടുന്നതിന് ചിലപ്പോൾ നിങ്ങൾ ഇരുവരും യോ ജ്യതപ്പെടുമ്പോൾ അല്ലാതെ നിങ്ങൾ തമ്മിൽ തമ്മിൽ മുടങ്ങുകയും അരുത്. നിങ്ങളുടെ ശരീരത്തിന്റെ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരി രക്ഷിക്കാതിരിപ്പാനായി വീണ്ടും ആ കാര്യത്തിലേക്കു തന്നെ നിങ്ങൾ തിരിഞ്ഞു കൊൾവിൻ. 2 ശമു. 1. 12 ദാനിയേൽ 1. 8.

16 - ാം സംഗതി

ഞായറാഴ്ചകളേയും മാറാനായപ്പെരുന്നാളുകളേയും കുറിച്ച്

നമ്മുടെ കർത്താവിന്റെ ഉയർത്തെഴുന്നേല്പ്, തന്റെ അത്ഭുതപ്രവൃത്തികൾ, വി. സഭയുടെ ശുദ്ധീകരണം മുതലായവയുടെ ഓർമ്മയ്ക്ക് ഞായറാഴ്ചകളേയും, തന്റെ ജനനം, മാമോദീസാ, ദൈവാലയത്തിൽ തന്നെ കാഴ്ചവച്ചതു മുതലായ സംഗതികളുടെ ഓർമ്മയ്ക്ക് മാറാനായ (പ്രധാന) പെരുനാളുകളായി നിശ്ചയിച്ചിരിക്കുന്ന തീയതികളേയും (1) ഭക്തിയായും ബഹുമാനത്തോടും ആചരിക്കണമെന്നു ശുദ്ധമുള്ള ശ്ലീഹന്മാരും സഭാപിതാക്കന്മാരും ശട്ടംകെട്ടിയിരിക്കുന്നു. ഈ ദിവസങ്ങളിൽ ലോകവേലകളിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതും, കുർബാന, വേദപുസ്തകവായന, പ്രാർത്ഥന, ദൈവഗീതങ്ങൾ മുതലായ ആത്മീകവേലകളിൽ ഉൾപ്പെട്ടിരിക്കേണ്ടതും ആകുന്നു. (2) ഈ വിശുദ്ധ ദിവസങ്ങളെ ക്രിസ്ത്യാനിമര്യാദപ്രകാരം അല്ലാതെ യഹൂദമര്യാദ പ്രകാരമോ പുറജാതിമര്യാദപ്രകാരമോ ആചരിക്കുകയോ അവയിൽ ആത്മീകവേലകളിൽ സംബന്ധിക്കാതെ മടിയായിരുന്നു സമയം വൃഥാ ചെലവഴിക്കുകയോ ചെയ്യരുതാത്തതാകുന്നു.

17 - ാം സംഗതി

പരിശുദ്ധന്മാരുടെ ഓർമ്മ ദിവസങ്ങളെക്കുറിച്ച്

(1) ദൈവമാതാവ്, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, പരിശുദ്ധ സ്ത്രീകൾ എന്നിവരുടെ ഓർമ്മ കഴിക്കേണ്ടതു മുറയും യോഗ്യവും

---

16 - ാം സംഗതി

(1) കോരി 11. 20 അപ്പോഴൊ നിങ്ങൾ ഒന്നിച്ചു കൂടുമ്പോൾ കർത്താവി ന്റെ ദിവസത്തിനു യോഗ്യമായിരിക്കുന്ന പ്രകാരം ഭക്ഷിച്ചു കുടിക്കുന്നില്ല. അപ്പോ 20. 7-16.

(2) 1 കോരി 5. 8. ഇതു ഹേതുവായിട്ടു നാം പെരുന്നാൾ ആചരിക്കണം. ആയതു പഴയ പുളിമാവാൽ അല്ലാ. തിന്മയുടെയും കൈപ്പിന്റെയും പുളിമാവാലും അല്ല. വെടിപ്പിന്റെയും ശുദ്ധതയുടെയും പുളിമാവാൽ അത്രെ കോലോ 2. 16.

17 - ാം സംഗതി

(1) ന്യായാ. 11. 40. ഇസ്രായേൽ പുത്രിമാർ ആണ്ടിൽ നാലു ദിവസം ഗലയാദ്കാരനായ നപ്താഹിന്റെ പുത്രിയെക്കുറിച്ചു ആണ്ടുതോറും പോയി കരയുകയും വിലപിക്കയും ചെയ്ക പതിവായിരുന്നു. സങ്കീ. 112. 6 മത്താ. 23. 29 ലൂക്കോ. 1. 48.

ആകുന്നു. (2) അവരുടെ ഓർമ്മ നമുക്ക് അനുഗ്രഹത്തിനും അവരുടെ പ്രാർത്ഥന സഹായവും ആയിരിക്കും. മാറാനായപ്പെരുനാളുകളെപ്പോലെ ആചരിക്കേണ്ടവയായി നിശ്ചയിച്ചിരിക്കുന്ന ചില ദിവസങ്ങളിൽ അല്ലാതെ ഈ ഓർമ്മദിവസങ്ങളിൽ ഒക്കെയും വേലകാര്യങ്ങളിൽ നിന്നും മുടക്കിയിരിക്കണമെന്നില്ലെങ്കിലും കുർബാന, പ്രത്യേക നമസ്ക്കാരം, മുതലായവ കഴിക്കുകയും (3) അതാതു പരിശുദ്ധരുടെ വിശ്വാസ സ്ഥിരതയേയും നടപടികളേയും കുറിച്ചു ധ്യാനിക്കുകയും അവരുടെ പിന്നടികളിൽ നടപ്പാൻ ശ്രമിക്കുകയും ചെയ്യേണ്ടതാകുന്നു.

18 – ാം സംഗതി

ദൈവമാതാവിനെക്കുറിച്ച്

(1) വചനമായ ദൈവം മാലാഖായുടെ അറിയിപ്പോടു കൂടെ കന്യകയുടെ ഗർഭത്തിൽ ജഡമായിത്തീരുകയും ഗർഭത്തിൽ വച്ചുതന്നെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ഒന്നിക്കപ്പെടുകയും (2) പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഇമ്മാനുവേലിനെ കന്യക പ്രസവിക്കുകയും ചെയ്തതിനാൽ (3) അവളെ ദൈവമാതാവെന്നു വിളിക്കേണ്ടതാകുന്നു. ശുദ്ധമുള്ള കന്യക തന്റെ ഗർഭ പാത്രം ദൈവപുത്രനു സിംഹാസനമായിത്തീരുവാൻ തക്കവണ്ണം യോഗ്യ മുള്ളവളായിത്തീർന്നതിനാൽ (4) പുരുഷനെ അറിയാതെ എന്നേക്കും

---

(2) സുഭാ. 10. 7. നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരും.

(3) എബ്രാ. 13. 7. നിങ്ങളോടു ദൈവവചനത്തെ സംസാരിച്ചിട്ടുള്ളവരാ യ നിങ്ങളുടെ ഭരണക്കാരെ ഓർത്തു കൊൾവീൻ. അവരുടെ നടപടിക ളുടെ അവസാനത്തിൽ പരിശോധിച്ചു അവരുടെ വിശ്വാസത്തിൽ സദൃശ പ്പെടുവിൻ എബ്രാ. 6. 12.

18 – ാം സംഗതി

(1) ലൂക്കോ. 1. 35. മാലാഖാ ഉത്തരമായിട്ടു അവളോടു പറഞ്ഞു. ശുദ്ധമുള്ള റൂഹാവരും. അത്യുന്നതനായവന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ഇതു ഹേതുവായിട്ടു നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധനാകുന്നു. ദൈവത്തിന്റെ പുത്രനെന്നു വിളിക്കപ്പെടുകയും ചെയ്യും.

(2) ഏശാ. 7. 14. കണ്ടാലും കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. അവന്റെ പേരു ഇമ്മാനുയേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

(3) ലൂക്കോ 1. 43. എന്റെ കർത്താവിന്റെ അമ്മ എന്റെ എടുക്കൽ വരുന്നതിനു ഇതു എനിക്കു എവിടെ നിന്ന്?

(4) യോഹ. 19. 26 – 27 എന്നാൽ യേശു തന്റെ അമ്മയും താൻ സ്നേ ഹിച്ചിരുന്ന ശിഷ്യനും നിൽക്കുന്നതു കണ്ടിട്ട് സ്ത്രീയേ കണ്ടാലും നിന്റെ മകൻ എന്നു തന്റെ അമ്മയോടു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോകയും ചെയ്തു. ഹെസ്സ. 44. 1 – 3.

കന്യകയായിരിക്കുകയും ചെയ്തു. (5) മാലാഖയുടെ വചന പ്രകാരം ഈ വിശുദ്ധ മാതാവിനു നാം ഭാഗ്യം കൊടുക്കുകയും നമുക്കു വേണ്ടി യുള്ള അവളുടെ പ്രാർത്ഥനയ്ക്കായി പ്രത്യേകം വാഞ്ഛിക്കുകയും ചെയ്യേണ്ടതാകുന്നു.

19 – ാം സംഗതി

പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച്

(1) മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ (2) ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെ തന്നെ അവരേയും മശിഹായുടെ നിമിത്തം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതു മുറയാകുന്നു. അവർ കർത്താവിന്റെ ഇഷ്ടന്മാരാകയാൽ അവരെ നാം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു കർത്താ വിനെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്കയാകുന്നു. (3) അബ്രഹാം, ഇസഹാക്ക്, യാക്കോബ്, ദാവീദ് മുതലായി ദൈവത്തിന്റെ ഇഷ്ടന്മാരായ പൂർവ്വപിതാക്കന്മാരെ ഓർത്ത് ഞങ്ങളോടു കരുണയു ണ്ടാകണമേ എന്ന് അവരുടെ സന്തതികൾ പ്രാർത്ഥിക്കുകയും ദൈവം അതിനെ കേട്ട് അവരുടെ യാചന നൽകുകയും ചെയ്ത പ്രകാരം

---

(5) ലൂക്കോ. 1. 28, 48 മാലാഖാ അവളുടെ അടുക്കൽ പ്രവേശിച്ചു അവളോടു പറഞ്ഞു. കൃപ നിറഞ്ഞവളെ! നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. എന്തുകൊണ്ടെന്നാൽ കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

19 – ാം സംഗതി

(1) ലൂക്കോ. 20. 38. എന്നാൽ ദൈവം ജീവനുള്ളവരുടെ അല്ലാതെ മ രിച്ചവരുടെ അല്ല. എന്തെന്നാൽ എല്ലാവരും തനിക്കു ജീവനുള്ളവരാകുന്നു. 1. പത്രോ. 3. 19. പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് താൻ പ്രസംഗിച്ചു.

(2) മത്താ. 10. 40. 41 നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈ ക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. ദീർഘദർശിയുടെ നാമത്തിൽ ദീർഘദർശിയെ കൈക്കൊള്ളുന്നവൻ ദീർഘദർശിയുടെ കൂലി പ്രാപിക്കുന്നു. നീതിമാന്റെ നാമത്തിൽ നീതിമാനെ കൈക്കൊള്ളുന്നവൻ നീതിമാന്റെ കൂലി പ്രാപിക്കുന്നു.

(3) ആവർത്ത. 9. 27. എന്നാലോ നിന്റെ ദാസന്മാരായ അബ്രഹാമിനേയും ഇസാക്കിനേയും യാക്കോബിനെയും ഓർത്തു ഈ ജനത്തിന്റെ കഠിനതയിലും അതിന്റെ അന്യായത്തിലും പാപങ്ങളിലും നീ തിരിഞ്ഞു നോക്കാതെ ഏശാ. 37. 35. ഞാൻ എന്റെ നിമിത്തവും എന്റെ ദാസനായ ദാവീദിന്റെ നിമിത്തവും ഈ പട്ടണത്തിന്മേൽ ആവസിച്ചു അതിനെ രക്ഷിക്കും.

ആത്മാവിൽ നമ്മെ ജനിപ്പിച്ചവരും ജീവന്റെ വഴി നമുക്ക് കാണിച്ചു തന്നവരും മശിഹായ്ക്കു വേണ്ടി തങ്ങളുടെ രക്തം ചിന്തിയവരുമായ പരിശുദ്ധന്മാരെ ഓർത്തു ഞങ്ങളോടു കരുണയുണ്ടാകണമേ എന്നു നാം പ്രാർത്ഥിക്കുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ കൈക്കൊള്ളപ്പെടുന്നതും ആകുന്നു (4) മരണം എന്നത് ആത്മാവും ശരീരവും തമ്മിലുള്ള വേർതിരിവ് എന്നല്ലാതെ ആത്മാവിനെ ഇല്ലാതാക്കുന്ന ഒരു സംഭവം അല്ലാത്തതിനാലും (5) പരിശുദ്ധന്മാരുടെ ആത്മാക്കൾ ദൈവം അവർക്കു കൊടുത്തിട്ടുള്ള അച്ചാരമായ ശുദ്ധമുള്ള റൂഹായുടെ നൽവരത്തോടുകൂടെ (6) സന്തോഷങ്ങളുടെ സ്ഥലത്തു ഇരുന്നു

(4) സങ്കീ. 13. 4. ഞാൻ മരണത്തിനു ഉറങ്ങാതിരിപ്പാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ. പ്രസംഗം 12. 7. മണ്ണു അതായിരുന്ന പ്രകാരം ഭൂമിയിലേക്കു തിരിയും. ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു തിരിച്ചുപോകയും ചെയ്യും യോഹ. 8.51. ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്റെ വചനത്തെ ആചരിക്കുന്നവൻ എന്നേക്കും മരണം കാണുകയില്ല.

(5) യോഹ. 14. 16. ഞാൻ എന്റെ പിതാവിനോടു അപേക്ഷിക്കയും എന്നേക്കും നിങ്ങളോടു കൂടെ ഇരിപ്പാനായിട്ടു മറ്റൊരു ആശ്വാസപ്രദനെ ഞാൻ നിങ്ങൾക്കു തരികയും ചെയ്യും.

(6) ലൂക്കോ. 23. 43. യേശു അവനോടു പറയുന്നു. നീ ഇന്നു എന്നോടു കൂടെ പർദൈസായിൽ ആയിരിക്കുമെന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു. ഫിലിപ്യാ 1. 21. 23. ഞാൻ മരിക്കുമെങ്കിൽ അതു എനിക്കു പ്രയോജനമാകുന്നു. മിശിഹായോടു കൂടെ ആയിരിപ്പാനായിട്ടു വാങ്ങിപ്പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു, അതു എനിക്കു ഏറ്റം നല്ലതായിരുന്നു.

കൊണ്ടു (7) മാലാഖമാരെപ്പോലെ ദൈവത്തെ സ്തുതിക്കുകയും ലോകത്തിലുള്ള വരുടെ രക്ഷയ്ക്കു വേണ്ടി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനാലും ഇപ്രകാരമുള്ള പരിശുദ്ധന്മാരോടു നിങ്ങൾ ഞങ്ങൾക്കു വേണ്ടി ദൈവത്തോടു അപേക്ഷിപ്പിൻ എന്നു പറയുന്നതും പ്രയോജന മുള്ളതാകുന്നു. (8) ദൈവം പരിശുദ്ധന്മാരുടെ അപേക്ഷ യിൽ മാത്രമല്ല, അവരുടെ സഹായത്തെ യാചിക്കുന്നവരുടെ വിശ്വാസത്തിലും ആന്തരത്തിലും കൂടെ സൂക്ഷിച്ച് അവരുടെ യാചന നൽകുന്നവനാകുന്നു. അതിനാൽ ഏതു വിധം വിചാരിച്ചാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന

---

(7) യോബു. 16. 19 – 20 ഇപ്പോൾ കണ്ടാലും എന്റെ സാക്ഷിക്കാർ സ്വർഗ്ഗത്തിലും എന്നെ അറിയുന്നവർ ഉന്നതത്തിലും ആകുന്നു. എന്റെ സഹോദരന്മാരും എന്റെ സ്നേഹിതന്മാരുമേ! ദൈവത്തിന്റെ അടുക്കലേക്കു കണ്ണുചിന്തിയിരിക്കുന്നു. സങ്കീ. 30 – 12 ഇതു ഹേതുവാ യിട്ടു ഞാൻ നിനക്കു സ്തുതി പാടും. ഞാൻ മൌനമായിരിക്കയില്ല. എന്റെ ദൈവമായ കർത്താവേ! ഞാൻ നിനക്കു എന്നേക്കും സ്തോത്രം ചെയ്യും. സങ്കീ. 115, 17 – 18 മരിച്ചവർ കർത്താവിനെ സ്തുതിക്കയില്ല, അന്ധകാര ത്തിലേക്കു ഇറങ്ങുന്ന ഒരുത്തനുമില്ല, എന്നാൽ നാം ഇതുമുതൽ എന്നേക്കും കർത്താവിനെ വാഴ്ത്തും. സഖറി 1, 12. കർത്താവിന്റെ മാലാഖാ ഉത്തരമായിട്ടു പറഞ്ഞു. സർവ്വശക്തനായ കർത്താവെ! ഈ എഴുപതു സംവത്സരങ്ങൾ നീ അവയുടെ മേൽ കോപിച്ചിട്ടുള്ള ഊർശ്ലേമിലും യഹൂദായുടെ നഗരങ്ങളിന്മേലും എത്രത്തോളം കരുണ ചെയ്യാതിരി ക്കും ലൂക്കോ. 16. 9. ഞാനും നിങ്ങളോടു പറയുന്നു. അന്യായത്തിന്റെ ഈ ധനം കൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ, അതു അവസാനിക്കുമ്പോൾ എന്നേക്കുമുള്ള അവരുടെ കൂടാരങ്ങളിൽ നിങ്ങളെ അവർ കൈക്കൊൾവാനായിട്ടു തന്നെ. ലൂക്കോ. 16. 27. അവർ അവനോടു പറയുന്നു. എന്നാൽ എന്റെ പിതാവേ! അവനെ എന്റെ ഭവനത്തിലേക്കു അയയ്ക്കണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. യറമി. 31, 15 റാഹേൽ അവളുടെ മക്കളെക്കുറിച്ചു കരയുന്നു. അവർ ഇല്ലായ്കകൊണ്ടു അവൾക്കു ആശ്വാസപ്പെടുവാൻ മനസ്സില്ല ന്യായാ. 13. 17, മനോഹ കർത്താവിന്റെ ദൂതനോടു പറഞ്ഞു, നിന്റെ വചനം സംഭവിക്കുമ്പോൾ ഞങ്ങൾ നിന്നെ വിളിപ്പാനായിട്ടു നിന്റെ പേരു എന്തു യമറി. 15, 1. മത്താ. 27, 46 – 49.

(8) നടപ്പ്. 5.14 – 16. ശെമഓൻ വരുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരുടെ മേൽ ആവസിപ്പാനായിട്ടു രോഗികളെ കട്ടിലുകളിൽ ഇട്ടുകൊണ്ട് തെരുവീഥികളിൽ പുറത്തുകൊണ്ടുവരുവാൻ തക്കവണ്ണം കർത്താവിൽ വിശ്വസിച്ചവരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും കൂട്ടം എത്രയും വർദ്ധിച്ചു. ഊർശ്ലേമിനു ചുറ്റുമുള്ള നഗരങ്ങളിൽ നിന്നു രോഗികളേയും അശുദ്ധാത്മാക്കൾ ഉണ്ടായിരുന്നവരേയും കൂട്ടിക്കൊണ്ടു പലരും അവരുടെ അടുക്കൽ വന്നു, അവർ എല്ലാവരും സൌഖ്യപ്പെടുകയും ചെയ്തു.

വളരെ നല്ലതും പ്രയോജനമുള്ളതും ആകുന്നു. (9) നാം പരിശുദ്ധന്മാരെ ദൈവത്തിനു സമന്മാരാക്കാതെ തന്റെ ഇഷ്ടന്മാരെന്നുള്ള സ്ഥിതിയിൽ അവരോടു ചെയ്യുന്ന സകലവും ദൈവത്തിന്റെ മുമ്പാകെ നല്ലതും പ്രസാദമുള്ളതും ആകുന്നു (10) ലോകത്തിൽ നടക്കുന്ന സംഗതികളെ ദൈവ ദൂതന്മാരും പരിശുദ്ധന്മാരുടെ ആത്മാക്കളും അറിയുന്നതു ദൈവം അവർക്കു കൊടുത്തിട്ടുള്ള ആത്മശക്തിയാൽ അല്ലാതെ ദൈവത്തെ പ്പോലെ സ്വഭാവേനയുള്ള സർവ്വവ്യാപിത്വം മൂലം അല്ല. (11) സാത്താന്റെ വീഴ്ചയ്ക്കു മുമ്പ് അവനുണ്ടായിരുന്ന ഈ ശക്തി അവന്റെ വീഴ്ചയുടെ ശേഷവും അവനിൽ നിന്നു എടുത്തു കളയപ്പെടാതിരിക്കുമ്പോൾ പരിശുദ്ധദൂതന്മാർക്കും പരിപൂർണ്ണന്മാരായ ശുദ്ധിമാന്മാരുടെ ആത്മാ ക്കൾക്കും തങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പോലും അറിവാനുള്ള ശക്തി കൊടുക്കപ്പെട്ടിട്ടില്ലെന്ന് പറയുന്നതു ദൈവത്തേയും തന്റെ ദാസന്മാരെയും അപമാനിക്കുകയത്രെ. തമ്മിൽ തമ്മിലുള്ള പ്രാർത്ഥന കൽപ്പിക്കപ്പെട്ടി രിക്കുന്നതാകയാലും മരിച്ചുപോയ പരിശുദ്ധന്മാരും ജീവനോടിരി ക്കുന്നവരും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും പ്രാർത്ഥിപ്പാനായിട്ടു അവരോടു പറയുന്നതും മ്ശിഹായുടെ ഏക മദ്ധ്യസ്ഥത വഴിയായിട്ടല്ലാതെ അതിനു എതിരായിട്ടൊ അതിനെ നിഷേധിച്ചിട്ടൊ അല്ലായ്കയാലും പരിശുദ്ധന്മാ രോടുള്ള പ്രാർത്ഥന യാതൊരു പ്രകാരത്തിലും മശിഹായുടെ ഏക മദ്ധ്യസ്ഥതയുടെ ശക്തിയെ കുറയ്ക്കുന്നതോ നിന്ദിക്കുന്നതോ ആയി ത്തീരുന്നതല്ല. എന്തെന്നാൽ മരിച്ചുപോയ പരിശുദ്ധന്മാരോട് 'നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പിൻ' എന്നു പറയുന്നതിനാൽ മശിഹാ യുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നുണ്ടെങ്കിൽ ജീവനോടിരി ക്കുന്നവരോട് നിങ്ങൾ ഞങ്ങൾക്കു വേണ്ടി അപേക്ഷിപ്പിൻ എന്നു പറയുന്നതിനാലും ആ മദ്ധ്യസ്ഥതയെ നിന്ദിക്കയത്രെ അതിനാൽ ജീവനോടിരിക്കുന്നവരുടെ മദ്ധ്യസ്ഥത മശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നില്ലെന്നും മരിച്ചു പോയ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിന്ദിക്കുന്നുവെന്നും പറയുന്നവ രുടെ യുക്തി ചേർച്ചയായി വരുന്നത് എങ്ങനെയെന്നതു അറിവാൻ വളരെ

---

(9) മത്താ. 5, 40 രാജാവ് ഉത്തരമായിട്ട് അവരോടു പറഞ്ഞു. ചെറിയവരായ ഈ എന്റെ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തത ത്രയും എനിക്കു നിങ്ങൾ ചെയ്തുവെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

(10) 2 ശമു. 14, 20 ഭൂമിയിലുള്ള സകലത്തേയും അറിവാനായിട്ട് ദൈവദൂതന്മാരുടെ ജ്ഞാനം പോലെ എന്റെ യജമാനൻ ജ്ഞാനമുള്ളവ നാകുന്നു. ലൂക്കോ 15. 10. എബ്രാ 12. 22 – 24 യറമി 31 – 15.

(11) മത്താ. 4, 6. എന്തുകൊണ്ടെന്നാൽ നിന്നെക്കുറിച്ചു താൻ തന്റെ ദൂതന്മാരോടു കല്പിക്കുമെന്നും കല്ലിൽ നിന്റെ കാൽ ഉറയ്ക്കാതിരി പ്പാനായിട്ടു അവരുടെ കൈകളിന്മേൽ നിന്നെ അവർ വഹിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. ആദ്യ 3.1. യോബ്. 1.

പ്രയാസം. എന്നാലോ തമ്മിൽ തമ്മിലും മരിച്ചുപോയ പരിശുദ്ധന്മാരോടും ഉള്ള പ്രാർത്ഥന ആദികാലം മുതലെ പതിവുണ്ടായിരുന്നതും വേദ സത്യത്തിനു ചേരുന്നതും ശുദ്ധമുള്ള സഭയിൽ ഇന്നേയോളം നടത്തി വരുന്നതും ഇതിനാൽ വളരെ പ്രയോജ നമുള്ളതായി കണ്ടു വരുന്നതും ആകയാൽ ഇതിനെ ഭക്തിപൂർവ്വം നടത്തേണ്ടതു മുറയും യോഗ്യവും ആകുന്നു.

20 – ാം സംഗതി

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച്

(1) നമ്മുടെ കർത്താവു മനുഷ്യനായി ജനിച്ചതും നോമ്പുനോറ്റതും തന്നെത്താൻ ബലി നൽകിയതും പാതാളത്തിലേയ്ക്ക് ഇറങ്ങി പ്രസംഗി ച്ചതും ഉയർത്തെഴുന്നേറ്റു സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തു ഭാഗത്ത് ഇരുന്നുകൊണ്ടു മദ്ധ്യസ്ഥത പറയുന്നതുമായ തന്റെ സകല നടപടികളും ആദാം മുതൽ അവ സാന നാൾ വരെയുള്ള സകല മനുഷ്യർക്കും വേണ്ടിയത്രെ. താൻ ഇവയൊക്കെ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതും തന്റെ സൃഷ്ടികളായ മനുഷ്യരോടുള്ള സ്നേഹ ത്തിന്റെ പൂർണ്ണത നിമിത്തം അവരെ രക്ഷിപ്പാൻ വേണ്ടി (2) കൃപയോടും നീതിയോടും കൂടിയ ഒരു പ്രതിശാന്തി ഉണ്ടാകുവാനും (3) സകല മനുഷ്യർക്കും കുറ്റമില്ലാ ത്തതും കുറവില്ലാത്തതുമായ ഒരു നല്ല ദൃഷ്ടാന്തം നൽകുവാനും ആകയാൽ പൂർണ്ണസ്നേഹത്തിന്റെ ലക്ഷണപ്രകാരം നാമും നമ്മുടെ ഗുരുവായ രക്ഷകൻ നമുക്കു കാണിച്ചുതന്നിരിക്കുന്ന ദൃഷ്ടാന്തം പോലെ ആദാം മുതലുള്ള സകല മനുഷ്യരുടെയും രക്ഷയ്ക്കു വേണ്ടി

---

20 – ാം സംഗതി

(1) റോമ. 5.18. ആകയാൽ ഒരുത്തന്റെ പിഴ നിമിത്തം സകല മനുഷ്യർക്കും ശിക്ഷാവിധി ഉണ്ടായ പ്രകാരം തന്നെ ഒരുത്തന്റെ നീതിനിമിത്തം സകല മനുഷ്യർക്കും ജീവന്റെ കുറ്റമില്ലായ്മയും ഉണ്ടാ കും. 1 പത്രോ. 3. 19. യോഹ. 17. 20. ലൂക്കോ. 7.14, 15.

(2) 1 പത്രോ 2. 24. നാം പാപത്തിനു മരിച്ചു തന്റെ നീതിമൂലം ജീവിപ്പാനായിട്ടു നമ്മുടെ സകലപാപങ്ങളേയും താൻ വഹിച്ചു തന്റെ ശരീരത്തിൽ സ്ലീബായിലേക്ക് അവയെ കരേറ്റി, എന്തുകൊണ്ടെന്നാൽ തന്റെ പാടുകളാൽ നിങ്ങൾ സൌഖ്യപ്പെട്ടിരിക്കുന്നു.

(3) 1 പത്രോ. 2. 21. എന്തുകൊണ്ടെന്നാൽ ഇതിനായിട്ടു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. മിശിഹായും നമുക്കുവേണ്ടി മരിച്ചു ഈ ദൃഷ്ടാ ന്തത്തെ നമുക്കു വച്ചിരിക്കുന്നു. ആയതു നിങ്ങൾ അവന്റെ പിന്നടികളിൽ നടപ്പാനായിട്ടുതന്നെ യോഹ. 13. 15.

ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്യേണ്ടിയവരാകുന്നു. (4) തലയാ യിരിക്കുന്ന മ്ശിഹാ ആദാം മുതൽ അവസാനം വരെയുള്ള സകല മനുഷ്യരെയും തന്റെ ശരീരമായി കണക്കിട്ട് അവരുടെ എല്ലാവരുടെയും കാര്യം അന്വേഷിക്കുന്ന പ്രകാരം ആദാം മുതൽ അവസാനം വരെയു ള്ളവരായ എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളാകയാൽ അവയവ ങ്ങളെപ്പോലെ അന്യോന്യം ഭാരം വഹിക്കുകയും ഒരുത്തനുവേണ്ടി ഒരുത്തൻ അപേക്ഷിക്കുകയും ചെയ്വാൻ ന്യായമാകുന്നു. നാം നമുക്കു വേണ്ടിയും ജീവനോടിരിക്കുന്നവരായ നമ്മുടെ സഹോദരന്മാർക്കു വേണ്ടിയും 'ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമെ' എന്ന് അപേക്ഷിക്കുന്നതു നാം ഇനി ജഡത്തിൽ ജീവിച്ചിരുന്നു നന്മയിൽ വളരാവുന്നവരാക യാൽ നമ്മോടു ക്ഷമിപ്പാൻ ന്യായം ഉണ്ടെന്നുള്ള ആന്തരത്തിൽ അല്ലല്ലൊ. തിരിയെ ജീവിക്കുമെന്നുള്ള ആശയില്ലാത്ത പ്രകാരം മരണശ്വാസത്തിൽ കിടക്കുന്ന രോഗികളുടെ പാപമോചനത്തിനു വേണ്ടി അപേക്ഷിക്കുന്നതും മേലാൽ അവർ ജഡത്തിൽ ജീവിച്ചിരുന്നു നന്മ ചെയ്യുവാൻ സംഗതിയാക്കിക്കൊണ്ടു അവരുടെ കഴിഞ്ഞ പാപങ്ങളെ ക്ഷമിക്കണമെന്നല്ലല്ലൊ, മരിക്കുന്നു യെങ്കിലും ജീവിക്കുന്നുയെങ്കിലും ചെയ്തുപോയ പാപങ്ങൾക്കു മോചനം യാചിക്കു ന്നതു ദൈവം തന്റെ കൃപമൂലം ക്ഷമിക്കണമെന്നത്രെ. അപ്രകാരം തന്നെ മരിച്ചുപോയ നമ്മുടെ സഹോദരന്മാർക്കു വേണ്ടി അപേക്ഷിക്കുന്നതും തന്റെ കൃപമൂലം അവർക്കു മോചനം നൽകണമെന്നത്രെ. ന്യായവിധിയുടെ ദിവസം വരെ കൃപയുടെ കാലമായി ദൈവം നിശ്ചയിച്ചിരിക്കുന്നതു ജീവനോടിരിക്കുന്ന വർക്കു മാത്രമല്ല, മരണശ്വാസത്തിൽ കിടക്കുന്നവർക്കു മാത്രവും അല്ല. (5) ആശയുള്ളവരായി മരിച്ചുപോയവർക്കും കൂടെയത്രെ.

---

(4) എഫേ. 5. 23, 29. എന്തുകൊണ്ടെന്നാൽ മിശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷകാരനും ആയിരിക്കുന്ന പ്രകാരം പുരുഷൻ സ്ത്രീ യുടെ തലയാകുന്നു. എന്തെന്നാൽ ഒരുത്തനും തന്റെ ശരീരത്തെ ഒരിക്കലും പോഷിക്കുന്നില്ല എന്നാലൊ മിശിഹാ സഭയുടേത് എന്നപോലെ അവൻ അതിനെ പുലർത്തി അതിനുള്ളത് ഉത്സാ ഹിക്കുന്നു. 1. കോരി. 12.. 12 – 27. ഗലാ. 6. 2.

(5) രൂഥ്. 2. 20. ജീവനുള്ളവരിൽ നിന്നും മരിച്ചവരിൽ നിന്നും തന്റെ കരുണയെ നീക്കിക്കളയാത്ത കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. സങ്കീ 88, 10 – 12, കണ്ടാലും മരിച്ചവർക്കു അത്ഭുതങ്ങളെ പ്രവർത്തിക്കുന്നു. പരാക്രമന്മാർ എഴുന്നേറ്റു നിനക്കു സ്തോത്രം ചെയ്യും. കബറുകളിലുള്ളവർ നിന്റെ കൃപയേയും നാശത്തിൽ നിന്റെ വിശ്വാസത്തേയും വിവരമായി അറിയിക്കും. അന്ധകാരത്തിൽ നിന്റെ അത്ഭുതവും മറയ്ക്കപ്പെട്ട ഭൂമിയിൽ നിന്റെ നീതിയും അറിയിക്കപ്പെടും 1. പത്രോ 3. 19.

(6) മരിച്ചവർക്കുവേ ണ്ടിയുള്ള പ്രാർത്ഥനയും ബലിയും യഹൂദസഭയിൽ നടത്തിവന്നതും (7) നമ്മുടെ കർത്താവു പ്രവൃത്തിയാൽ കൂടെ ചെയ്തു പഠിപ്പിച്ചിട്ടുള്ളതും (8) തന്റെ ശ്ലീഹന്മാർ നടത്തിവന്നതും ശുദ്ധമുള്ള സഭയിൽ ആദികാലം മുതൽ ഇന്നേവരെ നടത്തിവരുന്നതും അത്രെ. മരിച്ചുപോയവർക്കു നമ്മുടെ പ്രാർത്ഥന മുഖാന്തിരം രക്ഷയ്ക്കുള്ള ആശ വർദ്ധിക്കുകയും പാപങ്ങൾ മോചിക്കപ്പെട്ട് ആശ്വാസം ലഭിക്കുകയും ചെയ്യുന്നതാകുന്നു. അതിനാൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന എത്രയും യോഗ്യവും മുറയും പ്രയോജനമുള്ളതും അത്രെ. എന്നാൽ ഞാൻ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മറ്റുള്ളവർ എനിക്കുവേണ്ടി അപേക്ഷിച്ചുകൊള്ളുമല്ലൊ എന്നുള്ള വിചാരത്തോടു കൂടെ ജഡമയനായ ഒരുത്തൻ നടക്കുന്നു എങ്കിൽ ആയതു മരണത്തിനുള്ള പാപങ്ങളിൽ ഒന്നാകയാൽ, (9) സകല പരിശുദ്ധന്മാരും ദീർഘദർശിമാരും ലോകത്തിലുള്ളവരൊ ക്കെയും അവനുവേണ്ടി അപേക്ഷിച്ചാലും അവൻ കൃപയ്ക്കു യോഗ്യനായിത്തീരുന്നതല്ല. (10) അവൻ കൃപ വർദ്ധിപ്പാനാ യിട്ടു പാപത്തിൽതന്നെ പാർക്കയെന്നുള്ള വിപരീതയുക്തിക്ക്

---

(6) ആവർത്ത. 33. 6. റൂബേൽ ജീവിക്കട്ടെ. അവൻ മരിക്കരുതെ. അവൻ എണ്ണത്തിൽ ആകയും ചെയ്യട്ടെ. 2. മക്കാ: 12:42 - 43, ഇതു നിമിത്തം പൂർണ്ണ പാപമായി ഇതു അവർക്ക് എഴുതപ്പെടരുതെന്ന് എല്ലാവരും ദൈവത്തോടു പ്രാർത്ഥിപ്പാനും അപേക്ഷിപ്പാനും തുടങ്ങി. എന്നാൽ പരാക്രമനായ ഈഹൂദാ സകല ജനത്തോടും അവർ പാപങ്ങളിൽ നിന്നു തങ്ങളെത്തന്നെ കാത്തു സൂക്ഷ്മപ്പെട്ടു കൊൾവാൻ അപേക്ഷിച്ചു അവരോടു പറഞ്ഞതു: കണ്ടാലും ഇവർക്കു സംഭവിച്ചതു നിങ്ങളുടെ കണ്ണുകളുടെ മുമ്പാകെ നിങ്ങൾ കണ്ടിരിക്കുന്നു വല്ലൊ. പണം കൊടുക്കേണ്ടതിനു അവൻ സകല ജനത്തിലും വരിയിട്ടു മൂവായിരം പണം പിരിച്ചെടുത്തു അവർക്കുവേണ്ടി കാഴ്ചകൾ അണപ്പാനായിട്ടു അവയെ ഊർശ്ലേമിലേക്കു കൊടുത്തയച്ചു. 46 ഇതു ഹേതുവായിട്ടു ഉറങ്ങിപ്പോയവരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരം ചെയ്വാനായിട്ടു അവർ കൊടുത്തയച്ചു.

(7) 49 - ാം പുറം 1) അക്കം സാക്ഷികൾ നോക്കുക.

(8) 2 തീമോ. 1:16-18. ഓനോസിപ്പോറോസിന്റെ ഭവനത്തിനു നമ്മുടെ കർത്താവ് അനുഗ്രഹങ്ങൾ നൽകുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ അവൻ പല പ്രാവശ്യവും എന്നെ ആശ്വസിപ്പിച്ചു. എന്റെ ബന്ധനങ്ങളുടെ ചങ്ങലകളിൽ അവൻ ലജ്ജിച്ചില്ല. എന്നാലൊ അവൻ റോമ്മായിലേക്കു വന്നപ്പോൾ താല്പര്യത്തോടെ എന്നെ അന്വേഷിച്ചു എന്നെ കണ്ടെത്തി, ആ ദിവസത്തിൽ നമ്മുടെ കർത്താവിന്റെ പക്കൽ അവൻ അനുഗ്ര ഹങ്ങൾ കണ്ടെത്തുവാനായിട്ടു നമ്മുടെ കർത്താവ് അവനു നൽകു മാറാകട്ടെ. 1 കോറി. 15. 29. അപ്പോ 20. 10.

(9) സങ്കീ 109:14. അവരുടെ പിതാക്കന്മാരുടെ അന്യായം ഓർക്കപ്പെടും, അവരുടെ മാതാക്കന്മാരുടെ പാപങ്ങൾ മായിക്കപ്പെടുകയുമില്ല. യറമി. 15:1, 16:6 - 7, 17:1.

(10) റോമാ 6:1 ആകയാൽ നാം എന്തു പറയും? കൃപ വർദ്ധിപ്പാനായിട്ടു പാപത്തിൽ തന്നെ നാം പാർക്കയെന്നോ?

അനുരൂപമാകയാൽ കൃപയറ്റവനും ആകുന്നു. എന്തെന്നാൽ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മറ്റുള്ളവരുടെ പ്രാർത്ഥന മൂലം കൃപ ലഭിക്കുന്നതു മരണത്തിനല്ലാത്ത പാപങ്ങൾ ചെയ്തുപോയിട്ടുള്ളവരെങ്കിലും മശിഹാ യിൽ സ്ഥിരമുള്ള വിശ്വാസത്തോടു കൂടെ കൃപയ്ക്കു പാത്രവാന്മാരായി നടക്കുന്നവർക്കു മാത്രം ആകുന്നു.

21 – ാം സംഗതി

മരിച്ചവർക്കുവേണ്ടിയുള്ള നോമ്പു, കുർബ്ബാന, ധർമ്മങ്ങൾ മുതലായവയെക്കുറിച്ച്

കർത്താവിൽ മരിക്കുന്നവരായ മാതാപിതാക്കന്മാർക്കു വേണ്ടി യും സഹോദരസഹോദരിമാർക്കു വേണ്ടിയും പ്രാർത്ഥന കഴിക്കുന്നതു കൂടാതെ (1) അവർക്കു വേണ്ടി നോമ്പു നോക്കുക, അവരുടെ ഓർമ്മ ദിവസങ്ങളിൽ നമ്മുടെ കർത്താവിന്റെ ബലിയെ ഓർപ്പിച്ചു കൃപ യാചിക്കുന്നതായ (2) കുർബ്ബാന കഴിപ്പിക്ക (3) ദൈവത്തിൽ നിന്നുള്ള കൃപയ്ക്കു പാത്രീഭവിക്കുന്നതായ ദാനധർമ്മങ്ങൾ കൊടുക്ക മുതലായവ ചെയ്യുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ പ്രസാദമുള്ളതും ആകുന്നു. (4) നമ്മുടെ കർത്താവു നടത്തീട്ടുള്ള സകല പ്രവൃത്തികളും തന്റെ ബലിയും ജീവനുള്ളവർക്കു വേണ്ടി മാത്രം അല്ല, മരിച്ചവർക്കുവേണ്ടിയും കൂടെയത്രെ. താൻ നമുക്കു കാണിച്ചുതന്നിട്ടുള്ള ദൃഷ്ടാന്ത പ്രകാരം നാം നമുക്കുവേണ്ടിയും ജീവനോടിരിക്കുന്നവരായ ശേഷം പേർക്കുവേണ്ടിയും മാത്രമല്ല, നമ്മുടെ മരിച്ചവർക്കുവേണ്ടിയും കൂടെ വിചാരത്താലും വാക്കാലും പ്രവൃത്തിയാലും നമ്മാൽ കഴിയുന്നതു ചെയ്യേണ്ടതാകുന്നു. എന്നാൽ മശിഹായിൽ വിശ്വാസം ഇല്ലാതെയും ദൈവത്തിൽ നിന്നുള്ള

---

21 – ാം സംഗതി

(1) 1 ശമു. 31, 13. അവർ അവരുടെ അസ്ഥികളെ എടുത്തു യാബീശിലുള്ള പുന്നവൃക്ഷത്തിൻ കീഴിൽ കബറടക്കി ഏഴു ദിവസം നോമ്പു നോക്കുകയും ചെയ്തു. 2 ശമു 1, 12 അവർ ശാവുലിന്നുവേണ്ടി യും അവന്റെ പുത്രനായ യോനാഥാനുവേണ്ടിയും കർത്താവിന്റെ ജനത്തിനുവേണ്ടിയും വാളാൽ വീണുപോയിട്ടുള്ള ഇസ്രായേൽ പുത്രന്മാർക്കു വേണ്ടിയും വിലപിച്ചു കരകയും സന്ധ്യവരെ നോമ്പു നോക്കുകയും ചെയ്തു.

(2) 52 – ാം പുറം (6) അക്കം സാക്ഷികൾ നോക്കുക

(3) അപ്പോ. 10 – 4 മാലാഖാ അവനോടു പറഞ്ഞു. നിന്റെ പ്രാർത്ഥന കളും ധർമ്മങ്ങളും ദൈവത്തിന്റെ മുമ്പാകെ ഓർമ്മയ്ക്കായി കരേറിയിരിക്കുന്നു. ദാനി. 4, 27.

(4) 49 – ാം പുറം (1) അക്കം സാക്ഷികൾ നോക്കുക.

കൃപയ്ക്കു യോഗ്യന്മാരല്ലാതെയും മരിച്ചുപോകുന്ന ആളുകൾക്കു വേണ്ടി നിത്യം കുർബ്ബാന ചൊല്ലിക്കുകയും തങ്ങൾക്കുള്ള സമ്പത്തു മുഴുവനും ദരിദ്രന്മാരെ തീറ്റുകയും ചെയ്താലും അവർക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഇപ്രകാരമുള്ള നല്ല പ്രവൃത്തികൾ ചെയ്യുന്നവർ നല്ല ആന്തരത്തോടു കൂടെ ചെയ്യുന്നതായിരുന്നാൽ തങ്ങൾക്ക് അവ ഫലമുള്ളവയായി തീരുകയും ചെയ്യും.

22 – ാം സംഗതി

തിരുശേഷിപ്പുകളെക്കുറിച്ച്

(1) നമ്മുടെ കർത്താവിന്റെ കബറിടത്തെയും ശുദ്ധിമാന്മാരുടെ അസ്ഥികൾ മുതലായവയേയും ബഹുമാനത്തോടും ഭക്തിയോടും കൂടെ വിചാരിപ്പാനുള്ളതാകുന്നു. (2) നമ്മുടെ കർത്താവിന്റെ ശക്തിയേയും തന്റെ പരിശുദ്ധന്മാർക്കു കൊടുത്തിട്ടുള്ള നൽവരങ്ങളേയും ഓർത്ത് ഇവയെ ഭക്തിപൂർവ്വം പെരുമാറുന്നവർക്കു ദൈവത്തിൽ നിന്ന് അനുഗ്രഹവും തങ്ങളുടെ രോഗങ്ങൾ മുതലായവയ്ക്ക് ആശ്വാസവും ലഭിക്കുന്നതാകുന്നു.

23 – ാം സംഗതി

കുരിശുവരയേയും കുരിശുവന്ദനയേയും കുറിച്ച്

(1) നാം നമ്മുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മശിഹായുടെ

---

22 – ാം സംഗതി

(1) രാജാ. 13, 31. അവർ അവനെ കബറടക്കിയതിന്റെ ശേഷം അവൻ അവന്റെ പുത്രന്മാരോടു പറഞ്ഞു, ഞാൻ മരിക്കുമ്പോൾ ദൈവത്തിന്റെ ദീർഘദർശി അടക്കപ്പെട്ടിരിക്കുന്ന കബറിൽ തന്നെ എന്നെ അടക്കുവീൻ. അവന്റെ അസ്ഥികളെയും ഇടുവീൻ. അവന്റെ അസ്ഥികളുടെ അരികെ എന്റെ അസ്ഥികളേയും ഇടുവീൻ. 2 രാജാ. 23, 17 – 18. പുറപ്പാ. 13, 19.

(2) 2രാജാ 13, 21 അവർ ഒരു മനുഷ്യനെ കബറടക്കുമ്പോൾ കവർ ച്ചക്കൂട്ടങ്ങളെ കണ്ടിട്ടു ആ മനുഷ്യനെ ഏലിശായുടെ കല്ലറയിൽ ഇട്ടു അവർ ഏലീശായുടെ അസ്ഥികളിന്മേൽ തട്ടിയാറെ ജീവിച്ച് അവന്റെ കാലുകളിന്മേൽ നിന്നു. മത്താ. 9 20 – 21. 14; 36 അപ്പോ. 5, 5. 19 – 2

23 – ാം സംഗതി

(1) ഗലാ. 6, 14. എന്നാൽ നമ്മുടെ കർത്താവായ യേശുമിശിഹായുടെ സ്കീപ്പായിൽ അല്ലാതെ എനിക്കു പ്രശംസിപ്പാൻ ഉണ്ടാകരുതെ. അവനാൽ ലോകം എനിക്കു കുരിശിക്കപ്പെട്ടിരിക്കുന്ന ഞാൻ ലോകത്തിന്നും കുരിശിക്കപ്പെട്ടിരിക്കുന്നു. 1 കോരി 1:18 എബ്രാ. 13:13. മത്താ. 16, 24 ഫിലിപ്യാ. 3, 18.

കുരിശുമരണത്തിൽ സങ്കേതപ്പെടേണമെന്നും തന്റെ കഷ്ടാനുഭവങ്ങളായ കുരിശിനെ എല്ലായ്പോഴും നമ്മിൽ വഹിച്ചിരിക്കണമെന്നും തന്റെ കുരിശു ക്രിസ്ത്യാനികളായ നമ്മുടെ അടയാളവും പ്രശംസയും ആകുന്നു എന്നും നമ്മെ ഓർപ്പിപ്പാനും അപ്രകാരം വിശ്വസിച്ചുപ്രവർത്തിക്കുന്നു എന്നു അറിയിപ്പാനും വേണ്ടി കുരിശിന്റെ അടയാളം നമ്മിൽ വരയ്ക്കേണ്ട താകുന്നു. മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപുത്രന്റെ കുരിശു മൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതും ആകുന്നു. നാം വന്ദിക്കേണ്ട കുരിശു പൊന്ന്, വെള്ളി, കല്ല്, മരം മുതലായവകൊണ്ടു കുരിശിന്റെ മാതൃകയിൽ ഉണ്ടാക്കി വച്ചിരിക്കുന്നവ അല്ല. അവ ഓർമ്മയ്ക്കും അറിവിന്നുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നവ യത്രെ. കുരിശു കൂദാശ ചെയ്യപ്പെടാത്തതിന്റെ മുഖ്യകാരണങ്ങളിൽ ഒന്നും ഇതു തന്നെ ആകുന്നു. എന്നാൽ കാണപ്പെടാവതല്ലാത്തവനും രൂപാന്തരപ്പെടുത്താവത ല്ലാത്തവ നുമായ മഹാദൈവത്തെ നമ്മുടെ ഹൃദയത്തിന്മേൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മീയകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മീയ കണ്ണാൽ നോക്കി വന്ദിക്കേണ്ടതാ കുന്നു. (2) കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നതു കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദിക്കയത്രെ. സാക്ഷി യുടെ പെട്ടിക്കു മുമ്പാകെ ദാവീദ് ചെയ്ത സകലവും വിഗ്രഹാരാധന യായി വിചാരിക്കപ്പെടാതെ ദൈവത്തിന്റെ മുമ്പാകെ ചെയ്തതായി എണ്ണപ്പെട്ട പ്രകാരം തന്നെ കുരിശിന്റെ മുമ്പാകെ കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദിക്കുന്നതു വിഗ്രഹാരാധനയായി വിചാ രിക്കപ്പെടാതെ അനുഗ്രഹമായിട്ട് എണ്ണപ്പെടു ന്നതാകുന്നു. (3) വന്ദിപ്പാനായി ബിംബങ്ങളെ ഉണ്ടാക്കുകയും അവയെ വന്ദിക്കുകയും ചെയ്യരു തെന്നല്ലാതെ (4) വേദപുസ്തകസംഭവങ്ങളുടെ ഓർമ്മയ്ക്കും അറിവിന്നും പള്ളികളുടെ അലങ്കാരത്തിനും വേണ്ടി കുരിശു മുതലായ സാമാനങ്ങളെ

(2) എബ്രാ. 11. 21. വിശ്വാസത്താൽ യാക്കോബു മരിക്കുമ്പോൾ യൌസേപ്പിന്റെ പുത്രന്മാരിൽ ഓരോരുത്തനെ എല്ലാം അനുഗ്രഹിച്ച് അവന്റെ വടിയുടെ അറ്റത്തു വന്ദിച്ചു. 2 ശമു. 6 ൽ 14 – 16.

(3) പുറ. 20:4–5. നിനക്ക് ഒരു വിഗ്രഹത്തേയും ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിക്കു കീഴെ വെള്ളത്തിലും ഉള്ള യാതൊരു പ്രതിമയേയും അരുത്. നീ അവയെ വന്ദിക്കയും അവയെ സേവിക്കയും അരുത്. 2 രാജാ. 18. 4.

(4) പുറ. 25, 18. പൊന്നുകൊണ്ടുള്ള രണ്ടു ക്രുബകളെ ഉണ്ടാക്കുക. സംഖ്യ 21, 8. കർത്താവു മോശയോടു പറഞ്ഞു. നീ പിച്ചള കൊണ്ട് ഒരു ഹർമ്മാനാ സർപ്പത്തെ നിനക്ക് ഉണ്ടാക്കി അതിനെ അടയാളത്തിന്നായി വെയ്ക്ക യോശു. 4, 3 – 7.

ഉണ്ടാക്കുന്നതും (5) പള്ളികളേയും പള്ളി ഉപകരണങ്ങളേയും ബഹുമാനത്തോടും ഭക്തിയോടും കൂടെ പെരുമാറുന്നതും യാതൊരുപ്രകാരത്തിലും വിഗ്രഹാരാധനയായി വിചാരിക്കപ്പെടുന്നതല്ല.

24 - ാം സംഗതി

കന്യാവ്രതത്തെക്കുറിച്ച്

(1) വിവാഹം ചെയ്യരുതെന്ന് ഒരുത്തനോടും വിരോധിച്ചുകൂടാത്തതെങ്കിലും (2) ഒരുത്തൻ തന്റെ സ്വന്തമനസ്സാൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആത്മാവിനേയും ശരീരത്തേയും ദൈവത്തിന്റെ മുമ്പാകെ വെടിപ്പോടു കാത്തു ദൈവത്തിന്നു വേല ചെയ്യുന്നു എങ്കിൽ ഏറ്റം നല്ലതാകുന്നു. (3) ഒരുവൻ കന്യാവ്രതനേർച്ചയിൽ ഉൾപ്പെട്ടതിന്റെ ശേഷം തന്റെ ആദ്യത്തെ നേർച്ചയെ ഉപേക്ഷിച്ചു വിവാഹം ചെയ്താൽ ഇതു മൂലം രക്ഷയ്ക്ക് അയോഗ്യനായിത്തീരുന്നില്ലെങ്കിലും കുറ്റമില്ലാത്തവനായി വിചാരിക്ക പ്പെടുന്നതല്ല. അപ്രകാരമുള്ളവരെ സഭയിൽ അവർക്കുള്ള ബഹുമാന ത്തിൽ നിന്നും സ്ഥാനത്തിൽ നിന്നും തള്ളേണ്ടതുമാകുന്നു.

---

(5) ലേവ്യ 12, 4. അവളുടെ ശുദ്ധീകരണ ദിവസങ്ങൾ തികയുന്നതുവ രെ യാതൊരു ശുദ്ധ വസ്തുവിനെയും അവൾ തൊടരുത്. ശുദ്ധസ്ഥല ത്തേക്കു പ്രവേശിക്കയും അരുത്. 2 ശമു. 6 ദാനി. 5.

24 - ാം സംഗതി

(1) 31 - ാം പുറം (2) അക്കം സാക്ഷി നോക്കുക.

(2) 1 കോരി. 7, 7 - 8, 32, 33. എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരും എന്നെപ്പോലെ വെടിപ്പോടിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാലൊ എല്ലാവന്നും ദൈവത്തിൽ നിന്നും വരം കൊടുക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഉള്ളവനും അപ്രകാരം ഉള്ളവനും ഉണ്ട്. എന്നാൽ തങ്ങൾക്കു സ്ത്രീകൾ ഇല്ലാത്തവരോടും വിധവമാരോടും ഞാൻ പറയുന്നു. അവർ എന്നെപ്പോലെ പാർത്താൽ അവർക്കു കൊള്ളാം. എന്തുകൊണ്ടെന്നാൽ ഭാര്യ ഇല്ലാത്തവൻ തന്റെ യജമാനനു ഇഷ്ടമാകുവാനായിട്ടു തന്റെ യജമാനന്റെ കാര്യത്തിൽ നിരൂപിക്കുന്നു. ഭാര്യ തനിക്കുള്ളവൻ തന്റെ ഭാര്യയ്ക്കു ഇഷ്ടമാകുവാനായിട്ടു ലോകകാര്യത്തെ ഉത്സാഹിക്കുന്നു. മത്താ. 19, 12.

(3) 1 തീമോ 5. 12. അവർ അവരുടെ ആദ്യവിശ്വാസത്തെ നിരസിച്ചതിനാ ൽ അവരുടെ ന്യായവിധി നില നിൽക്കുന്നു.

25 – ാം സംഗതി

പട്ടക്കാരുടെ വിവാഹത്തെക്കുറിച്ച്

(1) വിവാഹം അശുദ്ധമുള്ളതായിട്ടല്ല, എന്നാൽ പാത്രിയർക്കീസ് കാസോലിക്കാ, മെത്രാൻ മുതലായ സ്ഥാനികൾ സഭയുടെ പ്ര ത്യേക ചുമതലക്കാരും ഭാരവാഹികളും സദാനേരവും അതിനു വേണ്ടി താല്പര്യപ്പെടേണ്ടിയവരും ആകയാൽ ഇപ്രകാരമുള്ളവർ (2) ജഢ മോഹങ്ങളിൽ നിന്ന് ഒഴിഞ്ഞ് തങ്ങളുടെ ദേഹത്തേയും ദേഹിയേയും മുഴുവനും ദൈവിക വേലയ്ക്കായി ഒഴിഞ്ഞുകൊടുത്തിരിക്കുന്ന നല്ല പതിവ്രതയുള്ള വ്രതക്കാർ ആയിരിക്കേണ മെന്നും, പള്ളികൾ ഭരിക്കുന്ന കശീശന്മാർ പുരുഷന്മാരോടെന്ന പോലെ തന്നെ സ്ത്രീകളോടും അടുത്തു പെരുമാറേണ്ടിയവരും (3) മനുഷ്യസ്വഭാവം ബലഹീനമുള്ളതും പരീക്ഷ യിൽ അകപ്പെടുവാൻ എളുപ്പമുള്ളതും ആകയാൽ (4) അവർ വിവാഹം ചെയ്തവരും പുനർവിവാഹത്തിലും വിധവാവിവാഹത്തിലും ഉൾപ്പെടാ ത്തവരുമായ ഉത്തമന്മാർ ആയിരിക്കണമെന്നും സഭ നിശ്ചയിച്ചിരിക്കുന്നത് എത്രയും യുക്തമായിട്ടുള്ളതാകുന്നു.

---

25 – ാം സംഗതി

(1) 2 – ാം പുറം (1) അക്കം സാക്ഷി നോക്കുക.

(2) 53 – ാം പുറം (1) അക്കം സാക്ഷി നോക്കുക.

(3) 1 കോരി 7, 5 – 6. നിങ്ങളുടെ ശരീരത്തിന്റെ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിപ്പാനായിട്ടു വീണ്ടും ആ കാര്യത്തിലേക്കു തന്നെ നിങ്ങൾ തിരിഞ്ഞു കൊൾവീൻ എന്നാൽ ബലഹീനന്മാരോടെന്ന പോലെ ഇതു ഞാൻ പറയുന്നു കല്പനയായിട്ടല്ല.

(4) 1 തീമോ. 3. 2. എന്നാൽ കശീശാ തന്നിൽ കുറ്റം കണ്ടെത്തപ്പെ ടാത്തവനും ഏകഭാര്യയുടെ ഭർത്താവായിരിക്കുന്നവനും തന്റെ നിരൂ പണയിൽ ഉണർവ്വുള്ളവനും, പരിപാകമുള്ളവനും ക്രമമുള്ളവനും അതിഥിപ്രിയനും പഠിപ്പിക്കുന്നവനും ആയിരിപ്പാൻ വേണ്ടിയിരിക്കുന്നു. ലേവ്യ21, 13 – 14 ഇവൻ ഒരു കന്യകയെ പരിഗ്രഹിക്കണം, വിധവയും ഉപേക്ഷിക്കപ്പെട്ടവളും വേശ്യാസംഗത്താൽ അശുദ്ധപ്പെട്ടവളുമായവരിൽ ഒരുത്തിയേയും പരിഗ്രഹി ക്കരുത്. എന്നാലൊ തന്റെ ജനത്തിൽ നിന്ന് ഒരു കന്യകയെ ഭാര്യയായി പരിഗ്ര ഹിക്കണം തീത്തോ. 1, 6. 1 കോരി 7. 8, 27.

26 – ാം സംഗതി

മനുഷ്യന്റെ ആത്മാവിനെക്കുറിച്ച്

(1) ദൈവം മനുഷ്യനു ശിക്ഷയും രക്ഷയും നിശ്ചയിച്ചിരിക്കു ന്നതു ശരീരത്തിനും ആത്മാവിനും കൂടെ അല്ലാതെ ശരീരത്തിനു മാത്രമോ ആത്മാവിനു മാത്രമോ അല്ല. (2) ശരീരം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്ന പ്രകാരം ആത്മാവും തന്റെ സൃഷ്ടിയത്രെ. ആയതു ദൃഢബുദ്ധിയോടു കൂടിയതും അവസാനം ഇല്ലാത്തതുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും തടസ്സം ഇല്ലാത്തതല്ല. എന്നാൽ ആത്മാവു ദൈവത്തിന്റെ ഒരു അംശം അല്ലാതെ സൃഷ്ടി ക്കപ്പെട്ടതല്ലെന്നും അതിനാൽ ആയതു ശിക്ഷയ്ക്കു പാത്രമായിത്തീരുന്നതല്ലെന്നും ചിലർ പറയുന്ന ഉപദേശം വലിയ വേദവിപരീതവും മനുഷ്യരെ വലിയതായ ആപത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നതും അത്രെ.

27 – ാം സംഗതി

പാപത്തെക്കുറിച്ച്

(1) ആദിപാപം മൂലം സകല മനുഷ്യരും ശിക്ഷാവിധിക്കു യോഗ്യ

---

26 – ാം സംഗതി: (1) മത്താ. 10 – 28 ശരീരത്തെ കൊല്ലുന്നവരിൽ നിന്നു നിങ്ങൾ ഭയപ്പെടേണ്ടാ, ആത്മാവിനെ കൊല്ലുവാൻ അവർക്കു കഴികയില്ല. എന്നാൽ ആത്മാവിനേയും ശരീരത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനിൽ നിന്നു പ്രത്യേകം ഭയപ്പെട്ടു കൊൾവീൻ.

(2) ഉല്പ. 1. 27 ദൈവം തന്റെ സാദൃശത്തിൽ ആദാമിനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സാദൃശത്തിൽ താൻ അവനെ സൃഷ്ടിച്ചു. താൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. സഖറി 12 1, ആകാശത്തെ വിരിക്കയും ഭൂമിയുടെ അടിസ്ഥാനങ്ങളെ സ്ഥിരപ്പെടുത്തുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ സൃഷ്ടിക്കയും ചെയ്ത കർത്താവു പറയുന്നു.

27 – ാം സംഗതി

(1) റോമാ 5, 18 ആകയാൽ ഒരുത്തന്റെ പിഴ നിമിത്തം സകല മനുഷ്യർക്കും ശിക്ഷാവിധി ഉണ്ടായപ്രകാരം തന്നെ ഒരുത്തന്റെ നീതി നിമിത്തം സകല മനുഷ്യർക്കും ജീവന്റെ കുറ്റമില്ലായ്മയും ഉണ്ടാകും. റോമാ 3, 9 12അപ്പോഴൊ നമുക്കു എന്തു വിശേഷതയുള്ളു. എന്തു കൊണ്ടെന്നാൽ യഹൂദന്മാരെക്കുറിച്ചും പുറജാതിക്കാരെക്കുറിച്ചും അവർ എല്ലാവരും പാപത്തിൻ കീഴിൽ ആകുന്നു എന്നു ഞങ്ങൾ മുമ്പേ തന്നെ തീർച്ചപ്പെടുത്തിയല്ലോ. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം നീതിമാൻ ഇല്ല ഒരുത്തൻ പോലുമില്ല തിരിച്ചറിയുന്നവൻ ഇല്ല ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല എല്ലാവരും ഒന്നുപോലെ വഴിതെറ്റി നിരസിക്കപ്പെട്ടു നന്മ ചെയ്യുന്നവൻ ഇല്ല ഒരുത്തൻ പോലുമില്ല ഗലാ 3, 22 എന്നാലൊ വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുമിശിഹായിലുള്ള വിശ്വാസം മൂലം കൊടുക്കപ്പെടുവാനായിട്ടു പുസ്തകം സകലത്തേയും പാപത്തിൻ കീഴിൽ ഇട്ടടച്ചു. സങ്കീ: 14:13. 1 യോഹ. 1:8. 1 രാജാ 8, 46 പ്രസംഗം 7:21.

ന്മാരായിത്തീർന്നതു കൂടാതെ കർമ്മപാപം മൂലവും സകലരും ദൈവ സന്നിധിയിൽ കുറ്റക്കാരായിരിക്കുന്നു, മനുഷ്യരിൽ ഒരുത്തൻ പോലും പാപം ഇല്ലാത്തവൻ ഇല്ലെങ്കിലും (2) പാപം എന്നതു മനുഷ്യരിൽ പ്രകൃതിയാലെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതല്ല; (3) അതു കല്പന സംബന്ധ മായുള്ളതും കല്പന ലംഘനത്താൽ ഉണ്ടായതും അത്രെ. (4) മനുഷ്യൻ നന്മയോ തിന്മയോ ചെയ്യുന്നതു തനി ക്കുള്ള സ്വാതന്ത്ര്യം മൂലം അല്ലാതെ സൃഷ്ടിപ്പിലുള്ള പ്രകൃത വ്യത്യാസത്താൽ അല്ല. ദൈവം ഒരുത്തനേയും പാപിയായി സൃഷ്ടിച്ചിട്ടില്ല. (5) ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ട് അതിനു പ്രതിപകരം കൊടുക്കുന്നതു

---

(2) പ്രസംഗം 7, 29 എന്നാലും ദൈവം മനുഷ്യരെ ചൊവ്വുള്ളവരായി ഉണ്ടാക്കിയെന്നും അവർ അനേകം നിരൂപണകളെ അന്വേഷിച്ചു എന്നും ഞാൻ കണ്ടെത്തിട്ടുള്ള ഇതിനെ കാണുക. ഉല്പ. 1:26 – 27, 31.

(3) 1 കോരി. 15, 56. എന്നാൽ മരണത്തിന്റെ ആണി പാപം ആകുന്നു. പാപത്തിന്റെ ശക്തി ന്യായപ്രമാണവും ആകുന്നു. റോമാ. 4.15. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം കോപത്തെ ഉണ്ടാക്കുന്നതാകുന്നു. എന്തെന്നാൽ ന്യായപ്രമാണം ഇല്ലാത്തിടത്തു ന്യായപ്രമാണ ലംഘനവും ഇല്ല. റോമ 5, 13. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം വരെ ലോകത്തിൽ പാപം ഉണ്ടായിരുന്നിട്ടും ന്യായപ്രമാണം ഇല്ലാതിരുന്നതിനാ ൽ പാപം എണ്ണപ്പെട്ടിരുന്നില്ല.

(4) ആവർത്ത. 11. 26, 27, 28. ഇന്നു ഞാൻ നിങ്ങളുടെ മുമ്പാകെ അനുഗ്രഹങ്ങളേയും ശാപങ്ങളേയും തരുന്നുയെന്നു കണ്ടു കൊൾവീൻ. ഇന്നു ഞാൻ നിങ്ങളോടു കൽപ്പിക്കുന്നു. നിങ്ങളുടെ ദൈവമായ കർത്താവിന്റെ കല്പനകളെ നിങ്ങൾ അനുസരിക്കുമെങ്കിൽ അനുഗ്രഹങ്ങളും, നിങ്ങളുടെ ദൈവമായ കർത്താവിന്റെ കല്പനകളെ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയിൽനിന്നു തെറ്റി നിങ്ങൾ അറിയാത്ത മറ്റു ദേവൻമാരുടെ പിന്നാലെ പോകുമെങ്കിൽ ശാപങ്ങളും തന്നെ, ആവർത്തനം 30: 15–20.

(5) യാക്കോ. 1. 13, 14, 15 ഒരുത്തൻ പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു പറയരുത്. എന്തുകൊണ്ടെന്നാ ൽ ദൈവം തിൻമകളാൽ പരീക്ഷിക്കപ്പെട്ടവനല്ല താൻ ഒരുത്തനേയും പരീക്ഷിക്കുന്നുമില്ല. എന്നാലൊ ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതും മോഹിക്കുന്നതും ആകർഷിക്കപ്പെടുന്നതും അവന്റെ മോഹത്താൽ ആകുന്നു. ഈ മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. എന്നാൽ പാപം പൂർത്തിയാകുമ്പോൾ മരണത്തെ പ്രസവിക്കുന്നു. 1 പത്രോസ് 5. 2. നിങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ഇടവകയെ മേയിച്ച് ആത്മീയ പ്രകാരം ഭരിപ്പിൻ ആയതു മനസ്സോടെ അല്ലാതെ ബലത്താൽ അരുത്, നിങ്ങളുടെ പൂർണ്ണഹൃദയത്തോടെ അല്ലാതെ അശുദ്ധ ലാഭ ങ്ങൾക്കായിട്ടും അരുത്, ഏശാ. 1. 19, 20. 2 കോരി, 9:7.

മില്ല (6) എന്നാലോ നന്മയും തിന്മയും ഇന്നതെന്ന് അറിയിക്കുകയും നന്മയിലേക്കു തിരിയുന്നതിനും നന്മ ചെയ്യുന്നതിനും ആഗ്രഹിക്കുകയും സഹായിക്കുകയും തിന്മ ചെയ്യുന്നതിൽ ഇഷ്ടം ഇല്ലായ്കയാൽ ആയ തിനു സഹായിക്കാതെയും (7) അവനവന്റെ ഇഷ്ടത്തിനു വിട്ടു കൊടുക്കു കയും ചെയ്യുന്നു. (8) ഒരുത്തനെക്കൊണ്ടും ബലബന്ധത്താൽ പാപം ചെയ്യിക്കുന്നതിനു സാത്താനും അധികാരം കൊടുത്തിട്ടില്ല. (9) സാത്താൻ മനുഷ്യരെ പാപത്തിലേക്കു വീഴിക്കുന്നത് അവന്റെ വശീകരണത്താൽ മാത്രം ആകുന്നു. വിശ്വാസം നല്ല പ്രവൃത്തികൾ എന്നിവയ്ക്ക് വലിപ്പ ച്ചെറുപ്പം ഉള്ള പ്രകാരം തന്നെ (10) പാപത്തിനും വലിപ്പച്ചെറുപ്പം ഉണ്ട്. (11) എന്നല്ലാതെ അനുതാപത്താൽ ക്ഷമിക്കപ്പെടാത്ത പാപം ഇല്ല. മരണ ത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായി ട്ടുള്ള തെന്നും പറയപ്പെടുന്ന പാപങ്ങൾ അനുതപിക്കാത്തവയും തങ്ങളെ നിരാശ്രയ ത്തിലേക്കു തള്ളിക്കളവാൻ എളുപ്പമുള്ളവയും മറ്റുള്ളവരുടെ പ്രാർത്ഥ നയാൽ മാത്രം ക്ഷമിക്കപ്പെടാത്തവയുമായ പാപങ്ങൾ ആകുന്നു. അതി നാൽ യാതൊരു പാപത്തെക്കുറിച്ചും നിരാശപ്പെടാതെ പ്രത്യേകം ഹൃദയ തകർച്ചയോടും നിലവിളിയോടും കൂടെ കരുണയുള്ള ദൈവ ത്തോട് അനുതപിക്കേണ്ടതാകുന്നു.

---

(6) മീഖാ. 6. 8. മനുഷ്യാ പ്രയോജനമുള്ളതിനെ ഞാൻ നിന്നോട് അറിയിച്ചിരിക്കുന്നു നീ ന്യായത്തെ ചെയ്കയും കൃപയെ സ്നേഹിക്കയും നിന്റെ ദൈവത്തിന്റെ പിന്നാലെ പോകുവാൻ ഒരുങ്ങിയിരിക്കയും ചെയ്യണമെന്നുള്ള തിനെ കർത്താവു നിന്നോടു ചോദിക്കുന്നു. 1 തീമോ. 2. 4 താൻ എല്ലാ മനുഷ്യരും ജീവിപ്പാനും സത്യത്തിന്റെ അറിവിലേക്കു തിരിവാനും ആഗ്രഹിക്കുന്നു. റോമ. 8. 28,

(7) അപ്പോ 14. 15. താൻ ആദ്യ തലമുറകളിൽ സകല പുറജാതികളും അവരുടെ സ്വന്ത വഴികളിൽ നടപ്പാനായിട്ടു സമ്മതിച്ചു. സങ്കീ. 81: 12.

(8) യാക്കോ. 4. 7 ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. സാത്താനോടു എതിർത്തു നിൽപിൻ. അവൻ നിങ്ങളിൽ നിന്ന് ഓടിപ്പോ കും.

(9) എഫെ. 6.11 നിങ്ങൾക്ക് ആകുൽക്കറുസായുടെ തന്ത്രങ്ങൾക്കു വിരോധമായി നിൽപ്പാൻ കഴിവുണ്ടാകുവാനായിട്ടു ദൈവത്തിന്റെ സർവായുധവർഗ്ഗത്തെ ധരിച്ചുകൊൾവീൻ.

(10) യോഹ. 19.11 ഇതു ഹേതുവായിട്ട് എന്നെ നിനക്ക് ഏൽപിച്ചു തന്നവന്റെ പാപം നിന്റേതിനേക്കാൾ വലിയതാകുന്നു.

(11) യറമി. 3.12 നീ പോയി വടക്കുദേശത്തിൽ ഈ വചനങ്ങൾ പ്രസംഗിച്ചു പറക. ഇസ്രായേലിന്റെ കുടിയിരിപ്പുകാരാ, നീ അനുതപിക്ക എന്ന് കർത്താവ് പറയുന്നു, ഞാൻ എന്റെ മുഖത്തെ നിങ്ങളിൽ കഠിനപ്പെടുത്തുകയില്ല, എന്തെന്നാൽ ഞാൻ നല്ലവനാകുന്നു. ഞാൻ എന്നേക്കും കോപിക്കയുമില്ല എന്നു കർത്താവു പറയുന്നു.

28 – ാം സംഗതി

അനുതാപത്തെക്കുറിച്ച്

(1) ഒരുത്തൻ താൻ ചെയ്തുപോയ പാപത്തെക്കുറിച്ച് അനുതപിക്കാതിരിക്കുകയും മേലാലും അതിൽ നിന്നു വിട്ടുമാറുവാൻ മനസ്സില്ലാതെ അതിൽതന്നെ നിലനിൽക്കയും ചെയ്യുമ്പോൾ അപ്രകാരമുള്ളവന്റെ പാപം മരണത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്നു. (2) എങ്കിലും ഏതു പാപിയും സത്യഅനുതാപത്തോടു കൂടെ ദൈവത്തിങ്കലേക്കു തിരിയുന്നുവെങ്കിൽ അവന്റെ പാപങ്ങൾ ഏതുവിധമുള്ളതായിരുന്നാലും ക്ഷമിക്കപ്പെടാതിരിക്കില്ല. സത്യ അനുതാപം എന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി 1. ദുഃഖിച്ചു മാപ്പു ചോദിക്കുകയും 2. ചെയ്തുവരുന്ന പാപങ്ങളിൽ 3. നിന്ന് ഒഴിയുകയും 4. മേലാൽ ദൈവത്തിന് ഇഷ്ടമാംവണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്നു മനസ്സിൽ ഉറയ്ക്കുകയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. മാമോദീസായ്ക്കു പിമ്പുള്ള പാപങ്ങൾ ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായുള്ളവയും മരണത്തിന്റെ പാപങ്ങളും ആകയാൽ അവ ക്ഷമിക്കപ്പെടുകയില്ലെന്നുള്ള നാവാത്തിനരുടെ ഉപദേശം പോലെ വിശ്വസിക്കുകയോ നിരാശ്രയപ്പെട്ട് അനുതാപത്തിൽ നിന്നു പിൻവലിയുകയോ ചെയ്യാതെ

---

28 – ാം സംഗതി

(1) ലൂക്കോ. 12:10. മനുഷ്യന്റെ പുത്രനു വിരോധമായി പറയുന്ന വചനം എല്ലാവനോടും ക്ഷമിക്കപ്പെടും, എന്നാൽ ശുദ്ധമുള്ള റൂഹായ്ക്കു വിരോ ധമായി ദൂഷണം പറയുമെന്നവനോടു ക്ഷമിക്കപ്പെടുകയില്ല. 1 യോഹ. 5:16. തന്റെ സഹോദരൻ മരണത്തിനു കടപ്പെടാത്ത പാപം ചെയ്യുന്നതിനെ ഒരുത്തൻ കണ്ടാൽ അവൻ അപേക്ഷിക്കട്ടെ അവനു ജീവൻ നൽകപ്പെടുന്നു. ആയതു മരണത്തിനു പാപം ചെയ്യുന്നതു പോ ലെ അല്ലാത്തവർക്കു തന്നെ എന്തുകൊണ്ടെന്നാൽ മരണത്തിന്റെ പാപം ഉണ്ട്. ഇതിനുവേണ്ടി ഒരുത്തൻ അപേക്ഷിക്കണമെന്നു ഞാൻ പറയു ന്നില്ല. മത്താ 12, 31, 32. എബ്രാ. 6:4, 5, 6.

(2) ഏശാ 1. 18. വരുവീൻ നാം തമ്മിൽ സംസാരിക്കാമെന്നു കർത്താവു പറയുന്നു. നിങ്ങളുടെ പാപങ്ങൾ ചുവപ്പുപട്ടുപോലെ ആയിരിക്കുമെങ്കി ലും അവ തൽഗാ പോലെ വെൺമയുള്ളവയായിത്തീരും. അവ രക്താംബ രം പോലെ ചുവപ്പുള്ളവയായിരിക്കുമെങ്കിലും പഞ്ഞിപോലെ ആയി തീരും. 1 യോഹ 1, 9. എന്നാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിപ്പാനും നമ്മുടെ സകല അന്യായത്തിൽ നിന്നും നമ്മെ വെടിപ്പാക്കുവാനും താൻ വിശ്വസ്തനും നീതിമാനും ആകുന്നു. മീഖ. 7. 18. 19. ഹോശ. 14, 4. 5, 6 യറമി 3, 12.

(3) ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടും കൂടെ അനുതപിച്ചു കരു ണയുള്ള ദൈവത്തിങ്കലേക്ക് അടുത്തു ചെല്ലേണ്ടതാകുന്നു.

29 – ാം സംഗതി

നീതീകരണത്തെക്കുറിച്ച്

(1) പ്രവൃത്തികൾ കൂടാത്ത വിശ്വാസം ജീവനില്ലാത്തതായിരി ക്കുന്ന പ്രകാരം തന്നെ (2) നല്ല ആന്തരത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും അല്ലാത്ത പ്രവൃത്തികളും ജീവനില്ലാത്തവയാകുന്നു (3) മനുഷ്യവർഗ്ഗത്തിന്മേലുള്ള ദൈവത്തിന്റെ കൃപ പക്ഷാഭേദം ഇല്ലാത്തതും എല്ലാവർക്കും ഒന്നു പോലെ കൊടുക്കുന്നതും ആകുന്നു. ഒരുത്തനു താൻ സൗജന്യമായി കൃപ കൊടുക്കുകയും മറ്റൊരുത്തനു കൊടുക്കാതിരിക്കയുമില്ല. അതിനാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നതു പ്രവൃത്തികൾ കൂടാത്ത വിശ്വാസത്താൽ മാത്രമോ, വിശ്വാസം കൂടാത്ത പ്രവൃത്തികളാൽ

---

(3) മത്താ. 18. 21. 22 അപ്പോൾ കീപ്പാ തന്റെ അടുക്കൽ അടുത്തു വന്ന് തന്നോടു പറഞ്ഞു. എന്റെ കർത്താവെ! എന്റെ സഹോദരൻ എത്ര പ്രാവശ്യം എന്നിൽ കുറ്റം ചെയ്താൽ ഞാൻ അവനോടു ക്ഷമിക്കേണ്ടു. ഏഴു പ്രാവശ്യത്തോളമോ? യേശു അവനോടു പറയുന്നു. ഏഴ് എഴുപതു പ്രാവശ്യത്തോളമെന്നല്ലാതെ ഏഴോളമെന്നു ഞാൻ നിന്നോടു പറ യുന്നില്ല. മത്താ. 26. 74, 75. അപ്പോൾ അവൻ ഞാൻ ആ മനുഷ്യനെ അറിയുന്നില്ല എന്നു ശപിപ്പാനും ആണയിടുവാനും തുടങ്ങി. ആ നാഴികയിൽ തന്നെ പൂവൻകോഴി കൂകി. എന്നാറെ കീപ്പാ പൂവൻ കോഴി കൂകുന്നതിനു മുമ്പു നീ മൂന്നു പ്രാവശ്യം എന്നെ ഉപേക്ഷിച്ചു പറയുമെന്നു യേശു അവനോടു പറഞ്ഞിട്ടുള്ള വചനത്തെ ഓർത്ത് അവൻ പുറത്തേക്കു പോയി കൈപ്പോടെ കരകയും ചെയ്തു.

29 – ാം സംഗതി

(1) യാക്കോ. 2, 17, 26. അപ്രകാരം തന്നെ പ്രവർത്തികൾ കൂടാത്ത വിശ്വാസവും അതു തനിച്ചു മരിച്ചതാകുന്നു ആത്മാവില്ലാത്ത ശരീരം മരിച്ചതായിരിക്കുന്ന പ്രകാരം തന്നെ പ്രവർത്തികൾ ഇല്ലാത്ത വിശ്വാ സവും മരിച്ചതാകുന്നു.

(2) റോമ. 14, 32. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിൽ നിന്ന് അല്ലാത്ത സകലവും പാപം ആകുന്നു. മത്താ. 6. 3. എന്നാൽ നീ ധർമ്മം ചെയ്യുമ്പോൾ നിന്റെ വലത്തു കൈ എന്തു ചെയ്യുന്നു എന്നു നിന്റെ ഇടതു കൈ അറിയരുത്.

(3) റോമ. 3. 22. എന്നാൽ ദൈവത്തിന്റെ നീതി യേശു മിശിഹായിലുള്ള വിശ്വാസത്താൽ അത്രെ. ആയത് എല്ലാവർക്കും തന്നിൽ വിശ്വസിക്കുന്ന എല്ലാവർമേലും ഉണ്ട്. എന്തുകൊണ്ടെന്നാൽ പക്ഷഭേദം ഇല്ല. റോമ. 10. 11, 12; 13.

മാത്രമോ, സൗജന്യമായ കൃപയാൽ മാത്രമോ, അല്ല (4) എന്നാലോ സൗജന്യമായ കൃപ മൂലം പ്രവൃത്തികളോടു കൂടിയ വിശ്വാസത്താൽ അത്രെ.

30 – ാം സംഗതി

ശിക്ഷയ്ക്കും രക്ഷയ്ക്കും ഏറെക്കുറവ് ഉണ്ടെന്നുള്ളതിനെക്കുറിച്ച്

(1) സകല മനുഷ്യരുടെയും വിശ്വാസവും നീതിയും ഒരു അളവിൻ പ്രകാരം അല്ല. അങ്ങനെ തന്നെ എല്ലാവരുടെയും പാപങ്ങളും ഒരു അളവിൻപ്രകാരം അല്ല. വിശ്വാസം, നീതി, പാപം എന്നിവയ്ക്ക് വലിപ്പച്ചെറുപ്പം ഉണ്ട്. (2) ന്യായവിധിയുടെ ദിവസത്തിൽ ദൈവം മനുഷ്യർക്കു ശിക്ഷയും രക്ഷയും കൊടുക്കുന്നതും എല്ലാവർക്കും ഒന്നുപോലെയല്ല, അവനവന്റെ വിശ്വാസത്തിന്റെയും പ്രവൃത്തികളുടെയും അളവിൻപ്രകാരം കൂടുതൽ കുറവായിട്ടത്രെ. (3) ആയതു നിത്യശിക്ഷയും

---

(4) യാക്കോ. 2, 21, 22. നമ്മുടെ പിതാവായ അബ്രഹാം അവന്റെ പുത്രനായ ഇസ്സഹാക്കിനെ ബലിപീഠത്തിന്മേൽ കരേറ്റിയതിനാൽ പ്രവൃത്തികളാൽ അല്ലയൊ അവൻ നീതികരിക്കപ്പെട്ടത്. അവന്റെ വിശ്വാസം അവന്റെ പ്രവർത്തികൾക്കു സഹായിച്ചു എന്നും പ്രവർ ത്തികളാൽ അവന്റെ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നു. എഫെ. 2. 8. എന്തുകൊണ്ടെന്നാൽ വിശ്വാസത്താൽ നാം രക്ഷിക്കപ്പെട്ടതു തന്റെ കൃപ മൂലം അത്രെ.

30 – ാം സംഗതി

(1) റോമ. 12 6, എന്നാലൊ നൽകപ്പെട്ട കൃപയിൻ പ്രകാരം നമുക്കു പലതരമായ നൽവരങ്ങൾ ഉണ്ട്. തന്റെ വിശ്വാസത്തിന്റെ അളവിൻ പ്രകാ രം ദീർഘദർശനത്തിന്റെ ഉണ്ട്. മത്താ. 8. 10 എന്നാൽ യേശു കേട്ടപ്പോൾ അത്ഭുതപ്പെട്ടു. തന്നോടുകൂടെ വരുന്നവരോടു പറഞ്ഞു. ഈ വിശ്വാസം പോലെ ഇസ്രായേലിലും ഞാൻ കണ്ടിട്ടില്ലെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. മത്താ. 14:31, 5:22, 7:3, യോഹ. 19:11.

(2) മത്താ 7. 2. എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങൾ വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവാൽ നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും ലൂക്കോ. 12. 47. 48 1 കോറി 15. 41. 42. യോഹ. 14. 2.

(3) മത്താ 25. 46. ഇവർ എന്നേക്കുമുള്ള അതിവേദനയിലേക്കും നീതിമാന്മാർ എന്നേക്കുമുള്ള ജീവങ്കലേക്കും പോകും. യോഹ. 3.16, 36.

നിത്യരക്ഷയും ആകുന്നു. (4) ഒരുത്തൻ നന്മയിൽ നിന്നു തിന്മയിലേക്കു തിരിയുന്നുവെങ്കിൽ അവന്റെ മുമ്പിലത്തെ നന്മയും തിന്മയിൽ നിന്നു നന്മയിലേക്കു തിരിയുന്നു എങ്കിൽ അവന്റെ മുമ്പിലത്തെ തിന്മയും ഓർക്കപ്പെടുന്നതല്ല. എന്നാലോ അതിൽ അവനവൻ നിൽക്കുന്നതായുള്ള നന്മയുടെയോ തിന്മയുടെയോ വലിപ്പച്ചെറുപ്പം പോലെ നിത്യ രക്ഷയോ നിത്യ ശിക്ഷയോ അനുഭവിക്കുന്നതാകുന്നു. (5) കരുണയും നീതിയും നിറഞ്ഞിരിക്കുന്നതായ ദൈവത്തിന്റെ ഈ നിശ്ചയം അനുതാപി കൾക്ക് ആശയും താല്പര്യവും ജനിപ്പിക്കുന്നതത്രെ. എന്നാൽ രക്ഷ ദൈവ ത്തിന്റെ മുൻനിയമം അനുസരിച്ചു സൗജന്യമായ കൃപമൂലം ആകയാൽ എല്ലാവർക്കും ഒന്നുപോലെ ആകുന്നു എന്നുള്ള ചിലരുടെ ഉപദേശം നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കിത്തീർക്കുന്നതാകുന്നു.

---

(4) ഹെസ. 18. 21, 22 – 24. എന്നാൽ അന്യായക്കാരൻ അവൻ ചെയ്തി ട്ടുള്ള സകല പാപങ്ങളിൽ നിന്നും തിരിഞ്ഞ് എന്റെ സകല കല്പനകളേ യും ആചരിക്കയും ന്യായത്തേയും നീതിയേയും പ്രവൃത്തിക്കയും ചെയ്താൽ അവൻ ജീവിക്കും മരിക്കയില്ല. അവൻ ചെയ്തിട്ടുള്ള അവന്റെ സകല പാപങ്ങളും അവനോട് ഓർക്കപ്പെടു കയുമില്ല. എന്നാലൊ അവൻ പ്രവർത്തിച്ചിട്ടുള്ള നീതിയാൽ അവൻ ജീവിക്കും. നീതിമാൻ അവന്റെ നീതിയിൽ നിന്നു തിരിഞ്ഞു പാപി ചെയ്തിട്ടുള്ളവയെപ്പോലെ അന്യായ വും അശുദ്ധവും പ്രവർത്തിച്ചാൽ അവൻ ചെയ്തിട്ടുള്ള അവന്റെ സകല നീതിയും അവനോട് ഓർക്കപ്പെടുകയില്ല. എന്നാലോ അവൻ പ്രവൃത്തി ച്ചിട്ടുള്ള അന്യായത്തിലും അവൻ ചെയ്തിട്ടുള്ള പാപങ്ങളിലും അവൻ മരിക്കും.

(5) ലൂക്കോ. 15. 17, 18, 19. അവനു സുബുദ്ധിയുണ്ടായിട്ടു പറഞ്ഞു: ഇ പ്പോൾ എന്റെ പിതാവിന്റെ ഭവനത്തിൽ അപ്പം തങ്ങൾക്കു ശേഷിപ്പുള്ള വരായി എത്രയോ കൂലിക്കാർ ഉണ്ട്. ഞാനോ ഇവിടെ എന്റെ വിശപ്പു കൊണ്ടു നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റു എന്റെ പിതാവിന്റെ അടു ക്കലേക്കു പോയി അവനോട്, എന്റെ പിതാവെ! ഞാൻ സ്വർഗ്ഗ ത്തിലും നിന്റെ മുമ്പാകെയും പാപം ചെയ്തു; ഇനി നിന്റെ പുത്രനെന്നു വിളി ക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല നിന്റെ കൂലിക്കാരിൽ ഒരുത്ത നെപ്പോ ലെ എന്നെ ആക്കിക്കൊള്ളേണമെ എന്നു പറയും.

31 – ാം സംഗതി

ഉയിർപ്പിനെക്കുറിച്ച്

മരണത്താൽ ആത്മാവും ശരീരവും തമ്മിൽ വേർതിരികയും ശരീരം പൂഴിയായിത്തീരുകയും ചെയ്യുന്നു എങ്കിലും (1) അവസാന ദിവസത്തിൽ ശരീരം വീണ്ടും ഉയർത്തെഴുന്നേല്ക്കുകയും ആത്മാവും ശരീരവും തമ്മിൽ ഒന്നിച്ചു ചേർന്നു നാശമില്ലായ്മയെ ധരിക്കുകയും നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുകയും ചെയ്യുന്നതാകുന്നു. ഇപ്രകാരം അല്ലാതെ ചില വേദവിപരീതികളെപ്പോലെയും പുറജാതികളെപ്പോലെയും ഉയർപ്പ് ഇല്ലെന്നോ നീതിമാന്മാർക്കു മാത്രമേ ഉയർപ്പ് ഉള്ളൂ എന്നോ ഉയർപ്പ് എന്നു പറയുന്നത് ആത്മാവ് ഒരു ശരീരത്തിൽ നിന്നു വേറൊരു ശരീരത്തിലേക്കു പ്രവേശിക്കയാ കുന്നു എന്നോ യാതൊരു പ്രകാരത്തിലും വിശ്വസിച്ചുപോകരുതാത്തതത്രെ.

32 – ാം സംഗതി

സ്വാതന്ത്ര്യസൃഷ്ടി, മുന്നറിവ്, മുൻനിയമം എന്നിവയെക്കുറിച്ച്

മനുഷ്യൻ പ്രകൃതിയാലെ നന്മയിലേക്കോ തിന്മയിലേക്കോ ചായാവുന്നതായ ഒരു സ്വഭാവം ഉള്ളവനെങ്കിലും (1) അതിനെ അവനവന്റെ മനസ്സു പോലെ പെരുമാറുവാൻ തക്കവണ്ണം സ്വാതന്ത്ര്യശക്തിയോടു കൂടെ യത്രെ സൃഷ്ടിച്ചിരിക്കുന്നത്. ഒരുവനു പാപം ചെയ്വാൻ സ്വാതന്ത്ര്യം

---

31 – ാം സംഗതി

(1) എശാ. 26: 19. നിന്റെ മരിച്ചവർ ജീവിക്കും. അവരുടെ ശവങ്ങൾ എഴുന്നേൽക്കുകയും ചെയ്യും. പൂഴിയിൽ കിടക്കുന്നവർ ഉണർന്നു മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ നിന്റെ മഞ്ഞ് പ്രകാശത്തിന്റെ മ ഞ്ഞാകുന്നു. പരാക്രമന്മാരുടെ ഭൂമിയെ നീ മറിച്ചുകളയും ദാനി 12, 2. പൂഴിയിൽ ഉറങ്ങുന്നവരായ അനേകരും ചിലർ നിത്യജീവനും ചിലർ നിത്യനാശത്തിന്നും തങ്ങളുടെ സഖിമാരുടെ നിന്ദയ്ക്കും ഉണരും. യോഹ. 5. 28, 29 റോമാ 6, 5. 1. കോറി 15 ഹേസ 37.

32 – ാം സംഗതി

(1) ആവർത്ത 30. 19. ഞാൻ ജീവനേയും മരണത്തേയും അനുഗ്രഹങ്ങളേയും ശാപങ്ങളേയും നിങ്ങളുടെ മുമ്പാകെ തന്നിരിക്കുന്നു എന്നു ഞാൻ ഇന്നു നിങ്ങളിൽ ആകാശത്തേയും ഭൂമിയേയും സാക്ഷിച്ചിരിക്കുന്നു. നീയും നിന്റെ സന്തതിയും ജീവിപ്പാനായിട്ട് ജീവനെ നിനക്കു തിരഞ്ഞെടുത്തു കൊൾക. ആവർത്ത. 11. 26. 27.

ഉള്ള പ്രകാരം തന്നെ മനസ്സുണ്ടെങ്കിൽ പാപം ചെയ്യാതിരിപ്പാനും സ്വാതന്ത്ര്യം ഉണ്ട്. മനുഷ്യൻ തന്റെ സ്വാതന്ത്ര്യശക്തിയെ നന്മയിലേക്കു പെരുമാറണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നല്ലാതെ (2) ബലബന്ധ ത്താൽ ഒരുത്തനെക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ടു രക്ഷയോ ശിക്ഷയോ പ്രതിഫലം കൊടുക്കുന്നില്ല. എന്നാലോ തന്നോടു ചോദിക്കുന്നവർക്ക് നന്മയ്ക്കായി താൻ സഹായിക്കുന്നു. എന്തെന്നാൽ തിന്മയെ വെറുക്കുന്നതിനും നന്മയിലേക്കു തിരിയുന്നതിനും ദൈവം മനുഷ്യനു ദൃഢബുദ്ധിയും സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ടെങ്കിലും (3) ദൈവശക്തികൂടാതെ യാതൊരു നന്മയും പ്രവർത്തിക്കുന്നതിനു മനുഷ്യൻ താനെ തന്നെ ശക്തിയില്ലാത്തവനാകുന്നു. (4) എന്നാൽ തിന്മയിൽ തനിക്ക് ഇഷ്ടമില്ലാത്തതിനാൽ അതിനു സഹായിക്കാതെ അവനവന്റെ ഇഷ്ട ത്തിനു വിട്ടുകൊടുക്കുന്നു. മനുഷ്യരിൽ ഇന്നാരിന്നാരെല്ലാം തന്റെ പുത്രൻമൂലമുള്ള കൃപയിൽ ആശ്രയിച്ചു നിത്യജീവനു യോഗ്യന്മാരായി ത്തീരുമെന്നും ഇന്നാരിന്നാരു നിത്യശിക്ഷയ്ക്കു യോഗ്യന്മാരായി ത്തീരു മെന്നും ലോകസൃഷ്ടിക്കു മുമ്പേതന്നെ (5) തനിക്കു മുന്നറിവു ണ്ടെന്ന ല്ലാതെ (6) ഇന്നാരിന്നാരു മോഷണത്തിന് അവകാശികളും ഇന്നാരിന്നാരു

---

(2) 57 – ാം പുറം (5) അക്കം സാക്ഷികൾ നോക്കുക. (3) യോഹ. 15 5 എന്തു കൊണ്ടെന്നാൽ എന്നെ കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ് വാൻ കഴിക യില്ല. അപ്പോ. 17. 28. എന്തുകൊണ്ടെന്നാൽ നാം ജീവിക്കുന്നതും ചരിക്കുന്നതും വസിക്കുന്നതും തന്നിൽ ആകുന്നു.

(4) സങ്കീ. 81. 12 എന്നാലോ അവർ അവരുടെ ഹൃദയത്തിന്റെ ഇഷ്ടപ്രകാ രവും അവരുടെ സ്വന്തനിരൂപണയിൻ പ്രകാരവും നടന്നു. അപ്പോ. 14. 15. യാക്കോ. 1. 13, 14, 15.

(5) അപ്പോ. 2. 23. ദൈവത്തിന്റെ മുന്നറിവാലും ഇഷ്ടത്താലും ഇതിനായി വേർതിരിക്കപ്പെട്ടിരുന്ന ഇവനെ നിങ്ങൾ ദുഷ്ടന്മാരുടെ കൈകളിൽ ഏല്പിച്ചു കൊടുത്തു കുരിശിൽ തറച്ചുകൊന്നു. റോമ. 8. 29, 11 – 21 പത്രൊ. 1. 2.

(6) മീഖാ 6. 3. 4. എന്റെ ജനമേ ഞാൻ നിന്നോടു എന്തു ചെയ്തു? അല്ലെ ങ്കിൽ എന്തിൽ നിന്നെ ഞാൻ ദുഃഖിപ്പിച്ചു? എന്നോട് സാക്ഷിക്ക് മെസ്രേൻ ദേശ ത്തു നിന്നു നിന്നെ ഞാൻ രക്ഷിക്കയും മോശയേയും അഹറോനേയും മറിയാ മ്മിനേയും നിന്റെ മുമ്പാകെ ഞാൻ അയയ്ക്കുകയും ചെയ്തില്ലയോ? ഏശാ. 5, 3, 4. ഇപ്പോൾ യഹൂദിയായിലെ മനുഷ്യരും ഊർശ്ലേമിലെ കുടിയാന്മാരുമായു ള്ളോരെ! എനിക്കും എന്റെ മുന്തിരിങ്ങാത്തോട്ടത്തിനും മദ്ധ്യേ ന്യായം വിധി പ്പിൻ. ഞാൻ എന്റെ മുന്തിരിങ്ങാത്തോട്ടത്തിനു ചെയ്യാതെയുള്ളതായിട്ടു ഇനി അതിനു എന്തു ചെയ്‌വാനുള്ളു? അതു മുന്തിരിങ്ങാകളെ കായിക്കുന്നതിനായിട്ടു ഞാൻ നോക്കിയിരുന്നാറെ കാട്ടുമുന്തിരിങ്ങാകളെ കായിച്ചു. റോമ. 2:4, 5, 6 ദൈവ ത്തിന്റെ ദയ നിന്നെ അനുതാപത്തിലേക്കു വരുത്തുന്നു എന്നു നീ അറിയുന്നി ല്ലയോ? എന്നാലോ നീ നിന്റെ അനുതപിക്കാത്ത ഹൃദയകാഠിന്യം നിമിത്തം കോപ ത്തിന്റെ ദിവസത്തിനു അവനവന്റെ പ്രവൃത്തികൾക്കു തക്കപോലെ എല്ലാവന്നു പ്രതിപകരം കൊടുക്കുന്നവനായ ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയുടെ പ്രതീക്ഷതയ്ക്കും നിനക്കായിട്ടു കോപത്തിന്റെ നിക്ഷേപത്തെ നീ വയ്ക്കുന്നു. റോ. 11, 20, 21, 22. ഏശാ. 1 16 – 20.

നരകത്തിന് അവകാശി കളുമായിത്തീരണമെന്നു പൊതുവേ ദൈവം മുമ്പു കൂട്ടി നിയമിച്ചിട്ടില്ല. (7) താൻ മുന്നറിഞ്ഞിട്ടുള്ള ചിലരെ തന്റെ വേലയ്ക്കായി മുമ്പു കൂട്ടി നിയമിച്ചു ശുദ്ധീകരിപ്പാൻ തനിക്ക് അധികാരവും ശക്തിയും ഇല്ലെന്നോ (8) സ്ഥിരമുള്ളതായ തന്റെ മുന്നറിവിൻ പ്രകാരം കൃപയ്ക്കു പാത്രവാന്മാരും തന്റെ വിളിക്കു യോഗ്യന്മാരുമായിത്തീരുമെന്നു താൻ മുമ്പു കൂട്ടി അറിഞ്ഞിട്ടുള്ള വരെ വേർതിരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നോ അല്ല (9) എന്നാലോ താൻ പക്ഷാഭേദം ഇല്ലാത്തവനും നീതിയും കരുണയും നിറഞ്ഞിരിക്കുന്നവനുമാകയാൽ താൻ ചിലരെ അവർ ദുഷ്ടന്മാരാ യിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കുകയും മുൻ നിയമിക്കുകയും ചെയ്തു കൊണ്ടു ശിക്ഷിക്കുകയോ ചിലരെ അവർ നീതിമാന്മാരായി ത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കുകയും മുൻ നിയമിക്കുകയും ചെയ്തു കൊണ്ടു രക്ഷിക്കുകയോ മനുഷ്യർക്ക് സ്വാതന്ത്ര്യം കൊടുക്കാതെ താൻ നിയമിച്ചിട്ടുള്ള പ്രകാരം നന്മയെങ്കിലും തിന്മയെങ്കിലും സകലവും അവരെക്കൊണ്ടു പ്രവർത്തിപ്പിച്ചതിന്റെ ശേഷം ചിലരെ മോക്ഷത്തിനും ചിലരെ നരകത്തിനും അവകാശികളാക്കിത്തീർക്കുകയോ ചെയ്കില്ലെന്നു മാത്രം ആകുന്നു. എന്നാൽ മനുഷ്യൻ ഏതെല്ലാം പ്രകാരം നടന്നാലും ആയതൊക്കെയും ദൈവം തന്റെ മുൻനിയമപ്രകാരം അവരെക്കൊണ്ടു നടത്തിക്കുന്നതായാൽ ആയതൊന്നും രക്ഷയ്ക്കും ശിക്ഷയ്ക്കും കാരണമായി ഭവിക്കുന്നതല്ലെന്നും രക്ഷയും ശിക്ഷയും കൊടുക്കുന്നതു മുൻനിയമം അനുസരിച്ചാകുന്നു എന്നുമുള്ള ചിലരുടെ ഉപദേശം, 'ഞാൻ എന്തെല്ലാം താല്പര്യപ്പെട്ടാലും ഒന്നും താല്പര്യപ്പെടാതിരുന്നാലും

---

(7) റോമ. 9. 21. അല്ലെങ്കിൽ കുശവൻ ഒരു പിണ്ഡത്തിൽ നിന്നു: ഒ ന്നു മാനത്തിന് ഒന്ന് അപമാനത്തിനുമായി പാത്രങ്ങളെ ഉണ്ടാക്കുവാൻ അവന്റെ കളിമണ്ണിന്മേൽ അധികാരം ഉള്ളവനല്ലയോ? യറമി. 1. 5. ഞാൻ നിന്നെ വയറ്റിൽ ഉരുവാകുന്നതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു നീ ഗർഭപാത്രത്തിൽ നിന്നു പുറത്തു വരുന്നതിനുമുമ്പെ ഞാൻ നിന്നെ ശുദ്ധീകരിച്ചു. നിന്നെ ഞാൻ ജാതികൾക്കു ദീർഘദർശിയായിട്ടു കൊടുത്തിരിക്കുന്നു.

(8) റോമ. 8, 29, 30. താൻ അവരെ മുമ്പുകൂട്ടി അറിഞ്ഞു. തന്റെ പു ്രതൻ അനേകം സഹോദരന്മാരുടെ ആദ്യ ജാതനാകുവാനായിട്ടു അവന്റെ സ്വരൂപസാദൃശത്തിൽ അവരെ വരച്ചു. താൻ മുൻകൂട്ടി വരച്ചവരെ താൻ വിളിച്ചു. താൻ വിളിച്ചവരെ താൻ നീതീകരിച്ചു. താൻ നീതീകരിച്ചവരെ താൻ മഹത്വപ്പെടുത്തി.

(9) റോമ. 2. 11. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ പക്കൽ മുഖപ ക്ഷം ഇല്ല. സങ്കീ. 19, 9 - 10. കർത്താവിന്റെ ന്യായവിധികൾ സത്യത്താ ലും സകലത്തിലും നീതിയുള്ളവയും ആകുന്നു. അവ പൊന്നിനേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കപ്പെടത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മധുരമുള്ളവയും ആകുന്നു. 1 പത്രൊ. 1. 17, 23 2 നാളാ. 19.7.

ദൈവത്തിന്റെ മുൻനിയമപ്രകാരം മാത്രമെ സംഭവിക്കയു ള്ളല്ലോ, എന്നുള്ള ദുർവിചാരം മനുഷ്യർക്കു ജനിപ്പിക്കുന്നതാകയാൽ ആയതു നിരാശ, ആത്മകാര്യങ്ങളിൽ താല്പര്യക്കുറവ്, അശുദ്ധനടപടികൾ മുതലായ വലിയ ആപത്തിലേക്കു മനുഷ്യരെ വലിച്ചുകൊണ്ടു പോകുന്നതും നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കി ത്തീർക്കുന്നതും ആകുന്നു.

33 – ാം സംഗതി

വിശുദ്ധ പുസ്തകങ്ങളെക്കുറിച്ച്

ദൈവാത്മാവുമൂലം എഴുതപ്പെട്ടവയും വിശുദ്ധപിതാക്കന്മാർ കാനോനായ്ക്കടുത്തവയായി വേർതിരിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നവയുമായ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പുസ്തകങ്ങളെ പ്രമാണപ്പെട്ടവയായി എല്ലാവരും അംഗീകരിക്കേണ്ടതാകുന്നു.

പഴയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും

മോശയുടെ പുസ്തകങ്ങൾ	5
നൂന്റെ പുത്രനായ യോശുവായുടെ പുസ്തകം	1
ന്യായാധിപതിമാരുടെ പുസ്തകം	1
രൂഥിന്റെ പുസ്തകം	1
എസ്തേർ (ഈ പുസ്തകം നമ്മുടേതിൽ ഇല്ല)	1
ശമുവേലിന്റെ പുസ്തകങ്ങൾ	2
രാജാക്കന്മാരുടെ പുസ്തകങ്ങൾ	2
നാളാഗമപുസ്തകങ്ങൾ	2
എസ്രായുടെപുസ്തകങ്ങൾ നെഹമിയാ(ഉൾപ്പെടെ)	2
മക്കുബായക്കാരുടെ പുസ്തകങ്ങൾ	3
യോബിന്റെ പുസ്തകം	1
നൂറ്റമ്പതു മസുമൂറാകളടങ്ങിയ ദാവീദിന്റെപുസ്തകം	1
ശലോമോന്റെ പുസ്തകങ്ങൾ	4
ദീർഘദർശിമാരുടെ പുസ്തകങ്ങൾ	16
പഴയനിയമം – (39 പ്രൊട്ടസ്റ്റന്റ് കാരുടെ)	41

മേൽവിവരിച്ചവയിൽ ശലോമോന്റെ നാലു പുസ്തകങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു തന്റെ സുഭാഷിതങ്ങളുടെ പുസ്തകത്തെ രണ്ടു

പുസ്തകങ്ങളാക്കി പറഞ്ഞിരിക്കുന്നതിനാൽ അത്രെ. സുഭാ. 25–ാം അദ്ധ്യായം 1–ാം വാക്യത്തിൽ ശലോമോന്റെ അഗാധ സുഭാഷിതങ്ങൾ എന്നു തലവാചകമായി പറഞ്ഞിരിക്കുന്നതിൻ പ്രകാരം അതു മുതലുള്ളവയെ വേറൊരു പുസ്തകമായിട്ടത്രെ എണ്ണിയിരിക്കുന്നത്. ദീർഘദർശിമാരുടെ പുസ്തകങ്ങൾ പതിനാറെന്നു പറ ഞ്ഞവയിൽ ദാനിയേലിന്റെ പുസ്തകം ശൂശാന്റെ കൂടെ അടങ്ങിയിരിക്കുന്നതു മാകുന്നു.

പുതിയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും

ഏവൻഗേലിയോൻ പുസ്തകങ്ങൾ	4
പൌലൂസിന്റെ ലേഖനങ്ങൾ	14
പത്രോസിന്റെ ലേഖനങ്ങൾ	2
യോഹന്നാന്റെ ലേഖനങ്ങൾ	3
യാക്കോബിന്റെ ലേഖനം	1
ഈഹൂദായുടെ ലേഖനം	1
ക്ലീമ്മീസിന്റെ ലേഖനങ്ങൾ	2
ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം	1

പ്രമാണപ്പെട്ട പുസ്തകങ്ങളെപ്പോലെ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നവയെങ്കിലും, വലിയ അത്താനാസ്യോസ്, അലക്സന്ത്ര്യായുടെ ദീവന്നാസ്യോസ് മുതലായവർ ചിലതിനെക്കുറിച്ചു സംശയമായിട്ടും മറ്റുള്ളവയെ ദൈവഭക്തിയുടെ ഉപദേശത്തിനും പഠിത്വത്തിനും മാത്രം വായിക്കപ്പെടേണ്ടതായിട്ടും പറഞ്ഞിരിക്കുന്ന പുസ്തകങ്ങളുടെ വിവരം താഴെപ്പറയുന്നു.

ശലോമോന്റെ വലിയ ജ്ഞാനപുസ്തകം

ബാറാസീറായുടെ പുസ്തകം

എസ്തേറിന്റെ പുസ്തകം

ഈഹൂദീത്തിന്റെ പുസ്തകം

തോബിയായുടെ പുസ്തകം

ശ്ലീഹന്മാരുടെ ദീയാത്തക്ലീസ് പുസ്തകം

ഇടയന്മാരുടെ പുസ്തകം

യോഹന്നാന്റെ വെളിപാടു പുസ്തകം

ബർനാബായുടെ ലേഖനങ്ങൾ

പൌലൂസിന്റെയും മറ്റു ചിലരുടെയും വെളിപാടുകൾ

നമ്മുടെ പുസ്തകങ്ങൾ	41+28= 69
പ്രൊട്ടസ്റ്റ്	39+27=66

ദൈവാത്മാവാൽ എഴുതപ്പെടുന്ന സകല പുസ്തകങ്ങളും ഉപദേശത്തിനും ശാസ്യത്തിനും നീതിയിലുള്ള അഭ്യാസത്തിനും സത്യ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും പ്രയോജനമുള്ളവയാകയാൽ വി ശുദ്ധ സഭയിലെ ശുദ്ധിമാന്മാരായ സഭാപിതാക്കന്മാരാൽ ഉണ്ടാക്ക പ്പെട്ടിട്ടുള്ള തക്സാകൾ, മെമ്രാകൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ വ്യാഖ്യാനങ്ങൾ, ചരിത്രങ്ങൾ, കാനോനാകൾ മുതലായവ സഭയിൽ അംഗീകരിക്ക പ്പെട്ടിരിക്കുന്നപ്രകാരം മേലാൽ ഉണ്ടാക്കപ്പെടുന്നവയും പ്രധാന മേൽപ്പട്ടക്കാരുടെ പരിശോധനയോടു കൂടെ അംഗീകരിക്കപ്പെടാ വുന്നതാകുന്നു.

34 – ാം സംഗതി

സുന്നഹദോസുകളെയും സഭയുടെ അധികാരത്തെയും കുറിച്ച്

നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും മരണ ശേഷവും പുറജാതി രാജാക്കന്മാരും പ്രഭുക്കന്മാരും ക്രിസ്ത്യാനി സഭയെ വളരെ പീഡിപ്പിച്ചുവന്നു. എങ്കിലും സഭക്കാർ തങ്ങളുടെ വിശ്വാസരീതിയെ കളങ്കം കൂടാതെ സത്യത്തിൽ തന്നെ മുറുകെ പിടിച്ചിരുന്നു. എന്നാൽ സഭയ്ക്കു അന്യന്മാരിൽ നിന്നുള്ള പീഡ ഒഴിഞ്ഞു ആശ്വാസം ഉണ്ടായപ്പോൾ (1) സഭയിൽ നിന്നു തന്നെ അനേകം വേദവിപരീതികൾ എഴുന്നേറ്റു ശുദ്ധമുള്ള വേദവാക്യങ്ങളെ തങ്ങളുടെ ഹിതത്തിന് ഒത്തപ്രകാരം മാറുപാടായി വ്യാഖ്യാനിക്കുകയും നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനു വിരോധമായുള്ള ചില വിശ്വാസവിപരീതങ്ങളെ പഠിപ്പി ക്കുകയും ചെയ്തതു മൂലം അന്നന്നു ഭരിച്ചുവന്ന ക്രിസ്ത്യാനിരാ ജാക്കന്മാരുടെ കല്പനയാൽ നിഖ്യായിലും കുസ്തന്തിനോസ്പോലീസിലും എഫേസൂസിലും പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകൾ

---

34 – ാം സംഗതി

(1) അപ്പോ. 20, 29, 30 എന്തുകൊണ്ടെന്നാൽ ഞാൻ പോകുന്നതിന്റെ ശേഷം ആട്ടിൻകൂട്ടത്തിന്മേൽ കരുണയില്ലാത്ത ബലമുള്ള ചെന്നായ്ക്കൾ നി ങ്ങളോടു കൂടെ പ്രവേശിക്കുമെന്നു ഞാൻ അറിയുന്നു. ശിഷ്യന്മാർ തങ്ങളുടെ പിന്നാലെ പോകുവാനായിട്ടു അവരെ തിരിപ്പിപ്പാൻ തക്കവണ്ണം മാറുപാടുകൾ സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളിൽനിന്നു എഴുന്നേൽക്കും. മത്താ. 24, 4, 5. കോലോ. 2, 8, 2. യോഹ. 10, 11. വാക്യങ്ങൾ.

കൂടുകയും അവയിൽ വച്ച് വേദവിപരീതങ്ങളെ വെളിപ്പെടുത്തി ഇടത്തൂട്ടുകാരെ സഭയിൽ നിന്നു പുറത്തുതിരിക്കുകയും സത്യവിശ്വാസ രീതിയെ സ്ഥിരപ്പെടുത്തി അതിന്റെ നിലനില്പിനു വേണ്ടിയുള്ള നടപടിക്രമങ്ങളെ ചട്ടപ്പെടുത്തുകയും ചെയ്തു (2) അതിനാൽ നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനോ അതിന്റെ സ്ഥിരതയ്ക്കായി നിഖ്യായിലും കുസ്തന്തിനോസ് പോലീസിലും എഫെസൂസിലും കൂടിയ പൊതുവിന്നടുത്ത മൂന്നു സുന്നഹദോസുകളിലെ വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച വിശ്വാസരീതിക്കോ എതിരായുള്ള യാതൊരു ഉപദേശത്തെയും കൈക്കൊൾവാനോ പഠിപ്പിപ്പാനോ ഒരുത്തനും അധികാരം ഇല്ല. ഈ സത്യഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നതായുള്ള (3) കർമ്മാചാരങ്ങൾക്കടുത്ത നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തം പോലെയും ദേശാവസ്ഥ പോലെയും ക്രമപ്പെടുത്തുവാൻ കാതോലിയ്ക്കായ്ക്കടുത്തതും ശ്ലീഹായ്ക്കടു ത്തതുമായ നമ്മുടെ വിശുദ്ധ സഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒന്നിച്ചു കൂടുന്ന പൊതുവിന്നടുത്ത സുന്നഹദോസുകൾക്ക് അധികാരവും ഉണ്ട്. മാമോദീസാ, ശുദ്ധമുള്ള കുർബാന, വിവാഹം മുതലായ വിശുദ്ധ കൂദാശകളിലെ കർമ്മങ്ങളും, ദനഹാ, ഊശാനാ, സ്കീപ്പൂസായുടെ വെള്ളിയാഴ്ച, ഉയിർപ്പ്, പെന്തിക്കോസ്തി മുതലായ ദിവസങ്ങളിലെ ശുശ്രൂഷകളും സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നവയും വിശുദ്ധസഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തക്സാപുസ്തകങ്ങളിൻ പ്രകാരം നടത്തി വന്നവയും ആകയാൽ ഇവകളെ തന്നിഷ്ടമായി ഒരുത്തനും വ്യത്യാസം ചെയ്തുകൂടാത്തതാകുന്നു (4) സത്യവിശ്വാസത്തിന് എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധമുണ്ടാക്കുകയോ സഭയുടെ

(2) ഗലാ. 1, 8. 9 ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിനു വിപരീതമായി ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്ന് ഒരു മാലാഖായൊ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ ഇത്യാദി. സുഭാ. 22, 28 നിന്റെ പിതാക്കന്മാർ നിയമിച്ചിട്ടുള്ളതായ പണ്ടെയുള്ള അതൃത്തിയെ നീ നീക്കരുത്.

(3) അപ്പോ, 16, 4. അവർ നഗരങ്ങളിൽ സഞ്ചരിച്ചുകൊണ്ട് ഓർശ്ലേമിലുള്ള ശ്ലീഹന്മാരും കശീശന്മാരും എഴുതീട്ടുള്ള കല്പനകളെ ആചരിക്കണമെന്നു അവർ അവരോടു പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്തു. റോമ. 14, 19, 1 കോറി 8. 12 തീത്തോ. 1:5.

(4) 1 കോറി. 5, 4, 5, നമ്മുടെ കർത്താവായ യേശു മിശിഹായുടെ നാ മത്തിൽ നിങ്ങൾ എല്ലാവരും ഒന്നിച്ചു കൂടുവീൻ, നമ്മുടെ കർത്താവായ യേശുമിശിഹായുടെ ശക്തിയോടുകൂടെ ആത്മാവിൽ ഞാനും നിങ്ങളോടുകൂടെ ഉണ്ട്. ഇവൻ നമ്മുടെ കർത്താവായ യേശു മിശിഹായുടെ ദിനത്തിൽ ആത്മാവിൽ ജീവിപ്പാനായിട്ട് അവന്റെ ശരീരത്തിന്റെ നാശത്തിനായി സാത്താന്നു അവനെ ഏല്പ്പിക്കയും ചെയ്വീൻ. മത്താ. 18:18, 2 കോറി, 2:6, 7:8.

നിശ്ചയങ്ങളേയും തങ്ങളുടെ മേലധികാരികളുടെ കല്പനകളേയും അനുസരിക്കാതിരിക്കുകയോ പൈശാചികമായി നടക്കുകയോ ചെയ്യുന്നവരെ സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരം ഉണ്ട്. സഭയിൽ നിന്നു ഭ്രഷ്ടാക്കപ്പെടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരിയെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെന്ന പോലെ വിചാരിപ്പാനുള്ളതും ആകുന്നു.


വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും

ആംഗ്ലിക്കൻ ഹൈചർച്ച് വിഭാഗം മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അത് അവരുടെ തക്സായിലുമുണ്ട്. വിശ്വാസികളായ മരിച്ചവരെപ്പറ്റിയുള്ള മലങ്കരസഭയുടെ കാഴ്ചപ്പാട് വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ജേക്കബ് കുര്യൻ ഇങ്ങനെ വിവരിക്കുന്നു.

ഞാൻ ഈയിടെ ഈ വിഷയത്തെപ്പറ്റി നമ്മുടെ വൈദികസെമിനാരി വൈസ് പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ എഴുതിയ വേദാടി സ്ഥാനത്തിലുള്ള "വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും" എന്ന ലേഖനം വായിച്ചു. നിങ്ങൾ എല്ലാവരും അതു വായിക്കണമെന്ന് എനിക്കു നിർബന്ധമുണ്ട്. അതുകൊണ്ട് അത് അതേപടി ഉദ്ധരിക്കുകയാണ്.

വാങ്ങിപ്പോയവരുടെ സ്ഥിതി എന്താണ്? അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ? വാങ്ങിപ്പോയ മഹത് വ്യക്തികളുടെ മദ്ധ്യസ്ഥത എന്നു പറയുന്നതിനു വല്ല പ്രസക്തിയോ പ്രയോജനമോ ഉണ്ടോ?

പ്രസ്തുത പ്രശ്നങ്ങളെ സംബന്ധിച്ച് ക്രൈസ്തവ വിഭാഗങ്ങളുടെ ഇടയിൽ രണ്ടു വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണു നിലനിൽക്കുന്നത്. ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട സഭകളും റോമൻ കത്തോലിക്കരും വാങ്ങിപ്പോയവർക്കു വേണ്ടി പ്രാർത്ഥിക്കുകയും പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ നവീകരണ വിഭാഗത്തിൽപ്പെട്ട സഭകൾ (കേരളത്തിലെ മാർത്തോമ്മാ സഭയുൾപ്പെടെ) ഇവ രണ്ടിനെയും വേദവിപരീതങ്ങളായി കരുതുന്നു. ചരിത്രം പഠിച്ചാൽ മനസ്സിലാകുന്നത് ആദിമ നൂറ്റാണ്ടുകൾ തൊട്ടുതന്നെ സഭയിൽ വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരോടു മദ്ധ്യസ്ഥത യാചിക്കലും നിലനിന്നിരുന്നു എന്നാണ്. പതിനാറാം നൂറ്റാണ്ടോടെ ആവിർഭവിച്ച നവീകരണ ചിന്താഗതി (Protestantism) യാണ് ഇവയെ എതിർത്തത്. കത്തോലിക്കാ സഭയിലെ പല അനാചാരങ്ങൾക്കും എതിരായിട്ടാണ് ഈ എതിർപ്പ് പ്രകടമായത്. റോമൻ കത്തോലിക്കാ



ഫാ. ഡോ. ജേക്കബ് കുര്യൻ
(പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി)

സഭയിൽ അന്നു നിലനിന്നിരുന്ന പല അനാചാരങ്ങളും അന്ധവിശ്വാസ ങ്ങളും നീക്കേണ്ടത് യഥാർത്ഥത്തിൽ ആവശ്യമായിരുന്നു. ഉദാഹരണ ത്തിന്, വാങ്ങിപ്പോകുന്നവർ തങ്ങളുടെ പാപങ്ങൾക്കനുസരിച്ച് ഒരു ശുദ്ധീകരണ സ്ഥലത്ത് (Purgatory) ദണ്ഡനം ഏൽക്കുമെന്നും, എന്നാൽ ജീവിച്ചിരിക്കുന്നവർ താന്താങ്ങൾക്കുവേണ്ടിയും വാങ്ങിപ്പോയവർക്കു വേണ്ടിയും ദണ്ഡനവിമോചനം മാർപ്പാപ്പായിൽ നിന്നു പണം കൊടുത്ത് പ്രാപിക്കാമെന്നും പഠിപ്പിച്ചിരുന്നു. കൂടാതെ വാങ്ങിപ്പോയ വിശുദ്ധന്മാ രുടെ ഭൗതികാവശിഷ്ടങ്ങളുടെ പേരിൽ അനേകം അനാശാസ്യ പ്രവർ ത്തനങ്ങളും നടമാടിയിരുന്നു. ഇവയ്ക്കെതിരെ മാർട്ടിൻ ലൂഥറിനു പോരാടു വാൻ അന്നത്തെ സാഹചര്യത്തിൽ ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. തിരു വെഴുത്തിൽ (ബൈബിളിൽ) അനുശാസിക്കാത്ത വിശ്വാസങ്ങളും ആചാ രങ്ങളും 'വേദവിപരീതം' എന്നു മുദ്ര കുത്തുക. അക്കൂട്ടത്തിൽ എടുത്തെ റിയപ്പെട്ട പരിപാവനങ്ങളായ രണ്ട് ആചാരങ്ങളായിരുന്നു വാങ്ങിപ്പോയ വർക്കു വേണ്ടിയുള്ള പ്രാർത്ഥനയും, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയും. പിൽക്കാല നവീകരണ വക്താക്കൾക്കു പ്രത്യേകിച്ച്, ഇവ ഒട്ടും സ്വീകാര്യ മല്ലാത്ത ആചാരങ്ങൾ ആണെങ്കിലും മാർട്ടിൻ ലൂഥറിന്റെ എഴുത്തുകൾ പരിശോധിച്ചു നോക്കിയാൽ അനാചാരങ്ങൾ കടന്നുകൂടാത്ത മേല്പറഞ്ഞ ആചാരങ്ങൾ അദ്ദേഹത്തിനു വിരോധമില്ലാത്തവയായിരുന്നു എന്നു മനസ്സിലാക്കാം. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വിഷയങ്ങളി ലേക്കു കടക്കാം.

വാങ്ങിപ്പോയവരുടെ സ്ഥിതി

വാങ്ങിപ്പോകുന്ന വിശ്വാസികളുടെ സ്ഥിതിയെ സംബന്ധിച്ചുള്ള വ്യത്യ സ്ത അഭിപ്രായങ്ങളാണ് വിവാദവിഷയങ്ങളുടെ പ്രധാന കേന്ദ്രം. വാങ്ങി പ്പോകുന്നവർ ഒരു നിദ്രയിലേക്കോ, പൂർണ്ണമായ വിശ്രമത്തിലേക്കോ ആണു കടക്കുന്നതെന്നു ചിന്തിക്കുകയാണെങ്കിൽ അവസാനനാളിലെ ന്യായവിധിയുടെ ഏകമാനദണ്ഡം അവരെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിലെ ജീവിതം മാത്രമാണ്. അപ്പോൾ പിന്നെ അവർക്കു വേണ്ടി മറ്റുള്ളവർ എന്തിനാണു പ്രാർത്ഥിക്കുന്നത് എന്നു ചോദിച്ചേക്കാം. നവീക രണ ചിന്താഗതിയുടെ പ്രധാന ലക്ഷ്യം ഇങ്ങനെയായിരിക്കും. ഓർത്ത ഡോക്സുകാരും റോമൻ കത്തോലിക്കരും അല്പം വ്യത്യസ്തമായ രീതി യിലാണ് വാങ്ങിപ്പോയവരുടെ സ്ഥിതിയെ കാണുന്നത്. അതായത് വാങ്ങി പ്പോകുന്നവർ നിദ്രയിലേക്കോ പൂർണ്ണ വിശ്രമത്തിലേക്കോ അല്ല പോകു ന്നത്. പ്രത്യുത സ്ഥലകാല പരിമിതികളില്ലാത്ത ഒരു സ്ഥിതിവിശേഷ ത്തിൽ ഉണർവ്വോടെയുള്ള ജീവിതം തുടരുകയാണ്. പ്രസ്തുത 'സ്ഥിതി വിശേഷം' ആണ് സഭയുടെ അദൃശ്യമായ വശം. സഭ, ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ മാത്രം സമൂഹം അല്ല. അതിൽ ജീവനുള്ളവരും

വാങ്ങിപ്പോയവരുമായ വിശ്വാസികൾ അംഗങ്ങളാണ്. വേദപുസ്തക വെളിച്ചത്തിൽ ഇതിനെക്കുറിച്ച് ഇനിയും ചിന്തിക്കാം.

1. എഫേസ്യ 1:23, കൊലോസ്യ 1:18, 24, എഫേ. 4:4, കൊലോ. 3:15 എന്നീ ഭാഗങ്ങളിൻപ്രകാരം ക്രിസ്തുവിന്റെ ശരീരമാണ് സഭ. എഫേസ്യ 5:22-27-ൻ പ്രകാരം ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ; എഫേസ്യ 2:19-22; 1 കൊരി. 3:16-17; 6:19 എന്നീ ഭാഗങ്ങളിൻപ്രകാരം ദൈവത്തിന്റെ മന്ദിരമാണ് സഭ. ക്രിസ്തു പണിയുവാൻ വന്നതും (മത്താ. 1:18). ക്രിസ്തു ഒരുക്കുവാൻ പോയ അനേകം വാസസ്ഥലങ്ങളുള്ള പിതാവിന്റെ ഭവനവും (യോഹ. 14:2) ആണ് സഭ. അപ്പോൾ ക്രിസ്തുവുമായി അഭേദ്യബന്ധം പുലർത്തുന്ന സഭയും ക്രിസ്തുവിനോടൊപ്പം മരണത്തിനതീതമായി സ്ഥിതി ചെയ്യണം. ആ സഭയിലെ അംഗങ്ങളും അങ്ങനെയുള്ള അനുഭവം യാഥാർത്ഥ്യം ആക്കിയവരായിരിക്കണം. അതുകൊണ്ട് സഭയിൽ വാങ്ങിപ്പോയവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഉൾപ്പെടുന്നു.

2. എഫേസ്യ 2:20-22-ൽ "അപ്പോസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിൽ'' പണിയപ്പെടുന്ന ആലയമായി വി. സഭയെ കാണുന്നു. ഈ അപ്പോസ്തലന്മാരും പ്രവാചകന്മാരും വാങ്ങിപ്പോയല്ലോ. എന്നിട്ടും ആ അടിസ്ഥാനത്തിൽ പണിയപ്പെടുന്നു എന്നു പറയുന്ന സഭ വാങ്ങിപ്പോയവരും ഉൾപ്പെടുന്നതാണെന്നല്ലേ സൂചന?

3. വാങ്ങിപ്പോയവർ 'സാക്ഷികളുടെ വലിയ ഒരു സമൂഹ'മായി (എബ്രാ. 12:1) നമുക്ക് ചുറ്റും നിന്നുകൊണ്ട് സ്ഥലകാല പരിമിതികളില്ലാതെ ദൈവസമ്പർക്കം അനുഭവിക്കയാണ് (വെളിപാട് 7:13-17) എന്ന് വേദപുസ്തക സൂചന ലഭിക്കുന്നുണ്ട്. ആരാധനയിൽ പ്രത്യേകിച്ച് സഭ ഈ സമൂഹ സമ്പർക്കത്തെ അനുഭവിച്ചിരുന്നു. "സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിനും അടുക്കലത്രെ നിങ്ങൾ വന്നിരിക്കുന്നത്" (എബ്രാ. 12:22-24).

4. സഭാജീവിതം ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിലെ ജീവിതമാണ്. ഈ ജീവിതത്തിൽ നിന്നു നമ്മെ മരണത്തിനു വേർപെടുത്താൻ കഴിയുകയില്ല എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (റോമർ 8:38).

5. സഭാംഗമാകുക എന്നു പറഞ്ഞാൽ ഒരു ശരീരത്തിന്റെ അംഗമാകുകയാണ്; അതുകൊണ്ട് സഭാംഗങ്ങൾ പരസ്പരം ഭാരങ്ങളെ ചുമക്കുകയും കരുതുകയും വേണം എന്ന് പൗലൂസ് പറയുന്നു (റോമ 12:4, 5; 1

കൊരി. 12:12–26). വാങ്ങിപ്പോകുന്നവർ ഈ ശരീരസമ്പർക്കത്തിൽ നിന്ന് ഇതരരാകുന്നില്ല.

6. പൗലൂസ് ശ്ലീഹാ ഫിലിപ്പ്യലേഖനം 1:19 മുതൽ 26 വരെയുള്ള ഭാഗത്ത് ശരീരത്തോടെ ഇരിക്കുന്നതിനെയും വാങ്ങിപ്പോകുന്നതിനെയും തമ്മിൽ താരതമ്യം നടത്തുന്നുണ്ട്. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടു കൂടെ ഇരിക്കാനാണ് എന്നും അത് ഏറെ നല്ലതാണെന്നും 1:23–ൽ പ്രത്യേകിച്ചു പറയുന്നു. വാങ്ങിപ്പോകുന്നത് ക്രിസ്തുവിനോടുകൂടെയുള്ള കൂടുതൽ സജീവമായ ജീവിതത്തിലേക്കുള്ള പ്രവേശനമാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഇതേ ആശയം കൂടുതൽ വിശദമാക്കുകയാണ് 2 കൊരി. 5:8–ൽ. വാങ്ങിപ്പോയാലും ക്രിസ്തുവിനെ പ്രസാദിപ്പിക്കണം എന്ന ആഗ്രഹം, വാങ്ങിപ്പോകുമ്പോഴുള്ള സജീവമായ സ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

7. ലൂക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായത്തിൽ ധനവാന്റെയും ലാസറിന്റെയും ഉപമ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ ധനവാനും ലാസറും അബ്രഹാം പിതാവും തമ്മിലുള്ള ബന്ധം കർത്താവ് ചിത്രീകരിച്ചിരിക്കുന്നു. ഇതിൽ നിന്നു നമുക്കു ലഭിക്കുന്ന ഒരു സൂചന, വാങ്ങിപ്പോകുന്നവർക്ക് സജീവമായ ഒരവസ്ഥ ഉണ്ടെന്നും ജീവിച്ചിരിക്കുന്നവരെക്കുറിച്ച് അവർക്ക് സ്നേഹവും താല്പര്യവും ഉണ്ടെന്നുള്ളതുമാണ്. അവിശ്വാസിയായിരുന്ന ധനവാന് ഇതുണ്ടായിരുന്നുവെങ്കിൽ വിശ്വാസികളായ വാങ്ങിപ്പോകുന്നവർക്ക് എത്രയധികം ഉണ്ടാകാം.

8. യോഹ. 11:26–ൽ ഒരു വിശ്വാസിയെക്കുറിച്ച് കർത്താവു പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല." വിശ്വാസികളായ വാങ്ങിപ്പോകുന്നവരുടെ അവസ്ഥയിലേക്കും ഇത് വെളിച്ചം വീശുന്നുണ്ട്.

9. മാമോദീസാ (സ്നാനം) സ്വീകരിക്കുന്നവൻ ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയാണെന്നും പിന്നീടുള്ള ജീവിതം "ജീവന്റെ പുതുക്കത്തിൽ" (റോമ. 6:5) ആണെന്നും അത് നിത്യമായി ക്രിസ്തുവിലുള്ള ജീവിതം ആണെന്നും റോമാ ലേഖനത്തിൽ സൂചിപ്പിക്കുന്നു (റോമർ 6:8–11).

"നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല. മരണത്തിന് അവന്റെ മേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു. അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു. *അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി*

മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ."

10. ശരീരത്തിന്റെ വേർപാടിന് 'നിദ്ര' എന്ന പദം വേദപുസ്തകം ഉപയോഗിക്കുന്നത് സ്ഥലകാല പരിമിതികളിൽ നിന്ന് വിമുക്തമായ ജീവിതം എന്നയർത്ഥത്തിലാണ്. പൗലൂസ് ശ്ലീഹാ "നിദ്ര കൊള്ളുന്നവരെക്കുറിച്ച്" (1 തെസ്സ. 4:13) എന്നു പറയുന്നത് ഈ അർത്ഥത്തിലാണ്. "....... നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവിക്കേണ്ടതിനു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രെ നിയമിച്ചിരിക്കുന്നത്" (1 തെസ്സ. 5-10). ഈ പരാമർശത്തിലും 'ഉറക്കം' ശൂന്യമായ ഒരവസ്ഥയായി കാണുന്നില്ല. കൂടാതെ 'നിദ്ര' എന്ന പ്രതിഭാസം തന്നെയെടുത്താലും സമ്പൂർണ്ണമായും നിശ്ചലമായ ഒരു അവസ്ഥയല്ലല്ലോ അത്. നിദ്രയിൽ പലപ്പോഴും സ്വപ്ന ലോകത്തിലെ സജീവമായ ജീവിതത്തിൽ നാം പങ്കുകാരാവുന്നുണ്ട്. അതു പോലെ നിദ്രയിലും ശരീരത്തിന്റെ അടിസ്ഥാനപരമായ കർമ്മങ്ങൾ തുടരുന്നുണ്ട്. ഈ വിധത്തിൽ നോക്കിയാലും 'നിദ്ര' സമ്പൂർണ്ണമായ ഒരു മൗനതയായിട്ട് പൗലൂസ് ശ്ലീഹാ ഉദ്ദേശിക്കുന്നില്ല. ഗോതമ്പുമണി ചാവുന്നതിനോടും 'നിദ്രയെ' ഉപമിക്കുന്നു (1 കൊരി. 15:36, 37). ഗോതമ്പു മണി ചാവുന്നു എന്നു പറയുന്നത് മണ്ണിനടിയിലെ സജീവമായ ഒരു രൂപാന്തര പ്രക്രിയയെ ഉദ്ദേശിച്ചാണ്. ഇതിനോട് വിശ്വാസിയുടെ മരണത്തെ ഉപമിക്കുന്നത്, നിദ്രയെ നിർജ്ജീവാവസ്ഥയായി കണ്ടുകൊണ്ടല്ല.

11. 1 പത്രോസ് 4:6-ൽ, കർത്താവ് മരിച്ചവരോട് സുവിശേഷം അറിയിച്ചതിനെക്കുറിച്ചും 1 പത്രോസ് 3:19-ൽ തടവിലുള്ള ആത്മാക്കളോടു താൻ പ്രസംഗിച്ചതിനെക്കുറിച്ചും പറയുന്നു. ഇതിന്റെ രണ്ടിന്റെയും സൂചന, വാങ്ങിപ്പോകുന്നവർക്ക് സജീവമായതും ഉത്തരവാദിത്വത്തോടെയുള്ള പ്രതികരണം ഉദ്ദേശിക്കുന്നതുമായ ഒരു സ്ഥിതിവിശേഷം ഉണ്ടെന്നുള്ളതുമാണല്ലോ.

12. ലൂക്കോ. 23:43-ൽ, അനുതപിച്ച കള്ളനോട് കർത്താവ് പറയുന്നു: "നീ ഇന്ന് എന്നോടുകൂടി പറുദീസായിൽ ഇരിക്കും" എന്ന്. കർത്താവിനോടു കൂടിയുള്ള സജീവമായ ഒരു അവസ്ഥയിലേക്കുള്ള വാഗ്ദാനം ആയിരുന്നു ഇത് എന്നു വ്യക്തമാണ്.

13. മറുരൂപമലയിൽ വച്ച് മോശയും ഏലിയാവും കർത്താവിനോട് സംഭാഷിച്ചതായി പറയുന്നു (മത്താ. 17:3). വാങ്ങിപ്പോയ മോശയും ഏലിയാവും കർത്താവിന്റെ മനുഷ്യാവതാര ദൗത്യവുമായി എത്രമാത്രം ബന്ധപ്പെട്ടിരുന്നു എന്നും അവർക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ബന്ധപ്പെ

ടാൻ സാധിക്കുന്ന ഒരവസ്ഥയുണ്ടായിരുന്നു എന്നും ഇത് സ്പഷ്ടമാക്കുന്നു.

14. "മരിച്ചവരും മൗനതയിലിരിക്കുന്നവരും യഹോവയെ സ്തുതിക്കുന്നില്ല" എന്ന് സങ്കീർത്തനം 115:17-ൽ പറയുന്നു. വാങ്ങിപ്പോയവരുടെ സ്ഥിതി മൗനതയാണെന്ന് ഇതു സൂചിപ്പിക്കുന്നുവെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ ഇതു വാങ്ങിപ്പോകുന്നവരുടെ സ്ഥിതിയെക്കുറിച്ചല്ല. ജാതികളും വിഗ്രഹാരാധികളും ജീവിച്ചിരിക്കുമ്പോൾത്തന്നെ മരിച്ചിരിക്കുന്നുവെന്നുള്ള ഒരു സൂചനയാണെന്നും പ്രസ്തുത സങ്കീർത്തനം മുഴുവൻ വായിച്ചാൽ മനസ്സിലാകും. അടുത്ത വാക്യം കൂടുതൽ ശ്രദ്ധേയമാണ്: "നാമോ ഇന്നുമുതൽ എന്നേക്കും യഹോവയെ വാഴ്ത്തും" (സങ്കീ. 115:18) എന്നു പറയുന്നു. ജാതികളുമായി സങ്കീർത്തനക്കാരൻ തന്നോടു കൂടെയുള്ളവരെ താരതമ്യപ്പെടുത്തിക്കൊണ്ട് അവർ *എല്ലായ്പ്പോഴും* (വാങ്ങിപ്പോയാലും) ദൈവത്തെ സ്തുതിക്കും എന്ന സൂചനയാണു നല്കുന്നത്.

മേല്പറഞ്ഞ സംഗതികളുടെ അടിസ്ഥാനത്തിൽ ന്യായമായി ഊഹിക്കാവുന്നത്, വാങ്ങിപ്പോകുന്ന വിശ്വാസികൾ സഭയിൽത്തന്നെ സജീവമായ ഒരു അവസ്ഥയിലാണെന്നാണ്. അങ്ങനെയെങ്കിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും വാങ്ങിപ്പോയ വിശുദ്ധന്മാരുടെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുവാനും എന്തു ന്യായമാണുള്ളത് എന്നു ചിന്തിക്കാം.

വാങ്ങിപ്പോയവർ

1. വാങ്ങിപ്പോയവർ സഭയിൽത്തന്നെ, സഭയുടെ അംഗങ്ങളായി തുടരുന്നു എന്നു നാം കണ്ടുകഴിഞ്ഞു. സഭയുടെ അംഗങ്ങളുടെ പ്രധാന ഉത്തരവാദിത്വം പരസ്പരം പ്രാർത്ഥിക്കുകയാണ് എന്നു വേദപുസ്തകം പറയുന്നു. പൗലൂസിന്റെ ലേഖനങ്ങളിൽ ഇതിനു ധാരാളം തെളിവുകൾ ഉണ്ട്. അപ്പോൾ സഭാംഗങ്ങൾ എന്ന നിലയിൽ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമല്ലേ?

2. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നു കർത്താവോ പുതിയനിയമമോ പറയുന്നില്ല എന്ന് ചിലർ വാദിച്ചേക്കാം. പുതിയനിയമത്തിൽ ഒരു കല്പനയായിട്ടു നല്കുന്നില്ല എന്നതു മാത്രം അതിനെ നിഷേധിക്കുവാൻ മതിയായ കാരണമല്ല. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കരുത് എന്നു നേരേമറിച്ച് ഒരു കല്പന, പുതിയനിയമം നല്കാത്തിടത്തോളം വിശദമായ പഠനം നടത്തി വേദപുസ്തകപരമായ അടിസ്ഥാനം നിർണ്ണയിക്കേണ്ടതാണ്.

3. വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു മൂലം അവർക്ക്

എന്തു പ്രയോജനമാണുണ്ടാകുന്നതെന്നു ചോദിച്ചേക്കാം. വിശ്വാസികൾ എല്ലാവരും പുനരുത്ഥാനത്തിന്റെ നാളുവരെയും വളർച്ചയുടെയും ശുദ്ധീ കരണത്തിന്റെയും അവസ്ഥയിലാണ് (ഫിലി. 1:4; 1 കൊരി. 1:8; 1 തെസ്സ. 5:23). അപ്പോൾ പരസ്പരം പ്രാർത്ഥിക്കുന്നതുമൂലം ഈ വളർച്ചയെയും ശുദ്ധീകരണത്തെയും അതു സഹായിക്കും. കൂടാതെ മരിച്ചവരോടു സുവിശേഷം അറിയിച്ചതുതന്നെ അവർക്ക് ആ അവസ്ഥയിൽ സ്വയം തിരുത്തുവാനും കൃപ ലഭിക്കുവാനും യോഗ്യതയും സാദ്ധ്യതയും ഉള്ളതു കൊണ്ടാണല്ലോ. അപ്പോൾ അതേ ലക്ഷ്യം വച്ചുകൊണ്ട് അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും ന്യായയുക്തമാണല്ലോ.

4. കർത്താവിന്റെ കാലത്തും, അതിനുമുമ്പും യഹൂദന്മാരുടെ ഇടയിൽ ഭാഗ്യ സ്മരണാർഹരായ വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി തെളിവുണ്ട്. രൂത്ത് 2:20-ൽ യഹോവ ജീവനുള്ളവരോടും മരിച്ചവരോടും ദയയുള്ളവനാണ് എന്നു പറയുന്നു. 1 ശമുവേൽ 28-ൽ വാങ്ങിപ്പോയ ശമുവേലിന്റെ പ്രത്യേകം സഹായം ശൗൽ തേടുന്നു. പ്രത്യേകിച്ച് 19-ാം വാക്യത്തിൽ “നാളെ നീയും നിന്റെ പുത്രന്മാരും എന്നോടുകൂടെ ആകും” എന്നു പറയുന്നതിൽ നിന്ന് മരണാനന്തര അവസ്ഥയിലേക്കുള്ള ഒരു സൂചന ലഭിക്കുന്നു. ആവർത്ത. 26:14-ഉം ഈ സംഗതിയിലേക്കു വെളിച്ചം വീശുന്നതാണ്. അതിന്റെ വളർച്ചയാണ്, ആളുകൾ മരിക്കുമ്പോൾ നടത്തി യിരുന്ന ദുഃഖാചരണവും അനുസ്മരണയും. മോശ മരിച്ചപ്പോഴും (ആവ ർത്ത. 34:8) അഹരോൻ മരിച്ചപ്പോഴും (സംഖ്യ 20:29) നടത്തിയത് ഇതിനു മുമ്പിലുള്ള ഉദാഹരണമാണ്. യഹൂദ മഹാപുരോഹിതന്മാർ മാർവിട ത്തിൽ അണിഞ്ഞിരുന്ന പതക്കം ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങ ളെയും ഗോത്രപിതാക്കന്മാരെയും ദൈവസന്നിധിയിൽ അനുസ്മരിക്കുന്ന തിന്റെ സൂചനയും ആയിരുന്നു (പുറ. 28:21). മക്കാബിയരുടെ പുസ്തക ത്തിൽ വാങ്ങിപ്പോയവരെ അനുസ്മരിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥന നടത്തിയതിനു വ്യക്തമായ തെളിവുണ്ട് (2 മക്കാബി. 12:45; 5:15). ഇതിനു സമാന്തരമായ സൂചനകൾ എക്ലേസിയാസ്തിക്കസ് 46:2-ലും, ബാരൂക്ക് 3:4-ലും ഇനോക്ക് 103:4-ലും കാണാം. ഇതിൽ ബാരൂക്കിന്റെ പ്രാർത്ഥന പ്രത്യേകം ശ്രദ്ധി ക്കപ്പെടേണ്ടതാണ്.

5. എഫേ. 6:18-ലും 1 തിമോത്തി. 2:1-ലും സകല മനുഷ്യർക്കും വിശു ദ്ധന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടയാവശ്യകത പൗലൂസ് സൂചിപ്പി ക്കുന്നു. ഈ *സകലരിലും* നിന്നു വാങ്ങിപ്പോയവരെ ഒഴിവാക്കിയെന്നു പറയാമോ?

6. 2 തിമോത്തി. 1:6-18, ഒനേസിഫോറസിന്റെ പേരിലുള്ള ഒരു അനുസ്മ രണയാണ്. ഒനേസിഫോറസ് വാങ്ങിപ്പോയപ്പോൾ വി. പൗലൂസ് അവന്റെ

കുടുംബത്തിനു നൽകുന്ന ആശ്വാസവചനവും അവനു വേണ്ടിയുള്ള ഒരു പ്രാർത്ഥനാ വചനവുമായിട്ടാണ് ഇതിനെ മനസ്സിലാക്കേണ്ടത്. "ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവനു സംഗതി വരുത്തട്ടെ" എന്നത് *വാങ്ങിപ്പോയവന്* അവസാന ദിവസം കരുണ ലഭിക്കുവാനുള്ള ഒരു പ്രാർത്ഥനയാണ്.

7. ആദിമ നൂറ്റാണ്ടുകളിൽ വാങ്ങിപ്പോയ ക്രിസ്ത്യാനികളുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കിയിരുന്ന സ്ഥലങ്ങളിൽ നിന്ന് കണ്ടുകിട്ടിയിരിക്കുന്ന തെളിവുകൾ വാങ്ങിപ്പോയവർക്കുവേണ്ടി ആദിമസഭയിൽ പ്രാർത്ഥന നടത്തിയിരുന്നു എന്നു വ്യക്തമാക്കുന്നവയാണ്. പ്രത്യേകിച്ച് ശവകുടീരങ്ങളിൽ എഴുതിയിരുന്ന മേലെഴുത്തുകൾ പലതും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളായിരുന്നു.

8. വാങ്ങിപ്പോയവർക്കുവേണ്ടി സ്നാനം സ്വീകരിച്ചിരുന്നതിനെ സംബന്ധിച്ച് നാം കാണുന്ന തെളിവും (1 കൊരി. 15:20) മേല്പറഞ്ഞതിനെ സാധൂകരിക്കുന്നതാണ്.

9. ആദ്യകാലഘട്ടത്തിൽ, സഭയ്ക്ക് സുധീരനേതൃത്വം കൊടുത്ത പല സഭാനേതാക്കന്മാരും മരിച്ചപ്പോൾ (വാങ്ങിപ്പോയപ്പോൾ) അവരെക്കുറിച്ചു നടത്തിയ ചരമപ്രസംഗങ്ങൾ (Funeral Orations) പലതും നമുക്ക് ഇന്നു ലഭിച്ചിട്ടുണ്ട്. അവയുടെ സൂചനയും വാങ്ങിപ്പോയവർക്കുവേണ്ടി സഭയിൽ പ്രാർത്ഥന നടത്തിയിരുന്നു എന്നതു തന്നെയാണ്.

10. വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ച് നിഷ്പക്ഷമായ പഠനം നടത്തിയ ഒരു പണ്ഡിതന്റെ നിഗമനം താഴെ ചേർക്കുന്നു:

"From at least the second century A.D., the monumental inscriptions in the Catacombs, the great Fathers of the Church and the earliest surviving Liturgies of all parts of the Church agree with one voice in sanctioning and teaching the duty of intercession on the part of the living for the departed. Even the earliest allusions to this practice speak of it as an undisputed matter." (S.C. Gayford, *The Future State*, Rivingtons, London, 1903, p. 57).

(ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടു മുതലെങ്കിലും കാറ്റക്കോമ്പുകളിലെ ലിഖിതങ്ങളും സഭയുടെ മഹാന്മാരായ പിതാക്കന്മാരും സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്ന് അവശേഷിക്കുന്ന ആരാധനക്രമങ്ങളും ഒക്കെ ഏകശബ്ദത്തിൽ സമ്മതിച്ചുകൊണ്ട് അനുവദിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതാണ് ജീവിച്ചിരിക്കുന്നവർ വാങ്ങിപ്പോയവർക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കാനുള്ള കർത്തവ്യം. ഏറ്റവും പുരാതന തെളിവുകൾ പോലും ഇത് ഒരു വിവാദരഹിതമായ സംഗതിയാണെന്നു പറയുന്നു).

ഇനിയും വാങ്ങിപ്പോയ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രപിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാം.

1. വാങ്ങിപ്പോയ വിശ്വാസികൾ സജീവാവസ്ഥയിലാണെന്നും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ന്യായയുക്തമാണെന്നും ചിന്തിക്കുന്നുവെങ്കിൽ വാങ്ങിപ്പോയവർ ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കും എന്നുള്ളത് സ്വാഭാവികമാണല്ലോ. അപ്പോൾ വാങ്ങിപ്പോയ വിശുദ്ധരായ ആളുകൾ കൂടുതൽ പ്രാർത്ഥിക്കുമെന്നും അവരുടെ പ്രാർത്ഥനയ്ക്കു പ്രത്യേക പ്രാധാന്യമുണ്ടെന്നും ചിന്തിക്കുന്നതു ന്യായമാണല്ലോ.

2. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടു പറയുന്നു: "നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നെ" (യോഹ. 15:16). പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരായ ശിഷ്യന്മാർ അപേക്ഷിക്കുന്നതു ലഭിക്കും എന്ന് കർത്താവു പറയുന്നതിൽ നിന്ന് അവരുടെ പ്രാർത്ഥനയുടെ പ്രത്യേക പ്രാധാന്യം വ്യക്തമാണല്ലോ (യോഹ. 14:13-ഉം കാണുക). ക്രിസ്തുവിനോട് അടുത്തു ജീവിച്ച എല്ലാവർക്കും പ്രത്യേകിച്ച് അപ്പോസ്തോലിക പിന്തുടർച്ച ഉണ്ടായിരുന്നവർക്കും ഇതേ പ്രാധാന്യം ഉണ്ടെന്നു വിശ്വസിക്കുന്നത് തെറ്റാണോ?

3. യേശുക്രിസ്തു മാത്രമേ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായിട്ടുള്ളു (1 തിമോ. 2:5) എന്നത് നിസ്തർക്കമായ വസ്തുതയാണ്. എന്നാൽ ഈ യേശുക്രിസ്തുവും മനുഷ്യരുമായുള്ള ബന്ധത്തിൽ അപ്പോസ്തോലന്മാരും വിശുദ്ധന്മാരും മദ്ധ്യസ്ഥരാകുന്നത് ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയ്ക്ക് ഒരു കളങ്കവും വരുത്തുന്നില്ല. അതു വേദവിപരീതമാണെങ്കിൽ ജീവിച്ചിരിക്കുന്നവർ പരസ്പരം പ്രാർത്ഥിക്കുന്നതും വേദവിപരീതമാണ്. കാരണം, ഇവിടെയും ഒരു 'മദ്ധ്യസ്ഥത' ഉണ്ടാകുന്നുണ്ടല്ലോ.

4. ഏറ്റവും വിശുദ്ധന്മാരായി ജീവിക്കുന്നവരെയും അങ്ങനെ വാങ്ങിപ്പോയവരെയും ബഹുമാനിക്കുന്ന പതിവ് ആദിമസഭയിൽ ഉണ്ടായിരുന്നു. ഇതിന്റെ പ്രാഥമിക തെളിവ് എബ്രാ. 13:7-ൽ കാണാം.

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ." "യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു" (സങ്കീർത്തനം 34:15).

വി. കുർബാന

കൂദാശകളുടെ മകുടമായ വി. കുർബാനയെപ്പറ്റി ഏതാനും കാര്യങ്ങൾ മാത്രം കുറിക്കുന്നതും മനസ്സിലാക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു.

വിശുദ്ധ കുർബ്ബാന, ദൈവസ്നേഹത്തെ നാം രുചിച്ചറിയുന്ന അത്യുന്നത കൂദാശയാണ്. സ്വർഗ്ഗീയ പിതാവിൽനിന്നും ദൈവമക്കൾ "അനുഗ്രഹങ്ങൾ" പ്രാപിക്കുന്നതും, ദൈവത്തോടും പരസ്പരവും "സമാധാനം" അഥവാ അനുരഞ്ജനം അനുഭവിക്കുന്നതും, ദൈവപൈതലിന്റെ "ബലിയിൽ" പങ്കുചേരുന്നതും, ദൈവകൃപകൾക്കായി "സ്തോത്രം" അർപ്പിക്കുന്നതുമായ അവസരമാണത് ("അനുഗ്രഹങ്ങളും, സമാധാനവും, ബലിയും, സ്തോത്രവും"). അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് വി. കുർബ്ബാനയെ വിശേഷിപ്പിച്ചിട്ടുള്ളത് "അമർത്യതയുടെ ഔഷധം" എന്നാണ്. എല്ലാ കൂദാശകളും പൂർത്തീകരിക്കപ്പെടുന്നത് വി. കുർബ്ബാനയിലാണ്.

പദങ്ങൾ

"കുർബ്ബാന" എന്ന സുറിയാനി പദത്തിന്, അർപ്പണം, യാഗം, 'കാഴ്ച', 'ബലി' എന്നൊക്കെയാണ് അർത്ഥം. അതായത് ദൈവം സ്വന്തം ജീവനെ നമുക്കായി അർപ്പിച്ചതിനെ നാം സ്വീകരിച്ചുകൊണ്ട്, നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനായി അർപ്പിക്കുന്ന സന്ദർഭമാണ് വി. കുർബ്ബാന. "യഹ്ക്കാറസ്തിയ" (ഇംഗ്ലീഷിൽ യൂക്കറിസ്റ്റ്) എന്ന ഗ്രീക്കു പദവും വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കാറുണ്ട്. ആ പദത്തിന്റെ അർത്ഥം, സ്തോത്രം, അഥവാ കൃതജ്ഞതയുടെ അർപ്പണം എന്നാണ്. "മിസ്സാ" (ഇംഗ്ലീഷിൽ "മാസ്സ്") എന്ന ലത്തീൻ പദവും വി. കുർബ്ബാനയ്ക്ക് പാശ്ചാത്യ പാരമ്പര്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ പ്രധാന ഭാഗങ്ങൾ

1. ഒരുക്ക ശ്രുശ്രൂഷ (തൂയോബോ). 2. പരസ്യ ശുശ്രൂഷ.

(എ) ഒന്നാം ഭാഗം: വചന ശുശ്രൂഷ. (ബി) രണ്ടാം ഭാഗം: തിരുശരീര രക്ത ശുശ്രൂഷ. ഒന്നാം അദ്ധ്യായം: സമാധാനത്തിന്റെ ശുശ്രൂഷ. രണ്ടാം അദ്ധ്യായം: വി. കുർബ്ബാനസ്ഥാപന ശുശ്രൂഷ. മൂന്നാം അദ്ധ്യായം: മധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ), ഖണ്ഡിപ്പ്, ലുത്തിനിയ. നാലാം അദ്ധ്യായം: കർത്തൃപ്രാർത്ഥന, ധൂപപ്രാർത്ഥന, വി. കുർബ്ബാനാനുഭവം.

അഞ്ചാം അദ്ധ്യായം: കൃതജ്ഞതാ ശുശ്രൂഷ, ആശീർവാദം.

വേദപുസ്തകം

വേദപുസ്തകം സ്നേഹമാകുന്ന ദൈവത്തിന്റെ വചനമാണ്. അതു വിശ്വാസികളുടെ നല്ല നടപ്പിനും രക്ഷയ്ക്കും ആവശ്യമായ നിത്യജീവ വചനങ്ങളാണ്. അത് എന്നും വായിക്കണം, പഠിക്കണം ധ്യാനിക്കണം. അതിലെ സത്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കണം.

എന്നാൽ സഭ വേദപുസ്തകത്തിൽ അടിസ്ഥാനപ്പെടുത്തി രൂപവൽക്കരിച്ചിട്ടുള്ളതല്ല. സഭയ്ക്കുവേണ്ടിയാണു വേദപുസ്തകം രചിച്ചത്. വി. പൗലൂസിന്റെയും മറ്റും ലേഖനങ്ങൾ വേദപുസ്തകം ക്രോഡീകരിക്കുന്നതിനു മുമ്പാണല്ലോ സഭയ്ക്കു നൽകിയത്. ഒന്നാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശകങ്ങളിൽ സഭ ലോകത്തിന്റെ അന്നറിയപ്പെട്ട സ്ഥലങ്ങളിൽ രൂപംകൊണ്ടു. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ വേദപുസ്തകം രൂപംകൊണ്ടു. വേദപുസ്തകത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള ഒരു ഖണ്ഡിക അർത്ഥം ചോരാതിരിക്കാൻ ഇംഗ്ലീഷിൽ ചുവടെ ചേർക്കുന്നു.

"THE BIBLE contains the mind of God, the state of man, the way of salvation, the doom of sinners, and the happiness of believers. Its doctrines are holy, its precepts are binding, its histories are true, and its decisions are immutable. Read it to be wise, believe it to be safe, and practice it to be holy. It contains light to direct you, food to support you, and comfort to cheer you.

It is the traveler's map, the pilgrim's staff, the pilot's compass, the soldier's sword, and the Christian's charter. Here Paradise is restored. Heaven opened, and the gates of hell disclosed.

CHRIST is its grand subject, our good the design, and the glory of God its end.

It should fill the memory, rule the heart, and guide the feet. Read it slowly, frequently, and prayerfully. It is a mine of wealth, a paradise of glory, and a river of pleasure. It is given you in life, will be opened at the judgment, and be remembered forever. It involves the highest responsibility, will reward the greatest labor, and will condemn all who trifle with its sacred contents."

വൈദികസെമിനാരിയുടെയും ഇംഗ്ലീഷ് പഠനത്തിന്റെയും പ്രാരംഭം

പ. മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52–ൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ വ്യവസ്ഥാപിതമായ വളർച്ച കൈവരിച്ചത് വിവിധ ഘട്ടങ്ങളിലായിരുന്നുവെന്നതാണ് സത്യം. പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ഏറെ അഭിമുഖീകരിക്കേണ്ടി വന്നുവെങ്കിലും പല നിർണ്ണായകഘട്ടങ്ങളിലും ദൈവാത്മാവിന്റെ നടത്തിപ്പും കൃപയും ധാരാളമായി അനുഭവിക്കുവാൻ സാദ്ധ്യമായി എന്നതു തന്നെ ആർക്കും നിഷേധിക്കാനാവാത്തതായ സത്യം. ലോകത്തിൽ ഭാരതസഭ പ. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമാകണമെന്ന യേശുതമ്പുരാന്റെ പ്രത്യേക വാത്സല്യവും കരുതലും ഉണ്ടായിരുന്നതുപോലെ തന്നെ മലങ്കരസഭയുടെ ആവശ്യങ്ങളെ കണക്കിലെടുത്ത് അവശ്യ സന്ദർഭങ്ങളിൽ ദൈവഹിതം നിറവേറ്റുവാൻ ഓരോരുത്തരെ ദൈവം തിരഞ്ഞെടുത്ത് ശക്തിപ്പെടുത്തിയതിന്റെ ചരിത്രമാണ് മലങ്കരസഭയ്ക്ക് അവകാശപ്പെടാനുള്ളത്. 1813–ലെ പഠിത്തവീട് സ്ഥാപനത്തിൽ കലാശിച്ച ഒരു വലിയ സംഭവം ആധുനിക സഭാചരിത്രത്തിൽ സംഭവിച്ചതു മേല്പറഞ്ഞ സത്യത്തിന്റെ ജീവനുള്ള തെളിവുമാണ്. 1808–ൽ കണ്ടനാട് പള്ളിയിൽ ചേർന്ന പള്ളിപ്രതിപുരുഷയോഗ നിശ്ചയങ്ങളാണല്ലോ കണ്ടനാട് പടിയോല എന്ന പേരിൽ പ്രഖ്യാതമായിരിക്കുന്നത്. അതിലെ ഒരു നിശ്ചയം ഇപ്രകാരമാണ്. "തെക്കും വടക്കും ഓരോ പഠിത്തവീട്ടിൽ ഓരോരോ മല്പാന്മാർ താമസിച്ച് പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും, പള്ളിയിൽ നിന്ന് വരിയിട്ടെടുത്ത് അവർക്കു വേണ്ടതു ആണ്ടുതോറും കൊടുക്കുകയും പട്ടക്കാർ പള്ളിക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴുകി കുറവ് തീർത്ത് മല്പാന്മാരുടെ എഴുത്ത് യജമാനസ്ഥാനത്ത് കൊണ്ടുവന്ന് കൊടുത്ത് കൂദാശപ്രവർത്തികൾക്കുള്ള അനുവാദം വാങ്ങിച്ച് കൊള്ളുകയും വേണം." മലങ്കരയിലെ എട്ടാം മാർത്തോമ്മായുടെ കാലത്തായിരുന്നു കണ്ടനാട് പടിയോല രൂപപ്പെട്ടത്. കണ്ടനാട് സമ്മേളനത്തിന്റെ മറ്റൊരു നിശ്ചയമായിരുന്നു കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് (ജോസഫ്) റമ്പാനെയും കായംകുളം ഫീലിപ്പോസ് റമ്പാനെയും 8–ാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഉപദേശകരായി നിയമിച്ചുകൊണ്ടുള്ളത്. വന്ദ്യ ഔസേപ്പ് റമ്പാന് ഗുരുകുല വൈദിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് ചുങ്കം ഭാഗത്ത് ആറ്ററികിലുള്ള 16 ഏക്കർ സ്ഥലം സൗജന്യമായി അനുവദിച്ചുകൊണ്ടുള്ള തിരുവിതാംകൂർ സർക്കാർ ഉത്തരവും താമസംവിനാ കേണൽ മൺറോയുടെ സഹായത്താൽ ലഭിച്ചു. ഒരു പഠിത്തവീട് ആരംഭിക്കുവാനുള്ള ആശയവുമായി ഏതാനും നാളുകൾക്കുശേഷം

വന്ദ്യ ജോസഫ് റമ്പാച്ചൻ കോട്ടയത്തേക്ക് പ്രയാണം ചെയ്തു. അന്നു കുന്നംകുളം പ്രദേശത്ത് ജാതിമത ഭേദമെന്യെ സർവ്വരാലും ആദരിക്കപ്പെടുകയും, അംഗീകരിക്കപ്പെടുകയും ചെയ്തിരുന്ന ഉത്തമവിശ്വാസിയും, ശക്തനായ സംഘാടകനും സമുന്നതനായ നേതാവുമായിരുന്ന പുലിക്കോട്ടിൽ ജോസഫ് അഥവാ യൗസേഫ് റമ്പാച്ചനെപ്പറ്റി തിരുവിതാംകൂർ പ്രദേശത്ത് അറിവ് ഒട്ടും തന്നെയില്ലാതിരുന്നുവെന്നതാണ് സത്യം. വന്ദ്യ റമ്പാച്ചനും വ്യക്തിപരമായി തിരുവിതാംകൂർ പ്രദേശത്ത് സ്വാധീനമോ സുഹൃത് ബന്ധങ്ങൾ പോലുമോ ഇല്ലാതിരുന്ന ഒരു കാലം. നാലുകെട്ട് എന്ന് അറിയപ്പെടുന്ന പഴയസെമിനാരിയിലെ പ്രഥമ കെട്ടിടം രൂപകല്പന ചെയ്തതും വന്ദ്യ റമ്പാച്ചൻ തന്നെയായിരുന്നു. സെമിനാരി കെട്ടിടം അഥവാ പഠിത്തവീട് യാഥാർത്ഥ്യമാക്കുവാൻ വന്ദ്യ റമ്പാച്ചൻ വളരെയേറെ ക്ലേശിക്കേണ്ടി വന്നു. വട്ടിപ്പണത്തിന്റെ നാല് വർഷത്തെ പലിശ ഉൾപ്പെടെ സ്വരൂപിക്കുവാൻ കഴിഞ്ഞ ചെറിയ സംഖ്യ കൊണ്ടാണ് പണി പൂർത്തിയാക്കിയതും. ഏതാനും ശെമ്മാശന്മാരെ വിദ്യാർത്ഥികളായി പ്രവേശിപ്പിച്ച് വൈദിക വിദ്യാഭ്യാസത്തിന് നാന്ദികുറിയ്ക്കുവാൻ വന്ദ്യ റമ്പാച്ചനായി എന്നത് ചരിത്രനിയോഗം. വൈദികവിദ്യാർത്ഥികളെ സുറിയാനിയും മറ്റ് മതകാര്യങ്ങളും അഭ്യസിപ്പിക്കാൻ മാത്രമെ സഭ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിലും സ്ഥാപകൻ സെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും ആരംഭിച്ചു. സെമിനാരി സ്ഥാപിതമായപ്പോൾ വന്ദ്യ ഇട്ടൂപ്പ് റമ്പാൻ തന്നെ പ്രധാനാദ്ധ്യാപകനായി. വട്ടിപ്പണത്തിന്റെ നാലു വർഷത്തെ പലിശ കൈപ്പറ്റാൻ വന്ദ്യ റമ്പാച്ചനെ സഹായിച്ചത് കേണൽ മൺറോ ആയിരുന്നു. ഒരു മെത്രാപ്പോലീത്തായ്ക്ക് പകരമായി ഒരു റമ്പാൻ വട്ടിപ്പണപലിശ കൈപ്പറ്റിയെന്നത് സാങ്കേതികപ്രശ്നമായി. ജീവിതകാലം മുഴുവൻ ഒരു റമ്പാനായി കഴിയാൻ മാത്രം ആഗ്രഹിച്ചിരുന്ന വന്ദ്യ യൗസേഫ് റമ്പാനെ ഗവൺമെന്റിലെ ഉന്നതസ്ഥാനികളും ചില സമുദായ പ്രമുഖരും നിർബന്ധിച്ചതിന്റെ ഫലമായാണ് അദ്ദേഹം മേല്പട്ടസ്ഥാനം സ്വീകരിക്കുവാൻ തയ്യാറായത്. വന്ദ്യ റമ്പാച്ചനെ നിർബന്ധിച്ചതിൽ കേണൽ മൺറോയും ഉൾപ്പെടുന്നു. മേല്പട്ടസ്ഥാനം സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ മേൽ നിർബന്ധം കൂടിയപ്പോൾ ഒരു രാത്രി മുഴുവൻ കതകടച്ചിരുന്ന് മുട്ടിപ്പായി പ്രാർത്ഥിച്ച് ദൈവഹിതം എന്തെന്ന് ഉറപ്പാക്കിയതിനു ശേഷം ആയതിന് വഴങ്ങുകയുണ്ടായി. തത്ഫലമായാണ് പുലിക്കോട്ടിൽ യൗസേഫ് റമ്പാൻ അഥവാ ജോസഫ് റമ്പാൻ എന്നറിയപ്പെട്ടിരുന്ന പുണ്യപിതാവ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഒന്നാമൻ എന്ന് അറിയപ്പെടുവൻ തക്കവണ്ണം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്. സ്വഭാവത്തിൽ അതിവിനയവാനും, അറിവിന്റെ കാര്യത്തിൽ മഹാപണ്ഡിതനും മഹാജ്ഞാനിയുമായിരുന്നു അദ്ദേഹം. 1815 മാർച്ച് 27-ന് അത്രേ മെത്രാപ്പോലീത്തായായി അഭിഷിക്തനായത്. തിരുവിതാംകൂർ

ഗവൺമെന്റും അതേതുടർന്ന് കൊച്ചി ഗവൺമെന്റും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിച്ച് വിളംബരം നടത്തി. സുറിയാനി ക്രിസ്ത്യാനികൾ എല്ലാവരും അദ്ദേഹത്തെ മെത്രാപ്പോലീത്തായും സഭാ മേലദ്ധ്യക്ഷനുമായി അംഗീകരിച്ച് ആദരിക്കണമെന്നും വിളംബരങ്ങൾ കർശനമായി താക്കീത് ചെയ്തിരുന്നു.

മെത്രാപ്പോലീത്താ സ്ഥാനസ്വീകരണം കഴിഞ്ഞ് അധികം വൈകാതെ തന്നെ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുമായുള്ള സമ്പർക്കവും സഹവാസവും ഭാവിയിൽ വലിയൊരു വിനയായി ഭവിക്കുമെന്ന ദർശനം അദ്ദേഹത്തിന് ലഭിച്ചു. കേണൽ മൺറോ, നോർട്ടൻ സായ്പ് എന്ന മിഷനറിയെ സെമിനാരിയിൽ താമസിപ്പിച്ച് സുറിയാനിക്കാരുടെയിടയിൽ സുവിശേഷവേല എന്ന വ്യാജേന അജമോഷണം ലക്ഷ്യമാക്കി പ്രവർത്തിപ്പിക്കുവാൻ ചിന്തിച്ചപ്പോൾ തന്നെ പ. പിതാവ് തന്റെ വിയോജിപ്പ് വ്യക്തമാക്കി. നോർട്ടൻ സായ്പിന്റെ വിശ്വാസവും ആചാരവും മലങ്കരസഭയുടേതിൽ നിന്നും വിഭിന്നമാകയാൽ സ്വീകരിക്കുവാൻ ബുദ്ധിമുട്ടാണെന്ന വസ്തുത സധൈര്യം അറിയിക്കുവാൻ അദ്ദേഹം മടിച്ചില്ല. വളരെ ഭക്തിദായകമായ ജീവിതചര്യയും അനുഷ്ഠാനങ്ങളും, യാമപ്രാർത്ഥനകളും കൊണ്ട് അദ്ദേഹം സമയം ചിലവഴിക്കുമ്പോഴും ഓരോ വൈദിക വിദ്യാർത്ഥിയുടെയും പഠനകാര്യങ്ങളിലും, അച്ചടക്കകാര്യത്തിലും അദ്ദേഹം ശ്രദ്ധാലുവായി. ഏറ്റവും മികച്ച രീതിയിൽ അവരെ അഭ്യസിപ്പിച്ചു.

കോട്ടയം സെമിനാരി സ്ഥാപനം വരെയും മല്പാൻ ഭവനങ്ങളിൽ നടന്നുവന്നിരുന്ന വൈദിക വിദ്യാഭ്യാസത്തിന് മാറ്റമുണ്ടായി. വ്യവസ്ഥാപിതവും സിലബസ് അടിസ്ഥാനത്തിൽ ഉള്ള വൈദികവിദ്യാഭ്യാസവും സഭയിൽ സംജാതമാകുവാൻ ഇടയായത് ഭാഗ്യസ്മരണീയനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാച്ചന്റെ ദീർഘവീക്ഷണവും അചഞ്ചലമായ ദൈവവിശ്വാസവും മൂലം മാത്രമാണ്. കോട്ടയം വൈദികസെമിനാരി സ്ഥാപനത്തോടെയാണ് മലങ്കര സഭയുടെ സിരാകേന്ദ്രമായി കോട്ടയം രൂപാന്തരപ്പെട്ടത്. എം.ഡി. സെമിനാരിയിലേക്കും, പിന്നീട് ദേവലോകം അരമനയിലേക്കും ഉണ്ടായ മാറ്റങ്ങളും ദൈവഹിത പ്രകാരം തന്നെ. 1816 നവംബർ 24-ന് പ. പിതാവ് ദൈവസന്നിധിയിലേക്ക് വിളിച്ചുചേർക്കപ്പെട്ടു. പ. പിതാവിന്റെ ഭൗതികശരീരം സെമിനാരി ചാപ്പലിന്റെ ഉള്ളിൽ കബറടക്കി.

മറ്റൊരു അവശ്യാപേക്ഷിത സന്ദർഭത്തിൽ ദൈവം തിരഞ്ഞെടുത്ത് അധികാരപ്പെടുത്തിയ ഒരു പ്രതിഭാശാലിയും പ്രഗത്ഭനുമായ ഒരു മെത്രാപ്പോലീത്തായാണ് സഭാതേജസ്സ് എന്ന പേരിൽ ആദരിക്കപ്പെടുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ തിരുമേനി. 1833

നവംബർ 13-ന് ഭൂജാതനായ അദ്ദേഹം 1852 ആഗസ്റ്റ് 18-ന് വൈദിക നായി. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അസ്വസ്ഥതകളും തന്മൂ ലമുള്ള പുരോഗതിയുടെ തടസ്സവും ശക്തമായിരുന്ന ഒരു കാലയളവാ യിരുന്നു അത്. ആന്തരികവും ബാഹ്യവുമായ പ്രതിലോമശക്തികളെ ധിഷണാശക്തിയോടെ നേരിടേണ്ടിയിരുന്ന ഒരു കാലഘട്ടം. പാലക്കു ന്നത്ത് മാത്യൂസ് ശെമ്മാശ്ശൻ പ. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് മടങ്ങിയത് മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിലും സ്ഥാന ത്തിലുമാണ്. കുശാഗ്രബുദ്ധിയുടെ ഉറവിടമായിരുന്ന അദ്ദേഹം താമസം വിനാ രാഷ്ട്രീയസ്വാധീനം ദുരുപയോഗം ചെയ്ത് രാജകീയ വിളംബര പ്രഖ്യാപനത്തിലൂടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തെത്തി നവീ കരണത്തിന്റെ വക്താവായി. അന്ന് മലങ്കര മെത്രാപ്പോലീത്തായായി കഴി ഞ്ഞിരുന്ന ചേപ്പാട്ട് മാർ ദീവന്നാസിയോസ് തിരുമേനി നവീകരണ വിശ്വാസ പ്രചാരകരോടും സി. എം. എസ്. മിഷനറിമാരോടും ഒരേ പോലെ അങ്കം വെട്ടേണ്ട ഗതികേടിലായി. പാത്രിയർക്കീസ് ബാവാ മലങ്കരയിലെ കാര്യങ്ങൾ അന്വേഷിച്ച് അറിയാൻ അയച്ച യൂയാക്കീം കൂറിലോസ് മെത്രാൻ മറ്റൊരുവഴിക്ക് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിനായി കുതന്ത്രങ്ങൾ നിരത്തിക്കൊണ്ടിരുന്നു. അക്ഷരാർത്ഥത്തിൽ ചേപ്പാട്ട് മാർ ദീവന്നാസിയോസ് ക്ഷീണിതനും അവശനുമായ ഒരു സന്ദർഭമായിരു ന്നത്. അത്തരുണത്തിലാണ് പുലിക്കോട്ടിൽ ജോസഫ് അച്ചനെ അന്ത്യോ ഖ്യയിൽ അയച്ച് മേല്പ്പട്ടസ്ഥാനം കൈവരിക്കണമെന്ന് വലിയ വിഭാഗം മലങ്കരസഭാമക്കൾ ആഗ്രഹിച്ചത്. അദ്ദേഹമാകട്ടെ ഉജ്വല വാഗ്മിയും, ശക്തനായ സംഘാടകനുമായി മലങ്കരയാകെ അറിയപ്പെട്ടു കഴിഞ്ഞി രുന്നു താനും. 1864 മെയ് 14-ന് ജോസഫ് മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്തു. മലങ്കര യിൽ തിരിച്ചെത്തിയ അദ്ദേഹത്തിന് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൈവരിക്കുവാൻ ഏറെ ബുദ്ധിമുട്ടേണ്ടി വന്നു. നവീകരണ പ്രചാരക നായി മാറിക്കഴിഞ്ഞിരുന്ന പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസി യോസ് അധികാരം വച്ചൊഴിയുവാൻ തയ്യാറായില്ല എന്നു മാത്രമല്ല, അന ന്തരാവകാശിയും പിൻഗാമിയുമായി പിതൃസഹോദരപുത്രനെ മെത്രാ നായി അവരോധിക്കുക കൂടി ചെയ്തു. ഇത്തരുണത്തിലാണ് പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ മലങ്കരയിലേക്ക് ക്ഷണിക്കുവാൻ പുലിക്കോട്ടിൽ മെത്രാച്ചൻ നിർബന്ധിതനായത്. വലിയ സാമ്പത്തിക ബാദ്ധ്യത ഏറ്റിട്ടാണെങ്കിലും തനിക്ക് ശരിയെന്ന് തോന്നിയപ്രകാരം നിശ്ച യത്തിൽ നിന്ന് പിന്മാറിയില്ല എന്ന് മാത്രമല്ല വളരെ ശക്തമായി മുന്നേറു കയും ചെയ്തു.

എന്നാൽ ഏറ്റവും നിർഭാഗ്യമായി ഭവിച്ചത് മലങ്കരയിലെ പ്രശ്നങ്ങൾ

പരിഹരിച്ച് ശാശ്വതസമാധാനം ഉറപ്പാക്കുവാൻ മലങ്കരയിലേക്ക് എഴുന്ന ള്ളിയ പാത്രിയർക്കീസ് ബാവായ്ക്ക് ഇവിടുത്തെ ലൗകിക അധികാരം കൂടി കൈവശപ്പെടുത്തുവാൻ ലക്ഷ്യമുണ്ടായിരുന്നുവെന്നതാണ്. മലങ്കര വന്ന പ. പാത്രിയർക്കീസ് ബാവാ ഗൂഢലക്ഷ്യം വെളിപ്പെടുത്തിയപ്പോൾ ധീരനും, തികഞ്ഞ ദൈവഭക്തനുമായിരുന്ന പുലിക്കോട്ടിൽ തിരുമേനി ശക്തമായിട്ടാണെങ്കിലും പ. പാത്രിയർക്കീസിനോടുള്ള ആദരവോടെ പ്രതികരിച്ചു. മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യത്തെപ്പറ്റിയും പൂർവ്വിക സംസ്കാരത്തെപ്പറ്റിയും, ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ആഴവും സുശക്തവുമായ അവഗാഹമുണ്ടായിരുന്ന പ. പിതാവ് അണു വിടപോലും പതറാതെ മലങ്കരസഭയുടെ സംരക്ഷണം ശിരസ്സാവഹിക്കു വാൻ ഏറെ പാടുപെട്ടു. പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ച മുടക്ക് കല്പനയിൽ തളരാതെ ഉരുക്കുകോട്ടപോലെ ദൈവികശക്തിയിൽ ശോഭിച്ചു നിന്നു. പ. പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും ഉറച്ച നിശ്ച യദാർഢ്യത്തിന്റെയും ഫലമായാണ് എം. ഡി. സെമിനാരിയും പരുമല സെമിനാരിയും വെട്ടിക്കൽ ദയറായും സ്ഥാപിതമായത്. അതുപോലെ തന്നെ കൊട്ടാരക്കര കോട്ടപ്പുറം സെന്റ് ഇഗ്നാത്തിയോസ് പള്ളിയുടെ സ്ഥാപനവും അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയുടെ മകുടോദാഹരണമാണ്. പ. പരുമല തിരുമേനിയാണ് പുലിക്കോട്ടിൽ തിരുമേനിയുടെ തെക്കോ ട്ടുള്ള യാത്രയിലെ ഇടത്താവളം എന്ന സ്വപ്നസാക്ഷാത്ക്കാരം നടപ്പി ലാക്കിയതെന്ന് മാത്രം. ഇന്നത്തെ പഴയസെമിനാരി ചാപ്പൽ പണികഴി പ്പിച്ചതും ഈ പ. പിതാവിന്റെ കാലത്താണ്. 250–ലേറെ സ്കൂളുകൾ സ്ഥാപിച്ച് ജാതി-മത-വർഗ്ഗ-വർണ്ണ ഭേദമേന്യേ ഏവർക്കും ഉന്നത വിദ്യാ ഭ്യാസ സൗകര്യമൊരുക്കിയ ഒരു വലിയ സാമൂഹ്യപരിഷ്ക്കർത്താവ് കൂടി യായിരുന്നു അദ്ദേഹം. സണ്ടേസ്കൂൾ പ്രസ്ഥാനം, വൈദികസംഘം, മഹാ ജനസഭ, സഭാഅഭിവർദ്ധിനീസംഘം, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവ സ്ഥാപിച്ച് സഭയുടെ ആത്മീയ നവോത്ഥാനത്തിനും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വഴിയൊരുക്കി.

മലങ്കര ഓർത്തഡോക്സ് സഭയിൽ സെമിനാരി സ്ഥാപനം വരെയും വൈദിക വിദ്യാഭ്യാസം നടത്തപ്പെട്ടിരുന്നത് മല്പാൻ ഭവനങ്ങളിലായി രുന്നു. സുറിയാനി ഭാഷയിലും സാഹിത്യത്തിലും അതിപ്രഗത്ഭരായ മല്പാന്മാരുടെ നേതൃത്വത്തിലും ഉത്തരവാദിത്തത്തിലുമായിരുന്നു മല്പാൻ ഭവനങ്ങളിലെ അഭ്യസനം നടന്നു വന്നിരുന്നത്. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലും വടക്കൻ പ്രദേശങ്ങളിലും തലമുറകളായി നില നിന്ന മല്പാൻ ഭവനങ്ങൾ തന്നെ വൈദികപരിശീലനങ്ങൾ തുടർച്ചയായി നിറവേറ്റിയിരുന്നു. സുറിയാനി ഭാഷാഭ്യാസനം, ആരാധനക്രമങ്ങൾ പ്രത്യേകിച്ച് വി. തക്സായുടെ പരിശീലനം എന്നിവയായിരുന്നു

പ്രസ്തുത മല്പാൻ ഭവനങ്ങളിൽ നിലനിന്നിരുന്നത്. മല്പാൻ ഭവനങ്ങളിൽ പ്രശസ്തിയും പെരുമകൊണ്ടും അറിയപ്പെട്ടിരുന്ന പാമ്പാക്കുട കോനാട്ട്, പത്തനംതിട്ട തെങ്ങുംതറ എന്നീ മല്പാൻ ഭവനങ്ങൾ തികഞ്ഞ വ്യത്യസ്തത പുലർത്തിയവയാണ്. മലയാള ഭാഷയിൽ ഗ്രന്ഥങ്ങൾ ലഭ്യമല്ലാതിരുന്ന കാലത്ത് സുറിയാനി വേദപുസ്തകവും മറ്റും വായിച്ച് മലയാളത്തിൽ സത്വരം അർത്ഥവും ആശയവും വിശദമാക്കാൻ കെല്പുള്ളവരായിരുന്നു അക്കാലങ്ങളിലെ സുറിയാനിഭാഷാ പണ്ഡിതർ. സുറിയാനിയിൽ ഉള്ള ഗ്രന്ഥങ്ങൾ നോക്കി തത്ക്ഷണം മലയാള ഗ്രന്ഥത്തിൽ നിന്നു വായിക്കുന്നതുപോലെ വായിക്കുവാൻ കഴിയുമായിരുന്ന നമ്മുടെ സഭാപിതാക്കന്മാരുടെ പാണ്ഡിത്യവും കഴിവും അപാരം തന്നെ. ആഗോള ഭാഷയെന്ന് കീർത്തി നേടിയ ഇംഗ്ലീഷ് ഭാഷയിലുള്ള ഗ്രന്ഥങ്ങൾ നോക്കി എത്ര ഭാഷാപണ്ഡിതനായാലും തത്ക്ഷണം മലയാളത്തിൽ വായിക്കുന്നതുപോലെ പറയാൻ സാധിക്കില്ലല്ലൊ.

മല്പാൻ ഭവനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമായിക്കൊണ്ടിരുന്നത് ബുദ്ധിപരമായ അറിവ് മാത്രമല്ല, ആത്മീയതയിൽ അടിയുറച്ച വിശ്വാസത്തോടെയുള്ള ഉന്നതിയും സ്ഥിരതയുമായിരുന്നു. ഭാരതത്തിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടെ വൈദിക പരിശീലനത്തിനായി ഏതാനും സെമിനാരികൾ സ്ഥാപിച്ചു. അവിടെ പരിശീലനം നേടിയവർക്കു മാത്രമേ പട്ടം കൊടുക്കാവൂ എന്നും അവർ ശഠിച്ചു. മല്പാൻ ഭവനത്തിന് അറുതി വരുത്തി സുറിയാനിഭാഷയുടെ സ്ഥാനത്ത് ലത്തീൻ ഭാഷ പറിച്ചു നടാനുള്ള ഒരു തന്ത്രം കൂടിയായിരുന്നു അത്. മലങ്കര നസ്രാണികളിൽ നിന്ന് ഉദ്ദേശിച്ചതുപോലെയുള്ള പ്രതികരണം ഉണ്ടായില്ലായെന്നതാണ് സത്യം. കോട്ടയം പഴയസെമിനാരി സ്ഥാപനത്തിന് ശേഷവും ഒരു നൂറ്റാണ്ടു മല്പാൻ ഭവനങ്ങൾ സജീവമായിരുന്നു. ഇക്കാലഘട്ടത്തിൽ പരുമല സെമിനാരിയിലും മഞ്ഞനിക്കര ദയറായിലും, പത്തനംതിട്ട ദയറായിലും പാമ്പാക്കുടയിലും വൈദികപരിശീലനങ്ങൾ നടന്നുവന്നിരുന്നു. 1958-ലെ സഭാസമാധാനത്തോടെയാണ് കോട്ടയം പഴയസെമിനാരിയിലെ വിദ്യാഭ്യാസം സഭയിൽ പൊതുവെ അംഗീകൃതമായത്. മലങ്കരസഭയുടെ ഭരണഘടന പ്രാബല്യത്തിൽ വന്ന നാൾ മുതൽ തന്നെ വൈദിക പഠനവും പരിശീലനവും എല്ലാ വൈദികർക്കും നിർബന്ധമാക്കി.

സെമിനാരിയുടെ സുഗമമായ പുരോഗതി അനായാസമായിരുന്നില്ല എന്നതാണ് വസ്തുത. സെമിനാരി എങ്ങനെയെങ്കിലും കൈക്കലാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒളിഞ്ഞും തെളിഞ്ഞും അനേകരിൽ നിന്ന് ശ്രമമുണ്ടായിട്ടുണ്ട്. അത്തരം ഓരോ അവസരത്തിലും നമ്മുടെ സഭാപിതാക്കന്മാർ തികഞ്ഞ ഭയഭക്തിയോടെ ദൈവകരുണയിൽ ആശ്രയിച്ചതിന്റെ ഫലമായാണ് ആധിപത്യശ്രമങ്ങളിൽ നിന്നും മോചനം നേടാനാ

യത്. 1825 നവംബറിൽ മലങ്കര എത്തിയ അത്താനാസിയോസ് എന്ന ഒരു ശീമ മെത്രാൻ സെമിനാരിയും പരിസരവും കണ്ട മാത്രയിൽ തന്റെ അധീനതയിലാക്കിയാൽ കൊള്ളാമെന്ന് ആഗ്രഹിച്ച് നടത്തിയ ഹീനശ്രമങ്ങളെ ചേപ്പാട് മാർ ദീവന്നാസിയോസ് സധൈര്യം പരാജയപ്പെടുത്തി. മലങ്കരസഭയിൽ നവീകരണം അടിച്ചേല്പിക്കുവാൻ അത്ര എളുപ്പത്തിൽ സാദ്ധ്യമല്ലെന്ന തിരിച്ചറിവ് സി.എം.എസ്. മിഷനറിമാരെ സെമിനാരിയുടെയും അതു നിലനില്ക്കുന്ന പുരിയിടത്തിന്റെയും എന്നപോലെ തന്നെ മലങ്കരസഭയുടെ തനതായ സമ്പാദ്യങ്ങളുടെയും തുല്യവീതം ആവശ്യപ്പെടാൻ പ്രേരിപ്പിച്ചു. 1840 ഏപ്രിൽ 4-ന് മദ്ധ്യസ്ഥ കോടതി പുറപ്പെടുവിച്ച ഉത്തരവ് കൊച്ചിൻ അവാർഡ് എന്നറിയപ്പെടുന്നു. കമ്മിറ്റി വിധി പ്രകാരം അതത്കാലത്തെ മേല്പട്ടക്കാരനും, തിരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികനും, മാന്യനായ ഒരു അത്മായനും ചേർന്ന് വേണം മലങ്കരസഭയുടെ സ്വകാര്യസ്വത്തുക്കൾ കൈകാര്യം ചെയ്യേണ്ടത് എന്നായിരുന്നു വിധിയിലെ ഒരു സുപ്രധാനമായ അറിയിപ്പ്.

1836-ലെ മാവേലിക്കര സുന്നഹദോസ് നിശ്ചയപ്രകാരം തക്സാ പരിഷ്ക്കരിക്കുകയോ വിശ്വാസാചാരങ്ങളിൽ വ്യതിയാനം വരുത്തുകയോ ചെയ്യാൻ പാടില്ലാതിരിക്കേ അവയൊക്കെ അവഗണിച്ച് മുന്നോട്ട് നീങ്ങിയ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ നിലപാടുകൾക്ക് ആക്കം കൂട്ടാൻ മലങ്കരസഭയുടെ അറിവോ സമ്മതമോ കൂടാതെ മർദ്ദീനിൽ എത്തിയ മാത്യൂസ് ശെമ്മാശൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മാത്യൂസ് മാർ അത്താനാസിയോസ് എന്ന പേരിൽ മേല്പട്ടസ്ഥാനവും വാങ്ങി തിരിച്ചെത്തിക്കഴിഞ്ഞ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൈക്കലാക്കുവാൻ കാട്ടിക്കൂട്ടിയ കുതന്ത്രങ്ങൾ വിശദീകരിക്കേണ്ടതില്ലല്ലൊ. അദ്ദേഹം അന്നത്തെ മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ പഴയസെമിനാരി കൈക്കലാക്കുവാനും നവീകരണം അടിച്ചേല്പിക്കുവാനും ശ്രമിച്ച കാര്യങ്ങളും സഭാചരിത്രത്തിലെ മുൾമുനകളാണ്. 1908-ൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പ. വട്ടശ്ശേരിൽ തിരുമേനി സെമിനാരിയുടെ അധിപനായി കഴിയുന്നതിൽ അതൃപ്തി കാട്ടി കൂട്ടുട്രസ്റ്റിയായ സി. ജെ. കുര്യൻ 1911-ൽ സമർപ്പിച്ച സമരിക്കേസ്സായിരുന്നു സെമിനാരിയുടെ സുഗമമായ ഗമനത്തെ തടസ്സപ്പെടുത്തിയ മറ്റൊരു കാര്യം. 1911 സെപ്റ്റംബർ 4-ന് വന്ന വിധി മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായിരുന്നു. എന്നാൽ കൂട്ടുട്രസ്റ്റികൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജ്ജിയിന്മേലുണ്ടായ വിധി അവരെ ന്യായീകരിക്കുന്നതായിരുന്നു. പ്രസ്തുത വിധിയുടെ പിൻബലത്തിൽ സെമിനാരിയും വസ്തുക്കളും ബലമായി കൈയേറുവാൻ കൂട്ടുട്രസ്റ്റികളായ സി. ജെ. കുര്യനും, കോര മാത്തൻ മല്പാനും ഗുണ്ടകളുടെ അകമ്പടിയോടെ പരി

പാവനമായ സെമിനാരി അങ്കണം അക്ഷരാർത്ഥത്തിൽ രണഭൂമിയാക്കി. അക്രമികളും ഗുണ്ടകളും ശെമ്മാശന്മാരെ ദേഹോപദ്രവം ഏല്പിച്ചു പുറത്താക്കി മുറികൾ അനധികൃതമായി കൈയടക്കി. മലങ്കര മെത്രാപ്പോലീത്തായുടെ ജീവൻ പരിരക്ഷിക്കാൻ ഓർത്തഡോക്സ് പക്ഷക്കാരായ ഏതാനും ചെറുപ്പക്കാരും അവിടെ താമസമാക്കി. അവരിൽ പ്രധാനിയായിരുന്ന വർക്കി വറുഗീസ് ആശാനെ (ആനപാപ്പി) സി. ജെ. കുര്യന്റെയും സഹോദരപുത്രന്റെയും നിർദ്ദേശപ്രകാരം വാടകഗുണ്ടകളും ചേർന്ന് വെട്ടിനുറുക്കി കൊല ചെയ്ത സംഭവത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾ ഇന്നും ഓരോ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഗദ്ഗദം ഉളവാക്കുന്നതാണ്.

കോട്ടയം സെമിനാരി സെറാമ്പൂർ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സന്ദർഭത്തിൽ ശെമ്മാശന്മാർക്കും അത്മായ വിദ്യാർത്ഥികൾക്കും താമസ്സിക്കുന്നതിനും മറ്റും വേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും ക്രമപ്പെടുത്താനുള്ള പരിശ്രമങ്ങൾ ധൃതഗതിയിലായി. തത്ഫലമായി നിർമ്മിക്കപ്പെട്ട അത്യാധുനിക താമസസമുച്ചയം 1969 ജനു. 7-ന് റൂമേനിയൻ പാത്രിയർക്കീസ് പ. ജസ്റ്റിനിയൻ ബാവാ ഉദ്ഘാടനം ചെയ്യുകയുണ്ടായി.

പ്രാരംഭം മുതലുള്ള മാനേജർമാർ ഇവരാണ്. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ എന്നിവർക്ക് ശേഷമാണ് മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ മാനേജരായത്.

സെമിനാരിയിൽ മാനേജരന്മാരായി സേവനം അനുഷ്ഠിച്ച ഒട്ടേറെ പേരുണ്ട്. ഏവരുടെയും സേവനങ്ങൾ നിസ്തുലങ്ങളും ആത്മാർത്ഥത നിറഞ്ഞതുമായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സെമിനാരി മാനേജർ ആയിരുന്ന മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാനും ചീരംചിറ കരിപ്പാൽ (തലക്കുളം) ടി. സി. ജേക്കബ് അച്ചനും പ. സഭയോടുള്ള അചഞ്ചലമായ കൂറും വിധേയത്വവും കൊണ്ടും പിതാക്കന്മാരോടുള്ള ആദരവു കൊണ്ടും പല അവസരങ്ങളിലും ജീവൻ പോലും അപായപ്പെടാവുന്ന സാഹചര്യങ്ങളിൽ സുധീരരായി നിലകൊണ്ടു സെമിനാരിയെയും സെമിനാരിവക വസ്തുവകകളെയും സംരക്ഷിച്ചവരാണ്. വന്ദ്യനായ അലക്സന്ത്രയോസ് മല്പാൻ സെമിനാരി മാനേജർ ആയും മല്പാനായും സേവനം അനുഷ്ഠിക്കുന്ന നാളുകളിലാണ് പ്രമാദമായ ആനപാപ്പി വധം നടന്നതെന്ന് പറയുമ്പോൾ തന്നെ കാര്യഗൗരവം ആർക്കും വ്യക്തമാകുമല്ലൊ. പാത്രിയർക്കീസ് വിഭാഗം സെമിനാരിയും വസ്തുക്കളും കൈയടക്കാമെന്ന വ്യാമോഹത്തോടെ സെമിനാരി വളപ്പിലെ തെങ്ങുകളിൽ നിന്നു തേങ്ങാ ഇടീക്കാൻ ശ്രമിക്കവെ തേങ്ങാ ഇടാൻ തയ്യാറായി നിന്ന പണിക്കാരനോട്: “വെട്ടെടാ എന്നെ ആദ്യം. എന്നിട്ട് നീ തെങ്ങിൽ കയറി

തേങ്ങായിട്ടാൽ മതി" എന്ന് പറഞ്ഞ് സധൈര്യം ചെറുത്ത് നില്പു കാട്ടിയ ശ്രേഷ്ഠനായിരുന്നു അദ്ദേഹം.


പഴയസെമിനാരിയിലും പിന്നെ ഏറെക്കാലം ദേവലോകം അരമന യിലും മാനേജരായി സേവിക്കവെ വ്യക്തമായ വ്യക്തിമുദ്ര പതിപ്പിച്ച് പിതാക്കന്മാരുടെ കണ്ണിലുണ്ണിയായിരുന്നു ബ. ടി. സി. ജേക്കബ് അച്ചൻ. മാനേജരച്ചൻ എന്ന സംജ്ഞ മുഴുവൻ ഉൾക്കൊള്ളുന്നവിധത്തിലായി രുന്നു ബ. അച്ചന്റെ പ്രവർത്തനശൈലി. വിപദിധൈര്യം കൊണ്ടും കുശാ ഗ്രബുദ്ധികൊണ്ടും മറ്റ് ഒട്ടനവധി സത്ഗുണങ്ങൾ കൊണ്ടും അനുഗൃ ഹീതനായിരുന്നു ടി. സി. ജേക്കബ് അച്ചൻ. സെമിനാരിയിൽ മാനേജർ ആയി വിശിഷ്ട സേവനം അനുഷ്ഠിച്ച് ദൈവസന്നിധിയിലേക്ക് വിളിച്ച് ചേർക്കപ്പെട്ട ബ. ടി. വി. വറുഗീസ് അച്ചൻ, വന്ദ്യ ഗീവർഗീസ് റമ്പാൻ, പി. എ. കുറിയാക്കോസ് റമ്പാൻ, ബ. കെ. വി. ജോസഫ് റമ്പാൻ (ഇപ്പോൾ പരുമല സെമിനാരി അസി. മാനേജർ) എന്നിവരെ ഓർക്കുന്നു. അവരൊക്കെയും കാട്ടിയ കറയില്ലാത്ത സമസ്നേഹവും കരുതലും ഏവ ർക്കും മാതൃകാപരമാണ്. ഇപ്പോൾ ഏതാണ്ട് 5 വർഷമായി മാനേജരായി സേവനം അനുഷ്ഠിക്കുന്ന ബ. എം. സി. കുര്യാക്കോസ് അച്ചന്റെ തന തായ പ്രവർത്തനശൈലിയും പ. പിതാക്കന്മാരോടുള്ള ഭക്തിയും ആദ രവും വാക്കുകൾക്ക് അതീതമാണ്. അദ്ദേഹം ചുമതലയെടുത്തതിൽ പിന്നെ സെമിനാരിയുടെ കെട്ടിലും മട്ടിലും ഉണ്ടായിട്ടുള്ള മാറ്റം എത്രയോ അഭിനന്ദനീയമാണ്. കൃഷിഭൂമികളിലെ ജൈവകൃഷി, മാതൃകാ പച്ചമരു ന്നുതോട്ടം എന്നിവയാൽ പ്രകൃതി തന്നെ കൂടുതൽ ഹരിതാഭയായിരി ക്കുന്നു. ബ. അച്ചൻ ഇവിടെ ചുമതലയേറ്റതു മുതൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് കൈവന്ന പ്രശസ്തിയും പ്രാധാ ന്യവും ഏറ്റവും അനുഗ്രഹകരമാണ്. അച്ചന്റെ സംഘടനാപാടവം പഴയ സെമിനാരിയിൽ മാത്രമല്ല സഭാകേന്ദ്രത്തിൽ നടത്തുന്ന ഓരോ പ്രധാന പരിപാടിക്കും പിന്നിൽ ശക്തിസ്രോതസ്സായി വർത്തിക്കുന്നു. താരതമ്യേന ചെറുപ്പമെങ്കിലും അച്ചടക്കത്തിലും വിധേയത്വത്തിലും മുമ്പന്തിയിലാണ് അദ്ദേഹം എപ്പോഴും. പ്രാർത്ഥനയുടെ ശക്തി അനുഭവിച്ചറിഞ്ഞ് മറ്റുള്ള വർക്ക് പകർന്നു നൽകുന്ന സ്വഭാവം അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ പാത്രിയർക്കീസ് വിഭാഗ ക്കാരിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്ന നിരന്തര ഉപദ്രവങ്ങൾ സഹി ക്കാൻ ആവാതായപ്പോൾ പഴയസെമിനാരിയിലെ വിദ്യാഭ്യാസം നിർത്തേ ണ്ടിവന്നു. പകരം വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലേക്ക് മാറ്റി. അന്നുണ്ടായിരുന്ന മൂന്ന് പ്രഗത്ഭ അദ്ധ്യാപകരായിരുന്നു ഡീക്കൻ കെ. ഫീലിപ്പോസും (അഭി. ഫീലിപ്പോസ് മാർ തെയോഫിലോസ്)

ചെറിയമഠത്തിൽ സ്കറിയാ മല്പാനും വട്ടക്കുന്നേൽ വി. കെ. മാത്യൂസും (പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ) സെമിനാരിയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സ്വയം മറന്ന് കഠിനാദ്ധ്വാനം നടത്തിയ ഒരു പുണ്യാത്മാവായിരുന്നു ഫാ. കെ. ഫീലിപ്പോസ്. പുതുതായി എം. ഡി. സെമിനാരിയിൽ സെമിനാരി വിദ്യാഭ്യാസം ആരംഭിക്കുവാൻ ഗണ്യമായ ഒരു തുക സംഭരിക്കുന്ന ചുമതലയും ധൈര്യപൂർവ്വം ഏറ്റെടുത്ത് വിജയം കണ്ട ഒരു മഹത് വ്യക്തിയാണ് പിൽക്കാലത്ത് "ആധുനിക വൈദിക സെമിനാരിയുടെ ശില്പി" എന്ന ബഹുമതിക്ക് അർഹനായ കെ. ഫീലിപ്പോസ് ശെമ്മാശ്ശൻ. 1942-ലാണ് സെമിനാരി അഭ്യസനം പുനരാരംഭിച്ചത്. ഫാ. കെ. ഡേവിഡ് ആയിരുന്നു അന്നത്തെ പ്രിൻസിപ്പൽ. എല്ലാവരും വളരെയേറെ സമർപ്പണബോധത്തോടും അത്യദ്ധ്വാനത്തോടും പ്രവർത്തിച്ചതിന്റെ ഫലം കാണാനിടയായി.


എം.ഡി. സെമിനാരിയിൽ, സെമിനാരി പ്രവർത്തനം ആരംഭിച്ചപ്പോൾ അഭി. ഔഗേൻ മാർ തീമോത്തിയോസ് (പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ) അദ്ധ്യാപകനായി ചുമതലയേറ്റു. 1942-ൽ 6 വിദ്യാർത്ഥികളുമായി ആരംഭിച്ച വൈദിക വിദ്യാഭ്യാസം വളരെയേറെ പ്രശസ്തി നേടി. സെമിനാരിയുടെ സാമ്പത്തികനില മെച്ചപ്പെട്ടു. കൂടുതൽ വിദ്യാർത്ഥികളായി കഴിഞ്ഞപ്പോൾ അവർക്കുള്ള താമസസൗകര്യങ്ങൾക്കായി ഒന്നുരണ്ടു കെട്ടിടങ്ങൾ ധൃതഗതിയിൽ തീർത്തു. 1958-ൽ സഭാസമാധാനം ഉണ്ടാകുന്നതുവരെ വൈദികസെമിനാരി എം.ഡി. സെമിനാരിയിലാണ് പ്രവർത്തിച്ചുവന്നത്. ഇതിനോടകമായി അമേരിക്കയിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടി തിരിച്ചെത്തിയ ബ. എം. വി. ജോർജ്ജ് ശെമ്മാശനും സെമിനാരിയിൽ അദ്ധ്യാപകനായി ചേർന്നു. 1955 ആയപ്പോൾ ബ. ടി. ജെ. ജോഷ്വാ അച്ചൻ വൈദികസെമിനാരിയിൽ അദ്ധ്യാപകനായി. 1965-ൽ സെമിനാരിയിൽ നടന്ന വലിയ ആഘോഷങ്ങൾ സെമിനാരി ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സഭകളുടെ ലോകകൗൺസിൽ നിന്നും വത്തിക്കാനിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത ആഘോഷ പരിപാടികളുടെ സൂത്രധാരൻ ഫാ. കെ. ഫീലിപ്പോസായിരുന്നു. അക്കാലത്താണ് സെമിനാരി സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തത്. അഭി. മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി (പിന്നീട് പ. മാത്യൂസ് പ്രഥമൻ ബാവാ) പ്രിൻസിപ്പൽ ആയപ്പോഴും വൈസ്പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ചത് ഫാ. കെ. ഫീലിപ്പോസായിരുന്നു. 1955 ആയപ്പോഴേയ്ക്കും സെമിനാരി അദ്ധ്യാപകരായി ഫാ. എൻ. എ. യോഹന്നാൻ മല്പാൻ (പിന്നീട് അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി), ഫാ. കെ. എം. അലക്സാണ്ടർ എന്നിവരും ചേർന്നിരുന്നു.





ഫാ. ഡോ.
കെ. എം. ജോർജ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്



ഫാ. ഡോ.
ടി. ജെ. ജോഷ്വാ

1967 മുതൽ 1996 വരെയുള്ള ദീർഘകാലം സെമിനാരി പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചത് വിശ്വപൗരനും, പാശ്ചാത്യ-പൗരസ്ത്യ ദേശങ്ങളിൽ വിഖ്യാതനായ വേദശാസ്ത്ര പണ്ഡിതനും, ബഹുഭാഷാ പണ്ഡിതനും, ചിന്തകനും, ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ പോലും വ്യുൽപ്പത്തിയുണ്ടായിരുന്നതുമായ ഫാ. പോൾ വർഗീസ് (പിന്നീട് അഭി. ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനി) യാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് സെമിനാരിയിലെ പഠനവിഷയങ്ങൾ ക്രോഡീകരിച്ച് ഓർത്തഡോക്സ് വിശ്വാസത്തിന് അനുകൂലമായി ഒരു പാഠ്യപദ്ധതി ഉണ്ടാക്കിയത്. അതുപോലെ നിയമാവലി ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ച് കാര്യങ്ങൾ ക്രമമായും വ്യക്തമായും നടത്തപ്പെടുകയും ചെയ്തുപോന്നു. സെമിനാരിയിലെ ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വർണ്ണനാതീതമാണ്.

2002 നവംബർ 25-നാണ് സെമിനാരി അങ്കണത്തിലെ സ്മൃതി മന്ദിരം കൂദാശ ചെയ്തു പ്രവർത്തനം ആരംഭിച്ചത്. പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാതിരുമേനി, അഭി. ഫീലിപ്പോസ് മാർ തെയോഫിലോസ്, അഭി. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ പരിപാവന സ്മരണ നിരന്തരമായി നിലനിർത്തുവാൻ വിധമാണ് സ്മൃതിമന്ദിരം രൂപകല്പന ചെയ്തിരിക്കുന്നത്.

സെമിനാരിയുടെ പ്രാധാന്യം ഒരു പഠിത്തവീടെന്ന സങ്കല്പത്തേക്കാൾ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ കബറിനോടൊപ്പം തന്നെ സെമിനാരി സ്ഥാപകൻ അഭി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെയും എം.ഡി. സെമിനാരി സ്ഥാപകൻ അഭി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസിന്റെയും അഭി. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെയും അന്ത്യവിശ്രമസ്ഥാനങ്ങൾ ഇവിടെയാണെന്നുള്ളതുകൊണ്ടാണ്. ഇന്നത്തെ അദ്ധ്യാപകരിൽ ഏറിയപങ്കും ഡോക്ടറേറ്റും മറ്റു ഉന്നതബിരുദങ്ങളും ഉള്ളവരാണ്. ആധുനികയുഗത്തിലെ ഒരു നേട്ടമാണ് ശ്രുതി എന്ന ആരാധനാ സംഗീത വിദ്യാലയം. സംഗീതത്തിൽ ബിരുദാനന്തര ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള ഫാ. എം. പി. ജോർജ്ജിന്റെ നേതൃത്വത്തിലും ശിക്ഷണത്തിലും അതിഗംഭീരമായി നടന്നുവരുന്നു.

ഇപ്പോൾ ഫാ. ഡോ. ജേക്കബ് കുര്യൻ പ്രിൻസിപ്പൽ ആയും, ഗീവർഗീസ് മാർ ഈവാനിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഡീക്കൻ ഡോ. കെ. എ. ജോർജ്ജ്, ഫാ. ഡോ. വി. പി. വർഗീസ്, ഫാ. ഡോ. ടി. ഐ. വർഗീസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. എം. പി. ജോർജ്ജ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ജോൺ തോസ് കരിങ്ങാട്ടിൽ, ഫാ. ജേക്കബ് മാത്യു, ഫാ. തോമസ് വർഗീസ്, ഫാ. ജോസ് ജോൺ, യൂഹാനോൻ റമ്പാൻ (വാർഡൻ), ഫാ. ഏബ്രഹാം തോമസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ്, ഫാ. ഡോ. റജി മാത്യു എന്നിവർ അധ്യാപനം നിർവഹിക്കുന്നു.

ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ കാലശേഷം 2012 വരെ സെമിനാരി പ്രിൻസിപ്പൽ സ്ഥാനം അലങ്കരിച്ചത് പ്രഭാഷണ തിലകനും ചിന്തകനും വേദശാസ്ത്ര പണ്ഡിതനുമായ ഫാ. ഡോ. കെ. എം. ജോർജ്ജ് ആയിരുന്നു. അന്ന് വൈസ് പ്രിൻസിപ്പലായിരുന്ന ഡോ. ജേക്കബ് കുര്യൻ ഇപ്പോൾ പ്രിൻസിപ്പൽ സ്ഥാനത്ത് ഉജ്വലമായി ശോഭിക്കുന്നു.

സെമിനാരി ലൈബ്രറി ഇന്ന് ഏറ്റവും മികച്ച ഒന്നായി പരിലസിക്കുന്നു. ഫാ. സി. സി. ചെറിയാൻ പ്രധാന ലൈബ്രേറിയനായി സേവനം തുടർന്നുവരുന്നു. സെമിനാരി ചാപ്പലിലെ പ്രധാന പെരുന്നാളുകൾ ഫെബ്രു. 22, 23 തീയതികളിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപെരുന്നാൾ തന്നെ. സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും അഭി. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും ഒരുമിച്ചാണ് നവം. 23, 24 തീയതികളിൽ ആചരിക്കുന്നത്. സഭാതേജസ് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ജൂലൈ 10, 11 തീയതികളിൽ ആചരിക്കുന്നു.

നാഗ്പൂർ സെമിനാരി

ഏതാണ്ട് 15 വർഷങ്ങൾക്ക് മുമ്പാണ് ഭിലായി കേന്ദ്രമാക്കി ബാഹ്യ കേരളത്തിലെ ആദ്യ വൈദികവിദ്യാലയം രൂപംകൊണ്ടത്. 1994 മുതൽ പ. സുന്നഹദോസ് കൂലങ്കഷമായി ചിന്തിക്കുകയും അതിലേറെ സർവ്വ ശക്തനിൽ ആശ്രയിക്കുകയും ചെയ്തതിന്റെ ഫലമായാണ് 1995 സെപ്റ്റം. 14-ന് ഭിലായിൽ സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസെമിനാരി ഉദയം ചെയ്തത്. അന്നു കൽക്കത്താ ഭദ്രാസനാധിപനായിരുന്ന സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ദീർഘവീക്ഷണവും മഹാമനസ്കതയും മൂലമാണ് മദ്ധ്യ ഇൻഡ്യയിൽ ഓർത്തഡോക്സ് സഭയുടെ അഭിമാനകേദാരമായി വൈദികസെമിനാരി രൂപംകൊണ്ടത്. തിരുമേനി പ്രിൻസിപ്പലായും, ഫാ. ബിജേഷ് ഫിലിപ്പ് വൈസ്പ്രിൻസിപ്പലായും ഫാ. ഫിലിപ്പ് കുരുവിള ഡീൻ ഓഫ് അഡ്മിനിസ്ട്രേഷനായും ഉള്ള സമിതി ശൈശവാവസ്ഥയിൽ സെമിനാരിയെ പരിലാളിച്ചു. 1999 വരെയാണ് സെമിനാരി ഭിലായിൽ പ്രവർത്തിച്ചത്. നാഗ്പൂരിൽ നിന്നും 25 കിലോമീറ്റർ ദൂരത്ത് കൽമേശ്വർ എന്ന സ്ഥലത്ത് പ. സഭ സ്വന്തമാക്കിയ 15 ഏക്കർ സ്ഥലത്തേക്ക് പിന്നീട് പറിച്ചുനട്ടു. 1997 ജൂലൈ 9-ന് സെമിനാരി പുതിയ ആസ്ഥാനത്തേക്ക് മാറ്റി. ഫാ. ഡോ. റജി മാത്യു പ്രിൻസിപ്പലായി ചുമതലയേറ്റു. 1999 നവം 9-ന് അന്ന് നിയുക്ത കാതോലിക്കായായിരുന്ന തോമസ് മാർ തീമോത്തിയോസിന്റെ പ്രധാന കാർമ്മികത്വത്തിലും, സ്തേഫാനോസ് മാർ തേവോദോസിയോസ് തോമസ് മാർ അത്താനാസിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും ഹോസ്റ്റൽ മന്ദിരം കൂദാശ ചെയ്തു.





നാഗ്പൂർ സെമിനാരി

2002 ഒക്ടോ. 29-ന് ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് അടിസ്ഥാനശില സ്ഥാപിച്ച് പണിതുടങ്ങിയ ചാപ്പൽപണി തീർത്ത് 2004 ഫെബ്രു. 19-ന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും കൂദാശ ചെയ്തു. 80 വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ബൃഹത്തായ സൗകര്യമാണ് ഹോസ്റ്റലിൽ ക്രമീകരിച്ചിരിക്കുന്നത്.

ഇന്ന് ഫാ. ഡോ. ബിജേഷ് ഫിലിപ്പ് പ്രിൻസിപ്പലായി സേവനം ചെയ്തു വരുന്നു. പ. കാതോലിക്കാബാവായുടെയും, ഗവേണിംഗ് ബോർഡ് പ്രസിഡണ്ട് ഗീവർഗീസ് മാർ കൂറിലോസിന്റെയും എല്ലാ സുന്നഹദോസ് അംഗങ്ങളുടെയും ഉപദേശങ്ങളും, സന്ദർശനങ്ങളും സെമിനാരിയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഉന്മേഷവും ആവേശവും പകരുന്നു. ഇനിയും പല ആവശ്യങ്ങൾ ഉണ്ട്. എല്ലാ സഭാമക്കളും നിത്യപ്രാർത്ഥനയിൽ സെമിനാരികളെ കൂടി ഓർക്കുന്നതും സഹായിക്കുന്നതും അനുഗ്രഹകരമായിരിക്കും.

പഴയസെമിനാരി മലങ്കരസഭയുടെ പവിത്ര ഹൃദയം


സെമിനാരിയുടെ സമ്പൂർണ്ണ ചരിത്രം അറിയാൻ ആഗ്രഹിക്കുന്നവർ "പഴയസെമിനാരി മലങ്കരസഭയുടെ പവിത്ര ഹൃദയം" എന്ന പുസ്തകം സദയം വായിക്കുക. ഗ്രന്ഥകർത്താവ് കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പി. ബി. 10, മാങ്ങാനം, കോട്ടയം-18. വില 75 രൂപ.

അൽവാറീസ് തിരുമേനിയും യഥാർത്ഥ പുനരൈക്യവും

മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ സ്ഥാപിച്ച സഭയിൽ ഭിന്നതകളും കടന്നാക്രമണങ്ങളും ഉണ്ടായത് 1498-ലെ പോർട്ടുഗീസുകാരുടെ വരവിനുശേഷമാണെന്ന ചരിത്രസത്യത്തെ ആരുംതന്നെ നിരാകരിച്ചിട്ടില്ല. റോമൻ കത്തോലിക്കരായ പോർട്ടുഗീസുകാർക്കു വ്യാപാരത്തിനു പുറമെ മതപ്രചാരണ ലക്ഷ്യവും ഉണ്ടായിരുന്നതിനാൽ ഇവിടെയുള്ള പുരാതന സഭയിലെ അംഗങ്ങളെ സത്യസഭയെന്നു അവർ വിശ്വസിച്ച കത്തോലിക്കാസഭയിൽ ചേർക്കണമെന്ന് വലിയ ആഗ്രഹം ഉണ്ടായിരുന്നു. അതിനവർ പല മാർഗ്ഗങ്ങൾ സ്വീകരിച്ചു. പണവും പൊന്നും ഉദ്യോഗവും നൽകിയും ഭീഷണിയും പീഡനവും മറ്റും പല സ്ഥലത്തും പ്രയോഗിച്ചും ഉദ്ദേശിച്ചത്ര ഫലം ലഭിച്ചില്ലെങ്കിലും ഏതാണ്ടവർ വിജയിച്ചു.

ഈ ശ്രമത്തിനിടയിൽ പഴയ ക്രിസ്ത്യാനികൾ പുത്തൻകൂറ്റുകാരും പുതുതായി വന്നവർ പഴയകൂറ്റുകാരുമായി മാറി! വിരുന്നു വന്നവൻ വീട്ടമ്മയുടെ ഭർത്താവായതു പോലെ!

സുഖപ്രദമായ ജീവിതം, നല്ല ഭക്ഷണം, സ്ഥാനമാനങ്ങൾ, പണം മുതലായവയെ പ്രധാനമായും മുൻകണ്ട് 1930-ൽ റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന് റീത്തുപ്രസ്ഥാനം സൃഷ്ടിച്ച ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് താൻ അംഗമായിരുന്ന മലങ്കരസഭയിലെ ഏതാനും വ്യക്തികളെയും ബഥനി ആശ്രമാംഗങ്ങളെയും അടർത്തിയെടുത്തുകൊണ്ട് സ്ഥാപിച്ച വിഭാഗമാണ് യഥാർത്ഥ പുരാതനസഭയെന്നും മറ്റുള്ളവർ അതിനോടു ചേരുന്നതാണു ശരിയായ പുനരൈക്യമെന്നും കൊട്ടിഘോഷിച്ചു. എന്നാൽ 1930-ൽ മാതൃസഭയിൽ നിന്നു വിട്ടുപോയവർ തിരിച്ചു വരുന്നതാണ് യഥാർത്ഥ പുനരൈക്യമെന്നു സ്ഥാപിക്കാൻ പ്രത്യേക വാദമുഖങ്ങൾ ഒന്നും ആവശ്യമില്ല. മലങ്കരസഭയുടെ സത്യവിശ്വാസാചാരങ്ങൾ അന്യൂനമാണെന്ന് 1907-ൽ പുസ്തകം രചിച്ച മാർ ഈവാനിയോസിനെ കത്തോലിക്കർ ഒരു കൂദാശയും ശുദ്ധീകരണവും കൂടാതെയാണല്ലോ, “റോമാസഭയിലേക്കു മാമ്മോദീസാ മുക്കാതെ” ചേർത്തത്. ഓർത്തഡോക്സ് സഭയുടെ തക്സായും കുർബാനക്രമവും ആരാധനകളും പാട്ടുകളും എല്ലാം മാറ്റമില്ലാതെ സ്വീകരിച്ചിരിക്കുന്നതും സെമിത്തേരി പ്രശ്നം ഇല്ലാതാക്കാൻ ഓർത്തഡോക്സ് പള്ളിക്കടുത്തുതന്നെ റീത്തുപള്ളി നാട്ടുന്നതും കൂടുതൽ ഓർത്തഡോക്സുകാരെ വശീകരിക്കാനാണെന്ന് നാലാം ക്ലാസു വരെ പഠിച്ചവർക്കു പോലും അറിയാം.



സകലജാതികളെയും ശിഷ്യരാക്കാനാണ് യേശുക്രിസ്തു അന്ത്യകല്പനയിൽ പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യാനിയെ വീണ്ടും ക്രിസ്ത്യാനിയാക്കാനും പുതിയ പേരിടാനും യേശുനാഥൻ ആരോടും പറഞ്ഞിട്ടില്ല. ഇന്ത്യാ രാജ്യത്തു ദൈവത്തെപ്പറ്റി അറിയാത്ത ജാതികൾ ഇന്നും വളരെയുള്ളതിനാൽ അവരിലേക്കു തിരിയുന്നതല്ലേ ഉത്തമം. പക്ഷെ അത് ഇനിയും എത്ര പണം എറിഞ്ഞാലും ജോലി കൊടുത്താലും അത്ര എളുപ്പമല്ല. ആർച്ച് ബിഷപ്പ് സ്ഥാനവും റോമൻ കത്തോലിക്കാ സഭയിൽ ഇല്ലാത്ത കാതോലിക്കാ പദവിയും യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഒരാളെ പാപ്പായായി തെരഞ്ഞെടുക്കുന്ന കർദ്ദിനാളന്മാരുടെ കൂട്ടത്തിൽ പെട്ട് വോട്ടു ചെയ്യാനും ഒരു പ്രത്യേക റീത്തുണ്ടായാൽ മാത്രമേ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ കർദ്ദിനാൾ "പട്ടാഭിഷേക" ചടങ്ങിൽ പങ്കെടുപ്പിക്കുന്നതിനു വളരെയധികം പണം ചെലവഴിച്ച് ഇമാമിനേയും ഇന്ദുവിനേയും സ്വാമിയേയും മറ്റും വിമാനമാർഗ്ഗം വത്തിക്കാനിൽ കൊണ്ടുപോയതു മതസൗഹാർദ്ദത്തിന്റെ ഒരടയാളമായി വേണ്ടത്ര വിവരമറ്റ കുറെ റീത്തുകാരെങ്കിലും കണക്കാക്കുമെന്നു കരുതിയാവും.

യഥാർത്ഥ പുനരൈക്യം എന്നു പറഞ്ഞാൽ എന്താണെന്ന് ഗോവയിലെ അൽവാറീസ് മെത്രാപ്പോലീത്താ കാണിച്ചു കൊടുത്തതു വായിച്ചു നോക്കുക.

പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പ്രചരിച്ച റോമൻ കത്തോലിക്കാ സഭയിൽ ജനിച്ചു വളരുകയും സെമിനാരിയിൽ പഠിച്ച് ഉത്തമനായ ഒരു വൈദികനായി ഉയരുകയും ചെയ്ത ഫാ. അൽവാറീസിനു താൻ ഉയർത്തിയ വിമർശനങ്ങളുടെ പേരിൽ പോർട്ടുഗീസ് ഗവൺമെന്റിന്റെ പീഡനം സഹിക്കേണ്ടിവന്നു. കത്തോലിക്കാസഭയുടെ അസഹനീയമായ മർദ്ദനങ്ങളും ദുരുപദേശങ്ങളും മൂലം കത്തോലിക്കാസഭയോടു വിടപറഞ്ഞ് അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയിൽ ചേരുകയും പിന്നീട് ഒരു മെത്രാപ്പോലീത്തായായി വാഴിക്കപ്പെടുകയും ചെയ്തതുമൂലം അദ്ദേഹം പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാരതനക്ഷത്രമായി മാറി.

1836 ഏപ്രിൽ മാസത്തിൽ ഗോവയിൽ ജനിച്ച അൽവാറീസ് 1859–ൽ 23–ാമത്തെ വയസ്സിൽ ദൈവശാസ്ത്ര ബിരുദം നേടി. അക്കാലത്തു റോമൻ കത്തോലിക്കാ സഭയുടെ ആഭ്യന്തര ഭരണ സംവിധാനങ്ങൾ വളരെ മോശ മായിരുന്നു. സെമിനാരി പഠനം കഴിഞ്ഞ അൽവാറീസിന് വൈദിക സേവന പ്രവർത്തനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടു. ഇതിനെ തിരെ അദ്ദേഹം ശക്തമായ വിമർശനം നടത്തി. തുടർന്ന് അദ്ദേഹം കൂടു തൽ പഠിക്കാനായി ബോംബെയിൽ പോയി എട്ടു വർഷം അവിടെ താമ സിച്ചു. അവിടെ ഒരു ജസ്യൂട്ട് സ്കൂളിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. 1862–ൽ വൈദികനായ അൽവാറീസ് അഞ്ചു വർഷം ബോംബെയിൽ നല്ല സേവനം ചെയ്തു. ബോംബെ വാസത്തിനിടയിൽ ഇംഗ്ലീഷിൽ അവ ഗാഹം നേടാനും നല്ലവണ്ണം പ്രസംഗിക്കാനും മാസികകളിൽ എഴുതാനും ഒട്ടധികം പ്രമുഖ വ്യക്തികളെ പരിചയപ്പെടാനും സാധിച്ചു. പിന്നീട് ഗോവ യിലെ സ്വന്തം ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കാൻ ആഗ്രഹിച്ച അൽ വാറീസ് ഗോവയിലേക്കു മടങ്ങി. പട്ടിണിയും രോഗവും മൂലം വലഞ്ഞു കൊണ്ടിരുന്ന ഗോവയിലെ പാവപ്പെട്ടവരുടെ ഇടയിൽ സേവന പ്രവർത്ത നങ്ങൾ നടത്തുകയും മറ്റു ചില വൈദികരെ കൂട്ടിച്ചേർത്ത് 1871–ൽ ഒരു ചാരിറ്റബിൾ അസോസിയേഷൻ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ വിപു ലീകരിക്കുകയും ചെയ്തു. ഭിക്ഷക്കാരെയും അംഗവൈകല്യമുള്ളവരെയും തേടിപ്പിടിച്ചു പുനരധിവസിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ച ഫാ. അൽവാ റീസ് അവർക്ക് ഒരു മാലാഖയായി മാറി.

പഞ്ചിമിൽ 1877–ൽ ഒരു സ്കൂൾ അദ്ദേഹം ആരംഭിച്ചു. 1878–ൽ ഗോവ യിൽ കോളറ പടർന്നുപിടിച്ചതിനെത്തുടർന്ന് അദ്ധ്യാപകർക്കും കുട്ടി കൾക്കും പഠിക്കാനാവാതെ സ്കൂൾ നിന്നുപോയി. രോഗികളെ ശുശ്രൂ ഷിക്കുന്നതിനും സ്വന്തം വീട്ടിൽ തന്നെ പാർപ്പിക്കുന്നതിനും പണമില്ലാ ത്തവരെ സേവിക്കാൻ പണക്കാരോടു പണം കടം വാങ്ങി പ്രവർത്തി ക്കാനും മരുന്നു വിതരണം ചെയ്യാനും ഫാ. അൽവാറീസ് ചെയ്ത ശ്രമ ങ്ങൾ വിവരണാതീതമാണ്.

എട്ടു വർഷം കഴിഞ്ഞ് 1885–ൽ വീണ്ടും ഗോവയിൽ കോളറ വന്ന പ്പോൾ ശതക്കണക്കിനു പാവപ്പെട്ടവർ മരിച്ചു. ഉടൻതന്നെ ജനങ്ങൾ രോഗത്തെ സംബന്ധിച്ചു ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഫാ. അൽവാ റീസ് പോർട്ടുഗീസ് ഭാഷയിൽ ഒരു പുസ്തകം എഴുതി സൗജന്യമായി വിതരണം ചെയ്തു. അടുത്ത വർഷം കൊളംബോയിൽ കോളറ പൊട്ടി പ്പുറപ്പെട്ടപ്പോൾ ഈ പുസ്തകം ഇംഗ്ലീഷിലാക്കി അവിടെ വിതരണം ചെയ്തു.

മാസികകളിൽ എഴുതിയ വിമർശനപരമായ ലേഖനങ്ങൾ റോമൻ കത്തോലിക്കാ സഭയ്ക്കും പോർട്ടുഗീസ് ഭരണകൂടത്തിനും ഒട്ടും

രസിച്ചില്ല. അദ്ദേഹം നടത്തിവന്ന മാസിക ഭരണകൂടം നിരോധിച്ചു. ഇതിനുശേഷവും മാസിക പ്രസിദ്ധീകരിച്ചതിനു റോമൻ സഭ ഫാ. അൽവാറീസിനെ മുടക്കി. മാസിക നിരോധിച്ചതിനെതിരെ ഫാ. അൽവാറീസ് കോടതിയിൽ കേസു കൊടുത്തു ജയിച്ചു എങ്കിലും മുടക്കാൻ ബിഷപ്പിന് അധികാരമുണ്ടെന്ന് വ്യക്തമാക്കപ്പെട്ടു. തുടർന്ന് ഫാ. അൽവാറീസ് സത്യം എന്ന പേരിൽ ആരംഭിച്ച മാസികയിൽ കടുത്ത വിമർശനങ്ങൾ നടത്തി. മുടക്കപ്പെട്ടശേഷം ഫാ. അൽവാറീസ് 'സ്വതന്ത്ര കാതലിക് മിഷൻ' എന്ന സ്ഥാപനം ആരംഭിച്ചു. കത്തോലിക്കാസഭയുടെ കപട ആത്മീയതയേയും സമ്പന്നരുടെ മദ്യപാനത്തേയും അധാർമ്മിക ജീവിതത്തെയും നിശിതമായി എതിർത്തപ്പോൾ ഫാ. അൽവാറീസിന് പാവപ്പെട്ടവരുടെ പിന്തുണ മാത്രമേ ലഭിച്ചിരുന്നുള്ളു. ജീവരക്ഷാർത്ഥം കോളംബോയിൽ പോയ ഫാ. അൽവാറീസിനെ അവിടെ വച്ചുപദ്രവിക്കാനും കത്തോലിക്കാ സഭ ശ്രമിച്ചു. ഒടുവിൽ മംഗലാപുരത്ത് തിരിച്ചെത്തിയ ഫാ. അൽവാറീസ് ശത്രുവലയത്തിൽ നിന്നു ബുദ്ധിപൂർവ്വം രക്ഷപ്പെട്ടു. എങ്കിലും ശത്രുക്കൾ അദ്ദേഹത്തെ എന്നും പിന്തുടർന്നിരുന്നു.

ബ്രഹ്മവാർ മിഷന്റെ ആരംഭം

മംഗലാപുരം തുറമുഖത്ത് കപ്പലിൽ എത്തിയപ്പോൾ അവിടെ വലിയ ബഹളവും കലഹവുമാണെന്നറിഞ്ഞ് അൽവാറീസ് ഉടനെതന്നെ അവിടെ നിന്ന് ബ്രഹ്മവാറിലേക്ക് പോയി. ഉഡുപ്പി താലൂക്കിൽ ഉഡുപ്പി പട്ടണത്തിൽ നിന്ന് 13 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് നേരത്തെ തന്നെ അൽവാറീസിന് സ്വന്തം സ്ഥലമുണ്ടായിരുന്നു. കല്ലിയാംപുരി നദിയുടെ സമീപത്തുള്ള ഫലഭൂയിഷ്ഠമായ ഈ പ്രദേശം ഒരു ആസ്ഥാനമാക്കുവാൻ ഈ വൈദികൻ തീരുമാനിച്ചു. താൻ അവിടെ എത്തിയപ്പോൾ റോമൻ കത്തോലിക്കാ സഭയിൽ നിന്ന് വിഘടിച്ചു നിൽക്കുന്ന ആയിരത്തിലധികം കുടുംബങ്ങൾ അവിടെയുണ്ടായിരുന്നു. ഫാ. അൽവാറീസിന്റെ ഉപദേശം സ്വീകരിച്ച് ആ കുടുംബങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് ചേർന്നു. മാത്രമല്ല 'ബ്രഹ്മവാർ മിഷൻ' എന്ന പേരിൽ ഒരു സുവിശേഷ സമൂഹം കെട്ടിപ്പടുക്കുവാനും തനിക്ക് സാധിച്ചു.

ഈ സമയത്താണ് റോമൻ കത്തോലിക്കാ സഭയിൽ നിന്നും പ്രസിദ്ധനായ ഒരു പട്ടക്കാരൻ കൂടി മുടക്കിന് വിധേയനായത്. ഫാ. നൊറോണാ, ഒരു പുരാതനവും പ്രസിദ്ധവുമായ കുടുംബത്തിലെ അംഗമാണ്. വളരെ നല്ല സേവനം ചെയ്തുകൊണ്ടിരുന്ന റോമൻ കത്തോലിക്കാ പുരോഹിതനായ അദ്ദേഹം സൽസ്വഭാവിയായി അറിയപ്പെട്ടിരുന്നു. എന്നാൽ കത്തോലിക്കാ സഭയിലെ പ്രൊപ്പഗാൻഡാ എന്ന വിഭാഗക്കാർ

വ്യക്തിപരമായ വിരോധംകൊണ്ട് അദ്ദേഹത്തിനെതിരായി കള്ളക്കഥകൾ പറഞ്ഞുപരത്തി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗോവാ ആർച്ച്ബിഷപ്പ് ഡോംവാലെന്റെ, ഫാദർ നൊറോണായെ 1889 ജനുവരി 4-നു കത്തോലിക്കാ സഭയിൽ നിന്ന് മുടക്കിയതായി കല്പന ഇറക്കി. ഫാ. നെറോണ അങ്ങനെ ശിക്ഷണ നടപടികൾക്ക് വിധേയനായി വളരെ കഷ്ടാവസ്ഥയിലാണ് എന്ന് അൽവാറീസിന് അറിവുകിട്ടി. പെട്ടെന്ന് ഫാദർ അൽവാറീസ് തന്റെ വിശ്വസ്ത സഹപ്രവർത്തകനായിരുന്ന പാസണ്ണാ എന്നൊരാളിനെ മറ്റു മൂന്നു പേരെയും കൂട്ടി ബ്രഹ്മവാറിൽ നിന്ന് ഫാ. നൊറോണായുടെ അടുക്കൽ അയച്ചു. അവിടെയുള്ള കഷ്ടപ്പാടിൽ നിന്ന് രക്ഷപ്പെട്ട് ഉടനെ ബ്രഹ്മവാറിൽ എത്തിച്ചേരണമെന്നും സ്വതന്ത്രസഭയായ മലങ്കര ഓർത്തഡോക്സ് സഭയിൽ ചേരണമെന്നും അതിൽ പ്രവർത്തിക്കണമെന്നും സന്ദേശം അയച്ചു. അതു ലഭിച്ചപ്പോൾ അദ്ദേഹം ബ്രഹ്മവാറിൽ എത്തിച്ചേർന്നു. ഫാ. അൽവാറീസിനെ കണ്ട് ഓർത്തഡോക്സ് സഭയിൽ ചേർന്നു പ്രവർത്തിപ്പാനുള്ള സന്നദ്ധത അറിയിച്ചു.

1889 ഏപ്രിൽ 21 ഞായറാഴ്ച നമ്മുടെ കർത്താവിന്റെ ഉയിർപ്പു ദിവസം ഒരു ചെറിയ താല്ക്കാലിക ദേവാലയത്തിൽ വച്ച് രണ്ടു റോമൻ കത്തോലിക്കാ പുരോഹിതന്മാർ ഓർത്തഡോക്സ് രീതിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. റോമൻ കത്തോലിക്കാ സഭ ഉപേക്ഷിച്ചു വന്ന ധാരാളം വിശ്വാസികൾ അതിൽ പങ്കെടുത്തു. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം കേരളത്തിന് പുറത്തേയ്ക്കുള്ള സഭയുടെ വളർച്ചയ്ക്ക് ഇത് ഒരു ആരംഭമായി. എം. ഒ. സി. സിറിയൻ മിഷൻ അല്ലെങ്കിൽ ബ്രഹ്മവാർ മിഷൻ ഒരു അത്ഭുതം തന്നെയാണ്. ദൈവനിയോഗപ്രകാരം രണ്ട് റോമൻ കത്തോലിക്കാ പുരോഹിതരാണ് ഓർത്തഡോക്സ് സഭയ്ക്ക് ഒരു ബാഹ്യ കേരള മിഷൻ ആരംഭിച്ചത് എന്ന് നാം ഓർത്തിരിക്കണം. വിദേശാധിപത്യത്തിൽ നിന്നും സ്വതന്ത്ര സഭയിലേക്കുള്ള ഈ മാറ്റം ഇവർക്ക് ആശ്വാസകരമായിരുന്നു.

മെത്രാൻ സ്ഥാനാഭിഷേകം

ബ്രഹ്മവാർ മിഷന്റെ ചുമതല 1889 മേയ് മാസം ഫാദർ നൊറോണയെ ഏല്പിച്ചശേഷം ഫാദർ അൽവാറീസ് കൊച്ചിയിലേക്കു പോയി. റോമൻ കത്തോലിക്കാ സഭയിലെ ഒരു ചുറുചുറുക്കുള്ള പട്ടക്കാരനായി ബോംബെയിൽ സ്തുത്യർഹമായി പ്രവർത്തിച്ച ഈ യുവ വൈദികനെ തന്റെ ലേഖനങ്ങളിൽ സഭയെ വിമർശിച്ചു എന്നതിന്റെ പേരിൽ മുടക്കിയത് വളരെ പ്രസിദ്ധമാണ്. തന്റെ സ്വന്ത ഇഷ്ടപ്രകാരം ഓർത്തഡോക്സ് സഭയിലെ അംഗത്വം സ്വീകരിക്കുകയും സഭയുടെ വളർച്ചയ്ക്കു വേണ്ടി

അദ്ധ്വാനിക്കുകയും അനേകം വൈദികരുൾപ്പെടെ നിരവധിയാളുകളെ ഓർത്തഡോക്സ് സഭയിലേക്ക് കൊണ്ടുവരികയും ചെയ്തു. ചുരുങ്ങിയ കാലയളവുകൊണ്ട് ബ്രഹ്മവാറിൽ ഒരു മിഷൻ കേന്ദ്രം ആരംഭിച്ചു. ഈ നിസ്തുലമായ സേവനങ്ങളുടെ അംഗീകാരമായി അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസിനെ ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്തായായി വാഴിക്കുന്നതിന് മലങ്കരസഭാ സുന്നഹദോസ് തീരുമാനിച്ചു. ഈ തീരുമാനം പാത്രിയർക്കീസ് പത്രോസ് മൂന്നാമനെ അറിയിക്കുകയും അദ്ദേഹം ഉടനെതന്നെ അനുവാദ കല്പന അയച്ചു തരികയും ചെയ്തു.

ഒരു ചരിത്ര സംഭവത്തിന് പഴയസെമിനാരി ചാപ്പൽ സാക്ഷ്യം വഹിച്ചു. 1889 ജൂലൈ 29-നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, ചാത്തുരുത്തി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പരിശുദ്ധ പരുമല തിരുമേനി), പൗലോസ് മാർ ഈവാനിയോസ്, കടവിൽ പൗലോസ് മാർ അത്താനാസ്യോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ അനേകം പട്ടക്കാരുടെ സാന്നിദ്ധ്യത്തിൽ അനുഗ്രഹപ്രദമായ മേല്പട്ട സ്ഥാനാരോഹണ ശുശ്രൂഷ നടന്നു. അനേകം വിശ്വാസികളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണത്തിൽ അൽവാറീസ് മാർ യൂലിയോസ് ഒന്നാമൻ എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷിക്തനായി. ബോംബെ, മദ്രാസ്, ഗോവ, കർണ്ണാടക, കൊളംബോ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമേഖല.

മലങ്കര മെത്രാപ്പോലീത്താമാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് എന്നിവരുടെ സഹായിയായി പ്രവർത്തിച്ച അൽവാറീസ് മാർ യൂലിയോസ് 1911-ൽ വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ആ മുടക്കിനെ ശക്തമായി എതിർത്തു മലങ്കര മെത്രാപ്പോലീത്തായ്ക്കു ശക്തമായ പിന്തുണ നൽകി.

അൽവാറീസ് മെത്രാപ്പോലീത്താ പ്രായാധിക്യംമൂലം അവശനായപ്പോൾ ബ്രഹ്മവാർ ഭദ്രാസന ചുമതല വട്ടശ്ശേരിൽ തിരുമേനി ഏറ്റെടുത്തുകൊണ്ട് 1919 നവംബർ 21-നു ഒരു കല്പന ഇറക്കി.

ബഥനിയുടെ മാർ ഈവാനിയോസിനെ 1925-ൽ എപ്പിസ്കോപ്പായായി വാഴിച്ചതിനെ തുടർന്ന് അദ്ദേഹത്തിനു ബ്രഹ്മവാർ - ഗോവ ഭദ്രാസനത്തിന്റെ ചുമതല നൽകി. മാർ ഈവാനിയോസ് ബ്രഹ്മവാർ ബിഷപ്പ് എന്ന നിലയിൽ അവിടം സന്ദർശിച്ചു. ഫാ. നൊറോണാ അവിടത്തെ കാര്യങ്ങൾ മാർ ഈവാനിയോസിനെ അറിയിച്ചു.

മാർ അൽവാറീസ് 1923-ൽ പഞ്ചിമിൽ വച്ചു കാലം ചെയ്തശേഷം

അംശവസ്ത്രങ്ങളും സ്ഥാനചിഹ്നങ്ങളും മാർ ഈവാനിയോസാണ് ഏറ്റെടുത്തത്. 1930–ൽ മാർ ഈവാനിയോസ് റീത്തിൽ ചേർന്നതിനെ തുടർന്ന് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ, ബ്രഹ്മവാർ ഭരണം ഏറ്റെടുത്തു ഭരണം നടത്തുകയും പട്ടക്കാരെ നിയോഗിക്കുകയും ചെയ്തു. 1934–ൽ ഈ ഭദ്രാസനത്തിന്റെ ഭരണം മഞ്ഞിനിക്കര ദയറായിലെ ഏലിയാസ് മാർ യൂലിയോസ് അവകാശപ്പെട്ട് ഉഡുപ്പി മുൻസിഫ് കോടതിയിൽ കേസു നടത്തി എങ്കിലും ബ്രഹ്മവാർ കത്തീഡ്രലും ഇടവകകളും കാതോലിക്കാബാവായുടെയും ഫാ. പി. ജി. കോശിയുടെയും കീഴിലാണെന്ന് 1952–ൽ മദ്രാസ് ഹൈക്കോടതിയിൽ നിന്നു വിധി വരികയും ഭദ്രാസനം വീണ്ടും മലങ്കരസഭയുടെ കീഴിൽ എത്തുകയും ചെയ്തു. പാത്രിയർക്കീസ് വിഭാഗത്തിന്റെയും കത്തോലിക്കരുടെയും ശക്തമായ ദ്വിമുഖാക്രമണത്തെ സുധീരം നേരിട്ടുകൊണ്ടാണ് ബ്രഹ്മവാർ ഭദ്രാസനത്തെ, അൽവാറീസ്, വട്ടശ്ശേരിൽ ദീവന്നാസ്യോസ്, ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ എന്നീ തിരുമേനിമാരും ഫാ. നെറോണോ, ഫാ. പി. ജി. കോശി, ഫാ. കെ. കെ. കുറിയാക്കോസ്, ഫാ. കെ. റ്റി. വറുഗീസ് എന്നീ വൈദികരും സംരക്ഷിച്ചു നിലനിറുത്തിയതെന്ന വസ്തുത സഭ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതും സഭാംഗങ്ങൾ ദൈവത്തെ സ്തുതിക്കേണ്ടതുമാണ്.

പുതിയ മെത്രാപ്പോലീത്താ ഈ പ്രദേശങ്ങളിൽ യാത്ര ചെയ്ത് ഓർത്തഡോക്സ് സഭയുടെ ഭിത്തിയെ ബലപ്പെടുത്തുകയും കുറ്റികളെ ഉറപ്പിക്കുകയും കയറുകളെ നീട്ടുകയും ചെയ്തു. മംഗലാപുരം മുതൽ ബോംബെ വരെയുള്ള തീരപ്രദേശത്തു നിന്ന് അയ്യാരത്തിലധികം കുടുംബങ്ങൾ ഓർത്തഡോക്സ് സഭയിൽ ചേർന്നതായി ചരിത്രം ഉണ്ട്. ധാരാളം പട്ടക്കാരും ഇതിൽ ഉൾപ്പെടുന്നു. തൃശ്ശിനാപ്പള്ളിയിലും കൊളംബോയിലും സമൂഹങ്ങൾ ഉണ്ടായി. അമേരിക്കൻ ഐക്യനാടുകളിൽ ചില സ്ഥലത്തു നിന്നും ജനങ്ങൾ റോമാവിശ്വാസം ഉപേക്ഷിച്ചു നമ്മുടെ സഭയിൽ വന്നു. ആ കൂട്ടത്തിൽ വന്ന അതിസമർത്ഥനായ ഒരു പാതിരിയായിരുന്നു റെനിവിലാത്തി. അദ്ദേഹത്തെ സിലോണിൽ വച്ച് ഒരു മെത്രാപ്പോലീത്തായായി വാഴിച്ച് അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഏല്പിക്കാൻ മുൻകൈ എടുത്ത് പ്രവർത്തിച്ചത് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായായിരുന്നു.

ഇത് ഒരു വലിയ പരിവർത്തനത്തിന്റെ കാലമായി ചരിത്രകാരന്മാർ കണക്കുകൂട്ടുന്നു. ഈ കാലയളവിൽ നടന്ന സഭാമാറ്റമാണ് വാസ്തവത്തിൽ പുനരൈക്യ പ്രസ്ഥാനമെന്ന് ഓർത്തഡോക്സ് സഭാചരിത്രകാരനായിരുന്ന ഡോ. വി. സി. ശമുവേലച്ചൻ രേഖപ്പെടുത്തിയിരിക്കുന്നു. പാശ്ചാത്യരീതിയിൽ നിന്നും വിദേശാധിപത്യത്തിൽ നിന്നും സ്വതന്ത്ര

മായി ഇന്ത്യയിൽ ഒരു ആരാധനാരീതി ഉണ്ടാകണമെന്ന് ഇവിടെയുള്ള ജനങ്ങൾ ആഗ്രഹിച്ചതിന്റെ പ്രതിഫലനവും ഇവിടെയുണ്ട്. സൗത്ത് കാന റായിൽ ഉണ്ടായ ഈ മാറ്റം ഭാരതവൽക്കരണത്തിന്റെ ആദ്യപടിയായി രുന്നു എന്ന് പ്രസിദ്ധ ചരിത്രകാരി കാന്റി ഫറിയാസ് രേഖപ്പെടുത്തിയി ട്ടുണ്ട്.

മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്ന സഭയാണ് പേർഷ്യൻ സഭ. ഒരു കാലത്ത് മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിൽ അടുത്ത ബന്ധം നിലനിന്നിരുന്നതായും പേർഷ്യൻ സഭയിലെ മെത്രാ പ്പോലീത്താമാർ മലങ്കരസഭയിൽ ബന്ധം പുലർത്തിയിരുന്നതുമായി ചരിത്രം വ്യക്തമാക്കുന്നുണ്ട്. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവിനു ശേഷമാണ് ഗോവയിൽ ക്രിസ്തുമതം പ്രചരിച്ചത് എന്നും പുരാ തനകാലം മുതൽ അവിടെ ക്രിസ്തീയ സഭ റോമൻ പോപ്പിന്റെ അധി കാരത്തിലായിരുന്നു എന്നും മറ്റും വാദിക്കുന്നവർക്ക് ഈ പേർഷ്യൻ കൽക്കുരിശുകളുടെ കണ്ടെത്തൽ വലിയൊരു തിരിച്ചടിയായി. ഈ കണ്ടെ ത്തൽ 7-ാം നൂറ്റാണ്ടിനു മുമ്പുതന്നെ ഗോവയിൽ ക്രിസ്തുമതം പ്രചരി ച്ചിരുന്നു എന്നും ആ സഭയ്ക്ക് പേർഷ്യൻ സഭയുമായി ഉറ്റബന്ധമുണ്ടാ യിരുന്നു എന്നും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

റോമൻ കത്തോലിക്കാ സഭയിലെ പുരോഹിതനായിരുന്ന ഫാ. അൽ വാറീസ് മലങ്കരസഭയിലേക്ക് വരികയും ഈ സഭയുടെ മെത്രാപ്പോലീത്താ ആകുകയും ചെയ്തത് ദൈവനിയോഗമാണ്. അൽവാറീസ് മാർ യൂലി യോസ് തിരുമേനിയുടെയും ഫാദർ നൊറോണയുടെയും ശ്രമഫലമായി റോമൻ കത്തോലിക്കാസഭ വിട്ടിട്ട് ഏകദേശം 6000 കത്തോലിക്കാ കുടും ബങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയിലേക്ക് വന്നു. വേർപെട്ടുപോയ കണ്ണികളെ വീണ്ടും യോജിപ്പിക്കുന്നതുപോലെ, പോർട്ടുഗീസ് ഭരണകാ ലത്ത് റോമൻ കത്തോലിക്കാസഭയിലേക്ക് പോയ ക്രിസ്ത്യാനികൾ തിരികെ നമ്മുടെ സഭയിലേക്കു വന്നതാണ് സാക്ഷാൽ പുനരൈക്യം എന്നു പറയുന്നത്. 1887-ൽ നടന്ന അതിശക്തമായ ഈ തിരിച്ചുവരവ് മാർത്തോമ്മാ പാരമ്പര്യമുള്ള മലങ്കരസഭയ്ക്ക് വലിയൊരു ചരിത്രനേട്ട മാണ്. ഭാരതസഭയുടെ പാരമ്പര്യവും സ്വാതന്ത്ര്യവും സ്വയശീർഷക ത്വവും അംഗീകരിക്കുവാൻ ഈ ചരിത്രരേഖകൾ സഹായിക്കും.

ആനപ്പാപ്പിയും മലങ്കര വറുഗീസും


മലങ്കരയിലെ രക്തസാക്ഷികളെപ്പറ്റി തോമസ് കുതിരവട്ടം എക്സ്. എം. പി. എഴുതുന്നു: "ആഗോള ക്രൈസ്തവ സഭയുടെ സത്വര വളർച്ച യിൽ ഒട്ടധികം വിശ്വാസികളുടെ ദുരന്തം വളമായിത്തീർന്നു എന്ന വസ്തുത ഒരനിഷേധ്യ ചരിത്രമായി നിലകൊള്ളുകയാണല്ലോ. യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ രക്തസാക്ഷി മരണത്തിനു മുമ്പു തന്നെ വിശുദ്ധനായ സ്തേഫാനോസിന്റെ രക്തസാക്ഷിത്വം സഭയെ പോഷി പ്പിച്ചു. തുടർന്നുണ്ടായ സഭാപീഡനങ്ങൾക്കിടയിൽ മരണം വരിച്ചവർക്കു കണക്കില്ല. ഹാബേലിന്റെ രക്തം പോലെ ഇവരുടെയെല്ലാം ജീവിതവും ത്യാഗങ്ങളും ദൈവത്തിനു പ്രസാദകരമായിരുന്നു എന്ന സത്യം ഏതൊരു സത്യവിശ്വാസിയെയും പുളകമണിയിക്കാൻ തികച്ചും പര്യാപ്തമാണ്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ സഭയുടെ സ്ഥാപകനും കർത്തൃ ശിഷ്യനുമായ മാർത്തോമ്മാശ്ലീഹാ മുതൽ സഭയ്ക്കുവേണ്ടി ഒരു ശതാ ബ്ദത്തിന് മുമ്പു വധിക്കപ്പെട്ട ആനപ്പാപ്പി എന്ന വർക്കി വറുഗീസ്, ഒരു ദശാബ്ദത്തിന് മുമ്പ് കൊല്ലപ്പെട്ട പെരുമ്പാവൂർ മലങ്കര വറുഗീസ് എന്നീ രക്തസാക്ഷികൾ വരെ സഭയുടെ വിലതീരാത്ത നിധികളും പ്രചോദന കേന്ദ്രങ്ങളുമാണ്.

മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നിട്ടില്ലെന്നും മറ്റും വിതണ്ഡവാദ ങ്ങൾ ഉന്നയിക്കുന്നവർ ഇന്ത്യയിൽ മറ്റാരാണ് സഭ സ്ഥാപിച്ചതെന്നു യുക്തിഭദ്രതയോടെ പറയുന്നില്ല. "എന്റെ കർത്താവും എന്റെ ദൈവ വുമേ" എന്നു സാക്ഷിച്ച മാർത്തോമ്മാശ്ലീഹാ എ.ഡി. 52-ൽ ഭാരതത്തിൽ വന്നു എന്നും ഇവിടെ സുവിശേഷം അറിയിച്ചു എന്നും വി. ദൈവമാതാ വിന്റെ നാമത്തിൽ ഏഴരപ്പള്ളികൾ സ്ഥാപിച്ചു എന്നും മറ്റുമുള്ള ചരിത്ര സത്യത്തെ കാര്യവിവരമുള്ള ഒരു ചരിത്രകാരനും നിരാകരിക്കുന്നില്ല. തന്നി മിത്തം മാർത്തോമ്മായുടെ പേരിലുള്ള അടിസ്ഥാനരഹിതമായ തർക്ക വിതർക്കങ്ങൾക്കുവേണ്ടി സമയവും കടലാസും ചെലവാക്കുന്നത് ഒരു പാഴ്വേലയാണ്.

കേരളത്തിൽ സഭ സ്ഥാപിച്ചശേഷം വടക്കോട്ടുപോയ മാർത്തോ മ്മായെ എ.ഡി. 72-ൽ മൈലാപ്പൂരിൽ വച്ചു കുന്തം കൊണ്ട് കുത്തി ക്കൊന്നു എന്നും അദ്ദേഹത്തിന്റെ മൃതദേഹം ചിന്നമലയിൽ സംസ്ക രിച്ചു എന്നും നാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ അസ്ഥികൾ കേരള ത്തിൽ എത്തിയ പേർഷ്യൻ വ്യാപാരികൾ പേർഷ്യയിലെ എഡേസ്സായി ലേക്കു കൊണ്ടുപോയി എന്നും അവിടെ ഭക്തിപൂർവ്വം സംസ്കരിച്ചു എന്നുമുള്ള ചരിത്രസത്യം ആരു നിഷേധിച്ചാലും അത് ഒട്ടും വിലപ്പോ

വില്ല. നമ്മുടെ സഭ സ്ഥാപിച്ച മാർത്തോമ്മാശ്ലീഹായാണ് മലങ്കരസഭയുടെ പ്രഥമ രക്തസാക്ഷി എന്നതിൽ നാം യഥാർത്ഥത്തിൽ അഭിമാനം കൊള്ളുന്നു. ഭാരതം എന്നു കേട്ടാൽ അഭിമാനം കൊള്ളുന്ന ഇന്ത്യാക്കാരെപ്പോലെ, മാർത്തോമ്മാ എന്ന നാമശ്രവണ മാത്രയിൽ മലങ്കര സഭാംഗങ്ങൾ കോരിത്തരിക്കും. അതുകൊണ്ടാണ് ആ രക്തസാക്ഷി നമ്മെ ഏൽപിച്ച ദീപശിഖ നാം കെടാതെ ഉയർത്തിപ്പിടിച്ച് ഇന്നും നീങ്ങുന്നത്. ഇന്നലെ കുരുത്ത തകരകളെപ്പോലെയുള്ള നവീകരണ കൂട്ടായ്മവിഭാഗങ്ങൾക്കൊന്നും മാർത്തോമ്മാ പൈതൃകത്തിന്റെ അംശികളാകാൻ സാധ്യവുമല്ല.




വർക്കി വറുഗീസ് (ആനപ്പാപ്പി)

മാർത്തോമ്മാശ്ലീഹായുടെ കാലശേഷം സംസ്കാര സമ്പന്നരും ഈശ്വരവിശ്വാസികളുമായ ചില രാജാക്കന്മാരുടെ സഹായസഹകരണങ്ങൾ മലങ്കരസഭാവിശ്വാസികൾക്കു ലഭിച്ചു. എങ്കിലും പലപ്പോഴും പല ദിശകളിൽ നിന്നു ക്രിസ്ത്യാനികൾക്കു പീഡനങ്ങളും ശാരീരികമായ താഡനങ്ങളും ക്ഷതങ്ങളും കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അവയുടെയൊന്നും വ്യക്തമായ ചരിത്രം നമുക്ക് ലഭ്യമല്ല. കാരണം അവ വരമൊഴികളേക്കാൾ വാമൊഴികളിലാണ് നിലകൊണ്ടത്.

പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വ്യാപാരത്തിനു വേണ്ടി വന്ന പോർച്ചുഗീസുകാർക്ക് മതപരിവർത്തന ലക്ഷ്യം കൂടിയുണ്ടായിരുന്നതിനാൽ ഇവിടുത്തെ പുരാതന ക്രൈസ്തവരെ ഏതു മാർഗ്ഗം സ്വീകരിച്ചും റോമാസഭയിലേക്കു ചേർക്കുവാനുള്ള നീക്കത്തിനു ശക്തി കൂടി. ഇതിനിടയിൽ പിതാക്കന്മാരെ ഒരിക്കലായി ഭരമേൽപ്പിച്ച സത്യവിശ്വാസം അന്യൂനം നിലനിർത്തുന്നതിനുള്ള അതിയായ വ്യഗ്രതയിൽ പൗരസ്ത്യ സഭകളിൽ നിന്നുള്ള ആത്മീയ സഹായം സഭാതലവനായിരുന്ന തോമസ് അർക്കദിയാക്കോൻ തേടി. കൊച്ചിയിൽ വ്യാപാരാർത്ഥം വന്നുകൊണ്ടിരുന്ന വിദേശികൾ മുഖേനയാണ് കത്തുകൾ അയച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി അലക്സാന്ത്രിയയിലെ പാത്രിയർക്കീസ് (പോപ്പ്) അയച്ച ഇഗ്നാത്തിയോസ് അഹത്തുള്ളാ ബാവാ പോർച്ചുഗീസുകാരാൽ വധിക്കപ്പെട്ടപ്പോൾ മലങ്കരസഭയുടെ മറ്റൊരു പ്രമുഖ രക്തസാക്ഷിയായി. തുടർന്ന് സ്വാതന്ത്ര്യ വിപ്ലവചിന്തയാൽ പ്രേരിതരായ സുറിയാനി ക്രിസ്ത്യാനികൾ സടകുടഞ്ഞെഴുന്നേറ്റ് മട്ടാഞ്ചേരിയിൽ വച്ച് കൂനൻകുരിശ് സത്യം നടത്തി

യത് ചരിത്രപ്രസിദ്ധമായ ഒരു സംഭവമാണല്ലോ. അങ്ങനെ ഉദയംപേരൂർ സുന്നഹദോസ് മൂലം റോമൻ കത്തോലിക്കർ ബലം പ്രയോഗിച്ച് നേടിയ വിജയം ശോഭയറ്റതായിത്തീർന്നു.



മലങ്കര വറുഗീസ്

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ഭിന്ന സാഹചര്യങ്ങളിൽ സഭയ്ക്കുവേണ്ടി രക്തസാക്ഷികളായവരാണ് ആനപ്പാപ്പി എന്നറിയപ്പെടുന്ന വർക്കി വറുഗീസും, മലങ്കര വറുഗീസും. തിരുവല്ലാ കാരയ്ക്കൽ പ്രശസ്തമായ പണിക്കരുവീട്ടിലെ വർക്കി വറുഗീസ് കക്ഷി ഭിന്നതയെത്തുടർന്ന് വധഭീഷണിയെ നേരിട്ട മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ പ. ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ ദേഹരക്ഷയ്ക്കുവേണ്ടി തിരുവല്ലായിൽ നിന്ന് അയയ്ക്കപ്പെട്ടു. ഒരു തികഞ്ഞ സഭാസ്നേഹിയും അരോഗദൃഢഗാത്രനുമായിരുന്ന പാപ്പിസാർ പഴയസെമിനാരി സംരക്ഷിക്കാനെത്തിയവരുടെ നേതാവായി. എതിരാളികൾക്ക് അദ്ദേഹത്തെ വകവരുത്താതെ മലങ്കര മെത്രാപ്പോലീത്തായെ പുകച്ചു പുറത്താക്കാനോ പഴയസെമിനാരി കൈവശപ്പെടുത്താനോ സാധ്യമല്ലാതെ വന്നതുകൊണ്ടാണ് പാത്രിയർക്കീസ് ഭാഗത്തെ അന്നത്തെ ചില നേതാക്കന്മാർ താഴത്തങ്ങാടിക്കാരായ ഒരു സംഘം വാടകഗുണ്ടകളെ ഏർപ്പെടുത്തി ആനപ്പാപ്പിയെ വധിച്ചത്.

1912 മാർച്ച് 25-ന് പാപ്പിസാർ കൊല്ലപ്പെടുമ്പോൾ അദ്ദേഹത്തിന് 35 വയസ്സേ ഉണ്ടായിരുന്നുള്ളു. കല്ലൂപ്പാറയിലെ ഒരധ്യാപകനായിരുന്ന അദ്ദേഹം ചട്ടമ്പിയായിരുന്നു എന്നും മറ്റും എതിരാളികൾ പറഞ്ഞുപരത്തിയിരുന്നു. അതെല്ലാം തികച്ചും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ മാത്രമാണ്. സഭാചരിത്രഗതിയെ തന്നെ തിരിച്ചുവിട്ട പാപ്പിവധം മൂലം എതിരാളികൾ മാനസികമായും സാമ്പത്തികമായും തകരുകയാണുണ്ടായത്.

അടിയും വെട്ടും ഏറ്റ് വർക്കി വർഗീസിന്റെ തലയോട്ടി പതിനൊന്ന് കഷണങ്ങളായി പൊട്ടിപ്പോയെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. ഈ കേസ് തേച്ചുമായിച്ച് കളയുന്നതിനും പ്രതികളെയും പ്രേരണ നൽകിയവരെയും രക്ഷിക്കുന്നതിനുംവേണ്ടി കേസന്വേഷിച്ച

ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെ ചില പ്രമാണികൾ പണം കൊടുത്ത് സ്വാധീനിച്ചുവെങ്കിലും 'മലയാള മനോരമ'യുടെ മുഖപ്രസംഗത്തെത്തുടർന്ന് ആ ഉദ്യോഗസ്ഥനെ മാറ്റാനും ശരിയായ അന്വേഷണം നടത്താനും സാധിച്ചു. 'കോട്ടയം കൊലക്കേസ്' എന്ന പേരിൽ അന്ന് അറിയപ്പെട്ടിരുന്ന ഈ കേസിലെ പ്രതികളായ ക്വട്ടേഷൻ സംഘാംഗങ്ങളെയെല്ലാം പിടികൂടാനും ശിക്ഷിക്കാനും സാധിച്ചു. കൊല്ലിച്ചവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സാധിച്ചില്ലെങ്കിലും ദൈവം അവരെയെല്ലാം പല തരത്തിൽ ശിക്ഷിച്ച് നിരാശയുടെ അഗ്നിനദിയിലൂടെ അക്കര കടത്തി എന്നതാണ് അനിഷേധ്യ ചരിത്രം.

ഹാബേലിനെപ്പോലെ കൊല്ലപ്പെട്ട പാപ്പി സാർ ഇന്ന് ദൈവസാന്നിദ്ധ്യത്തിൽ കഴിയുന്നുവെന്ന ചിന്ത അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ വളരെയധികം ആശ്വസിപ്പിക്കുന്നു. അദ്ദേഹം സഭയ്ക്കുവേണ്ടി ചെയ്ത അതുല്യ ത്യാഗത്തിന്റെ സ്മരണകൾ ഉണർത്തേണ്ടത് കുടുംബാംഗങ്ങളുടെയും വലിയ ചുമതല ആകയാൽ വൈകാതെ ആനപ്പാപ്പി വധ ശതാബ്ദി സമുചിതമായി ആചരിക്കുന്നതിനുള്ള ശ്രമങ്ങൾ പണിക്കരു വീട്ടിൽ കുടുംബയോഗം നടത്തിവരികയാണ്. സഭയുടെ സ്വാതന്ത്ര്യം അന്യൂനം സംരക്ഷിക്കുകയും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ച് സഭയ്ക്ക് നവോത്ഥാനം കൈവരുത്തുകയും ചെയ്ത സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനി വിജയക്കൊടി പാറിച്ചത് പാപ്പിസാറിനെപ്പോലുള്ള രക്തസാക്ഷികളുടെ കറകളഞ്ഞ സഭാസ്നേഹം കൊണ്ടാണ്. എന്നിരിക്കിലും ആ രക്തസാക്ഷിയും അർഹിക്കുന്ന സ്ഥാനവും അംഗീകാരവും ഇന്നും ലഭിക്കാതെ കഴിയുന്നു എന്നത് സഭയ്ക്ക് ഒട്ടും ഭൂഷണമല്ല.

ഒന്നായി നിലകൊണ്ട മലങ്കരസഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടായശേഷം ഒരു ചെറിയ വിഘടിതവിഭാഗം സ്ഥാനമാനങ്ങൾക്കും അധികാരങ്ങൾക്കും പണത്തിനുംവേണ്ടി സൃഷ്ടിച്ച കലഹങ്ങളിൽ മനം നൊന്ത് സഭയുടെ ഐക്യത്തിനും കെട്ടുറപ്പിനുംവേണ്ടി നിലകൊണ്ട പെരുമ്പാവൂർ തോമ്പ്ര കുടുംബാംഗവും മലങ്കര വറുഗീസ് എന്നറിയപ്പെട്ട പ്രമുഖ വ്യവസായിയുമായ ടി. എം. വറുഗീസിനെ പട്ടാപ്പകൽ നടുറോഡിൽ വച്ച് ഗുണ്ടാസംഘത്തെ ഏർപ്പെടുത്തി കൊല്ലിച്ചത് 2002 ഡിസംബർ 5-നാണ്. ഇപ്പോൾ പത്തു വർഷമേ ആയിട്ടുള്ളു. വാടകഗുണ്ടകൾ മുപ്പതിൽപരം വെട്ടുകൾ കൊണ്ടാണ് വറുഗീസിനെ വകവരുത്തിയത്. ഗുണ്ടകൾക്ക് പണവും കാറും വീടും എല്ലാം നൽകി വധത്തിനു പിന്നിൽ നിന്നവരെ ഇനിയും പിടികൂടുവാനുണ്ട്. ഗുണ്ടകൾ എല്ലാം തന്നെ അറസ്റ്റ് ചെയ്യപ്പെട്ടു. കൊല്ലിച്ചവർ സി.ബി.ഐ. യെപ്പോലും സ്വാധീനിക്കാൻ ശക്തരാണെന്നു നീണ്ടുനീണ്ടുപോകുന്ന അന്വേഷണം വ്യക്തമാക്കുന്നു.

കടമറ്റം ഇടവകയിൽ കരോട്ട് മംഗലത്ത് കുര്യാക്കോസ് - അന്നമ്മ

ദമ്പതികളുടെ മകൻ യോനാൻകുഞ്ഞ് (30 വയസ്സ്) 1976 മാർച്ച് 15-ന് എറണാകുളത്ത് നടന്ന കാതോലിക്കാദിന സമ്മേളനത്തിൽ പോയി തിരികെ വരവെ മറ്റക്കുഴിയിൽ വച്ച് എതിർപക്ഷക്കാരുടെ കല്ലേറിൽ ഗുരുതരമായി പരുക്കേറ്റ് മരിച്ചു.

1993 ഓഗസ്റ്റ് 31-ന് പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിമുറ്റത്ത് ഉണ്ടായ ഏറ്റുമുട്ടലിൽ തലയ്ക്ക് അടിയേറ്റ് ഗുരുതരമായി പരിക്കേറ്റ് പെരുമ്പാവൂർ തോട്ടപ്പാട്ട് ഉതുപ്പ് കുര്യാക്കോസ് മരിച്ചു.

വടക്കൻ മേഖല കേന്ദ്രമാക്കി രൂപവൽക്കരിച്ചിരിക്കുന്ന പുത്തൻ കൂട്ടായ്മയുടെ അസഹിഷ്ണുതയും പൈശാചിക ചിന്തയുമാണ് സഭാ മാനേജിംഗ് കമ്മിറ്റിയംഗവും സ്ഥിരോത്സാഹിയും ധന്യജീവിതത്തിന്റെ ഉടമയും ഭക്തനുമായിരുന്ന മലങ്കര വറുഗീസിനെയും മറ്റും വധിക്കാൻ ഇടയാക്കിയത്. തെക്കൻ പ്രദേശങ്ങളിൽ വിഘടിത വിഭാഗത്തെ വളർത്താൻ ആനപ്പാപ്പിയെയും വടക്കൻ മേഖലകളിൽ സഭയെ പിളർത്താൻ മലങ്കര വറുഗീസിനെയും മറ്റും കൊന്നവരും കൊല്ലിച്ചവരും ദുഃഖത്തിന്റെ താഴ്വരയിലൂടെ കണ്ണീർപാടങ്ങളിൽ നിലകൊള്ളുകയാണ്, നരകത്തിന്റെ വാതിൽ വീണ്ടും തുറക്കുന്നതു കാത്ത്.

ആധ്യാത്മിക സംഘടനകൾ സുശക്തമാക്കണം

മലങ്കരസഭയിലെ ആധ്യാത്മിക പ്രസ്ഥാനങ്ങളിൽ ഇന്ന് സണ്ടേസ്കൂൾ, മിഷൻ ബോർഡും അതിന്റെ കീഴിലുള്ള നാംസും ഒഴിച്ചുള്ള മിക്ക സംഘടനകളും കടലാസു സംഘടനകളായി മാറിക്കൊണ്ടിരിക്കുന്നു. യുവജനപ്രസ്ഥാനം, സ്ത്രീസമാജം, വിദ്യാർത്ഥിപ്രസ്ഥാനം മുതലായവ സാമൂഹ്യസമ്മേളന പ്രധാനമായ സന്ദർശന പര്യടന ലക്ഷ്യമുള്ള ഒരു വാർഷിക കോൺഫ്രൻസിൽ തങ്ങളുടെ പ്രവർത്തനം ഒതുക്കുന്നു. എഴുനൂറോ എണ്ണൂറോ വീട്ടുകാരുള്ള ഒരിടവകയിലെ സ്ത്രീസമാജത്തിൽ പങ്കെടുക്കുന്നത് ഇരുപതു വനിതകളിൽ കൂടാറില്ല. യുവജനസമാജത്തിന്റെ സ്ഥിതിയും വിഭിന്നമല്ല. മിക്ക ഇടവകകളിലേയും പ്രാർത്ഥനായോഗങ്ങളും കൺവൻഷനുകളും ഒരു ചടങ്ങു മാത്രമായി മാറുന്നു.

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഭരണം റിമോട്ട് കൺട്രോൾ സംവിധാനത്തിലായിട്ടു വർഷങ്ങൾ കഴിഞ്ഞു. ഈ സംഘടന മുമ്പു സഭയിൽ ചെലുത്തിവന്ന ആധ്യാത്മിക പ്രഭാവം വളരെ കുറഞ്ഞുപോയിട്ടുണ്ട്. ഐ.ടി. യുഗം പിറന്നതോടെ യുവജനങ്ങളും വായനയ്ക്ക് വിശിഷ്യ ആധ്യാത്മികഗ്രന്ഥ പഠനങ്ങൾക്ക് ദീർഘകാല അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. വിദ്യാർത്ഥിപ്രസ്ഥാനം സ്റ്റുഡന്റ് സെന്ററുകളിലൂടെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിച്ചതിനാൽ വികസനലക്ഷ്യം ഏതാണ്ടു നഷ്ടമായി. സഭാംഗങ്ങളുടെ സഹായസഹകരണങ്ങൾ ഇന്ന് ആവശ്യവുമില്ല. സീനിയറായ അംഗങ്ങൾ മറ്റു രംഗങ്ങളിലെന്നപോലെ ഈ സംഘടനയിലും ഏതാണ്ട് അവഗണിക്കപ്പെടുന്നതായി ആക്ഷേപമുണ്ട്.

സഭാചരിത്രം, വിശ്വാസാചാരങ്ങൾ, ആരാധന മുതലായവ സംബന്ധിച്ച പുസ്തകങ്ങളും നിത്യവും ബൈബിളും വായിക്കുന്നവരുടെ എണ്ണം പൊതുവെ കുറയുന്നു. ടി.വി. ചാനലുകൾ കുടുംബ പ്രാർത്ഥനകൾ അപഹരിക്കുന്നു.

തിരക്കും കൂടുതൽ പരിപാടികളുമുള്ള പല മേല്പട്ടക്കാർക്കും വായിക്കാൻ സമയം കിട്ടുന്നില്ല. ഭദ്രാസനങ്ങൾ ഒറ്റപ്പെട്ട തുരുത്തുകളായി നിലകൊള്ളുന്നു എന്ന തോന്നൽ പൊതുസമൂഹത്തിനുണ്ട്. സൂര്യചന്ദ്രന്മാരുടെ ചുറ്റും നക്ഷത്രങ്ങൾ ശോഭ ചൊരിഞ്ഞു നിൽക്കുന്നതുപോലെ മേല്പട്ടക്കാർ കാതോലിക്കാബാവാമാരുടെ ചുറ്റും നിന്നു കൂട്ടായ ചിന്തയ്ക്കും പ്രവർത്തനത്തിനും വേണ്ട സമയം കണ്ടെത്തണം. പാഴ്ചെലവുകൾ, സ്ത്രീകളെ കൊല്ലത്തക്കവിധത്തിലുള്ള അമിതമായ സ്വർ

ണ്ണാഭരണഭ്രമം, മദ്യപാനം, വിവാഹത്തോടനുബന്ധിച്ചുള്ള പാപകരമായ ധൂർത്ത്, ദരിദ്രലോകത്തിലെ ആഡംബരജീവിതം, പ്രകൃതിനശീകരണം എന്നിവയ്ക്കെതിരെ മേല്പട്ടക്കാരും സഭാംഗങ്ങളെ ശക്തമായി ബോധ വൽക്കരിക്കണം. മദ്യപന്മാർ ഇടവക – സഭാഭരണ സമിതികളിൽ കടന്നു കൂടാൻ സാഹചര്യം സൃഷ്ടിക്കരുത്. കടന്നുവന്നാൽ അവരെ ഒഴിവാ ക്കണം. മേല്പട്ടക്കാർ സ്വർണ്ണക്കുരിശുകൾക്കു പകരം തടിക്കുരിശുകൾ ഉപയോഗിച്ചു മാതൃക കാട്ടണം. “ഞങ്ങൾക്കു സ്വർണ്ണവും വെള്ളിയും ഒന്നുമില്ലെന്നല്ലേ” പത്രോസ് ശ്ലീഹാ പറയുന്നത്. സ്വർണ്ണം കൂടുമ്പോൾ ദൈവികശക്തി കുറയുന്നു.

പല വൈദികരും നേരത്തെ ഒരുങ്ങി ഞായറാഴ്ച പ്രഭാഷണം നട ത്തുന്നില്ല. സെമിനാരിയിൽ പഠിക്കുമ്പോൾ പ്രസംഗം പറഞ്ഞു പഠിക്കാൻ വരുന്നവരും വൈദികരാകുമ്പോൾ അതു മറക്കുന്നു. അറിയിപ്പുകൾ കൊണ്ടു ചില പട്ടക്കാർ തൃപ്തിപ്പെടുന്നു. പഴയ പള്ളികൾ പൊളിച്ചു മാറ്റി പണം പിരിച്ചും മറ്റും ലക്ഷങ്ങൾ മുടക്കി പുതിയ പള്ളികൾ നിർമ്മി ക്കുന്ന രീതിക്കു തടയിടണം. മിക്ക പള്ളികളും ഓശാന ഞായറാഴ്ച, ദുഃഖവെള്ളിയാഴ്ച ദിവസങ്ങളിൽ മാത്രമാണല്ലോ നിറയുന്നത്. കേവലം പള്ളിനിർമ്മാണ കോൺട്രാക്ടർമാരായി മാറുന്ന ചില വൈദികർക്കു വീടു കളിൽ എത്തി രോഗികളെ സന്ദർശിക്കാനോ പ്രാർത്ഥിക്കാനോ നേരം കിട്ടുന്നില്ല. ആടുകളെ തേടുന്ന ഇടയന്മാരെയാണ് സഭാംഗങ്ങൾക്കാവശ്യം. വൈദികരുടെ ശമ്പളം കുറഞ്ഞത് ഹയർസെക്കണ്ടറി അധ്യാപകരോടു തുല്യമാക്കണം.

അധികാരമില്ലാത്ത കോർഎപ്പിസ്കോപ്പാ സ്ഥാനം കൊടുക്കുന്നതും, വാക്കിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാതെ ഗ്രാമങ്ങളിലെ പള്ളി കൾക്കും കത്തീഡ്രൽ പദവി നൽകുന്നതും അതിന്റെ പേരിൽ കലഹി ക്കുന്നതും ഒഴിവാക്കണം.

സഭയുടെ നിയന്ത്രണമില്ലാത്ത ആശ്രമങ്ങളും ദയറാകളും സഭയുടെ കീഴിൽ വരുന്നതിനുള്ള സംവിധാനം ഉണ്ടാകണം. പെരുനാട് ബഥനി ആശ്രമത്തിന്റെയും വെട്ടിക്കൽ ദയറായുടെയും നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കണം. പ്രാർത്ഥിച്ചും ഉപവസിച്ചും ഉണ്ടും ഉറങ്ങിയും ദിവസ ങ്ങൾ തള്ളിനീക്കാൻ മാത്രമുള്ളതല്ലല്ലോ ആശ്രമങ്ങൾ. താബോർ ദയ റായുടെ ബഹുമുഖ സേവനപ്രവർത്തനങ്ങൾ അനുകരണീയമാണ്. അംഗ ങ്ങൾ കുറവാകയാൽ പല കോൺവെന്റുകളും വേണ്ടവിധത്തിൽ പുരോ ഗമിക്കുന്നില്ല.

അരമനകൾ നിർമ്മിക്കാനും മറ്റും ഗൾഫ് രാജ്യങ്ങളിലും അമേരിക്ക യിലും ഓസ്ട്രേലിയായിലും കൂടെക്കൂടെ മേല്പട്ടക്കാർ എത്തി പണം

പിരിക്കുന്ന രീതി നിരുത്സാഹപ്പെടുത്തണം. പണം നൽകാൻ കഴിവും മനസ്സും ഉള്ള ധാരാളംപേർ നാട്ടിൽ തന്നെ ഉണ്ട്. കിട്ടുന്ന പണം ശരിക്കു വിനിയോഗിക്കുന്നു എന്നു കണ്ടാൽ പണം ലഭിക്കും. മിഷൻ ബോർഡിന്റെ പ്രവർത്തനത്തിന് ഓരോ വർഷം കഴിയുന്തോറും കൂടുതൽ പണം സഭാംഗങ്ങൾ നൽകുന്നു.

സ്ഥലം ഇല്ലാതെ പരസ്യം ഇടാൻ വിഷമിക്കുന്ന പത്രങ്ങളിൽ ചരമവാർഷിക പരസ്യങ്ങളും 50-ാം വിവാഹം തുടങ്ങിയ പൊങ്ങച്ചപ്പരസ്യങ്ങളും ഇടാതെ അവയ്ക്കുവേണ്ടി ചെലവിടുന്ന പണം മിഷൻ ബോർഡിന്റെ ആതുര-അനാഥ പ്രവർത്തനങ്ങൾക്കു സസന്തോഷം നൽകുക. ഇത്തരം പരസ്യങ്ങൾ ക്രിസ്തീയ കാര്യവിചാരത്വത്തിനു വിരുദ്ധവും പാപവുമാണെന്നു സമർത്ഥിക്കാൻ നിഷ്പ്രയാസം സാധിക്കും. പത്രം ഓഫീസിലെ ജീവനക്കാരുമായി ബന്ധപ്പെട്ടു വരുന്ന സൗജന്യ പരസ്യങ്ങൾ കണ്ടാണു പലരും വേണ്ടാത്ത പരസ്യങ്ങൾക്കുവേണ്ടി ആയിരങ്ങൾ തുലയ്ക്കുന്നത്. സകല കലഹങ്ങൾക്കും കത്തിക്കുത്തുകൾക്കും വാഹന അപകടങ്ങൾക്കും ആത്മനാശത്തിനും സ്ത്രീപീഡനങ്ങൾക്കും, കൊലപാതകങ്ങൾക്കും വഴിവെയ്ക്കുന്ന മദ്യവും ലഹരിവസ്തുക്കളും സമ്പൂർണ്ണമായി വർജ്ജിക്കുമെന്നു സഭാംഗങ്ങൾ പ്രതിജ്ഞ എടുക്കുക. മദ്യപിക്കുന്നവരെ പ്രബോധനം വഴി ദുശീലത്തിൽ നിന്നു പിന്മാറാൻ സ്നേഹപൂർവ്വം ഉപദേശിക്കുക. മദ്യപാനത്തെ നഖശിഖാന്തം എതിർക്കുക. മദ്യപന്മാരെ സ്നേഹിക്കുക. മറ്റു മതവിഭാഗങ്ങളിൽപെട്ടവരെയും ചേർത്ത് ശാന്തമായ ഗ്രാമീണജീവിതത്തെ തകർക്കുന്ന മദ്യഷാപ്പുകൾ സ്വയം നിർത്തത്തക്ക സാഹചര്യം സൃഷ്ടിക്കയാണാവശ്യം. ക്രൈസ്തവസഭകൾക്ക് ഇക്കാര്യത്തിൽ വലിയ ചുമതലയാണ് നിറവേറ്റാനുള്ളത്.


തുരുമ്പു പിടിച്ച ഇരുമ്പുപോലെ കിടന്ന മലങ്കരസഭ, തർക്കങ്ങൾ, കേസുകൾ, കലഹങ്ങൾ മുതലായ അഗ്നിശോധനയിലൂടെ കടന്ന് ഇന്നു തിളങ്ങുന്ന സ്റ്റീലായിത്തീർന്നിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളെ മറക്കുക. ഭാവിയെപ്പറ്റി വ്യാകുലപ്പെട്ടു വർത്തമാനകാലത്തെ പാഴാക്കാതെ തക്കത്തിൽ പ്രയോജനപ്പെടുത്തുക.

* * * * * * * * * *

സ്ലീബാദാസ സമൂഹം, വിദ്യാർത്ഥിപ്രസ്ഥാനം, മിഷൻ ബോർഡ്, നാംസ് എന്നിവയുടെ ലഘു ചരിത്രം മാത്രമേ ഇവിടെ സ്ഥലപരിമിതി മൂലം ചേർക്കുന്നുള്ളു. സണ്ടേസ്കൂൾ മലങ്കരസഭയ്ക്കു നൽകിയ മഹത്തായ സംഭാവനകളറിയാൻ ഞങ്ങൾ അടുത്തയിടെ പ്രസിദ്ധീകരിച്ച "കുഞ്ഞാടുകളുടെ വലിയ ഇടയന്മാർ" എന്ന ഗ്രന്ഥവും യുവജനപ്രസ്ഥാനത്തിന്റെ ആദ്യകാല ചരിത്രമറിയാൻ "ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ" എന്ന ഗ്രന്ഥവും വായിക്കുക.

വലിയ സേവനം ചെയ്ത സ്ലീബാദാസ സമൂഹം


സാമൂഹ്യജീവിതരംഗത്ത് താഴെക്കിടയിലുള്ളവർക്കും താഴ്ന്ന ജാതിക്കാർക്കും മേൽജാതിക്കാരിൽ നിന്നു നിന്ദയും പീഡനവും മാത്രം ലഭിച്ചുകൊണ്ടിരുന്ന ഒരു കാലയളവിൽ - 1924-ൽ - മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശനിലൂടെ ദൈവം രൂപപ്പെടുത്തിയ ഒരു ആത്മീയ പ്രസ്ഥാനമാണ് സ്ലീബാദാസമൂഹം. ലോകരക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിച്ച് വി. മാമോദീസാ ഏല്ക്കുന്ന ഏവർക്കും സ്വാതന്ത്ര്യവും, സമത്വവും, സാമൂഹ്യപുരോഗതിയും വാഗ്ദാനം ചെയ്തും നടപ്പിലാക്കിയും ആണ് സ്ലീബാദാസസമൂഹം കേരളമണ്ണിൽ വേരുറപ്പിച്ചത്. എം. പി. പീറ്റർ ശെമ്മാശ്ശൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) നടത്തിയ സുവിശേഷ പ്രഭാഷണങ്ങളിൽ ആകൃഷ്ടരായി ക്രിസ്തീയ വിശ്വാസം സ്വീകരിച്ചത് ഏതാണ്ട് 25,000 ൽപരം വിശ്വാസികളാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി പുനരധിവസിപ്പിച്ച ഇക്കൂട്ടരെ സന്ദർശിക്കുവാനും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാനുമായി നിരന്തരയാത്രകൾ ചെയ്ത സ്ഥാപകൻ തിരുമേനിയുടെ ത്യാഗോജ്ജ്വല ജീവിതം കുറെപ്പേരെ എങ്കിലും സ്വാധീനിച്ചു. അങ്ങനെ ആകർഷിക്കപ്പെട്ടവർ സ്ലീബാദാസന്മാരായി ഓരോ സ്ഥലത്ത് ശുശ്രൂഷകൾ തുടർന്നുപോന്നു. അക്കാലത്ത് അഭി. തിരുമേനിക്ക് സ്വന്ത സഭാമക്കളിൽ നിന്നും മേൽജാതിക്കാരെന്ന് അഭിമാനിച്ചു കീഴ്ജാതിക്കാരെ അടിമകളേക്കാളും കഷ്ടമായി കരുതിയവരിൽ നിന്നും പീഡനങ്ങളും പ്രതിബന്ധങ്ങളും സഹിക്കേണ്ടി വന്നുവെങ്കിലും അവയെല്ലാം ദൈവതിരുനാമ മഹത്വത്തിനായി അദ്ദേഹം കരുതിയ. മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടപ്പോൾ അദ്ദേഹം മലബർ ഭദ്രാസനത്തിന്റെ പ്രഥമ അധിപനായി. അദ്ദേഹത്തിന്റെ കാലശേഷം 1968-ൽ മാത്യൂസ് മാർ അത്താനാസ്യോസ് തുടർന്ന് ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നീ പിതാക്കന്മാർ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷന്മാരായി സേവനം ചെയ്തു. ഇപ്പോൾ സഖറിയാ മാർ അന്തോണിയോസ് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷപദവി അലങ്കരിക്കുന്നു. മുളന്തുരുത്തി കർമ്മേൽ ദയറായാണ് പ്രസ്ഥാനത്തിന്റെ ആസ്ഥാനം. പത്രോസ് മാർ ഒസ്താത്തിയോസ് അന്ത്യവിശ്രമം കൊള്ളുന്നതും ഇവിടെ തന്നെ. നിർദ്ധനരും നിരാലംബരും സാമൂഹ്യമായി താഴേക്കിടയിലുള്ളവരുടെ ഉന്ന



പി. പി. വർക്കി (ആദ്യകാല പ്രമുഖ പ്രവർത്തകൻ)

മനത്തിനും സന്തോഷത്തിനും ഉതകുന്നവിധത്തിൽ നൂതന പദ്ധതികളും പരിപാടികളും പ്രസ്ഥാനം ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. അദ്ധ്വാനിക്കുന്ന പണം മുഴുവൻ മദ്യഷാപ്പുകളിൽ നല്കി വീട്ടിലുള്ള വരെ പട്ടിണിക്കിട്ട് നീറിനീറി അർദ്ധപ്രാണനാകാനിടയാക്കുന്ന മദ്യപന്മാരുടെ മദ്യാസക്തി കുറയ്ക്കുവാനും മദ്യം ഉപേക്ഷിക്കുവാനും സ്ലീബാദാസ സമൂഹം പോലെയുള്ള പ്രസ്ഥാനങ്ങൾ കൂടുതൽ ഉണർന്ന് പ്രവർത്തിക്കണം. അതിന് സഭയും പ്രബുദ്ധരായ സഭാംഗങ്ങളും സഹായസഹകരണങ്ങൾ നൽകിയേ തീരൂ.

സമൂഹത്തിന്റെ സെക്രട്ടറിയായിരുന്ന മേല്പ്പാടം തോണ്ടുപറമ്പിൽ ടി. വി. പീലിപ്പോസ് കോർഎപ്പിസ്ക്കോപ്പാ, ആദ്യകാലത്തെ പ്രമുഖ പ്രവർത്തകരായ തൃപ്പൂണിത്തുറ പാടത്ത് പി. പി. വർക്കി, മുത്തലത്തു വർക്കി, കെ. സി. പൈലി, പി. കെ. ദാനിയേൽ, സഭാകവി സി. പി. ചാണ്ടി, ഫാ. പി. വി. സാമുവൽ, വയലത്തല കാവതയിൽ കെ. എം. സഖറിയാ കോർഎപ്പിസ്ക്കോപ്പാ, വി. സി. കോരുത് കിഴക്കമ്പലം (പിന്നീട് വൈദികൻ), തുമ്പമൺ കെ. ജി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ (കേളകം), തുമ്പമൺ ഫാ. ടി. ജി. കുറിയാക്കോസ് (വടപുറം), നിരണം ഫാ. ഇ. പി. ജേക്കബ്, സി. കെ. അയിപ്പ്, കോട്ടയം മുതലായവരുടെ ത്യാഗനിർഭരമായ സേവനം കൊണ്ടാണ് സമൂഹം വളർന്നത്. വളരെ ചെറുപ്പത്തിലേ സമൂഹത്താൽ ആകർഷിക്കപ്പെട്ട ഇപ്പോഴത്തെ എം. റ്റി. ശെമവൂൻ റമ്പാൻ (കുമ്പഴ) സ്ഥാപകന്റെ കാൽപാടുകളിൽ തന്നെ ചരിക്കുന്നു. സഭയിൽ നിന്നുള്ള ഗണ്യമായ സഹായവും സഭാസ്നേഹികളുടെ വാർഷിക സംഭാവനകളും സമൂഹത്തിന്റെ സുവിശേഷ - സാമൂഹ്യ - സേവന പ്രവർത്തനങ്ങളെ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്. സമൂഹത്തിന് ഒരു സ്ഥാപനവും ഇല്ല. സ്ഥാപനങ്ങൾ സുവിശേഷവേലയ്ക്കു തടസ്സമാണെന്നായിരുന്നു പത്രോസ് മാർ ഒസ്താത്തിയോസിന്റെ ചിന്ത. അതു ശരിയുമാണ്. സമൂഹത്തിന്റെ "സന്തോഷവും കിരീടവുമായ" പാവപ്പെട്ടവരുടെ കുഗ്രാമങ്ങളിലെ വീടുകളിൽ കാർ ചെല്ലാത്തതിനാൽ തനിക്ക് കാർ വേണ്ടെന്ന്, കാർ സംഭാവന ചെയ്യാൻ തയ്യാറായവരോടു പറഞ്ഞു. ഭാഗ്യസ്മരണാർഹനായ തിരുമേനിയുടെ നാമത്തിൽ കർമ്മേൽ ദയറായിൽ നിർമ്മിച്ചിട്ടുള്ള ശിമയോൻ വൃദ്ധഭവനം പത്രോസ് മാർ ഒസ്താത്തിയോസിന്റെ നിത്യസ്മാരകമാണ്. തിരുമേനിയുടെ ജീവചരിത്രവും സമൂഹത്തിന്റെ സേവന പ്രവർത്തനങ്ങളും സഭയ്ക്കും സഭാംഗങ്ങൾക്കും എന്നും പ്രചോദനപ്രദമാണ്.



എം. റ്റി. ശെമവൂൻ റമ്പാൻ
(സ്ലീബാദാസ സമൂഹം സെക്രട്ടറി)

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനം

എം.ജി.ഒ.സി.എസ്.എം. എന്ന ചുരുക്ക ഓമനപ്പേരിൽ അറിയപ്പെടുന്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം രൂപംകൊണ്ടത് 1908-ലാണ്. അന്ന് സിറിയൻ ക്രിസ്ത്യൻ സ്റ്റുഡൻസ് കോൺഫ്രൻസ് എന്ന പേരിലായിരുന്നു ആരംഭം. ഇന്ന് ഏഷ്യയിലെ ഏറ്റവും പുരാതനവും, ഏറ്റവും വലുതുമായ വിദ്യാർത്ഥി സംഘടനയായി കണക്കാക്കപ്പെടുന്നു. തികച്ചും ആകസ്മികമെന്ന് തോന്നാമെങ്കിലും സർവ്വശക്തനായ ദൈവത്തിന്റെ ഹിതപ്രകാരം രൂപീകരിക്കപ്പെട്ടതാണ് എസ്.എസ്.സി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന സിറിയൻ ക്രിസ്ത്യൻ സ്റ്റുഡൻസ് കോൺഫ്രൻസ്. മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളും മദ്രാസ് ക്രിസ്ത്യൻ കോളജ് വിദ്യാർത്ഥികളുമായിരുന്ന കെ. സി. ചാക്കോ, എ. എ. പോൾ, സി. ഒ. ഉമ്മൻ, ഇ. ജെ. ഫീലിപ്പോസ് എന്നിവരായിരുന്നു എസ്.എസ്.സി. യുടെ സ്ഥാപകാംഗങ്ങൾ. ഇവരൊക്കെയും വൈ.എം.സി.എ. അംഗങ്ങളായിരുന്നതിനാൽ വൈ.എം.സി. എ. യുടെ ആഭിമുഖ്യത്തിൽ വിളിച്ചുചേർക്കപ്പെട്ട് വന്നിരുന്ന വിദ്യാർത്ഥി ക്യാമ്പുകളുടെ രൂപത്തിലും ഭാവത്തിലും നമ്മുടെ സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഉപകാരപ്രദമായ കോൺഫ്രൻസുകൾ ഉണ്ടാകണമെന്ന് ആഗ്രഹിച്ചവരും യത്നിച്ചവരുമായിരുന്നു സർവ്വശ്രീ. സി. റ്റി. വർഗീസ്, കെ. ജെ. ജേക്കബ്, പി. എ. ഏബ്രഹാം, ടി. ടി. മാത്യു, കെ. എം. മാത്തൻമാപ്പിള എന്നിവർ. അവരുടെ ത്യാഗനിർഭരമായ ഉൾക്കാഴ്ച എസ്.എസ്.സി. യുടെ രൂപീകരണത്തിന് കാരണമായി. ഈ പ്രസ്ഥാനമാണ് കാലാന്തരത്തിൽ എം.ജി.ഒ.സി.എസ്.എം. എന്ന പേരിൽ അറിയപ്പെടാനിടയായത്. എസ്.എസ്.സി. സംഘാടകർക്ക് പ്രാരംഭം മുതലേ ഇതിൽ അംഗങ്ങളായ ഏവരുടെയും ദൈവവിശ്വാസം ഊട്ടിഉറപ്പിക്കാനായതാണ് ഈ പ്രസ്ഥാനത്തിന്റെ വേരുകൾ ആഴങ്ങളിലേക്ക് കടക്കുവാൻ സഹായിച്ചത്. ആദ്യം മുതലെ വിദ്യാർത്ഥികളുടെ ആത്മീയ വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഉണർവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളായിരുന്നു രൂപകല്പന ചെയ്തുവന്നത്. 1924-ലെ വാർഷിക കോൺഫ്രൻസിൽ പ്രഖ്യാത പ്രഭാഷകനായിരുന്ന ബ. ടി. വി. ജോൺ അച്ചൻ എസ്.എസ്.സി. സുറിയാനി ക്രിസ്ത്യാനി സമൂഹത്തിലെ അന്ധകാരം ഉച്ചാടനം ചെയ്യുവാൻ കെല്പ് നേടിയെടുത്ത പ്രഭാപൂരിതമായ ഒരു നക്ഷത്രമായി വിശേഷിപ്പിച്ചത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു.

ഇന്ന് പരിശുദ്ധ സഭയുടെ രണ്ട് സുപ്രധാന ശക്തികേന്ദ്രങ്ങളായി വർത്തിക്കുന്നതും 1815-ൽ സ്ഥാപിതമായതുമായ പഴയസെമിനാരിയും 1908-ൽ സ്ഥാപിതമായ എം.ജി.ഒ.സി.എസ്.എമ്മും അന്നുമുതലിന്നു വരെ സഭയുടെ ആത്മീയ ജീവന് പകിട്ടും ശക്തിയും പകരാൻ കെല്പുള്ള വൈദിക നേതൃത്വത്തെ വാർത്തെടുക്കുവാൻ ഉപകരിക്കപ്പെടുന്നു. സത്യത്തിൽ 1908-ൽ ഈ പ്രസ്ഥാനം നിലവിൽ വന്നശേഷം ദേശീയതലത്തിലും ആഗോളതലത്തിലും പ്രാവീണ്യവും പ്രാധാന്യവും പ്രശസ്തിയും നേടിയ എല്ലാ പുരോഹിത/മഹാപുരോഹിതരും അവരുടെ ആദ്യ കാൽവയ്പുകൾ ഉറപ്പിച്ചത് ഈ പ്രസ്ഥാനത്തിലൂടെയും പ്രസ്ഥാനത്തിലുമാണ്. പുണ്യശ്ലോകരും ഭാഗ്യസ്മരണാർഹരുമായ പത്രോസ് മാർ ഒസ്താത്തിയോസ്, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ പക്കോമിയോസ് എന്നീ വാങ്ങിപ്പോയ പിതാക്കന്മാരും ഇന്ന് പ. സഭാതലവനായി ഭാഗ്യത്തോടെ വാണരുളുന്ന പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയും പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയും ബിഷപ്പ് വൈസ്പ്രസിഡണ്ട് അഭിവന്ദ്യ ഡോ. സഖറിയാ മാർ തെയോഫിലോസ് തിരുമേനിയും, ഗുരുക്കന്മാരുടെ ഗുരുസ്ഥാനിയായ ബ. ഡോ. ടി. ജെ. ജോഷ്വാ അച്ചനും അഭി. ഡോ. ഏബ്രഹാം സെറാഫീം തിരുമേനിയും ഓരോ കാലങ്ങളിൽ ഈ പ്രസ്ഥാനത്തിന്റെ അമരക്കാരായിരുന്നു. പ്രസ്ഥാന നടത്തിപ്പിൽ അവരുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരാണ് ഭാഗ്യസ്മരണാർഹരായ സർവ്വശ്രീ. സി. എം. സ്റ്റീഫൻ, കെ. എം. തരകൻ, പി. സി. അലക്സാണ്ടർ എന്നിവർ. പ്രൊഫ. പി. സി ഏലിയാസ്, പ്രൊഫ. ഇ. ജേക്കബ് ജോൺ, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ എന്നിവർ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കാര്യമായ സംഭാവനകൾ നല്കിയ അത്മായ പ്രമുഖരാണ്. വിദ്യാർത്ഥികളിൽ ആത്മീയ ഉണർവിനുള്ള ആവേശം പകരുവാനും അവരിൽ കൂടുതൽ ഹൃദ്യവും അനുഭവവേദ്യവുമായ കൂട്ടായ്മയുടെ അനുഭവം പകരുവാനുമാണ് പ്രസ്ഥാനം രൂപീകരിക്കുന്നതെന്ന് ആദ്യകാല പ്രവർത്തന റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.

1908 ജനുവരി 1-നായിരുന്നു ചരിത്രസംഭവമായ ആദ്യത്തെ സിറിയൻ ക്രിസ്ത്യൻ സ്റ്റുഡൻസ് കോൺഫ്രൻസ് സംഘടിപ്പിക്കപ്പെട്ടത്. മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായെത്തിയ 'സീനിയർ സ്നേഹിതർ' ഉൾപ്പെടെ 300-ഓളം പ്രതിനിധികൾ സംബന്ധിച്ചു. ആദ്യത്തെ കോൺഫ്രൻസും 3 ദിവസത്തേക്കായിരുന്നു. ആദ്യ കോൺഫ്രൻസിന്റെ അദ്ധ്യ

ക്ഷൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ അഭി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ ആയിരുന്നു. കോൺഫ്രൻസിലെ പ്രധാന പ്രസംഗകൻ വട്ടശ്ശേരിൽ വന്ദ്യ വി. ജെ. ഗീവർഗീസ് റമ്പാനായിരുന്നു. അന്നത്തെ വിഷയങ്ങളിൽ സണ്ടേസ്കൂളുകളും നമ്മുടെ വിദ്യാർത്ഥികളും, പ. പരുമല തിരുമേനിയുടെ ജീവിതചര്യയിലെ പാഠങ്ങൾ എന്നിവയായിരുന്നു വിഷയങ്ങൾ. ആ നാളുകളിൽ എം. എ. അച്ചൻ എന്നറിയപ്പെട്ടിരുന്ന ഫാ. പി. റ്റി. ഗീവർഗീസ് സഭയുടെ സമുന്നത സ്ഥാനത്ത് എത്തിയതുപോലെ പ്രസ്ഥാനത്തിന്റെ ഉപദേശകനും, സുഹൃത്തും സംഘാടകനുമായി മാറിക്കഴിഞ്ഞിരുന്നു. ആദ്യകാല വാർഷിക കോൺഫ്രൻസുകളിൽ പ്രഭാഷണ ചാതുര്യമുള്ളവരും ബ്രിട്ടീഷ് സുവിശേഷ സംഘടനാ പ്രവർത്തകരുമായ പലരെയും മുഖ്യപ്രഭാഷണങ്ങൾ നിറവേറ്റുവാൻ ക്ഷണിക്കുക പതിവാക്കിയിരുന്നു. അവരൊക്കെയും തന്നെ ബ്രിട്ടീഷ് സന്യാസി സമൂഹങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു. അവരുമായുള്ള സമ്പർക്കം അവർക്കുള്ളതുപോലെ നമുക്കും സന്യാസീസമൂഹങ്ങളും സഹോദര്യാലയങ്ങളും (ബ്രദർഹുഡ്) സ്ഥാപിക്കുന്നതിന് ലഭിച്ച പ്രേരണ മുഖാന്തിരം ബഥനിയിലും തടാകത്തിലും, പത്തനാപുരത്തും ഓരോ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിനിടയായി. വടക്കേ ഇൻഡ്യയിൽ നിന്നും ദീർഘദൂര യാത്രകൾ, അതു തന്നെ വിപരീത കാലാവസ്ഥ മൂലമുള്ള ബുദ്ധിമുട്ടുകളെ അവഗണിച്ച് വന്നുകൊണ്ടിരുന്ന ബ്രിട്ടീഷ് മിഷനറിമാരോടുള്ള കടപ്പാട് വാക്കുകൾക്കതീതമാണ്. 1936 വരെ മിഷനറിമാരിലെ പ്രഗത്ഭരുടെ സേവനങ്ങൾ ലഭ്യമായിക്കൊണ്ടിരുന്നുവെന്നതാണ് സത്യം.

സുവിശേഷം ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രസ്ഥാനം ആവിഷ്ക്കരിച്ച ഒരു പദ്ധതിയായിരുന്നു ഇടവക സന്ദർശനവും കൺവൻഷൻ യോഗക്രമീകരണവും. പടം കാഴ്ച പ്രസംഗങ്ങളും അക്കാലങ്ങളിലെ പ്രസ്ഥാനത്തിന്റെ ഒരു പ്രമുഖ പ്രവർത്തകനായിരുന്ന ഫാ. എം. പി. പത്രോസ് (പിന്നീട് അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി) അശരണരും ആലംബഹീനരുമായവരുടെമേൽ ദയയും കരുണയും തോന്നി അവരുടെ ഉദ്ധാരണത്തിനായിട്ടുള്ള ചിന്തയിലും കാഴ്ചപ്പാടിലും കഴിയുന്ന അവസരത്തിലാണ് സ്ലീബാദാസ സമൂഹം കെട്ടിപ്പടുക്കാൻ അദ്ദേഹത്തിനായത്.

ആദ്യകാലങ്ങളിൽ വാർഷിക പരിശീലന ക്യാമ്പുകളിൽ 50-നും 100-നും ഇടയ്ക്കുള്ള വിദ്യാർത്ഥികളേ സംബന്ധിക്കുമായിരുന്നുള്ളു. മൂന്നു ദിവസത്തെ ക്യാമ്പിൽ ധ്യാനവും ആത്മീയപ്രാധാന്യമുള്ള സന്ദേശങ്ങളും പ്രസംഗങ്ങളും. 1933-ന് ശേഷം പോലും ഇതേ രീതി തുടർന്നിരുന്നു. അക്കാലങ്ങളിൽ വാർഷിക ക്യാമ്പുകൾ ആരംഭിച്ചിരുന്നത് ധ്യാന

യോഗങ്ങളോടെയായിരുന്നു. ധ്യാനം തുടങ്ങിയാൽ അത് അവസാനിപ്പിച്ച് വി. കുർബാന അനുഭവിക്കുന്നതു വരെ പരിപൂർണ്ണ മൗനം പാലിക്കുമായിരുന്നു. വാർഷിക കോൺഫ്രൻസിന്റെ എല്ലാ ദിവസങ്ങളിലും രാവിലെ തോറും വിശുദ്ധ കുർബാന ഉണ്ടാകുമായിരുന്നു. ധ്യാനത്തോടെ കോൺഫ്രൻസ് ആരംഭിക്കുന്ന രീതിക്ക് വ്യതിയാനമുണ്ടായത് പ്രസ്ഥാനത്തിന്റെ 60–ാമത് വാർഷിക കോൺഫ്രൻസോടു കൂടിയാണ്. 1968–ലും അതിന് ശേഷവും പ്രസ്ഥാനത്തിന്റെ നേതൃസമ്മേളനത്തിന്റെ ഒരു ഭാഗമായി ധ്യാനം പാലിച്ച് വരുന്നു. 72 കിലോ കുത്തരി ചാക്കിന് 5 രൂപയും 100 നാളികേരത്തിന് 2 അല്ലെങ്കിൽ 3 രൂപ വിലയും ഉള്ള കാലത്ത് 25 രൂപ മെമ്പർഷിപ്പ് ഫീസ് നൽകി ഏതാനും സഭാസ്നേഹികൾ ആയുഷ്ക്കാല മെമ്പർഷിപ്പ് എടുത്തത് പ്രസ്ഥാന ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. അങ്ങനെ സംഭരിച്ച തുകയാണ് ജൂബിലി ആഘോഷ ഫണ്ടായി വിനിയോഗിക്കപ്പെട്ടത്. ഇന്ന് അപ്രകാരമുള്ള ആയുഷ്ക്കാല മെമ്പറന്മാരില്ല. ഇന്ന് എം.ജി.സി.എസ്.എമ്മിന്റെ നട്ടെല്ലായിട്ടുള്ളത് ഏതാനും സീനിയർ സ്നേഹിതരാണ്. അഡ്വ. ഇ. ജെ. ഫിലിപ്പോസ്, എ. എം. വർക്കി, എം. പി. പീറ്റർ, എം. എ. ചാക്കോ ഫാ. ടി. വി. ജോൺ, ഫാ. കെ. സി. വർഗീസ്, എൻ. എം. ഏബ്രഹാം, എം. തൊമ്മൻ, അഭി. പൗലൂസ് മാർ ഗ്രീഗോറിയോസ്, അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഫാ. ടി. ജെ. ജോഷ്വാ, ഡോ. ഫാ. പി. എസ്. സാമുവേൽ കോറെപ്പിസ്ക്കോപ്പാ, പി. സി. അലക്സാണ്ടർ, ഫാ. ടി. ജെ. അലക്സാണ്ടർ, കെ. വി. മാമ്മൻ, പ്രൊഫ. പി. സി. ഏലിയാസ്, പ്രൊഫ. ജോസഫ് പി. വർഗീസ്, പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ, പ്രൊഫ. പി. സി. വർഗീസ് എന്നിവർ സീനിയർ സ്നേഹിതരിൽ ചിലർ ആണ്. 1981–ന് ശേഷം രൂപീകരിക്കപ്പെട്ട സീനിയർ സ്നേഹിത ശൃംഘലയിൽ ഏതാണ്ട് 2000–ൽ പരം അംഗങ്ങളാണുള്ളത്.

1960 വരെയും വാർഷിക കോൺഫ്രൻസുകളിലെ മുഖ്യ പ്രഭാഷകരെ സഭയുടെ പുറത്തുനിന്നും ക്ഷണിച്ച് വരുത്തുന്ന പതിവാണുണ്ടായിരുന്നത്. 1939 വരെയും ആംഗ്ലിക്കൻ ഹൈ ചർച്ചിൽ നിന്നുമുള്ള പ്രഗത്ഭരായിരുന്നു ക്ഷണിക്കപ്പെട്ടിരുന്നത്. പിന്നീട് ഭാരതത്തിലെ തന്നെ ഇതര സഭകളിൽ നിന്നുമായി 1972–ൽ കോലഞ്ചേരിയിൽ നടന്ന വാർഷിക കോൺഫ്രൻസിൽ മുഖ്യപ്രഭാഷകനായി ക്ഷണിച്ചത് കത്തോലിക്കാ സഭയിലെ ബിഷപ്പ് വില്യം ഗോമസിനെയും ന്യൂയോർക്കിൽ നിന്നുമുള്ള റവ. ഡോ. മക്കൻസിയെയുമായിരുന്നു. അന്ന് നമ്മുടെ സഭാംഗങ്ങളായ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടറും, ഡോ. കെ. എം. തരകനും ഉണ്ടായിരുന്നു. പിന്നീടു നടന്നിട്ടുള്ള കോൺഫ്രൻസുകളിലൊക്കെയും നമ്മുടെ സഭാംഗങ്ങളായ ഡോ. വി. സി. സാമുവേൽ, അഭി. പൗലൂസ്

മാർ ഗ്രീഗോറിയോസ് തിരുമേനി, അഭി. ഡോ. ഗീവറുഗീസ് മാർ ഒസ്ത്താത്തിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ, ഫാ. ഡോ. കെ. എം. ജോർജ്ജ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ബിജേഷ് ഫിലിപ്പ്, ഡോ. പി. സി. അലക്സാണ്ടർ എന്നിവരായിരുന്നു മുഖ്യ പ്രഭാഷകർ. എം.ജി.ഒ.സി. എസ്.എം. വാർഷിക കോൺഫ്രൻസുകൾ ആണ്ടുതോറും ക്രിസ്തുമസ്സിന് ശേഷമുള്ള ദിവസങ്ങളിൽ നടത്താനുള്ള ക്രമീകരണം പിന്നീടാണുണ്ടായത്. ഇക്കാലങ്ങളിൽ 5 ദിവസത്തേക്കാണ് വാർഷിക കോൺഫ്രൻസുകൾ ക്രമീകരിക്കുക. ഓരോ വർഷവും ഓരോ സ്ഥലത്തായിരിക്കും കോൺഫ്രൻസുകൾ ക്രമീകരിക്കുക. വേദികൾ ഒരുക്കുമ്പോൾ അതത് സ്ഥലത്തെ ആളുകളുടെയും മറ്റ് സംഘടനകളുടെയും പിന്തുണയും സഹായവും ആർജ്ജിച്ചെടുക്കുന്നു. എം.എ. അച്ചൻ എന്ന പേരിൽ അറിയപ്പെട്ട മലങ്കര നസ്രാണികളുടെ മനം കവർന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ മലങ്കരസഭയിൽ ഉണ്ടായ വിടവ് നികത്തുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു എം.എ., ബി.ഡി. ബിരുദധാരിയാണ് പുത്തൻകാവിൽ ഗീവർഗ്ഗീസ് റമ്പാൻ (പിൽക്കാലത്ത് പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന ഗീവർഗീസ് മാർ പീലക്സീനോസ് തിരുമേനി). മാർ ഈവാനിയോസിന്റെ കത്തോലിക്കാ വിശ്വാസത്തിലേക്കുള്ള പലായനം ഏറെ ദുഃഖിപ്പിച്ചത് മലങ്കരസഭാസുരൻ പ. വട്ടശ്ശേരിൽ തിരുമേനിയെയാണ്. അതുകൊണ്ടാണ് പ. പിതാവ് തന്നെ മാർ ഈവാനിയോസിനു പകരം മാർ പീലക്സിനോസിനെ കണ്ടെത്തിയതും യഥാസ്ഥാനപ്പെടുത്തിയതും. 1930-കളിലെ കോൺഫ്രൻസിൽ വച്ച് പ്രസ്ഥാനത്തിന്റെ വൈസ്പ്രസിഡണ്ടായി വന്ദ്യ ഗീവർഗീസ് റമ്പാനെ തിരഞ്ഞെടുത്തു. അദ്ദേഹം മെത്രാപ്പോലീത്തായായതോടെ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടുമായി. 1930 മുതൽ മലങ്കര മെത്രാപ്പോലീത്താ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടിനെ നിയമിക്കുന്ന പതിവ് നിലവിൽ വന്നു. പ്രസ്ഥാനത്തിന്റെ രജതജൂബിലി 1933-ലാണ് ആഘോഷിച്ചത്. 1933-ലെ കോൺഫ്രൻസ് മെയ് 3 മുതൽ 8 വരെയായിരുന്നു. അത് ജൂബിലി കോൺഫ്രൻസ് എന്ന പേരിലാണ് അറിയപ്പെടുന്നത്. അന്നത്തെ പ്രസംഗകർ പ. വട്ടശ്ശേരിൽ തിരുമേനിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും കൂടാതെ ഫാ. അലക്സിയോസ് (പിൽക്കാലത്ത് മാർ തേവോദോസിയോസ് തിരുമേനി), ഫാ. എം. പി. പീറ്റർ (പിൽക്കാലത്ത് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി), ഫാ. സി. എം. തോമസ് (പിൽക്കാലത്ത് തോമാ മാർ ദീവന്നാസിയോസ് തിരുമേനി), ഡോ. സി. റ്റി. ഈപ്പൻ എന്നിവരായിരുന്നു.

1934-ൽ തിരുമൂലപുരം സ്കൂളിൽ ചേർന്ന ജനറൽ കമ്മിറ്റി ഡീക്കൻ കെ. ഫീലിപ്പോസിനെ അസോസിയേറ്റ് സെക്രട്ടറിയായി തിരഞ്ഞെടുത്തു.

അന്ന് തുടങ്ങിയ പ്രസ്ഥാന സേവനം ഭാഗ്യസ്മരണാർഹനായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ 1997-ൽ ദൈവ സന്നിധിയിലേക്ക് വിളിച്ചു ചേർക്കും വരെയും തുടരുകയുണ്ടായി.

1937-ൽ ജോലി ഭാരം മൂലം പ്രസിഡണ്ട് സ്ഥാനത്ത് നിന്നു വിരമിക്കുവാൻ പുത്തൻകാവിൽ കൊച്ചുതിരുമേനി താത്പര്യം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ ജോസഫ് മാർ സേവേറിയോസ് തിരുമേനി തത്സ്ഥാനത്തു ചുമതലയേറ്റു. മാർ സേവേറിയോസ് റീത്തു സഭയെ ആശ്ലേഷിച്ചതിനെ തുടർന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനി തന്നെ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് സ്ഥാനം തിരിച്ചെടുത്തു. 1938-ലെ കോൺഫ്രൻസ് ഫാ. എം. പി. പീറ്ററേയും ശ്രീ. കെ. സി. ചാക്കോയെയും വൈസ് പ്രസിഡണ്ടന്മാരായി തിരഞ്ഞെടുത്തു. അന്ന് ശ്രീ. കെ. സി. ചെറിയാനായിരുന്നു ജനറൽ സെക്രട്ടറി. 1938-ലെ കോൺഫ്രൻസിൽ മുഖ്യ പ്രസംഗകർ ഡോ. സി. റ്റി. ഈപ്പൻ, സി. എം. സ്റ്റീഫൻ, എം. വി. സാമുവേൽ, പി. ജെ. ജോസഫ് എന്നിവരായിരുന്നു. ഈപ്പൻ വർഗീസും പി. സി. അലക്സാണ്ടറും അതേ കോൺഫ്രൻസിന്റെ വിജയത്തിനായി കഠിനാദ്ധ്വാനം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. അന്നു മുതൽ 1944 വരെ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി പ്രസിഡണ്ടായി പ്രസ്ഥാനത്തെ നയിച്ചു. 1945-ൽ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയും 1946-ൽ തോമാ മാർ ദീവന്നാസിയോസ് തിരുമേനിയും പ്രസിഡണ്ടു പദവി അലങ്കരിച്ചു. 1947 മുതൽ വീണ്ടും പ്രസിഡണ്ടു സ്ഥാനത്ത് പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നു. തത്സ്ഥാനം 1951-ൽ ആകസ്മികമായി ഇഹലോകവാസം വെടിയുംവരെ പുത്തൻകാവിൽ തിരുമേനി തുടരുകയും ചെയ്തു.

1922-ൽ വനിതകൾക്കായി പ്രത്യേകമൊരു കോൺഫ്രൻസ് സംഘടിപ്പിക്കപ്പെട്ടു. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ക്രമീകരിക്കുന്ന രീതികൾ ഒക്കെ തന്നെയാണ് ഇതിനും അവലംബിച്ചത്. മലങ്കരസഭ സ്വയം ശീർഷക സഭ (autocephalous) ആണെന്നുള്ള പ്രഖ്യാപനം ആദ്യമായി നടത്തിയത് ഭാഗ്യസ്മരണാർഹനായ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയായിരുന്നു. സഭയുടെ സ്വാന്ത്ര്യത്തെപ്പറ്റിയും ശ്രേഷ്ഠമായ പാരമ്പര്യത്തെപ്പറ്റിയും വളരെയേറെ അവഗാഹം അദ്ദേഹം പുലർത്തിയിരുന്നു. WCC യുടെ സമ്മേളനങ്ങളിലും മറ്റ് അന്തർദേശീയ കോൺഫ്രൻസുകളിലും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ അവസാനിപ്പിച്ചുകൊണ്ടിരുന്നത് പിതാക്കന്മാരുടെ സത്യവിശ്വാസത്തിലേക്ക് മടങ്ങാമെന്ന ആഹ്വാനത്തോടെയായിരുന്നു. വിദേശ സഭാനേതാക്കളുടെ മതിപ്പ് നേടാൻ ഭാഗ്യം സിദ്ധിച്ച പിതാവിനെ ഇംഗ്ലണ്ടിൽ നടന്ന ആംഗ്ലിക്കൻ-കത്തോലിക്കാ ആഘോഷങ്ങളിലേക്ക് പ്രത്യേകമായി ക്ഷണിച്ചത് പ.

സഭയ്ക്ക് പലതരത്തിൽ പ്രയോജനപ്പെട്ടു. ഫാ. ടി. വി. സൈമൺ, എൻ. ജി. കുര്യൻ, ഡീക്കൻ കെ. എം. സൈമൺ എന്നിവർക്ക് ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്താൻ അവസ്സരമൊരുക്കി. പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാതിരുമേനിയുടെ രണ്ടാം വിദേശയാത്ര ക്രമീകരിക്കുവാനായി. അപ്രാവശ്യം പ. ബാവാതിരുമേനി ഇംഗ്ലണ്ടും യൂഗോസ്ലേവിയയിലെ സെർബിയൻ സഭയും സന്ദർശിക്കുന്നതിനിടയായി. സഭയുടെ അംബാസിഡർ എന്ന് പാശ്ചാത്യ ക്രൈസ്തവ സഭ ആദരിക്കുന്ന ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ പ്രവർത്തനശൈലിയുടെ ഗുരുസ്ഥാനം എപ്പോഴും മാർ തേവോദോസിയോസ് തിരുമേനിക്ക് നല്കിക്കൊണ്ടിരുന്നതിന്റെ സാംഗത്യം ഇവിടെ അനുസ്മരണീയമാണ്. 1965-ൽ കാലം ചെയ്യുന്നതു വരെ ബഥനിയുടെ പനിമലർ എന്ന് ആദരിക്കപ്പെടുന്നതും ബാഹ്യകേരള ഭദ്രാസനത്തിന്റെ പ്രഥമ അധിപനുമായ മാർ തേവോദോസിയോസ് തിരുമേനിയുടെ സ്നേഹസ്പർശം പ്രസ്ഥാനം ധാരാളമായി അനുഭവിച്ചു.

തടാകം ക്രിസ്തുശിഷ്യാശ്രമത്തിന്റെ ആവിർഭാവം സഭയ്ക്കെന്നപോലെ പ്രസ്ഥാനത്തിനും വളരെയേറെ കുളിർമ്മ നൽകുന്ന മധുരസ്മരണയാണ്. രജതജൂബിലി സമ്മേളന തീരുമാനങ്ങളിലൊന്നിൽ ബാഹ്യകേരളത്തിൽ ഒരു മിഷൻ സെന്റർ തുടങ്ങണമെന്നുള്ളതുണ്ടായിരുന്നു.

1936-ൽ ബിഷപ്പ് പെക്കൻഹാം വാൽഷ് തിരുമേനിയാണ് തടാകം ആശ്രമം തുടങ്ങിയത്. അദ്ദേഹത്തോടൊപ്പം സഹധർമ്മിണി ക്ലാര മമ്മിയും പ്രിയ ശിഷ്യന്മാരായ ഫാ. കെ. സി. വർഗീസും (പ്രഥമ ആചാര്യ) ശ്രീ. ടി. ഒ. മാത്യുവും ഉണ്ടായിരുന്നു. 1911-ൽ ബിഷപ്പ് വാൽഷ് തിരുമേനി പ്രസ്ഥാന കോൺഫ്രൻസിലെ ഒരു മുഖ്യ പ്രഭാഷകനായി കടന്നുവന്നിരുന്നു. അതിനുശേഷം നടന്ന എല്ലാ കോൺഫ്രൻസുകളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ചുരുങ്ങിയകാലം കൊണ്ട് അദ്ദേഹം മലങ്കരസഭയുടെയും, വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെയും ഉത്തമ സുഹൃത്തായിക്കഴിഞ്ഞു. അതുപോലെ തന്നെ പ. സഭയുടെ വിശ്വാസ പ്രമാണങ്ങളിലും പാരമ്പര്യങ്ങളിലും, ആരാധനക്രമത്തിലും വളരെയേറെ ആകൃഷ്ടനായി. വി. കുർബാനയുടെ ധ്യാനപഠനം എന്ന ഒരു ഗ്രന്ഥം 1940-ൽ പ്രസിദ്ധീകരിച്ചു. ക്രിസ്തുവിന്റെ മിഷനറിമാരാകുവാനുള്ള ഒരു ആഹ്വാനമാണ് അദ്ദേഹം മുഴക്കി വന്നിരുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആകൃഷ്ടനായിയാണ് ഫീലിപ്പോസ് തോമസ് എന്ന ചെറുപ്പക്കാരൻ വൈദികനാവാൻ മുന്നോട്ടു വന്നതും പിന്നീട് ഫീലിപ്പോസ് മാർ യൗസേബിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായതും. റയിൽവേയിലുണ്ടായിരുന്ന ജോലി ഉപേക്ഷിച്ചാണ് അദ്ദേഹം തടാകം ആശ്രമാംഗത്വം സ്വീകരിച്ചത്.

1953-67 -ലെ കാലയളവിലാണ് പ്രസ്ഥാനത്തിന് കോളജ്തലത്തിൽ ശാഖകൾ രൂപപ്പെട്ടത്. അക്കാലത്ത് അഭി. ദാനിയോൽ മാർ പീലക്സിനോസ് തിരുമേനിയായിരുന്നു പ്രസ്ഥാനത്തിന്റെ പ്രസിഡന്റ്. സെക്രട്ടറി എം. തൊമ്മനും. 1955 മെയിൽ വെണ്ണിക്കുളത്ത് വച്ച് ആ വർഷത്തെ സമ്മേളനം നടന്നു. ഈ സമ്മേളനം സുപ്രധാനമായ ചില തീരുമാനങ്ങൾ എടുത്തു. സമ്മേളനത്തിന്റെ പേര് 'ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യ' എന്നാക്കി മാറ്റുക എന്നതായിരുന്നു ഒരു തീരുമാനം. മൂവ്മെന്റിന്റെ അടുത്ത വർഷത്തെ പ്രസിഡണ്ടായി ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും വൈസ് പ്രസിഡണ്ടായി ഡീക്കൻ എം. വി. ജോർജും (പിന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ജനറൽ സെക്രട്ടറിയായി പോൾ വർഗീസും (പൗലോസ് മാർ ഗ്രീഗോറിയോസ്) തെരഞ്ഞെടുക്കപ്പെട്ടു.

പേര് മാറ്റുകയും മൂന്നു പ്രഗത്ഭന്മാരെ ചുമതലകൾ ഏല്പ്പിക്കുകയും ചെയ്ത വെണ്ണിക്കുളം സമ്മേളനത്തെക്കുറിച്ച് ചർച്ച് വീക്ക്ലി ഒരു മുഖപ്രസംഗം (1955 മെയ് 8 ലക്കത്തിൽ) പ്രസിദ്ധീകരിച്ചു.

"വെണ്ണിക്കുളത്തു വച്ചു നടന്ന സിറിയൻ വിദ്യാർത്ഥി സമ്മേളനം വിജയകരമായി പര്യവസാനിച്ചു. നാല്പത്തിയാറു കൊല്ലങ്ങളായി വിദ്യാർത്ഥി സമ്മേളനങ്ങൾ വിജയപൂർവ്വം നടത്താറുണ്ട്. ഈയാണ്ടിൽ അത് ഒരു വിദ്യാർത്ഥിപ്രസ്ഥാനമായി രൂപംമാറിയിരിക്കുകയാണ്. സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ് (എസ്.സി.എം.) എന്ന പേരിനെ അനുകരിച്ച് ഒരു ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് ഓഫ് ഇന്ത്യാ എന്ന പേരു സ്വീകരിച്ചുവെന്നല്ലാതെ ഒരു വിദ്യാർത്ഥിപ്രസ്ഥാനത്തിൽ അന്തർഭവിച്ചിരിക്കുന്ന സജീവമായ പല പ്രവർത്തനങ്ങളെയും വിഭാവനം ചെയ്തിട്ടില്ലെന്നുള്ള രീതിയിലാണു സമ്മേളനം അവസാനിച്ചിരിക്കുന്നത്. നാലഞ്ചു വിദ്യാർത്ഥി സമ്മേളനത്തിന്റെ സെക്രട്ടറിപദം പ്രശംസനീയമായി വഹിച്ച ശേഷം ശ്രീ. എം. തൊമ്മൻ ആ സ്ഥാനത്തു നിന്നു പിന്മാറി. അദ്ദേഹത്തെപ്പോലെ തന്നെ ആലുവാ ഫെലോഷിപ്പ് ഹൗസിലെ അംഗമെന്ന നിലയിൽ മറ്റു ചുമതലകളും ബദ്ധപ്പാടുകളുമുള്ള ശ്രീ. പോൾ വർഗീസിനെ പുതിയ ജനറൽ സെക്രട്ടറി പദം ഏല്പിച്ചിരിക്കുകയാണ്. സ്റ്റുഡന്റ് മൂവ്മെന്റ് ആയി സമ്മേളനം മാറ്റിയെങ്കിലും അതിന്റെ വിപുലമായ ഉത്തരവാദിത്വങ്ങളോ സംഘടനാപരമായ ബദ്ധപ്പാടുകളോ യാത്രകളോ നടത്തുവാൻ തക്ക സാവകാശം ശ്രീ. പോൾ വർഗീസിനു ലഭിച്ചുവെന്നു വരുന്നതല്ല. അദ്ദേഹത്തെ ആ സ്ഥാനം ഏല്പിച്ച വിദ്യാർത്ഥി സംഘടന അദ്ദേഹത്തിനു ചെയ്യാവുന്ന യാത്രയോ ജോലികളോ മാത്രം ചെയ്താൽ മതിയെന്നും, അതിൽ കൂടുതൽ ഉദ്ദേശിച്ചിട്ടില്ലെന്നും വ്യക്തമാണ്. സ്റ്റുഡന്റ് മൂവ്മെന്റ് മുഴുവൻ സമയവും ചെലവഴിക്കുവാൻ സാധിക്കുന്ന ഒന്നില

ധികം സെക്രട്ടറിമാരുടെ ഉത്സാഹപൂർവ്വമായ പ്രവർത്തനം കൊണ്ടു കെട്ടിപ്പടുക്കേണ്ട ഒരു വിപുലമായ പരിപാടിയാണ്. ഫുൾടൈം സെക്രട്ടറിമാർക്ക് അവരുടെ അത്യാവശ്യച്ചെലവുകൾക്കും യാത്രകൾക്കുമുള്ള പണം നൽകണം. അങ്ങനെയുള്ള യാതൊരു ചുമതലയും വിദ്യാർത്ഥി സമ്മേളനം വിദ്യാർത്ഥി പ്രസ്ഥാനമാക്കി മാറ്റാനുള്ള തീരുമാനത്തിൽ അന്തർഭവിച്ചിട്ടില്ലെന്നുള്ള മട്ടിൽ പുതിയ സെക്രട്ടറിയെ ഭാരങ്ങളെല്ലാം ഏല്പിച്ചു സമ്മേളനം സംതൃപ്തിയോടുകൂടി പിരിഞ്ഞിരിക്കുകയാണ്. ഒരു തീരുമാനത്തിനു പല ഉത്തരവാദിത്വങ്ങൾ ഉണ്ട്. ആ ഉത്തരവാദിത്വങ്ങൾ ഭരമേൽക്കുവാനുള്ള സന്നദ്ധത തീരുമാനം ചെയ്യുന്നവർ പ്രകടിപ്പിക്കണം. ശ്രീ. പോൾ വർഗീസിന്റെ നേതൃത്വം വിദ്യാർത്ഥിപ്രസ്ഥാനത്തിനു പ്രയോജനപ്പെടണമെങ്കിൽ അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിക്കുവാൻ കഴിവുള്ള ഒന്നു രണ്ടു യുവ ജോയിന്റു സെക്രട്ടറിമാർ മുമ്പോട്ടു വരണം. അവരുടെ ശമ്പളവും യാത്രാച്ചെലവും വഹിപ്പാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അംഗങ്ങൾ ധനം ശേഖരിച്ചു സെക്രട്ടറിയെ ഏല്പിക്കണം. ഇങ്ങനെയൊന്നും കഴിഞ്ഞ സമ്മേളനത്തിന്റെ കാര്യാലോചനായോഗത്തിൽ നടന്നതായി അറിവില്ല. പുതിയ ഭരണഘടന പാസ്സാക്കിയ സമ്മേളനാംഗങ്ങൾ ഗുരുതരമായ ഒരു ചുമതലയാണ് അതിലുൾപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കി പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വിജയം പുതിയ ജനറൽ സെക്രട്ടറിക്കു ഭാരമേറിയ ഒരു പ്രശ്നമായി നിൽക്കുമെന്നുള്ളതിനു സംശയമില്ല. പ്രാപ്തനായ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്കു എല്ലാ സഹകരണ സഹായങ്ങളും നൽകുവാൻ ഓർത്തഡോക്സ് സഭയിലെ ഓരോ വിദ്യാർത്ഥിയും മനഃപൂർവ്വം ശ്രമിക്കുമെന്ന് വിശ്വസിക്കുന്നു."

ധിഷണാശാലിയായ പത്രപ്രവർത്തകനായിരുന്ന എൻ. എം. ഏബ്രഹാം (ചർച്ച് വീക്ക്‌ലി പത്രാധിപർ) 'ഭാരമേറിയ ചുമതലയായി വിവരിക്കുന്ന സ്റ്റുഡന്റ് മൂവ്മെന്റ് സെക്രട്ടറിപദം ഭംഗിയായി നിർവ്വഹിക്കുവാൻ പോൾ വർഗീസ് കഠിനപരിശ്രമം നടത്തി. മൂവ്മെന്റിന് സംഘടനാപരമായ കെട്ടുറപ്പ് ഉണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹം ശ്രമിച്ചു. ആ പരിശ്രമങ്ങൾ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു.

"1955-ലാണ് സിറിയൻ സ്റ്റുഡന്റ് കോൺഫ്രൻസിന്റെ ചുമതല ഏറ്റെടുക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായത്. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് എന്ന ഒരു വ്യവസ്ഥാപിത പ്രസ്ഥാനം രൂപവൽക്കരിക്കാനും, മുമ്പ് വെറും വാർഷിക കോൺഫ്രൻസ് മാത്രമായിരുന്ന ഈ സംഘടനയ്ക്ക് തദ്ദേശീയ യൂണിറ്റുകൾ ഓരോ കോളജിലും ഉണ്ടാക്കി, അവിടെ തദ്ദേശീയ ഭാരവാഹികളെയാക്കി, മൂവ്മെന്റിനെ ഒരു പ്രസ്ഥാനമാക്കുവാനും എനിക്ക് 1955-ലും 1956-ലുമായിട്ട്

സാധിച്ചു. ഉത്തരേന്ത്യയിലെ ആഗ്രായിലും കൽക്കട്ടായിലുമൊക്കെ പോയി മൂവ്മെന്റിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കുവാൻ അന്നെനിക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് വലിയ സന്തോഷത്തോടെയും ചാരിതാർത്ഥ്യത്തോടെയും ഞാൻ ഓർക്കുന്നു" എന്ന് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 1994 നവം. 2-ന് പരുമലയിൽ നടന്ന വിദ്യാർത്ഥിപ്രസ്ഥാനം സമ്മേളനത്തിൽ പറയുകയുണ്ടായി.

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ സുവർണജൂബിലി 1958 ഏപ്രിൽ 20 മുതൽ 27 വരെ തിരുമൂലപുരം ബാലികാമഠത്തിൽ വച്ച് ആഘോഷിക്കുകയുണ്ടായി. പ്രസ്ഥാനത്തിന്റെ 51-ാം വാർഷിക കോൺഫ്രൻസ് അക്ഷരാർത്ഥത്തിൽ ഏവർക്കും അത്യധികം സന്തോഷം പ്രദാനം ചെയ്ത ഒരു അവസരമായിരുന്നു. ഇരുവിഭാഗങ്ങളായി നിലകൊണ്ട വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സഭയിൽ 1958-ലെ സമാധാനത്തോടെ ഒന്നായതിന് ശേഷമുള്ള ആദ്യത്തെ കോൺഫ്രൻസ് ആയിരുന്നു അത്. സഭായോജിപ്പിന് ശേഷം കേവലം 4 മാസത്തിനുള്ളിലായിരുന്നു 51-ാം വാർഷികകോൺഫ്രൻസ് (1959 ഏപ്രിൽ 21-27). അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനി നയിച്ച ധ്യാനത്തോടെയായിരുന്നു തുടക്കം. അന്ന് ജനറൽ സെക്രട്ടറി പി. വി. വർഗീസ് ക്ലേറി (പിന്നീട് പുരോഹിതനായി) ആയിരുന്നു ജനറൽ സെക്രട്ടറി. ബിഷപ്പ് പെക്കൻഹാം വാൽഷ് 1959 ജനുവരി 9-ന് കാലം ചെയ്തതിനെ തുടർന്ന് ആരംഭിച്ച പ്രസ്ഥാനമാണ് ബിഷപ്പ് പെക്കൻഹാം വാൽഷ് മെമ്മോറിയൽ ടീച്ചിംഗ് മിഷൻ. 1959-ലാണ് പ്രസ്ഥാനത്തിന് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ് മൂവ്മെന്റ് (എം.ജി.ഒ.സി.എസ്.എം.) എന്ന പേര് സ്ഥാപിതമായത്. 52-ാം കോൺഫ്രൻസിന് നേതൃത്വം നൽകിയത് ഫാ. വിക്ടോം, ഫാ. ഇ. പി. ജേക്കബ്, ഫാ. കെ. ഒ. തോമസ്, എ. എം. തോമസ് (കേന്ദ്രമന്ത്രി) ഇ. പി. പൗലൂസ് (മന്ത്രി), ഫാ. ഡോ. കെ. ഫീലിപ്പോസ്, പി. സി. ഏബ്രഹാം എന്നിവരായിരുന്നു. 1968-ൽ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് ചുമതലയേറ്റു. 42-45 കാലയളവിൽ അദ്ദേഹം പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. 1937-ൽ എഡിൻബറോയിൽ ചേർന്ന കോൺഫ്രൻസ് ആണല്ലോ ഡബ്ലിയു.സി.സി. യുടെ തുടക്കത്തിന് നിദാനമായത്. 1937-ലെ എഡിൻബറോ കോൺഫ്രൻസിൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ മലങ്കരസഭാ പ്രതിനിധികൾക്ക് സംബന്ധിക്കാനായത് അന്ന് വൈദികനായിരുന്ന ഫാ. കെ. ഫീലിപ്പോസിന്റെ നേതൃത്വവൈഭവമാണ്. സംഘത്തിൽ തോമാ മാർ ദീവന്നാസ്യോസ് തിരുമേനിയും പ്രൊഫ. എ. എം. വർക്കിയും ഉണ്ടായിരുന്നു. അക്കാലങ്ങളിൽ മലങ്കരസഭയെ അന്തർദേശീയ സമ്മേളനവേദികളിൽ അറിയപ്പെട്ടിരുന്നത്

ഫാ. ഫീലിപ്പോസിന്റെ സഭയെന്നാണ്. മാർ തെയോഫിലോസ് ഒരേ സമയം കോട്ടയം വൈദികസെമിനാരി പ്രിൻസിപ്പൽ ആയും വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചു. അസാധാരണ കഴിവും, ഹൃദ്യമായ പെരുമാറ്റശൈലികളും, സുതാര്യതയാർന്ന ജീവിതമൂല്യങ്ങളും കൊണ്ട് അതിധന്യനായിരുന്ന മാർ തെയോഫിലോസ് ഏർപ്പെട്ടതും ഏർപ്പെടുത്തിയതുമായ എല്ലാ പ്രവർത്തനങ്ങളും വൻ വിജയമായി. കൂട്ടാളികളുടെ പരാജയങ്ങൾ സ്വയം ഏറ്റുവാങ്ങിയും സ്വയമായി പോലും നേടുന്നതും സഹകരണാടിസ്ഥാനത്തിൽ നേടുന്നതുമായ എല്ലാ നന്മകളുടെയും വിജയങ്ങളുടെയും ഉടമസ്ഥത കൂട്ടാളികളിൽ സമ്മാനിച്ചും ഉള്ള ഒരു പ്രവർത്തനശൈലിയായിരുന്നു മാർ തെയോഫിലോസിന്റേത്. 1968-ലെ 60-ാമത് വാർഷിക കോൺഫ്രൻസിനോടു കൂടിയാണ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സിരാകേന്ദ്രം കോട്ടയത്ത് ആരംഭിച്ചത്. പ്രസ്ഥാനത്തിന് എം.ജി.ഒ.സി.എസ്.എം. എന്ന പേര് സ്ഥിരപ്പെടുത്തിയതും അപ്പോഴാണ്. ആർട്ട്സ് സയൻസ് കോളജ് വിംഗ്, മെഡിക്കൽ ഓക്സിലറി, ടെക്നിക്കൽ ഓക്സിലറി, ജൂണിയർ വിംഗ് (അഥവാ ഹൈസ്കൂൾ വിംഗ്) എന്നിങ്ങനെ 4 സുപ്രധാന ശാഖകൾ നിലവിൽ വന്നതും 1968-ലാണ്. ഫാ. ഡോ. വി. സി. ശമുവേലും ഫാ. പോൾ വർഗീസും ചിന്തോദ്ദീപകമായ പ്രഭാഷണങ്ങളാൽ കോൺഫ്രൻസിൽ സംബന്ധിച്ചവരെ ആശ്ചര്യഭരിതരാക്കിയതും ഇതേ കോൺഫ്രൻസിലാണ്. 1968 മുതൽ പ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷ്യം സേവനം, പഠനം, ആരാധന എന്നിങ്ങനെയായിരിക്കുമെന്ന് ഉറപ്പിച്ചു.

എം. ഡി. ഹോസ്റ്റലിലെ ആദ്യകാല വാർഡന്മാരായിരുന്നു ഫാ. ടി. എ. ജോൺ, സി. ജി. സാമുവേൽ, ഡോ. സി. വി. ചെറിയാൻ എന്നിവർ. 1968-ലാണ് എം.ഡി. ഹോസ്റ്റൽ പ്രസ്ഥാനത്തിന്റെ ഉടമസ്ഥതയിലായത്. അതോടുകൂടി ജൂബിലി സ്മാരക മന്ദിരത്തിന്റെ പണി നടത്തി. 1973 ഡിസംബർ 27-ന് (70 കുട്ടികൾക്ക് താമസിക്കുവാനുള്ള മുറികൾ, ചാപ്പൽ ഓഡിറ്റോറിയം എന്നിവ ചേർന്ന മൂന്നുനില കെട്ടിടം പ. ഔഗേൻ പ്രഥമൻ ബാവാതിരുമേനി കൂദാശ ചെയ്തു.

1960-കളിൽ സ്ഥാപിതമായ ഒരു ശാഖയാണ് ഓഡിയോ വീഡിയോ കമ്മ്യൂണിക്കേഷൻസ് വിംഗ്. അമേരിക്കൻ ഐക്യനാടുകളിലെ ഉപരിപഠനം കഴിഞ്ഞ് തിരിച്ചെത്തിയ പി. വി. വറുഗീസ് ക്ലേറിയെയാണ് ഇതിന്റെ പ്രവർത്തനചുമതല ഏല്പിച്ചത്. ക്ലേറി പ്രസ്ഥാന യൂണിറ്റുകളിലും ക്ഷണിക്കപ്പെട്ട ദേവാലയങ്ങളിലും പ്രൊജക്ടറും സ്ലൈഡുകളുമായി പടം കാഴ്ച പ്രസംഗങ്ങൾ നടത്തിവന്നു. 1970-ൽ ഇത്തരം പ്രവർത്തനം നിശ്ചലമായെങ്കിലും 1988-ൽ കൽക്കട്ടായിൽ നിന്നുമെത്തിയ ശ്രീ. ഫിലിപ്പ് കുരുവിള ഈ പ്രവർത്തനം തുടർന്ന് നടത്തിവന്നു. അദ്ദേഹം പിന്നീട് വൈദി

കനായി. പ. പരുമല തിരുമേനിയെപ്പറ്റി മലയാളത്തിലും ഇംഗ്ലീഷിലും ഓരോ കാസറ്റും വി. കുർബാനയെപ്പറ്റി ഒരു ഡബിൾ കാസറ്റും തയ്യാറാക്കി നൂറുകണക്കിന് വിശ്വാസികൾക്ക് എത്തിക്കാനായത് പ്രസ്ഥാനത്തിന്റെ വിജയമായി കണക്കാക്കപ്പെടുന്നു.

മെഡിക്കൽ ഓക്സിലറി വിഭാഗം തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് നഗരങ്ങളിലുണ്ടായിരുന്ന മെഡിക്കൽ കോളജുകളിലാണ് പ്രവർത്തനം ആരംഭിച്ചത്. ഇന്ന് നിലവിലുള്ള എല്ലാ പ്രൈവറ്റ് മെഡിക്കൽ കോളജുകളിലും മെഡിക്കൽ ഓക്സിലറി ശാഖകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽകോളജിനോടു ചേർന്ന് ഒരു ചാപ്പൽ നിർമ്മിക്കുവാൻ സാധിച്ചത് പ്രസ്ഥാന ചരിത്രത്തിലെ ഒരു വൻ നേട്ടമാണ്. ചാപ്പലിന്റെ പ്രവർത്തന ചിലവ് വഹിക്കാവുന്നതിലധികമായപ്പോഴാണ് ചാപ്പലിന്റെ നടത്തിപ്പ് കോട്ടയം ഭദ്രാസനത്തെ ഏല്പിച്ചത്. കണ്ണ് ചികിത്സാരംഗത്ത് ഒട്ടനവധി ക്യാമ്പുകൾ സംഘടിപ്പിച്ച് സമൂഹത്തിലെ നിർദ്ധനരോഗികൾക്ക് സൗഖ്യവും ആശ്വാസവും പ്രദാനം ചെയ്യാൻ മെഡിക്കൽ ഓക്സിലറിക്ക് സാദ്ധ്യമായി. കുവൈറ്റിലെ ഇൻഡ്യൻ ഓർത്തഡോക്സ് മേഴ്സി ഫെലോഷിപ്പ് എന്ന സംഘടനയുടെ സഹകരണം ഏറെ പ്രയോജനപ്രദമായി.

മെഡിക്കൽ ഓക്സിലറി പോലെ തന്നെ സ്ഥാപിതമായ ഒരു ശാഖയാണ് ടെക്നിക്കൽ ഓക്സിലറി. യൂണിറ്റുകൾ സജീവമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏറെ ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ജനക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കാനാവുമെന്ന പ്രത്യാശയിലാണ് പ്രവർത്തകർ.

യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർത്തഡോക്സ് ക്രിസ്ത്യൻ അസോസ്യേഷനും സ്കൂൾ ടീച്ചേഴ്സ് ഓർത്തഡോക്സ് അസോസിയേഷനും അത്രെ പുതുതായി രൂപംകൊണ്ട രണ്ട് ശാഖകൾ. UTOCA എന്നും STOCA എന്നും അറിയപ്പെടുന്ന ഈ ശാഖകൾ അദ്ധ്യാപകരുടെ നൈസർഗ്ഗിക വാസനകളെ പ്രസ്ഥാനത്തിനും പ. സഭയ്ക്കും ഉയർച്ചയ്ക്കും വളർച്ചയ്ക്കും പര്യാപ്തമാകുംവിധം പ്രവർത്തിക്കുവാൻ ശ്രമിച്ച് വരുന്നുവെന്നത് ഏറെ സംതൃപ്തി നൽകുന്ന വസ്തുതയാണ്.

1969 മെയ് 21-25 വരെയുള്ള ദിനങ്ങളിലായിരുന്നു പ്രസ്ഥാനത്തിന്റെ കനകജൂബിലി ആഘോഷങ്ങൾ. അന്നാണ് കോട്ടയം സ്റ്റുഡന്റ് സെന്ററിന്റെ അടിസ്ഥാന ശിലാസ്ഥാപനം പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ നിറവേറ്റിയത്. കനകജൂബിലി ആഘോഷിച്ച ശേഷം പ്രസ്ഥാനത്തിന്റെ വളർച്ച അതിവേഗമായിരുന്നു. 1968 മുതൽ പ്രസിഡണ്ട് തിരുമേനിയുംം ജനറൽ സെക്രട്ടറി അച്ചനും യൂണിറ്റുക

ളിലെ പരിപാടികളിൽ സംബന്ധിക്കുകയും ക്രമമായി സന്ദർശനം നട ത്തുകയും ചെയ്തുവരുന്നു. ജനറൽ സെക്രട്ടറിമാരായി സേവനമനു ഷ്ഠിച്ച ഫാ. പി. സി ചെറിയാൻ, ഫാ. ജോർജ്ജ് കുര്യൻ (ഇപ്പോഴത്തെ പ്രസിഡണ്ട് തിരുമേനി), ഫാ. ജോൺ തോമസ് എന്നിവർ യൂണിറ്റുക ളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ പരിശ്രമിച്ചത് ഒരു നേട്ടമായി കണക്കാ ക്കപ്പെടുന്നു. 1950-1990 കാലഘട്ടത്തിൽ സജീവമായി പ്രവർത്തിച്ച പ്രാദേശിക യൂണിറ്റുകളുടെ സ്ഥിരോത്സാഹത്തിൽ പ. സഭയുടെ യശസ്സും ഖ്യാതിയും എത്രയോ മടങ്ങ് അധികമായി. അക്കാലത്ത് കേര ളത്തിനുള്ളിൽ 300 യൂണിറ്റുകളും ബാഹ്യകേരളത്തിൽ 300 യൂണിറ്റു കളും ബാഹ്യഭാരതത്തിൽ 200 യൂണിറ്റുകളും ഉണ്ടായിരുന്നതായും ഓരോന്നും ഒന്നിനൊന്ന് മെച്ചമായി പ്രവർത്തിച്ചിരുന്നതായും രേഖകൾ സാക്ഷിക്കുന്നു. പ്രീഡിഗ്രി ക്ലാസ്സുകൾ കോളജുകളിൽ നിന്നും മാറ്റി സ്കൂളുകളിൽ പറിച്ചുനട്ടത് പ്രസ്ഥാനത്തിന്റെ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്. രാഷ്ട്രീയ അതിപ്രസരത്തിന് അടിമകളാകുന്ന ഡിഗ്രി വിദ്യാർത്ഥികൾക്ക് സഭാകാര്യങ്ങളിലോ പ്രസ്ഥാനത്തിന്റെ കാര്യത്തിലോ താത്പര്യം കുറയുന്നെങ്കിൽ അതിശയിക്കേണ്ടതില്ല. ഐ.റ്റി. മേഖല യിൽ കൈവരിച്ച നേട്ടങ്ങൾ പലപ്പോഴും നിയന്ത്രണരഹിതമായി പോകു ന്നില്ലേ എന്ന് ചിലർക്കെങ്കിലും തോന്നിതുടങ്ങിയിട്ടുണ്ട്. ഏതു തരക്കാ രായാലും വളരെ എളുപ്പത്തിൽ സ്വന്തമാക്കാവുന്ന ഉപകരണങ്ങൾ നിർ ലോഭം ഉപയോഗിക്കുക വഴി ക്രിയാത്മകമായി പ്രവർത്തിക്കേണ്ട ഏതാനും ചില മേഖലകളെ തികച്ചും നിഷ്ക്കരുണമായി തിരസ്കരി ക്കേണ്ടി വരുന്നുവെന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല.

വാർഷിക കോൺഫ്രൻസുകൾ കൂടാതെ പ്രാദേശികമായതും മേഖ ലാപരമായിട്ടുള്ളതുമായ പല കോൺഫ്രൻസുകളും ഇക്കാലത്ത് പ്രാവർ ത്തികമാകുന്നുവെന്നത് ശുഭോദർക്കമാണ്. ഇത്തരം കോൺഫ്രൻസു കളെ ബാഹ്യകേരളത്തിലും ബാഹ്യഭാരതത്തിലുമുള്ള വിദ്യാർത്ഥികളും യുവജനങ്ങളും ഏറെ പ്രിയപ്പെടുന്നുവെന്നത് സത്യമാണ്. ഡീക്കൻ കെ. ഒ. ഏബ്രഹാം പ്രസ്ഥാന ജനറൽ സെക്രട്ടറിയായും കോട്ടയം എം. ഡി. ഹോസ്റ്റൽ വാർഡനായും സേവനം ചെയ്തു. അന്ന് മുതലാണ് ജനറൽ സെക്രട്ടറി മുഴുവൻ സമയ സേവന വ്യവസ്ഥ നടപ്പിലായത്. പിന്നീട് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ഫാ. പി. സി. ചെറിയാൻ 1971 മുതൽ എം. ഡി. ഹോസ്റ്റലിൽ താമസ്സിച്ച് പ്രവർത്തിച്ച് പോന്നു. 1921-ൽ കൊല്ലാപറമ്പിൽ മിസ്റ്റർ ആന്റ് മിസിസ് കുര്യൻ സംഭാവന ചെയ്തതും പ. വട്ടശ്ശേരിൽ തിരുമേനി ഏറ്റുവാങ്ങി ആശീർവദിച്ചതുമായ 40 സെന്റ് സ്ഥലത്താണ് ആദ്യമായി 1930-ൽ എം. ഡി. ഹോസ്റ്റൽ നിർമ്മിച്ച് പ്രവർ ത്തനം തുടങ്ങിയത്.

മിഷനറിഫോറമാണ് മറ്റൊരു ശാഖ. ഈ ശാഖാ രൂപീകരണത്തിന് ഏറെ പ്രചോദനം നൽകിയത് തടാകം ആശ്രമവും അതിന്റെ സ്ഥാപകനായ ബിഷപ്പ് വാൽഷ് തിരുമേനിയുമാണ്. 1973-ലാണ് ഈ ശാഖ രൂപീകരിച്ചത്. ഒരിക്കലും മറ്റ് മതക്കാരെ മാമോദീസായ്ക്ക് പ്രേരിപ്പിക്കാനോ മതംമാറ്റത്തിന് ഉത്സാഹിപ്പിക്കാനോ ഈ ശാഖ ആഗ്രഹിക്കുന്നില്ല. സമൂഹത്തിലെ നിർദ്ധനരും നിരാലംബരുമായവർക്ക് സത്യസ്നേഹം പകരുവാനും അവരുടെ വേദന കുറയ്ക്കുവാനുമാണ് ഈ ശാഖ ലക്ഷ്യമിടുന്നത്. ഒട്ടനവധി സാമൂഹ്യസേവനങ്ങൾക്ക് നേതൃത്വം നൽകാൻ ഈ പ്രസ്ഥാനത്തിന് സാധിക്കുന്നു.

പ്രൊഫ. പി. സി. ഏലിയാസിന്റെ പ്രത്യേക പരിഗണനയാൽ ആരംഭിച്ച ഒരു ശാഖയാണ് ലിറ്ററി ഫോറം. പ്രസ്ഥാനാംഗങ്ങളായ എഴുത്തുകാരുടെ ചിത്രസമാഹാരം പ്രഭ എന്ന പേരിൽ 1972-ൽ പ്രസിദ്ധീകരിച്ചു. നവീനയുഗ എഴുത്തുകാർക്ക് മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും സഹായങ്ങളും എത്തിക്കുവാൻ ഈ ശാഖ പ്രവർത്തിച്ചു വരുന്നു. പ്രൊഫ. കെ. എം. തരകൻ, ഡോ. സാമുവൽ ചന്ദനപ്പള്ളി, ഫാ. പോൾ വർഗീസ് എന്നിവർ വിവിധ വേദികളിൽ വച്ച് വിവിധ സമയങ്ങളിൽ ക്ലാസ്സുകൾ എടുക്കുകയുണ്ടായി.

അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ കാലഘട്ടത്തിൽ പണിതീർപ്പിക്കുവാൻ കഴിഞ്ഞ ഒരു സൗധമാണ് തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്റർ. ഇവിടുത്ത ആദ്യ വാർഡനായി സേവനം അനുഷ്ഠിച്ചത് ഡീക്കൻ ജോർജ്ജ് കുര്യൻ (ഇപ്പോഴത്തെ പ്രസിഡണ്ട്) ആയിരുന്നു. പിന്നീട് ഫാ. എം. സി. ചെറിയാൻ (ഇപ്പോഴത്തെ സഖറിയാസ് മാർ തെയോഫിലോസ്). പിന്നീട് ഹോസ്റ്റൽ വാർഡനായും സെന്റർ ഡയറക്ടറായും ചുമതലയേറ്റത് ഫാ. ഫിലൻ വി. മാത്യുവായിരുന്നു.

മാർ ഗ്രീഗോറിയോസ് റീഹാബലിറ്റേഷൻ സെന്ററാണ് പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രമുഖ സേവനമേഖല. അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് അദ്ധ്യക്ഷനും ഫാ. ജോർജ് കുര്യൻ സെക്രട്ടറിയായും പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ ഉൾപ്പെടെ ഏതാനും മുതിർന്നവരും ചേർന്നതായിരുന്നു കമ്മിറ്റി. അന്ധബാലന്റെ ചികിത്സാ സഹായം ചെയ്തുകൊണ്ടായിരുന്നു ഇതിന്റെ തുടക്കം. ഒരു പ്രത്യേക മേഖലയിലുള്ള വൈകല്യമുള്ളവർക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുവാൻ ആഗ്രഹിക്കുകയാണ്.

തിരുവനന്തപുരം എം.ജി.ഒ.സി.എസ്.എം. സെന്ററിൽ പ്രവർത്തിച്ചു വരുന്ന മറ്റൊരു പ്രസ്ഥാനമാണ് മേഴ്സി ഫെലോഷിപ്പ് എന്നത്.

1981 മുതൽ സംഘടന ഓരോ വർഷവും ഡയറി പ്രിന്റ് ചെയ്യിച്ച് വിത

രണം ചെയ്തുവരുന്നു. സഭയുടെ വിവരങ്ങൾ യഥായോഗ്യം ഗ്രഹിക്കുവാൻ ഏവർക്കും ഉപകാരപ്രദമായ വിവരങ്ങൾ നിറഞ്ഞതാണ് എം.ജി. ഒ.സി.എസ്.എം. ഡയറി.

നമ്മുടെ കുഞ്ഞുങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രോത്സാഹനവും പ്രചോദനവും നൽകുവാൻ തക്കവണ്ണം 10-12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി പ്രഗത്ഭരും പ്രശസ്തരുമായ അദ്ധ്യാപകരുടെ സഹകരണത്തോടെ നടത്തിവരുന്ന ഓറിയന്റേഷൻ ക്ലാസ്സുകളാണ് എം.ജി.ഒ.സി.എസ്.എം. ന്റെ മറ്റൊരു സുപ്രധാനമായ കർമ്മപദ്ധതി. വിദ്യാർത്ഥികൾക്ക് അവരിൽ അന്തർലീനമായ മാനസിക വിഭവശേഷി വർദ്ധിപ്പിച്ചെടുക്കാനും, അവർക്ക് പ. സഭയോടുള്ള കൂറും വിധേയത്വവും പ്രഭാപൂരിതമാക്കാനുമുള്ള ഒരു ശ്രമമായിട്ടായിരുന്നു ഇത് ഉദ്ദേശിച്ചത്. കുഞ്ഞുങ്ങളിൽ കൂടുതൽ കഴിവുകളും മറ്റും വർദ്ധിപ്പിച്ച് വരുംഭാവിയിൽ പ. സഭയുടെ ഉത്തമസന്താനങ്ങളായി ദൈവാത്മപ്രേരിതരായി ജീവിക്കുവാനുള്ള ആഹ്വാനം നൽകുകയെന്നതും മറ്റൊരു ലക്ഷ്യമായിരുന്നു. 1981 മുതലാണിത് പ്രാവർത്തികമായത്.

കോതമംഗലം എഞ്ചിനീയറിംഗ് കോളജിന് സമീപത്തായി സ്റ്റുഡന്റ് സെന്റർ പണിയുവാൻ സ്ഥലം വാങ്ങിയത് ഒരു പ്രത്യേക അനുഭവമാണ്. 50 വിദ്യാർത്ഥികളെ താമസിപ്പിക്കുവാനുള്ള ഒരു ഹോസ്റ്റൽ 91-ൽ പണി തീർത്തു. ആലുവാ യു. സി. കോളജിനടുത്ത് നമ്മുടെ ഒരു സ്റ്റുഡന്റ് സെന്റർ ആരംഭിക്കണമെന്ന ദീർഘകാല സ്വപ്നം സാക്ഷാത്ക്കരിച്ചത് 1991-ലാണ്. ഇന്ന് 25 വിദ്യാർത്ഥികളുടെ താമസസൗകര്യമുള്ള ഹോസ്റ്റൽ ഉൾപ്പെടെയുള്ള ഇരുനില മന്ദിരം സംഘടനയുടെ സ്വന്തമാണ്. ഇപ്പോൾ ഫാ. ഫിലൻ പി. മാത്യു ഇവിടുത്തെ വാർഡനും ഡയറക്ടറുമായി പ്രവർത്തിച്ചുവരുന്നു.

1998-ലാണ് അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ് പ്രസ്ഥാനത്തിന്റെ പ്രധാന അമരക്കാരനായത്. 1949 മുതൽ പ്രസ്ഥാനവുമായി അഭേദ്യബന്ധം പുലർത്തിയ തിരുമേനി 1967-ൽ പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്നു. വേദശാസ്ത്ര പണ്ഡിതനും, സംഘാടകനും, എഴുത്തുകാരനും, വാഗ്മിയുമായിരുന്ന അഭി. തിരുമേനിയുടെ നേതൃത്വം വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ നാനാവിധമായ വളർച്ചയ്ക്കും ഏറെ സഹായിച്ചു. 2008-ൽ രോഗബാധിതനായ അദ്ദേഹം 2008-ലെ ശതാബ്ദി സമ്മേളനത്തിൽ കൂടി പങ്കെടുക്കുവാൻ ഏറെ മോഹിച്ചിരുന്നു. 2008-ലെ വാർഷിക സമ്മേളനത്തിൽ 2 പ്രാവശ്യം പങ്കെടുക്കുവാനും പ്രസംഗിക്കുവാനുമുള്ള ആരോഗ്യം ദൈവം ദാനം ചെയ്തു. 2009 ജനു. 29-ന് ദൈവസന്നിധിയിലേക്ക് വിളിച്ച് ചേർക്കപ്പെട്ടു.

1998 ആയപ്പോഴേക്കും പ്രസ്ഥാനത്തിന് 4 മേഖലകളായും 20 റീജിയനുകളായും ഉള്ള വളർച്ച നേടാനായി. നൂറ്റമ്പതു യൂണിറ്റുകളാണ് അന്നുണ്ടായിരുന്നത്. പാമ്പാടി രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയ്ക്കു സമീപത്തായി നല്ലാനിക്കൽ എസ്. സി. ജോർജ്ജ് സംഭാവന ചെയ്ത 18 സെന്റ് സ്ഥലം എം.ജി.ഒ.സി.എസ്.എം. ന് ലഭ്യമായിട്ടുണ്ട്. അവിടെ ഒരു സെന്റർ പണിയുവാനുള്ള ചിന്ത സജീവമായിട്ടുണ്ട്.

കല്ലൂപ്പാറയിൽ എം.ജി.ഒ.സി.എസ്.എം. വാങ്ങിയ സ്ഥലത്ത് അടിസ്ഥാനശില സ്ഥാപിച്ചിരിക്കുന്നത് ജോലി ചെയ്യുന്ന വനിതകൾക്കുള്ള ഹോസ്റ്റൽ മന്ദിരവും വനിതകൾക്കു മാത്രമായ ഒരു എം.ജി.ഒ.സി. എസ്.എം. സെന്ററും പണിയണമെന്ന ആഗ്രഹത്തിലാണ്. ഇന്ന് എം.ജി.ഒ.സി.എസ്.എം. ന് സ്വന്തമായി പരുമല, കണ്ണൂരിലെ ഇരിട്ടി, കോട്ടയത്ത് മള്ളൂശ്ശേരി എന്നിവിടങ്ങളിൽ സ്വന്തമായ സ്ഥലം ഉണ്ട്. പണവും സൗകര്യങ്ങളും തരപ്പെടുന്ന സമയത്ത് യുക്തമായ മന്ദിരങ്ങൾ ഉയർത്തി വിദ്യാർത്ഥിക്ഷേമകരമായ പദ്ധതികൾ തുടങ്ങാൻ എം.ജി.ഒ.സി.എസ്.എം. ആഗ്രഹിച്ചു വരുന്നു.

ഭാരതത്തിന് വെളിയിൽ എം.ജി.ഒ.സി.എസ്.എം. വിദ്യാർത്ഥികളുടെയും യുവതീയുവാക്കളുടെയും ഹരമാണ്. അമേരിക്കയിൽ എം.ജി.ഒ. സി.എസ്.എം. വളരെ ശക്തവും സംഘടനാപാടവത്തിൽ ശ്രേഷ്ഠവുമാണ്. ഗൾഫിൽ ഒട്ടു മിക്ക ദേവാലയങ്ങളോടും ചേർന്ന് എം.ജി.ഒ.സി. എസ്.എം. വളരെ അനുഗ്രഹകരമായി പ്രവർത്തിച്ചുവരുന്നു. ഇവിടെയൊക്കെ സീനിയർ ഫ്രണ്ട്സിന്റെ കൂട്ടായ്മകളും സജീവമാണ്. സിംഗപ്പൂർ, മലേഷ്യാ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ എം.ജി.ഒ.സി.എസ്.എം. ന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കോയമ്പത്തൂരിലെ തടാകം ആശ്രമത്തെ ആളുകൊണ്ടും അർത്ഥംകൊണ്ടും എം.ജി.ഒ.സി.എസ്. എം. വളരെ നാളുകൾക്ക് മുമ്പേ മുതലെ തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്നുവെന്നത് വളരെ ഹൃദ്യമായ അനുഭവമാണ്. ബോംബെ, ഡൽഹി, കൽക്കത്താ, മദ്രാസ്, ബാഗ്ലൂർ എന്നിവിടങ്ങളിലും വിദ്യാർത്ഥിപ്രസ്ഥാനം പ. സഭയുടെ ശക്തിസ്രോതസ്സായി വർത്തിച്ചുവരുന്നു.

എം.ജി.ഒ.സി.എസ്.എം. കോട്ടയം ഓഫീസ്സിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങൾ അധികമായിട്ടുള്ള ബാഹ്യകേരളത്തിലെ കോളജുകളിലേക്കും ഹോസ്റ്റലുകളിലേക്കും വോളണ്ടിയറന്മാരായി വൈദികരെ അയച്ചുവരുന്നു. ഓർത്തഡോക്സ് വിദ്യാർത്ഥികളുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് അവരുടെ ആത്മീയ ദിഷ്ഠതികൾ പൂർത്തീകരിച്ചു വരുന്നു. ഇന്ന് ചെന്നൈ, കോയമ്പത്തൂർ, മംഗലാപുരം എന്നീ സ്ഥലങ്ങളിലെ വിവിധ മെഡിക്കൽ/എഞ്ചീനിയറിംഗ് കോളജുകളിലെ വിദ്യാർത്ഥികളുടെ

ആത്മീയ പരിപോഷണത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ബ. വൈദികർ ശ്രേഷ്ഠമായ നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഇന്ന് നാഗ്പൂർ കേന്ദ്രമായി എം.ജി.ഒ.സി.എസ്.എം. ഡയസ്പോറ സെന്റർ പ്രവർത്തിക്കുന്നു. ബാഹ്യകേരളത്തിലെ 6 ഭദ്രാസനങ്ങളിലെ പ്രസ്ഥാനാംഗങ്ങളുടെ ശക്തി കേന്ദ്രീകരണത്തിനും ആത്മീയ വളർച്ചയ്ക്കുതകുന്ന സേവനങ്ങൾക്കുമായി പ്രവർത്തിച്ചുവരുന്നു. സെന്ററിലെ പ്രവർത്തനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത് ഭാഷ, വസ്ത്രധാരണം, ആചാരാനുഷ്ഠാനങ്ങൾ മലയാളത്തിൽ മാത്രമായാൽ പിൻപറ്റുവാനുള്ള വൈഷമ്യം എന്നീ കാര്യങ്ങളിൽ വരുംതലമുറകളെ സഹായിക്കുവാനും മാതൃസഭയുടെ സത്യവിശ്വാസത്തോട് ചേർന്ന് ഉത്തമ ഓർത്തഡോക്സ് ക്രിസ്ത്യാനികളായി ജീവിപ്പാൻ വേണ്ട സഹായങ്ങൾ ചെയ്യുന്നതിനുമാണ്. ദൃശ്യശ്രവണ മാധ്യമങ്ങളിലൂടെ കേരളത്തിന് വെളിയിൽ വിഭിന്ന സാഹചര്യങ്ങളിൽ ജീവിച്ചുവരുന്ന വളരുന്ന തലമുറയ്ക്ക് അറിവും വിജ്ഞാനവും പകരുവാനുള്ള ക്രമീകരണങ്ങളാണ് ഡയസ്പോറാ സെന്റർ ചെയ്തുവരുന്നത്.

2006 ജൂലൈ 15-നാണ് ഇത് പ്രാബല്യത്തിൽ വന്നത്. ഇതിന്റെ കീഴിൽ മീഡിയ, ലിറ്റർജി, ആരാധന, മ്യൂസിക്ക്, സ്ത്രീവിഭാഗം, മിഷനറി, കൗൺസലിംഗ്, എക്യൂമെനിക്കൽ, ആത്മീയത, ദുരിതനിവാരണം, പരിശീലനം, പ്രോഗ്രാമുകളും പദ്ധതികളും, സെമിനാരി എന്നിങ്ങനെ ഓരോരോ വിഷയങ്ങൾ തന്മയത്വമായി കൈകാര്യം ചെയ്യുവാനുള്ള വിഭാഗങ്ങളും അവയ്ക്ക് ഓരോന്നിനും ചുമതലക്കാരുമുണ്ട്.

30 വർഷക്കാലം പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന, പ്രതാപശാലിയായിരുന്ന അഭി. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ നിത്യസ്മരണയ്ക്കായി എം.ജി.ഒ.സി.എസ്.എം. ഏതാനും പദ്ധതികൾ തന്നെ നടപ്പിലാക്കിയിരിക്കുന്നു. മാർ തെയോഫിലോസ് വിദ്യാഭ്യാസ സ്കോളർഷിപ്പാണ് അതിൽ ഒന്നാമത് നിൽക്കുന്നത്. വിദ്യാർത്ഥികളുമായുള്ള സാമീപ്യവും ഇടപഴകലും വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും പ്രാവർത്തികമാക്കി വിജയം കൊയ്ത വന്ദ്യ പിതാവിന്റെ സ്മരണ എന്നെന്നും കുളിർമ്മയോടെ നിലനില്ക്കുവാൻ ക്രമീകരിച്ചിട്ടുള്ളതാണിത്. ആദ്യമായി സ്വരൂപിച്ച 8.55 ലക്ഷം രൂപാ സ്ഥിരനിക്ഷേപമായി സൂക്ഷിച്ച് അതിൽനിന്നും ലഭിക്കുന്ന പലിശകൊണ്ടാണ് ഇദംപ്രഥമമായി 2001-ൽ സ്കോളർഷിപ്പ് നല്കിയത്. രണ്ടാമത്തെ കാര്യം കോട്ടയം സ്റ്റുഡന്റ് സെന്ററിനോട് ചേർന്നുള്ള 'മാർ തെയോഫിലോസ് സ്റ്റഡി സെന്ററാ'ണ്. മാർ തെയോഫിലോസ് തിരുമേനിക്ക് വളരെയേറെ ആഗ്രഹമുണ്ടായിരുന്നിട്ടും സാധിക്കാതെപോയ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത് 2002-2003 ലാണ്. വിദ്യാർത്ഥികളിൽ നിന്നും കൂപ്പൺ വിതരണത്തിലൂടെ

ഫണ്ട് സമാഹരിക്കുക എന്നതായിരുന്നു പ്രധാന ധനാഗമന മാർഗ്ഗം. യഥാർത്ഥത്തിൽ ആവശ്യമായ ഫണ്ട് സമാഹരണത്തിന് പ്രയോജനപ്പെടുന്നതിനേക്കാൾ ഏറെ ഇതിന്റെ വാർത്ത ജനമദ്ധ്യത്തിൽ എത്തിക്കുന്ന ഒരു മാധ്യമമായി പ്രവർത്തിക്കുവാനായി. മാർ തെയോഫിലോസ് സ്റ്റഡി സെന്ററിന്റെ പണി വിദേശത്തുള്ള സഭാസ്നേഹികളിൽ നിന്നുമുള്ള ഉദാര സംഭാവനകൾ കൂടി ലഭിച്ചപ്പോൾ പണി പൂർത്തിയാക്കാനായി. ഉടനെ ആരംഭിച്ച കൈറോസ് സെന്റിനറി പ്രോജക്ടിനായുള്ള പരിശ്രമമായി.

പണി പൂർത്തിയാക്കുവാനാവശ്യമായ പണം സംഭാവനകളിലൂടെയും ലോണുകളിലൂടെയും സമാഹരിച്ചു. പൂർത്തിയാക്കുവാൻ സാധിച്ചു. ഇന്ന് അക്ഷരനഗരിയുടെ ഹൃദയഭാഗത്ത് തലയുയർത്തി നില്ക്കുന്നു കൈറോസ് സെന്റർ. ഈ കെട്ടിടംപണിയുടെ നടത്തിപ്പിനായി അക്ഷീണം പ്രവർത്തിച്ച അഭി. ഡോ. സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. തിരുവനന്തപുരം സ്റ്റഡന്റ് സെന്ററിനോട് ചേർന്നു നിർമ്മിച്ച മാർ തെയോഫിലോസ് ഹാളും അന്തർ ദേശീയ അതിഥിമന്ദിരവുമാണ് മൂന്നാമത്തെ സ്മാരകം. 2008-ൽ 3500 രൂപ വിലയുള്ള എഴുന്നൂറു തയ്യൽമെഷീനുകൾ വിതരണം ചെയ്യാനായി. മെഷീൻ ലഭിച്ച ഓരോ പെൺകുട്ടിയെയും ഓരോരോ വ്യക്തികൾ സ്പോൺസർ ചെയ്ത് 1000 രൂപ പ്രസ്ഥാനം ഓഫീസിൽ നല്കിയ അടിസ്ഥാനത്തിൽ ബാക്കിതുക മുഴുവൻ സംഭാവനയായി ചിലവിട്ടാണ് വിതരണം ചെയ്തത്. തികച്ചും നിർദ്ധനഭവനങ്ങളിൽ നിന്നുമുള്ള യുവാക്കൾക്ക് ഡ്രൈവിംഗ് പഠിക്കുന്നതിന് ഒരു സ്റ്റൈഫൻഡ് നൽകുന്ന വ്യവസ്ഥ നടപ്പിലാക്കി. ഓരോ യുവാവും ഡ്രൈവിംഗ് പരിശീലനകേന്ദ്രത്തിൽ ചേരും മുമ്പേ പ്രസ്ഥാനം ഓഫീസിൽ വിവരമറിയിച്ച് രജിസ്റ്റർ ചെയ്ത് കഴിഞ്ഞ് പഠനം പൂർത്തിയാക്കി പുതിയ ലൈസൻസിന്റെ ഫോട്ടോകോപ്പി സമർപ്പിക്കുമ്പോഴായിരുന്നു സ്റ്റൈഫൻഡ് തുകയായ 1500 രൂപ നല്കി വന്നത്.

ബാഹ്യകേരളത്തിലും ബാഹ്യഭാരതത്തിലുമുള്ള വിദ്യാർത്ഥികൾക്ക് അവധിക്കാലത്ത് വിജ്ഞാനം ദൃശ്യങ്ങളിലൂടെ ആർജ്ജിക്കുവാൻ സഹായിക്കുന്ന ടൂർ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഗൾഫ് രാജ്യങ്ങളിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള വിദ്യാർത്ഥികൾ അവരുടെ സ്വന്തം ചിലവിൽ യാത്ര ചെയ്ത് കോട്ടയം ഓഫീസ്സിൽ എത്തിക്കഴിഞ്ഞ് ഉടൻ ടൂർ പ്രോഗ്രാമുകൾ നടക്കുകയായി. 2008 മുതലാണ് ഈ പരിപാടി പ്രാബല്യത്തിൽ വന്നത്.

പ്രസ്ഥാനത്തിന്റെ കൂടുതൽ വാർത്തകൾ ലോകമെമ്പാടും എളുപ്പത്തിൽ എത്തിക്കുവാൻ തക്കവണ്ണം www.mgocsmindia.com എന്ന പേരിൽ വെബ്സൈറ്റ് 2004 മാർച്ച് 21-ന് ആരംഭിക്കാനായത് പ്രസ്ഥാന

ത്തിന്റെ മുന്നോട്ടുള്ള അതിവേഗ കുതിപ്പിന്റെ സാക്ഷ്യമായി നിലകൊള്ളുന്നു. അമേരിക്കയിലും മറ്റ് വിദേശരാജ്യങ്ങളിലുമെന്നപോലെ ഇൻഡ്യയിൽ തന്നെയുള്ള ഒട്ടനവധി യൂണിറ്റുകൾക്ക് അവരവരുടേതായ വെബ്സൈറ്റുകൾ ഉണ്ടെന്നുള്ളതും വളരെ സന്തോഷകരമായ അറിവാണ്.

വളരെക്കാലത്തെ ചിന്തകൾക്കുശേഷമാണ് എം.ജി.ഒ.സി.എസ്.എം. ന്റെ സ്നേഹിതരുടെ കൂട്ടായ്മയായി "ഗ്രിഗോറിയൻ കമ്മ്യൂണിറ്റി" ആരംഭിക്കണമെന്നും പ്രസ്തുത കമ്മ്യൂണിറ്റിയിലൂടെ സ്നേഹവും സൗഹാർദ്ദവും പ്രാർത്ഥനയും ശുശ്രൂഷയും പങ്കുവെയ്ക്കാമെന്നും തീരുമാനിച്ചെങ്കിലും കേരളത്തിൽ പ്രാവർത്തികമായില്ല. എന്നാൽ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടും മുംബൈ ഭദ്രാസനാധിപനുമായ അഭി. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി മുംബൈ നഗരത്തിൽ നിന്നും 110 കിലോമീറ്റർ അകലത്തിൽ കൊങ്കൺ റയിൽവേ ലൈനിൽ നിന്ന് സമീപത്തായി ശാന്തസുന്ദരമായ 'റോഹ' എന്ന സ്ഥലത്ത് വിശാലമായ സ്ഥലം വാങ്ങി ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞുവെന്നത് വളരെ ആശാവഹമായ സംഗതിയാണ്. അവിടെ ഒരു ചാപ്പൽ, അനുബന്ധ കെട്ടിടങ്ങൾ എന്നിവ സ്ഥാപിച്ചു. ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമേനി, നിയുക്ത കാതോലിക്കാ ആയിരിക്കുന്ന സമയത്ത് ചാപ്പലും മറ്റ് കെട്ടിടങ്ങളും കൂദാശ ചെയ്കയുണ്ടായി. ഈ വർഷത്തെ വാർഷിക കോൺഫ്രൻസ് കേരളത്തിന് വെളിയിൽ റോഹാ ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയിൽ വച്ച് നടത്തുന്നുവെന്നത് പ. സഭയുടെയും പ്രസ്ഥാനത്തിന്റെയും സുവിതർക്കിതമായ വളർച്ചയെ വിളിച്ചോതുന്നു.

2008 ജനുവരി 1–നായിരുന്നു പ്രസ്ഥാനം ആരംഭിച്ച് നൂറ് വർഷം തികഞ്ഞത്. ശതാബ്ദി സ്മാരകമായി നടത്തുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളെപ്പറ്റി 2003 നവംബർ 3–ന് പരുമലയിൽ നടത്തപ്പെട്ട സമ്മേളനത്തിൽ വച്ച് അഭി. യൗസേബിയോസ് മെത്രാപ്പോലീത്താ വിശദീകരിച്ചു. പഞ്ചവത്സര പദ്ധതിക്കായിരുന്നു പ്രസ്ഥാനം രൂപകല്പന നടത്തിയത്. അതിൽ പരാമർശിക്കപ്പെട്ടത് വിദ്യാർത്ഥികളുടെ ഉന്നതി ലക്ഷ്യമാക്കിയ പദ്ധതികൾ, കൂടുതൽ സ്റ്റുഡന്റ് സെന്ററുകൾ, കൈറോസ്, ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ തയ്യാറാക്കലും പ്രസിദ്ധീകരണവും, നിർദ്ധനരായ 100 വിദ്യാർത്ഥികളുടെ സമഗ്ര വിദ്യാഭ്യാസപദ്ധതി; ബാഹ്യകേരള ഡയസ്പോറ മിഷൻ, ഗ്രിഗോറിയൻ കമ്മ്യൂണിറ്റിയും അതുപോലെയുള്ള സന്യാസി സമൂഹവും ആരംഭിക്കുക എന്നിവയായിരുന്നു. അന്ന് പ്രസ്ഥാനം ജനറൽ സെക്രട്ടറിയായിരുന്ന ഫാ. എം. സി. ചെറിയാൻ പദ്ധതികളൊന്നൊന്നായി ആരംഭിക്കുവാനുള്ള പ്രേരകശക്തിയായി. കൈറോസ് സെന്ററിനോടൊപ്പം ആവശ്യക്കാർക്ക് ഫ്ളാറ്റുകൾ കൊടുക്കുവാനുള്ള തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞു.

പ്രസ്ഥാനത്തിന്റെ ശതാബ്ദി കോൺഫ്രൻസ് ഏറ്റവും ആകർഷകവും തന്മയത്വത്തോടെയുമാണ് 2008 ജനു. 12 മുതൽ 15 വരെ ദിവസങ്ങളിൽ ചെന്നൈ ട്രാൻസ്‌വേൾഡ് ധ്യാനനിലയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായത്. 850–ലധികം പ്രതിനിധികൾ സംബന്ധിച്ച കോൺഫ്രൻസ് എല്ലാ അർത്ഥത്തിലും വൻ വിജയമായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലായി എം.ജി.ഒ.സി.എസ്.എം. യൂണിറ്റുകൾ വർണ്ണശബളമായ പരിപാടികളോടെ ശതാബ്ദി ആഘോഷിച്ചു.

വിദ്യാർത്ഥിപ്രസ്ഥാന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ലോകമെമ്പാടും ഭീഷണി മുഴക്കിവരുന്ന പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾക്ക് വിരാമമിടാൻ ആഹ്വാനം ചെയ്തും ഭൂമുഖത്തെ ഹരിതഭംഗിയാൽ പൊതിഞ്ഞ് ഭൂമിയെ സംരക്ഷിക്കുവാൻ പ്രബോധിപ്പിച്ചും നടത്തിയ 'റോഡ് ഷോ' ജനശ്രദ്ധ വളരെയേറെ ആകർഷിച്ചു. മനുഷ്യന്റെ സ്വാർത്ഥത ദിനംതോറും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് നിർബന്ധിക്കുകയാണ്. ഇതിനെതിരെയുള്ള സന്ദേശം സാധാരണക്കാരെയും സമൂഹത്തിലെ ഉന്നതരെയും ബോധ്യപ്പെടുത്താൻ ക്രമീകരിച്ച ശതാബ്ദി വിളംബര ഹരിത സന്ദേശയാത്ര മുഖാന്തിരമായി പ്രസ്ഥാനത്തിന്റെ ശതാബ്ദി സന്ദേശം പകരുവാനും, 'മരം ഒരു വരം' എന്ന മുദ്രാവാക്യം മുഴക്കി ഭൂമിയോടുള്ള ഓരോ മനുഷ്യന്റെയും കടപ്പാടും ഉത്തരവാദിത്വവും ബോദ്ധ്യപ്പെടുത്താനും സാധിച്ചുവെന്നത് ഒരു വൻ വിജയമായി കണക്കാക്കാവുന്നതാണ്. ചെന്നൈ മുതൽ പരുമല വരെ നടത്തിയ റോഡ് ഷോ ഏതാണ്ട് 400 കിലോമീറ്റർ ദൂരമാണ് സഞ്ചരിച്ചത്. യാത്രാവേളയിൽ കേരളത്തിന് പുറത്തും അകത്തുമായി അനേകം ഭദ്രാസനങ്ങളിലൂടെയായിരുന്നു യാത്ര. ശതാബ്ദി ആഘോഷ സമാപനം 2008 ഡിസംബർ 26 മുതൽ 31 വരെ പരുമല സെമിനാരിയിൽ അരങ്ങേറി. എത്യോപ്യൻ സഭാതലവൻ പരിശുദ്ധ ആബൂനാ പൗലൂസ് പാത്രിയർക്കീസ് ബാവാതിരുമേനി ആയിരുന്നു മുഖ്യാതിഥി.

2009 ജനുവരിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അഭി. ഗീവർഗീസ് മാർ കൂറിലോസിനെ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായി നിയമിച്ചതോടെ 1991 മുതൽ ബിഷപ്പ് വൈസ്പ്രസിഡണ്ടായിരുന്ന അദ്ദേഹം പ്രസിഡണ്ടായി ചുമതലയേറ്റു. നാഗ്പ്പൂരിൽ പ്രവർത്തിച്ചുവരുന്ന ഡയസ്പോറ കൗൺസിൽ അഭി. കൂറിലോസ് തിരുമേനിയുടെ നിയന്ത്രണത്തിൽ വളരെ യുക്തമായി പ്രവർത്തിച്ചു വരുന്നു. അഭി. ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ദേഹവിയോഗാനന്തരം നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ വർക്കിംഗ് പ്രസിഡണ്ടായി കൂടി സേവനം അനുഷ്ഠിക്കുന്നു. ഗൾഫിൽ ബഹറിൻ, ഖത്തർ എന്നിവി

ടങ്ങളെ ഇടവകകളും ചേർന്നതാണ് ഇപ്പോഴത്തെ മുംബൈ ഭദ്രാസനം. അഭി തിരുമേനി എസ്.ജി.ഒ.എസ്. (സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സൊസൈറ്റി) എന്ന സംഘടനയുടെ രക്ഷാധികാരിയായും സേവനമനുഷ്ഠിക്കുന്നു. നേരത്തെ നാഷണൽ കൗൺസിൽ ഓഫ് ക്രിസ്ത്യൻ ചർച്ചസിന്റെയും പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച തിരുമേനി മഹാരാഷ്ട്രാ ക്രിസ്ത്യൻ കൗൺസിലിന്റെയും മഹാരാഷ്ട്രാ മലയാളി ക്രിസ്ത്യൻ കൗൺസിലിന്റെയും പ്രസിഡണ്ടായും പ്രവർത്തിച്ചു വരുന്നു. ബഹറിനിലും ഖത്തറിലും നടന്ന ക്രിസ്ത്യൻ-മുസ്ലീം ഡയലോഗിന് ക്രിസ്ത്യൻ പ്രതിനിധിയായി അദ്ദേഹത്തിന് പങ്കെടുക്കാനായി. ഒട്ടനവധി ക്രിസ്ത്യൻ-മുസ്ലീം യഹൂദ ഡയലോഗുകളിലും ഭാഗഭാക്കാകാൻ കഴിഞ്ഞിട്ടുള്ള തിരുമേനി ആഗോളതലത്തിലുള്ള യൂണിവേഴ്സൽ പീസ് ഫെഡറേഷന് ശക്തമായ നേതൃത്വം നല്കിവരുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റിഫോംഡ് ചർച്ചുകളുടെയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും കത്തോലിക്കാ സഭയുമായുള്ള സംവാദങ്ങളിലും ഓർത്തഡോക്സ് വിഭാഗത്തിനുവേണ്ടി സജീവമായി പങ്കെടുക്കുവാനും അവസ്സരങ്ങൾ ലഭിച്ചിട്ടുണ്ട്. രണ്ടുമൂന്ന് ലോക ക്രൈസ്തവ സഭാ സമിതി സമ്മേളനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സംഘത്തെ നയിക്കുവാനുള്ള അസുലഭ ഭാഗ്യവും തിരുമേനിയെ തേടിയെത്തിയിട്ടുണ്ട്. ഒട്ടു മിക്കവാറും വിദേശരാജ്യങ്ങൾ പല തവണ സന്ദർശിച്ചിട്ടുള്ള അദ്ദേഹം വിദേശസഭകളിലെ സന്യാസി-സന്ന്യാസിനി സമൂഹങ്ങളുടെ പ്രവർത്തനശൈലിയും കാര്യക്ഷമതയും നേരിട്ട് കണ്ട് മനസ്സിലാക്കിയിട്ടുണ്ട്. വിദേശരാജ്യ സന്ദർശനവേളകളിൽ പല കോൺഫ്രൻസുകൾക്കും, സംവാദങ്ങൾക്കും സെമിനാറുകൾക്കും ശക്തമായ നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ലോകപ്രശസ്തമായ ഒട്ടേറെ വേദശാസ്ത്ര പണ്ഡിതന്മാരോടും വേദശാസ്ത്ര നേതാക്കന്മാരോടും ലോകപ്രശസ്ത മതപരമായ സമൂഹങ്ങളോടും അവരുടെയൊക്കെ ശ്രേഷ്ഠ നേതാക്കന്മാരോടും ഉറ്റ ചങ്ങാത്തം പുലർത്തുന്ന തിരുമേനി ഇതര സഭകളോടും ഇതര മതങ്ങളോടുമുള്ള സമീപനത്തിൽ സ്നേഹത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും പാത പിൻപറ്റി വരുന്നു. 1974-ൽ ഒരു ശെമ്മാശ്ശനായിരിക്കെയാണ് അഭി. തിരുമേനി പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. അന്ന് തിരുവനന്തപുരം സ്റ്റുഡന്റ് സെന്റർ ഹോസ്റ്റൽ വാർഡനായും ചുമതലയേറ്റു. പുണ്യശ്ലോകനായ പ്രസിഡണ്ട് ഡോ. തെയോഫിലോസ് തിരുമേനി വന്ദ്യവയോധികയായിരുന്ന മിസ്സിസ് പുന്നൻ ലൂക്കോസിന്റെ അടുത്തേക്ക് ഡീക്കൻ ജോർജ്ജ് കുര്യനുമായി പോയി. കൊച്ചു ശെമ്മാശ്ശനെ കാട്ടിക്കൊണ്ട് അഭിവന്ദ്യ തിരുമേനി കല്പിച്ചു: ''I have brought you an angel to assist you to write letter and do the correspondence.'' 1975-ൽ അദ്ദേഹം വൈദികനായി. 1980 മുതൽ ജനറൽ സെക്രട്ടറിയായി. 1975 മുതൽ 86

വരെയുള്ള സേവനകാലം വളരെയേറെ ഫലവത്തായിരുന്നു. ഹൈസ്കൂൾ വാർഷിക കോൺഫ്രൻസ്, എസ്.എസ്.എൽ.സി. യ്ക്കു മുമ്പും പിമ്പുമുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ, STOCA സ്ഥാപനം, തിരുവനന്തപുരം സ്റ്റുഡന്റ് സെന്റർ വികസനപ്രവർത്തനങ്ങൾ, ബുക്ക് ഷോപ്പും പ്രസിദ്ധീകരണവിഭാഗവും, കലോൽസവങ്ങൾ, മാർ ഗ്രീഗോറിയോസ് റീഹാബിലിറ്റേഷൻ സെന്റർ, കേരളത്തിനകത്തും പുറത്തും റീജനൽ മേഖലാ സമ്മേളനങ്ങൾ എന്നിവയെല്ലാം പ്രാവർത്തികമാക്കിയതിൽ അദ്ദേഹം വിജയം കണ്ടെത്തി. പ്രസ്ഥാനത്തിന് അക്കാലത്ത് ഒരു നവജീവൻ കൈവരിക്കാനായി. ഒരു മെത്രാപ്പോലീത്താ ആയ ശേഷവും ബിഷപ്പ് വൈസ്പ്രസിഡണ്ടായി പ്രസ്ഥാനത്തിന്റെ വളർച്ചയും ഉയർച്ചയുമായി സഹകരിച്ച് പ്രവർത്തിച്ചുപോന്നു. പ്രത്യേകിച്ച് ബാഹ്യകേരളത്തിലെ പ്രസ്ഥാനത്തിന്റെ നില ഉറപ്പിക്കുവാൻ അദ്ദേഹത്തിന്റെ അക്ഷീണ പരിശ്രമത്തിലൂടെ സാധിച്ചു. 1991-ൽ മെത്രാപ്പോലീത്തായായ അദ്ദേഹം 1997-ൽ മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്തപ്പോൾ മുതൽ മുംബൈ ഭദ്രാസനത്തിന്റെ പരിപൂർണ്ണ ചുമതല ഏറ്റെടുത്തു.

എം.ജി.ഒ.സി.എസ്.എം. സഭയുടെ പൊതു പരിപാടികളിൽ ഹൃദ്യമായും ഏറ്റവും അനുകരണീയവുമായി ഭാഗഭാക്കാകുന്നു. ഈയടുത്ത് മലങ്കരസഭയുടെ 1960-ാമത് വാർഷികവും കാതോലിക്കേറ്റിന്റെ ശതാബ്ദിയും ആഘോഷിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടയുടനെ പ്രസ്ഥാനവും അവരുടെ കടമ നിറവേറ്റാൻ മുമ്പോട്ടു വന്നു. കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് വിവിധ പരിപാടികളോടെ ആഘോഷിച്ചു. തദവസ്സരത്തിൽ മലങ്കരസഭാ പ്രതിഭകളായി തിരഞ്ഞെടുത്തവരും സമൂഹത്തിലെ ഉന്നതരുമായ നൂറോളം വ്യക്തികളെ മലങ്കരസഭാ പ്രതിഭകളായി നാമകരണം ചെയ്ത് ആദരിച്ചു.

വിദ്യാർത്ഥിപ്രസ്ഥാനം അനേകശതം അഭ്യസ്തവിദ്യർക്കു സഭാജീവിതത്തിൽ ദിശാബോധം നൽകുകയും സഭാനേതൃത്വത്തിൽ വന്ന മിക്കവരുടെയും വരുന്നവരുടെയും പ്രധാനപ്പെട്ട റിക്രൂട്ടിംഗ് ഏജൻസിയുമാണ്. 1908-ൽ ആരംഭിച്ച സിറിയൻ സ്റ്റുഡന്റ് കോൺഫറൻസ് പ്രസ്ഥാനമായി മാറുന്നതുവരെയും തുടർന്നും രണ്ടുമൂന്നു തലമുറകളിൽ സഭാസ്നേഹം വർദ്ധിക്കുകയും സൽപ്രേരണ ചെലുത്തുകയും ചെയ്തിട്ടുണ്ട്.

1948 മുതൽ രണ്ടു ദശാബ്ദക്കാലത്തോളം വാർഷിക കോൺഫറൻസുകളിൽ സംബന്ധിച്ച് ഇപ്പോൾ സീനിയറായിരിക്കുന്ന കെ. വി. മാമ്മന്റെ ഒരനുസ്മരണയിൽ ഇങ്ങനെ പറയുന്നു:

സൽപ്രേരണ സമ്മാനിച്ച സാരഥികൾ

ഇൻഡ്യൻ ഓർത്തഡോക്സ് സഭ അകത്തുനിന്നും പുറത്തുനിന്നും പ്രശ്നങ്ങളും പ്രതിസന്ധികളും തിരമാലകൾ കണക്കെ ഒന്നിനു പുറമെ മറ്റൊന്നുപോലെ നേരിട്ടുകൊണ്ടിരുന്ന കലുഷമായ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സഭയിലെ അഭ്യസ്തവിദ്യരായ കലാശാലാ വിദ്യാർത്ഥികൾക്കും സഭാസ്നേഹികളായ യുവജനങ്ങൾക്കും ദിശാബോധം നൽകുകയും അവരെ അദ്ധ്യാത്മിക ജീവിതത്തിന്റെ പച്ചപ്പുൽമാലികളിലേക്കു ആനയിക്കുകയും ചെയ്തുകൊണ്ട് സഭയുടെ ഭാവി ഭദ്രമാക്കിയ പുണ്യസ്മരണാർഹരായ പിതാക്കന്മാരും നേതാക്കന്മാരും ചെലുത്തിയ സ്വാധീനവും സൽപ്രേരണകളും സന്മാതൃകകളും അനുപമവും അതിധന്യവുമാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്ന് പറഞ്ഞുകൊണ്ട് ശിഷ്യരെ നയിച്ച യേശുക്രിസ്തുവിന്റെ പ്രതിപുരുഷ പ്രധാനികളായ മേൽപ്പട്ടക്കാരും ധാർമ്മികജീവിതത്തിന്റെ പ്രതീകങ്ങളുമായ വൈദേശിക സഭാനേതാക്കന്മാരും അതുല്യമായ ക്രിസ്തീയ ജീവിതസാക്ഷ്യങ്ങൾ ആത്മീയ ജീവജലത്തിനു വേണ്ടി ദാഹിച്ചുകൊണ്ടിരുന്ന യുവാക്കൾക്കു പകർന്നുകൊടുത്തപ്പോൾ സഭയുടെ ഭാവി തളിർക്കുകയും പുഷ്പിച്ചു ഫലം പുറപ്പെടുവിക്കുകയും ചെയ്തു എന്നതാണ് സിറിയൻ വിദ്യാർത്ഥി കോൺഫറൻസിന്റെയും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും പ്രധാനപ്പെട്ട സംഭാവനകൾ എന്ന് ചുരുക്കിപ്പറയാം. വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാതെ ജീവിതത്തിന്റെ നാൽക്കവലകളിൽ പകച്ചുനിന്നുകൊണ്ട് ഭാവിയെ തുറിച്ചുനോക്കുന്നവർക്ക് പക്വമായ നേതൃത്വം നൽകിയവർ യുവജനങ്ങളുടെ സത്യഇടയന്മാരായി മാറി. വിവിധ സ്ഥലങ്ങളിൽ നിന്നുള്ള സമുന്നത സഭാസ്നേഹികളുടെ മക്കൾ സമഭാവനയോടും ഏകലക്ഷ്യത്തോടും ഒന്നിച്ചുകൂടി സഭയുടെ ഭാവി തങ്ങളുടെ കൈകളിലാണെന്നും സഭയുടെ വിശ്വാസാചാരങ്ങൾ ശരിക്കു പഠിച്ച് സഭയ്ക്കു നേതൃത്വം നൽകേണ്ട ചുമതല തങ്ങൾക്കും ഉണ്ടെന്നും മനസ്സിലാക്കിയപ്പോൾ വിദ്യാർത്ഥിപ്രസ്ഥാനം സഭാനേതാക്കളുടെ ഒരു നഴ്സറിയും റിക്രൂട്ടിംഗ് ഏജൻസിയുമായി സ്വയം മാറുകയായിരുന്നു. ഇവരെല്ലാം തന്നെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ഉത്തമരും ഉന്നതരുമായ വക്താക്കളുടെ ആഹ്വാനത്താൽ ആകർഷിക്കപ്പെടുകയായിരുന്നു എന്നതാണ് വസ്തുത. കഴിഞ്ഞ ആറു ദശാബ്ദത്തിനിടയിൽ ഒട്ടധികം ഉന്നതനേതാക്കളുടെ ഉള്ളിൽ തട്ടുന്ന പ്രസംഗങ്ങളും സന്മാതൃകകളും ഒരളവിൽ ഉൾക്കൊള്ളാൻ എനിക്കും ഭാഗ്യം ലഭിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയശേഷം 1948-ൽ 18-ാം വയസ്സിലാണ് ഞാൻ സിറിയൻ വിദ്യാർത്ഥി കോൺഫറൻസിൽ ആദ്യമായി പങ്കെടുക്കുന്നത്. 1948-ലെ മാവേലിക്കര കോൺഫറൻസ് മുതൽ മിക്ക സമ്മേളനങ്ങളിലും പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു.

ഒട്ടധികം വൈദിക നേതാക്കൾക്കു പുറമെ എന്നിൽ കൂടുതൽ സ്വാധീനവും സഭാസ്നേഹവും സൽപ്രേരണകളും ചെലുത്തിയവരിൽ പ്രധാനികൾ അലക്സിയോസ് മാർ തേവോദോസിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, ഡാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നീ പ്രഗല്ഭരായ മെത്രാപ്പോലീത്താമാരും ഭാഗ്യസ്മരണാർഹനായ ബിഷപ്പ് പെക്കൻഹാം വാൽഷുമാണ്. ഫാദർ ഹോംസ് യേശുക്രിസ്തുവിന്റെ കുരിശിന്മേലുള്ള കഷ്ടപ്പാടുകൾ വർണ്ണിച്ചപ്പോൾ എം. പി. പത്രോസിനെപ്പോലെയുള്ളവർ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) കരഞ്ഞതുപോലെ ഇവരിൽ പലരുടെയും പ്രസംഗങ്ങളും ജീവിതസാക്ഷ്യങ്ങളും എന്നെയും ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ട്.

ഞാൻ സ്റ്റുഡന്റ്സ് കോൺഫറൻസിൽ ആദ്യമായി പങ്കെടുക്കുമ്പോൾ ഓർത്തഡോക്സ് വിശ്വാസത്തിന്റെ ആഴവും പരപ്പും മറ്റാരേക്കാളും ശരിക്കറിഞ്ഞിരുന്ന അലക്സിയോസ് മാർ തേവോദോസിയോസ് ആയിരുന്നു പ്രസിഡണ്ട്. ജീവിതകാലത്തു തന്നെ ഒരു പരിശുദ്ധനെന്ന് പലരാലും പരിഗണിക്കപ്പെട്ടിരുന്ന തിരുമേനിയെപ്പോലെ സഭയുടെ സനാതന വിശ്വാസാചാരങ്ങൾക്കുവേണ്ടി എല്ലാം ത്യജിക്കാൻ തയ്യാറായിട്ടുള്ള ഒരു മേല്പട്ടക്കാരൻ ഇല്ലായിരുന്നു. താൻ വിശ്വസിച്ച സത്യങ്ങൾക്കു വേണ്ടി പാറപോലെ ഉറച്ചുനിന്നിരുന്ന അദ്ദേഹം പീസ് ലീഗിന്റെ സത്യഗ്രഹത്തെ തുടർന്നു ചേർന്ന ചിങ്ങവനം വട്ടമേശസമ്മേളനത്തിലെ സമാധാന വ്യവസ്ഥകൾക്ക് ഒപ്പുവയ്ക്കാതെ പോയതിൽ നിന്ന് ആ ഇടയശ്രേഷ്ഠന്റെ വിശ്വാസസ്ഥിരത ഒരിക്കൽ കൂടി ക്രൈസ്തവലോകം അറിയുകയായിരുന്നു. സഭാസമാധാനത്തിനുവേണ്ടി പുണ്യശ്ലോകനായ ഔഗേൻ മാർ തീമോത്തിയോസിന്റെ നിർബന്ധം മൂലം വീണ്ടും ഒരു കൈവയ്പ്പിനു വേണ്ടി ആലുവായിൽ വച്ച് തന്റെ ഉത്തമബോദ്ധ്യത്തിനെതിരെ പ. ഗീവറുഗീസ് രണ്ടാമൻ ബാവാ തല കുനിച്ച് ഒരുങ്ങിയപ്പോൾ അതിനോട് ഒട്ടും യോജിക്കാത്ത മാർ തേവോദോസിയോസ് തിരുമേനിയുടെ (കൈവയ്ക്കാൻ ദൈവം അനുവദിച്ചില്ല) ആത്മാവാണ് ഞങ്ങളിൽ പലരിലും ആവേശിച്ചിരുന്നത്. ഇന്നും ആ നിലപാട് ഞാൻ അഭിമാനപൂർവ്വം നിലനിർത്തുകയാണ്. റോമൻ കത്തോലിക്കാസഭയുടെയും പ്രൊട്ടസ്റ്റന്റ് സഭകളുടെയും വിശ്വാസാചാരങ്ങൾ ശരിക്കു മനസ്സിലാക്കിയപ്പോൾ നമ്മുടെ വിശ്വാസം പത്തരമാറ്റുള്ള തങ്കക്കട്ടിയാണെന്നുള്ള ഉത്തമബോദ്ധ്യം ഉണ്ടായതുകൊണ്ടാണ് മട്ടയ്ക്കൽ തിരുമേനി പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ച കറകളഞ്ഞ ഓർത്തഡോക്സ് വിശ്വാസം സഭയുടെ ഭാവി നിർണ്ണയിക്കുന്ന യുവജനങ്ങളിൽ വീണ്ടും വീണ്ടും ഊതിക്കയറ്റിയത്. തന്റെ ഗുരുവും നേതാവുമായിരുന്ന ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് സമ്പന്നമായ റോമൻ കത്തോലിക്കാസഭയിൽ ചേക്കേറി ചട്ടിക്കു പകരം

വെള്ളിപ്പാത്രത്തിൽ ഭക്ഷണം കഴിച്ചും തലസ്ഥാനത്തെ കൊട്ടാരസമാനമായ പട്ടം അരമനയിൽ ഉല്ലാസജീവിതം നയിച്ചും കഴിഞ്ഞപ്പോഴും ഋഷിതുല്യനായ തേവോദോസിയോസ് തിരുമേനി ബഥനിയുടെ പരുപരുത്ത കട്ടിലിൽ താമസിച്ചതും മൺചട്ടികളിൽ കഞ്ഞികുടിച്ചും കപ്പ തിന്നു കഴിഞ്ഞതും ഓർക്കുമ്പോൾ തിരുമേനിയുടെ ഓർത്തഡോക്സി കർമ്മേൽ മല പോലെ ഉന്നതവും മഞ്ഞു പൊതിഞ്ഞ ഹെർമ്മോൻ പർവ്വതത്തേക്കാൾ നിർമ്മലവുമാണെന്നു പറയുന്നതിൽ എനിക്കു ആത്മസന്തോഷമുണ്ട്.


അടുത്തത് പത്രോസ് മാർ ഒസ്താത്തിയോസാണ്. ഉന്നതകുലജാതൻ, ബിരുദാനന്തര ബിരുദങ്ങൾക്കുടമസ്ഥൻ, പണം സമ്പാദിച്ച ശേഷം അതു ചെലവാക്കി അധഃകൃതരുടെ ഉന്നമനത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച മഹാൻ. പാവപ്പെട്ടവരുടെ യഥാർത്ഥ ഉന്നമനം ക്രിസ്തുവിലൂടെയാണെന്ന ഉത്തമബോദ്ധ്യത്തോടെ സ്ലീബാദാസസമൂഹം സ്ഥാപിച്ചതും അനേകായിരംപേരെ ക്രിസ്തുവിന്റെ മുന്തിരത്തോപ്പിലേക്ക് ആനയിച്ചതും പലപ്പോഴും പട്ടിണി കിടന്ന് സുവിശേഷ പ്രവർത്തനം നടത്തിയ എം. പി. പത്രോസ് അച്ചന്റെയും റമ്പാച്ചന്റെയും ജീവിതാനുഭവങ്ങൾ പുസ്തകരൂപത്തിൽ എഴുതിയപ്പോൾ എന്റെ കണ്ണുകൾ സജലങ്ങളായി. സമ്പന്നനായിരുന്ന അദ്ദേഹവും സെക്രട്ടറി ഫാ. ഫീലിപ്പോസും സുവിശേഷവേലയ്ക്കിടയിൽ അത്താഴപ്പട്ടിണി കിടന്ന സംഭവം വായിക്കുമ്പോൾ ഹൃദയമുള്ള ഏതൊരു സഭാസ്നേഹിയും കരയാതിരിക്കില്ല. സഭാംഗങ്ങൾ നൽകുന്ന പണത്തിന്റെ കണക്ക് ഒരു ചില്ലിക്കാശു പോലും കുറയാതെ ഉടനുടൻ വരവു വയ്ക്കുകയും ലുബ്ധനെപ്പോലെ ചെലവഴിക്കുകയും ഒരു പാവപ്പെട്ട കൂലിവേലക്കാരനെപ്പോലെ ജീവിക്കുകയും ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസിന്റെ സാക്ഷ്യം എനിക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. പത്രോസ് മാർ ഒസ്താത്തിയോസിന്റെ സ്വത്ത് ദൈവവും പുതു ക്രിസ്ത്യാനികളുമായിരുന്നു. മെത്രാനായപ്പോഴും ഒരു നല്ല കസേര പോലും ഇല്ലാത്ത കർമ്മേലിലെ അരമനയിലായിരുന്നു മലബാർ ഭദ്രാസനാധിപൻ ഇരുന്നത്. അരമനയും കാറും ചെങ്കോലും വേലയ്ക്കു തടസ്സം എന്നു പറഞ്ഞ് പുറങ്കാലിൽ തട്ടിയെറിഞ്ഞ അദ്ദേഹത്തിന്റെ സിംഹാസനം ഒരു പഴയ സ്റ്റൂളായിരുന്നു. പശുത്തൊഴുത്തിൽ ജനിച്ച യേശുവിന്റെ ശരിയായ പിൻഗാമി. രണ്ടരക്കോടിയുടെ അരമന നിർമ്മിച്ചുകൊണ്ട് ജീവിക്കുന്ന മേല്പട്ടക്കാരന്റെ സാക്ഷ്യം എത്രയോ ബലഹീനമെന്നും ക്രിസ്തുവിന് നിരക്കാത്തതെന്നും മനസ്സിലാക്കണമെങ്കിൽ ഇത്തരം അതിശ്രേഷ്ഠരായ മെത്രാന്മാരുടെ ലളിതസുന്ദരമായ ജീവിതവും സാക്ഷ്യവും കണ്ടറിയണം. ദൈവം അമ്പലങ്ങളിലും അരമനകളിലുമല്ല പാവപ്പെട്ടവന്റെ - ലാസർമാരുടെ - കുടിലുകളിലാണ് വസിക്കു

ന്നതെന്ന സത്യം പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി എന്നെയും മനസ്സിലാക്കി.

ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി അച്ചനായിരുന്നപ്പോൾ എന്റെ ശ്രേഷ്ഠനായ അദ്ധ്യാപകനായിരുന്നു. കഴിഞ്ഞ തലമുറയിൽ സഭയെയും ഓർത്തഡോക്സ് വിശ്വാസത്തെയും ഇത്രയധികം സ്നേഹിച്ച ചുരുക്കം ചില മെത്രാന്മാരിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. തിരുമേനിയുടെ ജിവിതമാതൃകകളും പ്രസംഗങ്ങളും പ്രമാണവും പ്രവൃത്തിയും യോജിപ്പിച്ചുകൊണ്ടുള്ളതായിരുന്നു എന്ന് സാക്ഷിക്കാൻ ഒരു ശിഷ്യനായ എനിക്ക് മറ്റാരെയുംകാൾ യോഗ്യതയുണ്ടെന്നാണ് എന്റെ ചിന്ത.

മദ്ധ്യതിരുവിതാംകൂറിൽ സത്യവിശ്വാസത്തെ പിഴുതെറിയാൻ റീത്തു പ്രസ്ഥാനക്കാറ്റ് ആഞ്ഞടിച്ചപ്പോൾ അതിനു തടയിട്ട പ്രമുഖരിൽ ഒരാളായ ഓമല്ലൂർ വടുതല ഈശോ കത്തനാരുടെ സഭാസേവനം ആധുനിക സഭാചരിത്രത്തിന്റെ ഒരു ഭാഗമാണ്. ആ വിശ്വാസവീരന്റെ പുത്രനായ തിരുമേനി, അച്ചന്റെ പാതയിൽ എലീശായെപ്പോലെ ഇരട്ടിശക്തിയോടെ നീങ്ങിയ കാഴ്ച നേരിട്ടു കാണാനുള്ള ഭാഗ്യം ലഭിച്ചതിൽ സന്തോഷിക്കുന്നു.

ഫീലിപ്പോസ് മാർ തെയോഫിലോസ് വിദേശത്തെ പഠനവും ആധുനിക സംസ്കാരവും എക്യുമെനിസവും എല്ലാം കണ്ട സഭയുടെ അംബാസഡറായിരുന്നു. അതേസമയം അദ്ദേഹം ഓർത്തഡോക്സ് വിശ്വാസത്തിലും സഭയുടെ ആഗോള വീക്ഷണത്തിലും മുൻപന്തിയിൽ ആയിരുന്നു. ഉന്നതതലത്തിൽ നിലകൊണ്ടിരുന്ന അദ്ദേഹം യുവജനങ്ങളുടെ അടുത്ത ഉത്തമ സുഹൃത്തായി കഴിഞ്ഞു. യുവജനങ്ങളോട് ഇടപെടുമ്പോൾ അവരുടെ തോളിൽ സ്പർശിക്കുന്ന തിരുമേനി അവരിൽ ഒരുവനായി മാറുമായിരുന്നു. അങ്കമാലിയിലെ കുളങ്ങളിലും കൂടാരങ്ങളിലും വളർന്ന പലർക്കും ആ സാഗരവിശാല ഹൃദയനെ മനസ്സിലാക്കാൻ കഴി



വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡണ്ട് ഗീവർഗീസ് മാർ കൂറിലോസും സെക്രട്ടറി ഫാ. വർഗീസ് വർഗീസും



ഞ്ഞില്ല. അത് ദൈവം ബോംബെ ഭദ്രാസനത്തിന് ഒരനുഗ്രഹമാക്കി മാറ്റി. തലക്കനം എന്തെന്നറിയാതെ ജീവിച്ച തിരുമേനിയുടെ പുഞ്ചിരിയും, സമഭാവനയും, സ്നേഹവും കരുതലും യുവജനങ്ങളുടെ നല്ല ഭാവിയെപ്പറ്റിയുള്ള ചിന്തയും ഒന്നും അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ എനിക്ക് പെട്ടെന്നു മറക്കാനാവില്ല. പലരെയും അദ്ദേഹം വിശ്വസിച്ചു. ചിലർ കാലുമാറി. എന്നാൽ ഫാ. ജോൺ തോമസിനെപ്പോലെയുള്ള ചില വിശ്വസ്തരായ വൈദികർ വിദ്യാർത്ഥിപ്രസ്ഥാനരംഗത്തെ തിരുമേനിയുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ താങ്ങും തണലുമായി നിലകൊണ്ടതിനാൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിലും വിദ്യാർത്ഥിപ്രസ്ഥാനം വളരെ വേഗം വളർന്നു വികസിക്കുകയും സ്റ്റുഡന്റ് സെന്ററുകൾ മുഖേന സാമ്പത്തികനില മെച്ചപ്പെടുത്തുകയും ചെയ്തു എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. തിരുമേനിയാണ് പ്രസ്ഥാനത്തിന്റെ ആധുനിക ശില്പി. പിന്നെ വന്ന പ്രസിഡണ്ടായ യൗസേബിയോസ് മെത്രാപ്പോലീത്താ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു സന്താനവും പ്രതീകവുമാണ്. കഴിഞ്ഞ 60 വർഷം ഞങ്ങളുടെ അടുപ്പവും സഹകരണവും സ്നേഹവും സജീവമായി നിലകൊണ്ടു. അകാലത്തിൽ അന്തരിച്ച അദ്ദേഹത്തിന്റെ സഭാസ്നേഹത്തിനും ലളിതജീവിതത്തിനും സാക്ഷ്യത്തിനും ആരുടെയും സർട്ടിഫിക്കറ്റും ഇന്ന് ആവശ്യമില്ല.


സർവ്വോപരി തടാകം ക്രിസ്തുശിഷ്യാശ്രമത്തിന്റെ സ്ഥാപകനേതാവായ ബിഷപ്പ് പെക്കൻഹാം വാൽഷിന്റെ ജീവിതവും സാക്ഷ്യവും പ്രസംഗങ്ങളും അനേകംപേരുടെ ആത്മീയജീവിതത്തെ പിടിച്ചു കുലുക്കി. മലങ്കരസഭയ്ക്ക് സുവിശേഷ പ്രവർത്തനത്തെ സംബന്ധിച്ച ഒരു നവദർശനം സമ്മാനിച്ച ബിഷപ്പിന്റെ പണ്ഡിതോചിതമായ പ്രഭാഷണങ്ങൾ ഇന്നും സഭാന്തരീക്ഷത്തിൽ ലയിച്ചുപോകാതെ തങ്ങിനിൽക്കുന്നു. മഹാത്മജി പറഞ്ഞതുപോലെ തന്റെ ജീവിതമായിരുന്നു ബിഷപ്പിന്റെ സന്ദേശം. രോഗശാന്തി വരമുണ്ടായിരുന്ന ബിഷപ്പ് വാൽഷ് 19-ാം നൂറ്റാണ്ടിൽ ചില മിഷനറിമാർ മനഃപൂർവ്വമായിട്ടല്ലെങ്കിലും സഭയോടു ചെയ്ത ദ്രോഹങ്ങൾക്കുള്ള ഒരു ചുട്ട മറുപടിയായിരുന്നു. മലങ്കരസഭയുടെ അന്യൂനമായ വിശ്വാസം ഇത്രമാത്രം ആഴത്തിൽ പഠിക്കുകയും അവ വരമൊഴിയിലാക്കുകയും ചെയ്ത സഭാചരിത്രകാരനായ വാൽഷ് തിരുമേനി വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഒരു വലിയ മാർഗ്ഗദർശിയും വിളക്കുമരവും പ്രചോദനകേന്ദ്രവുമായിരുന്നു. ജീവിതംപോലെ ലളിതമായ മരണവും (1959) കബറടക്കവും 53 വർഷം കഴിഞ്ഞിട്ടും ഇന്നും സ്പന്ദിച്ചുകൊണ്ട് നിലകൊള്ളുന്നു.

വിദ്യാർത്ഥിപ്രസ്ഥാനത്തിൽ വന്നിട്ടുള്ളവർക്ക് മറക്കാനാവാത്ത സെക്രട്ടറിമാരിൽ അക്കര കടന്ന എം. തൊമ്മൻ, ഫാ. എൻ. എം. തോമസ്,

എൻ. എം. ഏബ്രഹാം, ഫാ. കെ. സി. വറുഗീസ്, പൗലോസ് മാർ ഗ്രീഗോറിയോസ് എന്നിവരും, അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായി ഇന്നും പ്രവർത്തിക്കുന്ന ഫാ. ജോൺ തോമസും തങ്ങളുടെ നിസ്വാർത്ഥ പ്രവർത്തനങ്ങളാൽ സഭയുടെ ശക്തികേന്ദ്രങ്ങളായ യുവജനങ്ങളുടെ ഹൃദയങ്ങളിൽ സഭാസ്നേഹവും സഭയോടുള്ള പ്രതിബദ്ധതയും സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യവും എടുത്തു പറയേണ്ടതുണ്ട്.



ബിഷപ് വാൽഷും പത്നി ക്ലാരയും



ഫാ. കെ. സി. വറുഗീസ്

മിഷൻ ബോർഡ് പ്രവർത്തനം സഭയുടെ നിന്ദ നീക്കി

ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട മലങ്കരസഭ പുരാതനത്വം പറഞ്ഞുകൊണ്ട് സുവിശേഷദൗത്യം വിസ്മരിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു ദീർഘകാല അവധി നൽകുകയും ചെയ്തതിനാൽ മറ്റുള്ളവരുടെ നിന്ദയ്ക്കു പാത്രമായി. ഈ നീണ്ട ഉറക്കത്തിൽ നിന്നു സഭയെ ഉണർത്തിയത് പ. പരുമല തിരുമേനിയും മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസും തുടർന്ന് ഗീവറുഗീസ് മാർ ഒസ്താത്തിയോസും ആണല്ലോ. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇന്ന് ബാലഭവനുകളും മിഷൻകേന്ദ്രങ്ങളും ആതുരാലയങ്ങളും ചെറിയ തോതിൽ ആരംഭിച്ചിട്ടുണ്ട്. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ കാലശേഷം വർദ്ധിച്ച ഉത്സാഹത്തോടെ മിഷൻ ബോർഡും ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാനും ഇവയ്ക്കു നേതൃത്വം നൽകുന്നു.

വിദേശ സഭകളുടെ കടന്നാക്രമണങ്ങളെ തുടർന്നുണ്ടായ തർക്കവിതർക്കങ്ങളും കേസുകളും മലങ്കരസഭയെ ഇരുപതാം നൂറ്റാണ്ടിൽ ക്ഷീണിപ്പിച്ചു. കേസുകളിൽനിന്നും തർക്കങ്ങളിൽ നിന്നും സഭയുടെ ശ്രദ്ധ സുവിശേഷ-സേവന പ്രവർത്തനങ്ങളിലേക്കു തിരിച്ചുവിടുന്നതിനുള്ള പ്രാരംഭ പ്രേരകശക്തി കൽക്കട്ടയിലെ ബിഷപ്സ് കോളജ് പ്രിൻസിപ്പലായിരുന്നു റിട്ടയർ ചെയ്ത അയർലണ്ടുകാരനായ ബിഷപ്പ് പെക്കൻഹാം വാൽഷും പത്നി ക്ലാരയും അദ്ദേഹത്തിന്റെ പ്രമുഖ ശിഷ്യരായിരുന്ന ഒളശ്ശ കോമടത്തുശ്ശേരിൽ ഫാ. കെ. സി. വറുഗീസും, തുമ്പമൺ തോപ്പിൽ ടി. ഒ. മാത്യുവും മറ്റും ചേർന്ന് കോയമ്പത്തൂരിനടുത്തുള്ള തടാകം ഗ്രാമത്തിൽ ആരംഭിച്ച ക്രിസ്തുശിഷ്യാശ്രമമാണ്. ആശ്രമ പ്രസ്ഥാനത്തിനു ചൂടുപകർന്ന തടാകം ആശ്രമത്തെ കോയമ്പത്തൂരും മറ്റുമുള്ള സഭാംഗങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്തു. ആശ്രമത്തിനുള്ള നാലേക്കർ സ്ഥലം വാങ്ങിയതു ബിഷപ്പിനു കോളജിൽ നിന്നു പിരിഞ്ഞപ്പോൾ ലഭിച്ച പണം കൊണ്ടാണ്. ചാപ്പലും കോട്ടേജുകളും നിർമ്മിക്കുന്നതിനു വേണ്ട തടിയും മറ്റും ഓതറ തോട്ടുമുഖം ടി. കെ. ഉമ്മൻ, കല്ലൂപ്പാറ കെ. എം. ഏബ്രഹാം മുതലായവർ സംഭാവന ചെയ്തു എന്നും ഓർക്കേണ്ടതുണ്ട്. തടാകം ഗ്രാമത്തിന്റെ മുഖഛായ തന്നെ മതംമാറ്റ ചിന്തയില്ലാതെയും മനംമാറ്റ ലക്ഷ്യം വച്ചും മാറ്റിയ ആശ്രമം ഇന്നവിടെ നല്ല നിലയിൽ നടത്തുന്ന സ്കൂളും ബിഷപ്പ് സ്മാരക ആശുപത്രിയും മറ്റും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. രോഗശാന്തിവരമുണ്ടായിരുന്ന - പ്രാർത്ഥനാ മനുഷ്യനായിരുന്ന - ബിഷപ്പ് വാൽഷിന്റെ ശുശ്രൂഷ

യാണ് ഇന്നു തടാകം ആശുപത്രി തുടരുന്നത്. ലളിതജീവിതത്തിന്റെയും ഉയർന്ന ചിന്തയുടെയും മാതൃകയാണ് ആശ്രമം സഭാംഗങ്ങൾക്കു പകർന്നുകൊടുക്കുന്നത്.

സഭയുടെ മിഷൻ രംഗത്തെ സംഭാവനകൾ

സഭയെ എക്കാലവും തുറിച്ചു നോക്കിക്കൊണ്ടിരുന്ന പാവപ്പെട്ടവരുടെയും അനാഥരുടെയും ആതുരരുടെയും നീറുന്ന പ്രശ്നങ്ങളിൽ സ്പർശിച്ചു കൈപൊള്ളിക്കാൻ ആരും ഒരുമ്പെട്ടില്ല എന്ന യാഥാർത്ഥ്യത്തോടു കണ്ണടച്ചു വന്ന സഭയ്ക്കൊരു പുതിയ ദിശാബോധം നൽകിയത് അരനൂറ്റാണ്ടു മുമ്പ് അനീതിക്കും തങ്ങളുടെ സമ്പത്ത് ആവശ്യക്കാർക്കു വേണ്ടി പങ്കുവയ്ക്കാത്ത ജനവിഭാഗങ്ങൾക്ക് എതിരെ പ്രവാചകശബ്ദത്തോടെ ഒരു കൊടുങ്കാറ്റായി സഭയിലെങ്ങും ആഞ്ഞടിച്ച ഫാ. എം. വി. ജോർജായിരുന്നു (ഗീവറുഗീസ് മാർ ഒസ്താത്തിയോസ്). പതിവു കുർബാനയും കുരിൻതൊട്ടിയും നേർച്ചകളും പെരുന്നാളുകളും, കൊടിയും, കുടിയും, റാസകളും വെടിക്കെട്ടുകളും കൊണ്ട് മാത്രം ഒരു സഭയ്ക്കു ജനലക്ഷങ്ങളുടെ പ്രശ്നങ്ങളെ തെല്ലെങ്കിലും പരിഹരിക്കാനാവില്ലെന്ന് അദ്ദേഹം മേല്പ്പട്ടക്കാരുടെയും നേരെ നോക്കി ഗർജ്ജിച്ചു. പട്ടിണിപ്പാവങ്ങളെയും അനാഥക്കുഞ്ഞുങ്ങളെയും രോഗികളെയും അവഗണിക്കുന്ന ഒരു സഭയ്ക്കു ലോകത്തിൽ നിലനിൽക്കാൻ അർഹതയില്ലെന്നും സമ്പത്തു പങ്കുവയ്ക്കാത്ത സമ്പന്നന്മാർ നരകത്തിൽ പോകുമെന്നും ഫാ. ജോർജ് തുറന്നടിച്ചു. ഈ പ്രസംഗങ്ങൾ ജനസഹസ്രങ്ങളുടെ ഹൃദയങ്ങളിൽ മനുഷ്യസ്നേഹത്തിന്റെ ഒരു വേലിയേറ്റം തന്നെ സൃഷ്ടിച്ചു.

മാവേലിക്കരയിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച എം. വി. ജോർജ് ബാല്യത്തിലെ ജീവിത പ്രാരബ്ധങ്ങളുടെ നടുവിൽ കൂടി സഞ്ചരിച്ചാണ് ജീവിച്ചതും പഠിച്ചതും. കൗമാരപ്രായത്തിൽ തന്നെ മനുഷ്യസേവനത്തിനുവേണ്ടി ജീവിതം പ്രതിഷ്ഠിച്ച അദ്ദേഹം വളരെ വേഗത്തിൽ സ്നേഹത്തിന്റെ അതുല്യനായ ഒരു പ്രവാചകനായിത്തീർന്നു. അങ്ങനെ സമൂഹത്തിൽ തന്നെപ്പോലെ ദൈവത്തിന്റെ മക്കളായ മറ്റൊരു ബാലനും ബാലികയും ഒരിക്കലും കഷ്ടപ്പെടരുതെന്നും നഷ്ടപ്പെടരുതെന്നുമുള്ള ദൃഢനിശ്ചയത്തിന്റെ സാക്ഷാൽക്കാരമാണ് മലങ്കരസഭയുടെ അതുല്യസേവനത്തിന്റെ ചക്രവാളത്തിൽ ഉദിച്ചുയർന്ന പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും ബാലഭവനവും. അഞ്ചര ദശകത്തിനു മുമ്പ് കോഴിക്കോടിനടുത്തുള്ള പുതുപ്പാടിയിൽ ഉദയംചെയ്ത ഈ വെള്ളിനക്ഷത്രം ചൊരിഞ്ഞ പ്രകാശകിരണങ്ങൾ കണ്ടുകൊണ്ടാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇന്നു നല്ല സേവനം ചെയ്യുന്ന ഒരു ഡസൻ ബാലികാ, ബാലഭവനങ്ങൾ രൂപംകൊണ്ടതും. ഭാഗ്യസ്മരണാർഹനായ ഗീവറുഗീസ്

രണ്ടാമൻ ബാവാ തിരുമേനിയുടെ അനുഗ്രഹാശംസകളോടെ ആരംഭിച്ച പുതുപ്പാടി ബാലഭവനത്തിന്റെയും തുടർന്ന് സ്ഥാപിച്ച എല്ലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച ആധാരം കാതോലിക്കേറ്റിന്റെ പേരിലാണെന്ന് നാം ഓർക്കണം. ഏറ്റവും ഒടുവിൽ വാങ്ങിയിരിക്കുന്ന ആൻഡമാൻസിലെ രണ്ടര ഏക്കറും കാതോലിക്കേറ്റിന്റെ പേരിലാണ്.

ട്രസ്റ്റുകളും ആശ്രമങ്ങളും ദയറാകളും വ്യക്തികളുടെയും കമ്മിറ്റികളുടെയും പേരിൽ ആരംഭിച്ച വിദ്യാലയങ്ങളും മറ്റും നടത്തി കിട്ടുന്ന പണം ആരോടും കണക്കു പറയാതെ പോകുന്ന സ്ഥിതിയും കബറുകൾ കാശുവാരാനുള്ള കവറുകളാക്കി മാറ്റുന്ന രീതിയും മിഷൻ ബോർഡിനു ഇല്ലെന്ന് സഭാംഗങ്ങൾക്ക് അറിയാം. തന്റെ പിൻഗാമികളെയെല്ലാം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കണമെന്നുള്ള അഭിലാഷം അന്ത്യസന്ദേശത്തിലൂടെ പ്രഗല്ഭനായ ഗീവറുഗീസ് രണ്ടാമൻ ബാവാ പ്രകടിപ്പിക്കുകയും പ. മാത്യൂസ് പ്രഥമൻ ബാവാ അക്കാര്യം വീണ്ടും അനുസ്മരിപ്പിക്കുകയും ചെയ്തിട്ടും സഭയുടെ പൊതു സ്വത്തുക്കൾ എന്നു വിശേഷിപ്പിക്കപ്പെടേണ്ട കാതോലിക്കാബാവാമാരെ കാശിനുവേണ്ടി സഭാംഗങ്ങൾക്കു ചെന്നുചേരുവാൻ കഴിയാത്ത വിദൂരഗ്രാമങ്ങളിൽ സംസ്ക്കരിക്കുന്നതും തെറ്റായ പ്രവണതയാണ്. ഈ കബറിടങ്ങളിൽ നിന്നു ലഭിക്കുന്ന പണം ആരോടും ചോദിക്കാതെ ചെലവഴിക്കുന്നതും തെറ്റാണ്. ഈ കബറിടങ്ങളിൽ നിന്നു ലഭിക്കുന്ന പണം പല കവറുകളിൽ വിതരണം ചെയ്യുന്നതല്ലാതെ ഒരംശംപോലും സഭയുടെ മിഷൻ ബോർഡിന്റെ ജീവകാരുണ്യ പ്രവർത്തനത്തിനുവേണ്ടി ചെലവഴിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ കബറുകളിൽ പണം നിക്ഷേപിക്കുന്നതിനേക്കാൾ ദൈവം പ്രസാദിക്കുന്നതു പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നൽകുന്നതാണെന്നു ചിന്തിക്കുന്ന ഒട്ടധികം വിശ്വാസികളുണ്ട്. കബറുകളിൽ നിന്നു കിട്ടുന്ന പണത്തിന്റെ കണക്കു പ്രസി



ഫാ. കെ. ഐ. ഫിലിപ്പും ഫാ. പി. എം. തോമസും.

ദ്ധപ്പെടുത്താതെ ഏതാനുംപേർ ചേർന്ന് അവ ചെലവാക്കുന്ന രീതി സത്വരം അവസാനിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ ചില മേല്പട്ടക്കാർ സഭാദ്ധ്യക്ഷനും സുന്നഹദോസും ഒന്നും അറിയാതെ ലക്ഷങ്ങൾ പിരിച്ചു ചില സ്ഥാപനങ്ങൾ കെട്ടിപ്പടുക്കാൻ നടത്തുന്ന നീക്കങ്ങളെയും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

1952-ൽ തുടങ്ങിയ സുവിശേഷാലയം ഇന്ന് മിഷനറിമാരെ പരിശീലിപ്പിക്കുന്ന കേന്ദ്രമായി തീർന്നു. കാലം ചെയ്ത അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിക്കു ശേഷം, യൂഹാനോൻ മാർ ക്രിസോസ്റ്റമോസും യൂഹാനോൻ മാർ തേവോദോറോസും പുതുപ്പാടി ആശ്രമാംഗങ്ങളും ഉത്സാഹമായി പ്രവർത്തിച്ചുവരുന്നു. അവധിക്കാല സുവിശേഷ പരിശീലനം, നാംസ്, ജൂനിയർ നാംസ് മുതലായവയുടെ പ്രവർത്തനങ്ങളും, ത്രിവത്സര ഡിപ്ലോമാ കോഴ്സും നടത്തിവരുന്നു.

52 വർഷം മുമ്പ് ആരംഭിച്ച പുതുപ്പാടി ആശ്രമം രണ്ട് തിരുമേനിമാരും പുതുപ്പാടിയിലെ രണ്ടു റമ്പാന്മാർ ഉൾപ്പെടെ 22 അംഗങ്ങളുടെയും നേതൃത്വത്തിൽ കുട്ടികൾക്കായി ബാലഭവനവും, സാധുക്കളായ വൃദ്ധന്മാർക്കുവേണ്ടി ഒരു വൃദ്ധഭവനവും ഭംഗിയായി നടത്തുന്നു. 70 കുട്ടികൾ അനാഥാലയത്തിലുണ്ട്. രണ്ട് കുട്ടികൾ എം.ബി.ബി.എസിനു 4-ാം വർഷം പഠിക്കുന്നു. വൈദികർ ഉത്തരേന്ത്യയിലെ മിഷൻകേന്ദ്രങ്ങളിൽ വേല ചെയ്തുകൊണ്ടിരിക്കുന്നു.

സെന്റ് പോൾസ് ആശ്രമത്തിന്റെയും ബാലഭവനത്തിന്റെയും സഹകരണത്തോടെ നടത്തപ്പെടുന്ന സെന്റ് പോൾസ് കോൺവെന്റ് വളർച്ചയുടെ പാതയിലാണ്. കോൺവെന്റിലുള്ള സിസ്റ്റേഴ്സ് പൂനാ, യാച്ചാരം, ബാംഗ്ലൂർ മുതലായ സ്ഥലങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. അനാഥരായ 40 പെൺകുട്ടികൾ കോൺവെന്റിൽ താമസിച്ചു പഠിക്കുന്നു.

സുവർണ്ണജൂബിലി കൊണ്ടാടിയ പുതുപ്പാടി ബാലഭവന്റെ ചരിത്രം കോരിത്തരിപ്പിക്കുന്നതാണ്. ഇതിനകം അതിന്റെ ചരിത്രവും ബഹുമുഖ സേവനപ്രവർത്തനങ്ങളും ലേഖനങ്ങൾ, പുസ്തകങ്ങൾ, സുവനിറുകൾ, പ്രസംഗങ്ങൾ മുതലായവ വഴി സഭാംഗങ്ങളിൽ കുറേപ്പേരെങ്കിലും അറിഞ്ഞുകാണുമെങ്കിലും അതിന്റെ പിന്നിൽ, പരസ്നേഹസേവന ചിന്തയിൽ മുഴുകി എല്ലാം മറന്ന് പ്രവർത്തിച്ച സുശക്തകരങ്ങളിൽ ഒന്നായ കെ. ഐ. ഫിലിപ്പു റമ്പാച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിവേളയിൽ അല്പം അനുസ്മരിക്കുന്നത് അസ്ഥാനത്താകുകയില്ലെന്ന് കരുതുകയാണ്.

മലബാറിൽ ഒരു ബാലഭവനം ആരംഭിക്കുന്നതിനുവേണ്ടി ഒരു വലിയ തോട്ടം ഉടമയും തികഞ്ഞ സഭാസ്നേഹിയുമായ മണമേൽ എം. പി.

ചെറിയാൻ, ഫാ. എം. വി. ജോർജിനു 25 ഏക്കർ സ്ഥലം നൽകിയപ്പോൾ ബാലഭവന മേഖലയുടെ ആദ്യത്തെ കണ്ണി രൂപംകൊള്ളുകയാണെന്നു വിദൂര വീക്ഷണചതുരനായ ഫാ. എം. വി. ജോർജിനൊപ്പം ഉണ്ടായിരുന്ന ഫാ. പി. എം. തോമസിനോ ഭാവന ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ലോകാരംഭം മുതൽതന്നെ കുറ്റിക്കാടും വാറ്റുപുല്ലും നിറഞ്ഞ സ്ഥലം കൃഷിക്കും താമസത്തിനും ഉപയുക്തമാക്കുന്നതിനുള്ള കഠിനാധ്വാനം 1958-ൽ ചെയ്തത് ഫാ. പി. എം. തോമസും അവിടെ ഉണ്ടായിരുന്ന സമീപസ്ഥരായ ജനങ്ങളുമാണ്. സ്ഥലം കിട്ടിയ ഉത്സാഹം തണുക്കുന്നതിനു മുമ്പു തന്നെ 35 ഏക്കർ കൂടി വാങ്ങുന്നതിനു വിദേശ സഞ്ചാരവേളകളിൽ പണം ശേഖരിക്കുന്നതിനും തുടർന്ന് ഏതാനും അനാഥക്കുട്ടികളെ ഏറ്റെടുത്തു ബാലഭവനവും ഒപ്പം സെന്റ്പോൾസ് ആശ്രമവും ആരംഭിക്കുന്നതിനും പൗലൂസ് അപ്പോസ്തോലന്റെ ഒരു വലിയ ആരാധകനായ ഫാ. എം. വി. ജോർജിനു സാധിച്ചു. ഇതിനിടയിയിൽ പാഴ്വസ്തുവായി കിടന്ന ഭൂമിയിൽ വിയർപ്പ് വീണപ്പോൾ തെങ്ങും റബറും വാഴയും കൊക്കോയും മറ്റും തഴച്ചു വളർന്നു. ആശ്രമവാസികൾക്കും കുട്ടികൾക്കും ആവശ്യമായ പാൽ ലഭിക്കുന്നതിനുവേണ്ടി ആരംഭിച്ച ഡയറിഫാമിനു പാൽ വിപ്ലവം തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞു. അധികമുള്ള പാൽ ടൗണിൽ കൊണ്ടുപോയി വിറ്റു വരുന്നു. ചാണകം വിളകളെ വളരെ വേഗം വളർത്തി. തേങ്ങയും റബറും വേണ്ടത്ര പണം നൽകിയപ്പോൾ ബാലഭവനം സാമ്പത്തിക സ്വയംപര്യാപ്തതയുടെ നേർപാളത്തിൽ കയറാൻ തുടങ്ങി. പ്രാരംഭകാലത്തെ കഷ്ടപ്പാടുകൾ സഹിച്ച പി. എം. തോമസ് അച്ചൻ ദൈവകൃപയുടെ തേരിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഫാ. എം. വി. ജോർജ് അദ്ദേഹത്തെ ഏതാനും വർഷത്തേക്ക് ആൻഡമാൻസിലേക്കു വിടുകയും പകരം ഭിലായി ഇടവകയിൽ കുടിയേറ്റക്കാരായ ഉദ്യോഗസ്ഥന്മാർക്കായി ഒരു പള്ളി പണിതു കൃതകൃത്യനായിരുന്ന ഫാ. കെ. ഐ. ഫിലിപ്പിനെ പുതുപ്പാടിയിലേക്കു തിരിച്ചു വിളിക്കുകയും ചെയ്തപ്പോൾ പുതുപ്പാടി ഒരു നവയുഗത്തിലേക്കു കടന്നു. വൈകാതെ പുതുപ്പാടി പെട്ടെന്നു വളർന്നു. കൂടുതൽ കെട്ടിടങ്ങൾ, കുട്ടികൾ, സേവനപ്രവർത്തനങ്ങൾ, കോൺവെന്റ് എന്നിവയെല്ലാം അവിടെ രൂപംകൊണ്ടു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു സഭാംഗങ്ങളും മറ്റും പുതുപ്പാടിയിലേക്കു പണം അയച്ചുകൊണ്ടിരുന്നു. മറ്റു ചിലർ തങ്ങളുടെ ഏതാനും സ്വന്തം ആവശ്യങ്ങൾ തൽക്കാലം വേണ്ടെന്നു പറഞ്ഞും പണം നൽകിയപ്പോൾ മനുഷ്യസേവന പ്രവർത്തനങ്ങളുടെ പ്രസക്തി വാനോളം ഉയർന്നു. പി. എം. തോമസച്ചൻ കുട്ടികളുടെ പിതാവിന്റെയും ഫിലിപ്പച്ചൻ മാതാവിന്റെയും സ്ഥാനത്തു നിന്നുകൊണ്ടാണ് അനാഥ ബാലന്മാരെ ശുശ്രൂഷിച്ചും സംരക്ഷിച്ചും വന്നതെന്നു വിവിധ ജീവിത സേവനസരണികളിൽ ഇന്നും പ്രശോഭിക്കുന്ന ആദ്യകാല

ബാലഭവനാംഗങ്ങൾ രണ്ടു വർഷം മുമ്പു നടന്ന സുവർണ്ണ ജൂബിലി വേളയിൽ സാക്ഷിച്ചപ്പോൾ ആയിരക്കണക്കിനാളുകൾ ദൈവത്തിന്റെ നടത്തിപ്പ് നഗ്ന നേത്രങ്ങൾ കൊണ്ട് വീക്ഷിക്കുകയായിരുന്നു.

പുതുപ്പാടി ആശ്രമവും ബാലഭവനവും പ്രധാനമായും ഒരു കുടിയേറ്റ പ്രദേശമായ പുതുപ്പാടിയുടെ മുഖച്ഛായ മാറ്റുകയും സമീപപ്രദേശങ്ങളിൽ ഒട്ടധികം പള്ളികൾ സ്ഥാപിക്കുന്നതിനിടയാക്കുകയും ചെയ്തപ്പോൾ സഭയുടെ അതിരുകൾ തന്നെ വിശാലമായി. നാട്ടുകാരുടെ സഹായസഹകരണങ്ങൾ പുതുപ്പാടി ആശ്രമത്തെ പുളകമണിയിച്ചു. ആശ്രമത്തിലെ വൈദികരും മറ്റ് അംഗങ്ങളും നാട്ടുകാരുടെ പ്രിയംകരരായ സേവകരായി ത്തീർന്നു. ബാലഭവനത്തിലും ആശ്രമത്തിലും എന്തു ചടങ്ങുണ്ടായിരുന്നാലും കോഴിക്കോടും സമീപപ്രദേശങ്ങളിലുമുള്ള ആളുകളുടെ സാന്നിദ്ധ്യവും സഹകരണവും ആവശ്യപ്പെടാതെയുള്ള സാമ്പത്തികസഹായങ്ങളും ഉറപ്പാണ്. ഇത് ഒരു എളിയ ക്രിസ്തീയ സാക്ഷ്യത്തിന്റെ സൽപ്രേരണകളുടെ പ്രതിഫലനം മാത്രം.

ഇതിനകം റമ്പാച്ചന്മാരായിത്തീർന്ന ഫാ. പി. എം. തോമസും കെ. ഐ. ഫിലിപ്പും സഹപ്രവർത്തകരും അധികം ആരും തങ്ങളെ അറിയാൻ ആഗ്രഹിക്കാത്ത ഒട്ടധികം സഹപ്രവർത്തകരും കന്യാസ്ത്രീകളും ബാലഭവന്റെ വലിയ സാമ്പത്തായി മാറിക്കഴിഞ്ഞിരുന്നു. എല്ലാ പ്രവർത്തനങ്ങളുടെയും ചുക്കാൻ പിടിച്ചിരുന്നത് മിഷൻ ബോർഡ് പ്രസിഡന്റായിരുന്ന ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയായിരുന്നു. രോഗഗ്രസ്ഥനായി സഞ്ചരിക്കുവാൻ കഴിവില്ലാതെ വരുന്നതുവരെ മാർ ഒസ്താത്തിയോസ് പുതുപ്പാടിയിൽ ഓടിയെത്തുമായിരുന്നു. അദ്ദേഹത്തിന്റെ സന്ദർശനവും ഉപദേശങ്ങളും പ്രസംഗങ്ങളും എല്ലാം എല്ലാവർക്കും ഒരു തരം ഹരമായിരുന്നു. പുതുപ്പാടിയിലെ ഓരോ മണൽതരിയും വൃക്ഷലതാദികളും തിരുമേനിയെ കാണുമ്പോൾ ആദരപൂർവ്വം തരിച്ചുനില്ക്കുമായിരുന്നു. അദ്ദേഹം കുട്ടികൾക്കും അവരെ സ്നേഹപൂർവ്വം പരിചരിക്കുന്നവർക്കും സംരക്ഷിക്കുന്നവർക്കും കാണപ്പെട്ട ദൈവമായിരുന്നു എന്നു പറയുന്നതാവും ഏറെ ശരി (ബാലഭവനുകളുടെ എല്ലാം ഒരു ചെറിയ ചരിത്രം - പുതുപ്പാടി മുതൽ കോട്ടയം വരെ - എഴുതണമെന്നും അതു തന്റെ 94-ാം ജന്മദിനാഘോഷവേളയിൽ കോട്ടയം ബാലഭവനിൽ വച്ചു പ്രകാശനം ചെയ്യണമെന്നും 2011 ജൂലൈ 27-ന് എന്നെ മാവേലിക്കരയിൽ വിളിച്ചുവരുത്തി ആവശ്യപ്പെട്ടപ്പോൾ ആ സ്നേഹമഹാമേരുവിന്റെ താഴ്വരയിൽ ഞാനും തരിച്ചുനിന്നുപോയി. ആറു ദശാബ്ദക്കാലത്തെ ഞങ്ങളുടെ സ്നേഹബന്ധവും എന്നെപ്പറ്റിയുള്ള അനുപമ കരുതലും കൊണ്ടാണ് എന്നോടും തന്റെ അന്ത്യാഭിലാഷങ്ങളിൽ ഒന്നു നിറവേറ്റാൻ ആവശ്യപ്പെട്ടത്. മരണത്തിന്റെ പിടിയിൽ നിന്നും ഡോക്ടർ

മാർ പോലും വേണ്ടവണ്ണം അറിയാതെ ആണ് തിരുമേനി കോട്ടയം സെന്റ്പോൾസ് ബാലഭവനത്തിന്റെ ഉദ്ഘാടനത്തിലും തന്റെ അവസാനത്തെ ജന്മദിനാഘോഷത്തിലും 2011 ഡിസംബർ 9-ന് പങ്കെടുത്തതും കേക്കു മുറിച്ചതും സ്വയം ആശംസകൾ നേർന്നതും ഭക്ഷിച്ചതും പ്രസംഗിച്ചതും ഉടൻതന്നെ മടങ്ങിപ്പോയതും. ഈ ജന്മദിനത്തിൽ അദ്ദേഹം വരുമെന്ന് ഞങ്ങളാരും കരുതിയിരുന്നില്ല. എങ്കിലും ദൈവത്തിന്റെ നടത്തിപ്പ് - അന്ത്യാഭിലാഷ നിർവഹണം - അത്ഭുതം എന്നല്ലാതെ എന്തു പറയാൻ.)

പുതുപ്പാടി ബാലഭവന്റെ കനകജൂബിലി സ്മാരകമായി സ്ഥാപിച്ച കോട്ടയം ബാലഭവനം പെട്ടെന്നാണ് രൂപംകൊണ്ടത്. സ്ഥലവും പണവും മറ്റു സഹായസഹകരണങ്ങളും പ്രതീക്ഷാതീതമായി എത്തിച്ചേർന്നു. ഇതിന്റെയെല്ലാം നിയന്ത്രണം ഫിലിപ്പ് റമ്പാച്ചന്റെ കൈക്കുള്ളിലായിരുന്നു.

പുതുപ്പാടിയിലെ കോൺവെന്റും അതിന്റെ കീഴിലുള്ള ബാലികാഭവനവും ഉത്തരോത്തരം ഉയരുന്നു. ആദ്യത്തെ ഈ ബാലഭവനമാണ് ഇപ്പോഴും മിഷൻ കേന്ദ്രങ്ങളുടെ ഡയറക്ടറായ ഫിലിപ്പു റമ്പാച്ചന്റെ ആസ്ഥാനം. ഇതിന്റെ ഭരണസംബന്ധമായ കാര്യങ്ങളിൽ കാര്യമായ ശ്രദ്ധ പതിച്ചില്ലെങ്കിലും ഒരു കുഴപ്പവുമില്ലാത്ത രീതിയിലാണ് ഇന്ന് അതിന്റെ ഭരണസംവിധാനം. തന്നിമിത്തം റമ്പാച്ചന് ഇതര സ്ഥാപനങ്ങളുടെ നടത്തിപ്പിൽ കൂടുതൽ ശ്രദ്ധ ചെലുത്താനാവും.

പുതുപ്പാടിയെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ അതിന്റെ കനകജൂബിലി സുവനിറും 'മലങ്കരസഭയുടെ സ്നേഹപർവ്വം' എന്ന പുസ്തകവും വായിക്കുക.

സ്നേഹഭവനും ദയാഭവനും

മിഷൻ ബോർഡിന്റെ മറ്റൊരു പ്രധാന പ്രവർത്തന കേന്ദ്രമാണ് ബാംഗ്ലൂർ. ബാംഗ്ലൂരിലെ സ്നേഹസദൻ എന്ന സ്ഥാപനം പാവപ്പെട്ട കുട്ടികൾക്കും നിരാലംബരും പ്രായമുള്ളവരുമായ സ്ത്രീപുരുഷന്മാർക്കും അഭയം നല്കി സംരക്ഷിക്കുന്ന ഒരു നല്ല സ്ഥാപനമാണ്. ഒട്ടധികം കുട്ടികൾ ഇവിടെ താമസിച്ചുകൊണ്ടു നഗരത്തിലെ വിദ്യാലയങ്ങളിൽ പഠിച്ചുവളരുന്നു. ബാംഗ്ലൂരിലെ ഒരു വ്യവസായ പ്രമുഖനും വലിയ സഭാസ്നേഹിയുമായ കെ. കെ. മാത്തുക്കുട്ടി വൈദ്യൻ 20 വർഷം മുമ്പ് നഗരമദ്ധ്യത്തിൽ സംഭാവന ചെയ്ത രണ്ടേമുക്കാൽ ഏക്കർ സ്ഥലത്താണ് സ്നേഹസദനും വൃദ്ധഭവനവും സ്ഥിതിചെയ്യുന്നത്. നാംസ് എന്ന സംഘടന രൂപം നൽകിയ ഈ പ്രസ്ഥാനം മിഷൻ ബോർഡിന്റെ കീഴിൽ വന്നശേഷമാണ് വളർച്ചയുടെ പടവുകൾ പെട്ടെന്നു ചവുട്ടിക്കയറിയത്. രണ്ടു

വർഷം കൊണ്ട് ഒരു കോടിയോളം രൂപ ചെലവാക്കി ഇരുനില വൃദ്ധ സദനം നിർമ്മിച്ചു. ഇവിടെ 25 പേർക്ക് താമസിക്കാനുള്ള എല്ലാ ആധുനിക സൗകര്യങ്ങളുമുണ്ട്. ഇതിന്റെ ചാപ്ളെയിനായി ഫാ. എം. എം. ഏബ്രഹാം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.


(സ്നേഹസദനത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ "നാംസ്" എന്ന പുസ്തകത്തിൽ ചേർത്തിട്ടുണ്ട്)


1984 മുതൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ട്രിനിറ്റി ചാരിറ്റി അസോസിയേഷനും വിദ്യാലയവും 2007-ൽ മിഷൻ ബോർഡിനു ലഭിച്ചു. സ്കൂൾ പ്രവർത്തനവും കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി നിർവഹിച്ചു വരുന്നു. ഒട്ടധികം കുട്ടികൾക്ക് ഇരുപതിലധികം അദ്ധ്യാപകരുള്ള ഈ സ്കൂൾ നല്ല പഠനസൗകര്യം നൽകി വരുന്നു.

ദയാഭവനു സ്റ്റേറ്റിന്റെ അഭിനന്ദനവും

മിഷൻ ബോർഡിന്റെ ഇന്നത്തെ മനുഷ്യസേവന പ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനത്തു നിലകൊള്ളുന്നതു തുംകൂറിലെ ദയാഭവനാണെന്നു അവിടം സന്ദർശിക്കുന്ന ഏതൊരു വ്യക്തിക്കും സന്ദേഹമില്ലാതെ തറപ്പിച്ചു പറയുവാനാകും. എയ്ഡ്സ് രോഗബാധിതർക്കും ആ രോഗം ബാധിച്ചിട്ടില്ലാത്ത അവരുടെ സന്താനങ്ങൾക്കും ചികിത്സയും പഠന ജീവിത സൗകര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നു ദയാ ഭവൻ. എയ്ഡ്സ് രോഗികൾ ധാരാളമുള്ള ഒരു മേഖലയാണ് തുംകൂർ. ഇത്തരക്കാർക്ക് അഭയവും ചികിത്സയും നൽകണമെന്ന ചിന്തയെ മുൻനിർത്തിയാണ് 2003-ൽ ഈ സ്ഥാപനം ആരംഭിച്ചത്. ബാംഗ്ലൂരിലെ വ്യവസായ പ്രമുഖനായ കെ. കെ. മാത്തുക്കുട്ടി വൈദ്യൻ നട്ടുനനച്ചു വളർത്തിയ കായ്ഫലം നൽകിത്തുടങ്ങിയ മികച്ച തെങ്ങുകളുള്ള പത്തേക്കർ സ്ഥലം മിഷൻ ബോർഡിനു തുച്ഛമായ വിലയ്ക്കു നൽകിയതിനെ തുടർന്നാണ് അവിടെ ദയാ ഭവൻ രൂപംകൊണ്ടത്. പത്തേക്കർ സ്ഥലത്തെ റോഡ് രണ്ടായി തിരിച്ചിരിക്കുന്നു. ഒരു ഭാഗത്തു കുട്ടികളുടെ ദയാഭവനും ഹോസ്റ്റലും നടത്തുന്നു. മറു ഭാഗത്തു എയ്ഡ്സ് രോഗികൾക്കുള്ള ആശുപത്രി. അൻപതോളം കുട്ടികൾ മാരകമായ ഈ രോഗത്തിൽ നിന്നും രക്ഷപ്പെട്ടു സുഖമായി ജീവിക്കുന്നു. ആശുപത്രി അടുത്തകാലത്തു വികസിപ്പിച്ചു. ഒട്ടധികം സഭാസ്നേഹികൾ ഈ പ്രവർത്തനങ്ങൾക്കു വേണ്ടി കൈയയച്ചു സംഭാവന നൽകി വരുന്നു.

സർക്കാരിന്റെ എയ്ഡ്സ് പ്രതിരോധ പ്രവർത്തനം വിജയിക്കാഞ്ഞതിനെ തുടർന്ന് ഗവൺമെന്റ് ഈ സ്ഥാപനത്തിന് കൂടുതൽ പ്രോത്സാഹനവും അഭിനന്ദനവും നൽകിവരുന്നു. ഈ സ്ഥാപനത്തിന്റെ ഡയറ


ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്


യൂഹാനോൻ മാർ തേവോദോറോസ്


കെ. ഐ. ഫിലിപ്പ് റമ്പാൻ

ക്ടറും കെ. ഐ. ഫിലിപ്പ് റമ്പാച്ചനാണ്. ഫാ. ജിനേഷ് വർക്കി മാനേജരായി പ്രശസ്ത സേവനം തുടരുന്നു.

(കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ "ദയാ ഭവൻ: ദുഃഖിതരുടെ ദൈവിക സ്നേഹാലയം'' എന്ന പുസ്തകം വാങ്ങി വായിക്കുക)

ഇറ്റാർസി ബാലഗ്രാം

ഇറ്റാർസി സെന്റ് പോൾസ് ബാലഗ്രാം 1994-ൽ ആരംഭിച്ചു. കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത നാല്പതിൽപ്പരം ആൺകുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു. കൃഷിക്കുവേണ്ട സ്ഥലവും ബാലഭവനുണ്ട്. അടുത്തകാലത്ത് ഒരു നല്ല ചാപ്പൽ നിർമ്മിക്കുവാൻ സാധിച്ചു. സെന്റ് പോൾസ് ആശ്രമാംഗങ്ങളുടെ വിലപ്പെട്ട സേവനം ബാലഭവനെ അനുദിനം പുരോഗതിയിലേക്ക് ആനയിച്ചുകൊണ്ടിരിക്കുന്നു. ഡയറക്ടറായ ഫിലിപ്പ് റമ്പാച്ചൻ കൂടെക്കൂടെ ഇറ്റാർസിയും സന്ദർശിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

കലഹണ്ടി പദ്ധതി

ഒറീസ്സയിലെ പിന്നോക്ക ജില്ലയായ കലഹണ്ടിയിലെ വികസന പ്രവർത്തനം 1993-ൽ ആരംഭിച്ചു. വികസനം ഇതുവരെ എത്തിനോക്കിയിട്ടില്ലാത്ത ഈ വനമേഖലയിലെ സഭയുടെ പ്രവർത്തനം തികച്ചും പ്രശംസനീയമാണ്. കൃഷിക്കുവേണ്ടി നാൽപതോളം ഏക്കർ സ്ഥലമുണ്ട്. കപ്പയും വാഴയും എല്ലാം വിളയും. നേരത്തെ നല്ല നിലയിൽ നടത്തി വന്ന ഡിസ്പെൻസറി ഡോക്ടറെ ലഭിക്കാത്തതിനാൽ നിന്നുപോയി. ബാലഭവനത്തിൽ നിന്നു പഠിച്ചു ഡോക്ടറായ ഒരാൾ ഉടൻതന്നെ അവിടെയെത്തി ചുമതല ഏൽക്കുമെന്നറിയുന്നു. നേരത്തെ യാച്ചാരത്തുണ്ടായിരുന്ന ഫാ. തോമസുകുട്ടിയാണ് ഈ പദ്ധതിയുടെ മേൽനോട്ടം സമർത്ഥമായി വഹിക്കുന്നത്.

ജനിച്ചാൽ ഉടൻ കൊല്ലപ്പെടുന്ന പെൺകുട്ടികൾക്കുവേണ്ടി ഇവിടെ ഒരു ബാലികാഗ്രാമവും അമ്മത്തൊട്ടിലും ആരംഭിക്കണമെന്ന് മാർ ഒസ്താത്തിയോസ് ആഗ്രഹിച്ചിരുന്നു. ആവശ്യമായ സിസ്റ്റേഴ്സിനെ ലഭിക്കാത്തതുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നത്. വൈകാതെ ഈ സംരംഭം ഏറ്റെടുത്തു നടത്താൻ സാധിക്കുമെന്നാണ് ഡയറക്ടർ ഫിലിപ്പു റമ്പാച്ചന്റെ പ്രത്യാശ.

പനയമ്പാല കരുണഗിരി

കറുകച്ചാലിനു സമീപം പനയമ്പാല കരുണഗിരിയിൽ 1981-ൽ ആരംഭിച്ചതും പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നാമത്തിലുള്ളതുമായ എം.ജി.ഡി. ആശ്രമത്തിന്റെയും ബാലഭവനത്തിന്റെയും ആദ്യത്തെ മാനേജർ കെ. ഐ. ഫിലിപ്പു റമ്പാച്ചനാണ്. നാലു കുട്ടികളുമായി ആരംഭിച്ച ബാലഭവനിൽ ഇപ്പോൾ നാൽപതോളം ബാലന്മാർ താമസിച്ചു പഠിക്കുന്നു. എട്ടേക്കർ സ്ഥലത്തു കൃഷികളും ചെയ്യുന്നുണ്ട്. താമസിക്കാനുള്ള കെട്ടിടങ്ങളും ചാപ്പലും സ്ഥാപനത്തിലേക്കു നല്ല റോഡും എല്ലാം ഉണ്ട്.

അതിരില്ലാത്ത അഭിലാഷങ്ങൾ

താൻ ആരംഭിച്ച ബാലഭവനങ്ങൾ, വൃദ്ധസദനങ്ങൾ, ആശ്രമങ്ങൾ എന്നിവയുടെ വളർച്ചയിൽ സന്തോഷിച്ചുവന്ന ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിനു ജീവിതസായാഹ്നത്തിൽ അതിരറ്റ ഏതാനും അഭിലാഷങ്ങൾ ഉണ്ടായിരുന്നു. അതിലൊന്നായ കോട്ടയം ബാലഭവനം സ്ഥാപിച്ചു കണ്ടു. ഗുജറാത്തിൽ ഒരു എയ്ഡ്സ് രോഗപ്രതിരോധകേന്ദ്രം, ആൻഡമാൻസിലും ആഫ്രിക്കയിലും ഓരോ ബാലഭവൻ എന്നിവയായിരുന്നു പ്രധാന അന്ത്യാഭിലാഷങ്ങൾ. ഗുജറാത്തിലും ആൻഡമാൻസിലും

വേണ്ട സ്ഥലം ഏർപ്പാട് ചെയ്തുകഴിഞ്ഞു. ഇനിയും പണം കിട്ടിയാൽ മതി പണി തീർക്കാൻ. രണ്ടു മാസം മുമ്പ് ആൻഡമാൻസിൽ എത്തിയ ഫിലിപ്പ് റമ്പാച്ചനെ ആൻഡമാൻസ് കീഴടക്കി. രണ്ടര ഏക്കർ സ്ഥലം വാങ്ങി. എഴുപതു ലക്ഷം രൂപ വേണം. പണം സഭാംഗങ്ങളുടെ കീശയിൽ സുലഭമാണെന്നത്രെ ഫിലിപ്പു റമ്പാച്ചന്റെ ഉറപ്പ്. ലക്ഷങ്ങൾ വരും എന്നും അദ്ദേഹം വിശ്വസിക്കുന്നു. നാംസ് എന്ന ദേശീയ സന്നദ്ധ സുവിശേഷ സംഘം തങ്ങളുടെ സഞ്ചിത നിധിയിൽ നിന്നു പത്തു ലക്ഷം രൂപ നൽകാൻ തീരുമാനിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. മിഷൻ ബോർഡും സഭയും വിദേശത്തും സ്വദേശത്തുമുള്ള സഭാംഗങ്ങളും സ്ഥാപനങ്ങളും കൈ തുറന്നാൽ കണ്ണടച്ചു തുറക്കുന്നതിനു മുമ്പ് വേണ്ടത്ര തുക പറന്നെത്തും.

ആൻഡമാൻസിൽ ആദ്യമായി എത്തുന്ന മലങ്കരസഭയിലെ വൈദികനാണു ഫാ. എം. വി. ജോർജ്. പിന്നീട് ഫാ. പി. എം. തോമസ് അവിടെയെത്തി. തലസ്ഥാനമായ പോർട്ട്ബ്ലയറിൽ ഒരു ഇടവക ആരംഭിച്ചു. ഇപ്പോൾ നാലഞ്ചു പള്ളികൾ ഉണ്ടായിട്ടുണ്ട്. അർഹരായ കുട്ടികൾക്കു വേണ്ടിയാണ് ആൻഡമാനിലെ ബാലഭവനം. ആൻഡമാൻസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഒരു ആത്മിക ലഹരിയായിരുന്നു. ചക്രവാളസീമയെ കടക്കുന്ന അതിരറ്റ അഭിലാഷത്തിന്റെ പ്രതീകവും.

വൈകാതെ ആഫ്രിക്കയിലും ഒരു ബാലഭവനവും ആശ്രമവും രൂപം കൊള്ളുമെന്നാണു ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ പ്രതീക്ഷ. അദ്ദേഹം ആഗ്രഹിക്കുന്ന നല്ല കാര്യങ്ങൾ ഒന്നും നടപ്പിൽ വരാതെ പോകുന്നില്ല എന്നാണു ബാലഭവനങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും ചരിത്രം സാക്ഷിക്കുന്നത്.

മലങ്കരസഭയുടെ മിഷന് ഒരു പുതിയ മാനം

ധർമ്മദ്വയം

രണ്ടായിരം വർഷങ്ങൾക്കു മുമ്പുള്ള ഒരു പ്രഭാതം. യേശു യരുശലേം ദേവാലയത്തിനുള്ളിൽ ജനങ്ങളെ സുവിശേഷം അറിയിച്ചുകൊണ്ടിരിക്കുകയായിരുന്നു. നിയമജ്ഞരും പരീശന്മാരും ജനപ്രമാണികളും അവന്റെ ചുറ്റും കൂടി. ചോദ്യശരങ്ങൾ അവന്റെ മാറിനു നേരെ തൊടുത്തുവിട്ടുകൊണ്ടിരുന്നു. ഒരു ന്യായശാസ്ത്രി പെട്ടെന്ന് എഴുന്നേറ്റു. നിത്യജീവന് അവകാശി ആയിത്തീരാൻ എന്തു ചെയ്യണം എന്നു ചോദിച്ചു. രണ്ടു കാര്യങ്ങൾ അനുഷ്ഠിക്കണം, യേശു പറഞ്ഞു:

ഒന്ന്, ദൈവസ്നേഹം (ആരാധന).

രണ്ട്, അയൽക്കാരനോടുള്ള സ്നേഹം (മിഷൻ). ക്രിസ്ത്യാനിയുടെ ധർമ്മദ്വയമാണിത്.

ക്രിസ്തു പിതൃസന്നിധിയിലേക്ക് മടങ്ങിപ്പോകുന്നതിനു മുമ്പ് നമ്മെ ഭരമേല്പിച്ച രണ്ട് മഹാദൗത്യങ്ങളാണിവ. അതിൽ, ആരാധനയിൽ സഭ മുന്നിലാണ്. സുവിശേഷത്തിൽ വളരെ പിന്നിലായിരുന്നു.

സ്നേഹത്തിന്റെ സുവിശേഷം

മലങ്കരസഭയുടെ മിഷൻ ഒരു നൂതന സരണിയിലാണ്. ബലം പ്രയോഗിച്ചും, ഔദാര്യത്തിന്റെ അപ്പക്കഷണങ്ങൾ എറിഞ്ഞു കൊടുത്തും മതം മാറ്റുന്ന പാശ്ചാത്യ കൊളോണിയൽ മിഷൻ നമുക്ക് അസ്വീകാര്യമാണ്. ക്രിസ്തു മാതൃക കാട്ടിത്തന്ന പൗരസ്ത്യ പിതാക്കന്മാരുടെ ദർശനങ്ങളിൽ അധിഷ്ഠിതമായ സ്നേഹത്തിന്റെ സുവിശേഷമാണ് നാം പിന്തുടരുന്നത്.

1. 'സ്നേഹത്തിന്റെ സുവിശേഷം' എന്നാൽ എന്താണ്?

2. സ്നേഹത്തിന്റെ സുവിശേഷം സഭയുടെ ഔദ്യോഗിക സുവിശേഷ ദർശനമായി രൂപപ്പെടുത്തി എടുക്കാൻ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് നിർവഹിച്ച പങ്ക് എന്ത്?

3. ഈ അന്വേഷണ പാതയിൽ ഐ നാംസ് (INAMS - International Association for Mission Studies) അനുഷ്ഠിച്ച പ്രവർത്തനങ്ങൾ?

ഈ മൂന്നു കാര്യങ്ങൾ സംക്ഷിപ്തമായി നമുക്കൊന്ന് പരിശോധിക്കാം. താഴെ നിന്നാകട്ടെ അന്വേഷണതുടക്കം.

ഐ നാംസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ രംഗത്ത് ഒരു ജ്വാലയാകാൻ, മാർ ഒസ്താത്തിയോസ് 1984 ക്രിസ്തുമസ് കാലത്ത് കൊളുത്തിയ ഒരു ദീപമാണ് ഐ നാംസ്. ഒരു സന്നദ്ധ സുവിശേഷ അൽമായ കുടുംബ കൂട്ടായ്മയാണിത്. മിഷൻ ബോർഡിന്റെ ഒരു 'ഓക്സിലറി.' കഴിഞ്ഞ 28 വർഷത്തിനിടയിൽ ഐ നാംസിന്റെ 56 കോൺഫ്രൻസുകൾ, സഭയുടെ വിവിധ മിഷൻകേന്ദ്രങ്ങളിൽ വച്ച് നടന്നു. കൂടാതെ അനവധി പ്രാദേശിക കോൺഫ്രൻസുകളും, പ്രതിമാസ യൂണിറ്റ് മീറ്റിംഗുകളും നടന്നു. ഈ കോൺഫ്രൻസുകളിലെല്ലാം മാർ ഒസ്താത്തിയോസിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. തിരുമേനി രചിച്ച 56-ലധികം ഗ്രന്ഥങ്ങളും ഗവേഷണ പ്രബന്ധങ്ങളും, ആയിരത്തിലധികം പ്രൗഢലേഖനങ്ങളും മിഷൻ ദർശനങ്ങളുമാണ് പഠനത്തിനെടുത്തത്, ചർച്ചകൾ നടന്നത്. ഈ കാൽ നൂറ്റാണ്ടുകാലത്തെ കോൺഫ്രൻസ് ചരിത്രത്തിൽ ചിലത് - യാച്ചാരം, ഗോവ, റൂർക്കല, ബാംഗ്ലൂർ, ഒറീസ (കലഹണ്ടി) എന്നിവിടങ്ങളിൽ നടന്ന മിഷൻ ചർച്ചകൾ ഓർമ്മിച്ചെടുക്കുകയാണ് ഞങ്ങൾ ഇവിടെ.

മാർ ഒസ്താത്തിയോസിന്റെ സാന്നിദ്ധ്യത്തിൽ ഈ പഠനങ്ങളിലൂടെ, ദീർഘമായ ചർച്ചകളിലൂടെ, മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷ ദർശനം രൂപപ്പെട്ടുകൊണ്ടിരുന്നു.

ഇന്നെവിടെ, മാർ ഒസ്താത്തിയോസ്? തിരയടങ്ങിയ സമുദ്രം പോലെ പിതൃസന്നിധിയിൽ അന്ത്യവിശ്രമം കൊള്ളുകയാവാം? സുവിശേഷപാതയിൽ ഐ നാംസിനു കരുത്തേകാൻ പിതാവിനോട് പക്ഷവാദം നടത്തുകയാവാം? മാർ ഒസ്താത്തിയോസിന്റെ നിനവുകൾ നിറയെ സുവിശേഷസ്വപ്നങ്ങളായിരുന്നു. ഈ സുവിശേഷ ദർശനങ്ങൾ മൂർത്തരൂപം പ്രാപിച്ചത് ഐ നാംസിന്റെ സുവിശേഷ പഠനകളരികളിലായിരുന്നു.

മാർ ഒസ്താത്തിയോസിന്റെ സുവിശേഷം

ഐ നാംസ് 56-ാമത് കോൺഫ്രൻസ്, 2012 ഒക്ടോ. 22-26, സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം യാച്ചാരം, ആന്ധ്ര. വിഷയം: സുവിശേഷത്തിന്റെ നിർബന്ധം (1 കൊരി 9:16).

മതപരിപർത്തനമല്ല, മനപരിവർത്തനമാണ് മിഷന്റെ ലക്ഷ്യം

തുലാമാസത്തിലെ ഒരു വരണ്ട പ്രഭാതം. മാനം മുഴുവൻ മഴ മേഘങ്ങളാണ്. പെയ്തിറങ്ങാത്ത കാർമേഘങ്ങൾ. ഐ നാംസിന്റെ 56-ാമത് ദേശീയ കോൺഫ്രൻസ്, യാച്ചാരം ബാലഭവനിൽ കൊടിയിറങ്ങി. സംഘാംഗങ്ങൾ 200 പേർ. അഭിവന്ദ്യ പിതാക്കന്മാരുടെ, പുരോഹിതശ്രേഷ്ഠരുടെ അകമ്പടിയിൽ, കുരിശാകൃതിയിൽ കൈകോർത്തു പിടിച്ച്

'ലവ് സർക്കിൾ' തീർത്തു. 'ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്' എന്നാർത്തു പാടി, പുതുക്കി പ്രതിഷ്ഠിച്ച് ബാലഭവന്റെ പടിയിറങ്ങി. ശബരി എക്സ്പ്രസിൽ മടക്കയാത്രയിലാണ് ഞങ്ങൾ. ഏതു ബോഗിയിലും കോൺഫ്രൻസ് വിശേഷങ്ങളാണ്, ചൂടുപിടിച്ച ചർച്ച; മഴ പെയ്തൊഴിഞ്ഞാലും കാട് പിന്നെയും പെയ്തിറങ്ങുംപോലെ.

അപരാഹ്ന സൂര്യൻ ജാലകങ്ങളിലൂടെ ഇടയ്ക്കിടയ്ക്ക് എത്തി നോക്കുന്നുണ്ടായിരുന്നു. യാച്ചാരം ബാലഭവനിൽ നിന്നും പോരുമ്പോൾ കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ കരുതിത്തന്ന 'ലഞ്ച്' പായ്ക്കറ്റ് തുറന്ന് ഞങ്ങൾ ഉച്ചയൂണ് കഴിച്ചു. ചിലരൊക്കെ ഉച്ചമയക്കത്തിലേക്ക് വഴുതി വീണുകൊണ്ടിരുന്നു. മറ്റു ചിലർ കോൺഫ്രൻസിന്റെ മുഖ്യചിന്താവിഷയം "സുവിശേഷത്തിന്റെ നിർബന്ധം" ശുപാർശ ചെയ്ത സെമിനാരി പ്രിൻസിപ്പൽ ജേക്കബ് കുര്യൻ അച്ചനോടും, പ്രബന്ധങ്ങൾ അവതരിപ്പിച്ച ശ്രേഷ്ഠരോടുമുള്ള സ്നേഹാദരങ്ങൾ പ്രകടമാക്കി. മറ്റു ചിലർക്ക് 120 കുട്ടികൾ അധിവസിക്കുന്ന ബാലഭവൻ കോംപ്ലക്സും, കണ്ണാശുപത്രിയും, വൃദ്ധസദനും ഒത്തിരി ഇഷ്ടമായി. ഇനി ഒരു വൃന്ദത്തിനു ഹരമായതെന്തെന്നോ? യാച്ചാരത്തെ 100 ഏക്കർ കൃഷിയിടത്തിൽ ഞങ്ങൾ തെങ്ങും വാഴയും മറ്റും കൃഷിയിറക്കി ശ്രമദാനം നടത്തിയതാണ്. അഭി. ക്രിസോസ്റ്റമോസ്, അഭി. നിക്കോദിമോസ് പിതാക്കന്മാർ കാവിക്കുപ്പായം മടക്കികുത്തി സംഘാംഗങ്ങളോടൊത്ത് മണ്ണിൽ പൊന്നു വിളയിക്കാനുള്ള ആവേശത്തിലായിരുന്നു. കേരളത്തിനു പുറത്തു നിന്നു വന്ന യൂണിറ്റുകൾ ഊറ്റംകൊണ്ടത് മറ്റൊന്നിലാണ്. നാംസിന്റെ ഓരോ യൂണിറ്റും ബാലഭവനുവേണ്ടി നാട്ടിൽ നിന്നു കൊണ്ടുവന്ന ബഡ്ഷീറ്റുകളും, വസ്ത്രങ്ങളും, പണിയായുധങ്ങളും, വിത്തിനങ്ങളും, കുന്തിരിക്കം, മെഴുകുതിരികെട്ടുകളുമായിരുന്നു അവർക്കു പഥ്യം.

ഞങ്ങൾക്ക് ആഥിത്യമരുളിയത് വന്ദ്യ ഫിലിപ്പ് റമ്പാച്ചനും, ബിജു അച്ചനും, അവിടത്തെ 4 നാംസ് യൂണിറ്റുകളുമായിരുന്നു. പതിവുപോലെ, സമാപനദിനത്തിൽ, കോൺഫ്രൻസിൽ സംബന്ധിച്ചവർ അവരുടെ 'ദശാംശം' സ്വരൂപിച്ച് എടുത്തു. 4 ലക്ഷം രൂപ യാച്ചാരം ബാലഭവനും, ആൻഡമാൻസ് ഫണ്ടിലേക്കും സമർപ്പിച്ചു.

സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ താഴ്ന്നിറങ്ങി. ഇരുട്ടു വീണുതുടങ്ങി. യാത്രയ്ക്കിടയിലെ യാമപ്രാർത്ഥനയ്ക്കായി സി. ജെ. ജോഷാച്ചൻ എത്തിയപ്പോഴേക്കും സംഘാംഗങ്ങൾ വിവിധ ബോഗികളിൽ നിന്ന് ഒത്തുകൂടി. സഹയാത്രികർ ഞങ്ങൾക്ക് ഇടം നല്കി. മാലാഖമാരുടെ സ്തുതിഗീതങ്ങളെ വെല്ലുന്ന പ്രാർത്ഥനാഗീതങ്ങൾ പരിസരം ഭക്തിസാന്ദ്രമാക്കി. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് ബാലഭവനിൽ നിന്നു ബിജു അച്ചൻ പൊതികെട്ടിത്തന്ന അത്താഴം കഴിച്ച് എല്ലാവരും ഉറക്കത്തിനുള്ള കോപ്പു കൂട്ടി.

എരിഞ്ഞടങ്ങുന്ന പകലിനെപ്പോലെ പരിക്ഷീണിതരായിരുന്നു ഞങ്ങൾ, നിമിഷങ്ങൾക്കുള്ളിൽ തന്നെ ഓരോരുത്തരും നിദ്രയിലായി. ഞങ്ങൾ രണ്ടാളും അടുത്തടുത്ത ബർത്തുകളിൽ നിദ്രാവിഹീനരായി കിടന്നു. അസ്വസ്ഥമായ ഓർമ്മകൾ ഞങ്ങൾ പങ്കുവച്ച് സമയം കഴിച്ചു. ഒസ്താത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യമില്ലാതെ നടക്കുന്ന ആദ്യത്തെ കോൺഫ്രൻസായിരുന്നു ഇത്. ഇതിനു മുമ്പ് രണ്ടു തവണ (1989-ലും 1996-ലും) യാച്ചാരം ബാലഭവനിൽ നാംസ് കോൺഫ്രൻസുകൾ നടന്നിരുന്നു. ആ കോൺഫ്രൻസുകളിൽ പതിവുപോലെ മാർ ഒസ്താത്തിയോസ് തിരുമേനിയാണ് സാരഥ്യം വഹിച്ചത്. തിരുമേനി രാത്രി യാമങ്ങളിൽ ബൈബിൾ ക്ലാസ് എടുക്കുന്നതും, അംഗങ്ങളുടെ നൂറ് ചോദ്യങ്ങൾക്ക് ചടുലമായ മറുപടി നല്കി സഭയുടെ സുവിശേഷപാത തെളിക്കുന്നതും അഭ്രപാളികളിലെന്നപോലെ ഞങ്ങളുടെ മനോമുകരങ്ങളിൽ തെളിഞ്ഞുവന്നു.

അന്ന് (1996) യാച്ചാരം ബാലഭവനിൽ 104 ബാലന്മാരുണ്ടായിരുന്നു. അതിൽ മൂന്നോ നാലോ പേരൊഴികെ മറ്റുള്ളവരെല്ലാം ക്രൈസ്തവേതരർ ആയിരുന്നു. എം.ബി.ബി.എസിനും എം.ബി.എ. യ്ക്കും എഞ്ചിനിയറിംഗിനും പഠിക്കുന്ന കുട്ടികളുണ്ടായിരുന്നു. അന്ന് ഉയർന്ന ഒരു ചോദ്യവും അതിന് തിരുമേനി നല്കിയ മറുപടിയും മനസ്സിൽ പച്ച പിടിച്ചു നില്ക്കുന്നു.

ചോദ്യം: ഈ ബാലഭവനിലെ കുട്ടികളെ ക്രൈസ്തവരാക്കുന്നില്ലെങ്കിൽ പിന്നെ നമുക്കുള്ള ചാരിതാർത്ഥ്യം എന്താണ്?

ഉത്തരം: ഈ കുട്ടികൾ വളർന്ന് വലുതാകുമ്പോൾ അവർ സ്വയം ഒരു ചോദ്യം ചോദിക്കും. തെരുവോരങ്ങളിൽ ഭിക്ഷ യാചിച്ചും, കുഷ്ഠരോഗത്തിന്റെ മുറിപ്പാടുകൾ പേറിയും നടക്കേണ്ടിയിരുന്ന തങ്ങളെ ഇവർ ഇത്ര സ്നേഹത്തോടെ വളർത്തി ഒരു ജീവിതം നല്കിയത് എന്തുകൊണ്ട്? ക്രിസ്തുവിന്റെ സ്നേഹമാണ് ഈ സന്യാസികളെ (ക്രിസ്തുശിഷ്യരെ) ഇതിന് പ്രേരിപ്പിച്ചത് എന്ന സത്യവും അവർ അന്നു കണ്ടെത്തും. അന്നവർ ക്രിസ്തുവിനെ സ്വയം സ്വീകരിക്കുന്നുവെങ്കിൽ സ്വീകരിക്കട്ടെ. മതപരിവർത്തനം നമ്മുടെ ലക്ഷ്യമല്ല. ഓരോരുത്തരുടെയും മനഃപരിവർത്തനമാണ് പ്രധാനം. നമ്മുടെ ധർമ്മം ഇവർക്ക് യേശുവിന്റെ നിസ്തുലമായ സ്നേഹം നല്കി സമൃദ്ധമായ ഒരു ജീവിതം കൊടുക്കുന്നതാണ്. മാമോദീസാ മുങ്ങി മതപരിവർത്തനം തേടി, മൂന്നു പ്രാവശ്യം തിരുമേനിയെയും അച്ചനെയും സമീപിച്ച രാജേഷിന്റെ സാക്ഷ്യവും ഞങ്ങൾ ശ്രവിച്ചു (*മലങ്കരസഭയുടെ സ്നേഹപർവ്വം*, പേജ് 62-64 കാണുക).

"ആദ്യം ഒരു നല്ല മനുഷ്യനായി ജീവിക്കാൻ പഠിക്കുക...." എന്നായിരുന്നു തിരുമേനിയുടെ പ്രതികരണം. ബൈബിൾ തുറന്നദ്ദേഹം വായിച്ചു. "ഏതു ജാതിയിലും ദൈവത്തെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു" (അപ്പൊ. 10:35). ക്രിസ്തു തന്റെ ഒന്നാമത്തെ വരവിൽ തുടങ്ങിവച്ച ദൈവരാജ്യ വ്യവസ്ഥിതി സംജാതമാവാൻ മതപരിവർത്തനമല്ല, മനപരിവർത്തനമാണ് ആവശ്യം. ക്രിസ്തുവിന്റെ മാതൃകയാണ് നാം പിൻതുടരുന്നത്. സഭയുടെ മിഷൻ ഒന്നാം പ്രമാണം തിരുമേനി ഉറപ്പിക്കുകയായിരുന്നു. അന്നത്തെ രാത്രി തിരുമേനിയുടെ ബൈബിൾ ക്ലാസ്സ് ഈ വിഷയത്തിലായിരുന്നു. കാലാതിവർത്തിയായ പ്രപഞ്ചസത്യത്തിന്റെ സഹയാത്രികനായ അദ്ദേഹം, ക്രിസ്തുവിജ്ഞാനീയത്തിന്റെ തുറക്കാത്ത പല ചെപ്പുകളും തുറന്ന് ഞങ്ങളെ അത്ഭുതപ്പെടുത്തി. തിരുമേനിയുടെ ബൈബിൾ പരിജ്ഞാനത്തിനു മുന്നിൽ സർവ്വരും തല വണങ്ങി.

39-ാമത് ഗോവാ കോൺഫ്രൻസ്. 27-29 മെയ്, 2005, സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് പഞ്ചിം.

ഈ മൂന്നാം സഹസ്രാബ്ദത്തിൽ മാമോദീസായല്ല (സ്നാനം), ആഗോള ശിഷ്യത്വമാണ് പ്രധാനം. ക്രിസ്തു കുരിശിലൊരുക്കിയ രക്ഷ സമസ്ത സൃഷ്ടിക്കും ഉള്ളതാണ്.

ഞങ്ങളുടെ ഓർമ്മയിൽ മൊട്ടിട്ടു നില്ക്കുന്ന മറ്റൊന്ന് 2005-ൽ നടന്ന ഗോവാ കോൺഫ്രൻസാണ്. ഇതിലെ പഠനം മാർ ഒസ്താത്തിയോസിന്റെ വിവാദ ഗ്രന്ഥം 'ക്രിസ്തീയ രക്ഷാസിദ്ധാന്തം: ഒരു പുനർ വായന' (2004) ആയിരുന്നു. പാശ്ചാത്യ കൊളോണിയൽ മിഷന്റെ തിന്മകളെ തുറന്നുകാട്ടുന്ന ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള ചർച്ച ഗോവയിലേക്കുള്ള ട്രെയിൻ യാത്രയിൽ തന്നെ ആരംഭിച്ചു.

മെയ് മാസത്തിലെ തെളിഞ്ഞ ഒരു പ്രഭാതത്തിൽ കൊങ്കൻ തീരങ്ങളിലൂടെ, നദികളും പുഴകളും പിന്നിട്ട് കൂകിപ്പായുന്ന തീവണ്ടി. പ്രകൃതിദൃശ്യങ്ങൾ നുകർന്നുകൊണ്ടുള്ള യാത്ര കേമമായിരുന്നു. ക്രിസ്തുവിന്റെ ലളിതജീവിതം വ്രതമായി സ്വീകരിച്ച മാർ ഒസ്താത്തിയോസ് എന്നും സംഘാംഗങ്ങളോടൊപ്പം സ്ലീപ്പർ ക്ലാസ്സിലാണ് യാത്ര ചെയ്തിരുന്നത്. യാമപ്രാർത്ഥനകളെല്ലാം യഥാസമയത്ത് ഒന്നിച്ചായിരുന്നു. ഒരിടയനും ആട്ടിൻകൂട്ടവും എന്ന പോലെ... പതിവു യാത്രപോലെ, പ്രാതൽ കഴിഞ്ഞ് നേരത്തെ തന്നെ ശിഷ്യന്മാരുടെ ഇംഗിതം അറിഞ്ഞ്, ചർച്ചകൾക്കായി ബോഗി നമ്പർ ഒൻപതിൽ തിരുമേനി എത്തി. കോളിളക്കം സൃഷ്ടിച്ച ഒരു സംവാദം നടന്നു. മലങ്കരസഭയിലെ ഒരു പ്രശസ്ത എഴുത്തുകാരനായ കെ. വി. മാമ്മനാണ് ട്രെയിനിൽ വച്ചുള്ള ചൂടൻ

ചർച്ചയ്ക്ക് വഴിമരുന്നിട്ടത്. ഗ്രന്ഥത്തിലെ 'ശുദ്ധീകരണസ്ഥലം' (ബസ് പുർക്കാന) ചൊല്ലിയാണ് വിവാദം ആരംഭിച്ചത്. ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തികൾക്കനുസരിച്ചല്ലേ പ്രതിഫലം? ചോദ്യശരങ്ങൾ ഒന്നിനു പിന്നാലെ ഒന്നായി വന്നുകൊണ്ടിരുന്നു. വേദപരിജ്ഞാനത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ വിഹരിക്കുന്ന മാർ ഒസ്താത്തിയോസ് പൗരസ്ത്യ പിതാക്കന്മാരുടെ ദർശനങ്ങൾ ഒന്നിനു പുറകെ ഒന്നായി നിരത്തി. മറുപടിയായി, വിശുദ്ധ ബൈബിൾ തുറന്ന് തിരുമേനി 1 പത്രോസ് 3:19 വായിച്ചു കേൾപ്പിച്ചു. ആത്മാവിൽ അവൻ (യേശു) ചെന്ന് അനുസരിക്കാത്തവരായ പാതാളത്തിൽ തടവിലുള്ള ആത്മാക്കളോട് സുവിശേഷം പ്രസംഗിച്ച സംഭവം ഓർമ്മിച്ചെടുത്തു. മരണശേഷം നരകത്തിൽപോലും എല്ലാവർക്കും മാനസാന്തരത്തിനുള്ള അവസരമൊരുക്കുന്ന ക്രിസ്തുവിന്റെ സ്നേഹം ആവർത്തിച്ചു. 'സ്വർഗ്ഗം ശൂന്യമായി കിടന്നാലും അതിൽ അധികംപേർ (സ്നാനപ്പെടാത്തവർ) കടക്കില്ല' എന്ന സങ്കുചിത വ്യാഖ്യാനത്തെ അദ്ദേഹം എതിർത്തു. സ്വന്തം പുത്രനെ പാപപരിഹാരയാഗമായി നല്കിയ പിതാവിന്റെ സ്നേഹം.... 99 ആടുകളെ വിട്ടിട്ട് കാണാതെ പോയ ഒന്നിനെ അന്വേഷിച്ചിറങ്ങുന്ന ക്രിസ്തുവിന്റെ സൃഷ്ടിയോടുള്ള നിസ്തുലസ്നേഹം തിരുമേനി ഓർമ്മപ്പെടുത്തി. തനതു വേദഭാഗങ്ങൾ അദ്ദേഹത്തിന്റെ ചുണ്ടിൽ തത്തിക്കളിച്ചു.

"ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെയും ആടുകൾ എനിക്കുണ്ട്. അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും, ഒരാട്ടിൻകൂട്ടവും ഒരിടയനുമാകും" (യോഹ. 10:16).

മാർ ഒസ്താത്തിയോസ് ചോദിക്കുന്നു. ഈ മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ ദൗത്യം എല്ലാവരെയും മാമോദീസാ മുക്കി മതപരിവർത്തനം ചെയ്ത് വർഗ്ഗീയ സ്പർദ്ധയും കലാപങ്ങളും വളർത്തുന്നതാണോ? വലതുഭാഗത്തെ കള്ളൻ മാമോദീസാ സ്വീകരിച്ചിരുന്നോ?....

മതപരിവർത്തനത്തേക്കാൾ, മനഃപരിവർത്തനത്തിൽ അധിഷ്ഠിതമായ ഒരു ദൈവരാജ്യ സൃഷ്ടിക്ക് ഊന്നൽ നല്കുന്നതല്ലേ പ്രധാനം? മാമോദീസാ മുക്കി ശിഷ്യരാക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ കാമ്യം, യേശു ക്രിസ്തു കാണിച്ച സ്നേഹവും ത്യാഗവും വഴി ആഗോള ശിഷ്യത്വം കാംക്ഷിക്കുകയല്ലേ മുഖ്യം? വി. മത്തായി 28-ൽ അവസാന വാക്യം ഇംഗ്ലീഷ് പരിഭാഷ നോക്കണം. "Make them disciples; and baptise them." (ശിഷ്യരാക്കി കൊൾവീൻ, മാമോദീസ മുക്കുവിൻ). സഭയിലേക്കുള്ള പ്രവേശനമാണ് വി. മാമോദീസാ എങ്കിൽ ദൈവരാജ്യ അനുഭവത്തിന്റെ പ്രവേശനമാണ് ശിഷ്യത്വം. വി. മാമോദീസാ സ്വീകരിച്ച് സഭയുടെ അംഗമാകാൻ അത്യധികമായി ആഗ്രഹിക്കുന്നവരെ അതിന് അനുവദിക്കുകയും വേണം.

നമ്മുടെ കർത്താവ് തന്റെ മനുഷ്യാവതാരകാലത്ത് യാതൊരു ജാതി മത വ്യത്യാസവും കാണിക്കാതെ എല്ലാവരെയും സ്നേഹിച്ചു. പുറജാതിക്കാരനായ ശതാധിപനെക്കുറിച്ച് 'ഇസ്രയേലിൽ പോലും ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല' എന്നു താൻ പറഞ്ഞു.

ഇന്ന് 'ദളിത്' എന്നു വിളിച്ച് അവഗണിക്കുന്ന ശമര്യാക്കാരിയെ രക്ഷിക്കാൻ അവിടെപ്പോയി യേശു രണ്ടു ദിവസം താമസിച്ചു. കനാന്യസ്ത്രീയോടും, വലതുഭാഗത്തെ കള്ളനോടും എത്ര സ്നേഹമായിരുന്നു. ഇത് ക്രിസ്തേതരരോടുള്ള നമ്മുടെ കടപ്പാടാണ് കാണിക്കുന്നത്.

മാമോദീസാ ഏല്ക്കാത്തവർ ക്രിസ്ത്യാനികളായി ജീവിച്ചാൽ അവരെ ക്രിസ്ത്യാനികളായി എണ്ണണം. ക്രിസ്ത്യാനിയായവർ ക്രിസ്തേതരനായി ജീവിക്കുമ്പോൾ സ്നാനത്തെ അവമതിക്കുകയാണ്. ക്രിസ്തീയ മൂല്യങ്ങൾ ജീവിതത്തിൽ അർത്ഥപൂർണ്ണമായി പാലിക്കുന്ന അക്രൈസ്തവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. മാമോദീസാ മുങ്ങാത്ത, ആന്തരിക മാമോദീസായുടെ അനുഭവമുള്ള ലക്ഷക്കണക്കിനാളുകളുണ്ട്.

മാർ ഒസ്താത്തിയോസ് തുടർന്നു: മതപരിവർത്തനം കൊളോണിയൽ മിഷനാണ്. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യത്തിൽ മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം 'വിശ്വാസത്താലുള്ള രക്ഷ' അല്ല 'സ്നേഹത്താലുള്ള ദൈവീകരണമാണ്' (തെയോസിസ്). ദൈവപുത്രൻ മനുഷ്യപുത്രനായത് മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുവാനാണ് (വി. അത്താനാസിയോസ്). ദിവ്യസ്വഭാവത്തിൽ കൂട്ടാളികളാകണം. ദൈവീകരണത്തിൽ അനുസ്യൂതം വളർന്ന് നിത്യജീവനിൽ എത്തുകയാണ് പരമമായ ലക്ഷ്യം.

വി. പൗലൂസ് പറയുന്നു (1 കൊരി 1:17): "... സ്നാനം കഴിപ്പിപ്പാൻ അല്ല, സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്...."

മാർ ഒസ്താത്തിയോസിന്റെ (ഓർമ്മയിൽ) അധരങ്ങളിൽ നിന്നും വേദവാക്യങ്ങൾ ഒന്നൊന്നായി അനിർഗളം നിർഗമിക്കുന്നത്, നിർനിമേഷരായി ഞങ്ങൾ നോക്കി നിന്നു.

ഗോവയിലെത്തുന്നതുവരെ, സുവിശേഷീകരണത്തിന്റെ പാത എന്താണ് എന്ന തീ പാറുന്ന സംവാദങ്ങളായിരുന്നു.

ക്രിസ്തുവിൽ സമസ്ത ലോകജനതയും ശിഷ്യരാകുന്ന, സർവ്വമാനവരാശിയും ഏക ദൈവത്തിന്റെ മക്കളായി സ്നേഹത്തോടെ അധിവസിക്കുന്ന, ക്രിസ്തു കാട്ടിത്തന്ന സുവിശേഷ വഴികളായിരുന്നു കോൺഫ്രൻസിലെ പ്രബന്ധാവതരണങ്ങളും പ്രതികരണങ്ങളും. ഈ സുവിശേഷ പാത രൂപപ്പെടുത്തുന്നതിൽ മാർ ഒസ്താത്തിയോസും നാംസും വഹിച്ച പങ്ക് നിസ്തുലമാണ്.

23-ാമത് കോൺഫ്രൻസ് സെപ്തം. 17-19, 1997. സെന്റ് ഗ്രീഗോറി യോസ് ട്രസ്റ്റ്, റൂർക്കല/കലഹണ്ടി ബാലഗ്രാം ഒറീസ.

മാർ ഒസ്താത്തിയോസിന്റെ മതാതീത ദർശനം സ്നേഹത്തിന്റെ ഏക മതം

ഞങ്ങളുടെ കോൺഫ്രൻസ് സ്മരണകളിൽ ഇന്നും ജ്വലിച്ചു നില്ക്കുന്ന ഒരനുഭവം ഒറീസ സമ്മേളനത്തിലും അരങ്ങേറി.

കോൺഫ്രൻസിന്റെ ഒരു ദിനം ഞങ്ങൾ ഒറീസയിലെ കലഹണ്ടി ബാലഗ്രാമിൽ ആയിരുന്നു. നർളയിലെ, ചെറിയ മിഷൻകേന്ദ്രത്തിൽ ഞങ്ങളന്ന് രാപാർത്തു. പ്രസാദച്ചൻ ഒറിയ ഭാഷയിൽ ആദിവാസികളുമായി സംവദിക്കുന്നത് എത്ര ഹൃദ്യമായിരുന്നു.

പതിവുപോലെ, സ്ലീപ്പർ ക്ലാസ്സിലുള്ള ഞങ്ങളുടെ യാത്രയിൽ തിരുമേനി അപ്പച്ചന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. യാത്രയിൽ വന്ദ്യ പി. എം. തോമസ് റമ്പാച്ചനും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. യാത്രയ്ക്കിടയിൽ കലഹണ്ടി സ്റ്റേഷനിൽ ട്രെയിൻ നിർത്താതെ നീങ്ങിയതും തോമസ് റമ്പാച്ചൻ ട്രയിനിൽ നിന്നും ചാടി ഇറങ്ങുന്നതും, വീഴാതെ ദൈവം സംരക്ഷിച്ചതും എല്ലാം സ്മരണയിൽ പച്ചപിടിച്ചു നില്ക്കുന്നു. യാത്രയുടെ പകലിരവുകളെല്ലാം മിഷൻ ചർച്ചകളിൽ നിമഗ്നമായിരുന്നു.

ഈ കോൺഫ്രൻസിൽ, ഒരു ദിനം തദ്ദേശവാസികളുമായി ഒരു സൗഹൃദ സമ്മേളനമുണ്ടായിരുന്നു. നമ്മുടെ മിഷൻ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കുറെ ക്രൈസ്തവേതര സുമനസ്സുകളായിരുന്നു പ്രധാന അതിഥികൾ. അവരും ക്രിസ്തുവിന്റെ വിശ്വമാനവികത ഉയർത്തികാട്ടി. ഈ മീറ്റിംഗിൽ അഭി. ഒസ്താത്തിയോസ് മറുപടി പ്രസംഗത്തിനായി എഴുന്നേറ്റു. അദ്ദേഹത്തിന്റെ പ്രാർത്ഥനാ സംബോധന കേട്ട് സദസ്സ് വിസ്മയഭരിതരായി. അതിങ്ങനെയായിരുന്നു:

“സച്ചിതാനന്ദാ, കാരുണ്യവാനായ അള്ളാഹു, സ്നേഹവാനായ പിതാവേ...”

നാമെല്ലാവരും ഒരു ദൈവത്തിന്റെ മക്കളാണെന്നും, പല പേരിലറിയപ്പെടുന്നതാണെന്നും, ലോകം ഒരു കുടുംബമാണെന്നും ഉൽബോധിപ്പിച്ചു. അന്യരെ അകറ്റിയുള്ള, ഒഴിവാക്കിയുള്ള ദൈവശാസ്ത്രമല്ല എല്ലാവരെയും ഉൾക്കൊള്ളുന്ന ദൈവശാസ്ത്രമാണ് അഭികാമ്യം. ആ നിലയിൽ ത്രീയേകദൈവത്തെ വ്യാഖ്യാനിക്കുമ്പോൾ കരുണാമയനായ അള്ളാഹുവും, അദ്വൈതബ്രഹ്മവും ത്രിയേകദൈവവും ഒന്നാണെന്നും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ സാധിക്കും. എല്ലാ മതത്തിന്റെയും അന്തസത്ത സ്നേഹമാണ്; ആചാരാനുഷ്ഠാനങ്ങളല്ല. സ്നേഹത്തിലാണ് മതം

നിലകൊള്ളുന്നത്. പരിത്യാഗത്തിന്റെ ആത്മാവിൽ നിന്നുകൊണ്ട് ദൈവത്തോടുള്ള സ്നേഹവും, കൂട്ടുകാരനോടുള്ള സ്നേഹവും പങ്കിടണം. മനുഷ്യർ ഭിന്ന പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിലും അവരിലെല്ലാം കുടികൊള്ളുന്നത് ഒരേ ദൈവവും ആത്മാവുമാണ്. വിശ്വസാഹോദര്യം എല്ലാ മതങ്ങളും പഠിപ്പിക്കുന്ന വലിയ പാഠമാണ്.

അവരവരുടെ മതവിശ്വാസം നിലനിർത്തിക്കൊണ്ടു തന്നെ, ഒരേ സ്നേഹത്തിൽ വിവിധ മതങ്ങൾക്ക് ഒന്നിച്ചു പൊതു നന്മയ്ക്കായി പ്രവർത്തിക്കാൻ കഴിയും. ആഗോള ശിഷ്യത്വം ക്രിസ്തു പഠിപ്പിച്ച വലിയ പാഠമാണ്. സ്നേഹത്തിന്റെ ഏക മതത്തിലേക്ക് മനുഷ്യവർഗ്ഗം നടന്നടുക്കേണ്ടതിന്റെ അനിവാര്യത മാർ ഒസ്താത്തിയോസ് എടുത്തുകാട്ടി. യു.എൻ. പോലെ, ഒരു ഐക്യമത സംഘടന ഉണ്ടായാൽ (URO - United Religious Organisation) മതമൗലികവാദം അസ്തമിക്കും. ഇത് ആശാവഹമായ ഒരു പ്രതീക്ഷയാണ്.

മറ്റു മതങ്ങളെ കുറ്റം പറയാതെയും, അവരുടെ ദേവന്മാരെ താഴ്ത്തിക്കെട്ടാതെയും യേശുക്രിസ്തുവിന്റെ ആഗോള രക്ഷയെക്കുറിച്ചും, ആഗോള ശിഷ്യത്വത്തെക്കുറിച്ചും ബോദ്ധ്യപ്പെടുത്തണം. യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം രക്ഷിതാവല്ല എന്ന ബോദ്ധ്യം എല്ലാവർക്കും ഉണ്ടാകണം.

"ത്രിയേക ദൈവം എല്ലാവർക്കും ദൈവം
ഹിന്ദുവിനും മുസൽമാനും
ശ്രീയാർന്ന ദൈവം സ്നേഹാബ്ധി തന്നെ
നിത്യസത്യ സ്നേഹരൂപി."

മാർ ഒസ്താത്തിയോസ് രചിച്ച ഗാനമാണിത്. മതാത്മകതയല്ല ആദ്ധ്യാത്മികതയാണ് മനുഷ്യനെ ഒന്നിപ്പിക്കുന്നത്.

ഇവിടെ പൗരസ്ത്യ ആത്മീയതയുടെ അടിസ്ഥാനത്തിൽ തന്റെ മതാതീത ദർശനത്തിലൂടെ, സുവിശേഷ പ്രമാണത്തിന് ക്രിസ്തു കേന്ദ്രീകൃതമായി ഒരു പുനർ വ്യാഖ്യാനം നല്കുകയാണ്, ഒരു പുതിയ ഭാഷ്യം രചിക്കുകയാണ് മാർ ഒസ്താത്തിയോസ്.

അദ്ദേഹത്തിന്റെ മതാതീതദർശനം ക്രൈസ്തവ ആത്മീയതയിലെ ഒരു പുതിയ നവോത്ഥാനത്തിനുള്ള ശംഖൊലിയാണ്. ചരിത്രത്തിന്റെ അവശേഷിപ്പുകളിലുള്ള ഒരു പുതിയ ജീവിതാന്വേഷണമാണിത്. മതത്തിന്റെ ഇടുങ്ങിയ മതിൽകെട്ടുകൾക്കപ്പുറം, ആദ്ധ്യാത്മികതയിൽ മനുഷ്യർ ഒന്നായി ഇവിടെ ഒരു ദൈവരാജ്യം സൃഷ്ടിച്ചെടുക്കാനുള്ള വിളിയാണിത്. ക്രിസ്തുവിന്റെ സാർവ്വലൗകികത, മാർ ഒസ്താത്തിയോസിന്റെ

ക്രിസ്തുവിജ്ഞാനീയത്തിന്റെ ബിന്ദുവാണ്. അതിലേയ്ക്കുള്ള ഏക മാർഗ്ഗം ക്രിസ്തു കാണിച്ചുതന്ന സ്നേഹസുവിശേഷമാണ്.

ചുരുക്കത്തിൽ, മാർ ഒസ്താത്തിയോസിന്റെ സ്നേഹമതം, മതാതീത ദർശനം, മിഷൻ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം എഴുതിച്ചേർത്തു.

54-ാമത് കലഹണ്ടി കോൺഫ്രൻസ്. 2011 ഒക്ടോ 23-26.
പഠനഗ്രന്ഥം: "God of Agape Lead us to Social Justice and Peace."

ക്രിസ്തുവിന്റെ മനസ്സലിവ്/ദരിദ്രരോടുള്ള ഐക്യദാർഢ്യം, മിഷനും സാമൂഹ്യനീതിയും.

കലഹണ്ടി (ഒറീസ) യിലെ പട്ടിണി മരണങ്ങളും, അനാഥബാല്യ ങ്ങളും, ബലിയായിത്തീരുന്ന പെൺജന്മങ്ങളും, മാർ ഒസ്താത്തിയോ സിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് നമ്മുടെ സഭാംഗവും അവിടത്തെ മുൻ കലക്ടറുമായ പി. എച്ച്. കുര്യൻ ആയിരുന്നു. കാളവണ്ടിയിലും കാൽനട യായും സഞ്ചരിച്ച് തിരുമേനിയും ശിഷ്യന്മാരും ഗ്രാമം കണ്ടു. കലഹണ്ടി ഡവലപ്പ്മെന്റ് പ്രോജക്ട് ഗ്രാമത്തിന്റെ തിലകക്കുറിയായി. മലങ്കരസഭ യുടെ സുവിശേഷകേന്ദ്രമായി വനത്തിൽ വസിക്കുന്ന ആദിവാസികളുടെ നൂറ് അനാഥക്കുഞ്ഞുങ്ങളാണ് 45 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ മിഷൻകേന്ദ്രത്തിൽ ഇപ്പോൾ സമൃദ്ധമായ ജീവിതം കണ്ടെത്തുന്നത്.

തന്റെ ജീവിത സായാഹ്നത്തിൽ മാർ ഒസ്താത്തിയോസിനെ പിടിച്ചു ലച്ച ചില സംഭവങ്ങൾ ഒറീസായിലെ കലഹണ്ടിയിൽ അരങ്ങേറി. ചർച്ച് വീക്കിലിയിൽ വന്ന ഒരു വാർത്ത തിരുമേനിയുടെ ഉറക്കം കെടുത്തി. കലഹണ്ടിയിൽ നിന്നു 95 കി. മി. അകലെ നയാഗഡ് ഡിസ്ട്രിക്ടിൽ പട്ടിണിയിൽ കഴിയുന്ന ആദിവാസികൾ തങ്ങളുടെ പെൺകുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നു. സമീപത്തുള്ള ഒരു പാടത്ത് ചെളിയിൽ തലകീഴായി 6 പെൺകുഞ്ഞുങ്ങളെ താഴ്ത്തി നിർത്തിയിരിക്കുന്നു. അന്വേഷണ സംഘം അടുത്തുള്ള പൊട്ടക്കിണറ്റിൽ 61 പെൺകുഞ്ഞുങ്ങളുടെ ജഡം കൂടി കണ്ടെത്തി.

മാർ ഒസ്താത്തിയോസിന്റെ തപ്തഹൃദയം ചില പുത്തൻ തീരുമാന ങ്ങളിലെത്തി. ദൈവം നല്കിയ ജീവനുകൾ നിലനിർത്താൻ പണിയെടു ക്കുന്നവർ ദൈവത്തിന്റെ സുവിശേഷത്തിന്റെ കൂട്ടുവേലക്കാരാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കലഹണ്ടിയിൽ ഒരു ബാലികാഭവനം കൂടി ആരം ഭിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ഒറീസയിലെ ആദിവാസികൾക്കുവേ ണ്ടാത്ത പെൺകുഞ്ഞുങ്ങളെ ഒരു അമ്മത്തൊട്ടിലിൽ നിക്ഷേപിക്കട്ടെ. അവരെ ദത്തെടുത്ത് സമൂഹത്തിനും രാഷ്ട്രത്തിനും വിലപ്പെട്ട ജീവിത ങ്ങളാക്കണം. പത്തനാപുരം സിസ്റ്റേഴ്സ് സഹായത്തിനെത്തുന്നു.

മാർ ഒസ്താത്തിയോസിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാരൻ കെ. ഐ. ഫിലിപ്പ് റമ്പാൻ ഈ സ്വപ്നം സാക്ഷാത്കരിക്കാനുള്ള യത്നത്തിലാണ്. ഈ സാഹചര്യത്തിൽ തിരുമേനിയുടെ നിർദ്ദേശപ്രകാരമാണ് ഐ നാംസിന്റെ 54-ാമത് കോൺഫ്രൻസ് അവിടെ നടന്നത്. സാമൂഹ്യ നീതിയെ മലങ്കരസഭയുടെ മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്ന മൂന്ന് പ്രബന്ധങ്ങളാണ് കോൺഫ്രൻസിൽ അവതരിപ്പിച്ചത്. ദരിദ്രരോടുള്ള ക്രിസ്തുവിന്റെ മനസ്സലിവും ഐക്യദാർഢ്യവുമാണ് ഇതിലെ ഇതിവൃത്തം.

സാമ്പത്തിക-സാമൂഹികനീതി എന്നതിനർത്ഥം ദൈവം സൃഷ്ടിച്ച സകലവും തന്റെ എല്ലാ മക്കൾക്കും ഉള്ളത് എന്നത്രെ. ഉടമസ്ഥാവകാശം ദൈവത്തിനല്ലാതെ മനുഷ്യർക്ക് ആർക്കും ഇല്ല. മുതലാളിത്തം ഉടമയുടെ അധികാരവും, കമ്യൂണിസം തൊഴിലാളി ആധിപത്യവും സ്ഥാപിക്കാനുള്ള രണ്ട് ഇനങ്ങളല്ലാതെ സാമൂഹ്യനീതി ഉളവാക്കുകയില്ല. സ്നേഹത്തിൽ അധിഷ്ഠിതമായ പങ്കിടീലാണ് ക്രിസ്ത്യൻ സോഷ്യലിസത്തിന്റെ ദൈവശാസ്ത്രം. ദരിദ്രലോകത്തിൽ സമ്പന്നനാകുന്നത് പാപമാണെന്ന് മാർ ഒസ്താത്തിയോസ് ഓർമ്മപ്പെടുത്തുന്നു.

കോൺഫ്രൻസിനൊടുവിൽ, പതിവുപോലെ, അംഗങ്ങൾ ദശാംശം സ്വരൂപിച്ച് 3 ലക്ഷം രൂപ ബാലഭവനു നല്കി. വീണ്ടും മൂന്നു ലക്ഷം രൂപ ചിലവഴിച്ചു ബാലഭവനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചു. കലഹണ്ടി കോൺഫ്രൻസിൽ വച്ച് ബറോഡ യൂണിറ്റംഗങ്ങൾ ആദ്യത്തെ 10 കുട്ടികളെ സ്പോൺസർ ചെയ്തു. ഐ നാംസ് അംഗങ്ങൾ ദശാംശം സ്വരൂപിച്ചത് 10 ലക്ഷം രൂപ ഈ ബാലികാഭവന്റെ നിർമ്മാണത്തിനായി ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

കലഹണ്ടി കോൺഫ്രൻസിൽ ദേഹാസ്വാസ്ഥ്യം മൂലം തിരുമേനിക്ക് സംബന്ധിക്കാൻ കഴിഞ്ഞില്ല. ഉയിരെത്തുന്നിടത്ത് ഉടൽ എത്താതായി. എങ്കിലും തിരുമേനിയുടെ പ്രാർത്ഥന ഈ കോൺഫ്രൻസ് ഒരു വൻ വിജയമാക്കിത്തീർത്തു.

കലഹണ്ടി കോൺഫ്രൻസ് ഐ നാംസിന്റെ ചരിത്രത്തിലെ ഒരു വഴിത്തിരിവായി. "ദരിദ്രരോടുള്ള ഐക്യദാർഢ്യം" യൂണിറ്റുകൾക്കൊരു പുത്തൻ ദിശാബോധം നല്കി. ഈ കോൺഫ്രൻസിനു ശേഷം മാർ ഒസ്താത്തിയോസ് നാംസ് സെക്രട്ടറിമാരുടെ ഒരു സമ്മേളനം മിഷൻ ട്രെയിനിങ് സെന്ററിൽ വിളിച്ചുകൂട്ടി. മീറ്റിംഗിൽ സംബന്ധിക്കാനോ ദൂത് നല്കാനോ കഴിഞ്ഞില്ല. എങ്കിലും അനൗപചാരികമായി ഒരു പുതിയ കർമ്മപദ്ധതി ഏറ്റെടുക്കാൻ നാംസിനോട് ആഹ്വാനം ചെയ്തു.

നാംസിന്റെ ഒന്നാംഘട്ടത്തിൽ അതൊരു മിഷൻ പഠന സംഘമായി

രുന്നു. രണ്ടാം ഘട്ടത്തിൽ നാംസ് യൂണിറ്റുകൾ കൂടുതൽ വ്യാപകമാക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഗൾഫ് മേഖലയിലും ഓസ്ട്രേലിയയിലും, അമേരിക്കയിലും, വടക്കേ ഇന്ത്യയിലും നാംസിന്റെ ശാഖകൾ വ്യാപിച്ചു. മൂന്നാം ഘട്ടത്തിൽ മാർ ഒസ്താത്തിയോസിന്റെ ആഹ്വാന പ്രകാരം ഐ നാംസ് യൂണിറ്റുകൾ അതാതിടങ്ങളിൽ നിരാലംബരെ സഹായിക്കുന്ന ഒരു പദ്ധതിയ്ക്ക് Community Rehabilitation Programme (Domestic Rehabilitation) തുടക്കം കുറിച്ചു. തിരുവനന്തപുരം യൂണിറ്റ് M.G.R.C. യോട് ചേർന്ന് നിർധന കുടുംബങ്ങളെ സഹായിക്കുന്ന പദ്ധതി ആരംഭിച്ചു. ആ മാതൃകയിൽ കോട്ടയം യൂണിറ്റുകൾ ഇപ്പോൾ 12 നിർദ്ധന കുടുംബങ്ങളെ ദത്തെടുത്ത് ഓരോ മാസത്തിലും അവർക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുകയും, പാലിയേറ്റീവ് കെയർ പുതുപ്പള്ളി ചാരിറ്റബിൾ ക്ലബുമായി സഹകരിച്ചു നടത്തുകയും ചെയ്യുന്നു. അവരുടെ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നു. ഇതര യൂണിറ്റുകളും ഈ പദ്ധതി നടപ്പാക്കി വരുന്നു.

ചുരുക്കത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സുവിശേഷം ക്രിസ്തു ചെയ്തതുപോലെ സാമൂഹ്യസേവനത്തിൽ അധിഷ്ഠിതമാണ്. (Mission through Social Service). മിഷന്റെ ഈ ഭാവമാണ് കലഹണ്ടി കോൺഫ്രൻസിൽ മുഴങ്ങിക്കേട്ടത്.

41-ാമത് ഐ നാംസ് കോൺഫ്രൻസ്. 26, 27 മെയ്, 2006. ദയാ ഭവൻ കുണിഗൽ, ബാംഗ്ലൂർ

പങ്കുവയ്ക്കലാണ് സുവിശേഷത്തിന്റെ സംഗീതം.
ദശാംശം എങ്കിലും പങ്കുവയ്ക്കാത്ത സമ്പന്നൻ സുവിശേഷത്തിന്റെ കൂട്ടുവേലക്കാരനല്ല.

എയിഡ്സ് രോഗികളുടെ രോഗമില്ലാത്ത മക്കളെ പരിചരിക്കുന്ന മലങ്കരസഭയുടെ ഏക സ്ഥാപനമാണ് ദയാ ഭവൻ. ഇന്ന് അത് രോഗമുള്ളവരെയും പാർപ്പിക്കുന്ന കേന്ദ്രമാണ്. കർണ്ണാടകത്തിലെ ഏറ്റവും നല്ല അനാഥസംരക്ഷണകേന്ദ്രത്തിനുള്ള സംസ്ഥാന അവാർഡ് ഈ വർഷവും ദയാ ഭവനാണ് കരസ്ഥമാക്കിയത്. കർണ്ണാടക മുൻ മുഖ്യമന്ത്രി കുമാരസ്വാമി അടുത്തനാളിലാണ് ദയാ ഭവനിലെത്തി ഒരു പുതിയ ആംബുലൻസിനുള്ള 10 ലക്ഷം രൂപ ജിനേഷച്ചനു കൈമാറിയത്.

മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ബാലഭവനിലെ ചാപ്പലിലാണ് കോൺഫ്രൻസ് അരങ്ങേറിയത്. രജിസ്ട്രേഷൻ പൂർത്തിയാക്കി നടപടികൾ ആരംഭിച്ചു. ബാലഭവൻ മാനേജർ ബ. ജിനേഷച്ചൻ സംഘാംഗങ്ങളെ സ്വീകരിച്ചുകൊണ്ട് പ്രാരംഭ പ്രസംഗം നടത്തു

ന്നതിനു മദ്ധ്യേ ബാലഭവൻ കുട്ടികളുടെ ഒരു കദനകഥ പറഞ്ഞു; പരിഹാരം ആരാഞ്ഞു. ബാലഭവനിലെ കുട്ടികൾ പലരും നഗരത്തിലെ സ്കൂളിൽ പഠിക്കുന്നവരാണ്. ദയാ ഭവനു മുന്നിൽ സ്കൂളിൽ പോകാൻ കാത്തുനില്ക്കുന്ന കുട്ടികളെ സിറ്റി സർവ്വീസ് ബസുകളിലൊന്നും പലപ്പോഴും കയറ്റാതെ വിട്ടുപോകുന്നു. യഥാസമയത്ത് അവരെ ആശുപത്രിയിൽ എത്തിക്കാൻപോലും കഴിയുന്നില്ല. ഈ സാമൂഹ്യ ബഹിഷ്കരണം അസഹനീയമാണ്. ഒരു സ്വകാര്യ വാഹനം വാങ്ങാനുള്ള പണവുമില്ല.

നിമിഷങ്ങൾക്കുള്ളിൽ സെക്രട്ടറി പ്രൊഫ. ഡി. മാത്യൂസ്, പ്രസിഡണ്ട് തിരുമേനിയും നാംസ് അംഗങ്ങളുമായി കൂടിയാലോചിച്ചു. ആ സദസ്സിൽ വച്ചു തന്നെ, ഹർഷാരവങ്ങൾക്കിടയിൽ, ദയാ ഭവന് ഒരു ആംബുലൻസ് വാങ്ങിക്കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. പിറ്റേദിവസം കോൺഫ്രൻസ് അവസാനിക്കുന്നതിനു മുമ്പ് നാംസിന്റെ പേരെഴുതിയ ഒരു ആംബുലൻസ് ഔപചാരികമായി ഒസ്താത്തിയോസ് തിരുമേനി കൈമാറി. നാംസ് അംഗങ്ങൾ തങ്ങളുടെ ദശാംശം പങ്കിട്ട് MIFMO (Monthly Investment for Mission Studies) ഫണ്ട് രൂപീകരിച്ചു. അതിൽ നിന്നാണ് ആംബുലൻസിനുള്ള പണം കണ്ടെത്തിയത്. MIFMO യിലൂടെ സ്വരൂപിച്ച 10 ലക്ഷം രൂപയുടെ ബാങ്ക് പലിശ മിഷൻ പ്രവർത്തകർക്ക് ശമ്പള വർദ്ധനവിന് ഉപയോഗിച്ചു തുടങ്ങി. ഇതേ തുടർന്ന് നാംസ് പല ചാരിറ്റി പ്രവർത്തനങ്ങളും ഏറ്റെടുത്തു തുടങ്ങി.

ഒസ്താത്തിയോസ് തിരുമേനിയുടെ 90-ാം ജന്മദിനത്തിൽ അംഗങ്ങളുടെ ദശാംശം പങ്കുവച്ച് ഇരുന്നൂറോളം നിർധനർക്ക് കാറ്ററാക്ട് ഓപ്പറേഷൻ നടത്തിക്കൊടുത്തു. തിരുമേനിയുടെ ചാരിറ്റി ഫണ്ടിലേക്ക് ഒരു ലക്ഷം രൂപ സംഭാവന ചെയ്യുകയും ചെയ്തു.

തിരുമേനിയുടെ അന്തിമാഭിലാഷങ്ങളിൽ ഒന്നായിരുന്നു ആൻഡമാൻസിലെ ആദിവാസികൾക്കായി ഒരു മിഷനൻ കേന്ദ്രമാരംഭിക്കണമെന്ന്. ആൻഡമാൻസ് ഫണ്ടിലേക്ക് ഐ നാംസ് അംഗങ്ങൾ 10 ലക്ഷം രൂപ നല്കാനുള്ള ശ്രമത്തിലാണ്, 5 ലക്ഷം രൂപ ഫിലിപ്പ് റമ്പാച്ചന് കൈമാറിക്കഴിഞ്ഞു.

ദയാ ഭവൻ കോൺഫ്രൻസിന് തിരശ്ശീല വീണു. ഞങ്ങൾ മടക്കയാത്രയ്ക്കുള്ള തിരക്കായിരുന്നു. ഭാണ്ഡങ്ങളും ബാഗുമായി ഗയിറ്റിനടുത്തു കിടക്കുന്ന ബസ്സിലേക്ക് പോകുമ്പോൾ രണ്ടു പേർ രണ്ടു കുട്ടികളെയും കൈ പിടിച്ച് ജിനേഷച്ചന്റെ സമീപത്തെത്തി. എയിഡ്സ് രോഗികളായ മാതാപിതാക്കൾക്ക് വളർത്താൻ കഴിയാത്ത കുഞ്ഞുങ്ങളായിരുന്നു അവർ. കുറെനാളുകളായി അവിടത്തെ ഡോക്ടർ മുൻകൈയെടുത്ത് ഗവൺമെന്റ് ആശുപത്രിയിൽ അവരെ പാർപ്പിച്ചിരിക്കുകയായിരുന്നു.

ഹോസ്പിറ്റലിലെ ജീവനക്കാരും മറ്റു രോഗികളും എതിർത്തതുകൊണ്ട് അവരെയുമായി അദ്ദേഹം വന്നതാണ്.

കഥകളെല്ലാം ജിനേഷച്ചൻ കേട്ടുകൊണ്ടിരിക്കുമ്പോൾ, ഒന്നുമറിയാത്ത നിഷ്കളങ്കരായ കുട്ടികൾ കളിപ്പാട്ടങ്ങളെടുത്ത് കളിച്ചുകൊണ്ടിരുന്നു. ഞങ്ങൾ ബസ് കയറി. റയിൽവേ സ്റ്റേഷനിലേക്ക് പോരുമ്പോൾ ഇരുട്ടു വീണു തുടങ്ങിയിരുന്നു. മിഴി തുടച്ചുകൊണ്ടു ഞങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ ജിനേഷച്ചൻ പുത്രവാത്സല്യത്തോടെ രണ്ടു കുട്ടികളെയും കൂട്ടി ബാലഭവനുള്ളിലേക്ക് നടക്കുകയായിരുന്നു.

ദയാ ഭവൻ കോൺഫ്രൻസിനു തിലശ്ശീല വീഴുന്നതിനു മുമ്പ് ഒസ്താത്തിയോസ് തിരുമേനി ഞങ്ങളെ മറ്റൊരു മിഷൻ ദർശനം പഠിപ്പിച്ചു: "ദശാംശമെങ്കിലും പാവങ്ങൾക്കു പങ്കുവയ്ക്കാത്ത സമ്പന്നൻ സുവിശേഷത്തിന്റെ കൂട്ടുവേലക്കാരനല്ല."

തിരുമേനി എഴുതി സംഗീതം നൽകിയ ഒരു ഗാനത്തിന്റെ ആദ്യ ശീലുകൾ ഞങ്ങൾ ഓർക്കുകയായിരുന്നു...

"ധനവാനെ ബലവാനെ
ലാസറിനെ മറക്കല്ലെ... ലാസറിനെ മറക്കല്ലെ..."

ഈ പുരുഷായുസ്സിൽ തിരുമേനി അവസാനമായി പരുമല ആശുപത്രിയിൽ വച്ച് ഉച്ചരിച്ചതും ഇതു തന്നെയായിരുന്നു. അവസാനമായി അദ്ദേഹത്തിന്റെ ചുണ്ടുകൾ മന്ത്രിച്ചു: "ദരിദ്രരെ മറക്കരുത്... ദരിദ്രരെ ഓർക്കണം.." മാർ ഒസ്താത്തിയോസിന്റെ മരണശയ്യയ്ക്കരുകിൽ നിറമിഴികളുമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആശ്രമാംഗങ്ങളായ ശിഷ്യന്മാർ തല കുലുക്കി സമ്മതിച്ചു.

ആശ്രമ സുപ്പീരിയർ വന്ദ്യ ഫിലിപ്പ് റമ്പാച്ചനും സന്യസ്തരും തിരുമേനിയുടെ പൂർത്തിയാക്കാത്ത സ്വപ്നങ്ങളുടെ പിന്നാലെ വിശ്രമമില്ലാതെ ഓടുകയാണ്...

കലഹണ്ടിയിൽ ഒരു ബാലികാഭവൻ ആരംഭിക്കണം...

ആൻഡമാൻസിൽ ഒരു ബാലഭവനവും സുവിശേഷകേന്ദ്രവും ഗുജറാത്തിൽ ഒരു എയ്ഡ്സ് ഭവനം...

ആഫ്രിക്കയിൽ ഒരു മിഷൻ സ്ഥാപനം ഉയർത്തണം.

ഉപസംഹാരം

സ്നേഹസുവിശേഷത്തിന്റെ പാളങ്ങളിൽ അനന്തമായി ഓടുന്ന ഒരു തീവണ്ടിയാണ് മാർ ഒസ്താത്തിയോസ്. ജീവിക്കുമ്പോൾ മാത്രമല്ല മര

ണാനന്തരവും ക്രിസ്തുവിന്റെ സുവിശേഷവയലേലകളിൽ പണിയെടു ക്കാനാണദ്ദേഹം കൊതിച്ചിരുന്നത്. തന്റെ ഈ മോഹം വെളിവാക്കുന്ന ഒരു കല്പിത കഥ മരണത്തിനു മുമ്പ് അദ്ദേഹം പറഞ്ഞിരുന്നു! കഥ ഇതാണ്, 'മദർ തെരേസ അന്തരിച്ചു. സ്വർഗ്ഗീയ സൈന്യങ്ങളുടെ അക മ്പടിയിൽ സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു. വഴിമദ്ധ്യേ നരകം കടന്നുവേണം സ്വർഗ്ഗത്തിലെത്താൻ. നരക കവാടത്തിൽ അവരെത്തി. നരകത്തിലെ കാഴ്ച കണ്ട് മദർ ഞെട്ടിത്തരിച്ചുനിന്നു. ഭൂമിയിലെ പല വിശുദ്ധന്മാരും നരകാഗ്നിയിൽ വെന്തുരുകുന്നു. ഒരിറ്റു വെള്ളത്തിനു വേണ്ടി കേണപേക്ഷിക്കുന്നു. മദറിനെ ദൂതന്മാർ വിളിച്ചുണർത്തി സ്വർഗ്ഗ ത്തിലേക്കു യാത്ര തുടർന്നു.

പിതൃസന്നിധിയിലെത്തിയ മദർ ഒരപേക്ഷ മാത്രം ദൈവത്തിനു സമർപ്പിച്ചു. തന്നെ നരകത്തിലേക്ക് മടങ്ങിപ്പോകാൻ ഒന്ന് അനുവദി ക്കണം. പാതാളത്തിലെത്തി ക്രിസ്തു ചെയ്തതുപോലെ വീണ്ടും സുവി ശേഷമറിയിക്കണം. അവരും മാനസാന്തരപ്പെട്ട് എല്ലാവരുമൊത്ത് സ്വർഗ്ഗ ത്തിലേക്ക് ഒന്നിച്ചുവരാം. അതുവരെ ആ തീപൊയ്കയിൽ താനും ഹോമി ക്കപ്പെടട്ടെ.'

ഈ കല്പിത കഥയിൽ 'മദറിനു' പകരം 'മാർ ഒസ്താത്തിയോസിനെ' നമുക്കു പ്രതിഷ്ഠിക്കാം.

നരകത്തിൽ സുവിശേഷമറിയിച്ച്, അദ്ദേഹം നമുക്കുവേണ്ടി മദ്ധ്യ സ്ഥത അണയ്ക്കുകയാവാം. ക്രിസ്തുവിന്റെ വാക്കുകൾ നമുക്ക് ഓർക്കാം...

"അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാം ഒടു ക്കത്തെ നാളിൽ ഉയർത്തെഴുന്നേല്പിക്കേണം എന്നാകുന്നു എന്നെ അയ ച്ചവന്റെ ഇഷ്ടം..." (യോഹ. 6:39).

ഞങ്ങൾ യാത്ര ചെയ്യുന്ന ശബരി എക്സ്പ്രസ് കോട്ടയം റയിൽവേ സ്റ്റേഷനിൽ വന്നു നിന്നതറിഞ്ഞില്ല. കോൺഫ്രൻസ് ഓർമ്മകളിൽ നിന്നു ണർന്ന് ബാഗും വഹിച്ച് സ്റ്റേഷന്റെ പടികൾ കയറുമ്പോഴും മാർ ഒസ്താ ത്തിയോസ് കഴിഞ്ഞ കാൽ നൂറ്റാണ്ട്, നാംസ് കോൺഫ്രൻസുകളിൽ മാറ്റുരച്ച പുത്തൻ സുവിശേഷപാഠങ്ങൾ ഞങ്ങളുടെ നിനവുകളിൽ നിറഞ്ഞു നിന്നു:

1. മതപരിവർത്തനമല്ല, മനപരിവർത്തനമാണ് മിഷന്റെ ലക്ഷ്യം.
2. മാമോദീസാ മുക്കി മതം മാറ്റുന്നതല്ല ക്രിസ്തീയ മിഷന്റെ മുഖ്യ സാക്ഷ്യം.
3. ആഗോള ശിഷ്യത്വത്തിലേക്ക് എല്ലാ ജനതയെയും നയിക്കുന്നതാണ് മിഷൻ.

4. ക്രിസ്തു കുരിശിൽ ഒരുക്കിയ രക്ഷ സമസ്ത സൃഷ്ടിക്കുമുള്ള താണ്.

5. ദരിദ്രരോടുള്ള ഐക്യദാർഢ്യമാണ് മിഷന്റെ കാതൽ.

6. ദശാംശം മാറ്റിവച്ച് സഹോദരന് കൊടുക്കാത്തവൻ ക്രിസ്തുവിന്റെ സുവിശേഷ കൂട്ടുവേലക്കാരനല്ല.

7. വിശ്വാസവും പ്രവൃത്തിയും സമ്മേളിക്കുന്നിടത്താണ് മിഷൻ പിറക്കുന്നത്. വിശ്വാസത്താലുള്ള രക്ഷയല്ല 'സ്നേഹത്താലുള്ള ദൈവീകരണ'മാണ് ലക്ഷ്യം.

8. സ്നേഹ മാതൃകയാണ് യഥാർത്ഥ സുവിശേഷം.

9. സഭയുടെ ഐക്യത്തിൽ നിന്ന് മാനവരാശിയുടെ ഐക്യത്തിലേക്ക് മിഷൻ നയിക്കണം.

10. ഒരിടയനും ആട്ടിൻകൂട്ടവുമാണ് മിഷന്റെ ലക്ഷ്യം.

പൗരസ്ത്യ ആത്മീയതയുടെ സുഗന്ധം പരത്തിക്കൊണ്ട്, മാർ ഒസ്താത്തിയോസ്, യഥാർത്ഥത്തിൽ മലങ്കരസഭയുടെ പ്രേഷിതവൃത്തിക്ക് ഒരു പുതിയ മാനം നല്കുകയായിരുന്നു. ലോകജനതയെ, സ്നേഹത്തിന്റെ മിഷനിലൂടെ അദ്ദേഹം പുതിയ ഒരു പ്രത്യാശയിലേക്ക് നയിക്കുകയാണ്. സഭയുടെ ഈ രാജകുമാരൻ തുടങ്ങിവച്ച ആത്മീയ നവോത്ഥാനം ഐനാംസ് സാക്ഷാത്കരിക്കണം. കാരണം എന്തെന്നോ? ഈ ലക്ഷ്യം ലാക്കാക്കി ആ പുണ്യാത്മാവ് കൊളുത്തിയ സുവിശേഷ ജ്വാലയാണ് ഐ നാംസ്.

പ്രൊഫ. പി. കെ. കുര്യൻ
പ്രൊഫ. മിസ്സിസ് മേരി കുര്യൻ





മനുഷ്യസേവനത്തിന്റെ മഹത്തായ മാതൃകകൾ

വിവിധ ജീവിതരംഗങ്ങളിൽ ധാർമ്മിക മൂല്യങ്ങൾക്കു മുൻഗണന നൽകി പ്രവർത്തിച്ചശേഷം റിട്ടയർമെന്റ് കാലത്തും വർദ്ധിച്ച ഉത്സാഹത്തോടും അമിതാവേശത്തോടും മനുഷ്യസേവനപ്രവർത്തന മേഖലകളിലും സുവിശേഷ വയലുകളിലും ആതുര-അനാഥ വൃദ്ധ സംരക്ഷണ രംഗങ്ങളിലും തുടർന്നും പ്രവർത്തിച്ചു കടന്നുപോയവരും ഇന്നും മഹത്തായ സേവനം തുടരുന്നവരുമായ ഒട്ടധികം നല്ല മനുഷ്യരാൽ ധന്യമാണ് മലങ്കരസഭ. അവരിൽ വൈദികരും വിശ്വാസികളായ ഒട്ടധികം മാന്യവനിതകളും പുരുഷന്മാരുമുണ്ട്. ഇവരുടെയെല്ലാം സേവനം ആവാഹിക്കുന്നതിനും പറ്റിയ സരണികളിലൂടെ തിരിച്ചുവിടുന്നതിനും ഭദ്രാസനങ്ങൾക്കും സഭയ്ക്കും ഇന്നു വേണ്ട സംവിധാനം ഇല്ല. ഈ വലിയ കുറവ് പരിഹരിക്കാനുള്ള പദ്ധതികൾ യോഗ്യതയുള്ളവരെ കണ്ടുപിടിച്ച് സഭ ആവിഷ്കരിച്ചു നടപ്പിലാക്കിയേ തീരൂ. അതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടപ്പാക്കുന്നത് ശുഭോദർക്കം തന്നെ.

അഭിനന്ദനീയമായ സേവനം നടത്തിയശേഷം വാങ്ങിപ്പോയവരും ഇന്നും മാതൃകാപരമായ പ്രവർത്തനം നടത്തുന്നവരും ആയ ഏതാനും സമുന്നത വ്യക്തികളെ ഇവിടെ പരിചയപ്പെടുത്തുന്നത് അവരെ പുകഴ്ത്താനോ അവർ അറിഞ്ഞിട്ടോ അല്ല. അവരുടെ മാതൃകകൾ അനുകരണീയമാണെന്ന ചിന്തയാണ് ഈ പരിപാടിയുടെ അടിയിലുള്ളത്. ഇവരിൽ പലരേക്കാളും മികച്ച സേവനം ചെയ്യുന്നവർ പല സ്ഥലങ്ങളിൽ ഉണ്ടായിരിക്കാം. എന്നാൽ എനിക്ക് അവരിൽ പലരെയും അറിഞ്ഞുകൂടാ എന്ന പരിമിതി ഉണ്ട്. എനിക്ക് നേരിട്ടറിയാവുന്ന താഴെപ്പറയുന്നവരുടെ ജീവിതവും പ്രവർത്തനങ്ങളും അനുവാചകർക്കും സ്വീകാര്യവും അനുകരണാർഹവുമായിരിക്കുമെന്നുറപ്പുണ്ടു താനും. അതാണ് ഇതിന്റെ ലക്ഷ്യവും.

എം. സി. കുറിയാക്കോസ് റമ്പാൻ

മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ച ശേഷം കാതോലിക്കേറ്റിന്റെ കീഴിൽ ജനങ്ങളെ ഉറപ്പിച്ചു നിറുത്തുന്നതിനും ആവശ്യമായ പണം ശേഖരിക്കുന്നതിനുംവേണ്ടി ആരംഭിച്ച കാതോലിക്കാനിധി നൂറ്റാണ്ടു കഴിഞ്ഞപ്പോൾ നാലു കോടി രൂപയിലധികമാകുമെന്ന് നിധി ശേഖരണത്തിനു തുടക്കം കുറിച്ച റാവുസാഹിബ് ഒ. എം. ചെറിയാനും അന്നത്തെ സമുദായ സെക്രട്ടറിയായിരുന്ന എം. സി. കുറിയാക്കോസ് റമ്പാനും സ്വപ്നേപി വിചാരിച്ചു കാണുകയില്ല.




കാതോലിക്കാനിധി ശേഖരണ പ്രസ്ഥാന ത്തിൽ അതിന്റെ ജീവനാഡിയായി പ്രവർ ത്തിച്ച ഒ. എം. ചെറിയാൻ നാടുനീളെ സഞ്ച രിച്ചും പ്രസംഗിച്ചും ലഘുലേഖകൾ രചിച്ചും ജനങ്ങളെ പ്രബുദ്ധരാക്കി. ഇതു സംബന്ധിച്ച എഴുത്തുകുത്തുകളും ലഘുലേഖകളും തപാൽ വഴിയും മറ്റും അയച്ചു വേണ്ട പിന്നണി പ്രവർത്തനം നടത്തിയത് കുറിയാ ക്കോസ് റമ്പാച്ചനായിരുന്നു. പല രാത്രികളിലും വേണ്ടത്ര ഉറക്കം ഇല്ലാതെയാണ് നിധിശേഖ രണ പ്രവർത്തനം നടത്തിയതെന്ന വസ്തുത ഇന്നും പലർക്കും അജ്ഞാതമാണ്. പഴയ സെമിനാരിയിൽ സഭാ സെക്രട്ടറിയേറ്റ് കാര്യ ക്ഷമമായി ആരംഭിച്ചു നടത്താൻ റമ്പാച്ചനും പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേ നിയും ചേർന്നു നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങൾ വിജയിക്കാഞ്ഞത് അന്നത്തെ പ്രത്യേക ചുറ്റുപാടുകളുടെ സമ്മർദ്ദം കൊണ്ടാണ്.

പാത്താമുട്ടം മാളികയിൽ കുടുംബത്തിൽ 1901 ഓഗസ്റ്റ് 31-ന് ജനിച്ച കുറിയാക്കോസ് സി.എം.എസ്. കോളജ്, തൃശ്ശിനാപ്പള്ളി ബിഷപ് ഹീബർ കോളജ് എന്നിവയിൽ പഠിച്ചു ബിരുദം നേടി. തുടർന്ന് ബാലികാമഠത്തിലും നിക്കോൾസനിലും അധ്യാപകനായി. 1929-ൽ ജോലി ഉപേക്ഷിച്ച് ശെമ്മാ ശനായി. പഴയസെമിനാരിയിൽ താമസിച്ചു വൈദികപഠനം നടത്തി. 1930-ൽ പാമ്പാടി തിരുമേനിയിൽ നിന്നും വൈദികപട്ടമേറ്റശേഷം കവി യൂർ സ്ലീബാപള്ളിയിൽ വികാരിയായും പഴയസെമിനാരി മാനേജരായും നല്ല സേവനം അനുഷ്ഠിച്ചു. 1936-ൽ റമ്പാൻ സ്ഥാനം ലഭിച്ച ഇദ്ദേഹം സ്ഥാപിച്ചതാണ് പാത്താമുട്ടം സ്ലീബാ പള്ളിയും, പാത്താമുട്ടം ചാപ്പലും ദയറായും. കൂടാതെ കുണ്ടറ എം.ജി.ഡി. ഹൈസ്കൂൾ കറസ്പോണ്ടന്റ്, കോട്ടയം മെത്രാസന സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചു.

വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളും ലേഖനങ്ങളും എഴുതിയിട്ടുള്ള റമ്പാച്ചൻ മലങ്കരസഭാ മാസികയുടെ പത്രാധിപരുമായിരുന്നു. 1958 ജൂലൈ 17-നു അന്തരിച്ചു. ഭൗതികദേഹം പാത്താമുട്ടം ചാപ്പലിൽ കബറടക്കി.

റമ്പാച്ചന്റെ സഹോദരപുത്രന്മാരിൽ ഒരാളാണ് ഇംഗ്ലണ്ടിലുള്ള പ്രശസ്ത ഡോക്ടറായ ഡോ. എം. എസ്. അലക്സാണ്ടർ.



പി. സി. യോഹന്നാൻ റമ്പാൻ


മലങ്കരസഭയുടെ ആധുനിക ചരിത്രത്തിൽ പി. സി. യോഹന്നാൻ റമ്പാനെപ്പോലെ മനുഷ്യമനസ്സുകളിൽ സ്ഥാനംപിടിക്കുകയും ആ നാമം മാറാതെ തങ്ങിനിൽക്കുകയും ചെയ്യുന്ന മറ്റൊരു സന്യാസിവര്യനില്ല. റമ്പാന്മാരുടെ മുമ്പനെന്നും മനുഷ്യസേവനത്തിന്റെ ആൾരൂപമെന്നും വിശേഷിപ്പിക്കപ്പെടുന്ന റമ്പാച്ചൻ 14-ാമത്തെ വയസ്സിൽ പുണ്യചരിതനായ കുറിയാക്കോസ് മാർ ഗ്രീഗോറിയോസിന്റെ (പാമ്പാടി തിരുമേനി) കൂടെ കൂടിയതാണ്. ഏലിയാവും എലീശായും പോലെ തിരുമേനിയെ ശുശ്രൂഷിക്കാനും ദയറായിലെ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കാനും നിയോഗിക്കപ്പെട്ട പി. സി. യോഹന്നാൻ, മെത്രാപ്പോലീത്തായുടെ കീഴിൽ സുറിയാനിയും മറ്റും പഠിച്ചും പരിശീലനം നടത്തിയും വൈദികനും പിന്നീട് റമ്പാനും ആയി. പാമ്പാടി ദയറായുടെ മുഖഛായ മാറ്റുകയും പൊത്തൻപുറത്തെ ഒരു വിദ്യാനികേതനമായും തീർത്ഥാടനകേന്ദ്രമായും ഏദൻതോട്ടമായും വളർത്തുകയും ചെയ്ത റമ്പാച്ചൻ അസാധാരണ കർമ്മശേഷിയുള്ള ഒരു വൈദികശ്രേഷ്ഠനായിരുന്നു. കോളജിൽ പഠിക്കാത്ത അദ്ദേഹം ഒരു ഒന്നാം ഗ്രേഡ് കോളജിലൂടെ പാമ്പാടി ഗ്രാമത്തെ ചിത്തപ്രകാശമുള്ള നഗരമാക്കി മാറ്റി.

പാമ്പാടിയിലെ ബാലഭവൻ, അഭയഭവൻ, ആശാകിരൺ, കെ.ജി. കോളജ്, അരമന, ബി.എം.എം. ഹയർസെക്കണ്ടറി സ്കൂൾ, മാർ ഈവാനിയോസ് ഐ.റ്റി.സി. എന്നിവയെല്ലാം സ്ഥാപിക്കാനും സംസ്ഥാനത്തെ അനാഥ സംരക്ഷണ ചുമതല ഏറ്റെടുത്തു നടത്താനും എല്ലാം ജോലിത്തിരക്കിനിടയിൽ സമയം കണ്ടെത്തി. മെത്രാപ്പോലീത്താമാർക്കു താമസിക്കാൻ ഒരു അരമന ഇല്ലെന്നുള്ള കുറവ് അദ്ദേഹം 2008 സെപ്തംബർ 13-ന് അപ്രതീക്ഷിതമായി മരണമടയുന്നതിന് ഏതാനും മാസം മുമ്പാണ് പൂർത്തിയാക്കിയത്. പുതുപ്പള്ളി പാറേട്ട് ആശുപത്രിയുടെ സ്ഥലം ഇസ്സഡ്.എം. പാറേട്ടിൽ നിന്നു ലഭിക്കുന്നതിനുവേണ്ടി ശ്രമിച്ചു വിജയിച്ചതും റമ്പാച്ചനാണ്. കോട്ടയം ഭദ്രാസനാസ്ഥാനമായ കെ. എം. ജി. സെന്റർ നിർമ്മാണത്തിന്റെ പിമ്പിലും റമ്പാച്ചന്റെ കഠിനപ്രയത്നം ഉണ്ടായിരുന്നു. പാമ്പാടി തിരുമേനിയേയും പാമ്പാടി ദയറായേയും പറ്റി സഭാടിസ്ഥാനത്തിലും ആഗോളാടിസ്ഥാനത്തിലും അർഹിക്കുന്ന അറിവുണ്ടാക്കാൻ സാധിച്ചത് റമ്പാച്ചന്റെ സ്നേഹനിർഭരമായ പ്രവർത്തനം

കൊണ്ടാണ്. നട്ടുച്ചയ്ക്ക് ജ്വലിച്ചു നില്ക്കുന്ന സൂര്യൻ പെട്ടെന്നു അസ്തമിച്ചതുപോലെയായിരുന്നു റമ്പാച്ചന്റെ മരണം. സഭയ്ക്കും ദയറായ്ക്കും പരിഹരിക്കാനാവാത്ത നഷ്ടമായിരുന്നു ആ മരണം.

പാമ്പാടി പോരാളൂർ കുര്യൻ ചാണ്ടിയുടെയും അന്നമ്മയുടെയും പുത്രനായി 1934 ജൂൺ 24-നാണ് റമ്പാച്ചൻ ജനിച്ചത്. മദ്യവർജ്ജന പ്രവർത്തകനും ആദ്യന്തം വലിയ മനുഷ്യസ്നേഹിയുമായിരുന്ന പി. സി. യോഹന്നാൻ റമ്പാച്ചന്റെ നിര്യാണം സമൂഹത്തിനാകെ കനത്തനഷ്ടം എന്നത്രെ മാതൃഭൂമി ദിനപത്രം പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിൽ പറഞ്ഞത്. അവശർക്കും ആലംബഹീനർക്കും വേണ്ടി സമർപ്പിച്ച ജീവിതമായിരുന്നു അതെന്ന് മാതൃഭൂമി ചൂണ്ടിക്കാട്ടി.

ഫാ. ടി. ജി. സഖറിയ




സഭാസേവനത്തിനുവേണ്ടി പരപ്രേരണ കൂടാതെ ജീവിതം സമർപ്പിക്കുകയും നാലു കാതോലിക്കാമാരുടെ ഭരണകാലത്തു കേന്ദ്രത്തിൽ നിർണ്ണായകസ്ഥാനം അലങ്കരിക്കുകയും സഭയ്ക്കു പല നേട്ടങ്ങൾ കൈവരുത്തുകയും ചെയ്ത പ്രശസ്തനും പ്രമുഖനുമായിരുന്ന ഒരു വൈദിക ശ്രേഷ്ഠനാണു കല്ലിശ്ശേരി തോട്ടത്തിൽ വീട്ടിൽ വറുഗീസു കത്തനാരുടെയും കുഞ്ഞമ്മയുടെയും പുത്രനായി 1930-ൽ ജനിച്ച ഫാ. ടി. ജി. സഖറിയ. ബി.എ., ബി.ഡി., എസ്.ടി.എം. ബിരുദങ്ങൾ നേടുകയും പല വിദേശരാജ്യങ്ങൾ സന്ദർശിച്ചു അനുഭവ സമ്പത്തു നേടുകയും ചെയ്ത ഫാ. ടി. ജി. സഖറിയ, ഗീവറുഗീസ് രണ്ടാമൻ ബാവായുടെയും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെയും സെക്രട്ടറിസ്ഥാനം കാര്യക്ഷമമായി വഹിച്ചു. വിനയത്തിന്റെ അവതാരമായിരുന്ന ഔഗേൻ മാർ തീമോത്തിയോസിന്റെയും കാതോലിക്കാമാരിൽ ഏറ്റവും ശക്തനും ഭക്തനുമായിരുന്ന പ. ഗീവറുഗീസ് ബാവായുടെയും ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി ആരെയും വെറുപ്പിക്കാതെ ഇരുവരുടെയും സ്നേഹം ആർജ്ജിച്ച ഫാ. സഖറിയ ഒരു താപ്പാനയെപ്പോലെയായിരുന്നു ബാവാമാരെ അനുനയിപ്പിച്ചു മുന്നോട്ടു പോയത്.

ഒരു യഥാർത്ഥ അരമന മാനേജർ എങ്ങനെയായിരിക്കണമെന്നു കാണിച്ചു മാതൃകാപരമായി ജീവിച്ചു കടന്നുപോയ ഫാ. റ്റി. സി. ജേക്ക

ബിന്റെ സ്ഥാനത്താണ് ഫാ. സഖറിയ ദേവലോകം അരമന മാനേജരായി നിയമിതനായത്. വലിയ ഉത്തരവാദിത്വമുള്ള അരമന മാനേജർ സ്ഥാനത്തിനു പുറമെ മലങ്കരസഭാ മാസിക, കാതോലിക്കേറ്റ് പ്രസ്സ് എന്നിവയുടെ മാനേജരായും സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസറായും എം.ഒ.സി. പ്രസിദ്ധീകരണങ്ങളുടെ പ്രഥമ സെക്രട്ടറി, സഭാ മാനേജിംഗ് കമ്മറ്റിഅംഗം എന്നീ നിലകളിലും കാര്യക്ഷമമായി പ്രവർത്തിച്ചു. നഷ്ടത്തിൽ ആയിരുന്ന മലങ്കരസഭാ മാസികയെ ലാഭത്തിലെത്തിക്കുകയും മാസികയ്ക്ക് അഞ്ചു ലക്ഷം രൂപായുടെ ഒരു സ്ഥിരനിക്ഷേപം ഉണ്ടാക്കുകയും ചെയ്തു. മാങ്ങാനം എബനേസർ ദയറാപള്ളി നല്ല നിലയിൽ പണിയിച്ചത് അദ്ദേഹം അവിടെ വികാരിയായിരുന്നപ്പോഴാണ്.

പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ സചിത്ര ജീവചരിത്രവും കാതോലിക്കാബാവാമാരുടെ കാലടികളിൽ എന്ന പുസ്തകവും രചിച്ചിട്ടുണ്ട്. ഇതിനും പുറമെ 'ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ' എന്ന പുസ്തകത്തിന്റെ സഹഗ്രന്ഥകാരനുമാണ്.

ഫാ. ജോസഫ് വെണ്ടറപ്പിള്ളി



1958-ലെ സമ്പൂർണ്ണ സഭാസമാധാനത്തിനുശേഷം യോജിച്ച സഭയിൽ വിശിഷ്യ വടക്ക് ചിലർ നടത്തിയ അനുചിത നീക്കങ്ങളുടെ വെളിച്ചത്തിൽ മലങ്കരസഭയിലെ വടക്കൻമേഖലയിൽ ഒരു കൊടുങ്കാറ്റായി മാറിയ സമുന്നത വൈദികനാണ് ഫാ. ജോസഫ് വെണ്ടറപ്പിള്ളി. പണ്ഡിതനും, സുചരിതനും, മികച്ച അധ്യാപകനും, മിഷൻ പ്രവർത്തകനുമായ ഫാ. വെണ്ടറപ്പിള്ളിയെ ആധുനികസഭയിലെ കാര്യവിവരമുള്ളവർക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല.

തൃപ്പൂണിത്തുറ വെണ്ടറപ്പിള്ളിൽ കുഞ്ഞുവർക്കി ഇട്ടൻപിള്ളയുടെയും കളരിക്കൽ അന്നമ്മയുടെയും ഇളയ മകനായി 1930 ഫെബ്രുവരി 23-നു ജനിച്ചു. 1947-ൽ പൗലോസ് മാർ സേവേറിയോസിൽ നിന്ന് മസമറോനോ സ്ഥാനവും വിവാഹത്തിനു ശേഷം പൗലോസ് മാർ പീലക്സിനോസിൽ നിന്ന് പൂർണ്ണ ശെമ്മാശുപട്ടവും പ. ഔഗേൻ കാതോലിക്കാ ബാവായിൽ നിന്ന് 1966 മെയ് 3-നു കശ്ശീശാപട്ടവും സ്വീകരിച്ചു. തൃപ്പൂണിത്തുറ നടമേൽ വി. മർത്തമറിയം പള്ളി ഇടവകാംഗമാണ്. പൊയ്ക്കാട്ടുശ്ശേരി സെന്റ് ബെഹനാൻസ് പള്ളി

ഇടവകാംഗവും റിട്ട. ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ്സും ആയ സാറാമ്മയാണ് സഹധർമ്മിണി.

സാറാമ്മ ഇപ്പോൾ മൂത്ത പുത്രി റീനയുടെയും ഭർത്താവ് ജോർജ് ജോൺ ആറ്റുപുറത്തിന്റെയും (വെണ്മണി) കോയമ്പത്തൂരിലുള്ള വസതിയിലാണ് താമസിക്കുന്നത്.

കൊരട്ടി, മൂവ്വാറ്റുപുഴ, ഇരിങ്ങാലക്കുട, എരൂർ, പാങ്കോട്, മലേക്കുരിശ്, മൂവ്വാറ്റുപുഴ, ചെറായി, എറണാകുളം, വടവുകോട്, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലെ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൊച്ചി ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ, കൊച്ചി, ന്യൂഡൽഹി ഭദ്രാസന വൈദികസെക്രട്ടറി, കൊച്ചി ഭദ്രാസന അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. യുവജനപ്രസ്ഥാനം, ബാലസംഘം എന്നീ പ്രസ്ഥാനങ്ങളുടെ വൈസ് പ്രസിഡണ്ടായിരുന്നു. കോട്ടയം തിയോളജിക്കൽ സെമിനാരിയിൽ പാർട്ട് ടൈം പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സണ്ടേസ്കൂൾ കരിക്കുലം കമ്മിറ്റി, ആന്ധ്രാ സൈക്ലോൺ റിലീഫ് പ്രൊജക്ട്, ചിൽഡ്രൻസ് വെൽഫെയർ ബോർഡ്, പ്രീസ്റ്റ് വെൽഫെയർ ബോർഡ് എന്നിവയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിരുന്നു.

1969-ൽ സ്വീഡനിൽ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിൽ സഭാ ഡെലിഗേറ്റായി പങ്കെടുത്തു. 1976-ൽ സഭ നിയോഗിച്ച ഡെലിഗേഷൻ അംഗമായി റഷ്യ, റുമേനിയ, ബൾഗേറിയ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തി. 1969-ൽ പൗരസ്ത്യ ഓർത്തഡോക്സ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കോൺഫറൻസ്, സിറിയായിലെ പാത്രിയർക്കാ അരമനയിൽ (ദമാസ്ക്കസിൽ) കൂടിയപ്പോൾ സന്നിഹിതനായിരുന്നു.

1976-ൽ ജോസഫ് വെണ്ടറപ്പിള്ളിയെ "ഓർഡർ ഓഫ് സെയിന്റ് വ്ളാഡിമിർ" എന്ന ബഹുമതി നൽകി റഷ്യൻ ഓർത്തഡോക്സ് പാത്രിയർക്കീസ് ആദരിച്ചു. എത്യോപ്യ, സിറിയ, ഈജിപ്ത്, അർമീനിയ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ കിഴക്കൻ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം ആൻഡ് റീഡർഷിപ്പ് പ്രൊജക്ടിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. സഭയുടെ എംപ്ലോയ്മെന്റ് റിസോഴ്സ് ഫോറം കൺവീനർ ആയും പ്രവർത്തിച്ചിട്ടുണ്ട്. വടവുകോട് രാജർഷി മെമ്മോറിയൽ ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കെ ഹൈസ്കൂൾ അദ്ധ്യാപക വൃത്തിയിൽ നിന്നു വിരമിച്ചു.

ബഹുമുഖ പ്രതിഭാധനനായിരുന്ന ഫാ. ജോസഫ് വെണ്ടറപ്പിള്ളി മലങ്കര ഓർത്തഡോക്സ് സഭയിൽ താഴെ പറയുന്ന സ്ഥാനങ്ങൾ വഹിച്ചു.

പരിശുദ്ധ കാതോലിക്കാബാവായുടെ ഉപദേശകസമിതിയംഗം, വർക്കിംഗ് കമ്മിറ്റിയംഗം, മുളന്തുരുത്തി മാർ ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റ് വൈസ് പ്രസിഡണ്ട്, ഹൈദരാബാദ്, യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം അഡ്വൈസർ, പൂനെ മാമർഡി ബാലികാഗ്രാം ഡയറക്ടർ ബോർഡ് മെമ്പർ, മിഷൻ ബോർഡ് മെമ്പർ, കോളജ് മാനേജ്മെന്റ് ബോർഡ് മെമ്പർ, മലങ്കര മെഡിക്കൽ മിഷന്റെ കോലഞ്ചേരി ആശുപത്രി ഡയറക്ടർ ബോർഡ് മെമ്പർ, സഭാ റൂൾസ് കമ്മിറ്റി മെമ്പർ, ഫൈനാൻസ് കമ്മിറ്റി, പ്ലാനിംഗ് കമ്മീഷൻ എന്നിവയിൽ അംഗം, റികൺസിലിയേഷൻ കമ്മിറ്റിയംഗം, ഓർത്തഡോക്സ്-പാത്രിയർക്കാ സമാധാനത്തിനുള്ള ഒമ്പതംഗ കമ്മിറ്റി മെമ്പർ, 'സമൂഹവിവാഹ' പദ്ധതിയുടെ കമ്മിറ്റി മെമ്പർ, ഭദ്രാസന പുനഃസംഘടനാ കമ്മിറ്റി മെമ്പർ, 'ഹെറിറ്റേജ് 2000-സ്മൃതി' എന്ന പ്രസ്ഥാനത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി.

ഫാ. ജോസഫ് വെണ്ടറപ്പിള്ളി 2006-ൽ 76-ാം വയസ്സിൽ അന്തരിച്ചു. വടവുകോട് പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

വടക്കൻ ഭദ്രാസനങ്ങൾ 1958-നുശേഷം

വെണ്ടറപ്പിള്ളി ജോസഫ് അച്ചൻ "രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭയിൽ" ഇരുപതു വർഷം മുമ്പ് "വടക്കൻ ഭദ്രാസനങ്ങൾ 1958-നുശേഷം" എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു. പുതിയ തലമുറ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കാനാണ് അതുദ്ധരിക്കുന്നത്.

"ദൈവപുത്രൻ ജനിച്ചത് അങ്ങ് അകലെയാണ്; അതാണു ശീമ. അറിവുള്ളവർ അതിന് അന്ത്യോക്യയെന്നും പറയും. അതുകൊണ്ടല്ലേ അവിടത്തെ ആളുകളെ ആദ്യമായി ക്രിസ്ത്യാനികളെന്നു വിളിക്കുവാനിടയായത്. അവിടെയുള്ളവർ മുഴുവനും ക്രിസ്തുവിന്റെ കുടുംബക്കാരാണ്. പാത്രിയർക്കീസ് ബാവാമാർ ആ കുടുംബത്തിൽപ്പെട്ടവരാണ്. പാത്രിയർക്കീസു ബാവായും ആകാശത്തിലുള്ള ബാവായും അപ്പനും ഉപ്പാപ്പനും പോലെയാണ്. അതുകൊണ്ടാണു പൗരോഹിത്യത്തിന്റെ നീരുറവ ആ വഴിക്കു മാത്രം ഒഴുകുന്നത്. അതാണു കൈവെപ്പ് എന്നു പറയുന്നത്. ഇതു മറ്റാർക്കുമില്ല. ക്രിസ്ത്യാനികൾ എന്നു പറയുന്നവർ ലോകത്തിൽ പല സ്ഥലത്തുണ്ടെങ്കിലും അവരാരും തന്നെ ക്രിസ്തുവിന്റെ ആളുകളല്ല. എല്ലാ സ്ഥലങ്ങളിലുമുള്ള ക്രിസ്ത്യാനികളുടെ ഏക തലവനാണ് ദൈവത്തിന്റെ നാട്ടിലുള്ള - ദൈവത്തിന്റെ ഏക അവകാശിയായ പാത്രിയർക്കീസുബാവാ. ബാവായുടെ അടുത്താണു പറുദീസായെന്നു പറയുന്നത്. ആ തോട്ടം ഇപ്പോഴുമുണ്ടവിടെ. അവിടെ ബാവാമാർ വേറെയുണ്ട്. ആ ബാവാമാരിൽ ഒരാളെയെങ്കിലും കണ്ണിനു നേരേ കാണാൻ സാധിച്ചെങ്കിൽ...!

വടക്കൻ ഭദ്രാസനങ്ങളിലെ ഏറെ കുട്ടികളിൽ ഒരു കാലത്ത് ഊറി ക്കൂടിയിരുന്ന അറിവും അഭിലാഷവുമാണിത്.

ഈ ചിന്താഗതി പരിപോഷിപ്പിക്കുന്ന ചുറ്റുപാടിലാണ് അവർ വളർന്നതും അവരെ വളർത്തിയതും.

സഭാ സ്ഥാപകൻ തോമാശ്ലീഹായാണ്. അതു കേട്ടിട്ടുണ്ട്. എന്നാൽ സഭ പാത്രിയർക്കീസിന്റേതാണ്. പാത്രിയർക്കീസിനുള്ളതുപോലെ ദൈവവുമായിട്ടുള്ള കുടുംബബന്ധവും അതിൽ നിന്നുളവാകുന്ന ഉടമസ്ഥാവകാശവും തോമാശ്ലീഹായ്ക്കില്ല. അദ്ദേഹം ഇതിലെ വന്നതായ സുവിശേഷകനാണ്. പാത്രിയർക്കീസാണു പരമാധികാരി. സഭയെ നിലനിർത്തുന്ന പൗരോഹിത്യം പാത്രിയർക്കീസിന്റേതാണ്. അദ്ദേഹം അത് അകലെനിന്നു വലിച്ചാൽ നീങ്ങിപ്പോകും. പിന്നെ അവശേഷിക്കുന്നതു വേഷം മാത്രം. അങ്ങനെയുള്ള വേഷധാരികളാണു കാതോലിക്കാ കക്ഷിക്കാർ. അവരെ കണ്ടുപോയാൽ കണ്ണു കഴുകണം. അവരുടെ കൂടെ കൂദാശകളിൽ സംബന്ധിച്ചാൽ കുമ്പസാരത്തിൽ ഏറ്റുപറയണം. ആത്മാവിൽ കൊതിയുള്ളവർ സൂക്ഷിക്കണം.

ഇതായിരുന്നു അന്നത്തെ താക്കീത് (ഇന്നും).

ഞങ്ങളുടെ ആളുകൾ പാഷണ്ഡതയിൽപെട്ടു നശിച്ചുപോകാതിരിപ്പാൻ പലതുകൊണ്ടും ഞങ്ങൾ അവരെ മറച്ചുപിടിച്ചു സംരക്ഷിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ പലതിന്റെയും മറയിൽ കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുമ്പോഴാണ് 1958 സെപ്തംബർ 12-ാം തീയതി സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസും, ജ. ഭഗവതിയും മറ്റു മൂന്നുപേരും കൂടി കേസിന്റെ വിധി പ്രസ്താവിച്ചത്. കാതോലിക്കാ വിഭാഗത്തിന്റെ വാദഗതി ന്യായമായിട്ടുള്ളതാണ്. അതു സത്യവുമാണ്. ഒരു ഇടിവെട്ടേൽക്കുന്ന പ്രതീതിയാണ് പാത്രിയർക്കീസ് പക്ഷത്തിനുണ്ടായത്. എന്നാലും തകരാൻ നോക്കിനിന്നില്ല. കൊടുത്തു റിവ്യൂ ഹർജി. അവിടെത്തന്നെ. വാദം കേട്ട് അഞ്ചു ജഡ്ജിമാർ ഉൾപ്പെട്ട കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച്, ഹർജി ചെലവു സഹിതം തള്ളിക്കൊണ്ട് ഒക്ടോബർ 28-ന് (1958) വീണ്ടും വിധിയെഴുതി.

തോറ്റെങ്കിലും പിരി മുറുകുന്നു: പരാജയം ഞങ്ങൾക്കു പുത്തരിയല്ല. ലോക കോടതിയുടെ വിധി ലൗകികമാണ്. അതെപ്പോഴും ദൈവികത്വത്തിന് എതിരായിരിക്കും. ഞങ്ങൾ സമാധാനം കണ്ടെത്തി.

എന്തു വില കൊടുത്തും വിശ്വാസം കാക്കുവാൻ തന്നെ നിശ്ചയിച്ചു. വെറും വേഷധാരികളിൽനിന്നു രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിച്ചു. പള്ളി

കൾ പോകുമെങ്കിൽ പോകട്ടെ. കായൽനിലങ്ങൾ കളഞ്ഞേക്കാം. തെങ്ങിൻതോപ്പു മറന്നേക്കാം. എന്നാലും നല്ല പോർ പൊരുതണം. വിശ്വാസം കാക്കണം. ഓട്ടം തികക്കണം.

പ്രതിജ്ഞയെടുത്തു. പാത്രിയർക്കീസ്പക്ഷത്തെ തിരുമേനിമാരെല്ലാവരുംകൂടി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ഒരു വലിയ പള്ളിപ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. ആഘാതമേറ്റവരെ ചുവടുറപ്പിച്ചു നിറുത്തുവാനുള്ള ആവേശം. തളർന്നവനെ തകർച്ച കാണിക്കാത്തവൻ താങ്ങി. നേതാക്കന്മാർ ഉത്സാഹത്തോടെ പ്രബോധിപ്പിച്ചു. കേസു തോറ്റാലും കൈവശം പോകുകയില്ല. നമ്മൾ കൂടും പള്ളികളെല്ലാം നമ്മൾക്കു തന്നെ. പട്ടമില്ലാത്തവരുടെ കൂടെ കൂട്ടുകൂടരുത്. പള്ളികളിൽ നിന്നൊക്കെ പാത്രിയർക്കീസിനോടു വിധേയത്വം കാണിച്ചു കമ്പി അടിക്കണം. എന്തു വന്നാലും നമ്മൾ ഈ നില തുടരും. അതിനനുസരണമായ പ്രമേയം പാസ്സാക്കണം. പ്രമേയം അവതരിപ്പിക്കുവാൻ അതു പലരുടെ കൈയിലേക്കും മാറിമാറി പോയെങ്കിലും പലരും അതിനു മടിച്ചതായും അവസാനം ആ പ്രമേയം ഇരുന്ന പായുടെ താഴേയ്ക്ക് ആരോ വച്ചതായുമാണു സമ്മേളനത്തിൽ സംബന്ധിച്ച ചിലരുടെ മങ്ങിയ ഓർമയിൽ ഇന്നും തങ്ങിനിൽക്കുന്നത്. എന്നാലും ഉറച്ചു നിൽക്കുവാനുള്ള ഉറച്ച തീരുമാനത്തോടെ പ്രതിനിധികൾ പുറത്തിറങ്ങി. കാതോലിക്കാ കക്ഷി ശിരസ്സുപോയ ഉടലാണെന്നും അവരുമായി വേഴ്ച പാടില്ലെന്നും കല്പനയും പുറത്തിറക്കി. അവസാനംവരെ സഹിച്ചുനിൽക്കുന്നവർ രക്ഷിക്കപ്പെടും. വേദവാക്യത്തിൽ ആശ്വാസം കണ്ടെത്തി.

സമാധാനം വരുന്നു: അപ്പോൾ അതാ വരുന്നു പത്രവാർത്ത. സഭയിൽ സമാധാനം. പരസ്പര സ്വീകരണം. പാത്രിയർക്കീസ്, പാത്രിയർക്കീസായും കാതോലിക്കാ കാതോലിക്കാ മാത്രമായിട്ടല്ല, മലങ്കര മെത്രാപ്പോലീത്തായായിട്ടും – അവരവർ അലങ്കരിച്ചിരുന്ന അതേ സ്ഥാന ബഹുമാനാദികളോടെ മലങ്കരസഭയുടെ ഭരണഘടനയ്ക്കു വിധേയമായി, പരസ്പരം സ്വീകരിക്കുവാൻ പ്രസാദിച്ചിരിക്കുന്നു.

കാതോലിക്കായുടെ പട്ടത്വത്തിൽ ന്യൂനതയില്ലെന്നോ? വാർത്തകൾ വിശ്വസിക്കുവാൻ മടിച്ചവർ നേതൃത്വവുമായി ബന്ധം പുലർത്തി. സ്ഥിരീകരണം വന്നു. ഇനി നമ്മൾ ഒന്നാണ്.

സമാധാനം – ഒരു തരം കൈയ്ക്കുന്ന മധുരം. തുപ്പണോ? ഇറക്കണോ? നേതാക്കന്മാർ ഇറക്കുന്നു. അനുയായികൾ എങ്ങനെ തുപ്പും? ആവശ്യമില്ലെങ്കിലും അതു പിന്നെയും തേട്ടിവരുന്നു. അപ്പോൾ പട്ടത്വമോ?

ഒരാൾ ആശ്വസിപ്പിച്ചു. സഹോദരന്മാർ തമ്മിൽ വഴക്കിടുമ്പോൾ ഒരാൾ മറ്റെയാളെ കള്ളായെന്നും കാലായെന്നുമൊക്കെ വിളിക്കും. തിരിച്ച്

അങ്ങോട്ടു മറ്റവനെ തല്ലുമെന്നും കൊല്ലുമെന്നുമൊക്കെ പറയും. വഴക്കു തീരുമ്പോൾ അവർ ഒരുമിച്ചിരുന്നു ഉണ്ണും, ഒപ്പം നടക്കും.

ശരിയല്ലേ? നേരത്തെ അവരുടെ പങ്കു ചേർന്നു പറഞ്ഞവർ വിഡ്ഢികളുമാകും.

കോട്ടയം പഴയസെമിനാരി ചാപ്പലിലെ മദ്ബഹായിൽ കത്തിജ്വലിക്കുന്ന മെഴുകുതിരിയുടെ പ്രകാശത്തിൽ പ. പാത്രിയർക്കീസുബാവായുടെ പ്രതിനിധി ഏലിയാസ് മാർ യൂലിയോസും പ. കാതോലിക്കാബാവായും തമ്മിൽ സ്വീകരണ പ്രമാണം കൈമാറി ചരിത്രം കുറിച്ച സുദിനം.

സമാധാനം വന്നതു നന്നായി. പക്ഷെ, അതെങ്ങനെ വന്നു? ഇപ്പോൾ ആരെന്തു പറഞ്ഞാലും അന്ന് പ. പാത്രിയർക്കീസുബാവാ അര മനസ്സു വച്ചിരുന്നില്ലെങ്കിൽ പരസ്പര സ്വീകരണം ഈ രീതിയിൽ നടക്കുമായിരുന്നോയെന്നു സംശയിക്കണം. അതുകൊണ്ട് അതറിയുവാൻ ആളുകൾ കുത്തിക്കുത്തി ഓരോന്നു ചോദിച്ചു. 'അപ്പം തിന്നാൽ പോരെ കുഴിയെണ്ണണോ'യെന്നു മറുചോദ്യം ചോദിച്ചു ചെറുപ്പക്കാരെ പറഞ്ഞയച്ചു. അതു ശരിയുമായിരുന്നു. 'സന്മനസ്സ്' കാണിച്ചതായി ആളുകളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. ആര് എന്നുള്ളതിന് ഉത്തരം ആവശ്യക്കാരന്റെ സൗകര്യംപോലെ കണ്ടുപിടിച്ചുകൊള്ളട്ടെ.

പാത്രിയർക്കീസ് പക്ഷത്തെ നേതൃത്വം ഏറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുറേശ്ശെ ആ കാര്യം പുറത്തുവിട്ടു. തിരുമേനിമാരെല്ലാം സമാധാനമാകേണ്ടത് അത്യാവശ്യമാണെന്നു പാത്രിയർക്കീസ് ബാവായ്ക്കെഴുതി. വ്യവസ്ഥകൾ വച്ചു കുഴപ്പിക്കരുതെന്നു സൂചനയും കൊടുത്തു. മറ്റൊന്നും പറയരുതെന്നും അപേക്ഷാരൂപത്തിലാണെങ്കിലും തീർത്തങ്ങു പറഞ്ഞു. അങ്ങനെ വള്ളം മുങ്ങാറായപ്പോൾ 'സന്മനസ്സും' വന്നെത്തി. കേസിന്റെ അന്ത്യവിധി വന്നപ്പോൾ കാതോലിക്കാബാവാ പുറപ്പെടുവിച്ച കല്പനയിൽ തോറ്റവരെ തന്നിലേക്കു സ്വാഗതം ചെയ്യുന്ന സുഗന്ധം പൂശിയിരുന്നു, നോക്കൂ.

'നമ്മുടെ എല്ലാ പള്ളികളിലും ഈ മാസം (സെപ്തംബർ) 15-ാം തീയതി തിങ്കളാഴ്ച സ്തോത്രബലി അർപ്പിക്കണം. സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം പള്ളിയിൽകൂടി ദൈവത്തെ മഹത്വപ്പെടുത്തുകയും വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്യണം. ബാഹ്യമായ യാതൊരു ആഹ്ലാദവും നടത്തി നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരു വിധത്തിലും ക്ഷതപ്പെടുത്തരുത്. മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിഞ്ഞുകൂടുന്നതാണ് നമുക്കു ബലവും നേട്ടവും.'

ഈ സൗഹൃദം സമാധാനാലോചനയ്ക്കു പ്രോത്സാഹനമേകി. ആലോചന തുടങ്ങി അധികമാളുകൾ അതിൽ തലയിടാഞ്ഞതുകൊണ്ടു പതിവിന് എതിരായി അതു പുരോഗമിച്ചു. വിധിയിൽ പറഞ്ഞിരിക്കുന്ന ഭീമമായ കോടതിച്ചെലവും ചർച്ചാവിഷയമായി. ക്രിസ്തീയ ഔദാര്യം നിറഞ്ഞ വാക്കുകൾ വന്നെത്തി. യോജിച്ചു കഴിഞ്ഞാൽ സഭ ഒന്നാണ്, അതിൽ നിങ്ങളും ഞങ്ങളുമില്ല, നമ്മൾ മാത്രം. നിങ്ങൾ ഞങ്ങൾക്കു തരുന്നു. ഞങ്ങൾക്കുള്ളതു നിങ്ങളുടെതും - ആര് ആർക്കു കൊടുക്കുവാനാണ്? എന്തിനു വിഷമിക്കണം.

സഹോദരന്മാർ വല്ലപ്പോഴുമെങ്കിലും ഇങ്ങനെ ചിന്തിക്കുന്നത് എത്രയോ സ്വർഗീയമാണ്.


ആഹ്ലാദത്തിന്റെ ഓളംതള്ളൽ: പിണങ്ങിപ്പിരിഞ്ഞവർ ഇണങ്ങിച്ചേരുമ്പോൾ കാണിക്കുന്ന സ്നേഹപ്രകടനങ്ങൾക്കു വല്ല അറുതിയുമുണ്ടോ? കത്തിക്കുത്തും കാപ്പിവടികൊണ്ട് അടിയും വരെ നടന്ന സ്ഥലങ്ങളിൽ അവയുടെ പങ്കാളികളും എതിരാളികളും തമ്മിൽ ആലിംഗനവും വന്ദനവും. പിറവംപുഴയും മൂവാറ്റുപുഴയും അതു കണ്ടു തരിച്ചു നിന്നു കാണും. മല്ലപ്പള്ളി തിരുമേനിയെ പാട്ടകൊട്ടി ഇറക്കിവിട്ട കടമറ്റം, കല്ലാശ്ശേരി ബാവായെ വാദ്യമേളങ്ങളോടെ സ്വീകരിച്ചു കയറ്റുന്നു. 25 വർഷം മുമ്പ് പ്രളയിക്കാട് ഒരു യോഗത്തിന് അതിലൂടെ കടന്നുപോയപ്പോൾ കറുത്ത കൊടി നിരത്തി അപമാനിച്ച കുറുപ്പംപടി, വെള്ള വിരിച്ചു സ്വീകരിക്കുന്നു. സ്വന്തം മാതാപിതാക്കളുടെ കുഴിമാടത്തിൽ പ്രാർത്ഥിക്കുവാൻ വന്ന മൂക്കഞ്ചേരിൽ തിരുമേനിയെ മേലിൽ ശവക്കോട്ടയിൽപോലും കടന്നുപോകരുതെന്നു ശാസിച്ചയച്ച സ്വന്തം ഇടവകയായ തൃപ്പൂണിത്തുറ നടമേൽ പള്ളി അദ്ദേഹത്തെ മദ്ബഹായിൽ സിംഹാസനത്തിൽ ഇരുത്തി ആദരിക്കുന്നു. ആഹ്ലാദത്തിന്റെ ഓളംതള്ളൽ! ആലുവായിലെ മാർ ഗ്രീഗോറിയോസ് ദേവലോകത്തു വി. കുർബ്ബാന അർപ്പിക്കുന്നു. പിറമാടത്തെ പീലക്സിനോസ് കോട്ടയത്തെ ഏലിയാ കത്തീഡ്രൽ പെരുന്നാളിലെ പ്രധാന കാർമികത്വം വഹിക്കുന്നു.

വീണ്ടും ഭരണമേൽക്കുന്നു: സുപ്രീംകോടതിയുടെ വിധിയുടെ വെളിച്ചത്തിൽ, പാത്രിയർക്കീസ് പക്ഷത്തെ ഭരണകർത്താക്കളായിരുന്ന ഇടവക മെത്രാപ്പോലീത്താമാർ ആ സ്ഥാനത്തിന് അർഹരല്ലെന്നും അവരുടെ തെരഞ്ഞെടുപ്പിനു നിയമപ്രാബല്യമില്ലെന്നും വന്നു കൂടി. അതുകൊണ്ട് ആ പക്ഷത്തുണ്ടായിരുന്ന മെത്രാന്മാരൊക്കെയും മലങ്കര മെത്രാപ്പോലീത്തായും കൂടിയായ കാതോലിക്കായ്ക്ക് ഉടമ്പടി എഴുതി കൊടുത്തു വീണ്ടും ഭരണാധികാരം പ്രാപിക്കുകയാണുണ്ടായത്.

വടക്കൻ ഭദ്രാസനങ്ങളും ഭരണഘടനയും: സഭാഭരണഘടനയുടെ

അടിസ്ഥാനത്തിലാണ് കാതോലിക്കാവിഭാഗം പാത്രിയർക്കീസ് പക്ഷത്തെ സ്വീകരിച്ചത്. അതുകൊണ്ട് പിന്നീടുള്ള ഭരണസംവിധാനത്തിൽ അത്രയും പ്രധാനപ്പെട്ട മറ്റൊരു മാർഗരേഖയുണ്ടെന്നു തോന്നുന്നില്ല. പരസ്പര സ്വീകരണം കഴിഞ്ഞശേഷം ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പള്ളിക്കാര്യങ്ങൾ അതനുസരിച്ചു നടത്തിക്കൊള്ളണമെന്നും നിർദ്ദേശിച്ചുകൊണ്ടു വടക്കൻ ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ തങ്ങളുടെ കീഴിലുള്ള പള്ളികൾക്കു കല്പന അയയ്ക്കുകയുണ്ടായി.

സഭാകവി സി. പി. ചാണ്ടി



മലങ്കരസഭയുടെ അതിവിശുദ്ധ ആരാധനാ സാഹിത്യത്തെ ഭക്തിനിർഭരമായ കാവ്യാത്മകത്വം കൊണ്ടും ഹൃദയ ദ്രവീകരണശക്തികൊണ്ടും സമ്പുഷ്ടമാക്കുകയും വിശ്വാസികളുടെയെല്ലാം അകതാരിലും, രസനാഗ്രത്തിലും സൂക്ഷിച്ചുവയ്ക്കുകയും ചെയ്ത സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയെ 'മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരമെന്ന്' വിശേഷിപ്പിച്ചതു തികച്ചും അന്വർത്ഥമാണെന്ന് ആരും സമ്മതിക്കും. വി. കുർബാനക്രമത്തിലെ പ്രഭാത പ്രാർത്ഥനകളിലും തുടർന്നും കാണുന്ന സി. പി. ചാണ്ടിയുടെ അർത്ഥനിർഭരമായ വരികളിൽ സർവ്വേശ്വരന്റെ മഹത്വം ഒളിഞ്ഞിരിക്കുന്നതിന്റെ കാരണം അനുഗൃഹീതനായ ചാണ്ടിയുടെ കവികർമ്മകുശലതയും അതുല്യ സഭാവിശ്വാസതീക്ഷ്ണതയും നിറഞ്ഞ ദൈവകൃപയാണ്.

എന്നാൽ എല്ലാ ആഴ്ചവട്ടങ്ങളുടെയും ഒന്നാം നാളുകളിൽ വിശ്വാസികളുടെ വിമലാധരയുഗങ്ങളിൽ നിന്നു ഉയരുന്നതും അദ്ദേഹം രചിച്ചതുമായ ആത്മീയ ഗാനവീചികൾ അംബരത്തോളമുയർന്ന് സ്വർഗ്ഗത്തിന്റെ കനകസോപാനകവാടത്തിൽ എത്തി അനുരണനം സൃഷ്ടിക്കുന്ന വസ്തുത പാടുന്നവരിൽ പലരും ഓർക്കാറില്ല. ദൈവത്തോടുകൂടി നടന്ന - ദൈവം നടത്തിയ - ഒരു ഭക്തകവിക്കു മാത്രമേ മനുഷ്യാത്മാക്കളെ ഇമ്പങ്ങളുടെ പറുദീസായിലേക്കും സ്വർഗ്ഗോന്നതങ്ങളിലേക്കും കുറച്ചു നേരത്തേക്കെങ്കിലും പിടിച്ച് ഉയർത്താനാവുകയുള്ളു. എന്നിട്ടും സഭയും

സഭാംഗങ്ങളും സി. പി. ചാണ്ടിയുടെ സ്വർഗ്ഗീയ സുന്ദര രചനകളെപ്പറ്റിയും സുറിയാനിയിൽ നിന്നുള്ള അർത്ഥം ചോരാത്ത അനുപമ പരിഭാഷകളെപ്പറ്റിയും വേണ്ടവിധത്തിൽ അറിയുകയോ അദ്ദേഹത്തിനു കാതോലിക്കേറ്റ് അവാർഡ് നൽകി ആദരിക്കുകയോ ചെയ്തില്ലെന്നോർക്കുമ്പോൾ സഭാസ്നേഹികളുടെ കണ്ണുകൾ ഈറനണിയും.

വലിയ ഭക്തനായിരുന്ന വെണ്ണിക്കുളം ചക്കാലക്കുന്നേൽ പീലിപ്പോസ് ഉപദേശിയുടെയും നിരണം മട്ടയ്ക്കൽ പത്രോസ് കത്തനാരുടെ പുത്രി അക്കാമ്മയുടെയും പുത്രനായി 1916-ൽ ഭൂജാതം ചെയ്ത സി. പി. ചാണ്ടിക്ക് മലയാളം, ഇംഗ്ലീഷ് സുറിയാനി, സംസ്കൃതം എന്നീ ഭാഷകളിൽ നല്ല പിടിപാടുണ്ടായിരുന്നു. പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമനും പ. മാത്യൂസ് പ്രഥമനും കോനാട്ട് ഏബ്രഹാം മല്പാനും പ. ഔഗേൻ ബാവായും സി. പി. ചാണ്ടിയുടെ കഴിവുകൾ മനസ്സിലാക്കി സമ്പന്നമെങ്കിലും മൃതഭാഷയായ സുറിയാനിയിൽ നിന്നു ആരാധനാ സാഹിത്യത്തെ മോചിപ്പിച്ച് മലയാളത്തിലാക്കാൻ പ്രേരിപ്പിച്ചു.

സ്ലീബാദാസൻ, വൈദികസെമിനാരി അദ്ധ്യാപകൻ, കാതോലിക്കേറ്റ് ഹൈസ്ക്കൂളിലെ മലയാള ഭാഷാധ്യാപകൻ, ബാലസമാജ പ്രവർത്തകൻ തുടങ്ങിയ നിലകളിൽ ജീവിതം നയിച്ച ചാണ്ടിക്കു പള്ളിയും പള്ളിക്കൂടവും പിള്ളേരുമായിരുന്നു ഇഷ്ടപ്പെട്ട ത്രിമൂർത്തികൾ. പത്തനംതിട്ട ബേസിൽ ദയറായിലെ ആരാധനപ്രധാനമായ ജീവിതം പുഷ്പിക്കുകയും സഭയിലെങ്ങും സുഗന്ധം പരത്തുകയും ചെയ്തു.

പുണ്യസ്മരണാർഹനായിരുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവായെപ്പറ്റി ആയിരം പേജുള്ള പുസ്തകം രചിക്കുന്നതിനെക്കാൾ അർത്ഥനിർഭരമാണ് സി. പി. ചാണ്ടിയുടെ ഭാവനാസമ്പന്നവിശേഷണമായ "കർമ്മേൽ മലപോലുന്നതനേ, ഹെർമ്മോനിൻ പനിനിർമ്മലനെ" എന്ന പ്രയോഗം. സുലളിതപദവിന്യാസ ധന്യനായിരുന്ന സി. പി. ചാണ്ടി യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെപ്പറ്റി രചിച്ച താഴെപ്പറയുന്ന ഭാഗം എത്രയോ ചിന്തോദ്ദീപകമാണ്. ഭാഷയും ദൈവശാസ്ത്രവും പ്രാസവും എല്ലാം ഇവിടെ ത്രിവേണിസംഗമം പോലെ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

"നിർമ്മലമാമുദരേ നിർമ്മലമായ് വന്നു വസിച്ചൊരു നിർമ്മലനാം
ആത്മജനെ പ്രേഷിപ്പിച്ചവനാം നിർമ്മലതാതൻ സംസ്തുത്യൻ."

ചാണ്ടി രചിച്ച ഇരുപതിൽപരം പുസ്തകങ്ങളും സഭ ഏറ്റെടുത്ത് പുനപ്രസിദ്ധീകരണം നടത്തുന്നപക്ഷം സഭാകവിയോടുള്ള കടപ്പാട് നമുക്ക് ഒരളവുവരെ നിറവേറ്റാനാവും എന്നു തോന്നുന്നു. സഭാകവിയെ ഞങ്ങളുടെ സഭയ്ക്കു സംഭാവന ചെയ്ത "പരമോന്നതമാം പദമതിലമരും

പരനാം ദേവാ" ഞങ്ങൾ അങ്ങയെ എന്നും സ്തുതിക്കും. സി. പി. ചാണ്ടി യുടെ മധുരമനോഹരവും അർത്ഥനിർഭരവുമായ ഹൂത്തോമ്മാ (സമാ പന പ്രാർത്ഥനാ ഗീതം) എല്ലാവരും ഹൃദിസ്ഥമാക്കാൻ അതു ചുവടെ ചേർക്കുന്നതിൽ ഒരാത്മ സംതൃപ്തിയുണ്ട്. പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലങ്കണത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ധന്യസ്മരണാർഹനായ സഭാകവിയുടെ ആത്മാവ് മലങ്കരസഭയുള്ളിടത്തോളം കാലം സ്പന്ദി ച്ചുകൊണ്ടിരിക്കും. അല്ലയോ സഭാകവി..

"നീ മറഞ്ഞാലും നിലയ്ക്കില്ല നിൻ സ്വർഗ്ഗീയ കിന്നര നാദ ബ്രഹ്മം."

(സഭാകവി സി. പി. ചാണ്ടിയെപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹി ക്കുന്നവർ കെ. വി. മാമ്മനും ജോയ്സ് തോട്ടയ്ക്കാടും ചേർന്ന് രചിച്ച "സഭാകവി സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരം" എന്ന പുസ്തകം വായിക്കുക. പ്രസാധകർ: എം.ജി.ഒ.സി.എസ്.എം. ബുക്ക് ഡിപ്പോ, സി.എം.എസ്. കോളജ് ജംഗ്ഷൻ, പി.ബി. 610, കോട്ടയം)

ഹൂത്തോമ്മാ

സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടി സുറിയാനിയിൽ നിന്നു തർജ്ജമ ചെയ്തതും 1947-ൽ വൈദികസെമിനാരി പ്രൊഫസർ വട്ടക്കു ന്നേൽ വി. കെ. മാത്യു കശ്ശീശാ പ്രസിദ്ധപ്പെടുത്തിയതുമായ ഹൂത്തോമ്മാ ഗാനങ്ങളാണ് ചുവടെ ചേർക്കുന്നത്. വി. കുർബാനയുടെ അന്ത്യത്തിൽ ഹൂത്തോമ്മായുടെ ഈ വിവർത്തനം ഉപയോഗിച്ചുകൊള്ളാൻ പ. ഗീവ റുഗീസ് രണ്ടാമൻ ബാവാ 3-1-1123-ലെ കല്പനപ്രകാരം അനുവദിച്ചു.

ഔഗേൻ മാർ തീമോത്തിയോസ്

ഈ വിവർത്തനം സുറിയാനി പണ്ഡിതാഗ്രേസരനായ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി പരിശോധിച്ചു. സുറിയാനി മൂലത്തിന്റെ ആശയത്തിന് ഒട്ടും ഭംഗമില്ലാതെ സുഖമായി പാടത്തക്കവണ്ണം ഇതിന്റെ രചയിതാവായ വെണ്ണിക്കുളം സി. പി. ചാണ്ടി ഇതിനെ ഭംഗിയാക്കിയെന്നു തിരുമേനി 16-11-1122-ൽ കോട്ടയം വൈദികസെമിനാരിയിൽ നിന്നു പുറ പ്പെടുവിച്ച കല്പനയിൽ പറഞ്ഞിട്ടുണ്ട്.

ഹൂത്തോമ്മോ

പരിഭാഷകൻ: വെണ്ണിക്കുളം സി. പി. ചാണ്ടി

പ്രസാധകൻ: സിറിയൻ തിയോളജിക്കൽ സെമിനാരി പ്രഫസർ
വട്ടക്കുന്നേൽ വി. കെ മാത്യു കശ്ശീശാ ബി.എ., ബി.ഡി.

1947

കല്പന നമ്പർ 1.

The Orthodox Syrian Church Of the East

ശ്ലീഹായിയ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ്സ് കാതോലിക്കാ

(മുദ്ര)

വിശുദ്ധ കുർബ്ബാനയുടെ അവസാനത്തിൽ ചൊല്ലിവരുന്ന ഹൂത്തോമ്മായുടെ ഈ വിവർത്തനം ഉപയോഗിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നു.

സുറിയാനി സെമിനാരി,
കോട്ടയം.
3–1–1123 (ഒപ്പ്)

വിശുദ്ധ കുർബ്ബാനയുടെ അന്ത്യത്തിൽ ഉപയോഗിക്കുന്ന ഹൂത്തോമ്മാ ഗാനത്തിന്റെ ഈ മലയാള വിവർത്തനം നാം പരിശോധിച്ചു. സുറിയാനി മൂലത്തിന്റെ ആശയത്തിന് ഒട്ടും ഭംഗമില്ലാതെ സുഖമായി പാടത്തക്ക വണ്ണം ഇതിന്റെ രചയിതാവായ വെണ്ണിക്കുളം സി. പി. ചാണ്ടി ഇതിനെ ഭംഗിയായിച്ചെയ്തിട്ടുണ്ട്.

വൈദികസെമിനാരി,
കോട്ടയം
16–11–1122 മാർ തീമോത്തിയോസ് (ഒപ്പ്)

മാർ യാക്കോബിന്റെ രാഗം

I

സ്ലീബാപ്പെരുനാൾ

1. പരമോന്നതമാം പദമതിലമരും പരനാം ദേവാ!
കൃപനിറയും നിൻ തിരുനയനത്താൽ സൂക്ഷിക്കണമേ;
ചേർത്തീടണമേ ഞങ്ങളെ ദിവ്യ സ്ലീബാത്തണലിൽ,
താവക കൃപയിപ്പൂജകനിവഹേ വർഷിക്കണമേ.

സ്തോത്രം

2. സ്തോത്രം സർവ്വം വായ്കളശേഷം നൽകും, ഞങ്ങൾ
നിൻ താതന്നും വിമലാത്മന്നും സ്തുതിപാടീടും;
എൻ കർത്താവേ! നിന്തിരുഗാത്രം ഭക്ഷിച്ചോരാ-
മിപ്പാപികൾ തൻ ദുഷ്കൃതമഖിലം മോചിക്കണമേ.

അനുതാപം - മരിച്ചവർ

3. കഴുകീടണമേ കറകളെയെല്ലാം തിരുസോപ്പായാൽ;
ഓർത്തീടരുതേ കർത്താവേ! നീ ഞങ്ങടെ പിഴകൾ;
ശോകം നിറയും ലോകനിവാസം വിട്ടുപിരിഞ്ഞോ-
ർക്കേകുക മോദം ശോഭനമാകും ശാശ്വത ഗേഹേ.

കൂദശ് ഈത്തോ - ഹൂദോസ് ഈത്തോ - പട്ടംകൊട

4. സഭയുടെ ഭിത്തിയെ ബലവത്താക്കുക ശിലമേൽ നിർത്തി;
നായകരായോരിടയന്മാരെക്കാക്കുക ശക്ത്യാ;
ആചാര്യന്മാർ ശെമ്മാശ്ശന്മാർ യൗപ്പദുയകിനർ
കോറൂയന്മാരെന്നിവരേ നീ ശോഭിപ്പിക്ക.

സാധാരണം

5. താങ്ങുക വൃദ്ധരെ, നിർമ്മലരാക്കുക പുരുഷന്മാരെ,
ശക്തിയുവാക്കൾക്കേകീടണമേ വീര്യം നൽകി;
സൗമ്യതയുള്ളോരാക്കിത്തീർക്കുക നാരികളേ നീ,
ശിശുബാലകരെപ്പോഷണമേകിപ്പാലിക്കണമേ.

രോഗികൾ-അഗതികൾ

6. രോഗാർത്തന്മാർക്കേകുക സൗഖ്യം, ക്ഷീണന്മാർക്കായ്
ക്ഷേമം നൽകിബ്ബലമറ്റവരെത്താങ്ങീടണമേ;
ക്ഷുത്തുള്ളോരിൽ തൃപ്തി വരുത്തുക, തിരുസമ്പത്താൽ
ദീനന്മാർക്കും ഗതിയറ്റോർക്കും ശ്രീയരുളണമേ.

യുദ്ധം-ക്ഷാമം-സാംക്രമികരോഗം-വിപ്ലവം

7. ജീവപ്രദമാം തിരുനാമത്തേയോർക്കുന്നതിനാൽ
ഇവിടെയുമെങ്ങും നിന്നുടെ കോപം നീക്കീടേണമേ;
അടിമയുമടരും പശിയും മൃതിയും മായിച്ചിവിടം
മതിലെന്നോണം വലയം ചെയ്യുക താവകശാന്ത്യാ.

ശുദ്ധിമാന്മാർ-ശുദ്ധിമതികൾ മുതലായവർ (8-16)

8. നിർമ്മലമാതാ കന്യകമറിയം, നിന്നവതാരം
മന്നിതിലെങ്ങും മുന്നറിയിച്ചൊരു നിബിയന്മാരും,
നീതിയതാം രവി തന്നുടെ നികടേ മദ്ധ്യാഹ്നത്തിൽ
മിന്നും താരകയോഹന്നാനും പ്രാർത്ഥിക്കുന്നു.

9. “മോറോനീശോ! യിപ്പിഴയോർക്ക”ല്ലിങ്ങനെ തന്മേൽ
കല്ലെറിവോർക്കായ് പ്രാർത്ഥിച്ചോനാം സ്തേപ്പാനോസ്സും,

പന്തീരറുവർ, പന്തിരുശിഷ്യർ, മൂന്നൊരുനൂറും
പത്തോടെട്ടും താതന്മാരും പ്രാർത്ഥിക്കുന്നു.

10. വ്യഥയേറ്റോരാം നീതിപ്രിയരൊത്താചാര്യന്മാർ,
സഹദേന്മാരും മർദ്ദനമേറ്റോർ മൗദ്യാനന്മാർ,
സത്യനിദേശം സഭയിൽ പോറ്റിപ്പാഷണ്ഡതയേ
മായിച്ചോരാം മല്പാന്മാരും പ്രാർത്ഥിക്കുന്നു.

11. നോമ്പാലീറേർക്കതിശയമേറ്റിയൊരിഗ്നാത്തീയോസ്,
പരനേസ്സുകൃതാൽ പ്രീണിപ്പിച്ചോൻ ദീയസ്ക്കോറോസ്,
മുഴുപകൽ മുന്തിരിവിളയെ നനച്ചു കിളച്ചിഹകളയേ
നീക്കിയ ബാസ്സേൽ, ഗ്രീഗോറിയോസ്, പ്രാർത്ഥിക്കുന്നു.

12. സംഗീതത്താൽ സഭയെയുയർത്തിയ സേവേറീയോസ്,
പരിഭാഷകളാലുണർവുണ്ടാക്കിയൊരീവാനിയോസ്,
മെമ്രാപാടിയ മാറപ്രേമും മാർയാക്കൂബും
വ്രതതല്പരനാം ബർസൗമായും പ്രാർത്ഥിക്കുന്നു.

13. നീരിനെ മുന്തിരിരസമായ് മാറ്റിയ യൂഹാനോനും
നിജധൂപത്താൽ മൃതിയെ വിലക്കിയൊരാഹൂദീമും
ഗുഹകളിൽ മേവിയമത്തായ് സക്കായ് തൽസ്നേഹിതരാം
അബറാഹാമും ദാനീയേലും പ്രാർത്ഥിക്കുന്നു.

14. മഹിയെ വെറുത്തോൻ മാർബഹനാമും സോദരിസാറാ,
മകുടം മോറാൻ നല്കിയ നാല്പതു സഹദേന്മാരും,
ആഴിയിലേ ഹിമമേറ്റൊരു സഹദേർ, സർഗ്ഗിസുബാക്കോസ്,
ശ്മൂനിസുതന്മാരെലയാസാറും പ്രാർത്ഥിക്കുന്നു.

15. ദുർവ്വഹപീഡയെ ലഘുവായ് കരുതിയ മാർ ഗീവറുഗീസ്,
പാഷാണ്ഡതയെ ദ്വേഷിച്ചവനാം തേവോദോറോസ്,
സാത്താനെത്തൻ പോരാട്ടത്താൽ പാറിച്ചോനാം
കുറിയാക്കോസ്സും യൂലീത്തീയും പ്രാർത്ഥിക്കുന്നു.

16. ജനകരിൽ നിന്നും മൃതിസംതൃപ്ത്യാഭരമേറ്റോരായ്
പ്രതിമതകർത്തോർ ശില്പിതനൂജൻ സോദരിശൂശാൻ,
ശാശ്വതലോകേ വാസം ചെയ്വാൻ മൃതിയേറ്റിടുമെ-
ന്നോതിയ സൈനോ, സോദരിസാറാ, പ്രാർത്ഥിക്കുന്നു.

സാധാരണം

17. സുപ്രിയമൊടു നിൻകല്പനകാത്തോരേവരുടേയും,
ജനതതിയിതിനെ ബ്ഭരണം ചെയ്യും താതന്റേയും,
സഹജരുടേയും റബികളുടേയും പ്രാർത്ഥനയാലേ-
യാദ്രതതോന്നികൃപചെയ്യണമേ തുണചെയ്യണമേ.

മാർ യാക്കോബിന്റെ രാഗം

II

സാധാരണം

18. എൻദേവേശാ! എൻദേവേശാ! നീയൊരുവൻ താൻ
മരണവിഹീനൻ സ്ഫടികരഥസ്ഥാ! പരമോന്നതനേ!
യോബുസുഗിരിമേൽ ദാവീദരചൻ തൻ യാഗംപോൽ
കൈയ്ക്കൊള്ളണമേ യേശുക്രിസ്താമിക്കുറുബാന.

പെസഹാ-ദുഃഖശനിയാഴ്ച-ക്യംതാ

19. ഉയിരുള്ളോർക്കും മൃതരായോർക്കും ഗതിയാകുന്നോൻ
മാളികതന്നിൽ ശിഷ്യസമേതം പെസഹഭുജിച്ചു;
കുരിശിന്മീതെ തീത്തൂസിന്നായ് താക്കോലേകി;
മൃതരുടെ മദ്ധ്യേ മൂന്നുദിനം വാണതിഥിയ്ക്കൊപ്പം.

പെസഹാ

20. മർക്കോസ്സിന്റെ ഗൃഹമതിലെല്ലാപ്പഴമകളേയും
നിറവേറ്റിത്താൻ മൃഗബലിയേയാരാത്രിയിൽ നീക്കി;
നൂതനനിയമം നിഖിലവുമെഴുതിത്തന്നിലയത്തിൽ
കൈതവമേറും പാഷാണ്ഡതയെപ്പാടെപോക്കി.

ജനനപ്പെരുനാൾ

21. മശിഹാമന്നൻ ജാതം ചെയ്തൊരു ഗുഹതൻദ്വാരേ,
മൃതിമശിഹായിൽ പ്രാപിച്ചോരെപ്രതിപൊതുവായി,
പൊടിയൊടുസമനും നിന്ദിതമണ്ണും ഹീനനുമാം ഞാൻ
പരിമളമിയലും പ്രശമനബലിയേയർപ്പിച്ചല്ലൊ.

ഊശാന-ഹേവോറേ-മറുരൂപം

22. ശിഷ്യസമേതം ക്ഷീണിതനെപ്പോൽ സംശയഹീനം
സ്നേഹാകുലനായ് നിർമ്മലമധുവും മീനുമശിച്ചാൻ;
ഊശാനദിനേസീയോൻ തെരുവിൽ കഴുതയിലേറി;
താബോർമലമേൽ തട്ടിനുതുല്യം ശിബിരമുയർത്തി.

മാർ അപ്രേമിന്റെ രാഗം

(1)

സാധാരണം (1-8)

1. കരളലിവേറീടും താതാ!-നിരുപമകരുണാസാഗരമേ!
ദിനമിതിലങ്ങേയ്ക്കർപ്പിച്ചോ-രിത്തിരുബലിയെക്കൈക്കൊൾക.

2. പരിപീഡാനിഹതൻഹാബേൽ-നൗകയിൽ നീതിപരൻ നോഹ
കർമ്മേൽ മലമേലേലീയാ-യെന്നിവർ തൻ സ്വീകൃത ബലിപോൽ.

3. സുതതനുരക്തരഹസ്യമതാ-മപ്പം വീഞ്ഞിവയർപ്പിച്ച
പൗരോഹിത്യപദസ്ഥിതനാം-മല്ക്കിസദേക്കിൻ ബലിപോലെ.

4. ഭാഗ്യ മഹാനിധിയബറാഹാം-വാഗ്ദത്താത്മജനിസഹാക്ക്
ധന്യശിരോമണി യാക്കോബെ-ന്നിവരർപ്പിച്ചൊരു ബലിപോലെ.

5. യബുസായന്റെ കളത്തറയിൽ-കർത്താവേ! തിരുഹിതമാർന്ന
ക്ഷിതിപാലകനിബി ദാവീദിൻ-പരിപാവനമാം ബലിപോലെ.

6. നിർദ്ധനയാമാവിധവയുടെ-ചില്ലിക്കാശിനു തുല്യമതായ്
നിന്തിരുസഭയുടെ സുതരതിൽനി-ന്നിത്തിരുബലിയെകൈയ്ക്കൊൾക.

7. വൈദിക താതരുമതിധന്യ-ശ്ലീഹരുമർപ്പിച്ചതുപോലെ
അഗതികളടിയാരർപ്പിച്ച-ബലികാഴ്ചകളിൽ തെളിയണമേ.

8. തൽ കാഴ്ചകളിൽ പ്രീതിയൊടേ-മോചിക്കുക കടഭാരങ്ങൾ
വേദനയാറ്റിസ്സുഖമേറ്റി-ക്കറകളെയെല്ലാം മായിയ്ക്ക.

നേർച്ചക്കുർബ്ബാന

9. നേർച്ചദശാംശം റീശീസാ-യെന്നിവയിൽ തിരുവുളമാക.
ആൺപെൺമക്കളെ സംരക്ഷി-ച്ചാർദ്രതതോന്നണമേ മൃതരിൽ.

ദൈവമാതാവ്

10. മഹിമാനായകനീശോയാം-സത്യപരൻതൻ മാതാവായ്
നിർമ്മലകന്യക ധന്യവതി-മറിയാമിൻ പ്രാർത്ഥനയാലേ

സ്ലീബാ

11. നീതീകരണം തന്നരുളി ദുഷ്ടൻ മൃതിയിവകളിൽ നിന്നും
രക്ഷിച്ചാദ്യപദംചേർത്ത-മശിഹാതൻ സ്ലീബായാലേ.

12. റൂഹാതൻ നിശ്വസനമെഴും-നിബിയന്മാർ ശ്ലീഹന്മാരും
ബലിയായൊരു സഹദേന്മാരും-നീതിപ്രിയരും പ്രാർത്ഥിപ്പൂ.

13. വിശ്വാസത്തിനു ബഹുമഹിമാ-വേകിയതാതർ വിശുദ്ധന്മാർ
പരിശുദ്ധാംഗനമാർ സത്യ-സുന്നഹദോസ്സുകളർത്ഥിപ്പൂ.

സാധാരണം

14. വൈദിക സജ്ജന സംഘമതാ-മീയുള്ളോരഖിലരിൽ നിന്നും
താതസുതാമലറൂഹായ്ക്കു-സ്തുതിയും പുകഴും കാദീശും.

15. വാഴ്ത്തുക ഞങ്ങളെ ദേവേശാ! കാത്തരുളുക നിർമ്മാതാവേ!
കർത്താവേ! തുണയായവനേ! കാണിക്കണമേ ജീവവഴി.

മാർ അപ്രേമിന്റെ രാഗം

(2)

ദൈവമാതാവ്

16. ശുദ്ധിശുചിത്വങ്ങളിലൊരുപോൽ-ശ്രീയും പക്വതയും നിറയും
വാഴ്‌വുകളേറിയ ഭാഗ്യവതി-മാതാവിൻ പ്രാർത്ഥനയാലേ.

സ്ലീബാ

17. ജീവസുതൻ ക്രൂശിതനായി-ശ്ശോണിതവും ജലവും വാർത്തു-
ലോകത്തേ മോചിപ്പിച്ച-സ്ലീബാ തൻ വീര്യത്താലെ.

സാധാരണം

18. അബറാഹാമോടിസഹാക്കും-യാക്കോബെന്നീത്താതന്മാർ
രാജ്യാത്മജ ധർമ്മിഷ്ഠന്മാ-രിവർതൻ സ്വീകൃത ബലിപോലെ.

ആദ്യവിളവ്

19. കർത്താവേ! കുറുബാനയിതും-നേർച്ചദശാംശങ്ങളുമേറ്റ്
വാഴ്ത്തുക വേലകളോടൊപ്പം-തോപ്പുകൾവിത്തുകളെന്നിവയെ.


20. വാഴ്ത്തുക ഞങ്ങളെ ദേവേശാ!-കാത്തരുളുക നിർമ്മാതാവേ!
കർത്താവേ! തുണയായവനേ!-കാണിക്കണമേ ജീവവഴി.

21. ഉൽകൃഷ്ടമതിദീനരുമാം-സ്ത്രീപുരുഷന്മാരേവർക്കും
സംഘത്തോടെ സമസ്ഥിതിയിൽ-കർത്തൃവരംസിദ്ധിക്കട്ടെ.

22. മാർ യൂഹാനോൻസ്നാപകനും-ശെമ്മാശ്ശൻ സ്തേപ്പാനോസ്സും
ഭാഗ്യമെഴും ബർസൗമായും-സച്ചരിതൻ സേവീറേയും.

23. അഗ്നിപ്രഭനിഗ്നാത്തേയോസ്-അന്തോണീയോസ് വിശ്രുതനാം
ഗ്രീഗോറീയോസ്സുന്നതനാം-ബാസ്സേലും പ്രാർത്ഥിക്കുന്നു.

ഫാ. ജോൺ തോമസ്




മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ പലരുണ്ടെങ്കിലും ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, അദ്ദേഹത്തിന്റെ കാലത്തെ ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് എന്നിവരെ ഇന്നത്തെ തലമുറയ്ക്ക് ഒട്ടും മറക്കാനാവില്ല. കോളജുകളിൽ പഠിച്ചുകൊണ്ടിരുന്ന യുവവിദ്യാർത്ഥിനീ വിദ്യാർത്ഥികൾ മെത്രാപ്പോലീത്തായോടും, സെക്രട്ടറിയോടും സുഹൃത്തുക്കളെപ്പോലെ പെരുമാറി വന്നിരുന്നു. യുവവിദ്യാർത്ഥികളെ കാണുമ്പോൾ ഒന്നു ചിരിച്ചും ചിലപ്പോൾ തലോടിയും സ്നേഹം പ്രകടിപ്പിച്ചു വന്ന മെത്രാപ്പോലീത്താ സൽപെരുമാറ്റം കൊണ്ട് അവരുടെ ഒരു ആരാധ്യപുരുഷനായിത്തീർന്നു എന്നു തറപ്പിച്ചു പറയാനാവും. തിരുമേനി അവരിൽ സഭയുടെ ഭാവി നേതാക്കളെയും തദ്വാരാ സഭയുടെ ഭാവിയേയും മുൻകണ്ടിരുന്നു. അതുകൊണ്ടാണ് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുപോയിട്ടുള്ള മിക്കവരും സഭയുടെ ചെറിയ അംബാസഡർമാരായി ലോകത്തിന്റെ വിവിധ കോണുകളിൽ പ്രശോഭിക്കുന്നത്.

ലക്ഷ്യബോധത്തോടും തലക്കനരാഹിത്യത്തോടും സമഭാവനയോടും പ്രസ്ഥാനാംഗങ്ങളോട് ഇടപെട്ടുവന്ന പുളിക്കീഴ് ആലുംമൂട്ടിൽ ഫാ. ജോൺ തോമസിനെ പ്രസ്ഥാനക്കാര്യത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് മാർ തെയോഫിലോസിനു ലോകമെങ്ങും സഞ്ചരിക്കുന്നതിനും ബോംബെ ഭദ്രാസനം കൂടുതൽ ശക്തമായി കെട്ടിപ്പടുക്കുന്നതിനും സാധിച്ചു. ഗൾഫിലെ ഒരു ബാങ്കിൽ ഉയർന്ന ശമ്പളം വാങ്ങി ജീവിതം ആരംഭിച്ച ഫാ. ജോൺ തോമസ് ദൈവവിളി മനസ്സിലാക്കി ജോലി രാജിവച്ച് അമേരിക്കയിൽ പോയി ദൈവശാസ്ത്ര പഠനം നടത്തുകയും തുടർന്ന് വൈദികനാകുകയും ചെയ്യുകയാണുണ്ടായത്. വിദ്യാർത്ഥി പ്രസ്ഥാനത്തെ ശരിയായ പാളത്തിലാക്കാനും സ്റ്റുഡന്റ് സെന്ററുകൾ ആരംഭിച്ച് സാമ്പത്തികമായി സ്വയംപര്യാപ്തതയിലേക്കു നയിക്കുവാനും ഫാ. ജോൺ തോമസിനു കഴിഞ്ഞു.

മെത്രാപ്പോലീത്തായുടെ കാലശേഷം മദ്രാസിലെ സെന്റ് തോമസ് കത്തീഡ്രൽ വികാരിയായും മറ്റും സേവനം ചെയ്യവേ അധികാരികളിൽ

നിന്നും ഉണ്ടായ ചില തിക്താനുഭവങ്ങളെ മുൻനിർത്തി ഫാ. ജോൺ തോമസും പത്നി കുഞ്ഞമ്മയും അമേരിക്കൻ ഭദ്രാസനത്തിൽ സേവനം ചെയ്യാനായി ന്യൂയോർക്കിലേക്കു പോകുകയും നല്ല സംഘടനാശേഷിയുള്ള അച്ചൻ താമസംവിനാ അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയുമാണുണ്ടായത്. വലിയ മനുഷ്യസ്നേഹിയായ അദ്ദേഹം നാട്ടിലുള്ള ഒട്ടധികം പാവപ്പെട്ടവരെ ആരും അറിയാതെ സഹായിച്ചു വരുന്നു. വിദ്യാർത്ഥിപ്രസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ സഭാകവി സി. പി. ചാണ്ടി, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് എന്നിവരുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തി. ഭദ്രാസന സെക്രട്ടറിയായിരുന്ന അദ്ദേഹം അധികം വൈകാതെ നാട്ടിൽ തിരിച്ചെത്തി മലങ്കരയിൽ തന്നെ സഭാസേവനം തുടരാനാഗ്രഹിക്കുന്നുവെന്നറിയുന്നു.

ഫാ. ജിനേഷ് വർക്കി



മലങ്കരസഭാ മിഷൻബോർഡിന്റെ കീഴിലുള്ളതും സംസ്ഥാനത്തെ ഏറ്റവും നല്ല അനാഥസംരക്ഷണകേന്ദ്രം എന്ന കർണ്ണാടക ഗവൺമെന്റിന്റെ ബഹുമതി ഇക്കൊല്ലവും ലഭിച്ചതുമായ തുംകൂറിലെ സെന്റ് ഗ്രീഗോറിയോസ് ദയാ ഭവന്റെ മാനേജരായി പ്രവർത്തിക്കുന്ന ഫാ. ജിനേഷ് കെ. വർക്കി ദീനജനസേവനത്തിൽ ഒന്നര ദശാബ്ദം പിന്നിടുമ്പോൾ ശതക്കണക്കിനു രോഗികളും നിരപരാധികളായ കുഞ്ഞുങ്ങളും പാവപ്പെട്ടവരുമാണ് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനം മൂലം പുതുജീവൻ പ്രാപിച്ചിരിക്കുന്നത്. തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ഇടവകക്കാരനായ, അടുത്തകാലത്തു പരേതനായ കൊടുവയലിൽ ചെത്തിക്കുളത്തു കെ. എ. വർക്കിയുടെ പുത്രനായ ഫാ. ജിനേഷ് വർക്കിക്കു 40 വയസ്സേ ഉള്ളുവെങ്കിലും വിവിധ സേവനരംഗങ്ങളിൽ ഇതിനകം വിലമതിക്കാനാവാത്ത സേവനങ്ങളാണ് വീടും കൂടും വിട്ടു ചെയ്തുകൊണ്ടിരിക്കുന്നത്. സി.എം.എസ്. കോളജ്, ഓർത്തഡോക്സ് സെമിനാരി എന്നിവിടങ്ങളിൽ യഥാക്രമം ബി.എസി. യും, ബി.ഡി. യും പാസ്സായ ശേഷം 1999-ൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ജിനേഷ് വർക്കിക്ക് ശെമ്മാശുപട്ടം നൽകി. മൂന്നു വർഷം കഴിഞ്ഞ് അദ്ദേഹത്തിന് മാർ ഒസ്താത്തിയോസ് തന്നെ വൈദികപട്ടവും നൽകി.

രണ്ടായിരാമാണ്ട് തിരുവനന്തപുരത്തെ കാരുണ്യ വിശ്രാന്തി ഭവന്റെ

മാനേജരായപ്പോഴാണ് തന്റെ യഥാർത്ഥ ദൈവവിളി അനാഥസംരക്ഷണമാണെന്നു കൂടുതൽ വ്യക്തമായത്. ഒരു വർഷം കഴിഞ്ഞ് തുംകൂറിലെ ദയാ ഭവന്റെയും എയ്ഡ്സ് രോഗപ്രതിരോധ ആശുപത്രിയുടെയും ചുമതല ഭരമേറ്റു. ദയാ ഭവനെ സഭയുടെയും സംസ്ഥാനത്തിന്റെയും അഭിമാനപാത്രമാക്കി വളർത്തുന്നതിൽ ഫാ. ജിനേഷ് വർക്കി ചെയ്ത ശ്രമങ്ങൾ അതുല്യവും അവിസ്മരണീയവുമാണ്.

ഇതിനിടയിൽ തുംകൂർ സെന്റ് ജോർജ് പള്ളി അസി. വികാരി, ട്രിനിറ്റി ചാരിറ്റബിൾ എച്ച്. എസ്. ട്രഷറാർ, ബൽഗാം, ദണ്ഡലി, ഹൂബ്ലി, ഓർത്തഡോക്സ് പള്ളികളുടെ വികാരി, ദേവൻഗരെ വിദ്യാർത്ഥിപ്രസ്ഥാന കേന്ദ്ര ചാപ്ലെയിൻ, നാംസ് സ്നേഹസദൻ സെക്രട്ടറി എന്നീ ചുമതലകളും കൃശഗാത്രനായ ഈ പട്ടക്കാരൻ നിറവേറ്റി വരുന്നു. ഇങ്ങനെ കഷ്ടപ്പെട്ട് അർഹരായ ജനങ്ങളിൽ ദൈവികസേവനം പകരുന്ന ദയാ ഭവൻ മാനേജരോട് ആർക്കും ദയ തോന്നിപ്പോകും. എന്നാൽ ദയാ ഭവനു വേണ്ടി ഒരു ആംബുലൻസ് വാങ്ങാൻ കർണ്ണാടക മുൻ മുഖ്യമന്ത്രി കുമാരസ്വാമി ഏതാനും ദിവസങ്ങൾക്കു മുമ്പ് പത്തു ലക്ഷം രൂപ ഫാ. ജിനേഷ് വർക്കിയെ ഏല്പിച്ചപ്പോൾ ദൈവത്തിന്റെ കരുതലിനെപ്പറ്റി ചിന്തിച്ച് ഫാദറിനും അവിടെ താമസിക്കുന്ന “മക്കൾക്കും” റമ്പം സന്തോഷം ഉണ്ടായിരിക്കുന്നു. ദിവസത്തിനു 24 മണിക്കൂർ പോരാ എന്നു പറഞ്ഞ് ഫാ. ജിനേഷ് വർക്കി കുട്ടികളുടെ ആരോഗ്യസംരക്ഷണ കാര്യത്തിനും മറ്റുമായി പല സ്ഥലങ്ങളിൽ സഞ്ചരിക്കുന്നു. ആശുപത്രിയുടെ കാവൽപിതാവായി നിലകൊള്ളുന്നു. കൂടാതെ പത്തേക്കർ തെങ്ങുംതോപ്പും അതിനിടയിലെ പല തരം കൃഷികളും ഒരു നല്ല തോട്ടക്കാരനെപ്പോലെ പരിരക്ഷിച്ചുവരുന്നുണ്ട്.

ഫാ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ



മലങ്കരസഭയുടെ വടക്കൻ മേഖലയിൽ ഓർത്തഡോക്സ് സഭയുടെ ഒരു ശക്തിദുർഗ്ഗമായി നിലകൊള്ളുന്ന പ്രമുഖ വൈദികനും സാമൂഹിക പ്രവർത്തകനും മികച്ച സംഘാടകനുമാണ് പ്രശസ്തനായ റവ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പാ. 1945-ൽ പോത്താനിക്കാട് മണ്ണാറപ്രായിൽ എം. പി. പൗലോസ് - ഏലിയാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ച അദ്ദേഹം കോതമംഗലം എം.എ. കോളജ്, മലേക്കുരിശ് സെമിനാരി, കോട്ടയം

പഴയസെമിനാരി, ബാംഗ്ലൂർ നാഷണൽ സിറ്റിസൺഷിപ്പ് അക്കാദമി എന്നിവിടങ്ങളിലെ പഠനത്തിനുശേഷം 1963-ൽ വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസിൽ നിന്ന് ശെമ്മാശുപട്ടവും, 1970 ജൂണിൽ ഫീലിപ്പോസ് മാർ തെയോഫിലോസിൽനിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു. 1986-ൽ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ കോർഎപ്പിസ്കോപ്പായായി ഉയർത്തി.

1970 മുതൽ 2007 വരെ 37 വർഷം തുടർച്ചയായി സഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ, 30 വർഷം ഭദ്രാസന സെക്രട്ടറി, സഭാ വർക്കിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിലും 35 വർഷം തൃക്കുന്നത്തു സെമിനാരി മാനേജരും വികാരിയും എന്ന സ്ഥാനങ്ങളിലും പ്രവർത്തിച്ചു.

വൈ.എം.സി.എ. സൗത്ത് വെസ്റ്റ് ഇന്ത്യാ റീജിയണിന്റെ വൈസ് ചെയർമാൻ, ട്രഷറാർ, നാഷണൽ ബോർഡ് അംഗം, നാഷണൽ പ്രൊജക്ട് ഉപാദ്ധ്യക്ഷൻ, കേരള ബ്ലൈൻഡ് സ്കൂൾ സൊസൈറ്റി വൈസ് പ്രസിഡന്റ്, വർക്കിംഗ് പ്രസിഡന്റ്, വളയൻചിറങ്ങര ബാലഗ്രാം സെക്രട്ടറി, ഏലൂർ വിമുക്തി സ്പെഷ്യൻ സ്കൂൾ സീനിയർ വൈസ് പ്രസിഡന്റ്, ബൈബിൾ സൊസൈറ്റി പ്രസിഡന്റ്, കോലഞ്ചേരി മെഡിക്കൽ മിഷൻ എക്സിക്യൂട്ടീവ് അംഗം, ഓർത്തഡോക്സ് സഭ അസ്സോസിയേഷൻ ട്രൈബ്യൂണൽ മെമ്പർ, റൂൾ കമ്മിറ്റി, പ്ലാനിംഗ് കമ്മിറ്റി, വസ്തുസംരക്ഷണ കമ്മിറ്റി എന്നിവകളുടെ സജീവ അംഗം, മലങ്കരസഭ വക കോർപ്പറേറ്റ് സ്കൂൾ-കോളജ് എന്നിവകളുടെ നിർവ്വാഹക സമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

ഇപ്പോൾ കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ്, കേരള ശാന്തി സമിതി സംസ്ഥാന ഉപാധ്യക്ഷൻ, ഗാന്ധി പീസ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് മെമ്പർ, ആലുവാ റെസിഡൻസ് അസ്സോസിയേഷൻ പ്രസിഡന്റ് തുടങ്ങി ഒട്ടനവധി പ്രസ്ഥാനങ്ങളുടെ പ്രധാന സാരഥ്യം വഹിക്കുന്നു. കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷന്റെ ധിഷണാ അവാർഡ്, അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ പ്രഥമ ഗ്രാന്റ് ഷെവലിയാർ ജസ്റ്റീസ് ജോസഫ് വിതയത്തിൽ പുരസ്കാരം, കേരള പീപ്പിൾസ് ഫോറത്തിന്റെ "മാനവശ്രീ" അവാർഡ്, രാജീവ്ഗാന്ധി പുരസ്കാരം, "ആചാര്യ" അവാർഡ് മുതലായവ ലഭിച്ചു.


വടക്കൻ പ്രദേശങ്ങളിൽ പ്രത്യേകിച്ച് അങ്കമാലി ഭദ്രാസനത്തിൽ ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനാർഹമായ അടിത്തറ പാകുവാൻ കാലം ചെയ്ത ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയോടൊപ്പം നിന്ന് ഗർജ്ജിക്കുന്ന സിംഹംപോലെ മറുപക്ഷത്തോട് അടരാടിയ മണ്ണാറപ്രായിലച്ചനെ മലങ്കരസഭ ഉള്ളിടത്തോളം കാലം മറക്കാനാവില്ല. ദിവംഗത

നായ മണലിൽ അച്ചനോടൊപ്പവും അദ്ദേഹത്തിനുശേഷവും സഭാകേസ് നടത്തിപ്പിന്റെ ചുക്കാൻ പിടിക്കാൻ പ. വട്ടക്കുന്നേൽ ബാവാ നിയോഗിച്ചത് ഫാ. മണ്ണാറപ്രായിലിനെയാണ്. 1975-ൽ രൂപംകൊണ്ട മലങ്കരസഭ ആക്ഷൻ കൗൺസിലിന്റെ ജനറൽ കൺവീനറും അച്ചനായിരുന്നു.

ഇല്ലാത്ത പ്രശ്നത്തിന്റെ പേരിൽ തൃക്കുന്നത്തു സെമിനാരിയുടെ പേരുംപറഞ്ഞ് വിഘടിത വിഭാഗം, സെമിനാരി മാനേജരായിരുന്ന അച്ചന്റെ വീടാക്രമിച്ച് അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും ഭീഷണിപ്പെടുത്തുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും അദ്ദേഹം പല ദിവസങ്ങൾ ആശുപത്രിയിൽ കഴിയുകയും ചെയ്തു. അങ്ങനെ സഭയിൽ ജീവിക്കുന്ന ഒരു രക്തസാക്ഷിയാണ് ബ. അച്ചൻ.

ഭാര്യ ലീലാമ്മ പെരുമ്പാവൂർ തെക്കേവീട്ടിൽ വറുഗീസ് - അന്നമ്മ ദമ്പതികളുടെ പുത്രിയും റിട്ട. അധ്യാപികയുമാണ്.

പ്രൊഫ. ഡി. മാത്യു



ഇപ്പോൾ ശതാഭിഷേകത്തിൽ കടന്നിട്ടും റിട്ടയർ ചെയ്യാൻ അധികൃതർ സമ്മതിക്കാത്തതിനാൽ മലങ്കരസഭയുടെ മിഷൻ ബോർഡിന്റെ ട്രഷററായി 1981 മുതൽ 2011 വരെ മുപ്പതു വർഷം കാര്യക്ഷമതയോടും കാര്യവിചാരകത്വബോധത്തോടും പ്രവർത്തിക്കുകയും അതോടൊപ്പം നാംസ് എന്ന സന്നദ്ധ സുവിശേഷസംഘത്തിന്റെ വായും തൂണുമായി നിലകൊള്ളുകയും ചെയ്യുന്ന മുൻ റയിൽവേ ഉദ്യോഗസ്ഥനും റിട്ട. പ്രൊഫസറും സുവിശേഷകനും വേദശാസ്ത്ര പണ്ഡിതനും സംഘാടകനും മറ്റുമാണ് കോഴഞ്ചേരി മുഞ്ഞനാട്ട് എം. എം. ഡാനിയേലിന്റെ പുത്രനായി 1930 ജനുവരി 14-ന് ജനിച്ച ഡി. മാത്യു. ഹൈസ്കൂൾ വിദ്യാഭ്യാസകാലമായ 14-ാം വയസ്സിൽ കോഴഞ്ചേരി സെന്റ് മാത്യൂസ് ഓർത്തഡോക്സ് ദേവാലയത്തിൽ ശുശ്രൂഷക്കാരനായി പുത്തൻകാവിൽ കൊച്ചു തിരുമേനി പ്രാർത്ഥിച്ച് പ്രവേശിപ്പിച്ചു. അന്ന് കൂട്ടുകാരനായിരുന്ന തേവർ വേലിൽ ജോർജുകുട്ടി പിന്നീട് തിരുവനന്തപുരം ഭദ്രാസനാധിപനായ ഗീവറുഗീസ് മാർ ദീയസ്കോറോസ് ആയി ഉയർന്നു. കോളജ് വിദ്യാഭ്യാസം ചങ്ങനാശേരി എസ്. ബി. കോളജിൽ. ബി.എസ്.സി. റാങ്കോടുകൂടി പാസ്സായി. ബോട്ടണി വിഭാഗത്തിൽ എസ്. ബി. കോളജിൽ അധ്യാപകനായി (1951 -1953). 1953-ൽ റെയിൽവേയിൽ ജോലി ലഭിച്ചു. 13 വർഷം ജോലി ചെയ്തു.

അതിനിടെ എൽ.എൽ.ബി., എം.എ. എന്നീ ബിരുദങ്ങൾ നേടി. ഷൊർണ്ണൂരിൽ 8 വർഷവും പാലക്കാട് അഞ്ചു വർഷവും സേവനമനുഷ്ഠിച്ചു. റെയിൽവേ ജോലിക്കാരനായിരുന്ന ഫിലിപ്പോസ് തോമസ് വലിയ സ്നേഹിതനായിരുന്നു. പാലക്കാട് ഓർത്തഡോക്സ് ദേവാലയം പണിയുന്നതിന് മുമ്പ് മാത്യൂസ് അവിടെ പ്രാർത്ഥനാകൂട്ടം ആരംഭിച്ചു. തടാകം ആശ്രമത്തിലെ സ്ഥിരം സന്ദർശകനായിരുന്നു. ഫിലിപ്പോസ് തോമസ് രാജി വച്ച് പിൽക്കാലത്ത് യൗസേബിയോസ് മെത്രാപ്പോലീത്തായായി. മാത്യൂസ് രാജിവച്ച് പത്തനംതിട്ട കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. 1965 മുതൽ 85 വരെ 20 വർഷം കോളജിൽ പ്രവർത്തിച്ചു. 1965 മുതൽ 1970 വരെ അഞ്ചു വർഷം അഖില മലങ്കര യുവജനപ്രസ്ഥാനം ട്രഷറർ. 1970 മുതൽ 75 വരെ അഞ്ചു വർഷം ഓർത്തഡോക്സ് യൂത്ത് മാസികയുടെ മാനേജരായിരുന്നു. ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ യൂത്ത് മാസിക ഏറ്റവും നല്ല നിലവാരത്തിൽ നടന്നു. 1975 മുതൽ 78 വരെ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയംഗം. 1970 മുതൽ 1990 വരെ ഇരുപത് വർഷം മലങ്കരസഭയിലെ കൺവൻഷൻ പ്രസംഗകൻ.

1981-ൽ തുമ്പമൺ ഭദ്രാസന പ്രതിനിധിയായി മലങ്കരസഭാ മിഷൻ സൊസൈറ്റി മിറ്റിംഗിൽ പങ്കെടുത്തു. പ്രസിഡണ്ട് അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി മാത്യുവിനെ മിഷൻ ബോർഡ് ട്രഷററായി നിയോഗിച്ചു. 1984 ഡിസംബറിൽ കോയമ്പത്തൂർ തടാക ആശ്രമത്തിൽ വച്ച് മിഷൻ പ്രവർത്തനത്തിൽ താല്പര്യമുള്ളവരുടെ ഒരു ധ്യാനയോഗം ഒസ്താത്തിയോസ് തിരുമേനി നടത്തി. അതിനുശേഷം തിരുമേനി നാംസ് എന്ന സംഘടന ഉൽഘാടനം ചെയ്തു. അതിന്റെ സെക്രട്ടറിയായി മാത്യൂവിനെ നിയോഗിച്ചു. ഇൻഡ്യയുടെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ വച്ച് അമ്പതു സമ്മേളനങ്ങൾ വിജയകരമായി നടത്തി. ഇരുപത്തഞ്ചു വർഷം ഇതിന്റെ സെക്രട്ടറിയായിരുന്നു. 2009 ഡിസംബറിൽ തടാകാശ്രമത്തിൽ വച്ച് സ്ഥാനം പ്രൊഫ. കെ. സി. മാണിക്ക് കൈമാറി. കോളജിൽ നിന്ന് വിരമിച്ച ശേഷം കോട്ടയം വൈദികസെമിനാരിയിൽ നിന്നു ബി.ഡി. ബിരുദവും കൗൺസിലിംഗിൽ ഡിപ്ലോമായും കരസ്ഥമാക്കി. 2005-ൽ സഹധർമ്മിണിയുടെ വിയോഗത്തെ തുടർന്ന് പുത്രനുമൊന്നിച്ച് തിരുവനന്തപുരത്ത് താമസിക്കുന്നു

ഇപ്പോഴും ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയുമായി ചേർന്ന് സഭാകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു.


മലങ്കരസഭാ ബൈബിൾ രചനയിൽ പങ്കാളിയായി. 2. ഹോളി ട്രിനിറ്റി പ്രെയർ ഫെലോഷിപ്പ് ഡയറക്ടറാണ്. തിരുവനന്തപുരം ഭദ്രാസന പ്രീമാരിറ്റൽ കൗൺസിലിംഗ് കോ-ഓർഡിനേറ്ററാണ്. ദിവ്യബോധനം ക്ലാസ്സു

കളുടെ ചുമതലക്കാരനായും മാർ ഗ്രീഗോറിയോസ് റിഹാബിലിറ്റേഷൻ സെന്ററിന്റെ വൈസ് പ്രസിഡണ്ട്. എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

18 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 19-ാമത്തെ പുസ്തകം അച്ചടിയിൽ. 2012 ഒക്ടോബർ 6-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് ഓർത്തഡോക്സ് പ്രതിഭാ അവാർഡ് ലഭിച്ചു.

"എങ്ങും നിന്നതല്ല, ദൈവം നിർത്തിയതാണ്. ഒന്നും നേടിയതല്ല. എല്ലാം ദൈവത്തിന്റെ ദാനമാണ്. ദൈവം തന്നതല്ലാതെ ഒന്നും സ്വന്തമായില്ല" എന്നാണ് മാത്യുവിന്റെ വിശ്വാസം.

പ്രൊഫ. കെ. എം. കുറിയാക്കോസ്



മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരിപാവനമായ തക്സാ ഉൾപ്പെടെയുള്ള അനുപമ ആരാധനാക്രമങ്ങൾ ദേശീയ ഭാഷയായ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത മഹത്തായ ഒറ്റക്കാര്യം കൊണ്ടു തന്നെ നിത്യസ്മരണാർഹനായിരിക്കുന്ന ബഹുഭാഷാ പണ്ഡിതനും മികച്ച അധ്യാപകനും സമുന്നത ആദ്ധ്യാത്മിക പ്രവർത്തകനുമായ പ്രൊഫ. കെ. എം. കുറിയാക്കോസ് എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും ആദരങ്ങൾ പിടിച്ചുപറ്റിയിരിക്കയാണ്. ഗ്രാമീണ സൗന്ദര്യം തൊഴുതുനില്ക്കുന്ന വാകത്താനത്തെ കൊച്ചുപ്ലാപ്പറമ്പിൽ വീട്ടിൽ കുര്യൻ മർക്കോസിന്റെയും ഏലിയാമ്മയുടെയും പുത്രനായി 1937 ഫെബ്രുവരി 18-ന് ജനിച്ച കുറിയാക്കോസ് മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഹിസ്റ്ററി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദങ്ങളും ഹയർഎജ്യൂക്കേഷനിൽ ഡിപ്ലോമയും സുറിയാനിയിലും സംസ്കൃത സാഹിത്യത്തിലും അവഗാഹവും നേടിയശേഷം വിശാല ഇന്ത്യയായ കാൻവാസിൽ ഇത്ര മനോഹരമായ ചിത്രം വരയ്ക്കുമെന്ന് ആരും ചിന്തിച്ചിരിക്കില്ല.

ഭിലായ് സെന്റ് തോമസ് കോളജിൽ ആസൂത്രണം ചെയ്തു നടപ്പാക്കിയ Innovational Educational Programme-ൽ 'അയാഷെ'യുടെ ഡോ. പി. എസ്. ജോബ് മെമ്മോറിയൽ നാഷണൽ അവാർഡ്", മികച്ച കോളജ് പ്രിൻസിപ്പലിനുള്ള ഫാ. തെയോ മത്ത്യാസ് നാഷണൽ അവാർഡ്, ഇന്ത്യയിലെ ഏറ്റവും മികച്ച കോളജ് പ്രിൻസിപ്പൽമാർക്കു നൽകുന്ന "ഡോ. സാംഹിഗ്ഗിൻ ബോത്തം നാഷണൽ അവാർഡ്", സൺഡേസ്കൂൾ അസോസ്യേഷൻ ഔട്ട്സൈഡ് കേരളാ റീജിയന്റെ അവാർഡ് ഓഫ് ഓണർ', വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ 'മലങ്കരസഭാപ്രതിഭാ അവാർഡ്'

എന്നിവ ലഭിച്ചു. കൂടാതെ ഛത്തിസ്ഗഢ് സംസ്ഥാന മന്ത്രിമാർ, സർവ്വകലാശാലാ വൈസ് ചാൻസിലർമാർ തുടങ്ങിയ ഉന്നതശീർഷരിൽ നിന്ന് വിശിഷ്ട സേവനങ്ങൾക്ക് ഏറെ പ്രശസ്തിപത്രങ്ങളും കരസ്ഥമാക്കി.

1958-ൽ അധ്യാപകനായി കോട്ടയം എം.ഡി. സെമിനാരി, കുണ്ടറ എം.ജി.ഡി., തുമ്പമൺ എം.ജി. എന്നീ ഹൈസ്കൂളുകളിലെ സേവനത്തിനുശേഷം 1965-1968 വരെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ലക്ചറർ ആയി. തുടർന്ന് 15 വർഷം കോട്ടയം ബസേലിയോസ് കോളജിൽ ലക്ചറർ, 1982 മുതൽ 10 വർഷം പഴഞ്ഞി മാർ ഡയനീഷ്യസ് കോളജിൽ പ്രിൻസിപ്പൽ. റിട്ടയർ ചെയ്തശേഷം ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി. 1997 മുതൽ 9 വർഷം ഭിലായ് സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ. നാഗ്പൂർ ഓർത്തഡോക്സ് വൈദികസെമിനാരി ഭിലായിൽ പ്രവർത്തിച്ചിരുന്നപ്പോൾ സെമിനാരിയിൽ പ്രൊഫസർ.


കാലിക്കറ്റ് സർവകലാശാലാ സെനറ്റ് മെമ്പർ, സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ മെമ്പർ, റായ്പൂർ രവിശങ്കർ സർവ്വകലാശാലാ എൻ.എസ്.എസ്. ബോർഡ് മെമ്പർ, യു.ജി.സി. യുടെ NAAC ന്റെ 'പീർ ടീം' മെമ്പർ, എം.ഒ.സി. കോളജുകളുടെ ഗവേണിംഗ് ബോർഡ് മെമ്പർ, ഭിലായ് എം. പി. ക്രിസ്ത്യൻ എൻജിനീയറിംഗ് കോളജിന്റെ ഫൗണ്ടർ സെക്രട്ടറി എന്നീ നിലകളിലും മികച്ച സേവനം കാഴ്ച വച്ചു.

നേരത്തെ പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. 35 വർഷത്തിൽപരം വിവിധ സൺഡേസ്കൂളുകളിൽ അധ്യാപകനായിരുന്നു. സൺഡേസ്കൂൾ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി മെമ്പറായിരുന്നു. ഭിലായ് സെന്റ് തോമസ് മിഷൻ സെക്രട്ടറി, സഭാ മിഷൻ ബോർഡംഗം, നാംസ് മെമ്പർ, അഖിലകേരള മദ്യവർജ്ജന പ്രസ്ഥാനം കേന്ദ്രക്കമ്മിറ്റിയംഗം, ബൈബിൾ സൊസൈറ്റിയുടെ കേരള ഓക്സിലിയറി കമ്മിറ്റിയംഗം, ചർച്ച് വീക്കിലി മാനേജിംഗ് എഡിറ്റർ, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ, പ്ലാനിംഗ് കമ്മിറ്റി മെമ്പർ മുതലായ നിലകളിലും പ്രവർത്തിച്ചു.

മൂന്നു ലക്ഷത്തിലധികം ആളുകളെ മദ്യത്തിനും മയക്കുമരുന്നിനും എതിരെ ബോധവൽക്കരിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ കോളജുകളിൽ ആദ്യമായി 'ആന്റി നാർക്കോട്ടിക് സെൽ' സ്ഥാപിച്ചു പ്രവർത്തനത്തിനു നേതൃത്വം നൽകി. ഒരു ഇന്ത്യൻ കോളജിൽ ആദ്യമായി 'പ്രീ മാരിറ്റൽ കൗൺസലിംഗ്" ആരംഭിച്ച ബഹുമതിയും പ്രൊഫ. കുര്യാക്കോസിനു തന്നെ.

The Foot prints, പവിത്രബലിദാൻ (വിവർത്തനം), പാമ്പാടി തിരുമേനി, വാകത്താനത്തിന്റെ ചരിത്രം തുടങ്ങി അര ഡസനിൽപരം മികച്ച കൃതികൾ രചിച്ചിട്ടുണ്ട്.

പ്രൊഫ. പി. സി. വറുഗീസ്



ചരിത്രപ്രസിദ്ധമായ സി.എം.എസ് കോളജിൽ ദീർഘകാലം കെമിസ്ട്രി പ്രൊഫസറായി സേവനം ചെയ്ത ഒരു മാതൃകാധ്യാപകനായ പ്രൊഫ. പി. സി. വറുഗീസ് റിട്ടയർ ചെയ്തശേഷം കഴിഞ്ഞ പത്തുവർഷമായി നല്ല നിലയിൽ നടത്തി വരുന്ന ആർദ്രതാ ഫെലോഷിപ്പിലൂടെ അർഹരും പാവപ്പെട്ടവരുമായ ഒട്ടധികം കുട്ടികൾക്കും കുടുംബങ്ങൾക്കും ആണ്ടുതോറും ലക്ഷക്കണക്കിനു രൂപയുടെ സഹായം നൽകി അവരെ ഉദ്ധരിക്കുന്നത്, സാമ്പത്തികമായി പിന്നിലായിപ്പോയ ഒരു വലിയ കുലീന കുടുംബത്തിന്റെ പരുപരുത്ത ജീവിത യാഥാർത്ഥ്യങ്ങളുടെയും വറ്റാത്ത ദൈവ കൃപയുടെയും പശ്ചാത്തലത്തിലാണെന്ന വസ്തുത പലർക്കും ഒരു പക്ഷേ അജ്ഞാതമായിരിക്കും. വിദ്യാർത്ഥികളും സംഘടിതരായ അദ്ധ്യാപകരും ചെറിയ കാര്യങ്ങളുടെ പേരിൽ കൂടെക്കൂടെ നടത്തിവന്ന സമരാഭാസങ്ങളോടു പുറംതിരിഞ്ഞുനിന്ന പ്രൊഫ. വറുഗീസ് ജീവൻപോയാലും ഒരു സാഹചര്യത്തിലും, കഷ്ടപ്പെട്ടു കോളജിൽ വന്നു പഠിക്കുന്ന കുട്ടികളെ പറഞ്ഞുവിട്ടു വഴിയാധാരമാക്കിയിട്ടില്ല. ഇത്തരത്തിൽ ധാർമ്മിക ചിന്തയോടുകൂടി നീങ്ങുന്ന അധ്യാപകരുടെ എണ്ണം വിരലിൽ എണ്ണാൻ പോലുമില്ല.

സഹായം ആവശ്യപ്പെട്ടുകൊണ്ടു തന്നെ സമീപിക്കുന്നവരെപ്പറ്റിയുള്ള യഥാർത്ഥ വിവരങ്ങൾ പരസഹായം കൂടാതെ നേരിട്ടു ചെന്നു മനസ്സിലാക്കി താനും കുടുംബാംഗങ്ങളും ആത്മസുഹൃത്തുക്കളും മാസംതോറും സമാഹരിക്കുന്ന പണം കൊണ്ടാണ് ഈ മനുഷ്യ സേവനപ്രവർത്തനങ്ങൾ അന്യൂനം നിറവേറ്റുന്നത്.

പരിമിതമായ വരുമാനവും സൽസ്വഭാവവും കാര്യക്ഷമതയും മാത്രം കൈമുതലായി ഉണ്ടായിരുന്ന ഒരു തോട്ടം സ്റ്റാഫ് അംഗമായി സേവനം ചെയ്ത കടയിനിക്കാട് സി. പി. ചാണ്ടിയുടെയും മറിയാമ്മയുടെയും പതിനൊന്നു മക്കളിൽ മൂത്തവനായി 1943 നവംബർ 29-നാണ് വറുഗീസ് ഭൂജാതനായത്. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് എരുമേലി സെന്റ് മേരീസ് സ്കൂളിൽ നിന്നു 1959-ൽ എസ്.എസ്.എൽ.സി. ഒന്നാം ക്ലാസ്സിൽ ഉയർന്ന മാർക്കോടെ പാസ്സായി ആ കുഗ്രാമത്തിനു അഭിമാനം ചാർത്തി. മൂത്ത പുത്രൻ ആകയാൽ വീട്ടുജോലികളിൽ അമ്മയെ സഹായിച്ചു. തോട്ട

ത്തിലെ ജോലികഴിഞ്ഞുവരുന്ന പിതാവിനെ കാർഷികവൃത്തിയിലും സഹായിച്ച ശേഷമുള്ള സമയത്താണ് വറുഗീസ് നന്നായി പഠിച്ചത്.

വീട്ടിൽ അന്നു എട്ടു മക്കളുണ്ടായിരുന്നതിനാൽ കോളജ് പഠനം ഒരു കിട്ടാക്കനിയായി നില കൊണ്ടു. നേവിയിൽ ചേരാൻ തുനിഞ്ഞ വറുഗീസിനെ, പിതാവിന്റെ ചില സുഹൃത്തുക്കൾ സഹായിക്കയാൽ വറുഗീസ് ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ ചേർന്നു രസതന്ത്രത്തിൽ 1965-ൽ എം.എസി. വരെ പഠിച്ചു ബിരുദം നേടി.

പരീക്ഷാഫലം അറിയുന്നതിനു മുമ്പു തന്നെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലും എട്ടര മാസം കഴിഞ്ഞ് കഴക്കൂട്ടം സൈനിക സ്കൂളിലും ജോലി ചെയ്ത ശേഷമാണ് സി.എം.എസ്. കോളജിൽ എത്തുന്നത്. ദൈവകൃപയാൽ ഇളയ പത്തു സഹോദരങ്ങളെയെല്ലാം സ്കൂളിലും കോളജിലും ചേർത്ത് പഠിച്ചുയരുന്നതിന് തന്റെ ശമ്പളം വിനിയോഗിച്ചു.

1977 മെയ് 16-നു പത്തനംതിട്ടയിലെ പ്ലാന്തോട്ടത്തിൽ എന്ന ഒരുത്തമ ക്രിസ്തീയ കുടുംബത്തിലെ പി. എം. വറുഗീസിന്റെ പുത്രിയായ ലീലാമ്മയെ (റബർബോർഡ്) സ്ത്രീധനം കൂടാതെ വിവാഹം ചെയ്തു. മാതാപിതാക്കളിൽ നിന്നു ലോകപ്രകാരം കടബാദ്ധ്യതകളും ഇളയസഹോദരങ്ങളുടെ പഠനസംരക്ഷണബാദ്ധ്യതകളും മാത്രം ലഭിച്ചു എങ്കിലും അവരുടെ ദൈവാശ്രയവും സന്മാർഗ്ഗങ്ങളും എല്ലാ പ്രശ്നങ്ങളെയും നിഷ്പ്രയാസമാക്കി എന്നത് ഒരു വലിയ ദൈവകൃപയായി അന്നും ഇന്നും നില കൊള്ളുന്നു.


ദൈവകൃപയൊന്നു കൊണ്ടു മാത്രമേ മനുഷ്യനും മനുഷ്യരാശിക്കും നിലനില്പുള്ളു എന്ന പൂർണ്ണബോദ്ധ്യത്തോടും 'ലഭിച്ചതല്ലാതെ' ഒന്നുമില്ല എന്ന സത്യം തിരിച്ചറിഞ്ഞും ദാരിദ്ര്യത്തിലും, ദുഃഖത്തിലും ദുരിതത്തിലും, രോഗങ്ങളിലും ശാരീരിക മാനസിക വേദനകളിലും അകപ്പെട്ടിരിക്കുന്ന സമസൃഷ്ടങ്ങൾക്ക് "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനും...." എന്ന ക്രിസ്തുവിന്റെ വചനം ഉൾക്കൊണ്ടു സഹായമെത്തിക്കയെന്നത് ഏതൊരു ക്രിസ്ത്യാനിയുടെയും അടിസ്ഥാന കടമയാണല്ലോ.

ആരും അറിയാതെ ചെയ്തിരുന്ന എളിയ ശ്രമങ്ങൾ 2002 മാർച്ച് 10 മുതൽ "ആർദ്രതാ ഫെലോഷിപ്പ്" എന്ന ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ തുടരുന്നു; കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏകദേശം 150 കുടുംബങ്ങൾക്ക് (ഭൂരിപക്ഷവും വിദ്യാഭ്യാസസഹായം) പഠന, ചികിത്സാ, ഭവന നിർമ്മാണ സഹായങ്ങൾ എത്തിക്കാൻ ദൈവം ഈ സംഘടനയ്ക്കു പ്രാപ്തി കൊടുത്തു. ചെലവ് ചുരുക്കി ജീവിച്ച് പ്രതിമാസം മുപ്പതിനായിരും രൂപാ അടിസ്ഥാന ഫണ്ടായി ട്രസ്റ്റിന്റെ അക്കൗണ്ടിൽ ഇടാൻ

ക്രിസ്തീയ സുകൃതം ഉൾക്കൊണ്ടിരിക്കുന്ന ഭാര്യയുടെ സഹകരണത്തോടെ സാധിക്കുന്നു. മക്കൾ ഇരുവരും വീഴ്ച കൂടാതെ പ്രതിമാസം സഹായിക്കുന്നു. ഏറെ വിലപ്പെട്ട പങ്കുവഹിക്കുന്ന സഹോദരന്മാരും ദരിദ്രരെപ്പറ്റി വലിയ കരുതലോടെ സാഹോദര്യഭാവത്തിൽ ചിന്തിച്ചു സഹായിക്കുന്ന നൂറിൽപ്പരം ആദരണീയരായ സുഹൃത്തുക്കളും ചേർന്ന കൂട്ടായ്മയാണ് ആർദ്രതാ ഫെലോഷിപ്പ്. പത്താം വർഷത്തെ പ്രത്യേക പ്രോജക്ടായി എട്ട് അർഹരായ കുടുംബങ്ങൾക്ക് വീട് സജ്ജമാക്കാനുള്ള യജ്ഞത്തിലാണ് ഈ സംഘടന ഇപ്പോൾ. മറ്റു സാമൂഹ്യസേവന പദ്ധതികൾ നിർവിഘ്നം തുടരുന്നതോടൊപ്പം റ്റി. ജെ. ജോഷ്വാച്ചൻ, ഡോ. കെ. സി. മാമ്മൻ, ജസ്റ്റീസ് കെ. റ്റി. തോമസ് എന്നിവർ രക്ഷാധികാരികളും, ഡോ. മാത്യു പാറയ്ക്കൽ, ഡോ. ജോസഫ് പി. വറുഗീസ്, ഫാ. പി. സി. ജോൺസൺ, ലീലാമ്മ വറുഗീസ്, പ്രൊഫ. പി. സി. വറുഗീസ് എന്നിവർ ട്രസ്റ്റികളുമാണ്.

പത്തു വർഷത്തെ പ്രവർത്തനാനുഭവം അതിശയകരമായ ദൈവകൃപയുടെയും കരുണയുടെയും "ഇതിലെ, ഇതിലെ, ഇങ്ങനെ, ഇങ്ങനെ" എന്ന രീതിയിലുള്ള നടത്തിപ്പിന്റെയും ഫലമാണെന്ന് പ്രൊഫ. പി. സി. വറുഗീസും കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഒരുപോലെ വിശ്വസിക്കുന്നു.

കെ. സി. ഈപ്പൻ



ഒരു വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ സഭയോടും സഭാമേലധ്യക്ഷന്മാരോടും ഇടപെടാനും തദ്വാര സഭാസ്നേഹം വളരെ വളർത്താനും സാധിച്ച തയ്യിൽകണ്ടത്തിൽ കെ. സി. ഈപ്പൻ (തമ്പി) ഔദ്യോഗിക ജീവിതരംഗത്തുനിന്നു വിരമിച്ചിട്ടും വിവിധ മനുഷ്യസേവനപരമായ രംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരുന്നത വ്യക്തിയാണ്. കേരളദീനബന്ധു എന്നറിയപ്പെട്ടിരുന്ന തയ്യിൽകണ്ടത്തിൽ കെ. സി. ഈപ്പന്റെ പൗത്രനും ബാങ്ക് ഓഫ് ന്യൂ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന കെ. ഇ. ചെറിയാന്റെ പുത്രനുമായ തമ്പി 1939 ജനുവരി 20-നു ജനിച്ചു കൽദായ സുറിയാനി സഭാനേതാവും തൃശൂർ മുനിസിപ്പൽ ചെയർമാനുമായിരുന്ന നടക്കാവുകാരൻ എൻ. ഒ. ഈനാശുവിന്റെ പുത്രി ഏലിക്കുട്ടിയാണു മാതാവ്.

ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, കെ. ഐ. ഫിലിപ്പ് റമ്പാൻ

എന്നിവരുമായുള്ള അടുപ്പവും സൗഹൃദവും മൂലം ആന്ധ്രാ സൈക്ലോൺ ദുരിതാശ്വാസ പ്രവർത്തനം, ബാലഭവൻ നടത്തിപ്പ് എന്നിവയിൽ ഭാഗഭാക്കാകാൻ സാധിച്ചു. 1961-ൽ സഭകളുടെ ലോക കൗൺസിലിന്റെ ന്യൂഡൽഹിയിൽ നടന്ന സമ്മേളനത്തിൽ ഫിലിപ്പോസ് തോമസുമൊന്നിച്ച് (പിന്നീട് ഫിലിപ്പോസ് മാർ യൗസേബിയോസ്) സംബന്ധിച്ചു. ഔദ്യോഗിക രംഗത്തുനിന്നു വിരമിച്ചശേഷം കോട്ടയത്തെ നിരാലംബരുടെ വസതിയായ ശാന്തിഭവനത്തിന്റെ പ്രധാന ചുമതല വഹിക്കുന്നു. അറുപതു കഴിഞ്ഞ സ്ത്രീപുരുഷന്മാരുടെ താമസം, വസ്ത്രം, ഭക്ഷണം, മരുന്നുകൾ എന്നിവയെല്ലാം പൊതുജനങ്ങളിൽനിന്നു സമാഹരിച്ച് അവർക്കു നൽകിവരുന്നു. ഇപ്പോൾ അഖില കേരള ഡയബെറ്റിക്ക് ക്ലബ്ബിന്റെ നിയുക്ത പ്രസിഡണ്ടാണ്. ഏകദേശം 7500 അംഗങ്ങളുള്ള ക്ലബ്ബിൽ അർഹരായ രോഗികൾക്ക് സൗജന്യചികിത്സയും മെഡിക്കൽ സെന്ററിൽ നിന്നു വേണ്ട നിർദ്ദേശങ്ങളും നൽകുന്നു. തയ്യിൽകണ്ടത്തിൽ കെ. സി. ചാക്കോയുടെ നാമത്തിലുള്ള ആലുവായിലെ ചാക്കോ ഹോംസ്, എച്ച്.ആർ.ഡി. സെന്റർ, ഫെലോഷിപ്പ് ഹൗസ്, തിരുവല്ല തിരുമൂലപുരം ബാലികാമഠം, കണ്ടത്തിൽ കുടുംബയോഗം (സെക്രട്ടറി) എന്നിവയുടെ പ്രവർത്തനങ്ങളുമായി ഉറ്റ ബന്ധം പുലർത്തുന്നു.

മുംബൈയിൽ പഠിക്കുമ്പോഴും കൽക്കട്ടയിൽ ജോലിചെയ്യുമ്പോഴും അവിടെ വരുന്ന സഭാമേലദ്ധ്യക്ഷന്മാരെ കാറിൽ കൊണ്ടുനടന്നതും കെ. സി. ഈപ്പൻ (തമ്പി) ആയിരുന്നു. ഫാ. പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്), ഫാ. കെ. ഫീലിപ്പോസ് (ഫീലിപ്പോസ് മാർ തെയോഫിലോസ്), ഫാ. കെ. വി. പുന്നൂസ് (സ്തേഫാനോസ് മാർ തേവോദോസ്യോസ്), മാത്യൂസ് മാർ കൂറിലോസ് (പിന്നീട് മാത്യൂസ് ദ്വിതീയൻ ബാവാ) എന്നിവരുടെ വേതനരഹിത താൽക്കാലിക സാരഥിയായിരുന്നു തമ്പി. 1963-ൽ കൽക്കത്താ പള്ളിക്കു വളരെയടുത്തു താമസിച്ചതിനാൽ പള്ളിയുടെ കെയർടേക്കർ ആയിരുന്നു എന്നു പറയാം. അന്ന് ഓഫീസ് ജോലി കഴിഞ്ഞു വന്നു വികാരിയായിരുന്ന സി. എം. തോമസ് അച്ചനെയും (ഇന്നു ശ്രേഷ്ഠ കാതോലിക്കാ) കൊണ്ടു ഭവനസന്ദർശനത്തിനു പോകുമായിരുന്നു. ആ നല്ല ബന്ധം അദ്ദേഹം ആരുമറിയാതെ മെത്രാനാകുന്നതു വരെ തുടർന്നു. കോട്ടയത്തു നടന്ന മാർത്തോമ്മാശ്ലീഹായുടെ പത്തൊമ്പതാം ശതാബ്ദി സമ്മേളനത്തിന്റെ ധനകാര്യ കൺവീനറായി സേവനം ചെയ്തു. മന്ദിരം ആശുപത്രിയിലെ നേത്രചികിത്സാ വിദഗ്ധയായ ഏവീസ് ഈപ്പനാണു ഭാര്യ.

കെ. ജോൺ ചെറിയാൻ

പ്രമുഖ സഭാസ്നേഹിയായിരുന്ന തയ്യിൽകണ്ടത്തിൽ കെ. സി. മാത്യു വക്കീലിന്റെ പൗത്രനും സഭാകാര്യ വ്യഗ്രനായിരുന്ന ജൂണിയർ കെ. എം.



ചെറിയാന്റെ പുത്രനുമായ കെ. ജോൺ ചെറിയാൻ മനുഷ്യസേവനപരമായ വിവിധ മേഖലകളിൽ പ്രവർത്തനനിരതമായ വൈ.എം.സി.എ. എന്ന ആഗോള സംഘടനയുടെ പ്രതീകമായി ഉയർന്നിട്ടു വർഷങ്ങൾ പലതു കഴിഞ്ഞു. പല തവണ കോട്ടയം വൈ.എം.സി.എ. പ്രസിഡന്റ് സ്ഥാനം വഹിച്ചിട്ടുള്ള ശാന്തസ്വഭാവിയായ അദ്ദേഹം കോട്ടയം സബ് റീജിയൻ ചെയർമാൻ, സൗത്ത് വെസ്റ്റ് ഇന്ത്യാ റീജിയൻ, വൈ.എം.സി.എ. നാഷണൽ കൗൺസിൽ പ്രസിഡന്റ് മുതലായ ഉന്നതസ്ഥാനങ്ങളിലിരുന്നു സംഘടനയുടെ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചിരുന്നു. സംഘടനയുടെ സ്പോട്സ് മേഖലയിൽ ദീർഘനാൾ നിർണ്ണായകപങ്കു വഹിച്ചിട്ടുണ്ട്.

അജാതശത്രുവായ ജോൺ ചെറിയാൻ കോട്ടയം പബ്ലിക് ലൈബ്രറി മുൻ മാനേജിംഗ് കമ്മിറ്റി അംഗം, ജവഹർ ബാലഭവൻ ഡയറക്ടർ, എൽ.ഐ.സി. സൗത്ത് സോൺ അഡൈ്വസറി ബോർഡ് മെമ്പർ സോഷ്യൽ ജസ്റ്റീസ് സംബന്ധിച്ച പീപ്പിൾസ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കെ.സി.സി. യുടെ മുൻ എക്സിക്യൂട്ടീവ് മെമ്പർ, കെ.സി.സി. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ എക്യുമെനിക്കൽ ഹൊറൈസൺ മുൻ എഡിറ്റർ മുതലായ നിലകളിൽ പ്രശസ്ത സേവനം കാഴ്ചവച്ചു.

മിതഭാഷിയായ ജോൺ ചെറിയാനു കമ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷന്റെ സുവർണ്ണമുദ്ര, നല്ല സാമൂഹ്യ പ്രവർത്തകനുള്ള യൂണിവൈ അവാർഡ്, വേൾഡ് എക്യുമെനിക്കൽ ഫെലോഷിപ്പ്, ഇടുക്കി സബ് റീജിയൻ അവാർഡ്, വൈ.എം.സി.എ. കളുടെ ഏഷ്യ പസഫിക് ഫെലോഷിപ്പ് അവാർഡ്, എം.ജി.ഒ.സി.എസ്.എം. മലങ്കരസഭാ പ്രതിഭാ അവാർഡ് എന്നിവ ലഭിച്ചു.

എം.ആർ.എഫ്. കോട്ടയം പർച്ചെയിസ് ഓഫീസ് മേധാവിയായിരുന്ന ജോൺ ചെറിയാൻ (67) സേവനകാലത്തും റിട്ടയർ ചെയ്തശേഷവും വൈ.എം.സി.എ. യിലൂടെ പ്രശസ്തമായ രീതിയിൽ സാമൂഹ്യസേവനം അനുഷ്ഠിച്ചു. തന്റെ പ്രവർത്തനങ്ങൾ മൂലം ഒരു വിശ്വപൗരനായിത്തീർന്ന ജോൺ ചെറിയാനെപ്പോലെ വൈ.എം.സി.എ. യുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള മറ്റൊരു വ്യക്തി ഇന്നു മലങ്കരസഭയിൽ ഇല്ല.

പ്രൊഫ. ഇ. ജോൺ മാത്യു



ദീർഘകാലമായി സഭയുടെ ഉന്നതവിദ്യാഭ്യാസ രംഗത്തും സഭാസംബന്ധമായ വിവിധ മേഖലകളിലും ഉത്സാഹത്തോടും ചുറുചുറുക്കോടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ് പ്രൊഫ. ഇ. ജോൺ മാത്യു കൂടാരത്തിൽ. കോട്ടയം ബസ്സേലിയോസ് കോളജിലെ ഇംഗ്ലീഷ് അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം കൊട്ടാരക്കര മാർ ഗ്രീഗോറിയോസ്, പഴഞ്ഞി മാർ ഡയനീഷ്യസ്, ബസേലിയോസ്, എന്നീ മൂന്നു കോളജുകളിലെ പ്രിൻസിപ്പലായി പ്രശസ്ത സേവനം അനുഷ്ഠിച്ചു. സേവനകാലങ്ങളിലും സഭാസേവനത്തിനു മുടക്കം വരുത്തിയിട്ടില്ല. റിട്ടയർ ചെയ്ത ശേഷം ഇപ്പോൾ വളഞ്ഞവട്ടം പരുമല മാർ ഗ്രിഗോറിയോസ് കോളജിന്റെ പ്രിൻസിപ്പലായി പ്രവർത്തനം തുടരുന്നു.

കേരളത്തിലെ ഏറ്റവും മികച്ച പ്രിൻസിപ്പലിനുള്ള ഡോ. എം. വി. പൈലി അവാർഡും ഇന്ത്യയിലെ ഏറ്റവും സമുന്നതരായ പത്തു പ്രിൻസിപ്പൽമാരിൽ ഒരാളെന്ന നിലയിൽ ഡോ. ഹിഗ്ഗിൻ ബോഥം അവാർഡും പ്രൊഫ. ജോൺ മാത്യുവിനെ തേടിയെത്തി എന്നത് അഭിമാനകരമായ ഒരംഗീകാരമാണ്. സഭകളുടെ ലോകകൗൺസിലിന്റെ സ്കോളർഷിപ്പോടുകൂടി ജനീവയിലെ ബോസെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു വേദപഠന കോഴ്സ് പൂർത്തിയാക്കിയശേഷം എം.ജി.ഒ.സി.എസ്.എം. അസോസിയേറ്റ് സെക്രട്ടറി, സീനിയർ വൈസ്പ്രസിഡണ്ട് എന്നീ നിലകളിൽ ക്ലാസ്സുകൾ എടുത്തും മറ്റും ഇന്നും വിദ്യാർത്ഥിപ്രസ്ഥാനത്തിനു സമർത്ഥമായ നേതൃത്വം നൽകിവരുന്നു. കൂടാതെ രോഗികളും അനാഥരും പാവപ്പെട്ടവരുമായ ആളുകളുടെ സംരക്ഷണാർത്ഥം ആരംഭിച്ചിരിക്കുന്ന സഭയുടെ സേവന വിഭാഗമായ ആർദ്രാ ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി, സഭയുടെ ദൃശ്യമാധ്യമ പദ്ധതിയായ ദിവ്യസന്ദേശം സെക്രട്ടറി, കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപറേറ്റ് മാനേജ്മെന്റ് ഗവേണിംഗ് ബോർഡ് മെമ്പർ, കേരള പ്രിൻസിപ്പൽസ് കൗൺസിൽ പ്രസിഡന്റ് എന്നീ നിലകളിലും കാര്യക്ഷമമായ സേവനം കാഴ്ചവയ്ക്കുന്നുണ്ട്. ഇതു കൂടാതെ കൺവൻഷൻ പ്രസംഗങ്ങൾ, അധ്യാപക പരിശീലന ക്ലാസ്സുകൾ, കുട്ടികൾക്ക് ബി പ്ലസ് ക്ലാസ്സുകൾ എന്നിവയും നടത്തുന്നു. സഭയെപ്പറ്റി നല്ല ഉൾക്കാഴ്ചകളുള്ള വ്യക്തിയാണ് ജോൺ മാത്യു സാർ.

ഭാര്യ ബി.എസ്.എൻ.എൽ. ഡപ്യൂട്ടി ജനറൽ മാനേജരായി റിട്ടയർ ചെയ്ത മറിയാമ്മ ജോണാണ്.

ജോസ് കുര്യൻ പുളിയേരിൽ



മലങ്കരസഭയിലെ ബോംബെ ഭദ്രാസന മെത്രാപ്പോലീത്തായുടെ സഹോദരനും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുടെ സ്യാലനും എന്ന അതുല്യ സ്ഥാനം വഹിക്കുകയും വിവിധ സഭാസേവന രംഗങ്ങളിൽ ആത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പ്രസംഗകനും പ്രമുഖ ഗ്രന്ഥകാരനും മറ്റുമാണ് കൊല്ലാട് പുളിയേരിൽ പി. കെ. കുര്യൻ, മേരി കുര്യൻ എന്നിവരുടെ മൂത്ത പുത്രനായ ജോസ് കുര്യൻ പുളിയേരിൽ. ജനനം 1946 മെയ് 9. എം. എ. പാസ്സായശേഷം അബുദബി ഗവൺമെന്റിൽ 1969 മുതൽ 2008 വരെ സേവനം ചെയ്തു. നേരത്തെ കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സണ്ടേസ്കൂൾ അദ്ധ്യാപകൻ, ബാല്യം മുതൽ വി. മദ്ബഹായിലെ ശുശ്രൂഷകൻ (1958 മുതൽ), ഓർത്തഡോക്സ് യുവജനപ്രസ്ഥാനാംഗം, കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാന ഓർഗനൈസർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

അബുദബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ സ്ഥാപകാംഗം. ഇടവകയുടെ സെക്രട്ടറി, ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗം, രജത ജൂബിലി ജനറൽ കൺവീനർ, യു.എ.ഇ. യിലെ പ്രഥമ യുവജനപ്രസ്ഥാന യൂണിറ്റിന്റെ പ്രഥമ സെക്രട്ടറി, വി. മദ്ബഹായിലെ ശുശ്രൂഷകൻ, യു.എ.ഇ. യിലെ മറ്റ് ഇടവകകളുടെയും കോൺഗ്രിഗേഷനുകളുടെയും സ്ഥാപനത്തിലെ സഹായി മുതലായ നിലകളിലും സേവനം ചെയ്തു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി SGOS, M TV, UAE OSSA, എന്നിവയിൽ ആഴ്ചതോറുമുള്ള വേദവായനാ കുറിപ്പടിസ്ഥാനത്തിലുള്ള ധ്യാനചിന്തകൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നു.

പ. സഭയുമായി ബന്ധപ്പെട്ട ഇന്റർനെറ്റ് പ്രസിദ്ധീകരണങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്നു.

സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് സൊസൈറ്റിയുടെ സീനിയർ അഡ്വൈസറന്മാരിലൊരാളായും ഇൻഡ്യൻ ക്രിസ്ത്യൻ ഓർത്തഡോക്സ് നെറ്റ്വർക്ക് പ്രസിദ്ധീകരണത്തിന്റെ സീനിയർ അഡ്വൈസറന്മാരിലൊരാളായും പ്രവർത്തിക്കുന്നു.

ഇൻഡ്യൻ ഓർത്തഡോക്സ് ഹെറാൾഡ് എഡിറ്റർ, മലങ്കര ഓർത്ത ഡോക്സ് ടി. വി. സീനിയർ എഡിറ്റർ എന്നീ തസ്തികകളും ഉണ്ട്.

SGOS ലും M TV യിലും കാതോലിക്കേറ്റ് ന്യൂസിലും ICON ലും Adof ലും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങളും പഠന സഹായ വിശദീകരണങ്ങളും നൽകിവരുന്നു.

അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷാ സംഘത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറിയാണ് (2007 മുതൽ 2012 വരെ). ഇപ്പോൾ എക്സി ക്യൂട്ടീവ് കമ്മിറ്റി അംഗം.

സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷകമ്മിറ്റി സെക്രട്ടറി യായി 2009-ലെ പ്രാരംഭം മുതൽ 2012 നവംബർ 25 വരെ പ്രവർത്തിച്ചു.

തലക്കോട് സെന്റ് ഗ്രിഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും അനു ബന്ധ സ്ഥാപനങ്ങളുടെയും ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു.

ഗ്രന്ഥങ്ങൾ: വി. കുർബാനയുടെ ധ്യാനപഠനം (A Commentary of Holy Qurbana), Dr. Paulos Mar Gregorios (ജീവചരിത്രം), Puthencavil Kochu Thirumeni, Lost Sheep and the Shephered, (ധ്യാനപഠനം), Parishes in UAE & H. H. Moran Mar Baselios Marthoma Mathews II, Catholicose (എല്ലാം ഇംഗ്ലീഷിൽ) ലോകരക്ഷകന്റെ പാദസ്പർശം തേടി (ഊർശ്ലേം യാത്രാ വിവരണം - മലയാളം), In the sacrificial paths of the master, St. George, St. Gregorios, History of Nazareth Convent, Kadampanad, Dr. Philipose Mar Theophilus, Honey verses, Mylapra Mathews Ramban, Moran Mar Baselios Augen I, ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റിന്റെ കാലിക പ്രസക്തി (ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ എന്നിവരോട് ചേർന്ന് എഴുതിയ ഗ്രന്ഥം).

വോയ്സ് ഓഫ് നേച്ചർ എന്ന സാമൂഹ്യ സംഘടനയിലെ സജീവ പങ്കാളിത്തം (ഇപ്പോൾ സെൻട്രൽ കമ്മിറ്റിയുടെ ജോ. സെക്രട്ടറി).

കൊല്ലാട് വൈ.എം.സി.എ. യുടെ ആജീവനാന്ത അംഗവും ഇപ്പോ ഴത്തെ ജോയിന്റ് സെക്രട്ടറിയും ആയി പ്രവർത്തിക്കുന്നു.

കൊല്ലാട് പള്ളി പുനരുദ്ധാരണ കമ്മിറ്റിയുടെ മുൻ സെക്രട്ടറിയാണ്. താഗനിലത്തിലായ മൂലയിൽ കുടുംബയോഗം സെക്രട്ടറി എന്ന സ്ഥാനവും ഉണ്ട്.

കെ. മാത്തൻ

പള്ളിക്കേസുകൾ സഭയുടെ പള്ളയ്ക്കു ഏല്പിച്ച കുത്തുകളാ ണെന്നും അവ വേണ്ടവിധം കുത്തിക്കെട്ടിയിട്ടും ഇന്നും ശരിക്കു കരിഞ്ഞി



ട്ടില്ലെന്നും തന്നിമിത്തം മലങ്കരസഭാചരിത്ര ത്തിന്റെ ഭാഗമാണ് കേസുകളെന്നും അവയും പഠിക്കേണ്ടതാണെന്നും പ. ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ പ്രസ്താ വിക്കുകയും ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ യുടെ ആശംസാസന്ദേശത്തിൽ ആലേഖനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനരഹിത മായ കാരണങ്ങളുടെ പേരിൽ ഫയൽ ചെയ്ത പല കേസുകളും കോടതികൾ നിരാകരിച്ചു എങ്കിലും വട്ടിപ്പണക്കേസ്, സമുദായക്കേസ്, സഭാക്കേസ് എന്നിവ കോടതികളിലും ജനഹൃ ദയങ്ങളിലും മാധ്യമങ്ങളിലും നിറഞ്ഞു നിന്നിരുന്നു. 1958-ലെയും 1995-ലെയും സുപ്രീംകോടതിവിധികളും 1990-ലെ കേരള ഹൈക്കോടതി ഡിവി ഷൻ ബഞ്ചിന്റെ വിധിയും കേസുകൾക്ക് അന്ത്യം കുറിച്ചു. ഏതു ഭോഷനും വഴക്കടിക്കും എന്നുള്ളതിനാൽ ഇന്നും ചില ചില്ലറ പള്ളിക്കേ സുകൾ ഉണ്ട്. അവ ആരും അത്ര കാര്യമാക്കുന്നുമില്ല.


ഈ കേസുകളെപ്പറ്റിയുള്ള വിധികൾ എല്ലാം തന്നെ ദീർഘകാലം മലയാള മനോരമ പത്രാധിപസമിതിയിലെ നിയമജ്ഞനായിരുന്ന് വേണ്ട വിധം കൈകാര്യം ചെയ്തത് കുറിച്ചി കരുനാട്ടു കെ. മാത്തൻ ബി. എസ്.സി., ബി.എൽ. ആണ്. കുറിച്ചി പുത്തൻപുരയ്ക്കൽ കുടുംബ ത്തിന്റെ കല്ലാശ്ശേരി ശാഖയുമായി അടുത്ത ബന്ധമുള്ള കരുനാട്ടു കെ. മാത്തൻ 1928 ഡിസംബർ 19-നു ജനിച്ചു. എസ്.ബി. കോളജിൽ നിന്നു ബി.എസ്.സി. യും എറണാകുളം ലോ കോളജിൽ നിന്നും ബി.എൽ. ബിരുദവും നേടി. കുറച്ചുകാലം അധ്യാപകനായിരുന്ന ശേഷം 1957 മുതൽ റിട്ടയർ ചെയ്യുന്ന 1989 വരെ മുപ്പതിൽപരം വർഷം മനോരമ പത്രാധിപ സമിതിയിൽ എഡിറ്റിംഗ് ജോലികൾക്കു പുറമെ ലീഗൽ വിഷയങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്തു. ഇപ്പോൾ ശതാഭിഷിക്തനായിരിക്കു കയാണ്.

1958-ലെ സുപ്രീംകോടതി വിധിയും കേരള ഹൈക്കോടതി വിധികളും ലളിതസുന്ദരമായ ഭാഷയിൽ തർജ്ജമ ചെയ്ത് കുറഞ്ഞ വാക്കുകളിൽ പത്രങ്ങളിൽ ചേർത്തത് കെ. മാത്തനാണെന്ന വസ്തുത അനുവാചകർ വൈകിയെങ്കിലും അറിയട്ടെ.

1958-ലെ സുപ്രീംകോടതി വിധിയും 1990-ലെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചു വിധിയും 1995-ലെ സുപ്രീംകോടതി വിധിയും 1889-ലെ റോയൽ കോടതി വിധിയും എല്ലാം സമർത്ഥമായും സമ്പൂർണ്ണമായും ഇങ്ങനെ തർജ്ജമ ചെയ്യുകയും അവയെല്ലാം അദ്ദേഹത്തിന്റെ സഹപ്ര


വർത്തകനും കോട്ടയ്ക്കൽ പബ്ളിഷേഴ്സ് ഉടമയുമായ കെ. വി. മാമ്മൻ പുസ്തകങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. "സഭാക്കേസുകളുടെ സമഗ്ര സമാഹാരം" എന്ന ബൃഹത്തായ പുസ്തകമാണ് ഇക്കൂട്ടത്തിൽ ഏറ്റവും സുപ്രധാനം. കോടതിവിധി ഭാഷയുടെയും നിയമസംബന്ധമായ പല വാക്കുകളുടെയും യഥാർത്ഥ അർത്ഥം ഒട്ടും ചോരാതെ മനസ്സിലാക്കാനോ തർജ്ജമ ചെയ്യാനോ നിയമം ശരിക്കു പഠിക്കുന്നവർക്കും സാധ്യമല്ല. നിയമഭാഷ തർജ്ജമയിൽ കെ. മാത്തനെ പിന്നിലാക്കാൻ ഇന്നു സഭയിൽ ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല. സർവ്വോപരി അദ്ദേഹം രചിച്ചതും കേരളത്തിലെ പ്രമുഖ പ്രസാധകരായ എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ചതുമായ "നിയമനിഘണ്ടു ഇംഗ്ലീഷ് മലയാളം" എന്ന പുസ്തകം നിയമം കൈകാര്യം ചെയ്യുന്നവർക്ക് വിശിഷ്യ യുവഅഭിഭാഷകർക്ക് അവശ്യമായ ഒരു പദവിജ്ഞാനകോശമാണ്. ഭാര്യ ലീലാമ്മ മേപ്രാൽ കണിയാന്ത്ര കുടുംബാംഗമാണ്.

കെ. എം. മാത്യു തിരുവല്ല



പ്രശസ്തമായ തിരുവല്ല എം.ജി.എം., കോട്ടയം എം.ഡി. എന്നീ ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോഴും റിട്ടയർ ചെയ്തശേഷവും സഭാസംബന്ധമായ രംഗങ്ങളിൽ പ്രവർത്തിച്ചു വന്ന - ഇന്നും ചുരുക്കം ചില ആത്മിക പരിപാടികളിൽ പങ്കെടുക്കുന്ന - തിരുവല്ലാ കിഴക്കുംമുറികണ്ടത്തിൽ കെ. എം. മാത്യു സംസ്ഥാന-ദേശീയ അവാർഡുകൾ ലഭിച്ച ഒരു അധ്യാപകശ്രേഷ്ഠനാണ്. നേരത്തെ സണ്ടേസ്കൂൾ അധ്യാപകൻ, നിരണം ഭദ്രാസന യുവജനസമാജം ഓർഗനൈസർ, ജനറൽ സെക്രട്ടറി, ട്രഷറർ, നിരണം ഭദ്രാസന സുവിശേഷസംഘം സെക്രട്ടറി മുതലായ നിലകളിൽ സേവനം ചെയ്തു. മിഷൻ ബോർഡ് മെമ്പർ എന്ന നിലയിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ആന്ധ്രയിലെ ദുരിതനിവാരണ പ്രവർത്തനത്തിന്റെ ട്രഷററായിരുന്നു. മാനേജിംഗ് കമ്മിറ്റി മെമ്പറും കൺവൻഷൻ പ്രസംഗകനുമായിരുന്നു. പാലിയേക്കര ഇടവക പ്രസിദ്ധപ്പെടുത്തുന്ന ഇടവകദീപ്തിയുടെ എഡിറ്റർ ആയി തുടരുന്നു. ദീപ്തിയിൽ താൻ എഴുതിയ നല്ല ലേഖനങ്ങൾ സമാഹരിച്ച് 'മഴത്തുള്ളികൾ', 'ഹരിതരശ്മി' എന്നീ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി.

കണ്ടത്തിൽ ഗീവറുഗീസ് മത്തായി - അച്ചാമ്മ ദമ്പതികളുടെ പുത്രനായി 1932-ൽ ജനിച്ച കെ. എം. മാത്യു 80 കഴിഞ്ഞിട്ടും സഭാകാര്യങ്ങ



ളിൽ ഉൽസുകനും പ്രബോധനരംഗങ്ങളിൽ പ്രശസ്തനുമാണ്.

പോൾ മണലിൽ

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ ഓർത്ത ഡോക്സ് സഭയുടെ വിവിധ മേഖലകളിൽ എത്തി പ്രശോഭിക്കുന്ന പോൾ മണലിൽ 1955 ഓഗസ്റ്റ് 21-ന് പത്തനാപുരത്ത് മണലിൽ സ്വാതന്ത്ര്യസമര സേനാനി എം. ജി. അല ക്സാണ്ടറുടെയും പള്ളിപ്പാട് കുമ്പമ്പുഴ പെരുംകോയിക്കൽ കെ. സി. ഏലിയാമ്മയു ടെയും പുത്രനായി ജനിച്ചു.

പത്തനാപുരം മൗണ്ട് താബോർ എൽ.പി.എസ്., സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ, സെന്റ് സ്റ്റീഫൻസ് കോളജ് എന്നിവിടങ്ങളിൽ പഠിച്ചു. പിതാവിന്റെ മാതൃസഹോദരീപുത്രനായ തോമ്മാ മാർ ദീവന്നാസ്യോ സിന്റെ ആധ്യാത്മിക ശിക്ഷണത്തിൽ വളർന്നു വന്ന പോൾ സെന്റ് സ്റ്റീഫൻസ് കോളജിലെ ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ യൂണിറ്റ് സെക്രട്ടറിയായിരുന്നു.

വിദ്യാർത്ഥിപ്രസ്ഥാന സാഹിത്യവേദി പ്രഥമ സെക്രട്ടറിയായ പോൾ തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽ പഠിക്കുന്ന കാലത്ത് എം.ജി.ഒ.സി.എസ്.എം. അഖിലേന്ത്യാ വൈസ് പ്രസിഡന്റായി. വിദ്യാ ർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റും അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാ പ്പോലീത്തായും ആയിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ അരമന വിഘടിത വിഭാഗത്തിലെ സാമൂഹികദ്രോഹികൾ കൈയേറു കയും കാർ കത്തിക്കുകയും ചെയ്തപ്പോൾ തിരുവനന്തപുരത്ത് മുഖ്യ മന്ത്രിയുടെ ഓഫീസിലേക്ക് പ്രസ്ഥാനം വൈസ് പ്രസിഡന്റുമാരായിരുന്ന ഡോ. സി. വി. ചെറിയാൻ, പോൾ മണലിൽ, ആലീസ് ഏബ്രഹാം എന്നി വരുടെ നേതൃത്വത്തിൽ ഒരു മാർച്ച് നടത്തി.

പോൾ ഡയറക്ടറായി പല സാഹിത്യശില്പശാലകൾ സംഘടിപ്പിച്ചു. കാതോലിക്കേറ്റ് ശതാബ്ദി വേളയിൽ വിദ്യാർത്ഥിപ്രസ്ഥാനം ആദരിച്ച പ്രതിഭകളിൽ പോളും ഉൾപ്പെടുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രവും പാരമ്പര്യവും സംസ്കാരവും കേരളസമൂഹത്തിൽ അവതരിപ്പിക്കുന്നതിൽ പോൾ മണ ലിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. പരുമല മാർ ഗ്രീഗോറിയോസ്

1895-ൽ എഴുതിയ 'ഊർശ്ലേം യാത്രാവിവരണ'മാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ യാത്രാവിവരണമെന്ന വാദം മലയാള സാഹിത്യചരിത്രത്തിൽ ആദ്യം അവതരിപ്പിച്ചത് പോളാണ്. പരുമല തിരുമേനിയുടെ യാത്രാവിവരണവും അതിന്റെ പഠനങ്ങളും ചേർത്ത് കേരള സാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തിയ പതിപ്പിന്റെ സൂത്രധാരനും എഡിറ്ററും പോൾ മണലിൽ ആയിരുന്നു. പരുമല തിരുമേനി 1895-ൽ വിശുദ്ധനാട്ടിലേക്ക് യാത്രചെയ്തപ്പോൾ സംഘാംഗമായിരുന്ന പരുമല മണലിൽ തോപ്പിൽ ഫിലിപ്പോസ്, പോൾ മണലിന്റെ പിതാമഹനാണ്. പരുമലതിരുമേനിയുടെ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിന് രചനകൾ വഴിയും പ്രഭാഷണങ്ങൾ വഴിയും നടത്തിയ ഉദ്യമങ്ങളുടെ പേരിൽ 2002-ൽ പരുമല മാർ ഗ്രീഗോറിയോസ് ചരമശതാബ്ദി അവാർഡ് പോളിന് ലഭിച്ചു.

തന്റെ ആധ്യാത്മിക ഗുരുവായ തോമ്മാ മാർ ദീവന്നാസ്യോസിന്റെ ജീവിതകഥ 'മഹാനായ ദീവന്നാസ്യോസ്' എന്ന പേരിൽ 1987-ൽ പുറത്തിറക്കി. ഈ പുസ്തകത്തിന് തോമ്മാ മാർ ദീവന്നാസ്യോസ് ജന്മശതാബ്ദി അവാർഡും ലഭിച്ചു. പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായുടെയും ഡോ. യാക്കോബ് മാർ ഐറേനിയസിന്റെയും വേദശാസ്ത്ര ചിന്തകളെ പോൾ വ്യാഖ്യാനിച്ച് അവതരിപ്പിച്ചു. ഡോ. ഐറേനിയോസിന്റെ 'വചനം സ്പന്ദിക്കുന്നു', 'ധ്യാനപീഠം' തുടങ്ങിയ ഗ്രന്ഥങ്ങളിലെ വേദശാസ്ത്രചിന്തകളെപ്പറ്റി പോൾ പഠനങ്ങൾ രചിച്ചു. ദിദിമോസ് ബാവായുടെ രചനകൾ 'ഒരു മഹർഷി സംസാരിക്കുന്നു' എന്ന പേരിൽ സമാഹരിച്ച് മുഖപഠനത്തോടെ പുറത്തിറക്കി.

എക്യുമെനിക്കൽ രംഗത്ത് നേതൃത്വം നൽകിയ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ ജീവിതവും ചിന്തകളും അവതരിപ്പിക്കുന്ന 'ജീവിതം, ദർശനം, അനുഭവം' എന്ന ഗ്രന്ഥവും എഡിറ്റ് ചെയ്തിട്ടുണ്ട്.

മലയാള സാഹിത്യരംഗത്ത് അവിസ്മരണീയരായ കഴിഞ്ഞ തലമുറയിലെ എഴുത്തുകാരും സഭയിലെ അംഗങ്ങളുമായ ഒ. എം. ചെറിയാൻ, പൈലോ പോൾ, ചിത്രമെഴുത്ത് കെ. എം. വർഗീസ്, കായംകുളം ഫിലിപ്പോസ് റമ്പാൻ എന്നിവരുടെ സംഭാവനകളെ വിലയിരുത്തുന്ന ഒരു പുസ്തകം 'മലയാള സാഹിത്യചരിത്രം എഴുതപ്പെടാത്ത ഏടുകൾ' എന്ന പേരിലും ദാർശനിക സമാനതകൾ ഉള്ള പ്രമുഖ എഴുത്തുകാരായ പുത്തൻകാവ് മാത്തൻ തരകൻ, പ്രൊഫ. കെ. എം. തരകൻ, ഡോ. സി. ജെ. റോയ്, ഫാ. ഡോ. കെ. എം. ജോർജ്, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നിവരുടെ സംഭാവനകൾ വിലയിരുത്തുന്ന 'ദാർശനിക സമീപനങ്ങൾ' എന്ന പുസ്തകവും പോൾ മണലിൽ രചിച്ചിട്ടുണ്ട്.

ദൈവശാസ്ത്ര ചിന്തകനായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെയും ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെയും ചിന്തകളെ മലയാളികൾക്ക് പരിചയപ്പെടുത്തുന്ന പല ലേഖനങ്ങൾ തയ്യാറാക്കി.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ഓക്സിലിയറിയിൽ ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി രണ്ടു തവണ പ്രവർത്തിച്ചിട്ടുള്ള പോൾ, ബൈബിൾ സൊസൈറ്റിക്കു വേണ്ടി തയ്യാറാക്കിയ ഗ്രന്ഥമാണ് 'ബൈബിൾ ചരിത്രവും ദർശനവും.' കായംകുളം ഫിലിപ്പോസ് റമ്പാന്റെ ബൈബിൾ വിവർത്തനമാണ് ഭാഷയിലെ ആദ്യ ബൈബിൾ വിവർത്തനമെന്ന് 2006-ൽ പ്രസിദ്ധപ്പെടുത്തിയ ഈ പുസ്തകത്തിൽ അദ്ദേഹം രേഖപ്പെടുത്തി. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ വചനം വിടരുന്നു, പി. സി. ഏബ്രഹാം പടിഞ്ഞാറെക്കരയുടെ ഓർമ്മയുടെ പൂക്കൾ, ഡോ. വർഗീസ് പേരയിൽ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായെപ്പറ്റി എഴുതിയ സ്നേഹത്തിന്റെ മന്ദഹാസം മുതലായി ഒട്ടേറെ ഗ്രന്ഥങ്ങളുടെ പഠനവും അവതാരികയും പോളിന്റേതാണ്.

സഭകളുടെ ലോകകൗൺസിലിന്റെ ബ്രസീൽ, സിംബാബെ അസംബ്ലികളുടെയും ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യയുടെ ഇന്തോനേഷ്യ, തായ്‌ലണ്ട് അസംബ്ലികളുടെയും അക്രെഡിറ്റഡ് റിപ്പോർട്ടറായിരുന്നു. ഗ്രീസിൽ നടന്ന അഖിലലോക ഓർത്തഡോക്സ് മാധ്യമപ്രവർത്തകരുടെ സമ്മേളനത്തിലും പങ്കെടുത്തു.

പത്രപ്രവർത്തനത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടിയശേഷം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നു ഇദ്ദേഹം പത്രപ്രവർത്തനത്തിൽ പി.എച്ച്.ഡി. യും നേടി. കേരള സാഹിത്യ അക്കാദമി, കേരള പ്രസ് അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി തുടങ്ങിയവയുടെ അവാർഡുകളും ബഹുമതികളും മനോരമ സ്റ്റാഫംഗമായ പോളിനു ലഭിച്ചിട്ടുണ്ട്. നാല്പതു പുസ്തകങ്ങൾ എഡിറ്റ് ചെയ്തു. ഇരുപതു കൃതികൾ എഴുതി. കാതോലിക്കേറ്റ് ശതാബ്ദി സ്മാരക ഗ്രന്ഥത്തിന്റെ എഡിറ്ററും പോളാണ്.

സണ്ണി കുലത്താക്കൽ

മലയാള മനോരമയുടെ കവാടത്തിൽ വന്നശേഷം വൈ.എം.സി.എ. യിലൂടെ കഠിനാധ്വാനംകൊണ്ട് അവസരത്തിനൊത്ത് ഉയർന്ന് ഗൾഫിലും മറ്റും എത്തി തന്റെ പ്രവർത്തനമേഖല വികസിപ്പിച്ച് ഒരു വിശ്വപൗരനായി ഉയരുകയും മലങ്കരസഭയ്ക്ക് അഭിമാനം പകരുകയും ചെയ്ത സഭയുടെ ഒരുത്തമ സന്താനമാണ് മാരാമൺ കുലത്താക്കൽ കുടുംബത്തിലെ



44-ാമത്തെ വൈദികനായ ഫാ. കെ. റ്റി. ജോർജിന്റെയും സാറാമ്മ ജോർജിന്റെയും പുത്രൻ സണ്ണി കുലത്താക്കൽ. ഉൽകൃഷ്ട മായ ജീവിതപാത തെരഞ്ഞെടുക്കാൻ അദ്ദേഹത്തിന്റെ വൈദിക കുടുംബപാര മ്പര്യം സഹായിച്ചിട്ടുള്ളതായി സണ്ണി വിശ്വ സിക്കുന്നു. ആയിരത്തിതൊള്ളായിരത്തി എഴുപതുകളിൽ പ. കാതോലിക്കാ ബാവായെപ്പറ്റി പടം സഹിതം ഇലസ്ട്രേ റ്റഡ് വീക്കിലിയിൽ വന്ന തെറ്റായ ലേഖനം തിരുത്തിക്കാൻ സണ്ണിക്കു സാധിച്ചു.

എൺപതുകളിൽ കർണാടകയിൽ സഭയ്ക്ക് ഒരു എൻജിനീയറിംഗ് കോളജ് ലഭിക്കുന്നതിനാവശ്യമായ അംഗീകാരം പണം നൽകാതെ കിട്ടാൻ സഹായിച്ച വ്യക്തിയാണ് സണ്ണി. കർണാടക വിദ്യാഭ്യാസ മന്ത്രിയെ ദേവലോകത്ത് എത്തിച്ച് വേണ്ട ലറ്റർ ഓഫ് ഇന്റന്റ് കിട്ടാൻ സണ്ണി ഇടവരുത്തി. ചില സാങ്കേതിക കാരണങ്ങളാൽ കോളജ് നടത്താൻ ആയില്ലെങ്കിലും ഇതിനുവേണ്ടി പ്രവർത്തിച്ച സണ്ണിയുടെ സേവനങ്ങളെ പ. മാത്യൂസ് പ്രഥമനും പ. മാത്യൂസ് ദ്വിതീയനും കൊച്ചി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സി. പി. കുറിയാക്കോസും പ്രശം സിച്ചതായി ഓർക്കുന്നു.

ഓർത്തഡോക്സ് സഭയിലെ പല വൈദികരും മേല്പട്ടക്കാരും പഠി ച്ചിട്ടുള്ള ബാംഗ്ലൂർ യു.ടി. കോളജിന്റെ വികസന ഡയറക്ടറായി എട്ടു കൊല്ലം പ്രവർത്തിച്ചതിനാലും പല പ്രമുഖ പത്രങ്ങളിൽ ക്രിസ്തീയ വീക്ഷണത്തെപ്പറ്റി ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നതിനാലും അദ്ദേഹം ക്രൈസ്തവ ലോകത്തിനു സുപരിചിതനാണ്. ലോകപ്രശസ്ത ചിന്തകരുമായി അഭിമുഖങ്ങൾ തന്റെ "കാൽപാടുകൾ" എന്ന പുസ്ത കത്തിലുണ്ട്.

ഇപ്പോൾ മുഖ്യമന്ത്രിയായിരിക്കുന്ന ഉമ്മൻചാണ്ടിക്കു ശേഷം അഖില കേരള ബാലജനസഖ്യം പ്രസിഡണ്ടായിത്തീർന്ന സണ്ണി, സങ്കീർണ്ണമായ രാഷ്ട്രീയത്തിലൊന്നും ഇറങ്ങാതെ അധികം ആരും സഞ്ചരിക്കാത്ത ആഗോള പ്രസിദ്ധീകരണ പ്രധാനമായ പാതയാണു തെരഞ്ഞെടുത്തത്. ഭാര്യ എലിസബത്ത് സണ്ണി അദ്ദേഹത്തിന്റെ എല്ലാ സേവന പ്രവർത്തന ങ്ങൾക്കും ശക്തിപകരുന്നു. സേവനമേഖല സംബന്ധമായി കർത്താ വിന്റെ മുന്തിരിത്തോപ്പിൽ നിലകൊള്ളുന്ന സണ്ണി ദമ്പതികൾക്കു ബാംഗ്ലൂ രിൽ ഒരു നല്ല മുന്തിരിത്തോട്ടമുണ്ട്. Global Organization of People of India Origin (GOPIO) എന്ന സംഘടനയുടെ ആഗോള എക്സിക്യൂട്ടീവ് വൈസ്

പ്രസിഡന്റായി പ്രവർത്തിച്ച്, ലോകത്തിന്റെ വിവിധ കോണുകളിലുള്ള ഇന്ത്യാക്കാരെ ഒരു ശൃംഖലയിലെ കണ്ണികളാക്കുക എന്ന മഹാദൗത്യമാണ് സണ്ണി ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. ഇതിന്റെ കൊച്ചി ചാപ്റ്ററും തുടങ്ങിക്കഴിഞ്ഞു.

തേവർവേലിൽ ഡി. മാത്യു (നെബു)



വൈദിക പാരമ്പര്യത്താൽ ഏറെ ധന്യമായ കോഴഞ്ചേരി തേവർവേലിൽ വല്യവീട്ടിൽ ഡി. മാത്യു (നെബു) ചെന്നൈയിലെ ടെക്ഷാർപ്പുഷിപ്പു കമ്പനി ചെയർമാനായിരിക്കുമ്പോൾ തന്നെ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന ഒരു സമുന്നത വ്യക്തിയാണ്. മുൻ സഭാമാനേജിംഗ് കമ്മിറ്റിമെമ്പർ, കോയമ്പേട് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് പള്ളിയുടെ സ്ഥാപകട്രസ്റ്റി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള നെബു ലയൺസ് ക്ലബ്, വൈസ്മെൻസ് ക്ലബ് എന്നിവയിലൂടെയും സാമൂഹ്യസേവനരംഗത്തു ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്രാസ് ഭദ്രാസനം നടത്തുന്ന അംഗവൈകല്യമുള്ള കുട്ടികളുടെ ആശാകേന്ദ്രമായ ദിനേഷ്യസ് ഹോമിന്റെ ട്രസ്റ്റിയും അനാഥരെ സംരക്ഷിക്കുന്ന സെന്റ് തോമസ് ഹോമിന്റെ സ്ഥാപകമെമ്പറുമാണ്. വളരെ ഉത്തരവാദിത്വമുള്ള വ്യവസായ പ്രവർത്തനങ്ങൾക്കിടയിൽ സമയം കണ്ടെത്തി ജീവകാരുണ്യ - സാമൂഹ്യ മേഖലകളിലും ആത്മാർത്ഥമായി ശ്രദ്ധിക്കുവാൻ സാധിക്കുമെന്നുള്ളതിന്റെ ഒരു സന്മാതൃകയാണു നെബുവിന്റേത്.

തോമസ് കുതിരവട്ടം എക്സ് എം. പി.

സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും വ്യവസായ രംഗത്തും നടത്തുന്ന പ്രവർത്തനങ്ങൾക്കിടയിലും സഭാകാര്യങ്ങളിലും സഭയുടെ സേവന മേഖലകളിലും കടന്നുചെല്ലുന്നതിനും സൃഷ്ടിപരമായ കാര്യങ്ങളിൽ വ്യാപൃതനാകുന്നതിനും സന്മനസ്സുള്ള ഒരുന്നതവ്യക്തിയാണ് തോമസ് കുതിരവട്ടം എക്സ് എം. പി. മുപ്പതു വർഷത്തോളം സഭാ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം സഭയുടെ സേവനവിഭാഗമായ ആർദ്രാ ചാരിറ്റബിൾ സൊസൈറ്റി ട്രഷററായി പ്രവർത്തിക്കുന്നു. ഒപ്പം സഭയുടെ ദിവ്യസന്ദേശം പ്രോഗ്രാമിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്. ഇതിനുവേണ്ടി ചെങ്ങന്നൂരിൽ പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണ കമ്മിറ്റി കൺവീനറുമാണ്.



കല്ലിശ്ശേരി കുതിരവട്ടത്തു പണിക്കരുവീട്ടിൽ പരേതനായ തോമസ് വറുഗീസിന്റെയും അന്നമ്മയുടെയും മൂത്തപുത്രനായ തോമസ് (ബേബി) 1945-ൽ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി., എൻ.എസ്.എസ്. കോളജുകളിൽ പഠിച്ചു ബികോം ബിരുദം നേടി.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്. ഉമയാറ്റുകര പള്ളി സണ്ടേസ്കൂൾ വിദ്യാർത്ഥി, പിന്നീട് സണ്ടേസ്കൂൾ അദ്ധ്യാപകൻ, സണ്ടേസ്കൂൾ സെക്രട്ടറി, യുവജനപ്രസ്ഥാനം എന്നിവയുടെ സെക്രട്ടറി.

27-ാമത്തെ വയസ്സിൽ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗമായി നിരണം ഭദ്രാസനത്തിൽ നിന്നും 1971-ൽ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ചെങ്ങന്നൂർ ഭദ്രാസന രൂപീകരണത്തിനുശേഷം ടി ഭദ്രാസനത്തിൽ നിന്നും മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. ഈ കാലഘട്ടത്തിൽ സഭയുടെ കോളജുകളുടെ ഗവേണിംഗ് ബോഡി അംഗമായിരുന്നു. നരിയാപുരം മാടമ്പിൽപറമ്പിൽ റിട്ടയേർഡ് അദ്ധ്യാപകൻ പരേതനായ പി. വി. കോശിയുടെ ഇളയപുത്രി ലിസിയാണു ഭാര്യ.

ഇളയ സഹോദരൻ തമ്പി എന്നു വിളിക്കുന്ന ചെറിയാൻ കുതിരവട്ടം, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് അംഗമായും, പ്രസിഡന്റായും മറ്റും 1979 മുതൽ പ്രവർത്തിക്കുന്നു.

കെ.എസ്.യു. വിൽ ചേർന്ന് സംഘടനാ രംഗത്ത് പ്രവർത്തനം ആരംഭിച്ച തോമസ് കുതിരവട്ടം 1964 ഒക്ടോബർ 9-ന് കേരളാ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടിയുടെ രൂപവൽക്കരണത്തോടുകൂടി, അതിന്റെ വിദ്യാർത്ഥി വിഭാഗമായ കെ.എസ്.സി. യുടെ സംസ്ഥാന പ്രസിഡന്റായി. 1972-ൽ കേരള യൂത്ത് ഫ്രണ്ട് കൺവീനറായും 1976 മുതൽ കേരള കോൺഗ്രസ് (എം) പാർട്ടി ജനറൽ സെക്രട്ടറിയായും 1987-ൽ വർക്കിംഗ് ചെയർമാനായും പ്രവർത്തിച്ചു.

1985 ഏപ്രിലിൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ആറു വർഷം എം. പി. യായി പ്രവർത്തിക്കുകയും ചെയ്തു. രാജ്യസഭാംഗമായിരുന്ന കാലഘട്ടത്തിൽ ബോഫോഴ്സ് അന്വേഷണ കമ്മിറ്റിയിൽ അംഗമായി പ്രവർത്തിച്ചു. കൂടാതെ സബോർഡിനേറ്റ് ലജിസ്ലേറ്റീവ് കമ്മിറ്റിയിലും പെറ്റീഷൻസ് കമ്മിറ്റിയിലും മറ്റും അംഗമായിരുന്നു.

ജേക്കബ് മാത്യു (ജോജോ)



അമേരിക്കാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാജ്യാന്തര വ്യവസായിയായ ജേക്കബ് മാത്യു (ജോജോ) ചെങ്ങന്നൂർ ആറാട്ടുപുഴ കുളഞ്ഞിക്കൊമ്പിൽ കുടുംബാംഗമാണ്. മലേഷ്യയിൽ ജനിച്ചു വളർന്നു. പിതൃസഹോദരനായ തെയോഫോറോസ് റമ്പാച്ചന്റെ ആത്മിക പ്രേരണയാൽ സഭാരംഗത്ത് വന്നു. സുൽത്താൻബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് കസിൻ ബ്രദറാണ്.

കാലം ചെയ്ത ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ്, ജോബ് മാർ പീലക്സിനോസ് തുടങ്ങിയവരുമായി ഉറ്റബന്ധം പുലർത്തി. മാർ ഒസ്താത്തിയോസിന്റെ ജീവകാരുണ്യ - മിഷൻ പ്രവർത്തനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ നൽകി സഹായിച്ചു.

പ. മാർത്തോമ്മാ ദിദിമോസ് ബാവായുമായും ഉറ്റ സ്നേഹബന്ധം പുലർത്തുന്നു. ബാവാതിരുമേനിയെ ചികിത്സയ്ക്കായും മറ്റും കേരളത്തിനു വെളിയിലുള്ള ആശുപത്രികളിൽ കൊണ്ടുപോകുന്നത് അദ്ദേഹം നേരിട്ടു വന്നാണ്.

1997 മുതൽ സഭാ മാനേജിംഗ് കമ്മിറ്റിയംഗം. സഭയുടെയും ഭദ്രാസനങ്ങളുടെയും ആശ്രമങ്ങളുടെയും ഒട്ടേറെ വികസന പ്രൊജക്ടുകൾക്ക് സാമ്പത്തിക സഹായം നൽകി സഹായിച്ചു.

വിദേശത്തു വച്ച് കാലം ചെയ്ത മാർ മക്കാറിയോസ്, മാർ തേവോദോസ്യോസ് എന്നിവരുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിന്റെ എല്ലാ ചെലവുകളും വഹിച്ചതും നേതൃത്വം നൽകിയതും ജോജോയാണ്.

പ. ബാവാതിരുമേനിയുടെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘത്തിൽ അംഗമായി, 2012 ഡിസംബറിൽ നടന്ന കോപ്റ്റിക് പോപ്പ് തേവദ്രോസിന്റെ സ്ഥാനാരോഹണത്തിൽ പങ്കെടുത്തു.

വലിയ സഭാസ്നേഹിയായ ജോജോ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത് എന്ന പ്രമാണത്തിൽ ഉറച്ചുനിന്നുകൊണ്ട് തന്റെ സമ്പാദ്യത്തിന്റെ ദശാംശം ജീവകാരുണ്യ-സഭാവികസന സംബന്ധമായ കാര്യങ്ങൾക്ക് നൽകി വരുന്നു.

ഡോ. എം കുര്യൻ തോമസ്



1964 ഡിസംബർ 25-ന് കോട്ടയം ജില്ലയിൽ അരീപ്പറമ്പ് മേലേടത്ത് ഫാ. എം. റ്റി. കുര്യൻ കത്തനാരുടേയും മറിയാമ്മയുടേയും പുത്രനായി ജനിച്ചു. ഫിസിക്സിൽ ബിരുദവും, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, മാർക്കറ്റിംഗ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമായും. മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ 18-ാം നൂറ്റാണ്ടിലെ കേരള ക്രൈസ്തവരുടെ സ്വത്വബോധത്തെപ്പറ്റി ഡോ. എം. ആർ. രാഘവവാര്യരുടെ മേൽനോട്ടത്തിൽ നടത്തിയ ഗവേഷണത്തിന് 2008-ൽ ഡോക്ടറേറ്റ്.


1990 മുതൽ അഡ്വർടൈസിംഗ് ബിസിനസിൽ. നൂറിലധികം ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്തു.

2000-ൽ മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി* എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചു. പ. പരുമല തിരുമേനിയുടെ *ഊർശ്ലേം യാത്രാവിവരണം*, കാരുചിറ ഗീവർഗീസ് ശെമ്മാശന്റെ *കൊളംബ് യാത്ര*, പ. പരുമല തിരുമേനിയുടെ *എഴുത്തുകൾ*, പ. ബസേലിയോസ് ഗീവർഗീസ് പ്രഥമന്റെ *സഭാജീവിത നാൾവഴി* തുടങ്ങിയവയ്ക്ക് അടിക്കുറിപ്പുകൾ തയാറാക്കി. നൂറ്റമ്പതോളം ചരിത്ര ലേഖനങ്ങളുടെ കർത്താവ്.

ഇതര കൃതികൾ: *നസ്രാണി പഠനങ്ങൾ* (2006), *മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ്* (2008), *കർമ്മശേഷിയുടെ കാതൽ* (2008), *പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്ക്കാരങ്ങൾ* (2011), *The Indian Way of Christanity* (2012), *കായംകുളം ഫീലിപ്പോസ് റമ്പാൻ: വ്യക്തിയും സംഭാവനകളും* (2012). *ഭാര്യ:* ജയ.

വർഗീസ് ജോൺ, തോട്ടപ്പുഴ

ഗവേഷകൻ. ചെങ്ങന്നൂർ ഭദ്രാസനത്തിലെ തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗം. മാതാപിതാക്കൾ: കെ. വി. യോഹന്നാൻ - അന്നമ്മ. ഗാന്ധിയൻ സ്റ്റഡീസിൽ പി. ജി., ഗണിതശാസ്ത്രത്തിൽ അദ്ധ്യാപന ബിരുദം, ജേർണലിസത്തിൽ പി. ജി. ഡിപ്ലോമാ. തിരുവല്ലാ താലൂക്കിൽ ഇരവിപേരൂർ സ്വദേശി. മലയാള മനോരമയിൽ സീനിയർ എഡിറ്റോറിയൽ റിസേർച്ചർ. സഭാപഞ്ചാംഗം, സഭാചരിത്രം, രാഷ്ട്രീയ ചരിത്രം, തെര



ഞ്ഞെടുപ്പു ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കരസഭയിലെ മേൽപട്ടക്കാരുടെ സ്ഥാനാഭിഷേകം, നിര്യാണം, മൂറോൻ കൂദാശകൾ, അസോസിയേഷൻ യോഗങ്ങൾ തുടങ്ങിയവയുടെ തീയതികൾ കൃത്യമായി കണ്ടെത്തി സമാഹരിച്ച് 'മലങ്കര സഭാചരിത്ര ഫലകങ്ങൾ' എന്ന ഗവേഷണ ലേഖനം പ്രസിദ്ധീകരിച്ചു. കേരളത്തിലെ നിയോജകമണ്ഡലങ്ങളുടെ ചരിത്രം, കേരളത്തിൽ നിന്നുള്ള രാജ്യസഭാ തെരഞ്ഞെടുപ്പുകളുടെ ചരിത്രം തുടങ്ങിയ ഗവേഷണ ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. 'ബഥേൽ പത്രിക' , ചെങ്ങന്നൂർ ഭദ്രാസന ഡയറക്ടറി എന്നിവയുടെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. ഭാര്യ: മിനിമോൾ.

ജോയ്സ് തോട്ടയ്ക്കാട്



ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനും. സോഫിയാ ബുക്സ്, ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, മലങ്കര ഓർത്തഡോക്സ് ടി. വി. എന്നിവയുടെ സ്ഥാപകൻ.


മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*, ആദ്യത്തെ ലക്ഷണമൊത്ത യാത്രാവിവരണമായ *ഊർശ്ലേം യാത്രാവിവരണം* നാലാമത്തെ യാത്രാവിവരണമായ *കൊളംബ് യാത്രാവിവരണം* എന്നിവ ഉൾപ്പെടെ മുപ്പതിലധികം ഗ്രന്ഥങ്ങളുടെ പ്രസാധകൻ.

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പേഴ്സണൽ അസിസ്റ്റന്റ്, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക സെക്രട്ടറി, മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ്, 'മലങ്കരസഭ' മാസികയുടെ പത്രാധിപ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.


കൃതികൾ: ദാർശനികന്റെ വിചാരലോകം (എഡിറ്റർ), പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവ

ചരിത്രം), കുട്ടികളുടെ തിരുമേനി (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), ആദിമസഭാ ജ്യോതിസ്സുകൾ (എഡിറ്റർ), സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗീയ കിന്നരം (എഡിറ്റർ), കാതോലിക്കേറ്റിന്റെ നിധി (എഡിറ്റർ), സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത (സമ്പാദകൻ), കർമ്മശേഷിയുടെ കാതൽ (കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ജീവചരിത്രം). ഭാര്യ: ശോഭ മേരി ജോയ്സ്.


കഴിഞ്ഞ ദശാബ്ദത്തിനിടയിൽ അന്തരിച്ച മേല്പട്ടക്കാർ



ഡോ. തോമസ് മാർ മക്കാറിയോസ്




ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്




മാത്യൂസ് മാർ ബർണബാസ്



ജോബ് മാർ പീലക്സിനോസ്



പൗലോസ് മാർ പക്കോമിയോസ്



ഔഗേൻ മാർ ദീവന്നാസ്യോസ്

ദൈവകൃപയിൽ അമരുന്ന റവ. മദർ സൂസൻ

മലങ്കരസഭയുടെ പ്രഥമ പരിശുദ്ധനായ പരുമല തിരുമേനിയുടെ പാദ സ്പർശത്താൽ പരിപാവനമായ വളഞ്ഞവട്ടത്തെ തൈക്കടവിൽ തറവാട്ടിൽ കുരുവിള-തങ്കമ്മ ദമ്പതികളുടെ അഞ്ചു സന്താനങ്ങളിൽ രണ്ടാമത്തെ മകളായി 1927 ജൂലൈ 26-നു കുഞ്ഞമ്മ ജനിക്കുമ്പോൾ അവൾ ദൈവകൃപയിലൂടെ വളർന്ന് സഭയ്ക്ക് അനുപമനേട്ടങ്ങൾ കൈവരുത്തുമെന്ന് ആരും ചിന്തിച്ചിരിക്കില്ല.

നിരണം സെന്റ്മേരീസ് ഹൈസ്ക്കൂൾ, തിരുമൂലപുരം ബാലികാമഠം സ്കൂൾ, മണിപ്പുഴ ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു.

വല്യപ്പച്ചൻ തൈക്കടവിൽ വറുഗീസ് വക്കീലും വല്യമ്മച്ചി നിരണം ഇലഞ്ഞിക്കൽ ആച്ചിയമ്മയും ഉൾപ്പെട്ട കുടുംബത്തിലെ പ്രാർത്ഥനാന്തരീക്ഷത്തിൽ വളരെ ചെറുപ്പത്തിൽ തന്നെ യാമപ്രാർത്ഥനാശീലവും ദേവാലയാരാധനാസക്തിയും നിരന്തരമായ പ്രാർത്ഥനയും, നോമ്പും നിഷ്ഠകളും കുഞ്ഞമ്മയിൽ ശക്തമായി കുടികൊണ്ടു.

പന്ത്രണ്ടാം വയസ്സിൽ നിരണം ഇലഞ്ഞിക്കൽ ചാപ്പലിൽ വെച്ച് പ്രാർത്ഥനാസമയം ദൈവവിളി ഉണ്ടായി. അടുത്തവർഷം പത്തനംതിട്ട മാക്കാംകുന്ന് സെന്റ്സ്റ്റീഫൻസ് പള്ളിയിൽ, ദുഃഖവെള്ളിയാഴ്ച ദിവ്യശുശ്രൂഷയിൽ സംബന്ധിച്ചുകൊണ്ടിരിക്കെ ദേഹമാസകലം അതികഠിനമായ വേദന ഉണ്ടാകുകയും അത്ഭുതകരമായി - കർത്താവിന്റെ പഞ്ചക്ഷതങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. ചൊവ്വാ, വെള്ളി ദിവസങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും അതികഠിന വേദനയോടെ രക്തം വമിച്ച് കർത്താവിന്റെ പിഡാനുഭവയാതന അനുഭവിച്ചുവന്നു. ഈ വേദനയുടെ അന്ത്യം പ്രത്യേക ദൈവകൃപാകടാക്ഷം മദറിൽ ഉണ്ടാകുന്നു. സത്യ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചുവരുന്നവർക്ക് കൃപാകടാക്ഷം ലഭ്യമാകുവാൻ ഉള്ള അവസരം ഈ സമയത്താണ്. മകൾ പഠിച്ച സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്ന പിതാവ്, മകളെ ഒരു ഡോക്ടർ ആയി കാണുവാനാഗ്രഹിച്ചു. പക്ഷേ, ദൈവഹിതം മറിച്ചായിരുന്നു.

അനുകൂലപ്രതികൂല പ്രതികരണങ്ങളോടൊപ്പം, വളർന്നുവന്ന തന്റെ ആത്മീയ ജീവിത പ്രത്യേകതകളെ ഡോക്ടർമാരും ആത്മീയ മേലദ്ധ്യക്ഷന്മാരും വേറെ, വേറെ പരിശോധനയ്ക്കു വിധേയമാക്കി. മാനുഷികമായി അപ്രാപ്യവും ലോകപരമായി അസംഭവ്യവുമായി, "അത്ഭുത



കന്യക''യായി വളർന്നുവന്ന കുഞ്ഞമ്മ, ഭാഗ്യസ്മരണാർഹനായ പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കൽ പോയി പ്രാർത്ഥിച്ചു. ആ മദ്ധ്യസ്ഥത മൂലം കൃപാകടാക്ഷത്തിൽ വളർന്ന് ആത്മികമായി ഉയർന്ന കുഞ്ഞമ്മയെ 17-ാം വയസ്സിൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ സിസ്റ്റർ സൂസൻ കുരുവിള എന്ന നാമത്തിൽ കന്യാസ്ത്രീയാക്കി. 'കല്ലാശ്ശേരിൽ ബാവാ'യുടെ കാലശേഷം പ. മാർ തോമാ മാത്യൂസ് ദ്വിതീയൻ ബാവായുടെ ആത്മീയനേതൃത്വത്തിൽ സിസ്റ്റർ നിത്യകന്യാവ്രത ജീവിതസപര്യ നിർവിഘ്നം തുടർന്നു.

അസാധാരണ ആത്മിക നൽവരം ലഭിച്ച സിസ്റ്റർ സൂസന്, പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മദേശത്ത് ഒരു ധർമ്മസ്ഥാപനം തുടങ്ങുവാനുള്ള "ദൈവികദൂത്" ലഭ്യമായി. അങ്ങനെ 1973-ൽ മുളന്തുരുത്തി-കണ്ടനാട് റോഡരികിൽ വേഴപറമ്പിൽ മാർ ഗ്രിഗോറിയോസ് ആശ്രമം സ്ഥാപിതമായി. പ്രാർത്ഥനയും ധർമ്മപ്രവർത്തനങ്ങളും ലക്ഷ്യമാക്കി ജാതി, വർഗ്ഗ വ്യത്യാസങ്ങളുടെ അതിർവരമ്പുകളെ മായിച്ച് ധാരാളം സാധുക്കളെ സംരക്ഷിക്കുന്നതിൽ ആത്മനിർവൃതി നേടിവരുന്നു. ആശ്രമത്തിൽ ഇപ്പോൾ 100-ൽപരം പേർ താമസിക്കുന്നു. അശരണരും അനാഥരും അംഗവൈകല്യമുള്ളവരും ആശ്രമം കുടക്കീഴിൽ 'മാതൃസംരക്ഷണ'ത്തിൽ സസുഖം കഴിയുന്നു.

അന്തേവാസികളായ കുട്ടികൾക്ക് പഠനവും, അവരുടെ അഭിരുചിക്കു ചേരുന്ന ഉന്നതവിദ്യാഭ്യാസവും നൽകിവരുന്നു. ഇവിടെ താമസിക്കുന്ന അനാഥർക്ക് അമ്മയായും അംഗവൈകല്യമുള്ളവർക്ക് താങ്ങായും രോഗികൾക്ക് ഡോക്ടറായും മദർ സമാശ്വാസം ഏകുമ്പോൾ ഒരു നല്ല ശമരിയക്കാരന്റെ ചിത്രമാണ് മനസ്സിൽ എത്തുന്നത്. സൗജന്യമായി ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂൾ നടത്തി സാമൂഹ്യസേവനം നടത്തുന്ന മദർ, നിസ്വാർത്ഥമായി അർഹരായ സാധുരോഗികൾക്കായി സൗജന്യ

ചികിത്സാ പദ്ധതിയും ക്രമീകരിച്ചിട്ടുണ്ട്. സാധുവിധവകളുടെ പെൺമക്കളുടെ വിവാഹം നടത്തിക്കൊടുക്കുന്നു. ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകുന്നു.

1991-ൽ പ. മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ചതും ആശ്രമത്തിന്റെ ആത്മീയ സ്രോതസ്സായിത്തീർന്നിരിക്കുന്നതുമായ മാർ ഗ്രിഗോറിയോസ് ആശ്രമം ചാപ്പലിൽ യാമപ്രാർത്ഥനകളും വി. കുർബാനയും നിർവിഘ്നം നടന്നുവരുന്നു.

2007-ൽ സിസ്റ്റർ സൂസൻ കുരുവിളയെ 'മദർ സൂസൻ' എന്ന പേരിൽ ആശ്രമം മദർ ആക്കുകയും ആശ്രമം അംഗത്തിൽപ്പെട്ട ഫാ. മാത്യുവിനെ മാത്യു റമ്പാനാക്കുകയും ഡെയ്സി, മറിയാമ്മ എന്നിവരെ സിസ്റ്റർ നവോമി, സിസ്റ്റർ മറിയാമ്മ എന്നീ പേരിൽ സിസ്റ്റേഴ്സ് ആക്കുകയും ചെയ്തുകൊണ്ട് പ. ദിദിമോസ് പ്രഥമൻ ബാവാ, ആശ്രമം പ്രവർത്തനങ്ങൾക്ക് സഭാതല അംഗീകാരം നൽകി.

ആൺകുട്ടികൾ, പെൺകുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിവർക്ക് പ്രത്യേകം പ്രത്യേകം താമസസൗകര്യമുള്ള കെട്ടിടങ്ങൾ, സൗജന്യ ചികിത്സാ സഹായം ചെയ്യുവാനുള്ള ക്ലിനിക്ക്, സാധുരോഗികൾക്കായി ആംബുലൻസ് സർവീസ്, പാവപ്പെട്ടവർക്ക് ജോലി നൽകുവാനുള്ള ക്രാഫ്റ്റ് സെന്റർ എന്നിവ പണിയുവാനുള്ള പദ്ധതി മദറിന്റെ ദൈവവിളിയുടെ സാക്ഷാത്കാരമാണ്.

നാലു ദശാബ്ദം മുമ്പ് (1973) വെറുംകൈയോടെ മുളന്തുരുത്തിയിൽ എത്തിയ സിസ്റ്ററെ, "കൃപയിലൂടെ" ദൈവം നടത്തി ഇന്നു കാണുന്ന ആശ്രമത്തെ വളർത്തി. ആ ദൈവം തന്റെ വിളിയെ തീർച്ചയായും കൃപയിലൂടെ തന്നെ പൂർത്തീകരിക്കുമെന്ന് മദറിന് ഒട്ടും സംശയമില്ല. ഇപ്പോൾ ആശ്രമത്തിൽ വൃദ്ധഭവനവും, ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമുള്ള ഭവനങ്ങളും സർക്കാർ അംഗീകാരത്തോടുകൂടി നടത്തുന്നു. ഇപ്പോൾ ആകെ 52 അന്തേവാസികൾ ഉണ്ട്.

സ്നേഹത്തണലിൽ ഈ സായാഹ്നം

വൃദ്ധരുടെ സംരക്ഷണം, സാന്ത്വന ശുശ്രൂഷ എന്നിവയ്ക്കായി മലങ്കരസഭയിലെ മാനവ ശാക്തീകരണ വിഭാഗം നടപ്പാക്കിവരുന്ന 'സ്നേഹത്തണലിൽ ഈ സായാഹ്ന' പദ്ധതി സംബന്ധിച്ച പ. പൗലോസ് രണ്ടാമൻ കാതോലിക്കാബാവായുടെ അനുഗ്രഹസന്ദേശമാണ് ചുവടെ ചേർക്കുന്നത്.

"ആധുനിക ലോകത്തിന്റെ ദ്രുതഗതിയിലുള്ള മാറ്റങ്ങളിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു ശ്രേണിയാണ് വൃദ്ധജനങ്ങൾ. വാർദ്ധക്യത്തിലെത്തിയതോടെ സമൂഹത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും അവഗണനയും ഒറ്റപ്പെടലും അനുഭവിക്കുവാൻ വിധിക്കപ്പെട്ടവരായി മാറുകയാണ് പലരും. രോഗികളാവുകയും കിടപ്പിലാവുകയും ചെയ്യുന്നതോടെ വിവരിക്കാനാവാത്ത ദുരിതക്കടലിലാണ് അവർ വീഴുന്നത്. സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാൻ പരസഹായം ആവശ്യമുള്ള വൃദ്ധരും അവശതയിലായ രോഗികളും വളരെ പ്രതീക്ഷയോടെയാണ് നമ്മെ നോക്കുന്നത്. പല വയോധിക രോഗികളുടെയും ജീവിതപങ്കാളികളും രോഗികളും ദുർബ്ബലരും ആയിരിക്കാം. ചിലരുടെ പങ്കാളികൾ മരിച്ചുപോയിരിക്കാം. അവരുടെ വേദന പങ്കുവയ്ക്കാനും കാര്യങ്ങൾ തുറന്നു സംസാരിക്കാനും പലപ്പോഴും ആരുമുണ്ടാകില്ല. അവരുടെ ബന്ധുക്കളുടെ അസാന്നിദ്ധ്യം മൂലമുണ്ടാകുന്ന ഒറ്റപ്പെടൽ, സാമ്പത്തികകാര്യങ്ങൾ നിർവ്വഹിക്കാൻ നിവൃത്തിയില്ലായ്മ, ഭക്ഷണം, മരുന്ന്, മറ്റാവശ്യങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ എന്നിവ അവരെ മാനസികമായും തളർത്തുന്നു.

ഈ വിധത്തിൽ കഷ്ടപ്പെടുന്ന അനേകം വൃദ്ധജനങ്ങളും കിടപ്പിലായ രോഗികളും നമ്മുടെ പരിസരങ്ങളിലുണ്ട്. അവരുടെ പ്രശ്നങ്ങളും വേദനകളും അറിയുവാനും അവരെ സംരക്ഷിക്കുവാനും ശക്തീകരിക്കുവാനുമുള്ള ഒരു ധാർമ്മിക ചുമതല സഭയ്ക്കുണ്ട്. വൃദ്ധജനസംരക്ഷണവും സാന്ത്വന പരിചരണവും ലക്ഷ്യമിട്ടുകൊണ്ട് ഈ വർഷം ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ഒരു തീവ്രബോധവൽക്കരണയജ്ഞവും കർമ്മപരിപാടികളും 'സ്നേഹത്തണലിൽ ഈ സായാഹ്നം' എന്ന പദ്ധതിയിലൂടെ സഭയാകമാനം നടത്തുന്നു. ഓരോ ഇടവകയും ഈ പദ്ധതി നിർബന്ധമായും നടപ്പാക്കേണ്ടതാണ്."

പദ്ധതിയുടെ വിശദാംശങ്ങളെപ്പറ്റി അതിന്റെ ഡപ്യൂട്ടി സെക്രട്ടറിയായ ഫാ. പി. എ. ഫിലിപ്പ് ഇങ്ങനെ എഴുതുന്നു:

"മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവ ശാക്തീകരണ വിഭാഗം രൂപീകൃതമായിട്ട് നാല് വർഷങ്ങൾ പിന്നിടുമ്പോൾ ഏറെ

ചാരിതാർത്ഥ്യത്തോടും അതിരറ്റ സന്തോഷത്തോടും കൂടിയാണ് ഇക്കൊല്ലത്തെ "സ്നേഹത്തണലിൽ ഈ സായാഹ്നം" എന്ന പദ്ധതി നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്. മാനവശേഷിയുടെ കണ്ടെത്തലും വികസനവും ഈ മിനിസ്ട്രിയുടെ ചുമതലയാണെങ്കിലും കൂടുതൽ ഊന്നൽ കൊടുക്കുന്ന മേഖല മാനവ ശാക്തീകരണമാണ്; പ്രത്യേകിച്ചും കുടുംബ ശാക്തീകരണം. ഈ ദിശയിലുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ ചില വർഷങ്ങളായി ഈ മിനിസ്ട്രി ചെയ്തുവരുന്നത്. ആദ്യ വർഷം കുടുംബ ഭദ്രതയ്ക്കുവേണ്ടിയുള്ള ബോധവൽക്കരണവും, പിന്നീട് കുടുംബങ്ങളെ ശിഥിലമാക്കുന്ന ലഹരി ആസക്തിക്കെതിരെയുള്ള യജ്ഞവും (യു. ടേൺ) തുടർന്ന്, 'മക്കൾ പരിപാലനം ക്രിസ്തീയമാർഗ്ഗത്തിൽ' എന്ന വിഷയം അധികരിച്ച് ക്രിസ്തീയ രക്ഷാകർത്തൃ ദൗത്യപദ്ധതിയും (പതിരാവരുത് ഈ കതിരുകൾ) വിജയകരമായി നടപ്പാക്കി. അതോടൊപ്പം, ഓർത്തഡോക്സ് വിശ്വാസത്തിൽ വളർന്ന ജീവിതപങ്കാളികളെ കണ്ടെത്തുവാൻ വിവാഹാർത്ഥികളേയും മാതാപിതാക്കളേയും സഹായിക്കുവാൻ ഒരു വിവാഹവേദി (മാട്രിമോണിയൽ വെബ്സൈറ്റ്) www.marry2love.com എന്ന പേരിൽ സജ്ജമാക്കിയിട്ടുണ്ട്.

കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഏറെ അവഗണന അനുഭവിക്കുന്ന ഒരു വിഭാഗമാണ് വൃദ്ധജനങ്ങൾ. പ്രത്യുൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ മനുഷ്യന്റെ മൂല്യം നിശ്ചയിക്കുന്ന കമ്പോളങ്ങൾ കൃത്യമായ ഒരു ലോകത്തിൽ 'ചാറും നീരും വറ്റിയ' വൃദ്ധജനങ്ങൾ അധികപ്പറ്റായി മാറുന്നു. ആരോഗ്യം നഷ്ടപ്പെട്ട് വീടിനുള്ളിൽതന്നെ കഴിയുവാൻ വിധിക്കപ്പെടുന്ന ഇവരുടെ ഗതി വളരെ ശോചനീയമാണ്. പെൻഷനോ, മറ്റ് വരുമാനമാർഗ്ഗമോ ഉള്ളവർ ഭക്ഷണത്തിനും മരുന്നിനും പണം കണ്ടെത്താൻ പ്രയാസപ്പെടുന്നില്ലായിരിക്കാം. എന്നാൽ ഇതൊന്നിനും വകയില്ലാത്ത വലിയ ഒരു കൂട്ടം വൃദ്ധർ ഈ സമൂഹത്തിലുണ്ട്. അണുകുടുംബങ്ങളിലേക്ക് ചുവടുമാറിയ നമ്മുടെ 'പരിഷ്കൃത സമൂഹ'ത്തിൽ കുട്ടികളുടെ എണ്ണം നന്നേ കുറഞ്ഞു. വാർദ്ധക്യത്തിലെത്തിയവരേയും, കിടപ്പിലായവരേയും സംരക്ഷിക്കുവാൻ മക്കളെ കിട്ടുന്ന കാലം അസ്തമിച്ചു. നിസ്സഹായരും നിരാലംബരുമായിത്തീരുന്ന വൃദ്ധരെ പിന്നെ ആര് പരിരക്ഷിക്കും? ഇവിടെയാണ് സഭയുടെ കൂട്ടുത്തരവാദിത്വം ഉണ്ടാകേണ്ടത്. ഒരു ഇടവകയുടെ പരിധിയിൽ വരുന്ന വൃദ്ധരേയും ശയ്യാവലംബികളായ രോഗികളേയും സംരക്ഷിക്കുവാനും പരിപാലിക്കുവാനുമുള്ള ചുമതല അതാത് ഇടവകകൾ ഏറ്റെടുക്കണം. മുതിർന്ന പൗരന്മാരിൽ ആരോഗ്യമുള്ളവരെ സഭയുടെ വിവിധ മേഖലകളിൽ ഉപയോഗിക്കുവാനും കഴിയണം. ഇന്നത്തെ തലമുറയുടെ സമ്മർദ്ദങ്ങളും സംഘർഷങ്ങളും മനസ്സിലാക്കുവാനും അവരോട് പരമാവധി സഹകരിച്ചു ജീവിക്കുവാനും മുതിർന്നവരും തയ്യാറാവണം.

ഈ വിധത്തിൽ വിവിധ ശ്രേണിയിലുള്ള നമ്മുടെ ജനങ്ങളെ ബോധ വൽക്കരിക്കുവാനും, വൃദ്ധജനങ്ങൾക്കും സഹായിക്കാൻ ആരുമില്ലാത്ത രോഗികൾക്കും കൈത്താങ്ങൽ നൽകുവാനുമായിട്ടാണ് "സ്നേഹത്ത ണലിൽ ഈ സായാഹ്നം" എന്ന ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'വൃദ്ധ ജനസംരക്ഷണവും സാന്ത്വന ശുശ്രൂഷയും' എന്ന വിഷയം അധികരി ച്ചുള്ള സമഗ്രമായ പഠനങ്ങളും സജീവമായ ചർച്ചകളും സമൂഹത്തിൽ ഉടനെ ഉണ്ടായേ മതിയാവൂ. ഈ വിധത്തിലുള്ള പഠനങ്ങൾക്കും, ചർച്ച കൾക്കും ബോധവൽക്കരണത്തിനും, കർമ്മപരിപാടികൾക്കും മാർഗ്ഗനിർ ദ്ദേശം നൽകുന്ന "സ്നേഹത്തണലിൽ ഈ സായാഹ്നം" പുസ്തകം ഇറക്കിക്കഴിഞ്ഞു."

ജീവിതസായാഹ്നത്തിന് ഹാർദ്ദമായ സ്വാഗതം

ഡോ. വറുഗീസ് പുന്നൂസ്

"As the evening twilight fades away
The sky is filled with stars, invisible by day"

- H. W. Longfellow

'സായാഹ്നത്തിന്റെ പോക്കുവെയിൽ മങ്ങുമ്പോൾ, ഇതേവരെ കണ്ണിനു മറഞ്ഞിരുന്ന താരങ്ങൾ മാനത്തതാ പ്രത്യക്ഷമാകുന്നു' - സുന്ദരമായ ഈ അനുഭവം കവി വർണ്ണിക്കുമ്പോൾ ആസ്വാദകന്റെ മുമ്പിൽ തെളി യുന്നത് മനുഷ്യജീവിത സായാഹ്നത്തിന്റെ മനോഹാരിത തന്നെയാണ്. ബാല്യത്തിലും യൗവ്വനത്തിലും മധ്യവയസ്സിലും കാണാനും അനുഭവി ക്കാനും കഴിയാത്ത ആശ്ചര്യങ്ങളും വിസ്മയങ്ങളും പ്രായം നമുക്ക് നൽകുന്ന അനുഗ്രഹമാണ് എന്ന പ്രപഞ്ചസത്യം ലോംഗ്ഫെലോയുടെ ഈ വരികളിലുണ്ട്. എന്നാൽ വാർദ്ധക്യത്തിലെ സന്താപങ്ങൾക്ക് യൗവ്വ നത്തിലെ ദുഃഖങ്ങളേക്കാൾ കയ്പ് ഏറും എന്ന യാഥാർത്ഥ്യം O. Henry നമ്മെ ഓർമ്മിപ്പിക്കുന്നതും ശ്രദ്ധിക്കുക. "പങ്കുവെയ്ക്കാൻ ഒരാളുണ്ടെ ങ്കിൽ യുവാവിന്റെ ഭാരങ്ങൾ കുറയുന്നു. എന്നാൽ പേറാൻ അനേകരു ണ്ടെങ്കിലും വൃദ്ധന്റെ ദുരിതങ്ങൾ അല്പംപോലും കുറയുന്നില്ല." സുഖ ദുഃഖസമ്മിശ്രമാണ് ജീവിതത്തിലെ മറ്റേതു ഘട്ടവും പോലെ വാർദ്ധ ക്യവും എന്ന ലളിതമായ സത്യമാണ് ലോംഗ് ഫെലോയും ഒ. ഹെൻ ട്രിയും ചേർന്ന് സാക്ഷ്യപ്പെടുത്തുന്നത്.

ഉറപ്പായി സംഭവിക്കുന്ന കാര്യങ്ങൾക്കുവേണ്ടി തയ്യാറാകാതിരിക്കുന്ന പ്രതിഭാസത്തെ 'മനുഷ്യപ്രകൃതത്തിന്റെ വൈരുദ്ധ്യം' (Paradox of human nature) എന്നാണ് ജ്ഞാനികൾ വിശേഷിപ്പിക്കുന്നത്. മരണവും വാർ ദ്ധക്യവും ഈ വൈരുദ്ധ്യത്തിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്. "Old age is the most unexpected of all the things that can happen to a man" എന്ന

ട്രോട്സ്കി (Trotsky) യുടെ നിരീക്ഷണം മനുഷ്യജീവിതത്തിലെ ഏറ്റവും ഉറപ്പായ സംഗതിയായ വാർദ്ധക്യകാലത്തെപ്പറ്റി മനുഷ്യന്റെ കരുതലില്ലായ്മയെക്കുറിച്ചുള്ള നിശിതമായ ഒരു പരിഹാസം തന്നെയാണ്. ഭയപ്പെടുന്ന ഏതിനെയും "ഇല്ല" എന്ന് വിശ്വസിച്ച് ആശ്വസിക്കുകയും മാറ്റിവെച്ച് രക്ഷപ്പെടുകയും ചെയ്യുന്ന "നിഷേധം" (denial) എന്ന ഫ്രോയിഡിയൻ മാനസിക പ്രതിരോധ തന്ത്രമാകാം നാം ഇവിടെ പയറ്റുന്നത്.

ജനസംഖ്യാപഠന ശാസ്ത്രവും, നമുക്ക് ചുറ്റുമുള്ള സാമൂഹിക യാഥാർത്ഥ്യവും വിരൽചൂണ്ടുന്നത് വാർദ്ധക്യം എന്ന ജീവിതാവസ്ഥയ്ക്കു വേണ്ടി വ്യക്തിഗതമായ നിലയിലും സമൂഹം എന്ന നിലയിലും മതിയായ ഒരുക്കവും തയ്യാറെടുപ്പും നമുക്ക് വേണം എന്നു തന്നെയാണ്.

ജനസംഖ്യാ പഠനങ്ങൾ എന്തു പറയുന്നു?

ഈ ഗ്രഹത്തിൽ മനുഷ്യരാശിയുടെ ഇന്നേവരെയുള്ള ദശലക്ഷം വർഷങ്ങളുടെ ചരിത്രത്തിൽ ആദ്യമായി 65 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം 5 വയസ്സിൽ താഴെയുള്ളവരേക്കാൾ കൂടിയ ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത്. ഈ ജനസംഖ്യാ സംക്രമണം നടന്നത് 2000 മുതൽ 2010 വരെയുള്ള ദശകത്തിന്റെ മദ്ധ്യഭാഗത്തെവിടെയോ വച്ചാണ്.

1910-ൽ ലോകജനസംഖ്യയിൽ ഒന്നരക്കോടിയിൽ താഴെ മാത്രമായിരുന്നു മുതിർന്ന പൗരന്മാർ. യുദ്ധങ്ങളും, കെടുതികളും എല്ലാം കഴിഞ്ഞിട്ടും 2010-ൽ അത് എത്തിനിന്നത് 53 കോടിയിലാണ്. 2050-ഓടെ വൃദ്ധജനസംഖ്യ 150 കോടിയായി ഉയരും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതായത് ഇന്നത്തെ ഇളംതലമുറ മദ്ധ്യവയസ്സെത്തുമ്പോഴേക്കും ജനസംഖ്യയുടെ 16 ശതമാനത്തോളവും വൃദ്ധജനങ്ങൾ ആയിരിക്കും എന്ന് ചുരുക്കം.

ഇന്ത്യയിലെ കണക്കെടുത്താൽ 2010-ൽ 6 കോടി വരുന്ന മുതിർന്ന പൗരന്മാർ 2050-ൽ 23 കോടിയായി വർദ്ധിക്കും. ക്രമാനുഗതമായി ഉയർന്നുപോകുന്ന ആയുർദൈർഘ്യം, കുറഞ്ഞുവരുന്ന ജനനനിരക്ക്, ഏറിവരുന്ന അവിവാഹിതരുടെ എണ്ണം, കയറിപ്പോകുന്ന വിവാഹപ്രായം എന്നിങ്ങനെയുള്ള ഘടകങ്ങളുടെ ഫലമായി കുട്ടികളുടെ എണ്ണം കുറയുകയും, പ്രായമായവരുടെ എണ്ണം ഏറുകയും ചെയ്യുന്നു. ജോലിയിൽ നിന്നുള്ള വിരമിക്കലിനുശേഷം ജീവിച്ചിരിക്കുന്ന കാലത്തിന്റെ ദൈർഘ്യത്തിലുണ്ടാകുന്ന വർദ്ധനയും ഈ കണക്കുകളോട് ചേർത്ത് വായിക്കേണ്ടതാണ്. വിരമിക്കൽപ്രായം ഉയർന്നു നിൽക്കുന്ന പാശ്ചാത്യനാടുകളിൽപോലും ഇപ്പോൾ ഈ കാലയളവിന്റെ ദൈർഘ്യം ശരാശരി 18 വർഷങ്ങളാണ്. വിരമിക്കൽ പ്രായം കുറഞ്ഞുനിൽക്കുകയും ആയുർദൈർഘ്യം ക്രമാനുഗതമായി കൂടിവരുകയും ചെയ്യുന്ന കേരളത്തിലെ സാഹചര്യത്തിൽ ഈ കാലയളവ് ഇപ്പോൾത്തന്നെ 25 വർഷത്തിനോടടുത്താകും. ജോലിയിൽ ഇരുന്ന് ശമ്പളം വാങ്ങിയതിനേക്കാൾ കൂടുതൽ വർഷം റിട്ടയർ ചെയ്ത് പെൻഷൻ വാങ്ങേണ്ടിവരുന്ന അവസ്ഥയിലാണ് നാമിന്ന്.

ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ

ശരാശരി ആയുർദൈർഘ്യം കൂടുന്നതും, അനാരോഗ്യകരമായ ജീവിതശൈലി അവലംബിക്കുന്നതും കൂടിച്ചേർന്ന് ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്. പ്രായം ഉയർന്നുപോകുമ്പോൾ ഉണ്ടാകാൻ സാദ്ധ്യതയേറിവരുന്ന രോഗങ്ങളാണല്ലോ പ്രമേഹം, ഹൃദ്രോഗം, രക്താതിമർദ്ദം, മസ്തിഷ്കാഘാതം, കാൻസർ, അസ്ഥിരോഗങ്ങൾ, വിഷാദം എന്നിവ. ഓരോ വർഷവും കൂടുതൽ ജീവിച്ചിരിക്കുമ്പോൾ ഇവ ഓരോന്നായി ക്ഷണിക്കപ്പെടാത്ത അതിഥികളായി കടന്നുവരുന്നു. ഓരോ പുതിയ വർഷവും സമ്മാനിക്കുന്ന രോഗങ്ങളുടെ സഞ്ചിതനിധിയായി വ്യക്തി പരിണമിക്കുന്നു. ഈ രോഗങ്ങൾക്കെല്ലാമുള്ള ചികിത്സ, അവയുടെ ചെലവുകൾ, രോഗീപരിചരണത്തിനുള്ള സഹായികളുടെ അഭാവം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഓരോന്നായി തലപൊക്കുമ്പോഴാണ് അതിനൊന്നിനുമുള്ള സംവിധാനങ്ങൾ നമുക്കില്ല എന്ന് നാം തിരിച്ചറിയുന്നത്.

മേധാക്ഷയം - (ഡെമൻഷ്യ)

65 വയസ്സിനു മുകളിൽ ഏകദേശം 5 ശതമാനം പേരെയും, വയസ്സ് കൂടുന്നതിനനുസരിച്ച് ക്രമാനുഗതമായി വർദ്ധിച്ച് 80 വയസ്സിനു മുകളിൽ 20 ശതമാനത്തോളം പേരെയും ബാധിക്കുന്ന ഒരു തകരാറാണ് മേധാക്ഷയം. അൽഷെയ്മർ രോഗവും (Alzheimers disease) മസ്തിഷ്കാഘാതത്തെ തുടർന്നുണ്ടാകുന്ന വാസ്കുലർ ഡെമൻഷ്യയും (Vascular dementia) ആണ് ഏറ്റവും സാധാരണയായി കാണപ്പെടുന്നത്.

ഓർമ്മക്കുറവും പെരുമാറ്റവൈകല്യങ്ങളും ആണ് ഡെമൻഷ്യാ രോഗത്തിന്റെ ലക്ഷണങ്ങൾ. ഇവ ക്രമാനുഗതമായി വർദ്ധിച്ചുവരുമ്പോൾ ഇവരുടെ പരിചരണം കുടുംബാംഗങ്ങൾക്ക് വർണ്ണനാതീതമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പരിചരിക്കാൻ മക്കൾ നാട്ടിലില്ലാതെ പോകുന്നതും, സഹായികളെ കിട്ടാനില്ലാതെ വരുന്നതും എല്ലാം ഇടത്തരം കുടുംബങ്ങളിലെ നിത്യപ്രശ്നങ്ങളായി മാറിയിരിക്കുകയാണ്. ഇത്തരം രോഗങ്ങൾക്ക് പൂർണ്ണമായ ചികിത്സയോ പരിഹാരമോ ഇല്ല എന്നതും ഈ പ്രശ്നത്തിന്റെ ആക്കം കൂട്ടുന്നു.

മേധാക്ഷയം ഉള്ള ഒരു വൃദ്ധനെയോ വൃദ്ധയെയോ പരിചരിക്കാൻ നിർബ്ബന്ധിതയാകുന്നത് മിക്കപ്പോഴും മദ്ധ്യവയസ്കയായ ഒരു മരുമകൾ ആയിരിക്കും. ജോലിയും മക്കളുടെ ഉത്തരവാദിത്വത്തിന്റെയും, കുടുംബഭാരത്തിന്റെയും എല്ലാം ഇടയിൽ കിടന്നു വേണം ശ്രമകരമായ ഈ പരിചരണം കൂടി നിർവ്വഹിക്കേണ്ടി വരുക. വല്ലപ്പോഴും ഒരിക്കൽ വന്നുപോകുന്ന ബന്ധുക്കളുടെ വിമർശനവും, പരിചരണം സ്വീകരിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയിൽ നിന്നുണ്ടാകുന്ന "നന്ദികെട്ട" പ്രതികരണങ്ങളുമാണ് മിക്കപ്പോഴും ഇവർക്ക് പ്രതിഫലമായി ലഭിക്കുക. മാനസികമായി വലിയ

നിരാശയിലും പ്രയാസത്തിലുമാണ് ഡെമൻഷ്യാ രോഗമുള്ള ഒരു വ്യക്തിയെ പരിചരിക്കുന്നവർ കടന്നുപോകുന്നത്. ചിലപ്പോഴെങ്കിലും ഈ മാനസികാവസ്ഥ ഡെമൻഷ്യാ രോഗിയോടുള്ള ക്രൂരമായ പെരുമാറ്റത്തിനും, അവഗണനയ്ക്കും വഴിവെച്ചേക്കാം. രോഗീപരിചരണം വീട്ടിൽ തന്നെ നൽകുന്നതാണ് ഏറ്റവും അഭികാമ്യമെങ്കിലും അതിന് ഒരു കാരണവശാലും പറ്റാതെവരുന്ന സാഹചര്യത്തിൽ മെച്ചപ്പെട്ട പരിചരണം ലഭിക്കാനായി മേധാക്ഷയം ബാധിച്ച വ്യക്തികളെ "വാർദ്ധക്യകാല പരിചരണകേന്ദ്രങ്ങളിൽ" താമസിപ്പിക്കുന്നതാവും നല്ലത്. പക്ഷേ, അങ്ങനെ ചെയ്താൽ "വൃദ്ധമാതാവിനെ/പിതാവിനെ വൃദ്ധസദനത്തിൽ കൊണ്ടുതള്ളി" എന്ന പഴി സമൂഹത്തിൽ നിന്നു കേൾക്കുമോ എന്ന് ഭയന്ന് പലരും അതിനു തുനിയാറില്ല. ശരിയായ പരിചരണമില്ലാതെ വീട്ടിൽ കിടന്ന് നരകിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് കൃത്യമായ പരിചരണവും ശുശ്രൂഷയും നൽകുന്ന ഇത്തരം കേന്ദ്രങ്ങളിൽ ആക്കുന്നത്.

വാർദ്ധക്യകാല പ്രശ്നങ്ങളുടെ പരിഹാരം എന്താണ്?

വാർദ്ധക്യകാല പ്രശ്നങ്ങൾ ഉയർത്തുന്ന സാമൂഹിക, സാമ്പത്തിക ചോദ്യങ്ങൾക്കെല്ലാം ഉത്തരം തേടാൻ ഈ ലേഖനം ശ്രമിക്കുന്നില്ല. പക്ഷേ വ്യക്തിഗതമായി ചെയ്യാൻ പറ്റുന്ന ചില കാര്യങ്ങൾ ചുരുക്കമായി ചിന്തിക്കാം. 50-കളിലോ 60-കളിലോ നിൽക്കുന്ന ഒരു വ്യക്തിയെ മുമ്പിൽ കണ്ടാണ് ഈ ലേഖനത്തിന്റെ ഇനിയുള്ള ഭാഗങ്ങൾ. വാർദ്ധക്യത്തെ ആരോഗ്യകരമാക്കാൻ യൗവ്വനത്തിലും മധ്യവയസ്സിലും തന്നെ തയ്യാറെടുക്കണം എന്നതാണ് ഏറ്റവും പ്രാഥമികമായ കാര്യം.

പഴയനിയമത്തിൽ ഹിസ്കിയാവ് എന്ന രാജാവിന്റെ കഥയിൽ ദൈവം അവന് 15 വർഷം ആയുസ്സ് നീട്ടിക്കൊടുത്ത ഒരു സംഭവം പരാമർശിക്കപ്പെടുന്നുണ്ട്. "മരണത്തിനു മുമ്പ് നീ നിന്റെ സ്വന്തം കാര്യങ്ങൾ ക്രമപ്പെടുത്തിക്കൊള്ളുക" എന്ന കല്പനയോടെയാണ് ഈ സൗജന്യം അവന് അനുവദിക്കുന്നത്. 50-കളിലും 60-കളിലും എത്തിനിൽക്കുന്ന ഏവർക്കുമുള്ള ഒരു സാർവ്വത്രിക നിയമമായി വേണം ഈ ദൈവകല്പനയെ എടുക്കാൻ. "വാർദ്ധക്യം സമാഗതമായിരിക്കുന്നു, അതിനായി ഞാൻ എന്റെ കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു" എന്ന് സ്വയം നിശ്ചയിച്ച് അതിനായുള്ള ക്രമീകരണങ്ങൾ ആരംഭിക്കേണ്ടത് ഈ പ്രായത്തിലാണ്. ബുദ്ധിയുള്ള കന്യകമാരെപ്പോലെ വിളക്ക് തെളിയിക്കാനുള്ള എണ്ണ മുൻകൂർ കരുതേണ്ട സമയവും ജീവിതത്തിലെ ഈ കാലയളവാണ്.

വ്യക്തിഗതമായ പരിഹാരങ്ങൾ - തയ്യാറെടുപ്പുകൾ

1. ദുശ്ശീലങ്ങളെ ഉപേക്ഷിക്കുക

പുകവലി, മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം ഇവ ഏതെ

ങ്കിലുമുണ്ടെങ്കിൽ അവയോട് വിടപറയാൻ ഇനി ഒട്ടും അമാന്തിക്കേണ്ട. “കുറേശ്ശേ കുറച്ചുകൊണ്ടു വരാം” എന്നു കരുതുന്നത് ഭോഷത്തമാണ്. ദൃഢനിശ്ചയത്തോടും ദൈവാശ്രയത്തോടെയും തീരുമാനമെടുത്ത് ഇച്ഛാ ശക്തിയോടെ നടപ്പിലാക്കുക എന്നതാണ് കരണീയം. ഈ ശ്രമങ്ങൾ പരാജയപ്പെടുന്നു എങ്കിൽ ശാസ്ത്രീയമായ ചികിത്സ സ്വമേധയാ തന്നെ തേടുവാൻ മടിക്കരുത്.

2. ഭക്ഷണക്രമം

അമിതാഹാരം ഒഴിവാക്കുക. മധുരം, എണ്ണ, കൊഴുപ്പ് ഇവ ചേർന്ന ഭക്ഷണങ്ങൾ പരമാവധി കുറയ്ക്കുകയും നാരുള്ള ഭക്ഷണങ്ങൾ (fibre containing food) പരമാവധി വർദ്ധിപ്പിക്കുകയും ചെയ്യുക. ഇലക്കറികൾ, തവിടു കളയാത്ത ധാന്യങ്ങൾ എന്നിവയിൽ ധാരാളം നാരുണ്ട്. മത്തി, അയില തുടങ്ങിയ ചെറുമത്സ്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതും നല്ലതാണ്. സ്വന്തമായി കൃഷിചെയ്ത് പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൽപാദിപ്പിച്ചെടുക്കാനുള്ള ഒരു ശ്രമം റിട്ടയർമെന്റ് കഴിഞ്ഞ ഏതൊരു വ്യക്തിക്കും ചെയ്യാവുന്നതാണ്. കീടനാശിനികളും രാസവസ്തുക്കളും ചേരാത്ത ഭക്ഷണം കഴിക്കാം എന്നതു മാത്രമല്ല, വലിയ ഒരു മാനസിക സംതൃപ്തി തരുന്ന ഒരു പ്രവർത്തനം കൂടിയാണ് അത്. നിശ്ചിത സമ യത്തു തന്നെ ഭക്ഷണം കഴിക്കാനും ശ്രദ്ധിക്കണം.

3. വ്യായാമം

പതിവായ ഒരു വ്യായാമക്രമം ഉണ്ടാക്കിയെടുക്കുക. വ്യായാമം ചെയ്ത് ശീലിക്കാത്തവർ വ്യായാമമുറകൾ ഒക്കെ തുടങ്ങുന്നതിനു മുമ്പ് ഡോക്ട റുടെ ഉപദേശം നിർബന്ധമായും തേടിയിരിക്കണം. കൃഷിപ്പണി, വീട്ടു ജോലികൾ എന്നിവ നല്ല ഒന്നാംതരം വ്യായാമങ്ങളാണ്. നടപ്പ്, ഷട്ടിൽകളി, നീന്തൽ (സൗകര്യവും സുരക്ഷിതവും എങ്കിൽ) എന്നിവയും മദ്ധ്യവ യസ്സോ അതിനു മുകളിലോ ഉള്ളവർക്ക് ഉചിതമാണ്. വെയ്റ്റ് ലിഫ്റ്റിംഗ്, പുഷ്അപ്, മസിൽ ബിൽഡിംഗ് എന്നിവയും തരക്കേടില്ല. പക്ഷേ ഔട്ട് ഡോർ വ്യായാമങ്ങളാണ് മാനസികമായി കൂടുതൽ ഊർജ്ജം നൽകു ന്നത്. മദ്ധ്യവയസ്സിന് മുകളിലുള്ളവർ വ്യായാമങ്ങളിൽ ഏർപ്പെടുമ്പോൾ അത് അമിതമാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചെറിയ അള വിൽ തുടങ്ങി ക്രമേണ വർദ്ധിപ്പിച്ചുകൊണ്ടുവരിക. ഉദാഹരണത്തിന്, നടപ്പ് ആണ് വ്യായാമമുറ എങ്കിൽ അത് 10 മിനിട്ടിൽ തുടങ്ങി ക്രമാനുഗ തമായി വേഗവും ദൂരവും വർദ്ധിപ്പിച്ച് 40–45 മിനിട്ട് എന്ന നിലയിലേക്ക് ഏതാനും ആഴ്ചകൾ കൊണ്ട് എത്താം. മുടങ്ങാതെ ചെയ്യുക എന്നത് പ്രധാനമാണ്. വ്യായാമങ്ങൾ ചെയ്യുമ്പോൾ ഒറ്റയ്ക്കാവാതിരിക്കുക. നാലഞ്ചു സുഹൃത്തുക്കൾ ഒരുമിച്ചുകൂടി ഒരു സ്കൂൾ ഗ്രൗണ്ടിൽ രാവിലെ നടക്കുന്നതും, ഷട്ടിൽ കളിക്കുന്നതും ഒക്കെയാണ് ഒറ്റയ്ക്ക് ഒരു റോഡിൽ കൂടി ഓടാനോ നടക്കാനോ പോകുന്നതിലും നന്ന്.

4. ആരോഗ്യപരിചരണം

പ്രായത്തിനൊപ്പം കൂട്ടുവരുന്ന രോഗങ്ങളെ അവഗണിക്കരുത്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം എന്നിവയെ പ്രത്യേകിച്ചും. ഓരോന്നിനും ഓരോ സൂപ്പർ സ്പെഷ്യലിസ്റ്റുകളുടെ അടുത്തേയ്ക്ക് ഓടാതെ, പതിവായി ഒരു കുടുംബഡോക്ടറെയോ ജനറൽ ഫിസിഷ്യനെയോ കാണുന്നതാണ് അഭികാമ്യം. പതിവായുള്ള പരിശോധനകളും ഡോക്ടർ നിർദ്ദേശിക്കുന്ന ഔഷധങ്ങളും ക്രമമായി എടുക്കുകയും ചികിത്സാരേഖകൾ ഭംഗിയായി കാലക്രമത്തിൽ ഫയൽചെയ്ത് സൂക്ഷിക്കുകയും ചെയ്യണം. പരസ്യങ്ങൾ കണ്ടോ മറ്റുള്ളവർ പറഞ്ഞു കേട്ടോ ഒക്കെ പരീക്ഷണ ചികിത്സകൾക്കും അത്ഭുതരോഗശാന്തിക്കും പിന്നാലെ പോയി അബദ്ധങ്ങളിൽ ചെന്ന് ചാടുന്നവർ ധാരാളമാണ്. ശാസ്ത്രീയമായ ചികിത്സചെയ്തുകൊണ്ടുതന്നെ പ്രാർത്ഥനയിൽ ആശ്രയിക്കുക. ശാസ്ത്രീയമായ ചികിത്സ മുടക്കി അത്ഭുതം പ്രതീക്ഷിക്കുന്നത് ദൈവത്തെ പരീക്ഷിക്കുന്നതിന് തുല്യമാണ്. സാത്താന്റെ രണ്ടാം പരീക്ഷണം ഓർക്കുക.

5. ബന്ധങ്ങളിലെ ഊഷ്മളത നിലനിർത്താൻ

മുതിർന്ന പൗരത്വത്തിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടേണ്ടത് കുടുംബബന്ധങ്ങളിൽ ഏതെങ്കിലും മുറിവുകളോ അകൽച്ചയോ ഉണ്ടായിട്ടുണ്ട് എങ്കിൽ അത് പരിഹരിക്കണം എന്നുള്ളതാണ്. മക്കളുടെയും കൊച്ചുമക്കളുടെയും സാന്നിദ്ധ്യം അത്ര കണ്ട് അനിവാര്യമായി ഈ ഘട്ടത്തിൽ തോന്നണമെന്നില്ല. പക്ഷേ, മരുമക്കളുമായും കൊച്ചുമക്കളുമായും ഒക്കെ ഈ കാലഘട്ടത്തിൽ ഉണ്ടാകുന്ന വൈകാരിക ഇഴയടുപ്പം ആണ് വാർദ്ധക്യകാലത്തുണ്ടാകുന്ന ഒറ്റപ്പെടലിന് എതിരെ എടുക്കാവുന്ന ഏറ്റവും ഫലപ്രദമായ വാക്സിനേഷൻ! അതേസമയം ജീവിതസായാഹ്നത്തിലെ അനിവാര്യതയായ ഏകാന്തതയെ ഇഷ്ടപ്പെടുവാനും ആസ്വദിക്കാനും ഇക്കാലം മുതൽ തന്നെ ശീലിക്കുകയും വേണം. The secret of good old age is simply an honourable pact with solitude എന്ന് "ഏകാന്തതയുടെ നൂറ് വർഷങ്ങൾ" എന്ന വിഖ്യാത നോവലിൽ ഗബ്രിയേൽ ഗാർഷ്യേ മാർക്കേസിന്റെ കഥാപാത്രം പറയുന്നത് വളരെ അർത്ഥവത്താണ്. മറ്റുള്ളവരുടെ അവഗണന മൂലമുള്ള loneliness അസഹ്യമായി തീരാം. പക്ഷേ, സ്വയം വരിക്കുന്ന solitude ശാന്തിയും സമാധാനവും നിറഞ്ഞ വാനപ്രസ്ഥത്തിന്റെയോ സന്യാസത്തിന്റെയോ ഭാവം നിറഞ്ഞതാകണം.

മക്കൾ പറക്കമുറ്റുമ്പോൾ പറന്നു പോകേണ്ടവരാണ് എന്നും അവർ എപ്പോഴും കൂടെയുണ്ടാകണം എന്ന ചിന്ത സ്വാർത്ഥതയാണ് എന്നും ചിന്തിച്ച് ശീലിച്ചാൽ "Empty nest syndrome" എന്ന കിളിയൊഴിഞ്ഞ കൂടിന്റെ അവസ്ഥ വരാതിരിക്കും.

തന്റെ സുഹൃത്തുക്കളുടെയും കർമ്മമേഖലയുടെയും സ്വാധീനത്തിൽ

പ്പെട്ട് ഭർത്താവും തന്റേതായ താൽപര്യങ്ങളുടെയും കൊച്ചുമക്കളുടെയും ലോകത്തിലേക്ക് ഭാര്യയും അകന്നുപോയിട്ടുണ്ടെങ്കിൽ ആ അകൽച്ച പരിഹരിച്ചെടുക്കേണ്ടതും ഈ കാലയളവിന്റെ മുൻഗണനകളിലൊന്നായിരിക്കണം. ശാരീരിക മാഹാത്മ്യങ്ങളേക്കാൾ ഉപരിയായുള്ള പ്രണയത്തിന്റെ വൈകാരികതയും ഊഷ്മളതയും നിലനിൽക്കുന്ന ലൈംഗികത ഈ പ്രായത്തിലും ആസ്വദിക്കാൻ ദമ്പതികൾക്ക് കഴിയണം. "Old age has its pleasures, which though different, are not less than the pleasures of youth" എന്ന് സോമർസെറ്റ് മോം പറയുന്നത് ഈ രഹസ്യത്തെക്കുറിച്ചാവണം.

ഉള്ളിൽ സൂക്ഷിച്ച് വെച്ചിരിക്കുന്ന സ്നേഹവും വാൽസല്യവും കരുതലും ഒക്കെ പങ്കാളിയോടും മക്കളോടും മരുമക്കളോടും ഒക്കെ പ്രകടിപ്പിക്കാൻ ശീലിക്കണം. Safe Deposit Locker ലെ സ്വർണ്ണാഭരണങ്ങൾ കുറേശ്ശെയെങ്കിലും വല്ലപ്പോഴുമൊരിക്കലെങ്കിലും ഒന്നണിയേണ്ടേ?

6. കർമ്മോന്മുഖമായ ബൗദ്ധികപ്രവർത്തനങ്ങൾ

വാർദ്ധക്യത്തെ, പ്രത്യേകിച്ച് അൽഷെയ്മർ പോലെയുള്ള മേധാക്ഷയങ്ങളെ തടഞ്ഞുനിർത്താൻ ഒരു വ്യക്തിയുടെ പ്രവർത്തനോന്മുഖത ഒരു പരിധിവരെ സഹായിക്കും എന്നുള്ളതിന് ശാസ്ത്രീയ തെളിവുകൾ ഇന്നുണ്ട്. ഇത്തരം രോഗങ്ങൾ വന്നുകഴിഞ്ഞാൽ ഔഷധചികിത്സ കൊണ്ട് ഭാഗികമായ പ്രയോജനം മാത്രമേ കിട്ടൂ. അതിനാൽ ഇവയുടെ തുടക്കത്തെ തടയാനും, താമസിപ്പിക്കാനും, മറവി രൂക്ഷമാകാതിരിക്കാനും ഒക്കെയുള്ള പ്രതിരോധ മാർഗ്ഗങ്ങളാണ് 50-കളിലും 60-കളിലും തുടങ്ങിവെയ്ക്കേണ്ടത്.

തങ്ങളുടെ പ്രവർത്തനമേഖലകളിൽ 70-കളിലും 80-കളിലും മുഴുകിയിരിക്കുന്നവർക്ക് ശാരീരികവും മാനസികവുമായി മെച്ചപ്പെട്ട ആരോഗ്യം ഉണ്ട് എന്നതിന്റെ ജീവിക്കുന്ന അനേകം ഉദാഹരണങ്ങൾ നമ്മുടെ രാഷ്ട്രീയ, ആത്മീയ നേതൃത്വങ്ങളിൽ ഉണ്ട്. അതേസമയം തങ്ങളുടെ ഔദ്യോഗിക ജീവിതകാലത്ത് തിളങ്ങിനിന്ന പല വ്യക്തികളും റിട്ടയർമെന്റിനുശേഷം ബുദ്ധിപരവും ശാരീരികവുമായ പ്രവർത്തനങ്ങളിൽ നിന്നൊക്കെ പിൻവലിഞ്ഞ് വേഗം രോഗികളും മറവിക്കാരും ആയി മാറിയതിന്റെ ഉദാഹരണങ്ങളും നമുക്കോരോരുത്തർക്കും പരിചിതമായിരിക്കും. "55-ാം വയസ്സിൽ അടുത്തൂൺ, ഈസി ചെയറിൽ കിടന്നുള്ള വിശ്രമം, കൈയിലൊരു പത്രം, താഴെയൊരു കോളാമ്പി, ഉച്ചകഴിഞ്ഞൊരു മയക്കം" എന്ന പഴഞ്ചൻശൈലി "60-ാം വയസ്സിൽ ശയ്യ, 70-ാം വയസ്സിൽ പെട്ടി" എന്നതിലേയ്ക്ക് അവരെ വേഗം എത്തിക്കും!

ഔദ്യോഗികമായി വിരമിച്ചാലും, താൻ ഏർപ്പെട്ടിരുന്ന പ്രവർത്തനമേഖലയിൽ പൊതുജനസേവനം സന്നദ്ധസേവകന്റെ മനോഭാവത്തോടെ തുടരുന്ന ഒരു സംസ്കാരം നമ്മുടെ ഇടയിൽ വളരേണ്ടിയിരിക്കുന്നു. Volunteerism എന്ന പേരിൽ പാശ്ചാത്യനാടുകളിൽ നിലവിലുള്ള ഈ രീതി

യുടെ ഏറ്റവും വലിയ ഗുണഭോക്താവ് വാസ്തവത്തിൽ ആ വ്യക്തി തന്നെയാണ്. കൂടെ സമൂഹത്തിനും പ്രയോജനമുണ്ടാകും. 55-ലോ 58-ലോ 60-ലോ റിട്ടയർ ചെയ്യുന്നവരുടെ മനുഷ്യവിഭവശേഷിയും സേവ നതൽപരതയും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള അവസരങ്ങൾ ഇടവകയിലുള്ള ആത്മീയസംഘടനകൾ ഉണ്ടാക്കണം. റിട്ടയർ ചെയ്ത ഒരു അധ്യാപകന്റെയോ, നേഴ്സിന്റെയോ, റവന്യൂ വകുപ്പിലെ ഒരു ഉദ്യോ ഗസ്ഥന്റെയോ സേവനസാധ്യതകൾ അതിവിപുലമാണ്.

വായന, എഴുത്ത്, ബുദ്ധിപരമായ ഗെയിമുകൾ (ചീട്ടുകളി, ചെസ്സ്, Sudoku പദപ്രശ്നം തുടങ്ങിയവ) എന്നിവയിൽ ഏർപ്പെടുന്നത് ഡെമ ൻഷ്യാ രോഗത്തെ തടഞ്ഞുനിർത്തുന്നതിൽ സഹായിക്കും എന്ന് പഠന ങ്ങൾ തെളിയിക്കുന്നു. ഇതേവരെ ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്തു ശീലിക്കുന്നത് (ഉദാ: വലതുകൈ വശമുള്ള ആൾ ഇടത്തേ കൈ കൊണ്ട് സ്പൂൺ ഉപയോഗിച്ച് ഭക്ഷണം കഴിക്കുക, പടം വരച്ച് ശീലമില്ലാത്ത ആൾ പടം വരയ്ക്കുക, ചീട്ടുകളി അറിയാത്ത ഒരാൾ ചീട്ടുകളി പഠി ക്കുക) തലച്ചോറിലെ കോശങ്ങളെ ഉത്തേജിപ്പിക്കുകയും മേധാശക്തിയെ നിലനിർത്തുകയും ചെയ്യാൻ സഹായിക്കും.

പഴയ സൗഹൃദങ്ങൾ നിലനിർത്താനായി നേരിൽ കാണുകയോ ഫോണിൽകൂടി സംസാരിക്കുകയോ കത്തെഴുതുകയോ ഒക്കെ ചെയ്യു ന്നത് മാനസികാരോഗ്യ പരിപാലനത്തിന് വളരെ പ്രയോജനപ്രദമാണ്. പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കുന്നതും, ചെറുപ്പക്കാരുമായി പരിച യവും കൂട്ടായ്മയും ഉണ്ടാകുന്നതും തലച്ചോറിന്റെ യൗവ്വനത്തെ നില നിർത്താൻ സഹായിക്കും. പൂർവ്വകാല ജീവിതത്തെക്കുറിച്ചുള്ള ഓർമ്മ കൾ പങ്കുവെയ്ക്കാനും, പുനരുജ്ജീവിപ്പിക്കാനും ഉതകുന്ന സൗഹൃദ കൂട്ടായ്മകൾ വളരെ ആസ്വാദ്യകരവും അതോടൊപ്പം പ്രയോജനപ്രദ വുമാണ്. പഴയ ആൽബങ്ങൾ, ഫോട്ടോകൾ, രേഖകൾ എന്നിവ സൂക്ഷി ച്ചുവെയ്ക്കുകയും, അവയൊക്കെ ഇടയ്ക്ക് എടുത്ത് നോക്കുകയും അങ്ങനെ ഓർമ്മകളെ മായാതെ സൂക്ഷിക്കുകയും ചെയ്യാം. നേരത്തെ ജോലിചെയ്യുകയും താമസിക്കുകയും ഒക്കെ ചെയ്തിരുന്ന സ്ഥലങ്ങളി ലേയ്ക്കും ഒരു യാത്ര വല്ലപ്പോഴുമൊരിക്കൽ ആവാം.

സമകാലീന സംഭവങ്ങളെപ്പറ്റിയും പ്രശ്നങ്ങളെപ്പറ്റിയുമുള്ള സംഭാ ഷണങ്ങളും ചർച്ചകളും സമീപസ്ഥ സ്മരണയെ (recent memory) സജീ വമാക്കാൻ സഹായിക്കും.

7. പതിവുകളും നിഷ്ഠകളും ശീലിക്കുക

മനുഷ്യശരീരം പ്രവർത്തിക്കുന്നത് 24 മണിക്കൂറിന്റെ ഒരു ചാക്രിക വ്യവസ്ഥയിലാണ്. 7 ദിവസം, 30 ദിവസം, 12 മാസം, 365 ദിവസം എന്നിവ യെല്ലാം ചാക്രികമായി ആവർത്തിക്കപ്പെടുന്നത് മസ്തിഷ്ക പ്രവർത്ത നങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. പ്രകൃതി നിശ്ച

യിച്ചിരിക്കുന്ന ഈ താളക്രമത്തിന് ഭംഗം വരാതെ നോക്കുക എന്നത് 50-കളിലെയും 60-കളിലെയും തയ്യാറെടുപ്പുകളിൽ സുപ്രധാനമാണ്. അഥവാ അങ്ങനെയൊരു താളപ്പിഴ വന്നിട്ടുണ്ട് എങ്കിൽ അതിനെ ക്രമപ്പെടുത്തിയെടുക്കാനുള്ള കാലഘട്ടമാണ് വാർദ്ധക്യത്തിന്റെ പടിവാതിലായ ഈ കാലഘട്ടം.

നിശ്ചിത സമയത്ത് ഉറങ്ങുക, നിശ്ചിത സമയത്ത് ഉണരുക, 6-7 മണിക്കൂർ എങ്കിലും ഇടയ്ക്കുണരാതെയുള്ള ഉറക്കം രാത്രിയിൽ ലഭിക്കുക എന്നിങ്ങനെയുള്ള നിദ്രാശുചിത്വം (sleep hygiene) പാലിക്കാൻ ശ്രദ്ധിക്കണം. പ്രഭാതസൂര്യന്റെ രശ്മികൾ ശരീരത്തിൽ പതിയുന്നത് തലച്ചോറിനെ ഉത്തേജിപ്പിക്കുന്നു എന്നത് ഒരു ശാസ്ത്രീയ വസ്തുതയാണ്. ഉച്ചയുറക്കം (siesta) ശീലമില്ലാത്തവർ അത് തുടങ്ങിവെയ്ക്കാതിരിക്കുക. ശീലമായവർ അതിന്റെ ദൈർഘ്യം കുറച്ച് ചെറിയ ഒരു മയക്കമാക്കി കുറയ്ക്കാൻ ശ്രമിക്കുക. രാത്രി കട്ടിലിൽ കിടന്ന് ടി.വി. കാണുന്ന ശീലമൊക്കെ ഉറക്കത്തിന്റെ ഗുണമേന്മയെ ബാധിക്കും.

നിശ്ചിത സമയത്തുള്ള കുളി, ശൗചം, ഭക്ഷണം, പ്രാർത്ഥന, കർമ്മാനുഷ്ഠാനങ്ങൾ എന്നിവ ശീലിക്കുന്നത് വാർദ്ധക്യത്തിലേക്ക് നല്ലൊരു മൂലധനമാണ്.

8. ലൗകികകാര്യങ്ങൾ ക്രമപ്പെടുത്തുക

അറുപതുകളിൽ ആയിരിക്കുമ്പോൾതന്നെ ഭാവിയിലേയ്ക്കുള്ള സാമ്പത്തിക ക്രമീകരണങ്ങൾ, വസ്തുവിഭജനം എന്നിവയെപ്പറ്റി ആലോചനകളും തീരുമാനങ്ങളും എടുക്കാനാരംഭിക്കുന്നതായിരിക്കും അഭികാമ്യം. അപ്പനും അമ്മയും ആരോഗ്യത്തോടെ ഇരിക്കുന്ന കാലത്തു തന്നെ ഇക്കാര്യങ്ങളിൽ ആരോഗ്യകരമായ തുറന്ന ചർച്ചകൾ കുടുംബാംഗങ്ങൾ തമ്മിൽ ഉണ്ടായിരിക്കണം. സ്വത്തിനെപ്പറ്റിയും അതിന്റെ വിഭജനത്തെപ്പറ്റിയും അന്ത്യകാലത്ത് അപ്പനെയും അമ്മയെയും പരിചരിക്കാനുള്ള പ്രാഥമിക ഉത്തരവാദിത്വം ആർക്ക് എന്നതിനെപ്പറ്റിയും അതിനുള്ള നിബന്ധനകളെപ്പറ്റിയും, സുതാര്യമായ ആശയവിനിമയവും, വ്യക്തമായ തീരുമാനങ്ങളും ഉണ്ടാകണം. ഇതിനുള്ള മുൻകൈ എടുക്കേണ്ടതും, നിയമപരമായ രീതിയിൽ അതിനെ ക്രമപ്പെടുത്തേണ്ടതും അപ്പനും അമ്മയും ചേർന്നായിരിക്കണം. മക്കൾ നോക്കുമോ എന്ന് ഭയന്ന് അവസാനനിമിഷം വരെ എല്ലാം കെട്ടിപ്പിടിച്ച് വെയ്ക്കുകയും, മക്കൾക്ക് സ്വാതന്ത്ര്യം കൊടുക്കാതിരിക്കുകയും ചെയ്യുന്നത് കുടുംബത്തിൽ അശാന്തിയുണ്ടാക്കാനും ഇളംതലമുറയുടെ വെറുപ്പ് സമ്പാദിക്കാനും മാത്രമേ ഉതകൂ. ഇക്കാര്യങ്ങളിൽ ആവശ്യത്തിനുള്ള നിയമബോധവും വേണ്ടിവന്നാൽ നിയമസഹായവും (ഉദാഹരണത്തിന്, വിൽപത്രം എങ്ങനെ തയ്യാറാക്കാം) ലഭ്യമാക്കാനുള്ള നടപടികൾ ഇടവകതലത്തിലോ, ഭദ്രാസനതലത്തിലോ സ്വീകരിക്കുന്നതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്.

വിവാഹിതരായ മക്കൾ കൂടെ താമസിക്കുമ്പോൾ സന്തോഷത്തിനു പകരം പ്രയാസം ഉണ്ടാകുന്ന അവസ്ഥയാണ് സംജാതമാകുന്നത് എങ്കിൽ അവർക്ക് മാറിത്താമസിക്കാനുള്ള അനുവാദവും പിന്തുണയും കൊടുക്കുവാനുള്ള വിവേകം മാതാപിതാക്കൾക്ക് ഉണ്ടാകണം. ഒരു മേൽക്കൂരയ്ക്കു കീഴെ നീരസപ്പെട്ടു കഴിയുന്നതിലും എത്രയോ ഭേദമാണ് അല്പം വേറിട്ടാണെങ്കിലും സന്തോഷമായി കഴിയുന്നത്. മാറിയ കാലത്ത് പഴയ കാലത്തെ അപേക്ഷിച്ച് സ്വാർത്ഥത ഏറിയിട്ടുണ്ട് എന്നും, കൂടുതൽ സ്വകാര്യത അവർ ആഗ്രഹിക്കുന്നു എന്നും ഉള്ള യാഥാർത്ഥ്യം അംഗീകരിച്ച് പെരുമാറുന്നതായിരിക്കും വിവേകം.

9. ആത്മീയ ഒരുക്കം

ജീവിതാന്ത്യത്തിനായി ഏതു നിമിഷവും ഒരു വിശ്വാസി ഒരുങ്ങിയിരിക്കണം എന്നുണ്ടെങ്കിലും ഈ ഒരുക്കം ഏറ്റവും ജാഗ്രതയോടെ ചെയ്യേണ്ടത് ജീവിതസായാഹ്നത്തിലാണ്. ഗാർഹസ്ഥ്യം കഴിഞ്ഞ് വാനപ്രസ്ഥവും പിന്നീട് സന്യാസവും എന്ന ഭാരതീയ സങ്കല്പം വളരെയധികം അർത്ഥസമ്പുഷ്ടമാണ്. ജീവിതത്തിൽ സജീവമായിരിക്കുകയും അതേ സമയം അതിനോട് നിഷ്കാമമായ ഒരു മനോഭാവം വളർത്തിയെടുക്കുകയും ചെയ്യുക (actively involved with life, yet dispassionate) എന്ന ഉന്നതമായ അവസ്ഥയിൽ എത്തിച്ചേരാൻ കഴിയണം. ഉദാത്തമായ ഈ ആത്മീയ ഔന്നത്യം പ്രാപിക്കണമെങ്കിൽ അചഞ്ചലമായ ദൈവാശ്രയം ഉണ്ടെങ്കിലേ കഴിയൂ. ആദ്ധ്യാത്മികതയിൽ അടിസ്ഥാനമിട്ട ഒരു ജീവിത തത്വശാസ്ത്രം ഓരോ വ്യക്തിയും തന്റെ ജീവിതസായാഹ്നകാലത്ത് രൂപപ്പെടുത്തി എടുക്കേണ്ടതാണ്. ജീവിതത്തിന്റെ അനശ്വരതയും, ആത്മാവിന്റെ നശ്വരതയും, ഈ ലോകത്തിലെ മദമാത്സര്യങ്ങളുടെ അർത്ഥശൂന്യതയും, ഈ ലോകത്തിനപ്പുറമുള്ള ദൈവികതയിലേക്ക് എത്തിച്ചേരാനുള്ള അഭിവാഞ്ഛയും എല്ലാം മനുഷ്യനെയും തന്റെ സ്രഷ്ടാവിനോട് അടുപ്പിക്കുന്നു.

10. സ്വന്തം ജീവിതാന്ത്യത്തെപ്പറ്റിയുള്ള മുൻ നിർദ്ദേശങ്ങൾ

എഴുപതുകളിലേക്കോ എൺപതുകളിലേക്കോ പ്രവേശിച്ചു കഴിഞ്ഞാൽ ഓർമ്മയ്ക്കും, ബുദ്ധിക്കും ഒക്കെ മേധാക്ഷയം മൂലം നാശം സംഭവിക്കുമോ എന്ന് പ്രവചിക്കാൻ ആർക്കും കഴിയില്ല. അങ്ങനെ സംഭവിക്കുന്നപക്ഷം സ്വന്തം ജീവിതത്തെപ്പറ്റി ഒരു തീരുമാനമെടുക്കാൻ അപ്പോൾ കഴിയില്ലല്ലോ? ആയതിനാൽ അങ്ങനെയൊരവസ്ഥ മുൻകൂട്ടി പ്രതീക്ഷിച്ച് തനിക്ക് ലഭ്യമാക്കേണ്ട രോഗചികിത്സയുടെയും, അന്ത്യപരിചരണത്തിന്റെയും പരിധികളെപ്പറ്റിയും ഉള്ള മുൻ നിർദ്ദേശങ്ങൾ (advance directive) അടുത്ത കുടുംബാംഗങ്ങളുമായി പങ്കുവെയ്ക്കേണ്ടതുണ്ട്. വേണമെങ്കിൽ രേഖാമൂലം തന്നെ ഇത്തരം മുൻ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. തന്റെ ജീവിതദർശനം, സാമ്പത്തികസ്ഥിതി, പരിചരണത്തി

നുള്ള കുടുംബാംഗങ്ങളുടെ ലഭ്യത എന്നിവയൊക്കെ കണക്കിലെടുത്ത് ഓരോ വ്യക്തിയും തന്റെ ജീവിതാന്ത്യ നിർദ്ദേശങ്ങൾ മുൻകൂറായി തയ്യാറാക്കുന്നത് ഏതു നിലയ്ക്ക് നോക്കിയാലും നല്ലതാണ്. കഴിയാവുന്നിടത്തോളം അവ പാലിക്കാൻ മക്കൾ ശ്രമിക്കുകയും വേണം. അവ ധാർമ്മികതയുടെയും പ്രായോഗികതയുടെയും അതിർവരമ്പുകൾ ലംഘിക്കാതിരിക്കാൻ അവ നൽകുന്ന വ്യക്തികളും ശ്രദ്ധിക്കണം.

ഉപസംഹാരം


ജീവിതസായാഹ്നത്തിലേക്കുള്ള ഒരുക്കം നന്നേ നേരത്തെ തുടങ്ങേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും തയ്യാറെടുക്കേണ്ട പത്തു കാര്യങ്ങളെപ്പറ്റിയുമാണ് ഈ ലേഖനത്തിൽകൂടെ ചുരുക്കമായി പ്രതിപാദിക്കാൻ ശ്രമിച്ചത്. ജീവിതസായാഹ്നത്തിലെ മാനസികാവസ്ഥകളെ ഗൗരവപൂർണ്ണമായ പഠനത്തിന് ആദ്യമായി വിധേയമാക്കിയത് എറിക് എറിക്സൺ (Erik Erikson) എന്ന വിഖ്യാതനായ മനഃശാസ്ത്രജ്ഞനാണ്. മനുഷ്യായുസ്സിനെ എട്ടു ഘട്ടങ്ങളായി അദ്ദേഹം വിഭജിച്ചു. ജനനം മുതൽ മരണം വരെ മനുഷ്യന് മാനസികമായ ഔന്നത്യം പ്രാപിക്കുവാൻ പ്രാപ്തിയും സാധ്യതയും ഉണ്ട് എന്ന് അദ്ദേഹം നിരീക്ഷിച്ചു. കൗമാരപ്രായത്തിന്റെ അവസാനത്തോടെ മനുഷ്യന്റെ വ്യക്തിത്വവികാസം സമാപിക്കുന്നു എന്ന ഫ്രോയിഡിന്റെ തത്വത്തിന് കടകവിരുദ്ധമായിരുന്നു എറിക്സന്റേത്. ഈ അഷ്ടഘട്ടങ്ങളിൽ അവസാനത്തേത് 60-ാം വയസ്സിൽ തുടങ്ങുകയും മരണത്തോടെ സമാപ്തമാവുകയും ചെയ്യുന്നു. അതു വരെയുള്ള തന്റെ ജീവിതപ്രതിസന്ധികളെ ആരോഗ്യകരമായി തരണം ചെയ്ത ഒരു വ്യക്തി തന്റെ അന്ത്യനാളുകൾ അടുക്കുമ്പോൾ ego integrity എന്ന ഉത്തമാവസ്ഥയിൽ എത്തിച്ചേരുന്നു. ചുരംകയറിപ്പോയി മലമുകളിൽ എത്തിയ ഒരു വാഹനം നിർത്തിയിട്ട് സഞ്ചാരി പുറത്തിറങ്ങി നാടുകാണിയിൽ (view point) നിന്ന് താഴേക്ക് നോക്കുന്നു. ആത്മീയ ഔന്നത്യം പ്രാപിക്കാനുതകുന്ന ധ്യാനങ്ങളും നോമ്പുകളും വായനകളും ഈ ജീവിതകാലഘട്ടത്തിൽ വ്യക്തികൾക്ക് വലിയ വളർച്ചയാണ് പ്രദാനം ചെയ്യുക. ഈ വളർച്ച ഉണ്ടാകാത്തപക്ഷം ജീവിതം അർത്ഥശൂന്യമായും നിരാശാജനകമായും ഒരുവന് അനുഭവപ്പെട്ടേക്കാം. A man who has an answer for "why" can put up with any "how" എന്ന് Victor Frankl എന്ന പ്രശസ്തനായ ദാർശനികൻ പറയുന്നത് ശ്രദ്ധിക്കുക. "എന്തുകൊണ്ട്" എന്ന ചോദ്യത്തിന് ഉത്തരം പറയുവാൻ യുക്തിക്കോ ശാസ്ത്രത്തിനോ പലപ്പോഴും കഴിയാറില്ല. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ "എന്തുകൊണ്ട്" എന്ന് നാം ചോദിക്കുന്നു. അതിനുള്ള സമാധാനം ദൈവാശ്രയത്തിൽ നിന്നു മാത്രമേ ലഭിക്കൂ. ആ ഉത്തരം കിട്ടുന്നവന് മാത്രമേ ജീവിതത്തിലെ "എങ്ങനെ"കളെ നേരിടാൻ കഴിയൂ എന്നാണ് വിക്ടർ ഫ്രാങ്കൽ പറഞ്ഞുവെയ്ക്കുന്നത്.

തിരുവചനത്തിലും കൂദാശകളിലും ജീവിതത്തെ അടിസ്ഥാനപ്പെടുത്തി

മുമ്പോട്ടുപോകാൻ ജീവിതസന്ധ്യയോട് അടുക്കുന്ന കാലഘട്ടങ്ങളിൽ ശീലിച്ചാൽ ആരോഗ്യകരമായ വാർദ്ധക്യകാല പ്രവേശനത്തിന് സഹായകമാകുന്ന ഏറ്റവും നല്ല വഴിയൊരുക്കവും മുന്നൊരുക്കവും ആയിരിക്കും അത് എന്നതിൽ സംശയമില്ല. ജീവിതസായാഹ്നത്തെ സാർത്ഥകമാക്കുന്ന ego integrity യുടെ ഈ അവസ്ഥയിൽ നിന്നാകണം റോബർട്ട് ബ്രൗണിംഗ് താഴെപ്പറയുന്ന വരികൾ കുറിച്ചത്.

"Growing old with me! The best is yet to come"

"പ്രായമെനിക്കേറീടുന്നതറിയുന്നു ഞാൻ,
ഇനി വരാനിരിക്കുന്നതേറെ മെച്ചം" എന്ന് ബ്രൗണിംഗിനോടൊപ്പം ചേർന്ന് പാടി ജീവിതസായാഹ്നത്തെ നമുക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യാം. മറക്കാതിരിക്കാം. "The last of life for which the first was made."



ഡോ. വർഗ്ഗീസ് പുന്നൂസ്